തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ കൌൺസിൽ.

൧൧൨൩-ൽ ഒന്നാമത്തെ സമ്മേളനം.

(അഫിഷ്യൽറിപ്പോർട്ട്)

൧൧൨൩ കർക്കടകം ൧൪-ാംനു ൧൯൪൮ ജൂലായി ൨൯-ാം വ്യാഴാഴ്ച.

സഭ പകൽ ൧൧-നാം മണിക്ക് വിക്ടോറിയാ ജൂബിലിടൌൺ ഹാളിൽ കൂടി. റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ ബി. എ., ബി. എൽ. ഡിപ്യൂട്ടി പ്രസിഡൻറ്, അഗ്രാസനാധിപത്യം വഹിച്ചു.

താഴെ പറയുന്ന മെമ്പർമാർ ഹാജരില്ലായിരുന്നു.

മിസ്റ്റർ തയ്യിൽ കുഞ്ഞികൃഷ്ണമേനോൻ

,, മുണ്ടവേലിൽ പാച്ചുപിള്ള

,, മാത്യുമുരിക്കൻ

,, എ. ജി. മേനോൻ

,, ഇട്ടൂപ്പ് ഇട്ടീച്ചൻ

,, ഡി. സി. ജോസഫ്

കെ. സി. കരുണാകരൻ

,, എച്ച്. ബി. മഹമ്മദ് റാവുത്തർ

പുതിയ മെംബർമാർ.

താഴെ പറയുന്ന പുതിയ മെമ്പർമാർ സത്യപ്രതിജ്ഞചെയ്തു:—

(൧) മി. ആർ. നീലകണ്ഠപ്പിള്ള ബി. എ., ബി. എൽ.

(൨) മി. ജി. പരമേശ്വരൻപിള്ള ബി. എ., ബി. എൽ.

(൩) മി. ഇ. ജി. മക്കൽ ദേവൻ എം. എ.

ചോദ്യങ്ങളും ഉത്തരങ്ങളും.

എക്സൈസ് കമ്മിഷണരുടെ ഉപ്പുമുതലായതിൻെറ പരിശോധന.

൧. മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) ഇപ്പോഴത്തെ എക്സൈസ്കമ്മിഷണർ ഡിപ്പാർട്ടുമെൻറ ചാർജ് ഏറ്റെടുത്ത തീയതി.

(ബി) കമ്മിഷണർ ചാർജെടുത്ത തീയതി ഈ സംസ്ഥാനത്തെ ഉപ്പ് പണ്ടകശാലകളിലും അളങ്ങളിലും ഉണ്ടായിരുന്ന ഉപ്പിൻെറ അളവു.

(സി) ആ തീയതി ഈ സംസ്ഥാനത്തെ പുകയില പണ്ടകശാലകളിൽ ഉണ്ടായിരുന്ന പുകയിലയുടെ അളവു.

(ഡി) ആ തീയതി ഈ സംസ്ഥാനത്തെ കഞ്ചാവു ഡിപ്പോകളിൽ ഉണ്ടായിരുന്ന കഞ്ചാവിൻെറ അളവു.

(ഇ) ആ തീയതി ഈ സംസ്ഥാനത്തെ അഫീൻ ഡിപ്പോകളിൽ ഉണ്ടായിരുന്ന അഫീൻെറ അളവു.

(എഫ്) ആ തീയതി ഈ സംസ്ഥാനത്തെ ചാരായ ഡിപ്പോകളിലും വാറ്റുസ്ഥലങ്ങളിലും ഉണ്ടായിരുന്ന ചാരായത്തിൻെറ അളവു.

(ജി) ഡിപ്പാർട്ടുമെൻറ ചാർജെടുക്കുന്നതിനുമുമ്പ മേല്പറഞ്ഞ സാധനങ്ങളുടെ അളവു ശരിയായിട്ടുണ്ടോ എന്ന കമ്മിഷണർ പരിശോധിച്ചിട്ടുണ്ടോ?

(എച്ച്) ജി ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ ഓരോ സ്ഥലത്തും മേല്പറഞ്ഞ പരിശോധന നടത്തിയ തീയതിയോ തീയതികളോ.

(ഐ) കമ്മിഷണർ വല്ലയിടത്തും വല്ല വ്യത്യാസങ്ങളും കണ്ടിട്ടുണ്ടോ?

(ജെ) കമ്മിഷണർ ഡിപ്പാർട്ടുമെൻറ ചാർജെടുത്തശേഷം മേല്പറഞ്ഞ സാധനങ്ങൾ കണക്കുപ്രകാരം ഉണ്ടോ എന്ന വല്ലപ്പോഴും പരിശോധിച്ചിട്ടുണ്ടോ?

(കെ) (ജെ) ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ അങ്ങനെ പരിശോധനകൾ നടത്തിയ തീയതികൾ.

മി. സി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി):

(എ) ൧൧൨൩ തുലാം ൧൭-ാം.

(ബി) മുതൽ (എഫ്) വരെ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനവേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുള്ള ഉപയോഗത്തിന്ന അനുരൂപമല്ലാത്തതിനാൽ അവയെ ശേഖരിക്കുന്നതിന ഗവണ്മെൻറ വിചാരിക്കുന്നില്ല.

(ജി) ഇല്ല. അതിനാവശ്യമില്ല. അങ്ങനെ ചെയ്യാൻ സാധിക്കയുമില്ല.

(എച്ച്)-ം (ഐ)-ം (ജി) ഭാഗത്തിൻെറ മറുപടികൊണ്ട ഈ ചോദ്യങ്ങൾക്ക കാരണമില്ല.

(ജെ) എക്സൈസ്കമ്മിഷണർ ഡിപ്പാർട്ടുമെൻറ ചാർജെടുത്തശേഷം തൻെറ ആഫീസിൽ ഉള്ള കണക്കുകളൊക്കെ ഭാഗികമായും പരിശോധിച്ചിട്ടുണ്ട്.

(കെ) ൯-൧-൧൯൬൦-നും ൫-൬-൧൯൬൦-നും

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക), ഭാഗം (ജി) "ഇല്ല; അതിനാവശ്യമില്ല; അങ്ങനെ ചെയ്യാൻ സാധിക്കയുമില്ല" എന്നു പറഞ്ഞിരിക്കുന്നു. എക്സൈസ് കമ്മീഷണർ ചാർജ്ജെടുത്ത തീയതിയിൽ സ്റ്റാക്ക തിട്ടപ്പെടുത്താതെയിരിക്കയും, മുൻകൂട്ടി സ്റ്റാക്കിൽ കുറവുണ്ടായിരിക്കയും ചെയ്തിരുന്നാൽ ഗവണ്മെന്റിനു ആ വിധത്തിൽ ഉണ്ടാകുന്ന നഷ്ടത്തിനു ആരാണ് ഉത്തരവാദി?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതാതു സ്ഥലങ്ങളിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. അവരാണ് ഉത്തരവാദികൾ.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): എക്സൈസ് കമ്മീഷണർക്കു ചുമതലയില്ലെന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അങ്ങിനെയല്ല പറഞ്ഞത്. ഈ ചുമതല പ്രത്യേകിച്ചു എക്സൈസ് കമ്മീഷണരിൽ ഇരിക്കുന്നില്ല. അവിടവിടെ ആഫീസർമാരുണ്ട്. അവർ ഭരമേല്പിച്ചിട്ടുണ്ട്. അവരുടെ മേൽനോട്ടംമാത്രമാണ് കമ്മീഷണർക്കുള്ളത്.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): സ്റ്റാക്ക തിട്ടപ്പെടുത്തുന്നതിനെ സംബന്ധിച്ചു എക്സൈസ് കമ്മീഷണർക്കു യാതൊരു ചുമതലയുമില്ലെന്നാണോ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അങ്ങിനെ പറഞ്ഞിട്ടില്ല.

ഡിപ്പുട്ടിപ്രസിഡെന്റ: ഈ ചോദ്യത്തെ സംബന്ധിച്ചു പ്രധാന ഉത്തരവാദി സ്ഥലത്തുള്ള ഉദ്യോഗസ്ഥനാണെന്നു അദ്ദേഹം നിങ്ങളോടു പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. ആ ചോദ്യംതന്നെ ആവർത്തിച്ചിട്ടു കാര്യമെന്താണു?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): കൊച്ചിയിൽ സ്റ്റാക്കിൽ കുറവു വന്നതിനെ സംബന്ധിച്ചു എക്സൈസ് കമ്മീഷണരുടെ മേൽ ചുമത്തി ചിലപ്പോൾ ക്രിമിനൽ കേസ് എടുത്തു നടപടി നടത്തുന്നതായിട്ടു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): അങ്ങിനെ കേസു നടന്നുവരുന്നു എന്നു ഞാൻ പറയുന്നതു വിശ്വസിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): നോട്ടു ചെയ്തിരിക്കുന്നു.

ഡിപ്പുട്ടിപ്രസിഡെന്റ: അതിന്റെ സംബന്ധം എന്താണ്. ഇനിയത്തെ കാര്യം നോക്കുക മിസ്റ്റർ പി. എൻ. കൃഷ്ണപിള്ള.

ആലപ്പുഴ ബസ്സ്റ്റാന്റ്

(൨) മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ഏതെങ്കിലും സ്ഥലം താൻതന്നെ ചെന്നുപരിശോധിക്കണമെന്നു കാണിച്ചു ആലപ്പുഴയിലെ രണ്ടോ മൂന്നോ പൌരന്മാരുടെ ഒരു കമ്പി ൧൯൬൦ മെയ് ൩-നു ദിവാനോ, പോലീസുകമ്മീഷണർക്കോ കിട്ടിയോ?

(ബി) ആലപ്പുഴയിലെ ഒരു ബസ്സ്റ്റാന്റ് (താവളം) മാററിസ്ഥാപിക്കുന്നതിനെ സംബന്ധിച്ചു ഏതെങ്കിലും സ്ഥലം താൻതന്നെ ചെന്നുപരിശോധിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു ആലപ്പുഴയിലെ ചില പൌരന്മാർ ൧൯൬൦ മിനം ൭-നു അയച്ച ഒരു ഹർജി ദിവാനോ പോലീസ് കമ്മീഷണർക്കോ കിട്ടിയോ?

(സി) (എ) യും (ബി) യും ചോദ്യങ്ങൾക്കുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ അതിനെ സംബന്ധിച്ചു ദിവാനോ പോലീസ് കമ്മീഷണരോ നടത്തിയ നടപടിയുടെ സ്വഭാവം.

(ഡി) ഹർജിക്കാർക്കോ കമ്പിഅയച്ചവർക്കോ ദിവാനോ പോലീസ് കമ്മീഷണരോ വല്ല മറുപടിയും അയച്ചോ?

മി. സി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ സെക്രട്ടറി): (എ) അങ്ങനെയൊരു കമ്പി ദിവാനു കിട്ടിട്ടില്ല. ൧൯൬൦ മെയി ൩-നു മൂന്നുപേർകൂടി അയച്ച ഒരു കമ്പി തനിക്കു കിട്ടിയെന്നു പോലീസ് കമ്മീഷണർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) അങ്ങനെയൊരു ഹർജി ദിവാനു കിട്ടിയിട്ടില്ല. ൧൯൬൦ മിനം ൯-നു-ത്തെ ഒരുഹർജി തനിക്കു കിട്ടിട്ടുണ്ടെന്നു പോലീസ് കമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

(സി) പോലീസ് കമ്മീഷണർ പോയി കമ്പിയിലും ഹർജിയിലും പ്രസ്താവിച്ചസ്ഥലങ്ങൾ പരിശോധിച്ചു ബസ്‌താവളങ്ങൾ മാററിസ്ഥാപിക്കേണ്ടുന്ന സ്ഥലങ്ങൾ കാണിച്ചു ഒരു റിപ്പോർട്ടു ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ട്.

(ഡി) കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു. ഈ സ്ഥിതിയിൽ ഒരുമറുപടി ആവശ്യമില്ലെന്നു വിചാരിച്ചു.

കോട്ടയം-കുമരകം റോഡ്.

൩. മി. വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും, വടക്ക): താഴെപറയുന്നവിവരങ്ങൾ ദയവായി പറയുമോ?

(എ) കോട്ടയം—കുമരകം റോഡിന്റെ നീളം.

(ബി) മേപ്പടിറോഡിൽ ഉള്ള പാലങ്ങളുടെ എണ്ണം.

(സി) മേപ്പടിറോഡിൽ ഉള്ള കലുങ്കുകളുടെ എണ്ണം.

(ഡി) പൂർത്തിയാക്കേണ്ടുന്ന പാലങ്ങളുടെ എണ്ണം.

(ഇ) പൂർത്തിയാക്കേണ്ടുന്ന കലുങ്കുകളുടെ എണ്ണം.

(എഫ്) ആ റോഡിന്റെ സംരക്ഷണത്തിനു ഉദ്ദേശം ചെലവാകുന്ന സംഖ്യ.

(ജി) ൧൧൨൫ ഏപ്രിൽ ൨൩-ാം അവസാനിക്കുന്ന അഞ്ചുകൊല്ലങ്ങളിൽ എപ്പോഴെങ്കിലും ചീഫ്എൻജിനീയരോ എക്സിക്യൂട്ടീവ് എൻജിനീയറന്മാരിൽ ആരെങ്കിലുമോ മേല്പടിറോഡു പരിശോധിച്ചിട്ടുണ്ടോ?

(എച്ച്) (ജി) ചോദ്യത്തിനു മറുപടി ഉണ്ടെന്നാണെങ്കിൽ അങ്ങനെ പരിശോധിച്ച തിയതിയോ തിയതികളോ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി) :

(എ) ൪ മൈൽ ൨ ൻ ൭ ൦ അടിനീളം.

(ബി) അഞ്ചുപാലങ്ങൾ.

(സി) ൨൨ കലുങ്കുകൾ.

(ഡി) ഒന്നുമില്ല.

(ഇ) കുടിയാന്മാർ പുതുതായി വെട്ടിയ ഒരുചെറിയ തോട്ടിൽ ഒരുകലുങ്കു കെട്ടേണ്ടതുണ്ട്. തോട്ടപുറമ്പോക്കല്ലാത്തതിനാൽ അതു കുടിയാന്മാരാണുണ്ടാക്കേണ്ടതു.

(എഫ്) ഉദ്ദേശം ൪൫൦ രൂപ.

(ജിയും)-(എച്ചും)-൧൧൨൫ ഏപ്രിൽ ൨൩-ാം അവസാനിക്കുന്ന അഞ്ചുകൊല്ലത്തിനുള്ളിൽ ചീഫ എൻജിനീയരും എക്സിക്യൂട്ടീവ് എൻജിനീയർമാരും ആ റോഡു പരിശോധിച്ചിട്ടുണ്ട്.

(൧) മി. അരുണാചലമയ്യർ ൭—൩-൧൧൨൨.

(൨) ചീഫ്എൻജിനീയർ മി. മെപ്പൻ ൪—൨-൧൧൨൩.

(൩) ആ. എക്സിക്യൂട്ടീവ്എൻജിനീയർ മി. ജോർജ്ഫിലിപ്പ് ൰-൧൧-൧൧൨൩.

(൪) ടി ടി ൨—൩—൧൧൨൪.

(൫) മി. വി. ഹരിഹരയ്യർ ൨൫-൧൧—൧൧൨൪.

മി. വി. ജെ. ഉതൻ (വ്യാപാരവും വ്യവസായവും, വടക്ക) : പോലീസ്കമ്മീഷണർ ഈസ്ഥലത്തു പോയി പരിശോധിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടു. അങ്ങനെ പരിശോധിച്ചശേഷം ഫർജിക്ക് എന്തെങ്കിലും Endorsement (മേപടി) കൊടുത്തിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ചോദ്യം ൩ ആണു ഇപ്പോൾ വായിക്കുന്നതു.

പാലായിലെ ആൺകുട്ടികൾക്കുള്ള മലയാളം മിഡിൽസ്കൂൾ.

൪. മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും) : പാലായിലെ മലയാളം ആൺകുട്ടികൾക്കുള്ള മിഡിൽസ്കൂളിനെസംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു മേയവായിപറയുമോ?

(എ) ഇപ്പോൾ (൧൧൨൪-൨൫) ക്ലാസുകൾ ഇട്ടിരിക്കുന്ന കെട്ടിടത്തിൽ ഇരുന്നു പഠിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം.

(ബി) ഇപ്പോൾ (൧൧൨൪-൨൫) ഈസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെഎണ്ണം.

(സി) ഇപ്പോൾ ആസ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം അവിടെയുൾക്കൊള്ളുന്നതിൽ വളരെ അധികമാണെന്നു പറയുന്നതു ശരിയോ?

(ഡി)-(സി) ചോദ്യത്തിന്റെ മേപടി അങ്ങനെയാണെങ്കിൽ ഗവണ്മെന്റു അതിനു പരിഹാരങ്ങളെന്തൊക്കെ?

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി) :

(എ) ൪൧൭.

(ബി) ൬൧൩.

(സി) അതെ.

(ഡി) വേണ്ട നടപടികൾ നടത്തിവരുന്നു.

മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ൧൧൨൪—ലെ ഒരു വിവരണമാണ് ഇതിലെ ഉത്തരം. ഇതിൽ ഡി ചോദ്യത്തിനു അതിനെ സംബന്ധിച്ചു നടപടിനടത്തി വരുന്നു എന്നു പറയുന്നു. ആ നടപടി എന്തെങ്കിലും ആയിട്ടുള്ളതായിട്ടറിയാമോ?

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി); ഇപ്പോഴത്തെ സ്കൂളിനു സമീപം യോഗ്യമായകെട്ടിടം വാടകയ്ക്കെടുക്കാനായിട്ടു ഡിപ്പാർട്ട്മെന്റു അസിസ്റ്റന്റ്ഇൻസ്പെക്ടർ എഴുതിയയക്കുകയും അതിന്മേൽ നടപടിനടത്തുകയും ചെയ്തിട്ടുണ്ടു.

ചില മുൻസിപ്പുകോടതികളുടെ പരിശോധന.

൫. മി. എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും) : താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു മേയവായിപറയുമോ?

(എ) ൧൧൨൪-ൽ താഴെയിൽ പറയുന്ന സ്ഥലങ്ങളിലെ മുൻസിപ്പുകോടതികൾ പരിശോധിച്ചുപോയ ഹൈക്കോടതി ജഡ്ജിമാരുടെ പേരുകളും അവർ പരിശോധിച്ച തിയതികളും.

(൧) നാഗർകോവിൽ　　(൭) കാഞ്ഞിരപ്പള്ളി

(൨) പത്മനാഭപുരം　　(൮) ചെങ്ങന്നൂർ

(൩) നെയ്യാറ്റിൻകര　　(൯) ആലുവാ

(൪) കുന്നപുരം　　(൧൦) പറവൂർ

(൫) കോട്ടയം　　(൧൧) മൂവാറ്റുപുഴ

(൬) കരുനാഗപ്പള്ളി　　(൧൨) തൊടുപുഴ

(ബി) മേല്പടി പരിശോധനസംബന്ധിച്ചു ഹൈക്കോടതിയിൽ ഇരുന്നു ഡിസ്ട്രിക്ട് ജഡ്ജിക്കു ഓരോന്നിനും വന്നിട്ടുള്ള റിപ്പോർട്ടുകളുടെയുടെ തെളുകകൾ.

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി):

(എ) (൧) നാഗർകോവിൽ ൧൧൨൦-ൽ പരിശോധന ഉണ്ടായിട്ടില്ല

(൨) പത്മനാഭപുരം മി. ജസ്റ്റിസ് ജോസഫ് തളിയത്തു ൧൧൨൦ മുതൽ ൨൫-൪-൧൨൦ വരെ.

(൩) നെയ്യാററിൻകര മി. ജസ്റ്റിസ് പരമേശ്വരൻപിള്ള ൯-൯-൧൧൨൦ മുതൽ ൧൪-൯-൧൧൨൦ വരെ

(൪) കുന്നംകുളം മി. ജസ്റ്റിസ് വെങ്കിട്ടരാമയ്യർ ൩-൧൦-൧൧൨൦ മുതൽ ൪-൧൦-൧൧൨൦ വരെ

(൫) കോട്ടയം മി. ജസ്റ്റിസ് വെങ്കിട്ടരാമയ്യർ ൨-൧൦-൧൧൨൦ മുതൽ ൮-൧൦-൧൧൨൦ വരെ

(൬) കരുനാഗപ്പള്ളി മി. ജസ്റ്റിസ് ജോസഫ് തളിയത്ത് ൨൪-൪-൧൧൨൦ മുതൽ ൨൮-൪-൧൧൨൦ വരെ

(൭) കാഞ്ഞിരപ്പള്ളി മി. ജസ്റ്റിസ് ജോസഫ് തളിയത്തു ൨൯-൪-൧൧൨൦ മുതൽ ൧-൯-൧൧൨൦ വരെ

(൮) ചെങ്ങന്നൂർ മി. ജസ്റ്റിസ് പരമേശ്വരൻപിള്ള ൧൩-൯-൧൧൨൦ മുതൽ ൨൧-൯-൧൧൨൦ വരെ

(൯) ആലുവാ ആലുവായിൽ മുൻസിഫ് കോടതിഇല്ല.

(൧൦) പറവൂർ മി. ജസ്റ്റിസ് ജോസഫ് തളിയത്തു ൩-൯-൧൧൨൦ മുതൽ ൪-൯-൧൧൨൦ വരെ

(൧൧) വൈക്കം മി. ജസ്റ്റിസ് വെങ്കിട്ടരാമയ്യർ ൩൦-൯-൧൧൨൦ മുതൽ ൧-൧൦-൧൧൨൦ വരെ

(൧൨) തൊടുപുഴ മി. ജസ്റ്റിസ് പരമേശ്വരൻപിള്ള ൨൩-൯-൧൧൨൦ മുതൽ ൨൯-൯-൧൧൨൦ വരെ

(ബി) (൧) മി. ജസ്റ്റിസ് വെങ്കിട്ടരാമയ്യർ രൂ. ൧൮൮-൧൪

(൨) മി. ജസ്റ്റിസ് ജോസഫ് തളിയത്തു രൂ. ൨൪൯

(൩) മി. ജസ്റ്റിസ് പരമേശ്വരൻപിള്ള രൂ. ൨൩൯

മി. എ. സി. കയ്യാലക്കോസ് (മീനച്ചലും ദേവികുളവും): ഇതിൽ മറുപടിയിൽ കാണുന്നതുവെക്കേഷൻ ജഡ്ജിമാർ രാജ്യത്തിന്റെ ഒരറ്റംമുതൽ മറെറാററംവരെ എല്ലാഭാഗവും സഞ്ചരിച്ചിട്ടുണ്ടെന്നാണോ? ഇങ്ങനെ വെക്കേഷൻ ജഡ്ജിമാർ എല്ലാഭാഗവും എല്ലാടത്തും പോകണമെന്ന വല്ല വ്യവസ്ഥയുമുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): അങ്ങനെവ്യവസ്ഥയില്ല.

നാട്ടുഭാഷാ പള്ളിക്കൂടം അദ്ധ്യാപകന്മാരുടെ നിയമനം.

൩. മി. എ. സി. കയ്യാലക്കോസ് (മീനച്ചലും ദേവികുളവും): താഴെപറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) വിദ്യാഭ്യാസ ഡയറക്ടരുടെ പുതിയസർക്കുലർ പ്രകാരം ആക്ടിങ് ഉദ്യോഗങ്ങൾക്കവകാശം ഉള്ളനാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരുടെ എണ്ണം

(ബി) അവരിൽനിന്നു ൧൧൨൦ മിഥുനം ൧൭-നു-വരെ ഡിപ്പാർട്ടുമെൻറിൽ സ്ഥിരമായി നിയമിക്കപ്പെട്ടവരുടെ എണ്ണം.

(സി) അങ്ങനെ നിയമിക്കപ്പെട്ടവരിൽ അഹിന്ദുക്കളുടെയും അവർണ്ണഹിന്ദുക്കളുടെയും എണ്ണം.

(ഡി) പുതിയ സർക്കുലർ പ്രകാരം നിയമിക്കപ്പെട്ടവാൻ ബാക്കിയുള്ള അഹിന്ദുവും അവർണ്ണഹിന്ദുവും അദ്ധ്യാപകന്മാരുടെ എണ്ണം.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ) ഇക്കാര്യത്തിൽ താങ്കളൊരു സർക്കുലർ അയച്ചിട്ടില്ലെന്നും വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരന്മാർ അയച്ചിട്ടുള്ളതാണെന്നും വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു. ആക്ടിംഗ് ഉദ്യോഗങ്ങൾക്കവകാശമുള്ള അദ്ധ്യാപകന്മാരുടെ എണ്ണം ൧൦൯൪ ആണെന്നാകുന്നു റിപ്പോർട്ടുചെയ്തിട്ടുള്ളത്.

(ബി) ൧൧൨൦ മിഥുനം ൧൮-നു- [illegible] പേർ അപ്പോയിന്റ്ചെയ്യപ്പെട്ടിരുന്നു.

(സി) ൨൯൪.

(ഡി) ൪൭.

നാട്ടുഭാഷാ സ്കൂൾ അദ്ധ്യാപകന്മാരുടെ ക്ഷാമപ്പടി.

൭. മി. എ. സി. കയ്യാലക്കോസ് (മീനച്ചലും ദേവികുളവും): താഴെപറയുന്നസംഗതികൾ ഗവൺമെൻറു ദയവായിപറയുമോ?

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ നാട്ടുഭാഷാവകുപ്പിലെ അദ്ധ്യാപകന്മാർക്ക ക്ഷാമപ്പടി കൊടുത്താൻ ആരംഭിച്ചതു എപ്പോൾ?

(ബി) ഏതുതീയതിയാണു ഈ ക്ഷാമപ്പടി സ്ഥിരശമ്പളമാക്കിയതു?

(സി) ക്ഷാമപ്പടി സ്ഥിരശമ്പളമായി മാററാൻകഴിയാത്തകാര്യങ്ങളിൽ അതിനെ ഉപയോഗിക്കാൻ വല്ല വ്യവസ്ഥയുംചെയ്തിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ആ വ്യവസ്ഥഎന്താണ്?

(ഇ) ൧൦൦-ൽ ൨൦രൂപ ശമ്പളംവാങ്ങിയിരുന്നവർക്ക കിട്ടിവന്ന ക്ഷാമപ്പടി,

(എഫ്) അവരുടെ ക്ഷാമപ്പടി സ്ഥിരശമ്പളമാക്കിയപ്പോൾ അവർക്ക അവകാശമുണ്ടായിരുന്ന സ്ഥിരശമ്പളം.

(ജി) ഈ അവകാശംകൊണ്ടു ഗുണംസിദ്ധിച്ചിട്ടില്ലാത്ത വല്ല അദ്ധ്യാപകന്മാരും മുമ്പുണ്ടായിരുന്നു എന്നോ ഇപ്പോൾ (൨-൧-൧൧൨൦) ഉണ്ടെന്നോ ഗവൺമെൻറിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി):

(എ) ൧൦൧൮ മേടം ൧-നു-മുതൽ.

(ബി) നാട്ടുഭാഷാപെൺപള്ളിക്കൂടങ്ങളുടെകാര്യത്തിൽ ൧൦൧൯ ഇടവം ൧-നു- മുതലും നാട്ടുഭാഷാ ആൺപള്ളിക്കൂടങ്ങളുടേകാര്യത്തിൽ ൧൦൧൯ വൃശ്ചികം ൧-നു-മുതലും.

(സി) ഉണ്ട്.

(ഡി) ക്ഷാമപ്പടി സ്ഥിരശമ്പളമാക്കാൻ കഴിയാത്ത കാര്യങ്ങളിൽ കൂടുതലുള്ള സംഖ്യ പേർസണൽ അലവൻസായികൊടുക്കാനാണു വ്യവസ്ഥചെയ്തു.

(ഇ) . മാസം രണ്ടുരൂപ.

(എഫ്) മാസം ഇരുപത്തിരണ്ടു രൂപ.

(ജി) ഉണ്ട്. അങ്ങനെയുള്ള സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഡയറക്ടർ വഴിഎടുക്കുന്നുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും), ഇതിൽ "ഇ" വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നവിവരണത്തെസംബന്ധിച്ചു ഏതെങ്കിലും ഒരാളോ ഉദാഹരണമായിട്ടു പറയാൻസാധിക്കയില്ലെന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെണ്ടു ചീഫ്സെക്രട്ടറി): ചോദ്യം ഏഴാണ് ഇപ്പോൾ വായിക്കുന്നതു.

കടുത്തുരുത്തിപകുതിയിൽ ഒരു പള്ളിവയ്ക്കാനുള്ള അപേക്ഷ.

൮. മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്ന സംഗതികൾ ഗവമെണ്ടു ദയവായി പറയുമോ?

(എ) വരാപ്പുഴ ഇടവകയിലെ മാററിൻ കത്തോലിക്കരുടെ ഉപയോഗത്തിനു വൈക്കംതാലൂക്കു കടുത്തുരുത്തിപ്പകുതിയിലെ സർവെനമ്പർ ൧൧൨൭/എ ബി-യിൽപ്പെട്ട സ്ഥലത്തു ഒരു പള്ളിവയ്ക്കാൻ അനുവാദത്തിനുള്ള അപേക്ഷ ഗവമെണ്ടിനു കിട്ടിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടിഉണ്ടെന്നാണെങ്കിൽ ആ അപേക്ഷയെസംബന്ധിച്ചുള്ള തീർപ്പ്?

(സി) വേറെ ആരാധനാസ്ഥലങ്ങൾ ഉണ്ടെന്നോ ഉണ്ടാക്കാൻപോകുന്നുഎന്നോഎന്നുള്ള കാരണത്താൽ ഒരു പള്ളിയുണ്ടാക്കുന്നതു നിരോധിക്കണമെന്നു വല്ല ചട്ടവുമുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ആ ചട്ടവും ആ ചട്ടം പാസ്സാക്കിയ തീയതിയും?

(ഇ) തിരുവിതാംകൂറിൽ ക്ഷേത്രങ്ങളും പള്ളികളും അടുത്തടുത്തുള്ള പല സ്ഥലങ്ങളുമുണ്ടെന്നു ഗവമെണ്ടിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെണ്ടു ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) അപേക്ഷ തള്ളിക്കളഞ്ഞു.

(സി) അങ്ങനെയാതൊരുചട്ടം ക്രമമായി പാസ്സാക്കിട്ടില്ല.

(ഡി) (സി) ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

(ഇ) "അടുത്തടുത്തു" എന്നുള്ളതു ക്ലിപ്തപ്പെടുത്തീട്ടില്ലായ്കയാൽ മറുപടിപറയാൻ സാധിക്കയില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇതിൽ "ഇ" ഭാഗത്തിൽ പറഞ്ഞിട്ടുള്ള മറുപടിയിൽ ശരിയായ വിവരം അറിയുന്നതിന് ഉദാഹരണമായിട്ടു ഒന്നോരണ്ടോ എണ്ണമെങ്കിലും പറയാൻ സാധിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെണ്ടു ചീഫ്സെക്രട്ടറി): ഇത്ര അടിഅല്ലെങ്കിൽ ഇത്ര ഗജം അകലെ എന്നുപറഞ്ഞിരുന്നാൽ അവിടെ ക്ഷേത്രമുണ്ടോ ഇല്ലയോഎന്നു അന്വേഷിക്കാമായിരുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും). ഒരു ഫർലാങ്ങിനകത്തു ക്ഷേത്രമുള്ളതായിട്ടറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെണ്ടു ചീഫ്സെക്രട്ടറി): കണ്ടേക്കാം.

൧൧൨൭-ൽ പുതുതായി സ്ഥാപിച്ച വൈദ്യശാലകൾ.

൯. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപറയുന്ന സംഗതികൾ ഗവമെണ്ടു ദയവായി പറയുമോ?

(എ) ൧൧൨൭-ൽ പുതുതായി സ്ഥാപിച്ച ഗ്രാൻറുവൈദ്യശാലകളുടെ എണ്ണം?

(ബി) ൧൧൨൭-ലെ ബഡ്ജററിൽ പണംഅനുവദിച്ചിട്ടുള്ള അഞ്ചു പുതിയ ഗ്രാൻറു വൈദ്യശാലകളും ൧൧൨൭-ൽതന്നെ സ്ഥാപിച്ചുവോ? ഇല്ലെങ്കിൽ അതിനുള്ള കാരണം.

(സി) (എ) ഭാഗത്തിൽ പ്രസ്താവിച്ച വൈദ്യശാലകളിലെ പ്രധാന വൈദ്യന്മാരുടെ പേരുകൾ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമെണ്ടുസെക്രട്ടറി): (എ) രണ്ട്.

(ബി) ഇല്ല. ബാക്കി മൂന്നു വൈദ്യശാലകൾ സ്ഥാപിക്കുന്നകാര്യം ഗവമെൻറിന്റെ ആലോചനയിലിരിക്കുന്നു.

(സി) (൧) കെ. ഭാരതിഅമ്മ, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും വൈദ്യശാല, കാലടി, തിരുവനന്തപുരം.

(൨) വി. രാമസ്വാമിപ്പിള്ള, തോവാള.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (ബി) ഭാഗംസംബന്ധിച്ചു ഗവമെണ്ടു ആലോചിക്കുന്നതു മൂന്നു വൈദ്യശാലകൾക്കൂടെ ആവശ്യമാണോഎന്നോ അതോ അവയെ എവിടെയെല്ലാം സ്ഥാപിക്കണമെന്നതിനെപ്പററിയാണോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമെണ്ടുസെക്രട്ടറി): വൈദ്യശാലകൾ എവിടെയാണു സ്ഥാപിക്കേണ്ടതെന്നാകുന്നു ഗവമെണ്ടു ആലോചിക്കുന്നതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അപ്പോൾ വൈദ്യശാലകൾ ഈ യാണ്ടിൽതന്നെ തുറക്കാൻ ഗവമെണ്ടു തീർച്ചയാക്കീട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവമെണ്ടുസെക്രട്ടറി): ഉണ്ട്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കഴിഞ്ഞ പതിമൂന്നു മാസങ്ങളായി ഈ വൈദ്യശാലകൾ തുറക്കേണ്ടതു എവിടെയാണെന്നു ഗവമെണ്ടു ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): ഈ അഞ്ചു വൈദ്യശാലകളും ൧൧൩൦-ൽ തന്നെ തുറക്കാൻ ഗവൺമെൻറു വിചാരിക്കുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വൈദ്യശാലകൾ എവിടെ സ്ഥാപിക്കണമെന്നു യാതൊരു തീരുമാനവുമില്ലാതെയാണോ ആ വൈദ്യശാലകൾക്കു ബഡ്ജറ്റിൽ പണം അനുവദിച്ചതു?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി) തക്കതായ സ്ഥലങ്ങൾ കിട്ടുമെന്നുള്ള വിശ്വാസത്തിന്മേലാണു അഞ്ചു വൈദ്യശാലകൾക്കു പണം അനുവദിച്ചതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വൈദ്യശാലകൾ സ്ഥാപിക്കാൻ സ്ഥലങ്ങൾ നിശ്ചയിക്കാൻ ഗവൺമെൻറിനു ഇത്ര ദീർഘകാലം വേണ്ടിവന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): കാര്യം ഡിപ്പാർട്ടുമെൻറു മേലധികാരിക്കു പലപ്രാവശ്യം തിരിച്ചയക്കേണ്ടിവന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഡിപ്പാർട്ടുമെൻറു മേലധികാരിയുടെ ഉദ്ദേശം ശരിയായി ഇല്ലാതിരുന്നതുകൊണ്ടാണോ ഈ കാര്യം ഇത്ര താമസിച്ചതു?

ഡെപ്യൂട്ടിപ്രസിഡൻറ: കാര്യം പലപ്രാവശ്യം ഡിപ്പാർട്ടുമെൻറു മേലധികാരിക്കു തിരിച്ചയക്കേണ്ടിവന്നുഎന്നു അദ്ദേഹം പറഞ്ഞുവല്ലോ. പക്ഷെ ഡിപ്പാർട്ടുമെൻറു മേലധികാരി പറഞ്ഞ അഭിപ്രായങ്ങൾ ഗവൺമെൻറു സ്വീകാര്യമല്ലെന്നു തോന്നീട്ടു അവയെപ്പററി വീണ്ടും ആലോചിക്കുന്നതിനു ഡിപ്പാർട്ടുമെൻറു മേലധികാരിക്കു തന്നെ തിരിച്ചയച്ചതായിരിക്കാം.

കൊച്ചീക്കര ചെട്ടികുളങ്ങരറോഡു നന്നാക്കുന്നകാര്യം.

൨൦. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): താഴെപറയുന്ന സംഗതികൾ ഗവൺമെൻറു ദയവായിപറയുമോ?

(എ) കൊച്ചീക്കര ചെട്ടികുളങ്ങരറോഡു നന്നാക്കി കല്ലിട്ടുറപ്പിക്കണമെന്നുകാണിച്ചു ചെട്ടികുളങ്ങര നിവാസികളുടെ ൧൧൨൯ നവംബർ ൧൩—നു-ത്തെ ഒരു ഹർജി ചീഫ് എൻജിനിയർക്കു കിട്ടീട്ടുണ്ടോ?

(ബി) (എ.) യുടെ മറുപടി ഉണ്ടെന്നാണെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടി നടത്തി?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): (എ) ഉണ്ടു്.

(ബി) ചീഫ് എൻജിനിയർ ആ കാര്യം ഗവൺമെൻറിലേക്കു റിപ്പോർട്ടുചെയ്തു. ഇപ്പോൾ അതു ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ചീഫ് എൻജിനിയർ ആകാര്യം ഗവൺമെൻറിലേക്കു റിപ്പോർട്ടുചെയ്തതു എന്നായിരുന്നു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ൧൧൩൦ ജൂലായിമാസത്തിൽ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): അതിനുശേഷം ചീഫ് എൻജിനീയർ യാതൊരുനടപടിയും നടത്തിയില്ലേ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): റോഡിൻെറ ഒരംശം മാവേലിക്കര മുനിസിപ്പൽ അതിർത്തിക്കുള്ളിൽ കിടക്കുന്നു. റോഡിൻെറ ആ അംശം മുനിസിപ്പാലിററി സംരക്ഷിക്കേണ്ടതാണെന്നു ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടു. അങ്ങനെ മുനിസിപ്പൽപ്രസിഡൻറുമായി കത്തെഴുത്തുകൾ നടന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): താമസത്തിനുകാരണം മുനിസിപ്പാലിററിയുടെ ഉദാസീനതയാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): അല്ല. മുനിസിപ്പൽപ്രസിഡൻറു മറുപടി അയച്ചു. ഇപ്പോൾ കാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

തിരുവനന്തപുരത്തിനും കോട്ടയത്തിനും മദ്ധ്യേ ബസ്സോടിക്കുന്ന ഒരു ഡ്രൈവറിൻെറ മേൽ പരാതി.

൨൧. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) ൧൧൩൦ മിഥുനത്തിൽ തിരുവനന്തപുരത്തുനിന്നു കോട്ടയത്തേക്കു ഒരു ബസ്സിൽ സഞ്ചരിച്ചിരുന്ന ഒരു യാത്രക്കാരനെ ഡ്രൈവർ അനാവശ്യമായി താമസിപ്പിക്കയും ഉപദ്രവിക്കയും ചെയ്തുഎന്നു ആ യാത്രക്കാരൻെറ ഒരു പരാതി പോലീസ് കമ്മീഷണർക്കു കിട്ടീട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പരാതിയെ സംബന്ധിച്ചു കമ്മീഷണർ എന്തു നടപടിനടത്തി?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): (എ) ഉണ്ടു്.

(ബി) അന്വേഷണത്തിൽ ഇരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ചോദ്യത്തിൽ പറയുന്ന പരാതി കിട്ടിയ മാസം തീയതി ഇവ പറയാമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): പരാതി പോലീസ് കമ്മീഷണരുടെ ആഫീസിൽ ൧൯൫൫ ജൂൺ ൨൭-ാം കിട്ടി.

മി. ആർ. രാമൻപിള്ള (കോട്ടയം): അതിനുശേഷം ഡ്രൈവർമാരും കണ്ടക്കർമാരും ആ വിധത്തിൽ പെരുമാറുന്ന മററുസംഭവങ്ങൾ വല്ലതും കമ്മീഷണർ പരിശോധിച്ചിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി): ആ വിവരം കമ്മീഷണരോടു ചോദിച്ചുവേണം പറയാൻ.

തിരുവനന്തപുരത്തിനും കോട്ടയത്തിനും മദ്ധ്യേ ഓടുന്ന ബസ്സുകൾ.

൧൨. മി. ആർ. രാമൻപിള്ള (കോട്ടയം): വൈകിട്ട് ൪ മണിക്കുശേഷം തിരുവനന്തപുരത്തുനിന്നു പുറപ്പെടുന്ന ബസ്സുകൾ പിറ്റെന്നു രാവിലെ ൧൦ മണിക്കുശേഷമേ കോട്ടയത്തു എത്തുന്നുള്ളു എന്ന ഗവണ്മെന്റിനോ പോലീസ് കമ്മീഷണർക്കോ അറിവുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെയുള്ള താമസം നേരിടാതിരിക്കാൻ വല്ല നടപടിയും നടത്തീട്ടുണ്ടോ അല്ലെങ്കിൽ നടത്താൻ വിചാരിക്കുന്നുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെന്റ സെക്രട്ടറി): ഇല്ല, വൈകിട്ടു നാലു മണിക്കു തിരുവനന്തപുരത്തുനിന്നു പുറപ്പെടുന്ന ബസ്സുകൾ അന്നു വൈകിട്ടു ൧൧-൩൦ മണിക്കു കോട്ടയത്തു എത്തുന്നതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): പോലീസ് കമ്മീഷണരോ ഗവണ്മെന്റിന പ്രത്യേകം ചുമതലപ്പെടുത്തിട്ടുള്ള ആളുകളോ മുൻപറഞ്ഞ പുസ്തകംവഴിയായി വല്ലപ്പോഴും പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെന്റ സെക്രട്ടറി): പരിശോധിച്ചിട്ടുണ്ടായിരിക്കണം.

ഡെപ്യൂട്ടിപ്രസിഡെന്റ: എന്നാൽ നിങ്ങൾക്കു നോട്ടീസിന അവകാശപ്പെടാം.

മി. ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെന്റ സെക്രട്ടറി): നോട്ടീസുകിട്ടണം.

മി. ആർ. രാമൻപിള്ള (കോട്ടയം): പുസ്തകംവഴിയായി പരിശോധിക്കണമെന്നു ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെന്റ സെക്രട്ടറി): അതു അഭിപ്രായംപോലെയിരിക്കുന്ന ഒരു സംഗതിയാണ്.

ഈ സംസ്ഥാനത്തിൽ തൊഴിലില്ലാത്തവരുടെ എണ്ണം.

൧൩. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ഈ സംസ്ഥാനത്തുള്ള തൊഴിലില്ലാത്തവരുടെ എണ്ണം അറിവാൻ ഗവണ്മെന്റോ സെൻസസ് കമ്മീഷണരോ വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ അവരുടെ എണ്ണം അറിയുന്നതിന വല്ല ഏർപ്പാടുകളും ചെയ്യേണ്ടു ആവശ്യമാണെന്ന വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ)-ം (ബി)-ം വിദ്യാഭ്യാസമുള്ളവരിൽ തൊഴിലില്ലാത്തവരുടെ എണ്ണം എടുക്കുവാൻ ഏർപ്പാടുചെയ്യുവരുന്നുഎന്ന സെൻസസ്കമ്മീഷണർ പറയുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): തിരുവിതാംകൂറിൽ വിദ്യാവിഹീനന്മാരായ തൊഴിലില്ലാത്ത ആളുകൾ ഇല്ല എന്ന ഗവണ്മെന്റ വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അങ്ങനെ വിചാരിക്കുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): അവരുടെ സംഖ്യ ക്ലിപ്തപ്പെടുത്താൻ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇപ്പോൾ വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്തവരുടെ കണക്കുമാത്രമെ എടുക്കുന്നുള്ളു.

മി. ആർ. രാമൻപിള്ള (കോട്ടയം). വിദ്യാവിഹീനരുടെ എണ്ണം നിശ്ചയിക്കുന്നതു ആവശ്യമല്ലെന്നു ഉതകുന്നതല്ലെന്നോ ഗവ. വിചാരിക്കുന്നതു്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇപ്പോഴത്തെ സെൻസസ്സിൽ പഠിച്ച വല്ലവരും ജോലിയില്ലാത്തവരായി ഉണ്ടെങ്കിൽ അവരുടെ കാര്യംമാത്രം നോക്കാമെന്നാണ് വിചാരിക്കുന്നതു്.

മി. ആർ. രാമൻപിള്ള (കോട്ടയം): തൊഴിലില്ലാത്തവർ പഠിച്ചവരിലാണോ പഠിക്കാത്തവരിലാണോ അധികം ഉള്ളതു്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അങ്ങനെ കണക്കു എടുത്തിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): പഠിക്കാത്ത തൊഴിലില്ലാത്തവരുടെ സംഖ്യകൂടി തിട്ടപ്പെടുത്തുന്നതിന ഗവണ്മെന്റ ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആലോചിക്കാം.

യോഗനടപടികൾ നിറുത്തിവയ്ക്കാനുള്ള പ്രമേയം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, യോഗനടപടികൾ നിറുത്തിവയ്ക്കാനുള്ള ഒരു പ്രമേയമുണ്ട്.

(പ്രമേയം എഴുതിയ കടലാസ് മെമ്പർ ഡിപ്യൂട്ടിപ്രസിഡന്റിന്റെ കയ്യിൽ കൊടുക്കുന്നു).

ഡിപ്യൂട്ടിപ്രസിഡന്റ: യോഗനടപടികൾ നിറുത്തിവയ്ക്കാൻ ഒരു പ്രമേയം മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള എന്റെ പക്കൽ തന്നിരിക്കുന്നു. പൊതുജനങ്ങൾ പ്രധാനമായി വിചാരിക്കുന്ന ഒരു അടിയന്തിരകാര്യത്തെയും അതായത് ഈ സംസ്ഥാനത്തു മദ്ധ്യതിരുവിതാംകൂറിലുള്ള പ്രക്ഷോഭത്തെ സംബന്ധിച്ചു ചില നേതാക്കന്മാരെ ബന്ധനത്തിലാക്കിയ ഗവണ്മെന്റിന്റെ ഇപ്പോഴത്തെ നയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിന സഭയുടെ മറ്റു കാര്യപരിപാടികൾ നിറുത്തിവയ്ക്കണമെന്ന് ഒരു പ്രമേയം അവതരിപ്പിക്കാൻ അദ്ദേഹം അനുവാദം ചോദിക്കുന്നു.

അദ്ദേഹം അയച്ചിരിക്കുന്ന വിവരണത്തിൽ തന്റെ പ്രമേയത്തിന്റെ ഉദ്ദേശം വിശദമാക്കുന്നു. .... ഗവണ്മെന്റ സ്വീകരിച്ചിട്ടുള്ള നയം നേതാക്കന്മാരുടെ .... മദ്ധ്യവർഗ്ഗത്തിന്റെ .... ഉപദ്രവകരമാണെന്നുള്ള സംഗതിയെപ്പറ്റി ....

തിവാദം നടത്തുകയാണെന്നു അദ്ദേഹം പറയുന്നു. വിഷയത്തിന്റെ ഈ വശത്തെപ്പററി വാദപ്രതിവാദം നടത്തി ഈ കാര്യത്തിൽ ഗവൺമെൻറിന്റെ നയം എന്താണെന്നു ഒരു പ്രഖ്യാപനം ലഭിക്കണമെന്നാണു അദ്ദേഹത്തിന്റെ ആവശ്യം.

മദ്യപാനനിരോധനപദ്ധതിയെസംബന്ധിച്ചു ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നയത്തിന്റെ വിവരണത്തിൽ അദ്ദേഹം എടുത്തുകാട്ടി സ്ഥാപിക്കുവാൻ വിചാരിക്കുന്ന "മർദ്ദനസ്വഭാവം" എന്നു പറയുന്നതു ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും മദ്യവർജനപ്രവർത്തകന്മാരെ പിടിച്ചു ബന്ധനത്തിലാക്കുന്നതിനെ സംബന്ധിച്ചാകുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ വിവരണത്തിന്റെ അധികഭാഗവും അഗ്രാസനാധിപതിതന്നെ സമഗ്രമായി പ്രസ്താവിച്ചു. വിവരണത്തിന്റെ അവസാനഭാഗവും സമഗ്രമായി പ്രസ്താവിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ വിവരണംമുഴുവനും സഭയുടെ അറിവിന്നായി ഇവിടെ സസന്തോഷം ഞാൻ വായിക്കാം.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): നടപടിക്രമത്തെസംബന്ധിച്ചു ഒന്നുപറഞ്ഞുകൊള്ളുന്നു. ചട്ടപ്രകാരം പ്രമേയം ക്രമാനുസരണം ആകുന്നു എന്നു പ്രസിഡൻറു വിചാരിക്കുന്നെങ്കിൽ മാത്രമേ അതോടുചേർക്കുന്നവിവരണം സഭയിൽ വായിക്കാവൂ.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: എനിക്കു യുക്തമെന്നു തോന്നുന്നതുപോലെ ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ തന്റെ വിവരണം മുഴുവനും സഭയുടെ അറിവിന്നായി വായിക്കണമെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ചെയ്യുന്ന അപേക്ഷയ്ക്കനുകൂലമായി ഉപയോഗിക്കാൻ ഞാൻ വിചാരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രസിഡൻറിന്റെ യുക്തംപോലെ ചെയ്യാൻ പൂർണ്ണസ്വാതന്ത്ര്യം ഉണ്ടു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: അതെ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള എന്റെപക്കൽതന്ന വിവരണം മുഴുവനും സമഗ്രമായി വായിക്കുന്നതു യുക്തമാകുന്നു എന്നു ഞാൻ വിചാരിച്ചു അപ്രകാരം ചെയ്യുന്നു.

"ഈ പ്രമേയത്തിന്റെ ഏക ഉദ്ദേശം ഈ സംസ്ഥാനത്തെ മദ്യപാനനിരോധനപദ്ധതിയെസംബന്ധിച്ചു ഇവിടെ ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നയത്തെ ഒരു വാദപ്രതിവാദത്തിനു വിഷയമാക്കണമെന്നു മാത്രമാണു. ഗവൺമെൻറിന്റെ എക്സൈസ് നയത്തെപ്പററി അവരുടെ പ്രസ്താവം എല്ലായ്പോഴും ഒന്നുതന്നെ ആയിരുന്നിട്ടില്ലെങ്കിലും അവർ പല അവസരങ്ങളിലും ചെയ്തിട്ടുള്ള പ്രസ്താവനകളിൽനിന്നു അനുമാനിക്കേണ്ടതു അവരുടെ നയത്തിന്റെ ലാക്കു മദ്യപാനം കേവലം നിരോധിക്കണമെന്നാകുന്നു എന്നു പ്രത്യക്ഷമായിട്ടുണ്ടു. എന്നാൽ ഗവൺമെൻറു ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മർദ്ദനനയം ന്യായവുമല്ല സംസ്ഥാനത്തിനു ഗുണകരവുമല്ല. അതു പൌരന്മാരുടെ പ്രാഥമികഅവകാശങ്ങളെ ഹനിക്കുന്നതിനുപുറമെ മദ്യവർജനപ്രസ്ഥാനത്തിന്റെ യഥാർത്ഥസ്നേഹിതന്മാരെ വെറുപ്പെടുത്തുകയും ചെയ്യുന്നു. വിഷയത്തിന്റെ ഈ വശത്തെപ്പററി വാദപ്രതിവാദം നടത്തികഴിയുമെങ്കിൽ ഗവൺമെൻറിന്റെനയം എന്താണെന്നു ഒരു പ്രഖ്യാപനം ചെയ്യിപ്പിക്കണമെന്നാകുന്നു ഈ പ്രമേയത്തിന്റെ ഉദ്ദേശം.

"മദ്യവർജനപ്രസ്ഥാനംസംബന്ധിച്ചു ഈ സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലായി അനേകരെ പിടിച്ചു ബന്ധനത്തിലാക്കിട്ടുണ്ടെന്നു എനിക്കറിയാം. അവരെ ബന്ധനത്തിലാക്കിയതിനെസംബന്ധിച്ചും അവരുടെ പേരിൽ കോടതികളിൽ നടത്തിവരുന്ന കേസുകളെസംബന്ധിച്ചും ഒരു വാദപ്രതിവാദം നടത്തണമെന്നു ഇവിടെ ഉദ്ദേശമില്ല. ബന്ധനത്തിലാക്കപ്പെട്ടവരുടെമേൽ നടത്തുന്ന കേസുകളെപ്പററി യാതൊരു പ്രസ്താവവും ചെയ്യാതെ പ്രമേയത്തെപ്പററി ഒരു വാദപ്രതിവാദം നടത്താൻ കഴിയുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അതുകൊണ്ടു ഈ പ്രമേയം ഇങ്ങനെയുള്ളകാര്യങ്ങളിൽ സ്വീകരിക്കേണ്ടുന്ന നടപടികളെപ്പററിയുള്ള റഗുലേഷനേയോ ചട്ടങ്ങളേയോ സ്റ്റാൻറിംഗ് ഓർഡറുകളേയോ ലംഘിക്കയോ വാദപ്രതിവാദങ്ങൾ നടത്തുന്നതിനെസംബന്ധിച്ചുള്ള തത്വങ്ങൾക്കും തീർപ്പുകൾക്കും ചട്ടങ്ങൾക്കും വിപരീതമായിരിക്കയോ ചെയ്യുന്നില്ല."

വ്യക്തിപരമായി എന്നെ സംബന്ധിച്ചിടത്തോളം മർദ്ദനനടപടികൾ നിവൃത്തിവരുത്താനായി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തോടു മിസ്റ്റർ നീലകണ്ഠപ്പിള്ള ചേർത്തിട്ടുള്ള വിവരണത്തെസംബന്ധിച്ചു എനിക്കു യാതൊരു ആക്ഷേപവും പറയാനില്ല. എന്നാൽ അദ്ദേഹത്തോടു ഞാൻ എത്രതന്നെ സഹതപിച്ചാലും നിയമസഭാറഗുലേഷൻ അനുസരിച്ചു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും സ്ഥിരഉത്തരവുകൾക്കും ഞാൻ കേവലം അധീനനാകുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ പ്രമേയം സ്വീകാര്യമാണെന്നു സഭാധ്യക്ഷനെ ബോധ്യപ്പെടുത്തുന്നതിനു ഞങ്ങൾക്കൊരവസരം തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഈ വിഷയത്തെപ്പററി ക്രമമായ ഒരു വാദപ്രതിവാദം അനുവദിക്കാൻ ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെസംബന്ധിച്ചു ഞങ്ങൾക്കു—

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഞാൻ പറഞ്ഞതു സാധിപ്പിച്ചുകൊള്ളട്ടെ. അതിന്റെശേഷം നിങ്ങൾക്കു കൂട്ടമായി വല്ലതും പറഞ്ഞു എന്റെ തീർച്ച തെററാണെന്നു എന്നെ ബോധ്യപ്പെടുത്താൻ കഴിയുമെങ്കിൽ എന്റെതീർച്ചയെപ്പററി പുനരാലോചനചെയ്യാൻ ഞാൻ തയ്യാറാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെസംബന്ധിച്ചു ഞങ്ങൾക്കു ഇൻഡ്യയിലെയും മററു ചിലരാജ്യങ്ങളിലെയും പ്രധാനനിയമസഭകളുടെ ചില മുഖ്യതീർപ്പുകളെപ്പററി ഇവിടെ പ്രസ്താവിക്കാനുണ്ടു. അതുകൊണ്ടു റഗുലേഷനൊ ചട്ടങ്ങളൊ സ്ഥിരഉത്തരവുകളോ ആധാരമാക്കി ഈ പ്രമേയത്തെ ഉപേക്ഷിക്കാനാണു അധ്യക്ഷൻ വിചാരിക്കുന്നതെങ്കിൽ അങ്ങനെ ഉപേക്ഷിക്കുന്നതിനുമുമ്പായി ബ്രിട്ടീഷ് ഇൻഡ്യൻ നിയമസഭകളിൽ ചെയ്തിട്ടുള്ള ചില തീർപ്പുകളെ അധ്യക്ഷന്റെ ദൃഷ്ടിയിൽകൊണ്ടു വരുവാൻ ഞങ്ങൾക്കൊരവസരം തരണമെന്നു അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. നീലകണ്ഠപ്പിള്ള, പ്രമേയം ക്രമാനുസരണമല്ലെന്നുള്ള കാരണത്തിന്മേൽ ഉപേക്ഷിക്കേണ്ടതാണെന്നാകുന്നു ഇപ്പോൾ എന്റെ അഭിപ്രായം. എന്റെ അഭിപ്രായം മാററാൻകഴിയുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടെങ്കിൽ നിങ്ങൾ പറയുന്നതുകേൾക്കാൻ എനിക്കു അശേഷം വിരോധമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നടപടിക്രമത്തെസംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. അദ്ധ്യക്ഷന്റെ തീർച്ചയ്ക്കു എതിർപറവാൻ പാടില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: ഞാൻ ഒരു തീർച്ചചെയ്തിട്ടില്ല. അദ്ദേഹം അതിനു എതിർപറഞ്ഞിട്ടുമില്ല. അദ്ധ്യക്ഷന്റെ തീർച്ചക്കു എതിർപറവാൻ അദ്ദേഹം തുനിയുമെന്നും ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഒരു തീർച്ചചെയ്യുന്നതിനുമുമ്പായി ഇങ്ങനെയുള്ള പ്രമേയങ്ങൾ അനുവദിച്ചിട്ടുള്ള മററു നിയമസഭകളുടെ ചില ദൃഷ്ടാന്തങ്ങൾ എടുത്തുകാണിക്കാൻ അനുവദിക്കേണമെന്നാണ് അദ്ദേഹത്തിന്റെ അപേക്ഷ. അവ എനിക്കു ബാധകമല്ല, എങ്കിലും ഒരു ശരിയായ തീർച്ചയുണ്ടാക്കാൻ അവ സഹായമായിരിക്കുമെങ്കിൽ, വെളിച്ചം എവിടെനിന്നെങ്കിലും കിട്ടുമെങ്കിൽ, അതുപേക്ഷിക്കാൻ ഞാൻ വിചാരിക്കുന്നില്ല. സാധാരണയായി ഇങ്ങനെയുള്ള വാദപ്രതിവാദം നടത്താൻ അനുവദിക്കാൻപാടില്ല. കേവലം ഒരു തത്വരൂപത്തിൽ അതായതു അനേകംപേരെ ബന്ധനസ്ഥരാക്കി അവരുടെമേൽ കേസുകളെടുത്തു വിചാരണയിലിരിക്കുന്ന ഒരു കാര്യത്തിൽ അതിന്റെ ഗുണദോഷങ്ങളെപ്പററി വാദപ്രതിവാദം നടത്താൻ അനുവദിക്കാമോ എന്നുള്ളതിനെക്കുറിച്ചു നിങ്ങളിൽ ഒന്നോ രണ്ടോ പേർ പറയുന്നതിനെ കേൾക്കുന്നതിനു എനിക്കു വിരോധമില്ല. ഇപ്പോൾ വിചാരണയിലിരിക്കുന്ന കേസുകളെപ്പററി യാതൊന്നും പ്രസ്താവിക്കാതെ ഒരു വാദപ്രതിവാദം നടത്താൻകഴിയുമെന്നു മി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ വിവരണത്തിൽ പറഞ്ഞിരിക്കുന്നു. അതു വിഷയത്തിന്റെ ഒരു വശംമാത്രമാണ്. വിഷയത്തിന്റെ മറേറവശം——നിങ്ങളുടെ ആക്ഷേപങ്ങളോ പ്രസ്താവനകളോ ഏതെല്ലാം സംഗതികളെപ്പററി ആയിരിക്കാംഎന്നു മാത്രം ഞാൻ പറയുകയാകുന്നു. ഗവർമ്മെൻറിന്റെ എക്സൈസ് ഭരണനയം എന്താണെന്നു നിങ്ങൾക്കൊരു പ്രഖ്യാപനം ലഭിക്കണമെന്നാകുന്നു—ഈകാര്യത്തിൽ ഗവർമ്മെൻറിനു ഒരു സ്ഥിരനയം ഇല്ലെന്നും മി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ വിവരണത്തിൽ പരാതിപറഞ്ഞിരിക്കുന്നു. എന്നാൽ ആകപ്പാടെ നോക്കിയതിൽ അതു മദ്യപാനനിരോധത്തിനു അനുകൂലമാണെന്നു തോന്നുന്നു എന്നും ചുരുക്കത്തിൽ പറയാമെന്നും അദ്ദേഹം പറയുന്നുണ്ട്. ഈ കാര്യത്തിൽ ഗവർമ്മെൻറും ജനങ്ങളും യോജിക്കുമായിരിക്കാം. എന്നാൽ മദ്യപാനം കേവലം വിരോധിക്കുന്നതു നാളെ വേണമോ മറെറാന്നാൾ വേണമോ കുറെ വർഷങ്ങൾകഴിഞ്ഞു മതിയോ എന്നുള്ളതിനെപ്പററി മദ്യപാനനിരോധം നടപ്പിൽവരുത്തണമെന്നു പറയുന്നവരുടെ ഇടയിൽപോലും അഭിപ്രായവ്യത്യാസം ഉണ്ടാകാം.

ഗവർമ്മെൻറിന്റെ നയം എന്താണെന്നറിവാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയ്ക്കുള്ള ആഗ്രഹത്തെ സംബന്ധിച്ചു ഗവർമ്മെൻറു പ്രതിനിധി കുറെകഴിഞ്ഞു പറയാൻ ഇടയുള്ളതുകൊണ്ടു ഞാൻ ഇപ്പോളൊന്നും പറയുന്നില്ല. ഇൻഡ്യയുടെ തെക്കേഅററത്തുള്ള ജനങ്ങളെ മാത്രമല്ല ഇൻഡ്യ ഒട്ടുക്കുള്ള ജനങ്ങളെയും ക്ഷോഭിപ്പിക്കുന്നതും ക്ഷോഭത്തിന്റെ ശക്തി ദിനംപ്രതി വർദ്ധിച്ചുവരുന്നതുമായ ഈ പ്രധാനവിഷയത്തെപ്പററി വാദപ്രതിവാദം നടത്താനൊ അക്കാര്യത്തിൽ ഗവർമ്മെൻറിന്റെ നയം പ്രഖ്യാപനം ചെയ്യിക്കാനൊ തങ്ങൾക്കവസരം കിട്ടാതെപോകുമെന്നാണ് മി. നീലകണ്ഠപ്പിള്ളയുടെ പരാതി. ഈ കാര്യത്തിൽ ഗവർമ്മെൻറിന്റെ നയം എന്താണെന്നൊ ആ നയം നടപ്പിൽവരുത്താൻ പോകുന്നതു എങ്ങനെയാണെന്നൊ ഗവർമ്മെൻറിനെക്കൊണ്ടു പറയിക്കാൻ അടുത്തകാലത്തു ഈ സഭയ്ക്കു ഒരവസരം കിട്ടുമോ എന്നുള്ള കാര്യത്തിൽ മി. നീലകണ്ഠപ്പിള്ളയോടു ഞാൻ യോജിക്കുന്നില്ല. നാം സഭയുടെ ബഡ്ജററ് സമ്മേളനം ആരംഭിക്കയാണ് ചെയ്യുന്നതു. അപ്പോൾ ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം നടക്കും. ഈ വിഷയത്തെപ്പററി തങ്ങളുടെ അഭിപ്രായം പ്രസ്താവിക്കാൻ എല്ലാ മെമ്പർമാർക്കും അപ്പോൾ ധാരാളം അവസരംകിട്ടും. അതിന്റെശേഷം അഭ്യർത്ഥനകൾകൊണ്ടുവന്നു നിങ്ങളുടെ അനുവാദംചോദിക്കും. അപ്പോൾ സാങ്കേതിക ഉപക്ഷേപങ്ങൾ അവതരിപ്പിച്ചു ഐകകണ്ഠ്യമായൊ ഭൂരിപക്ഷംകൊണ്ടൊ ആ ഉപക്ഷേപങ്ങൾ സ്വീകരിച്ചു ഗവർമ്മെൻറിന്റെ നയത്തെ പ്രഖ്യാപനം ചെയ്യിക്കാനൊ സഭയുടെ അതൃപ്തി പ്രദർശിപ്പിക്കാനൊ ഗവർമ്മെൻറിന്റെ നയത്തെ സംബന്ധിച്ചു ഒരാക്ഷേപം രേഖപ്പെടുത്താനൊ നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ട്. അതുകൊണ്ടു ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്താൻ അവസരം കിട്ടുകയില്ലെന്നുള്ള പരാതി അടിസ്ഥാനരഹിതം ആകുന്നു. എത്രവന്നാലും അതിനൊരാഴ്ചയെ വേണ്ടിവരികയുള്ളു. ഒരു ദുരാചാരം എന്നു തങ്ങൾ വിചാരിക്കുന്നതിനെ ഇല്ലായ്മചെയ്വാൻ അനേകശതവർഷങ്ങളായി കാത്തിരിക്കുന്നവർക്കു അല്പദിവസങ്ങൾ കൂടെ ക്ഷമയോടെ കാത്തിരിക്കാൻ കഴിയാതെവരികയില്ല. അപ്പോൾ തങ്ങളുടെ അഭിപ്രായം എന്താണെന്നു കുറെക്കൂടി പ്രബലമായവിധത്തിൽ ഗവർമ്മെൻറിനെ ബോദ്ധ്യപ്പെടുത്താൻ കഴികയുംചെയ്യും. അതുകൊണ്ടു മി. നീലകണ്ഠപ്പിള്ള, നിങ്ങളിപ്പോൾപറയുന്ന സങ്കടം പരിഹാരമാർഗ്ഗം ഇല്ലാത്ത ഒന്നല്ലെന്നു എനിക്കു തോന്നുന്നു. ക്ഷണസമയംകൊണ്ടു നിങ്ങൾക്കതു അനുഭവമാക്കാം. ഒരാഴ്ചമാത്രമേവേണ്ടു. ഗവർമ്മെൻറിന്റെ അഭിപ്രായപ്രകടനം കിട്ടുന്നതിനു നടപടികൾനിർത്തിവയ്ക്കാനുള്ള ഒരു പ്രമേയത്തെക്കാൾ ഫലപ്രദമായതു ഒരു ഉപക്ഷേപമായിരിക്കും; പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഇരുകക്ഷികൾക്കും, ക്ലിപ്തമായി ഒന്നും പറവാൻ സാധിക്കയില്ല. ഇപ്പോൾ ഈ വാദപ്രതിവാദത്തിനു വേണ്ടിവരുന്ന സമയം അഭ്യർത്ഥനകളെ സംബന്ധിച്ചുള്ള വാദസമയം കുറെക്കൂടെ ഗുണകരമായി ഉപയോഗിക്കാൻ കഴിയുമെന്നാണു ഞാൻ വിചാരിക്കുന്നതു. ഇപ്പോൾ നിങ്ങൾ ചെയ്യുന്നതു എക്സൈസ് അഭ്യർത്ഥനയെ സംബന്ധിച്ചുള്ള തീരുമാനം മുൻകൂട്ടി പ്രസ്താവിക്കയാണെന്നു തോന്നിപ്പോകും. ഇങ്ങനെ മുൻവിധിയോടുകൂടിയ ഒരു പ്രമേയം ചട്ടങ്ങൾക്കും സ്ഥിര ഉത്തരവുകൾക്കും വിരുദ്ധമായിട്ടുള്ളതാണു. ഈ കാര്യം ഒരു അടിയന്തിരസംഗതിയും അല്ല, പരിഹാരമാർഗ്ഗം ഇല്ലാത്തതുമല്ല.

ഇങ്ങനെ വിശാലമായ മനസ്ഥിതിയോടെയാണു ഈ കാര്യം വീക്ഷിക്കേണ്ടതു. എന്റെ തീർച്ചയുടെ താൽക്കാലിക സ്വഭാവത്തെയും കാരണങ്ങളേയും ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. അതെന്റെ അവസാനതീർച്ചയാണെന്നു ഞാൻ പറയുന്നില്ല, അങ്ങനെയായാൽ നിങ്ങൾക്കു പറവാനുള്ളതു കേൾക്കാൻ എനിക്കു അവസരം കിട്ടുകയില്ലല്ലോ. സഭയുടെ നടപടികൾ നിർത്തിവെക്കാനുള്ള ഈ അപേക്ഷയുടെ പല വശങ്ങളേയും

ആലോചിച്ച് എന്റെ താൽക്കാലിക തീർച്ചയെ ഞാൻ നിങ്ങളോട് പ്രസ്താവിച്ചിരിക്കുന്നു. നിങ്ങൾക്ക് പറവാനുള്ളതു കേൾക്കാൻ എനിക്ക് സന്തോഷമുണ്ടാകും. മി. നീലകണ്ഠപ്പിള്ള, മി. ആശാനും ചിലതൊക്കെ പ്രസ്താവിക്കാനുണ്ടെന്നു പറഞ്ഞു. നിങ്ങൾക്ക് രണ്ടുപേർക്കും സംസാരിക്കാൻ ഞാൻ അനുവാദം തരുന്നു. എന്നാൽ എന്റെ താൽക്കാലിക തീർച്ച ഭേദപ്പെടുത്താനോ അതിനെ അവസാനതീർച്ചയാക്കാനോ ഉപകരിക്കത്തക്ക വല്ലതും പ്രസ്താവിക്കാനുണ്ടെങ്കിൽ അദ്ദേഹത്തെയും സംസാരിക്കാൻ അനുവദിക്കുന്നതു ന്യായമായിരിക്കും. പ്രമേയം അനുവദിക്കയോ നിഷേധിക്കയോ ചെയ്യുന്നതു ചട്ടങ്ങളും ഉത്തരവുകളുംപ്രകാരം പ്രസിഡന്റിന്റെ സ്വന്തംപോലെ ചെയ്യാവുന്നതാണെങ്കിലും അതിനെപ്പറ്റി സംസാരിക്കാൻ നിങ്ങൾക്ക് അനുവാദം തന്നതുകൊണ്ടു യാതൊരു നഷ്ടവും വരാനില്ലെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ പ്രമേയം തള്ളിക്കളവാൻ പാടുള്ളതു ൭ നം. [ഫ] (൫)-ാം നമ്പർ ചട്ടപ്രകാരമാണ്. ആ ചട്ടം ഇങ്ങിനെയാണ്:—പ്രമേയം ഒരു കോടതിയിൽ തീർച്ചചെയ്യാതെ വിചാരണയിൽ ഇരിക്കുന്ന വിഷയത്തെ സംബന്ധിച്ചതായിരിക്കരുതു'. ഞാൻ എന്റെ വിവരണത്തിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം ചട്ടത്തിന്റെ ഈ വശത്തെ സംബന്ധിച്ച് ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാനുള്ളതും ഇവിടെ വാദപ്രതിവാദത്തിനു വാദവിഷയമാക്കേണ്ടതും ഗവണ്മെന്റ് ഇവിടെ സ്വീകരിച്ചിട്ടുള്ള മർദ്ദനനയം ആകുന്നു. പിന്നെ ഈ പ്രമേയം സ്വീകാര്യമോ അല്ലയോ എന്നു നിർണ്ണയിക്കേണ്ടതിനു ഇപ്പോൾ ചിലരെ ബന്ധനത്തിലാക്കാൻ കൊടുത്തിട്ടുള്ള ഉത്തരവുകളേയും ബന്ധനസ്ഥരാക്കപ്പെട്ടവരുടെ മേൽ കോടതികളിൽ വിചാരണയിൽ ഇരിക്കുന്ന കേസുകളേയുംപറ്റി യാതൊന്നും പ്രസ്താവിക്കാതെ ഈ പ്രമേയത്തെപ്പററി വാദപ്രതിവാദം നടത്താൻ ഈ സഭയ്ക്കു കഴിയുമോ എന്നുള്ളതാണ് ആലോചിക്കാനുള്ളതു.

ഡിപ്യൂട്ടി പ്രസിഡന്റ്: അതു ബുദ്ധിയെ അതിലംഘിക്കുന്ന ഒരു പ്രവൃത്തിയാണ് മി. കെ. പി. നീലകണ്ഠപ്പിള്ള.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ എന്റെ അഭിപ്രായത്തിൽ, പ്രമേയകർത്താവായ എന്റെ ബുദ്ധിശക്തിയെ അതു അതിലംഘിക്കുന്നതല്ല. ഈ അറസ്റ്റുകളേയും കേസുകളേയും പററി യാതൊന്നും പ്രസ്താവിക്കാതെ പ്രമേയത്തെപ്പററിയുള്ള വാദം എങ്ങനെയെല്ലാം തിരിഞ്ഞു മറിഞ്ഞുവന്നാലും ആ വാദം നടത്താൻ എനിക്ക് കഴിയുമെന്നു എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. ബന്ധനസ്ഥന്മാരുടെ മേൽ വിചാരണയിൽ ഇരിക്കുന്ന കേസുകളുടെ ഗുണദോഷങ്ങളെപ്പററി വിചിന്തനം ചെയ്യാതെ പൂർണ്ണവും ന്യായവുമായ ഒരു വാദപ്രതിവാദം നടത്താൻ മററു മെമ്പർമാർക്കും കഴിവില്ലാതിരിക്കയില്ല എന്നും ഞാൻ വിചാരിക്കുന്നു.

ഡിപ്യൂട്ടി പ്രസിഡന്റ്: എന്നാൽ "മർദ്ദനം" എന്നുള്ള പദംതന്നെ നിങ്ങൾ ഉപയോഗിക്കുന്നതു എന്തിനാണ്? പ്രകൃത്യാ നമുക്കുള്ള നീതിബോധത്തിനു വിപരീതമായി എന്തോ സംഭവിക്കുന്നു എന്നു നിങ്ങൾ സങ്കല്പിക്കുന്നുണ്ടല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനെ കടന്നുപോകുന്നു എന്നാണ് എന്റെ അഭിപ്രായം.

ഡിപ്യൂട്ടി പ്രസിഡന്റ്: നിങ്ങളുടെ വിവരണത്തിൽ പ്രയോഗിച്ചിട്ടുള്ള "മർദ്ദനം" എന്ന പദംതന്നെ ഗവണ്മെന്റിന്റെ സ്ഥാപനോദ്ദേശത്തിനു വിരുദ്ധവും രാജ്യത്തിലെ നിയമങ്ങൾ അനുവദിക്കാത്തതുമായ ചില സംഗതികൾ ഇവിടെ നടക്കുന്നു എന്നു നിങ്ങൾ വിചാരിക്കുന്നതായി തെളിയിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുതന്നെയാണ് ഞാൻ പറയുന്നതിന്റെ അർത്ഥം. കോടതികളിൽ ഇപ്പോൾ വിചാരണയിൽ ഇരിക്കുന്ന കേസുകളുടെ ഗുണമോ ദോഷമോ എന്തായിരുന്നാലും അവയെപ്പററി ഒന്നും പ്രസ്താവിക്കാതെ ഗവണ്മെന്റിന്റെ മർദ്ദനനയം പൊതുജനസമക്ഷം പ്രദർശിപ്പിക്കാമോ എന്നുമാത്രമേ ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നവർ ആലോചിക്കേണ്ടതുള്ളു.

ഡിപ്യൂട്ടി പ്രസിഡന്റ്: ഉദ്യോഗസ്ഥന്മാരുടെ നടപടികൾ ക്രമപ്പെടുത്തുന്നതിനു ഇപ്പോഴുള്ള അബ്കാരി നിയമം ഭേദപ്പെടുത്തേണ്ടതല്ലയോ എന്നാണ് ചോദ്യം അല്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അബ്കാരി നിയമമാണോ, ശിക്ഷാനിയമമാണോ ക്രിമിനൽ നടപടിനിയമമോ ഏതാണ് ഭേദപ്പെടുത്തേണ്ടതെന്നുവന്നാലും പ്രമേയം സ്വീകാര്യമല്ലാത്തതല്ല. ഇതിനു വിരോധമായി പറയാവുന്ന ഒരു സംഗതി—

ഡിപ്യൂട്ടി പ്രസിഡന്റ്: ദയവുചെയ്തു എന്റെ ചെറിയ ചോദ്യത്തിനു മറുപടിപറയുക. ഇപ്പോഴത്തെ നടപടികൾ നിയമാനുസരണമാണോ? അവ അഭിലഷണീയമല്ലെന്നുവരികിലും നിയമാനുസരണംതന്നെ ആയിരിക്കാം. പോലീസിന്റെ നടപടികൾ നിയമാനുസരണംതന്നെയാണെന്നു നിങ്ങൾ സമ്മതിക്കുന്നുണ്ടോ? അതു നിയമാനുസരണമാണെങ്കിൽ, അവരുടെ അധികാരത്തെ അവർ ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ അതു പുനഃപരിശോധനയിൽ മേൽക്കോടതിയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നു പരിഹാരമുണ്ടാക്കാം. നേരെമറിച്ചു നിയമം തന്നെ ആധുനിക പരിഷ്കൃതാഭിപ്രായങ്ങളോടു അശേഷം യോജിക്കാത്തതാണെന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ അതു അനഭിലഷണീയവും അന്യായവുമാകയാൽ ഒരു പ്രമേയംമൂലമോ ഒരു ബിൽ അവതരിപ്പിച്ചോ അതു റദ്ദാക്കുവാൻ നിങ്ങൾ ശ്രമിക്കേണ്ടതാകുന്നു. ഇതിനെന്താണ് നിങ്ങൾ സമാധാനം പറയുന്നതു? ഈ പ്രമേയം യോഗനടപടികൾ നിർത്തിവെക്കാനുള്ള പ്രമേയങ്ങളുടെ വിവരണത്തിൽ എങ്ങനെയാണ് ഉൾപ്പെടുന്നതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതല്ല എന്റെ പ്രമേയത്തിന്റെ ഉദ്ദേശം. അതു അദ്ധ്യക്ഷൻ പറഞ്ഞതാണ്. ഇപ്പോഴത്തെ നിയമങ്ങളുടെ അനഭിലഷണീയതയെപ്പററിയോ അവയെ ഉപയോഗിക്കുന്ന രീതിയെപ്പററിയോ വാദപ്രതിവാദം നടത്തണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോഴുള്ള നിയമങ്ങൾക്കു ന്യൂനതയില്ല, പോലീസ് റഗുലേഷനുകൾക്കു ന്യൂനതയില്ല, എക്സൈസ് നിയമങ്ങൾപ്രകാരമുള്ള ചട്ടങ്ങൾക്കു ന്യൂനതയില്ല, പോലീസ് റഗുലേഷൻപ്രകാരം പോലീസിന്റെ നടപടികൾക്കു ന്യൂനതയില്ല, പോലീസിനെ കുററം പറയാനൊന്നുമില്ല എന്നുള്ള സങ്കല്പത്തോടുകൂടെയാണ് ഞാൻ സംസാരിക്കാൻ ഭാവിക്കുന്നതു. ആ സങ്കല്പത്തിന്മേലാണ് ഈ പ്രമേയത്തെപ്പററി വാദപ്രതിവാദം നടത്തേണ്ടതു. ഇങ്ങനെ വല്ല ആക്ഷേപവുമുണ്ടെങ്കിൽ അതു ഇപ്പോഴത്തെ നിയമത്തെപ്പററിയോ പോലീസിന്റെ നടപടിയെപ്പററിയോ അല്ല, ഒരു അധികാരിയെപ്പററി ആയിരിക്കും.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഗവണ്മെൻറിൻെറമേൽ അല്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ. ഇക്കാര്യത്തെസംബന്ധിച്ചു മദ്രാസ് നിയമസഭയിൽ ഒരു ഉത്തരവു പാസ്സാക്കീട്ടുണ്ട്. വിചാരണയിൽ ഇരിക്കുന്ന കേസുകളെപ്പററി പ്രതിവാദിക്കാതെ വാദംനടത്തുവാൻ സാധിക്കുമോ എന്നുള്ളതിനെപ്പററി പറയാനാണ് ഞാൻ ഭാവിക്കുന്നതു. നേരിട്ടോ നേരിട്ടല്ലാതെയോ മർദ്ദനനയത്തെപ്പററിയാകുന്നു പ്രമേയം. ആളുകളുടെ ഗുണദോഷത്തെപ്പററി പ്രതിപാദിക്കാതെ കേസുകൾ നടത്താൻ കൊടുത്ത അനുവാദത്തെപ്പററി വാദപ്രതിവാദം നടത്താമെന്ന് ഒരു പ്രമേയത്തിന്നനുകൂലമായി മദ്രാസ് നിയമസഭയിൽ ഈയിടെ ഒരു തീർച്ചയുണ്ടായിട്ടുണ്ട്. അദ്ധ്യക്ഷൻെറ അഭിപ്രായപ്രകാരം കേസുകളിൽനിന്നു വ്യത്യസ്തപ്പെടുത്തി വാദപ്രതിവാദം നടത്താൻകഴിയാത്ത ഒരുകാര്യത്തിൽ മദ്രാസിൽ ഇങ്ങനെയൊരു സൂക്ഷ്മവ്യത്യാസം വരുത്തി സഭയ്ക്കു വാദപ്രതിവാദത്തിനു അവസരം കൊടുക്കാമെങ്കിൽ കുററക്കാരെന്നു പറയുന്നവരുടെമേൽ കൊണ്ടുവന്നിട്ടുള്ള കേസുകളെപ്പററി ഒന്നും പ്രസ്താവിക്കാതെ വാദപ്രതിവാദം നടത്താൻ ഇവിടെയും സാധിക്കാതിരിക്കാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. ഇപ്രകാരംതന്നെ ൧൯൨൯ ഏപ്രിൽ ൧൧-ാംനു സാമ്രാജ്യനിയമസഭാ സമ്മേളനത്തിൽ പബ്ലിക്ക സേഫ്ററിബില്ലിനെ സഭയിൽ ആലോചിക്കണമെന്നു വിചാരിച്ചപ്പോൾ ബിൽ നിയമസഭയിൽ ആലോചനയിൽ വരുമ്പോൾ ആ ബിൽഅനുസരിച്ചു നടത്തുന്ന കേസുകളെപ്പററി പ്രസ്താവിക്കാതെ ന്യായമായ ഒരു വാദപ്രതിവാദം അസാദ്ധ്യമാണെന്നു പ്രസിഡൻറു തീർച്ചചെയ്തു. ഇൻഡ്യയിലെ മത്സരക്കാരുടെമേൽ കേസുകൾനടത്തുന്നതിനു മാത്രമായിട്ടാണ് പബ്ലിക്കസേഫ്ററിബിൽ നിർമ്മിച്ചതെന്നും പ്രസിഡണ്ടിൻെറ ആ തീർപ്പിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. ആ ഉദ്ദേശത്തെ മുൻനിറുത്തിക്കൊണ്ടാണ് ആ ബിൽ രചിച്ചതും നിയമസഭയിൽകൂടി ധൃതഗതിയിൽ പാസ്സാക്കിയതും ബില്ലിനോടു ചേർത്തിട്ടുള്ള കാര്യകാരണവിവരണത്തിൽതന്നെ ഇതു സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ബിൽ അവതരിപ്പിച്ചതിനും ആലോചനയ്ക്കുവന്നതിനും മദ്ധ്യേ ആ ബില്ലിലെ വ്യവസ്ഥകൾ അനേകംപേരെ മീററിൽ ബന്ധനസ്ഥരാക്കീട്ടുണ്ടായിരുന്നു. അങ്ങനെ അവരെ ബന്ധനസ്ഥരാക്കിയതിനെപ്പററി പ്രസ്താവിക്കാതെ ന്യായമായ വാദപ്രതിവാദം നടത്താൻ കഴികയില്ലെന്നുള്ള കാരണത്തിന്മേലായിരുന്നു പ്രസിഡൻറു അതു തള്ളിക്കളഞ്ഞതു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: അന്നു പ്രാബല്യത്തിലിരുന്ന നിയമപ്രകാരമാണു അവരെ പിടിച്ചു ബന്ധനത്തിലാക്കിയതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിൽ ഉദ്ദേശിച്ചിരുന്ന വ്യവസ്ഥകളനുസരിച്ചാണു അറസ്റ്റുകൾ നടത്തിയതു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: മീററ് കോൺസ്പിറസികേസിനേയും ആ കേസിലെ പ്രതികളുടെ രാജദ്രോഹകുററങ്ങളേയുംപററി പ്രസ്താവിക്കാതെ ബില്ലിനെ സംബന്ധിച്ചു ന്യായമായ വാദപ്രതിവാദം നടത്താൻ സാധിക്കയില്ലെന്നാണ് അദ്ദേഹം പറഞ്ഞതു. അതുകൊണ്ടു ആ വിഷയത്തെപ്പററി അസംബ്ലി (നിയമസഭ) യിൽ വാദപ്രതിവാദം നടത്തുന്നതു അഭിലഷണീയമല്ലെന്നു അദ്ദേഹം വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ബില്ലിൻെറ ഉദ്ദേശംതന്നെ രാജദ്രോഹികളുടെമേൽ കേസെടുക്കുന്നതിനു വ്യവസ്ഥകൾ ഉണ്ടാക്കണമെന്നായിരുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: സമരിയായിട്ടു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേ. അതുകൊണ്ടു മീററുകേസിനെപ്പററി യാതൊരുപ്രസ്താവവും ചെയ്യാതെ ന്യായമായ ഒരു വാദപ്രതിവാദം അസാദ്ധ്യമാണെന്നു പ്രസിഡൻറു തീർച്ചയാക്കേണ്ടിവന്നു. ഈ രണ്ടു തീർച്ചകളുമാണു സഭാസമക്ഷം പ്രസ്താവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നതു.

ഇനിയും ഈ പ്രധാനവിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനുള്ള വേറൊരു വിരോധം അതേ സമ്മേളനത്തിൽവെച്ചുതന്നെ വാദപ്രതിവാദം നടത്താനുള്ള ഒരുസംഗതി യോഗനടപടികൾ നിറുത്തിവെയ്ക്കാനുള്ള ഒരു പ്രമേയത്തിൻെറ വിഷയം ആകരുതെന്നാണ്. യോഗനടപടികൾ നിറുത്തിവെക്കാനുള്ള പ്രമേയം ഉണ്ടാകുമല്ലോ എന്നുകരുതി ഞങ്ങൾ വേറെ പ്രമേയങ്ങളൊന്നും അയച്ചിട്ടില്ല. ഇക്കാര്യത്തിൽ സഭയ്ക്കു അറിവുള്ളതു ഈ പ്രമേയം മാത്രമാണ്. മെമ്പർമാർ ഈ കാര്യത്തെസംബന്ധിച്ചു വേറെപ്രമേയങ്ങൾ ഹാജരാക്കീട്ടില്ല. അതുകൊണ്ടു ഈ പ്രമേയം സ്വീകരിക്കാൻ വിരോധമൊന്നുമില്ല. ഈ മൂന്നുസംഗതികളാകുന്നു എനിക്കു സഭാസമക്ഷം വെക്കാനുള്ളതു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: പുതുതായി വല്ലതും പറയാനുണ്ടോ മി. ആശാൻ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ കാര്യത്തിൽ എനിക്കു ബോധിപ്പിപ്പാനുള്ളതു ഏതെങ്കിലും മെമ്പർ ഈ കാര്യത്തിൽ നിയമം അനുവദിക്കുന്ന അതിരിനെ അതിലംഘിച്ചാൽ നടപടിക്രമപ്പെടുത്തുവാൻ പ്രയാസമില്ല. എന്തെന്നാൽ വാദപ്രതിവാദത്തിൽ കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകളെപ്പററി ആരും സംസാരിക്കാതെ പ്രസംഗികന്മാരെ അമർച്ചചെയ്യാൻ പ്രസിഡണ്ടിനു അധികാരമുണ്ട്.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: വിവരണത്തിൽ ഉദ്ദേശിച്ചിരിക്കുന്ന "മർദ്ദനനയം" എന്ന പദത്തെപ്പററിയാണു എനിക്കുള്ള പ്രയാസം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "മർദ്ദനം" എന്നപദം പ്രമേയത്തിൽ ഉപയോഗിച്ചിട്ടില്ല. പ്രമേയം ക്രമാനുസരണമോ ക്രമവിരുദ്ധമോ എന്നു തീർച്ചയാക്കുന്നതിനു പ്രമേയം മാത്രമേ ഇപ്പോൾ നോക്കേണ്ടതുള്ളു. ഇതിനെസംബന്ധിച്ചു സാമ്രാജ്യനിയമസഭയുടെ ഒരു തീർച്ചയുണ്ട്. അതിവിടെ വായിച്ചുകേൾപ്പിക്കാൻ പുസ്തകത്തിനയച്ചിട്ടുണ്ട്. ഇതുപോലെയുള്ള സന്ദർഭത്തിൽതന്നെയാണ് ആ തീർച്ചയും ചെയ്തതു. മീററിലെ ചിലരെപിടിച്ചു ബന്ധനത്തിലാക്കിയതിനെസംബന്ധിച്ചു ഗവണ്മെൻറിൻെറ നയത്തെപ്പററി വാദപ്രതിവാദംനടത്തുന്നതിനു യോഗനടപടികൾ നിറുത്തിവയ്ക്കണമെന്നു ഏപ്രിൽ ൨൧-ാംയോ ൨൨-ാംയോ പണ്ഡിറ്റ മോതിലാൽനെഹ്റു സാമ്രാജ്യനിയമസഭയിൽ ഒരുപ്രമേയം ഹാജരാക്കിയ നിയമസഭയിലെ പല മെമ്പർമാരുടെയും പ്രസംഗങ്ങൾ കേട്ടശേഷം അങ്ങനെയൊരുപ്രമേയം സ്വീകാര്യമാണെന്നും നയത്തെപ്പററി വാദപ്രതിവാദം നടത്താമെന്നും വാദസ്വാതന്ത്ര്യം അതിരുകടന്നുപോകാതെ താൻ നോക്കിക്കൊള്ളാമെന്നു

പ്രസിഡന്റു തീർച്ചയാക്കി. അസന്ദർഭത്തിൽ അതു സ്വീകാര്യമാണെന്നു നിയമസഭയുടെ അദ്ധ്യക്ഷന്റെ അനുമതിയോടെ ഡപ്യൂട്ടിപ്രസിഡന്റു തീർച്ചയാക്കി. അങ്ങനെയൊരു പ്രമേയം അനുവദിപ്പാൻ ഇവിടെയും ഒരു അനുമതിയോടുകൂടി ക്ഷണം അവസരം കിട്ടുന്നതു ഇപ്പോൾ അദ്ധ്യക്ഷനായില്ലാകയാൽ ഡിപ്യൂട്ടിപ്രസിഡന്റു ആ അവസരം നഷ്ടമാക്കരുതാത്തതാകുന്നു.

ഡിപ്യൂട്ടിപ്രസിഡന്റു: ഈ വിഷയത്തെപ്പറ്റി മുന്നൊരവസരത്തിൽ ഞാൻ ഒരു തീർച്ച ചെയ്തിട്ടുണ്ടു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയുംകാർത്തികപ്പള്ളിയും): ഞാൻ പുസ്തകത്തിനയച്ചിട്ടുണ്ടു.

ഡിപ്യൂട്ടിപ്രസിഡന്റു: ആ കാര്യത്തിൽ പരിതസ്ഥിതികൾ ശരിയായി അറിയാതെ എന്തിനെക്കുറിച്ചു തീർച്ചചെയ്‌വാൻ കഴിയുമെന്നു വിചാരിക്കരുതു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ഇപ്പോഴാണു പുസ്തകത്തിന്നയച്ചതു. താങ്കൾ അതു വായിച്ചുനോക്കണമെന്നു എനിക്കു മോഹമുണ്ടു. തങ്കളുടെ ശ്രദ്ധയെ അതിന്റെ വിഷയത്തിലേക്കു ക്ഷണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രയാസമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

രണ്ടാമത്തെ സംഗതി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അദ്ദേഹം ഉദ്ധരിച്ചരീതിയും ഇതുംഒന്നല്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആതിർച്ചയുണ്ടാക്കിയതു സഭയിലെ പ്രധാനമെമ്പർമാരുടെ പ്രസംഗങ്ങൾകേട്ടശേഷമാണു. അതുവരെ എനിക്കു പറവാനുള്ള, ലോമെമ്പറിന്റെ അഭിപ്രായമറിവാൻ എനിക്കാഗ്രഹമുണ്ടു. അതുകേട്ടശേഷം എനിക്കു കൂടുതലായി വല്ലതും പറവാനുണ്ടെങ്കിൽ പറയാം.

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽഹെഡ്സർക്കാർവക്കീൽ): പ്രമേയത്തിന്റെ ഉദ്ദേശം എന്താണെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള സൂക്ഷ്മമായിപറഞ്ഞിട്ടുണ്ടു. അദ്ദേഹം പറഞ്ഞതുകേട്ടശേഷം പ്രമേയത്തിന്റെ വിഷയം ഒരു അടിയന്തിരകാര്യമല്ലെന്നുപറവാൻ ഞാൻ അശേഷം മടിക്കുന്നില്ല. ഇങ്ങനെയുള്ള അടിയന്തിരപ്രമേയത്തിനു കാരണമുണ്ടാകത്തക്കവണ്ണം ഗവർമ്മെന്റിന്റെ എക്സൈസ്നയത്തിൽ പെട്ടെന്നൊരു മാററം സംഭവിച്ചിട്ടില്ല. ഒരു അടിയന്തിരപ്രമേയംകൊണ്ടല്ലാതെ ഒരു അടിയന്തിരസംഗതിയെപ്പററി വാദപ്രതിവാദം നടത്താൻ അസാദ്ധ്യമായിവരുമ്പോൾ മാത്രമെ അങ്ങനെയൊരവസരം ലഭിക്കേണ്ടതിനു യോഗനടപടികൾ നിറുത്തിവയ്ക്കുന്നുള്ള ഒരുപ്രമേയംഹാജരാക്കാൻ പാടുള്ളു എന്നാണു ചട്ടം. മദ്യപാനനിരോധനത്തെയോ മദ്യവർജ്ജനത്തെയോ സംബന്ധിച്ച ഗവർമ്മെന്റിന്റെ നിലയോ നയമോ വാദവിഷയമാക്കണമെന്നാണു പ്രമേയത്തിന്റെ ഉദ്ദേശമെങ്കിൽ അതിന്നൊരവസരം വരുന്നയാഴ്ചയിൽതന്നെ എക്സൈസിനെസംബന്ധിച്ചുള്ള അഭ്യർത്ഥന ഹാജരാക്കുമ്പോൾ ലഭിക്കുന്നതാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെസംബന്ധിച്ച ഒരു ഉപക്ഷേപം മെമ്പർമാരാരും കൊണ്ടുവന്നില്ലെങ്കിൽ എന്താണുചെയ്യുക?

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ വാദങ്ങളെ ഖണ്ഡിക്കാനാണു ഞാൻ ഭാവിക്കുന്നതു. അതുകൊണ്ടു എന്റെ പ്രസംഗത്തിനു വിഘ്നം വരുത്താതിരുന്നാൽകൊള്ളാം.

ഡിപ്യൂട്ടിപ്രസിഡന്റു: അദ്ദേഹത്തെ വിഘ്നപ്പെടുത്തരുതെ മി. നീലകണ്ഠപ്പിള്ളേ. മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതു ഒരു സൂചനമാത്രമാണു. പ്രസംഗം തുടരാം, മി. പരമേശ്വരൻപിള്ളേ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജററവാദത്തിൽ ഓരോമെമ്പറും ഉപക്ഷേപങ്ങൾ ഹാജരാക്കാൻ നിർബന്ധിതരാണെന്നു ലാമെമ്പർ സങ്കല്പിക്കുന്നതുപോലെ തോന്നുന്നു.

ഡിപ്യൂട്ടിപ്രസിഡന്റു: അങ്ങനെയൊരവസരമുണ്ടാക്കാൻ നിങ്ങൾക്കു കഴിയുമല്ലൊ എന്നാണു അദ്ദേഹം പറയുന്നതു.

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പറയുന്നതുമുഴുവനും എന്റെസ്നേഹിതൻ കേട്ടാൽകൊള്ളാം. വിഘ്നമുണ്ടാക്കുന്നതു എനിക്കിഷ്ടമല്ല.

ഡിപ്യൂട്ടിപ്രസിഡന്റു: നിങ്ങളുടെ പ്രസംഗം തുടരുക.

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി. കെ. പി. നീലകണ്ഠപ്പിള്ളയിൽനിന്നു വളരെനാളായി കിട്ടുന്നപരിചയം എനിക്കുള്ളതുകൊണ്ടു ഈ ഭാഗത്തുള്ളവർ അവരോടു എല്ലായ്പോഴും കാണിച്ചിട്ടുള്ള ഔദാര്യം അതായതു വിഘ്നംകൂടാതെ സംസാരിക്കാനുള്ള സ്വാതന്ത്ര്യം ഇപ്പോൾ എനിക്കു അനുവദിക്കണമെന്നു അപേക്ഷയുണ്ടു.

ഗവർമ്മെന്റിന്റെ എക്സൈസ്നയം വാദവിഷയമാക്കത്തക്കവണ്ണം എക്സൈസ് ഡിമാണ്ടിലോ പൊതുജനംസംബന്ധിച്ച ഡിമാണ്ടിലോ വല്ലസംഖ്യയും കുറയ്ക്കുന്നതിനു ഒരു ഉപക്ഷേപം മെമ്പർമാർ ആരും ഹാജരാക്കിട്ടില്ലെന്നു എന്റെ സ്നേഹിതൻ പറകയുണ്ടായി. അക്കാരണത്താൽ അദ്ദേഹം ഇപ്പോൾ ഹാജരാക്കിയ പ്രമേയം ഒരു പൂർവനിരൂപണം ആയിവരികയില്ലെന്നു അദ്ദേഹം പറയുന്നു. ഈ വാദത്തിന്റെ ബലം ഞാൻ ഗ്രഹിക്കുന്നുണ്ടു. എങ്കിലും പൂർവനിരൂപണപ്രമേയങ്ങളെപ്പററിയുള്ള 8-ാം ചട്ടത്തിന്റെ 2-ാം ഭാഗം ഞാൻ എന്റെ സ്നേഹിതന്മാരുടെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചുകൊള്ളുന്നു. അതിങ്ങനെയാണു.

"പ്രമേയം മുമ്പുള്ള ആലോചനയ്ക്കു വച്ചിട്ടുള്ള ഒരു വിഷയത്തെ സംബന്ധിച്ചായിരിക്കരുതു.

എക്സൈസ് ഇനത്തിൽ ഇതിനെസംബന്ധിച്ച ഒരു പ്രമേയം ഹാജരാക്കിക്കഴിഞ്ഞിരിക്കണം എന്നു ഇതിനു അർത്ഥമില്ല. നേരെമറിച്ചു ഉദ്ദേശിച്ചിട്ടുള്ളതു,—

ഡിപ്യൂട്ടിപ്രസിഡന്റു: നിങ്ങളുടെ പ്രസംഗം വിഘ്നപ്പെടുത്തുവാൻ എന്നെ അനുവദിക്കണം. എക്സൈസ് നയത്തിന്റെ ഈ പ്രത്യേകവശം ഏതെങ്കിലും ഒരു ദിവസം ആലോചനയ്ക്കെടുക്കാനായി വച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽഹെഡ്സർക്കാർവക്കീൽ): എക്സൈസ് ഡിമാണ്ടു ഒരു പ്രത്യേക ദിവസം ആലോചനയ്ക്കെടുക്കുന്നതാണെന്നു ഗവർമ്മെന്റിൽനിന്നും മെമ്പർമാർക്കെല്ലാവർക്കും നോട്ടീസു

കൊടുത്തിട്ടുണ്ടെന്നാണു എന്റെ വാദം. അതുകൊണ്ടു എക്സൈസ് ഡിമാന്റ് ഈ സമ്മേളനത്തിൽതന്നെ ആലോചനയ്ക്കെടുക്കുന്നതാണ്. അപ്പോൾ എക്സൈസ് സംബന്ധിച്ചുള്ള നയത്തെപ്പററി വാദപ്രതിവാദം നടത്താൻ ഈ സഭയ്ക്കു ഒരു അവസരം ലഭിക്കും.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ സ്ഥിതിക്കു എക്സൈസ് ഇനത്തിലുള്ള അഭ്യർത്ഥന ഈ സഭയിൽ ആലോചനയ്ക്കു വരാതിരിക്കാൻ പാടില്ലായോ എന്നു മെമ്പർ പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോഴത്തെസ്ഥിതിക്കു വരാതിരിക്കയില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: എക്സൈസ് ഇനത്തിലെ അഭ്യർത്ഥനയെപ്പററി ആലോചിക്കുമ്പോൾ വിഷയത്തിന്റെ ഈ വശത്തെപ്പററി വാദപ്രതിവാദംനടത്താൻ ഗവണ്മെൻറു അടുത്തുതന്നെ അവസരം ഏർപ്പാടുചെയ്തിട്ടുണ്ടെന്നാണോ നിങ്ങൾ പറയുന്നതു?

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതേ, സർ, ആ സമയം മദ്യവർജ്ജനത്തെസംബന്ധിച്ച ഗവണ്മെൻറിന്റെനയത്തെയും നിലയേയുംപററി വാദപ്രതിവാദംചെയ്യാൻസഭയ്ക്കു ധാരാളം അവസരംകിട്ടും. ഞാൻ ഇതുപറയുന്നതു പ്രമേയത്തിന്റെ പൂർവനിരൂപണ സ്വഭാവത്തെ വ്യക്തമാക്കാൻ മാത്രമല്ല ഇവിടെ പ്രസ്താവിച്ചതുപോലെ ഒരു അടിയന്തിരകാര്യമല്ലെന്നു കാണിക്കാനുമാണു. ൮-ാം ഉപചട്ടം ഞാൻ വ്യാഖ്യാനിച്ചതു പ്രത്യക്ഷത്തിൽ കാണുന്നതിലധികം ഗവണ്മെൻറിനു അനുകൂലമായിട്ടാണെന്നു എന്റെ സ്നേഹിതന്മാർക്കു തോന്നിയേക്കാം. എന്നാൽ എന്റെ അഭിപ്രായത്തിനാധാരമായി മദ്രാസ് നിയമസഭയുടെ തീർപ്പുകൾ മാത്രമല്ല പാർല്യമെൻറിന്റെ (ബ്രിട്ടീഷ്നിയമസഭ) തീർപ്പുകളും ഉണ്ട്. ഒന്നാമതു മദ്രാസ്നിയമസഭയുടെ തീർപ്പിനെ ഉദ്ധരിച്ചു എന്റെ സ്നേഹിതനെ കേൾപ്പിക്കാം. മദ്രാസ് നിയമസഭയിലെ തീർപ്പു ൧൯൨൨ മാർച്ച് ൧൬—നു പാസാക്കിയതാണു. അന്നു ഇതുപോലെയുള്ള ഒരു പ്രമേയം, എക്സൈസ് അഭ്യർത്ഥനയെ സംബന്ധിച്ചല്ലെങ്കിലും പോലീസ് അഭ്യർത്ഥനയെ സംബന്ധിച്ചുള്ളതു, മദ്രാസിലെ മിസ്റ്റർ സത്യമൂർത്തിഹാജരാക്കി. അപ്പോൾ യോഗനടപടികൾ നിറുത്തിവയ്ക്കാനുള്ള പ്രമേയങ്ങളെപ്പററി അദ്ധ്യക്ഷൻ ആസനസ്ഥനാകുന്നതിനു മുമ്പു അറിവു കൊടുക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട പ്രസിഡൻറു പറഞ്ഞു. പെട്ടെന്നുകിട്ടീട്ടു ഭ്രമിച്ചുപോകാനിടവരരുതെന്നു വിചാരിച്ചാണ് അദ്ദേഹം ഇങ്ങനെ കല്പിച്ചതു. ഇതു ആ കല്പനയുടെ ഒരു അംശമാണ്. അതിനെപ്പററി ഇപ്പോൾ നാം ചിന്തിച്ചിട്ടാവശ്യമില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ ഭ്രമിച്ചുപോയില്ല.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതല്ല നമ്മോടു സംബന്ധമുള്ളഭാഗം ഇതാണ്: "ഈ നോട്ടീസ് അങ്ങനെയുള്ള അനുവാദത്തിന് ഒരു അപേക്ഷയായി വിചാരിച്ചാലും ബഡ്ജററു വിമർശനസമയം ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്താൻ മെമ്പർമാർക്കുവേണ്ടുവോളം അവസരം കിട്ടുന്നതാകകൊണ്ടു അനുവാദം കൊടുക്കാൻ ഞാൻ വിചാരിക്കുന്നില്ല."

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മദ്രാസ് നിയമസഭയിൽ ഈ കാര്യത്തിൽ ഏററവും അടുത്തകാലത്തുണ്ടായ തീർപ്പു ഏതാണെന്നു മാന്യമെമ്പർ പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഏററവും അടുത്തകാലത്തുണ്ടായ ഇതോടുസംബന്ധമുള്ള തീർപ്പു ഞാൻ ഉദ്ധരിച്ചതാണു.

ഇനി പാർല്യമെൻറിലെ പതിവിനെപ്പററി പറകയാണെങ്കിൽ അവിടെചെയ്തിട്ടുള്ള തീർപ്പുകൾ സംശയംകൂടാതെ നമുക്കു ബാധകമാണ്. എന്തെന്നാൽ നമ്മുടെ ചട്ടങ്ങളെല്ലാം കാമൺസ് സഭയിലെ ചട്ടങ്ങൾ പകർത്തിഎഴുതിയതാണു. നടപടി നിറുത്തി വയ്ക്കാനുള്ള പ്രമേയങ്ങൾ സഭയുടെ അസാധാരണാധികാരം അനുസരിച്ചാണു സാധാരണയായി അവതരിപ്പിക്കുന്നതു. മേയുടെ "പാർല്യമെൻററിപ്രാക്ടീസ്" എന്നപുസ്തകം ൨൮൫-ാംപുറത്തു കാണുന്ന ഒരു പ്രസ്താവം ഇതോടു സംബന്ധമുള്ളതാണു.

"കമ്മിററിഓഫ് സപ്ലൈ വാദപ്രതിവാദംനടത്താൻ കാലതാമസംകൂടാതെ അവസരം കൊടുക്കുന്ന കാര്യങ്ങളെസംബന്ധിച്ചു കൊണ്ടുവരുന്ന നടപടി നിറുത്തിവയ്ക്കാനുള്ള പ്രമേയങ്ങൾ ക്രമവിരുദ്ധമാകുന്നു.

മേയുടെ "പാർല്യമെൻററിപ്രാക്ടീസിൽ" നിന്നു ഞാൻ ഉദ്ധരിച്ചതിനെക്കാൾ നടപടിയെ ബാധിക്കുന്ന ഒരു പ്രമാണം വേറെ ഇല്ല.

ഈ അർത്ഥത്തിൽതന്നെ കാമ്പയിന്റെ "പ്രൊസീഡ്യുവർ ആഫ് ദി ഹൌസ് ആഫ് കോമൺസ്" എന്ന പുസ്തകത്തിൽ വേറൊരു പ്രമാണം കാണുന്നുണ്ട്.

"പ്രമേയത്തിനു വിഷയമായ കാര്യം സഭയുടേയും ഗവണ്മെൻറിന്റെയും ദൃഷ്ടി അടിയന്തിരമായി പതിയേണ്ടതും കമ്മിററി ആഫ്സപ്ലൈസ് അവസരം ഉണ്ടാകുന്നതുവരെ നിറുത്തിവെക്കാൻ പാടില്ലാത്തതും ആയിരിക്കണം."

രണ്ടാമതായി,

"വിഷയത്തെപ്പററി നോട്ടീസുകൊടുത്തിട്ടില്ലാത്തതായിരിക്കണം."

കമ്മിററിആഫ സപ്ലൈസ് അവസരംകൊടുക്കുന്നതുവരെ നിറുത്തിവയ്ക്കാൻപാടില്ലാത്തതും ഗവണ്മെൻറിന്റെ ദൃഷ്ടി അടിയന്തിരമായി പതിയേണ്ടതുമായ ഒരു കാര്യമല്ലെങ്കിൽ നടപടിനിറുത്തി വയ്ക്കാനുള്ള പ്രമേയം അനുവദിക്കാൻ പാടില്ലെന്നു ഇതുകൊണ്ടു സ്പഷ്ടമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതൊരഭിപ്രായം മാത്രമല്ലയോ?

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽഹെഡ് സർക്കാർവക്കീൽ): സാധാരണ സന്ദർഭങ്ങളിൽ കമ്മിററിആഫ്സപ്ലൈസിൽവാദവിഷയമാകാനിടയുള്ള വിഷയം സംബന്ധിച്ചാണു പ്രമേയമെങ്കിൽ ആ പ്രമേയം ക്രമവിരുദ്ധമാണെന്നു തീർപ്പുചെയ്യുന്നതിനു ആ പ്രമേയം ആലോചനയ്ക്കെടുത്തിരിക്കണമെന്നില്ല എന്നാകുന്നു ഞാൻ ഇവിടെ പറഞ്ഞുവരുന്നതു. കമ്മിററി ആഫ് സപ്ലൈസ് ഒരു അവസരം ഉണ്ടാകുന്നതുവരെ കാര്യം നിറുത്തിവയ്ക്കാൻ പാടില്ലാത്തതുമായിരിക്കണം. എന്നാൽ മാത്രമേ പ്രമേയം ക്രമാനുസരണമായിരിക്കുകയുള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയായാൽ ബഡ്ജററു വിമർശനത്തിനുള്ള യോഗത്തിൽ ആനടപടികൾ നിറുത്തിവയ്ക്കണമെന്നുള്ള ഒരുപ്രമേയം അനുവദിക്കാൻ പാടില്ലെന്നാണോ മാന്യമെമ്പറിന്റെ അഭിപ്രായം?

ഡെപ്യൂട്ടി പ്രസിഡന്റ്: ചോദ്യം ആ രൂപത്തിൽ ചോദിക്കരുത്. കമ്മിററി ആഫ് സപ്ലൈസിന്റെ മുമ്പാകെ വാദപ്രതിവാദത്തിനു വരാനിടയുള്ള ഒരു കാര്യം, ഏററവും അടിയന്തിരമല്ലെങ്കിൽ നടപടികൾ നിറുത്തിവയ്ക്കാനുള്ള ഒരു പ്രമേയത്തിന്റെ വിഷയമാകരുതു. കാര്യം കുറെ നിമിഷമെങ്കിലും നിറുത്തിവയ്ക്കാൻ പാടില്ലാത്തവണ്ണം പ്രാധാന്യമുള്ളതായിരിക്കണം. ഇതാണ് അദ്ദേഹത്തിന്റെ നില. ആ അർത്ഥത്തിൽ അതു നിറുത്തിവെക്കാൻപാടില്ല. "അടിയന്തിരം" എന്ന പദത്തിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നതിനു ബ്രിട്ടീഷുകാരുടെ പതിവും മാമൂലും എന്താണെന്നു അദ്ദേഹം പറഞ്ഞു എന്നേയുള്ളു.

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇതിനോടു വളരെസംബന്ധമുള്ളതായി മദ്രാസ് നിയമസഭയുടെ ഒരു തീർച്ചയും എനിക്കു പറവാനുണ്ട്. മദ്രാസ് നടപടികൾ ൧൯-ാം വാല്യം ൩൯-ാം പുറത്തു പ്രസിഡന്റ് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"വിഷയം അടിയന്തിരവും സഭയുടെ അഭിപ്രായം പറവാൻ വേറൊരുവിധത്തിലും അവസരംകിട്ടാത്തതും ആയിരുന്നാൽ മാത്രമേ യോഗനടപടികൾ നിറുത്തിവയ്ക്കാനുള്ള പ്രമേയങ്ങൾ അനുവദിക്കാൻപാടുള്ളു".

അതായതു ന്യായമായ ഒരു സമയത്തിനുള്ളിൽ വിഷയത്തെപ്പററി വാദപ്രതിവാദം നടത്താൻ അവസരമുണ്ടാകുമെന്നു വിചാരിപ്പാൻ ന്യായമുണ്ടെങ്കിൽ നടപടി നിറുത്തിവെക്കാനുള്ള പ്രമേയം അനുവദിക്കുന്നതു ന്യായമായിരിക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനൌദ്യോഗസ്ഥ മെമ്പർമാർക്കു അടിയന്തിരമാണെന്നു തോന്നുന്നതു പ്രാധാന്യമുള്ളതായി ഗണിച്ചിട്ടാവശ്യമില്ലെന്നാണൊ ബ. മെമ്പരുടെ അഭിപ്രായം?

ഡെപ്യൂട്ടി പ്രസിഡന്റ്: വാദപ്രതിവാദത്തിന്റെ വ്യാപ്തി ചുരുക്കാനുള്ള അധികാരം അദ്ധ്യക്ഷനുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമെന്റു ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയത്തിനു അനൌദ്യോഗസ്ഥമെമ്പർമാരുടെ ശ്രദ്ധയെ ആകർഷിച്ചു അവരെ വാദപ്രതിവാദം നടത്താൻ പ്രേരിപ്പിക്കാൻ വേണ്ട പ്രാധാന്യം ഇല്ലെന്നാണോ പറയുന്നതു?

ഡെപ്യൂട്ടി പ്രസിഡന്റ്: വിഷയത്തിന്റെ പ്രാധാന്യത്തെപ്പററി അദ്ദേഹം ആക്ഷേപമൊന്നും പറഞ്ഞിട്ടില്ല. അതു അടിയന്തിരകാര്യമാണോ എന്നു മാത്രമേ അദ്ദേഹം വിമർശനം ചെയ്തുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരാളുമൊക്കെ നിറുത്തിവെക്കാൻ പാടില്ലാത്തവണ്ണം അടിയന്തിരമല്ല

ഡെപ്യൂട്ടി പ്രസിഡന്റ്: നടപടി നിറുത്തിവെക്കാനുള്ള പ്രമേയം അനുവദിക്കുന്നതു ന്യായമായിരിക്കത്തക്കവണ്ണം അടിയന്തിരമല്ല എന്നാണ് അദ്ദേഹം പറഞ്ഞതു.

മി. എസ്. പിറവില്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): എക്സൈസ് സംബന്ധിച്ച അഭ്യർത്ഥന ലാപ്സ് ചെയ്യാതെ (സമയം ഇല്ലാതാക്കുക), വാദപ്രതിവാദത്തിനു വരുമൊ എന്നു പറയാമോ?

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ലാപ്സ് ചെയ്യും എന്നതു സംഭവ്യമല്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: അതിന്റെ വാദപ്രതിവാദത്തിനു ഗവർമെന്റിൽനിന്നു ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞതിനു മുമ്പിലത്തെയാണ്ടത്തെ ബഡ്ജററു സമ്മേളനസമയം വിഷൂചിക രോഗം പടർന്നുപിടിക്കുന്നതിനെപ്പററി വാദം നടത്താൻ യോഗനടപടികൾ നിറുത്തിവെക്കാൻ കൊണ്ടുവന്ന ഒരു പ്രമേയത്തെ അനുവദിച്ചതു ബ. മെമ്പർക്കു അറിവുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അറിവുണ്ട്. വിഷൂചികരോഗം അതിന്റെ വ്യാപനം നിറുത്തിവെക്കാൻ ഇടയില്ലാത്തതുകൊണ്ടാണ് ആ പ്രമേയം വാദപ്രതിവാദത്തിനെടുക്കാൻ അനുവദിച്ചതു.

എനിക്കു പറവാനുള്ള സംഗതി ഇതാണ്. നടപടികൾ നിറുത്തിവെക്കാൻ പ്രമേയം കൊണ്ടുവരാനുള്ള അധികാരം സാധാരണ നിശ്ചയങ്ങൾ പാസ്സാക്കാനുള്ള അധികാരത്തിനുപകരം ഉപയോഗിക്കുന്നതിനല്ല. ഇതിനെപ്പററിയുള്ള തത്വങ്ങൾ ഞാൻ പ്രസ്താവിച്ചുവയാണ്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഈ തത്വങ്ങൾ അനുസരിച്ചുതന്നെയാണ് മററു നിയമസഭകളിലും തീർച്ചകൾ ചെയ്തിട്ടുള്ളതു. വേറൊരു സംഗതികൂടെ പറവാൻ ആഗ്രഹിക്കുന്നു. കോടതികളിൽ വിചാരണയിൽ ഇരിക്കുന്ന കാര്യങ്ങളെപ്പററി തനിക്കു യാതൊന്നും പറവാനില്ലെന്നു എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രത്യേകം പറകയുണ്ടായി. ചിലരെ പിടിച്ചു ബന്ധനത്തിലാക്കിയതിനെപ്പററിയും അതിനോടു സംബന്ധിച്ച കാര്യങ്ങളെപ്പററിയും തന്റെ വാദത്തിൽ ഒന്നും പ്രസ്താവിക്കയില്ലെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ടു അദ്ധ്യക്ഷന്റെ ശ്രദ്ധയ്ക്കു—

ഡെപ്യൂട്ടി പ്രസിഡന്റ്: എനിക്കു എന്റെ അഭിപ്രായം മാററാമല്ലൊ?

മി. ജി. പരമേശ്വരൻപിള്ള (അ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): താങ്കളുടെ അഭിപ്രായങ്ങൾ ഇവിടെ സൂചിപ്പിച്ചതു ശരിയാകയാൽ അവയെ ഭേദപ്പെടുത്തരുതെന്നു എനിക്കു അപേക്ഷയുണ്ട്.

ഡെപ്യൂട്ടി പ്രസിഡന്റ്: നന്ദിപറഞ്ഞുകൊള്ളുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മി. പണ്ഡിററു മോതിലാൽ നെഹറു നിയമസഭയിൽ കൊണ്ടുവന്ന പ്രമേയം ഇങ്ങനെയാകുന്നു:—

സർ, പൊതുജനങ്ങൾക്കു സർവ്വപ്രധാനമായ ഒരു അടിയന്തിരകാര്യത്തെപ്പററി, അതായതു ഇന്ത്യയിൽ പല ഭാഗങ്ങളിലുമുള്ള തൊഴിലാളി സംഘങ്ങൾ, കർഷക സംഘങ്ങൾ, യുവജനസമാജങ്ങൾ മുതലായ ന്യായമായ സംഘങ്ങളുടെ പ്രവർത്തകന്മാരെ ഇന്നലെ കൂട്ടംകൂട്ടമായി ബന്ധിക്കുന്നതിനും അവരുടെ സ്ഥാപനങ്ങൾ ശോധനചെയ്യുന്നതിനും അനുവദിക്കയും അപ്രകാരം ചെയ്യിക്കയും ചെയ്ത ഗവർണർ ജനറലിന്റെ നയത്തെയും പ്രവൃത്തിയെയുംപററി വാദം നടത്തുന്നതിനു സഭയുടെ നടപടികൾ നിറുത്തിവെക്കണമെന്നു ഒരു പ്രമേയം അവതരിപ്പിക്കുവാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ബന്ധനങ്ങൾ നടത്തിയതു വൈസരോയി പാസ്സാക്കിയ പ്രത്യേക കല്പനപ്രകാരമായിരുന്നോ ഇൻഡ്യയിലെ സാധാരണ ശിക്ഷാനിയമപ്രകാരമായിരുന്നോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബന്ധനങ്ങൾ നടത്തിയതു ഏതെങ്കിലും പ്രത്യേക ചട്ടപ്രകാരമല്ലായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ചട്ടം വൈസരോയി പാസ്സാക്കിയാൽ അതിന്നു നിയമത്തിന്റെ പ്രാബല്യം ഉണ്ടു; അല്ലേ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസിഡൻറിന്റെ തീർച്ച ഇങ്ങനെയാണ്: —

"വാദപ്രതിവാദം നടത്തണമെന്നു പറയുന്ന വിഷയം പൊതുജനങ്ങൾക്കു സർവ്വപ്രധാനമായ ഒരു അടിയന്തിരകാര്യമാണെന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു. സംഭവം ഈയിടെയുണ്ടായതാണെന്നുള്ളതു ആരും നിഷേധിക്കുന്നില്ല. എന്നാൽ വാദവിഷയം കോടതികളിൽ വിചാരണയ്ക്കുള്ള ഒരു കാര്യമാണെന്നാണ് എതിർപക്ഷക്കാരുടെ വാദം. എന്നാൽ അനവധി ആളുകളെ ബാധിക്കയും സ്ഥാപനങ്ങൾ ശോധനചെയ്യുകയും ചെയ്ത നയത്തെപ്പറ്റി വാദപ്രതിവാദം ചെയ്യുകയല്ലാതെ കോടതികളിൽ വിചാരണയ്ക്കു വരാനുള്ള കേസുകളുടെ ഗുണദോഷങ്ങളെപ്പറ്റി വിമർശനം ചെയ്യാൻ അനൗദ്യോഗസ്ഥമെംബർമാർ വിചാരിക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നതു. വാദത്തിനു കൊണ്ടുവരണമെന്നു പറയുന്ന വിഷയം കോടതിയിൽ വിചാരണയിൽ ഇരിക്കുന്ന ഒരു കാര്യമല്ലെന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ ഉദ്ധരിച്ച പ്രമേയത്തിന്റെ വിഷയത്തെപ്പറ്റി വാദപ്രതിവാദം നടക്കുമ്പോൾ കോടതികളിൽ നടത്താൻ വിചാരിക്കുന്ന കേസുകളുടെ ഗുണദോഷങ്ങളെപ്പറ്റി വിമർശനം ചെയ്യാൻ ആരെങ്കിലും ശ്രമിച്ചാൽ അങ്ങനെയുള്ള വാദങ്ങൾ തടസ്സം ചെയ്യുന്നതിനു വേണ്ടുന്ന വഴി അദ്ധ്യക്ഷൻ എടുക്കുന്നതാകുന്നു. വാദപ്രതിവാദത്തിൽ ഈ അറസ്റ്റുകളെ സംബന്ധിച്ച നയത്തെപ്പറ്റിയല്ലാതെ കോടതികളിൽ വിചാരണയ്ക്കു വരാനുള്ള കേസുകളുടെ ഗുണദോഷങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെംബർമാർ യാതൊന്നും പ്രസ്താവിക്കയില്ലെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: വിഷയത്തെപ്പറ്റിയുള്ള ഈ അഭിപ്രായം സ്വീകാര്യമാണെന്നു എനിക്കു തോന്നുന്നു. ഇനി എന്തെങ്കിലും പുതിയതായി പറയുവാനുണ്ടോ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം സ്വീകരിക്കുന്നതിനെതിരായി മാന്യമെമ്പർ പറഞ്ഞതിൽ ഒരു സംഗതിമാത്രമേ ആലോചനാവിഷയമാക്കേണ്ടതുള്ളു. കാര്യം അടിയന്തിരമാണോ?

ഡെപ്യൂട്ടിപ്രസിഡൻറ്: അതേ, അതാണു പ്രധാനസംഗതി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു നാം നോക്കേണ്ടതു ഈ പ്രമേയത്തിൽ വാദപ്രതിവാദം ചെയ്യണമെന്നു പറയുന്ന സംഗതി ഒരു ദിവസംപോലും നിറുത്തിവെക്കാൻ പാടില്ലാത്തവണ്ണം അടിയന്തിരമാണോ എന്നാകുന്നു. ഗവർമെൻറിപ്പോൾ സ്വീകരിച്ചിട്ടുള്ള നയം പൌരന്മാരുടെ പ്രാഥമികാവകാശങ്ങളെ ഹനിക്കുന്നതും ജനങ്ങൾക്കു ന്യായമായും സമാധാനത്തിലും തങ്ങളുടെ ജോലികൾ ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ ധ്വംസനം ചെയ്യുന്നതുമാകയാൽ ജനപ്രതിനിധികളായ ഞങ്ങൾക്കു ഒരു ദിവസംപോലും മൌനമായിരിക്കാൻ കഴിയാത്തവണ്ണം ഗൌരവമായിട്ടുള്ളതാകുന്നു. അതുകൊണ്ടു കാര്യം അടിയന്തിരമല്ല എന്നുള്ള കാരണം പറഞ്ഞു പ്രമേയം തള്ളിക്കളവാൻ പാടില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ വളരെ ഉത്സാഹത്തോടെ പ്രസംഗങ്ങൾ കേട്ടു—

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നടപടിക്രമം സംബന്ധിച്ച ഒന്നു പറഞ്ഞുകൊള്ളുന്നു. എക്സൈസ് അഭ്യർത്ഥനയെ പറ്റി ആലോചിക്കുമ്പോൾ മദ്യവർജ്ജനപദ്ധതിയെ സംബന്ധിച്ചു ഗവർമെൻറിന്റെ നയത്തെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ പാടുണ്ടോ എന്നു അറിവാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: സങ്കല്പിതചോദ്യങ്ങൾക്കു മറുപടി പറവാൻ ഞാൻ വിചാരിക്കുന്നില്ല. എക്സൈസ് അഭ്യർത്ഥന ആലോചനയ്ക്കെടുക്കുമ്പോൾ അദ്ധ്യക്ഷം വഹിക്കുന്നതു ഞാനാണെങ്കിൽ ഇങ്ങനെയൊരു ചോദ്യം ചോദിച്ചാൽ ഞാൻ മറുപടി പറയാം. ഇപ്പോൾ നിങ്ങൾ ചോദിച്ചതു ക്രമവിരുദ്ധമാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): എക്സൈസ് അഭ്യർത്ഥനയെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങൾ വാദത്തിനെടുക്കുമെന്നു നിശ്ചയമില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ പറഞ്ഞപ്രകാരം നാം കേട്ടതു രസകരമായ ഒരു വാദപ്രതിവാദം ആയിരുന്നു. എന്നാലും ഞാൻ ഇതിനെപ്പറ്റി താൽക്കാലികമായി പറഞ്ഞ അഭിപ്രായത്തെ ഒന്നു രണ്ടു സംഗതികളിലല്ലാതെ ഭേദപ്പെടുത്തുന്നതിനു എന്റെ മുമ്പാകെ ഒന്നും പ്രസ്താവിക്കപ്പെട്ടിട്ടില്ല. കോടതികളിൽ വിചാരണയിൽ ഇരിക്കുന്ന സംഗതികൾ നടപടികൾ നിറുത്തിവെക്കാനുള്ള ഒരു പ്രമേയത്തിൽ വാദപ്രതിവാദവിഷയമാക്കാൻ പാടില്ലെങ്കിലും കോടതികളിൽ വിചാരണയിൽ ഇരിക്കുന്ന കാര്യങ്ങളെ സംബന്ധിപ്പിക്കാതെ ഗവർമെൻറിന്റെ നയത്തെപ്പറ്റി വാദപ്രതിവാദം നടത്താൻ സാധിക്കുമെന്നാണു മി: പട്ടേലിന്റെ തീരുമാനം. ബുദ്ധിശക്തിക്കു അസാദ്ധ്യമായ കാര്യങ്ങൾ ഇല്ല. എന്നാൽ കൊല്ലത്തും മറ്റു സ്ഥലങ്ങളിലും ഗവർമെൻറിന്റെ പ്രവൃത്തിയിൽ നിങ്ങളിൽ ചിലർ കാണുന്ന നയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതു പ്രയാസമേറിയ ഒരു മാനസികവ്യായാമം ആയിരിക്കുമെന്നു എനിക്കു തോന്നുന്നു. നിങ്ങളിൽ ചിലർക്കു തോന്നാവുന്നപ്രകാരം ഉദ്യോഗസ്ഥന്മാരുടെ നിയമവിരുദ്ധവും അനഭിലഷണീയവും ക്രൂരവുമായ അധികാരപ്രയോഗത്തെപ്പറ്റി യാതൊന്നും പ്രസ്താവിക്കാതെ ഗവർമെൻറിന്റെ നയത്തെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ നിങ്ങൾക്കു കേവലം അസാദ്ധ്യമായിരിക്കും. ഇങ്ങനെയുള്ള സംഗതികളെപ്പറ്റി സൂചിപ്പിക്കപോലും ചെയ്യാതെ സംസാരിക്കാൻ നിങ്ങളുടെ മനസ്സിനെ നിങ്ങൾ അഭ്യസിപ്പിച്ചാലും അദ്ധ്യക്ഷൻ നിങ്ങൾ എപ്പോഴെങ്കിലും ന്യായമായ പന്ഥാവിൽനിന്നു വ്യതിചലിച്ചാൽ നിങ്ങളെ നേർവഴിക്കാക്കത്തക്കവണ്ണം അതി ജാഗ്രതയോടിരിക്കാൻ കഴിയുമെന്നു സങ്കല്പിച്ചാലും പ്രമേയം അനുവദിക്കുന്നതിനു പ്രതികൂലമായി പറഞ്ഞ സംഗതികൾക്കെല്ലാം നിങ്ങൾ സമാധാനം പറഞ്ഞിട്ടില്ല.

ഈ വിഷയത്തിന്റെ നിങ്ങളാരും സവിസ്തരം പ്രതിപാദിക്കാത്ത ഒരംശം ഇതൊരു അടിയന്തിരകാര്യം അല്ലെന്നുള്ളതാണ്. ആ സംഗതിയെപ്പറ്റി ആലോചിക്കുന്നതിനു ഒരു പ്രയാസം ഉണ്ടു. ഈ പ്രമേയ

ത്തിന്റെ സാധ്യം വാദപ്രതിവാദത്തിനു നിശ്ചയിച്ചിട്ടുള്ള ഒരു കാര്യത്തെപ്പറ്റി മുൻകൂട്ടി വാദപ്രതിവാദം ചെയ്യേണ്ടതല്ലായിരിക്കുമോ? ഈ എക്സൈസ് നയത്തെപ്പറ്റിയുള്ള വാദപ്രതിവാദത്തിനു ഒരു ദിവസം നിശ്ചയിച്ചിട്ടില്ല എന്നു മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതിനെ ഞാൻ സമ്മതിക്കുന്നു എന്നു വന്നാലും അതിനെപ്പറ്റി വാദം നടത്തുവാൻ സഭയ്ക്കു അവസരം തന്നിട്ടുണ്ട്. അതിനപ്പുറം ഗവണ്മെന്റു ചെയ്യണമെന്നു നിർബന്ധമില്ല. ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യ വിമർശനത്തിൽ നിങ്ങൾക്കു അതിനെപ്പറ്റി വിമർശനം ചെയ്യാം. ഞാൻ ആരംഭത്തിൽ പറഞ്ഞപ്രകാരം സാങ്കേതിക ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്നിടങ്ങൾക്കതിനെ വാദപ്രതിവാദവിഷയമാക്കാം.

എക്സൈസ് അഭ്യർത്ഥനയെപ്പറ്റി വിമർശനം ചെയ്യാൻ അവസരമുണ്ടാകുമോ എന്നും കാലതാമസം നിമിത്തം അതിനുള്ള അവസരം കിട്ടാതെ പോകയില്ലയോ എന്നും മി. താണുപിള്ള സംശയം പറകയുണ്ടായി. ഇതുപ്രധാനമായി നിങ്ങൾ വിചാരിക്കാത്ത വിഷയങ്ങളെപ്പറ്റിയുള്ള ഉപക്ഷേപങ്ങൾ പിൻവലിപ്പിച്ചിട്ട് ഈ വിഷയത്തെപ്പറ്റി സംസാരിക്കാൻ സമയം ഉണ്ടാക്കുന്ന കാര്യം നിങ്ങളുടെ അധീനത്തിൽതന്നെയുള്ളതാകുന്നു. ആ അവസരം നിങ്ങൾ ഉപയോഗിക്കുമോ നഷ്ടപ്പെടുത്തുമോ എന്നുള്ള കാര്യത്തെപ്പറ്റി അദ്ധ്യക്ഷൻ ചിന്തിച്ചിട്ടാവശ്യമില്ല. നടപടികൾ നിറുത്തിവെക്കാനുള്ള ഈ പ്രമേയത്തിന്റെ വിഷയത്തെപ്പറ്റി സഭാ മുമ്പാകെ വാദപ്രതിവാദം നടത്തുന്നതിനു അടുത്ത ഒരു തീയതി നിങ്ങൾക്കു അവസരം കിട്ടുമോ എന്നുമാത്രമേ അദ്ധ്യക്ഷൻ ആലോചിക്കേണ്ടതുള്ളു. ഈ കാര്യത്തിൽ ഒരു ദിവസംപോലും കളിച്ചിരിക്കാൻ തനിക്കു സാധിക്കയില്ലെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള പറകയുണ്ടായി. അദ്ദേഹത്തോടു ഞാൻ യോജിക്കുന്നില്ല. ഇപ്പോഴത്തെ പതനത്തിൽ അടിയന്തിരമായി ചെയ്യേണ്ടതു എന്താണെന്നുള്ളതിനെപ്പറ്റി ഞങ്ങളുടെ അഭിപ്രായങ്ങൾ വ്യത്യസ്തമാണ്. ഈ വിഷയം വിമർശനത്തിനു ഇന്നെടുക്കാതെ അല്പം ചില ദിവസങ്ങൾ കഴിഞ്ഞെടുത്തതുകൊണ്ടു പൊതുജനങ്ങളുടെ ഗുണത്തിനു യാതൊരു ഹാനിയും നേരിടാനില്ലെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു ഈ പ്രമേയത്തിന്റെ വിഷയം നടപടികൾ നിറുത്തിവെക്കത്തവണ്ണം അടിയന്തിരമല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു ഞാൻ താൽക്കാലികമായി ചെയ്ത തീർച്ചയെ ഇപ്പോൾ സ്ഥിരപ്പെടുത്തുകയും നടപടികൾ നിറുത്തിവയ്ക്കാനുള്ള അപേക്ഷയെ തള്ളിക്കളകയും ചെയ്യുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പൊതുജനങ്ങൾക്കു സർവപ്രധാനമായ ഒരു പ്രത്യേക കാര്യത്തെ സംബന്ധിച്ചു, അതായതു ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചു ഗവണ്മെന്റിപ്പോൾ സ്വീകരിച്ചിട്ടുള്ള നയം നിമിത്തം ഈ രാജ്യം ഇപ്പോൾ പ്രാപിച്ചിരിക്കുന്ന സ്ഥിതിയെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ സഭയുടെ നടപടികൾ നിറുത്തിവയ്ക്കണമെന്നു ഒരു പ്രമേയം ഹാജരാക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

(പ്രമേയത്തെപ്പറ്റിയുള്ള നോട്ടീസ് അടങ്ങിയ ഒരു കടലാസ് മെമ്പർ ഡപ്യൂട്ടിപ്രസിഡന്റിന്റെ കയ്യിൽ കൊടുത്തു.)

ഡപ്യൂട്ടി പ്രസിഡന്റ്: ഈ പ്രമേയം അല്പം രൂപഭേദമുണ്ടെങ്കിലും സാരാംശത്തിൽ ഇപ്പോൾ നമ്മുടെ ആലോചനാവിഷയമായിരുന്ന പ്രമേയംതന്നെയാണെന്നു എനിക്കു തോന്നുന്നു. അതിനെസംബന്ധിച്ചു ഇനിയും കുറെ സമയവ്യയം ചെയ്യുന്നതുകൊണ്ടു വല്ല പ്രയോജനവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രമേയത്തെ ഉപേക്ഷിച്ചിരിക്കുന്നു.

മഹാറാണി റീജന്റു തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ച റഗുലേഷനുകൾ.

മി. പി. എൻ. കൃഷ്ണപിള്ള (നിയമസഭാസെക്രട്ടറി): താഴെപ്പറയുന്ന റഗുലേഷനുകൾക്കു മഹാറാണി റീജന്റു തിരുമനസ്സിലെ അനുമതി സിദ്ധിച്ചു.

തിരുവിതാംകൂർ ജനസംഖ്യക്കണക്കു ബിൽ, വെഞ്ച്വസമൻസ് റഗുലേഷൻഭേദഗതിബിൽ, ലാൻഡുകൺസർവൻസി റഗുലേഷൻ ഭേദഗതിബിൽ.

ഇവയിൽ ഒന്നാമത്തെ ബില്ലിനു ൧൧൦൭ ഇടവം ൧൨-നു-യും ശേഷം രണ്ടു ബില്ലുകൾക്കു ൧൧൦൭ ഇടവം ൧൬-നു-യും മഹാറാണി റീജന്റു തിരുമനസ്സിലെ അനുമതി സിദ്ധിച്ചു.

മേശപ്പുറത്തുവെച്ച ചെലവുവിവരം പട്ടിക.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഫൈനാൻഷ്യൽ ഗവണ്മെന്റു സെക്രട്ടറി): ൧൧൦൭-ൽ ൨-ാം നമ്പർ നിയമസഭാ റഗുലേഷൻ ൧൮ (ൻ)-ാം വകുപ്പുപ്രകാരം ഗവണ്മെന്റു അനുവദിച്ച ചെലവു വിവരം പട്ടിക നിയമസഭാചട്ടങ്ങളുടെ ൭൨-ാം ചട്ടപ്രകാരം മേശപ്പുറത്തുവെച്ചുകൊള്ളുന്നു.

ഡിമാന്റു നമ്പർ	സംഖ്യ രൂപ	വിവരം
൨൦. കെട്ടിടങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ, പലവക പൊതുസ്ഥാപനങ്ങൾ	൩൦	ഇറിഗേഷൻ കമ്മിറ്റിയുടെ ജോലി സംബന്ധിച്ചു ൪൦ രൂപ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റ് ഗുമസ്തനെ നിയമിക്കുന്നതിനു
൨൧. പലവക	൬,൩൦൦	ബാങ്കിംഗ് എൻക്വയറി കമ്മിറ്റി സംബന്ധിച്ചുള്ള ചെലവിനു

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടിക്രമം സംബന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളുന്നു. ഞങ്ങളുടെ മേശപ്പുറത്തു പട്ടിക ഒന്നും വെച്ചിട്ടില്ല. ആരുടെ മേശപ്പുറത്താണുവെച്ചിട്ടുള്ളതെന്നു ഞങ്ങൾക്കറിവില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: സെക്രട്ടറി മേശപ്പുറത്തുവെച്ച പട്ടിക മെമ്പർമാർക്കു കിട്ടിയിട്ടില്ലെന്നു പരാതി പറയുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ് സെക്രട്ടറി): പട്ടിക മേശപ്പുറത്തുവെച്ചു മെമ്പർമാർക്കു കിട്ടിക്കാണും.

ഡെപ്യൂട്ടിപ്രസിഡന്റ്: എന്നാൽ ക്രമക്കേടൊന്നുമില്ല.

നിയമസഭാ സാമാജികന്മാരെ ൧൧൨൫-മാണ്ടത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവർമ്മെന്റ് ഫൈനാൻഷ്യൽ സെക്രട്ടറി ഇപ്പോൾ നിങ്ങളുടെ മുമ്പാകെ ഹാജരാക്കുന്നതാകുന്നു. നിയമസഭാചട്ടങ്ങൾ ൩൧-ാം ചട്ടപ്രകാരം ബഡ്ജറ്റിനെപ്പറ്റിയുള്ള വാദപ്രതിവാദം ഒരു സാമാന്യവിമർശനത്തോടുകൂടെ ആരംഭിക്കുന്നതും അതിന്റെശേഷം അഭ്യർത്ഥനകളെസംബന്ധിച്ചുള്ള വോട്ടിംഗ് നടക്കുന്നതുമാകുന്നു. ആഗസ്റ്റ് ൮-നു തിങ്കളാഴ്ചയും ആഗസ്റ്റ് ൯-നു ചൊവ്വാഴ്ചയും സാമാന്യ വിമർശനത്തിനായി നീക്കിവെച്ചിരിക്കുന്നു. അഭ്യർത്ഥനകളെ സംബന്ധിച്ചുള്ള വാദങ്ങളും വോട്ടിങ്ങും ആഗസ്റ്റ് ൧൦-നു ബുധനാഴ്ച ആരംഭിച്ച്, ൧൯-നു-വരെ തുടരുന്നതാകുന്നു. ഇങ്ങനെ ഇക്കാര്യത്തിനു അനുവദിക്കാവുന്ന ൭ ദിവസവും അനുവദിച്ചിട്ടുണ്ട്. കണക്കിൽ അച്ചടിച്ചിട്ടുള്ളക്രമപ്രകാരം അഭ്യർത്ഥനകളെ സംബന്ധിച്ചുള്ള വാദം നടക്കും. അതിന്റെ പ്രതികൂലം നിങ്ങൾക്കു തോന്നിട്ടുണ്ടല്ലോ. അനുവദിച്ചിട്ടുള്ള ൭ ദിവസങ്ങളിൽ ഭൂനികുതി, വിദ്യാഭ്യാസം, പൊലീസ്മരാമത്തു എന്നിവയ്ക്കു ഓരോ ദിവസം വീതം മൂന്നു ദിവസം വിനിയോഗിക്കുന്നതായിരിക്കും. ശേഷം അഭ്യർത്ഥനകൾ ൭-ാം ദിവസം സന്ധ്യക്കു മുമ്പായി അവസാനിപ്പിക്കേണ്ടതാകുന്നു. അതുകൊണ്ടു ഒരു അഭ്യർത്ഥനയ്ക്കു അര ദിവസത്തിൽ കൂടുതൽ എടുക്കാൻ പാടില്ല. ഓരോ അഭ്യർത്ഥനയ്ക്കും അനുവദിച്ചിട്ടുള്ള സമയം കഴിയുമ്പോൾ തീരാതെകിടക്കുന്ന ഉപക്ഷേപങ്ങളെല്ലാം ഉപേക്ഷിക്കപ്പെട്ടുപോകുന്നതാകുന്നു. ഏഴാം ദിവസം ൫ മണിക്കു അഭ്യർത്ഥനകളെ സംബന്ധിച്ചു തീരാതെയുള്ള എല്ലാ കാര്യങ്ങളും ൩൯ (൩)-ാം ചട്ടപ്രകാരം ഒന്നായി സഭയുടെ വോട്ടിനു ആവശ്യപ്പെടുന്നതാകുന്നു. ഉപക്ഷേപങ്ങൾ അവതരിപ്പിക്കുന്നവർക്കും മറുപടിപറയാൻ അവകാശമുള്ള ഉദ്യോഗസ്ഥമെമ്പറിനും ൧൦ മിനിട്ടു വീതവും മറ്റുള്ള മെമ്പർമാർക്കു ൫ മിനിട്ടു വീതവും സംസാരിക്കാൻ അനുവാദമുണ്ട്. മുമ്പത്തെകൊല്ലത്തെ പതിവനുസരിച്ചു ഉപക്ഷേപങ്ങൾ ആരെങ്കിലും പിൻവാങ്ങണമെന്നില്ല. ബഡ്ജറ്റിനെപ്പറ്റിയുള്ള സാമാന്യ വിമർശനത്തിൽ അനുദ്യോഗസ്ഥമെമ്പർമാർ പ്രസ്താവിക്കുന്ന സംഗതികൾക്കു മറുപടി പറയാൻ ഉദ്യോഗസ്ഥമെമ്പർമാർക്കു വേണ്ടുന്ന സമയം കൊടുത്താൽ നന്നായിരിക്കും.

കോശസ്ഥിതി വിവരണം.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവർമ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): സർ, ൧൧൨൫-ലെക്കു തയ്യാറാക്കിയിട്ടുള്ള ആയവ്യയക്കണക്കു സഭാമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. ഇക്കൊല്ലത്തേയും വരുന്നകൊല്ലത്തേയും കോശസ്ഥിതിയെ നിരൂപണംചെയ്യുന്നതിനുമുമ്പെ പതിവിൻപ്രകാരം കഴിഞ്ഞകൊല്ലത്തെ യഥാർത്ഥവരവുചെലവുകണക്കു ചുരുക്കത്തിൽ പറയാം.

൧൧൨൩-ലെ യഥാർത്ഥസംഖ്യകൾ.

൧൧൨൩-ലെ ആഡിറ്റുചെയ്ത സാധാരണ വരവും ആ വരവിൽനിന്നുള്ള ചെലവും യഥാക്രമം ൮൯൧.൧൩ ലക്ഷം രൂപയും ൮൮൭.൬൨ ലക്ഷം രൂപയും ആയിരുന്നു. ഇതേവരെ തന്നാണ്ടത്തെ പുനഃശോധനചെയ്ത കണക്കിൻപ്രകാരം പ്രതീക്ഷിച്ചിരുന്ന ബാക്കി ൧൯.൩൭ ലക്ഷം രൂപ ആയിരുന്നിരിക്കെ യഥാർത്ഥ ബാക്കി ൮൩.൮൩ ലക്ഷംരൂപ ആയിരുന്നു. പുനഃശോധനചെയ്തുകിട്ടിയ സംഖ്യയെക്കാളും ൩.൩൯ ലക്ഷംരൂപാ കൂടുതൽ വന്നതു പ്രധാനമായി ആദായനികുതി (.൬൩) അബ്കാരിയും കറുപ്പും (൨.൮൮) ചുങ്കം (.൯൦) പലിശ (.൯൭) എന്നീ ഇനങ്ങളിലായിരുന്നു. ചെലവിൽ വന്ന വ്യത്യാസം പുനഃശോധനസംഖ്യയായ ൮൮൭.൬൨ ലക്ഷം രൂപയിൽ മുക്കാൽ ലക്ഷം രൂപ കൂടുതൽവന്നതാണ്. ഗവർമ്മെന്റു ഭൂമികൾ വിറ്റുകിട്ടിയ സംഖ്യയും സാധാരണവരവിൽനിന്നല്ലാത്ത മൂലധനച്ചെലവും യഥാക്രമം ൯.൩൧ ലക്ഷംരൂപയും ൮൮.൮൬ ലക്ഷം രൂപയും ആയിരുന്നു. പുനഃശോധന ചെയ്തുകിട്ടിയകണക്കിൻപ്രകാരം ഈ സംഖ്യകൾ ൩.൯൦ ലക്ഷം രൂപയും ൮൭.൮൬ ലക്ഷം രൂപയും ആയിരുന്നു. ഇതിന്റെ ഫലമായി ആണ്ടവസാനത്തിൽ പ്രതീക്ഷിച്ചിരുന്ന ബാക്കി സംഖ്യ ൧൩൧.൮൬ ലക്ഷം രൂപ ൧൭൦.൧൮ ലക്ഷം രൂപയായി വർദ്ധിച്ചു.

൧൧൨൪-ലെ പുതുക്കിയ എസ്റ്റിമേറ്റുകൾ.

൩. ഈയാണ്ടത്തെ ബഡ്ജറ്റിൻപ്രകാരം പ്രതീക്ഷിച്ചിരുന്ന വരവും ചെലവും ൮൩൬.൦൬ ലക്ഷം രൂപയും ൮൩൩.൯൩ ലക്ഷം രൂപയും ആയിരുന്നു. ഇതുവരെ കിട്ടിയ കണക്കുകളിൻപ്രകാരം ഈ സംഖ്യകൾ ൮൩൬.൦൫ ലക്ഷം രൂപയും ൮൩൩.൧൬ ലക്ഷം രൂപയും ആയിരിക്കുമെന്നും ബാക്കി ൩.൧൩ ലക്ഷം ആയിരിക്കുമെന്നും വിചാരിച്ചു. ൩.൬൭ ലക്ഷം രൂപ ആയിരിക്കുമെന്നാണു ഇപ്പോഴത്തെ പ്രതീക്ഷ. വരവിൽ ഗണ്യമായ കൂടുതൽ ആദായനികുതി (.൫൦), ചുങ്കം (൧.൩൮), വനം (.൩൮) എന്നീ ഇനങ്ങളിലാണ്. ചുങ്കം കൂടുവാനുണ്ടായതു ഇറക്കുമതിചുങ്കത്തിലാണ്. "വനം" ഇനത്തിൽ കൂടുതൽ വനങ്ങളിൽനിന്നു ഗവർമ്മെന്റു മുഖാന്തരം വെട്ടിച്ച രാജകീയവൃക്ഷങ്ങളുടെയും കാട്ടുമരങ്ങളുടെയും വില്പനമൂലമാണ്. രജിസ്ട്രേഷൻ (.൩൮), ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ (.൭൫), തീവണ്ടി (൧.൧൧) എന്നീ ഇനങ്ങളിൽ കുറവാണുള്ളതു. രജിസ്ട്രേഷനിൽ കുറവുവന്നതു നായർ, ഈഴവ വെള്ളാളാദിയ്ക്കുള്ള ഒരു കൂട്ടത്തിനു ചട്ടപ്രകാരം ചേർന്നവർക്കു ഭാഗങ്ങൾനിന്ന സാമ്പത്തികസ്ഥിതിയെ ബാധിച്ചുവരുന്നതിനാലാകുന്നു. ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകളിൽ ഖനികളിൽനിന്നു ൧.൮൫ ലക്ഷം രൂപ വരവുണ്ടാകുമെന്നു കണക്കാക്കിയിരുന്നു. എന്നാൽ തന്നാണ്ടിൽ അര ലക്ഷം രൂപയെ കിട്ടുകയുള്ളു എന്നാണു തോന്നുന്നതു. ചെങ്കോട്ട തിരുവനന്തപുരം തീവണ്ടിയിൽനിന്നു ൧൧൨൦ മകരം ൩൦-നു അവസാനിച്ച വർഷം ൧൦,൭൦൦ രൂപ നഷ്ടമാണുണ്ടായതു. ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വരവായിരുന്നു കാണിച്ചിരുന്നതു. തീവണ്ടി തിരുവനന്തപുരംവരെ നീട്ടിയതിന്റെശേഷം ഇങ്ങനെ നഷ്ടമുണ്ടായതു ഇതാദ്യമായാണ്. ഈ നഷ്ടത്തിനുള്ള ഒരു കാരണം തെങ്കാശി-വിരുദുനഗർ തീവണ്ടിപ്പണി തീർന്നതിനാൽ ആവഴി ഉപയോഗത്തിൽവന്നതാണ്.

[മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മെമ്പർ): ഇതു പ്രതീക്ഷിച്ചിരുന്നതാണ്.]

൮. ചെലവിന്റെ കാര്യത്തിൽ ആണ്ടവസാനത്തിൽ ൧൩ ലക്ഷം രൂപ കുറവുണ്ടായിരിക്കുമെന്നാണ് പ്രതീക്ഷ. വിദ്യാഭ്യാസവകുപ്പിൽ ൩൦ ലക്ഷം രൂപയും പൊതുമരാമത്തിൽ ൧൨ ലക്ഷം രൂപയും ചെലവിൽ കുറവുണ്ടാകും. വിദ്യാഭ്യാസവകുപ്പിലെ ചെലവിൽ കുറവുവന്നതു നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും നാട്ടുഭാഷാസ്കൂളുകൾക്കുള്ള ഗ്രാന്റും ൧൧൨൮ ചിങ്ങം ൧-നു മുതൽ പരിഷ്കരിക്കുന്നതിനു ബഡ്ജറ്റിൽ അനുവദിച്ചിരുന്ന സംഖ്യയിൽ ഒരംശം കൊടുക്കാതെ ലാപ്സ് ചെയ്തതുകൊണ്ടാകുന്നു. അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം തന്നാണ്ടിൽതന്നെ നടപ്പിൽവരുത്തി. എന്നാൽ പരിഷ്കരിച്ചപ്രകാരമുള്ള കുടിശിഖശമ്പളം കൊടുത്തുതീർക്കാൻ കഴിഞ്ഞില്ല. അതു കൊടുക്കുന്നതിനുമുമ്പായി പ്രത്യേകബില്ലുകൾ തയ്യാറാക്കേണ്ടതായിരുന്നു. അതു വേഗം കൊടുത്തുതീർക്കുന്നതിനു എല്ലാ ശ്രമങ്ങളും ചെയ്തുവരുന്നു.

ചില പ്രധാനഇനങ്ങളിലും കൂടുതൽ ചെലവുവരുമെന്നു വിചാരിക്കുന്നുണ്ട്. ൧൯൨൯-ൽ ദിവാന്റെയും ഡെപ്യൂട്ടിയുടെ വരവുസംബന്ധിച്ചു പലവക രാഷ്ട്രീയചെലവിൽ ൨൦൮ ലക്ഷം രൂപയും പെൻഷ്യൻകാരുടെ എണ്ണം വർദ്ധിച്ചതിനാൽ ആ ഇനത്തിൽ ഒരു ലക്ഷം രൂപയും ആകുന്നു പ്രധാനഇനങ്ങൾ.

൯. മൂലധനത്തിന്റെ കാര്യത്തിൽ ഗവണ്മെന്റു ഭൂമികളുടെ വില്പനയിൽ ൯ ലക്ഷം രൂപ ബഡ്ജറ്റിൽ കണക്കിട്ടിരുന്നെങ്കിലും ൮.൯ ലക്ഷം രൂപയേ കിട്ടുകയുള്ളു എന്നാണു ഇപ്പോഴത്തെ പ്രതീക്ഷ. പുനഃശോധന ചെയ്ത കണക്കിൻപ്രകാരം മൂലധനത്തിൽനിന്നുള്ള ചെലവു ൧൨.൦൭ ലക്ഷം രൂപയാണ്. ആണ്ടവസാനത്തിൽ ൨൧.൨൨ രൂപ കുറവുണ്ടാകുമെന്നു കണക്കാക്കിയിരുന്നെങ്കിലും ൨.൭൧ ലക്ഷം രൂപയേ കുറവുണ്ടാകയുള്ളു എന്നാണു ഇപ്പോഴത്തെ പ്രതീക്ഷ. ഇങ്ങനെ ഗവണ്മെന്റിന്റെ ആണ്ടവസാനബാക്കി ൩൧൬.൮൩ ലക്ഷം രൂപയായിരിക്കും.

൧൧൨൯-ലെക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ്.

൰. ഇനി വരുന്നയാണ്ടത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുകളെപ്പററി പ്രസ്താവിക്കാം. ആ എസ്റ്റിമേറ്റുകൾ തയ്യാറാക്കീട്ടുള്ളതു ൨൯൦.൭൬ ലക്ഷം രൂപ വരവുണ്ടാകുമെന്നുള്ള സങ്കല്പത്തിന്മേലാണ്. തന്നാണ്ടിൽ അതിൽനിന്നു ൨൮൨.൭൭ ലക്ഷം രൂപ ചെലവുചെയ്യാനും കണക്കു തയ്യാറാക്കീട്ടുണ്ട്. ഇങ്ങനെ ൨.൦൨ ലക്ഷം രൂപ ബാക്കിയുണ്ടാകുമെന്നാണു പ്രതീക്ഷ. ഗവണ്മെന്റു ഭൂമികളുടെ വില്പനമൂലം ൮ ലക്ഷം രൂപ കിട്ടുമെന്നാണു സങ്കല്പം. എന്നാൽ മൂലധനത്തിൽനിന്നു ചെലവുചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതു ൨൭.൦൩ ലക്ഷം രൂപയാകുന്നു. ഇങ്ങനെ നമ്മുടെ വ്യാപാരശ്രേയത്തിലുള്ള പ്രവൃത്തികൾക്കു മുന്നാണ്ടുകളിലെ മിച്ചം കൂട്ടിയിരിപ്പു മുതലിൽനിന്നു ൨൧.൦൧ ലക്ഷം രൂപ എടുക്കേണ്ടിവരും.

മുതലെടുപ്പ്.

൧൧. വരുന്നയാണ്ടത്തെ മുതലെടുപ്പ് ൨൯൦.൭൬ ലക്ഷം രൂപ ആയിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതു. അതു ഈയാണ്ടിൽ നാം പ്രതീക്ഷിക്കുന്ന സംഖ്യയിൽ ൨൦ ലക്ഷം രൂപ കൂടുതലാണ്. ഈ കൂടുതലുണ്ടാകുന്ന ഇനങ്ങൾ എക്സൈസ് (൧൭൬), കസ്റ്റംസ് (൧.൧൯), തീരുവ (൩൧) എന്നിവയാകുന്നു. എന്നാൽ ആദായനികുതിയിലും (൩൭) വനത്തിലും (൬൯) കുറവുണ്ടാകുമെന്നാണു പ്രതീക്ഷ.

൧൨. എക്സൈസ്—വരവു ൩൧.൭൨ ലക്ഷം രൂപ ആയിരിക്കുമെന്നാണു പ്രതീക്ഷ. ഈയാണ്ടത്തെ പ്രതീക്ഷിത സംഖ്യ ൨൯.൭൮ ലക്ഷം രൂപയാണ്. "അബ്കാരിയും കറുപ്പും" ഈ ഇനത്തിലാണ് പ്രധാന കൂടുതൽ പ്രതീക്ഷിക്കുന്നതു. ചക്കരച്ചാരായത്തിന്റെ തീരുവ കൂട്ടിയതുകൊണ്ടും ഈയാണ്ടത്തെ കുത്തക അവസാനിക്കുന്നതിനാൽ വൃക്ഷനികുതിയിലും പാട്ടസംഖ്യയിലും കൂടുതലുണ്ടാകാനിടയുള്ളതുകൊണ്ടുമാണു ഈ കൂടുതൽ പ്രതീക്ഷിക്കുന്നതു. "കറുപ്പു തീരുവ മടക്കിക്കിട്ടുന്നതു" "കഞ്ചാവുതീരുവ മടക്കിക്കിട്ടുന്നതു" എന്നീ ഇനങ്ങളിൽ യാതൊരു സംഖ്യയും ചേർത്തിട്ടില്ലെന്നു വിവരമായ കണക്കു നോക്കിയാൽ കാണാം. ഈ സംഖ്യകൾ വിട്ടുകളഞ്ഞിട്ടുള്ളതു കറുപ്പും കഞ്ചാവും വാങ്ങുന്നതിനുള്ള നടപടി മദ്രാസ് ഗവണ്മെന്റു ഭേദപ്പെടുത്തിയതുനിമിത്തമാണ്. ഇതുവരെ ഈ സംസ്ഥാനത്തേക്കു ആവശ്യമുള്ള കറുപ്പും കഞ്ചാവും വിലയും തീരുവയും കൊടുത്തു വാങ്ങുകയായിരുന്നുപതിവു. ഇങ്ങനെ കൊടുക്കുന്ന തീരുവ അവരുടെ ആണ്ടവസാനത്തിൽ അവരുടെ ചെലവിന്റെ ശതമാനം കുറച്ചിട്ടു നമുക്കു തിരിച്ചുതരികയും അങ്ങനെ മടക്കിത്തരുന്ന സംഖ്യ "കറുപ്പുതീരുവ മടക്കിത്തരുന്നതു" "കഞ്ചാവുതീരുവ മടക്കിത്തരുന്നതു" എന്നിങ്ങനെ കണക്കിൽ ചേർക്കയും ചെയ്തുവന്നു. ൧൯൫൦ ഏപ്രിൽ ൧-നു മുതൽ ഈ പതിവു ഭേദപ്പെടുത്തി ചരക്കുവാങ്ങുമ്പോൾ അതിന്റെ വിലയും ചെലവിന്റെ ശതമാനവും കൊടുത്താൽ മതിയെന്നു മദ്രാസ് ഗവണ്മെന്റു സമ്മതിച്ചിരിക്കുന്നു. ഇതുനിമിത്തം ഒരാണ്ടിൽ വിൽക്കുന്ന ചരക്കിന്റെ തീരുവ ആയാണ്ടത്തെ കണക്കിൽതന്നെ "കറുപ്പും അതിന്റെ കൂട്ടുകളും കഞ്ചാവും മററു ഔഷധങ്ങളും" എന്നിവയുടെ ലൈസൻസുഫീസും തീരുവയും എന്നൊററിനമായി കാണിക്കും.

൧൩. ചുങ്കം—ഈയാണ്ടത്തെ ചുങ്കംവക മുതലെടുപ്പ് ആദ്യബഡ്ജറ്റിൻപ്രകാരം ൩൨.൬൯ ലക്ഷം രൂപയും പുതുക്കിയ എസ്റ്റിമേറ്റിൻപ്രകാരം ൩൮.൩൮ ലക്ഷം രൂപയും ആകുന്നു. ൧൧൨൯-ലെക്ക എസ്റ്റിമേറ്റു ചെയ്തിട്ടുള്ള സംഖ്യ ൩൪.൧൮ ലക്ഷം രൂപയാണ്. ആലപ്പുഴതുറമുഖത്തെ ചെളിയുടെ അനുകൂല്യം നിമിത്തം ആണ്ടുമുഴുവനും ആവിക്കപ്പലുകളും പായ്ക്കപ്പലുകളും അവിടെ അടുക്കുന്നുണ്ട്. ൧൧൨൭-ാമാണ്ടു ആദ്യത്തെ പതിനൊന്നു മാസങ്ങളിലെ കണക്കുകൊണ്ടു ആക്കാലത്തു ൩൭൦ ആവിക്കപ്പലുകളും പായ്ക്കപ്പലുകളും ആലപ്പുഴ തുറമുഖത്തു അടുത്തതായി കാണുന്നു. കഴിഞ്ഞയാണ്ടു ആക്കാലത്തു ൭൮൨ എണ്ണമാണ് അവിടെ അടുത്തതു. എന്നാൽ കൊല്ലത്തും തിരുവനന്തപുരത്തും കൊച്ചിയിലും അടുത്ത ആവിക്കപ്പലുകളുടെയും പായ്ക്കപ്പലുകളുടെ എണ്ണത്തിൽ കുറവാണ് കാണുന്നതു. ഈ തുറമുഖങ്ങളിൽ ഈയാണ്ടിൽ ഇറക്കിയ നെല്ലിന്റെയും അരിയുടെയും കുറവാണ് ഇതിനുകാരണം. ആകപ്പാടെ നമ്മുടെ തുറമുഖങ്ങളിൽ അടുക്കുന്ന കപ്പലുകളുടെ എണ്ണം ൭൪൨-ൽനിന്നു ൮൩൧-ആയി വർദ്ധിച്ചു. ടണ്ണേജും വർദ്ധിച്ചിട്ടുണ്ട്. ഈയാണ്ടു ആദ്യം പതിനൊന്നു മാസത്തെ കണക്ക് ൧൧൨൮-ാമാണ്ടു ആക്കാലത്തെ കണക്കോടു താരതമ്യപ്പെടുത്തി നോക്കിയതിൽ കുരുമുളക്, ഇഞ്ചി, തേങ്ങ, വെളിച്ചെണ്ണ, കയറ് എന്നിവയുടെ കയററുമതി വർദ്ധിച്ചിട്ടുണ്ടെന്നും തേയില, കൊപ്ര എന്നീ

വയുടെ കയററുമതിയിൽ അല്പം കുറവുണ്ടെന്നും കാണുന്നു. കൊപ്രയുടെ കയററുമതിയിൽ വന്നിട്ടുള്ള കുറവു വെളിച്ചെണ്ണയുടെ കയററുമതിയിലുള്ള വർദ്ധനവുകൊണ്ടു നികന്നു അധികമായിട്ടുണ്ട്.

൧൦. കമ്മട്ടം—ഇപ്പോഴത്തെ രൂപത്തിലുള്ള വെള്ളിനാണയങ്ങൾ അടിച്ചിറക്കാൻതുടങ്ങിയ ൧൦൨൭ മുതൽ താഴെ കാണിച്ച വിലയ്ക്കുള്ള നാണയങ്ങൾ അടിച്ചിറക്കിട്ടുണ്ട്.

	വില രൂപ ലക്ഷം.
അരരൂപ നാണയങ്ങൾ	൧·൬൦
കാൽരൂപ ടി	൧·൬൦
പണം	൪·൬൧
ആകെ	൭·൬൭

ഇത്രയും നാണയങ്ങൾ അടിച്ചിറക്കീട്ടും ഒടുവിൽകിട്ടിയ കണക്കുപ്രകാരം ഖജനാവുകളിൽ ഇപ്പോൾ ബാക്കിയിരുപ്പുള്ള ഈ നാണയങ്ങളുടെ വില ൧·൩൭ ലക്ഷം രൂപമാത്രമാണ്. അതുകൊണ്ടു രണ്ടുലക്ഷംരൂപ വിലയ്ക്കുള്ള പുതിയ നാണയങ്ങൾ അടിച്ചിറക്കാൻ ആലോചിച്ചിട്ടുണ്ട്. ഇതുകൊണ്ടു ൧·൧൬ ലക്ഷം രൂപ ലാഭമുണ്ടാകുമെന്നാണ് പ്രതീക്ഷ.

൧൧. തീവണ്ടി—തന്നാണ്ടത്തെ എസ്റ്റിമേററു ഒരു ലക്ഷം രൂപ ആണെങ്കിലും മൂന്നാംവകുപ്പിൽ വിവരിച്ച കാരണത്താൽ വരുന്നയാണ്ടത്തെ തീവണ്ടിവരവു അരലക്ഷം രൂപമാത്രമായിരിക്കുമെന്നാകുന്നു എസ്റ്റിമേററു ചെയ്തിട്ടുള്ളതു.

൧൨. ആദായനികുതി—ഈയാണ്ടത്തെ വ്യാപാരമാന്ദ്യംനിമിത്തം ആദായനികുതി പ്രധാനമായി കച്ചവടത്തിലും വ്യവസായങ്ങളിലുംനിന്നുള്ളതു വരുന്നയാണ്ടിൽ ·൩൭ ലക്ഷം രൂപ കുറവായിരിക്കുമെന്നാണ് പ്രതീക്ഷ.

൧൩. വനം—പല ഇനങ്ങളിൽനിന്നുള്ള വരവിനെ ആസ്പദമാക്കി, ൧൧൦൩-ൽ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിട്ടുള്ള വനംവക വരവു ൧൬·൩൩ ലക്ഷം രൂപയാകുന്നു. തന്നാണ്ടിൽ പ്രതീക്ഷിച്ചിരുന്ന സംഖ്യ ൧൩·൨൩ ലക്ഷം രൂപയാണ്. കുറവുണ്ടാകുമെന്നു വിചാരിക്കുന്നതു "രാജകീയവൃക്ഷങ്ങളും കട്ടമരങ്ങളും—ഗവണ്മെന്റുമുഖാന്തരമൊ കച്ചവടക്കാരൊ വനങ്ങളിൽനിന്നു വെട്ടിയെടുക്കുന്നതു" എന്ന ഇനത്തിലാണ്.

മുതലെടുപ്പിൽനിന്നുള്ള ചെലവ്.

൧൪. വരുന്നയാണ്ടിൽ സാധാരണ മുതലെടുപ്പിൽനിന്നു ചെലവാകുമെന്നു കണക്കാക്കീട്ടുള്ള സംഖ്യ ൨൪൨·൭൭ ലക്ഷം രൂപയാണ്. ഇതു മുജപംസംബന്ധിച്ചുള്ള ചെലവും (൪·൧൦ ലക്ഷം) ദേവസ്വത്തിയുടെ വരവുസംബന്ധിച്ചുള്ള ചെലവും (൬·൬൬ ലക്ഷം) കൂടിയ ൯·൩൦ ലക്ഷം രൂപ ഉൾപ്പെടെയുള്ള ഈയാണ്ടത്തെ ചെലവിനെക്കാൾ ൬·൬൯ ലക്ഷം രൂപ അധികമാകുന്നു. ഈ രണ്ടിനങ്ങളും കണക്കിൽനിന്നു വിട്ടുകളഞ്ഞാൽ വരുന്നയാണ്ടത്തെ ചെലവു ഈയാണ്ടത്തെ സാധാരണ ചെലവിനെക്കാൾ ൧൬·൧൯ ലക്ഷം രൂപ അധികമായിരിക്കും; ചെലവിലുള്ള ഈ കൂടുതലിനു കാരണമായ പ്രധാന ഇനങ്ങളെപ്പററി ഇനി പറയാം.

൧൫. പൊതുമരാമത്തു—മുതലെടുപ്പിൽനിന്നു ചെലവുചെയ്യാൻ ബഡ്ജററിൽ എസ്റ്റിമേററു ചെയ്തിട്ടുള്ള സംഖ്യ ൧൧·൭൬ ലക്ഷം രൂപയാകുന്നു. ഇതിൽ പ്രതിഫലംകിട്ടുന്ന കൃഷിസേചനപ്രവൃത്തികളുടെ ചെലവും ഉൾപ്പെടും. നടന്നുവരുന്ന പ്രവൃത്തികൾക്കും പുതിയ വേലകൾക്കും നീക്കിവച്ചിട്ടുള്ള തുകകളുടെ പൂർണ്ണവിവരങ്ങൾ ആയവ്യയക്കണക്കിന്റെ അനുബന്ധങ്ങളിൽ കാണിച്ചിട്ടുണ്ട്.

വേലകൾക്കു (ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും ആയുധസാമഗ്രഹികൾക്കുള്ള ചെലവും ഉൾപ്പെടുത്താതെ) ഈയാണ്ടിലും വരുന്നയാണ്ടിലും അനുവദിച്ചിട്ടുള്ള സംഖ്യകൾ താഴെ താരതമ്യപ്പെടുത്തി കാണിച്ചിരിക്കുന്നു.

സാധാരണ മരാമത്തുപണികൾ	൧൧൦൬	൧൧൦൩
	ലക്ഷം രൂപ.	
(൧) കെട്ടിടങ്ങൾ	൬·൪൮	൬·൩൮
(൨) ഗതാഗതമാർഗ്ഗങ്ങൾ	൨൩·൮൪	൨൪·൩൬
(൩) പലവക മരാമത്തുകൾ	൧·൨൦	൧·൨൩
കൃഷിസേചനസംരക്ഷണപ്രവൃത്തികൾ	൨·൧൮	൨·൦൦
പ്രതിഫലമുള്ള കൃഷിസേചനപ്രവൃത്തികൾ	·൭൩	·൭൩

മേൽകാണിച്ച സംഖ്യകളിൽനിന്നു കെട്ടിടങ്ങൾക്കുള്ള സംഖ്യ അല്പം കുറച്ചപ്പോൾ ഗതാഗതമാർഗ്ഗങ്ങൾക്കു ·൫൧ ലക്ഷം രൂപ കൂടുതലായി അനുവദിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. നടന്നുവരുന്ന വേലകൾക്കു അനുവദിച്ചിട്ടുള്ള സംഖ്യയിൽ പള്ളിവാസൽ തേറിയഞ്ചേചം റോഡിനുള്ള (റോഡിൽ കല്ലിടുന്നതിനുള്ള ൨ ലക്ഷം ഉൾപ്പെടെ) നാലു ലക്ഷം രൂപ ഉൾപ്പെടും. പുതിയ വേലകൾ എന്ന ഇനത്തിൽ മുനിസിപ്പാലിററി അതൃത്തികൾക്കു പുറമെയുള്ള സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുന്നതും ദക്ഷിണതിരുവിതാംകൂറിലെ ഗ്രാമങ്ങളിൽ കുഴൽകിണറുകൾ ഉണ്ടാക്കുന്നതും ഉൾപ്പെടും. പൊതുമരാമത്തുവക ബഡ്ജററിൽ ചന്തകൾക്കു അനുവദിച്ചിട്ടുള്ള ·൧൧ ലക്ഷം രൂപ ലാൻഡുറെവന്യൂ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള ·൪൬ ലക്ഷം രൂപയ്ക്കു പുറമെയാകുന്നു.

൧൬. വിദ്യാഭ്യാസം—വരുന്നയാണ്ടത്തെ ചെലവിനു അനുവദിച്ചിട്ടുള്ള ആകെസംഖ്യ ൬൩·൧ ലക്ഷം രൂപയാകുന്നു. ഇതു ഈയാണ്ടിൽ പ്രതീക്ഷിച്ചിട്ടുള്ളചെലവിൽ ൩·൨൩ ലക്ഷം രൂപ കൂടുതലാകുന്നു. ഈ കൂടുതലിൽ അധികഭാഗവും ഗവർണ്മെന്റുസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ൩·൬൩ ലക്ഷംരൂപയും സ്കൂളുകൾക്കുള്ള ഗ്രാന്റു ൧·൬൧ ലക്ഷംരൂപയും ആകുന്നു. ഇതുശമ്പളപരിഷ്ക്കരണം അനുവദിച്ച ൧൧൦൪ ചിങ്ങം ൧ മുതൽ അതു നടപ്പിൽവരുത്തിയ തീയതിവരെയുള്ള ശമ്പളക്കുടിശിഖ തീർക്കുന്നതിനാകുന്നു ബഡ്ജററിൽ കൊള്ളിച്ചി

ട്ടുള്ളതു. കൂടുതൽസംഖ്യയിലുള്ള ബാക്കി കോളേജുവിദ്യാഭ്യാസം (൩൨) ഇംഗ്ലീഷ്സ്കൂൾവിദ്യാഭ്യാസം (൪൩) മലയാളസ്കൂൾവിദ്യാഭ്യാസം (൧൭) (ഗ്രാൻറുകൾപ്പെടാതെ) പലവക (൪൩) എന്നീ ഇനങ്ങളിലാകുന്നു. കഴിവർഷങ്ങളിലായി തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു സാങ്കേതിക കാളേജുകളിൽ പ്രത്യേകമായി മദ്രാസ് എൻജിനീയറിങ്ങ് കാളേജിൽ പ്രവേശനം ലഭിക്കാൻ പ്രയാസമായിതീർന്നിട്ടുണ്ടു. അതുകൊണ്ടു ഒരു ഗ്രാൻറു വാങ്ങിച്ചുകൊണ്ടു ആണ്ടുതോറും കുറെ തിരുവിതാംകൂർവിദ്യാർത്ഥികളെ മദ്രാസ് എൻജിനീയറിങ്ങ് കാളേജിൽ പഠിപ്പിക്കണമെന്ന ഈ ഗവൺമെൻറു ചെയ്ത അപേക്ഷയെ മദ്രാസ് ഗവൺമെൻറു സ്വീകരിച്ചില്ല. ബെനാറീസ് സർവകലാശാലയോടുചേർന്ന ഒരു എൻജിനീയറിങ്ങ് കാളേജുണ്ടു. അവിടെ കൊടുക്കുന്ന ബിരുദങ്ങൾ ഇൻഡ്യയിൽ എവിടെയും സ്വീകരിക്കുന്നതാണു. ആ സർവകലാശാലക്കാർ ഈ ഗവൺമെൻറിനോടു പണസഹായം ചോദിച്ചപ്പോൾ അതൊരവസരമാക്കി നമ്മുടെ വിദ്യാർത്ഥികളെ അവിടെ ചേർത്തു പഠിപ്പിക്കണമെന്നു അവരോടു ആവശ്യപ്പെട്ടു. അവർ അപ്രകാരം സമ്മതിച്ചുകൊണ്ടു തുടർന്നും സർവകലാശാലയ്ക്കു പണസഹായം ചെയ്യണമെന്നു വീണ്ടും അപേക്ഷിച്ചു. അതനുസരിച്ചു സർവകലാശാലയ്ക്കു ആണ്ടുതോറും ൧൦,൦൦൦ ബ്രിട്ടീഷ്രൂപാ കൊടുക്കാൻ നിശ്ചയിക്കയും അതിന്നായി "വിദ്യാഭ്യാസം—പലവക" എന്ന ഇനത്തിൽ ൧൦,൧൭൫ രൂപാ ബഡ്ജറ്റിൽ ചേർക്കുകയും ചെയ്തിരിക്കുന്നു.

ആർട്സും സയൻസും കാളേജുകളിലും സ്ത്രീകളുടെ കാളേജിലും ശാരീരികവിദ്യാഭ്യാസം നൽകുന്നതിനു പണം അനുവദിച്ചിട്ടുണ്ടു. ഇൻഡ്യൻ സംഗീതശാസ്ത്രം പഠിപ്പിക്കുന്നതിനു ഈ സ്കൂൾവർഷാരംഭംമുതൽ ഒരു ക്ലാസ് ഏർപ്പെടുത്തുകയും അതിനു വേണ്ട പണം അനുവദിക്കയും ചെയ്തിട്ടുണ്ടു. നാട്ടുഭാഷാ സ്കൂളുകളിൽ പുതിയ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിന്നായും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പുതിയസ്കൂളുകൾ സ്ഥാപിക്കുന്നതിന്നായും ൩൦ ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടു.

൧൭. വൈദ്യസഹായവും ശുചീകരണവും— വരുന്നയാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള സംഖ്യ ൧൨.൧൩ ലക്ഷം രൂപയാണു. അതു ഈയാണ്ടത്തെ ചെലവിനെക്കാൾ ൧.൨൫ ലക്ഷം രൂപാ കൂടുതലാണു. സ്ത്രീകളുടെ വൈദ്യസഹായം സംബന്ധിച്ചു കൊല്ലം വിക്ടോറിയാ ആസ്പത്രിയിൽ പുതുതായി ഉണ്ടാക്കിയ പ്രസവവാർഡിലേക്കു ഒരു ലേഡി അസിസ്റ്റൻറുസർജനേയും അത്യാവശ്യമായികാണുന്ന ആസ്പത്രികളിലേക്കു രണ്ടു ലേഡി സബ് അസിസ്റ്റൻറുസർജന്മാരേയും നിയമിക്കുന്നതിനു പണം അനുവദിച്ചിരിക്കുന്നു. കുഷ്ഠരോഗചികിത്സയിൽ പരിശീലനം കൊടുത്തയച്ചിട്ടുള്ള ൪ സബ് അസിസ്റ്റൻറു സർജന്മാരുടെ മേലന്വേഷണത്തിനും അവരുടെ വേലയുടെ ക്രമീകരണത്തിനുമായി തൽക്കാലമായി ഒരു അസിസ്റ്റൻറുസർജനേയും പ്ലേഗുസംബന്ധിച്ച ജോലിക്കു താൽക്കാലികമായി ൩ അസിസ്റ്റൻറുസർജന്മാരേയും ൭ സബ് അസിസ്റ്റൻറു സർജന്മാരേയും നിയമിക്കുന്നതിനും ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടുണ്ടു. മദനപ്പള്ളി ക്ഷയരോഗാസ്പത്രിയിൽ തിരുവിതാംകൂർകാരായ രോഗികളെ തടസ്സംകൂടാതെ എടുത്തുവന്നു. ആ സ്ഥാപനത്തിനു ഇപ്പോൾ ആണ്ടുതോറും ൩൦൦ രൂപാ ഗ്രാൻറു കൊടുത്തുവരുന്നുണ്ടു. ആ സ്ഥാപനാധികാരികൾ നമ്മുടെ ഗവൺമെൻറിനോടു സഹായം ചോദിച്ചിരിക്കുന്നു. അവിടെ പ്രവേശനത്തിനു അപേക്ഷിക്കുന്നവരുടെ എണ്ണത്തിനു അനുരൂപമായി അവിടെ സ്ഥലമില്ലായ്കയാൽ അവർ അവിടെ കൂടുതലായി കെട്ടിടങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നു. അതിനായി കുറഞ്ഞപക്ഷം ൩൦,൦൦൦ രൂപാ ഇവിടെനിന്നു കൊടുക്കണമെന്നു അവർ അപേക്ഷിച്ചിട്ടുണ്ടു. തിരുവിതാംകൂറിലെ രോഗികളെ ഉപേക്ഷിക്കാൻ അവർക്കു ആഗ്രഹമില്ലെങ്കിലും ഇവിടെനിന്നു ഗണ്യമായ ഒരു തുക ദാനംചെയ്യാത്തപക്ഷം കെട്ടിടസഹായമായും ആണ്ടുതോറും ദാനമായും വലിയസംഖ്യകൾ മദ്രാസ് ഗവൺമെൻറു അവർക്കു കൊടുത്തുവരുന്നതുകൊണ്ടു സ്ഥലമില്ലാതെവരുമ്പോൾ മദ്രാസ് സംസ്ഥാനത്തെ രോഗികൾക്കു പ്രത്യേക ആനുകൂല്യം കൊടുക്കാതെ നിവൃത്തിയില്ലെന്നു വന്നേക്കാമെന്നും അവർ പറഞ്ഞിരിക്കുന്നു. അവിടെ ചികിത്സയിൽ ഇരുന്നവരും ഇരിക്കുന്നവരുമായ തിരുവിതാംകൂർകാരായ രോഗികളുടെ എണ്ണം ആലോചിച്ചിട്ടു ആ സ്ഥാപനത്തിനു ൧൧൩-ഉം ൧൧൪-ഉം കൊല്ലങ്ങളിൽ ൧൫,൦൦൦ രൂപാവീതം ദാനം കൊടുക്കാൻ നിശ്ചയിക്കയും അതിന്നായി വരുന്നയാണ്ടത്തെ ബഡ്ജറ്റിൽ ൧൫,൦൦൦ രൂപാ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. വെല്ലൂരിലെ സ്ത്രീകൾക്കായുള്ള മിഷ്യണറി മെഡിക്കൽസ്കൂളിൽ രണ്ടു തിരുവിതാംകൂർ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു ൧൦൯൩ ആഗസ്റ്റ് മുതൽ ആളൊന്നുക്കു ൭൦൦ രൂപാവീതം ഗ്രാൻറു കൊടുത്തുവരുന്നുണ്ടു. എന്നാൽ അവിടെ ഇപ്പോൾ ൩൦ വിദ്യാർത്ഥിനികൾ പഠിച്ചുവരുന്നുണ്ടു. ഇപ്പോൾ കൊടുത്തുവരുന്ന ഗ്രാൻറു ഈ സംസ്ഥാനത്തെ വിദ്യാർത്ഥിനികൾക്കു ലഭിച്ചുവരുന്ന ഗുണത്തിനു അനുരൂപമല്ലെന്നു ആ സ്കൂൾ അധികാരസ്ഥന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇപ്പോഴത്തെ ഗ്രാൻറിൻെറ കാലാവധി അവസാനിക്കാറായിരിക്കയാൽ ൪ വർഷംകൂടി ആണ്ടുതോറും ൧൦൦൦ രൂപാവീതം ഗ്രാൻറു കൊടുക്കാൻ ആലോചിച്ചിട്ടുണ്ടു. ൧൧൩-ൽ ഈ ഗ്രാൻറു കൊടുക്കുന്നതിനു ൧൦൦൦ രൂപാ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നു.

൧൮. ആയുർവേദഡിപ്പാർട്ടുമെൻറു പരിഷ്കരിച്ചു ആയുർവേദഡയറക്ടർക്കുപകരം ആയുർവേദ ഇൻസ്പെക്ടരും ആയുർവേദകാളേജ് പ്രിൻസിപ്പാലും ൩ അനൗദ്യോഗസ്ഥ ആയുർവേദവൈദ്യന്മാരും അടങ്ങിയ ഒരു അഡ്വൈസറിബോർഡു രൂപീകരിക്കാൻ തീർച്ചയാക്കീട്ടുണ്ടു. ഈ ബോർഡു ഡിപ്പാർട്ടുമെൻറിൻെറ നയത്തെയും ജോലിയുടെ ക്രമീകരണത്തെയും സംബന്ധിച്ചു ഗവൺമെൻറിനെ ഉപദേശിക്കയായിരിക്കും. ഇതേവരെ ആയുർവേദഡയറക്ടർ വഹിച്ചിരുന്ന അധികാരങ്ങളും ജോലികളും അവരവരുടെ ആധീനത്തിൽ വെക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആയുർവേദഇൻസ്പെക്ടരും ആയുർവേദകാളേജ് പ്രിൻസിപ്പാലും വഹിക്കുന്നതായിരിക്കും. നാഗർകോവിൽ ആയുർവേദആസ്പത്രിക്കു ൧൧൩ ചിങ്ങം ൧-നു മുതൽ സഹായധനം കൊടുക്കുന്നതിനു ൭൫൦ രൂപാ "ഗ്രാൻറു" എന്ന ഇനത്തിൽ അനുവദിച്ചിട്ടുണ്ടു.

൧൯. സാനിറ്ററി (ശുചീകരണം) എന്ന ഇനത്തിൽ ൧൦൮-ൽ താൽക്കാലികമായി സ്ഥാപിച്ച ൩ കൺസർവൻസി സ്റ്റേഷനുകൾ സ്ഥിരമാക്കുന്നതിനും ഓച്ചിറയും മണമ്പൂരും ൨ പുതിയസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും വാക്സിനേറ്റർമാർക്കും കൺസർവൻസി ഓവർസീയർമാർക്കും വിഷാണുനാശകസാമഗ്രികൾ കൊടുക്കുന്നതിനും ഒരു പുതിയ സംഘം വാക്സിനേറ്റർമാരെ പരിശീലിപ്പിക്കുന്നതിനും വേണ്ടുന്നപണവും ഈ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടു.

പൊതുജനാരോഗ്യകാര്യങ്ങളിൽ ഗവൺമെന്റിന്റെ ഉപദേഷ്ടാവായ ഡാക്ടർ ജാക്കോക്സ് സമർപ്പിച്ച വ്യവസ്ഥ നടപ്പിൽവരുത്തുന്നതിനു ൧൭ ലക്ഷംരൂപ അനുവദിച്ചിട്ടുണ്ടു. ആവ്യവസ്ഥപ്രകാരം ഈയാണ്ടിൽ ചെയ്യേണ്ടുന്ന ജോലിവിവരം താഴെ കാണിച്ചുവയ്ക്കുന്നു.

(൧) ആഫീസ് ഉദ്യോഗസ്ഥന്മാരുടെ നിയമനം.
(൨) കൊക്കപ്പുഴുസർവെ.
(൩) മലമ്പനി സർവെ.
(൪) മലമ്പനി, മന്തു, പ്ലേഗു ഇവയുടെ ഉത്ഭവപരിശോധന.
(൫) പൊതുജനാരോഗ്യത്തെപ്പററി ഉപദേശംനൽകുക
(൬) ഗർഭരക്ഷയും ശിശുപരിപാലനവും
(൭) ആരോഗ്യപ്രവൃത്തികൾ ആരംഭിക്കുന്നതിനു സ്ഥലങ്ങൾ തിരഞ്ഞെടുക്കയും ആളുകളെ പരിശീലിപ്പിക്കുകയും.

[illegible] (൧)—൩, (൨)—൫, (൬)—ാം ഇനങ്ങളും ൪—ാംഇനത്തിൽ [illegible] നടപ്പിൽ വരുത്തിയിട്ടുള്ളൂ. [illegible] ഉള്ളൂ. [illegible] ഇടങ്ങിയ [illegible] ആരംഭിക്കുന്നതിനും ആകുന്നു

൨൦. സൈന്യച്ചെലവു പുതിയ എസ്റ്റിമേററുപ്രകാരമുള്ള സംഖ്യയെക്കാൾ ൧൦ ലക്ഷംരൂപ അധികമായിരിക്കുമെന്നാണു കാണുന്നതു. ഇതിനു കാരണം രണ്ടാംപട്ടാളം ഉദ്യോഗസ്ഥന്മാർക്കും പട്ടാളക്കാർക്കും ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു ൧൭ ലക്ഷം രൂപയും യുദ്ധസാമഗ്രികൾ വാങ്ങുന്നതിനു ൨൭ ലക്ഷം രൂപയും ഉടുപ്പുവാങ്ങുന്നതിനു ൨൦ ലക്ഷംരൂപയും മഹാരാജാവുതിരുമനസ്സിലെ കുതിരപ്പട്ടാളത്തിനു കുതിരയെവാങ്ങാൻ ൧൦ ലക്ഷം രൂപയും അനുവദിച്ചതാണു.

൨൧. പൊലീസ് ഡിപ്പാർട്ടുമെൻറുവക ചെലവിനു ൩൨ ലക്ഷംരൂപാ കൂടുതലായി അനുവദിച്ചിട്ടുണ്ടു. പൊലീസ്ഹെഡ്ക്വാട്ടർ ആഫീസിലേയും ഡിസ്ട്രിക്ട്പോലീസ് ആഫീസുകളിലേയും മോട്ടോർവകുപ്പിലെതൽക്കാലസിൽബന്തികളെവരുന്നയാണ്ടുംവെച്ചുകൊണ്ടിരിക്കുന്നതിനു പുറമെ വാഹനനിയന്ത്രണജോലിയുടെ വർദ്ധനവുനിമിത്തം രണ്ടാംഗ്രേഡു ഇൻസ്പെക്ടരേയും ഒരുഹെഡ്കൺസ്റ്റബ്ളിനേയും കൂടുതലായി നിയമിക്കുന്നതിനും കൺസ്റ്റബിൾമാരുടെകുറഞ്ഞശമ്പളവും കൂടിയശമ്പളവും ൯-ൽനിന്നു ൧൧ രൂപയും ൧൩-ൽനിന്നു ൧൪ രൂപയും ആയി വർദ്ധിക്കുന്നതിനു വാഹനനിയന്ത്രണജോലിയും മററുജോലികളും വർദ്ധിക്കനിമിത്തം ഒടുവിലത്തെഗ്രേഡിൽ ൧൦൦ കൺസ്റ്റബിൾമാരെ പുതിയതായി നിയമിക്കുന്നതിനും ബഡ്ജററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു.

൨൨. ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകളിലും ൭൧ ലക്ഷംരൂപാ കൂടുതലാണു. ഇതിൽ ൩൦ ലക്ഷം രൂപാ ൧൧൩—ാമാണ്ടു ജനസംഖ്യകണക്കെടുക്കുന്നതിനെ സംബന്ധിച്ചാണു. പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിലേക്കുള്ള ബഡ്ജററിൽ സിൽബന്തികളുടെ എണ്ണവും ശമ്പളവും വർദ്ധിപ്പിക്കുന്നതിനും ഇപ്പോഴുള്ളതാൽക്കാലഇൻസ്പെക്ടർമാർക്കു പുറമെ ഇനിയുംചില തൽക്കാലഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും പണം അനുവദിച്ചിട്ടുണ്ടു. പരസ്പരസഹായസംഘം പരിശോധനാസംഘങ്ങൾ സംബന്ധിച്ചും പരസ്പരസഹായസംഘസമ്മേളനങ്ങൾ സംബന്ധിച്ചും അധകൃതവർഗ്ഗക്കാരുടെ സംഘങ്ങൾ വക ഗ്രൂപ്പുസെക്രട്ടറിമാർക്കുംധനസഹായംചെയ്യുന്നതിനു ബഡ്ജററിൽ പണം അനുവദിച്ചിട്ടുണ്ട്.

൨൩. സാമാന്യഭരണംസംബന്ധിച്ചും ഇംഗ്ലീഷു നാട്ടുഭാഷയും റിക്കാർഡിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരെ ഇനിയുംവെച്ചുകൊണ്ടിരിക്കുന്നതിനു പുറമെ അക്കൌണ്ടാഫീസിൽ അസിസ്റ്റന്റുമാരെ കൂടുതലായി നിയമിക്കുന്നതിനും പണം അനുവദിച്ചിട്ടുണ്ടു. ഉദ്ദേശം ൭൦൦ ഗവർണ്മെന്റുജീവനക്കാർക്കു സ്ഥിരശമ്പളത്തിനുപകരം സ്കേൽശമ്പളം അനുവദിച്ചതുനിമിത്തമുണ്ടായിട്ടുള്ള കൂടുതൽജോലി ചെയ്യുന്നതിനു ഈ ക്ലാർക്കന്മാർ ആവശ്യമായി വന്നിട്ടുള്ളതാണ്. നിയമസഭയിലേക്കു ൧൧൩—ൽനടത്താനുള്ളമെമ്പർമാരുടെ തിരഞ്ഞെടുപ്പു സംബന്ധിച്ചു രജിസ്ട്രേഷൻ ആഫീസ് ഉദ്യോഗസ്ഥന്മാരെയും സിൽബന്തികളേയുംനിയമിക്കുന്നതിനു ൧൦ ലക്ഷം രൂപയും ബഡ്ജററിൽ ചേർത്തിട്ടുണ്ടു.

൨൪. നീതിന്യായഭരണം ഹൈക്കോടതിയിലെ രണ്ടാംബഞ്ചും എല്ലാ താൽക്കാലികജഡ്ജിമാരുടേയും മുൻസിഫ്മാരുടേയും കോടതികളും ആലപ്പുഴയ്ക്കു പുതിയതായി അനുവദിച്ചിട്ടുള്ളതുൾപ്പെടെ എല്ലാസർക്കാർ വക്കീൽ ആഫീസുകളും വരുന്നയാണ്ടിലും തുടർന്നുകൊണ്ടുപോകുന്നതിന് വ്യവസ്ഥയുണ്ടാക്കീട്ടുണ്ടു. സിവിൽ കോടതികളിലെ വ്യവഹാരങ്ങളുടെതീർച്ചയ്ക്കുള്ള താമസത്തെപ്പററി അന്വേഷിക്കുന്നതിന് നിയമിച്ചിട്ടുള്ള കമ്മീഷണരുടെ ആഫീസ ൧൧൦൩ ധനു ൧൩—നു വരെ വെച്ചുകൊണ്ടിരിക്കുന്നതിനും ൧൧൦൩—ൽ ജോലി വർദ്ധിക്കാനിടയുള്ളതുകൊണ്ടു സിൽബന്തികളുടെഎണ്ണം സ്വല്പം വർദ്ധിപ്പിക്കുന്നതിനും പണം അനുവദിച്ചിട്ടുണ്ടു.

൨൫. പരിപോഷകഡിപ്പാർട്ടുമെൻറിലെ ചെലവിനുംകൂടുതൽപണംഅനുവദിച്ചിട്ടുണ്ടു. ഇതിൽ ൨൨ ലക്ഷംരൂപ കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറുകളിലേക്കാണ്. കൃഷിഡിപ്പാർട്ടുമെൻറിൽ ദക്ഷിണതിരുവിതാംകൂറിലെഉൾനാടിലങ്ങളുടെപരിശോധനയ്ക്കാവശ്യമായസാമഗ്രികൾ വാങ്ങുന്നതിനും കൃഷിബാക്ടീരിയാളജിസ്റ്റിനു അമേരിക്കയിൽപോയി കൃഷിയും ബയോകെമിസ്റ്റ്രിയും പഠിച്ചുവരുന്നതിനു രണ്ടുവർഷത്തെ അവധി കൊടുക്കുന്നതിനും ഉഴവു പരീക്ഷണങ്ങൾ നടത്തിക്കാണിക്കുന്നതിനു ൪ കുതിര ശക്തിയുള്ള രണ്ടുകലപ്പകൾ വാങ്ങുന്നതിനും ചില താലൂക്കുകളിൽ തെനിവർദ്ധിപ്പിക്കുന്ന കൃഷിനടത്തി കാണിക്കുന്നതിന് നിയമിച്ചിട്ടുള്ള മൂന്നു ഇൻസ്പെക്ടർമാരേയും സിൽബന്തികളേയും വരുന്നയാണ്ടുംവെച്ചുകൊണ്ടിരിക്കുന്നതിനും ആലുവായിലെയും കൊട്ടാരക്കരയിലേയും കൃഷിവിദ്യാലയങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനും കോന്നിയിൽ കാപ്പിത്ത

യകൃഷിവിദ്യാലയംസ്ഥാപിക്കുന്നതിനും ആകുന്നു കൂടുതൽപണം അനുവദിച്ചിട്ടുള്ളതു മത്സ്യവ്യവസായവകുപ്പിൽ കൂടുതൽപണം അനുവദിച്ചിട്ടുള്ളതു ഉൾക്കടൽമത്സ്യവ്യവസായത്തിന്റെ പരിപോഷണത്തിന് രണ്ടു ഫിഷ്ക്യൂറിങ്ങ് യാഡുകൾ (ഉണക്കുന്നസ്ഥലങ്ങൾ) പുതുതായിസ്ഥാപിക്കുന്നതിനും മുക്കുവരുടെ വസതികളിലെ ശുചീകരണസ്ഥിതി നന്നാക്കുന്നതിനും ആകുന്നു.

നമ്മുടെകൊന്നകൊണ്ടു പാകപ്പെടുത്തിയ തുകലിന് ഇംഗ്ലണ്ടിൽ നല്ല ചെലവുണ്ടാകുമെന്നു ലണ്ടനിലെ ഇമ്പീരിയൽ ഇൻസ്റ്റിട്യൂട്ടിന്റെ റിപ്പോർട്ടു കിട്ടുകയാൽ അവിടത്തെസ്ഥിതി അറിയുന്നതിനായി പരീക്ഷണാർത്ഥം കുറെ തുകൽ അയക്കാൻ ആലോചിക്കുന്നുണ്ടു. അതിനുവേണ്ടുന്നപണം വ്യവസായഡിപ്പാർട്ടുമെന്റിൽ നിന്നു അഡ്വാൻസായി ചെലവുചെയ്തിട്ടു തുകൽവിററുകിട്ടുന്ന പണത്തിൽ നിന്നു ആ അഡ്വാൻസ് തിരികെ എടുക്കും.

൨൬. അഞ്ചൽ. ൧൧൦൬-ലേക്കു അനുവദിച്ചിട്ടുള്ള സംഖ്യയിൽ അഞ്ചൽ ശിപായിമാരുടെ കുറഞ്ഞ ശമ്പളവും കൂടുതൽ ശമ്പളവും യഥാക്രമം ൯-ൽനിന്നു ൧൦ രൂപയായും ൧൩-ൽനിന്നു ൧൫ രൂപയായും വർദ്ധിപ്പിക്കുന്നതിനും ഓരോ ഗ്രേഡിലുംഉള്ള ശിപായിമാരുടെ എണ്ണം ഉദ്യോഗക്കയററം കൊടുക്കാൻ സൌകര്യപ്രദമാകുംവണ്ണം ഭേദപ്പെടുത്തുന്നതിനും വേണ്ട പണം ഉൾപ്പെടുത്തീട്ടുണ്ടു.

൨൭. ബഡ്ജററിൽ പണം അനുവദിച്ചിട്ടുള്ള മററു ചില പ്രധാന പദ്ധതികൾ താഴെ പ്രസ്താവിച്ചവയാകുന്നു.

ലാൻഡ്‌റവന്യൂ. ചാക്ക—തമ്പാനൂർ റെയിൽവേ പാത സംബന്ധിച്ചും തിരുവനന്തപുരം ജലവിതരണപദ്ധതിസംബന്ധിച്ചും ഭൂമികൾ എടുക്കുന്നതിനെസംബന്ധിച്ചുള്ള ജോലിക്കു തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽ കൂടുതൽ സിൽബന്തികളെ നിയമിക്കുന്നതിനും (ഈ ചിലവു ഒടുവിൽ മൂലധനത്തിൽ കണക്കെഴുതുന്നതാണ്) ചില താലൂക്കിലെ വലിയ മെനർ സർക്കിളുകൾ സബ്‌ഡിവിഷൻ ചെയ്യുന്നതിനു താൽക്കാലികമായി ആളുകളെ നിയമിക്കുന്നതിനും പത്തനംതിട്ട താലൂക്കിൽ ൧൩൫ മൈൽ കുടിയാൻ റോഡുകൾ സർവേചെയ്തു അടയാളപ്പെടുത്തുന്നതിനു പ്രത്യേക സർവേക്കാരെ നിയമിക്കുന്നതിനും തിരുവനന്തപുരം സെൻട്രൽ സർവ്വേ സ്കൂളിൽ ഒരു തിയോഡലൈററ്ശാഖ ഏർപ്പെടുത്തുന്നതിനും പണം അനുവദിച്ചിട്ടുണ്ടു.

എക്സൈസ്. പീരുമേട്ടു എക്സൈസ് റേഞ്ചിലേക്കു കൂടുതൽ സിൽബന്തികളെ നിയമിക്കുന്നതിനും ചങ്ങനാശ്ശേരിയിൽ ലോക്കൽ ആപ്ഷൻ ഏർപ്പെടുത്തിയതിനെസംബന്ധിച്ചു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും പണം അനുവദിച്ചിട്ടുണ്ടു.

വനം. കുടിയാൻവക ഭൂമികളിൽനിന്നു രാജകീയവൃക്ഷങ്ങൾ മുറിച്ചെടുത്തതിനു കുടിവിചകേസുകൾ തീർച്ചയാക്കുന്നതിനുള്ള പ്രത്യേക ഉദ്യോഗങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനു വനംവക ബഡ്ജററിൽ പണം ഉൾപ്പെടുത്തീട്ടുണ്ടു.

൨൮. ബാങ്കിങ്ങ് അന്വേഷണക്കമ്മിററി. ഇൻഡ്യയിലെ ബാങ്കുകളുടെ ജോലിനിർവഹണസ്ഥിതിയെപ്പററി അന്വേഷണം നടത്തണമെന്നു നിശ്ചയിച്ചപ്പോൾ ഇവിടെയും അങ്ങനെയൊരു അന്വേഷണം നടത്തിയാൽ കൊള്ളാമെന്നു ഇൻഡ്യാ ഗവർമ്മെന്റ നമ്മേയും അറിയിച്ചു. ആ അഭിപ്രായം അനുസരിച്ചു തിരുവിതാംകൂറിലെ ബാങ്കിങ്ങ്ജോലിയുടെ സ്ഥിതിയെപ്പററി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ൧൧൦൫ ധനുമാസത്തിൽ ഇവിടെയും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിററിയെ നിയമിച്ചു. കൃഷിക്കാർ എത്രത്തോളം കടക്കാരാണെന്നു നിർണ്ണയിക്കുന്നതിനു ചില മാതൃകാഗ്രാമങ്ങൾ തിരഞ്ഞെടുത്തു അവിടെ കൃഷിക്കാരുടെ സ്ഥിതിയെപ്പററിയും കച്ചവടങ്ങളുടെ സ്ഥിതി അറിയുന്നതിനു പട്ടണങ്ങളിലെ കച്ചവടങ്ങളെപ്പററിയും പൂർണ്ണമായ അന്വേഷണങ്ങളുടെ നടത്തണമെന്നും ആ കമ്മിററിയോടു ആവശ്യപ്പെട്ടു. ഈ രാജ്യത്തെ കൃഷിക്കാരുടെ കടത്തിനു ഒരുവിധം പരിഹാരമുണ്ടാക്കുന്നതിനു തിരുവിതാംകൂറിൽ ഒരു ലാൻഡ്‌മോർട്ടുഗേജ് ബാങ്കിന്റെ രൂപീകരണത്തെപ്പററിയും വ്യാപാരസൌകര്യങ്ങളും ബാങ്ക് സ്ഥാപനസൌകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനെപ്പററിയും ചിട്ടിയും പരസ്പരസഹായവും കമ്പനിയുംറഗുലേഷനുകളിൽ ഭേദഗതികൾ ഉണ്ടാക്കുന്നതിനെപ്പററിയും നിർദ്ദേശങ്ങൾ തരികയാകുന്ന ഈ കമ്മിററിയുടെ ചില പ്രധാനജോലികൾ. ൧൦൯൬-ലെ ൯-ാംനമ്പർ കൃഷിവായ്പ റഗുലേഷൻ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നുള്ളതിനെപ്പററിയും കമ്മിററി തെളിവു ശേഖരിക്കുന്നുണ്ട്. കമ്മിററിയുടെ റിപ്പോർട്ടു ൧൧൦൬ കന്നിമാസാവസാനത്തോടുകൂടെ തെയ്യാറാകുമെന്നാണ് പ്രതീക്ഷ.

൨൯. പെട്രോൾ തീരുവ. ഇൻഡ്യാ ഗവർമ്മെന്റ നിയമിച്ച ഇൻഡ്യൻ റോഡ് ഡെവലപ്പ്മെന്റ കമ്മിററി പെട്രോൾ തീരുവ ഗാലൻ ഒന്നിനു ൪ അണയിൽ നിന്നു ൬ അണയായി വർദ്ധിപ്പിക്കണമെന്നും അങ്ങനെ കൂടുതൽ കിട്ടുന്ന തീരുവ അതാതു രാജ്യത്തെ പെട്രോൾ ചെലവനുസരിച്ചു നാട്ടുരാജ്യങ്ങൾക്കും വീതിച്ചുകൊടുക്കണമെന്നും ശിപാർശചെയ്തു. ഈ ശിപാർശ അനുസരിച്ചു ഇൻഡ്യാ ഗവർമ്മെന്റ ൧൯൨൯ ഏപ്രിൽ ൧-ാം മുതൽ പെട്രോൾ തീരുവ വർദ്ധിപ്പിച്ചു. ഇതിൽ നമുക്കു കിട്ടേണ്ടുന്ന ഓഹരിയെപ്പററി എഴുത്തുകുത്തു നടന്നുവരുന്നു.

സാധാരണ മുതലെടുപ്പിൽനിന്നല്ലാത്ത മൂലധനച്ചെലവു.

൩൦. തീവണ്ടി— ചാക്ക—തമ്പാനൂർ എക്സ്റ്റൻഷൻ. ചാക്കയിൽനിന്നു തമ്പാനൂർ വരെ തീവണ്ടി നീട്ടുന്നതിനു ഈയാണ്ടവസാനംവരെയുള്ള ആകെ ചെലവു ൧൦.൬൭ ലക്ഷം രൂപയായിരിക്കുമെന്നാണ കണക്കാക്കീട്ടുള്ളതു്. ഇതിനനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧൯.൧൭ ലക്ഷം രൂപയിൽ ബാക്കിയുള്ളതു ൧൧൦൬-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തീവണ്ടിപ്പാത നീട്ടുന്നതിനാവശ്യമുള്ള ഭൂമികൾ സർക്കാരിലേക്കു എടുത്തുകഴിഞ്ഞു. അതുകൊണ്ടു അതിന്നായി നിയമിച്ചിട്ടുള്ള പ്രത്യേക ലാണ്ട് അക്വിസിഷൻ ഉദ്യോഗസ്ഥനെയും സിൽബന്തികളേയും ഈയാണ്ടവസാനത്തിൽ പിരിച്ചുവിടുന്നതാണ്. പൂർത്തിയാകാതെയുള്ള ജോലികളും പുതിയ ജോലികൾ വല്ലതും ഉണ്ടായാൽ അതും തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽ പുതുതായി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ലാണ്ട്‌റവന്യൂ ഡിപ്പാർട്ടുമെന്റു ചെയ്തുതീർക്കണമെന്നാണ നിശ്ചയിച്ചിട്ടുള്ളതു്.

കൊല്ലം–തിരുവനന്തപുരം തീവണ്ടി. ഈ പാതയിൽ ബഡ്ജറ്റിന്റെ (ജി) അനുബന്ധത്തിൽ വിവരിച്ച പ്രകാരമുള്ള മൂലധനത്തിൽ നിന്നു ചെലവു ചെയ്യുന്ന വേലകൾക്ക് ·൫൭ ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്.

൩൧. തിരുവനന്തപുരം ജലവിതരണപദ്ധതി. ഇതിനെ സംബന്ധിച്ച അടിയന്തിരജോലികൾക്കു വകവച്ചിട്ടുള്ള ൪൩.൨൨ ലക്ഷം രൂപയിൽ ൧൧൦൮–ാമാണ്ടവസാനം വരെ ൧൭.൪൩ ലക്ഷം രൂപ ചെലവാകുമെന്നാണു പ്രതീക്ഷിച്ചിട്ടുള്ളതു. ജോലി ക്രമമായി നടന്നുവരുന്നു. പ്രധാനവഴിക്കുള്ള കുഴലുകൾ അതാതിന്റെ സ്ഥാനത്തു എത്തിക്കുന്ന ജോലി ഈയാണ്ടവസാനത്തിനു മുമ്പായി പൂർത്തിയാകുമെന്നു വിശ്വസിക്കുന്നു. കുഴലുകൾ സ്ഥാപിക്കാനുള്ള തോടുകളുടെയും ആവശ്യമുള്ളേടത്തു തുരങ്കങ്ങളുടെയും പണികൾ ആരംഭിച്ചുനടന്നുവരുന്നു. അരുവിക്കരെ അണയ്ക്കുള്ള അസ്ഥിവാരം കല്ലുപൊളിച്ചു കുഴിച്ചുകഴിഞ്ഞു. വെള്ളയമ്പലത്തിലെ ജലാലയത്തിനുള്ള സ്ഥലം തിരപ്പുവരുത്തിയും ചാലുകൾ ഉണ്ടാക്കിയും മിക്കവാറും ഒരുക്കിക്കഴിഞ്ഞു. ഫിൽറ്റർഹൌസിന്റെ (വെള്ളം അരിച്ചെടുക്കുന്നതിനുള്ള കെട്ടിടം) പണിക്കാവശ്യമുള്ള സാമാനങ്ങൾ കൺട്രാക്ടർമാർ ശേഖരിച്ചു കൊണ്ടുവരുന്നുണ്ട്. അരിപ്പു യന്ത്രങ്ങൾക്കുള്ള സാമഗ്രികൾ അതിന്റെ കൺട്രാക്ടർമാർ എത്തിച്ചു കഴിഞ്ഞു. ഫിൽറ്റർഹൌസ് തയ്യാറായാലുടനെ അവർ അവരുടെ ഉടമ്പടിപ്രകാരം ആ യന്ത്രങ്ങൾ സ്ഥാപിക്കുന്നതാണ്. നക്ഷത്രബംഗ്ലാവു കുന്നിൽ ഉയർന്നസ്ഥലത്തുള്ള ജലാശയം സംബന്ധിച്ചുള്ള പ്രാരംഭജോലികളും നടന്നുവരുന്നു. നഗരത്തിലെ ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനുള്ള സർവേയും പൂർത്തിയായിട്ടുണ്ട്.

വരുന്നയാണ്ടത്തെ പണികൾ വകക്കു അനുവദിച്ചിട്ടുള്ള ൧൭.൩൬ ലക്ഷം രൂപ താഴെ വിവരിച്ചപ്രകാരമുള്ള ചെലവിനാണ്.

(൧)	ഭൂമിക്കു പൊന്നുംവില	·൩൬	ലക്ഷം രൂപ
(൨)	അരുവിക്കര അണ, ഹെഡ്‌വർക്ക്സ്കളും	൨·൦൪	ടി
(൩)	പ്രധാന കുഴൽവഴി	൧·൫൦	ടി
(൪)	ജലശുചീകരണം, ഫിൽറ്റർഹൌസ് മുതലായവ	൨·൨൦	ടി
(൫)	ജലാശയങ്ങളും ജലസ്തംഭങ്ങളും	൧·൩൦	ടി
(൬)	നഗരത്തിൽ വിതരണത്തിനു കുഴലുകൾ	൮·൭൫	ടി
(൭)	പണിയായുധങ്ങളും മറ്റും	൧·൨൦	ടി
(൮)	മററു ചില്ലറവേലകൾ	·൦൧	ടി
	ആകെ	൧൭·൩൬	ടി

൩൨. തിരുവനന്തപുരം വൈദ്യുതശക്തിയും ദൂരശ്രവണയന്ത്രവും പദ്ധതികൾ.

വൈദ്യുതശക്തിവിതരണം—ആദ്യത്തെ വ്യവസ്ഥപ്രകാരം ൨൩ മൈൽ മുകളിൽക്കൂടെയുള്ള കമ്പിയും നാലര മൈൽ മണ്ണിനടിയിൽക്കൂടെയുള്ള കമ്പിയും ൧൦൦൦ റോഡുവിളക്കുകളും ൪ സബ്സ്റ്റേഷനും ൩ കൂട്ടം വൈദ്യുതശക്തിജനിപ്പിക്കുന്ന യന്ത്രങ്ങളും വേണമെന്നായിരുന്നു നിശ്ചയിച്ചിരുന്നതു. ഇതിനു ൪.൩൦ ലക്ഷം രൂപ ചെലവാകുമെന്നും കണക്കാക്കിയിരുന്നു. എസ്റ്റിമേറ്റിൻപ്രകാരം ഈ വേലകളെല്ലാം മിക്കവാറും പൂർത്തിയാക്കി. എങ്കിലും ചില വേലകൾ ബാക്കിയുള്ളതുതീർക്കാൻ വരുന്നയാണ്ടത്തെ ബഡ്ജറ്റിൽ ൧൦,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ട്. വൈദ്യുതശക്തിക്കു ആവശ്യം വർദ്ധിച്ചുവരുന്നതുകൊണ്ടു ൩൭ മൈൽ മുകളിൽക്കൂടെയുള്ള കമ്പിയും ൪ മൈൽ മണ്ണിനടിയിൽക്കൂടെയുള്ള കമ്പിയും ൨൦൦ റോഡുവിളക്കുകളും രണ്ടു സബ്സ്റ്റേഷനും കൂടുതൽ ശക്തിജനിപ്പിക്കുന്ന ഒരു യന്ത്രവും കൂടുതലായി ൧.൩൪ ലക്ഷംരൂപ ചെലവിന്മേൽ ഉണ്ടാക്കുന്നതിനു അനുവദിച്ചിരുന്നു. യന്ത്രം വന്നുചേർന്നു; ഇപ്പോൾ അതു സ്ഥാപിച്ചുവരുന്നു. രണ്ടാമത്തെ എസ്റ്റിമേറ്റിൻപ്രകാരമുള്ള ആറു മൈൽ ഉപരിഭാഗം കമ്പിയിൽ മൂന്നര മൈൽ കമ്പിയിട്ടുകഴിഞ്ഞു. മണ്ണിനടിയിൽക്കൂടെയുള്ള കമ്പിയും മുഴുവനും സ്ഥാപിച്ചുകഴിഞ്ഞു. ഈ എസ്റ്റിമേറ്റിൻപ്രകാരമുള്ള വേലകൾ ൧൧൦൯ തുലാമാസത്തിൽ ചെയ്തുതീരുമെന്നാണ് പ്രതീക്ഷ. വരുന്നയാണ്ടത്തെ ബഡ്ജറ്റിൽ പൂർത്തിയാകാത്തവേലകൾ എന്ന ഇനത്തിൽ ·൮൦ ലക്ഷംരൂപാ അനുവദിച്ചിട്ടുമുണ്ട്. വൈദ്യുതശക്തിക്കുള്ള ആവശ്യക്കാർ വർദ്ധിച്ചുവരുന്നതുകൊണ്ടു ഇനിയും ഉപരിഭാഗംകമ്പി ൩൭ മൈൽദൂരവും നിലത്തിനടിയിൽക്കൂടി ഒരു മൈൽ ദൂരവും കമ്പിയിടുന്നതിനും ബഡ്ജറ്റിന്റെ ൧–ാം അനുബന്ധത്തിൽ വിവരിച്ചിട്ടുള്ള മററുചില വേലകൾക്കുംകൂടി ·൩൦ ലക്ഷം രൂപ പുതിയവേലകൾ എന്നഇനത്തിൽ ചേർത്തിട്ടുണ്ട്. വൈദ്യുതശക്തിവിതരണം സംബന്ധിച്ച ൧൧൦൩–ാമാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧.൫൦ ലക്ഷംരൂപയാകുന്നു. ഈ പദ്ധതിമൂലം ൧൧൦൩–ൽ ചെലവുകഴിച്ചുണ്ടാകാവുന്ന വരവു ·൩൩ ലക്ഷംരൂപ ആയിരിക്കുമെന്നാണ് പ്രതീക്ഷ.

൩൩. ദൂരശ്രവണകമ്പികൾ—·൩൧ ലക്ഷം രൂപ ചെലവുവരുമെന്നു എസ്റ്റിമേറ്റുചെയ്തിട്ടുള്ള ഈ പദ്ധതി നല്ല അഭിവൃദ്ധിപ്രാപിച്ചുവരുന്നു. വാർത്താവിതരണമന്ദിരംപണി പൂർത്തിയായി. വിതരണത്തിനുള്ള സാമഗ്രികളും യന്ത്രങ്ങളുമെല്ലാം സ്ഥലത്തുവരുത്തീട്ടുമുണ്ട്. വർത്തമാനവിതരണത്തിനു ആവശ്യപ്പെടുന്നവരെ യോജിപ്പിക്കുന്നതിനു ൮ മൈൽദൂരം ഉപരിഭാഗം കമ്പിയിട്ടുകഴിഞ്ഞു. അനുവദിച്ച വേലകൾ പൂർത്തിയാക്കുന്നതിനു ചില പുതിയവേലകൾ ചെയ്യുന്നതിനും സിൽബന്തികളുടെ ശമ്പളത്തിനുമായി ൧–ാം അനുബന്ധത്തിൽ വിവരിച്ചിട്ടുള്ളപ്രകാരം വരുന്നയാണ്ടത്തേക്കുള്ള എസ്റ്റിമേറ്റിൽ ·൨൩ ലക്ഷംരൂപാ ചേർത്തിട്ടുണ്ട്. ഈ പദ്ധതിയെസംബന്ധിച്ചുള്ള ജോലിമുഴുവനും ൧൧൦൩ തുലാമാസാവസാനത്തോടുകൂടി പൂർത്തിയാകുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു.

൩൪. സിങ്കിങ്ങ്ഫണ്ട്—ചെങ്കോട്ട–കൊല്ലം തീവണ്ടി ഉണ്ടാക്കിയതിനു ഇൻഡ്യാ സ്റ്റേറ്റ്സെക്രട്ടറി ചെലവുചെയ്ത മൂലമുതൽ ൧൩൮.൭൪ ലക്ഷം ബ്രിട്ടീഷ്‌രൂപയും കൊല്ലം–തിരുവനന്തപുരം തീവണ്ടി ഉണ്ടാക്കിയതിനു ഈ സംസ്ഥാനംവകയായി ചെലവുചെയ്തസംഖ്യ ൬൩.൫൦ ലക്ഷം ബ്രിട്ടീഷ്‌രൂപയും ആകുന്നു. തീവണ്ടിസംബന്ധിച്ചും ൧൦൪൧–ലെ ഡിബഞ്ചർകടപ്പത്രംസംബന്ധിച്ചും ആരംഭിച്ച സിങ്കിങ്ങ്ഫണ്ട് ഇ

പ്പേറ്റം [illegible] ലക്ഷം രൂപയായിട്ടുണ്ട്. ഈ സംഖ്യമുഴുവനും അതിനു പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ള കടപ്പത്രങ്ങളിൽ നിക്ഷേപിച്ചിരിക്കയാണ്.

[illegible]. വായ്പകൾ—കൃഷിവായ്പാറഗുലേഷൻപ്രകാരം കടംകൊടുക്കുന്നതിനു രണ്ടുലക്ഷംരൂപയും വ്യവസായങ്ങൾസംബന്ധിച്ചു കടംകൊടുക്കുന്നതിനു [illegible] ലക്ഷംരൂപയും [illegible]-ലേക്കുള്ള ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈയാണ്ടിൽ വായ്പകൾ കൊടുക്കുന്നതിനു അനുവദിച്ചിരുന്ന സംഖ്യകൾ യഥാക്രമം [illegible] ലക്ഷം രൂപയും [illegible] ലക്ഷംരൂപയും ആയിരുന്നു.

കോശസ്ഥിതി.

[illegible]. [illegible]-ാമാണ്ടവസാനത്തിലും [illegible]-ാമാണ്ടവസാനത്തിലും നമ്മുടെ ധനവും കടവും കാണിക്കുന്ന ഒരു പട്ടിക ബഡ്ജററ് കണക്കിന്റെ [illegible]-ാംപുറത്തു കൊടുത്തിട്ടുണ്ട്. കഴിഞ്ഞയാണ്ടവസാനത്തിലെ കണക്കിൻപ്രകാരമുള്ള ധനം [illegible] രൂപയും കടം [illegible] ലക്ഷംരൂപയും ആയിരുന്നു. [illegible] ലക്ഷംരൂപയും [illegible] ആയിരിക്കും. [illegible]-ാമാണ്ടവസാനത്തിൽ [illegible] സംഖ്യ [illegible] ലക്ഷം രൂപയായിരുന്നു. ഈയാണ്ടിൽ ഈ ബാക്കിസംഖ്യയോടു ഒട്ടും കൂടീട്ടില്ല. [illegible] നാൽ മുതൽ ചെലവിലേക്കു നിക്ഷിപ്തബാക്കിസംഖ്യയിൽനിന്നു [illegible] ലക്ഷം രൂപ എടുത്തു. വരുന്നയാണ്ടിലും ബാക്കിസംഖ്യയോടു ഒന്നുംകൂട്ടുവാൻ വിചാരിച്ചിട്ടില്ല. [illegible] മൂലധനചെലവിനുവേണ്ടിവരുന്ന [illegible] ലക്ഷംരൂപ തികയ്ക്കുവാൻ ആവശ്യമുള്ള [illegible] ലക്ഷംരൂപ നമ്മുടെ നിക്ഷിപ്തബാക്കിയിൽനിന്നു എടുക്കേണ്ടിവരും, അതുകൊണ്ടു വരുന്നയാണ്ടവസാനത്തെ നിക്ഷിപ്തബാക്കി [illegible] ലക്ഷംരൂപ ആയിരിക്കുമെന്നാണ് പ്രതീക്ഷ. ഇങ്ങനെ [illegible]-ാമാണ്ടവസാനത്തിൽ നമ്മുടെ ധനം [illegible] ലക്ഷംരൂപയും കടം [illegible] ലക്ഷംരൂപയും ആയിരിക്കും. [illegible]-ാമാണ്ടവസാനത്തിൽ ഗവണ്മെന്റു കണക്കിൻപ്രകാരമുള്ള ബാക്കി [illegible] ലക്ഷം രൂപയായിരുന്നു. [illegible]-ൽ മൂലധനത്തിൽനിന്നുള്ള ചെലവുനിമിത്തം [illegible] ലക്ഷംരൂപ കുറവുണ്ടാകും. ഇതുനിമിത്തം ഗവണ്മെന്റുകണക്കിൻപ്രകാരമുള്ള ബാക്കി [illegible] ലക്ഷംരൂപയായികുറഞ്ഞുപോകും. വരുന്നയാണ്ടിൽ മൂലധനവകയായി [illegible] ലക്ഷംരൂപ ചെലവാക്കാൻ വിചാരിക്കുന്നതുകൊണ്ടു അതുമൂലമുള്ള കുറവു [illegible] ലക്ഷംരൂപ ആയിരിക്കും. ഗവണ്മെന്റു കണക്കിൻപ്രകാരമുള്ള ബാക്കിയും [illegible] ലക്ഷം രൂപയായി കുറഞ്ഞുപോകും.

തിരുവിതാംകൂർ രജിസ്ട്രേഷൻറഗുലേഷൻ ഭേദഗതിബിൽ.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, തിരുവിതാംകൂർ രജിസ്ട്രേഷൻറഗുലേഷൻ ഭേദഗതിബിൽ അവസാനമായി പാസ്സാക്കണമെന്നു ഒരു പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റുസെക്രട്ടറി): ഞാൻ പിൻതാങ്ങുന്നു.

പ്രമേയം സഭ സ്വീകരിച്ചു.

തിരുവിതാംകൂർ ഗ്രാമപഞ്ചായത്തുകോടതിറഗുലേഷൻ ഭേദഗതിബിൽ.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): തിരുവിതാംകൂർ ഗ്രാമപ്പഞ്ചായത്തുകോടതി റഗുലേഷൻ ഭേദഗതിബിൽ ആലോചനയ്ക്കെടുക്കണമെന്നു ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റുസെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: ബില്ലിനു ഭേദഗതികൾ ഒന്നും വന്നിട്ടില്ലേ?

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഭേദഗതികളൊന്നുംവന്നിട്ടില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻപ്രമേയത്തെഎതിർക്കുന്നു.

പ്രമേയം വോട്ടിനുവെച്ചിട്ടു പാസ്സാക്കപ്പെട്ടു.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഭേദഗതികൾ ഒന്നും വന്നിട്ടില്ലാത്തതുകൊണ്ടും ഉണ്ടെന്നു നോട്ടീസ് കിട്ടിട്ടില്ലാത്തതുകൊണ്ടും ബില്ലിന്റെ ഒന്നും രണ്ടും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേറ്റ പ്രമേയം ഞാൻ എതിർത്തതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കു ഭേദഗതികൾവല്ലതും ഉണ്ടെങ്കിൽ അവയെ അവതരിപ്പിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിനെ മുഴുവനായി എതിർക്കുന്നതിനു മെമ്പർമാർക്കു അവകാശമുണ്ടല്ലോ.

ഡിപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ ആ ഘട്ടത്തിലല്ലാ.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രാരംഭവും ഒന്നും രണ്ടും വകുപ്പുകളും ബില്ലിന്റെ ഭാഗമായിരിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റുസെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: പ്രാരംഭവും ഒന്നും രണ്ടും വകുപ്പുകളും ബില്ലിന്റെ ഭാഗമായിരിക്കണമെന്നാണ് ചോദ്യം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ പ്രമേയത്തെഎതിർക്കു

ന്നു. ബിൽ കേവലം അനാവശ്യമാണെന്നാകുന്നു എന്റെ വാദം. അതുകൊണ്ടു ഈ സഭ അതു പാസ്സാക്കരുത്. രണ്ടുവർഷത്തേക്കു ഒരു അവധി കഴിഞ്ഞിട്ടു ഗവർമ്മെന്റു പുതിയ നിയമനങ്ങളൊന്നും ചെയ്യാത്തപക്ഷം തങ്ങളുടെ പിൻഗാമികളെ നിയമിക്കുന്നതുവരെ പ്രസിഡന്റും ജഡ്ജിയും ഉദ്യോഗത്തിൽ തുടർന്നുകൊള്ളണം എന്നുമാത്രമേ ബില്ലിൽ ഉള്ളു. എന്നാൽ എനിക്കു പറയാനുള്ളതു ഗവർമ്മെന്റു ജഡ്ജിമാരെയോ പ്രസിഡന്റിനെയോ നിയമിക്കണമെന്നു റഗുലേഷൻ ൭-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഇപ്പോൾ ബില്ലിനു പ്രതികൂലിക്കുന്നതു മുമ്പൊരിക്കൽ നിങ്ങൾ പ്രതികൂലിച്ചതിനുള്ള കാരണങ്ങൾകൊണ്ടു തന്നെയാണെന്നു വിചാരിക്കുന്നു. ഇപ്പോൾ പുതിയതായിട്ടൊന്നും പറയാനില്ലല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇല്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: എന്നാൽ ഒരിക്കൽ പറഞ്ഞതു ആവർത്തിച്ചിട്ടാവശ്യമില്ല. ബില്ലിന്റെ തത്വം നിങ്ങൾ മുമ്പൊരവസരത്തിൽ എതിർത്തതാണെന്നു പറയുന്നു. ഇപ്പോഴത്തെ പ്രമേയം പ്രാരംഭവും ഒന്നാമത്തെ വകുപ്പുകളും ബില്ലിന്റെ ഭാഗമായിരിക്കണമെന്നാണ്. മുന്നവസരത്തിൽ പറഞ്ഞതിനു പുറമെ പുതിയതായി വല്ല കാരണങ്ങളും പറയാനുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക. അല്ലാത്തപക്ഷം നിങ്ങൾക്കിപ്പോൾ ഒന്നും പറയാനില്ലെന്നു പറയുക.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മുന്നവസരത്തിൽ ചില മെമ്പർമാർ ഹാജരുണ്ടായിരുന്നില്ലെന്നുവരാമല്ലോ.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കു സംസാരിക്കാനുള്ള സ്വാതന്ത്ര്യം കുറച്ചുകളയണമെന്നു എനിക്കാഗ്രഹമില്ല. നിങ്ങൾ സംസാരിച്ചുകൊള്ളുക. നടപടികളുടെ അച്ചടിച്ച പകർപ്പു എല്ലാ മെമ്പർമാർക്കും കൊടുത്തിട്ടുള്ളതുകൊണ്ടു ഒരിക്കൽ കൊണ്ടുവന്ന വാദങ്ങൾ ആവർത്തിച്ചിട്ടാവശ്യമില്ലെന്നു എനിക്കു തോന്നി. സഭയുടെ ബോദ്ധ്യം എന്തായിരിക്കുമെന്നു ഞാൻ മുൻകൂട്ടിപറയുന്നില്ല. പുതിയതായി വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താമസം ഒഴിച്ചുകൂടാത്തതാണെന്നുള്ള ഒരു സംഗതിയെ അനുകൂലിക്കുന്ന ഒരു നിയമത്തെ ഈ സഭ പാസ്സാക്കാവൂ എന്നു മാത്രമാണു ഞാൻ പറഞ്ഞതു. ഒരു ഒഴിവുണ്ടാകുമെന്നു ആ ഒഴിവുണ്ടാകുന്നതിനു രണ്ടു വർഷം മുമ്പു തന്നെ ഗവർമ്മെന്റിനു അറിയാമെന്നിരിക്കെ ആ ഒഴിവിലേക്കു തക്കസമയത്തു തന്നെ ആളെ നിയമിക്കാതിരിക്കുന്നതിനു സമാധാനമൊന്നുമില്ല. ആ കാരണത്താലാണു ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു.

ഡിപ്യൂട്ടിപ്രസിഡന്റ്: മുന്നവസരത്തിലും ബില്ലിനെ എതിർത്തതു ഈ കാരണത്തിന്മേലാണ്.

മി. ജി. പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ബിൽ ഒന്നാമത്തെ വായന കഴിഞ്ഞപ്പോൾ ഈ കാര്യത്തെപ്പറ്റി ദീർഘമായ വാദപ്രതിവാദം നടന്നതായി തോന്നുന്നു. അന്നു ബില്ലിന്റെ തത്വത്തെ ൩൧ മെമ്പർമാർ അനുകൂലിക്കയും ൧൦ മെമ്പർമാർമാത്രം പ്രതികൂലിക്കയും ചെയ്തു എന്നു സഭാനടപടികളിൽ കാണുന്നു. സഭയുടെ തീർച്ചയെ ഭേദപ്പെടുത്തുന്നതിനു പുതുതായി യാതൊരു വാദവും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടു പ്രമേയം പാസ്സാക്കണമെന്നു സഭയോടപേക്ഷിക്കുന്നു.

പ്രമേയം വോട്ടിനുവെച്ചിട്ടു പാസ്സാക്കപ്പെട്ടു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആളെണ്ണി വോട്ടെടുക്കണമെന്നു അപേക്ഷിക്കുന്നു.

ആളെണ്ണി വോട്ടെടുത്തിട്ടു താഴെ കാണിച്ചപ്രകാരം കണ്ടു.

അനുകൂലം ൨൪.

൧	മിസ്റ്റർ	ടി. സി. കേശവപിള്ള
൨	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
൩	,,	എ. സി. കുര്യാക്കോസ്
൪	,,	എൽ. എ. ലാമ്പർട്ട്
൫	,,	കെ. മാധവൻ
൬	,,	പി. എസ്. മഹമ്മദ്
൭	,,	ജി. പി. നീലകണ്ഠപിള്ള
൮	,,	കെ. പത്മനാഭപ്പണിക്കർ
൯	,,	എസ്. പിറവിപ്പെരുമാൾപിള്ള
൧൦	,,	വി. അരുണാചലമയ്യർ
൧൧	,,	എൽ. എ. ബിഷപ്പ്
൧൨	,,	ഐ. സി. ചാക്കോ
൧൩	,,	ആർ. ധർമ്മകോടിപ്പിള്ള
൧൪	,,	പി. ഗോമതിനായകംപിള്ള
൧൫	,,	പി. എൻ. കൃഷ്ണപിള്ള
൧൬	റാവുസാഹിബ് ഡാക്ടർ	എൻ. കുഞ്ഞൻപിള്ള
൧൭	മിസ്റ്റർ	ജി. കെ. മാധവൻനായർ
൧൮	,,	ഇ. ജി. മക്കാസ്ലൻ
൧൯	,,	ആർ. നീലകണ്ഠപ്പിള്ള
൨൦	,,	ജി. പരമേശ്വരൻപിള്ള

൨൧ ഡാക്ടർ കെ. രാമൻതമ്പി
൨൨ മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ
൨൩ ,, എസ്. സി. എച്ച്. റോബിൻസൺ
൨൪ ,, ആർ. വൈദ്യലിംഗംപിള്ള

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പ്രമേയം ആദ്യം വോട്ടിനു വെച്ചപ്പോൾ ഇരുഭാഗത്തും വോട്ടുചെയ്യാത്ത ഒരു മെമ്പറിനു ഇപ്പോൾ ഒരു ഭാഗത്തു വോട്ടുചെയ്യാൻ പാടുണ്ടോ എന്നു പറയുമോ?

ഡിപ്യൂട്ടിപ്രസിഡൻറു: അദ്ദേഹം അഭിപ്രായം ഭേദപ്പെടുത്തിയിരിക്കാം, അതു നമ്മുടെ സഭയ്ക്കുള്ള ഒരു പ്രത്യേകലക്ഷണമല്ലോ. ഒരു ഭാഗത്തെ സ്നേഹിതന്മാരുടെ പ്രേരണനിമിത്തം മെമ്പറിന്റെ അഭിപ്രായം ഭേദപ്പെട്ടു എന്നുവരാം.

പ്രതികൂലം ൧൩.

൧ മിസ്റ്റർ വി. ചെല്ലംപിള്ള
൨ ,, എ. എസ്. ദാമോദരനാശാൻ
൩ ,, കെ. എൻ. കേശവൻനമ്പൂതിരിപ്പാട
൪ ,, ആർ. കേശവപിള്ള
൫ ,, കെ. പി. നീലകണ്ഠപിള്ള
൬ ,, എൻ. കെ. കൃഷ്ണപിള്ള
൭ ,, വി. എസ്. കൃഷ്ണപിള്ള
൮ ,, എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ
൯ ,, ആർ. രാമൻപിള്ള
൧൦ ,, ശരവതിനാൾ രാമവർമ്മരാജാ
൧൧ ,, എ. തമ്പിപിള്ള
൧൨ ,, കെ. മാധവൻപിള്ള
൧൩ ,, കെ. ജി. പരമേശ്വരൻപിള്ള

നിഷ്പക്ഷം—൩.

൧ മിസ്സസ് എലിശബെത്ത് കുരുവിള
൨ മിസ്റ്റർ എൻ. ആർ. കൃഷ്ണൻ
൩ ,, ഡി. പ്രാൻസിസ്

പ്രമേയം പാസ്സായതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ബിൽ വേറൊരു സമ്മേളനത്തിൽ എടുത്തു പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവർമെൻറ സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

പ്രമേയം സ്വീകരിക്കപ്പെട്ടു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, ഈ ഭേദഗതിയെപ്പററി എനിക്കല്പം പറയാനുണ്ട്. "എല്ലാതരത്തിലും തക്കതാധികാരത്തിലേക്കു കൊടുക്കാനുള്ള" എന്നീവാക്കുകൾ വിവരണത്തിൽ ഉള്ളതു്.

ഡിപ്യൂട്ടിപ്രസിഡൻറ: റവന്യൂറിക്കവറിറെഗുലേഷൻ ഭേദഗതി ബില്ലിനെപ്പററിയാണു നിങ്ങൾ സംസാരിക്കുന്നതു, അതു ആലോചനയ്ക്കു എടുത്തിട്ടില്ല.

റവന്യൂറിക്കവറിറെഗുലേഷൻ ഭേദഗതിബിൽ.

മി. ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഇതിനെപ്പററിയുള്ള പ്രമേയം ഞാൻ ഇന്നു അവതരിപ്പിക്കാൻ വിചാരിക്കുന്നില്ല.

൧൯൩൦ ആഗസ്റ്റ് ൪-ാം തിങ്കളാഴ്ച പകൽ ൧൧-൩൦ മണിക്കു വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തോടുകൂടി ഉച്ചതിരിഞ്ഞു ൧-൩൩ മണിക്കു യോഗം പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള, (ഒപ്പ്)
നിയമസഭാസെക്രട്ടറി.

(A true translation)

Head Tanslator to Government

അനുബന്ധം ൧.

തിരുവിതാംകൂർ നിയമസഭ.

൧൧൨൪-ാമാണ്ടത്തെ സ്ഥിരം ഫൈനാൻസ് കമ്മിററി.

൧൯൪൮ ജൂലായി ൧൧-ാംനു ൧൧൨൩ മിഥുനം ൨൭-ാംനു വെള്ളിയാഴ്ച.

നിയമസഭയിലെ ൧൧൨൪-ാമാണ്ടത്തെ സ്റ്റാൻഡിങ്ങ് ഫൈനാൻസ് കമ്മിററിയുടെ മൂന്നാമത്തെ യോഗം ൧൯൪൮ ജൂലായി ൧൧-ാംനു ൧൧൨൩ മിഥുനം ൨൭-ാംനു വെള്ളിയാഴ്ച (ഉച്ചതിരിഞ്ഞു ൧ മണിക്കു ഹജൂർകച്ചേരിയിൽ ദിവാൻെറ മുറിയിൽവെച്ചുനടന്നു. താഴെപറയുന്ന മെംബർമാർ ഹാജരുണ്ടായിരുന്നു.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ, ബി. എ., ബി. എൽ. ദിവാൻ—പ്രെസിഡെൻറ്,
എ. താണുപിള്ള എസ്ക്വയർ, ബി. എ., ബി. എൽ.
ജി. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.
മാത്യു മുരിക്കൻ എസ്ക്വയർ, ബി. എ., ബി. എൽ.
ടി. പി. രാമസ്വാമയ്യർ എസ്ക്വയർ, ബി. എ.
ആർ. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.
പി. എൻ. കൃഷ്ണപിള്ള എസ്ക്വയർ, ബി. എ., ബി. എൽ. കൺവീനർ.

ലാൻറ്റവന്യൂ ഡിപ്പാർട്ടുമെൻറ്.

ലാൻറ്റവന്യൂഡിപ്പാർട്ടുമെൻറിൻെറ ൧൧൨൩-ാമാണ്ടത്തേക്കുള്ള പ്രാരംഭ ബഡ്ജററ് എസ്റ്റിമേററിൻെറ ഒന്നാംഭാഗം മുഴുവൻ ആലോചനയ്ക്കെടുത്തു പരിശോധിച്ചു പാസ്സാക്കി.

പിന്നീടു ലാൻറ്റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ ൧൧൨൩-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ ഉൾപ്പെടുത്തേണ്ടതായ താഴെ പറയുന്ന പുതിയ വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

(൧) തിരുവനന്തപുരം തീർത്ഥപ്പാദ നിർമ്മാണത്തിനും ജലവിതരണപദ്ധതിസംബന്ധിച്ചും ഭൂമികളെടുക്കേണ്ട ജോലി പൂർത്തിയാക്കുന്നതിനു തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽ മാസം ൭൫ രൂപ ശമ്പളത്തിൽ ഒരു ഹെഡ്ഗുമസ്തനേയും ൩൦ രൂപ ശമ്പളത്തിൽ ഒരു ഗുമസ്തനേയും ൧൫ രൂപ ശമ്പളത്തിൽ ഒരു പകർപ്പു ഗുമസ്തനേയും കൂടുതലായി നിയമിക്കുന്നകാര്യം കമ്മിററി സമ്മതിക്കുകയും അവരുടെ ൧൧൨൩-ൽ ൧൧ മാസത്തെ ശമ്പളത്തിനു "൧ ബി-ഡിവിഷൻകച്ചേരികൾ" എന്നുള്ള ഇനത്തിൽ അനുവദിക്കയുംചെയ്തു. ഈ തുക മുഴുവൻ തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽനിന്നു ചെലവു ചെയ്യേണ്ടതും അതതു വകുപ്പുകളിൽ നിന്നു മേലാൽ വരവു വെയ്ക്കേണ്ടതുമാകുന്നു.

(൨) ദേവികുളം താലൂക്കാഫീസിലെ ഖജനാവുവകുപ്പിൽ ൨൦-൨/൩-൩൦ രൂപശമ്പളത്തിൽ ഒരു ഗുമസ്തനെ കൂടുതലായി നിയമിക്കുന്നകാര്യവും അയാളുടെ ൧൧൨൩-ൽ ൧൧ മാസത്തെ ശമ്പളത്തിനു ൨൨൦ രൂപ "൧ സി താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ ഉൾപ്പെടുത്തുന്നതിനും കമ്മിററി സമ്മതിച്ചു.

(൩) അഗസ്തീശ്വരം സബ്ട്രഷറിയിൽ ൧൩-൧/൨-൨൦ രൂപശമ്പളത്തിൽ ഒരു നോട്ടക്കാരനെ നിയമിക്കുന്നകാര്യവും അയാളുടെ ൧൧ മാസത്തെ ശമ്പളം ൧൭൩ രൂപ "൧ സി-താലൂക്കുകച്ചേരികൾ" എന്നതിൽ ഉൾപ്പെടുത്തുന്നകാര്യവും കമ്മിററി സമ്മതിച്ചു.

(൪) തൊടുപുഴ, കുന്നത്തുനാട് മുതലായ താലൂക്കുകളിൽ പതിച്ചുകൊടുക്കാൻ ബാക്കിയുള്ള വലിയ മൈനർ സർവ്വേ നമ്പരുകളെ സബ്ഡിവിഷൻചെയ്യുന്നതിനു ൧൧൨൪-ൽ നിയമിച്ച മാസം ൪൭ രൂപശമ്പളത്തിൽ ൫ ഡിപ്പ്യൂട്ടിസർവ്വേയർമാർ; ൨൫ രൂപശമ്പളത്തിൽ ൩൫ ഫീൽഡ് സർവ്വേയർമാർ; ൯ രൂപശമ്പളത്തിൽ ൩൫ ശിപായിമാർ എന്നീ എല്ലാ ഉദ്യോഗസ്ഥന്മാരെ ൧൧൨൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും താഴെ വിവരിച്ചിരിക്കുന്നപ്രകാരം ൨൩,൯൧൫ രൂപ "൧ സി-താലൂക്കുകച്ചേരികൾ" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

ഉദ്യോഗസ്ഥന്മാരുടെ ൧൧ മാസത്തെ ശമ്പളം	൧൩,൯൧൫	രൂപ.
തൻചിലവു:—		
ചങ്ങലക്കാരുടെ കൂലി	൪,൭൦൦	ടി
സർവ്വേക്കല്ലുകൾ ഭൂമികളിൽ നാട്ടുന്നകല്ലിൻെറ വില	൩,൬൦൦	ടി
മററു തൻചിലവു	൧,൭൦൦	ടി
ആകെ	൨൩,൯൧൫	ടി

(൫) പത്തനംതിട്ട താലൂക്കിലെ കുടിയാൻറോഡുകൾ സർവ്വേചെയ്തു അടയാളപ്പെടുത്തുന്നതിനു ൧൪ രൂപ ശമ്പളത്തിൽ ൧൭ അക്കൗണ്ടന്മാരേയും ൭ രൂപ ശമ്പളത്തിൽ ൩൩ ചങ്ങലക്കാരേയും പ്രത്യേകമായി നിയമിക്കുന്നതിനും ൧൧൨൩-ൽ ൧൧ മാസത്തെ ശമ്പളച്ചെലവു ൨,൬൭൨ രൂപയും ൧൨ മാസത്തെ തൻചിലവു ൩,൪൮൩ രൂപയും ഇങ്ങനെ ആകെ ൬,൨൨൭ രൂപ "൧ എഫ്-ലാൻഡ്റിക്കാർഡ്സ് എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൽ ഉൾപ്പെടുത്തുന്നതിനും കമ്മിററി സമ്മതിച്ചു.

(൬) സർവ്വേ ആഫീസിൽ ൨൦–൧-൨൫ രൂപ ശമ്പളമുള്ള ഒരു കമ്പ്യൂട്ടർ ഡ്രാഫ്റ്റ്സ്മാനെ കുറച്ചിട്ട ൩൫–൫/൨–൫൦ രൂപ ശമ്പളത്തിൽ ഒരു റെക്കാർഡ്കീപ്പറെ ൧-൧-൧൧൦൩ മുതൽ നിയമിക്കുന്നതിനുള്ള ആലോചനയും അതിനെസംബന്ധിച്ച "൧ എച്ച്-ലാൻഡ്റെക്കാർഡ്സ് എസ്റ്റാബ്ലിഷ്മെൻറ" എന്ന ഇനത്തിൽ ൨൪൪, ൩/൪ രൂപ അനുവദിക്കുന്നകാര്യവും കമ്മിററി സമ്മതിച്ചു.

(൭) കോട്ടയത്തും മൂവാററുപുഴയും ഉള്ള താല്ക്കാലിക സർവ്വേസ്കൂളുകൾ ൧൧൦൩-ാമാണ്ടും തുടർന്നു നടത്തിക്കൊണ്ടുപോകണമെന്നും അതിനു ൧൧ മാസത്തേക്കുള്ള ചെലവു ൧,൮൨൩ രൂപയും ചിൽവാനം ൨൦൦ രൂപയും ഉൾപ്പെടെ ആകെ ൨,൦൨൩ രൂപ "൧ ജി-റെവന്യൂസർവ്വേ" എന്ന ഇനത്തിൽ ചേർക്കണമെന്നും കമ്മിററി സമ്മതിച്ചു.

(൮) സർവ്വേസൂപ്രണ്ടിന്റെ ആഫീസിൽ പുതുവൽ സബ്ഡിവിഷൻ സ്കെച്ചുകൾ പരിശോധിക്കുന്നതിനു നിയമിച്ചിട്ടുള്ള താല്ക്കാലിക ഉദ്യോഗസ്ഥന്മാരെ ൧൧൦൩-ലും വെച്ചുകൊണ്ടിരിക്കുന്നതിനും അതിനു "൧ ജി-റെവന്യൂസർവ്വേ" എന്ന ഇനത്തിൽ ൧൩൬൦ രൂപ അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൯) ഏ.ൽ. ആർ. എം. സ്കെച്ചുകൾ പരിശോധിക്കുന്നതിനു ൨൦ രൂപ ശമ്പളത്തിനു നിയമിച്ചിട്ടുള്ള ൧൪ കമ്പ്യൂട്ടർഡ്രാഫ്റ്റ്സ്മാൻമാരെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്നതിനും അവരുടെ ൧൧ മാസത്തെ ശമ്പളത്തിനു "൧ ജി-റെവന്യൂസർവ്വേ" എന്ന ഇനത്തിൽ ൩,൦൮൦ രൂപ ഉൾപ്പെടുത്തുന്നതിനും കമ്മിററി സമ്മതിച്ചു.

(൧൦) തഹസീൽദാരന്മാരേയും മജിസ്ട്രേട്ടന്മാരേയും സ്വകാര്യവിദ്യാർത്ഥികളേയും തിയോഡലൈററ്സർവ്വേ പഠിപ്പിക്കുന്നതിനു തിരുവനന്തപുരം സർവ്വേസ്കൂളിൽ ഒരു തിയോഡലൈററ്വകുപ്പു ഏർപ്പെടുത്തുന്നതിനും അതിനായി "൧ ജി-റെവന്യൂസർവ്വേ" എന്ന ഇനത്തിൽ ൨,൬൮൦ രൂപ ഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

ആദായനികുതി.

അനന്തരം കമ്മിററി ആദായനികുതിയെസംബന്ധിച്ചുള്ള ബഡ്ജററിന്റെ ഒന്നാംഭാഗം പരിശോധിച്ചു പാസ്സാക്കി.

എക്സൈസ് ഡിപ്പാർട്ടുമെൻറ.

പിന്നീടു കമ്മിററി എക്സൈസഡിപ്പാർട്ടുമെൻറുവക ബഡ്ജററിന്റെ ഒന്നാംഭാഗം ആലോചനയ്ക്കെടുത്തു. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൦,൦൦൦ രൂപ കൂടുതലായിപ്പോയിഎന്നും അതു ൯,൦൦൦ രൂപ ആയി കുറയ്ക്കണമെന്നും മി. എ. താണുപിള്ള അഭിപ്രായപ്പെട്ടു. ഇതു കമ്മിററി സ്വീകരിക്കയും "൪ ബി-എക്സൈസ ഡിവിഷൻ ആഫീസുകൾ" എന്ന ഇനത്തിൽ സഞ്ചാരപ്പടിക്ക അനുവദിച്ച ൧൦,൦൦൦ രൂപയിൽ ൧,൦൦൦ രൂപ കുറച്ചു മേപ്പടി ബഡ്ജററു പാസ്സാക്കുകയുംചെയ്തു.

അതിന്റെശേഷം രണ്ടാംഭാഗത്തിൽ ചേർക്കുന്നതിനുള്ള താഴെപ്പറയുന്ന പുതിയ വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

(൧൧) പീരുമേട്ട എക്സൈസ റേഞ്ചിൽ

൩൫	രൂപ ശമ്പളത്തിൽ	൩-ാംഗ്രേഡ്		സബ്ഇൻസ്പെക്ടർ	൧
൨൨	ടി	ടി		പെററിആഫീസർ	൧
൧൩	ടി	൧-ാം	ടി	പ്യൂൺ	൧
൧൨	ടി	൨-ാം	ടി	ടി	൨
൧൧	ടി	൩-ാം	ടി	ടി	൨
൯	ടി	൪-ാം	ടി	ടി	൧

ഇത്രയും ഉദ്യോഗസ്ഥന്മാരെ ൧-൧-൧൧൦൩-നു-മുതൽ കൂടുതലായി നിയമിക്കുന്നകാര്യവും അവരുടെ ശമ്പളത്തിനു "൪-എക്സൈസ റേഞ്ചസ" എന്ന ഇനത്തിൽ ൧,൩൭൫ രൂപ ബഡ്ജററിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧൨) എഴുകോൺ റെയിൽവെചവുക്കയിൽ താല്ക്കാലികമായി നിയമിച്ചിട്ടുള്ള ൧൮ രൂപ ശമ്പളത്തിൽ ഒരു ൪-ാംഗ്രേഡ് പെററിആഫീസരെയും ൧൨ രൂപ ശമ്പളത്തിൽ ഒരു ൨-ാംഗ്രേഡ് പ്യൂണിനേയും ൯ രൂപ ശമ്പളത്തിൽ ഒരു ൪-ാംഗ്രേഡ് പ്യൂണിനേയും ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അവരുടെ ശമ്പളംകൊടുക്കുന്നതിനു "൪-എക്സൈസ്" എന്ന ഇനത്തിൽ ൪൨൯ രൂപ ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനും കമ്മിററി സമ്മതിച്ചു.

(൧൩) കിളികൊല്ലൂർ റെയിൽവെ ചവുക്കയിൽ ൧൮ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പെററിയാഫീസരേയും ൧൧ രൂപ ശമ്പളത്തിൽ ഒരു മൂന്നാംഗ്രേഡ് പ്യൂണിനേയും ൯ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പ്യൂണിനേയും ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽവെച്ചുകൊള്ളുന്നതിനും ബഡ്ജററിൽ "൪ എക്സൈസ്" എന്ന ഇനത്തിൽ ൪൧൮ രൂപ ഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മിററി അനുവദിച്ചു.

(൧൪) കണിയാപുരം റെയിൽവെ ചവുക്കയിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ൧൮ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പെററിആഫീസരെയും ൧൨ രൂപ ശമ്പളത്തിൽ ഒരു ൨-ാംഗ്രേഡ് പ്യൂണിനേയും ൯ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പ്യൂണിനേയും ൧൧൦൩ ചിങ്ങം ൧-നു-മുതൽ അവിടെ സ്ഥിരപ്പെടുത്തുന്നതിനും അതിനായി ബഡ്ജററിൽ "൪ എക്സൈസ്" എന്ന ഇനത്തിൽ ൪൨൯ രൂപ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

(൧൫) അകത്തുമുറി റെയിൽവെ ചവുക്കയിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ൧൮ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പെററിആഫീസരേയും ൧൨ രൂപ ശമ്പളത്തിൽ ഒരു ൨-ാം ഗ്രേഡ് പ്യൂണിനേയും ൯ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡ് പ്യൂണിനേയും ൧൧൦൩-ാമാണ്ടും അവിടെ ഉദ്യോഗത്തിൽവെച്ചുകൊള്ളുന്നതിനും അതിനായി ബഡ്ജററിൽ "൪ എക്സൈസ് ഇനത്തിൽ" ൪൨൯ രൂപ ചേർത്തുകൊള്ളുന്നതിനും കമ്മിററി അനുവദിച്ചു.

൬൩. ചങ്ങനാശ്ശേരിയിൽ പ്രാദേശികാഭിലാഷം നടപ്പിൽവരുത്തിയതിനെ സംബന്ധിച്ച് പ്രത്യേകമായി നിയമിച്ചിട്ടുള്ള ൨൫ രൂപ ശമ്പളത്തിൽ ഒരു ൬-ാം ഗ്രേഡ് ചെറിയശ്ശീസ്തദാരെയും ൬൦ രൂപ ശമ്പളത്തിൽ നാലു ൪-ാം ഗ്രേഡ് പ്യൂൺമാരേയും ൬൬൦൩-ാമാണ്ടും ഉദ്യോഗത്തിൽവെച്ചുകൊള്ളുന്നതിനും അതിനായി ബഡ്ജററിൽ "൪ എക്സൈസ്" എന്ന ഇനത്തിൽ ൧൪൨ രൂപ ചേർക്കുന്നതിനും കമ്മിററിസമ്മതിച്ചു.

൬൧. ദേവികുളം ഡിവിഷനിൽ രാജമല എന്ന സ്ഥലത്തു ഒരു പ്രിവെൻറീവ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ൬൦ രൂപ ശമ്പളത്തിൽ ഒരു ൪-ാം ഗ്രേഡും ൯ രൂപ ശമ്പളത്തിൽ ഒരു ൭-ാം ഗ്രേഡും എക്സൈസ് പ്യൂൺമാരെ ൬൬൦൩ ചിങ്ങം ൬-൧൨-ാംനു മുതൽ അവിടെ നിയമിക്കുന്നതിനും അതിനായി ൨൦൯ രൂപ ബഡ്ജററിൽ "൪. എക്സൈസ്" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മററി സമ്മതിച്ചു.

൬൨. അത്രക്കാറിയും പിറവവും ആലുവായും അതൃത്തികൾ കാക്കുന്നതിനു താൽക്കാലികമായി നിയമിച്ചിട്ടുള്ള ൨൨ രൂപ ശമ്പളങ്ങളിലെ ൪ മൂന്നാംഗ്രേഡ് ചെറിയശ്ശീസ്തദാരരെയും പത്തു രൂപ ശമ്പളത്തിൽ ൨൦ നാലാംഗ്രേഡ് പ്യൂൺമാരെയും ൯ രൂപ ശമ്പളത്തിൽ ൨൪ അഞ്ചാംഗ്രേഡ് പ്യൂൺമാരെയും ൬൬൦൩-ാമാണ്ടും ഉദ്യോഗത്തിൽവെച്ചുകൊള്ളുന്നതിനു ബഡ്ജററിൽ "൪ എക്സൈസ്" എന്ന ഇനത്തിൽ ൭,൯൪൦ രൂപ ഉൾപ്പെടുത്തിക്കൊള്ളുന്നതിനു കമ്മിററി സമ്മതിച്ചു.

൬൫. ആലപ്പുഴ ചുങ്കത്തു പരീക്ഷാർത്ഥം ൪൦-൫/൨-൭൦ രൂപ ശമ്പളത്തിൽ ൬൬൦൫-മാണ്ടു നിയമിച്ച അപ്രൈസരെ സ്ഥിരപ്പെടുത്തുന്നതിനും അതിന്നായി ബഡ്ജററിൽ "൫ എ ചുങ്കം" എന്ന ഇനത്തിൽ ൪൪൦ രൂപ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

വനംഡിപ്പാർട്ടുമെൻറ്.

വനംഡിപ്പാർട്ടുമെൻറുവക ബഡ്ജററ് ഒന്നാംഭാഗം പിന്നെ പരിശോധിച്ച് പാസ്സാക്കി.

കൃഷിയാൻ ഭൂമികളിൽനിന്നു നീക്കംചെയ്ത രാജകീയവൃക്ഷങ്ങളുടെ കുടിവിലയെസംബന്ധിച്ച അവകാശങ്ങൾക്കു തീർക്കുന്നതിനു ഈയ്യാണ്ടവസാനംവരെയും താൽക്കാലികമായി കൺസർവേറർ ആഫീസിൽ ൨൫ രൂപ വീതം ശമ്പളത്തിൽ നിയമിച്ച രണ്ടു ഗുമസ്തന്മാരെയും ഡിവിഷണൽ ഫാറസ്റ്റാഫീസുകളിൽ ഒരാൾ വീതം ൨൦ രൂപ ശമ്പളത്തിൽ നിയമിച്ച അഞ്ചു ഗുമസ്തന്മാരേയും ൬൬൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കണമെന്നുള്ള കാര്യം പിന്നെ ആലോചനയ്ക്കെടുത്തു. തീർച്ചചെയ്ത കേസുകളുടെയും ബാക്കിയുള്ള കേസുകളുടെയും എണ്ണവും ഓരോന്നിൽ കൊടുത്ത സംഖ്യയും അറിയണമെന്നു മിസ്റ്റർ താണുപിള്ള ആവശ്യപ്പെട്ടു. ഈ വിവരങ്ങൾ തൽക്കാലം ഇല്ലാത്തതുകൊണ്ടു അവയെ വനം കൺസർവേറരുടെ പക്കൽനിന്നു വരുത്തുന്നതിനു ഈ ഇനത്തെപ്പററിയുള്ള ആലോചന പിറെറദിവസത്തേക്കു നിറുത്തിവെക്കണമെന്നു നിശ്ചയിച്ചു.

സ്റ്റാമ്പ്.

സ്റ്റാമ്പുസംബന്ധിച്ച ബഡ്ജററ് ഒന്നാംഭാഗം പിന്നെ പരിശോധിച്ചു പാസ്സാക്കി.

രജിസ്ട്രേഷൻ.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടുവക ബഡ്ജററ് ഒന്നാംഭാഗം പിന്നെ ആലോചനക്കെടുത്തു പാസ്സാക്കി.

൧-൪൫ മണിക്കു കമ്മിററി ലഘുഭക്ഷണത്തിന്നായി പിരിയുകയും ൪ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

സാമാന്യഭരണം.

സാമാന്യഭരണംവക ബഡ്ജററ് ൧-ാംഭാഗം ആലോചനയ്ക്കെടുത്തു പരിശോധിച്ചു പാസ്സാക്കി.

അതിന്റെശേഷം രണ്ടാംഭാഗത്തിലുള്ള താഴെപ്പറയുന്ന വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

൨൦. തിരുവനന്തപുരം ജലവിതരണവും വൈദ്യുതശക്തി വിതരണവും പദ്ധതികളും ഡ്രെയിനേജ് എക്സ്റ്റൻഷൻ സർവ്വേയും സംബന്ധിച്ചു പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ രൂപീകരിച്ചിട്ടുള്ള രണ്ടു പുതിയ ഡിവിഷൻ സംബന്ധിച്ചു സെക്രട്ടറിയേററിലെ പൊതുമരാമത്തുവകുപ്പിൽ ൬൦൨൪ ഏപ്രിൽമാസത്തിൽ ൪൦ രൂപ ശമ്പളത്തിൽ നിയമിച്ച ഗ്രാഡ്വേററ് ഗുമസ്തനെയും ൨൦ രൂപ ശമ്പളത്തിൽ നിയമിച്ച ടൈപ്പിസ്റ്റിനെയും ൬൬൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്നതിനും ബഡ്ജററിൽ "൬൫ എ സാമാന്യഭരണം ഹജൂർകച്ചേരി" എന്ന ഇനത്തിൽ ൯൩൦ രൂപ ഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു. ഈ സംഖ്യ ൬൦൫-ാമാണ്ടത്തെപ്പോലെ മൂലധനത്തിൽ ചെലവെഴുതേണ്ടതാകുന്നു.

൨൬. ഹജൂർ ആഫീസിനോടുചേർന്ന ടെലിഫോൺ എക്സ്ചേഞ്ചിൽ ൨൦ രൂപ വീതം ശമ്പളത്തിൽ നിയമിച്ചിട്ടുള്ള രണ്ടു താൽക്കാലിക ഗുമസ്തന്മാരെ ൬൬൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്നതിനും അതിനായി ബഡ്ജററിൽ "൬൫ എ സാമാന്യഭരണം ഹജൂർകച്ചേരി" എന്ന ഇനത്തിൽ ൪൪൦ രൂപ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൨൨. ഇപ്പോൾ ൬൨ രൂപ ശമ്പളമുള്ള സെക്രട്ടറിയേററ് ഹെഡ്പ്യൂണിന്റെ ശമ്പളം പരിഷ്കരിച്ചു ൬൨-൬/൫-൬൪ രൂപയാക്കുന്നതിനും ഇപ്പോൾ ആ ഉദ്യോഗത്തിലിരിക്കുന്ന ആളിനു ഉടനെ ഓരോന്നരുപയുടെ ഇൻക്രിമെൻറുമായി ൬൪ രൂപ കൊടുക്കുന്നതിനും ബഡ്ജററിൽ "൬൫ എ. സാമാന്യഭരണം" എന്ന ഇനത്തിൽ ൨൨ രൂപ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൨൩. അതിന്റെശേഷം സെക്രട്ടറിയേററിലെ ടൈപ്പിസ്റ്റന്മാരുടെ ശമ്പളപരിഷ്കാരകാര്യം ആലോചനയ്ക്കെടുത്തു. ഇപ്പോൾ ൨൦-൩/൨-൩൫-൧-൪൦ രൂപ സ്കെയിലിൽ ൬൨ ടൈപ്പിസ്റ്റന്മാരുണ്ട്. ൩ പേരെ ൭൫ രൂപ സ്ഥിരശമ്പളത്തിലും വേറെ ൩ പേരെ ൩൦ രൂപ സ്ഥിരശമ്പളത്തിലും നിയമിക്കണമെന്നും ൨൦-൩/൨-൩൫-൫/൩-൫൦ രൂപ സ്കെയിലിൽ ഉള്ള ൬൫ പേരിൽ ൩ പേരെ കാപ്പിസ്റ്റുകളാക്കണമെന്നും ആകുന്നു ആലോചന. ഇതിനാൽ ഉണ്ടാകുന്ന കൂടുതൽ ചെലവു ൪൪൦ രൂപയാണ്.

ഈ പദ്ധതി സെക്രട്ടേറിയേറ്റിലെ മററ ഗുമസ്തന്മാരുടെ ശമ്പളപരിഷ്കാരപദ്ധതിയോടുകൂടെ ആലോചനയ്ക്കെടുത്താൽ പോരയോ എന്നു മിസ്റ്റർ താണുപിള്ള ചോദിച്ചു. ടൈപ്പിസ്റ്റന്മാർ ഒരു പ്രത്യേകവർഗ്ഗമാണെന്നും അതുകൊണ്ടു അവരുടെ കാര്യത്തോടുകൂടെ മററ ഗുമസ്തന്മാരുടെ കാര്യം ആലോചിച്ചിട്ടാവശ്യം ഇല്ലെന്നും ദിവാൻ മറുപടിപറഞ്ഞു. അപ്പോൾ മററ ഡിപ്പാർട്ടുമെൻറുകളിലുള്ള കാര്യവും ഇതോടുകൂടെ ആലോചിച്ചു അവർക്കും അവരുടെ സർവീസ് തോതിൽ ശമ്പളം സ്ഥിരപ്പെടുത്തിക്കൊടുക്കണമെന്നു മി. എ. താണു

പിള്ള പറഞ്ഞു. ഒരോ ഡിപ്പാർട്ടുമെന്റിലും ഇതുവഴിയെന്നും, അതായതു ൧൦, ടൈപ്പിസ്റ്റന്മാർ ഇല്ലാത്തതിനാൽ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റന്മാരേയും അവരേയും സാമ്യപ്പെടുത്തിക്കൂടാ എന്നു മി. ടി. പി. രാമസുബ്ബയ്യർ പ്രസ്താവിച്ചു. അവസാനത്തിൽ ഈ പദ്ധതി പാസ്സാക്കുകയും ഇതുനിമിത്തം ൧൧൨൩-ാമാണ്ടു വേണ്ടിവരുന്ന ൭൭൦ രൂപ ബഡ്ജറ്റിൽ "൧൫ എ. സാമാന്യഭരണം, ഹജൂർക്കച്ചേരി" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനു കമ്മിറ്റി സമ്മതിക്കയും ചെയ്തു.

൨൪. അനന്തരം കമ്മിറ്റി സെക്രട്ടേറിയറ്റിലെ ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ശമ്പളം പരിഷ്കരിക്കുന്നകാര്യം ആലോചനയ്ക്കെടുത്തു. ഇപ്പോഴം റിപ്പോർട്ടർമാരുള്ളതു താഴെ വിവരിക്കുന്നപ്രകാരമാണ്.

൭൫–൧൦–൧൦൦ രൂപ ശമ്പളത്തിൽ	൧	}	ഹയ്യർഗ്രേഡ്
൩൦–൫–൭൦ ,,	൨		
൪൦–൫–൯൦ ,,	൩		

ഹയ്യർഗ്രേഡിലുള്ള മൂന്നുപേരുടെ ശമ്പളം താഴെക്കാണും പ്രകാരം പരിഷ്കരിക്കണമെന്നാണു ആലോചന.

൧൦൦–൫–൧൨൫ രൂപ ശമ്പളത്തിൽ	൧	
൭൦–൫–൧൦൦ ,,	൨	

ഇതിനുവകശമുള്ള ആളുകൾക്ക് ഇപ്പോൾതന്നെ ആലോചിക്കുന്ന ശമ്പളത്തിൽ കൂടുതൽ ശമ്പളമൊ അതിലും കൂടുതലൊ ഉള്ളതുകൊണ്ടു ഈ പരിഷ്കാരംകൊണ്ടു ൧൧൨൩-ാമാണ്ടു കൂടുതൽ ചെലവൊന്നും ഉണ്ടാകയില്ല. ചുരുക്കെഴുത്തു റിപ്പോർട്ടർമാർക്കു കുറച്ചേ ജോലിയുള്ളു എന്നും നിയമസഭാസമ്മേളനം നടക്കുമ്പോൾമാത്രം ആണെങ്കിൽ ഉള്ളേടം ൨൦ ദിവസത്തെ ജോലിയേ ഉള്ളു എന്നും മി. എ. താണുപിള്ള പ്രസ്താവിച്ചു. സെക്രട്ടേറിയറ്റിലെ ഗ്രാഡ്വേറ്റ് ഗുമസ്തന്മാരുടെ ശമ്പളത്തോടു സാമ്യപ്പെടുത്തിനോക്കിയാൽ റിപ്പോർട്ടർമാരുടെ ശമ്പളം പരിഷ്കരിച്ചിട്ടാവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു. നിയമസഭാവകുപ്പിൽ റിപ്പോർട്ടർമാർക്കു ക്രമമായ ജോലി നിശ്ചയിച്ചിട്ടുണ്ടെന്നും അവർ നല്ലവേല ചെയ്യുന്നുണ്ടെന്നും മി. ടി. പി. രാമസുബ്ബയ്യർ സമാധാനം പറഞ്ഞു. നമ്മുടെ റിപ്പോർട്ടർമാരെപ്പോലെ യോഗ്യതയും പരിചയവുമുള്ള ആളുകളെ കിട്ടാൻ പ്രയാസമാണെന്നും അതേയോഗ്യതയുള്ളവർക്കു മറ്റുദിക്കുകളിൽ മുന്തിയ ശമ്പളം കിട്ടുന്നുണ്ടെന്നും അവരെ പ്രോത്സാഹിപ്പിക്കാഞ്ഞാൽ അവർ ഇവിടെനിന്നു പൊയ്ക്കളഞ്ഞേക്കുമെന്നും അദ്ദേഹം പറഞ്ഞു. ചിലറിപ്പോർട്ടർമാരുടെ റിപ്പോർട്ടുകൾ മോശമാണെന്നും അവർക്കു ശമ്പളം കൂട്ടിക്കൊടുത്താലും വേറെ എവിടെയെങ്കിലും ശമ്പളം കൂട്ടിക്കിട്ടുമെങ്കിൽ അവർ ഇവിടത്തന്നെ നിൽക്കയില്ലെന്നും മി. താണുപിള്ള മറുപടി പറഞ്ഞു. ഇവിടെയുള്ള റിപ്പോർട്ടർമാരിൽ അധികംപേരും ഗ്രാഡ്വേറ്റുകൾ അല്ലെന്നും ഗ്രാഡ്വേറ്റ് റിപ്പോർട്ടർമാർ സമർത്ഥന്മാരാണെന്നും മി. ടി. പി. രാമസുബ്ബയ്യർ സമാധാനം പറഞ്ഞു. സെക്രട്ടേറിയറ്റിലെ സാധാരണ ഒരു ഗുമസ്തന്റെ ജോലിയോടു സാമ്യപ്പെടുത്തിനോക്കിയാൽ ഒരു റിപ്പോർട്ടറുടെ വേല കുറച്ചേയുള്ളു എന്നുള്ളതുകൊണ്ടുമാത്രം യോഗ്യതയുള്ള ഒരു റിപ്പോർട്ടർക്കു കൂടുതൽ ശമ്പളം കൊടുക്കാതിരിക്കുന്നതു ന്യായമല്ലെന്നു ദിവാൻ പ്രസ്താവിച്ചു. ഗ്രാഡ്വേറ്റ് ഗുമസ്തന്മാരുടെവേല അധികമാകയാൽ അവരുടെകാര്യം ഒന്നോടു ആലോചിക്കേണ്ടതാണെന്നു മി. മാത്യു എരിക്കൻ പറഞ്ഞു. മററ ഗുമസ്തന്മാരുടെകാര്യം ആലോചിക്കുമ്പോൾമാത്രം ഇതും ആലോചിച്ചാൽമതിയെന്നു മി. ജി. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചു. ഈ പരിഷ്കാരകാര്യത്തിനു ഇങ്ങനെ കമ്മിററിയിലെ എല്ലാ അനൌദ്യോഗികമെമ്പർമാരും വിരോധം പറഞ്ഞു.

൨൫. ചിലകോഡുകൾ (ചട്ടപ്പുസ്തകങ്ങൾ) പരിഷ്കരിച്ചെഴുതുന്നതിനു ഈയാണ്ടാരംഭംമുതൽ അക്കൌണ്ടാഫീസ്സിൽ നിയമിച്ചിട്ടുള്ള ൧൪൦ രൂപ ശമ്പളത്തിൽ ഒരു സൂപ്രണ്ടിനേയും ൪൦ രൂപ ശമ്പളത്തിൽ ഒരു ഗുമസ്തനേയും ൯ രൂപശമ്പളത്തിൽ ഒരു ശിപായിയേയും ൧൧൨൩ ചിങ്ങം അവസാനംവരെ ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിനാവശ്യമുള്ള ൧,൭൦൧ രൂപ ബഡ്ജറ്റിൽ "൧൫ ബി—അക്കൗണ്ടാഫീസ്" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൨൬. ട്രെയിനിംഗ് സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപ്പരിഷ്കാരംനിമിത്തം കൂടുതലായിട്ടുള്ള ജോലിചെയ്യുന്നതിനു ൪൦–൪–൭൦ രൂപ ശമ്പളത്തിൽ ൨ പേരേയും ൨൫–൫–൫൦ രൂപശമ്പളത്തിൽ ൩ പേരേയും ആഡിററുവകുപ്പിൽ ൧൧൨൩ ചിങ്ങം ൧-ാംനുമുതൽ സ്ഥിരമായിനിയമിക്കുന്നതിനും അതിനാവശ്യമുള്ള ൧,൭൦൫ രൂപ ബഡ്ജറ്റിൽ "൧൫ ബി. അക്കൗണ്ടാഫീസ്" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൨൭. ൧൧൨൩-ലെ നിയമസഭാ തിരഞ്ഞെടുപ്പിനു തിരഞ്ഞെടുപ്പുകാരുടെ പട്ടികകൾ തയ്യാറാക്കുന്നതിനും തിരഞ്ഞെടുപ്പു നടത്തുന്നതിനും മൊത്തത്തുകയായി ൧൦,൦൦൦ രൂപ ബഡ്ജറ്റിൽ "൧൫-സി. സാമാന്യഭരണം—നിയമസഭ" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനു കമ്മിററി സമ്മതിച്ചു.

കമ്മിററിയോഗം വൈകിട്ടു ൪-൧൦ മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൪൭ ആഗസ്റ്റ് ൧൪-ാം.

പി. എൻ. കൃഷ്ണപിള്ള (ഒപ്പ്)
കൺവീനർ, സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററി.

സ്റ്റാൻഡിംഗ് ഫൈനാൻസുകമ്മിററി ൧൧൨൨.

൧൯൪൭ ജൂലൈ ൧൨-ാംനു ൧൧൨൨ മിഥുനം ൨൮-ാംനു ശനിയാഴ്ച.

നിയമസഭയിലെ ൧൧൨൨-ാമാണ്ടത്തെ സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിററിയുടെ നാലാമത്തെയോഗം ൧൯൪൭ ജൂലായ് ൧൨-ാംനു ൧൧൨൨ മിഥുനം ൨൮-ാംനു ശനിയാഴ്ച ഉച്ചയ്ക്കു ഹജൂരാഫീസിൽ ദിവാൻജിയുടെ മുറിയിൽ കൂടി.

താഴെപ്പറയുന്ന മെമ്പർമാർ ഹാജരുണ്ടായിരുന്നു.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ എം. എ., ബി. എൽ. ദിവാൻ പ്രെസിഡണ്ട്.

എ. താണുപിള്ള എസ്ക്വയർ, ബി. എ., ബി. എൽ.

ജി. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.

മാത്തുതരകൻ എസ്ക്വയർ ബി എ, ബി. എൽ.

ടി. പി. രാമസ്വാമിഅയ്യർ എസ്ക്വയർ, ബി. എ.

ആർ. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.

പി. എൻ. കൃഷ്ണപിള്ള എസ്ക്വയർ, ബി. എ., ബി. എൽ. കൺവീനർ.

സാമാന്യഭരണം.

൨൮. സെക്രട്ടേറിയറ്റിന്റെ ഇംഗ്ലീഷ് റെക്കാർഡ് വകുപ്പിൽ പ്രത്യേകജോലിക്ക താൽക്കാലികമായി നിയമിച്ചിട്ടുള്ള താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിന പതിനൊന്നുമാസത്തേക്കുള്ള ചെലവു ൪,൭൨൦ രൂപ ബഡ്ജററിൽ "൧ ൫ എ-സാമാന്യഭരണം ഹജൂർ കച്ചേരി" എന്നഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

സ്പെഷ്യൽ ആഫീസർ ൧ ൧൫൦ രൂപവീതം ൧൧ മാസം രൂപ	൨൩൧൦
൨ ഗ്രാഡ്യുവേറ്റ്ഗുമസ്തന്മാർ ൪൦ രൂപവീതം	൮൮൦
൨ ടൈപ്പിസ്റ്റ്മാർ ൨൫ രൂപവീതം	൫൫൦
൨ ശിപായിമാർ ൯ രൂപവീതം	൧൯൮
൨ ഗ്രാഡ്യുവേറ്റ്ഗുമസ്തന്മാർക്കും ൫ അണ്ടർ ഗ്രാഡ്യുവേറ്റ്ഗുമസ്തന്മാർക്കും മാസം ൮൩ രൂപവീതം ഡിപ്പ്യൂട്ടേഷൻ അലവൻസ	൯൧൩
൨ ശിപായിമാർക്കും ൨ ഭൃത്യന്മാർക്കും ൩ രൂപവീതം അലവൻസ	൧൩൨
സെൻട്രൽ വെർണാക്കുലർ റിക്കാർഡ്സിലെ തൽക്കാല ഉദ്യോഗസ്ഥന്മാർ.	
൨ ചെക്കിംഗ്ഗുമസ്തന്മാർ ൨൦ രൂപവീതം ൧൧ മാസം	൪൪൦
൨ അററണ്ടർമാർ ൧൨ രൂപവീതം	൨൬൪
ആകെ രൂപ	൫൭൨൦

എക്സൈസ്ഡിപ്പാർട്ടുമെന്റ.

൨൯. ൧൧൦൩-ാമാണ്ട എക്സൈസ് ഡിപ്പാർട്ടുമെന്റവകയായി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള താഴെവിവരിക്കുന്ന വേലകളെപ്പററി കമ്മിററി പിന്നെ ആലോചിച്ചു.

(൧).	താമരക്കുളം പഴയഅളത്തിലെ ജലാശയത്തിന ആഴംകൂട്ടുക രൂപ	൩,൦൦൦
(൨)	പുത്തളം പടനിലത്ത പടിഞ്ഞാറെ ഒരുകുന്നുംചാലിലെപാലം പണിയുക	൮൦൦
(൩)	മുനമ്പംഉപ്പുഡിപ്പോവിൽ ഉപ്പുചാണികളല്ലാ പ്രത്യേകഅററകുററപ്പണികൾ നടത്തുക	൯൦൦
(൪)	എക്സൈസ് സ്റ്റേഷനുകൾ പണിയിക്കുക	൭,൩൯൫
(൫)	അനന്തപുരം ഡിവിഷനിലെ എക്സൈസ് സ്റ്റേഷൻസ് കളിൽ അടുക്കള പണിയിക്കുക	൨,൦൦൦
(൬)	തെന്മലയും അങ്കമാലിയും ചൗക്കകളിൽ സാമാനം സൂക്ഷിക്കുന്നതിനുഷെഡ്ഡ് കൾ പണിയുക	൪൧൦
(൭)	മാമ്പുഴചൗക്കയിൽ ഒരുഷെഡും ഗാർഡ്സ്റ്റേഷനും പണിയുക	൮൦൦
(൮)	ആര്യവാറെയിൽവെ ചൗക്കയിലെ ഷെഡ്ഡ് പുതുക്കിപണിയുക	൯൦൫
(൯)	ആരുവാമൊഴി ചൗക്കയും പാർപ്പുസ്ഥലങ്ങളും പുതുക്കുക	൫൦൦
	ആകെ രൂപ	൧൫,൪൨൦

താമരകുളത്തു പഴയ അളത്തിലെ ആഴംകൂട്ടുന്നതിന (ഇനംനമ്പർ ൧) ൩,൦൦൦ രൂപ അധികമാണെന്നും ൨൦൦൦ രൂപ മതിയാകുമെന്നും മി. എ. താണുപിള്ള പറഞ്ഞു. സംഖ്യ ൨,൫൦൦ രൂപയായി കുറയ്ക്കണമെന്ന കമ്മിററിസമ്മതിച്ചു. ശേഷംഇനങ്ങളെല്ലാം അനുവദിക്കയും ൧൪,൯൨൦ രൂപ ബഡ്ജററിൽ ൪ എ എക്സൈസ് എന്നഇനത്തിൽ ചേർക്കുന്നതിന കമ്മിററിസമ്മതിക്കയുംചെയ്തു.

൩൦. ആലപ്പുഴ കടൽചുങ്കത്തു ൪൦ രൂപശമ്പളത്തിൽ ഒരു ൨-ാംഗ്രേഡ് സബ്ഇൻസ്പെക്ടരെയും ൧൮ രൂപശമ്പളത്തിൽ ഒരുപററിആഫീസരെയും നിയമിക്കുന്നതിനും അതിന്നായി ബഡ്ജററിൽ "൪ എക്സൈസ്" എന്ന ഇനത്തിൽ ൩൩൮ രൂപഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

നീതിന്യായഭരണം.

നീതിന്യായഭരണം വക ബഡ്ജററിന്റെ ഒന്നാംഭാഗം പിന്നീട പരിശോധിച്ചുപാസ്സാക്കി. പിന്നെകമ്മിററി താഴെകാണിച്ച രണ്ടാംഭാഗത്തിലെ വ്യവസ്ഥകളെ ആലോചനയ്ക്കെടുത്തു.

൩൧. ഹൈക്കോടതിയിലെ താൽക്കാലിക ബെഞ്ചും ൭ താൽക്കാലിക രണ്ടാംജഡ്ജിമാരുടെ കോടതികളും ൪ താൽക്കാലിക മുൻസിഫ്കോടതികളും നെടുമങ്ങാട്ടു മുൻസിഫ് മജിസ്ട്രേററു കോടതിയും ൧൧൦൩-ാമാണ്ടും തുടർന്നുകൊണ്ടുപോകുന്ന കാര്യം കമ്മിററിസമ്മതിക്കയും താഴെവിവരിച്ചപ്രകാരം ൧,൧൯,൪൧൨ രൂപയെ ബഡ്ജററിൽ '൧൩ നീതിന്യായഭരണം' എന്ന ഇനത്തിൽ ചേർക്കുന്നതിന സമ്മതിക്കയുംചെയ്തു.

(൧) (എ) ൧൩ എ ഹൈക്കോടതി.

അഡിഷണൽ ജഡ്ജിമാർ ൨ (൯൦൦) ൧൯,൮൦൦ രൂപ

ഗുമസ്തന്മാർ (൫൫), (൪൦), ൩ (൩൦), ൨ (൨൫), ടൈപ്പിസ്റ്റ്മാർ (൩൫), (൨൫), ജഡ്ജി (൧൪), ഹെഡ്പ്യൂൺ (൧൪), ശിപായിമാർ ൮ (൧൦), ൧൦ (൯) പകർപ്പുഗുമസ്തന്മാർ ൪ (൧൫) ൩,൦൮൩

(ബി) അഡിഷണൽ സിൽബന്തികൾ.

ഗുമസ്തന്മാർ ൨ (൭൦–൫/൨–൧൦), ൨ (൨൫–൫/൩–൫൦)
ടൈപ്പിസ്റ്റ്മാർ ൩ (൨൦–൩/൨–൩൬–൬/൩–൬൦)
ലൈബ്രറി അററണ്ടർ (൪൮–൪/൨–൨൦) ൨,൨൮൮

(൪) ന്റെ ആകെ ൨൮,൪൧൪

(൨) (എ)–൪ന്നു ബി, സിവിലും സെഷനും കോടതികൾ.

(൪) താൽക്കാലിക രണ്ടാം ജഡ്ജിമാർ ൧ (൭൦൦) ൩൦,൮൦൦
ഗുമസ്തന്മാർ ൧ (൩൫), ൨൪ (൨൫), ശിപായിമാർ ൪ൻ (൪൦), ൫൮ (ൻ) ൪൬,൩൦൨

(൨) ഡിസ്ട്രിക്കോടതികളിലേക്കും അഫിഷ്യൽ റിസീവർമാർക്കും അഡിഷണൽ ഗുമസ്തന്മാർ.
അഡിഷണൽ ഗുമസ്തന്മാർ ൪൨ (൨൦–൨/൩–൩൦) ൨,൬൭൦

(ബി) താൽക്കാലികമുൻസിപ്പുമാർ ൫ (൨൦൦–൨൫/൨–൩൫൦) ൪൪,൧൦൦
ഗുമസ്തന്മാർ ൭ (൩൦), ൪൬ (൨൦). മുച്ചിമാർ ൭ (൪൦), ശിപായിമാർ ൮ (ൻ), പ്രോസസ് ശിപായിമാർ ൭൭ (൪൦), ൨൦ (ൻ) പകർപ്പുഗുമസ്തന്മാർ ൪൮ (൪൫) ൪൫,൮൬൨

(സി) മുൻസിഫ് മജിസ്ട്രേട്ട് കോടതി നെടുമങ്ങാട്ട ഹെഡ്ഗുമസ്തൻ (൭൫), നാജർ (൭൦) ഗുമസ്തന്മാർ ൻ (൨൦–൨/൩–൩൦) പകർപ്പുഗുമസ്തന്മാർ ൭ (൪൫), ആമീൻമാർ ൩ (൪൮) മുച്ചി (൪൦–൪/൫–൪൨) വർക്കർ (ൻ–൪/൬–൪൪)/൪൦ ശിപായിമാർ ൨ (ൻ), പ്രോസസ് ശിപായിമാർ ൪൫ (൪൦). ൬,൨൩൧

(ഡി) മുൻസിപ്പുകോടതികളിൽ അഡിഷണൽ ഗുമസ്തന്മാർ
ഗുമസ്തന്മാർ ൩൫, ൨൦–൨/൩–൩൦ ൧,൧൦൦

(൨) ന്റെ ആകെ ൻ൪,൨൭൪

(൪)–ന്റെയും (൨)–ന്റെയും ആകെ ൨൮,൪൧൪ + ൻ൪,൨൭൪
അല്ലെങ്കിൽ ൪,൪ൻ,൭൪൨ രൂപ

൩൨. ലാകാളേജിൽ ൪ൻ൩൦–൩൪–ാം കാളേജ് വർഷത്തിൽ എഫ്. എൽ. ബി. എൽ. ക്ലാസുകളിൽ കൂടുതലായി ഡിവിഷൻ വെച്ചതുസംബന്ധിച്ച അഡിഷണൽ ശിപായിമാരെ നിയമിക്കുന്നതിനും പ്രിൻസിപ്പാളിനും പ്രൊഫസർമാർക്കും സിൽബന്തികൾക്കും അലവൻസ് കൊടുക്കുന്നതിനും അതിന്നായി താഴെ വിവരിച്ചിട്ടുള്ള പ്രകാരം ൪൦,൪൬൪ രൂപ ബഡ്ജറ്റിൽ "൪൬ ഡി. നീതിന്യായഭരണം, ലാകാളേജ്" എന്നഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

(൪) പ്രിൻസിപ്പാളിനു മാസംതോറും ൨൦൦ രൂപ പ്രകാരം ൻ മാസത്തേക്കു അലവൻസ് ൪൮൦൦ രൂപ

(൨) രണ്ടു സീനിയർ പ്രൊഫെസർമാർക്കും ആറു ജൂനിയർ പ്രൊഫെസർമാർക്കും മാസം പ്രതി ൪൦൦ രൂപവീതം ൻ മാസത്തേക്കു അലവൻസ് ൧൨൦൦൦

(൩) മൂന്നു അഡിഷണൽ ശിപായിമാർക്കു മാസം ൻ രൂപവീതം ൻ മാസത്തേക്കു ൨൭൩

(൭) സിൽബന്തികൾക്കു ശമ്പളത്തിന്റെ ൫൦ ശതമാനപ്രകാരം ൪൦൩ രൂപ ൻ മാസത്തേക്കു ൻ൪൮

ആകെ ൪൦,൪൬൪

൩൩. ഹെഡ്സർക്കാർ വക്കീലിന്റെ ആഫീസിൽ ൪൦൬ ചിങ്ങം ൧–നു മുതൽ ൪൨–൪/൫–൪൭ രൂപ ശമ്പളത്തിൽ ഒരു ക്ലാർക്കിനെ സ്ഥിരമായി നിയമിക്കുന്നതിനും അതിന്നായി ബഡ്ജറ്റിൽ "൪൦൬ ഇ. നീതിന്യായഭരണം ലാ ആഫീസർമാർ" എന്നഇനത്തിൽ ൪൩൨ രൂപ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൩൭. താൽക്കാലിക സർക്കാർവക്കീലന്മാരെയും അവരുടെ സിൽബന്തികളെയും ൪൬–ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരം ൪൦,൮൧൪ രൂപ ബഡ്ജറ്റിൽ "൪൬ ഇ. നീതിന്യായഭരണം ലാ ആഫീസർമാർ" എന്നഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

(എ) സർക്കാർ വക്കീലന്മാർ ൨ (൨൫൦), ൪ (൨൦൦), ൪ (൪൫൦) ൻ,൩൫൦ രൂപ
ഗുമസ്തന്മാർ ൩ (൨൨), ൪ (൨൦) ശിപായി ൭ (ൻ) ൪,൩൭൨.

(ബി) ആലപ്പുഴയിലെ താൽക്കാലിക സർക്കാർവക്കീലിന്റെയും സിൽബന്തികളുടെയും ൪൦൫ കർക്കടകത്തിലെ ശമ്പളം ൪൧ൻ

ആകെ ൪൦,൮൧൪

൩൫. ലാസ് ഡിക്രെസ് കമ്മീഷണരുടെ ഉദ്യോഗം ൪൦൬–ൽ ൭ മാസം ൪൬ ദിവസം കൂടെവെച്ചുകൊണ്ടിരിക്കുന്നതിനും താഴെ വിവരിച്ചിരിക്കുന്നപ്രകാരം കൂടുതലായി ഗുമസ്തന്മാരെയും ശിപായിമാരെയും നിയമിക്കുന്നതിനും അതിന്നായി ബഡ്ജറ്റിൽ "൪൬ എഫ്. നീതിന്യായഭരണം ലാസ് ഡിക്രെസ് കമ്മീഷണർ" എന്നഇനത്തിൽ ൪൧,൧൫൨ രൂപ ഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

	രൂപ.	ചക്രം	കാശ.
കമ്മിഷണർ (൭൦൦) അസിസ്റ്റന്റുകമ്മീഷണർ (൪൫൦) ഡിപ്യൂട്ടേഷൻ അലവൻസ് (൬൦)	൩,൦൧൪	൨൭	൨൨
ഹെഡ്ഗുമസ്തൻ (൧൫) ഗുമസ്തന്മാർ ൨ (൫൦), ൨ (൩൪), ൪ (൩൦) സ്റ്റെനോഗ്രാഫർ (൫൦), ടൈപ്പിസ്റ്റ് (൨൫) ശിപായിമാർ ൨ (൨൨), ൯ (൨൫)	൨,൩൩൩	൨൨	൩
സഞ്ചാരപ്പടി	൧,൦൦൦	...	...
അമ്പൽചെലവു	൨൫൦	...	...
തപാലും കമ്പിയും ചെലവു	൨൦൦	...	...
മേശ, കസാലസാമാനങ്ങൾ	൨൫൦	...	...
പുസ്തകങ്ങൾ	൨൫൦	...	...
വീട്ടുവാടക	൫൦൦	...	...
സക്കീട്ടുചെലവു	൫൦൦	...	...
വെലക്കാർക്ക	൩൦	...	...
പലവക ആഫീസ്ചെലവുകൾ	൫൦൦	...	...
ആകെ	൨൧,൧൫൨	൨	൨
അല്ലെങ്കിൽ കൊന്തരുകയായി	൨൧,൧൫൨	...	...

കമ്മിഷകൾ.

അനന്തരം കമ്മിററി കമ്മിഷൻവക ൨൧ ബഡ്ജററ് ൨-ാംഭാഗം പരിശോധിച്ചു പാസാക്കി.

പോലീസ്.

അനന്തരം "൨൪-പോലീസ്" വക ബഡ്ജററ് ഒന്നാം ഭാഗം ആലോചനക്കെടുത്തു പാസ്സാക്കി.

പിന്നെ രണ്ടാം ഭാഗത്തിലുള്ള താഴെ വിവരിക്കുന്ന വ്യവസ്ഥകൾ ആലോചനക്കെടുത്തു.

൩൩. പൊലീസ് ഡിപ്പാർട്ടുമെന്റിന്റെ ഉപയോഗത്തിനു ൨,൨൭൫ ബ്രിട്ടീഷ് രൂപാ വീതം വിലയുള്ള മൂന്നു മോട്ടോർകാറുകൾ വാങ്ങുന്നതിനും അതിനു ബഡ്ജററിൽ "൨൪ എ. പൊലീസ് മൽചിലവു" എന്ന ഇനത്തിൽ ൩,൭൫൫ രൂപ ചേർക്കുന്നതിനും കമ്മിററി അനുവദിച്ചു.

൩൧. കണിയാപുരം റെയിൽവേ സ്റ്റേഷനിലെ ൨൩ രൂപാ ശമ്പളത്തിലുള്ള ബീററ കാൺസ്റ്റേബിളിനെ സ്ഥിരപ്പെടുത്തുന്നതിനും ൧൧൦൩-ാമാണ്ട പതിനൊന്നു മാസം അതിലേക്കാവശ്യമുള്ള ൨൪൩ രൂപാ ബഡ്ജററിൽ "൨൪-പോലീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൩൨. അകത്തുമുറി റെയിൽവേ സ്റ്റേഷനിലെ ൨൩ രൂപാ ശമ്പളത്തിലുള്ള ബീററ കാൺസ്റ്റേബിളിനെ സ്ഥിരപ്പെടുത്തുന്നതിനും ൧൧൦൩-ാമാണ്ട പതിനൊന്നു മാസം അതിലേക്കാവശ്യമുള്ള ൨൪൩ രൂപാ ബഡ്ജററിൽ "൨൪-പോലീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൩൬. പൊലീസ് ഹെഡ്ക്വാർട്ടർ ആഫീസിലേയും ഡിസ്ട്രിക്ട് പോലീസ് ആഫീസുകളിലേയും മോട്ടോർ വാഹനവകുപ്പിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള താഴെ വിവരിക്കുന്ന അഡിഷണൽ ഗുമസ്തന്മാരെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്ന കാര്യത്തെപ്പററി പിന്നീടു ആലോചിച്ചു.

എ. പൊലീസ് കമ്മീഷണരുടെ ആഫീസ്

൧൫—൫—൨൦൦ രൂപാ ശമ്പളത്തിൽ ഗുമസ്തൻ ൨
൪൦—൫/൨—൧൦ ടി ടി ൨
൨൫—൫/൩—൪൦ ടി ടി ൩.

ബി. ൧൧൦൫-മാണ്ടിന്റെ അവസാന ക്വാർട്ടറിൽ ൨൫ രൂപാ ശമ്പളത്തിൽ നിയമിച്ച അഞ്ചു അഡിഷണൽ ഗുമസ്തന്മാരിൽ ൨ പേർ.

സി. ഡിസ്ട്രിക്ട് പോലീസാഫീസുകൾ.

൨൦—൩൫ രൂപാ ശമ്പളത്തിൽ ഗുമസ്തന്മാർ ൩

ബി. ഭാഗത്തിൽപറഞ്ഞ ൨ ഗുമസ്തന്മാരെ നിയമിച്ചപ്പോൾ നിയമസഭയുടെ അനുവാദം വാങ്ങിയിട്ടില്ലാത്തതുകൊണ്ടു അവരെ വെച്ചുകൊണ്ടിരിക്കുന്നതിനു മി. എ. തണുപ്പിള്ള വിരോധം പറഞ്ഞു. അവസാനമായി കമ്മിററി ആ വ്യവസ്ഥ സ്വീകരിക്കയും ൫ അഡിഷണൽ ഗുമസ്തന്മാരുടെ ൧൧൦൫ കർക്കടമാസത്തെ ശമ്പളം ൨൨൫ രൂപായും കൂടതലായി വെച്ചുകൊണ്ടിരിക്കുന്ന രണ്ടുവിഭാഗിച്ച ഗുമസ്തന്മാരുടെ ൧൧ മാസത്തെ ശമ്പളം ൩,൩൦൦ രൂപായും കൂടി ൩,൪൨൫ രൂപാ ബഡ്ജററിൽ ചേർത്തുകൊള്ളുന്നതിനു അനുവദിക്കയും ചെയ്തു.

വിദ്യാഭ്യാസം.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ൧൧൦൩-ാമാണ്ടത്തേക്കുള്ള ബഡ്ജററ് ഒന്നാം ഭാഗം കമ്മിററി പിന്നീടു പരിശോധിച്ചു പാസ്സാക്കി.

അനന്തരം ബഡ്ജററിന്റെ രണ്ടാം ഭാഗത്തിലുള്ള താഴെ പറയുന്ന വ്യവസ്ഥകൾ ആലോചനക്കെടുത്തു.

൪൦. പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിന്റെ ആഫീസിൽ ൭ രൂപാ ശമ്പളത്തിൽ ഒരു രാത്രി കാവൽക്കാരനെ നിയമിക്കുന്നതിനും അതിനായി ബഡ്ജററിൽ ൨൦ "വിദ്യാഭ്യാസം" എന്ന ഇനത്തിൽ ൭൭ രൂപാ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪൨. പെൺപള്ളിക്കൂടം ഇൻസ്പെക്ടരുടെ ആഫീസിൽ ൨൦ രൂപാ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള രണ്ടു താൽക്കാലിക ഗുമസ്തന്മാരെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിനായി ബഡ്ജററിൽ ൨൦ "വിദ്യാഭ്യാസം" എന്ന ഇനത്തിൽ ൪൪൦ രൂപാ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൪൨. വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിലെ ബുക്ക്ഡിപ്പോവിൽ ൨൫ രൂപാ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ഗുമസ്തന്റെ ഉദ്യോഗം ൧൧൨൬-ാമാണ്ടു തുടൎന്നുകൊള്ളുന്നതിനും അതിലേക്ക ബഡ്ജറ്റിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ൨൭൫ രൂപാ ചേൎക്കുന്നതിനും കമ്മിററി സമ്മതിച്ചു,

൪൩. മഹാരാജാവു തിരുമനസ്സിലെ സ്ത്രീകളുടെ കാളേജിൽ കായികവിദ്യാഭ്യാസം ഏൎപ്പെടുത്തുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരമുള്ള ൧,൭൯൦ രൂപാ ബഡ്ജററിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎത്തുകൊള്ളുന്നതിനു കമ്മിററി സമ്മതിച്ചു.

(൧) ൧൧൨൬ കൎക്കടകമാസം മുതൽ ൧൧൨൭ മീനമാസം വരെ ൯ മാസം കായികവിദ്യാഭ്യാസം നൽകുന്നതിനു മഹാരാജാവു തിരുമനസ്സിലെ സ്ത്രീകളുടെ കാളേജിൽ ഇംഗ്ലീഷ് ലെക്ചറർ ശ്രീമതി ഈശ്വരി അമ്മ എം. എ. എൽ. ടി. ക്കു പ്രതിമാസം ൫൦ രൂപാ പ്രകാരം അലവൻസ്	൪൫൦ രൂപാ
(൨) ശ്രീമതി ഈശ്വരിഅമ്മയുടെ ഇംഗ്ലീഷ് അദ്ധ്യാപകജോലിയിൽ ഒരു ഭാഗം നിൎവഹിക്കുന്നതിനു ൭൦-൫-൧൨൫ രൂപാ സ്കെയിലിൽ ഡെമാൺസ്ട്രേറററിന്റെ ൭൫ രൂപാ ശമ്പളത്തിൽ ഒരദ്ധ്യാപികയുടെ ശമ്പളം	൬൭൫
(൩) മദ്രാസിലെ ലേഡിവില്ലിംഗ്ഡൺകാളേജിൽ സ്പെഷ്യൽ ഫിസിക്കൽ എഡ്യൂക്കേഷൻ ക്ലാസ്സിൽ മിസ്സ് ലേഷാക്കിറിഞ്ഞൺ എം. എ. എൽ. ടി. യെ ൧൯൫൦ ജൂലായി മാസം മുതൽ ൯ മാസം പരിശീലിപ്പിക്കുന്നതിനു	
(൧) രണ്ടു ടേമിനു ൨൦ രൂപാ വീതം ട്യൂയിഷൻഫീ	൪൦-൦-൦
(൨) ഉടുപ്പിനും പുസ്തകങ്ങൾക്കും	൨൦-൦-൦
(൩) ൯ മാസം ൬൦ രൂപാ വീതം വേതനം	൫൪൦-൦-൦
(൪) മദ്രാസിലേക്കും തിരിച്ചും ഉള്ള യാത്രച്ചിലവു ൨-ാം ക്ലാസ് റെയിൽവേ കൂലി.	൫൧-൮-൦
	൬൫൧-൮-൦
രൂപാ	൬൬൬-൩-൧൨
ആകെ രൂപാ	൧,൭൯൧-൩-൧൨
അല്ലെങ്കിൽ ക്ലിപ്തപ്പെടുത്തുകയായി രൂപാ	൧,൭൯൦

൪൪. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ജോലിചെയ്യുന്നതിനു ൫൦-൫/൧-൭൦-൫൦/൧-൧൨൦ രൂപ ശമ്പളത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ൮ ഗ്രാഡ്യേററു അദ്ധ്യാപകന്മാരെ ൧൧൨൬-ാമാണ്ടു ഉദ്യോഗത്തിൽ വച്ചുകൊള്ളുന്നതിനും അതിന്നായി ൪,൮൦൦ രൂപ ബഡ്ജററിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎക്കുന്നതിനും കമ്മിററി സമ്മതിച്ചു

൪൫. തക്കല ഇംഗ്ലീഷ്സ്കൂളിൽ ൧൧൨൫-ാമാണ്ടു അവസാനം മൂന്നുമാസത്തേക്കു താൽക്കാലികമായി ൫൦-൫-൭൦-൫-൧൨൦ രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള രണ്ടു രണ്ടാംഗ്രേഡ് അദ്ധ്യാപകന്മാരെ ൧൧൨൬-ാമാണ്ടു ഉദ്യോഗത്തിൽ വച്ചുകൊള്ളുന്നതിനും അതിന്നായി ൧,൨൦൦ രൂപ ബഡ്ജററിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു,

൪൬. തെങ്കാശിതാലൂക്കിൽ ചാലക്കോട്ട ൨-ാംക്ലാസുവരെ പഠിപ്പിക്കുന്ന ഒരു പ്രാഥമിക പെൺപള്ളിക്കൂടം സ്ഥാപിക്കുന്നതിനും അതിന്നായി ൩൯൩ രൂപ ബഡ്ജററിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪൭. ൧൧൨൬ ചിങ്ങം ൧-ാംതീയതിമുതൽ റെഫോൎമെറററിസ്കൂളിൽ ൨൦ രൂപ ശമ്പളത്തിൽ ഒരു കൌൺസിലിംഗ് അദ്ധ്യാപകനെ നിയമിക്കുന്നതിനും അതേസമയംതന്നെ അപ്പള്ളിക്കൂടത്തിലെ ഫോൎമാനു കൊടുത്തുവരുന്ന ൫ രൂപ അലവൻസ് നിൎത്തലാക്കുന്നതിനും (൨൨൦ രൂപയിൽ അലവൻസ് ൬൦ രൂപ കുറച്ചു) ൧൭൫ രൂപ ബഡ്ജററിൽ "൨൦-വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

വനം ഡിപ്പാൎട്ടുമെന്റ (അവസാനം),

൪൮. കുടിയാൻ ഭൂമികളിൽനിന്നു മുറിച്ച രാജകീയവൃക്ഷങ്ങളുടെ കുടിവിലയെ സംബന്ധിച്ചുള്ള അവകാശങ്ങൾ തീൎക്കുന്നതിനു നിയമിച്ചിട്ടുള്ള പ്രത്യേക സിൽബന്തികളെ ൧൧൨൬-ാമാണ്ടു ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്ന കാൎയ്യം കമ്മിററി വീണ്ടും ആലോചനക്കെടുത്തു. ഇപ്പോഴത്തെ ഏൎപ്പാടു തൃപ്തികരമല്ലെന്നും തീരാതെകിടക്കുന്ന കേസുകൾ ഒന്നോരണ്ടോ വൎഷത്തിനകം തീൎക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കയാണു വേണ്ടതെന്നും മി. എ. താണുപിള്ള പ്രസ്താവിച്ചു. കേസുകളെല്ലാം കഴിപ്പുള്ളതാണെന്നും അതുകൊണ്ടാണു തീൎക്കാൻ താമസമെന്നും കൺസൎവേറർ സമാധാനംപറഞ്ഞു. ഇതങ്ങൾക്കു കിട്ടേണ്ടതായ കുടിവില യഥാൎത്ഥമായി വരവായികാണിച്ചു ഡിപ്പാൎട്ടുമെന്റുവക വരവു വലുതാക്കികാണിച്ചുവരുന്നുഎന്നു മി. മാത്യു മുരിക്കൻ പ്രസ്താവിച്ചു. അവസാനമായി കമ്മിററിഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടിരിക്കുന്നകാൎയ്യം സമ്മതിക്കയും താഴെ വിവരിച്ചപ്രകാരമുള്ള സംഖ്യ ൧,൬൫൦ രൂപ ബഡ്ജററിൽ "൪-വനം" എന്ന ഇനത്തിൽ ഉൾപ്പെടുത്തുന്നതിനു അനുവദിക്കയും ചെയ്തു.

രണ്ടു ഗുമസ്തന്മാൎക്കു ൨൫ രൂപവീതം ശമ്പളം	രൂപ	൫൫൦
മൂന്നു ഗുമസ്തന്മാൎക്കു ൨൦ രൂപവീതം ശമ്പളം	,,	൧,൧൦൦
ആകെ രൂപ		൧,൬൫൦

കുടിവിലയ്ക്കുള്ള അവകാശങ്ങൾ തീൎക്കുന്നതിനു ഒരു പ്രത്യേകഉദ്യോഗസ്ഥനെ നിയമിക്കണമെന്നു ഒരു റിപ്പോൎട്ടു സഭയുടെ ൧൧൨൬-ലെ സമ്മേളനത്തിൽ ഹാജരാക്കത്തക്കവണ്ണം ൧൧൨൬ ചിങ്ങമാസം ആദ്യത്തിൽ സമൎപ്പിക്കണമെന്നു കമ്മിററിയുടെ ആവശ്യപ്രകാരം ദിവാൻ കൺസൎവേറരോടു ആജ്ഞാപിച്ചു.

കമ്മിററി ലഘുഭക്ഷണത്തിനായി ൩—൩൦ മണിക്കു പിരിയുകയും ൪ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

കൃഷിയും മത്സ്യവ്യവസായവും.

കൃഷിയും മത്സ്യവ്യവസായവും ഡിപ്പാർട്ടുമെൻറുവക ബഡ്ജററിൻെറ ഒന്നാമത്തെ ഹെഡ് പരിശോധിച്ചു പാസ്സാക്കി. അതിൻെറശേഷം താഴെ കാണുന്ന ഇനങ്ങളിലുള്ള പുതിയ ചെലവുകൾക്കു [illegible] കൂടി അനുവദിച്ചു.

൨൯. മെഷീനുതിരുവിതാംകൂറിലെ ഉല്പന്നങ്ങളുടെ പരിശോധനകൾ നടത്തുന്നതിനു താഴെ വിവരിക്കുന്ന സാമഗ്രികൾ വാങ്ങുന്നതിനും അതിൻെറ വിലയായ ൪,൭൦൦ രൂപ ബഡ്ജററിൽ "൨൧-കൃഷിയും വ്യവസായവും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧)	ഇലക്ട്രോമീട്രിക് സാമഗ്രികളും ഹൈഡ്രജൻ കൺസെൻട്രേഷൻ കാണിക്കുന്ന ചെല്ലിഗായിയുടെ യന്ത്രവും	൨,൫൦൦ രൂപ
(൨)	മണ്ണു ദ്രാവകത്തിൻെറ വാഹകത്വം നിർണ്ണയിക്കുന്നതിനുള്ള യന്ത്രം	൧൭൦
(൩)	പിപ്പററ രീതിയനുസരിച്ചു വിതരണങ്ങളെ കാണിക്കുന്ന യന്ത്രം	൧൬൦
(൪)	പൂരികാച്ചകഴലുകൾ	൨൦൦
(൫)	ഷേക്കർയന്ത്രവും ചൂടുപാത്രവും	൩൦൦
(൬)	കീൻസ്നാളങ്ങൾ, ഇലാസ്സു മുതലായവ	൪൦൦
	ആകെ രൂപ	൪,൭൦൦

൩൦. കൃഷിയും വ്യവസായവും ഡിപ്പാർട്ടുമെൻറിൻെറ ഉപയോഗത്തിലേക്കു ചിത്രദർശിനിയന്ത്രവും സാമഗ്രികളും വാങ്ങുന്നതിനും അതിന്നാവശ്യമുള്ള ൧൦൦ രൂപ ബഡ്ജററിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൩൧. ഫോട്ടോകൾ (ചിത്രം) എടുക്കുന്നതിനും ചിത്രദർശിനിയന്ത്രത്തിലെ ചിത്രങ്ങൾ വരച്ചുണ്ടാക്കുന്നതിനും കൃഷിഡിപ്പാർട്ടുമെൻറിലെ ശില്പിക്കു ൧-൧-൧൧൦൭-നു-മുതൽ പ്രതിമാസം ൭ രൂപ അലവൻസ് കൊടുക്കുന്നതിനും അതിന്നായി ൭൭ രൂപ ബഡ്ജററിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൩൨. പരീക്ഷണങ്ങൾ നടത്തിക്കാണിക്കുന്നതിനു ദക്ഷിണതിരുവിതാംകൂറിലേക്കു ഒന്നും ഉത്തരതിരുവിതാംകൂറിലേക്കു ഒന്നും ഇങ്ങനെ രണ്ടു ൪ കുതിരശക്തിയുള്ള കലപ്പകൾ ഇൻഡ്യാ ബർമ്മാഷെൽ ഓയിൽ സ്റ്റോറേജ് ആൻഡ് ഡിസ്ട്രിബ്യൂട്ടിങ് കമ്പനിയിൽനിന്നു വാങ്ങുന്നതിനും അതിൻെറവില ൩,൧൦൦ രൂപ ബഡ്ജററിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൩൩. ൨൦ രൂപ ശമ്പളവും ൬ രൂപ സ്ഥിരസഞ്ചാരപ്പടിയുമായി ൧-൬-൧൧൦൭-നു-മുതൽ ൩ വർഷത്തേക്കു താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടു ൧൧൦൬-ാമാണ്ടവസാനംവരെ ഉദ്യോഗത്തിലിരുന്നിരുന്ന ഹെൽഡ്മെന്നിനെ ൧൧൦൭-മാണ്ടവസാനംവരെ ഉദ്യോഗത്തിൽ വച്ചുകൊള്ളുന്നതിനും അതിന്നായി ൧,൧൦൦ രൂപ ബഡ്ജററിൽ "൨൧-കൃഷിയും വ്യവസായവും" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും സമ്മതിച്ചു.

൩൪. പ്രതിമാസം ൬൦-൫/൨-൭൫ രൂപ ശമ്പളത്തിൽ താൽക്കാലികമായി ൧൧൦൪ മേടംമുതൽ നിയമിക്കപ്പെട്ടു, ൧൧൦൬-ാമാണ്ടവസാനംവരെ ഉദ്യോഗത്തിലിരിക്കുന്ന മൂന്നു ഗ്രാജ്വേറ്റ് കൃഷി ഇൻസ്പെക്ടർമാരെയും ൯-൧/൩-൧൧ രൂപ ശമ്പളമുള്ള അവരുടെ മൂന്നു ശിപായിമാരെയും ൧൧൦൭-ാമാണ്ടവസാനംവരെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്നതിനും അവരുടെ ശമ്പളത്തിന്നാവശ്യമുള്ള ൨,൯൪൭ രൂപ ബഡ്ജററിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു. ഈ ഇൻസ്പെക്ടർമാരുടെ വേലയുടെ ഫലം എന്താണെന്നു അറിഞ്ഞാൽകൊള്ളാമെന്നു മി. താണുപിള്ള പറഞ്ഞു. അവർ നടത്തിക്കാണിച്ച പരീക്ഷകൾ, ചെയ്ത പ്രസംഗങ്ങൾ, പുതിയതായി കൃഷിതുടങ്ങിയ ഭൂമിയുടെ വിസ്തീർണ്ണം, അതുകൊണ്ടു ഗുണം സിദ്ധിച്ച കുടിയാന്മാരുടെ എണ്ണം എന്നീ വിവരങ്ങൾ കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ എഴുതിഅയച്ചുവരുത്താമെന്നു ദിവാൻ പറഞ്ഞു.

൩൫. കൊട്ടാരക്കര കൃഷിവിദ്യാലയം ൧-൧-൧൧൦൭-നു-മുതൽ രണ്ടു വർഷംകൂടെ നടത്തിക്കൊള്ളുന്നതിനും അതിന്നു താഴെ വിവരിച്ചുപ്രകാരം ആവശ്യമുള്ള ൪,[illegible] രൂപ ബഡ്ജററിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

ശമ്പളം.

൭൫-൫-൧൦൦-൧൦-൧൫൦ രൂപ സ്കേയിൽ ഹെഡ്മാസ്റ്റർക്കു ൭൫ രൂപവീതം ൧൧ മാസത്തെ ശമ്പളം രൂപ	൮൨൫
അസിസ്റ്റൻറദ്ധ്യാപകനു പ്രതിമാസം ൩൫ രൂപ (൩൫-൫/൨-൫൦) വീതം ൧൧ മാസത്തെ ശമ്പളം	൩൮൫
൨൦-൧/൩-൩൦ രൂപവീതം ഗുമസ്തൻെറ ശമ്പളം	൨൨൦
൯-൧/൩-൧൧ രൂപവീതം ശിപായിയുടെ ശമ്പളം	൯൯
ആശാരിക്കു ൨൫ രൂപവീതം പത്തു മാസത്തെ ശമ്പളം	൨൫൦
കൊല്ലന്നു മേൽപ്രകാരം	൨൫൦
സഞ്ചാരപ്പടി	൧൫൦

തൽചിലവു്

൨ വിദ്യാർത്ഥികൾക്കു ൧൦ രൂപാവീതം വേതനം രൂപാ	൨൪൦
കൂലിക്കാർക്കു കൂലി	൫൦
ആയുധങ്ങൾക്കു വില	൧൦൦
സാമാനങ്ങൾ	൫൦
ഹോസ്റ്റൽചിലവു	൩൦൦
അഞ്ചൽചിലവു	൫൦
യാത്രച്ചിലവു	൧൦൦
ചില്വാനവും ആഫീസുചിലവും	൧൫൦
ആകെ രൂപാ	[illegible]

൫൬. ചെല്ലുറവങ്കര ൧-൧-൧൧൧൦-നു-മുതൽ ൧൨-൨/൩-൨൪ ശമ്പളവും ദെസക്കിൽ അലവൻസ ൫ രൂപയും സ്ഥിരം തൽചിലവു ൫ രൂപയുമായി ഒരു വെറററിനറി കമ്പൌണ്ടരെ താൽക്കാലികമായി നിയമിക്കുന്നതിനും അതിന്നായി ൩൧൩ രൂപ ബഡ്ജറ്റിൽ "൨൧-കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൫൭. മുനമ്പം മത്സ്യവ്യവസായ വിദ്യാലയത്തിൽ ൧-൧-൧൧൧൦-നു-മുതൽ ൧൫ രൂപ ശമ്പളത്തിൽ കൂടുതലായി ഒരു അദ്ധ്യാപകനെ താൽക്കാലികമായി നിയമിക്കുന്നതിനും അതിന്നായി ൧൩൫ രൂപ ബഡ്ജററിൽ "൨൧-എഫ്-മത്സ്യവ്യവസായം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൫൮. പണ്ടാരത്തുരുത്തു് എന്നസ്ഥലത്തെ ഉപ്പുമത്സ്യം ഉണക്കുന്നസ്ഥലം ൧-൧-൧൧൧൦ നു മുതൽ അവിടെ സ്ഥിരമാക്കുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരമുള്ള ൭൨൩ രൂപ ബഡ്ജററിൽ "൨൧. എഫ്. മത്സ്യവ്യവസായം" എന്നഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൫-൫/൩-൪൦ രൂപ സ്കെയിലിൽ ഒരു ഫിഷറി സബ്ഇൻസ്പെക്ടർക്കു

൨൫ രൂപപ്രകാരം ൧൧മാസത്തെ ശമ്പളം രൂപാ	൨൭൫
൮-൧/൩-൧൧ സ്കെയിലിൽ ൮ രൂപാശമ്പളത്തിൽ രണ്ടു ശിപായിമാരുടെ ശമ്പളം	൧൭൬
തൽചിലവു്	൨൫൦
ആകെ രൂപാ	൭൨൩

൫൯. കുമരകത്തു ൧-൧-൧൧൧൦-നു-മുതൽ താൽക്കാലികമായി ഒരാണ്ടത്തേക്കു ൨൫-൫/൩-൪൦ രൂപ ശമ്പളത്തിൽ ഒരു ഫിഷറി സബ്ഇൻസ്പെക്ടരെയും ൮-൧/൩-൧൧ രൂപ ശമ്പളത്തിൽ ഒരു ശിപായിയേയും നിയമിക്കുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരം ൩൮൩ രൂപ ബഡ്ജററിൽ "൨൧. എഫ്-ഫിഷറീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മററി സമ്മതിച്ചു.

സബ്ഇൻസ്പെക്ടർക്കു ൧൧ മാസത്തെ ശമ്പളം രൂപ	൨൭൫
ശിപായിയുടെ ശമ്പളം	൮൮
സബ്ഇൻസ്പെക്ടർക്കു ഡ്യൂട്ടിഅലവൻസ്	൭൭
ടി സ്ഥിരം സഞ്ചാരപ്പടി	൨൨൦
ശിപായിക്കു ടി	൨൨
ആകെ രൂപാ	൩൮൩

൬൦. അമേരിക്കയിൽപോയി പരിശീലനം കഴിച്ചുവരുന്നതിന്നു ആഗ്രിക്കൾചുറൽ ബാക്ടീരിയോളജിസ്റ്റ് മി. കെ. ആർ. നാരായണയ്യർക്കു രണ്ടു വർഷത്തെ വിദ്യാഭ്യാസായധികാലം കൊടുക്കുന്നതിനും അതിന്നു ൧൧൦൯-ൽ ആവശ്യമുള്ളസംഖ്യ ൩,൦൦൦ രൂപബഡ്ജററിൽ "൨൧ കൃഷിയും മത്സ്യവ്യവസായം" എന്നഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൬൧. ആലുവാ കൃഷിവിദ്യാലയം ൧-൧-൧൧൧൦-നു-തിയതിമുതൽ ൨ വർഷംകൂടി നടത്തുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരമുള്ള സംഖ്യ ൬,൪൭൭ രൂപ ബഡ്ജററിൽ "൨൧ സി. കൃഷിവിദ്യാലയങ്ങൾ" എന്നഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪൫ രൂപ (൭൫-൫-൧൦൦-൧൦-൧൫൦) പ്രകാരം ഹെഡ്മാസ്റ്ററുടെ	
൧൧ മാസത്തെ ശമ്പളം രൂപ	൮൨൫
സിൽബന്തികൾ ൫൦ രൂപ (൩൫-൫/൨-൫൦) പ്രകാരം അസിസ്റ്റൻറു	
അദ്ധ്യാപകൻെറ ൧൧ മാസത്തെ ശമ്പളം	൫൫൦
൨൫ രൂപപ്രകാരം ആശാരിക്കു ൧൦ മാസത്തെശമ്പളം	൨൫൦
൨൫ രൂപപ്രകാരം കൊല്ലനു ൧൦ മാസത്തെ ശമ്പളം	൨൫൦
൨൫ രൂപ (൨൦-൨/൨-൩൦) പ്രകാരം ഗുമസ്താൻെറ ൧൧ മാസത്തെശമ്പളം	൨൭൫
൧൪ രൂപപ്രകാരം മേസ്തിരിക്കു ൧൧ മാസത്തെ ശമ്പളം	൧൫൪
൮ രൂപശമ്പളത്തിലും ൧൧ രൂപ (൮-൧/൩-൧൧) ശമ്പളത്തിലും	
രണ്ടു ശിപായിമാർക്കു ൧൧ മാസത്തെ ശമ്പളം	൨൨൦
കെട്ടിടവാടക	൫൫
സഞ്ചാരപ്പടി	൨൫൦
വേതനങ്ങൾ	൧൧൭൩
കൂലിക്കാർക്കു കൂലി	൩൦൦
കന്നുകാലിതീററി	൧൫൦

വിത്തു, വളം, ആയുധങ്ങൾ	൧൫൦
എൻജിനും പമ്പുംവക ചെലവു	൧൦൦
ചില്ലറപ്പണികളും, അറ്റകുറ്റപ്പണികളും	൧൨൦
സാമാനങ്ങൾക്ക [illegible]ടി	൧൫
പുസ്തകങ്ങളും മാസികകളും	൫൦
സാമഗ്രികൾ വാങ്ങുന്നതിന്ന	൫൦
സഞ്ചാരപ്പടി	൧൦൦
ഹോസ്റ്റൽചെലവ്	൩൦൦
പാട്ടം	൨൦൦
അഞ്ചൽചെലവ്	൪൦
ആഫീസുചെലവും പലവകയും	൯൦
ആകെ രൂപ	൬,൦൪൭

൬൨. ൧൧൦൬–ാമാണ്ടു രണ്ടു ഉപ്പുമത്സ്യം ഉണക്കുന്നസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന്നും അതിന്നായി താഴെ വിവരിക്കുന്നപ്രകാരം ൯,൩൪൬ രൂപ ബഡ്ജററിൽ "൨൧ എഫ് മത്സ്യവ്യവസായം" എന്നഇനത്തിൽ ഉൾപ്പെടുത്തുന്നതിന്നും കമ്മിററി സമ്മതിച്ചു. സ്ഥലങ്ങളും ആരംഭിക്കുന്നസമയവും പിന്നീട നിശ്ചയിക്കുന്നതാകുന്നു.

൧. ആവൎത്തിക്കുന്ന ചെലവ്.

(എ) ഉദ്യോഗസ്ഥന്മാർ ൨൫–൫/൩–൪൦ രൂപ സ്കെയിലിൽ ൨൫ രൂപ പ്രകാരം രണ്ടു ഫിഷറിസബ് ഇൻസ്പെക്ടർമാൎക്ക ൧൧ മാസത്തെ ശമ്പളം	൫൫൦
൯–൧/൬–൧൧ രൂപശമ്പളത്തിൽ ൪ ശിപായിമാരുടെ (ഓരോസ്ഥലത്തിന്ന രണ്ടുവീതം) ശമ്പളം	൩൯൬
തൻചിലവ് ഓരോസ്ഥലത്തേക്കും ൨൦൦ രൂപവീതം	൪൦൦
ആകെ രൂപ	൧,൩൪൬

൨. ആവൎത്തിക്കാത്ത ചെലവ്.

ഓരോയാഡിന്നും ൧,൫൦൦ രൂപവീതം ൨ ഷെഡ്ഡറിന്ന ചെലവാകുന്ന രൂപ	൩,൦൦൦
ഓരോയാഡിലും കെട്ടിടങ്ങൾ പണിയുന്നതിന്ന ൨,൫൦൦ രൂപവീതം	൫,൦൦൦
ആകെ രൂപ	൮,൦൦൦
൧–ം ൨–ം ഒട്ടാകെ രൂപ	൯,൩൪൬

വ്യവസായം.

വ്യവസായഡിപ്പാൎട്ടുമെന്റിന്റെ വക ൧൧൦൬–ാമാണ്ടത്തെ ബഡ്ജററ് ഒന്നാംഭാഗം കമ്മിററി പിന്നീട പരിശോധിച്ചു പാസ്സാക്കി.

അതിന്റെ രണ്ടാംഭാഗത്തിലെ താഴെ പറയുന്ന വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

൬൩. കരകൗശലശാലയിൽ കൂടുതലായി ഒരു ഫോർമസ്റ്ററെ ൨൦–൨/൩–൩൦ രൂപ ശമ്പളത്തിൽ നിയമിക്കുന്നതിന്നും അതിന്നുവേണ്ടുന്ന ൨൨൦ രൂപ ബഡ്ജററിൽ "൨൨ ബി വ്യവസായിക വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎക്കുന്നതിന്നും കമ്മിററി സമ്മതിച്ചു.

൬൪. തിരുവനന്തപുരം ടെക്നിക്കൽ സ്കൂളിൽ ൫൦–൫/൨–൭൦ രൂപ ശമ്പളത്തിൽ താൽക്കാലികമായി കൂടുതലായി ഒരു അദ്ധ്യാപകനെ നിയമിക്കുന്നതിന്നും അതിന്നാവശ്യമുള്ള ൫൫൦ രൂപ ബഡ്ജററിൽ "൨൨ ബി വ്യവസായിക വിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎത്തുകൊള്ളുന്നതിന്നും കമ്മിററി സമ്മതിച്ചു.

൬൫. ആലപ്പുഴ കമ്മേർഷ്യൽ സ്കൂളിൽ (വ്യാപാരവിദ്യാലയം) ൨൫–൨–൩൫ രൂപ ശമ്പളത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള അസിസ്റ്റൻറ ടൈപ്പ്റൈറ്റിങ്ങ് അദ്ധ്യാപകനെ ൧൧൦൬–ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്നതിന്നും അതിന്നാവശ്യമുള്ള ൨൭൫ രൂപ ബഡ്ജററിൽ "൨൨ ബി വ്യവസായവിദ്യാഭ്യാസം" എന്ന ഇനത്തിൽ ചേൎത്തുകൊള്ളുന്നതിന്ന കമ്മിററി സമ്മതിച്ചു.

൬൬. കൊല്ലത്തെ ഗവൺമെൻറ കാൎപ്പെൻട്രി (ആശാരിപ്പണി) സ്കൂളിൽ ൧൧൦൬–ാമാണ്ടാരംഭം മുതൽ തച്ചുശാസ്ത്രം പഠിപ്പിക്കുന്നതിന്നും അതിന്ന പ്രതിമാസം ൪൦ രൂപ അലവൻസോടുകൂടെ ഒരദ്ധ്യാപകനെ നിയമിക്കുന്നതിന്നും അയാളുടെ അലവൻസ് കൊടുക്കുന്നതിന്ന ൪൪൦ രൂപ ബഡ്ജററിൽ "൨൨ ബി വ്യവസായവിദ്യാഭ്യാസം" എന്നഇനത്തിൽ ചേൎക്കുന്നതിന്നും കമ്മിററി സമ്മതിച്ചു.

൬൭. പ്രതിമാസം ൫൦ രൂപ ശമ്പളത്തിൽ ഒരു സഞ്ചാര നെയ്ത്തദ്ധ്യാപകനെ താൽക്കാലികമായി നിയമിക്കുന്നതിന്നും രണ്ടു നെയ്ത്തദ്ധ്യാപകന്മാരുടെ രണ്ടു ശിപായിമാരെയും ൯–൧/൬–൧൧ രൂപശമ്പളത്തിൽ ൧–൧–൧൧൦൬ മുതൽ സ്ഥിരപ്പെടുത്തുന്നതിന്നും അതിന്നായി താഴെ വിവരിക്കുന്നപ്രകാരം ൧,൦൪൮ രൂപ ബഡ്ജററിൽ "൨൨ സി വ്യവസായ പരിപോഷണം" എന്ന ഇനത്തിൽ ചേൎക്കുന്നതിന്നും കമ്മിററി സമ്മതിച്ചു.

ഒരു നെയ്ത്തദ്ധ്യാപകന്ന ൫൦ രൂപപ്രകാരം	൫൫൦
൨ ശിപായിമാൎക്ക ൯–൧/൬–൧൧ രൂപപ്രകാരം	൧൯൮
സഞ്ചാരപ്പടി	൨൦൦
തൻചിലവ്	൧൦൦
ആകെ രൂപ	൧,൦൪൮

൮. അതിനെത്തുടർന്നു കരമനയുള്ള ഇഷ്ടികവ്യവസായപരീക്ഷണശാലയെ ഇനിയും നടത്തിക്കൊണ്ടു പോകുന്നകാര്യവും ആലോചനയ്ക്കെടുത്തു. ഇതിനെ സംബന്ധിച്ച പരീക്ഷണാർത്ഥം കുറെ ഇഷ്ടികകൾ ഇംഗ്ലണ്ടിലേക്കയക്കുന്നതിനു ൧൬,൦൦൦ രൂപ ബഡ്ജറ്റിന്റെ ഒന്നാംഭാഗത്തിൽ "കടംകൊടുക്കൽ" എന്ന ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്നുള്ളവിവരം പ്രസിഡണ്ട് കമ്മറ്റിയിൽ പ്രസ്താവിച്ചു. ഇതിന്റെ ആലോചന പിറ്റേദിവസത്തേക്കു നീട്ടിവെച്ചു.

കമ്മറ്റിയോഗം ൪-൨൫ മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൧൦൦ ആഗസ്റ്റ് ൧൮-൹.

(ഒപ്പ്) പി. എൻ. കൃഷ്ണപിള്ള,
കൺവീനർ,
സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിറ്റി

സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിറ്റി,

൧൧൦൦ ാമാണ്ട് ൧൯-ാംകൊല്ലം ൧൧൦൨ മിഥുനം ൩൦-ാം തിങ്കളാഴ്ച.

നിയമസഭയുടെ ൧൧൦൨-ലെ സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മറ്റിയുടെ അഞ്ചാമത്തെ യോഗം ൧൧൦൦ ാമായി ൧൯-ാംകൊല്ലം ൧൧൦൨ മിഥുനം ൩൦-ാം തിങ്കളാഴ്ച ഉച്ചയ്ക്കു ഹജൂർക്കച്ചേരിയിൽ ദിവാന്റെ മുറിയിൽ വെച്ചുനടന്നു. താഴെപ്പറയുന്ന മെമ്പർമാർ ഹാജരുണ്ടായിരുന്നു:—

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ ബി. ഏ., ബി. എൽ., ദിവാൻ—പ്രസിഡെന്റ്.
എ. താണുപിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
ജി. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.
മാത്യുമുരിക്കൻ എസ്ക്വയർ, ബി. എ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ, ബി. ഏ., ബി. എൽ.
ആർ. നീലകണ്ഠപ്പിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
പി. എൻ. കൃഷ്ണപിള്ള എസ്ക്വയർ, ബി. എ., ബി. എൽ., കൺവീനർ.

മെഡിക്കലും സാനിട്ടറിയും.

മെഡിക്കലും സാനിട്ടറിയും ഡിപ്പാർട്ടുമെന്റുകൾവക ബഡ്ജറ്റിന്റെ ഒന്നാംഭാഗം കമ്മിറ്റി പരിശോധിച്ചു പാസ്സാക്കി.

അതിനെത്തുടർന്നു രണ്ടാംഭാഗത്തിലുള്ള താഴെപ്പറയുന്ന വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

൯. കൊല്ലംഡിസ്ട്രിക്ട് ആസ്പത്രിയിൽ ൯൦—൧൨൦/൩-൧൨൦ രൂപ ശമ്പളത്തിൽ കൂടുതലായി ഒരു ശിപായിയെ സ്ഥിരമായി നിയമിക്കുന്നതിനും അതിന്നായി ബഡ്ജറ്റിൽ "൩. എ) മെഡിക്കലും സാനിട്ടറിയും" എന്നിനത്തിൽ ൧൦൪ രൂപ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൦. ആയുർവേദസംബന്ധിച്ച അപൂർവ ഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുന്നതിനു താൽക്കാലികമായി ൪൦ രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള വൈദ്യശാസ്ത്രിയെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വച്ചുകൊള്ളുന്നതിനും അതിന്നായി ൧൧൦൩ കർക്കടകം മാസത്തെ ശമ്പളം ൪൦ രൂപയും ൧൧൦൩-ാമാണ്ടത്തെ ശമ്പളം ൪൮൦ രൂപയും പേനചിലവു ൭൦ രൂപയും കൂടിയ ആകെ ൫൯൦ രൂപ ബഡ്ജറ്റിൽ "൩. ജി- ആയുർവേദ വകുപ്പ്" എന്നിനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൧. ആയുർവേദ ഔഷധശാലയിൽ ൧൧൦൩ മുതൽ ൨൦-൨/൩-൩൦ രൂപ ശമ്പളത്തിൽ ഒരു അക്കൗണ്ടന്റിനെ നിയമിക്കുന്നതിനും അതിന്നായി ൨൨൦ രൂപ ബഡ്ജറ്റിൽ "൩. ജി. ആയുർവേദ വകുപ്പ്" എന്നിനത്തിൽ ചേർക്കുന്നതിനും കമ്മറ്റി സമ്മതിച്ചു.

൧൨. സാനിട്ടറികമ്മീഷണരുടെ ആഫീസിൽ ൧൧൦൩ മുതൽ ഒരു ക്ലാർക്കിന്റെ ഉദ്യോഗം സൃഷ്ടിച്ചു ൨൦-൨/൩-൩൦ രൂപ ശമ്പളത്തിൽ ഒരു ഗുമസ്തനെ നിയമിക്കുന്നതിനും അതുനിമിത്തമുള്ള കൂടുതൽ ചെലവു ൩൩൦ രൂപ ബഡ്ജറ്റിൽ "൩. എച്ച—സാനിട്ടേഷനും വാക്സിനേഷനും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൩. സാനിട്ടറിഡിപ്പാർട്ടുമെന്റിലെ വാക്സിനേട്ടർമാർക്കും ഓവർസീയർമാർക്കും വിഷാണുനാശകസാമഗ്രികൾ കൊടുക്കുന്നതിനും അതിന്നായി ബഡ്ജറ്റിൽ "൩. എച്ച് സാനിട്ടേഷനും വാക്സിനേഷനും" എന്നിനത്തിൽ ൧,൪൦൦ രൂപ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൪. വാക്സിനേട്ടർമാരെ പരിശീലിപ്പിക്കുന്നതിനായി ൧൧൦൩-ൽ ഒരു ക്ലാസ് ഏർപ്പെടുത്തുന്നതിനും അതിന്നായി താഴെവിവരിച്ചിരിക്കുന്നപ്രകാരം ൪൭൦ രൂപ ബഡ്ജറ്റിൽ "൩. എച്ച്-സാനിട്ടേഷനും വാക്സിനേഷനും" എന്നിനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

(൧) രണ്ടു സ്വന്തംജോലിയോടുകൂടെ ക്ലാസ്സിനെ നാലുമാസം പഠിപ്പിക്കുന്നതിനു വാക്സിനേഷൻഡിപ്പോ സൂപ്രണ്ടിനു പ്രതിമാസം ൭൦ രൂപ അലവൻസ്,

(൨) ആയുർവേദകോളേജിലെ അംഗവിച്ഛേദനശാസ്ത്രവും ശരീരശാസ്ത്രവും പ്രാസംഗികനു ൪ മാസം ശരീരശാസ്ത്രംപഠിപ്പിക്കുന്നതിനു പ്രതിമാസം ൨൭ രൂപ അലവൻസ്,

(൩) അംഗവിച്ഛേദശാസ്ത്രവും ശരീരശാസ്ത്രവുംപ്രാസംഗികനു ശരീരശാസ്ത്രത്തിൽ അവസാനപരീക്ഷനടത്തുന്നതിനു പ്രതിഫലം ൪൦ രൂപ,

(൪) ഗോവസൂരിപ്രയോഗത്തിൽ അവസാനപരീക്ഷ നടത്തുന്നതിനു സാനിട്ടറികമ്മീഷണർക്ക് പ്രതിഫലം ൪൦ രൂപ,

(൫) തിരുവനന്തപുരം മുനിസിപ്പാലിറ്റി ഹെൽത്താഫീസർക്ക് ഒരുമാസം ആരോഗ്യശാസ്ത്രത്തിൽ പ്രായോഗികപരിശീലനംകൊടുക്കുന്നതിനു പ്രതിഫലം ൩൦ രൂപയും ആരോഗ്യശാസ്ത്രത്തിൽ അവസാനപരീക്ഷ നടത്തുന്നതിനു പ്രതിഫലം ൪൦ രൂപയും.

൧൫. സാനിട്ടറികമ്മീഷണരുടെ ആഫീസിൽ ൧൧൦൩ മുതൽ ൯ രൂപ ശമ്പളത്തിൽ ഒരു ശിപായിയെ സ്ഥിരമായി നിയമിക്കുന്നതിനും അതിന്നായി ൭൯ രൂപ ബഡ്ജറ്റിൽ "൩. എച്ച്-മെഡിക്കലും സാനിട്ടറിയും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧൬. ഓച്ചിറ ഒരു കൺസർവെൻസി സ്റ്റേഷൻ തുടങ്ങുന്നതിനും പ്രതിമാസം ൧൭ രൂപ ശമ്പളത്തിൽ രണ്ടു തൂപ്പുകാരെ നിയമിക്കുന്നതിനും മുമ്പത്തെ മൂന്നു തൂപ്പുകാരുള്ള പേരൂർ കൺസർവെൻസി സ്റ്റേഷൻ തുടങ്ങുന്നതിനും അതിനായി ൪൧൫ രൂപ ബഡ്ജറ്റിൽ "൨൫ എച്ച്-സാനിട്ടേഷനും വാക്സിനേഷനും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൭. താഴെപ്പറയുന്ന സ്ഥലങ്ങളിലുള്ള ആറു താൽക്കാലിക കൺസർവെൻസി സ്റ്റേഷനുകൾ സ്ഥിരമാക്കുന്നതിനും അതിന്നായി ൨,൪൦൯ രൂപ ബഡ്ജറ്റിൽ "൨൫ എച്ച്-സാനിട്ടേഷനും വാക്സിനേഷനും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

(൧) ആലൂർ മൈനർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ ൨ തൂപ്പുകാർ,

(൨) കൊല്ലങ്കോട്ട മേജർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൧൩ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർ, പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ മൂന്നു തൂപ്പുകാർ,

(൩) തൃണ്ണൂർ മേജർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൧൩ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർ, പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ നാലു തൂപ്പുകാർ,

(൪) പുല്ലുവിള മേജർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൧൨ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർ, പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ മൂന്നു തൂപ്പുകാർ,

(൫) പൂളിയറ മേജർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൧൨ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർ, പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ മൂന്നു തൂപ്പുകാർ,

(൬) അയിക്കുടി മേജർ കൺസർവെൻസി സ്റ്റേഷൻ—പ്രതിമാസം ൧൩ രൂപ ശമ്പളത്തിൽ ഒരു ഓവർസീയർ, പ്രതിമാസം ൭ അര രൂപ ശമ്പളത്തിൽ മൂന്നു തൂപ്പുകാർ.

൧൮. പതിനാറു മൈനർ കൺസർവെൻസി സ്റ്റേഷൻചാർജ്ജുള്ള വാക്സിനേറ്റർമാർക്ക് പ്രതിമാസം ൨ രൂപ ലോക്കൽഅലവൻസ് കൊടുക്കുന്നതിനും അതിന്നാവശ്യമുള്ള ൩൮൪ രൂപ ബഡ്ജറ്റിൽ "൨൫ എച്ച്-സാനിട്ടേഷനും വാക്സിനേഷനും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു

൧൯. ഗ്രാൻറ ഇൻ-എയിഡ് വൈദ്യൻ മി: ജി. നീലകണ്ഠൻ നടത്തുന്ന നാഗരുകാവിൽ ആയുർവേദ ആസ്പത്രിക്ക ൧൧൧൫ ന്റെ മുതൽ പ്രതിമാസം ൩൦ രൂപ ഗ്രാൻറ കൊടുക്കുന്നതിനും അതിന്നു ൩൬൦ രൂപ ബഡ്ജറ്റിൽ "൨൫ ഐ ചികിത്സാകാര്യങ്ങൾക്കു ഗ്രാൻറ" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു

൨൦. മെഡിക്കൽ സെർവീസസ്സ്, അഡ്മിനിസ്റ്റ്രേറ്റിവ് ബോർഡിന്റെ ആഫീസിൽ ൧൧൧൫ ന്റെ മുതൽ—

൭൩-൩-൧൦൦ രൂപ ശമ്പളത്തിൽ ഹെഡ്ക്ലാർക്ക് ൧
൪൦-൩/൨-൭൦ ടി ഗുമസ്തൻ ൧
൨൫-൩/൩-൪൦ ടി ഗുമസ്തൻ ൧

ഇങ്ങനെ കൂടുതൽ ഉദ്യോഗസ്ഥന്മാരെ സ്ഥിരമായി നിയമിക്കുന്നതിനും അതിലേക്കു ൧,൫൪൦ രൂപ ബഡ്ജറ്റിൽ "൨൫ എ-മെഡിക്കലും സാനിട്ടറിയും മേലന്വേഷണം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൧. കൊല്ലം വിക്ടോറിയാ ആസ്പത്രിയിൽ ഒരു ലേഡി അസിസ്റ്റൻറ സർജനേയും രണ്ടു ഡിസ്ട്രിക്ട് ആസ്പത്രികളിൽ രണ്ടു ലേഡി സബ് അസിസ്റ്റൻറ സർജന്മാരേയും നിയമിക്കുന്നതിനും അതിന്നായി താഴെ വിവരിച്ചപ്രകാരം വേണ്ടുന്ന ൩,൦൨൫ രൂപ ബഡ്ജറ്റിൽ "൨൫ ബി-ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

അസിസ്റ്റൻറ് സർജൻ പ്രതിമാസം ൧൦൦ രൂപ ശമ്പളവും സ്ത്രീകളുടെ അലവൻസ് ൨൫ രൂപായുംകൂടി രൂപ	൧൨൫
൨ സബ് അസിസ്റ്റൻറ സർജന്മാർ പ്രതിമാസം ൩൦ രൂപ ശമ്പളവും സ്ത്രീകളുടെ അലവൻസ് ൨൫ രൂപയുംകൂടി	൧൩൦
ആകെ	൨൫൫

പതിനൊന്നു മാസത്തേക്കു ആകെ രൂപ ൩,൦൨൫.

൨൨. കുഷ്ഠരോഗസംബന്ധമായ ജോലിയുടെ മേലന്വേഷണത്തിന ൧൦൦ രൂപ പ്രതിമാസം ശമ്പളത്തിൽ താല്ക്കാലികമായി ഒരു അസിസ്റ്റൻറ സർജനെ നിയമിക്കുന്നതിനും അതിന്നായി ൧,൧൦൦ രൂപ ബഡ്ജറ്റിൽ "൨൫ ബി, മെഡിക്കലും സാനിട്ടറിയും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൩. ജനറൽ ആസ്പത്രിയിലെ പേപ്പട്ടിവിഷചികിത്സയ്ക്കു താല്ക്കാലികമായി നിയമിച്ചിട്ടുള്ള വാർഡരെ ൧൧൧൫-മാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും (വാർഡരുടെ പതിനൊന്നു മാസത്തെ ശമ്പളം ൧൧൦ രൂപയും തൽചിലവു ൩൦൦ രൂപയുംകൂടി ൪൧൦ രൂപ ബഡ്ജറ്റിൽ "൨൫ ബി, ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൪. കോട്ടയം ഡിസ്ട്രിക്ട് ആസ്പത്രിയിലെ അസിസ്റ്റൻറ സർജന്മാരിൽ ഒരാളെ ആ ആസ്പത്രിയിലെ റസിഡൻറ മെഡിക്കൽ ആഫീസരായി നിയമിക്കുന്നതിനും അദ്ദേഹത്തിന ൧൧൧൫ മുതൽ പ്രതിമാസം ൨൦ രൂപ വീട്ടുവാടക അലവൻസ് കൊടുക്കുന്നതിനും അതിനായി ൨൨൦ രൂപ ബഡ്ജറ്റിൽ "൨൫ ബി, ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൨൫. പ്ലേഗ് (മഹാമാരി) സംബന്ധിച്ച ജോലിക്കു ൧൦൦ രൂപ ശമ്പളത്തിൽ മൂന്നു അസിസ്റ്റൻറ സർജന്മാരെയും ൫൦ രൂപ ശമ്പളത്തിൽ അഞ്ചു സബ് അസിസ്റ്റൻറ സർജന്മാരെയും ൧൧൧൫-ൽ നിയമിക്കുന്നതിനും അതിനായി ൬,൦൦൦ രൂപ ബഡ്ജറ്റിൽ "൨൫ ബി, മെഡിക്കലും സാനിട്ടറിയും ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൮൭. എല്ലാകൊല്ലത്തിലും മേടം ൧-൩-മുതൽ ചിങ്ങം അവസാനംവരെ താല്ക്കാലികമായി വെള്ളൂരെ എന്ന സ്ഥലത്തു ഒരു ജ്വരാസ്പത്രി തുറക്കുന്നതിനും അതിനായി താഴെ വിവരിച്ചപ്രകാരം ൪൪൩ രൂപ ബഡ്ജറ്റിൽ "൨൩ ബി, മെഡിക്കലും സാനിട്ടറിയും ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

ഒരു സബ് അസിസ്റ്റൻറ് സർജൻറ പ്രതിമാസം ശമ്പളം രൂപ	൫൦
ഒരു കമ്പോണ്ടർക്കു ശമ്പളം	൨൦
ഒരു വേലക്കാരനു ശമ്പളം	൮൧/൨
തൻചിലവു	൧൦
അഞ്ചുമാസത്തേക്കു ആകെ രൂപ	൪൪൩

൮൮. തിരുവനന്തപുരം സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആസ്പത്രിയിൽ ൧-൧-൧൧൦൩- മുതൽ ൨൭-൩/൨-൪൦ രൂപശമ്പളത്തിൽ ൨ പരിശീലനം ലഭിച്ച നഴ്സന്മാരെയും ൧൦-/൭-൧൨ രൂപ ശമ്പളത്തിൽ രണ്ടു സ്ത്രീ വാർഡർമാരെയും ൨൦-൧-൨൭-൧/൨-൩൦ രൂപ ശമ്പളത്തിൽ രണ്ടു സൂതികർമ്മിണികളെയും നിയമിക്കുന്നതിനും അതിനായി ൧,൨൧൦ രൂപ ബഡ്ജറ്റിൽ "൨൩ ബി, മെഡിക്കലും സാനിട്ടറിയും ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൮൯. കായംകുളം ഡിസ്ട്രിക്ട് ഡിസ്പെൻസറിയിൽ പ്രതിമാസം പത്തും ഒൻപതും രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള താൽക്കാലിക വാർഡറെയും ശിപായിയെയും ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വച്ചുകൊള്ളുന്നതിനും അതിന്നായി ൨൦൯ രൂപ ബഡ്ജറ്റിൽ "൨൩ ബി, മെഡിക്കലും സാനിട്ടറിയും ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൯൦. കുഷ്ഠരോഗസംരക്ഷണം സംബന്ധിച്ചു താൽക്കാലികമായി നിയമിച്ചിട്ടുള്ള ൪ സബ് അസിസ്റ്റൻറ് സർജന്മാരെ ൧൧൦൩-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിന്നായി ൨,൨൦൦ രൂപ ബഡ്ജറ്റിൽ "൨൩ ബി, ഡിസ്പെൻസറിയും ആസ്പത്രികളും ഡിസ്പെൻസറികളും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൯൧. മണപ്പള്ളി ക്ഷയരോഗാസ്പത്രിയിലേക്കു ൧൭,൦൦൦ രൂപ സഹായധനം കൊടുക്കുന്നതിനും ആ സംഖ്യ ബഡ്ജറ്റിൽ "൨൩ ബി, മെഡിക്കലും സാനിട്ടറിയും ചികിത്സാസഹായം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

ഇതിനെ സംബന്ധിച്ചു തിരുവിതാംകൂറിൽതന്നെ ഒരു ക്ഷയരോഗാസ്പത്രി സ്ഥാപിക്കുന്നകാര്യം വല്ലതും ചെയ്യുമോ എന്ന മി. മാത്യു മുരിക്കൻ ചോദിച്ചു. ആ കാര്യം ഇപ്പോഴും ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു എന്ന ദിവാൻ മറുപടി പറഞ്ഞു.

൯൨. വെല്ലൂരിൽ സ്ത്രീകൾക്കായുള്ള മിഷ്യനറി വൈദ്യവിദ്യാലയത്തിനു ൧൧൦൩-ാമാണ്ടു മുതൽ നാലു വർഷത്തേക്കു പ്രതിവർഷം ആയിരം രൂപാവീതം സഹായധനം കൊടുക്കുന്നതിനും ൧൧൦൩-ാമാണ്ടത്തെ ചിലവിനുള്ള രൂപ ബഡ്ജറ്റിൽ "൨൩ ഐ, മെഡിക്കലും സാനിട്ടറിയും സഹായധനം" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൯൩. ആയുർവേദഡിപ്പാർട്ടുമെൻറിന്റെ പുനസ്സംഘടനകാര്യം പിന്നെ ആലോചനക്കെടുത്തു. ആയുർവേദ ഡയറക്ടർ ഉദ്യോഗം വേണ്ടെന്നുവെച്ചിട്ടു അതിനുപകരം,

(൧) ആയുർവേദ ഇൻസ്പെക്ടർ.

(൨) തിരുവനന്തപുരം ഗവണ്മെൻറു ആയുർവേദകാളേജ് പ്രിൻസിപ്പാൾ.

(൩) ഗവണ്മെൻറു നിയമിക്കുന്ന മൂന്നു ആയുർവേദവൈദ്യന്മാർ.

ഇവർ അടങ്ങിയ ഒരു ഉപദേശകസംഘം നിയമിക്കുന്നതിനാണ് ആലോചന.

ബോർഡിന്റെ ജോലി താഴെ പറയുന്ന സംഗതികളെപ്പററി ആലോചിച്ചു അവയെ സംബന്ധിച്ചു കേവലം ഉപദേശകരൂപമായ ശിപാർശകൾ ഗവണ്മെൻറിലേക്കു സമർപ്പിക്കയായിരിക്കും.

(൧) ഗവണ്മെൻറു ആയുർവേദകാളേജിലും സംസ്ഥാനത്തെ ആയുർവേദവിദ്യാലയങ്ങളിലും പഠിപ്പിക്കേണ്ടുന്ന വിഷയങ്ങളും രീതികളും.

(൨) ആയുർവേദസ്ഥാപനങ്ങൾക്കു പുതിയഗ്രാൻറനുവദിക്കയും പുതിയവൈദ്യശാലകൾ സ്ഥാപിക്കയും അതിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കയും.

(൩) കാളേജുകൾ, വിദ്യാലയങ്ങൾ മുതലായ പുതിയ ആയുർവേദ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

(൪) ആയുർവേദപരീക്ഷകൾ.

(൫) ഡിപ്പാർട്ടുമെൻറിന്റെ നയത്തെസംബന്ധിച്ചുള്ള എല്ലാകാര്യങ്ങളും.

(൬) ഗവണ്മെൻറിൽനിന്നു ബോർഡിനോടു ആലോചന ചോദിക്കുന്ന കാര്യങ്ങൾ.

(൭) സ്വദേശചികിത്സാക്രമങ്ങൾ പരിഷ്കരിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

അനുദ്യോഗസ്ഥമെമ്പർമാരെ ഗ്രാൻറുവാങ്ങാത്ത നാട്ടുവൈദ്യന്മാരിൽനിന്നു ഈരണ്ടുവർഷത്തേക്കു ഗവണ്മെൻറിനാൽ തിരഞ്ഞെടുത്തു നിയമിക്കുന്നതായിരിക്കും. ബോർഡിന്റെ സമ്മേളനം മാസത്തിലൊരിക്കൽ നടക്കുന്നതും ഉദ്യോഗസ്ഥമെമ്പറന്മാരിൽ ഒരാളുൾപ്പെടെ കുറഞ്ഞപക്ഷം മൂന്നു മെമ്പർമാർ ഉണ്ടായിരിക്കേണ്ടതുമാകുന്നു. ആയുർവേദഡയറക്ടരാഫീസിലെ ഇപ്പോഴത്തെ ഹെഡ്ഗുമസ്തൻ ബോർഡിന്റെ സെക്രട്ടറിയായിരിക്കുന്നതും അതിനു അദ്ദേഹത്തിനു പ്രതിമാസം ൨൫ രൂപാ അലവൻസ് കൊടുക്കുന്നതുമാകുന്നു.

ആയുർവേദഇൻസ്പെക്ടർക്കു വൈദ്യശാലഇൻസ്പെക്ടരുടെനിലയിൽ അദ്ദേഹത്തിനു ഇപ്പോഴുള്ള അധികാരങ്ങൾക്കും ജോലികൾക്കും പുറമെ തിരുവനന്തപുരം ആയുർവേദആസ്പത്രിയുടെയും ഈ സംസ്ഥാനത്തെ സഹായധനം വാങ്ങുന്ന ആയുർവേദാസ്പത്രികൾ ഔഷധശാലകൾ, വിദ്യാലയങ്ങൾ എന്നിവയുടേയും മേൽ നിയന്ത്രണാധികാരം കൂടെ ഉണ്ടായിരിക്കും. അദ്ദേഹം തന്റെ അധികാരത്തിനു കീഴുള്ള സ്ഥാപനങ്ങൾ അതാതുസമയം സന്ദർശിക്കയും അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പുകൾ ബോർഡിലേക്കു അയച്ചുകൊടുക്കയും ചെയ്യണം.

തിരുവനന്തപുരം ആയുർവേദകാളേജ് പ്രിൻസിപ്പാളിന് ആ കാളേജിന്റെ നിയന്ത്രണത്തിലും ഭരണത്തിലും പൂർണ്ണാധികാരം ഉണ്ടായിരിക്കും. ഔഷധശാല [illegible] കാളേജിനോടു ചേർന്നിരിക്കും. [illegible] ന്റെ നിയമനങ്ങൾ [illegible] ഉള്ള [illegible] ആകുന്നു, [illegible] വൈദ്യ ഇൻസ്പെക്ടർക്കും ആയുർവേദകാളേജ് പ്രിൻസിപ്പാളിനും [illegible] രൂപാ മാസശമ്പളം കൊടുക്കേണ്ടതാണെന്നും ഈ [illegible] ഉദ്യോഗങ്ങൾ [illegible] ഉദ്യോഗസ്ഥന്മാർ [illegible] ആകുന്നു.

ഇൻസ്പെക്ടർക്കും പ്രിൻസിപ്പാളിനും ശമ്പളം കൂട്ടിക്കൊടുക്കണമെന്നു കമ്മിററി സമ്മതിച്ചു. [illegible] [illegible] ആലോചിക്കേണ്ടതാണെന്നും അവർ അഭിപ്രായപ്പെട്ടു. ഒരു ബോർഡു സൃഷ്ടിക്കണമെന്നുള്ള കമ്മിററി [illegible]. [illegible] ഒരു [illegible] ചെയ്യണമെന്നായിരുന്നു അവരുടെ അഭിപ്രായം.

൩൨. [illegible] ദിവസം തിരുവിതാംകൂർ [illegible] ഉണ്ടായിട്ടു [illegible] വരുന്നവയെങ്കിലും നടത്തിക്കൊണ്ടു പോരുന്ന [illegible] കമ്മിററിയിലും ആലോചനയ്ക്കെടുത്തു. [illegible] വൈദ്യന്മാരെ [illegible] ലണ്ടനിലേക്ക് [illegible] ഉള്ളതായി [illegible] പ്രെസിഡന്റ് [illegible] വിവരിച്ചു. [illegible] ഈ [illegible] ആയിരുന്നു. ആ പദ്ധതിയെ അദ്ദേഹം വിവരമായി പറഞ്ഞുമനസ്സിലാക്കി. ഈ കാര്യം കമ്മിററി [illegible] അതിലേയ്ക്കായി താഴെ വിവരിക്കുംപ്രകാരമുള്ള ൪,൮൭൮ രൂപാ "൨൨ ബി [illegible]" എന്ന ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കുകയും ചെയ്തു.

ഉദ്യോഗസ്ഥന്മാർ.

൫൦-൫-൫൦ രൂപാ ശമ്പളത്തിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ രൂപാ	൫,൫൦൦
൨൦-൫-൩൦ രൂപാ ശമ്പളത്തിൽ ഒരു ഗുമസ്തൻ ആകെത്തുകെ	൨൨൦
സഞ്ചാരപ്പടി	൨൪൦

മററു ചിലവു.

അപരിഷ്കൃതദ്രവ്യങ്ങളും മരുന്നുകളും	൩,൦൦൦
വൈദ്യന്മാർക്കുള്ള കൂലി	൭൦൦
തപാൽചിലവും മററു ചില്ലറ ചിലവും	൪൦൦
ഉപകരണങ്ങൾ	൫൦൮
ആകെ രൂപാ	൬,൮൭൮

കമ്മിററി ൨-൩൦ മണിക്ക് ഭക്ഷണത്തിനായി പിരിയുകയും ൪-൪ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

സ്റ്റേഷണറിയും അച്ചടിയും.

അതിന്റെശേഷം കമ്മിററി സ്റ്റേഷണറിയും അച്ചടിയും എന്ന ബഡ്ജററ് ഒന്നാംഭാഗം പരിശോധിച്ചു പാസാക്കി.

ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ.

അതിന്റെശേഷം കമ്മിററി ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ എന്ന ൫൫-ാമത്തേക്കുള്ള ബഡ്ജററ് ഒന്നാംഭാഗം പരിശോധിച്ചു പാസാക്കി.

പിന്നീട് രണ്ടാംഭാഗത്തിലുള്ള താഴെ പറയുന്ന വ്യവസ്ഥകൾ ആലോചനയ്ക്കെടുത്തു.

൩൩. പരസ്പരസഹായം മേലന്വേഷണസംഘങ്ങൾക്ക ൫,൦൦൦ രൂപാ സഹായധനം കൊടുക്കുന്നതിനും ആ സംഖ്യ ബഡ്ജററിൽ "൨൮ ജി, ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ" എന്ന ഇനത്തിൽ ചേർക്കുന്നതിനു കമ്മിററി സമ്മതിച്ചു.

൩൪. ഈ സംസ്ഥാനത്തെ പരസ്പരസഹായസംഘങ്ങളുടെ ഏകോപിച്ച യോഗത്തിന്റെ ചിലവിലേക്കായി ൭൦൦ രൂപാ കൊടുക്കുന്നതിനും ആ സംഖ്യ ബഡ്ജററിൽ "൨൮ ജി, ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി അനുവദിച്ചു.

൩൫. പ്രതിമാസം ൪൦-൪/൨-൭൦ രൂപാ ശമ്പളത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള മൂന്നു പരസ്പരസഹായസംഘം ഇൻസ്പെക്ടർമാരെയും ൩-൫/൩-൫൫ രൂപാ ശമ്പളത്തിൽ അവരുടെ മൂന്നു ശിപായിമാരെയും ൫൫൦ ാമാണ്ടും ഉദ്യോഗത്തിൽവച്ചുകൊള്ളുന്നതിനും അതിലേയ്ക്കായി താഴെവിവരിക്കുന്നപ്രകാരമുള്ള ൩,൫൩൭ രൂപാ ബഡ്ജററിൽ "൨൮ ജി, ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪൦-൪/൨-൭൦ രൂപാ സ്കെയിലിൽ ൪൫ രൂപാ പ്രകാരം ൩ ഇൻസ്പെക്ടർമാർക്കു ശമ്പളം	൫,൩൪൦
൩-൫/൩-൫൫ രൂപാ സ്കെയിലിൽ ൩ രൂപാ പ്രകാരം ൩ ശിപായിമാർക്കു ശമ്പളം	൨൩൭
൩ ഇൻസ്പെക്ടർമാർക്കു ൩൦ രൂപാപ്രകാരം ൫൫ മാസത്തെ സഞ്ചാരപ്പടി	൩൩൦
൩ ശിപായിമാർക്കു ൪ രൂപാപ്രകാരം അലവൻസ്	൫൩൪
൪ രൂപാപ്രകാരം ൫൫ മാസത്തെ കെട്ടിടംവാടക	൫൩൪
ആകെ രൂപാ	൩,൨,൩൭

൩൬. അനന്തരം പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റിന്റെ പുനസ്സംഘടനകാര്യം ആലോചനയ്ക്കെടുത്തു. നാലു ഇൻസ്പെക്ടറുദ്യോഗങ്ങൾകൂടി സൃഷ്ടിച്ചു ഇൻസ്പെക്ടർമാരുടെ എണ്ണം ൨൩-ൽനിന്നു ൨൭ ആക്കുകയും അവരിൽ മൂന്നു പേരെ ൭൦-൫-൫൦൦ രൂപാ ശമ്പളത്തിൽ ഒരു പുതിയ ഗ്രേഡുണ്ടാക്കി ആ ഗ്രേഡിൽ നിയമിക്കുകയും ശേഷം ഇൻസ്പെക്ടർമാരെ ഇപ്പോഴുള്ള ൪൦-൪/൨-൭൦ രൂപാ ഗ്രേഡിൽതന്നെ വയ്ക്കുകയും ചെയ്യണമെന്നാകുന്നു ആലോചിച്ചിട്ടുള്ളത്: ആകെയുള്ള ൨൭ ഇൻസ്പെക്ടർമാരിൽ ൨൦ പേർ സ്ഥിരവും

൧ പേർ ടെമ്പററിയും ആയിരിക്കും. സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്കിൽ ഉള്ള രണ്ടെണ്ണം കൂടാതെ ഓരോ ഇൻസ്പെക്ടർക്കും ഒരു ശിപായി വീതം ഇപ്പോൾ ൨൨ ശിപായിമാരുമുണ്ട്. എന്നാൽ ഓരോ ഇൻസ്പെക്ടർക്കും ഓരോ ശിപായി വീതം ഉണ്ടായിരിക്കുന്നതിന് ൫-൫-൫൦൩ മുതൽ ൯-൫/൩-൫൫ രൂപാ സ്കെയിലിൽ ൭ ശിപായിമാരെക്കൂടെ നിയമിക്കണമെന്നും ആലോചിച്ചിട്ടുണ്ട്. അവരിൽ ഒരാൾ സ്ഥിരവും ൬ പേർ ടെമ്പററിയും ആയിരിക്കും.

ആഫീസ് സിൽബന്തികൾ.

പരസ്പരസഹായസംഘം രജിസ്ട്രാരുടെ ആഫീസിൽ ഇപ്പോഴുള്ള സിൽബന്തികൾ താഴെ കാണിച്ചിരിക്കുംപ്രകാരമാണ്.

൧൩-൭-൫൦൦ രൂപാ സ്കെയിലിൽ പ്രതിമാസം ൨൦ രൂപാ പ്രൈവറ്റ് അലവൻസോടുകൂടി പേർസണൽ അസിസ്റ്റൻറ്.

൭൦-൭-൧൪ രൂപാ സ്കെയിൽ ചെക്ക്ലാർക്ക്

൯൦-൭/൨-൧൦	ക്ലി	ഗുമസ്തന്മാർ	൨
൨൭-൬/൩-൯൦	,,	,,	൭
൨൦-൨/൩-൩൦	ക്ലി	ക്ലി	൭
൨൦-൩/൨-൩൭	ക്ലി	ടൈപ്പിസ്റ്റ്മാർ	൨
൫൧ രൂപാ ശമ്പളത്തിൽ മെയ്ക്കി			൫
൯-൫/൩-൫൫ രൂപാ സ്കെയിലിൽ ശിപായിമാർ			൮

പേർസണൽ അസിസ്റ്റൻറിൻറെ ശമ്പളം വർദ്ധിപ്പിച്ച് ൫൨൬-൯-൫൭൦ രൂപ ആക്കുമ്പോൾ പുതിയശമ്പളം കിട്ടുന്ന തീയതി മുതൽ ഡ്യൂട്ടി അലവൻസ് ഇപ്പോൾ കൊടുത്തുവരുന്നതു നിർത്തലാക്കണമെന്നാണ് നിശ്ചയം. മദ്ധ്യസ്ഥതയിൽ തീരുന്ന കേസ്സുകളുടെ തീർപ്പുകൾ പകർത്തുന്നതിനു രണ്ടു പകർപ്പു ഗുമസ്തന്മാരെയും ൨൭ രൂപ ശമ്പളത്തിൽ കൂടുതലായി ഒരു ഗുമസ്തനെയും നിയമിക്കണമെന്നും ആലോചിച്ചിട്ടുണ്ട്. മേൽ വിവരിച്ച സംഘടന നടപ്പിൽ വരുത്തുന്നതിനു ൫൫൦൩-മാണ്ടത്തെ ബഡ്ജറ്റിൽ കൂടുതലായി അനുവദിക്കേണ്ടുന്ന സംഖ്യ ൩൩൨൭ രൂപയാകുന്നു. അതിൻറെ വിവരം താഴെ ചേർത്തിരിക്കുന്നു.

൫. സഞ്ചാരസിൽബന്തികൾ.

൧൭-൭-൫൦൦ രൂപ സ്കെയിലിൽ പ്രതിമാസം ൧൭ രൂപ ശമ്പളത്തിൽ	
൩ ഇൻസ്പെക്ടർമാർക്കു രൂപ	൨,൫൧൭
൯൦-൭/൨-൧൦ രൂപ സ്കെയിലിൽ പ്രതിമാസം ൯൦ രൂപ ശമ്പളത്തിൽ ഒരു ഇൻസ്പെക്ടർക്കു ൫൫ മാസത്തേക്കു	൯൯൦
൯-൫/൩-൫൫ രൂപ സ്കെയിലിൽ ൭ ശിപായിമാർക്കു	൪൯൮
൩൦ രൂപ പ്രകാരം ൩ ഇൻസ്പെക്ടർമാർക്കു സഞ്ചാരപ്പടി	൫,൩൭൦
൭ രൂപ പ്രകാരം ൭ ശിപായിമാർക്കു സഞ്ചാരപ്പടി	൨൧൭

൨. ആഫീസ് സിൽബന്തികൾ.

൫൨൬-൯-൫൭൦ രൂപ ശമ്പളത്തിൽ പേർസണൽ അസിസ്റ്റൻറിനു ഇപ്പോഴത്തെ ശമ്പളത്തിൽ കൂടുതൽ ൭ രൂപ	൭൭
൨൭ രൂപ ശമ്പളത്തിൽ ഒരു ഗുമസ്തനു	൨൧൭
൫൭ രൂപ ശമ്പളത്തിൽ രണ്ടു പകർപ്പു ഗുമസ്തന്മാർ (താൽക്കാലികം)	൩൩൦

൩. തൻചിലവു.

ആഫീസ് വാടക ഉൾപ്പെടെ ഇൻസ്പെക്ടർമാർക്കു ആഫീസ് വാടക	൩൩൦
ആകെ രൂപ	൩,൩൨൭

മേൽ വിവരിച്ചപ്രകാരമുള്ള പരിഷ്കാരത്തിനു കമ്മററി അനുകൂലിക്കയും ൩,൩൨൭ രൂപ ബഡ്ജററിൽ "൨൮ ജി പരസ്പരസഹായസംഘം രജിസ്ട്രാർ" എന്ന ഇനത്തിൽ ചേർക്കുന്നതിനു സമ്മതിക്കയുംചെയ്തു.

൯൯. ബാങ്കിംഗ് എൻക്വയറി കമ്മിററിസംബന്ധിച്ച ൫൫൦൭ മിഥുനം ൫-നു-മുതൽ ൩ മാസത്തേക്കു ൭൦-൭-൧൪ രൂപ ശമ്പളത്തിൽ താൽക്കാലികമായി ഒരു ഗുമസ്തനെ കൂടുതലായി പരസ്പരസഹായസംഘംരജിസ്ട്രാരുടെ ആഫീസിൽ നിയമിക്കുന്നതിനും ൫൫൦൭ കർക്കടകവും ൫൫൦൩ ചിങ്ങവും മാസങ്ങളിലെ ശമ്പളം ൫൦൦ രൂപ ബഡ്ജററിൽ "൨൮ ജി പരസ്പരസഹായസംഘം രജിസ്ട്രാർ" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൫൦൦ അധഃകൃതവർഗ്ഗക്കാരുടെ പരസ്പരസഹായസംഘങ്ങൾക്കു നിയമിച്ചിട്ടുള്ള അഞ്ചു ഗ്രൂപ്പുസെക്രട്ടറിമാരുടെ ഉദ്യോഗങ്ങൾ ൫൫൦൩ ചിങ്ങം ൫-നു-മുതൽ ഒരു വർഷത്തേക്കുകൂടെ തുടർന്നുകൊണ്ടുപോകുന്നതിനും അവർക്കോരോരുത്തർക്കും ൫൨ രൂപയിൽ കവിയാത്ത ഗ്രാൻറു കൊടുക്കുന്നതിനും അതിനു താഴെ വിവരിക്കുന്നപ്രകാരം ൩൧൨ രൂപ ബഡ്ജററിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൫൨ രൂപ വീതം ശമ്പളത്തിൽ പതിനൊന്നുമാസത്തേക്കു അഞ്ചു ഗ്രൂപ്പു സെക്രട്ടറിമാരുടെ ശമ്പളം	൩൩൦
൫൦൭ കർക്കടകമാസത്തേക്കു തിരുവനന്തപുരം ഗ്രൂപ്പുസെക്രട്ടറിയുടെ ശമ്പളം	൫൨
ആകെ രൂപ	൩൧൨

൫൦൫. ൫൫൦൩-ാണ്ടു നടത്താനുള്ള കാനേഷുമാരി (ജനസംഖ്യ എടുക്കുക) സംബന്ധിച്ച മൊത്തത്തുകയായി ൩൦,൦൦൦ രൂപ ബഡ്ജററിൽ "൨൮ എഫ്" എന്ന ഇനത്തിൽ ചേർക്കുന്നതിനു കമ്മിററി സമ്മതിച്ചു.

൧൨൨. ബാങ്കിംഗ് എൻക്വയറി കമ്മിറ്റി ൧൧൦൩ ചിങ്ങവും കന്നിയും മാസങ്ങളിലും തുടർന്നുകൊണ്ടുപോകുന്നതിനു താഴെ വിവരിക്കുംപ്രകാരം ൨,൧൨൦ രൂപ ബഡ്ജറ്റിൽ ചേർക്കുന്നതിനു കമ്മിറ്റി സമ്മതിച്ചു.

ശമ്പളം രൂപ	൭൨൦
തൻചിലവു	൧൫൦
പ്രസിഡന്റ്, മെമ്പർമാർ, സെക്രട്ടറി എന്നിവർക്കു യാത്രാപ്പടി	൧,൨൦൦
സിൽബന്തികൾക്കു യാത്രാപ്പടി	൧൫൦
ആകെ രൂപ	[illegible]
കർക്കടകമാസത്തെ ശമ്പളം രൂപ	[illegible]
ആകെ രൂപ	൨,൧൨൦

കമ്മിറ്റി ൪-മണിക്കു പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൧൦൩ ആടി ൧൨-നു.

പി. എൻ. കൃഷ്ണപിള്ള, കൺവീനർ, (ഒപ്പു)
സ്റ്റാന്റിംഗ് ഫൈനാൻസ് കമ്മിറ്റി.

൧൦൪-മത്തെ സ്റ്റാന്റിംഗ് ഫൈനാൻസ് കമ്മിറ്റി.

൧൧൦൩ ജൂലായി ൧൭-നു-യ്ക്കു ൧൧൦൨ മിഥുനം ൩൧-നു-ചൊവ്വാഴ്ച.

നിയമസഭയിലെ ൧൦൪-മത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മീറ്റിങ്ങ് ൧൧൦൩ ജൂലായി ൧൭-നു ൧൧൦൨ മിഥുനം ൩൧-നു ചൊവ്വാഴ്ച ഉച്ചയ്ക്ക് ഹജൂർകച്ചേരിയിൽ [illegible] മുറിയിൽ കൂടി. താഴെപ്പറയുന്ന മെമ്പർമാർ ഹാജരുണ്ടായിരുന്നു.

ബി. വി. എസ്. സുബ്രഹ്മണ്യയ്യർ എസ്ക്വയർ, ബി. എ., ബി. എൽ., [illegible] പ്രസിഡന്റ്,

ഏ. [illegible]പിള്ള എസ്ക്വയർ, ബി. എ., ബി. എൽ.

ജി. പി. നീലകണ്ഠപ്പിള്ള	,,	ബി. എ., ബി. എൽ.
മാത്യു [illegible]	,,	ബി. എ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ	,,	ബി. എ.
ആർ. [illegible]പ്പിള്ള	,,	ബി. എ., ബി. എൽ.
പി. എൻ. കൃഷ്ണപിള്ള	,,	ബി. എ., ബി. എൽ., കൺവീനർ.

രജിസ്ട്രേഷൻ.

൧൨൩. ഈ സംസ്ഥാനത്തു താഴെപ്പറയുന്ന സ്ഥലങ്ങളിലുള്ള [illegible] താൽക്കാലിക സബ്‌രജിസ്ട്രാഫീസുകൾ ൧൧൦൩-മാണ്ടു തുടങ്ങിക്കൊണ്ടുപോകുന്ന കാര്യം കമ്മിറ്റി ആലോചിക്കയുണ്ടായി.

(൧)	ബാലരാമപുരം	(൯)	ചെപ്പാട്
(൨)	നെയ്യാറ്റിൻകര	(൧൦)	[illegible]
(൩)	റാന്നി	(൧൧)	കരുനാഗപ്പള്ളി (ശാഖകൾ)
(൪)	രാമപുരം	(൧൨)	[illegible] (ശാഖകൾ)
(൫)	കിടങ്ങൂർ	(൧൩)	[illegible]
(൬)	വെള്ളനാട്	(൧൪)	ചെങ്ങന്നൂർ
(൭)	നെയ്യാറ്റിൻകര	(൧൫)	വെളിയം
(൮)	വക്കം	(൧൬)	കൊല്ലങ്കോട്

ഈ കാര്യവും അതിനായി ബഡ്ജറ്റിൽ "൮ രജിസ്ട്രേഷൻ" എന്ന ശീർഷകത്തിൽ താഴെ വിവരിക്കുംപ്രകാരം ൩൪,൯൩൩ രൂപ ബഡ്ജറ്റിൽ ചേർക്കുന്നതിനും കമ്മിറ്റി സമ്മതിച്ചു.

൧. ശമ്പളം.

൧൩ സബ്‌രജിസ്ട്രാർമാരുടെ ൧൧ മാസത്തെ ശമ്പളം ൩൦ രൂപാപ്രകാരം	൧൦,൫൩൦

൨. സിൽബന്തികൾ.

ഹെഡ്ഗുമസ്തന്മാർ ൧൩ (൨൫) ൧൧ മാസത്തേക്കു	൩,൧൩൦
ഗുമസ്തന്മാർ ൪൯ (൨൦) ൧൧ മാസത്തേക്കു	൧൦,൭൮൦
ശിപായിമാർ ൩൨ (൯) ൧൧ മാസത്തേക്കു	൩,൧൬൮
൩. ഉദ്യോഗസ്ഥന്മാർക്കും സിൽബന്തികൾക്കും യാത്രാപ്പടി	൩൦൦

൪. തൻചിലവു.

(൧)	പുസ്തകങ്ങൾ	൮൦
(൨)	സാമാനങ്ങളും അറ്റകുറ്റപ്പണികളും	൪൦൦
(൩)	കണ്ടിജൻസി	൨,൧൨൩
(൪)	അഞ്ചൽചെലവു	൮൫൦
(൫)	ആഫീസ്ചെലവുകൾ	൧൯൦
(൬)	ഭൃത്യന്മാർക്കുശമ്പളം	൩൫൨
	ആകെ രൂപ	൩൪,൯൩൩

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പ്രതിമാസം ൨൦ രൂപ ശമ്പളത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ൯ ഗുമസ്തന്മാരെ ൧൧൦൩-മാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും പ്രതിമാസം ൨൦ രൂപ ശമ്പളത്തിൽ താൽക്കാലികമായി ൫ ഗുമസ്തന്മാരെക്കൂടെ നിയമിക്കുന്നതിനും അതിന്നായി ൩,൦൮൦ രൂപ ബഡ്ജറ്റിൽ "൮ രജിസ്ട്രേഷൻ" എന്ന ശീർഷകത്തിൽ ചേർത്തുകൊള്ളുന്നതിനുംകൂടെ കമ്മിറ്റി സമ്മതിച്ചു.

പോലീസ്.

൧൨൪. പോലീസ് ഡിപ്പാർട്ടുമെന്റിലെ കൺസ്റ്റബിൾമാരുടെ കുറഞ്ഞ ശമ്പളം ൯ രൂപയിൽ നിന്നു ൧൧ രൂപയായി വർദ്ധിപ്പിക്കുന്നതിനും മററു ഗ്രേഡുകളിൽ ഉള്ളവർക്കു പ്രതിമാസം ൧ രൂപ വീതമുള്ള

കൊടുക്കുന്നതിനും സിവിൽ ബന്തികളെ എല്ലാവരെയും താഴെ കാണിച്ചിരിക്കുന്നപ്രകാരം ൪ ഗ്രേഡുകളായി വിഭജനം ചെയ്യുന്നതിനും ഉള്ള പദ്ധതി കമ്മിററി അനുവദിച്ചു.

ഇപ്പോഴുള്ളവർ		മേലാലുള്ളവർ	
(൧) സ്ഥിരം	രൂപ	(൧)	രൂപ
	൧൨൪ (൧൩)		൧൨൪ (൧൪)
	൩൬൪ (൧൨)		൫൩൪ (൧൩)
൧൨൫൩ കോൺസ്റ്റബിൾമാർ	൩൫൩ (൧൧)	൧൨൬൨ കോൺസ്റ്റബിൾമാർ	൩൬൫ (൧൨)
	൩൭൦ (൧൦)		൩൯൭ (൧൧)
	൪൫ (൯)		
(൨) ടെംപററി		(൨)	
	൪ (൧൩)		൪ (൧൫)
	൧൧ (൧൨)		൧൧ (൧൩)
൩൭ കോൺസ്റ്റബിൾമാർ	൧൧ (൧൧)	൩൭ കോൺസ്റ്റബിൾമാർ	൧൧ (൧൨)
	൧൧ (൧൦)		൧൧ (൧൧)

ഈ പദ്ധതി നിമിത്തം ഓരോ കൊല്ലത്തേക്കുള്ള ചെലവ് ൨൩,൭൩൦ രൂപയും ൧൧൦൩-മാണ്ടു ൧൧ മാസത്തേക്കുള്ള ചെലവ് ൨൧,൭൫൦ രൂപയും ആയിരിക്കും. കമ്മിററി ഈ പദ്ധതിയെ സ്വീകരിക്കയും അതിന്നാവശ്യമുള്ള സംഖ്യ ബഡ്ജറ്റിൽ "൧൪ പോലീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിന്ന് സമ്മതിക്കയും ചെയ്തു.

൧൦൭. വാഹനനിയന്ത്രണം ഇനിയും കാര്യക്ഷമമായുള്ളതാക്കുന്നതിനു ൧-൧-൧൧൨൬-നു മുതൽ ൧൨൦-൫-൧൭൫ രൂപ സ്കെയിലിൽ പതിവുള്ള പ്രതിമാസം ൫൦ രൂപ ഡ്യൂട്ടി അലവൻസോടുകൂടി പുതുതായി ഒരു രണ്ടാംഗ്രേഡ് പോലീസ് ഇൻസ്പെക്ടരെയും ൧൪ രൂപ ശമ്പളത്തിൽ കൂടുതലായി ഒരു ഹെഡ് കോൺസ്റ്റബിളിനെയും നിയമിക്കുന്നതിനും അതിന്നാവശ്യമുള്ള ൧,൯൪൪ രൂപ ബഡ്ജറ്റിൽ "൧൪ പോലീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മററി സമ്മതിച്ചു.

൧൦൮. സംസ്ഥാനത്തിലെ പ്രധാന പോലീസ്സ്റ്റേഷനുകളിലെ ഉപയോഗത്തിനായി ൧൫ സൈക്കിൾസ് വാങ്ങുന്നതിനും അതിന്നായി ൧,൫൦൦ രൂപ ബഡ്ജറ്റിൽ "൧൪ പോലീസ്" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മററി സമ്മതിച്ചു.

൧൦൯ സി. ഐ. ഡി. പരിഷ്കാരം പിന്നെ ആലോചനയ്ക്കെടുത്തു.

സി. ഐ. ഡി. വകുപ്പിൽ ഇപ്പോഴുള്ളവരുടെയും മേലാലുണ്ടാകുന്നവരുടെയും വിവരം ഇപ്രകാരമാണ്.

ഇപ്പോഴുള്ളവർ		മേലാലുണ്ടാകുന്നവർ	
ഉദ്യോഗപ്പേരും ശമ്പളസ്കെയിലും	പ്രതിമാസം ശരാശരിച്ചെലവ്	ഉദ്യോഗപ്പേരും ശമ്പളസ്കെയിലും	പ്രതിമാസം ശരാശരിച്ചെലവ്
* ൧ ഇൻസ്പെക്ടർ ൧ (൧൪൦-൧൦-൨൦൦)	൧൭൯ ൧/൩	൧ പോലീസ് അസിസ്റ്റന്റ് സൂപ്രണ്ട് ൧ (൨൦൦-൨൦-൨൫൦)	൨൩൩ ൧/൩
൧ ,, ൧ (൩൦-൫-൭൦)	൭൯ ൨/൩	൩ ഇൻസ്പെക്ടർമാർ ൩ (൩൦-൫-൭൦)	൨൩൯
൨ ഹെഡ്കോൺസ്റ്റബിൾമാർ ൨ (൨൫)	൫൦	൨ ഹെഡ്കോൺസ്റ്റബിൾമാർ ൨ (൨൫)	൫൦
൧ ,, ൧ (൨൨)	൨൨	൧ ,, ൧ (൨൨)	൨൨
൧ ,, ൧ (൧൯)	൧൯	൩ ,, ൩ (൧൯)	൫൭
൧ കോൺസ്റ്റബിൾ ൧ (൧൩) (പരിഷ്കാരത്തിൽ ൧൪ കിട്ടും)	൧൪	൧ കോൺസ്റ്റബിൾ ൧ (൧൪)	൧൪
൪ കോൺസ്റ്റബിൾമാർ (൧൨) (പരിഷ്കാരത്തിൽ ൧൩ കിട്ടും)	൫൨	൪ ,, ൪ (൧൩)	൫൨
൧ കോൺസ്റ്റബിൾ ൧ (൧൦) (പരിഷ്കാരത്തിൽ ൧൧ കിട്ടും).	൧൧	൭ ,, ൭ (൧൧)	൭൭
ഒന്നാംഗ്രേഡ് ഇൻസ്പെക്ടർക്ക് ഡ്യൂട്ടി അലവൻസ് (൨൫)	൨൫	രണ്ടാംഗ്രേഡ് ഇൻസ്പെക്ടർമാർക്ക് ഡ്യൂട്ടി അലവൻസ് ൩ (൧൫)	൪൫
രണ്ടാംഗ്രേഡ് ,, (൧൫)	൧൫	ഹെഡ്കോൺസ്റ്റബിൾമാർക്ക് ,, ൩ (൪)	൨൪
ഹെഡ് കോൺസ്റ്റബിൾമാർക്ക് ഡ്യൂട്ടി അലവൻസ് ൪ (൪)	൧൬	കോൺസ്റ്റബിൾമാർക്ക് ,, ൧൨ (൨-൮-൦)	൨൭-൧൨-൦
കോൺസ്റ്റബിൾമാർക്ക് ,, ൬ (൨-൮-൦)	൧൫-൦-൦	൨ ഇംഗ്ലീഷ് ചുരുക്കെഴുത്തുകാർ ൨ (൪൦-൫-൭൦)	൧൨൪
കോൺസ്റ്റബിൾ ചുരുക്കെഴുത്തുകാർക്ക് അലവൻസ് ൨ (൧൦)	൨൦	൪ മലയാളം ,, ൪ (൪൦-൫-൭൦)	൨൪൯
ആകെ രൂപ	൫൧൫-൨-൦	ആകെ രൂപ	൧,൨൦൯-൨-൦

* ഇപ്പോഴുള്ള ഒന്നാംഗ്രേഡ് ഇൻസ്പെക്ടറുദ്യോഗം നിർത്തലാക്കിക്കളയും.

ഈ പദ്ധതിയുടെ പ്രതിവർഷമുള്ള ചെലവു ൮,൩൨൮ രൂപയും ൧൧൦൬-ാമാണ്ടു ൧൧ മാസത്തേക്കു വേണ്ടുന്നസംഖ്യ ൭,൩൭൯ രൂപയും ആയിരിക്കും. കമ്മിററിയിലെ അനൌദ്യോഗസ്ഥമെമ്പർമാർ മൂന്നുപേരും ഈ പദ്ധതിക്കു പ്രതികൂലമായിരുന്നു.

൧൦൮. കൺസർവൻസിമാരുടെ എണ്ണം ൧൯൩-ൽനിന്നു ൨൯൩ ആയി വർദ്ധിപ്പിക്കുന്നതിനും അതായതു പ്രതിമാസം ൧൧ രൂപാ ശമ്പളത്തിൽ ൧൦൦ കൺസർവൻസിമാരെ പുതിയതായി നിയമിക്കുന്നതിനും അതിനാവശ്യമുള്ളസംഖ്യ ൧൧,൩൯൪ രൂപ ബഡ്ജറ്റിൽ "൧൮ പോലീസ്" എന്നഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു. ദിവാൻ മിസ്റ്റർ താണുപിള്ള ആ ആലോചനയോടു യോജിച്ചില്ല.

വൈദ്യവും സാനിറററിയും.

൧൦൯. പൊതുജനാരോഗ്യസംരക്ഷണത്തിനു ൭൫൦൦൦ രൂപ ഒരു ഗ്രാൻറായി ൧൧൦൬-ാമാണ്ടത്തെ ബഡ്ജറ്റിൽ ചേർത്തുകൊള്ളുന്നതിനും ഡാക്ടർ ജെ. ഡ്രെക്സിനോടു പിന്നീടു ആലോചിച്ചു ചെലവുചെയ്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

കൃഷിയും മത്സ്യവ്യവസായവും.

൧൧൦. കൃഷിയും മത്സ്യവ്യവസായവും ഡയറക്ടരുടെ ആഫീസിൽ താൽക്കാലികമായി ൨൦-൨/൩-൩൦ രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള രണ്ടു ഗുമസ്തന്മാരെ അവരുടെ ഉദ്യോഗങ്ങളിൽ സ്ഥിരപ്പെടുത്തുന്നതിനും അതിന്നായി ൪൪൦ രൂപ ബഡ്ജറ്റിൽ "൨൧ എ. കൃഷിയും മത്സ്യവ്യവസായവും" എന്ന ഇനത്തിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

പൊതുമരാമത്ത്-ഭാഗം ൧.

അനന്തരം കമ്മിററി പൊതുമരാമത്തു ൧൧൦൬-ാമാണ്ടത്തെ ബഡ്ജറ്റിന്റെ ഒന്നാംഭാഗം ആലോചനയ്ക്കെടുത്തു.

നിയമസഭാമന്ദിരം പണിയിക്കുന്നതിനു എന്തെങ്കിലും ഒരു സംഖ്യ അനുവദിക്കണമെന്നു മി. എ. താണുപിള്ള പ്രസ്താവിച്ചു. അതു പണിയുന്നതിനുള്ള സ്ഥലം തീർച്ചയാക്കീട്ടില്ലെന്നും യോഗ്യമായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതുവരെ ബഡ്ജറ്റിൽ പണം അനുവദിച്ചിട്ടാവശ്യമില്ലെന്നും എന്തെന്നാൽ സ്ഥലം തിരഞ്ഞെടുത്തതിനുശേഷമേ വല്ല പണിയും നടത്താൻ കഴികയുള്ളു എന്നും ദിവാൻപറഞ്ഞു.

പിന്നീടു കമ്മിററി ൧൧൦൬-ാമാണ്ടേ നടത്താൻ നിശ്ചയിച്ചിട്ടുള്ള പൊതുമരാമത്തുപണികളുടെ പരിശോധനനടത്തി. ചാക്കയിൽനിന്നും കല്ലുവെട്ടാൻകുഴിവരെയുള്ള തോട്ടിൽ ഒരു കലുങ്കിപ്പാലം പണിയുന്നതിനു ൧൦൦൦ രൂപ അനുവദിക്കണമെന്നു മി. എ. താണുപിള്ള അഭിപ്രായപ്പെട്ടു. ഇതു സമ്മതിക്കയും പിന്നീടു തീർച്ചയാക്കുന്നതുപോലെ ഒരു കലുങ്കിപ്പാലം പണിയുകയോ കടത്തുകടവു ഏർപ്പെടുത്തുകയോ ചെയ്യുന്നതിനു ൧,൫൦൦ രൂപ ബഡ്ജറ്റിൽചേർക്കുന്നതിനു അനുവദിക്കയുംചെയ്തു.

കുട്ടുത്തുറയിൽനിന്നു തിരുവമ്പാടിവഴി ചീരുവേലിക്കുപോകുന്ന കരിയാൻറോഡു ഏറ്റെടുക്കുന്നതിനു വല്ല സംഖ്യയും അനുവദിക്കണമെന്നു മി. മാത്തുതരകൻ അഭിപ്രായപ്പെട്ടു. ആ റോഡു ൧൧൦൬-ാമണ്ടു ഏറ്റെടുക്കാൻ കഴിയുമോ എന്നു ചീഫ്എൻജിനീയരോടു ചോദിക്കാമെന്നു ദിവാൻപറഞ്ഞു.

പടനായർകുളങ്ങരനിന്നു ശാസ്താംകോട്ട ചന്തയിലേക്കു പോകുന്ന റോഡിൽ കല്ലുകടവുതോട്ടിൽ പാലം പണിയുന്നതിന്റെ ആവശ്യകതയെക്കുറിച്ചു മി. ജി. പി. നീലകണ്ഠപിള്ള പ്രസ്താവിച്ചു. അതുകുറിച്ചന്വേഷിക്കാമെന്നു ദിവാൻപറഞ്ഞു.

ഈ ഭേദഗതികളോടുകൂടി കമ്മിററി പൊതുമരാമത്തുപണികളുടെ പട്ടിക അനുവദിച്ചു.

അനന്തരം കമ്മിററി രണ്ടാംഭാഗത്തിലെ പദ്ധതികൾ ആലോചനയ്ക്കെടുത്തു.

൧൧൧. പള്ളിവാസൽ മേത്തുമങ്ങലംറോഡു പണിക്കു താൽക്കാലികമായി നിയമിച്ചിട്ടുള്ള പ്രത്യേക ഉദ്യോഗസ്ഥന്മാരെ ൧൧൦൬ കുംഭം മീനംവരെ ഉദ്യോഗത്തിൽവെച്ചുകൊള്ളുന്നതിനും താഴെവിവരിക്കുന്നപ്രകാരം ൧൦,൯൯൦ രൂപ അനുവദിക്കുന്നതിനും കമ്മിററിസമ്മതിച്ചു.

൧൧൦൬ ചിങ്ങംമുതൽ മകരം അവസാനംവരെ ൬ മാസത്തേക്കു.

			രൂപ.
(൧)	൬ മാസത്തേക്കു (൨൫൦-൧൦-൪൦൦) രൂപ ശമ്പളത്തിൽ അസിസ്റ്റൻറു എൻജിനീയർ	൧	൧,൫൦൦
(൨)	൬ മാസത്തേക്കു (൮൦-൫-൧൨൦) രൂപ ശമ്പളത്തിൽ ഫസ്റ്റ്ഗ്രേഡ് സൂപ്പർവയിസർമാർ	൩	൧,൪൪൦
(൩)	൬ മാസത്തേക്കു (൫൦-൫/൨-൭൦) രൂപ ശമ്പളത്തിൽ ഓവർസീയർമാർ	൫	൧,൫൦൦
(൪)	൬ മാസത്തേക്കു ൫൦ രൂപ ശമ്പളത്തിൽ അക്കൗണ്ടുക്ലാർക്കു	൧	൩൦൦
(൫)	൬ മാസത്തേക്കു ൩൦ രൂപ ശമ്പളത്തിൽ മേസ്ത്രിമാർ	൬	൧,൦൮൦
(൬)	൬ മാസത്തേക്കു ൧൦ രൂപശമ്പളത്തിൽ ശിപായിമാർ	[illegible]	൪൨൦
	൧൧൦൬ കുംഭം മുതൽ മീനം അവസാനംവരെ ൫ മാസത്തേക്കു.		
(൧)	൨൫൦ രൂപ ശമ്പളത്തിൽ അസിസ്റ്റൻറു എൻജിനീയർ	൧	൧,൨൫൦
(൨)	൮൦ രൂപ ശമ്പളത്തിൽ സൂപ്പർവൈസർമാർ	൨	൮൦൦
(൩)	൫൦ രൂപശമ്പളത്തിൽ ഓവർസീയർമാർ	൩	൭൫൦
(൪)	൫൦ രൂപ ശമ്പളത്തിൽ അക്കൗണ്ടുക്ലാർക്കു	൧	൨൫൦
(൫)	൩൦ രൂപശമ്പളത്തിൽ മേസ്ത്രിമാർ	൪	൬൦൦
(൬)	൧൦ രൂപ ശമ്പളത്തിൽ ശിപായിമാർ	൫	൨൫൦
(൭)	൧൧ മാസത്തേക്കു തൽചിലവു		൮൫൦
			ആകെരൂപ ൧൦,൯൯൦

൧൧൨. റോഡുബോർഡുകളുടെ ജോലിനിർവഹണം സംബന്ധിച്ചു താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും അതിനായി ൯,൯൭൫ രൂപ ൧൦൬-ാമാണ്ടത്തെ ബഡ്ജറ്റിൽ ചേർക്കുന്നതിനും കമ്മററി സമ്മതിച്ചു.

സെൻട്രൽബോർഡു.

സെക്രട്ടറിക്കു ൨൫ രൂപ പ്രകാരം ൧൧ മാസത്തേക്കു ലോക്കൽ അലവൻസ് രൂപ	൨൭൫
ഒരു ക്ലാർക്ക് ഡ്രാഫ്ട്സ്മാന്നു ൩൫ രൂപപ്രകാരം ൧൧ മാസത്തേക്കു ശമ്പളം	൩൮൫
ഒരു ക്ലാർക്ക് ടൈപ്പിസ്റ്റിന്നു ൨൫ രൂപപ്രകാരം ൧൧ മാസത്തേക്കു ശമ്പളം	൨൭൫
മെമ്പർമാർക്കു സഞ്ചാരപ്പടി	൧,൫൦൦
തൽചിലവു	൩൦൦
ആകെ രൂപ	൨,൭൩൫

ആറു ഡിസ്ട്രിക്ട്ബോർഡുകൾ.

ആറു സിക്രട്ടറിമാർക്കു ഓരോരുത്തനും ൧൫ രൂപപ്രകാരം ൧൧ മാസത്തേക്കു ലോക്കൽ അലവൻസു	൯൯൦
ആറു ക്ലാർക്ക് ടൈപ്പിസ്റ്റ്മാർക്കു ൨൫ രൂപപ്രകാരം ൧൧ മാസത്തേക്കു	൧,൬൫൦
ഡിസ്ട്രിക്ട്ബോർഡു മെമ്പർമാർക്കു സഞ്ചാരപ്പടി	൪,൦൦൦
തൽചിലവു	൬൦൦
ആകെ രൂപ	൭൨൪൦

൧൧൩. പൊതുമരാമത്തു വർക്ക്ഷാപ്പിലും സെൻട്രൽസ്റ്റോറിലുമുള്ള സാമാനങ്ങൾ തിട്ടപ്പെടുത്തുന്നതിനു ഒരു അസിസ്റ്റൻറ എഞ്ചിനിയറിനെ നിയമിക്കുന്നതിനും അതിന്നാവശ്യമുള്ള ൧,൪൦൦ രൂപ ൧൦൬-ാമാണ്ടത്തെ പൊതുമരാമത്തുവക ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊള്ളുന്നതിനും കമ്മററിസമ്മതിച്ചു.

൧൧൪. ചീഫ് എഞ്ചിനീയരുടെ ആഫീസ്സിൽ ൧-൧-൧൦൬ മുതൽ ൫൦ രൂപ ശമ്പളത്തിൽ ഒരു സ്റ്റെനോഗ്രാഫറിനെ നിയമിക്കുന്നതിനും അതിന്നാവശ്യമുള്ള ൫൫൦ രൂപ ൧൦[illegible]-ാമാണ്ടത്തെ ബഡ്ജറ്റിൽ '൨൯ പൊതുമരാമത്തു'' എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മററിസമ്മതിച്ചു.

൧൧൫. തിരുവനന്തപുരം വൈദ്യുതശക്തിവിതരണപദ്ധതി സംബന്ധിച്ചു ചീഫ് എഞ്ചിനീയരുടെ ആഫീസിൽ ൨൫-൨/൨-൩൫ രൂപ ശമ്പളത്തിൽ താല്ക്കാലികമായി നിയമിച്ചിട്ടുള്ള ഗുമസ്തനേയും അക്കൌണ്ടാഫീസിൽ താല്ക്കാലികമായി ൪൦-൭൦ രൂപ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള ആഡിറററേയും ൧൧൦൬-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിന്നായി ൭൧൫ രൂപ ബഡ്ജറ്റിൽ ''൨൯-പൊതുമരാമത്തു'' എന്ന ഇനത്തിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

൧൧൬. പൊതുമരാമത്തു ഇലക്ട്രിക്കൽ ഡിവിഷനിൽ താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥന്മാരെ ൧൦൬-ാമാണ്ടും ഉദ്യോഗത്തിൽ വെച്ചുകൊള്ളുന്നതിനും അതിന്നാവശ്യമുള്ള ൬൬,൮൨൬ രൂപ പൊതുമരാമത്തുവക ബഡ്ജറ്റിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

പവർഹൌസ് സെക്ഷൻ.

സ്റ്റേഷൻ എൻജിനീയർ (൧൨൫-൫-൧൫൦)	൧	൧,൩൭൫	രൂപ
പ്രതിമാസം ൩൦ രൂപപ്രകാരം വാഹനപ്പടി		൩൩൦	ടി
അസിസ്റ്റൻറ സ്റ്റേഷൻ എൻജിനിയർ (൮൦-൫-൧൨൦)	൧	൮൮൦	ടി
ഷിഫ്ട് ആപ്പറേറർമാർ (൫൦-൫/൨-൭൦)	൩	൧,൬൫൦	ടി
എൻജിൻ ഡ്രൈവർമാർ (൪൦-൫/൨-൭൦)	൩	൧,൩൨൦	ടി
അസിസ്റ്റൻറ ടി (൨൫-൫/൩-൪൦)	൨	൫൫൦	ടി
ഓയിൽമെൻ (൧൫-൧-൨൫)	൮	൧,൩൨൦	ടി
സ്വിച്ച്ബോർഡ് അററൻഡർമാർ (൨൫-൫/൩-൪൦)	൪	൧,൧൦൦	ടി
ക്ലീനർമാർ (൯-൧/൬-൧൧)	൮	൭൯൨	ടി

പ്രധാനവിതരണ സെക്ഷൻ.

മെയിൻസ് സൂപ്രണ്ട (൧൦൦-൫-൧൫൦)	൧	൧,൧൦൦	ടി
൩൦ രൂപപ്രകാരം വാഹനപ്പടി		൩൩൦	ടി
മെയിൻസ്ഫോർമാൻ (൫൦-൫/൨-൭൦)	൧	൫൫൦	
൨൦ രൂപപ്രകാരം വാഹനപ്പടി		൨൨൦	ടി
അസിസ്റ്റൻറ മെയിൻസ്ഫോർമാൻ (൩൫-൫/൨-൫൦)	൧	൩൮൫	ടി
൧൦ രൂപപ്രകാരം വാഹനപ്പടി		൧൧൦	ടി
ലൈൻമെൻ (൨൫-൫/൩-൪൦)	൧൦	൨,൭൫൦	ടി
൫ രൂപപ്രകാരം വാഹനപ്പടി		൫൫൦	ടി
ഗുമസ്തൻ (൨൦-൧-൨൫)	൧	൨൨൦	ടി

മീററർടെസ്റ്റ് സെക്ഷൻ. ടി

മീററർറീഡേർസ് (൨൫-൫/൩-൪൦)	൩	൮൨൫	ടി

		[illegible]	രൂപ
൫ രൂപപ്രകാരം വാഹനപ്പടി			
മീറ്റർഖാസ്ക്കാർ (൧൦)	൨	൨൨൦	ടി
പവ്വർഹൌസ് ആഫീസ്.			
ഗുമസ്തൻ (൨൫-൨/൨-൩൫)	൧	൨൭൫	ടി
ശിപായിമാർ (൯-൧/൬-൧൧)	൨	൧൯൮	ടി
ഇലക്ട്രിക്കൽഡിവിഷൻ ആഫീസ്.			
ഹെഡ്ഗുമസ്തൻ (൫൦-൫/൨-൭൦)	൧	൫൫൦	ടി
അക്കൗണ്ട്സ്ഗുമസ്തന്മാർ (൩൫-൩/൨-൫൦)	൩	൧,൧൫൫	ടി
ഗുമസ്തന്മാർ (൨൫-൨/൨-൩൫)	൩	൮൨൫	ടി
കാഷിയർ (൩൫-൩/൨-൫൦)	൧	൩൮൫	ടി
ടൈപ്പിസ്റ്റ് (൨൦-൩/൨-൩൫)	൧	൨൨൦	ടി
ഡ്രാഫ്റ്റ്സ്മാൻ (൩൫-൫/൨-൫൦)	൧	൩൮൫	ടി
ട്രേസർ (൨൫-൧/൧-൩൫)	൧	൨൭൫	ടി
ശിപായിമാർ (൯-൧/൬-൧൧)	൬	൫൯൪	ടി
സ്റ്റോർ സെക്ഷൻ.			
സ്റ്റോർകീപ്പർ (൫൦-൫/൨-൭൦)	൧	൫൫൦	ടി
സ്റ്റോർ ക്ലാർക്ക് (൨൫-൨/൨-൩൫)	൧	൨൭൫	ടി
ശിപായി (൯-൧/൬-൧൧)	൧	൯൯	ടി
ടെലഫോൺ എക്സ്ചേഞ്ച് സ്കീം.			
സൂപ്പർവൈസർ (൮൦-൫-൧൨൦)	൧	൮൮൦	ടി
൩൦ രൂപപ്രകാരം വാഹനപ്പടി		൩൩൦	ടി
ലൈൻമെൻ (൨൫-൧/൨-൪൦)	൪	൧,൧൦൦	ടി
ഓപ്പറേറ്റർമാർ (൨൫-൧/൨-൪൦)	൪	൧,൧൦൦	ടി
ടെലഫോൺ മെക്കാനിക്ക് (൩൫-൫/൨-൫൦)	൧	൩൮൫	ടി
൧൦ രൂപപ്രകാരം വാഹനപ്പടി		൧൧൦	ടി
ഗുമസ്തൻ (൨൦-൧-൨൫)	൧	൨൨൦	ടി
ശിപായി (൯-൧/൬-൧൧)	൧	൯൯	ടി
ഗവർമ്മെൻറുകെട്ടിടം ഇലക്ട്രിഫിക്കേഷൻ സെക്ഷൻ.			
സൂപ്പർവൈസർ (൧൨൫-൫-൧൭൫)	൧	൧,൩൭൫	ടി
൩൦ രൂപപ്രകാരം വാഹനപ്പടി		൩൩൦	ടി
ഓവർസീയർമാർ (൫൦-൫/൨-൭൦)	൨	൧,൧൦൦	ടി
൨൦ രൂപപ്രകാരം വാഹനപ്പടി } ൧൦ രൂപപ്രകാരം വാഹനപ്പടി }		൩൩൦	ടി
ഇലക്ട്രിക്കൽവയർമെൻ (൨൫-൧/൩-൪൦)	൮	൨,൨൦൦	ടി
൫ രൂപപ്രകാരം വാഹനപ്പടി		൪൪൦	ടി
ഗുമസ്തൻ (൨൦-൧-൨൫)	൧	൨൨൦	ടി
ഖാസ്കാർമാർ (തൽചിലവു) (൧൦)	൮	൮൮൦	ടി
ശിപായി (൯-൧/൬-൧൧)	൧	൯൯	ടി
	ആകെ രൂപ	൩൬,൮൨൩	

൧൧൭. ടൈമൻ കൃഷിസംബന്ധപ്രവൃത്തികളെപ്പററിയുള്ള അന്വേഷണത്തിനു അനുവദിച്ചിട്ടുള്ള താഴെ വിവരിക്കുന്ന ഉദ്യോഗസ്ഥന്മാരെ ൧൧൦൬-ാമാണ്ടും വെച്ചുകൊണ്ടിരിക്കുന്നതിനും അതിനായി ബഡ്ജററിൽ ൮,൧൪൫ രൂപ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

			രൂപ
(൧)	പതിനൊന്നുമാസത്തേക്കു (൧൨൫-൫-൧൭൫) ശമ്പളത്തിൽ ൧-ാംഗ്രേഡ് സൂപ്പർവൈസർ	൧	൧,൩൭൫
(൨)	പതിനൊന്നുമാസത്തേക്കു ൧൨൫ രൂപ ശമ്പളത്തിൽ സൂപ്പർവൈസർമാർ	൩	൪,൧൨൫
(൩)	പതിനൊന്നുമാസത്തേക്കു (൮൦-൫-൧൨൦) രൂപ ശമ്പളത്തിൽ ൨-ാംഗ്രേഡ് സൂപ്പർവൈസർമാർ	൨	൧,൭൬൦
(൪)	൨൫ രൂപ ശമ്പളത്തിൽ ഗുമസ്തന്മാർ	൩	൮൨൫
(൫)	തൽചിലവു		൬൦
		ആകെ രൂപ	൮,൧൪൫

അഞ്ചൽ.

൧൭. അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ശിപായിമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യം കമ്മിററി ആലോചിച്ചു. അവരിൽ സ്ഥിരമായ ഗ്രേഡുകൾ ഉണ്ടാക്കണമെന്നും ഓരോ ഗ്രേഡിലെ ശിപായിമാരുടെ എണ്ണം താഴെ കാണുംപ്രകാരം ആയിരിക്കണമെന്നും നിശ്ചയിച്ചു.

൧൪ രൂപ ശമ്പളത്തിൽ എണ്ണം		൪൫
൧൩	ടി	൭൫
൧൨	ടി	൧൭൦
൧൧	ടി	൨൨൦
൧൦	ടി	൯൪

ഇങ്ങനെ ശിപായിമാരുടെ ഏററവും കുറഞ്ഞ ശമ്പളം ൧൦ രൂപയായിരിക്കും. ൧൧ മാസത്തേക്കു കൂടുതലായി ഉണ്ടായിരിക്കുന്ന ചെലവു ൧൦,൫൬൦ രൂപ അഞ്ചൽവക ബഡ്ജററിൽ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൮. ബാനാമി അഞ്ചൽ ആഫീസിലെ ശിപായിക്കും രണ്ടു റണ്ണർമാർക്കും ഗവണ്മെൻറിൽനിന്നു അവർക്കു പാർക്കാൻ സ്ഥലം ഉണ്ടാക്കികൊടുക്കുന്നതുവരെ പ്രതിമാസം ഈരണ്ടുരൂപ വീട്ടുവാടകയ്ക്കായി കൊടുക്കുന്നതിനും അതിനായി അഞ്ചൽഡിപ്പാർട്ടുമെൻറുവക ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ ൬൬ രൂപ ചേർക്കുന്നതിനും കമ്മിററി സമ്മതിച്ചു.

വിദ്യാഭ്യാസം.

൧൯. ബെനാറിസ് ഹിന്ദുസർവകലാശാലയ്ക്കു പ്രതിവർഷം ൧൦,൦൦൦ രൂപ സഹായധനം കൊടുക്കുന്നതിനും ആ സംഖ്യ ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ "൨൦ എഫ് വിദ്യാഭ്യാസം പലവക" എന്നുള്ളതിൽ ചേർത്തുകൊള്ളുന്നതിനും കമ്മിററി സമ്മതിച്ചു.

കമ്മിററി വൈകുന്നേരം ൩ മണിക്കു വീണ്ടുംകൂടുവാൻ തീയതി നിശ്ചയിക്കാതെ പിരിഞ്ഞു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൩൩ ആഗസ്റ്റ് ൧൪-ാം.

പി. എൻ. കൃഷ്ണപിള്ള,
സ്ഥിരം ഫൈനാൻസ് കമ്മിററി സംയോജകൻ.

അനുബന്ധം ൨.

തിരുവിതാംകൂർ രജിസ്ട്രേഷൻ റെഗുലേഷൻ (ഭേദഗതി) ബിൽ.

[നിയമസഭ തിരുമാനിച്ചത്]

൧൦൯൭-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൭൭-ലെ ൨-ാം റെഗുലേഷനായ തിരുവിതാംകൂർ രജിസ്ട്രേഷൻ റെഗുലേഷൻ വീണ്ടും ഭേദഗതിചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.

൧൦൯൭-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൭൭-ലെ ൨-ാം റെഗുലേഷനായ തിരുവിതാംകൂർ രജിസ്ട്രേഷൻ റെഗുലേഷൻ ഇതിനുതാഴെ കാണിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമാകകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും.

൧. (എ) ഈ റെഗുലേഷൻ ൧൧൦൯-ലെ "തിരുവിതാംകൂർ രജിസ്ട്രേഷൻ (ഭേദഗതി) റെഗുലേഷൻ" എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(ബി) അതു ഉടൻ നടപ്പിൽവരുന്നതാകുന്നു.

൧൦-ാം വകുപ്പിനു ഭേദഗതി.

൨. (എ) ഇതിനുതാഴെ ടി റെഗുലേഷൻ എന്നു പറയപ്പെടുന്ന ൧൦൯൭-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൭൭-ലെ ൨-ാം റെഗുലേഷനായ തിരുവിതാംകൂർ രജിസ്ട്രേഷൻ റെഗുലേഷൻ ൧൦-ാംവകുപ്പു (൨)-ാം ഉപവകുപ്പിൽ "ഈ വകുപ്പിലെ (എ) യും (ബി) യും ഉപവകുപ്പുകൾ" എന്ന വാക്കുകൾക്കും അക്ഷരങ്ങൾക്കും പകരം താഴെപറയുന്നതു ചേർക്കുക:—

"ഉപവകുപ്പു (൧);

(ബി) (V)-ാം ഖണ്ഡത്തിനുശേഷം താഴെപറയുന്ന ഖണ്ഡങ്ങൾ ചേർക്കുക.

അതായതു്:—

"(vi) പന്ത്രണ്ടു വർഷത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേക്കും അൻപതു രൂപയിൽ കവിയാത്ത ഏതെങ്കിലും വാർഷികപ്പാട്ടം കരുതിവച്ചും നമ്മുടെ ഗവണ്മെൻറാ നമ്മുടെ ഗവണ്മെൻറിനു വേണ്ടിയോ നമ്മുടെ ഗവണ്മെൻറിനോടോ സ്ഥാവരവസ്തു പാട്ടംകൊടുക്കുന്നതു സംബന്ധിച്ചു ചെയ്യുന്ന ഉടമ്പടികളോ;

(vii) നമ്മുടെ ഗവണ്മെൻറു ഈ കാര്യത്തിലേക്കായി പരസ്യപ്പെടുത്തിയേക്കാവുന്ന സ്ഥാവരവസ്തുവോ സ്ഥാവരവസ്തുവിലുള്ള ഏതെങ്കിലും അവകാശമോ സംബന്ധിച്ചു ഗവണ്മെൻറു നൽകിയിട്ടുള്ള ദാനങ്ങളോ ദാനാധാരമോ."

൧൧-ാം വകുപ്പിനു ഭേദഗതി.

൩. പ്രസ്തുതറെഗുലേഷൻ ൧൧-ാംവകുപ്പിൽ (ബി) ഖണ്ഡത്തിൽ അവസാനത്തിൽ താഴെ പറയുന്നതു ചേർക്കുക, അതായതു:—

"൧൦-ാംവകുപ്പിൻപ്രകാരം രജിസ്റ്റർചെയ്യേണ്ടാത്തതായ മററു പാട്ടങ്ങളും."

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം III.

തിരുവിതാംകൂർ ഗ്രാമപഞ്ചായത്തുകോർട്ടു റെഗുലേഷൻ ഭേദഗതിബിൽ.

(നിയമസഭ തീരുമാനിച്ചതു്.)

൧൦൯൦-ാമാണ്ടത്തെ ൧-ാംനമ്പരായ തിരുവിതാംകോട്ടു ഗ്രാമപഞ്ചായത്തുകോർട്ടു റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

൧൦൯൦-ാമാണ്ടത്തെ ൧-ാംനമ്പരായ തിരുവിതാംകോട്ടു ഗ്രാമപഞ്ചായത്തുകോർട്ടു റെഗുലേഷനെ താഴെപ്പറയുന്ന ആവശ്യത്തിനായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു്; ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

൧. ഈ റെഗുലേഷനെ ''൧൦൯൩-ാമാണ്ടത്തെ ഗ്രാമപഞ്ചായത്തുകോർട്ടു (ഭേദഗതി) റെഗുലേഷൻ'' എന്നു വിളിക്കാവുന്നതാകുന്നു.

൨. ൧൦൯൦-ാമാണ്ടത്തെ ൧-ാംനമ്പരായ തിരുവിതാംകോട്ടു ഗ്രാമപഞ്ചായത്തുകോർട്ടു റെഗുലേഷൻ ൭-ാംവകുപ്പിൽ ക്ലിപ്തത്തിനശേഷം, താഴെകാണുന്നതു ചേർക്കേണ്ടതാകുന്നു, അതായതു്.—

''എന്നാൽ നമ്മുടെ ഗവർമ്മെന്റു മറ്റുപ്രകാരത്തിൽ ആജ്ഞാപിക്കാത്തപക്ഷം, എല്ലാ പ്രസിഡന്റും, ജഡ്ജിയും, തന്റെ നിയമനംമുതൽ രണ്ടുകൊല്ലം കഴിഞ്ഞിരുന്നാലും, തന്റെ പിൻഗാമി നിയമിക്കപ്പെടുന്നതുവരെ ഉദ്യോഗത്തിൽ ഇരിക്കേണ്ടതാകുന്നു.''

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

മൂന്നാമത്തെ സഭ

രണ്ടാമത്തെ സെഷൻ, ൧൧൦൬

൧൯൩൦ ആഗസ്റ്റ് ൪-ാം / ൧൧൦൬ കർക്കടകം ൨൦-ാം

(അഫിഷ്യൽ റിപ്പോർട്ട്)

സഭ വിക്ടോറിയാ ജൂബിലിടൌൺഹാളിൽ ൧൧ മണിക്കു കൂടി പ്രസിഡന്റ് അഗ്രാസനാധിപത്യം വഹിച്ചു.

താഴെപ്പറയുന്ന മെംബർമാർ ഒഴിച്ച് ശേഷംപേർ ഹാജരുണ്ടായിരുന്നു.

൧. മി: മാത്യുമുരിക്കൻ
൨. മി: കെ. സി. കരുണാകരൻ
൩. മി: ഡി. സി ജോസഫ്

ബഹുമാനപ്പെട്ട സന്ദർശകൻ.

ഏ.എൻ.ലയ്-ഷയിററർ-എസ്ക്വയർ-ബി. സി. എസ്സ്. ഗവർണർ ജനറലിന്റെ ഏജന്റ് മദ്രാസ് സംസ്ഥാനങ്ങൾ.

ചോദ്യോത്തരങ്ങൾ.

പാലായിലെ ബാലികാ മിഡിൽസ്കൂൾ.

൧൪. മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): (എ) പാലായിലെ ബാലികാ മിഡിൽസ്കൂളായി ഇപ്പോൾ (൧൯൨൯-൧൯൩൦) ഉപയോഗിച്ചുവരുന്ന കെട്ടിടത്തിൽ എത്ര കുട്ടികളെ ഇരുത്താൻ സാധിക്കുമെന്നും,

(ബി) രജിസ്റ്റർകണക്കുപ്രകാരം ഇപ്പോൾ (൧൯൨൯-൧൯൩൦) എത്രകുട്ടികൾ പഠിച്ചുവരുന്നുവെന്നും,

(സി) ചട്ടമനുസരിച്ചുള്ള എണ്ണത്തിൽ കൂടുതലായിവരുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനു എന്തുമാർഗ്ഗം നിർദ്ദേശിക്കപ്പെടുന്നുവെന്നും,

(ഡി) ൧൧൦൨-ൽ നടന്ന ബഡ്ജററ്സഭയിൽ ഈ സ്കൂൾ പ്രൈവററ് മേനേജ്മെന്റിനായി വിട്ടുകൊടുക്കുന്നതിൽ വിരോധമില്ലെന്നു ഗവൺമെന്റ് സമ്മതിച്ചിട്ടില്ലയോയെന്നും,

(ഇ) അങ്ങിനെ ഭരണം നടത്തിക്കൊള്ളാമെന്നു സമ്മതിച്ച് ആരെങ്കിലും ഗവൺമെന്റിനോടപേക്ഷിച്ചിട്ടുണ്ടോയെന്നും,

(എഫ്) (ഇ) ചോദ്യത്തിനുള്ള മറുപടി ഉണ്ടെന്നുള്ളപക്ഷം, സ്കൂൾ ആ ആളെ ഏല്പിക്കാതിരിക്കാൻ വല്ല കാരണമുണ്ടോയെന്നും,

(ജി) മേലന്തു ഒരു ബാലികാ പ്രൈമറിസ്കൂൾ നൂതനമായി സ്ഥാപിക്കുന്നതിനു അനുവാദത്തിനപേക്ഷിച്ചിട്ടുണ്ടോയെന്നും ഗവൺമെന്റു ദയവായി മറുപടി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ ഗവൺമെന്റ് ചീഫ്സെക്രട്ടറി):

(എ) ൩൩൭

(ബി) ൪൩൯

(സി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

(ഡി) ഉണ്ട്; പ്രൈവററുഭരണം നടത്തുന്ന ആൾ സ്കൂൾ വേണ്ടപോലെ സംരക്ഷിച്ചു നടത്തണമെന്നു ഉറപ്പുകിട്ടിയാൽ മാത്രം,

(ഇ) ഉണ്ട്.

(എഫ്) കാര്യം അന്വേഷണത്തിൽ ഇരിക്കുന്നു.

(ജി) ഉണ്ട്.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ൧൧൦൪-ൽ സ്കൂൾ കെട്ടിടത്തിൽ ഇരിക്കാവുന്നതിനേക്കാൾ ൧൩൪ കുട്ടികൾ കൂടുതൽ ഉണ്ടായിരുന്നു എന്നാണ് ചോദ്യത്തിലെ എ. ബി. വിഭാഗങ്ങൾക്കു പറഞ്ഞിട്ടുള്ള മറുപടിയിൽനിന്നും കാണുന്നത്. എന്നാൽ ൧൧൦൫-ൽ ഇതിലും കൂടുതലെ വന്നിട്ടുണ്ടായിരിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ ഗവൺമെന്റു ചീഫ്സെക്രട്ടറി): അറിയാൻ പാടില്ല.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ സംഗതി ൧൧൦൪-ൽ തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചിട്ടും അതിനെസംബന്ധിച്ചു തീർച്ചയായ നടപടികൾ ഒന്നും ചെയ്തിട്ടില്ലയെന്നാണ് മറുപടിയുടെ സി. വിഭാഗംകൊണ്ട് കാണുന്നത്. ഇതിനു കാരണം എന്തായിരിക്കാം?

മി: ടി. പി. രാമസുബ്ബയ്യർ (ആ ഗവൺമെന്റുചീഫ്സെക്രട്ടറി): അതിലേക്കു ഒരു ഡിപാ[illegible]ിച്ചു കൊടുത്തു എടുക്കുന്നതിനു എഴുതിവന്നു. അപ്രകാരമുള്ള നടപടി നടത്താൻ ആരംഭിച്ചപ്പോൾ [illegible]തന്നെ ആ സ്ഥലം കൊള്ളുകയില്ലാ വേറൊരു സ്ഥലം എടുക്കാമെന്നു എഴുതിഅയച്ചു. ഈ പുതുതായ സ്ഥലം പരിശോധിച്ചു എഴുതിഅയക്കുന്നതിനു ഡയറക്ടരോടു ആവശ്യപ്പെട്ടു.

G. P. T. 520. 150, 26-1-108.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഡയറക്ടരുടെ പരിശോധന കഴിഞ്ഞിട്ട് ഒരു വർഷമായില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു ഒരു പരിശോധനയല്ല. ആദ്യമായിട്ട് നിശ്ചയിച്ച സ്ഥലം മെമ്പർതന്നെ കൊള്ളുകയില്ലായെന്നു എഴുതിഅയച്ചു. ആ സ്ഥലവും പുത്തനായിട്ടു നിശ്ചയിച്ച സ്ഥലവും നോക്കി ഏതാണ് യോജിച്ചതു എന്നു എഴുതിഅയക്കുന്നതിന് ആണ് ഡയറക്ടരോട് ആവശ്യപ്പെട്ടതു്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ രണ്ട് സ്ഥലവും പരിശോധിച്ചിട്ട് ഏതാണ്ട് ഒരു കൊല്ലമായില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി). അങ്ങിനെ കാണുന്നില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): എഫ്. വിഭാഗത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെപ്പറ്റി തീർച്ചചെയ്യാൻ അധിക കാലതാമസം വേണ്ടിവരുമോ? ഈ സ്കൂൾ പ്രൈവററു മാനേജുമെൻറിനു വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ച ആലോചനയിൽ ഇരിക്കുന്നതേയുള്ളു എന്നു പറഞ്ഞു. എന്നാൽ ജി. ഭാഗത്തിൽ പറയുന്ന ഗേൾസ് പ്രൈമറി സ്കൂളിനെ സംബന്ധിച്ച ഒന്നും പറഞ്ഞുകാണുന്നില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): പ്രൈമറിസ്കൂൾ അവിടെ ഇപ്പോഴുള്ള സ്കൂളിനുപുറമെ വേറെ ഒരു പ്രൈമറിസ്കൂളും ആവശ്യമാണൊ എന്നുള്ള ഭാഗവും ഡയറക്ടരുടെ ചിന്തയിലിരിക്കയാണ്.

കോട്ടയം ഡിസ്ട്രിക്റ്റിലെ അസിസ്റ്റൻറ് ഇൻസ്പെക്ട്രസ്സിൻെറ സ്ഥലംമാററം.

൫൩. മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾ കോട്ടയം ഡിസ്ട്രിക്റ്റ് അസിസ്റ്റൻറു ഇൻസ്പെക്ട്രസ്സായിരുന്ന ആളെ ആ ഡിസ്ട്രിക്റ്റ് ചേക്ക എന്നു ഗണിക്കയെന്നും ഇതുവരെ (൭-൭-൧൧൩൦) അവർക്ക് ഒരു സ്ഥലംമാററം കൊടുക്കാതിരിക്കുന്നതിൻെറ കാരണമെന്തെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ൧൧൩൦ മിഥുനം ൧൩-ാം-വേണ്ട വിവരം മൂന്നാംമാസം പ്രസിദ്ധംചെയ്യുന്ന സിവിൽലിസ്റ്റിൽ ഉണ്ട്. ഇപ്പോഴത്തെ സ്ഥലത്തുനിന്നും അവരെ സ്ഥലം മാററേണ്ട ആവശ്യം ഇതുവരെ ഉണ്ടായിട്ടില്ലെന്നു റിപ്പോർട്ടുകൊണ്ടുകാണുന്നു.

ആലപ്പുഴയുള്ള കച്ചവടകനാലിൻെറ അററകുററപ്പണി.

൫൪. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): (എ) (ഏ) ആലപ്പുഴ കച്ചവട കനാൽ സംബന്ധിച്ച സിമാൻറുജോലി ചെയ്യുന്നതിനു എന്തെങ്കിലും തുക ൧൧൩൦-ലെ ബഡ്ജറ്റിൽ ചേർത്തിട്ടുണ്ടോയെന്നും,

(ബി) ആ കനാലിൽ എന്തെങ്കിലും സിമാൻറുജോലി നടത്തിയിട്ടുണ്ടോയെന്നും,

(സി) (ബി) ഭാഗത്തിനുത്തരം ഉണ്ടെന്നാണെങ്കിൽ, ൧൧൩൦-ൽ ആ വേലക്ക് എത്രപണം ചെലവുചെയ്തുവെന്നും,

(ഡി) (ബി) ഭാഗത്തിനുത്തരം ഇല്ലെന്നാണെന്നു വരുകിൽ ജോലിചെയ്യാതിരിക്കാൻ കാരണമെന്തെന്നും

(ഇ) കച്ചവട കനാലിൽ വെള്ളക്കുറവുകൊണ്ട് കച്ചവടക്കാർക്ക് സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിൽ വളരെ പ്രയാസമുണ്ടെന്നു ഗവണ്മെൻറിനു അറിയാമോയെന്നും ഗവണ്മെൻറു ദയവായി മറുപടി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി). (എ) (ഏ) ഇല്ല. (ബി) ഇല്ല. (സി) (ബി) ഭാഗം ഉത്തരംകൊണ്ടു ഇതിനു മറുപടി ആവശ്യമില്ല. (ഡി) പണമില്ലാത്തതുകൊണ്ടു (ഇ) മറുപടി ഇല്ലെന്നാണ്.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ആലപ്പുഴയുള്ള പല കച്ചവടക്കാരും തോട്ടിൽ പലഭാഗത്തു വെള്ളമില്ലാത്തതുനിമിത്തം വളരെ കഷ്ടപ്പെടുന്നു എന്നുള്ള വിവരത്തിനു ഗവണ്മെൻറിനു വല്ല കമ്പിയും കിട്ടിയിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): കമ്പി കിട്ടീട്ടുണ്ട്. അതിനെപ്പററി അന്വേഷണം നടത്തിയതിൽ വെള്ളം കുറവുള്ള സ്ഥലത്തുതന്നെ രണ്ടരയടി വെള്ളമുണ്ടെന്നും അതുകൊണ്ട് സാമാനവള്ളങ്ങൾക്ക് പോകുന്നതിനു തടസ്സമില്ലെന്നും റിപ്പോർട്ടുവന്നിട്ടുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഇതിൽ ആ സംഗതി അറിവില്ലായെന്നു പറഞ്ഞിരിക്കുന്നതിൻെറ അർത്ഥമെന്താണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): വെള്ളക്കുറവുണ്ടെന്നൊ സാമാനവള്ളങ്ങൾകൊണ്ടുപോകുന്നതിനു തടസ്സമുണ്ടെന്നൊ അറിവില്ലായെന്നാണ് പറഞ്ഞിട്ടുള്ളതു്.

തൊഴിൽകിട്ടാത്ത ഇ. എസ്. എൽ. സി, വി. എച്ച്. ഇ. സി. സർട്ടിഫിക്കെററുകാർ.

൫൫. മി: ആർ. രാമൻപിള്ള (കോട്ടയം): സെക്കൻററിസ്കൂൾലീവിങ്ങ് സർട്ടിഫിക്കെററുകാരും വെർണാക്കലർ ഹയർപരീക്ഷ സർട്ടിഫിക്കെററുകാരുമായി വളരെപേർ തൊഴിലില്ലാതെ ഇപ്പോൾ (൧൧൩൦ ലായി) ഉണ്ടെന്നുള്ളതായി ഗവണ്മെൻറിനറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അവരിൽ ചിലർ ജോലിയില്ലാതെയും ഇരിക്കാം.

ഇടപ്പള്ളി തമ്പുരാൻെറ സങ്കേതത്തിലെ നെൽക്കരം നിരത്തൽ.

൫൬. മി: എ. ജി. മേനോൻ (പറവൂർ): (എ) ഇടപ്പള്ളി കല്ലൂപ്പാറ മുതലായ പകുതികളിലെ കരം ഇടപ്പള്ളിതമ്പുരാനു പിരിച്ചെടുക്കാൻ വിട്ടുകൊടുത്ത സ്ഥിതിക്കു ഇടപ്പള്ളിസ്വരൂപത്തിൽ നിന്നും നെല്ലായി കരം ഈടാക്കിവരുന്നുവെന്നും,

(ബി) ഈ തസ്തികവെട്ടിക്കുറവുകൊണ്ട് ആ പകുതികളിലെ ജനങ്ങൾക്ക വളരെ സങ്കടം നേരിട്ടിട്ടുണ്ടെന്നും ഗവണ്മെന്റിനറിയാമൊ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സിക്രട്ടറി): (എ.) ശരിതന്നെ.

(ബി) ഇല്ല.

സംസ്ഥാനത്തെ പകുതിക്കച്ചേരികൾ.

൧൯. മി: എ. ജി. മേനോൻ (പറവൂർ): (എ) സംസ്ഥാനത്തെ പല പകുതിക്കച്ചേരികൾ, കെട്ടിടം വാടകയ്ക്കെടുത്തു അതിൽ സ്ഥാപിച്ചുവരുന്നുണ്ടെന്നും വാടകയ്ക്കെടുത്തതൊ സർക്കാർവകയൊ ആയ ഈ കെട്ടിടങ്ങൾ ശരിയുള്ളതൊ ബലമുള്ളതൊ അല്ലായെന്നുള്ളതു വാസ്തവമാണൊയെന്നും,

(ബി) മിക്ക എല്ലാ പകുതിക്കച്ചേരികളിലും ഒരു മേശയും ഒരു കസേരയും ഒഴികെ യാതൊരു സാമാനങ്ങളോ റിക്കാർഡുകൾ സൂക്ഷിക്കുന്നതിന അലമാരകളോ ഇല്ലെന്നുള്ളതു വാസ്തവമല്ലയൊ എന്നും,

(സി) പകുതിക്കച്ചേരികൾക്ക ഉറപ്പുള്ളതും ശരിയുള്ളതുമായ കെട്ടിടങ്ങളും സിൽബന്തികൾക്കിരിക്കാൻ ആവശ്യമുള്ള സാമാനങ്ങളും റിക്കാർട്ടുകൾ സൂക്ഷിക്കാനുള്ള സാമഗ്രികളും ഉണ്ടാക്കിക്കൊടുക്കുവാൻ ഗവണ്മെന്റ എന്തുനടപടിയെടുത്തുവെന്നും ഗവണ്മെന്റ ദയവായി മറുപടി പറയുമൊ? ൧

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രിട്ടറി): (എ) ഏതാനും പകുതിക്കച്ചേരികൾ വാടകക്കെട്ടിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു. പകുതിക്കച്ചേരികൾ ഇരിക്കുന്ന ഗവണ്മെന്റകെട്ടിടങ്ങൾ ഉറപ്പുള്ളതും ശരിയുള്ളതും പകുതിക്കച്ചേരികളുടെ ആവശ്യത്തിന ചേരുംപടിയുള്ള പ്ലാനിൽ പണിചെയ്യിച്ചിട്ടുള്ളതുമാണ്. വാടകക്കെടുത്ത കെട്ടിടങ്ങളുടെ ബലവും രീതിയും മാറിമാറികാണാവുന്ന തരമുള്ള.

(ബി) എല്ലാ പകുതിക്കച്ചേരികളിലും ആവശ്യമുള്ള മേശയും കസേരയും ശേഖരിച്ചുകൊടുത്തിട്ടുണ്ട. റിക്കാർട്ടുകൾ സൂക്ഷിക്കുന്നതിനും മരംകൊണ്ടുള്ള പെട്ടികളുമുണ്ട്. ഇതുകൂടാതെ ചില പകുതിക്കച്ചേരികളിൽ അലമാരികളും ബാക്കിയുള്ളവക്ക അവയെ ശേഖരിച്ചുകൊടുക്കുന്നതിന ഏർപ്പാടുചെയ്തുവരുന്നുമുണ്ട്. പകുതിജോലിക്കാർ പിരിക്കുന്ന പണം വച്ചുസൂക്ഷിക്കാൻ ഒരു ചെറിയ ഇരിമ്പുപെട്ടിയും കൊടുക്കുന്നതിന ഏർപ്പാടുചെയ്തുവരുന്നു.

(സി) എല്ലാപകുതിക്കച്ചേരികളും സർക്കാർവക കെട്ടിടത്തിൽതന്നെ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നു. അനുവദിക്കപ്പെട്ട ഒരു ഏർപ്പാടനുസരിച്ചു കുറെ കെട്ടിടങ്ങൾ വീതം ഓരോകൊല്ലം പണിചെയ്തുവരുന്നു. അതിലേക്കുള്ള ചിലവു കുറെ അധികം കൊല്ലങ്ങളിലേക്കായി ചിലവിട്ടു തരപ്പെടുത്തുന്നതാണ്. അധികകാലം കഴിയുന്നതിനുമുമ്പുതന്നെ എല്ലാ പകുതിക്കച്ചേരികളിലും വേണ്ടതായ സാമാനങ്ങളും ഒരുക്കികൊടുക്കും.

പുതുതായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സ്റ്റേറ്റമെന്റ്.

൨൦. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ൧൧൩൨ മിഥുനം ൧൦-ം മുതൽ ൧൧൩൩ മിഥുനം ൧൦-ം വരെ ൨൫ രൂപ ശമ്പളത്തിനു മുകളിലായി സ്ഥിരമായൊ ആക്റ്റിങ്ങായൊ സർക്കാർസർവീസിൽ പുതിയതായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റമെന്റ ഗവണ്മെന്റ ദയവായി മേശമേൽവയ്ക്കുമൊ

മി: ടി: പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റചീഫ് സെക്രിട്ടറി): ഈ വിവരം കിട്ടുന്നതിന്റെ പ്രയോജനത്തെ ഉദ്ദേശിക്കുമ്പോൾ അതു ശേഖരിച്ചുകിട്ടുവാനുള്ള പ്രയാസവും സമയവും ഉദ്ദേശിച്ചു ഗവണ്മെന്റ ഈ വിവരം ശേഖരിച്ചുതരാൻ തയ്യാറാകുന്നില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഒരാണ്ടത്തെ കാലയളവിൽ നിയമിച്ചിട്ടുള്ള ആളുകളുടെ കാര്യംമാത്രമെ ചോദ്യത്തിൽ അന്തർഭവിച്ചിട്ടുള്ളു. അതിനെ സംബന്ധിച്ചു അറിവു സമ്പാദിക്കുന്നത് പ്രയോജനരഹിതമാണെന്നു ഗവണ്മെന്റ വിചാരിക്കുന്നു. എന്നാൽ ഈ സംഗതി അറിയേണ്ട ആവശ്യം നേരിട്ടതുകൊണ്ടാണു ചോദിക്കുന്നതെന്നു ഗവണ്മെന്റിനറിയാമൊ

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി) അങ്ങനെയായിരിക്കാം. വിവിധതുറകളിൽ ഒരുകൊല്ലത്തിനു നിയമിച്ചിട്ടുള്ള ൨൫ രൂപായ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റ് തയ്യാറാക്കി മേശമേൽ വയ്ക്കാമൊ എന്നാണ് ചോദ്യം. അങ്ങനെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രയാസവും അതിലേക്ക വേണ്ടിവരുന്ന സമയവും നോക്കുമ്പോൾ അതിനു തക്കവണ്ണമുള്ള പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും) അതു ഗവണ്മെന്റിന്റെ അഭിപ്രായം മാത്രമാണല്ലൊ അങ്ങനെ ഒരു അറിവു തരുന്നതുകൊണ്ടു ഗവണ്മെന്റിനു പ്രയോജനമില്ലെങ്കിലും മറ്റുള്ളവക്ക പ്രയോജനമാണെന്നു വിചാരിച്ചെങ്കിലും ഒരു സ്റ്റേറ്റമെന്റ തരുന്നതുകൊണ്ടു വിരോധമൊന്നുമില്ലല്ലൊ.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സെക്രിട്ടറി) അതിലേക്ക വളരെക്കാലം വേണ്ടിവരും.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വളരെക്കാലം വേണ്ടിവന്നാലും അങ്ങനെ അറിവു തരുന്നതിനു ഗവണ്മെന്റിനു വിരോധമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിനു മറുപടി പറഞ്ഞിട്ടുണ്ട്.

സെൻട്രൽ പ്രിസൺപ്രസ്സിലും സർക്കാർഅച്ചുക്കൂടത്തിലുമുള്ള നിയമനങ്ങൾ.

൨൧. മി: പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): (എ) ൧൧൨൮-ാം ൧൧൩൨-ാം കൊല്ലങ്ങളിൽ (൩൦-൧൧-൧൧൩൨ വരെ) സർക്കാർ അച്ചുക്കൂടത്തിലും സെൻട്രൽ പ്രിസൺപ്രസ്സിലും ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റമെന്റ ഗവണ്മെന്റ ദയവായി മേശമേൽവയ്ക്കുമൊ?

(ബി) ൧൧൨൮-ാം ൧൧൩൨-ാം കൊല്ലങ്ങളിൽ (൩൦-൧൧-൧൧൩൨ വരെ) സർക്കാർ അച്ചുക്കൂടത്തിലും സെൻട്രൽപ്രിസൺ അച്ചുക്കൂടത്തിലും ഉദ്യോഗങ്ങൾക്കായി മുസ്ലീം അപേക്ഷകന്മാരുടെ എണ്ണം ഗവണ്മെന്റ ദയവായി പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി) (ഏ) മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേറ്റുമെൻറ* മേശപ്പുറത്തുവച്ചിരിക്കുന്നു.

(ഡി) ൧൯൫൧-ൽ നാലു മുസ്ലീം അപേക്ഷകന്മാരും ൧൯൫൨-ൽ ൩൦-൧൧-൧൯൫൨ വരെ ഒരു മുസ്ലീം അപേക്ഷകനും ഉണ്ടായിരുന്നു.

ചേർത്തല ഡിസ്ട്രിക്ട് ആശുപത്രി.

൨൨. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) (എ) രോഗികളെ കിടത്തുന്നതിനും ശസ്ത്രക്രിയ നടത്തുന്നതിനും ചേർത്തല ഡിസ്ട്രിക്ട് ആശുപത്രിയിൽ വേണ്ട സ്ഥലസൌകര്യമില്ലല്ലോ എന്നും ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടുണ്ടോ എന്നും,

(ബി) ഈ കാര്യത്തെപ്പററി ശ്രീമൂലം പ്രജാസഭയിൽ നിവേദനങ്ങൾ ഉണ്ടായിട്ടില്ലയോ എന്നും,

(സി) മെഡിക്കൽബോർഡ് മെമ്പർമാർ ഈ ആശുപത്രിയിലെ കൂടുതൽ സൌകര്യത്തിനായി ഗവണ്മെൻറിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ എന്നും,

(ഡി) ഗവണ്മെൻറ് ഈ കാര്യത്തിൽ വല്ലതും ചെയ്തോ എന്നും,

(ഇ) ഇംഗ്ലീഷ് ഹൈസ്കൂളിൻേറയും വി. എം. സ്കൂളിൻേറയും പടിഞ്ഞാറുവശം ചേർന്നാണോ ഈ ആശുപത്രി ഇരിക്കുന്നത് എന്നും,

(എഫ്) ഈ സ്കൂളുകൾക്കോ ആശുപത്രിക്കോ ഇപ്പോൾ പുരയിടത്തിനു ചുററി മതിലുണ്ടോ എന്നും,

(ജി) ഇതുമൂലം സ്കൂളുകളിലെ കുട്ടികളും ആശുപത്രിയിലെ രോഗികളും വളരെ അസൌകര്യങ്ങൾ ബുദ്ധിമുട്ടും അനുഭവിക്കുന്നതായി അറിയുന്നോ എന്നും ഗവണ്മെൻറ ദയവായി മറുപടി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

(ഇ) അതെ.

(എഫ്) ഇല്ല.

(ജി) ഇല്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ബി ഭാഗം ആശുപത്രിയിൽ സ്ഥലമില്ലെന്നു ശ്രീമൂലം പ്രജാസഭയിൽ നിവേദനം സമർപ്പിച്ചത് ഏതു് ഏതാണ്ടിലാണെന്നു പറയാൻ കഴിയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ൨൨-ാമത്തെ ശ്രീമൂലം പ്രജാസഭയിലാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (ഡി) ഭാഗം കാര്യം ആലോചനയിൽ ഇരിക്കുന്നു എന്നു പറയുന്നു. ഗവണ്മെൻറ് ഇതു ആലോചിക്കാൻ തുടങ്ങീട്ട് എത്ര കൊല്ലമായിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ൨൨-ാമത്തേ പ്രജാസഭമുതൽ എഴുത്തുകുത്തു നടത്തിവരികയാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): എഴുത്തുകുത്തിൻെറ സ്വഭാവം എന്താണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഈ ആസ്പത്രിയിൽ സ്ഥലം മതിയാകുമോ ഇല്ലെങ്കിൽ അതിലേക്ക് എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെപ്പററി എല്ലാം എഴുത്തുകുത്തുകൾ നടത്തിവരികയാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): നാലുവർഷമായിട്ടും എഴുത്തുകുത്തുകൾ ഒന്നും പൂർത്തിയായിട്ടില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇപ്പോഴും എഴുത്തുകുത്തിലിരിക്കയാണ്. കൂടുതലായി കെട്ടിടം കെട്ടണമെന്നും ഇപ്പോഴുള്ള കെട്ടിടങ്ങൾക്ക ചില അററകുററങ്ങൾ തീർക്കണമെന്നും എഴുതിവന്നിട്ടുണ്ട്. അതിലേക്ക് ഒരു അടങ്കലും പ്ലാനും തയാറാക്കി അയക്കണമെന്നു ഗവണ്മെൻറ എഴുതിഅയച്ചിരിക്കയാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അഡ്മിനിസ്റ്റ്രേററീവ് മെഡിക്കൽ ബോർഡിലേക്ക എപ്പോഴാണ് ഗവണ്മെൻറ് എഴുതി അയച്ചത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആദ്യം ൨൨-ാമത്തെ പ്രജാസഭയിൽ ചെയ്തിട്ടുള്ള നിവേദനം അയച്ചുകൊടുത്തു,

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിനുമുൻപ് ഏതെങ്കിലും ഡിപ്പാർട്ടുമെൻറ മേലധികാരികൾ ഇതിനെപ്പററി ഗവണ്മെൻറിലേക്ക് എഴുതിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അഡ്മിനിസ്റ്റ്രേററീവ് മെഡിക്കൽ ബോർഡ് ഈ സ്ഥലക്കുറവിനെ പരിഹരിക്കേണ്ട ആവശ്യകതയെപ്പററി ഏതാണ്ടിലാണ് എഴുതിഅയച്ചത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇന്ന തീയതി ആണെന്നു പറയാൻ നിവൃത്തിയില്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ജി ഭാഗം ആശുപത്രിയും സ്കൂളും അടുത്തടുത്തിരിക്കുന്നതിനാൽ അസൌകര്യമൊന്നും ഇല്ല, അതുകൊണ്ട് ആശുപത്രിയിലുള്ള രോഗികൾക്കും, സ്കൂളിലുള്ള വിദ്യാർത്ഥികൾക്കും പല അസൌകര്യങ്ങളുമുണ്ടെന്നു ഗവണ്മെൻറിനു അറിവില്ലെന്നു പറയുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): വലിയ അസൌകര്യം എന്നു ചോദ്യത്തിൽ പറയുന്നുണ്ട്. അത്രത്തോളം ഒരു അസൌകര്യമുണ്ടെന്നു ഗവണ്മെൻറിനു അറിവില്ല.

* അനുബന്ധം I നോക്കുക.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അക്റ്റിംഗ് ഡയറക്ടർ ഈ കാമ്പവുണ്ടുവാറം കെട്ടേണ്ട ആവശ്യകതയെപറ്റി എന്തെങ്കിലും റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി) ഡയറക്ടർ എഴുതി അയച്ചിട്ടുള്ളതായി അറിവില്ല. മെഡിക്കൽബോർഡിൽനിന്നു ആശുപത്രിക്കു കൂടുതൽ കെട്ടിടം വേണമെന്നു പറഞ്ഞതിൽ തെക്കേ അതിന്റെ അടിയിലായിട്ടു കമ്പവുണ്ടുവാറും കെട്ടിത്തരണമെന്നു എഴുതിഅയച്ചിട്ടുണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങിനെ എഴുതി അയച്ചതു് ഏതാണ്ടിലാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ൧൧൦൫-ൽ മെഡിക്കൽ ബോർഡിൽ പാസാക്കിയ പ്രമേയം അനുസരിച്ചാണ് എഴുതിഅയച്ചതു്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല); അതിൽ മേൽവല്ല നടപടിയും നടത്തീട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി); അതിന്മേലാണ് അതിലേക്കു എന്തു ചിലവാകുമെന്നു ചോദിച്ചു പ്ലാനും അടങ്കലും തയ്യാറാക്കി അയക്കാനായിട്ടാവശ്യപ്പെട്ടതു്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങനെ എഴുതിഅയച്ചതെപ്പോഴാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ൧൧൦൯ മകരം ൧൭-നു.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതിലേക്കു വല്ല മറുപടിയും കിട്ടിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഇല്ല.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) റിമയിൻഡർ വല്ലതും അയിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി) റിമയിൻഡർ അയക്കുക എന്നുള്ളതു സാധാരണ ആഫീസ് നടപടിയാണ്.

൧൧൦൯ മുതൽ ൧൧൧൦ വരെ കൊല്ലങ്ങളിൽ പിരിച്ച തുറമുഖച്ചുങ്കം.

൨൫. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) ൧൧൦൯, ൧൧൦൭, ൧൧൦൮ (മിഥുനം അവസാനംവരെ) പ്രത്യേകം ഓരോ കൊല്ലത്തിലും ഈടാക്കിയിട്ടുള്ള തുറമുഖച്ചുങ്കം എത്ര വരുമെന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി. ടി. കെ. മാധവൻ നായർ (ആ. ഗവണ്മെൻറു സെക്രട്ടറി) വിവരം അടങ്ങിയ കണക്കു മേശമേൽ വച്ചിരിക്കുന്നു.

൧൧൦൭-ഉം, ൧൧൦൮-ഉം, കൊല്ലങ്ങളിൽ ആലപ്പുഴ തുറമുഖത്തു ഇറക്കിയിട്ടുള്ള അരിയും നെല്ലും.

൨൬. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) ൧൧൦൭-ലും ൧൧൦൮-ലും (നം. ൧൧൦൯ വരെ) ആലപ്പുഴയിൽ ഇറക്കിയിട്ടുള്ള നെല്ലും അരിയും ചാക്കുകളുടെ എണ്ണം അറിയിക്കുന്നതായ ഒരു സ്റ്റേറ്റുമെൻറു ഗവണ്മെൻറു ദയവായി മേശമേൽ വയ്ക്കുമോ?

മി. ടി. കെ. മാധവൻ നായർ (ആ. ഗവണ്മെൻറു സെക്രട്ടറി) വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശമേൽ വച്ചിരിക്കുന്നു.

൧൧൦൫ മുതൽ ൧൧൦൯ വരെ ആലപ്പുഴെ പ്രൈവറ്റായി

ചികിത്സക്കു ആവശ്യപ്പെട്ട രോഗികൾ.

൨൭. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) ൧൧൦൫ മുതൽ ൧൧൦൯ വരെ ആലപ്പുഴയുള്ള പ്രൈവറ്റു ചികിത്സ നടത്തുന്നവരുടെ പക്കൽ ചികിത്സിക്കപ്പെട്ട രോഗികളുടെ എണ്ണം കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു ഗവണ്മെൻറു ദയവായി മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി) വിവരം ഗവണ്മെൻറിന് അറിഞ്ഞുകൂടാ.

ഹെഡ്മാസ്റ്റർമാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ്.

൨൮. മി. തരിയത്ത കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും) ഇംഗ്ലീഷ് സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും ഹെഡ്മാസ്റ്റർമാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെൻറു ഗവണ്മെൻറു ദയവായി മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി) ഡിപ്പാർട്ടുമെൻറുവകയും പ്രൈവറ്റുവകയും ആയ ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ൧൧൦൯ ഏപ്രിൽവരെ ശരിപ്പെടുത്തിയ ഒരു സ്റ്റേറ്റുമെൻറു മേശമേൽ വച്ചിരിക്കുന്നു.

അഞ്ചൽ സൂപ്രണ്ടിന്റെ ഒഴിവിൽ ആളാക്കുക.

൨൯. മി. ടി. സി. കേശവപിള്ള (കരുനാഗപ്പള്ളിയും-വിളവങ്കോടും) ഒരു ദീർഘകാലത്തോളം അഞ്ചൽ സൂപ്രണ്ടുദ്യോഗം ഒഴിവാക്കി വച്ചിരിക്കുന്നതിനു വിശേഷാൽ വല്ല കാരണവുമുണ്ടോയെന്നും, അങ്ങിനെയുണ്ടെങ്കിൽ ആ കാരണം എന്താണെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി) ൧൧൦൯ മേടം ൧൩-നു കൂടിയ കൌൺസിൽ യോഗത്തിൽ (അഗസ്തീശ്വരം മെമ്പർ) മി. ഡി. സി. ജോസഫ് ൨൩൫-ാം നമ്പർ ചോദ്യത്തിനു ഉണ്ടായിട്ടുള്ള മറുപടിയെ മെമ്പർ നോക്കുക.

വാഴക്കൂട്ടത്തു ഒരു കടവ് ഏർപ്പെടുത്തേണ്ടതിന്.

൩൦. എം. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും)

(എ) ഹരിപ്പാട്ടിനും ഏവൂരിനും തമ്മിലുള്ള റോഡിൽ പറയങ്കരാപ്പുഴ കടക്കുന്നതിനു വാഴക്കൂട്ടത്തു് ഒരു കടത്തുകടവു ഏർപ്പെടുത്തുന്നതിനു ൧൧൦൮ ധനുവിൽ ചെന്നിത്തല മുതലായ സ്ഥലങ്ങളിൽനിന്നും ഒരു ഹർജി ചീഫ് എൻജിനീയർക്കു കിട്ടിയോ എന്നും,

(ബി), (എ) ഭാഗത്തിനു മറുപടി ഉണ്ടെന്നുള്ളപക്ഷം അതിനു നടപടി എന്തെടുത്തു എന്നും ഗവണ്മെൻറു ദയവായി മറുപടി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) കിട്ടിയിട്ടുണ്ട്. (ബി) അദ്ദേഹം റിപ്പോർട്ടിനായി സ്ഥലത്തെ പി. ഡബ്ലിയു. ഡി. ആഫീസർക്കു ഹർജി അയച്ചിട്ടുണ്ട്.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ സർജ്ജന്മാരുടെ ജാതിതിരി
ച്ചുള്ള സ്റ്റേററുമെൻറ്,

൨൯. മി. എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും) മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴം (൨൩-൧൧-൧൧൦൩) എല്ലാം റാങ്കിലും ഉള്ള സർജ്ജന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേററുമെൻറു ഗവമ്മെൻറു ദയവായി മേശമേൽവയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവമ്മെൻറു ചീഫ് സെക്രട്ടറി)

തമിഴ്ബ്രാഹ്മണർ	൧
പുത്തൻകൂറു ക്രിസ്ത്യാനി	൩
ആകെ	൪

പത്തനാപുരത്ത് ഒരു ആശുപത്രി തുറക്കുന്നതിന്.

൩൦. മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-കുന്നത്തൂരും)

(എ) ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ ഇയ്യിടെ പത്തനാപുരം സന്ദർശിച്ചിട്ട അവിടെ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു ഒരു ശരിയായ സ്ഥലം തീർച്ചപ്പെടുത്തുന്നതിനെപററി റിപ്പോർട്ട ഗവമ്മെൻറിലേക്കു സമർപ്പിച്ചിട്ടുണ്ടോയെന്നും,

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തെപ്പററി മേൽ എന്തു പ്രവൃത്തി നടത്തിവരുന്നു എന്നും ഗവമ്മെൻറു ദയവായി മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവമ്മെൻറു ചീഫ് സെക്രട്ടറി)

(എ) ഇല്ല.

(ബി) (എ) ഭാഗത്തിൻെറ മറുപടികൊണ്ടു ഇതിനുത്തരമാവശ്യമില്ല.

മോട്ടാർ ബോട്ടുകളെ രജിസ്റ്റർ ചെയ്യൽ.

൩൧. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ) (എ) സ്വന്തകാര്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതിനായി മോട്ടാർ ബോട്ടുകളുടെ ഉടമസ്ഥന്മാർ അവരുടെ മോട്ടാർബോട്ടുകളെ രജിസ്റ്റർചെയ്യുന്നതിനെ സംബന്ധിച്ച എന്തെങ്കിലും ഹർജി ഗവമ്മെൻറിനു കിട്ടിയിട്ടുണ്ടോയെന്നും

(ബി) സ്വന്ത ആവശ്യങ്ങൾക്കുമാത്രമായി ഉപയോഗിക്കുന്ന മോട്ടാർ ബോട്ടുകൾ രജിസ്റ്റർചെയ്യുന്ന കാര്യങ്ങളിൽ ചട്ടങ്ങളെ ഭേദഗതിചെയ്യാൻ അഭിപ്രായപ്പെടുന്നോ എന്നും ഗവമ്മെൻറു ദയവായി മറുപടി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി) (എ)-ം (ബി)-ം മറുപടി ഉണ്ടെന്നാണ്.

അനുബന്ധം I.

൨൧-ാം നമ്പർ ചോദ്യത്തിനു മറുപടി നോക്കുക.

ഗവർമ്മെൻറു പ്രസ്സിലും സെൻട്രൽപ്രിസൺ പ്രസ്സിലും ൧൧൦൭-ാം ൧൧൦൮-ാം കൊല്ലങ്ങളിൽ ഉണ്ടായ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെൻറ്.

ജാതി			൧൧൦൭	൧൧൦൮-ൽ ൩൦-൧൧-൧൧൦൮ വരെ
ഹിന്ദുക്കൾ	മലയാളബ്രാഹ്മണൻ		...	...
	മററു ബ്രാഹ്മണൻ		...	൨
	ഈഴവൻ		൧	൧
	കമ്മാളൻ		൧	൧
	മലയാളക്ഷത്രിയൻ		...	...
	നാടാർ		...	൧
	നായർ		൯	൭
	പുലയൻ		...	...
	വെള്ളാളൻ		...	൧
	മററു അധഃകൃതർ		....	൧
	ശേഷം ഹിന്ദുക്കൾ		...	...
II. മുസൽമാന്മാർ			൧	൧
III. ക്രിസ്ത്യാനികൾ	പ്രൊട്ടസ്റ്റൻറുമാർ		൧	൧
	റോമൻകത്തോലിക്കർ	ലത്തീൻമാർഗ്ഗക്കാർ	൨	...
		സുറിയൻ	൧	...
	സുറിയാനികൾ	ജേക്കോബൈററുകാർ	൧	൧
		മാർത്തോമാക്കാർ	...	൨
	ഇംഗ്ലീഷ്ചർച്ചുകാർ		൧	...
IV. മററുള്ളവർ			...	...
		ആകെ	൧൭	൧൯

* സെൻട്രൽപ്രിസൺ പ്രസ്സിൽ.

അനുബന്ധം II.

൨൬-ാം നമ്പർ ചോദ്യത്തിനു മറുപടി നോക്കുക.

൧൧൦൬, ൧൧൦൭, ൧൧൦൮ മിഥുനം അവസാനംവരെയും തുറമുഖച്ചുങ്കം ഈടാക്കിയ തുകയുടെ സ്റ്റേറ്റുമെൻറ്.

തുറമുഖം	൧൧൦൬			൧൧൦൭			൧൧൦൮-ൽ ൩൧-൧൧-൧൧൦൮ വരെ		
	രൂപാ	ച.	കാ.	രൂപാ	ച.	കാ.	രൂപാ	ച.	കാ.
ആലപ്പുഴ ...	൨൫,൨൨൮	൧൦	൧൮	൩൨,൦൫൮	൯	൧൬	൩൨,൨൦൬	൧൧	൧൨
കൊല്ലം ...	൭൮൫	൨൯	൧൦	൧,൧൮൦	൮	൦	൧,൭൧൭	൫	൧൦
തിരുവനന്തപുരം	൨,൭൯൧	൨	൯	൨,൭൭൭	൨൬	൧൨	൧,൭൫൮	൮	൧൮
കുളച്ചൽ ...	൨,൫൯൬	൨൨	൧൧	൮,൧൨൬	൨൬	൯	൭,൮൮൯	൨	൧൨
ആകെ	൬൮,൧൬൦	൯	൧൦	൭൧,൧൧൭	൭	൮	൬൫,൮൯൯	൨	൧

അനുബന്ധം III.

൨൪-ാം നമ്പർ ചോദ്യത്തിനു മറുപടി നോക്കുക.

൧൧൦൪-ം ൧൧൦൫-ൽ ൩൦-൧൧-൧൧൦൫ വരെ ആലപ്പുഴ തുറമുഖത്ത് ഇറക്കിയ, അരിയും നെല്ലും ചാക്കുകളുടെ സ്റ്റേററുമെൻറ്.

ആണ്ട്	അരിചാക്ക എണ്ണം	നെല്ലുചാക്ക എണ്ണം
൧൧൦൪	൩,൧൮,൭൬൨	൨,൫൪,൫൬൨
൧൧൦൫ (൩൦-൧൧-൧൧൦൫ വരെ)	൨,൩൩,൫൮൬	൯൪,൭൯൩

അനുബന്ധം IV.

൨൬-ാം നമ്പർ ചോദ്യത്തിനു മറുപടി നോക്കുക.

ബാലവിദ്യാർത്ഥികൾക്കുള്ള ഇംഗ്ലീഷ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ജാതിതിരിച്ചുള്ള സ്റ്റേററുമെൻറ്.

ജാതി	ഡിപ്പാർട്ടുമെൻറ്		പ്രൈവററ്	
	ഇംഗ്ലീഷ് ഹൈസ്കൂൾ	ഇംഗ്ലീഷ് മിഡിൽസ്കൂൾ	ഇംഗ്ലീഷ് ഹൈസ്കൂൾ	ഇംഗ്ലീഷ് മിഡിൽസ്കൂൾ
I. ഹിന്ദുക്കൾ				
൧. മലയാളബ്രാഹ്മണൻ ...	...	൧	...	...
൨. മററു ബ്രാഹ്മണൻ ...	൧൧	൩	൭	൬
൩. നാടാർ ...	...	...	...	...
൪. ഈഴവർ ...	...	...	...	൧൪
൫. കമ്മാളർ ...	...	...	...	...
൬. ക്ഷത്രിയൻ ...	...	൧	...	൨
൭. നായർ ...	൩	൨	൫	൩൫
൮. പുലയർ ...	...	...	...	...
൯. വെള്ളാളർ ...	...	...	...	൩
൧൦. മററു അധഃകൃതർ	...	...	...	...
൧൧. മററു ഹിന്ദുക്കൾ	൩	...	...	൩
II. മുസ്ലിംമാന്മാർ.	...	...	...	൧
III. ക്രിസ്ത്യാനികൾ				
൧. പ്രൊട്ടസ്റ്റൻറുകാർ ...	൨	൧	൪	൫
൨. റോമൻകത്തോലിക്കർ ...	...	...	൧ (ഐർലണ്ട്)	...
(എ) ലത്തീൻ ...	...	...	൧	} ൬
(ബി) സുറിയൻ ...	...	...	...	
൩. സുറിയാനികൾ				
(എ) ജേക്കോബൈററുകാർ ...	...	൩	൩	൨൨
(ബി) മാർത്തോമാ ...	...	൪	൩	൨൬
൪. ഇംഗ്ലീഷ് ചർച്ചുകാർ ...	...	...	...	...
൫. മററുള്ളവർ	൨	...	൯	൨൭
ആകെ ...	൨൧	൧൫	൩൩	൧൫൦

ബഡ്ജറ്റിനെപ്പറ്റി പൊതുവിലുള്ള വാദപ്രതിവാദം.

പ്രസിഡന്റ്: ഇനി ബഡ്ജറ്റിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിലേക്കു സഭ ആരംഭിക്കട്ടെ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സർ, ശക്തിമാനും പണ്ഡിതനും ആയ ഫിനാൻഷ്യൽസെക്രട്ടറി ഹാജരാക്കിയ ബഡ്ജറ്റിനെപ്പറ്റിയും കഴിഞ്ഞ വ്യാഴാഴ്ച അദ്ദേഹം വായിച്ചു കേൾപ്പിച്ച് വളരെ വ്യക്തപ്പെടുത്തിയ ധനസംബന്ധമായ സ്റ്റേറ്റുമെന്റിനെപ്പറ്റി എനിക്കു ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കാനുണ്ട്. ഇങ്ങിനെ ചെയ്യുന്നതിൽ സഭയുടെ ഈ വശത്തുള്ളവർ ഗവണ്മെന്റിന് എതിരായി നിൽക്കുന്നു എന്നുള്ള തെറ്റിദ്ധാരണ ഉണ്ടാകരുതെന്നു ഇതിനുമുമ്പ് ഒന്നിലധികം തവണ സഭയെ ധരിപ്പിച്ചിട്ടുള്ളതുപോലെ ഞാൻ വീണ്ടും ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു. പോരെങ്കിൽ ശരിയായ ഒരു എതിർപ്പിനും രാഷ്ട്രീയ തത്വത്തെ അടിസ്ഥാനമാക്കിയ കക്ഷിവർഗ്ഗത്തിനും ഈ നിയമസഭയുടെ ഘടനയും ചട്ടങ്ങളും വ്യവസ്ഥകളും വഴിയുണ്ടാക്കിത്തീർക്കുന്നില്ല. ഞങ്ങളുടെ പ്രമേയങ്ങൾ കേവലം ശുപാർശകൾ മാത്രമാണ്. ഒരു ക്ലബ്ബിൽ വാദപ്രതിവാദം നടന്നു ശരിയായി റിപ്പോർട്ടു ചെയ്യപ്പെടുന്ന നിലയിൽ കൂടിയതായി ഒരു വില ഇവയ്ക്കില്ല. ഇതിനെ ദൃഷ്ടാന്തപ്പെടുത്തണമെങ്കിൽ പരിഷ്കരിച്ച നിയമസഭ ഉണ്ടായതിനുശേഷമുള്ള ഈ എട്ടുകൊല്ലത്തിനിടക്ക് കൌൺസിലിൽ പാസാക്കിയ അനേകം പ്രമേയങ്ങൾ ഇതുവരെയും നടപ്പിൽ വരുത്തപ്പെട്ടിട്ടില്ല എന്നുള്ളതുതന്നെ തെളിയുന്നതാണ്. സർ, ഞങ്ങളുടെ അധികാരങ്ങളുടെ ലാഘവത്തെ കാണിക്കുന്നതിനു ഇതൊരു വിളിച്ചുപറയുന്ന തെളിവുതന്നെയാണ്.

നിയമസഭയെ എത്രത്തോളം ഗൌണ്യമാക്കിവരുന്നു എന്നു കാണിക്കാൻ ഇയ്യിടെ ഉണ്ടായ ഒരു സംഗതി, ബാങ്കിനെപ്പറ്റിയുള്ള അന്വേഷണക്കമ്മിറ്റി രൂപീകരണംകൊണ്ടു അറിയാവുന്നതാണ്. ഈ കമ്മിറ്റിയുടെ ആവിർഭാവം നിയമസഭയുടെ യാതൊരു അറിവുംകൂടാതെയാണ്. ബാങ്ക് അന്വേഷണക്കമ്മിറ്റിക്കു വേണ്ടതായ മുതൽ നിയമസഭയിലെ അടിയന്തിര വ്യവസ്ഥകളിൽ ചേർത്തു അനുവദിക്കയുണ്ടായി. ബാങ്കു അന്വേഷണകമ്മിറ്റി രൂപീകരിച്ചതിനുശേഷം, സഭ ഒന്നിലധികം തവണ കൂടാനിടവന്നു എന്നുവരികിലും, അതിനെപ്പറ്റി യാതൊരു അറിവും പ്രസ്താവിക്കയുണ്ടായില്ല. ഞങ്ങളുടെ അവകാശം അതായതു ഈ സഭയിൽ ഞങ്ങൾ വാസ്തവത്തിൽ അനുഭവിക്കുന്നതായ അവകാശം വാദപ്രതിവാദം നടത്തലും ദോഷങ്ങളെ ചൂണ്ടിക്കാണിക്കലുമാണ്. ആ സംഗതിയിലും ഞങ്ങൾക്കു കുറെയെല്ലാം ഈ ഹാളിന്റെ തച്ചുശാസ്ത്ര ന്യൂനതകൊണ്ടു അവകാശത്തിനു തട്ടു പറ്റുന്നുണ്ട്. സഭയിൽ വല്ലപ്പോഴുമൊക്കെ വിളമ്പിവിടുന്നതായ സംഭാഷണങ്ങളെ മനസ്സിലാക്കുന്നതിനു ഉത്കണ്ഠയോടിരിക്കുന്ന ഈ വശത്തുള്ള ഞങ്ങൾക്കു ഗവണ്മെന്റുഭാഗത്തുള്ള മെമ്പറന്മാർ പറയുന്ന പിടുമറിയ സംഗതികളെ മിക്ക അവസരങ്ങളിലും കേൾക്കാൻ സാധിക്കാതെ വരുന്നു എന്നുള്ളതും എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്.

ഒരു നിയമസഭാഹാൾ പണികഴിപ്പിക്കണമെന്നുള്ള ശുപാർശ പ്രമേയം കുറെസംവത്സരങ്ങൾക്കുമുമ്പ് പാസ്സായിട്ടുള്ളതു അവയ്ക്കു മുമ്പുംപിമ്പും ഉണ്ടായിട്ടുള്ളവയുടെ കൂട്ടത്തിൽ വിസ്മൃതകോടിയിൽ തള്ളിയിട്ടിരിക്കയാണ്. ഞാൻ ഇതിനെ ഉദാഹരണമാക്കുന്നതു ഈ സഭയുടെ ബലഹീനതയെ കാണിക്കാനാണ്. ഈ രാജ്യത്തു പ്രാതിനിധ്യസ്ഥാപനങ്ങൾകൊണ്ടു നാം അനുഗൃഹീതരാകാൻ ഇടയാക്കിയ വിഖ്യാതനായ ശ്രീമൂലം തിരുനാൾ തിരുമനസ്സിലെ ബഹുമാനസൂചകമായ സ്മാരകമാക്കിയിട്ടാണ് ഇങ്ങനെ ഒരു ഹാൾ വേണമെന്നു ശുപാർശ ഉണ്ടായിട്ടുള്ളതു.

സർ, ഈ നിയമസഭയെ രൂപീകരിച്ചിട്ടുള്ളതു ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രാദേശിക നിയമസഭകളെ മാതൃകയാക്കിക്കൊണ്ടാണ്. എന്നാൽ ശരിയ്ക്കു നോക്കുന്നതായാൽ നമുക്കു ആ സഭകളുടെ ഛായ ഉണ്ടെന്നല്ലാതെ യാതൊരു അധികാരവും ഇല്ല. കഴിഞ്ഞ വ്യാഴാഴ്ച ആദ്യത്തെ ദിവസം ഈ കൌൺസിലിൽ നടന്നതു ആലോചിക്കുമ്പോൾ ഞാൻ പറഞ്ഞതു ശരിയാണെന്നു ദൃഷ്ടാന്തമാകും. സംസ്ഥാനത്തെ ധനവക കണക്കിനെ ഹാജരാക്കിയതു ൨൦൦ രൂപാ ശമ്പളമുള്ള ഒരു സെക്രട്ടറിയാണ്. മദ്രാസ് ഗവണ്മെന്റിന്റെ ധനവകക്കണക്ക് ഹാജരാക്കുന്നതു ആ ഗവണ്മെന്റിലെ ഫയിനാൻസ് മെമ്പറാണ്. ആഭ്യന്തരഭരണത്തിൽ തികഞ്ഞ സ്വാതന്ത്ര്യമുള്ള ഒരു രാജ്യമാണ് നമ്മുടെ സംസ്ഥാനം എന്നു നാം വിചാരിക്കുന്നതായാൽ നാം ഫയിനാൻസ്സെക്രട്ടറിയെ ഇൻഡ്യാ ഗവണ്മെന്റിന്റെ ഫയിനാൻസ്മെമ്പറിന്റെ സ്ഥാനത്തിനു തുല്യമായ ഒരു സ്ഥാനത്തുതന്നെ വിചാരിക്കണം. ഈ ഫിനാൻഷ്യൽ സെക്രട്ടറിക്കു എന്റെ അറിവിൽ, സ്വാതന്ത്ര്യാഭിപ്രായം ഇവിടെ പ്രകടിപ്പിക്കുന്നതിനു യാതൊരു അധികാരവുമില്ല. ഈ കൌൺസിലിൽ അദ്ദേഹത്തിനു പറയാനുള്ളതിനൊക്കെ ദിവാന്റെ ഉത്തരവു വാങ്ങേണ്ടിയിരിക്കുന്നു. അദ്ദേഹം ഒരു ഡിപ്പാർട്ടുമേലധികാരിയല്ല. രാജ്യഭരണകാര്യത്തിൽ ദിവാനുമായിട്ടു അദ്ദേഹം യാതൊരു ചുമതലയും വഹിക്കുന്നില്ല. കേവലം ഒരു സെക്രട്ടറി മാത്രമാണ്. ഞാൻ ഇത്രയും പറയുന്നതുകൊണ്ടു സെക്രട്ടറിക്കുള്ള ബുദ്ധിവൈഭവത്തെയോ പ്രസംഗശേഷിയെയോ നിസ്സാരമാക്കിയതായി വിചാരിക്കരുതു. ഇതൊക്കെ ഉണ്ടായിട്ടും അദ്ദേഹത്തിനു ഒരു സെക്രട്ടറിസ്ഥാനത്തിനു മുകളിൽ പോകാൻ സാധിക്കുന്നില്ല. സെക്രട്ടറിമാർ എന്ന പേരുകാർ സ്വയംപ്രകാശമായി കാണുന്നില്ല. അവർ എല്ലായ്പോഴും മറയുടെ പിന്നിൽ ഇരിക്കുകയാണ്. അവർ പേനയും മഷിയുംകൊണ്ടുള്ള പ്രയോഗം വളരെ ഒക്കെ നടത്തുന്നുണ്ട്. കൌൺസിൽ കൂടുന്ന ഒരു കൊല്ലത്തിലെ [illegible] ദിവസം അവരെ ഈ കൌൺസിലിൽ കാണാൻ ഇടവരുന്നു. പിന്നീടുള്ള കാലം ഉദ്യോഗസ്ക്രീനിനു പുറകിലായി അവർ കഴിച്ചുകൂട്ടുന്നു. രാജ്യഭരണത്തിൽ സ്വല്പം പങ്കില്ലാതെയും കുറെ സ്വാതന്ത്ര്യാധികാരം ഇല്ലാതെയും ഈ വിധം സെക്രട്ടറിമാർ ഗവണ്മെന്റു നയത്തെ എങ്ങനെയാണ് നിരൂപണം ചെയ്യാൻ സാധിക്കുന്നതു.

ഞാൻ പറഞ്ഞതു, ഈ കൌൺസിൽ ബ്രിട്ടീഷിന്ത്യയിലെ പ്രാദേശിക കൌൺസിലിനെ മാതൃകയാക്കി സ്ഥാപിതമായിട്ടുള്ളതാണെങ്കിലും ഇതിനു അവിടെയുള്ളതിന്റെ ഛായ മാത്രമല്ലാതെ സത്തായിട്ടു യാതൊന്നുമില്ല. സംസ്ഥാനത്തെ ഫയിനാൻസ് നയത്തെപ്പറ്റി, ഫയിനാൻസ് സിക്രട്ടറിക്കു സ്വന്ത അഭിപ്രായം പറവാൻ സാധിക്കുന്നതല്ലാത്തപക്ഷം അദ്ദേഹത്തോടു ബഡ്ജറ്റിനെ ഈ കൌൺസിലിൽ സമർപ്പിക്കാൻ പറയേണ്ട ആവശ്യമില്ല. അദ്ദേഹം ഇവിടെ കാണിച്ചുകൂട്ടുന്നതിൽ എന്തൊ ഒന്ന് അവാസ്തവമായതായി തോന്നുകയും അദ്ദേഹത്തിനു ജനങ്ങളിൽ ഒരു മതിപ്പോ വിശ്വാസമോ ജനിപ്പിക്കാൻ സാധിക്കാതെയും വരുന്നു.

ഇതെല്ലാം ഇരിക്കട്ടെ—സർ, ൨½ കോടിരൂപായോടു അടുത്തുവരുന്ന കരം പിരിവുണ്ടാക്കാൻ ഫൈനാൻസ് സെക്രട്ടറി ഇവിടെ നിർദ്ദേശിച്ചിരിക്കുന്നു. അതിനാൽ ൨ ലക്ഷം കഴിച്ചു ബാക്കിമുഴുവൻ ചിലവിടുന്നതിനുമാണ്. ബഡ്ജററ രൂപീകരിക്കുന്നതിനുള്ള സാങ്കേതികതത്വം എനിക്കറിഞ്ഞുകൂടാ, കൂടാതെ പിരിവുള്ള കടങ്ങൾ തുകയിൽ കവിഞ്ഞുകാണുന്ന തന്ത്രവും ചിലവു നിരന്തരം കുറയുന്നതിന്റെയും സൂത്രം എനിക്കറിഞ്ഞുകൂടാ. അതു പൊതു ഫൈനാൻസിന്റെയും പൊതു കണക്കവയ്പുരീതിയുടെ തൊഴിൽ തന്ത്രമായിരിക്കാം. അതിനെപ്പററി എനിക്കൊന്നും പറയാനില്ല. ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു് നികുതി ഈടാക്കുന്നതിൽ നമ്മുടെ സ്ഥിതി താരതമ്യപ്പെടുത്തിയാൽ എങ്ങിനെ ഇരിക്കുന്നു എന്നുള്ളതാണ്. അതിലേക്കു ഏററവും നല്ലതു നമ്മുടെ കാര്യം ബ്രിട്ടീഷിന്ത്യയോടു താരതമ്യപ്പെടുത്തി നോക്കണം. എന്തെന്നാൽ രാജ്യഭരണകാര്യത്തിലും നിയമനിർമ്മാണത്തിലും ഉൾപ്പെട്ട പല കാര്യങ്ങളിലും നാം അവിടെയുള്ള ഗതിയും ആദർശവും ആണ സ്വീകരിച്ചുവരുന്നതു്.

ബ്രിട്ടീഷിന്ത്യയിൽ കഴിഞ്ഞ മൂന്നുകൊല്ലമായിട്ടു—അതായതു ൧൯൩൨ അവസാനിച്ച മൂന്നുകൊല്ലമായിട്ടു നികുതിഭാരത്തിൽ കാര്യമായ യാതൊരു ഭേദഗതിയും ഉണ്ടായിട്ടില്ല. സഭയോടു മാപ്പു ചോദിച്ചുകൊണ്ടു കണക്കുകളെ ഇവിടെ കാണിക്കാം. ൧൯൨൯-ൽ ബ്രിട്ടീഷിന്ത്യയിലെ നികുതിഭാരം ആളൊന്നിനു ൭ രൂപാ ൧൦ അണ ൯ പൈ. ആണ്. ൧൯൩൦-ൽ ൭ രൂ ൯ അ ൧൦-ം ൧൯൩൨-ൽ ൭ രൂ. ൧൦ ൧൦-ം ആണ്. ഭൂനികുതി പോകുക, കണക്ക മുഴുവൻ ഇതുപ്രകാരമാണ്, ൪ രൂ ൩ അ. ൧൧ പൈ, ൪ രൂ. ൩ അ. ൭ പൈ. ൪ രൂ. ൩ അ. ൧൦ പൈ. എന്നാൽ തിരുവിതാംകൂറിൽ ൧൧൦൨-ൽ നികുതിഭാരം ൪ രൂ. ൧൭ ച. ൧൧൦൭-ം ൧൧൦൩-ൽ ൪ രൂ. ൨൭ ച. ൨ കാശും കഴിഞ്ഞവർഷത്തിൽ അതു അധികപ്പെട്ടു് ൭ രൂ. ൨ ചക്രവും ആണ്. അതുകൊണ്ടു സർ, നാം ഇവിടെ കണ്ടുവരുന്നതു് ബ്രിട്ടീഷ് ഇൻഡ്യയ്ക്കും നമുക്കും ഉള്ള നികുതിഭാരവ്യത്യാസം ൧൭ അണ മാത്രമാണ്. നിങ്ങൾ കണക്കുകൾ ഒന്നുകൂടി സൂക്ഷിച്ചുപരിശോധിക്കുന്നതായാൽ ഈ വ്യത്യാസം ഉണ്ടായിട്ടുള്ളതും ബ്രിട്ടീഷ് ഇൻഡ്യയിലെ ആദായനികുതി വർദ്ധിച്ചുകൊണ്ടുവന്നതാണ്, അതു മനസ്സിലാക്കാൻ കഴിയും. ബ്രിട്ടീഷ് ഇൻഡ്യയിൽ ആളൊന്നിന് ൧൦ അണ ആദായനികുതികൊടുക്കുന്നു. എന്നാൽ ഇവിടെ നാം മൂന്നണയിൽ കുറവു കൊടുക്കുന്നുള്ളു. അതുകൊണ്ടു നാം അറിയേണ്ടതു്, ബ്രിട്ടീഷിന്ത്യയിൽ ആദായനികുതിഭാരത്തിന്റെ വർദ്ധനയെ നാം ഗണ്യമാക്കാതെയിരിക്കുന്നപക്ഷം തിരുവിതാംകൂറിന്റെയും ബ്രിട്ടീഷിൻഡ്യയുടെ നികുതിനിരപ്പു സമമായി വന്നെന്നേ. ബ്രിട്ടീഷിൻഡ്യയിലെ ഈ നികുതിഭാരവർദ്ധന അതായതു് ആദായത്തിന്റെ കരത്തിന്റെ വർദ്ധനകൊണ്ടു നാം അറിയേണ്ടതു ബ്രിട്ടീഷിന്ത്യയിലെ ജനങ്ങൾ തിരുവിതാംകൂറിലുള്ള നമ്മെക്കാൾ ഉൽക്കർഷത്തോടുകൂടിയവരാണെന്നാണ്. അടുത്തതായി ഭൂനികുതിയെ പററിയാണ്. ബ്രിട്ടീഷിൻഡ്യായിൽ ഭൂനികുതിഭാരം ആളൊന്നിന് ൧ രൂ. ൭ അ. ആണ്. തിരുവിതാംകൂറിൽ അതു ൧ രൂ. ൨ ചക്രമാണ്. അതുകൊണ്ടു രണ്ടു സ്ഥലത്തേയും ഭൂനികുതിയിൽ കുറെ വ്യത്യാസം ഉണ്ടു്. ബ്രിട്ടീഷിൻഡ്യായിൽ അവർ കൊടുക്കുന്ന കരം ൧൦൭ സെന്റു സ്ഥലത്തിനാണ്. നാം കൊടുക്കുന്നത് ൩൦ സെന്റു സ്ഥലത്തിനാണ്. അതുകൊണ്ടു ബ്രിട്ടീഷിൻഡ്യായിലെ ഭൂനികുതി വളരെ കുറവാണ്.

സഭയുടെ ക്ഷമയെ അർത്ഥിച്ചുകൊണ്ടു് പ്രാദേശിക കരംപതിപ്പു, അതായതു് പ്രാദേശികരാജ്യങ്ങൾ പട്ടാളച്ചിലവ് ഒഴിച്ചു രാജ്യഭരണത്തിനായി കരംപതിപ്പു എത്രയ്ക്കുണ്ടാകുന്നു എന്നു ചൂണ്ടിക്കാണിക്കുകൂടി ചെയ്യാം. മദ്രാസിൽ നികുതിഭാരം ൩ രൂ. ൧൭ അണ ആണ്, മദ്ധ്യപ്രാവിൻസിൽ ൩ രൂപാ ൧൧ അ. ൩ പൈ. പഞ്ചാബിൽ ൨ രൂ. ൭ അ. ൧ പൈ. ബംഗാളിൽ ൨ രൂ. ൧ അ. ൧൧ പൈ. ഐക്യപ്രാവിൻസിൽ ൨ രൂ ൭ അണ ബാംബെയിൽ ൪ രൂപാ ൩ അണ ഇങ്ങനെയാണ്. അതിനാൽ ബ്രിട്ടീഷ്പ്രവിശ്യകളിലെ ഭരണത്തിനുകൂടിയും നമ്മെക്കാൾ കരംപതിവ് വളരെ കുറവായിട്ടാണ്. തിരുവിതാംകൂറിലെ നാം വളരെ നികുതിഭാരക്കുറവുള്ളവരാണ് എന്ന പ്രസ്താവന ശരിയല്ലെന്നു കാണിക്കാനാണ് ഞാൻ ഈവക കണക്കുകളെ ബുദ്ധിമുട്ടി ആരാഞ്ഞെടുത്തതു്. ഈ കണക്കുകളെ ശരിയായി പര്യവേക്ഷണം ചെയ്യുന്നപക്ഷം നാം ബ്രിട്ടീഷിന്ത്യക്കാരെക്കാൾ കൂടുതൽ നികുതിഭാരം വഹിക്കുന്നുവെന്നു കാണാം. ഈ സംഗതികൊണ്ടു സഭയെ പ്രത്യക്ഷമാക്കുന്നതു് വഹിക്കാവുന്നേടത്തോളം കൂടുതൽ നികുതിഭാരം ഇവിടെ ചുമത്തികഴിഞ്ഞുവെന്നും ഇനി രാഷ്ട്രീയാഭിവർദ്ധനകൾക്കുള്ള ആവശ്യങ്ങൾക്കു മററു ആദായമാർഗ്ഗങ്ങൾ തേടികാണേണ്ടതാണെന്നും ആകുന്നു. അതാണ് എന്റെ വാദം.

ബഡ്ജററിൽ ഒരു സംഗതി പ്രസ്താവിക്കാനായി ഇരിക്കുന്നതിനെപററി എനിക്കു പറയേണ്ടിയിരിക്കുന്നു. അതു് രാജ്യത്തിന്റെ ധനസ്ഥിതിയാണ്. ഈ കാര്യത്തിൽ ആത്രഭസ്ഥിതി ഇപ്പോൾ മാറിയിരിക്കുന്നു എന്നുള്ളതിന് യാതൊരു തക്കവുമില്ല. രാഷ്ട്രീയവും ഭരണകൂടസംബന്ധമായും മററുമുള്ള കാര്യങ്ങൾ ധനകാര്യത്തെ അവലംബിച്ചാണ് ഇരിക്കുന്നതു്, ഭൂലോകത്തിലുള്ള മഹത്തായും പ്രാധാന്യമായും ഉള്ള കാര്യങ്ങളോടു തൊട്ടാണ് നമുക്കുള്ള മിക്ക സംഗതികളും കിടക്കുന്നതു്. അതിനാൽ അതിനെ ശരിപ്പെടുത്തി കൊണ്ടുവരാൻ തക്ക സാമർത്ഥ്യവും രാജ്യതന്ത്രനൈപുണ്യവും അത്യാവശ്യമാണ്. ധനകാര്യത്തിന്റെ ശിഷ്ടം ലോകരോടു നാം ഭിന്നിച്ചു ഇരിനുകൂടാ. ധനകാര്യത്തിൽ മഹത്തായ ഒരു ഐകരൂപ്യം വരുത്തുന്നതിനോ അല്ലങ്കിൽ ലോകമാസകലം ഒരു ധനാഭിവൃദ്ധികരമായ പദ്ധതിയിൽ വരുന്നതിനെ എല്ലായിടത്തും തീവ്രയത്നം ചെയ്തുകൊണ്ടുവരുന്നു. ഇപ്രകാരമിരിക്കെ, നമ്മുടെ ധനസ്ഥിതിയെ പരിശോധിക്കേണ്ടതും നികുതിയെ ഭേദപ്പെടുത്തേണ്ടതും ആയ ചുമതല നമുക്കു നീക്കികളയാൻ തരമില്ല.

ഈ രാജ്യത്തെ ബന്ധിക്കുന്ന കച്ചവടകാര്യങ്ങളെ സൂക്ഷിക്കുന്നതിനായി ലണ്ടൻ പട്ടണത്തിൽ ഒരു കച്ചവട കമ്മിഷണരെ നിയമിക്കണമെന്നു ആവശ്യപ്പെട്ടു് ധനപരിപോഷക ബോർഡും ഈ സഭയും കഴിഞ്ഞ പല കൊല്ലങ്ങളായി ശുപാർശ ചെയ്തുകൊണ്ടിരിക്കുന്നു. ആണ്ടിൽ ൨൦ കോടിയിൽ കൂടുതൽവരുന്ന നമ്മുടെ ഏററുമതി കച്ചവടം ഒരു പ്രാധാന്യപ്പെട്ട കാര്യമാണ്. എന്നിട്ടും അതിനെ പിന്നോക്കമാക്കിവച്ചു് ബഡ്ജററിൽ പോലീസ്സൈന്യം വർദ്ധിപ്പിക്കാനായി ചിലവുചേർത്തിരിക്കുന്നു. പോലീസ്സൈന്യം വർദ്ധിപ്പിക്കുന്നതിൽ നീതിവിരുദ്ധമുണ്ടെന്നു ഞാൻ പറയുന്നില്ല. ഞാൻ പറയുന്നതൊക്കെ, ധനകാര്യത്തെ ചിന്തിച്ചു ഇതിനു പ്രാധാന്യം കൊടുക്കേണ്ടതല്ലായിരുന്നു എന്നാണ്.

വേറെ കാര്യങ്ങളിലും ബഡ്ജററു നോക്കിയാൽ പൊതുജനങ്ങളുടെ ധനാഭിവൃദ്ധിയെപ്പററി യാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല. കയററുമതി സാമാനങ്ങളിൽ ചുങ്കം ചുമത്തുന്ന വ്യവസ്ഥ ലോകം അനുകരിച്ചുപോരുന്ന ധനശാസ്ത്ര രീതിക്കു യോജ്യമായിട്ടുള്ളതല്ലെന്നു ഞാൻ കഴിഞ്ഞ വർഷവും ഈ കൌൺസിലിൽ കൊണ്ടുവന്നു. കയററുമതി സാമാനങ്ങൾ എല്ലാററിനും ചുങ്കംചുമത്തുന്നതു ലോകത്തിലെ പരിഷ്കൃത രാജ്യങ്ങളിലെങ്ങും നടപ്പില്ലാത്തതാണ്. ബ്രിട്ടീഷ് ഇൻഡ്യയിൽ അവർ ബർമാ അരിക്കും തുകലിനും മാത്രം ചുങ്കം ചുമത്തുന്നുള്ളു എങ്ങിനെയും ഇരിക്കട്ടെ അവിടെ കയററുമതി സാമാനങ്ങളുടെ ഒരു പറയത്തക്ക എണ്ണങ്ങൾക്കു ചുങ്കം ചുമത്തുന്നില്ല. ഇവിടെ നാം അതു ചെയ്തുവരുന്നു. ഇപ്പോഴാകട്ടെ, ലോകമൊട്ടുക്കു സാമാനങ്ങളുടെ വിലക്കു ഒരു ഇടിവും തട്ടിയിട്ടുണ്ട്. ലോകമൊട്ടുക്കുള്ള ഈ വില ഇടിവുമൂലം ഉണ്ടായിരിക്കുന്ന ഇപ്പോഴത്തെ ധനസ്ഥിതിക്കു നമ്മുടെ കയററുമതിചുങ്കവും കാരണമാക്കീട്ടില്ലയോ എന്നുള്ള സംഗതി ഗാഢമായി ആലോചിക്കേണ്ടതാണ്. ഇപ്പോഴത്തെ സ്ഥിതിയെ ഭേദപ്പെടുത്താനായി കയററുമതിചുങ്കം താൽക്കാലം നിർത്തിവെക്കാൻ സാധിക്കുകയില്ലയോ എന്നുള്ള സംഗതിയും എന്റെ അഭിപ്രായത്തിൽ ഗവണ്മെന്റിന്റെ ഗാഢമായ ആലോചനയിൽ പെടേണ്ടതാണ്. സാമാനങ്ങളുടെ വില വളരെ കുറഞ്ഞുപോയിട്ടു, ചുങ്കനിരക്കു പഴയപടി അതേ നിലയിൽ തന്നെ ഇരിക്കുന്നു എന്നുള്ള ഒരു കാര്യം കൂടി ഞാൻ അറിയിച്ചുകൊള്ളുന്നു. നമ്മുടെ നികുതിനയം എന്തോ പഴയകാലത്തു് ആരോടോ കടംവാങ്ങിയതുപോലെ തോന്നുന്നു. അതിനെ നിക്ഷേപമായി എന്നെന്നേക്കും നന്നായിട്ടുള്ളതെന്നു വിചാരിക്കാൻ പാടില്ല. അതിനെ വേണ്ടപോലെ നോക്കി തിരുത്തണം. എന്നാൽ മാത്രമേ രാജ്യത്തിലെ നടുനായകക്കല്ലായിരിക്കുന്ന കൃഷീവലന്മാരുടെ നന്മയെ ഉദ്ദേശിച്ചു ഈ വക ചുങ്കങ്ങൾ എത്രമാത്രം ദോഷകരമാണെന്നു അറിയാൻ സാധിക്കുകയുള്ളു.

രാഷ്ട്രീയാൽക്കർഷമാർഗ്ഗങ്ങളിലേക്കു നമുക്കു കൂടുതൽ പണം ആവശ്യമുണ്ട് എന്നാൽ ഞാൻ പറഞ്ഞപോലെ ജനങ്ങൾ വഹിക്കാവുന്നേടത്തോളം നികുതിഭാരം അവർ വഹിക്കുന്നുണ്ട്. അതുകൊണ്ടു ഇനി പ്രവൃത്തിക്കാനുള്ളതു് ചിലവു ചുരുക്കിവയ്ക്കാമോ എന്നുള്ളതാണ്. എന്റെ താഴ്ന്ന അഭിപ്രായത്തിൽ സർക്കാർ സർവീസിൽ ന്യായമായ ചിലവു ചുരുക്കാവുന്ന പലകാര്യങ്ങളുമുണ്ട്. നമ്മുടെ സംസ്ഥാനത്തെ ആഫീസർമാർ വമ്പിച്ചശമ്പളം വാങ്ങുന്നു എന്നുള്ള അഭിപ്രായം തെററാണ്. ആഫീസർമാർക്കു വേണ്ടുവോളം കൊടുക്കുന്നില്ലാ എന്നാൽ ഭരണത്തിനാവശ്യമുള്ളതിൽ കൂടുതലായി നമുക്ക് ഇവിടെ ഉദ്യോഗങ്ങൾ ഉണ്ട്. ചില ഉദ്യോഗങ്ങൾ ദോഷംകൂടാതെ മററുള്ളവയോടു കൂടിച്ചേർത്തു നടത്താവുന്നതാണ്. ഉദാഹരണമായി ൮൦൦ രൂപാ ശമ്പളം വാങ്ങുന്ന ഒരു എക്സിക്യൂട്ടിവ് ഇൻജിനീയർ വർക്കുഷാപ്പു ഡിവിഷൻജോലിനോക്കുന്നുണ്ട്. സെൻറ്രൽ പ്രിസൺ സൂപ്രണ്ടിനു ദിവസം അരമണിക്കൂർ ജോലിപോലും ഇല്ല. ഇങ്ങിനെ വളരെ ഡിപ്പാർട്ടുമെൻറുകൾ ഒന്നു ചേർക്കാവുന്നതുണ്ട്. ഉദ്യോഗസ്ഥന്മാർക്കു കൂടുതലായി ശമ്പളം എന്നു പറയാനില്ല, അതിനെപ്പററി സങ്കടമാണെന്നുള്ളതു്. ഉദ്യോഗസ്ഥന്മാർക്കു തക്ക ശമ്പളം കൊടുക്കുന്നതായാൽ, നമുക്കു ശരിയായ ജോലി അവരിൽനിന്നും ചെയ്തുകിട്ടണം. പബ്ലിക്ക് സർവീസിൽ ചിലവുകുറയ്ക്കുന്ന കാര്യത്തെപ്പററി ആലോചിക്കാൻ ഒരു കമ്മിററി നിയമിക്കേണ്ടതാണ്.

ഉൾനാട്ടുകളിലെ ജനങ്ങൾക്കു ഗുണകരമായ പരസ്പരസഹായ സംഘാഭിവൃദ്ധിയെപ്പററി ഇനി പറയാനുണ്ട്. ധാന്യപരിപോഷക കമ്മിററിയും മററുസംഘങ്ങളും ഇവിടെയുള്ള പരസ്പരസഹായസംഘങ്ങളുടെ സ്ഥിതിയെപ്പററി ബ്രിട്ടീഷ് ഇൻഡ്യയിലും മററുദിക്കുകളിലും നടത്തിയതുപോലെ അന്വേഷണം ചെയ്യുന്നതിനു ഒരു കമ്മിററിയെ നിയോഗിക്കാൻ ആവശ്യപ്പെടുകയുണ്ടായി ആ നിർദ്ദേശംകൂടി ഗവണ്മെൻറിനു സ്വീകരിച്ചതായി കാണുന്നില്ല.

ചിലവുചുരുക്കി പരിഷ്കാരങ്ങൾ വരുത്തുന്നതിനു പല സംഗതികളും ഉണ്ട്. ഈ വക കാര്യങ്ങളെല്ലാം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഫിനാൻഷ്യൽ സെക്രട്ടറി ഹാജരാക്കിയ ബഡ്ജററ് വളരെ ഇച്ഛാഭംഗത്തിനിടയാക്കിയിരിക്കുന്നു. ബഡ്ജററു ഹാജരാക്കുന്ന കാലത്തെ രാജ്യത്തുള്ള സ്ഥിതിയെ ശരിയായി ആലോചിച്ചുവേണ്ടപോലെ പരിശോധിച്ചും ജനങ്ങളുടെ സുഖത്തിനു അത്യാവശ്യമായ കാര്യങ്ങളെ നിർദ്ദേശിച്ചും ഇതുപോലെയുള്ള ഒരു ബഡ്ജററിൽ നിരൂപണം ചെയ്യുന്നതു ആവശ്യമായ ഒരു കാര്യമാണ്. ഇതിലേക്കു ഒരു യത്നം ചെയ്തതു പോലെയുള്ള അടയാളംപോലും, സർ, ഈ ബഡ്ജററ്കൊണ്ടു കാണുന്നില്ല. ഓരോകൊല്ലവും ആവർത്തിക്കുന്നതു തന്നെ ഇപ്പോഴും കാണുന്നതു്. അതായതു് ഗവണ്മെൻറു റവന്യൂ ഉണ്ടാക്കുന്നതിനെ ചിലവാക്കുന്നതിനുള്ള മാർഗ്ഗമെന്താണ്. നികുതി ഇന്നവയാണെന്ന് തീർച്ചപ്പെടുത്തുന്നതിനു മുമ്പ് തന്നെ, ജനങ്ങളുടെ ആവശ്യമറിഞ്ഞു ചിലവുനിശ്ചയിക്കണമെന്നാണ് നാം ഊഹിക്കേണ്ടതു്. എന്നാൽ ഇവിടെ നടക്കുന്നതു് ആവിധമല്ല. അവർ ഇവിടെ വരവു എത്രയുണ്ടെന്നു മനസ്സിലാക്കുന്നു, ഇത്രയും തുക ചിലവിടേണ്ടിയിരിക്കുന്നു. അതു ചിലവുചെയ്യേണ്ട മാർഗ്ഗമെന്താണ്, എന്തിങ്ങനെയാണ്, ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു ഉള്ള ഡിപ്പാർട്ടുമെൻറുകൾ പഴയമട്ടിൽ തന്നെ നയിപ്പിച്ചുകൊണ്ടുപോകുക എന്നുള്ളതാണ് നാം കാണുന്നതു്. നൂതനഗതിക്കു യത്നം ചെയ്തതായി യാതൊന്നുംതന്നെയില്ല. ജനങ്ങളുടെ സ്ഥിതി നന്നാക്കുന്നതിലേക്കു ഇന്നവിധം പ്രവൃത്തിക്കണം എന്നതിലേക്കു യാതൊന്നും പറഞ്ഞുകാണുന്നില്ല. നടപ്പിലിരിക്കുന്ന ഡിപ്പാർട്ടുമെൻറുകളുടെ ജോലിനടത്തിപ്പിൽ ജനങ്ങൾക്കു ഉപയോഗപ്രദമായി വല്ല മാററങ്ങളും ചെയ്യുന്നതിലേക്കു യാതൊന്നും യത്നിച്ചിട്ടില്ല.

സർ, ഈ പറഞ്ഞതിനെ ഞാൻ സാധൂകരിക്കാൻ പോകുന്നു. സംസ്ഥാനത്തെ ചില ഡിപ്പാർട്ടുമെൻറുകളെ എടുത്തു, അതിൽ ഏതുവിധം ജോലി നടത്തിച്ചുവരുന്നു എന്നും, ഈ കൊല്ലത്തെ ബഡ്ജററുകൊണ്ടു ജോലിനടത്തിപ്പിൽ എന്തു ഗുണമാണ് നടത്താൻ പോകുന്നതെന്നും പ്രസ്താവിക്കാം. ആദ്യമായി ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറു നോക്കാം. ആ ഡിപ്പാർട്ടുമെൻറിൽ കഴിഞ്ഞ ൧൨ കൊല്ലത്തിൽ കൂടുതലായിട്ട് ഉദ്ദേശം ൧൪ ലക്ഷം രൂപാ വരവും ഏകദേശം ൯ ലക്ഷത്തോളം രൂപാ ചിലവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വനാന്ത്രങ്ങളിൽനിന്നും തടികളെ മാററിക്കൊണ്ടുപോരുവാൻ സൌകര്യങ്ങൾ കണ്ടുപിടിക്കുന്നതുപോലും ഉള്ളതായ വല്ല പരിഷ്കാരവും ഈ ഡിപ്പാർട്ടുമെൻറുഭരണത്തിൽ കാണുന്നില്ല. ഏതു ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറ് എളുപ്പത്തിൽ

നിർവ്വഹിക്കാവുന്ന ഒരു കാര്യമാണത്. അതുകൂടിയും നമ്മുടെ ഡിപ്പാർട്ടുമെൻറിൽ നിന്നും ചെയ്യുന്നതായി കാണുന്നില്ല. നമ്മുടെ വനങ്ങളിലെ മററു സാധനങ്ങളെ ഉപയോഗപ്രദമാക്കാനുള്ള യത്നവും പറയത്തക്കതായി ഒന്നുംതന്നെ കാണുന്നില്ല. നമ്മുടെ വനങ്ങളെ പോഷിപ്പിക്കുന്നതിൽ വല്ല യത്നവും ചെയ്തതായിട്ടു യാതൊരു അടയാളവുമില്ല. യാതൊരു ചൈതന്യവുമില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറായിട്ടാണ് നാം കാണുന്നത്. നിന്നുവരുന്ന തടികളെ ആണ്ടുതോറും വെട്ടി ഇറക്കുന്നു. അതിൽ ഒരു തുകതന്നെ ആദായം കിട്ടുന്നു. ഒരു തുക ചിലവിട്ടുവരുന്നു. ഈ വനങ്ങളെ സംരക്ഷണം ചെയ്യുന്നതിനുമാത്രം ഇത്ര വമ്പിച്ച തുക പററുന്ന വിദഗ്ദ്ധസിൽബന്ധികൾ ആവശ്യമുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇതിനെപ്പററി ആലോചിക്കേണ്ട ഒരു കാര്യമാണ്.

ഇനി വ്യവസായഡിപ്പാർട്ടുമെൻറിനെപ്പററി ആലോചിക്കാം. അത് ഏർപ്പെടുത്തിയിട്ട് ഇപ്പോൾ വളരെക്കാലങ്ങളായി. ഈ ഡിപ്പാർട്ടുമെൻറ എന്തു ഗുണമാണ് ചെയ്തിട്ടുള്ളതെന്ന് ആർക്കും ചോദിക്കാൻ മനസ്സുവരുന്നതാണ്. കുടിൽവ്യവസായങ്ങളോ മററു വ്യവസായങ്ങളോ പറയത്തക്കതായി പുത്തനായി വല്ലതും നടപ്പിൽവരുത്തിയിട്ടുണ്ടോ? ഈ ഡിപ്പാർട്ടുമെൻറിലും ഒരുകൂട്ടം വമ്പിച്ച ശമ്പളംവാങ്ങുന്ന വിദഗ്ദ്ധന്മാർ ഉണ്ട്. കുറെ മിനിട്ടുമുമ്പ് എൻെറ സ്നേഹിതൻ മി: മാധവൻപിള്ള പറയുകയുണ്ടായി നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് മതിയാംവണ്ണം ശമ്പളം ലഭിക്കുന്നില്ല എന്ന്. എന്നാൽ എനിക്ക് അദ്ദേഹത്തോടു ഭിന്നാഭിപ്രായമാണുള്ളത്. ഉദ്യോഗസ്ഥന്മാരിൽ കുറെ പേർക്ക് നല്ലവണ്ണം ശമ്പളം കൊടുക്കുന്നില്ല എന്ന ഭാഗം ഞാൻ സമ്മതിക്കുന്നു. എന്നാൽ ആകപ്പാടെ നോക്കിയാൽ രാജ്യത്തിൻെറ സ്ഥിതി കവിഞ്ഞും വേലയിൽ വളരെ കൂടുതലായിട്ടാണ് നമ്മുടെ ഉദ്യോഗസ്ഥന്മാർക്കുള്ള ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. വ്യവസായഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അവർ വാങ്ങുന്ന ശമ്പളത്തിനനുസരിച്ച് എന്തു ഗുണമാണ് ചെയ്തുവരുന്നത്? മറുപടി ഒന്നുമില്ലെന്നുതന്നെ പറയാം.

ഇനി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു പ്രവേശിക്കാം. ആ ഡിപ്പാർട്ടുമെൻറ കഴിഞ്ഞ അർദ്ധശതാബ്ദമായിട്ട് ഒരേ വഴിക്കു ലാക്കാക്കി കൊണ്ടുപോരുന്ന ഒന്നാണ്. ഈ ഡിപ്പാർട്ടുമെൻറ് തെററായ വിധത്തിൽ അല്ലെങ്കിൽ, രാജ്യത്തിനുതകാത്ത വിധത്തിൽ ആനയിക്കപ്പെട്ടുവരുന്നു എന്ന പരക്കെ വിളിച്ചുകൂട്ടുന്നുണ്ട്. തൊഴിലില്ലായ്മയെപ്പററി നമുക്കെല്ലാം അറിയാം. അതു വാസ്തവമല്ല, സത്യംതന്നെയാണ്. നമ്മുടെ വിദ്യാഭ്യാസം അതിൻെറ ഉപയോഗത്തെ കഴിഞ്ഞിരിക്കുന്ന കാലമാണ് ഇപ്പോൾ—അത് ആവശ്യമായിരുന്ന കാലത്തു ഈ രീതി വിദ്യാഭ്യാസം നടപ്പിൽവരുത്തി, എന്നാൽ നാം ആ നില ഒക്കെ വിട്ടുകഴിഞ്ഞിരിക്കുന്നു. നടപ്പിലിരിക്കുന്ന രീതി മാററേണ്ടത് അത്യാവശ്യമായിരിക്കുന്നു. വിദ്യാഭ്യാസരീതിയിൽ എന്തെങ്കിലും മാററം ചെയ്യാൻ ഗവണ്മെൻറ വല്ല ശ്രമവും ചെയ്തോ? പുറമെ കിടക്കുന്ന രാജ്യത്തെ വിദ്യാഭ്യാസരീതി വിട്ടും മദ്രാസ് സർവ്വകലാശാലയോടു ഭിന്നമായിട്ടും നമുക്ക് അനുവദിക്കാൻ പാടില്ലന്ന് അപ്പോഴപ്പോൾ മറുപടി പറകയുണ്ടായിട്ടുണ്ട്. ഞാൻ ചോദിക്കുന്നത്, അത് ശരിയായ ഒരു സമാധാനമാണോയെന്നാണ്. ഈ സ്ഥിതിയെ സഹിച്ചുകൊണ്ടുപോകാൻ പാടില്ലന്നു കണ്ടാൽ ഒരു പരിഹാരം കണ്ടുപിടിക്കേണ്ടത് അത്യാവശ്യമല്ലയോ?

മദ്രാസ് ഗവണ്മെൻറുമായിട്ടു നാം ഇടപെട്ടുവരുന്നുണ്ട്. അവിടത്തെ ചട്ടങ്ങളാൽ നാം ബന്ധിതരായി അവയെ അനുസരിച്ചുവരുന്നു. അതുകൊണ്ടു നമുക്കു ഇതിൽ ഒന്നും ഭേദംചെയ്യാൻ നിവൃത്തിയില്ലായെന്നുള്ള മറുപടി മതിയാകുന്നതാണോ? സർ, എൻെറ താഴ്മയായ അഭിപ്രായം അതു ശരിയായ മറുപടിയല്ലെന്നാണ്. രാജ്യത്തു ഇപ്പോൾ നടക്കുന്ന രീതിയെ വേണ്ടവണ്ണം ഭേദപ്പെടുത്താൻ യത്നിക്കേണ്ടതാണ്. എൻെറ വിശ്വാസം അതിലേയ്ക്കു യത്നിക്കാൻ വഴിയിട്ടിട്ടില്ല എന്നാണ്.

ഡാക്ടർ മാധവൻപിള്ള പറഞ്ഞതുപോലെ ഇപ്പോൾ സംസ്ഥാനത്തെ ധനക്കുറവിനാലുള്ള ദാരിദ്ര്യത്തിൻെറ കാരണം അറിഞ്ഞു വേണ്ടതു ചെയ്യാൻ യത്നിച്ചുകാണുന്നില്ല. ജനങ്ങളുടെ ഏറെയും വേദനപ്പെടുത്തുന്നതായ ദരിദ്രാവസ്ഥയെപ്പററി ഒരു വാക്കുപോലും പറയാൻ ഫിനാൻഷ്യൽ സെക്രട്ടറിക്കു ഇവിടെ ഹാജരാക്കിയ ബഡ്ജററിൽ പറയാൻ സാധിച്ചില്ലെന്നുള്ളത് വലുതായ സങ്കടത്തിനു കാരണമാണ്. നമ്മുടെ മുഖ്യചരക്കുകൾ തേങ്ങാ, നല്ലമുളക്, കൊപ്രാ ഇവയെല്ലാം വിലക്കുറവായിപ്പോയി. തേങ്ങാക്ക് മുമ്പുണ്ടായിരുന്നതിൽ മൂന്നിലൊരുഭാഗം വിലകൂടി കിട്ടുന്നില്ല. തിരുവിതാംകൂറിലെ കൃഷിക്കാരുടെ സ്ഥിതി ഇപ്രകാരമാണ്. ഈ ദാരിദ്ര്യത്തിനു കാരണമെന്തെന്നും, സ്ഥിതി നന്നാക്കാൻ എന്തു ചെയ്യണമെന്നും, സാധു കൃഷിക്കാരെ എങ്ങിനെ സഹായിക്കണമെന്നും ഗവണ്മെൻറ് വല്ല അന്വേഷണം ചെയ്തോ എന്നാണ് ഞങ്ങൾ ചോദിക്കുന്നതു. യാതൊന്നുംതന്നെയില്ലെന്നുപറയാം. വളരെ തവണ ഈ സഭയിൽ അഭിപ്രായപ്പെട്ടതുപോലെ, നമ്മുടെ ചരക്കുകൾ അന്യനാട്ടിൽ വിലക്കപ്പോകുന്നതിനായി ആ രാജ്യങ്ങളിൽ കച്ചവട ഏജൻറന്മാരെ നിയമിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഗവണ്മെൻറിൽനിന്നും യാതൊരു ഭാവവും കാണുന്നില്ല. രാജ്യത്തിലെ മററു സാമാനങ്ങൾക്കും ഏജൻെറന്മാർ നിയമിക്കപ്പെടണം. റബ്ബറിൻെറ കഷ്ടസ്ഥിതിയെപ്പററി ഞാൻ സൂചിപ്പിക്കുന്നില്ല എന്തെന്നാൽ അതു പരക്കെ അറിയാവുന്നതാണ്. ഈ സംഗതികളെല്ലാം നമ്മുടെ കർഷകന്മാരെ വളരെയധികം കഷ്ടപ്പെടുത്തുന്നവയാണ്. അവയെപ്പററി ഗവണ്മെൻറ യാതൊന്നും പ്രവൃത്തിച്ചുകാണുന്നില്ല.

പരസ്പരസഹായസംഘങ്ങളിപ്പോൾ ദിക്കുവേണ്ടി തിരുവിതാംകൂറിൽ പെരുമ്മ റിവരുന്നതിനെപ്പററിയും പ്രസ്താവിച്ചുകൊള്ളട്ടെ. ആ ഡിപ്പാർട്ടുമെൻറ കുറെ കൊല്ലങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറ ജനങ്ങൾ ഉപകാരപ്രദമാക്കാൻ മനഃപൂർവ്വയത്നം ചെയ്തതായി കാണുന്നില്ല. വളരെ സംഘങ്ങൾ കണക്കിനു പിരിയാറായിരിക്കുന്നു. അതിനു കാരണം എന്ത്? കാരണം അറിയാൻ യത്നങ്ങൾ ചെയ്യുക ഉണ്ടായില്ല. ഈ സംഘങ്ങളുടെ മേൽ ഭരണം വേണ്ടതുപോലെ നടത്തുന്നില്ല. നിയമാനുസരണം ചുമതലപ്പെട്ട കാര്യങ്ങൾ കൂടി ഗവണ്മെൻറ ശരിയായി നിർവഹിച്ചുപോരുന്നില്ല. കാരണമെന്തെന്നാൽ, ഉപയോഗമുള്ള കൂട്ടതൽസംഘങ്ങളെ സ്ഥാപിക്കാനിടവരത്തക്കവണ്ണവും പരസ്പരസഹായസംഘങ്ങളുടെ ശരിയായ നടത്തിപ്പിനും മതിയായ എണ്ണം ആളുകളെ ഗവണ്മെൻറ നിയമിക്കുകപോലും ചെയ്തിട്ടില്ലെന്നുള്ളതാണ്. ഇപ്പോൾ നമുക്കു

ധാരാളം ക്രഡിററ് സംഘങ്ങൾ ഉണ്ട്. വേറെ തരത്തിലുള്ള സംഘങ്ങൾ കൂടി അത്യാവശ്യമാണ്. ആ വഴിക്കു ഗവർമ്മെൻറു യാതൊരുതാല്പൎയ്യവും കാണിക്കുന്നില്ല എന്നാൽ വിശേഷാൽ വലിയഗുണം ജനങ്ങൾക്കു ഇല്ലാത്തതായവഴിക്കു പണം ധാരാളം ചിലവുചെയ്യുന്നതായിട്ടുണ്ട്. ഇപ്പോഴത്തെ സങ്കടഘട്ടത്തിൽ ജനങ്ങൾക്കു വളരെ സഹായമായിവരുന്ന ഈ പദ്ധതിയിലേയ്ക്കു ഗവർമ്മെൻറിന്റെ വലിയ താങ്ങ് അത്യാവശ്യമാണ്. അതിനാൽ ഈ കാൎയ്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുകയും ഈ സംഘങ്ങളുടെ അഭിവൃദ്ധിക്കായി കൂടുതൽ ആളുകളെ നിയമിച്ചു പ്രോത്സാഹിപ്പിക്കാൻ അനുഗ്രഹിച്ചുകൊള്ളുകയും ചെയ്യുന്നു.

നികുതി ഒരിക്കൽ ചുമത്തപ്പെട്ടതെന്നുവന്നാൽ അതു ആവശ്യമൊ അനാവശ്യമൊ, ലാഭകരമൊ നഷ്ടമൊ, വേണ്ടതൊ വേണ്ടാത്തതൊ, എന്നുള്ളതു നോക്കാതെ അതിനെ സ്ഥിരമാക്കിവച്ചുകൊണ്ടിരിക്കുന്ന സ്വഭാവം ഗവർമ്മെൻറിനുണ്ട്. ലാഭമെന്ന കാൎയ്യത്തിൽ സംശയം ഒന്നുമില്ല. എന്തെന്നാൽ പണം വന്നുകൊണ്ടിരുന്നാൽ ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ അതു ലാഭം തന്നെ. എന്നാൽ ജനങ്ങൾ പ്രക്ഷോഭണം നടത്തി എതിൎത്തതായ ചില ഇനംകരങ്ങൾ ഉണ്ട്. അതു നിൎത്തലാക്കുന്നതിനു ഗവർമ്മെൻറു വഴി കണ്ടു പിടിച്ചില്ല. വേണമെങ്കിൽ ഉപദ്രവകരമായവയോ നികുതിയെ ഉദാഹരണമാക്കി പറയാം. കരം കൊടുക്കാൻപോലും ത്രാണിയില്ലാത്ത കൃഷിക്കാരോടു ഡിമാൻറു നോട്ടീസ്സ് ഫീസ്സ് വസൂലാക്കുന്ന ഏൎപ്പാടും മറെറാരു സംഗതിയാക്കി പറയാം. ഡിമാൻറു നോട്ടീസ്സ് ഫീസിനെപ്പററി എത്രതന്നെ ഞങ്ങൾ എതിൎത്തിട്ടും ഗവർമ്മെൻറു ആ സങ്കടം തീൎത്തുവയ്ക്കാൻ വഴികണ്ടില്ല. ബഡ്ജററിൽ നിന്നു ൮൦,൦൦൦ രൂപയോളം ഈ ഇനത്തിൽ പിരിച്ചെടുത്തതായികാണാം. ഏതു നിലയിലും അതു ഒരു പിഴയുടെ ശ്രേണിയിലാണ്. പൊതുജനഹിതാനുസരണം ഗവർമ്മെൻറ് പ്രവൃത്തിക്കാത്തതുകൊണ്ടാണു ഈ വകയും മററ് അനേകം ന്യൂനതകളും ഭരണത്തിൽ കടന്നുകൂടിയിട്ടുള്ളത്. സംസ്ഥാനത്തെ പൊതുജനാഭിപ്രായത്തോടു ഗവർമ്മെൻറിന്റെ നില എത്രക്കണ്ടെന്നു കാണിക്കാൻ മാത്രമായി കുറെ സംഗതികൾ കൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

. ഗവർമ്മെൻറിന്റെ എക്സൈസ് നയവും മദ്യവൎജ്ജനവും സംബന്ധിച്ചു ചുരുക്കി പറയാം. മദ്യവൎജ്ജനമാണ് ഗവർമ്മെൻറിന്റെ നയം എന്നു ഒരിക്കൽ പരസ്യമാക്കി പറഞ്ഞിട്ടുണ്ട്. പിന്നീടു ഒരിക്കൽ മദ്യവൎജ്ജനമല്ലായെന്നും ഒരു തരത്തിലുള്ള മിതപാനനയമാണെന്നും പറകയുണ്ടായി. എന്നാൽ സംസ്ഥാനത്തിലെ മദ്യവൎജ്ജന പ്രസ്ഥാനത്തോടു ഗവർമ്മെൻറു കാണിച്ച നിലയും എക്സൈസ് ഡിപ്പാൎട്ടുമെൻറ് പ്രവൃത്തിച്ചുവരുന്നതും കാണുമ്പോൾ, ഗവർമ്മെൻറിന്റെ നയം മദ്യവൎജ്ജനത്തിനൊ, മിതപാനത്തിനുകൂടിതന്നെയൊ അനുകൂലിക്കുന്നതായി കരണുന്നില്ല. മദ്യവൎജ്ജനം വേണമെന്നു ജനങ്ങൾ വളരെ പ്രത്യക്ഷമായി അഭിപ്രായപ്പെട്ടുകഴിഞ്ഞു. സാധുക്കളായ തിരുവിതാംകൂർകാർ കള്ളു കുടി നിൎത്തിക്കണമെന്നായി ജനങ്ങൾ മനഃപൂൎവ്വം യത്നിക്കുമ്പോൾ ഗവർമ്മെൻറിന്റെ ചുമതല അവരെ സഹായിക്കേണ്ടതല്ലയൊ? മദ്യപാനം ഈ രാജ്യത്തു ഇല്ലാതാക്കുന്നതിനു ഗവർമ്മെൻറു എന്താണു ചെയ്തിട്ടുള്ളത്? ഒന്നും തന്നെ ചെയ്തതായി ആൎക്കും കാണാൻ സാധിക്കയില്ല. എക്സൈസ് കമ്മീഷണർ അദ്ദേഹം സംസാരിക്കേണ്ട മുറവരുമ്പോൾ പറഞ്ഞേക്കാം, മദ്യഷാപ്പുകൾ വൎഷംതോറും കുറഞ്ഞുവരുന്നുവെന്ന് ഷാപ്പുകളുടെ എണ്ണം കുറഞ്ഞുകണ്ടേക്കാം. എന്നാൽ ചാരായത്തിന്റെയും കള്ളിന്റെയും വില്പന കൂടുതലായിതന്നെ വരും. പിന്നെ കള്ളുവകക്കായി ചെത്തുന്ന വൃക്ഷങ്ങളും കൂടുതലായിരിക്കും. ഗവർമ്മെൻറ് ഈ വിധത്തിലാണ് ഈ കല്പനയെ ശരിയാക്കുന്നത്. സർ, മദ്യപാനം നിൎത്തലായിവരുന്നതോടു ഭരണത്തിലേക്കു ആവശ്യമുള്ളപണം കിട്ടാൻ സാധിക്കയില്ലയെന്നായിരിക്കും ഗവർമ്മെൻറിന് ഭയത്തിനു കാരണമാകുന്നത്. അതു നിസ്സാരമാണ്. ഗവർമ്മെൻറ് മററു വിധത്തിൽ ശരിയായി പ്രവൃത്തിക്കണം. അങ്ങിനെവന്നാൽ തന്നേയും എക്സൈസ് നികുതി അശേഷമില്ലാതെയാകാൻ വളരെകാലം പിടിക്കും. ആ സമയംകൊണ്ട് ഗവർമ്മെൻറു ആദായം നോക്കി ചിലവു ചുരുക്കി കാൎയ്യം ശരിപ്പെടുത്താൻ സാധിക്കും. അതു സാധിക്കാൻ പാടില്ലാത്ത ഗവർമ്മെൻറിനു ഗവർമ്മെൻറ് എന്ന പേരിന് അൎഹതയില്ല. മദ്യവൎജ്ജനപ്രസ്ഥാനത്തോടു മനഃപൂൎവ്വമായ ആനുകൂല്യം കാണിക്കുന്നതിനു ഞാൻ ഗവർമ്മെൻറിനോടു വളരെ പ്രത്യേകമായി അഭ്യൎത്ഥന ചെയ്തുകൊള്ളുന്നു.

സർ, ജനപ്രതിനിധികളുടെ വ്യക്തപ്പെടുത്തിയ അഭിപ്രായത്തിനെതിരായി ഗവർമ്മെൻറ് മിക്കപ്പോഴും പെരുമാറിവരുന്നുവെന്നുകാണിക്കാൻ വേറൊരു ഉദാഹരണം കൂടി ഉണ്ട്. ഇപ്പോൾ നിയമിക്കപ്പെട്ട പുതിയ വിദ്യാഭ്യാസഡയറക്ടരുടെ ഉദ്യോഗനിയമനത്തെ പററി ചുരുക്കി പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ നിയമിതനായ ആളെപ്പററി ദോഷമായി പറയുന്നതായി ഒന്നും വിചാരിക്കരുത്. രാജ്യത്തിനു അനുയോജ്യമായ വിധത്തിൽ വിദ്യാഭ്യാസം ശരിപ്പെടുത്തി പോരുന്നതിനായി ഒരു ഇൻഡ്യാക്കാരനായ ഒരാളെ ഡയറക്ടർ ഉദ്യോഗത്തിൽ നിയമിക്കേണ്ടതാണെന്നു ഒരു ഉപക്ഷേപം ഉണ്ടായിരുന്നിട്ടുള്ളതും അതു ഈ സഭ സ്വീകരിച്ചിട്ടുള്ളതും ആണ്. സന്ദൎഭം വരുമ്പോൾ ഒരു ഇൻഡ്യനെതന്നെ നിയമിക്കേണ്ടതിനെപ്പററി ഗവർമ്മെൻറ് ആലോചിക്കുന്നതാണെന്ന് വ്യക്തപ്പെടുത്തിവരുക പറഞ്ഞിട്ടുണ്ട്. എന്നാൽ അതിനെ നിരാകരിച്ചു ഒരു ഇൻഡ്യൻഅല്ലാത്ത ആളെ നിയമിച്ചിരിക്കുന്നു. ഈ വിധം പ്രവൃത്തി ഗവർമ്മെൻറു തുടൎന്നുകൊണ്ടിരിക്കുന്നു എന്നുള്ളതിനു മററു സംഗതികളും പറയാനുണ്ട്. മെഡിക്കൽ സൎവീസ് അഡ്മിനിസ്ട്രേറീവ് ബോൎഡിനെ ഒരു സംഗതിയായി ചൂണ്ടികാണിക്കാം. മെഡിക്കൽ സൎവീസസ് അഡ്മിനിസ്ട്രേറീവ് ബോൎഡിനെ നിൎത്തൽ ചെയ്യുന്നതിനായി ഞങ്ങൾ വീണ്ടും വീണ്ടും നിൎബ്ബന്ധിച്ചുകൊണ്ടിരിക്കെ ഇപ്പോൾ നാം കാണാൻ ഇടവരുന്നത് പൊതുജനാഭിപ്രായത്തിനു വിരോധമായി ആയുൎവേദ ഡിപ്പാൎട്ടുമെൻറിനുകൂടിയും ഒരു അഡ്മിനിസ്ട്രേറീവ് ബോൎഡു സൃഷ്ടിക്കാൻ പോകുന്നു എന്നുള്ളതാണു. ഇതുകൊണ്ടു വിചാരിക്കേണ്ടതു ഒരുത്തനു ഒരു കാൎയ്യം സാധിക്കണമെന്നുവരുകിൽ, അതിന്നനേരെ മറിച്ചുള്ളതു ചോദിച്ചാൽ മതിയാകുമെന്നാണു, അങ്ങിനെയാണു ഇവിടത്തെ ഇപ്പോഴത്തെ കാൎയ്യങ്ങളുടെ കിടപ്പു. ഈ കൌൺസിലിൽ പാസാക്കിയ അനവധി പ്രമേയങ്ങളുടെ സ്ഥിതിനോക്കിയാൽ, അവ പാഴ്ക്കുട്ടയിൽ തള്ളപ്പെട്ടുപോയിരുന്നു ഇവിടെ പലപ്പോഴും ചൂണ്ടികാണിച്ചിട്ടുണ്ട്. അവയെപ്പററി വിസ്തരിപ്പാൻ ഞാൻ വിചാരിക്കുന്നില്ല.

ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ ഒരുകാൎയ്യം വളരെ പ്രധാനമായി കിടക്കുന്നതായി ഞങ്ങൾ ധരിക്കുന്നു. പൊതു ഗുണം നോക്കിയല്ലാ ആൾ ആരാണ് എന്നു നോക്കിയാണ് അധികമായി പ്രവൃത്തിക്കുന്നത്. പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പായി ഒന്നു രണ്ടു സംഗതികൾ പറയാം. പൊലീസ് കമ്മീഷണരുടെ പെൎസണൽ അസിസ്റ്റൻറിന്റെ നിയമനം ഒരു വിശേഷ സംഭവം പോലെയിരിക്കുന്നു. ആ ഉദ്യോഗം സൃഷ്ടിക്കുന്നതായും

ശുപാർശയും അതിൻെറ അനുവാദവും, ആ ജോലിക്കു നിയമിക്കേണ്ട ആളെ ശുപാർശ ചെയ്യലും, അതു് അനുവദിച്ചുവന്നതും, ഉത്തരവുകളും പാസ്സാക്കലും[?] എല്ലാം ഒരൊററ ദിവസംകൊണ്ടു കഴിഞ്ഞു. ഈ സഭയിൽ വച്ചു ഞാൻ ചോദിച്ച ചോദ്യത്തിൻെറ മറുപടികൊണ്ടു ഇതെല്ലാം സമ്മതിച്ചു കഴിഞ്ഞു. കാരണം ഡി. എസ്സ്. പി. ജോലി ആക്ടുചെയ്തുവന്ന ഒരു എ. എസ്സ്. പി. അന്നേ ദിവസം ആക്ടിംഗ് ജോലി വിടേണ്ടതായിട്ടു വന്നു. അതിനാലാണ് കമ്മിഷണർ ആഫീസ്സിൽ ഒരു പുതിയ ഉദ്യോഗം സൃഷ്ടിച്ചതു. ഉന്നതസ്ഥാനങ്ങളുള്ള ആളുകളുമായിട്ടു ബന്ധപ്പെട്ട ഒരാൾക്കു വേണ്ടിയാണു ഇത്രയും ചെയ്തതു എന്നു കാണുന്നു.

ഇതിനിടെ തന്നെ നിയമവിരുദ്ധമായി കമ്മിഷണരെ നിയമിക്കയുണ്ടായി. ഈ സഭതന്നെ പലപ്പോഴും ഇനിമേലക്കു ഒരു ഹൈക്കോടതി ജഡ്ജിയെ നിയമിക്കണമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു. അതനുസരിച്ചു ഗവണ്മെൻറു ബഡ്ജററിൽ ഒരു ഹൈക്കോടതി ജഡ്ജിയെ കമ്മിഷണർ ആക്കുന്നതിനു ചിലവു പ്രസ്താവിച്ചിട്ടുമുണ്ടു. ഇദ്ദേഹത്തെ താമസിപ്പിച്ചുവച്ചു കൊണ്ടിരുന്നതിനുശേഷം ഒരു ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞുപോയ ആളെ നിയമിക്കയും ചെയ്തു. ഇപ്പോൾ നിയമിക്കപ്പെട്ട ആളെപ്പററി ദൂഷ്യമായി യാതൊന്നും തന്നെ ഞാൻ പറയുന്നില്ല. യാതൊരു വിധത്തിലും അദ്ദേഹം ഈ ജോലിക്കു അപ്രാപ്തിയുള്ള ആളല്ല. എന്നാൽ നിർണ്ണയപ്പെട്ടതി[?] പറയുന്നതു ഈ ജോലിക്കു ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞ ആളെ നിയമിക്കണമെന്നു ഗവണ്മെൻറു വിചാരിച്ച തത്വത്തെപ്പററിയാണു. ഈ ഉദ്യോഗസ്ഥനു അസിസ്റ്റൻറായി ഒരു സെക്രട്ടറി വേണമെന്നും തീർച്ചപ്പെടുത്തുകയുണ്ടായി. എന്നാൽ സമയം വന്നപ്പോൾ ഒരു അസിസ്റ്റൻറു കമ്മിഷണരെ നിയമിക്കയാണു ചെയ്തതു. ആ അസിസ്റ്റൻറു കമ്മിഷണരെ കുറെ കഴിഞ്ഞപ്പോൾ വേറൊരു ജോലിക്കു തൽക്കാലത്തേക്കു നിയമിക്കയും ആ കാലത്തേക്കു ഇതിലേക്കു ഒരു സെക്രട്ടറിയെ നിയമിക്കയും ചെയ്തു. അസിസ്റ്റൻറു കമ്മിഷണർ തൽക്കാലജോലിയിൽ നിന്നും തിരികെ വരുമ്പോൾ ഗവണ്മെൻറു എന്തു ചെയ്യുമെന്നു ഇനികാണേണ്ടതായിരിക്കുന്നു.

ആരംഭംതൊട്ടുള്ള പ്രവൃത്തികൾ സക്കാർ സർവീസിനെ മലിനപ്പെടുത്തുന്നതായി ഒരു ഉദാഹരണം കൂടി ഞാൻ പറയാം. കാളേജിലുള്ള ഒരു ഉദ്യോഗത്തിനു രണ്ടുപേർ അപേക്ഷിക്കയുണ്ടായി. ഒരാൾ ഒരു റോമൻകത്തോലിക്കനും മററയാൾ ഒരു ബ്രാഹ്മണനും ആയിരുന്നു. ബ്രാഹ്മണനെ നിയമിക്കയുണ്ടായി. ഒരു മെമ്പരോടു ഈ ബ്രാഹ്മണനു സ്വല്പ ബന്ധമുണ്ടായിരുന്നു. കാര്യം അതോടുകൂടി തീർന്നെങ്കിൽ കുററം പറയാനില്ലെന്നു പറയാം. എന്നാൽ റോമൻകത്തോലിക്കർ തങ്ങളുടെ ഒരു ജാതിക്കാരനു കിട്ടേണ്ടതായ ഒരു ഉദ്യോഗം കിട്ടിയില്ലെന്നു ക്ഷോഭമുണ്ടാക്കി. അതിൻെറ ഫലമായി കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഈ തെററിനെ പരിഹരിക്കണമെന്നുള്ളതിൽ ഗവണ്മെൻറു ഒരു വലിയ ന്യായം ചെയ്യാൻ നിശ്ചയിച്ചുവച്ചു. ഒരു മജിസ്ട്രേട്ടു ഒഴിവുണ്ടാകയും അതിനു ഒരു സെക്രട്ടറിയേററുക്ലാർക്കിനെ നിയമിക്കയും ചെയ്തു. നിയമിക്കപ്പെട്ട ഗൃഹസ്ഥൻ നിയമിക്കപ്പെടേണ്ടതായവരിൽ ...-ാമനോ ...-ാമനോ ആണ്. ആ പേരിൽ പലർക്കും കൂടുതൽ സർവീസും കൂടുതൽ പരീക്ഷാവിജയവും ഇരിക്കെ അവരുടെ അവകാശത്തെ വിസ്മരിച്ചു ഈ ക്ലാർക്കിനെ നിയമിക്കയുണ്ടായി. ആ ക്ലാർക്ക് ഒരു റോമൻകത്തോലിക്കനാണെന്നുള്ളതു ശരിതന്നെ. എന്നാൽ ആ സമുദായക്കാരായി[?] സർവീസിൽ അതുപോലെ പ്രാതിനിധ്യം ഇല്ലാതെ വളരെ വേറെ ആളുകൾ ഉണ്ടായിരുന്നു. ഇതിൻെറ ഫലം സെക്രട്ടറിയേററിൽ വളരെ ഇച്ഛാഭംഗവും ഉണ്ടാക്കിതീർത്തു. ഇതിനു കാരണമാക്കിയില്ലെങ്കിൽ ഇതിനെ ഞാൻ ഇവിടെ നിശ്ചയമായിട്ടും പ്രസ്താപിക്കയില്ലായിരുന്നു. ഈ ആശാസ്യമല്ലാത്ത[?] പ്രവൃത്തി മററുകാര്യങ്ങളിലും കാണപ്പെടുന്നുണ്ട്. അതുകൊണ്ടു ഈവിധം മനഃസ്ഥിതിയെ കളയണമെന്നു ഗവണ്മെൻറിനോടു നിർബന്ധപൂർവമായി പ്രാർത്ഥിക്കയും പ്രവൃത്തികളെല്ലാം പൊതുനന്മയെ ആസ്പദമാക്കിവേണമെന്നു അപേക്ഷിക്കയും ചെയ്യുന്നു. ഈ വാക്കുകളോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇന്നത്തെ വാദപ്രതിവാദം ആദ്യമായി ആരംഭിച്ചപ്പോൾ പണ്ഡിറ്റ് നായർ[?] ആ മെമ്പർ സൂചിപ്പിച്ചതുപോലെ എനിക്കും ഈ കൃത്യാന്തരത്തെ നിർവഹിക്കുന്നതിൽ അതികഠിനമായ ഒരു ജാഗ്രത[?] തോന്നുന്നുണ്ട്. കാരണം കഴിഞ്ഞ ആറുകൊല്ലത്തെ കൌൺസിലുമായിട്ടുള്ള പഴക്കം ഇപ്പോഴത്തെ സ്ഥിതിക്കു ഈ കൌൺസിൽകൊണ്ടു യാതൊരു പ്രയോജനവും ഇല്ലെന്നു എൻെറ മനസ്സിൽ തന്നെയല്ല പൊതുജനങ്ങളുടെ മനസ്സിലും ഉളവാക്കി[?] തോന്നിച്ചിരിക്കുന്നു. സർ, ഇതു എനിക്കുതന്നെ തോന്നീട്ടുള്ള ഒരു അഭിപ്രായമല്ല. ഈ സ്ഥാപനം ചെയ്തുവരുന്ന ജോലിയെപ്പററി പൊതുജനങ്ങൾക്കു ഉള്ള അഭിപ്രായം തന്നെയാണ്. ഈ സഭയിൽ പാസാക്കുന്ന പ്രമേയങ്ങൾ ഗവണ്മെൻറിനെ ബന്ധിക്കുന്നില്ലെന്നു കാണുന്ന സ്ഥിതിക്കു ഈ സഭയെപ്പററിയുള്ള മതിപ്പു കുറവുതന്നെയാണ്. അസൌകര്യമായ ചോദ്യങ്ങൾ ചോദിച്ചാൽ മറുപടികൾ കിട്ടാൻ വളരെ പ്രയാസംതന്നെയാണ്. ബഡ്ജററു വാദപ്രതിവാദം ആരംഭിച്ച മെമ്പർ പറഞ്ഞതുപോലെ ഈ കഴിഞ്ഞ ആറുകൊല്ലത്തിനിടക്കു പ്രമേയങ്ങൾ പാസാക്കിയവയിൽ മലയാളംസ്കൂൾ[?] അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനയെ സംബന്ധിച്ചതൊഴിച്ചു ഏതെങ്കിലും ഒന്നിനെ നടപ്പിൽ വരുത്തിയതായി ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുന്നതിനു ഗവണ്മെൻറിനു സാധിക്കുന്നതാണോ? ഞാൻ പറഞ്ഞതിൻെറ വാസ്തവത്തെ മനസ്സിലാക്കണമെങ്കിൽ കൌൺസിൽ ചോദ്യങ്ങളുടെ ഗതിയെപ്പററി എൻെറ ചോദ്യത്തെ വിസമ്മതിച്ചു കിട്ടിയ മറുപടിയെ[?] ഉദാഹരണമായി പറയാം. ചോദ്യം ഇതാണ്.

പ്രസിഡൻറ്: വിസമ്മതിക്കപ്പെട്ട ചോദ്യത്തെപ്പററി സംസാരിക്കുന്നതു ക്രമമായ നടപടിയല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യങ്ങൾ ചോദിക്കുന്നതു കൌൺസിലിൽ ഈ മാതിരിയുള്ള ആളുകളുടെ അവകാശമാണ്. അതു ഗവണ്മെൻറിൻെറ പ്രവൃത്തികളെ മനസ്സിലാക്കുന്നതിലേക്കാണ്. എന്നാൽ സർ, അസൌകര്യമായി തോന്നുന്ന ചോദ്യങ്ങൾക്കു സമ്മതം തരാതെയിരിക്കയോ വിചാരിച്ച ഉത്തരം കിട്ടാതെയോ വരുന്ന സ്ഥിതിക്കു ഈ സഭയുടെ പ്രവൃത്തി ഒരു ചൈനാക്കാരൻ പറഞ്ഞതുപോലെ ആയിരുന്നു. "മെമ്പറന്മാർ കണിശമായി ഹാജർ കൊടുക്കുന്നു. അവർ ഇരുന്നപടി അവരുടെ സ്ഥാനങ്ങളിൽ ഇരിക്കുന്നു. വേണ്ടുവോളം സംസാരിക്കുന്നു. എന്നാൽ കാര്യം ഒന്നുംതന്നെ ഫലപ്പെട്ടുകാണുന്നില്ല" ഇതിൻെറ ഫലമായിട്ടു ഞാൻ മനസ്സിലാക്കുന്നതു് എന്നെപ്പോലെയുള്ളവർക്കു ഗവണ്മെൻറിനോടു ചേർന്നു ജോലിചെയ്യുവാൻ സാധിക്കുന്നകാലം വളരെ അകന്നിരിക്കുന്നു എന്നാണ്. ഈ സ്ഥാപനത്തെപ്പററിയുള്ള രാജ്യത്തെ അഭിപ്രായം ഈ വിധമാണ്.

ബഡ്ജററിലേക്കു പ്രവേശിക്കുമ്പോൾ ആദ്യമായിട്ടു പറയാനുള്ളതു് അടുത്ത ബഡ്ജററുകൊല്ലത്തേക്കു ഗവണ്മെൻറു ചെയ്യേണ്ട പ്രവൃത്തികളെ വെളിപ്പായിട്ടും ഭംഗിയായിട്ടും വിവരിച്ചുപറഞ്ഞ ഫിനാൻഷ്യൽസെക്രട്ടറിയെ അനുമോദിക്കേണ്ട കാര്യമാണ്. എന്നാൽ ബഡ്ജററിൽനിന്നു മനസ്സിലാക്കാവുന്നതു് സിക്രട്ടറിയേററു അ

ഉദ്ദേശത്തിൽ എഴുതിവച്ചു കൊടുത്ത വിവരങ്ങളുടെ ചുരുക്കമോ അദ്ദേഹം വളരെ നിഷ്കർഷയോടുകൂടി അനുകരിച്ചിട്ടുണ്ടെന്നാണു അദ്ദേഹം പറഞ്ഞത്. ഞാൻ ഏറെയപൂർവമായിട്ടു ചോദിക്കുന്ന ചോദ്യം ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുചെയ്ത അദ്ദേഹത്തിന്റെ പ്രസംഗം ഗുണപ്പെട്ടതാണെന്നു വിചാരിക്കുന്ന രാജ്യത്തിലെ ജനങ്ങളുടേയോ ആരോ ആർക്കുവേണ്ടിയോ ആത്മഘാതിയായ ഉന്നതമായ ഭരണം നടത്തുന്നവരോ അവരുടെയോ മനസ്സിലോ എന്തെങ്കിലും അഭിപ്രായം ജനിപ്പിച്ചിട്ടുണ്ടോ എന്നാണ്. ഞാൻ കണക്കുകളൊക്കെ വെടിപ്പായി പരിശോധിച്ചതിൽ അവയിൽനിന്നു കാണുന്നത്, എല്ലാ ചൈതന്യം കാണിക്കേണ്ട ഡിപ്പാർട്ടുമെന്റിലും പ്രത്യേകിച്ചു രാഷ്ട്രീയാഭിവൃദ്ധിക്കുതകുന്ന എല്ലാ ഡിപ്പാർട്ടുമെന്റിലും ഒരു സങ്കടകരമായ അവസ്ഥയാണ്. ബഡ്ജറ്റിനെ ഒരു സൂക്ഷ്മപരിശോധന ചെയ്താൽ ഒരു മനസ്സാക്ഷിയുള്ള മനുഷ്യന് ബഡ്ജറ്റിന്റെ കള്ളി-കണക്കുകളുടെ പുറകിലായി ക്ഷീണിച്ചും പട്ടിണികിടക്കുന്നതുമായ തിരുവിതാംകൂറിന്റെ സ്ഥിതി ഒളിച്ചുകിടക്കുന്നതായി കാണാം.

സർ, സംസ്ഥാനത്തെ മുതലെടുപ്പു ശരിയായി ഭരിച്ചുവരുന്നതായി കാണുന്നില്ല. തിരുവിതാംകൂറിൽ മുതലെടുപ്പു ചോർന്നുപോകുന്നതിനെ നിർത്തൽചെയ്യുന്നതിനു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. മുതൽ ചോർന്നുപോകുന്നതായിട്ടു ഗവണ്മെന്റിനുതന്നെ ബോദ്ധ്യമായിട്ടുണ്ട്. ഗവണ്മെന്റ് ഒരു കമ്മിററിയെ നിയമിക്കുകയും അതു ൧൧൨൩-ൽ തന്നെ തിരുവിതാംകൂറിലുള്ള വരവുകണക്കിനെ പരിശോധിക്കുന്നതിനു ഒരു ഏജൻസി വേണമെന്നു ഒരു ശുപാർശചെയ്യുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും നടത്തിയിട്ടില്ല. കമ്മിററികളുടെ റിപ്പോർട്ടുകളെപ്പററി ഈവിധമാണ് ചെയ്തുവരുന്നത്.

ഈ കൊല്ലത്തെ പുതുക്കിയ അടങ്കൽപ്രകാരം ൧൮൨ ലക്ഷം വരുന്ന കസ്റ്റംസിലെ പിരിവു മിക്കതും ഇറക്കുമതിതീരുവ ഇനത്തിലുള്ളതാണ്. അടുത്തകൊല്ലത്തെ ബഡ്ജറ്റ് അടങ്കലിനെക്കൊണ്ടു കാണുന്നതു ആദായനികുതിയിൽ ൦.൭൭ ലക്ഷം നികുതി കുറവുണ്ടാകുമെന്നാണ്. രാജ്യത്തു കച്ചവടത്തിന്റെയും തൊഴിലിന്റെയും കുറവിനെ ഇതു സൂചിപ്പിക്കുന്നു. ഈ കച്ചവടക്കുറവു ഈ കൊല്ലത്തിൽമാത്രം കാണുന്ന ഒരു ഭേദമല്ല. എന്നാൽ ൧൧൨൩-ൽ തന്നെ അതു മനസ്സിലാക്കുകയുണ്ടായി. ഇറക്കുമതിതീരുവയിൽ ഈ കച്ചവടക്കുറവു നമുക്കു ഭേദമായ ഉണ്ടാക്കിയിട്ടില്ലെന്നു കാണുന്നു എങ്കിലും പ്രത്യക്ഷത്തിൽ അറിയാവുന്ന ഒരു കാര്യം തിരുവിതാംകൂറിലുള്ള സാമാനങ്ങൾക്ക് ൧൧൨൭, ൧൧൨൮, ൧൧൨൯ ഈ വർഷങ്ങളിലെ സാമാനങ്ങൾക്കുള്ളതിൽ പകുതി വിലമാത്രമേ കിട്ടിയിട്ടുള്ളു എന്നതാണ്. ഇതിന്റെ ഫലമായി രാജ്യത്തു പണത്തിന്റെ ക്ഷാമം വളരെയുണ്ടെന്നു കാണുന്നു. കൃഷിവ്യവസായംസംബന്ധിച്ചുള്ള എല്ലാതൊഴിലും ആകപ്പാടെ നിരുത്തിവയ്ക്കേണ്ടതായ ഒരു സ്ഥിതി വന്നു എന്നും അതിന്റെ ഫലമായി ദാരിദ്ര്യം നാട്ടൊട്ടുക്കു പടർന്നു ഭൂമിക്കും കൂലിവേലക്കും മൂലധനത്തിനും ദോഷം വന്നിട്ടുണ്ടെന്നും കാണാം. തുടരെ തുടരെ ഞങ്ങൾ നമ്മുടെ സാമാനങ്ങളെ ഉടനടി വില്ക്കുന്നതിനു ഏജന്റന്മാരെ ആക്കുന്നതിനു ഗവണ്മെന്റിനോടപേക്ഷിച്ചിട്ടുണ്ട്. ഈ പ്രാർത്ഥനകൊണ്ടു യാതൊരു ഫലവുമില്ലാതെ വരുകയും രാജ്യത്തിൽ ഗവണ്മെന്റിന്റെ അനാസ്ഥകൊണ്ടുള്ള ഫലം അനുഭവിക്കേണ്ടിവരുകയും ചെയ്തിരിക്കുന്നു.

ഈ കൊല്ലത്തെ തിരുവനന്തപുരം-ചെങ്കോട്ട റെയിൽവേയിലെ ഒരു ലക്ഷം ബഡ്ജറ്റാദായം കാണിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടത്തിപ്പിൽ ൧,൯൯൦ രൂപായോളം നഷ്ടം വരുത്തിയിട്ടുണ്ട്. ഇതോടു സംബന്ധിച്ചു തെങ്കാശി വിരുദുനഗർ ലൈൻ തുടങ്ങിയപ്പോൾ അതു തിരുവനന്തപുരം-ചെങ്കോട്ട ലൈനിനു ക്ഷേമമായിത്തീരുമെന്ന് ചൂണ്ടിക്കാണിക്കയുണ്ടായി, വിചാരിച്ചതു ഇവിടെ സംഭവിച്ചു. അതിലേക്ക് ഗവണ്മെന്റു തന്നെയാണ് ഉത്തരവാദി. ഇന്റർപോർട്ടൽ കൺവെൻഷനെ ഭേദപ്പെടുത്താൻ സാധിച്ചെങ്കിൽ അര കോടിരൂപാവരെയെങ്കിലും നമുക്ക് കൂടുതൽ കിട്ടുമായിരുന്നു. കടഞ്ഞുതു ഇപ്പോൾതന്നെ ആരംഭിച്ചു കഴിയേണ്ടതും ഇതിനെ പലപ്പോഴും പ്രസ്താവിക്കാൻ ഇടവന്നിട്ടും അതിൽ ഗവണ്മെന്റു യാതൊന്നും പ്രവർത്തിച്ചു കാണുന്നില്ലാത്തതുമാകുന്നു. തക്കലയിലുള്ള പഞ്ചസാര കമ്പനിയിൽ ഗവണ്മെന്റിനു വളരെ ഓഹരികൾ ഉണ്ടായിരിക്കയും ദുർഭരണം ഹേതുവാൽ ആ ശാല നിഷ്ഫലമാക്കുകയും ചെയ്തു. സർ, ഇതുകളിൽ പല്ല അത്ഭുതമുണ്ടെങ്കിൽ അതു സംസ്ഥാനത്തെ വരവു മുതലുകൾ ദുർഭരണം ചെയ്തുവരുന്നു എന്നുള്ളതാണ്. ഒരു അലസതയുള്ള ഗവണ്മെന്റിനു എത്രയും സുഖമായിട്ടുള്ള ഒരു കാര്യം എന്തെന്നാൽ എല്ലാ ക്ലേശങ്ങളെയും നീക്കിവച്ചു ഉള്ള വരവു മുതലിനെ എല്ലാം ഇല്ലാതാക്കി അതിനെ ചെലവു ചെയ്തുകൊണ്ടിരിക്കുന്നതു തന്നെയാണ്. നമ്മുടെ ധനസ്ഥിതിയുടെ വേറൊരു ദുഃഖകരമായ സ്ഥിതി വളരെ പേർ ചീത്തയെന്നു പറയുന്ന ഒരു ആദായത്തെ ആശ്രയിച്ചിരിക്കുന്ന ഗവണ്മെന്റിനുള്ള വരവാണ്. ഗവണ്മെന്റിന്റെ അഭിപ്രായപ്രകാരം ഗവണ്മെന്റാണ് മദ്യവർജനത്തിൽ മുമ്പന്മാരായി നിൽക്കുന്നതു എന്നാണ്. എന്നാൽ വാക്കുകളെക്കാൾ പ്രവൃത്തിക്കാണ് പ്രാധാന്യം. ന്യായമായി ആവശ്യപ്പെടുന്നവരുടെ ഗുണത്തിനായിട്ട് എന്നു പറഞ്ഞു അബ്കാരി ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികൾ രാജ്യത്തു മദ്യപാനം വർദ്ധിപ്പിച്ചുവരുന്നതും കഴിഞ്ഞ ൫ കൊല്ലത്തെ അവരുടെ മനഃപൂർവമായി മദ്യവർജനത്തിനുള്ള ജോലി അബ്കാരിയിലും കറുപ്പിലും നിന്നുള്ള നികുതി ൧൧൨൪-ൽ ൨൩ ലക്ഷത്തിൽ നിന്നും ൧൧൨൭-ൽ ൪൦ ലക്ഷമായിട്ടാണ് ആക്കിക്കൊണ്ടു വന്നിട്ടുള്ളത്. ൧൧൨൮-ലെ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ റിപ്പോർട്ടിൽ കഞ്ചാവും ചാരായവും ഉപയോഗിക്കുന്നതിലും കള്ളിനായി ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണത്തിലും മുൻകൊല്ലങ്ങളിലെ പോലെ കൂടുതലായിട്ടാണ് കാണുന്നത്. ചാരായം ഉപയോഗിക്കുന്നതിൽ ൧൮൨൭ ഗ്യാലൺ കൂടുതലും കഞ്ചാവിൽ ൩൬൭൦ സീയർ കൂടുതലും കാണുന്നുണ്ട്. കള്ളുചെത്തുന്ന വൃക്ഷങ്ങൾ ൩൬൧൭ തെങ്ങുകളും ൩൭൫ പനകളും ൧൧൮൬ ചൂണ്ടപ്പനകളും കൂടുതലാക്കി ൧൧൨൮-ൽ വർദ്ധിപ്പിച്ചു. ഇപ്പോഴും കൂടിക്കൊണ്ടിരിക്കുന്ന മദ്യപാനത്തിന്റെ വർദ്ധനയെ ലാക്കാക്കി ഗവണ്മെന്റും അബ്കാരികരാറ്റ് ഇനത്തിൽ ൨ ലക്ഷത്തോളം ആദായം അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിട്ടുണ്ട്. എന്നാൽ എന്തോചില കാര്യങ്ങൾ നടന്നതായിട്ടും ഇപ്പോഴും നടക്കുന്നതായിട്ടും അവർക്കറിഞ്ഞുകൂടയോ? അടുത്തകാലത്തു വളരെ ദോഷമുണ്ടാകുമെന്നും അതിൽവച്ച് ഈ ഇനത്തിൽ വളരെ നഷ്ടമുണ്ടാകുമെന്നും അതിനാൽ ഈ കാര്യത്തിലെങ്കിലും ഗവണ്മെന്റ് രാജ്യാഭിമാനത്തോടു കൂടി പ്രവൃത്തിക്കണമെന്നും അവർക്കു മനസ്സിലായിട്ടില്ലേ? കൊല്ലം, കോട്ടയം, ചേർത്തല മുതലായ സ്ഥലങ്ങളിൽ പ്രയോഗിച്ചുവരുന്ന ഇപ്പോഴത്തെ ടെൻഡർ നയം കൊണ്ട്

അത്ഥമാക്കേണ്ടതു് ഗവണ്മെൻറ ഈ ഇനത്തിൽ ഒരു കാശുപോലും നഷ്ടപ്പെടാൻ മനസ്സില്ലെന്നുള്ള ഒരു മനസ്ഥിതിയിലാണെന്നാണ് യോഗ്യന്മാരായ പൗരന്മാരെയും മദ്യവർജന പ്രചാരതല്പരന്മാരെയും അറസ്റ്റ്ചെയ്തു വിലങ്ങുവച്ച് റോഡിൽ കൂടി കൊണ്ടുപോകുന്നു. അവർ കൊലപാതകികളോ എന്നു തോന്നുമാറു് അവർക്ക് ജാമ്യം കൂടി അനുവദിക്കുന്നില്ല.

പ്രസിഡൻറ്: ഒരു നിയമ കോടതിയിൽ വിചാരണയിലിരിക്കുന്ന ഒരു കാര്യത്തെപ്പററി നിങ്ങൾ സംസാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കേസ്സിൻെറ സാരാംശത്തെപ്പററിയോ അവരെ ചാർജ്ജ് ചെയ്തതിനേപ്പററിയോ ഞാൻ യാതൊന്നും പറയുന്നില്ല. നിയമകോടതിയിൽ വിചാരണയിൽ കിടപ്പില്ലാത്ത കാര്യങ്ങളെപ്പററി മാത്രമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നതു്. അവരെ പബ്ലിക്ക് റോഡിൽക്കൂടി നടത്തിക്കൊണ്ടു പോയെന്നുള്ളതു് ഒരു കോടതിയിൽ വിചാരണയിലിരിക്കുന്ന ഒരു കാര്യമല്ല, തടയപ്പെട്ട കാര്യങ്ങളിൽ ഞാൻ പ്രവേശിക്കുന്നില്ല. ഗവണ്മെൻറിൻെറ മദ്യനയത്തെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ആ മദ്യനയം സംസ്ഥാനത്തെ സമാധാന രഹിതമാക്കുമെന്നും മാത്രമേ എനിക്കു പറയാനൊള്ളു. ഗവണ്മെൻറിനോടുള്ള എൻെറ ഏക അപേക്ഷ ബ്രിട്ടീഷ് ഇൻഡ്യയിലുള്ള എല്ലാ കലാപങ്ങളും നമ്മുടെ സമാധാനമുള്ള തിരുവിതാംകൂറിലേക്ക് കേററിക്കൊണ്ടുവരാൻ ഇടവരുത്തരുതെന്നുള്ളതു മാത്രമാണ്.

എൻെറ അടുത്ത ചോദ്യം ഈ ബഡ്ജററിന് അടിസ്ഥാനമായ തത്വം എന്തെന്നാണ്. ഭൂരിപക്ഷ ഭൂരിസുഖത്തെ ആസ്പദമാക്കി വേണം ബഡ്ജററിനെ രൂപീകരിക്കേണ്ടതു്. ഈ ചൊല്ല് ജനോപകാരത്തെ ആസ്പദമാക്കിയ തത്വജ്ഞാനമെന്നിരുന്നാലും അതിനെ ലോകം അംഗീകരിച്ചിരിക്കുന്നു. ഈ ബഡ്ജററു ഭൂരിപക്ഷ ഭൂരിസുഖത്തെ പുലത്തുന്നുണ്ടോ? ഒരിക്കലും ഇല്ലെന്നു ഞാൻ വ്യക്തപ്പെടുത്തി പറയുന്നു. പട്ടിണി കിടക്കുന്ന ജനങ്ങളുടെ ദാരിദ്ര്യത്തെയും കഷ്ടതയേയും വർദ്ധിപ്പിച്ചുവരുന്ന ഗവണ്മെൻറിൻെറ എക്സൈസ് നയത്തെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി നാട്ടുംപുറത്തുള്ള ജനങ്ങളുടെ സുഖത്തെ നന്നാക്കുന്നതായ എന്തെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോയെന്നു പരിശോധിക്കാം, അതോടുകൂടി ഗതാഗത സൌകര്യം കൃഷിസേചനം പൊതുജനാരോഗ്യസ്ഥിതി ഇവയെപ്പററി പറയാം. ൧൯൨൯ ഫെബ്രുവരി ൨൩-നു ശ്രീമൂലം തിരുനാൾ മഹാരാജാവു കൊടുത്ത വിരുന്നു സൽക്കാര സമയത്തു വൈസറായി ഇർവിൻപ്രഭു ഇപ്രകാരം പ്രസംഗിച്ചു "തിരുമേനിയുടെ രാജ്യഭരണവൈഭവത്തിൻെറ ഫലം ഇപ്പോൾ വ്യക്തപ്പെട്ടുകഴിഞ്ഞു. നിങ്ങളുടെ സംസ്ഥാനത്തു അനവധി പ്രചാരമേറിയ കൃഷിസേചനവേലകൾ ചെയ്തു വച്ചിട്ടുണ്ട്. അവ, റിപ്പോർട്ടിൽ ഭംഗിയായി ഉദ്ധരിച്ചപോലെ കൃഷിയെ ആധാരമാക്കിയ ഒരു സംസ്ഥാനത്തെ ഉത്തമവും സുരക്ഷിതവും ആയ മുതൽമുടക്കായി കണക്കാക്കാവുന്നതാണ്" ൧൧൦൦-നു ശേഷം ഈ കർഷക വൃത്തിയുള്ള സംസ്ഥാനത്തു് കൃഷിക്കുള്ള ജലസംഭരണ വേലകൾ പടിപടിയായി ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതേയുള്ളു. ൧൧൦൧-മുതൽ ൧൧൦൯-വരെയുള്ള കൊല്ലങ്ങൾക്ക് ബഡ്ജററിൽ കൃഷിക്കുള്ള ജലസംഭരണ വേലക്കായി വച്ചിട്ടുള്ള തുക ഉദ്ദേശം ൨൭/൧ ലക്ഷം മാത്രമേവരുന്നുള്ളൂ, എന്നാൽ ൧൧൦൦-ൽ ഗവണ്മെൻറ ൨,൧൯ ലക്ഷം മാത്രമേ ചിലവു ചെയ്തിട്ടുള്ളു; ൧൧൦൧-ൽ ൨,൦൭ ലക്ഷം ൧൧൦൨-ൽ ൧,൭൨ ലക്ഷം; ൧൧൦൩-ൽ ൯ ലക്ഷം ൧൧൦൪-ൽ ൧,൩൨ ലക്ഷം ൧൧൦൫-ൽ ൧,൪൫ ലക്ഷം; ൯൨ ലക്ഷം; ഇങ്ങനെ ജലസംഭരണവേല പടിപടിയായി കുറഞ്ഞുവരുന്നതു് കാണാവുന്നതാണ്. ൧൧൦൪-ൽ ഗതാഗതത്തിനു് ൪൦,൩൯ ലക്ഷം ബഡ്ജററിൽ നീക്കിവച്ചിരുന്ന തുകയിൽ ഡിപ്പാർട്ടുമെൻറിന് ൩൯ ൪൫ മാത്രമേ ചിലവുചെയ്യാൻ സാധിച്ചൊള്ളു. ൧൧൦൫-ൽ ബഡ്ജററിൽ കൊള്ളിച്ച തുക ൩൯,൩൪-ലക്ഷമാണ്. എന്നാൽ ഡിപ്പാർട്ടുമെൻറ് ചിലവാക്കിയതു് ൩൯,൦൫-മാത്രമേയുള്ളു. പൊതു മരാമത്തു ഡിപ്പാർട്ടുമെൻറിലെ ഇക്കൊല്ലത്തെ ബഡ്ജററ് ഒരു വിശേഷതരത്തിലുള്ളതാകുന്നു് മനസ്സിലാക്കേണ്ടതാണ്, കാരണം ബഹുമാനപ്പെട്ട ദിവാൻജിയായി അവർകളുടെ സന്ദർശനമാണ്. ൧൧൦൭-ലേക്ക് ൩൮,൨൨-ലക്ഷം ചിലവിനു് ബഡ്ജററു് അനുവദിച്ചിരിക്കുന്നു, ഇങ്ങനെ നോക്കുന്നപക്ഷം ഗതാഗത സൌകര്യങ്ങളെ സംബന്ധിച്ചും നയം യഥാസ്ഥിതിൽ എന്നു തന്നെയല്ല പിൻഗതിയായിട്ടുള്ള ഒന്നാണെന്നു് സർ, നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്, സംസ്ഥാനത്തെ പൊതുജനാരോഗ്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ കുററകരമായ ഉപേക്ഷയെ സഭയെ മനസ്സിലാക്കുന്നതിനു് സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ ഭരണറിപ്പോർട്ടിൽ കുറെ വാചകങ്ങൾ ഞാൻ പറഞ്ഞാൽ മാത്രം മതിയാകുന്നതാണ്. അവയെ സംബന്ധിച്ചുള്ള കണക്കുകളുടെ വലുതായ വ്യത്യാസംകൊണ്ടു് സാനിട്ടറി കമ്മീഷണർ ഇപ്രകാരം പറയുന്നു, "ഇപ്പോൾ കിട്ടിയ കണക്കുകളെക്കൊണ്ടു് പൊതു ജനാരോഗ്യത്തെ നിർണ്ണയിക്കുന്നതിനു് ഒട്ടും മതിയാകുന്നതല്ല" ജനനമരണകണക്കുകൾ ഇതു പോലെ വഴിതെററിക്കുന്നതാണ്. അതിനാൽ നമുക്ക് പൊതുജനാരോഗ്യത്തെ കുറിച്ച് ശരിയായിട്ടുള്ള കണക്കില്ല. ൧൧൦൪-ൽ സംസ്ഥാനത്തു് ൨ ഭാഗങ്ങളിലായി വിഷൂചിക ഭയങ്കരമായി പിടിപെടുകയും അതു മൂലം ൧൧൨ ജനങ്ങൾ മരിച്ചുപോകയും ചെയ്തു. ഈ മഹാമാരിയെ തടുക്കുന്നതിനായി ഉപയോഗിച്ച ഉദ്യമങ്ങളെപ്പററി കമ്മീഷണർ ൧൧൦൨-ലെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"വിഷൂചികയെ തടുത്തുനിറുത്താൻ ഇപ്പോൾ ചെയ്തുവരുന്ന മാർഗ്ഗങ്ങൾ മിക്കവാറും പുരാതനങ്ങളും ശാസ്ത്രീയമല്ലാത്തതും രോഗം രക്ഷകിട്ടാൻ നിവൃത്തിയില്ലാത്ത നിലയിൽ എത്തുന്ന സമയത്തു് ഏതെങ്കിലും നിവാരണത്തിനു അശക്തങ്ങളും ആകുന്നു. കുതിര മോഷണം പോയതിനുശേഷം ലായം ഭംഗിയായി സൂക്ഷിക്കുന്നപോലെ. രോഗം പിടിപെട്ട മരണം ധാരാളം ഉണ്ടായതിനുശേഷം നിവാരണ മാർഗ്ഗത്തെ ഉദ്ദേശിച്ച് വളരെ പണം ചിലവുചെയ്യേണ്ടിവന്നു.

പ്രസിഡൻറ്: നിങ്ങളുടെ സമയംതീൻ്റു.

മി: കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ) : സർ, നമ്മുടെ മുമ്പാകെ ഹാജരാക്കിയിരിക്കുന്ന ഇതു ബഡ്ജററു കൊണ്ടു് ഗവണ്മെൻറിൻെറ പ്രവൃത്തികൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും അടുത്തകൊല്ലത്തേക്കുള്ള പൊതു മുതൽ ചിലവിനെപ്പററി മുൻകൂട്ടി തീരുമാനിച്ചു വച്ചിട്ടുള്ള സമയത്തെപ്പററി പര്യാലോചിക്കുന്നതിനും കാരണമായിരിക്കുന്നു.

ബഡ്ജററു മൂലം കാണുന്ന രാജ്യത്തിലെ ധനസ്ഥിതിയെ പരിശോധിക്കുന്ന പക്ഷം അതിൽ ന്യൂനതയില്ലെന്നു പറവാൻ നിവൃത്തിയില്ല. ജനങ്ങളുടെ ക്ഷേമവും തുഷ്ടിയും അവരുടെ ധനസ്ഥിതിയെയാണ് ആശ്രയിച്ചിരിക്കുന്നത്. ഗവണ്മെന്റിനെ സംബന്ധിച്ചോ സാധാരണജനങ്ങളെ സംബന്ധിച്ചോ എല്ലാ മാനുഷിക കാര്യങ്ങളിലും അടിസ്ഥാനമായ ശക്തി നിശ്ചയമായും ധനസംബന്ധമായിട്ടുള്ളതാണ്. കർഷക പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്ന ഈ രാജ്യത്ത് ൭൫ ശതമാനം ജനങ്ങൾ കൃഷിക്കാരാണ്. അവരുടെ ജീവിതം ഭൂമികൊണ്ടാണ് എല്ലാ തൊഴിലിനെയും ആശ്രയിച്ചിരിക്കുന്ന ഭൂമി അവരുടെ രക്ഷാമാർഗ്ഗത്തിന് ഉതകുന്നതുമാണ്. ഒരു ഭൂസ്വത്ത് ജാമ്യബാങ്കിന്റെ ആവശ്യത്തെപ്പററി ജനപ്രതിനിധികൾ പല സന്ദർഭങ്ങളിലും അധികാരികളുടെ ശ്രദ്ധയെ വിശേഷിപ്പിച്ചിട്ടുണ്ട്; ഈ ഒരു നല്ല സ്ഥാപനത്തെ ഏർപ്പെടുത്തുന്നതിന് ഗവണ്മെന്റ എത്രമാത്രം സമയം എടുക്കുമെന്ന് ആർക്കും പറയാൻ നിവൃത്തിയില്ല.

൧൧൦൯-ലെ ഭരണറിപ്പോർട്ടിൽ ൨൯-ാമത്തെ വകുപ്പു കൃഷിവായ്പ ഇനത്തിൽ ൮൫൦ അപേക്ഷകൾക്കു ആകെ ഉണ്ടായിരുന്നതിൽ ൩൭൭ എണ്ണത്തിനുമാത്രം തീരുമാനമുണ്ടാക്കിയിട്ടുള്ളു എന്നു കാണാവുന്നതാണ്. ൩൦൨ അപേക്ഷകളിൽ ൧,൯൨,൩൮൭ രൂപയോളംവരുന്ന വായ്പ അനുവദിക്കുകയും ശേഷം ൩൭൫ അപേക്ഷകൾ തള്ളുകയും ചെയ്തിരിക്കുന്നു. ഇവയിൽ കന്നുകാലികളെ മേടിക്കുന്നതിനും വീടു പണിയിക്കുന്നതിനും മററുമുള്ള വായ്പകൾ ഉൾപ്പെട്ടിരിക്കുന്നു. നിലംകൃഷിചെയ്യുന്നവനുതന്നെ ഉദ്ദേശിച്ചിട്ടുള്ളതായ ഈ പണത്തെ ദുരുപയോഗം ചെയ്യുന്നതിൽ ഞാൻ ബലവിരോധിയാണ്. താൻ വാങ്ങിക്കുന്ന കടത്തിന് ൫ മുതൽ ൧൦ വരെ ശതമാനം പലിശകൊടുക്കുന്ന ഒരു കർഷകന് ഈ തരത്തിലുള്ള ഒരു വായ്പകൊണ്ട് പ്രതീക്ഷിക്കുന്ന ഗുണം സിദ്ധിക്കുന്നതല്ല. വീടുവയ്ക്കണമെന്നാഗ്രഹമുള്ളവന് ഒരു നല്ല വീടു വയ്ക്കുന്നതിനു അവനെ സഹായിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതല്ല. അതുപോലെ അധികാരികൾക്കും ഈ പണം ചിലവാകാത്ത ഇനത്തിൽ ആക്കിത്തീർക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളതുമല്ല. രാഷ്ട്രീയ ആദർശത്തോടുകൂടി ജനങ്ങളോടു ഉത്തരവാദിത്വമുള്ള ഒരു ഭരണംകൊണ്ടുമാത്രമേ ഈ അവസ്ഥക്ക് ഫലവത്തായ ഒരു നിവാരണമാർഗ്ഗം കാണാനിടയൊള്ളു. അതുകൊണ്ടാണ് ഞങ്ങൾ, ഗവണ്മെന്റിനെ എളുപ്പമാക്കിത്തീർക്കുന്നതായ പൊതുജനഹിതത്തിനനുസരണമായ ഒരു ഭരണസമിതി സംസ്ഥാനത്തു സ്ഥാപിച്ച് അതിന്റെ സഹായവും സഹകരണവും വേണമെന്ന് ബലമായും അത്യാശയോടും അധികാരസ്ഥാനത്തു അപേക്ഷിച്ചിട്ടുള്ളത്.

പ്രത്യേക നിബന്ധനകളോടുകൂടി ൧൭ വിദ്യാർത്ഥികൾക്ക കോളനിയിൽ ഒരു കുടിപാർപ്പു സംഘമായി താമസിക്കുന്നതിലേയ്ക്ക് മേൽപറഞ്ഞ അനുവദിക്കപ്പെട്ട കൃഷിവായ്പയിൽനിന്നാണ് പണം കൊടുത്തിട്ടുള്ളത്. ഈ ഇനത്തിലെ ൮,൫൦൦ രൂപാ കുറച്ചാൽ മുതലനമില്ലാതെ കഷ്ടപ്പെടുന്ന ഈ രാജ്യത്തെ കർഷകന്മാർക്ക ഈ തുക എത്രമാത്രമുണ്ടെന്നു മനസ്സിലാക്കുക.

രാജ്യഭരണത്തിന്റെ മറെറാരു ഉപയോഗമുള്ള ശാഖയായ ഡിപ്പാർട്ടുമെന്റിലേക്ക ൭,൨൫൭ രൂപയുടെ ആറു വ്യവസായ വായ്പകൾ ഉണ്ടായിട്ടുണ്ട്. നമുക്ക ഇവിടെ ധാരാളം ഉല്പന്ന സാമാനങ്ങൾ ഉണ്ട്. അവയെ കച്ചവടത്തിനു ഉപയോഗപ്രദമാക്കുന്നതിനു നമുക്ക് ധനം അത്യാവശ്യമാണ്. ഈ കാര്യത്തിൽ കുറച്ചുകൂടുതൽപണം അനുവദിച്ചതായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

ഈ രാജ്യത്തെ ഭാവിയിലുള്ള ധനപരിപോഷണമാർഗ്ഗം പകുതി കർഷകവൃത്തിയിലും വ്യവസായത്തിലും ആണെന്നു ഒരു പര്യാലോചകനു അറിയാവുന്നതാണ്. എല്ലാക്കൊല്ലവും ൪ കോടി മൂല്യത്തിനു നെല്ലു ഇറക്കുമതിചെയ്യുന്ന നമുക്ക് എത്രത്തോളം പണവും സമയവും ശ്രദ്ധയും കൃഷിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ചിലവുചെയ്താലും അതു അധികപ്പെടുന്നതല്ല.

ഭാവി പൌരന്മാരിൽ വ്യവസായവൃത്തിക്കുള്ള ഒരു അഭിരുചി വാസന ചെറുപ്പം മുതൽക്കേ ഉൽബോധിപ്പിക്കേണ്ടതും കർഷകവൃത്തിക്കാർക്ക എന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദീർഘകാലത്തെ വിശ്രമാവസരം ഫലപ്രദമാക്കിത്തീർക്കാൻ അവസരം നൽകേണ്ടതുമാണ്.

സർ, നമ്മുടെ രാജ്യത്തെ കച്ചവടത്തിലെ അധികഭാഗം തുക ൧൧൦൮-ൽ ആളൊന്നുക്ക് ൬-൧-൭ ആയിരുന്നു. എന്നാൽ ൧൧൦൯-ൽ ൫-൯ ആയിരുന്നു. നാളികേരത്തിന്റെ വില ഈ കൊല്ലത്തിൽ വളരെ ഇടിയുകയും അതുകൊണ്ടു ഉപജീവനം കഴിച്ചുവരുന്ന ജനങ്ങൾ വളരെ സങ്കടപ്പെടുകയുംചെയ്തു. ഈ രാജ്യത്തു ജനങ്ങൾ സർക്കാർകരം കൊടുക്കുന്നതിന് പ്രയാസം തോന്നി [വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. ബർമ്മാ മുതലായ മററു സ്ഥലങ്ങളിൽനിന്നും കണക്കില്ലാതെ അനിയന്ത്രിതമായി നെല്ല് ഇറക്കുമതിചെയ്യുന്നതുകൊണ്ടു അവർക്കുള്ള സ്വല്പം നെല്ലുകൂടി വില്ക്കുന്നതിന് സാധിക്കാതെവരുന്നു.

കുറെ കൊല്ലങ്ങൾക്കുമുമ്പ് യൂറോപ്പിൽ ഒരു മഹായുദ്ധമുണ്ടായി. അതിന്റെ ഫലമായി ലോകമൊട്ടുക്ക ധനസ്ഥിതിക്ക് വളരെ മാററങ്ങളുണ്ടായി. നമ്മുടെ ശാന്തമായിരുന്ന തിരുവിതാംകൂറിനും ആ ഉപദ്രവം അനുഭവിക്കേണ്ടിവന്നു. ആ ഘോരയുദ്ധത്തിൽ ഈ സഭയിലെ ഒന്നിലധികം മെമ്പറന്മാർ സാമർത്ഥ്യത്തോടെ പങ്കുകൊണ്ടിട്ടുണ്ട്. സന്ദർഭവശാൽ ഇപ്പോൾ ഈ സഭയുടെ അങ്ങേവശത്ത് സ്ഥാനംവഹിക്കുന്ന എന്റെ സ്നേഹിതൻ മി: ബിഷപ്പ് അക്കാലങ്ങളിൽ എന്റെ ഒരു കൂട്ടുജോലിക്കാരനായിരുന്നു. ആ മഹായുദ്ധത്തെ നാം ഇപ്പോൾ മിക്കവാറും മറന്നുപോയിരിക്കുന്നു. ധനസ്ഥിതിയിലെ മാററങ്ങൾ തീർന്നുപോയിട്ടില്ല. യുദ്ധകാലത്ത് ആഹാരസാധനങ്ങൾ കുറവായതുകൊണ്ട് ബർമ്മയിൽനിന്നും നമുക്ക് അവയെ വരുത്തേണ്ടിവന്നു. ആലപ്പുഴയിൽ സാമാനസംഭരണം ചെയ്തതിനെ സംബന്ധിച്ചു ചെയ്ത വലിയ ജോലിയെപ്പററി എന്റെ സ്നേഹിതൻ മി: ക്ലൂണ്ണുക്കാർ എന്നോടു പറഞ്ഞിട്ടുണ്ട്. അക്കാലത്തു ബർമ്മ നമുക്ക ഒരു ഉപകാരി ആയിരുന്നു.

എന്നാൽ ബർമ്മയിൽ അനവധി നെൽവിളയുന്ന ഭൂമിയുള്ളതുകൊണ്ടു ബർമ്മക്കാർക്ക് നെല്ലിൽ പ്രബലമായ കച്ചവടം ഉണ്ടായിരുന്നു. ഫ്രഞ്ചുകാക്ക്, കമ്പോഡിയാ, കൊച്ചിൻചൈനാ എന്ന പ്രദേശങ്ങളും ഉണ്ട്. അവരും ബർമ്മായെ അനുകരിക്കാൻ തുടങ്ങി. അതുപോലെ, ലോകമൊട്ടുക്ക് യുദ്ധത്തിൽപെട്ട എല്ലാ രാജ്യക്കാർക്കും ആവശ്യപ്പെട്ട ധാന്യം ഉണ്ടാകാനിടവന്നു. സമാധാനം ഉടമ്പടിക്കുശേഷം ഇവർക്കെല്ലാം ഒരു മാററംവരികയുണ്ടായി.

യൂറോപ്പിലുള്ള ജനങ്ങൾ പറഞ്ഞുതുടങ്ങി "നമ്മുടെ ആഹാരം നാംതന്നെ ഉണ്ടാക്കണം"; അതുകൊണ്ട് അവരുടെ ശ്രദ്ധ കൃഷിയിലേക്കു കൂടി ആകർഷിക്കപ്പെടുകയുണ്ടായി. ധാന്യ ഉടമസ്ഥന്മാർക്ക് യൂറോപ്പിൽ കച്ചവടം കുറഞ്ഞുതുടങ്ങി. തരമുള്ളേടത്തെല്ലാം അവർ സാമാനം ഇറക്കിത്തുടങ്ങി. അതുതന്നെയാണ് ഇപ്പോൾ തിരുവിതാംകൂറിൽ കണ്ടുവരുന്നതും നമ്മുടെ നെൽകൃഷി നിന്നുപോകയും ധാന്യ ഉടമസ്ഥന്മാർ ഈവിധമുള്ള അന്യരാജ്യമത്സരംകൊണ്ട് ഒന്നുമില്ലാതാകുമെന്ന് ഭയപ്പെടുകയും ചെയ്യുന്നു.

നെൽകൃഷിയുടെ അവസ്ഥയെപ്പററി അന്വേഷണം നടത്തുന്നതിനു ഒരു കമ്മിററിയെ സ്ഥാപിക്കാൻ ജനങ്ങൾ പ്രാർത്ഥിച്ചിട്ടുള്ളതായി നിങ്ങൾക്ക് അറിയാമല്ലോ. മുതലാളന്മാർക്കു സ്വേച്ഛയായി വസ്തു സമ്പാദിക്കുന്നതിനു ഇതു ഒരു തക്ക അവസരമാണെന്നു സർ, ഞാൻ നിശ്ചയമായും ബോദ്ധ്യപ്പെടുത്താം. സാമാന്യ ജനങ്ങളുടെയും ചില്ലറ വസ്തു ഉടമസ്ഥരുടെയും ഗുണത്തെ ഉദ്ദേശിച്ച് വസ്തു അന്യാധീനപ്പെടാൻ ഇടവരാതെ ഒരു നിയമം ഈ കൌൺസിലിൽ ഗവണ്മെൻറു ഉടനെ പാസ്സാക്കേണ്ട ആവശ്യമുള്ളതായിവന്നിരിക്കുന്നു. മേലാൽ കൃഷിവാസ്തുവേണ്ടിക്കിൽ ഉപദേശിച്ചുകൊടുക്കുന്നതിനു ഒരു ബോർഡു സ്ഥാപിക്കേണ്ടതും സാക്ഷാൽ കൃഷിക്കാർക്കു വേണ്ടിവരുന്ന ആവശ്യങ്ങളെ നിറവേററാൻ കൂടുതൽ സംഖ്യയെ അവരെ ഏൽപ്പിക്കേണ്ടതും ഒന്നുകൂടി അത്യാവശ്യമായിട്ടുള്ളതാണ്.

ഇൻഡ്യയിലെ കർഷകാഭിവൃദ്ധിയെ പററിയുള്ള രാജകീയ കമ്മിഷൻ അഭിപ്രായപ്പെട്ടതിൽനിന്നും നാം മനസ്സിലാക്കുന്നതു് കൃഷിക്കാരെ നല്ല സ്ഥിതിയിലാക്കികൊണ്ടുവരാൻ പ്രധാനമായിട്ടുള്ളവയിൽ ഒന്ന് അവരെ ശുചീകരണരീതിയും അഭ്യസനരീതിയുംകൊണ്ടു വേണമെന്നാണ് റാക്ക്ഫെല്ലർ സ്ഥാപനത്തിൽനിന്നും ഈ രാജ്യത്തിനായി ലഭിച്ചുവരുന്ന വലുതായ ധനസഹായം ഉണ്ടായിട്ടും, ഈ ഗുണത്തിൽ ഉപ്പോൾ നിശ്ചയിച്ചിട്ടുള്ള തുകക്കുറവുകൊണ്ട് നാം ആ സ്ഥാപനത്തിൽനിന്നും ലഭിക്കാവുന്ന ഗുണം അനുഭവിക്കുന്നില്ലെന്നു ക്ലേശിക്കേണ്ടിയിരിക്കുന്നു. നാട്ടുംപുറത്തുള്ള ജനങ്ങളിൽ ഉത്തമമനേത്തിൻെറ ഗുണത്തിനു വേണ്ടിവരുന്ന തുകയെങ്കിലും അവിടത്തെ ശുചീകരണത്തിനായി ചിലവാക്കുന്നതിനു എന്തു മോക്ഷമാണുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

പ്രധാനമായി ശുചീകരണത്തിനായി രൺ കൺസർവൻസി സ്റ്റേഷൻ നമുക്കുണ്ടായിരുന്നു. എൻ മുൻസിപ്പാലിററിയിൽപെട്ട പ്രദേശം ച. മൈൽ ഒഴിവാക്കുന്നപക്ഷം സംസ്ഥാനത്തെ ശേഷം സ്ഥലങ്ങൾക്കു രൺ കൺസർവൻസിസ്റ്റേഷൻ മതിയെന്നായി കരുതേണ്ടിയിരിക്കുന്നു, അതായതു് ജനസംഖ്യകൊണ്ട് നൻ, രൻ, ന്നൂ എണ്ണംവരുന്ന ഉൾനാട്ടുകാർക്ക് രൺ കൺസർവൻസി സ്റ്റേഷൻമാത്രമുണ്ട്. താമസിയാതെ അരഡസൻ കൺസർവൻസി സ്റ്റേഷൻകൂടി തൽക്കാലമായി സ്ഥാപിക്കുവാൻ പോകുന്നതായി അറിയുന്നു. എന്നാൽ എൻെറ ചോദ്യം ഇതുകൊണ്ടു ആളുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യത്തിനു മതിയാകുമോ യെന്നാണ്?

പിന്നെയും പറയാനുള്ളതു് രാജ്യത്തിൻെറ അന്തർഭാഗത്തു സ്ഥിതിചെയ്യുന്ന സാമാന്യജനതയുടെ രക്ഷക്കായി പൊതുജനാരോഗ്യ ഡിപ്പാർട്ടുമെൻറ് ജോലികളേററു നടത്തണം എന്നാണ് ഒന്നുമില്ലെങ്കിലും ഓരോകൊല്ലവും സംസ്ഥാനത്തെ ഓരോ റവന്യൂഡിവിഷനിലും നാലു പകുതികൾ തിരഞ്ഞെടുത്തു് അവിടെ ആരോഗ്യപ്രദമായ ശുചീകരണം പൂർത്തിയായി നടത്തണം. പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറു സ്ഥാപിച്ചിട്ട് ഒരു പന്ത്രണ്ടുകൊല്ലത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുക്കെ അറിവും, രക്ഷാമാർഗ്ഗവും, ചികിത്സാസൗകര്യവും പ്രചരിപ്പിക്കണമെന്നുണ്ടെങ്കിൽ ഈ ഒരു മാർഗ്ഗംകൊണ്ടു മാത്രമേ സാധിക്കയുള്ളു. ജനങ്ങളുടെ ഇടയ്ക്കു ശുചീകരണത്തെപ്പററി ഒരു ഉണർവ് വരുത്തേണ്ടതു അത്യാവശ്യവു, അതു് ഇടക്കാലത്തു ചെയ്യുവന്ന വല്ലപ്പോഴും ഉള്ള പ്രസംഗംകൊണ്ടു മതിയാകാത്തതും, സുസ്ഥിരമായും ഫലപ്രദമായുംഉള്ള അറിവു പ്രദാനം ചെയ്യുന്നതിനു മായാദീപമൊരുക്കിയ പ്രസംഗങ്ങളും ആരോഗ്യപ്രദർശനങ്ങളും നാട്ടിൻെറ മുക്കിലും മൂലയിലും ഏർപ്പാടുചെയ്യേണ്ടതും ആരോഗ്യം, ശുചീകരണം ഇവയെപററി പ്രാഥമിക അറിവു പ്രദാനം ചെയ്യാത്ത യാതൊരു സ്കൂളും സംസ്ഥാനത്തു പാടില്ലെന്നും വ്യവസ്ഥ ചെയ്യേണ്ടതുമാണ്. ആദ്യം മനസ്സിൽ പതിയുന്നതു അവസാനംവരെ നിലനിൽക്കുന്നതാണ്. അതുകൊണ്ടു ഭാവിപൌരന്മാരാകേണ്ടതായ കുട്ടികൾക്കു കാലേതന്നെ പാഠങ്ങൾ വശമാക്കേണ്ടതു ആവശ്യവും ബുദ്ധിപൂർവ്വകവും ആണ്.

പൊതു ജനങ്ങൾക്കുവേണ്ടി സ്കൂളുകളിൽ പ്രസംഗങ്ങൾ നടത്താവുന്നതും താലൂക്കു കമ്മററിയുടെ അധീനതയിൽ ആരോഗ്യപ്രദർശനം സ്കൂളുകളിൽവച്ചു നടത്താവുന്നതുമാണ്.

നാട്ടുംപുറത്തുള്ള ശുചീകരണത്തിനും ആരോഗ്യത്തിനും വേണ്ടി ഞാൻ ആവർത്തിച്ചു ആവശ്യമായിപറയുന്നതും ടൌണിനോടു പെരുമാറുന്നതു് പോലെതന്നെ നാട്ടും പുറത്തെ ഒഴിഞ്ഞ മൂലകളോടും പെരുമാറണമെന്നാണ്.

സർ, പ്രാതിനിധ്യസ്ഥാപനങ്ങളിൽപെട്ട ഗവണ്മെൻറു ലക്ഷ്യാധികാരത്തിൽ ഭേദഗതി നടത്തിപ്പോരുന്ന ഈ അനൌദ്യോഗസ്ഥഭൂരിപക്ഷമുള്ളതുമായ ഈ സഭക്കു ജനങ്ങളോടും അവരുടെ പ്രതിനിധികളോടും ഒരു പ്രത്യേക ചുമതലയും ഉത്തരവാദിത്വവും ഉണ്ട്. മെഡിക്കൽ രേണബോർഡു നിർത്തൽ ചെയ്യുന്നതിനെ സംബന്ധിച്ചു ഈ സഭയിൽ ശക്തിമത്തായ വാദപ്രതിവാദമുണ്ടാകുകയും വാദപ്രതിവാദത്തിനു ശേഷം ഈ സഭയിൽ ഒരു നിശ്ചയം പാസാക്കുകയും ചെയ്തതിൽനിന്നും അതു ഗവണ്മെൻറു അംഗീകരിച്ചു പ്രവൃത്തിക്കുമെന്നും ആശിക്കാൻ വകയുള്ളതായി നിങ്ങൾക്കറിയാം. ജനങ്ങൾക്കു ഗുണമുള്ളതായി ഞങ്ങൾ വിചാരിച്ചു മററു പല പ്രമേയങ്ങളും ഇവിടെ പ്രതിവാദിക്കപ്പെട്ടു പാസാക്കപ്പെടുകയുണ്ടായി. ഈ പ്രാതിനിധ്യ സ്ഥാപനങ്ങളുടെ തീരുമാനങ്ങളെ അഗണ്യമാക്കുന്നതു ഗവണ്മെൻറിനു ഒട്ടുംതന്നെ യോജിക്കാത്തതാണ്.

ആയുർവേദ ഡിപ്പാർട്ടുമെൻറിനും മെഡിക്കൽ ബോർഡുപോലെയുള്ള ഒരു ബോർഡു ഭരണം ലഭിക്കാൻ പോകുന്നു. ഇതിൻെറ മുഖ്യമുള്ള ജോലിക്കു ഭാരമേറിയതിനാൽ ആവിശ്യ് ഒരു ബോർഡിൻെറ സഹായം ആവശ്യമുണ്ടോ?

പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു ഒരു റോഡ് ബോർഡു തോന്നി, എങ്കിൽ റവന്യൂ ഡിപ്പാർട്ടുമെൻറും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറിൻെറ ഈ മാതിരിയിലുള്ള പ്രവൃത്തിയിൽ പെടാത്തു എന്തുകൊണ്ടാണ്?

സർ, എക്സൈസ് ഭരണത്തിന്റെ നയം എക്സൈസ് കമ്മിഷണറുടെ വാക്കിൽ തന്നെ മദ്യം ഉപയോഗിക്കുന്നവർക്ക് അതു കിട്ടാൻ കൂടുതൽ പ്രയാസമാക്കിത്തീർക്കുക എന്നുള്ളതാണ്. മദ്യഷാപ്പുകളുടെ എണ്ണം കുറക്കുക, മദ്യത്തിന്മേലുള്ള തീരുവ കൂട്ടുക, മുതലായ ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചിട്ടുള്ള ഉദ്ദേശ്യപൂർത്തിക്കുള്ള നയങ്ങൾകൊണ്ട് മദ്യം ഉപയോഗിക്കുന്നതിൽ കുറവു വരുത്താനുള്ള മാർഗ്ഗങ്ങളാണ് ഇതൊക്കെ. ഉണ്ടായിട്ടും എക്സൈസ് റവന്യൂ വർദ്ധിച്ചുകൂടുതലായിട്ടാണ് നാം കണ്ടുവരുന്നത്. മദ്യഷാപ്പുകളുടെ എണ്ണം എത്ര കുറയുമെന്നോ അവ ജനങ്ങളുടെ എത്രയോ പാടിൽ നിന്ന് എത്ര അകലത്തിൽ സ്ഥാപിക്കുന്നോ അത്രയും ഡിപ്പാർട്ടുമെന്റിന്റെ ആദായം കൂടി വരുന്നതായിട്ടാണ് ഞാൻ വ്യസനത്തോടുകൂടി പറയുന്നത്. ഈ ഇനത്തിൽ ശരിക്കുള്ള കുറവുണ്ടാക്കാൻ നാം ആലോചിക്കുന്ന ഈ സമയത്തിൽ കാണേണ്ടതാണ് കള്ളുകുടി തീരെ നിർത്തലാക്കണമെന്നുള്ള ജനങ്ങളുടെ തീവ്രമായ ആഗ്രഹം. ഗവണ്മെന്റ് ഇപ്പോൾ മനസിലാക്കിയിരിക്കണം. മദ്രാസിൽ ഈയിടെ ചെയ്തതുപോലെ കള്ളുകുടി ദോഷത്തെ പരിഹരിക്കാൻ ഏർപ്പെട്ട ചില സംഘക്കാർക്ക് കുറെ പണം നീക്കിവച്ച് ഏല്പിച്ചുകൊടുത്താൽ നന്നായിരിക്കും.

സർ, ഗതാഗതത്തിനുള്ള ഈ ഗ്രാന്റിൽ നീക്കിവച്ചിട്ടുള്ള വമ്പിച്ച തുക കൊണ്ട് ഒട്ടും തന്നെ ഗുണം അനുഭവിക്കാൻ ഇടവരാത്ത ഒരു താലൂക്കിൽ നിന്നാണ് ഞാൻ മെമ്പറായി വന്നിരിക്കുന്നത്. ആലപ്പുഴ മുതൽ ചങ്ങനാശേരി വരെ ഒരു തോടുവെട്ടി കിട്ടണമെന്ന് ഇരുപത്തഞ്ചു കൊല്ലമായി ഞങ്ങൾ അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇടക്കിടെ, അതിനെ വെട്ടി അതുമുഴുവനാക്കാതെ നിർത്തിവിടുകയാണ്. കൃഷിപ്രധാനമായ കുട്ടനാട്ടിലെ രണ്ടു പ്രധാനസ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ജോലിയെ സംബന്ധിച്ചു ശ്രദ്ധപതിയണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഇൻഡ്യയിലെ ഒരു നാട്ടുരാജ്യത്തിന്റെ പ്രധാന മന്ത്രിയുടെ വാക്കുകൾ തന്നെ എടുത്തു പറയുകയാണെങ്കിൽ "സ്ഥാപനങ്ങളുടെ ആവശ്യങ്ങളെ നോക്കിയാൽ സുഖവും അസുഖവും ഉള്ള ഭാഗങ്ങളുണ്ട്" എന്നാണ്. രാജ്യത്തുണ്ടായ പടർന്നു പിടിച്ചിരിക്കുന്ന സാമ്പത്തികാധഃപതനത്തെ ഓരോ പത്രം പ്രചരിപ്പിക്കുന്നപക്ഷം മേൽപറഞ്ഞ അഭിപ്രായത്തോടുകൂടി "ശോകപര്യവസായി" കൂടിയാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. ചുമതലപ്പെട്ട മെമ്പർ ഹാജരാക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച് ഞങ്ങളുടെ പ്രതീക്ഷകളെല്ലാം തെറ്റിപ്പോയിരുന്നു. നമ്മുടെ ബഡ്ജറ്റിലും ഈ ഭാവഭേദങ്ങളും കാണുന്നുണ്ട്. അസുഖമായിട്ടുള്ളതല്ലാതെ അധികം ഇവിടെ കാണുന്നത്. എന്നാൽ സങ്കടകരമായ അവസ്ഥയാണ് പിൻഭാഗത്തു കാണുന്നത്.

മിക്ക ഡിപ്പാർട്ടുമെന്റുകളിലും ചിലവുഅധികമായിട്ടുണ്ട്. ഭരണത്തിന്റെ ഉയർന്ന പടിയിൽ ചിലവു അധികമായിട്ടു ഏറ്റവും കാണാവുന്നതാണ്.

ഭരണം നടത്തുന്നതിനുള്ള ചിലവു ക്രമത്തിലധികമായിരിക്കുന്നുവെന്നു ബഡ്ജറ്റു നോക്കിയാൽ അറിയാം. ൧൩,൩൩,൫൦൦ രൂപാ വരവുള്ള വനംഡിപ്പാർട്ടുമെന്റിൽ-൮,൩൦,൧൫൩ രൂപാ ചിലവുണ്ട്. ൧,൮൯,൫൦൦ രൂപാ വരവുള്ള ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിനു ൧൧,൫൭,൩൫൪ രൂപാ ചിലവു ചെയ്യേണ്ടതായിട്ടുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റു അതിന്റെ വരവിൽ ൧/൩ നടത്തിപ്പിനായി ചിലവിടുന്നു.

ലോകത്തിൽ എവിടെയെങ്കിലുമുള്ള രാജ്യഭരണത്തിൽ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിന്റെ വരവിൽ നാലിലൊന്നോ മൂന്നിലൊന്നോ, പകുതിയോ തുക ആ ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിന് ചിലവു ചെയ്യുന്നതായിട്ടു കാണുന്നതു വളരെ സംശയകരമായിട്ടുള്ളതാകുന്നു. ഈ വക ഡിപ്പാർട്ടുമെന്റിലെ ചിലവുവെട്ടി കുറക്കേണ്ടതു അത്യാവശ്യമാണ്.

ഇങ്ങിനെയൊക്കെയിരുന്നാലും മിക്കവാറും ഗവണ്മെന്റു ധർമ്മമായി അംഗീകരിച്ചിരിക്കുന്ന മുൻഗതിയെ ഉദ്ദേശിച്ച് ഞാൻ ഗവണ്മെന്റിനെ അനുമോദിച്ചുകൊള്ളുന്നു. വിദ്യാഭ്യാസം, പൊതുമരാമത്തു മുതലായ ഡിപ്പാർട്ടുമെന്റുകളോടു ഔദാര്യമായി പെരുമാറിയിട്ടുണ്ട്. എന്നാൽ നാട്ടിലെ ധനം ചെലവിപ്പിച്ചു കൊണ്ടുപോരുന്ന രാജ്യവാസികളുടെ സുഖദുഃഖത്തെപ്പറ്റി ഗവണ്മെന്റ് വിസ്മരിക്കാതിരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ വളരെക്ഷാമം പിടിച്ച കാലത്ത് ഫിനാൻഷ്യൽ സിക്രട്ടറിക്കു കാര്യം നിർവഹിച്ചു പോകുന്നതിനു വളരെ പ്രയാസമുണ്ടെന്ന് എനിക്കറിയാം. ജനങ്ങളുടെ കഷ്ടതകൾ ഗവണ്മെന്റിനും തട്ടുന്നതാണ്. നമ്മുടെ ജനങ്ങൾക്കു ഇതുപോലെ കഷ്ടതയുള്ള ഒരു ദുർഘടകാലം കണ്ടിട്ടില്ല.

വളരെ സമൃദ്ധിയുള്ള കൊല്ലങ്ങൾ നമുക്കുണ്ടായികഴിഞ്ഞാൽ അതിനെ തുടർന്നു ക്ഷാമപരവശമായ കൊല്ലങ്ങളും നാം അനുഭവിക്കേണ്ടിവരുമെന്ന് വിവരമുള്ള വളരെപേർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഫറോവായുടെ സ്വപ്നംപോലെ ഈ പ്രശ്നവും ശരിപ്പെടുന്നപക്ഷം സർ, ഞങ്ങൾ ആവശ്യപ്പെടുന്നത് ജനങ്ങൾക്കുവേണ്ടി എന്തു ചെയ്യാൻ കഴിയുമെന്ന് പണ്ട് ജോസഫ ഈജിപ്തിലെജനങ്ങൾക്കുവേണ്ടി ചെയ്തതുപോലെ ഞങ്ങളുടെ രാജാവിനോടും ഉപദേശിച്ചുരക്ഷചെയ്യണം എന്നാണ്. ഭൂകമ്പം നടക്കുന്ന സംഭവങ്ങളെപ്പറ്റി മനസ്സിൽ ആർദ്രതതോന്നാത്തതായ മരം കൊണ്ടോ ഇരുമ്പുകൊണ്ടോ മറ്റോ ഉള്ളതായ ഒരു സാധനമല്ല ഗവണ്മെന്റ് എന്ന് തെളിയേണ്ട കാര്യം. ഈ ഘട്ടം ആപത്തുകൂടാതെ കഴിഞ്ഞുകൂടി വേഗം രാജ്യത്തിന് ഐശ്വര്യം ഉണ്ടാകുമെന്ന് നമുക്കാശിക്കാം. നമ്മുടെ രമണീയമായ രാജ്യത്തു കൃഷി കച്ചവടം വ്യവസായം മുതലായവ വേണ്ടുവോളം വർദ്ധിച്ചു രാജ്യത്തെ ധനസ്ഥിതി വിചാരിച്ച പടിയിൽ എത്തുമെന്നും നമുക്കാശിക്കാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, നിയമസഭമെമ്പറന്മാർക്ക് സംസാരിക്കുന്നതിനു മാത്രമുള്ളതും എന്നാൽ പ്രവൃത്തിരൂപത്തിൽ ആക്കുന്നതിനു വകയില്ലാത്തതുമായ ഒരു നാടകരംഗം മാത്രമാണെന്ന് എന്റെ എല്ലാ സ്നേഹിതന്മാരും ബലമായി പറകയുണ്ടായി. എന്റെ മുൻഗാമികൾ പറഞ്ഞ എല്ലാ അഭിപ്രായവും ഞാൻ ശരിവച്ചുകൊള്ളുന്നു. ൧൧൦൯-ലെ ബഡ്ജറ്റുകൊണ്ട് വ ലക്ഷവും ൧൦൯൫ രൂപായും മിച്ചമായികാണുന്നു. ൧൧൦൮-ലെ മിച്ചം കാണിച്ച ബഡ്ജറ്റു ചിലവഴിച്ചതു നോക്കുന്നതായാൽ ഇതിനെപ്പറ്റി നിരൂപണം ചെയ്യേണ്ടതൊരാവശ്യവുമില്ല. ൧൧൦൮-ലെ മിച്ചംവന്ന ബഡ്ജറ്റിനടയായതു ഗവണ്മെന്റിന് ധനം വ്യയം ചെയ്യുന്നതിലും പണം കൊടുക്കുന്നതിലും ഇഷ്ടംപോലെ ഇനം തിരിച്ചുമാറുന്നതിലും ഉള്ള അസാധാരണ അധികാരം കൊണ്ടുവന്നിട്ടുള്ളതാണ്. ഈ അധികാരം ഗവണ്മെന്റി

നില്ലാതിരുന്നെങ്കിൽ ശരിയായവണ്ണം ബഡ്ജററിനെ മിച്ചംവന്ന ബഡ്ജററാക്കുന്നതിനോ മിച്ചം വന്നതിനെ മറിച്ചാക്കുന്നതിനോ സാധിക്കയില്ലായിരുന്നു. ൧൦൮൯-ം ൧൦൯൦-ം കൊല്ലങ്ങളിൽ വ്യവസ്ഥപ്പെടുത്തിയിരുന്നതുകൂടാതെ ചിലവാകാതെ വന്നതു് ൧൦൯൧-ലേക്ക ചേർത്തതായി പല ഉദാഹരണങ്ങളും ഉണ്ടു്. ചിലവിടേണ്ട കാര്യങ്ങൾക്ക ഒരു കമ്മിററിയെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു പലപ്പോഴും ഈ സഭയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. നാളിതുവരെ യാതൊന്നും അതിലേക്ക് ചെയ്തതായി കാണാത്തതിൽ ഞങ്ങൾ മനസ്താപിക്കുന്നു. വിദ്യാഭ്യാസത്തിനുവേണ്ടി ബഡ്ജററിൽ ചേർത്തിട്ടുള്ള തുകയെ നോക്കുന്നപക്ഷം അടുത്തകൊല്ലത്തേക്ക നല്ലതായ ഒരു തുക തിരിച്ചുവച്ചിരിക്കുന്നു. തിരിച്ചുവച്ചതുക എല്ലാക്കൊല്ലവും ചിലവുചെയ്തിരുന്നെങ്കിൽ ഓരോ കൊല്ലവും ഇപ്പോൾ ചെയ്യുംപോലെ ഒരു അധികതുക തിരിച്ചുവക്കേണ്ട ആവശ്യം നേരിടുകയില്ലായിരുന്നു. നമ്മുടെ ചിലവു കൊല്ലംപ്രതി വർദ്ധിച്ചുവരുന്നു. ൧൦൮൯-ലെ ആദായം നിങ്ങൾ നോക്കുന്നതായാൽ [illegible] ലക്ഷം രൂപയോളം വരുന്നതായും നമ്മുടെ ചിലവു ൨൨൭,൭൯ ലക്ഷവുമായി കാണാവുന്നതാണു്. അതുകൊണ്ടു് ൧൦൮൯-ൽ വന്ന മിച്ചത്തിൽ ചിലതിനം മിച്ചങ്ങളായി ൧൦൯൧-ൽ വരവു് ൧൦൯൦-ലെക്കാളും കുറവും ചിലവു് കൂടുതലുമാണു്. നാം ൧൦൯൨-ൽ എത്തിയപ്പോൾ ൧൦൯൦-ൽ ചിലവു ചെയ്തതിൽനിന്നു ൨൦ ലക്ഷത്തിലധികമായിട്ടു ചിലവുചെയ്യേണ്ടിവരുന്നു. വരവുതന്നെ ൧൦൮൯-ം ൧൦൯൦-ം കൊല്ലങ്ങളെക്കാൾ വളരെ താണും വന്നിരിക്കുന്നു. ഇങ്ങനെയിരിക്കെ ഈ കണക്കിനു് നമ്മുടെ വരവു് സ്ഥിരനിലയിൽ ഇരുന്നാൽ നമ്മുടെ ചിലവു വകകൾ എങ്ങനെ ശരിപ്പെടുത്തും. ഈ കൊല്ലത്തെയും കഴിഞ്ഞ കൊല്ലത്തെയും ചിലവിൽ അധികഭാഗവും കൂറ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതൽ കൊണ്ടുവന്നിട്ടുള്ളതാണു്. സംസ്ഥാനത്തെ താഴ്ന്നശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിൽ ഞങ്ങൾക്ക പരാതിയില്ല. സംസ്ഥാനത്തു ചില ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽ അനാവശ്യ ചിലവുണ്ടാക്കുന്നതിനെപ്പററി ആവലാതിയുണ്ടു്. ത്രാണിയുള്ള യോഗ്യന്മാർ സർവീസിൽ ഇരിക്കെ ഗവണ്മെൻറ പെൻഷൻപററിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൻെറ അർത്ഥം മനസ്സിലാകുന്നില്ല. പെൻഷൻപററിയ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു വലിയ ഉദ്യോഗത്തിൽ നിയമിക്കുന്നതായാൽ, താഴ്ന്നപടിയിൽ ജോലിചെയ്യുന്നവരുടെ ഉയർച്ചക്കു് അതു ബാധകവും തൊഴിലില്ലായ്മക്കാരെ പുതുതായി നിയമിക്കുന്നതിന പ്രയാസവും ഉണ്ടാകുന്നതാണു്. ജനങ്ങളുടെ പണം ചെലവുചെയ്തു് തൊഴിലില്ലായ്മക്കമ്മററിയെ നിയമിച്ചു് അവരുടെ റിപ്പോർട്ടുകൾ തയ്യാറാക്കി ഉടനടി അവരുടെ ശുപാർശക്ക വിരുദ്ധമായി പ്രവൃത്തിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ആവശ്യമുള്ള നിയമനങ്ങൾ കുറഞ്ഞചിലവിലും കൂടുതൽ ഗുണകരവുമായ വിധത്തിൽ നിർവഹിക്കാൻ സാധിക്കുമ്പോൾ കൂടുതൽ ചിലവു വരുന്നമാർഗ്ഗങ്ങളുടെ ആവശ്യമെന്താണു്. സഭയുടെ അഭിപ്രായം ഒരു ഇൻഡ്യനെ വിദ്യാഭ്യാസഡയറക്ടറായി നിയമിക്കണമെന്നായിരുന്നു. ഗവണ്മെൻറു് അതിനെ വകവയ്ക്കാതെ ഈ സഭയിലെ പ്രതിനിധികളേയും അവരെ തിരഞ്ഞെടുത്ത ജനങ്ങളേയും ധിക്കരിച്ചു. സ്വന്ത അഭിപ്രായം പറയുകയാണെങ്കിൽ ഇപ്പോഴത്തെ വിദ്യാഭ്യാസഡയറക്ടരോടു് എനിക്കു യാതൊരുവിരോധമോ വെറുപ്പോ ഇല്ല. നേരെമറിച്ചു് ഈ സഭയിലുള്ള മററുള്ളവരോടും ഉള്ളതുപോലെ ഉള്ള ബഹുമാനം അദ്ദേഹത്തോടും ഉണ്ടു്. തല്ക്കാലം സ്വീകരിച്ചുനോക്കുമ്പോൾ ഈ സഭയുടെ ശുപാർശയെ ഗവണ്മെൻറു് തള്ളിക്കളഞ്ഞതു് ന്യായവും യോഗ്യവും അന്തസ്സും ഉള്ള പ്രവൃത്തിയാണോ? ഇതുപോലെ ശുപാർശകളെപ്പററി ഗവണ്മെൻറു പ്രവൃത്തിക്കുന്നപക്ഷം ഞാൻ ചോദിക്കുന്നതു് ആണ്ടുതോറും അതിനെ വച്ചുനടത്തുന്നതിനായി വളരെ പണം ചിലവുചെയ്തു് ഈ സഭയെ ഈ സമ്പ്രദായത്തിൽ വച്ചുകൊണ്ടിരിക്കുന്നതിൻെറ ആവശ്യമെന്താണെന്നാണു്. വെളിയിലുള്ളവർക്കു് പരസ്യപ്പെടുത്തിക്കാണിക്കാൻ ഉള്ള ഒന്നാണെന്നുള്ള പക്ഷം അതു നമുക്കു് ധാരാളം കിട്ടികഴിഞ്ഞിട്ടുള്ളതും ഈ സംസ്ഥാനത്തു് ഇതിനെ ഇങ്ങനെ വച്ചുകൊണ്ടിരിക്കാതെ ഉടനടി നിർത്തൽചെയ്യണമെന്നു് ഞാൻ നിർബന്ധിക്കുന്നതും ആണു്. ഇവയെല്ലാംകൊണ്ടു് അനുമാനിക്കേണ്ടതു് ഗവണ്മെൻറ ജനഹിതത്തിനോടു് ഒട്ടുംതന്നെ ഉത്തരബോധമില്ലെന്നാണു്. പോലീസ്ഡിപ്പാർട്ടുമെൻറിലെ ഉയിന്നസ്ഥാനത്തു് ഏതാനും ഉദ്യോഗങ്ങൾ തീരെ അനാവശ്യമെന്നു് തിരുവിതാംകൂറിലെ ജനങ്ങളുടെ വളരെക്കാലം മുമ്പു് മുതലുള്ള പരാതിയുണ്ടു്. എൻെറ സ്നേഹിതന്മാരിൽ ചിലർ പ്രസ്താവിച്ചതുപോലെ പൊതുജനാഭിപ്രായം ഇങ്ങനെ ഇരിക്കെ പോലീസ് കമ്മീഷണരുടെ ഒരു പേഴ്സനൽ അസിസ്റ്റൻറിനെ നിയമിക്കണമെന്നു് ഗവണ്മെൻറു് നിശ്ചയിച്ചു. ഇപ്രകാരം നിയമനങ്ങൾ നടത്തുന്നതായാൽ ജനങ്ങളുടെ ഗുണത്തിനല്ല ഏതാനും ചില ആളുകളുടെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമേ ഗവണ്മെൻറു് പ്രവർത്തിക്കുന്നുള്ളു എന്നു് ഞങ്ങൾ വിചാരിക്കേണ്ടിയിരിക്കുന്നു. മദ്യപാനത്തെ സംബന്ധിച്ച ഗവണ്മെൻറ പെരുമാറുന്നവിധവും ഇതുപോലെതന്നെയാണു്. കള്ളുകുടിയിൽനിന്നുള്ള ആദായവും കള്ളുകുടിതന്നെയും നിർത്തൽ ചെയ്യാൻ ശ്രമിക്കാമെന്നു് ഗവണ്മെൻറു് ഏററിട്ടുണ്ടു്. എന്നാൽ ഈ നികുതി വർദ്ധിപ്പിച്ചുകൊണ്ടു വരുന്നതിനാണു് ഇപ്പോൾ ഗവണ്മെൻറ യത്നങ്ങൾ ചെയ്തുവരുന്നതു്. ൧൦൯൧-ലെ റിപ്പോർട്ടിൽ എക്സൈസ് ഇനത്തിൽനിന്നുള്ള വരവു് ൫൧,൭൯ ലക്ഷംരൂപയാണെന്നു് കണക്കാക്കിയിരിക്കുന്നു. അതു ൧൦൯൦-ലെ ആദായത്തിൽനിന്നും കൂടുതലാണു്. ഗവണ്മെൻറു എക്സൈസിനോടുള്ളനയം ഈ വിധം നടത്തിപ്പോരുകയാണെങ്കിൽ അവരുടെ ഉദ്ദേശം സാധിക്കുന്നതെങ്ങനെയെന്നു് ഞാൻ ചോദിച്ചുകൊള്ളട്ടെ. ഇക്കാര്യത്തിൽ ഗവണ്മെൻറ വളരെ മനഃപൂർവ്വം കാണിക്കുന്നപക്ഷം ആദായം കൊല്ലംതോറും കുറഞ്ഞുവരേണ്ടതായി വരത്തക്കവിധത്തിൽ അവർ പ്രവർത്തിക്കേണ്ടതാണെന്നു് പറഞ്ഞുകൊള്ളുന്നു. എക്സൈസ്ഡിപ്പാർട്ടുമെൻറിൽനിന്നു് കഴിഞ്ഞ മൂന്നു നാലുകൊല്ലത്തെ ആദായം മുറക്ക വർദ്ധിച്ചുകൊണ്ടിരിക്കയും ഡിപ്പാർട്ടുമെൻറിൻെറനയം മദ്യവർജ്ജനത്തെ നടപ്പിലാക്കണമെന്നാണെങ്കിൽ ഇങ്ങനെ ആദായം കൂടിക്കൊണ്ടിരിക്കുമ്പോൾ എങ്ങനെ സാധിക്കുമെന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു; ചാരായം ഉപയോഗിക്കൽ വർദ്ധനയിൽ ഇരിക്കുമ്പോഴും അതങ്ങനെയാണു് സാധിക്കുന്നതു്. ൧൦൯൦-ലെയും ൧൦൮൯-ലെയും കണക്കുകൾ നോക്കുന്നപക്ഷം ൧൦൮൯-ലേതു ൧൦൯൦-ലേക്കാൾ കൂടുതലായി കാണാം. ൧൦൯൦-ൽ ആളൊന്നു ൧.൪൮ ഡ്രാം ഉപയോഗിച്ചതായി കാണാം. ൧൦൮൯-ൽ ൧.൫൭ ഡ്രാം ആണു്. പണ്ടൊരു സന്ദർഭത്തിൽ ഈ സഭയിലെ മററൊരുമെമ്പർ പറഞ്ഞതുപോലെ എക്സൈസിനോടു് ഗവണ്മെൻറു് പെരുമാറുന്ന നയംകൊണ്ടു് അതിനെ സംബന്ധിച്ചുള്ള റഗുലേഷനെ വാച്യമായും വ്യംഗ്യമായും തെററിദ്ധരിച്ചിരിക്കുന്നതു കൂടാതെ ആദായം പിരിക്കുന്നതിനു മാത്രമുള്ള ഒരു ഏകമനസ്ഥിതിയോടുകൂടിവാൾ യോടുകൂടിയിരിക്കുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. എക്സൈസ്കമ്മീഷണരുടെ റിപ്പോർട്ടു വായിച്ചുനോക്കിയാൽ എക്സൈസ്ഡിപ്പാർട്ടുമെൻറിലെ നയത്തെ അദ്ദേഹം പിൻതാങ്ങുന്നകൂട്ടത്തിൽ സ്വല്പം കള്ളുകുടി കുറക്കാതെ ഒരു ആഹാരമായിട്ടെണ്ണുന്നുള്ളിട

ത്തോളം അദ്ദേഹത്തിനു പറയേണ്ടിവന്നു. അങ്ങനെയാണെങ്കിൽ എക്സൈസ് കമ്മീഷണരോടും ഗവണ്മെൻറിനോടും ഞാൻ ചോദിക്കുന്നതു് രാജ്യത്തിലുള്ള ആഹാരസാധനങ്ങൾക്കു ഒരു തീരുവയും കരവും ചുമത്തുന്നതു് ന്യായമാണോ എന്നാണ്. ഇപ്രകാരം ൫.൫൦ പിരിവു് പരിഷ്കൃത രാജ്യത്തു് എവിടെയെങ്കിലും ഉണ്ടോ എന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ വിധത്തിലാണ് തിരുവിതാംകൂർ ഗവണ്മെൻറ് ആണ്ടുതോറും കരം കൂട്ടിക്കൊണ്ടുവരുന്നതു്. ദിനംപ്രതി കൂടിവരുന്ന കരഭാരം തിരുവിതാംകൂർ ജനങ്ങൾക്ക് വഹിക്കുവാൻ സാധിക്കുമോ എന്നു ഗവണ്മെൻറു നോക്കുന്നില്ല. ഉദാഹരണമായിട്ട് ആലപ്പുഴ നിന്നും കൊല്ലത്തേക്കുള്ള വഴിയിൽ വേറൊരു ടോൾഗേറ്റ് ഏർപ്പാടുചെയ്യുന്നതിന്റെ ആവശ്യം എന്താണ്? ഈ വഴിക്കു ഓടിക്കുന്ന ബസ്സുടമസ്ഥന്മാരുടെ ഭാരം കൂട്ടുന്നതായ ഈ ടോൾഗേറ്റ് ഏർപ്പാടിനെപ്പററി ഈ കൗൺസിൽ മെമ്പന്മാരും പുറമെ ആളുകളും സങ്കടം ബോധിപ്പിക്കയുണ്ടായി. ഈ സങ്കടങ്ങളെ ഗൗനിക്കാതെ ഗവണ്മെൻറ് ടോൾ പിരിക്കുന്ന അവകാശം ലേലം ചെയ്യുകയും അതിൽനിന്നു് ൭൦,൦൦൦ രൂപാ ആദായം കിട്ടിവരികയും ചെയ്യുന്നു. ഈ കാര്യത്തിൽ ആദായം പിരിക്ക എന്നുള്ള ഒരു സംഗതിമാത്രം നോക്കിയാൽ മതിയോ എന്നു് ഞാൻ ഗവണ്മെൻറിനോടു ചോദിക്കുന്നു. ഗവണ്മെൻറു ജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചാണ് നടത്തിപ്പോരുന്നതെങ്കിൽ പൊതുജനഹിതത്തിനു് വിപരീതമായി ഈ കരം പിരിക്കയില്ലായിരുന്നു. ഇതുപോലെ പ്രതിഷേധങ്ങൾ ഈ സഭയിൽ വളരെയൊക്കെ ഉണ്ടായിട്ടുണ്ട്. എന്നാൽ ജനങ്ങൾക്കു സങ്കടകരമായിട്ടുള്ളതു് അതിൽ ഒന്നിലും ഗവണ്മെൻറു പ്രവൎത്തിച്ചിട്ടില്ലെന്നുള്ളതാണ്. ഗവണ്മെൻറു ചെയ്യേണ്ട പ്രവൃത്തികൾ ഗൗരവമായി ആലോചിച്ചു പ്രവൃത്തിച്ചില്ലെങ്കിൽ ജനങ്ങളുടെ അപേക്ഷയെ അനുസരിക്കണമെന്നും ജനങ്ങളും ശക്തിമത്തായി ഗവണ്മെൻറിനോടു് അഭ്യൎത്ഥിക്കുന്നതാണെന്നു് ഞാൻ ഗവണ്മെൻറിനെ മനസ്സിലാക്കിക്കൊള്ളട്ടെ. എന്റെ സ്നേഹിതന്മാരിൽ ചിലർ രാജ്യത്തിലെ സാമ്പത്തികസ്ഥിതിയെപ്പററി വ്യക്തമാക്കപ്പെടുത്തിപറഞ്ഞു. നെല്ലു്, തേങ്ങ, മരച്ചീനി മുതലായ നമ്മുടെ പ്രധാന വിളവുകളുടെ വില വളരെ കുറഞ്ഞിട്ടുണ്ട്. ഗവണ്മെൻറു ഈ സാധനങ്ങളുടെ വില കുറഞ്ഞതിൽ ഇപ്പോൾ ഉള്ള ക്ഷാമത്തിനെ നിവാരണം ചെയ്യുന്നതിനു് ഗവണ്മെൻറു യാതൊന്നും ചെയ്തിട്ടില്ല. ഈ വക സാമാനങ്ങൾക്കു ൧൧൦൪-ൽ കൂട്ടിയിട്ടുള്ള കരമതിപ്പുകം ഗവണ്മെൻറു എന്നിട്ടും വച്ചുകൊണ്ടിരിക്കുന്നു. കരമതിപ്പും കൂട്ടിയതുകൊണ്ടു് നാട്ടിൻപുറങ്ങളിലെ സാധുക്കളായ കൃഷിക്കാരാണ് കഷ്ടപ്പെടുന്നതു്. കൊപ്രായിലുള്ള തീരുവ കൂട്ടിയതുകൊണ്ടു് തിരുവിതാംകൂറിൽ ആരെങ്കിലും ഗുണപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ആലപ്പുഴയുള്ള മിൽ ഉടമസ്ഥന്മാരാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. നാളികേരത്തിന്റെ പേറവതി കുറഞ്ഞതുകൊണ്ടു് അവർക്കു ഈ സമാനങ്ങൾക്കു സാധുക്കളായ കൃഷിക്കാർക്കു തോന്നിയവിലകൊടുത്താൽമതി. കഷ്ടതയുള്ള കാലങ്ങളിൽ ജനങ്ങളുടെ രക്ഷക്കു് ഗവണ്മെൻറു ഒട്ടുംതന്നെ ഉതകീയിട്ടില്ല. ൧൧൦൫-ലും ൧൧൦൭-ലും മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഉള്ള ചില ഭാഗങ്ങളിൽ വെള്ളപ്പൊക്കംകൊണ്ടു് വളരെ നഷ്ടമുണ്ടായി. അക്കാലത്തു് കഷ്ടതയനുഭവിച്ച ജനങ്ങൾക്കു് ഗവണ്മെൻറു രക്ഷാമാൎഗ്ഗം നൽകിയില്ല. ൧൧൦൭-ലെ ഭരണറിപ്പോർട്ടു നോക്കുന്നപക്ഷം ഗവണ്മെൻറിനു കൊടുക്കേണ്ടകരം കൂടി ഉൾനാട്ടിലുള്ളവർക്കു് കൊടുക്കാൻ പ്രയാസമായിട്ടുവന്നതായി നമുക്കു കാണാം. ൧൧൦൭-ൽ അയച്ചഡിമാൻറു നോട്ടീസിന്റെ എണ്ണം നോക്കിയാൽ ൧൧൦൫-ൽഅയച്ചതിനേക്കാൾ കൂടുതലായി കാണുന്നതാണ്. ൧൧൦൫-ൽ ഡിമാൻറുനോട്ടീസിന്റെ എണ്ണം ൯,൫൧,൯൦൪-ഉം ൧൧൦൭-ൽ ൧൨,൮൯,൬൫൯-ഉം ആണ് ൧൧൦൭-ൽ കരത്തിനായി ജപ്തികൾ ൨൦൧,൯൭൪-ഉം, ൧൧൦൫-ൽ ൧൭,൭൬൦ ആണ്. ഇതിൽനിന്നു് ഓരോ ആണ്ടുചെല്ലുംതോറും നമ്മുടെ രാജ്യം ദാരിദ്ര്യത്തിൽ ആണ്ടുപോകുന്നതുകാണാം. ധനസ്ഥിതിയെനന്നാക്കുന്നതിനു് എന്റെ സ്നേഹിതരിൽ ചിലർ പറഞ്ഞതുപോലെ ഭൂമിയിൽ ഒരു പ്രധാനസ്ഥലത്തു് ഒരു കച്ചവടകമ്മീഷണരെ നിയമിക്കേണ്ടതു് വളരെ അത്യാവശ്യമാണ്. ഏകദേശം ൭ കൊല്ലത്തിനുമുമ്പുതന്നെ തിരുവിതാംകൂറിൽ ഈ സംഗതിയെപ്പററി അഭിപ്രായപ്പെടുകയുണ്ടായി. മൈസൂർ രാജ്യത്തിനുവേണ്ടി ഒരു കച്ചവടകമ്മീഷണർ ലണ്ടനിൽ ഉണ്ടു്. ആ നിയമംകൊണ്ടു് മൈസൂർ ഗവണ്മെൻറിനു് വളരെ ഗുണം സിദ്ധിച്ചിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ വഴിതന്നെ തിരുവിതാംകൂർ ഗവണ്മെൻറും പ്രവൎത്തിക്കുന്നതായാൽ നമുക്കു് നമ്മുടെ വ്യവസായസ്ഥിതി നന്നാക്കി നമ്മുടെ സാമാനങ്ങൾക്കു് കൂടുതൽവില കിട്ടുവാൻ ഇടവരുത്താവുന്നതാണ്. ഈ രാജ്യത്തിലെ പ്രകൃതിശക്തികളെ പോഷിപ്പിക്കാത്തപക്ഷം അയ അതേസ്ഥിതിയിൽ നില്ക്കുന്ന ഒരു കാലം വന്നു് വരവു് കൂടുന്നതിനു് ഇടവരാതായിത്തീരും, ഇൻഡ്യൻനാട്ടുരാജ്യത്തിലെ വരവു് പോഷകമല്ലമായ ഒന്നല്ലെന്നു്. ഈയിടെ മൈസൂരിലെ ദിവാൻ പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. ബഡ്ജററുകൊണ്ടു് കിട്ടാവുന്നിടത്തോളമുള്ള ആദായമെല്ലാം തിരുവിതാംകൂറിനു കിട്ടിക്കഴിഞ്ഞു എന്നു് ഞാൻ മനസ്സിലാക്കുന്നു. രജിസ്ട്രേഷൻ, സ്റ്റാമ്പു് ഇവയിൽ നിന്നും കിട്ടുന്ന ആദായം നോക്കുന്നതായാൽ അതു കുറഞ്ഞുവരുന്നതായികാണാം. ൧൧൦൭-ൽ രജിസ്റ്റർചെയ്തിട്ടുള്ള പ്രമാണങ്ങൾ ൧൧൦൫-നേക്കാൾ കുറവും ഈ കൊല്ലത്തിൽ പതിഞ്ഞ ആധാരത്തിന്റെഎണ്ണം ൧൧൦൭-നെക്കാൾ കുറവുമാണ്. കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളായി വർദ്ധിച്ചുവന്ന തിരുവിതാംകൂറിലെ ആദായം കൊല്ലംതോറും കൂടാൻ ഇടയില്ലെന്നു് ഇതുകൊണ്ടു കാണാം. രാജ്യത്തെനന്നാക്കുന്നതിനു് ഗവണ്മെൻറുമുമ്പോട്ടുവന്നു് എന്തെങ്കിലും സാരമായി പ്രവൎത്തിക്കണം.

രാജ്യത്തിലെ ഇപ്പോഴത്തെ ദാരിദ്ര്യത്തിനു പുറമെ ജന്മികുടിയാൻ കാര്യങ്ങളും ആലോചിക്കേണ്ടതുണ്ട്. നിയമം കൊണ്ടു ഈ കുഴപ്പം തീക്കാമെന്നു നാം ഉദ്ദേശിക്കുന്നു. എന്നാൽ ഗവണ്മെൻറിനോടു ഞാൻ ചോദിക്കുന്നതു് ഈ വിഷമം തീക്കുന്നതിനു നിയമം മാത്രമേ ഉള്ളോ എന്നാണ്. എന്റെ സ്നേഹിതന്മാരിൽ ചിലർ പറഞ്ഞതുപോലെ ഒരു ഭൂസംബന്ധമായ ബാങ്കു് സ്ഥാപിക്കുന്ന പക്ഷം ഈ കുഴപ്പം തീർക്കുന്നതിനു അതു വളരെ ഉപകാരപ്രദമായിരിക്കും. മിച്ചവാരം അവകാശം മുതലായവ ഗവൎമ്മെണ്ട് വിചാരിക്കുന്നതുപോലെ ഒരു ബാങ്ക് സ്ഥാപിക്കുന്നതായാൽ ആ മുതലിൽ നിന്നും വരുന്ന പലിശ കൊണ്ടു നമുക്കു ജന്മിക്കു അവകാശം കൊടുക്കുന്നതിനു സാധിക്കുന്നതും ജന്മിയുടെ വായിൽ നിന്നും കുടിയാനവനെ രക്ഷിക്കാൻ സാധിക്കുന്നതും ജന്മിക്കും അതുപോലെ ഗുണം സിദ്ധിക്കുന്നതും ആണ്. മിച്ചവാരം പിരിക്കാനും വേണ്ടിവന്നാൽ വ്യവഹാരത്തിനും ജന്മിക്കു ആവശ്യം നേരിടാത്തതും ജന്മിക്കു പണം എപ്പോഴും കരസ്ഥം പോലെയുമാണ്. ഇതു പോലെയുള്ള ഭരണവ്യവസ്ഥകൾ ചെയ്യാത്ത പക്ഷം ജനങ്ങളുടെ ക്ഷേമം വൎദ്ധിപ്പിക്കാൻ പ്രയാസമുള്ളതും അവരുടെ ഗുണത്തിനു വേണ്ടി യാതൊന്നും ചെയ്യാൻ സാധിക്കാത്തതും ആണ്. ഏററവും പരിഷ്കാരമുള്ള രാജ്യങ്ങളിൽ ഒന്നായിട്ടാണ് തിരുവിതാംകൂറിനെ വെളിയിൽ ഗണിച്ചു വരുന്നതു്. വളരെ ക്ഷേമത്തോടു കൂടി ഇരിക്കുന്ന ഒന്നാമത്തെ

ന്നും പറയുന്നു. വട്ടമേശ സമ്മേളനം കൂടാൻ പോകുന്ന ഈ കാലത്തു തിരുവിതാംകൂറിനു ആ സദസ്സിലേക്കു ഒരു സ്വന്തം പ്രതിനിധിയെ അയയ്ക്കാൻ സാധിച്ചില്ലല്ലോ എന്നു എനിക്കു മനസ്താപമുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, നമ്മുടെ ആലോചനക്കായി ഹാജരാക്കിട്ടുള്ള ബഡ്ജററിനെപ്പററി ആഹ്ളാദം പ്രദർശിപ്പിക്കുന്നതായാൽ രാജ്യത്തിലെ എന്റെ യജമാനന്മാരോടൊ എന്നോടൊ ഞാൻ സത്യമായി പെരുമാറുന്നതായി വിചാരിക്കാൻ തരമില്ല. ഗവണ്മെന്റിനാൽ ഹാജരാക്കപ്പെട്ട ബഡ്ജററു ഭരണീയരുടെ ആവശ്യങ്ങളെ പൂർത്തിയായി നിറവേററുന്നുള്ള ഒരു ജീവപ്രാണിയായി കരുതേണ്ടതും ആ നിലക്കു അതിന്റെ ജീവിതകാലം മുഴുവനും അതിന്റെ രക്തം ഊററിയെടുത്ത ഉദ്യോഗസ്ഥന്മാരുടെ പരിശുദ്ധതയേയും ത്രാണിയേയും അതു ആശ്രയിച്ചിരിക്കുന്നതുമാകുന്നു. ബഡ്ജററു രണ്ടു മൂന്നു പ്രധാന സംഗതികളെ അടിസ്ഥാനപ്പെടുത്തിയിരിക്കണം. ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ അതു അതേവരെ നന്നായിരിക്കാനായെന്നു പരിഗണിക്കണം. അടുത്തതായി രാജ്യത്തിലെ പ്രകൃതി ശക്തികളെ അറിഞ്ഞു അവയെ പോഷിപ്പിക്കാൻ നോക്കണം. പത്രങ്ങളിലും ജനപ്രതിനിധിസഭകളിലും പ്രസ്താവിച്ചിട്ടുള്ള ജനാഭിപ്രായത്തിനു അനുസരണമായി ഗവണ്മെന്റു പ്രവൃത്തിക്കണമോ എന്നു അതിൽ പരിശോധിക്കേണ്ടതാണ്.

ബഡ്ജററു അവതരിപ്പിച്ചപ്പോൾ ഫിനാൻഷ്യൽ സെക്രട്ടറി ചെയ്ത പ്രസംഗസാരത്തെപ്പററി ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നില്ല. മേൽ സംഗതികളെ പററി അദ്ദേഹം പറകയോ ബഡ്ജററു രൂപീകരിച്ചതിൽ ഗവണ്മെന്റു ശ്രദ്ധ ഈ വക സംഗതികളിൽ പതിഞ്ഞതായോ അദ്ദേഹം സൂചിപ്പിച്ചിട്ടില്ല. പക്ഷെ, അദ്ദേഹത്തിന്റെ വിചാരം ഈ പ്രധാന കാര്യങ്ങളെ ചൂണ്ടികാണിക്കാതെയിരുന്നാൽ ബഡ്ജററു സഭയിൽ സ്വീകാര്യമായിട്ട വരുമെന്നായിരിക്കാം.

സഭയിലെ ഈ വശത്തുള്ള എന്റെ സ്നേഹിതന്മാർ ഈ സഭ, ജനങ്ങൾക്കൊ ഗവണ്മെന്റിനൊ ഉപയോഗശൂന്യമായി എന്നു ഊന്നി പറകയുണ്ടായി. രാജ്യഭരണകാര്യത്തിൽ ഈ സ്ഥാപനത്തെ ഒരു കൂട്ട സഹായിയെന്ന നിലയിൽ ഒരു അലങ്കാരസ്ഥാപനമാക്കി വച്ചിരിക്കുന്നതു ഒരു പ്രത്യക്ഷ സംഗതിയാണ്. നാം ആലോചിക്കേണ്ട ഒരു പ്രധാന സംഗതി, ബഡ്ജററിനെപ്പററി നാം പ്രസംഗിക്കുമ്പോൾ അതിൽ വല്ല ഫലവും ഗവണ്മെന്റിനെ സംബന്ധിച്ചടത്തോളം ഉണ്ടാകുന്നോയെന്നാണ്. സർ, രണ്ടു കൊല്ലത്തിനു മുമ്പുണ്ടായ എന്റെ ആദ്യത്തെ ബഡ്ജററു പ്രസംഗ കാലത്തു തോന്നിയ ശുഷ്കാന്തി എനിക്കിപ്പോൾ ഇല്ല. ഞാൻ പറയുന്നതു, എന്റെ ആദ്യത്തെ പ്രസംഗം ഫലപ്രദമായി വരാത്തതു കൊണ്ടു രണ്ടാമത്തെ കൊല്ലം എന്റെ ശുഷ്കാന്തി കുറെ കുറഞ്ഞു, ഈ കൊല്ലമാകട്ടെ ആശാഭംഗമായും അഭിമാനക്ഷയത്തോടും ഞാൻ ഇവിടെ നിൽക്കുന്നു എന്നു പറയാം. ഞങ്ങൾ ഗവണ്മെന്റിനോടു സൃഷ്ടിപരങ്ങളായ പല കാര്യങ്ങളും പ്രവൃത്തിപ്പാൻ അപേക്ഷിച്ചിട്ടുണ്ട്. അവയിൽ ഏതെങ്കിലും ഒന്നിൽ ഗവണ്മെന്റു പ്രവർത്തിച്ചിട്ടുണ്ടോ? ഈ സഭയുടെ അഭിപ്രായപ്രകാരം പ്രവർത്തിക്കാതിരുന്നതിനു ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ ഒരു വാക്കു സമാധാനമെങ്കിലും ഗവണ്മെന്റു പറഞ്ഞിട്ടുണ്ടോ? വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് സന്ദർഭം വരുമ്പോൾ ഒരു ഇൻഡ്യാക്കാരനെ ഏൽപിക്കണമെന്നു ഇന്നു സഭയിൽ വച്ചു ഗവണ്മെന്റു സമ്മതിച്ചതായ സ്ഥിതിക്കു ആ തത്വം അവർ സ്വീകരിച്ചോ? ഈ പ്രവർത്തികൊണ്ടു സഭയിലെ മെമ്പറന്മാരുടെ അഭിപ്രായത്തെ വകവയ്ക്കാതിരിക്കയല്ലേ? അതു അവരുടെ മുഖത്തു നോക്കി ഇപ്രകാരം പറകയല്ലെ "നിങ്ങൾക്കു ഇഷ്ടമുള്ളതു നിങ്ങൾ പറയണം, ഞങ്ങൾക്കു ഇഷ്ടമുള്ളതു ഞങ്ങൾ പ്രവൃത്തിക്കും". മെഡിക്കൽ ഭരണ ബോർഡു നിർത്തലാക്കണമെന്ന ഒരു ഉപക്ഷേപം വലിയ ഭൂരിപക്ഷത്തോടുകൂടി ഈ സഭയിൽ പാസായിരുന്നിട്ടും, മെഡിക്കൽ തുറയിൽ ഉൾപ്പെട്ട ആയുർവേദ ഡിപ്പാർട്ടുമെന്റിനു കൂടി ഇതേ തോതിൽ വേറൊരു ബോർഡു സ്ഥാപിക്കാൻ ഗവണ്മെന്റു അഭിപ്രായപ്പെട്ടു വരുന്നു. വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിനെ ഉദ്ദേശിച്ചായിരുന്നെങ്കിൽ തൊന്ന് ക്ഷമിച്ചിരിക്കുമായിരുന്നു. ഇപ്പോൾ ഗവണ്മെന്റു പറഞ്ഞു വരുന്നതു ആയുർവേദ ഡിപ്പാർട്ടുമെന്റു ഒരു ചെറിയ ഡിപ്പാർട്ടുമെന്റാണെന്നും മെഡിക്കലിനെക്കാളും ചെറുതായ സ്ഥിതിക്കു അതിനെ ഒരു ബോർഡു ഭരണത്തിൽ ആക്കാൻ ഗവണ്മെന്റു വിചാരിക്കുന്നു എന്നും ആണ്. പൊതുഭരണത്തിനു തന്നെ അനുദ്യോഗസ്ഥരടങ്ങിയ ഒരു ബോർഡു വേണമെന്നു ഗവണ്മെന്റു നിശ്ചയിക്കാത്തതെന്തു കൊണ്ടാണ്? അങ്ങിനെ വേണമെന്നു ഞങ്ങൾ എപ്പോഴും ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. അതു തള്ളിക്കളഞ്ഞിട്ടു ചെറിയ കാര്യങ്ങൾക്കു ഒരു അനുദ്യോഗസ്ഥ ബോർഡു വേണമെന്നു പറയുന്നതിന്റെ സാരമെന്തു? സർ, ഇവയെല്ലാം ഈ സഭാമെമ്പറന്മാരുടെ നേർക്കുള്ള നിന്ദാസൂചകങ്ങളാണ്. നമ്മുടെ അപേക്ഷകളെ ഇടവര ഗൌനിക്കാതെയുള്ള ഗവണ്മെന്റിന്റെ ക്രൂരതമായി കാരണങ്ങൾ ചൂണ്ടികാണിക്കുന്നതിനും അഭിപ്രായങ്ങൾ പറയുന്നതിനും ആയി ഞാൻ ഇവിടെ നിൽക്കേണ്ടി വരുന്നതിൽ എനിക്കു വളരെ വൈമനസ്യമുണ്ട്.

എനിക്കു ചോദിക്കാനുള്ള അടുത്ത ചോദ്യം ഗവണ്മെന്റു രാജ്യത്തിലെ വാസ്തവസ്ഥിതിഅറിഞ്ഞിട്ടുണ്ടോ എന്നാണ്. തിരുവിതാംകൂർ മുമ്പെങ്ങാനും കണ്ടിട്ടില്ലാത്ത ക്ഷേമ കാലത്തെക്കു ചാടി കഴിഞ്ഞുവെന്നു ഗവണ്മെന്റു കൊട്ടിഘോഷിക്കുന്നു. ആ ക്ഷേമം എവിടം കൊണ്ടാണെന്നു ഞാൻ കാണുന്നില്ല. ഒന്നുകിൽ ഗവണ്മെന്റിനു രാജ്യത്തിലെ വാസ്തവസ്ഥിതി അറിയാൻ സാധിച്ചിട്ടില്ല, അല്ലെങ്കിൽ സ്ഥിതിയെ പററി ശരിക്കുള്ള ഹരായ തരുന്നതിനു ഉദ്ദേശിക്കുന്നില്ല. സർ, തിരുവിതാംകൂർ കർഷകവൃത്തി അവലംബിച്ചിരിക്കുന്ന ഒരു രാജ്യമാണ്. അതിലെ പ്രധാന വിളവുകൾ നെല്ല്, മരച്ചീനി, കുരുമുളക്, തേങ്ങ, റബ്ബർ മുതലായവയാണ്. ഇവിടെ സാമാന്യമായി ജനങ്ങൾ നെല്ലിനെ ആശ്രയിച്ചും പാവപ്പെട്ടവർ മരച്ചീനിയെ ആശ്രയിച്ചും ജീവനം കഴിക്കുന്നതായി നല്ലവണ്ണം അറിയാവുന്നതാണ്. മരച്ചീനിയുടെ ഇപ്പോഴത്തെ വിലയെന്തു, മുമ്പ് എത്രയായിരുന്നു? ഫ കഴിഞ്ഞ കൊല്ലത്തെക്കാൾ പകുതിയോളം ഇപ്പോൾ അതിനു വിലയില്ല. ഫ കഴിഞ്ഞ കൊല്ലത്തെ അതിന്റെ വിലയോ? അതു വളരെ കുറഞ്ഞു പോയി, ഈ സാമാനങ്ങളുടെ വിലക്കുറവിനെപ്പററി ആക്ഷേപിക്കുന്നില്ല, നെല്ലിന്റെ വിലക്കുറവു അവ വാങ്ങുന്നവർക്കു ഗുണകരമായിട്ടുള്ള ഒന്നാണ്. എന്നാൽ നെല്ലു മരച്ചീനി മുതലായവ കൃഷി ചെയ്യുന്ന സാധുക്കളുടെ കഥ എന്താണ്? വളരെ ഒക്കെ നഷ്ടം അവർക്കു ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. അവർക്കു ലാഭമായിട്ടു ഒരു ന്യായമായ തുക പോലും കിട്ടുന്നില്ല, ജീവനത്തിനു പോലും ലഭിക്കുന്നില്ല. കൂലി

ചിലവിലൊ മററു ചിലവോ കുറവു വരാതെ സാമാനങ്ങളുടെ വിലക്കു വലിയ ഇടിവു തട്ടിയതുകൊണ്ടു അവനു കൃഷി ചിലവു കൂടി ചിലപ്പോൾ കിട്ടുന്നില്ല. ഫലം എന്തു വന്നു? കർഷകതൊഴിൽ പാഴായി. നാധുവർഗ്ഗം, മരിച്ചീനി കൃഷി വിട്ടുകളഞ്ഞതായി പല സംഭവങ്ങളും എനിക്കറിയാം. മരച്ചീനി കൃഷികളുടെ, ഭൂമി വെളിയാക്കി കിട്ടാൻ കൂടി ഇപ്പോൾ പ്രയാസത്തിൽ വന്നിരിക്കുന്നു. ഇതിലേക്കു ഒരു നിവാരണമാർഗ്ഗം കൃഷി ഡയറക്ടർ കണ്ടതായിട്ടുണ്ടോ? കാര്യങ്ങൾ നന്നാക്കി കൊണ്ടുവരുന്നതിനു ഗവണ്മെൻറു ഈ സഭയിൽ ഉടനടി തയ്യാറാക്കി അഭിപ്രായം പറയണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെൻറു ഇതിനെ പററി ചിന്ത ചെയ്തതായി വല്ല അടയാളവും ഉണ്ടോ? ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ വല്ലതും ഇതിനെപ്പററി പറഞ്ഞിട്ടുണ്ടോ?

കയററുമതിചെയ്യുന്ന നമ്മുടെ രാജ്യത്തെ മററു സാമാനങ്ങളുടെ സ്ഥിതി എന്താണ്? കഴിഞ്ഞ വളരെ നൂററാണ്ടുകളായിട്ട ഈ രാജ്യത്തുനിന്നും കയററുമതി ചെയ്തുപോകുന്ന പ്രധാനസാമാനങ്ങൾ തേങ്ങയും കൊപ്രായുമാണ്. രണ്ടുകൊല്ലത്തിനുമുമ്പുള്ള വിലയേക്കാൾ ഇപ്പോൾ ഉദ്ദേശം പകുതിമാത്രമെ തേങ്ങക്കു വിലയുള്ളു. ൧൧൦൪-ൽ ആകെ കയററുമതിയുടെ വില ൧൧.൮ കോടിരൂപയായിരുന്നു. ഇതിൽ കൊപ്ര, തേങ്ങ, വെളിച്ചെണ്ണ, നല്ലമുളകു, റബ്ബർ, തേയില ഇവ വിററുകിട്ടിയ തിരുവിതാംകൂറിനു ൭.൮ കോടി രൂപാ കിട്ടി. സർ, ഈ സാമാനങ്ങളുടെ വില കുറെ കൊല്ലത്തിനു മുമ്പുള്ളതിനോടു നോക്കുമ്പോൾ ഉദ്ദേശം നൂററിനു ൩൦ ആയി കുറഞ്ഞുപോയിരിക്കുന്നസ്ഥിതിക്കു തിരുവിതാംകൂറിനു ആണ്ടിനാലു ൩ കോടിരൂപാ നഷ്ടം സംഭവിക്കുന്നു. സർ, നമുക്കിതിനെ സഹിക്കാൻ കഴിയുമോ? ഗവണ്മെൻറു ഈ കാര്യം ആലോചിച്ചുനോക്കിയോ? തിരുവിതാംകൂറിനു ൩ കോടിരൂപാ എന്നുവരുമ്പോൾ ആളൊന്നിനു ഏകദേശം ൧ ½ രൂപാ വരുന്നു. കരം കൊടുക്കേണ്ടതിൽ ആളിനു ഏകദേശം ൭ രൂപാ ആകുന്നു. ഇപ്പോൾ സാമാനവിലക്കുറവുകൊണ്ടു ആളൊന്നിനു ൧ ½ രൂപാ നഷ്ടവും സംഭവിക്കുന്നു.

ഇറക്കുമതിയെപററി എന്താണ്? പെട്രോൾ, മോട്ടോർ, മോട്ടോർസാമാനങ്ങൾ ഇവയിൽ മാത്രം തിരുവിതാംകൂറിലെ ഇറക്കുമതി ൧൧൦൩-ലെ ൧൭.൭ ലക്ഷത്തിൽനിന്നു ൧൧൦൪-ൽ ൩൪.൧ ലക്ഷമായി കൂടിയിരിക്കുന്നു. അതു ഇരട്ടിയിൽ അധികം വന്നിട്ടുണ്ട്.

സർ, ഇവ പ്രധാനപ്പെട്ട കാര്യങ്ങളാണ്, ഈ ഇറക്കുമതികൾ നമ്മുടെ ജീവരക്തത്തെ ഇല്ലാതാക്കുന്നു. ഈ രാജ്യം ഈ നഷ്ടത്തെ എല്ലാം എങ്ങനെ സഹിക്കും. കഴിഞ്ഞകൊല്ലത്തേക്കാളും ൧൧൦൭-ൽ ആലപ്പുഴതുറമുഖത്തു കൂടുതൽ എണ്ണം കപ്പൽ അടുത്തു എന്നു ഫിനാൻഷ്യൽസെക്രട്ടറി സമാധാനപ്പെട്ടുകണ്ടായി. സർ, കൊള്ളാം എന്തിനാണ് കപ്പൽ തുറമുഖത്തടുത്തതു? പോയകൊല്ലങ്ങളേക്കാൾ കൂടുതലായിട്ടു ചോര ഊററിക്കൊണ്ടുപോകുന്നതിനല്ലയോ? എന്റെ പ്രസ്താവന ശരിയാണെന്നു കാണിക്കുന്നതിനു കണക്കുകൾ ഉടനടി കാണിക്കാം.

	കയററുമതി (ലക്ഷത്തിൽ) രൂപാ	ഇറക്കുമതി (ലക്ഷത്തിൽ) രൂപാ	കൂടുതൽ (ലക്ഷത്തിൽ) രൂപാ	ആകെ കച്ചവടം (ലക്ഷത്തിൽ) രൂപാ	ഇറക്കുമതിയേക്കാൾ കയററുമതി അധികം വരുന്നതു ആകെ കച്ചവടത്തിലുള്ളതു.
൧൧൦൮	൧൧൪൦·൧	൬൧൩·൪	൫൨൭·൩	൧൭൫൧·൧	൩൦ ശതമാനം.
൧൧൦൯	൧൧൮൪·൧	൮൨൩·൮	൩൬൦·൩	൨൦൦൭·൯	൧൮ ശതമാനം.
൧൧൧൦	൧൧൮൦·൪	൯൩൨·൯	൨൩൭·൫	൨൧൧൩.൩	൧൧ ശതമാനം.

സർ, കയററുമതി ഇറക്കുമതിയേക്കാൾ കൂടുതലുള്ളതു ആകെ കച്ചവടക്കണക്കിനു ൩൦ ശതമാനത്തിൽനിന്നു ൧൧ ശതമാനമായി കുറഞ്ഞതുകൊണ്ടു ഈ രാജ്യം അനുഭവിച്ചുവന്ന ഗുണം ൨ കൊല്ലത്തിനിടയിൽ ഇല്ലാതെ കുറഞ്ഞുപോയി. സ്ഥലത്തെ എല്ലാസാമാനങ്ങളുടേയും വില വളരെ കുറവായിരുന്ന ൧൧൦൭-ലെ കണക്ക് എങ്ങനെ വരുമെന്നു എനിക്കു പറയാൻ നിവൃത്തിയില്ല.

ആകെ കച്ചവടത്തിന്റെയും അവക്കു കിട്ടിവരുന്ന ചുങ്കത്തിന്റെയും കാര്യത്തെപ്പററി മാത്രമേ ഗവണ്മെൻറിനു വിചാരമൊള്ളു എന്നുകാണുന്നു. ഫിനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽനിന്നു ഞാൻ അങ്ങനെയാണ് മനസ്സിലാക്കുന്നതു. കഴിഞ്ഞകൊല്ലത്തേക്കാൾ ഈ ൧൧ മാസം നാം കൂടുതൽ തുക കയററുമതിചെയ്തതായി അദ്ദേഹം പറഞ്ഞു. ശരിതന്നെ, നാം കൂടുതൽ തുക കയററുമതിചെയ്തു. എന്നാൽ വളരെ കുറഞ്ഞ വിലക്കാണ്. അതിലും അധികമായിട്ട് വിദേശസാമാനങ്ങൾ കഴിഞ്ഞകൊല്ലത്തേക്കാൾ ൧൧൦൭-ൽ ഈ രാജ്യത്തേക്കു ഇറക്കിത്തള്ളി. എന്നാൽ നാം ഇതിലേക്കു വശപ്പെട്ടതുകൊണ്ടു ഈ വിദേശസാമാനങ്ങൾ നമുക്കു മേടിക്കേണ്ടതായിട്ടും വരുന്നു.

ഗവണ്മെൻറിന്റെ ധനസ്ഥിതി ഏതുവിധത്തിലാണ്? ആകപ്പാടെ അതു വളരെ തൃപ്തികരമായിട്ടു തോന്നുന്നില്ല. കുറെ കൊല്ലംകൊണ്ടു എക്സൈസിൽനിന്നുമുള്ള ആദായം വളരെ കുറഞ്ഞുപോകുമെന്നു ഞാൻ ഉദ്ദേശിക്കുന്നു. അബ്കാരിയും കറുപ്പും ഇനത്തിൽ ൧൧൦൩-ലെ വരവു ൧ ലക്ഷത്തിൽചില്വാനം കൂടുതലായി കിട്ടുമെന്നു ഗവണ്മെൻറു ആശിച്ചിട്ടുണ്ടെങ്കിൽ എന്റെ അഭിപ്രായം അതു വളരെ ഇച്ഛാഭംഗത്തിനിടവരുത്തുന്നതാണെന്നാണ്. അബ്കാരി റവന്യൂവിന്റെ ആദായം കുറഞ്ഞുപോകുമെന്നു ഈ സമയംകൊണ്ടു ഗവണ്മെൻറിനു മനസ്സിലായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞ വളരെ കൊല്ലങ്ങളായിട്ടു മദ്യവർജ്ജനത്തെപ്പററി ഞങ്ങൾ വാദിച്ചുകൊണ്ടിരിക്കയാണ്. എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള ആദായം നിശ്ചയമായും കുറഞ്ഞുപോകുമെന്നു ഞങ്ങൾ മുന്നറിവു തന്നിട്ടുണ്ട്. ഈ വ്യത്തികെട്ട ആദായം നിറുത്തിവെക്കുന്നതിനു കുറെ ലക്ഷം രൂപാ ചിലവുചെയ്യുന്നതിനു ഞങ്ങൾ ഗവണ്മെൻറിനോടപേക്ഷിച്ചുകൊണ്ടിരുന്നു. ഗവണ്മെൻറു മറിച്ചുകളതി, ഒരുപക്ഷെ ബുദ്ധിപൂർവ്വമായിരിക്കാം, എന്തെന്നാൽ കുറെകൊല്ലത്തേക്കു ഈ ഇനത്തിലേക്കുള്ള ആദായം കുറഞ്ഞുപോകാൻ വഴിയില്ലെന്നു ഗവണ്മെൻറു സമാധാനപ്പെട്ടിരിക്കാം, എന്നാൽ ഇപ്പോൾ മറിച്ചു ചിന്നങ്ങൾ തെളിഞ്ഞുകാണുന്നതിനാൽ ഗവണ്മെൻറിനു കാര്യനടപ്പിനു ഈ മാർഗ്ഗംകൂടാതെ വേറെ ഏതെങ്കിലും കണ്ടുപിടിക്കണമെന്നു വന്നിരിക്കുന്നു സർ, മദ്രാസ് ഗവണ്മെൻറു മദ്യവർജ്ജനത്തെ ഉദ്ദേശിച്ചു നാലുലക്ഷം ഉറുപ്പിക ചിലവുചെയ്യുന്നു. എന്നാൽ നമ്മുടെഗവണ്മെൻറു മദ്യവർജ്ജനത്തിനു പ്രതികൂലമായി കുറെ പണം ചിലവുചെയ്യുന്നു. മദ്യവർജ്ജനപ്രക്ഷോഭണം നടത്തുന്നസ്ഥലങ്ങളിലേക്കു എക്സൈസ് കമ്മീഷണരും മററുമുള്ള ഉ

ഉദ്യോഗസ്ഥന്മാരും പോകേണ്ടതായിവരുന്നതുകൊണ്ടു ശരിക്കുള്ള സമ്പാദ്യപ്രീതിയും വർദ്ധിക്കുന്നുണ്ട്. മദ്യവർജ്ജനത്തെ പ്രതിഷേധിച്ചുള്ളവരെ അവരെ സഹായിക്കുന്നതിനു സി. ഐ. ഡി. പോലീസുകാരേയും ഗവണ്മെന്റു നിയമിക്കുന്നു. ഞാൻ പറയുന്നതിന്റെ അർത്ഥം ഒരു വിദേശ ഗവണ്മെന്റു മദ്യവർജ്ജനത്തിനായി പണം ചിലവു ചെയ്യുമ്പോൾ ഒരു നാട്ടുരാജ്യം അതിനെ പ്രതിഷേധിച്ചു പണം ചിലവുചെയ്യുന്നു എന്നാണ്. മദ്യവർജ്ജനത്തെ പ്രതിഷേധിച്ചുള്ള പണച്ചിലവു ഈ സഭയ്ക്കു കണ്ടുകൊണ്ടിരിക്കുവാൻ കഴിയുമോ? ഞങ്ങളുടെ ബലമായ പ്രതിഷേധം രേഖപ്പെടുത്തേണ്ടതല്ലേ. നാം ഗൗരവമായി അന്വേഷിക്കേണ്ടതായ സംഗതി അതാണ്.

ഉപ്പിൽനിന്നുള്ള ആദായത്തെപ്പററി എന്താണുപറയേണ്ടതു്? ഇൻഡ്യയിലെ മററുഭാഗങ്ങളിൽ നടക്കുന്ന സംഗതി അറിയുന്നപക്ഷം പരക്കെ ഒരു കൊല്ലത്തിനകത്തു നമ്മുടെ ഉപ്പുനികുതിയും നിശ്ചയമായും കുറഞ്ഞുപോകുമെന്നുള്ളതു് ഗവണ്മെന്റു അറിയേണ്ടതാണ്. ധനസ്ഥിതിയുടെ ശോച്യാവസ്ഥയെ കാണിക്കുന്നതിനു മാത്രമായിട്ടാണ് ഞാൻ ഇവകൾ ചൂണ്ടിക്കാണിക്കുന്നതു്. നിശ്ചയമായിട്ടും ഇടിവുതട്ടുന്ന ആദായത്തെ ശരിപ്പെടുത്താൻ ജനങ്ങൾ കൂടുതൽ കരം കൊടുക്കാൻ സാധിക്കുന്നതാണോ? അവർക്ക സാധ്യമാണെന്നെനിക്കു തോന്നുന്നില്ല. എന്തെന്നാൽ രാജ്യത്തിലെ വരവു കുറയുകയും രാജ്യത്തിലെ സാമ്പത്തികാവസ്ഥ കുറഞ്ഞുപോയി, നിലം പുരയിടം ആദിയുള്ള ഭൂസ്വത്തിന്റെ വിലപോലും കുറഞ്ഞുപോയി. അങ്ങനെയിരിക്കെ ഇപ്പോഴത്തെതിൽ കൂടുതലായി ജനങ്ങളിൽ കരം ചുമത്തുന്നതെങ്ങനെയാണ്. അതുകൊണ്ടു ഒററമാർഗ്ഗം ചിലവുകുറയ്ക്കുക മാത്രമാണ്. എന്നാൽ നമ്മുടെ ഡിപ്പാർട്ടുമെന്റു ചിലവുചുരുക്കുന്ന ക്രമം സർക്കാർ സർവീസിൽ ഉയർന്ന സ്ഥാനങ്ങളിൽ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കയും ഇപ്പോൾതന്നെ നല്ലശമ്പളം കിട്ടിവരുന്ന ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു വളരെ വലിയ ശമ്പളം കൊടുക്കുകയും ആണ്. ഭരണകാര്യത്തിൽ അധികാരസ്ഥാനമായ മേൽതട്ടിലാണ് അധികച്ചിലവു കാണുന്നതു്. ഇപ്പോൾ ഉള്ള ദുർഘടം തീർത്തുവയ്ക്കാമെന്നുവച്ചാൽ നാം ഇവിടെ പറയുന്നതിനെ കാര്യമായിട്ടെടുക്കുന്നില്ല. ഗവണ്മെന്റു ഈ സ്ഥിതിയെ വളരെ ഗൗനിച്ചു മനസ്സിലാക്കുന്നതായാൽ ന്യൂനതകൾ പരിഹരിക്കാൻ വളരെ പ്രയാസമായിട്ടുതീരും.

നമ്മുടെ സമ്പാദ്യങ്ങൾ, അതായതു ഇരുപ്പുമുതലുകളെപ്പററി എന്താണുപറയേണ്ടതു്. നമ്മുടെ ഗവണ്മെന്റു ൨ കോടി രൂപയോളം ഇൻഡ്യാഗവണ്മെന്റു് പ്രോമിസറിനോട്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. സഭയിലെ ആദ്യത്തെ പ്രസംഗത്തിൽ ഫിനാൻഷ്യൽസെക്രട്ടറി നമ്മോടെന്താണു പറഞ്ഞതെന്നു നോക്കാം. ഗവണ്മെന്റു ൭൦ ലക്ഷം രൂപാ ഇൻഡ്യാഗവണ്മെന്റ് പ്രോമിസറിനോട്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അത്രയുംരൂപാ അതിന്റെ കടലാസിൽകണ്ട വിലയാണെന്നും ഇൻഡ്യാഗവണ്മെന്റു പ്രോമിസറിനോട്ടിന്റെ വില ഇടിഞ്ഞുപോകുന്നതുകൊണ്ടു നമ്മുടെ ആ നിക്ഷേപം അല്ലെങ്കിൽ സ്വത്തു് ൨൭ ലക്ഷത്തിൽ കൂടുതലായിവിലവരുന്നതല്ലെന്നും അന്നു അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ പ്രധാനനിക്ഷേപം ഇൻഡ്യാഗവണ്മെന്റു പ്രോമിസറിനോട്ടിന്മേലാണ്. ൧൯൩൦-ൽ ഇൻഡ്യാഗവണ്മെന്റ് പ്രോനോട്ടുകൾക്കു അവയുടെ കടലാസുവിലയിൽ പകുതിമാത്രമേ കിട്ടുവാൻ കഴികയുള്ളു എന്നു ഫിനാൻഷ്യൽസിക്രട്ടറി വിചാരിച്ചു എങ്കിൽ അവയ്ക്കു ഇപ്പോൾ കിട്ടാവുന്ന വില അതായതു് ലാഹൂർ കാൺഗ്രസ്സു ഒരുമാതിരി കടങ്ങളെ നിഷേധിക്കുകയും ഇൻഡ്യാഗവണ്മെന്റുതന്നെ കൂടുതൽനിരക്കിലുള്ള പലിശയ്ക്കു വായ്പ എടുക്കാൻ തയ്യാറായിരിക്കയും ചെയ്തിരിക്കുന്ന ഇക്കാലത്തു് എന്തായിരിക്കുമെന്നു എനിക്കറിഞ്ഞുകൂടാ.

നമ്മുടെ ഗവണ്മെന്റിന്റെ വേറൊരു സമ്പാദ്യമായ കൊല്ലം-ചെങ്കോട്ടറയിൽവേയുടെ സ്ഥിതിയെന്തു്? നാം ഏകദേശം ൧൫൦ ലക്ഷം രൂപയോളം അതിലേക്കു ചിലവാക്കിയിട്ടുണ്ട്. നമുക്കു കിട്ടുന്ന ആദായം മേലാലും കയ്യിൽനിന്നു് കൊടുക്കുക എന്നുള്ളതാണ്. ആ മുതലിൽനിന്നു നമുക്കുള്ള വരവു ന്യൂനസംഖ്യയിലാണ് സ്ഥിതിചെയ്യുന്നതു്.

ഇങ്ങനെയിരിക്കെ നമുക്കു എങ്ങനെ കഴിഞ്ഞുപോകാം. ഇൻഡ്യാഗവണ്മെന്റു പ്രോനോട്ടിന്മേൽ നിക്ഷേപിച്ചിട്ടുള്ള രൂപയിൽ ൩൦ ലക്ഷത്തിലധികം രൂപാ സാധുക്കളായ കുടിയാന്മാരുടെയും അവർ വളരെ കഷ്ടപ്പെട്ടുണ്ടാക്കിയതിൽനിന്നും മിച്ചമുണ്ടാക്കി ഏററവും ഉറപ്പായ നിക്ഷേപമെന്നു കരുതി ഗവണ്മെന്റു സേവിംഗ്സ്ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതും ആണ്. അതുകൊണ്ടു ഞാൻ ബോധിപ്പിക്കുന്നതു് ഇരിപ്പുമുതലിനെ സംബന്ധിച്ചുകൂടിയും നാം സുഭദ്രമായ സ്ഥിതിയിലാണെന്നു പറയേണ്ട ആവശ്യമില്ല. ഞാൻ ഈ അഭിപ്രായങ്ങൾ പറഞ്ഞതു ഗവണ്മെന്റു സന്ദർഭം ഗൗരവമായി മനസ്സിലാക്കുന്നതിനാണ്. രാജ്യത്തു നടക്കുന്ന സംഭവങ്ങളെ മനസ്സിലാക്കി ഒരു വിഷമഘട്ടങ്ങളെ കടക്കുന്നതിന് തയ്യാറുള്ളപക്ഷം ഗവണ്മെന്റിന്റെ നയം കാലത്തിനനുസരിച്ചു ഭേദഗതിചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എങ്ങനെ ആയാലും ഈ സഭയിൽ അഭിപ്രായപ്പെട്ട സംഗതികളെപ്പററി ഗവണ്മെന്റ് ഏതുനിലയിൽ അനുസരിക്കുമെന്നു വിചാരിച്ചു എനിക്കു ആഹ്ലാദത്തിനു യാതൊരവകാശവുമില്ല. എന്തെന്നാൽ എന്റെ ഇവിടെയുള്ള അനുഭവം അത്തരത്തിലാണ്. എങ്ങനെ ആയാലും ജനങ്ങളുടെ പ്രതിനിധി എന്നനിലയിൽ ഈ സംഗതികൾ ഗവണ്മെന്റിനെ അറിയിക്കേണ്ടതു എന്റെ ചുമതലയാണ്. ൧൯൩൧ മാർച്ചു ൮-ാംനു സാമ്രാജ്യനിയമസഭയിൽ ബഹുമാനപ്പെട്ട മി. എം. ജമനാദാസ്മേത്താ ചെയ്ത പ്രസംഗത്തിൽനിന്നു ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടു ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

"അസാധാരണമായ കാലവൈഷമ്യത്തിലും അതികഠിനത്വത്തിലും ഇൻഡ്യാ കുഴഞ്ഞുപോകുന്നു. ഒരു പുരുഷാന്തരമായിട്ടു നാം കണ്ടിട്ടില്ലാത്തമാതിരി, ഇത്ര ദീർഘമായ തുടർച്ചയോടുകൂടി ഒരു കച്ചവടാധഃപതനം ഉണ്ടായിട്ടില്ല. ജനസംഘത്തിന്റെയും സാമാന്യരുടെയും സാമഗ്രിസംഭരണശക്തി ക്ഷയിച്ചുപോയി. തൊഴിലില്ലായ്മകൊണ്ടു ജനതതി അമ്പരന്നു നടക്കുന്നു. അതിനെ തുടർന്ന് ദാരിദ്ര്യവും സമുദായാധഃപതനവും കാണുന്നു. ഇതിലേക്കുള്ള കാരണങ്ങളെല്ലാം സാർവലൗകികമാണെന്നു സമാധാനം പറയുമെന്നു ധനകാര്യമന്ത്രിയോടു അപേക്ഷിച്ചുകൊള്ളുന്നു. സാർവലൗകികകാരണങ്ങൾ എന്നു എളുപ്പത്തിൽ പറയാവുന്നതാണ്. ഒന്നാമതായി ഇങ്ങനെ പറഞ്ഞാൽ ആലോചനക്കുള്ള പ്രയാസം ഒഴിച്ചുവയ്ക്കാം. രണ്ടാമതായി അങ്ങുന്നിങ്ങളുടെ ആത്മതൃപ്തിയെ വർദ്ധിപ്പിക്കാം. മൂന്നാമതായി വർദ്ധിച്ചുവന്നേക്കാവുന്ന ഈ കുഴപ്പത്തെ പരിഹരിക്കാനുള്ള മനഃപൂർവ്വയത്നം ചെയ്യാതെ കഴിച്ചുകൂട്ടാം."

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, അടുത്തകൊല്ലത്തെ ബഡ്ജററിനെപ്പററി ഒരു നിരൂപണം ചെയ്യുവാൻ ആരംഭിക്കുന്നതിനുമുമ്പായിതന്നെ ബഡ്ജററിന് ആസ്ഥാനമായിരിക്കുന്ന നമ്മുടെ സാമ്പത്തികനിലയെപ്പററി അല്പം പ്രതിപാദിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഈ സമയത്ത് മദ്രാസ് സ്റ്റേററിൽ, ഗവർണ്ണർ ജനറലിന്റെ ഏജന്റും പ്രസിഡന്റും സഭയിൽനിന്നും ഇറങ്ങിപ്പോകയും ഡപ്യൂട്ടി പ്രസിഡന്റ് അഗ്രാസനാധിപത്യം വഹിക്കയും ചെയ്തു.

സർ, ഒരു ഗവണ്മെന്റിന്റെ മുതലെടുപ്പ് എത്രതന്നെ ആശാസ്യമായിരുന്നാലും അതു ആ രാജ്യത്തെ ജനങ്ങളുടെ ജീവരക്തം ഊററിപ്പിഴിഞ്ഞു സംഭരിക്കുന്നതാണെങ്കിൽ അതിൽ ഒട്ടുംതന്നെ അഭിമാനത്തിനവകാശമില്ല. നേരെമറിച്ച് ഗവണ്മെന്റിന്റെ മുതലെടുപ്പ് ഗണ്യമായവിധത്തിൽ അധഃപതിച്ചാൽതന്നെയും ജനങ്ങൾ ക്ഷേമൈശ്വര്യമായ നിലയിൽ കഴിയുന്നു എന്നു കാണുന്നു എങ്കിൽ അതാണ് ഗവണ്മെന്റിനു ഏററവും അഭിമാനകരമായിട്ടുള്ളതു്. തിരുവിതാംകൂറിലെ ഇന്നത്തെ അവസ്ഥ പറയുന്നപക്ഷം സാമ്പത്തികമായി നാം എത്രയും പരിഭ്രമജനകമായ ഒരു നിലയിൽ എത്തിയിരിക്കുന്നു എന്നു പറയുന്നതിൽ ഒട്ടുംതന്നെ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഈ നാട്ടിലെ ഉല്പന്നങ്ങൾക്കൊന്നിനും വിലയില്ലായ്കയും ധനാഗമനമാർഗ്ഗങ്ങൾ ദുർബലവും അസ്തമനമയവുമായിട്ടാണു കാണപ്പെടുന്നതു്. എന്നാൽ ജനങ്ങൾ ഓരോ ഇനത്തിൽ പ്രതിവർഷം ചിലവുചെയ്യേണ്ടതായ ഇനങ്ങളിൽ ഒട്ടുംതന്നെ തദനുസരണമായ ഒരു കുറവും കാണുന്നില്ല. ഇതു അനുഭവത്തിൽ ഇരിക്കുന്ന ഒരു പരമാർത്ഥം മാത്രമാണ്. എന്നാൽ ഇതിനുള്ള കാരണങ്ങൾ എന്തെന്നോ പരിഹാരമാർഗ്ഗങ്ങൾ ഏവ എന്നോ സൂക്ഷ്മമായി ചിന്തിക്കേണ്ടതും, വേണ്ട നിവൃത്തിമാർഗ്ഗങ്ങൾ പ്രവൃത്തിയിൽ വരുത്തേണ്ടതും, ധനതത്വശാസ്ത്രപടുക്കളായ ഭരണമേധാവികളുടെ ചുമതലയാണ്. പരിഭ്രമജനകമായ ഈ നാട്ടിലെ ഇന്നത്തെ ഈ നിലയിൽ നിന്നു ജനങ്ങളെ മോചിപ്പിക്കുന്നതിലേക്കു നമ്മുടെ ഗവണ്മെന്റു വിമുഖത കാണിക്കുന്നു എങ്കിൽ ഏതാനും മാസങ്ങൾക്കുള്ളിൽ നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്നു ചിന്തിക്കുകതന്നെയും സാദ്ധ്യമല്ല. ഇന്നത്തെ ബഡ്ജററിൽ പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന വരവുകൾതന്നെയും ഏട്ടിൽകണ്ട പശുവിനെപ്പോലെതന്നെ കണക്കാക്കുകയല്ലാതെ കാര്യത്തിൽ വരുന്നസംഗതിയും അസാദ്ധ്യമാണ്. ഈ സന്ദർഭത്തിൽ ജനങ്ങൾ സഹായത്തിനായി ഗവണ്മെന്റിന്റെ പക്കലാണ് ഓടിയെത്തുന്നതു്. പ്രജാവാത്സല്യത്തോടുകൂടി വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ കടമയും ആണ്. നമ്മുടെ കയററുമതിസാമാനങ്ങൾക്ക് ഇരട്ടിപ്പുവില വർദ്ധിപ്പിച്ചു തീരുവ കൂട്ടിയിട്ടുള്ളതിനെ കഴിയുന്നതും വേഗത്തിൽ കുറച്ച് ഉല്പന്നങ്ങളുടെ വിലയിൽ വന്നിട്ടുള്ള കുറവിനെ കഴിയുന്നതു പരിഹരിച്ചും ഈ രാജ്യത്തിൽ ആകമാനം ബാധിച്ചിട്ടുള്ള ധനദൌർല്ലഭ്യത്തെ ഗവണ്മെന്റു യഥാവിധി മനസ്സിലാക്കി നികുതി ഇനത്തിലൊരു ന്യായമായ ശമനം മൊത്തത്തിൽ ഉളവാക്കുകയും വേണ്ടിവന്നാൽ ഗവണ്മെന്റിന്റെ നിക്ഷേപധനങ്ങളിൽ കൂടി കൈവച്ച് ചുരുങ്ങിയ പലിശയ്ക്കു ജനങ്ങൾക്കു പണം കടംവാങ്ങുവാനുള്ള സൌകര്യങ്ങൾ എളുപ്പത്തിൽ നടപ്പിൽ വരുത്തിയും രാജ്യവാസികളെ സഹായിക്കേണ്ടതു് ഈ ഘട്ടത്തിൽ ഗവണ്മെന്റിന്റെ ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്ത ഒരു കടമയാണ്.

ഇനി അടുത്തകൊല്ലത്തേയ്ക്കു് തയാറാക്കിയിരിക്കുന്ന ബഡ്ജററിനെപ്പററി പൊതുവിൽ പറയുകയാണെങ്കിൽ അതു തീരെ ആശാസ്യമായ ഒന്നാണെന്നു തോന്നുന്നില്ല. ൧൧൦൭-ലേക്ക് രണ്ടുകോടി അൻപതുലക്ഷത്തി എഴുപത്തിയാറായിരംരൂപാ വരവും, രണ്ടുകോടി നാല്പത്തിയെട്ടുലക്ഷത്തി എഴുപത്തിഏഴായിരംരൂപാ ചിലവും കഴിച്ചു നീക്കിയിരിപ്പു രണ്ടുലക്ഷത്തിരണ്ടായിരം രൂപാ ഉണ്ടാകുന്നതാണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈയാണ്ടു മുതലെടുപ്പിനേക്കാൾ രണ്ടുലക്ഷത്തി എഴുപത്തിനാലായിരം രൂപാ അടുത്തവർഷം കൂടുതൽ മുതലെടുപ്പുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആ കൂടുതൽ വരവിനു ആസ്പദമായിരിക്കുന്ന തുകകൾ ഏതെന്നു് ചിന്തിക്കുമ്പോഴാണ് ഈ ആദായം നമുക്കു തീരെ അനഭിമാനകരമായതാണെന്നു് ഉള്ള പരമാർത്ഥം ബോദ്ധ്യപ്പെടുന്നതു്. ഉട്ടിക്കുലാഭത്തിൽ ഒരു ലക്ഷത്തി എഴുപത്തൊൻപതിനായിരവും എക്സൈസിനത്തിൽനിന്നും പ്രതീക്ഷിക്കുന്നു എന്നാണ് ഗവണ്മെന്റു അഭിമാനപൂർവ്വം പ്രസ്താവിച്ചിരിക്കുന്നതു. അതുപോലെതന്നെ ടോളിനത്തിലും ഒരു വർദ്ധിച്ച തുക അടുത്തകൊല്ലത്തേക്കു നമ്മുടെ ഗവണ്മെന്റു് കൂടുതൽ പ്രതീക്ഷിക്കുന്നുണ്ട്. ഗവണ്മെന്റിന്റെ അബ്കാരിനയത്തെപ്പററി ഈ സഭയിൽതന്നെ പല പ്രാവശ്യവും ആക്ഷേപിച്ചിട്ടുള്ളതാണ്. മദ്യവർജ്ജനംതന്നെയാണ ഗവണ്മെന്റിന്റെ നയമെന്നു പലപ്പോഴും ഗവണ്മെന്റു പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ആ ഇനത്തിലുള്ള ഗവണ്മെന്റിന്റെ ആദായം പ്രതിവർഷം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു എന്നു കാണുന്നതിൽനിന്നും നമ്മുടെ ഗവണ്മെന്റിന്റെ മദ്യവർജ്ജനനയം ഏതുരീതിയിൽ ഇരിക്കുന്നു എന്നു് അനുമാനിക്കാവുന്നതാകുന്നു. അതിനുംപുറമെ യഥാർത്ഥമദ്യവർജ്ജനപ്രവർത്തകന്മാരോടും ഗവണ്മെന്റ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മർദ്ദനനയവും ഏററവും നിന്ദ്യമായിട്ടുള്ളതാകുന്നു. തിരുവിതാംകൂറിലെ ടോൾ സമ്പ്രദായം നിറുത്തലാക്കണമെന്നു് ഒരു പ്രമേയം ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഈ സഭയിൽതന്നെ പാസ്സാക്കീട്ടുണ്ടെങ്കിലും അതു് ഈ സഭയിൽ പാസാക്കീട്ടുള്ള മററുപല പ്രമേയങ്ങളെപ്പോലെതന്നെ വെറും വിസ്മൃതകോടിയിൽതന്നെ ഇപ്പോഴും സ്ഥിതിചെയ്യുന്നതേയുള്ളു. ഒരു രാജ്യത്തെ പൌരാവലിയുടെ സഞ്ചാരസ്വാതന്ത്ര്യത്തെ പ്രതിരോധിച്ച് കരംചുമത്തുക എന്നുള്ള സമ്പ്രദായം അപരിഷ്കൃതമെന്നുതന്നെയല്ല, കേവലം മൃഗീയമായ ഒന്നുതന്നെയാണ്. നിയമസഭയുടെ ശുപാർശയെ സ്വീകരിച്ചു ടോൾസമ്പ്രദായത്തെ പാടെ നിറുത്തൽ ചെയ്താൽ തന്നെയും ഗവണ്മെന്റിനു ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആദായം മററുവിധത്തിൽ ഈടാക്കാവുന്നതാണ്. ഇപ്രകാരം ശക്തിയോ സ്വാതന്ത്ര്യമൊ ഇല്ലാത്ത ഒരു പ്രതിനിധിസ്ഥാപനത്തെ അതേ നിലയിൽ വച്ചു പുലർത്തുന്നതിലുംഭേദം അതിനെ പാടെ നിറുത്തിക്കളയുകയാണ് എന്നുള്ള ബഹുജനമതം ഗവണ്മെന്റും ധരിച്ചിരിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു. അടുത്തകൊല്ലത്തെ ബഡ്ജററിൽ അക്ഷന്തവ്യമായി കാണുന്ന മറെറാരു സംഗതി ക്യാപ്പിററൽ ചിലവുകളുടെ ഇനത്തിൽ ഇരുപത്തിഎഴുലക്ഷത്തിൽപരം രൂപാ നീക്കിവച്ചിരിക്കുന്നു എന്നുള്ളതും അവയെല്ലാംതന്നെ തലസ്ഥാനനഗരത്തിന്റെ ആഡംബരപരിപൂർത്തിക്കു മാത്രം ഉപകരിക്കുന്നവയാണുള്ളതുമാണ്. രാജധാനി ഇന്ദ്രലോകമൊ മഹേന്ദ്രലോകമൊ ആക്കുന്നതിനു എനിക്കു യാ

തൊന്നുവിരോധവും ഇല്ല. എന്നാൽ കുഗ്രാമവാസികളായ കർഷകന്മാരെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന ധനമെല്ലാം ഏതാനും ചിലരുടെ സുഖസൌകര്യാദികൾക്കായി മാത്രം വിനിയോഗിക്കയും നികുതിദായകന്മാരായവർക്ക് ഗതാഗതത്തിനോ, വിദ്യാഭ്യാസത്തിനോ, വൈദ്യസഹായത്തിനോ വേണ്ട യാതൊരു സൌകര്യങ്ങളും പ്രദാനം ചെയ്യാതിരിക്കയും ചെയ്യുന്ന നയം ഏററവും ആക്ഷേപാർഹമായിട്ടുള്ളതു തന്നെയാണ്. ഇത്തവണത്തെ ബഡ്ജററിൽ വിശേഷവിധിയായി കാണുന്ന ഒരു സംഗതി മുൻകൊല്ലങ്ങളെ അപേക്ഷിച്ച് അടുത്തകൊല്ലത്തേക്കുള്ള നീക്കിയിരിപ്പ് വളരെ കുറവാണെന്നുള്ളതാകുന്നു. ൧൧൨൭-ലേക്ക് തന്നാണ്ടവസാനത്തിൽ ചിലവു കഴിച്ചിട്ടുള്ള മിച്ചം രണ്ടുലക്ഷത്തിരണ്ടായിരം രൂപാ മാത്രമാണെന്ന് മാത്രമല്ല ആണ്ടവസാനത്തിൽ നീക്കിയിരിപ്പുവകയിൽ ആകെയുള്ളത് നാല്പത്തിനാലുലക്ഷത്തി തൊണ്ണൂററിഒൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തിഅഞ്ച് രൂപാ മാത്രമേ ഉള്ളു. കഴിഞ്ഞവർഷത്തേതിൽനിന്നും ഈ തുക മുപ്പത്തിരണ്ടുലക്ഷത്തിഅറുപതിനായിരത്തി നാനൂററി എൺപത്തിമൂന്നുരൂപാ കുറവാണെന്നുള്ളത് നാം പ്രത്യേകം അനുസ്മരിക്കണം. നീക്കിയിരിപ്പുള്ള മൂലധനത്തിൽനിന്നും ഇപ്രകാരമുള്ള വരവുകൾ പിൻവലിക്കുന്നത് രാജ്യത്തിന്റെ പൊതുക്ഷേമത്തെ വളർത്തുന്നതിനോ പുലർത്തുന്നതിനോ ആണെങ്കിൽ അത് ഒരുവിധത്തിലും ആക്ഷേപാർഹമായിട്ടുള്ളതല്ല. എന്നാൽ ഒരു രാജ്യത്തിന്റെ പൊതുനോട്ടത്തെ ഉപേക്ഷിക്കുന്ന രീതിയിൽ ഏതാനും ചിലരുടെ സുഖസൌകര്യങ്ങളെ പുലർത്തുന്നതിനുവേണ്ടിമാത്രം പ്രതിവർഷം പിൻവലിക്കുകയാണെങ്കിൽ അതു വലിയ ദോഷകരമാകുന്നു.

സർ, തിരുവിതാംകൂറിലുള്ള കാർഷികയോഗ്യമായ ഭൂമിയിൽ വളരെ ഭാഗവും ഇപ്പോഴും ഗവണ്മെന്റിന്റെ അധീനതയിൽ നിഷ്പ്രയോജനമായി കിടക്കുകയാണ്. ഉപജീവനത്തിന് സ്ഥലമില്ലാതെ പൊതുജനങ്ങൾ നിരന്തരം മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നുവെങ്കിലും പുതുവൽ സ്ഥലം പതിച്ചുകൊടുക്കുന്ന വിഷയത്തിൽ ഗവണ്മെന്റു ഇന്നും ഒരുവക ചിററമ്മനയം തന്നെയാണ് തുടർന്നുവരുന്നത്. തന്നെയുമല്ല ഈ അനഭിലഷണീയമായ നയം ഒന്നിനൊന്ന് വെളിവാക്കപ്പെട്ടുവരുന്നു എന്നും ഈ തവണത്തെ ബഡ്ജററിൽനിന്നും കാണാവുന്നതാണ്.

൧൧൨൬-ൽ പുതുവൽ പതിച്ചുകൊടുത്തവകയിൽ ഗവണ്മെന്റിലേക്കു വന്നിട്ടുള്ള ആദായം നാലുലക്ഷത്തിഅൻപതിനായിരം രൂപായാണെങ്കിലും ആ തുക അടുത്തകൊല്ലം നാലുലക്ഷം രൂപയായി കുറവാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സാധുക്കളായ ജനങ്ങൾ ഉപജീവനത്തിനും കുടിപാർപ്പിനും സ്ഥലമില്ലാതെ വലയുമ്പോൾ ഭൂതം നിധികാക്കുന്നതുപോലെ ഗവണ്മെന്റ പുതുവൽ സ്ഥലങ്ങളെവച്ചു സൂക്ഷിക്കുന്നതിന്റെ ആവശ്യം എന്തെന്ന് മനസ്സിലാകുന്നില്ല. ഈ തവണത്തിൽ മറെറാരു പ്രത്യേകസംഗതികൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. മേൽപറഞ്ഞ വിധത്തിൽ സ്ഥലമില്ലാതെ ബുദ്ധിമുട്ടുന്നവരിൽ ഭൂരിഭാഗവും അധഃകൃതജാതിക്കാരാണ്. അവരുടെ ദുരവസ്ഥകളെ പരിഹരിക്കുന്നതിലേക്കായി ഒരു അധഃകൃത സംരക്ഷകനെ പ്രത്യേകം അലവൻസ് കൊടുത്തു് ഗവണ്മെന്റിൽനിന്നും നിയമിച്ചിട്ടുണ്ടെങ്കിലും പറയത്തക്ക യാതൊരു പ്രയോജനവും ഈ സംഗതിയിൽ ദൃഷ്ടിഗോചരപ്പെട്ടുകാണുന്നില്ല. ഭാരമേറിയതും ഏറെ ക്ലേശകരവുമായ ഒരു പ്രസ്ഥാനത്തെ നയിച്ചുകൊണ്ടിരിക്കുന്ന ഒരുദ്യോഗസ്ഥന്റെ തലയിൽ ഈ ഭാരവും കൂടി ചുമത്തിയതുകൊണ്ട് കാര്യമായഫലം സിദ്ധിക്കുവാൻ അസാദ്ധ്യമാണ്. തന്നിമിത്തം അധഃകൃതസംരക്ഷണത്തിനായി ഒരാളെ പ്രത്യേകം നിയമിച്ച് ഈ വിഷയത്തിൽ കാര്യമായിത്തന്നെ പ്രവർത്തിക്കേണ്ടകാലം വളരെ അതിക്രമിച്ചിരിക്കുന്നു എന്ന് വിനയപൂർവ്വം ഗവണ്മെന്റിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

സർ, പൊതുമരാമത്തിലേക്ക് നാല്പത്തിമൂന്നുലക്ഷത്തിമുപ്പതിനായിരത്തി മുന്നൂററി അൻപത്തിരണ്ടു രൂപായും മെഡിക്കൽ വകുപ്പിലേക്ക് പതിനഞ്ചുലക്ഷത്തിപതിമൂന്നായിരത്തിനാനൂററിഅൻപത്തിഅഞ്ചു രൂപായും അടുത്തകൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം ഉത്തരതിരുവിതാംകൂർകാർക്കും പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിനും ഉണ്ടാകുന്ന ആനുകൂല്യങ്ങൾ എത്രമാത്രം ആണെന്നുള്ള സംഗതി പ്രത്യേകം ചിന്തനീയമാണ്. പ്രതിവർഷം ഓരോ വൻതുകകൾ പൊതുമരാമത്തുവകയ്ക്കായി ബഡ്ജററിൽ കൊള്ളിക്കാറുണ്ടെങ്കിലും അവയിൽ സിംഹഭാഗം ദക്ഷിണദേശങ്ങളിൽ മാത്രമാണ് വിനിയോഗിക്കപ്പെടുക. ഗതാഗതസൌകര്യങ്ങളുടെ അഭാവത്താൽ ഏററവും വിഷമിച്ചു കഴിയുന്ന ഉത്തരദേശീയർക്ക് ഗവണ്മെന്റിന്റെ ആനുകൂല്യത്താൽ വല്ലതുമൊരു അംശം അനുവദിച്ചു കിട്ടിയാൽ തന്നെയും അതു മിക്കവാറും ആണ്ടവസാനത്തിൽ ലാപ്സായിപോകുകയല്ലാതെ ഗണ്യമായ യാതൊരു ആനുകൂല്യവും അവിടത്തുകാർക്ക് ലഭിക്കുന്നില്ല. പൊതുമരാമത്തു ബഡ്ജററിന്റെ ഓരോ പേജുകളിലും ദേശീയപക്ഷപാതം എത്രകണ്ട് പ്രത്യക്ഷമായി കാണുന്നു എന്ന് ഒരു ഉദാഹരണത്താൽ ഞാൻ ഇവിടെ തെളിയിക്കാം. വരുന്നകൊല്ലത്തിൽ ഗവണ്മെന്റിൽനിന്നും ചിലവഴിക്കാനുദ്ദേശിക്കുന്ന തുക പതിനെട്ടുലക്ഷത്തി എൺപത്തിആറായിരത്തിതൊണ്ണൂററിരണ്ടു രൂപയാണ്. ഇതിൽ കുന്നത്തുനാട്ടുതാലൂക്കിന് ലഭിച്ചിട്ടുള്ളവീതം പതിനാറായിരം രൂപയാണ്. പുതിയറോഡുകൾ തുറക്കുന്നതിന് ബഡ്ജററിൽ അനുവദിച്ചിട്ടുള്ള തുക രണ്ടുലക്ഷത്തി അറുപത്തിആറായിരത്തി എഴുപതുരൂപയാണ്. ഇതിൽ കുന്നത്തുനാട്ടിന് ലഭിച്ചിട്ടുള്ള സംഖ്യ വെറും ഇരുനൂറുരൂപയാകുന്നു. ഉദ്ദേശം നാനൂറു ചതുരശ്രമൈയിൽ വിസ്തീർണ്ണവും രണ്ടുലക്ഷത്തോളം ജനസംഖ്യയും പത്തുലക്ഷം രൂപായോളം മുതലെടുപ്പും ഉള്ള കുന്നത്തുനാട് താലൂക്കിനെ ഇപ്രകാരം ത്യാജ്യകോടിയിൽ തള്ളിയതു് ഒരുവിധത്തിലും ക്ഷന്തവ്യമല്ല. പുതിയ ഒരു റോഡിലേക്കായി ൨൦൦ രൂപാ ഉള്ളതും മനുഷ്യർക്ക് നടക്കാനല്ല കന്നുകാലികൾക്ക് നടക്കാനാണ് എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. കുന്നത്തുനാട്ടിലും മനുഷ്യർ ഉണ്ടെന്നു നമ്മുടെ ഗവണ്മെന്റ് ഇനിയെങ്കിലും ധരിച്ചാൽ കൊള്ളാമെന്ന് എനിക്കു ഒരു ആഗ്രഹമുണ്ട്.

സർ, ഇതുപോലെതന്നെ വൈദ്യസഹായവിഷയത്തിലും കുന്നത്തുനാട്ടുതാലൂക്കുകാർ അനുഭവിക്കുന്നസങ്കടങ്ങൾ ഒട്ടും ചില്ലറയല്ല. രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ആറും ഏഴും മൈലിനിടക്ക് ഓരോ ആശുപത്രികൾ സ്ഥാപിച്ചുകൊടുക്കുന്നതിലേക്ക് ഗവണ്മെന്റിന് യാതൊരു വൈമനസ്യവും ഇല്ലെങ്കിലും പെരുമ്പാവൂർ ഡിസ്പെൻസറിയിൽ നിന്നും ഒൻപതുമൈൽ അകലെയുള്ളതും ഇടക്കുള്ള പെരിയാററിനാൽ വേർതിരിക്കപ്പെട്ടിട്ടുള്ളതും ആയ മാണിക്കമംഗലം, മഞ്ഞപ്ര, കോതകുളങ്ങര, ചെങ്ങമനാട്, പാറക്കടവ് മുതലായ അ

ബ്രൂപകൃതികളെ അധിവസിക്കുന്ന ഉദ്ദേശം മുപ്പതിനായിരത്തിൽപരം ജനങ്ങളുടെ ഉപയോഗത്തിലേക്ക് ഒരു ഡിസ്പെൻസറി സ്ഥാപിച്ചു തരണമെന്നുള്ള ജനങ്ങളുടെ ഒട്ടകാലത്തെ മുറവിളിയുടെ ഫലമായി അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിലേക്ക് മെഡിക്കൽ ബോർഡുകാർ ഔദാര്യപൂർവം ചെയ്ത ശുപാർശയെ നമ്മുടെ ഗവണ്മെന്റു കരുണാപൂർവ്വം നിഷേധിക്കയാണ് ചെയ്തത് എന്നു വ്യസനപൂർവം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

സർ, അതുപോലെ തന്നെ പെരിയാററിൽ ഒരു പാലം പണിയേണ്ടതിന്റെ അത്യാവശ്യകതയെപ്പററി നമ്മുടെ ഗവണ്മെന്റിനെ പലപ്പോഴും ബോദ്ധ്യപ്പെടുത്തിട്ടുള്ളതാണെങ്കിലും ആ നിർഭാഗ്യസ്ഥാനം ഉത്തരതിരുവിതാംകൂറിലായിപ്പോയി എന്നുള്ള ഏക കാരണത്താൽ പെരിയാററിലെ കടത്തിന്റെ കഷ്ടകാലം ഇനിയും അവസാനിച്ചിട്ടില്ല. ഈ വിധമുള്ള ദേശീയപക്ഷപാതം ധനവിനിമയവിഷയത്തിൽ മാത്രമല്ല ഗവണ്മെന്റ കാണിച്ചുവരുന്നത്. ഏതാനും ചില സമുദായങ്ങൾക്കെന്നപോലെ തന്നെ ചുരുക്കം ചില താലൂക്കുകൾക്ക് തിരുവിതാംകൂറിലെ ഉദ്യോഗങ്ങൾ മിക്കതും പണയപ്പെട്ടുപോയിട്ടുണ്ട്. സർ, എന്റെ നിയോജകമണ്ഡലം വിദ്യാഭ്യാസവിഷയത്തിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ച് അധികം പിന്നണിയിൽ അല്ലെങ്കിലും അവിടെ നിന്നും ഗവണ്മെന്റുസർവീസിൽ പ്രവേശിക്കുന്നതിന് ഭാഗ്യമുണ്ടായിട്ടുള്ളത് പോലീസ്, എക്സൈസ്, ഈ വകുപ്പുകളിൽ ഏതാനും ശിപായിമാരും ഒരു തഹശീൽദാരും, ഒരു ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടും, രണ്ടു സബ് രജിസ്ട്രാരന്മാരും, അഞ്ചു ഹെഡ്മാസ്റ്റർമാരും, ഏതാനും ഒന്‍പതാം പാർവത്യകാരന്മാരും മാത്രമാണ്. ഇതുപോലെ വിശദമായ ഒരു പട്ടിക ഇവിടെ കാണിച്ചത് പ്രാദേശികപ്രാതിനിധ്യത്തിൽ കുന്നത്തുനാട്ടിനു ലഭിച്ചിട്ടുള്ള ആനുകൂല്യത്തെ കാണിക്കാൻ വേണ്ടിയാകുന്നു. എന്നാൽ ഇതിൽ ആദ്യത്തെ ശിപായിവർഗ്ഗത്തിൽ പെട്ടവരിൽ ചിലരെ ഒഴിച്ച് ബാക്കിയുള്ളവരെല്ലാം സവർണ്ണഹിന്ദുക്കളാണ് എന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. അതിനാൽ ഉദ്യോഗനിയമനവിഷയത്തിൽ സമുദായപ്രാതിനിധ്യത്തോടുകൂടിത്തന്നെ ചില ദേശീയപരിഗണനകളും ഉണ്ടായിരിക്കേണ്ടതാണെന്ന് മാത്രം ഞാൻ തൽക്കാലം ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, ഇങ്ങനെ രാജ്യത്തിന്റെ താൽക്കാലികമായ സാമ്പത്തികനിലയെയും ഇന്നത്തെ ഗവണ്മെന്റിന്റെ ഭരണരീതിയിൽ അനുഭവപ്പെടുന്ന വൈകല്യങ്ങളെയും പററി സുദീർഘമായി പ്രതിപാദിച്ചു തുടങ്ങിയാൽ സമയം അതിക്രമിച്ചുപോകുമെന്ന് ഞാൻ ഭയപ്പെടുന്നു. അവസാനമായി ഒരു രാജ്യത്തെ ഗവണ്മെന്റ ആ രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി മാത്രമാണെന്നും, അല്ലാതെ ജനങ്ങൾ ഗവണ്മെന്റിനുവേണ്ടി ജീവിക്കുന്നവരല്ലെന്നും ഉള്ള മഹൽതത്വത്തെ നമ്മുടെ ഗവണ്മെന്റിനെ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): സർ, ഇന്നു ഈ സഭയുടെ ശ്രദ്ധക്ക് വിഷയീഭവിച്ചിട്ടുള്ള ബഡ്ജററിനെ അടിസ്ഥാനപ്പെടുത്തി ഫൈനാൻഷ്യൽ സിക്രട്ടറി ചെയ്ത പ്രസംഗത്തിന്റെ പകർപ്പ് ഞാൻ ശ്രദ്ധാപൂർവം വായിച്ചു. ഇതിനുമുമ്പുള്ള ഓരോകൊല്ലത്തിലേയും ബഡ്ജററും കൊല്ലാവസാനത്തിലുള്ള മിച്ചവും നോക്കുമ്പോൾ ഓരോകൊല്ലത്തിലും ഓരോ ഗണ്യമായ സംഖ്യ മിച്ചം ഉണ്ടാകണമെന്നു ഗവണ്മെന്റിനു നിർബന്ധമുള്ളതായിട്ട തോന്നുന്നുണ്ട്. ഈ സംഗതി ഈ സഭയിലെ സാമാജികന്മാർ എന്നുമാത്രമല്ല തിരുവിതാംകൂറിലെ കാര്യവിവരമുള്ള എല്ലാവരും മനസ്സിലാക്കീട്ടുണ്ട്.

എന്നാൽ ഈ കൊല്ലത്തിൽ പല അസാധാരണസംഭവങ്ങൾക്കും വലിയവലിയ സംഖ്യ ചിലവഴിക്കേണ്ടിവന്നിട്ടും ഒരു മിച്ചം തന്നെ ഉണ്ടാക്കാൻ നമ്മുടെ ഗവണ്മെന്റിനു സാധിച്ചു. അടുത്തകൊല്ലത്തെ ബഡ്ജററിലും രണ്ടുലക്ഷത്തിൽ ചില്വാനംരൂപാ മിച്ചം ഉണ്ടാകത്തക്കനിലയിലാണ് രൂപീകരിച്ചിട്ടുള്ളതെങ്കിലും വർഷാവസാനത്തിൽ വേണമെങ്കിൽ ഇരുപതുലക്ഷം ആക്കാനും സാധിക്കും. ഇതിന് ഇന്നത്തെ ഗവണ്മെന്റിനെ കുററപ്പെടുത്തേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. കുറെകൊല്ലങ്ങളായി തിരുവിതാംകൂറിൽ ഭരിച്ചുവരുന്ന ഓരോ ദിവാൻജിമാരുടേയും, അവരെ സഹായിച്ചിട്ടുള്ള മററുള്ളവരുടേയും കാലത്ത് ഇങ്ങനെ ആണ് നടക്കുന്നതായിക്കാണുന്നത്. ആയതുകൊണ്ട് മിച്ചം ഉണ്ടാകുന്നതിനെ സംബന്ധിച്ച് പരാതി പറയണമെന്നും ഞാൻ വിചാരിക്കുന്നില്ല. പിന്നീട എനിക്കു പറയാനുള്ളത് അടുത്തകൊല്ലത്തിലേക്ക് ൨,൯൬,൭൭,൦൦൦ രൂപാ ചിലവിനത്തിൽ കൊള്ളിച്ചിട്ടുണ്ട്. ഈ സംഖ്യമുഴുവൻ ശരിയായവിധത്തിൽ ചിലവഴിക്കണമെന്ന് മാത്രമാണ് എനിക്കു പറവാനുള്ളത്. ആണ്ടവസാനത്തിൽ ചിലവു ചെയ്യേണ്ടുന്ന ചില വ്യയം ചെയ്യാതെ മിച്ചം വരുത്തരുതെന്നാണ് ഡിപ്പാർട്ടുമെന്റ തലവന്മാരോട് എനിക്കു പറയാനുള്ളത്

മി: എൽ. ആർ. രാമരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും-മീനച്ചലും): ഏതെങ്കിലും ഒരു തുക ലാപ്സ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് ഇപ്പോഴത്തെ ബഡ്ജററ് നോക്കിയാൽ അറിയാൻ സാധിക്കുമോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): റിവൈസ്ഡ്ബഡ്ജററ് നോക്കിയാൽ പല ഇനങ്ങളും ലാപ്സ് ചെയ്യാതെ ഇരിക്കാൻ നിവൃത്തിയില്ലെന്നു കാണാൻകഴിയും.

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതെങ്ങിനെ ആണ്?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): റിവൈസ്ഡ് എസ്റ്റിമേററും അക്കൊല്ലത്തെ അടങ്കലും നോക്കിയാൽ സാധാരണ ബുദ്ധിയുള്ള മനുഷ്യർക്കു അറിയാവുന്നതാണ്. (മിസ്റ്റർ ജി. പരമേശ്വരൻപിള്ള: ഹീയർ, ഹീയർ) ഈ കൊല്ലത്തെ ബഡ്ജററിൽ ചില ഇനങ്ങൾ രാജ്യക്ഷേമകരമായസംഗതികൾക്കായി കൊള്ളിച്ചിട്ടുണ്ടെന്നാണ എന്റെ വിശ്വാസം. ആയതുകൊണ്ടാണ ചിലവിനത്തിൽ കൊള്ളിച്ചിട്ടുള്ള എല്ലാസംഖ്യയും ചിലവഴിക്കണമെന്നു ഞാൻ ആദ്യം പ്രസ്താവിച്ചതു. കഴിഞ്ഞകൊല്ലത്തിൽനിന്നു ഗതാഗതസൌകര്യങ്ങൾക്കായി ൪൫,൦൦൦ രൂപാ കൂടുതലായി നീക്കിവച്ചിട്ടുണ്ട്. മാർക്കററിന്റെ അഭിവൃദ്ധിക്കായി ൩൩,൦൦൦ രൂപാകൊള്ളിച്ചിട്ടുണ്ട്. ഇതെല്ലാം ജനങ്ങൾക്കു ഗവണ്മെന്റ ഉദ്ദേശിച്ചനിലയിൽ കൂടി ചിലവഴിക്കുന്നപക്ഷം ഏറെനാ ചില പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് നമുക്കു ആശിക്കാം.

മദ്രാസിലെ ഇഞ്ചിനീയറിംഗ് കാളേജിൽ തിരുവിതാംകൂറിലെ നമ്മുടെ വിദ്യാർത്ഥികൾക്ക് അവിടെ വേണ്ടവിധത്തിൽ പ്രവേശനം നൾകാത്തതിനാൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിച്ച് ബനാറീസ് യൂണിവേഴ്സിററിയിൽനിന്നും നടത്തിവരുന്ന ഇഞ്ചിനീയറിങ്ങ് കാളേജിൽ ഈ രാജ്യത്തെ വിദ്യാർത്ഥികൾക്ക് പ്രവേശനസൗകര്യം ഉണ്ടാകത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): മുൻപേ മദ്രാസ് ഇഞ്ചിനീയറിംഗ് കാളേജിൽ ഇവിടെയുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു വന്നിരുന്നതായി അറിയാമോ?

മി: പി. എസ്. മഹമ്മദ (നിയമിക്കപ്പെട്ടമെമ്പർ): അറിയാം, എന്നാൽ എന്തോ കാരണവശാൽ അതു നിറുത്തിയിരിക്കയാണ്.

മി: എ. സ്. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): അതിലേക്കുള്ള കാരണം എന്തെന്നറിയാമോ? മുമ്പ് മദ്രാസ് എൻജിനീയറിംഗ് കാളേജിലേക്ക തിരുവിതാംകൂർ ഗവണ്മെൻറു നൾകിവരുന്ന ധനസഹായം ഇപ്പോൾ നൾകാത്തതാണ് അതിനു കാരണമെന്നറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ) അതു കൊണ്ടായിരിക്കണം. മുൻപ് കൊടുത്തിരുന്നാലും ഇല്ലെങ്കിലും ഇപ്പോൾ നമ്മുടെ വിദ്യാർത്ഥികൾക്ക് ഇഞ്ചിനീയറിംഗ് കാളേജിൽ പ്രവേശനമില്ല. അതിലേക്ക ഒരു പരിഹാരമുണ്ടാകുന്നതിനായി ബനാറിസ് ഇഞ്ചിനീയറിംഗ് കാളേജുമായി വേണ്ടനടപടികൾ നടത്തീട്ടുണ്ടെന്നു ബഡ്ജററുകൊണ്ടു കാണുന്നതു് അഭിനന്ദനാർഹംതന്നെ.

൭൫,൦൦൦ ചില്വാനം രൂപാ ഡാക്ടർ ജക്കാബ്സിൻെറ സ്കീമനുസരിച്ച് ചിലവഴിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. അസംഖ്യം ജനങ്ങളുടെ ആരോഗ്യത്തിനു ഉതകത്തക്കനിലയിൽ ചിലവഴിക്കുന്ന പണം അക്കാര്യത്തിൽ ഗവണ്മെൻറിനെ അഭിനന്ദിക്കണം. മെന്തപ്പള്ളി ആശുപത്രിയിൽ ചികിത്സക്കായി ആണ്ടിൽ പതിനയ്യായിരം രൂപാവീതം രണ്ടു കൊല്ലമായി മുപ്പതിനായിരം രൂപാ കൊടുക്കാൻ അനുവദിച്ചിരിക്കുന്നതു ജനങ്ങളുടെ ആരോഗ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനെ ആരും ആക്ഷേപിക്കുമെന്നു എനിക്ക വിചാരമില്ല. എങ്കിലും ഈ തിരുവിതാംകൂറിൽ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ ഭയങ്കരരോഗത്തെ തടയാൻ വേണ്ടമാർഗ്ഗങ്ങൾ തിരുവിതാംകൂറിൽ ഉണ്ടാക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കാത്തതു വളരെ ആക്ഷേപകരമാണ്. ഇവിടെ ഒരു സാനിട്ടോറിയം സ്ഥാപിക്കാൻ ചില ശ്രമങ്ങൾ ചെയ്യുന്നു എന്നു മുൻപു കേട്ടിരുന്നു. എന്നാൽ ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ അവയെ സംബന്ധിച്ചു യാതൊന്നും പറഞ്ഞുകാണാത്തതുകൊണ്ട് ഗവണ്മെൻറ് അതിനെപ്പററി യാതൊന്നും ചെയ്യാൻ ഒരുമ്പെട്ടിട്ടില്ലെന്നുവേണം വിചാരിക്കാൻ. ജനങ്ങളുടെ ആരോഗ്യത്തെ സംബന്ധിച്ചു ഇന്നത്തെ തിരുവിതാംകൂറിൻെറ നിലയ്ക്ക് ഈമാതിരി രോഗങ്ങളെ ചികിത്സിക്കുന്നതിനുവേണ്ട സ്ഥാപനങ്ങൾ ഉണ്ടായിരിക്കേണ്ടതു് ഏററവും അത്യാവശ്യമാണു.

ആയുർവേദ ഡിപ്പാർട്ടുമെൻറിനെ ഒരു ബോർഡിൻെറ കീഴിൽ ആക്കുന്നതിൽ ഉള്ള അനൗചിത്യത്തെ ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണു എനിക്ക് അടുത്തതായി ചെയ്യാനുള്ളതു്. മെഡിക്കൽ ഡിപ്പാർട്ടുമെൻറ് ഒരു ബോർഡിൻെറ കീഴിൽ വന്നതിനുശേഷം ആ ഡിപ്പാർട്ടുമെൻറിൽ വന്നു കൂടിയിട്ടുള്ള ദോഷങ്ങൾ എത്രമാത്രമാണെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. ഇതിനുമുൻപുണ്ടായിരുന്ന കാര്യക്ഷമത അശേഷം നശിച്ചുതുനിമിത്തം ഡിപ്പാർട്ടുമെൻറിലുള്ള ഡാക്ടറന്മാരുടെ ഹൃദയമെല്ലാം ക്രൂരതകൊണ്ടു നിറഞ്ഞുകഴിഞ്ഞു. അഴിമതിയും അക്രമവും മിക്ക ആശുപത്രികളിലും കളിയാടിക്കൊണ്ടാണിരിക്കുന്നതു്. ഇതിനെല്ലാം പ്രധാനകാരണം ഡിപ്പാർട്ടുമെൻറിനെ ശരിയായി നിയന്ത്രിക്കാൻ ഒരു മേധാവിയില്ലാത്തതാണ്. ബോർഡ് എന്നുവച്ചാൽ ഒരു വെറും പലകയെന്നാണു അവർ വിചാരിക്കുന്നതു് (ചിരി) ഇങ്ങനെയുള്ള ഒരു ബോർഡ് ആയുർവേദഡിപ്പാർട്ടുമെൻറിനും ഏർപ്പെടുത്തി വൈദ്യന്മാരെ കണ്ണിലും ഇതിനെ പലകയായിട്ടു കാണിക്കുന്നതു ഒട്ടും ശരിയല്ല.

ഉദ്ദേശം.......മായ ഒരു സംഖ്യ ചിലവു ചെയ്തതിനു ശേഷമാണു നീണ്ടകരപാലം പണികഴിച്ചിട്ടുള്ളതു. അതുകൊണ്ടു ശരിയായ ഫലം കിട്ടണമെങ്കിൽ തോട്ടപ്പള്ളിയിലും ഒരു പാലം തീരേണ്ടതായിട്ടുണ്ട്. ദിവാൻജിഅവർകളുടെ കഴിഞ്ഞ പ്രജാസഭയിലെ ഉപക്രമപ്രസംഗത്തിൽ തോട്ടപ്പള്ളിയിൽ ഒരു പാലം തീരേണ്ട ആവശ്യമുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ അതിനെ സംബന്ധിച്ചു യാതൊന്നും പറഞ്ഞുകാണുന്നില്ല. അതുകൊണ്ടു ഗതാഗതസൗകര്യത്തിനു അത്യന്താപേക്ഷിതമായ ഈ പാലം കഴിയുന്നതും വേഗത്തിൽ പണിയിക്കേണ്ടതാണ്. ഇതിനുപുറമെ അന്ധകാരനഴി പാലം പണിയേണ്ടതും അത്യാവശ്യമാണു. അല്ലെങ്കിൽ നീണ്ടകരയുള്ള ചങ്ങാടമെങ്കിലും അവിടെ ഇടുന്നപക്ഷം യാത്രക്കാർക്കും മററും ബസ്സുകൊണ്ടു പോകുന്നതിനും ഉപയോഗപ്രദമായിരിക്കും.

ബഡ്ജററ് ആകപ്പാടെ നോക്കുന്നപക്ഷം പ്രധാനമായി കാണുന്നന്യൂനത വ്യവസായപോഷണാർത്ഥം ഒന്നും ചെയ്തിട്ടില്ല എന്നുള്ളതാണു. എന്നാൽ ഇതര വിദേശങ്ങളിലേക്ക് അയക്കുന്നതിനു എന്തോ ചില സംഗതികളെല്ലാം ചെയ്തിട്ടുള്ളതായി ബഡ്ജററുകൊണ്ടു കാണുന്നുണ്ടു. വ്യവസായഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചടത്തോളം അവശ്യമായി പ്രവർത്തിക്കേണ്ട സംഗതി ഗവണ്മെൻറു ചെയ്തിട്ടില്ല. തിരുവിതാംകൂറിലെ പ്രധാനമായ വ്യവസായം കയറ, കയറുപാ (mats and mattings) വ്യവസായമാണു എന്നു എല്ലാവരും സമ്മതിക്കുന്നതാണു. ഇതിനെ സംബന്ധിച്ചു ഗവണ്മെൻറു വലുതായി യാതൊന്നും ചെയ്തിട്ടില്ല. ജനങ്ങളുടെ പ്രയത്നംകൊണ്ടുമാത്രമാണു അതു ഒരുവിധം നല്ലനിലയിൽ എത്തിയിരുന്നതു.

ഇപ്പോൾ ഈ വ്യവസായത്തിൻെറ സ്ഥിതി വളരെ പരിതാപകരമായ നിലയിൽ എത്തീട്ടുണ്ടെന്നും മിക്കവാറും തിരുവിതാംകൂർവിട്ടു യാത്രപറഞ്ഞുവരികയാണെന്നും അതിനെസംബന്ധിച്ചു വേണ്ട അന്വേഷണം നടത്താൻ ഒരു കമ്മിററിയെ രൂപീകരിക്കണമെന്നും വിശദീകരിച്ചുകൊണ്ടു ഈ കൌൺസിലിൽതന്നെ ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിൻെറ അധഃപതനത്തിനുള്ള കാരണം താഴെ പറയുന്നവയാണു. (൧) വിദേശങ്ങളിൽ ഈ വ്യവസായം ധാരാളം നടപ്പിലായിട്ടുണ്ടു. (൨) ഇവിടത്തെ കയറു വളരെ ആദായകരമായി വിദേശികൾക്കു ലഭിക്കുന്നു. (൩) ധനവിഷയത്തിൽ നമ്മുടെ നാട്ടിലെ കച്ചവടക്കാർക്കുള്ള അസൌകര്യം. (൪) കയറുപായ് അളക്കുന്നതിൽ വിദേശക്കച്ചവടക്കാരോടും നാട്ടുകച്ചവടക്കാരോടും ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന നയവ്യത്യാസം. കയറുപായ് വിദേശങ്ങളിൽ അയയ്ക്കുന്നതിനു അളക്കേണ്ട ആവശ്യമുണ്ടു. ഒരേററം അളക്കുന്നതിൽ അതുമൂലവരെ നാട്ടുകാരായ കച്ചവടക്കാർക്കു നഷ്ടംനേരിടുന്നുണ്ടു. (൫) കച്ചവടക്കാർ തമ്മിലുള്ള മത്സരം.

ഡപ്യൂട്ടിപ്രസിഡന്റ്: ഗവണ്മെന്റ് എന്തുചെയ്യണമെന്നാണു പറയുന്നതു?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഗവണ്മെന്റ് ഒരു കച്ചവട ഏജന്റോ ഏജൻസിയോ വിദേശങ്ങളിൽ ഏർപ്പെടുത്തി ഇവിടത്തെ ചരക്കുകൾക്കു നല്ല മാർക്കററുകൾ കണ്ടുപിടിക്കുന്നതിനു ഏർപ്പാടുചെയ്യണം. വിദേശങ്ങളിൽനിന്നും ആർഡേഴ്സു കിട്ടുന്നതിനാണു ഇപ്പോൾ വിഷമമുള്ളതു. വിദേശത്തു ഏജന്റ് ഉണ്ടായിരുന്നാൽ ഈമാതിരി വിഷമതകളൊന്നും സംഭവിക്കുകയില്ല. ഈ വിഷയത്തിൽ എന്താണു പ്രവർത്തിക്കേണ്ടതു എന്നുള്ള സംഗതികളെപ്പററി ആലോചിക്കുന്നതിനാണു ഒരു കമ്മിററി രൂപീകരിക്കണമെന്നു പ്രമേയരൂപേണ ഗവണ്മെന്റിനോടു ആവശ്യപ്പെട്ടതു. ആ പ്രമേയം ഗവണ്മെന്റിനാൽ സ്വീകരിക്കപ്പെട്ടെങ്കിലും ഇതുവരെ യാതൊന്നും പ്രവർത്തിച്ചുകാണുന്നില്ല. ഈ വ്യവസായത്തെ സംബന്ധിച്ചു ഇങ്ങനെ ഒരു അവസ്ഥ കാണിക്കുന്നതു കുറെ കഷ്ടംതന്നെ എന്നുമാത്രമെ ഞാൻ പറയുന്നുള്ളു. ആലപ്പുഴയും അതിന്റെ പരിസരപ്രദേശങ്ങളിലും ആയി ൩൦,൦൦൦ത്തിൽപരം തൊഴിലുകാർ ഈ വ്യവസായംകൊണ്ടു ജീവിക്കുന്നുണ്ടു. ഈ വ്യവസായത്തിനു അധഃപതനം സംഭവിക്കുന്നപക്ഷം തൊഴിലില്ലായ്മ വർദ്ധിച്ചു രാജ്യത്തിനു വലിയ ഉപദ്രവം സംഭവിക്കുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ഈ വിഷയത്തിൽ ഉടനടി ഗവണ്മെന്റ് എന്തെങ്കിലും പ്രവർത്തിക്കേണ്ടതാണു.

ഈ ആണ്ടിൽ കസ്റ്റംസ് ഇനത്തിൽ ൩൪,൦൮,൦൦൦ ചില്വാനം രൂപാ വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ൩൫൦ കപ്പലുകളോളം ആലപ്പുഴ തുറമുഖത്തിൽ അടുത്തിട്ടുള്ളതായി ഫിനാൻഷ്യൽസിക്രട്ടറിയുടെ പ്രസംഗത്തിൽ കാണുന്നുണ്ടു. ഇതിനുള്ള പ്രധാനകാരണം പ്രകൃതിസിദ്ധമായ മഡ്ബാങ്കാണു. പ്രകൃതിസിദ്ധമായി ഈ മഡ്ബാങ്കു വന്നതുപോലെതന്നെ ഈ മഡ്ബാങ്കു പ്രകൃതികൊണ്ടുപോയി എന്നുംവരാം. അപ്പോൾ ആലപ്പുഴ പട്ടണത്തിന്റെ പ്രസിദ്ധി നശിച്ചുപോയി എന്നു വരുന്നതാകും. ഇതിനുപുറമെ കൊച്ചിൻഹാർബർ പണി മുഴുവൻ കഴിയാറായിരിക്കുന്നു. പോർട്ടു അധികൃതന്മാർ ആലപ്പുഴ അടുക്കുന്ന കപ്പലുകളെ അപേക്ഷിച്ചു കൊച്ചിയിലടുക്കുന്ന കപ്പലുകൾക്കു ചില സൌജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു.

ഈ സ്ഥിതിക്കു ആലപ്പുഴയും, കൊച്ചിയുമായിട്ടുള്ള മത്സരത്തിൽ ആലപ്പുഴ തുറമുഖം അധഃപതിച്ചുപോകാതെ രക്ഷിക്കേണ്ട ചുമതല ഗവണ്മെന്റിനുള്ളതെന്നാണു എന്റെ വിശ്വാസം. ആലപ്പുഴ തുറമുഖത്തിനു സാധാരണനിലയിലുണ്ടാകാവുന്ന അസൌകര്യം താഴെ പറയുന്നവയാണു. വർഷകാലത്തു കപ്പലിൽനിന്നു വെളിക്കുകൊണ്ടുവരുന്ന ചരക്കുകളെ സൂക്ഷിക്കുന്നതിനു ശരിയായ ഗോഡൌൺസ് ഇല്ല. ആകാശംതന്നെയാണു ഈ ചരക്കുകളെ സൂക്ഷിക്കാനുള്ള മേൽപുര. കപ്പലിൽ ചരക്കുകയററുന്നതിന് കൊണ്ടുപോകേണ്ടതു തോളിൽകൂടിയാണു. അവിടെ ഒരുസ്ഥലത്തുമാത്രമേ ജട്ടിയുള്ളു. അതുകൊണ്ടു വള്ളങ്ങൾ എല്ലാം അവിടെ കെട്ടികിടക്കേണ്ടിവരുന്നു.

ഡപ്യൂട്ടിപ്രസിഡന്റ്: മി. മഹമ്മദ്, നിങ്ങൾക്കുള്ള സമയംകഴിഞ്ഞു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): എനിക്കു ഒരു മിനിട്ടു കൂടി അനുവദിക്കുന്നതായാൽ, ഞാൻ പറയാനുള്ളതു തീർത്തുവയ്ക്കാം.

ഡപ്യൂട്ടിപ്രസിഡന്റ്: ആകട്ടെ.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): പിന്നീടു ലാൻഡിംഗ് ചാർജ്ജിനത്തിൽ ഒരു സംഖ്യ കച്ചവടക്കാരിൽനിന്നും ഏജന്റന്മാർ വാങ്ങിക്കുന്നുണ്ട്. മൺസൂൺകാലത്ത് ൧൧ ൭/൧ രൂപായും സീസൺകാലത്തു ൭ രൂപായും ആണ് വാങ്ങിക്കുന്നതു്. സീസൺകാലത്ത് അവർ ജോലിക്കാർക്കു കൊടുക്കുന്നതു ൩ രൂപാ ൪ അണയാണ്, ഇറക്കുകൂലി ൧ രൂപാ ൭൧ അണ, മററു ചിലവുകൾക്കു ൩ രൂപാ ഒരണ ഇങ്ങനെ ൭൧ രൂപാ ഒരണയാണു ചിലവാകുന്നതു. ബാക്കി ൩ രൂപാ ഏജന്റിനു ആദായം. ഇതു ൭൦൦ ചാക്കിനാണു ഇത്രയും ആദായം. ഇനി മൺസൂൺകാലത്തു കൂടുതൽ നഷ്ടം കച്ചവടക്കാർക്കുണ്ടു. മൺസൂൺകാലത്തു ൭൮ രൂപാ ൩ അണമാത്രമേ ചിലവുള്ളു. ബാക്കി ൭ രൂപാ ൫ അണയാണു ആ കാലത്തു ൭൦൦ ചാക്കിനു ആദായം കിട്ടുന്നതു. ഇങ്ങനെ കൂടുതലായിട്ടു ലാൻഡിംഗ് ചാർജ്ജ് വാങ്ങിക്കുന്നോ എന്നുള്ള സംഗതിയെപ്പററി എന്റെ സ്നേഹിതൻ എ. എച്ച്. ബി. മഹമ്മദ് റാവുത്തർ ഒരു ചോദ്യം ചോദിച്ചതിനു ഗവണ്മെന്റ് മറുപടിപറഞ്ഞതു അറിയാൻ പാടില്ല എന്നാണ്. കച്ചവടവിഷയത്തിൽ എന്തെങ്കിലും സൌകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്. (മി: പീറവിപെരുമാൾ പിള്ള കേറ്റപ്പിൻ കേറ്റപ്പിൻ)

സഭ ലഘുഭക്ഷണത്തിനു ൧-൧൫-നു പിരിയുകയും വീണ്ടും ൩-൭-നു കൂടുകയും ചെയ്തു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): സർ, ഫൈനാൻഷ്യൽസിക്രട്ടറി സമർപ്പിച്ച ബഡ്ജററിൽനിന്നും അടുത്ത ആണ്ടിലും ചിലവുകഴിച്ചു ൧.൧ ലക്ഷം രൂപാ മിച്ചമുള്ളതായിട്ടു കാണുന്നു. ഇതു നാട്ടിന്റെ ഐശ്വര്യാഭിവൃദ്ധിയെ സൂചിപ്പിക്കുന്നു എന്നുപറയാൻ സാധിക്കുമോ എന്നു സംശയമാണു. ഇപ്പോൾ കാണുന്ന മിച്ചവും വരവും ജനങ്ങളെ മർദ്ദിപ്പിച്ചും അവരുടെ ഗതാഗതസൌകര്യത്തെ കരം ചുമത്തിയും ആണു ഉണ്ടാകുന്നതു എന്നു ബഡ്ജററിൽ നിന്നു പ്രത്യക്ഷമാകുന്നതാണു. നാട്ടിന്റെ ഐശ്വര്യം ഗവണ്മെന്റ് ഖജനാവിലെ പണത്തിന്റെ തുകയെ ആശ്രയിച്ചിരിക്കുകമാത്രം ആണെങ്കിൽ ഇപ്പോൾ കാണുന്ന വരവു ഒരു ശുഭലക്ഷണംതന്നെ. അതല്ല, ജനങ്ങളുടെ ഇടയിൽ സമൃദ്ധിയുണ്ടായിരിക്കയാണു നാട്ടിന്റെ ഐശ്വര്യം എന്നു വരികിൽ ഇപ്പോഴത്തെ വരവു ഒട്ടും സന്തോഷത്തെ ഉണ്ടാക്കുവാൻ ഇടയില്ല. ജനങ്ങളുടെ ഇടയിൽ സമൃദ്ധി ഇല്ലെന്നല്ല, ദാരിദ്ര്യം ഏറെയും വർദ്ധിച്ചുമിരിക്കുന്നു. അവർക്ക് വരവിനുള്ള സകലവഴികളും അടഞ്ഞിരിക്കുന്നു. നാളികേരം, കുരുമുളക്, മരച്ചീനി, നെല്ലു മുതലായ സാധനങ്ങളുടെ വില അസാമാന്യമായി കുറഞ്ഞിരിക്കുന്നു. കല്പവൃക്ഷം ഈ നാട്ടിൽനിന്നും പോയി എന്നുതന്നെ പറയാം. ഈ വിലകുറവുകൊണ്ട് സാധുക്കൾക്ക് സുഭിക്ഷമായി നിത്യവൃത്തികൾ കഴിഞ്ഞുപോകുമെന്ന് ചിലരുടെ ഇടയിൽ ഒരു തെററിദ്ധാരണയുണ്ട്. ധനവാന്മാരുടെ പക്കൽ പണമുണ്ടെങ്കിലേ സാധുക്കൾക്കു വേലയുള്ളു. സാധുക്കൾക്ക് ജോലിയുണ്ടെങ്കിലല്ലാതെ ആഹാരം കിട്ടുകയില്ല. ഇപ്രകാരത്തെ വിഷമാവസ്ഥയുടെ കാരണം കണ്ടുപിടിച്ചു പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതു് ഗവണ്മെന്റിന്റെ ചുമതലയാണ്. ദിനംപ്രതി ജനങ്ങളുടെ ഇടയിൽ ഉള്ള Economic condition (സാമ്പത്തികാവസ്ഥ) വളരെ ക്ഷയിച്ചുവരുന്നതിനു പുറമെ, തൊഴിൽ ഇല്ലായ്മയും അതിഭയങ്കരമായി വ

ഷിച്ചുവരുന്നു. ഇതിലേക്ക് ഒരു കമ്മററി കൂടി ജനങ്ങളുടെ പണം കുറെ ചിലവിട്ട കമ്മിററി അംഗങ്ങളുടെ തൊഴിലില്ലായ്മയെ കുറെ ദിവസത്തേക്ക് പരിഹരിച്ചു എന്നല്ലാതെ വേറെ അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. അവർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് ഗവണ്മെൻറിൻെറ കാഴ്ചയിൽനിന്നും അസ്തമിച്ചു. ആ റിപ്പോർട്ട ഇപ്പോൾ ഹജ്ജൂർകച്ചേരിയുടെ ഒരു മൂലയിൽ പൊടിപിടിച്ചുകിടക്കുന്നു എന്നു പറയാൻ എനിക്ക് ഒട്ടും മടിയില്ല. പിന്നേയും കമ്മിററിയിലെ അംഗങ്ങൾക്കും ജനങ്ങൾക്കും തൊഴിലില്ലാതെയായി. ഇതാണ് ഈ കൌൺസിലിൽനിന്നു പാസാക്കിയ ഒരു പ്രമേയത്തിൻെറ സ്ഥിതി.

അടുത്തതായി എനിക്കു പറയാനുള്ളത് തിരുവിതാംകൂറിൽ ഒരു പബ്ലിക്അക്കൌണ്ട്സ് കമ്മിററിയുടെ ആവശ്യകതയെ പററിയാണ്. കൌൺസിൽ പരിഷ്കാരം കഴിഞ്ഞിട്ട് ഇപ്പോൾ ഒൻപതു വർഷം കഴിഞ്ഞിരിക്കുന്നു. ആണ്ടുതോറും എഴുത്തുപള്ളിയിലെ എൺചുവടിയും കണക്കുചൊല്ലുംപോലെ ഫൈനാൻഷ്യൽ സിക്രട്ടറിയുടെ ബഡ്ജററു വായനയും കൌൺസിൽ അംഗങ്ങൾ ഒന്നുചേർന്നുള്ള പാസാക്കലും നടന്നുവരുന്നു. എന്നാൽ ഈ കൌൺസിലിൽനിന്നും അനുവദിക്കുന്ന പണം ശരിയായി ചിലവു ചെയ്യുന്നുണ്ടോ എന്നും കൌൺസിലിൽ അനുവദിക്കാത്ത ഗവണ്മെൻറിൻെറ ആവശ്യമെന്നുള്ള പതിവിൽ ചിലവിടുന്നതുമായ പണം ശരിയായി ചിലവാക്കുന്നുണ്ടോ എന്നും അറിയുന്നതിന് ജനപ്രതിനിധികളായ ഈ കൌൺസിലിലെ അംഗങ്ങൾക്കു യാതൊരു വഴിയും ഇല്ലാതെയാണ് ഇരിക്കുന്നതു. എന്നാൽ ഗവണ്മെൻറു ഭാഗത്തുനിന്നും അപ്രോപ്രിയേഷൻ റിപ്പോർട്ടില്ലേ എന്നു ചോദിച്ചേക്കും. അതിലേക്കു ൧൦൯൯-ലെ അപ്രോപ്രിയേഷൻ റിപ്പോർട്ടുതന്നെയാണ് ഉത്തരം. അതിലുള്ള ഒരു ഭാഗത്തെ ഞാൻ ഇവിടെ വായിച്ചുകേൾപ്പിക്കാം.

ഒടുവിലത്തെ ഇനത്തിൽ വലിയതുക കാണുന്നത് അസാധാരണമായ രണ്ടിനത്തിലെ എഴുതിക്കുറക്കലുകൊണ്ടുവന്നിട്ടുള്ളതാണ്. മാക്മില്ലൻ പാഠപുസ്തകങ്ങൾക്കു പകരം പുതിയപാഠപുസ്തകങ്ങളെ ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറു ഉത്തരവായപ്പോൾ വിദ്യാഭ്യാസ ഡയറക്ടരുടെ കൈവശം പഴയപാഠപുസ്തകങ്ങൾ സ്റ്റാക്കായി കിടന്നു. അതിൽ കുറെപുസ്തകങ്ങളെ ഡിപ്പാർട്ടുമെൻറു പള്ളിക്കൂടങ്ങളിലേക്കയച്ചു കൊടുക്കണമെന്നും ബാക്കിയുള്ളവയെ എഴുതിക്കുറക്കണമെന്നും ഗവണ്മെൻറു ഉത്തരവായി.

ഈ ഉത്തരവിൻപ്രകാരം എഴുതിക്കുറച്ചിട്ടുള്ള തുക നാലായിരത്തി അഞ്ഞൂററി അൻപത്തിമൂന്ന് രൂപായാണ്. എനിക്കു ഗവണ്മെൻറിനോടു ചോദിക്കാനുള്ളതു ഇത്രവലിയ വില കൊടുത്തുവാങ്ങിയ പുസ്തകങ്ങൾ ഇരിക്കുന്ന അവസരത്തിൽ പുതിയ പാഠപുസ്തകം നടപ്പിൽവരുത്തുന്നതിനുള്ള അത്യാവശ്യം എന്തായിരുന്നു, ഇതു ആരുടെ ശുപാർശപ്രകാരം ഏർപ്പെടുത്തി, ആ ശുപാർശചെയ്ത ആളിനെ ഗവണ്മെൻറിൽനിന്നു എന്തു ചെയ്തു എന്നാണ്.

ജനങ്ങളുടെപക്കൽ നിന്നു പിരിച്ചെടുക്കുന്നപണം ഈ വിധം ആവശ്യമില്ലാതെ എന്തിനു ചിലവുചെയ്തു എന്ന് ജനപ്രതിനിധികളായ ഞങ്ങൾക്കു ചോദിക്കാൻ അധികാരമുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ഇതിനും പുറമെ പി. ഡബ്ലിയു. ഡി. ജനറൽ സ്റ്റോർസിലെ സാമാനങ്ങൾക്കു വിലവച്ചപ്പോൾ പുസ്തകത്തിലുള്ള വിലയും മാർക്കററു വിലയുംതമ്മിൽ താരതമ്യപ്പെടുത്തി നോക്കിയതിൽ കുറവുകണ്ട രൂപാ അൻപത്തിമൂവായിരത്തിഅഞ്ഞൂററി പതിനേഴും കുറവെഴുതി എന്നുള്ളതാണ്. ഇതിനെ പി. ഡബ്ലിയു. ഡി. സ്റ്റോർപർച്ചസിംഗ് സ്കാൻഡൽ എന്നു അഭിധാനംചെയ്യുന്നതിനു ഞാൻ മടിക്കുന്നില്ല. ഇങ്ങനെ ജനങ്ങളുടെ പണം ആവശ്യമില്ലാതെ ചിലവുചെയ്ത ഉദ്യോഗസ്ഥനെ ഗവണ്മെൻറ് എന്തു ചെയ്തു. എന്താണ് ഇങ്ങനെ വരാനുള്ളകാരണം, ഇതിലേക്കു ഗവണ്മെൻറിൽനിന്നും എന്തുനടപടിനടത്തി, ഇതൊന്നുംതന്നെ അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ നിന്ന് ജനപ്രതിനിധികളായ ഞങ്ങൾക്കു അറിയാൻ തരം കിട്ടുന്നില്ല. ഇതിനു എക്സ്പ്ലനേഷനായി ഗവണ്മെൻറു പറഞ്ഞിരിക്കുന്നത് "writes-off of an unusual nature" എന്ന് ഒരു ഒററ പദപ്രയോഗം മാത്രമാണ്.

പബ്ലിക്കു അക്കൌണ്ട്സ്കമ്മിററിക്കു ഓരോ ഇനംപ്രതിയുമുള്ള ചിലവിനെ പററി അന്വേഷിക്കുന്നതും ആവശ്യമുള്ളപക്ഷം ഉദ്യോഗസ്ഥന്മാരുടെ പക്കൽനിന്നും എവിഡൻസു എടുക്കുന്നതിനും, സകലറിക്കാർട്ടുകൾ പരിശോധിക്കുന്നതിനും, ചിലവിൽ പിശകുകണ്ടാൽ അതിനെപ്പററി റിപ്പോർട്ടു എഴുതാനും തെററുചെയ്ത ഉദ്യോഗസ്ഥനെ ശിക്ഷിക്കണമെന്നു ശുപാർശചെയ്യുന്നതിനും അധികാരമുണ്ടെന്നാണ് എൻെറ അറിവു.

പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെൻറിൽ അനുവദിക്കുന്ന പണം ചിലവാക്കാതിരിക്കുന്നുണ്ട്. മിജാർജ് ഫിലിപ്പിനെപ്പോലെയുള്ള ഉദ്യോഗസ്ഥന്മാർ അനുവദിക്കാത്ത പണവും ചിലവിടുന്നു. കൂടാതെ പലിശക്കു കടംവാങ്ങിയ പണം കൊടുത്തുതീർക്കാതെ കുറഞ്ഞ പലിശക്കു നിക്ഷേപിക്കുന്നു. ഇങ്ങനെ പലവിധത്തിലുള്ള ഫൈനാൻഷ്യൽ ഭരണം നടക്കുന്നതിനെ സംബന്ധിച്ചു യാതൊരറിവും ജനപ്രതിനിധികളായ കൌൺസിൽഅംഗങ്ങൾക്കു ഇപ്പോൾ കിട്ടാൻ സാധിക്കുന്നില്ല. അതിനാൽ ബ്രിട്ടീഷുഗവണ്മെൻറിൽ ഇപ്പോൾ നടന്നുവരുന്നതായ പബ്ലിക്കു അക്കൌണ്ട്സ് കമ്മററിപോലെ ഇവിടെയും ഒരു കമ്മിററി സ്ഥാപിക്കണമെന്ന് ഗവണ്മെൻറിനോടു ഞാൻ ഈ അവസരത്തിൽ ശുപാർശ ചെയ്തുകൊള്ളുന്നു.

അടുത്തതായി പറയാനുള്ളതു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനെപ്പററിയാണ്. വളരെക്കാലമായി എഡ്യൂക്കേഷൻ വകുപ്പിൻെറഭരണം യൂറോപ്യന്മാരുടെ കയ്യിൽ ഇരിക്കുന്നതുകൊണ്ടു ജനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അനുസരിച്ചു വിദ്യാഭ്യാസനയംവ്യത്യാസം ചെയ്യുന്നതിനു സാധിക്കുകയല്ല. എന്നുള്ള ബോധത്തോടുകൂടി, മേലാൽ എഡ്യൂക്കേഷൻ ഡയറക്ടരായി ഒരു ഇന്ത്യനെനിയമിക്കാവു എന്നു ൧൦൯൬-ൽ ഒരു കട്ട്മോഷൻ ഈ കൌൺസിലിൽ കൊണ്ടുവന്നുപാസാക്കിയതിൻെറ ഫലമായിട്ടാണ് റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാരെ ഡയറക്ടരായിനിയമിച്ചതു എന്നു ഈ സാധുക്കളായ മെംബേഴ്സു വിചാരിച്ചിരിക്കാം. ഈ കൌൺസിലിലെ റസല്യൂഷനെ കേവലം തൃണംപോലെ വിചാരിക്കുന്നു എന്നു കാണിക്കുന്നതിലേക്കാണോ ഇപ്പോൾ ഒരു ധ്വരയെ ഈ നാട്ടിലേക്ക് ഇറക്കുമതിചെയ്തിരിക്കുന്നത് എന്നു എനിക്കുതോന്നിപ്പോകുന്നു. ജനങ്ങളുടെ വിയർപ്പുതുള്ളിയിൽ നിന്നും പിഴിഞ്ഞെടുക്കുന്ന പണത്തെ ഈ വിധം നിസ്സാരമായി ചിലവിടുന്നതിന് തുനിയുന്നതു കേവലം നീചമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ പലവിധത്തിലുള്ള അഴിമതികൾ നടക്കുന്നുണ്ട്. ബുക്കുകമ്മിററിക്കാർ എന്നു ഒരുതരം ആളുകൾ ഉണ്ട്. ആണ്ടുതോറും പാഠപുസ്തകങ്ങൾ മാററും. അതിന് കുറെ കവിതക്കാരും എഴുത്തുകാരും ഉണ്ട്. അവരുടെ

ഷ്ടപ്രകാരം ആണ്ടുതോറും പുസ്തകങ്ങളെ മാററി സാധുജനങ്ങളെ ഉപദ്രവിക്കുന്നു. എന്നാൽ അങ്ങിനെ മാറുന്ന പുസ്തകം അച്ചടിച്ചു തയ്യാറുണ്ടോ എന്നു അധികാരികൾ നോക്കാതെയാണ് പുസ്തകങ്ങൾ എടുത്തുകളയണമെന്നു പറയുന്നതു. ഈ ആണ്ടത്തേക്കു നിശ്ചയിച്ച പാഠപുസ്തകങ്ങൾ മൂന്നുമാസമായിട്ടും അച്ചടിച്ചു വന്നിട്ടില്ല. ഇനിയും ഒരു മൂന്നുമാസത്തിനകം ഈ പുസ്തകങ്ങൾ വരുമോ എന്നു സംശയമാണ്. ഗവണ്മെന്റിൽനിന്നും സപ്ലൈചെയ്യുന്ന വർണാക്യുലർ സീരീസ് പുസ്തകങ്ങൾതന്നെ രണ്ടുമാസം കഴിഞ്ഞശേഷമാണ് കിട്ടിയിട്ടുള്ളതു. എല്ലാ ഇൻസ്പെക്ടറന്മാരുടേയും ആഫീസിൽ ചെന്നന്വേഷിച്ചാൽ "പാഠപുസ്തകങ്ങൾ ഇവിടെയില്ല, ഞങ്ങളെ ഉപദ്രവിക്കരുതേ എന്നാണ് പറയുന്നതു". ഒരുമാസമോ രണ്ടുമാസമോ കഴിഞ്ഞാലും പുസ്തകം വാങ്ങിച്ചു സ്ക്കൂളിൽ വരികണമെന്ന് പറയുന്നതു തെററാണ്. മേലാൽ പുസ്തകങ്ങൾ അച്ചടിച്ചു ശരിയായിട്ടുണ്ടോ എന്നറിഞ്ഞല്ലാതെ അവകളെ പാഠപുസ്തകമായി അംഗീകരിച്ചുകൂടാ എന്നു ഗവണ്മെന്റിനോടു ഞാൻ അപേക്ഷിക്കുന്നു.

സ്ക്കൂളുകളിൽ ആവശ്യമുള്ളിടത്തോളം ടീച്ചേർസ് ഇല്ല "ഇന്ന് എന്റെ ടീച്ചർ വന്നിട്ടില്ല" എന്നു പലപ്പോഴും കുട്ടികൾ പറയാറുണ്ട്. പല സ്ക്കൂളുകളിലും എല്ലാം ഹിസ്റ്ററി ടീച്ചേഴ്സായിട്ടുണ്ട്. മററു സ്ക്കൂളിൽ മാത്തമാററിക്സ് ടീച്ചേർസ് മാത്രമേ ഉള്ളു എന്നുവന്നുപോകുന്നു. ഈ വിധം എല്ലാ വിഷയങ്ങളും പഠിപ്പിക്കത്തക്ക ആളുകൾ എല്ലാ സ്ക്കൂളിലും ഇല്ലാതെ വരുന്നതിനെ സംബന്ധിച്ചു പ്രത്യേകം ആലോചിക്കേണ്ടതാണ്.

പിന്നീടു എല്ലാ സ്ക്കൂളുകളിലും നാനാജാതിക്കാർക്കും പ്രവേശനം കൊടുക്കേണ്ടതാണെന്നു ഗവണ്മെന്റിന്റെ ആർഡർ ഉണ്ടായിട്ടുണ്ടെങ്കിലും തിരുവനന്തപുരം പട്ടണത്തിലുള്ള ഏതാനും സ്ക്കൂളുകളിൽ പുലയർക്കു പ്രവേശനംകൊടുക്കുന്നില്ലെന്നു ഞാൻ പത്രത്തിൽ വായിച്ചു. അതു ശരിയാണെങ്കിൽ ഇപ്പോഴത്തെ ഗവണ്മെന്റിന്റെ നയം പൂർവാപരവിരുദ്ധത കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല.

ഇനി എനിക്കു പറയുവാനുള്ളതു പൊതുമരാമത്തു വകുപ്പിനെപ്പററിയാണു. ഈ സഭയിൽ എല്ലാക്കൊല്ലവും ജനങ്ങളുടെ പ്രതിനിധികൾ മുറവിളികൂട്ടുന്നു എങ്കിലും നാട്ടിൻപുറങ്ങളിലുള്ള റോഡുകളുടെ സ്ഥിതി വളരെ ശോചനീയമായിത്തന്നെയിരിക്കുന്നു. കഴിഞ്ഞവർഷം ടോളിൽനിന്നു ൪,൬൫,൦൦൦ രൂപാ അപഹരിച്ചുവെങ്കിലും റോഡുകളുടെ മെയിൻറനൻസുവകയ്ക്കു പഴയ റേററ് അനുസരിച്ചു കൊടുക്കുന്നതല്ലാതെ ഒട്ടുംതന്നെ കൂടുതൽ കൊടുക്കുന്നില്ലെന്നുള്ളതു ബഡ്ജററുനോക്കിയാൽ കാണാവുന്നതാണു. ഈ വകയ്ക്കു പിരിക്കുന്ന പണം മിക്കപ്പോഴും മററുവകകൾക്കും ചിലവിടുന്നു. ടോൾനിറുത്തണമെന്നു ഈ കൗൺസിലിൽതന്നെ ഒരു പ്രമേയം പാസാക്കിയിട്ടുണ്ടു. എന്നാൽ ആ പ്രമേയം അനുസരിച്ചു പ്രവർത്തിക്കുന്നതിനുപകരം നങ്ങ്യാർകുളങ്ങര ഒരു ടോൾകൂടി ഏർപ്പെടുത്തുകയാണു ചെയ്തതു. പല ഇനങ്ങളിലും അനുവദിക്കുന്ന പണം ചിലവാക്കാതെ ലാപ്സാക്കിക്കളയുന്നതു മേലുദ്യോഗസ്ഥന്മാരുടെ അന്വേഷണത്തിന്റെ കുറവാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഈ വിഷയത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണം. അനുവദിച്ചിട്ടുള്ള പണം ലാപ്സാക്കിക്കളയുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കണം. പുതിയ റോഡുകൾ ഉണ്ടാക്കി ഉപയോഗശൂന്യമാക്കി ഇടുന്നതിൽ ഭേദം ഇപ്പോൾ ഉള്ള റോഡുകളെ സഞ്ചാരയോഗ്യമാക്കിത്തീർക്കുകയാണു വേണ്ടതു. ഈ സംഗതി ഞാൻ റോഡുബോർഡുകാരെ അറിയിച്ചുകൊള്ളുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറിനെപ്പററിയാണു ഇനി എനിക്കു പറയുവാനുള്ളതു.

ഡിപ്യൂട്ടി പ്രസിഡൻറ: നിങ്ങളുടെ സമയം തീർന്നു.

മി: വേതിനാൾ രാമചന്ദ്രരാജ (ഇടവക): എനിക്കു ഒരു മിനിട്ടുകൂടിവേണം.

എക്സൈസ് തുറയിൽ ടെമ്പറൻസിനെ ഉദ്ദേശിച്ചു ൧൧൨൪-ൽ ൪൨ ശതമാനം ഷാപ്പുകൾ കുറച്ചു എന്നും വിദേശമദ്യത്തിൽ ൧൭൩൪ ഗ്യാലൻ കുറവുണ്ടെന്നും കാണുന്നതു ആശ്വാസകരംതന്നെ. എന്നാൽ നാടൻ ചാരായം ൧൧൨൩-ലേക്കാൾ ൯൦൪൪ ഗ്യാലൻ കൂടുതലായി ചിലവായിരിക്കുന്നു എന്നും കാണുന്നു. ഇങ്ങനെ ഒന്നിൽ കുറഞ്ഞാൽ മററൊന്നിൽ കൂടുതൽ കാണുന്നുണ്ടു. കള്ളിൽ കുറവുണ്ടെങ്കിൽ കഞ്ചാവിൽ കൂടുതൽ കാണുന്നു. ഇതുകൊണ്ടു കാണുന്നതു ഗവണ്മെൻറു മനഃപൂർവ്വമായി വിചാരിച്ചാലല്ലാതെ മദ്യപാനം നിറുത്താൻ സാധിക്കയില്ലഎന്നാണു. പത്രങ്ങളിൽ കാണുന്നതു വാസ്തവമാണെങ്കിൽ കൊല്ലത്തു മദ്യപാനനിരോധനസംഘത്തോടു ഗവണ്മെൻറു പ്രവർത്തിക്കുന്നനയം വളരെ നീചമാണു. മദിരാശിപ്രസിഡൻസിയിൽ നല്ല ഒരു തുക ടെമ്പറൻസു പ്രചരണത്തിനായി ചിലവാക്കുന്നുണ്ടു, നമ്മുടെ നാട്ടിൽ അങ്ങിനെ ചെയ്യുന്നില്ലെങ്കിലും ലാത്തിമുതലായവ വഴിത്തി ചതിവായി അപകടപ്പെടുത്തുന്നതിനു തന്റെ സകലസുഖങ്ങളും ഉപേക്ഷിച്ചു ടെമ്പറൻസു പ്രചരണവേല ചെയ്യുന്ന ആളുകളെ, ചതിവായി അകപ്പെടുത്തുന്നതിനു മുതിരുന്നതു വളരെ നീചമായ ഒരു പ്രവർത്തിയാണു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, ആണ്ടുതോറും നിയമസഭ മുൻപാകെ ഗവണ്മെൻറ് സമർപ്പിക്കുന്ന ആയവ്യയഗണനപത്രികയെ നിരൂപണംചെയ്തുംകൊണ്ടു അനൗദ്യോഗസ്ഥഭാഗത്തുനിന്നും ശക്തിയുക്തം പല നിർദ്ദേശങ്ങളും ചെയ്യാറുണ്ട്. ഓരോ മെമ്പറന്മാരും രാജ്യത്തിനും രാജ്യവാസികൾക്കു പൊതുവെയും അവരവരുടെ നിയോജകമണ്ഡലത്തെ പ്രത്യേകവും ബാധിക്കുന്ന വിഷയങ്ങളെപ്പററിയാണു ഇവിടെ നിരൂപണംചെയ്യാറുള്ളതു. ജനങ്ങളുടെ പ്രതിനിധികളായിരിക്കുന്ന ഞങ്ങൾ നിയമസഭ മുഖാന്തിരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന വിഷയങ്ങളെപ്പററി എന്തെങ്കിലും നടപടി നടത്തുവാൻ ഗവണ്മെൻറു ശ്രമിക്കുന്നതായി ഞങ്ങൾക്കോ പൊതുജനങ്ങൾക്കോ അറിവാൻ ഇടവരുന്നില്ല. ഈ സഭ മുഖാന്തിരം പ്രസ്പഷ്ടമാകുന്ന ജനഹിതത്തെ അവഗണിച്ചുകൊണ്ടുള്ള ഒരു ഭരണനയമാണു ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്നതെന്നു കാണുന്നതിൽ ഞാൻ അതിയായി ഖേദിക്കുന്നു. ൧൧൨൬-നുശേഷം ഈ നിയമസഭയിൽ ഏതെല്ലാം പ്രമേയങ്ങൾ പാസായിട്ടുണ്ട്. കട്ട്മോഷൻമൂലം ഏതേതു ഡിപ്പാർട്ടുമെൻറിന്റെ ഭരണവൈകല്യങ്ങളെ അനൗദ്യോഗസ്ഥഭാഗം ശക്തിയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവയ്ക്കു എല്ലാം ഗവണ്മെൻറു നാളിതുവരെ എന്തെല്ലാം നടപടികളാണ് നടത്തിയിട്ടുള്ളത് എന്നു അറിവാൻ ജനങ്ങൾക്കു അവകാശമില്ലേ? ഈ വിഷയത്തെ പുരസ്കരിച്ചു ഞാൻ നിയമസഭയിൽ അയച്ചിട്ടുള്ളതും, ൧൯൫൦ ഏപ്രിൽ ൧൭-ാംനു-യിലെ ൨൦-ാംനമ്പ്ര നോട്ടീസ്സിൽ ൯൪൬-ം ൯൪൭-ം നമ്പ്രുകളായി ചേർത്തിട്ടുള്ളതുമായ ചോദ്യങ്ങൾക്കു ഒരു കൊല്ലം കഴിഞ്ഞിട്ടും ഗവ

ണ്മെൻറ് ഇതേവരെ മറുപടി പറയാതിരിക്കുന്നതിൽനിന്നും ഈ സംഗതികൾ പൊതുജനങ്ങൾക്ക അറിയേണ്ട ആവശ്യം ഇല്ലെന്ന ഗവണ്മെൻറ വിചാരിക്കുന്നതായി തോന്നിപ്പോകുന്നു. പൊതുജനങ്ങൾ അറിയാൻ ആഗ്രഹിക്കുന്നതും ഗവണ്മെൻറിന്റെ ഭരണവൈകല്യങ്ങളെ വെളിപ്പെടുത്തുന്നതിന പര്യാപ്തമായിട്ടുള്ളതുമായ ചോദ്യങ്ങൾ പല മെമ്പറന്മാരും ഗവണ്മെൻറിലേക്ക അയച്ചിട്ടുണ്ടെങ്കിലും അവയ്ക്കെല്ലാം ശരിയായി മറുപടി പറയാതിരിക്കുന്നതിൽനിന്നും നിയമസഭയെത്തന്നെ ഗവണ്മെൻറ കാര്യമായി കരുതിയിട്ടില്ലെന്നാ ജനങ്ങളുടെ വളർന്നുവരുന്ന രാഷ്ട്രീയബോധത്തെ ഇത്തരം സ്ഥാപനങ്ങൾകൊണ്ട വെള്ളയടിച്ചു തൃപ്തിപ്പെടുത്തണമെന്നെ ഗവണ്മെൻറ വിചാരിക്കുന്നുള്ളു. എന്താണോ ജനങ്ങൾ മനസ്സിലാക്കേണ്ടതു്? മിസ്റ്റർ വാട്സ് ഇവിടെ ദിവാനായിരുന്നകാലത്തു പ്രജാസഭയിൽ ജനപ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനങ്ങൾക്ക എന്തെല്ലാം തീരുമാനങ്ങളും നടപടികളുമാണ ചെയ്തിട്ടുള്ളതെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ പൊതുജനങ്ങളുടെ അറിവിനായി പരസ്യം ചെയ്തിരുന്നു. ഇപ്പോഴ നിയമസഭയിൽ പാസാകുന്ന പ്രമേയങ്ങൾ, ഉപക്ഷേപങ്ങൾ മുതലായവകളെസംബന്ധിച്ച എന്തെല്ലാം നടപടികളാണ് ഗവണ്മെൻറ ചെയ്തിട്ടുള്ളതെന്ന പൊതുജനങ്ങളുടെ അറിവിനായി ഒരു സ്റ്റേറ്റുമെൻറ പരസ്യം ചെയ്യുന്നതു ജനങ്ങൾക്ക ഗവണ്മെൻറിനെ ഉള്ള വിശ്വാസം വർദ്ധിക്കുന്നതിന പര്യാപ്തമായിരിക്കുന്നതാണ്.

അനുദിനം വർദ്ധിച്ചുവരുന്ന ജനങ്ങളുടെ ആവശ്യം സാധിക്കുന്നതിനായി ഭൂമിശല്ലം തദനുസരണം വർദ്ധിപ്പിക്കുവാൻ നമുക്ക സാധിക്കയില്ലെന്നുള്ളതു സുവിദിതമാണല്ലോ. നമ്മുടെ രാജ്യത്തെ എല്ലാത്തര പ്രധാന വിളവുകളുടേയും വിലക്ക സാരമായ കുറവു തട്ടിയിരിക്കുന്നു. പ്രധാന ആഹാരസാധനമായ നെല്ലിന്റെ വില തന്നെ നൂറു ശതമാനം കുറഞ്ഞിട്ടുണ്ട്. ഈ വിധത്തിലും മററും നമ്മുടെ സാമ്പത്തികസ്ഥിതിക്ക അനുക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്ന അധഃപതനത്തിനെ ഫലപ്രദമായ വിധത്തിൽ ഉദ്ധാരണംചെയ്യുന്നതിന യാതൊരു മാർഗ്ഗവും ഗവണ്മെൻറ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

രാജ്യത്തെ വിദ്യാഭ്യാസം ആഡംബരപരമായ ഒരു രീതിയെ ഇടുന്നകൊണ്ടു നടത്തുന്നാകയാൽ ഗവണ്മെൻറിനെക്കാൾ അധികം നഷ്ടം രക്ഷകർത്താക്കൾക്ക ആണെന്നുള്ള വസ്തുത ഗവണ്മെൻറ വിസ്മരിക്കുവാൻ പാടില്ലാത്തതാകുന്നു. പ്രാഥമികവിദ്യാഭ്യാസത്തിന ശേഷമുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതിയെ ആദായകരമായ ഒരു വ്യവസായപദ്ധതി ആക്കിത്തീർക്കുന്നതിന ഗവണ്മെൻറ ഫലപ്രദമായി ശ്രമിക്കുന്നവെങ്കിൽ രാജ്യത്തു വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിന ഏതാണ്ടൊരു ശമനം ഉണ്ടാകുമായിരുന്നു. ആഹാരസമ്പാദനത്തിന അന്യരാജ്യങ്ങളെ അഭയം പ്രാപിക്കുവാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കന്മാർക്ക മാത്രമെ സാധാരണയായി ഇപ്പോൾ സാധിക്കുന്നുള്ളു. മലയാളംമാത്രം പഠിച്ചിട്ടുള്ള യുവാക്കന്മാർക്ക ആഹാരസമ്പാദനാർത്ഥം ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ സഞ്ചരിക്കുന്നതിന ഇന്നത്തെ അവരുടെ വിദ്യാഭ്യാസം മതിയാകാതെയാണിരിക്കുന്നതു്. ഭാവിയിലെങ്കിലും ഈ വിഷമം നമ്മുടെ യുവാക്കന്മാർക്ക നേരിടാതെയിരിക്കുന്നതിന പ്രാഥമികവിദ്യാഭ്യാസശേഷം വിദ്യാലയങ്ങളിൽ പഠനം നടത്തുന്ന എല്ലാ കുട്ടികളും ഹിന്ദിഭാഷ നിർബന്ധിതമായി പഠിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യേണ്ടതാകുന്നു. വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന മദ്രാസ് ഗവണ്മെൻറും മദ്രാസ് സർവകലാശാലയും ആന്ധ്രാസർവകലാശാലയും സ്വീകരിച്ചിട്ടുള്ളതും ലോകത്തിലെ പ്രധാനഭാഷകളിൽ മൂന്നാംസ്ഥാനം അർഹിക്കുന്നതും [illegible] കോടി ജനങ്ങൾ സംസാരിച്ചുവരുന്നതുമായ ഹിന്ദിഭാഷ നമ്മുടെ വിദ്യാർത്ഥികളും പഠിക്കുന്നതിന അവസരം ഉണ്ടാക്കിക്കൊടുക്കുന്നതു രാജ്യത്തിനുതന്നെ പൊതുവെ ഗുണപ്രദമായിട്ടുള്ളതാകുന്നു.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ആക്ടിംഗ് മലയാളസ്കൂൾ അദ്ധ്യാപകന്മാരുടെ നേരെ അനുവർത്തിക്കുന്ന നയം വളരെ ആക്ഷേപയോഗ്യമായിട്ടുള്ളതാകുന്നു. സ്ഥിരം ഒഴിവുകളിൽപോലും ആരെ നിയമിക്കാതെ ആക്ടിംഗായിമാത്രം ആൾ നിയമിക്കുകയും വെക്കേഷൻ തുടങ്ങുമ്പോൾ അവരെ പിരിച്ചുവിടുകയുംചെയ്യുന്ന രീതി ഗവണ്മെൻറിന്റെ നിർദ്ദയത്വത്തെ ആണ് വെളിപ്പെടുത്തുന്നതു്. വെക്കേഷൻ കാലത്തെ ശമ്പളം ലാഭമുണ്ടാക്കാമെന്നല്ലാതെ മററു വല്ല പ്രയോജനവും ഇതിൽനിന്നു സിദ്ധിക്കുന്നുണ്ടോ എന്നറിയുന്നില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: അതു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ മാത്രമല്ല, വേറെ ഡിപ്പാർട്ടുമെൻറിലും ഉണ്ട്.

ശ്രീമതി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഉണ്ട്, ആ നയം കൊള്ളുകയില്ലെന്നാണ് ഞാൻ പറയുന്നതു്.

ഇപ്പോൾ ഉള്ള സ്ഥിരം ഒഴിവുകളിൽ കൂടുതൽ സർവീസുള്ള ആക്ടിംഗ് ജോലി നോക്കിയിട്ടുള്ളവരെ നിയമിക്കുന്നതിന ഗവണ്മെൻറ ഉടനടി വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഗവണ്മെൻറിന്റെ പ്രഖ്യാപിതമായ എക്സൈസ് നയം മദ്യവർജ്ജനമാണെങ്കിലും [illegible]-ൽ രാജ്യത്തുള്ളാക [illegible] വൃക്ഷങ്ങൾ ചെത്തുകയും അതിന്റെ ഫീസ്‌വകയിൽ [illegible] രൂപ ഗവണ്മെൻറിലേക്ക ഈടാക്കുകയും ചെയ്തിരിക്കെ [illegible]-ൽ [illegible] വൃക്ഷങ്ങൾ ചെത്തുകയും ആയതിന്റെ ഫീസ്‌വകയിൽ [illegible] രൂപ ഗവണ്മെൻറിലേക്ക ഈടാക്കുകയുംചെയ്തിട്ടുണ്ട്. അതായതു് [illegible]-നെക്കാൾ [illegible]-ൽ [illegible] വൃക്ഷങ്ങൾ കൂടുതൽ ചെത്തുകയും തന്മൂലം [illegible] രൂപ കൂടുതൽ ഗവണ്മെൻറിലേക്കു കൂടുതൽ കിട്ടുകയുംചെയ്തു. [illegible]-ന ശരാശരി ഒരാൾ [illegible] ഗ്യാലൻ മദ്യം ഉപയോഗിച്ചിരിക്കെ [illegible]-ൽ ഒരാൾ [illegible] ഗ്യാലൻ മദ്യം ഉപയോഗിച്ചതായി കാണുന്നു. മദ്യവർജ്ജനനയം സ്വീകരിച്ചിരിക്കുന്ന ഗവണ്മെൻറിന്റെ പ്രവൃത്തിയുടെ ഫലം [illegible]-നെക്കാൾ [illegible]-ൽ [illegible] ഗ്യാലൻ മദ്യം ആളുകൾക്ക കൂടുതൽ ഉപയോഗിക്കാൻ ഇടയായിത്തീർന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മദ്യവർജ്ജനത്തിനായി ജനങ്ങളെ ഉൽബോധിപ്പിക്കയും പ്രേരിപ്പിക്കയും ചെയ്യുന്നവരോടു ഗവണ്മെൻറ കൊല്ലം, കുന്നിയതോടു മുതലായ സ്ഥലങ്ങളിൽവച്ചു പ്രദർശിപ്പിച്ച നയം അനുചിതവും ആക്ഷേപാർഹവുമായിട്ടുള്ളതായിരുന്നു. ജനങ്ങൾ നശിച്ചാലും വേണ്ടതില്ല ചിലവിന ആവശ്യമുള്ള പണം എങ്ങിനേയും ഉണ്ടാകണമെന്നുള്ള വിചാരമേ ഗവണ്മെൻറിനുള്ളു. മദ്യവർജ്ജനനയം സ്വീകരിച്ചിരിക്കുന്ന ഗവണ്മെൻറ മദ്യവർജ്ജനത്തിനായി ശ്രമിക്കുന്ന ജനങ്ങളെ ഉപദ്രവിക്കുന്നതിൽനിന്നും പൊതുജനങ്ങൾക്ക ഗവണ്മെൻറിന്റെ നീതിതല്പരതയിൽ ഉള്ള വിശ്വാസം നശിച്ചുപോകുവാൻ ഇടയുണ്ടെന്നുള്ള സംഗതി പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്.

രാജ്യത്തു ഗതാഗതസൗകര്യംഉള്ള ൧൧൦൦ ല്പരം മൈൽ നീളം തീവണ്ടിപ്പാത ഉണ്ടെങ്കിലും ആണ്ടുതോറും അതിലെ ആദായം കുറഞ്ഞുകുറഞ്ഞാണ് വരുന്നതു്. ൧൧൦൨-ൽ ൨,൧൯,൦൭൭ രൂപയും ൧൧൦൩-ൽ ൩൫,൩൩൦ രൂപയും ൧൧൦൪-ൽ ൪൪,൪൭൬ രൂപായും യഥാക്രമം വരവുണ്ടായിരുന്നു. അതായതു ൧൧൦൨-ലേക്കാൾ ൧൧൦൪-ൽ ൧,൩൪,൬൧൦ രൂപാ ഈ ഇനത്തിൽ ഗവൺമെന്റിലേക്ക നഷ്ടം ഉണ്ടായതായി കാണുന്നു. ആണ്ടുതോറും ഇപ്രകാരം വർദ്ധിച്ചു വരുന്ന നഷ്ടത്തെ പരിഹരിക്കാൻ ഏതെങ്കിലും മാർഗ്ഗം ഗവൺമെന്റ ആലോചിക്കുന്നുണ്ടോ എന്നു പൊതുജനങ്ങൾക്ക അറിവാൻ ഇടയായിട്ടില്ല. ഇപ്പോഴത്തെ രീതിയിൽതന്നെ തീവണ്ടിസൎവീസ നടത്തിപ്പു തുടൎന്നുകൊണ്ടുപോകുന്നതായാൽ തീവണ്ടി നടത്തിപ്പുകാരായ S. I. R. കമ്പനിക്കാൎക്ക നടത്തിപ്പു ചിലവു രാജ്യത്തിന്റെ മററുള്ള വരുമാനങ്ങളിൽനിന്നും കൊടുക്കേണ്ടതായിവരുവാൽ ഇടയാകുമെന്നുള്ളതു തീൎച്ചയാണ്. എന്നുതന്നെയല്ല, സെക്രട്ടറി ഓഫ് സ്റ്റേററിനോടും തിരുവിതാംകൂറിലെ ജനങ്ങളോടും വാങ്ങിയിട്ടുള്ള കടം തിരിച്ചു കൊടുക്കുവാൻ തീവണ്ടിപ്പാതയുടെ ആദായത്തിൽനിന്നും ഗവൺമെന്റിനു സാധിക്കയില്ലെന്നുള്ളതും വ്യക്തമാണ്. അതിനാൽ രാജ്യത്തെ തീവണ്ടിപ്പാതകളിൽനിന്നും കൂടുതൽ ആദായം ഉണ്ടാക്കാൻ ഉള്ള മാൎഗ്ഗങ്ങളെപ്പററി ഉടനടി ആലോചിച്ചു വേണ്ടതു പ്രവൎത്തിക്കേണ്ടതാണ്.

നാട്ടിന്റെ ഭാവി ഐശ്വൎയ്യത്തിനു നിദാനം വ്യവസായവൎദ്ധനവാണെന്നുള്ള വസ്തുത ഭരണകൎത്താക്കൾക്ക അറിവില്ലെന്നാണ് വ്യവസായസംബന്ധമായി ഗവൺമെന്റ നയത്തിൽനിന്നും മനസ്സിലാക്കേണ്ടതായിവന്നിരിക്കുന്നതു്. രാജ്യത്തുള്ള അസംസ്കൃതസാധനങ്ങളെ സംസ്കരിച്ചു്കച്ചവടസാധനങ്ങളാക്കിത്തീൎക്കുന്നതിനു വ്യവസായഡിപ്പാൎട്ടുമെന്റ യാതൊന്നും പ്രവൎത്തിച്ചിട്ടുള്ളതായി ൧൧൦൪-ലെ ഭരണറിപ്പോൎട്ടുകൊണ്ടു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ൧൧൦൩-ൽ തിരുവിതാംകൂറിൽനിന്നു കയററുമതിചെയ്തിട്ടുള്ള ധാതുദ്രവ്യങ്ങളുടെ തുകയിൽനിന്നും ൧൧൦൪-ൽ കയററുമതിചെയ്ത തുക വളരെ കുറവായിട്ടാണ് കാണുന്നതു്. ഇപ്രകാരം ൧൧൦൪-ൽ സംഭവിച്ച ധാതുദ്രവ്യങ്ങളുടെ കയററുമതികുറവിനെ പരിഹരിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി വ്യവസായഡയറക്ടർ വല്ല അന്വേഷണവും നടത്തിയിട്ടുള്ളതായി ഭരണറിപ്പോൎട്ടിൽ കാണുന്നില്ല. ഈ ഏററവും ആക്ഷേപയോഗ്യമായിട്ടുള്ളതാകുന്നു. ൧൧൦൨ മുതൽ അന്തൎജ്ജലപൎയ്യവേക്ഷണസർവെ നടത്തുന്നുണ്ടെങ്കിലും ആയതുകൊണ്ടു എന്തു പ്രയോജനമാണ് ജനങ്ങൾക്കുണ്ടായിട്ടുള്ളതെന്നറിയുന്നില്ല. സാങ്കേതികപഠനത്തിനായി ഏൎപ്പെടുത്തിയിട്ടുള്ള വിദ്യാലയങ്ങളിലെ പഠനവും പരീക്ഷാഫലവും തീരെ തൃപ്തികരമല്ല. ഈവിധം സൎവ്വപ്രകാരേണയും രാജ്യത്തിനു ഗുണകരമല്ലാത്ത വിധത്തിൽ നടത്തിവരുന്ന ഈ ഡിപ്പാൎട്ടുമെന്റിനെ രാജ്യത്തിനു പ്രയോജനകരമാക്കിത്തീൎക്കത്തക്കവണ്ണം ഉടച്ചുവാൎക്കേണ്ടതാകുന്നു.

സമാധാനതല്പരരായ ഈ രാജ്യത്തെ ജനങ്ങളുടെ സ്വൈരജീവിതത്തെ പ്രോലീസ്ഭരണം സാരമായ വിഘാതമുണ്ടാക്കിവരുന്നുവെന്ന് അടുത്തകാലത്തു കൊല്ലം മുതലായ സ്ഥലങ്ങളിൽ നടന്ന ചില സംഭവങ്ങൾ സാക്ഷ്യംവഹിക്കുന്നു. ജനക്ഷേമത്തെ ഉദ്ദേശിച്ചു നിൎമ്മിച്ചിട്ടുള്ള ചട്ടങ്ങളേയും നിയമങ്ങളേയും ദുൎവ്യാഖ്യാനംചെയ്തു ജനോപദ്രവം ചെയ്വാൻ ശ്രമിക്കുന്നതിൽനിന്നും ജനങ്ങൾ ഗവൺമെന്റിന്റേയും ഉദ്യോഗസ്ഥന്മാരുടെയും ഹിതത്തിനനുസരിച്ചു ജീവിക്കേണ്ടവരാണെന്നു അവർ വിചാരിക്കുന്നതായി തോന്നിപ്പോകുന്നു. ൧൧൦൩-ൽ കൊലപാതകം മുതലായ കഠോര കുററങ്ങളുടെ എണ്ണം ൧൨൬ ആയിരിക്കെ ൧൧൦൪-ൽ ആയതു ൧൧൨൭ ആയി വൎദ്ധിച്ചിരിക്കുന്നു. ൧൧൦൩-ൽ കൊലപാതകം, ഭവനഭേദനം, കന്നുകാലിമോഷണം ഇവകൾ യഥാക്രമം ൩൩-൨൩൩-൭൨൧ ആയിരുന്നതു്, ൧൧൦൪-ൽ യഥാക്രമം ൭൭-൩൧൭-൭൪൭ വീതമായി വൎദ്ധിച്ചിരിക്കുന്നു. അതായതു ൧൧൦൩-ലേക്കാൾ ൧൧ കൊലപാതകവും ൩൨ ഭവനഭേദവും ൨൪ കന്നുകാലിമോഷണവും വൎദ്ധിച്ചിരിക്കുന്നതായി കാണുന്നു. ഇപ്രകാരം ക്രിമിനൽ കുററങ്ങളുടെ ആണ്ടുതോറുമുള്ള വൎദ്ധനവു ഭരണാധികാരികൾക്ക അഭിമാനകരമല്ല. മോട്ടാൎവാഹനനിയന്ത്രണം സംബന്ധിച്ചു പോലീസ് നയം അശേഷം തൃപ്തികരമല്ല. വാഹന ഉടമസ്ഥന്മാൎക്കും ചുമതലക്കാൎക്കും ഉപദ്രവം ഉണ്ടാക്കുന്നതിനല്ലാതെ പൊതുജനങ്ങൾക്ക ഗുണവും സൗകൎയ്യവും ഉണ്ടാക്കുന്നതിനു ഇന്നത്തെ മോട്ടാൎവാഹനനിയന്ത്രണനിയമം പൎയ്യാപ്തമാകുന്നില്ല. ൧൧൦൦ മുതൽ ൧൧൦൪ വരെ അനുക്രമം മോട്ടാർ അപകടങ്ങൾ വൎദ്ധിച്ചുതന്നെയാണ് കാണുന്നതു്. ൧൧൦൦-ൽ ൪൦ അപകടങ്ങൾ ഉണ്ടായിരിക്കെ ൧൧൦൪-ൽ ൧൨൩ അപകടങ്ങളിൽ ഉൾപ്പെട്ട ൨൭ പേർ മരിക്കയും ൧൨൨ പേൎക്ക മുറിവേൽക്കയും ചെയ്തിട്ടുള്ളതായി കാണുന്നു. ഇപ്രകാരം വൎദ്ധിച്ചുവരുന്ന അപകടങ്ങളെ തടയുന്നതിന് ഉടനടി ഗവൺമെന്റ ഫലപ്രദമായ നിയമങ്ങൾ ഉണ്ടാക്കി നടപ്പിൽ വരുത്തേണ്ടതാകുന്നു.

പൊതുമരാമത്തു വകുപ്പിലേക്ക ആണ്ടുതോറും അനുവദിക്കുന്ന പണത്തിൽ ഒരു നല്ല ഭാഗം ചിലവിടാതെ ആണ്ടവസാനത്തിൽ നീക്കിയിരിപ്പായി കണക്കിൽ ചേൎക്കുന്നു. അതതു ആണ്ടിൽ തുടങ്ങാൻ നിവൃത്തിയില്ലാത്ത യാതൊരു വേലയ്ക്കും പണം അനുവദിക്കരുതു്. ഓരോ P. W. D. ഡിവിഷനിലും വരുന്ന ൧൭ കൊല്ലത്തേക്ക നടത്തേണ്ടതായ പണികൾ എന്തെല്ലാമാണെന്ന് മുൻകൂട്ടി നിശ്ചയിച്ചിരിക്കയും അതിൽ ഓരോ കൊല്ലവും തുടങ്ങാവുന്ന പണികൾക്കുമാത്രം പണം അനുവദിച്ചു വേല തുടങ്ങുകയും ചെയ്യുകയാണെങ്കിൽ രാജ്യത്തിന്റെ സാൎവത്രികമായ ആവശ്യം ഏറെക്കുറെ നിവൎത്തിച്ചുപോരുവാൻ സാധിക്കുന്നതാണ്. ഒരു വേലക്ക അനുവദിച്ചപണം അതിനുതന്നെ ചിലവിടാതെ മററ ആവശ്യങ്ങൾക്ക അധികാരികൾ ഉപയോഗിക്കുന്നതു സൎവ്വസാധാരണയായി തീൎന്നിരിക്കുന്നു. ഈ നയം അധികാരികൾ സ്വീകരിക്കുന്നതുകൊണ്ടു സ്വാധീനശക്തിയുള്ള ആളുകൾക്ക താല്പൎയ്യമുള്ള കാൎയ്യങ്ങൾ സാധിക്കുന്നതിനല്ലാതെ യഥാൎത്ഥത്തിൽ സാധുക്കളുടെ സങ്കടപരിഹാരത്തിനു പ്രയോജനപ്പെടുന്നില്ല. പന്തളം ആറന്മുളറോഡ്, തുമ്പമൺ കോഴഞ്ചേരിറോഡ്, ഇതുകൾ മേൽപ്പറഞ്ഞ വിധമുള്ള അധികാരികളുടെ നയത്തിനുദാഹരണങ്ങളാകുന്നു. അതിനാൽ അതാതു വേലകൾക്ക അനുവദിക്കുന്നപണം വകമാററി ചിലവുചെയ്യാതെ ഇരിക്കുന്നതിനും പണം അനുവദിച്ച വേലകൾ അതാതാണ്ടുകളിൽതന്നെ തുടങ്ങുന്നതിനും ഗവൺമെന്റ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

വിദ്യാഭ്യാസത്തിലും ജനസംഖ്യയിലും പല നാട്ടുരാജ്യങ്ങളേക്കാളും മുന്നണിയിൽ നില്ക്കുന്ന തിരുവിതാംകൂറിനു ഒരു പ്രതിനിധിയെയെങ്കിലും റൌണ്ടേബിൾ കോൺഫറൻസിനു അയക്കുവാൻ ഉള്ള അവകാശം സിദ്ധി

ക്കാതെപോയതു ഏറ്റവും പരിതാപകരമായ ഒരു സംഗതിയത്രെ. റൌണ്ട്ടേബിൾ കോൺഫറൻസിൽ നമ്മുടെ രാജ്യത്തെ ബാധിക്കുന്ന പ്രത്യേകസംഗതികളെക്കൂടി ആലോചനാവിഷയമാക്കിത്തീർക്കുന്നതിനു ഗവർമ്മെൻറു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതു എന്ന് ഈ സംഗതിയിൽ ജിജ്ഞാസുക്കളായ മഹാറാണി റീജൻറു തിരുമനസ്സിലെ പ്രജകളുടെ അറിവിനായി ഗവർമ്മെൻറു ഒരു പ്രസ്സുകമ്മ്യൂണിക്ക പരസ്യം ചെയ്യുന്നതു ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയത്രെ.

മി: കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ): സർ, ഞാൻ ഈ വർഷത്തെ ബഡ്ജറ്റു മുഴുവനും വായിച്ചുനോക്കി. അതിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെ മിക്കവാറും സങ്കടത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. അതായതു കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ബഡ്ജറ്റിൽ ഈ താണവരായി വിചാരിക്കപ്പെട്ട ൮ ലക്ഷം ആളുകളിൽ മുന്നണിയിൽ വരുന്നതിനു രണ്ടു [illegible]വായിരം രൂപാ പ്രത്യേകമായി നീക്കിവച്ചിരുന്നു. എന്നാൽ അതു ഗവണ്മെൻറിലേക്കു ലാപ്സായിപ്പോകും. ഈ വർഷം അതുംകൂടി ഇല്ലാതായിപ്പോയതു ഞങ്ങളുടെ നിർഭാഗ്യമാണ്. ഈ രാജ്യത്തിൽ പാവങ്ങളായ ഞങ്ങൾ ൮ ലക്ഷം ആളുകൾ ഉണ്ട്. ഞങ്ങൾ അനുഭവിക്കുന്ന കഷ്ടം എത്രത്തോളമുണ്ടെന്നു പറയാൻ സാധിക്കയില്ല. ഞങ്ങൾ സങ്കടം അനുഭവിച്ചുപോരുന്നതെന്നുള്ളതു ഈ സഭയിൽ എല്ലാവരും അറിഞ്ഞ വിഷയമാണ്. അതുകൂടാതെ ഈ പാവപ്പെട്ട ജനങ്ങൾ കായൽ കരകളിലും വയൽ വരമ്പുകളിലും ആറിൻെറ തീരങ്ങളിലും താമസിച്ചു കഷ്ടപ്പെട്ടും ദേഹസുഖമില്ലാതെയും മനഃസുഖമില്ലാതെയും കഴിയുന്നു. ഇവർ ഈ രാജ്യത്തിൽ മേൽഗതിക്കായിട്ടു പല സ്ഥലങ്ങളിലും താമസിച്ചു കഷ്ടം അനുഭവിച്ചുവരുന്നു. ഗവണ്മെൻറു ഞങ്ങൾക്കു കുറെ നന്മ ചെയ്തിട്ടുണ്ട് അതുകൊണ്ടു ഞങ്ങൾ ഗവണ്മെൻറിനോടു വളരെ നന്ദിയുള്ളവരായിരിക്കുന്നു. കരുണയുള്ള ഗവണ്മെൻറു ഈ കൂട്ടർക്കു എത്രയോ ചെയ്യേണ്ടതായിട്ടുണ്ട്. ഈ പാവപ്പെട്ട ജനങ്ങൾ താമസിക്കാൻ സ്ഥലമില്ലാതെ അനുഭവിക്കുന്ന സങ്കടം ഏറ്റവും പരിതാപകരമായിരിക്കുന്നു. ഇവരുടെ കഷ്ടങ്ങളെക്കുറിച്ച് ഏതെങ്കിലും സഹായം ചെയ്യേണ്ടതാണെന്ന് കൌൺസിലിലും അസംബ്ലിയിലും എത്രയോ പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഈ പാവപ്പെട്ട ജനങ്ങൾക്കു താമസിക്കുന്നതിനു വീടുകൾ ഇല്ല അവർ കുടിലുകളിൽ താമസിച്ചുവരുന്നു. അവരുടെ കുടിലുകൾ താഴെപറയപ്പെട്ടതുപോലെ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. നെടിയ ഉത്തരം തെങ്ങിൻമടലും, കഴിക്കോലുകൾ മരച്ചീനികമ്പും ആയിട്ടുകെട്ടി പുറം മറച്ചിരിക്കുന്നു. ഈ പാവപ്പെട്ട ജനങ്ങൾ കാലത്തു ൬ മണിമുതൽ വൈകുന്നേരം ൭ മണിവരെ മഴയും കാററും വെയിലും കുളിരും വകവയ്ക്കാതെ വേലചെയ്യുന്നു. ഇപ്രകാരം കഷ്ടപ്പെടുന്ന പാവപ്പെട്ടവർക്ക് ഏതെങ്കിലും ഉപകാരത്തിനായി ഈ ബഡ്ജറ്റിൽ ഒന്നുമേ കാണുന്നില്ല. ഇവർക്ക് ഉടുക്കാൻ തുണിപോലുമില്ല. ഏതോ ഒരു തുണി ഉടുത്തുകൊണ്ടു ഈ രാജ്യക്കാരുടെ സുഖത്തിനുവേണ്ടി കഷ്ടത അനുഭവിക്കുന്നു. തൽക്കാലം ഈ ആളുകൾ ചില മഹാന്മാരുടെ സ്ഥലങ്ങളിൽ താമസിച്ചുവരുന്നു. അപ്രകാരം താമസിച്ചുവന്നവരിൽ ചിലർ ഞങ്ങൾ ഇരിക്കുന്ന സ്ഥലത്തെ വിട്ടുപോകേണ്ടിവരുന്നു. ഇതിൻെറ കാരണം എന്തെന്നാൽ നായർബില്ലും ഈഴവബില്ലും വെള്ളാളബില്ലും പാസ്സായതിനാൽ ഈ വലിയ ആളുകളുടെ ഇടയ്ക്കു ഭാഗംവന്നതുകൊണ്ട് ഈ പാവപ്പെട്ട ജനങ്ങൾ താമസിച്ചുവന്നതായ സ്ഥലങ്ങൾ ഒഴിഞ്ഞുകൊടുക്കേണ്ടിവന്നു. ഇപ്രകാരം ഇവരെ ഇറങ്ങിപ്പോകാൻ പറഞ്ഞാൽ ഇവർ ഏതു സ്ഥലത്താണ് പോകുന്നതു്? ഇപ്രകാരം ഇരിക്കെ ഏതെങ്കിലും പുറമ്പോക്കിൽ താമസിച്ചു ആ സ്ഥലം വൃത്തിയാക്കി വൃക്ഷങ്ങൾവച്ചുപിടിപ്പിച്ചു താമസിച്ചാലും അവിടെ നിന്നും പോകേണ്ടതായിട്ടുവരുന്നു. എവിടെയെങ്കിലും പോകണമെന്നു റവന്യൂ ആഫീസർമാർ പറയുന്നു. ഇവിടെ താമസിക്കാൻപാടില്ലയെന്നുപറയുന്നു. കാടുകളിൽ താമസിച്ചു കാടുതെളിച്ച് ആ സ്ഥലം പതിച്ചുതരണമെന്നു പറഞ്ഞാലും അതിലും അവർ കഷ്ടമനുഭവിക്കുന്നു. വടശ്ശേരിപകുതി സർവ്വേ ന. ൭ എ.-ൽ വീടുകെട്ടി താമസിക്കുന്നതിനെ ദിവാൻജി അവർകൾവന്ന് കാണുകയുണ്ടായി. ഈ പാവപ്പെട്ട ജനങ്ങൾക്കു കുറെ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്. ഇനിയും നം. ൭ സെൻറു സ്ഥലം പതിച്ചുകൊടുക്കാൻപോകുന്നു. ഞങ്ങൾ ദിവാൻജിയുടെ അടുക്കൽ പറയാൻപോകുന്നു. അതുവരെ വീട്ടിനെ പൊളിക്കാൻപാടില്ല വേറെ സ്ഥലം അന്വേഷിച്ചുകൊണ്ടു പൊളിച്ചുമാററിക്കൊള്ളാം എന്നു ഞങ്ങൾ പറഞ്ഞു. അതിനെ ഗൌനിച്ചില്ല. മഴയും പെയ്തുകൊണ്ടിരുന്നു. ഈ മഴയിൽ ഈ പാവപ്പെട്ടവരായ ഞങ്ങൾ എവിടെപോകും എന്നു പറഞ്ഞിട്ടുംകേട്ടില്ല. വീട്ടിനെ പൊളിക്കാൻ ഉത്തരവുകൊടുത്തു കുടികൾ പൊളിച്ചുകളഞ്ഞു പാവപ്പെട്ട ഞങ്ങൾ എവിടെതാമസിക്കും. കുഴികളിലും കായൽ കരകളിലും വയൽ വരമ്പുകളിലും താമസിച്ചുവരുന്നു. ഇതിനെ ഈ രാജ്യത്തുള്ള സകലരും സമ്മതിക്കുന്നതാണ്. സർ, ടൌണിലും മററു സ്ഥലങ്ങളിലും താമസിക്കുന്ന ആളുകളെപ്പോലെതന്നെ ഈ പാവപ്പെട്ടവരും മഴ കാററും വെയിലും അനുഭവിച്ചുവരുന്നു. ഒരേ വെള്ളംതന്നെ കുടിക്കുന്നു. അതിനാൽ എൻെറ പാവപ്പെട്ട ആളുകൾ കരുപ്പ്, കുരകി, കവിൾമുട്ടി രോഗപ്പെട്ടിരിക്കുന്നു. ദാരിദ്ര്യംകൊണ്ടല്ലയോ ഇവർക്ക് വസ്ത്രം ഇല്ലാത്തതു്, താമസിക്കുന്നതു ഒരു കുടിലിൽ ഓരോ കുടിലുകളിലും ഒന്നുരണ്ടു ആണും കുറെ പെണ്ണുങ്ങളും താമസിക്കുന്നു. ഈ നിലയിൽ ഉള്ള പാവപ്പെട്ട ജനങ്ങൾക്കു ഏതെങ്കിലും സഹായം ചെയ്യണമെന്ന് അപേക്ഷിച്ചതിൽ ഗവണ്മെൻറ് ഒന്നും ചെയ്തിട്ടില്ല. ഈ രാജ്യത്തിൽ ഈ പാവപ്പെട്ട ജനങ്ങൾക്കു താമസിക്കാൻ സ്ഥലം കൊടുക്കേണ്ടതാണ്. മൈസൂരിലും മദ്രാസിലും തിരുനൽവേലിയിലും പാവപ്പെട്ട ആദിദ്രാവിഡർക്ക് ധാരാളം രൂപാ ചിലവുചെയ്തു ലേബർ കമ്മിഷണർ ഇൻസ്പെക്ടർ മുതലായവരെ നിയമിച്ചുഎത്രയോ ഗുണങ്ങൾ ചെയ്തിട്ടുണ്ട്. പല ജില്ലകളിലും ഇവർക്കായിട്ടു പുതിയവീടുകൾ ഗവണ്മെൻറിൽനിന്നും കെട്ടിച്ചുകൊടുത്തിട്ടുണ്ട്. കിണറു, റോഡ്, പുതുവൽ മുതലായ പലഗുണങ്ങളും ഈ പാവപ്പെട്ടവർക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. കൊച്ചിയിലും പാവപ്പെട്ട ജനങ്ങൾക്ക് സംരക്ഷകനെ നിയമിച്ചു വേണ്ടുന്ന ഗുണം ചെയ്തിട്ടുണ്ട്. അതുപോലെ ഈ ഗവണ്മെൻറും ഇവർക്ക സംരക്ഷകനെ നിയമിച്ചു സഹായിക്കേണ്ടതു അത്യാവശ്യം. ഈ കൌൺസിൽമെമ്പറന്മാരും വിശേഷിച്ചു രാജരാജവർമ്മകോയിത്തമ്പുരാൻ ഡാക്ടർ മാധവൻപിള്ള മുതലായ മെമ്പറന്മാരും ഈ വിഷയത്തെപ്പററി അനുകൂലിച്ചിട്ടുണ്ട്. ഈ പാവപ്പെട്ട ജനങ്ങൾക്ക് ന്യായമായി അവകാശപ്പെട്ടതിനെ ചെയ്തുകൊടുക്കേണ്ടതു ഗവണ്മെൻറിൻെറ കടമയാണ്. അതുകൂടാതെ ഞങ്ങൾക്ക ഒരു സംരക്ഷകനെ നിയമിച്ചു എന്നു ഒരു കേൾവിയുണ്ട്. അവർ എന്തുചെയ്യു എന്നറിഞ്ഞുകൂടാ. മാസംമാസം മല്ലാടക്കൂർ പററിവരുന്ന രൂപായെ ഉയർന്നക്ലാസിൽ പഠിക്കുന്ന സാധുവിദ്യാർത്ഥികൾക്ക ഫീസാ

യിച്ചുകൊടുത്താൽ ഉപകാരമായിരിക്കും. അദ്ദേഹം മുറക്കു ശമ്പളം പററിക്കൊണ്ടിരിക്കുന്നു. ഏതുവിധമായാലും ഞങ്ങൾക്കു ഒരു പ്രൊട്ടക്ററർ നിയമിച്ചു ഞങ്ങൾക്കു കുടിയിരുപ്പുസ്ഥലവും മററുനന്മയും ചെയ്യുന്നതിനായി ഏർപ്പാടുചെയ്യുവാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു. അതിനാൽ കാലതാമസമില്ലാതെ ഞങ്ങൾ ഒരു പ്രൊട്ടക്ടറെ നിയമിച്ചുതരുന്നതിന് അപേക്ഷിച്ചുകൊള്ളുന്നു. കഴിഞ്ഞ ബഡ്ജററിൽ ഒരു പ്രൊട്ടക്ടറെ നിയമിക്കുന്നതാണെന്നും മി. മാധവൻെറ സങ്കടങ്ങളെ തീർക്കുന്നതാണെന്നും ഇവിടെ പ്രസിഡൻറ് ഉത്തരവായി. നാളതുവരെ ഒന്നും നടന്നിട്ടില്ല. എഡ്യുക്കേഷൻ പരിതപവിഷയത്തിൽ പാവപ്പെട്ടവരായ ഞങ്ങൾക്കു ഫീസു കുറവുചെയ്തു സഹായിച്ചതിനു ഞങ്ങൾ നന്ദിയുള്ളവരാണ്. അതുകൊണ്ടു പാവപ്പെട്ടവരുടെ കഷ്ടപ്പാടുകളെ എന്താണെന്നുപറയാൻ നിവൃത്തിയില്ല. മലയാളമൊ തമിഴൊ പഠിച്ചിട്ടുള്ളവർ ഇവരുടെ ഇടക്കു വളരെ കുറവാണ്. മററുസമുദായങ്ങൾ പഠിച്ചു മുമ്പോട്ടുപോകുമ്പോൾ ഇവർ ഈ സ്ഥിതിയിൽ ഇരിക്കുന്നു. കാരണം ദാരിദ്ര്യമല്ലേ? അപ്രകാരം ഏതെങ്കിലും ഭിന്നത്തിൽ പഠിച്ചിട്ടുള്ളവർ ഞങ്ങളുടെ ഇടയ്ക്കുണ്ട്. എന്നാൽ അവർ ഉദ്യോഗംചോദിച്ചാൽ കിട്ടുകയില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലും കിട്ടുകയില്ല വേറെ ഒന്നിലും കിട്ടുകയില്ല. എത്രയോ കഷ്ടപ്പെട്ടു ഇവർ പഠിക്കുന്നു. ഇപ്രകാരം കഷ്ടപ്പെട്ടു പഠിച്ചവർക്കു ഉദ്യോഗം ലഭിക്കുന്നതിനു പ്രയാസമായിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾക്കായിട്ടു ഉദ്യോഗങ്ങൾ ൫൦൦-ൽ ൫൦ വീതമെങ്കിലും റിസർവുചെയ്തു ആ നിയമനങ്ങൾ ഞങ്ങൾക്കു തരുവാൻ അപേക്ഷിച്ചുകൊള്ളുന്നു. യൂറോപ്യന്മാർ പാവപ്പെട്ടവർക്കായി ബോർഡിങ്ങ് ഏർപ്പെടുത്തി സഹായിച്ചതുകൊണ്ട് ചില വിദ്യാർത്ഥികൾ മുന്നോട്ടുവന്നിട്ടുണ്ട്. അവർക്കു കാളേജിൽ പഠിക്കുന്നതിനു ഫീസ് വ്യയംചെയ്യുന്നതിനു അപേക്ഷിക്കുന്നു. ഏതെങ്കിലും ഒരു മേലുദ്യോഗസ്ഥനോടു ഉദ്യോഗം വേണമെന്നുപറഞ്ഞാൽ ബി. ഏ. ജയിച്ചോ എന്നു ചോദിക്കുന്നു. എങ്ങിനെ ബി. ഏ. കിട്ടും: ഞങ്ങളുടെ തലക്കുമീതെ ദാരിദ്ര്യമാണ്. ഡിപ്പാർട്ടുമെൻറ് മേലധികാരികളോട് ഉദ്യോഗം ചോദിച്ചു ചോദിച്ചു കഷ്ടത അനുഭവിക്കുന്നു. അതുകൊണ്ടു ഉദ്യോഗകാര്യത്തിൽ ഞങ്ങൾക്കു എന്തെങ്കിലും സഹായം ചെയ്യണം. കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഫീസ്സ് കുറവു ചെയ്തു കൊടുക്കുന്നതിലേക്കായിട്ടും മററുമായി ചെയ്ത നന്മക്കായി കരുണാനിധിയായ മഹാറാണി റീജൻറുതിരുമനസ്സിലേക്കും ദിവാൻജിഅവർകൾക്കും മററുഡിപ്പാർട്ടുമെൻറു മേലധികാരികൾക്കും ഞങ്ങളുടെ നന്ദിയെ പ്രദർശിപ്പിച്ചുകൊള്ളുന്നു. അതുകൂടാതെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. പുറമ്പോക്കിൽ വീടുകെട്ടിയാൽ അക്രമം കാണിക്കുന്നു എന്നു ഗവണ്മെൻറിലേക്കും മേലുദ്യോഗസ്ഥന്മാർക്കും അറിവുകൊടുക്കുന്നു. ഇവരുടെ അക്രമം അധികമാണെന്നു ജനങ്ങൾ പറയുന്നു. ഞങ്ങൾക്കു താമസിക്കുന്നതിനു സ്ഥലമില്ലാത്തതുകൊണ്ടു പുറമ്പോക്കിലൊ പുതുവലിലൊ വീടുകെട്ടി താമസിച്ചുവരുന്നു. കഷ്ടപ്പെട്ടു കാടുതെളിച്ചു വീടുവച്ചു സ്ഥലം പതിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടാൽ അതുകൂടി കിട്ടുകയില്ല. അങ്ങനെ താമസിച്ചാലും അതിനെ പൊളിച്ചുകൊണ്ടുപോകാൻ പറയും. ഗവണ്മെൻറു ഭൂമിയിലല്ലാതെ ഞങ്ങൾ എവിടെ താമസിക്കും. ഞങ്ങളെക്കൊണ്ട് എന്തക്രമം ചെയ്യാൻ കഴിയും. ഞങ്ങൾക്കു പണമില്ല, അറിവില്ല, ബലമില്ല. സർ, ഒരുവൻ ഒരു ഹർജി അയച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി താലൂക്കിൽ കുറച്ചു പകുതിയിൽ വീടുകെട്ടി താമസിക്കുന്നവരെ അവിടംവിട്ടുപോകാൻ പോലീസുകാരോട് ഏർപ്പാടുചെയ്തുവരുന്നു. ഈ വിവരം ഗവണ്മെൻറിനെ അറിയിക്കണമെന്ന് എഴുതിക്കാണുന്നു. ഇവർ എവിടെ പോകും. അയ്യോ ഈ പാവപ്പെട്ടവർ എത്ര ഉപകാരമുള്ളവരാണ്. കാടുവെട്ടി നാടാക്കുന്നു. അശുദ്ധമായ ഗ്രാമങ്ങളേയും പട്ടണങ്ങളേയും പരിശുദ്ധമാക്കുന്നു. നിലങ്ങളിൽ തെങ്ങ് വാഴ മുതലായവനട്ടു പൂങ്കാവനമാക്കിത്തീർക്കുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ൫൦൦൦-ഏക്കറിൽ കൂടുതലായ ഒരു വലിയപ്രദേശം അധഃകൃതവർഗ്ഗക്കാർക്കായി പ്രത്യേകിച്ചു വച്ചിട്ടുള്ളതു എടുക്കപ്പെട്ടിട്ടില്ലെന്നു മെമ്പറിനു അറിയാൻ പാടില്ലേ?

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): ശരിതന്നെ. ഞങ്ങൾക്കു റിസർവ് ചെയ്ത സ്ഥലങ്ങൾ കുടിയിരിപ്പിന് ഉപയോഗമുള്ളതല്ല. കൃഷിക്കുമാത്രമെ ഉപകാരപ്പെടുന്നുള്ളു. ചില സ്ഥലങ്ങൾ കുടിയിരിപ്പിനായികൊടുത്തിട്ടുണ്ട്, അവയിൽ ചിലതു ഉപയോഗമില്ല. നാഗർകോവിൽ പകുതിയിൽ കീഴ്ത്തൊൾകുളത്തിൽ കുടിയിരിപ്പിനായി പതിച്ചുതന്നിട്ടുണ്ട്. അതു മുന്നടിവെള്ളം കെട്ടിയസ്ഥലമാണ്. മഴയത്തുവാരത്തിൽ കുടിയിരിക്കാൻ സ്ഥലം തരുന്നതായാൽ ഞങ്ങൾ കഷ്ടപ്പെട്ടു ചത്തുപോകും. ഉദ്ദേശം വാളത്തിലയിൽ നെടുങ്ങാട്ടിൽമല അടിവാരത്തിൽ കുടിയിരുന്നവരിൽ എല്ലാപേരും ചത്തുപോയി വാഴയതി വന്നുപോയവരും ഇല്ല. ഞങ്ങൾക്കു മുഴുവനും പതിച്ചുതന്നിട്ടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഈ നിലങ്ങൾ നിങ്ങൾ ചോദിച്ചിട്ടാണൊ പതിച്ചുതന്നതു? വിവരമില്ലാത്ത ജനങ്ങൾക്കു മനസ്സറിവുകൂടാതെ ചെയ്തതാണ്. ജലം ധാരാളമുണ്ട്. ഇപ്രകാരമുള്ള സ്ഥലം ജനങ്ങൾക്കു കുടിയിരുപ്പിലേക്കു കൊള്ളാവുന്നതാണൊ എന്നു ഗവണ്മെൻറ് ആലോചിക്കേണ്ടതല്ലെ?

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): ഈ ൫൦൦൦ ഏക്കർ സ്ഥലം കൃഷിക്കുപയോഗിക്കേണ്ടതല്ലാതെ താമസത്തിന് ഉപയോഗമില്ലാത്തതാണ്. കുടിയിരുപ്പിനായി ൫൦൦൦ ഏക്കർ തന്നിട്ടില്ലല്ലൊ? ഈ ൫൦൦൦ ഏക്കർ ഞങ്ങൾക്കു കുടിയിരിപ്പിനായി തന്നിട്ടില്ല. കൃഷിക്കായി തന്നിരിക്കുന്നു, വേറെ ആരുടെയെങ്കിലും സ്ഥലത്തു ചെന്നുതാമസിക്കുന്നതായാൽ ഇടയ്ക്കുപോകേണ്ടിവരും:

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): തലിക്കരണകോണത്തു ഉദ്ദേശം ൫൦൦ ഏക്കർനിലം നിങ്ങൾക്കായി ഞങ്ങൾ വച്ചിട്ടുണ്ടെന്നു മെമ്പറിനു അറിയാമോ?

ഡെപ്യൂട്ടിപ്രെസിഡൻറ്: മി: റാബിൻസൺ, കുടിയിരുപ്പുസ്ഥലം ഇല്ലാത്തതിനെപ്പററിയാണു മെമ്പർ പറയുന്നതു. ആ പരാതിയെപ്പററിയാണ് വിമർശിക്കുന്നതു.

മി: കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ): ഇനിയും ഒരു സങ്കടമുണ്ട് നാട്ടിൽനിന്നു ഞങ്ങളെ മലയിലേക്കു ഓടിച്ചാൽ നാട്ടുകാരുടെ ഗതിയെന്തു? കമ്മീഷണർ നിങ്ങൾ പീരുമേടുമുതലായ മലകളിലേക്കുപോകാൻ പറയുന്നു. ഞങ്ങൾ എവിടെപോകും. പോക്, പോക്, എന്നുപറഞ്ഞാൽ ഞങ്ങൾ എന്തുചെയ്യും.

അതുകൊണ്ടു ഗവൺമെന്റ ഞങ്ങളുടെ കുറവുകളെ കണ്ടറിഞ്ഞു ഞങ്ങൾക്കു വേണ്ടതു ചെയ്തുതരണം. ഞങ്ങൾ മലയ്ക്കു പോയാൽ പെട്ടെന്നു ചത്തുപോകും. ഇതോടുകൂടി കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഫീസു കുറച്ചുകൊടുക്കണം. ഞങ്ങളോടു വളരെ കൃപയുണ്ടായി താമസിയാതെ പ്രൊഫസറെ നിയമിച്ചു കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഫീസ് കുറവുചെയ്തുകൊടുക്കുന്നതിലേക്കും ഏററവും വണക്കമായി പ്രാർത്ഥിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രെസിഡണ്ട്: നിങ്ങളുടെ സമയംകഴിഞ്ഞു.

മി. ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ടമെംബർ). സർ, ബഡ്ജററ് അടങ്കലിനെ പരിശോധിക്കുന്നതായാൽ വിദ്യാഭ്യാസചിലവു പ്രധാനപ്പെട്ട ഒരു ചിലവായികാണാം. ഒരു വലിയ ചിലവുചെയ്തു ഒരു ഒന്നാംഗ്രേഡ്കാളേജ് സ്ത്രീകൾക്കായി സ്ഥാപിച്ചതായി കാണുന്നു. സക്കാർ ഉദ്യോഗത്തിനു വിജയികളായ വളരെപ്പേർ സ്ത്രീകളായിട്ടുണ്ട്. അതുകൊണ്ടു സംസ്ഥാനത്തെ സക്കാർജോലിക്കു തക്കതായ ഡിപ്പാർട്ടുമെന്റുകളിൽ വിജയികളായ സ്ത്രീകളെ നിയമിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്. ഗവണ്മെന്റ നടപ്പിൽവരുത്തേണ്ട പ്രധാനമായ ഒരു പരിഷ്കാരം നാട്ടൊട്ടുക്കു നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസമാകുന്നു. ഗ്രാന്റ്സ്കൂളുകളോടു ഗവണ്മെന്റ് കൂടുതൽ സൌജന്യവും മതിപ്പും കാണിക്കണം. ഏതായാലും ഡിപ്പാർട്ടുമെന്റ് സ്കൂളുകളെ പ്രൈവററു മരണത്തിനായി ഏല്പിക്കുന്നതായാൽ ഗവണ്മെന്റിനു ഒരു വലിയ ലാഭം ഉണ്ടാകും. സ്കൂളുകളിൽ മതസംബന്ധമായ അറിവുകൊടുക്കുന്നതു ഒരു പ്രധാനസംഗതി കൂടിയാണ്. ബി. ഏ.-ക്കാർക്കു നിശ്ചയിച്ചിട്ടുള്ള സ്കെയിലിൽ പുതിയ ബി. ഏ.-ക്കാരെ സ്ഥിരമായി നിയമിക്കുന്ന നയം അനുഷ്ഠിക്കുന്നതിന്റെ ഫലം ആദ്യമായി അണ്ടർഗ്രാഡ്യുവേററു സ്കെയിൽ നിയമിക്കപ്പെട്ട ബി. ഏ.-ക്കാരുടെ അവകാശം വിഗണിക്കുന്നതും അതു നിർത്തൽ ചെയ്യേണ്ടതുമാണ്. ഈ സങ്കടത്തെപ്പററി ഞാൻ ഒരു ചോദ്യംമൂലം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുകയും അതിലേക്കു മറുപടി ലഭിക്കായ്കയും ചെയ്തിരിക്കുന്നതിനാൽ പുതിയ ഡയറക്ടർ ഇക്കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കുമെന്നു വിചാരിക്കുന്നു.

മെഡിക്കലും സാനിറററി ഡിപ്പാർട്ടുമെന്റുകൾക്കുമുള്ള ചിലവു ൧൧൨൩-ലെ മറെറാരു പ്രധാന ഇനം ചിലവായികാണുന്നു. പൊതുജനങ്ങൾക്കു ഗവണ്മെന്റ ചികിത്സാസഹായം എല്ലായ്പോഴും അത്യാവശ്യവും കൂലിവേലവർഗ്ഗത്തിനു പ്രത്യേകിച്ചു ഒരു പ്രധാനപ്പെട്ടതും ആണ്. അടുത്തകൊല്ലം കുറെ സ്ത്രീകളെ ഡാക്ടർമാരാക്കാൻ ബഡ്ജററിൽ വ്യവസ്ഥപ്പെടുത്തി കാണുന്നു. എന്നാൽ ആവശ്യം നോക്കിയാൽ ഈ എണ്ണം വളരെ കുറവാണ്. സംസ്ഥാനം മുഴുവനും ഉള്ള എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും കൂടുതൽ സ്ത്രീകളായ ഡാക്ടർമാരേയും യൂറോപ്യൻ നഴ്സുകളേയും നിയമിക്കേണ്ടതാണ്. സംസ്ഥാനത്തെ പല ആശുപത്രികളിലും സ്ത്രീകളായ ഡാക്ടർമാരെയും നഴ്സുകളെയും നിയമിച്ചില്ലെങ്കിൽ മെഡിക്കൽ സഹായംകൊണ്ടു മതിയായഗുണം എന്നും സിദ്ധിക്കുന്നതല്ല. തെക്കൻ തിരുവിതാംകൂറിൽ വിഷൂചികയിൽ ൧൨൦൦൦ ജനങ്ങൾ ഒരുകൊല്ലത്തിൽ മരിച്ചുപോയതു നോക്കിയാൽ വളരെ സങ്കടം തോന്നുന്നുണ്ട്. ഈ ഭയങ്കര രോഗം മേലാൽ വരാതിരിക്കത്തക്കവണ്ണം തക്കതായ പ്രയത്നങ്ങൾ ചെയ്യണം. തിരുവിതാംകൂറിലെ വളരെ ഗ്രാമങ്ങളെ പ്രത്യേകിച്ചു കടൽവാരത്തിലുള്ളവയെ സാനിറററി ഠൌണാക്കണം. സാനിറററി ഡിപ്പാർട്ടുമെന്റിൽനിന്നും അവയെ നല്ലപോലെ ശുചിയാക്കി വച്ചുകൊള്ളേണ്ട വ്യവസ്ഥ ചെയ്യണം.

പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിനെപ്പററി പറയുമ്പോൾ തെക്കൻതിരുവിതാംകൂറിലെ പാവപ്പെട്ട കൃഷിക്കാരുടെ രക്ഷക്കായി പറയത്തക്ക യാതൊന്നും ചെയ്തിട്ടില്ല.

ഉത്തരതിരുവിതാംകൂറിലും മദ്ധ്യതിരുവിതാംകൂറിലും തിരുവനന്തപുരംവരെയും ചിലവു വർദ്ധിച്ച വളരെ വേലകൾചെയ്തുവരുന്നു. എന്നാൽ പലപ്പോഴും വെള്ളമില്ലാതെ വരുന്നകാലത്തു കൃഷിക്കാർക്കവേണ്ടി കോതയാർ ഇറിഗേഷൻ വേല നന്നാക്കുന്ന വകയ്ക്കു യാതൊന്നും ചെയ്യുന്നില്ലെന്നു പറയാം.

ഡെപ്യൂട്ടിപ്രസിഡന്റ്—നിങ്ങൾ പറയുന്നതു് ഉള്ളതിൽ കൂടുതലായിട്ടാണ്.

മി: ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ടമെമ്പർ): ആ മഹത്തായ ഉദ്ദേശത്തെ ശരിപ്പെടുത്താൻ ഗവണ്മെന്റ മേലാൽ എല്ലാകൊല്ലവും അധികംഗ്രാന്റ് നാഗർകോവിൽ ഡിവിഷനവേണ്ടി അനുവദിച്ചു് പേച്ചിപ്പാറഅണക്കു മുമ്പും പിമ്പുമായി ഉണ്ടായിട്ടുള്ള ഇൻജിനീയർമാർ അഭിപ്രായപ്പെട്ടിട്ടുള്ള നിലവിലിരിക്കുന്ന സ്കീം അനുസരിച്ചു ജോലികളെ കൂടുതൽ ജലസംഭരണത്തിനായി നടത്തിപ്പിൽ വരുത്തണമെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വരുത്തികൊള്ളുന്നു. ഇറിഗേഷനും റോഡും രണ്ടു ശാഖയായി തിരിക്കണമെന്നുള്ള അഭിപ്രായം വേഗത്തിൽ നടപ്പിൽ വരുത്തണം.

പിന്നീടു സംസ്ഥാനത്തെ കർഷകരുടെ സ്ഥിതി പ്രധാനപ്പെട്ട കാര്യമാണ്. കർഷകവൃത്തി പ്രധാനതൊഴിലാണെന്നു ഞാൻ പറയേണ്ടതില്ലല്ലോ. അവരുടെ സ്ഥിതിയെപ്പററി പറയുന്നതായാൽ അവർ പണം വായ്പ ചെയ്യുന്നവരുടെ അടിമകളായിട്ടു കാണുന്നു. ഈ പാവപ്പെട്ട കർഷകരെ സഹായിക്കാനായിട്ടു സ്വത്തുജാമ്യ ബാങ്കുകൾ സ്ഥാപിക്കണം. അതു ഒരു പ്രയാസപ്പെട്ട കാര്യമെന്നാലോചിച്ചു് അതിനെ നടത്തിപ്പിൽ കൊണ്ടുവരുന്നില്ല. എന്നാൽ അതു വളരെ ഉപകാരപ്രദമായതുകൊണ്ടു അതു ഏർപ്പെടുത്തുന്നതിനു ഒട്ടും തന്നെ താമസിക്കരുത്. പരിഷ്ക്കരിച്ചരീതിയിൽ കൃഷിചെയ്യുന്നതിനു കൃഷിക്കാർക്കു വേണ്ട സാമർത്ഥ്യം ഉണ്ടാക്കികൊടുക്കുന്നതിനു അത്യുത്സാഹം ചെയ്യണം.

വ്യവസായഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു് പറയുമ്പോൾ വ്യവസായവായ്പകൾ ഇപ്പോൾ തൊഴിലാളികൾക്കു കൊടുക്കപ്പെട്ടുവരുന്നു. ചെറുപ്പക്കാരെ സംസ്ഥാനത്തു പലദിക്കിലും ഉപയോഗപ്രദമായ വ്യവസായങ്ങളിൽ വേണ്ട പരിശീലനം നൽകി ഉത്സാഹിപ്പിച്ചു വരുന്നു.

എന്നാൽ ഡിപ്പാർട്ടുമെന്റ ഇപ്പോഴും താണപടിയിൽത്തന്നെ നില്ക്കുന്നതും രാജ്യമൊട്ടുക്കു് ആവശ്യമുള്ള സ്കൂളുകളും വ്യവസായങ്ങളും സ്ഥാപിക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റിലേക്കു ധാരാളം തുക അനുവദിച്ചുകൊടുക്കേണ്ടതുമാകുന്നു. ഈഡിപ്പാർട്ടുമെന്റിന്റെ വലിയ വിലയെപ്പററി ഗവണ്മെന്റവേണ്ടപോലെ മനസ്സിലാക്കി തക്കതായ സഹായം ചെയ്യുമെന്നു എനിക്കുറപ്പുണ്ട്.

പരസ്പരസഹായ ഡിപ്പാർട്ടുമെൻറു ധാരാളം സംഘങ്ങളുടെ ചേർത്തതിനാൽ വളരെ പരിഷ്ക്കാരസ്ഥിതിയിൽ ആയി, എന്നാൽ നിയമിക്കപ്പെട്ട ഇൻസ്പെക്ടറന്മാർ വളരെ കുറവായതുകൊണ്ടു് ഈ സംഘങ്ങളെ പരിശോധിച്ചു സമയംപോലെ ഗുണദോഷിക്കുന്നതിനു സാദ്ധ്യമായി വരുന്നില്ല. സാധുജനങ്ങളുടെ സ്ഥിതി ഉയർത്തിനന്നാക്കുന്നതിനു ഏറ്റവും ഉപയോഗമുള്ള ഡിപ്പാർട്ടുമെൻറുകളിൽ ഒന്നാണ് ഇതു്. പാവപ്പെട്ട കർഷകരും ഈ സംഘങ്ങൾ കൊണ്ടു് പ്രത്യേകിച്ചു ഗുണം സിദ്ധിക്കുന്നുണ്ടു്.

അതുകൊണ്ടു് ഈ വളരെ ഉപയോഗമുള്ള ഡിപ്പാർട്ടുമെൻറിനെ പോഷിപ്പിക്കുന്നതിനു കൂടുതൽ ആളുകളെ നിയമിക്കേണ്ടിവരുന്നതിനാൽ എല്ലാക്കൊല്ലവും ഒരു വലിയ തുക ഇതിലേക്ക് തിരിച്ചു വയ്ക്കണം.

സർക്കാർ സർവീസിൽ പ്രാതിനിധ്യം ഇല്ലാത്ത അംഗങ്ങളെ ഉദ്യോഗം കൊടുത്തു് പ്രത്യേകം പ്രോത്സാഹിപ്പിക്കുന്ന നയം ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ട്, അതിലേക്ക സ്ഥിരഉത്തരവുകളും ഉണ്ടു് എന്നാൽ സംസ്ഥാനത്തെ ജനസംഖ്യയിൽ ഒരു വലിയ വിഭാഗമായ ലത്തീൻ ക്രിസ്ത്യാനികൾക്കു തക്ക പ്രോത്സാഹനം ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഉയർച്ചയിൽ എത്തിയ സമുദായങ്ങളോടു ഒപ്പം വരുത്തുന്നതിനു ഉദ്യോഗകാര്യത്തിൽ ആ സമുദായത്തിലുള്ള ആളുകൾക്കു് പ്രത്യേകം പ്രോത്സാഹനവും മുൻ അവകാശവും കൊടുക്കണം.

തിരുവിതാംകൂർ തമിഴ് സമുദായത്തിൽ ഉൾപ്പെട്ട ആളുകൾ സർക്കാർ സർവ്വീസിൽ വളരെ കുറവായതുകൊണ്ടു ആ സമുദായത്തിൽപെട്ട സർവീസിൽ ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു തക്കതായ പ്രോത്സാഹനം കൊടുക്കേണ്ടതാണു്.

അവസാനമായി ഗവണ്മെൻറിന്റെ ഇപ്പോഴത്തെ നല്ലതായ ധനസ്ഥിതിയെ ഉദ്ദേശിച്ചു ഗവണ്മെൻറിനെയും ധനകാര്യ സെക്രട്ടറിയേയും ഞാൻ അനുമോദിച്ചുകൊള്ളുന്നു.

മി: എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): ഈ സഭ മുമ്പാകെ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററു മുൻകൊല്ലത്തെപ്പോലെ തന്നെ ധാരാളം നീക്കിയിരുപ്പുള്ളതായിട്ടാണ് കാണുന്നതു്. അതിൽനിന്നും രാജ്യത്തിന്റെ ക്ഷേമവും മുൻകൊല്ലങ്ങളിലെപ്പോലെതന്നെ ഇരിക്കുന്നു എന്നു് ബഡ്ജററു പെട്ടെന്നു വായിക്കുന്ന ഒരാളിനു് തോന്നിയേക്കാം. എന്നാൽ രാജ്യത്തിന്റെ സ്ഥിതി അതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ട ഒന്നാണെന്ന് എന്റെ സ്നേഹിതന്മാരിൽ പലരും ഈ സഭ മുമ്പാകെ പ്രസ്താവിച്ചിട്ടുണ്ടു് എന്നുമാത്രമല്ല ഈ രാജ്യത്തിലെ ധനാഗമ മാർഗ്ഗങ്ങളായ എല്ലാസാധനങ്ങൾക്കും പെട്ടെന്നുണ്ടായ വിലക്കുറവു അതാതുകാരണമായി തീരുകയും ചെയ്തിട്ടുണ്ടു്. പ്രധാനകൃഷിസാധനങ്ങളായ തേങ്ങാ, കയറ്, കൊപ്രാ, കുരുമുളക് ഇവയുടെ എല്ലാം വില പകുതിയോ മൂന്നിലൊന്നോവീതം കുറഞ്ഞുപോകുകയാണ് ചെയ്തിട്ടുള്ളതു്. ഈ ഭീമമായ വിലക്കുറവു് നമ്മുടെ സാധനങ്ങൾക്കു് വന്നിരിക്കുന്ന ഈ കാലത്തു് ഗവണ്മെൻറു് അതിനെ പരിഹരിക്കുന്നതിനായിട്ടു എന്തുമാർഗ്ഗമാണ് ചെയ്യാൻ പോകുന്നതു് എന്നുള്ള ഒരു സംഗതിയെപ്പറ്റിയും ഈ ബഡ്ജററിൽ സൂചിപ്പിച്ചുകാണുന്നില്ല. ഇതു് വളരെ പരിതാപകരമായ ഒരു അവസ്ഥയാണ്. രാജ്യത്തിന്റെ ക്ഷേമത്തിനെയാണ് ഗവണ്മെൻറു എല്ലായ്പ്പോഴും നോക്കി പ്രവൃത്തിക്കേണ്ടതു് എന്നുള്ളതു് ഏതു ഗവണ്മെൻറും സമ്മതിക്കുന്ന ഒരു സംഗതിയാണ്. ഇത്ര പ്രധാനപ്പെട്ട ഒരു കാര്യത്തിനു് ബഡ്ജററിൽ യാതൊരുസ്ഥാനവും കൊടുക്കാതിരിക്കുന്നതു് വളരെ സങ്കടകരമായിപ്പോയി എന്നു് പ്രസ്താവിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. എന്റെ മാന്യസ്നേഹിതന്മാരിൽ പലരും ഗവണ്മെൻറിനോടു് ഉപദേശം ചെയ്തതുപോലെ ഇതിന്റെ കാരണങ്ങളെ കണ്ടുപിടിക്കുന്നതിനു് ഒരു കമ്മിററിയെ നിയമിക്കയോ അല്ലെങ്കിൽ ട്രെയിഡ് ഏജൻറായിട്ടു് ഗവണ്മെൻറിൽനിന്നും വിദേശങ്ങളിൽ ആളെ ഏർപ്പെടുത്തി ഇതിനുവേണ്ട പരിഹാരം ഉണ്ടാക്കുകയോ ചെയ്യാത്തപക്ഷം അടുത്തകാലത്തിൽ ഈ നാട്ടിന്റെ സ്ഥിതി വല്ലാത്ത ഒരുപതനത്തിൽ എത്തിച്ചേരും എന്നു പറയുന്നതിനു് വലിയ ദീർഘദർശിത്വം ഒന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ രാജ്യത്തെ നികുതി, പ്രധാനമായി നെല്ല്, തെങ്ങ് മുതലായ സാധനങ്ങളിൽ നിന്നുമാണ് പിരിക്കുന്നതു്. അതിനുള്ള ഇപ്പോഴത്തെ വിലയും ചിലവും കൂടി താരതമ്യപ്പെടുത്തി നോക്കുന്ന പക്ഷം ജനങ്ങൾ ഗവണ്മെൻറിനു് കൊടുക്കേണ്ട നികുതി തന്നെയും ശരിയായി കൊടുക്കാൻ സാധിക്കുമോ എന്നുള്ള ഒരു നിലയിലാണ് വന്നിരിക്കുന്നതു്. അതുകൊണ്ടു ഗവണ്മെൻറു അതിനു് ഏതെങ്കിലും ഒരു പരിഹാരം ഉണ്ടാക്കുന്നതുവരെ അപ്രകാരം ഇങ്ങനെയുള്ള നികുതിയിൽ നിന്നു് നിവൃത്തിയുള്ളടത്തോളം, ബഡ്ജററിൽ കൂടുതൽ തുക ഉണ്ടാക്കുന്നതിനു് ഉള്ള ആ ഭാഗം കുറച്ചിട്ടു് ഈ നികുതിയിൽനിന്നു് സ്വല്പമെങ്കിലും ജനങ്ങളെ രക്ഷിക്കേണ്ട കടമ ഗവണ്മെൻറിനുണ്ടു്. അതിലേക്കു് ആദ്യമായി ഞാൻ ഗവണ്മെൻറിനെ ചൂണ്ടിക്കാണിക്കുന്നതു് കയറ്, കൊപ്രാ മുതലായ അസംസ്കൃത സാധനങ്ങൾക്കു ഗവണ്മെൻറിൽനിന്നു് ഇപ്പോൾ ചുമത്തിയിരിക്കുന്ന ഡ്യൂട്ടി ഏതെങ്കിലും ഒരു താരതമ്യേന കുറവുചെയ്യുന്ന പക്ഷം അതു് ഈ രാജ്യനിവാസികൾക്കു് വളരെ ഉപകാരപ്രദം ആയിരിക്കുമെന്നാണ് എനിക്കു് തോന്നുന്നതു്. ഈ രാജ്യത്തെ ജനങ്ങളെല്ലാം അരികൊണ്ടു് ഉപജീവിക്കുന്ന ആളുകളാണ്. ഈ രാജ്യത്തു ആവശ്യമുള്ള അരി മുഴുവനും ഈ രാജ്യത്തുതന്നെ വിളയുന്നുണ്ടോ എന്നു് നോക്കുന്നപക്ഷം അങ്ങിനെ അല്ല എന്നു് ഇറക്കുമതിയുടെ കണക്കിൽ നിന്നു് വ്യക്തമാകുന്നുണ്ടു്. നാം ഈ കാര്യത്തിൽ വിദേശങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. കാലാന്തരത്തിൽ നമ്മുടെ രാജ്യത്തു് കൃഷിക്കു ഉപയുക്തമായി കിടക്കുന്ന സ്ഥലങ്ങളെ കൃഷി ചെയ്തു് വിദേശങ്ങളെ ആശ്രയിക്കാതെ കഴിച്ചു കൂട്ടാൻ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിച്ചു് പ്രവൃത്തിക്കേണ്ടതാണ്. ഗവണ്മെൻറു് പുതുതായി കൃഷിക്കു് ഉപയോഗപ്പെടുന്ന സ്ഥലങ്ങൾ പതിച്ചു കൊടുക്കാം എന്നു പറയുന്ന അവസരത്തിൽ സാധാരണ വലിയ കയങ്ങളുള്ള വല്ല ആറുകളോ വേമ്പനാട്ടു കായലോ വന്യമൃഗങ്ങളാൽ എപ്പോഴും ആക്രമിക്കപ്പെട്ടുവരുന്ന വനപ്രദേശങ്ങളോ മാത്രം ആണ് ഓർമ്മയിൽ വരുന്നതു്. ആ സ്ഥലങ്ങളെല്ലാം മുഴുമുട്ടി കൃഷിക്ക ഉപയോഗയോഗ്യമാക്കിതീർക്കുന്നു എങ്കിലും അതുപോലെ നാട്ടിൻ പുറങ്ങളിലും ധാരാളം സ്ഥലങ്ങൾ ഗവണ്മെൻറിന്റെ സഹായം ഉണ്ടെങ്കിൽ കൃഷിക്കുപയോഗിക്കുന്നതായി ഉണ്ടു്, എന്നു് കാണാവുന്നതാണ്. പേച്ചിപ്പാറ അണമൂലം തെക്കൻ തിരുവിതാംകൂറിൽ എത്രയോ ആയിരം ഏക്കർ സ്ഥലം കൃഷിക്കു് ഉപയോഗപ്രദമായി തീർന്നിട്ടുണ്ടെന്നുള്ളതു് ഈ രാജ്യത്തെ ജനങ്ങൾക്കു് എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണ്, അതു പോലെ കരപ്പുറത്തെ സംബന്ധിച്ചു നോക്കുന്നപക്ഷം കരപ്പുറത്തിന്റെ ഇരു പുറവും ഉള്ള കായലോര

ങ്ങളിൽ മാത്രമേ തെങ്ങു കൃഷിയും നെൽകൃഷിയും ധാരാളം കാണുന്നുള്ളു. അതിന്റെ ഉൾഭാഗത്തു നോക്കുന്ന പക്ഷം സഹാറാ മരുഭൂമിയെപ്പോലെ മണൽ കിടക്കുന്നതു്. ഇങ്ങനെ ഇരിക്കെ, കാട്ടിലും വെളിയിലും പോകാതെതന്നെ നാട്ടിലുള്ള സ്ഥലങ്ങളെ ഉപയോഗപ്രദമാക്കിത്തീർക്കുന്ന പക്ഷം നമുക്കു് നാളെ അന്യദേശത്തെ ആശ്രയിക്കാതെ കഴിക്കാവുന്നതാണു്. അതിലേക്കു വേണ്ടി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന സംഗതി മൂവാറ്റുപുഴ-ആലപ്പുഴത്തോട്ടിനെ പൂർത്തിയാക്കണമെന്നുള്ളതിനെപ്പറ്റിയാണു്. ഈ ആവശ്യം ഗതാഗതമാർഗ്ഗത്തിനുവേണ്ടിമാത്രം ഉത്ഭവിച്ചതാണ് എന്നാണു അധികം ജനങ്ങളും മനസ്സിലാക്കിയിരിക്കുന്നതു്. എന്നാൽ ഗതാഗതമാർഗ്ഗം എന്നുള്ളതിനെവിട്ടു കൃഷി സംബന്ധമായ കാര്യത്തിലും ഇതിലേറെ സഹായിക്കാൻ അതിനു സാധിക്കുമെന്നുള്ളതു് അനുഭവസ്ഥന്മാരായ ആളുകൾക്കു അറിയാവുന്നതാണു്. ഇന്നത്തെ പ്രസിഡന്റു അവർകൾതന്നെ അതിനു സാക്ഷ്യം വഹിക്കുന്നു എന്നു് ഞാൻ വിശ്വസിക്കുന്നു. ഈ തോടു് ഇപ്പോൾ മുക്കാലും തീർന്നുകിടക്കുകയാണു് ചെയ്യുന്നതു്. അതു മുഴുവനാ തീരുന്നപക്ഷം ഇപ്പോൾ സഹാറാപോലെ കിടക്കുന്ന മണൽപ്പുറത്തെ മണ്ണു് കായലിൽ ഇറക്കി കായലോരങ്ങളിൽ കൂടുതൽ സ്ഥലം കൃഷിക്കുപയോഗപ്പെടുന്നതിനും അതുപോലെ തന്നെ മണൽ പുറത്തുള്ള മണൽ നീങ്ങി അധികഭാഗം കൃഷിക്കുപയോഗപ്പെടുന്നതിനും സാധിക്കുന്നതാണു്. ഗവണ്മെന്റിൽനിന്നു അനവധിപണം ചിലവുചെയ്തു് ആലപ്പുഴനിന്നും അഞ്ചാറു മൈൽദൂരം ഇപ്പോൾ വെട്ടിത്തീർക്കയും ചെയ്തിട്ടുണ്ടു്. ബാക്കിയുള്ള കുറച്ചുഭാഗം കൂടി തീർക്കുന്നപക്ഷം ഗതാഗതത്തിനു അനേകം സ്ഥലം കൃഷിക്കും ഉപയുക്തമാകുന്നതിനും ഇടയുണ്ടു്. ഗവണ്മെന്റിൽ നിന്നും അനേകലക്ഷം പണം ചിലവുചെയ്തിട്ടു് ഒടുവിൽ ഫലപ്രദമല്ലാതെ അങ്ങനെ വിട്ടുകളയുന്നതുകൊണ്ടു പൊതുജനങ്ങൾക്കു രക്ഷയില്ലാതിരിക്കുന്നു എന്നുമാത്രമല്ല; ഗവണ്മെന്റിനു് വളരെ പണം നഷ്ടപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു് അതിനെ പൂർത്തിയാക്കേണ്ടുകടമ ഗവണ്മെന്റിനാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇനി എനിക്കു പറവാനുള്ളതു് സ്കൂൾ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണു്. ഇന്നു ഈ സംസ്ഥാനത്തുള്ള ഏതാനും സ്കൂളുകളിൽ എല്ലാ സമുദായക്കാർക്കും പ്രവേശനമില്ലെന്നു് ഉള്ള പരാതി പറയേണ്ടതായിട്ടുവന്നതു് വളരെ സങ്കടകരമായിരിക്കുന്നു. ഇന്നു് ഏതു സമുദായത്തെ ഉദ്ദേശിച്ചു പ്രവേശനം അനുവദിക്കാതിരിക്കുന്നുവോ ആ സമുദായത്തിലെ അംഗങ്ങളിൽ നിന്നുതന്നെ പ്രവേശനം അനുവദിച്ചു കൊടുക്കേണ്ടതാണെന്നു കേൾക്കാൻ ഇടവന്നിട്ടും ഈ കാര്യത്തിൽ ഗവണ്മെന്റു വേണ്ടതു പ്രവൃത്തിക്കാതിരിക്കുന്നതു വളരെ ശോചനീയമായിരിക്കുന്നു. മേലാലെങ്കിലും സ്കൂളിൽ പ്രവേശനം കൊടുക്കുന്നില്ല എന്നു് ഈ മാതിരി ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങളിൽ പരാതി പറയാതിരിക്കുന്നതിനു വേണ്ടി ഗവണ്മെന്റു് ആ വിഷയത്തിൽ ശ്രദ്ധിക്കുമെന്നു വിചാരിക്കുന്നു.

ഇനി എനിക്കു പറയാനുള്ളതു് റോഡിനെപ്പറ്റിയാണു്. ഈ സംസ്ഥാനത്തുള്ള ഏതാനും റോഡുകൾ എല്ലാ സമുദായക്കാർക്കും പ്രവേശനം ഇല്ലെന്നുള്ള പരാതിയും പറയേണ്ടിയിരിക്കുന്നു. പൊതുമുതൽകൊണ്ടു സംരക്ഷിച്ചു പോരുന്ന റോഡുകളിൽ ഒരു സമുദായക്കാർക്കു് പ്രവേശനം ഇല്ല എന്നു പറയുന്നതു അർത്ഥമില്ലാത്തതാണു്. അതുകൊണ്ടു് ഒന്നുകിൽ ഈ റോഡുകൾക്കുവേണ്ടി പൊതുമുതലിൽ നിന്നു പണം ചിലവുചെയ്യാതിരിക്കയോ അല്ലെങ്കിൽ ആ റോഡുകളിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം അനുവദിക്കുകയോ ചെയ്യേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

അവസാനമായി എനിക്കു പറയാനുള്ളതു് ഗവണ്മെന്റിന്റെ ഉദ്യോഗവിതരണനയത്തെ സംബന്ധിച്ചാണു്. ഗവണ്മെന്റിനെ സേവിക്കുക എന്നുള്ള കൃത്യം എല്ലാസമുദായക്കാർക്കും ജന്മനാ അവകാശമുള്ള ഒരു സംഗതിയാണെന്നു ഞാൻ ഈ സഭമുമ്പാകെ പല അവസരങ്ങളിലും വാദിച്ചിട്ടുണ്ടു്. എന്നാൽ ഇതിൽ ഒരു വലിയ തെറ്റിദ്ധാരണ വന്നിട്ടുണ്ടു്. സമുദായപ്രാതിനിധ്യം എന്നു പറയുന്ന അവസരത്തിൽ യോഗ്യത ഇല്ലാത്ത ആളുകൾക്കു് ഉദ്യോഗം കൊടുക്കണമെന്നു പറയുന്നില്ല. ശരിയായും ന്യായമായും ഒരു ഉദ്യോഗത്തിനു് ഏതെല്ലാം യോഗ്യത ആവശ്യമുണ്ടോ അങ്ങിനെ യോഗ്യതയുള്ള ആളുകൾക്കു മാത്രം കൊടുത്താൽ മതിയെന്നേ അതുകൊണ്ടു ഞാൻ അർത്ഥമാക്കുന്നുള്ളു. അതുകൊണ്ടു് യോഗ്യതയുള്ള ആളുകളെ നിയമിച്ചു ഞങ്ങളുടെ സങ്കടം പരിഹരിക്കേണ്ടതു് ഗവണ്മെന്റിന്റെ കർത്തവ്യകർമ്മമാണു്. മുമ്പൊരിക്കൽ ഈ സഭമുമ്പാകെ ഈഴവസമുദായത്തിൽനിന്നു് മുൻസിഫ് ഉദ്യോഗത്തിൽ ആരുംതന്നെ ഇല്ലെന്നു് ഞാൻ വാദിക്കയുണ്ടായി. അന്നു ഗവണ്മെന്റിൽനിന്നു് എനിക്കു കിട്ടിയ മറുപടി, ഉദ്യോഗത്തിനുള്ള യോഗ്യതകൊണ്ടോ മറ്റു പ്രകാരത്തിലോ കയറ്റം കിട്ടിയ ഒരു ഉദ്യോഗസ്ഥനെ തിരിച്ചു മുൻസിഫാക്കിയാൽ മതിയോ എന്നാണു്. ആ മാതിരിയുള്ള മറുപടി ഇനിയും കിട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു പറഞ്ഞതു് ഞങ്ങൾക്കു് കിട്ടിക്കൊണ്ടിരിക്കുന്ന മറുപടികളുടെ ഒരു മാതൃക കാണിക്കാൻ വേണ്ടിമാത്രമാണു്. ആ മറുപടിയിൽ നിന്നുതന്നെ ഞങ്ങൾക്കു് ഒരു മുൻസിഫ് ഉദ്യോഗം തരേണ്ടതു് അത്യാവശ്യമാണെന്നുള്ള ഒരു സമ്മതവും വരുന്നുണ്ടു്. എന്നാൽ അതിലേക്കു നിയമിക്കേണ്ട ആളിനെപ്പറ്റി മാത്രമേ സംശയമുള്ളു. അതു മുകളിൽ നിന്നും താഴ്ത്തി എടുക്കണമോ അതല്ല പുത്തനായി നിയമിക്കണമോ എന്നുള്ള കാര്യത്തിൽ മാത്രമേ സംശയമുള്ളു. അതുകൊണ്ടു് ഗവണ്മെന്റിൽനിന്നു് എല്ലാ സമുദായക്കാർക്കും സങ്കടം വരാതിരിക്കത്തക്കവിധത്തിൽ ഉദ്യോഗദാനനയം മേലാലെങ്കിലും ശരിപ്പെടുത്തിക്കൊണ്ടു പോകണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: എ. ജി. മേനോൻ (പറവൂർ) : സർ, ബഡ്ജറ്റു പരിശോധിച്ചതിൽ എന്റെ മനസ്സിൽ ആദ്യമായി തോന്നുന്നതു് അതിൽ കാണുന്ന കണക്കുകളെ നല്ലപോലെ വിശ്വസിക്കാൻ പാടുണ്ടോ എന്നാണു്. എല്ലാ പരിഷ്കൃത ഭരണങ്ങളിലും സ്വാതന്ത്ര്യാധികാരത്തോടുകൂടിയ ഒരു കണക്കു പരിശോധനയ്ക്കും ഒരു വ്യവസ്ഥയുണ്ടു്. ഈ ഗവണ്മെന്റു് അതിലേക്കു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല.

ഡപ്യൂട്ടിപ്രസിഡന്റ് : നമുക്കു് അതില്ലായിരുന്നു.

മി: എ. ജി. മേനോൻ (പറവൂർ) : അതാണു് ഞാനും പറയുന്നതു്. കഴിഞ്ഞ ൨ കൊല്ലങ്ങളിലായി ഈ സംഗതിയെ ഞാൻ സഭയെ ധരിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ആ നിർമ്മലതയെ ഗൗരവമായ ആലോചനക്കെങ്കിലും എടുക്കുന്നതിനു് വല്ല നടപടിയും എടുത്തതായി എനിക്കു തോന്നുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ഭരണാധികാരിയായ ദിവാൻജിയുടെ അധീനത്തിൽ പെടാത്തതായുള്ള ഒരു ഓഡിററു ഡിപ്പാർട്ടുമെൻറിനെ സൃഷ്ടിക്കണമെന്നായിരുന്നു നിങ്ങളുടെ അഭിപ്രായം.

മി: എ. ജി. മേനോൻ (പറവൂർ): എൻെറ അഭിപ്രായം രാജസ്ഥാനത്തുനിന്നും ഒരു ആഡിററെ നിയമിക്കണമെന്നായിരുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: ദിവാൻജിയോട് ഉത്തരവാദിത്വമുള്ളവനായിട്ടോ? അങ്ങിനെയെങ്കിൽ നിങ്ങൾക്ക് അക്കൌണ്ട് ആഫീസർ ഉണ്ടല്ലോ?

മി: എ. ജി. മേനോൻ (പറവൂർ): ശരി, എന്നാൽ ദിവാൻജിയാൽ മാററപ്പെടാൻ പാടില്ലാത്തതുമായിരിക്കണം.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ അഭിപ്രായം ശരിക്കു മനസ്സിലാക്കാൻ മാത്രമായിരുന്നു എൻെറ യത്നം. ഇതൊരു പഴയ കാര്യമാണ്.

മി: എ. ജി. മേനോൻ (പറവൂർ): കാര്യമെന്തുകൊണ്ട് ഭരണത്തിൻെറ മേലധികാരി ദിവാൻജിയായി ഗണിക്കപ്പെടുന്നു. എന്നാൽ വാസ്തവത്തെ നോക്കിയാൽ രാജസ്ഥാനത്താണ് സകല അധികാരവും സ്ഥിതിചെയ്യുന്നത്. ഇവിടെയുള്ള ഭരണകൂടത്തെപ്പററിയുള്ള എൻെറ അറിവു അങ്ങിനെയാണ്. അതുകൊണ്ട് ഒരു സ്വതന്ത്രമായ ആഡിററില്ലെങ്കിൽ ദിവാൻജിക്ക് സർക്കാർ മുതലിനെ ഇഷ്ടംപോലെ വിനിയോഗിക്കാം. അങ്ങനെ ഒരു ഉദ്യോഗസ്ഥൻെറ ആവശ്യം കാണിക്കാൻ ഞാൻ ഒരു നല്ല ഉദാഹരണം പറയാം. എൻെറ അറിവിൽ റെയിൽവേകണക്കുകൾ പരിശോധിക്കുന്നതിനുള്ള അധികാരം തനിക്കുണ്ടെന്ന് ഇതിനു മുമ്പുള്ള അക്കൌണ്ട് ആഫീസർ സിദ്ധാന്തിച്ചിട്ടും ആ വക കണക്കുകൾ ആഡിററു ചെയ്തിട്ടില്ല എന്നുള്ളത് പരക്കെ അറിയപ്പെടുന്നതാണ്. അതു ചെയ്യാൻ അദ്ദേഹത്തെ അനുവദിച്ചില്ല. റെയിൽവെയിലെന്നുതന്നെയല്ല വേറെ ചില ഡിപ്പാർട്ടുമെൻറുകളിലും കണക്കുകൾ ശരിയായി ആഡിററു ചെയ്തിട്ടില്ല. ഭരണത്തിലെ മേലാവായ ദിവാൻജി ഈ സ്ഥാനത്തിൽ ഒരു സ്വതന്ത്രാധികാരിയാണ്. ഫിനാൻഷ്യൽ സെക്രട്ടറിയും അക്കൌണ്ടാഫീസരും അദ്ദേഹം തന്നെയാണ്.

ഡെപ്യൂട്ടി പ്രസിഡണ്ട്: അക്കൌണ്ടാഫീസർ ഇപ്പോൾ ഗവണ്മെൻറിലെ ഫിനാൻഷ്യൽ സിക്രട്ടറിയും അക്കൌണ്ടാഫീസരും ആണ്.

മി: എ. ജി. മേനോൻ (പറവൂർ): അതെ, ഇപ്പോഴത്തെ നിലക്ക് രണ്ടു ജോലികളും ദിവാൻജിയുടെ അധീനത്തിൽ അദ്ദേഹം നിർവഹിക്കുന്നു. അതു ഒരു നല്ല ഏർപ്പാടല്ല.

ഡെപ്യൂട്ടി പ്രസിഡണ്ട്: അദ്ദേഹം ദിവാൻജിയുടെ അധീനത്തിലാണ്.

മി: എ. ജി. മേനോൻ (പറവൂർ): അങ്ങനെ പാടില്ല. ഞാൻ പറയുന്നതിൻെറ സാരം അതാണ്. അദ്ദേഹത്തിൻെറ നിയമനം നിയമംകൊണ്ട് സ്ഥിരമായതായിരിക്കണം. വേറെ പ്രകാരത്തിൽ പറകയാണെങ്കിൽ ദിവാൻജിക്ക് ബോധിച്ചപോലെ ഒന്നും ചെയ്യാൻ സാധിക്കരുത്. അപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനില്ലെങ്കിൽ സംസ്ഥാനത്തെ വരവു ന്യായമായും ശരിയായും ചിലവു ചെയ്യുന്നതിന് യാതൊരു ഉറപ്പും ഇല്ല. സഭയുടെ അറിവിലേക്കു പ്രത്യേകിച്ചു കൊണ്ടുവരേണ്ട മറെറാരു സംഗതി ഒരു പൊതുകണക്കു പരിശോധനക്കമ്മററിയെ രൂപീകരിക്കണമെന്നുള്ളതാണ്. ഞാൻ പലപ്രാവശ്യവും ഈ സംഗതി സഭയുടെ അറിവിൽ കൊണ്ടുവന്നിട്ടുണ്ട്. ബഡ്ജററിനെപ്പററി സാധാരണയായി വാദപ്രതിവാദം ചെയ്യുന്ന സമയമൊഴിച്ച് സാങ്കേതിക കാരണങ്ങളാൽ അതു ഈ സഭയിൽ കൊണ്ടുവരാൻ അനുവദിച്ചില്ല. കൌൺസിലിലെ ഈ യോഗത്തിലെ അംഗങ്ങളെപ്പററി എന്നെ ഓർക്കുന്നതിന് എൻെറ സ്നേഹിതൻ മി. രാമവർമ്മരാജാ ഉള്ളതിൽ ഞാൻ സന്തോഷിക്കുന്നു. ഇങ്കിലും എന്നെ ഓർക്കുന്നതിന് എൻെറ ... ഇപ്പോഴത്തെ അക്കൌണ്ട് സിപ്പാർട്ടുമെൻറിലെ സമ്പ്രദായങ്ങളെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവർക്കു മാത്രമേ ഒരു സ്വതന്ത്ര ആഡിററ വേണമെന്നുള്ള ആവശ്യം മനസ്സിലാക്കാൻ തരമുള്ളു.

ഡെപ്യൂട്ടി പ്രസിഡണ്ട്: ശരി, അവിടെ നിന്നും നമുക്ക് കടന്നുപോകാം.

മി: എ. ജി. മേനോൻ (പറവൂർ): പൊതുകണക്കു കമ്മററിയുടെ ആവശ്യത്തെപ്പററി കഴിഞ്ഞ ബഡ്ജററു യോഗകാലത്തു ഞാൻ വിസ്തരിച്ചു പറകയുണ്ടായി. എൻെറ സ്നേഹിതൻ മി. രാമവർമ്മരാജാവും ബഡ്ജററു നിരൂപണത്തെ ... അതിൻെറ ഉപയോഗത്തെപ്പററി ഒരർത്ഥത്തിൽ പറഞ്ഞു.

ഡെപ്യൂട്ടി പ്രസിഡണ്ട്: ആ ഏർപ്പാട് സാമ്രാജ്യ നിയമസഭയിലുണ്ട്. പ്രാദേശിക കൌൺസിലുകളിലതിനെക്കാളും അവിടെ അതു കൂടുതൽ ഉപകാരപ്രദമായി വേല ചെയ്യുന്നുണ്ട്.

മി: എ. ജി. മേനോൻ (പറവൂർ): ശരിതന്നെ. അസംബ്ലിയിൽ മാത്രമെയല്ല. ഈ രണ്ടു യന്ത്രങ്ങളും ഇതുമാതിരിയുള്ള ഒരു കൌൺസിലിൽ ബഡ്ജററു വാദപ്രതിവാദം ചെയ്യുന്നതുകൊണ്ട് വലിയ ഉപയോഗമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഭരണത്തെ വികേന്ദ്രീകരിക്കുന്ന വേറൊരു സംഗതി കൂടി പറയാനുണ്ട്. ഇപ്പോൾ നടക്കുന്നതുപോലെ കാര്യനടപ്പിൽ എല്ലാം ദിവാൻജി തന്നെ കഴിയണം. ഞാൻ പറഞ്ഞു കേട്ടിട്ടുള്ള ഒപ്പിടുന്നതിനുതന്നെ ചിലപ്പോൾ ഒന്നു രണ്ടു മണിക്കൂർ പിടിക്കുമെന്നാണ്. ഒരു ഉദ്യോഗസ്ഥനിൽ നിന്നു എന്തെങ്കിലും ഗുണം സിദ്ധിക്കണമെങ്കിൽ അദ്ദേഹത്തെക്കൊണ്ടു ഇത്രയധികം വേല ചെയ്യിച്ചു കൂടാ. കാര്യഭാഗം കൊണ്ടു വളരെ പ്രധാനമേറിയവയൊഴിച്ചു എല്ലാ ചടങ്ങുകളും അദ്ദേഹത്തിൻെറ കീഴിലുള്ള സിക്രട്ടേറിയററിലുള്ള മററുള്ളവരെക്കൊണ്ട് ചെയ്യിക്കണം.

ഡെപ്യൂട്ടിപ്രസിഡണ്ട്: ധാരാളമായി അധികാര വിഭജനം ചെയ്യുന്നതു ആവശ്യമാണെന്നാണോ നിങ്ങൾ പറയുന്നതു?

മി: എ. ജി. മേനോൻ (പറവൂർ): അതാണ് എൻെറ അഭിപ്രായം. ഒരു നല്ല ശമ്പളം കൊടുത്ത് സിക്രട്ടേറിയററുദ്യോഗസ്ഥന്മാർ (—) അവരെ വർക്ക് ഡെപ്യൂട്ടി ... എന്നോ പറയാം—ഗവണ്മെൻറിൻെറ ... ഈ അധികാരവിഭജനം നടപ്പിൽ കൊണ്ടുവന്നില്ലെങ്കിൽ പല കാര്യങ്ങൾ നടത്തുന്നതിനു അപ്രാവശ്യമാണ്. ഈ അധികാരവിഭജനം ... ഇപ്പോൾ ഇരിക്കുന്ന അവസ്ഥക്കു ഉദ്യോഗസ്ഥന്മാരെക്കുറിച്ചും ദിവാൻജിയെപ്പററി കുററം പറഞ്ഞിട്ടാവശ്യമില്ല. ഇപ്പോൾ ഇരിക്കുന്ന അവസ്ഥക്ക് ... അപ്രധാനങ്ങളായ കാര്യങ്ങളെ അദ്ദേഹത്തിൻെറ ചുമതലയിൽനിന്നു എടുത്തുകളഞ്ഞാൽ ആലോചനക്കു സമയമില്ല. അപ്രധാനങ്ങളായ കാര്യങ്ങളെ ... രാജ്യഭരണത്തിനു വേണ്ടി ചിലപദ്ധതികൾ അദ്ദേഹത്തിനുണ്ടു ധാരാളം സൗകര്യം കൊടുക്കുന്നതായാൽ ... ആലോചിക്കാൻ കഴിയും.

M

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു നടപ്പിൽകൊണ്ടുവരാൻ ആരാണു പ്രാരംഭയത്നം ചെയ്യേണ്ടതു?

മി: എ. ജി. മേനോൻ (പറവൂർ): നമുക്കെല്ലാവർക്കും അതിലേക്കു യത്നിക്കാവുന്നതാണ്. നമുക്കു അദ്ദേഹത്തിനു പ്രധാനകാര്യങ്ങളെപ്പറ്റി മനസ്സിലാക്കിക്കൊടുക്കാം. നമ്മുടെ ഇവിടത്തെ ജോലി സ്പഷ്ടിപരങ്ങളായ നിർദ്ദേശങ്ങൾ നൽകുകയാണ്. അദ്ദേഹത്തിനു കാര്യങ്ങളെ ആലോചിച്ചു ചെയ്യുന്നതിനുള്ള ത്രാണി വേണം. ഞാൻ ഈ പറയുന്നതെല്ലാം ഒരു മെച്ചമേറിയ ഭരണ സംഘടന ഉണ്ടാക്കുന്നതിലേക്കാണ്. അതിലേക്കു അടുത്തതായി ഞാൻ പറയുന്നതു ഈ സഭയുടെ ജോലി ഇപ്പോഴത്തെ നിലക്കു നിശ്ചയമായിട്ടും കാര്യക്ഷമതയോടുകൂടിയല്ല നടന്നുവരുന്നതു എന്നാണ്. ഇപ്പോൾ ഇതിനു ഒരു സെക്രട്ടറിയും രണ്ടു അസിസ്റ്റന്റുമാരും ഉണ്ട്. അനവധി ചോദ്യങ്ങൾ നാം അയച്ചുകൊടുക്കുന്നു—ഗവർമ്മെന്റിന്റെ ഒപ്പീനിയലോ തന്റെ സ്വാതന്ത്ര്യമില്ലായ്മയിലോ പ്രധാനപ്പെട്ട കാര്യങ്ങളിൽ ജോലിത്തിരക്കിലിരിക്കുന്ന സെക്രട്ടറിക്കു പലതുകളിലും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കാര്യങ്ങൾ അശ്രദ്ധാപൂർവ്വം നടത്തിപ്പോരുന്നു. അതുകൊണ്ട് ഞാൻ അഭിപ്രായപ്പെടുന്നതു നല്ല സിൽബന്തികളോടുകൂടിയ ഒരു പ്രത്യേകം സെക്രട്ടറിയെ നിയമിക്കണമെന്നാണ്. ഇപ്പോൾ നടക്കുന്നതുപോലെ അദ്ദേഹം ദിവാൻജിയോട് ചുമതലപ്പെട്ടവനായിരുന്നുകൊള്ളട്ടെ. പക്ഷേ ഞാൻ അഭിപ്രായപ്പെടുന്നതു അദ്ദേഹത്തെ ആരാണോ പ്രസിഡണ്ട് ആ ആളുടെ അധീനത്തിൽ നിയമിക്കണമെന്നാണ്. ഇപ്പോഴത്തെ ഭരണനിയമം അനുസരിച്ചു പ്രസിഡണ്ട് ദിവാൻജിയാണ്. ഇപ്പോഴത്തെ ഭരണനിയമപ്രകാരം അതു സാധിക്കാത്തപക്ഷവും ഭരണനിയമം മാറ്റാൻ സാധിക്കാത്തപക്ഷവും ദിവാൻജിയുടെ കീഴിൽതന്നെ അദ്ദേഹത്തെ വച്ചുകൊള്ളട്ടെ. ഏതുതരത്തിലിരുന്നാലും അദ്ദേഹത്തിനു കാര്യക്ഷമതയുള്ളതും നല്ല ശമ്പളമുള്ളവരും ആയ സിൽബന്തികളെ കൊടുക്കണം. ഇന്നു രാവിലെ തന്നതായ ചില ചോദ്യങ്ങളുടെ ഉത്തരം ഞാൻ എടുത്തുപറയാം. അതിൽ നിന്നു നിയമസഭാ സെക്രട്ടറിയാഫീസ് ചെയ്യുന്ന വിധം നിങ്ങൾക്കു മനസ്സിലാകും. അദ്ദേഹമോ അദ്ദേഹത്തിന്റെ ഗുമസ്തന്മാരോ തെറ്റുകൾ ഉണ്ടാകുന്നതിനു ഉത്തരവാദി എന്നെനിക്കറിഞ്ഞുകൂടാ.

ഡെപ്യൂട്ടിപ്രസിഡണ്ട്: പറഞ്ഞ ഉത്തരത്തിനു ചുമതല ഗവർമ്മെന്റാണെന്നു നിങ്ങൾ പറയേണ്ടതാണ്. ഈ ഉത്തരങ്ങൾ ഗവർമ്മെന്റാണ് നിങ്ങൾക്കു തരുന്നതു. അങ്ങനെ തന്ന ഉത്തരങ്ങൾക്കുള്ള പൂർണ്ണചുമതല ഗവർമ്മെന്റു തന്നെ വഹിക്കുന്നു. നിങ്ങൾ കുറ്റം ഗുമസ്തന്മാരിൽ ആരോപിക്കുന്നതെന്തിനാണ് എനിക്കു അതു മനസ്സിലാകുന്നില്ല.

മി: എ. ജി. മേനോൻ (പറവൂർ): എങ്ങനെ ആയാലും അതു നിയമഡിപ്പാർട്ടുമെന്റു മുഖാന്തിരം ചെയ്തിട്ടുള്ളതാണ്.

ഡെപ്യൂട്ടി പ്രസിഡണ്ട്: ഗവർമ്മെന്റു ചെയ്യുന്ന ഏർപ്പാടു ഏതുതരത്തിലിരുന്നാലും അതു ഒരു സെക്രട്ടറി ചുമതലപ്പെട്ടോ ചില താഴ്ന്ന ശമ്പളക്കാർ ചുമതലപ്പെട്ടു ചെയ്യുന്നതോ ആണെന്നു പറയാൻ പാടില്ല. ഭരണ സംബന്ധമായി ആ പ്രശ്നത്തെ പറ്റി അങ്ങനെയല്ല മനസ്സിലാക്കേണ്ടതു.

മി: എ. ജി. മേനോൻ (പറവൂർ): എന്നാൽ ഞാൻ ഉത്തരം കിട്ടിയതു നിയമസഭാ സെക്രട്ടറിയേറ്റു മുഖാന്തരം ഗവർമ്മെന്റിൽ നിന്നാണെന്നു പറയാം. ഗവർമ്മെന്റിനു കാര്യക്ഷമതയോടുകൂടിയ സിൽബന്തികളില്ലാത്തതുകൊണ്ട് ശരിയായ ഉത്തരങ്ങൾ പലപ്പോഴും കിട്ടുന്നില്ല എന്നു മാത്രമാണ് എന്റെ പരാതി. ഞാൻ ഒരു ഉദാഹരണം പറയാം. എടപ്പള്ളിയിലുള്ള ജനങ്ങളിൽനിന്നും വെൽക്കരത്തെ സംബന്ധിച്ച് ഏതെങ്കിലും പരാതികിട്ടിയിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുകയുണ്ടായി. മറുപടി "ഇല്ലാ" എന്നാണ്. എന്നാൽ ഞാൻ സഭയിൽ വന്നിരുന്നപ്പോൾ കഴിഞ്ഞ ശ്രീമൂലം സഭയിലെ അവരുടെ പ്രതിനിധിയെ കണ്ടു; അദ്ദേഹം എന്നോടു പറഞ്ഞതു സഭയിലെ അദ്ദേഹത്തിന്റെ പ്രത്യേക വിഷയം അതാണെന്നാണ്. എനിക്കു ഇപ്പോൾ കിട്ടിയ മറുപടി അവരിൽ നിന്നും ഒരു പരാതിയും കിട്ടിയിട്ടില്ലെന്നാണ്. ഒരു ശ്രീമൂലം സഭാമെമ്പർ ഒരു വിഷയം പരസ്യം ചെയ്തിരിക്കുമ്പോൾ ഈ വിധമുള്ള മറുപടി വളരെ കടന്നുപോയി, അല്ലെങ്കിൽ ചിന്തയറ്റതായി, എന്നു പറയേണ്ടിയിരിക്കുന്നു. സെക്രട്ടേറിയേറ്റിനെ സംബന്ധിച്ചു പറകയാണെങ്കിൽ നമുക്കു ഒരുതരം വ്യക്തപ്പെടുത്തിയ നയം അവലംബിക്കേണ്ടതാണ്. ഇപ്പോൾ ഈ കാര്യത്തിൽ ഒരു സ്ഥിരനയം ഇല്ല. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലത്തെ ബഡ്ജറ്റുകളെ നാം താരതമ്യപ്പെടുത്തിനോക്കിയാൽ പല ഡിപ്പാർട്ടുമെന്റുകളിലേക്കും തിരിച്ചുവച്ചിരിക്കുന്ന തുക കഴിഞ്ഞ കൊല്ലങ്ങളെ അപേക്ഷിച്ചു അല്പസ്വല്പ വ്യത്യാസങ്ങൾ മാത്രമേ കാണുന്നുള്ളു. ചിലേടത്തു അതേ തുകയായിട്ടും തന്നെ കാണുന്നു. ഇപ്പോൾ ബഡ്ജറ്റു തയ്യാറാക്കുന്നതിൽ ചെയ്തുവരുന്ന സമ്പ്രദായം കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിലുള്ള കണക്കുകളിൽ അല്പസ്വല്പ ഭേദഗതിവരുത്തുക മാത്രമാണ്.

ഡെപ്യൂട്ടിപ്രസിഡണ്ട്: തൻകൊല്ലത്തെ കണക്കിനെ അവർ പരിശോധിക്കുന്നു; ഏകദേശം അതുതന്നെയാണു അവർക്കു ചെയ്യേണ്ടത്.

മി: എ. ജി. മേനോൻ (പറവൂർ): ബഡ്ജറ്റു തയ്യാറാക്കുന്നതിനെപ്പറ്റി ഞാൻ മനസ്സിലാക്കുന്നതു അങ്ങനെയല്ല. ഇപ്പോൾ ചെയ്യുന്നരീതിക്കു ബഡ്ജറ്റുണ്ടാക്കാൻ ഗുമസ്താലയത്തെ ഒരു ശിപായിക്കുകൂടി കഴിയും. (ചിരി).

ഡെപ്യൂട്ടിപ്രസിഡന്റ്: ബഡ്ജറ്റു തയ്യാറാക്കിയവരെപ്പറ്റി ഇതു ഒരുവിധം കഠിനമായ വിമർശനമാണ്. മി: മേനോന്റെ നിലയിലുള്ള ഒരു മെമ്പർ ഇപ്രകാരം പറയുമെന്നു ഞാൻ വിചാരിച്ചില്ല.

മി: എ. ജി. മേനോൻ (പറവൂർ): ഇക്കൊല്ലത്തെ സ്ഥാനത്തിനൽ സർട്ടിഫിക്കറ്റുകൾക്കും പൂർണ്ണജോലി കൊടുക്കപ്പെട്ടുവരുന്നു. അതാണ് ഞാൻ പറഞ്ഞതു, ഇക്കൊല്ലത്തെ ശിപായിക്കുപോലും ഇപ്പോഴത്തെ മട്ടിൽ ബഡ്ജറ്റു തയ്യാറാക്കുന്നതിനു സാധിക്കും. എന്തെന്നാൽ അതു അക്കങ്ങളെ കുറെ മാറ്റുകയും തിരിക്കയും മാത്രമാണ്. ഞാൻ പറഞ്ഞുവരുന്നതു ഗവർമ്മെന്റു ഒരു ധനകാര്യനയം ഇടണം. അതു ഒരു ക്ലിപ്തകാലത്തിനുള്ളിൽ നടപ്പിൽവരുത്തണം. ഉദാഹരിക്കുന്നതായാൽ, ഇവിടെ ധനപോഷകഡിപ്പാർട്ടുമെന്റുകൾ ഉണ്ട്. ഈ ഡിപ്പാർട്ടുമെന്റുകൾ അനേകകാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്പോഴുംകൂടി ഒരു പ്രത്യക്ഷഫലമാക്കി യാതൊന്നും ചെയ്യുന്നില്ലെന്നുതന്നെ പറയാം. നിശ്ചയമായും ഏതാണ്ടു വല്ലതും ചെയ്യുന്നു. അതില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതെല്ലാം നേരെ ചൊവ്വെ അല്ലാത്തവിധത്തിൽ ഒരു പ്രത്യേക നയം

ഉദ്ദേശിച്ചു. അതുകൊണ്ടു ഈ ഡിപ്പാർട്ടുമെൻറുകളുടെ വേലകൊണ്ടു യാതൊരു പ്രയോജനം ഉണ്ടാകുന്നില്ല. ഗവൺമെൻറിനു ഒരു ഖണ്ഡിതമായ ഒരു ഉദ്ദേശകാര്യം മനസ്സിൽ ഉണ്ടായിരിക്കണം. അതു നടപ്പിലാക്കാൻ മുമ്പേകൂട്ടി ഒരു തിട്ടപ്പെടുത്തിയ ജോലിനടപടിയും തയാറാക്കിവയ്ക്കണം. ആ പ്ലാൻ അനുസരിച്ചു നടത്താൻ ഒരു നിശ്ചിതകാലത്തിനുള്ളിൽ അവരുടെ ഉദ്ദേശം സാധിക്കണം എന്നായിരിക്കണം. അതാണ് എൻെറ അഭിപ്രായം.

അടുത്തതായി എനിക്കു തോന്നുന്നതു ധനപോഷകങ്ങളായ ഡിപ്പാർട്ടുമെൻറുകളെപ്പററിയാണ്.

അതായതു വ്യവസായം, പരസ്പരസഹായം, കൃഷി ഈ ഡിപ്പാർട്ടുമെൻറുകൾ.

ഈ ഡിപ്പാർട്ടുമെൻറുകൾക്കു ഇപ്പോൾ വല്ലതും ഒരു ചെറിയ തുകയാണ് കാര്യത്തിൽ കിട്ടുന്നുള്ളു. നിയമമായും ഡിപ്പാർട്ടുമെൻറുകൾ ഉണ്ടെന്നു പറയാം. അവ കൊണ്ടു ചില ജോലിയും നിർവഹിച്ചുപോരുന്നുണ്ട്. നമുക്കു വല്ലതും ഗുണകരമായി കിട്ടണമെന്നുണ്ടെങ്കിൽ ഈ ഡിപ്പാർട്ടുമെൻറുകൾക്കു ആയിരം കണക്കിനു കൊടുക്കുന്നതിനു പകരം ലക്ഷം കണക്കിനു കൊടുക്കണം. അമേരിക്കയിലും മററു പരിഷ്കൃതരാജ്യങ്ങളിലും ഉള്ള കൃഷിവ്യവസായങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ മാത്രം വായിച്ചാൽ ഈ ഡിപ്പാർട്ടുമെൻറുകൾ കൈയുവയ്ക്കുന്ന ജോലി, രാജ്യത്തുള്ള എല്ലാവർക്കും ഈ ശാസ്ത്രത്തിൽ ശരിയായുള്ള അറിവു കിട്ടത്തക്കവണ്ണം പ്രവൃത്തിചെയ്തു വരുന്നു എന്നു കാണാം. ഒരു വാഴത്തോട്ടമോ ഒരു നെല്ലുതോട്ടമോ ഉള്ള കൃഷിക്കാരോടുകൂടി വിദഗ്ദ്ധന്മാരെ അവിടെ കീഴെ വച്ചുകൊണ്ടു ഒരു വ്യവസായഡയറക്ടരോ ഉണ്ടെന്നുള്ളതുകൊണ്ടു യാതൊരു പ്രയോജനമില്ല. കൊല്ലംതോറും രണ്ടായിരത്തിൽ രൂപാ കൊടുത്തുകൊണ്ടിരിക്കുന്ന ഒരു തോൽവിദഗ്ദ്ധൻ ഇപ്പോൾ നമുക്കുണ്ട്. നിങ്ങൾക്കു ഇവിടെ തോൽവ്യവസായം ശരിയായി വേണമെങ്കിൽ അയാളെ പത്തു ലക്ഷം രൂപാ ഏല്പിക്കണം. ബഡ്ജററിൽ ഒരു ചെറിയ തുക കാണിച്ചതുകൊണ്ടു യാതൊരു ഗുണവും ഇല്ല. അതു വെറും ചിലവാണ്. ഇക്കാര്യത്തിൽ ഈ ഗവൺമെൻറിനെ ഞാൻ കുററപ്പെടുത്തുന്നില്ല. എന്നെ തെററിദ്ധരിക്കരുത്. വ്യക്തികളെ ചൂണ്ടിക്കാണിച്ചു യാതൊന്നും ഞാൻ പറയുന്നില്ല. കാററുകളായിട്ടു നടന്നുകൊണ്ടുവരുന്ന സാമാന്യ ഭരണനയത്തെ ഞാൻ കുററപ്പെടുത്തുന്നുമാത്രമേയുള്ളു.

അടുത്തതായി എനിക്കു പറയുവാനുള്ളതു നമ്മുടെ ജലമാർഗ്ഗഗതാഗതസൗകര്യത്തെ നന്നാക്കുന്നതിനെപ്പററിയാണ്. റെയിൽവേയ്ക്കുവേണ്ടി നാം ലക്ഷം ലക്ഷമായി പണം ചിലവാക്കുന്നു. നിസ്സാരമായി ഗണിച്ചുവരും എന്നാണ് എൻെറ അഭിപ്രായം. ഈ ജലമാർഗ്ഗഗതാഗതത്തിൻെറ ആവശ്യകതയെ അതെങ്കിലും മനസ്സിലാക്കുന്നപക്ഷം റെയിൽവേയോടു താരതമ്യപ്പെടുത്തി നോക്കിയാൽ ഈ തോടുകൾ വളരെ സുഖകരവും ലാഭവും ഉള്ളതാണ്. ഭാഗ്യംകൊണ്ടു ജലമാർഗ്ഗസൗകര്യം നമുക്കു ധാരാളമുണ്ട്. പണ്ടു കൊല്ലങ്ങളിൽ ചില വേല അതിലേക്കു ചെയ്തുകൊണ്ടിരുന്നു. പണ്ടുതന്നെ ഒരു മണ്ണെടുക്കുന്ന യന്ത്രം ചില തോടുകളിലും കായലുകളിലും വേലചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അതുകൂടി ഇപ്പോൾ കാണാനില്ല. കാലാകാലങ്ങളിൽ തോടു കുഴിക്കയോ മണ്ണെടുക്കയോ ഇല്ലാത്തതുകൊണ്ടു നമ്മുടെ ജലമാർഗ്ഗം ക്രമേണ മണ്ണുവന്നു പിണ്ടു നാശപ്പെട്ടുപോകുന്നു. ഇക്കാലത്തു നിങ്ങൾ ആലപ്പുഴയിലും ബോട്ടിലോ സ്റ്റീംബോട്ടിലോ ഈ വഴി പോകുന്നതായാൽ—വള്ളമോ മോട്ടോർ ഉണ്ട്. ഇതു ആവശ്യമില്ലെന്നു നിങ്ങൾ പറഞ്ഞേക്കാം—നമ്മുടെ ജലമാർഗ്ഗം മുറയ്ക്കു സംരക്ഷണം ചെയ്യുമ്പോഴത്തെ ആ പത്തുമണിനേരം വിശദമായി മനസ്സിലാകും. ഈയിടെ ഗ്രഹപ്പിഴക്കു രാത്രിസമയം ആലപ്പുഴയോ മററോ ആയ ഒരു ബോട്ടിൽ ഞാൻ യാത്രചെയ്യേണ്ടതായി വരികയും കായംകുളം കായലിൽവച്ചു നാലുമണിക്കൂറോളം താമസിക്കയും ചെയ്തു. ബോട്ടു ഉറച്ചുപോയി. ജലമാർഗ്ഗത്തെ ഉപേക്ഷയിൽ തള്ളി വൻചിലവുള്ള തീവണ്ടിക്കായി ഗവൺമെൻറു ഉദ്യമിക്കുന്നതു വളരെ ദുഃഖകരമാണ്. ഇവിടത്തെ മോട്ടോർ യാത്രനോക്കിയാൽ അതു ഇൻഡ്യയിലെ മററുസ്ഥലത്തേക്കാൾ അസാധാരണമായി വർദ്ധിച്ചിരിക്കുന്നു. അവസാനത്തിൽ ഈ റെയിൽവേകൊണ്ടു യാതൊരു ഗുണവും ഗവൺമെൻറിനുണ്ടാവുകയില്ലെന്നു ഞാൻ ഉറപ്പായി പറയാം. ഇംഗ്ലണ്ടിലും മററു സ്ഥലങ്ങളിലുംകൂടിയും റെയിൽവേക്കമ്പനികൾ അവരുടെ നഷ്ടപരിഹാരത്തിനായി റോഡിലുള്ള മോട്ടോറുകളെ തങ്ങളുടെ അധീനത്തിൽതന്നെ വച്ചുകൊണ്ടുവരുവാൻ യത്നിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (മെച്ചവടവും വ്യവസായവും, തെക്കു): ചോദ്യം.

ഡെപ്യൂട്ടിപ്രസിഡൻറ്: മി. എ. ജി. മേനോൻ നിങ്ങൾക്കുള്ള സമയം കഴിഞ്ഞു.

മി: എ. ജി. മേനോൻ (പറവൂർ): എനിക്കു ഒന്നു രണ്ടു സംഗതികൂടി പറയാനുണ്ട്. എനിക്കു രണ്ടുമിനിട്ടുകൂടി തരണമെന്നപേക്ഷയുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്:—ഓ. ഇല്ല. രണ്ടുമിനിട്ടുകൂടി തരാം.

മി: എ. ജി. മേനോൻ (പറവൂർ): പകുതിസിൽബന്തികളുടെ കഷ്ടാവസ്ഥയെപ്പററിയുള്ള ഒരു വാക്കുമാത്രം എനിക്കു പറവാനുണ്ട്. നമുക്കെല്ലാവർക്കും അനവധി എഴുത്തുകൾ കിട്ടി. കരംപിരിവുനടത്തുന്ന ഗ്രാമസിൽബന്തികളുടെ അതൃപ്തിയുടെ കാഠിന്യം ഇതുകൊണ്ടറിയാം. (പകുതിസിൽബന്തികൾ എന്നു അവരെ വിളിക്കുന്നില്ല. പകുതി ഒരു നിന്ദാസൂചകമായ വാക്കാകയാൽ ഞാൻ അതിനു വിരോധിയാണ്.) നാം അവർക്കു രക്ഷ ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ അതു നമുക്കു ക്ഷന്തവ്യമല്ലാത്ത ഒന്നായിരിക്കും.

മറെറാരുകാര്യം പറയുന്നതു സ്ത്രീകളെ ഉദ്യോഗത്തിൽ നിയമിക്കുന്നതിനെപ്പററിയാണ്. ഈ കാര്യത്തിൽ ഒന്നുകൂടി മുമ്പോട്ടുള്ള നയം ഗവൺമെൻറു അനുഷ്ഠിക്കേണ്ടകാലം കഴിഞ്ഞു. ഇത്രയും മാത്രമേ എനിക്കു ഇപ്പോൾ പറയാനുള്ളു.

ഡെപ്യൂട്ടിപ്രസിഡൻറ്: ആർക്കെങ്കിലും പ്രസംഗം തീർക്കണമെന്നാഗ്രഹമുണ്ടെങ്കിൽ മെമ്പറിനു ഇന്നുതന്നെ അതു തീർത്തുപറയുവാൻ ഞാൻ സമയംകൊടുക്കാം. നാളെ ഉച്ചതിരിഞ്ഞു ഉദ്യോഗസ്ഥന്മാർക്കു സമയം കൊടുക്കേണ്ടിയിരിക്കുന്നു. ഡിമാൻറുകൾ വോട്ടുചെയ്യുന്നതിനുമുമ്പിൽ ഗവൺമെൻറിനു മറുപടിക്കു ഒരു അവസരം കൊടുക്കേണ്ടതാണ്. നിങ്ങൾ സ്പർശിച്ച പോയിൻറുകളെപ്പററി ഗവൺമെൻറിൻെറ നിലമനസ്സിലാക്കിയാൽ അതു നിങ്ങൾക്കു ഒരു സഹായമായിരിക്കും. അഞ്ചുമിനിട്ടുകൂടി ഞാൻ കാക്കാം. അതിനകത്തു നിങ്ങൾ ഇതു എഴുന്നേല്പിക്കുകിൽ നാളത്തേക്കു നടപടി മാററിവക്കാം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സഭ എപ്പോൾ പിരിയും?

ഡെപ്യൂട്ടിപ്രസിഡന്റ: അതുതന്നെ. അതു എപ്പോൾ എന്നു ഞാൻ നിശ്ചയിച്ചുകൊള്ളട്ടെ. ഒരു മെമ്പർ ഇപ്പോൾ എഴുന്നേറ്റു പ്രസംഗിച്ചുതീരാത്ത പക്ഷം നാളെരാവിലെ തുടരാൻ അനുവദിക്കയും അതല്ല സാധിക്കുന്ന പക്ഷം നമുക്കു ഒരു പത്തുമിനിട്ടുകൂടിയിരുന്നു ജോലി തീർക്കയും ചെയ്യാം.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): [illegible] പിരിയുന്നതു?

ഡെപ്യൂട്ടിപ്രസിഡന്റ: മി. നീലകണ്ഠപ്പിള്ളേ, നിങ്ങൾ ബഡ്ജറ്റിനെപ്പറ്റി സംസാരിച്ചോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഇല്ല.

ഡെപ്യൂട്ടിപ്രസിഡന്റ: ബഡ്ജറ്റിനെപ്പറ്റി നിങ്ങൾ സംസാരിക്കുന്നോ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇന്നു വേണ്ട.

ഡെപ്യൂട്ടിപ്രസിഡന്റ: വേണ്ട സമയം അനുവദിച്ചാൽ ഇന്നുതന്നെ അഭിപ്രായങ്ങൾ പറഞ്ഞുതീർക്കാമെന്നു തയ്യാറുള്ളവരെ ഉദ്ദേശിച്ചാണ് എന്റെ ചോദ്യം. ആരെങ്കിലും ഉണ്ടെങ്കിൽ വേണ്ടതായ സമയം തികച്ചും കൊടുത്തിട്ടു, ഞാൻ അനുവദിക്കാൻ തയ്യാറാണ്, അല്ലെങ്കിൽ ഇന്നുതുടങ്ങി നാളെ തുടരാം.

ആരുംതന്നെ സംസാരിക്കുന്നതിനു ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ കാണുന്നു. നമുക്കു ഇപ്പോൾ പിരിഞ്ഞു നാളെ [illegible] വീണ്ടും കൂടാം.

സഭാനടപടി [illegible] (വൈകിട്ടു) നിറുത്തി.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാംകൌൺസിൽ.

൧൧൦൬-ലെ രണ്ടാംയോഗം.

൧൯൩൧ ആഗസ്റ്റ് ൪-ാം / ൧൧൦൬ കർക്കടകം ൨൦-ാം ചൊവ്വാഴ്ച.

സഭായോഗം പകൽ ൧൧-ാം മണിയ്ക്കു വിക്ടോറിയാജൂബിലീടൌൺഹാളിൽ ഡിപ്യൂട്ടിപ്രസിഡണ്ടിന്റെ അഗ്രാസനാധിപത്യത്തിൽകൂടി.

താഴെപറയുന്ന മെമ്പറന്മാരൊഴിച്ചു ശിഷ്ടമുള്ളവർ എല്ലാപേരും ഹാജരുണ്ടായിരുന്നു.

മെസേഴ്സ് ഡി. സി. ജോസപ്പും കെ. ജി. പരമേശ്വരപിള്ളയും.

ചോദ്യങ്ങളും ഉത്തരങ്ങളും.

കിടങ്ങൂരിലെ പുതിയഇംഗ്ലീഷ് പള്ളിക്കൂടം.

൩൨. മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്നവിവരങ്ങൾ ഗവണ്മെന്റു ദയവായിപറയുമോ?

(എ) കിടങ്ങൂരിൽ ഒരു പുതിയഇംഗ്ലീഷ്പള്ളിക്കൂടം സ്ഥാപിക്കുന്നതിലേക്കു അനുവാദംകിട്ടുന്നതിനു നായർസർവീസ്സൊസൈറ്റിയിൽനിന്നും ഒരു അപേക്ഷ ഗവണ്മെന്റിലേക്കോ വിദ്യാഭ്യാസഡയറക്ടർക്കോ കിട്ടിയിട്ടുണ്ടോ?

(ബി) ആ പള്ളിക്കൂടം ഒരു പ്രത്യേകസമുദായത്തേയോ അതോ എല്ലാസമുദായങ്ങളേയോ ഉദ്ദേശിച്ചാണോ?

(സി) ആ അപേക്ഷയെ അടിസ്ഥാനപ്പെടുത്തി ആ സ്ഥലത്തു എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

(ഡി) ഗവണ്മെന്റിലേക്കോ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കോ അതിനെപ്പററി എന്തെങ്കിലും റിപ്പോർട്ടുകിട്ടിയിട്ടുണ്ടോ?

(ഇ) മേലുള്ള ഡി ഉപക്ലിപ്തിവുചോദ്യത്തിനു മറുപടി ആനുകൂല്യത്തിലാണെങ്കിൽ ആ റിപ്പോർട്ടിന്റെ ഒരു പകർപ്പു ഗവണ്മെന്റു മേശപ്പുറത്തു വയ്ക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവണ്മെന്റുചീഫ്സിക്രട്ടറി).

(എ) ഉണ്ട്.

(ബി) പുതിയസ്കൂൾ സ്ഥാപിക്കുന്നതിന് അനുവാദം കിട്ടുന്നതിലേക്കുള്ള അപേക്ഷയിൽ എല്ലാ "ജാതിവർഗ്ഗക്കാരുടേയും" ഉപയോഗത്തിലേക്കാണെന്നാണ പറഞ്ഞിട്ടുള്ളത്.

(സി) നടത്തി.

(ഡി) വിദ്യാഭ്യാസഡയറക്ടരുടെപക്കൽനിന്നും ഒരു റിപ്പോർട്ടു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്.

(ഇ) ആ റിപ്പോർട്ടു പരസ്യപ്പെടുത്തുവാൻ പാടുള്ളതല്ല.

കിടങ്ങൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പുതിയ ഇംഗ്ലീഷ്സ്കൂളിനെപ്പററി ഒരു മീററിംഗിൽ പാസാക്കിയ പ്രമേയങ്ങൾ.

൩൩. മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഗവണ്മെന്റു മറുപടിതരുന്നതിനു ദയവുണ്ടാകുമോ?

(എ) നായർസർവീസ്സൊസൈററി കിടങ്ങൂരിൽ ഒരു പുതിയസ്കൂൾ ആരംഭിക്കുന്നതിനു പ്രതികൂലമായി കിടങ്ങൂരിൽ ഒരു മീററിംഗ്കൂടി പാസാക്കിയപ്രമേയങ്ങൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?എന്നും

(ബി) പുതിയപള്ളിക്കൂടം ആരംഭിക്കാൻ ഉദ്ദേശിക്കുന്നസ്ഥലവും സെന്റമേരീസ്സ്കൂളും തമ്മിലുള്ള ദൂരം ഒരു ഫർലാങ്ങിനോളംമാത്രമെ ഉള്ളുഎന്നസംഗതി പരമാർത്ഥമാണോ? എന്നും,

(സി) മേൽ (എ) ഉപക്ലിപ്തിയിൽ സൂചിപ്പിച്ചപ്രമേയങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളെപ്പററി ഗവണ്മെന്റു എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ? എന്നും,

മി. ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവണ്മെന്റുചീഫ്സിക്രട്ടറി):

(എ) ഉണ്ട്.

(ബി) അല്ല.

(സി) ആ സംഗതി ഇപ്പോൾ അന്വേഷണത്തിലിരിക്കയാണ്.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ബി വകുപ്പിൽ ഒരു ഫർലാംഗിൽ അധികമുണ്ടോഎന്ന ചോദിച്ചതിനു ഇല്ല എന്ന മറുപടിപറഞ്ഞിട്ടുണ്ട്. എത്രയുണ്ടെന്നു വല്ല അറിവും കിട്ടിയിട്ടുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവണ്മെന്റുചീഫ്സിക്രട്ടറി): രണ്ടുഫർലാംഗ് ദൂരമുണ്ടെന്നാണറിവ്.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ സംഗതിയെപ്പററി (സി) വിഭാഗത്തിൽ പറയുന്നത് ഗവണ്മെന്റിന്റെ അന്വേഷണത്തിൽ ഇരിക്കുന്നുഎന്നാണ്. ഒന്നരവർഷത്തോളമായി ഈ സംഗതിയുടെ അന്വേഷണം എങ്ങിനെയിരിക്കുന്നുഎന്നു പറയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവണ്മെന്റുചീഫ്സിക്രട്ടറി): ആരുടെ കൈവശം സ്കൂൾ സ്ഥാപിക്കയാണെങ്കിൽ അതിനെപ്പററി ആലോചിക്കാമെന്നു ഡയറക്ടർ നായർസർവീസ് സൊസൈററിക്കു എഴുതിഅയച്ചിട്ടുണ്ട്. അവരുടെമറുപടികിട്ടിയിട്ടില്ല.

ഇല്ലിക്കൽപാലം.

നം. മി. ആർ. രാമൻപിള്ള (കോട്ടയം): മീനച്ചലാറിന് കുറുകെയുള്ള ഇല്ലിക്കൽപാലം റോഡുമായുള്ള ബന്ധത്തിന്റെ അഭാവത്താൽ ഉപകാരപ്രദമായിട്ടില്ലെന്നുള്ള പരമാർത്ഥം ഗവണ്മെന്റിനറിയാമോ? അപ്രകാരം അറിയാമെങ്കിൽ റോഡുമായി ആ പാലത്തെ യോജിപ്പിക്കാതിരിക്കുന്നതു് എന്താണ്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസിക്രട്ടറി): ആ പാലം ഇപ്പോഴും പണിയിലിരിക്കയാണ്. ഉടൻതന്നെ അതു യോജിപ്പിക്കുന്ന വഴി ഉയർത്തുന്നതിനും പൂർത്തിയാക്കുന്നതിനും ചീഫ് ഇൻജിനിയർ ഉത്തരവു ചെയ്തിട്ടുണ്ട്.

നാട്ടുഭാഷാപാഠശാലകളിലുള്ള അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം.

നം. മി. ആർ. രാമൻപിള്ള (കോട്ടയം): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ നാട്ടുഭാഷാവകുപ്പിൽ ഈയിടെയുണ്ടാക്കിയിട്ടുള്ള പരിഷ്കാരത്താൽ ഏതെങ്കിലും ഗ്രേഡ് അദ്ധ്യാപകന്മാരുടെ ശമ്പളം കുറച്ചിട്ടുണ്ടോ എന്നും അപ്രകാരം കുറച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം ഏതെന്നും പറയുന്നതിലേക്കു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റുചീഫ്സിക്രട്ടറി): ചോദ്യത്തിന്റെ ആദ്യഭാഗത്തിനു ഉത്തരം നിഷേധത്തിലാണ്. ആദ്യത്തെ ഭാഗത്തിന്റെ ഉത്തരത്താൽ രണ്ടാമത്തെ ഭാഗത്തിന് ഉത്തരം ആവശ്യമില്ലാ.

ആയുർവേദപാഠശാലകളുടെ അംഗീകരണവും സഹായധനവും.

നം. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ഗവണ്മെന്റിനു ആയുർവേദപാഠശാലകളെപ്പറ്റിയുള്ള നടപ്പിലിരിക്കുന്ന ചട്ടങ്ങളെ പരിഷ്കരിക്കുന്നതിനു ചില ആലോചനകൾ ഉണ്ടെന്നുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി ആയുർവേദപാഠശാലകൾക്കുള്ള അംഗീകരണത്തിനും സഹായധനത്തിനും ആയുള്ള അപേക്ഷകളെ ഇപ്പോൾ (ഗ്രാന്റ്) അനുവദിക്കുന്നില്ലയോ?

(ബി) (എ) ഉപപ്പിരിവിലുള്ള ഉത്തരം ആനുകൂല്യത്തിലാണെങ്കിൽ ഈ ആലോചനകൾ ഗവണ്മെന്റു ശ്രദ്ധയിൽ എത്രനാളായി നിലനിൽക്കുന്നു.

(സി) ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങളെ ആധാരമാക്കി ആയുർവേദപാഠശാലകൾക്ക അംഗീകരണവും സഹായധനവും കൊടുക്കുന്നതിനുള്ള കാരണങ്ങൾ.

(ഡി) (എ) വിഭാഗത്തിനുള്ള ഉത്തരം നിഷേധത്തിലാണെങ്കിൽ മാന്നാറ്റുകര പൊതുജനങ്ങളുടെ അപേക്ഷയനുസരിച്ചു അവിടെ ഒരു ആയുർവേദപാഠശാലയ്ക്കു് അംഗീകരണം കൊടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ.

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റുചീഫ്സിക്രട്ടറി): (എ) ഉണ്ട്. പ്രത്യേകപാഠശാലകളെപ്പറ്റി ആലോചിക്കുന്നതിനുപകരം മേലുവറഞ്ഞ ആയുർവേദപാഠശാലകളുടെ അംഗീകരണത്തെയും സഹായധനത്തെയുംസംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുന്നതു് ആവശ്യമാണെന്നുവിചാരിക്കയാൽ,

(ബി) ഏകദേശം ഒരുകൊല്ലം ആയുർവേദഡിപ്പാർട്ടുമെന്റു ഇൻസ്പെക്ടർ ഇൻചാർജിനോടു ആവശ്യപ്പെട്ടതനുസരിച്ചുള്ള ചട്ടങ്ങൾ ഇതുവരെ കിട്ടിയിട്ടില്ല.

(സി) (എ) ഉപപിരിവിന്റെ ഉത്തരത്തിലേക്കു മെമ്പരുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നു.

(ഡി) ഈ ചോദ്യത്തിനവകാശമില്ലാ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെന്റു ഈ അപേക്ഷകളെ അനുവദിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

ഡിപ്യൂട്ടിപ്രസിഡണ്ട്.

മറുപടിയുടെ ഏതുഭാഗത്തെപ്പറ്റിയാണ് മെംബർ സൂചിപ്പിക്കുന്നതു്,

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ (എ) ഉപപിരിവിനെപ്പറ്റിയാണ് ഞാൻ പറയുന്നതു്. (എ) ഉപപിരിവിനെസംബന്ധിച്ച് ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങൾപ്രകാരം അംഗീകരണമോ സഹായധനമോ കൊടുക്കാതിരിക്കുന്നതിനുള്ള ഗവണ്മെന്റിന്റെ കാരണങ്ങളെ എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റുചീഫ്സിക്രട്ടറി): ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങൾ ഇപ്പോൾ സഹായധനം കിട്ടിക്കൊണ്ടിരിക്കുന്ന പ്രത്യേകപാഠശാലകളെമാത്രമേ ബന്ധിക്കുകയുള്ളു. ഈ തരം എല്ലാപാഠശാലകളെയും ബന്ധിക്കത്തക്കവണ്ണം ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങൾ അത്ര വിസ്തൃതമായിട്ടുള്ളവയല്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴുള്ള ഈ പാഠശാലകൾ എങ്ങിനെയുണ്ടായിഎന്ന് എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റുചീഫ്സിക്രട്ടറി): അന്നുള്ള ചില നിബന്ധനകൾ അനുസരിച്ചു ചില പ്രത്യേകപാഠശാലകൾക്കു സഹായധനം അനുവദിക്കപ്പെട്ടു. അതിനുശേഷം അനേകം അപേക്ഷകൾ വന്നുകൊണ്ടിരിക്കുകയും എല്ലാ അപേക്ഷകൾക്കും പ്രയോഗിക്കത്തക്കവണ്ണമുള്ള പൊതുചട്ടങ്ങൾ ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുകയും ചെയ്തു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മുമ്പു ചെയ്തിട്ടുള്ളതുപോലെ ഈ അപേക്ഷകളുടെ സംഗതിയിലും ഗ്രാന്റു അനുവദിക്കാൻ വയ്യാത്തതാണോഎന്നു എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റുചീഫ്സിക്രട്ടറി): അങ്ങനെ ചെയ്യുന്നതിൽ ഗവണ്മെന്റിനെ തടയുന്നതിനു ഒന്നുമില്ല. എന്നാൽ അവയെ എല്ലാറ്റിനെയും സംബന്ധിക്കത്തക്കവണ്ണം ചട്ടങ്ങൾ ഉണ്ടായിരിക്കുന്നതു കൂറേക്കൂടി നല്ലമാർഗ്ഗമായിരിക്കുമെന്നു ഗവണ്മെന്റു വിചാരിച്ചു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെന്റിൽ ഒരുകാലത്തിൽ കൂടുതലായി ഈ സംഗതി നീണ്ടുനിൽക്കുന്നതെന്തുകൊണ്ടാണെന്ന് എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഇതിനുള്ള ഉത്തരം (ബി) ഉപക്ലിപ്തിയിൽ കൊടുത്തിട്ടുണ്ട്. ഉത്തരം ആയുർവേദ ഡിപ്പാർട്ടുമെന്റിന്റെ ചുമതലക്കാരനായ ഇൻസ്പെക്ടറിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്ന നക്കൽ ചട്ടങ്ങൾ ഇതുവരെയും കിട്ടിയിട്ടില്ല എന്നാകുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു കൊല്ലത്തിൽ കൂടുതലായി ഗവണ്മെന്റിൽ നീണ്ടുനിൽക്കുന്നതെന്തുകൊണ്ടാണെന്നുള്ളതിനു എന്തെങ്കിലും ഒരു പ്രത്യേകകാരണം ഉണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ. ഒരുവേള ഇൻസ്പെക്ടർ അന്യസ്ഥലങ്ങളിലെ ഇതുസംബന്ധിച്ച ചട്ടങ്ങൾ ഒത്തുനോക്കുകയായിരിക്കാം. എന്നാൽ ഹജൂർകച്ചേരിയിൽനിന്നും റിമൈൻഡേഴ്സ് അയച്ചു ചോദിക്കയാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ അസാമാന്യമായ താമസത്തിനു ഇൻസ്പെക്ടറുടെ പക്കൽനിന്നും എന്തെങ്കിലും സമാധാനം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഇതുവരെയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ താമസം ഒഴിച്ചുകൂടാൻപാടില്ലാത്തതാണെന്നു ഗവണ്മെന്റ വിചാരിക്കുന്നുവോ എന്ന് എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഗവണ്മെന്റ അപ്രകാരം വിചാരിക്കുന്നില്ല. നേരെമറിച്ച് ഗവണ്മെന്റ ഇൻസ്പെക്ടറെ ഓർമ്മിപ്പിക്കുന്നതാണ്. എന്നാൽ ഈ താമസത്തിനു ഒരു സമാധാനവും ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല.

കൂടുതൽ ഗ്രാന്റവൈദ്യശാലകളുടെ സ്ഥാപനം.

൩൧. മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) കൊല്ലവർഷം ൧൧൦൯-ലെ ബഡ്ജറ്റു തയാറാക്കുന്നതിനുമുമ്പ് കൂടുതലായി പത്തു ഗ്രാന്റവൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള ആലോചന സ്റ്റാൻഡിംഗ് ഫൈനാൻസ് കമ്മിറ്റിയുടെമുമ്പിൽ അവതരിപ്പിക്കുകയും അവർ അത് അംഗീകരിക്കയും ചെയ്തു എന്നുള്ളത് ഒരു പരമാർത്ഥമാണോ?

(ബി) അപ്രകാരമാണെങ്കിൽ കൂടുതലായി പത്തു ഗ്രാന്റവൈദ്യശാലകൾ സ്ഥാപിക്കുന്നതിനു വേണ്ട നിബന്ധനകൾ ഈ കൊല്ലത്തിലെ (൧൧൦൯) ബഡ്ജറ്റിൽ ഉണ്ടാക്കിയിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ കൂടുതലായി പത്തു ഗ്രാന്റവൈദ്യശാലകൾ സ്ഥാപിക്കുന്നതിന് വേണ്ട നിബന്ധനകൾ ഉണ്ടാക്കാതിരുന്നത് എന്തുകൊണ്ടാണ്.

(ഡി) ആയുർവേദവൈദ്യന്മാർ പുതിയഗ്രാന്റവൈദ്യശാലകൾ ൧൧൦൯-ൽ സ്ഥാപിക്കുന്നതിനു ശുപാർശചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെണ്ണം ഏതെല്ലാം സ്ഥലങ്ങളിൽ എന്നും,

(ഇ) കൊല്ലവർഷം ൧൧൦൮-ൽ ഏതെങ്കിലും ഗ്രാന്റവൈദ്യശാലകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എന്നും ഏതെല്ലാം സ്ഥലങ്ങളിൽ എന്നും.

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സിക്രട്ടറി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വീണ്ടും ആലോചിച്ചതിൽ ആ സംഖ്യയെ അഞ്ചായി ചുരുക്കുന്നതു ആശാസ്യമായിരിക്കുമെന്നു ഗവണ്മെന്റ വിചാരിച്ചു.

(ഡി) ശുപാർശചെയ്തു. എന്നാൽ ഈ സംഗതിയിൽ ഒരു ഡിപ്പാർട്ടുമെന്റ മേലദ്ധ്യക്ഷന്റെ റിപ്പോർട്ടു പരസ്യംചെയ്യുന്നതിനു ഗവണ്മെന്റ ഉദ്ദേശിക്കുന്നില്ല.

(ഇ) രണ്ടു ഗ്രാന്റവൈദ്യശാല സ്ഥാപിച്ചിട്ടുണ്ട്. അവയിലൊന്നു തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്നിലും മറേറതു തോവാളയിലും ആകുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ (എ) ഉപക്ലിപ്തിയുടെ ഉത്തരത്തെ ആധാരമാക്കി ഈ കൊല്ലത്തിൽ പത്തു പുതിയ ഗ്രാന്റവൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള ആലോചന ഫിനാൻസ് കമ്മിറ്റിയുടെ മുൻപിൽ ഗവണ്മെന്റ എന്തുദ്ദേശത്തിലാണ് ഹാജരാക്കിയതെന്നു എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രിട്ടറി): ആയുർവേദ ഇൻസ്പെക്ടർ ഒരു ആലോചന കൊണ്ടുവരികയും അതിനെ ഫിനാൻസ് കമ്മിറ്റിയുടെമുമ്പിൽ ഹാജരാക്കുകയും ചെയ്തു. പുതിയ വൈദ്യശാലാസ്ഥാപനസംഗതിയിൽ ആ ഡിപ്പാർട്ടുമെന്റ മുന്നോട്ടു പോകേണ്ട ഗതിയെപ്പറ്റി വീണ്ടും ആലോചിച്ചതിൽ അഞ്ചു വൈദ്യശാലകൾമാത്രം ഈക്കൊല്ലം സ്ഥാപിച്ചാൽമതി എന്ന് ഗവണ്മെണ്ടു തീരുമാനിക്കയും അതുകൊണ്ടു അവർ ബഡ്ജറ്റിന്റെ നക്കൽ അവസാനമായി തയാറാക്കിയസമയത്തു വൈദ്യശാലകളുടെ സംഖ്യ അഞ്ചായി ക്ലിപ്തപ്പെടുത്തുകയും ചെയ്തു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ (സി) ഉപക്ലിപ്തിയെ ആസ്പദമാക്കി വൈദ്യശാലകളുടെ സംഖ്യ അഞ്ചായി ക്ലിപ്തപ്പെടുത്തുന്ന സംഗതിയിൽ ഗവണ്മെന്റിനെ വേറെ എന്തെല്ലാം ഉദ്ദേശങ്ങളാണ് പ്രേരിപ്പിച്ചതെന്നു എന്നെ അറിയിക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രിട്ടറി): ഞാൻ ആ ചോദ്യത്തിനു ഉത്തരം പറഞ്ഞുകഴിഞ്ഞു. ഫിനാൻസ് കമ്മിററിമീററിംഗിനുശേഷം അഞ്ചു പുതിയ വൈദ്യശാലകൾ ഈക്കൊല്ലം സ്ഥാപിച്ചാൽ മതിയാകുമെന്നു ഗവണ്മെണ്ടിനു തോന്നി. ഗവണ്മെണ്ടു ഇപ്പോൾതന്നെ പരമാവധി അതായതു ൧൧൦ വൈദ്യശാലകൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ ശിപാർശയുടെ യോഗ്യതകൾ ചിന്തിച്ചതിനുശേഷമാണോ ആ ആലോചന ഫിനാൻസ് കമ്മററിയിൽ പരാജയമാക്കിയതെന്നു എന്നെ അറിയിക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു് അപ്രകാരമായിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഫിനാൻസ് കമ്മററിയിൽ പാസ്സായ ഒരു അഭിപ്രായത്തെ തള്ളിക്കളയുന്നതിൽ ഗവൺമെന്റിനെ ന്യായീകരിക്കാവുന്നതാണോ എന്നു, സാർ, എന്നെ അറിയിക്കാമോ?

മി. റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു ന്യായീകരിക്കാൻ പാടില്ലാത്തതല്ല. ഇപ്പോൾ നമ്മൾ കൂടുതൽ വൈദ്യശാലകൾക്കു ചോദിക്കുകയല്ല. ഫിനാൻസ് കമ്മററി അംഗീകരിച്ചിട്ടുള്ളതിൽ കുറവായ സംഖ്യ വൈദ്യശാലകൾക്കുമാത്രമേ നമ്മൾ ഇതുവരെയാക്കിയിട്ടുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ (ബി) ഉൾപ്പിരിവു ഉത്തരത്തെ ആസ്പദമാക്കി ആയിരത്തിതാറിഅഞ്ചിൽ സ്ഥാപിക്കാൻ ഡിപ്പാർട്ടുമെന്റു മേലധികാരി ശുപാർശചെയ്തിട്ടുള്ള വൈദ്യശാലകളുടെ സംഖ്യ എത്ര എന്നു അറിയിക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): സാർ, ചോദ്യങ്ങൾ ആവർത്തിക്കുകയാണ്. ഞാൻ ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു.

ഡിപ്പ്യൂട്ടി പ്രസിഡണ്ടു: ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞതാണല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ ഈ ഉൾപ്പിരിവിന്റെ ഉത്തരത്തെ ആസ്പദമാക്കി അംഗീകരിക്കപ്പെട്ടിടത്തോളം വൈദ്യശാലകൾ ൧൧൨൭-ൽ സ്ഥാപിക്കാത്തതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി. റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): ബഡ്ജററിൽ അതിനുള്ള ഇനം ഉണ്ടാക്കിയതിന്റെശേഷം ഈ വൈദ്യശാലകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളെപ്പററി ഗവൺമെണ്ടു ആയുർവേദ ഇൻസ്പെക്ടറുമായി എഴുത്തുകുത്തു നടത്തി. ഈ സംഗതിയിൽ ആയുർവേദ ഇൻസ്പെക്ടർ ചില ശുപാർശകൾ ചെയ്തു. അതുകൂടാതെ ഗവൺമെണ്ടിൽ അനേകം അപേക്ഷകളും വന്നിട്ടുണ്ടു. അതുകൊണ്ടു ഈ സംഗതി ഇൻസ്പെക്ടറുടെ അഭിപ്രായത്തിനും പുനരാലോചനക്കും അയച്ചുകൊടുക്കേണ്ടതായി വന്നു. അവ സ്ഥാനത്തിൽ രണ്ടു വൈദ്യശാലകൾ തുടങ്ങുന്നതിനു തീർച്ചപ്പെടുത്തുകയും ശിഷ്ടമുള്ളവ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തെപ്പററിയുള്ള സംഗതി ആലോചനയിലിരിക്കുകയും ചെയ്യുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സംഗതിയിൽ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്റെ അവസാനശുപാർശ പത്തുരണ്ടു മാസത്തിനിടയിൽ കിട്ടിയിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു അപ്രകാരമാണ് സംഭവിച്ചതു്.

കോട്ടയത്തെയും ആലുവായിലെയും ഡിസ്ട്രിക്ട് റോഡുബോർഡുകൾ.

൯൬. മി. മുരളേലി പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടിപറയുന്നതിനു ഗവൺമെണ്ടിനു ദയവുണ്ടാകുമോ:?

(എ) ൧൧൨൭-ൽ ചേർത്തലതാലൂക്കിൽ നടത്തേണ്ടതായുള്ള പബ്ലിക് വർക്സിന്റെ ഏതെങ്കിലും പട്ടിക റോഡുബോർഡിലേക്കു കോട്ടയം ആലുവാ ഈ സ്ഥലങ്ങളിലെ ഡിസ്ട്രിക്ട് ബോർഡുകൾ അയച്ചിട്ടുണ്ടോ?

(ബി) അയച്ചിട്ടുണ്ടെങ്കിൽ ആവക ജോലികളുടെ ഒരു പട്ടിക ഗവൺമെണ്ടു മേശപ്പുറത്തു വയ്ക്കുമോ?

(സി) ൧൧൨൭-ാം കൊല്ലത്തിൽ ചേർത്തലതാലൂക്കിൽ ജോലികൾ എന്തെല്ലാമെന്നു റോഡുബോർഡു തീർച്ചപ്പെടുത്തിയിട്ടുണ്ടോ എന്നും,

(ഡി) ഉണ്ടെങ്കിൽ ആ ജോലികളും ഓരോന്നിനും ചിലവാക്കേണ്ടതായ തുകയും കാണിക്കുന്ന ഒരു സ്റ്റേററുമെന്റു ഗവൺമെണ്ടു മേശപ്പുറത്തുവയ്ക്കുമോ?

(ഇ) റോഡുബോർഡിൽ ചേർത്തലതാലൂക്കിൽനിന്നോ അടുത്തുള്ള ഏതെങ്കിലും സമീപതാലൂക്കിൽനിന്നോ ആരെങ്കിലും ഉണ്ടോ എന്നും,

(എഫ്) ഉണ്ടെങ്കിൽ അവർ ആരെല്ലാം?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റുസെക്രട്ടറി).

(എ) ഉണ്ടു.

(ബി) ആലുവാ ഡിസ്ട്രിക്ട് ബോർഡിൽനിന്നും ശുപാർശചെയ്തിട്ടുള്ള ജോലികൾ താഴെ പറയുന്നവയാകുന്നു.

൧. ചേർത്തലനിന്നും ശാഖാറോഡുകൾ വെട്ടിക്കുക.

(൧) തെക്കേച്ചേരിവരെ തുറവൂർകുളം ചെങ്ങണ്ടറോഡ് പരിഷ്കരിക്കുക,

(൨) തെക്കേച്ചേരി മുക്കൽറോഡും തെക്കേച്ചേരി തുറവൂർറോഡും പരിഷ്കരിക്കുക.

൨. ആലപ്പുഴ ചേർത്തല അരൂർറോഡിൽ ൨൦-ാം മയിൽക്കുററിമുതൽ ൨൯-ാം മയിൽക്കുററിവരെ റോഡിടിഞ്ഞുപോകാതിരിക്കുന്നതിനു കല്ലുകെട്ടിക്കുക.

കോട്ടയം ഡിസ്ട്രിക്ട് ബോർഡിനാൽ ശുപാർശചെയ്യപ്പെട്ടവ താഴെ പറയുന്നവയാകുന്നു.

൧. ആലപ്പുഴയിലെ കമ്മാടിപ്പാലത്തിന്റേയും ആലപ്പുഴയിലെ മട്ടാഞ്ചേരി പാലത്തിനും കമ്മാടിപ്പാലത്തിനും ഇടക്കുള്ള വേറെ ഒരു പാലത്തിന്റേയും പണി.

൨. ചേർത്തല അരൂർറോഡിന്റെ വീതികൂട്ടലും റോഡിന്റെ ഇരുവശത്തും തണൽവൃക്ഷങ്ങൾ (പ്ലാവു) നട്ടുപിടിപ്പിക്കലും.

൬. ആലപ്പുഴ ചേർത്തലതോട്ടം വാരണം പുത്തൻറോഡും തമ്മിലുള്ള യോജിപ്പിക്കൽ.

൭. കറവേലിൽഅമ്പലംവഴിയുള്ള ആലപ്പുഴ അരൂർറോഡിലെ പത്താം മയിൽക്കുററിസ്ഥലത്തേക്ക വാരണം പുത്തനങ്ങാടിയിൽനിന്നുള്ള റോഡു.

൮. വയലാറിൽനിന്നും മുട്ടത്തങ്ങാടിയിലേക്ക മുട്ടത്തുകായലിൽ അക്കര ഇക്കരെ കടക്കുന്നതിന് രണ്ടു കടത്തുവള്ളങ്ങൾ ചട്ടംകെട്ടുകയും പുറപ്പാടുകൾ നന്നാക്കുകയും,

൯. അറുകട്ടത്തിന്റെ സംരക്ഷണവും.

(സി) ഉണ്ട്.

(ഡി) ശുപാർശചെയ്തിട്ടുള്ള ജോലികൾ താഴെ പറയുന്നവയാകുന്നു.

(ഇ) ചേർത്തല അരൂർറോഡിൽനിന്നും ഉപറോഡുകൾ നിർമ്മിക്കുക.

		രൂപാ.
(൧)	തെക്കാട്ടുചേരിവരെ തുരുത്തുകളും ചെങ്ങണ്ടറോഡു നന്നാക്കുകയും (൨) തെക്കാട്ടുചേരി മഠത്തറോഡും തെക്കാട്ടുചേരി ഇറവൂർറോഡും നന്നാക്കുകയും	൬൦൦൦
(൩)	ആലപ്പുഴ ചേർത്തല അരൂർറോഡിൽ ൨൦-ാം മയിൽക്കുററിതൊട്ടു ൨൯-ാം മയിൽക്കുററിവരെ ചെങ്കൽ കെട്ടിക്കുക	൧൦൦൦
(൪)	അവിൽക്കുന്നംമുതൽ മണ്ണാംചേരിവരെയുള്ള റോഡു നന്നാക്കുകയും ചരലിടുകയും	൭൦൦൦
(൫)	ആലപ്പുഴ ചേർത്തലറോഡിൽനിന്നും മുഹമ്മവരെ വണ്ടിപോകത്തക്കവണ്ണമുള്ള റോഡു നിർമ്മിക്കുക.	൨൦൦൦
(൬)	ചേർത്തല അരൂർറോഡു വീതികൂട്ടുകയും തണൽവൃക്ഷങ്ങൾ (പ്ലാവ്) അതിന്റെ ഇരുവശത്തും നടുകയും	൯൦൦
(൭)	ആലപ്പുഴയുള്ള കമ്മട്ടിപ്പാലം നിർമ്മിക്കുക	൧൦൦൦
(൮)	വയലാറുകടക്കാൻ മുട്ടത്തങ്ങാടിയിൽ കടത്തുവള്ളം ഇടുകയും അവിടെ കേറുന്നതിനുള്ള വഴി നന്നാക്കുകയും	൧൭൫൦
(൯)	വാരണം പുത്തനങ്ങാടിയിൽനിന്നും കറവേലിൽ ക്ഷേത്രംവഴി ആലപ്പുഴ അരൂർറോഡിലെ ൧൦-ാം മയിൽക്കുററിയിലേക്ക യോജിപ്പിക്കുന്ന ഒരു റോഡു നിർമ്മാണത്തെപ്പററി പരിശോധന നടത്തുന്നതിന്	൨൦൦

(ഇ) ചേർത്തലതാലൂക്കിൽനിന്നും സെൻട്രൽറോഡ്ബോർഡിൽ ആരുംതന്നെ ഇല്ല. അമ്പലപ്പുഴ താലൂക്കിൽനിന്നും ഒരാളുണ്ട്.

(എഫ്) മി. കെ. വി. ചാണ്ടപ്പിള്ള (അമ്പലപ്പുഴതാലൂക്കമെംബർ ഗ്രൂപ്പ് ഒന്ന്):

പെൻഷൻപറ്റിയ ഉദ്യോഗസ്ഥൻ.

൬൯. മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുന്നതിലേക്ക ഗവൺമെന്റിനു ദയവുണ്ടാകുമോ?

(എ) പെൻഷൻപറ്റിയ ഉദ്യോഗസ്ഥനെ ആ ജോലിക്ക നിയമിച്ചിട്ട എത്രനാളായി.

(ബി) ഇതുവരെ (൨൧-൧൧-൧൧൨൮) തീരുമാനിച്ചിട്ടുള്ള കേസുകളുടെ സംഖ്യ.

(സി) തീരുമാനിക്കാനുള്ള കേസുകളുടെസംഖ്യ.

(ഡി) അദ്ദേഹത്തിന്റെജോലി മിക്കവാറും തീർന്നുഎന്നും തീർക്കാനുള്ള കേസുകളുടെസംഖ്യ പേഷ്കാരുടെ മേൽനോട്ടത്തിൽ തീരുമാനിക്കത്തക്കവണ്ണം അത്ര ദുഷ്കരമാണെന്നും ഗവൺമെണ്ടിലേക്ക എന്തെങ്കിലും റിപ്പോർട്ടു അദ്ദേഹം അയച്ചിട്ടുണ്ടോഎന്നും, അയച്ചിട്ടുണ്ടെങ്കിൽ അതിനെസംബന്ധിച്ചു ഗവൺമെന്റ എന്തുനടപടി നടത്തിയിട്ടുണ്ടെന്നും, ഈ പെൻഷൻപറ്റിയ സ്പെഷ്യൽഉദ്യോഗസ്ഥന്റെ സ്ഥാനം മേലാൽ നീട്ടുന്നതിനു ഗവൺമെന്റ ഉദ്ദേശിക്കുന്നുണ്ടോഎന്നും,

മി. റി. പി. രാമസ്വാമ്യയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി):

(എ) ആ സ്ഥാനത്തേക്ക പെൻഷൻപറ്റിയ മസ്സുഷ്യമുദ്യോഗസ്ഥനെ നിയമിച്ചതു ൧൧൨൩-൪-൯-ൽ ആയിരുന്നു.

(ബി) ൧൭൩൩.

(സി) ൯൩.

(ഡി) ഉണ്ടു. ൧൧൨൩ ചിങ്ങം ൧-നു-മുതൽ സ്പെഷ്യൽആഫീസ് നിർത്തൽചെയ്യുന്നതിനും, ശേഷിക്കുന്നകേസുകൾ തിരുവനന്തപുരം പേഷ്കാരുടെ അടുക്കലേക്ക മാററുന്നതിനും ഗവൺമെണ്ടു അനുവദിച്ചിട്ടുണ്ടു.

(ഇ) ഇല്ല. ൧൧൨൩ ചിങ്ങം ൧-നു-ശേഷം നീട്ടുന്നതിലേക്ക ഉദ്ദേശിക്കുന്നില്ല.

വള്ളംകുളം പാലം.

൭൦. മി. ആർ. രാമൻപിള്ള (കോട്ടയം): ഗവൺമെന്റിനു താഴെ പറയുന്ന കാര്യങ്ങൾ പറയുന്നതിനു ദയവുണ്ടാകുമോ?

(എ) വള്ളംകുളംപാലംപണി എന്നാണ് തുടങ്ങിയതുഎന്നും,

(ബി) ഇപ്പോൾ (൨൯-൧൧-൧൧൨൮) ആ പണി ഏതുസ്ഥിതിയിൽ ഇരിക്കുന്നുഎന്നും,

മി. പി. എൻ. കുഞ്ഞുപിള്ള (ഗവൺമെന്റസെക്രട്ടറി):

(എ) കൊല്ലവർഷം ൧൧൨൧-ൽ.

(ബി) ഒരു തൂണുമാത്രം ബലപ്പെടുത്തുവാനും പ്ലാറ്റുഫാറം ഇടുവാനും ഉണ്ടു.

മുട്ടാചി—വാഴ്ഞൂർ റോഡിന്റെ പരിഷ്കാരണം,

൧൭. മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ-മേവികളം): ഗവൺമെന്റിനു താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു ദയവുണ്ടാകുമോ?

(എ) ഇക്കൊല്ലം (൧൧൨൫-ൽ) മുട്ടാചി-വാഴ്ഞൂർ റോഡിന്റെ സംരക്ഷണത്തിനു അനുവദിച്ചിട്ടുള്ള തുക,

(ബി) ഈ തുക ചിലവാക്കുകയും റോഡു സംരക്ഷിക്കുകയും ചെയ്തിട്ടുണ്ടോ എന്നു,

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം:

(ഡി) മോട്ടോർ ഗതാഗതത്തിനു ഈ റോഡു യോജിച്ചതാണോ എന്നു.

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സിക്രട്ടറി): (എ) ൧൧൨൫-ലേക്കു പുലിയന്നൂർ-വാഴ്ഞൂർ റോഡിലേക്കു അനുവദിച്ചിട്ടുള്ള സംരക്ഷണ ഗ്രാന്റു ൬൦൦ രൂപായും മുട്ടാചിക്കടവുമുതൽ പള്ളിവാരെയുള്ള റോഡിനു ൨൫൦ രൂപായും ആകുന്നു.

(ബി) ൧൧൨൫-ാമാണ്ടു ഇടവമാസാവസാനംവരെ ൩൫൦ രൂപ ചിലവാക്കിയിട്ടുള്ളതും, ആണ്ടവസാനത്തിനു മുൻപു ശിഷ്ടംരൂപാ ചിലവാക്കുന്നതുമാകുന്നു.

(സി) ഈ ചോദ്യത്തിന്റെ ബി. ഉപവകുപ്പിന്റെ മറുപടിയെ ആസ്പദമാക്കി ഈ ചോദ്യത്തിനു വകാശമില്ല.

(ഡി) ഒൻപതു ആളുകൾ കയറുന്ന മോട്ടോർവാഹനങ്ങൾക്കു അതിലെ സഞ്ചരിക്കുന്നതിനു അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ ചോദ്യത്തിന്റെ ഡി. ഉത്തരത്തെ ആസ്പദമാക്കി ഈ ചോദ്യത്തിനവകാശമില്ല.

ഉഴവം—രാമപുരം റോഡിന്റെ സംരക്ഷണം,

൧൮. മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ.മേവികളം): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതിനു ഗവൺമെന്റിനു് ദയവുണ്ടാകുമോ?

(എ) ഇക്കൊല്ലം (൧൧൨൫-ൽ) ഉഴവം രാമപുരം റോഡിന്റെ സംരക്ഷണത്തിനു എന്തുതുക അനുവദിച്ചിട്ടുണ്ടെന്നും,

(ബി) ആ തുക ചിലവാക്കുകയും സംരക്ഷണം നടത്തുകയും ചെയ്തിട്ടുണ്ടോ എന്നും.

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണവും,

(ഡി) ഉഴവം—രാമപുരം റോഡിൽ മോട്ടോർവാഹനങ്ങളുടെ ഗതാഗതം ഉണ്ടോ എന്നും.

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണവും,

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സിക്രട്ടറി): (എ) ൭൫ രൂപാ.

(ബി) ൧൧൨൫ ഇടവം അവസാനംവരെ ൫൫ രൂപാ ചിലവാക്കി,

(സി) മേൽപ്പറഞ്ഞ ബി. ഉപവകുപ്പിന്റെ ഉത്തരത്തെ അടിസ്ഥാനമാക്കി ഈ ചോദ്യത്തിനു അവകാശമില്ല.

(ഡി) ഇല്ല,

(ഇ) ൯ ആളുകൾ കയറുന്ന മോട്ടോർവാഹനങ്ങളെപ്പോലെ വേഗം സഞ്ചരിക്കുന്ന വാഹനങ്ങൾക്കു ആ റോഡു യോജിച്ചതല്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികളവും): ൭൫ രൂപാ അനുവദിച്ചതിൽ ഇടവം അവസാനംവരെ ൫൫ രൂപായേ ചിലവായിട്ടുള്ളു എന്നു കാണുന്നു, ബാക്കിയുള്ള കുറഞ്ഞകാലത്തേക്കു ശേഷിച്ചതുക മുഴുവൻ ചിലവാക്കാമെന്നു വിചാരിക്കുന്നുവോ, അതല്ല അതുകൊണ്ടു ഇക്കൊല്ലം അവസാനിച്ചു എന്നു വിചാരിക്കണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സിക്രട്ടറി): മുഴുവനും ചിലവാക്കേണമെന്നു ചീഫ്എഞ്ചിനീയരുടെ റിപ്പോർട്ടു വന്നിട്ടുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികളവും): ഒരു വർഷത്തിൽ മൊത്തത്തിൽ നന്നാക്കാനുള്ള പണികൾക്കു ആണ്ടിന്റെ ആദ്യത്തിൽ അനുവദിക്കുന്ന തുക വർഷാവസാനത്തിലെ ഒടുവിലുള്ള രണ്ടു മാസമായിട്ടു ചിലവാക്കിയാൽ വേല ശരിയായി നടക്കുമെന്നു വിശ്വാസമുണ്ടോ? ഈ വക സംരക്ഷണത്തെ സംബന്ധിച്ചുള്ള നയം ശരിയായിരിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ശരിയായ മേൽനോട്ടം ഉണ്ടായിരുന്നാൽ അതു ശരിയായിട്ടുവരണം.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും മേവികളവും): ശരിയായ മേൽനോട്ടം ഉണ്ടെന്നുതന്നെ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): സാധാരണ അങ്ങനെ വേണം വിചാരിക്കാൻ

൧൯. അതുമന ആശുപത്രി,

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവംകോടു): (എ) ഈ സംസ്ഥാനത്തിലെ മറ്റു ആശുപത്രികളെ താരതമ്യപ്പെടുത്തി നോക്കിയാൽ അതുമന ആശുപത്രിയെ സംബന്ധിച്ചിടത്തോളം അവിടെ കിടക്കുന്ന രോഗികളുടെയും; വെളിയിൽനിന്നുവന്നു മരുന്നു വാങ്ങിക്കൊണ്ടുപോകുന്നവരുടെയും സംഖ്യ അനുസരിച്ചു അവിടെ ആവശ്യമുള്ളടത്തോളം സ്ഥലവും ജോലിക്കാരും ഉപകരണങ്ങളും ഉണ്ടോ എന്നും,

(ബി) ചോദ്യത്തിന്റെ എ. ഉപവകുപ്പിന്റെ ഉത്തരം നിഷേധാത്മകമാണെങ്കിൽ മെഡിക്കൽ സർവീസിലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡു അവിടത്തെ പരിഷ്കാരത്തിനു ഗവൺമെന്റിലേക്കു എന്തെങ്കിലും ശുപാർശ ചെയ്തിട്ടുണ്ടോ എന്നും,

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ) ഡിസ്പെൻസറി ആ സ്ഥലത്തെ ആവശ്യങ്ങൾക്കു ഉതകത്തക്കവണ്ണം വേണ്ടവിധം ഉപകരണങ്ങളോടുകൂടിയതാണെന്നു മെഡിക്കൽ സർവീസിലെ അഡ്മിനിസ്ട്രേറ്റീവുബോർഡു റിപ്പോർട്ടുചെയ്തിരിക്കുന്നു,

(ബി) ഉണ്ട്. അവിടത്തെ ജനങ്ങളാൽ വാഗ്ദാനംചെയ്യപ്പെട്ട സ്ഥലം ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ പരിശോധിക്കയും അംഗീകരിക്കയും ചെയ്തിട്ടുണ്ട്. ആ സ്ഥലം ഗവർമെന്റിലേക്കു വിട്ടുകൊടുക്കുമ്പോൾ അവിടെ ഒരു കെട്ടിടം ഉണ്ടാക്കുന്ന സംഗതിയെപ്പറ്റി ആലോചിക്കുന്നതാണ്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും-വിളവംകോടും): ആ ആശുപത്രിയിൽ എത്ര ബെട്ട് പേഷ്യൻസ് ഉണ്ടെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു നോട്ടീസു മുൻകൂട്ടി ആവശ്യമായിരുന്നു.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): അങ്ങനെ ഡിസ്പെൻസറിയില്ലാത്ത വിളവംകോടുതാലൂക്കിൽ പ്രത്യേകം ഗവർമെന്റ ആശുപത്രിയുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ഇല്ലെന്നാണു തോന്നുന്നത്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): അങ്ങനെ ആശുപത്രിയിൽ ഇൻപേർഷ്യന്റ വാർഡുണ്ടോ എന്നു ഗവർമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ് സെക്രട്ടറി): അറിയാൻ പാടില്ല.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): വാർഡു ഇല്ലെന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ് സെക്രട്ടറി): അറിയാൻ പാടില്ല. ഇതൊരു ഉപചോദ്യമായിട്ടു വരികയില്ല. അതുകൊണ്ടു നോട്ടീസ് വേണം.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): അന്വേഷണത്തിൽ ആ ഡിസ്പെൻസറിക്കാവശ്യമുള്ള സംഗതികൾ എല്ലാം ഉണ്ടെന്നു ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ റിപ്പോർട്ടുചെയ്തിട്ടുള്ളതായിട്ടു പറയുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ഒരു ഡിസ്പെൻസറി എന്ന നിലയിൽ, സാധാരണയായി മററു സ്ഥലങ്ങളിൽ കണ്ടുവരുന്നതുപോലെ ആ സ്ഥലത്തിന്റെ മുഖ്യതയനുസരിച്ചുള്ള സ്ഥാപനങ്ങളെല്ലാം അവിടെയുണ്ട്. ശേഷമുള്ള കാര്യങ്ങൾക്കു നടപടി നടത്തിവരികയാണ്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): സ്ഥലത്തിന്റെ മുഖ്യതയെപ്പററി പറഞ്ഞതാരാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസരുടെ റിപ്പോർട്ടിലുണ്ട്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): സ്ഥലവാസികൾക്കു യഥാർത്ഥത്തിലുള്ള ആവശ്യമാണോ ഇതെന്നു ഗവർമെന്റ ഒന്നുകൂടി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസരോടു ആവശ്യപ്പെടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): അവിടെ ഒരു മുറികൂടി വേണമെന്നുള്ളതിനെപ്പററി എഴുത്തുകുത്തു നടത്തിവരുന്നുണ്ട്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): പാർട്ടു എയിൽ ആവശ്യത്തിനു തക്കവണ്ണം സ്ഥലമുണ്ടെന്നു പറഞ്ഞതു ശരിയാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ശരിയാണ്.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): കൂടുതൽ ആവശ്യങ്ങളെപ്പററി അന്വേഷണം നടത്തുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): കൂടുതൽ ഒരു മുറികൂടി പണിയുന്നതിനെസംബന്ധിച്ചു എഴുത്തുകുത്തു നടത്തിവരുന്നു.

മി. ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവംകോടും): അതു വേഗത്തിൽ നടപ്പിൽവരുത്താൻ ഗവർമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): ആ സംഗതി ഇപ്പോൾ എഴുത്തുകുത്തിൽ ഇരിക്കയാണ്.

പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരായി സ്ത്രീകളുടെ നിയമനം.

൨൯. മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

(എ) ഇപ്പോൾ (൧൨-൭-'൩൭) ഈ സംസ്ഥാനത്തെ പഞ്ചായത്തുകോടതികളിൽ ആരെങ്കിലും സ്ത്രീ ജഡ്ജിമാർ ഉണ്ടോ? എന്നും,

(ബി) ഇല്ലെങ്കിൽ ഇപ്രകാരമുള്ള സ്ഥാനങ്ങളിലേക്കു സ്ത്രീകളെ തടയുന്ന ഏതെങ്കിലും നിയമം ഉണ്ടോ? എന്നും

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റ ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) ഉത്തരം നിഷേധത്തിലാണ്.

ചെങ്കോട്ട-പത്തനാപുരം ഈ താലൂക്കുകളിൽ പുതിയ റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിനു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകൾ.

൩൦. മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): പത്തനാപുരം, ചെങ്കോട്ട എന്നീ താലൂക്കുകളിൽ പുതിയ പാലങ്ങളും റോഡുകളും ഉണ്ടാക്കുന്നതിലേക്കായി അടുത്തകൊല്ലത്തെ (൧൧൦൮-ലെ) ബഡ്ജററിൽ എന്തു സംഖ്യയെങ്കിലും നീക്കിവച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും പറയുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമെന്റ സെക്രട്ടറി): ഇപ്പോൾ ഉള്ള ഗതാഗതമാർഗ്ഗങ്ങൾ നന്നാക്കുന്നതിലേക്കു നവ,൨൦൦ രൂപാ നീക്കിവച്ചിട്ടുള്ളതിനു പുറമെ ഈ താലൂക്കുകളിൽ പുതിയറോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിലേക്കായി ൧൭,൨൦൦ രൂപാ നീക്കിവച്ചിട്ടുള്ളതിൽ ഏകദേശം ൧൨,൨൦൦ രൂപാ പത്തനാപുരം താലൂക്കിലേക്കും ൫,൦൦൦ രൂപാ ചെങ്കോട്ട താലൂക്കിലേക്കും ആയി തിരിച്ചിട്ടുണ്ട്.

നിലയ്ക്കാമുക്ക—കോവിൽതോട്ടം റോഡ്.

൨൬. മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും തെക്ക): ൧൧൨൪ ൽ വന്ന മെമ്പർ ൨൪-ന് (നിയമസഭാ പ്രൊസീഡിംഗ്സ് ൧൦-ാം വാല്യം ൨൫൧-ാം പേജ്) നിലയ്ക്കാമുക്ക—കോവിൽതോട്ടം റോഡിനെ സംബന്ധിച്ച് ചോദിച്ച ൨൫-ാംനമ്പർ ചോദ്യത്തിന തന്ന ഉത്തരത്തെ ആസ്പദമാക്കി ഗവർമ്മെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഫലം എന്താണെന്ന് പറയുന്നതിലേക്ക ഗവർമ്മെന്റിന ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): നിലയ്ക്കാമുക്കും കോവിൽതോട്ടവും അഞ്ചുതെങ്ങ്, കോവിൽതോട്ടം എന്നീ കായലുകളുടെ അടുത്തു സ്ഥിതിചെയ്യുന്ന എന്നും ഗതാഗത സൌകര്യമുള്ള ഒരു തോട്ടമുഖവും അടുത്തുള്ള ഒരു റയിൽവേയും യോജിപ്പിച്ചിരിക്കുന്ന എന്നും അവിടെ ഒരു റോഡുണ്ടാക്കുന്നതു ഒരു വെറും ആഡംബരം മാത്രം ആയിരിക്കുമെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തു. അതുകൊണ്ടു ഗവർമ്മെന്റ ആ സംഗതി വിട്ടുകളഞ്ഞു.

കായിക്കരകടത്തിൽ ഒരു പാലം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച അ സ്ഥലത്തു ഒരു പാലം ഉണ്ടാക്കുന്നതു ഒരു വലിയ പണച്ചിലവുള്ള ആഡംബരം മാത്രമാണെന്നു പ്രത്യേകിച്ചും ആ സ്ഥലത്തു ഒരു കടത്തുവള്ളം നടത്തൽ ഇപ്പോഴുള്ളതുകൊണ്ടു ഡിസ്ട്രിക്റ്റ് വര്‍ക്സും ഇൻകംടാക്സ് കമ്മീഷണർ റിപ്പോർട്ടുചെയ്തു ഗവർമ്മെന്റ ആ അഭിപ്രായത്തെ സ്വീകരിക്കുകയുംചെയ്തു.

കൊല്ലം താലൂക്കിൽ പരവൂർപകുതിയിലെ റോഡുകളുടെ സ്ഥിതി.

൨൭. മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): ൧൧൨൪ ആഗസ്റ്റ് ൧൭-ന് നടന്ന നിയമസഭാമീററിംഗിൽ പരവൂർചന്തയിൽനിന്നും പള്ളിക്കാവിലേക്കുള്ളതും മതിലകം കുളം പാലത്തിൽ നിന്നും പോട്ടജട്ടിയിലേക്കുള്ളതും ആയ റോഡുകളുടെ അതൃപ്തികരമായ സ്ഥിതിയെപ്പററി ചോദിച്ച ൨൭-ാം ചോദ്യത്തിന്റെ (നിയമസഭാ പ്രൊസീഡിംഗ്സ് വാല്യം ൧൧ പുറം ൭൨—൭൩) ഉത്തരത്തെ ആസ്പദമാക്കി ആ മറുപടി തന്നതിനുശേഷം ഗവർമ്മെന്റ അതിന്മേൽ എന്തു നടപടികൾ നടത്തി എന്നു പറയുന്നതിലേക്ക ഗവർമ്മെന്റിന ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): പരവൂർ ചന്തയിൽനിന്നും പള്ളിക്കടവിലേക്കുള്ള റോഡിന്റെ അററകുററപ്പണിക്ക അനുവദിച്ചിട്ടുള്ള ചിലവു അതിനെ തൃപ്തികരമായ നിലയിൽ സൂക്ഷിക്കുന്നതിലേക്കായി വർദ്ധിപ്പിച്ചിട്ടുണ്ടു. മണിയൻകുളത്തു നിന്നുംപോട്ട ജട്ടിയിലേക്കുള്ള റോഡിനെ നന്നാക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയരുടെ പക്കൽനിന്നും ഗവർമ്മെന്റിന ഒരടങ്കലും കിട്ടിയിട്ടുണ്ടു.

പോലീസ് കാൺസ്റ്റബിൾമാരുടെ ശമ്പളവർദ്ധനവ്.

൨൮. മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): ൧൧൨൪ ആഗസ്റ്റ് ൧൭-യിൽ നടന്ന നിയമനിർമ്മാണസഭാ മീററിംഗിൽ (വാല്യം ൧൧ പുറം ൭൭ കൌൺസിൽപ്രൊസീഡിംഗ്സ്) കൊച്ചിയിലേയോ മദ്രാസ് പ്രസിഡൻസിയിലേയോ പോലീസ് ശിപായിമാർ ഇപ്പോൾ വാങ്ങുന്നതു പോലെയുള്ളിടത്തോളം തുകയായി ഈ സംസ്ഥാനത്തെയും ശിപായിമാരുടെ ശമ്പളത്തേയും വർദ്ധിപ്പിക്കേണ്ട സംഗതിയെപ്പററി ചോദിച്ച ൩൩-ാംനമ്പർചോദ്യത്തിന്റെ ഉത്തരത്തെ ആസ്പദമാക്കി ആ സംഗതി ഇപ്പോൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നു പറയുന്നതിന ഗവർമ്മെന്റിന ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെന്റ ചീഫ് സെക്രട്ടറി): ൧൧൨൫ ഫെബ്രുവരിയിൽ പോലീസ് കാൺസ്റ്റബിൾമാരുടെ ശമ്പളത്തെ വർദ്ധിപ്പിക്കുന്നതിലേക്ക മാറ്റം ഉണ്ടാക്കിയിട്ടുണ്ടു.

ആലുവാകടത്തിൽകൂടെ ഉള്ള പാലം.

൨൯. മി. എ. ജി. മേനവൻ (പറവൂർ): ഗവർമ്മെന്റിന താഴെപറയുന്ന കാര്യങ്ങൾക്ക മറുപടി പറയുന്നതിന ദയവുണ്ടാകുമോ?

(എ) പെരിയാറിന്റെ തെക്കൻശാഖയിൽ ആലുവാ—പറവൂർ കടത്തുസ്ഥലത്തു പാലം കെട്ടിക്കുന്ന സംഗതിയെ സംബന്ധിച്ച ഗവർമ്മെന്റ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നും.

(ബി) ഈ സംഗതി ഗവർമ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നുള്ള ഗവർമ്മെന്റിന്റെ ആവർത്തിച്ചുള്ള ഉറപ്പിനെ ആസ്പദമാക്കി ആ പാലം അടുത്തകാലത്തെങ്ങാനും പണികഴിപ്പിച്ചേക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): (എ) ഈ സംഗതി ഗവർമ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

(ബി) മേലുള്ള എ. ഖണ്ഡത്തിന്റെ ഉത്തരത്തെ ആസ്പദമാക്കി ഈ ചോദ്യത്തിന അവകാശമില്ല.

മി. എ. ജി. മേനോൻ (പറവൂർ): ആ പാലം പണിസംബന്ധിച്ച ഊർജ്ജിതനടപടികൾ ഏതെങ്കിലും നടത്തിയിട്ടുണ്ടോ എന്നും ഏതെങ്കിലും ഒരു റിപ്പോർട്ടു ആവശ്യപ്പെടുകയോ ഒരു അടങ്കൽ അയക്കുന്നതിലേക്ക പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോടു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും ഉള്ള വിവരത്തെ എനിക്ക അറിയിക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): അതു ഗവർമ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

മി. എ. ജി. മേനോൻ (പറവൂർ). പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെന്റിൽനിന്നും ഗവർമ്മെന്റ ഏതെങ്കിലും റിപ്പോർട്ടു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): ഇല്ല.

മി. എ. ജി. മേനോൻ (പറവൂർ): എന്നാൽ സാർ, ഇതേ മറുപടികൊടുക്കുന്നതു ഇതു മൂന്നാംപ്രാവശ്യമാണെന്നു മാത്രമേ എനിക്ക പറയുവാൻ സാധിക്കുകയുള്ളു.

ആലുവാ—പറവൂർ കടത്തിനു കുറുകെയുള്ള പാലം.*

൭൦. മി. എ. ജി. മേനോൻ (പറവൂർ): പെരിയാറിന്റെ തെക്കെശാഖയിലുള്ള ആലുവാ—പറവൂർ കടത്തു സ്ഥലത്തു ഒരു പാലം പണിയിക്കുന്നകാര്യത്തെ സംബന്ധിച്ചു രണ്ടു സന്ദർഭങ്ങളിൽ ഈ സഭയിൽ കൊടുത്തിട്ടുള്ള മറുപടികളെ അനുസന്ധാനപ്പെടുത്തി,
ആ പാലത്തിന്റെ ശീഘ്രനിർമ്മാണത്തിനു ഗവൺമെന്റ എന്തേർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. പി. എൻ. കുഞ്ഞുപിള്ള (ഗവൺമെന്റ സെക്രിട്ടറി): ഈ വിഷയത്തെപ്പറ്റി മെമ്പരോട ൯൯-ാം ചോദ്യത്തിന്റെ ഏഴ് ഭാഗത്തിന്റെ ഉത്തരത്തെ പക്ഷേ അദ്ദേഹത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ആലപ്പുഴയിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള ആശുപത്രി.

൭൧. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ഗവൺമെന്റിനു മറുപടി പറയുന്നതിനു ദയവുണ്ടാകുമോ:—

(എ) ആലപ്പുഴപട്ടണത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഒരാശുപത്രി നിർമ്മാണത്തിനു ഗവൺമെന്റിൽ നിന്നു ഏതെങ്കിലും പ്രത്യേകസ്ഥലം തിരിച്ചെടുത്തിട്ടുണ്ടോ? എന്നും,

(ബി) എ ഭാഗത്തിന്റെ ഉത്തരം അനുകൂലമാണെങ്കിൽ ആ ആലോചന ഇപ്പോൾ (൧൧-൬-൧൯൨൦) ഏതുനിലയിൽ ഇരിക്കുന്നു? എന്നും,

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) ഏ ഭാഗത്തിന്റെ ഉത്തരത്തെ അസ്ഥമാക്കി ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ആലപ്പുഴെ സ്ത്രീകൾക്കുവേണ്ടി ഒരാശുപത്രി ഉണ്ടാക്കൽ.

൭൨. മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): ഗവൺമെന്റിനു പറയുന്നതിനു ദയവുണ്ടാകുമോ?

(എ) ആലപ്പുഴെ സ്ത്രീകൾക്കുള്ള ആശുപത്രിക്കു ഗവൺമെന്റിൽനിന്നും ഏതെങ്കിലുംസ്ഥലം തിരഞ്ഞെടുത്തിട്ടുണ്ടോ? എന്നും,

(ബി) ആശുപത്രികെട്ടിടത്തിനു ഗവൺമെന്റിൽനിന്നും ഏതെങ്കിലും പണി തുടങ്ങിയിട്ടുണ്ടോ? എന്നും,

(സി) ആ സ്ഥലത്തിന്റെ പേരും അതിന്റെ സ്ഥാനവും,

(ഡി) ആലപ്പുഴെ സ്ത്രീകൾക്കുള്ള ആശുപത്രി സംബന്ധിച്ചു (൩൦-൧൧-൧൦൯൫) ഇതുവരെയുള്ള ജോലിയുടെ മേൽഗതി.

മി. ടി. പി. രാമസ്വാമയ്യർ (ഗവൺമെന്റ ആക്റ്റിംഗ് ചീഫ്സെക്രട്ടറി): എ മുതൽ സിവരെ ൯൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുന്നതിനു മെമ്പരോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

(ഡി) മൂന്നുസ്ഥലങ്ങൾ കൊള്ളാമെന്നു അഭിപ്രായപ്പെടുകയും അതിലേക്കു ലാൻഡ്റവന്യൂ കമ്മീഷണരുടെ റിപ്പോർട്ടിനു ഗവൺമെന്റ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): സൈറ്റ് തിരിയുന്നതിനു തുടങ്ങിയിട്ടു എത്രകൊല്ലം ആയിരിക്കും.

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): എന്നു തുടങ്ങിഎന്നു അറിയാൻ പാടില്ല. ജൂലായി ൨൨-ാം-നു ആണ് മെഡിക്കൽ ബോർഡിൽനിന്നും ഗവൺമെന്റിനു മറുപടികിട്ടിയത്. അതിൽ ൩ സ്ഥലം സൌകര്യമായിട്ടുണ്ടെന്നും കാണിച്ചിരുന്നു. അതിൽ ഏതാണ് വേണ്ടതു എന്നു ഗവൺമെന്റിലേക്കു എഴുതിഅയച്ചിട്ടുണ്ട്.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): സൈറ്റ് അന്വേഷിക്കുന്നതിനെസംബന്ധിച്ചു ഇതിനു മുമ്പ് യാതൊരു കറസ്പോണ്ടൻസും ഇല്ലേ.

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): ഇതു കുറേക്കാലമായി ഡിപ്പാർട്ടുമെന്റിന്റെ അന്വേഷണത്തിൽ ഇരിക്കുകയാണ്.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): ഈസ്ഥലം ഏതെല്ലാം ആണെന്നു ദയവായി പറയാമോ?

ഡെപ്യൂട്ടിപ്രസിഡന്റ: മിസ്റ്റർ പി. എസ്സ്. മഹമ്മദിനു നിങ്ങൾക്കു എന്തുവേണം?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): ൩ പ്രത്യേകസ്ഥലങ്ങൾ ഏതെല്ലാമാണെന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): ഒന്നാമത്തെസ്ഥലം സിവിൽ ആശുപത്രിക്കു കിഴക്കും കൊട്ടാരത്തിനു വടക്കുപടിഞ്ഞാറും ഇംഗ്ലീഷ് പെൺപള്ളിക്കൂടത്തിനു തെക്കുമായിട്ടുകിടക്കുന്നസ്ഥലമാണ്. രണ്ടാമത്തേതു ജസ്റ്റിസ് വരിക്കപ്പള്ളിയുടെ വടക്കുവശം ഉള്ളതും ഉദ്ദേശം നാലേക്കർവരുന്നതും ആയ സ്ഥലമാണ്. മൂന്നാമത്തെസ്ഥലം കടപ്പുറത്തിൽ സ്റ്റാർപോസ്റ്റ്ഹൌസിനു തെക്കുപടിഞ്ഞാറുവശത്തുള്ള സ്ഥലമാകുന്നു. ഇതെല്ലാം ഗവൺമെന്റ സ്ഥലങ്ങളാണ്.

മി. പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ടയാൾ): സ്ഥലം തിരഞ്ഞെടുക്കാനുള്ള അധികാരം ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റുകാർക്കാണോ?

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): അല്ല. ഇതുമൂന്നും ഗവൺമെന്റ സ്ഥലങ്ങളാണ്. അതുകൊണ്ടു ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റിലേക്കു ഈ സ്ഥലങ്ങൾ കിട്ടുമോഎന്നു എഴുതിചോദിച്ചു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടയാൾ): കഴിയുന്നതുംവേഗത്തിൽ ഈ സൈറ്റ് (സ്ഥാനം) തീർച്ചപ്പെടുത്തി വേണ്ടതുചെയ്യുമോ?

മി. ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ്സെക്രട്ടറി): ചെയ്യാം.

ഹരിപ്പാട്ട് ഇലഞ്ഞിമേൽ റോഡിന്റെ രണ്ടാം സെക്ഷനുവേണ്ടിയുള്ള നീക്കിവയ്പ്.

൧൩. മി. ഏ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഗവർമ്മെന്റിനു മറുപടിപറയുന്നതിനു ദയവുണ്ടാകുമോ?

(ഏ) ഹരിപ്പാട്ട് ഇലഞ്ഞിമേൽ റോഡിന്റെ രണ്ടാംഭാഗത്തിനുവേണ്ടിയുള്ള തുക സെൻട്രൽ റോഡുബോർഡ് ആലോചിച്ചു നിശ്ചയിച്ചതാണോ? എന്നും,

(ബി) ആ ബോർഡു നടപടിപ്രകാരമാൽ ഗവർമ്മെന്റിലേക്ക അയയ്ക്കപ്പെട്ട ജോലികളുടെ പട്ടികയിൽ അതും ഉൾപ്പെടുത്തിയിട്ടുണ്ടോ? എന്നും,

(സി) ൧൧൦൯-ലെ ബഡ്ജറ്റിൽ ആ വേലയ്ക്കു എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ? എന്നും,

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): ഏ-ബി-സി-യ്ക്കു ഉത്തരം നിഷേധത്തിലാണു.

അനന്തപ്പള്ളി കണ്ടൂർ റോഡിന്റെ പരിഷ്കാരം.

൧൪. മി. ഏ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഗവർമ്മെന്റിനു മറുപടി പറയുന്നതിനു ദയവുണ്ടാകുമോ?

(ഏ) സെൻട്രൽ റോഡ് കമ്മറ്റിയാൽ അനന്തപ്പള്ളി കണ്ടൂർ റോഡിന്റെ സംരക്ഷണത്തിനുവേണ്ടി നീക്കിവയ്പിനെപ്പറ്റി വിചിന്തനം ചെയ്യുകയും തീർച്ചപ്പെടുത്തുകയും ചെയ്തോ? എന്നും,

(ബി) ആ ബോർഡിന്റെ നടത്തിപ്പുപ്രകാരം ഗവർമ്മെന്റിലേക്ക അയയ്ക്കപ്പെട്ടിട്ടുള്ള പട്ടികയിൽ അതു ഉൾപ്പെടുത്തിയിട്ടുണ്ടോ? എന്നും,

(സി) ൧൧൦൯-ലെ ബഡ്ജറ്റിൽ ആ വേലയ്ക്കു എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ? എന്നും,

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സിക്രട്ടറി): ഏ-യ്ക്കും ബി-യ്ക്കും സി-യ്ക്കും ഉത്തരം അഭാവരൂപത്തിലാണ്.

ഹജൂർകച്ചേരിയിലെ സിക്രട്ടറിമാരും സൂപ്രണ്ടുമാരും.

൧൫. മി. തറിയത് കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഹജൂർകച്ചേരിയിലെ സിക്രട്ടറിമാരിലും സൂപ്രണ്ടുമാരിലും ഈഴവർ, മഹമ്മദീയർ, റോമൻകത്തോലിക്കർ എന്നീ വർഗ്ഗങ്ങളിൽപ്പെട്ടവർ ആരെങ്കിലും ഉണ്ടോ എന്നു പറയുന്നതിലേക്ക ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെന്റ ചീഫ് സിക്രട്ടറി): ഉത്തരം നിഷേധരൂപത്തിലാണ്.

ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുവിമർശനം.

ഡെപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ നമ്മൾക്ക ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുവിമർശനം തുടരാം.

മി. എസ്സ്. പരമേശ്വരൻപിള്ള (വാണിജ്യവും, വ്യവസായവും, തെക്ക): സർ, ഈ സഭ രൂപീകരിച്ചസഭയുടെ ചരിത്രത്തിൽ ആദ്യമായി ബഡ്ജറ്റിന്റെ പ്രാരംഭപ്പതിപ്പു നമ്മളുടെമുമ്പാകെ ആവശ്യമുള്ളിടത്തോളം നേരത്തെ ഹാജരാക്കിയതിനു ഫിനാൻഷ്യൽസിക്രട്ടറിയെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിലും നിർവഹിക്കുന്നവയെങ്കിൽ അനൗദ്യോഗികസാമാജികന്മാരുടെ മുൻപിൽ എല്ലാവിവരങ്ങളും കണക്കുകളും ആവശ്യമുള്ളിടത്തോളം നേരത്തെ ഹാജരാക്കുന്നതിനു ഗവർമ്മെന്റിന് ശ്രദ്ധയുണ്ടെന്നും ധനസ്ഥിതിയെപ്പറ്റി പൊതുജനവിമർശനം മുതൽതന്നെയാണ് ജനാധിപത്യത്തിന്റെ നിലനിൽപ്പിന്നു ആവശ്യമായതെന്നുമുള്ള ഏറ്റവും പ്രാധാന്യമേറിയ സംഗതി (വിവരം) ഗവർമ്മെന്റ പരമാർത്ഥമായി മനസ്സിലാക്കിയിട്ടുണ്ടെന്നും അതു സൂചിപ്പിക്കുന്നു. അത് തീർച്ചയായും വളരെ നല്ല ശകുനമായി കരുതാവുന്നതാണ്.

സർ, ഇന്നലെ സംസാരിച്ചതായ മെമ്പറന്മാർ ഈസഭയുടെ ഘടനയെപ്പറ്റിയും ബഡ്ജറ്റു തയാറാക്കലിനെപ്പറ്റിയുള്ള ധനതത്വശാസ്ത്രത്തിന്റെ ചില വശങ്ങളെപ്പറ്റിയും ഗൗരവം ചിന്തിക്കുകയുണ്ടായി. അതുകൊണ്ട് നമ്മുടെ മുൻപിൽ ഇപ്പോൾ ഹാജരാക്കിയിട്ടുള്ള അടുത്തകൊല്ലത്തെ ബഡ്ജറ്റിനെപ്പറ്റി ചുരുക്കം ചില ചർച്ചകൾ നടത്തുന്നതിലേക്ക ഈ സന്ദർഭത്തെ വിനിയോഗിച്ചുകൊള്ളട്ടെ.

സർ, മുൻകൂട്ടി നിരൂപിച്ചു കണക്കാക്കിയിട്ടുള്ള മുതലെടുപ്പിനെപ്പറ്റി സമർത്ഥനായ ഫിനാൻഷ്യൽസിക്രട്ടറിയുടെ ശുഭമായ പ്രത്യാശയിൽ പങ്കുകൊള്ളുന്നതിനു എന്നെക്കൊണ്ടു സാധിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു. കുറവുവരുന്ന ബഡ്ജറ്റിനെ നീക്കിയിരിപ്പു ബഡ്ജറ്റായി മാറ്റുന്നതിലേക്കാണ് അദ്ദേഹത്തിന്റെ സർവപ്രധാനമായ ആഗ്രഹം എന്നപോലെ തോന്നുന്നു. ഒരു കുറവുവരുന്ന ബഡ്ജറ്റിൽ അദ്ദേഹം ഇത്രവളരെ ഭയപ്പെടുന്നത് എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ചില അഭിവൃദ്ധിയിൽ ആകുന്ന രാജ്യങ്ങളെ ഐശ്വര്യമുള്ള വർഗ്ഗക്കാരെന്നും നമ്മൾക്ക എടുത്തുനോക്കാം. കുറവുവരുന്ന ബഡ്ജറ്റുകൾകൊണ്ടാണ് അവർ അവരുടെ ഗവർമ്മെന്റിനെ നടത്തിക്കൊണ്ടുപോയിട്ടുള്ളത്. അതുകൊണ്ടു കുറവുവരുന്ന ബഡ്ജറ്റു എന്നതുകൊണ്ടു ചീത്തഗവർമ്മെന്റ എന്ന് അർത്ഥമാകുമെന്നു അതിൽനിന്നു അനുമാനിക്കാവുന്നതല്ല.

ഇപ്പോൾ നമ്മളുടെമുൻപിൽ ഹാജരാക്കിയിട്ടുള്ള ബഡ്ജറ്റിൽ നടക്കുന്നകൊല്ലത്തിലെ പുതുക്കിയ ചിലവുകൾ ഇനത്തിൽ ഉള്ള സംഖ്യകളെ ഇക്കൊല്ലത്തിലെ യഥാർത്ഥങ്ങളായി എടുക്കുകയും കൃഷിവലന്റെ പാപ്പരായിരിക്കുന്ന സ്ഥിതിയെയും അയാളുടെ വിലയ്ക്കുവാങ്ങുന്ന ശക്തിയുടെ ഇടിവിനെയും ആലോചിച്ചും ഇപ്പോഴത്തെ ആദായത്തിലും അടുത്തകൊല്ലത്തിലെ പഴയ കുടിശ്ശികകളിലുംനിന്നു അധികരിച്ചു ആദായം ഫിനാൻഷ്യൽസിക്രട്ടറി കണക്കാക്കിയിരിക്കുന്നതു വസൂലായികിട്ടുമോ എന്നുള്ളസംഗതി ഞാൻ സംശയിക്കുന്നു. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും ബാങ്കിംഗ് അന്വേഷണക്കമ്മറ്റിയുടെ മുൻപാകെ കൊടുത്തിട്ടുള്ള തെളിവുകളും കൃഷിസാധനങ്ങളായ നെല്ലു, നാളികേരം, കുരുമുളകു, റബ്ബർ, തേയില, ആദിയായവയുടെ വളരെ താണവിലയും കൃഷിക്കാരന്റെ ഇപ്പോഴത്തെഅവസ്ഥ വളരെ അസ്ഥിരമാണെന്നുള്ള വാസ്തവത്തെ സ്ഥാപിക്കുന്നതിനു മതിയാകുന്നവയാണ്. ഇപ്പോഴത്തെ രീതിയിലുള്ള സന്ദർഭങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ വരുന്ന അടുത്തവർഷത്തേക്കുള്ള സാധാരണകരംപോലും ഈടാക്കിയെടുക്കുന്നതിനു സാധിക്കുമോ എന്നുകൂടി ഞാൻ സംശയിക്കുന്നു. മേല്പറഞ്ഞ കാരണങ്ങളെക്കൊണ്ടു ഈ ഇനത്തിൽ അടുത്തകൊല്ലത്തിൽ ആദായക്കൂടുതൽ ഉണ്ടാകുമെന്നുള്ള ഫിനാൻഷ്യൽസിക്രട്ടറിയുടെ പ്രതീക്ഷയിൽ എനിക്കു യോജിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു ഞാൻ ഖേദിക്കുന്നു.

സർ, ഫിനാൻഷ്യൽസിക്രട്ടറി കൂടുതൽ ആരോപം ഉന്നയിക്കുന്ന ഭാഗം എന്താണെന്ന് നോക്കാം. തെക്കൻ കൊല്ലത്തിലെ പുതുക്കിയ അടങ്കൽ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള വരവിൽനിന്നും വളരെ കുറവായിട്ടാണ് കാണുന്നത്. കുടിയുടെ മേൽനോട്ടത്തെപ്പറ്റി പൊതുജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ടായിരിക്കുന്ന എന്ന് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന എന്നു ഞാൻ ചുരുക്കത്തിൽ പറയാം. സർ, മധ്യാഹ്നത്തിനുവേണ്ടി അദ്ദേഹം ബഹളം കൂട്ടുകയും ഗവണ്മെന്റിനെ അവരോട് പ്രവർത്തിക്കുക കുറെപ്പെടുത്തുന്നതിനു പോലും ശ്രമിക്കുകയും ചെയ്യുന്ന ഈ സമയത്തു അടുത്ത കൊല്ലത്തിൽ [illegible] ലക്ഷം രൂപ വർദ്ധിക്കുമെന്നു ഫിനാൻസ് സെക്രട്ടറി മി. നീലകണ്ഠപ്പിള്ള പറയുന്നു. സർ, അവിടുന്നും ഈ സഭയും ഇതിൽനിന്നും ഏതുമാതിരി തീരുമാനിക്കുന്നതിനു ഞാൻ ഇതിനെ വിട്ടിരിക്കുന്നു. ഫിനാൻഷ്യൽസിക്രട്ടറി ഒരു വർദ്ധന കണക്കാക്കുന്ന അടുത്ത ഭാഗം തീരുവയാണ്. ആദ്യംതന്നെ അദ്ദേഹം ഇപ്രകാരം പറയുന്നു.

"ആലപ്പുഴയിലെ ചെളിവരമ്പിന്റെ അനുകൂലസ്ഥിതികൊണ്ടു തീക്കപ്പലുകളും പായക്കപ്പലുകളും കൊല്ലത്തിൽ എല്ലാസമയത്തും ആ തുറമുഖത്തു വന്നടുക്കുന്നുണ്ട്".

എന്നാൽ, സർ, കാപ്റ്റൻ ഷിവറർ പറയുന്നതു നേരെമറിച്ചാണ്. [illegible] -ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ അദ്ദേഹം ഇപ്രകാരമാണ് പറയുന്നത്.

"ഈ വർഷാരംഭത്തിൽ ആലപ്പുഴ കടൽപ്പാലത്തിനുചുറ്റും ഉറയായി [illegible] വെളിയിലുള്ള സമയത്തു ചില അസൌകര്യങ്ങൾ അനുഭവപ്പെടുകയുണ്ടായി".

ഡിപ്യൂട്ടിപ്രസിഡന്റ്: അതു [illegible] -ൽ ആയിരുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): അതെ.

ഡിപ്യൂട്ടിപ്രസിഡന്റ്: ഇതിൽ വൈപരീത്യം എവിടെയാണെന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): ചെളിച്ചിറ അനുകൂലമാണെന്നുള്ള സംഗതി പ്രധാന പോർട്ടാഫീസർ നിഷേധിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: കാര്യസംബന്ധമായ ഒരു സംഗതിയാണ് അത്. [illegible] -ൽ ചില ദിക്കുകളും ഉണ്ടായിരുന്നു. [illegible] -ൽ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): എന്നാൽ ചെളിച്ചിറയുടെ ആ മൺചിറ ഗുണകരമാണെന്നു ഫിനാൻഷ്യൽസിക്രട്ടറി സമ്മതിക്കുന്നതും പ്രധാന പോർട്ടാഫീസർ ആ പ്രകാരമാണെന്നു സമ്മതിക്കുന്നില്ലെന്നും ആകുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽസിക്രട്ടറി): ഇപ്പോഴത്തെ പ്രധാന പോർട്ടാഫീസരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് എന്റെ പ്രസ്താവം എന്നു ഞാൻ മെമ്പരെ അറിയിക്കാം.

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): സ്ഥിതി ഭേദപ്പെട്ടിട്ടുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): എനിക്കറിഞ്ഞുകൂടാ.

ഡിപ്യൂട്ടിപ്രസിഡന്റ്: [illegible] -ലേക്കോ [illegible] -ൽ ആലപ്പുഴ കപ്പൽ അടുക്കുന്നതിനുംമറ്റും സ്ഥിതികൾ വളരെക്കൂടുതൽ അനുകൂലമായിരുന്ന എന്നു എന്നിൽനിന്ന നിങ്ങൾക്കു സ്വീകരിക്കാം. [illegible] -ൽ ചെളിത്തിട്ട മാറിയിരുന്നതും കടൽ പിൻവാങ്ങിയിരുന്നതും ആയിരുന്നു. വർഷാരംഭത്തിൽ അതു കപ്പൽ അടുക്കുന്നതിനു മാറിയിരുന്നതും തടസ്സമായിരുന്നതും ആയിരുന്നു. എന്നാൽ [illegible] -ൽ അതു പൂർവസ്ഥിതിയിൽ ആകുകയുംചെയ്തു. വർഷത്തിൽ എല്ലാകാലങ്ങളിലും കപ്പൽ അവിടെ അടുക്കാൻ ശ്രദ്ധിച്ചിരിക്കുന്ന എന്നു അക്കൌണ്ട് ആഫീസർ പറയുന്നതിനു അദ്ദേഹം അർത്ഥമാക്കുന്നതു ഇതാണ്. അതു നിങ്ങൾ സ്വീകരിക്കേണ്ട ഒരു യഥാർത്ഥസംഗതിയാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): സർ, അവിടുത്തെ പ്രസ്താവം ഞാൻ വന്ദനസമേതം സ്വീകരിച്ചുകൊള്ളുന്നു. അവിടെ ചെളിത്തിട്ട ഉണ്ടാകുന്ന സംഗതിയെപ്പറ്റി ഫിനാൻഷ്യൽസിക്രട്ടറിയുടെ പ്രസ്താവവും പ്രധാന പോർട്ടാഫീസരുടെ പ്രസ്താവവും പരസ്പരവിരുദ്ധമാണെന്നാണ് ഞാൻ മനസ്സിലാക്കിയതു.

ഡിപ്യൂട്ടിപ്രസിഡന്റ്: അതു കാര്യത്തെസംബന്ധിച്ച ഒരു പ്രസ്താവം മാത്രമാകുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): [illegible] -ലെ കണക്കാക്കിയിട്ടുള്ള വരവിനെപ്പറ്റി മെമ്പർ സംസാരിക്കയും അതു [illegible] -ലേക്കാൾ കുറവാണോ എന്നു പറകയും ചെയ്യുമോ?

ഡിപ്യൂട്ടിപ്രസിഡന്റ്: മി. പിറവിപ്പെരുമാൾപിള്ള വിമർശിക്കപ്പെടുത്തുന്ന സംഗതിയോടു അതിനൊരു ബന്ധവുമില്ല. മി. പിറവിപ്പെരുമാൾപിള്ളയെ, നിങ്ങൾക്കു തുടരാം. ആ ചോദ്യത്തെപ്പറ്റി നിങ്ങൾക്കു കുറ്റങ്ങൾ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): "തൊഴിലിൽനിന്നു കിട്ടുന്ന ആദായം" എന്നതിൽ [illegible] -ലെ വരവിന്റെ ഇടിവിനു അക്കൌണ്ടാഫീസർ സമാധാനം പറയുന്നതു ഫിനാൻഷ്യൽസിക്രട്ടറിയുടെ ഈ പ്രസ്താവന പ്രത്യേകിച്ചുവടത്തിനു പെട്ടെവിലുള്ള മാന്ദ്യമാണെന്നാണ്. ഫിനാൻഷ്യൽസിക്രട്ടറിയുടെ ഈ പ്രസ്താവന പ്രത്യേകിച്ചും സർക്കാർ സഹായബാങ്കിന്റെ മാനേജർ എന്നനിലയിലിരുന്നിട്ടുള്ള പരിചയത്തിനുശേഷം അദ്ദേഹത്തിൽനിന്നു പുറപ്പെടുന്നതുകൊണ്ടു വളരെ വിലപിടിച്ചതാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഫിനാൻഷ്യൽസിക്രട്ടറി): തീരുവയുള്ള സാമാനങ്ങളിൽനിന്നുള്ള വരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ആ പ്രസ്താവന എന്നു ഞാൻ മെമ്പരെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ആദായനികുതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്താവന തീരുവയുള്ളതും തീരുവയില്ലാത്തതും ആയ രണ്ടുതരം സാമാനങ്ങളേയും ബന്ധിക്കും. അരിയും നെല്ലും തീരുവയില്ലാത്ത സാമാനങ്ങളാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ ആവശ്യപ്പെടാതെ എന്തെങ്കിലും പ്രസ്താവിക്കുന്നതിന്റെ ആവശ്യകത എന്താണ്. മി. നീലകണ്ഠപ്പിള്ള മറുപടിയായി നിങ്ങൾ സംസാരിക്കുന്നതുവരെ നിങ്ങൾ സമാധാനങ്ങളൊന്നും പറയണ്ട.

മി. എസ്സ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): സർ, തീവണ്ടിയുള്ള സമാനങ്ങൾകൊണ്ടു പെരുമാറുന്ന ആളുകളും അഭിവൃദ്ധി കൊടുക്കേണ്ടതാകുന്നു. ഈ പ്രസ്താവനയ്ക്കു ശേഷം, ലോകമൊട്ടുക്കു കച്ചവടസ്ഥിതി മന്ദമായിരിക്കുന്ന സമയത്തു തീവണ്ടിയിൽ കൂടുതൽ ഉണ്ടാകുമെന്നു മുൻകൂട്ടി കരുതുന്നതുകൊണ്ടു അദ്ദേഹം എന്താണു അർത്ഥമാക്കുന്നതു എന്നു എനിക്കു മനസ്സിലാകുന്നില്ല. പണത്തിന്റെ ക്ഷാമം വളരെ കൂടുതലാണ്. നമ്മുടെ കയറ്റുമതിപദാർത്ഥങ്ങളിൽ പ്രാധാന്യമുള്ള ഒന്നായ കുരുമുളകിന്റെ വില ത്രാസ ഒന്നിനു ൧൦൨-ൽനിന്നും രൂപ ൨൧ ആയി കുറഞ്ഞിരിക്കുന്നു. കയറ്റുമതിയിൽ വേറൊരു പ്രധാനസാധനമായ കൊപ്രായുടെ വില ഏകദേശം ൪൦ ശതമാനം കുറഞ്ഞിരിക്കുന്നു. ഈ നിലയ്ക്കു സാമാനങ്ങളുടെ വില കുറയുമ്പോൾ, അധികമായ കയറ്റുമതിവ്യാപാരമുണ്ടാകുമെന്നു ഊഹിക്കുവാൻ നിവൃത്തിയില്ല. എനിക്കു അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ ധനകാര്യമന്ത്രിയായ സർ റോബർട്ട് ഹോൺ പറഞ്ഞിരിക്കുന്നതു എന്താണെന്നു് ഞാൻ ഇവിടെ ഉദ്ധരിക്കാം. തീവണ്ടിയേയും എക്സൈസിനേയുംകുറിച്ചു പ്രതിപാദിക്കുന്നകൂട്ടത്തിൽ ഈ രണ്ടിനങ്ങളിലും ആദായക്കുറവാണ് കണക്കാക്കേണ്ടിയിരിക്കുന്നതു്. കാലക്രമംകൊണ്ടു മനുഷ്യരുടെ സമ്പാദ്യങ്ങൾ ചില വഴിയിലേക്കും ചിലവുചെയ്യുന്നതിനുള്ള ശക്തി കുറഞ്ഞുവരികയുമാണ് ചെയ്യുന്നതു എന്നു പറയുന്നു.

നമ്മുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുന്നതിനു സർ റോബർട്ട് ഹോൺ ഇപ്പോൾ ഇവിടെ വരേണമെന്നു ധനകാര്യസെക്രട്ടറി ആശിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഈ ഇനത്തിൽ ആദായക്കൂടുതലിനെപറ്റിയുള്ള പ്രതീക്ഷയെ സാധൂകരിക്കുന്നതിനു എനിക്കു നിവൃത്തികാണുന്നില്ല.

ഇനിയും രജിസ്ത്രേഷൻ ഇനത്തിൽ ൧൦൯൮-ലെ പുതുക്കിയ അടങ്കലിനേക്കാൾ കൂടുതലായി ധനകാര്യസെക്രട്ടറി പ്രതീക്ഷിക്കുന്നു. ഇവിടെയും അദ്ദേഹത്തിന്റെ പെരുമാറ്റം അദ്ദേഹത്തിന്റെ ഉദ്ദേശത്തിനു വിപരീതമായിട്ടുണ്ട്. ഈ ഇനത്തിലുള്ള ഇടിവിനെ അദ്ദേഹം താഴെ പറയുംപ്രകാരം വിശദമാക്കുന്നു. "നായർ റെഗുലേഷൻ, ഈഴവ റെഗുലേഷൻ, വെള്ളാള റെഗുലേഷൻ ആദിയായവയുടെ ഫലമായി ഭാഗത്തിനുള്ള തള്ളൽകഴിഞ്ഞു രജിസ്ത്രേഷൻ ഡിപ്പാർട്ടുമെന്റു ഒരു സാധാരണനിരക്കിൽ വരുന്നതിനായിട്ടുള്ള മാറ്റംകൊണ്ടാണു് അതിൽ ഇപ്പോൾ കാണുന്ന ഇടിവ്". ആ പ്രകാരമിരിക്കെ ൧൦൯൯-ൽ ആ ഡിപ്പാർട്ടുമെന്റിന്റെ നില പൂർവ്വസ്ഥിതിയിലാകുമെന്നു് അദ്ദേഹം ഉദ്ദേശിക്കുന്നുവോ?

ഇനിയും ഏറ്റവും പ്രാധാന്യമേറിയതും ഭീമമായ ഒരു തുക മുടക്കിക്കിടക്കുന്നതും നല്ല ഭരണംകൊണ്ടു കൂടുതൽ ആദായം നമുക്കു കിട്ടാവുന്നതുമായ റെയിൽവെ, ഞാൻ മൂന്നുവർഷത്തിനുമുമ്പു സൂചിപ്പിച്ചിരുന്നതുപോലെ— തെങ്കാശി വിരുധുനഗർ ലയിൻകാരണം സങ്കടാവസ്ഥയിൽ എത്തിയിരിക്കുകയാണ്. പുതുതായി തുറന്ന തെങ്കാശി വിരുധുനഗർവഴി വ്യാപാരത്തിനുണ്ടായ മാറ്റംകൊണ്ടാണു് നമുക്കുള്ള നഷ്ടം എന്നു് ധനകാര്യസെക്രട്ടറി പ്രതിവാദിക്കുന്നതു്. എങ്കിലും ഈ ഇനത്തിൽ ൧൦൯൯-ൽ ആദായക്കൂടുതൽ അദ്ദേഹം പ്രതീക്ഷിക്കുന്നു. സർ, വ്യാപാരത്തിന്റെ മാറ്റമാണു നമ്മുടെ നഷ്ടത്തിനുള്ള കാരണങ്ങളിൽ ഒന്നു് എന്നുള്ളതിനു സംശയമില്ല; എന്നാൽ നമുക്കു ഒരു ലാഭവും കിട്ടാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നുള്ളതിനു പ്രധാനകാരണം ഹാരിസൺസ് ആൻഡ് ക്രോസ്ഫീൽഡിലെ മിസ്റ്റർ മാക്കിയെ പറഞ്ഞിട്ടുള്ളതാകുന്നു.

ഈ ബഡ്ജറ്റിൽ കഴിഞ്ഞകൊല്ലങ്ങളിലെ ബഡ്ജറ്റുകളിലും നിന്നും അവ ഒരിക്കലും ഒരു ലാഭമുള്ള വിഷയമായി കാണുന്നില്ല എന്നു് പ്രത്യക്ഷമാണ്. അതു എന്തുകൊണ്ടാണെന്നു് അറിയുന്നതിലേക്കു് പ്രയാസമായിട്ടുള്ളതും ഈ സഭയിലെ അംഗങ്ങളായിട്ടുള്ള നമുക്കു് നമ്മുടെ അധീനതയിൽ തന്നിട്ടുള്ള അറിവിൽനിന്നും അറിയുന്നതിലേക്കു് അസാദ്ധ്യവുമാണ്. എങ്ങിനെ ആയാലും വ്യാപാരത്തിന്റെ ഒരു ഗണനീയമായതു തീവണ്ടിയിൽകൂടെ ഉണ്ടെന്നും യാത്രക്കാരുടെ ഒരു വലിയസംഖ്യ തീവണ്ടി ഉപയോഗിക്കുന്നു എന്നുമാണ് നമുക്കു് അറിയാവുന്നതു്. വിദ്യാശൂന്യന്മാരായ സാധാരണ ആളുകൾക്കു് ഈ വിഷയം തൃപ്തികരമായിട്ടുള്ളതാണെന്നും ശരിയായി നടക്കുന്നതാണെന്നും തോന്നുകയും ചെയ്യും. എന്നെ സംബന്ധിച്ചിടത്തോളം, സ്വാതന്ത്ര്യത്തോടെ നടത്തിയാൽ അതിൽനിന്നും നല്ല ലാഭം ഉണ്ടാകുകയില്ല എന്നു് വിശ്വസിപ്പിക്കുന്നതിനുമുമ്പു് വലിയ തെളിവ് ഞാൻ ആവശ്യപ്പെടും.

കഴിഞ്ഞ അനേകം കൊല്ലങ്ങളിലെ ഇറക്കുമതിവ്യാപാരത്തിന്റെ എന്റെ അനുഭവംകൊണ്ടു് അതിന്റെ ഏറെനല്ല നടത്തിപ്പുകൊണ്ടു് നമുക്കു് കൂടുതൽ ആദായംകിട്ടുമെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം.

നമ്മുടെ പരിചയം നമ്മളെ [illegible] ബുദ്ധിയുള്ളവരാക്കി തീർത്തിട്ടില്ല എന്നു് ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളട്ടെ. എങ്കിലും നമ്മൾ വമ്പിച്ച തുകകൾ ഇരുമ്പുസാമാനങ്ങൾ വാങ്ങുന്നതിനു മുടക്കുന്നു. ഇന്നാളു വൈകിട്ട് സംസാരിച്ചയായ ഒരു മെമ്പർ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ തീവണ്ടി, മോട്ടോർ ഗതാഗതത്തെ നശിപ്പിച്ചുകളഞ്ഞു എന്നു പറഞ്ഞു.

മി. എം. ജി. മേനോൻ (പറവൂർ): എനിക്കു് ഒരു വാക്കുപറയുവാൻ അനുവാദമുണ്ടെങ്കിൽ, ഞാൻ പറഞ്ഞതു് അപ്രകാരമല്ല.

മി. എസ്സ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): ഈ തിരുത്തലിനു ഞാൻ അദ്ദേഹത്തിനു നന്ദിപറഞ്ഞുകൊള്ളുന്നു. സാർ, എങ്ങിനെ ആയിരുന്നാലും പരമാർത്ഥം നേരെമറിച്ചാണെന്നു് ഞാൻ പറയുന്നു. ലോകത്തിൽ എല്ലായിടത്തും സൗകര്യമായി പെരുമാറാവുന്ന മോട്ടോർ ഇരുമ്പുകുതിരയെ ബഹിഷ്കരിക്കുന്നു. അധികംകാലം ചെല്ലുന്നതിനുമുമ്പു് റെയിൽവേയന്ത്രം അതിന്റെ സഹോദരനായ സ്റ്റേജ് കോച്ചിന്റെയുംകൂടെ ഒന്നിച്ചു കാഴ്ചബംഗ്ലാവിൽ ഇടംപിടിക്കുകയും ചെയ്യും.

സർ, ഈ സന്ദർഭത്തിൽ മോട്ടോർ ഗതാഗതത്തിന്റെ വർദ്ധന സംസ്ഥാനത്തെ മുതലെടുപ്പിന്റെ വർദ്ധനയ്ക്കു കാരണമാകുകയും യാത്രക്കാരുടെ ഗതാഗതച്ചിലവു് കുറയുന്നതും വേഗം കൂടിയതും ആകയാലും, ഇപ്പോഴത്തെ ഗവണ്മെന്റ ആ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു യോഗ്യതയുള്ളതാണെന്നു് ഇതുവരെ ഗണിച്ചിട്ടില്ലെന്നു് പറയുന്നതിനു് എന്നെ അനുവദിക്കുക.

ഡെപ്യൂട്ടി പ്രസിഡന്റ്: എത്രവിധത്തിലുള്ള പ്രോത്സാഹനം ഗവണ്മെന്റ കൊടുക്കണം എന്നാണു് നിങ്ങൾ പ്രതീക്ഷിക്കുന്നതു്. ദയവായി നിർമ്മാണപരമായ നിർദ്ദേശങ്ങളെ അവതരിപ്പിച്ചാലും.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): തൽക്കാലത്തേയ്ക്കു മോ
ട്ടോർ ഗതാഗതത്തെ നിയന്ത്രിക്കുന്നതിനുള്ള അധികാരികൾ ആ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുത
ലായി ഉപദ്രവം ചെയ്യാതിരുന്നാൽ ഞാൻ തൃപ്തനായിക്കൊള്ളാം. യഥാർത്ഥത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ചില മെം
ബറന്മാർ പ്രസ്താവിച്ചതുപോലെ എല്ലാഭാഗത്തുനിന്നും പലതരത്തിലുള്ള വിഷമതകൾ ഉണ്ടാകുന്നതുകൊണ്ടല്ല
അധികാരസ്ഥാനത്തുള്ള എല്ലാവരുടേയും ദൃഷ്ടി മോട്ടോർബസ്സ് ഉടമസ്ഥന്മാരുടെ നേർക്കാണുതാനും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഏതുമാതിരി ഉപദ്രവമാണ്?

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): അവർക്ക് ഉണ്ടായിക്കൊ
ണ്ടിരിക്കുന്ന എല്ലാ ഉപദ്രവങ്ങളെക്കുറിച്ചും പ്രസ്താവിക്കുന്നതിന് ഇപ്പോൾ സമയമില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: മി. പിറവിപെരുമാൾപിള്ള, നിങ്ങൾ നിങ്ങളുടെ മററു പോയന്റുകളിലേ
ക്കു കടക്കുക.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ചിലവിന്റെ സംഗതി
യിലേക്കു നോക്കുകയാണെങ്കിൽ മെഡിക്കലും സാനിട്ടറിയും എന്ന ഇനത്തിൽ [illegible] ലക്ഷം കൂടുതൽ കാണി
ച്ചിരിക്കുന്നതിൽ എനിക്കു ഗവൺമെന്റിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ വിഷയത്തിലേക്കുവന്നാൽ, തമിഴ്സംസാരിക്കുന്നവരും [illegible]ൽനിന്നും
ഈടാക്കുന്നതുപോലെതന്നെ ഈടാക്കപ്പെടുന്നവരുമായ ആകെയുള്ള ജനസംഖ്യയിലെ ആറിൽ ഒരുഭാഗത്തിന്റെ
ആവശ്യങ്ങൾ ആസ്പദിച്ചുള്ള നിവേദനങ്ങൾ കൂട്ടാക്കാതെ മുഴുവനെ അവഗണിക്കുകയാണെന്നു കാണുന്നു.
ഇന്നത്തെസ്ഥിതിക്ക് തീരെ യോജിക്കാത്തതായ വിദ്യാഭ്യാസപദ്ധതിക്ക് ഒരു [illegible] തുക ചിലവാക്കിക്കൊ
ണ്ടിരിക്കുമ്പോൾ, സ്വഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസത്തിനു സൌകര്യങ്ങൾ നൽകേണ്ട സർവ്വപ്രധാനമായ
ചുമതല പ്രസക്തിയോടെ നിഷേധിക്കപ്പെടുന്നു.

ജോലിയിൽ ഇരിക്കുമ്പോൾ മരിക്കുന്നവരോ ജോലിയിൽ ഇരിക്കേണ്ട കാലം മുഴുവനും ഇരുന്നശേഷം
മരിക്കുന്നവരോ ആയ ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ കുടുംബങ്ങളുടെ ഗുണത്തിനുവേണ്ടി ഞാൻ കഴിഞ്ഞകൊ
ല്ലം ചെയ്ത അപേക്ഷ നമ്മുടെ ഗവൺമെന്റിനെ കുലുക്കിയിട്ടില്ല. നമ്മുടെ അയൽരാജ്യമായ മൈസൂർ ഗവ
ൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് പ്രോവിഡന്റ്ഫണ്ട് എന്നുള്ള ഒരുപായം ആരംഭിച്ചിട്ടുള്ളതായി തോന്നുന്നു. ന
മ്മുടെ ഇപ്പോഴത്തെ ഫിനാൻഷ്യൽസെക്രട്ടറി അദ്ദേഹത്തിനു ഇൻഷ്യൂറൻസിലും ബാങ്കിംഗിലും ഉള്ള പരിചയം
കൊണ്ട് ഈ വഴിയിൽ വേണ്ട നിർദ്ദേശങ്ങൾ രൂപീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(ഈ സന്ദർഭത്തിൽ മി. കെ. പത്മനാഭപ്പണിക്കർ മെമ്പറോട് ഒരു ചോദ്യം ചോദിച്ചുഎങ്കിലും
അതു റിപ്പോർട്ടറന്മാരിരിക്കുന്ന ഗ്യാലറിയിൽ കേട്ടില്ല മെമ്പറുടെ മറുപടിയും കേട്ടില്ല.)

ഡെപ്യൂട്ടിപ്രസിഡന്റ്: ഇരു രണ്ടു മെമ്പറന്മാർ തമ്മിൽ ഒരു സംഭാഷണം ചെയ്യുന്നതുപോലെ തോന്നു
ന്നു. ഞങ്ങൾ ആരും അതിൽ ഒന്നും കേൾക്കുന്നുമില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): താണശമ്പളക്കാരായ ശി
പായിമാരുടെയും പോലീസുകാരുടേയും സ്ഥിതിയെപ്പററി ഈ കൌൺസിലിൽവച്ചുതന്നെ ഗവൺമെന്റിന്റെ
ദൃഷ്ടിയിൽ അവതരിപ്പിച്ചുകൊണ്ടുവന്നിട്ടുണ്ട്. പട്ടാളക്കാരുടെ ശമ്പളം കൂട്ടുന്നതിനു കൂടുതൽ ഇനം കാണിച്ചിട്ടു
ണ്ടെങ്കിലും അതേസമയത്തു പിടിപ്പതുജോലിയുള്ള പോലീസുകാരനു കൂടുതലായി കിട്ടുന്ന ശമ്പളക്കൂടുതൽ ഒരു
രൂപായാണ്. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചിയിലും ഉള്ള അവരുടെ കൂട്ടുകാർക്ക് നല്ല ഒരു ശമ്പളം
കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ട്.

ഇനി ജലസേചനപദ്ധതിയെപ്പററി നോക്കുകയാണെങ്കിൽ എനിക്കു ഗവൺമെന്റിനോടു അപേക്ഷി
ക്കാനുള്ളതു സ്പെഷ്യൽആഫീസറും സിൽബന്തികളും ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന തുക അനുഭവിച്ചുകൊണ്ട് അദ്ദേ
ഹം ചെയ്തുവരുന്നതുപോലെ ബാദ്ധ്യതകളുണ്ടാക്കാതെ എത്രയുംവേഗത്തിൽ ആ ജോലിചെയ്തു തീർക്കുന്നതിനു ഗവ
ൺമെന്റ നിർബന്ധിക്കണം എന്നുള്ളതാണ്.

അവസാനമായിട്ട ഫിനാൻഷ്യൽസെക്രട്ടറി സമർപ്പിച്ചിരിക്കുന്ന ബാക്കിപത്രത്തെപ്പററി നോക്കുകയാ
ണെങ്കിൽ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തെ അപേക്ഷിച്ചു പറയുകയാണെങ്കിൽ അതു യഥാ
ർത്ഥമായ കാര്യങ്ങൾ പ്രസ്താവിക്കുന്നില്ലെന്ന് എനിക്കു പറഞ്ഞേ മതിയാകു. വരവിനത്തിൽ ഗവൺമെന്റിന്റെ
നഷ്ടം [illegible] ശതമാനം കടവും അവയുടെ യഥാർത്ഥ
ശതമാനം ജാമ്യക്കടപ്പത്രനിക്ഷേപവും [illegible] കമ്പോളവില വളരെ കുറവാണ്. ബാദ്ധ്യതയുടെ
വിലയും കണക്കാക്കപ്പെട്ടിരിക്കുന്നുഎങ്കിലും അതിന്റെ കമ്പോളവില വളരെ കുറവാണ്. ബാദ്ധ്യതയുടെ
കൂട്ടത്തിൽ കൊല്ലം-ചെങ്കോട്ട റെയിൽവെ പണിക്കായി സിക്രട്ടറി ആഫ് സ്റ്റേററിന്റെപേരിൽ കൊടുത്തുതീർക്ക
ണ്ട ഭീമമായ സംഖ്യയായ [illegible] ലക്ഷം രൂപായുടെ കടം അദ്ദേഹം ഉൾപ്പെടുത്തിക്കാണുന്നില്ല.

അതു ചുമതലയിൽ ഉൾപ്പെട്ട ബാദ്ധ്യതയല്ലെന്നും ഈ സങ്കല്പത്തിലുള്ള ഒരു ബാദ്ധ്യതമാത്രമേ ഉള്ളുഎ
ന്നുള്ളതു [illegible] കൊടുത്തുതീർക്കേണ്ട ബാദ്ധ്യതപ്പെടുന്നുള്ളുഎന്നും മററും എന്റെ സ്നേഹിതൻ മി. തിലക
[illegible] ബാദ്ധ്യതകളുമായി അദ്ദേഹം എന്തുതന്നെ പറഞ്ഞിരുന്നാലും ഇതു ഒരു ബാദ്ധ്യതതന്നെ
യെപ്പിള്ള വാദിക്കുമെന്ന് എനിക്കറിയാം. അദ്ദേഹം ഏതുതന്നെ പറഞ്ഞിരുന്നാലും ഇതു ഒരു ബാദ്ധ്യതതന്നെ
ണോ അല്ലയോ, ഇതു നാം കൊടുത്തുതീർക്കേണ്ടതാണോ അല്ലയോഎന്നു ഞാൻ കാര്യമായിട്ടുതന്നെ അദ്ദേഹത്തോ
ടു ചോദിക്കുന്നു. കാലാവധിയെ ഗണിക്കേണ്ട. എന്തായാലും ഇപ്പോഴല്ലെങ്കിൽ [illegible] നാം അതു
കൊടുത്തുതീർക്കേണ്ടതാണ്. അങ്ങനെയിരിക്കെ എന്തുകൊണ്ടാണ് ഈ ബാദ്ധ്യത ബാക്കിപത്രത്തിൽ കൊള്ളി
ക്കാതിരുന്നത്. ഒരു കടബാദ്ധ്യത പോരാ ഒരു ഭീമമായ കടബാദ്ധ്യത കാണിക്കാതെയായ ഒരു ബാക്കിപത്രം
നമ്മുടെമുമ്പിൽ വച്ചിരിക്കുന്നതിന് സർ, എന്തുപേരാണ് ഞാൻ കൊടുക്കേണ്ടത്. അതുകൊണ്ടാണ് ഞാൻ
പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തെ അപേക്ഷിച്ചു നോക്കിയാൽ നമ്മുടെ മുമ്പാകെ സമർപ്പിച്ചി
രിക്കുന്ന ബാക്കിപത്രം സമ്മതിക്കുന്നതിനു നിവൃത്തിയില്ലെന്നു ഞാൻ പറയുന്നത്.

ഡെപ്യൂട്ടിപ്രസിഡന്റ്: സിങ്കിംഗ്ഫണ്ടിനു നീക്കിവച്ചിരിക്കുന്ന വ്യവസ്ഥയെപ്പററി അറിയിരിക്കാം നി
ങ്ങൾ ഉദ്ദേശിച്ചിരിക്കുന്നത്.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): അല്ല. സർ, ആ ബാദ്ധ്യതയെത്തന്നെ.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, ഈ സഭമുമ്പാകെ സമർപ്പിച്ചിരിക്കുന്ന ബഡ്ജറ്റിനെ നോക്കിയതിൽ ഈ ബഡ്ജററ് ഉണ്ടാക്കുന്നതിനു മഹത്ഭൂതമായിരിക്കുന്ന ഗവൺമെൻറിൻെറ നയത്തെ അഭിനന്ദിക്കുന്നതിനു യാതൊരുമാർഗ്ഗവും കാണുന്നില്ല. എന്നാൽ വരവിൽ സ്വല്പംകുറച്ചു ചിലവു് ചെയ്യുകയും സ്വല്പം ബാക്കിയുണ്ടാക്കിവയ്ക്കുകയും ചെയ്യുക എന്നുള്ള വിധത്തിൽ ഉള്ള ഒരു ബഡ്ജററാണ് ഇവിടെ ഹാജരാക്കിയിരിക്കുന്നതു് എന്ന് ഒരു സമാധാനത്തിന് വകയുണ്ടെന്ന് ഇവിടെ ചിലർ സംസാരിക്കുകയുണ്ടായി. അടുത്തകൊല്ലത്തെവരവു കണക്കാക്കിയിരിക്കുന്ന വിഷയത്തിൽ എൻെറ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഉദ്ദേശിച്ചിരിക്കുന്ന വരവു് വരുമെന്നു വിചാരിക്കാൻ യാതൊരുവഴിയും കാണുന്നില്ല. അബ്കാരിഇനത്തിൽ ഒന്നേമുക്കാൽ ലക്ഷത്തിൽ ചില്വാനം രൂപാ കൂടുതൽ വരവുവരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഇപ്പോൾതന്നെ ഓരോ താലൂക്കിലുമുള്ള കൺട്രാക്ടന്മാർ എല്ലാം കൂട്ടംകൂടി ഡെപ്യൂട്ടേഷനായും മററും തലസ്ഥാനനഗരിയിൽ വന്നുതുടങ്ങിയിട്ടുണ്ട്. അവരെ തൽക്കാലം കൗശലംപറഞ്ഞു അയക്കാൻ സാധിക്കുമെങ്കിലും പിൽക്കാലത്തേക്കു അങ്ങിനെ പറഞ്ഞയക്കാൻ സാധിക്കാത്തവിധത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുകയിൽ വലുതായ കുറവു വരുമെന്നു വിചാരിക്കാതിരിക്കാൻ രാജ്യത്തിൻെറ സ്ഥിതിയും ലോകത്തിൻെറ ഗതിതന്നെയും അശേഷം അനുവദിക്കുന്നില്ല. മദ്യവർജ്ജനം എന്നുള്ള സംഗതിയിൽ ജനങ്ങൾ സാമാന്യത്തിലധികം ഇളകിവശരായിട്ടുണ്ട്. ജനങ്ങളുടെ ആവശ്യത്തിനു തക്കവണ്ണം ആഹാരസാധനങ്ങൾ ഉണ്ടാക്കികൊടുക്കേണ്ടതിനു വേണ്ട വ്യവസ്ഥചെയ്യേണ്ടതു് ഗവൺമെൻറിൻെറ കടമയാണ്. ഈ സാധനങ്ങൾ ആവശ്യംപോലെ കൊടുക്കേണ്ടതാണെന്നു എക്സൈസ് കമ്മിഷണർ ഒന്നിലധികംപ്രാവശ്യം പറഞ്ഞിട്ടുണ്ട്. കള്ളോ അതുപോലുള്ള മററതരത്തിലുള്ള സാധനങ്ങളോ വിററ്, അതായതു വിഷദ്രവ്യങ്ങൾ കച്ചവടംചെയ്തു, ജനങ്ങളുടെ ശാരീരികമായും സാമ്പത്തികമായും ആത്മീകമായും നാശകരവും എന്നല്ല അവരുടെ പരലോകഗതിയെത്തന്നെയും നശിപ്പിക്കത്തക്കവിധത്തിലുമായിട്ടുള്ള ഈ വിഷദ്രവ്യത്തെ ജനങ്ങളുടെ ആവശ്യത്തിനു തക്കവണ്ണം കൊടുക്കണമെന്നു കമ്മിഷണരെക്കൊണ്ടു പറയിച്ച ഗവൺമെൻറിൻെറ നയം ആശാസ്യമാണെന്നു എനിക്കു തോന്നുന്നില്ല. ഇതു കമ്മിഷണരുടെ സ്വന്ത അഭിപ്രായമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വിധത്തിൽ ജനങ്ങളെദ്രോഹിച്ചു ജനങ്ങളുടെരക്തം വാരന്നട്ടു ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി പുലത്തുന്ന ഒരു സ്ഥാപനമല്ലെന്നുംജനങ്ങൾക്കു അഭിവൃദ്ധിയുണ്ടാക്കുന്നതിനുള്ളതാണെന്നും ഗവൺമെൻറു വിചാരിക്കുന്നു എങ്കിൽ അതുകൊണ്ടു യാതൊരു ഗുണവുമില്ല. ജനങ്ങൾക്കു മദ്യപാനം അത്യന്തം ആപൽക്കരമാണെന്നു ഞാൻ പറയാതെതന്നെ ഈ കൌൺസിലിൽ ഇരിക്കുന്ന എല്ലാവർക്കും അറിയാമെന്നുള്ളതും എല്ലാവരും ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതും ബാക്കിയുള്ളവരും ഇനി പുറപ്പെടുവിക്കുമെന്നുള്ളതും നിശ്ചയമാണ്. ന്യായമായ പന്ഥാവിൽകൂടി അതിൻെറ ദൂഷ്യത്തെ പരിഹരിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പൗരപ്രമാണികളുടെമേൽ ബലാൽപ്രയോഗം മുതലായ കഠിനക്രിയകൾകൊണ്ട് അവരെ അമർത്തിക്കളയാമെന്നു വിചാരിക്കുന്നു എങ്കിൽ ഉത്തരഇൻഡ്യയിൽ നടക്കുന്നപോലെയുള്ള അനിഷ്ടസംഭവങ്ങൾ നമ്മുടെ നാട്ടിലും ഉണ്ടാകാതിരിക്കുകയില്ലെന്നു ഞാൻ ഒരു ദീർഘദർശിത്വം അറിയിച്ചുകൊള്ളുന്നു. ലാത്തികണ്ടു ഭയന്നു നാടുവിട്ടു ഓടിക്കളയുന്നവരാണ് തിരുവിതാംകൂർകാർഎന്നു വിചാരിക്കുന്നതു സാഹസംതന്നെയാണ്, (ഹിയർ) സർ ഹാർക്കോട്ടു ബട്ട്ലർ ഇംഗ്ലണ്ടിൽവച്ചുചെയ്ത പ്രസംഗത്തിൽ ഭാരതത്തിലെ നാട്ടുരാജ്യങ്ങളിൽ അദ്ദേഹത്തിനു വളരെ സന്തോഷകരമായിട്ടുള്ളതു തിരുവിതാംകൂർ ആണെന്നും വിദ്യാഭ്യാസവിഷയത്തിലും രാഷ്ട്രീയജ്ഞാനത്തിലും മുന്നിട്ടുനിൽക്കുന്നതു തിരുവിതാംകൂർ നിവാസികളാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതി അറിയാത്തവരായി അധികം ആളുകൾ ഇവിടെ കാണുമെന്നു തോന്നുന്നില്ല. ഇത്രത്തോളം വിദ്യാസമ്പന്നന്മാരായ പൗരപ്രമാണികൾ ന്യായമായ പന്ഥാവിൽകൂടി മദ്യവർജ്ജനം നടത്തിയാൽ അവരുടെമേൽ മർദ്ദനനയംനടത്തി ഇളക്കിക്കളയാമെന്നു വിചാരിക്കുന്നുഎങ്കിൽ അതു വളരെ സാഹസമാണ്. അതിനെപ്പററി ശരിയായ അറിവു എനിക്കു കിട്ടാത്തതുകൊണ്ടാണ് ഞാൻ അതു തീർച്ചപ്പെടുത്തിപ്പറയാതിരിക്കുന്നതു്. ഏതാനും കൺട്രാക്ടന്മാർകൂടിയ ഒരു യോഗത്തിലെ നിശ്ചയങ്ങളുടെ പകർപ്പു ഇന്നു എനിക്കു കിട്ടിയിരിക്കുന്നു. ഇവിടെ മദ്യവർജ്ജനപ്രക്ഷോഭണം തുടങ്ങിയിരിക്കുന്നു. അതിനെ ഗവൺമെൻറിൽനിന്നും പാടെ ഉന്മൂലനംചെയ്യണം; ഗവൺമെൻറിലേക്കു അടയ്ക്കാനുള്ളതുക അടച്ചുതീർക്കാൻ സാധിക്കുകയില്ല. എന്നുംമററും വിവരിച്ചിരിക്കുന്നു. ഈ സംഗതിയെസംബന്ധിച്ചു ഈ കൌൺസിലിൻെറമുമ്പാകെ എനിക്കു പറയാനുള്ളതു പറയണമെന്നു എഴുതിയിട്ടുണ്ട്, രാജ്യത്തിൽ ഒട്ടുക്കു വർദ്ധിച്ചിരിക്കുന്ന ക്ഷാമത്തിൻെറ ആധിക്യംനിമിത്തം തൽക്കാലം അവർ ഒടുക്കേണ്ട സംഖ്യയ്ക്കു രണ്ടോ മൂന്നോ മാസത്തെ അവധികൊടുത്തു അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടു പോകുന്നതിനു ഗവൺമെൻറിൽനിന്നും ശ്രമിക്കണമെന്നല്ലാതെ കൂട്ടമായി അവർ ആവശ്യപ്പെടുന്ന സംഖ്യകുറച്ചുകൊടുക്കണമെന്നോ ഗവൺമെൻറിൻെറ മർദ്ദനനയം ഉപയോഗിച്ചു മദ്യവർജ്ജനപ്രക്ഷോഭകന്മാരെ ആട്ടിപ്പായിക്കണമെന്നോ ഈ കൌൺസിലിനെ ഉപദേശിക്കാൻ എനിക്കു ധൈര്യംവരുന്നില്ല. അവർക്കു സഹിച്ചുകൂടാത്ത ആയാസം വരുന്നതാൽ ആ കാലത്തു അതിനെപ്പററി ആലോചിക്കാമെന്നല്ലാതെ ഇപ്പോൾ ഒന്നുംതന്നെ ചെയ്യണമെന്നു എനിക്കു അഭിപ്രായമില്ല. ആകപ്പാടെ ബഡ്ജററിൽ അങ്ങിനെ ഉദ്ദേശിച്ചിരിക്കുന്ന തുക വരികയില്ല, ൧,൧൦,൦൦൦ രൂപാ കൂടുതൽ ഉണ്ടാകുമെന്നാണു ഉദ്ദേശിച്ചിരിക്കുന്നതു്. ഇങ്ങിനെ ഒരു തുക മിച്ചംവരുത്തണമെങ്കിൽ ചിലവിനത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യ പതിവുപോലെ ചിലവുചെയ്യാതെയിരുന്നാലല്ലാതെ സാധിക്കുകയില്ല. കൃഷിക്കാരായ ആളുകളുടെ എല്ലാ സാധനങ്ങൾക്കും വിലകുറവുനിമിത്തം അവർ അസാമാന്യമായി കഷ്ടപ്പെടുന്നു. റബ്ബർ ഉടമസ്ഥന്മാർ സിവിൽക്കോടതികളിൽ പ്രതികളായിത്തീർന്നിരിക്കുന്നു. പത്തിലധികം കേസുകൾ കോട്ടയത്തു ഡിസ്ട്രിക്ട്കോടതിയിൽ പതിഞ്ഞതായിട്ടു അവിടെനിന്നും പോരുന്നതിനുമുമ്പ് എനിക്കറിയാം. അതിൽപിന്നെ എത്രഎണ്ണം പതിഞ്ഞുഎന്നു അറിയാൻ പാടില്ല. റബ്ബറിൻെറ വിലകുറഞ്ഞുഎന്നല്ല അതിനെ പാകപ്പെടുത്തി വിലകിട്ടുന്നസ്ഥലത്തു അയയ്ക്കാനുള്ള ചിലവുപോലും അതിൽനിന്നും കിട്ടാത്തനിലയിലായിരിക്കുന്നു. അതുകൊണ്ടു റബ്ബർ കയററി അയക്കുന്നതിൽനിന്നുമുള്ള വരുമാനം തിരുവിതാംകൂറിൽ അടുത്തകൊല്ലം ഉണ്ടാകുമെന്നു വിചാരിക്കാൻ തരമില്ല. വളരെ വളരെ കടംകൊണ്ടു വിഷമിച്ചാണ് കൃഷിക്കാരായ ആളുകൾ ഇരിക്കുന്നതു്. അവരുടെ സങ്കടപരിഹാരത്തിനുവേണ്ടി പലിശഇല്ലാതെ ൫൦ രൂപാകൊടുത്തു ൧൦൦ രൂപാ ഉണ്ടെന്നു കണക്കിൽകാണിച്ചു ജനസാമാന്യത്തെ വ്യാമോഹിപ്പിക്കുന്നതിനു

നിക്ഷേപിച്ചിരിക്കുന്നതിനെ എടുത്തു സ്വൊത്തു ജാമ്യബാരാകം അതുപോലെയുള്ള മറ്റേതെങ്കിലും സ്ഥാപനമൊ ഏർപ്പെടുത്തി ഗവൎമ്മെണ്ടിൽനിന്നും സാധുക്കളായ ഈ കൃഷിക്കാരെ തൽക്കാലം സഹായിച്ചില്ലെങ്കിൽ രാജ്യത്തിനു വല്ലാത്തനാശം ഉണ്ടാകുമെന്നു ഞാൻ ഗവൎമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇതിലേക്കു യാതൊരുമാൎഗ്ഗവും ഈ ബഡ്ജറ്റിൽ പറഞ്ഞുകാണുന്നില്ല.

ക്ഷയരോഗ ആശുപത്രിക്കു ഒരു തുക, ഹെൽത്ത് ഡിപ്പാർട്ടുമെൻറിനു ഒരു തുക, ഇത്യാദിയായ തുകകൾ ഗവൎമ്മെണ്ടിൽനിന്നും അനുവദിച്ചിരിക്കുന്നതുകൊണ്ടു എനിക്കു ഗവൎമ്മെണ്ടിനെ തീരെ അഭിനന്ദിക്കാതെ വിട്ടുകളയുന്നതിനും സമ്മതമില്ല. എങ്കിലും രാജ്യത്തിലെ പൊതുവായ ക്ഷേമത്തിനു ഉപയോഗയോഗ്യമായി യാതൊന്നുംതന്നെ അതിൽ ഇല്ലെന്നു പറയാതിരിക്കുവാനും നിവൃത്തിയില്ല. പൂർവികകാലംമുതൽ ഉത്സാഹശീലന്മാരായ മരുമക്കത്തായ കുടുംബങ്ങളിലെ കാരണവന്മാർ വളരെ പ്രയത്നിച്ചു സമ്പാദിച്ചിട്ടുള്ള സ്വത്ത്— അവരുടെ അതികഠിനമായ പ്രയത്നംകൊണ്ടു ഉണ്ടാക്കീട്ടുള്ള സ്വത്ത് —തേക്കുവാനും വച്ചുതരാനും പാട്ടക്കാരിൽനിന്നും മറ്റും കഴിവുള്ളിടത്തോളമുള്ള ആദായം പിരിച്ചെടുത്തും, പിറവും, ആദായമുണ്ടാക്കി അതു വേണ്ടതിനു ചിലവുചെയ്യാതെ തൻെറ ഇഷ്ടംപോലെ ചിലവുചെയ്യുന്ന കാരണവൻെറ അവസ്ഥയാണു ഇന്നത്തെ ഗവൎമ്മെണ്ടിനെപ്പററി തോന്നിപ്പോകുന്നതു്.

ഇനി ഗതാഗതമാൎഗ്ഗങ്ങൾക്കു ഗവൎമ്മെണ്ടിൽനിന്നും ചിലവാക്കുന്ന തുകയെക്കുറിച്ചു ആലോചിക്കുന്നതായാൽ അതു അത്രയും നിലയും വിലയുമുള്ള ആളുകൾക്കുവേണ്ടി ചിലവുചെയ്യുന്നു. എൻെറ സ്നേഹിതൻ പറഞ്ഞതുപോലെ ആളുകളുടെ അവസ്ഥാനുസരണമാണു് അതു ചിലവുചെയ്യുന്നതു. വലിയ ഉദ്യോഗസ്ഥന്മാർക്കു ഗതാഗതമാൎഗ്ഗങ്ങൾ ധാരാളം ഉണ്ടാകുന്നു. അതുപോലെ ധനികന്മാരും ധനവാന്മാരും ഉള്ള ഭാഗങ്ങളിലും ധാരാളം ഉണ്ടാകുന്നു, സാമാന്യജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ നടന്നുപോകണമെങ്കിൽ കയ്യിലെൻെറ മുട്ടു കാപ്പാതിയുകയോ പല്ലു് തകർക്കുകയോ ചെയ്യാതെ സാധിക്കയില്ല. കൃഷിക്കാൎക്കുവേണ്ടി ഗവൎമ്മെണ്ടു ചെയ്യുന്ന സഹായം ആണ്ടുതോറും കുറച്ചു കുറച്ചു കുറച്ചു കൃഷിസാധനമാൎഗ്ഗങ്ങളിലേക്കു നിശ്ചയിക്കുന്ന സംഖ്യകൾ കുറഞ്ഞുവരുന്നതല്ലാതെ കൂടിവരുന്നതായിട്ടു രണ്ടു മൂന്നു കൊല്ലത്തെ കണക്കുകളിൽ എങ്ങും കാണുന്നില്ല. ഉത്തരതിരുവിതാംകൂർ ഈ രാജ്യത്തിൻെറ ഒരംശമാണെന്നുപോലും തിരുവിതാംകൂർ ഗവൎമ്മെണ്ടു ഗണിച്ചിട്ടില്ലെന്നു തോന്നിപ്പോകുന്നു. ഈ ഗവൎമ്മെണ്ടിൻെറ കാലത്തെങ്കിലും ഈ ചിററമ്മനയം മാറുമെന്നാണു വിചാരിച്ചിരുന്നതു്, എന്നാൽ ഫലം നേരെമറിച്ചാണ്, യാതൊരു വ്യത്യാസവും കാണുന്നില്ല. ഉത്തരതിരുവിതാംകൂറിൽ നേരിയമംഗലം-പള്ളിവാസൽ റോഡിനൊ, അല്ലെങ്കിൽ തോട്ടക്കാൎക്കു ആവശ്യപ്പെട്ട റോഡിനൊ ആയിട്ടു അല്ലാതെ വേറെ യാതൊരുവേലയ്ക്കും പറയത്തക്കവണ്ണം ചിലവുചെയ്തിട്ടുള്ളതായി ബഡ്ജററുകൊണ്ടു കാണുന്നില്ല. രാജ്യത്തിനു അഭിവൃദ്ധിയുണ്ടാകത്തക്കവിധത്തിൽ യാതൊരു സംഖ്യയും ചിലവുചെയ്യുന്നില്ല.

പിന്നെ അനാവശ്യമായ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നു. ആരും അറിയാതെതന്നെ ചില ഉദ്യോഗങ്ങൾ ഏർപ്പെടുത്തുന്നു. അധികാരികൾക്കു ആവശ്യമുള്ളതെന്നു തോന്നുന്ന—ഇഷ്ടമെന്നുതോന്നുന്ന—ആളിനു ശമ്പളം കൂടുതൽകൊടുക്കുന്നതിനു ഗവൎമ്മെണ്ടിനു യാതൊരുമടിയുമില്ല. രാപ്പകൽ കഷ്ടപ്പെട്ടു ദിവസം കഴിച്ചുകൂട്ടുന്നവരും ഏതുസമയത്തും ജോലിചെയ്യുന്നതിനു സന്നദ്ധരായിരിക്കേണ്ടവരും ആയ കാൺസ്റ്റബിൾമാർക്കു ശമ്പളം കൂടുതൽകൊടുക്കണമെന്നു എത്രയോ കാലമായി പൊതുജനപ്രതിനിധികൾ ഗവൎമ്മെണ്ടിനോടു പറയുന്നുണ്ടു്. എന്നാൽ ഇപ്പോൾ കൊടുത്തിട്ടില്ല എന്നു പറയാൻവയ്യ. അരരൂപയോ ഒരുരൂപയോ കരുണതോന്നിയ ഗവൎമ്മെണ്ടു കൂടുതൽകൊടുത്തിരിക്കുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൎമ്മെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): ഒൻപതുരൂപക്കാരനു് ഏഴു രൂപാ കിട്ടും.

മി. ആർ. രാമസ്വപിള്ള (കോട്ടയം): എന്നാൽ ഒന്നോ രണ്ടോ മൂന്നോ മണിക്കൂർമാത്രം ഉള്ള ജോലിയിൽ ശരീരപ്രയത്നം ലേശവും ഇല്ലാതെ കഴിച്ചുകൂട്ടുന്ന ആളുകൾക്കു പത്തോ അൻപതോ നൂറോ തോന്നിയതുപോലെ കൊടുക്കുന്നതിനു ഗവൎമ്മെണ്ടിനു യാതൊരുമടിയും കാണുന്നില്ല. അതിനാൽ ഈ കൌൺസിലിലെ സാമാജികന്മാർ, ഓരോ ഡിമാൻഡും അനുവാദത്തിനു വരുന്നസമയം പ്രത്യേകം ഓൎമ്മിച്ചു പ്രവൃത്തിക്കേണ്ടതാണെന്നു ഞാൻ പറയേണ്ട ആവശ്യമില്ല. എന്നെക്കാളും കാൎയ്യവിവരവും യോഗ്യതയുമുള്ള ആളുകൾ നിറഞ്ഞിരിക്കുന്ന ഒരു സഭയാണു് ഇതു്. കഴിഞ്ഞകൊല്ലം അഞ്ചൽഡിപ്പാർട്ടുമെൻറിലെ ക്ലാർക്കന്മാൎക്കു ഒരു നല്ലസംഖ്യ കൊടുക്കുന്നതിനു പണം ഉണ്ടായിരുന്നു. ദിവസേന അൻപതും അറുപതും മൈൽവീതം ചുററിസഞ്ചരിക്കേണ്ടവരായ സാധുക്കളുടെ കാൎയ്യംവന്നപ്പോൾ തുച്ഛമായ സംഖ്യയിലാണു് കലാശിപ്പിക്കാൻ പോകുന്നതു്.

ഇപ്പോൾ ആയുൎവ്വേദബോർഡിനു് ഒരു പഞ്ചകോൺ പാലകുട്ടി സ്ഥാപിക്കാൻപോകുന്നതായിട്ടു ബഡ്ജററിൽകാണുന്നു. മെഡിക്കൽബോർഡുതന്നെ ആവശ്യമില്ല. അതിലെനിയമത്തി ഉത്തമനായ ഒരു ഡർബാർ ഫിസിഷ്യൻെറ ഭരണത്തിൻകീഴിൽ വയ്ക്കണമെന്നു ഈ കൌൺസിലിൽ ഒരു കട്ട്മോഷൻ കൊണ്ടുവന്നു പാസാക്കീട്ടുണ്ടു്. അങ്ങിനെ നിങ്ങൾ പറയുന്നുഎങ്കിൽ ഞങ്ങൾ നിങ്ങൾക്കു ഒന്നുകൂടെ തരുന്നുണ്ടു് എന്നമാതിരിയിലാണു മെഡിക്കൽ ബോർഡിനു അടുത്തതായി ഒരു ആയുർവേദ പാലകുട്ടി ഉണ്ടാക്കാൻപോകുന്നതു എന്നു തോന്നുന്നു.

ഇപ്പോൾ നമ്മുടെരാജ്യത്തു വിദ്യാഭ്യാസമേധാവിയായിവന്നിട്ടുള്ള മഹാത്മിനെകുറിച്ചു എനിക്കു ലേശവും അതൃപ്തിതോന്നിയതുകൊണ്ടു ഇതു പറയുകയാണെന്നു ആരും വിചാരിക്കരുതു്. അദ്ദേഹത്തെകുറിച്ചു തൽക്കാലം തൃപ്തിഉണ്ടാകാനല്ലാതെ വഴിയില്ല. അദ്ദേഹത്തിൻെറ യോഗ്യതായോഗ്യതകൾ അറിയുന്നതിനുമുമ്പു അദ്ദേഹത്തിനോടു ഒരിക്കലും അതൃപ്തിവിചാരിക്കാൻ പാടില്ല. ഇപ്പോഴത്തെ ഈ കൌൺസിൽ പോലും ഒരു മഹത്തിനോടു ഒരിക്കലും അതൃപ്തിവിചാരിക്കാൻ പാടില്ല. തിരുവിതാംകൂർ രാജ്യത്തിലെ ജനങ്ങളുടെ സ്ഥിതിഗതിസത്തം എന്നമാത്രമെ ഗവൎമ്മെണ്ടു വിചാരിക്കുന്നുള്ളു. തിരുവിതാംകൂർ രാജ്യത്തിലെ ജനങ്ങളുടെ സ്ഥിതിഗതികളേയും അവരുടെ മനസ്ഥിതികളേയും അവരുടെ നന്മയേയും രാജ്യത്തിൻെറ പൌരാണികചരിത്രം ശരിയായി അറിയാവുന്നവനായ ഒരു തിരുവിതാംകൂറുകാരനേയൊ അഥവാ ഒരു ഭാരതീയനേയൊ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൻെറ മേധാവിയായിവച്ചാൽ ഉള്ള ഗുണം എത്രതന്നെ വിദഗ്ദ്ധനായ ഒരു പരദേശീയനെ നിയമിച്ചാൽ ഉണ്ടാകുമൊഎന്നു സംശയമാണു്. ഒരുകാലത്തു ബ്രിട്ടീഷ്കാൎക്കു ഗുമസ്തന്മാർ ആവശ്യമുണ്ടെന്നു കണ്ടിട്ടു അവരെ സൃഷ്ടിക്കുന്നതിനുതകുന്നതായ ഒരു വിദ്യാഭ്യാസപദ്ധതി അവർ ഏർപ്പെടുത്തി. അതിനെ പിന്തുടൎന്നു

ഇന്നു സർക്കാർ ഉദ്യോഗത്തിനും അതുപോലുള്ള തൊഴിലിനും മാത്രം അല്ലാതെ മറ്റൊന്നിനും ശരിയാകുംവണ്ണം കൊള്ളരുതാത്ത ആളുകളെ പ്രസവിച്ചു് അയക്കുന്നതാണു് നമ്മുടെ വിദ്യാശാലകളും സർവകലാശാലയും. ഇതിനു ഒരു വ്യത്യാസമുണ്ടാക്കി സർവകലാശാലകളിൽനിന്നും സ്കൂളുകളിൽനിന്നും പുറത്തിറങ്ങുന്ന ആളുകൾക്കു തനിയെ തൊഴിൽചെയ്തു അവരവരുടെ ഉപജീവനമാർഗ്ഗങ്ങൾ ഉണ്ടാക്കിത്തീർക്കത്തക്കവണ്ണം അവരെ ശക്തന്മാരാക്കിത്തീർക്കുന്നതിനു പറ്റിയ ഒരു വിദ്യാഭ്യാസനയം ഉണ്ടാക്കണമെന്നു ഈ കൗൺസിലിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. അതിനുവേണ്ട സംഗതികൾ ആലോചിച്ചുകൊണ്ടിരിക്കുന്നു. താമസിയാതെ ഉണ്ടാകുമെന്നു അർത്ഥമാക്കത്തക്കവണ്ണം ഇതിനുമുമ്പിരുന്ന വിദ്യാഭ്യാസമേലധ്യക്ഷൻ പറയുകയും ചെയ്തിട്ടുണ്ടു്. അതു അദ്ദേഹം പറഞ്ഞുഎങ്കിലും അദ്ദേഹത്തോടുകൂടി പോയിഎന്നു വിചാരിക്കാതെ തരമുള്ളു.

ടോൾ നിറുത്തണമെന്നു നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പെ ഈ കൗൺസിലിൽ ഒരു പ്രമേയം പാസാക്കീട്ടുണ്ടായിരുന്നു. ഇപ്പോൾ ദിവസംപ്രതി അല്ലെങ്കിലും വർഷംപ്രതി ടോൾ വർദ്ധിപ്പിച്ചുവരികയാണു ചെയ്യുന്നതു്. ഇരുപതുപേർ കയറുന്ന ഒരു ബസ്സിൽകയറി കുമിളിവരെപോയി തിരിയെ വരുന്നതിനു ഇരുപത്തൊന്നുരൂപ ടോൾ കൊടുക്കണം; രണ്ടുദിവസംകൊണ്ടെ പോയി തിരികെ വരികയുമുള്ളു. എന്നാൽ ദരിദ്രരായ സാധുക്കളിൽ ഏഴോ എട്ടോപേർ തികച്ചു ഈ ബസ്സിൽ കയറുന്നതിനു കിട്ടാറില്ല. അങ്ങനെ കിട്ടാതെവരുന്നതുകൊണ്ടു ഈ ബസ്സുടമസ്ഥന്മാർ നശിക്കാറായിരിക്കുന്നു എന്നു പറഞ്ഞാൽ കുറെ കടന്നുപോകും. ഏകദേശം ആ പതനംവരെ എത്തിയിട്ടുണ്ടെന്നു പറയാം.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. രാമൻപിള്ളേ, നിങ്ങളുടെ സമയംകഴിഞ്ഞു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മിഷണർ): പോലീസ്ഡിപ്പാർട്ടുമെൻറിലെ കീഴ് സിൽബന്തികളുടെ ശമ്പളക്കൂടുതലിനു മെമ്പർ ശിപാർശചെയ്തു. എന്നാൽ ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിലെ സിൽബന്തികളുടെ ശമ്പളക്കൂടുതലിനെപ്പറ്റി അദ്ദേഹത്തിനു യാതൊന്നും പറയുവാനില്ലയോ എന്നു ഞാൻ മെമ്പറോടു ചോദിക്കട്ടെയോ. (ചിരി).

മി. ആർ. രാമൻപിള്ള (കോട്ടയം): മെമ്പർ പറഞ്ഞതു കേൾക്കാത്തതിൽ ഞാൻ മനസ്താപിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂ ആൻഡ് ഇൻകംടാക്സ് കമ്മിഷണർ): താലൂക്ക ശിപായിമാരുടെ ശമ്പളക്കൂടുതലിനെപ്പറ്റി മെമ്പർക്കു യാതൊന്നും പറയുവാനില്ലയോ എന്നു ഞാൻ അറിവാൻ ആഗ്രഹിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ആ വിഷയത്തിന്റെ പ്രാധാന്യത്തെ വിചാരിച്ചു ഞാൻ അതിനെക്കുറിച്ചു ഉടൻതന്നെ സംസാരിക്കാം. അതിനായിട്ടു ൫ മിനിട്ടു കൂടുതൽസമയം തരണമെന്നു ഞാൻ പ്രസിഡൻറിനോടപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: ഞാൻ നിങ്ങൾക്കു ൨ മിനിട്ടു അനുവദിക്കാം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതക്കുറവുകൊണ്ടു—പരീക്ഷായോഗ്യത മാത്രമല്ല കാര്യക്ഷമതയുണ്ടാക്കുന്നതു്—പല സംഗതികളിലും വീഴ്ചയും കുഴപ്പവും കിടക്കുന്നുണ്ടു്. ഇനിമേൽ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വയസ്സ് ഇത്രയാണെന്നു സ്കൂൾറിക്കാർഡോ കലാശാലറിക്കാർഡോ പരിശോധിച്ചതിനുശേഷമല്ലാതെ ആക്കരുതു എന്നു ഞാൻ ഗവൺമെൻറിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

പകുതി ഉദ്യോഗസ്ഥന്മാർ എന്നൊരുകൂട്ടം ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്. അവർക്കിന്നും ഒരുകെട്ടു എഴുത്തു എഴുതിക്കിട്ടിയിട്ടുണ്ടു്. അതുപോലെ എല്ലാസ്റ്റേഷന്മാർക്കും കിട്ടീട്ടുണ്ടു്. വീണ്ടും എഴുത്തുകൾ വന്നുകൊണ്ടും ഇരിക്കുന്നുണ്ടു്. അവരെ പകുതി ഉദ്യോഗസ്ഥന്മാരാക്കിയിരിക്കുന്നതു സങ്കടമാണു്. അവരെക്കാൾ കുറഞ്ഞശമ്പളം മേടിക്കുന്നവരും മുഴുവൻ ഉദ്യോഗസ്ഥന്മാരാണു് (ചിരി). പിന്നീടു അവർക്കു ഈ പകുതിക്കച്ചേരികളിൽ ഇരിക്കാൻ നിവൃത്തിയില്ല. വരുന്ന ഉദ്യോഗസ്ഥന്മാർക്കൊക്കെ വട്ടംകൂട്ടികൊടുക്കണം. എഴുന്നള്ളത്തിനു വട്ടംകൂട്ടണം. പിന്നെ വിശേഷത്തിനും വല്ല അതിഥികളും വരികയാണെങ്കിൽ അവർക്കു വേണ്ടതൊക്കെ ചട്ടംകെട്ടണം. എന്നാൽ ഇവരുടെ ശമ്പളംനോക്കിയാൽ വളരെ കഷ്ടമാണു്. അതിനു ഒരു പരിഹാരം ഉണ്ടാക്കുന്നതിനു അനാവശ്യമായ ശമ്പളങ്ങളെ കുറച്ചു ആവശ്യപ്പെട്ടതായ ഈ സാധുക്കൾക്കു കൊടുക്കുന്നതിനു ഗവൺമെൻറു വേണ്ടതു ചെയ്യണമെന്നു ഞാൻ ഗവൺമെൻറിനോടു ഉപദേശിച്ചുകൊള്ളുന്നു.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഇത്തവണത്തെ ബഡ്ജറ്റിന്റെ ക്രമീകരണവും, അതിനെ ആസ്പദമാക്കി ഫൈനാൻഷ്യൽ സെക്രട്ടറിചെയ്ത പ്രസംഗവും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു മെച്ചമായിട്ടുണ്ടു്. ഈ വിഷയത്തിൽ ഫൈനാൻഷ്യൽ സെക്രട്ടറിയെ പ്രത്യേകം അനുമോദിക്കേണ്ടിയിരിക്കുന്നു.

ഇതു പക്ഷേ ബഡ്ജറ്റിന്റെ ബാഹ്യമായ കാഴ്ചയിൽമാത്രം തോന്നുന്ന ഒരു അഭിപ്രായമാണു്. എന്നാൽ ഈ ബഡ്ജറ്റിന്റെ അന്തർഭാഗത്തിൽ കടന്നു പരിശോധിക്കുമ്പോൾ കഠിനമായ നിരാശയല്ലാതെ അല്പമെങ്കിലും സന്തോഷത്തിനു വഴികാണുന്നില്ല.

തിരുവിതാംകൂർ ഗവൺമെൻറിന്റെ കോശസ്ഥിതി, ഞങ്ങളുടെ അഭിപ്രായത്തെ ആദരിച്ചുള്ള വരവു ഇനങ്ങൾവഴിയായിട്ടല്ലെങ്കിലും, ആണ്ടുതോറും വർദ്ധിച്ചുവരികയായിരുന്നു എന്നുള്ളതിനു സംശയമില്ല. രാജ്യത്തിന്റെ ഐശ്വര്യത്തിനും ജനങ്ങളുടെ ക്ഷേമത്തിനും നിദാനമായിത്തീരത്തക്കവണ്ണം അടുത്തകൊല്ലത്തിൽ നടപ്പാക്കേണ്ട പുതിയ പദ്ധതികൾ ആദ്യമായി നിർണ്ണയിച്ചു് അതിലേയ്ക്കു ആവശ്യമുള്ള ചിലവു കണക്കാക്കുകയും ഈ ചിലവിനു തികയത്തക്കവണ്ണംമാത്രം വരവു വസൂൽചെയ്യുകയുമാണു് ബഡ്ജറ്റക്രമീകരണത്തിൽ ഇന്നു സകല പരിഷ്കൃതഗവൺമെൻറുകളും അംഗീകരിച്ചിരിക്കുന്ന സുസമ്മതമായ നയം. എന്നാൽ തിരുവിതാംകൂറിലെ ബഡ്ജറ്റക്രമീകരണസമ്പ്രദായം ആ വിധത്തിലുള്ളതല്ല. ഇവിടെ ജനഹിതത്തെ ഗണ്യമാക്കാതെ ഗവൺമെൻറിനിഷ്ടംപോലെ വരവുഇനങ്ങൾ വർദ്ധിപ്പിക്കുകയും ഈ വരവിനു അനുസരണമായ ചിലവുകളുൾക്കൊള്ളിച്ച ബഡ്ജറ്റു നിർമ്മിക്കുകയുംചെയ്തുവരുന്നു. ഇതു ഒട്ടുംതന്നെ അഭിലഷണീയമായ നടപടിയല്ല. ആക്ഷേപയോഗ്യമായ ഈ സമ്പ്രദായത്തിൽതന്നെ ഇവിടത്തെ കോശസ്ഥിതിക്കു അധഃപതനവും തന്നിമിത്തം നമ്മുടെ ഗവൺമെൻറിനു പരാജയവുമാണു പറ്റിയിരിക്കുന്നതെന്നു പതിനെട്ടുകൊല്ലത്തെ ബഡ്ജറ്റു സൂക്ഷ്മമായി പരിശോധിച്ചാൽ ആർക്കും മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഇതിന്റെ വാസ്തവം [illegible], [illegible], [illegible] ഈ കൊല്ലങ്ങളിലെ കണക്കുകൾകൊണ്ടുതന്നെ ഞാൻ തെളിയിക്കാം.

൧൧൦൮-ൽ ഈ സംസ്ഥാനത്തെ വരവു [illegible] ലക്ഷം രൂപയും ചിലവു [illegible] ലക്ഷം രൂപയും ബാക്കി [illegible] ലക്ഷം രൂപയും ഗവൺമെൻറുകണക്കിൽ ആകെ ബാക്കി [illegible] ലക്ഷം രൂപയും ആയിരുന്നു. ൧൧൦൯-ൽ ആകെയുള്ള വരവു [illegible] ലക്ഷം രൂപയും ചിലവു [illegible] ലക്ഷം രൂപയും മിച്ചം [illegible] ലക്ഷം രൂപയും ആകെ ബാക്കി [illegible] ലക്ഷം രൂപയുമാണ്. [illegible] ൧൧൧൦-ലെ [illegible] ൧൧൦൯-ൽ വരവു കുറയുകയും ചിലവു കൂടുകയുമാണുണ്ടായിട്ടുള്ളതെന്നു കാണാം.

൧൧൧൧-ൽ പ്രതീക്ഷിക്കുന്ന വരവു [illegible] ലക്ഷം രൂപയും ചിലവു [illegible] ലക്ഷം രൂപയും മിച്ചം [illegible] ലക്ഷം രൂപയുമാണ്. [illegible] ഗവൺമെൻറു കണക്കിൽ [illegible] ലക്ഷം രൂപ ബാക്കിയുണ്ടായിരിക്കുമെന്നും ഗവൺമെൻറു പ്രതീക്ഷിക്കുന്നു. [illegible] ലെ വരവിനെയും ചിലവുബാക്കിയേയും സംബന്ധിച്ച ഗവൺമെൻറു അഭിപ്രായപ്പെട്ടിട്ടുള്ള ഈ കണക്കുകൾ [illegible] വ്യർത്ഥ സ്വപ്നംകാണലായിരിക്കുമെന്നാണ് എൻറെ വിശ്വാസം.

ഗവൺമെൻറു പ്രതീക്ഷിക്കുന്ന [illegible] ലക്ഷത്തിൽപരം രൂപ വരുംകൊല്ലത്തിൽ [illegible] ഒരിക്കലും സാധിക്കുന്നതല്ല.

[illegible] വരവുകളിൽ ഗവൺമെൻറു [illegible] ഒരു പ്രധാനപ്പെട്ട എക്സൈസ് റെവന്യൂവാണ്.

ഈ ഇനത്തിൽ ൧൧൦൮-ൽ [illegible] രൂപ വരവുള്ള [illegible] രൂപയായി വർദ്ധിക്കുമെന്നു ഗവൺമെൻറു പ്രതീക്ഷിക്കുന്നു. [illegible] അബ്കാരിയും കറുപ്പും ഇനത്തിലുള്ളതാണ്. ഈ രാജ്യത്തു [illegible] താലൂക്കുകളിലും ഇപ്പോൾ [illegible] സ്ഥാനം [illegible] ഗവൺമെൻറിന [illegible] മദ്യപാനംകൊണ്ടു സാമ്പത്തികമായും സന്മാർഗ്ഗികമായും ആരോഗ്യപരമായും [illegible] ഈ [illegible] ഇപ്പോൾ [illegible] ഉൾപ്പെടെ [illegible] സകല ജനങ്ങളുടേയും ഇപ്പോഴത്തെ [illegible] ഡിപ്പാർട്ടുമെൻറു [illegible] ജീവനക്കാർ [illegible] [illegible] കണ്ട്രാക്ടർമാർ [illegible] അബ്കാരി ഇനത്തിൽ പ്രതീക്ഷിക്കുന്ന വരവു വരുംകൊല്ലത്തിൽ ഗവൺമെൻറിനു കിട്ടു [illegible] ബോദ്ധ്യമാണ്.

ചേർത്തലതാലൂക്കിൽ ൧൧൦൮-ൽ [illegible] തെങ്ങു ചെത്തിയിരുന്നു. [illegible] പിതനായ അതിനെ [illegible] ൧൧൦൯-ൽ [illegible] തെങ്ങു കൂടുതൽ ചെത്തുകയാണു ചെയ്തിട്ടുള്ളതു. ൧൧൦൮-ൽ [illegible] തെങ്ങു [illegible] അന്നതിൽ ഏഴിൽ ഒരുഭാഗം അതായതു [illegible] തെങ്ങ് ചേർത്തലതാലൂക്കിലാണു ചെത്തപ്പെടുന്നതെന്നു ഗവൺമെൻറിൽനിന്നും അടിച്ചുവിട്ടിരിക്കുന്ന [illegible] ൽനിന്നും കാണാം. ഈ ചെത്തുവൃക്ഷങ്ങളുടെ കരംതന്നെ [illegible] ഒരു ലക്ഷം രൂപവരുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം മണ്ഡലം): എക്സൈസ് റെവന്യൂ ചേർത്തലതാലൂക്കിൽ നിന്നാം [illegible] കുറയുമെന്നാണ് പറയുന്നതു?

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): എൻറെ ഉദ്ദേശത്തിൽ എക്സൈസ് ഇനത്തിൽ ചേർത്തലതാലൂക്കിൽ വരുന്നകൊല്ലം വരാൻപോകുന്ന കുറവുകൊണ്ടുതന്നെ [illegible] ഡെഫിസിറ്റ് ബഡ്ജറ്റാകുമെന്നാണ്, എല്ലാ ഇനങ്ങളിലുംകൂടി മൂന്നുലക്ഷം രൂപ കുറവുവരുമെന്നു പ്രതീക്ഷിക്കാം.

ഡിപ്യൂട്ടിപ്രസിഡൻറു: ഗാലറിയിൽനിന്നും മേലാൽ ബഹളങ്ങളുണ്ടാകാൻ പാടില്ലെന്നു ഞാൻ വീണ്ടുംകൂടി മുന്നറിവുതന്നിരിക്കുന്നു.

ചേർത്തലതാലൂക്കിൽനിന്നും അബ്കാരിഇനത്തിൽമാത്രമുള്ള വരവിൽ മൂന്നു ലക്ഷം രൂപ കുറയുമോ?

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): അതെ, എല്ലാംകൂടി [illegible] ലക്ഷം രൂപയോളം കുറവുവരുന്നതാകും.

മി. എ. താണുപിള്ള (തിരുവനന്തപുരം): കണ്ട്രാക്ടർമാർ കാപ്പു [illegible] പിടിച്ചില്ലെങ്കിൽ ഗവൺമെൻറിനു ഇടപെടാൻ സാധിക്കുമോ?

മി. മുതുവേലിൽപാച്ചുപിള്ള (ചേർത്തല): ആ കാര്യം തർക്കത്തിൽകിടക്കുന്നതാണ്. [illegible] എക്സൈസ് [illegible] ജീവനക്കാർ [illegible] ടെൻഡർകണ്ട്രാക്ടർമാരിൽ [illegible] ഏർപ്പെടുത്തുന്നു [illegible] ട്ടിവച്ചാൽ [illegible] അവരെ [illegible] ചെയ്യുമെന്നു പറയുന്നു. സ്റ്റാമ്പ് പേപ്പറിൽ എഴുതിക്കൊടുക്കാതെ [illegible] അവരെ [illegible] ചെയ്യുകയില്ലെന്നും പറയുന്നു. ഈ തർക്കനിവൃത്തിക്കുവേണ്ടി എക്സൈസ് കമ്മീഷണർ അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹം ആരേയും നിർബ്ബന്ധിച്ചില്ല. പക്ഷേ ഗവൺമെൻറിൽനിന്നും ന്യായമായ നടപടികളെടുക്കുമെന്നു പറഞ്ഞതല്ലാതെ കമ്മീഷണർ ആരേയും നിർബ്ബന്ധിച്ചതായി അറിവില്ല.

മി. എം. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കണ്ട്രാക്ടർമാർ പിന്മാറിയാൽ ഗവൺമെൻറു ന്യായമായി നടക്കുമെന്നാണോ?

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): കീഴ്ജീവനക്കാർ ചെന്ന് കാപ്പുനടത്തിയില്ലെങ്കിൽ [illegible] ഏർപ്പെടുത്തുന്നതായി അറിയുന്നു. ഒരു കണ്ട്രാക്ടർ [illegible] കളൂമായിരപ്പുറം എന്നൊക്കെപ്പറഞ്ഞു [illegible] കണ്ട്രാക്ടേഴ്സ് എല്ലാംചേർന്ന് തങ്ങളെ ഇതിൽനിന്നും ഒഴിച്ചുതന്നാൽമതിയെന്നു കമ്മീഷണർക്ക് ഹർജി അയച്ചിരിക്കുന്നതായികേൾക്കുന്നു. ഇങ്ങനെയിരിക്കുന്നതുകൊണ്ടു ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരിക്കുന്ന റെവന്യൂ എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും വരുംകൊല്ലത്തിൽ കിട്ടുകയില്ല എന്നാണു എൻറെ അഭിപ്രായം.

അങ്ങിനെവരുമ്പോൾ ഈ ബഡ്ജറ്റ ഒരു കമ്മിബഡ്ജറ്റായി തീരുമെന്നുള്ളതും നിശ്ചയമാണ്. എന്നിരുന്നാലും ഗവൺമെൻറു ശുഷ്കാന്തിയോടുകൂടി എക്സൈസ് ഇനത്തിൽ അടുത്തകൊല്ലത്തിൽ രണ്ടു ലക്ഷം രൂപ കൂടുതൽ

പ്രതീക്ഷിക്കുന്നതു എന്തു ഉദ്ദേശത്തോടുകൂടിയാണെന്നു മനസ്സിലാകുന്നില്ല. അഥവാ മർദ്ദനനയംകൊണ്ടു മദ്യവർജ്ജനപ്രസ്ഥാനത്തെ ധ്വംസനംചെയ്തുകളയാമെന്നാണ ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദം ഗവണ്മെന്റിന്റെ പരാജയമായിരിക്കുമെന്നു ഞാൻ മുൻകൂട്ടി ഉൽബോധിപ്പിച്ചുകൊള്ളുന്നു. എന്നുമാത്രമല്ല, ഈ നയം ഗവണ്മെന്റിന്റെ പ്രഖ്യാപിത നയത്തിനു പ്രത്യക്ഷവിരുദ്ധമായിരിക്കുന്നതുമാണ്. അതിനാൽ മദ്യവർജ്ജനപ്രസ്ഥാനത്തെ ബന്ധിച്ചു ഗവണ്മെന്റിന്റെപേരിൽ ജനങ്ങൾക്ക ഇപ്പോഴുണ്ടായിട്ടുള്ള ആശങ്കകളെ ദൂരീകരിക്കുന്നതിനു അവരുടെ നയത്തെ പ്രബലപ്പെടുത്തി ഒരു പ്രഖ്യാപനം ഉടനെ പ്രസിദ്ധപ്പെടുത്തുകയും മദ്രാസ്, മൈസൂർ മുതലായ ഗവണ്മെന്റുകളെ അനുകരിച്ചു പ്രചരണവേലകൾക്കായി ഒരു ഫണ്ട് അനുവദിച്ച് ഈ പ്രസ്ഥാനത്തെ സകല വിധത്തിലും സഹായിക്കുകയും ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാകുന്നു.

ഗവണ്മെന്റ് ഇളക്കംകൂടാത്ത വരവു പ്രതീക്ഷിക്കുന്നതു ലാൻഡ്റവന്യൂ, ആദായനികുതി, രജിസ്ട്രേഷൻ മുതലായ വകുപ്പുകളിൽനിന്നാണ്. ഇതൊന്നും ശാശ്വതമായ വരവിനങ്ങളല്ല. ഈ രാജ്യത്തെ കൃഷിവ്യവസായങ്ങളെ പോഷിപ്പിക്കാതെ ഈ ഇനങ്ങളിലുള്ള വരവു വർദ്ധിക്കുന്നതിനും മാർഗ്ഗമില്ല. ഇവിടത്തെ കൃഷിക്കാരുടെ പരിതാപകരമായ നില അറിയണമെങ്കിൽ ആണ്ടുതോറും അവരെഴുതികൊടുക്കുന്ന തീറാധാരങ്ങളുടെയും, പണയാധാരങ്ങളുടെയും, കണക്കുകൾ പരിശോധിച്ചാൽ മതിയാകും. ഇവിടെ ഒരു ഉല്പന്നജാമ്യബാങ്ക് സ്ഥാപിക്കണമെന്നു ശബ്ദങ്ങൾ പലരൂപത്തിലായി മുഴങ്ങിക്കൊണ്ടിരിക്കുന്നതു പ്രധാനമായി കൃഷിക്കാരുടെ രക്ഷയെ ഉദ്ദേശിച്ചാണ്. ഈ നിയമസഭയിൽ പാസാക്കിയ ഒരു പ്രമേയംമൂലമായും ഇതിന്റെ അത്യാവശ്യം ഗവണ്മെന്റിനെ ധരിപ്പിച്ചിട്ടുള്ളതാണെങ്കിലും ഈ കാര്യത്തിൽ ശ്രദ്ധിച്ചു ഗവണ്മെന്റ് ഇതുവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ല.

എല്ലാററിലും ഉപരിയായി ഈ നാട്ടിലെ നാളീകേരം, കുരുമുളകുമുതലായ സാമാനങ്ങൾക്കുള്ള വിലയിപ്പോൾ ക്രമാതീതമായി ഇടിഞ്ഞുപോയിരിക്കുന്നു. ഇതുനിമിത്തം രാജ്യവാസികൾ വലിയ ക്ഷാമത്തിലും ആപത്തിലും അകപ്പെട്ടിരിക്കുന്നു. ഏററവും ഗൌരവതരമായ ഈ കാര്യത്തെപ്പററി ഗവണ്മെന്റ് യാതൊന്നുംതന്നെ ഇന്നു ഇതുവരെ ചിന്തിക്കകൂടെ ചെയ്തിട്ടില്ല. അവിചാരിതമായി നേരിട്ട ഇപ്രകാരമുള്ള ആപൽഘട്ടങ്ങളിൽ ജനങ്ങളെ കാത്തുരക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണെന്ന അവർ ഇനിയെങ്കിലും ഓർമ്മിക്കേണ്ടതാണ്.

ഇവിടെ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലോചിതമായ മാററങ്ങൾ വരുത്താഴികയാലും മററും തൊഴിലില്ലാത്തവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനെപ്പററി ആലോചിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ നിയമിക്കപ്പെട്ടിരുന്ന കമ്മിററിക്കാർ അവരുടെ റിപ്പോർട്ടു സമർപ്പിച്ചിട്ട് ഇപ്പോൾ കാലംകുറെ കഴിഞ്ഞിരിക്കുന്നു. ഈ കാര്യത്തിലും ഗവണ്മെന്റ മൌനം ദീക്ഷിക്കുന്നതല്ലാതെ യാതൊന്നുംതന്നെ പ്രവർത്തിച്ചുകാണുന്നില്ല. ഇന്നു സകലപരിഷ്കൃത ഗവണ്മെന്റുകളും അവരവരുടെ രാജ്യത്തെ കൃഷിവ്യവസായങ്ങളെ പോഷിപ്പിക്കുകയും തൊഴിലില്ലായ്മയെ പരിഹരിക്കുകയും ചെയ്യുന്നതിനു സർവ്വാത്മനാ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. ഇതിനുവേണ്ടി ലക്ഷക്കണക്കിനും കോടിക്കണക്കിനും അവർ പണവും, ദ്രവ്യവും, കടംവാങ്ങിട്ടുപോലും ചിലവുചെയ്തുകൊണ്ടിരിക്കുന്നു. ഈവക കാര്യങ്ങൾക്കു ഒന്നിനും യാതൊരു പ്രൊവിഷനും ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ കാണാത്തതു അത്യന്തം ശോചനീയമായിട്ടുള്ളതാകുന്നു.

ഇനി ചിലവുഇനങ്ങളിൽ ചിലതിനെപ്പററി പറയാം. അടുത്തകൊല്ലത്തിൽ ചിലവാക്കുവാൻ നിശ്ചയിച്ചിരിക്കുന്ന …൨൯ ലക്ഷം രൂപായിൽ സിംഹഭാഗവും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പടിമുതലായവയ്ക്കാണ്. ഇതുനോക്കിയാൽ ഇവിടെ നികുതിപിരിക്കുന്നതും മററു ഓരോ ഇനങ്ങളിൽ വരവ് വർദ്ധിപ്പിക്കുന്നതും പ്രധാനമായി ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാൻ വേണ്ടിമാത്രമാണോ എന്നു തോന്നിപോകും. ഇവിടെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായവയ്ക്കുള്ള ചിലവു സീമാതീതമായി വർദ്ധിച്ചുവരുന്നതിനെ ജനപ്രതിനിധികൾ പലതവണയായി ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ ഗണ്യമാക്കാതെ അനുചിതമായി ശമ്പളം വർദ്ധിപ്പിക്കുന്നതിലും അനാവശ്യമായി പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിലും ഗവണ്മെന്റിനു ഇപ്പോഴും അശേഷം മടിയില്ല. ഇവിടത്തെ വിദ്യാഭ്യാസഡയറക്ടർ ഒരു ഇൻഡ്യനായിരിക്കണമെന്നുള്ള നിയമസഭയുടെ അഭിപ്രായത്തിനും ഗവണ്മെന്റ അംഗീകരിച്ച തത്വത്തിനും വിരോധമായി ഇപ്പോൾ …൦൦ രൂപാ ശമ്പളത്തിൽ ഒരു യൂറോപ്യനെ ഈ ഉദ്യോഗത്തിൽ നിയമിച്ചിരിക്കുന്നു. ശമ്പളത്തിനു പുറമേ പെൻഷൻ കാൺട്രിബ്യൂഷൻ, ഹൌസ് റെൻറ്, അലവൻസ്, സഞ്ചാരപ്പടി, മൈലേജ് മുതലായ ഇനങ്ങളിൽ ഒരു വലിയസംഖ്യ ഈ ഉദ്യോഗസ്ഥനുവേണ്ടി ചിലവുവരുന്നതാണ്.

അനാവശ്യമായ ഉദ്യോഗസൃഷ്ടിക്കു അനവധി ദൃഷ്ടാന്തങ്ങൾ എടുത്തുപറയാനുണ്ട്. അവയിൽ ഒന്നുമാത്രം ഞാൻ ഇപ്പോൾ ഇവിടെ പ്രസ്താവിക്കാം. ഇതു പോലീസ് കമ്മീഷണരാഫീസിലെ പേഴ്സണൽ അസിസ്റ്റന്റ ഉദ്യോഗമാണ്. ഈ ഉദ്യോഗം മുൻ ആലോചനകൾ ഒന്നുംകൂടാതെ പെട്ടെന്ന സൃഷ്ടിച്ച് …൦ രൂപാ ശമ്പളത്തിൽ ഒരു ഡിസ്ട്രിക്ട് സൂപ്രണ്ടിനെ ഇതിലേക്ക നിയമിച്ചിരിക്കുന്നു. ഇതിനുപുറമെ …൦ രൂപായുടെയും … രൂപാ ലോക്കൽഅലവൻസും ഉള്ള ഒരു മാനേജരും ഈ ആഫീസിലുണ്ട്. ഇവരുടെ രണ്ടുപേരുടേയും ശമ്പളം മുതലായവയ്ക്കായി …,… രൂപാ ഈ തവണത്തെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ഇപ്രകാരമുള്ള രണ്ടു ഉദ്യോഗങ്ങൾ മേലിലും കമ്മീഷണർ ആഫീസിൽ ആവശ്യമുള്ളതല്ല. അഥവാ ഒരു പേഴ്സണൽ അസിസ്റ്റന്റ വേണമെന്നിരുന്നാലും അതിലേക്ക ഒരു അസിസ്റ്റന്റ സൂപ്രണ്ടിന്റെ ഗ്രേഡിലുള്ള ഒരാൾ ധാരാളം മതിയാകുന്നതാണ്.

ഇനി ഒന്നു പറയാനുള്ളതു പബ്ലിക് വർക്സിനെപ്പററിയാണ്. ഈ ഇനത്തിൽ കെട്ടിടങ്ങൾക്കും സഞ്ചാരസൗകര്യങ്ങൾക്കുമായി മാത്രം …,…,… രൂപാ ഒരു കൊല്ലം ചിലവുചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ Distribution യാതൊരുസ്ഥിരമായ തത്വത്തെയും ആസ്പദമാക്കി ചെയ്തിട്ടുള്ളതല്ല. സഞ്ചാരസൗകര്യമില്ലാത്തതിനാൽ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന താലൂക്കുകാരോടു ഗവണ്മെന്റ അധികം അനുഭാവം കാണിക്കേണ്ടതു ആവശ്യമാണ്. ഇതിലേക്ക് ഞാൻ പ്രതിനിധീകരിക്കുന്ന ചേർത്തലതാലൂക്കുതന്നെ

ഒരു ഉദ്ദേശമാകുന്നു. ഈ താലൂക്കിലെ കാര്യങ്ങളെസംബന്ധിച്ച് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗവണ്മെന്റ അംഗീകരിച്ചു നയത്തിനു ഇപ്പോഴു സാരമായ വ്യത്യാസം വന്നുപോയിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിൽ ഈ താലൂക്കിലെ മേചാനുഭാവമുള്ള വേലകൾക്ക മുൻകൊല്ലത്തെപോലെ പണം അനുവദിക്കുകയുണ്ടായില്ല. അനുവദിച്ചസംഖ്യ തന്നെ മുഴുവനും അവിടെ ചിലവാക്കിയതുമില്ല. ഈക്കൊല്ലത്തിൽ ചിലവാക്കാൻ നിശ്ചയിച്ചിട്ടുള്ളത് കഴിഞ്ഞകൊല്ലത്തേക്കാൾ കുറവാണ്.

കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലായി ബഡ്ജറ്റിൽ ചേർത്തിരുന്ന വേലകൾ ഈ തവണത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുപോലുമില്ല. പിന്നോക്ക താലൂക്കുകാരോട്ട ഗവണ്മെന്റ യാതൊരു ഔദാര്യവും കാണിക്കുന്നതായി ഞാൻ കാണുന്നില്ല. ഈ താലൂക്കിൽ നിന്നും ഗവണ്മെന്റിനുകിട്ടുന്ന ആദായം കിട്ടിക്കൊണ്ടിരിക്കുന്ന അമിതമായ ആദായത്തിന്റെ അല്പമാത്ര ഭാഗം അവിടെ ചിലവാക്കിയാൽ മാത്രം മതിയാകും. ഈ കാര്യത്തിൽ ഗവണ്മെന്റ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഈ നിയമസഭയിൽ പാസാക്കുന്ന പ്രമേയങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ യാതൊരു നടപടിയും നടത്തി കാണുന്നില്ല. ടോൾ നിറുത്തണമെന്നും, അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ബോർഡ് നിറുത്തണമെന്നും, കള്ളഷാപ്പുകൾ കുറയ്ക്കുന്നതോടുകൂടി ചെത്തുവൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നും മറ്റുമുള്ളതു ഈ സഭയിൽ പാസാക്കിട്ടുള്ള പ്രധാന പ്രമേയങ്ങളാണ്. ഇതിനെ കേവലം അവഗണിച്ചു ടോളിനെ പുറമെ ടോളും ബോർഡിനെ പുറമെ ബോർഡും ഏർപ്പെടുത്തുവാൻ ഗവണ്മെന്റ് അത്യുത്സാഹം കാണിക്കുന്നു. ഞങ്ങൾ പാസാക്കുന്ന പ്രമേയങ്ങൾക്ക ഇപ്പോൾ കേവലം ശുപാർശയുടെ ഫലമേ ഉള്ളു എന്നു സമ്മതിക്കുന്നു. എന്നാൽ ഈ ശുപാർശകൾ ഈ രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ പ്രതിനിധികൾ കൂടി ചെയ്യുന്നവയാണെന്നു ഗവണ്മെന്റ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഞങ്ങളുടെ ശുപാർശകളും രേണ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനുള്ള തീരുമാനങ്ങളും കൊണ്ടു യാതൊരു ഫലവുമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ഈ നിയമസഭ നടത്തിക്കൊണ്ടുപോകുന്നതുകൊണ്ടുള്ള പ്രയോജനം തന്നെ എന്താണെന്നു മനസ്സിലാകുന്നില്ല. ഗവണ്മെന്റ നിയമസഭയോട്ട കാണിക്കുന്ന ഈ അനാദരവുമൂലം രാജ്യവാസികളുടെ ഇടയിൽ ഇപ്പോൾ അതികഠിനമായ അതൃപ്തിജനിച്ചിട്ടുണ്ട്. ഗവണ്മെന്റിന്റെ ഇപ്പോഴത്തെ സ്വേച്ഛാ പ്രഭുത്വപരമായ നടപടികൾക്ക പരിഹാരമുണ്ടാകണമെങ്കിൽ എത്രയും വേഗത്തിൽ ഇവിടെ ഉത്തരവാദിത്വഭരണം നടപ്പിലാക്കേണ്ടതു ആവശ്യമാണ്. ഈ സുവർണ്ണാവസരത്തെ തന്നെ ഈ രാജ്യവാസികൾ അത്യന്തം ഇപ്പോൾ അക്ഷമയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

മെസ്സേഴ്സ് റ്റി. സി. കേശവപിള്ളയും, വി. ജെ. ഉമ്മനും ഒരേസമയത്തു എഴുന്നേറ്റു മി. ഉമ്മൻ അദ്ദേഹത്തിന്റെ മലയാളത്തിലുള്ള പ്രസംഗം ആരംഭിച്ചു.

ഡിപ്യൂട്ടിപ്രസിഡന്റ: മി. ഉമ്മൻ ഇരിക്കണം. ഞാൻ നിങ്ങളുടെ പേർ വിളിച്ചില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്ട): എന്റെ മുൻഗാമികളായ അനേകം മാന്യ ബഹുമെംബർമാർ ഈ സഭ മുമ്പാകെ തിരുവിതാംകൂർ ഗവണ്മെന്റ നടത്തിവരുന്നതായ ഏതാനും നടപടികളെ പറ്റിയും ഗവണ്മെന്റ ഈ നിയമസഭയിൽ അനുവർത്തിച്ചുവരുന്ന ഏതാനും സംഗതികളെയും പറ്റി പ്രത്യേകിച്ചും പൊതുവിലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഗവണ്മെന്റ നയത്തെപ്പറ്റി ഒന്നും വലുതായിട്ട പറയാതെ ബഡ്ജറ്റ രൂപീകരണം ശരിയായ വിധത്തിലല്ല; ഏതാനും സംഗതികൾ വിട്ടുപോയിട്ടുണ്ട്; അതുകളിൽ ശ്രദ്ധിക്കേണ്ടതാണ്, എന്നും മറ്റുമുള്ള സംഗതികളെക്കുറിച്ചു ഞാൻ അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ സഭയിൽ പാസാക്കീട്ടുള്ള അനേകം പ്രമേയങ്ങളെ ഗവണ്മെന്റ അംഗീകരിച്ചിട്ടില്ല. ആ കൂട്ടത്തിൽ ടോൾ നിറുത്തണമെന്നുള്ള പ്രമേയവും ഉണ്ട്. ഫൈനാൻഷ്യൽ സിക്രട്ടറിയുടെ പ്രസംഗത്തിൽ അന്യനാട്ടിലെ പെട്രോളിനു വില കൂട്ടീട്ടുണ്ടെന്നും അതിനാൽ ഗ്യാലൻ ഒന്നിനു തിരുവിതാംകൂറിൽ രണ്ടണ കോൺട്രിബ്യൂഷൻ കൊടുക്കേണ്ടതാണെന്നും എഴുതുകുത്തു നടത്തുന്നതായി കാണുന്നു. ടോൾ വകയിൽ ഉള്ള വരുമാനം കുറഞ്ഞുപോകും എന്നു വിചാരിക്കുന്നപക്ഷം ഗവണ്മെന്റിലേക്ക കിട്ടേണ്ടുന്ന പെട്രോൾ സംഖ്യ എങ്കിലും കയ്യിൽ കിട്ടുമ്പോൾ ഈ ടോളിനെ നിറുത്തണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഏതാനും പ്രശ്നങ്ങളെ സംബന്ധിച്ചു പൊതുജനങ്ങളുടെ അഭിപ്രായത്തെ അറിയുന്നതിനു നമ്മുടെ നാട്ടിൽ വർത്തമാനപ്പത്ര റഗുലേഷൻ ഉടനെ നിറുത്തൽ ചെയ്യണം. അതു നിറുത്താനുള്ള അവസരം ഏതാണെന്നു ജനങ്ങൾ പ്രതീക്ഷിച്ചിരിക്കയും ആണ്.

തിരുവിതാംകൂറിൽ ഉത്തരവാദിത്വഭരണം ഇല്ലാത്തതുകൊണ്ട് ഒരു എക്സിക്യൂട്ടീവ് കൗൺസിൽ വേണമെന്നു പല മഹാന്മാരും പറഞ്ഞിട്ടുണ്ട്, കാരണം ഇവിടെ ആലോചനയും പ്രവർത്തിയും അവിശ്വാസമായി ഉണ്ടാകുന്നില്ലെന്നുള്ളതാണ്. നിയമസഭയിലെ മെംബറന്മാരെങ്കിലും ഒരു അഭിപ്രായം പറയുന്നതായാൽ അതു ഗവണ്മെന്റിനു അനുകൂലമായിട്ട ഉള്ളതാണെന്നു ബോദ്ധ്യം വരുന്നഎങ്കിൽ ആ മെമ്പറിന്റെ സെല്യൂഷനെ ആയുധമാക്കി ഉപയോഗിച്ചു ചില സംഗതികൾ നടപ്പിൽ വരുത്തിട്ട് ജനങ്ങൾക്ക് കുറച്ചു സമയത്തേക്കു തൃപ്തിയുണ്ടാകുന്നു. കാളയും പോത്തും എന്നു സമ്പ്രദായത്തിൽ സംഗതികൾ നടക്കുന്നു.

തിരുവിതാംകൂറിൽ അനേകം ദേവസ്വങ്ങൾ ഉണ്ട്. ഇപ്രകാരം ഉള്ള ദേവസ്വങ്ങളുടെ ഭരണം ഗവണ്മെന്റവരുതിൽ ഉള്ളതിനു സിവിൽകോടതി മൂലമാണ് പരിഹാരം തേടേണ്ടത്, അതിനു പ്രത്യേകമായിട്ട ഗവണ്മെന്റവക ഗവണ്മെന്റമായിട്ട പിടിയുള്ളവരാണ്. തമിഴിൽ പറയുകയാണെങ്കിൽ ഒന്നും ഉടയന്മാർ എന്നു വിളക്കാണു ഈ ദേവസ്വങ്ങളുടെ സ്ഥിതി. ദേവസ്വങ്ങളെ വും വേണം. ദേവസ്വങ്ങളുടെ കൈവശക്കാരിൽ പലരും ജന്മിമാരും പുരോഹിതന്മാരും ആയിരിക്കുന്നതുകൊണ്ടു അവർ തമ്മിൽ തമ്മിൽ കാലക്ഷേപാർത്ഥം അപേക്ഷകൊടുത്താൽ അവർ തമ്മിൽ ഉള്ള സംഗതികളിൽ ഉടമ്പടികൾ പറഞ്ഞ് അനുവാദം കിട്ടുമെന്നു ആശിക്കുന്നു. അതുകൊണ്ട് അങ്ങനെ ഉള്ള നടപടികൾ ഗവണ്മെന്റിൽ നിന്നു അനുവാദം കൊടുക്കണം എന്നു ഞാൻ ഗവണ്മെന്റിനോട്ട അപേക്ഷിക്കുന്നു.

റവന്യൂ പുറമ്പോക്കെന്നും വഴിമ്പോക്ക പുറമ്പോക്കെന്നും പറഞ്ഞ് ഇപ്പോൾ ഗവണ്മെന്റിൽ നിന്നും കേസുപ്പെടുത്തി പിരിക്കുന്ന അവകാശം ഒരു കൃത്രിമമായ അവകാശമാണ്. ഈ സ്ഥലങ്ങൾ മുമ്പ് കുടിയാന്മാരുടെ കൈവശത്തിൽ ഇരുന്നതാണ്. ഇപ്പോൾ അവ ഗവണ്മെന്റ വക എന്നു വന്നിരിക്കുന്നു. ഈ അവകാശം അവരുടെ ഉടമസ്ഥന്മാർക്കു ഉടനെ കൊടുക്കേണ്ടതാണ്. അതിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ തറവില പുതിയ അതിന്റെ ഉടമസ്ഥന്മാർക്ക ഉടനെ കൊടുക്കേണ്ടതാണ്. അതിനു റവന്യൂക്കമ്മീഷണർ ഇവർ വട്ടത്തിൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദുചെയ്തു കൊടുക്കുകയും വേണം. അതിനു വേണ്ടതു ചെയ്യണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ബഡ്ജറ്റിൽ "ഭൂമി വില്ക്കുന്നതിൽ നിന്നുള്ള വരവ്" എന്ന ഒരു ഇനം ചേർത്തിരിക്കുന്നു. താലൂക്കത്തിൽ ചിലവാനം രൂപ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൊക്ലമേഷൻ അനുസരിച്ച് നാലിനു വല്ലതും കഴിച്ച് അവ ഏതു രീതിയിലാണ് ആവശ്യപ്പെടാൻ അവകാശമുള്ളൂ.

ഡെപ്യൂട്ടി പ്രസിഡണ്ട്: അത് ഭൂമിയുടെ കാര്യം വേറെ ആണ്. അതിനു സബ്മിഷനും വേറെയുമായി യാതൊരു ബന്ധവുമില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അതും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡിപ്യൂട്ടി പ്രസിഡണ്ട്: ദേവസ്വം പണ്ടാരം കാര്യങ്ങളിലേക്ക് അവയെ നിങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു എന്നേയുള്ളൂ.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): ഈ പ്രകാരമുള്ള ഇനത്തിൽ കഴിഞ്ഞ എട്ടു വർഷം കൊണ്ടു ലക്ഷത്തിനുമേൽ പതിനായിരം രൂപ ബഡ്ജറ്റിൽ ചേർത്തിരിക്കുന്നു. ഇതു അല്പമാണെന്ന് പല അവസരങ്ങളിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ട് അതു ശരിയല്ലെന്നും മെമ്പർമാർക്ക വിചാരമില്ലെന്നും പറഞ്ഞു തള്ളിക്കളയുന്നു.

ഡെപ്യൂട്ടി പ്രസിഡണ്ട്: മെമ്പർമാർക്ക വിചാരമില്ലെന്നാണോ പറഞ്ഞത്.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അവരുടെ അഭിപ്രായത്തിനു വിലയില്ലെന്നാണ്, അതുകൊണ്ട് ഈ സംഗതിയെപ്പറ്റി ഗവൺമെന്റ് ഗാഢമായി ആലോചിക്കേണ്ടതാണ്.

ബഡ്ജറ്റിന്റെ താലൂക്കിൽ കാണിച്ചിരിക്കുന്ന എന്ന സ്ഥലത്തെ സംഗതികളെപ്പറ്റി ഗവൺമെന്റ് ആലോചിക്കേണ്ടതായി കാണുന്നു. ഈ സാധുക്കളായ കാണിക്കാർ പല ദിക്കുകളിൽ നിന്നും ഉണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കപ്പെടുന്നതിനു അവർക്കു വേണ്ട നടപടി നടത്തണമെന്ന് അപേക്ഷിക്കുന്നു. ഈ കാണിക്കാരുടെ സ്ഥിതി പരിശോധിച്ചു കണ്ടാൽ അവരുടെ ഇടയിൽ വലിയ കഷ്ടപ്പാടുകൾ ഉണ്ടാകുന്നതായി അറിയാം. അവർ ഒന്നും ചെയ്യാതെ വല്ല പ്രകാരമോ കഴിഞ്ഞുകൂടുന്നു എന്നല്ലാതെ ഒരു ആശ്വാസവും അറിയുകയില്ല.

... ഉദ്യോഗസ്ഥന്മാർക്കും ... ഈ പാവപ്പെട്ട ... പറയുന്നതല്ല. ... ഉദ്യോഗസ്ഥന്മാർക്കും ... കൊടുക്കേണ്ടതാണ്. ... ഉദ്യോഗസ്ഥന്മാരെ ... എ, എസ്സ്, പി, പി, എസ്, പി. അസിസ്റ്റന്റ് കമ്മീഷണർ, അസിസ്റ്റന്റ് ഇൻസ്പെക്ടർ ... ഡിവിഷൻ ആഫീസർ ഇതുമാതിരി ഉള്ള ... എല്ലാം ... ഗവൺമെന്റ് ... സാധാരണ ... ഒരു എക്സിക്യൂട്ടീവ് കൗൺസിൽ ഉണ്ടായിരുന്നാൽ ഇതിന്റെ ... ശേഷിച്ചാലും പൊതുജനങ്ങളുടെ നന്മക്കുവേണ്ടി പല കാര്യങ്ങളും നടത്താം. ഇങ്ങനെ പല ... സംഗതിയെപ്പറ്റി പല വിധത്തിലും പറയേണ്ടിവന്നിട്ടുണ്ട്. അതു മനഃപൂർവമായി പ്രത്യേകം ഒരാളിനെ ഉദ്ദേശിച്ചു പറഞ്ഞിട്ടുള്ളതല്ല. ഗവൺമെന്റിന്റെ നയത്തെ പരിഹസിക്കണം എന്നു ഉദ്ദേശിച്ചു മാത്രമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഒരു ലാൻഡ് കോളനൈസേഷൻ സ്കീം വേണമെന്നു ഈ കൗൺസിലിൽ പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചു ഗവൺമെന്റ് യാതൊരു നടപടിയും നടത്തിക്കാണുന്നില്ല. ദക്ഷിണ തിരുവിതാംകൂറിൽ ഒരു അഗ്രികൾച്ചറൽ സ്കൂൾ വേണമെന്നു മെമ്പർമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടും അതിനെ ഗവൺമെന്റ് തള്ളിക്കളഞ്ഞതായി അറിയുന്നതിൽ സങ്കടപ്പെടുന്നു.

മെഡിക്കൽ ബോർഡിന് ഈ കൗൺസിലിനോട് എത്രമാത്രം ബഹുമാനം ഉണ്ടെന്നു കാണിക്കുന്നതിനു ഒരു സംഗതി പറയാം. മെഡിക്കൽ ബഡ്ജറ്റിൽ ആയിരത്തിതൊള്ളായിരത്തി അമ്പതിലും ആയിരത്തിതൊള്ളായിരത്തി ... ഉള്ള വരവിനത്തിൽ ... രൂപ വച്ചിരുന്നു. യഥാർത്ഥത്തിൽ എണ്ണൂറു രൂപയാണോ കഴിഞ്ഞ ആണ്ടിൽ വച്ചിരുന്നത്. ... രൂപയെ വരവുണ്ടായിരുന്നുള്ളൂ. പന്ത്രണ്ടു ലക്ഷം രൂപാ വിതരണം ചെയ്യുന്ന കൂട്ടത്തിൽ സാധുക്കളായ പുലയർക്കും കാണിക്കാർക്കും മറ്റു ജാതിക്കാർക്കും ആശുപത്രി കാണാൻ പോലും സൗകര്യമില്ലാതെ മറ്റു ചില ... ഒരു ചക്രം വീതം ഫീസ് എടുക്കണമെന്നു ... വാസ്തവത്തിൽ മെഡിക്കൽ ബോർഡിൽ എനിക്ക് അധികാരമുണ്ടായിരുന്നുവെങ്കിൽ ... പറയാൻ ... ഇപ്പോൾ പറയുന്നില്ല. condemn the Board ഈ ൬൦൦ രൂപായും അവർ ... യാതൊരു നഷ്ടവും വരുന്നതല്ല. ഈ പന്തീരായിരം രൂപായും പലവിധത്തിലും പോകുന്നു. ഈ മെഡിക്കൽ ബോർഡിനെപ്പോലെ ആയുർവേദ ബോർഡും ഉണ്ടാകുന്നു എന്നു കാണുന്നു. എന്നാൽ ദക്ഷിണ തിരുവിതാംകൂറിൽ ചിന്താമണി എന്നൊരു ചികിത്സാ സമ്പ്രദായം ഉണ്ട്. ... ഗവൺമെന്റിൽ നിന്നും അംഗീകരിച്ചു ഗ്രാൻറും കൊടുത്തു വരുന്നുണ്ട്. ആയുർവേദംപോലെതന്നെ ചിന്താമണികൊണ്ടും വളരെ ഉപയോഗമുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ട് ഒരു ചിന്താമണിബോർഡും കൂടി വേണമെന്നാണോ പറയുന്നത്?

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്), എന്നല്ല, ആയുർവേദത്തിനു ഒരു ബോർഡുണ്ടാകുന്നപക്ഷം ചിന്താമണിപ്രകാരം ചികിത്സചെയ്യുന്ന ഒരു വൈദ്യൻകൂടി ആ ബോർഡിൽ മെമ്പറായിരിക്കണമെന്നു മാത്രമേ ഞാൻ അഭിപ്രായപ്പെടുന്നുള്ളൂ.

മനോഹരമായ ... ഒരു സുഖവാസസ്ഥലം ദക്ഷിണ തിരുവിതാംകൂറിൽ കണ്ടുപിടിക്കുന്നതിനു സമീപകാലത്തു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ, ... മുതലായ ആളുകൾ പോയതായി അറിഞ്ഞു. ... മലയിൽ കയറിയതായും അറിഞ്ഞു. അതിലേക്കുള്ള ഒരു അപ്രോച്ച് റോഡിനു എന്നു ബഡ്ജറ്റിൽ കാണുന്നു. അവർ കാര്യം ഇങ്ങനെ ഇരിക്കുമ്പോൾ ൬൦,൦൦൦ രൂപാ ... ആശുപത്രിക്ക് ഒരു കെട്ടിടം കെട്ടിക്കുന്നതിനു വ്യയം ചെയ്യാമെന്ന് ഗവൺമെന്റ് വിചാരിച്ചത് വലിയ അക്രമം ആയിപ്പോയി. അതിൽ ഒരു കാര്യം കൊടുക്കാൻ പാടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): രണ്ടുവർഷക്കാലം തിരുവിതാംകൂറിലെ രോഗികൾ അവിടെ ചെന്നു ചികിത്സ നടത്തുന്നതു് നല്ലതല്ലെന്നാണോ പറയുന്നതു്.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): എനിക്കിനി സമയം കുറച്ചേ ഉള്ളൂ. രണ്ടു വർഷം കൊണ്ടു ഒരു കെട്ടിടം തീരുകയില്ല.

ഇറിഗേഷൻ എന്ന പ്രധാനസംഗതിയെപ്പററി കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി വളരെ ശക്തിയായി പ്രതിപാദിച്ചു വരുന്നുണ്ടു്. അതിലേക്കായിട്ടു ഒരു കമ്മിററി മാത്രം സൃഷ്ടിച്ചു. എന്നാൽ ഈ ആണ്ടത്തെ പ്രൊട്ടക്റ്റീവ് ഇറിഗേഷന് ൫൦,൦൦൦ രൂപാ കുറവായിട്ടാണു് കാണുന്നതു്. തെക്കൻ തിരുവിതാംകൂറിലെ ഡിവിഷൻ ആഫീസർ മിസ്റ്റർ കൃഷ്ണയ്യങ്കാരെ സംബന്ധിച്ചു പല ചോദ്യങ്ങളും അയച്ചിട്ടുണ്ടു്.

ഡെപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾ ഗവർമ്മെൻറിലേക്കു ചോദ്യങ്ങൾ അയച്ചിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): നാഗർകോവിലെ ഡിവിഷൻ ആഫീസരുടെ അനീതികളെപ്പററി ആണു് ഗവർമ്മെൻറിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതു്.

ഈ പണത്തിൽ അധികവും ലാഭം വരുത്തുന്നതിനു അദ്ദേഹം ശ്രമിക്കുന്നതായി കാണുന്നു. അതുകൊണ്ടു ഞങ്ങൾക്കു് എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ ഈ ആഫീസറെ അവിടെ നിന്നു മാററി കിട്ടണമെന്നു ശക്തിയായി ഇവിടെ അറിയിച്ചുകൊള്ളുന്നു.

ചിററാർപദ്ധതി നടപ്പിൽവരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അതല്ല ചീഫ് ഇഞ്ചിനീയർക്കു ജോലി ഇല്ലാത്തതുകൊണ്ടോ അതല്ല പൊതുജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചോ ചീഫ് എൻജിനീയർ പാട്ടിയും മലയിലും കയറി ഇറങ്ങി ൭,൨൦൦ രൂപാ അനുവദിക്കണമെന്നു ഗവർമ്മെൻറിനു് എഴുതിഅയച്ചു. അതിനെപ്പററി ഗവർമ്മെൻറു ഒന്നുകൂടി ശ്രദ്ധയായി ആലോചിച്ചു് ചിററാർപദ്ധതി നടപ്പിൽ കൊണ്ടുവരുന്നതിനു അനുവദിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ഇറിഗേഷൻഡിപ്പാർട്ടുമെൻറിനെ വേർതിരിക്കണമെന്ന അപേക്ഷയെ അവഗണിച്ചതിൽ ജനങ്ങൾക്കുള്ള അതൃപ്തിയെ ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

തിരുവിതാംകൂറിലെ വ്യവസായസംബന്ധമായിട്ടുള്ള ഏർപ്പാടിനു വളരെ പണം ചിലവാക്കി സ്ഥാപിച്ചിട്ടുള്ള തിരുവിതാംകൂറിലെ പഞ്ചസാരക്കമ്പനിയുടെ ഭരണവൃത്താന്തങ്ങളെപ്പററി ചോദിച്ച ചോദ്യങ്ങൾക്കു മറുപടിയായി ഒരു ചോദ്യംതന്നെ തിരിയെ തന്നതുകൊണ്ടു് ഞാൻ അതിനെപ്പററി പ്രത്യേകം ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. പൊതുജനങ്ങളുടെ ഉപകാരത്തിനായിട്ടു ഗവർമ്മെൻറുകൂടി ചേർന്നു നടത്തുന്ന ഒരു സ്ഥാപനത്തിൻറെ ഭരണവൃത്താന്തങ്ങളെപ്പററി എനിക്കു ഒന്നും പറയണമെന്നും ഉദ്ദേശമില്ല. എന്നാൽ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു സ്ഥാപനമാണു് അതു്. ആ സ്ഥാപനത്തിൽ എന്തൊ അഴിമതി നടക്കുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടി ഏതാനും ഉദ്യോഗസ്ഥന്മാരെ അവിടെ അയച്ചു. അതു സ്ഥലത്തുള്ള പൊതുജനപ്രതിനിധിയെ അറിയിക്കുകയോ അതിൽ പങ്കുകൊള്ളുന്നതിനു് സൌകര്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഡെപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾ ആ കമ്പനിയിലെ ഒരു പങ്കുകാരനാണോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): അല്ല സർ. ഗവർമ്മെൻറുദ്യോഗസ്ഥന്മാരും പങ്കുകാരന്മാരല്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഗവർമ്മെൻറു ഉദ്യോഗസ്ഥന്മാർ ഷെയർഹോൾഡേഴ്സ് ആകല്ലെങ്കിലും ഗവർമ്മെൻറു അതിൽ പണം ധാരാളം മുടക്കിയിട്ടുണ്ടെന്നു അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): അറിയാം.

ഡെപ്യൂട്ടി പ്രസിഡൻറ്: നിങ്ങൾക്കു ഇതു പുറപ്പെടുവിക്കുന്നതിനു അവകാശമില്ല. ഡയറക്ടറുമാരുമായുള്ള കരാറിൻറെ ഫലമായി ഗവർമ്മെൻറു ചില അധികാരങ്ങൾ ചെലുത്തിയിട്ടുണ്ടു്. ആ കമ്പനിനിയമം അനുസരിച്ചു നിങ്ങൾ ഒരു ഓഹരിക്കാരനാണെങ്കിൽ നിങ്ങളുടെ തീരുമാനം അവസാനമായിരിക്കുമോ എന്നു നിങ്ങളോടു ഞാൻ ചോദിക്കമാത്രമാണു്.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഷെയർഹോൾഡർ അല്ലെങ്കിലും ഗവർമ്മെൻറിൽനിന്നും പണം എടുത്തു ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു് പൊതുജനപ്രതിനിധിയെക്കൂടി സംബന്ധിപ്പെടുത്തി ചെയ്തിരുന്നു എങ്കിൽ ഇതുമാതിരി ഒരു അപവാദത്തിനു ഇടവരികയില്ലായിരുന്നു.

ദക്ഷിണതിരുവിതാംകൂറിലെ ഒരു പ്രധാന വ്യവസായമായ പോട്ടറി ഇൻഡസ്ട്രിയെ പ്രോത്സാഹനംചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇൻഡസ്ട്രിയെസംബന്ധിച്ച എക്സൈസ്കമ്മീഷണർ ശരിയായി പ്രവ

എക്സൈസ് ഇനത്തിലെ സംഗതി ... മൂന്നുവിധം കുറ്റവിചാരണകളുണ്ടെന്നുണ്ടു്. ഇപ്പോൾ അത്തിച്ചുകാണുന്നില്ല. അബ്കാരി റഗുലേഷൻപ്രകാരം ... കുറ്റവിചാരണകൊടുക്കുന്നതും ... ഉദ്യോഗസ്ഥന്മാരെ സഹായിക്കണമെന്നു കാണുന്നില്ല. അതുകൊണ്ടു ശരിയായവിധം കുറ്റവിചാരണകൊടുക്കുന്നതും ഉദ്യോഗസ്ഥന്മാരെ സഹായിക്കണമെന്നു അപേക്ഷിക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥന്മാർ ധാരാളമായി കയ്ക്കൂലിവാങ്ങിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്: ഉദ്യോഗസ്ഥരെ കുററപ്പെടുത്തുന്നതുകൊണ്ടുള്ള കാര്യസാദ്ധ്യമാണുള്ളതു്?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): പൊതുവെ പറയുകയാണു്.

ഇപ്പോൾ ചെത്തുന്ന വൃക്ഷങ്ങളിൽ ശരിയായ അടയാളമുണ്ടോ, അതല്ല കൂടുതൽവൃക്ഷങ്ങൾ ചെത്തുന്നുണ്ടോ? എന്നുള്ള സംഗതിയെപ്പററി എക്സൈസ്കമ്മീഷണർ ശ്രദ്ധവയ്ക്കണമെന്നു് അദ്ദേഹത്തോടു അപേക്ഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ കിണറുകൾ കുഴിക്കുന്നതിനു ബഡ്ജററിൽ ഒരു തുക കണ്ടുഎങ്കിലും യാതൊരു കിണറും കുഴിപ്പിച്ചിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ട്യൂബ്‌വെൽ ഒന്നും കുഴിപ്പിച്ചിട്ടില്ലേ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഒന്നും കുഴിപ്പിച്ചിട്ടില്ല. അതുകൊണ്ടു ഗവർമ്മെൻറ് ബഡ്ജററിൽപറയുന്നവ യാതൊന്നുംപ്രതി പ്രവർത്തിച്ചുവരുന്നില്ല എന്നുള്ളതു ഇവിടെപറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണു്.

നമ്മുടെ എഡ്യൂക്കേഷൻ ഡയറക്ടർസാഹ്ബ് അവർകളാണ്. അദ്ദേഹത്തെപ്പററി പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. ഈ കൗൺസിലിനെ അവഗണിച്ചതിലും ഞങ്ങൾക്ക സങ്കടമില്ല. അദ്ദേഹത്തിന മലയാളം അറിഞ്ഞുകൂടാത്തതുകൊണ്ട മാനേജരന്മാരുടെ കയ്യിൽ ഉൾപ്പെടാതെ നല്ലപോലെ കാര്യം മനസ്സിലാക്കി പ്രവൃത്തിക്കണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: മാനേജരന്മാർ എന്നുപറഞ്ഞതു പള്ളിക്കൂടം മാനേജരന്മാരുടെ കയ്യിൽ എന്നാണൊ പറഞ്ഞത്?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): അല്ല, മലയാളം അറിഞ്ഞുകൂടായ്കകൊണ്ട. കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കി പ്രവൃത്തിക്കണമെന്നാണ പറഞ്ഞത്.

ഡെപ്യൂട്ടിപ്രസിഡൻറ്: ഓഫീസ് മാനേജർ എന്നാണൊ നിങ്ങൾ ഉദ്ദേശിക്കുന്നത്?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): അദ്ദേഹം ആഫീസിലായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ ആഫീസ് മാനേജർ.

ഡെപ്യൂട്ടിപ്രസിഡൻറ്: അദ്ദേഹം വെളിയിൽ ആയിരിക്കുമ്പോഴൊ? നിങ്ങൾപറയുന്ന സംഗതി വ്യക്തമാക്കുന്നതിന ഞാൻ ആവശ്യപ്പെടുന്നു. അതുകൊണ്ടാണ നിങ്ങളോട് ഈ ചോദ്യങ്ങൾ ഞാൻ ചോദിക്കുന്നത്.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ആളുകളെ കയററിവിടുക്കാവുന്ന ഒരു സ്ഥലമാണിത്.

ഡെപ്യൂട്ടിപ്രസിഡൻറ്: എവിടെ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ. അതുകൊണ്ടു മുമ്പു പറഞ്ഞതുപോലെ കാര്യം പൊതുജനം (അതിൽ ഒന്നുപോയി) പോലെ വരാതെ ഇരിക്കുന്നതിന അദ്ദേഹം സൂക്ഷിക്കണം.

മി. വി. ജെ. ഉമ്മനും മി. കെ. എൻ. കേശവൻനമ്പൂരിപ്പാടുംകൂടി സംസാരിക്കുന്നതിന് ഒന്നിച്ചു എഴുന്നേററു.

ഡെപ്യൂട്ടിപ്രസിഡൻറ്: മി. ഉമ്മൻ.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മിമാർ): സർ, ഞാൻ ആദ്യമെ എഴുന്നേററു. എന്നാൽ അവിടുന്നു ആ വശത്തേക്കുനോക്കി.

ഡെപ്യൂട്ടിപ്രസിഡൻറ്: ഞാൻ മി. ഉമ്മനെ ആണ കണ്ടത്.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക്): സർ, ഫൈനാൻസ് ബഡ്ജററ് അശേഷം തൃപ്തികരമല്ല. മേജർ ഡിപ്പാർട്ടുമെൻറുകളിൽ പലതിലേയും വരവു കുറഞ്ഞും ചിലവുകളെ താരതമ്യേന വല്ലാതെ വർദ്ധിച്ചും ഇരിക്കുന്നു. ഗവൺമെൻറ വരവു കണക്കാക്കീട്ടുള്ളതുതന്നെ ഇപ്പോഴത്തെ കാലസ്ഥിതിയെ അശേഷം പരിഗണിച്ചല്ല. വരവുകൾ ഭാവിയിലും ഇപ്പോൾ പ്രതീക്ഷിച്ചിരിക്കുന്നതിൽ കുറയുകയും ചിലവുകൾ വർദ്ധിക്കുകയും ചെയ്യുമെന്നാണ എൻെറ അഭിപ്രായം. ജനങ്ങൾ വളരെ കഷ്ടപ്പെട്ടും ഞെരുങ്ങിയും നൽകുന്നതായ പണം ശ്രേണിയുടെ ക്ഷേമത്തെ ലാക്കാക്കിയല്ല ചിലവാക്കുന്നതു എന്നുള്ളതാണ കൂടുതൽ സങ്കടത്തിന കാരണം. എന്തെന്നാൽ മുതലെടുപ്പിലെ ഭൂരിഭാഗം പകുതിയോളം വരുന്ന ഒരു സംഖ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം എന്നപേരിൽ വീതിച്ചുകൊടുക്കുകയാണ ചെയ്യുന്നത്.

മി. ആർ. നീലകണ്ഠപിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ശമ്പളത്തിന ഉദ്ദേശം 4/10 ഭാഗമെ ചിലവാകുന്നുള്ളു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): എന്നിരുന്നിട്ടും ആളുകൾക്കുവേണ്ടി കൂടുതൽ ഉദ്യോഗങ്ങൾ സൃഷ്ടിച്ചും ആളും തരവും നോക്കി ശമ്പളക്കൂടുതലൊ അലവൻസൊ നൽകിയും, ഇപ്പോൾ തന്നെ ഭീമമായിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തുക കൂട്ടുന്നതിനാണ ഗവൺമെൻറ ശ്രമിച്ചുകൊണ്ടിരിക്കുന്നതു എന്നു ബഡ്ജററിൻെറ ഏതുവശം മറിച്ചുനോക്കിയാലും കാണാവുന്നതാണ്. അതേസമയംതന്നെ നിത്യവൃത്തിക്കുവേണ്ടുന്ന ഒരു തുകപോലും ശമ്പളംകിട്ടാതെ വലയുന്ന അനേകായിരം കീഴ്ജീവനക്കാരുടെ സങ്കടാവസ്ഥയെപ്പററി ഗവൺമെൻറ വേണ്ടപോലെ ശ്രദ്ധിച്ചും കാണുന്നില്ല.

ഉദ്യോഗങ്ങൾക്ക ഒഴിവുവന്നാൽ ആളുകളെ നിയമിക്കാറില്ല. നിയമിക്കുമ്പോൾതന്നെയും അതു യാതൊരു തത്വത്തെയും അടിസ്ഥാനപ്പെടുത്തിയുമല്ല. ഗവൺമെൻറിൻെറ പ്രഖ്യാപിതനയത്തിന വിരുദ്ധമായിട്ടുതന്നെയാണ നിയമനങ്ങൾ നടത്തുന്നത്. ഒരണമിട്ടപോലെ മററു സംഗതികളിലും ധാരാളം കഷ്ടങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. നിസ്സാരങ്ങളായ ഓരോ കാര്യങ്ങൾ തീർച്ചചെയ്യുന്നതിനുപോലും ദിവസങ്ങളല്ല—ആഴ്ചകളല്ല—മാസങ്ങൾതന്നെ വേണ്ടിവരുന്നു. ഉദ്യോഗസ്ഥന്മാരുടെ ഇടയിലാണെങ്കിൽ അഴിമതികൾ വർദ്ധിച്ചുവരുന്നു. അതിനെപ്പററിയുള്ള ജനങ്ങളുടെ പരാതി ഉന്നിന്നൊന്നു പ്രബലപ്പെട്ടുകൊണ്ടിരുന്നിട്ടും അതിനെപ്പററി അന്വേഷിക്കുന്നതിനൊ അതിനെ തടയുന്നതിനൊ ഗവൺമെൻറ തയ്യാറായിക്കാണുന്നില്ല. ഗവൺമെൻറ ഈ വിഷയത്തിൽ ഉദ്യമിക്കുന്നുണ്ടെങ്കിൽതന്നെയും അഴിമതികളുടെ ഗൌരവനിസ്സാരതകൾ പരിഗണിച്ചൊ, നിഷ്പക്ഷമായൊ നീതിയായൊ അല്ല, നേരെമറിച്ചു ആളും, ജാതിയും, തരവുംനോക്കി പെരുമാറുകയാണ ചെയ്യുന്നത്. സാധാരണ നിലയിൽ കുററങ്ങളായി പരിഗണിക്കുവാൻ പാടില്ലാത്ത നിസ്സാരവീഴ്ചകൾക്ക പിഴയല്ല, സസ്പെൻഷൻ അല്ല, ഡിസ്മിസ്സൽപോലും ശിക്ഷനൽകുന്ന ഗവൺമെൻറ്, കർത്തവ്യബോധമുള്ള ഏതൊരു ഭരണകൂടത്തിനും അരനിമിഷംപോലും അനുവദിക്കാൻപാടില്ലാത്ത കുററങ്ങൾക്കല്ല—അതിക്രമങ്ങൾക്കുതന്നെ യാതൊരു ശിക്ഷയും നൽകുന്നില്ലെന്നു മാത്രമല്ല, ഉദ്യോഗക്കയററമൊ, ശമ്പളക്കൂടുതലൊ പ്രതിഫലം നൽകിവരുന്നതായിട്ടും കാണുന്നു. നാട്ടിലാണെങ്കിൽ സമാധാനമില്ലായ്മ വർദ്ധിച്ചുവരുന്നു. "മദ്യം വിഷമാണ്; മദ്യപിക്കരുത്" എന്നു ഉദ്ബോധിപ്പിക്കുന്ന ജനങ്ങളെ അവരുടെ സ്ഥാനമൊ, സ്ഥിതിയൊ യാതൊന്നും പരിഗണിക്കാതെ കള്ളപ്പുള്ളികളെപ്പോലെ കൂട്ടംകൂട്ടമായി അറസ്റ്റ്ചെയ്തുവരുന്നു.

പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന എല്ലാനിരത്തുകളിലും എല്ലാജാതിക്കാർക്കും സഞ്ചാരസ്വാതന്ത്ര്യം ഇന്നും ഇല്ലാതെയാണിരിക്കുന്നതു. ഗതാഗതസൌകര്യങ്ങൾ രാജ്യത്തിന്റെ സ്ഥിതിക്കനുസരിച്ചോ ജനങ്ങളുടെ ആവശ്യമനുസരിച്ചോ വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറു അശേഷം ഉത്സാഹിക്കുന്നില്ല.

രാജ്യത്തെ പ്രധാന ധനാഗമമാർഗ്ഗങ്ങളായ കൃഷി, കച്ചവടം, വ്യവസായം ഇവകളിൽ ഗവൺമെൻറു വേണ്ടവിധത്തിൽ ശ്രദ്ധപതിക്കുന്നില്ല. ഇത്രയേറെ കർഷകരാജ്യമാണെങ്കിലും ഇവിടത്തെ കൃഷിവകുപ്പു ഗവൺമെൻറിന്റെ സെക്രട്ടറിയേററിൽ ഇന്നും ഒരു മൈനർ ഡിപ്പാർട്ടുമെൻറായി മാത്രമേ ഇരിക്കുന്നുള്ളു. വ്യവസായപോഷണാർത്ഥം ഏർപ്പെടുത്തപ്പെട്ടിട്ടുള്ള വ്യവസായവകുപ്പു ഒരു ഡിപ്പാർട്ടുമെൻറായിട്ടുപോലും ഗവൺമെൻറു കരുതീട്ടില്ല. കച്ചവടമാകട്ടെ ഗവൺമെൻറിന്റെ ആദായനികുതിവകുപ്പു രണ്ടുംകൂടി അധഃപതിക്കുന്നതല്ലാതെ അഭിവൃദ്ധിയെ പ്രാപിക്കുന്നില്ല.

പരസ്പരസഹായം ഡിപ്പാർട്ടുമെൻറാണെങ്കിൽ അതു പരസ്പരമത്സരം വർദ്ധിപ്പിക്കയാണു ചെയ്തുകൊണ്ടിരിക്കുന്നതു. ഈ ഡിപ്പാർട്ടുമെൻറുകൾ ഒരു ആഡംബരത്തിനും പരദേശികളുടെ കണ്ണിൽ പൊടിഇടുന്നതിനോ മാത്രം സംരക്ഷിച്ചുവരുന്നതായിട്ടാണു അനുഭവപ്പെട്ടിരിക്കുന്നതു.

ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള മെഡിക്കൽഡിപ്പാർട്ടുമെൻറു അതിന്റെ ബോർഡുഭരണംകൊണ്ടു അധോഗതിയെ പ്രാപിച്ചിരിക്കുന്നു. നാട്ടിലങ്ങുമിങ്ങും പബ്ലിക്ക് ഹെൽത്ത് പ്രസംഗങ്ങൾ ചെയ്തു വരുന്നതല്ലാതെ ആരോഗ്യസംരക്ഷണാർത്ഥം പ്രായോഗികമായി യാതൊന്നും ചെയ്യുന്നില്ല.

ക്ഷയരോഗം അനുദിനം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും അതിനു തക്കതായ ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനു ഗവൺമെൻറിനു ഇനിയും കഴിഞ്ഞിട്ടില്ല.

സമാധാനപരിപാലനത്തിനായി ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന പോലീസ്ഡിപ്പാർട്ടുമെൻറു അക്രമരാഹിത്യം ജനതാമദ്ധ്യത്തിൽ പ്രബലപ്പെട്ടിരിക്കുന്ന ഈ കാലത്തു ഈ നാട്ടിലെങ്ങും കണ്ടിട്ടുംകേട്ടിട്ടുമില്ലാത്ത മാതിരിയിലുള്ള ഓരോ ആയുധങ്ങൾ വരുത്തികാണിച്ചുംമററും ജനങ്ങളെ അസ്വസ്ഥചിത്തരാക്കിത്തീർത്തിരിക്കുന്നു. ഇന്നത്തെ പോലീസ്ഭരണം "ട്രാഫിക്കുബോർഡിലും മോട്ടോർചെക്കിംഗിലും" മാത്രമായി കലാശിച്ചിരിക്കയാണു. പോലീസ് കമ്മീഷണർ എന്നൊരു ഉദ്യോഗസ്ഥൻതന്നെ ഈ നാട്ടിലുള്ളതായി തലസ്ഥാനത്തുള്ളവർക്കല്ലാതെ നാട്ടിൻപുറങ്ങളിലുള്ളവർക്കു അറിയാമോ എന്നുതന്നെ സംശയമാണു.

രാജ്യത്തിന്റെ മുതൽമുടക്കിൽ ഉദ്ദേശം ൪-ൽ ൧ വരുന്നതായ ഒരു സംഖ്യ അതായതു ഏകദേശം അരക്കോടിരൂപയാണു വിദ്യാഭ്യാസവകുപ്പിന്റെ ആവശ്യത്തിലേക്കു ൧൧൧൦-ലെ ബഡ്ജററിൽ കൊള്ളിച്ചുകാണുന്നതു. ഇത്രഭീമമായ ഒരു സംഖ്യ ഈ വിഷയത്തിനുമാത്രമായി ചെലവാക്കുന്നതിനുള്ള ശക്തി തിരുവിതാംകൂറിനില്ലെങ്കിലും, ആണ്ടോടാണ്ടു കയ്യുംകണക്കുമില്ലാതെ വർദ്ധിച്ചുവരുന്ന ഈ വിദ്യാഭ്യാസച്ചെലവു ഇതേനിലയിൽ തുടർന്നാലത്തെഫലം എന്തായിരിക്കുമെന്നു ഗവൺമെൻറു ചിന്തിക്കുന്നുണ്ടോ എന്നു സംശയിക്കുന്നു. ചെലവിച്ചുവരുന്ന ഈ ചെലവാക്കിനൊക്കുന്നതായ വിദ്യാഭ്യാസമാണെങ്കിൽ അതു ജനക്ഷേമകരമായ ആസൂത്രിതമാക്കിയുള്ളതല്ല. നിത്യേനവർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കപ്പെടുത്തുന്നതാണെന്നല്ലാതെ ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടു ഏതുപ്രയോജനമുണ്ടെന്നറിയുന്നില്ല. ഈ വിഷയവും ജനപ്രതിനിധികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ തുടരെക്കൊണ്ടുവന്നിട്ടുള്ളതാണെങ്കിലും യാതൊന്നും അറിയാത്ത ഭാവം നടിക്കുകയാണു ഗവൺമെൻറു ചെയ്യുന്നതു. ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന ഉദ്ദേശം അരക്കോടിരൂപ ചെലവാക്കീട്ടു നമുക്കു അനുഭവമായിരിക്കുന്ന ഒരു ദുരന്തരീതിയാണു ഞാൻ മേൽവിവരിച്ചിരിക്കുന്നതു. ഇതേപ്പററി ജനങ്ങൾ എത്രസങ്കടപ്പെട്ടാലും, എത്രമുറവിളികൂട്ടിയാലും അതുകൊണ്ടു ഫലമില്ല. ഈ ശോച്യസ്ഥിതി ഗവൺമെൻറിനെ അപ്പോഴപ്പോൾ മനസ്സിലാക്കുന്നതിനുള്ള ഒരു പ്രധാനമാർഗ്ഗം നാട്ടിലെ വർത്തമാനപ്പത്രങ്ങളാണു. എന്നാൽ പുതിയ വർത്തമാനപ്പത്രറെഗുലേഷൻമൂലം ആ വിഷയത്തിലുള്ള പൂർണ്ണസ്വാതന്ത്ര്യത്തെ ഗവൺമെൻറു തടയുകയാണു ചെയ്തിരിക്കുന്നതു. ജനദ്രോഹകരമായ ആ റെഗുലേഷനെ പിൻവലിക്കണമെന്നു കഴിഞ്ഞ രണ്ടുകൊല്ലങ്ങളായി ജനങ്ങൾ ഇടവിടാതെ ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നിട്ടും ഫലമുണ്ടായിട്ടില്ല.

പിന്നെ, പൊതുജനങ്ങളുടെ സങ്കടങ്ങളേയും ആവശ്യങ്ങളേയും ഗവൺമെൻറിനെ അറിയിക്കാനുള്ള വഴികൾ പ്രജാസഭ നിയമസഭ ഈ രണ്ടുസഭകളുമാണു. പ്രജാസഭയാണെങ്കിൽ അതിനെ ഒരു വെറും "യാചകസംഘം" എന്നതിൽ കവിഞ്ഞ ഗൌരവമായിട്ടാണു ഗവൺമെൻറു അതിനെ പരിഗണിച്ചിരിക്കുന്നതു. അതിനെ പരിഷ്കരിക്കുകയോ അല്ലാത്തപക്ഷം നിർത്തിക്കളകയോ ചെയ്യണമെന്നുള്ള ജനങ്ങളുടെ അഭിലാഷത്തെ ഗവൺമെൻറു ഉപേക്ഷിച്ചിരിക്കുന്നു. നിയമസഭയുടെ കാര്യം വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്തിനാണു ഗവൺമെൻറു നിയമസഭ എന്ന പേരിൽ ഞങ്ങളെ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ജനപ്രതിനിധികളായ ഞങ്ങൾ ജനക്ഷേമകരങ്ങളായ എന്തെല്ലാം സംഗതികൾ ഇവിടെ പറഞ്ഞിട്ടുണ്ടു; ഇതിൽ ഏതിനെ — എന്തിനെ എപ്പോൾ ഗവൺമെൻറു ആദരിച്ചിട്ടുണ്ടു; സ്വീകരിച്ചിട്ടുണ്ടു; നടപ്പിൽ വരുത്തിയിട്ടുണ്ടു; ഈ സഭയ്ക്കു നിയമത്താൽ ലഭിച്ചിട്ടുള്ള തുച്ഛമായ അധികാരാവകാശങ്ങളെപ്പോലും കണ്ണിലൊന്നിനെയെങ്കിലും ഇല്ലാതാക്കുകയല്ലയോ ഗവൺമെൻറു ചെയ്തുകൊണ്ടിരിക്കുന്നതു? ഈ നിരുപയോഗമായ രീതിയിൽ ഈ നിയമസഭയെ ആയിരക്കണക്കിനു രൂപ ചെലവുചെയ്തു സംരക്ഷിച്ചുകൊണ്ടുപോകുന്നതിന്റെ ആവശ്യകതയെപ്പററി ഈ സഭാംഗങ്ങൾ ഗാഢമായും ഗൌരവമായും ആലോചിക്കേണ്ടതാണു.

ഈ നാട്ടിന്റെ പരിഷ്കൃതാവസ്ഥയേയോ, ഈ നാട്ടുകാരുടെ വിദ്യാഭ്യാസസ്ഥിതിയേയോ, അവരുടെ അഭിലാഷങ്ങളേയോ അനുസരിച്ചോ അല്ലാതെ ഇന്നത്തെ ഈ അലങ്കോലഭരണത്തെ പൂർവ്വാധികം ഊർജ്ജിതമായി അതേനിലയിൽതന്നെ മുമ്പോട്ടുകൊണ്ടുപോകുന്നതിനാണു, അടുത്തകാലങ്ങളിലും രണ്ടുമൂന്നുകോടി രൂപ ചിലവാക്കുന്നതിനുദ്ദേശിക്കുന്നതു. ഈ നാട്ടുകാരുടെ കഠിനമായ അതൃപ്തിക്കു സാക്ഷീഭവിച്ചിട്ടുള്ള ഒന്നാണല്ലോ മെഡിക്കൽബോർഡ്. ആ ബോർഡിന്റെ ഭരണം പരാജയത്തിലാണെന്നു പ്രത്യക്ഷപ്പെട്ടിട്ടും അതിനെ നിലനിർത്തുന്നതിനു പുറമേ ആയുർവ്വേദവകുപ്പിലേയ്ക്കും അത്തരത്തിൽ ഒരു ബോർഡ് ഏർപ്പെടുത്തി ജനങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തുവാനും ജനാഭിപ്രായത്തെ കൂട്ടാക്കാതെ ധിക്കരിക്കുവാനും ഗവൺമെൻറു സന്നദ്ധമായിരിക്കുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിനോ ആയുർവേദഡിപ്പാർട്ടുമെൻറിനോ മറെറതെങ്കിലും ഡിപ്പാർട്ടുമെൻറിനോ അല്ല ബോർഡ് വേണ്ടതു. ബോർഡുവേണം. ബോർഡു കൂടിയേതീരു. എന്നാൽ ബോർഡു വേണ്ടതു എവിടെ, ആർക്ക്, എന്നാണു ആലോചിക്കേണ്ടതു. എന്റെ അഭിപ്രായത്തിൽ ഇങ്ങനെ ഒരു ബോർഡ് ഇന്നു അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നതു മറെറങ്ങുമല്ലാ നമ്മുടെ ഗവൺമെൻറിനാണു. അതായതു പൊതുഭരണവകുപ്പിനു തന്നെ, അതായതു നമ്മുടെ ദിവാൻജിക്കു തന്നെ. അതിനു എക്സിക്യൂട്ടീവ് കൌൺസിൽ എന്നോ, ക്യാബിനെററന്നോ, എന്തുപേരുകൊടുത്താലും തരക്കേടില്ല. ഏകാധിപത്യഭരണം ഒരാളാൽ സാദ്ധ്യമല്ല. അതു ജനക്ഷേമകരവുമല്ല. ഇതു മുഴുക്കെ ഇന്നത്തേപ്പോലെ ഒരുകാലത്തും അനുഭവപ്പെട്ടിട്ടില്ല. ഈ അടുത്തകാലത്തല്ലയോ ഇവിടെ ദിവാനായിരുന്ന മിസ്റ്റർ വാട്ട്സ് ഉദ്യോഗമൊഴിഞ്ഞുപോകുന്ന അവസരത്തിൽ ഈ ഹാളിൽവച്ചു നമ്മൾ സമ്മേളിച്ചിരിക്കുന്ന ഈ ഹാളിൽവച്ചുതന്നെ തിരുവിതാംകൂർ ദിവാന്റെ ജോലി ഒരാളാൽ നിർവഹിക്കത്തക്കതല്ലെന്നു പരസ്യമായി പ്രസ്താവിച്ചതു? എന്നുമാത്രമല്ല, ഈ അടുത്തകാലത്തു തിരുവിതാംകൂർ ഉൾപ്പെടെയുള്ള പല നാട്ടുരാജ്യങ്ങളും സന്ദർശിച്ചശേഷം ഹൈദരബാദിൽവച്ചു നാട്ടുരാജ്യങ്ങളിൽ എക്സിക്യൂട്ടീവ് കൌൺസിൽ ആവശ്യമാണെന്നു നാട്ടുരാജാക്കന്മാരെ ഉൽബോധിപ്പിച്ചുകൊണ്ടു ഇൻഡ്യാവൈസ്രോയി ചെയ്ത പ്രസംഗവും നമുക്കെങ്ങനെ വിസ്മരിക്കുവാൻ കഴിയും? അതിനാൽ എത്രയും വേഗം ഈ നിയമസഭയെ കാര്യാനുസരണം പരിഷ്കരിച്ചു അതിനോടുത്തരവാദിത്വമുള്ള ഒരു എക്സിക്യൂട്ടീവ് കൌൺസിൽ ഏർപ്പെടുത്തുകയാണു ഗവൺമെൻറു ചെയ്യേണ്ടതു. അതു ചെയ്യാത്തകാലത്തോളം ജനക്ഷേമകരമായ ഒരു ബഡ്ജററു തയാറാക്കി ഈ നിയമസഭയിൽ അവതരിപ്പിക്കുവാൻ ഗവൺമെൻറിനോ, തൃപ്തികരമായവിധത്തിൽ ഒരു ബഡ്ജററുവിമർശനം നടത്തുന്നതിനു ജനപ്രതിനിധികൾക്കോ സാദ്ധ്യമല്ലതന്നെ. മേൽ നിർദ്ദേശിച്ചപ്രകാരത്തിലുള്ള ഒരു ഉത്തരവാദിത്വഭരണമാണു ഇന്നു ഇവിടെ ഉണ്ടായിരുന്നതെങ്കിൽ നാട്ടുരാജ്യങ്ങളുൾപ്പെടെ ഇൻഡ്യാമഹാസാമ്രാജ്യത്തിന്റെ ഭാവി ഭരണഘടനയെപ്പററി നിർണ്ണയിക്കുന്നതിനു ലണ്ടനിൽ കൂട്ടുവാൻപോകുന്ന റൌണ്ടുടേബിൾ കോൺഫറൻസിൽ തിരുവിതാംകൂറിനെപ്പോലെ വിദ്യാഭ്യാസംകൊണ്ടും, ധനസ്ഥിതികൊണ്ടും, ജനസംഖ്യകൊണ്ടും, വിസ്തീർണ്ണംകൊണ്ടും ഭാരതത്തിലെ എല്ലാ ദേശീയനാട്ടുരാജ്യങ്ങളിലും ഏററവും മുന്നണിയിൽ നിൽക്കുന്ന തിരുവിതാംകൂറിനു യഥാതഥമായ പ്രാതിനിധ്യം ഇല്ലാതെ വരുമായിരുന്നോ? തിരുവിതാംകൂറിനോടു താരതമ്യപ്പെടുത്തുമ്പോൾ ഏതുകൊണ്ടും എത്രയോ പിന്നണിയിൽകിടക്കുന്ന എത്രയോ ചെറുസംസ്ഥാനങ്ങൾക്കാണു ആ മഹാസമ്മേളനത്തിൽ പ്രാതിനിധ്യം ലഭിച്ചിരിക്കുന്നതു. ഈനാട്ടിനു ഇത്ര ലജ്ജാകരവും അപമാനകരവുമായ ഒരനുഭവം തിരുവിതാംകൂർ രാജ്യചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഈവിഷയത്തിൽ തിരുവിതാംകൂറിനു ന്യായമായി ലഭിക്കേണ്ട പ്രാതിനിധ്യാവകാശം ഇനിയെങ്കിലും ഉത്സാഹിച്ചു സമ്പാദിക്കാത്തപക്ഷം ഇന്നത്തെ ഈ പരാജയം ഇന്നേക്കല്ല എക്കാലത്തും തിരുവിതാംകൂറിന്റെ വിശേഷിച്ചും ഇന്നത്തെ ഗവൺമെൻറിന്റെ പിടിപ്പില്ലായ്മക്കു ഒരു മകുടോദാഹരണമായി പരിലസിക്കുന്നതാണ്.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മിമെമ്പർ): സർ, ഫൈനാൻസ്‌സെക്രട്ടറി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ ശരിയായ പരിശോധന നടത്തി. ഇക്കൊല്ലത്തെ ബഡ്ജററ മുൻകൊല്ലങ്ങളിലേതുപോലെ അല്ലാതെ വളരെ വ്യക്തമായും വിസ്തരിച്ചും എഴുതിയിരിക്കുന്നു. എന്നുകൊണ്ടാണു അതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. പലവർഷത്തെ ബഡ്ജററിൽ ന്യൂനതകളും അപൂർണ്ണതകളും കണ്ടുപിടിക്കുന്നതിനു വളരെ എളുപ്പമാകത്തക്കവണ്ണം അതു അത്ര വ്യക്തമാണെന്നു ഞാൻ പറയാം. സർ, ആയിരത്തി ഒരുനൂററി ആറിലേക്ക വരവ് [illegible] — അതായതു കഴിഞ്ഞകൊല്ലം വസൂലായതിൽ ഏകദേശം [illegible] ലക്ഷം കൂടുതൽ ആണെന്നു കണക്കാക്കിയിരിക്കുന്നു. പതിവുപോലെ ഇക്കൊല്ലവും ബഡ്ജററിലും ഏകദേശം [illegible] ലക്ഷം മിച്ചംവച്ചിരിക്കുന്നു. മിച്ചത്തിന്മീതെ മിച്ചമായി കൂട്ടിവെക്കുന്ന ഈ നയം ഗവൺമെൻറിനു പ്രശംസാവഹമോ ആളുകൾക്കു ഉപകാരപ്രദമോ അല്ലെന്നു പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നികുതിചുമത്തുന്ന സംഗതിയിൽ ഗവൺമെൻറിന്റെ അത്യാവശ്യമുള്ള ചിലവുകൾ നടത്തത്തക്കവണ്ണം മാത്രമേ ജനങ്ങളിൽ നികുതി ചുമത്താവു എന്നായിരിക്കണം ഗവൺമെൻറിന്റെ നയം. എന്നാൽ മിച്ചത്തിനുമീതെ മിച്ചം കൂട്ടിവയ്ക്കുക എന്നുള്ള നയം ഗവൺമെൻറു പ്രജകളിൽ കൂടുതൽ നികുതി ചുമത്തുന്നുവെന്നോ അല്ലെങ്കിൽ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ നിറവേററുന്നതിനുവേണ്ടി വേണ്ടിടത്തോളം ഗവൺമെൻറു ചിലവാക്കുന്നില്ലെന്നോ മാത്രമേ അർത്ഥമാകുന്നുള്ളു. അല്ലെങ്കിൽ, കുറെക്കൂടി ശരിയായിപ്പറകയാണെങ്കിൽ അതു രണ്ടും അർത്ഥമാകയാകാം.

ഗവൺമെൻറിന്റെ ആദായത്തിനു മുഖ്യമാർഗ്ഗം എക്സൈസ്ഡിപ്പാർട്ടുമെൻറാണു. ഈ ഇനത്തിൽ എപ്പോഴെങ്കിലുമൊരു വർദ്ധനകാണുന്നെങ്കിൽ അതിൽനിന്നും സ്വാഭാവികമായി അർത്ഥമാക്കേണ്ടതു ജനങ്ങളുടെ മദ്യപാനശീലത്തിലും ഒരു വർദ്ധനയുണ്ടെന്നാകുന്നു. നിരോധനം അല്ലെങ്കിൽ മദ്യവർജ്ജനസംഗതിയിൽ ഗവൺമെൻറു ജനങ്ങളോടു യോജിക്കുമെന്നു അനേകം പ്രാവശ്യം ഗവൺമെൻറു പരസ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫിനാൻഷ്യൽസെക്രട്ടറി ഓരോകൊല്ലത്തേയും [illegible] എന്ന ഇനം വർദ്ധിച്ചുവരുന്നതുകൊണ്ടു നമ്മുടെ വരവിനു ഒരു ഹാനിയുമില്ലെന്നു പറയുകയും ചെയ്യുന്നു. ഗവൺമെൻറു അതിനു പ്രതിഫലമായി ഫിനാൻഷ്യൽസെക്രട്ടറിയേയും ചുമതലയിലുള്ള ബലശ്രമംകൊണ്ടു വരവിനു ഇത്രയേറെ സഹായിച്ചിട്ടുള്ള എക്സൈസ് കമ്മീഷണരേയും അഭിനന്ദിക്കുന്നു.—സർ, മദ്യവർജ്ജനസംഗതിയിൽ ഗവൺമെൻറു ഏകാഗ്രമായി പ്രവർത്തിക്കയോ, സർ, ജനങ്ങളുടെ അഭിപ്രായത്തെ കരുതുകയോ ചെയ്തിരുന്നെങ്കിൽ ഈ ഇനത്തിൽ ആദായം കുറയ്ക്കുന്നതിലേക്ക് അവർ വല്ലതും ചെയ്യുമായിരുന്നു. ഈ കൊല്ലങ്ങളിലെല്ലാം ജനങ്ങൾ ഗവൺമെൻറിന്റെ ഉദ്ദേശത്തെപ്പററി മിഥ്യാബോധത്തിൽകിടന്നു ഉഴലുകയായിരുന്നു. ഇക്കൊല്ലം ഗവൺമെൻറു അവരുടെ ശരിയായ സ്വഭാവം കാണിക്കയും ജനങ്ങൾ അവരുടെ തെററിദ്ധാരണയെ മനസ്സിലാക്കുകയും ചെയ്തു. ഗവൺമെൻറു പുറപ്പെടുവിച്ചിട്ടുള്ള ഒഴിവുകഴിവുകൾ (സമാധാനങ്ങൾ) വെറും ഒഴിവുകഴിവുകൾ ആയിരുന്നെന്നുള്ളതുമാത്രം അവർ മനസ്സിലാക്കി. സർ, മദ്യവർജ്ജനസംഗതിയിൽ രാജ്യത്തുള്ള ആളുകൾ വളരെ ഉൽസുകന്മാരും അനുകൂലികളുമാകുന്നു. എല്ലാസ്ഥലങ്ങളിലും പിക്കറ്റിങ്ങുകൾ കൂടുകയും വിദ്യാർത്ഥികൾ പങ്കെടുക്കയും ചെയ്യുന്നുണ്ട്. പൊതുജനാഭിപ്രായം അറിയുന്നതിലേക്കു വേണ്ടസന്ദർഭങ്ങൾ ഗവൺമെൻറിനു കൊടുക്കുന്നുണ്ട്. ഈവക പിക്കറ്റിങ്ങുകളിൽ പങ്കുകൊള്ളുന്നതിനു എനിക്കു ഇടയുണ്ടായി. ഇതുകളിൽനിന്നും ഞാൻ ഗ്രഹിച്ചതു മദ്യപാനമാകുന്ന ദുർഭൂതത്തെ ആട്ടിയോടിക്കുന്നതിനു ജനങ്ങൾ ചെയ്യുന്ന ശ്രമത്തിൽ സഹായിക്കുന്നതിനുപകരം

ഗവണ്മെന്റ് ഒരു [illegible] വിളക്കൊളിപ്പിച്ചുകൊടുക്കുക [illegible]. [illegible] ബഹളത്തിന്റെ ഫലമായി ഈ നയം ഭേദപ്പെടുത്തിയെങ്കിലും പ്രാദേശികവിദ്യാലയ പ്രവൃത്തിയിൽ [illegible] ഒരു വലിയ ഭീഷണിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മറ്റുപലരും [illegible] ഈ അഭിപ്രായവും [illegible] ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ഇതേവരെയും ഗവണ്മെന്റ യാതൊന്നും ചെയ്തിട്ടില്ല. ഗവണ്മെന്റിന്റെ ഈ നയം സത്വരമായി [illegible].

ഇനിയും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെപ്പറ്റി എനിക്കു [illegible]. [illegible] ഇപ്രകാരം വിദ്യാഭ്യാസ [illegible] എല്ലാം [illegible] സമ്പ്രദായ [illegible] ഇപ്പോഴത്തെ വിദ്യാഭ്യാസരീതി [illegible] നമ്മുടെ [illegible] കാൽചുവട്ടിൽ [illegible]. വിദ്യാഭ്യാസരീതി [illegible] ഇപ്പോൾ [illegible] ഉതകുന്നുള്ളു. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ സംഖ്യ കൂട്ടുന്നതിനായിരിക്കും എസ്സ്. എസ്സ്. എൽ. സി. പരീക്ഷയുടെ [illegible] ഗവണ്മെന്റ അംഗീകരിച്ചിരിക്കുന്നതു.

ഡെപ്യൂട്ടിപ്രസിഡന്റ്: ഗവണ്മെന്റിനെ അതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലായിരുന്നു. [illegible] തീരുമാനിച്ചതു.

മി. കെ. എൽ. കേശവൻ നമ്പൂതിരിപ്പാട്. (ജന്മി): തൊഴിലില്ലായ്മ എന്ന വലിയ പ്രശ്നത്തെ പരിഹരിക്കുന്നതിനു ഈ നയം ഉപയോഗപ്രദമോ ഉപകാരപ്രദമോ അല്ല. എല്ലായിടത്തും ജനങ്ങൾ ദാരിദ്ര്യംകൊണ്ടു വലയുന്നു. ഗവണ്മെന്റ ഈ പ്രധാനമേറിയവിഷയത്തിനു എന്തെങ്കിലും പരിഹാരമാർഗ്ഗം കണ്ടുപിടിക്കാത്തപക്ഷം തൊഴിലില്ലായ്മയ്ക്കു ഒരു തീരുമാനം ഉണ്ടാക്കുവാൻ അവർക്കു കഴിയുകയില്ല. സർ, [illegible] ജനത്തിന്റെ ഭരണം കുറച്ചു കുട്ടികളെ കബളിപ്പിക്കുന്നതിൽ മാത്രം ഉയർന്ന ക്ലാസ്സുകളിലേക്കുള്ള പ്രവേശനം കുറയ്ക്കുന്നതാണ് ഇതിനുള്ളതെന്നാണ് എന്റെ അഭിപ്രായം.

സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുകൂടി ഒരുവാക്കു ഈ അവസരത്തിൽ അസ്ഥാനത്തിലാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. മെഡിക്കൽബോർഡ് നിയമിച്ചതിന്റെശേഷം ആ [illegible] ആക്ഷേപത്തിനു കേന്ദ്രമായിരിക്കയാണ്, മെഡിക്കൽബോർഡുനിയമിച്ചതു [illegible] ഒരു രഹസ്യമല്ല. കൗൺസിലിലെ മെമ്പറന്മാർ മെഡിക്കൽബോർഡിനെ വളരെ ശക്തിയായി എതിർത്തിട്ടുണ്ട്. കമ്മിറ്റി [illegible] ഇപ്പോഴത്തെ [illegible] നന്മയ്ക്ക് ഗവണ്മെന്റ ഒരു [illegible] നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. [illegible] ഇതും ആ ഡിപ്പാർട്ടുമെന്റിലുള്ള [illegible] ഒരു സമാധാനം ഉണ്ടാക്കുന്നതിലേക്കായിരിക്കാം. [illegible] കൊണ്ടു ഗവണ്മെന്റ ഇതുവരെ പഠിച്ചിട്ടില്ലെങ്കിൽ ഇതും തോൽവിയിൽ കലാശിക്കുകയേയുള്ളു എന്നു ഞാൻ അവർക്ക് ഒരു മുന്നറിവുകൊടുക്കുന്നു.

അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ ശിപായിമാരുടെയും പോലീസ് ഡിപ്പാർട്ടുമെന്റിലെ കാൺസ്റ്റബിൾമാരുടെയും ശമ്പളത്തിൽ ഒന്നോ രണ്ടോ രൂപ കൂട്ടിയതിൽ ഫിനാൻഷ്യൽസിക്രട്ടറി ആഹ്ലാദിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരുടെ വിധിയിൽ ഞാൻ അസൂയപ്പെടുന്നില്ല. അവർ അവരുടെ വിധിയെപ്പറ്റി ഓർത്തു സന്തോഷിക്കട്ടെ. എന്നാൽ ചില ഡിപ്പാർട്ടുമെന്റുകളിലുള്ള താണശമ്പളക്കാരോടുമാത്രം ഈ പക്ഷപാതം കാണിക്കുന്നതിനുള്ള കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എല്ലാ താണശമ്പളക്കാർക്കും ശമ്പളക്കൂട്ടങ്ങൾ കൊടുക്കണമെന്നുള്ളകാര്യം പലപ്രാവശ്യവും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ പക്ഷപാതം ശരിക്കും അഭിലഷണീയമല്ല.

ഇതു കൗൺസിലിലെ അവസാനത്തെ സെഷൻ ആയതുകൊണ്ടു പുറകോട്ടുനോക്കി നാം എന്തുമാത്രം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു അറിയുന്നതു അസ്ഥാനത്തിലാകുകയില്ല. പറയത്തക്കനിലയിൽ യാതൊരഭിവൃദ്ധിയും നമ്മൾക്കുണ്ടായിട്ടില്ലെന്നു ഞാൻ വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. പലസംഗതികളിലും നാം അതേനിലയിൽതന്നെ ഇരിക്കുകയും [illegible] കാര്യങ്ങളിൽ പുറകോട്ടുപോകുകയുംകൂടി ചെയ്തിട്ടുണ്ട്. ഈരീതിക്കു ശോചനീയമായ ഒരു [illegible] ആയിപ്പോകുമെന്നു പറഞ്ഞുകൊള്ളുന്നു. [illegible] ഈ അന്തരീക്ഷം [illegible] ഇങ്ങനെ അടഞ്ഞുകിടക്കുകയാണെന്നു എനിക്കുതോന്നുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): സർ, ബഡ്ജറ്റു പരിശോധിച്ചപ്പോൾ എനിക്കു വളരെ സന്തോഷമുണ്ടായി. എന്നാൽ ആ ആവശ്യമുള്ള എല്ലാ ഇനങ്ങളും ഫൈനാൻഷ്യൽ സിക്രട്ടറി അതിൽ ചേർത്തിട്ടുള്ളതുകൊണ്ടല്ല, ആവശ്യമില്ലാത്ത ഇനങ്ങൾ അത്രമാത്രം ചേർത്തു അദ്ദേഹം ഗവണ്മെന്റിനെ കടത്തിലാക്കാതിരുന്നതിലാണ്.

ഡിപ്യൂട്ടി പ്രസിഡന്റ്: മി. ചെല്ലംപിള്ളയിങ്ങൾ പറഞ്ഞതു എനിക്കു ശരിയായി മനസ്സിലാകുന്നില്ല. നിങ്ങൾ എന്താണു പറയുന്നതു? ഫിനാൻഷ്യൽ സിക്രട്ടറി ആവശ്യമില്ലാത്ത ഇനങ്ങൾ അത്ര വളരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു നിങ്ങൾ പറഞ്ഞു. അതുകൊണ്ടു ആവശ്യമില്ലാത്ത ഇനങ്ങൾ കുറെ ഉൾപ്പെടുത്തിയിട്ടു എന്നല്ല നിങ്ങളുടെ അഭിപ്രായം?

മി. ചെല്ലംപിള്ള (തോവാള): അതെ, സർ, തിരുവിതാംകൂർ സർവ്വപ്രധാനമായ ഒരു കർഷകരാജ്യമാണ്, കൃഷിയുടെതാൽക്കാലികസ്ഥിതി വളരെ പരിതാപകരമാണ്. നെല്ലിന്റെയും നാളികേരത്തിന്റെയും വില വളരെ കുറഞ്ഞിട്ടുണ്ട്. കൃഷീവലന്മാർ പാപ്പരാകുന്നു. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഈ സ്ഥിതിയുടെ പരിഹാരത്തിനു ഫിനാൻഷ്യൽ സിക്രട്ടറി ഒരു നിർബന്ധവും ചെയ്തിട്ടില്ല. ഇതിലേക്കു എന്തെങ്കിലും മാർഗ്ഗം നിർദ്ദേശിക്കാമോ എന്നു അദ്ദേഹം മി. പാച്ചുപിള്ളയോടോ മറ്റോ ചോദിക്കയുണ്ടായി. ഞാൻ ഒരു മാർഗ്ഗം നിർദ്ദേശിക്കാം. സർവ്വപ്രധാനമായി ഭൂമിയിൽനിന്നുള്ള വിളവു നഷ്ടംപരിഹരിക്കത്തക്കവണ്ണം അത്രത്തോളംവർദ്ധിപ്പിക്കണം. കൃഷിഡിപ്പാർട്ടുമെന്റ ചെയ്യേണ്ടതായ ഒരു ഇനം ജോലി അതാണ്. വേറൊന്നു തിരുവിതാം

ളുറിന യോജിച്ചതായ കൂടുതൽ [illegible] വിളവു ഗവണ്മെന്റ് [illegible] കൃഷിക്കാരുടെ [illegible] മാർഗ്ഗവും പരിഗണിക്കാം. ഒരു കച്ചവടരഹസ്യമായതുകൊണ്ടു ഞാൻ ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ലാത്തതായ വേറെ ഒരു മാർഗ്ഗംകൂടിയുണ്ട്.

ഇനി വളത്തെപ്പറ്റി പറയുകയാണെങ്കിൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും [illegible] -ലെ [illegible] താരതമ്യപ്പെടുത്തി നോക്കിയാൽ [illegible] -ൽ വളരെ കൂടുതൽ വളം വിതരണം ചെയ്തതായി കാണാം. എന്നാൽ [illegible] -ലെ വളത്തിന്റെ വിൽപ്പനയെന്ത്? നാം ഇതിനെപ്പറ്റി [illegible] [illegible] -ൽ [illegible] വളംപോലും [illegible] വിതരണം ചെയ്തില്ലെന്ന് എനിക്ക് [illegible] സാധിക്കും.

ഡപ്യൂട്ടിപ്രസിഡന്റ്: അതിന്റെ [illegible]; [illegible] വിവരങ്ങളെ കൂടുതൽ [illegible]?

പി. വി. ചെല്ലാംപിള്ള (തോവാള): [illegible], സർ, ഈ കൃഷിക്കാർക്ക് വളം [illegible] വരുന്നതിനു [illegible] [illegible]. [illegible] ഇപ്പോഴത്തെ സ്ഥിതി. അതിനുംപുറമെ [illegible] -ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് [illegible] നിന്നും നമുക്ക് ഇപ്രകാരം കാണാം.

"കൃഷിക്കുപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്താരം വർദ്ധിപ്പിക്കുന്തോറും [illegible] കിട്ടാവുന്ന യാന്ത്രിക [illegible] കുറഞ്ഞുവരികയാണ്. [illegible] വർദ്ധിച്ചുവരുന്ന [illegible] നിറവേറ്റുന്നതിനു കൃത്രിമവളത്തിന്റെ ഉപയോഗത്തെ പ്രചരിപ്പിക്കുന്നതിനും [illegible] ഡിപ്പാർട്ടുമെന്റ് നടപടി [illegible] വന്നു.

യാന്ത്രിക വളങ്ങളിന്റെ കുറവിനുള്ള പരിഹാരമാർഗ്ഗം കൃത്രിമവളത്തിന്റെ ഉപയോഗത്തെ പ്രചാരപ്പെടുത്തുകയെന്നുള്ളതല്ല. യാന്ത്രിക [illegible] ഉപയോഗിക്കാവുന്ന [illegible] [illegible]; അല്ലാതെ കൃത്രിമവളം [illegible]. ഈ വളരെ [illegible] സാധിക്കാവുന്നതാണ്; [illegible] [illegible] ഉൽപ്പാദിപ്പിക്കുന്ന [illegible] [illegible] [illegible] [illegible] എന്നാൽ വളം ഉണ്ടാക്കുന്നതിലേക്ക് ഈ സംസ്ഥാനത്തു [illegible]. എന്നാൽ ഞാൻ ഒരു [illegible], [illegible] [illegible] [illegible] [illegible] സ്ഥലങ്ങളിൽ [illegible] [illegible] കൃഷിക്കാർക്ക് വളത്തിനു [illegible] [illegible] റിസർച്ച് [illegible] [illegible] [illegible] ചെയ്തിരുന്ന [illegible] ഞാൻ [illegible]. എന്നാൽ ഇതുകൊണ്ടു കൃഷിക്കാർക്ക് എത്രമാത്രം ഗുണമുണ്ടായെന്നു എനിക്കു [illegible]. [illegible] ഡിപ്പാർട്ടുമെന്റുകാർ [illegible] ചെയ്താൽ ഈ കൃഷിക്കാർക്കു കൂടുതൽ സഹായമായിത്തീരും. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിന്റെ [illegible] പേജിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു

"[illegible], സൾഫേറ്റ്, [illegible] എന്നിവയുമായി [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്"

ഡപ്യൂട്ടിപ്രസിഡന്റ്—[illegible] ഏതിൽനിന്നാണു വായിക്കുന്നതു?

പി. വി. ചെല്ലാംപിള്ള (തോവാള) [illegible] -ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും

"[illegible] [illegible] കൃത്രിമവളങ്ങളുടെ താരതമ്യഫലം പരീക്ഷിക്കണമെന്നു കരുതി പരീക്ഷണങ്ങൾ [illegible] സൂപ്പർ ഫോസ്ഫേറ്റ് [illegible] കണക്കാക്കി ഏറ്റവും നല്ല ഫലം കാട്ടുകയും ചെയ്തു. [illegible] [illegible] [illegible] അതിന്റെ [illegible] ഈ വളം ഇടുകയുണ്ടായി.

ഈ കൃത്രിമവളങ്ങളുടെ ഫലപരീക്ഷണത്തിന്റെ [illegible] വളരെ [illegible] ഇടേണ്ടതു [illegible] ഡിപ്പാർട്ടുമെന്റാണ്. എന്നാൽ കൃഷിഡിപ്പാർട്ടുമെന്റോ ഫിനാൻഷ്യൽ സിക്രട്ടറിയോ ഒരു സൂചനയും [illegible] [illegible] എവിടെയാണു പോകേണ്ടതു? അതേസമയത്തുതന്നെ ആ ഡിപ്പാർട്ടുമെന്റിലേക്ക് കൂടുതൽ [illegible] [illegible]. [illegible] ഗവണ്മെന്റ് [illegible] [illegible] കൃഷിക്കാർക്ക് [illegible] കൂടുതലായി ഒരു കരം [illegible] [illegible]. ഈ [illegible] [illegible] [illegible] [illegible] ഗവണ്മെന്റിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഇ [illegible] ഗവണ്മെന്റിനു പൂർണ്ണബോദ്ധ്യംവന്നിട്ടുള്ളതും എങ്കിലും ഈ സങ്കടനിവാരണത്തിനു അവർ ഒരു വി [illegible] [illegible]. ഈ [illegible] നാം [illegible] [illegible] [illegible] സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അവർ കരം കൊടുക്കാതിരിക്കുന്നതിനു [illegible]. നെല്ലിന്റെ വിലയിലുള്ള ഇപ്പോഴത്തെ ഇടിവു ഈ സംഗതിയെ വളരെ ബാധിച്ചിട്ടുണ്ട്. [illegible] [illegible] കൂടുതലായി [illegible] അവരോടു ആവശ്യപ്പെടുന്നു.

ഡപ്യൂട്ടിപ്രസിഡന്റ്: [illegible] [illegible] [illegible] [illegible]?

പി. വി. ചെല്ലാംപിള്ള (തോവാള): അതേ.

ഡപ്യൂട്ടിപ്രസിഡന്റ്: അതു ഒരു പഴയ [illegible].

പി. വി. ചെല്ലാംപിള്ള (തോവാള): അതെ. എന്നാൽ [illegible] നിഷേധം എന്ന ഒരു പ്രസ്ഥാനം [illegible] [illegible] [illegible] [illegible] മാന്തികളും മറവിയായി [illegible] വന്നേക്കാം.

ഡപ്യൂട്ടിപ്രസിഡന്റ്: ആ സംഗതിയുടെ [illegible] പറഞ്ഞതാണെങ്കിൽ [illegible] [illegible] [illegible] പോകാം. [illegible] നിഷേധപ്രസ്ഥാനത്തെപ്പറ്റി നിറുത്തുക. [illegible] യാതൊരാവ [illegible] ഉണ്ടാവുകയില്ല.

പി. വി. ചെല്ലാംപിള്ള (തോവാള): [illegible] [illegible] ഗവണ്മെന്റിനു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. [illegible] [illegible] [illegible] അധികമൊന്നും [illegible] [illegible] ഞാൻ വിചാരിക്കുന്നില്ല.

ഡപ്യൂട്ടി പ്രസിഡൻറ്: [illegible] വചനമാറ്റം ഉണ്ടായിരുന്നിട്ടുണ്ടോ?

മി. വി. ചെല്ലംപിള്ള (തോവാള): അതുകൊണ്ടാണ് ഈ [illegible] വിടവ് കുറഞ്ഞുവരുകയാണ്.

ഡപ്യൂട്ടി പ്രസിഡൻറ്: [illegible] പ്രത്യേകമായുള്ളതാണോ—[illegible] വിലയിടെ ഇറക്കം?

മി. വി. ചെല്ലംപിള്ള (തോവാള): അല്ല, സർ, [illegible] സംബന്ധിച്ചു.

എനിക്ക [illegible] ആഹാര സാധനങ്ങളുടെ നിയന്ത്രണത്തിനു [illegible]. [illegible] വാണിജ്യ[illegible] ഇറക്കി ചാട്ടുന്നതിനേക്ക [illegible] പറഞ്ഞു. വലിയ [illegible] ഉദ്യോഗസ്ഥന്മാർക്കും [illegible] സാധിക്കാതെ [illegible] അവർ [illegible]തിൽ ചാടുകയും [illegible] നിയന്ത്രണം [illegible] ചെയ്തു.

ഡപ്യൂട്ടി പ്രസിഡൻറ്: ഗവണ്മെൻറ് [illegible] ചെയ്യാൻ പിട്ടപോയതായി [illegible] ഗവണ്മെൻറിനെ നേക്ക വലിയ ഒരു [illegible] ആണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ [illegible] സൂചിപ്പിച്ചു എന്നേ ഉള്ളൂ. കൃഷിക്കാർക്കു കൂടുതൽ ആദായകരമായ വേറെ [illegible] ഒരു [illegible] വരും. [illegible] സന്ദർഭം വരുമ്പോൾ തിരുവിതാംകൂർ ഗവണ്മെൻറും [illegible] ശ്രദ്ധിച്ചുകൊണ്ടിരിക്കും.

മി. എസ്സ്. [illegible]പിള്ള: (വാണിജ്യവും [illegible]): [illegible] യുദ്ധകാലത്തു [illegible] സംരക്ഷിച്ചിരുന്നു. [illegible] എന്നാണോ?

മി. വി. ചെല്ലംപിള്ള (തോവാള): [illegible] യുദ്ധകാലത്തു രക്ഷിച്ചിരുന്നു. [illegible] ആവശ്യമാണ്.

ഡപ്യൂട്ടി പ്രസിഡൻറ്: [illegible] നിങ്ങളുടെ [illegible] സംരക്ഷിക്കണം [illegible] എന്താണ്.

മി. വി. ചെല്ലംപിള്ള (തോവാള): [illegible] സംരക്ഷിക്കേണമെന്നാണ്. [illegible] സംരക്ഷിച്ചിട്ടുണ്ട് [illegible] എൻറെ അഭിപ്രായം.

പരസ്പരസഹായസംഘങ്ങളെപ്പററി പറയുകയാണെങ്കിൽ [illegible] രജിസ്ട്രാരുടെ [illegible] ആണ് ഞാൻ വിചാരിക്കുന്നത്.

ഡപ്യൂട്ടി പ്രസിഡൻറ്: കൂടുതൽ പരസ്പര സഹായസംഘങ്ങൾ [illegible] ബഡ്ജററിൽ ഇന്നം കൊടുത്തിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): എനിക്ക് അതറിയാം, [illegible] കഴിഞ്ഞ [illegible] ഞാൻ അതു സംബന്ധിച്ച സംസാരിച്ചു. ഈ [illegible] യഥാർത്ഥത്തിൽ [illegible].

ഡപ്യൂട്ടി പ്രസിഡൻറ്: [illegible] ഞാൻ [illegible].

മി. വി. ചെല്ലംപിള്ള (തോവാള): [illegible].

[illegible] ഗവണ്മെൻറ് [illegible] ഉദ്ദേശിച്ച [illegible] പുറപ്പെടുവിച്ച [illegible] പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ല. എന്തായാലും ഞാൻ ഒരു [illegible]. [illegible] വരുത്തുന്നതിനു ഗവണ്മെൻറും [illegible]. എന്നാൽ ഗവണ്മെൻറ് [illegible] വേഗത്തിൽ [illegible] എന്നാൽ ഗവണ്മെൻറിൻെറ ഗതി വളരെ മന്ദമായിട്ടാണ്.

മി. എ. എസ്സ്. ദാമോദരൻ ആശാൻ ([illegible]): ഏതുവഴിക്കു?

മി. വി. ചെല്ലംപിള്ള (തോവാള): ശരിയായവഴിക്കുതന്നെ ഞാൻ വിചാരിക്കുന്നു. വേഗത്തിൽ പോകണമെന്ന് അവരോടു ആവശ്യപ്പെടുന്നു. എന്നാൽ അവർ സാവധാനത്തിലേ തീരുമാനിക്കൂ.

മി. ആർ. കേശവപിള്ള ([illegible]): ഗവണ്മെൻറ് [illegible] ബോദ്ധ്യമുണ്ടോ?

മി. വി. ചെല്ലംപിള്ള (തോവാള): അതാണ എൻെറ വിശ്വാസം. [illegible] എതിർക്കുന്നുണ്ട് [illegible].

മി. [illegible]പിള്ള (തിരുവനന്തപുരം): മി. ചെല്ലംപിള്ള ഒരു [illegible].

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ കണ്ടിട്ടുണ്ട്. [illegible] സംബന്ധിച്ച [illegible] വന്നിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-[illegible]): [illegible]?

മി. വി. ചെല്ലംപിള്ള (തോവാള): ഒരിക്കലുമില്ല എനിക്കതന്നെ [illegible].

ഡപ്യൂട്ടി പ്രസിഡൻറ്: അദ്ദേഹം [illegible] ഉൾപ്പെട്ടിട്ടുള്ളൂ.

മി. വി. ചെല്ലംപിള്ള (തോവാള): ഗവണ്മെൻറിൻെറ അഭിപ്രായത്തിൽ [illegible] കയാണെന്നാണ് വിചാരിക്കുന്നത്, ശരി എന്നാൽ കൂടുതൽ [illegible] ഗവണ്മെൻറിനു കഴിയും. ഒരു ഗവണ്മെൻറും [illegible] ഒരു സംഗതി [illegible] സാമാന്യമായ കർഷകൻ [illegible] സാധാരണ [illegible] ബോദ്ധ്യപ്പെട്ടതിനെ കൊടുത്തയ ഒരു കഥ എനിക്കറിയാം.

മി. എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-[illegible]): ആ കഥ സംഗതി എന്താണ്?

ഡെപ്യൂട്ടിപ്രസിഡൻറ്: അതു കൗൺസിലിൽ പ്രസ്താവിക്കത്തക്കതാണെങ്കിൽ മെമ്പർമാരും, അതു് അദ്ദേഹം തന്നെ നിശ്ചയിക്കട്ടെ. വിദഗ്ദ്ധന്മാരുടെ അഭിപ്രായം അവസാന അഭിപ്രായമായിട്ട് എടുക്കാതെ നമ്മുടെ പരമാർത്ഥം ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെന്നു മാത്രമെ അദ്ദേഹത്തിന് ഉദ്ദേശമുള്ളു.

മി. വി. ചെല്ലംപിള്ള (തോവാള): അതെ വാരിയൂർ ഉപ്പളംസംബന്ധിച്ചു ചീഫ് എഞ്ചിനീയർ, [illegible] "കമ്മീഷനർ അരുമയായ അതിൽ പ്രവൃത്തി ചെയ്യുവാൻ അസാദ്ധ്യമെന്നു പ്രസ്താവിച്ചു. എന്നാൽ [illegible] പിള്ള ആ പ്രവൃത്തി [illegible] ഉപ്പ് അവിടെ [illegible] സാധിക്കുമെന്നു [illegible] തെളിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ ഗവണ്മെൻറുകാര്യത്തിൽ നിരവധി വിദഗ്ദ്ധാഭിപ്രായം അവസാനത്തേതായി എടുത്താൽ, നാം ഒരുകാലത്തും മുന്നോട്ടു പ്രസ്ഥാനം [illegible] സാധിക്കുകയില്ല എന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടു ഗവണ്മെൻറ് [illegible] ഉപേക്ഷിക്കരുതെന്നു ഞാൻ നിർദ്ദേശിക്കുന്നു.

ഇനിയും, ഉപ്പുണ്ടാക്കുന്നതിനെ സംബന്ധിച്ചു [illegible] രണ്ടു [illegible] ഉണ്ട്. [illegible] ന്നുള്ള പരാതി ഉപ്പുവെള്ളം വേണ്ടതു കിട്ടുന്നില്ല എന്നുള്ളതാണ്. ഈ പരാതി ഡിപ്പാർട്ടുമെൻറും സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പരാതി കഴിഞ്ഞ പത്തുപന്ത്രണ്ടു വർഷക്കാലമായിട്ട് ഗവണ്മെൻറിൻെറ [illegible] ട്ടിട്ടും ഗവണ്മെൻറിനു ഇതുവരെ ഈ സംഗതിയിൽ യാതൊന്നും പ്രവർത്തിക്കുന്നതിന് സാധിച്ചില്ല. അവർക്ക് ഉപ്പിൽനിന്നും പ്രതിവർഷം ഏഴു ലക്ഷം രൂപയോളം കിട്ടിവരുന്നുണ്ട്. ഈ പ്രശ്നം ഗവണ്മെൻറിൻെറ മുമ്പിൽ കിടക്കുന്നു. ഇപ്പോൾ അതു പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൻെറ [illegible] ഞാൻ വിചാരിക്കുന്നു. രണ്ടുവർഷത്തിനുമുമ്പ് ഒരു തോട്ടിൻെറ ഗതിയെ മാറ്റുന്നതിനെപ്പററി പരിശോധിക്കാനായി ചീഫ് എൻജിനീയർ അവിടെ വന്നിരുന്നു. എന്നാൽ രണ്ടുകൊല്ലം കഴിഞ്ഞതിനുശേഷവും ഒരു ചെറിയ തോട്ടിലെ ഒഴുക്കു തിരിച്ചുവിടുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല എന്നു പറയുന്നതിനു എനിക്കു വ്യസനമുണ്ട്. ഗവണ്മെൻറിൻെറ പുരോഗമനം ഇത്രമന്ദമായിട്ടാണെങ്കിൽ തിരുവിതാംകൂറിൽ ഉപ്പുനിർമ്മാണം [illegible] അഭിവൃദ്ധിപ്പെടുത്തുന്നതിനു യാതൊന്നും സാധിക്കുമെന്നു എനിക്കറിഞ്ഞുകൂടാ. വ്യവസായിക കാര്യങ്ങൾക്കും മററുമുള്ള ഗവണ്മെൻറു സഹായത്തിനെക്കുറിച്ചു നാം വളരെ അഭിമാനിക്കുന്നു. എന്നാൽ അതേസമയത്തു ഉപ്പുവ്യവസായത്തിൽ നാം ഉപേക്ഷകാണിക്കുന്നു. ഇതു വളരെ പരിതാപകരമായിട്ടുള്ളതാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്—നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു. എന്നാലും നിങ്ങൾ പ്രതിപാദിക്കുന്നകാര്യം യഥാർത്ഥപ്രാധാന്യമുള്ളതാകകൊണ്ടു ഞാൻ കുറച്ചുസമയംകൂടി അനുവദിക്കാം. ഞാൻ മുന്നറിയിപ്പുകൂടി നിങ്ങൾക്കുതരാം. [illegible] ചെയ്യുവുന്നതിൽ കൂടുതൽ സൌജന്യമാണത്.

മി. വി. ചെല്ലംപിള്ള (തോവാള): സർ, നമ്മൾക്ക് ഉപ്പുകൃഷിക്കു [illegible] ഏക്കർ സ്ഥലമുണ്ട്. അതിൽ [illegible] ഏക്കർ സ്ഥലത്തു മാത്രമേ ആവശ്യത്തിനുവേണ്ട ഉപ്പുവെള്ളം കിട്ടുന്നുള്ളു. ബാക്കി [illegible] ഏക്കർ സ്ഥലത്തു വേണ്ടഉപ്പുവെള്ളം കിട്ടുന്നില്ല. ഞാൻ കഴിഞ്ഞ ബഡ്ജററ് സെഷനിൽ പ്രസ്താവിച്ചതുപോലെ ഈ മുഴുവൻ സ്ഥലത്തേക്കും വേണ്ടഉപ്പുവെള്ളം കിട്ടുന്നപക്ഷം നമ്മുടെ ആവശ്യത്തിൽ കൂടുതലായുള്ള ഉപ്പു ഉണ്ടാക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഈ വിഷയം കഴിഞ്ഞ അനേകം കൊല്ലങ്ങളായിട്ട് ഗവണ്മെൻറിൻെറ മുമ്പാകെ കിടക്കുകയാണ്. ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറു ഈ വിഷയത്തിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനായിട്ട് ഒരിക്കലും മുന്നോട്ടുവരുന്നുമില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: എന്തുകൊണ്ട്?

മി. വി. ചെല്ലംപിള്ള (തോവാള): അതിനുമറുപടി ഗവണ്മെൻറോ ആ ഡിപ്പാർട്ടുമെൻറോ ആണു പറയേണ്ടതു. ഗവണ്മെൻറിൻെറ മുമ്പാകെ ഒരു ആലോചന കിടപ്പുണ്ട്. ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറാണ് ഒരു കൽചാലംകെട്ടി ഉപ്പുവെള്ളം കടലിൽനിന്നും പമ്പുവഴികൊണ്ടുവരേണ്ടതു്. ഗവണ്മെൻറിൻെറ മുമ്പാകെ ഒരു അടങ്കൽതയ്യാറാക്കി സമർപ്പിക്കാത്തതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: അതു വളരെ ചെലവുള്ള ഒരു പരീക്ഷണം ആയിരിക്കാം.

മി. വി. ചെല്ലംപിള്ള (തോവാള): ഗവണ്മെൻറ് അതു അനുവദിച്ചുകഴിഞ്ഞു, അവർ തുക അനുവദിക്കുകയുംചെയ്തു. അവർക്ക് ശരിയായ ഒരു അടങ്കൽ കിട്ടിയിട്ടില്ലെന്നുള്ള കാര്യംമാത്രമേയുള്ളു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവുംതെക്ക): ഗവണ്മെൻറിൻെറ ഗതി വളരെ മന്ദമായിട്ടാണ്.

മി. വി. ചെല്ലംപിള്ള (തോവാള): എത്ര സാവധാനത്തിലാണ്, സർ, അതിനു എത്ര സമയം എടുക്കും? ഗവണ്മെൻറു ഈ വിഷയം എടുത്തിട്ട് പത്തുകൊല്ലത്തിൽ കൂടുതൽ കഴിഞ്ഞു. ഗവണ്മെൻറു നമ്മുടെ അഭിപ്രായങ്ങളെ അനുവദിച്ചു. എന്നാൽ ഒരു ചാലംകെട്ടുന്നതിനോ ഉപ്പുവെള്ളം കൊണ്ടുവരുന്നതിനു വേറെ എന്തെങ്കിലും മാർഗ്ഗംകണ്ടുപിടിക്കുന്നതിനോ പത്തുവർഷത്തിൽ കൂടുതൽ സമയം വേണമെന്നാണോ [illegible]. കടലിൽനിന്നും ഉപ്പുവെള്ളം നമുക്കു കൊണ്ടുവരുന്നതിനു സാധിക്കാത്ത ആ ഉദ്യോഗസ്ഥന്മാർക്കു നാം അത്ര കൂടിയ ശമ്പളം കൊടുക്കണമോ? നാം ഇവരിടെ അവർക്കു വളരെ കൂടിയ ശമ്പളംകൊടുത്തുകൊണ്ടിരിക്കയാണ്. അതു ദയനീയമാണ്.

ഇനി കുടിവില മുതലായവയെപ്പററി പറയുകയാണെങ്കിൽ, ഉപേക്ഷക്കുററത്തിനു ലൈസൻസുകാരുടെ മേൽ ആരോപിക്കുന്ന കുററത്തിന് അതു വേറെയൊരു കാരണമാണ്. സർ, ലൈസൻസുകാർക്ക് അവർ നിർമ്മിക്കുന്ന ഉപ്പിൻെറ വിലയുടെ ൨/൩ ഭാഗം കിട്ടണം. ഉപ്പിൻെറ വില, രണ്ടു മണുള്ള ഒരു ചാക്കിന് തീരുവ നീക്കി ഗവണ്മെൻറു കണക്കനുസരിച്ചു ഒരുരൂപ നാലണയാണ്. ഒരു മണിനു പത്തണ വിലയാകും. ഇതിൽനിന്നും ലൈസൻസ്കാർക്ക് ൨/൩ ഭാഗം കിട്ടുവാൻ അവകാശമുണ്ട്. അതായതു് ഏകദേശം എട്ടണയാണ്. എന്നാൽ ഇപ്പോൾ അവർക്കു മൂന്നണയ്ക്ക് അഞ്ചണമാത്രമേ കൊടുത്തുവരുന്നുള്ളു. ഏതു കണക്കനുസരിച്ചാണ് ഈ തുക കൊടുത്തുവരുന്നതെന്നു എനിക്കു അറിഞ്ഞുകൂടാ. ഇതിൻെറ അടിസ്ഥാനമെന്താണെന്നു തെളിയിക്കുന്നതിനു ഞാൻ എക്സൈസ് കമ്മീഷണരോട് ആവശ്യപ്പെടുന്നു. ഗവണ്മെൻറു ഉപ്പളങ്ങളിൽ അവർക്ക് ചാക്കിനു ഒരുരൂപ എട്ടണ കിട്ടുന്നു. അതായതു് തീരുവ കുറിക്കുന്നതിനുള്ള മേൽവാരം അവർക്കു കൊടുക്കുന്നു. നാം കഴിഞ്ഞകൊല്ലത്തെയും അതിനു മുമ്പിലത്തെ കൊല്ലങ്ങളിലെയും റിപ്പോർട്ടു പരിശോധിക്കുകയാണെങ്കിൽ—

ഡെപ്യൂട്ടിപ്രസിഡൻറ്: അതു് നമുക്ക പിന്നീടൊരവസരത്തിൽ പരിശോധിക്കുന്നതിലേക്കു മാററാം, നിങ്ങളുടെ സമയം തീൎന്നുപോയി.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, ഇപ്പോൾ നമ്മുടെ മുമ്പാകെ വെച്ചിട്ടുള്ള ബഡ്ജററുകൊണ്ടു അടുത്തവർഷത്തേക്ക ഇരുനൂററമ്പതുലക്ഷത്തിഎഴുപത്തിരണ്ടായിരത്തിഎഴുപത്തിമൂന്നു രൂപ വരവും ൨,൪൫,൧൧,൨൭൫ രൂപ ചിലവും ഉണ്ടായിരിക്കത്തക്കവണ്ണവും വർഷാവസാനത്തിൽ ൨,൨൦,൦൦൦ രൂപ മിച്ചംവരത്തക്കവണ്ണവുമുള്ള ഒരു കണക്കാണു കാണപ്പെടുന്നതെന്നു വിശദപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഈ വർഷത്തിലും സങ്കല്പിതമായ സംഖ്യകളാണ് ഈ ബഡ്ജററിൻെറ ആവശ്യത്തിലേക്ക റിവയിസ്സ് ചെയ്ത കണക്കുപ്രകാരം നിശ്ചയിച്ചിരിക്കുന്ന കൊല്ലത്തിൽ അല്പം മിച്ചംകാണിക്കുന്ന ഒരു കണക്കു തന്നിട്ടുണ്ട്. ക്രമേണ വർദ്ധിക്കത്തക്കവണ്ണം കഴിഞ്ഞുകൂടിയ കാലങ്ങളെ ഓരോന്നിനേയും താരതമ്യപ്പെടുത്തിനോക്കിയാൽ ഇങ്ങനെ വിശ്വാസയോഗ്യവും ആശാജനകവുമായവിധത്തിൽ ആണ്ടുതോറും കുറേശ്ശെ സംഖ്യ വർദ്ധിക്കുമെന്നുകാണിച്ചു വർഷാവസാനത്തിൽ അല്പം മിച്ചംവച്ചു ബഡ്ജററുതയാറാക്കി പൂർത്തിയാക്കിയിരിക്കുമെന്നു കാണാൻകഴിയുന്നതാണ്. അതുകൊണ്ടു ബഡ്ജററു നിരാശാജനകമായിരിക്കുകയില്ല. തൃപ്തികരമായിരിക്കയുംചെയ്യും. എന്നാൽ ഈ അവസ്ഥയിൽ നമ്മുടെ പണം അല്പമെങ്കിലും മിച്ചംവെയ്ക്കത്തക്കവണ്ണം നമ്മുടെ രാജ്യകാര്യങ്ങൾ നടത്തപ്പെട്ടുപോരുന്നുണ്ടോ എന്നുള്ള കാര്യത്തെപ്പററി രണ്ടുമൂന്നു സംഗതികൾ എനിക്കു ശ്രദ്ധാവിഷയമാക്കി വിവരിച്ചുപറവാനുണ്ട്.

കഴിഞ്ഞവർഷത്തേക്കാൾ ഈ വർഷത്തിൻെറ ആദ്യത്തിലും വർഷാവസാനത്തിൽ ൩,൭൫,൦൦൦ രൂപ മിച്ചംവരുമെന്നു സങ്കല്പിച്ചിരുന്നു. എങ്കിലും റിവയിസ്സുചെയ്ത എസ്റ്റിമേററുപ്രകാരം ൪,൮൭,൦൦൦ രൂപ മിച്ചംവരുമെന്നു സങ്കല്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്. ഇങ്ങനെ റിവൈസ്സുചെയ്യുകയെന്നുള്ള സമ്പ്രദായം ഈ ബഡ്ജററിൻെറ ആവശ്യത്തിനുവേണ്ടിമാത്രമാണോ എന്നു തോന്നിപ്പോകുന്നു. എന്തെന്നാൽ ൧൦൩൨-മാണ്ടു റിവൈസ് ചെയ്ത എസ്റ്റിമേററുപ്രകാരം ൧൭,൨൧,൦൦൦ രൂപ മിച്ചംവരുമായിരുന്നിരിക്കെ വർഷാവസാനത്തിൽ വാസ്തവത്തിൽ വന്ന മിച്ചം ൨൩,൮൮,൦൦൦ ത്തിലധികം രൂപയാണ്. അതുപോലെതന്നെ ൧൦൪-ൽ സങ്കല്പിച്ചിട്ടുള്ള സംഖ്യ റിവൈസ്ചെയ്ത എസ്റ്റിമേററുപ്രകാരം ൧൯,൩൩,൭൦൦ രൂപ ആയിരുന്നിരിക്കെ വർഷാവസാനത്തിൽ ൨൩,൩൩,൩൯൨ രൂപ മിച്ചംവന്നിട്ടുണ്ട്. ഈ കണക്കുകൊണ്ടു റിവൈസ്ചെയ്ത എസ്റ്റിമേററുപ്രകാരമുള്ള മിച്ചം ഒരു സങ്കല്പിതചിത്രമാണെന്നും ഇതു ബഡ്ജററിൻെറ ഉപയോഗത്തിനായിട്ടുമാത്രം കണക്കാക്കിട്ടുള്ളതാണെന്നും അങ്ങനെ കണക്കാക്കിട്ടുള്ള സംഖ്യയിൽനിന്നും അല്പമെങ്കിലും വർദ്ധമാനമായിട്ടല്ല ഒരു സംഖ്യ അവസാനത്തിൽ മിച്ചംവരുന്നതാണെന്നും ഇടയ്ക്കുള്ള എസ്റ്റിമേററു പരിശോധിച്ചാൽ കാണാം. ഫൈനാൻഷ്യൽസിക്രട്ടറിയുടെ പ്രസംഗവും ബഡ്ജററുംകൂടി ഒരുമിച്ചുവായിച്ചു നോക്കിയതിൽ അനേകം ഭേദങ്ങൾ വിചിത്രങ്ങളായി കാണുന്നുണ്ട്. കഴിഞ്ഞവർഷത്തിൽ നിശ്ചയിച്ചിരുന്ന സംഖ്യയിൽനിന്നു് കൂടുതലായിട്ടു രണ്ടുമൂന്നു ലക്ഷം രൂപായോളം ചിലവായിട്ടുള്ളതായിട്ടും ൩ ലക്ഷത്തിൽചില്വാനം രൂപ കഴിഞ്ഞവർഷത്തിൽ മിച്ചം കിട്ടുമെന്നാശിച്ചിരുന്നതായിട്ടും കാണുന്നു. എന്നാൽ കിട്ടുമെന്നാശിച്ചിരുന്ന രണ്ടുമൂന്നു ഡിപ്പാർട്ടുമെൻറിൽനിന്നും പണം ഉദ്ദേശിച്ചിരുന്നതുപോലെ പിരിഞ്ഞുകിട്ടാത്തതിനാൽ ആശിച്ചിരുന്നതിൽ ൨,൫൫,൦൦൦ രൂപ കുറഞ്ഞു എങ്കിലും കിട്ടുമെന്നു ആശിക്കാത്ത മററുചില ഡിപ്പാർട്ടുമെൻറിൽനിന്നും വരവു കൂടുതലുണ്ടായിരുന്നതിനാൽ ആശിച്ചിരുന്നതുപോലെയെന്നല്ല നഷ്ടം മിച്ചവു കൂടിവന്നിട്ടുണ്ട്. ഇങ്ങനെ ആണ്ടിൻെറ ആദ്യം സങ്കല്പിച്ചതിലധികം റിവൈസ് എസ്റ്റിമേററിൻപ്രകാരമുള്ള സംഖ്യയിൽ ൪-൮൭ ലക്ഷം രൂപ മിച്ചംകാണുന്നു, ഇനി ഈ തുക എങ്ങനെവന്നു എന്നാണു നോക്കേണ്ടതു്. കഴിഞ്ഞവർഷത്തിൽ ചിലവുചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന തുക ചിലവുചെയ്യാതെ മിച്ചമായിട്ടു കണക്കാക്കിയതു ഏററവും ഖേദനീയമായിട്ടു തോന്നുന്നു. നാലുവർഷത്തിനുമുമ്പുമുതൽ മലയാളംസ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനായിട്ടു ജനപ്രതിനിധികൾ വാദിക്കുകയും അവരുടെ ശക്തിയായ നിർബന്ധംനിമിത്തം ഒരു കമ്മിററി ഏർപ്പെടുത്തി ആ കമ്മിററിയുടെ ശുപാർശപ്രകാരം ശമ്പളം കൂട്ടികൊടുക്കണമെന്നു തീർച്ചപ്പെടുത്തി. എങ്കിലും ൧൦൩-ലെ ബഡ്ജററിൽ ഒരു കാര്യം ഇതിലേക്കു കൊള്ളിക്കാതിരുന്നതിനാൽ ജനപ്രതിനിധികൾ വീണ്ടും ശക്തിയുക്തം വാദിച്ചു. തദനന്തരം ൧൦൪ വൃശ്ചികത്തിലെ കൌൺസിൽയോഗത്തിലാണ് ൨ ലക്ഷം രൂപ അവർക്ക് വീതിച്ചുകൊടുക്കാൻ ഗവണ്മെൻറു ഏററതു്.

൧൦൪ അവസാനംവരെ അതു വീതിച്ചുകൊടുക്കാൻ സാധിക്കാതെ ൧൦൫-ലും അതിലേക്കു ഒരു തുക ബഡ്ജററിൽ ചെയ്തു. ആ തുകയിൽനിന്നും മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളമുറകൾ നിർണ്ണയിക്കുന്നതിനു ഒരു സ്പെഷ്യൽസ്റ്റാഫ് ഏർപ്പെടുത്തി. അതിലേക്കു കുറെ പണം ചിലവാക്കി. എങ്കിലും മാത്രം അനുഭവിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാർക്ക വീതിച്ചുകൊടുക്കാൻ വച്ചിരുന്ന രൂപ യഥോചിതം വീതിച്ചുകൊടുക്കുന്നതിനുള്ള ശക്തികൂടി ഗവണ്മെൻറിനോ അല്ലങ്കിൽ ഡിപ്പാർട്ടുമെൻറിനോ ഇല്ലാതെപോയി എന്നു കാണിക്കാനുള്ള ഒരു അടയാളമായിട്ടാണ് ഇപ്പോൾ ഈ മിച്ചത്തെ ഞാൻ കാണുന്നതു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ധാരാളം ശമ്പളക്കാരുണ്ട്; മാനേജരുണ്ട് പോരെങ്കിൽ ഇയിടെക്കുതന്നെ കൂടുതലായി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. പ്രതിവർഷം അനേകഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നുമുണ്ട്. ഈ സ്ഥിതിക്കു ഇത്രവലിയ പ്രധാനമായിരിക്കുന്ന ഒരുകാര്യത്തിൽ ശരിയായി പ്രവർത്തിക്കുന്നതിനു സാധിക്കാതെപോയതിൻെറ ഫലമായിട്ടാണ് വർഷാവസാനത്തിൽ കൂടുതൽ മിച്ചം കാണിക്കാനിടയായിട്ടുള്ളതു് എന്നുകൂടി പറയേണ്ടതായി വന്നിരിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ ആണ്ടിൽ അധികം ധനം കെട്ടേണ്ടതില്ലെന്നാണോ പറയുന്നതു്?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എന്നല്ല ഞാൻ പറഞ്ഞതു്. അവർക്കു കൊടുക്കാനുള്ള ശമ്പളം കൊടുക്കാൻ സാധിക്കാതെ ബാക്കിവച്ചിരിക്കകൊണ്ടു മിച്ചം കൂടുതൽ വന്നു എന്നാണ് ഞാൻ പറഞ്ഞതു്. ഇങ്ങനെ ചിലവാക്കേണ്ടുന്ന സംഖ്യ ചിലവാക്കാതെ ബഡ്ജററിൽ മിച്ചം കാണിക്കുന്നതുകൊണ്ടു് എന്താണു പ്രയോജനമെന്നുകൂടി ഞാൻ ചോദിച്ചുകൊള്ളുന്നു.

പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നും ൭൮,൦൦൦ രൂപ ഈ കൊല്ലത്തിൽ മിച്ചംവച്ചിരിക്കുന്നു. അതിൽ ആർക്കുംതന്നെ പരാതിയില്ല. എന്നാൽ ഉത്തരതിരുവിതാംകൂറിൽ ഈ ഡിപ്പാർട്ടുമെൻറുകാണിക്കുന്ന ന

യം രസാവഹമാണ്. ഇന്നതന്നെ എൻെറ ഒരു ചോദ്യത്തിന നൽകിയ മറുപടിയിൽ ൭൦൦-ൽ ശിഷ്ടം രൂപ അനുവദിച്ചിരുന്ന ഒരു വേലയ്ക്കു ൩൦൦-ൽ ചില്വാനം രൂപ മാത്രമെ ചിലവാക്കീട്ടൊള്ളു എന്നാണ പറഞ്ഞുകാണുന്നതു്. എന്നാൽ എനിക്കുതന്നെ ഇതിനെപ്പററി നല്ലതിൻവണ്ണം അറിയാം. ഈ ആണ്ടിൽ അവിടെ യാതൊരു ജോലിയും നടത്തിയിട്ടില്ല. ഗവണ്മെൻറിൽനിന്നു് ഒരാളിനെ അയച്ചു അന്വേഷിക്കുകയാണെങ്കിൽ ഇതു സൂക്ഷ്മമായി അറിയാൻ സാധിക്കും. പിന്നെ അവിടെ എന്താണ നടക്കുന്നതു്. വർഷാവസാനത്തിൽ മണ്ണുവെട്ടി റോഡിൽ അവിടവിടെ നിരത്തി ഇടാറുണ്ടു്. ഒരു മഴ പെയ്യുന്നതോടുകൂടി റോഡിൻെറ സ്ഥിതി പഴയതുപോലെതന്നെ. ഇങ്ങനെ പണം ചിലവാക്കുന്നതുകൊണ്ടു എന്താണ പ്രയോജനം. ഇതിനുപുറമെ ഒരു റോഡുപണിക്കു എത്ര രൂപ അനുവദിച്ചാലും എക്സിക്യൂട്ടീവു ഡിവിഷനിലെ ഇഞ്ചിനീയർക്കു ആ എക്സിക്യൂട്ടീവു ഡിവിഷനിൽ തോന്നുന്ന സ്ഥലത്തേക്കു ആ പണം മാററി ചിലവുചെയ്യാൻ ഒരു വിരോധവുമില്ല. കൺട്രാക്ടർമാരുടെ വാക്കുകൾ കേട്ടോ അല്ലെങ്കിൽ പ്രത്യേകമായി ചില ആളുകളുടെ പ്രതിപത്തിയ്ക്കു വേണ്ടിയോ സാധാരണ ഒരു റോഡിന അനുവദിച്ചിട്ടുള്ള പണം മറെറാരു റോഡിലേക്കു വിനിയോഗിക്കാറുണ്ടു്. ബഡ്ജററിൽ പണം ചേർത്തിട്ടുണ്ടെന്നു ജനപ്രതിനിധികളെ പറഞ്ഞുവിശ്വസിപ്പിച്ചു അയക്കാറുമുണ്ടു്. ഇങ്ങനെ ചെയ്യുന്നതിന അനുവദിക്കുന്നതിനാൽ ഏതു ദേശത്തിന പ്രയോജനപ്പെടണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുവോ അതിന വിപരീതമായ ഫലമാണ് ഉണ്ടാകുന്നതു്. ഇതു ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. ഗവണ്മെൻറു വളരെ താല്പര്യമായി ഗതാഗതസൌകര്യം വർദ്ധിപ്പിക്കാൻ അനുവദിച്ചുകൊടുക്കുന്ന പണം ദുരുപയോഗിക്കയോ ഇങ്ങനെ വർഷാവസാനത്തിൽ തിരിയെ ഒടുക്കുകയോ ചെയ്യുന്നതിന ആരാണുത്തരവാദി. ചോദിക്കാനാരാണ്. ഈ നിലയിൽ ഇനിയും കാലം മുന്നോട്ടുപോകേണ്ടതു് അനുവദനീയമായിട്ടുള്ളതല്ല. ഗവണ്മെൻറുവക പണം—ജനങ്ങൾക്കു നന്മചെയ്യാൻ നീക്കിയിരിക്കുന്ന പണം—ചിലവാക്കുകയും ചെയ്യുന്നു. ജനങ്ങളുടെ ആവശ്യം നടക്കുന്നതുമില്ല. ഈ നിലയിൽ കൊല്ലങ്ങൾ കഴിയുന്നു. ഈ ഡിപ്പാർട്ടുമെൻറിലേക്കു ധാരാളം പണം അനുവദിച്ചുകൊടുക്കുന്നുണ്ടു്, ആവക പണം ശരിയായ വിധത്തിൽ ചിലവുചെയ്യണമെന്നാണ് എൻെറ അഭിപ്രായം. ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല. ഓരോ വേലയ്ക്കും നിശ്ചയിക്കുന്ന സംഖ്യ ആ വേലയ്ക്കായിട്ടു മാത്രം ചിലവുചെയ്യണം. ബാക്കിവന്നാൽ സകാരണം ഗവണ്മെൻറിൽ തിരിച്ചേല്പിക്കണം. വീണ്ടും വാങ്ങി വേല പൂർത്തിയാക്കണം. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഒരിക്കലും ജനങ്ങളുടെ സങ്കടം തീരുകയില്ല. വർഷാവസാനത്തിൽ കുറെ മണ്ണിൽ കുഴച്ചും മററും കളയാനായിട്ടല്ലാ ഈ ഡിപ്പാർട്ടുമെൻറിലേക്കു പണം അനുവദിക്കുന്നതു. ഈവിധത്തിൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നു വിനിയോഗിക്കുന്ന പണം പ്രയോജനമില്ലാത്തവിധം ചിലവാക്കിക്കളയുന്നുണ്ടു്. ശരിയായി വിനിയോഗിക്കാൻ വഴിയില്ലെങ്കിൽ ആ പണം തിരിയെ ഏല്പിക്കണമെന്നു വ്യവസ്ഥചെയ്താൽ ഒരു പന്ത്രണ്ടു വർഷത്തിനകം തിരുവിതാംകൂർ പി. ഡബ്ലിയു. ഡി. വകുപ്പുകൊണ്ടുണ്ടായിക്കൊണ്ടിരിക്കുന്ന സങ്കടങ്ങൾ എല്ലാം തീരും.

ഡെപ്യൂട്ടിപ്രസിഡൻറ്: എത്രയാണ ലാപ്സായതു് ?

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ ആണ്ടിൽ ലാപ്സായിപ്പോയതെന്നുപറയുന്ന സംഖ്യ ൭൫,൦൦൦ രൂപാമാത്രമേയുള്ളു. ബാക്കിയുള്ള പണം മുഴുവനും വർഷാവസാനത്തിലുള്ള ഒടുവിലത്തെ മൂന്നു മാസങ്ങളിലായി ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ പ്രയോജനരഹിതമായി ചിലവഴിക്കുകയാണ്. അങ്ങനെ ചിലവഴിക്കാനായിട്ടല്ലല്ലോ പണം അനുവദിച്ചുകൊടുക്കുന്നതു്. ആണ്ടുതോറും വലിയ സംഖ്യ അനുവദിച്ചുകൊടുക്കുന്നതു് പ്രയോജനരഹിതമായിട്ടു നശിപ്പിക്കാനല്ലല്ലോ. ഇപ്പോഴത്തെ അനുഭവം എന്താണ് എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. പി. ഡബ്ലിയു. ഡി. വകുപ്പിൻെറ ശരിയല്ലാത്ത പ്രവർത്തനം രാജ്യവാസികളെ പൊതുവിൽ ബാധിക്കുന്നതാണ്.

വേറെ ഒരു പ്രധാന മാർഗ്ഗം റയിൽവേയാണ് ൧൧൦൭-ൽ ൨ ലക്ഷത്തിൽ ചില്വാനം രൂപയോളംകിട്ടി. ൧൧൦൮-ൽ ൨ ലക്ഷംരൂപ കരുതി ആണ്ടവസാനമായപ്പോൾ അതു ൯൯,൮൫൦ രൂപയായി കുറഞ്ഞു. ൧൧൦൯-ൽ ഒരു ലക്ഷംരൂപ കിട്ടുമെന്നാണ നിശ്ചയിച്ചിരുന്നതു, കിട്ടിയതു ൭൪ ആയിരത്തിൽശിഷ്ടം രൂപയാണ. ൧൧൧൦-ലും ഒരു ലക്ഷംരൂപ കിട്ടുമെന്നു ആശിച്ചിരുന്നിരിക്കെ ൧൦,൭൦൦ രൂപനഷ്ടമായി പരിണമിച്ചിരിക്കുന്നു. ഈ സ്ഥിതിക്ക് ഈ ബഡ്ജററിൽ ൧൧൧൧-ലേക്കു അരലക്ഷംരൂപ കിട്ടുമെന്നു പ്രതീക്ഷിച്ചിരിക്കുന്നതു വെറുംസങ്കല്പം മാത്രമായിട്ടുവരാനേ തരമുള്ളു. ഈയാണ്ടവസാനത്തിൽ ഇരട്ടി നഷ്ടമെങ്കിലും പ്രതീക്ഷിക്കാം. ഇതിനുകാരണം പലതായിരിക്കാം. ഫൈനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നതു കൊയിൽവേ ലയിനിൻെറ വക്രതനേരേയാക്കിയതുകൊണ്ടാണ ഈ കുറവിന ഇടയായതു എന്നാണ. എസ്. ഐ. ആർ. അവരുടെ ലയിൻ നേരെയാക്കിയതിൽ, സഹ്യാദ്രിക്ക് ഇപ്പുറംകിടക്കുന്ന തിരുവിതാംകൂർ ഗവണ്മെൻറിനു നഷ്ടം സഹിക്കേണ്ടിവന്നതു എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ൧൧൨൦ കഴിഞ്ഞാൽ എന്തോ ഒരുവലിയ കാര്യം സാധിക്കാൻ കഴിയുമെന്നു തോന്നുന്നതായിട്ടാണ റെയിൽവേകാര്യം ഇപ്പോൾ ശ്രദ്ധയിൽപ്പെടുന്നതു. ക്രമേണ ൧൧൦൭ മുതൽ ഇങ്ങോട്ടു നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ൧൧൨൦ ആകുമ്പോൾ ഈ റയിൽവേ ലെയിൻവേല സംബന്ധിച്ചുള്ള ആശമുഴുവൻ നഷ്ടപ്പെടുമെന്നാണ് എനിക്കുതോന്നുന്നതു. ഇതിലേക്കു ഒരുപരിഹാരമാർഗ്ഗം നിർദ്ദേശിക്കാൻ ഈ കൗൺസിലിന അധികാരമില്ല. അതുകൊണ്ടു നിരൂപണപരമായി എന്തെങ്കിലും പറഞ്ഞു നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ തരമാകയുമില്ല. റെയിൽവേ സംബന്ധിച്ചു ഈ നഷ്ടത്തിന കാരണം. പുതിയ ലെയിൻ വെട്ടിയതുകൊണ്ടു മാത്രമായിരിക്കയില്ല-അങ്ങിനെയാണെങ്കിൽ, ദക്ഷിണയിന്ത്യയിലെ റെയിൽവേയുടെ വക്രതകളെ മാററുന്നതിൽ ചെങ്കോട്ടക്കു ഇപ്പുറംകിടക്കുന്ന നാം നഷ്ടം സഹിക്കണം എന്നുവരികയാണെങ്കിൽ അതിനെപ്പററി ഗാഢമായി ചിന്തിക്കേണ്ടതാണ. അപജയകരവും, ഒരുപക്ഷേ ആപൽകരവുമായ റെയിൽവേ ഇടപാടു നമുക്കു ഗുണകരമല്ലാത്തപക്ഷം ആ കാര്യം പാടെ ഉപേക്ഷിക്കുന്നതു അധികം നന്നായിരിക്കും, നമ്മുടെ രാജ്യംതന്നെയും പണയപ്പെട്ടു പോകുന്ന ഒരേർപ്പാടു പരിരക്ഷിക്കരുതാത്തതാണല്ലോ.

ഇനി എനിക്കുപറയാനുള്ളതു എഡ്യൂക്കേഷൻഡിപ്പാർട്ടുമെൻറിനെപ്പററിയാണ. ഈ വകുപ്പിൽ വർണാക്യൂലർസ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളംകുറെക്കൂട്ടികൊടുത്തു, ആക്ടിങ്ങുകാർക്കില്ല. ഗ്രാൻറു സ്കൂളുകൾക്കു ന്യായമായി കിട്ടേണ്ടതു കൊടുക്കുന്നില്ല. ഗ്രാൻറുസ്കൂളുകൾക്കു വിധിച്ചിട്ടുള്ളതുതന്നെ ശരിയായികൊടുക്കണമെങ്കി

ൽ മൂന്നു കൊല്ലത്തേയ്ക്കു അദ്ധ്യാപകന്മാരെ മാററാതെ വച്ചുകൊണ്ടിരിക്കുന്ന എന്നുള്ള കണ്ടീഷൻ കാണിക്കണം. ഏതെങ്കിലും കാരണവശാൽ ഒരദ്ധ്യാപകൻ ഒരു സ്കൂൾ വിട്ടു മറെറാരു സ്കൂളിലേക്കു പോയാൽ ആ സ്കൂളിലേക്കു ഗ്രാന്റു കൊടുക്കയില്ല. ഇങ്ങനെ പലവ്യവസ്ഥകളും കൊണ്ടു കഷ്ടപ്പെടുത്തുന്നുണ്ടു. മേനേജ്മെന്റിൽ നടക്കുന്ന സ്കൂളിനു എഡ്യൂക്കേഷൻ കോഡ് ഉണ്ടാക്കാനുള്ള നിർദ്ദേശിച്ചിട്ടുള്ള വിധം ശരിയായി ഗ്രാന്റു കൊടുക്കേണ്ടതാണ്. ഒരദ്ധ്യാപകനെ മാററിയോ അതല്ല വച്ചുകൊണ്ടിരിക്കുന്നുവോ എന്നെല്ലാം നോക്കേണ്ടതു ഇൻസ്പെക്ടറുടെ ജോലിയാണ്. അതു നീതിയോ, അനീതിയോ, ന്യായമോ, അന്യായമോ എന്നു ആ ഉദ്യോഗസ്ഥൻ തീർച്ചയാക്കാനുള്ളതല്ലേ? നിശ്ചയിക്കുന്നതു എന്തൊന്നു പറഞ്ഞാൽ പോരേ? തിരുവിതാംകൂറിലെ വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസാഭിവൃദ്ധിയെപ്പററി കേട്ടിട്ടുള്ളവരെല്ലാം പ്രസിദ്ധിനേടിയിട്ടുണ്ട്. വിദ്യാഭ്യാസം കൊണ്ടു നിൽക്കുന്ന ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ ഒന്നാംസ്ഥാനം തിരുവിതാംകൂറിനും രണ്ടാംസ്ഥാനം കൊച്ചിക്കുമാണ്. അവിടത്തെ വിദ്യാഭ്യാസത്തിനു ഇതുവരെ പ്രസിദ്ധിസമ്പാദിക്കുവാൻ ഉള്ള സാഹചര്യങ്ങളിൽ ഒരു പ്രധാന ഭാഗം പ്രൈവററ് സ്കൂൾ മാനേജ്മെന്റു വഹിക്കുന്നുണ്ടു. അങ്ങിനെയുള്ള മാനേജ്മെന്റിനാൽ നടത്തപ്പെടുന്ന സ്കൂളുകളിൽ ഒരു അദ്ധ്യാപകനെ മാററിയെന്നുള്ള കാരണത്താൽ ശരിയായ ഗ്രാന്റു നൽകാതെയിരിക്കുന്നതു ഒട്ടും ശരിയല്ല. ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധക്കുടുതലായി പതിഞ്ഞുകാണാൻ ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ രാജ്യത്തെ ധനവിനിയോഗസ്ഥിതി കുറേ മെച്ചമായിട്ടാണു. നമ്മുടെ വരവു കുറവാണെങ്കിലും അന്യരെ സഹായിക്കുന്നതിനുള്ള താല്പര്യം തിരുവിതാംകൂർ ഗവണ്മെന്റിനു ധാരാളമുണ്ടു. ഇവിടെയുള്ള ക്ഷയരോഗികളെല്ലാം മദനപ്പള്ളിയിൽ പോയി ചികിത്സിക്കുന്നതിനു ഒരു സഹായധനം ആ സ്ഥാപനത്തിലേക്കു കൊടുക്കാൻ ഗവണ്മെന്റു തീർച്ചപ്പെടുത്തിയിട്ടുണ്ടു. അതിലേക്കു ൫൦,൦൦൦ രൂപ വീതമാണു അടുത്ത രണ്ടു വർഷങ്ങളിലേയ്ക്കു മദനപ്പള്ളി ആശുപത്രിക്കുവേണ്ടി ദാനം ചെയ്യാൻ വിചാരിക്കുന്നതു.

ഡിപ്പ്യൂട്ടിപ്രസിഡന്റ്. തിരുവിതാംകൂറിലുള്ള രോഗികളാരും മദനപ്പള്ളിയിൽ പോയി ചികിത്സിച്ചിട്ടില്ലയെന്നാണോ മെമ്പർ പറയുന്നതു.

മി, എ, സി, കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങിനെ ഞാൻ പറഞ്ഞില്ല പറയുന്നുമില്ല. ഇതുവരെ തിരുവിതാംകൂർ ഈ കാര്യത്തിൽ ശരിയായി പ്രവർത്തിക്കാതിരുന്നതിൽ ഞാൻ സങ്കടപ്പെടുകയാണു. അതിലേക്കു പരിഹാരം ചെയ്യുന്നതു. തിരുവിതാംകൂറിലെ പ്രജകൾ ക്ഷയരോഗം നിമിത്തം സങ്കടപ്പെടുന്നു. അതിലേക്കു പരിഹാരമായി തിരുവിതാംകൂറിനു വെളിയിലുള്ള ഒരു സ്ഥാപനത്തിലേക്കു കുറെ പണവും കൊടുത്തു ഈ രോഗികളെ മദനപ്പള്ളിയിൽ ചികിത്സിക്കാമെന്നു സങ്കല്പിച്ചു അറിവും പരിചയവുമില്ലാത്ത അന്യനാട്ടിലുള്ളവരെ ഏല്പിക്കുന്നതു കഷ്ടമാകണമെന്നാണു എനിക്കു തോന്നുന്നതു. മററുള്ള പണികളെല്ലാം നിറുത്തിവച്ചിട്ടെങ്കിലും ഇവിടെ ഇതിലേക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതായിരുന്നു. അതിനുപ്രാരംഭമായി ഈ പതിനയ്യായിരം രൂപ ചിലവാക്കി എന്തെങ്കിലും ആരംഭിക്കാമായിരുന്നു എന്നാണു എന്റെ പക്ഷം.

മദ്രാസ് യൂണിവേഴ്സിററിയോടു പലപ്രകാരത്തിലും ബന്ധപ്പെട്ടിട്ടുള്ള ഒന്നാണു തിരുവിതാംകൂർ. അവിടെ മദ്രാസ് യൂണിവേഴ്സിററിയിൽ ചില ശാഖകളിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുക്കുന്നില്ലയെന്നു വന്നാൽ അതിനുള്ള കാരണമെന്താണെന്നു ചോദിക്കാനുള്ള അവകാശം നമുക്കുണ്ടു. അങ്ങനെ ബന്ധത്തിൽ ഇരിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്കു ബനാറീസ് സർവകലാശാലയിൽ പോയിപഠിക്കുന്നതിനു വേണ്ടി ഒരു ഉദാരമായ സർവകലാശാലക്കു കൊടുക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ എത്ര കാലത്തേക്കാണെന്നും ബനാറീസിൽ കൊടുക്കാൻ പോകുന്നതെന്നു തീർച്ചപ്പെടുത്തിയിട്ടുമില്ല. ൫൦,൦൦൦ രൂപവീതം ആണ്ടുതോറും ബനാറീസിൽ കൊടുക്കേണ്ടതു. ഇഞ്ചിനിയറിങ്ങു വിദ്യാഭ്യാസം വേണമെന്നാഗ്രഹിക്കു വിദ്യാർത്ഥികളെല്ലാം ബനാറീസിൽ പോയി പഠിച്ചുകൊള്ളണമെന്നാണു ഗവണ്മെന്റു പറയുന്നതു. പോകാൻ സൗകര്യമുള്ളവർ മാത്രമേ അവിടെ പോയിപഠിക്കയുള്ളു. മദ്രാസിലും, ബനാറീസിലും പോയിപഠിക്കുന്നതിൽ വളരെവ്യത്യാസമുണ്ടു. ബനാറീസിൽ ആരുപോകാനാണു, അതിനു എത്രചിലവാകും? മദ്രാസിൽ മുമ്പുപണം കൊടുത്തിരുന്നു, ഇപ്പോൾ കൊടുക്കാറുണ്ടോ? പണം കൊടുത്താൽ അവിടെ ഈ കാര്യം സാധിക്കുമോ, ഇതൊന്നും അറിയാൻ കഴിയുന്നില്ല. മഹാരാജാവു തിരുമനസിലെ ഒരു സ്കോളർഷിപ്പു മദ്രാസിലുണ്ടല്ലോ. അതു പിൻവലിച്ചിട്ടുമില്ല. ഈ സ്ഥിതിക്കു മദ്രാസ് സർവകലാശാലക്കു കുറെ പണംകൊടുക്കുന്നപക്ഷം കുറേക്കൂടി സൗകര്യമായിരിക്കുകയില്ലേ? നാലഞ്ചു വർഷങ്ങൾക്കു മുൻപു ഇവിടെ ഒരു സർവകലാശാല സ്ഥാപിക്കുന്നതിനെപ്പററി വേണ്ട അന്വേഷണം നടത്തി ഒരുകമ്മിററി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു. ഏതായാലും കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ സ്ഥിതി ഒന്നു വേറെയാണു. കേരളീയർക്കായി ഒരു സർവകലാശാലയുണ്ടാകുന്നപക്ഷം ഈ വക പ്രയാസങ്ങൾ പരിഹരിക്കാൻ നമുക്കു സാധിക്കുന്നതുമാണു. തിരുവിതാംകൂർ സഹ്യപർവതത്തിന്റെ പടിഞ്ഞാറേഭാഗത്താണു സ്ഥിതിചെയ്യുന്നതു. ഈ കാരണം വെളിച്ചവും എല്ലാം യോജിച്ച ഒരു സർവകലാശാലയുണ്ടാക്കാൻ നല്ല സ്ഥാനത്താണു. എന്നാൽ ഗവണ്മെന്റു ഇതിനു ഗവണ്മെന്റു ഏതെങ്കിലും ചെയ്തിട്ടുണ്ടോ എന്നചോദ്യം അസ്ഥാനത്താണു. സമയച്ചുരുക്കത്താൽ ഞാൻ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിക്കേണ്ടതാണെന്നു പറയാതെ കഴിയുന്നതുമല്ല. ഈ കാര്യത്തിൽ അധികമൊന്നും പറയുന്നില്ല.

തിരുവിതാംകൂറിലെ ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം പർലമെന്റു ഫൈനാൻഷ്യൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറഞ്ഞുകാണുന്നു. ഇതുപരിപൂർണ്ണമായിട്ടു വിശ്വസിക്കാൻ കാരണമില്ല. ധനസ്ഥിതി മോശമാകുന്നു എന്നതിനു പല ഉദാഹരണങ്ങളും ഉണ്ടല്ലോ. സാധാരണ വരവിൽ ആശാജനകമായി അഭിവൃദ്ധിയില്ല. വർദ്ധിച്ചുവരുന്ന ക്ഷാമത്തിന്റെ ഭയങ്കരതയാൽ അടുത്തവർഷത്തേയ്ക്കു കയററുമതി ഇറക്കുമതിതീരുവ കുറയാൻ ഇടയുള്ള. എക്സൈസ് വരവു ശാശ്വതമല്ലല്ലോ. ടെംപ്രൻസുപരിശ്രമം മൂലവും മററും ഈ വകുപ്പിലും വരവുകുറയാം. പിന്നെനമ്മുടെ മൂലധനമാണുള്ളതു. നമ്മുടെ ബഡ്ജററ മിച്ചംകാണിക്കുന്നവ വിശ്വാസയോഗ്യമായ മിച്ചമല്ല. ഇതിൽ വലിയ ഒരു അംശം സിങ്കിംഗ്ഫണ്ടാണു. സിങ്കിംഗ് ഫണ്ടിനെ സംബന്ധിച്ചിടത്തോളം കടപ്പത്രങ്ങൾ നോക്കിയാൽ അതിൽകാണുന്ന വിലയല്ലേ യഥാർത്ഥത്തിൽ വിലയാകുക. ഈ കടപത്രത്തിന്റെ വിലയും മററും കണക്കാക്കാതെ അതിൽക്കൂടുതൽ വിലയൊന്നും ആശിക്കാൻ നിവൃത്തിയില്ല. ഈ കടപ്പത്രങ്ങൾ ഉണ്ടായിരുന്നപ്പോൾ അവയ്ക്കു ഇന്നുള്ള വിലയും കണക്കാക്കി വിലകാണിച്ചിരുന്നെങ്കിൽ തൃപ്തികരമായിരിക്കുന്നു. എന്നാലെങ്കിൽ അതിനെപ്പററി ശരിയായേടത്തോളം താരതമ്യപ്പെടുത്തി ഒരുകണക്കാണു തന്നുകൊണ്ടിരുന്നതു.

വിവരങ്ങൾ അറിയാമായിരുന്നു. ഇന്നത്തെ റേറ്റ് അനുസരിച്ചുനോക്കിയാൽ അതിൽ കാണുന്നവില വലിയ ഒരു സംഖ്യ എന്നുമാത്രമല്ലാതെ കൂടുതൽ അധികമൊന്നും കിട്ടുമെന്ന് ആശിക്കാൻ വഴിയില്ല. ഈ വിധം ഏർപ്പാടുകളാൽ രാജ്യം പണയത്തിലാകാൻ ഇടയാക്കരുതാത്തതാണ്. റെയിൽവെ ഇല്ലെങ്കിൽതന്നെയും കഴിച്ചുകൂട്ടാം. സിങ്കിംഗ്ഫണ്ടിന്റെ വിലവ്യത്യാസംകൊണ്ടു നിർദ്ദിഷ്ട കാലയളവിൽ ഉദ്ദിഷ്ടമായ ഫലം ഉണ്ടാകുവാൻ ഇടയില്ലാത്തതാണ്. അതിനാൽ ആപൽക്കരമായ ഏർപ്പാടുകളാൽ വീണ്ടും വീണ്ടും രാജ്യത്തെ കടപ്പെടുത്തി അധഃപതിപ്പിക്കാതെയിരിക്കാനും, സംഭരിച്ചിട്ടുള്ള ഉപകരണങ്ങളിൽനിന്നു കഴിയുന്നതുംവേഗം പ്രതിനിവൃത്തിയുണ്ടാക്കുവാനും ഗവണ്മെന്റ് ശ്രദ്ധയോടുകൂടി ശ്രമിക്കേണ്ടതാണ്.

ഇനി എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചു പറയണമെന്നാണ് ഞാൻ വിചാരിക്കുന്നതു. ആ നാട്ടിനെ സംബന്ധിച്ചിടത്തോളം പൊതുമരാമത്തുവകുപ്പു അനുവദിക്കുന്നതുക തിരെച്ചുരമാണ്. ആ തുക പോലും വേണ്ടപോലെ ചിലവുചെയ്യുന്നില്ല. ഈ വകുപ്പു ശരിക്കും വേണ്ടവിധം വേണ്ടയിടത്തു പണംചിലവാക്കുന്നില്ലാ എന്നാണ് എനിക്കു തോന്നിയിട്ടുള്ളതു. മെയിൻ സെൻട്രൽ റോഡിൽ വാമനപുരത്തു ഒരുപാലമുണ്ടു. രാജധാനിക്കു വരുന്ന വഴിയിൽ ബസ്സിലുള്ള ആളുകളെല്ലാം അവിടെ ഇറങ്ങി തൊഴുതിട്ടേ വേണം പോകാൻ എന്നു വ്യവസ്ഥവച്ചിട്ടു കാലം വളരെ കഴിഞ്ഞിരിക്കുന്നു. ഇവിടെ വളരെ മോശമായ രീതിയിൽ ഒരുപാലം ഇട്ടിട്ട് അതിനെപ്പറ്റി അന്വേഷണമേയില്ല. എത്രയോ പണം ഈ വകുപ്പിലേക്കു ചിലവാക്കുന്ന ഗവണ്മെന്റ് ഈ ഒരു പാലം ശരിപ്പെടുത്താതെയിരിക്കുന്നതിന്റെ അർത്ഥമെന്തായിരിക്കാം? ഇതുപോലെതന്നെ കോട്ടയത്തുനിന്നും പാല്യൂർവരെ വടക്കോട്ടു എവിടെ പോകണമെങ്കിലും മീനച്ചൽ ആറു കടക്കാതെ സാധിക്കയില്ല. അവിടെയും നാഗമ്പടം എന്ന സ്ഥലത്തുള്ള ഒരുപാലം ഉള്ളതിൽ പകുതിമാത്രം ഉപയോഗപ്പെടുത്താവുന്ന സ്ഥിതിയിൽ വിരൂപപ്പെടുത്തിയിട്ടു വർഷങ്ങൾ പലതായി. ഇതിനു കാരണമെന്താണ്? ഗവണ്മെന്റ് നാഗമ്പടത്തിനു വടക്കുള്ളവരുടെ നികുതി പിരിക്കാതെയിരിക്കുന്നില്ല. ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രാദേശികാവശ്യങ്ങൾ വർഗ്ഗീയ ആവശ്യങ്ങളെപ്പോലെതന്നെ വ്യാഖ്യാനിക്കേണ്ടതാണെന്നു മി: രാഘവൻപിള്ളയും മി. ഇട്ടിച്ചനും പ്രസ്താവിക്കയുണ്ടായി. മീനച്ചൽ താലൂക്കിൽനിന്നും ൨൦ ലക്ഷത്തിൽ അധികം രൂപാ ഗവണ്മെന്റ് നികുതി പിരിക്കുന്നുണ്ട്. ഈ വക പണം പിരിക്കുന്നതിനു നാലുപ്രാവശ്യം വേണമെങ്കിലും ഡിമാന്റുനോട്ടീസയക്കാൻ ഗവണ്മെന്റ് തയ്യാറാണ്. പക്ഷേ ജനങ്ങൾക്കു യാതായാതസൗകര്യംപോലും ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറില്ല. അവിടെയുള്ള ഒരുപാലം ഇരുപതുവർഷത്തിലധികമായി [illegible] അപേക്ഷകളുടെ ഫലമായി തുടങ്ങി. അപൂർണ്ണമായ ആ പണി അചിരേണ മുടങ്ങുകയും ചെയ്തു. അനുവദിക്കുന്ന പണം ചിലവാക്കാൻ ഡിപ്പാർട്ടുമെന്റു തയ്യാറില്ലാത്തപ്പോൾ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റു ഒരുപണിക്കു നിശ്ചയിച്ചിരിക്കുന്ന സംഖ്യ, ആ തരം മറ്റൊരു പണിക്കു വേറൊരു പ്രദേശത്തു എടുത്തുപയോഗിച്ചുകൊണ്ടിരിക്കുന്ന കാലത്തോളവും പ്രാദേശികങ്ങളായ ആവശ്യങ്ങൾ എങ്ങിനെ നിർവഹിക്കപ്പെടുവാനാണു കഴിവുണ്ടാകുന്നതു എന്നു ഞാനറിയുന്നില്ല.

ബഡ്ജറ്റു തൃപ്തികരമാണെന്നു എനിക്കഭിപ്രായമില്ല. അതിൽ റിവൈസുചെയ്തു കാണിച്ചിരിക്കുന്ന ചിത്രം വിശ്വാസ്യമല്ല. മിച്ചംവെക്കുന്നതായി കാണിച്ചാൽ പോരാ. അതുസാക്ഷാൽ മിച്ചമായിരിക്കണം. നാട്ടിൽ വിതരണംചെയ്യുന്ന സംഖ്യ ശരിയായി ഉപയോഗപ്പെടുത്തണം. റെയിൽവേ സംബന്ധിച്ച നമ്മുടെ ഇടപാടു കേവലം മോശകരമായിട്ടുണ്ട്. ഇനിയും എസ്. ഐ. ആർ. കമ്പനിയുടെ ശാഠ്യങ്ങൾക്കു വഴിപ്പെടുന്നതു ശരിയായിരിക്കയില്ല. ക്ഷയരോഗനിവാരണം എൻജിനീയറിംഗ് മുതലായവ ഉദ്ദേശിച്ചുകൊണ്ടു പുറരാജ്യങ്ങളിൽ പണംകൊണ്ടുകൊടുക്കുന്നതു ശരിയല്ല. ഈ നാട്ടിൽതന്നെ ഇവയ്ക്കെല്ലാം തക്കതായ ഏർപ്പാടുകൾ ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ് എന്നിങ്ങനെ പലപ്രധാനകാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞു. പി. ഡബ്ലിയു. ഡി. പണം ചിലവാക്കുന്ന സമ്പ്രദായത്തിൽ അവശ്യം മേലാൽ വരുത്തേണ്ട മാറ്റങ്ങളെ നിർദ്ദേശിച്ചു. സിങ്കിംഗ്ഫണ്ടു ഏർപ്പാടിന്റെ ന്യൂനതകളെ പ്രകാശിപ്പിക്കയുണ്ടായി. ഇതിനുപുറമെ അത്യാവശ്യമായവ ചെയ്യാതെ ജനസങ്കടം വർദ്ധിപ്പിക്കുന്ന സമ്പ്രദായങ്ങളെപ്പറ്റി ഉദാഹരണം വിവരിച്ചു കഴിഞ്ഞു. സർവോപരി പ്രാദേശികാവശ്യങ്ങൾക്കായി അനുവദിക്കാവുന്ന പരിമിതങ്ങളായ സംഖ്യകൾ അതാതു പ്രദേശത്തുതന്നെ ചിലവാക്കേണ്ടതിന്റെ ആവശ്യകതയേയും പ്രകാശിപ്പിച്ചു. ഈ സംഗതികളെല്ലാം ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധപതിഞ്ഞു കാണണമെന്നുള്ള താല്പര്യത്തോടുകൂടി തൽക്കാലം ബഡ്ജറ്റിനെ പറ്റി നിരൂപണപരമായുള്ള എന്റെ ഈ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: സഭ ഇപ്പോൾ അവസാനിപ്പിക്കുകയും വീണ്ടും മൂന്നുമണിക്കു കൂടുകയുംചെയ്യും. ബഡ്ജറ്റു വിമർശനം കഴിഞ്ഞതിന്റെശേഷം അനൗദ്യോഗസ്ഥമെമ്പറന്മാർ ഡിപ്യൂട്ടി പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി ഫിനാൻസ് കമ്മിറ്റിയിലേക്കു മൂന്നു മെമ്പറന്മാരെ തിരഞ്ഞെടുക്കും.

സഭ ലഘുഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു ൧-൪൫-നു പിരിയുകയും ൩ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): സർ, ഒരിക്കൽകൂടി ഫിനാൻഷ്യൽ സിക്രട്ടറി ഒരു സന്തുഷ്ടമായ ബഡ്ജറ്റിന്റെ സാമ്യംതോന്നുന്ന ഒന്നു നമ്മുടെ മുൻപിൽ അവതരിപ്പിച്ചു. ബഡ്ജറ്റു സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അധികപ്പറ്റിനങ്ങളിൽതന്നെ ഗണ്യമായ കുറവുവരുന്നതായി നമുക്കു ബോദ്ധ്യപ്പെടും. സ്വാഭാവികമായി, ഈ കുറവിനെ പരിഹരിക്കുന്നതിനു നാം ഉദ്ദേശത്തിൽ കൂടുതൽ വരവുവരുന്നതായ ഇനങ്ങളെ തേടിപ്പിടിക്കുന്നു. എന്നാൽ കുറെക്കൂടി സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം ആ മാതിരി ഒരിനം ഇല്ലെന്നുള്ള വസ്തുത വെളിവാകുന്നു. നമ്മുടെ ഗവണ്മെന്റ് ഏറെ [illegible] പണസംബന്ധമായ ദാരിദ്ര്യത്തിൽ അകപ്പെട്ടുവെന്നുള്ള തീരുമാനത്തിലേക്കാണ് ഈ രണ്ടു പ്രധാന വസ്തുതകളും നമ്മെ വഴികാണിക്കുന്നതു. ഒരു ബഡ്ജറ്റിനെ അവതരിപ്പിക്കുന്നതിൽ വേറെ ഒരു ഗുണംകൂടിയുണ്ടു. ഏതെങ്കിലും വരവു കൂടുതൽ ആക്കിക്കാണിക്കണമെന്നുള്ളതല്ല ഒരു ബഡ്ജറ്റിന്റെ നന്മ എന്നുള്ള തത്വം നല്ല ധനകാര്യമന്ത്രിമാർ മനസ്സിലാക്കിയും അനുകരിച്ചുംപോരുന്നതാണ്. എന്നാൽ നമ്മുടെ ധനകാര്യഡിപ്പാർട്ടുമെന്റ് അവരുടെ പ്രധാന ജോലി വരവു കൂട്ടിയാക്കിക്കാണിക്കുന്നതിൽ ആണെന്നുള്ള വ്യാമോഹത്തിൽ അത്യന്തം പരിശ്രമംചെയ്യുന്നു. ഒരിക്കൽ എത്ര നിസ്സാരമായതായാലും ഒരു നീക്കിയിരിപ്പു കാണിക്കുവാൻ സാധിച്ചുവെങ്കിൽ അവർക്കു ദൈവത്തിനോടും അവരു·

ടെ രാജ്യത്തിനോടും ഉള്ള കടമ നിർവഹിച്ചതായി അവർ അഭിമാനിക്കുന്നു. നീക്കിയിരിപ്പുള്ളതോ നീക്കിയിരിപ്പു ഇല്ലാത്തതോ ആയ ഒരു ബഡ്ജറ്റിനായിരുന്നാൽ തന്നെയും പണം, കൃഷി, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം മുതലായവകൾക്കു ചെലവാക്കുകയാണെങ്കിൽ ആയതിനു ഞങ്ങളുടെ അനുവാദംതരാൻ മടിയുണ്ടായിരിക്കയില്ലെന്നു പറയുന്നതിനു എനിക്കു ഒരു സംശയവും ഇല്ല. നമ്മുടെ ബഡ്ജറ്റിൽ ഗവർമ്മെന്റു സാധാരണ ജനങ്ങളുടെ അഭ്യുദയത്തിനുള്ള ഏതെങ്കിലും ഉപയോഗപ്പെടുന്ന പുതിയ ഇനം ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. വരവിന്റെ പ്രധാന ഇനമായ ഭൂമിയുടെ കരത്തെപ്പററിയാണെങ്കിൽ അതു പരമാവധിയിൽ എത്തിയിരിക്കുന്നുവെന്നും ആശിച്ചിരിക്കുന്നതുപോലെ കരംകുറവു ചെയ്തുകൊടുത്തില്ലെങ്കിൽ ആയില്ലും ഒരു നീതി ഇൻകംടാക്സ് സംബന്ധിച്ചു ചെയ്യുവാൻ ഇല്ലെന്നും ഞാൻ വിശ്വസിക്കുന്നു. ആദായനികുതിയെപ്പററി പറയുകയാണെങ്കിൽ, ഈ ഇനത്തിലുള്ള വരവിനു അല്പം ഒരു കുറവു വന്നേക്കാൻ ഇടയുണ്ടെന്നു ബുദ്ധിമാനായ ധനകാര്യ സിക്രട്ടറിതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജനങ്ങളുടെ ധനസ്ഥിതിയെ നിർണ്ണയിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം അവരുടെ ആദായനികുതിയെ സംബന്ധിച്ചു പരിശോധിക്കുകയാകുന്നു. ആ രീതിക്കു ഞാൻ മുൻപു പ്രസ്താവിച്ചപോലെ ഒരു താഴ്ച്ചയാണു അധികം ന്യായംകാണുന്നതു. ശേഷിക്കുന്ന എക്സൈസ് ഇനത്തിലുള്ള ആദായവർദ്ധനക്കു ചുങ്കം ഇനത്തിലുള്ള വരവാണ് ഏകമാർഗ്ഗം. (ഈ അവസരത്തിൽ മെസേഴ്സ് തെരുവത്തു കുഞ്ഞിരാമമേനോൻ, പി. എസ്. മുഹമ്മദും ഇടയ്ക്കുകയറി എന്തോ പറയുന്നതിനാരംഭിച്ചു.)

ഡപ്യൂട്ടിപ്രസിഡന്റു: സഭയിൽ പ്രസംഗംചെയ്തുകൊണ്ടിരിക്കുന്ന മെമ്പറിനെ അദ്ധ്യക്ഷന്റെ അനുവാദം കൂടാതെ തടസ്സപ്പെടുത്തുന്നതു ചട്ടവിരോധമാണെന്നുള്ള വസ്തുത മാന്യന്മാരായ മെമ്പറന്മാരുടെ ദൃഷ്ടിയിൽ എനിക്കു കൊണ്ടുവരേണ്ടിയിരിക്കുന്നു. ഞാൻ ഇതു മുൻപു ഒരവസരത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും ഞാൻ നിങ്ങൾക്കു ഒരു മുന്നറിവുകൂടി തരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കച്ചവടത്തിന്റെ പൊതുവേയുള്ള ഇടിവുകൊണ്ടു തീരുവ ഇനത്തിലുള്ള വരവിനുതന്നെ കുറവുവരുവാൻ ഇടയുണ്ട്. ഗവർമ്മെന്റു അവരുടെ വിദഗ്ദ്ധാഭിപ്രായം ജനങ്ങളെ അറിയിച്ചുകൊടുക്കുകയും കൃഷിവ്യവസായങ്ങളെയും കാര്യങ്ങളിൽ നല്ലതും ഉപയോഗമുള്ളതുമായ മേൽനോട്ടം അവരുടെമേൽ കാണിക്കുകയും ചെയ്യുകയാണെങ്കിൽ കച്ചവടത്തിന്റെ ഇടിവിനും നാട്ടിലെ ദാരിദ്ര്യത്തിനും ഗണ്യമായ കുറവു വന്നുകൂടുന്നതാണ്. അവരുടെ മടികാരണം കണ്ടുപിടിക്കുന്നതിനു വളരെ എളുപ്പമാണ്. എന്നാൽ ആലോചനാപൂർവവും, അനുഭാവപൂർവവും ബുദ്ധിപൂർവവും ആയ ഗവർമ്മെന്റിന്റെ ഭാവമാണ് ആവശ്യമായിരിക്കുന്നതു.

എക്സൈസ് ഇനത്തിലുള്ള വരവു നിന്ദ്യമായിട്ടുള്ളതാണെന്നു സഭയുടെ ഈ ഭാഗത്തുനിന്നും ധാരാളം മെമ്പറന്മാർ പ്രസ്താവിച്ചുകഴിഞ്ഞു. ബഡ്ജറ്റു പരിശോധിച്ചാൽ ഈ നിന്ദ്യമായ ഇനം ബഡ്ജറ്റിലെ ഒരു നല്ല ഭാഗമാണെന്നു കാണാം. ഇൻഡ്യ ഒട്ടുക്കും ഇൻഡ്യയ്ക്കുപുറമേയും മദ്യവർജ്ജനത്തെപ്പററി മുറവിളികൂട്ടുന്നതിന്റെ ഫലമായി നമ്മുടെ രാജ്യത്തും ആ പ്രസ്ഥാനം നല്ല സ്ഥാനം പിടിച്ചിട്ടുണ്ടെന്നു കാണാം. നമ്മളും ഉണർന്നിരിക്കുന്നു എന്നും ഉദ്യോഗസ്ഥന്മാരുടെ യത്നപ്പെടുത്തലും മററും ഉണ്ടായിട്ടും ആ പ്രസ്ഥാനത്തിനു ശരിയായ ഫലം കണ്ടുതുടങ്ങുന്നു എന്നും അതു വിജയത്തിലേയ്ക്കു പോവുകയാണെന്നും നമുക്കറിയാം. നമ്മുടെ ഗവർമ്മെന്റിന്റെ നയം ഒരു രൂപത്തിൽ മദ്യപാനത്തിനു എതിരാണെന്നും കാലക്രമത്തിൽ അതു പൂർണ്ണമായ മദ്യവർജ്ജനമായി പര്യവസാനിക്കുമെന്നും അവർ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ സമാധാനപരമായി പ്രചരണവേല നടത്തുന്ന ജനങ്ങളെ ഉപദ്രവിക്കുന്നതിനുള്ള പലമാതിരി ചട്ടങ്ങളും നാം നമ്മുടെ നാലുചുററിലും കാണുന്നു. അതുകൊണ്ടു ഗവർമ്മെന്റു സാവധാനമായി മദ്യവർജ്ജന പ്രസ്ഥാനത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണെന്നുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ ചെല്ലംപിള്ളയുടെ അഭിപ്രായത്തോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അവർ സാവധാനത്തിൽ നീങ്ങുന്നില്ലെന്നു മാത്രമല്ല അവർ നീങ്ങുകയേ ചെയ്യുന്നില്ല എന്നു ഞാൻ പറയും. യഥാർത്ഥത്തിൽ അവർ എതിർവശത്തേയ്ക്കു നീങ്ങുകയാണുചെയ്യുന്നതു.

ഈ കാര്യത്തെപ്പററി പറയുന്നകൂട്ടത്തിൽ ഈ നാട്ടിൽ നീതിയും ന്യായവും പരിപാലിക്കുന്നതിനായുള്ള ഡിപ്പാർട്ടുമെന്റിനെപ്പററി രണ്ടുവാക്കു പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ലാതെ ഇരിക്കുന്നു. ഈയിടെയായി പോലീസ് ഡിപ്പാർട്ടുമെന്റു ലാത്തി ഭ്രാന്തുപിടിപെട്ടതുപോലെയുള്ള ഒരു മനഃസ്ഥിതിയാണു കാണിച്ചുവരുന്നതു. എന്റെ ചില സ്നേഹിതന്മാർ ഇതേപ്പററി പ്രതിപാദിച്ചുകഴിഞ്ഞു. എന്നിരുന്നാലും, ഈ സംഗതി എത്ര ആവർത്തിച്ചാലും പിശകില്ലെന്നു ഞാൻ വിചാരിക്കുന്നു. സർ, ഈ ലാത്തി ഇങ്ങോട്ടു കൊണ്ടുവന്നതിന്റെയും ലാത്തിപരിശീലനത്തിന്റെയും മററും ഉദ്ദേശം എന്താണെന്നു ഞാൻ അങ്ങോട്ടു ചോദിക്കുന്നു.

ഡപ്യൂട്ടി പ്രസിഡന്റു: യഥാർത്ഥത്തിൽ ലാത്തി പ്രയോഗിച്ചതായ ഏതെങ്കിലും ഒരു കേസു നിങ്ങൾക്കറിയാമോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഉണ്ട് തീർച്ചയായിട്ടും—കുറച്ചുദിവസം മുൻപു കൊല്ലത്തും മററുചില സ്ഥലങ്ങളിലും നടന്ന ചില സംഭവങ്ങളെക്കുറിച്ചു വർത്തമാനപത്രങ്ങളിൽ വായിക്കയും ഞാൻ ആ സംഭവസമയത്തു അവിടെ സന്നിഹിതരായിരുന്ന എന്റെ ചില സ്നേഹിതന്മാരിൽനിന്നും അവയെപ്പററി കേൾക്കയുംകൂടി ചെയ്തപ്പോൾ ഈ പരിഷ്കൃതരീതിയിലുള്ള രാജ്യപരിപാലന കാലത്തു ഇപ്രകാരമുള്ള സംഗതികൾ സംഭവിക്കുന്നല്ലോ എന്നുള്ള ലജ്ജകൊണ്ടു ഞാൻ നഗ്നശിരസ്കനായിപ്പോയി—ഈ സംഭവം പൊതുജനങ്ങളുടെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചിട്ടുള്ളതല്ലായിരുന്നു എങ്കിൽ, ദിവാൻ തിരുമനസ്സിലെ പേരു ഓർത്തു ഈ സംഗതി ഞാൻ സൂചിപ്പിക്കുകയില്ലായിരുന്നു.

സർ, ചെലവിന്റെ കാര്യത്തെപ്പററി നോക്കിയാൽ ആദ്യമായി ഞാൻ കൃഷിയെപ്പററി പ്രത്യേകസൂചന ചെയ്യേണ്ടതാണ്. ആ സംഗതിയെപ്പററിയും എന്റെ സ്നേഹിതന്മാരിൽ ഭൂരിപക്ഷവും വിസ്തരിച്ചു പറഞ്ഞുകഴിഞ്ഞു. അതിനാൽ ആ സംഗതിയെപ്പററി ഞാൻ ചുരുക്കത്തിൽ സൂക്ഷ്മാവലോകനം ചെയ്യാം. എന്റെ ചില സ്നേഹിതന്മാർ ലാൻഡു മാർട്ട്ഗേജ് ബാങ്കുകളെപ്പററിയും നമ്മുടെ സംസ്ഥാനത്തും അപ്രകാരമുള്ള ബാങ്കുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പററിയും സൂചിപ്പിച്ചു. അപ്രകാരമുള്ള ഒരു ബാങ്കിന്റെ രൂപവൽക്കരണത്തെപ്പററി ശുപാർശചെയ്യുന്ന ഒരു നിശ്ചയം ഈ സഭതന്നെ പാസ്സാക്കി. എന്നാൽ ആ നിശ്ചയത്തെ

പ്രായോഗികമാക്കിത്തീർക്കുന്നതിനുള്ള ഗവണ്മെൻറ് അവരുടെ ചെലവിൽപോലും ഇതുവരെ ചലിപ്പിച്ചിട്ടില്ല. അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ അപ്രകാരമുള്ള ബാങ്കുകൾ ആരംഭിച്ചുകഴിഞ്ഞു. അതുകളുടെ പ്രയത്നത്താൽ, നിശ്ചയമായും, കൃഷിയല്ലാത്ത ഇംഗ്ലണ്ടിൽപോലും, അനേകം കൊല്ലങ്ങൾകൊണ്ട് നിഷ്പ്രയാസം ഉടമസ്ഥകളായി കെട്ടിത്തീർക്കത്തക്കവണ്ണം കൃഷിക്കാർക്ക് പണം കടം കൊടുക്കുന്ന അനേകം കാർഷികബാങ്കുകൾ സ്ഥാപിച്ചിട്ടുള്ളതായി നാം കാണുന്നു. നമ്മുടെ രാജ്യത്തെ പൊതുജനങ്ങളുടെ നിർദ്ധനതയെ ആലോചിച്ചുനോക്കിയാൽ ലാൻഡ്മോർട്ട്ഗേജ് ബാങ്കിന്റെ സ്ഥാപനം ഇപ്രകാരം നീട്ടിയിട്ടേക്കാൻപാടില്ലാത്ത ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ബാങ്കിംഗ് അന്വേഷണ കമ്മറ്റിയാൽ അയക്കപ്പെട്ട പ്രശ്നാവലിയുടെ ഒരു കാപ്പി മെമ്പറിനു കിട്ടിയിട്ടുണ്ടോ എന്ന് അദ്ദേഹത്തിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെയോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഉണ്ട്.

മി. ആർ. നീലകണ്ഠപ്പിള്ള (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ആ പ്രശ്നാവലിയിൽ ഒരു ഭാഗം ലാൻഡ്മോർട്ട്ഗേജ് ബാങ്കുസ്ഥാപനവിഷയം അല്ലയോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതു ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതിൽ അതു ഒരു അപ്രധാനവിഷയമായി മാത്രമേ കരുതിയിട്ടുള്ളു.

ഡെപ്യൂട്ടിപ്രസിഡൻറ്: പക്ഷേ ഗവണ്മെൻറ് ആ അന്വേഷണത്തിന്റെ ഫലത്തെ കാത്തിരിക്കയായിരിക്കാം.

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആ പ്രശ്നാവലിക്കു മെമ്പർ ഒരു മറുപടി അയച്ചിട്ടുണ്ടോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇല്ല. ആവശ്യമെന്നു ഞാൻ ഉദ്ദേശിക്കുന്നപക്ഷം, യഥാസമയത്തു ഞാൻ അപ്രകാരം ചെയ്തുകൊള്ളാം. എന്റെ ആവലാതി ഗവണ്മെൻറ് അതിനെപ്പററി താല്പര്യമുള്ളവരാണെന്നു തോന്നുന്നില്ല എന്നാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതിനുള്ള സമയം വളരെ വളരെ അതിക്രമിച്ചിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തിരുവിതാംകൂർകൃഷിയുടെ കടപ്പാട്, എന്റെ ബഹുമാനപ്പെട്ട സ്നേഹിതനായിൽ അനേകംപേർ പറഞ്ഞതുപോലെ, വർദ്ധനയിലാണ്. ഇപ്പോൾ മദ്ധ്യസ്ഥിൽ ഏതെങ്കിലും ഒരുവർഗ്ഗമുണ്ടെങ്കിൽ അതു് ഒരു ക്ലിപ്തവരുമാനമുള്ള ഉദ്യോഗസ്ഥന്മാരാണ്. അതേസമയത്തു് ഈ ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതിനു പിടിപ്പതു കൊടുക്കുന്ന നികുതിക്കാരായ കരംകൊടുക്കുന്നവർ പട്ടിണിയുടെ വക്ത്രത്തിൽ എത്തിയിരിക്കുന്നു. കർഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജനതയുടെ മേൽഗതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉണ്ടാകത്തക്ക ഒരു ഉദ്ദേശ്യവും ഈ ഗവൺമെൻറിന് കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ ഇല്ലെന്നു ഞാൻ ഒരിക്കൽകൂടി ആവർത്തിക്കാം. മരാമത്തുപണി സ്ഥാപനം ബനാറസ് ഹിന്ദുസർവകലാശാലാ ഇവകൾ കൊടുക്കുന്ന ഗ്രാൻറുപോലെ ഒന്നോ രണ്ടോ ഇനങ്ങൾ അതിൽ ഉണ്ടെന്നു ഞാൻ കാണുന്നു. എന്നാൽ അവ പൊതുജനങ്ങൾക്കു പ്രത്യക്ഷത്തിൽ ഗുണപ്രദമായിട്ടുള്ളവയല്ലെന്നു ഞാൻ ഉറപ്പുപറയുന്നു.

സർ, അടുത്തതായി വ്യവസായത്തെപ്പററി ഒരുവാക്കു പറഞ്ഞുകൊള്ളട്ടെ. അതിനെപ്പററിയും ഇവിടെയുള്ള മെമ്പർമാരിൽ അനേകംപേരും വളരെ അധികം പറഞ്ഞു. വിദേശന്മാരാൽ പരിഷ്കരിച്ചും വളരെ അധികം പണം വ്യയംചെയ്തു നടത്തപ്പെടുന്നതുമായ ഒരു വ്യവസായ ഡിപ്പാർട്ടുമെൻറ് ഉണ്ടെങ്കിലും ഇതുവരെ ആ ഡിപ്പാർട്ടുമെൻറ് ഫലപ്രദമായ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ലെന്നുമാത്രം ഞാൻ പറയാം. മററു രാജ്യങ്ങളിൽ തൊഴിലില്ലായ്മയെ ദൂരീകരണം ചെയ്യുന്നതിനുള്ള ശ്രമം ചെയ്യുന്നതു വ്യവസായഡിപ്പാർട്ടുമെൻറാണെന്നു നാം കാണുന്നു. എന്നാൽ ഇവിടെ ആകട്ടെ വ്യവസായങ്ങളുടെ തൊഴിലില്ലായ്മയെപ്പററിയുള്ള പ്രശ്നങ്ങളിലോ ഗവണ്മെൻറിനു യാതൊരു തരത്തിലുള്ള താല്പര്യവും ഉള്ളതല്ല.

സർ, എനിക്കു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെപ്പററി അല്പം പറയാനുണ്ട്.

കാലം മാറിവരികയാണ് സർവകലാശാലകളാൽപോലും നാട്ടുഭാഷക്കു അതു അർഹിക്കുന്നസ്ഥാനം കൊടുത്തിട്ടുണ്ട്. എന്നാൽ നാട്ടുഭാഷ യൂറോപ്യന്റെ മേൽനോട്ടത്തിൽ വച്ചുകൊണ്ടിരിക്കുന്നതിനു ഒരേ ഒരുദാഹരണം നാം തിരുവിതാംകൂറിൽ കാണുന്നു. നമ്മുടെ ഭാഷയുടെ മൂന്നു 'R's' (വായന, എഴുത്തു, കണക്ക), അറിഞ്ഞുകൂടാത്തവരും നമ്മുടെ വൈദ്യശാസ്ത്രപരിഷ്കാരത്തെപ്പററിയും നമ്മുടെ ഭാഷയുടെവളർച്ചയെപ്പററിയും പരിജ്ഞാനമില്ലാത്തവരും ആയ ഒരുമനുഷ്യനെ ഡയറക്ടർ ആഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ ആയി നിയമിക്കുന്നതു തിരുവിതാംകൂറിൽ മാത്രം സാധിക്കുന്ന ഒരു ശോചനീയമായ സംഗതിയാണെന്നുള്ളവസ്തുത ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

ജലവിതരണം സംബന്ധിച്ചുള്ള അംശത്തെപ്പററിയാണെങ്കിൽ അടുത്തകൊല്ലത്തേക്കു എംബാർക്കേഷൻ ജലവിതരണത്തിനായി നീക്കിവച്ചിരിക്കുന്നു എന്നു പറയാൻ അക്കൗണ്ടാഫീസക്കു വളരെ അഭിമാനമുള്ളതായി തോന്നുന്നു. അതു വെറും ഒരു കൺകെട്ടുവിദ്യയാണെന്നു ഞാൻ സബഹുമാനം പറഞ്ഞുകൊള്ളട്ടെ. എന്തുകൊണ്ടെന്നാൽ കഴിഞ്ഞകൊല്ലം ഏകദേശം മൂന്നു ലക്ഷം അനുവദിച്ചിരുന്നതിൽ പകുതിയിൽകുറവായി മാത്രമേ പരമാർത്ഥത്തിൽ ചെലവായിട്ടുള്ളു ആ ഡിപ്പാർട്ടുമെൻറുകാരാൽ വിട്ടുകൊടുക്കപ്പെട്ടതുപോലും ഈ കൊല്ലത്തെ വിഭാഗത്തിൽ വരവായി ചേർക്കുന്നതിലേക്കു ഗവണ്മെൻറിനു സാധിച്ചില്ല. നേരേമറിച്ചു ഈ കൊല്ലത്തിലേക്കുള്ള അടങ്കൽതുക കഴിഞ്ഞകൊല്ലത്തിൽ ബഡ്ജററിൽ അനുവദിച്ച തുകയെക്കാൾ കുറവാകുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്—പദ്ധതികൾ തീർച്ചപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു അപ്രകാരമുള്ള പദ്ധതികൾക്കു ആവശ്യമുള്ള യഥാർത്ഥതുക വിനിയോഗിക്കുന്നതിനു ഗവണ്മെൻറിനു സാദ്ധ്യമല്ലായിരുന്നു. നടപ്പിൽവരുത്തേണ്ടതായ പ്രത്യേകജോലികളെ സംബന്ധിച്ച പ്രാരംഭപ്രവൃത്തികൾ എന്തെന്നുള്ളതുകൾ തീരുമാനിക്കാതിരുന്നാൽ അതിലേക്കു തുകകൾ അനുവദിക്കുന്നതുകൊണ്ടുള്ള ഉപയോഗമെന്തു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ, ജലവിതരണസംഗതിയിൽ കൂടുതൽ സൗകര്യങ്ങൾ അനുഭവിക്കണം എന്നു കഴിഞ്ഞ വളരെക്കാലമായി ജനങ്ങൾ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കയാണെന്നു നമുക്കറിയാം. എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകൾ, എന്റെ സർവ്വസ്വാധീനശക്തികളും പ്രയോഗിച്ചു ജലവിതരണത്തിനു കൂടുതൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന്, എന്നെ എന്തെന്നില്ലാതെ അസഹ്യപ്പെടുത്തുന്നു. ഒടുവിലത്തെ കൈയായിട്ടാണ് ഞാൻ ഈ സഭയുടെ ഇതിനിടയുണ്ടായ ഒരു സെഷനിൽ, ജനങ്ങളുടെ ഏറ്റവും പ്രധാനമേറിയ ഈ ആവശ്യം അടിയന്തിരപ്രമേയംമൂലം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതു്. ഗവണ്മെന്റു എന്റെ അഭിപ്രായം സ്വീകരിക്കുകയും ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ചെയ്തു. ഈ കമ്മിറ്റി മനഃപൂർവ്വമായി ജോലിചെയ്യുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മെമ്പർ ആവശ്യപ്പെട്ട ഒരു കമ്മിറ്റിയാണോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ആ കമ്മിറ്റിയുടെ നിയമനത്തെപ്പറ്റി ഞാൻ നിർദ്ദേശിച്ചു. അതിനെസംബന്ധിച്ചു ഇപ്പോൾ ഈ സഭയിൽ അദ്ധ്യക്ഷം വഹിക്കുന്ന നമ്മുടെ ഡിപ്യൂട്ടിപ്രസിഡന്റായ ആ കമ്മിറ്റിയുടെ പ്രസിഡന്റിനോടു ഈ സംഗതി അമാന്തിപ്പിക്കാതിരിക്കാൻ ശ്രദ്ധപതിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ സംഗതിയുടെ പ്രാധാന്യത്തെ ആസ്പദമാക്കി ഈ കമ്മിറ്റിയുടെ പ്രവൃത്തികളെ വേഗത്തിൽ അവസാനിപ്പിക്കുകയും ഒരു വ്യാപകമായ റിപ്പോർട്ടു ഗവണ്മെന്റിലേക്കു സമർപ്പിക്കുകയും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പബ്ലിക്കുവർക്കു ഡിപ്പാർട്ടുമെന്റിലേക്കു അടുത്തവർഷത്തേക്കു വിഭജിച്ചുവച്ചിരിക്കുന്ന സംഖ്യയെ സംബന്ധിച്ചു രസകരമായ ഒരു സംഗതി ഞാൻ കാണുന്നു. ഫലപ്രദമല്ലാത്ത പണികൾക്കു പണം വാരി വലിച്ചെറിഞ്ഞിരിക്കുന്നു. വിവിധഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ പാർപ്പിടങ്ങളുടെ നിർമ്മാണത്തിനായി [illegible] ലക്ഷത്തോളം നീക്കിവെച്ചിരിക്കുന്നതായും അതേസമയത്തുതന്നെ ജലവിതരണകാര്യങ്ങൾക്ക് [illegible] ലക്ഷം മാത്രം നീക്കിവെച്ചിരിക്കുന്നതായും നാം കാണുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കുള്ള സമയമായി. വേഗത്തിൽ ഉപസംഹരിക്കാൻ സാധിക്കുമെങ്കിൽ ഞാൻ നിങ്ങൾക്കു നന്ദിയുള്ളവനായിരിക്കും.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): പൊതുജനങ്ങൾക്കു പ്രയോജനകരമല്ലാത്ത സംഗതികൾക്കു ഗവണ്മെന്റു പണം നാനാവിധമായി ചെലവാക്കുകയും അതേസമയത്തു് അവരുടെ അത്യന്താപേക്ഷിതങ്ങളായ ആവശ്യങ്ങളെ ഉപേക്ഷിക്കയും നിരാകരിക്കയും ചെയ്യുന്നു എന്നു കാണിക്കാൻ മാത്രമാണ്, ഈ കാര്യം പ്രസ്താവിച്ചതു്.

സർ, ഒന്നോ രണ്ടോ മെമ്പറന്മാർ മലമ്പള്ളി സ്ഥാപനത്തിനു ഗ്രാന്റുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനെ അഭിനന്ദിച്ചു. അതിനെസംബന്ധിച്ചു എന്റെ അഭിപ്രായം, തിരുവിതാംകൂറിനു പുറമെയുള്ള മററു സ്ഥാപനങ്ങൾക്കു സഹായധനം കൊടുക്കുന്നതിലും നല്ലതു നമ്മുടെ സംസ്ഥാനത്തുതന്നെ ഒരു സ്ഥാപനം നിർമ്മിക്കുകയെന്നുള്ളതാണ്. കുറച്ചുകാലം മുമ്പു ഗവണ്മെന്റ്, ക്ഷയരോഗികൾക്കു ഒരു സുഖവാസസ്ഥലം സ്ഥാപിക്കുന്നതിനു, തിരുവിതാംകൂറിൽ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനു ചില നടപടികൾ എടുക്കുകയും പ്രാരംഭാലോചനാർത്ഥം, ഏതാനും ആലോചനായോഗങ്ങൾ കൂടുകയും അതിനുവേണ്ടി കുറെ പണം ചെലവാക്കുകയും ചെയ്തു. ഇപ്പോൾ ബഡ്ജറ്റിൽ ഈ പുതിയ ഏർപ്പാടു ചെയ്യുകയും ചെയ്തു. ഇപ്രകാരമുള്ള ഒരു നയം, ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ പക്കലും നമ്മുടെ ഗവണ്മെന്റിന്റെ പക്കലും ഒരു സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ട സാമർത്ഥ്യമില്ലായ്മയെയും, രൂപവൽകരണശക്തിയുടെ പരിതാപകരമായ അഭാവത്തെയും പ്രത്യക്ഷപ്പെടുത്തുന്നു എന്നും എനിക്കു തോന്നുന്നു.

സർ, ഇനി ഈ സ്റ്റേറ്റിലുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും കീഴ്ജീവനക്കാരെക്കുറിച്ചു ഒരു വാക്കു പറയാം.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങളുടെ സമയം തീർന്നുകഴിഞ്ഞിരിക്കുന്നു. ആ കാര്യത്തോടുകൂടി നിങ്ങൾ അവസാനിപ്പിക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഞാൻ അപ്രകാരം ചെയ്യാം. ഗവണ്മെന്റു സർവീസിലുള്ള ചില ഡിപ്പാർട്ടുമെന്റിൽ, ഉദാഹരണമായി അക്കൌണ്ടന്റ്ജനറൽ ഡിപ്പാർട്ടുമെന്റിൽ, ഒരു ചെറിയ ശമ്പളക്കാരനു ഒൻപതോ പത്തോ രൂപായോളം കിട്ടുന്ന ശിപായിമാരുടെ ശമ്പളത്തിൽ കുറവു വരുത്തിയിരുന്നു എന്നു ഫിനാൻസ്സിക്രട്ടറി നമ്മോടു പറയുകയായിരുന്നു. ഞാൻ പറയുന്നതിനു വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു ഇപ്പോഴത്തെ സ്ഥിതിയെപ്പററി നോക്കിയാൽ ഇതു നിർഭാഗ്യകരമായിരുന്നു. എന്തെന്നാൽ ഈ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനു ൨൦൦൦ രൂപയിൽ കൂടുതലും അനേകം സൂപ്പീരിയർ ഉദ്യോഗസ്ഥന്മാർക്കു വൻപിച്ച ശമ്പളങ്ങൾക്കു പുറമെ നഷ്ടപ്പടി, ദിവസപ്പടി ഈ ഇനങ്ങളിലുള്ള തുകയും കിട്ടുമ്പോൾ, ഈ താഴ്ന്ന ശമ്പളക്കാർ ഒൻപതോ പത്തോ രൂപാകൊണ്ടു തൃപ്തിപ്പെടണമെന്നുള്ളതു് പരിതാപകരമാണ്. കീഴുദ്യോഗസ്ഥന്റെ ശമ്പളം വർദ്ധിപ്പിക്കുകയും വേണം.

ഡെപ്യൂട്ടിപ്രസിഡന്റ്: മിസ്റ്റർ അല്പശമ്പളംവാങ്ങുന്ന കീഴ്ജീവനക്കാരെയുള്ള എല്ലാ ഗവണ്മെന്റുദ്യോഗസ്ഥന്മാർക്കും നല്ലശമ്പളം കൊടുക്കണമെന്നാണോ നിങ്ങളുടെ നിർദ്ദേശം?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അല്ലസർ, ദിവാനും മററു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരും അവരുടെ ശമ്പളത്തിനുപുറമെ അധികം സക്കീട്ടുപടി, ദിവസപ്പടി ഇവയിൽ രണ്ടാമത്തേതു കുറെ മാത്രം ചിലക്കു ഉപയോഗിക്കാതിരിക്കുന്നതിനാൽ ആവശ്യത്തിൽ കവിഞ്ഞു ശമ്പളം കൊടുക്കുന്നുണ്ടു്. അതാണ് എന്റെ വാദം. അതുകൊണ്ടു സൂപ്പീരിയർ സർവീസിൽ ചിലവുചുരുക്കാവുന്നതാണ്. കിട്ടുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്. നീക്കിവച്ചിരിക്കുന്ന തുകയിൽനിന്നും ഇനംമാറി ചിലവുചുരുക്കുന്നതിനു് അവസരമുണ്ടെന്നാണോ നിങ്ങൾ പറയുന്നതു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഉയർന്നഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതുമൂലം കീഴ്ജീവനക്കാരുടെ സ്ഥിതിയെ പരിഷ്കരിക്കുന്നതിനു ഒരു വ്യാപകമായ പദ്ധതി രൂപവൽക്കരിക്കണം. അധികം നാൾചെല്ലുന്നതിനുമുമ്പു കീഴ്ജീവനക്കാരുടെ സ്ഥിതി കൂടുതൽ ഉയർത്തുക വേണ്ടിവന്നാൽ അതു സൂപ്പീരിയർ സർവീസിലെ ഫലപ്രദമായ ചെലവുചുരുക്കൽകൊണ്ടു സമ്പാദിക്കാവുന്നതാണ്. അതിലേക്കായി എന്തെങ്കിലും കുറവു വരുത്തി കീഴ്ജീവനക്കാരുടെ സ്ഥിതി…

നന്നാക്കുന്നതിലേക്ക അപ്രകാരമെങ്കിലും ഒരു മാർഗ്ഗം ഉണ്ടാക്കാവുന്നതാണ്. ഇതു ഒരിക്കലും മാററിവയ്ക്കാൻപാടില്ലാത്ത ഒരു പ്രാധാന്യമേറിയ സംഗതിയാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): സർ, രാജ്യഭരണത്തെപ്പററി പൊതുവിലും ഓരോ വകുപ്പുകളെസംബന്ധിച്ചു പ്രത്യേകിച്ചും പൊതുജനങ്ങളുടെ നാമത്തിൽ വിമർശനംനടത്തി ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനും അവയ്ക്കു പ്രതിവിധി നിർദ്ദേശിക്കുന്നതിനും ജനപ്രതിനിധികൾക്കുള്ള പ്രധാന സന്ദർഭം ഈ ബഡ്ജററു വിമർശനാവസരമാണല്ലോ. ഈ അവസരത്തിൽ രാജ്യത്തിന്റെ നന്മയെയും പൊതുജനങ്ങളുടെ ക്ഷേമത്തെയും മുൻനിറുത്തി നിർവ്യാജമായ അഭിപ്രായങ്ങളെ മറച്ചുകൂടാതെ തുറന്നുപറയേണ്ടതു രാജ്യത്തോടും ജനങ്ങളോടുംഉള്ള ജനപ്രതിനിധികളുടെ ഒഴിച്ചുകൂടാത്ത കടമയാണ്. ഈ കൃത്യത്തെ കഴിഞ്ഞ പല വർഷങ്ങളിൽ തുടർന്നു നിർവഹിച്ചുപോന്നുകൊണ്ടു സാരമായ പ്രയോജനമില്ലെന്നുമാത്രമല്ല ദോഷകരമായ ഫലങ്ങൾ ചിലഭാഗങ്ങളിൽനിന്നുണ്ടാകുന്നുഎന്നുകൂടി ഈ കൌൺസിലിലെ ഏററവും പഴയ മെമ്പറായ എനിക്കു അനുഭവത്തിൽനിന്നു പറയേണ്ടതായിവരുന്നു. എന്നാൽ പ്രയാസങ്ങളുടെയും വിഷമങ്ങളുടെയുംഇടയിലും രാജ്യത്തോടും ഞങ്ങളിൽ വിശ്വാസം അർപ്പിച്ചിട്ടുള്ള പൊതുജനങ്ങളോടുമുള്ള കൃത്യം ചെയ്യുന്നു.

ഈ പ്രതിനിധിസഭയ്ക്കു രാജ്യകാര്യങ്ങളെ നിയന്ത്രിക്കാനുള്ള പരമാധികാരമില്ല. സംഗതികൾ തുറന്നുപറയാൻമാത്രമെ സാധിക്കയുള്ളു. കൃത്യങ്ങൾ നടത്തേണ്ടതു ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണ്. അവർക്കു രസിക്കാത്ത പലസംഗതികളും ഞങ്ങൾക്ക തുറന്നുപറയേണ്ടിവരുന്നുണ്ട്. അതു ഞങ്ങളിൽ ഓരോരുത്തരുടെയും നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾക്കും തനികാര്യങ്ങൾക്കുതന്നെയും വിഘാതമായിട്ടുവരിക എന്നുള്ളതു സാധാരണയാണ്. അധികാരവാഹികളായ ഉദ്യോഗസ്ഥന്മാരുടെ അധികാരത്തിനു വിധേയമാണല്ലോ സർവ്വും. വിഷമങ്ങളിൽ കൂടിയെ വിഷമങ്ങൾക്ക പരിഹാരമുണ്ടാകുഎന്നും മഹത്തുക്കൾ വിഷമങ്ങളും പ്രയാസങ്ങളുംസഹിച്ചു ചെയ്തിട്ടുള്ള പരിശ്രമങ്ങളുടെ ഫലമാണ് പരിഷ്കൃതലോകത്തു ഓരോ രാജ്യക്കാരും അനുഭവിക്കുന്ന ക്ഷേമവും സമാധാനവുമെന്നുള്ള സ്മരണ ആശ്വാസപ്രദമത്രെ.

രാജ്യഭരണത്തെസംബന്ധിച്ചു പറയുമ്പോൾ പ്രവസ്ഥാപിതമായുള്ള ജനങ്ങളുടെ ഹിതത്തെയും ആവശ്യങ്ങളെയും മനസ്സിലാക്കി ജനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഭരണം പരിഷ്കൃതഭരണമെന്നും ജനങ്ങളുടെ അഭിപ്രായത്തെ തൃണവൽഗണിച്ചു ഉദ്യോഗസ്ഥന്മാരുടെ ഹിതാനുസരണം അവരുടെ ഗുണത്തെമുൻനിറുത്തി നടത്തപ്പെടുന്ന ഭരണം അപരിഷ്കൃതഭരണമെന്നുംപറയുന്നു. എന്നാൽ ജനങ്ങളുടെ അഭിപ്രായങ്ങളെ അവരുടെ പ്രതിനിധികൾവഴിയായി അറിഞ്ഞിട്ടും അവരുടെ അഭിപ്രായത്തെ അവഗണിച്ചു ഉദ്യോഗസ്ഥന്മാരുടെ സേച്ഛാപ്രകാരം ഭരിക്കപ്പെടുന്ന ഭരണത്തെപ്പററി എന്താണുപറയേണ്ടതെന്നു മനസ്സിലാകുന്നില്ല. അതിനെ ജനാവഹേളനഭരണമെന്നു പറയാമായിരിക്കും. ആവിധത്തിലുള്ള ഒരു ഭരണപദ്ധതിയിൽകൂടി ശോചനീയമായ നമ്മുടെ രാജ്യത്തെകാര്യങ്ങൾ നയിച്ചു വിഷമത്തിൽഅകപ്പെടാതിരിക്കാൻ എല്ലാ ദേശാഭിമാനികളും പ്രത്യേകം ഉദ്യോഗസ്ഥമണ്ഡലവും ജാഗരൂകതകാണിക്കേണ്ടതാണ്.

ഇപ്പോൾ ഈ രാജ്യത്തിനു ഒരു വലുതായ ആപൽഘട്ടം നേരിട്ടിരിക്കയാണ്. ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളെ ഗവണ്മെന്റു പക്ഷെ ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ വിഷമഘട്ടത്തിൽ ഒരുവിധം സങ്കടംകൂടാതെ സാമാന്യജനങ്ങൾക്ക കഴിഞ്ഞുകൂടാമായിരുന്നു. ഈ രാജ്യം ഒരു കർഷകരാജ്യമാണല്ലൊ. കൃഷിയിൽനിന്നും ഉണ്ടാകുന്ന ഉല്പന്നങ്ങൾക്ക വലുതായ വിലക്കുറവു സംഭവിച്ചിരിക്കുന്നു. ആഹാരസാധനങ്ങൾ, വസ്ത്രങ്ങൾ, കൃഷിഉപകരണങ്ങൾഉണ്ടാക്കുന്നതിനുള്ള ഇരുമ്പുമുതലായ ലോഹങ്ങൾ ഇവയെല്ലാം വിദേശങ്ങളിൽനിന്നും വരേണ്ടിയിരിക്കുന്നു. അതിലേക്ക കൊടുക്കേണ്ടപണം കുരുമുളക, ചുക്ക, തേങ്ങ മുതലായ ഉല്പന്നങ്ങളിൽനിന്നുമാണ് ഉണ്ടാകേണ്ടതു. അവയ്ക്കു വിലക്കുറവുസംഭവിച്ചാൽ കൃഷിക്കാർ എന്തുചെയ്യും? ജനസാമാന്യം നാൾക്കുനാൾ ദാരിദ്ര്യത്തിൽ ആണ്ടുകൊണ്ടിരിക്കയാണ്. ഇവിടെ ൧൦൦-ന്നു ൭൫ പേരുടെയും തൊഴിൽ കൃഷിയുമാണ്. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ചു ഭൂസ്വത്തു നാൾക്കുനാൾ വിഭജിച്ചുവിഭജിച്ചു ആളോഹരിയുള്ള അംശം കുറഞ്ഞുവരികയും തദനുസരണം ദാരിദ്ര്യം വർദ്ധിച്ചുവരികയുമായിരുന്നു. അപ്പോഴാണ് ഉല്പന്നങ്ങളുടെ വലിയ വിലക്കുറവുസംഭവിച്ചിരിക്കുന്നതു. കർഷകജനങ്ങൾ എത്രയുംകഷ്ടപ്പെടുന്നു. ഇപ്പോഴത്തെ കൃഷിസ്ഥലങ്ങളിൽ കൂടുതൽ വിളവുണ്ടാകുന്നതിനുവേണ്ട വഴികൾ കണ്ടുപിടിക്കണമെന്നും തരിശുകിടക്കുന്ന കൃഷിക്കുകൊള്ളാവുന്നസ്ഥലങ്ങളെ കൃഷിക്കായി പതിച്ചുകൊടുത്തും ഇറിഗേഷൻവേലകൾനടത്തിയും കൃഷിസ്ഥലം വർദ്ധിപ്പിക്കണമെന്നും കൃഷിസൌകര്യത്തിനായി ഉൾനാടുകളിൽ കൂടുതൽറോഡുകൾ തുറക്കണമെന്നും ഭൂസ്വത്തു ജാമ്യബാങ്കേർപ്പെടുത്തണമെന്നും കൃഷിലോൺ വർദ്ധിപ്പിക്കണമെന്നുംമററും കൃഷിക്കാരായ ഭൂരിപക്ഷം ജനങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി പല നിർദ്ദേശങ്ങളും ഞങ്ങൾ ഈ പ്രതിനിധിസഭയിൽ കൊണ്ടുവന്നു. എന്നാൽ മാമൂൽപ്രിയന്മാരോ കൃഷിക്കാരുടെ ആവശ്യങ്ങളെപ്പററി പ്രായേണ ഉള്ള അജ്ഞതയാലോ പല ഉദ്യോഗസ്ഥന്മാരും അവയെ എതിർത്തു. ഗവണ്മെന്റു ഞങ്ങളുടെ നിർദ്ദേശങ്ങളെ ഗണിച്ചു പ്രവർത്തിച്ചുമില്ല. ഇതാ വലിയ ക്ഷാമത്തിലേക്ക രാജ്യവാസികൾ ആണ്ടുപോകുന്നു.

പുതിയ ബഡ്ജററിലും കൃഷിബാങ്കിനായി ഒന്നുംചേർത്തിട്ടില്ല. ഇറിഗേഷൻവേലകൾക്കോ കൃഷിലോണിനൊ ഉൾനാട്ടിലെ കൃഷിവികസനാർത്ഥംവേണ്ട റോഡുകൾക്കോ ഗണ്യമായ തുകയൊന്നും വെച്ചിട്ടില്ല. ഈ കർഷകരാജ്യത്തിന്റെ പുരോഗതിയിൽ ഇവക്കുള്ള പ്രാധാന്യം ഗവണ്മെന്റു ഇനിയുംധരിച്ചിട്ടില്ലെന്നുതോന്നും. ജനക്ഷേമത്തിനും ഭരണസൌകര്യത്തിനു പ്രത്യേകിച്ചു കാർഷികാഭിവൃദ്ധിക്കുമായി ഈ കൌൺസിലിൽ കൊണ്ടുവന്നു ഗുണദോഷവിമർശനംനടത്തി പാസാക്കീട്ടുള്ള പ്രമേയങ്ങളേയും ഉപക്ഷേപങ്ങളേയും നടപ്പിൽവരുത്തുന്നതിനു ഗവണ്മെന്റു സന്നദ്ധതകാണിക്കാത്തതു കഷ്ടംതന്നെ.

രണ്ടേകാൽകോടി രൂപായോളം ഈ കർഷകരാജ്യത്തുനിന്നും ആണ്ടിൽ നൂററിനു ൧൨-ം ൨൪-ം പലിശയ്ക്കു കടംവാങ്ങാറുള്ള ജനങ്ങളിൽനിന്നും നികുതിരൂപേണ സംഭരിച്ചു ഗവണ്മെന്റു വിദേശികൾക്ക നൂററിനു ആണ്ടിൽ ൪ പലിശയ്ക്കു കടംകൊടുത്തിരിക്കുന്നു. അവയെ തിരിച്ചെടുത്താൽ കാർഷികാഭിവൃദ്ധിക്കായി മുൻപറഞ്ഞ ഇറിഗേഷൻവേലകൾ കൃഷിക്കാർക്കുള്ള റോഡുകൾ ബാങ്കു മുതലായവ അതുകൊണ്ടു നിഷ്പ്രയാസം സാധിക്കാവുന്നതാണ്. വിദേശത്തുനിന്നുംവരുന്ന ഒരു സഞ്ചാരിക്ക രാജ്യത്തു വലിയ നാഗരികവും ഐശ്വര്യവുമുണ്ടെന്നുതോന്നിപ്പോകും. ജനങ്ങളുടെ തൊഴിൽസംബന്ധിച്ചു അധോഗതി അവർ അറിയുന്നില്ല. തമ്പാനൂർ റെയിൽവേപ്പണി ഇലക്ട്രിക് ലയിററ് നീണ്ടകരപ്പാലം മുതലായവയുടെ വമ്പിച്ച വ്യയങ്ങൾ അതിലധികം

പൊതുജനങ്ങൾക്ക് ക്ഷേമംവരുത്തുന്ന വിഷയങ്ങളിൽ ചെയ്തിരുന്നെങ്കിൽ രാജ്യത്തെ ദാരിദ്ര്യം അത്രമാത്രം കുറയുമായിരുന്നെന്നു വിദേശീയർക്കു ഗ്രഹിക്കാൻ പ്രയാസം. പത്തു കോടിയായി വരവു വർദ്ധിച്ചിരിക്കുന്നു എന്ന് ബഡ്ജറ്റിൽനിന്നു ഗണിക്കാം. ഇതനുസരിച്ചു ജനങ്ങളുടെ ഐശ്വര്യം വർദ്ധിച്ചുവരുന്നു എന്നു തോന്നിയേക്കാം. വാസ്തവത്തിൽ ജനങ്ങൾ ഐശ്വര്യത്തിൽ അധഃപതിച്ചുകൊണ്ടിരിക്കയാണ്. അതിനുവേണ്ട പരിഹാരങ്ങൾക്കു ചിലവുചെയ്യാൻ പണം ഒതുക്കിയിട്ടുണ്ടായി ബഡ്ജറ്റിൽ സമ്മതിക്കുന്നു. ശരാശരി ആളൊന്നിനു ൨ ഏക്കർപോലും കൃഷിസ്ഥലമില്ലാത്ത ഈ കർഷകരാജ്യത്തെ ജനങ്ങളിൽനിന്നു ഈ വമ്പിച്ചതുക യാതൊരു പ്രകാരത്തിലുണ്ടാക്കുന്നു എന്നും അവരുടെ തൊഴിലില്ലായ്മയായി ... ഭാഗത്തെ ചിലവു ചെയ്യാതെ ആഡംബരത്തിനും പ്രദർശനത്തിനുമായി വമ്പിച്ച ചിലവുകൾ ചെയ്യുന്നു എന്നും ... തമാണെന്നു പറയാതെ നിവൃത്തിയില്ല. കൃഷിബാങ്കുകളും ഉടനെ സ്ഥാപിക്കേണ്ടതു ഒഴിച്ചുകൂടാത്ത അത്യാവശ്യമാണ്.

മി. ആർ. വൈത്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ബാങ്കിന്റെ എൻക്വയറി കമ്മറ്റി അയച്ചിട്ടുള്ള ചോദ്യങ്ങളിൽ ഭൂസ്വത്തു ജാമ്യബാങ്കിനെപ്പറ്റിയും പറയുന്നുണ്ടല്ലോ. മെമ്പർ അതിലേക്ക ഉത്തരം എഴുതിയയച്ചിട്ടുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): അതിനെപ്പറ്റി പിന്നീടു വിമർശിക്കാം.

മി. ആർ. വൈത്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): മെമ്പർ അഭിപ്രായം എഴുതി അയച്ചിട്ടുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): കൃഷിബാങ്ക് വേണമെന്ന് ഒരു പ്രമേയത്തെന്നെ ഇവിടെ പാസാക്കിക്കഴിഞ്ഞിട്ടുണ്ട്. കമ്മറ്റികളിൽ എനിക്കു വേണ്ടിടത്തോളം വിശ്വാസമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭൂസ്വത്തു ജാമ്യബാങ്ക് സ്ഥാപിക്കുന്നതിനുള്ള ആവശ്യകതയുണ്ടോ എന്നാണോ ആ ചോദ്യത്തിൽ പറഞ്ഞിരുന്നത്?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): അതിനെസംബന്ധിച്ചു വേണ്ട ഗുണദോഷവിമർശനം നടത്തിയിട്ടാണ് ഒരു പ്രമേയം ഇവിടെ പാസാക്കിയിട്ടുള്ളത്. വീണ്ടും ആവശ്യമുണ്ടോ എന്നു കമ്മറ്റി ചോദിക്കേണ്ട.

മി. ആർ. വൈത്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആ ചോദ്യത്തിൽ അതു എങ്ങനെ നടത്തണമെന്നും ചോദിച്ചിട്ടില്ലേ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): അതെല്ലാം പിന്നീടു പറഞ്ഞുകൊള്ളാൻ സമയമില്ല. അത്യാവശ്യമായ ഈ സംഗതികളെല്ലാം കേവലം വിസ്മൃതഗർത്തത്തിൽ തള്ളി ഇട്ടിരിക്കയാണ്. ഇതിനെല്ലാം ഉത്തരവാദി പ്രധാന ഭരണാധികാരിതന്നെ എന്നു ഞാൻ പറയുന്നില്ല. ഈ ഭരണക്കൂടത്തിന്റെ സംഘടനയിൽ വന്നിട്ടുള്ള ന്യൂനതകളാണ്. ഞങ്ങൾ പറയുന്ന ഓരോ സംഗതികളും നടപ്പിൽ വരുത്തുന്നതിൽ ഡിപ്പാർട്ടുമെന്റധികാരികൾകൂടി ഗവൺമെന്റിനെ പ്രോത്സാഹിപ്പിക്കണം. അവരിൽ പലരിൽനിന്നും പ്രോത്സാഹനമല്ല തടസ്സങ്ങളാണ് ഉണ്ടാകുന്നതെന്നു ഞാൻ വിചാരിക്കുന്നു. അവർക്കു കാലാനുസരണം ജനക്ഷേമത്തിനായി പുതിയകാര്യങ്ങൾ ഏർപ്പെടുത്തുന്നതിലും പഴയ സമ്പ്രദായങ്ങളെ ഭേദപ്പെടുത്തുന്നതിലും വലിയ മടിയാണ്. അതാണ് തടസ്സമെന്നു ഞാൻ വിചാരിക്കുന്നു. നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ചിലരാണ് ഇങ്ങനെയുള്ളത്. ഞാൻ അവരെ കുറ്റംപറയുന്നില്ല. അവരിൽ പലരും നല്ല പേർസണൽ ഗുണവിശേഷികളാണ്. അസിസ്റ്റന്റുമാരോ മാനേജർമാരോ ആയ സാമാജികർ പറയുന്നതിനെ വിശ്വസിച്ചുപോകുന്നതിനും പ്രവർത്തിക്കുന്നതിനുമേ കഴിയുന്നുള്ളൂ. ഇവിടത്തെ ഉദ്യോഗസ്ഥന്മാർ പ്രായേണ ഉദ്യോഗസ്ഥപരമ്പരകളിലും സാഹചര്യങ്ങളിലും പെട്ടവരുമാണ്. കൃഷിക്കാരുടെയിടയിൽനിന്നും ഉദ്യോഗമണ്ഡലങ്ങളിൽ ആളുകൾ വളരെ കുറവായതാണ് കർഷികാവശ്യങ്ങളെപ്പറ്റി ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ഗ്രഹിക്കുന്നതിനും അവയോടു അനുഭാവം പ്രദർശിപ്പിക്കുന്നതിനും തടസ്സമായി നിൽക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. തൊഴിൽ സാഹചര്യങ്ങൾ അവർക്കുവേണ്ട അറിവില്ല. എല്ലാത്തരം തൊഴിൽകാരിൽനിന്നും വേണമെങ്കിലും കൃഷിക്കാരുടെയിടയിൽ നിന്നായിരിക്കണം ഇവിടെ ഉദ്യോഗസ്ഥന്മാരെ അധികവും നിയമിക്കേണ്ടത്. ഈ രാജ്യത്തെ ജനസാമാന്യത്തിൽ ഭൂരിപക്ഷമായ കർഷകജനതയുടെ ക്ഷേമത്തിനായി എന്തെല്ലാം ജനപ്രതിനിധികൾ പറഞ്ഞാലും അവയെ മനസ്സിലാക്കുന്നതിനോ അവയോടു അല്പമെങ്കിലും അനുഭാവം പ്രദർശിപ്പിക്കുന്നതിനോ യോഗ്യരായ ഉദ്യോഗസ്ഥന്മാരല്ലെങ്കിൽ അവയ്ക്കു നല്ല ഫലം ... പിരിച്ചാലും ഉണ്ടാകുകയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട്): ഈ കൗൺസിലിൽ എന്തെങ്കിലും opposition വന്നാൽ അതൊക്കെ ഗവൺമെന്റുദ്യോഗസ്ഥന്മാരിൽനിന്നു വരുന്നതാണെന്നാണോ വിചാരിക്കുന്നത്?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): ഇവിടെ പാസാക്കുന്ന പ്രമേയങ്ങൾ പ്രയോഗത്തിൽ ഗവൺമെന്റ് നടപ്പിൽവരുത്താനിടയുള്ള ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായവും പക്ഷവുംകൂടി അറിഞ്ഞാണ്. കമ്മിറ്റികളിലും മറ്റും തേക്കപ്പെട്ടു കിടക്കുവാൻ വിട്ടുകൊടുക്കുന്നതു ഇവിടത്തെ തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഡിപ്പാർട്ടുമെന്റിനു ദോഷമുണ്ടാകുന്നതാണ്. ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർ ഉപേക്ഷ ... പാസാക്കി, അങ്ങിനെചെയ്താൽ എന്തുചെയ്യാം. അങ്ങനെ അതിനെ എഴുതി, ഇനിയും നടപ്പിൽവന്നിട്ടില്ല. കൃഷിബാങ്ക് മുതലായവയെയും ഇതുപോലെതന്നെ ഓരോന്നുതന്നെ എഴുതി, ഇനിയും നടപ്പിൽവന്നുകാണുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട്): തടസ്സംവരുന്നതു ഉദ്യോഗസ്ഥന്മാരിൽനിന്നാണെന്നാണോ പറയുന്നത്?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ തൊടുപുഴ): ഉദ്യോഗസ്ഥമണ്ഡലത്തിൽനിന്നും ആണ് പലതിനും തടസ്സം നേരിടുന്നതെന്നാണ് എന്റെ വിശ്വാസം. ഇതുപോലെ എന്തെല്ലാം പ്രമേയങ്ങളാണ് ഞങ്ങൾ ഇവിടെ പാസാക്കിയിട്ടുള്ളത്?

മി. എ. താണുപിള്ള (തിരുവനന്തപുരം): കൊള്ളാവുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കാത്തതു ഗവൺമെന്റിന്റെ കുറ്റമല്ലേ?

L

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): അതേ, ആ കാര്യത്തിൽ ഗവണ്മെൻറിനു വീഴ്ചയുണ്ട്. ഇപ്പോഴത്തെ ഭരണകൂടത്തിന്റെ ഏറ്റവും ശ്രേയസ്കരമായ രീതിയിലല്ല. രാജ്യത്തിലെ വിവിധവർഗ്ഗങ്ങളിൽനിന്നും ജനസംഖ്യയിലെ വിവിധതൊഴിൽക്കാരിൽനിന്നും യോഗ്യന്മാരെ ഉദ്യോഗസ്ഥന്മാരായി തിരഞ്ഞെടുക്കണം. കഴിയുന്നതും വിദേശികളെ നിയമിക്കരുത്. വിദേശികളായാൽ പ്രായേണ ഇവിടത്തെ പരിതസ്ഥിതി നേരിട്ടറിയാൻ പ്രയാസമെന്നു കാണുന്നു. അവർ പലപ്പോഴും മേലുദ്യോഗസ്ഥന്മാരുടെ കണ്ണുകൊണ്ടുമാത്രം കാര്യങ്ങൾ കാണുന്നതായി തോന്നുന്നു. ജനങ്ങൾ അധികവും പ്രത്യേകിച്ചും കൃഷിക്കാരല്ലാതെ തന്നെ ഉൾനാട്ടുകളിലാണു താമസിക്കുന്നത്. ഇവിടത്തെ ഐശ്വര്യത്തിന്റെ പ്രധാനഭാഗം ഓരിയിട്ടുള്ളത് നാട്ടിൻപുറങ്ങളിലാണ്, അവിടെ വേലചെയ്യുന്ന ഐശ്വര്യം വളരെ കൃഷിവലന്മാരുടെയിടയിൽ സാമ്പത്തികാഭിവൃദ്ധിയുണ്ടാകണം. എന്നാൽമാത്രമേ രാജ്യം ഐശ്വര്യത്തെ പ്രാപിച്ചു എന്നുപറയാവൂ. സാമ്രാജ്യത്തിന്റെ സാധനമാണെല്ലാ ഗവണ്മെൻറുപണം. ഗവണ്മെൻറു പണമുണ്ടാക്കുന്ന നിയമാനുസൃതമുള്ള ഒരു ഫാക്ടറിയല്ല. മററു ആളുകളിൽ വസൂലാക്കുന്ന ആദായം ഉണ്ടാകില്ല എന്നുമാത്രം നിന്നു ഉപ്ലിപ്പെടാമായിരുന്നു, എന്നാൽ ജനങ്ങളുടെ ആദായത്തെ ഒന്നാമത് നോക്കേണ്ടിയിരിക്കുന്നു. ഓരിലപ്പത്തിൽ ആണ്ടുക്കാണ്ടിരിക്കുന്ന ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞാണ് ബഡ്ജററിലെ ഈ തുക ഉണ്ടാക്കേണ്ടത്. അവരുടെ സ്ഥിതി എന്താണെന്നു ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ? ആളോഹരി ശരാശരി വരവു ആണ്ടിൽ എത്രവരവുണ്ട്. അതു പ്രതിവത്സരം വർദ്ധിക്കുന്നോ കുറയുന്നോ? കുറയുന്നെങ്കിൽ എന്തു പ്രതിവിധി ചെയ്യണം. അതു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായമനുസരിച്ചു മാത്രമോ ജനപ്രതിനിധികളുടെ നിർദ്ദേശമനുസരിച്ചോ വേണ്ടത് ഇവരിൽ ആരുടെ നിർദ്ദേശങ്ങളാണ് അനുഭവത്തിൽ നിന്നുള്ളവയും അധികസ്വീകാര്യവും ഇവയെപ്പററി ബഡ്ജററു തയ്യാറാക്കുമ്പോൾ പ്രത്യേകം ഗവണ്മെൻറാലോചിച്ചിരുന്നെങ്കിൽ ബഡ്ജററു ഈവിധമായിരിക്കയില്ലായിരുന്നു. ഈ രാജ്യത്തു ഇത്രവളരെ പണം ആവശ്യമില്ലെങ്കിൽ ഇത്രവളരെ നികുതി എന്തിനായിട്ടു പിരിക്കുന്നു. വിദേശികൾക്കു പുതുതായി പലിശയ്ക്കു കടംകൊടുക്കാനുള്ള ഒരു സ്ഥാപനമാണോ നമ്മുടെ ഗവണ്മെൻറ? കടം തിരിച്ചുവാങ്ങി ജനാവശ്യത്തിനു ചിലവുചെയ്യാൻ പ്രത്യേകം ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നു.

ഇനിയും എനിക്കു ഓരോവകുപ്പുകളെപ്പററിയും പലതും പറയാനുണ്ട്. എന്നാൽ അവ ആവർത്തനങ്ങളുടെ ആവർത്തനമായിവരും. പലതും പല ആണ്ടുകളിലും പറഞ്ഞിട്ടുള്ളതാണ്. സമയവുമില്ല, അതിനാൽ ഒന്നൊന്നിനുള്ള ഗൗരവമനുസരിച്ചു ചിലതു പറയാമെന്നു വിചാരിക്കുന്നു. എങ്കിലും ജനങ്ങളുടെ ആരോഗ്യത്തെയും ജീവനെയും സംബന്ധിക്കുന്ന മെഡിക്കൽവകുപ്പിനെപ്പററി രണ്ടുവാക്കു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഈ വകുപ്പിലുള്ള ആശുപത്രികൾ ഒരു കച്ചവടസ്ഥാപനംപോലെയാണ് ഇരിക്കുന്നത്. അതാതു രോഗികളുടെ ധനസ്ഥിതിയും രോഗത്തിന്റെ തരവും അനുസരിച്ചു ഓരോ വിലനിശ്ചയിച്ച് ചികിത്സ നടത്തുകയാണ് ചിലടത്തും ചെയ്യുന്നത്. ഇപ്പോഴത്തെ ഭരണാധികാരികളായ മെഡിക്കൽ ബോർഡിലെ അംഗങ്ങൾക്ക് ഈ വകുപ്പിനെ ശരിയായി നിയന്ത്രിക്കാൻ സാധിക്കുന്നില്ല. ഈ അംഗങ്ങൾ മൂന്നുപേരും ശ്രമിച്ചിട്ടും ശരിയായി നിയന്ത്രിക്കാൻ സാധിക്കാത്തതുകൊണ്ട് വേറെ ഒരാളിനെ ഈ ഡിപ്പാർട്ടുമെൻറ് ഭരിക്കുന്നതിനു ഏർപ്പെടുത്തണം. വർഗ്ഗീയതകൊണ്ട് ഞാൻ പറയുന്നതല്ല. ഇതിൽ ഒരാൾ ഹിന്ദുവും രണ്ടുപേർ ക്രിസ്ത്യാനികളുമാണ്. അവർ ഓരോ വിധത്തിൽ യോഗ്യതയുള്ളവരാണ്, എന്നാൽ ഡിപ്പാർട്ടുമെൻറു ഭരിക്കുന്നതിനു അവരാൽ സാദ്ധ്യമല്ല. അതുകൊണ്ടു ഇൻഡ്യയുടെ മററുഭാഗത്തുനിന്നു ഇതിലേക്കു പ്രാപ്തിയുള്ള ഒരു ഇന്ത്യക്കാരനെയൊ നിവൃത്തിയില്ലെങ്കിൽ ഒരു പാശ്ചാത്യനെയൊ ഈ ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷനായി നിയമിക്കണം.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവംകോടു): ഈ മൂന്നുപേരിൽ ആരെങ്കിലും ഒരാളിന്റെ ചുമതലയിൽ ആക്കുന്നതിൽ വിരോധമുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): ഇവർ മൂന്നുപേരുംകൂടി ഭരിച്ചിട്ടുതന്നെ ശരിയാകുന്നില്ല. പിന്നെ അതിൽ ഒരാളാൽ ഉള്ളകഥ പറയേണ്ടതില്ലല്ലൊ.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവംകോടു): അതിൽ കരത്താലിക്കുന്നുണ്ടോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): കത്തോലിക്കനായാലും നായരായാലും പ്രാപ്തിയുള്ളവരായാൽമതി. ഇപ്പോൾ ഭരണത്തിനു ശരിയായ പ്രാപ്തിയുള്ളവർ ഇതിലില്ലെന്നാണു അനുഭവത്തിൽനിന്നും ഞാൻ വിശ്വസിക്കുന്നത്.

ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ടുമെൻറിനെപ്പററിയാണ് ഇനി എനിക്കു പറയാനുള്ളത്. ഇതു അഴിമതികളുടെ ഒരു പ്രധാനരംഗമായിട്ടാണ് ഇരിക്കുന്നത്. സവർണ്ണസമുദായത്തിൽപ്പെട്ടവർതന്നെ ഈ തുറയിൽ പലിപ്പരിയായിട്ടു ഉദ്യോഗംവഹിക്കുന്നു. അതുകൊണ്ടു അഴിമതി വർദ്ധിച്ചുവരാനേ തരമുള്ളു. വെളിച്ചവും ശുദ്ധവായുവും കടക്കാത്ത വീടുകളിൽ വായു ദുഷിച്ചു സാംക്രമികരോഗങ്ങൾ ഉണ്ടാകാനിടയുള്ളതുപോലെ മററു വർഗ്ഗക്കാരെ പ്രവേശിപ്പിക്കാത്തതിനാൽ ഈ വകുപ്പും ദുഷിച്ചാണിരിക്കുന്നതു. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ മിടുക്കനും പല യോഗ്യതകളുമുള്ളയാളുമാണ്; എങ്കിലും ഈ ഡിപ്പാർട്ടുമെൻറിനെ ശരിപ്പെടുത്താൻ അദ്ദേഹത്തെക്കൊണ്ടു സാധിക്കുന്നില്ല. അതുകൊണ്ടു അദ്ദേഹത്തെ വേറെ ഏതെങ്കിലും ഒരു വകുപ്പിലേക്കു മാററിയിട്ടെങ്കിലും കാര്യം ശരിപ്പെടുത്തണമെന്നു പറയേണ്ടിയിരിക്കുന്നു. (ചിരി).

മി. എം. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അദ്ദേഹത്തെ ഏതു വകുപ്പിലേക്കാണ് മാറേണ്ടതു?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): അദ്ദേഹം ബ്രിട്ടീഷ് ഇൻഡ്യയിൽ സാൾട്ടു വകുപ്പിൽ ഇരുന്നിരുന്നു എന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടു അതിൽ അദ്ദേഹത്തിനു വൈദഗ്ദ്ധ്യം നല്ലവണ്ണം ഉണ്ടായിരിക്കും. ഇവിടെ എക്സൈസിൽനിന്നും സാൾട്ട് വകുപ്പു പിരിക്കണമെന്നും ആവശ്യമുള്ള ഉപ്പുത്രയും ഇവിടെ ഉണ്ടാക്കണമെന്നും പ്രതിനിധികൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്. നമ്മുടെ പണം വളരെ ഉപ്പുവിലയായി പുറത്തുപോകുന്നു. അതിനാൽ സാൾട്ടുവകുപ്പിനെ പരിഷ്കരിച്ചു വിപുലപ്പെടുത്തുന്നതിനു അദ്ദേഹത്തെ അതിന്റെ അദ്ധ്യക്ഷനായി നല്ല ശമ്പളത്തിൽ വയ്ക്കാം.

പലവകുപ്പിൽപെട്ട കൃഷിക്കാരുമായിട്ട് ഇടപെടുന്ന ഒരു പ്രധാനവകുപ്പാണ് ലാൻഡ്റവന്യൂ. പല വർഗ്ഗത്തിൽപെട്ടവരും ഇതിൽ ഇല്ലാത്തതുകൊണ്ടു കൃഷിക്കാരായ ചില ജനവർഗ്ഗങ്ങൾക്ക നേരിടുന്ന ബുദ്ധിമുട്ട ഒട്ടും ചില്ലറയല്ല. കഴിഞ്ഞ ബഡ്ജറ്റുഘട്ടത്തിലുള്ള പുറമ്പോക്കുകേസുകളിൽ ചട്ടത്തിനു വിരോധമായി ൧൦ ഏ ൧൦ രൂപ ഏക്കറിനു നിരോധനകരം ചുമത്തിയിരിക്കുന്നു എന്നു ഞാൻ പ്രതിവാദിച്ചതിനു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ അങ്ങിനെയില്ല അതു തെറ്റിദ്ധാരണയായിരിക്കുമെന്നു വാദിച്ചു. ഒടുവിൽ ഞാൻ രേഖകൾ കൊണ്ടുവന്നു ദിവാനെ കാണിച്ചു. അതിനുശേഷം ദിവാൻജിതന്നെ വേണ്ട നടപടി നടത്തി ൨൦൦൦-ൽ അധികം കേസുകളിൽ നിരോധനകരം ഈടാക്കിയിട്ടുള്ളതു തിരിച്ചു കൊടുക്കാൻ ഉത്തരവിടുകയും, ൧൦൦൦-ൽ അധികം സാധുകുടികൾക്ക രക്ഷകിട്ടുകയും ചെയ്തു. ഓരോരുത്തരും പ്രത്യേകം അപ്പീൽ കൊടുക്കട്ടെ എന്നാണ ചിലർ ഇവിടെ പറഞ്ഞതു. സാധുക്കൾക്ക അതു സാദ്ധ്യമല്ലെന്നവർ ഓർത്തില്ല. ഏതായാലും പ്രകൃത്യനുസരിച്ചു ദിവാൻ നീതി നടത്തി സാധുകൃഷിക്കാരെ രക്ഷിച്ചതും ഞാൻ അതിൽ ഇടപെട്ടതും പ്രത്യേകം എടുത്തുപറയേണ്ടതാണ്. ജനപ്രതിനിധികൾ പറയുന്ന കാര്യങ്ങൾക്ക ഉദ്യോഗസ്ഥന്മാർ പറയുന്ന സമാധാനങ്ങൾ അബദ്ധമാകാമെന്നും ദിവാൻ നേരിട്ട ശ്രദ്ധിച്ചാലേ നീതിനടക്കൂ എന്നും ഇതു തെളിയിക്കുന്നു. റബ്ബർ വിലകുറഞ്ഞിരിക്കുന്ന ഘട്ടത്തിലെത്തു പതിഞ്ഞു കൃഷിചെയ്തുവരുന്ന സ്ഥലത്തിനു ഏക്കറിനു ൧ രൂപാ കരമായി കരം കൂട്ടുവാൻ റവന്യൂകാർ നടപടി നടത്തി. കരമേർപ്പെടുത്തിയതു കരം കൂട്ടുന്നതു തിരുവെഴുത്തു വിളംബരത്തിനു വിരുദ്ധമാണെന്നു കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ ഞാൻ വാദിച്ചു. റവന്യൂകാർ വീണ്ടും നടപടി നടത്തികൊണ്ടിരുന്നു. എന്നാൽ ഗവർമ്മെൻറിനെ ഞാൻ ഒരു മെമ്മോറാണ്ടം ഹാജരാക്കി സംഗതികൾ വിശദമായി മനസ്സിലാക്കിയതിന്റെ ഫലമായി കരം കൂട്ടുന്ന നടപടി നിർത്തിവച്ചിരിക്കയാണ്. അതിനാൽ ഈ രാജ്യത്തെ റബ്ബർ കൃഷിക്കാർക്ക ഈ വിഷയത്തിൽ നേരിട്ട വലിയ സങ്കടത്തിന്നിന്നു ശമനംകിട്ടി.

റവന്യൂക്കാർതന്നെ റബ്ബർ കൃഷിക്കാരുടെ കഷ്ടതയറിഞ്ഞു കരംകൂട്ടുന്ന നടപടി നിർത്തിവയ്ക്കുവാൻ ഗവർമ്മെൻറിനെ ഉൽബോധിപ്പിക്കേണ്ടതു അവരുടെ കടമയായിരുന്നിട്ടും അവർ അതിനു പുറപ്പെട്ടു കണ്ടില്ല. ജനപ്രതിനിധികൾ ഓരോ വകുപ്പിലും അഴിമതികൾ നടക്കുന്നു എന്നു പറയും. ജനഹിതകരമായെങ്ങും ഡിപ്പാർട്ടുമെൻറുകളെ പരിഷ്കരിക്കുവാൻ പ്രാപ്തരായ ഉദ്യോഗസ്ഥന്മാർ ചുരുക്കമായിട്ടാണ കാണുന്നതു. പഴയ മാമൂലിനേയും രീതികളേയും മുറുകെപ്പിടിക്കാഞ്ഞാൽ ഉദ്യോഗസ്ഥന്മാരുടെ പ്രാബല്യത്തിനു തരക്കേട്ട പറ്റിയേക്കുമെന്നാണ് അവരിൽ ചിലരുടെ വിചാരം എന്നു തോന്നുന്നു. ഇപ്പോഴത്തെ നിലയ്ക്ക ഉദ്യോഗസ്ഥമണ്ഡലത്തിൽനിന്നാണ ജനങ്ങൾക്കെന്നപോലെ ഗവർമ്മെൻറിനും അധികം ഉപദ്രവം ഉണ്ടായിക്കൊണ്ടിരിക്കുന്നതു. ഈ സംഗതി ൧൦ കൊല്ലത്തിലധികമായി ജനപ്രതിനിധിയുടെ നിലയിൽ ജനങ്ങൾക്ക വേണ്ടി ഓരോ കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു ഓരോ വകുപ്പുകളേയും കാലാനുസരണം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ചിന്തിച്ചുവരുന്ന എനിക്കറിയാം. ഇക്കാലത്തിനകം ഓരോ ഡിപ്പാർട്ടുമെൻറധികൃതന്മാരും ഭരണമേധാവികളും മാറിവരികയും അവരും മാറി വേറെ ആളുകൾ വരികയും ചെയ്തുകൊണ്ടിരുന്നു. ഇവർ ഓരോരുത്തരുടേയും നയങ്ങളും ആദർശങ്ങളും എനിക്ക നല്ലപോലെ അറിയാം. പണ്ടത്തെ മാമൂലനുസരിച്ചു ഭരണരീതി ഇടന്നു കൊണ്ടുപോയാൽ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കും. ഭരണരഥത്തെ വലിക്കുന്ന സാരഥി ഈ ഉദ്യോഗസ്ഥാശ്വങ്ങൾ കുണ്ടിൽ അതിനെ പതിപ്പിക്കാതെ പ്രത്യേകം കടിഞ്ഞാൺപിടിച്ചു നിയന്ത്രിക്കണം. അതിനു വളരെ ശ്രദ്ധയുണ്ടാകണം.

ഉദ്യോഗനിയമന സമ്പ്രദായത്തെപ്പററിയാണ് ഇനി എനിക്ക പറയാനുള്ളതു. പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗക്കാരുടെ അവകാശത്തെ മുൻനിർത്തി ഉദ്യോഗദാനം ചെയ്യണമെന്നു ഞാൻ ഒരു പ്രമേയം കൊണ്ടുവന്നു. അങ്ങിനെ ചെയ്യാമെന്നും ദിവാൻ മി. രാഘവയ്യാ സമ്മതിച്ചു ഒരു ജി. ഒ. യും പുറപ്പെടുവിച്ചു. ആ ജി. ഓയ്ക്കു വിപരീതമായിട്ട പ്രവർത്തിച്ച ഉദ്യോഗസ്ഥന്മാരോടു സമാധാനം ചോദിച്ചിരുന്നു. എന്റെ സ്നേഹിതൻ മി. ഉമ്മൻ, കഴിഞ്ഞ യോഗത്തിൽ ഈ ഉദ്യോഗസ്ഥന്മാരുടെ സമാധാനം എന്തായിരുന്നു; തൃപ്തികരമായിരുന്നുവോ എന്നു ചോദിച്ചു. ഒരു വിധം തൃപ്തികരമായിരുന്നു എന്നു ഗവർമ്മെൻറു മറുപടിയും പറഞ്ഞു. നല്ല തൃപ്തികരമല്ലെങ്കിൽ എന്തുകൊണ്ടു വീണ്ടും ചോദിച്ചില്ലാ എന്നു എനിക്ക ഇപ്പോൾ ചോദിക്കേണ്ടിയിരിക്കുന്നു. ഗവർമ്മെൻറിന്റെ ആജ്ഞയെ അവഗണിച്ചു പ്രവർത്തിക്കുന്നവരെ പുറത്തുകളയണം. ഉദ്യോഗസ്ഥന്മാർ അവരുടെ ചാർച്ചക്കാരേയും സേവകന്മാരേയും നിയമിച്ചുവരുന്നു. ഈ ചാർച്ചക്കാരും സേവകന്മാരും മററും മിക്കവാറും ഉദ്യോഗസ്ഥന്മാരുടെ സ്വജാതിക്കാരായിരിക്കുമല്ലോ, ഇങ്ങനെയുള്ള ഉദ്യോഗവിതരണങ്ങൾ നടത്തി പബ്ലിക്ക സർവീസ് ചില ജാതിക്കാരുടെ പൊതു സ്വത്തായി തീർത്തിരിക്കുന്നു. ഇതിനു ഉത്തരവാദികൾ ആ വർഗ്ഗക്കാരല്ല; ആ വർഗ്ഗത്തിലെ ഉദ്യോഗസ്ഥന്മാരാണ്. ഇതിനേക്കാൾ വലിയ ഉപദ്രവകരമായ ഒരു കാര്യം രാജ്യത്തോടു ചെയ്യാനില്ല. ഇപ്പോൾ ഒരു കോടിയോളം രൂപാ ശമ്പളം പടി ഇവയ്ക്കായിട്ട ചിലവാക്കുന്നുണ്ടു. ഫിനാൻഷ്യൽസെക്രട്ടറി ഇതിനെ നിഷേധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർമ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): നിഷേധിക്കുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): പിന്നെ എത്രയാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർമ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): ഉദ്ദേശം നാല്പതു ശതമാനമാണ്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ—തൊടുപുഴ): അങ്ങിനെയാണെങ്കിൽ എന്റെ കണക്ക ശരിയാണ്. ഏതാണ്ട ഒരുകോടി രൂപായോളം വരുന്നുണ്ട.

ഇതിന്റെ ഓഹരി ഈ രാജ്യത്തെ [illegible] പല സമുദായക്കാർക്കും ലഭിക്കുന്നില്ല. ഞാൻ മററു സമുദായക്കാരുടെ ഐശ്വര്യത്തിൽ അസൂയപ്പെടുകയല്ല ചെയ്യുന്നതു. ന്യായമായ പങ്കു എല്ലാവർക്കും കിട്ടണമെന്നു മാത്രമേ പറയുന്നുള്ളു. പണസംബന്ധമായ നഷ്ടം മാത്രമല്ല അധികാരനഷ്ടവും ഇതിനാൽ സംഭവിക്കുന്നു. മഹായുദ്ധങ്ങൾപോലും സ്വാതന്ത്ര്യത്തിനും അധികാരലാഭത്തിനും വേണ്ടിയാണ നടക്കുന്നതു. ഇവിടെയുള്ള അധികാരമെല്ലാം ഉദ്യോഗസ്ഥന്മാരിലാണ്. ഈ അധികാരം ചില വർഗ്ഗക്കാർക്കമാത്രമുണ്ടായിരുന്നാൽ മനുഷ്യസ്വഭാവത്തിനു, അവർ മററു വർഗ്ഗക്കാരുടെയും ക്ഷേമത്തെ ലാക്കാക്കി സമഭാവനയോടുകൂടി പ്രവർത്തിക്കുമെന്നു വിചാരിക്കാൻ തരമില്ല. ഉദ്യോഗനിയമനത്തിൽ അഴിമതികാണിക്കുന്നവർ മററു ഉദ്യോഗകൃത്യങ്ങളിലും അഴി

മതികാണിക്കാതിരിക്കയില്ല. ഉദ്യോഗനിയമനങ്ങളുടെ പട്ടിക കൌൺസിലിൽ തന്നിട്ടുള്ളതിൽനിന്നും ഈ അനീതി എല്ലാവൎക്കും കാണാവുന്നതുമാണ്. അങ്ങനെ കാണാവുന്ന സംഗതികളിൽതന്നെ അഴിമതികാണിക്കുന്നവർ കാണാൻകഴിയാത്ത കാൎയ്യങ്ങളിൽ എത്രയധികം.

റവന്യൂവകുപ്പാണ് ഇതിലും പ്രാധാന്യംവഹിക്കുന്നത്. റവന്യൂദേവസ്വം വിഭജനം നടത്തിയതുതന്നെ മറ്റുള്ള വൎഗ്ഗക്കാർക്കും റവന്യൂഡിപ്പാർട്ടുമെന്റിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടിയാകുന്നു. എന്നിട്ടുള്ള ഫലമെന്ത്? ഈ ഡിപ്പാർട്ടുമെന്റിൽ മൂന്നു പേഷ്കാരന്മാരും ൭ ഡിവിഷൻ അസിസ്റ്റന്റന്മാരും [illegible] തഹശീൽദാരന്മാരും [illegible] ഹെഡ്അക്കൌണ്ടന്മാരും [illegible] ഹെഡ്ക്ലാർക്കന്മാരും [illegible] പാർവ്വത്യകാരന്മാരും ഉണ്ട്. ഇതിൽ ഒരു പേഷ്കാരും മൂന്നു ഡിവിഷൻ അസിസ്റ്റന്റന്മാരും ക്രിസ്ത്യാനികളായിട്ടുണ്ടായിരുന്നു. അപ്പോൾ ഉള്ളതിനുംപുറമേ കൂടുതലായിട്ടുണ്ടാകും എന്നു വിചാരിച്ചിരുന്നു. എന്നാൽ അവർ പെൻഷൻപറ്റിപ്പോയ ഒഴിവുകളിൽ അവിടം അടച്ചതായാണ് കാണപ്പെട്ടത്. ജനസംഖ്യയിൽ ആറുലക്ഷത്തോളംവരുന്ന [illegible] നോക്കാം. ഡിവിഷൻ അസിസ്റ്റന്റന്മാരുടെ പേരിൽ ആരുമില്ല, [illegible] തഹശീൽദാരിൽ ആരുമില്ല, [illegible] ഹെഡ്ക്ലാർക്കന്മാരിൽ ആരുമില്ല, [illegible] ഹെഡ്അക്കൌണ്ടന്മാരിലും ആരുമില്ല. [illegible] പാർവ്വത്യകാരന്മാരുള്ളതിൽ ഒരാൾമാത്രമുണ്ട്. റവന്യൂദേവസ്വം വിഭജനം നടന്നിട്ട് ൨൨ കൊല്ലമായിട്ടും റവന്യൂവകുപ്പിൽ ഇത്രമാത്രമേ പ്രവേശനം നൽകിയിട്ടുള്ളൂ. എഫിഷ്യൻസി, എഫിഷ്യൻസി എന്നു പറഞ്ഞു മറ്റുള്ളവരുടെ അവകാശവാദങ്ങളെ ചവിട്ടിത്തള്ളി ഉദ്യോഗനിയമനം നടത്തുന്നവരുടെ സമ്പ്രദായം നിയമനപ്പട്ടികകൊണ്ടറിയാം. അവരുടെ പക്ഷപാതം കാണുമ്പോൾ ലജ്ജാകരം, ലജ്ജാകരം എന്നു പറയേണ്ടിവരുന്നു. പേഷ്കാരന്മാർ നടത്തിയ നിയമനങ്ങളുടെ ലിസ്റ്റിനും അതുതന്നെ പട്ടിക ചോദിച്ചാൽ തരുന്നില്ല. അതിൽനിന്ന് അവർ അന്യസമുദായക്കാരെ നിയമിക്കുന്നതിനു എപ്പോഴും തിരുവിതാംകൂറുകാരാണെന്നും മുമ്പു ഗവണ്മെന്റു സമുദായം ചോദിച്ചുകൊണ്ടു ഫലമുണ്ടായിട്ടില്ലെന്നും കാണാം.

ഡെപ്യൂട്ടിപ്രസിഡന്റ്: മി. കുഞ്ഞിത്തൊമ്മൻ, നിങ്ങളുടെ സമയം തീൎന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതുകൊണ്ടു ഈമാതിരി അനീതികളെ അമർച്ചവരുത്തി സമസ്തപ്രജകളേയും സമഭാവനയോടെ ഗണിച്ച് രാജ്യത്തു നീതിയും ന്യായവും നടത്തി ജനക്ഷേമത്തെയും ഐശ്വൎയ്യത്തെയും സമാധാനത്തെയും പാലിക്കണമെന്നു പറഞ്ഞുകൊണ്ടു നിറുത്തുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സർ, കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിനെ അപേക്ഷിച്ചു ഇക്കൊല്ലത്തെ ബഡ്ജറ്റു രൂപീകരണത്തിൽ ഫിനാൻഷ്യൽ സെക്രട്ടറി കാണിച്ചിരിക്കുന്ന നയം രണ്ടുലക്ഷത്തിപ്പതിനായിരം രൂപ അടുത്തകൊല്ലത്തെ ബഡ്ജറ്റിലും മിച്ചമായിട്ടു കാണിച്ചിരിക്കുന്നതാണ്. പ്രഥമദൃഷ്ടിയിൽ ബഡ്ജറ്റു രൂപീകരണത്തിൽ തൎക്കംതന്നെ നിരാശ ജനിക്കാതെ ഇരിക്കത്തക്കവണ്ണം ഒരു ബാക്കിസംഖ്യ കാണിക്കുന്നതു വാസ്തവത്തിൽ പൊതുജനങ്ങൾക്ക ഒരു പ്രോത്സാഹജനകംതന്നെ. എന്നാൽ ആ ബഡ്ജറ്റിനെ നിരൂപണംചെയ്യുന്നപക്ഷം, എന്റെ പല സ്നേഹിതന്മാരും ചൂണ്ടിക്കാണിച്ചപോലെ, നമ്മുടെ സാമ്പത്തികാവസ്ഥ അത്ര ആശാസ്യമാണെന്ന് പൂർണ്ണമായി സമ്മതിക്കത്തക്ക യാതൊരു ലക്ഷ്യവും അതിൽ കാണുന്നില്ല. രാഷ്ട്രീയാന്തരീക്ഷം ഇവിടെ എന്നല്ല ലോകം ഒട്ടാകെ ഒന്നിളകിമറിഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ ഗവണ്മെന്റു പൊതുജനങ്ങളോടു കാണിക്കുന്ന നയം തീർച്ചയായിട്ടും കുറെക്കൂടി ആശാസ്യമായ നിലയിലാണ് എന്നുള്ളതു ഗവണ്മെന്റിനുതന്നെ ബോധ്യംവരത്തക്കവിധത്തിൽ ആയിട്ടുണ്ടെന്നാണ് എനിക്കുതോന്നുന്നത്. ദിവാൻജിയുടെയും പ്രസംഗത്തിൽ ഗവണ്മെന്റിന്റെ നയത്തെപ്പറ്റി എത്രയെല്ലാം പ്രകാരത്തിൽ പ്രതിപാദിച്ചിരുന്നാലും പ്രായോഗികമായ നിലയിൽവരുമ്പോൾ അതിൽനിന്നു വ്യത്യസ്തമായിട്ടാണ് ഇരിക്കുന്നതു എന്നു ഉദാഹരണങ്ങൾകൊണ്ടു തെളിയുന്നുണ്ട്. ആ നയം ഇടയ്ക്കിടെ മാറ്റുന്നതു നല്ലതാണെന്നു എനിക്കു തോന്നുന്നില്ല. ഉദ്യോഗസ്ഥന്മാർ, പൊതുജനങ്ങൾ മറന്നുപോയതു്, ഉദ്യോഗസ്ഥന്മാർ ജനപ്രതിനിധികൾ ഇങ്ങനെയുള്ള സ്ഥാനങ്ങളാണ് ഉള്ളതു്. ഇതിൽ മദ്ധ്യേ നിൽക്കുന്ന ജനപ്രതിനിധികൾക്കാണ് വിഷമത നേരിടുന്നതു്. പൊതുജനങ്ങളോടു ഉത്തരവാദിത്വം ചെയ്യേണ്ടതു് അവരിൽ ഗവണ്മെന്റിന്റെ എല്ലാ അപേക്ഷകളും ക്ഷമയോടുകൂടി സഹിച്ചു അനുഗ്രഹങ്ങൾ സാധിക്കുന്നതിനു എന്തെല്ലാം [illegible] പ്രയോഗങ്ങൾ ചെയ്യാൻ കഴിയുമോ അതിനെ കഴിയുന്നത്ര പ്രയോഗിച്ചു കാര്യം സാധിക്കുന്നതിനു അവർ പ്രാപ്തന്മാരാകണം. ഈ കൌൺസിലിൽ പാസാക്കുന്ന പ്രമേയങ്ങളെ നടപ്പിൽവരുത്താതെയിരിക്കുന്നതു ഗവണ്മെന്റിന്റെ സ്വയം നിക്ഷിപ്തമായ സ്വാധീനശക്തിയുടെ ഫലമാണ് എന്നു പൊതുജനങ്ങൾ മനസ്സിലാക്കാതെ പൊതുജനപ്രതിനിധികളെ കുറ്റപ്പെടുത്തുന്നു. അതായതു പൊതുജനപ്രതിനിധിവേഷംകെട്ടുന്ന ഈ കൌൺസിൽ മെമ്പറന്മാർ വേണ്ടപോലെ ഗവണ്മെന്റിനെ ജനഹിതങ്ങളെ അറിയിക്കുന്നതിനു പ്രാപ്തന്മാരല്ല എന്നു ഒരു അപഖ്യാതിക്കു ഞങ്ങൾ കേൾക്കേണ്ടിവരുന്നു. എന്നാൽ പൊതുജനങ്ങളുടെ വിശ്വാസമൎപ്പിച്ച ഞങ്ങൾ പ്രതിനിധികളെ അയച്ചിട്ടുണ്ട്, അവർ ജനഹിതങ്ങളായ സംഗതികൾ ഗവണ്മെന്റിനെ ധരിപ്പിക്കും, അതിനു വിപരീതമായി യാതൊന്നും ഗവണ്മെന്റു ഒന്നും പ്രവൎത്തിക്കുന്നതല്ല എന്നാണ്. ഞങ്ങൾ ഗവണ്മെന്റിനു അപഖ്യാതിവരാതെയും ഞങ്ങളുടെ പേരിനു കളങ്കംവരാതെയും ഇരിക്കത്തക്കവണ്ണം ചില [illegible] പ്രയോഗിച്ചു പൊതുജനങ്ങളെ സമാധാനപ്പെടുത്തി വരികയാണ് ഇതുവരെ ചെയ്തിട്ടുള്ളതു്. കൌൺസിലിൽ ചില നിയമങ്ങൾ ഉണ്ടെന്നും ആ നിയമങ്ങളിൽ ഏതാനും വകുപ്പുകളെ ഭേദപ്പെടുത്താതിരിക്കുന്നിടത്തോളം കാലം മെമ്പർമാർക്ക ഇത്രത്തോളമുള്ള ശക്തിയേ ഉണ്ടാവുകയുള്ളൂ എന്നും പറയുകയാണ് ഞങ്ങളുടെ പതിവ്. ഇങ്ങനെയെല്ലാം [illegible] കഴിഞ്ഞുകൂടുന്ന പ്രതിനിധികൾ കൌൺസിലിൽ ജനക്ഷേമകരങ്ങളായ ഓരോ പ്രമേയങ്ങൾ അയക്കുന്നു. അതിന്റെ വാദപ്രതിവാദം കഴിഞ്ഞു പാസാക്കിക്കിട്ടുന്നതിനു വളരെ ബുദ്ധിമുട്ടുകൾ ഉണ്ട്. അങ്ങിനെയുള്ള ബുദ്ധിമുട്ടുകളെല്ലാം സഹിച്ചു പ്രമേയം പാസാക്കി കിട്ടിക്കഴിഞ്ഞാൽ അതിനെ പ്രയോഗത്തിൽ വരുത്താതെ ചവറ്റുകുട്ടയിൽ തള്ളിക്കളയുന്നതു പൊതുജനപ്രതിനിധികളായ ഞങ്ങൾക്കു ആക്ഷേപകരമാണ്.

രാഷ്ട്രീയാന്തരീക്ഷം വല്ലാത്ത ഒരു പതനത്തിൽ എത്തിയിരിക്കുന്നു എന്നു ഞാൻ അല്പം സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടു ജനഹിതത്തെ അവഗണിച്ചു പ്രവൎത്തിക്കുന്നതു ഉചിതമല്ല, അങ്ങിനെ പ്രവൎത്തിക്കുന്നിടത്തോളംകാലം ഈ ക്ഷോഭം വർദ്ധിച്ചുവരുവാനേ തരമുള്ളൂ. എന്നാൽ കടലാസുകളിൽ ഗവണ്മെന്റു [illegible]

പ്പെടുത്തി വയ്ക്കുന്നതിൽ യാതൊരു ന്യൂനതകളുമില്ല. ഞാൻ ഒരു ഭാഗം ഇവിടെ വായിക്കാം. "എങ്ങനെയായാലും ഗവൺമെന്റിന്റെ ഉദ്ദേശസാദ്ധ്യത്തിനു പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം അത്യന്താപേക്ഷിതമാണ്."

അതായതു പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഗവൺമെന്റിനു ഏററവും ആവശ്യമായിട്ടുള്ളതു എന്നാണ്. ഇത്രയും ഭംഗിയായ വാചകത്തിൽ ഏതു വിചാരിച്ചാലും പറയാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല.

'പൊതുജനക്ഷേമമഭിവൃദ്ധി എന്ന ഒരു ഒററ ഉദ്ദേശത്തോടെ സകല പ്രവൃത്തികളും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മഹാറാണി റീജന്റു തിരുമനസ്സിലെ പ്രശാന്തഭരണത്തിൻകീഴിൽ ഈ രാജ്യം നാനാപ്രകാരത്തിലും ധനസ്ഥിതമായ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതും അതു അപ്രകാരംതന്നെ തുടർന്നുകൊണ്ടിരിക്കുമെന്നുള്ളതു നമുക്കു പൂർണ്ണമായി വിശ്വസിക്കാവുന്നതും ആകുന്നു.'

ഇതും ഞങ്ങൾക്കു വളരെ സമാധാനത്തെയും സംതൃപ്തിയെയും തരുന്നുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതെവിടെ ആരു പറഞ്ഞതാണ്?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ൧൧൦൭-ാമാണ്ടത്തെ ബഡ്ജററവസരത്തിൽ ദിവാൻജി അവർകൾ ചെയ്ത പ്രസംഗമാണ്. അതായതു ഗവൺമെന്റുമേധാവിത്വത്തിനും പൊതുജനങ്ങൾക്കും വേർപ്പെടുത്തി തന്നിട്ടുള്ള ഒരു ഗ്രന്ഥമാണ് ഇതു്.

ഈ സ്ഥിതിക്കു വിരോധമായി എന്താണ് അവകാശം എന്നു ചോദിക്കുമായിരിക്കാം. പൊതുവെ എന്റെ സ്നേഹിതന്മാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ഭരണത്തിൽ വന്നിട്ടുള്ള ന്യൂനതകളെപ്പററി ഇവിടെ പ്രതിപാദിക്കുന്നതിനു സമയക്കുറവു എന്നെ അനുവദിക്കുന്നില്ല. ഭരണമേധാവികൾ കുറെക്കൂടി ഗൌരവമായും ഉദ്ബുദ്ധതയോടും പൊതുജനവിശ്വാസമുള്ള ഭരണകൂടത്തെ നയിക്കുന്നപക്ഷം ഡിപ്പാർട്ടുമെന്റിലുള്ള അപാകതകൾ തീർച്ചയായും ശരിയാകുന്നതാണ്. ഓരോ ഡിപ്പാർട്ടുമെന്റും ഓരോ മേധാവികളുടെ താഴെയാണ്. അവരുടെ പരീക്ഷായോഗ്യതകൾകൊണ്ടോ മററു യോഗ്യതകൾകൊണ്ടോ അവരെ ആക്ഷേപിക്കാൻ തരമില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഒൻപതുകൊല്ലത്തെ പഴക്കമുള്ള ഒരു മെമ്പരാണെന്നും നാട്ടിൻപുറത്തെ കൃഷിക്കാരുടെ ആവശ്യങ്ങളെപ്പററി ഈ ഒൻപതുകൊല്ലങ്ങളായി ഗവൺമെന്റിനെ ധരിപ്പിച്ചിട്ടും യാതൊന്നും നടത്തിയിട്ടില്ലെന്നും അദ്ദേഹംതന്നെ ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഒൻപതുകൊല്ലമായിട്ടു ജനപ്രതിനിധിയായിരിക്കുന്ന ഒരാളുടെ അനുഭവം ഇങ്ങനെയാണെങ്കിൽ, രണ്ടോ മൂന്നോ കൊല്ലത്തേക്കുമാത്രം വന്നിട്ടുള്ള സമാധാനം അചിന്ത്യമാണ്.

കൃഷിക്കാർക്കു ഇന്നുള്ള സങ്കടം അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള വിലക്കുറവാണ്. രാജ്യത്തിന്റെ ഐശ്വര്യം ആ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ ആശ്രയിച്ചാണിരിക്കുന്നതു് എന്നുള്ളതിൽ സംശയമില്ല. പട്ടണങ്ങളിൽ നോക്കിയാൽ അനേകം കൊട്ടാരക്കെട്ടിടങ്ങളും മൂന്നോ നാലോ മോട്ടോർകാറുകൾ ഒന്നിച്ചുപോയാൽ അപകടം തട്ടാത്തവിധമായ വിശാലമായ റോഡുകൾ തീർത്തിട്ടിരിക്കുന്നു. നല്ല വസ്ത്രങ്ങൾ ധരിച്ചു (ഇപ്പോൾ ചില ഖദർധാരികളും ഇല്ലാതെയില്ല) ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. ഈ ആഡംബരവും ഈ ആളുകളും കണ്ടാൽ രാജ്യത്തിനു പൊതുവെ നല്ല ക്ഷേമമാണെന്നു ധരിച്ചേക്കാൻ എളുപ്പമുണ്ട്. നേരെമറിച്ചു ഉൾനാട്ടിലേക്കു ഒന്നു കണ്ണോടിച്ചുനോക്കുന്നപക്ഷം മൂന്നോ നാലോ ദിവസം ആഹാരം കഴിക്കാതെ ശരീരം മെലിഞ്ഞു ശരീരശാസ്ത്രം പഠിപ്പിക്കുന്നതിനുതകത്തക്കവണ്ണം എല്ലുംതോലുമായി പ്രത്യക്ഷമായി കാണാവുന്ന ആളുകളെയാണ് കാണുന്നതു്. ഭൂതക്കണ്ണാടിയുടെ സഹായത്താൽമാത്രം കാണത്തക്കവണ്ണം അത്രകുഴിഞ്ഞുകാണുന്ന കണ്ണുകളോടും വല്ലതുംചോദിച്ചാൽ ശരിയായസമാധാനം പറയുന്നതിനു ശക്തിയില്ലാത്ത നാവുകളോടുംകൂടിയ ആളുകളെയാണ് ഉൾനാടുകളിൽ കാണുന്നതു്. (മി. ഐ. സി. കേശവപിള്ള: കേൾപ്പിൻ, കേൾപ്പിൻ) ഈ നിലയ്ക്കാണ് ഈ രാജ്യത്തെ സാമ്പത്തികാവസ്ഥയുടെ സ്ഥിതി. അതിലേയ്ക്കു എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കുന്നതിനു ഗവൺമെന്റു ഗാഢമായി ആലോചിക്കേണ്ടതാണ്.

എന്റെ പല മാന്യസ്നേഹിതന്മാരും ഇവിടെ പറഞ്ഞതുപോലെ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥിതി വളരെ ദയനീയമായിരിക്കുന്നു. വളരെക്കാലം പ്രതിനിധിസഭകളിലും മററു പല പ്രക്ഷോഭണങ്ങൾ നടത്തിയതിന്റെ ശേഷമാണ് ഗവൺമെന്റിന്റെ ഹൃദയമിളകി കുറെ പണം അതിലേയ്ക്കു അനുവദിച്ചതു്. എന്നാൽ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ ഏതുപ്രകാരത്തിലോ ആ തുക ലാപ്സാക്കിക്കളഞ്ഞു. ഏതെങ്കിലുംപ്രകാരത്തിൽ വല്ലതുംകൊടുക്കാമെന്നു ആലോചിച്ചപ്പോൾ അതു ലാപ്സാക്കിച്ച് അനുഭവിക്കേണ്ട ആളുകളുടെ നിർഭാഗ്യവശാൽ കാലംതീർന്നുപോകുന്നതു്. ഇതിലേയ്ക്കുള്ളകാരണം ഈ പാവപ്പെട്ട അദ്ധ്യാപകന്മാരല്ല.

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് പലകാര്യങ്ങളും എന്റെ മാന്യസ്നേഹിതന്മാർ ഗവൺമെന്റിനോടു വേണ്ടവണ്ണം ഉൽബോധിപ്പിച്ചിട്ടുള്ളതുകൊണ്ട് അതിനെപ്പററി അധികം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇനി എനിക്കു പറയാനുള്ളതു പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണ്, അതിനെപ്പററിയും എന്റെ മാന്യസ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞുകഴിഞ്ഞു. തിരുവല്ലാതാലൂക്കിൽ വള്ളംകുളം പാലം എത്രയോ പ്രാവശ്യം ഇരുപതിനായിരം മുപ്പതിനായിരം രൂപാ ചിലവുചെയ്തു കെട്ടുകയും ഒരു വെള്ളപ്പൊക്കംവരുമ്പോൾ പാലം വെള്ളംകൊണ്ടുപോകയും ചെയ്തിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): ആ പാലം എത്രപ്രാവശ്യംപോയി?

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): രണ്ടുപ്രാവശ്യംപോയി.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ചീഫ്സെക്രട്ടറി): ഒരിക്കലേ പോയിട്ടുള്ളു.

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): ഒരിക്കൽപോയി, ഒരിക്കൽ പോകാൻഭാവിച്ചുള്ളു. ഇതിൽനിന്നും ഒരിക്കൽപോയിഎന്നുള്ളഭാഗം ഗവൺമെന്റുതന്നെ സമ്മതിക്കുന്നുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ: അതിശയോക്തികൂടാതെ ഒരിക്കൽപോലി ഏന്നുപറഞ്ഞാൽ മതിയല്ലോ.

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല) ഒരിക്കൽ ആ പാലം വെള്ളംകൊണ്ടുപോയി. ഇതിനുകാരണം ചെയ്യുന്നജോലി പൂർത്തിയാക്കാതെ ഇട്ടുന്നുകൊണ്ടാണ്. ഇതിനെപ്പററി ഗവൺമെൻറു പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

ഡെപ്യൂട്ടിപ്രസിഡൻറ: മി. വി. കൃഷ്ണപിള്ള നിങ്ങളുടെ സമയംകഴിഞ്ഞു.

മി. മാത്യുമുരിക്കൻ (വച്ചൂർ): നാം ഇതീയകൗൺസിലിലെ തൃതീയബഡ്ജററിനെപ്പററിയുള്ള വിമർശനത്തിൻെറ അവസാനഘട്ടത്തിരിക്കുകയാണ്. വിവിധനിരൂപണങ്ങളുടെയും ഫലത്തെപ്പററി ചിന്തിക്കുകയാണെങ്കിൽ—

ഡെപ്യൂട്ടിപ്രസിഡൻറ്: മാന്യരെ, ഞാൻ വിഷയങ്ങളോട്ടുനിർദ്ദേശിക്കുന്നത്—

മി. മാത്യുമുരിക്കൻ(വച്ചൂർ): ഞാൻകഴിയുന്നിടത്തോളംചുരുക്കിപ്പറയാം. ഗവൺമെൻറിൻെറ നയത്തെപ്പററിയുള്ള വിവിധനിരൂപണങ്ങളുടെഫലത്തെപ്പററിആലോചിക്കുമ്പോൾ വാർഷികബഡ്ജററുവിമർശനം പ്രായോഗികസംഗതികൾക്ക ഒരു നേരമ്പോക്കായിത്തീർന്നിരിക്കുന്നുവെന്നു വിചാരിക്കാൻ ഞാൻ നിർബന്ധിതനാകുന്നു. എന്നെസംബന്ധിച്ചിടത്തോളം അനേകം ഗൗരവമേറിയ വിചിന്തനങ്ങൾ ഇല്ലാതിരുന്നെങ്കിൽ എൻെറ ഇരിപ്പടത്തിൽ ഞാൻ എഴുന്നേററുനിൽക്കുകയില്ലായിരുന്നു. ഗവൺമെൻറു ഈ സഭയോട്ടുകാണിക്കുന്ന അവജ്ഞാഭാവമെല്ലാം പഴമൊഴിയായും അപകീർത്തികരമായും പരിണമിച്ചിട്ടുണ്ട്. സർ, ഈ കൗൺസിലിനോടും ഉത്തരവാദിത്വമുള്ള ഒരു "കേന്ദ്രസമിതി"യുടെ രൂപവൽക്കരണംകൂടാതെ പൊതുജനങ്ങളുടെ അഭ്യുദയം സാദ്ധ്യമായിട്ടുള്ളതല്ല എന്നാണ് എനിക്കുതോന്നുന്നത്. സർ, അനേകംതവണ ഈ സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ സ്ഥാപനം അതിനെ നിങ്ങൾ കാബിനററ് കൗൺസിൽഎന്നോ എക്സിക്യൂട്ടീവ് കൗൺസിൽ എന്നോ എന്തു വിളിച്ചാലും വേണ്ടുകില്ല ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു ആവശ്യമാണ്. ഇൻഡ്യയിലെ മററുഭാഗങ്ങളിലുള്ള ചെറിയസ്റ്റേററുകളിൽപോലും സ്ഥാപിച്ചിരിക്കുന്ന ഇത്തരത്തിലുള്ള ഒരു നിയന്ത്രണസംഘം ഇല്ലാതെ കൗൺസിലിൻെറ പ്രവൃത്തികൾ തൃപ്തികരമായിത്തീരുന്നതല്ല. ഇപ്രകാരം പ്രാരംഭത്തിൽതന്നെ ഗവൺമെൻറിൻെറ ഭാവത്തിനു എതിരായി എൻെറ ദൃഢമായ എതിർപ്പ് പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു എനിക്കനുവദിച്ചിട്ടുള്ള ചുരുങ്ങിയ സമയത്തിനിടയ്ക്കു ബഡ്ജററിനെപ്പററി ഒന്നോ രണ്ടോ നിരീക്ഷണങ്ങൾ ചെയ്യുന്നതിലേക്ക ഞാൻ ആരംഭിക്കുന്നു.

ഈ ബഡ്ജററവതരണം ഫിനാൻഷ്യൽസിക്രട്ടറിയെ ഞാൻ അഭിനന്ദിക്കുന്നു വളരെ വിശദമായിട്ടുണ്ട്. സംഖ്യകളെല്ലാം വളരെ വ്യക്തമായി അദ്ദേഹം കാണിച്ചിട്ടുമുണ്ട്. എന്നാൽ ദുഃഖമെന്നു നമ്മെ അലട്ടിക്കുന്ന ഗൗരവമേറിയതും ഗുണദോഷവിചാരയുക്തമായതും ആയവ്യയംസംബന്ധിച്ചതും ആയ സംഗതികളെ വിമർശിക്കുന്നതിലേക്ക അദ്ദേഹത്തിനു സാധിച്ചിട്ടില്ല. ആ പ്രധാനസംഗതികളെപ്പററി സംസാരിക്കുന്നതിനു ഞാനുദ്ദേശിക്കുന്നില്ല. നമ്മുടെ ശ്രദ്ധയെ ആകർഷിക്കാൻ നിർബന്ധിതമായ ഒന്നോ രണ്ടോ പ്രധാനസംഗതികളെ ഞാൻ ഉദാഹരണത്തിനായി സ്വീകരിക്കാം.

ഭൂനികുതി അന്യായമായിട്ടുള്ളതാണെന്നുള്ളതു എല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. എക്സൈസ്നികുതി കാലക്രമേണ കുറയ്ക്കേണമെന്നു എതിർഭാഗത്തുള്ള എൻെറ സ്നേഹിതന്മാർപോലും സമ്മതിക്കുന്നതാണ്. എന്നാൽ നമ്മുടെ ചെലവു നമ്മുടെ നികുതികളോട്ട ശരിപ്പെടുത്തുന്നതിനു നമ്മാൽ ഒരുവിധത്തിലും സാധിക്കുന്നതല്ല. വിദ്യാഭ്യാസവിഷയത്തിൽ നമ്മുടെ ചെലവുവർദ്ധിക്കുകയാണ് ഗതാഗതമാർഗ്ഗത്തിൽ നമ്മുടെ ചെലവുവർദ്ധിച്ചേക്കാവുന്നതാണ്. ആരോഗ്യസംരക്ഷണാർത്ഥം നമുക്ക കൂടുതൽ ചെലവാക്കേണ്ടതായിവന്നേക്കാം. അധികംനാൾചെല്ലുന്നതിനുമുമ്പ തിരുവിതാംകൂറിലെ രാഷ്ട്രതന്ത്രജ്ഞന്മാരാൽ എതിരിടേണ്ടതായിവരുന്ന സാധുസംരക്ഷണം എന്ന പദ്ധതി ഈ ബഡ്ജററു ലേഖനകർത്താക്കളാൽ ആലോചിക്കപ്പെട്ടിട്ടില്ല എന്നുകാണുന്നതിൽ ഞാൻ വളരെ മനസ്താപിക്കുന്നു. സർ, ഈ ധനസ്ഥിതിയുടെ വിഷമവൃത്തത്തിൽനിന്നും രക്ഷപ്രാപിക്കുന്നതിനുള്ള ഒന്നോ രണ്ടോ മാർഗ്ഗങ്ങളെ നിർദ്ദേശിക്കുകമാത്രമേ ഞാൻ ഇവിടെ ചെയ്യുകയുള്ളു.

തിരുവിതാംകൂറിലെ കൃഷീവലന്മാരുടെ ധനസ്ഥിതിയെ നന്നാക്കിയേവണം ഈ ആയവ്യയസംഗതി നന്നാക്കുന്നതിലേക്ക എൻെറ സ്നേഹിതന്മാരിൽ അനേകംപേർ ഇതു നിർദ്ദേശിച്ചുകഴിഞ്ഞു; അതുകൊണ്ടു എൻെറ ഉപദേശം പക്ഷെ നവീനമല്ലാത്തതായിതോന്നിയേക്കാം. എന്നാൽ മറുഭാഗത്തെ ഒന്നോ രണ്ടോ സ്നേഹിതന്മാർ ചോദിച്ച ചോദ്യങ്ങളുടെ സ്വഭാവത്തെപ്പററി ആലോചിക്കുമ്പോൾ ഈ സംഗതി ഞാൻ കുറെ ശക്തിയായി പറയുന്നതിൽ യാതൊരുദോഷവുമില്ലെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിലെ കൃഷിക്കാരുടെ നിർധനത്വം പഴഞ്ചൊല്ലായി പരിണമിച്ചിട്ടുള്ളതും അതിനെ സംബന്ധിച്ചു പൂർണ്ണവും ദീർഘവുമായ ഒരു അന്വേഷണം നടത്തേണ്ടതും ആകുന്നു. ഭൂപണയബാങ്കിൻെറ സ്ഥാപനസംഗതി ഇവിടെ ഒരു പുതിയകാര്യമല്ല അനേകംതവണ അതിനെപ്പററി വിമർശിച്ചിട്ടുണ്ട്. തൊഴിലില്ലായ്മക്കമ്മററി ദീർഘമായ അന്വേഷണം നടത്തുകയും ആ സംഗതിയെപ്പററി ഒരു നിശ്ചിതപദ്ധതി അവർ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു പരിപൂർണ്ണ ഗവേഷണത്തിനായി ബാങ്കിങ്ങ് എൻക്വയറികമ്മററിക്ക ആ സംഗതി വിട്ടുകൊടുത്തിരിക്കുന്നുഎന്നു പറഞ്ഞു ഫിനാൻഷ്യൽസിക്രട്ടറി പിൻമാറുന്നതെന്തുകൊണ്ടാണെന്നു എനിക്ക മനസ്സിലാകുന്നില്ല. ഒരു കമ്മററിയാൽ അതിനെപ്പററിപരിശോധനകഴിക്കപ്പെട്ടിരിക്കുമ്പോൾ വീണ്ടും ആ പ്രശ്നത്തെപ്പററിത്തന്നെ അന്വേഷണം നടത്തേണ്ടതിൻെറ ആവശ്യം എന്താണ്. അഭിവൃദ്ധിയിൽവരുന്ന ഒരു രാജ്യത്തിൻെറ ബാദ്ധ്യതയിൽ മുഖ്യാധാരമായ ജോലികളിൽനിന്നും ഒഴിയുന്നതിനുള്ള ഒരു ശ്രമംമാത്രമാണിതു.

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): തൊഴിലില്ലായ്മക്കമ്മററി ഒരു പദ്ധതി ശുപാർശചെയ്തിട്ടുണ്ടോ?

മി. മാത്യുമുരിക്കൻ (വച്ചൂർ): അവർ ശുപാർശചെയ്തിട്ടില്ലെങ്കിൽ അതു അവരുടെ കുററമാണ്. അവരുടെ അന്വേഷണഫലങ്ങൾ നമ്മുടെപക്കൽഉണ്ട്. വിവേകമുള്ള ആളുകൾ ഈ സംഗതിയെപ്പററി ആലോചിക്കുകയും ചില ഉപദേശങ്ങൾതരികയും ചെയ്തിട്ടുണ്ട്. വീണ്ടും ഒരന്വേഷണത്തിൻെറ ആവശ്യം എവിടെ ആണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തൊഴിലില്ലായ്മക്കമ്മററി അവരുടെ റിപ്പോർട്ടിൽ ശുപാർശകൾ എഴുതി ഉപദേശിച്ചിട്ടുണ്ടെന്നു ഞാൻ മെമ്പറെ ഓർമ്മിപ്പിച്ചുകൊള്ളട്ടെയോ?

മി. മാത്യുമുരിക്കൻ (വയ്ക്കം): അതെ, അതെനിക്കറിയാം. അതുകൊണ്ടാണ് ഞാൻ പറയുന്നതു.

മി. ആർ. വൈത്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആ കമ്മററി ഒരു നിശ്ചിതപദ്ധതി ശുപാർശചെയ്തിട്ടുണ്ടോ?

മി. മാത്യുമുരിക്കൻ (വയ്ക്കം): ഒരു നിശ്ചിതപദ്ധതി ഉണ്ടോ ഇല്ലയോ എന്നുള്ള സംഗതി ഞാൻ വകവയ്ക്കുന്നില്ല. ഒരു നിശ്ചിതപദ്ധതിരൂപത്തിൽ ശുപാർശചെയ്തിട്ടില്ല എന്ന സംഗതിയിന്മേൽ അഭയംപ്രാപിക്കാൻ സാധിക്കാത്തതും തൽസ്ഥലം വീണ്ടും ഒരന്വേഷണം നടത്തേണ്ടതു ആവശ്യമാണെന്നു പറയാൻ പാടില്ലാത്തതും ആകുന്നു.

ഇനിയുള്ളതു ജലവിതരണത്തിനുവേണ്ട സൌകര്യങ്ങളെ വർദ്ധിപ്പിക്കുന്നസംഗതിയാണ്. ഈ കാര്യംസംബന്ധിച്ചും ഗവണ്മെന്റു ഒരു കമ്മററി രൂപവൽക്കരിച്ചിട്ടുണ്ട് സർ, ഈ കമ്മററികളെ എനിക്കു ഭയമാണ്; എന്തുകൊണ്ടെന്നാൽ ഒരു കമ്മററി നിയമിച്ചുവെങ്കിൽ അതെന്തോ ഉദ്ദേശ്യമാണ്. ഒരു കമ്മററിയുടെ റിപ്പോർട്ടു ഷെൽഫിൽ സൂക്ഷിക്കപ്പെട്ടുവെന്നും അതിൽക്കൂടുതലായി ഒന്നും ചെയ്യുകയില്ലെന്നും നമുക്കു ഏറെക്കുറെ തീർച്ചയായിക്കഴിഞ്ഞു.

മി. ററി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ഇറിഗേഷൻകമ്മററി തെരഞ്ഞെടുപ്പുകളോടാണോ രൂപവൽക്കരിച്ചിട്ടുള്ളതു?

മി. മാത്യുമുരിക്കൻ (വയ്ക്കം): ഇപ്രകാരമുള്ള അനേകം കമ്മററികളുടെ ജോലി നിഷ്പ്രയോജനമായിരുന്നുവെന്നു എന്റെ സ്നേഹിതനെ ഞാൻ ഓർമ്മിപ്പിക്കട്ടെ. അതിൽ കാര്യമൊന്നുമില്ല. ഒരു കമ്മററി രൂപവൽക്കരിച്ചിട്ടുണ്ട്; അതു ജോലിചെയ്യുകയും ചെയ്യുന്നു.

മി. ആർ. വൈത്യലിംഗംപിള്ള (പരസ്പരസഹായസംഘംരജിസ്ട്രാർ): അനുദ്യോഗസ്ഥസാമാജികന്മാരുടെ അപേക്ഷയനുസരിച്ചല്ലയോ ആ കമ്മററി രൂപവൽക്കരിച്ചിട്ടുള്ളതു?

മി. മാത്യുമുരിക്കൻ (വയ്ക്കം): ഞാൻ അതു നിഷേധിക്കുന്നില്ല. എന്റെ അഭിപ്രായം ഈ കമ്മററിയുടെ നിയമനംകൊണ്ടു ജനങ്ങൾക്കു യാതൊരുവിധത്തിലും പ്രയോജനം ചെയ്യുന്നില്ലെന്നാണ്. നേരെമറിച്ചു ഈ കമ്മററികളെ സംബന്ധിച്ചുള്ള സാധാരണയായ അനുഭവം അവരുടെ റിപ്പോർട്ടുകൾ ഷെൽഫിൽ സൂക്ഷിച്ചുവയ്ക്കുകയും അവരുടെ ശുപാർശകളെ ആസ്പദമാക്കി മേൽ ഒരു പ്രവൃത്തിയും ചെയ്യാതിരിക്കയും ആകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെ വാദം കമ്മിററികളുടെ രൂപവൽക്കരണം ഗവണ്മെന്റു അലസന്മാരായിരിക്കുന്നതിനെ സാധൂകരിക്കുകയില്ല എന്നാകുന്നെങ്കിൽ, അതു ശരിതന്നെ. എന്നാൽ കമ്മററികളുടെ രൂപവൽക്കരണം ഈ രാജ്യത്തെ കർഷകന്മാരുടെ നന്മയെ വർദ്ധിപ്പിക്കുന്നതിനു തടസ്സമാണെന്നു നിങ്ങൾ പറയുകയാണെങ്കിൽ നിങ്ങൾതന്നെ ഓരോ വിഷയത്തെ നിന്ദിക്കുന്നതിനു തുല്യമായിത്തീരും.

മി. മാത്യുമുരിക്കൻ (വയ്ക്കം): കമ്മിററികളുടെ രൂപവൽക്കരണത്തെ ഞാൻ നിന്ദിക്കുകയല്ല. ഈ കമ്മിററികളാൽ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകൾ ഷെൽഫിൽ സൂക്ഷിക്കുകമാത്രമാണ ചെയ്യുന്നതെന്നാണ് എന്റെ ആവലാതി.

ഡെപ്യൂട്ടിപ്രസിഡന്റ്: "ജലവിതരണക്കമ്മററിയുടെയോ ബാങ്കിംഗ് എൻക്വയറിക്കമ്മററിയുടെയോ അവസാനറിപ്പോർട്ടിനായി കാത്തുനിൽക്കാതെ ഗവണ്മെന്റു ഇതിനിടയ്ക്കു ജലവിതരണത്തിനായി കൂടുതൽ ചെലവാക്കണം" എന്നാണ് നിങ്ങൾ പറയുകയാണെങ്കിൽ, അതു യാതൊരു തരക്കേടുമില്ലാത്തതായിത്തീരും.

മി. മാത്യുമുരിക്കൻ (വയ്ക്കം): ഗവണ്മെന്റു ജലവിതരണത്തിനു പണം അനുവദിച്ചുകൊടുക്കുന്നതാണോ എന്നാൽ ഇപ്പോൾ അതിലേക്കായി നീക്കിവച്ചിരിക്കുന്നതുക മതിയാകാത്തതാണ്. അതാണെങ്ങളുടെ ആവലാതി. ഞങ്ങളുടെ പരാതിയുടെ ഫലമായി ഗവണ്മെന്റു അതാതു കമ്മററികളെ വിളിച്ചുകൂട്ടുന്നു. എന്റെ ആശങ്ക ഈ കമ്മററിയുടെ റിപ്പോർട്ടും ഇപ്രകാരമുള്ള മററു കമ്മിററികളുടെ റിപ്പോർട്ടുകളെപ്പോലെ ഷെൽഫിൽ സൂക്ഷിക്കപ്പെടുമെന്നുള്ളതുമാത്രമാണ്, മററുള്ള കമ്മററികളുടെ പ്രവൃത്തികളുടെ വിധിയെപ്പററി അറിഞ്ഞിട്ടുള്ളതുകൊണ്ട് കമ്മിററി എന്നുവച്ചാൽ താമസം എന്നർത്ഥമാണെന്നു എനിക്കിപ്പോൾ പറയേണ്ടതായിവരുന്നു. പ്രത്യേകിച്ചും കർഷകന്മാരുടെ അഭിവൃദ്ധി ആപത്തിലാണിരിക്കുന്ന ഈ സമയത്തു കമ്മിററി അതിന്റെ ജോലി താമസിപ്പിക്കരുത്. കഴിയുന്നിടത്തോളം വേഗം അതു ആ സംഗതി നിർവഹിക്കുകയും കഴിയുന്നിടത്തോളം നേരത്തെ പ്രവൃത്തി ആരംഭിക്കയും വേണം.

ഇനിയും, തിരുവിതാംകൂറിലെ പ്രധാനഉൽപ്പന്നങ്ങളുടെ വിലയുടെ അധികം കുറവുണ്ടായിട്ടുള്ളതും നമ്മുടെ ഉൽപ്പന്നങ്ങൾക്കു വ്യാപാരസ്ഥലങ്ങൾ കണ്ടുപിടിക്കാൻ നമുക്കു സാധിക്കാതെവന്നിട്ടുള്ളതും ആകുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾക്കു തിരുവിതാംകൂറിനു ഒരു വിദേശ കച്ചവടഏജന്റിന്റെ നിയമനസംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ നിർഭാഗ്യവശാൽ ഇതുവരെ ഒന്നും ചെയ്തിട്ടില്ല. കൃഷീവലന്മാരുടെ സമ്പാദ്യപ്രാപ്തി അഭിവൃദ്ധിപ്പെടുത്തുന്നതിനും തന്നിമിത്തം രാജ്യത്തിലെ നികുതി വർദ്ധിപ്പിക്കുന്നതിനും ഗവണ്മെന്റിനു ആവശ്യമായ ഗവണ്മെന്റു ചെയ്യേണ്ടതായ ആലോചനയ്ക്കു എടുക്കേണ്ട പ്രധാനസംഗതികളിൽ ചിലതു ഇവയാകുന്നു.

ഇനി ഞാൻ ബഡ്ജററിലെ ചെലവുസംഗതിയെപ്പററി പറയാം. ഇതാ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ്. ഗവണ്മെന്റു ആ ഡിപ്പാർട്ടുമെന്റിലേക്കു വലുതായ പണം ഇപ്പോൾ ചെലവാക്കുകയാണ്. പൊതുജനങ്ങളുടെ ഗവണ്മെന്റു വമ്പിച്ചതുക ചിലവാക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു. വിദ്യാഭ്യാസത്തിനുവേണ്ടി ഗവണ്മെന്റു വമ്പിച്ചതുക ചിലവാക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു. എന്നാൽ ഈ രാജ്യത്തിലെ വിദ്യാഭ്യാസത്തിന്റെ നന്മക്കും ഫലത്തിനും ഹാനിസംഭവിക്കാതെ ഈ ചെലവിനെ കുറയ്ക്കാൻ പാടില്ലയോ എന്നു ഗവണ്മെന്റു ആലോചിക്കുന്നതായി തോന്നുന്നില്ല. ഫലത്തിനു ഹാനി സംഭവിക്കാതെ വിദ്യാഭ്യാസത്തിന്റെ ചെലവു ചുരുക്കാൻ പാടില്ലയോ എന്നു ചിന്തിക്കുന്നതിലേക്കു ഹിനാഷ്യൽസിക്രട്ടറിയോ വിദ്യാഭ്യാസഡയറക്ടറോ ഒന്നും ചെയ്യുന്നില്ല എന്നു കാണുന്നതിൽ എനിക്കു പരമാർത്ഥത്തിൽ അൽഭുതം തോന്നുന്നു. ഈ സംഗതിയിൽ, മുമ്പു പല സന്ദർഭങ്ങളിലും ഞാൻ പ്രകടിപ്പിച്ചിട്ടുള്ള എന്റെ സ്വന്തനിർദ്ദേശം എനിക്കുണ്ട്, ഈ വിദ്യാലയങ്ങളിൽ

ചിലർ പ്രൈവറ്റുകാര്യസ്ഥന്മാർക്ക് വിട്ടുകൊടുക്കുന്നതിൽ ഒരു ദോഷവുമില്ലെന്നാണ്. ഞാൻ അഭിപ്രായപ്പെട്ടതു്, പ്രൈവറ്റ് വിദ്യാലയങ്ങളിൽ വളരെ നല്ലവരല്ലാതിരിന്നേയ്ക്കാവുന്ന ചില മാനേജരന്മാർ ഉണ്ടായിരുന്നേയ്ക്കാം. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ചിലവ പ്രൈവറ്റുകാര്യസ്ഥന്മാരെ ഏല്പിക്കപ്പെട്ടിട്ടുള്ളതായതു വിദ്യാഭ്യാസത്തിന്റെ നന്മയ്ക്കു ഹാനികരമാണെന്നു അതുകൊണ്ടർത്ഥമാകുന്നില്ല. അതു ചിലവിനെ ചുരുക്കാമെന്നുള്ളതിനെതിരെ തീർച്ചയാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്. ഈ പ്രൈവറ്റുകാര്യസ്ഥസ്ഥാപനങ്ങളിൽ മിക്കവയും സാമുദായികകാര്യസ്ഥസ്ഥാപനങ്ങളാണെന്നുള്ളതാണ് പരമാർത്ഥമായ തടസ്സം.

മി. എ. താണുപിള്ള (തിരുവനന്തപുരം) : ഈ സംഗതി പ്രൈവറ്റുകാര്യസ്ഥസ്ഥാപനങ്ങളിൽ ചുമതലപ്പെടുത്തുന്നതായാൽ അതു ഗവർമ്മെന്റിലെ ചിലവു ഗണനീയമായി കുറയ്ക്കുമോ എന്നു് മെമ്പർ എന്നെ അറിയിക്കുമോ?

മി. മാത്യു മുരിക്കൻ (വൈക്കം) : തീർച്ചയായും എന്തുകൊണ്ടെന്നാൽ ഗവർമ്മെന്റ സഹായധനംമാത്രം കൊടുത്താൽ മതി.

ഡെപ്യൂട്ടിപ്രസിഡന്റ്. സഹായധനഏർപ്പാട് ഗവർമ്മെന്റിനുവളരെ അധികം എളുപ്പമുള്ളതും ആദായകരമായിട്ടുള്ളതും ആകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം) : പരമാർത്ഥത്തിൽ മിക്കസ്ഥലങ്ങളിലും ഗവർമ്മെന്റിൽനിന്നു ഗ്രാൻറുപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന തുകമാത്രമെ കൊടുക്കപ്പെടുന്നുള്ളു. തൽഫലമായി വിദ്യാഭ്യാസം കഷ്ടസ്ഥിതിയിലാകുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം) : എന്റെ സ്നേഹിതന്മാരുമായി ഈ സംഗതിയെപ്പറ്റി ദീർഘമായി വാദപ്രതിവാദംചെയ്യുന്നതിനു ഞാൻ വളരെ ഇഷ്ടപ്പെടുന്നു. എന്നാൽ നിർഭാഗ്യവശാൽ എനിക്കു സമയമില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. വിഷയത്തെ പരിഹരിക്കുവാൻ ഞാൻ നിങ്ങൾക്കു സമയം അല്പം നീട്ടിത്തരാം.

മി. മാത്യുമുരിക്കൻ (വൈക്കം) : അതുകൊണ്ടു നമ്മുടെ ചിലവിനെ ചുരുക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നതാകുന്നു. നിങ്ങളുടെ മരാമത്തുകാര്യംയോഗ്യതക്കുറവുപോകുന്നതിനാണ ഗ്രാൻറുപള്ളിക്കൂടങ്ങളിലെ പരീക്ഷാഫലങ്ങൾ ഏതെന്നായിരിക്കുന്നു എന്നു, ഗവർമ്മെന്റുപള്ളിക്കൂടങ്ങളിലേതിനെക്കാൾ നന്നായിരിക്കുന്നു എന്നും, സ്കൂൾഫൈനൽ പരീക്ഷാഫലം കാണിക്കുന്നു. ഗ്രാൻറുപള്ളിക്കൂടങ്ങളിൽനിന്നും അയച്ചിരുന്ന വിദ്യാർത്ഥികളിൽ ൭൦ ശതമാനം കഴിഞ്ഞസ്കൂൾഫൈനൽ പരീക്ഷയിൽ വിജയികളായി, എന്നാൽ ഗവർമ്മെന്റുപള്ളിക്കൂടങ്ങളിൽനിന്നും അയച്ചതിൽ ൨൦ ശതമാനംമാത്രമേ വിജയികളായിട്ടുവന്നിട്ടുള്ളു. അതുകൊണ്ടു പ്രൈവറ്റുസ്ഥാപനങ്ങൾ ഗവർമ്മെന്റുസ്ഥാപനങ്ങളെക്കാൾ ഏതെങ്കിലുംവിധത്തിൽ യോഗ്യതക്കുറവുള്ളതാണെന്നു പറവാൻ പാടില്ലാത്തതാണ്.

— സർ, പൊതുജനക്ഷേമത്തെ ബാധിക്കുന്ന രണ്ടു പ്രധാനഡിപ്പാർട്ടുമെന്റുകളെക്കുറിച്ചു ഒന്നോ രണ്ടോ സൂചനചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ആദ്യത്തേതു ആരോഗ്യസംരക്ഷണത്തെപ്പറ്റിയാണ്. (ഒരു മെമ്പർ, എന്റെ സ്നേഹിതന്മാരുടെ നിർദ്ദേശങ്ങളെ ആവർത്തിക്കാൻ പോകയാണ്) മെഡിക്കൽ ബോർഡിനെ സംബന്ധിച്ചു ഇവിടെ വലിയ പരാതി ഉണ്ടായിരുന്നു. ആ ബോർഡു ചെയ്യുന്ന പാപങ്ങൾക്കു കൂട്ടമായി അവർക്കു എതിരായി പാപംചെയ്യുകയാണെന്നു ഞാൻ വിചാരിക്കുന്നു. ഈ സ്ഥാപനം—മെഡിക്കൽ ബോർഡു—അതിന്റെ പ്രവൃത്തികൾകൊണ്ടും അതിന്റെ നിർമ്മാണംകൊണ്ടും അതിന്റെ അയോഗ്യതയെ വെളിപ്പെടുത്തിപ്പരസ്യംചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് അതിനെ നാം ആവർത്തിച്ചാക്ഷേപിക്കുന്നതു്. എന്നാൽ ഈ സംഗതിയിൽ നമ്മുടെ അഭിപ്രായങ്ങളെ നിസ്സാരമായി കരുതുന്നതായി തോന്നുന്നു. ബോർഡു നിലനിറുത്തിക്കൊണ്ടുപോകണമെന്നുള്ളതിൽ അവർ നിർബന്ധിക്കുന്നു. സംഗതികളെ കുറെക്കൂടി ചീത്തയാക്കുന്നതിലേയ്ക്കു ആയുർവേദഡിപ്പാർട്ടുമെന്റിനും ഇതുവിധം അവർ വളർത്തിയിട്ടുണ്ട്. ഫിനാൻസ്കമ്മററിയിൽ ഞാൻ അതിനെ എതിർത്തു. ഞങ്ങളുടെ വാദങ്ങൾ ഗവർമ്മെന്റ വിശ്വസിച്ചതായി തോന്നി എന്നാൽ എങ്ങനെയോ അവർ അതു ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. ഗവർമ്മെന്റ പൊതുജനാഭിപ്രായത്തെ നിന്ദിച്ച വേറൊരു ഉദാഹരണം ഇതാകുന്നു. ഈവമാതിരി കാര്യങ്ങളിലാണ ഞങ്ങൾ ഗവർമ്മെന്റിന്റെ നയത്തെ ശക്തിയായി പ്രതിഷേധിക്കുന്നതു്. ഇവയെല്ലാം ജനങ്ങളുടെ സാമ്പത്തികമായ നന്മയ്ക്കു അഭിവൃദ്ധിയുണ്ടാക്കുന്നതിനുതകുമെങ്കിൽ അതിനു തരക്കേടില്ല. എന്നാൽ ജനങ്ങളുടെ നന്മയെ അഭിവൃദ്ധിപ്പെടുത്തുകയോ പൊതുജനാഭിപ്രായത്തെ ബഹുമാനിക്കയോ ചെയ്തിട്ടില്ല.

ഞാൻ പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെന്റിനെപ്പററി ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. അവിടെ പൊതുജനങ്ങൾക്കു ആ ഡിപ്പാർട്ടുമെന്റിന്റെ നേരെയുള്ള ആക്ഷേപത്തെ തടുത്തുനിറുത്തുന്നതിനു റോഡുബോർഡു എന്നു പൊടിഇട്ടുവിളക്കുന്ന മട്ടിലുള്ള ഒരേർപ്പാടു ഗവർമ്മെന്റുദ്ദേശിച്ചിരിക്കുന്നു. ഈ ബോർഡു ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾ വളരെ അവ്യക്തങ്ങളും മിക്കതും നടപ്പിൽ വരുത്തുവാൻ പ്രയാസമുള്ളതും ആകുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഗുണകരമായുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനുമുമ്പു ആ ബോർഡിനെ അതിന്റെ ജോലിചെയ്യുന്നതിലേയ്ക്കു ആവശ്യമുള്ളസമയം നിങ്ങൾ അനുവദിക്കാത്തതെന്തുകൊണ്ടു? ആ നകൽചട്ടങ്ങളെപ്പററിയുള്ള നിങ്ങളുടെ അനുമാനങ്ങൾ അയയ്ക്കുന്നതിനു നിങ്ങൾക്കവകാശമുണ്ടല്ലോ? അവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

മി. മാത്യു മുരിക്കൻ (വൈക്കം): എന്നാൽ കൂടുതൽ ചെയ്യപ്പെടാമായിരുന്നു എന്നുള്ളതു ഒരു വിശേഷആക്ഷേപം ആണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആ നകൽചട്ടങ്ങൾ പരസ്യം ചെയ്തിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. മാത്യു മുരിക്കൻ (വൈക്കം): അവ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഒരു സ്വപ്രമാദത്തിൽ ഗവർമ്മെന്റ ഒരു ബോർഡു രൂപവൽക്കരിക്കയാൻ പോകുന്നു എന്നു കാണിക്കുന്ന കരട ചട്ടങ്ങൾ ഞങ്ങൾ കണ്ടു.

ഡെപ്യൂട്ടിപ്രസിഡന്റ്: അവ നിയമസംബന്ധമായ ചട്ടങ്ങൾ അല്ല. സഹജമായ ന്യൂനതകൾ ഉണ്ടെന്നു നിങ്ങൾ ചൂണ്ടിക്കാണിക്കുന്നു എങ്കിൽ അവയെ പരിഹരിക്കുന്നതിനു നിർവാഹക ഗവൺമെന്റിനു അധികാരമുള്ളതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ നകൽചട്ടങ്ങൾ ആക്ഷേപങ്ങളെ ക്ഷണിക്കുന്നതിനു പരസ്യപ്പെടുത്തിയിട്ടുള്ളവയല്ലെന്നു മെമ്പറെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളട്ടെ?

മി. മാത്യു മുരിക്കൻ (വൈക്കം): ഞങ്ങൾക്കു ആ ചട്ടങ്ങൾക്കു ഭേദഗതി അയയ്ക്കാൻ പാടില്ല.

പബ്ലിക്കവർക്സ്ഡിപ്പാർട്ടുമെന്റിന്റെ ജോലിയെ സംബന്ധിച്ചു എനിക്കു ചില അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുണ്ട്. നാട്ടുംപുറങ്ങളിലെ സഞ്ചാരമാർഗ്ഗങ്ങളുടെ വളരെ തൃപ്തികരമല്ലാത്ത നിലയെ പലരും ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നാട്ടുംപുറങ്ങളിലെ ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിക്കുന്നില്ല. മറ്റു സ്ഥലങ്ങളിൽ റെയിൽവേയ്ക്കു എത്ര പ്രാധാന്യമുണ്ടോ അത്രയും പ്രാധാന്യം നാട്ടുംപുറങ്ങളിൽ റോഡുകൾക്കുണ്ട്. ഈ നാട്ടുംപുറങ്ങൾക്കു പബ്ലിക്കവർക്സ്ഡിപ്പാർട്ടുമെന്റ് ഒന്നും ചെയ്തിട്ടില്ല. ഈ മാർഗ്ഗങ്ങളിൽ ആണ്ടുതോറും ഒന്നോ രണ്ടോ അതിപ്രധാനമായ ജോലികൾ ചെയ്യണം. മുറിഞ്ഞപുഴ പൂഞ്ഞാറ്റുകടത്തു ഞാൻ ഉദാഹരണമായി പറയാം. ഇവിടെ ഒരു കടത്തില്ലായ്മ ഒരു ഗൗരവമേറിയ അസൗകര്യമാണ്. ദിവാൻജി ആ വഴിയെ കടന്നുപോവുകയും അദ്ദേഹത്തിനു ഒരു വഴിയുണ്ടാക്കിക്കൊടുക്കുന്നതിനു തിരുവിതാംകൂർ ഗവൺമെന്റിനു വലിയ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായി വരികയും ചെയ്തു. ചെറുതും എല്ലാ ജോലികളും ഒന്നിച്ചു ചെയ്യണമെന്നു ഞാൻ പറയുന്നില്ല. ഏറ്റവും പ്രധാനമായ ജോലികൾ ചെയ്യണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ബഡ്ജറ്റ് തയ്യാറാക്കുന്ന സമയം അപ്രകാരമുള്ള ഒരു വിവേകം കാണിക്കണം. അങ്ങും ഇങ്ങും അനേകം അപ്രധാനജോലികൾ ചെയ്യുന്നതിനു പണം നീക്കിവച്ചിട്ടുള്ളതും അവ ദുർബലപ്പെട്ടുപോകുന്നതുമാകുന്നു. ഈ ജോലി തെരഞ്ഞെടുപ്പിൽകൂടിയും സൂക്ഷ്മം കാണിക്കേണ്ടതാണ്. നിർവാഹകഡിപ്പാർട്ടുമെന്റിന്റെ ഈ ജോലി തെരഞ്ഞെടുപ്പിനെ സംബന്ധിച്ചു നിങ്ങളോടു എനിക്കൊരു കഥ പറയുവാനുണ്ട്. എന്നാൽ എനിക്കു സമയമില്ലാത്തതിനാലും നിർവാഹകഡിപ്പാർട്ടുമെന്റ് അംഗീകരിക്കുന്നതായ തെരഞ്ഞെടുപ്പുമാർഗ്ഗത്തെപ്പറ്റി ദീർഘിപ്പിക്കുന്നതിനു എനിക്കു ആവശ്യമില്ലാത്തതും ആകുന്നു.

സർ, സാധുസംരക്ഷണത്തിനായി ഒരു വലിയ സംഖ്യ വിട്ടുകളഞ്ഞതിനെ സംബന്ധിച്ചു ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ.

ഡെപ്യൂട്ടിപ്രസിഡന്റ്: കുറച്ചുമുൻപു നിങ്ങൾ അതിനെ സംബന്ധിച്ചു ഒന്നു സൂചിപ്പിച്ചു എന്നു ഞാൻ വിചാരിക്കുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): അതിനെപ്പറ്റി എന്റെ വാദമുഖങ്ങൾ ഞാൻ വെളിപ്പെടുത്തണം. സർ, ഒരിക്കൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ എന്തുകൊണ്ടെന്നാൽ അതു വളരെ പ്രാധാന്യമുള്ളതാണ്. തിരുവിതാംകൂറിലുള്ള യാചകന്മാരുടെ സംഖ്യ അറിയാമോ എന്നു മെമ്പർമാരിൽ ഒരാൾ ഒരു ചോദ്യം ചോദിച്ചു. അതിനു നിഷേധരൂപത്തിൽ ഗവൺമെന്റ് ഉത്തരം പറഞ്ഞു. സാധുക്കളുടെ മേൽ ഗവൺമെന്റിനു ഒരു ചുമതലയും ഇല്ലെന്നു അവർ വിചാരിക്കുന്നതുപോലെ തോന്നുന്നു. സമയോചിതമായ മാർഗ്ഗങ്ങൾ എടുക്കാതിരുന്നാൽ അതു ഒരു ഭീഷണമായ സംഗതി ആയിത്തീരുന്നതിനു ഇടയുണ്ട്.

എനിക്കു സമയമില്ല. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുകൂടി ഒരു വാക്കു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. വനംവക ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു വൻപിച്ച തുക വരവുണ്ടെന്നു ബഡ്ജറ്റിൽ കാണുന്നു. എന്നാൽ കുടിവിഷ കുടിശിഖയെ സംബന്ധിച്ചു അതിൽ ഒന്നുംതന്നെ കാണുന്നില്ല. കുടിവിഷ കൊടുക്കുന്നതിനുള്ള താമസം ഹേതുവായി തിരുവിതാംകൂറിലെ പൊതുജനങ്ങൾ ഗണ്യമായ കഷ്ടത അനുഭവിക്കുന്നുണ്ട്. ആ ഡിപ്പാർട്ടുമെന്റ് ഒരു കടക്കാരനാണ്. സാധുജനങ്ങളോടു ഗവൺമെന്റ് എന്തിനാണു കടക്കാരനായിരിക്കുന്നത്? അവരുടെ അപേക്ഷകൾക്കെതിരായി എല്ലാത്തരം തടസ്സങ്ങളും കൊണ്ടുവരുന്നുണ്ട്. എല്ലാ അപേക്ഷകളേയും തീർക്കുന്നതിലേക്കു ഒരു പ്രത്യേക കുടിവിഷ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അതു ചെയ്യുന്നതുവരെ നമ്മുടെ ഗവൺമെന്റ് ഒരു കടക്കാരനായിരിക്കും.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ,

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവൺമെന്റുപക്ഷം കേൾക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്: മന്ത്യരെ ഗവൺമെന്റുദ്യോഗസ്ഥന്മാർ സംസാരിക്കുന്നതു നിങ്ങളെ ആശ്രയിച്ചിരിക്കുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ ഏഴു മിനിട്ടിൽ കൂടുതലായി എടുക്കയില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: ഉദ്യോഗസ്ഥപക്ഷത്തുനിന്നും കേൾക്കണമെന്നു നിങ്ങൾ ഉൽക്കണ്ഠപ്പെടുന്നവരാകുന്നെങ്കിൽ നിങ്ങൾക്കു ഒരു പ്രതിബന്ധമായി നിൽക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഉത്തരങ്ങൾ നിങ്ങൾ കേൾക്കുന്നില്ലെന്നു പിന്നീടു നിങ്ങൾ പരാതിപറയരുതെന്നുമാത്രമേയുള്ളു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): രാജ്യത്തിന്റെ ധനസ്ഥിതി, ബഡ്ജറ്റിൽ കാണുന്ന നീക്കിയിരിപ്പിന്റെ അവാസ്തവത്വം, ജനങ്ങളുടെ സാമ്പത്തികാവസ്ഥ എന്നിവകളെപ്പറ്റി സഭയുടെ ഈ ഭാഗത്തുള്ള മിക്ക മെമ്പർമാരും പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്നതുകൊണ്ടു ഞാൻ അവയെ ആവർത്തിക്കണമെന്നു വിചാരിക്കുന്നില്ല. ഇപ്പോഴത്തെ ശോചനീയമായ സാമ്പത്തികാവസ്ഥയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കണമെന്നുമാത്രം ഞാൻ ആശിക്കുന്നു.

ഗവൺമെന്റിന്റെ സാമ്പത്തികാവസ്ഥയെ സുസ്ഥിരമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇപ്പോഴത്തെ ചെലവുകൾ വെട്ടിച്ചുരുക്കുകയും പുതിയ ആദായമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ആകുന്നു. ഇന്റർപോർട്ടു കൺവെൻഷൻ പരിഷ്കരിക്കണമെന്നു ഞങ്ങൾ അടിക്കടി ഗവൺമെന്റിനോടു അപേക്ഷിച്ചുകൊണ്ടിരിക്കയാണ്. എന്നാൽ ആ വഴിക്കു യാതൊരു നടപടിയും ഇതുവരെ ചെയ്തുകാണുന്നില്ല. സർ, പുകയിലകൃഷി വളരെ ആദായകരമായ രീതിയിൽ നമ്മുടെ രാജ്യത്തു നടപ്പാക്കാവുന്നതാണ്. അതു ഗവൺമെന്റിനു ആദായവും കൃഷിക്കാർക്കും...

ക്ക് വരവിനുള്ള ഒരു മാർഗ്ഗവുമാകുന്നുണ്ട്. സർ, നമ്മുടെ നാട്ടിൽ നാലുകോടി രൂപയുടെ നെല്ലും അരിയും ആണ്ടു തോറും ഇറക്കുമതിചെയ്യുന്നുണ്ട് എന്നുള്ള സംഗതി ഞാൻ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു. നെൽ കൃഷിക്കുപയുക്തമായുള്ള നിലങ്ങൾ കുറവായിരിക്കുന്നതുകൊണ്ട് എത്ര നന്നായി കൃഷിചെയ്താലും നമ്മുടെ നാട്ടിലുള്ള ആളുകളുടെ ആവശ്യത്തിനുവേണ്ടിയുള്ള ധാന്യം കിട്ടുകയില്ല. അതുകൊണ്ട് ധാരാളമായിട്ടു ഇപ്പോൾ കിടക്കുന്ന ധാരാളം ചതുപ്പുനിലങ്ങൾ ജനങ്ങളുടെ ഉപയോഗത്തിനുവേണ്ടിയായി അവരുടെപേരിൽ പതിച്ചുകൊടുക്കണമെന്നു ഞാൻ ഗവണ്മെന്റിനോടപേക്ഷിക്കുന്നു.

സഭയുടെ ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാരിൽ പലരും നമ്മുടെ അസംസ്കൃതസാമാനങ്ങൾ ചെലവാക്കുന്നതിനുള്ള വിദേശചന്തകൾ കണ്ടുപിടിക്കുന്നതിന് ഒരു കച്ചവടഏജന്റിനെ നിയമിക്കണമെന്നു പ്രസ്താവിച്ചുകഴിഞ്ഞു. നമ്മുടെ അസംസ്കൃതസാധനങ്ങളെ സംസ്കൃതസാധനങ്ങളാക്കുന്നതിനുള്ള വലിയ വ്യവസായശാലകൾ ഉണ്ടാക്കുന്നതിനു ഗവണ്മെന്റു സഹായിക്കുകയും അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുകയും കൂടിവേണം. നമ്മുടെ കുടിൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വളരെ പരിഷ്കരിച്ച രൂപേണ ഒരു പദ്ധതി ഏർപ്പെടുത്തണം. ഗവണ്മെന്റ് എക്സൈസിനത്തിലുള്ള വരവു നഷ്ടപ്പെടുന്നപക്ഷം—അത് അവക്ക് നഷ്ടപ്പെടാതെ ഗത്യന്തരമില്ല- കരുപ്പെട്ടിവ്യവസായം അഭിവൃദ്ധിപ്പെടുത്തുകയും അതിനു തീരുവ ഏർപ്പെടുത്തുകയുംചെയ്യാൻ കൊള്ളാമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. സർ, നമ്മുടെ വിദ്യാർത്ഥികളെ അദ്ധ്വാനത്തിന്റെ മാന്യതയെ പഠിക്കുവാനും അതിനെ ബഹുമാനിക്കുവാനും അഭ്യസിപ്പിക്കണം. നെയ്ത്തും മറ്റു കുടിൽവ്യവസായങ്ങളും എവിടെയെല്ലാം സാധിക്കുമോ അവിടെയെല്ലാം വിദ്യാർത്ഥികളെ അഭ്യസിപ്പിക്കണം. വ്യവസായഡിപ്പാർട്ടുമെന്റും കൃഷിഡിപ്പാർട്ടുമെന്റും നമ്മുടെ നിലനില്പിനെ സംബന്ധിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിൽനിന്നും വേണ്ടതുപോലെ സഹായിക്കണം. ഡവലപ്പ്മെന്റ്ഡിപ്പാർട്ടുമെന്റുകൾ ഓരോന്നും പരസ്പരം ആലോചന നടത്തത്തക്കവിധത്തിൽ പരിഷ്കരിക്കുകയും ആ ഉദ്ദേശത്തിൽ മാർഗ്ഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള അധികാരങ്ങൾ ആ ഡിപ്പാർട്ടുമെന്റുകൾക്കു കൊടുക്കുകയുംവേണം. ഇപ്പോൾ ഉള്ള ചുങ്കിയ ആദായമാർഗ്ഗമനുസരിച്ച ഗവണ്മെന്റ് സർവ്വശക്തിയുമുപയോഗിച്ച് ചെലവു വെട്ടിക്കുറയ്ക്കുന്നതിനു ശ്രമിക്കണം. സാമ്പത്തികകമ്മിററിയുടെ ശുപാർശകളെ ഗവണ്മെന്റു പൂർത്തിയായി സ്വീകരിച്ചിട്ടില്ല. സർ, ഗവണ്മെന്റു പബ്ലിക്കസർവീസിനെ ആകപ്പാടെയൊന്നുവീക്ഷിച്ച് ശമ്പളങ്ങളിൽ ഒരു കുറവുവരുത്തുന്നതിനു ശ്രമിക്കേണ്ടകാലം ആയിരിക്കുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ മുരിക്കൻ അഭിപ്രായപ്പെട്ടതുപോലെ മെഡിക്കൽ ഡിപ്പാർട്ടുമെന്റും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റും പ്രൈവറ്റ് ഏജൻസികളോ അതാതു സ്ഥലത്തുള്ള ആളുകളോ വിട്ടുകൊടുത്തു ആ ഇനങ്ങളിലുള്ള ചെലവുകുറയ്ക്കുവാൻ ഗവണ്മെന്റിനു സാധിക്കും. ബ്രിട്ടീഷിൻഡ്യയിൽ ആമാതിരിയുള്ള ഡിപ്പാർട്ടുമെന്റുകൾ താലൂക്കബോർഡിനും ഡിസ്ത്രിക്റ്റ്ബോർഡിനും വിട്ടുകൊടുത്തിരിക്കുകയാണ്. രാജ്യത്തു ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തുന്നതു ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിനു ഉപകരിക്കും. കുടിൽവ്യവസായത്തിന്റെ പ്രോത്സാഹനം പ്രാഥമികവിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ശുചീകരണം, വാക്സിനേഷൻ ആദിയായ വകുപ്പുകൾ യാതൊരു വിഷമവുംകൂടാതെ ആ മാതിരി സ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കാവുന്നതാണ്. ഈ മാർഗ്ഗത്തിൽക്കൂടെ ചെലവിനും ഗണ്യമായ കുറവുവരുത്താവുന്നതാണ്.

മി. ഏ. നാരായണപിള്ള (തിരുവനന്തപുരം): എനിക്കു ഒരു സംശയം. ഈ ഹാളിൽ എഴുതിവായിക്കുവാൻ അനുവദിച്ചിട്ടുണ്ടോ?

ഡെപ്യൂട്ടിപ്രസിഡന്റ്: ദയവുചെയ്തു അതിനെപ്പററി ഗൗനിക്കാതിരിക്കുക.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അത് അനുവദിച്ചിട്ടുണ്ട്.

ഡെപ്യൂട്ടിപ്രസിഡന്റ്: അത് അനുവദിച്ചിട്ടില്ല. എങ്കിലും ഞാൻ നിങ്ങൾക്കു അനുവാദംതരാം. നിങ്ങൾ വാചാപ്രസംഗം ചെയ്യുകയാണെന്നു ഞാൻ വിചാരിച്ചുകൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, എനിക്കു എന്റെ നോട്ട്സ് നോക്കണം.

ഗ്രാമപഞ്ചായത്തുകൾ ഏർപ്പെടുത്തുന്നതിനു ഒരു റെഗുലേഷൻ ൧൧൦൦-ൽ പാസ്സായി എങ്കിലും അതു പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനോ അതിന്റെ ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനോ ഗവണ്മെന്റിനു ഇതുവരെ സമയം ഉണ്ടായില്ല. കൊള്ളാവുന്ന ചെറുപ്പക്കാരെ തിരുവിതാംകൂറിനു പുറത്തയച്ച് അതാതു സ്ഥലത്തുള്ള നടപടികളെപ്പററി പഠിപ്പിച്ച് അവരെ ഇവിടെ ആ മാതിരിയുള്ള സ്ഥാപനങ്ങൾ നടപ്പിൽവരുത്തുന്നതിനായി നിയമിക്കണം.

ഞാൻ തിരിച്ചു എന്റെ സ്ഥാനം സ്വീകരിക്കുന്നതിനുമുമ്പായി, ഈ കൌൺസിലിന്റെ ശുപാർശകളെ ഗവണ്മെന്റ് സാധാരണയായി ബഹുമാനിക്കയില്ലെന്നുള്ള പൊതുവെയുള്ള അപരാധത്തെപ്പററി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നു. ഞങ്ങളുടെ അഭിപ്രായങ്ങളെ ഗവണ്മെന്റു നിരാകരിക്കുന്നതിനുള്ള കാരണം എന്താണെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. കൌൺസിലിൽ പാസായിട്ടുള്ള പ്രമേയങ്ങൾ എന്തുകൊണ്ടാണു നടപ്പിൽ വരുത്താത്തതെന്നുള്ളതിനു അതേപ്പററി എന്തുനടപടി നടത്തിയിട്ടുണ്ടെന്നും ഉള്ള വിവരങ്ങൾ ആണ്ടുതോറും പ്രസിദ്ധപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. ജനഹിതത്തിനെ ആദരിച്ച് ചില അഭിപ്രായങ്ങൾ ഗവണ്മെന്റനുവദിച്ചു എന്നുള്ള വസ്തുത അത്യന്തമയത്തോടുകൂടി പ്രസ്താവിക്കുന്നതിനു എനിക്കു സന്തോഷമുണ്ട്. അവർ റോഡ്ബോർഡ്, ഇറിഗേഷൻകമ്മററി, ട്രീപാസ്സ്കമ്മററി ഇവയെല്ലാം നിയമിച്ചിട്ടുണ്ട്. ഈ സഭാംഗങ്ങളുടെ അഭിപ്രായമനുസരിച്ച് കാൺസ്റ്റബിൾമാരുടെയും അഞ്ചൽഡിപ്പാർട്ടുമെന്റിലെ ശിപായിമാരുടെയും ശമ്പളം കൂട്ടുന്നകാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ പ്രസ്താവിക്കുന്നതിലും എനിക്കു സന്തോഷമുണ്ട്. വേറെചില ഡിപ്പാർട്ടുമെന്റുകളിലും താഴ്ന്നജീവനക്കാരുടെ ശമ്പളക്കാര്യത്തിൽ പരിഷ്കാരംവരുത്തേണ്ടകാര്യം ആവശ്യമായിരിക്കുകയാണ്. ലാന്റ്‌റവന്യൂഡിപ്പാർട്ടുമെന്റിലുൾപ്പെട്ട പകുതിക്കച്ചേരികളിലെ പ്രവൃത്തികാരന്മാരുടേയും അക്കൌണ്ടന്റന്മാരുടേയും ശമ്പളംകൂട്ടുന്ന കാര്യത്തിലും ഞാൻ ശുപാർശചെയ്യുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ശിപായിമാരുടെ ശമ്പളംകൂടെ.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ശിപായിമാരുടെ ശമ്പളംകൂടി കൂട്ടണമെന്നുള്ള അഭിപ്രായം ഞാൻ സമ്മതിക്കുന്നു. എനിക്കു ഒരു സംഗതികൂടി പ്രസ്താവിക്കുവാനുണ്ട്. അതുകഴിഞ്ഞു ഞാൻ ആസനസ്ഥനായിക്കൊള്ളാം.

സർ, ഗവണ്മെന്റിന്റെ നയം ഒരുപ്രകാരത്തിലാണെന്നു പ്രസ്താവിക്കുകയും വേറൊരുപ്രകാരത്തിൽ പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യുമെന്നു ജനങ്ങൾ ഭയപ്പെടുന്നു. ഞാൻ എക്സൈസ് നയത്തെപ്പററിയാണു സൂചിപ്പിക്കുന്നതു്. ഗവണ്മെന്റിന്റെ നയം സാവധാനമായി മദ്യവർജ്ജനത്തിലേക്കായിരിക്കുമെന്നു പ്രസ്താവിച്ചിട്ടുള്ളതാണ്. അവരുടെ നയമനുസരിച്ചു രണ്ടുകൊല്ലത്തിലൊരിക്കൽ നൂറുക്കു ഇരുപതുവീതം ഷാപ്പുകളുടെ എണ്ണം കുറയ്ക്കുക, വൃക്ഷക്കരം, ചാരായം മുതലായ ലഹരിപദാർത്ഥങ്ങളുടെ തീരുവ ഇവകൾ കൂട്ടുക, ജനഹിതമനുസരിച്ചുള്ള രീതിപരീക്ഷിച്ചുനോക്കുക ഇങ്ങനെയെല്ലാം ചെയ്യുന്നതെങ്കിലും ചാരായംകുടി കൂടിവരുന്നതെന്നുള്ള സങ്കടാവസ്ഥയ്ക്കു ഒരു മാററവും കാണുന്നില്ല. അതിൽനിന്നും ഈ അഭിപ്രായത്തെ എതിർക്കുന്നതിനു ഗവണ്മെന്റു എടുത്തിരിക്കുന്ന നയവും പ്രവർത്തിക്കുന്ന രീതിയും പറ്റിയതല്ലെന്നോ അല്ലെങ്കിൽ ഗവണ്മെന്റിനു അവരുടെ നയത്തിൽ ആത്മാർത്ഥതയോ ആസക്തിയോ ഇല്ലെന്നോ മാത്രമാണു കാണുന്നതു്. വഴിതെററിപ്പോകുന്ന ഏതാനും ചില ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ നയങ്ങൾകൊണ്ടു ഇന്നു ഈ അഭിപ്രായത്തെ ശക്തിപ്പെടുത്തിവരികയാണ്. ഗവണ്മെന്റിന്റെ സദുദ്ദേശങ്ങൾ മനസ്സിലാക്കാഞ്ഞിട്ടോ, അഥവാ അവയെ തെററിദ്ധരിച്ചിട്ടോ എന്തോ ഈ ഉദ്യോഗസ്ഥന്മാർ ഭയങ്കരമായ ഒരു നയമാണ് അനുവർത്തിച്ചുപോരുന്നതു്. സർ. മദ്യവർജ്ജനപ്രക്ഷോഭണത്തെ എതിർക്കുന്നതിനായി ചില എക്സൈസ് ഉദ്യോഗസ്ഥന്മാരും പോലീസുദ്യോഗസ്ഥന്മാരും പലേ അതിക്രമങ്ങൾ പ്രവർത്തിക്കുകയും ചട്ടവിരോധമായ പല അഴിമതികളും അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടെന്നു ജനങ്ങൾക്കു പൊതുവെ ഒരു വെറുപ്പുണ്ട്. അതേസമയത്തുതന്നെ അപൂർവ്വം ചില അബ്കാരികളും വഴിതെററിപ്പോകുന്ന ഉത്സാഹികളും ദുരാന്തരം അങ്ങുമിങ്ങും ചില അക്രമപ്രവൃത്തികൾ നടന്നിരിക്കാമെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. മദ്യവർജ്ജനപ്രസ്ഥാനത്തിനുവേണ്ടി വേല ചെയ്യുന്നവരിൽ ചിലരുടെ താല്പര്യം അവരുടെ വിശേഷബുദ്ധിയെ കടന്നുപോകുകയാണെങ്കിൽ അങ്ങനെയുള്ളവരെക്കൊണ്ടു സമാധാനം പറയിപ്പിക്കണമെന്നല്ലാതെ ആ പ്രസ്ഥാനത്തിന്റെ നേരെ ഒരു എതിർപ്പുകാണിക്കണമെന്നില്ല. ഗവണ്മെന്റുദ്യോഗസ്ഥന്മാർ തെററിദ്ധാരണകൾക്കു ഇടവരാതിരിക്കത്തക്കവിധത്തിൽ അവരുടെ നയം പ്രസ്താവിക്കുകയും ആ നയം ഫലവത്താക്കുന്നതിനു ആത്മാർത്ഥമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു കഴിവുള്ള എല്ലാസഹായവും ചെയ്തുകൊടുക്കണമെന്നു എക്സൈസ് കമ്മീഷണർക്കും പോലീസ് കമ്മീഷണർക്കും ഉത്തരവുകൾ അയക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. നമ്മുടെ ശ്രദ്ധയെ സാരമായി ആകർഷിക്കുന്ന ഗൗരവമായ വിഷയങ്ങളെപ്പററി ഗവണ്മെന്റു പഠിച്ചു ആലോചിക്കുകയും രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി അവയെ തീർമാനിക്കുന്നതിനു ശരിയായ പ്രോഗ്രാം തയാറാക്കുകയും ചെയ്യുമെന്നു വിചാരിക്കുന്നു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഈ കൊല്ലത്തെ അവസാനത്തിൽ ഒരു കുറവു ബഡ്ജററാണു ഞാൻ ആശിച്ചതു. ഫിനാൻഷ്യൽ എസ്റ്റിമേററിൽ ൪ ലക്ഷംരൂപയിൽ കൂടുതൽ അധികംവരുമെന്നു കാണിക്കുന്നതിനു ഫിനാൻഷ്യൽ സിക്രട്ടറിക്കു സാധിച്ചുവെന്നു ഞാൻ കാണുന്നു. അത്രത്തോളം ബഡ്ജററിനെ ... ന്നതിൽ ഗവണ്മെന്റിനെ ഞാൻ അഭിനന്ദിക്കുന്നു സർ, കഴിഞ്ഞകൊല്ലത്തെ ബഡ്ജററുവിമർശനകാലത്തു ആണ്ടുതോറും അധികം കൂട്ടിക്കൂട്ടിവെയ്ക്കുന്ന ഗവണ്മെന്റിന്റെ നയത്തെ ആക്ഷേപിക്കുന്നതിലേക്കു എനിക്കു സൗകര്യമുണ്ടായിരുന്നു. ഈ കൂടുതൽ തുക കുറയണം.

ഈ കൂടുതൽ തുക കുറഞ്ഞിട്ടുണ്ടെന്നുപറയുന്നതിനു എനിക്കു സന്തോഷമുണ്ടു. എല്ലാപരിഷ്കൃതഗവണ്മെന്റും ബഡ്ജററവസാനിപ്പിക്കേണ്ടതു ഒരു കുറവുകൊണ്ടാണു. അപ്പോൾമാത്രമെ അവരുടെ ചെലവിനെ കുറയ്ക്കുന്നതിനു മാർഗ്ഗങ്ങളും വിധങ്ങളും കണ്ടുപിടിക്കുന്നതിനു സാധിക്കുകയും വരവിനെ ശരിയായമാർഗ്ഗത്തിൽ വിനിയോഗിക്കുന്നതിനു സാധിക്കുകയും ചെയ്യുകയുള്ളു. ഇക്കൊല്ലം മിച്ചമുള്ള പണത്തെ നിക്ഷേപം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നയത്തെ കുററപ്പെടുത്തുന്നതിനു എനിക്കു ഉത്തമമായ ഒരു കാരണമുണ്ടു. ഈ ബഡ്ജററിൽനിന്നും ഗവണ്മെന്റു മിച്ചമിരിക്കുന്ന പണത്തിൽനിന്നും പ്രധാന ചെലവുകൾക്കു പണം എടുക്കുന്നുവെന്നു ഞാൻ കാണുന്നു. ഈ മിച്ചമുള്ള തുകകൾ ആദായനികുതി കരം മുതലായ ഇനങ്ങളിൽനിന്നും ഏറ്റുകൊണ്ടിട്ടുള്ളതാണു. അതിൽനിന്നും അർത്ഥമാകുന്നതു അവർ ഇതു ശേഖരിച്ചിരിക്കുന്നതു.

മി. ആർ. നീലകണ്ഠപ്പിള്ള (ഫിനാൻഷ്യൽസെക്രട്ടറി): ഞാൻ മെമ്പറിന്റെ തെററു തിരുത്തട്ടെയോ? ഈ മിച്ചത്തിന്റെ ഒരു ഭാഗം സേവിംഗ്സ്ബാങ്കിൽ ബാങ്കുനിക്ഷേപത്തിൽ നിന്നും കിട്ടിയിട്ടുള്ളതാകുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ: അതെല്ലാം ഗവണ്മെന്റുവക പണമാണു. അതാണദ്ദേഹം പറയുന്നതു. മി കരുണാകരൻ.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): സർ, ഞാൻ അപ്രകാരം മനസ്സിലാക്കുന്നു, ഒരു നല്ല ആദായംകിട്ടുമെന്നാശിക്കാവുന്ന ഒരേ പ്രധാന ചെലവു ശിഷ്ടമുള്ള രാജ്യങ്ങൾ ചെയ്യുന്നതുപോലെ കടങ്ങൾ വാങ്ങി വഹിക്കേണ്ടതാണു.

മി. ആർ. നീലകണ്ഠപ്പിള്ള (ഫിനാൻഷ്യൽസിക്രട്ടറി): യഥാർത്ഥത്തിൽ സേവിംഗ്സ്ബാങ്കു നിക്ഷേപങ്ങളായി ഏകദേശം ൮൦ ലക്ഷംരൂപ കടമായി വാങ്ങിയിട്ടുണ്ടു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): കൂടുതൽ പണം പിരിക്കുന്നതിനു ഗവണ്മെന്റിനു കൂടുതൽ ഈടുകൾ ഇല്ലയോ?

മി. ആർ. നീലകണ്ഠപ്പിള്ള (ഫിനാൻഷ്യൽസെക്രട്ടറി): ഭാവത്തിലും യഥാർത്ഥത്തിലും നമ്മുടെ ചുമതലകൾ ഏകദേശം ഒരുകോടിരൂപയോളം വരും.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): നിങ്ങൾക്കു കൂടുതൽ ഈടുകളുണ്ടെങ്കിൽ നിങ്ങൾക്കു പ്രധാനചെലവുകൾക്കു കൂടുതൽ പണംവാങ്ങാം. (പ്രത്യേകിച്ചും വിദ്യുച്ഛക്തി ജലസേചനം മുതലായവപോലുള്ള പ്രധാനചെലവുകൾക്കു ഒരു ഇപ്പോഴിരിക്കുന്ന പലിശക്കുറവുള്ളപ്പോൾ) മൈസൂർ അപ്രകാരം ചെയ്യുകയാണു.

മി. ഏ. എസ്. ദാമോദരനാശാൻ (ഈഴവ പിന്നോക്കവർഗ്ഗം കാർത്തികപ്പള്ളിയും): മററു ഗവണ്മെന്റുകളെപ്പോലെ താഴ്ന്നനിരക്കായതിൽ നാം കടംവാങ്ങണമോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): പ്രധാനചെലവുകൾക്കു പണംമുടക്കുന്നതിൽ തിരുവിതാംകൂർഗവണ്മെന്റു അനുകരിക്കുന്നതു വളരെനാശകരമായ ഒരു ഔദാസീന്യനയമാണെന്നു ഞാൻ പറയുന്നു.

നീണ്ടകരപ്പാലം മുതലായവയുള്ള ജോലികളുടെ സംഗതിയിൽ തീരുമാനത്തിനു മുമ്പുള്ള കണക്കും പുറമെ ഗവൺമെൻറിനു അഞ്ചോ ആറോ ശതമാനത്തിൽ കൂടുതലായി കിട്ടുന്നു എന്നു ഞാൻ വിചാരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറു. അഞ്ചോ ആറോ ശതമാനം കിട്ടുന്നതിനെ അപായകരമെന്നാണോ നിങ്ങൾ പറയുന്നതു്?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അഞ്ചോ ആറോ ശതമാനമെന്നു ഞാൻ പറഞ്ഞു. നിങ്ങൾക്കു പണം കടം വാങ്ങുകയും ശേഖരിച്ചു നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികപോഷണത്തിനു ചെലവാക്കുകയും ചെയ്യാം, കൃഷിയുടെയും കൈത്തൊഴിലിന്റെയും പോഷണത്തിനുവേണ്ടടത്തോളം പണം നമുക്കില്ലെന്നു നാം പറയുന്നു. മിച്ചമുള്ള നിക്ഷേപങ്ങളെ രാജ്യത്തിന്റെ സാമ്പത്തികപോഷണത്തിനു വിനിയോഗിക്കുന്നതിനു നമുക്കു അനേകം ന്യായങ്ങളുണ്ടു.

ഡെപ്യൂട്ടിപ്രസിഡൻറു: സാധാരണപ്രമാണം പ്രധാനജോലികൾ സാധാരണ നികുതികൊണ്ടു നടത്താൻപാടില്ലെന്നും എന്നാൽ കടംവാങ്ങിനടത്തേണ്ടതാണെന്നും ആണ. ഇവിടെ നിങ്ങൾക്കു വിനിയോഗിക്കുന്നതിനു ധാരാളം പണം മിച്ചമുള്ളടക്കൈവശമുള്ളപ്പോൾ ആവശ്യമുണ്ടാകുന്നതിനുമുമ്പു നിക്ഷേപം വാങ്ങുന്നതെന്തിനാണ്, ഫൈനാൻഷ്യാഫീസരാൽ എടുക്കപ്പെട്ട സ്ഥാനം അതുമാത്രമാണ.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): നമ്മുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടടത്തോളം പണം നമ്മൾക്കില്ല.

ഡെപ്യൂട്ടിപ്രസിഡൻറു: എല്ലാ കടപ്പാടുകളേയും കഴിച്ചാൽ ഒരുകോടി നാൽപ്പതുലക്ഷംരൂപ നിങ്ങൾക്കുണ്ടു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): കൃഷിക്കും കൈത്തൊഴിലിനുമായി ഗവൺമെൻറു ചെലവാക്കേണ്ടടത്തോളം പണം ചെലവാക്കുന്നില്ലെന്നാണു എന്റെ വാദം. അതുകൊണ്ടാണു ഇന്നും നമ്മുടെ പ്രധാനാഹാരസാധനങ്ങളായ നെല്ലിനും അരിക്കും ആസാമിനെയും ബർമ്മയെയും ചൈനയേയും ആശ്രയിക്കേണ്ടി വരുന്നതു.

ഡെപ്യൂട്ടിപ്രസിഡൻറു. ചൈനയല്ല.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഇൻഡോചൈന.

ഡെപ്യൂട്ടിപ്രസിഡൻറു: ചൈനയല്ലെന്നാണു ഞാൻ പറഞ്ഞതു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അല്ല.

സർ, മിച്ചമുള്ള നിക്ഷേപം പുതിയ കൈത്തൊഴിലുകളുടെ പോഷണത്തിനും കൃഷിയുടെ പ്രോത്സാഹനത്തിനുമായി വിനിയോഗിക്കേണ്ടതാണെന്നു ഞാൻ ഒരിക്കൽക്കൂടി പറഞ്ഞുകൊള്ളുന്നു. പുതിയ വിലനിർമ്മാണം മുതലായവയ്ക്കു പ്രധാനച്ചെലവു വെളിയിൽനിന്നും കടംവാങ്ങി ചെലവാക്കേണ്ടതാണു.

മി. ആർ. വൈദ്യനാഥംപിള്ള (പരസ്പരസഹായസംഘംരജിസ്ത്രാർ): എന്തുകൊണ്ടാണു തിരുവിതാംകൂറിൽനിന്നും കടംവാങ്ങിക്കൂടാത്തതു?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഫിനാൻഷ്യൽസിക്രട്ടറി അതിനെക്കുറിച്ചു എന്റെ ശ്രദ്ധയെ ആകർഷിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറു: പരസ്പരസഹായസംഘംരജിസ്ത്രാരാണു, അല്ലാതെ ഫിനാൻഷ്യൽ സെക്രട്ടറി അല്ല.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഈ തിരുവിതാംകൂറിലെ ചില നിക്ഷേപകന്മാർ അവരുടെ സമ്പാദ്യത്തെ നിക്ഷേപിക്കുന്നതിൽ വലിയ കുഴപ്പം കാണുന്നു. അതുകൊണ്ടു ഗവൺമെൻറു ഒരു കടം ഏറ്റിരിക്കയാണെങ്കിൽ അതു അവരുടെ ധനനിക്ഷേപത്തിനു ഒരു മാർഗ്ഗമുണ്ടാക്കുകയും അതു അവർക്കു ഒരനുഗ്രഹമായിത്തീരുകയും ചെയ്യും. ആ പണം കൃഷിയുടേയും കൈത്തൊഴിലിന്റെയും അഭിവൃദ്ധിക്കായി വിനിയോഗിക്കാവുന്നതുമാണ. ഇക്കൊല്ലം ഗവൺമെൻറു കൃഷിക്കും കൈത്തൊഴിലിനും കൂടുതൽ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നുമാത്രം ഞാൻ പറയാം. എന്നാൽ ഗവൺമെൻറു പരസ്പരസഹായ ഡിപ്പാർട്ടുമെൻറിനു ഒരു തൃപ്തികരമായ സംഖ്യ കൊടുത്തിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, പരസ്പരസഹായസംഘങ്ങളുടെ അഭിവൃദ്ധിയും പരസ്പരസഹായതത്വങ്ങളെ സംബന്ധിച്ചു പൊതുജനങ്ങളുടെ ഇടയിലുള്ള പ്രചാര ഏർപ്പാടുകളും ധനസംബന്ധമായ കഷ്ടതകളെ പരിഹരിക്കുന്നതിനു അവർക്കു വലിയസഹായമായി തീരുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അങ്ങുമിങ്ങും കുഴപ്പങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ അതുമുഴുവനും ഡിപ്പാർട്ടുമെൻറിന്റെ കുഴപ്പമായിരിക്കയില്ല. അതു പരസ്പരസഹായസംഘങ്ങളിൽ മുഖ്യന്മാരായ ആളുകളുടെ തെററായിരിക്കാം. അതുകൊണ്ടു ഗവൺമെൻറു പരസ്പരസഹായ ഡിപ്പാർട്ടുമെൻറിൽ കൂടുതൽ താൽപര്യം കാണിക്കണമെന്നും അടുത്തകൊല്ലം ഒരു നല്ല വിഹിതം അനുവദിച്ചുകൊടുക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

സർ, നമ്മുടെ രാജ്യം ഇപ്പോൾ കടന്നുപോകുന്നതായ ആയവ്യയസ്ഥിതിയെപ്പററി ചില സംഗതികൾ പറയുന്നതിനു ഞാൻ ആശിക്കുന്നു. യുദ്ധംകഴിഞ്ഞഉടനെ നമ്മൾ ഒരു ഭാഗ്യദശയിൽ കൂടി കടന്നുപോവുക ആയിരുന്നു എല്ലാദേശത്തും ഒരു ഇടിവിനെ ഒരു ഭാഗ്യദശ പിന്തുടരുമെന്നുള്ളതു വാണിജ്യചരിത്രത്തിന്റെ ഒരുപാഠംകാണിച്ചുതരും. ആ ഭാഗ്യദശയ്ക്കു ശേഷം നമ്മൾക്കു ഒരു ഇടിവുവന്നു അതിനുശേഷം നമ്മൾക്കു ഒരു നല്ലകാലം വന്നു ഇപ്പോൾ വീണ്ടും നമ്മൾ ഇടിവുദശയിൽ എത്തിയിരിക്കുന്നു. നെല്ലു, നാളികേരം, മരച്ചീനി, നല്ലമുളകു ഇവയ്ക്കു വിലകിട്ടുന്നതേയില്ല. എന്റെ സ്നേഹിതൻ മി. പരമുപിള്ള വിലയുടെ സ്ഥിതിയെസംബന്ധിച്ചു ഗവൺമെൻറു വല്ലതും ചെയ്യേണ്ടതായിരുന്നു എന്നു പറഞ്ഞു. ഫിനാൻഷ്യൽസെക്രട്ടറി അതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്നു ചോദിച്ചു. ഗവൺമെൻറിനെക്കൊണ്ടു വല്ലതും ചെയ്യാൻ സാധിക്കുമെന്നാണു ഞാൻ പറയുന്നതു. ഞാൻ ഇവിടെ ഒരു ചെറിയ ഉദാഹരണം ഉദ്ധരിക്കാം. ഒരുമാസത്തിനോ ആറാഴ്ചകൾക്കോ മുൻപു ആലപ്പുഴെ നല്ലമുളകിന്റെ വില നൂറു രൂപാ ആയിരുന്നു, ഇപ്പോൾ അതു [illegible] രൂപായാണ.

മി. ആർ. നീലകണ്ഠപിള്ള (ഫിനാൻഷ്യൽസെക്രട്ടറി): അതുക്രമേണ ഉണ്ടായ ഇടിവോ അതോ പെട്ടെന്നുണ്ടായതോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അതു ആറാഴ്ചകൊണ്ടു സംഭവിച്ച ഇടിവാകുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ഫിനാൻഷ്യൽസെക്രട്ടറി): ഇക്കൊല്ലം നെല്ലിൻെറ വില [illegible] യിൽ കൂടുതൽ എപ്പോഴെങ്കിലും ആയിട്ടുണ്ടോ എന്നു മെമ്പറിനു പറയാൻ സാധിക്കുമോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): എനിക്കു സാധിക്കുകയില്ല. എങ്ങനെയായാലും അനുസംധിച്ചുള്ള ഇപ്രകാരമായിരുന്നു. ഞങ്ങൾക്കു പതിവായി യൂറോപ്പിൽനിന്നും അമേരിക്കയിൽനിന്നും റിപ്പോർട്ടുകൾ കിട്ടുന്നുണ്ട്. ഈയിടെ ആലപ്പുഴെ ബാങ്കുകാർ ധാരാളം നെല്ലു ശേഖരിച്ചു സൂക്ഷിച്ചിട്ടുണ്ടെന്നും അതു തീരുന്നതുവരെ വില വർദ്ധിക്കുകയില്ലെന്നും ഒരു റിപ്പോർട്ടു കിട്ടിയിട്ടുള്ളതും ആകുന്നു. ഗവൺമെൻറു അപ്രകാരമുള്ള റിപ്പോർട്ടുകൾക്കെതിരായി വാദിച്ചില്ലെങ്കിൽ അതുകൊണ്ടു ഒരു ഉപയോഗവുമുണ്ടാകുന്നതല്ല.

ഡെപ്യൂട്ടിപ്രസിഡൻറു: എങ്ങനെ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): എങ്ങനെഎന്നു ഞാൻ പറയാം. അപ്രകാരമുള്ള റിപ്പോർട്ടുകൾക്കെതിരായി വാദിച്ചു ഗവൺമെൻറിനു ഞങ്ങളെ സഹായിക്കാമായിരുന്നു.

ഡെപ്യൂട്ടിപ്രസിഡൻറു: നിങ്ങൾക്കു അതു ചെയ്യാമായിരുന്നു. ചേമ്പർ ഓഫ് കാമേഴ്സിനു അതു ചെയ്യാമായിരുന്നു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഗവൺമെൻറിനു കൂടുതൽ വിലയുണ്ടു. അതുകൊണ്ടു ഗവൺമെൻറിൻെറ ഇടപെടൽകൊണ്ടു കൂടുതൽ പ്രയോജനമുണ്ടാകും.

മി. ആർ. നീലകണ്ഠപ്പിള്ള (ഫിനാൻഷ്യൽസെക്രട്ടറി): ബഡ്ജറ്റുപ്രസംഗത്തിൽതന്നെ ഇക്കൊല്ലം കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു നമ്മൾ കൂടുതൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ടെന്നു ഞാൻ കാണിച്ചിട്ടുണ്ട്.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ) എന്നാൽ അതിൻെറ വിലയോ കുറിച്ചോ?

ഡെപ്യൂട്ടിപ്രസിഡൻറു: അതു മുഴുവനും വേറെ ഒരു സംഗതിയാണു. അവ നമ്മൾ കീഴടങ്ങേണ്ട സംഗതികളാണു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഇതിരുവിതാംകൂറിനു പ്രത്യേകമുള്ള ഒരു കാരണമല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. എന്നാൽ ഈ ഇറക്കം കഴിയുന്നതുവരെ നമ്മൾക്കു രക്ഷപ്രാപിക്കുവാൻ സാധിക്കുകയില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നെല്ലുമുളകിൻെറവിലയിൽ പെട്ടെന്നുണ്ടായ ഈ ഇടിവു ബാംബെയിൽ ആരംഭിച്ചതായ സിവിൾ ആജ്ഞാലംഘനം മൂലമല്ലയോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): സർ, അല്ല. അതിൻെറകാരണങ്ങൾ കണ്ടുപിടിക്കുന്നതിലേക്കു ബാംബെയിൽനിന്നും ദൂരെയുള്ള സ്ഥലങ്ങളിലേക്കു നിങ്ങൾ പോകണം. ജാവായ്ക്കും സിംഗപ്പൂരിലേക്കുംമറ്റുമുള്ള സ്ഥലങ്ങളിലേക്കും നിങ്ങൾ പോകണം. നിങ്ങൾ വെസ്റ്റ്ഇൻഡീസിലേക്കു പോകുകയും അവിടെ ഉണ്ടായ സംഭവങ്ങളെപ്പറ്റി പഠിക്കുകയുംവേണം. നിങ്ങൾ ലണ്ടനിൽപോവുകയും ഫാക്ടറികളിൽ (കോളമ്പസ്) അധഃപതനങ്ങളെപ്പറ്റി പഠിക്കുകയുംവേണം. ഇവിടത്തെനമ്മുടെ നെൽകൃഷിക്കാരുടെ സ്ഥിതിയിൽ പഠിക്കുകയും ആ കാരണങ്ങൾ കണ്ടുപിടിക്കുകയുംവേണം. ഇവിടത്തെ ആവശ്യം എനിക്കാണു. ബാങ്കിങ്ങ്അന്വേഷണക്കമ്മററിയുടെ മുമ്പാകെ തിരുവിതാംകൂറിലെ ഒന്നുരണ്ടു സ്ഥലങ്ങളെ ആവശ്യം പഠിക്കുന്നതിനു സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടു. നമ്മുടെവർദ്ധിച്ചുവരുന്ന ജനങ്ങളെ പോററുന്നതിനു വേണ്ടിടത്തോളം അരി നമ്മൾക്കില്ലെന്നു എനിക്കറിയാം. ഇവിടെതന്നെ കൃഷിയുടെ വിളവു വർദ്ധിപ്പിക്കുന്നതിലേക്കു ഏർപ്പാടു ചെയ്തില്ലെങ്കിൽ അരിയുടെ സംഭരണത്തെ സംബന്ധിച്ചു എന്തെങ്കിലും ചെയ്യുന്നതിനു നമുക്കു അസാദ്ധ്യമാകുന്നു. ഇപ്പോൾ കൃഷിവലന്മാരുടെ കൃഷിച്ചെലവിൽതാണതായ ഒരു വിലയ്ക്കാണു അവർ നെല്ലു കൃഷിചെയ്യുന്നതെന്നു നമ്മൾ കാണുന്നു. നിർമ്മാതാവിനു ഒരു സാധനം ഉണ്ടാക്കുന്നതിനു ചെലവാകുന്നതിൽ കുറവായിട്ടു അതിൻെറ വിലകിട്ടുകയുള്ളു എന്നു കാണുമ്പോൾ അധികംനാൾ ആ സാധനം കൃഷിചെയ്യുന്നതിലേക്കു അയാൾ ത്രാണിയുള്ളവനായിരിക്കുകയില്ലെന്നു ധനശാസ്ത്രനിയമങ്ങളുടെ ഒരുപ്രാരംഭജ്ഞാനം നമ്മെ പഠിപ്പിക്കും. അയാൾ പോയി പതിനഞ്ചോ ഇരുപതോ ശതമാനംവച്ചു പണം കടംവാങ്ങിയേക്കാം. ആ കൃഷി അയാൾ നിറുത്തുകയില്ല. എന്നാൽ അയാൾ പണം കടം വാങ്ങുകയും ആ കൃഷി ഇടയ്ക്കു ചെയ്യും. എന്നാൽ അധികം താമസിച്ചിട്ടോ താമസിക്കാതെയോ അയാൾ ക്ഷയിക്കുന്ന ഒരു സമയംവരും. ആ സ്ഥാനത്താണു നമ്മൾ ഇപ്പോൾ എത്തിയിരിക്കുന്നതു. ചെറിയ കൃഷിക്കാർ പണംകടം (പണംകടംകൊടുക്കുന്നവരും) അവരുടെവസ്തുക്കൾ അവ വാങ്ങിക്കൊണ്ടിരിക്കുകയും ജന്മികളും മുതലാളികളും ഒഴിച്ചുള്ള തൊഴിലില്ലായ്മയും അതിൻെറഫലം പൊതുജനങ്ങളുടെ ഇടയിൽ വലിയതൊഴിലില്ലായ്മയിൽനിന്നും വാങ്ങുകയും ചെയ്യുന്നു. ഇതുവരെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ മാത്രമാണു തൊഴിലില്ലായ്മ ഉണ്ടായിരുന്നതു. എന്നാൽ വിദ്യാഭ്യാസമില്ലാത്തവരുടെ ഇടയിൽകൂടി തൊഴിലില്ലായ്മ പരക്കുമ്പോൾ രാജ്യവും ഗവൺമെൻറും ഒരു ഭീമമായ പ്രശ്നം എതിരിടേണ്ടതായിവരും. അതുകൊണ്ടു ഈ വസ്തുക്കളുടെ കൈമാററത്തെ തടയുന്ന ഒരു നിയമം താൽക്കാലികമായിട്ടെങ്കിലും ഗവൺമെൻറു നടപ്പിൽ വരുത്തേണ്ടതു അത്യാന്താപേക്ഷിതമാകുന്നു.

ഡെപ്യൂട്ടിപ്രസിഡൻറു: കൈമാററം എന്നതുകൊണ്ടു ഭാഗംമാത്രം നിങ്ങൾ ഉദ്ദേശിക്കുന്നുവോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഇല്ല.

ഡെപ്യൂട്ടിപ്രസിഡൻറു: ഫലശൂന്യമായ സ്ഥലങ്ങളുടെ കൈമാററത്തെ തടയുന്നതിനു വല്ല നിയമവും പാസാക്കണമെന്നാണു നിങ്ങൾ പറഞ്ഞതു?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഫലശൂന്യമല്ല. സർ, എന്നാൽ ഇപ്പോഴത്തെ സ്ഥിതികളാൽ ഫലശൂന്യം.

ഡെപ്യൂട്ടിപ്രസിഡൻറു: കൈമാററത്തിനു എതിരായി മാത്രമാണോ നിങ്ങളുടെ ആവശ്യം; അതോ പിരിഞ്ഞ കുടുംബത്തിലെ അംഗങ്ങളുടെ ഇടയിലുള്ള ഭാഗത്തിനു വിപരീതമായിട്ടും ആണോ. അതായതു പിരിഞ്ഞുപോകുന്നതിനു നിങ്ങൾ എതിരാണോ എന്നു ഞാൻ നിങ്ങളോടു വെറുതെ ചോദിക്കുന്നു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അല്ല.

ഡെപ്യൂട്ടിപ്രസിഡൻറു: ഭാഗംകൊണ്ടു വസ്തുക്കളെ വിഭാഗിക്കുന്നതിൽ നിങ്ങൾക്കു ഒരു വിരോധവുമില്ല; എന്നാൽ വസ്തുക്കൾ മുഴുവനെ മുതലാളികളുടെ കയ്യിലേക്കു കടന്നുപോകുന്നതിനു എതിരാണു നിങ്ങൾ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അതേ, സർ, നമ്മുടെ കൃഷിക്കാർക്ക്, പ്രത്യേകിച്ചു നെൽകൃഷിക്കാർക്ക്, അവരുടെ കൃഷിച്ചെലവിനെക്കൂടി ഉൾപ്പെടുത്തുന്ന ഒരു വില കിട്ടണം. ചെറിയ കൃഷിക്കാരും ചെറിയ കൈവശക്കാരും കഴിച്ചുകൂട്ടണം. അല്ലാത്തപക്ഷം എന്നന്നേക്കും നെല്ലിന്റേയും അരിയുടേയും വിദേശ ഇറക്കുമതിയെ നമ്മൾ ആശ്രയിക്കേണ്ടതായിവരും. കഴിഞ്ഞ മഹായുദ്ധത്തിന്റെ ഭയങ്കര ഫലങ്ങളിൽ ഒന്നു ഇതായിരുന്നു എന്ന് നമ്മൾ കണ്ടിട്ടുണ്ട്. ഓരോ രാജ്യക്കാർക്കും അവരുടെ ആഹാരസാധനങ്ങൾക്ക് അവരെത്തന്നെ ആശ്രയിച്ചുനില്ക്കുന്നതിനു ശ്രമിക്കണമെന്നു എല്ലാ രാജ്യത്തിനും ബോദ്ധ്യപ്പെട്ടു. ബർമ്മാക്കാർക്ക് എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ നമ്മൾക്ക് ഇവിടെ നെല്ലുകിട്ടുവാൻ സാധിക്കുകയില്ല. അതുകൊണ്ടു കൃഷിക്കാരെ നെൽകൃഷിചെയ്യുന്നതിനു പ്രേരിപ്പിക്കുന്നതിനു സഹായിക്കുന്ന വല്ലതും ചെയ്യേണ്ടതായിട്ടുണ്ട്. നെല്ലിന്റെ വിലയെ നിയന്ത്രിക്കുന്നതിലേക്കു വല്ലതും ചെയ്യണം. ഇറക്കുമതി ചെയ്യുന്ന അരിയിൽ ഒരു ഇറക്കുമതി തീരുവ ചുമത്തണമെന്നു ഞാൻ പറയുമ്പോൾ ആളുകൾ എനിക്കു വിപരീതമായി ചെയ്തേക്കാം.

ഡെപ്യൂട്ടിപ്രസിഡന്റു: എല്ലായിടത്തും പൊതുജനങ്ങളുടെ മേൽ കൂടുതൽ കരം ചുമത്തിക്കൊണ്ടിരിക്കയാണെന്നു മുറവിളിയുണ്ട്.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അതുകൊണ്ടു ഞാൻ പ്രായോഗികനയോപായങ്ങളിൽ ആണ്. അതു സാദ്ധ്യമാണെങ്കിൽ ഇറക്കുമതിചെയ്യുന്ന നെല്ലിലും ഒരു തീരുവ ഗവണ്മെന്റു ചുമത്തണം. സർ, ഓസ്റ്റ്ചാംബർ ലെസ്ലി പാർലമെന്റിൽ അഭിപ്രായപ്പെട്ടതുപോലെ, ഒരു പകരമെന്ന നിലയിൽ ഗവണ്മെന്റു നെല്ലു വെളിയിൽനിന്നും മൊത്തത്തിൽ വാങ്ങുകയും വല്ല അർദ്ധ ഔദ്യോഗിക ഏജൻസിമൂലം കൃഷിച്ചെലവിനേയും മറ്റുകൃഷിക്കാരുടെ ഒരു ചില്ലറലാഭത്തേയും ഉൾപ്പെടുത്തത്തക്കവണ്ണം ഉള്ള ഒരു വിലക്കു രാജ്യത്തു വിൽക്കുകയും ചെയ്യണം. ഇതാണു എനിക്കു കൊണ്ടുവരാനുള്ള കാര്യം. ഉപയോഗിക്കുന്നവനേയോ ഉണ്ടാക്കുന്നവനേയോ ആരെയാണു രക്ഷപ്പെടുത്തുന്നതെന്നു ഞാൻ കൂട്ടാക്കുന്നില്ല. ഈ സ്ഥിതിയിൽനിന്നും നാം നമ്മുടെ രാജ്യത്തെ മോചിപ്പിക്കണം,—യുദ്ധത്തിനിടയിൽ നാം അന്യരാജ്യക്കാരെ സഹായിച്ചു. അതു ഒരു ക്രമവിരുദ്ധമായ കാര്യം ആയിരുന്നു. ഇപ്പോൾ ഇതു ഒരു ക്രമവിരുദ്ധമായ ഒരു കാര്യമാണു. ഉപയോഗിക്കുന്നവനെ നഷ്ടപ്പെടുത്തിയായാലും നിങ്ങളുടെ കൃഷിക്കാരെവേണ്ടി വല്ലതും ചെയ്യുക. അതാണു ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്ന സംഗതി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതായ വയലുകളെ തോട്ടങ്ങളായി അതിരില്ലാതെ മാറ്റുന്നതിനെപ്പറ്റി മെമ്പറിനു എന്തുപറവാനുണ്ട്?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അതു വേറൊരു നിർദ്ദേശമാണു. അതിനെ പ്രോത്സാഹിപ്പിക്കാൻപാടില്ലാത്തതാണു.

ഞാൻ സൂചിപ്പിച്ചതായ ഇറക്കുമതിതീരുവ എന്നെന്നേക്കും നിലനിൽക്കണമെന്നു ഞാൻ പറയുന്നില്ല. അതേസമയത്തുതന്നെ കൃഷിഡിപ്പാർട്ടുമെന്റിനു ഒരു നല്ല തുക അനുവദിച്ചുകൊടുക്കണം. ഒരു ക്ലിപ്തസമയത്തിനുള്ളിൽ, ആവശ്യമുള്ളിടത്തോളം അരി തിരുവിതാംകൂറിൽ കൃഷി ചെയ്യുന്നതായി നമ്മൾ കാണണം. അതിനു ശേഷം നെല്ലിനും അരിക്കും ഒരു ഇറക്കുമതി തീരുവ ചുമത്താവുന്നതും എന്നെന്നേക്കും ആ ഇറക്കുമതിയെ നിരത്താവുന്നതും ആകുന്നു. അല്ലെങ്കിൽ നമ്മളിൽ തന്നെത്താനെ രക്ഷപ്രാപിക്കാൻ പാടില്ലാത്ത ഒരു ഭയങ്കര ആപത്തിനെ നമ്മൾ എതിരിടാൻ പോവുകയാണ്.

പിന്നീടു, കൊപ്രായേയും വെളിച്ചെണ്ണയേയും സംബന്ധിച്ചു ഒന്നോ രണ്ടോ വാക്കു പറയുന്നതിനു ഞാൻ ആശിക്കുന്നു. വാണിജ്യജനതയുടെ ഇടയിൽ തീരുവ വർദ്ധിച്ചതുകൊണ്ടാണു കൊപ്രായുടെ വില ഇടിഞ്ഞുപോയതെന്നു ഒരു തോന്നൽ ഉണ്ടു. അതു ശരിയായിട്ടുള്ള ഒരു അഭിപ്രായമല്ല. നമ്മൾ ഇതുവരെ കൊടുത്തിട്ടില്ലാത്ത വേറെ ചന്തകൾ ലോകത്തിൽ ഉണ്ടു. നമ്മൾ നമ്മുടെ പഴയ മാമൂൽമാർഗ്ഗം തുടരുകയാണു. നമ്മൾ ഇംഗ്ലണ്ടിനെ ആശ്രയിക്കുകയാണു. എന്തുകൊണ്ടെന്നാൽ അതു കവിഞ്ഞു നമ്മൾക്കു ഒന്നും അറിഞ്ഞുകൂടാ. നമ്മുടെ അസംസ്കൃത സാധനങ്ങൾക്കു നാം പുതിയ ചന്തകൾ കണ്ടുപിടിക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മററു ചന്തകൾ അദ്ദേഹത്തിനുതന്നെ അറിഞ്ഞുകൂടാതിരിക്കുമ്പോൾ എങ്ങനെയാണു മററു ചന്തകൾ ഉണ്ടെന്നു മെമ്പർക്കു പറയുവാൻ സാധിക്കുന്നത്.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): എനിക്കു അറിഞ്ഞുകൂടാ എന്നു ഞാൻ പറയുമ്പോൾ ജനങ്ങൾക്കു അറിഞ്ഞുകൂടാ എന്നാണു ഞാൻ അർത്ഥമാക്കുന്നതു. അവ എനിക്കറിയാം.

ഡെപ്യൂട്ടിപ്രസിഡന്റു: ഇപ്പോൾ നമ്മുടെ വെളിച്ചെണ്ണ ധാരാളം കറാച്ചിയിലേക്കും കൽക്കട്ടായിലേക്കും മററുസ്ഥലങ്ങളിലേക്കും കയററുമതി ചെയ്തുകൊണ്ടിരിക്കയാണു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): പരമാർത്ഥത്തിൽ അവമാത്രം ആണു നമ്മുടെ വില്പനസ്ഥലങ്ങൾ. ഇപ്പോൾ വിദേശീയ വില്പനസ്ഥലങ്ങൾ ഇല്ല. നമ്മൾ ബ്രിട്ടീഷിൻഡ്യയിലുള്ള വില്പനസ്ഥലങ്ങളെ മാത്രം ആശ്രയിക്കുന്നു. എന്നാൽ നാളികേരം അതുപോലെതന്നെ ആവശ്യമുള്ള വിദേശീയ വില്പനസ്ഥലങ്ങൾ ഉണ്ടെന്നു ഞാൻ പറയുന്നു. എന്നാൽ കൊപ്രായെപ്പററിയല്ല സംസാരിക്കുന്നതു; എന്നാൽ അസംസ്കൃത നാളികേരത്തെപ്പററി മാത്രമാണു. ജർമ്മനിക്കായും ചെക്കോസ്ലൊവാക്കിയായും മററു രാജ്യങ്ങളും അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ടു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). കയററുമതിതീരുവ കയററുമതിയെ ഒരുവിധത്തിലും ബാധിക്കുകയില്ലെന്നാണോ മെമ്പറുടെ അഭിപ്രായം?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): അതു കാരണങ്ങളിൽ ഒന്നായിരിക്കാം. എന്നാൽ അതു ഏകകാരണമല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഗവണ്മെന്റിനാൽ ചുമത്തപ്പെടുന്ന കയററുമതി തീരുവ നമ്മുടെ കയററുമതിയിൽ ഒരു ഫലവും ഉണ്ടാക്കിയിട്ടില്ലെന്നാണോ മെമ്പറുടെ അഭിപ്രായം?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ബോംബേയിലേക്കും കറാച്ചിയിലേക്കും കൊപ്രാ കയററുമതിചെയ്യുന്നതിനെ അതു ബാധിച്ചിട്ടുണ്ട്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറു ഫിനാൻഷ്യൽ സെക്രട്ടറി): മെസക്,—

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): സർ, അവർ എല്ലാപേരും എൻെറ സമയം അപഹരിക്കുകയാണ്. എനിക്കനുവദിച്ചിട്ടുള്ള സമയത്തിനിടയിൽ എനിക്കു ഒന്നുരണ്ടു സംഗതികൾകൂടി പ്രസ്താവിക്കുവാനുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറു: അങ്ങനെചെയ്യുക.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): കൊപ്രായെ സംബന്ധിച്ചു സിലോൺ പാസ്സാക്കീയി എന്ന സംഗതി നമ്മെക്കെല്ലാപേർക്കും അറിയാവുന്നതാണ്. സിലോൺ ഗവൺമെൻറു, കൊപ്രായിലുള്ള ഇറക്കുമതി തീരുവ നിവൃത്തൽചെയ്യുന്നതിനുവേണ്ടി ഇന്ത്യാഗവൺമെൻറിനെ ഉത്തേജിപ്പിക്കുകയാണെന്നുള്ള സംഗതി ഹേസ്യമായ്ട്ടുമായി എനിക്കറിയാം. ഇതു ബ്രിട്ടീഷിൻഡ്യയിൽ ചെയ്യുകയും ബ്രിട്ടീഷിൻഡ്യയുടെ കാലടിയിൽ തിരുവിതാംകൂറും അതിനെ അനുകരിക്കുകയും ചെയ്താൽ നമ്മുടെരാജ്യം എന്നെന്നേക്കും നാശപ്പെട്ടുപോകും. ഞാനിതു പറയുന്നതു നമ്മൾ ഒട്ടുവിൽ ഇതിനു ഇരയായിരിക്കണമെന്നുള്ളതുകൊണ്ടാണ്. ബാംബയിലെ ടാററായേപ്പോലെയുള്ള വലിയ കോടീശ്വരന്മാരും കച്ചവടക്കാരും ഇതിൽ താല്പര്യമുള്ളവരാണ്; ഗവൺമെൻറു ആ തീരുവ നിവൃത്തൽചെയ്യരുതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബ്രിട്ടീഷിൻഡ്യയിൽ കൊപ്രായ്ക്കു ഏറുമതി തീരുവ ഉണ്ടോ?

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): ഞാൻ ഇറക്കുമതിതീരുവയെപ്പററിയാണ് സംസാരിക്കുന്നതു. നമ്മുടെ കൊപ്രായുടേയും സിലോൺ കൊപ്രായുടേയും വിലയ്ക്കു തമ്മിൽ ടൺ ഒന്നിനു ആറുമുതൽ എട്ടുവരെ ഉറുപ്പികവരെ വ്യത്യാസമുണ്ടെന്നു നമ്മൾക്കെല്ലാവർക്കും അറിയാം. യുദ്ധംകഴിഞ്ഞു അധികംനാൾ കഴിയുന്നതിനുമുൻപു നമ്മുടെ ആലപ്പുഴ മില്ലുകൾ സിലോണിൽനിന്നും കൊപ്രാകൊണ്ടുവന്ന ഒരു കാലം ഉണ്ടായിരുന്നു; എന്നിട്ടും സ്ഥലത്തുള്ള കൊപ്രായോടു മത്സരിക്കുന്നതിനു അവർക്കു സാധിച്ചു. നമ്മൾ സൂക്ഷിക്കേണ്ടതായ ഒരുകാര്യം അതാണ്. ഈ തീരുവ നിറുത്തുന്നതിനു സിലോൺ ഗവൺമെൻറു ഇൻഡ്യൻഗവൺമെൻറിൽ വ്യാപരിക്കുമെന്നുള്ളതു എനിക്കു തീർച്ചയാണ്. നമ്മൾ ബ്രിട്ടീഷ് ഇൻഡ്യയുടെ കാലടികളിൽ അനുകരിക്കാതിരിക്കാൻ നോക്കണം.

എനിക്കു പറയാനുള്ള വേറൊരു സംഗതി തീരുവകളുടെ നിശ്ചയിക്കുന്നതിനെസംബന്ധിച്ചാകുന്നു. കൊപ്രായുടെ കണ്ടിക്കുവില ൫൫ രൂപായ്ക്കും ൬൫ രൂപായ്ക്കും ഇടയ്ക്കാകുന്നു. എന്നാൽ തീരുവകൾ ൧൦ രൂപായായി നിശ്ചയിച്ചിരിക്കുന്നു. (മി. എ. എസ്സ്. ദാമോദരനാശാൻ കേൾപ്പിൻ, കേൾപ്പിൻ) ഞാൻ ഇതു പറയുന്നതു ഒരു പൊതുതത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതിനെ ബാധിക്കുന്നതായി ആലോചനകളും ഉണ്ട്. മിസ്റ്റർ രാഘവയ്യായുടെകാലത്തിനുമുൻപു നല്ലെണ്ണയുടെ തീരുവ ഒരു കണ്ടിക്കു ൭ രൂപ ആയിരുന്നു. ഇപ്പോൾ അതു ൧൦ രൂപയാണ്. അന്നു നടപ്പിലിരുന്ന വിലയെ—൩൭ രൂപയെ ഉദ്ദേശിച്ചാണ് നല്ലെണ്ണയുടെ തീരുവകൾ കണക്കാക്കപ്പെട്ടത്തിയതു. എന്നാൽ വില ഇപ്പോൾ ഇടിഞ്ഞുപോയി നല്ലെണ്ണയുടെ ഇന്നത്തെ കണ്ടിക്കുവില ൨൦ രൂപയാണ്, എങ്കിലും കയററുമതിക്കാരൻ അതേതീരുവതന്നെ കൊടുക്കണം. ഇതിനോടൊത്തു, ചുക്കിൻെറസംഗതി എടുക്കുക. ചുക്കിൻെറ തീരുവ കണക്കാക്കപ്പെടുത്തിയതു അതിൻെറവില ൧൦൦ രൂപ ആയിരുന്നപ്പോഴാണ്. അതിനു ഇപ്പോൾ ൩൦ രൂപാമാത്രമേയുള്ളു. തീരുവകൾ കണക്കാക്കപ്പെടുത്തുന്നതു, വല്ലവരുടേയും ബുദ്ധിപ്രാപ്തിയ്ക്കായി വിട്ടുകൊടുക്കരുതു; എന്നാൽ വല്ല പൂർണ്ണതയുള്ള കമ്മിററി തീരുവകൾ നിശ്ചയിക്കുന്നതിനു നിയമിക്കപ്പെടണം.

വേറൊരുസംഗതി ധനപരിശോധനബോർഡിനെസംബന്ധിച്ചാകുന്നു. സർ, ഞാനും ധനപരിശോധനബോർഡിലെ ഒരംഗമാണ്, ഒന്നുകിൽ അതിനെ നിവൃത്തൽചെയ്യുന്നതിലേക്കോ അല്ലെങ്കിൽ അതിനെ പരിഷ്കരിക്കുന്നതിലേക്കോഉള്ളകാലം അതിക്രമിച്ചിരിക്കുന്നു. ഈ ബോർഡിൻെറ നടപടികളെ ഞാൻ പരിശോധിച്ചു; അനേകം ശുപാർശകൾ പാസ്സാക്കി ഗവൺമെൻറിലേക്കയച്ചിട്ടുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറു: നിങ്ങളുടെ സമയംകഴിഞ്ഞു.

മി. കെ. സി. കരുണാകരൻ (നിയമിതമെമ്പർ): മരച്ചീനിസംഗതിയെപ്പററി ഒരു മിനിട്ട്—മരച്ചീനി വേറൊരു പ്രധാന വിളവാണ്. നമ്മുടെ മരച്ചീനിയിൽനിന്നും എടുക്കുന്ന പൊടിയുടെ പരിമാണത്തെക്കുറിച്ചു ഇംഗ്ലണ്ടിൽനിന്നും നമ്മുടെ വ്യവസായഡയറക്ടർക്കു കിട്ടിയിട്ടുള്ള ഒരു റിപ്പോർട്ടു അദ്ദേഹം നമുക്കു തന്നിട്ടുണ്ട്. നമ്മൾ ശ്രമിച്ചില്ലെങ്കിൽ, നമ്മൾ ഒരു മാവു കൈത്തൊഴിൽശാല ആരംഭിച്ചാൽ നമ്മൾക്കു അതിൽനിന്നും ലാഭമാണോ നഷ്ടമാണോ കിട്ടാൻ പോകുന്നതെന്നു നമ്മൾക്കു അറിവാൻ സാധിക്കുകയില്ല. ഈ ക്ഷാമസമയത്തു നമ്മുടെ ആഹാരസാധനങ്ങൾ എല്ലാത്തിൻേറയും വില ഇടിഞ്ഞുപോകുമ്പോൾ മരച്ചീനി മില്ലുകൾ സ്ഥാപിക്കുന്നതിലേക്കു ഗവൺമെൻറു കുറെ രൂപാ മുടക്കുകയും ഗവൺമെൻറു സംരക്ഷണയിൽ ഒരു മാവുമില്ലിൻെറ സാദ്ധ്യത പരിശോധിക്കുകയും ചെയ്യുന്നതു യോഗ്യമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറു ഫിനാൻഷ്യൽസെക്രട്ടറി): സർ, സമയം അതിക്രമിച്ചിരിക്കുന്നതുകൊണ്ടു ഒന്നോ രണ്ടോ പോയിൻറിനെക്കുറിച്ചുമാത്രമേ എനിക്കു പറയുവാൻ നിവൃത്തിയുള്ളു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം): ഞങ്ങൾക്കു അദ്ദേഹം പറയുന്നതു കേൾക്കാൻ പാടില്ല.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറു ഫിനാൻഷ്യൽ സെക്രട്ടറി): തീരുവയിനങ്ങളിലുള്ള ആദായത്തെസംബന്ധിച്ചുള്ള എൻെറ പ്രസ്താവനയെപ്പററി ഞാൻ നൂറു ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചുവെന്നും ആദായനികുതിയെപ്പററി പറഞ്ഞകൂട്ടത്തിൽ കച്ചവടത്തിൻെറ ഉടവിനെപ്പററി സൂചിപ്പിച്ചുവെന്നും ഒരു റിമാർക്കു ഉണ്ടായി. തീരുവ ഇല്ലാത്ത സാധനങ്ങളായ അരിയും നെല്ലും വില്ക്കുന്നവരുടെ അനേകം കച്ചവടക്കാർഉണ്ട്. തീരുവ ഇനത്തിലുള്ള ആദായത്തെപ്പററിയുള്ള എൻെറ പ്രസ്താവന തീരുവയുള്ള സാധനങ്ങളെസംബന്ധിക്കുന്നതും, എന്നാൽ ആദായനികുതിയെപ്പററിയുള്ള എൻെറ പ്രസ്താവന തീരുവയുള്ളതും ഇല്ലാത്തതും ആയ സാധനങ്ങളെസംബന്ധിക്കുന്നതുമാകുന്നു. തീരുവയുള്ളതും തീരുവയില്ലാത്തതുമായ സാധനങ്ങളിൽ വ്യാപാരംനടത്തുന്ന അനേകം കച്ചവടക്കാർഉണ്ട്. എല്ലാ കച്ചവടക്കാരേയും ഉൾപ്പെടുത്തിയാൽ ആദായനികുതിഇനത്തിലുള്ള വരവിനു ഒരു താഴ്ച ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

മിസ്റ്റർ കുഞ്ഞിത്തൊമ്മൻ, റബ്ബർ തേയില മുതലായ സാധനങ്ങളുടെ വിലക്കുറവിനെപ്പററി പ്രസ്താവിച്ചു അസംസ്കൃതസാധനങ്ങളുടെ വിലക്കുറവിനുള്ള കാരണങ്ങൾ ലോകമൊട്ടുക്കുള്ളതാണ്. ഇപ്പോഴത്തെ അവസ്ഥയെ ഭേദപ്പെടുത്തുന്നതിനു തിരുവിതാംകൂർ ഗവണ്മെൻറിനു യാതൊരു നിവൃത്തിയുമില്ല.

ഡെപ്യൂട്ടിപ്രസിഡൻറ: എല്ലാ സാധനങ്ങളുടേയും വിലകുറഞ്ഞുപോയി, എന്നാൽ തിരുവിതാംകൂർ ഗവണ്മെൻറ അതിനുത്തരവാദിയല്ല. അതല്ലേ നിങ്ങൾ പറയുന്നത്;

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതേസർ, ലോകമൊട്ടുക്കുള്ള കാരണങ്ങൾകൊണ്ടാണ വിലകുറഞ്ഞിരിക്കുന്നത്. കൊപ്രായുടേയും വെളിച്ചെണ്ണയുടേയും വിലയെപ്പററി പറയുകയാണെങ്കിൽ അതിൻെറ കുറവിനുള്ള ഒരു കാരണം യൂറോപ്പിൽ കൃത്രിമവെണ്ണയുണ്ടാക്കുന്നവർ എല്ലാംകൂടി യോജിച്ചു എണ്ണയിലും എണ്ണക്കുരുക്കളിലുമുള്ള കച്ചവടത്തിൻെറ കുത്തക അവരുടെ കൈവശം വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. മററു കാരണങ്ങൾ വിദേശരാജ്യങ്ങളിൽ നമ്മുടെ കൊപ്രായും സിലോൺ കൊപ്രായുമായിട്ടുള്ള മത്സരവും, ശാസ്ത്രത്തിൻെറ പുരോഗമനസംരംഭവാൽ കുറഞ്ഞവിലയിലുള്ള എണ്ണകൾ പരിഷ്കരിച്ചു നമ്മുടെ വെളിച്ചെണ്ണയ്ക്കു പകരം ഉപയോഗിക്കുന്നതും, യൂറോപ്പിലേക്കും അമേരിക്കായിലേക്കും പനഎണ്ണ കയററുമതിചെയ്യുന്നതും, ബ്രിട്ടീഷിൻഡ്യയിലെ വാണിജ്യമണ്ഡലത്തിൻെറ അസ്ഥിരതയുമാകുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). കൊപ്രായുടേയും വെളിച്ചെണ്ണയുടേയും തീരുവ കൂട്ടുന്നതിനു അതാണോ ഗവണ്മെൻറിൻെറ ഒരു കാരണം?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): എങ്ങിനെയായാലും ഒരു തേങ്ങായ്ക്കുള്ള തീരുവ ഫ ഫ/ന കാശു മാത്രമേ വരുന്നുള്ളു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഒരു കണ്ടിക്കു എന്താണ്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): കാണേണ്ട തൊതിനുള്ള തുക ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആഭാഗംമാത്രം മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): പലയാമം, റബ്ബറിൻെറ വില കുറഞ്ഞുപോയി എന്നും അതിലേക്കു ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കണമെന്നാം മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെട്ടു.

മി. തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റബ്ബറിൻെറ വില കുറഞ്ഞുപോയി, അതിനു നിവൃത്തിമാർഗ്ഗമുണ്ടാക്കണമെന്നല്ലാ ഞാൻ പറഞ്ഞത്. റബ്ബറിൻെറ വില കുറഞ്ഞിരിക്കുന്ന ഇക്കാലത്തു റബ്ബർ കൃഷിചെയ്യുന്ന ഭൂമിക്കു ചട്ടവിരോധമായി കൂട്ടതൽ നികുതി ചുമത്തുന്നു എന്നു ഈ കൌൺസിലിൽ പറഞ്ഞതിൻെറ ഫലമായി ദിവാൻജിതന്നെ അതിനെ പരിഹരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ നടത്തി എന്നാണ് ഞാൻ പറഞ്ഞത്,

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): എന്നാൽ വേറെ ആരുടെയോ പ്രസംഗത്തിൽ അങ്ങനെ പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): തിരുവിതാംകൂറിൽനിന്ന് ആണ്ടുതോറും ഏററുമതിചെയ്യുന്ന നാളികേരത്തിൻെറ തുക എന്താണ്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): അത് രണ്ടുകോടി രൂപയിൽ കൂടുതലുണ്ട്.

മി. എ. ജി. മേനോൻ (പറവൂർ): ആയിരത്തിനു 9 രൂപയിൽ കൂടുതലിൻെറ വ്യത്യാസമുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു): നാളികേരത്തിൻെറ വിലയിൽ വല്ല കാശുവീതം കുറവുവന്നിട്ടുണ്ടെന്നു മെമ്പർക്കറിയാമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഞാൻ വിലയെ സംബന്ധിച്ചു ഒന്നുംപറഞ്ഞില്ല. തീരുവയെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്, തീരുവ ഒരു നാളികേരത്തിനു ഏകദേശം ഫ ഫ/ന കാശുവീതംവരുന്നുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇപ്പോൾ ഒരുതേങ്ങയ്ക്കു എന്തുവിലയുണ്ട്;

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): നൂറുതേങ്ങയ്ക്കു രണ്ടേകാൽ മൂന്നുരൂപാ വിലയുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): ഒരു തേങ്ങയുടെ വില എന്താണ്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): നൂറുതേങ്ങയ്ക്കു രണ്ടേമുക്കാലിനും മൂന്നുരൂപാ.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇതിൽ ഡ്യൂട്ടികൂടി ഉൾപ്പെടുന്നുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഇല്ല.

മി. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഗവണ്മെൻറിൻെറ താരിപ്പു വില എന്താണ്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതു സ്വല്പം കൂടുതൽ തന്നെയാണ്, താരിപ്പുവില മാസംതോറും മാറുന്നില്ലല്ലോ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അതാണ് ഞങ്ങളുടെ പരാതി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഏററുമതിത്തീരുവ ഈ സാധനത്തിൻെറ വിലകുറവിനുള്ള കാരണങ്ങളിൽ ഒന്നാണോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി); അല്ലസാർ-ഞാൻ മുൻപു പറഞ്ഞതുപോലെ അതു ഒരു തേങ്ങായ്ക്കു ഫ ഫ/ന കാശുമാത്രമേവരുന്നുള്ളു, അതു തെങ്ങുകൃഷിചെയ്യുന്ന ആളിനെമാത്രമേ ബാധിക്കുന്നുള്ളു എന്നുപറയുവാൻ കഴിയുകയില്ല. തേങ്ങയണ്ണയുടെ വ്യാപാരംതന്നെ എപ്പോ

ളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. ചിലപ്പോൾ തീരുവകൊടുക്കുന്നതു ജോലിയുടെ ഉടമസ്ഥൻ ആയിരിക്കും, ചിലപ്പോൾ ഏജൻറ ആയിരിക്കാം, മറ്റുചിലപ്പോൾ അതു ഉപയോഗിക്കുന്ന ആളും ആയിരിക്കാം. അവസാനത്തിൽ തീരുവകൊടുക്കുന്നതു ആരാണെന്നു തീരുമാനിക്കുന്നതു ഏർപ്പെടുന്ന കരാറിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടു ഭാവിയിലുള്ള കരാറുകളും കണക്കാക്കണമെന്നല്ലേ ഉദ്ദേശിക്കുന്നതു്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): അല്ല. ഒരു വ്യാപാരി മൂന്നു മാസത്തിനുമുൻപു ഒരു മുൻകരാറിൽ ഏർപ്പെട്ടു എന്നു വിചാരിക്കുക.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): അയാൾ ഇപ്പോൾ അതിൽ ഏർപ്പെട്ടു എന്നു വിചാരിക്കുക.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): കച്ചവടക്കാർ എല്ലാദിവസവും മുൻകരാറുകളിൽ ഏർപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ: വാദപ്രതിവാദം മുഴുവനും തെറ്റായ ഒരു പന്ഥാവിലേക്കു തിരിച്ചുകൊണ്ടുപോകുന്നതായി ഞാൻ വിചാരിക്കുന്നു. അക്കൌണ്ടാഫീസരോടു മറുപടി പറയുന്നതിനു ആവശ്യപ്പെട്ടുവെങ്കിലും, നമ്മുടെ കൃഷിസാധനങ്ങളുടെ വിലയിൽ അസാമാന്യമായ കുറവുണ്ടായതിനെ പരിഗണിച്ചു തീരുവയുടെ കാര്യത്തിൽ ഗവണ്മെന്റു പുനരാലോചന നടത്താനുതകുന്നതിനെപ്പറ്റിയാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): സർ അതു് ആലോചിക്കേണ്ട ഒരു വിഷയമാണ്.

ഡെപ്യൂട്ടിപ്രസിഡന്റ: എന്നാൽ അതുവിട്ടിട്ടു തുടരുക.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം തെക്കേക്കോട്ട): ഗവണ്മെന്റ് അതിനെപ്പറ്റി ആലോചിക്കാമെന്നു് അദ്ദേഹം പറയുന്നുവോ.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): ഇന്നലെയും ഇന്നും ഗവണ്മെന്റപാസ്സപ്പെടുവിച്ച വാദമുഖങ്ങളെപ്പറ്റി ഗവണ്മെന്റു പര്യാലോചിക്കാം. ഇപ്പോൾ ഈ മറുപടിതന്നെ തിരുമാത്രമേ എനിക്കു നിവൃത്തിയുള്ളു.

മരിച്ചുപോയ ഉദ്യോഗസ്ഥന്മാരുടെ കുടുംബങ്ങൾക്കനുവദിച്ചുകൊടുക്കേണ്ട സൌജന്യത്തെപ്പറ്റി മി. പിറവിരപ്പമാപ്പിള പ്രസ്താവിച്ചു. ആ വിഷയം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു.

ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി പല മെമ്പറന്മാരും പ്രസ്താവിച്ചു. ആ വിഷയത്തിൽ പലകാര്യങ്ങളും അന്തർഭവിച്ചിട്ടുണ്ടു. ഒരു ചോദ്യം ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുകയാണെങ്കിൽ അതു പരസ്പരസഹായസംഘചട്ടങ്ങളനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെടണമോ അതോ ഒരു പ്രത്യേക ചട്ടമനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെടണമോ എന്നുള്ളതാണ്. വേറെ ഒരു ചോദ്യം, അതു് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കിനെ ആശ്രയിച്ചുനിൽക്കണമോ അതോ ഒരു സ്വതന്ത്ര സ്ഥാപനമായിട്ടു നിൽക്കണമോ എന്നുള്ളതാണ്. ഇനിയും, ഒരു വസ്തുജാമ്യബാങ്ക് സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ ശാഖകൾ തിരുവിതാംകൂർ ഒട്ടുക്കു ഉണ്ടായിരിക്കണമോ അതോ സ്വതന്ത്രസ്ഥാപനമായിരിക്കുന്ന ഓരോ ബാങ്കും ഒരു കേന്ദ്രസ്ഥാപനത്തോടു സംഘടിപ്പിക്കപ്പെടണമോ എന്നുള്ളതാണ് ആലോചിക്കുവാനുള്ളതു്.

മി. മാത്യു മുരിക്കൻ (വയ്ക്കം): ആ ബാങ്കിന്റെ ആവശ്യകത ഗവണ്മെന്റു മനസ്സിലാക്കിയോ?

ഡെപ്യൂട്ടിപ്രസിഡന്റ: അദ്ദേഹം അതേപ്പറ്റി പ്രസ്താവിച്ചു, ദയവുചെയ്തു തുടരുന്നതിനു് അദ്ദേഹത്തെ അനുവദിക്കുക.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): വസ്തുജാമ്യബാങ്കിനെസംബന്ധിച്ചു ഈ കാര്യങ്ങളെല്ലാം ആലോചിക്കേണ്ടതുണ്ടു്. പരസ്പരസംഘ രജിസ്ട്രാരോടു ഒരു പദ്ധതി തയ്യാറാക്കി അയയ്ക്കുന്നതിനു് ആവശ്യപ്പെടുകയും ആ വിഷയം അദ്ദേഹത്തിന്റെ ആലോചനയിൽ ഇരിക്കുകയും ആകുന്നു. അവിടെയാണ് ആ വിഷയം ഇപ്പോൾ നിൽക്കുന്നതു്.

ഡെപ്യൂട്ടിപ്രസിഡണ്ടു: അതുകൊണ്ടു ആ വിഷയത്തിൽ ഗവണ്മെന്റു ഉറങ്ങുകയല്ലായിരുന്നു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അല്ലസാർ, ഞാൻ തന്നെ എന്റെ ബഡ്ജറ്റുപ്രസംഗത്തിൽതന്നെ ആ വിഷയത്തെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടു. എന്നിരുന്നാലും ഏതു പ്രകാരത്തിലും വിമർശനംവന്നുകൂടി. ബാങ്കിംഗ് അന്വേഷണക്കമ്മററിയുടെ റിപ്പോർട്ടുകിട്ടുമ്പോൾ ആ വിഷയത്തെപ്പറ്റി ഗവണ്മെന്റു ആലോചിക്കും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഒരു കമ്മററിയെ നിയമിക്കുന്നതിനല്ല, എന്നാൽ ഒരു ഭൂസ്വത്തുജാമ്യബാങ്ക് സ്ഥാപിക്കുന്നതിനായിരുന്നു പ്രമേയം എന്നു മെമ്പർക്കറിയാമോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): അതു വാസ്തവമാണ്, എന്നാൽ മററു കാരണങ്ങളെക്കൊണ്ടു തിരുവിതാംകൂറിലേക്കു ഒരു ബാങ്കിംഗ് അന്വേഷണക്കമ്മററിയെ നിയമിക്കേണ്ട ആവശ്യം ഗവണ്മെന്റിനുണ്ടായി. ഒരു വസ്തുജാമ്യബാങ്ക് ഉണ്ടാക്കുന്നതിനെപ്പററിയുള്ള അഭിപ്രായങ്ങൾ സമർപ്പിക്കണമെന്നാണ് കമ്മിററിയോടാവശ്യപ്പെട്ടിട്ടുള്ളതിൽ ഒരു കാര്യം. അവർ അവരുടെ റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അതുകൊണ്ടു ഇതു മാററിവയ്ക്കുന്നതിനു അവർക്കു ഒരു കാരണംകൂടിയുണ്ടു്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): ഓരോ ചോദ്യവും ഓരോന്നിന്റെ നിലയ്ക്കു പ്രാധാന്യമുള്ളതാണ്.

ഡെപ്യൂട്ടിപ്രസിഡന്റ: നിങ്ങൾക്കു ഇനിയും എന്തെങ്കിലും പറയാനുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഇല്ല, സർ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദായത്തിലുണ്ടാകുന്ന ചോൎച്ചയെ തടയുന്നതിനു തിരുവിതാംകൂറിൽ എന്തെങ്കിലും ഏൎപ്പാടുണ്ടോ?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഇപ്പോഴും എനിക്കുപറയുവാൻ നിവൃത്തിയില്ല. മററുള്ള ആഫീസുകളെല്ലാംപോലെ പരിശോധിക്കുന്നതിനു അക്കൗണ്ടാഫീസിലെ "ഔട്ട്സൈഡ് ആഡിററ്"ശാഖയിൽ വേറെ ഏൎപ്പാടുമില്ല. മെമ്പർ, മി. എൻ. നീലകണ്ഠപ്പിള്ളയുടെ റിപ്പോർട്ടിനെപ്പററിയാണ് സൂചിപ്പിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. ആ റിപ്പോർട്ടിനെപ്പററി പൎയ്യാലോചിച്ചുകൊണ്ടിരിക്കുന്നതു "അഡ്മിനിസ്റ്റ്രേറ്റീവ് സെക്രട്ടേറിയററി"ലാണ്."

മി. ആർ. വേലുപ്പിള്ള (കൊട്ടാരക്കര-കുന്നത്തൂർ), സാമ്പത്തികാന്വേഷണത്തെപ്പററി എന്തു പറയുന്നു?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ആ വിഷയവും "ഫൈനാൻസ്" ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തിലല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ബ്രിട്ടീഷ്ഗവൺമെൻറും മററു ഗവൺമെൻറുകളും ഏററുമതിക്കുള്ള തീരുവ വേണ്ടെന്നുവച്ചിരിക്കുന്നസ്ഥിതിക്കു അവയ്ക്കു തീരുവചുമത്തുവാൻ തിരുവിതാംകൂറിനു എന്തു ന്യായമാണുള്ളതു്?

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഏററുമതിത്തീരുവ ബ്രിട്ടീഷ്ഗവൺമെൻറ ഇപ്പോഴും ഈടാക്കിവരുന്നു. അവക്കു ചണത്തിനു തീരുവയുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഇല്ല. ചണത്തിനുള്ളതീരുവ അവർ വേണ്ടെന്നുവച്ചു.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഉറപ്പിട്ട തുകലുകളും, ഉറപ്പിടാത്ത തുകലുകളും, നെല്ലു, അരി ഇവയ്ക്കെല്ലാം ഏററുമതിത്തീരുവയുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): മെമ്പർ ഏതാണ്ടിനെക്കുറിച്ചാണുദ്ദേശിക്കുന്നതു്

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): അവസാനമായിട്ടുള്ള കണക്കാണു ഞാൻ സൂചിപ്പിച്ചതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അവർ ചണത്തിനു ഏററുമതിത്തീരുവ വച്ചിരിക്കുന്നതു് അതൊരു കുത്തകയായതുകൊണ്ടാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): കുത്തകയായാലും അല്ലെങ്കിലും അവർ തീരുവ ചുമത്തിയിട്ടുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): എന്നാൽ ഉറപ്പിട്ടതുകലിനു കുത്തകയില്ല.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഉറപ്പിട്ടതുകലിനു കുത്തക ഉണ്ടായിരിക്കുകയും ഇല്ലാതിരിക്കുകയും ആകാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അതൊരുസംരക്ഷണതീരുവയാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): അതു അഭിപ്രായങ്ങൾതമ്മിലുള്ള വ്യത്യാസംമാത്രമേയുള്ളു. എങ്ങിനെയായാലും അവർ ഏററുമതിത്തീരുവ ഈടാക്കുന്നു.

അടുത്തദിവസംകാലത്തു ൧൧-മണിക്കു വീണ്ടും കൂടുന്നതിനായി കൌൺസിൽ വൈകിട്ടു ൫-മണിക്കു പിരിഞ്ഞു.

പി എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൮-ലെ രണ്ടാമത്തെ യോഗം

൧൯൩൩ ആഗസ്റ്റ് ൨-ാംനു / ൧൧൦൮ കർക്കടകം ൧൮-ാംനു ബുധനാഴ്ച

(ഔദ്യോഗികറിപ്പോർട്ട്)

പകൽ ൧൧ മണിക്ക് വിക്ടോറിയാ ജൂബിലിടൌൺഹാളിൽ സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ യോഗം കൂടി:—

താഴെ പറയുന്ന മെമ്പറന്മാർ ഹാജരില്ലായിരുന്നു.

൧. മി: കെ. ജി. പരമേശ്വരൻപിള്ള

൨. മി: ടി. സി. ജോസഫ്.

൩. മി: ഇ. ജി. മാക്ആൽപൈൻ.

മാന്യസന്ദർശകനായി, ഗവർണ്ണർ ജനറാളുടെ മദ്രാസ് സ്റ്റേയിററുകളിലെക്കുള്ള ഏജൻറ് എ. എൻ. ജി. ടൈകറർ, എസ്ക്വയാർ ഐ. സി. എസ്. സന്നിഹിതനായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

ചെറാണിമുട്ടം സാംക്രമികരോഗവാർഡ്.

൧൩. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ൧൧൦൦ മുതൽ ൧൧൦൪ വരെയുള്ള അഞ്ചു വർഷത്തിനുള്ളിൽ ചെറാണിമുട്ടം സാംക്രമികരോഗവാർഡിൽ, പ്രവേശനം നൽകപ്പെട്ടതും സുഖപ്പെട്ടതും, മരണംപ്രാപിച്ചതും ആയ രോഗികളുടെ സംഖ്യ,

(ബി) അവിടെ പ്രവേശനം നൽകപ്പെട്ടവരുടെ ചികിൽസക്ക് ചെയ്തിട്ടുള്ള ഏർപ്പാടുകൾ,

(സി) ടി വാർഡിൽ ഏതെങ്കിലും തക്കതായ മേൽനോട്ടം നടത്തിയിട്ടുണ്ടോ?

(ഡി) ടി വാർഡിൻെറ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും ആലോചനകൾ നടത്തുകയോ തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിപ്പോൾ (൨൩-൧൧-൧൧൦൮), എങ്ങിനെ ഇരിക്കുന്നു?

(ഇ) ചെറാണിമുട്ടത്തിലെ ജനങ്ങൾ, അതു് അവിടെ നിന്നും മററു വല്ലടത്തേയ്ക്കും മാററുന്നതിലേക്ക് ഹർജി അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ, അതേപ്പററി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി):

(എ)

ആണ്ട്.	പ്രവേശനം.	സുഖപ്പെട്ടതു	മരിച്ചതു.
൧൧൦൦	൧൭	൧൩	൪
൧൧൦൧	൨൯	൨൭	൧
൧൧൦൨	൧൧	൯	൨
൧൧൦൩	൭	൭	൦
൧൧൦൪	൪൧	൩൩	൭.

(ബി) വാർഡിൻെറ ചാർജ്ജു വഹിക്കുന്നതിനു ഒരു സബ്ബ് അസിസ്റ്റൻറുസർജനെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ സ്ഥാപനത്തിൽ രോഗികളുള്ള ദിവസങ്ങളിലെല്ലാം അദ്ദേഹം അവിടെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ജോലി കോട്ടയ്ക്കകം ആശുപത്രിച്ചാർജ്‌വഹിക്കുന്ന മെഡിക്കൽ ആഫീസർ, പരിശോധിച്ചുവരുന്നുണ്ടു.

(സി) ഉണ്ട്.

(ഡി) അവിടെ കൂടുതൽ സ്ഥലസൌകര്യം ഉണ്ടാക്കേണ്ട കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കയാണ്.

(ഇ) ഉണ്ട്. അതേപ്പററി മെഡിക്കൽ ബോർഡിൻെറ ഒരു റിപ്പോർട്ടും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (ഇ) ഈ റിപ്പോർട്ടു കിട്ടിയിട്ടു ഇപ്പോൾ എത്രനാളായി?

മി: ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): എസ്റ്റിമേററയച്ചതു ൧൯൨൯ സെപ്ററംബർ ൧൭-ാംനു ആയിരുന്നു.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതിന്മേൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മി: രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ എസ്റ്റിമേററിൽ സ്വല്പം മാററേണ്ടതായിവന്നതുകൊണ്ട് അതിനെ രണ്ടാമതും ചീഫ് എഞ്ചിനീയർക്ക് അയച്ചു. ചീഫ് എഞ്ചിനീയരുടെ എസ്റ്റിമേററ അഡ്മിനിസ്ട്രേററിവ് അപ്രൂവലിനായിട്ടു വന്നിരിക്കയാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അഡ്മിനിസ്ട്രേററിവ് ബോർഡിൽനിന്നും റിപ്പോർട്ടുകിട്ടിയതു എപ്പോഴാണ്? അതിന്മേൽ വല്ല നടപടിയും നടത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആദ്യം റിപ്പോർട്ടു കിട്ടിയതു ൧൯൨൯ നവമ്പർ ൨൭-നു-ആണ്. അതിനുശേഷം എസ്റ്റിമേററു തിരുത്താനുണ്ടായിരുന്നതുകൊണ്ടു രണ്ടാമതു് ൧൯൨൯ ജനുവരിയിൽ ഒരു റിപ്പോർട്ടു കിട്ടി. അതിനുശേഷം ചീഫ് എൻജിനീയരുടെ മറുപടിയും എസ്റ്റിമേററും വന്നിട്ടുണ്ട്. ആ അടങ്കൽ ഇപ്പോൾ അനുവദിക്കേണ്ട പതനത്തിൽ ഇരിക്കയാണ്. പ്രാവശ്യം അതിനെ തിരിയെ അയച്ചു. ചീഫ് എഞ്ചിനീയർക്ക് എസ്റ്റിമേററ് തയ്യാറാക്കുവാൻ എഴുതി അയച്ചു.

G. P. T.818. 150. 11-2-1108.

ചടയമംഗലം പകുതിയിലെ ചില ചിറകളെ സംബന്ധിച്ചുള്ള കയ്യേറ്റം.

൭൭. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും):— ൧. ചടയമംഗലം പകുതിയിൽ കോട്ടുകാൽ എന്ന സ്ഥലത്തു കണിയാൻകോണത്തു ചിറയിലും തോളത്തിൽ ചിറയിലും, സ്ഥലത്തുള്ള ചിലർ പ്രവേശിച്ചു കൃഷ ചെയ്തുവരുന്ന കാര്യം ഗവർന്മെന്റിനറിവുണ്ടോ?

൨. അങ്ങിനെ പ്രവേശിച്ചു കൃഷികൾ ചെയ്തുവരുന്നതിനെപ്പററി ഗവർന്മെന്റ എന്തു നടപടി നടത്തിയിട്ടുണ്ട്?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവർന്മെൻറ് സെക്രട്ടറി):

൧. ഉണ്ട്.

൨. ടി രണ്ടു ചിറകളിലും ഉണ്ടായിട്ടുള്ള പ്രവേശനം ഈയിട കണ്ടുപിടിക്കുകയും 'ലാൻഡ്കൺസേർവൻസി റഗുലേഷൻ' അനുസരിച്ചു പ്രവേശനക്കാരെ ഇറക്കുന്നതിനായി ഊർജ്ജിതമായ നടപടി നടത്തുകയും ചെയ്തുവരുന്നു.

സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളുടെ പട്ടിക.

൭൮. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും):

൧. ഇപ്പോഴത്തെ സാനിററി കമ്മീഷണർ ചാർജെടുത്തതിനുശേഷം ൧൧൦൭ ധനു ൧-ാംവരെ ൧൦ രൂപയും അതിൽ കവിഞ്ഞും ശമ്പളമുള്ള സ്ഥിരവും ടെമ്പററിയുമായ നിയമനങ്ങളെ പ്രത്യേകം ജാതിതിരിച്ചുകാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർന്മെൻറിനു ദയവുണ്ടാകുമോ?

൨. സാനിട്ടറി ഡിപ്പാർട്ടുമെൻറിൽ ൧൦ രൂപയും അതിൽ കൂടുതലും ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടികയും മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർന്മെൻറിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർന്മെൻറ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കാണിക്കുന്ന ൧-ം, ൨-ം പട്ടികകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.

മലയാളം പെൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപികമാർ

൭൯. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): (൧) ൧൧൦൫ മുതൽ ൧൧൦൭ വരെ ഉള്ള രണ്ടുകൊല്ലങ്ങളിൽ മലയാളം പെൺപള്ളിക്കൂടങ്ങളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപികമാരുടെ സംഖ്യ ജാതിതിരിച്ചുകാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവർന്മെൻറിനു ദയവുണ്ടാകുമോ?

(൨) മലയാളം പെൺപള്ളിക്കൂടങ്ങളിൽ ഇപ്പോൾ (൨൩-൭-൧൧൦൭) ഉള്ള, അദ്ധ്യാപികമാരുടെ എണ്ണം ജാതിതിരിച്ചുകാണിക്കുന്ന ഒരു പട്ടികയും മേശപ്പുറത്തുവയ്ക്കുന്നതിന് ഗവർന്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർന്മെൻറ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കാണിക്കുന്ന ൧-ം, ൨-ം പട്ടികകൾ മേശപ്പുറത്തു വച്ചിരിക്കുന്നു.

ഡഫേദാർമുതലായവരുടേയും പ്യൂൺമാരുടേയും പട്ടിക.

൮൦. മി: പി. എസ്. മഹമ്മദ് (ഗവർന്മെൻറു നിയമനം): ഡഫേദാർമാർമുതൽ ശിപായിമാർവരെ ഉള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യയും അതിൽ മഹമ്മദീയരുടെ എണ്ണവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർന്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർന്മെൻറ ചീഫ് സെക്രട്ടറി): അപ്രകാരം ഒരു പട്ടിക തയ്യാർ ചെയ്യുന്നതിനു ആവശ്യമുള്ള സമയത്തിനും ബുദ്ധിമുട്ടിനും അനുസരിച്ച പ്രയോജനം അതുകൊണ്ടുണ്ടാകുന്നതല്ലായ്കയാൽ, അതു തയ്യാർ ചെയ്യണമെന്ന് ഗവർന്മെൻറ വിചാരിക്കുന്നില്ല.

ആലപ്പുഴ, പെൺകുട്ടികൾക്കുള്ള ഗവർന്മെൻറ ഇംഗ്ലീഷ് മിഡിൽസ്കൂൾ.

൮൧. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെ പറയുന്ന സംഗതികൾക്കു ഗവർന്മെൻറ ദയവായി ഉത്തരം പറയുമോ,

(എ) ആലപ്പുഴ, പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് മിഡിൽസ്കൂൾ ഒരു ഫയർഗ്രേഡ് സെക്കണ്ടറിസ്കൂൾ ആയി ഉയർത്തണമെന്ന് കാണിച്ചു ആലപ്പുഴ നിവാസികൾ അയച്ചിട്ടുള്ള ഒരു ഹർജി ഗവർന്മെൻറിനു കിട്ടിയിട്ടുണ്ടോ?

(ബി) അങ്ങിനെ ഉണ്ടെങ്കിൽ അതേപ്പററി എന്തു് നടപടി നടത്തി? അതിൻെറ ഫലമെന്തു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർന്മെൻറ ചീഫ് സെക്രട്ടറി): (എ) ഉണ്ടു.

(ബി) ആലപ്പുഴ പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷുമിഡിൽസ്കൂളിൽ ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്നതിനെപ്പററി അന്വേഷണം നടത്തി. അന്വേഷണത്തിൽനിന്നും വ്യക്തമായതു ടി സ്കൂളിനെ ഉയർന്നതരമാക്കുന്നതിലേക്കുള്ള ആലോചനക്കു ഇപ്പോൾ കാലമായിട്ടില്ല എന്നാണ്.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (ബി)യിൽ പറഞ്ഞതനുസരിച്ചു ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനു ഉദ്ദേശം എത്ര കാലം വേണ്ടിവരുമെന്ന് അറിയിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർന്മെൻറ ചീഫ് സെക്രട്ടറി): 'കാലമായിട്ടില്ല' എന്നതുകൊണ്ടു വിവക്ഷിച്ചതു്, സ്കൂൾ ഉയർന്ന തരമാക്കപ്പെടുന്നതിനു മുമ്പായി, അതു സംബന്ധിച്ചു ധാരാളം ജോലികൾ ചെയ്യേണ്ടതായിട്ടുണ്ടെന്നാണ്. അതേപ്പററി ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഒന്നാമതു്, സ്കൂൾ വളപ്പിൽ വേണ്ടതായ സ്ഥലസൌകര്യമില്ലാത്തതു കൊണ്ടു്, വേണ്ടിവരുന്ന കൂടുതൽ സ്ഥലം പൊന്നുംവിലയ്ക്കെടുത്തു എടുക്കേണ്ടതായിട്ടുണ്ട്. പെൺകുട്ടികൾക്കുള്ള പ്രൈമറി സ്കൂൾ അവിടെ നിന്നും മാറേറണ്ടതായിട്ടുണ്ട്. ലാബർട്ടറിക്കും, സംഗീത ക്ലാസുകൾക്കും കൂടുതൽ കെട്ടിടങ്ങൾ ആവശ്യപ്പെടുന്നതാണ്. വേണ്ടിടത്തോളം കളിസ്ഥലങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഇവയെല്ലാററിനും പുറമേ, താരതമ്യേന പറയുന്നതായാൽ, പെൺകുട്ടികൾക്കായുള്ള ഹൈസ്കൂളുകൾ വേണമെന്നാവശ്യപ്പെടുന്ന സ്ഥലങ്ങൾ ആലപ്പുഴയല്ലാതെ വേറെയുമുണ്ട്.

മുതലക്കംപുഴയ്ക്കടുത്തു ഒരു ഡിസ്പെൻസറിയുടെ ആവശ്യകത:—

൩൨. മി: എസ്. ചിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): മുതലക്കംപുഴ ഭൂപ്രദേശം അടുത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പററിയുള്ള ആലോചന ഇപ്പോൾ (൧-൧൨-൧൧൨൯) ഏതു നിലയിൽ ഇരിക്കുന്നുവെന്ന ഗവൺമെൻറ ദയവായി പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): പുത്തൻതോപ്പ് എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതിനെപ്പററി ഗവൺമെൻറ ആലോചിച്ചിരിക്കുകയാണ്. മുതലക്കംപുഴ, പുത്തൻതോപ്പിനു വളരെ അടുത്താകയാൽ മുതലക്കംപുഴയിൽ ഒരു പ്രത്യേക ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണ് മെഡിക്കൽ ബോർഡധികൃതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. വർഷം തോറും ഏതാനും ഡിസ്പെൻസറികൾ പുതുതായി സ്ഥാപിക്കുന്നതിനായി ആവശ്യത്തിൻെറ ഗൌരവം അനുസരിച്ചു സ്ഥലങ്ങൾ നിർദ്ദേശിച്ചുകൊണ്ടു ഒരു പദ്ധതി അഥവാ പ്രോഗ്രാം തയ്യാർ ചെയ്യുന്നതിനു ഗവൺമെൻറ മെഡിക്കൽ ബോർഡു അധികൃതന്മാരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

ഉഴവൂർ-കട്ടപ്പുറത്തി റോഡു നന്നാക്കൽ.

൩൩. മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): താഴെ പറയുന്ന സംഗതികൾക്കു ഗവൺമെൻറ ദയവായി മറുപടി പറയുമോ?

(എ) ഉഴവൂർ കട്ടപ്പുറത്തി റോഡിൻെറ ഈക്കൊല്ലത്തെ (൧൧൨൯) അററകുററപ്പണികൾക്കു ഗവൺമെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള തുക.

(ബി) ഈ തുക ചെലവു ചെയ്തിട്ടുണ്ടോ? അററകുററപ്പണികൾ ചെയ്തു തീർത്തുവോ?

(സി) ഇപ്പോൾ (൩൧-൫-൧൧൨൯) മോട്ടോർ വാഹനങ്ങൾ ഉഴവൂർ-കട്ടപ്പുറത്തി റോഡിൽക്കൂടി ഓടിക്കൊണ്ടിരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എത്ര?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവൺമെൻറ സെക്രട്ടറി): (എ) ൩൫൦ രൂപാ,

(ബി) ൧൧൨൯ ഇടവം അവസാനം വരെ ൧൭൧ രൂപാ ചെലവു ചെയ്തിട്ടുണ്ട്. വർഷാവസാനത്തിനകം ബാക്കി തുകയും ചെലവു ചെയ്യുന്നതാണ്.

(സി) ഇല്ലാ.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): (സി) അവിടെ ഇപ്പോൾ ബസ് സർവീസ് ഇല്ലാതിരിക്കുന്നതിനു കാരണമെന്തെന്നു പറയാമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവൺമെൻറ സെക്രട്ടറി): അതു ൧-ാം ക്ലാസ് റോഡല്ല. വേഗം പോകുന്ന വാഹനങ്ങൾ സാധാരണ ൩-ാം ക്ലാസ് റോഡിൽ വിടുന്നതിനു അസൌകര്യമുണ്ട്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): ഈ വർഷത്തിൽ തന്നെ അവിടെ ഒന്നിലധികം മോട്ടോർ വാഹനങ്ങൾ അപകടത്തോടുകൂടി നടന്നു വരുന്നു എന്നറിയാമോ?

മി: പി. എൻ. കുഞ്ഞുപിള്ള (ഗവൺമെൻറ സെക്രട്ടറി): അറിഞ്ഞുകൂടാ.

ആററിങ്ങൽ നഗരസഭാ പ്രസിഡൻറ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ ആവശ്യപ്പെടുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) ആററിങ്ങൽ മുനിസിപ്പൽ കൌൺസിലിൽ കുറെ കാലത്തേക്കു ഒരു അനുദ്യോഗസ്ഥപ്രസിഡൻറ ഉണ്ടായിരുന്നുവോ?

(ബി) ആററിങ്ങൽ മുനിസിപ്പൽ കൌൺസിലിൽ ഒരു അനുദ്യോഗസ്ഥ പ്രസിഡൻറ ഉണ്ടായിരുന്നിട്ടു എത്ര കാലമായി.

(സി) മുനിസിപ്പൽ റെഗുലേഷനിലെ അഥവാ ആ റെഗുലേഷൻ പ്രകാരം പാസ്സാക്കിയിട്ടുള്ള ചട്ടങ്ങളിലെ ഏതു വകുപ്പനുസരിച്ചാണ് ആററിങ്ങൽ നഗരസഭാ പ്രസിഡൻറായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതു്?

(ഡി) ഉദ്യോഗസ്ഥ പ്രസിഡൻറന്മാരെ തുടർച്ചയായി വച്ചുകൊണ്ടിരിക്കുന്നതിനെപ്പററി പ്രതിഷേധിച്ചു വല്ല പരാതികളും ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പററി എന്തു നടപടി നടത്തിയിട്ടുണ്ട്?

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) മുനിസിപ്പാലിററിയിൽ ഇപ്പോൾ ഒരു അനുദ്യോഗസ്ഥ പ്രസിഡൻറല്ല ഉള്ളതു്.

(സി) ൧൦൯൬-ലെ ൪-ാം റെഗുലേഷനായ മുനിസിപ്പൽ റെഗുലേഷൻ ൧൫-ാം വകുപ്പു ൩-ാം ഉപവകുപ്പു പ്രകാരം ഗവൺമെൻറിനുള്ള അധികാരങ്ങളെ ആസ്പദമാക്കി ഒരു ഉദ്യോഗസ്ഥ പ്രസിഡൻറിനെ ഗവൺമെൻറ നിയമിച്ചിട്ടുണ്ട്.

(ഡി) മുനിസിപ്പാലിററിയിൽ ഒരു അനുദ്യോഗസ്ഥനെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടണമെന്ന വസ്തുതയെപ്പററി ശ്രീമൂലം പ്രജാസഭയുടെ കഴിഞ്ഞ യോഗത്തിൽ ഒരു നിവേദനം ഉണ്ടായിട്ടുണ്ട്. മുനിസിപ്പാലിററിക്കു പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനു പ്രാപ്തിയുള്ള വിധത്തിൽ അതിൻെറ സ്ഥിതി മെച്ചപ്പെട്ടാൽ അതിലേക്കുള്ള അവകാശം നൽകപ്പെടുന്നതാണെന്നാണ് ടി മെമ്പറിനോടു മറുപടി പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ ചോദ്യത്തിലെ (ബി) ഭാഗത്തിനു മറുപടി എന്താണെന്നു അറിയിക്കാമോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): ഉത്തരം അതിൽ അടങ്ങിയിട്ടുണ്ട്. "ആററിങ്ങൽ മുനിസിപ്പൽ കൌൺസിലിൽ ഒരു അനുദ്യോഗസ്ഥ പ്രസിഡൻറ ഉണ്ടായിട്ട് എത്ര കാലമായി" എന്നാണ് ചോദ്യം. ഇപ്പോൾ അവിടെ ഒരു അനുദ്യോഗസ്ഥപ്രസിഡൻറില്ലാതിരിക്കുന്നതു കൊണ്ടു, ആ വിവരം നൽകേണ്ടതില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ആററിങ്ങൽ മുനിസിപ്പൽ കൌൺസിലിൽ ഒരു അനുദ്യോഗസ്ഥ പ്രസിഡൻറ ഉണ്ടായിട്ടു എത്ര കാലമായി എന്നാണ് എൻെറ ചോദ്യം 'ഉണ്ടായിട്ട്' എന്നാണ് ചോദ്യം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): 'ഉണ്ടായിട്ട്, എന്നതു കൊണ്ടു അർത്ഥമാകുന്നതു്, കൌൺസിലിൽ ഇപ്പോൾ ഒരു അനൌദ്യോഗസ്ഥപ്രസിഡൻറാണ് ഉള്ളതെന്നാണ്. എന്നാൽ ഇപ്പോൾ ഉള്ളതു ഒരു ഉദ്യോഗസ്ഥപ്രസിഡൻറാണ്. അതു കൊണ്ടാണ് അതിനെ നിഷേധാർത്ഥത്തിൽ മറുപടി പറഞ്ഞതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആററിങ്ങൽ മുനിസിപ്പാലിററിയിൽ അനൌദ്യോഗസ്ഥ പ്രസിഡൻറു എത്ര കാലത്തേക്കു ഉണ്ടായിരുന്നുവെന്നു മെമ്പർ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): ൧൯൨൭ മാർച്ചു മാസം വരെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ ചോദ്യത്തിലെ (ഡി) ഭാഗത്തെ ആസ്പദമാക്കി, പൊതുജനനന്മക്കു ബാധകമായ ഏതു കാരണങ്ങളാണ് അനൌദ്യോഗസ്ഥപ്രസിഡൻറിൻെറ സ്ഥാനത്തു ഉദ്യോഗസ്ഥ പ്രസിഡൻറിനെ നിയമിക്കുന്നതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ചിട്ടുള്ളതെന്നു മെമ്പർ അറിയിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): മുനിസിപ്പൽ കൌൺസിൽ മെമ്പറന്മാരും അനൌദ്യോഗസ്ഥ പ്രസിഡൻറുമായി മത്സരങ്ങൾ നടന്നിരുന്നു. അവർ തമ്മിൽ സ്വരച്ചേർച്ച ഉണ്ടായിരുന്നില്ല. പ്രസിഡൻറിൻെറ ഭരണം തൃപ്തികരമല്ലാതിരിക്കുകയാൽ കാര്യങ്ങൾ വഷളായിത്തുടങ്ങുകയും തന്മൂലം ൧൧൦൦ വൃശ്ചികത്തിൽ മുനിസിപ്പൽ ആഫീസിനു തീ വക്കുകയും റിക്കാർഡുകൾ അധികഭാഗവും നശിപ്പെടുകയും ചെയ്തു. ഏറെ താമസിയാതെ, അതായതു ൧൧൦൦ മകരത്തിൽ അക്കൌണ്ടാഫീസർ മുനിസിപ്പൽ ആഫീസ് പരിശോധിക്കുകയും, ൧൦൦൦ രൂപായോളം പൊതുമുതലിൽ കുറവു കാണുകയും ചെയ്തു. ഗൌരവമേറിയ മററു കുഴപ്പങ്ങളും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ കാര്യങ്ങളെപ്പററി ഗവൺമെൻറു ആലോചിക്കുകയും കൌൺസിൽ നിവൃത്തൽ ചെയ്യുന്നതിനുള്ള ഗവൺമെൻറുത്തരവുകൾ പാസ്സാക്കണമെന്നു നിശ്ചയിച്ചപ്പോൾ അനൌദ്യോഗസ്ഥപ്രസിഡൻറു സ്വന്തമനസ്സാലെ ജോലി രാജിവക്കുകയും ചെയ്തു. ആ രാജി സ്വീകരിച്ചു ഒരു ഉദ്യോഗസ്ഥപ്രസിഡൻറിനെ നിയമിക്കുകയാണ ചെയ്തിട്ടുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുൻസിപ്പൽ കൌൺസിലിൻെറ ഭരണം ഒരു പ്രത്യേക പ്രസിഡൻറിൻെറ അധീനതയിൽ ഇരുന്നപ്പോഴാണോ അതോ, പല അനൌദ്യോഗസ്ഥ പ്രസിഡൻറന്മാരുടെ കാലത്താണോ ഈ ക്രമക്കേടുകൾ നടന്നിട്ടുള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): ഞാൻ ഈ പറഞ്ഞ സംഗതികൾ നടന്നതു് ഈ അനൌദ്യോഗസ്ഥ പ്രസിഡൻറിൻെറ കാലത്താണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുൻസിപ്പൽ കൌൺസിലിനു അനൌദ്യോഗസ്ഥ പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനു, അർഹതയില്ലെന്നു പറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു മെമ്പർ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): കൌൺസിലിൻെറ സ്ഥിതികളുടെ നില ഭേദപ്പെട്ടിട്ടില്ലെന്നാണ ഗവൺമെൻറിൻെറ ബോദ്ധ്യം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രത്യേക പ്രസിഡൻറിൻെറ കാലത്തു കൌൺസിലിൽ ഏതാനും കുഴപ്പങ്ങൾ ഉണ്ടായതു, മേലാലും കൌൺസിലിലേക്കു ഒരു അനൌദ്യോഗസ്ഥ പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിന് സമ്മതിദായകന്മാരെ അയോഗ്യരാക്കിത്തീർക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): എന്നതേക്കരില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പാലിററിയിൽ ഒരു അനൌദ്യോഗസ്ഥ പ്രസിഡൻറ് ആയിരിക്കുന്നതിനെപ്പററിയുള്ള ആലോചനക്ക് ഇപ്പോൾ പ്രതിബന്ധങ്ങളായി നില്ക്കുന്ന കാരണങ്ങൾ ഏവ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഒരു അനൌദ്യോഗസ്ഥ പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം അനുവദിക്കത്തക്ക വിധത്തിൽ ഉറപ്പു കിട്ടത്തക്കവിധം, സ്ഥിതിഗതികളുടെ നില ഭേദപ്പെട്ടിട്ടുണ്ടെന്ന് ഗവൺമെൻറിന് ബോദ്ധ്യം വന്നിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു അടിസ്ഥാനത്തിന്മേലാണ് ഈ പ്രസ്താവന നടത്തിയതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഗവൺമെൻറിൻെറ അഭിപ്രായം അതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനിടയിൽ രണ്ടു ഉദ്യോഗസ്ഥ പ്രസിഡൻറന്മാർ മുനിസിപ്പാലിററിയുടെ ഭരണം നടത്തിയിട്ടും അതിൻെറ സ്ഥിതിഗതികൾ ഗവൺമെൻറിനു തൃപ്തികരമാകും വണ്ണം ഭേദപ്പെട്ടിട്ടില്ലെന്നുള്ള അഭിപ്രായപ്രകടനത്തിന് നിദാനമായിട്ടുള്ളതെന്തെന്നറിയിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): അതു് ഗവൺമെൻറിൻെറ അഭിപ്രായമാണ്, ആററിങ്ങൽ മുൻസിപ്പാലിററിയിൽ ഉണ്ടായ ചില കുഴപ്പങ്ങളെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു, സ്ഥിതികൾ കാണത്തക്കവിധം ഭേദപ്പെട്ടിട്ടില്ലാത്തതും, വീണ്ടും ഒരു അനൌദ്യോഗസ്ഥ പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശമനുവദിക്കുന്നതിനെ ന്യായീകരിക്കുന്നതിനു വേണ്ടവിധം സ്ഥിതികൾ ഭേദപ്പെട്ടുവരുന്നതുവരെ ഗവൺമെൻറ് നോക്കിക്കൊണ്ടിരിക്കയും ആകുന്നു.

നാഗരുകോവിൽ, കല്‍ക്കുളം, എന്നീ മുനിസിപ്പാലിററികളിലെ അധഃകൃതജീവനക്കാർ:...

൯൭. മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): നാഗർകോവിൽ, കല്‍ക്കുളം, എന്നീ മുനിസിപ്പാലിററികളിൽ ഇപ്പോൾ (൧൧൦൯-൭-൩൦) ജോലിയിൽ ഇരിക്കുന്ന അധഃകൃതവർഗ്ഗത്തിൽപ്പെട്ട ഓവർസീയർമാർ, മേസ്ത്രികൾ, പ്യൂൺമാർ ഇവരുടെ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിന് ഗവൺമെൻറിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറ ചീഫ് സെക്രട്ടറി) : മെംബർ ആവശ്യപ്പെട്ടതായ പട്ടിക മേശപ്പുറത്തുവച്ചിരിക്കുന്നു.

നാഗർകോവിൽ അധഃകൃതരുടെ കക്കൂസുകൾ

൯൭. മി: കെ. മാധവൻ (ഗവമ്മെൻറ നിയമനം) : അധഃകൃതരുടെ ഉപയോഗത്തിനായി നാഗർകോവിൽ മുനിസിപ്പാലിററി ഇതുവരെ (൧൧൦൯-൭-൩൦) ഏതെങ്കിലും പബ്ലിക് കക്കൂസുകൾ ഉണ്ടാക്കീട്ടുണ്ടോ എന്നു ഗവമ്മെൻറ ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറ ചീഫ് സെക്രട്ടറി) : അധഃകൃതരുടെ പ്രത്യേക ഉപയോഗത്തിനു മാത്രമായി, മുനിസിപ്പാലിററി, കക്കൂസുകൾ ഒന്നും തന്നെ ഉണ്ടാക്കിയിട്ടില്ല. എന്നാൽ അവിടെ അധഃകൃതവർഗ്ഗക്കാരും സമുദായങ്ങളും ഉൾപ്പെടെ സകലക്കും ഉപയോഗിക്കത്തക്ക വിധത്തിൽ പതിനഞ്ചു കക്കൂസുകൾ ഇപ്പോൾ ഉണ്ട്.

അതിരപ്പള്ളിച്ചിറ.

൯൮. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) : താഴെ ആവശ്യപ്പെടുന്ന സംഗതികൾ ഗവമ്മെൻറ ദയവായി പറയുമോ?

(എ) അതിരപ്പള്ളിയിൽ ജനസംരക്ഷണത്തിനായി ഒരു ചിറകെട്ടുന്നതിനെപ്പററി 'ധനപരിപോഷണസഭ ഗവമ്മെൻറിനോടു ശുപാർശ ചെയ്തിട്ടുണ്ടോ?

(ബി) ഉത്തരം അനുകൂലാർത്ഥത്തിലാണെങ്കിൽ, അക്കാര്യത്തിലേക്കു ഗവമ്മെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറ സെക്രട്ടറി) : (എ) ഉത്തരം അനുകൂലാർത്ഥത്തിലാണ്.

(ബി) ആ കാര്യം ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

ആലപ്പുഴപ്പട്ടണത്തിലെ റോഡുകളുടെ സ്ഥിതി:—

൯൯. മി: പി. എസ്. മഹമ്മദ് (ഗവമ്മെൻറ നിയമനം) : താഴെ ആവശ്യപ്പെടുന്ന കാര്യങ്ങൾ ഗവമ്മെൻറ് ദയവായി പറയുമോ?

(എ) ആലപ്പുഴ പട്ടണത്തിലുള്ള റോഡുകൾ പൊതു മരാമത്തു ഡിപ്പാർട്ടുമെൻറിലേക്ക് വിട്ടുകൊടുത്തിട്ടുണ്ടോ?

(ബി) റോഡുകളുടെ തൽക്കാലികസ്ഥിതിയെപ്പററി പൊതു മരാമത്തു ഡിപ്പാർട്ടുമെൻറ് വിവരമായി മനസ്സിലാക്കിയിട്ടുണ്ടോ?

(സി) റോഡുകൾ നല്ല സ്ഥിതിയിൽ ഇരിക്കുന്നുവോ?

(ഡി) അല്ലെങ്കിൽ റോഡുകൾ ശരിയായനിലയിൽ ആക്കുന്നതിനു ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറ സെക്രട്ടറി) : (എ) ൟ (ബി) ൟ ഉണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധപതിപ്പിക്കുന്നതാണ്

ഹൈക്കോടതിയിൽ നിയമിച്ചിട്ടുള്ള സ്ത്രീകൾ:—

൯൯ മി: തരിയതു് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ഇപ്പോൾ (൧൧൦൯-൭-൩൦) ഹൈക്കോടതിയിൽ നിയമിച്ചിട്ടുള്ള സ്ത്രീകളുടെ പരീക്ഷായോഗ്യതകളും ജാതിവിവരവും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വക്കുന്നതിന് ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമ്മെൻറ സെക്രട്ടറി) :

പ്രോട്ടസ്റ്റൻറ് ക്രിസ്ത്യൻ.	൧	ഗ്രാഡുവേററ്.
നായർ	൧	ഗ്രാഡുവേററ്.
ബ്രാഹ്മണൻ	൧	പരീക്ഷായോഗ്യതകളിൽ നിന്നും ഒഴിവാക്കിയതു്.

പള്ളിക്കൂടം ഇൻസ്പെക്ടർമാരിൽ,—ഈഴവരും മഹമ്മദീയരും:—

൧൦൦ മി: തരിയതു് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : പള്ളിക്കൂടം ഇൻസ്പെക്ടർമാരായി എത്ര ഈഴവരും മഹമ്മദീയരും ഉണ്ടെന്നു് ഗവമ്മെൻറ് ദയവായിപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറ് ചീഫ് സെക്രട്ടറി) : ഈഴവർ ഇല്ല.

. മഹമ്മദീയർ—൧

തച്ചോട്ടുകാവിൽനിന്നും പാപ്പനംകോട്ട് കോട്ടൂർ റോഡിലേക്കുള്ള റോഡ്:—

൧൦൧ മി: എൻ. കെ കൃഷ്ണപിള്ള (നെയ്യാററിൻകര) : താഴെപറയുന്ന സംഗതികൾ ഗവമ്മെൻറിനറിയാമോ?

(എ). തച്ചോട്ടുകാവിൽനിന്നും പാപ്പനംകോട്-കോട്ടൂർ റോഡിൽ പ്രധാനമായിലേക്ക് വണ്ടി പോകത്തക്ക വിധത്തിലുള്ള ഒരു റോഡ് ഇല്ലാത്തതു നിമിത്തം നെയ്യാററിൻകര താലൂക്കിലുള്ള വിളപ്പിൽ, പേയാട്, ചെവ്വല്ലൂർ, കാരോട്, മേപ്പുകാവു്, കരിപ്പൂമുട്ടം, പുഴാററുകോട്ട എന്നീ സ്ഥലനിവാസികൾ അനുഭവിക്കുന്ന സങ്കടങ്ങൾ;

(ബി) ടി ജനങ്ങൾ വളരെ ബുദ്ധിമുട്ടിയും സ്വന്ത പണച്ചിലവു ചെയ്തു മേൽപറഞ്ഞ റോഡിൻെറ ഏകദേശം പകുതി ദൂരത്തോളം വഴിനന്നാക്കത്തക്കവിധം സൌകര്യമുള്ളതാക്കിതീർത്തിട്ടുള്ള വിവരം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറ സെക്രട്ടറി). (എ) പ്രസ്തുത റോഡിനെപ്പററി പരാതികൾ ഒന്നും കിട്ടിയിട്ടില്ല.

(ബി) വണ്ടികൾ കൊണ്ടുപോകത്തക്ക വിധം റോഡിന്റെ ഒന്നാം മൈൽ ദൂരം കടന്നു പോകുന്ന ഏകദേശം ൮ അടി വിസ്താരമുള്ളതും വെള്ളം ഒലിച്ചുകൊണ്ടിരിക്കുന്നതുമായ സ്ഥലത്തു് അവിടവിടെയായി മണ്ണിട്ടു ജനങ്ങൾ കുറെ ജോലിചെയ്തു തീർത്തിട്ടുണ്ടു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ചോദ്യത്തിന്റെ (ബി) ഭാഗം ആസ്പദമാക്കി അങ്ങിനെ നടക്കത്തക്കവിധം ഉണ്ടാക്കിയിട്ടുള്ള ആ പാതയുടെ ശരിയായ നീളം എത്രയാണെന്നു് അറിയിക്കാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതിനു് ഏകദേശം മൂന്നു മൈൽ നീളംവരും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): അതിന്റെ മുഴുവൻ ദൂരവും വണ്ടിപോകത്തക്കവിധം സൗകര്യമുള്ളതാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അല്ല; ജനങ്ങൾ അവിടവിടെ മണ്ണിട്ടു നന്നാക്കിയിട്ടുള്ള ആ പാതയുടെ ഒന്നാം മൈൽ ദൂരം ഒഴിച്ചു് മറ്റുള്ളിടം വണ്ടികൾ പോകത്തക്കവിധം സൗകര്യമുള്ളതല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഞാൻ അയച്ചിരുന്ന ചോദ്യമനുസരിച്ചു് ഏതെങ്കിലും പൊതുമരാമത്തു് ഡിപ്പാർട്ടുമെന്റു ഉദ്യോഗസ്ഥൻ സ്ഥലത്തു് ചെന്നു് പരിശോധിക്കുകയുണ്ടായോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ഈ ചോദ്യം അനുസരിച്ചു ഏതെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ എന്നുള്ള വിവരം ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഇപ്പോൾ പറഞ്ഞതായ വിവരം എന്തിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു് ചീഫ് എൻജിനീയരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണു്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): എന്നാണു് ആ റിപ്പോർട്ടു അയച്ചിട്ടുള്ളതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): റിപ്പോർട്ടുചെയ്തതു് ൨൮-൭-൩൦-ലും ഇവിടെ കിട്ടിയിട്ടുള്ളതു ൩൦-൭-൩൦-ലും ആകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ആ വഴി വണ്ടികൾ പോകത്തക്കവിധം വീതികൂട്ടുന്നതിനു ചീഫ് എൻജിനീയർ ശുപാർശചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): വീതികൂട്ടുന്നതിനു് വേണ്ടിടത്തോളം സ്ഥലം പൊന്നുംവിലകൂടാതെ ജനങ്ങൾ വിട്ടുകൊടുക്കുന്നപക്ഷം, ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണെന്നു ചീഫ് എൻജിനീയർ പറയുന്നു.

നെയ്യാറ്റിങ്കര-മൂലയിൽകോണം റോഡിന്റെ സ്ഥിതി—

൭൨. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (൧) താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റിനു് അറിയാമോ?

(എ) നെയ്യാറ്റിങ്കര-മൂലയിൽകോണം റോഡിന്റെ വളരെ നികൃഷ്ടവും സങ്കടകരവും ആയ സ്ഥിതിയും; അതു് റിപ്പയർചെയ്യുന്നതിനുള്ള അനവധി ജനങ്ങളുടെ അപേക്ഷയും.

(ബി) ഈ റോഡു നെയ്യാറ്റിങ്കര താലൂക്കിന്റെ പ്രധാന സ്ഥലത്തുള്ള പബ്ലിക്ക് ആഫീസുകളിലേക്കും കച്ചേരികളിലേക്കും പോകുന്നതിനു വലിയ ജനവിഭാഗം ഉപയോഗിച്ചുവരുന്നതാണു്.

(സി) ഈ റോഡു റിപ്പയർ ചെയ്യുന്നതിനു് പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു എന്തെങ്കിലും ശുപാർശ ചെയ്തിട്ടുണ്ടോ എന്നും, അപ്രകാരം ഉണ്ടെങ്കിൽ അതേപ്പറ്റി എന്തുനടപടി നടത്തി എന്നും ഗവണ്മെന്റു ദയവായിപറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): (൧) (എ) അറ്റകുറ്റപ്പണികൾക്കിപ്പോൾ അനുവദിച്ചിട്ടുള്ള തുകകൊണ്ടു് കഴിയുന്നവിധം ആ റോഡ് നന്നാക്കിയിട്ടുണ്ടു് അതു് റിപ്പയർ ചെയ്യുന്നതിനു ജനങ്ങൾ അഭ്യർത്ഥനകൾ നടത്തിയിട്ടുണ്ടു്.

(ബി) അതേ

സി. ഇല്ലാ

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ൧-ാം ഭാഗം ചോദ്യത്തിനുത്തരമായി അതു റിപ്പയർ ചെയ്യുന്നതിനു് അപേക്ഷകൾ അയച്ചിട്ടുണ്ടു് എന്നാണു് ആദ്യമായി അപേക്ഷിച്ചിട്ടുള്ളതു് എന്നാണെന്നു് അറിയിക്കാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരം ഇപ്പോൾ അറിയിക്കുന്നതിനു സാധിക്കയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): തന്നതായ ഉത്തരത്തിൽ നിന്നും അപേക്ഷകൾ ഉണ്ടായിട്ടുണ്ടെന്നു് കാണുന്നു അതിനു് എന്തെങ്കിലും അടിസ്ഥാനമുണ്ടായിരിക്കണം. അതുകൊണ്ടു ആദ്യമായി അപേക്ഷിച്ചിട്ടുള്ളതു് എന്നാണെന്നു് എനിക്കറിയണമെന്നുണ്ടു്.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): വ്യക്തമായിട്ടു അറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര) ചോദ്യത്തിന്റെ രണ്ടാം ഭാഗത്തിനു ഉത്തരം 'ഇല്ല' എന്നാണു് പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ശുപാർശചെയ്തിട്ടുണ്ടു് എന്നും അതേപ്പറ്റി ഗവണ്മെന്റു യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നും ആണോ അതിൽനിന്നും മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി)' ഗവണ്മെന്റിനോട്ടു് ശുപാർശചെയ്തിട്ടില്ല.

പെരുവിന്തുർ നടകാണിറോഡ്.

൮൩. മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) ൧൧൦൪-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള പെരുവിന്തുർ നടകാണിറോഡിനെപ്പററി താഴെ ആവശ്യപ്പെടുന്ന സംഗതികൾ ഗവൺമെൻറ ദയവായിപറയുമോ?

(എ) ൧൧൦൪ മിഥുനം ൩൧-ാംനു-വരെ റോഡ് എത്രത്തോളം പണി തീർത്തിട്ടുണ്ടെന്ന്.

(ബി) ഇപ്പോഴും (൧൯-൮-൩൦)ജോലി നടന്നുകൊണ്ടിരിക്കുന്നുണ്ടോ?

(സി) അതിലേക്ക് ചെലവു ചെയ്തിട്ടുള്ളതുക.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): (എ) റോഡു കടന്നുപോകേണ്ടസ്ഥലം ഉടമസ്ഥന്മാരിൽ ചിലർ വിലയൊന്നും കൂടാതെ ആവശ്യമുള്ള സ്ഥലം വിട്ടുകൊടുക്കുന്നതിനു സന്നദ്ധരല്ലെന്നു ഡിവിഷനാപ്പീസർ റിപ്പോർട്ടുചെയ്തിട്ടുള്ളതു്. അതുകൊണ്ടു റോഡുനന്നാക്കേണ്ടകാര്യം റോഡുബോർഡിനെ അറിയിക്കുകയും ടി ബോർഡു വേലതുടങ്ങുന്നതിനായി ഇപ്പോൾ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിലേക്ക് ൧൧൦൫-ലെ ബഡ്ജറ്റിൽ ൧൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട് അടങ്കൽ തയ്യാർ ചെയ്തു അത് അനുവദിച്ചതിന്റെ ശേഷം ജോലിതുടങ്ങുന്നതാണ്.

(ബി)-യും (സി)യും ചോദ്യഭാഗം (എ)-ൽ ഉത്തരം നൽകിയതിൽ നിന്നു ഇതുകൾക്കു ഉത്തരം പറയേണ്ട ആവശ്യമില്ല.

അനുബന്ധം ൪ (എ)

൪൯-ാം ചോദ്യത്തിന്റെ ഉത്തരംനോക്കുക:—

ഇപ്പോഴത്തെ സാനിറററികമ്മീഷണർ ചാർജെടുത്തതിനു ശേഷം ൧൧൦൪ ധനു ൧-ാംനു- വരെ, ൧൪-ം അതിൽ കൂടുതലും രൂപ ശമ്പളമുള്ള സ്ഥിരവും ടെമ്പററിയുമായ നിയമനങ്ങളുടെ ജാതിതിരിച്ചു കാണിക്കുന്ന ഒരുപട്ടിക.

ജാതി	സ്ഥിരം		ടെമ്പററി
൧. ഹിന്ദുക്കൾ			...
മലയാളബ്രാഹ്മണർ	...		൯
മററുബ്രാഹ്മണർ	...		൧
ഈഴവർ	൧		...
കമ്മാളർ	൧		...
മലയാളക്ഷത്രിയർ	...		൮
നായർ	൧൪		...
വെള്ളാളർ	...		൧
മററുഹിന്ദുക്കൾ	൪		൧
൨. മഹമ്മദീയർ	൧		
൩. ക്രിസ്ത്യാനികൾ			...
പ്രൊട്ടസ്റ്റൻറുകാർ	...		
റോമൻകത്തോലിക്കർ-ലത്തീൻകാർ	൧	)	
സിറിയൻകാർ	൧	)	
സുറിയാനികൾ-യാക്കോബായക്കാർ	൨	) ൧൦	
മാർത്തോമാക്കാർ	൪	)	
ഇംഗ്ലീഷ് ചർച്ചുകാർ	൨		
ആകെ	൩൧	൨൯	

അനുബന്ധം ൪ (ബി)

൪൯-ാംചോദ്യത്തിന്റെ ഉത്തരംനോക്കുക.

സാനിറററി ഡിപ്പാർട്ടുമെൻറിൽ ൧൪-ം അതിൽകൂടുതലും രൂപശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചു കാണിക്കുന്ന ഒരു പട്ടിക:—

൧. ഹിന്ദുക്കൾ		
മലയാളബ്രാഹ്മണർ	...	...
മററുബ്രാഹ്മണർ	...	൩൨
മലയാളക്ഷത്രിയർ	...	൧
വെള്ളാളർ	....	൨
നായർ	...	൮൯
ഈഴവർ	...	൨
കമ്മാളർ	...	൨
മററുഹിന്ദുക്കൾ	...	൧൫
൨. മഹമ്മദീയർ	...	൩
൩. ക്രിസ്ത്യാനികൾ		
പ്രൊട്ടസ്റ്റൻറുകാർ	...	൩
റോമൻകത്തോലിക്കർ-ലത്തീൻകാർ	...	൩
സിറിയൻകാർ	...	൧
സുറിയാനികൾ-യാക്കോബായക്കാർ	...	൯
മാർത്തോമാക്കാർ	...	൨൩
ഇംഗ്ലീഷ് ചർച്ചുകാർ	...	൯
ആകെ		൧൯൪

അനുബന്ധം. ൬.

൫൯-ാം ചോദ്യത്തിന്റെ ഉത്തരം നോക്കുക:—

൧൧൦൩-ം ൧൧൦൪-ം കൊല്ലങ്ങൾക്ക് ഇടയ്ക്ക് നിയമിച്ചിട്ടുള്ള മലയാളം പെൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപികമാരുടേയും, മലയാളം പെൺപള്ളിക്കൂടങ്ങളിൽ ഇപ്പോൾ ഉള്ള അദ്ധ്യാപികമാരുടേയും ജാതിതിരിച്ചു കാണിക്കുന്ന ഒരു പട്ടിക.

ജാതി	പകരം നിയമനങ്ങൾ		സ്ഥിരനിയമനങ്ങൾ		മലയാളം പെൺ പള്ളിക്കൂടങ്ങളിലിപ്പോഴുള്ള അദ്ധ്യാപികമാരെ ജാതി തിരിച്ചുകാണിക്കുന്നത്.
	൧൧൦൩	൧൧൦൪	൧൧൦൩	൧൧൦൪	
൧. ഹിന്ദുക്കൾ					
൧. മലയാളബ്രാഹ്മണർ	...	...	...	...	൧
൨. മററു ബ്രാഹ്മണർ	...	൧	൧	...	൧൩
൩. നാടാന്മാർ	൧	...	൪	൨	൯
൪. ഈഴവർ	൧൦	൧൩	൬	൧൦	൧൧൬
൫. കമ്മാളർ	൧	൧	൧	൧	൧൪
൬. ക്ഷത്രിയർ	...	...	...	...	...
൭. നായർ	൪൯	൪൯	൧൭	൩൩	൮൩൬
൮. പുലയർ	...	...	൩	൧	൪
൯. മററു അധഃകൃത വർഗ്ഗക്കാർ.	...	൫	...	...	...
൧൦. വെള്ളാളർ	൨	...	...	...	൧൮
൧൧. മററു ഹിന്ദുക്കൾ	൨	൩	൫	൩	൪൬
൨. മഹമ്മദീയർ	...	൧	...	...	൪
൩. ക്രിസ്ത്യാനികൾ	...	....	...	...	...
൧, പ്രൊട്ടസ്റ്റന്റുകാർ	൬	൬	൫	൧൧	൧൫൧
൨. റോമൻകത്തോലിക്കർ					
(എ) ലത്തീൻകാർ.	൧	൪	൩	൪	൨൫
(ബി) സുറിയൻകാർ.	...	...	൧	...	൧൦൩
൩. സുറിയാനികൾ.					
(എ) യാക്കോബായക്കാർ.	൪	൧൬	൪	൧൧	൧൫൭
(ബി) മാർത്തോമ്മാക്കാർ.	൪	൨	൮	൧൩	൧൩൫
ഇംഗ്ലീഷ് ചർച്ചുകാർ.	...	...	...	...	...
൪. മററുള്ളവർ.	...	...	...	...	൩
ആകെ	൮൦	൧൦൧	൫൮	൯൧	൧,൬൩൫

അനുബന്ധം ൭

൬൫-ാം ചോദ്യത്തിന്റെ ഉത്തരം നോക്കുക.

നാഗർകോവിൽ, ചെങ്കോട്ട, ഈ മുൻസിപ്പാലിററികളിൽ അധഃകൃതവർഗ്ഗക്കാരിൽ നിന്നും നിയമിച്ചിട്ടുള്ള ഓവർസീയർമാർ, മേസ്ത്രികൾ, പ്യൂൺമാർ ഇവരുടെ പട്ടിക.

	നാഗർകോവിൽ	ചെങ്കോട്ട
ഓവർസീയർമാർ	...	...
മേസ്ത്രികൾ	...	...
പ്യൂൺമാർ	[illegible]	...

കുറിപ്പ്:- ചെങ്കോട്ട, നാഗർകോവിൽ, ഈ മുനിസിപ്പാലിററികളിൽ മേസ്ത്രികളും ചെങ്കോട്ട മുനിസിപ്പാലിററിയിൽ ഓവർസീയർമാരുമില്ല.

ധനാഭ്യർത്ഥനകൾ

പ്രസിഡന്റ്: സഭ, ഇപ്പോൾ ധനാഭ്യർത്ഥനകളെപ്പററി ആലോചിക്കുന്നതിന് ആരംഭിക്കുന്നതാണ്.

അഭ്യർത്ഥന. ൫—ലാൻഡ്‌റവന്യൂ.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, ഒന്നാമത്തെ ഡിമാൻറായ ലാൻഡ്‌റവന്യൂ വകുപ്പിലേക്ക ൯,൨൭,൭൩൦ രൂപായിൽ കവിയാത്ത ഒരു തുക അനുവദിച്ചു തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം. ൫.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, ഞാൻ താഴെകാണുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

൫. എസ്റ്റാബ്ലിഷ്മെൻറ വകുപ്പിലേക്ക് നീക്കിവച്ചിട്ടുള്ള ൫൪,൮൮൭ രൂപയിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

എസ്റ്റാബ്ലിഷ്മെൻറ വകുപ്പിലേക്ക് ബഡ്ജററിൽ ചേർത്തിട്ടുള്ള ൫൪,൮൮൭ രൂപായിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. അതിൻെറ ഉദ്ദേശം സർക്കാർ അധീനത്തിൽ ഇരിക്കുന്ന പുതുവൽ വസ്തുക്കൾ പതിച്ചുകൊടുക്കുന്നവിഷയത്തിൽ എല്ലാസമുദായത്തിനും അവരവരുടെ ആ സമുദായത്തിൻെറ സംഖ്യാബലം അനുസരിച്ചുള്ള അവകാശം മിക്കവാറും കിട്ടണം. അവർക്കു കിട്ടത്തക്കവിധത്തിൽ ഗവൺമെൻറു വേണ്ട വ്യവസ്ഥ ചെയ്യണമെന്നുള്ള സംഗതിയെപ്പററി ഗവൺമെൻറിനെ ഉൽബോധിപ്പിക്കണമെന്നുള്ളതാണ് എൻെറ ഉദ്ദേശം. ജനങ്ങൾ പ്രയത്നിച്ചുണ്ടാക്കുന്ന പണത്തിൻെറ ഒരംശം ഗവൺമെൻറിലേക്ക് കരം കൊടുക്കുന്നുണ്ടെന്നും ആ സംഖ്യയിൽനിന്നും ആകുന്നു സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുന്നതെന്നും തന്നിമിത്തം സർക്കാർഉദ്യോഗത്തിൽ പ്രാതിനിധ്യം കുറവുള്ളവരും പ്രാതിനിധ്യം ഇല്ലാത്തവരും ആയ എല്ലാസമുദായക്കാർക്കും ആ സമുദായത്തിൻെറ ശക്തി അനുസരിച്ച് സർക്കാരുദ്യോഗത്തിൻെറ ഒരംശം കൊടുക്കണമെന്നും വാദിക്കുന്ന ഒരു കാലമാണ് ഇത്. തിരുവിതാംകൂർ ജനങ്ങളുടെ മുൻഗാമികളായുണ്ടായിരുന്ന ആളുകൾ അവരുടെ രക്താ ചിന്തി സമ്പാദിച്ചു ഗവൺമെൻറിൻെറ ട്രസ്റ്റിൽ വച്ചിരിക്കുന്നതായ വസ്തുക്കൾ പതിച്ചുകൊടുക്കുന്ന അവസരത്തിൽ എല്ലാ സമുദായങ്ങൾക്കും, ഇതുവരെ ഭൂമി വളരെ കുറവായി കിട്ടിയിട്ടുള്ള സമുദായങ്ങൾക്ക പ്രത്യേകിച്ചും, പതിച്ചുകൊടുക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നത്. ഇപ്പോൾ, ഏതാനും ചില സമുദായങ്ങൾക്ക മാത്രമേ ഈ പുതുവൽപതിവുകൊണ്ടുള്ള ഗുണം ഉണ്ടാകുന്നുള്ളു. സാധുക്കൾക്ക് ഒട്ടും തന്നെ ഭൂമി കൊടുക്കുന്നില്ല. നായർ, ഈഴവർ,വെള്ളാള,നിയമങ്ങൾ നടപ്പിൽ വന്നതിൽപ്പിന്നീട് അതാതു സമുദായങ്ങളിൽപ്പെട്ട ആളുകൾക്ക കിടക്കാൻ സ്ഥലം പോലുമില്ലാതെയായിരിക്കുന്നു. ഇതിനെ പരിഹരിക്കാൻ അതാതു സമുദായങ്ങളുടെ സംഖ്യാബലമനുസരിച്ചു ഇതിമേലാലെങ്കിലും പുതുവൽ പതിച്ചുകൊടുക്കുവാൻ ഗവൺമെൻറിനു മനസ്സു വരണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഇതിനെപ്പററി കൂടുതലായി പറഞ്ഞ് കൌൺസിലിൻെറ വിലയേറിയ സമയം നഷ്ടപ്പെടുത്തണമെന്ന് എനിക്കു വിചാരമില്ല. ഇതു സ്വീകരിക്കുന്നവിഷയത്തിൽ ഗവൺമെൻറിനു യാതൊരു വിഷമവുമില്ലെന്നാണു എൻെറ വിശ്വാസം.

സർക്കാർ ഉദ്യോഗം വെറും പരീക്ഷായോഗ്യത നോക്കിക്കൊടുക്കണമെന്നാണു പ്രാതിനിധ്യക്കുറവുള്ള സമുദായക്കാരെല്ലാം വാദിച്ചുകൊണ്ടിരിക്കുന്നത്. അങ്ങിനെ പരീക്ഷായോഗ്യത മാത്രം നോക്കി ഉദ്യോഗം കൊടുക്കുമ്പോൾ കാര്യക്ഷമതക്ക വല്ല ഹാനിയും വന്നുപോയാൽ അത് അന്യസമുദായത്തെയും ആകമാനം ബാധിക്കുന്ന ഒന്നായിട്ടുതീരും. എന്നാൽ എല്ലാവർഗ്ഗക്കാർക്കും ഇങ്ങനെ പുതുവൽ വസ്തുപതിച്ച് കൊടുക്കുന്നതുകൊണ്ട് അന്യസമുദായങ്ങൾക്ക് യാതൊരു ദൂഷ്യവും പറയാനില്ല. ഒരാൾ വസ്തു ശരിയായി മേഹണ്ടിക്കാതെകാര്യക്ഷമതക്ക് ഹാനി സംഭവിച്ചാൽ അത് അയാളുടെ കുററമെന്നല്ലാതെ ആ സമുദായത്തെ ബാധിക്കുകയില്ല. അതിന് ഗവൺമെൻറാം മററുവല്ലവരുമോ കുററക്കാരല്ല. അതുകൊണ്ട് ഗവൺമെൻറിൽനിന്ന് ഈ ഉപക്ഷേപത്തിലെ തത്വത്തെ സ്വീകരിക്കുമെന്നാണ് എൻെറ വിശ്വാസം.

മി: കെ. മാധവൻ (ഗവൺമെൻറ നിയമനം): സർ, മി: രാമൻപിള്ള അവർകളുടെ അഭിപ്രായത്തെ പിൻതാങ്ങി ഞാനും രണ്ടുവാക്കു പറയണമെന്ന് വിചാരിക്കുന്നു.

സർ,

വീടുകെട്ടി താമസിക്കുന്നതിനും കൃഷിക്കും, പുതുവൽസ്ഥലങ്ങളും പുറംപോക്കുസ്ഥലങ്ങളും അവിടവിടെ അല്പം അല്പം കൊടുത്തുവരുന്നുണ്ട്. എല്ലാവർക്കുമില്ല. ൩൦-൦ ൫൦൦-൦ കുടികൾ ഇരിക്കുന്ന സ്ഥലത്ത് ചിലർക്ക മാത്രമെ, മേൽപറഞ്ഞ സ്ഥലങ്ങൾ കിട്ടിവരുന്നുള്ളു. ഈവിധം, താമസിക്കുന്ന സ്ഥലങ്ങളെയും കൃഷിചെയ്യുന്ന സ്ഥലങ്ങളെയും അനേകം അപേക്ഷക്കാർക്ക് ഇനിയും പതിച്ചുകൊടുത്തിട്ടില്ല. സാധുക്കൾ മേഹണ്ടിച്ച് സ്ഥലത്തെ നന്നാക്കിയുടൻ, സ്വാധീനശക്തിയുള്ളവർക്കും തങ്ങളുടെ അനുകൂലികൾക്കും ഉദ്യോഗസ്ഥന്മാർ പതിച്ചുകൊടുത്ത് വരുന്നുണ്ട്. അതിനാൽ, അതാതു വർഷത്തിലുള്ള അപേക്ഷക്കാർക്ക് അതാതു വർഷത്തിൽ പതിച്ചുകൊടുക്കത്തക്കവിധം ഉത്തരവായാൽ സാധുക്കൾക്ക വളരെ ഉപകാരമായിരിക്കും. പലവിധമായ കഴപ്പങ്ങൾ ഉണ്ടെന്നിരുന്നാലും കൂടുതൽ സങ്കടം അനുഭവിക്കുന്നത് കല്ക്കുളം, വിളവങ്കോട്, ഈ താലൂക്കുകളിലുള്ളവരാണ്. അതിനാൽ, മേലാലെങ്കിലും സാധുക്കൾക്ക് പുതുവൽ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ ശരിയായ അനുഭാവം പ്രദർശിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ഇനിയും, അവർ കുടികയറിപ്പാർത്തു വരുന്ന കാര്യത്തെപ്പററി ചിലസംഗതികളും പ്രസ്താവിക്കണമെന്നുണ്ട്. നൂറോ ഇരുന്നൂറോ വർഷങ്ങൾക്ക് മുമ്പു ഈ സാധുക്കളുടെ പൂർവികന്മാർ കാടുവെട്ടി നിലങ്ങളെ കൃഷികൾക്ക ഉപയുക്തമാക്കത്തക്ക വിധം ശരിപ്പെടുത്തി, അവിടവിടെ പാർപ്പിടങ്ങൾ കെട്ടിയുണ്ടാക്കി അനുഭവിച്ചുവന്ന സ്ഥലങ്ങൾ രാജ്യത്തിൽ പലഭാഗങ്ങളിലുമുണ്ട്. ഇങ്ങിനെയുള്ള സ്ഥലങ്ങൾ, അറിവും സ്വാധീനശക്തിയുമുള്ള ആളുകൾ അറിവില്ലാത്തസാധുക്കൾ അറിയാതെ സർക്കാർ ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്തി തങ്ങളുടെ പേരിൽ പതിപ്പിച്ചു എടുത്തുവരുന്നു. ഇപ്രകാരം സാധുക്കൾ, അനുഭവിച്ചു വന്നിരുന്ന സ്ഥലങ്ങളിൽ

നിന്ന് ഇറങ്ങിപ്പോകുന്നതിനായി അവർ നിർബന്ധിച്ചുതുടങ്ങിയിരിക്കുന്നു. ഇത്ര മാത്രം പരിതാപകരമായിട്ടുള്ളതാണ് ഈ സാധുജനങ്ങൾ ഇനി എന്തു ചെയ്യണമെന്നറിയാതെ കിടന്നുഴലുന്നു. സാധുജനങ്ങൾ അനവധികാലമായി വീടുകെട്ടി താമസിച്ചുവരുന്ന സ്ഥലങ്ങളിൽ നിന്നും വീടുകൾ പൊളിച്ചെടുത്തുകൊണ്ട് മറ്റെവിടെ എങ്കിലും പൊയ്ക്കൊള്ളണം എന്നു പറയുന്നത്, ഏററവും സങ്കടകരമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. അതിനാൽ, വളരെക്കാലമായി സാധുജനങ്ങൾ കുടികെട്ടി താമസിച്ചു വരുന്നതും പതിച്ചുകൊടുക്കത്തക്കതുമായ അങ്ങിനെയുള്ള സ്ഥലങ്ങളെ ന്യായമായി ചെല്ലേണ്ടതനുസരിച്ചു ഈ സാധുജനങ്ങൾക്കു കിട്ടത്തക്കവണ്ണം ഉത്തരവുണ്ടാകേണ്ടതാണ്. അല്ലെങ്കിൽ, എത്ര മാത്രം സ്ഥലങ്ങളുണ്ടെന്നു അളന്നു തിട്ടപ്പെടുത്തി സർക്കാരിൽ നിന്നും പൊന്നുംവില കൊടുത്ത്, ഓരോ കുടുംബത്തിനും അഞ്ചു സെൻറിൽ കുറയാതെയുള്ള സ്ഥലം വാങ്ങിക്കൊടുക്കേണ്ടതാണ്. അങ്ങിനെ കൊടുക്കുന്നതുകൊണ്ടു ഗവണ്മെൻറിന് ഈടാക്കേണ്ടുക അഞ്ചും ആറും, വർഷത്തിനുള്ളിൽ അവരിൽ നിന്നും അല്പാല്പമായി ഈടാക്കാവുന്നതാണ്. ഇപ്രകാരം ചെയ്യാതിരുന്നാൽ സാധുക്കളായ ജനങ്ങൾ കഷ്ടപ്പെട്ടു പോവുകതന്നെ ചെയ്യും. പുതുവലിനെപ്പററിയും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. അധഃകൃതവർഗ്ഗക്കാർക്കു കൊടുക്കുന്നതിനു പ്രത്യേകം ഒഴിച്ചിട്ടുള്ള സ്ഥലങ്ങളിൽ തന്റേടവും സ്വാധീനശക്തിയും ഉള്ളവർ ബലാൽക്കാരമായി കയ്യേറി സാധുക്കളെ അടിച്ചോടിച്ചു തങ്ങളുടെ കൈവശം വച്ചു അനുഭവിച്ചു വരുന്നു. ഇക്കാര്യം സാധുക്കൾക്കു വളരെ സങ്കടകരമായിട്ടുള്ളതാണ്. ആയതുകൊണ്ടു സാധുജനങ്ങൾക്കു കൊടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ, ആരുടെ പേരിലായിരുന്നാലും, സർക്കാർ അധികാരികൾ കൂടി പതിച്ചു കൊടുത്തിരുന്നാലും, അതല്ല, അനുഭവത്തിൽ ഇരിക്കുന്നതു തന്നെ ആയാലും, അപ്രകാരമുള്ള സ്ഥലങ്ങൾ, അവരുടെ കൈവശത്തിൽ നിന്നും ഗവണ്മെൻറു തിരിച്ചെടുത്തു സാധുക്കളുടെ ഉപയോഗത്തിനായി വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥലങ്ങൾ അവർക്കു തന്നെ കൊടുക്കണം. സർ, ഇപ്രകാരമുള്ള കാര്യങ്ങളിൽ സർക്കാരുദ്യോഗസ്ഥന്മാരുടെ സഹായം അത്യാവശ്യമാണ്. നിശ്ചയമായി ഞാൻ പറഞ്ഞ ഈ സംഗതികൾ പ്രായോഗികമാക്കുന്നതിനായി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

കൂടാതെ, പുതുവൽ സംബന്ധമായി വേറെ ഒരു സങ്കടം കൂടി അറിയിക്കേണ്ടതുണ്ട്. സർ, പുതുവൽ പതിവു സംബന്ധമായും, പുറമ്പോക്കുപതിവു സംബന്ധമായും ഞങ്ങൾക്കു വളരെ നഷ്ടം സംഭവിക്കുന്നുണ്ട്. അങ്ങിനെയുള്ള കഷ്ടനഷ്ടങ്ങൾ പരിഹരിക്കത്തക്കവിധത്തിൽ വേണ്ടതു പ്രവർത്തിക്കുന്നതു നന്നായിരിക്കും. പുതുവലോ പുറമ്പോക്കോ സംബന്ധിച്ചുള്ള ഞങ്ങളുടെ അപേക്ഷകൾ റവന്യൂകമ്മീഷണർക്കു അയക്കുന്നതാണ്. കമ്മീഷണർ അവർകൾ സർക്കീട്ടു വരുമ്പോൾ താലൂക്കധികൃതന്മാരോടും സാധുക്കളുടെ പ്രാതിനിധ്യം വഹിക്കുന്ന ആളിനോടും അപേക്ഷകളെപ്പററി സ്ഥലത്തുവച്ചുതന്നെ അന്വേഷണം നടത്തി, ടി സ്ഥലങ്ങൾ കൊടുക്കാവുന്നതാണോ, അല്ലയോ എന്നു സ്ഥലത്തുവച്ചുതന്നെ ഉത്തരവാകേണ്ടതാണ്. കൊടുക്കാമെങ്കിൽ താലൂക്കധികൃതന്മാരോടു കേസുകളെടുത്തയച്ചു പുതുവൽചട്ടം അനുസരിച്ചു പതിച്ചുതരുന്നതിനു ഏർപ്പാടുചെയ്തു ഉത്തരവായാൽ ഏററവും നന്നായിരിക്കും. സാധുക്കൾ സങ്കടം കൂടാതെ ദേഹണ്ഡിക്കുകയും, വീടുകെട്ടിതാമസിക്കുകയും ചെയ്യുകയാണെങ്കിൽ യാതൊരുതരം ശല്യവും ഇടയാകാത്തവണ്ണം സമാധാനത്തോടുകൂടി ഇരിക്കുവാൻ സാധിക്കുന്നതാണ്. ഇല്ലെങ്കിൽ, അവർതന്നെ ഇല്ലെന്നായിപ്പോകും. ജനങ്ങൾക്കു അപ്പീലുമില്ല. ഉന്നതസ്ഥാനങ്ങളിൽ ചെന്നു സങ്കടം പറയുന്നതിനു ശക്തരല്ല. ഇപ്രകാരം ചെയ്താൽ, സാധുക്കളുടെമേൽ ഉള്ള ശുപാർശയും കൈക്കൂലിയും കുറയുന്നതിനിടയുണ്ട്.

ചങ്ങനാശ്ശേരിതാലൂക്കിലുള്ള ഒരു അപ്പീൽ കേസ് റവന്യൂകമ്മീഷണർക്കും തിരുവനന്തപുരം താലൂക്ക് രണ്ടാമടപ്പകുതിയിലുള്ള ഒരു കേസു ദിവാൻഅവർകൾക്കും കിട്ടിയിട്ടുണ്ടെന്നറിയുന്നു. അതേപ്പററി എന്തു തീരുമാനമാണ് ഉണ്ടാകുന്നതെന്ന് അറിഞ്ഞുകൂടാ. പ്രതികൂലമായ വിധത്തിലാണെങ്കിൽ, സാധുജനങ്ങൾ അവരുടെ ജീവൻ പോലും ബലികഴിക്കുമെന്നാണ് പറയുന്നത്. കരുണയേറിയ ഗവണ്മെൻറിൽ നിന്നും ന്യായമായ തീരുമാനമുണ്ടാകുമെന്നു തന്നെ പ്രത്യാശിക്കുന്നു. ഇങ്ങനെ എന്റെ അഭിപ്രായം അവസാനിപ്പിച്ചുകൊള്ളുന്നു.

മി: തച്ചിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സർ, പുതുവൽ പതിവിനെ സംബന്ധിച്ചു മി: പി. രാമൻപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാനും ഒരുവിധത്തിൽ അനുകൂലിക്കുന്നു. എന്നാൽ അദ്ദേഹം പറയുന്നതുപോലെ ഓരോ സമുദായത്തിനായിട്ടു തരിശു ഭൂമികളെ മുഴുവൻ വിഭജിച്ചു കൊടുക്കണമെന്നുള്ളത് അത്ര ശരിയാണെന്നു തോന്നുന്നില്ല; പുതുവൽപതിവിനെ സംബന്ധിച്ചു ഇന്നു നടപ്പുള്ള സമ്പ്രദായം വളരെ കുഴപ്പമുണ്ടാക്കുന്ന ഒന്നു തന്നെയാണ്. തരിശു ഭൂമി പതിച്ചുകൊടുക്കുന്നതിനെപ്പററി ഗവണ്മെൻറ് ഒന്നാമതായി ശ്രദ്ധിക്കേണ്ടതു സ്വത്തു ഇല്ലാത്തതായ ആളുകളുടെ, പ്രത്യേകിച്ചു അധഃകൃതസമുദായത്തിന്റെ കാര്യമാണ്. ഏതെങ്കിലും ഒരു ഭൂമി പതിച്ചു കിട്ടണമെന്നു അധഃകൃതസമുദായക്കാരുടെ അപേക്ഷ വന്നാൽ ആ ഭൂമി ലേലം ചെയ്യാതെ അല്ലെങ്കിൽ മാർക്കററുവിലയ്ക്കോ പതിച്ചു കൊടുക്കാതെ അവർക്കുതന്നെ പതിച്ചുകൊടുക്കണം. അധികം വേണ്ട, രണ്ടേക്കർസ്ഥലം വീതം, അവർക്കു കുടികിടക്കാൻ മാത്രം, തറവിലകൂടാതെ പതിച്ചുകൊടുത്താൽമതി. എല്ലാസമുദായങ്ങളിലേയും ഭൂമി ഇല്ലാത്തവർക്കു മിനിമം തറവിലയ്ക്കു അത്യാവശ്യക്കർ കൊടുക്കണം. ബാക്കി സ്ഥലമുണ്ടെങ്കിൽ അവ ലേലം ചെയ്തു ഗവണ്മെൻറിലേക്കു മുതൽ വരുത്താവുന്നതാണ്. അധഃകൃതസമുദായം സ്വത്തില്ലാതായും വിദ്യാഭ്യാസമില്ലാതായും തീർന്നതു മററുസമുദായക്കാരിൽ കാണുന്നപോലെ അവരുടെ കുററമാണെന്നു പറയുവാൻ പാടില്ല. അവർ വളരെക്കാലം മററുള്ളവരുടെ അടിമകളായിരുന്നു. അതു കഴിഞ്ഞുവന്നപ്പോൾ അവർക്കു ഭൂമിയില്ല. വിദ്യാഭ്യാസവുമില്ല. നമ്മുടെ ഉൽക്കർഷത്തിനു വേണ്ടിപ്രയത്നിച്ചു കൊണ്ടിരുന്ന പുലയർ, പറയർ, മുതലായ അധഃകൃതവർഗ്ഗക്കാരെ സഹായിക്കേണ്ടതു എല്ലാവരുടേയും കടമയാകുന്നു. എന്നാൽ നമുക്കു എന്തു ചെയ്യാൻകഴിയും; പണമോ ഭൂമിയോ കൊടുക്കാൻകഴിയുമോ? അതു അസാദ്ധ്യമാണ്. ഗവണ്മെൻറു തന്നെ അവരെ സഹായിക്കണം. വില്ക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയോടുകൂടിവേണം അവർക്കു തറവിലകൂടാതെ ഭൂമിപതിച്ചുകൊടുക്കുവാൻ.

ദേഹണ്ഡമുള്ള ഭൂമികളെ ദേഹണ്ഡിച്ചിട്ടുള്ളവർക്കു തന്നെ പതിച്ചുകൊടുക്കണം. എന്നാണ് പുതുവൽ റൂൾസിലെ ൧൭-ാം വകുപ്പ്. ഈ വകുപ്പിനെ കീഴുദ്യോഗസ്ഥന്മാർ ദുരുപയോഗപ്പെടുത്തുന്നു. സർക്കാർഭൂമികളിൽ ദേഹണ്ഡിച്ചു വീടുവച്ചു കല്ലുകയ്യാലകളും വച്ചു കൃഷിചെയ്താൽ കൃത്രിമികളായ ഉദ്യോഗസ്ഥന്മാർ അവരെ

ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടി പുൻതിയതിവച്ച് രേഖകൾ തയ്യാറാക്കി അന്യായ്യമായ തർക്കങ്ങൾ ഉണ്ടാക്കി വരുന്നുണ്ട്. വീടും കയ്യാലയും വച്ചു മെഹണ്ടിച്ചിട്ടുള്ള ഭൂമി ചിലപ്പോൾ ലേലത്തിനുള്ളയും വയ്ക്കുന്നുണ്ട്. കീഴിലുള്ളവർ കൃത്രിമം ചെയ്താൽ മേലുദ്യോഗസ്ഥന്മാർ അതറിയുകയില്ല. അവർ കടലാസു മാത്രമേ കാണുകയുള്ളു. വീടുകെട്ടി കുടിപാർത്തുവരുന്ന സ്ഥലങ്ങളിൽ കൂടിയും അവയെ പൊളിച്ചുമാററി ലേലം ചെയ്യണം എന്നു പറയുന്നുണ്ട്. എനിക്കു ഈ സംഗതികളെല്ലാം നേരിട്ടുതന്നെ അറിയാം. മെഹണ്ടിച്ച ഭൂമികൾക്കു തറവില നിശ്ചയിക്കുന്നതിൽ ഭീമമായ അനീതികൾ നടക്കുന്നുണ്ട്. ഒരേ സർവ്വേനമ്പരിലുള്ള അയൽ ഭൂമി ലേലംചെയ്തപ്പോൾ ഏക്കറിനു മുപ്പതോ മുപ്പത്തഞ്ചോ രൂപാമാത്രം കിട്ടിയിരിക്കെ അടുത്തു മെഹണ്ടിച്ചിട്ടുള്ള ഭൂമിപതിച്ചു കൊടുക്കുന്നതിൽ ഏക്കറിന് ൧൫൦-ഉം ൨൦൦-ഉം രൂപാ തറവില ഈടാക്കി വരുന്നുണ്ട്. കുടിയാന്മാർ എന്തു ചെയ്യും? അവരുടെ മെഹണ്ടങ്ങളെ ഉപേക്ഷിക്കാൻ നിവർത്തിയുണ്ടോ? ഈ നിലക്കു അവർ ഈ ഭീമമായ തറവില കൊടുക്കുന്നതിന് നിർബന്ധിതരായിത്തീരുന്നു.

മെഹണ്ടിച്ച ഭൂമികളെ ലേലം ചെയ്തു വിൽക്കുന്ന പതിവ് ഗവണ്മെന്റ് നിറുത്തുകതന്നെവേണം. മെഹണ്ടിച്ച ഭൂമിക്ക് അയൽ ഭൂമി ലേലം ചെയ്തുകിട്ടുന്നതിനേക്കാൾ കൂടുതൽ തറവില ഈടാക്കിവരുന്നതിനേയും ഗവണ്മെന്റു തടയണം.

മി: രാമൻപിള്ള പറഞ്ഞതുപോലെ എല്ലാ സമുദായത്തിലുംപെട്ട ഭൂസ്വത്തില്ലാത്ത ആളുകൾക്ക് സ്ഥലം പതിച്ചുകൊടുക്കണം. ഒരു കുടുംബത്തിലെ രോഗികളേയും ശിശുക്കളേയും കൂടുതൽ ആനുകൂല്യം നൽകി രക്ഷിക്കുന്നു. അതുപോലെ രാജ്യമാകുന്ന കുടുംബത്തിൽ രോഗികളും ശിശുക്കളും ആകുന്നു, പുലയർ, പറയർ മുതലായ അധഃകൃതവർഗ്ഗക്കാർ. അവർ കഷ്ടപ്പെട്ടു ഈ രാജ്യവാസികൾക്കുവേണ്ടി വേലചെയ്തിട്ടുള്ളവരാണ്. അതുകൊണ്ടു ഗവണ്മെന്റ് അവരുടെകാര്യം പ്രത്യേകം നോക്കണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്,): സർ, ഈ വിഷയത്തെപ്പററി മി: മാധവൻ പറഞ്ഞതിനെ സംബന്ധിച്ച് എനിക്കും ചിലതുകൾ പറയണമെന്നുണ്ട്. അധഃകൃതവർഗ്ഗക്കാർക്ക് അവരുടെ പേരുകളിൽ സ്ഥലങ്ങൾ രജിസ്റ്റർചെയ്തു കിട്ടുന്നതിനുവേണ്ടി അനുഭവിക്കുന്ന വിഷമത്തെപ്പററി അദ്ദേഹം നമ്മോടു പറയുകയുണ്ടായി; എന്നുതന്നെയുമല്ല, അവർ ചിലപ്പോൾ ചില സ്ഥലങ്ങൾ കണ്ടെത്തി, അതിൽ ചെറിയ കുടിലുകൾവച്ചു കെട്ടി താമസിക്കുന്നതിൽനിന്ന് അവരോടു സ്ഥലവും കുടിലുകളും ഉപേക്ഷിച്ച് ഓടിപ്പോകുന്നതിനായി നിർബന്ധിക്കുകയും ചെയ്യുന്നുണ്ട്. അധഃകൃതവർഗ്ഗക്കാരിൽപ്പെട്ട അംഗങ്ങൾക്ക് ഈ നില വളരെ വിഷമമുള്ള ഒന്നുതന്നെയാണ്. മി: മാധവൻ പറയുന്നതുപോലെ, അധഃകൃതവർഗ്ഗക്കാരിൽപ്പെട്ടവരാണ് നമ്മുടെ വേലക്കാർ; അവർ നമ്മുടെ രാജ്യത്തിനുവേണ്ടി വളരെ പ്രയത്നിക്കുന്നുണ്ട്. സർ, മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞതിൽനിന്നും നാം മനസ്സിലാക്കുന്നത്, കാര്യസ്ഥിതി ഈ പ്രകാരമായിരിക്കുന്നത്, ഒരു വ്യക്തമായ നിയമത്തിന്റെ അഭാവംകൊണ്ടാണെന്നാണ്. ഇപ്പോൾ സ്ഥലങ്ങൾ മുതലാളിമാരുടെ പേരുകളിൽ രജിസ്റ്ററാക്കപ്പെടുകയും, അവർ, അങ്ങിനെ വാങ്ങുന്നസ്ഥലങ്ങൾ, വിററുകളയുകയോ, അല്ലെങ്കിൽ കൃഷികൾ ചെയ്യാതെ തരിശായി ഇട്ടുകൊണ്ടിരിക്കുകയോ ചെയ്യുന്നു. ഈ സ്ഥിതി ഇനിയധികം നീണ്ടുനിൽക്കുവാൻ അനുവദിക്കാവുന്നതല്ല. നമ്മുടെ സ്ഥലത്തെ സംബന്ധിച്ചുള്ള ഒരു നിയമം എന്തായിരിക്കണം എന്നു കാണിക്കുന്നതിലേക്കു ഇംഗ്ലണ്ടിനുവേണ്ടി ഒരു സ്ഥലവിനിമയനിയമത്തിനായി മുൻനിന്നു പ്രയത്നിച്ച സെൽബോൺ പ്രഭുവിന്റെ അഭിപ്രായത്തെ ഉദ്ധരിക്കുന്നതിനനുവദിക്കണമെന്നപേക്ഷ. അദ്ദേഹം പറഞ്ഞു:—

"ഏററവും വലിയ ഒരു ജനവിഭാഗം ഭൂമികൊണ്ടു ഉപജീവിക്കുന്നതു നമുക്കു കാണണം. കർഷകവൃത്തിയിൽപ്പെട്ട ഓരോരുത്തനും ഒരു നല്ല കൂലിയും, ഒരു നല്ലവീടും, ഒരു നല്ലതോട്ടവും ശാശ്വതമായി ഉണ്ടായിരിക്കുന്നതു നമുക്കു കാണണം. കൂടുതലായി അയാൾ ഒരു സ്വന്തം കൃഷിക്കാരനായിത്തീരുന്നതിനും ക്രമേണ ആ ഭൂമിയുടെ ഉടമസ്ഥനായിത്തീരുന്നതിനും ഉള്ള ഉല്ക്കർഷേച്ഛ അയാൾക്കുണ്ടായിരിക്കുന്നതും നമുക്കു കാണണം. മററു ഏതെങ്കിലുംവിധം ജീവിതരംഗത്തിൽനിന്നും ഒരാൾക്ക് ഉയർന്നുവരുവാൻ സാധിക്കുന്നതുപോലെ, കർഷകവൃത്തിയിൽനിന്നും കയറിവരുന്നതിനുള്ള ഒരു കൃഷിഏണിയാണ് നമുക്കു യഥാർത്ഥത്തിൽ വേണ്ടതു്."

സർ, നമ്മുടെ ഭൂമിയെപ്പററിയുള്ള നിയമവും ഏതാണ്ടു ഈ രീതിയെ അനുസരിച്ചിരിക്കണം. കൂടുതലായി മി: മാധവൻ പറഞ്ഞതുപോലെ, ഈ അധഃകൃതവർഗ്ഗക്കാരിൽപ്പെട്ട സാധുക്കളോട്, അല്ലെങ്കിൽ ആരെങ്കിലും ഈ തരിശുഭൂമിയിൽ പ്രവേശിച്ച് ബുദ്ധിമുട്ടി പ്രയത്നിച്ചുണ്ടാക്കിയ പണവും വ്യയംചെയ്ത് നെററിയിൽ സ്വേദബിന്ദുക്കൾ പൊടിയത്തക്കവണ്ണം മെഹണ്ടിച്ചു നന്നാക്കി എടുത്തു കൃഷികൾചെയ്ത് അനുഭവമുണ്ടാക്കി കഴിയുമ്പോൾ അവരോടിതു ഒഴിഞ്ഞുകൊടുക്കുന്നതിനുവേണ്ടി അവിടെനിന്നും ഇറങ്ങിപ്പോകണം എന്നു പറയുന്നതു എത്രയോ കഠിനമാണ്. ഈ സന്ദർഭത്തിൽ ഇപ്പോൾ ഹൈക്കോടതി ബഞ്ചലങ്കരിക്കുന്നവരിലൊരാളും, ഈ നിയമനിർമ്മാണസഭയിലുണ്ടായിരുന്ന ഒരു മാന്യസാമാജികനും ഈ വിഷയത്തെപ്പററി മുമ്പൊരവസരത്തിൽ അഭിപ്രായപ്പെട്ടതിനെ ഇവിടെ ഉദ്ധരിക്കുന്നതിന് ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു. അദ്ദേഹം പറഞ്ഞു:

"പുറംപോക്കു കൈവശക്കാരെ പുറത്തിറക്കിവിടുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നയം ഹിന്ദുരാജ്യങ്ങളിലൊരിടത്തും ന്യായീകരിക്കുവാൻ വയ്യാത്തതാണ്."

ഒരു തരിശുഭൂമിയിൽ പ്രവേശിച്ച് അതു കൃഷിക്കുപയുക്തമാക്കിത്തീർക്കുന്ന ഒരാൾ അതിന്റെ ഉടമസ്ഥാവകാശിയാണെന്നും ഈ നിയമം മനുസ്മൃതിയെ ആശ്രയിച്ചിട്ടുള്ളതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ മഹമ്മദീയ ഭരണകർത്താക്കളും ഈ തത്വത്തിലടങ്ങിയ ശക്തി പ്രവൃത്തിരൂപത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ തിരുവിതാംകൂർ ഹൈക്കോടതിയിലെ പ്രസിദ്ധ ജഡ്ജിമാരിലൊരാളും ഈ നിയമനിർമ്മാണസഭയിലെ മുമ്പിലത്തെ ഒരംഗവും പറഞ്ഞിട്ടുള്ളതിനെ ഞാൻ ഇപ്പോൾ ഇവിടെ ഉദ്ധരിക്കയുണ്ടായി. സർ, ഇതിൽനിന്നും വെളിവാകുന്നതു്, അനേകവർഷത്തെ നിരന്തരപരിശ്രമംകൊണ്ടു നന്നാക്കി കൃഷിക്കുപയുക്തമാക്കിയിട്ടുള്ള സ്ഥലങ്ങൾ വിട്ടുപോകുന്നതിനായി അധഃകൃതരോട് ആജ്ഞാപിക്കുന്നതു് ഗവണ്മെന്റിന്റെ പേരിലുള്ള ഒരു കഠിനതയാണെന്നാണ്. ഈ വാക്കുകളോടുകൂടി മി: രാമൻപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മി: രാമൻപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. തിരുവിതാംകൂർനിവാസികളായ അധഃകൃതർക്ക വേണ്ടുന്ന സ്ഥലങ്ങൾ അവരുടെ കുടിലുകളെങ്കിലും കെട്ടുന്നതിനു മതിയായ സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിനായിട്ടുള്ള വാദം കഴിഞ്ഞ വളരെക്കാലങ്ങളായി ഈ സഭയുടെ ഗൌരവമേറിയ ആലോചനക്കു വിഷയമായിട്ടുള്ളതാണ്. അധഃകൃതവർഗ്ഗക്കാരിൽ സാധുക്കളായിട്ടുള്ളവർക്ക് ഭൂമികൾ സൌജന്യമായി പതിച്ചുകൊടുക്കുന്നതിനു കൊല്ലംതോറും ഈ സഭയിൽ ആവലാതിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. എന്നാൽ അതിലേക്ക് അത്ര തൃപ്തികരമായ യാതൊരു നടപടിയും ഗവർമ്മെന്റു നടത്തിയിട്ടില്ലെന്നു പറയേണ്ടിവരുന്നതിൽ ഞാൻ വ്യസനിക്കുന്നു. ആ സ്ഥിതിക്ക് രാജ്യത്തിലുള്ള സ്ഥിതികൾ ഗവർമ്മെന്റു അറിഞ്ഞു വേണ്ടതു ചെയ്യാതെയിരിക്കുന്നവനെന്നു കാണുന്നതുകൊണ്ട്, ഈ സങ്കടവാർത്തകൾ കൊല്ലംതോറും അറിയിക്കുന്നതിൽനിന്നും യാതൊരു ഫലവുമുണ്ടാകാനില്ല. സർ, അധഃകൃതവർഗ്ഗക്കാരുടെ കാര്യം പറയുന്നതിനായി തിരുവിതാംകൂറിൽ ശരിയായ ഒരു ഏജൻസിയുടെ ആവശ്യകത ഗവർമ്മെന്റിനെക്കൊണ്ടുതന്നെ സമ്മതിപ്പിച്ചിട്ടുള്ളതാണ്. ഉദ്ദേശം രണ്ടു വർഷങ്ങൾക്കു മുമ്പ് അധഃകൃതവർഗ്ഗക്കാർക്കു ഒരു സംരക്ഷകനെ നിയമിക്കുന്നകാര്യം ഈ സഭ മുമ്പാകെ ഗവർമ്മെന്റു പരസ്യമായി അറിയിക്കുകയുണ്ടായി. ആ നിയമനം ഈ സാമാജികന്മാർ ആവശ്യപ്പെട്ടതാണ്; ഈ രാജ്യം ആവശ്യപ്പെട്ടതാണ്; അതു ഞങ്ങളെല്ലാം ഏകാഗ്രതയോടെ ആശിച്ചുകൊണ്ടിരുന്നിരുന്നു. ആ നിയമനം നടന്നിരുന്നുവെങ്കിൽ അധഃകൃതവർഗ്ഗക്കാർക്ക അവരുടെ കാര്യങ്ങൾ ശരിയായവിധത്തിൽ ഗവർമ്മെന്റിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനു ഉതകുമായിരുന്നു; തന്മൂലം ഉണ്ടാകുന്ന ഗുണം ഗവർമ്മെന്റിനെക്കൊണ്ടു സമ്മതിപ്പിക്കാവുന്നതും രാജ്യത്തിലുള്ള യഥാർത്ഥമായ സ്ഥിതിയെ ഗവർമ്മെന്റിനു ബോധമാക്കുന്നതുമായിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ ആ നിയമനം ഒഴുക്കിവച്ചിരിക്കുകയാണ്. ഈ അധഃകൃതവർഗ്ഗക്കാരിൽ അധികംപേരും അക്ഷരാഭ്യാസംപോലുമില്ലാത്തവരാകയാൽ അവരുടെ കാര്യങ്ങൾ ഗവർമ്മെന്റിനെ അറിയിക്കുന്നതിനു അവർക്കാരാൾ ആവശ്യമാണ്. ഭൂമികൾ സ്വന്തപേരുകളിൽ പതിച്ചുകിട്ടുന്നതിനായി അധഃകൃതർ അനുഭവിക്കുന്ന സങ്കടങ്ങൾ അധികാരികളെ അറിയിക്കുവാനും വലിയ കാര്യം ഉണ്ടാകുമ്പോൾ അവരുടെകാര്യം ശരിയാംവണ്ണം ലാൻറവന്യൂ അധികൃതന്മാരേയും ഗവർമ്മെന്റിനേയും അറിയിക്കുന്നതിനുള്ള വിഷമങ്ങൾ, അങ്ങിനെ അധഃകൃതർക്ക നേരിടുന്ന അനേകവിധം കഷ്ടതകൾ ആലോചിച്ചുനോക്കുമ്പോൾ, ഗവർമ്മെന്റിനോടു അവരുടെ കാര്യം പറയുന്നതിനു അവർ ഇന്നു അനുഭവിക്കുന്ന നാനാപ്രകാരങ്ങളായ ക്ലേശങ്ങളെ ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പ്രാപ്തനായ ഒരു അധഃകൃതസംരക്ഷകനെ നിയമിക്കുന്നതു ഏറ്റവും വേഗത്തിൽ അത്യാവശ്യമാകുന്നു. നിർഭാഗ്യവശാൽ ആ നിയമനം നിർത്തിവച്ചിരിക്കുകയാണ്. അധഃകൃതവർഗ്ഗക്കാരെ വേണ്ടപോലെ നോക്കുന്നുണ്ട്; അവരെ കഴിയുംവണ്ണം സഹായിക്കുന്നുണ്ട്; എന്നിങ്ങനെ ഗവർമ്മെന്റു പറയുമ്പോൾ കാര്യങ്ങളങ്ങനെയിരുന്നാലും, നമുക്കിവിടെ ലഭിക്കുന്നതു മാധുര്യവാക്കുകൾ മാത്രമാണെന്നു സങ്കടവശംഗതയായിരിക്കുന്നവരായ നമ്മെ വിശ്വസിപ്പിക്കുന്നു. യഥാർത്ഥത്തിൽ അക്ഷരാഭ്യാസമില്ലാത്ത ഈ സാധുജനങ്ങളെ പ്രതിനിധീകരിക്കുന്നതിനു അന്തരത്തിൽ ഒരു ഉദ്യോഗസ്ഥന്റെ ആവശ്യകത ഗവർമ്മെന്റിനു ബോദ്ധ്യമായിരുന്നിട്ടും ഒരു സംരക്ഷകന്റെ നിയമനംപോലും താമസിപ്പിക്കുകയാണ് ചെയ്യുന്നതു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഇപ്പോൾതന്നെ ഒരു അധഃകൃത സംരക്ഷകനുണ്ടെന്നും അദ്ദേഹം ഇവിടെ ഇരിപ്പുണ്ടെന്നുമുള്ള കാര്യം മെമ്പറിനറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ കാര്യം എന്നെ ഓർമ്മപ്പെടുത്തിയതിനു മാന്യനായ മെമ്പറിനോടു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. അധഃകൃതവർഗ്ഗക്കാർക്കിപ്പോൾ ഒരു സംരക്ഷകനുണ്ട്; എന്നാൽ മുഴുവൻ സമയവും അതിലേക്കായി വിനിയോഗിക്കാവുന്ന ഒരു സംരക്ഷകനല്ലാ അദ്ദേഹം. അദ്ദേഹം പ്രധാനമായിട്ട് പരസ്പരസഹായസംഘം രജിസ്ട്രാരാണ്. അദ്ദേഹത്തിനിപ്പോൾ ബാങ്കിംഗ് എൻക്വയറി കമ്മിററിയുടെ പ്രസിഡന്റായും ജോലിചെയ്യുന്നുണ്ട്, അദ്ദേഹം ആ കമ്മിററിയുടെ പ്രസിഡന്റായും ജോലിചെയ്യുന്നുണ്ട്, അദ്ദേഹം ആ കമ്മിററിക്ക് തെളിവുശേഖരിക്കുന്നതിലും ഒരു റിപ്പോർട്ട് തയ്യാർ ചെയ്യുന്നതിലും ഏർപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിനു അനവധിജോലി നോക്കേണ്ടതുണ്ട്. ഇൻഡ്യയിൽ മററുഭാഗങ്ങളോടു താരതമ്യപ്പെടുത്തിനോക്കിയാൽ, തിരുവിതാംകൂറിലെ കോഓപ്പറേറ്റീവ് മൂവ്മെന്റിന്റെ അഭ്യുന്നതി അതിശയകരമാണ്. പരസ്പരസഹായസംഘം രജിസ്ട്രാരുടെ നിലയിലും അധഃകൃതവർഗ്ഗക്കാരുടെ സംരക്ഷകനെന്നനിലയിലും, കൂടാതെ, ബാങ്കിംഗ് എൻക്വയറികമ്മിററിയുടെ പ്രസിഡെന്റെന്നനിലയിലും, നേരിട്ടും പ്രധാനമായും ചുമതലപ്പെട്ട ആ ഡിപ്പാർട്ടുമെന്റു ജോലിപോലും ശരിയായവിധം നോക്കുന്നതിനുള്ള സമയം അദ്ദേഹത്തിനു മതിയാകുമോ എന്ന് ഞാൻ വാദിച്ചു ചോദിക്കുന്നു. ഈ വിധം അനേകം അനേകം ജോലികൾ ചെയ്യുവാനുള്ളതുകൊണ്ടു പരസ്പരസഹായസംഘം രജിസ്ട്രാർ എന്ന നിലയിലുള്ള ജോലികൾപോലും ശരിയായവിധം ചെയ്യുന്നതിനു സമയം മതിയാകയില്ലെന്നു ഞാൻ ധൈര്യമായി പറയുന്നു. അദ്ദേഹം അധഃകൃതർക്കായി എന്തുചെയ്തിട്ടുണ്ടെന്നു ഈ സഭയിൽ എണീററുനിന്നു പറയുന്നതിനായി ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നു. ഒന്നും ചെയ്തിട്ടില്ലെന്നു എനിക്കറിയാം. നേരെമറിച്ച്, ഈ അധഃകൃതരുടെകാര്യം വേണ്ടവിധം ഗവണ്മെന്റിന്റെ മുമ്പാകെ അറിയിക്കാത്തപക്ഷം—അതു മുഴുവൻ സമയവും ജോലിചെയ്യാവുന്ന ഒരു സംരക്ഷകനെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളു—അവർക്കു ഗവണ്മെന്റിൽനിന്നു കാര്യമായ യാതൊരു സഹായവും ഉണ്ടാകുമെന്നു വിചാരിക്കേണ്ടതില്ലെന്നു ഈ സഭയേയും ഈ സമാംഗങ്ങളേയും ഈ അധഃകൃതവർഗ്ഗക്കാരുടെ സങ്കടങ്ങളാൽ അറിയിച്ചിട്ടുണ്ട്.

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അധഃകൃതവർഗ്ഗക്കാർക്കു കുടിപാർപ്പിനായിമാത്രം നരികുളംചേരി എന്ന സ്ഥലത്തു ഏഴ ഏക്കർസ്ഥലം എടുത്തിട്ടുണ്ടെന്നുള്ള വിവരം മെമ്പറിനറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുപോലെയുള്ള പല ഉദാഹരണങ്ങളുമുണ്ടായിരിക്കുമെന്ന് എനിക്കറിയാം. വെള്ളംകെട്ടിനിന്നിട്ടുള്ളതും അധിവാസയോഗ്യമല്ലാത്തതും അഞ്ചേക്കർ വിസ്തീർണ്ണമുള്ള സ്ഥലം തെക്കൻ തിരുവിതാംകൂറിൽ ഒഴിച്ചിട്ടിട്ടുണ്ടെന്നുള്ള കേസുകളും ഉണ്ടായേക്കാവുന്നതാണ്.

മി: ആർ. വെല്ല്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രീർ): ചിറയിൻകീഴ് താലൂക്കിൽ ചെമ്മരുതി എന്ന പകുതിയിൽ, ൻ൦ ഏക്കറോളം സ്ഥലം അധഃകൃതർക്കായി കൊടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വിവരം മെമ്പറിനറിവുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ വിവരം എന്നെ ഓർമ്മിപ്പിച്ചതിന് ഞാൻ മെമ്പറിന് വീണ്ടും വന്ദനംപറയുന്നു. ഇക്കാര്യത്തിൽ ഞാനും വളരെ ശ്രദ്ധപതിപ്പിച്ചിരുന്നു. ഞങ്ങൾ ഗവണ്മെൻറ് സന്നിധിയിൽ ചെന്നു; ഈ ജനങ്ങൾക്ക വേണ്ടി ഒഴിച്ചിട്ടുള്ള സ്ഥലത്തു ഞങ്ങൾപോയി; ഇവരിൽ കുറെപേരെ അവിടെപോയി താമസിക്കുന്നതിന് പറഞ്ഞയക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ ചട്ടപ്രകാരമുള്ള അനേകം വൈഷമ്യങ്ങളെ ദൂരീകരിക്കാത്തപക്ഷം, സ്ഥലങ്ങൾ അവരുടെ പേരിൽ രജിസ്റ്റർചെയ്തുകിട്ടുന്നതല്ല. അതാണ് പ്രയാസം. ഈ സ്ഥലങ്ങൾ വാസ്തവത്തിൽ അവർക്ക് കിട്ടിയിട്ടില്ലാത്തതും അവർക്കുവേണ്ടി കാര്യങ്ങൾ നോക്കുന്നതിന് ആരെങ്കിലും ഉണ്ടാകുന്നതുവരെ അവർക്കു സ്ഥലങ്ങൾ കിട്ടിയേക്കാവുന്നതുമല്ല. ഇതിലേക്കുള്ള ചട്ടങ്ങൾ അത്രവളരെ വിഷമകരവും കണിശവും ആണ്. ആദ്യമായി ഇവർ ജായിൻറ്സ്റ്റാക്കു കമ്പനികൾ സ്ഥാപിക്കണം. പിന്നീട് ഈ സ്ഥലങ്ങളിൽ ലാൻറ്റവന്യൂഡിപ്പാർട്ടുമെൻറ് കിണറുകൾ കുഴിപ്പിക്കണം; അതിനുശേഷം മാത്രമേ ഭൂമികൾ അവരുടെ പേരിൽ രജിസ്റ്റർചെയ്തുകൊടുക്കുകയുള്ളു. ആവർത്തിച്ചാവർത്തിച്ചു പരാതികൾ പറഞ്ഞിട്ടും ലാൻറവന്യൂഡിപ്പാർട്ടുമെൻറ് കിണറുകൾ കുഴിപ്പിക്കുന്നില്ല. സർ, രാജ്യത്തിൽ നടക്കുന്ന സംഗതികൾ എനിക്കറിയാം. ഇതെസംബന്ധിച്ചിട്ടുള്ള എല്ലാ വിവരങ്ങളും എനിക്ക് കിട്ടിയിട്ടുണ്ട്. അധഃകൃതർക്ക വേണ്ട എല്ലാസൗകര്യങ്ങളും ചെയ്തിട്ടുണ്ട് എന്നു ഇവിടെ വൃഥാ പറഞ്ഞതുകൊണ്ട് യാതൊരു പ്രയോജനവുമില്ല; ഒന്നുംതന്നെ കാര്യക്ഷമമായി ചെയ്തിട്ടില്ല. അതാണ് ഞാൻ പറയുന്നതിലുള്ളതത്വം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഡിപ്രസ്ഡ്ക്ലാസ്സിൻെറ പ്രൊട്ടക്ടർ അദ്ദേഹത്തിൻെറ ജോലിയെക്കുറിച്ച് വല്ല റിപ്പോർട്ടും ഇതുവരെയായിട്ടും ഇഷ്യൂചെയ്തിട്ടുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങിനെയുള്ള റിപ്പോർട്ടിനെപ്പററി ഒന്നും എനിക്കറിവില്ല. അപ്രകാരമുള്ള റിപ്പോർട്ട് നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടില്ല.

കുടിയിറക്കുകേസുകളെപ്പററിയും എനിക്ക് രണ്ടുവാക്ക് പറയുവാനുണ്ട്. പല അവസരങ്ങളിലും ഈ സാധുജനങ്ങളെ തരിശുനിലങ്ങളിൽ പോയി അധിവസിക്കുന്നതിന് അനുവദിക്കാറുണ്ട്; വസ്തുക്കൾ വേണ്ടവിധം നന്നാക്കി അനുഭവപ്രദമാക്കിത്തീർക്കട്ടെ എന്നതുപോലെ, ഡിപ്പാർട്ടുമെൻറ് കീഴുദ്യോഗസ്ഥന്മാർ സൂത്രത്തിൽ അവരെത്തന്നെ നോക്കിനടക്കും പാർപ്പിക്കുന്നു. ജോലി എല്ലാം ചെയ്ത് വസ്തുക്കൾ നന്നായശേഷം കൃഷ്ചെയ്തു വേലചെയ്തു അനുഭവങ്ങൾ എടുക്കാറാകുമ്പോൾ അവരുടെ നേരെ പുറമ്പോക്കുകയ്യേററക്കേസുകൾ എടുക്കുകയും റവന്യൂഡിപ്പാർട്ടുമെൻറ് കീഴുദ്യോഗസ്ഥന്മാരുടെ ശുപാർശകൾ-അനുസരിച്ച് ഈ സാധുക്കളെ പുറത്തിറക്കി വിടുന്നതിന് എത്രയുംക്ഷണത്തിൽ ഉത്തരവുകൾ അയക്കുകയും ചെയ്യുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആരെ എങ്കിലും ഒരാളെ സ്ഥലത്ത് താമസിക്കുന്നതിന് അനുവദിച്ചിട്ടുള്ളതും പുറത്തിറക്കി വിടുന്നതിന് നടപടി നടത്തിയിട്ടില്ലാത്തതുമായ അത്തരം ഒരു പ്രത്യേക ഉദാഹരണം മെമ്പറിന് പറയുവാൻ കഴിയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തെക്കൻ തിരുവിതാംകൂറിൽ അനേകം ജനങ്ങളെ ഇറക്കിവിട്ടു എന്നു മി. മാധവൻ ഇവിടെ പറഞ്ഞിട്ട് അധികനേരമായില്ല. ലാൻറവന്യൂകമ്മീഷണർക്ക് ആ ചോദ്യം മി. മാധവനോടുതന്നെ ചോദിക്കാമായിരുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഏതെങ്കിലും പ്രത്യേക ഉദാഹരണം മി. മാധവൻ പറയുകയുണ്ടായോ? അദ്ദേഹം പറഞ്ഞത് ഒരു സാമാന്യവിവരണം മാത്രമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്ക് അനേകം ഉദാഹരണങ്ങൾ അറിയാം. ഈ കാര്യങ്ങളെല്ലാം പകുതി ഉദ്യോഗസ്ഥന്മാർ മൂലമുണ്ടായിട്ടുള്ളതാണു. ഒരു സ്ഥലനിവാസിക്കു അതു അവൻെറ പേരിൽ രജിസ്റ്റർചെയ്തുകിട്ടുന്നതിനു സഹായിക്കുന്ന ഏററവും പുരാതനമായ ഒരു രേഖ 'ഒഴുക്' ആണു. സ്ഥലത്തു പ്രവേശിച്ചു അവിടെ താമസം തുടങ്ങി, സ്ഥലം ഉപയോഗയോഗ്യമാക്കിത്തീർക്കുന്ന ഒരു സാധുവായ അധഃകൃതവർഗ്ഗക്കാരനു പകുതി ജീവനക്കാർ 'ഒഴുക്' തയ്യാർ ചെയ്തുകൊടുക്കുന്നില്ല. അതിനാൽ പിന്നീടു ആരെങ്കിലും ഊററസ്വാധീനമുള്ളവർ വരുമ്പോൾ സ്ഥലം അതുവരെ ആൾ പാർപ്പില്ലാതെയിരുന്നതാണെന്നും ആദ്യമായി താമസം തുടങ്ങിയതു സ്വത്തുകാരനോ സ്വാധീനശക്തിയുള്ളതോ ആയ ആ യോഗ്യനാണെന്നുകാണിച്ചു പകുതി ഉദ്യോഗസ്ഥന്മാർ കഴിയുന്നതുംവേഗത്തിൽ 'ഒഴുക' ശരിപ്പെടുത്തികൊടുക്കുന്നുമുണ്ടു. അങ്ങനെ യഥാർത്ഥത്തിൽ ടി സ്ഥലത്തിനു അവകാശിയായ ആ സാധുവിനെ അവനു അനുകൂലമായ റിക്കാർട്ടുകൾ കിട്ടുവാൻ കഴിയാത്തതുകൊണ്ടു ചട്ടപ്രകാരം വേഗംവെളിയിൽ അടിച്ചിറക്കുന്നു. മുഴുവൻ സമയവും ജോലിചെയ്യാവുന്ന ഒരു അധഃകൃതസംരക്ഷകൻ ഉണ്ടായിരിക്കയാണെങ്കിൽ ഈ വിഷമങ്ങളെല്ലാം പരിഹരിക്കാവുന്നതാണു. അധഃകൃതർക്കുവേണ്ടി എന്തു ചെയ്യുന്നതിനും അദ്ദേഹത്തിനു കഴിയും. അധഃകൃതവർഗ്ഗക്കാർ അനുഭവിക്കുന്ന വിഷമങ്ങളെല്ലാം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു അദ്ദേഹത്തിനു കർശനമായ ഉത്തരവുകൾ കൊടുക്കേണ്ടതുമാണു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഒരാളെ താമസിക്കുന്നതിനു അനുവദിക്കുകയും പുറത്തിറക്കിവിടുന്നതിനു അവൻെറ പേരിൽ നടപടിനടത്തിയിട്ടില്ലാത്തതുമായ ഒരു പ്രത്യേകഉദാഹരണം പറയുന്നതിനു ഞാൻ വീണ്ടും ആവശ്യപ്പെടുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അധഃകൃതർക്കുവേണ്ടി ഞാൻ ചെന്നുനടത്തിയിട്ടുള്ള ഇതുപോലുള്ള കേസ്സുകളുടെ ഒരു പട്ടിക ഒരാഴ്ചയ്ക്കകം കാണിച്ചു— ഈ കൌൺസിൽ മുമ്പാകെയല്ല ലാൻറവന്യൂകമ്മീഷണരെ ബോദ്ധ്യപ്പെടുത്താമെന്നു ഞാൻ പറയുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ആ കേസ്സുകളെല്ലാം അന്യായമായ ഉടമസ്ഥാവകാശങ്ങളെപ്പററിയല്ലായിരുന്നോ എന്നും കുടിയിറക്കൽ നടപടികൾ എത്രയും വേഗത്തിൽ ആരംഭിച്ചില്ലയോ എന്നും മെംബറിനോട്ട ചോദിച്ചുകൊള്ളട്ടെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചോദ്യങ്ങളുടെ ഉത്തരമെല്ലാം ഒററവാക്യത്തിൽ പറയാവുന്നതാണ്. ഈ കേസ്സുകൾ അധ്യാകൃതർക്ക് എതിരായി തീർച്ചചെയ്യുന്നതിന ഇക്കാര്യത്തിൽ തീർച്ചയാക്കിട്ടുള്ള പരമാധികാരികൾക്ക അവരവരുടെ സ്വന്തം ന്യായങ്ങൾ ഉണ്ട്. എന്തെന്നാൽ ഉള്ളതായ റിക്കാർഡുകളെല്ലാംകൊണ്ട് അപ്രകാരമുള്ള ഒരു തീർച്ചയാണ് ഉണ്ടാകാവുന്നത്. എന്നാൽ ഞാനിപ്പോൾ പറയുന്നത്, അധ്യാകൃതർ തങ്ങൾക്ക് ആത്മവിശ്വാസംപോലുമില്ലാത്തവരാകയാൽ യഥാർത്ഥസംഗതികൾ കാണിച്ചുള്ള റിക്കാർഡുകൾ അവർ ശരിപ്പെടുത്തിക്കിട്ടുവാൻ കഴിവില്ലാത്തതുകൊണ്ട്, ഈ റിക്കാർഡുകൾ തന്നെ അവരുടെ അറിവുകൂടാതെയാണ് തയ്യാറാക്കി എടുക്കുന്നത്, എന്നു ഈ കേസിൻെറ മറുഭാഗത്തെപ്പററിയാണ്. അതുകൊണ്ടാണ്, അധ്യാകൃതർക്കായി ഗവണ്മെൻറിൽ ഒരു സംരക്ഷകനെ നിയമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നത്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, ഞാൻ മി: രാമൻപിള്ളയുടെ ഉപക്ഷേപത്തോട് അനുകൂലിക്കുന്നു. ഏതു സമുദായത്തിൽ പെട്ടവരായിരുന്നാലും കുടിപാർപ്പിന ഭൂമിയില്ലാത്തവരായിരുന്നാൽ ഭൂമി പതിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായം ആദരണീയമാണ്. പുതുവൽ ഭൂമിക്ക തറവില നിശ്ചയിക്കുന്നതിൽ തഹശീൽദാരന്മാർകാണിക്കുന്ന കാഠിന്യത്തെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കാൻ നിവൃത്തിയില്ല. ൧൦൨൦-ൽ മൊത്തം ൧൧൭൩൭൩ ഏക്കർ സ്ഥലമാണ് ഗവണ്മെൻറിൽനിന്നും പതിച്ചുകൊടുത്തിട്ടുള്ളത്. ഇതിൽ, ൨൩൪൭ ഏക്കർ സ്ഥലം ലേലത്തിൽ വിൽക്കുകയും ൧൧൫൦൨൬ ഏക്കർ സ്ഥലം കൈവശക്കാർക്ക പതിച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): എനിക്ക് കേൾക്കുവാൻ പാടില്ല; മെംബർ അല്പംകൂടി ഉച്ചത്തിൽ സംസാരിക്കുമോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ലേലംചെയ്തു വിററതിന ഏക്കറൊന്നിന ശരാശരി ൩൯ രൂപാ മാത്രമേ തറവിലയിൽ ഈടായിട്ടുള്ളു. കൈവശംവച്ച് ദേഹണ്ഡിച്ചുവരുന്ന വസ്തു പതിച്ചുകൊടുക്കുന്നതിന ഏക്കറൊന്നിന ശരാശരി ൫൧ രൂപാവീതം ഈടായിട്ടുണ്ട്. ആകെമൊത്തം ഈ ഇനത്തിൽ വരവ് ൫,൮൭,൯൩൫ രൂപായിൽ ൯൧,൬൭൭ രൂപമാത്രമാണ് വസ്തു ലേലംചെയ്ത വകയിൽ ഈടായിട്ടുള്ളത്. ബാക്കിയുള്ള തുക മുഴുവൻ കൈവശത്തിലുള്ള വസ്തു പതിച്ചുകൊടുത്തതിൽ ഈടാക്കിയ തറവിലയാണ്. പണത്തിന ബുദ്ധിമുട്ടുള്ള ഇക്കാലത്തു ഇങ്ങനെ ഭീമമായ തറവില ദേഹണ്ഡംചെയ്തിട്ടുള്ള വസ്തുക്കളിൽ ചുമത്തുന്നതു ഒട്ടും ശരിയല്ല. പത്തനംതിട്ട താലൂക്കിൽ ഏക്കർ ഒന്നിന ൧൦൦-ം,൧൫൦-ം, രൂപയാണ് തഹശീൽദാർ തറവില ചുമത്തിട്ടുള്ളത്. സർവ്വ ആഹാരസാധനങ്ങളുടേയും വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇപ്രകാരം തറവില ചുമത്തുന്നതു ന്യായമല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ വസ്തുക്കൾ ലേലംചെയ്തുവിററാൽ ഇത്ര തുക കിട്ടുകയില്ലയോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ലേലത്തിൽ വിററാൽ കിട്ടുകയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കൈവശംവച്ചുകൊണ്ടിരിക്കുന്നവർതന്നെ ലേലത്തിൽ പിടിക്കുകയില്ലയോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വസ്തു ലേലത്തിൽ വരുമ്പോൾ അനുഭവത്തിൽ ഇരിക്കുന്ന വസ്തു അന്യന്മാർ കൊണ്ടുപോകുവാൻ ഇടവരുന്നു.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇങ്ങിനെ ഭീമമായ തറവില ചുമത്തുന്നതുകൊണ്ടു ദേഹണ്ഡങ്ങളോടുകൂടി വിററ പണം കൊടുക്കുന്നതിന അയാൾ നിർബന്ധിതനായി തീരുകയില്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തീരും. അങ്ങിനെ കൊടുത്തില്ലെങ്കിൽ ആ വസ്തു അന്യർ കൊണ്ടുപോകും.

മി: ആർ. രാമൻപിള്ള (കോട്ടയം): പത്തനംതിട്ട താലൂക്കിലുള്ള ഏതു പകുതിയിലാണ ഇങ്ങനെ തറവില ചുമത്തുന്നത്?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കുമ്പഴ, റാന്നി, മുതലായ പകുതികളിൽ.

മി: ആർ. രാമൻ പിള്ള (കോട്ടയം): അവിടെ ഒരേക്കർ ഭൂമിക്ക് എന്തുവിലയുണ്ട്?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അമ്പതു രൂപാ വിലയുണ്ട്.

മി: എസ്. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഇപ്പോൾ വിചാരണയിൽ ഇരിക്കുന്ന കേസിനെപററി ഒരു അപ്പീൽ കൊടുത്തിട്ടില്ലയോ എന്നും, പത്തനംതിട്ട താലൂക്കിൽ ചില സ്ഥലങ്ങൾക്ക ൫൦ രൂപായോളം തറവിലയുണ്ടെന്ന പറയുന്നകാര്യം ഇപ്പോൾ (വിചാരണയിലിരിക്കുന്നു) സബ് ജുഡിസ് അല്ലയോ എന്നും അറിയിക്കുമോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അപ്പീൽകൊടുത്തിട്ടുള്ള ആളുകളും കണ്ടേക്കാം. അവിടെയുള്ള ജനങ്ങളിൽ ഭൂരിഭാഗവും സാധുക്കളാകകൊണ്ടു എല്ലാവരും അപ്പീൽകൊടുക്കാൻ തയാറായിവരുകയില്ല. ദേഹണ്ഡിച്ച വസ്തുക്കൾക്ക തറവില കൂട്ടിവച്ചിരിക്കുന്നതു വലിയ അനീതിയാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുകൊണ്ടു ലേലത്തിൽ വിൽക്കരുതെന്നോ, പതിച്ചുകൊടുക്കരുതെന്നോ, എന്നാണ് മെമ്പർ പറയുന്നത്?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തറവില കുറച്ചുതന്നെ പതിച്ചുകൊടുക്കണം. കൈവശംവച്ചുദേഹണ്ഡിച്ചുവരുന്ന ഭൂമി ലേലത്തിൽ വിൽക്കുന്നതിന വ്യവസ്ഥചെയ്താൽ പണമുള്ളവരെ ആരെങ്കിലും ആ ഭൂമി കൊണ്ടുപോയി എന്നു വന്നേക്കാം.

തഹശീൽദാരന്മാർ ഇങ്ങനെ തറവില കൂട്ടി നിശ്ചയിക്കുന്നതിന വേറെ ഒരു കാരണംകൂടിയുണ്ട്. ഓരോ കൊല്ലത്തിലും ഇത്രായിരം രൂപാവീതം ഈ ഇനത്തിൽ ഈടാക്കിക്കൊള്ളണമെന്നു കമ്മീഷണരോ, പേഷ്കാരോ,

തഹശീൽദാരന്മാരോ നിർബന്ധിച്ചിട്ടുണ്ടായിരിക്കണം. ഈ തുക ഈടാക്കുന്നതിനുവേണ്ടിയാണ് തഹശീൽദാരന്മാർ ഇങ്ങനെ കണ്ടമാനം തറവില ചുമത്തുന്നത്. അതുകൊണ്ടു ഹേഫണ്ടിച്ചവസ്തു കുറഞ്ഞ തറവിലയ്ക്കുതന്നെ ഹേഫണ്ടക്കാരനു പതിച്ചുകൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി: രാമൻപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): സർ, ഒന്നാമത്തെ ഉപക്ഷേപം ഭിന്നസമുദായങ്ങൾക്കു സ്ഥലങ്ങൾ അനുവദിച്ചുകൊടുക്കുന്നതിന്റെ ആവശ്യകതയെപ്പററി ആകുന്നു. എന്നാൽ അതേപ്പററിയുള്ള പല സംബന്ധിതസംഗതികളെക്കുറിച്ചു പ്രതിപാദിക്കയുണ്ടായി. ചിലർ തരിശുഭൂമികളിൽ പ്രവേശിച്ചു താമസിക്കുവാൻ അനുവദിച്ചുകൂടെന്നു വാദിച്ചു. ചിലർ തറവില കുറക്കണമെന്നു വാദിച്ചു. സംബന്ധിതങ്ങളായ മററനേകം കാര്യങ്ങളെപ്പററിയും പ്രതിപാദിക്കയുണ്ടായി. പല ലാൻഡ് അസയിൻമെൻറ് റഗുലേഷനുകളുംപ്രകാരമുള്ള എല്ലാ നടപടികളും കോടതിനടപടികളാണെന്നും അതിന്റെ ഓരോ പടിയും— നികുതികൊടുക്കുന്നതുമുതൽ മററു പല പടികൾവരെ— ചട്ടത്താൽ ബന്ധിക്കപ്പെട്ടതാണെന്നും ഹൈക്കോടതി തീരുമാനിച്ചിട്ടുണ്ടെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ. അതുകൊണ്ടു റവന്യൂ ഉദ്യോഗസ്ഥന്മാർ ചുരുങ്ങിയനിയമപരിധിയിലാണു സ്ഥിതിചെയ്യുന്നത്. അതിനാൽ അവർക്കു റഗുലേഷനുകളിൽ പറഞ്ഞിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തി മാത്രമേ നടപടിനടത്തുവാൻ സാധിക്കയുള്ളു. സ്ഥലങ്ങൾ "വേസ്റ്റ്‌ലാൻഡ് റൂൾസ്" പ്രകാരമോ "പുതുക്കപ്പെട്ട പുതുവൽറൂൾസ്" പ്രകാരമോ ആണു പതിച്ചുകൊടുക്കുന്നത്. ഭിന്നസമുദായങ്ങൾക്കു ഭൂമികൾ രജിസ്റ്റർചെയ്തുകൊടുക്കുന്നതിനു വേണ്ട നിശ്ചയം ഈ ചട്ടങ്ങളിൽ ഉൾപ്പെടുന്നില്ല. ഈ ചട്ടങ്ങൾ സമുദായങ്ങൾ തമ്മിലുള്ള ഭിന്നിപ്പിനെസംബന്ധിക്കുന്നില്ല. ചട്ടങ്ങൾപ്രകാരം ചില ആനുകൂല്യം അധഃകൃതരോടു കാണിച്ചിട്ടുണ്ടെന്നുള്ള ഒരു വ്യത്യസ്ഥതമാത്രമേയുള്ളു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർക്കാർ ഉദ്യോഗം കൊടുക്കുന്നവിഷയത്തിൽ റൂൾസ് ഒരു കമ്യൂണിററിയെ തടയുകയില്ലേ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): സമുദായികനില അനുസരിച്ചാണു ഭൂമി പതിച്ചുകൊടുക്കേണ്ടതെങ്കിൽ നമുക്കു നിയമത്തിൽ അതിനുവേണ്ട മാററങ്ങൾ വരുത്തണം. നമുക്കു വെവ്വേറെ ചട്ടങ്ങൾ ആവശ്യമാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നെ അറിയിക്കുമോ... ... ...

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): എനിക്കു പറയാനുള്ളതിനെ പറഞ്ഞുതീർക്കുന്നതിനു എന്നെ അനുവദിക്കുമോ? എന്നാൽ എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപേക്ഷ അനുവദിച്ചുവോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഖണ്ഡിതമായി, ഈ സാമുദായികനില അനുസരിച്ചു ഭൂമി പതിച്ചുകൊടുക്കുന്നതുകൊണ്ടു സമുദായങ്ങളുടെ ഇടയിൽ വളരെ അസൂയയും വിരസവും ഉണ്ടാകുമെന്നുള്ളതു തീർച്ചയാണ്. അതു സാമുദായികരീത്യാ ഉള്ള നിയമങ്ങളെല്ലാം വളരെ ദൂഷ്യമുള്ളതാണ്. അതു പ്രവൃത്തിപരമായി കൊണ്ടുവരുന്നതിനു അസാദ്ധ്യമായ ഒരു പദ്ധതിയാണ്. യഥാർത്ഥത്തിൽ സാമുദായികനിലയനുസരിച്ചു സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനുള്ള ഒരു പദ്ധതി നിർണ്ണയിക്കുന്നതു സാദ്ധ്യമായിരിക്കയില്ല. അതിനുംപുറമെ രാജ്യത്തുള്ള എല്ലാസമുദായങ്ങളുടെയും ആവശ്യങ്ങൾക്കു മതിയാകുന്നിടത്തോളം ഭൂമി തിരുവിതാംകൂറിൽ ഉണ്ടോ എന്നും ഞാൻ സംശയിക്കുന്നു. പുതുക്കപ്പെട്ട പുതുവൽ റൂൾസ്പ്രകാരം മൂന്നുതരത്തിൽ മാത്രമേ ഞങ്ങൾ സ്ഥലംപതിച്ചു കൊടുക്കുന്നുള്ളു. ഒന്നാമത്തേതു മൂന്നാംഅദ്ധ്യായം ൧൯-ാം വകുപ്പിൻപ്രകാരമുള്ള അധിവസിക്കപ്പെടാത്ത സ്ഥലങ്ങളെ സംബന്ധിച്ചാണ്. രണ്ടാമത്തേതു ൨൪-ാം വകുപ്പിൻപ്രകാരം പതിച്ചുകൊടുത്തുവരുന്ന അധിവസിക്കപ്പെട്ട സ്ഥലങ്ങളാണ്. ഇനി റോഡുകൾ, പുഴകൾ, തോടുകൾ ഇവയുടെ വക്കിലുള്ള സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനു അനുവദിക്കുന്ന ൩൬-ാംവകുപ്പെന്ന മറെറാരു വകുപ്പുണ്ട്. സാധാരണയായി ആവശ്യപ്പെടുന്ന സ്ഥലം അധിവസിക്കപ്പെടുന്നതല്ലെങ്കിൽ അതു ലേലം ചെയ്യുന്നതിനു ഞങ്ങൾ നിർബന്ധിതരാണ്. അധിവസിക്കപ്പെടുന്നസ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അധിവാസം ഉത്തമവിശ്വാസത്തിന്മേലായിരിക്കണമെന്നും വിലമതിക്കത്തക്കവിധം നന്നാക്കിയിരിക്കണമെന്നും നിയമം സൂക്ഷ്മമായി പറയുന്നുണ്ട്. ഉത്തമവിശ്വാസത്തിന്മേലുള്ള അധിവാസവും വിലമതിക്കാത്തവിധം നന്നാക്കുകയെന്നുള്ളതും പുതുക്കപ്പെട്ട പുതുവൽറൂൾസിൽ സൂക്ഷ്മമായി വിവരിച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിലോ വ്യാഖ്യാനിക്കുന്നതിലോ ഡിപ്പാർട്ടുമെന്റു കീഴുദ്യോഗസ്ഥന്മാരിൽ ആരെങ്കിലും തെററിക്കുകയോ തെററായി പ്രവർത്തിക്കുകയോ ചെയ്യുന്നു എങ്കിൽ ആദ്യമായി തഹശീൽദാരുടെ തീരുമാനത്തിന്മേൽ ഡിവിഷൻ പേഷ്കാർക്കും ഡിവിഷൻപേഷ്കാരുടെ തീരുമാനത്തിന്മേൽ ലാൻഡ്‌റവന്യൂകമ്മീഷണർക്കും അവിടെനിന്നു ഗവണ്മെൻറിലേക്കും അപ്പീൽകൊടുക്കുന്നതിനു വേണ്ട വ്യവസ്ഥ ഇതിലുണ്ട്. അതുകൊണ്ടു ആർക്കെങ്കിലും ഗവണ്മെൻറുവരെ ചെന്നു കാര്യങ്ങൾ ശരിപ്പെടുത്തികിട്ടുന്നതിനുള്ള ഒരു അവകാശമില്ലാതെ ആരോടെങ്കിലും ഏതെങ്കിലുംവിധത്തിൽ അന്യായം പ്രവർത്തിക്കുന്നതിനു സാധിക്കുന്നതല്ല.

തറവിലയെപ്പററി മി: കൊച്ചുതൊമ്മനിൽനിന്നും ഏതാനും അഭിപ്രായങ്ങൾ നാം കേൾക്കുകയുണ്ടായി. തറവില തിട്ടപ്പെടുത്തുന്നതിനു തഹശീൽദാർ സ്വീകരിക്കേണ്ട നടപടി അതായതു സ്ഥലത്തിനുള്ള (മുടക്കവില) "അപ്സററ് പ്രൈസ്" പുതുവൽറൂൾസിലെ ൧൯-ാം വകുപ്പിൽ പറയുന്നുണ്ട്. അതിൽ ഇങ്ങിനെയാണ്:—

"൧൯. (എ) രജിസ്റ്റർചെയ്യുന്നതിനുള്ള എല്ലാ അധിവാസമില്ലാത്തസ്ഥലങ്ങളും റൂൾസിലെ ൨൪ മുതൽ ൨൭ വരെയും ൩൦-ം ൩൧-ൽ ൧-ം ൨-ഉം ഉള്ള വ്യവസ്ഥകൾക്കു ഉൾപ്പെട്ടിരിക്കുന്നതും ഗവണ്മെൻറു മററുതരത്തിൽ നിയോഗിക്കാത്തപക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ഓരോന്നിനും നിശ്ചയിക്കുന്ന വിലയനുസരിച്ചുള്ള (മുടക്കവിലക്കു) അപ്സററ് പ്രൈസിനു അതിൽ റിസർവുചെയ്തിട്ടുള്ള വൃക്ഷങ്ങൾ ഒരുമിച്ചു പരസ്യമായി ലേലത്തിൽ വിൽക്കുന്നതുമാണു. സ്ഥലങ്ങളിൽ റിസർവുചെയ്തിട്ടുള്ള വൃക്ഷങ്ങളുടെ എസ്റ്റിമേററു വിലയും എസ്റ്റിമേററു വിലയോടു സമമായിരിക്കുന്നതും അതിനോടുകൂടി എസ്റ്റിമേററു വില... ... ...

ഇനി തറവില തിട്ടപ്പെടുത്തുന്നരീതി നിർണ്ണയിക്കുന്ന ൭൦-ാം ചട്ടങ്ങൾ; അതു ചുററുപാടുമുള്ള സ്ഥലങ്ങൾക്കു നിലവിലിരിക്കുന്ന താരതമ്യവിലയോടു യോജിച്ചിരിക്കണം എന്നു പറയുന്നു. തഹശീൽദാർ കൂടുതൽ വില നിശ്ചയിക്കുന്നു എങ്കിൽ അതിനെതിരായി ഡിവിഷൻപേഷ്കാർക്കു അപ്പീൽ കൊടുക്കാം. വില ഡിവിഷൻപേഷ്കാരാണ് നിശ്ചയിക്കുന്നതെങ്കിൽ ലാൻഡുറവന്യൂകമ്മീഷണർക്കും അതു ലാൻഡുറവന്യൂ കമ്മീഷണരാണ് നിശ്ചയിക്കുന്നതെങ്കിൽ ഗവൺമെൻറിലേക്കും അപ്പീലുകൾ കൊടുക്കാവുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): പുതുവൽ റൂൾസും ലാൻഡുറവന്യൂറഗുലേഷൻസും ഞങ്ങൾക്കും അറിയാമെന്നുള്ള ബോധത്തോടുകൂടി ലാൻഡുറവന്യൂ കമ്മീഷണർക്ക് എന്താണു പറയുവാനുള്ളതെന്ന് എനിക്കു അറിയാമോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എനിക്കു കേൾക്കുവാൻ പാടില്ല.

തറവില അധികമാകാതിരിക്കുന്നതിനും സ്ഥലങ്ങൾ കിട്ടുന്നവരോടു അന്യായം ചെയ്യാതിരിക്കുന്നതിനും റൂൾസിൽ വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ടെന്നാണ് ഞാൻ പറയുന്നതു്. പുതുവൽ റൂൾസിലെ ൧൮-ാം റൂൾ അധഃകൃതർക്കു പ്രത്യേകസൌജന്യങ്ങൾ നൽകുന്നുണ്ടു്. അവർക്കു തറവിലകൂടാതെ സ്ഥലങ്ങൾ കിട്ടുന്നതിനു അനുവദിച്ചിട്ടുണ്ടു്. അവർ ആ സ്ഥലം കൈമാററം ചെയ്തു കൊടുത്തുകൂടെന്നു ഒരു വ്യവസ്ഥമാത്രമേയുള്ളു. അതു വളരെ ആവശ്യമായ ഒരു വ്യവസ്ഥയാണെന്നു ഇവിടെയുള്ള ഓരോരുത്തരും സമ്മതിക്കുമെന്നു എനിക്കു ഉറപ്പുണ്ടു്. യഥാർത്ഥത്തിൽ മി: മാധവനോടു ഞാൻ നടത്തിയ സംഭാഷണത്തിൽ ആ റൂൾ നിഷ്കർഷയായി നടപ്പിൽ വരുത്തുന്നതിനു ശ്രമിക്കണമെന്നു അദ്ദേഹം എന്നോടു ആവശ്യപ്പെടുകയുണ്ടായി.

അധഃകൃതർക്കു വേണ്ടിടത്തോളം സ്ഥലങ്ങൾ കൊടുക്കുന്നില്ലെന്നും അവരെവിടെഎങ്കിലും അധിവസിക്കുന്നുണ്ടെങ്കിൽ അവരെ അവിടെനിന്നും ഇറക്കിവിടുന്നു എന്നും മി: മാധവൻ പറഞ്ഞതായിട്ടു ഞാൻ ഓർക്കുന്നു. എനിക്കു അനുഭവമായിട്ടുള്ളതു അവർക്കായി ഒഴിച്ചിട്ടുള്ള സ്ഥലങ്ങൾപോലും അവർ ഉപയോഗിക്കുന്നില്ലെന്നാണ്. അവർ ഏതെങ്കിലും ഭൂമികളിൽ താമസിക്കുന്നുണ്ടെങ്കിൽ അതു കുളക്കരകളിലോ കന്നുകാലിമേച്ചിൽ സ്ഥലങ്ങളിലോ അല്ലെങ്കിൽ റിസർവുവനങ്ങളിലോ ആണ്. അതുകൊണ്ടാണ് അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവരെ ഇറക്കിവിടേണ്ടതായിവരുന്നതു്. കുളക്കരകളോ റിസർവു മേച്ചിൽസ്ഥലങ്ങളോ ഒരാൾക്കും പതിച്ചുകൊടുക്കരുതെന്നു ഗവൺമെൻറിനെ നിർബന്ധിച്ചുകൊണ്ടു നാം ഈ സഭയിൽ ധാരാളം പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. അധഃകൃതർക്കുള്ള സ്ഥലങ്ങൾ ഞങ്ങൾ പ്രത്യേകം നിർണ്ണയിച്ചിട്ടുണ്ടു്. ആ സ്ഥലങ്ങൾ അത്ര നല്ലതല്ലായിരിക്കാം. എന്നാൽ അവ ഞങ്ങൾക്കു കിട്ടാവുന്നതിൽ ഏററവും നല്ലതാണ്. അധഃകൃതസംരക്ഷകനോടു ഈ സ്ഥലങ്ങൾപോയി പരിശോധിക്കുന്നതിനും ഉപയോഗശൂന്യമായവയെ തള്ളിക്കളയുന്നതിനും അവർക്കു അതിലുംനല്ല സ്ഥലങ്ങൾ കിട്ടുവാൻ കഴിവുണ്ടോ എന്നു നോക്കുന്നതിനും ഗവൺമെൻറു ആജ്ഞാപിച്ചിട്ടുണ്ടു്. ഇപ്പോൾ അധഃകൃതർക്കായി ഒഴിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതാനും കൊല്ലങ്ങൾക്കുമുമ്പു അധഃകൃതരുടെ പ്രതിനിധികളുമായി ആലോചിച്ചു തിരഞ്ഞെടുത്തിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. നല്ല സ്ഥലങ്ങൾ ധാരാളമുണ്ടെന്നുള്ളതും വാസ്തവമാണ്. എന്നാൽ ആ സ്ഥലങ്ങളും അധഃകൃതർ കുറെക്കാലം താമസിച്ചു നോക്കിയശേഷം വിട്ടുപോകുകയാണ് ചെയ്യുന്നതു്. ദിവാൻതന്നെ കഴിഞ്ഞ ഒരുദിവസം നാഗർകോവിലിൽ പോയിരുന്നപ്പോൾ അധഃകൃതർക്കായി ഒഴിച്ചിട്ടിട്ടുള്ള കുറെ സ്ഥലങ്ങൾ കാണുകയുണ്ടായി. അവയെല്ലാം ഏററവും നല്ല വയലുകളായിരുന്നു. കുറേകൊല്ലങ്ങൾക്കുമുമ്പു ഈ സ്ഥലങ്ങൾ റിസർവു വനങ്ങളിലുൾപ്പെട്ടിരുന്നപ്പോൾ കയ്യേററം ചെയ്യപ്പെട്ടിട്ടുള്ളവയാണ്. അപ്പോൾ അവയെ റിസർവിൽനിന്നും ഒഴിച്ചിടുകയും അധഃകൃതർക്കു കൊടുക്കുകയുംചെയ്തു. ഇവർ അവിടെ അധിവസിക്കുകയും ഏകദേശം ഒരുമാസംകഴിഞ്ഞു മററവിടെയോ താമസിക്കുന്നതിനായി അവിടംവിട്ടു പോകുകയുമുണ്ടായി. ഇപ്പോൾ അവിടെ താമസിക്കുന്നതായിട്ടു ഒരാൾമാത്രമേയുള്ളു. അവർ അവിടെ ജീവിക്കുകയാണെങ്കിൽ മരിച്ചുപോയേക്കുമെന്നു മി: മാധവൻ പറയുന്നു. സർ, ആ സ്ഥലം അവർക്കു ആവശ്യമില്ലെങ്കിൽ സ്ഥലം കിട്ടുവാൻ പ്രയാസമുള്ള മററു ജനങ്ങൾ അതു ആവശ്യപ്പെടുന്നുണ്ടു്. അധഃകൃതർക്കായി റിസർവുകളിൽനിന്നും ആയിരത്തിൽപരം ഏക്കറുകൾ ഗവൺമെൻറു തിരിച്ചിട്ടിട്ടുണ്ടു്. എന്നാൽ അവർ അവയെ സ്വീകരിക്കുന്നില്ല. അതാണ് വിഷമം. വീടുകൾ കെട്ടുന്നതിനും കൃഷികൾക്കും ഒരുപോലെ സൌകര്യമുള്ള വളരെ നല്ലസ്ഥലങ്ങൾ റിസർവുകളിൽനിന്നും അധഃകൃതർക്കായി ഒഴിച്ചുകൊടുത്തിട്ടുണ്ടെന്നും എന്നാൽ അവർ അവയെ സ്വീകരിക്കുന്നില്ലെന്നും ഉള്ളതിനു വളരെ ഉദാഹരണങ്ങൾ എനിക്കു പറയുവാൻകഴിയും.

ചെങ്ങന്നൂരിനു ഉദ്ദേശം ൩ മൈൽ തെക്കു റോഡരുകിൽ ഏകദേശം ൧൫-ഓ ൨൦-ഓ ഏക്കർ ഭൂമി അധഃകൃതർക്കായി ഞങ്ങൾ ഒഴിച്ചിട്ടിട്ടുണ്ടു്. എന്നാൽ അവർ വളരെക്കാലം അവിടെ താമസിച്ചില്ല. ഒരാൾ അയാളുടെ സ്ഥലത്തിനു തറവില കൊടുത്തശേഷം അതു മററാർക്കോ വില്ക്കുകയുണ്ടായി. പീരുമേട്ടു റസിഡൻസിക്കടുത്തു അവർക്കു വേറൊരു സ്ഥലവും ഗവൺമെൻറു കൊടുത്തു. ഈ സ്ഥലം മി: രാഘവയ്യായുടെ കാലത്താണു അവർക്കു കൊടുത്തിട്ടുള്ളതു്. ആ സ്ഥലംകൊണ്ടും ഈ ആളുകൾ തൃപ്തിപ്പെട്ടില്ല. അവർക്കു നദീതീരങ്ങളും കുളക്കരകളും മാത്രമേ ആവശ്യമുള്ളു. നദീതീരങ്ങളും കുളക്കരകളും ആർക്കും പതിച്ചുകൊടുക്കരുതെന്നുള്ള കാര്യം പല മെമ്പറന്മാരും ഈ കൌൺസിലിൽവച്ചുതന്നെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. അവർക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ ഏററവും നല്ലതായിരുന്നു എന്നു ഞാൻ പറയുന്നില്ല. എന്നാൽ രജിസ്റ്റർചെയ്തു കൊടുക്കാനുണ്ടായിരുന്നതിൽ അവ ഏററവും നല്ലതായിരുന്നു. തിരുവനന്തപുരത്തുതന്നെ ക്ഷേത്രവിലാസം വളപ്പിന്റെ ഒരു ഭാഗം കിട്ടുന്നതിനായി കഴിഞ്ഞ കൊല്ലം അധഃകൃതരിൽനിന്നും ഒരു അപേക്ഷയുണ്ടായിരുന്നു; കൊടുക്കാവുന്നതായി രാജ്യമൊട്ടുക്കുള്ളതിൽ ഏററവും നല്ല സ്ഥലങ്ങൾ ഇവർക്കായി കൊടുത്തിട്ടുണ്ടെന്നു എനിക്കു ഉറപ്പു പറയാം. ഞാൻ താലൂക്കുകച്ചേരികൾ പരിശോധിക്കുമ്പോൾ ഒക്കെയും അധഃകൃതർക്കുള്ള സ്ഥലങ്ങളുടെ രജിസ്റ്റർ സംബന്ധമായ കാര്യങ്ങളെപ്പററി നോക്കുക എന്നുള്ളതു് എന്റെ പതിവാണ്. അവർക്കു എന്തുമാത്രം സ്ഥലം കൊടുത്തിട്ടുണ്ടെന്നും ഇനിയും രജിസ്റ്റർചെയ്തു കൊടുക്കുന്നതിനു എത്രമാത്രം സ്ഥലങ്ങൾ ഉണ്ടെന്നു നിർണ്ണയിക്കുന്നതിനും കണ്ടുപിടിക്കുന്നതിനും ആയി അതൊരു മാർഗ്ഗമായി കരുതിയിരിക്കുകയാണ്. എന്നാൽ കയ്യേററങ്ങൾ നടത്തിയിട്ടുള്ളതായി കണ്ടിടത്തൊക്കെ നടപടികൾ നടത്തേണ്ടതായിട്ടുണ്ടു്. കയ്യ

ക്കരകളിലും മററു സ്ഥലങ്ങളിലും കയ്യേററം നടത്തിയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവന്മെൻറിനു അവരെ ഇറക്കിവിടുന്നതിനുള്ള നടപടികൾ നടത്തേണ്ടിവന്നിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും അവരെ ഇറക്കുന്നതിനു വളരെ കാലതാമസംവരും. ഈ ചട്ടങ്ങളെ കർശനമായി ഉപയോഗിക്കുന്നതിനു ഗവന്മെൻറു ചൊല്ലവെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പ്രസിഡണ്ട്: നിങ്ങൾ പത്തു മിനിട്ടു എടുത്തുകഴിഞ്ഞു.

മി: എസ്. സി. എച്ച് റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകം ടാക്സും കമ്മീഷണർ): ഈ അധഃകൃതരുടെ കാര്യത്തിനു വേണ്ടതു ഞങ്ങളാൽ കഴിയുന്നവിധം ചെയ്യുന്നുണ്ട്. എന്നാൽ മെമ്പർ നൽകിയ നിർദ്ദേശം പ്രവൃത്തികരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. സ്ഥിതിഗതികൾ ഇപ്രകാരമിരിക്കുന്നതുകൊണ്ടു മെമ്പർ ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അധഃകൃതർക്കായി തിരുവനന്തപുരം താലൂക്കിലോ നെയ്യാററിൻകര താലൂക്കിലോ ഏതെങ്കിലും സ്ഥലം തിരിച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകം ടാക്സും കമ്മീഷണർ): എനിക്കു പെട്ടെന്നു പറയുവാൻ സാദ്ധ്യമല്ല. ഞാൻ ലിസ്റ്റ് വരുത്തി എനിക്കു സൌകര്യം കിട്ടുന്നപക്ഷം ഉച്ച കഴിഞ്ഞു മെമ്പറിനോടു വിവരങ്ങൾ പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം താലൂക്കിൽ സ്ഥലമില്ലാത്ത ആളുകളുടെ സംഖ്യ ലാൻഡ് റവന്യൂകമ്മീഷണർക്കു അറിയാമോ എന്നു എന്നോടു പറയാമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): എനിക്കു പറയുവാൻ സാധിക്കുകയില്ല. ഒരാൾ ഞാൻ തന്നെയാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവന്മെൻറു നിയമിച്ചിട്ടുള്ള ഡപ്യൂട്ടിപ്രസിഡൻറ്): ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തോടു വാസ്തവത്തിൽ യാതൊരു ബന്ധവുമില്ലാത്ത പുതുവൽ ഭൂമികൾ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചുള്ള നാനാമുഖങ്ങളെപ്പററിയും, ഈ ഉപക്ഷേപത്തിന്റെ ഛായയിൽ നിന്നുകൊണ്ടു വാദപ്രതിവാദം ചെയ്യുന്നതിനു അനുവദിക്കയുണ്ടായി. അതിനെപ്പററി പറയുന്നതിനു എനിക്കു അനുവാദം തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപക്ഷേപത്തിന്റെ സാരം അതിന്റെ പ്രയോക്താവിന്റെ പ്രസംഗത്തിൽനിന്നാണോ, അതല്ല 'കട്ട്മോഷന്റെ' ആകെക്കൂടിയുള്ള ഉദ്ദേശത്തിൽനിന്നാണോ മനസ്സിലാക്കേണ്ടതെന്നു എന്നെ അറിയിക്കുമോ?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവന്മെൻറു നിയമിച്ചിട്ടുള്ള ഡപ്യൂട്ടി പ്രസിഡൻറ്): ആ ചോദ്യത്തിനു ഉത്തരം പറഞ്ഞു സമയം ദുർവ്വിനിയോഗപ്പെടുത്തണമെന്നു എനിക്കു ഉദ്ദേശമില്ല. പുതുവൽ ഭൂമികൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനെപ്പററിയുള്ള അനേകവശങ്ങളാണ് എന്റെ സ്നേഹിതന്മാരിൽ പലരും ഈ സഭമുമ്പാകെ വിമർശിക്കയുണ്ടായി. അവർക്കു നൽകിയതുപോലെ ഒരവസരം എനിക്കും നൽകണമെന്നുമാത്രമെ എനിക്കു അപേക്ഷയുള്ളു. കഴിഞ്ഞ ബഡ്ജററിൽ, 'ടൌൺ ലാൻഡ് റൂൾസ്' പുതുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഞാൻ പറഞ്ഞുകൊള്ളുന്നു. സർ, പാർപ്പിടങ്ങൾക്കു പററിയ സ്ഥലങ്ങൾ മതിയാകാതെ ജനങ്ങൾ തെരുവുകളിൽ ജീവിച്ചുവരുന്ന ബ്രിട്ടീഷ് ഇൻഡ്യയിലുള്ള പട്ടണങ്ങളുടെ സ്ഥിതികളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഈ ടൌൺ ലാൻഡ് റൂൾസ് എന്നെ വളരെ ആകർഷിക്കയുണ്ടായി. തിരുവനന്തപുരം, കൊച്ചികോട്ട, നാഗർകോവിൽ ഈ സ്ഥലങ്ങളിൽനിന്നു ഒഴിഞ്ഞു നില്ക്കുന്ന ഭാഗങ്ങളൊഴിച്ചാൽ തിരുവിതാംകൂറിലുള്ള നഗരങ്ങൾ സാധാരണയായി പ്രകൃതിരമണീയങ്ങളായ പട്ടണങ്ങളാണ്. ഓരോ വീട്ടിനും അതിനോടുചേർന്ന ഓരോ പുരയിടവും ഉണ്ട്. ഒന്നോ രണ്ടോ സെൻറു പുറമ്പോക്കു സ്ഥലങ്ങൾ ഈ പുരയിടത്തിന്റെ മദ്ധ്യത്തിലേക്കു തള്ളിക്കിടന്നേക്കാവുന്നതും പട്ടണങ്ങളിലുള്ള സ്ഥലങ്ങൾക്കു ഗ്രാമങ്ങളിലുള്ളവയെക്കാൾ കൂടുതൽ വില മതിക്കുന്നതുകൊണ്ടു ഈ പുതുവൽ സ്ഥലങ്ങൾ ഒരു വ്യത്യസ്ഥപ്പെട്ട രജിസ്റററിൻകീഴിൽ കൊണ്ടുവരുന്നതിനു നിർദ്ദേശിക്കുകയും അങ്ങനെയുള്ളതുകൊണ്ടു ആ സ്ഥലങ്ങൾക്കു കൂടുതൽ തറവില ഈടാക്കുകയും ചെയ്യേണ്ടതാണ്. ഈ പ്രശ്നം അവിടത്തെ മുൻഗാമിയുടെ ഭരണകാലത്തു ശ്രീമൂലം പ്രജാസഭയുടെ വളരെ മുമ്പു കഴിഞ്ഞ ഒരു യോഗത്തിൽ ഗവന്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ഈ 'ടൌൺലാൻഡ് റൂൾസ്' പുതുക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കിയിട്ടുണ്ടെന്നു അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു. ടൌണിലുള്ള ഒരു സെൻറു സ്ഥലം അതാതിന്റെ വലിപ്പത്തിനു തള്ളിക്കിടക്കുന്നതോ അയൽക്കാരൻ മററാർക്കും അതുകൊണ്ടുമാത്രം യാതൊരുപയോഗവുമില്ലാത്തതോ ആയ ഒരു സെൻറു സ്ഥലത്തിനു ആണ്ടിൽ അഞ്ചുരൂപാ പ്രകാരം നികുതി ഈടാക്കണമെന്നു നിശ്ചയിക്കുകയുണ്ടായി. ഈ പ്രകാരമുള്ള സ്ഥലങ്ങൾക്കു ഗവന്മെൻറിന്റെ തീരുമാനപ്രകാരമുള്ള ചില പ്രത്യേകസ്ഥലങ്ങളുടെ സ്ഥിതി അനുസരിച്ചു ന്യായമാണെന്നു തോന്നുന്ന ഏതു തുകയും തറവിലയായി ചുമത്തുന്നതിൽ ഞങ്ങൾക്കുലേശം വിസമ്മതമില്ല. ഗവന്മെൻറു നിശ്ചയിക്കുന്ന തറവില എന്തായിരുന്നാലും അതു കൊടുക്കുന്നതിനു ഞങ്ങൾക്കു ഒട്ടും വിരോധമില്ല; എന്നാൽ എപ്പോഴും പ്രതിഷേധങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതു നടപ്പിൽ വരുത്തുന്നതിനു തീർച്ചപ്പെടുത്തിട്ടുള്ള നികുതിക്രമത്തെ സംബന്ധിച്ചാണ്. സർ, ടൌണിലുള്ള സ്ഥലങ്ങൾക്കു ഈ കൂടുതൽ നിരക്കു ഈടാക്കുന്നതിൽ ഞങ്ങൾ പ്രതിഷേധിക്കുമ്പോൾ ഞങ്ങളുടെ ആലോചനയിൽ അധികമായി വരുന്നതു അതേപ്പററി പെട്ടെന്നുണ്ടാകാവുന്ന ഉപദ്രവമല്ല. അടുത്ത കണ്ടെഴുത്തു നടപ്പിൽ വരുത്തുന്നതെന്നാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ അതു നടപ്പിൽ വരുമ്പോൾ നികുതി നിരക്കു നിശ്ചയിക്കുന്നതിനു ഉപയുക്തമായിരിക്കുന്ന ഒരു സാധാരണ നിയമം അഥവാ പ്രധാനപ്പെട്ട സമ്പ്രദായങ്ങളിലൊന്നു അവിടെയുള്ള ഒരു തരം പ്രത്യേകം സ്ഥലങ്ങൾക്കു ഗവന്മെൻറു ഏററവും ഒടുക്കം ചുമത്തിയ നിരക്കാണ്.

ഒരു തുണ്ടു സ്ഥലം സമീപകാലത്തു രജിസ്റ്റർചെയ്തു കൊടുത്തതായും ഗവർമ്മെൻറു അതിനു സെൻറിനു അഞ്ചുരൂപാവീതം നികുതി ഈടാക്കിവരുന്നതായും ഒരു കണ്ടെഴുത്തു ഉദ്യോഗസ്ഥൻ കാണുന്നു എന്നു വിചാരിക്കുക

ക്കുക. ഈ ചെറിയ ഭൂമി ഏതൊരു വസ്തുവിൻെറ അംശമാണോ ആ മുഴുവൻ വസ്തുവിന്മേലും അതേ നികുതിനിരക്ക ചുമത്തുന്നതിൽ ഗവർമ്മെൻറിനെ തടയുന്നതിനു എന്താണുള്ളത്. ഉദാഹരണമായി ഞാൻ പറയാം. എൻെറ പട്ടണമായ ആലപ്പുഴയിൽ ആറേക്കർ വിസ്താരമുള്ളതും ഇപ്പോൾ അഞ്ചിൽ ഒൻപതു രൂപാ കരം കൊടുക്കുന്നതുമായ ഒരു പറമ്പുടമസ്ഥൻ ഉണ്ടെന്നു വിചാരിക്കുക. ഈയിടെ രജിസ്റ്റർചെയ്തു കിട്ടിയതും സെൻറിനു അഞ്ചുരൂപാ നികുതി കൊടുക്കേണ്ടതുമായ ഒരു സെൻറു പുതുവൽ സ്ഥലം അയാൾക്കുണ്ട്. ആറേക്കർ സ്ഥലത്തിനും സെൻറിനു അഞ്ചുരൂപാ ക്രമത്തിൽ നികുതി കൊടുക്കേണ്ട ഒരു ഭാരം നമ്മളിൽ വരുന്നതായാൽ ധന പരിശോധനാപദ്ധതികൾ വഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളും മാർഗ്ഗങ്ങളും നോക്കുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നവരാം കൂട്ടത്തിലെ ഒരു നിലയിൽ ഗവർമ്മെൻറിനെ ഉയർത്താനാകാവിധം അപ്രകാരം ഒരു ടൌണിൽനിന്നുതന്നെ കോടികണക്കിനു രൂപാ വന്നുകൊണ്ടിരിക്കുമെന്നു ഞാൻ പറയുന്നതിൽനിന്നു നിങ്ങൾക്കു മനസ്സിലാകാം. ഞാൻ ബഹുമാനപൂർവ്വം അറിയിക്കുന്നതു ഗവർമ്മെൻറിനു ഒരു മനഃസ്ഥിതിയോടുകൂടി ആലോചിക്കാവുന്ന ഒരു അവിവാദിതസംഭവമല്ല. അങ്ങിനെ കഴിവുള്ളതാണെന്നു അറിഞ്ഞിരുന്നിട്ടും ഗവർമ്മെൻറു നികുതി നിരക്കു കൂടുന്നതിൽ വിമുഖത കാണിക്കുന്നു എന്നുള്ളതു ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ തറവില എന്ന പേരിൽ ന്യായമായ ഏതു തുകയും വസൂലാക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ലതന്നെ. എന്നാൽ ഞങ്ങളുടെ എല്ലാ ആലോചനകളെയും തെറിപ്പിച്ചു ഞങ്ങളുടെ തലക്കുമീതെ തൂങ്ങിക്കിടക്കുന്ന ഈ "ഡെമോക്ലിസിൻെറ വാൾ", അതിൽനിന്നും രക്ഷ പ്രാപിക്കേണ്ടതായ, ഒരു ആപത്താണ്. പ്രസ്തുത സംഗതിയുടെ ഈ ഭാഗം കഴിഞ്ഞ സെപ്റ്റംബറു വാദപ്രതിവാദത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ഇപ്പോൾ ഞങ്ങളെ അഭിമുഖീകരിച്ചിരിക്കുന്ന വിപത്തിനെ കുറയ്ക്കുന്നതിന് ഗവർമ്മെൻറു ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഉണ്ടാകുമെന്ന് വിചാരിച്ചിരുന്നവരിൽ ഒരാളുമാണ് ഞാൻ. ഈ പ്രമേയം ഗവർമ്മെൻറിൻെറ ശ്രദ്ധക്ക് വിഷയമായിട്ടുണ്ടോ എന്നും പട്ടണവാസികളായ ജനങ്ങൾക്ക് പുതുവൽ സ്ഥലങ്ങൾ പതിച്ചുകിട്ടുന്നകാര്യത്തിൽ ന്യായവും സമത്വപരവുമായ ഒരു തീരുമാനം കാലേകൂട്ടി ആശിക്കാവുന്നതാണോ എന്നും മി: റാബിൻസൺ അദ്ദേഹത്തിൻെറ അവസാനമറുപടിയിൽ നമ്മളോട് പ്രസ്താവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രസിഡൻറു. നിശ്ചയിച്ചിട്ടുള്ള നികുതി എന്ന് നിങ്ങൾ പറയുന്നതു പതിവു കൈവശക്കാരൻ ഗവർമ്മെൻറിലേക്കു കൊടുക്കുന്നതിനു പകരം തൻെറ സ്വന്തമായി സൂക്ഷിക്കുന്നതിന് അനുവദിച്ചിട്ടുള്ള തറവിലയുടെ നാല്/ഒരു ഭാഗത്തിൻെറ പലിശയാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറ് നിയമിച്ചിട്ടുള്ള ഡിപ്യൂട്ടിപ്രസിഡൻറു) എല്ലാ തറവിലയും അപ്പഴപ്പോൾ ബുദ്ധിമുട്ടില്ലാതാക്കി കൊടുക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല. ഗ്രാമവാസികളോടു പെരുമാറുന്ന ആനിലയിൽതന്നെ ഞങ്ങളോടും പെരുമാറണമെന്ന് ഞാൻ പറയുന്നില്ല. ടൌണിലുള്ള സ്ഥലങ്ങൾക്ക തീർച്ചയായും ഗ്രാമങ്ങളിലുള്ളവയേക്കാൾ വിലകൂടിയിരിക്കും.

പ്രസിഡൻറു. അതുതന്നെയാണ് ഞാൻ വിചാരിക്കുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറ് നിയമിച്ചിട്ടുള്ള ഡിപ്യൂട്ടിപ്രസിഡൻറു) ഗവർമ്മെൻറു ഒരു കുറഞ്ഞ തറവിലയെ ചുമത്തുന്നുള്ളു എങ്കിലും അതിൽ വ്യത്യാസം വരുത്തുന്ന തുക അനേകകൊല്ലങ്ങളിലെ നികുതിയായി അംശിച്ച് ഈടാക്കുന്നുണ്ട്.

പ്രസിഡൻറു. അങ്ങിനെ ഇരിക്കുന്നതുകൊണ്ടു മുഴുവൻ തറവിലയും കൊടുത്തിട്ടില്ലാത്ത സ്ഥലത്തിനുള്ള നികുതിയെ മററുസ്ഥലങ്ങൾക്കു ചുമത്താവുന്ന നികുതിയുടെ തോതായി ഭാവിക്കുന്നതല്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറു നിയമിച്ചിട്ടുള്ള ഡിപ്യൂട്ടിപ്രസിഡൻറു) ശരിയായ പര്യാലോചനക്കു ശേഷമേ നികുതി എന്തെന്ന് നിർണ്ണയിക്കുകയുള്ളു എന്ന ഉറപ്പിനെ സ്വീകരിക്കുന്നതിനു ഞാൻ ഒരുക്കമാണെങ്കിലും ഇപ്പോൾതന്നെ അതിൽനിന്നും രക്ഷപ്രാപിക്കേണ്ടതായ ഒരു ആപത്താണ് അതു. ഒരു പ്രത്യേകക്ലിപ്തിയിൽനിന്നും ഒരു ക്ലിപ്തതുക വസൂലാക്കണമെന്നു മാത്രമേ ഗവർമ്മെൻറു ഇച്ഛിക്കുന്നുള്ളു എങ്കിൽ ആ തുക തറവിലയായി കൊടുക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല. അവർ എന്തിനാണ് അമിതമായ കരം കൊടുക്കുന്നതു. തറവില പലഗഡുക്കളിലായി കൊടുക്കുവാൻ അനുവദിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടിട്ടേയില്ല. കാലാവധിയെസംബന്ധിച്ച യാതൊരു ഉറപ്പുംകൂടാതെ അതു നികുതിയായി അനേകം കൊല്ലങ്ങളിൽ കൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള അവകാശം ഞങ്ങൾക്കു അസൌകര്യങ്ങളും വിഷമങ്ങളും ഉണ്ടാക്കിതീർത്തിട്ടുണ്ട്. സർ, അതു ഒരു ക്ലിപ്തകാലംകൊണ്ടു അംശങ്ങളായി കൊടുത്തുതീർക്കണമെന്നും അതു കരമായി വകവക്കരുതെന്നുമാണ് അവിടുന്നു അഭിപ്രായപ്പെട്ടതു.

പ്രസിഡൻറ്: അതു അങ്ങിനെയല്ല. നികുതിയായി നിശ്ചയിച്ചിട്ടുള്ളതു പതിവുകാരൻ വശംവിട്ടുകൊടുത്തിട്ടുള്ളതുകയുടെ പലിശമാത്രമാണ്. അതിൽ കൂടുതലായി ഒന്നുമല്ല. ഏതെങ്കിലും മുതലിൻെറ ആദായം നികുതിനിരക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറുനിയമിച്ചിട്ടുള്ള ഡിപ്യൂട്ടിപ്രസിഡൻറു) അതുകൊടുക്കുന്നതിനുള്ള ധനസ്ഥിതിയുടെ അപ്രാപ്തിയെപ്പററി ഞങ്ങൾ വാദിക്കുന്നില്ല.

പ്രസിഡൻറു: ഇതുവരെയുള്ള നികുതി നിശ്ചയിക്കുന്നതിനു ഇടയായതെങ്ങിനെയാണെന്നു ഞാൻ വിവരിക്കമാത്രമാണു ചെയ്തതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറുനിയമിച്ചിട്ടുള്ള ഡിപ്യൂട്ടിപ്രസിഡൻറു) പതിവുകാരിൽനിന്നു ന്യായമായിട്ടുള്ളതിൽ കവിഞ്ഞു യാതൊന്നും തറവിലയായി ഗവർമ്മെൻറു വസൂലാക്കുന്നു എന്നു ഞാൻ ഒരിക്കലും അഭിപ്രായപ്പെട്ടില്ല. സെൻറിനു ൨൦൦ രൂപാ തറവില നിശ്ചയിച്ചാലും അതുകൊടുക്കുന്നതിനു ഞങ്ങൾ ഒരുക്കമുള്ളവരാണ്. അതിനെപ്പററി ഞങ്ങൾ പരാതിപറയുന്നില്ല. എന്നാൽ ഇങ്ങിനെ കൊടുക്കുന്നതു ഭാവിതലമുറക്കു ഒരു ഭാരമായി തീരുന്നതെന്തിനാണ്. സ്ഥലം കൈവശക്കാരൻ ഒരിക്കലും ആവശ്യപ്പെടാതിരിക്കെ അയാൾക്കു ഗവർമ്മെൻറു കൊടുത്തുഎന്നു വിചാരിക്കുന്നതായ വാസ്തവമല്ലാത്ത കടങ്ങൾക്കു പലിശ കൊടുക്കേണ്ടതായ ഈ ഭാരം ഞങ്ങളുടെ പുത്രന്മാരും പൌത്രന്മാരും പ്രപൌത്രന്മാരും വഹിക്കേണ്ടിവരുന്നതു എന്തിനാണ്. പട്ടണങ്ങളിലുള്ള ഈ വസ്തു ഉടമസ്ഥന്മാരോടു, ധനസംബന്ധമായ യാതൊരു വിഷമവും ധനസ്ഥിതിക്കു ഉപദ്രവകരമായ യാതൊരു ക്ഷേമഹാനിയും വരാത്ത ന്യായം നടത്താവുന്നതാണ്. അതു അവരുടെ ന്യായമായ അവകാശവും അതു എത്രയും വേഗം നടത്തുന്നുവോ അത്രയും അധികം നല്ലതുമാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സ്സുകമ്മീഷണർ) മെംബർ പറഞ്ഞതായ ഉപാധി ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ളതാണെന്നു ഞാൻ വിവരിക്കേണമോ?

മി. ആർ. രാമൻപിള്ള (കോട്ടയം) സർ, ലാൻഡറവന്യൂ കമ്മീഷണർ പറഞ്ഞതായ ഒന്നും എനിക്കു കേൾക്കവാൻ കഴിയാത്തതിൽ ഞാൻ വ്യസനിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സ്സംകമ്മീഷണർ) സർ, ഭൂസ്വത്തില്ലാത്ത ജനങ്ങൾക്കു സ്ഥലങ്ങൾ കിട്ടണമെന്നു മെമ്പർ പറഞ്ഞതായ അഭിപ്രായം ഗവണ്മെൻറു അംഗീകരിച്ചിട്ടുണ്ടെന്നും റൂൾസിലെ ൨൪-ാം വകുപ്പിൽ അതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വിവരിക്കുകയാണ് ഞാൻ ചെയ്തതു.

മി. ആർ. രാമൻപിള്ള (കോട്ടയം) ലാൻറു റവന്യൂകമ്മീഷണർ പറഞ്ഞതെന്താണെന്നു കേൾക്കവാൻ എനിക്കു സാധിച്ചില്ലഎങ്കിലും വിഷമപ്പെട്ടുസംഗതി മനസ്സിലാക്കി. അതൊന്നും കേട്ടില്ലാഎങ്കിലും എനിക്കു പറയാനുള്ളതു ഞാൻപറയാം.

ഈ ഉപക്ഷേപത്തെ ഗവണ്മെൻറു സ്വീകരിക്കുമെന്നാണ് ഞാൻ ആദ്യം വിചാരിച്ചുപോയതു. ഇതുവരെ ഭൂമിപതിച്ചുകൊടുത്തിട്ടില്ലാത്ത ആളുകൾക്കു പതിച്ചുകൊടുക്കുന്നതിൽ പ്രാധാന്യം കൊടുക്കണമെന്നു ഞാൻ പറഞ്ഞതു അധഃകൃതരെ ഉദ്ദേശിച്ചാണ് എന്നു അനേകദൃഗേഘ സാമാജികരാഗങ്ങ കാരണവനായ മി. കുഞ്ഞിത്തൊമ്മൻ മനസ്സിലാക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. ഏതു സമുദായത്തിലെ ആയാലും സാധുക്കൾക്കു ഒട്ടുംതന്നെ ഭൂമി പതിച്ചുകൊടുക്കണമെന്നു ഞാൻ ഉദ്ദേശിച്ചില്ല. സാധുക്കൾക്കു പതിച്ചുകൊടുക്കണമെന്നാണു ഞാൻ പറഞ്ഞതു. കൈവശക്കാർക്കു പതിച്ചുകൊടുക്കുന്നതിനെപ്പററി അടുത്ത ഉപക്ഷേപത്തിൽ ഞാൻ പറഞ്ഞുകൊള്ളാം. സാധുക്കളായ ആളുകൾക്കും തറവില കൂട്ടി പതിച്ചുകൊടുക്കുന്നതിനും ആക്ഷേപമില്ല. എന്നാൽ ധനസ്ഥിതി അനുസരിച്ചു ൨൫ കൊല്ലംകൊണ്ടോ, പതിനഞ്ചുകൊല്ലംകൊണ്ടോ, പത്തുകൊല്ലംകൊണ്ടോ, അഞ്ചുകൊല്ലംകൊണ്ടോ, തറവില ഗഡുതോറും അടക്കത്തക്കവണ്ണം പുതുവൽ റൂൾസിനെ ഭേദപ്പെടുത്തണം. ഇപ്പോഴത്തെ പുതുവൽ ചട്ടമനുസരിച്ചു ൫൦൦ രൂപായിൽ കൂടുതൽ വരുന്ന സംഖ്യമാത്രമേ ഓരോ ഗഡുക്കളായിട്ടു ഈടാക്കി വരുന്നുള്ളു. അതിനെ ഭേദപ്പെടുത്തി ൫ രൂപാ എന്നാക്കണം.

ലേലമെന്നതു സാധുക്കളായ ആളുകൾക്കു വളരെ നാശകരമാണ്. ഒരിക്കലും ലേലംചെയ്തു കൊടുക്കരുതു. സാധുക്കൾക്കു പതിച്ചുകൊടുത്തു നല്ലതറവിലവാങ്ങിക്കണം. അങ്ങിനെകൊടുത്താൽ പത്തോ പതിനഞ്ചോ ഇരുപതോകൊല്ലത്തെ കാലാവധിവച്ചു വില അടപ്പിച്ചാൽ സാധുക്കളായ ജനങ്ങൾക്കു കുടിപാർപ്പിനു ഒരു വഴിയായിത്തീരുന്നതാണ്. ജനസംഖ്യഅനുസരിച്ചു ഭൂമിപതിച്ചുകൊടുക്കുന്നപക്ഷം ഞാൻ ഉൾപ്പെട്ട സമുദായത്തിനു ആറേക്കറിൽ കൂടുതൽ സ്ഥലം കിട്ടുകയില്ല. അതുകൊണ്ടു എന്റെ സമുദായത്തെ ഉദ്ദേശിച്ചല്ല ഞാൻ പറഞ്ഞതു എന്നു മനസ്സിലാക്കാം. സാധുക്കളെ ഉപദ്രവിച്ചു അവരെ ചെവിക്കുപിടിച്ചു വെളിക്കിറക്കിവിട്ടു വസ്തു കൈവശമാക്കി പതിച്ചുവാങ്ങിക്കുന്നതായി എനിക്കറിയാം. ഇതിലേക്കു ഒരു ഉദാഹരണം പറയാമോഎന്നു ചോദിച്ചാൽ ഈ കൌൺസിലിന്റെ അവസ്ഥക്കു ഞാൻ ഒന്നും പറയുന്നതല്ല. അതു ഇനി എന്തായാലും ഒരു പത്തുണ്ടുകൊല്ലംകൂടി കഴിഞ്ഞാലേ നിവൃത്തിയുള്ളു. ഗവണ്മെൻറു ഇതിനെ സ്വീകരിക്കുവാൻ തയ്യാറില്ല എന്നു കാണുന്നതുകൊണ്ടു എന്റെ ഉപക്ഷേപത്തെ കൌൺസിലിന്റെ പര്യാലോചനക്കായി വിട്ട് എന്റെ മാന്യസ്നേഹിതന്മാരെല്ലാവരുംകൂടി ഇതിനെ അനുകൂലിച്ചു വോട്ടുചെയ്യണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സ്സും കമ്മീഷണർ): ഭൂസ്വത്തില്ലാത്ത ജനങ്ങൾക്കു സ്ഥലം കിട്ടണമെന്നുള്ളത് ഗവണ്മെൻറു അംഗീകരിച്ചിട്ടുള്ളതും അതിലേക്ക് പുതുവൽ ചട്ടം ൨൪-ാം വകുപ്പിൽ വേണ്ട വ്യവസ്ഥചെയ്തിട്ടുള്ളതും ആകുന്നു. മി. കുഞ്ഞയ്യങ്കാർ ട്രാൻസ്ഫറിന്റെ റൂൾസിനെപ്പററി സൂചിപ്പിച്ചതുപോലെ, പ്രസ്തുത സംഗതിയെപ്പററി ഞങ്ങൾ ആലോചിച്ചുകഴിഞ്ഞിട്ടുള്ളതും ആ ചട്ടങ്ങൾ വേഗത്തിൽ പുതുക്കുന്നതുമാകുന്നു എന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. ചട്ടങ്ങൾ പുതുക്കുന്നതുകൊണ്ടു ജനങ്ങൾ തൃപ്തിപ്പെട്ടുമെന്നു മെമ്പറിനു ബോദ്ധ്യപ്പെടുന്നതും അദ്ദേഹം പരാതിയിൽ കാണിച്ചിട്ടുള്ള വിഷമങ്ങൾ കഴിയുന്നതുവിധം പരിഹരിക്കുന്നതിനു ജനങ്ങളെ പ്രാപ്തരാക്കുന്നതും ആണെന്നു ഞാൻ ഉദ്ദേശിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്റെ മറുപടി കേട്ടതുകൊണ്ടു ഇതിനെ പ്രസ്സ് ചെയ്യണമെന്നു വിചാരിക്കുന്നില്ല.

പ്രസിഡന്റു: മി. രാമൻപിള്ളേ, നിങ്ങൾ നിങ്ങളുടെ ഉപക്ഷേപം പിൻവലിക്കുകയാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രസിഡന്റു: മെമ്പറിനു ഉപക്ഷേപം പിൻവലിക്കുന്നതിനു സഭയുടെ അനുവാദമുണ്ടോ?

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨.

മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

എസ്റ്റാബ്ളിഷ്മെൻറിനത്തിലേക്കുള്ള ൧൪൫൩൫ രൂപായിൽനിന്നു ഒരു രൂപാകുറയ്ക്കണം.

എസ്റ്റാബ്ളിഷ്മെൻറുവകക്കുള്ള ൧൪൫൩൫ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉദ്ദേശം കൈവശക്കാരായ ആളുകൾക്കു പുതുവൽ വസ്തുക്കളെല്ലാം പതിച്ചുകൊടുത്തുകൂടന്നാണ്. ഗവണ്മെൻറു പുതുവൽ വസ്തുക്കൾക്കെല്ലാം ഉടമസ്ഥന്മാരാണെന്നു വിചാരിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തിൽ ഈ വസ്തുക്കളെല്ലാം ഗവണ്മെൻറു ഒരു ട്രസ്റ്റിയുടെ നിലയിൽ വച്ചുകൊണ്ടിരിക്കുന്നവെന്നുള്ളതാണ്. ഗവണ്മെൻറാധീനത്തിൽ ഇരിക്കുന്ന വസ്തുക്കളുടെ കാര്യക്കാരനെന്ന നിലയിൽ എടുത്തുകഴിഞ്ഞാൽ മറകളുവാനെന്താണ് നിവൃത്തി? പഴയകാലത്തു ജനങ്ങൾ ഒരു വിധം ധർമ്മബുദ്ധിയോടും സത്യസന്ധതയോടുമാണ് ജീവിച്ചിരുന്നതു. ഇപ്പോൾ ഭൂരിപക്ഷം ജനങ്ങളും അസത്യമല്ലാതെ പറയുകയില്ല. അധർമ്മമല്ലാതെ പ്രവൃത്തിക്കയില്ല.

മി: മാത്യു മുരിക്കൻ (വൈക്കം): ഞങ്ങൾ അതിനെ പ്രതിഷേധിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ആളുകൾ സ്വാർത്ഥതയെ മുൻനിർത്തി പ്രവൃത്തിക്കുന്നു.

പുതുവൽ വസ്തുക്കളെല്ലാം ബലവാന്മാർ കൈവശപ്പെടുത്തികൊണ്ടുപോകുന്നു. സാധുക്കൾക്ക് കൊടുക്കണമെന്ന് വാദിക്കുന്നവർ ആരുംതന്നെ സാധുക്കളുടെ കാര്യം വരുമ്പോൾ സഹായിക്കുന്നില്ല. സാധുക്കൾ കയറി കിടക്കുന്ന സ്ഥലങ്ങളിൽനിന്നും അവരെ പിടിച്ചുപുറത്താക്കുന്നു. ദേഹണ്ഡക്കാർക്ക് പുതുവൽ പതിച്ചുകൊടുക്കണമെന്നുള്ള പുതുവൽ റൂൾസ് ൧൧൧൭-ാം വകുപ്പ് ഇപ്പോൾ നിലവിൽ ഇരിക്കയാണ്. വേണമെങ്കിൽ ൧൧൨൦ ലെ കർക്കടകം ൩൧-ാം-വരെയുള്ള പട്ടയം സരിച്ച് പതിച്ചുകൊടുക്കണം. മേലിൽ ഗവണ്മെന്റിന്റെ അധീനത്തിൽ ഇരിക്കുന്നവസ്തു പുറമ്പോക്കായാലും തരിശായാലും ഗവണ്മെന്റിന്റെ അനുവാദമില്ലാതെ ആരും കയറരുതെന്ന് വ്യവസ്ഥചെയ്യണം. ഗവണ്മെന്റനുവാദമില്ലാതെ ദേഹണ്ഡിച്ചാൽ ആ ദേഹണ്ഡത്തിന് വിലകൊടുക്കരുത്.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അധഃകൃതസമുദായങ്ങളുടെ ഉൾപ്പെടുത്തിയാണോ പ്രവേശനം കൊടുക്കാൻ പാടില്ലാ എന്ന് പറയുന്നത്?

മി: ആർ. രാമൻപിള്ള (കോട്ടയം): അവരേയും പ്രവേശിപ്പിക്കുവാൻ പാടില്ല. അവർക്കു ഭൂമികൊടുക്കുന്നതിന് ഗവണ്മെന്റിന് അധികാരമുണ്ട്. അവർക്ക് കൊടുക്കരുതെന്നു ഞാൻ പറയുന്നില്ല.

മി: തയ്യിലകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗവണ്മെന്റ അധികാരം പ്രയോഗിച്ച് ഭൂമി അവർക്ക് കൊടുക്കുന്നതുവരെ തരിശു ഭൂമികളിൽ അവർ കുടിൽ കെട്ടിപ്പാർക്കാൻ പാടില്ലെന്നാണോ മെമ്പർ പറയുന്നതു?

മി. ആർ. രാമൻപിള്ള (കോട്ടയം): ആരും കയറാൻ പാടില്ല, എന്നാണു ഞാൻ പറയുന്നതു എന്റെ സ്വത്തു എന്റെ അധീനത്തിൽ ഇരിക്കുമ്പോൾ എന്റെ അനുവാദമില്ലാതെ അതിൽ കയറുന്നതു അക്രമമാണ്. കോട്ടയം-കുമളിറോഡിന്റെ വളവും മററും മാററി പുതിയവഴിവെട്ടിയപ്പോൾ പഴയവഴിയിൽ പല സാധുക്കളും കയറിക്കിടന്നതായി എനിക്കറിയാം. ഇരുപത്തിയഞ്ചു സെന്റുനീളമുള്ള സ്ഥലത്തു ൨൦ ൽ വീടുകൾ വച്ചു താമസിച്ചിരുന്നു. അവരെ അവിടെനിന്നും ബലവാന്മാരായ ആളുകൾ സ്ഥലം തഹശീൽദാരുമായി യോജിച്ച് അവിടെവന്ന് അവരെ പിടിച്ചുപുറത്തിറക്കി ബലവാന്മാർ താമസമായിട്ടുള്ളതും എനിക്കറിയാം.

മി: കുരിയാക്കോസ് (മീനച്ചലും ദേവികുളവും): തരിശു ഭൂമിയിൽ പ്രവേശിക്കുന്ന ആളുകളെ ഇറക്കിവിടുന്നതിനുള്ള അധികാരം അതാതു തഹശീൽദാരന്മാർക്കുണ്ടെന്നും അങ്ങിനെ ഇറക്കിവിടുന്നുണ്ടെന്നും മെമ്പർക്കറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അറിയാം. എന്നാൽ ബലവാന്മാരോടു അങ്ങിനെ ചെയ്യുന്നില്ല.

മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): ആ സ്ഥിതിക്കു ഇപ്പോഴത്തെ വ്യവസ്ഥ ഒന്നു ഭേദപ്പെടുത്തിയാൽ പോരെ?

മി: ആർ. രാമൻപിള്ള (കോട്ടയം): വസ്തു കൈവശപ്പെടുത്തുന്നതിനു ഗവണ്മെന്റ അനുവാദം വാങ്ങിക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): വസ്തു പതിച്ചുകിട്ടുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടിയാണ് അതിൽ പ്രവേശിക്കുന്നതെന്നറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അറിയാം. മേലാൽ അങ്ങിനെ അനുവദിക്കുവാൻ പാടില്ല. ഇതു നിമിത്തം ബലവാന്മാർക്കല്ലാതെ സാധുക്കൾക്കു വസ്തു കിട്ടുന്നില്ല സാധുക്കൾക്കും വസ്തുകിട്ടണമെന്നു ഗവണ്മെന്റിനോ പൊതുജനങ്ങൾക്കോ കൗൺസിലിനോ ആഗ്രഹമുണ്ടെങ്കിൽ ഇപ്പോഴത്തെ വ്യവസ്ഥഭേദപ്പെടുത്തേണ്ടതത്യാവശ്യമാണ് അതിനുതക്കവണ്ണം പുതുവൽ റൂൾസിനെ ഭേദപ്പെടുത്തണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെസഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഞാൻ സംസാരിക്കുന്നതിനു മുമ്പായി ഈ സംഗതിയെപ്പററി ഈ സഭയിലെ അനുദ്യോഗസ്ഥസാമാജികന്മാരിൽ കുറെ പേരുടേയും കൂടി അഭിപ്രായം അറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ലാൻറുകൺസർവൻസിറഗുലേഷനിലെ ൩-മുതൽ ൯ വരെ വകുപ്പുകളിലെ വ്യവസ്ഥകളെപ്പററിപണ്ഡിതനായ ലാൻറുറവന്യൂകമ്മീഷണർക്കു അറിവുണ്ടോ എന്നു ഞാൻ അദ്ദേഹത്തോട് ചോദിച്ചുകൊള്ളട്ടെ.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, ഞാൻ ആ ചോദ്യം കേട്ടില്ല.

പ്രസിഡന്റ: മി: കെ. പി. നീലകണ്ഠപ്പിള്ളേ, നിങ്ങളുടെ ചോദ്യമെന്തായിരുന്നു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്യായമായി പ്രവേശിക്കുന്നവരെ ഗവണ്മെന്റിനു തടയുന്നതിനുപയുക്തമായ ലാൻറ കൺസർവൻസി റഗുലേഷനിലെ ൩ മുതൽ ൯ വരെ വകുപ്പുകളിലുള്ള വ്യവസ്ഥകളെപ്പററി പണ്ഡിതനായ ലാൻറു റവന്യൂകമ്മീഷണർക്കു വല്ല അറിവുമുണ്ടോ എന്നു ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, മി: രാമൻപിള്ളയുടെ അഭിപ്രായത്തോടു ഞാൻ അനുകൂലിക്കുകയാണെന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. എന്തു കൊണ്ടെന്നാൽ നിയമാനുസാരികളായ ജനങ്ങൾ സ്ഥലത്തിനായി അപേക്ഷിച്ച്, അതിൽ പ്രവേശിക്കുന്നതിനു മുമ്പായിത്തന്നെ തങ്ങളുടെ അപേക്ഷകൾ അനുവദിച്ചു കിട്ടുമെന്നു പ്രതീക്ഷിച്ചു കൊണ്ടിരുന്നതായി പല ഉദാഹരണങ്ങളും ഞങ്ങൾക്കെടുത്തു കാണിക്കുവാനുണ്ട്. അതേ സമയത്തു തന്നെ മററ ചിലയാളുകൾ സ്ഥലത്തു പ്രവേശിച്ചു കുറെ വീടുകൾ കെട്ടിയും, തെങ്ങുകൾ വച്ചു പിടിപ്പിച്ചും, മററും വില മതിക്കാവുന്ന ദേഹണ്ഡങ്ങൾ എന്നു പറയപ്പെടാവുന്ന തരത്തിലുള്ള പല ദേഹണ്ഡങ്ങൾ ചെയ്തു സ്ഥലത്തിന്റെ കൈവശാവകാ

ഷം സ്ഥാപിക്കുന്നതിന്നു ശ്രമിക്കുന്നു. യഥാർത്ഥമായ കൈവശസ്ഥാപനത്തിന്നു ചട്ടങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ ചിലപ്പോൾ ഇങ്ങനെ കയ്യേററം ചെയ്യുന്നവരെ തടയുവാൻ വളരെ വിഷമമാണ്. പുഇവൽ ചട്ടങ്ങൾ പുതുക്കുന്നതിന്നു കുറെ മുമ്പു ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മിററി ഈ കാര്യത്തെപ്പററി ആലോചിക്കയും ചെയ്തു. മെമ്പറുടെ നിർദ്ദേശം നോട്ടു ചെയ്യുകയും അതിനെപ്പററി ആലോചിക്കുകയും ചെയ്യാം. ഈ കാരണങ്ങളാൽ മി: രാമൻപിള്ള തന്റെ ഉപക്ഷേപം പ്രസ്സു ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: ആർ. രാമൻ പിള്ള (കോട്ടയം): ഇതു ഗവണ്മെന്റു സ്വീകരിക്കുന്നില്ലെങ്കിൽ ഞാൻ ഇതിനെ പ്രസ്സു ചെയ്യുന്നു. കൂടുതലായിട്ടെനിക്കൊന്നും പറയാനില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഇപ്പോൾ കൌൺസിലിന്റെ ആലോചനയ്ക്കു വന്നിരിയ്ക്കുന്നത്, ഭൂമി പതിപ്പിനെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു വിഷയമാകുന്നു. ഈ സംഗതി പെട്ടെന്നു തീരുമാനിക്കത്തക്ക വിധത്തിൽ അത്ര അപ്രധാനമായിട്ടുള്ള ഒന്നാണെന്നു എനിക്കു തോന്നുന്നില്ല. ഗവണ്മെന്റിന്റേയും ജനങ്ങളുടേയും സൂക്ഷ്മമായ ആലോചനയ്ക്കു വിഷയമാകേണ്ട ഒന്നാണിത്. തിരുവിതാംകൂറിൽ പുഇവൽ ഭൂമി ആദ്യം കൈവശപ്പെടുത്തുകയും പിന്നീടു അതു പതിച്ചു കിട്ടുവാൻ അപേക്ഷിക്കുകയും യഥാകാലം അതു പതിപ്പിച്ചു വാങ്ങുകയും ചെയ്യുന്നതു ജനങ്ങളുടെ ഇടയിൽ ഒരു പതിവാണ്. ഈ പതിവിനെ അപ്പോഴപ്പോൾ നിയന്ത്രണം ചെയ്തു വന്നതു ജനക്ഷേമത്തിന്നു തീർച്ചയായും അത്യന്താപേക്ഷിതമായിട്ടുള്ളതാണ്.

എന്നാൽ കൈയേററം ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കരുതെന്നുള്ള മി: രാമൻപിള്ളയുടെ വാദത്തിന്നു കുറച്ചൊരു ബലമുണ്ട്. ഗവണ്മെന്റു ഭൂമിയിൽ കയ്യേററം ചെയ്തു മററപേക്ഷകന്മാരേക്കാൾ കൂടുതൽ അവകാശം ഉണ്ടെന്നു വാദിക്കുന്നവരെ പ്രോത്സാഹിപ്പിക്കരുതെന്നു നടപ്പിലിരിക്കുന്ന നിയമത്തിൽ ഒരു വ്യവസ്ഥയുണ്ട്. നിയമം ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ഇങ്ങനെയാണ്. ഒരാൾ ഉത്തമവിശ്വാസത്തിന്മേൽ ഒരു ഭൂമിയിൽ പ്രവേശിച്ചു അതു തന്റെ പേരിൽ പതിച്ചു കിട്ടുമെന്നുള്ള വിചാരത്തോടുകൂടി അതു നന്നാക്കുന്നതായാൽ അതു അയാളുടെ പേരിൽ തന്നെ പതിച്ചു കൊടുക്കും. എന്നാൽ പ്രവേശനം മററപേക്ഷകന്മാരിൽ നിന്നു മേന്മ കിട്ടുന്നതിനോ, മററപേക്ഷകന്മാരേയോ നിയമത്തെയോ തോല്പിക്കുന്നതിനോ, ആയാൽ അയാൾക്കു പതിച്ചു കൊടുക്കുന്നതല്ല. സർ. പ്രസ്തുത വ്യവസ്ഥ ഉചിതമായിട്ടുള്ള ഒന്നാണെന്നാണ് എനിക്കു തോന്നുന്നതു, അതിൽ നിന്നു വ്യതിചലിക്കുന്നതിന്നു ഒരു സംഗതിയും ഉണ്ടായിട്ടില്ല.

റെവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ഈ ചട്ടത്തെ വേണ്ടതുപോലെ പ്രയോഗത്തിൽ വരുത്തുന്നില്ലെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. ഇക്കാര്യത്തിൽ ഗവണ്മെന്റു വേണ്ടതുപോലെ നിഷ്കർഷചെയ്തു ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ചട്ടം നടപ്പിൽ വരുത്തിക്കണം. പുഇവൽ അപേക്ഷകളിന്മേൽ തീരുമാനം ചെയ്യുന്നതിന്നു മുമ്പു അവർ വേണ്ട അന്വേഷണങ്ങൾ നടത്തുകയും ദൃഢമായ നിശ്ചയങ്ങൾ വരുത്തുകയും ചെയ്യേണ്ടതാണ്. ഈ ചട്ടം നടപ്പിൽ വരുത്തുന്നതിൽ വിഷമങ്ങൾ ഉണ്ടെന്നുള്ളതു ശരിയാണെങ്കിലും അതു കൊണ്ടു അതു വേണ്ടെന്നു വയ്ക്കുന്നതു നീതീകരിക്കാവുന്നതല്ല. കയ്യേററക്കാർ ഭൂമിയിൽ പ്രവേശിച്ചു അതിൽ ദേഹണ്ഡം ചെയ്യുന്നതു കൊണ്ടു വ്യവസ്ഥാപിത നിയമങ്ങളനുസരിക്കുന്നവർക്കു നഷ്ടം സംഭവിക്കുകയും അവരുടെ അപേക്ഷകൾ തള്ളിക്കളയുകയും ചെയ്തതിന്നു ദൃഷ്ടാന്തങ്ങൾ ധാരാളമുണ്ട്. സർ, പ്രവേശനം ഉത്തമവിശ്വാസത്തോടുകൂടിയല്ല. ചെയ്തിട്ടുള്ളതെന്നു തോന്നുന്ന സന്ദർഭങ്ങളിൽ അപേക്ഷ തള്ളിക്കളയണം. കെട്ടിടങ്ങൾ പോലും പൊളിച്ചു മാറേറണ്ടുന്ന സന്ദർഭങ്ങൾ വന്നേക്കാം. ഭൂമിയിൽ വിലമതിക്കത്തക്ക ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ളതു ഒഴിപ്പിക്കാതിരിക്കുന്നതിന്നു കാരണമായിക്കൂടാ. അതെല്ലാം ഈ ഉപക്ഷേപം പാസ്സാക്കണമെന്നു ഈ സഭയോടു പറയുവാൻ കാരണമാകുന്നതല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അനുവാദത്തോടുകൂടി കയറണമെന്നല്ലേ ഞാൻ പറഞ്ഞതു്?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ, ഭൂമിയിൽ പ്രവേശിച്ചു അതു നന്നാക്കുന്നയാൾ, പ്രവേശനത്തിന്നു മുമ്പു ഒരു അപേക്ഷ അയച്ചു അനുവാദം, വാങ്ങണമെന്നാണ് മി: രാമൻപിള്ള പറയുന്നതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ അനുവാദത്തിനപേക്ഷിച്ചു പ്രവേശിക്കാതെന്തിനിക്കെ കൈയ്യേററം ചെയ്യണമെന്നാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ആ സംഗതിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാണ് എനിക്കു തോന്നുന്നതു. ഉത്തമവിശ്വാസത്തോടെ പ്രവേശിക്കുന്നയാളിന്റെ അവകാശങ്ങളെ പാടെ ഒഴിച്ചു നിർത്തണം എന്നല്ല പറയേണ്ടതു. നാം മററു ചട്ടങ്ങളും എഴുതി ഉണ്ടാക്കണം, ഒരാൾക്കു അയാളുടെ പേരിൽ ഇത്ര ഏക്കർ ഭൂമിയേ പതിപ്പിക്കാവൂ എന്നു നിർദ്ദേശിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാം. ഓവിതമുറക്കാർക്കു ഹാനികരമായ വിധത്തിൽ ഇപ്പോൾ ഈ രാജ്യത്തു അനുചിതമായ പുഇവൽ പതിവു നടന്നുവരുന്നുണ്ട്. മുതലാളന്മാർക്കു അവരുടെ പേരിൽ നൂറു ഏക്കർ കണക്കിനല്ല ആയിരക്കണക്കിനുപോലും ഭൂമി പതിച്ചു കിട്ടുന്നുണ്ട്. അതു സമ്മതിച്ചുകൂടാത്തതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു ഭൂമി തന്റെ പേരിൽ പതിച്ചു കിട്ടുമെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി അതിൽ പ്രവേശിക്കുന്നവനു അങ്ങിനെയുള്ള വിശ്വാസമുള്ളതു കൊണ്ടു അതു ലഭിക്കണമെന്നാണോ, മി: താണുപിള്ളയുടെ വാദം?

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാളുടെ മനഃശാസ്ത്രത്തെ സംബന്ധിക്കുന്ന പ്രശ്നത്തിൽ ഞാൻ പ്രവേശിക്കുന്നില്ല. ഒരു സാധു മനുഷ്യൻ താമസത്തിനിടമില്ലാതെ കഴിയുമ്പോൾ ഗവണ്മെന്റു വക ഭൂമി വെറുതെ കിടക്കുന്നതു കാണുന്നുവെന്നിരിക്കട്ടെ. അയാൾ അതിൽ പ്രവേശിച്ചു ഒരു ചെറിയ കെട്ടിടം വച്ചു അതിനെ നന്നാക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ഭൂമി അയാളുടെ വകയല്ലെന്നും അതു ഗവണ്മെന്റിന്റെ വകയാണെന്നും നല്ലതുപോലെ അറിഞ്ഞുകൊണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം). അതെ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ പറഞ്ഞതരത്തിൽ ഒരാൾ ഗവണ്മെൻറുഭൂമിയിൽ പ്രവേശിക്കുന്നതായാൽ അയാളെ പ്രോത്സാഹിപ്പിക്കണമെന്നാണോ അദ്ദേഹത്തിൻെറ അഭിപ്രായം?

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എൻെറ നില വളരെ വ്യക്തമാണ്. വീടില്ലാത്ത ഒരു സാധുവിൻെറ ഉദാഹരണത്തിന് ഒരു പുലയൻെറ കാര്യം ആലോചിക്കണമെന്നാണ് ഞാൻ ഇവിടെ പറഞ്ഞത്. വീടില്ലാത്ത ആ പുലയൻ ഗവണ്മെൻറുഭൂമി വെറുതെ കിടക്കുന്നതുകണ്ട് അതിൽ പ്രവേശിച്ച് ഒരു ചെറിയ വീടുണ്ടാക്കി അതിൽ താമസിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ പ്രവേശിക്കുന്ന തീയതിവരെ അവർ വേറെ എവിടെയെങ്കിലും താമസിച്ചു കഴിച്ചുകൂട്ടിയിരിക്കയില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെസംബന്ധിച്ചു തിരുവിതാംകൂറിൽ നിശ്ശേഷം കിടപ്പിടമില്ലാതെ അസംഖ്യം പേരുണ്ടെന്നു ഞാൻ മി: രാമൻപിള്ളയോടു പറഞ്ഞുകൊള്ളട്ടെ.

മി. ആർ. രാമൻപിള്ള (കോട്ടയം). അന്ത്യദിവസം കഴിച്ചുകൂട്ടുന്ന മനുഷ്യർക്കു ഗവണ്മെൻറിലേക്ക് ഒരപേക്ഷകൊടുത്തു അനുവാദം വാങ്ങിക്കുന്നതുവരെ കഴിച്ചുകൂട്ടരുതോ?

മി: എ. താണുപിള്ള (തിരുവനന്തപുരം), അധഃകൃതവർഗ്ഗക്കാർക്കു ഒരു പ്രത്യേകസംരക്ഷകനെ നിയമിക്കുന്നതിൽ നേരിടുന്ന താമസത്തെപ്പററിയുള്ള ആവലാധി നാം കേട്ടു മുതാനും നിമിഷങ്ങൾക്കുമുമ്പാണ്. ഇപ്പോൾ മററു ചുമതലകൾ കൂടി ധാരാളമുള്ള ഒരു സംരക്ഷകനുണ്ട്. ആ ഉദ്യോഗസ്ഥൻ അധഃകൃതരുടെ കാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിനു സാധിക്കുകയില്ലെന്നു നമുക്കറിയാം. അക്കാര്യത്തിൽ ശരിയായ വ്യവസ്ഥ ഒന്നും ചെയ്തിട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാധുക്കൾക്കു നിയമത്തിലെ ചട്ടങ്ങൾ ലംഘിക്കാമെന്നു ഈ സഭ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): എൻെറ സ്നേഹിതൻെറ ചോദ്യത്തിൽ വലിയ പായിൻറ് ഒന്നും ഞാൻ കാണുന്നില്ല. എൻെറ നില വളരെ വ്യക്തമായിട്ടുള്ളതാണ്. പ്രമേയം സാധുക്കളുടെ കാര്യത്തിൽ വിശേഷിച്ചും പരിപൂർണ്ണമായി നിരോധിച്ചുകൂടാവുന്നതല്ല. പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ചോ മററോ എന്തെങ്കിലും നിയന്ത്രണങ്ങൾ ആവശ്യമാണ്. പുതുവൽഭൂമി പതിച്ചുകഴിഞ്ഞാൽ ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൃഷിനടത്തിത്തുടങ്ങണമെന്നോ അതല്ലെങ്കിൽ അഡ്വാൻസ് കൊടുത്തപണം തിരിച്ചുകൊടുത്തു ഭൂമി മടക്കി വാങ്ങിക്കാമെന്നോ മററോ ഒരു വ്യവസ്ഥചെയ്യാവുന്നതാണ്. അങ്ങിനെ ഒരുനില എനിക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ സത്യവാന്മാരായ ജനങ്ങൾ തങ്ങൾക്കു ഭൂമി പതിച്ചുകിട്ടുമെന്നുള്ളേശത്തോടുകൂടി അതിൽ പ്രവേശിച്ച് അതു നന്നാക്കുന്ന സമ്പ്രദായത്തെ പരിപൂർണ്ണമായി നിരോധിക്കുന്നത് ഇപ്പോൾ അഭിലഷണീയമായിട്ടുള്ളതല്ല. ഞാൻ പറഞ്ഞ കാരണങ്ങളാൽ ഈ ഉപക്ഷേപത്തെ എതിർക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): മി: താണുപിള്ള ഉപക്ഷേപത്തെ എതിർക്കുന്നതായി ഞാൻ വിചാരിക്കട്ടെയോ?

പ്രസിഡൻറ്: ഉപക്ഷേപത്തെ എതിർക്കുന്നുവെന്നു അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

മി: എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും): മി. രാമൻപിള്ളയുടെ ഉപക്ഷേപത്തെ എനിക്കും എതിർക്കേണ്ടതായിട്ടുണ്ട്. ഈ ഉപക്ഷേപത്തോടു നാം അനുകൂലിക്കുന്നു എങ്കിൽ നാം പരസ്പരവിരുദ്ധമായ ഒന്നാണ് ചെയ്യുന്നത്. മി: മാധവൻ അധഃകൃതവർഗ്ഗക്കാർ അനുഭവിക്കുന്ന സങ്കടങ്ങളെപ്പററി പ്രസ്താവിച്ചതിനുശേഷമാണ് അവർ അഭയം പ്രാപിച്ചിട്ടുള്ള സ്ഥലങ്ങളിൽനിന്നു അവരെ ഇറക്കിവിടാൻ പാടില്ലെന്നു കുറച്ചുനിമിഷങ്ങൾക്കുമുമ്പു മാത്രമേ നമുക്കു തീരുമാനിക്കാൻ സാധിച്ചുള്ളു. മി: രാമൻപിള്ള പറഞ്ഞതിനെ ഞാൻ ശ്രദ്ധിക്കയുണ്ടായി. എന്നാൽ ഈ ഉപക്ഷേപത്തോടു നാം അനുകൂലിക്കയാണെങ്കിൽ വീടുകളില്ലാതെയും സ്ഥലങ്ങൾ കൈവശപ്പെടുത്താതെയും ഉള്ള അധഃകൃതരുടെ സ്ഥിതി എന്തായിരിക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): സ്ഥലങ്ങൾ കിട്ടുന്നതിനു അവർക്കു ഗവണ്മെൻറിനോട് അപേക്ഷിക്കുവാൻ പാടില്ലയോ?

മി: എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും): അവർക്കു ഈ സ്ഥലങ്ങൾ കിട്ടുന്നതുവരെ അവർ എന്താണു ചെയ്യേണ്ടത്?

മി: ആർ. രാമൻപിള്ള (കോട്ടയം): അവർ ഇതുവരെ എവിടെയാണു കഴിച്ചുകൂട്ടിയത്?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): ഈ സാധുജനങ്ങൾ താമസിക്കുന്നതിനു സ്ഥലമില്ലാതെ മററുള്ളവരുടെ സ്ഥലങ്ങളിൽപോയി താമസിച്ചുവരുമ്പോൾ അവരോട് അവിടെ നിന്നും ഇറങ്ങിപ്പോകുന്നതിനായി പറയുന്നതുകൊണ്ട് അവർ അനുഭവിക്കുന്ന കഷ്ടതകൾ എത്രമാത്രമാണെന്നു അറിയാമോ

പ്രസിഡൻറ്. മി. രാമൻപിള്ള പറഞ്ഞതിനെപ്പററി നിങ്ങൾക്കു ഒരു ചോദ്യം ചോദിക്കുന്നതിനു അവകാശമില്ല. മി: പിറവിപെരുമാൾപിള്ള പറഞ്ഞതിനെപ്പററിമാത്രമേ നിങ്ങൾക്കു ചോദ്യങ്ങൾ ചോദിക്കാൻ പാടുള്ളു.

മി: എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും). സർ, അതുതന്നെയാണ് എനിക്കുതോന്നുന്നത്. മി. രാമൻപിള്ള പറയുന്നതു ഒരാൾ ഗവണ്മെൻറിനോടപേക്ഷിച്ചു ഗവണ്മെൻറനുവാദം കിട്ടിയതിനുശേഷംമാത്രമേ സ്ഥലത്തു പ്രവേശിക്കുവാൻ പാടുള്ളു എന്നാണ്. എന്നാൽ അതേസമയത്തുതന്നെ അധഃകൃതവർഗ്ഗത്തിൽ പെട്ട ഒരാൾ ഇപ്പോൾ അവരുടെ സ്ഥലത്തു അധിവസിക്കുന്നവരോ ആ അധഃകൃതവർഗ്ഗത്തിൽപെട്ടവരോടു ഇറങ്ങിപ്പോകുന്നതിനു പറഞ്ഞേക്കാം. അതാണു മി: മാധവൻ പറഞ്ഞതു. ഞാൻവാദിക്കുന്ന നിലയും യഥാർത്ഥത്തിൽ ഇതുതന്നെയാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം). ഈ പറയുന്നതരത്തിലുള്ള നടപ്പ് തെക്കൻതിരുവിതാംകൂറിൽ ഉണ്ടോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി) മെമ്പർ ആർഡറിലല്ല.

മി. എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും) സർ, ആ ചോദ്യം പ്രസ്തുതസംഗതിയുമായി എങ്ങനെയാണു യോജിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ താമസിക്കുന്ന ആളുകളെ ഇറക്കിവിടുകയാണോ തെക്കൻതിരുവിതാംകൂറിലെ പതിവു

മി. എസ്. പിറവിപെരുമാൾ പിള്ള (തെക്കൻ വാണിജ്യവും വ്യവസായവും). അതിന്റെ സംബന്ധമെന്താണെന്ന് എനിക്കറിഞ്ഞുകൂടാ.

മി: ആർ. രാമൻപിള്ള (കോട്ടയം): വടക്കൻതിരുവിതാംകൂറിൽ അങ്ങനെ കണ്ടിട്ടില്ല.

മി: എസ്സ്. പിറവിപെരുമാൾപിള്ള (തെക്കൻ, വാണിജ്യവും വ്യവസായവും): മററുള്ളവരുടെ സ്ഥലങ്ങളിൽ ജനങ്ങൾ ഇതുവരെ താമസിച്ചുവന്നതായി ഉദാഹരണങ്ങൾ ഉണ്ട്. വ്യക്തിപരമായ ഭാഗത്തിനു ശേഷം ഈ അധഃകൃതർ താമസിച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥന്മാർ തന്നെ ചെറിയവസ്തുഉടമസ്ഥരായിത്തീരുകയും അതുകൊണ്ടു സ്ഥലം അധഃകൃതവർഗ്ഗക്കാർക്ക് കൊടുക്കുന്നതിനു അവർക്കു വിഷമമായിത്തീരുകയും ചെയ്തു. അധഃകൃതവർഗ്ഗക്കാർക്കു വിഷമമുണ്ടാകുന്നതു ഇതാണ്. ഈ കാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാനും ഉപക്ഷേപത്തെ എതിർക്കുന്നു. ദേഹണ്ഡക്കാർക്കു പതിച്ചുകൊടുക്കണമെന്ന വ്യവസ്ഥ ഗവണ്മെന്റു ഭൂമികൾക്ക് പകുതി ഉദ്യോഗസ്ഥന്മാർ പന്നാവാങ്ങി ബോധിച്ചവർക്ക് പതിച്ചുകൊടുക്കുന്ന സമ്പ്രദായം—വർദ്ധിക്കാതെ ഇരിക്കാൻ ഒരുവിധം ഉതകുന്നുണ്ടെങ്കിലും ആ ചട്ടത്തെയും വളരെ ദുരുപയോഗപ്പെടുത്തുന്നുണ്ട്. സ്വാധീനശക്തിയുള്ളവർ തരിശുഭൂമി കൈവശപ്പെടുത്തി പകുതിയിലുള്ള ഉദ്യോഗസ്ഥന്മാരെയും സ്വാധീനപ്പെടുത്തി പതിച്ചു വാങ്ങുന്നു എന്ന് മി: രാമൻപിള്ള പറയുന്നതിൽ കുറെ വാസ്തവംകാണും. എന്തായാലും ഈ ദോഷം തടക്കാൻ വ്യവസ്ഥചെയ്യുമ്പോൾ അതിലും വലിയ ദോഷങ്ങൾ നേരിടുകയും സാധുക്കൾക്ക് അതുകൊണ്ടു ഉപദ്രവം വരാതിരിക്കുകയും വേണം.

സാധുക്കൾ പകുതിയിൽ അപേക്ഷിച്ച് അനുവാദം വാങ്ങിയേ തരിശുഭൂമിയിൽ പ്രവേശിക്കാവൂ എന്നു വ്യവസ്ഥചെയ്യുന്നതു ദോഷമാണു. ഒരിക്കലും ഉടനെ അനുമതികിട്ടുകയില്ല. അധഃകൃതരുടെ കാര്യം പറയാനുമില്ല. അനുവാദം കിട്ടുന്നതുവരെ കാത്തിരുന്നാൽ സ്ഥലം മററാരെങ്കിലും സ്വാധീനമുള്ളവർ കൊണ്ടുപോകും. തങ്ങൾക്കു കിട്ടുകയില്ല അധഃകൃതർക്കു തീരെയില്ല. മുമ്പു താമസിച്ചിരുന്ന സ്ഥലത്തു് താമസിക്കാൻ വയ്യേ എന്നു ചോദിക്കുമായിരിക്കും. എപ്പോഴാണ് അവർ താമസിക്കുന്ന സ്ഥലത്തുനിന്ന് സ്ഥലം ഉടമസ്ഥന്മാർ അവരെ ഇറക്കിവിടുന്നതെന്നു അറിഞ്ഞുകൂടാ. തങ്ങൾക്കു ഉപയോഗമുള്ളിടത്തോളംകാലം ജനങ്ങൾ അവരെ താമസിപ്പിച്ചുകൊള്ളും. എപ്പോൾ അവർ അടിമത്വത്തിനു വൈമനസ്യം കാണിക്കുന്നുവോ അല്ലെങ്കിൽ അവർ താമസിക്കുന്ന സ്ഥലങ്ങൾക്ക് പാട്ടം എപ്പോൾ കിട്ടുമോ അപ്പോൾ അവരെ പുറത്തിറക്കിവിടും. സാധുക്കൾ കിടന്നുകൊള്ളട്ടെ. കരം ഞാൻ കൊടുത്തുകൊള്ളാം, എന്ന് ഔദാര്യബുദ്ധിയോടുകൂടി വിചാരിച്ച് താമസിപ്പിച്ചുകൊള്ളുന്നതിനു അധികംപേർക്കും സാധിക്കുകയില്ല.

അന്യന്റെ സ്ഥലത്തു് താമസിക്കുന്ന അധഃകൃതർ പ്രായേണ കുറഞ്ഞ കൂലിക്കു വേലചെയ്തു അടിമത്വത്തിൽ കഴിച്ചുകൂട്ടിക്കൊള്ളണം. ഇങ്ങനെയുള്ള ഒരു കഷ്ടസ്ഥിതിയാണ് പുലയർ, പറയർ തുടങ്ങിയുള്ള അധഃകൃതവർഗ്ഗക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ ഇടയിലും ജനസംഖ്യ വർദ്ധിച്ചുവരികയാണ്. ഈ സാധുക്കൾ എവിടെപ്പോകും? സാധാരണ വല്ല പുറമ്പോക്കു സ്ഥലങ്ങളിലോ തരിശിലോ പ്രവേശിച്ചു കുടിലുകൾകെട്ടി ദേഹണ്ഡങ്ങളുംചെയ്തു് താമസിക്കുമ്പോൾ പകുതി ഉദ്യോഗസ്ഥന്മാർ ചിലർ കൃത്രിമറിക്കാർടുകൾ ഉണ്ടാക്കി ആ സ്ഥലം മററാർക്കെങ്കിലും പതിച്ചുകൊടുക്കുന്നുണ്ട്. അതിനെ എല്ലാംതടയേണ്ടതാണ്. അധഃകൃതവർഗ്ഗക്കാരെമാത്രം ഉദ്ദേശിച്ചല്ല ഞാൻ ഇതു പറയുന്നതു്. മററുവർഗ്ഗക്കാരിലും ഭൂമിയില്ലാതെ കഷ്ടപ്പെടുന്ന ദരിദ്രന്മാർ ഉണ്ടായിരിക്കും. ജനങ്ങളിൽ ഭൂരിപക്ഷവും വലിയ ധനവാന്മാരല്ല, ദരിദ്രരാണ്. അവർക്കു രക്ഷാകരമായിരിക്കത്തക്കവണ്ണം ആയിരിക്കണം രാജ്യത്തിലെ വ്യവസ്ഥകൾ. അതിലേക്കുതകുന്ന ഒരു വ്യവസ്ഥയല്ല, മി: രാമൻപിള്ള ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു് കുടിപാർക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കൾ ഗവണ്മെന്റു സ്ഥലങ്ങളിൽ കേറി കുടിപാർക്കുന്നതിനു മുൻകൂട്ടി അനുവാദംവാങ്ങിക്കണം എന്നു പറയുന്നതു് അധഃകൃതർ മുതലായ ഭൂമിയില്ലാത്തവരെ സംബന്ധിച്ചു വളരെ സങ്കടകരമായിരിക്കും. ചിലപ്പോൾ അർദ്ധരാത്രിയായിരിക്കും അവരെ പുറത്തിറക്കിവിടുന്നതു. പക്ഷികൾക്കു് മരക്കൊമ്പുകളിലോ മററുമുള്ള ഇടങ്ങളിൽ കേറി താമസിക്കാം. ദരിദ്രർ എവിടെപോകും? അതുകൊണ്ടു ഇതിലേക്കു ബാധകമാകുന്ന ഒരു വ്യവസ്ഥ ഈ ധർമ്മരാജ്യത്തു ഒരിക്കലും നടപ്പാക്കരുതു്.

മി: കെ. മാധവൻ (ഗവണ്മെന്റുനിയമനം): മി: രാമൻപിള്ള അവർകളുടെ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. അദ്ദേഹം പറഞ്ഞതുപോലെ ഗവണ്മെന്റുഅനുവാദമില്ലാതെ പുറമ്പോക്കിലോ പുതുവലിലോ പ്രവേശിക്കുവാൻ പാടില്ല എന്നു പറഞ്ഞാൽ അധഃകൃതർ കഷ്ടപ്പെട്ടുപോകും. മി: രാമൻപിള്ള പറഞ്ഞതുപോലെ അനുമതിവാങ്ങി മാത്രമേ പുറമ്പോക്കിലോ പുതുവലിലോ പ്രവേശിക്കാവൂ എന്ന് തീരുമാനിച്ചാൽ അധഃകൃതരല്ലാത്തവർ ഇഷ്ടാനുസരണം അനുമതി വാങ്ങിക്കുന്നതാണു. സാധുക്കൾക്കാണെങ്കിൽ ആറുമാസക്കാലമായാലും അനുവാദം കിട്ടുന്നതിനു സാദ്ധ്യമല്ല. ആയതുകൊണ്ട് ഈ ഏർപ്പാട് അധഃകൃതസമുദായങ്ങൾക്ക് ഏററവും പരിതാപകരമായിട്ടുള്ളതാണ്.

തിരുവനന്തപുരം താലൂക്കിൽ രണ്ടാമടപകുതിയിൽ സർവെ നമ്പർ [illegible]- ആയ സ്ഥലത്തെ ദേഹണ്ഡിച്ചു നാലു വർഷങ്ങളായി വീടു കെട്ടി, മരങ്ങൾ നട്ടുപിടിപ്പിച്ച് അനുഭവിച്ചുവന്നാലും ആ സ്ഥലത്തെ, പിന്നീട് സർക്കാർ അവരുടെ പേരിൽ കേസെടുത്തു്, പൊന്നുംവില വാങ്ങി പതിച്ചുകൊടുത്തു് പട്ടയവും

കരവും തീർത്തുകൊടുത്ത ആ സ്ഥലത്തെ, ചിലർ കയ്യേറ്റത്തിലോ ഏതിലോ തന്ത്രം പ്രയോഗിച്ചു താസിൽദാരുടെ അടുക്കൽ ദുഷ്പ്രചാരംചെയ്തു അവരുടെ പേരിൽ താലൂക്കിൽ ഗുണമായവിധി സമ്പാദിച്ചു അപ്രകാരം തന്നെ ഡിവിഷനിലും അവരുടെ പേരിൽ തീരുമാനിക്കപ്പെടുകയും ചെയ്തു. ഇപ്പോൾ ദിവാൻ അവർകളുടെ അടുക്കൽ അപ്പീൽ കൊടുത്തിരിക്കുകയാണ് ദിവാൻ അവർകൾ എന്തു തീരുമാനമാണ് ചെയ്യാൻ പോകുന്നതെന്നു നിശ്ചയമില്ല. ആ കേസിലെ വക്കീൽ നെയ്യാറ്റിൻകര മെമ്പർ മി: എൻ. കെ. കൃഷ്ണപിള്ളയാണ്. ഈ വിധത്തിലുള്ള പുതുവൽ സ്ഥലങ്ങളെ അപ്രകാരം സൂത്രം പ്രയോഗിച്ചു പതിച്ചുവാങ്ങുകയാണെങ്കിൽ, ഈ സ്ഥിതിക്ക് സാധുജനങ്ങൾ അനുമതിവാങ്ങി വീടുകെട്ടുകയോ പുതുവൽ അനുഭവിക്കുകയോ എങ്ങിനെയാണ് സാധിക്കുന്നത്?

തോവാള, അഗസ്തീശ്വരം, കൽക്കുളം ഈ താലൂക്കുകളിൽ അധഃകൃതരുടെ ഉന്നമനത്തിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അതിനു സാംബവർ എലിവേഷൻ കമ്മിറ്റി എന്നാണ് പേര്.

ഈ കമ്മിറ്റിയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളായി ചെയ്തുതീർത്ത നന്മകൾ എന്തെല്ലാമെന്നു റിപ്പോർട്ടു കാണിക്കുവാൻ സാധിക്കുമോ എന്നു ചോദിച്ചതിനു യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഈ കമ്മിറ്റിയിൽ അഗസ്തീശ്വരം താലൂക്കിൽ കോറം തികയുകപതിവില്ല. കൂട്ടത്തിലായി ആഫീസറന്മാരല്ലാത്ത മൂന്നുപേരെ ചേർക്കുന്നതിനു പേഷ്കാർക്കെഴുതിയിട്ടു ആറുമാസമായി ഇനിയും മറുപടി കിട്ടിയിട്ടില്ല. ഇങ്ങനെ ആണെങ്കിൽ, പുതുവലിൽ പ്രവേശിക്കുന്നതിന് ഏതു വിധം അനുവാദം കിട്ടും?

ദൃഷ്ടാന്തമായി, ഒരു നായർ, താഴ്ത്തപ്പെട്ടവരിൽ ഒരുത്തനെ എന്തു പറഞ്ഞാലും വകവയ്ക്കാതെ തന്റെ സ്ഥലത്തുനിന്ന് ഇറക്കിവിടുകയാണെങ്കിൽ അനുമതികിട്ടുന്നതു വരെ ഈ സാധുക്കൾ എവിടെ കഴിച്ചുകൂട്ടും? ഇപ്പോഴാണെങ്കിൽ ഇവർ ധൈര്യമായി ഗവൺമെന്റ് സ്ഥലങ്ങളിൽ കുടി താമസിക്കുകയാണെങ്കിൽ പിന്നീടു പതിച്ചു കിട്ടുമെന്നു കരുതി വീടുകെട്ടി താമസിക്കുന്നു. എന്തെന്നാൽ ഇവർക്ക് മററു ഗതിയില്ല. ഈ കാരണങ്ങളാൽ മി. രാമൻപിള്ള അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ വാദപ്രതിവാദം ഈ വിധം തുടങ്ങിയില്ലായിരുന്നുവെങ്കിൽ ഞാൻ ഇപ്പോൾ സംസാരിക്കുകയില്ലായിരുന്നു. മേലാൽ ആരെങ്കിലും ഗവൺമെന്റു ഭൂമികയ്യേററം ചെയ്യുന്നപക്ഷം, അങ്ങിനെയുള്ള കയ്യേററം അയാൾക്ക് ആ ഭൂമി പതിച്ചു കിട്ടുന്നതിനുള്ള ഒരു അവകാശം ആയിരിക്കരുതെന്ന് മി. രാമൻപിള്ള പറയുകയുണ്ടായി. എന്നാൽ, വേണ്ടിടത്തോളം ഭൂമി കൈവശം ഇല്ലാത്തവരായ ഒരു കൂട്ടം ആളുകൾ, ഗവൺമെന്റിന്റെയും ഈ സഭയുടെയും അനുഭാവത്തെ അർഹിക്കുന്ന ഒരു കൂട്ടം ആളുകൾ, ഒരു ദരിദ്രമായ കൂട്ടം ആളുകൾ, ഉള്ളതുകൊണ്ടും, അവരുടെ പേരിൽ പതിച്ചുകിട്ടുന്നതിന് അവകാശമുണ്ടെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി അവർ പ്രവേശിച്ചിട്ടുണ്ടെന്നും ഹാം ജനങ്ങളെ ഭൂമികളിൽ പ്രവേശിപ്പിച്ച് അവിടെ അധിവസിക്കുവാനും അവകാശമുറക്കെ കൈവശപ്പെടുത്തുവാനും അനുവദിക്കണമെന്ന് എന്റെ സ്നേഹിതന്മാരിൽ ചിലർ കരുതുന്നപോലെ തോന്നുന്നു. അപ്രകാരം വിശാലമായ ഒരു ഉപാധിവളരെ ആപൽക്കരമായിരിക്കുമെന്ന് ഞാൻ ശങ്കിക്കുന്നു. ഈ നയം പ്രാബല്യത്തിൽ വരുത്തുകയാണെങ്കിൽ ആൾ സ്വാധീനവും ശക്തിയും ഉള്ള ജനങ്ങൾ അതു ദുരുപയോഗപ്പെടുത്തുവാനിടയുള്ളതും, അധഃകൃതവർഗ്ഗങ്ങളിൽപ്പെട്ടവരുടെ അവകാശാനുഭവം മററുള്ളവർക്ക് ലഭിക്കുവാൻ ഇടയുള്ളതും ആകുന്നു എന്ന് ഞാൻ ഭയപ്പെടുന്നു. സാധുമനുഷ്യൻ ഗവൺമെന്റധികാരത്തിനെതിരായി സ്ഥലത്തു പ്രവേശിച്ച് അവിടെ താമസം ഉറപ്പിക്കുന്നു. പ്രതിമാസം ശമ്പളമായി വ്യ രൂപായിൽ കൂടാത്ത ഒരു പകുതിശിപായിക്കുപോലും ഈ മനുഷ്യനെ അയാളുടെ സ്ഥലത്തു നിന്നും ഓടിക്കുവാൻ സാധിക്കും. അതുകൊണ്ട്, അയാൾ റവന്യൂ അധികൃതന്മാരെ അപമാനിക്കുന്നതിന് അത്രസാധ്യവും അതുപോലെ ശക്തിമാനും ആയിരിക്കണം. അധഃകൃതവർഗ്ഗത്തിൽപ്പെട്ടവരെ സംരക്ഷിക്കേണ്ടതാണെന്ന് എന്റെ ചില സ്നേഹിതന്മാർ പറഞ്ഞു. ദരിദ്രവർഗ്ഗക്കാർക്ക് രക്ഷ നൽകുവാൻ കഴിയുന്നിടത്തും അതു സമതേന ചെയ്യുവാൻ കഴിയുന്നിടത്തും അങ്ങിനെ ചെയ്യുന്നതിൽ എനിക്ക് ഒട്ടും വിരോധമില്ല. ദുർവിനിയോഗം ചെയ്യാവുന്നതും, സാധുജനങ്ങൾക്ക് ഗുണകരമായിരിക്കുവാൻ വയ്യാത്തതുമായ ഒരു നയം പ്രബലതയിൽ വരുത്തുകയാണെങ്കിൽ നാം തെററായമാർഗ്ഗങ്ങളിൽ പ്രവർത്തിക്കേണ്ടിവരുമെന്നു എനിക്കു ഭയമുണ്ട്. അതുകൊണ്ട്, സ്ഥലങ്ങൾ കയ്യേററം ചെയ്യുന്നതു അനുവദിക്കത്തക്കതാണോ എന്നും അവ പതിച്ചു കിട്ടുമെന്നുള്ള ആശയോടുകൂടിയും ഉള്ള ഉത്തമ വിശ്വാസത്തിന്മേൽ സ്ഥലത്തു പ്രവേശിച്ചിട്ടുള്ളവരുടെ പേരിൽ പതിച്ചു കൊടുക്കാമെന്നുള്ള ഒരു വിശ്വാസം അവരിൽ ഉണ്ടാക്കത്തക്കതാണോ എന്നും എന്റെ സ്നേഹിതന്മാർ ആലോചിക്കേണ്ടതാണെന്നാണു ഞാൻ നിർദ്ദേശിക്കുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചില സന്ദർഭങ്ങളിൽ അങ്ങിനെയുള്ള കയ്യേററത്തെ നിയമം അനുവദിക്കുന്നുണ്ടെന്നു എന്റെ സ്നേഹിതനു അറിയാമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കയ്യേററം അനുവദിക്കുന്നതായ ഏതെങ്കിലും നിയമമോ നിയമത്തിലുള്ള വ്യവസ്ഥയോ എനിക്കറിഞ്ഞുകൂടാ. ഗവൺമെന്റു ഭൂമികളിൽ ആദായകരമായ വേലകൾ ചെയ്തു ഉത്തമവിശ്വാസത്തോടെ അധിവസിക്കുന്നവർ ആ ഭൂമികൾ അവരുടെ പേരിൽ പതിച്ചു കിട്ടുന്നതിനു അവകാശമുള്ളവരാണ്. കയ്യേററത്തെ നിയമം അനുവദിച്ചിട്ടുണ്ടോ എന്നു എനിക്കറിവില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഈ ഉപക്ഷേപത്തോടു പ്രദർശിപ്പിക്കുന്ന എതിർ ഏതെങ്കിലും തരത്തിൽ അധഃകൃതവർഗ്ഗക്കാരുടെ ക്ഷേമക്ക് ഹാനികരമാകുന്നതാണോ എന്നു എന്നെ അറിയിക്കുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അധഃകൃതവർഗ്ഗക്കാർക്ക് അതു ഹാനികരമാകുവാനിടയുണ്ടെന്നു ഞാൻ ശങ്കിക്കുന്നു; എന്തുകൊണ്ടെന്നാൽ, സ്വാധീനശക്തിയുള്ള കയ്യേററക്കാർ അന്യായ പ്രവൃത്തികൾ കൊണ്ടു സ്ഥലങ്ങൾ പതിച്ചു വാങ്ങിയേക്കാനിടയുള്ളതുകൊണ്ടു, അവർക്കു ഒരിഞ്ചു സ്ഥലം കിട്ടുന്നതിന് സാദ്ധ്യമല്ല. അധഃകൃതവർഗ്ഗക്കാരുടെ സ്വന്ത ഉപയോഗത്തിനായി ഭൂമികൾ തിരിച്ചിടുന്നതിനും ഉണ്ടായിരിക്കയില്ല. അതുകൊണ്ട്, അങ്ങിനെയുള്ള കയ്യേററം അനുവദിക്കത്തക്കതല്ലെന്നാണ് ഞാൻ പറയുന്നതു്; അപ്രകാരമുള്ള ഒരു ഉപക്ഷേപം പാസ്സാക്കുന്നതിനുമുമ്പ് കുറഞ്ഞതു രണ്ടു പ്രാവശ്യമെങ്കിലും ഈ സഭ അതേപ്പററി ആലോചിക്കേണ്ടതാണ്.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): ഈ ഉപക്ഷേപത്തെ ഞാനും എതിക്കുന്നു. സക്കാർ ഭൂമിയിൽ ഉത്തമവിശ്വാസത്തോടുകൂടി ദേഹണ്ഡം ചെയ്തിട്ടുള്ള ആളുകൾക്ക് ആ വസ്തു പതിച്ചുകൊടുക്കണം എന്നാണ് എന്റെ അഭിപ്രായം.

മി: ആർ. രാമൻപിള്ള (കോട്ടയം): ഉത്തമവിശ്വാസം അല്ലാത്ത ദേഹണ്ഡം എന്താണെന്നു പറയാമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): ഒരു ദിവസം രാത്രികൊണ്ടു ഒരുമൂട്ട തെങ്ങും പിഴുതുവച്ചു ഒരു കുടിലും കെട്ടുക. ഇങ്ങനെയുള്ളതാണു ഉത്തമവിശ്വാസമില്ലാത്ത ദേഹണ്ഡം. ഇങ്ങനെ ഉത്തമവിശ്വാസമില്ലാത്ത ദേഹണ്ഡം ചെയ്തു പണക്കാരും ബലവാന്മാരുമായ ആളുകൾ വസ്തു കൈവശപ്പെടുത്തിവച്ചിരിക്കുന്നപക്ഷം റവന്യൂ ഉദ്യോഗസ്ഥന്മാർ ഉടനടി സ്ഥലത്തു പോയി സമീപകാലത്തുവച്ചതെങ്ങാണോ അല്ലയോ എന്നു അറിയുന്നതിനു അതിന്റെ വേരു പരിശോധിച്ചുനോക്കി അവരെ പുറത്തിറക്കിവിടേണ്ടതാണു. മിസ്റ്റർ രാമൻപിള്ളയുടെ അഭിപ്രായംപോലെ പുതുവൽ ഭൂമിയിൽ പ്രവേശിക്കുന്നതിനു അനുവാദം വാങ്ങിക്കണമെന്നുവച്ചാൽ അതുകൊണ്ടു പല സങ്കടങ്ങളും നേരിട്ടേക്കും. കീഴുദ്യോഗസ്ഥന്മാർ ഇഷ്ടപ്പെടുന്നതനുസരിച്ചു അവർ പ്രവേശനത്തിനു അനുവാദം കൊടുക്കും. ഒരാൾക്കു അഞ്ചു ഏക്കറിനു അനുവാദം കൊടുക്കുമ്പോൾ മറ്റൊരാൾക്കു നൂറേക്കറിനായിരിക്കും അനുവാദം കൊടുക്കുക. ഇങ്ങനെ പലപ്രകാരത്തിലുള്ള കുഴപ്പങ്ങളും നേരിടുവാൻ എളുപ്പമുണ്ട്. സാധുക്കളേയും സാധുക്കളല്ലാത്തവരേയും ഇങ്ങനെ ഒരു ചട്ടമുണ്ടാക്കി അതിനു അധീനന്മാരാക്കണം എന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി: വി. ചെല്ലംപിള്ള (തോവാള): സാധുക്കളെ മാത്രം മി: രാമൻപിള്ള കൊണ്ടുവന്ന കട്ട്മോഷനിൽ അടങ്ങിയിട്ടുള്ള തത്വത്തിൽ നിന്നും ഒഴിവാക്കിയാൽ മെമ്പർക്കു തൃപ്തിയാകുമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): അതിന്റെ ആവശ്യമില്ല. മി: രാമൻപിള്ളയുടെ ഒരു അഭിപ്രായത്തിൽ ഏതാനും വ്യത്യാസം ഇല്ലാതെ ഇല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): കയ്യേറ്റം ഒരു അവകാശമായിട്ടു ഗണിക്കരുത് എന്നാണ് ഞാൻ പറഞ്ഞത് എന്നു മെമ്പർ മനസ്സിലാക്കിയോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): മനസ്സിലാക്കിട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): സാധുക്കൾക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനു ഗവർമ്മെന്റിനു അധികാരമുണ്ടെന്നു അറിയാമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): അറിയാം.

മി: ആർ. രാമൻപിള്ള (കോട്ടയം): ആ സ്ഥിതിക്കു ഗവർമ്മെന്റിനു എപ്പോൾ വേണമെങ്കിലും ഭൂമി കൊടുക്കാം എന്നുള്ളതുകൊണ്ടു കയ്യേറ്റാവകാശത്തെ ഗണിക്കാതെ തന്നെ പതിച്ചുകൊടുക്കരുതോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): ഇന്നത്തെ ചട്ടത്തിൽ വലിയ ദോഷം ഇല്ലാതിരിക്കുന്നിടത്തോളം കാലം അതിനെ മാറ്റണമെന്നു എനിക്കു അഭിപ്രായമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇന്നത്തെ ചട്ടമനുസരിച്ചു കയ്യേറ്റംകൊണ്ടു വസ്തുവിന്റെ അവകാശിയായിത്തീരുന്നുവെന്നാണു എന്റെ വിശ്വാസം.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): കൈവശക്കാർ അവകാശിയല്ല. ഉത്തമവിശ്വാസമായ ദേഹണ്ഡം ചെയ്തിരിക്കുന്ന ആളുകൾക്കു മാത്രമേ അവകാശമുള്ളു.

പ്രസിഡന്റ്: മി: രാമൻപിള്ളേ! നിങ്ങൾ പറയുന്നതു മി. ടി. സി. കേശവപിള്ളക്കു മനസ്സിലായതുകൊണ്ടും, അദ്ദേഹം പറയുന്നതു നിങ്ങൾക്കു മനസ്സിലാകുന്നതുകൊണ്ടും, അദ്ദേഹം പറഞ്ഞതിനെപ്പറ്റി നിങ്ങൾ അദ്ദേഹത്തോടു ചോദ്യങ്ങൾ ചോദിക്കണമെന്നില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോട്ടം): മി. രാമൻപിള്ള പറഞ്ഞതിൽ ഒരു ഭാഗത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതായതു ഒരാൾ പുത്തൻകച്ചേരി മൈതാനത്തു ഒരു കുടിൽകെട്ടി വച്ചുകെട്ടിയാൽ പരമാർത്ഥത്തിൽ ഇന്നത്തെ പുതുവൽ ചട്ടമനുസരിച്ചു ആയാളെ ഇറക്കാൻ കുറച്ചു പ്രയാസമുണ്ട്. ഇങ്ങിനെയുള്ള സംഗതികളിൽ ചിലപ്പോൾ ചില സമുദായത്തിനും, അല്ലെങ്കിൽ ചില സ്ഥാപനങ്ങൾക്കോ, ദോഷം പറ്റിയേക്കാൻ എളുപ്പമുണ്ട്. തിരുവിതാംകൂറിൽ ട്രസ്റ്റ് വസ്തുക്കളായി അനേകമുണ്ട്. അവ ഗവർമ്മെന്റിന്റെ കൈവശാവകാശത്തിൽ പുറമ്പോക്കായി കിടക്കയാണു. അതായതു, ഹിന്ദുക്കളുടെ ഒരു ക്ഷേത്രമുണ്ടു. അതിൽ അധഃകൃതവർഗ്ഗക്കാരോ, അല്ലെങ്കിൽ മറ്റു മതസ്ഥരോ, ഒരു കുടിൽകെട്ടിയാൽ ഇന്നത്തെ ചട്ടപ്രകാരം ഉടനടി ആയാളെ പുറത്തിറക്കാൻ സാധിക്കയില്ല. ഇങ്ങനെയുള്ള സംഗതികളിൽ മി: രാമൻപിള്ളയുടെ അഭിപ്രായം ഉചിതമാണു. ഈ വകസ്ഥലങ്ങളെ പ്രത്യേകമായിതിരിച്ചു അതിനെ സംബന്ധിച്ചു ലാന്റ കൺസർവൻസിചട്ടങ്ങളിൽ കഠിനമായി നിഷ്കർഷിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ എതിക്കുന്നു.

മി: വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല): സർ, മി: രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി എതിക്കുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന പുതുവൽ നിയമത്തെ എന്തെങ്കിലും തിരുത്തുന്നപക്ഷം അതിൽ നിന്നുണ്ടാകുന്ന സങ്കടം അനുഭവിക്കേണ്ടിവരുന്നതു മിക്കവാറും പാവപ്പെട്ട അധഃകൃതവർഗ്ഗക്കാർ ആയിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഗവർമ്മെന്റിന്റെ എന്നു തന്നെയല്ല പൊതുജനങ്ങളുടെ ആകമാനം സഹായത്തിനു അർഹന്മാരായിരിക്കുന്ന വീടില്ലാത്ത പാവങ്ങൾക്കു ഉപദ്രവം ഉണ്ടാകാത്തനിലയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഈ പുതുവൽ ചട്ടത്തെ ഭേദപ്പെടുത്തുന്നപക്ഷം, ഇതുവരെ ഈ സാധുക്കളുടെ രക്ഷക്കു വേണ്ടി പൊതുജനങ്ങളും ഗവർമ്മെന്റും ചെയ്തുവന്നിട്ടുള്ള പല സൽകൃത്യങ്ങൾക്കു പ്രതികൂലമായിട്ടു തീരുന്നതാണു. പൊതുവേ ഗവർമ്മെന്റ എല്ലാവരേയും രക്ഷ ചെയ്യുന്നുണ്ടെങ്കിലും ഒരു രക്ഷിതാവിനെ പ്രത്യേകമായി ഗവർമ്മെന്റിൽ നിന്നും നിയമിച്ചു കൊടുത്തിട്ടുള്ളതും ഈ പാവങ്ങൾക്കു വേണ്ടിയാണ്. പുതുവൽ പതിവില്ലാതെ ദേഹണ്ഡിച്ചു വരുത്തുമ്പോൾ ഈ കുബേരന്മാർ പുതുവൽ ഭൂമികളിൽ പ്രവേശിച്ചു ദേഹണ്ഡിച്ചു കൈവശപ്പെടുത്താൻ ശ്രമിച്ചുതുടങ്ങും. ഈ വീടില്ലാത്ത പാവങ്ങൾ പുതുവൽ സ്ഥലങ്ങളിൽ പ്രവേശിച്ചു അവർക്കു അന്നന്നു ജീവസന്ധാരണം ചെയ്യാൻ ഉപയുക്തമായ സാധനങ്ങൾ കൃഷി ചെയ്തു അതുകൊണ്ടു ഉപജീവനം ചെയ്യുകയാണു ചെയ്യുന്നത്. ഇവർ ഇപ്പോൾ തന്നെ പല വിധത്തിൽ ഉപദ്രവം ബലവാന്മാരുടെ പക്കൽ നിന്നും

അനുഭവിച്ചുവരികയാണ്. ഇങ്ങിനെ എന്തെങ്കിലും ഒരു ദുർഗതി ഈയാളിൽ വരുത്തിയിരിക്കുന്നു എന്നു കീഴ്‌വണക്കാരോ, അവരെ ഉപദ്രവിക്കുന്നതിനു സൗകര്യമുള്ള മററു വല്ലവരുമോ, മനസ്സിലാക്കിപ്പോയാൽ ആ സാധുക്കൾക്കു തീർച്ചയായിട്ടും ഒരു രക്ഷയും ഇല്ല. അതുകൊണ്ടു ഈ ഉപക്ഷേപത്തെ അനുകൂലിക്കാതിരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): രക്ഷിതാവിനെ കൊടുത്തിട്ടുണ്ടല്ലോ. വീടില്ലാത്തവർക്കു രക്ഷിതാവു വല്ല സ്ഥലവും കൊടുത്തിട്ടുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): രക്ഷിതാവു സ്ഥലം കൊടുക്കുന്നുവരെ, രക്ഷിതാവു സ്ഥലം തരും അതുകൊണ്ടു സുഖിച്ചുകൊള്ളാമെന്നു വിചാരിച്ചു ഈ സാധുക്കൾ ഏതു പ്രകാരമാണു ജീവിക്കേണ്ടതു എന്നു ഇതുവരെ ആരും നിർദ്ദേശിച്ചു കാണുന്നില്ല. അങ്ങിനെ അവർക്കു ഭൂമികൊടുക്കുന്നതുവരെ മററു മനുഷ്യരുടെ ആവശ്യങ്ങളൊന്നും അവർക്കു വരാൻ പാടില്ലാ എന്നു വല്ല നിരോധന ഉത്തരവും കൊടുക്കുന്നപക്ഷം നന്നായിരിക്കും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നിയമലംഘനം ചെയ്തുവേണോ സാധുക്കൾ ജീവിക്കേണ്ടതു്?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സാധുക്കൾക്കു മററു മനുഷ്യർക്കു് ആവശ്യമുള്ള ആവശ്യങ്ങൾ അതിനു സൗകര്യം ലഭിക്കുന്നതുവരെ വരാൻ പാടില്ല എന്നു് ഒരു നിയമം ഉണ്ടാകുന്നതു് ഇതിനേക്കാൾ നന്നായിരിക്കുമെന്നല്ലാതെ നിയമലംഘനം ചെയ്യണമെന്നു് ഞാൻ എന്റെ പ്രസംഗത്തിൽ അർത്ഥമാക്കിയിട്ടില്ല. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, മി. രാമൻപിള്ളയുടെ അഭിപ്രായത്തോടു് ഞാനശേഷം ഒട്ടും യോജിക്കുന്നില്ല. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ പരമാർത്ഥത്തിൽ നല്ലതാണെങ്കിലും കാലക്രമംകൊണ്ടു ഇപ്പോൾ അസമത്വ സമുദായങ്ങൾക്കു യാതൊരു ഉദ്യോഗവും കിട്ടുന്നില്ലെന്നുള്ള മുറവിളിക്കു പുറമേ ഭൂമിയും കിട്ടുന്നില്ല എന്നുള്ള മുറവിളിക്കുകൂടി ഉണ്ടാകുന്നതിന് ഇടവരുന്നതാണ്. ഇന്നത്തെ റവന്യൂഡിപ്പാർട്ടുമെന്റിൽ അസമത്വസമുദായങ്ങൾക്കുള്ള ഉദ്യോഗങ്ങളുടെ സ്ഥിതി ഞാൻ പറയാതെ തന്നെ എല്ലാവർക്കും ഏറെക്കുറെ അറിയാമെന്നു വരികിലും ഭൂമിപതിപ്പാൻ ഇപ്പോൾ അധഃകൃതർക്കു് ഒരു വിധം സൗകര്യമായി കഴിച്ചുകൂട്ടാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കയ്യിൽ കിട്ടുന്നവരെല്ലാം ഭൂമികയറി എടുത്തുകൊള്ളട്ടെ എന്നു പറഞ്ഞാൽ കൊള്ളാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): എല്ലാവർക്കും അങ്ങിനെ കൊടുക്കേണ്ടാ.

മി: പി. എസ്. മുഹമ്മദ് (ഗവണ്മെന്റു നിയമനം): സർ, ഗവണ്മെന്റിന്റെ കൈവശമിരിക്കുന്ന സ്ഥലങ്ങളിൽ ജനങ്ങൾ അക്രമമായി പ്രവേശിച്ചു് ഗവണ്മെന്റിനു് എതിരായനിലയിൽ ഒരു അവകാശം സ്ഥാപിച്ചതിനുശേഷം അവർക്കു പതിച്ചുകൊടുക്കത്തക്ക സന്ദർഭങ്ങളുണ്ടാക്കിത്തീർക്കുന്ന ഈ സമ്പ്രദായത്തെ ആക്ഷേപിച്ചുകൊണ്ടും അതിനെ എതിർത്തുകൊണ്ടും എന്റെ സ്നേഹിതൻ മി. രാമൻപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തിൽ പരമാർത്ഥങ്ങൾ ധാരാളമുണ്ട്. ഇങ്ങിനെ ഒരു സൌകര്യം അക്രമം പ്രവൃത്തിക്കുന്നതിനു സൗകര്യമുള്ളവർക്കു നൽകുന്നതുകൊണ്ടു് പല ക്രിമിനൽ കേസുകൾ തന്നെയും ഉത്ഭവിച്ചിട്ടുള്ളതായിട്ടു് എനിക്കറിയാം. ഇങ്ങിനെയുള്ള വിഷമങ്ങൾ ഒരു ഭാഗത്തുണ്ടെന്നു് വരികിലും എന്റെ സ്നേഹിതൻ മി. മാധവൻപറഞ്ഞപ്രകാരം അധഃകൃതവർഗ്ഗക്കാർക്കു ഇന്നത്തെ നിലക്കു് ഇതുകൊണ്ടു ഉപദ്രവം ഉള്ളതുകൊണ്ടും, മററുവിധത്തിൽ ന്യായമായ നിലയിൽ, ഗവണ്മെന്റിനോടു് ഗൗനിക്കാതെ തന്നെ അതിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്കു അവർ ഉത്തമവിശ്വാസമായി ചെയ്തിട്ടുള്ള ആ ദേഹണ്ഡങ്ങൾ വകവച്ചു കൊടുക്കാത്ത നിലയിൽ തീർച്ചചെയ്യുന്നതു് ശരിയല്ലാ എന്നുള്ളതുകൊണ്ടും ഈ വിഷയം ഗവണ്മെന്റും ജനപ്രതിനിധികളും വളരെ ഗാഢമായി ചിന്തിച്ചു പ്രവൃത്തിക്കേണ്ടതാകുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ മി. രാമൻപിള്ള പറഞ്ഞിട്ടുള്ള വിഷയങ്ങൾ മിക്കവാറും പരമാർത്ഥമായിട്ടുള്ളതാകുന്നു എന്നും അതു പരിഹരിക്കത്തക്ക നിലയിൽ ഗവണ്മെന്റു ഭാഗത്തു നിന്നും പ്രവൃത്തിക്കുമെന്നും, ഈ സന്ദർഭത്തിൽ ഇതിൽ കൂടുതലായി ഒന്നും ചെയ്യാൻ നിവൃത്തിയില്ലെന്നും സൂചിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തിന്റെ പ്രസ്താവനയെ ആസ്പദമാക്കി എന്റെ സ്നേഹിതൻ മി. രാമൻപിള്ള ഈ ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): എന്റെ സ്നേഹിതന്മാർ പലരും എന്റെ ആശയത്തെ തെററിദ്ധരിച്ചിരിക്കുന്നതായി കാണുന്നു. സാധുക്കൾക്കു് ഭൂമിപതിച്ചുകൊടുക്കുന്നതിനുള്ള ഗവണ്മെന്റിന്റെ അവകാശത്തെ എന്റെ ഉപക്ഷേപംകൊണ്ടു് എടുത്തുകളയുന്നില്ല. അവർക്കു കൊടുക്കരുതെന്നും ഞാൻപറയുന്നില്ല. എന്നാൽ കയ്യേററത്തെ ഒരവകാശമായിട്ടു ഗണിക്കരുതെന്നേ ഞാൻ പറഞ്ഞിട്ടുള്ളു. ഇപ്പോഴത്തെ ചട്ടമനുസരിച്ചു നൂറും ഇരുന്നൂറും ഏക്കർ സ്ഥലം അക്രമമായി ബലവാന്മാർ പതിച്ചു കൊണ്ടുപോകുന്നുണ്ടു. അതിനെ തടയണമെന്നുള്ളതാണു എന്റെ ഉദ്ദേശം. ഏതായാലും ഞാൻ ഇതു പിൻവലിക്കണമെന്നാണു എന്റെ സ്നേഹിതൻ അവസാനത്തിൽ പറഞ്ഞതു. അതുകൊണ്ടും പണ്ഡിതനായ റവന്യൂകമ്മീഷണരുടെ നിർദ്ദേശത്തെ സമ്മതിച്ചുകൊണ്ടും ഞാൻ തല്ക്കാലം ഈ ഉപക്ഷേപത്തെ പിൻവലിക്കതന്നെ ചെയ്യുന്നു.

അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം, ന.

പ്രസിഡന്റ്: അടുത്ത ഉപക്ഷേപം മി. പാച്ചുപിള്ളയുടെ പേരിലാണു കാണുന്നതു, ആ ഉപക്ഷേപത്തെപ്പററി പറയുന്നതിനു മുമ്പു ഈ ഉപക്ഷേപങ്ങളിൽ പലതും തെററായതലക്കെട്ടിൻ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഈ ഉപക്ഷേപത്തെപ്പററിയാണെങ്കിൽ ഇതു കൃഷി, കരം, വിദ്യാഭ്യാസം, ഗതാഗതം മുതലായവയെ സംബന്ധിക്കുന്നതുകൊണ്ടു ന്യായമായി ഇതിനെ ലാൻഡു റവന്യൂ വിഭാഗത്തിൽ കൊണ്ടുവരാൻ കൂടാത്തതാണ്. അതിനാൽ ഈ ഉപക്ഷേപം ക്രമവിരുദ്ധമാണെന്നു ഞാൻ വിധിചെയ്യുന്നു. അതുപോലെയുള്ള വേറെയും ഉപക്ഷേപങ്ങൾ അതിനു താഴെ ആയിവരുന്നവ ഇനിയും

-ന്നിരിക്കുന്ന പട്ടികയിലെ ഉപക്ഷേപങ്ങളെപ്പററി പ്രതിവാദിക്കുമ്പോൾ ആലോചിക്കപ്പെടാവുന്നവയായതുകൊണ്ടു, അവ, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഇനങ്ങളുടെ കീഴിൽ വാദപ്രതിവാദം ചെയ്തുകൂടാവുന്നതല്ലെന്നു അനുദ്യോഗസ്ഥമെമ്പറന്മാരെ അറിയിച്ചുകൊള്ളട്ടെ. അതുകൊണ്ടു മൂന്നാം ഉപക്ഷേപം ക്രമവിരുദ്ധമാണെന്നു ഞാൻ റൂൾ ചെയ്യുന്നു.

ഉപക്ഷേപം ൪.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ശമ്പളച്ചെലവിനുള്ള ൧൮,൯൯൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ എന്റെ ഉദ്ദേശം ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ഉള്ള അദ്ധ്വാനപ്പെട്ടു ജോലിവഹിക്കുന്നവരും അല്പശമ്പളക്കാരും അർദ്ധപട്ടിണിക്കാരുമായ പ്യൂൺമാരുടെ ദയനീയാവസ്ഥയിൽ ഈ സഭയുടെ ശ്രദ്ധപെടുത്തണമെന്നാകുന്നു. സർ, ലാൻഡ് റവന്യൂ കമ്മിഷണരുടെയും ദിവാൻപേഷ്കാരൻമാരുടേയും ആഫീസുകളിൽ ജോലിചെയ്യുന്നതിനു മാത്രമുള്ളവരായ പ്യൂൺമാർക്കു ആറാണ്ടിലൊരിക്കൽ ഒരു രൂപാ ശമ്പളക്കൂടുതൽ ലഭിക്കത്തക്കവിധത്തിൽ ഒമ്പതുമുതൽ പതിനഞ്ചുരൂപാവരെയെങ്കിലും ശമ്പളം കൊടുക്കുന്നുണ്ടു്. എന്നാൽ, മാസം ൭ രൂപാകിട്ടുന്ന ഇതിനേക്കാൾ കഷ്ടതരമായിട്ടുള്ള ഒരു കൂട്ടരുണ്ടു്. പകുതികളിലെ പ്യൂൺമാർക്കു കൊടുക്കുന്ന തുഛമായ ശമ്പളം അവരുടെ ഉപജീവനത്തിനു് തികയുകയില്ലെന്നാണു് എനിക്കുതോന്നുന്നതു്. അവർക്കെല്ലാം ഡിപ്പാർട്ടുമെൻറിൽ ഒരേതരത്തിലുള്ള, ഒരു നല്ല ശമ്പളം കൊടുക്കേണ്ടതാണു്. പ്രതിമാസം പന്ത്രണ്ടുരൂപാ ക്രമത്തിനു് അവർക്കെല്ലാം ഒരുപോലെ ശമ്പളം കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. കഴിഞ്ഞകൊല്ലം ഇവരുടെ ശമ്പളം കൂട്ടികൊടുക്കുന്നതിനെപ്പററി ഫൈനാൻസ് കമ്മിററിയിൽ ഗവൺമെൻറു ഒരു ആലോചനകൊണ്ടുവന്നു. ഞങ്ങളിൽ ചിലർ വളരെ സന്തോഷത്തോടുകൂടി ആ ആലോചന സ്വീകരിക്കുകയും ശമ്പളം അതിലേക്കാൾ കുറെക്കൂടി കൂട്ടിക്കൊടുക്കുന്നതു ഞങ്ങൾക്കു കൂടുതൽ സന്തോഷകരമായിരിക്കുമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അതിൽ കൂടുതൽ നൽകേണ്ട എന്നു വിചാരിച്ചിട്ടോ, അതോ മററു കാരണവശാലോ, ൧൧൦൭ ചിങ്ങം മുതൽ പുതുക്കിയ ക്രമത്തിനു ശമ്പളം കൊടുക്കുവാൻ സാധിക്കുകയില്ലെന്നു ഗവൺമെൻറു തീർച്ചയാക്കി. സർ, ദീർഘമായ ആലോചനയുടേയും, തുടരെത്തുടരെയുള്ള ശുപാർശകളുടേയും ഫലമായിട്ടായിരിക്കണം, ആ നിർദ്ദേശം ഫൈനാൻസ് കമ്മിററിയുടെ മുമ്പാകെ അവതരിപ്പിക്കുന്നതു ബുദ്ധിപൂർവ്വമെന്നു ഗവൺമെൻറു കരുതിയതെങ്കിലും ഒന്നോ, രണ്ടോ ആഴ്ചകളിൽ അവർക്കു് ബുദ്ധി വളിക്കുകയും ആ ചെറിയ നീക്കിവയ്പുപോലും തള്ളിക്കളയുകയും ചെയ്തു (ഈ പതനത്തിൽ ഡെപ്യൂട്ടി പ്രസിഡൻറു അദ്ധ്യക്ഷസ്ഥാനം കയ്യേററു) ഫൈനാൻസുകമ്മിററിയുടെ നടപടികൾ രഹസ്യമെന്നു ഗണിക്കപ്പെട്ടിട്ടില്ലാത്തതിനാലും അതു നടപടികളിൽ പ്രസിദ്ധപ്പെടുത്തിയേക്കാവുന്നതിനാലും ഞാൻ ചില പ്യൂൺമാരോടു്, അവർക്കു ഒരു ചെറിയ ശമ്പളക്കൂടുതൽ കിട്ടുവാൻ വഴിയുണ്ടെന്നു പറയുകപോലും ചെയ്തു. പിന്നീടു ബഡ്ജററിന്റെ ആദ്യത്തെ പതിപ്പു പ്രസിദ്ധപ്പെടുത്തിയപ്പോൾ എങ്ങിനെയോ ആ ചെറിയ ഇനം അവർ ഉൾപ്പെടുത്താതിരിക്കുന്നതാണ് ഞാൻ കണ്ടതു. സർ, ഇതുവളരെ കഷ്ടമാണു. കൌൺസിലിന്റെ ഈ യോഗത്തിൽ ആലോചനക്കു അയച്ചിട്ടുള്ള പ്രമേയങ്ങളുടെ സംഖ്യയിൽനിന്നു ഏററവും ചുരുങ്ങിയ ശമ്പളം പതിനഞ്ചുരൂപായോ പന്ത്രണ്ടുരൂപായുമെങ്കിലോ ആയിരിക്കണമെന്നു ഈ സഭ ആവശ്യപ്പെടുന്നതായി ഗവൺമെൻറിനറിയാവുന്നതാണു. താഴ്ന്നതരം ജീവനക്കാരുടെ സ്ഥിതി മറെറതുരാജ്യത്തും ഇത്രമോശമാണെന്നു എനിക്കുതോന്നുന്നില്ല. ൭ രൂപാ വളരെ പോരാത്തതാണു്. അതിനാൽ അവർക്കു പന്ത്രണ്ടു രൂപായിലൊ പത്തു രൂപായിലൊ കുറയാത്ത ഒരു നല്ല ശമ്പളം കൊടുത്തു അവരുടെ സ്ഥിതി മെച്ചപ്പെടുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. പകുതികളിലെ പ്യൂൺമാരുടെ ശമ്പളപരിഷ്കാരത്തെപ്പററിയുള്ള കാര്യം മറെറാരു ഉപക്ഷേപത്തിൻ കീഴിൽ പ്രസ്താവിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപം ഈസഭയുടെ ആലോചനക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, മി: ആശാന്റെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എനിക്കു രണ്ടുവാക്കു പറയാനുണ്ടു്. ശമ്പളക്കൂടുതൽ റവന്യൂ ഡിപ്പാർട്ടുമെൻറിലെ ശിപായിമാർക്കു് മാത്രം കൊടുത്തതുകൊണ്ടുപോരാ. അവരേക്കാൾ കൂടുതൽ സങ്കടം അനുഭവിക്കുന്നവരുണ്ടു. അവർക്കുകൂടി കൊടുക്കണം.

ഡെപ്യൂട്ടിപ്രസിഡൻറ്: അതിനെപ്പററി പിന്നീടു പറയാമെന്നാണു് മി: ആശാൻ പറഞ്ഞതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): പിന്നീടു സമയം കിട്ടുമോ എന്നു് സംശയമാണു്. അതുകൊണ്ടു കിട്ടിയ അവസരത്തിൽ പറയേണ്ടതു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

എല്ലാ ഉദ്യോഗസ്ഥന്മാരും മുഴുവൻ ഉദ്യോഗസ്ഥന്മാരാണു്. എന്നാൽ ഓരോ താലൂക്കുകളുടേയും പലഭാഗത്തും ഇരിക്കുന്ന കീഴ്ജീവനക്കാർ പകുതിഉദ്യോഗസ്ഥന്മാരാണു് അവർ എങ്ങിനെപകുതിഉദ്യോഗസ്ഥന്മാരായിഎന്നറിഞ്ഞുകൂടാ. ഓരോ താലൂക്കിന്റെ നേർപകുതിയാണു് അവരുടെ അധികാരാതിർത്തി എങ്കിൽ അങ്ങിനെ പറയാമായിരുന്നു. താലൂക്കിനെഎട്ടുംപത്തുംമായിട്ടു ഭാഗിച്ചിട്ടുള്ളതിൽ ഓരോഭാഗങ്ങളിലും ഇരിക്കുന്നവരാണു് ഈ ഉദ്യോഗസ്ഥന്മാർ അതുകൊണ്ടു് അവർക്കു നൽകിയിട്ടുള്ള പേരു തന്നെ അഭിമാനഹാനി വരുത്തുന്നുണ്ടു്. ഓരോ സാമാജികന്മാർക്കുംചുമക്കാൻ തക്കവണ്ണമുള്ള ഈ ഉദ്യോഗസ്ഥന്മാരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ടു്. അതുകൊണ്ടു് ഗവൺമെൻറു് ഇതിനെപ്പററി ഗാഢമായി ആലോചിച്ചു ലജ്ജാവഹമായ ഈ പേരു മാററികൊടുക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പകുതി ഉദ്യോഗസ്ഥന്മാരുടെ അപേക്ഷ കിട്ടിയിട്ടുണ്ടോ.

മി: ആർ. രാമൻ പിള്ള (കോട്ടയം) പകുതി ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള അപേക്ഷകൾ. ഈ സംഗതി ഓർമ്മപ്പെടുത്തിയതിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

തിരുവിതാംകൂറിൽ മാത്രമേ ഈ പകുതി എന്നുള്ള പേരുള്ളൂ. കൊച്ചിയിൽ "അംശം" എന്നാണ് പറയുന്നതു്. അതു കുറെക്കൂടി യോജിച്ചിരിക്കുന്നു എന്നു തോന്നുന്നു. ഇവിടെ പഴയ കാലത്തു് പ്രവൃത്തിക്കാരനായിരുന്നതു് പകുതിക്കാരൻ എന്നുകൂടി പറയുന്നുണ്ടു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): "അധികാരി" എന്നു പറയുന്നതിൽ മെംബർക്കു സങ്കടമുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): എനിക്കു യാതൊരു സങ്കടവുമില്ല. ഞാൻ അവരുടെ സങ്കടങ്ങളെപ്പറ്റി പറയുന്നു എന്നേയുള്ളൂ.

"തഹശീൽദാരുടെ ചീട്ടുചെന്നാൽ പാർവത്യകാരന്മാരുടെ 'ചീട്ടു കീറി'" എന്നു സാധാരണ പറയാറുണ്ടു്. കാര്യങ്ങൾ എന്തൊക്കെയായാലും അവരൊക്കെ ചട്ടംകെട്ടണം, ജനനമരണക്കണക്കെടുക്കുവാൻ പോകണം. പുറമ്പോക്കളക്കാൻ പോകണം. നികുതി പിരിക്കാൻ പോകണം; ഇതിനുപുറമെ ഏതുന്നതോദ്യോഗസ്ഥന്മാരുടെ സർക്കീട്ടോ ഉണ്ടായിരുന്നാൽ അതിലേക്കു വട്ടംകൂട്ടാനും പോകണം. അഞ്ഞൂറു രൂപാ ഡിപ്പോസിറ്റു കെട്ടിവച്ചാണു് അവർ ഉദ്യോഗം ഭരിക്കുന്നതു്. ഇക്കാലത്തു പതിനെട്ടു ശതമാനം പലിശ കൊടുത്താലേ പണം കിട്ടുകയുള്ളൂ. അങ്ങിനെ അവർ വാങ്ങിച്ചു നിക്ഷേപിച്ചിരിക്കുന്ന പണത്തിനു് മൂന്നു ശതമാനത്തിൽ കൂടുതൽ പലിശ കൊടുക്കുന്നില്ല. ശമ്പളം പതിനെട്ടു രൂപയാണു്. പിന്നീടു അക്കൗണ്ടന്റുമാർ എന്നൊരു കൂട്ടരുണ്ടു്. അവരും ൨൦൦ രൂപാ ഡിപ്പോസിറ്റുവക്കണം. അവർക്കു കിട്ടുന്ന ശമ്പളം ൧൮ രൂപായാണു്. ഇതര ജോലിയിൽ നോക്കുന്നതിനു് അവസരമില്ല, രാവും പകലും ജോലിയാണു്. ഇവർ പകുതിക്കച്ചേരിയിൽ ഇരുന്നാൽ മതി എന്നുണ്ടെങ്കിലും പകുതിക്കച്ചേരിയിൽ അവർക്കു ഇരിക്കാൻ നേരമില്ല. നികുതിക്കു നോട്ടീസയച്ചാൽ മതിയെന്നൊക്കെയുണ്ടു്. പ്രവൃത്തിക്കാർ കച്ചേരിയിൽ ഇരുന്നാൽ അവർക്കു ശമ്പളം കിട്ടുകയില്ല.

തിരുവിതാംകൂർ ഗവർമ്മെന്റിലേക്കു് കരം മുഴുവൻ സംഭരിക്കുന്നതു് പ്രവൃത്തിക്കാരും പിള്ളമാരും കൂടിയാണു്. ഉദ്യോഗസ്ഥന്മാരൊക്കെയിരുന്നു സുഖം അനുഭവിക്കുന്നതേയുള്ളൂ. അതുകൊണ്ടു അവരുടെ ഡിപ്പോസിറ്റു പണത്തിനു ശരിയായ പലിശ കൊടുക്കണം. അല്ലെങ്കിൽ അവരുടെ പണത്തിന്റെ പലിശക്കൂടി മുതലാകത്തക്കവിധത്തിൽ ൨൫, ൩൦, ൩൫ രൂപാ ക്രമത്തിൽ പ്രവൃത്തികാരന്മാർക്കും ൧൫, ൧൮, ൨൦ രൂപാ എന്ന ക്രമത്തിൽ അക്കൗണ്ടന്റുമാർക്കും ശമ്പളം കൊടുക്കണം. അവരുടെ നിലയിലുള്ള ഉദ്യോഗസ്ഥന്മാർക്കു അവരേക്കാൾ ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നു. അതായതു് ൨൦-൩൦ രൂപാവരെയോ ൨൫-൪൦ രൂപാവരെയും ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നുണ്ടു്. ഇവരെല്ലാം പബ്ലിക്കുലർ സ്കൂൾലീവിംഗും സ്കൂൾഫൈനലും പാസായവരാണു്. മററുള്ളവയ്ക്കുപുറമെ ഈ പകുതിയുദ്യോഗസ്ഥന്മാർ സർവേ ടെസ്റ്റ് മുതലായ സാങ്കേതിക പരീക്ഷകൾ കൂടി ജയിച്ച ആളുകളാണു്. അതുകൊണ്ടു അവർക്കു ശമ്പളം കൂട്ടാൻ അവകാശമുണ്ടു്.

മി: വി. ചെല്ലംപിള്ള (തോവാള): ഇവർക്കു ശമ്പളം കൂട്ടണമെന്നു പറയുന്നതു അവരുടെ ചിലവിനു മതിയാകാത്തതുകൊണ്ടു മാത്രമാണോ അതല്ല മേലുദ്യോഗസ്ഥന്മാരുടെ ചിലവിനും ഇവർ കൊടുക്കുന്നു എന്നുള്ളതുകൊണ്ടും കൂടിയാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): മേലുദ്യോഗസ്ഥന്മാരുടെ ചിലവിനു ഇവർ വല്ലതും കൊടുക്കുന്നു എന്നുണ്ടെങ്കിൽത്തന്നെയും അതു ഈ കൗൺസിലിൽ പറയാൻ ഞാൻ തയ്യാറില്ല.

അതുകൊണ്ടു ഗവർമ്മെന്റു ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ബലമായി അനുകൂലിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, മി: ദാമോദരൻ ആശാന്റെ ഉപക്ഷേപത്തോടു് ഞാനും പൂർണ്ണമനസ്സോടെ അനുകൂലിക്കുന്നു. സർ, എന്റെ ബഡ്ജററു പ്രസംഗത്തിനിടയ്ക്കു് ഞാൻ ഈ പ്രധാനസംഗതി സൂചിപ്പിക്കുകയുണ്ടായി. സുപ്പീരിയർ സർവീസിൽ ഒരു കുറവു വരുത്തിയില്ലെങ്കിലും ഈ താണതരം ശമ്പളക്കാരുടെ ദുസ്ഥിതി ഭേദപ്പെടുത്തേണ്ടതാണെന്നു് ഞാൻ അപ്പോൾ പറഞ്ഞു. അഞ്ചൽ പ്യൂൺമാർക്കു ഒന്നോ രണ്ടോ രൂപാ കൂടുതൽ കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു് പണ്ഡിതനായ ഫിനാൻഷ്യൽ സെക്രട്ടറി അപ്പോൾ പറയുകയുണ്ടായി. പകുതി ജീവനക്കാരുടെയും താലൂക്കു പ്യൂൺമാരുടെയും സ്ഥിതികൾ അഞ്ചൽ പ്യൂൺമാരുടേതിനേക്കാൾ എത്രയോ അധികം ശോചമാണെന്നു ഞാൻ പറയുന്നു. അവിടെയും എനിക്കു പറയണമെന്നുള്ളതു്, ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥ പോരാത്തതാണെന്നാണു്. അഞ്ചൽ പ്യൂൺമാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം അവരുടെ ദിനംപ്രതിയുള്ള ജോലി രണ്ടോ മൂന്നോ മണിക്കൂറിനകത്തു് അവർക്കു ചെയ്തുതീർക്കുവാൻ സാധിക്കുന്നതാണു്. എന്നാൽ പകുതികളിൽ ശിപായിമാർക്കു വെളുത്താൽ ഇരുട്ടുന്നതുവരെ ജോലി ചെയ്യാനുണ്ടു്. അതുകൊണ്ടു് മി: ദാമോദരൻ ആശാന്റെ ഉപക്ഷേപത്തെ ഞാൻ പൂർണ്ണമനസ്സോടെ അനുകൂലിക്കുന്നു. പകുതി അക്കൗണ്ടന്മാരുടെ ശമ്പള പരിഷ്കാരത്തെയും മററും പററിയുള്ള മി: രാമൻപിള്ളയുടെ അഭിപ്രായങ്ങളെ സംബന്ധിച്ചതായ ആ ഉദ്ദേശങ്ങളോടും ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. എന്നാൽ ആ സംഗതിയുടെ ആ ഭാഗത്തെപ്പററി പറയുന്നതിനു് മറെറാരവസരം ഉള്ളതുകൊണ്ടു് ഞാൻ അപ്പോൾ പറയുന്നതാണു്. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ ഉപക്ഷേപത്തോടു അനുകൂലിക്കുന്നു.

മി: താഴേപ്പുള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മി: ആശാന്റെ ഉപക്ഷേപത്തോടു ഞാനും ഹാർദ്ദമായി യോജിച്ചുകൊള്ളുന്നു. പകുതിയിലുള്ള എല്ലാ ജീവനക്കാരും ഒരു കാര്യസ്ഥൻ മുതൽ കരതീരുവയുള്ള എല്ലാ ആളുകളോടും അടുത്തു പെരുമാറേണ്ടവരാണു്. അവർ എഴുന്നള്ളത്തിനു വട്ടം കൂട്ടുക, കരംപിരിവു് നടത്തുക തുടങ്ങിയുള്ള എല്ലാ കാര്യങ്ങൾക്കും എപ്പോഴും സന്നദ്ധന്മാരായിരിക്കണം. രാവും പകലും ജോലിയെടുക്കണം. ഇന്നലെ ഇവിടെ പോലീസ് കാൺസ്റ്റബിൾമാർക്കും അഞ്ചൽ ശിപായിമാർക്കും ശമ്പളം കൂടുതൽ കൊടുക്കുന്നതിനെ സംബന്ധിച്ചു ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മി: റാബിൻസൺ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ ശമ്പളക്കാർക്കു് ശമ്പളം കൂട്ടുന്നതിനെ സംബന്ധിച്ചു് എന്താണു് അഭിപ്രായം എന്നു ചോദിച്ചു. ഇതിൽനിന്നും അദ്ദേഹത്തിനു ഇതിലുള്ള താല്പര്യം വെളിവാകുന്നുണ്ടു്. ഈ കാര്യത്തിൽ ഡിപ്പാർട്ടുമെന്റു അധികൃതന്മാർ തന്നെ ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കെ അദ്ദേഹം ഈ സംഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസെക്രട്ടറി): പകുതിയിലുള്ള ഉദ്യോഗസ്ഥന്മാർ മിക്കവാറും അവിടത്തെ സ്വദേശികളല്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അല്ല. സ്വദേശികൾ വളരെ ചുരുക്കമായിരിക്കും.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറ ഫിനാൻഷ്യൽസിക്രട്ടറി): ചെങ്ങന്നൂർപകുതിയിലുള്ള ഉദ്യോഗസ്ഥന്മാരെല്ലാം കൊല്ലം കൊട്ടാരക്കര മുതലായ താലൂക്കിലുള്ള ആളുകളാണോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ചെങ്ങന്നൂർപകുതിയിലുള്ള ജോലിക്കാർ മിക്കവാറും സ്വദേശികളല്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പകുതിഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് അധികവും അതാതു മേലുദ്യോഗസ്ഥന്മാരുടെ യുക്തംപോലെയല്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ആയിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൫൦൦-ഉം ൬൦൦-ഉം രൂപാ ശമ്പളം വാങ്ങിക്കുന്ന വലിയ ഉദ്യോഗസ്ഥന്മാരും അവരവരുടെ സ്വദേശത്തുതന്നെ ജോലിയായിരിക്കുന്നില്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെയുമുണ്ട്.

മി: എ. സി. ലൂക്കോസ് (മീനച്ചലും ദേവികുളവും): അതാതു പകുതിയിലുള്ള സ്വദേശികളാണ് ഈ പകുതി ഉദ്യോഗസ്ഥന്മാരെന്നു വരികിലും ആ പകുതികളിൽ അവർക്കു ധാരാളം ജോലി നിർവ്വഹിക്കാനുണ്ടെന്നറിയാമോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ധാരാളം ജോലി നിർവഹിക്കാനുണ്ട്.

പകുതി ഉദ്യോഗസ്ഥന്മാർ അതാതുപകുതിയിലെ സ്വദേശികളായിരുന്നാലും അവർക്കും ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ ഇവകളെല്ലാം ആവശ്യമുണ്ടല്ലോ. സ്വദേശത്തായാൽ കെട്ടിടവാടകമാത്രം ഒരുപക്ഷേ ലാഭമുണ്ടാകുമായിരിക്കും. ബാക്കിയെല്ലാം അവർ ഉണ്ടാക്കുകതന്നെവേണം. അതുകൊണ്ടു് ഈ പകുതി ഉദ്യോഗസ്ഥന്മാരുടെ നില ഭേദപ്പെടുത്തണം. അവർക്കു പല ജോലികളുമുണ്ട്. പാമ്പുകടിച്ചുമരിക്ക ഇടങ്ങിയുള്ള മരണങ്ങൾ സംഭവിക്കുന്ന അവസരത്തിൽ പ്രേതങ്ങളെ അവ കിടക്കുന്ന സ്ഥലത്തുനിന്നും എടുപ്പിച്ചു പോലീസ്‌സ്റ്റേഷനിൽ കൊണ്ടുവന്നു കാത്തുനിൽക്കണം. ഈ അവസരത്തിൽ ഈ സാധുക്കളെ പോലീസുകാർ അഹങ്കാരമായ വാക്കുകൾ ഉപയോഗിച്ചു ഭയപ്പെടുത്തിവരുന്നുണ്ട്. അതുകൊണ്ടു് ഈ അധികാരം പകുതി ഉദ്യോഗസ്ഥന്മാർക്കുതന്നെ കൊടുക്കണം. പോലീസ്‌കാരേക്കാൾ ഈ സംഗതി അറിയുന്നതിനു് ഇവർക്കു കൂടുതൽ സൌകര്യങ്ങളുണ്ട്. പകുതിഉദ്യോഗസ്ഥന്മാരുടെ സ്റ്റാറ്റസ്സും ശമ്പളവും കൂട്ടി വേണ്ടവിധം പരിഷ്കരിക്കേണ്ടതു ഏററവും അത്യാവശ്യമാണ്:

മി: വി. ചെല്ലംപിള്ള (തോവാള): സർ, മി. ദാമോദരൻ ആശാൻ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തോടു ഞാനും അനുകൂലിക്കുന്നു. വേല ചെയ്യുന്ന ഏതൊരാൾക്കും കുറഞ്ഞതു ജീവിക്കാനുള്ള കൂലിയെങ്കിലും കൊടുക്കണം. മിക്കവാറും എല്ലാ പ്യൂൺമാർക്കും അവരുടെ ഭാര്യയും കുട്ടികളുമുണ്ടായിരിക്കും. ഈ പ്യൂൺമാർ സമ്പാദിച്ചുവേണം അവരുടെ കുടുംബങ്ങൾ സംരക്ഷിക്കുന്നതിനു. ഇവയെല്ലാം അവരുടെ ശമ്പളംകൊണ്ടു് മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. പകുതി പ്യൂൺമാർക്കു തികച്ചു് ഒരുനേരത്തെ ആഹാരമെങ്കിലും കഴിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഈ പ്യൂൺമാർക്കു കുറഞ്ഞതു ൧൨ രൂപായെങ്കിലും കൊടുക്കണം. കുറച്ചുകൂടി വ്യാപകമായ അർത്ഥത്തിൽ, ഈ രാജ്യത്തുള്ള എല്ലാ ജീവനക്കാരുടേയും ഏററവും കുറഞ്ഞശമ്പളം ൧൨ രൂപായെങ്കിലും ആയിരിക്കണമെന്നാണ് ഞാൻ പറയുന്നതു്. എനിക്കു് ഇത്രമാത്രം പറയണമെന്നു ഉണ്ടെങ്കിലും ഉപക്ഷേപത്തിന്റെ പരിധി ചുരുങ്ങിയതാണ്. ഈ കാരണങ്ങളാൽ റവന്യൂഡിപ്പാർട്ടുമെൻറിലുള്ള ഓരോ പ്യൂണിനും ൧൨ രൂപായെങ്കിലും കൊടുക്കണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടു ഞാൻ മി: ദാമോദരനാശാന്റെ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മി. ആശാന്റെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഞാനും രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. ഇക്കാലത്തു പരിഷ്കാരമെല്ലാം വലിയവലിയ ശമ്പളക്കാർക്കു് എന്നല്ലാതെ കുറഞ്ഞ ശമ്പളക്കാരുടെ കാര്യങ്ങളെപ്പററി ആരുംതന്നെ ചിന്തിക്കുന്നില്ല. ഈ കഴിഞ്ഞ രണ്ടുദിവസമായിട്ടു ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഓരോ മെമ്പറന്മാർക്കും താഴ്ന്ന ജാതിക്കാരുടെ ഹർജിയായിട്ടും കററായിട്ടും ധാരാളം കവറുകൾ വന്നുകൊണ്ടിരിക്കുന്നു. ൧൦൦ എണ്ണത്തിൽ കൂടുതൽ ഓരോ മെമ്പറന്മാർക്കും കിട്ടീട്ടുണ്ട്. അതുകൊണ്ടുതന്നെ അവരുടെ പ്രയാസം അറിയാവുന്നതാണ്. കൊച്ചിയിൽ താഴ്ന്ന ശമ്പളം ൧൫ രൂപായായിരിക്കണമെന്നു അവിടത്തെ ഗവണ്മെൻറ തീരുമാനിച്ചിരുന്നു. അതേനിലയിൽ ഇവിടത്തെ താഴ്ന്ന ശമ്പളക്കാർക്കും ലഭിക്കണമെന്നുള്ള വിചാരത്തോടുകൂടി പല പ്രമേയങ്ങളും ഞാൻ ഈ കൌൺസിലിൽ അയച്ചിട്ടുണ്ടായിരുന്നു. അവരുടെ ദൌർഭാഗ്യവശാൽ അതു് ഇതുവരെ ബാലട്ടിൽ കിട്ടീട്ടില്ല. എന്നാൽ ഇങ്ങനെ ഒരുപക്ഷേപം മി: ആശാൻ കൊണ്ടുവന്നതിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. ഈ കുറഞ്ഞ ശമ്പളക്കാർക്കു് ൧൫ രൂപായെങ്കിലും ശമ്പളംകൊടുക്കണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, പകുതി ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൂടുതൽ കൊടുക്കേണ്ട ആവശ്യകതയെപ്പററി വലുതായ ഒരു പ്രസംഗം ചെയ്യേണ്ട ആവശ്യമൊന്നുമില്ല. എന്നാൽ തിരുവിതാംകൂറിലുള്ള ഓരോ താലൂക്കിലെയും പ്രതിനിധികൾ അതാതു താലൂക്കിലുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കഷ്ടപ്പാടുകൾ കണ്ടുകൊണ്ടിരിക്കുന്നതിനാൽ ആ സംഗതിയെപ്പററി ഈ കൌൺസിൽ മുമ്പാകെ അറിയിക്കാതിരുന്നാൽ പരമാർത്ഥത്തിൽ അതൊരു സഹാസ്യമായിപ്പോകുമെന്നുള്ള ഉദ്ദേശംകൊണ്ടു മാത്രമാണ് ഞാൻ ഇതു പറയുന്നതു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി തിരുവിതാംകൂർ രാജ്യഭരണം ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരുടെ കയ്യിലായതുകൊണ്ടു് റവന്യൂ ഉദ്യോഗസ്ഥന്മാരെ മിക്കവാറും അവഗണിച്ചാണിരിക്കുന്നതു്. അതുവ

മുതൽ ററേറാണ്. ശമ്പളന്മാക്ക ശാശ്വതമായ ആദായം കിട്ടികൊണ്ടിരിക്കുന്ന ഒരുവകുപ്പാണ് ലാൻഡ് റവന്യൂ അതുകൊണ്ടു മുനിസിപ്പൽവകുപ്പിനെ മാത്രം മുൻനിറുത്തി പ്രവർത്തിക്കുന്നതു ശരിയല്ല. ഈ രാജ്യത്തെ സ്ഥിര ആദായം സംഭരിക്കുന്നതിനു സദാത്മനാ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പകുതി ഉദ്യോഗസ്ഥന്മാർക്ക ശരിയായ തരത്തിലുള്ള ശമ്പളം കൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മി: ആശാൻെറ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, റവന്യൂഡിപ്പാർട്ടുമെൻറിലുള്ള ശിപായികൾക്ക ഒരേതരത്തിലുള്ള ശമ്പള സ്കെയിൽ നൽകണമെന്നാണു മെമ്പന്മാരുടെ ഉദ്ദേശം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പ്യൂൺമാരും മററുപകുതി ഉദ്യോഗസ്ഥന്മാരും.

ഡെപ്യൂട്ടിപ്രസിഡൻറ: അതു ഈ പ്രത്യേക ഉപക്ഷേപത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു വിവരണത്തിലല്ല. അതിനെ എല്ലാം സംബന്ധിച്ചു ചെയ്ത പ്രസംഗങ്ങളിലാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എല്ലാപകുതി ഉദ്യോഗസ്ഥന്മാരെപ്പററിയും പ്രസംഗികന്മാർ സൂചിപ്പിച്ചു പറഞ്ഞുവെങ്കിലും ഈ വ്യവസ്ഥ പ്യൂൺമാരെ മാത്രമേ സംബന്ധിക്കുന്നുള്ളു. എല്ലാ പകുതി ആഫീസുകളിലും, കണ്ടുകൃഷി നെൽപ്പുരകളിലും, ലാൻറു റിക്കാർഡ്സ് എസ്റ്റാബ്ളിഷുമെൻറിലും ശിപായികൾക്ക വ്യത്യാസ ശമ്പളമാണു കൊടുക്കുന്നതു. എന്നാൽ, മറെറല്ലാം ആഫീസുകളിലും അവർക്ക ൫ മുതൽ ൧൧ വരെ രൂപാ കൊടുക്കുന്നുണ്ടു. ഈ താഴ്ന്ന ശമ്പളം വാങ്ങുന്ന ശിപായിമാരുടെ കാര്യം ഗവർമ്മെൻറിനു അറിഞ്ഞുകൂടാത്തതല്ല. ൧൧൨൦ മാർച്ച് മാസത്തിൽ, ൯ മുതൽ ൧൧ രൂപാവരെയുള്ള സ്കെയിലുകൾക്ക താഴെ ഇപ്പോഴുള്ള ശിപായിമാരുടെ ഒരു പട്ടിക ഗവർമ്മെൻറു ആവശ്യപ്പെടുകയുണ്ടായി. അക്കാര്യത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഗവർമ്മെൻറിലേക്ക അയച്ചിട്ടുള്ളതും, അതു അവരുടെ ആലോചനയിൽ ഇരിക്കുന്നതുമാണ്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാണ് നിർദ്ദേശങ്ങൾ അയച്ചിട്ടുള്ളതു?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ൨൧-൧൧-൧൧൨൦-ൽ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിനുശേഷം ഗവർമ്മെൻറു ഒരു തീരുമാനവും ചെയ്തില്ലയോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അക്കാര്യം ഗവർമ്മെൻറു ആലോചിക്കുന്നതേയുള്ളൂ എന്നാണു ഞാൻ വിചാരിക്കുന്നതു്. അവർക്ക അവസാനമില്ലാത്ത ചിലവുകൾ ചെയ്യേണ്ടതായിട്ടുള്ളതും, ഗവർമ്മെൻറിന് കഴിഞ്ഞകാലം വളരെ മോശമായ ഒരു കൊല്ലവും ആയിരുന്നു; കൂടാതെ, ഈക്കൊല്ലം നികുതി വളരെ കുറയുന്നതിനും ഇടയുണ്ട്. അവർക്ക ഈ കാര്യങ്ങളെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ട്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഏതെങ്കിലും പുതിയ ചിലവിനങ്ങളെപ്പററി അവർ ആലോചിക്കുന്നില്ലയോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഞാൻ ഫിനാൻസ കമ്മിററിയിലെ അംഗമല്ല. അതുകൊണ്ടു, ഈ ചോദ്യങ്ങൾക്ക ഉത്തരം പറയുവാൻ സാധിക്കാതെ വരുന്നതിൽ ക്ഷമിക്കണം.

ഉച്ചക്ക ൧-൩൦ നു, കൌൺസിൽ ലഘുഭക്ഷണത്തിനായി പിരിയുകയും ൨-൩൦ നു വീണ്ടും കൂടുകയും ചെയ്തു.

പ്രസിഡൻറ: ഫിനാൻസ് കമ്മിററിയിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ഇന്നലെ വൈകുന്നേരം കൂടിയ തിരഞ്ഞെടുപ്പിൻെറ ഫലം ഇതാണു:—

൧. മി: പി. ജെ. ഉമ്മൻ.
൨. മി: എ. ജി. മേനോൻ.
൩. മി: കെ. മാധവൻപിള്ള.

൧൧൨൦-ലെ ഫിനാൻസ കമ്മിററിയിൽ ജോലി ചെയ്യുന്നതിനായി അവരെ തിരഞ്ഞെടുത്തു.

മി: റാബിൻസൺ! നിങ്ങൾ പറഞ്ഞു തീർന്നുവോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എനിക്ക പറയുവാനുള്ളതു പറഞ്ഞു കഴിഞ്ഞു.

പ്രസിഡൻറ: ആ ഉപക്ഷേപത്തെപ്പററിമററാരെങ്കിലും മെമ്പർ പറയണമെന്നു വിചാരിക്കുന്നുണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ലാൻറ്റവന്യൂഡിപ്പാർട്ടുമെൻറിലെ ശിപായിമാരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ആവശ്യകതയെപ്പററി പ്രത്യേകം ശക്തിപ്പെടുത്തി ഞാൻ പറയുകയുണ്ടായി. എന്നാൽ അതേ തുടർന്നുണ്ടായ വാദപ്രതിവാദം അധികം വിശാലമായിത്തീരുകയും, പകുതികച്ചേരികളിലെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ട ആവശ്യകതയെപ്പററിയും, ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ശിപായിമാരുടെ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ചു് ലാൻറവന്യൂകമ്മീഷണർ അഭിപ്രായപ്പെട്ടതു്, അതു് ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ ആലോചനക്ക് ഇരിക്കുകയാണെന്നാണ്. എന്നാൽ അതുവളരെ കാര്യങ്ങൾ ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ ആലോചനക്കിരിക്കുകയാണെന്നും, ഇതു വളരെക്കാലമായി ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുന്നതാണെന്നും, എന്നിട്ടും യാതൊരു തീരുമാനവും വെളിയിൽ വന്നിട്ടില്ലെന്നും എനിക്ക പറയേണ്ടതുണ്ട്. ഈ സംഗതിയെക്കുറിച്ചുള്ള ഒരു വാദപ്രതിവാദം, പകുതി ഉദ്യോഗസ്ഥന്മാർ തുടങ്ങിയുള്ളവർ ഉൾപ്പെട്ട ഒരു വിസ്തൃതവിഭാഗത്തിലേക്ക കടന്നതുകൊണ്ടു്, പകുതിഉദ്യോഗസ്ഥന്മാരുടെ ശമ്പളവും സ്റ്റാററസും ഒന്നിച്ചുള്ള ഒരു ഉപക്ഷേപം ആക്കുന്നതിന് അതു് പ്രസിഡൻറിനായി വിട്ടിരിക്കുന്നു. പാർവത്യകാരന്മാരെസംബന്ധിക്കുന്ന ഉപക്ഷേപം വീണ്ടും കൊണ്ടു-

വരാതിരിക്കുന്നതിനു, ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിലുള്ള ശിപായിമാരുടേയും കച്ചേരികളിലുള്ള ഉദ്യോഗസ്ഥന്മാരുടേയും സ്ഥിതി ഭേദപ്പെടുത്തുന്നതിനു ഈ ഉപക്ഷേപം ഒന്നായിഗണിച്ചു ആലോചിക്കേണമെന്നു പ്രസിഡൻറിനോട്ട് ഞാൻ ഒരിക്കൽകൂടി അപേക്ഷിക്കുന്നു. അതു് ഈ സഭയുടെ അധികസമയവും ലാഭപ്പെടുത്തുന്നതാണ്.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): സർ, അക്കൗണ്ടന്മാരുടേയും പാർവ്വത്യകാരന്മാരുടേയും ശമ്പളംകൂട്ടുന്നതിനെസംബന്ധിച്ച്, അധികമായി കുറേക്കൂടി കഴിഞ്ഞുവരുമ്പോൾ ഒരു പ്രത്യേകഉപക്ഷേപം ഉണ്ടായിരിക്കുമെന്നും ആ ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ അതിനു മറുപടി പറയാമെന്നും ഞാൻ വിചാരിച്ചു. ഈ ഉപക്ഷേപത്തോടുകൂടി അക്കാര്യവുംകൂടി ആലോചിക്കേണ്ടതാണെങ്കിൽ അതിനു ഇപ്പോൾ മറുപടിപറയണമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ, ഈ ഉപക്ഷേപം ശിപായിമാരുടെ ശമ്പളത്തെപ്പററിമാത്രമായതുകൊണ്ടു ഞാൻ അതേപ്പററിമാത്രമേ പറഞ്ഞുള്ളു. അതുകൊണ്ടു മററകാര്യത്തെപ്പററി അതു് അവതരിക്കപ്പെടുമ്പോൾ ഞാൻ പറയുന്നതാണ്.

പ്രസിഡൻറ്: അതു് അപ്രകാരം നിങ്ങൾക്ക വിഭജിക്കുവാൻ പാടില്ല. അതു ഒരു കട്ട്മോഷൻ ആയതുകൊണ്ടു ഉപക്ഷേപത്തിൻെറ ഉദ്ദേശമായിട്ടുള്ളതിൽനിന്നും കൂടുതലായി മററുവിഷയങ്ങളെപ്പററി സംസാരിക്കുന്നതിനു സാമാജികന്മാർക്ക സ്വാതന്ത്ര്യമുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ സഭയിലെ ഏതെങ്കിലും വിഭാഗത്തിനു അതു അസ്വാരസ്യമുണ്ടാക്കുന്നതല്ലെങ്കിൽ, കച്ചേരികളിലെ ഉദ്യോഗസ്ഥന്മാരുടേയും ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിലെ ശിപായികളുടേയും സ്ഥിതിയും ശമ്പളവും അടങ്ങിയ ഒന്നായിട്ടു ഈ ഉപക്ഷേപത്തെപ്പററി ആലോചിക്കുന്നതിനു കൂടുതൽ സൌകൎയ്യമായിരിക്കും. അതു അധികം സമയം ലഭിക്കുന്നതാണ്.

പ്രസിഡൻറ്: നിങ്ങൾ പറയുന്നതിൻെറ അൎത്ഥം പൂൎണ്ണമായി എനിക്കറിഞ്ഞുകൂടാ. നിങ്ങൾ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു നിർബന്ധിക്കയാണെങ്കിൽ സഭയിൽ ഒ പാട്ടിനായി ഇടുന്നതാണു. നിങ്ങളുടെ ഉപക്ഷേപം നിങ്ങൾ അപ്രകാരം നിർബന്ധിക്കുന്നുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഉണ്ട്.

പ്രസിഡൻറ്: മി: റാബിൻസൺ, നിങ്ങൾക്ക എന്തെങ്കിലും പറയുവാനുണ്ടോ?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മിഷണർ): ഉപക്ഷേപത്തിൻെറ ഉദ്ദേശമെന്തെന്നു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡൻറ്: എസ്റ്റാബ്ളിഷ്മെൻറു വകുപ്പിലേക്കുള്ള [illegible] രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണമെന്നാണ് ഉപക്ഷേപം.

മി: എസ്സ്. സി. എച്ച്, റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): അതു്, ഉപക്ഷേപം അടങ്ങിയിട്ടുള്ള കടലാസിൽ കാണിച്ചിട്ടുള്ളതുപോലെ, ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിലെ ശിപായിമാരുടെ ഒരുതരത്തിലുള്ള ശമ്പളസ്കെയിൽ നടപ്പാക്കുന്നതിൻെറ ആവശ്യകതയെപ്പററി വാദിക്കുന്നതിനല്ലയോ?

പ്രസിഡൻറ്: അതു ഉപക്ഷേപമല്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഞാൻ പിന്നീടു മറുപടി പറയാം.

പ്രസിഡൻറ്: നിങ്ങൾക്ക വാദപ്രതിവാദത്തിനുള്ള മറുപടിപറയേണ്ട അവകാശമുണ്ടു.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ, ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിലെ ശിപായികൾക്ക ഒരേതരത്തിലുള്ള ഒരു ശമ്പളസ്കെയിൽ കൊടുക്കുന്നതിനെപ്പററിയുള്ള കാര്യം, ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണു. നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിലിനു താഴെയുള്ള ശിപായികളുടെ ഒരു പട്ടിക ഗവൺമെൻറു ആവശ്യപ്പെട്ടിട്ടുണ്ടു. ആ പട്ടിക ഞങ്ങൾ അയച്ചിട്ടുണ്ടു. അതിനുവേണ്ടതായ തീരുമാനം ഉണ്ടാകുന്നതാണു.

അക്കൗണ്ടന്മാരുടേയും പാർവ്വത്യകാരന്മാരുടേയും ശമ്പളത്തെസംബന്ധിച്ചുള്ള കാര്യത്തെപ്പററിയും ഗവൺമെൻറു അറിയാതെ ഇരിക്കുന്നില്ല. രണ്ടു മൂന്നു കൊല്ലങ്ങൾ കഴിയുമ്പോൾ ഗവൺമെൻറു അവരുടെ ശമ്പളം കൂട്ടിയതും, അതിനുശേഷം മററാരുദ്യോഗം ഉണ്ടാക്കുകയുംചെയ്തു. ഇപ്പോൾ അങ്ങനെ പാർവ്വത്യകാരന്മാർക്ക നല്ലഗ്രേഡുകൾ ഉണ്ടു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുകൊണ്ടു എത്രപേർക്ക ഗുണമുണ്ടായിട്ടുണ്ടു?

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ആ സംഖ്യ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടില്ല. അവരിൽ ഏകദേശം ൩൦൦ പേർക്ക അതുകൊണ്ടു ഗുണമുണ്ടായിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശമ്പളസ്കെയിലിൻെറ പുതിയഭേദഗതിപ്രകാരം തിട്ടമായി എത്രപേർക്ക ഗുണമുണ്ടായിട്ടുണ്ട് എന്നു് എന്നെ അറിയിക്കുമോ;

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അവരിൽ ഏകദേശം മുന്നൂറ് പേർ ഉണ്ടെന്നാണു എനിക്ക തോന്നുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവരിൽ ൨൦൦ പേർ ഉണ്ട്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആ വിവരം അറിയിച്ചതിന് മെമ്പറിനോട്ട് ഞാൻ നന്ദിപറയുന്നു. ഏതാണ്ടു ൨൦൦ പേർക്കോ ൨൫൦ പേർക്കോ ഗുണമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അവരുടെ നില കുറെ കൂടി ഭേദപ്പെടുത്തുന്നതിനു ഗവൺമെൻറിനു എന്തെങ്കിലുംഉദ്ദേശമുണ്ടോ?

മി: എസ്സ്. സി. എച്ച് റാബിൻസൺ (ലാൻഡ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പാർവ്വത്യകാരന്മാരുടെ ഉദ്യോഗം ഇനിയും കൂടുതൽ ഭേദപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചു ഗവൺമെൻറു സമക്ഷത്തിൽ

ചിച്ച ആലോചനകൾ നടക്കുന്നുണ്ട്. ആ കാര്യത്തിൽ അവക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നു ഗവൺമെന്റു ശ്രമിച്ചുനോക്കും. അതിനെപ്പറ്റി ഇപ്പോൾ ഏതെങ്കിലും വ്യക്തമായ ഒരു വിവരം നൽകുന്നതിനു എനിക്ക് സാധ്യമല്ല. എന്നാൽ, പ്രവൃത്തികച്ചേരികളിലെ താഴ്ന്ന തരം ഉദ്യോഗസ്ഥന്മാരുടെ സ്ഥിതിയെപ്പറ്റി ഗവൺമെന്റ് അറിയാതിരിക്കുന്നില്ല.

പ്രസിഡന്റ്: മി. ആശാൻ നിങ്ങൾ നിങ്ങളുടെ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു നിർബന്ധിക്കുന്നുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഉണ്ട്.

പ്രസിഡന്റ്: സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപം അച്ചടിച്ച ലിസ്റ്റിൽ ൪-ാമതാണ്. ഉപക്ഷേപത്തോടു അനുകൂലിക്കുന്നവർ എഴുന്നേറ്റു അവരുടെ കൈകൾ പൊക്കുക.

൨൦ പേർ ഉപക്ഷേപത്തിനെ അനുകൂലിച്ചും ൧൩ പേർ അതിനെ എതിർത്തും വോട്ടുചെയ്തു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): ഒരു പോൾ ആവശ്യമാണ്.

പ്രസിഡന്റ്: ഒരു ഭേദഗതിക്കുള്ള എണ്ണം താരതമ്യേന വളരെ കുറഞ്ഞിരിക്കുമ്പോൾ ഒരു പോളിന്റെ ആവശ്യമെന്താണ്? ഒരു പോൾ വേണമെന്നു നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): സർ, ഉണ്ട്.

ഒരു പോൾ എടുത്തതിന്റെ ഫലം താഴെ കാണുന്നതാണ്.

അനുകൂലിച്ചവർ-൨൩.

൧.	മി.	വി. ചെല്ലംപിള്ള	൧൫.	മി.	എച്ച്. ബി. മഹമ്മദ് റാവുത്തർ
൨.	,,	എ. എസ്. ദാമോദരൻ ആശാൻ	൧൬.	,,	മാപ്പൂമരിയ്ക്കൻ
൩.	മിസ്സിസ്.	എലിസബത്ത് കുരുവിള	൧൭.	,,	ജി. പി. നീലകണ്ഠപ്പിള്ള
൪.	മി.	എ. ജി. മേനോൻ	൧൮.	,,	കെ. പി. നീലകണ്ഠപ്പിള്ള
൫.	,,	ഇട്ടൂപ്പ് ചെട്ടിച്ചൻ	൧൯.	,,	വി. ജെ. ഉമ്മൻ
൬.	,,	കെ. സി. കരുണാകരൻ	൨൦.	,,	മുറവേലിൽ പപ്പുപിള്ള
൭.	,,	ആർ. കേശവപിള്ള	൨൧.	,,	കെ. പത്മനാഭപ്പണിക്കർ
൮.	,,	ടി. സി. കേശവപിള്ള	൨൨.	,,	എസ്. പീറ്റർ പരമേശ്വരൻപിള്ള
൯.	,,	താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	൨൩.	,,	എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൧൦.	,,	എൻ. കെ. കൃഷ്ണപിള്ള	൨൪.	,,	ആർ. രാമൻപിള്ള
൧൧.	,,	വി. എസ്. കൃഷ്ണപിള്ള	൨൫.	,,	രേവതിനാൾ രാമവർമ്മരാജ
൧൨.	,,	കെ. മാധവൻ	൨൬.	,,	എ. താണുപിള്ള
൧൩.	,,	കെ. മാധവൻപിള്ള			
൧൪.	,,	പി. എസ്. മഹമ്മദ്			

പ്രതികൂലിച്ചവർ-൧൨.

൧.	മി.	ഐ. സി. ചാക്കോ	൭.	മി.	ടി. കെ. മാധവൻനായർ
൨.	,,	ആർ. ധനരാജകൊടിപ്പിള്ള	൮.	,,	ജി. പരമേശ്വരൻപിള്ള
൩.	,,	വി. ഗോവിന്ദനായകംപിള്ള	൯.		ഡാക്ടർ. കെ. രാമൻതമ്പി
൪.		രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ	൧൦.	മി.	ടി. പി. രാമസ്വാമയ്യർ
൫.	മി.	പി. എൻ. കൃഷ്ണപിള്ള	൧൧.	,,	എസ്. സി. എച്ച്. റാബിൻസൺ
൬.		രാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൨.	,,	ആർ. വൈദ്യലിംഗംപിള്ള

നിഷ്പക്ഷനിലയെ അവലംബിച്ചവർ-൧.

മി: എ. സി. കത്തോലിക്കോസ്

ഉപക്ഷേപം പാസ്സായതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ഉപക്ഷേപം. ൫.

എസ്റ്റാബ്ലിഷ്മെന്റ് വകുപ്പിലേക്കുള്ള ൧൪,൯൯൩ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): എസ്റ്റാബ്ലിഷ്മെന്റ് ചിലവിലേക്കനുവദിച്ചിട്ടുള്ള ൧൪,൯൯൩ രൂപായിൽ നിന്ന് ൫ രൂപാ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം. പത്തനംതിട്ട താലൂക്കിലുള്ള പുതുവൽ ഭൂമികളുടെ തറവില നിശ്ചയിക്കുന്നതിൽ യാതൊരു ഐക്യരൂപവും ഇല്ലാത്തതിനാൽ അതിന് എന്തെങ്കിലും ഒരു ക്രമീകരണം ഉണ്ടാക്കണമെന്നുള്ള സംഗതി ഈ സഭ മുമ്പാകെ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളത്. ൧൦൪൦, ൧,൧൩൬ ഏക്കർ സ്ഥലമാണ് മൊത്തം, രാജ്യത്ത് ലേലം ചെയ്തും പതിച്ചും കൊടുത്തിട്ടുള്ളത്. ഇതിൽ ൨൩൪ ൭ ഏക്കർ സ്ഥലം ലേലത്തിൽ വിറ്റതിൽ ശരാശരി ഏക്കറിന് ആറു രൂപാവീതവും ൮,൩൮൮ ഏക്കർ സ്ഥലം കൈവശക്കാർക്ക് പതിച്ചുകൊടുത്തതിൽ ഏക്കറൊന്നിനു ശരാശരി ൫ ൻ രൂപാവീതവുമാണ് ഈടാക്കിയിട്ടുള്ളത്. ലേലം ചെയ്ത ഭൂമികൾ അതിന്റെ സ്വാഭാവിക രൂപത്തിൽ കിടക്കയാണ്. കൈവശാനുഭവമുള്ള ഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ അതിൽ നാലഞ്ചുകൊല്ലം ദേഹണ്ഡം ചെയ്തിട്ടുള്ളതുകൊണ്ട് അതിനെ പരിശോധിക്കുവാൻ പോകുന്ന ഉദ്യോഗസ്ഥന്മാർക്ക് ആ ഭൂമികൾ വില കൂടുതലുള്ളതായി തോന്നും. അങ്ങനെ തോന്നുന്നതു ജനങ്ങളുടെ വിയർപ്പു ഇളക്കികൊണ്ട് നന്നാക്കിയിട്ടുള്ളതുകൊണ്ടാണെന്നു ഗവണ്മെന്റു മനസ്സിലാക്കേണ്ടതാണ്. പത്തനംതിട്ട താലൂക്കിൽ ചിലപകുതികളിൽ എഴുപതു— എഴുപത്തേഴ് രൂപാവരെ തറവില നിശ്ചയിച്ചു കാണുന്നുണ്ട്. ഏതാനും പകുതികളിൽ സെന്റു കണക്കാക്കിയും തറവില നിശ്ചയിക്കുന്നുണ്ട്. റാന്നിയിൽ സെന്റു കണക്കാക്കി തറവില പതിച്ചിട്ടുണ്ട്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): മെമ്പർ സൂചിപ്പിക്കുന്ന കാര്യത്തെപ്പററി ഏതെങ്കിലും അപ്പീലുകൾ കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചു കൊള്ളട്ടെ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങനെ അപ്പീൽ കൊടുക്കാത്തതിനും കാരണം, പണമില്ലാത്ത ഈ കാലത്തു ഈ വിധത്തിൽ തറവില ചുമത്തിയാൽ സാധുക്കളായ ഈ ആളുകൾ പണക്കാരുടെ അടുത്തു ചെന്നു ഇവരുടെ കയ്യിലുള്ള മററു വസ്തുക്കളെക്കൂടി പണയാധാരം എഴുതിക്കൊടുത്തു പണം വാങ്ങാൻ നിർബന്ധിതരാവുകയും, തന്നിമിത്തം ഉള്ള വസ്തുവും കൂടി ഇല്ലാതായിത്തീരുന്നതിനു ഇടയാവുകയും ചെയ്യുന്നു. ഭൂമികൊടുത്തു സാധുക്കളെ സഹായിക്കുന്നതിനു പകരം കയ്യിലുള്ളതും കൂടി ഇല്ലാതെയാകുന്നതിനാണ് ഇതു നിമിത്തം കാരണമാകുന്നതു്. അധഃകൃതവർഗ്ഗക്കാർക്കു ഓരോ താലൂക്കിലും കുറെ സ്ഥലം ഒഴിച്ചിട്ടിട്ടുണ്ടു എന്നു പറയുന്നുണ്ടു. അങ്ങനെ പത്തനംതിട്ട താലൂക്കിൽ ഒഴിച്ചിട്ടിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അങ്ങനെ എന്തെങ്കിലും സ്ഥലം അവിടെ ഒഴിച്ചിട്ടിട്ടുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം. പത്തനംതിട്ട താലൂക്കിൽ പതിക്കാനുള്ള ഭൂമിയിൽ നിന്നു കുറെ ശതമാനം വേർതിരിച്ചിരിക്കുന്നതൊഴിച്ചു ബാക്കി സ്ഥലമുണ്ടായിരുന്നാൽ അതിനെ അധഃകൃതവർഗ്ഗക്കാർക്കു കൊടുക്കുന്നതിനായി തിരിച്ചിടണമെന്നു മി: റാബിൻസൺനിനോടു ഞാൻ ആവശ്യപ്പെട്ടു കൊള്ളുന്നു. പണക്കുറവു നിമിത്തം വളരെ കഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇപ്രകാരം കൂടുതൽ തറവില ഈടാക്കാതിരിക്കുന്നതിനു ഉതകുന്നതായ നിബന്ധനകൾ ഉണ്ടാക്കി തഹശീൽദാരന്മാർക്കു മുൻകൂട്ടി ഉത്തരവു കൊടുക്കണം എന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ സഭാമുമ്പാകെ അവതരിപ്പിച്ചു കൊള്ളുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, ഞാൻ മുമ്പു ചൂണ്ടിക്കാണിച്ചതു പോലെ, റവന്യൂ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കു റഗുലേഷൻ കീഴിലുള്ള സ്ഥലങ്ങൾ രേഖാമൂലം കൈമാററം ചെയ്യുന്ന എല്ലാ നടപടികളിലും അവരുടെ കയ്യുകൾ ഏറെക്കുറെ ബന്ധിക്കപ്പെട്ടിട്ടുണ്ടു്. അക്കാര്യത്തിലേക്കു ഞങ്ങൾക്കു ചട്ടങ്ങൾ ഉണ്ടു. ചില കേസുകളിൽ തറവില നിശ്ചയിച്ചതു വളരെ കൂടുതലായിപ്പോയി എന്നു മെമ്പർ പറയുകയുണ്ടായി. അധിവാസം ചെയ്തു വരുന്ന ചില സ്ഥലങ്ങളെപ്പററിയായിരിക്കണം അദ്ദേഹം സൂചിപ്പിച്ചതെന്നു ഞാൻ വിചാരിക്കുന്നു. എന്തു കൊണ്ടെന്നാൽ അതു താമസമില്ലാതെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലമായിരുന്നെങ്കിൽ, അതു ലേലത്തിനിട്ടമായിരുന്നു. അതു കൊണ്ടു, അവ അധിവസിച്ചുവരുന്ന സ്ഥലങ്ങളാണെന്നു ഉദ്ദേശിച്ചു കൊണ്ടു അവ ലേലം ചെയ്യുന്നതിനുള്ള നടപടി തഹശീൽദാർ തുടങ്ങുകയില്ലായിരുന്നു, എന്നാൽ ചുററുപാട്ടിലുള്ള സ്ഥലങ്ങളുടെ നിലവിലിരിക്കുന്ന താരിപ്പു റേററു പ്രകാരം തറവില നിശ്ചയിക്കണമെന്നുള്ള പുതുക്കിയ പുതുവൽ ചട്ടങ്ങളിലെ വ്യവസ്ഥ വകുപ്പനുസരിച്ചു. തറവില നിശ്ചയിക്കുന്നതിനും അതിൽ ആദായകരമായി വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതിനു പ്രതിഫലം കൊടുക്കുന്നതിനും ഉള്ള നടപടി നടത്തിയിട്ടുണ്ടു്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പത്തനംതിട്ടതാലൂക്കിൽ നിന്നും, ൧൧൦൫-ൽ ഇത്ര രൂപാ തറവിലയിൽ ഈടാക്കണമെന്നു വല്ല ഉത്തരവും കൊടുത്തിട്ടുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എനിക്കു സ്വന്തമായിട്ടുള്ളതിനെ പറഞ്ഞുതീർത്ത ശേഷം അദ്ദേഹത്തിൻെറ ചോദ്യത്തെപ്പററി പറയുന്നതാണ്. തഹസിൽദാരന്മാർ നിശ്ചയിച്ചിട്ടുള്ള തറവില ക്രമം വളരെ കൂടുതലാണെന്നുള്ളതിനെപ്പററി ഏതെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവയിൽ ബന്ധിച്ചിട്ടുള്ള കക്ഷികൾക്കു ആദ്യമായി ഡിവിഷൻപേഷ്കാരുടെ അടുക്കലും ഡിവിഷൻപേഷ്കാരുടെ ഉത്തരവുകളിൽ നിന്നും ലാൻറ റവന്യൂ കമ്മീഷണരുടെ അടുക്കലും, ലാൻറ റവന്യൂ കമ്മീഷണരുടെ ഉത്തരവുകളിൽ നിന്നും ദിവാൻെറ അടുക്കലും അപ്പീൽ കൊടുക്കുന്നതിനു സ്വാതന്ത്ര്യമുള്ളതും, അവിടേയും ഒരു തീരുമാനം ഉണ്ടാകാത്ത പക്ഷം, ഈടാക്കിയിട്ടുള്ള തറവില ക്രമം ഒരുപക്ഷേ, വളരെ കൂടുതലല്ലെന്നു വിചാരിച്ചു സമാധാനപ്പെടേണ്ടതുമാണ്.

പത്തനംതിട്ട താലൂക്കിൽ നിന്നും നികുതിയായി ഏതെങ്കിലും ഒരു ക്ലിപ്ത തുക ഈടാക്കണമെന്നായി നിശ്ചയിച്ചിട്ടുണ്ടോ എന്നു മെമ്പർ ചോദിക്കുകയുണ്ടായി. ഒരു കൊല്ലത്തേക്കുള്ള ബഡ്ജററ് തയ്യാർ ചെയ്യുമ്പോൾ ഗവണ്മെൻറിനു എന്തു നികുതി കിട്ടുമെന്നും, എന്തു ചിലവു ചെയ്യാമെന്നും ഉള്ള ഒരു ബോധം ഗവണ്മെൻറിനുണ്ടായിരിക്കണമെന്നു മെമ്പർ അറിയേണ്ടതാണ്. അതിനാൽ ഇപ്പോൾ കിട്ടിയിട്ടുള്ള അപേക്ഷകൾ അനുസരിച്ചു ഭൂമി വിൽക്കുന്നതിൽ നിന്നു എന്തു വരവു ഉണ്ടായേക്കാമെന്നുള്ളതിലേക്കു ഏകദേശം ഒരു ബഡ്ജററു ഞങ്ങൾക്കു ഉണ്ടാക്കേണ്ടിവരും. ഓരോ താലൂക്കിലേയും തഹസീൽദാരന്മാർ മുൻകൊല്ലങ്ങളിലെ സ്റ്റെയിററുമെൻറുകൾ——ഏകദേശം എന്തു വരവുണ്ടായിരുന്നു എന്നും വരുന്ന വർഷം എന്തു വരവു ആശിക്കാമെന്നും ഉള്ളതിലേക്കു ഉള്ള സ്റ്റെയിററുമെൻറുകൾ ... അയക്കുകയും അവയെ ആധാരമാക്കി ബഡ്ജററു ഉണ്ടാക്കുകയും ചെയ്യുന്നു. അങ്ങിനെ തഹസിൽദാർ ഉണ്ടാക്കുവാൻ ശ്രമിക്കുന്ന വരവിനെയാണ് വരവു മുതലിൻെറ ബഡ്ജററു എന്നു പറയുന്നതു. ബഡ്ജററിൽ കാണുന്ന തുക മുഴുവൻ ഉണ്ടാക്കുവാൻ തഹസിൽദാർ ബാദ്ധ്യസ്ഥനല്ല. അതു മുഴുവൻ ഉണ്ടാക്കാത്തതു കൊണ്ടു തഹസിൽദാർക്കു തകരാറൊന്നും വരാനുമില്ല. ഒരു താലൂക്കു ഇന്ന തുക വരവുണ്ടാക്കുമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നതു ആ താലൂക്കിൽ നിന്നു കിട്ടുന്ന വരവു മുതലിൻെറ (കാപ്പിററൽ റവന്യൂ) ബഡ്ജററാണ്. പക്ഷേ, ആ വരവു കിട്ടാത്തപക്ഷം, അതിൻെറ കാരണമെന്താണെന്നു ഞങ്ങൾ അറിയുവാൻ ശ്രമിക്കുന്നു. ഞങ്ങൾ അന്വേഷണം നടത്തുന്നുവെന്നല്ലാതെ അതു് എൻറ ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥന്മാർക്കു എതിരായിട്ടായിരിക്കയില്ല

മി: എ. താണുപിള്ള (തിരുവനന്തപുരം): പുതുവൽ ചട്ടങ്ങൾ പുതുക്കുന്നതിനു എന്തെങ്കിലും ആലോചനയുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അതേപ്പററി മി: കുഞ്ഞയ്യങ്കാരുടെ ചോദ്യത്തിനുള്ള മറുപടിയിൽ ഞാൻ സൂചിപ്പിച്ചു കഴിഞ്ഞു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: റാബിൻസൺ പറയുന്നതു മിക്കതും ഇവിടെ കേൾക്കുവാൻ പാടില്ല. പുതുവൽ ചട്ടങ്ങൾ പുതുക്കുവാൻ എന്തെങ്കിലും ആലോചനയുണ്ടോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

പ്രസിഡന്റ്: മിസ്റ്റർ റാബിൻസൺ, അവയെ ഇനിയും പുതുക്കുവാൻ എന്തെങ്കിലും ആലോചനയുണ്ടോ? അതാണ മി: താണുപിള്ളക്കു അറിയേണ്ടതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): കഴിഞ്ഞവർഷം ഇക്കാലത്തു് പുതുവൽ ചട്ടങ്ങൾ പുതുക്കുവാൻ ആലോചനയുണ്ടെന്നു ഞങ്ങളോടു പറയുകയുണ്ടായി.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): പുതുവൽചട്ടങ്ങൾ കമ്മിററിയുടെ റിപ്പോർട്ടു ഗവണ്മെന്റിനു സമർപ്പിച്ചിരിക്കുന്നു. അവരുടെ ആലോചനയിൽ ഇരിക്കുകയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ ചട്ടങ്ങൾ അവസാനമായി പാസ്സാക്കുന്നതിനു മുമ്പു അവ പൊതുനിരൂപണത്തിനു വിഷയമാകുന്നതാണോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ്‌റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഞാൻ മുമ്പു പറഞ്ഞതുപോലെ കമ്മിററിയുടെ റിപ്പോർട്ടു ഗവണ്മെന്റിന്റെ മുമ്പിൽ ഇരിക്കുകയാണ്. ഇവിടെ പുറപ്പെടുവിച്ച അഭിപ്രായങ്ങളെല്ലാം ആലോചിക്കപ്പെടുമെന്നു തന്നെയല്ല. ആലോചിച്ചുവരികയുമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു എന്റെ ചോദ്യത്തിന്റെ ഒരു ഉത്തരം ആകുന്നില്ല.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പത്തനംതിട്ടതാലൂക്കിൽനിന്നു ൨൮,൦൦൦ രൂപായാണ് കൊള്ളിച്ചിരിക്കുന്നതു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അവിടെ പ്രത്യേകമായി മെനക് സർക്യൂട്ടുകൾ ശേഖരിക്കുന്നതിനു ഒരു സർവേപാർട്ടിവേല ചെയ്യുന്നതായി അറിയാമോ? അതുകൊണ്ടാണ് ഇത്രയും തുക ആ താലൂക്കിൽ കൂടിയിരിക്കുന്നതു്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഏതായാലും ഈ ക്ഷാമകാലത്തു (തറവിലകുറയുന്നതും കുറച്ചു ആളുകൾക്കു ഭൂമിപതിച്ചു കൊടുക്കുകയും തരിശു ഭൂമികൾ വല്ലതുമുണ്ടെങ്കിൽ അവയെ അധഃകൃതർക്കു പതിച്ചുകൊടുക്കയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രമേയത്തെ പിൻവലിക്കുന്നതിനു അനുമതി ചോദിച്ചുകൊള്ളുന്നു.

അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൩൭.

മി: എ. സി. കുരിയാക്കോസ്:

എസ്റ്റാബ്ലിഷ്മെന്റ്‌വകുപ്പിലേക്കായി നീക്കിവെച്ചിട്ടുള്ള ൧൮,൬൭൫ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): സർ, എസ്റ്റാബ്ലിഷ്മെന്റ് വകക്കുള്ള ൧൮,൬൭൫ രൂപായിൽ നിന്ന് ൫ രൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം.

ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു കഴിഞ്ഞതവണ ഈ ഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചു നിരൂപണം ചെയ്ത അവസരത്തിൽ ൧൮-ാം ഉപക്ഷേപമായി ചേർത്തു മിസ്റ്റർ രാമൻപിള്ള ഹാജരാക്കിപ്രതിപാദിച്ചിട്ടുള്ള സംഗതികളെത്തന്നെ ഒന്നുകൂടി കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ്. തിരുവിതാംകൂറിലെ വിവിധസമുദായങ്ങളിലുള്ള ജനങ്ങൾക്കെല്ലാവർക്കും ഒരുപോലെ ഗവണ്മെന്റു സർവീസിൽ പ്രവേശനം ലഭിക്കണമെന്നുള്ള ഒരു വാദം ദീർഘകാലമായി ചില സമുദായങ്ങൾ തുടർന്നതിന്റെ ഫലമായിട്ടാണു റവന്യൂദേവസ്വം വിഭജനം നടത്തിട്ടുള്ളതു. ഈ വിഭജനാനന്തരം റവന്യൂവകുപ്പിൽ വേണ്ടുവോളം ഉദ്യോഗം ലഭിച്ചിട്ടില്ലാത്തവർഗ്ഗക്കാരിൽ നിന്നും ചിലനിയമനങ്ങളും ഉണ്ടായിട്ടുണ്ടു. എന്നാൽ ക്രമേണ ഈ ബോധം ഗവണ്മെന്റിനോ അതല്ലെങ്കിൽ നിയമനാധികാരികൾക്കോ മാറിപ്പോയതിന്റെ ഫലമല്ലയോ ഇപ്പോൾ കാണുന്നനിലയിൽ റവന്യൂവകുപ്പിൽ വേണ്ടുവോളം പ്രവേശനം ഇല്ലാത്തവർഗ്ഗക്കാർക്കു സങ്കടമായിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. റവന്യൂവകുപ്പു രാജ്യത്തിൽ ഏററവും പ്രധാനമായ ഒരു വകുപ്പാണ്. അതിൽ ഉദ്യോഗികകൃത്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ പ്രവൃത്തിഫലം നാട്ടിലുള്ള എല്ലാജനങ്ങളെയും ഒരുപോലെ ബാധിക്കും. അവർക്കും അതിൽസ്ഥാനം ലഭിക്കണമെന്നു പറയുന്നതു ആ സ്ഥാനത്തിൽ നിന്നും ഉണ്ടാകുന്ന ശമ്പളമോ മറേറതെങ്കിലും തരത്തിലുള്ള സാഹചര്യത്തിൽ നിന്നും വരുന്ന ആദായമോ ശരിയായവിധപ്രകാരം കിട്ടണമെന്നുള്ളതിനെ ആസ്പദമാക്കിയല്ല. മഹാരാജാവുതിരുമനസ്സിലെ പ്രജകൾക്കു ഇവിടത്തെ ഭരണകാര്യങ്ങളിൽ ഇടപെട്ടു പ്രവൃത്തിക്കാനുള്ള ശക്തിയുണ്ടെന്നു കണ്ടശേഷം അതിൽ ന്യായമായിട്ടു രാജ്യത്തിലെ പൌരാവലിയുടെ അവകാശത്തിന്റെ അംശം വേണമെന്നു ഓരോരുത്തർക്കും ആവശ്യപ്പെടാനുള്ള കർത്തവ്യം ഉണ്ടു. അങ്ങിനെ ആവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യേണ്ട ചുമതല ഗവണ്മെന്റിനും ഉണ്ടു. റവന്യൂദേവസ്വം വിഭജനം നടത്തിയ കാലത്തിനുശേഷം ഒരു ക്രിസ്ത്യൻ പേഷ്ക്കാരെ നിയമിച്ചു. അതിന്റെ ഫലമായി ഭിന്നസമുദായങ്ങളിൽനിന്നും വരുന്നവരും കാര്യക്ഷമതയ്ക്കു വിഘ്നം കൂടാതെ ഉദ്യോഗങ്ങൾ നിർവഹിക്കുന്നതിനു പ്രാപ്തന്മാരെന്നു കണ്ടുകഴിഞ്ഞു. അക്കാലം കഴിഞ്ഞു കൂടുതൽ വിദ്യാഭ്യാസവും കാര്യക്ഷമതയും വന്നിട്ടുള്ള ഇക്കാലത്തു ക്രിസ്ത്യാനികളിൽ ഒന്നോ ഏറെയും ഉയർന്നതരം ഉദ്യോഗത്തിനു റവന്യൂവകുപ്പിൽ അവരുടെഅവകാശത്തിനു അനുരൂപമായി നിമിക്കുന്നതിലേക്കു കണ്ടുപിടിക്കുന്നതിനു ഗവണ്മെന്റിനു കഴിയുകയില്ല, എന്നു ആർക്കും പറയാൻ സാധിക്കുന്നതല്ല. കത്തോലിക്കാമതമായും വളരെക്കാലമായിട്ടു രാജ്യത്തിലെ പൌരന്മാരുടെകൂട്ടത്തിൽ നിന്നു തിരുവിതാംകൂറിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനു പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരും തിരുവിതാംകൂർ ഗവണ്മെന്റിന്റെ വിദ്യാഭ്യാസപരിശ്രമത്തിൽ അനുകൂലികളായിട്ടു ഇടപെട്ടു വേണ്ടുവോളം പരിശ്രമം ചെയ്തു അതിനെ സഫലമാക്കി രാജ്യത്തിൽ വിദ്യാഭ്യാസത്തെ നല്ല രീതിയിൽ കൊണ്ടുവരുന്നതിനു സഹായിക്കുന്നവരും ഏതുതരം ജോലിക്കും പ്രാപ്തിയുള്ള അനേക വ്യക്തികളോടുകൂടിയവരും ആണെന്നു കണ്ടിട്ടും അവരുടെ അപേക്ഷകൾ ഗവണ്മെന്റു വേണ്ടിടത്തോളം ശ്രദ്ധ പതിപ്പിക്കാതിരിക്കുന്നു എന്നു കാണുന്നുണ്ടു. കഴിഞ്ഞവർഷം മി: ആർ. രാമൻപിള്ളതന്നെ ഇതരസമുദായങ്ങളുടെ ദയനീയസ്ഥിതിയെകണ്ടു അവർക്കും ഉദ്യോഗം വീതിച്ചു

കൊടുക്കണം എന്നു അഭിപ്രായപ്പെട്ടു. അന്നത്തെ ആ മറുപടി ആശാജനകമായിരുന്നു. ഫലംമാത്രം ഉണ്ടായില്ല. ഇവിടെ ഇപ്പോൾ ഈ കാര്യം പറയുന്നതു പ്രത്യേകം ഒരു സമുദായത്തിന്റെ ശ്രദ്ധയിൽ വരുത്തണമെന്നുദ്ദേശിച്ചല്ല. ഗവണ്മെന്റിന്റെ ആശാജനകമായ മറുപടിയെ കൗൺസലിന്റെ മുമ്പാകെ പ്രസിദ്ധപ്പെടുത്തണമെന്നുമാത്രമേ ഉദ്ദേശിക്കുന്നുള്ളു. തിരുവിതാംകൂറിൽ പാർവത്യകാർ എന്നു തുടങ്ങി ലാൻഡ്‌റവന്യൂ കമ്മീഷണർവരെ പബ്ലിക്കാഫീസുകളിൽ ഒരു പോലെ ചുമതലയുള്ള ജോലികൾക്ക ന്യായമായ അവകാശമുള്ള എല്ലാവർഗ്ഗക്കാർക്കും സ്ഥാനം കൊടുക്കുന്നതിനു തക്കവണ്ണമുള്ള ഒരേർപ്പാടു ഗവണ്മെന്റു ചെയ്തിട്ടില്ലാത്തതു ഖേദനീയമായ ഒരു അവസ്ഥയാണു. ഈ കാര്യത്തിൽ ഗവണ്മെന്റിൽനിന്നും കഴിഞ്ഞകൊല്ലത്തിൽ പ്രഖ്യാപനം ചെയ്തിട്ടുള്ളതുപോലെ ഇപ്പോഴും ഗുണകരമായ ഒരു ഫലം പ്രത്യക്ഷത്തിൽ കാണിക്കുന്നതിനു ഉപകരിക്കുന്ന ഈ വിഷയം കൗൺസിലിന്റെ പ്രത്യേകശ്രദ്ധക്കുവേണ്ടി ഈ ഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): മി: കരിയാക്കോസ്സ് ഹാജരാക്കിയിട്ടുള്ള ഈ ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. റവന്യൂഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണംകൊണ്ടും ഗവണ്മെന്റിലേക്കു ശേഖരിക്കുന്ന റവന്യൂവിന്റെ പ്രാധാന്യംകൊണ്ടും അതിലുള്ള ഉദ്യോഗസ്ഥന്മാർക്കു ആ സംഖ്യ— ഗണ്യമായ ഒരു സംഖ്യ വീതിച്ചുകൊടുക്കുന്നതുകൊണ്ടും, എന്നല്ല രാജ്യത്തിലെ ജനങ്ങളുടെ രാഷ്ട്രീയമായ സ്ഥാനത്തെ നല്ലനിലയിൽ കൊണ്ടുവരുന്നതുകൊണ്ടും ഈ ഡിപ്പാർട്ടുമെന്റു ഏററവും ഒരു പ്രധാനമായ ഡിപ്പാർട്ടുമെന്റ് എന്നു പറയാതെ നിവൃത്തിയില്ല. എന്നാൽ ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങളുടെ സംഖ്യ എത്രമാത്രമുണ്ടെന്നു ഈ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ മാത്രമേ മുസ്ലീം സമുദായങ്ങളെപ്പോലെ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ അതിൽ എത്രമാത്രമുണ്ടെന്നു കാണാൻ സാധിക്കയുള്ളു. ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിൽ മൂന്നു പേഷ്കാരും ഏഴു ഡിവിഷൻ അസിസ്റ്റന്റും മുപ്പത്തിരണ്ടു തഹസീൽദാരന്മാരുമുണ്ടു. ഇത്രയും ഉയർന്ന ഉദ്യോഗങ്ങളുണ്ടു. ഇതിൽ ഏററവും താണ ഉദ്യോഗത്തിലും മുസ്ലീമുകൾക്കു ഇതുവരെ പ്രവേശിക്കുന്നതിനു സാധിച്ചിട്ടില്ല എന്ന സംഗതി പ്രത്യേകം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

ഇനി ഡിപ്പാർട്ടുമെന്റിലെ എസ്റ്റാബ്ളിഷ്മെന്റുദ്യോഗസ്ഥന്മാരെ നോക്കിയാൽ കമ്മീഷണർ ആഫീസിൽ ൨൦ പേർ ഉണ്ടു; ഡഫേദാർമുതൽ പ്യൂൺവരെ ൧൭ പേർ ഉണ്ട്. ഇവിടെ കമ്മീഷണർ പെഴ്സണലിലുള്ള സംഗതികൾക്കു തനിക്കു അധികാരം ഒന്നുമില്ല എന്നരീതിയിൽ തന്റെ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ചില സമുദായങ്ങൾക്കു സമാധാനം പറഞ്ഞു നിറുത്തുന്നതിനു ഉദ്ദേശിക്കുന്നു. എന്നാൽ വെളിയിലുള്ള നിയമനത്തെ സംബന്ധിച്ചു ഉത്തരവാദിത്വം ഉള്ളവരോട് അതൊന്നും പ്രദർശിപ്പിക്കുന്നില്ല. ഇനി ഡിവിഷൻകച്ചേരിയിലെ നോക്കുകയാണെങ്കിൽ ക്ലാർക്കന്മാരും അക്കൗണ്ടന്മാരും ഉൾപ്പെടെ ൫൩ പേർ ഉണ്ട്. അതിന്റെ കീഴ്പ്പെട്ടുള്ളവർ ൨൪ പേർ ഉണ്ട്. ഇങ്ങനെ ആകെ ൨൪൦ ഉദ്യോഗങ്ങൾ ഉണ്ട്. ഇതിൽ മുസ്ലീമുകളുടെ എണ്ണം കഷ്ടിച്ചു ഒന്നോ രണ്ടോ ആയിരിക്കും. താലൂക്കുകച്ചേരിയിൽ ൩൨൭ ക്ലാർക്കന്മാരുണ്ട്, അവർ തരത്തിലുള്ള ജോലികൾ ചെയ്തുവരുന്നു, ശിപായിമാർ ൨൯൭ ആകെ ൬൨൪ പേരുണ്ട്. ഇതിൽ മുസ്ലീമുകളുടെ സംഖ്യനോക്കിയാൽ ൧൦ പേർ തികച്ചു കാണുകയില്ല, പ്രവൃത്തിക്കച്ചേരിയിൽ ൩൯൨ ഇൻസ്പെക്ടേഴ്സും ഇൻകംടാക്സ് ഇൻസ്പെക്ടേഴ്സും കാണുന്നു. അങ്ങിനെയുള്ള സ്ഥാനങ്ങളിൽ മഹമ്മദീയരെ പ്രവേശിപ്പിക്കുന്നതിനുള്ള യോഗ്യതയുണ്ടോ? വിദ്യാഭ്യാസമാണ് യോഗ്യതയായിട്ടു കരുതുന്നതെങ്കിൽ അങ്ങനെ ധാരാളം ആളുകളുണ്ട്. കാര്യക്ഷമതയും മററുയോഗ്യതകളും ഏതുവിധത്തിൽ വേണമെന്നുള്ളതിനെ സംബന്ധിച്ച് ഉദ്യോഗത്തിനു ശ്രമിക്കുന്ന ആളുകൾ മനസ്സിലാക്കാത്തതുകൊണ്ട് അതിനെക്കുറിച്ചു ഒന്നും പറയുന്നില്ല. ൪൦൯ പാർവത്യകാരന്മാരും ൫൫൦ അക്കൗണ്ടന്മാരും ൯൩൦ പ്യൂൺസുമുണ്ട് ഇതിൽ മുസ്ലീമുകളുടെ ൪൦൯-ൽ ഒന്നുമില്ല. ൫൫൦-ൽ കഷ്ടിച്ചു ഒന്നുകാണും, മററുള്ള പ്യൂൺസിൽ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പരീക്ഷായോഗ്യതയുള്ള എത്രപേർ അപേക്ഷിച്ചിട്ടുണ്ട്

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം) അതിനു പരീക്ഷായോഗ്യതമാത്രം പോരാ. പരീക്ഷായോഗ്യത ലഭിച്ചതിനുശേഷം ആദ്യം വേറെ വകുപ്പിൽ കേറിയിട്ടുവേണം പാർവത്യകാർ ആകാൻ. ആ ഉദ്യോഗത്തിൽ കയറുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. അക്കൗണ്ടന്മാരാകുന്നതിനു സർവ്വേ പാസാകണം. അങ്ങനെ സർവ്വേ പാസായിട്ടുള്ളവരും ഇപ്പോൾ ജോലി ഇല്ലാതിരിക്കുന്നുണ്ട്.

മി: ആർ, രാമൻപിള്ള (കോട്ടയം), പിന്നെ സർവ്വേയും റവന്യൂ ടെസ്റ്റും പാസാകണമോ?

മി: പി എസ്, മഹമ്മദ് (ഗവണ്മെന്റുനിയമനം), വില്ലേജ്ടെസ്റ്റ് പാസാകണമെന്നു പറയുന്നു, അത് ഉദ്യോഗത്തിൽ ഇരുന്നിട്ടുമാത്രമേ പരീക്ഷയിൽ ചേരാൻ പാടുള്ളു, ഡിപ്പാർട്ടുമെന്റിൽ നേരിട്ടു കയറാൻ പാടില്ല. ഇങ്ങനെ ഇല്ലാത്ത വിഷമങ്ങളൊക്കെ ഉണ്ടാക്കീട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം). ഈ ചട്ടങ്ങൾ പ്രത്യേകം ഒരു സമുദായത്തെ സംബന്ധിക്കുന്നതാണോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം) അങ്ങനെ അല്ലാത്തവരെ സംബന്ധിച്ചേ ഇവിടെ പറയുന്നുള്ളു. ഔദാര്യനിധികളായിരിക്കണമെന്നു പറയുന്നില്ല. മററുള്ളവർക്ക് ഒരു സ്ഥാനം ഉണ്ടാക്കിക്കൊടുക്കുന്നതിനും അവരെ തള്ളിവിടുന്നതിനും വേണ്ടവിധത്തിൽ സഹായിക്കുന്നതായ എല്ലാസന്ദർഭവും സൌകര്യങ്ങളും ഉണ്ട്, ബാക്കി ഉള്ളവർക്കു സൌകര്യങ്ങൾ ഒന്നുമില്ല. ഗവണ്മെന്റിന്റെ ഉദ്ദേശം നല്ലതാണ്. ആ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഇതിൽ മററുള്ള ആളുകൾക്കും പ്രവേശനംകൊടുക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു റവന്യൂദേവസ്വവിഭജനം നടത്തീട്ടുള്ളതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). റവന്യൂദേവസ്വവിഭജനത്തിനുശേഷം മുസ്ലീമിങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗം കിട്ടീട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): അക്കൗണ്ടന്റ് ഉദ്യോഗത്തിൽ ഉണ്ടെന്നു തോന്നുന്നു. ആകപ്പാടെ ഒന്നോ രണ്ടോപേർ കാണുമായിരിക്കും. അതിനുശേഷവും നടത്തിയിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. ഇന്നും അങ്ങനെതന്നെ നടത്തിവരുന്നെങ്കിൽ സമാധാനപ്പെടാമായിരുന്നു.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): അങ്ങനെ ചെയ്യുന്നതിനു വീഴ്ചക്കാരായിരിക്കുന്നതു ഗവണ്മെന്റാ അല്ല വേറെആരെങ്കിലുമാണോ എന്നു പറയുന്നു. അതാരാണെന്നു തിരിച്ചു വെളിയിൽ പറയുക.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം) അതിനു ഒന്നാമതായി നിൽക്കുന്നതു് ഇന്നിരിക്കുന്ന ഏർപ്പാടുതന്നെയാണു.

മി: ആർ. രാമൻപിള്ള (കോട്ടയം) അതു ആരുടെ ഏർപ്പാടാണ്?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം) ആരു് ഏർപ്പെടുത്തിയതായാലും കൊള്ളാം. ഇന്നലെ ഇവിടെ ചിലമെമ്പറന്മാർ ചൂണ്ടിക്കാണിച്ചപ്രകാരം അതാതുദ്യോഗസ്ഥന്മാർ കൊടുക്കുന്ന നിർദ്ദേശമനുസരിച്ചു പ്രത്യേകം നടത്തിവരുന്നു എന്നേയുള്ളു.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും). ഈ ഡിപ്പാർട്ടുമെന്റിൽ നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്നറിയാമോ?

മി. പി. എസ് മഹമ്മദ് (ഗവണ്മെന്റുനിയമനം): അതു എല്ലാപേർക്കും അറിയാവുന്നതാണ്. തഹശീൽദാർ മുതൽ മേലോട്ടുള്ളവർക്കെല്ലാം നിയമനാധികാരമുണ്ട്. എന്നുമാത്രമല്ല ഈ ഡിപ്പാർട്ടുമെന്റിനെ ദേവസ്വത്തിൽനിന്നു പിരിച്ചശേഷം റവന്യൂഡിപ്പാർട്ടുമെന്റിൽ ഉണ്ടായിട്ടുള്ള ഉദ്യോഗവിഷയത്തിൽ മഹമ്മദീയരുടെയും മറ്റുള്ളവരുടെയും അവകാശത്തെ അവഗണിച്ചു പ്രവർത്തിച്ചിരുന്ന കാലത്തു ആ ഗവണ്മെന്റ് ആ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷൻ അപ്രകാരം കാണിക്കുന്നതിനുള്ള കാരണം എഴുതിചോദിച്ചു. അന്നു കൊടുത്തിരുന്ന ഡിപ്പാർട്ടുമെന്റ് മേലധ്യക്ഷന്റെ മറുപടി തൃപ്തികരമാണെന്നു പറയുന്നതിനു ഇതുവരെ ആർക്കും ധൈര്യം ഉണ്ടായിട്ടില്ല. അന്നുണ്ടായിരുന്ന ഗവണ്മെന്റ് മേലാൽ ആ വിഷയത്തിൽ ശ്രദ്ധിച്ചു പ്രവൃത്തിക്കണമെന്നു ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം ഡിപ്പാർട്ടുമെന്റിൽകാണുന്ന നിയമനവിഷയത്തിലുള്ള പിശകുകളെ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിച്ചു സ്ക്രൂട്ടിനൈസ് ചെയ്യാത്തതുകൊണ്ടാണ് ഈ വിഷയത്തിൽ കൂടുതലായി വീണ്ടും വീണ്ടും ഈ മാതിരി ചെയ്യുന്നതിനു അവർ പ്രേരിതരാകുന്നതു്.

മി: എം. എസ്. ദാമോദരനാശാൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഗവണ്മെന്റിന്റെ നടപടിദോഷങ്ങളെ എടുത്തുകാണിക്കാനാണൊ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്?

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം). ഞാൻ യാതൊരുത്തരുടേയും നടപടിദോഷം എടുത്തുകാണിക്കുന്നില്ല. എനിക്ക് അസമത്വസമുദായങ്ങളിൽ ഉള്ള ആളുകൾക്ക് വേണ്ടവിധത്തിൽ ഈ ഡിപ്പാർട്ടുമെന്റിൽ പ്രവേശനം ലഭിക്കുന്നതിനു വേണ്ട കാര്യങ്ങൾ എടുത്തുപറയണമെന്നേയുള്ളു. അതിനു ആരെല്ലാം തടസ്സക്കാരായിരിക്കുന്നുവോ അവരെല്ലാം വീഴ്ചക്കാരുമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): അതു ആരാണെന്നു മനസിലാകുന്നതിനു കഴിച്ചുള്ളതു പറയുമൊ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം) അതിനു തടസ്സമായി നിൽക്കുന്നതു നിയമിക്കാൻ ആർക്ക അധികാരമുണ്ടോ അവരുടെ സഹതാപക്കുറവു് ഒന്നുമാത്രമാണ്. അവരുടെ പ്രവൃത്തികളെ സൂക്ഷ്മമായി പരിശോധിച്ചു അവർ ശരിയായവിധത്തിൽ പ്രവൃത്തിച്ചിട്ടില്ലെങ്കിൽ അവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നുള്ള ഒരുനില പ്രദർശിപ്പിക്കുന്നു എങ്കിൽ മാത്രമെ ഈ ഡിപ്പാർട്ടുമെന്റിൽഅസമത്വംഅനുഭവിക്കുന്നസമുദായക്കാരുടെ സങ്കടത്തിനു പരിഹാരമുണ്ടാകുകയുള്ളു എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു് എന്റെ സ്നേഹിതൻ മിസ്റ്റർ കുറിയാക്കോസ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും). മി: കുറിയാക്കോസ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. സാധാരണയായിട്ടു ഇപ്പോൾ തിരുവിതാംകൂറിൽ ഉദ്യോഗവിതരണം സംബന്ധിച്ചു ക്ഷോഭം നടത്തിവരുന്ന കൂട്ടത്തിൽ മതംതിരിച്ചു ജോലി കിട്ടണമെന്നാണ് കൗൺസിൽ മുതലായ ഉത്തരവാദിത്വം ഉള്ള സ്ഥാപനങ്ങളിൽ ഉപക്ഷേപം കൊണ്ടുവരുന്നതു്.

മി: എ. സീ. കുര്യാക്കോസ് (മീനച്ചലും ദേവികുളവും). മതവും സമുദായവും ഒന്നാണോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മതവും സമുദായവും രണ്ടും രണ്ടാണ്. സമുദായത്തെ അടിസ്ഥാനമാക്കി ജോലി കൊടുക്കുന്നപക്ഷം ജനസംഖ്യ കുറവായ മാപ്പിളസമുദായത്തിനു കുറഞ്ഞ എണ്ണവും അരയന്മാരെസംബന്ധിച്ചു കൂടുതലും കിട്ടുന്നതാണ്. എന്നാൽ ഇപ്പോൾ മതത്തെ തോതാക്കി മാപ്പിളസമുദായം അരയന്മാരെസംബന്ധിച്ചു കൂടുതലും കിട്ടുന്നതാണ്. എന്നാൽ ഇപ്പോൾ മതത്തെ തോതാക്കി മാപ്പിളസമുദായം അരയന്മാരുടെ എണ്ണത്തെക്കൂടി കൂട്ടിച്ചേർത്തു കൂടുതൽ ഉദ്യോഗം തട്ടിഎടുക്കുന്നതു് ശരിയല്ല. അതുപോലെതന്നെ മലയോരങ്ങളിൽതാമസിക്കുന്ന കാണിക്കാർ മുതലായവരും വെള്ളാളരിൽ ഉൾപ്പെട്ട കുറുവകക്കാരും തുടങ്ങി അനേകായിരം പിരിവുകൾ തിരുവിതാംകൂർ സംസ്ഥാനത്തിൽ ഉണ്ടു്.

മി: എ. സി കുര്യാക്കോസ് (മീനച്ചലും ദേവികുളവും): ഓരോ ഉദ്യോഗത്തിനു യോഗ്യതയുള്ള ആളുകളെ നിയമിക്കണമെന്നല്ലാതെ അതിനു യോഗ്യതയില്ലാത്ത ആൾക്കെങ്കിലും വല്ലതും കൊടുക്കണമെന്നു പറയുന്നുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതുതന്നെയാണ് ഞാനും പറയാൻപോകുന്നതു്. ഉദ്യോഗനിയമനത്തെ സംബന്ധിച്ചിടത്തോളം ഇന്നഇന്നമതക്കാർക്ക കൊടുക്കണമെന്നുള്ള ഒരു തത്വം ഈ കൗൺസിലിൽ കൊണ്ടുവരുന്നതു ശരിയല്ല. ഏതുമതത്തിൽ ഉൾപ്പെട്ടാലും ആളുകൾക്ക വലിയ സങ്കടമുണ്ടാകരുതു്. പബ്ലിക്‌സർവീസ് ദുഷിപ്പിക്കരുതു്. യോഗ്യന്മാരും സമർത്ഥന്മാരുമായ ആളുകൾക്ക് ഉദ്യോഗം കൊടുക്കണം.

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്ങിനെ ആയാൽ പബ്ലിക് സർവീസ് ദുഷിപ്പിക്കുന്നതെങ്ങിനെയാണ്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): യോഗ്യന്മാരായ ഉദ്യോഗസ്ഥന്മാർ ഇല്ലാത്തതു കൊണ്ടു തന്നെ.

മി: ഇട്ടപ്പ ഇട്ടിച്ചൻ (കുന്നത്തുനാട്): ഇപ്പോൾ പബ്ലിക്ക സർവീസ് ദുഷിച്ചിരിക്കുന്നുവോ, ദുഷിക്കാതിരിക്കുന്നോ? എങ്ങിനെയാണിരിക്കുന്നത്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ചില സ്ഥലങ്ങളിൽ ദുഷിച്ചു കാണുന്നു. ചില സ്ഥലങ്ങളിൽ ദുഷിക്കാതെയും കാണുന്നുണ്ട്. പ്രത്യേക മതത്തിനെ ഉദ്ദേശിച്ചോ ജാതിപിരിച്ചോ ഉദ്യോഗം കൊടുക്കണമെന്നുള്ള തത്വത്തെ ഞാൻ എതിർക്കുന്നു, ഗവർമെന്റ ഈ സംഗതിയിൽ പ്രത്യേകം ഒരു യുക്തം ഉപയോഗിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ കൌൺസിലിന്റെ പൊതുവായ ഒരു അഭിപ്രായം വരികയുള്ളു. എന്നു ഞാൻ ധൈര്യസമേതം അറിയിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള വംശപ്രതിപാദം വർദ്ധിച്ചുവരുന്ന കാലത്തോളം വർഗ്ഗങ്ങൾ തമ്മിൽ വളരെ വലുതായിട്ടുള്ള ക്ഷോഭം ഉണ്ടായി നാട്ടുനശിക്കാൻ ഇടവുള്ളതുകൊണ്ടു ഈ സംഗതിയെ അനുദ്യോഗസ്ഥ സാമാജികന്മാരുടെ അഭിപ്രായത്തിനു വിട്ടുകൊടുക്കാതെ ഓരോ ജാതിക്കാർക്കും ഏതെയവേണമെന്നു ഉദ്ദേശിക്കാതെ ഗവർമെന്റ തന്നെ വേണ്ട വിധത്തിൽ പെരുമാറണമെന്നു മാത്രമേ ഞാൻ അഭിപ്രായപ്പെടുന്നുള്ളു. ദക്ഷിണതിരുവിതാംകൂറിലുള്ളവർ ഏറിയകാലത്തിനു മുമ്പു അവരുടെ രക്തംപോലും ഈ നാട്ടിലേക്കുവേണ്ടി ചൊരിച്ചിട്ടുള്ളവരുടെ സന്താനങ്ങളാണ്, അവർ അന്നു അനുഭവിച്ചുവന്ന സ്ഥലങ്ങൾ ഒന്നും തന്നെ ഇപ്പോൾ അനുഭവിച്ചുവരുന്നില്ല. ഓരോ താലൂക്കിലും അതാതു താലൂക്കിലെ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കണം. ഇപ്പോൾ വടക്കൻ തിരുവിതാംകൂറിൽ നിന്നും അനേകം പേർ ഉദ്യോഗസ്ഥന്മാരായി പോയതുകൊണ്ടു തെക്കൻ തിരുവിതാംകൂറിൽ പല ദോഷങ്ങളും കുറവുകളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

മി: ഇട്ടപ്പ ഇട്ടിച്ചൻ (കുന്നത്തുനാട്): ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നു പറഞ്ഞതിൽ കുന്നത്തുനാട്, തൊടുപുഴ മുതലായ താലൂക്കുകളിൽ നിന്നും ഉണ്ടെന്നാണോ പറയുന്നത്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങിനെയുള്ള മലംപ്രദേശങ്ങളിൽ നിന്നും കാണുകയില്ലായിരിക്കാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉത്തരതിരുവിതാംകൂർ എന്നു പറയുന്നതു ഏതു വരെയാണ്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവനന്തപുരത്തുനിന്നും വടക്കോട്ടുള്ള എല്ലാ സ്ഥലങ്ങളുമുണ്ട്.

നാലഞ്ചു വർഷത്തിനു മുമ്പു ഉദ്യോഗ നിയമനത്തിനുള്ള അപേക്ഷാ ഫാറങ്ങളുടെ മാതൃക ഡിപ്പാർട്ടുമെന്റ മേധാവികൾക്ക അഭിപ്രായത്തിനു അയച്ചതു ഒരിക്കൽ എനിക്കു കാണുന്നതിനു സാധിച്ചു. അതിൽ ജാതി തിരിച്ചു എഴുതിയിരുന്നു. ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ അനേകം വകുപ്പുകളും ചേർത്തിരുന്നു. അതിനെപ്പറ്റിയുള്ള അഭിപ്രായം എഴുതി അയക്കുകയും ഗവർമെന്റ അതിനെ ചവറുകൊട്ടയിൽ തള്ളിയതായും അറിഞ്ഞു. പരമാർത്ഥം നോക്കുന്നതായാൽ മുഹമ്മദീയരുടെ ഇടയിൽ പട്ടാണി, സുന്നി, ഷിയാസ്സ്, എന്നു പലതരം ഉണ്ട്.

മി: പി. എസ്. മഹമ്മദ് (ഗവർമെന്റ നിയമനം): ഇങ്ങിനെയുള്ള വാദം കൌൺസിലിൽ വല്ല സമയത്തും കൊണ്ടുവന്നിട്ടുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങിനെ ഒരു വാദം കൊണ്ടുവന്നിട്ടില്ല. ബ്രാഹ്മണരിൽ കൊങ്കണി, നമ്പൂതിരി, അയ്യങ്കാർ ഇങ്ങിനെ പലതരം ഉണ്ട്. നായരിൽ ഇല്ലം, സ്വരൂപം എന്നിങ്ങനെ പല വിഭാഗങ്ങളും ഉണ്ട് ഈ തരത്തിൽ ജാതിയെപ്പറ്റി നോക്കുന്നതായാൽ ഒരു അവസാനവും കാണുകയില്ല. നിവൃത്തിയുള്ളിടത്തോളം ഓരോ താലൂക്കുകാർക്കും ഓരോ ഡിവിഷനിലെയും തോതെ എന്നുള്ള അഭിപ്രായത്തെ ഈ സഭ മുമ്പാ ടുത്തു ജാതി വ്യത്യാസം കൂടാതെ ഉദ്യോഗവിതരണം സമത്വമാക്കണമെന്നുള്ള അഭിപ്രായത്തെ ഈ സഭ മുമ്പാകെ അറിയിച്ചുകൊള്ളുന്നു. ക്രിസ്ത്യാനികൾക്ക സ്കൂളുകളിൽ ഫീസ് കുറച്ചു കിട്ടുന്നതിനു വേണ്ടി യഥാർത്ഥ ക്രിസ്ത്യാനികളായിട്ടുള്ളവർ ക്രിസ്ത്യാനികളല്ല, നാടാരാണ് എന്നും പറഞ്ഞു വരുന്നുണ്ട്. എന്നാൽ മറ്റവസരങ്ങളിൽ ക്രിസ്ത്യാനികൾ എന്നും പറയും. ഇതു മാതിരി പല തരത്തിലുള്ള തട്ടിപ്പുകളും കാണുന്നതുകൊണ്ടു പരമാർത്ഥത്തിൽ ഗവർമെന്റ തന്നെ ഇക്കാര്യത്തിനു ഒരു നിർദ്ദേശം കൽപ്പിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തിന്റെ തത്വത്തെ ഞാൻ പിന്താങ്ങുന്നു.

മി: കെ. മാധവൻ (ഗവർമെന്റ നിയമനം): സർ, ഈ പ്രമേയത്തെ പിന്താങ്ങി ഞാനും ചില കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു. ഇപ്രകാരം വലുതായ ആദായം വരുന്ന റെവന്യൂ ഡിപ്പാർട്ടുമെന്റിൽ അധഃകൃത സമുദായങ്ങളിലുള്ള സാധുജനങ്ങൾക്ക ഏതെങ്കിലും ഉദ്യോഗങ്ങൾ കൊടുത്തു സഹായിക്കേണ്ടതു അത്യാവശ്യമല്ലയോ? സർ, ഈ സാധുജനങ്ങൾ പല സ്ഥലങ്ങളിലും പല താലൂക്കുകളിലും പല ഡിവിഷനുകളിലും പല ഉദ്യോഗസ്ഥന്മാരുടെ അടുക്കലും പല പ്രാവശ്യവും പോയി തങ്ങൾക്കു ഏതെങ്കിലും ഉദ്യോഗങ്ങൾ കൊടുത്തു സഹായിക്കുന്നതിനു ഏറ്റവും താഴ്മയായി അപേക്ഷിച്ചിട്ടും അവർക്ക നൽകിയിട്ടില്ല

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ). അധഃകൃതവർഗ്ഗക്കാരിൽപെട്ട ഗ്രാഡുവേറ്റുകൾ എന്റെ ആഫീസിൽ ക്ലാർക്ക വേലക്ക പ്രാപ്തനായിട്ടു ആരെങ്കിലും ഉണ്ടോ എന്നു ഞാൻ എഴുതി ചോദിച്ചിട്ടില്ലയോ എന്നും ആരെങ്കിലുമൊരാളുടെ പേർ പറയുവാൻ സാധിച്ചിട്ടുണ്ടോ എന്നും ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ.

മി: കെ. മാധവൻ (ഗവർമെന്റ നിയമനം): വാസ്തവത്തിൽ ഈ സാധുക്കളുടെ കൂട്ടത്തിൽ ബി. എ. പാസ്സായിട്ടുള്ളവർ ഉണ്ടായിരിക്കയില്ല. ഏറ്റവും യോഗ്യനായ കമ്മീഷണരുടെ അടുക്കൽ ഒരു ബി. എ. വിദ്യാർത്ഥിയെ ഞാൻ കൂട്ടിക്കൊണ്ടു പോയി. അദ്ദേഹം അയാൾക്ക ഒരു മാസം ആക്റ്റിംഗ ജോലി കൊടുത്തു. ജനസംഖ്യയിൽ എട്ടുലക്ഷത്തോളം വരുന്ന ഈ സാധുക്കളിൽ ഒരാൾക്ക ഒരു മാസം ആക്റ്റിംഗ് ജോലികൊടുത്താൽ മതിയാകുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പല താലൂക്കുകളിലും എട്ടും ഒമ്പതും രൂപാ ശമ്പളമുള്ള പ്യൂൺ ജോലിക്ക അധഃകൃതരെ നിയമിക്കുകയും അവർ അതു വേണ്ടെന്നുവെച്ചു പ്രതിമാസം പന്ത്രണ്ടും പതിനാറും രൂപാ കൂലി കിട്ടുന്ന വയൽവേലക്ക പോയിട്ടുള്ള വിവരവും മെമ്പറിനറിവുണ്ടോ? പുനലൂരിലെ തഹസീൽദാർ പുലയരെ പ്യൂൺമാരായി നിയമിച്ചിട്ടു അവർ ജോലിക്ക പോകാതിരുന്ന വിവരവും മെമ്പറിനറിയാമോ?

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): കമ്മീഷണർ അവർകൾ ഒന്നു രണ്ടു പ്യൂൺമാരെ നിയമിച്ചുവെന്നും അവർ ആ ജോലി ഉപേക്ഷിച്ചു പോയി എന്നും ഇവിടെ പറയുകയുണ്ടായി.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒഴിവുതീർന്നു പോയെന്നതു മെമ്പറിനറിവുണ്ടോ? ഒഴിവുണ്ടാകുമ്പോൾ അയാളെ വീണ്ടും നിയമിക്കുന്നതാണ്.

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): ഞാൻ ഈ കൌൺസിലിലേക്കു വരുമ്പോൾ ഒരു പ്യൂൺ ജോലി, അഥവാ അതുപോലുള്ള എന്തെങ്കിലും ജോലി കിട്ടിയാൽ മതി എന്നു കരുതി എത്രയോ പേർ എൻെറ കൂടെത്തന്നെ വന്നിരിക്കുന്നു. ഇൻറർമീഡിയററ പരീക്ഷാവിജയിയായ ഒരു പയ്യനെ ഞാൻ കൂട്ടിക്കൊണ്ടുപോയി ഒരു ജോലി കൊടുക്കണമെന്നു പറഞ്ഞു. അദ്ദേഹം ജോലി കൊടുക്കണമെന്നു കാണിച്ചു സർട്ടിഫിക്കററു സഹിതം ഡിവിഷൻ പേഷ്കാർക്കു എഴുതി അയച്ചു. അതിൽപ്പിന്നെ ഇയാൾക്കു ഉദ്യോഗം കിട്ടുന്നതിനുവേണ്ടി എത്ര തവണ അവിടെ ചെന്നു പറയുകയുണ്ടായി. ഇതുവരെ ഒന്നും നടന്നിട്ടില്ല. ഇത്ര വലിയ ഒരു ഡിപ്പാർട്ടുമെൻറിൽ ഒരൊഴിവുമുണ്ടാകുകയില്ലയോ? സർ, ഈ ഡിപ്പാർട്ടുമെൻറിൽ ആരേറെ അപേക്ഷകൾ അയച്ചിട്ടുണ്ട്. കമ്മീഷണർ അവർകൾ ദയവായി ഈ സാധുക്കൾക്കും എന്തെങ്കിലും ഉദ്യോഗങ്ങൾ നൽകേണ്ടതാണ്. ഇവർക്കു ഉദ്യോഗങ്ങൾ കൊടുക്കാതിരുന്നാൽ ഇവർ എങ്ങിനെയാണ് മുമ്പോട്ടു വരുന്നതു? അക്കൌണ്ടൻറ, പ്യൂണോ ഏതെങ്കിലും മാതിരിയുള്ള ഉദ്യോഗങ്ങൾ കൊടുക്കുന്നതു നന്നായിരിക്കും. ഇക്കാലത്തു ഈ സാധുജനങ്ങൾ താലൂക്കുകച്ചേരി പകുതികച്ചേരി മുതലായ സ്ഥലങ്ങളിൽ ഏതെങ്കിലും സർവെ നമ്പർ കുറിച്ചു കിട്ടുന്നതിനു വേണ്ടിപ്പോയാൽ ഉണ്ടാകുന്ന കഷ്ടതകൾ ചില്ലറയൊന്നുമല്ല. ഈ ആഫീസുകളിലുള്ളവർ ആ സർവെ നമ്പർ അവിടെ ഇല്ലെന്നു പറയും. ഇവരിൽ ഒന്നു രണ്ടു പേർ ഈ കച്ചേരികളിൽ ജോലിചെയ്യുന്നവരായി ഉണ്ടായിരുന്നാൽ ഈ സാധുക്കൾക്കു വലിയ ഉപകാരമായിരിക്കും.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അക്കൌണ്ടൻറ ടെസ്റ്റ് പാസ്സായിട്ടുള്ളതും ഡേമണി വയ്ക്കുവാൻ ത്രാണിയുള്ളതുമായ ആരെങ്കിലും ആ ജോലിക്ക് പ്രാപ്തനായി മെമ്പറിനുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): കൂടാതെ പുതുവൽകാര്യത്തിലും ഈ സാധുജനങ്ങൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നുണ്ട്. മേലുദ്യോഗസ്ഥന്മാരുടെ അടുക്കൽ പോകുകയാണെങ്കിൽ അവർ പലവിധം ഒഴിവുകഴിവുകൾ പറയും. ദൃഷ്ടാന്തമായി നരിക്കളത്തിൽ കുറെ ഭൂമി പതിച്ചുകൊടുത്തുവെന്ന് മാന്യനായ പരസ്പരസഹായസംഘം രജിസ്ട്രാർ ഈ സഭമുമ്പാകെ പറയുകയുണ്ടായല്ലോ. ഇതേപ്പററി ആറേഴുമാസക്കാലമായി എഴുത്തുകുത്തുകൾ നടക്കുന്നല്ലാതെ യാതൊരു കാര്യവും നടന്നിട്ടില്ല.

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അവിടത്തെ സാധുജനങ്ങളേയും അവരുടെ പ്രതിനിധികളേയും, ഒരു യോഗം കൂടുന്നതിനായി നോട്ടീസുമൂലം തെര്യപ്പെടുത്തിയിട്ട അവർ വരികയുണ്ടായോ?

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): ഏർപ്പാട്ചെയ്തിരുന്ന ദിവസം പകൽ അവർ വിതയ്ക്കുന്നതിനു പോയിരുന്നു. രാത്രിയിൽ മീററിംഗ് നടത്തുക സാധ്യമല്ലെന്നും പറഞ്ഞു. അഞ്ഞൂറു ഏക്കർസ്ഥലം അതായതു അയ്യമനല്ലൂർപകുതി സർവെ [illegible] നമ്പർ സ്ഥലം ഈ സാധുക്കൾക്കു കൊടുത്തതായും അവരെല്ലാം അവിടംവിട്ടുപോയതായും ഇപ്പോൾ ഒരാൾമാത്രം അവിടെ താമസിക്കുന്നതായും കമ്മീഷണർ അവർകൾ പറഞ്ഞു. സർ, അഞ്ഞൂറേക്കർ കൊടുത്തിട്ടില്ല. ഇരുന്നൂറേക്കറിൽ കുറവായ സ്ഥലമേ കൊടുത്തിട്ടുള്ളു. അതു പനിപിടിക്കുന്ന സ്ഥലമായതുകൊണ്ടു പോയവരെല്ലാംതന്നെ മരിച്ചുപോയി. സർ, ഇങ്ങനെയുള്ള സമാധാനം പറയുന്നതായാൽ ഈ സാധുജനങ്ങൾ മുമ്പോട്ടുവരുന്നതെങ്ങനെയാണ്?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): മേലാൽ ആ സ്ഥലം അധഃകൃതർക്കായി കരുതേണ്ടതില്ലയോ എന്നും അതു ലേലത്തിൽ വിൽക്കുകയോ അതാവശ്യപ്പെടുന്ന മററുള്ളവർക്ക് കൊടുക്കുകയോ വേണം എന്നുമാണോ മെമ്പറിൻെറ അഭിപ്രായം എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ? ആ സ്ഥലം ഇപ്പോൾ അധഃകൃതരുടെ ആവശ്യത്തിലേക്ക് ഒഴിച്ചിട്ടിരിക്കയാണ്. പറഞ്ഞതുപോലെ കൊള്ളരുതാത്തതാണെങ്കിൽ അതു മററ സമുദായങ്ങൾക്കു വിട്ടുകൊടുക്കുന്നതു മെമ്പറിനു സമ്മതമാണോ?

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): ദയവുചെയ്തു അവർക്കധിവസിക്കുന്നതിനുംകൂടി വേണ്ട സ്ഥലങ്ങൾ കൊടുക്കണം. "ഇല്ലറം അല്ലത് നല്ലറമല്ല" എന്നതു തമിഴിൽ വിശ്വസിച്ചുവരുന്ന ഒരു ശാസ്ത്രവചനമാണ്. താമസിക്കുന്നതിന് സ്ഥലം കൊടുക്കാതിരുന്നാൽ സാധുക്കൾക്കുവേണ്ടി ചെയ്യുന്ന നന്മകൾ ആകാശത്തിൽ മുഴങ്ങുന്ന ശബ്ദമെന്നപോലെയാണ്.

പ്രസിഡൻറ്: അവർക്കായി ഒഴിച്ചിട്ടിട്ടുണ്ടെന്നു പറയുന്ന സ്ഥലം അവർക്കു ആവശ്യമില്ലെന്നു പറയുന്നതിനാൽ അതു വേറെ ആർക്കെങ്കിലും കൊടുത്തുകൂടയോ.

മി: കെ. മാധവൻ (ഗവണ്മെൻറ നിയമനം): ഞങ്ങൾക്കായി ഒഴിച്ചിട്ടുള്ള സ്ഥലങ്ങൾ വേറെ ചിലർക്കു കൊടുക്കുന്നതായാൽ ഞങ്ങൾ വിടുമോ? (ചിരി) അതിനു ഞങ്ങൾ കരം തീർക്കുന്നതാണ്. ഗവണ്മെൻറിനെന്തു നഷ്ടം? ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ, മരങ്ങൾ വെട്ടിയെന്നും വനത്തിനു തീയിട്ടുവെന്നും കാണിച്ചു സാധുക്കളുടെപേരിൽ നിർദ്ദയമായും അന്യായമായും കേസെടുത്തു ശിക്ഷിച്ചതിനാൽ അവർ ഭയന്നു ആ സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനുകൂടി പോകാതിരിക്കയാണ്. ഞങ്ങൾക്കു കുറേക്കൂടി സ്ഥലംകിട്ടിയാൽ ഞങ്ങൾ കൃഷിചെയ്യുവാൻ തയ്യാറാണ്. അതുകൊണ്ടു ഈ സാധുക്കൾക്കും ഈ ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും ഉദ്യോഗങ്ങൾ കൊടുത്തു സഹായിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡൻറ്: മി: മാധവൻ, നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ.

പ്രസിഡൻറ്: പാടില്ല; അദ്ദേഹം ഇരുന്നുകഴിഞ്ഞു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): മി: കയ്യാക്കോസ് അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപം [illegible] പിൻതാങ്ങുന്നു. റവന്യൂഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഓരോ സമുദായത്തിലുള്ളവരും, അതായതു മി: കയ്യാക്കോസ്, മി: മഹമ്മദ്, എന്നിവർ ധാരാളമായി പ്രതിപാദിച്ചു കഴിഞ്ഞതിനാൽ അതിനെപ്പററി കൂടുതൽ പറഞ്ഞ് ഈ കൗൺസിലിൻെറ സമയത്തെ കളയുന്നതിനു ഞാൻ ഉദ്യമിക്കുന്നില്ല. ആ ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷനായി വലിയ ശമ്പളവുംകൊടുത്ത് ഒരു സായ്പിനെ ഈ സ്ഥാനത്തിൽ വച്ചിരിക്കുന്നത് ഈ രാജ്യത്തിലെ റവന്യൂവർദ്ധിപ്പിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടി മാത്രമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തിലെ എല്ലാ സമുദായത്തിലുള്ള പൗരന്മാർക്കും റവന്യൂവകുപ്പിൽ വേണ്ടെടത്തോളമുള്ള സകലസഹായത്തോടുകൂടി നയിച്ചുകൊണ്ടുപോകണമെന്നുള്ള ഉദ്ദേശമാണ് ഗവൺമെൻറിനുള്ളത്. ആ ഉദ്യോഗസ്ഥൻെറ നിയമനത്തിൽനിന്നുംവരുന്ന സകല സങ്കടങ്ങൾക്കും ദോഷങ്ങൾക്കും ആ ഉദ്യോഗസ്ഥൻതന്നെ ഉത്തരവാദിയായിരിക്കുന്നതാണെന്നു ഞാൻ വിചാരിക്കുന്നുള്ളു. ക്രിസ്ത്യാനി സമുദായം പല വകുപ്പുകളുമുണ്ടെന്ന് മി. കേശവപിള്ള പറഞ്ഞതു വാസ്തവമാണ്. അതിൽ ഭൂരിഭാഗവും കത്തോലിക്കരാണ്. അതു ഗവൺമെൻറു അംഗീകരിച്ചിട്ടുള്ളതുമാണ്. ൭൦൦ പാർവത്യകാരന്മാരുള്ളതിൽ ഒന്നുമില്ലെന്നു മുറവിളികൂട്ടിയതിൻെറ ഫലമാണ് ഒരൊററ പാർവത്യക്കാരൻ കത്തോലിക്കാ സമുദായത്തിൽനിന്നും ഉണ്ടു എന്നു പറയുവാൻ ഇടയായത്. ആ വിഷയത്തിൽ റവന്യൂകമ്മീഷണർ എത്രത്തോളം അനുകൂലിച്ചു എന്നുള്ള സംഗതി ഈ സഭ ആലോചിക്കുന്നതായിരുന്നാൽ അദ്ദേഹത്തിൻെറ ആനുകൂല്യം എത്രത്തോളമുണ്ടെന്നു സ്പഷ്ടമാകും. അതുകൊണ്ടു അതിനെപ്പററി എനിക്കൊന്നും പറയാനില്ല. എൻെറ താലൂക്കിനെപ്പററിയാണു എനിക്കു പറയാനുള്ളത്. ൭൦൦ ചതുരശ്രമൈലോളം വരുന്നതാണ് കുന്നത്തുനാടു താലൂക്ക. വർഷത്തിൽ പത്തുലക്ഷം രൂപായോളം മുതലെടുപ്പുള്ളതിൽ അവിടെനിന്നും രണ്ടുലക്ഷം രൂപായിൽ കുറയാതെ ഭൂനികുതി ഇനത്തിൽ വരവുണ്ടെന്നാണ് തോന്നുന്നത്. അവിടെ പതിനേഴു പകുതിയുള്ളതിൽ പാർവത്യക്കാരന്മാരായും അധികാരികളായും പലരുമുണ്ട്. ഉദ്ദേശം രണ്ടു ലക്ഷത്തോളം ക്രിസ്ത്യാനികൾ ഉള്ളതിൽ ഒരു ലക്ഷത്തോളം ക്രിസ്ത്യാനികൾ രണ്ടു മൂന്നു പകുതികളിലായി ഉൾപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ഒട്ടുക്കോ ആ താലൂക്കിൽനിന്നോ എടുത്തിട്ടുള്ളതിൽ പ്യൂൺസ്ഥാനം അല്ലാതെ ആ സമുദായത്തിൽപ്പെട്ട യാതൊരുത്തരെയും റവന്യൂവകുപ്പിൽ എടുത്തിട്ടില്ല. ഇതുപോലെ മററു സമുദായങ്ങളെ സംബന്ധിച്ച് നോക്കിയാലും ഈഴവ മഹമ്മദീയ എന്നീ സമുദായങ്ങളിൽപ്പെട്ട എല്ലാവർക്കും ഇതുപോലെയുള്ള സങ്കടം ഉണ്ട്. പല ഉദ്യോഗസ്ഥന്മാരും,—യോഗ്യതയുള്ളവരും യോഗ്യതകുറഞ്ഞവരും ഇങ്ങിനെ പലതരത്തിലുള്ള ഉദ്യോഗസ്ഥന്മാരും—റവന്യൂവകുപ്പിൽ ഉണ്ടെങ്കിലും റവന്യൂ ഉദ്യോഗസ്ഥന്മാരുടെ മുപ്പതിൽ ഒരംശം അവകാശം കുന്നത്തുനാടു താലൂക്കിലെ പൊതുജനങ്ങൾക്കുണ്ട്. അങ്ങിനെ ഇരിക്കെ അതിനെപ്പററി റവന്യൂ കമ്മീഷണർ തീരെ ആലോചിക്കാത്തനിലയിലാണ് നടപടികൾ നടത്തിവരുന്നത്. ഏതുതരം കാര്യക്ഷമതയുള്ളവർ വേണമെങ്കിലും ഞങ്ങളുടെ താലൂക്കിലുണ്ട്.

മി: മുറിവേലിൽ പരച്ചുപിള്ള (ചേർത്തല): ഉദ്യോഗദാനത്തിൽ ജാതിനോക്കാതെ ഓരോ താലൂക്കിലും ഇന്നഇന്നവിതം ആയിരിക്കണമെന്ന് വച്ചാൽ മതിയാകുമോ?

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഓരോ താലൂക്കിലും ഇത്രവീതം വേണമെന്നു വരുമ്പോൾ അതിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാരെ മുൻനിർത്തിയാണെങ്കിൽ എനിക്കു പൂർണ്ണസമ്മതമാണ്. ഈ സംഗതിയിൽ റവന്യൂകമ്മീഷണർ പ്രത്യേകം ഗൗനിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ ഈ പ്രമേയത്തെപ്പററിപ്പറയുന്നതു അല്പം അസ്വാഭാവികമായ രീതിയിലാണ്. ഇതിനു മുമ്പ് അവതരിപ്പിച്ച ഉപക്ഷേപത്തിൽ നിന്നുമാണു എതിർക്കേണ്ടിയിട്ടുള്ളത്. ഏതാനും സമുദായക്കാരിൽ സർക്കാരുദ്യോഗമിരിക്കുന്നു; ചിലരിൽ ഇല്ല. അതുകൊണ്ട് എല്ലാസമുദായക്കാർക്കും അതു ഇരിക്കണമെന്നുദ്ദേശിച്ചാണ് ഞാൻ മുമ്പു ഒരുപ്രമേയം അവതരിപ്പിച്ചത്. എന്നാൽ ഭൂസ്വത്തു കുടികളിൽ ഏതാനും പേർ കൈവശപ്പെടുത്തിവച്ചിരിക്കുന്നതു കൈവശക്കാരുടെ കൈവശം തന്നെ ഇരുന്നുകൊള്ളട്ടെ. മററുള്ളവർക്കും കൊടുക്കേണ്ട എന്നു പതിനഞ്ചു മിനിട്ടിനു മുമ്പു പറയാമെങ്കിൽ സർക്കാരുദ്യോഗവും ഇപ്പോൾ ഇരിക്കുന്നവരുടെ കയ്യിൽ ഇരുന്നുകൊള്ളട്ടെ; അതായിരിക്കും ഭംഗി എന്നു തോന്നിപ്പോകുന്നു.

മി: പി. ഏസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): ഭൂസ്വത്തു വേറൊരാളിൻെറ കയ്യിലിരുന്നാൽ പണം കൊടുത്തെങ്കിലും മേടിക്കാമോ എന്നു അറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അറിയാം. ഭൂസ്വത്തുണ്ടെങ്കിലെ കരം പിരിക്കുന്നതിനും ഉദ്യോഗസ്ഥന്മാരും ആവശ്യമുള്ളു.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): ഭൂസ്വത്തും ഉദ്യോഗവും ഒരാളിൽ തന്നെ ഇരിക്കുന്നതു നല്ലതാണെന്നാണോ അഭിപ്രായപ്പെടുന്നതു?

മി: ആർ. രാമൻപിള്ള (കോട്ടയം): അതേ.

മി: മാത്യൂമുരിക്കൻ (വൈക്കം): അതുകൊണ്ടു ഇരിക്കുന്നവരെ എല്ലാം മാററി ആക്കണമെന്നാണോ പറയുന്നതു?

മി: ആർ. രാമൻപിള്ള (കോട്ടയം): എന്നു ഞാൻ പറഞ്ഞില്ല. മേയാൽ ഉള്ളകാര്യത്തെ സംബന്ധിച്ചു മാത്രമേ പറഞ്ഞുള്ളു. ഈ സംഗതി നിങ്ങൾ തന്നെ പറഞ്ഞുതന്നതാണ്. അങ്ങിനെ പറഞ്ഞു തന്നിട്ടും പഠിക്കാതിരിക്കുന്നതു നല്ലതല്ല. ഇന്ന സമുദായത്തിനു നിന്നേ നിയമിക്കാവൂ, ഇന്ന സമുദായത്തിനു നിന്നും നിയമിക്കാൻ പാടില്ല, എന്നു ഗവൺമെൻറിൽ നിന്നും ചട്ടമുണ്ടാക്കിയിട്ടില്ല. അതുകൊണ്ടു ഇന്നിരിക്കുന്ന ചട്ടം അനുസരിച്ചു ചെയ്താൽ മതി എന്നു എൻെറ സ്നേഹിതന്മാർ എന്നെ പഠിപ്പിച്ചതനുസരിച്ചാണ് പറയുന്നതു.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): ദേവസ്വവും റവന്യൂവും ഒന്നായിരുന്നപ്പോൾ റവന്യൂഡിപ്പാർട്ടുമെൻറിൽ ഇന്ന സമുദായത്തെ അല്ലെങ്കിൽ ഇന്ന ജാതിയെ മാത്രമേ നിയമിക്കാവൂ പാടുള്ളു എന്നു ചട്ടമുണ്ടായിരുന്നോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അതു ഭേദപ്പെടുത്തി, ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിത്തന്നതുകൊണ്ടാണ് ഞാൻ ഇപ്രകാരം പറയുന്നതു.

മി: മാത്യു മുരിക്കൻ(വൈക്കം): സർ, എന്റെ സ്നേഹിതൻ മി. കയ്യാലക്കാട്ടു അവതരിപ്പിച്ച ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് അല്പം പറയുന്നതിനാണ ഞാനും എഴുന്നേററു നിൽക്കുന്നതു. ഈ വിഷയം ഈ കൗൺസിലിൽ പലതവണയും വാദപ്രതിവാദം ചെയ്തിട്ടുള്ള ഒന്നാണ്. അതുകൊണ്ടും എടുത്തു പറയുന്നതിനു അല്പം പ്രയാസമുണ്ടു. എന്നാൽ, പല കാര്യങ്ങൾകൊണ്ടും, ഞാൻ ഈ വാദപ്രതിവാദത്തിൽ ചേരുന്നതിനു കടപ്പെട്ടവനാണു. ഗവൺമെന്റു സർവീസിൽ പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ നാനാപ്രകാരത്തിലുള്ള പ്രാതിനിധ്യം കൊടുക്കുന്നതിനെപ്പററിയുള്ള സംഗതി വാദവിഷയമായ ഒന്നേ അല്ല. കഴിഞ്ഞ ബഡ്ജററു വിമർശനാവസരത്തിലും ഈ വിഷയം ഈ കൗൺസിലിൽ വാദപ്രതിവാദം ചെയ്തിട്ടുള്ളതാണെന്നും സൗജന്യഭാവത്തിൽ അതിനെ അനുകൂലിച്ചു പറയുകയുണ്ടായെന്നും അതു ഇപ്പോൾ പിൻവലിക്കുന്നുവെന്നും, എന്റെ സ്നേഹിതൻ മി. രാമൻപിള്ള പറയുകയുണ്ടായി.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു എന്റെ ഒരു പ്രായമായിരുന്നു എന്നു ഞാൻ പറഞ്ഞു.

മി: മാത്യുമുരിക്കൻ (വൈക്കം): എങ്ങിനെ ആയാലും എനിക്കു അതേപ്പററി അധികം ഒന്നും പറയുവാനില്ല.

സർ, എന്നാൽ, വാദവിഷയത്തെ സംബന്ധിച്ചിടത്തോളം, ഈഴവ, ചില സമുദായങ്ങൾ ഉദാഹരണമായി ഈഴവർ, മുഹമ്മദിയർ, ക്രിസ്ത്യാനികൾ, പബ്ളിക്ക സർവീസിൽ വേണ്ടടത്തോളം പ്രാതിനിധ്യം കിട്ടാത്ത മററു ചില സമുദായങ്ങളും വാസ്തവത്തിൽ അനുഭവിക്കുന്ന കഷ്ടസങ്കടമാണ്. വേളാള സമുദായത്തിനും വേണ്ടിടത്തോളം പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നു എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമാൾപിള്ള പറയുകയുണ്ടായി. പബ്ളിക്ക് സർവീസിൽ ശരിയായ പ്രാതിനിധ്യമില്ലാത്ത എല്ലാ സമുദായങ്ങൾക്കും വേണ്ടിയാണ് ഞാൻ പറയുന്നതു്. ഈ വിഷയത്തെപ്പററി ഒഴിവുകളുണ്ടാകുമ്പോൾ നിയമനങ്ങൾ നടത്തുന്നതിനു സംസ്ഥാനത്തെ ററവും ഉയർന്നതായ 'ജുഡിഷ്യൽ ട്രിബ്യൂണൽ' (നീതിന്യായസമിതി) അതായതു, ഹൈക്കോടതി സ്വീകരിച്ചിട്ടുള്ള നയത്തെ ഉദാഹരണമായി ഞാൻ പ്രസ്താവിക്കാം. ഇപ്പോൾ ജോലിയിലിരിക്കുന്നവരുടെ സർവീസും മററവകാശങ്ങളും അവഗണിച്ചു എല്ലായ്പോഴും പ്രാതിനിധ്യമല്ലാത്ത സമുദായാംഗങ്ങളെ നിയമിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതായി എന്നെ ആരും തെററിദ്ധരിക്കരുതു. പ്രായോഗികമാക്കാവുന്നിടത്തോളം പ്രാരംഭനിയമനങ്ങളെയും പ്രത്യേക നിയമനങ്ങളേയും പററി മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളു.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കോറംകാവിൻ; കോറംകാവിൻ.

മി: മാത്യു മുരിക്കൻ (വൈക്കം): ഈ വിഷയം ഈ കൗൺസിലിൽ കൊണ്ടുവരുമ്പോഴൊക്കെയും, ഈ വിഷയത്തെപ്പററി വാദപ്രതിവാദം ചെയ്യുമ്പോഴൊക്കെയും ചില ആളുകൾ അതു അശ്രദ്ധയോടെ നോക്കിക്കൊണ്ടിരിക്കുകയും, അതിൽ കൂടുതൽ ശ്രദ്ധിക്കത്തക്കവണ്ണം അതു യാതൊരു സംഗതിയില്ലാത്ത വാദപ്രതിവാദമാണെന്നു വിചാരിക്കുന്നപോലെ തോന്നിക്കുകയും ചെയ്യുന്നവരുണ്ടെന്നുള്ളതാണ് എന്റെ അഭിപ്രായം. ജനങ്ങൾക്കു അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുമ്പോൾ അവർക്കു അതിനെപ്പററി പറയാതെ നിവൃത്തിയൊന്നുമില്ല.

കൂടാതെ, ഈ സന്ദർഭത്തിൽ കാര്യക്ഷമതയെപ്പററി സൂചിപ്പിക്കുകയും അതു സാമുദായികപ്രാതിനിധ്യത്തെ കണക്കാക്കുന്നതിന് പലപ്പോഴും വിരോധമാകുന്നുണ്ടെന്ന് പ്രതിപാദിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ സമുന്നതനായ പബ്ളിക് സർവീസ് കമ്മീഷനിലെ ഒരംഗമായ മി: റ്റി. രത്നസ്വാമി എം. ഏ. ബാരിസ്റ്റർ അററ്ലാ, എം. എൽ. ഏ. യുടെ അഭിപ്രായം ഉദ്ധരിക്കണമെന്നു വിചാരിക്കുന്നു:—

" ഈ അവകാശം ഉദ്ദ്യോഗം തേടുന്നതിനായി ഉപയോഗിക്കുക എന്നുള്ളതു, ആഫീസുകളിൽ പ്രത്യേകം കിട്ടുവാൻ അവകാശമുള്ളതിൽ കൂടുതലായി പ്രാതിനിധ്യം കിട്ടിയിട്ടുള്ള സമുദായാംഗങ്ങൾക്ക്, ഒരു പ്രതിവാദമാണ്. എന്നാൽ ഈ ഭരണമണ്ഡപങ്ങൾ അധികാരസ്ഥാനങ്ങളായിട്ടുള്ളതും, പബ്ളിക് ജീവിതത്തിൽ ഭരണം ഒരു നല്ലഭാഗം ഉൾപ്പെട്ടിരിക്കുന്നതും, രാഷ്ട്രീയമായ ഐക്യത പൂർത്തിയായി വന്നിട്ടില്ലാത്തതുമായ ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തിൽ, അവിടത്തെ എല്ലാ സമുദായങ്ങൾക്കും ശരിയായ പ്രാതിനിധ്യം കൊടുത്തില്ലെങ്കിൽ, ആ അധികാരം പെട്ടെന്നു അനാഥമാകുന്നതുമാണ്. തീർച്ചയായിട്ടും സാമുദായികപ്രാതിനിധ്യത്തിനുവേണ്ടി കാര്യക്ഷമത വേണ്ടെന്നുവയ്ക്കുവാൻ സാധിക്കുന്നതല്ല; എന്നാൽ ഭരണപരമായ കാര്യക്ഷമതയ്ക്കുവേണ്ടി തന്നെയാണ് ഈ അധികാരസ്ഥാനങ്ങൾ ഒരു രാജ്യത്തിലെ പല സമുദായങ്ങൾക്കു സമമായി അംശിച്ചുകൊടുക്കുന്നതിലേക്കു ഞാൻ വാദിക്കുന്നതു. എന്തെന്നാൽ കൂടുതൽ തൃപ്തികരമായ ഒരു ഡിപ്പാർട്ടുമെന്റുഭരണത്തിനു തമ്മിൽതമ്മിൽ മത്സരവും പ്രതിബന്ധവും ഉള്ളവരായ ഭിന്നസമുദായങ്ങളെക്കൊണ്ടു നിറഞ്ഞിട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റു ഭരണത്തോളം ആ ഡിപ്പാർട്ടുമെന്റു ഭരണകാര്യക്ഷമതയെ വിജയകരമാക്കുന്നതിനു മററു യാതൊന്നുമില്ല. ഒരു സമുദായത്തെ ഒരു രാജ്യത്തോടു ഘടിപ്പിക്കുന്നതിനു അതിനു ഭരണവിഷയത്തിലൊരംശം നൽകുന്നിടത്തോളം ഉതകിയതായി മററൊന്നുമില്ല.

സർ, അദ്ദേഹം പറയുന്നതിൽനിന്നും രണ്ടു സംഗതികൾ നമുക്കു പര്യാലോചിക്കേണ്ടതായുണ്ട്. കാര്യക്ഷമത തീർച്ചയായിട്ടും ഒരു മഹത്തായ പദമാണ്. ജോലി പരിചയമില്ലാത്ത ഒരാളേയോ ഒരു സ്ഥാനത്തിനർഹനല്ലാത്ത ഒരാളെയോ നിയമിക്കണമെന്നു ആരും പറയുന്നില്ല. സർവകലാശാലാ ബിരുദങ്ങൾകൊണ്ടോ പരീക്ഷായോഗ്യതകൾകൊണ്ടോമാത്രം കാര്യക്ഷമത ഉണ്ടാകുന്നില്ല. സർവകലാശാലാ ബിരുദങ്ങളോടുകൂടി മററു യോഗ്യതകളും ആലോചിക്കേണ്ടതുണ്ട്; ഒരാപ്പീസിൽ പല സമുദായങ്ങളേയും പ്രതിനിധീകരിക്കുകയാണെങ്കിൽ കണിശമായിട്ടും ഓരോ സമുദായാംഗത്തിനും മററൊരുവനിൽ ഒരു സ്വാധീനത വരുത്തുവാൻ സാധിക്കും. പബ്ളിക് സർവീസിൽ ന്യായമായ പ്രാതിനിധ്യത്തിനു വിരോധമായ ഒരു ചാർജിനോടു കാര്യക്ഷമതക്കു ഭീഷണിയും തള്ളിക്കളവാൻ സാധിക്കുകയില്ലെന്നു കാണിക്കുന്നതിനു അതു ഒരു മതിയായ തെളിവാണ്. നേരേമറിച്ചു അതു കാര്യക്ഷമതയെ വർദ്ധിപ്പിക്കുന്നതാണ്.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കോറംകാവിൻ കോറംകാവിൻ.

മി: മാത്യുമുരിക്കൻ (വൈക്കം): മി: രാഘവയ്യായുടെ കാലം മുതൽക്കുള്ള ഭരണകർത്താക്കന്മാർ ഈ വിഷയത്തെപ്പററി പരിചിന്തനം ചെയ്തു തുടങ്ങിയതാണെന്ന് കൗൺസിൽ നടപടികളിൽനിന്നും നാം അറിയുന്നുണ്ട്. മി: രാഘവയ്യാ ഈ വിഷയത്തെപ്പററി ആലോചിക്കുന്നതാണെന്നു വാഗ്ദത്തം ചെയ്തിട്ടുള്ളതും പല ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും അദ്ദേഹം ഉത്തരവുകൾ അയച്ചിട്ടുള്ളതും ആണ്. ഈ വിഷയത്തെപ്പററി ആലോചിക്കേണ്ട ആവശ്യകത മനസ്സിലാക്കിയിട്ടുണ്ടെന്നു മി. വാട്ട്സും പറയുകയുണ്ടായി. അവിടത്തെ ഭരണത്തിനിടക്കും കഴിഞ്ഞ ബഡ്ജററു വാദപ്രതിവാദത്തിൽ ഈ കാര്യം ഗവൺമെന്റിന്റെ ഗാഢമായ ശ്രദ്ധ

യിൽ ഇരിക്കുകയാണെന്നു പറഞ്ഞു. ആ പ്രവൃത്തിരൂപത്തിൽ വരുന്നതാണതുകൊണ്ടാണ് വാസ്തവത്തിൽ ഈ വിഷയം ഇവിടെ ആവർത്തിച്ചു വാദപ്രതിവാദം ചെയ്യേണ്ടി വന്നത്. രാജ്യത്തിലെ ഏറ്റവും ഉയർന്ന 'നീതിന്യായസമിതി'യായ ഹൈക്കോടതി അംഗീകരിച്ചിട്ടുള്ള സമ്പ്രദായം ലാൻഡ് റവന്യൂ കമ്മീഷണർ ശ്രദ്ധിച്ചു നോക്കുകപോലും ചെയ്തിട്ടില്ലാത്തതുകൊണ്ടാണ്, നമ്മൾ ബഡ്ജററു വാദപ്രതിവാദം ചെയ്യുമ്പോൾ ഈ വിഷയം മി: കുര്യാക്കോസു അവതരിപ്പിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഹൈക്കോടതി അംഗീകരിച്ചിട്ടുള്ള പ്രവർത്തനമാണോ മെമ്പർ തൃപ്തിപ്പെടുന്നതാണോ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ.

മി: മാത്യു മുരിക്കൻ (വൈക്കം): ഹൈക്കോടതി ഒരു ശ്രമം ചെയ്തു വരുന്നുണ്ട്. അതു ദൃഷ്ടാന്തമായി എടുക്കാവുന്നതാണ്. ആ ചോദ്യത്തിനു മറുപടി പറയുന്നതിനുമ്പായി ഒരു തീരുമാനം പറയുന്നതിനു എനിക്കു കുറെ സമയം ആവശ്യമുണ്ട്. ഏതെങ്കിലും വാഗ്ദത്തങ്ങൾ നൽകിയിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ള ഒരു അഭിപ്രായം. എന്നാൽ ഈ വാഗ്ദത്തങ്ങൾ കാര്യപ്രാപ്തിയിൽ വന്നിട്ടില്ല. ഈ വിഷയത്തെ വ്യവച്ഛേദിച്ചു എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കുന്നതിനു ഗവൺമെന്റു കാര്യമായ ഒരു ശ്രമം ചെയ്യട്ടെ. ഹൈക്കോടതി സ്വീകരിച്ചിട്ടുള്ള നയം ദൃഷ്ടാന്തമായി എടുക്കുകയാണെങ്കിൽ ഗവൺമെന്റിനു, അതുകൊണ്ടു ഞാൻ തൃപ്തിപ്പെടുന്നതാണ്. അതു ഒരു മാതൃകയായി അംഗീകരിക്കട്ടെ. ചട്ടങ്ങൾ ഉണ്ടാകട്ടെ, എന്തെങ്കിലും പ്രതിവിധി കണ്ടുപിടിക്കട്ടെ. അങ്ങനെ ഈ രോദനം അവസാനിപ്പിക്കട്ടെ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഹൈക്കോടതി അംഗീകരിച്ചിട്ടുള്ള പ്രവൃത്തി മുറ, ഒരു ശ്രദ്ധാപരമായ മാർഗ്ഗമായിട്ടെങ്കിലും സ്വീകരിക്കുമോ എന്നു മെമ്പർ എന്നോടു പറയുമോ?

മി: മാത്യു മുരിക്കൻ (വൈക്കം): അതു ഞാൻ ആലോചിച്ചിട്ടുപോലുമില്ലാത്ത ഒരു വലിയ പദ്ധതിയാണ്. ഈ വിഷയത്തെ സംബന്ധിച്ചു പല ഭാഗങ്ങൾ ഉണ്ട്. ഞാൻ ഇതുപോലുള്ള ഒരു 'കട്ട്മോഷൻ' വാദപ്രതിവാദം ചെയ്യുമ്പോൾ അപ്രകാരം മഹത്വമേറിയ ഒരു ചോദ്യത്തിനു മറുപടി പറയുക എന്നതു എന്റെ മേൽ അന്യായമായിട്ടുള്ളതാണ്. ഞാൻ പറഞ്ഞതുപോലെ ഈ പ്രശ്നത്തെപ്പററി ലാൻഡ് റവന്യൂ കമ്മീഷണർ അല്പംപോലും ചിന്തിച്ചിട്ടില്ല. അനവധി പാർവ്വത്യകാരന്മാരുള്ളതിൽ നാലുപേർ മാത്രമെ ക്രിസ്ത്യാനികൾ ഉള്ളുവെന്നും മഹമ്മദീയരൊരുത്തരുമില്ലെന്നും എന്റെ സ്നേഹിതൻ മി. പി. എസ്സ്. മേനോൻ പറയുകയുണ്ടായി. അക്കൗണ്ടന്മാരായി മഹമ്മദീയരാരുമില്ല. അധഃകൃതരിൽ നിന്നും ഒരു ഗ്രാഡ്വേററിനെ അല്ലെങ്കിൽ സബ്ടെസ്റ്റ് പാസ്സായിട്ടുള്ള ഒരാളെ കൊണ്ടുവരുവാൻ സാധിക്കുമോ എന്നും മി: റാബിൻസൺ മി: മാധവനോടു ചോദിക്കുകയുണ്ടായി. സർ, കൊള്ളാം. പാർവ്വത്യകാരന്മാരുടെയും അക്കൗണ്ടന്മാരുടെയും സ്ഥാനങ്ങൾക്കു യോഗ്യതയുള്ള നൂറിൽപരം ആളുകളെ എനിക്കു കൊണ്ടുവരുവാൻ സാധിക്കുമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): മി. മുരിക്കൻ നൂറിൽപരം യോഗ്യതയുള്ളവരെ ചൂണ്ടിക്കാണിക്കുന്നു, സർ, അവർ ഏതു സമുദായത്തിൽ പെട്ടവരാണെന്നു എന്നെ അറിയിക്കാമോ?

മി: മാത്യു മുരിക്കൻ (വൈക്കം). സർ, മി: റാബിൻസൺ ഇടനാഴിയിൽ പിന്നീടു അദ്ദേഹത്തോടു സംസാരിക്കുവാൻ നിയമനിർമ്മാണസഭ ചട്ടം അനുവദിക്കുമോ എന്നു എനിക്കറിവില്ല. സർ, സെക്കണ്ടറിസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റു പരീക്ഷ പാസ്സായ ഒരു പുലയ യുവാവിനെ അദ്ദേഹത്തിന്റെ അടുക്കൽ അയയ്ക്കുകയുണ്ടായി. എന്നാൽ അയാൾ നിരാശയോടുകൂടി മടങ്ങുകയാണു ചെയ്തതു.

മി. എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ആ യുവാവിനു അക്കൗണ്ടന്റു സ്ഥാനത്തേക്കു ആവശ്യമായ യോഗ്യത, അതായതു, അക്കൗണ്ടൻസി ട്രെയിനിംഗ് പാസായിട്ടുണ്ടോ എന്നും ഡെമണിവയ്ക്കുവാൻ തയാറായിരുന്നുവോ എന്നും എന്നോടു പറയുമോ?

മി: മാത്യുമുരിക്കൻ (വൈക്കം): അയാൾ സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കേറ്റു പരീക്ഷ പാസ്സായിട്ടുണ്ട്. അയാൾ ഒരു അക്കൗണ്ടന്റു ജോലിക്കു അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അയാൾ മഹാരാജാവു തിരുമനസ്സിലെ ഒരു പ്രജയാണെന്നുള്ളതു ഒരു അയോഗ്യതയല്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഏതു ജോലിക്കാണു അപേക്ഷിച്ചിട്ടുണ്ടായിരുന്നതു?

മി: മാത്യുമുരിക്കൻ (വൈക്കം): അയാൾ ഒരു ക്ലാർക്കിന്റെ സ്ഥാനമാണു ആവശ്യപ്പെട്ടിട്ടുള്ളതു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അയാൾക്കു അതു കിട്ടിയില്ലയോ?

മി: മാത്യുമുരിക്കൻ (വൈക്കം): ഇല്ല. അയാൾക്കു അതു കിട്ടിയില്ല. അതാണു ദയനീയമായിട്ടുള്ളതു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അയാൾ ഇപ്പോൾ എവിടെയാണ്?

മി: മാത്യുമുരിക്കൻ (വൈക്കം): മി: റാബിൻസൺ അയാളെ കാണണമെന്നു ആവശ്യപ്പെടുന്നുവെങ്കിൽ ഞാൻ അയാളെ അയച്ചുതരാം. പാർവ്വത്യകാരന്മാരെപ്പററി അത്രയേ പറയുന്നുള്ളു.

ഇനി മേലുദ്യോഗസ്ഥന്മാരെപ്പററി ഒന്നു രണ്ടു അഭിപ്രായങ്ങൾ പറഞ്ഞു അവസാനിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. തഹസീൽദാരന്മാരുടെ കൂട്ടത്തിൽ ഈ അധഃകൃതസമുദായങ്ങൾക്കു പ്രാതിനിധ്യം ലഭിച്ചിട്ടില്ല. അവരിൽ നിന്നും ഒരു ഡിവിഷൻ അസിസ്റ്റന്റോ, ഒരു ദിവാൻ പേഷ്കാരോ ഇല്ല. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ ഇതെപ്പററി അനേകം പ്രാവശ്യം ഈ യോഗത്തിൽ മാത്രമല്ല, കൗൺസിലിന്റെ എല്ലാ യോഗങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗാനത്തിന്റെ പല്ലവി എന്നും അതാണ്. ഈ സ്ഥാനങ്ങളിൽ അപ്രാപ്തന്മാരെ നിയമിക്കണമെന്നു ഞാൻ പറയുന്നില്ല. ഗവൺമെന്റു വേണ്ട അന്വേഷണം നടത്തിയശേഷം തൽസ്ഥാനത്തേക്കു യോഗ്യനായ ഒരാൾ ഇല്ലെന്നു കാണുകയാണെങ്കിൽ എനിക്കു പൂർണ്ണതൃപ്തിയാണ്. ഈ കാര്യങ്ങൾ ആലോചിച്ചതിനുശേഷം ഒരു ദിവാൻ പേഷ്കാരെയോ, ഒരു തഹസിൽദാരെയോ എങ്കിലും ഈ സമുദായങ്ങളിൽനിന്നും ഗവൺമെന്റിനു നിയമിക്കുവാൻ കഴിയുമോ എന്നു നോക്കട്ടെ. അതു വളരെ പ്രാധാന്യമായ ഒരു കാര്യമായതുകൊണ്ടു, ഇതു കഴിയുന്നിടത്തോളം വിശദമായി വാദിക്കേണ്ടതാണെന്നു ഞാൻ -

ഉദ്ദേശിക്കുന്നു. ഇതു യഥാർത്ഥമായി ഉണ്ടാകുന്ന ഒരു സങ്കടമാണ്; അതിലേക്ക ഒരു പ്രതിവിധി കണ്ടുപിടിക്കുന്നതു ഈ കൌൺസിലിനും, ഈ ഭരണത്തിനും ഒരു വലിയ വിജയമായിരിക്കുന്നതാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഗവമ്മെണ്ടുഭാഗത്തു നിന്നുള്ള അഭിപ്രായവും അറിഞ്ഞാൽ കൊള്ളാമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകം ടാക്സും കമ്മീഷണർ): സർ, ഈ സാമുദായികപ്രാതിനിധ്യപ്രശ്നം "മനഃപൂർവമായി ആരുണ്ടാക്കിത്തീർത്തതോ ആരാൽ കൊണ്ടുവരാവുന്ന ഒരു കാര്യമാണ്". അതു ആരുണ്ടാക്കിയതോ ഉണ്ടായിരിക്കുന്നതല്ല, വാസ്തവത്തിൽ അതു ആരുണ്ടാക്കാതെ ഉണ്ടായിക്കൊണ്ടിരിക്കും. ഞങ്ങൾ, എന്തെല്ലാം ചെയ്യുന്നുവോ, എന്തെല്ലാം ചെയ്തിട്ടുണ്ടോ അതുകൊണ്ടൊന്നും മതിയായ തൃപ്തി ഉണ്ടാകുകയില്ലെന്നു എനിക്കു തീർച്ചയായും അറിയാം. അതേപ്പററി എപ്പോഴും ആവലാതികൾ ഉണ്ടാകും. അതു ചുവടില്ലാത്ത ഒരു കുഴി നികത്തുവാൻ ശ്രമിക്കുന്നപോലെയാണ്. എത്രമാത്രം മണ്ണു നിങ്ങളെടുത്തിട്ടാലും ആ കുഴി നികത്തുവാൻ നിങ്ങൾക്കു സാധ്യമല്ല. സാമുദായികപ്രാതിനിധ്യകാര്യത്തിലും അനുഭവം അതുതന്നെയാണ്.

ആദ്യമായിപ്പറയുന്നതു ഒഴിവുകളുണ്ടാകുമ്പോൾ അവിടെ ആളുകളെ നിയമിക്കാൻ മാത്രം സാധിക്കുമെന്നുള്ളതാണ്. പരീക്ഷായോഗ്യതകൾ തുല്യമായിരിക്കെ, പ്രാതിനിധ്യമില്ലാത്ത സമുദായാംഗങ്ങൾക്കു പ്രാരംഭനിയമനങ്ങളിൽ കൂടുതൽ ആനുകൂല്യം നൽകണമെന്നു നിയമമുണ്ട്. അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു ഞങ്ങൾ കഴിയുന്നതു പ്രയത്നിച്ചുവരുന്ന ഒരു നയമാണ്. അതുകൊണ്ടു സ്റ്റേറ്റ് സർവീസിൽ പ്രാതിനിധ്യം കിട്ടിയിട്ടുള്ള സമുദായങ്ങളെ കൊല്ലംതോറും ഒഴിവാക്കണമെന്നു അർത്ഥമില്ല. അവരുടെ അവകാശങ്ങളും ആലോചിക്കേണ്ടതുണ്ട്. പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു പ്രത്യേകാനുകൂല്യം നൽകുന്നുണ്ട്.

സർ, ഇപ്പോൾ ആദ്യമായി മി: മാധവൻെറ അഭിപ്രായത്തെപ്പററി പറയുന്നതിനു ശ്രമിക്കുകയാണ്. എൻെറ ആഫീസിൽ ക്ലാർക്കുകളായി നിയമിക്കാവുന്ന ഏതെങ്കിലും ഗ്രാഡ്യുവേറുകളുടെ പേരുകൾ എന്നോടു പറയുവാൻ സാധിക്കുമോ എന്നു ഞാൻ മി: മാധവനോടു ചോദിച്ചു. അതു അദ്ദേഹത്തിനു സാധ്യമല്ലായിരുന്നു. ഞാൻ രക്ഷാസൈന്യക്കാർക്ക് എഴുതിയിരുന്നു; അവർക്കും ഏതെങ്കിലും ഗ്രാഡ്യുവേററിൻെറ പേർ തരുവാൻ സാധിച്ചില്ല. തിരുവനന്തപുരം ദിവാൻപേഷ്കാരുടെ ആഫീസിൽ അദ്ദേഹം ഒരു സാംബവരെ നിയമിച്ചിട്ടുണ്ട്. അവരെ ഞങ്ങൾ നിയമിക്കാത്തതുകൊണ്ടല്ല; പരീക്ഷായോഗ്യതകളോടുകൂടി ആവശ്യമുള്ളവരെ കിട്ടുവാൻ കഴിവില്ല എന്നുള്ളതാണു വിഷമം. ഉയന്ന സ്ഥാനങ്ങൾ നൽകുന്നതിനു ഈ ഗ്രാഡ്യുവേററുകളെ ഞങ്ങൾ എല്ലായിടവും അന്വേഷിച്ചിട്ടു അവരെ കിട്ടുന്നില്ല. പുനലൂരിലെ തഹസിൽദാർ ഒരു പുലയനെ നിയമിച്ചുവെന്നു എനിക്കറിയാം. എന്നാൽ സർവീസിൽ പ്രവേശിച്ചശേഷം, അധികം സ്വാതന്ത്ര്യമായ കൃഷിത്തൊഴിൽകൊണ്ടു കൂടുതൽ തുക ലഭിക്കുമെന്നു പറഞ്ഞു അയാൾ ജോലിവിട്ടു മററുപാടെയോ പോയി. ഞങ്ങൾ പകുതികച്ചേരികളിൽ ആളുകളെ നിയമിച്ചാൽ പ്രതിമാസം കിട്ടുന്ന ശമ്പളം, അവർക്കു പ്രതിദിനം ആഫീസിൽ പോകേണ്ടിയിരിക്കുന്നതുകൊണ്ടു, അവരതു കാര്യമായി ഗണിക്കുന്നില്ല. മി: മാധവൻ എൻെറ അടുക്കൽ ഒരാളെ അയക്കുകയും, അയാളെ എൻെറ ആഫീസിൽ നിയമിക്കുകയുംചെയ്തു. സർവീസിൽ ആദ്യം പ്രവേശിച്ചദിവസം അയാൾ ഒരു മാസത്തെ ശമ്പളം മുൻകൂർ ആവശ്യപ്പെട്ടു. അതു ചട്ടവിരുദ്ധമാണെന്നും, അതു അക്കൌണ്ടാഫീസിൽ പാസ്സാക്കി കിട്ടുകയില്ലെന്നും ഞാൻ അയാളോടു പറഞ്ഞു. അടുത്ത ദിവസം, അത്യാവശ്യമായി അയക്കേണ്ട ഒരു കത്തു അയാളെ ഏല്പിച്ചു. അതു ഒരു ശനിയാഴ്ചയായിരുന്നു, അടുത്ത തിങ്കളാഴ്ചവരെ അയാൾ അതു അയച്ചില്ല. അയാൾ ഒരു പുലയനായതുകൊണ്ടു അയാളെ ഇപ്പോഴും എൻെറ ആഫീസിൽ വച്ചുകൊണ്ടിരിക്കുന്നുണ്ട്. അനേകം തഹസിൽദാരന്മാർ ഈ സമുദായങ്ങളിൽനിന്നും ആളുകളെ നിയമിച്ചിട്ടുണ്ട്. പക്ഷെ, അവർ ജോലിചെയ്യുകയില്ല. എനിക്കുതന്നെ എൻെറ തോട്ടങ്ങളിൽ, ജോലിചെയ്യുന്ന രണ്ടു പുലയരുണ്ട്. അവർക്കു ദിനംപ്രതി ഒ ച. ൦, വ്യ—, അണ വീതം കൊടുക്കുന്നുണ്ട്. ഞാൻ അവരെ ശിപായികളായി നിയമിക്കാമെന്നു പറഞ്ഞു, എന്നാൽ അവർക്കുവേണ്ട. അക്കൌണ്ടൻറു സ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ഒരാൾ സഭവ്ടെസ്റ്റ് പാസായിരിക്കണമെന്നും ൨ ൦ ൦ രൂപാ ഡെപ്പോസിറ്റു വെക്കണമെന്നും ഗവമ്മെൻറു നിയമങ്ങളുണ്ട്. ഈ യോഗ്യതകളുള്ളവരായ അധഃകൃതവർഗ്ഗാംഗങ്ങളെ കണ്ടുപിടിക്കുന്നതിനു എളുപ്പമല്ല. അവരെ കണ്ടുപിടിക്കുന്നതിനാണു ഞങ്ങളുടെ വിഷമം; അവരെ നിയമിക്കുകയില്ല എന്നുള്ളതല്ല.

മി: കെ. മാധവൻ (ഗവമ്മെൻറു നിയമനം): എട്ടു രൂപാ റേഞ്ചിയിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള ഡിസ്പെൻസറിയിൽ ഇവിടെനിന്നും ഒരു പയ്യനെ പ്യൂണായി നിയമിച്ചിട്ടുണ്ട്. ഇനിയും എട്ടോമ്പതു ആളുകളെ അയക്കുവാൻ കഴിയും. എട്ടു രൂപാ ശമ്പളമുള്ള ഉദ്യോഗത്തിൽ നിയമിച്ചാൽ മതിയാകും.

മി: എസ്സ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകം ടാക്സും കമ്മീഷണർ). അവരുടെ പേരുകൾ മി: മാധവൻ എനിക്കു തരുന്നവെങ്കിൽ അവരെ തഹസിൽദാരന്മാരുടെ അടുക്കൽ അയച്ചു നിയമിപ്പിക്കാവുന്നതാണ്. എന്നാൽ, എവിടെ അയച്ചാലും അവർ പോകുവാൻ തയ്യാറുള്ളവരായിരിക്കണം. അവർ ഇഷ്ടപ്പെടുന്ന തിരുവനന്തപുരത്തോ, മററു സ്ഥലങ്ങളിലോ അവർക്കു പ്രത്യേകസ്ഥാനങ്ങൾ ഉണ്ടാക്കുവാൻ എനിക്കു സാധ്യമല്ല, അവരെ എവിടെ നിയമിക്കുന്നുവോ അവിടെ പോകണം. ഈ ആളുകൾക്കു അത്രവലിയ സൌജന്യങ്ങൾ നൽകാൻ നമുക്കു സാധിക്കുന്നതല്ല.

മി: കെ. മാധവൻ (ഗവമ്മെൻറു നിയമനം): ഇവിടെനിന്നും ശുപാർശചെയ്തു കമ്മീഷണരുടെ അടുക്കൽ അയച്ചതായ സ്കൂൾഫൈനൽ പരീക്ഷാവിജയികളായ ഒരാൾക്കു ഇതിയും ഉദ്യോഗം കിട്ടിയിട്ടില്ല.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറു റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : ആ സംഗതി ഞാനിപ്പോൾ ഓർക്കുന്നില്ല. അതേപ്പററി ഞാൻ പിന്നീടു അന്വേഷണം നടത്താം.

സെർവീസിൽ മഹമ്മദീയരുടെ കുറവിനെപ്പററി മി. പി. എസ്. മഹമ്മദ് പരാതി പറയുകയുണ്ടായി. ഞങ്ങളുടെ ഡിപ്പാർട്ടുമെൻറിൽ ഒഴിവുകൾ വളരെ കുറച്ചു മാത്രമേ ഉണ്ടാകുന്നുള്ളു. എല്ലാ സമുദായക്കാരേയും തൃപ്തിപ്പെടുത്തുകയും വേണം. ഈ ഡിപ്പാർട്ടുമെൻറിൽ ൪ ൦ മഹമ്മദീയരെ നിയമിച്ചിട്ടുണ്ട്; അതെനിക്കറിയാം. അവരിപ്പോൾ അക്കൌണ്ടന്മാർ, ക്ലാർക്കന്മാർ, റവന്യൂ സൂപ്രവൈസറന്മാർ എന്നിവരുടെ സ്ഥാനങ്ങളിലാണ്. കൂടാതെ കുറെ പാർവത്യകാരന്മാരും, ഒന്നോ രണ്ടോ പ്യൂൺമാരും ഉണ്ടെന്നു തോന്നുന്നു. ഒരു പാർവത്യകാരനാകുന്നതിന് അക്കൌണ്ടൻറായിരുന്നിരിക്കേണ്ടതു ആവശ്യമാണ്. അയാൾക്കു ഒററ ചാട്ടത്തിനു ഒരു പാർവത്യകാരനാകുന്നതു് സാധ്യമല്ല തന്നെ.

സെർവീസിൽ റോമൻ്കത്തോലിക്കർ കുറവാണെന്നുള്ളതിനെപ്പററി മി. ഇട്ടൂപ്പ് ഇട്ടീച്ചൻ പരാതി പറഞ്ഞുകൊണ്ടിരുന്നു. അവിടേയും ഞങ്ങൾ കഴിയുന്നതു ചെയ്യുന്നുണ്ട്. ഞങ്ങൾക്ക് ഒരു സമുദായം മാത്രം നോക്കിയാൽ പോരാ എല്ലാ സമുദായക്കാർക്കും പ്രാദേശികം നൽകേണ്ട ഭാരം ഞങ്ങൾക്കുണ്ട്. പല സമുദായങ്ങളിൽ നിന്നും ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരിൽ പതിനൊന്നു ക്ലാർക്കന്മാർക്കുള്ള്, അക്കൗണ്ടന്മാർ, ഒരു പാർവത്യകാർ ഇത്രയും പേർ റോമൻ കത്തോലിക്കരാണെന്നു എനിക്കറിവുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും): സാമുദായിക പ്രാതിനിധ്യത്തിൻെറ പേരിൽ ലാൻറ് റവന്യൂ വകുപ്പിലേക്ക് ഡിവിഷൻ അസിസ്റ്റൻറന്മാരായും ദിവാൻ പേഷ്കാരന്മാരായും മററു വകുപ്പുകളിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ടോ?

മി: സ്. എസി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : എനിക്ക ചോദ്യം മനസ്സിലായില്ല.

പ്രസിഡൻറ്: മി: പിറവിപെരുമാൾപിള്ള! ആ ചോദ്യം ഒരിക്കൽ കൂടി ചോദിക്കുക.

മി: എസ്. പിറവിപെരുമാൾപിള്ള (തെക്കൻ വാണിജ്യവും വ്യവസായവും) : സാമുദായിക പ്രാതിനിധ്യത്തിൻെറ പേരിൽ ലാൻറ് റവന്യൂ വകുപ്പിലേക്ക് ഡിവിഷൻ അസിസ്റ്റൻറന്മാരായും ദിവാൻ പേഷ്കാരന്മാരായും മററു വകുപ്പുകളിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ, സ്ഥലം മാററിയിട്ടുണ്ടോ, കയററം ചെയ്തിട്ടുണ്ടോ എന്നു എനിക്കറിവില്ല. മി. മാധവൻ ഈ വകുപ്പിൽ കടന്നു കൂടിയ കാര്യവും ഇപ്പോൾ ഒരു ദിവാൻ പേഷ്കാരുടെ സ്ഥാനത്ത് ഇരിക്കുന്നകാര്യവും എല്ലാവർക്കും അറിവുള്ളതാണ്. സെക്രിട്ടേറിയേററിൽ നിന്നും അക്കൗണ്ടാഫീസിൽനിന്നും ക്രിസ്ത്യാനികളും മററു സമുദായക്കാരുമായ പലരേയും മജിസ്ട്രേററന്മാരുടേയും തഹസിൽദാരന്മാരുടേയും സ്ഥാനങ്ങളിലേക്ക എടുത്തിട്ടുള്ളതായിട്ടും നാം കാണുന്നുണ്ട്.

മി: മാത്യൂമുരിക്കൻ (വൈക്കം): മി. റാബിൻസൺ ദയവുചെയ്ത് കുറച്ചുകൂടി ഉച്ചത്തിൽ സംസാരിക്കുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സ് കമ്മീഷണർ) : ഇക്കാര്യത്തിൽ ഗവണ്മെൻറിന് കഴിയുന്നതു ചെയ്യുന്നതിനു പുറമേ, ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നവരോട് അന്യായം കാണിക്കാതെ എല്ലാ സമുദായക്കാരേയും തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഈ ഉയന്ന സ്ഥാനങ്ങളിലുള്ള നിയമനങ്ങൾ നടത്തുമ്പോൾ ജോലിയിൽ ഇരിക്കുന്നവരുടെ അവകാശങ്ങളെപ്പററി ഗവണ്മെൻറിന് ആലോചിക്കേണ്ടതുണ്ട്. ഒരു ഡിവിഷൻ അസിസ്റ്റൻറിൻേറയോ, ഒരു ഡിവിഷൻ പേഷ്കാരുടേയോ നിയമന കാര്യത്തിൽ ഏതെങ്കിലും ഒരാളെ അവിടെ പ്രതിഷ്ഠിച്ചാൽ മാത്രം പോരാ, അയാളുടെ എല്ലാ വശങ്ങളെപ്പററിയും ആലോചിക്കേണ്ടതുണ്ട്. അത് തീരുമാനിക്കുവാൻ വളരെ വിഷമമേറിയ ഒരു പ്രമേയമാണ്. ഗവണ്മെൻറിന് കഴിയുന്നതെല്ലാം അതു ചെയ്യുന്നുണ്ടെന്ന് എനിക്ക് സഭയോട് ഉറപ്പുപറയാം. ഒരിക്കലും തൃപ്തികരമായ ഒരുപ്രതിവിധി കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു പ്രമേയമാണ് അത്. ബ്രിട്ടീഷ് ഇന്ത്യയിലും മററുസ്ഥലങ്ങളിലും ഇതിനായി പരിശ്രമിച്ചിട്ടുണ്ട്. ഇപ്പോഴത്തെപ്പോലെ തന്നെ ഇടന്നു പോകുക മാത്രമേ നമുക്ക സാധിക്കുകയുള്ളുവെന്നാണ് ഞാൻ വിചാരിക്കുന്നത്. ഞങ്ങൾ എന്തൊക്കെ ചെയ്താലും ജനങ്ങൾക്ക് തൃപ്തിയാകുകയില്ല. അവർ മുറുമുറുത്തുകൊണ്ട് തന്നെ ഇരിക്കും. ഇപ്പോഴത്തെക്കാൾ കൂടുതലായി എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ എന്ന് എനിക്കറിവില്ല. ദിവാൻ പേഷ്കാരന്മാർ കത്തോലിക്കാ ക്രിസ്ത്യാനികളിൽ നിന്നും ൮ പേരെ ക്ലാർക്കന്മാരായും ൭ പേരെ അക്കൗണ്ടന്മാരായും ൭ പേരെ പ്യൂൺമാരായും നിയമിച്ചിട്ടുണ്ട്. അതു പോലെ, അവർ, ഈഴവർ തുടങ്ങിയ മററു സമുദായക്കാരേയും നിയമിച്ചിട്ടുണ്ട്. കൊല്ലം പേഷ്കാരുടെ കീഴിലുള്ള ആഫീസുകളിൽ ഈഴവരിൽ നിന്നും പല അപേക്ഷകന്മാരേയും അതുപോലെയുള്ള മററു സമുദായക്കാരേയും നിയമിച്ചിട്ടുണ്ട്. കൊല്ലം പേഷ്കാർ നടത്തിയ നിയമനങ്ങളുടെ വിവരങ്ങളടങ്ങിയ ഒരു പട്ടിക ഞാൻ എടുത്തിട്ടുണ്ട്. നിയമിച്ചിട്ടുള്ള എല്ലാ സമുദായാംഗങ്ങളുടേയും ഒരു ലിസ്റ്റ് ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ ദിവാൻ പേഷ്കാർ ഒരു പാർവത്യകാരേയും, ൭ അക്കൗണ്ടന്മാരേയും കുറെ ക്ലാർക്കന്മാരേയും നിയമിച്ചിട്ടുണ്ട്. അതുപോലെ തന്നെ, കൊല്ലം ഡിവിഷനിലും അവിടത്തെ പേഷ്കാർ പ്രാതിനിധ്യമില്ലാത്ത സമുദായക്കാരെ നിയമിച്ചിട്ടുണ്ട്. ഈ പറഞ്ഞ എല്ലാ സമുദായങ്ങളിൽ നിന്നും ആളുകളെ നിയമിക്കാൻ ഞങ്ങൾക്ക് ശ്രമിക്കുന്നുണ്ട്; ഇതിൽ കൂടുതലൊന്നും ചെയ്യുവാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നിട്ടും, ജനങ്ങളെപ്പോഴും സാമുദായിക പ്രാതിനിധ്യത്തെപ്പററി പിറുപിറുത്തുകൊണ്ടിരിക്കുകയാണ്. ഇതിൽ കൂടുതലായി ഒന്നും ചെയ്യാൻ സാധ്യമല്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ഡിപ്പാർട്ടുമെൻറിൽ മററു സമുദായങ്ങളിലുള്ള അവകാശികൾക്ക ജോലി കൊടുത്തു കൂടെന്നു കാണിച്ചു ലാൻറ് റവന്യൂ കമ്മീഷണർ എന്തെങ്കിലും സർക്കുലർ അയച്ചിട്ടുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : ഞാൻ എന്നും പറഞ്ഞിട്ടുള്ളത് പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളോട് കൂടുതൽ ആനുകൂല്യം കാണിക്കണമെന്നും, പ്രാതിനിധ്യമുള്ള സമുദായങ്ങളിൽ നിന്നും അത്രവളരെ നിയമനങ്ങൾ നടത്തേണ്ടതില്ലെന്നുമാണ് അതാണ് പറഞ്ഞതിൻെറ ചുരുക്കം.

മി: എ. താണുപിള്ള (തിരുവനന്തപുരം) : വേണ്ടുവോളം പ്രാതിനിധ്യമുള്ള സമുദായാംഗങ്ങളെ എത്ര എങ്കിലും ക്ലിപ്തകാലത്തേക്ക് ഡിപ്പാർട്ടുമെൻറിൽ നിയമിച്ചു കൂടെന്നാണോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : അവരെ ഒഴിവാക്കുന്നതു ശരിയല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : എനിക്ക ആ സെർക്കുലറിൻെറ സാരം എന്തെന്നറിഞ്ഞാൻ കൊള്ളാമെന്നുണ്ട്.

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ് റവന്യൂവും ഇൻകംടാക്സും കമ്മീഷണർ) : ഞാൻ ഒരു സർക്കുലർ അയച്ചിട്ടില്ല. അത് ഡിപ്പാർട്ടുമെൻറിലുള്ള ചില ഉദ്യോഗസ്ഥന്മാർക്കയച്ച സാധാരണ ഉത്തരവുകൾ മാത്രമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതെങ്കിലും ഒരു വ്യവസ്ഥ ചെയ്യുന്നതു വരേയോ, അല്ലെങ്കിൽ ഏതെങ്കിലും ഒരു ക്ലിപ്തകാലത്തേക്കോ, ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യമുള്ള സമുദായാംഗങ്ങളെ നിയമിച്ചുകൂടെന്നുള്ള എന്തെങ്കിലും നടപടി ഉണ്ടോ എന്നു പറയുമോ ചില സമുദായക്കാരുടെ നിയമനം നിരോധിക്കുന്ന വല്ല ഏർപ്പാടും ഉണ്ടോ എന്നറിയിക്കുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): അത്തരം നിയമമോ ഉത്തരവോ ഇല്ല. ബ്രാഹ്മണർ, നായർപോലെയുള്ള മററുസമുദായാംഗങ്ങളേയും നിയമിക്കുന്നുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ സർക്കുലറിൻെറ ഒരു പ്രതി കമ്മീഷണരുടെ കയ്യിൽ ഉണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): സർ, അപ്രകാരം ഒരു സർക്കുലർ അയച്ചില്ല എന്നു ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. ചില ഉദ്യോഗസ്ഥന്മാർ, പ്രാതിനിധ്യമില്ലാത്ത സമുദായക്കാരെ കൂടുതലായി നിയമിക്കണമെന്നു പലപ്പോഴും അഭിപ്രായങ്ങൾ പറയാറുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പിന്നെ എന്താണ് അയച്ചിട്ടുള്ളതെന്ന് എന്നോടു പറയുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിൽ നിന്നും കൂടുതൽ പേരെ നിയമിക്കണമെന്നു കാണിച്ചു തഹസീൽദാരന്മാർക്ക് പല അവസരങ്ങളിലും താക്കീതുകൾ അയച്ചിട്ടുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെങ്കിലും സർക്കുലറോ, ഉത്തരവോ ലംഘിക്കാതിരിക്കുമ്പോൾ കമ്മീഷണർ താക്കീതുകൾ അയക്കുന്നതെന്തിനാണ്?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എൻെറ പരിശോധനകളിൽ നിയമന വിവരപ്പട്ടികയും ഞാൻ പരിശോധിക്കുകയും അതിൽ നിന്നും, പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്ക് ചിലപ്പോൾ പ്രത്യേക ആനുകൂല്യങ്ങൾ നൾകാറില്ലെന്ന് മനസ്സിലാക്കുകയും പതിവുണ്ട്. ഇങ്ങിനെയുള്ള ഇടങ്ങളിലേക്കാണ് ഞാൻ താക്കീതുകൾ അയച്ചിട്ടുള്ളത്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സമുദായങ്ങളിൽ നിന്നും ആളുകളെ നിയമിക്കുന്നതിനു ആസ്പദമായി എന്തെങ്കിലും ഉപാധിയുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും ഇൻകംടാക്സും കമ്മീഷണർ): ഇല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു, ഈ നിയമനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ യഥേഷ്ടമാണോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും- ഇൻകംടാക്സും കമ്മീഷണർ): ഞങ്ങൾക്കു അവരുടെ നിയമനങ്ങളെപ്പററിയുള്ള റിപ്പോർട്ടുകൾ കിട്ടുന്നുണ്ട്. ആവശ്യമെന്നു തോന്നുന്നിടത്തു ഞങ്ങളുടെ നിർദ്ദേശങ്ങൾ കൊടുക്കുന്നുമുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): നിയമനങ്ങളുടെ ഒരു ജാതിവിവരപ്പട്ടിക ചേമ്പറിൻെറ ആഫീസിൽ സൂക്ഷിക്കുന്നുണ്ടോ എന്നു അറിയിക്കുമോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഉണ്ട്.

മി: ചെല്ലംപിള്ള (തോവാള): ആ ലിസ്റ്റിൽ വെള്ളാളരുടെ കൂട്ടത്തിൽ, കുശവർ, ചെമ്മാന്മാർ, ക്ഷൗരകന്മാർ തുടങ്ങിയുള്ളവരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻറ്റവന്യൂവും-ഇൻകംടാക്സും കമ്മീഷണർ): ഇല്ല. ഉത്തരം നിഷേധാർത്ഥത്തിലാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, പൊതുജനങ്ങളെ ക്ഷോഭിപ്പിച്ചുകൊണ്ടിരിക്കുന്നതും കഴിഞ്ഞ അനേകവർഷങ്ങളായി ഈ സഭയിൽ വാദപ്രതിവാദം നടത്തിവരുന്നതുമായ ഈ പ്രധാനസംഗതിയെപ്പററി ചിലതെല്ലാം പറയണമെന്നു ഞാൻ വിചാരിക്കുന്നു. എല്ലാകക്ഷികൾക്കും തൃപ്തികരമായിരിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതോ സ്വീകാര്യമായിരിക്കുന്നതോ ആയ ഏതെങ്കിലും ശരിയായ ഒരു പ്രതിവിധി ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാണ്. സർ, പരമാർത്ഥത്തിൽ, വർഷം തോറും ഈ സഭയുടെ സമയത്തിൽ നല്ലൊരു ഭാഗം ഈ വിഷയത്തെപ്പററി സംസാരിക്കുന്നതിനാണു വിനിയോഗിക്കുന്നതെന്നു നമുക്കു അറിവുള്ളതാണല്ലോ?

മി: മാത്യുമുരിക്കൻ (വൈക്കം): എൻെറ സ്നേഹിതനു അസന്നിഗ്ദ്ധമായ ഏതെങ്കിലും നിർദ്ദേശം നൾകുവാനുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പറഞ്ഞുതീർക്കട്ടെ ഞാൻ കണ്ടിടത്തോളം എൻെറ സ്നേഹിതൻ മി: മുരിക്കൻതന്നെ ഈ സംഗതിയിൽ സാരമായിയാതൊന്നും നൾകുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം ഇതിൽ എന്തു നിർദ്ദേശം നൾകുമെന്നു ചോദിച്ചപ്പോൾ ഈ പ്രധാനസംഗതിയെ സംബന്ധിച്ച ഇതുപോലെയുള്ള ഒരു ഉപക്ഷേപത്തിന്മേൽ ഒരു പ്രതിവിധി നിർദ്ദേശിക്കുകയോ അസന്നിഗ്ദ്ധമായ ഒരു അഭിപ്രായം പുറപ്പെടുവിക്കയോ നിവൃത്തിയില്ലെന്നാണ് പറഞ്ഞതു. സർ, ഇപ്പോൾ എനിക്കു എന്തെങ്കിലും വ്യക്തമായ ഒരു പ്രതിവിധി നൾകുവാനുണ്ടോ എന്നു എന്നോടു ചോദിക്കുന്നു. ഞാൻ വ്യക്തമായ ഒരു പ്രതിവിധി നൾകാത്തപക്ഷം, ഈ വാദപ്രതിവാദത്തിൽ ഭാഗഭാക്കാകുന്നതിനുള്ള അവകാശം എനിക്കുപയോഗിച്ചുകൂടെന്നു തോന്നിപ്പോകുന്നു. സർ, ഞാൻ സുവ്യക്തമായ യാതൊരു നിവാരണമാർഗ്ഗവും നൾകുവാൻ ഭാവമില്ല. ആ ഭാഗം എൻെറ സ്നേഹിതൻ നിർവിശങ്കം ധരിച്ചുകൊള്ളട്ടെ.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ ഗംഭീരമായ പ്രശ്നത്തെ സംബന്ധിച്ച വ്യക്തമായ ഒരു പദ്ധതി നിർമ്മിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഞാൻ ഇതുവരെ ആലോചന നടത്തിയിട്ടില്ലാത്തതിനാലും, മി: താണുപിള്ള ഇതു തൻെറ ചിന്താവിഷയമാക്കിയതിനാലും, അദ്ദേഹം വ്യക്തമായ ഏതെങ്കിലും പദ്ധതി നിർദ്ദേശിക്കുന്നതിനു പ്രാപ്തനാകുമെന്നു ഞാൻ വിചാരിച്ചു.

പ്രസിഡൻറ്: അദ്ദേഹത്തിൻെറ പ്രസംഗം കഴിയുന്നതുവരെ ക്ഷമിച്ചിരിക്കുക.

മി: എ. താണുപിള്ള (തിരുവനന്തപുരം). സർ, ഞാൻ പറഞ്ഞുകഴിഞ്ഞ സംഗതികളെക്കൊണ്ടും പറയുവാൻ പോകുന്നവയെക്കൊണ്ടും ഈ ഊഹങ്ങൾ നീതീകരിക്കപ്പെടുന്നതല്ല.

പ്രസിഡന്റ്: ഇരിക്കട്ടെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യം പൊതുജനഹൃദയങ്ങളെ ഇളക്കിമറിക്കുകയും എത്രയോ കൂടുതൽ പ്രയോജനകരമായി വിനിയോഗിക്കാമായിരുന്ന സഭയുടെ സമയത്തിൽ അധികഭാഗത്തേയും ചെലവഴിക്കുകയും ചെയ്യുമെന്ന ഞാൻ പറഞ്ഞുകഴിഞ്ഞതാണല്ലോ. അതു ആർക്കും നിഷേധിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു പരമാർത്ഥമാണ്.

ഈ പ്രമേയത്തിനു യുക്തമായ എന്തെങ്കിലും തീരുമാനം ഉണ്ടാക്കണമെന്നുള്ളതാണ്. ഞാൻ ഗവൺമെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്നു വിചാരിക്കണമെന്നു വിചാരിക്കുന്നതു. ഇതു എത്രയോ വിഷമം നിറഞ്ഞ ഒരു കാര്യമാണെന്ന എനിക്കറിയാം. അതിനെപ്പറ്റി ചുഴിഞ്ഞുനോക്കുംതോറും വിഷമം കൂടിക്കൂടിയാണ് വരുന്നതു. എന്നിരുന്നാലും ഏതെങ്കിലും തീരുമാനം കണ്ടുപിടിച്ചേ തീരൂ. അതുവരെ രാജ്യത്തിലെ അസ്വസ്ഥമായ അന്തരീക്ഷം അതേനിലയിൽത്തന്നെ ഇരിക്കുന്നതാണ്.

പുതിയ നിയമനങ്ങളെ സംബന്ധിച്ചു മാത്രമേ, പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളുടെ അവകാശങ്ങൾ പ്രത്യേകമായി അംഗീകരിക്കപ്പെടണമെന്നു താൻ ആവശ്യപ്പെടുന്നുള്ളുവെന്ന മി: മാത്യുമുരിക്കൻ തന്നെ പറയുകയുണ്ടായല്ലോ. സർ, ഗവൺമെന്റിന്റെ അംഗീകാരവും സമ്മതിയും നല്ലതുപോലെ ലഭിച്ചിട്ടുള്ളതും പലതവണയും സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതുമായ ഒരു തത്വമാണ് അതു. എന്നാൽ, ആ തത്വം സർവീസിനു വലിയ അലോസരം ഉളവാക്കുമാറു ഗവൺമെന്റുതന്നെ ചില അവസരങ്ങളിൽ ലംഘിച്ചുകാണുന്നതിലാണെനിക്കതിശയം. പുതിയ നിയമനങ്ങളുടെ കാര്യത്തിൽ മാത്രമേ ഈ തത്വം പാലിക്കണമെന്നുള്ള നിയമം കർശനമായി പ്രയോഗിക്കാവൂ എന്ന ഗവൺമെന്റിനെ ഞാനറിയിച്ചുകൊള്ളുന്നു. പ്രമോഷനെക്കൂടി ഈ നിയമത്തിന്റെ വ്യാപ്തിയിൽ പെടുത്തുന്നതായാൽ അതു ഫലം സർവീസിനെ ആകമാനം ബാധിക്കുന്നതും മലിനപ്പെടുത്തുന്നതുമാണ്; ഇതു ഏതു ഗവൺമെന്റും തടയേണ്ടതു തന്നെയാണ്. ഞാൻ പറയണമെന്നു വിചാരിച്ച ഒന്നാമത്തെ സംഗതി അതാണ്. രണ്ടാമത്തേത്, ഈ പ്രമേയത്തിന് എങ്ങിനെ പ്രതിവിധി ഉണ്ടാക്കാമെന്നുള്ളതാണ്. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ അതു വളരെ വിഷമമേറിയ ഒരു സംഗതിയാണ്. ഉദ്യോഗത്തിൽ ആളുകളെ നിയമിക്കുന്നതിനു ഒരു ബോർഡു ഏർപ്പെടുത്തുകയോ, ഏതെങ്കിലും മാതിരിയിലുള്ള പരീക്ഷ ഏർപ്പെടുത്തുകയോ, ചെയ്യാത്തപക്ഷം ഇതിനു ഒരു തീരുമാനം ഉണ്ടാക്കാൻ വളരെ പ്രയാസമാണ്.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റുനിയമനം): സമുദായപ്രാതിനിധ്യം ആവശ്യമില്ലെങ്കിൽ ഇങ്ങനെ ഒരു ബോർഡിന്റെ ആവശ്യമുണ്ടോ?

മി: മാത്യുമുരിക്കൻ (വൈക്കം): സാമുദായികപ്രാതിനിധ്യപ്രമേയത്തിനു പ്രതിവിധി ഉണ്ടാക്കുവാനായി ഒരു പരീക്ഷ ഏർപ്പെടുത്തണമെന്നാണോ മെമ്പർ നിർദ്ദേശിക്കുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ കാര്യം എന്റെ തീരുമാനത്തിനു വിടുകയാണെങ്കിൽ, ഞാൻ അതും പദ്ധതിയുടെ ഒരു ഭാഗമായി നിർദ്ദേശിക്കും. ആ ചോദ്യം അത്ര ഊന്നിച്ചോദിച്ചതു കൊണ്ടു പല സമുദായങ്ങളെയും തൃപ്തിപ്പെടുത്തുക മാത്രമല്ല, ഭരണത്തിന്റെ കാര്യക്ഷമത പാലിക്കുകകൂടി ചെയ്യേണ്ടിവരുന്നതിനാൽ നിയമനങ്ങൾക്കു ഏതെങ്കിലും ഒരു പരീക്ഷ നിശ്ചയിച്ചു ഭിന്നസമുദായങ്ങളിൽ നിന്നും ആ പരീക്ഷയിൽ ജയിക്കുന്നവരിൽ നിന്നു തിരഞ്ഞെടുപ്പു നടത്തുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു നൽകുവാനുള്ള നിർദ്ദേശം.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റുനിയമനം): അല്ലെങ്കിൽ വിഷമമല്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇല്ലെന്നാണ് പറയുന്നതു.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റുനിയമനം): അതു വേണ്ടെന്നുവയ്ക്കുകയാണെങ്കിലോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ തെറ്റിദ്ധരിക്കപ്പെട്ടു എന്നു കാണുന്നതിൽ എനിക്കു യഥാർത്ഥത്തിൽ വിസ്മയം തോന്നുന്നു. സാമുദായികപ്രാതിനിധ്യത്തിനു എതിരില്ലതന്നെ. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിഗതികൾ ആലോചിച്ചാൽ സാമുദായികപ്രാതിനിധ്യം എത്രയും ഒഴിച്ചുകൂടാത്തതാണ്. തത്വപരമായി നോക്കിയാൽ ഞാൻ അതിനു എതിരാണു. എന്നാൽ, കാര്യക്ഷമതയെ പുരസ്കരിച്ചും, ഇന്നത്തെ നമ്മുടെ ജീവിതരീതികളെ അനുസ്മരിച്ചും ഏതെങ്കിലും വിധത്തിലുള്ള സാമുദായികപ്രാതിനിധ്യം കൂടാതെ കഴിയുകയില്ലെന്നാണു തോന്നുന്നതു. നമുക്കിതിൽ അസന്ദിഗ്ദ്ധമായ ഏതെങ്കിലും നിയമം ആവശ്യമാണെന്നാണ് ഞാൻ പറയുന്നതു. അല്ലാതെ, ഓരോ ഉദ്യോഗസ്ഥവ്യക്തികളുടേയും, ഗവൺമെന്റിന്റെ തന്നെയോ സ്വേച്ഛാനുസരണം പ്രവർത്തിക്കുന്നതിനു നാം വിട്ടുകൊടുത്തുകൂടാ. ഉദ്യോഗസ്ഥന്മാർ, "ഞങ്ങൾക്കു സാമുദായികപ്രാതിനിധ്യത്തെപ്പറ്റി അറിയേണ്ടതില്ല. ഭരണത്തിന്റെ ആവശ്യങ്ങളെ, മറുവീക്ഷണകോണങ്ങളിൽ കൂടിനോക്കുകമാത്രമേ, ഞങ്ങൾ ചെയ്യുകയുള്ളു." എന്നു പറയാതിരിക്കട്ടെ. പബ്ലിക്ക് സർവീസിൽ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥന്മാർക്കു മാർഗ്ഗദർശകമായി ഇരിക്കത്തക്കവിധത്തിൽ ഗവൺമെന്റു അസന്ദിഗ്ദ്ധമായ നിയമങ്ങൾ ഉണ്ടാക്കണം. ഇന്നു അത്തരം യാതൊരു നിയമവും ഇല്ല. പ്രാതിനിധ്യമില്ലാത്ത സമുദായാംഗങ്ങൾക്കു പ്രത്യേകം ആനുകൂല്യം നൽകുന്നതാണെന്നു ഗവൺമെന്റു നമ്മോടു പറയുകയുണ്ടായി, ആ പ്രസ്താവനകൊണ്ടു അവർ വിവക്ഷിച്ചതെന്താണെന്നു ഞാൻ ചോദിച്ചു. എന്റെ ചോദ്യം ലാൻഡ്റവന്യൂഡിപ്പാർട്ടുമെന്റിൽ—പ്രസ്തുതഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണല്ലോ ഉപക്ഷേപം; എന്നാൽ ഈ ഉപക്ഷേപം ജനറൽ അഡ്മിനിസ്ട്രേഷനെ സംബന്ധിക്കുന്ന അഭ്യർത്ഥനയും കീഴിൽ കൊണ്ടുവന്നിരുന്നെങ്കിൽ, കുറേക്കൂടി ഉചിതമായിരുന്നേനെ—ഇപ്പോൾത്തന്നെ പ്രാതിനിധ്യമുള്ള സമുദായങ്ങളിലെ അംഗങ്ങളെ, ഏതെങ്കിലും ക്ലിപ്തകാലത്തേക്കോ, എന്തെങ്കിലും ക്രമീകരണം ചെയ്യുന്നതുവരെയോ ഉദ്യോഗനിയമനത്തിൽനിന്ന് ഒഴിവാക്കുമെന്നാണോ എന്നായിരുന്നു. ആ വിധത്തിലുള്ള നിയമമൊന്നുമില്ലെന്നു ലാൻഡ്റവന്യൂകമ്മീഷണർ പറയുന്നു. ആ സ്ഥിതിക്കു ഉദ്യോഗസ്ഥന്മാർക്കു മാർഗ്ഗദർശകമായി എന്താണുള്ളതെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ.

ഞാൻ എൻറ നില കുറേക്കൂടി വ്യക്തമാക്കാം. ഒരു ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും ഒരു സമുദായത്തിൽപ്പെട്ട നൂറു ഉദ്യോഗസ്ഥന്മാരും മററൊരു സമുദായത്തിൽപ്പെട്ട പത്തു ഉദ്യോഗസ്ഥന്മാരും ഉണ്ടെന്നിരിക്കട്ടെ. ഒരൊഴിവുവരുന്നു എന്നു കരുതുക. ഈ രണ്ടു സമുദായങ്ങളിൽനിന്നും ഓരോ അപേക്ഷകന്മാർ ഉള്ള പക്ഷം, അവരിൽ ആരെയാണ് നിയമിക്കേണ്ടതു; നൂറുദ്യോഗസ്ഥന്മാരുള്ള സമുദായത്തിലെ അപേക്ഷകനെയോ, പത്തു ഉദ്യോഗസ്ഥന്മാരുള്ള സമുദായത്തിലെ അപേക്ഷകനെയോ? ആദ്യം പറഞ്ഞ ആളെ നിയമിക്കുകയാണെങ്കിൽ നൂറുദ്യോഗസ്ഥന്മാരുള്ള സമുദായത്തിലെ സംഖ്യ നൂററൊന്നായിത്തീരുന്നു. അപ്പോൾ മററെ സമുദായത്തിൽ പത്തുപേർ മാത്രമേ ഉദ്യോഗസ്ഥന്മാരായി ഉണ്ടായിരിക്കയുള്ളു. രണ്ടാമതുപറഞ്ഞ സമുദായത്തിലെ അപേക്ഷകനെയാണ് നിയമിക്കുന്നതെങ്കിൽ, ആ സമുദായത്തിൽപ്പെട്ടവർ പതിനൊന്നുപേരും മററെ സമുദായത്തിലുള്ളവർ നൂറുപേരും ആയിരിക്കും. രണ്ടാമതു പറഞ്ഞതുപോലെ ആണെങ്കിൽ ഈ പ്രത്യേക ആനുകൂല്യം എന്നെങ്കിലും ക്രമീകരണം ചെയ്യുന്നതുവരെ തുടർന്നുകൊണ്ടുപോകുന്നതു ശരിയാണോ? ഞാൻ ഡീൻറവത്തുകമ്മിഷണരോട് ചോദിച്ച ചോദ്യം അതാണ്. അതങ്ങിനെയാണെങ്കിൽ, ഒരു വലിയ സങ്കടമായിരിക്കുന്നതാണ്. ആ മാർഗ്ഗം പിന്തുടരണമെന്ന് വിവേകമുള്ളവരാരും വാദിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. ഭാവിയിലെ നിയമനങ്ങളെ സംബന്ധിച്ച വ്യവസ്ഥാപിതമായ നിയമങ്ങൾ ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം ഈ പരാതി ഒരിക്കലും അവസാനിക്കുന്നതല്ല. ഗവണ്മെൻറു ഈ നിയമം ഉണ്ടാക്കുമ്പോൾ ചില സമുദായങ്ങൾ ധാരാളമായി പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത പ്രത്യേകം ഗൌനിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പു പരീക്ഷയെപ്പററി ഞാൻ അഭിപ്രായപ്പെട്ടതു ഇതാണ്. സാമുദായികപ്രാതിനിധ്യത്തിനുമാത്രം വേണ്ടി കാര്യക്ഷമത ബലികഴിക്കരുതെന്നു കൂടെക്കൂടെ പറഞ്ഞുകേൾക്കാറുണ്ടല്ലോ. ഞാൻ അതുകൊണ്ട് ഒരു തിരഞ്ഞെടുപ്പു പരീക്ഷ വേണമെന്നാണ് നിർദ്ദേശിക്കുന്നതു. ഒരു പരീക്ഷനടത്തട്ടെ, എല്ലാ അപേക്ഷകന്മാരും പരീക്ഷക്കിരിക്കട്ടെ, പരീക്ഷാഫലങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യട്ടെ. ഒരു കൊല്ലത്തിൽ ഇരുനൂറു ആളുകൾ ക്ലാർക്കന്മാരായിട്ടു നമുക്കു ആവശ്യമുണ്ടെന്നു വിചാരിക്കുക. പല സമുദായങ്ങളിലുംനിന്നും നിയമിക്കേണ്ട ക്ലാർക്കന്മാരുടെ എണ്ണത്തിനു ഒരു തോതു നിർണ്ണയിക്കുക. പരീക്ഷയിൽ ൩൦൦ പേർ വിജയികളാകുന്നുഎന്നും വിചാരിക്കുക. ഒരു റോമൻകത്തോലിക്കനെയാണ് നിയമിക്കേണ്ടതെങ്കിൽ, പരീക്ഷയിൽ അയാൾ എൺപതാമതായിട്ടാണ് പാസ്സായതെങ്കിലും, അയാളെനിയമിക്കണം. ഒരു ബ്രാഹ്മണൻറ നിയമനമാണ് ആവശ്യമെങ്കിൽ, അയാൾ പത്താമതായി ജയിച്ചിട്ടുണ്ടെങ്കിലും ആ മുറക്കു അയാളെ നിയമിക്കണം.

മി: ഇട്ടൂപ്പുഇട്ടീച്ചൻ (കുന്നത്തുനാടു): അങ്ങിനെ ആണെങ്കിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെക്കൂടി ചേർക്കാമെന്നു തോന്നുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പറഞ്ഞതിൽനിന്നും മെമ്പർപറഞ്ഞ അർത്ഥം വരുമെന്നുതോന്നുന്നില്ല.

മി: ഇട്ടൂപ്പുഇട്ടീച്ചൻ (കുന്നത്തുനാടു): പുതിയ സമ്പ്രദായംകൊണ്ടു ദോഷമല്ലേവരുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): ദോഷം ഉണ്ടാകുമെന്നു തോന്നുന്നില്ല.

സർ, അത്തരം ചില സമുദായങ്ങളിൽനിന്നും നിയമിച്ചിട്ടുള്ള അംഗങ്ങൾ, ജോലിക്കു അപ്രാപ്തരെന്നുമാത്രമല്ല, ജോലിചെയ്യുവാൻ സമ്മതമില്ലാത്തവരാണെന്നും മററും മി: റാബിൻസൺ പറയുക ഉണ്ടായല്ലോ. ഈ വിഷമങ്ങൾ പരിഹരിക്കുന്നതിനാണ് ഒരു പരീക്ഷ ഏർപ്പെടുത്തണമെന്നു ഞാൻ നിർദ്ദേശിച്ചതു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): മി: റാബിൻസൺ എല്ലാ സമുദായക്കാരും അങ്ങിനെ ആണെന്നു പറഞ്ഞിട്ടുണ്ടോ?

പ്രസിഡൻറ: നിങ്ങളുടെ ചോദ്യം കുറേക്കൂടി ഉച്ചത്തിൽ ചോദിക്കുക.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): മി: റാബിൻസൺ എല്ലാ സമുദായക്കാരിൽനിന്നും അങ്ങിനെവരുന്നവർ കുറവാണെന്നു പറഞ്ഞിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അധഃകൃതസമുദായത്തിൽനിന്നും വളരെ കുറവാണെന്നും അവർക്ക് ശരിയായ യോഗ്യത ഇല്ലാ എന്നും പറഞ്ഞിട്ടുണ്ട്. അതിലേക്കു കുറഞ്ഞ യോഗ്യതവച്ച് ഒരു പരീക്ഷ നിശ്ചയിച്ചാൽ യോഗ്യതയുള്ള ആളുകളെ എല്ലാ സമുദായത്തിൽനിന്നും എടുക്കാൻ സാധിക്കും.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): അങ്ങിനെചെയ്താൽ സർവീസ് കുറെക്കൂടി നന്നാകുമെന്നാണോ പറയുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ കൌൺസിലിൽതന്നെ ചില അംഗങ്ങൾ കുറെ അപേക്ഷകന്മാരെ ചില ഉദ്യോഗസ്ഥന്മാരുടെ പക്കൽ അയക്കുക ഉണ്ടായി എന്നു തോന്നുന്നു. ആ അപേക്ഷകന്മാർ ഏതു തരത്തിലുള്ളവരാണെന്നു നമുക്കറിഞ്ഞുകൂടാ—അവർ കാര്യക്ഷമതയുള്ളവരായിരുന്നോ; നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷകളെങ്കിലും അവർ പാസ്സായിട്ടുണ്ടോ?

ഇക്കാര്യത്തിൽ മറെറാരുഭാഗവുംകൂടി ആലോചിക്കേണ്ടതുണ്ട്. ഡിപ്പാർട്ടുമെൻറുകളെ ഒരുമിച്ചു ചേർക്കേണമെന്നുള്ളതാണ്. ഒരാഫീസിൽ ഉദാഹരണത്തിനു കൃഷിഡയറക്ടരുടെ ആഫീസിൽ, അഞ്ചോ ആറോ ക്ലാർക്കന്മാർ ആവശ്യമുണ്ടെന്നിരിക്കട്ടെ. ഡയറക്ടർക്കു തൻെറ ആഫീസിൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം നൽകുവാൻ സാധിച്ചില്ലെന്നുവരാം. ആ സ്ഥിതിക്കു പല ഡിപ്പാർട്ടുമെൻറുകളുമൊന്നിച്ചു ചേർക്കുന്നതു നന്നായിരിക്കും. അല്ലാത്തപക്ഷം ഈസ്സംഗതിക്ക് പരിഹാരം ഉണ്ടാക്കുവാൻ വാസ്തവത്തിൽ സാധിക്കുകയില്ല.

അതുകൊണ്ട് സംഗതികൾ എത്രയോ അവധാനപൂർവ്വം പരിഗണിക്കപ്പെടേണ്ടതാണ്. ഈ സംഗതിയെപ്പററി സൂക്ഷ്മമായി ആലോചിക്കുന്നതിനും അതിൻെറ എല്ലാ വശങ്ങളും പരിശോധിച്ചു നിർദ്ദേശങ്ങൾ രൂപവൽക്കരിക്കുന്നതിനും ആയി ഒരു കമ്മിററിയെ ഏർപ്പെടുത്താത്തപക്ഷം, ഇതിനു പരിഹാരമുണ്ടാക്കുവാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ആ കമ്മിററി ഏർപ്പെടുത്തുന്നതിലും സാമുദായിക പ്രാതിനിധ്യം അംഗീകരിക്കേണ്ടയോ?

മി: എ. ഗോണപിള്ള (തിരുവനന്തപുരം): അതും നോക്കേണ്ടതുണ്ട്.

മി: ഒരു വർമ്മിനി രാമവർമ്മരാജാ (ഇടവക): മദ്രാസ് ഗവൺമെൻറിൽനിന്നും ഇപ്പോൾ ഈ സമുദായപ്രാതിനിധ്യകാര്യം സാധിക്കുന്നതു് റൊട്ടേഷൻ സിസ്റ്റം ഓരോരുത്തരുടെ അവകാശം അനുസരിച്ചു കൊടുക്കുന്ന ഏർപ്പാടുവല്ലതുമാണെന്നു് അറിയാമോ?

മി: എ. ഗോണപിള്ള (തിരുവനന്തപുരം): മദ്രാസ് ഗവൺമെൻറിൻെറ സ്ഥിതി അനുസരിച്ചു് അവിടെ നടക്കുന്നു. അതിനെത്തന്നെ ഇവിടെയും പകർത്തുന്നതു യോജിക്കുമെന്നു തോന്നുന്നില്ല. അവിടത്തെ കാര്യത്തെപ്പററിത്തന്നെ നല്ലവണ്ണം അറിയാൻപാടില്ല. അവിടത്തെയും ഇവിടത്തെയും ശമ്പളത്തിനുതന്നെ ഒരു ബന്ധവുമില്ല. ഇവിടെ ഗ്രാഡ്യുവേററിനെ ൫൦ രൂപക്കും മററും നിയമിക്കുന്നു. ഇതിൻെറ എല്ലാം ഒരു പരിഹാരം ഉണ്ടാക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കണം.

എൻെറ അഭിപ്രായത്തിൽ കമ്മിററി നിയമനവും സാമുദായിക പ്രാതിനിധ്യം അനുസരിച്ചുവേണ്ടയോ എന്നു് എന്നോടു ഒരു ചോദ്യം ചോദിക്കുകയുണ്ടായി. പ്രാമാണ്യമുള്ള സമുദായങ്ങളുടെ പ്രതിനിധികളെക്കൊണ്ടു ഒരു കമ്മിററി രൂപീകരിക്കാവുന്നതാണ്; പക്ഷെ ഗവൺമെൻറിനും ജനങ്ങൾക്കും തൃപ്തികരമെന്നു തോന്നുന്നപക്ഷം, ഈ പരിഷ്കാരോദ്യമത്തിൽ അവർക്കു വിശ്വാസയോഗ്യരായി ഏതാനുംപേർ ഉണ്ടാകുമെങ്കിൽ, അവരുടെ തീരുമാനങ്ങൾ ആത്മാർത്ഥവും സത്യസന്ധവുമായ ചിന്തനങ്ങളുടെ ഫലമായി ചെയ്യപ്പെടുമെങ്കിൽ, അങ്ങിനെ ഉള്ളവരെക്കൊണ്ടും ഒരു കമ്മിററി രൂപീകരിക്കാവുന്നതാണ്. അതു് ചെയ്യാത്തപക്ഷം ഈ സംഗതിക്കു് ഒരു പരിഹാരമാർഗ്ഗം ഉണ്ടാകുന്നതു എങ്ങിനെയെന്നു എനിക്കറിഞ്ഞുകൂടാ. ഇക്കാര്യത്തെപ്പററി ആലോചിച്ചു വേണ്ട പരിഹാരമുണ്ടാക്കുന്നതാണെന്നും അതിലേക്കു ഈ സഭയുടെ അഭിപ്രായവുംകൂടി ആവശ്യപ്പെടുന്നതാണെന്നും, കഴിഞ്ഞകൊല്ലം ഇക്കാലത്തു ഗവൺമെൻറു നമ്മളോടു പറയുകയുണ്ടായി. ആ അഭിപ്രായത്തിനുശേഷം യാതൊന്നും തന്നെ ചെയ്തിട്ടില്ലെന്നാണ് എൻെറ അറിവു. തന്നെയുമല്ല, ഗവൺമെൻറു എന്തെങ്കിലും നിർദ്ദേശം ഈ സഭയുടെ അഭിപ്രായത്തിനായി അവതരിപ്പിക്കുന്നതുകൊണ്ടു ജനങ്ങളെ തൃപ്തിപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. പല ഡിപ്പാർട്ടുമെൻറുകളിലും ഉള്ള ജോലിക്കാര്യങ്ങളെപ്പററി പരിചയം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്ന ഒരു കമ്മിററി രൂപീകരിക്കപ്പെടുന്നപക്ഷം ഒരു തൃപ്തികരമായ പരിഹാരമുണ്ടാക്കാവുന്നതാണെന്നാണ് ഞാൻ വിചാരിക്കുന്നതു്.

ചിലർ വിചാരിക്കുന്നതുപോലെ, ഈ പ്രമേയത്തിനു ഒരു പ്രതിവിധി ഉണ്ടാക്കുക എന്നുള്ളതു് അത്ര നിസ്സാരമായിട്ടുള്ളതല്ല. എന്നാണ് ഞാൻ പറയുന്നതു്. നിയമനങ്ങൾ നടത്തുന്നതിനു ഓരോ സമുദായത്തിലുമുള്ള ജനങ്ങളുടെ സംഖ്യയെ മാത്രം അടിസ്ഥാനപ്പെടുത്തിയാൽ മതിയെന്നു ചില ആളുകൾ പറയുന്നു. അതായതു്, ഒരു പ്രത്യേക സമുദായത്തിൽ ൫൦ ലക്ഷം ജനങ്ങളും; മറെറാന്നിൽ ൫ ലക്ഷം ജനങ്ങളും ഉണ്ടെങ്കിൽ, ഈ സമുദായങ്ങൾക്കു തിരിച്ചുവച്ചിട്ടുള്ള നിയമന ബന്ധം ൧൦-നു ൧ എന്നായിരിക്കണം. അതു ആർക്കും സ്വീകാര്യയോഗ്യമായ ഒരു നിർവചനം ആയിരിക്കുന്നതല്ല. ഈ പ്രമേയത്തിനു പ്രതിവിധി ഉണ്ടാക്കുവാൻ ഒരു കമ്മിററിയെ നിയമിക്കാത്തപക്ഷം, അതു്; ഗവൺമെൻറിനെ അലട്ടിക്കൊണ്ടിരിക്കുന്നതും, നിഷ്പ്രയോജനകരമായ കാര്യങ്ങളെപ്പററിപ്പറഞ്ഞു സഭയുടെ സമയം കഴിഞ്ഞുപോകുന്നതും, സമുദായങ്ങൾ നിസ്സഹായരായി ഇരിക്കുന്നതും ആകുന്നു.

മി: ഡി. ഫ്റാൻസിസ് (ഗവൺമെൻറു നിയമനം): ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ സന്ദർഭത്തിൽ, സ്റ്റേററു സെർവീസിലുള്ള നിയമനങ്ങളിൽ, ലത്തീൻക്രിസ്ത്യാനി സമുദായാംഗങ്ങളുടെ അവകാശങ്ങളും പരിഗണിക്കേണ്ടതാണ് എന്നുള്ള കാര്യം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടു വരണമെന്നു ഞാൻ വിചാരിക്കുന്നു. സ്റ്റേററു ഒട്ടുക്കെയുള്ള ജനസംഖ്യയിൽ മററുള്ളവരെ അപേക്ഷിച്ചു ഒരു വലിയ ഭാഗം ആളുകൾ ലത്തീൻക്രിസ്ത്യാനികളാണ്. അവരുടെ സംഖ്യ രാജ്യത്തിൽ ആകെയുള്ള ജനങ്ങളിൽ ൧/൧൦-ാം ഈ സംസ്ഥാനത്തു ആകെയുള്ള ക്രിസ്ത്യാനികളുടെ ൧/൩-ാം ആകുന്നു. അതുകൊണ്ടു നിയമനങ്ങളിൽ അവരുടെ ശതമാനവും കൂടി വർദ്ധിപ്പിക്കത്തക്ക വിധം കത്തോലിക്കാ സമുദായാംഗങ്ങളോടു കൂടുതൽ ആനുകൂല്യം കാണിക്കണം. ഈ വാക്കുകളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ജാതിതിരിച്ചു വേണമെന്നാണോ പറയുന്നതു?

മി: ഡി. ഫ്റാൻസിസ് (ഗവൺമെൻറു നിയമനം): ലത്തീൻ ക്രിസ്ത്യാനികൾ ഒന്നാകെ.

മി: തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഉദ്യോഗനിയമനവാദം ഈ കൌൺസിലിൻെറ ആരംഭം മുതൽക്കല്ല, വളരെ മുമ്പെ തന്നെ പ്രജാസഭയുടെ രംഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഒരു വാദമാണ്. എന്നാൽ ഇടരെത്തുടരെ ഗവൺമെൻറു ഭാഗത്തുനിന്നു പ്രത്യേകം തോന്നിക്കാം, ആലോചിക്കാം, ശരിയായ പദ്ധതി ഉണ്ടാക്കാം, എന്നൊക്കെപ്പറഞ്ഞുകൊണ്ടു സവർണ്ണരൊഴികെ മററുള്ളവർക്കും ഉദ്യോഗങ്ങൾ നൽകാമെന്നു പറയുന്നതല്ലാതെ അത്യാവശ്യമെന്നു തോന്നത്തക്കവണ്ണം നിയമനങ്ങൾ നടത്തിവരുന്നുവെന്നു പറയാറായിവരുന്നു. റവന്യൂ ദേവസ്വം വിഭജനത്തിനു മുമ്പു റവന്യൂ ഡിപ്പാർട്ടുമെൻറിൽ സവർണ്ണരല്ലാത്ത മററുള്ളവർക്കു തീരെ പ്രവേശനമുണ്ടായിരുന്നില്ല. ഇതു വേർതിരിച്ചാൽ എല്ലാ വർഗ്ഗക്കാരെയും റവന്യൂഡിപ്പാർട്ടുമെൻറിൽ പ്രവേശിപ്പിക്കുമെന്നു കരുതിയിരുന്നു. റവന്യൂദേവസ്വവിഭജനവും നടന്നു. എന്താണ് ഫലം? ഒരു ഹാളിൽ എല്ലാവർക്കും പ്രവേശനമുണ്ടെന്നു മുൻവശത്തു ഒരു പലക എഴുതിവച്ചിട്ടുണ്ടു്. അകത്തു പ്രധാനികൾ വാതിക്കൽ നിൽക്കുന്നവരോടു അവരുടെ ചാർച്ചക്കാരേയോ, സേവകന്മാരെയോ അല്ലാതെ മററാരെയും അകത്തു കയററരുതെന്നു ചട്ടംകെട്ടുകയും അങ്ങിനെ ആരെങ്കിലും വന്നാൽ വാതുക്കൽ നിന്നു ഓടിക്കുകയും ചെയ്യുന്നു. ഈ മാതിരിയാണ് ഇന്നത്തെ ഡിപ്പാർട്ടുമെൻറിൻെറ അവസ്ഥ. ഈ വിധമുള്ള ഈ വകുപ്പിനെ വച്ചുകൊണ്ടിരിക്കുന്നതു് നീതിക്കും ന്യായത്തിനും രാജ്യത്തിൻെറ സൽക്കീർത്തിക്കും രാജ്യവാസികളുടെ ക്ഷേമത്തിനും ഒരിക്കലും യോജിച്ചതല്ല.

എല്ലാ വർഗ്ഗങ്ങളിലുംപെട്ട കൃഷിക്കാരോട് ഇടപെടേണ്ടവരായ ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ മററു നടപടിയും പ്രായേണ വർഗ്ഗീയപ്രതിപത്തിയെ അടിസ്ഥാനമാക്കിയാണിരിക്കുന്നത്. സാധാരണ നിയമനങ്ങൾ സംബന്ധിച്ച കമ്മീഷണരോട് ചോദിച്ചാൽ എനിക്ക് എന്റെ ആഫീസിലല്ലാതെ നിയമനാധികാരമില്ല. മററുള്ളിടത്തെ പേഷ്കാരന്മാർക്കും തഹശീൽദാരന്മാർക്കും ചിലതു ഗവണ്മെന്റിനു മാണെന്ന് പറഞ്ഞു അദ്ദേഹം ഒഴിഞ്ഞു കളയുന്നു. എന്നാൽ ഈ വകുപ്പിലെ അനീതികളെ പരിഹരിക്കേണ്ടത് ആരാണ്. ഡിപ്പാർട്ടുമെന്റദ്ധ്യക്ഷനാണ്. അദ്ദേഹത്തിനു നേരിട്ടു നിയമിക്കുവാൻ അധികാരമില്ലെങ്കിൽ അദ്ദേഹം ഗവണ്മെന്റിനോട് ചോദിച്ചു അധികാരം വാങ്ങിക്കണം. നിയമനാധികാരമുള്ള പേഷ്കാരന്മാരുടെയും ഡിവിഷൻ അസിസ്റ്റന്റന്മാരുടെയും തഹശീൽദാരന്മാരുടെയും നിയമനങ്ങളെ പരിശോധിച്ചു തിരുത്തുന്നതിനുള്ള അധികാരമെങ്കിലും അദ്ദേഹത്തിനില്ലെങ്കിൽ അദ്ധ്യക്ഷനെന്നു പറയുന്നതിനു അർത്ഥമില്ല. എന്തായാലും ഉദ്യോഗനിയമനങ്ങൾ സംബന്ധിച്ചും മററു ഉദ്യോഗകൃത്യങ്ങൾ സംബന്ധിച്ചും ഈ ദേവസ്വവകുപ്പിൽ നടക്കുന്ന സകല അനീതികളേയും നിർത്തണമെന്നുള്ളത് അദ്ദേഹത്തിന്റെ ഒഴിച്ചുകൂടാത്ത ചുമതലയാണ്. അദ്ദേഹം ഏതു കാരണത്താലായാലും അതിനു സന്നദ്ധനല്ലെങ്കിൽ ഗവണ്മെന്റെങ്കിലും നേരിട്ടു ഇടപെട്ടു നീതിനടത്തേണ്ടതാണ്.

റവന്യൂ ദേവസ്വം വിഭജനം കൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു ഞാൻ മുമ്പു തന്നെ സൂചിപ്പിച്ചുവല്ലോ. ഇങ്ങനെ വിഭജനം നടത്തിയ കാലത്തു ആരംഭത്തിൽ ചില നിയമനങ്ങളെല്ലാം അസമത്വസമുദായക്കാരുടെ ഇടയിൽ നിന്നും നടന്നു. കൂടുതൽ നടക്കുമെന്നു ജനങ്ങൾ പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് മുമ്പു ചെയ്തതു അബദ്ധമായിപ്പോയിയെന്നും ദേവസ്വവകുപ്പു സവർണ്ണാധീനമായിത്തന്നെ ഇരിക്കണമെന്നും ഗവണ്മെന്റു തീർച്ചപ്പെടുത്തിയ പോലെ, ആരംഭിച്ച നയത്തിൽനിന്നും ഗവണ്മെന്റു പൂർണ്ണമായി പിന്മാറുകയാണു ചെയ്തു കാണുന്നത്. അസമത്വസമുദായങ്ങൾക്കു കഴിഞ്ഞ എട്ടുവർഷങ്ങൾക്കുള്ളിൽ എത്രമാത്രം പ്രവേശനം സിദ്ധിച്ചു എന്നു നോക്കാം. ആദ്യമായി ഏഴു ലക്ഷത്തിൽപരം ജനങ്ങളുള്ള ക്രിസ്ത്യാനികളുടെ കാര്യം തന്നെ നോക്കാം. ഒരു പേഷ്കാരും രണ്ടോ, മൂന്നോ ഡിവിഷൻ അസിസ്റ്റന്റന്മാരും ഈ സമുദായങ്ങളിൽനിന്നും ആദ്യം നിയമിച്ചു. ഇപ്പോൾ പേഷ്കാരായി ആരുമില്ല. ഡിവിഷൻ പേഷ്കാരന്മാർ ഉണ്ടായിരുന്നവർ പെൻഷൻ പററി പിരിഞ്ഞു. ഇപ്പോൾ ആ സ്ഥാനത്തും യാതൊരു ക്രിസ്ത്യാനുമില്ല. ക്രിസ്ത്യാനികളിൽ ആറുലക്ഷത്തോളം വരുന്നതും ഈ രാജ്യത്തെ വമ്പിച്ച ഏതു സമുദായത്തോടും കിടപിടിക്കത്തക്കതായ ഒരു സമുദായമാണ് ഞാനുൾപ്പെട്ട കത്തോലിക്കാവിഭാഗം. ആ സമുദായത്തിൽ നിന്നു ആരെയെങ്കിലും മേൽ പ്രസ്താവിച്ച ഏതെങ്കിലും സ്ഥാനങ്ങളിൽ നിയമിച്ചിട്ടുണ്ടോ? ഇല്ല. ഈ തഹശീൽദാരന്മാരുടെ ഇടയിലും ആരുമില്ല. ഹൈന്ദവ പാർവ്വത്യകാരന്മാരല്ലാത്തവരിൽ ഒരേ ഒരാളുണ്ട്. ഡിവിഷൻ കച്ചേരികളിലും താലൂക്കുകളിലും പകുതികളിലും ഇവരിൽ ആർക്കും എത്തിനോക്കാൻ പോലും സമ്മതിക്കുന്നില്ല. പേഷ്കാരന്മാരും തഹശീൽദാരന്മാരും കത്തോലിക്കരെ തീരെ നിയമിക്കയേ ഇല്ല. ഈ വകുപ്പിലെ ആയിരക്കണക്കിനുള്ള ഉദ്യോഗമെല്ലാം എന്നും സവർണ്ണരുടെ സ്വന്തസ്വത്തായിരിക്കണമെന്നാണ് അവർ വിചാരിക്കുന്നതെന്നു തോന്നും. നാലു ലക്ഷത്തോളമുള്ള മഹമ്മദീയർക്കും ആറുലക്ഷത്തിലധികമുള്ള ഈഴവർക്കും മററു അവർണ്ണസമുദായങ്ങൾക്കും ഇതിൽ പറയത്തക്ക പ്രാതിനിധ്യമൊന്നും നല്കുന്നില്ല. കാലക്രമത്തിൽ ഒരു ഈഴവനെ വെച്ചാൽ അതു അസാധാരണസംഭവമായി ആളുകൾ സന്തോഷത്തോടെ പറയും. അതുപോലെ അസമത്വസമുദായത്തിൽപ്പെട്ട ഒരാളിനെ ഉദ്യോഗത്തിൽ നിയമിച്ചാൽ അതു പത്രക്കാരും പൊതുജനങ്ങളും അസാധാരണസംഭവമായി പറഞ്ഞുകൊണ്ടിരിക്കും. മി: മാധവന്റെ നിയമനം നടന്നപ്പോൾ അങ്ങിനെയൊക്കെ ഉണ്ടായി. എന്നാൽ നൂറു നൂറുകണക്കിനു എത്ര എത്ര നിയമനങ്ങളാണ് സവർണ്ണരിൽ നിന്നും ദേവസ്വ വകുപ്പിലും മറേറതൊന്നിലും നടക്കുന്നത്. അതിനെപ്പററി ഒരു പത്രത്തിലും അസാധാരണനിലയിൽ എടുത്തുപറയാറില്ല. മുൻസിഫായിരുന്ന മി: മാധവനെ ഡിവിഷൻ അസിസ്റ്റന്റായി നിയമിക്കുകയും ഇപ്പോൾ അദ്ദേഹം ഒരു പേഷ്കാരുടെ ജോലി വഹിക്കുകയും ചെയ്യുന്നു. മററു വകുപ്പുകളിൽ നിന്നു വരുന്നവർക്കും അസമത്വസമുദായങ്ങളിൽ പെട്ടവർക്കും ഈ വകുപ്പിലെ കാര്യങ്ങൾ നടത്താൻ കഴിയുമെന്നു മി: മാധവന്റെ നിയമനം തെളിയിച്ചിട്ടുണ്ട്.

ദേവസ്വവകുപ്പിലെ കാര്യങ്ങൾ അതിനുപുറത്തുനിന്നു നിയമിക്കുന്നവർക്കും നടത്തിക്കൊണ്ടുപോകാമെന്നു കാണിക്കുന്ന ഉദാഹരണങ്ങൾ വേറെയും ധാരാളമുണ്ട്. മുമ്പു ബ്രിട്ടീഷിന്ത്യയിലെ സാൾട്ടു വകുപ്പിൽ ഇരുന്ന ആളാണ് ഇപ്പോഴത്തെ കമ്മീഷണർ എന്നു പറയുന്നു. അതു പോലെ ഈ വകുപ്പിൽ ഡോക്ടർ പേഷ്കാരായി ഇരുന്നിട്ടുണ്ട്. ജഡ്ജി പേഷ്കാരായിരുന്നിട്ടുണ്ട്. പേഷ്കാർ ജഡ്ജിയായിട്ടുമുണ്ട്. ഇതു കൊണ്ടൊന്നും കാര്യക്ഷമതയ്ക്കു കുറവുവന്നിട്ടില്ലെങ്കിൽ ബാറിൽ നിന്നും മററും പേഷ്കാരായും തഹശീൽദാരായും നേരിട്ടു നിയമിക്കുന്നതുകൊണ്ടു യാതൊരു ദൂഷ്യവുമില്ല. വക്കീലന്മാർ ദേവസ്വകേസുകളും നടത്തി പരിചയമുള്ളവരാണ്. ജഡ്ജിയേക്കാളും പേഷ്കാരേക്കാളും ഇവർ ദേവസ്വവിഷയത്തിൽ ശോഭിച്ചേക്കും. അസമത്വസമുദായങ്ങളിൽ പെട്ടവരെ താഴെ നിന്നു ഉന്നതസ്ഥാനങ്ങളിലേക്കു ഉയർത്തിക്കൊണ്ടുവരുവാൻ അവിടെ ആരുമില്ല. അതുകൊണ്ടു പുറത്തുനിന്നു തന്നെ നിയമിക്കണം.

മി: ഏ.സ്. പി. പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഏതു പേഷ്കാരാണ ജഡ്ജിയായിരുന്നതു്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): അതൊക്കെ മെമ്പർതന്നെ നോക്കി അറിഞ്ഞുകൊള്ളുക (ചിരി). അങ്ങിനെ ആക്കീട്ടില്ലെന്നു ഖണ്ഡിച്ചു പറഞ്ഞാൽ ഞാൻ ഉടനെ പേരു പറഞ്ഞു തെളിയിക്കാം. വെറേയുള്ള ചോദ്യോത്തരങ്ങളിൽ കളയാൻ എനിക്ക് സമയമില്ല. പാർവ്വത്യകാരന്മാരേയും പുറത്തുനിന്നു നേരിട്ടു നിയമിക്കണം. ആ സ്ഥാനത്തേക്കു കേറിവരുന്നതിനു അർഹന്മാരുമില്ല. നിയമിക്കുന്നുമില്ല. ഒരേ വർഗ്ഗക്കാർതന്നെ ആയിരുന്നാൽ അവർ മിക്കവാറും മേൽ ഉദ്ധരിച്ച സ്വവർഗ്ഗപ്രതിപത്തിയോടെ അനീതിപ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നു പറയുന്നതു ഈ വകുപ്പിലെ സ്ഥിതി ശരിയെന്നു തെളിയിക്കും. ഇതുകൂടാതെ ഇപ്പോൾ ശരിയായി കേൾപോരും കേൾവിയും ഇല്ലാത്തവിധം കാര്യങ്ങൾ നടന്നു കാര്യങ്ങൾ അലങ്കോലപ്പെട്ടു. ഈ സ്ഥിതി ഒരു പരിഷ്കൃത ഗവണ്മെന്റിനു ഒരിക്കലും അനുവദിക്കാവുന്നതല്ല. ഇതെല്ലാം കണ്ടുകൊണ്ടു മൗനമായിരിക്കുന്നതിനു ഞങ്ങളുടെ കൃത്യബോധം ഞങ്ങളെ തീരെ അനുവദിക്കുന്നില്ല.

കൃഷിക്കാരുമായി ഇടപെടേണ്ട ഒരു വകുപ്പാണ് റവന്യൂ ഡിപ്പാർട്ടുമെന്റ്. അതിലെ പല പദികളിലും ഒരേ വർഗ്ഗക്കാർതന്നെ ഇരിക്കുന്നതുകൊണ്ടാണ് അധികം അഴിമതികൾ നടക്കുന്നത്. മേലുദ്യോഗസ്ഥന്മാർ കൃത്യബോധമുണ്ടെങ്കിൽ തന്നെയും അവർ ആഫീസിലുള്ള കീഴുദ്യോഗസ്ഥന്മാർ പറയുന്ന അഭിപ്രായത്തെ ആസ്പദമാക്കി പ്രവർത്തിച്ചുകളയുന്നു എന്ന വാസ്തവം തുറന്നു പറയാതെ തരമില്ല. ആഫീസുകളിലെ ഉദ്യോഗസ്ഥന്മാർതമ്മിൽ കൂട്ടുകെട്ടുമായിരിക്കും. പുറമേ കാണുന്നതിനു വിപരീതമായ ഈ അടി ഒഴുക്ക് അസമത്വസമുദായങ്ങൾക്ക വലിയ ദോഷമാണ്. ഇങ്ങനെയാണ് കൈക്കൂലിയും വർദ്ധിക്കുന്നത്. റവന്യൂദേവസ്വവിഭജനംതന്നെ അസമത്വസമുദായക്കാരെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ പ്രവേശിപ്പിക്കുന്നതിനാണല്ലോ.

മി. വി. ജെ. ഉമ്മൻ (വടക്കൻ, വാണിജ്യവും വ്യവസായവും): റവന്യൂദേവസ്വം വിഭജനം കഴിഞ്ഞിട്ട് എത്ര വർഷമായി?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എട്ടു വർഷത്തോളമായി. ഈ എട്ടു വർഷത്തിനിടക്ക പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗക്കാരിൽനിന്നും നിയമനം നടത്തിവരുന്നുണ്ടെന്ന് മി. റാബിൻസൺ പറഞ്ഞത് ശരിയാണെങ്കിൽ അവരെ താലൂക്ക്, ഡിവിഷൻ, ഹജൂർ എന്നീ കച്ചേരികളിൽ കുറെയെങ്കിലും കാണണമല്ലോ. അവിടെ ഏങ്ങും ഇല്ലെങ്കിൽ ഇവർ എവിടെപ്പോയിരിക്കുന്നു? കൗൺസിൽ ചോദ്യത്തിനു തന്നിട്ടുള്ള ഉദ്യോഗ വർഗ്ഗപട്ടികയും സ്റ്റാറ്റിസ്റ്റിക്സും അനുഭവവും റാബിൻസൺ പറയുന്നതിനോടു തീരെ യോജിക്കുന്നില്ല. ഏതായാലും വർഗ്ഗീയപ്രതിപത്തിയോടുകൂടി നിയമനാഴിമതികൾ നടക്കാതിരിക്കുന്നതിന് ഗവണ്മെന്റ പ്രത്യേകം ശ്രദ്ധിക്കണം. അതു ഗവണ്മെന്റിന്റെ ഒഴിച്ചുകൂടാത്ത ധർമ്മമാണ്. സമഭാവനയോടുകൂടിയ ഭരണമാണ് പരിഷ്കൃത ഭരണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. എല്ലാ വർഗ്ഗക്കാരായ ജനപ്രതിനിധികളും ഉദ്യോഗനിയമനം സംബന്ധിച്ചു ഖണ്ഡിതമായ ഒരു വ്യവസ്ഥ ചെയ്യണമെന്നു പറയുന്നു.

മി. വി. ചെല്ലം പിള്ള (തോവാള): ഉദ്യോഗത്തിന് എത്ര അപേക്ഷകൾ കൊടുത്തു? അതിൽ എത്ര അപേക്ഷകൾ തള്ളി എന്നറിയാമോ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗത്തിനു അപേക്ഷ വരുമ്പോൾ ഓരോ ഉദ്യോഗസ്ഥനും മെമ്പർമാരെക്കൂടി അറിയിച്ചിരുന്നുവെങ്കിൽ കണക്കപറയാമായിരുന്നു. അപേക്ഷകന്മാരുടെയും നിയമിക്കപ്പെട്ടവരുടെയും വർഗ്ഗം തിരിച്ചുള്ള ലിസ്റ്റ് ഗസററിൽ പ്രസിദ്ധം ചെയ്യണമെന്നു ഞാൻ ഗവണ്മെന്റിനെ ഈ സഭ വഴി അറിയിച്ചിരുന്നു. അങ്ങിനെ ചെയ്തിരുന്നാലും അറിയാമായിരുന്നു. എങ്കിലും ധാരാളംപേർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടെന്നു എനിക്കറിയാം. അസമത്വസമുദായങ്ങൾ അധികമായി നിവസിക്കുന്ന ഒരു നിയോജകമണ്ഡലത്തിലെ മെമ്പറാണു ഞാൻ. സാധാരണ ഒരാൾക്ക ഉദ്യോഗം കൊടുക്കണമെന്നു ഒരാളുടെ അടുക്കൽ പോയി പറയാറില്ല. എന്നാൽ അപേക്ഷകന്മാരില്ലായിരുന്നുവെന്ന് പറയാതിരിക്കുവാൻ ഞാൻ ചിലപ്പോഴൊക്കെ അങ്ങനെയും ചെയ്തിട്ടുണ്ട്. അസമത്വം അനുഭവിക്കുന്ന വർഗ്ഗങ്ങളിലെ പരീക്ഷാവിജയികളായ ആളുകൾ നിർബന്ധിച്ചാൽ ഞാൻ ചെന്നു അവരുടെ നിയമനകാര്യം ചില ഉദ്യോഗസ്ഥന്മാരോടു പറയാറുണ്ട്. എന്നാൽ ഈ വകുപ്പിനെ സംബന്ധിച്ചു ഫലം മിക്കവാറും ശൂന്യമായിട്ടാണു കാണാറ്. ഇപ്പോഴത്തെ പേഷ്കാരന്മാരുടെ ചില വർഷത്തിന്റെ നിയമനത്തിന്റെ വർഗ്ഗം തിരിച്ചുള്ള കണക്ക ഞാൻ അനേകം തവണ ഈ കൗൺസിലിൽ ചോദിച്ചു. എന്തായാലും അതു വെളിയിൽ വരികയില്ല. ആ പട്ടിക വെളിയിൽ വന്നാൽ ഭീമമായ അനീതി നടക്കുന്നുണ്ടെന്നു പ്രത്യക്ഷമാകും. ഈ തരത്തിലുള്ള അനീതികളെ നീക്കുന്നതിനുവേണ്ടി ഗവണ്മെന്റ എന്താണു ഒരുങ്ങുന്നതെന്നറിഞ്ഞുകൂടാ. ചില വർഗ്ഗക്കാരെ റവന്യൂവിൽ നിയമിച്ചാൽ നികുതിപിരിക്കയില്ലെന്നു ഗവണ്മെന്റ വിചാരിക്കുന്നുവോ, എന്നു ഗവണ്മെന്റിന്റെ ഈ വിഷയത്തിലുള്ള മൌനം കാണുമ്പോൾ തോന്നും. ഡിമാന്റ നോട്ടീസിന്റെയും സ്ഥാവരജംഗമജപ്തികൾ തുടങ്ങിയുള്ള അനന്തരനടപടികളുടെയും ശക്തികൊണ്ടാണ നികുതിപിരിയുന്നതു, അല്ലാതെ അതു ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയനിലകൊണ്ടോ, പല്ലരെന്നാൽ താഴെപ്പടിയിൽ ജോലിനോക്കീട്ടുണ്ടെന്നുള്ള യോഗ്യതകൊണ്ടോ അല്ല. പരീക്ഷായോഗ്യതയുള്ളവർ എല്ലാവർഗ്ഗങ്ങളിലുമുണ്ട്. നികുതിപിരിക്കുന്നതിനുള്ള പ്രാപ്തിയും മററുവിധത്തിലുള്ള എഫിഷ്യൻസിയും ഒരു വിഭാഗക്കാർക്ക മാത്രമുള്ളതല്ലല്ലോ.

റവന്യൂഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിനു ടെക്നിക്കലായ ജ്ഞാനം കൂടിവേണ്ടേ എന്നു ചിലർ ചോദിക്കുന്നു. അതിലേക്ക വേണ്ടതു സർവ്വേമാത്രമാണ്. അതും എല്ലാപേർക്കും വേണ്ടാ, കുറച്ചുപേർക്കേവേണ്ടു. ഇപ്പോഴത്തെ തഹശീൽദാരന്മാരിൽ അധികംപേരെയും നിയമിച്ചശേഷം ഗവണ്മെന്റിൽനിന്നും പ്രത്യേകം സർവ്വേ പരിശീലിപ്പിക്കയാണു ചെയ്തിട്ടുള്ളതു. ക്ലാർക്കുകൾ, ഹെഡ്ക്ലാർക്കുകൾ, പേഷ്കാരന്മാർ, ഡിവിഷൻ അസിസ്റ്റന്റന്മാർ ഇവരിൽ സർവ്വേപരിശീലിച്ചവർ കുറയും. എന്നാൽ ഇപ്പോൾ സർവ്വേ പരിശീലനം കഴിച്ചിട്ടുള്ള അസമത്വസമുദായക്കാർ അപേക്ഷിച്ചാലും കൊടുക്കുന്നുണ്ടോ? ഇല്ല. നിയമനങ്ങളിൽ മാത്രമല്ല, മററെല്ലാ വിഷയങ്ങളിലും ഈ ഡിപ്പാർട്ടുമെന്റിൽ കണ്ടമാനം അഴിമതികൾ നടക്കുന്നുണ്ട്. പൊതുജനങ്ങളുടെ മുതൽ കൊണ്ടു കൈകാര്യം ചെയ്യുന്ന ഗവണ്മെന്റ ഏതാനും ചില വർഗ്ഗക്കാരെ മാത്രമേ ഈ വകുപ്പിലെ ഉദ്യോഗത്തിൽ നിയമിക്കു എന്നു പ്രവൃത്തിമൂലം നിർബന്ധിച്ചുകൊണ്ടിരിക്കുന്നകാലത്തോളം ഇവക്ക പരിഹാരമുണ്ടാകുന്നതല്ലെന്ന് ഖണ്ഡിച്ചു പറയാം. അതിനാൽ സകലസമുദായങ്ങളോടും സമഭാവനയോടെ വർത്തിക്കേണ്ട ഗവണ്മെന്റ ഈ വകുപ്പിൽ കുറേക്കാലത്തേക്കെങ്കിലും അസമത്വസമുദായങ്ങളുടെ അവകാശത്തെ മുൻനിർത്തി നിയമനം നടത്തണമെന്ന് ഖണ്ഡിതമായി ചട്ടംകെട്ടുകയും, ഗവണ്മെന്റ നേരിട്ടുതന്നെ ചില നിയമനങ്ങളെങ്കിലും നടത്തി ദൃഷ്ടാന്തം നൽകുകയും, അതിനനുസരണമായി പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരെ ശാസിച്ചുശരിപ്പെടുത്തുകയും ചെയ്ത് അസമത്വസമുദായങ്ങളുടെ അവകാശങ്ങൾക്ക് രക്ഷയും അവരുടെ സങ്കടങ്ങൾക്ക പരിഹാരവും വരുത്തണമെന്നു ഞാൻ പബ്ലിക്കിനു വേണ്ടി ഗവണ്മെന്റിനെ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (തെക്കൻ, വാണിജ്യവും വ്യവസായവും): സർ, ഞാൻ, ഈ വാദപ്രതിവാദം അവസാനിക്കാറായ ഘട്ടത്തിൽ ഇതിൽ പങ്കുകൊള്ളണമെന്നു നിശ്ചയിച്ചിരുന്നില്ല. എന്നാൽ ചില മെമ്പറന്മാരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ, ഈ ഉപക്ഷേപത്തെപ്പററി കുറച്ചു വാക്കുകൾ പറയേണ്ടതുണ്ടെന്ന് വിചാരിച്ചിരിക്കുന്നു. സർ, ഞാൻ സാമുദായികപ്രാതിനിധ്യത്തിനുവേണ്ടിയുള്ള ഒരാളല്ലെന്ന് മുൻ അവസരങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, കാര്യക്ഷമത, കാര്യക്ഷമതമാത്രമാണ് കാര്യമായി ഗണിക്കേണ്ടതു. എന്നാൽ സാമുദായിക പ്രാതിനിധ്യം ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ളതുകൊണ്ട്, ഞാൻ ഗവണ്മെന്റിനോടു വഴക്കുപറയണമെന്നു വിചാരിച്ചില്ല. സർ, വാദപ്രതിവാദങ്ങളിൽനിന്നും വെളിവാകുന്ന ഒരേറെ വിഷയം, നിയമനങ്ങൾ എല്ലാസമുദായങ്ങൾക്കും, അതതിന്റെ വലിപ്പച്ചെറുപ്പമനുസരിച്ചു വിഭജിക്കപ്പെടുന്നില്ല എന്നുള്ളതാണ്. സാമുദായിക പ്രാതിനിധ്യത്തിന്മേൽ ഏതെങ്കിലും ഡിവിഷൻ അസിസ്റ്റൻറിനെയോ, പേഷ്ക്കാരെയോ നിയമിക്കാറുണ്ടോ എന്നു ഞാൻ റവന്യൂകമ്മീഷണരോടു ഒരു ചോദ്യം ഉന്നിച്ചോദിക്കുകയുണ്ടായി. എനിക്കു അതിനു ഉത്തരം കിട്ടുകയുണ്ടായില്ല. എന്നാൽ, പോററിചില പ്രസംഗങ്ങളിൽനിന്നും, മുസ്ലീമിനെ പേഷ്ക്കാരന്മാരായും, മുൻസിഫന്മാരെ ഡിവിഷൻ അസിസ്റ്റൻറന്മാരായും നിയമിച്ചിട്ടുണ്ടെന്ന്, എനിക്കു മനസിലായി. മി. [illegible]പിള്ള, ഏതെങ്കിലും പരിഹാരമാർഗ്ഗം കണ്ടുപിടിക്കണമെന്നു പറഞ്ഞു ഒന്നുരണ്ടു നിർദ്ദേശങ്ങൾ വെക്കുകയുണ്ടായി. എനിക്കു ആകെ പറയാനുള്ളതിതാണ്; സാമുദായിക പ്രാതിനിധ്യത്തെ എത്രത്തോളം പിന്താങ്ങിയാലും, ഏതെങ്കിലും സമുദായങ്ങളുടെ കാര്യം അപ്പററിചിന്തിക്കണമെന്ന് ഗവണ്മെന്റ് ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, എനിക്കു ചുരുക്കമായിട്ടു പറയാനുള്ളത്, ഏതെങ്കിലും ശക്തി നശിപ്പിക്കാത്ത മററു സമുദായങ്ങളുടെ അവകാശങ്ങളെക്കൂടി ആ കൂട്ടത്തിൽ ആലോചിക്കേണ്ടതാണ് എന്നാണ്.

മി: വി. ജെ. ഉമ്മൻ (വടക്കൻ, വാണിജ്യവും-വ്യവസായവും): ഈ ഉപക്ഷേപത്തെ സംബന്ധിച്ചു നിവൃത്തിയുള്ളിടത്തോളം പറയാതെ കഴിച്ചുകൂട്ടാമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ പലരും പറയുന്നതുകൊണ്ടു ഞാനും പറയാതിരിക്കുന്നതു നല്ലതല്ലെന്നു വിചാരിച്ചാണു അതിനെപ്പററി പറയാൻ ഉദ്ദേശിച്ചത്. ൧൦൯൮-ൽ മി: രാഘവയ്യായുടെ കാലത്തു വർഗ്ഗീയപ്രാതിനിധ്യത്തെ സംബന്ധിച്ചു ൪൭൨-ാം നമ്പരായി ഒരു ജി. ഒ. സർക്കുലർ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ റവന്യൂകമ്മീഷണർതന്നെ ആയിരുന്നു അന്നും കമ്മീഷണർ. അദ്ദേഹത്തിന്റെ കീഴിലുള്ള പേഷ്കാരന്മാരും തഹശീൽദാരന്മാരും നടത്തുന്ന നിയമനങ്ങളിൽ വർഗ്ഗീയപ്രാതിനിധ്യതത്വം അനുസരിച്ചു എല്ലാ സമുദായക്കാർക്കും ഒരുപോലെ ഉദ്യോഗദാനം ചെയ്യുന്നില്ല. അതിനു കാരണമെന്താണ്. പല സമുദായങ്ങളിൽനിന്നും അപേക്ഷകന്മാരുണ്ടായിരുന്നിട്ടും പ്രാതിനിധ്യം കുറവുള്ള സമുദായങ്ങളിൽനിന്നും പ്രത്യേകം ആളെ തിരഞ്ഞെടുത്തു നിയമിച്ചുഎന്നുള്ളതിനെപ്പററിയാണ് സർക്കുലർ. കഴിഞ്ഞ ബഡ്ജററിൽ റവന്യൂകമ്മീഷണരുടെ സമാധാനം കിട്ടിയോഎന്നും കിട്ടിയെങ്കിൽ അതെന്തായിരുന്നുവെന്നും ഞാൻ ചോദിച്ചിരുന്നു. അതിനു സമാധാനം കിട്ടിയെന്നുമാത്രം പറഞ്ഞിരുന്നു. എന്നാൽ ആ സമാധാനം തൃപ്തികരമായിരുന്നോ എന്നു ചോദിച്ചതിനു പൂർണ്ണമായി തൃപ്തികരമായിരുന്നില്ല എന്നു സമാധാനം പറഞ്ഞു. റവന്യൂകമ്മീഷണരോടു അദ്ദേഹത്തിന്റെ മേധാവി ചോദിക്കുന്ന സമാധാനത്തിനു തരുന്ന മറുപടി തൃപ്തികരമല്ലെന്നു തോന്നിയാൽ തൃപ്തികരമായ ഒരു സമാധാനം വാങ്ങിക്കേണ്ടതല്ലേ? തൃപ്തികരമായ ഒരു സമാധാനം തരുന്നതിനു ഒരു ഡിപ്പാർട്ടുമെന്റ് മേധാവി വഴിപ്പെട്ടില്ലെങ്കിൽ ഇനിമേലെങ്കിലും ആ മേധാവി ഇങ്ങനെയുള്ള അക്രമങ്ങൾ നടത്താതിരിക്കുവാൻ ചട്ടംകെട്ടേണ്ടതു ഗവണ്മെന്റിന്റെ ചുമതലയല്ലേ? കമ്മീഷണർ ശരിയായ സമാധാനം തന്നിട്ടില്ലെങ്കിൽ ഇനി എങ്കിലും സമാധാനം ആവശ്യപ്പെടുകയും മേലാൽ തിരുവിതാംകൂറിലുള്ള ആളുകളെ ഇങ്ങിനെ കടിപിടികൂട്ടിക്കാതെ എല്ലാവരും ഏകയോഗക്ഷേമത്തോടുകൂടി തിരുവിതാംകൂറിൽ കഴിച്ചുകൂട്ടുന്നതിനു വേണ്ട സൌകര്യങ്ങൾ ഗവണ്മെന്റുതന്നെ ഉണ്ടാക്കുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, തിരുവിതാംകൂറിലെ സാമുദായിക പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു സാമുദായിക പ്രാതിനിധ്യം കൊടുക്കേണ്ട ആവശ്യത്തെ പുരസ്കരിച്ച് ധാരാളം അംഗങ്ങൾ സംസാരിക്കുകയുണ്ടായി. സാമുദായിക പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിൽനിന്നുംവേണ്ടുവോളം ആളുകളെ നിയമിക്കുന്നില്ലെന്ന ഉപക്ഷേപകർത്താവുതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ൧൦൯൭-ൽ വൈസാങ്ങൾ റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും വിഭജിക്കപ്പെടുകയും നാലുവർഷങ്ങൾക്കുശേഷം, സാമുദായിക പ്രാതിനിധ്യമില്ലാത്ത സമുദായംഗങ്ങളുടെ നിയമനവിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക നിശ്ശബ്ദനായ മി: ആർ. കൃഷ്ണപിള്ള തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒഴിവുകൾ ധാരാളമായി ഉണ്ടായതിൽ എഴുപതുശതമാനവും പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്കാണു കിട്ടിയിട്ടുള്ളതു എന്നു അദ്ദേഹം അതിൽ പറഞ്ഞിട്ടുണ്ട്. ൧൧-ാം വാക്യത്തിൽ ൪൫൦-ാമതു വശത്തു ആ സ്റ്റേറ്റുമെന്റു കാണാവുന്നതാണ്.

“൧൦൯൭ ചിങ്ങം ൧-ാം൦-നുശേഷം, ൭൩ സ്ഥിരം ഒഴിവുകളെ ഉണ്ടായിട്ടുള്ളു. അതിൽ ഇരുപത്താറൊഴിവുകളിൽ ൧൦൯൭-ലെ കൂടുതൽ നിയമനക്കാരെയും നിവൃത്തൽചെയ്ത പിരിഞ്ഞുപോയ ഡിവിഷൻ അസിസ്റ്റൻറിന്റെ ആഫീസിലുണ്ടായിരുന്ന ൨ പേരെയും നിയമിച്ചു. കൂടുതൽ നിയമനക്കാരായിട്ടു താഴ്ന്ന ഹിന്ദുക്കളും ഹിന്ദുക്കളല്ലാത്തവരുംകൂടി മൻപതുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ രണ്ടു ക്രിസ്ത്യാനികളെ പിന്നീടുണ്ടായ ഒഴിവുകളിൽ നിയമിച്ചു. ഈ രണ്ടുപേരെയും, ൧൧൦൧-ൽ മേടം ൧-ാം൦ ഉള്ളതായിക്കണ്ട ൭൨ സ്ഥിരം ജോലിക്കാരിൽനിന്നും ൧൦൯൭ ചിങ്ങം ൧-ാം൦ ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്നവരായ ൩൭ താഴ്ന്ന ഹിന്ദുക്കളെയും ഹിന്ദുക്കളല്ലാത്തവരെയും ഒഴിച്ചു, ൧൦൯൭ ചിങ്ങം ൧-ാം൦ മുതൽ ൧൧൦൧ മേടം ൧-ാം൦ വരെ അതായതു, ൪ കൊല്ലം ൮ മാസക്കാലത്തേക്കു, താഴ്ന്ന ഹിന്ദുക്കളും ഹിന്ദുക്കളല്ലാത്തവരുമായ ൩൭ പേരെ പുതുതായി സ്ഥിരമൊഴിവുകളിൽ നിയമിക്കുകയും, അവർക്കുണ്ടായിരുന്ന ഒഴിവുകളുടെ എണ്ണം ൫൦-ം ആയിരുന്നു എന്നു കാണുന്നുണ്ടു. ഇതു ൭൦ ശതമാനത്തോളം ആയിത്തീർന്നിട്ടുണ്ടു. ഇക്കാലത്തു സ്ഥിരം നിയമിച്ചിട്ടുള്ള മേൽജാതി ഹിന്ദുക്കളുടെ എണ്ണം ൨൩-ം. അവരിൽ അധികംപേരും വൈസാം ചേർത്തിരിക്കപ്പെടുന്നതിനു മുമ്പു ക്ലാർക്കന്മാരായി പകരം ജോലിനോക്കിയിട്ടുള്ളവരും, അതുകൊണ്ടു അവരുടെ കാര്യത്തിൽ ഒഴിവുകളുണ്ടാകുമ്പോൾ അവരുടെ അവകാശങ്ങൾ ഗണിക്കാതിരിക്കാതിരിക്കത്തക്കതെന്നു ഗവണ്മെന്റു ഉത്തരവായിട്ടുള്ളതും ആകുന്നു.”

ഇതിൽനിന്നും നാം കാണുന്നതു, നാലുകൊല്ലകാലങ്ങൾക്കിടക്കു ഉണ്ടായിട്ടുള്ള ഒഴിവുകളിൽ ൭൦ ശതമാനവും പ്രതിനിധീകരിക്കപ്പെടാത്ത സമുദായങ്ങൾക്കാണു കൊടുത്തതെന്നാണ്. ഇതു ൧൧൦൮ ആണ്; ആ സ്റ്റേറ്റുമെന്റു ഉണ്ടാക്കിയതിനുശേഷം മൂന്നു കൊല്ലങ്ങൾ മാത്രമേ കഴിഞ്ഞിട്ടുള്ളു. ൧൧൦൩-നും ൧൧൦൮-നും ഇടക്കു ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം കാണിക്കുന്ന ഒരു പട്ടികയും മി: റാബിൻസനോ, മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഈ കൌൺസിലിന്റെ മുമ്പാകെ ഹാജരാക്കിയിട്ടില്ല. ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിലുണ്ടായ എല്ലാ ഒഴിവുകളെപ്പറ്റിയും ആണ് ഞാൻ പറയുന്നതു. പാർവ്വത്യകാരന്മാരുടെയും, അക്കൌണ്ടന്മാരുടെയും ഗ്രേഡുകളിൽ, വേണ്ടപോലെ സ്ഥാനങ്ങൾ കരുതാചികൾക്കു കൊടുത്തിട്ടില്ല എന്നുള്ളതാണ് ഈ കൌൺസിലിൽ പ്രധാനമായിട്ടുള്ള പരാതി. പക്ഷേ, അതു വാസ്തവമായിരിക്കാം. എന്നാൽ മറ്റുസ്ഥാനങ്ങളിലും ഒഴിവുകൾ ഉണ്ടാകുന്നുണ്ടു, പ്രതിനിധീകരിക്കപ്പെടാത്ത സമുദായങ്ങൾക്കു ആ സ്ഥാനങ്ങൾ വേണ്ടപോലെ കൊടുക്കാമായിരുന്നതാണ്. സാമുദായികപ്രാതിനിധ്യമില്ലാത്ത സമുദായക്കാരിൽനിന്നും, പാർവ്വത്യകാരന്മാരുടെയും അക്കൌണ്ടന്മാരുടെയും കൂട്ടത്തിൽ കുറെ നിയമനങ്ങൾ നടത്താത്തതുകൊണ്ടുമാത്രം, സാമുദായികപ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ അവകാശങ്ങൾ, ഡിപ്പാർട്ടുമെന്റു വേണ്ടപോലും ആലോചിക്കുന്നില്ല എന്നുള്ളപരാതിക്കു അതൊരു അടിസ്ഥാനമാകുന്നതല്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമനം): വേറെ സമുദായങ്ങളിൽനിന്നും വേണ്ടവോളം നിയമിച്ചിട്ടുള്ളതായി അറിയാമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ സംഖ്യകൾ എന്റെപക്കൽ ഇല്ല. ഉണ്ടെങ്കിൽ മെമ്പറിന്നു പറയാമായിരുന്നു, ആ സംഖ്യകൾ ലാൻഡ്‌റവന്യൂകമ്മീഷണരോടു ചോദിക്കുകയും അതനുസരിച്ചു അവതരിക്കയും ചെയ്യുന്നെങ്കിൽ, പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കു പ്രതിനിധീകരണം നൽകുന്നതിൽ ഡിപ്പാർട്ടുമെന്റു ഉദാസീനത കാണിച്ചിട്ടുണ്ടോ, എന്നു അപ്പോൾ മെമ്പറിന്നു കാണാവുന്നതാണ്. ആ പട്ടിക കിട്ടാതിരിക്കുന്നിടത്തോളം കാലം, ഗവണ്മെന്റു ന്യായമായി പ്രവർത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നമുക്കു പറയാവുന്നതല്ല. ഒരു സ്ഥാപനത്തിന്റെ സ്ഥിതിയിൽക്കൂടിയാണു നാം ഇപ്പോൾ ചരിക്കുന്നതു. നമുക്കൊരു വ്യക്തമായ ഉപാധി ഉണ്ടായിരുന്നുവെങ്കിൽ ഗവണ്മെന്റിന്റെ ഖണ്ഡനത്തെപ്പറ്റി നമുക്കു പരാതിപറയാമായിരുന്നു. ഈ സമുദായങ്ങളിൽനിന്നും പാർവ്വത്യകാരന്മാരെയും അക്കൌണ്ടന്മാരെയും നിയമിക്കാതിരിക്കുന്നതിനുള്ള ഒരു കാരണം ഈ സ്ഥാനങ്ങളിലേക്കു കയറ്റം ചെയ്യുന്നതിനു താഴ്ന്നഗ്രേഡിൽ ആരുമില്ലെന്നുള്ളതാണെന്നു, നിയുക്തനായ മി: കൃഷ്ണപിള്ള അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റിൽതന്നെ പറഞ്ഞിട്ടുണ്ടു. ഗുരുതരമായ സ്ഥിതികൾക്കുള്ള കാരണം അതായിരിക്കാം. ഇന്നു ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിൽ താഴ്ന്നഗ്രേഡിൽനിന്നും കയറ്റം കൊടുക്കാവുന്ന, അക്കൌണ്ടന്മാരും താഴെതരം ഗുമസ്തന്മാരും ഉണ്ടായിരിക്കയില്ല. ഗവണ്മെന്റിനു കാര്യക്ഷമതയുള്ളവരെ കിട്ടുവാൻ കഴിവില്ലാതിരിക്കുമ്പോൾ, ഡിപ്പാർട്ടുമെന്റിനു മറ്റുള്ളഡിപ്പാർട്ടുമെന്റിലുള്ളവർക്കു കയറ്റങ്ങൾ നൽകുവാൻ സാധിക്കുന്നതെങ്ങിനെയാണ്? വില്ലേജു ഉദ്യോഗത്തെസംബന്ധിച്ചുനോക്കുന്നതിനു ഏതാണ്ടൊരുതരം കാര്യക്ഷമതയെ ആവശ്യമാണ്. മറ്റുള്ള ഡിപ്പാർട്ടുമെന്റുകളിൽ കാര്യക്ഷമതയുള്ളവർ ആവശ്യമുള്ളതുപോലെ ഉണ്ടോ, ആ ഡിപ്പാർട്ടുമെന്റുകളിൽനിന്നും ആളുകളെ ഈ ഡിപ്പാർട്ടുമെന്റിലേക്കെടുക്കാവുന്നതാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. പക്ഷേ, മറ്റുള്ളഡിപ്പാർട്ടുമെന്റുകളിൽനിന്നും ആളുകളെ ഈ ഡിപ്പാർട്ടുമെന്റിലേക്കെടുത്തു നിയമിക്കയാണെങ്കിൽ, ഈ സാമുദായികപ്രാതിനിധ്യം ഇല്ലാതിരിക്കുന്ന സമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കാവുന്നതാണ്. മറ്റുഡിപ്പാർട്ടുമെന്റുകളിൽനിന്നും ആളുകളെ നിയമിക്കുന്നതു ഒരു നല്ല നയമായി സ്വീകരിക്കേണ്ടതാണോ അല്ലയോ എന്നു, ഗവണ്മെന്റു തീരുമാനിക്കണം. അങ്ങനെ ഒരു നയം സ്വീകരിക്കുന്നതു, ഗവണ്മെന്റിനു, ഈ സമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കാവുന്ന മാർഗ്ഗങ്ങളിൽ ഒന്നായിരിക്കാം. ഈ സമുദായങ്ങളുടെ അവകാശങ്ങളെ ഗണിക്കുന്നതിനുവേണ്ടി, ഈ സമുദായങ്ങളിൽനിന്നും ജോലിയിലിരിക്കുന്ന മറ്റുഡിപ്പാർട്ടുമെന്റുകളിൽനിന്നും ഏതാനും പുതിയആളുകളെ ഇങ്ങോട്ടു നിയമിക്കുന്നതിൽ ക്ലേശം വരാനില്ല.

ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിൽ അധികം ഉയർന്നസ്ഥാനങ്ങളിൽ ഈ സമുദായപ്രാതിനിധികൾ ഇല്ലന്നുള്ളതിനെപ്പറ്റി മി. കുഞ്ഞിത്തൊമ്മനും മററംഗങ്ങളും കലശലായി വാദിക്കയുണ്ടായി. മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റിൽനിന്നും ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിൽ അധികം ഉയർന്നസ്ഥാനങ്ങളിലേക്ക് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നു മി. ചിറ പി. പെരുമാൾപിള്ള അപ്പോൾ ഒരു ചോദ്യം ചോദിക്കുകയുണ്ടായി; ഇപ്പോൾ ദേവികുളം റവന്യൂകമ്മീഷണരായി പകരം ജോലിനോക്കുന്ന മി. മാധവനെപ്പറ്റി മി. റാബിൻസൺ പറയുകയുമുണ്ടായി. അവർ ഇത്രമാത്രം ശക്തിയോടെ അവരുടെ സങ്കടങ്ങൾ അറിയിക്കുന്നതുകൊണ്ട് അവരുടെ അവകാശങ്ങളെ ന്യായീകരിക്കേണ്ടതാണെങ്കിൽ ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിലെ അധികം ഉയർന്ന ഗ്രേഡിലേക്കു അങ്ങിനെ ഒരു നിയമനം നടത്തുന്നതിൽ എന്തു ഔചിത്യമാണുള്ളത്? ഈയിടെ നീതിന്യായവകുപ്പിൽനിന്നും ഒരു പേഷ്കാരെ നിയമിച്ചു. ആ നിയമനത്തെപ്പറ്റി ആരും സങ്കടം പറഞ്ഞില്ല. ഇപ്പോഴും അങ്ങിനെയുള്ള നിയമനം നടത്താവുന്നതാണ്; അതുപോലെ മറ്റുസമുദായങ്ങളുടെ അവകാശങ്ങളും ഗണ്യമായിക്കരുതേണ്ടതാണ്. പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ അവകാശങ്ങളെപ്പറ്റി പരിഗണിക്കുന്നതിനു അതു എല്ലാംകൊണ്ടും ഒരു നല്ല വഴിയാണെന്നു ഗവണ്മെന്റു വിചാരിക്കുന്നപക്ഷം അതു ചെയ്യേണ്ടതുതന്നെയാണ്. ഈ വാക്കുകളോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും, ദേവികുളവും): വർഗ്ഗീയപ്രാതിനിധ്യത്തെ ആസ്പദമാക്കി ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപം ഈ സഭയുടെ ദീർഘമായ പര്യാലോചനക്കു വിഷയീഭവിച്ചിട്ടുണ്ട് എന്നു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. മി. റാബിൻസൺ പറഞ്ഞ മറുപടി ആ ഭാഷ സ്വാധീനതയിലുള്ള ആളുകൾക്കുപോലും മനസ്സിലാക്കാൻ സാധിക്കാത്തസ്ഥിതിക്കു എനിക്കു മനസ്സിലാക്കാൻ സാധിച്ചില്ല എന്നു പറയുന്നതിനു എനിക്കു അശേഷം മടിയില്ല. എന്റെ മാന്യസ്നേഹിതന്മാരിൽ പലരും വർഗ്ഗീയപ്രാതിനിധ്യത്തെ ആസ്പദമാക്കി പല അഭിപ്രായങ്ങളും പുറപ്പെടുവിക്കയുണ്ടായി. മി. ആർ. രാമൻപിള്ള കഴിഞ്ഞ വർഷത്തിൽ ഈ വിഷയത്തെ ആസ്പദമാക്കി ഒരു ഉപക്ഷേപം ഹാജരാക്കി വാദിക്കയുമുണ്ടാ

യി. ഒരു പക്ഷേ അദ്ദേഹത്തിന്റെ ആലോചനക്കുറവുകൊണ്ടായിരിക്കാം അങ്ങിനെ ചെയ്തതെന്നു പിന്നീടു ചില സ്നേഹിതന്മാർ അദ്ദേഹത്തോടു പറഞ്ഞതുകൊണ്ടു ഇപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം പാടെ മാറിയിരിക്കുന്നു എന്നു അദ്ദേഹം ഇവിടെ പ്രകാശിപ്പിച്ചു. അതു ഹേതുവായിട്ടായിരിക്കാം ഉദ്യോഗമുള്ളവർക്കു ഉദ്യോഗവും ഭൂസ്വത്തുള്ളവർക്കു ഭൂസ്വത്തും ആയിരിക്കട്ടെ എന്നുള്ള അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചതു എന്നു തോന്നുന്നു. ഭൂസ്വത്തും ഉദ്യോഗവും ഒരുമിച്ചുണ്ടെങ്കിൽ അതു അധികം നന്നു എന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. പക്ഷെ ഭൂസ്വത്തിനെ സംബന്ധിച്ചുള്ള ഒരു വാദപ്രതിവാദമല്ല ഇതു്. കേവലം ഉദ്യോഗസംബന്ധമായി അസമത്വമനുഭവിക്കുന്നവരുടെ ന്യായാവകാശവാദം മാത്രമാണ്. അസമത്വസമുദായങ്ങൾക്കു സർവീസിൽ ന്യായമായി അവകാശം കിട്ടണമെന്നുള്ള വാദവിഷയത്തിൽ ഗവണ്മെന്റിനു വിസമ്മതം തോന്നിട്ടുണ്ടെങ്കിൽ അതു അബദ്ധമാണ്. തിരുവിതാംകൂറിലെ ഭൂസ്വത്തിന്റെ അളവു കണക്കാക്കിനോക്കേണ്ടതു് സമ്മതിദായകന്മാരുടെ ലിസ്റ്റിനെ ആസ്പദമാക്കിയാണ്. ഈ കാര്യത്തിൽ പരാതിപ്പെടുന്നതിന്റെ നിരർത്ഥത ഈ ഒരു അളവുകൊണ്ടുതന്നെ നിർണ്ണയിക്കാം. ഭൂസ്വത്തില്ലാത്ത നികുതിദായകത്വം എങ്ങനെ ഉണ്ടാകും?

കാടായും മേടായും കിടന്നിരുന്ന സ്ഥലങ്ങളെ വില കൊടുത്തു സ്വാധീനത്തിൽ വരുത്തി വന്യമൃഗങ്ങളോടും സാംക്രമികരോഗങ്ങളോടും പൊരുതി ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുള്ള ഒരു കൂട്ടരും നാട്ടിലുണ്ടായിരിക്കാം. അവർ അനുഭവിക്കുന്നതുപോലെ ഇതരന്മാരും അനുഭവിച്ചുകൊള്ളുന്നതിനു ആരും ഒരിക്കലും പ്രതിബന്ധം ചെയ്തിട്ടില്ല. ചെയ്യുന്നുമില്ല. നേരെമറിച്ചു ഗവണ്മെന്റു ഭണ്ഡാകാരത്തെ പോഷിപ്പിക്കാൻ ഉത്തരം പ്രവർത്തിച്ചിട്ടുള്ള ഇവർക്കു പൗരാവകാശം ഇല്ലെന്നു വരികയില്ല. അദ്ധ്വാനശീലന്മാരായ ഈ തരം ആളുകൾ സ്വപരിശ്രമംകൊണ്ടു വിദ്യാഭ്യാസംചെയ്തു മുന്നോട്ടുവരുന്നതുവരെ യാതൊരുദ്യോഗത്തിനും അപേക്ഷിച്ചിട്ടില്ല. അനന്തരം അവരുടെ അവകാശം നൽകണമെന്നു ആവശ്യപ്പെടുന്നു. മഹാരാജാവു തിരുമനസ്സിലെ കരുണകൊണ്ടു ആറേഴുവർഷങ്ങൾക്കുമുമ്പു റവന്യൂ ദേവസ്വം വിഭജനം നടത്തി. സ്വപ്രജകൾക്കു പൗരാവകാശം ശരിയായി നൽകുവാനുള്ള പൂർവ്വചടങ്ങായിരുന്നു അതു്. എന്നിട്ടും ഗവണ്മെന്റു എന്തുസഹായമാണു ചെയ്തതു്. മഹാറാണി തിരുമനസ്സിലെ പ്രജാവാത്സല്യവും സമഭാവനയും പ്രസിദ്ധമാണ്. പക്ഷെ അസമത്വപരിഹാരത്തിനു ഗവണ്മെന്റു ഒന്നും ചെയ്തിട്ടില്ല. ചെയ്യുന്നുമില്ല.

തിരുവിതാംകൂറിലെ വർഗ്ഗങ്ങൾക്കു പ്രത്യേകം പ്രത്യേകം ഭൂമി പതിച്ചുകൊടുക്കുന്നകാര്യവും വർഗ്ഗീയപ്രാതിനിധ്യകാര്യവും രണ്ടാണ്. ഇവതമ്മിൽ യാതൊരുസംബന്ധവുമില്ല. ഒരു വർഷംമുമ്പു മി. ആർ. രാമൻപിള്ളയുടെ അഭിപ്രായത്തിനു അല്പ സ്വല്പം വ്യത്യാസം വന്നിട്ടുണ്ട്. അന്നു മി. രാമൻപിള്ള കൊണ്ടുവന്ന വാദത്തിനു മറുപടിയായി അന്നത്തെ അദ്ധ്യക്ഷൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഇന്നും മാറിവന്നതായി എനിക്കറിവില്ല. ആ മറുപടി ൧൦൮ കർക്കടകം ൨൩-ാംനു-യിലെ കൗൺസിൽ പ്രൊസീഡിംഗ്സിന്റെ ൩൫൨-ാമത്തെ വശത്തു ഞാൻ കാണുന്നുണ്ട്. അതിൽ പരിപൂർണ്ണമായ വിശ്വാസമുണ്ട്. തൽസംബന്ധമായ നടപടികളും കൂടി കാണണമെന്നുള്ള അഭിലാഷമാണ് ഈ ഉപക്ഷേപം ഹാജരാക്കാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. പ്രസിഡന്റിന്റെ മുൻവിവരിച്ച അഭിപ്രായത്തെ ആദരിച്ചു ഈ ഉപക്ഷേപം പിൻവലിക്കുവാനും ഞാൻ തയ്യാറാണ്.

വർഗ്ഗീയ പ്രാതിനിധ്യതത്വത്തെ ആസ്പദമാക്കീട്ടുള്ള നിയമനങ്ങൾ റവന്യൂഡിപ്പാർട്ടുമെന്റിലും നടത്താമെന്നു ഏഴുവർഷത്തിനുമുമ്പേ ഗവണ്മെന്റു നിശ്ചയിച്ചു. അതിലേക്കു പര്യാപ്തമാകത്തക്കവണ്ണം ലാൻഡു റവന്യൂഡിപ്പാർട്ടുമെന്റിന്റെ ഭരണം പ്രത്യേകം ഒരു അദ്ധ്യക്ഷന്റെകീഴിൽ ആക്കുകയുംചെയ്തു. ഗവണ്മെന്റും അതിനെ ആദരിച്ചു ജനങ്ങളും തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെപേരിൽ ഭക്തിയോടും സംതൃപ്തിയോടുംകൂടിതന്നെ ഇരുന്നു. ന്യായമായ അവകാശം വേണമെന്നുള്ളവാദത്തോടു അനുകൂലിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി അന്നു ചില നിയമനങ്ങൾ നടന്നുതുടങ്ങുകയും ചെയ്തു. അതിൽ പിന്നീടാണല്ലോ ക്രിസ്ത്യൻപേഷ്കാർ ഉണ്ടായതു്. എന്നാൽ ഈ ദീർഘകാല അളവിനകത്തുണ്ടായ മാററം ഇപ്പോൾ ഈ രാജ്യത്തെ റവന്യൂഡിപ്പാർട്ടുമെന്റിൽ ഉദ്യോഗമുള്ളവരുടെ ജാതി പരിഗണനകൊണ്ടു വ്യക്തമാകും. ഇനിയും ഈ നിലയിൽ പോകാൻ പാടില്ല. ഗവണ്മെന്റു ന്യായം നടത്തണം എന്നു മാത്രമാകുന്നു ഞങ്ങളുടെ വാദത്തിന്റെ സ്വരൂപം. മററൊരുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഈ ഏഴുവർഷത്തിനിടയിൽ എന്തു സാധിച്ചു? ഡിപ്പാർട്ടുമെന്റു എന്തുചെയ്തു? താഴ്ന്ന ഉദ്യോഗങ്ങളിൽ പലരേയും നിയമിച്ചിട്ടുണ്ട്. ഉയർന്ന ഉദ്യോഗങ്ങൾക്കു അപേക്ഷകർ ആരുമില്ലെന്നു പറഞ്ഞു നില്ക്കാൻ ഡിപ്പാർട്ടുമെന്റിനു കഴിയുമോ? ഇല്ല. വാസ്തവം അതല്ല. അപേക്ഷക്കാരും അവകാശികളും വേണ്ടടത്തോളം ഉണ്ട്. എന്നിട്ടും നിയമനങ്ങൾ ഉണ്ടാകുമ്പോൾ അസമത്വസമുദായങ്ങളെ വിസ്മരിച്ചുകളയുന്നു. ഇതു ശരിയായ നടപടി ആയിരിക്കയില്ലല്ലോ. അസമത്വസമുദായങ്ങളെ പരിഗണിച്ചു അവരെ നിയമിക്കുന്നതിനുള്ള പ്രതിബന്ധം അതാണെങ്കിൽ സമാധാനത്തിനു വകയുണ്ട്. ഈ പ്രതിബന്ധം ഓരോ കാരണവശാൽ എത്രകാലം നിലനിന്നിരുന്നാലും തിരുവിതാംകൂറിലെ പ്രജകൾക്കു ന്യായമായിട്ടുള്ള അവകാശം കിട്ടാതെ സങ്കടം അനുഭവിച്ചുകൊള്ളണം എന്നു ആജ്ഞാപിക്കുന്നതിന്റെ ഒരു വക ഭേദമായിട്ടു നടപടികൊണ്ടും അനുഭവംകൊണ്ടും വരുന്നുണ്ട്. ന്യായമായ അവകാശം അവർക്കു സന്തോഷപൂർവ്വം കൊടുക്കുന്ന ഒരു ഭാവിയുണ്ടാകുമെന്നു പരിപൂർണ്ണമായി അവർ വിശ്വസിച്ചു ആ ഭാവിയിൽ ദുഃഖചരിതമായി പോയിക്കൊണ്ടിരിക്കുന്നു എന്നു പറയാൻ എനിക്കു മടിയില്ല. ആ ഭാവി അവർ കണ്ടെത്തുകയും ചെയ്തു. എന്നാൽ അവർക്കു അർഹമായതു സന്തോഷപൂർവ്വം നൽകുകയാണ് വേണ്ടതു്. ഇങ്ങനെ സന്തോഷപൂർവ്വം കൊടുത്തു സഹോദരബുദ്ധ്യാ പ്രവർത്തിക്കുന്നുവെങ്കിൽ വർഗ്ഗങ്ങളുടെ ഇടയിൽ മത്സരത്തിനു കാരണമുണ്ടോ? അസംതൃപ്തി ഉളവാകുമോ? രാജ്യവാസികൾ സമാധാനപരമായി ജീവിതം നയിക്കുകയില്ലയോ? കാര്യങ്ങൾ അധികൃതന്മാരുടെ ശ്രദ്ധയിൽ പെടാഞ്ഞതാണു ആശ്ചര്യം. നിയമനവിഷയത്തിൽ ഈ ഒരു വർഷത്തിനിടയിൽ എത്രത്തോളം അന്തരം കാണുന്നുണ്ട്. ന്യായമായിട്ടു കിട്ടേണ്ടതു കിട്ടണമെന്നുമാത്രമേ ഞങ്ങൾ വാദിക്കുന്നുള്ളു. മററുള്ളവർക്കാർക്കും കൊടുക്കണ്ടാ എന്നു ഞാൻ പറയുന്നില്ല. ഞങ്ങൾക്കർഹമായതു ലഭിക്കുന്നില്ല. അതു കിട്ടണം. ഇതാണു വാദം. ഗവണ്മെന്റുതന്നെ സമ്മതിച്ച ഒരു പരമാർത്ഥമാണ് ഇതു്. എന്നാൽ ഭരണാധികാരികൾ ഈ അഭിപ്രായത്തെ പരിപൂർണ്ണമായി ആദരിച്ചു നിയമനം നടത്തുന്നില്ല. അതിനുള്ള കാരണം കണ്ടുപിടിക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണ്. അസമത്വസമുദായത്തിനു് ന്യായമായിട്ടു്

കിട്ടേണ്ട അവകാശങ്ങളെ സഹോദരബുദ്ധ്യാ കൊടുക്കാതിരിക്കുന്നതിനുള്ള പ്രധാനകാരണം വർഗ്ഗീയവിദ്വേഷമാണ്. സർക്കാർജ്ജോലികളിൽ പ്രവേശിച്ചവരെ ഇറക്കിവിടുന്നതു കഷ്ടമാണെന്നു കുറച്ചുമുമ്പ് ഇവിടെ എന്റെ ചില സ്നേഹിതന്മാർ വാദിക്കയുണ്ടായി. അതിനുള്ള പ്രധാനകാരണമായി കാണുന്നതു വളരെക്കാലം സ്ഥിരമായി അനുഭവിച്ചുകൊണ്ടിരുന്ന വസ്തുക്കളിൽനിന്നും ഇറങ്ങിപ്പോകുന്നതിനു സ്വാഭാവികമായുണ്ടാകുന്നുള്ള വൈമനസ്യമാണ്. അതുപോലെ സർക്കാർ ഉദ്യോഗം വളരെക്കാലം അനുഭവിച്ചുകൊണ്ടിരിക്കുന്ന സമുദായക്കാർക്കു മറ്റു സമുദായക്കാരെക്കൂടെ പ്രവേശിപ്പിക്കുന്നതിൽ വൈമനസ്യമുണ്ടായേക്കാം. ഇതൊട്ടും അസ്വാഭാവികമല്ല, സ്വാഭാവികമാണ്. എന്നാൽ ന്യായമായി അർഹതയുള്ളതു കൊടുക്കണം. അസമത്വസമുദായത്തിൽപ്പെട്ട ആളുകൾക്കു മഹാമനസ്കതയോടുകൂടി മററുള്ളവർ കൈവശപ്പെടുത്തി വച്ചിരിക്കുന്നതിനു പുറമെ അപ്പോഴപ്പോഴുണ്ടാകുന്ന അവകാശങ്ങളിൽ കുറെ വിട്ടുകൊടുത്താൽ രാജ്യത്തിൽ സമാധാനക്കേടു യാതൊന്നും വരാനില്ല. യോഗ്യതയുള്ളവർക്കു കൊടുത്താൽമതി. ഈ നാട്ടിലെ പൌരന്മാരെന്ന നിലയിൽ ഞങ്ങളുടെ അവകാശം ചോദിക്കാൻ ഞങ്ങൾക്കു അവകാശമുണ്ട്. മി: എ. താണുപിള്ള ഒരു മത്സരപരീക്ഷാബോർഡൊ കമ്മറ്റിയോ ഏർപ്പെടുത്തി അവരുടെ ശുപാർശപ്രകാരം ഉദ്യോഗം ദാനംചെയ്യണമെന്നു പറകയുണ്ടായി. ഒരുകാലത്തു ഞങ്ങൾ അസമത്വം ധാരാളം അനുഭവിച്ചിരുന്നു. ഇത്രയുംകാലം ചില സമുദായക്കാരുടെ ആജ്ഞക്കു കീഴ്പ്പെട്ട് അവരുടെ ശാസനയിൽ ഉൾപ്പെട്ടു പ്രവർത്തിച്ചതിന്റെ ശേഷം ഇപ്പോൾ മുമ്പോട്ടുവന്നു ഞങ്ങളുടെ അവകാശവും കിട്ടണമെന്നു പറയുമ്പോൾ ഈ മാതിരി ഓരോ പദ്ധതികളെ നിർദ്ദേശിച്ചു കാലതാമസം വരുത്തുന്നതിനു ശ്രമിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നു മനസ്സിലാകുന്നില്ല. ഇത്രയും സംഗതികൾ ഈ കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു മാത്രമെ ഞാൻ ഇവിടെ ഉദ്ദേശിച്ചിരുന്നുള്ളു. സർക്കാരുദ്യോഗത്തിൽ പ്രാതിനിധ്യംകുറഞ്ഞ വർഗ്ഗക്കാരിൽനിന്നും യോഗ്യതയുള്ളവർ വരുമ്പോൾ അവർക്കു പ്രാധാന്യം നൽകണമെന്നു നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരോടു ഗവർമ്മെന്റു നിഷ്കർഷയായി ആജ്ഞാപിക്കണം. അല്ലാതെ അസമത്വസമുദായങ്ങളുടെ അവകാശം നൽകുവാൻ വേറെ മാർഗ്ഗമില്ല. അതിലേക്കു ബോർഡിന്റെയൊ പരീക്ഷകളുടെയൊ ആവശ്യം കേവലം ഇല്ലാത്തതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ ഇരിക്കുന്നതിനുമുമ്പു ഞാൻ ഒരുചോദ്യം ചോദിക്കണമെന്നു വിചാരിക്കുന്നു. മലയാളത്തിൽ പറയുന്നതിനു പ്രസിഡന്റ് അനുവദിക്കുമോ? മെമ്പർ എന്നെ തെറ്റിദ്ധരിച്ചിട്ടില്ലെന്നു ശങ്കിക്കുന്നു.

പ്രസിഡന്റ്: നിങ്ങൾ മലയാളത്തിൽ ചോദിച്ചുകൊള്ളുക.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു പരീക്ഷ ഏർപ്പെടുത്തി അതിൽ ജയിക്കുന്നവർക്കു മാത്രം ഉദ്യോഗം കൊടുക്കണമെന്നു പറഞ്ഞതായി മി: കശ്ശാക്കോസ് മനസ്സിലാക്കിയതായിട്ടു തോന്നുന്നു. ഞാൻപറഞ്ഞതു ഇപ്രകാരമാണ് ഇപ്പോൾ ഉദ്യോഗങ്ങൾ ഒഴിവുവന്നാൽ അതു എല്ലാജാതിക്കാർക്കും കിട്ടുന്നതിനു അസൌകര്യമായിരിക്കുന്നു. അഥവാ കിട്ടുന്നവർതന്നെയും യോഗ്യന്മാരും സമർത്ഥന്മാരും അല്ലെന്നും വരാം. അങ്ങനെ വരുന്നതു പൊതുവെ സർവീസിനു ദോഷമാണ്. ഒരാണ്ടിൽ ൨൦൦ പേർ ഉദ്യോഗത്തിനു വേണമെന്നു വിചാരിക്കുക. ഒരേതരത്തിലുള്ള ഒരു പരീക്ഷനടത്തി കൂടുതൽ യോഗ്യതയുള്ള മുന്നൂറൊ നാനൂറൊ പേരെ തിരഞ്ഞെടുക്കണം. പിന്നെ ജാതിയുടെ പട്ടികക്രമം അനുസരിച്ചു ആദ്യം നായർവരുമെങ്കിൽ ആ മുന്നൂറുപേരിൽനിന്നു ഒരു നായർ, ക്രിസ്ത്യാനിയുടെ പട്ടിക ഏഴാമതുവരുന്നുവെങ്കിൽ അതു ഒരു ക്രിസ്ത്യാനിക്കും അതുപോലെ നാനാജാതിക്കാരേയും എല്ലാസമുദായങ്ങളിൽനിന്നും നിയമിക്കാൻ സാധിക്കുന്നതാണ്. അങ്ങനെ ഒരു പരീക്ഷവച്ചാൽ മുറപ്രകാരം എല്ലാവർക്കും ഉദ്യോഗം കിട്ടുന്നതാണ് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പരീക്ഷ വയ്ക്കണമെന്നു അഭിപ്രായപ്പെട്ടിട്ടുള്ളതു.

മി: എ. സി. കശ്ശാക്കോസ് (മീനച്ചലും-ദേവികുളവും). മി: താണുപിള്ള അദ്ദേഹത്തിന്റെ ആശയം എന്നെ മനസ്സിലാക്കിത്തന്നതിനെ സംബന്ധിച്ചു എനിക്കു രണ്ടുവാക്കു പറയാനുണ്ട്. ൩൦൦ പേരെ ചേർത്തു ഒരു പരീക്ഷ നടത്തുകയാണെങ്കിൽ അതിൽ ൨൦൦ പേർ ജയിച്ചു എന്നുവിചാരിക്കുക. ൧൦൦ പേരെയാണു ആവശ്യമുള്ളത് എന്നുമിരിക്കട്ടെ. ശേഷം ൧൦൦ പേർ എത്രകാലം കാത്തിരിക്കണം. അവരെ നിയമിച്ചു കഴിയുന്നതിനുപിന്നെ എത്രവർഷം വേണ്ടിവരും. ൨൫ വയസ്സുകഴിഞ്ഞാൽ ഏജ്ബാർ വന്നുപോയി എന്നും പറയും. ഈ രേഖിച്ചു വരുന്നവരെ നിയമിച്ചതിനു ശേഷമല്ലാതെ വേറെ ഒരു പരീക്ഷ നടത്തേണ്ട ആവശ്യവുമില്ല സാധിക്കയും ഇല്ല. അതുകൊണ്ടിതൊന്നും പ്രായോഗികങ്ങളായ പദ്ധതികളല്ല. ആവശ്യവുമില്ല. യൂണിവേർസിററി പരീക്ഷ പാസായാൽ മതിയല്ലൊ. ഇതുവരെ അതല്ലെ നടപ്പ്? അസമത്വപരിഹാരത്തിനു പ്രത്യേകപരീക്ഷ എന്തിന്? അതിനാൽ ഗവർമ്മെന്റു ഈ സംഗതിയെപ്പററി ഗാഢമായി ആലോചിച്ചു ഇനിയും ഈ സങ്കടത്തിനു ഇടയാകാതെ ഇരിക്കത്തക്കവണ്ണം ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നാണ് എനിക്കു പറയാനുള്ളതു. കാലതാമസം ക്ഷന്തവ്യമല്ല എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഈപ്രകാരം എന്റെ ആശയം പ്രകാശിപ്പിച്ചു കഴിഞ്ഞതിനാൽ ഇനി ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ഉപക്ഷേപം പിൻവലിക്കുന്നതിനു മെമ്പർ അനുവാദം ചോദിക്കുന്നു. നിങ്ങൾക്കു എന്തെങ്കിലും പറയുവാനുണ്ടോ മി: റാബിൻസൺ?

മി: എസ്. സി. എച്ച്. റാബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിൽനിന്നും ആളുകളെ നിയമിക്കുന്നതിനു ഞങ്ങൾ കഴിയുന്നതു ശ്രമിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

പ്രസിഡന്റ്: മെമ്പറിനു അതെല്ലാം മനസ്സിലായി. മെമ്പറിന്റെ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുമോ? അനുവാദത്തോടുകൂടി ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൭.

പ്രസിഡന്റ്: അടുത്ത ഉപക്ഷേപം മി: കെ. പി. നീലകണ്ഠപിള്ളയുടെ പേരിലാണു കാണുന്നതു. മെമ്പർ വിവരിച്ച തരത്തിലുള്ള ഉദ്ദേശത്തോടുകൂടിയ ഉപക്ഷേപം ഈ വിഷയത്തിന്റെ വ്യാപ്തിയിൽപെടുത്തുവാൻ അനുവദിക്കാവുന്നതല്ല. ഈ വിഷയം ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണരുടെ

എസ്റ്റാബ്ലിഷ്മെൻറിനെപ്പററിയാണ്. ആ ഉപക്ഷേപം പ്രസ്തുതവകുപ്പിലേക്ക കട്ടാകെയുള്ള ധനാഭ്യർത്ഥനയിൽ വരേണ്ടതാണ്. അല്ലാതെ ഈ പ്രത്യേകഇനത്തിൻകീഴിലല്ല. അതുകൊണ്ടു ഈ പ്രത്യേകഉപക്ഷേപം ഞാൻ അനുവദിക്കുന്നില്ല.

ഉപക്ഷേപം ൨.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. എ. താണുപിള്ള:

എസ്റ്റാബ്ളിഷ്മെൻറിലേക്ക നീക്കിവച്ചിട്ടുള്ള ൧൮,൬൬൬ രൂപായിൽ നിന്നും ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൩.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

എസ്റ്റാബ്ളിഷ്മെൻറിലേക്ക നീക്കിവച്ചിട്ടുള്ള ൧൮,൬൬൬ രൂപായിൽ നിന്നു ൧൦ രൂപാകുറയ്ക്കണം.

പോക്കുവരവു കേസുകളെ സംബന്ധിച്ചു ശരിയായി നടപടിനടത്തുന്നകാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കാത്തതുനിമിത്തം ജനങ്ങൾ അനുഭവിക്കുന്ന വിഷമങ്ങളെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തണമെന്നാണു എൻെറ ഉപക്ഷേപത്തിൻെറ ഉദ്ദേശം. സർ, ഗവണ്മെൻറിൻെറ മുഖ്യമായ കർത്തവ്യങ്ങളിൽ ഒന്ന് രജിസ്ട്രേഷൻ കൈമാററം ചെലവുകൂടാതെ സാധിക്കുന്നതിനു കഴിയുന്ന സൌകര്യങ്ങൾ നൽകുകയാകുന്നു. അങ്ങിനെ ഉള്ള ഒരു വ്യവസ്ഥ ജനങ്ങൾക്കും അവരിൽ നിന്നും പണം പിരിക്കുന്ന ഗവണ്മെൻറു ഉദ്യോഗസ്ഥന്മാർക്കും സൌകര്യമുള്ളതായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഭരണറിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പോക്കുവരവുകേസുകളുടെ എണ്ണം നോക്കുന്നതായാൽ നമുക്കു താഴെപറയുന്ന സംഖ്യകൾ കാണാവുന്നതാണു: ൧൧൨൧-ാമാണ്ട് ഏകദേശം ൯൬,൭൬൬ കേസുകൾ ഫയലിൽകാണുന്നുണ്ട്. ൧൧൨൨-ൽ ൯൬,൭൬൬ ആണുള്ളതു്. ൧൧൨൩-ൽ ൧൭൬,൨൬൮ കേസുകൾ സ്വീകരിച്ചിട്ടുണ്ട്. ൧൧൨൮-ൽ ൧,൨൪,൯൬൬ കേസുകൾ ഫയലിൽ കാണുന്നുണ്ട്. പോക്കുവരവുകേസുകളിൽ ഇക്കഴിഞ്ഞ കാലത്തു ഒരു നല്ല വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ഈ സംഖ്യകൾ കാണിക്കുന്നുണ്ട്.

മി: എസ്. സി. എച്ച്. റോബിൻസൺ (ലാൻഡുറവന്യൂവും ഇൻകംടാക്സും കമ്മീഷണർ): എനിക്കു കേട്ടുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ൧൧൨൧ മുതൽ ൧൧൨൮ വരെയുള്ള പോക്കുവരവു കേസുകളുടെ സംഖ്യകൾ നോക്കിയിട്ട കേസുകളുടെ എണ്ണത്തിൽ ഒരു ഭയങ്കരമായ വർദ്ധനവു കാണുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞതു്. കൂടാതെ, ൧൧൨൮-ാമാണ്ടിനിടക്ക് നടപടി നടത്തിയിട്ടുള്ള കേസുകളുടെഎണ്ണവും കുറവായിട്ടാണ് ഞാൻ കാണുന്നതു. സർ, ഈമാതിരി അതൃപ്തികരമായ സ്ഥിതിഗതികൾക്ക പ്രധാനമായ കാരണങ്ങളിൽ ഒന്നു ഇപ്പോൾ ജോലിചെയ്തിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് മററു ജോലികൾക്കുപുറമെ ഈ ജോലിയുംകൂടി ചെയ്യേണ്ടിയിരിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ടു ഞാൻ ഒന്നാമതായി പറയണമെന്നു വിചാരിക്കുന്നതു; കഴിയുന്നിടത്തോളം ചുരുങ്ങിയ കാലത്തിനകത്തു എല്ലാ പോക്കുവരവു കേസുകളും നടപടി നടത്തിത്തീർക്കുന്നതിലേക്ക ആവശ്യമുള്ളപക്ഷം കുറെ പ്രത്യേകനിയമനങ്ങൾ വേണമെന്നാണ്‌ തീർച്ചയായിട്ടും അധികം ചിലവുവരുന്ന ഏതെങ്കിലും ഒരു നിയമനകാര്യത്തിനു ഞാൻ പ്രേരിപ്പിക്കുന്നില്ല. എൻെറ അഭിപ്രായത്തിൻെറ ചുരുക്കം ഈ പ്രത്യേകജോലിക്കായി ഓരോ താലൂക്കിലും ഒന്നോ രണ്ടോ പ്രവൃത്ത്യാരന്മാരെ നിയമിക്കണമെന്നുള്ളതാണ്, സർ, ഇക്കഴിഞ്ഞകാലത്തു പുതിയസാമൂദായികനിയമങ്ങൾ വെളിക്കുവന്നശേഷം വിശേഷിച്ചു നായർ റഗുലേഷൻറശേഷം ഭാഗഉടമ്പടികളുടെ പോക്കുവരവിനായി ഒരു വലിയ തിരക്കു നാംകാണുന്നുണ്ട്. വസ്തുക്കൾ വളരെ ചെറിയ തുണ്ടങ്ങളായി വിഭജിക്കുന്നതു് നാം കാണുന്നുണ്ട്. പ്രവൃത്ത്യാരന്മാർക്ക ഒരു പട്ടയത്തിൽ ഉള്ള എല്ലാവസ്തുക്കളേയും കരം ഒരാളിൽനിന്നും ഉദാഹരണമായി കാരണവരിൽനിന്നും പിരിക്കുവാൻ കഴിയുമെന്നിരിക്കെ ഇപ്പോൾ വസ്തുക്കൾ ഭാഗം ചെയ്തു ചെറുഖണ്ഡങ്ങളായിത്തീരുന്നതുകൊണ്ട് അവർക്ക് ആ കരം വളരെ പേരിൽനിന്നും പിരിക്കേണ്ടിയിരിക്കുന്ന പ്രവൃത്ത്യാരന്മാർ പോക്കുവരവു നടപടിക്കുവെകിക്കുന്നതു. മുൻരീതിയിൽ ഒന്നോ രണ്ടോ പേരുകാരിൽനിന്നും കരം പിരിച്ചെടുക്കുവാനുള്ള സൌകര്യമോത്തിട്ടാണ്. ഇപ്പോൾ ആ കരം അവർക്ക പലരിൽനിന്നും ഈടാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് സാധാരണക്കാരികൾ പ്രവൃത്ത്യാരെ പോക്കുവരവു നടപടിക്ക വേണ്ടവിധം പ്രേരിപ്പിക്കാത്തപക്ഷം രജിസ്ട്രേഷൻ കൈമാററംചെയ്യുന്നതിനുള്ളകാലം വച്ചുനീട്ടുന്നതു്. ഇതു ജനങ്ങൾക്ക അത്യധികം കഷ്ടതയും അസൌകര്യവും ഉണ്ടാക്കിത്തീർക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ഒരു കാരണവർക്കിപ്പോൾ ഒരു ഡിമാൻറുനോട്ടീസ് അയക്കുന്നപക്ഷം അയാൾക്ക് അധീനപ്പെട്ടിട്ടുള്ളതു് ഒരു ചെറിയഭാഗംവസ്തു മാത്രമാകയാൽ അയാളെക്കൊണ്ട് പണം കൊടുക്കുന്നതിനു സാധിക്കാതെവരുകയും അതു കൊടുക്കാതിരിക്കുന്നതിനുള്ള ഒഴികഴിവുകൾ നോക്കുകയും ചെയ്യാം. ഇതിൻെറഫലം കരക്കുടിശ്ശിഖ വകക്കു അനേകം വസ്തുക്കൾ വിററുപോയിട്ടുണ്ടെന്നുള്ളതാണ്:

പോക്കുവരവു നടപടിയെ സംബന്ധിച്ച് ലാൻഡുറവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കാലതാമസവും അശ്രദ്ധയുംകൊണ്ടു കൂടുതലായ ഒരു വിഷമം വന്നുചേർന്നിട്ടുണ്ട്. തിരഞ്ഞെടുപ്പുകൾ അടുത്തുവരുന്നു. പുതിയ തിരഞ്ഞെടുപ്പുകൾക്ക നമുക്കിനിയും കുറച്ചുമാസങ്ങൾ മാത്രമേയുള്ളു. ജനങ്ങൾക്ക വോട്ടുചെയ്യുവാനുള്ള അവകാശം നഷ്ടപ്പെട്ടുവാനാണിടയുള്ളതു്. എന്തുകൊണ്ടെന്നാൽ, രജിസ്ട്രേഷൻ കൈമാററം രേഖാമൂലം ചെയ്യാത്തപക്ഷം, അവരുടെ പേരുകൾ പുതിയ ലിസ്റ്റിൽ കാണാനിടയില്ല. ഞാൻ സമർപ്പിക്കുന്നതിനായി അപേക്ഷിക്കുന്നതു, ജനങ്ങൾക്ക നഷ്ടപ്പെട്ടേക്കാനിടയുള്ള വിലയേറിയ ഒരു അവകാശത്തെപ്പററിയാണ്. തൽക്കാര്യസംബന്ധമായ ഈ സത്യപങ്ങൾ എനിക്ക ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിനു തന്നെയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിട്ടുള്ളതു്. സഭയുടെ സ്വീകരണത്തിനായി, ഞാൻ അതു് അവതരിപ്പിക്കുന്നു.

പ്രസിഡൻറ്: ഈ അദ്ധ്യായത്തിന് നിശ്ചയിച്ചിട്ടുള്ള സമയം അവസാനിക്കുകയും ശേഷിച്ച ഉപക്ഷേപങ്ങൾക്കുള്ള സമയം കഴിയുകയും ചെയ്തു.

താഴെപറയുന്ന ഉപക്ഷേപങ്ങൾക്കുള്ള സമയം കഴിഞ്ഞു.

ഉപക്ഷേപങ്ങൾ— ൯—൨൯.

മി: എൻ. കെ. കൃഷ്ണപിള്ള:

൯. എസ്റ്റാബ്ലിഷ്മെൻറു വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള ൧൪,൮൮൬ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ചാക്കോസ്:

൧൦. എസ്റ്റാബ്ലിഷ്മെൻറു വകുപ്പിലേക്കു നീക്കിവച്ചിട്ടുള്ള ൧൪,൮൮൬ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൧൧. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൧൨. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

മി: ഏ. എസ്. ദാമോദരനാശാൻ:

൧൩. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൧൪. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ.

൧൫. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൫ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ചാക്കോസ്:

൧൬. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൧൭. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൧൮. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൧൯. യാത്രപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: മുരിവേലിൽ പാച്ചുപിള്ള:

൨൦. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൨൧. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: എസ്. പിറവിപ്പെരുമാൾ പിള്ള:

൨൨. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മുഹമ്മദ്:

൨൩. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൪. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൫. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൬. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൭. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൨൮. ലാൻറുറവന്യൂവും ഇൻകംടാക്സും കമ്മീഷണർക്കായി നീക്കിവച്ചിട്ടുള്ള ൧൯,൨൪൯ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൨൯. എസ്റ്റാബ്ലിഷ്മെൻറു വകുപ്പിലേക്കായി നീക്കിവച്ചിട്ടുള്ള ൨൭,൧൩൬ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൩൦. എസ്റ്റാബ്ലിഷ്മെൻറ വകപ്പിലേക്കായി നീക്കിവച്ചിട്ടുള്ള ൮൫,൧൩൫ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള:

൩൧. എസ്റ്റാബ്ലിഷ്മെൻറ വകപ്പിലേക്കായി നീക്കിവച്ചിട്ടുള്ള ൮൫,൧൩൫ രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൩൨. എസ്റ്റാബ്ലിഷ്മെൻറ വകപ്പിലേക്കായി നീക്കിവച്ചിട്ടുള്ള ൮൫,൧൩൫ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൩൩. യന്ത്രങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ൮൦,൦൦൦ രൂപയിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:

൩൪. വാടകകൾ വകയ്ക്കായി നീക്കിവച്ചിട്ടുള്ള ൪,൫൦൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൫. ഡിവിഷൻ കച്ചേരികളിലേക്കായി നീക്കിവച്ചിട്ടുള്ള ൮൮,൪൩൩ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: കെ. രാഘവൻപിള്ള:

൩൬. ഡിവിഷൻ കച്ചേരികളിലേക്കായി നീക്കിവച്ചിട്ടുള്ള ൮൮,൪൩൩ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൩൭. ഡിവിഷൻ കച്ചേരികളിലേക്കായി നീക്കിവച്ചിട്ടുള്ള ൮൮,൪൩൩ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: മാത്യു മുരിക്കൻ:

൩൮. ഡിവിഷൻ കച്ചേരികളിലേക്കായി നീക്കിവച്ചിട്ടുള്ള ൮൮,൪൩൩ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൩൯. ഡിവിഷൻ കച്ചേരികളിലേക്കായി നീക്കിവച്ചിട്ടുള്ള ൮൮,൪൩൩ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൪൦. ഭജനാവുകൾക്കായി നീക്കിവച്ചിട്ടുള്ള ൧൪,൯൭൩ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൪൧. തൊടുപുഴയിലും മററു താലൂക്കുകളിലും ഉള്ള വലിയ മൈനർ സർക്യൂട്ട് ഏരിയാകളെ സബ്ഡിവൈഡ് ചെയ്യുന്ന ജോലിക്ക് ഉദ്ദേശിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളം വകയ്ക്കുള്ള ൧൫൧൮൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള:

൪൨. ശമ്പളച്ചിലവിലേയ്ക്കുള്ള ൧,൮൩,൦൮൦ രൂപായിൽനിന്ന് ഒരു രൂപാ കുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള:

൪൩. ശമ്പളച്ചിലവിലേക്കുള്ള ൧൮൩൦൮൦ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൪൪. ശമ്പളച്ചിലവിലേക്കുള്ള ൧൮൩൦൮൦ രൂപായിൽ നിന്നും ഒരു രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:

൪൫. ശമ്പളച്ചിലവിലേക്കുള്ള ൧൮൩൦൮൦ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:

൪൬. സഞ്ചാരപ്പടികൾക്കുള്ള ൮൫,൦൦൦ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൪൭. ചന്തകൾ നന്നാക്കുന്നതിലേക്കുള്ള ൪൫,൦൦൦ രൂപായിൽ നിന്നും ൫ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:

൪൮. ചന്തകൾ നന്നാക്കുന്നതിലേക്കുള്ള ൪൫,൦൦൦ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൪൯. കാപ്പിസ്റ്റോർക്കുള്ള പ്രതിഫലം നൽകുന്നതിലേക്കുള്ള ൧൩,൦൦൦ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൫൦. താലൂക്കുകച്ചേരികൾക്കുള്ള ൩൧൭൩൪൮ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ:

൫൧. താലൂക്കുകച്ചേരികൾക്കുള്ള ൩൧൭൩൪൮ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൫൨. താലൂക്കുകച്ചേരികൾക്കുള്ള ൩൧൭൩൪൮ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: മാത്യു മുരിക്കൻ:

൫൩. താലൂക്കുകച്ചേരികൾക്കുള്ള ൩൧൭൩൪൮ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:
൫൪. പാർവത്യകാരന്മാർക്കുള്ള ൧൦൩൩൪൪ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:
൫൫. പാർവത്യകാരന്മാർക്കുള്ള ൧൦൩൩൪൪ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:
൫൬. പാർവത്യകാരന്മാർക്കുള്ള ൧൦൩൩൪൪ രൂപായിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:
൫൭. ശമ്പളച്ചിലവിലേക്കുള്ള ൨൮൩൫൫൦ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ:
൫൮. ശമ്പളച്ചിലവിലേക്കുള്ള ൨൮൩൫൫൦ രൂപായിൽ നിന്നു ൫ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:
൫൯. പ്രവർത്തികച്ചേരികൾക്കുള്ള ൩൦൬൭൫൦ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ:
൬൦. പ്രവർത്തികച്ചേരികൾക്കുള്ള ൩൦൭൭൫൦ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:
൬൧. പ്രവർത്തികച്ചേരികൾക്കുള്ള ൩൦൭൭൫൦ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.
മി: വി. ജെ. ഉമ്മൻ:
൬൨. പ്രവർത്തികച്ചേരികൾക്കുള്ള ൩൦൭൭൫൦ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: മാത്യുമുരിയ്ക്കൻ:
൬൩. പ്രവർത്തികച്ചേരികൾക്കുള്ള ൩൦൭൭൫൦ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: എ. എസ്. ദാമോദരൻ ആശാൻ:
൬൪. കണ്ടെഴുത്തുകച്ചേരികൾക്കുള്ള ൩൩൮൪ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: എ. സി. കുരിയാക്കോസ്:
൬൫. നെൽപ്പുര ശമ്പളച്ചിലവിലേക്കുള്ള ൩൩൩൦ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:
൬൬. കണ്ടെഴുത്തുകച്ചേരികൾക്കും നെൽപ്പുരകൾക്കും കൂടിയുള്ള ൧൪൯൧൪ രൂപായിൽ നിന്നു ൧ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്:
൬൭. ശമ്പളച്ചിലവിലേക്കുള്ള ൮൦൨൩൨ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: പി. എസ്. മഹമ്മദ്:
൬൮. ഫീൽഡ് ശമ്പളച്ചിലവിലേക്കുള്ള ൧൩൫൩൨ രൂപായിൽ നിന്നു ൩൦ രൂപാ കുറയ്ക്കണം.
മി: കെ. പി. നീലകണ്ഠപ്പിള്ള:
൬൯. ശമ്പളച്ചിലവിലേക്കുള്ള ൪൪൪൨൩ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.
മി: എ. സി. കുരിയാക്കോസ്:
൭൦. ശമ്പളച്ചിലവിലേക്കുള്ള ൪൪൪൨൩ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: ജി. പി. നീലകണ്ഠപ്പിള്ള:
൭൧. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.
മി: ജി. പി. നീലകണ്ഠപ്പിള്ള:
൭൨. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.
മി: എ. ജി. മേനോൻ:
൭൩. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ഒരു രൂപാ കുറയ്ക്കണം.
മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:
൭൪. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ൫ രൂപാ കുറയ്ക്കണം.
മി: എൻ. കെ. കുഞ്ഞുപിള്ള:
൭൫. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.
മി: പി. എസ്. മഹമ്മദ്:
൭൬. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.
മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:
൭൭. ൧൦-ാമത്തെ ഡിമാൻഡിലേക്കുള്ള ൯൨൫൭൮൮ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.

പ്രസിഡന്റ്: ൧൦-ാം ഡിമാൻഡായ ൯൨൫൭൮൮ രൂപായിൽ നിന്നു ഈ സഭ കുറച്ചതായ ൧ രൂപാ കഴിച്ചു അനുവദിക്കണമെന്നുള്ളതാണ് പ്രമേയം.

ഉപക്ഷേപം പാസ്സാകുകയും അഭ്യർത്ഥന അനുവദിക്കുകയും ചെയ്തു.

പ്രസിഡന്റ്: കൌൺസിൽ ഇപ്പോൾ പിരിയുകയും നാളെ രാവിലെ ൧൧-൩൦-ന് വീണ്ടും കൂടുകയും ചെയ്യും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ചിട്ടുള്ള ഡിപ്യൂട്ടി പ്രസിഡൻറു); സർ, കൌൺസിൽ പിരിയുന്നതിനുമുമ്പു അവിടുത്തെ അനുവാദത്തോടുകൂടി ആലപ്പുഴ നിന്നുമുള്ള ബസ്സ് സർവീസ് നിറുത്തൽ ചെയ്തതിനെപ്പററി എനിക്കു കിട്ടിയിട്ടുള്ള ഒരു കമ്പിവാർത്തയുടെ വിവരം അവിടുത്തെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു:

പ്രസിഡൻറു: എനിക്കും ആ കമ്പി കിട്ടിയിട്ടുണ്ടു്.

വൈകുന്നേരം ൫-൧-നു കൌൺസിൽ പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ശ്രീചിത്ര കൌൺസിൽ.

൧൧൨൪-ലെ ദ്വിതീയ സമ്മേളനം.

൧൯൪൮ ആഗസ്റ്റ് ൨-ാം വ്യാഴം / ൧൧൨൪ കർക്കടകം ൧൮-ാം.

(ഔദ്യോഗിക റിപ്പോർട്ട്)

വിക്ടോറിയാജൂബിലിടൌൺഹാളിൽ പ്രസിഡന്റിന്റെ ആധിപത്യത്തിൽ ൧൧ മണിക്കു കൌൺസിൽകൂടി.

അംഗങ്ങൾ എല്ലാവരും ഹാജരുണ്ടായിരുന്നു.

ചോദ്യോത്തരങ്ങൾ.

ഡർബാർഫിസിഷ്യൻ ഉദ്യോഗത്തിനുള്ള അപേക്ഷകൾ.

൧൪. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): മെഡിക്കൽ സർവീസിന്റെ അഡ്മിനിസ്ട്രേറ്റീവുബോർഡ് തിരുത്തുന്നതിനു നിയമസഭ ശുപാർശചെയ്തതിന്റെ ശേഷം ഡർബാർഫിസിഷ്യൻ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുള്ള ഡാക്ടർമാരുടെ പേരുകൾ പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റുചീഫ്സെക്രട്ടറി): ൧൧൨൪-മേടക്കുള്ള മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ മേൽനോട്ടത്തിനു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനെപ്പറ്റി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയ ശേഷം ഡർബാർഫിസിഷ്യൻ ഉദ്യോഗത്തിനു ഒരു അപേക്ഷയും കിട്ടിയിട്ടില്ല.

വനംകൺസർവേറ്ററുടെ ഡിപ്പോകളിലെ തടിതിട്ടപ്പെടുത്തൽ.

൧൫. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): താഴെപ്പറയുന്നവക്കു മറുപടി പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

(എ) ഇപ്പോഴത്തെ വനംകൺസർവേറ്റർ ചാർജെടുത്ത തീയതി?

(ബി) കൺസർവേറ്റർ ചാർജെടുത്ത തീയതിയിൽ സംസ്ഥാനത്തെ ഓരോ ഡിപ്പോയിലും ഓരോ തരം തടികൾ എത്രയുണ്ടായിരുന്നു?

(സി) കൺസർവേറ്റർ ചാർജെടുക്കുന്നതിനു മുമ്പായി ഓരോ ഡിപ്പോയിലും ശേഖരിച്ചിട്ടുള്ള തടി അദ്ദേഹം തിട്ടപ്പെടുത്തിയോ?

(ഡി) സി ഭാഗത്തിനു മറുപടി അനുകൂലമെങ്കിൽ തിട്ടപ്പെടുത്തൽ നടത്തിയ തീയതിയോ തീയതികളോ?

(ഇ) ൧൧൨൧ മുതൽ ൧൧൨൪ വരെയുള്ള മൂന്നു വർഷങ്ങളിൽ സംസ്ഥാനത്തെ പ്രധാനഡിപ്പോകളിൽ ഏതിലെയെങ്കിലും സ്റ്റോക്ക് വനംകൺസർവേറ്റർ തിട്ടപ്പെടുത്തിയോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെന്റുസെക്രട്ടറി):

(എ) ൧൯൪൭-ൽ-൧൯൪൮.

(ബി) ഈ വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു * മേശപ്പുറത്തിട്ടിരിക്കുന്നു.

(സി) ഇല്ല. ഇതു കൺസർവേറ്ററുടെ ചുമതലയല്ല.

(ഡി) സി ഭാഗത്തിന്റെ മറുപടിയിൽനിന്നും ഈ ചോദ്യത്തിനു സ്ഥാനമില്ല.

(ഇ) ഇല്ല.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവുംവടക്ക): പാർട്ടു സി "ഇതു കൺസർവേറ്ററുടെ ചുമതലയല്ല" എന്നു പറഞ്ഞിരിക്കുന്നു. ഈ സ്റ്റോക്കു പരിശോധിക്കേണ്ടതു ആരുടെ ജോലിയാണ്.

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെന്റുസെക്രട്ടറി): ഡിവിഷനൽ ഫാറസ്റ്റാഫീസർമാരുടെ ജോലിയാണ്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): അവർ അങ്ങിനെ ചെയ്തിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെന്റുസെക്രട്ടറി): ആറുമാസത്തിലൊരിക്കൽ പരിശോധിക്കണമെന്നാണ് വ്യവസ്ഥ. അതുകൊണ്ടു പരിശോധിച്ചിരിക്കണം.

സിക്രട്ടറിയേറ്റിലെ ആ. ഗ്രാഡുവേറ്റുക്ലാർക്കുകൾക്കു ശമ്പളക്കൂടുതൽ അനുവദിക്കുന്നതിനെപ്പറ്റി.

൧൬. മി. ഏ. സി. കുര്യാക്കോസ് (മീനച്ചിൽ-മൂവാറ്റുപുഴ): കഴിഞ്ഞ കൌൺസിൽ സെഷനിലെ ബഡ്ജറ്റ് സമ്മേളനത്തിൽ സിക്രട്ടറിയേറ്റിലെ ആ. ഗ്രാഡുവേറ്റുക്ലാർക്കുകൾക്കു ശമ്പളക്കൂടുതൽ അനുവദിക്കുന്നതിനെപ്പറ്റി ഞാൻ കൊണ്ടുവന്ന പ്രമേയത്തിനു ചീഫ്സെക്രട്ടറിതന്നമറുപടിയെ സംബന്ധിച്ചു താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവൺമെന്റിനു ദയവുണ്ടാകുമോ?

(എ) അതിനു ശേഷം ഈ ആക്ടിംഗ് ക്ലാർക്കുകൾക്കു ശമ്പളക്കൂടുതൽ അനുവദിക്കുന്നതിനു ഗവൺമെന്റു എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

(ബി) കഴിഞ്ഞബഡ്ജറ്റ സമ്മേളനത്തിനുശേഷം സ്ഥിരപ്പെടുത്തിയിട്ടുള്ള സിക്രട്ടറിയേറ്റിലെ ക്ലാർക്കുകൾക്കു ആ ആഫീസിൽതന്നെ അവരുടെ സീനിയർമാർക്കു കൊടുത്തിട്ടുള്ളതുപോലെ സ്ഥിരപ്പെടുത്തുന്ന സമയം ശമ്പളക്കൂടുതൽ കൊടുത്തോ?

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു അങ്ങിനെ ചെയ്തില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി): എ മുതൽ സി വരെ. ഈ സംഗതി മുഴുവനും ഗവൺമെന്റിന്റെ ആലോചനയിലിരിക്കുന്നു.

* അനുബന്ധം ൧ നോക്കുക.

മി. എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): കഴിഞ്ഞ കർക്കടകം ൨൭-൹ ൧൧൨൦-ാമാണ്ടത്തെ ഉപക്ഷേപമനുസരിച്ചാണ് ഈ സംഗതി ഞാൻ ഗവന്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു. ഇതു ഒരു കൊല്ലമായിട്ട ഗവന്മെന്റിന്റെ ആലോചനയിലിരിക്കുന്നയുള്ളൂ എന്നു പറയുന്നു. ഇനിയും എത്രകാലം വേണ്ടിവരും?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): കുറെക്കാലംകൂടി വേണ്ടിവരും. ആ ക്ലാർക്കിനു ചട്ടപ്രകാരം ഇൻക്രിമെന്റു കൊടുക്കാൻ പാടില്ല. എന്നാൽ സെക്രട്ടേറിയററു ക്ലാർക്കുകളോടു സംബന്ധിച്ചിടത്തോളം പ്രത്യേകമായിട്ട വല്ലതും ആലോചിക്കയാണ്.

മി. എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): ചട്ടത്തിനു വിപരീതമായി വരുന്ന സംഗതികൾ കഴിയുന്നതും വേഗത്തിൽ തീരുമാനിക്കേണ്ടേ എന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): ഇതിലേക്കു കുറേക്കാലം കൂടി വേണ്ടിവരും.

മി. എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): അധികം താമസിക്കാതെ തീരുമാനം ഉണ്ടാക്കിയാൽ ആശ്വാസകരമാണല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): ആലോചിക്കാം.

അടുത്തകാലത്തു സ്ഥിരപ്പെടുത്തിയിട്ടുള്ള സെക്രട്ടേറിയേററിലെ ഗ്രാഡുവേററു ക്ലാർക്കുകൾ.

൧൭. മി. കെ. എൻ. കേശവൻനമ്പൂരിപ്പാട (ജന്മികൾ): ദീർഘകാലം സെക്രട്ടേറിയേററിൽ പകരം ജോലിനോക്കിയതിനു ശേഷം അടുത്തകാലത്തു സ്ഥിരപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രാഡുവേററു ക്ലാർക്കുകളുടെ സ്ഥിതി നന്നാക്കുന്നതിനു ഏതാം എന്തു നടപടിയാണ് നടത്തിയിട്ടുള്ളത് എന്നു പറയുന്നതിനു ഗവന്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): ൧൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

വനം പതിവു.

൧൮. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്കു): (എ) വനത്തിലെ ചില പ്രത്യേക സ്ഥലങ്ങൾ ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിൽ തനിക്കു വിരോധമില്ലെന്നു ൧൧൧൮ മുതൽ ൧൧൨൦ വരെയുള്ള മൂന്നു വർഷങ്ങളിൽ എപ്പോഴെങ്കിലും വനംകൺസർവേറർ ഗവന്മെന്റിലേക്കു എഴുതിയിട്ടുണ്ടോ എന്നു പറയുന്നതിനു ഗവന്മെന്റിനു ദയവുണ്ടാകുമോ?

(ബി) എ-ാം ഭാഗത്തിനു മറുപടി അനുകൂലമെങ്കിൽ ഈ സ്ഥലങ്ങളിൽ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും എവിടെ സ്ഥിതിചെയ്യുന്നുവെന്നും ആർക്ക് അല്ലെങ്കിൽ ഏതു ഹേതുവിനുവേണ്ടി ഈ ശുപാർശകൾ ചെയ്തു എന്നും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തിടുന്നതിനു ഗവന്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവന്മെന്റു സെക്രട്ടറി):

(എ) മറുപടി അനുകൂലമാണ്.

(ബി) അതുമാതിരി പല ഉദാഹരണങ്ങളുമുണ്ട്. ഈ അറിവു ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടും സമയവും അതിന്റെ ഉപയോഗവുമായി ഒരു സാമ്യവുമില്ലാത്തതിനാൽ ഗവന്മെന്റ് അതു ശേഖരിക്കണമെന്നു വിചാരിക്കുന്നില്ല.

നിയമവിളംബകമ്മററി.

൧൯. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): താഴെപ്പറയുന്നവക്കു മറുപടി പറയുന്നതിനു ഗവന്മെന്റിനു ദയവുണ്ടാകുമോ?

(എ) നിയമവിളംബകമ്മററിയുടെ അംഗങ്ങൾ ആരായിരിക്കണമെന്ന് ഹൈക്കോടതി വല്ല നിർദ്ദേശമോ ശുപാർശയോ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തായിരുന്നു. അപ്രകാരം ചെയ്തോ?

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): (എ), (ബി), (സി). ചോദ്യത്തിന്റെ ആദ്യഭാഗത്തിന്റെ മറുപടി പ്രതികൂലമാണ്. എങ്കിലും ഹൈക്കോടതിയിലെ ഒരു ജഡ്ജിയെ നിയമവിളംബത്തെപ്പററി അന്വേഷിക്കുന്നതിനു അയക്കണമെന്നു ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ശരിയായി പര്യാലോചിച്ചതിന്റെ ശേഷം ഈ അന്വേഷണത്തിനു മുൻസിപ്പിന്റെ നിലയിൽനിന്നും ഹൈക്കോടതിജഡ്ജിയുടെ നിലവരെ എത്തി അടുത്തൂൺ പററിയ ഒരു ഹൈക്കോടതിജഡ്ജിയെ നിയമിക്കുന്നതു കൂടുതൽ നന്നായിരിക്കും എന്നു ഗവന്മെന്റിനു തോന്നി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ബി ഭാഗത്തിന്റെ മറുപടി. ഒരു വിദഗ്ദ്ധ സമിതിയായ ഹൈക്കോടതിയുടെ അഭിപ്രായം ഗവന്മെന്റു സ്വീകരിക്കാത്തതെന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): നിയമവിളംബത്തെപ്പററി അന്വേഷിക്കുന്നതിനു ആരെയാണു നിയമിക്കേണ്ടതു എന്നുള്ള സംഗതി മുഴുവനും ഗവന്മെന്റിന്റെ കയ്യിലായിരുന്നു. പല ശുപാർശകളും ഉണ്ടായിരുന്നു. ഒന്നു ഹൈക്കോടതിയുടേതായിരുന്നു. മറെറാരു രണ്ടു സമ്മേളനങ്ങളിൽ നിയമനിർമ്മാണസഭതന്നെ പുറപ്പെടുവിച്ച അഭിപ്രായം. ഇതെല്ലാം ആലോചിച്ചു ഗവന്മെന്റുതന്നെ ഒരു തീരുമാനം ചെയ്തു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഹൈക്കോടതിയുടെ ശുപാർശ തെററാണെന്നായിരുന്നോ ഗവന്മെന്റിന്റെ അഭിപ്രായം എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്‌സെക്രട്ടറി): ഹൈക്കോടതിയുടെ അഭിപ്രായം തെററായി ഗവന്മെന്റു ഗണിച്ചു എന്നു ഞാൻ ഒരിക്കലും പറഞ്ഞില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നിയമവിളംബക്കമ്മററി അംഗങ്ങളായി ആരെയാണു നിയമിക്കേണ്ടതു എന്നുള്ളതിനെപ്പററി നിയമസഭ വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അദ്ദേഹത്തെപ്പററിയ ജഡ്ജിയെ നിയമവിളംബക മ്മീഷണറായി നിയമിച്ചതു ഗവണ്മെൻറിൻെറ സ്വന്തം പര്യാലോചനയുടെ ഫലം മാത്രമാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതു ഗവണ്മെൻറു തന്നെയാണ് തീരുമാനിച്ചത്.

നിയമവിളംബക്കമ്മീഷണരുടെ നിയമനം.

൮൦. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംസ്ഥാനത്തിലെ സിവിൽകോടതികളിലെ നി യമവിളംബത്തെപ്പററി അന്വേഷിക്കുന്നതിനുള്ള കമ്മീഷണരുടെ നിയമനത്തെപ്പററി താഴെപ്പറയുന്നവ മറു പടിപറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) സംസ്ഥാനത്തെ സിവിൽകോടതികളിലെ നിയമവിളംബത്തെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മററിയെ നിയമിക്കുന്നസംഗതി ഹൈക്കോടതിയോടാലോചിച്ചോ? ആലോചിച്ചെങ്കിൽ ചീഫ് കമ്മീഷ ണരായി നിയമിക്കേണ്ട ആളുടെ സ്ഥിതിയെപ്പററി ഹൈക്കോടതിയുടെ ഉപദേശം എന്തായിരുന്നു?

(ബി) സംസ്ഥാനത്തെ സിവിൽകോടതികളിലെ നിയമവിളംബത്തെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മററിയെ നിയമിക്കണമെന്നുള്ള അഭിപ്രായത്തിന്മേൽ അവസാനതീരുമാനം ചെയ്ത തീയതി ഏതു?

(സി) ചീഫ് കമ്മീഷണരെ നിയമിച്ച തീയതി ഏതു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) (ബി) (സി) ആവശ്യപ്പെ ട്ട വിവരങ്ങളടങ്ങിയ ൧൯൬൦ ഏപ്രിൽ ൨൮-ാംതീയതിയിലെ ഗവണ്മെൻറ ഗസററിൽ ൯൪൯-ം ൯൫൦-ം പേജുകളി ൽ പരസ്യം ചെയ്തിരിക്കുന്ന ൧൯൬൦ ഏപ്രിൽ ൧൯-ാംതീയതിയിലെ ജി. ഒ. ആർ. ഒ. സി. നമ്പർ ൧൫൫൯/൬൦/ജുഡീ ഷ്യൽ മേലെ മെമ്പറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സാനിട്ടറിഡിപ്പാർട്ടുമെൻറിൽ സ്ത്രീവാക്സിനേട്ടർമാരെ നിയമിക്കുന്നതിനെപ്പററി.

൮൧. മിസസ് എലിസബത്തുകുരുവിള (നിയമിതമെമ്പർ): താഴെപ്പറയുന്നവക്കു മറുപടിപറയുന്ന തിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) സാനിട്ടറിഡിപ്പാർട്ടുമെൻറിൽ സ്ത്രീകളെ നിയമിച്ചുകൂടാഎന്നു എഴുതപ്പെട്ടതോ നടപ്പുകാ ണ്ടു സ്ഥാപിതമായതോ ആയ ഏതെങ്കിലും ചട്ടമുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണം?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ൧൯൨൮-ൽ അന്നത്തെ സാനി ട്ടറികമ്മീഷണരുടെ അഭിപ്രായപ്രകാരം ഉൾനാടുകളിൽകഴിയുന്നതും സ്ത്രീവാക്സിനേട്ടർമാരെ നിയമിച്ചുകൂടാഎന്നു ഗവണ്മെൻറു ഒരുത്തരവു പുറപ്പെടുവിച്ചു.

(ബി) വാക്സിനേഷൻറയിഞ്ചുകളുടെ വിസ്തീർണ്ണക്കൂടുതൽമൂലം ഉൾനാടുകളിൽ സ്ത്രീവാക്സിനേട്ടർമാർക്കു അവരുടെ ജോലി തൃപ്തികരമായി നിർവഹിക്കുവാൻ സാധിക്കുകയില്ലെന്നു കഴിഞ്ഞകാലത്തെ അനുഭവം വെ ളിവാക്കിയിട്ടുണ്ടു.

മിസസ് എലിസബത്തു കുരുവിള (നിയമിതമെമ്പർ): ബി ഭാഗം മറുപടിയിൽ ഇപ്രകാരം പറഞ്ഞി രിക്കുന്നു. "വാക്സിനേഷൻ റെയിഞ്ചുകളുടെ വിസ്തീർണ്ണക്കൂടുതൽമൂലം ഉൾനാടുകളിൽ സ്ത്രീവാക്സിനേട്ടർമാർക്കു അ വരുടെ ജോലി തൃപ്തികരമായി നിർവഹിക്കുവാൻ സാധിക്കുകയില്ലഎന്നു കഴിഞ്ഞകാലത്തെ അനുഭവം വെളിവാ ക്കിയിട്ടുണ്ടു"

റിക്കാർട്ടിൽനിന്നും സ്ത്രീകൾ അപ്രാപ്തരായികണ്ടു എന്നു കാണുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഉണ്ടു, മുമ്പു വാസ്തവത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽ ൪ സ്ത്രീവാക്സിനേട്ടർമാർ ഉണ്ടായിരുന്നു. അവരെ ഉൾനാടുകളിൽ നിയമിച്ചിരുന്നു. ഈ ഏർപ്പാടു സ്ത്രീവാക്സിനേററർമാർക്കും ഗവണ്മെൻറിനും ഒരുപോലെ പ്രയാസകരമാണെന്നു അവരുടെജോലി പ രിശോധിച്ചുശേഷം സാനിറററികമ്മീഷണർ റിപ്പോർട്ടുചെയ്തു. സ്ത്രീവാക്സിനേററർമാർക്കുള്ള പ്രയാസം അവർ താമസിക്കുന്ന ഹെഡ്ക്വാർട്ടർസ്റ്റേഷൻസിൽനിന്നും അഞ്ചുകല്ലുവരെയുള്ള സ്ഥലത്തേക്കു നടന്നു പണിയെടുക്കണമായി രുന്നു. ഗവണ്മെൻറിനുള്ള പ്രയാസം അച്ചടക്കമില്ലാത്തവരെ ശിക്ഷിക്കുന്നതിനു സാനിറററികമ്മീഷണർ ഇവരെല്ലാം ആസ്ഥാനത്തിൽ കൊണ്ടുപോകണം.

മിസസ് എലിസബത്തു കുരുവിള (നിയമിതമെമ്പർ): അതു സ്ത്രീവാക്സിനേററർമാർക്കു പ്രയാസമു ണ്ടാക്കിയേക്കാം. എന്നാൽ അവരുടെ ജോലിയെസംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിനു വല്ല പ്രയാസവു മുണ്ടാക്കിയോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഉവ്വ്. അവരുടെജോലി തൃപ്തികര മല്ലെന്നു സാനിട്ടറികമ്മീഷണർ റിപ്പോർട്ടുചെയ്തിരുന്നു. അവരിൽചിലർ ഒരുവർഷത്തിനിടക്കു കൂടെക്കൂടെ നീണ്ട ഉം പ്രസവാവധിയും മററവധിയും എടുത്തു. ഉടനെ രണ്ടോ മൂന്നോ മാസങ്ങൾക്കു അവരെ ജോലിക്കു കിട്ടിയില്ല.

മിസസ് എലിസബത്തു കുരുവിള (നിയമിതമെമ്പർ): (അതു എല്ലാ ഡിപ്പാർട്ടുമെൻറിലെയും സ്ത്രീകളെ ബാധിക്കുന്നതാണല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതിനുനിവൃത്തിയില്ല. എന്നാൽ ഇതു വസ്തുതയാണല്ലോ. ചുരുങ്ങിയ ഒരുവർഷകാലത്തിനുള്ളിൽ അവരിൽ ഒന്നോ രണ്ടോ പേർ രണ്ടോ മൂന്നോ മാസക്കാലങ്ങൾക്കുമേൽ അവധിയിലായിരുന്നു.

മിസസ് എലിസബത്തു കുരുവിള (നിയമിതമെമ്പർ): എന്നാൽ സ്ത്രീവാക്സിനേട്ടർമാർ അച്ചടക്കമില്ലാത്ത വരുടെ സംഖ്യക്കു വല്ല കുറവുമുണ്ടായോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സാനിട്ടറി കമ്മീഷണരുടെ റിപ്പോർട്ടിന്റെ ചുരുക്കം ഞാൻ പറഞ്ഞു. അദ്ദേഹം പറയുന്നതു ഞാൻ വായിക്കാം. "നാലു സ്ഥിരം വാക്സിനേറ്റർമാരുടെ കാര്യം ആലോചിക്കുന്നതായാൽ ഒരാൾ ഈ വർഷാവസാനം വരെയുള്ള ഒരു വർഷം ൧൦ മാസം ൩ ദിവസം സർവീസിനുള്ളിൽ ൩ മാസം ൨൦ ദിവസം ഗർഭംനിമിത്തം അവധിയിലായിരുന്നു. ഇപ്പോൾ കുട്ടികളുമായി ജോലി നിർവഹിച്ചുവരുന്നു. രണ്ടാമത്തെയാൾ ആറുകൊല്ലത്തെ ഒരു വർഷം ൧ മാസം ൯ ദിവസം സർവീസിനുള്ളിൽ ൭ മാസക്കാലം അവധിയിലായിരുന്നു. ഇപ്പോൾ ൬ മാസം രണ്ടു പ്രാവശ്യമായിട്ടു ... മൂന്നാമത്തെയാൾ ൧൦ മാസക്കാലത്തെ സർവീസിനുള്ളിൽ ഒന്നരമാസക്കാലം അവധിയിലായിരുന്നു. ൧൯൩൯ ആഗസ്റ്റ് ൩൦-നു ഞാൻ അന്വേഷിച്ചപ്പോൾ ... എഴുതിയതുകൾ വെച്ചു എന്റെ പരിശോധനക്കുറിപ്പിൽ കാണിച്ചിരിക്കുന്നപ്രകാരം അവരുടെ ജോലി തൃപ്തികരമല്ലായിരുന്നു. അവസാനത്തെയാളിന്റെ പ്രവൃത്തിയുടെ ... കുറഞ്ഞിരിക്കുന്ന വാക്സിൻ ഡിപ്പോയിൽ ഇട്ടിരിക്കയാണ്. വാക്സിനേഷൻ ഏറ്റവും ആവശ്യമായിരിക്കുന്നതു എവിടെയാണെന്നു തിട്ടപ്പെടുത്തുന്നതിനു സാനിട്ടറി ആഫീസർമാർ ദൂരസ്ഥലങ്ങളിൽ പോകേണ്ടിയിരിക്കുന്നതുകൊണ്ടും സ്ത്രീവാക്സിനേറ്റർമാരെ അവർ അനുഗമിക്കേണ്ടിവരുന്നതുകൊണ്ടും ... തനിയെ ... വിജനസ്ഥലങ്ങളിൽകൂടി ... കൊണ്ടും ... യാത്രചെയ്യുന്നതുകൊണ്ടും ... ആണ്. കൂടാതെ സ്ത്രീകൾ ഗർഭമുള്ളപ്പോൾ എട്ടുപത്തു മൈൽ നടക്കുന്നതോ ... കുഞ്ഞുങ്ങളെ നാലഞ്ചുമണിക്കൂർ മുതൽ പത്തു മണിക്കൂർവരെ ഇട്ടുവെച്ചുപോകുന്നതോ ഗർഭിണികളുടെയോ കുട്ടികളുടെയോ സംരക്ഷണത്തിനു പറ്റിയതല്ല."

മിസ്സസ് എലിസബെത്തു കുരുവിള (നിയമിതമെമ്പർ): സ്ത്രീകൾ ജോലി ചെയ്യുന്ന പ്രയാസങ്ങൾ അവഗണിച്ചാൽ സ്ത്രീകളെ നിയമിക്കുന്നതു അശാസ്ത്രീയമാണെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോഴും അവരെ നിയമിച്ചുകൂടാ എന്നു ഒരു ചട്ടവുമില്ല.

മിസ്സസ് എലിസബെത്തു കുരുവിള (നിയമിതമെമ്പർ): ഈ സംഗതി പുനരാലോചിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മേൽപ്പറഞ്ഞ പ്രയാസങ്ങൾ നീക്കുന്നതിനു മെമ്പർ വല്ല മാർഗ്ഗവും പറഞ്ഞുതരുന്നതായാൽ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

അതിരുക്കറയിൽ ഒരു മുൻസിഫ് കോടതി സ്ഥാപിക്കുന്നതിനെപ്പറ്റി.

൩൮. മി. മുളവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ഈയിടെ ചേർത്തലയും വയലാറും കൂടെക്കൂടെ അധീനത്തിൽ മുൻസിഫ് കോടതി സ്ഥാപിക്കേണ്ടിവരുന്നതിന്റെ കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള കാരണങ്ങൾ.

(സി) അതിരുക്കറയിൽ മുൻസിഫ് കോടതി സ്ഥാപിക്കുന്ന സംഗതി നിയമവിളംബര കമ്മീഷന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

മി. കെ. കെ. മാധവൻനായർ (ആ. ഗവണ്മെന്റ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഇപ്പോഴത്തെ അധികാരാതൃത്തിയുടെ വിസ്തീർണ്ണക്കൂടുതലും വളരെ കേസുകൾ തീരുമാനിക്കാതെ കിടന്നുപോകുന്നതുംകൊണ്ട്.

(സി) സിവിൽകോടതികളുടെ അധികാരാതൃത്തി അഴിച്ചുവിതരണം ചെയ്യുമ്പോൾ നിയമവിളംബര കമ്മീഷണർ ഈ സംഗതിയെപ്പറ്റി ആലോചിക്കുന്നതാണ്.

൧൧൧൦-ലെ ഇ. എസ്. എൽ. സി. പരീക്ഷയുടെ സപ്ലിമെന്റൽ റിസൾട്ട്സ്.

൩൯. മി. ആർ. ശങ്കരപിള്ള (കോട്ടയം): താഴെപ്പറയുന്ന കാര്യങ്ങൾക്കു മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) കഴിഞ്ഞ ഇ. എസ്. എൽ. സി. പരീക്ഷ വിജയികളുടെ സപ്ലിമെന്ററി ലിസ്റ്റുകൾ എത്ര പ്രാവശ്യം പ്രസിദ്ധപ്പെടുത്തി?

(ബി) ഏതു അടിസ്ഥാനപ്പെടുത്തിയാണ് സപ്ലിമെന്ററി ലിസ്റ്റുകൾ തയ്യാറാക്കിയതു?

(സി) ക്ലാസിൽ സ്വീകരിച്ച അടിസ്ഥാനം ഏതാണ്?

(ഡി) ഇവിടെ സ്വീകരിച്ചതുതന്നെയോ അതോ അതിൽനിന്നു വ്യത്യസ്തമോ?

(ഇ) വ്യത്യസ്തമെങ്കിൽ വ്യത്യസ്തപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ എന്തു?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) വിജയികളുടെ ൩ സപ്ലിമെന്ററി ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തി.

(ബി) ൧. ഏതെങ്കിലും ഒരു വിഷയത്തിനു അവശ്യം വേണ്ട മാർക്കു കുറച്ചു കുറവുണ്ടായിരുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും നോക്കി കിട്ടിയതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഒന്നാമത്തെ ലിസ്റ്റ് ഉണ്ടാക്കിയതു.

(൨) മദ്രാസ് സർവകലാശാല സിൻഡിക്കേറ്റുകൾ ചില സൗജന്യചട്ടങ്ങൾ ഉണ്ടാക്കിയതിനെ അടിസ്ഥാനപ്പെടുത്തിയാണ് രണ്ടാമത്തെ സപ്ലിമെന്ററി ലിസ്റ്റ് ഉണ്ടാക്കിയതു.

(൩) ബുക്ക്കീപ്പിങ്ങും കമേർഷ്യൽ പ്രാക്ടീസും ഐച്ഛികവിഷയങ്ങളായി എടുത്ത കുറച്ചുവിദ്യാർത്ഥികളുടെ പരീക്ഷാഫലം മൂന്നാമത്തെ സപ്ലിമെന്ററി ലിസ്റ്റുമൂലം പ്രസിദ്ധപ്പെടുത്തി. എന്തുകൊണ്ടെന്നാൽ കമേർഷ്യൽ പ്രാക്ടീസിനു ആധുനികശാസ്ത്രത്തിനുപകരം കമേർഷ്യൽ പ്രാക്ടീസ് ഒരു പ്രധാനപ്പെട്ട ഐച്ഛികവിഷയമായി ഗണിക്കാമോ എന്നു സർവകലാശാലാ അധികാരികളോടു ആലോചിക്കേണ്ടിയിരുന്നു.

(സി) മദ്രാസിൽ വിദ്യാഭ്യാസത്തിൽ പറഞ്ഞിരിക്കുന്ന സൗജന്യചട്ടങ്ങൾ അടിസ്ഥാനപ്പെടുത്തി ഒരു സപ്ലിമെന്ററിലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതായി തോന്നുന്നു. മറ്റേതെങ്കിലും പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തി സപ്ലിമെന്ററിലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി ഒരു വിവരവുമില്ല.

(ഡി) മെമ്പറിന്റെ ശ്രദ്ധയ്ക്കു മേൽ പ്രസ്താവിച്ച ബീയും സീയും മറുപടിയിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

(ഇ) ആദ്യത്തെ സപ്ലിമെന്ററി ലിസ്റ്റു സർവ്വകലാശാല സിൻഡിക്കേറ്റു സൌജന്യച്ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും ഈ സംഗതിയിൽ സിൻഡിക്കേറ്റു എന്തെങ്കിലും പ്രവൃത്തിക്കാൻ പോകുന്നു എന്നു അറിയുന്നതിനും മുമ്പു ഗവണ്മെന്റു നടത്തിയ നടപടികളനുസരിച്ചു തയ്യാറാക്കിയതാണു. രണ്ടാമത്തെ സപ്ലിമെന്ററി ലിസ്റ്റു സിൻഡിക്കേറ്റിന്റെ സൌജന്യച്ചട്ടങ്ങൾ അനുസരിച്ചു തയ്യാറാക്കിയതാണു.

വള്ളംകുളം പാലത്തിന്റെ തകർച്ച.

൨൪. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്നവക്കു മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) വള്ളംകുളം പാലം [illegible] നദിയിൽ സ്ഥിതിചെയ്തിരുന്ന ഒരു പാലം അതിന്റെ സ്ഥാനത്തുനിന്നും മാറിപ്പോയോ,

(ബി) അപ്രകാരം മാറിപ്പോയതു നദി ഗതിമാറി ശക്തിയോടെ വളരെ വേഗത്തിൽ ഒഴുകി പാലത്തിന്റെ ഒരു അറ്റം ദുർബ്ബലപ്പെടുത്തിയതിനാലാണോ അതോ മറ്റു കാരണമുണ്ടായിട്ടുണ്ടോ?

(സി) ഇതു തൈക്കാപ്പാർശ്വങ്ങൾ നന്നാക്കാനുള്ള പണം മാറ്റിയോ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി)

(എ) ഉണ്ട്.

(ബി) ഇല്ല. നദി ഒഴുകുന്ന ഭാഗത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരുപോലെ വ്യാപിപ്പിക്കാമായിരുന്നു. [illegible]

(സി) പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ടുമെന്റു.

നാഗർകോവിൽ വെർണാക്കുലർ സ്കൂളിലെ വെർണാക്കുലർ ഹയർ പരീക്ഷയുടെ ഫലങ്ങൾ.

൨൫. മി. വി. ചെല്ലംപിള്ള (തോവാള): നാഗർകോവിൽ വെർണാക്കുലർ ഹൈസ്കൂളിലെ വെർണാക്കുലർ ഹയർ പരീക്ഷക്കു ൧൧൧൭, ൧൧൧൮, ൧൧൧൯, ൧൧൨൦ ഈ കൊല്ലവർഷങ്ങളിലെ പബ്ലിക്ക് പരീക്ഷയുടെ ഫലം താഴെ കാണിക്കുന്ന തലക്കെട്ടുകളിൽ ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വെക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ഓരോ വർഷവും പരീക്ഷക്കയക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

(ബി) ഓരോ വർഷവും ജയിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ വിവരം താഴെ ചേർത്തിരിക്കുന്നു.

ആണ്ടു	പരീക്ഷക്കയച്ച വിദ്യാർത്ഥികളുടെ എണ്ണം	ജയിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം.
൧൧൧൭	[illegible]	[illegible]
൧൧൧൮	[illegible]	[illegible]
൧൧൧൯	[illegible]	[illegible]
൧൧൨൦	[illegible]	[illegible]

മി. വി. ചെല്ലംപിള്ള (തോവാള): ഇത്ര കുറഞ്ഞ ശതമാനം തോൽക്കുവാനുള്ള കാരണം അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഏതു കൊല്ലം?

മി. വി. ചെല്ലംപിള്ള (തോവാള): ൧൧൨൦-ൽ.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇതു അന്വേഷിച്ചുവരുന്നു. ഇതിനെപ്പററി റിപ്പോർട്ടു ചെയ്യുവാൻ വെർണാക്കുലർ ഇൻസ്പെക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഈ സ്കൂളിൽ ഭാഷ പഠിപ്പിക്കുന്നവരുടെ യോഗ്യത എന്തെന്നു അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു എനിക്കു നോട്ടീസ് വേണ്ടതാണ്.

സ്ത്രീകളുടെ കാളേജിലെ പുരുഷന്മാരായ അദ്ധ്യാപകന്മാർ.

൨൬. മി. വി. ചെല്ലംപിള്ള (തോവാള): ഗവണ്മെന്റു വിമൻസ് കാളേജിൽ പുരുഷന്മാരായ അദ്ധ്യാപകന്മാരുടെ എണ്ണം എത്രയെന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): അഞ്ച്. അവരെ കാളേജ് സ്റ്റാഫിൽ താൽക്കാലികമായി മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു.

എസ്. എസ്. എൽ. സി. ഉള്ളവർക്കു പബ്ലിക്ക് സർവ്വീസിനുള്ള യോഗ്യത.

൨൭. മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപ്പറയുന്ന കാര്യങ്ങൾക്കു മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) ഗവണ്മെന്റു സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് ഉള്ളവരിൽ ഇംഗ്ലീഷ് കണക്ക്, വെർണാക്കുലർ കോമ്പസിഷൻ ഇവയ്ക്കു സംസ്ഥാനത്തെ ശരാശരി മാർക്കിൽ കൂടുതൽ ഉള്ളവർ പബ്ലിക്ക് സർവ്വീസിനു യോഗ്യന്മാരെന്നു ഒരിക്കൽ പ്രഖ്യാപനം ചെയ്തിരുന്നു എന്നുള്ളതു വാസ്തവമാണോ?

(ബി) ഈ അവകാശം ഇപ്പോഴും ഈ സർട്ടിഫിക്കറ്റുകാരിൽനിന്നു എടുത്തുകളഞ്ഞോ?

(സി) എപ്പോഴാണ് എടുത്തുകളഞ്ഞത്?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെൻറു ചീഫ് സിക്രട്ടറി): മേല്പറഞ്ഞ വിഷയങ്ങളിൽ അവരുടെ ആകെ മാർക്ക് പബ്ലിക്ക് പരീക്ഷ മാർക്കിന്റെയോ മോഡറേഷൻ മാർക്കിന്റെയോ ൫൦ൽ കുറയാതെ കൂടിയിരുന്നാൽ വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗത്തിനു യോഗ്യരാണെന്നു പ്രഖ്യാപനം ചെയ്തിരുന്നു.

(ബി) ഏർപ്പെടുത്തുകയുണ്ടായി.

(സി) ൧൧൧൯-ൽ.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ൧൧൧൯വരെ പബ്ലിക്കു സർവീസിൽ പ്രവേശിച്ചിട്ടുള്ളവർക്കെല്ലാം ഈ അവകാശം അനുവദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെൻറു ചീഫ് സിക്രട്ടറി): കൊടുത്തു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പിന്നീടുവരുന്ന സർട്ടിഫിക്കററു ഹോൾഡേഴ്സിനു ഉദ്യോഗം കിട്ടുന്നതിനു സങ്കടമുണ്ടോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെൻറു ചീഫ് സിക്രട്ടറി): അപ്പപ്പോൾ ചട്ടത്തിൽ ആവശ്യമെന്നു കാണുന്ന ഭേദഗതിവരുത്തുമ്പോൾ സ്വല്പം സങ്കടംവരും.

എം. എസ്. റോഡിൽനിന്നും പരിശുദ്ധപാഞ്ചാലക്ഷേത്രത്തിലേക്കുള്ള റോഡ്.

൭൭. മി. എൻ. കെ. കൃഷ്ണപിള്ള (മാവേലിക്കര): മാവേലിക്കര താലൂക്കിൽ എം. എസ്. റോഡിൽനിന്നും പരിശുദ്ധപാഞ്ചാലക്ഷേത്രത്തിലേക്ക് ഒരു റോഡുവെട്ടേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ട്, ൧൧൧൭ മേടം ൧൫-നു കൂടിയ സെഷനിൽ ചോദിച്ച ൨൩൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയെസംബന്ധിച്ച് ഈ വിവരം നോട്ടുചെയ്തതിനുശേഷം ഗവൺമെൻറു ഈ സംഗതിയിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടെങ്കിൽ എന്താണെന്നു പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): ഒരു നടപടിയും നടത്തിയിട്ടില്ല. എന്നാൽ ഈ റോഡുഉണ്ടാക്കുന്നതിൽ താല്പര്യമുള്ള ആളുകൾ ആവശ്യമുള്ള സ്ഥലം പൊന്നുംവിലകൂടാതെ വിട്ടുകൊടുക്കുകയും മൺവേല ചെയ്യുകയും കീഴ്പടി റോഡുചട്ടം അനുസരിച്ച് ഒരു കുടിപ്പക റോഡാക്കിത്തീർക്കുകയും ചെയ്താൽ ഈ വിഷയത്തിൽ മേൽനടപടികൾ നടത്തുന്നതിനു ഗവൺമെൻറിനു മനസ്സാണ്.

മോട്ടോർബോട്ടുകൾക്കു ലൈസൻസ് കൊടുക്കുക.

൭൮. മി. എൻ. കെ. കൃഷ്ണപിള്ള (മാവേലിക്കര): താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) ൧൧൦൦ മുതൽ ൧൧൦൪ വരെയുള്ള കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ സംസ്ഥാനത്തെ തോടുകളിലും ജലമാർഗ്ഗങ്ങളിലും കൂടി ഓടുന്ന ബോട്ടുകൾക്കും വള്ളങ്ങൾക്കും ലൈസൻസ് ഫീസിനത്തിൽ വരവെത്ര?

(ബി) ഈ കഴിഞ്ഞ ൫ വർഷങ്ങളിലെ ഓരോ വർഷവും തോടുകളും ജലമാർഗ്ഗങ്ങളും സംരക്ഷിക്കുന്നതിനു ഗവൺമെൻറു ചിലവാക്കിയ തുകയെത്ര?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി):

	൧൧൦൦	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൪
	രൂ.	രൂ.	രൂ.	രൂ.	രൂ.
(എ)	൬൧൭൭൭	൬൬൪൯൫	൬൪൬൨൭	൬൮൨൧൭	൭൩൦൪൩
(ബി)	൬൬൧൭൯	൭൦൦൮൪	൭൩൪൯൬	൭൭൪൮൭	൭൨൪൦൨

സിക്രട്ടറിയേററിലെ ഉദ്യോഗസ്ഥന്മാരുടേയും ൧-ാംഗ്രേഡ് ക്ലാർക്കുകളുടേയും

ജാതിതിരിച്ചുള്ള പട്ടിക.

൭൯. മി. ചെറിയാൻ കുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സിക്രട്ടറിയേററിലെ സിക്രട്ടറിമാരുടേയും സൂപ്രണ്ടുമാരുടേയും ൧-ാംഗ്രേഡ് ക്ലാർക്കുകളുടേയും ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തുവെക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെൻറു ചീഫ് സിക്രട്ടറി): ആവശ്യപ്പെട്ടപ്രകാരം ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

മുനിസിപ്പൽകോഡ് പരിഷ്കരിക്കുന്നതിനു അക്കൗണ്ടാഫീസിലെ ഒരു സൂപ്രണ്ടിനെ

നിയമിക്കുന്നതിനെ സംബന്ധിച്ച്.

൮൦. മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) മുനിസിപ്പൽകോഡ് പരിഷ്കരിക്കുന്നതിനു അക്കൗണ്ടാഫീസിലെ ഒരു സൂപ്രണ്ടിനെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ടോ?

(ബി) ഈ സൂപ്രണ്ടിനു മുൻസിപ്പൽജോലിയിൽ വല്ല അറിവോ പരിചയമോ ഉണ്ടോ?

(സി) ഇപ്പോൾ നിയമിച്ചിരിക്കുന്ന ആളിനു ശമ്പളത്തിനുപുറമെ വല്ല അലവൻസും കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അലവൻസിന്റെ തുക?

(ഡി) അയാളുടെ സഹായത്തിനു ക്ലാർക്കുകളേയോ ശിപായിമാരേയോ അനുവദിച്ചിട്ടുണ്ടെങ്കിൽ അവരുടെ എണ്ണമെത്ര?

(ഇ) മുൻസിപ്പൽകോഡ് സംബന്ധിച്ച ജോലി ചെയ്ത സൂപ്രണ്ടിനു ശമ്പളത്തിനുപുറമെ വല്ല അലവൻസോ പ്രത്യേകസ്റ്റാഫോ അനുവദിച്ചിരുന്നോ?

*അനുബന്ധം ൯ നോക്കുക.

(എഫ്) തിരുവനന്തപുരത്തോ, വെളിയിലോ ഇപ്പോൾ നിയമിച്ച് റൂളനുസരിച്ചു സന്ദർശിച്ച മുൻസിപ്പാലിററിയുടെ പേര്?

(ജി) ഉൾനാട്ടുകളിലെ മുൻസിപ്പാലിററികൾ സന്ദർശിക്കുന്നതു സംബന്ധിച്ച് ഇദ്ദേഹം ഇതുവരെ യാത്രപ്പടിയായിട്ടും ദിവസപ്പടിയായിട്ടും എന്തു സംഖ്യയിനം കൊടുത്തിട്ടുള്ളതുക?

മി. ആർ. നീലകണ്ഠപ്പിള്ള (ഡെവലപ്മെന്റ് സിക്രട്ടറി):

(എ) ഒരു മുൻസിപ്പൽ ഭരണം ഉണ്ടാക്കുന്നതിനും കോഡ് പരിഷ്കരിക്കുന്നതിനുമായി ഒരു ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ബി) മുൻസിപ്പൽഭരണം ഉണ്ടാക്കുന്നതിനു വേണ്ട അറിവും പരിചയവും അദ്ദേഹത്തിനുണ്ട്.

(സി) മറുപടി തൃപ്തികരമാണ്.

(ഡി) ഉണ്ട്, ഒരു ക്ലാർക്കും ഒരു ശിപായിയും.

(ഇ) അടുത്തമായിട്ടാണ് ഈ ജോലി ഏർപ്പെടുത്തിയിരിക്കുന്നതു.

(എഫ്) ആലപ്പുഴയും നാഗർകോവിലും.

(ജി) ദിവസപ്പടി ഉറുപ്പിക ൧൦ ക്രു....

സെൻസസ് ഡിപ്പാർട്ടുമെന്റിലെ നിയമനംസംബന്ധിച്ച ചോദ്യം.

൯൨. മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ):

(എ) സെൻസസ് ഡിപ്പാർട്ടുമെന്റിൽ [illegible] (൧൧൦൫-൧൧൦൬-[illegible]) നടത്തിയ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ മേശപ്പുറത്തിടുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) ഈ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങൾക്കു അപേക്ഷകരായി എത്ര മുസ്ലീങ്ങൾ ഉണ്ടായിരുന്നു എന്നു പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി):

(എ) ഗുമസ്തന്മാർ.

ബ്രാഹ്മണർ	൨
നായന്മാർ	൨.
നാടാർ	൧

മേൽപ്പറഞ്ഞവരിൽ രണ്ടു ബ്രാഹ്മണനും ഒരു നായരും മററു വകുപ്പുകളിൽനിന്നും എടുക്കപ്പെട്ടവരാണ്.

ശിപായിമാർ,

ബ്രാഹ്മണൻ	൧
വെള്ളാളൻ	൧
നായന്മാർ	൪

(ബി) മേൽപ്പറഞ്ഞ നിയമനങ്ങൾ നടത്തിയപ്പോൾ ഉണ്ടായിരുന്ന മുസ്ലീം അപേക്ഷകരുടെ എണ്ണം ൩ ആയിരുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ൨ ബ്രാഹ്മണരേയും ൨ നായന്മാരേയും വേറെ ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും എടുത്തു എന്നു പറഞ്ഞു. അതു ഏതെല്ലാം ഡിപ്പാർട്ടുമെന്റിൽനിന്നുമാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി): കൃഷി, അഞ്ചൽ ഈ ഡിപ്പാർട്ടുമെന്റുകളിൽനിന്നുമാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ആ ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുകളിൽ ആരെ നിയമിച്ചുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി): ചെയ്തു കാണണം.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): അതിൽ നിയമിച്ചിരിക്കുന്നതു ആരെയാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി). അതു ചോദിച്ചുവേണം പറയാൻ.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): മൂന്നു മഹമ്മദീയരുടെ അപേക്ഷയുണ്ടെന്നു പറഞ്ഞു. അതിൽ ആരെയെങ്കിലും നിയമിക്കാതിരിക്കുന്നതിനു വല്ല പ്രത്യേകകാരണവുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി): അവരുടെ യോഗ്യതകളേയും സെൻസസിലേക്കുള്ള ജോലിയുടെ ചുമതലയേയും വിചാരിച്ചുനോക്കിയതിൽ കൊടുക്കാൻ സാധിച്ചില്ലായിരിക്കാം.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): അതിനുശേഷം വേറെ ആളുകളെ നിയമിച്ചില്ലേ? അതിനു വല്ല പ്രത്യേകകാരണങ്ങളുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി): പ്രത്യേകകാരണം വല്ലതുമുണ്ടെങ്കിൽ അതു സെൻസസ് കമ്മീഷണരോടു ചോദിച്ചേ പറയാൻ തരമുള്ളു.

ഡിസ്ട്രിക്ട്കോടതികളിലെയും മുൻസിഫ്കോടതികളിലെയും ആമീൻമാർ.

൯൩. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപ്പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) മുൻസിഫ്കോടതികളിലും ഡിസ്ട്രിക്ട്കോടതികളിലും ആമീൻജോലിക്കു അവശ്യം വേണ്ടിയ യോഗ്യത എന്ത്?

(ബി) അടുത്തകാലത്തു കോട്ടയം ഡിസ്ട്രിക്ട്മുൻസിഫ് നിയമിച്ച ഒരു ആമീനെ ഹൈക്കോടതി പിരിച്ചയച്ചു വേറൊരാളെ നിയമിച്ചതു ഗവണ്മെന്റിനു അറിവുണ്ടോ?

(സി) അങ്ങനെ ഉണ്ടെങ്കിൽ ആ നടപടിയുടെ കാരണമെന്തു?

(ഡി) അവർ ഓരോരുത്തരും സർവീസിൽ പ്രവേശിച്ച തീയതിയും സർട്ടിഫിക്കട്ട് പാസായ തീയതിയും ഏവ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ സിക്രട്ടറി):

(എ) വി. എസ്. എൽ. സി. പരീക്ഷയും സർവെ ടെസ്ററും.

(ബി) ആളുകളുടെ പേരുകൾ പറഞ്ഞിട്ടില്ലാത്തതാൽ ഇതിനു മറുപടിപറയുവാൻ നിവൃത്തിയില്ല.

(സീ-യും ഡി-യും) ബി ഭാഗത്തിനുള്ള മറുപടിയിൽനിന്നും ഈ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞിട്ടാവശ്യമില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): പേരുപറയാത്തതുകൊണ്ടു ഉത്തരംപറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞിരിക്കുന്നു. വ്യക്തിപരമായി ചോദ്യങ്ങൾ ചോദിച്ചുകൂടാ എന്നു ഈ കൌൺസിലിൽ റൂൾ ചെയ്തിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സിക്രട്ടറി): ഉണ്ട്?

മി. ആർ. രാമൻപിള്ള (കോട്ടയം): 'അടുത്തകാലത്തു' എന്നുപറഞ്ഞാൽ ചോദിച്ച തിയതിക്കു അടുത്ത അവസരത്തിൽ ചെയ്തിട്ടുള്ളതാണെന്നു അർത്ഥമാകുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സിക്രട്ടറി): അങ്ങനെ അർത്ഥമാകണമെന്നില്ല. അങ്ങനെ അർത്ഥമാക്കുകയും ചെയ്യാം. രണ്ടുപ്രകാരത്തിലും വരാം.

മി. ആർ. രാമൻപിള്ള (കോട്ടയം): വ്യക്തിപരമായിട്ടു ചോദിക്കാൻ പാടില്ലെന്നു കൌൺസിൽ റൂൾ ചെയ്തിട്ടുണ്ട്. പേരുപറഞ്ഞു ചോദിക്കാത്തതുകൊണ്ടു മറുപടിപറവാൻ നിവൃത്തിയില്ലെന്നു ഉത്തരത്തിൽ കാണുന്നു. പിന്നെ എങ്ങനെയാണു ചോദിക്കേണ്ടതെന്നു ഗവണ്മെൻറു ദയവായി പറഞ്ഞുതരുമോ?

പ്രസിഡൻറ്: മിസ്റ്റർ രാമൻപിള്ള, നിങ്ങളുടെ സപ്ലിമെൻററി ചോദ്യങ്ങളിൽനിന്നും നിങ്ങൾ വ്യക്തിപരമായ ചോദ്യം ചോദിക്കാൻ പാടില്ല എന്നുള്ള നിയമത്തെ ഒരു സാധാരണ രൂപത്തിൽ ചോദിച്ചു അതിലംഘിക്കുവാൻ ശ്രമിക്കുകയാണെന്നു തോന്നുന്നു. നിങ്ങൾ ഒരു പ്രത്യേക വ്യക്തിയെ കുറിച്ചാണു ചോദിക്കുന്നതെങ്കിൽ അതിനു മറുപടിപറയുവാൻ നിവൃത്തിയില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെയുള്ള സംഗതിക്കു പരിഹാരം ഉണ്ടാക്കുന്നതിനു എന്തു ചെയ്യണം.

പ്രസിഡൻറ്: ന്യായമായിട്ടു റൂൾസും നിയമവും അനുസരിച്ചു എങ്ങനെ ചെയ്യണമോ അങ്ങനെ ചെയ്യണം.

മി. ആർ. രാമൻപിള്ള (കോട്ടയം): ചട്ടങ്ങളനുസരിച്ചു ഇങ്ങനെയാണു ഞാൻ വിചാരിക്കുന്നതു.

പ്രസിഡൻറ്: പാടില്ല. അടുത്തചോദ്യത്തിൽ പ്രവേശിക്കാം.

നെയ്യാറ്റിൻകര സരസ്വതീവിലാസം പെൺപള്ളിക്കൂടത്തിൽ മൂന്നാംക്ലാസു തുടങ്ങുന്നതിനെ സംബന്ധിച്ചു.

൯൪. മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): താഴെ പറയുന്നവയുടെ മറുപടി പറയുന്നതിനു ഗവണ്മെൻറു ദയവുണ്ടാകുമോ?

(എ) നെയ്യാറ്റിൻകര സരസ്വതീവിലാസം പെൺപള്ളിക്കൂടം മാനേജർ ടി സ്കൂളിൽ മൂന്നാംക്ലാസു തുടങ്ങുന്നതിനു അനുവാദത്തിനു അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ടി സ്കൂളിൽനിന്നും എപ്പോഴെങ്കിലും പിന്നീടോ അപേക്ഷകൾ അയച്ചിട്ടുണ്ടെങ്കിൽ ഗവണ്മെൻറു ഈ വിഷയത്തിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

(സി) ബി ഭാഗത്തിനു മറുപടി അനുകൂലമെങ്കിൽ ആ നടപടിയുടെ ഫലമെന്തു്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സിക്രട്ടറി):

(എ) ഉണ്ടു.

(ബി) (സി) മൂന്നാംക്ലാസു തുടങ്ങുന്നതിനു അനുവദിക്കുന്നകാര്യം ഇൻസ്പെക്ടിംഗ് ആഫീസർമാരുമായുള്ള എഴുത്തുകുത്തിൽ കിടക്കുന്നു.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): പാർട്ടു ബി, ഇൻസ്പെക്ടിംഗ് ആഫീസർമാരുമായിട്ടു ഈ സംഗതിയെസംബന്ധിച്ചു എഴുത്തുകുത്തു നടത്തിത്തുടങ്ങിയിട്ടു എത്രകാലമായി?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സിക്രട്ടറി): കഴിഞ്ഞ ഫെബ്രുവരിമുതൽ എഴുത്തുകുത്തു നടത്തിവരുന്നു.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): അതു പൂർത്തിയാകുന്നതിനു ഇനി എത്രകാലംകൂടി വേണ്ടിവരും?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സിക്രട്ടറി): ഡിപ്പാർട്ടുമെൻറിൻെറ അനുവാദം കൂടാതെ ഒരു ക്ലാസുകൂടി, അതായതു മൂന്നാംക്ലാസുകൂടി തുറന്നിരിക്കയാണു. അതു അനുവദിക്കണമോ പാടില്ലയോ എന്നുള്ളസംഗതി ആലോചനയിൽ ഇരിക്കയാണ്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഇനിയും എത്രകാലം വേണ്ടിവരുമെന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സിക്രട്ടറി): അതു എഴുത്തുകുത്തു അവസാനിച്ചാലേ പറയാൻ തരമുള്ളു.

ഈഴവ മുൻസിഫന്മാർ.

൯൫. മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മുൻസിഫന്മാരിൽ ഒരാളെങ്കിലും ഈഴവ സമുദായത്തിൽ നിന്നുണ്ടോ എന്നു പറയുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സിക്രട്ടറി): മറുപടി പ്രതികൂലമാണ്.

അനുബന്ധം [illegible].

[illegible]-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

[illegible]-ൽ സംസ്ഥാനത്തെ വിവിധ ഡിപ്പോകളിലുള്ള ഒരോതരം തടികൾ കാണിക്കുന്ന പട്ടിക.

ഡിപ്പോയുടെ പേര്	തേക്ക് ക്യൂബിക്കടി	ഈട്ടി ക്യൂബിക്കടി	കോങ്ങ് ക്യൂബിക്കടി	തേമ്പാവ് ക്യൂബിക്കടി	മൈല ക്യൂബിക്കടി	മരുതി ക്യൂബിക്കടി	അകിൽ ക്യൂബിക്കടി	വെൺതേക്ക് ക്യൂബിക്കടി
തെന്മല	...	...	[illegible]	[illegible]	[illegible]	[illegible]	[illegible]	...
ആര്യങ്കാവ്	...	...	[illegible]	...	...	...	[illegible]	...
പുനലൂർ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	...	...
ഇടമൺ	[illegible]	[illegible]	....	[illegible]	...	[illegible]	...	...
കൊല്ലം	[illegible]	...	...	...	...	...	...	[illegible]
വീയപുരം	[illegible]	[illegible]	...	...	...	...	...	...
തറയമുക്ക്	[illegible]	[illegible]	...	...	...	...	...	...
വെട്ടിക്കാട്ട്	[illegible]	[illegible]	..	[illegible]	...	[illegible]	...	[illegible]
ആലപ്പുഴ	[illegible]	[illegible]	...	...	...	...	...	...
പാറമ്പുഴ	[illegible]	...	...	...	...	...	...	...
തിരുവനന്തപുരം	[illegible]	[illegible]	[illegible]	...	[illegible]	...	....	...
നാഗർകോവിൽ	[illegible]	[illegible]	...	[illegible]	...	[illegible]	...	[illegible]
കുലശേഖരം	...	[illegible]	...	[illegible]	...	[illegible]	...	...
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

അനുബന്ധം [illegible]. (തുടർച്ച).

ഡിപ്പോ	ആഞ്ഞിലി ക്യൂബിക്കടി	ഇരുൾ ക്യൂബിക്കടി	വേങ്ങ ക്യൂബിക്കടി	മണിമരുതി ക്യൂബിക്കടി	വാക ക്യൂബിക്കടി	കടമ്പ് ക്യൂബിക്കടി	ഉരംവേങ്ങ ക്യൂബിക്കടി	ചെംകുറിഞ്ഞി ക്യൂബിക്കടി	തട്ടപ്പാല ക്യൂബിക്കടി
തെന്മല	[illegible]	[illegible]	[illegible]	...	...	[illegible]	[illegible]	[illegible]	[illegible]
ആര്യങ്കാവ്	...	...	...	...	...	...	...	...	...
പുനലൂർ	...	[illegible]	[illegible]	...	[illegible]	...	[illegible]	...	...
ഇടമൺ	...	[illegible]	[illegible]	...	...	...	[illegible]	...	...
കൊല്ലം	...	[illegible]	[illegible]	...	...	...	...	...	...
വീയപുരം	...	[illegible]	...	...	...	...	...	...	...
തറയമുക്ക്	...	[illegible]	...	...	...	...	...	...	...
വെട്ടിക്കാട്ട്	[illegible]	[illegible]	[illegible]	[illegible]	[illegible]	...	...	...	...
ആലപ്പുഴ	...	...	...	...	...	...	...	...	...
പാറമ്പുഴ	...	...	...	...	...	...	...	...	...
തിരുവനന്തപുരം	[illegible]	...	[illegible]	...	...	...	...	...	...
നാഗർകോവിൽ	...	...	[illegible]	...	[illegible]	...	...	...	...
കുലശേഖരം	...	...	[illegible]	....	...	...	...	...	...
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]

അനുബന്ധം വ്യ. (തുടർച്ച).

ഡിപ്പോ	മയവേസ് ക്യൂബിക്കടി	പുന്നപ്പ് ക്യൂബിക്കടി	കാരഞ്ഞിലി ക്യൂബിക്കടി	പേയ്കട്ടക്ക ക്യൂബിക്കടി	മച്ചിറിയൻ ക്യൂബിക്കടി	ഇലവു ക്യൂബിക്കടി	ചെന്നി ക്യൂബിക്കടി	കാട്ടുകമ്പ് ക്യൂബിക്കടി	കുളവ് ക്യൂബിക്കടി
തെന്മല	...	...	[illegible]	...	...	...	...	[illegible]	[illegible]
ആര്യങ്കാവ്	[illegible]	[illegible]	[illegible]	[illegible]	[illegible]	...	...	[illegible]	[illegible]
പുനലൂർ	...	...	...	...	...	...	...	...	...
ഇടമൺ	...	...	...	...	...	...	...	...	...
കൊല്ലം	...	...	...	...	...	...	...	...	...
വീയപുരം	...	...	...	...	...	...	...	...	...
തറയമുക്ക	...	...	...	...	...	...	...	...	...
വെട്ടിക്കാട്	...	...	...	...	...	[illegible]	...	...	...
ആലപ്പുഴ	...	...	...	...	...	...	...	...	...
പറമ്പുഴ	...	...	...	...	...	...	...	...	...
തിരുവനന്തപുരം	...	...	[illegible]	...	...	...	...	...	...
നാഗർകോവിൽ	...	...	...	...	...	...	...	...	...
കുലശേഖരം	...	...	...	...	...	...	...	...	...
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	...	[illegible]	[illegible]

അനുബന്ധം വ്യ. (തുടർച്ച).

ഡിപ്പോ	ഞാവൽ ക്യൂബിക്കടി	ഞെട്ട ക്യൂബിക്കടി	ഇലപ്പ ക്യൂബിക്കടി	മഞ്ഞക്കടമ്പു ക്യൂബിക്കടി	കൊന്ന ക്യൂബിക്കടി	പൂവണ്ണ് ക്യൂബിക്കടി	തേക്ക ഇളമരം ക്യൂബിക്കടി	വെക്കാളി ക്യൂബിക്കടി	ആകെ ക്യൂബിക്കടി
തെന്മല	[illegible]	[illegible]	...	[illegible]	[illegible]	...	...	...	[illegible]
ആര്യങ്കാവ്	...	...	[illegible]	...	...	...	...	...	[illegible]
പുനലൂർ	...	...	...	...	...	...	[illegible] (ഇല്ല)	...	[illegible]
ഇടമൺ	...	...	...	[illegible]	...	[illegible]	...	...	[illegible]
കൊല്ലം	...	...	...	...	...	...	...	...	[illegible]
വീയപുരം	...	...	...	...	...	...	...	...	[illegible]
തറയമുക്ക	...	...	...	...	...	...	...	...	[illegible]
വെട്ടിക്കാട	...	...	...	...	...	...	...	...	[illegible]
ആലപ്പുഴ	...	...	...	...	...	...	...	...	[illegible]
പറമ്പുഴ	...	...	...	...	...	...	...	...	[illegible]
തിരുവനന്തപുരം	...	...	...	...	...	...	...	...	[illegible]
നാഗർകോവിൽ	...	...	...	...	...	[illegible]	...	[illegible]	[illegible]
കുലശേഖരം	...	...	...	...	...	...	...	...	[illegible]
ആകെ	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible] (ഇല്ല)	[illegible]	[illegible]

അനുബന്ധം ൯.

൯൦-ാം നമ്പർ ചോദ്യത്തിനു മറുപടിനോക്കുക.

സിക്രട്ടറിയേററിലെ സിക്രട്ടറിമാരുടെയും, സൂപ്രണ്ടുമാരുടെയും ൧-ാംഗ്രേഡ് ക്ലാർക്കുകളുടെയും ജാതിതിരിച്ചുള്ള പട്ടിക.

ഉദ്യോഗപ്പേര്		ബ്രാഹ്മണർ	നായന്മാർ	വെള്ളാളർ	ക്രിസ്ത്യാനികൾ (ഇംഗ്ലീഷ് സഭ)
ഗവമെണ്ടിന്റെ ചീഫ്സിക്രട്ടറി (൧)	...	...	...	...	൧
ഗവമെണ്ടിന്റെ സിക്രട്ടറിമാർ (൩)	...	൧	൨	...	...
അസിസ്റ്റന്റു സിക്രട്ടറിമാർ (൩)	...	൧	൧	...	൧
*സൂപ്രണ്ടുമാർ (൭)	...	൨	൨	...	൧
†ഒന്നാംഗ്രേഡ് ക്ലാർക്കുകൾ (൭)	...	൪	൧	൧	...

* രണ്ടു സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്.

† ഒരു സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്.

അടിയന്തിരപ്രമേയം.

നീണ്ടകരയും നങ്ങ്യാർകുളങ്ങരയും ടോളുകൾ ഏർപ്പെടുത്തിയതുനിമിത്തം കൊല്ലം-ആലപ്പുഴ-അരൂർറോഡിലെ ബസ് ഓട്ടം നിറുത്തിയത്.

പി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): സർ, പൊതുജനങ്ങൾക്കു വളരെ പ്രാധാന്യമുള്ള ഒരു പ്രത്യേക അടിയന്തിരകാര്യത്തെപ്പററി അതായതു ആലപ്പുഴക്കും കൊല്ലത്തിനുംമദ്ധ്യേ രണ്ടു ടോളുകൾ ൧൧൦൯-ലേക്ക് ലേലംചെയ്തതിനാൽ അരൂർ, ആലപ്പുഴ, കൊല്ലം ലൈനിലെ ബസ്സ്സർവീസു നിറുത്തിയതുനിമിത്തം, ഗതാഗതവും പൊതുജനങ്ങളുടെ ഇടപാടുകളും തീരെ കുഴപ്പത്തിലായതുമൂലം രാജ്യത്തുണ്ടായിരിക്കുന്ന ഗൌരവമായ സ്ഥിതി പ്രതിപാദിക്കുന്നതിനു ഈ സഭാകാര്യങ്ങൾ മാററിവയ്ക്കുന്നതിന് ഒരു പ്രമേയം അവതരിപ്പിക്കുവാൻ ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു. (ഉടനെ മി. ദാമോദരനാശാൻ പ്രമേയം പ്രസിഡന്റിന്റെ കയ്യിൽ കൊടുത്തു.)

പ്രസിഡന്റ്: പൊതുജനപ്രാധാന്യമുള്ള വ്യക്തമായ ഒരു അടിയന്തിരകാര്യത്തെപ്പററി അതായതു ആലപ്പുഴക്കും കൊല്ലത്തിനുംമദ്ധ്യേ ൧൧൦൯-ലേക്ക് രണ്ടു ടോളുകൾ ലേലംചെയ്തതിനാൽ അരൂർ-ആലപ്പുഴ-കൊല്ലം ലൈനിലെ ബസ്സ്സർവീസു നിറുത്തിയതുനിമിത്തം ഗതാഗതവും പൊതുജനങ്ങളുടെ ഇടപാടുകളും പാടെ കുഴപ്പത്തിലായതുമൂലം രാജ്യത്തുണ്ടായിരിക്കുന്ന ഗൌരവാവഹമായ സ്ഥിതിയെപ്പററി പ്രതിപാദിക്കുന്നതിന് ഒരു പ്രമേയംകൊണ്ടുവരുവാൻ മി. ദാമോദരനാശാൻ അനുമതിഅപേക്ഷിച്ചിരിക്കുന്നു.

ഈ പ്രമേയം പ്രതിപാദിക്കുന്നതിന് അനുമതിനൽകുന്നതിൽ ആർക്കെങ്കിലും എതിരുണ്ടോ?

(ആരുംതന്നെ എതിരില്ലായിരുന്നു.)

പ്രസിഡന്റ്: ചട്ടത്തിന്റെ വ്യവസ്ഥകളിൽപെടുന്ന ഒന്നായി ഞാൻ ഇതിനെ ഗണിക്കുന്നു. അതിനാൽ ഈ പ്രമേയം ഞാൻ അനുവദിച്ചു ഉച്ചതിരിഞ്ഞുള്ള സമയം അതു പ്രതിവാദത്തിനു നീക്കിവച്ചിരിക്കുന്നു. പ്രതിവാദം മൂന്നരമണിക്കു തുടങ്ങുന്നതാണ്.

ഗ്രാന്റിനുള്ള അപേക്ഷകളിന്മേൽ ഉള്ള വോട്ട്.

അപേക്ഷ ൨. ആദായനികുതികൾ.

പ്രസിഡന്റ്: രണ്ടാം അപേക്ഷ—ആദായനികുതികൾ—യിന്മേലുള്ള വോട്ടിലേക്കു സഭ പ്രവേശിക്കുന്നതാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ആദായനികുതിയും ഭൂനികുതിയും കമ്മീഷണർ): സർ, അപേക്ഷ രണ്ടാംനമ്പരിൽ ആദായനികുതികളിൽ ൧൭൪൩൩ രൂപയിൽകൂടാത്ത ഒരു ഗ്രാന്റിനു ഒരു പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

പ്രമേയങ്ങൾ ൭൨, ൭൯, ൨൦.

താഴെപ്പറയുന്ന പ്രമേയങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. എ. സി. കുരിയാക്കോസ്:

൭൨. കമ്മീഷണരാഫീസ് എസ്റ്റാബ്ളീഷ്മെന്റിനു നീക്കിവച്ചിട്ടുള്ള ൪൦൦൨ രൂപയിൽ ൦ രൂപ കുറക്കണമെന്ന്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൭൯. കമ്മീഷണരാഫീസ് എസ്റ്റാബ്ളീഷ്മെന്റിനു നീക്കിവച്ചിട്ടുള്ള ൪൦൦൨ രൂപയിൽ ൧൦ രൂപ കുറക്കണമെന്ന്.

മി. എ. സി. കുരിയാക്കോസ്:

൨൦. ഡിവിഷനാഫീസ് എസ്റ്റാബ്ളീഷ്മെന്റിനു നീക്കിവച്ചിട്ടുള്ള ൨൭൭൨ രൂപയിൽ ൧൦൦ രൂപ കുറക്കണമെന്ന്.

ഉപക്ഷേപം ൨൧.

മി. പി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

"എസ്റ്റാബ്ളിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ൨൪൫൦ രൂപയിൽനിന്നും ൫൦൦ രൂപ കുറക്കണമെന്ന്."

ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതിൻെറ ഉദ്ദേശം തിരുവിതാംകൂറിലെ മേജർഡിപ്പാർട്ടുമെൻറുകളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറിൻെറ ഒരു വിഭാഗമായ ആദായനികുതി ഡിപ്പാർട്ടുമെൻറുമുഖാന്തിരം തിരുവിതാംകൂറിലെ കച്ചവടക്കാർ, പ്രത്യേകിച്ചു ഞാൻ പ്രതിനിധീകരിക്കുന്ന കൊല്ലംമുതൽ പറവൂർവരെയുള്ള ൧൨ താലൂക്കുകളിലെ കച്ചവടക്കാർ, ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകളെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കാണിക്കുക എന്നതാണ്.

സർ, ഒരു വിഷയത്തിൽ അനുഭവത്തിലൂടെയായിട്ടുള്ള ദോഷങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനു ജനപ്രതിനിധികൾക്കു-അതായതു തിരുവിതാംകൂറിലെ പൗരന്മാർക്ക്-കിട്ടിയിട്ടുള്ള ഒരവസരമാണു നിയമസഭയോഗം. പ്രത്യേകിച്ചും നിയമസഭയുടെ ബഡ്ജററുസമ്മേളനത്തിനു ഈ വിഷയത്തിൽ കൂടുതൽ പ്രാധാന്യം നൽകാം. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ സംബന്ധിച്ചു ഗവൺമെൻറിൻെറ മുമ്പാകെ പ്രതിപാദിക്കുന്നതു വ്യക്തിപരമായി ആക്ഷേപിക്കണമെന്നുള്ള വിചാരത്തോടുകൂടിയാണെന്നു ആരും തെറ്റിദ്ധരിക്കരുതെന്നു ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ.

ഇപ്പോൾ ആദായനികുതി ചുമത്തിവരുന്നതു ചിലവുനീക്കിയുള്ള ആദായത്തിന്മേലല്ല. കച്ചവടക്കാർക്കു പലവിധത്തിലുള്ള ചിലവുകൾ ഉണ്ടായിരിക്കും. മിക്കവാറുമുള്ള ചിലവുകൾ വകവച്ചുകൊടുക്കാതെ ഗ്രോസ് ഇൻകത്തിന് (മൊത്തായത്തിന്) ആദായനികുതി ചുമത്തിക്കൊണ്ടിരിക്കുന്നു. റിക്കാർഡ്ചിലവ് ശമ്പളച്ചിലവ് ഇതൊന്നും വകവച്ചുകൊടുക്കുന്നില്ല. ഇതുകൂടാതെ വേറെയും ചില ദോഷങ്ങളുണ്ട്. അതായതു ഒരേതരം ആദായംതന്നെ അടുത്തവർഷവും കിട്ടണമെന്നു നിർബന്ധമില്ല. ചിലപ്പോൾ കുറഞ്ഞുപോയെന്നുവരാം. എന്നാൽ ആദായനികുതി പിരിക്കുന്ന തുക കുറഞ്ഞുപോയാൽ മേലുദ്യോഗസ്ഥന്മാർ കീഴുദ്യോഗസ്ഥന്മാരുടെമേൽ കുററംചുമത്തി അവരെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. ഈ കീഴുദ്യോഗസ്ഥന്മാരാകട്ടെ കഴിഞ്ഞയാണ്ടത്തെക്കാൾ കൂടുതൽ ആദായം ഉണ്ടാക്കിക്കൊടുക്കണമെന്നു വിചാരിച്ചു സാധുക്കളായ പ്രായക്കച്ചവടക്കാർ തുടങ്ങിയുള്ള കച്ചവടക്കാർക്കു ഡി ഫാറം നോട്ടീസയച്ചുവരുന്നു. എന്നാൽ ഗവൺമെൻറിനു ശരിയായ ആദായം കിട്ടുന്നുവെങ്കിൽ ഞങ്ങൾക്കു സങ്കടമില്ല. ഡി ഫാറം നോട്ടീസ് അധികവും അയക്കുന്നതു കണക്കുവയ്ക്കാൻ പരിചയമില്ലാത്തവരും സർക്കാരുദ്യോഗസ്ഥന്മാരെ ഭയമുള്ളവരുമായ കച്ചവടക്കാർക്കാണ്. ഡി ഫാറം നോട്ടീസയച്ചശേഷം കീഴുദ്യോഗസ്ഥന്മാർ അവരെക്കൊണ്ടു വല്ലതും വാങ്ങിക്കൊണ്ടുപോവുകയെന്നുള്ളതു സാധാരണ നടന്നുകൊണ്ടാണിരിക്കുന്നതു. ഇനി ശരിയായി കണക്കുവയ്ക്കുന്ന കച്ചവടക്കാരുടെ സ്ഥിതി ആലോചിക്കാം. കോടതിപോലും കച്ചവടക്കാരുടെ കണക്കുകളെ മിക്കവാറും വിശ്വസിച്ചാണു വരുന്നതു. ആദായനികുതി ഡിപ്പാർട്ടുമെൻറുകാർ പലപ്പോഴും കച്ചവടക്കാരുടെ കണക്കുകൾ വിശ്വാസയോഗ്യമായിട്ടുള്ളതല്ല എന്നുപറഞ്ഞു അവക്കു ബോധിച്ചതുപോലെ ആദായനികുതി ചുമത്തിവരുന്നുണ്ട്. ഉദാഹരണമായിട്ട് അമ്പലപ്പുഴ തഹശീൽദാർ ഒരാളിൻെറപേരിൽ ൩൦൦൦ രൂപയ്ക്കു ആദായനികുതി ചുമത്തി. അയാൾ ആലപ്പുഴ ഡിവിഷൻ അസിസ്റ്റൻറിൻെറമുമ്പാകെ അപ്പീൽബോധിപ്പിച്ചു. ൩൦൦൦ രൂപയ്ക്കു ആദായനികുതി ചുമത്തിയിരിക്കുന്നതു കൂടുതലാണെന്നും അതുകൊണ്ട് അതു കുറച്ചു ൨൦൦൦ രൂപയ്ക്കു ചുമത്തിയിരിക്കുന്നു എന്നും വിധിസമ്പാദിച്ചു ഒടുവിൽ ആദായനികുതികമ്മീഷണർ അയാൾക്കു (൨൯-൪-൫൩-ലെ ൨൯-ലെ ആർ. ഒ. സി. നമ്പർ ൩൩൯) നമ്പരായി ഒരു ഓർഡർ അയച്ചു. അപ്പീൽപ്രകാരം ഡിവിഷൻ അസിസ്റ്റൻറ് ആദായനികുതി കുറച്ചതു ഒരു ഡേറായേയും അടിസ്ഥാനപ്പെടുത്തിയല്ല. അതുകൊണ്ടു തഹശീൽദാർ തീരുമാനിച്ച ആദായനികുതിതന്നെ കൊടുക്കേണ്ടതാണ്. അതിന്മേലുള്ള വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണമെന്നുള്ളതാണ് ആ എഴുത്തിലെ ചുരുക്കം. ഇതിനുള്ള കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

കച്ചവടക്കാർ ഹാജരാക്കുന്ന കണക്കു വിശ്വാസയോഗ്യമല്ലെങ്കിൽ എന്തുകൊണ്ടാണ് അവരുടെമേൽ ക്രിമിനലായിട്ടു നടപടിനടത്താത്തതെന്നു ഞാൻ ചോദിക്കുന്നു. കച്ചവടക്കാരാരുംതന്നെ കള്ളക്കണക്കു സൂക്ഷിക്കയില്ല. അങ്ങിനെ കാണുന്നുവെങ്കിൽ അവരുടെപേരിൽ യഥാർത്ഥത്തിൽ ൫൦൩൨ രൂപ ആദായവും അതിനു ശരിയായ കണക്കും സൂക്ഷിക്കുന്ന ഒരു കച്ചവടക്കാരൻെറപേരിൽ ൩൦൦൦ രൂപയ്ക്കു ആദായനികുതി ചുമത്തിയിട്ടുണ്ട്. അതിലേക്കു അയാളുടെ കണക്കിനെ നിഷേധിച്ച് തഹശീൽദാർ ഇപ്രകാരം നികുതിചുമത്തിയിരിക്കുന്നു.

വ്യാപാരത്തിലെ ആദായം രൂപ		...	൨൨൦൦
പണത്തിൻെറ പലിശ	ടി	...	൨൦൦
ബോട്ടു ഹയർ	ടി	...	൫൦൦
ചിട്ടിവീതപ്പലിശ	ടി	...	൫൪൦

ഇങ്ങനെ ൩൪൪൦ രൂപ. അതുകൊണ്ട് ഒരു റൗണ്ട്സം ആയ ൩൦൦൦ രൂപയ്ക്കു ആദായനികുതി ചുമത്തിയിരിക്കുന്നു. ഇതാണ് തഹശീൽദാരുടെ തീരുമാനം.

ഇനിയും ഇതുപോലെ അനേകം വിധികൾ എടുത്തുകാണിക്കുന്നതിനും ഞാൻ തയ്യാറാണ്. എന്നാൽ ഈ സഭയുടെ വിലയേറിയ സമയത്തെ നഷ്ടപ്പെടുത്തേണ്ട എന്ന വിചാരത്താൽ ഒരു സംഗതികൂടി പറഞ്ഞുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ൫൦൩-ൽ മീതെയായ ഒരു സംഖ്യ നഷ്ടപ്പെട്ട ഒരാളിൻെറ പേരിൽപോലും ആദായനികുതി ചുമത്തിയിരിക്കുന്നു. ഇതിലേക്കു ഈ നിയമസഭയിലിരിക്കുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറ് അവർകൾ, ആലപ്പുഴ സ്റ്റേററ് എയിഡഡ്ബാങ്കു മാനേജരായിരുന്ന ഇപ്പോഴത്തെ ഫിനാൻഷ്യൽസെക്രട്ടറി മി. ആർ. നീലകണ്ഠപ്പിള്ള, ആലപ്പുഴ മുൻസിപ്പൽപ്രസിഡൻറായ ഡാക്ടർ കെ. പി. പണിക്കർ, വർത്തകപ്രമാണികളായ മെ. റാവുത്തർ, കെ. സി. കരുണാകരൻ, പി. എസ്. മഹമ്മദ് ഈ ആറുപേരെയും ഞാൻ സാക്ഷിതരാം. ഈ നിലയിൽ ആലപ്പുഴപട്ടണത്തിലുള്ള ഒരു പ്രധാന കച്ചവടക്കാരനോടു ചെയ്തിരിക്കുന്നസ്ഥിതിക്ക് നാട്ടിൻപുറങ്ങളിൽ താമസിക്കുന്നവരും കണക്കുവച്ചു പരിചയമില്ലാത്തവരുമായ കച്ചവടക്കാരോടു പെരുമാറുന്നരീതി ഞാൻ പറയുന്നതിനെക്കാൾ ഗവൺമെൻറിനുതന്നെ നിശ്ചയിക്കാവുന്നതാണ്. കഴിഞ്ഞ ബഡ്ജററുസമ്മേളനാവസരത്തിൽ ഇതിനെസംബന്ധിച്ചു വിമർശനംനടന്നപ്പോൾ

റവന്യൂകമ്മീഷണർ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "മെമ്പർമാർ കൊണ്ടുവന്നിരിക്കുന്ന പരാതികളെ സംബന്ധിച്ചിടത്തോളം അവ പരിഹരിക്കുന്നതിന് എന്റെ കഴിവനുസരിച്ചു പരിശ്രമിക്കുന്നതാണ്."

കണക്കുപരിശോധനയെ സംബന്ധിച്ചു ആദായനികുതി കമ്മീഷണർ എന്തെങ്കിലും പരീക്ഷ പാസായിട്ടുണ്ടോ എന്നു ചോദിച്ചതിന് അദ്ദേഹം ബ്രിട്ടീഷ് ഇൻഡ്യയിലെ ബുക്ക്കീപ്പിങ്ങ് പരീക്ഷ പാസായിട്ടുണ്ട് എന്നു പറഞ്ഞു. പേഷ്കാരന്മാർ പാസായിട്ടുണ്ടോ എന്നു ചോദിച്ചതിന്

"ഇപ്പോഴത്തെ കണക്കുപരിശോധനസംബന്ധിച്ചു വേണ്ടുംവണ്ണം അവർ അറിഞ്ഞിരിക്കണമെന്നു ഞാൻ ഊഹിക്കുന്നു" എന്നുപറഞ്ഞു. അതുകൊണ്ടു പേഷ്കാരന്മാർക്കു കണക്കുപരിശോധനയെ സംബന്ധിച്ചു യാതൊരു പരിജ്ഞാനവുമില്ലെന്നു അദ്ദേഹംതന്നെ സമ്മതിച്ചതായി വരുന്നു. 'ഞാൻ ഊഹിക്കുന്നു' എന്നാണു പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള ഊഹം......

പ്രസിഡൻറ്: അദ്ദേഹം അർത്ഥമാക്കുന്നതു അതല്ല. "ഞാൻ ഊഹിക്കുന്നു" എന്നു അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം പേഷ്കാരന്മാർക്കു പ്രായോഗിക അറിവു ഉണ്ടായിരിക്കണമെന്നും കണക്കുകൾ പരിശോധിക്കുവാനും പരിശോധിക്കുവാനും അറിയാമായിരിക്കണമെന്നുമാണ്. നിങ്ങൾ തെറ്റായി വായിക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയുമാണ്.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): സർ, തിരുവിതാംകൂറിൽ ആദായനികുതിഡിപ്പാർട്ടുമെൻറു ആരംഭിച്ചു കുറച്ചുനാളേ ആയിട്ടുള്ളു. ഇതുമൂലമാകുന്നു കണക്കുപരിശോധനയിൽ ഒരു പരിചയസമ്പന്നരായവരുള്ളതു സാദ്ധ്യമല്ല. അതിനുപിന്നീട് ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറ് അവർകൾ കമ്മീഷണരുടെ അടുക്കൽ.

"ഇപ്പോഴത്തെ നിയമത്തിന്റെ ചില ഭാഗങ്ങൾ വെളിപ്പെടുത്തിയതല്ലെന്നും അതു നിയമനിർമ്മാണാളുകളുടെ വ്യത്യാസപ്പെടുത്തേണ്ടതാണെന്നും മെമ്പറിനു ബോധപ്പെടുന്നുവോ?"

എന്നു ചോദ്യംചോദിച്ചതിനു മറുപടിയായി കമ്മീഷണർ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ബഹുമാന്യയ ഡെപ്യൂട്ടിപ്രസിഡൻറ പുറപ്പെടുവിച്ച അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. നാം ഉണ്ടാക്കുന്ന ഏതൊരു നിയമത്തിലും നാം എത്രതന്നെ സൂക്ഷിച്ചാലും ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുന്നു. അതു നമ്മുടെ ശ്രദ്ധയിൽ വരുമ്പോൾ നാം അവയെ പരിഹരിപ്പെടുത്തുന്നതിനു ശ്രമിക്കുന്നു. ഈ സെഷനിൽ എന്തൊക്കെ കാര്യങ്ങൾ ഉണ്ടായാലും പരിഹരിക്കുന്നതിനു ഗവൺമെൻറു വേണ്ട നടപടികൾ നടത്തുന്നതാണ്."

ഈ അവസരത്തിൽ എനിക്കു ചോദിക്കാനുള്ളതു ഇതുവരെയും ഇങ്ങിനെയുള്ള ന്യൂനതയെ പരിഹരിക്കുന്നതിനു കമ്മീഷണർ എന്തുചെയ്തിട്ടുണ്ടെന്നു ഈ സഭയിൽ പറയുന്നതിന് അദ്ദേഹത്തിനു സാധിക്കുമോ എന്നാണ്. കീഴുദ്യോഗസ്ഥന്മാർ ചെയ്യുന്ന കൃത്രിമങ്ങളെ കണ്ടുപിടിക്കുന്നതിനും അവരിൽനിന്നും കച്ചവടക്കാർക്കു നേരിടുന്ന ഉപദ്രവങ്ങളെ കുറയ്ക്കുന്നതിനും ആദായനികുതികമ്മീഷണർ കഴിഞ്ഞ ബഡ്ജററവസരത്തിൽ പറഞ്ഞതനുസരിച്ച് എന്തു പ്രവൃത്തിച്ചിട്ടുണ്ട്? ഇതിനൊക്കെയും കാരണം പരമാർത്ഥത്തിൽ ആദായനികുതിവകുപ്പിനെ സംബന്ധിച്ച അദ്ദേഹത്തിനുള്ള പരിചയക്കുറവും അപ്രാപ്തിയുമാണെന്നാണു എനിക്കു തോന്നുന്നത്.

പ്രസിഡൻറ്: മി. ഉമ്മൻ നിങ്ങളുടെ സമയം തീർന്നുപോയി.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): എനിക്കു ഒരു മിനിട്ടുകൂടി അനുവദിച്ചു തരണം.

പ്രസിഡൻറ്: ദയവുചെയ്തു എളുപ്പം അവസാനിപ്പിക്കണം.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): അതുകൊണ്ടു ആദായനികുതിവകുപ്പിനെസംബന്ധിച്ചു നല്ല പരിചയമുള്ള ഒരാളിൻറെ കീഴിൽ ഈ ഡിപ്പാർട്ടുമെൻറിനെ വയ്ക്കണമെന്നാണു എന്റെ അഭിപ്രായം. അതിലേക്കു തക്ക ആളുകൾ ഇല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥനെ വെളിയിൽ അയച്ചു പരിശീലനം ചെയ്യിച്ചുവരുത്തണം. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ സമോസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതാമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. സമുദായത്തിലെ താണപടിയിലുള്ളവരുടെ ഇടയിൽ പോലീസുകാരനെന്നപോലെ സമുദായത്തിലെ തൊഴിലാളികളുടെ ഇടയിൽ ആദായനികുതി പിരിവുകാരൻ സമ്മതനല്ലാത്തയാളാണ് എന്നു ഞാൻ ആരംഭത്തിലെതന്നെ സമ്മതിച്ചുകൊള്ളുന്നു. എല്ലാവരും തീർച്ചയായും കഴിയുന്നതും കുറച്ചുകൊടുപ്പാൻ ശ്രമിക്കുന്നു. ആദായനികുതി പിരിവുകാരൻ കഴിയുന്നതും കൂടുതൽവാങ്ങിപ്പാനും നോക്കുന്നു. ഈ സഭയിൽനിന്നും എത്രപരാതി ഉണ്ടായാലും ഈ അവസ്ഥ ഭേദപ്പെടുന്നതല്ല.

ഒരുസംഗതി പ്രധാനമായി കുറിക്കേണ്ടിയിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഒരു അപ്പീലോ റിവിഷനോ കേൾക്കാനും വിധിക്കാനും ഇരിക്കുന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ തീരുമാനം പൊതുജനങ്ങളുടെ ആദരവിനു പാത്രീഭൂതമാകത്തക്കവണ്ണം ജുഡിഷ്യൽപരിശീലനം ഉണ്ടായിരുന്നാലെങ്കിൽമാത്രമേ ഒരു സംഗതിയുടെ ഗുണദോഷങ്ങളെപ്പററി ശാന്തവും, പക്ഷപാതരഹിതവുമായ ഒരു തീരുമാനം ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു. ഇപ്പോൾ ആദായനികുതികമ്മീഷണരുടെ ആഫീസിൽ നടന്നുവരുന്ന അപ്പീലും റിവിഷനും ജോലികളുടെ പ്രത്യേകം ചുമതലകൊടുക്കുന്നതിനും കമ്മീഷണർക്കു ഭിവസംപ്രതിയുള്ള ജോലിയുടെ ഭാരംകുറയ്ക്കുന്നതിനും ആദായനികുതികമ്മീഷണർക്കു ഒരു അസിസ്റ്റൻറിനെ നിയമിക്കുവാൻ കുറച്ചുമുമ്പ് ഒരു ആലോചന ഉണ്ടായിരുന്നു. ഞാൻ ഇത്രയുംപറഞ്ഞതുകൊണ്ടു ഇപ്പോഴത്തെ ഭൂനികുതിയും ആദായനികുതിയും കമ്മീഷണർക്ക് ഈ സംഗതിയിൽ പ്രാപ്തിപോരാ എന്നു അർത്ഥമാക്കുന്നതായി ആരും ധരിക്കരുത്. അദ്ദേഹത്തിന്റെ നീതിനിഷ്ഠയെ ഞാൻ ലേശംപോലും അവിശ്വസിക്കുന്നതായി ആരും ധരിക്കരുത്. നാം സാധാരണ ജുഡിഷ്യൽമനസ്ഥിതി എന്നു പറയുന്നതൊന്നുണ്ട്. ഒരു പ്രത്യേകവട്ടത്തിൽ പരിശീലിപ്പിക്കപ്പെട്ടുപോയതുകൊണ്ടു റവന്യൂഉദ്യോഗസ്ഥന്മാർക്കു അതുകുറവാണ്. ഗവൺമെൻറ്, ഡിപ്പാർട്ടുമെൻറിന്റെ മേണ്ടറിപ്പോർട്ടു പരിശോധിക്കുമ്പോൾ അതിന്റെ പ്രശംസക്കു അല്ലെങ്കിൽ താക്കീതിന് ഇടയാകുമെന്നു വിചാരംകൂടാതെ വിധിഎഴുതാവുന്ന ഒരു ഉദ്യോഗസ്ഥൻതന്നെ

യായിരിക്കണം അപ്പീൽകേൾക്കുവാൻ ആദായനികുതികമ്മീഷണരാഫീസിൽ ഇരിക്കുന്നതു എന്നതു വളരെ ആവശ്യമാണ്. ഞാൻ പലരെ ഗൌരവമായി ഒന്നും ആരോപിക്കുന്നു എന്നില്ല—അതു അനുവദിക്കുന്ന എന്റെ കൂട്ടുമെമ്പർമാരെ കുററംപറയുകമാത്രമാണ്. സഭയിലെ ഈഭാഗത്തെ ചില വിചാരശൂന്യന്മാരായ മെമ്പർമാർ ഈ സന്ദർഭത്തിൽ ആദായനികുതി കമ്മീഷണർ നീതിജ്ഞനും ഔദാര്യബുദ്ധിയുമാണെന്നും അദ്ദേഹം ഒട്ടുവളരെ ആദായനികുതി അപ്പീലുകൾ അനുവദിച്ചുഎന്നും പറയുക ഉണ്ടായി. എന്നാൽ ആദായവകുപ്പിന്റെ ൧൧൨൨-ലെ ഭരണറിപ്പോർട്ടു പരിശോധിച്ചപ്രകാരം തന്നാണ്ടത്തെ ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം തീരെ അതൃപ്തികരമാണെന്നു ഗവൺമെന്റു പ്രസ്താവിക്കുകയുണ്ടായി. അതു തങ്ങളുടെ നില നീതീകരിക്കുന്നതിനുള്ള സംഗതികളാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കാനെയുള്ള ഗവൺമെന്റിന്റെ ഒരു വെറും കുററപ്പെടുത്തൽമാത്രമായിരുന്നു. അതു ആദായനികുതി കുറഞ്ഞതുകൊണ്ടായിരുന്നോ? അതോ ബഡ്ജററിൽ കൊണ്ട നികുതിപിരിയാഞ്ഞതായിരുന്നുവോ? സർ, താൻ ചാർജ്ജെടുത്തതുമുതൽ ഇതുവരെക്കും ഒരുത്തന്റെ ഈമാതിരി വിപരീതവിമർശനക്ക് ഇടയാക്കീട്ടില്ല എന്നുള്ളതു കമ്മീഷണരുടെ ഒരു അസാധാരണ യോഗ്യമായിരുന്നു. ആദായനികുതി അപ്പീലുകൾ വിധിച്ചതിൽ ചില പിശകുകൾ ഉണ്ടായിരുന്നാൽതന്നെയും എല്ലാസംഗതികളും അദ്ദേഹത്തെ മനസ്സിലാക്കുന്നതു സാധാരണനീതിക്കു ആശാസ്യമല്ലേ? ഇതു അടിസ്ഥാനപ്പെടുത്തിയാണ ഞാൻ പറയുന്നതു—ആദായനികുതി അപ്പീലുകൾ കേൾക്കുന്ന ആദായനികുതി ഉദ്യോഗസ്ഥൻ ഹൈക്കോടതിജഡ്ജിയുടെ സ്ഥിതിയുള്ള ഒരാളായിരിക്കണം. എല്ലാസ്ഥാനങ്ങളിലും ഓരോ ഉദ്യോഗസ്ഥനെ നിയമിക്കുവാൻ നമുക്കു സാധിക്കുകയില്ല. ഒരുവിധത്തിലും ഭരണകർത്താക്കൾക്കു ചരിഞ്ഞുകൊടുക്കാതെ വിധികർത്താവു തന്റെ യഥാർത്ഥബോധത്തെ രേഖപ്പെടുത്തുമെന്നുള്ളപ്പോൾ പ്രത്യേകിച്ചും, കൂടുതലായി മാസം ൩൦൦ രൂപ അനാവശ്യമായി നഷ്ടപ്പെടുത്തുന്നുഎന്നു വിചാരിക്കേണ്ട. ആദായനികുതികമ്മീഷണർ ഒരു ജുഡിഷ്യൽ ആഫീസരാണെന്നും അദ്ദേഹം ഒരുവിധത്തിലും ബന്ധനസ്ഥനല്ലെന്നും കടലാസിൽ വായിക്കുവാൻ വളരെ സുഖമാണ്. എന്നാൽ തീർച്ചയായും എല്ലാവരും അറിയാവുന്നതാണ്. പലപ്പോഴും ആദായനികുതി അപ്പീലുകൾ തീരുമാനിക്കുന്നതിനു എടുക്കേണ്ട നയം നിശ്ചയിക്കുന്നതിനു എക്സിക്യൂട്ടീവ് ഗവൺമെന്റിന്റെ ഉപദേശം അദ്ദേഹം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇതു പറയുന്നതു നല്ലപോലെ ആലോചിച്ചാണ്. പൂർവ്വാപരബോധമില്ലാതെ പറയുകയല്ല. സർ, അതാണ ഈ സംഗതിയുടെ ഒരുവശം. സ്വാഭാവികമായി ബ്രിട്ടീഷ് ഇൻഡ്യയിലെ സ്ഥിതി എന്താണെന്നു ഒരു ചോദ്യത്തിനു വകയുണ്ട്. ഡിസ്ട്രിക്ട് ജഡ്ജിമാരുടെ സ്ഥിതിയുള്ളവരും തങ്ങളുടെ ജോലിക്കാലത്തു വളരെ ഉൽകൃഷ്ടമായ ജുഡിഷ്യൽജോലികൾ നടത്തിയിട്ടുള്ളവരുമായ സീനിയർ റെവന്യൂഉദ്യോഗസ്ഥന്മാരെയാണ ഭൂനികുതിയും ആദായനികുതിയും കമ്മീഷണർമാരായി സാധാരണ നിയമിക്കുന്നതു. അതിനാൽ ആ സാമ്യം ഇവിടെ ശരിയാകുകയില്ല. ഈ കേസുകൾ തീരുമാനിക്കുന്നതിനു യോഗ്യനായ ഒരാളെ നിയമിക്കുന്നതിനു എതിരായുള്ള ഒരു വാദവുമാകുന്നതല്ല.

ഞാൻ ചൂണ്ടിക്കാണിക്കണമെന്നു ആഗ്രഹിക്കുന്ന ആദായനികുതി ഭരണത്തിന്റെ വേറൊരു വശം ബ്രിട്ടീഷ് ഇൻഡ്യയിൽ റിഫണ്ടു ഉത്തരവായാൽ കക്ഷിക്കു ഉടനെ ലഭിക്കുമെന്നുള്ളതാണ്. തിരുവിതാംകൂറിൽ ആ മാതൃകാരീതി നടക്കുന്നതായി ഇനിയും കാണേണ്ടിയിരിക്കുന്നു. ആദായനികുതികളുടെ കൂട്ടത്തിൽ ഈയാണ്ടിൽ ൫൦൦൦ രൂപാ റിഫണ്ടിനായി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇങ്ങനെ കൊള്ളിക്കുക എന്നതുണ്ടായിരുന്നു. എന്നാൽ അതിൽ ഉദ്ദേശിച്ചിരിക്കുന്ന പ്രത്യേക റിഫണ്ടേതാണ്? അപ്പീൽ അധികാരി നികുതി ചുമത്തുന്ന കീഴ്ജീവനക്കാരന്റെ ഉത്തരവു പരിശോധിച്ചു പാസാക്കുന്ന തീരുമാനം കൊണ്ടുണ്ടാകുന്ന റിഫണ്ടാണോ? അതു ഒരു പ്രശ്നമാണ്. രാജ്യങ്ങൾ തമ്മിലുള്ള ഏർപ്പാടുകൊണ്ടുണ്ടാകുന്ന റിഫണ്ടാണ് മറ്റൊരുതരം. ഇരട്ടി ആദായനികുതി ഈടാക്കപ്പെട്ടിട്ടുള്ള കേസുകളിൽ, ഇൻഡ്യാ ഗവൺമെന്റോ ബ്രിട്ടീഷ് ഗവൺമെന്റോ ആദായനികുതി ചുമത്തിയിട്ടുള്ള കേസുകളിൽ പരിഹാരം ഉണ്ടാക്കാമെന്നു ഈ ഗവൺമെന്റു സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെ ആദായനികുതി അധികാരികൾ ഈ മാതിരി പരിഹാരം ഉണ്ടാക്കിക്കൊടുത്ത വല്ല ഉദാഹരണവുമുണ്ടോ? ആദായനികുതി വകുപ്പിന്റെ ഭരണത്തിലെ ഇതു ഒരു സാധാരണ സംഭവമാകണമെന്ന് ലാൻഡ് റെവന്യൂ കമ്മീഷണർ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിൽ ഓരോ സംഗതിയും എടുത്തു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ൧൧൨൦-ൽ തന്നെ അപേക്ഷിക്കുകയും കമ്മീഷണർ നല്ല ഉദ്ദേശത്തോടും വളരെ ജാഗ്രതയോടും ഗവൺമെന്റിൽ നിന്നും ഉത്തരവു വരുത്തി അപേക്ഷ അനുവദിച്ചു ഉത്തരവിട്ട പല കേസുകളും എനിക്കറിയാം. എന്നാൽ കീഴിലുള്ള ഡിവിഷൻ പേഷ്കാർ ഈ ഉത്തരവു നടത്തുന്നതിനു ശ്രദ്ധിക്കുകയില്ല. കീഴ്ജീവനക്കാരൻ ലാൻഡ് റെവന്യൂ കമ്മീഷണരുടെ ഉത്തരവുകളെ നടത്താതിരിക്കയും പുതിയ നിയമതടസ്സങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ അദ്ദേഹത്തോടു പരാതിപ്പെട്ടിട്ടു എന്തു ഫലമാണ്? വീണ്ടും ഈ സംഗതി മുഴുവൻ ആരംഭിക്കുകയും ഹൈക്കോടതിയിലേക്കു ഒരു റഫറൻസു ഉണ്ടാകുകയും ചെയ്യുന്നു. കേസു താഴേക്കു അയക്കുന്നു. പേഷ്കാർ ഒരു പുതിയ വിചാരണ ആരംഭിക്കുന്നു. കോടതി തീരുമാനിച്ചുകഴിഞ്ഞ പുതിയ നിയമതടസ്സങ്ങൾ കൊണ്ടുവരികയും ചെയ്യുന്നു. ഇതിന്റെ എല്ലാം ഫലമായി കണക്കുകൾ വളരെ ശരിയായി സൂക്ഷിക്കുകയും ബ്രിട്ടീഷ് ഇൻഡ്യയിലും ഇവിടെയും അപ്പീൽ അധികാരികൾ നിശ്ചയിച്ച ആദായനികുതി ശരിയായ കാലാവധിയിൽ ഒടുക്കുകയും ചെയ്യുന്ന പലയാളുകൾ റിഫണ്ടിനായി അനേകവർഷങ്ങൾ കാത്തിരിക്കേണ്ടിയിരിക്കുന്നു. ഭാഗ്യവശാലോ നിർഭാഗ്യവശാലോ ഇതേയാളുകൾക്കു ബ്രിട്ടീഷ്ഇൻഡ്യയിലെ അധികാരികളിൽ നിന്നും അപേക്ഷ കൊടുത്താൽ വളരെ വേഗം റിഫണ്ടു കിട്ടുന്നു. ആ ചിത്രവും ഈ ചിത്രവും സഭാടിന്വാക്കു ഉണ്ട്. ഞാൻ ഇതിൽപെട്ട ആരെയും കുററപ്പെടുത്തണമെന്നുദ്ദേശിക്കുന്നില്ല. സംഗതികൾ നിഷ്പക്ഷവിധത്തിൽ നടക്കുന്നില്ല. പ്രത്യേകിച്ചു പല വലിയ തൊഴിലേർപ്പാടുകളുമായി ഇടപെടുന്ന ഒരു ഡിപ്പാർട്ടുമെന്റിൽ നടക്കുന്നില്ല എന്നു ചൂണ്ടിക്കാണിക്കുകമാത്രമാണ്. ചില സംഗതികൾ തീരുമാനിക്കുന്നതിനു അസാധാരണ കാലതാമസം ഉണ്ട്. വലിയ രാജ്യതന്ത്രത്തിൽ ഉൾപ്പെട്ട ഗാഢമായ പര്യാലോചനയുള്ള ആവശ്യമുള്ള ഒരു പ്രശ്നമല്ല ഇത്. എല്ലാ കാര്യാലയങ്ങളിലും ദിവസേന നടത്തിക്കൊണ്ടിരിക്കുന്ന സാധാരണ സംഗതികളും ഗവൺമെന്റ് ആഫീസുകളിൽ നടത്തപ്പെടുന്നതിനു ദീർഘവും അക്രമവുമായ കാലതാമസം നേരിടുന്നു. അഥവാ തീരുമാനം ഉണ്ടായാൽ തന്നെയും, എട്ടുവർഷം മുമ്പു ആരംഭിച്ചതിലും കഷ്ടതരമായ സ്ഥിതിയിൽ ഞങ്ങൾ എത്തിച്ചേരുന്നു എന്നു താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു. ഭൂനികുതിയും ആദായനികുതി

ത്തും കമ്മീഷണരെ ഇതിനു വ്യക്തിപരമായി ഉത്തരവാദിയാക്കിക്കൂടാ. അദ്ദേഹം ഈ ഡിപ്പാർട്ടുമെൻറിനെ കൗൺസിലിൽ പ്രതിനിധീകരിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തെപ്പററി ഞാൻ പറയുന്നതു്. സാർ ഈ സംഗതികളിൽ ഗവർമെൻറു് ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള കടമകളെ നിറവേററേണ്ടതിൻെറ ആവശ്യകതയെപ്പററി ഗൗരവമായി ആലോചിക്കേണ്ടതു് ആവശ്യമാണ്. സാർ, എത്രയും എളുപ്പത്തിൽ കിട്ടാത്തപക്ഷം ഒരു പ്രത്യേക ഇൻകംടാക്സ് റീഫണ്ട് കിട്ടുമെന്നു അറിഞ്ഞതുകൊണ്ടു എന്തു പ്രയോജനം. ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ബ്രിട്ടീഷ് ഇൻഡ്യയിൽ റീഫണ്ടിനവകാശമുള്ളവർക്കു് അതു എത്രയും വേഗത്തിൽ കിട്ടുമെന്നുള്ളതാണ് സംഗതി. ആ ആളുകൾ തന്നെ തിരുവിതാംകൂറിൽ റീഫണ്ടിനായി അനേക വർഷങ്ങൾ കാത്തിരിക്കേണ്ടിയിരിക്കുന്നു. അതു കാണിക്കുന്നതു എത്രയും വേഗത്തിൽ അവസാനിപ്പിക്കേണ്ട ഒരു സ്ഥിതിയിലാണു സംഗതികൾ കിടക്കുന്നതു എന്നാണ്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, മിസ്റ്റർ ഉമ്മൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു. കഴിഞ്ഞ ബഡ്ജററു യോഗകാലത്തു ആദായനികുതി ഈടാക്കുന്നതിലുള്ള പല കുഴപ്പങ്ങളെപ്പററിയും സാമാജികന്മാർ പ്രതിപാദിച്ചിട്ടുണ്ടു്. അതുപോലെ തന്നെ ഡിഫാറം അയയ്ക്കുന്നതിൽ പ്രവർത്തികാരന്മാർ കാണിക്കുന്ന അനീതിയെപ്പററിയും ഞാൻ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ൧൦൯൯-ാമാണ്ടത്തേക്കാൾ ൧൧൦൦-ൽ കൂടുതൽ ഡിയും സിയും ഫാറങ്ങൾ കൂടുതലായിട്ട ആദായനികുതി കലക്ടർമാർ അയച്ചിട്ടുണ്ടു. പകുതി ഉദ്യോഗസ്ഥന്മാർ ആരോകെടങ്കിലും വിരോധമുണ്ടെങ്കിൽ അവരെ കഷ്ടപ്പെടുത്തുന്നതിനു വേണ്ടി ഡി ഫാറം കൊടുത്തു വരുന്നുണ്ട്. ഇതിനു ഒരു പരിഹാരമുണ്ടാക്കണമെന്നു കഴിഞ്ഞ കൊല്ലത്തിൽ പറഞ്ഞപ്രകാരം കമ്മീഷണർ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"വർക്കിംഗ് ചാർജസായിട്ട ചില ചിലവുകൾ വകവക്കേണ്ടതാണെന്നും മി. കൊച്ചുതൊമ്മൻ പരാതിപ്പെട്ടു. നിർഭാഗ്യവശാൽ ഇതിൽ ഞങ്ങളുടെ കൈകൾ സ്വതന്ത്രമല്ല. കോടതികളുടെ തീരുമാനത്തെ ഞങ്ങൾ തുടരേണ്ടിയിരിക്കുന്നു. ഉദാഹരണമായി അദ്ദേഹം മോട്ടാർകാർ അലവൻസിനെപ്പററി പറഞ്ഞുഎന്നു തോന്നുന്നു. മോട്ടാർകാർ ആദായമുണ്ടാക്കുന്നതിനു ഉപയോഗിക്കുമ്പോൾ ആ ചാർജുകൾ വകവയ്ക്കുന്നു. യഥാർത്ഥത്തിൽ ഒരു കേസിൽ ഞങ്ങൾ അനുവദിച്ചിട്ടുണ്ട്. കാറിൽ ഓരോ സ്ഥലങ്ങളിൽ പോകേണ്ടിയിരുന്ന ഒരു കൺട്രാക്ടർക്ക് കാർ തൻെറ ആദായലാഭത്തിനു മാത്രം ഉപയോഗിച്ചിരുന്നതുകൊണ്ടു കാർ ചിലവുകൾ അനുവദിച്ചുകൊടുത്തതു ഞാൻ ഓർക്കുന്നു. എന്നാൽ എന്നെപ്പോലെ ആഫീസിൽ പോകുക മാത്രം ചെയ്യുന്ന എല്ലാവർക്കും ഈ മാതിരി ചിലവുകൾ അനുവദിച്ചുകൂടാ, മറ്റിടത്തും ആ മാതിരി ചിലവുകൾ വകവച്ചു കൊടുക്കുന്നില്ല, വകവെച്ചുകൊടുക്കന്നതും കൊടുക്കാത്തതുമായ വിവിധ ചിലവുകൾ കോടതി തീരുമാനങ്ങളിലും പല വ്യാഖ്യാനങ്ങളിലും കാണാവുന്നതാണ്. ആ വ്യാഖ്യാനങ്ങളിലെല്ലാം കോടതി തീരുമാനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്, ഈ സംഗതിയിൽ ഞങ്ങളുടെ കൈകൾ സ്വതന്ത്രമല്ല, വസ്തുത സംബന്ധമായോ നിയമസംബന്ധമായോ ഒരു പ്രശ്നമാണു ഇവയെല്ലാം. ഞങ്ങൾ കോടതികളുടെ തീരുമാനങ്ങൾ തുടരുക മാത്രമാണു."

ഒരു കൺട്രാക്ടർ അയാളുടെ തൊഴിലിനായിട്ട മാത്രം മോട്ടാർ ഉപയോഗിച്ചതിനുള്ള ചിലവു വകവെച്ചു കൊടുത്തു എന്നു പറയുന്നുണ്ടു്. അതുപോലെയുള്ള ചിലവുകൾ എല്ലാവർക്കും വകവെച്ചു കൊടുക്കേണ്ടതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ആവശ്യപ്പെട്ടാൽ വകവച്ചു കൊടുക്കയില്ലയോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കണക്കിൽ ആ ചിലവുകളെല്ലാം എഴുതിയിരിക്കും, ആ കണക്ക കാണിച്ചാലും അതു വകവെച്ചു കൊടുക്കുന്നില്ല. അതുപോലെ തന്നെ ഒരു കച്ചവടക്കാരനു രണ്ടോ നാലോ ക്ലാർക്കുണ്ടെന്നു വിചാരിക്കുക. അവരുടെ ശമ്പളം കണക്കിൽ എഴുതിയാലും അതു ഈ ഉദ്യോഗസ്ഥന്മാർ നിഷേധിക്കുന്നു. അവർ പറയുന്നതുപോലെ കേൾക്കണം. റിക്ഷാചിലവു പരസ്യചിലവു ഇതൊന്നും സമ്മതിക്കയില്ല. ഇനി എന്തെല്ലാമാണ് അനുവദിച്ചുകൊടുക്കാവുന്ന ചിലവുകൾ എന്നുള്ളതിനു ഒരു പട്ടിക ഇൻകംടാക്സ് കലക്ടർമാരുടെ പക്കൽ നിന്നും മുൻകൂട്ടി വാങ്ങിക്കേണ്ടിയിരിക്കുന്നു.

ഇനി ലിമിറഡ് കമ്പനി ഷെയർ ഹോൾഡേഴ്സിൻെറ കാര്യം നോക്കാം. ഒരു കമ്പനിക്ക് ൨൦൦൦ രൂപാ ആദായമുണ്ടെങ്കിൽ ൮,൦൦൦ ചക്രം ആദായനികുതി ആ കമ്പനിയിൽ നിന്നും ഈടാക്കുന്നുണ്ടു്. ഈ ചിലവു കഴിച്ച ശേഷമാണ് ഷെയർ ഹോൾഡേഴ്സിൻെറ ലാഭം വീതിച്ചു കൊടുക്കുന്നത്. ലിമിറഡ് കമ്പനിയിൽ നിന്നും ആദായനികുതി കൊടുത്ത ശേഷമാണ് ഷെയർ ഹോൾഡേഴ്സിനു ലാഭം വീതിച്ചു കൊടുക്കുന്നതും. അങ്ങിനെ ഒരു ഷെയർ ഹോൾഡറിനു ൧൦ രൂപാ ആദായം കിട്ടുന്നുവെങ്കിൽ ആ തുകയ്ക്കും ആദായനികുതി അയാളുടെ പേരിൽ ചുമത്തുന്നു. അപ്പീൽ കൊടുത്താൽ കമ്പനിയിൽ നിന്നും ഈടാക്കിയ ആ രണ്ടു ചക്രം ഒരു പക്ഷെ തിരിച്ചു കിട്ടുമായിരിക്കാം. എന്നാൽ ഇതിനുവേണ്ടി ഡിവിഷൻ കച്ചേരിയിലും ചിലപ്പോൾ തലസ്ഥാനനഗരിയിൽ തന്നെയും വന്നു അപ്പീൽ കൊടുക്കുന്നതിനുള്ള വൈഷമ്യം വിചാരിച്ചു് രണ്ടു ചക്രം വച്ചു ഈടാക്കിയ ഗാകുതി തിരിച്ചു വാങ്ങിക്കാതെ വിടുകയാണ്. ൭൦൦ ചക്രം കുറവു ചെയ്യുന്നതിനു അപ്പീൽ കൊടുക്കണമെങ്കിൽ ചിലപ്പോൾ ൧൦ രൂപാ വരെ ചിലവായി എന്നു വരാം. പിന്നീട്ട ഡിവിഷൻ കച്ചേരിക്കു സമീപമുള്ള വല്ലവർക്കും അപ്പീൽ കൊടുത്തു മേടിക്കുന്നതിനു സൗകര്യമുണ്ടു എന്നു പറയാം, അതുകൊണ്ടു ലിമിറഡ് കമ്പനി ഷെയർ ഹോൾഡേഴ്സിൻെറ പേരിൽ ആ കമ്പനിയിൽ നിന്നും കിട്ടുന്ന ആദായത്തിനു കമ്പനിക്കു ചുമത്തുന്ന രണ്ടു ചക്രം നിരക്കു ആദായനികുതി ചുമത്തരുതു്. ഈ പതിവു നിർത്തണം.

മോട്ടാർകൂലി, മററ ചിലവുകൾ ഇവയ്ക്കു ശരിയായ കണക്ക വെക്കുക എന്നുള്ളതു പ്രയാസമാണ്. ചിലതൊക്കെ എഴുതുന്നുണ്ടായിരിക്കാം. ചിലതു വിട്ടുപോയി എന്നും വരാം. മോട്ടാറിൽ കയറി എന്താവശ്യത്തിനു സഞ്ചരിച്ചു എന്നൊക്കെ രേഖപ്പെടുത്തി വയ്ക്കുക എന്നുള്ളതും സാദ്ധ്യമല്ല. ഒരു കച്ചവടക്കാരനു കച്ചവടസംബന്ധമായി ഒരു സ്ഥലത്തു പോകേണ്ടിവരും. ആ സ്ഥലത്തു നിന്നും രണ്ടുമൈൽ അകലെ അയാളുടെ ഒരു സ്നേഹിതനുണ്ടെന്നു എന്നു വിചാരിക്കാം. ആ സ്നേഹിതനെ കാണാൻ പോകേണ്ട ഏതെങ്കിലും ആവശ്യം വരാം. വണ്ടിയിൽ പോകുന്നു എങ്കിൽ ആ ചിലവു വകവെച്ചു കൊടുക്കേണ്ടതാണ്. ഇങ്ങിനെയുള്ള ചിലവുകൾ എല്ലാം ന്യായമാണൊ അല്ലയോ എന്നു കണക്ക പരിശോധകന്മാർ പരിശോധിച്ചശേഷം വേണം ആദായനികുതി ചുമത്താൻ, ഈ അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ ഉമ്മൻെറ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ) സർ, ഇന്നത്തെ ആദായനികുതി പിരിക്കുന്നസമ്പ്രദായം കച്ചവടക്കാരെ പലരേയും എന്നല്ല, ഒന്നാകെ ക്രമത്തിലധികം സങ്കടപ്പെടുത്തുന്നു എന്നുള്ളതിനു രണ്ടു പക്ഷമില്ല. അവരുടെ ഇടയിൽ അതിനെ സംബന്ധിച്ചുള്ള പരാതി ദിനംപ്രതി വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു. എന്നാൽ ഗവണ്മെന്റിലേക്കു കച്ചവടത്തിൽ നിന്നും അവർക്കു കിട്ടുന്ന ആദായത്തിൽ ഒരു ഉചിതമായ ഓഹരി കൊടുക്കുന്നതിലുള്ള വിഷമം കൊണ്ടാണു അവർ ഈ പരാതി പറയുന്നതെന്നു ഗവണ്മെന്റു ഒരിക്കലും വിചാരിക്കരുത്. അതിനുള്ള കാരണം അവരുടെ കണക്കുകൾ തന്നെ പരിശോധിച്ചാൽ കാണാം. ഓരോ കൊല്ലത്തിലും ഗവണ്മെന്റിലേക്കു തരുന്ന തുകയിൽ കൂടുതൽ അവർ മറ്റു ഓരോ സംഭാവനകൾക്കായി ചിലവാക്കുന്നതിനു കച്ചവടക്കാരിൽ മിക്കവാറും ആളുകൾക്കു മടിയില്ലാ എന്നുള്ള സംഗതി അവരുടെ കണക്കുകൊണ്ടു അറിയാവുന്നതാണ്. ഇങ്ങനെയിരിക്കെ ഈ ആദായനികുതി കൊടുക്കാതെ കഴിക്കാൻ വേണ്ടി മാത്രം ഇങ്ങനെ ഒരു പരാതി അവർ ഉണ്ടാക്കുന്നതാണ് എന്നു വിചാരിക്കാൻ ന്യായമില്ല. പിന്നെ വല്ല വിപരീതാഭിപ്രായവും കച്ചവടക്കാരുടെ ഇടയിൽ ഉണ്ടാകുന്നു എങ്കിൽ അതു ഈ ആദായനികുതി പിരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നയത്തെ സംബന്ധിച്ചു മാത്രമാണ്. ആദ്യമായി തന്നെ എന്റെ സ്നേഹിതൻ മിസ്റ്റർ ഉമ്മൻ പറഞ്ഞപ്രകാരം ആവശ്യമുള്ളവർക്കും ഇല്ലാത്തവർക്കും അതായതു പ്രഥമദൃഷ്ടിയിൽ തന്നെ ൨൦൦ രൂപായ്ക്കുമേൽ ആദായം കിട്ടുന്നില്ല എന്നു കാണുന്ന കച്ചവടക്കാർക്കുപോലും ഡി ഫാറം അയക്കുന്നുണ്ട്. ഇതു ഗവണ്മെന്റിലേക്കു പണമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിലല്ല, പിന്നെ എന്താണെന്നു ആലോചിച്ചാൽ അതു പിരിക്കുന്ന ഉദ്യോഗസ്ഥന്റെ സ്വാതന്ത്ര്യത്തെ ഉദ്ദേശിച്ചു മാത്രം ചെയ്യുന്നതാണ്. അതുകൊണ്ടു ആവശ്യമില്ലാതെ ഡി ഫാറം അയക്കുന്ന സ്വഭാവം ഒന്നാമതായി നിറുത്തണം. മറ്റൊന്നു എനിക്കു പറയാനുള്ളതു, കണക്കുകൾ വേണ്ടവിധത്തിൽ പരിശോധിക്കുന്നില്ല എന്നുള്ളതാണ്. അഥവാ പരിശോധിച്ചാൽ തന്നെ ഈ കണക്കുകളെ വിശ്വസിക്കുന്നില്ല എന്ന് എന്റെ സ്നേഹിതൻ മി. ഉമ്മൻ ഇവിടെ പ്രസ്താവിച്ചു. ൯൦ ശതമാനവും കണക്കുകൾ വിശ്വസിക്കാതെയാണ് കണ്ടുവരുന്നതു. ഇതിനുള്ള കാരണം സ്വകാര്യമായ അന്വേഷണം എന്ന സമ്പ്രദായമാണ്.

ആലപ്പുഴ ചാവുക്കയുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ അവിടെ ചെന്നു ഇന്ന കച്ചവടക്കാരൻ എത്ര കണ്ടി ചരക്കിറക്കി, അതിൽ എന്തു ലാഭം വരും എന്നു മനസ്സിലാക്കി, അയാൾ ന്യായമായി വച്ചിരിക്കുന്ന കണക്കുകളെ അവിശ്വസിച്ചു അവരുടെ സ്വകാര്യാന്വേഷണത്തിൽ നിന്നും ലഭിച്ചിട്ടുള്ള അറിവിനെ ആസ്പദമാക്കിവച്ചുകൊണ്ടു ആദായനികുതി ചുമത്തുന്നു. എന്നാൽ ആ കച്ചവടക്കാരനു എന്തു നഷ്ടം വന്നിട്ടുണ്ടെന്നു ഈ സ്വകാര്യാന്വേഷണത്തിൽ നിന്നും അവർ മനസ്സിലാക്കുന്നില്ല. നഷ്ടമായിപ്പോയി എന്നു കണക്കുകൊണ്ടു ബോദ്ധ്യപ്പെടുത്തിയാൽ അതു വിശ്വസിക്കുകയുമില്ല, ഇതാണ് ആദായനികുതി കലക്ടർമാരുടെ സ്വകാര്യാന്വേഷണത്തിന്റെ സ്വഭാവം ഈ സ്വകാര്യാന്വേഷണത്തെ അടിസ്ഥാനമാക്കി ഗവണ്മെന്റു അല്ലെങ്കിൽ ആദായനികുതി ഡിപ്പാർട്ടുമെന്റു യാതൊന്നും പ്രവർത്തിക്കാൻ പാടില്ല.

സാധാരണ കച്ചവടത്തിന്റെ പ്രചാരത്തിനുവേണ്ടി തന്നെയും പല ചിലവുകളും ചെയ്യേണ്ടതായിട്ടുണ്ട്, പരിഷ്കൃതരാജ്യങ്ങളിൽ നോക്കിയാൽ കച്ചവടക്കാരുടെ പ്രധാന ചിലവിൽ വലിയ ഭാഗവും പരസ്യത്തിനാണ എന്നു കാണാം. ഈ വിഷയത്തിൽ കച്ചവടക്കാർ ചെയ്യുന്ന ചിലവു വകവച്ചുകൊടുക്കേണ്ടതാണ്. പരിഷ്കൃതരാജ്യങ്ങളിലും ഇവിടെയും ചെയ്യുന്ന പരസ്യത്തിന്റെ രീതിക്കു വ്യത്യാസമുണ്ടായിരിക്കാം. അവിടത്തെ സമ്പ്രദായമല്ലായിരിക്കും ഇവിടെ നടത്തുന്നതു. കച്ചവടത്തിന്റെ പ്രചരണത്തിനായി ചിലരെ അവരുടെ വീട്ടിൽ പോയി കാണേണ്ടിവരും. ചിലരെ കച്ചവടസ്ഥലത്തു വിളിച്ചുകൊണ്ടുവരേണ്ടിവരും. അവരെ സന്തോഷപ്പെടുത്തുന്നതിനു പാൻസുപാരി, സോഡാ, ചായ മുതലായവ നൽകേണ്ടിവരും ഈ വകയ്ക്കു കച്ചവടക്കാർ ചെയ്യുന്ന യാതൊരു ചിലവും വകവച്ചു കൊടുക്കയില്ലെന്നാണു പറയുന്നതെങ്കിൽ അതു വലിയ കഷ്ടമാണ്. ഇതു സാധാരണ കച്ചവടക്കാരുടെ ഇടയിൽ നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. പാൻസുപാരി, സോഡാ, ടീ, ഇവകൾക്ക് ഇത്ര വലിയ സംഖ്യ വേണ്ടിവരുമോ എന്നാണു ഉദ്യോഗസ്ഥന്മാർക്കു തോന്നുന്നതു. സാധാരണ മനുഷ്യർ അവരവർക്കുള്ള അറിവുവച്ചുകൊണ്ടാണു അളക്കുന്നതു. കച്ചവടക്കാരുടെ അടുക്കൽ പല ആളുകളും ചെല്ലാറുണ്ട്, അവരെ ഒക്കെ സൽക്കരിച്ചാണു അവർ അയക്കുന്നതു. അതുകൊണ്ടു കച്ചവടക്കാർക്കു ന്യായമായി വരുന്ന ചിലവുകളെ വകവച്ചുകൊടുക്കുന്നതിനു ഉദ്യോഗസ്ഥന്മാരോടു നിഷ്കർഷയായി ചട്ടം കെട്ടണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ആദായനികുതിയും ഭൂനികുതിയും കമ്മീഷണർ): ആദായനികുതി ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന ജോലികൾക്കു എതിരെ പുറപ്പെടുവിച്ച വിമർശനങ്ങളെല്ലാം ഞാൻ കേട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി. റാബിൻസന്റെ മറുപടികൊണ്ടു ഞങ്ങൾക്കു ഒരു പ്രയോജനവും ഇല്ല. ഇന്നലെയും ഇതുതന്നെയായിരുന്നു, എന്തെന്നാൽ അദ്ദേഹം പറയുന്നതു ഞങ്ങൾക്കു കേൾപ്പാൻ പാടില്ല.

പ്രസിഡന്റ്: മി. റാബിൻസൺ ദയവുചെയ്തു കുറച്ചു ഉറക്കെ പറയണം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ). ആദായനികുതി ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന ജോലിക്കു എതിരെ പുറപ്പെടുവിച്ച വിമർശനങ്ങളെല്ലാം ഞാൻ കേട്ടു. ചില കേസുകളിൽ സങ്കടങ്ങളുണ്ടായിരിക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ അവ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനും ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. എങ്കിലും ഈ വിഷയത്തിൽ ചില തെറ്റിദ്ധാരണകളുണ്ട്. ഈ സഭയിൽ ഇന്നു അധികമായി പ്രസ്താവിക്കപ്പെട്ട ഡി ഫാറം നോട്ടീസുകളെപ്പറ്റി ഞാൻ ആദ്യമായി പ്രതിപാദിക്കാം. വർഷാരംഭത്തിൽ ആദായനികുതി കൊടുക്കേണ്ടവരാരെന്നു തിട്ടപ്പെടുത്തുന്നതിനു കലക്ടർ ശ്രമിക്കുന്നു. കുറച്ചു ആളുകളുടെ പേരുകൾ അയാൾക്കു ലഭിക്കുന്നു. അയാൾ അവരുടെ ആദായനികുതി ചുമത്തേണ്ടതാണോ അല്ലയോ എന്നു നിശ്ചയിക്കുന്നതിനായി അവരുടെ ആദായം എന്താണെന്നു ദയവായി അറിയിക്കണമെന്നു ഡി. ഫാറം നോട്ടീസുകൾ അയക്കുന്നു. ചില മെമ്പറന്മാർ പ്രസ്താവിക്കയുണ്ടായതുപോലെ പ്രവൃത്തികാരന്മാരല്ല ഡി ഫാറം നോട്ടീസുകൾ അയക്കുന്നതു. എന്നാൽ കലക്ടർ ആണ അയക്കുന്നതു. ഈ നോട്ടീസുകളുടെ മറുപടിയിൽ ഒരു കച്ചവടക്കാരൻ നികുതി ചുമത്താനുള്ള ആദാ-

യം കിട്ടുന്നില്ല എന്നറിയിക്കുന്നു എന്നു വിചാരിക്കുക. അതു സ്വീകരിക്കയാണു സാധാരണ പതിവ്. ഈ നോട്ടീസുകൾ തങ്ങൾക്കു നികുതി ചുമത്തത്തക്ക ആദായമുണ്ടോ എന്നറിയിക്കുവാനുള്ള അപേക്ഷകൾ മാത്രമാണ്. ഒരു പ്രയാസമേറിയ ജോലിയാണ് ആദായനികുതി ഉദ്യോഗസ്ഥന്മാർ നിറവേറ്റുവാനുള്ളത്. യഥാർത്ഥത്തിൽ നികുതി ചുമത്തത്തക്ക ആദായമുണ്ടാകുന്നവർ രക്ഷപ്പെടാതെ അയാൾ സൂക്ഷിക്കണം. അതേ സമയം തന്നെ ജനങ്ങൾക്കു അനാവശ്യമായ ബുദ്ധിമുട്ടു ഉണ്ടാകാതെയും സൂക്ഷിക്കണം. ഈ സംഗതി ഉദ്യോഗസ്ഥന്മാരെ വീണ്ടും വീണ്ടും ധരിപ്പിച്ചിട്ടുണ്ട്.

൧൧൦൨-ലെ ഭരണറിപ്പോർട്ടിലെ റിമാർക്കുകളെപ്പറ്റി റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ വളരെ പറയുകയുണ്ടായി. ൧൧൦൨-ൽ ചുമത്തിയ നികുതി ൧൧൦൧-ലെ ആദായത്തിന്മേലാണ്. കച്ചവടം സംബന്ധിച്ചിടത്തോളം ൧൧൦൧ ഒരു ചീത്തക്കാലമായിരുന്നു എന്നു റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. ആലപ്പുഴയും കൊല്ലത്തുമുള്ള പല കമ്പനികൾക്കും കുരുമുളക്, കയർ, പായ്, പായ്തരങ്ങൾ ഇവക്കു വലിയ നഷ്ടമുണ്ടായി. ദേവികുളം ഡിവിഷനിലെ തേയിലകമ്പനികൾക്കും തോട്ടങ്ങൾക്കും നഷ്ടമുണ്ടായി. അതിനാൽ ൧൧൦൧-ൽ അവക്കു ലഭിച്ച ലാഭവും ൧൧൦൨-ൽ അതിനു ചുമത്തിയ നികുതിയും കുറവായിരുന്നു. എന്നാൽ എങ്ങിനെയൊ ഗവൺമെന്റ് റിപ്പോർട്ടു രണ്ടാം പാരാവിൽ ൧൧൦൨-ൽ കച്ചവടത്തിനു ഒരു മാന്ദ്യവുമില്ലായിരുന്നു എന്നും നേരെമറിച്ചു ഫലപുഷ്ടിയുടെ ഒരു സുവർണ്ണവത്സരമായിരുന്നു എന്നും ആ അഭിവൃദ്ധി എല്ലാവഴിക്കും കാണപ്പെട്ടു എന്നാ പറയുന്നു. അതു വളരെ വാസ്തവമാണു. എന്നാൽ ആ അഭിവൃദ്ധി ഈ ഡിപ്പാർട്ടുമെന്റിന്റെ ൧൧൦൩-ലെ റിപ്പോർട്ടിൽ മാത്രമെ കാണപ്പെടുകയുള്ളു. ൧൧൦൨-ൽ ചുമത്തിയിട്ടുള്ള നികുതി ൧൧൦൧-ലെ ആദായത്തിൽ മാത്രമാണ്. അതിനാൽ ൧൧൦൨-ലെ റെവ്യൂവിൽ കാണുന്നതു വസ്തുതപിശകാണ്. അതു ൧൧൦൩-ലെ ആദായനികുതി റിപ്പോർട്ട കാണിക്കുന്നുണ്ട്. ഗവൺമെന്റിനു ശരിയായ നില മനസ്സിലായില്ലെന്നാണു എനിക്കു തോന്നുന്നത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിത മെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്). തന്റെ ഡിപ്പാർട്ടുമെന്റു അർഹിക്കാത്ത ഒരു കുറ്റപ്പെടുത്തൽ ആണു അതു എന്നു മി. റാബിൻസൺ പറയുന്നതായി ഞാൻ മനസ്സിലാക്കട്ടെയൊ? റിപ്പോർട്ടുവത്സരത്തെ ഡിപ്പാർട്ടുമെന്റുഭരണം തൃപ്തികരമല്ലെന്നു ഗവൺമെന്റുത്തരവു പ്രസ്താവിക്കുന്നില്ലെ? ഞാൻ ഓർമ്മയിൽനിന്നാണു പറയുന്നത്. അതു തിരുത്തുന്നതു സമ്മതമാണ്:

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഞാൻ പറയുന്നതു ഗവൺമെന്റുറിപ്പോർട്ടിന്മേലുള്ള ഗവൺമെന്റുത്തരവു അയച്ചപ്പോൾ ഒരു തെറ്റിദ്ധാരണയിലായിരുന്നു എന്നാണ്.

നികുതി കുറയുകയാണെങ്കിൽ ആദായനികുതി ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയാണു ചെയ്യുന്നതു എന്നു മി. ഉമ്മൻ പറയുകയുണ്ടായി. അതു അത്ര ശരിയല്ല. നികുതി കുറയുന്നതിനു ഞങ്ങൾ അവരെ ശാസിക്കുക ചെയ്യുന്നില്ല. എന്നാൽ കുറവോ കൂടുതലൊ ഉണ്ടായാൽ അതിന്റെ കാരണം എന്തെന്നു അറിയുന്നതിനു സമാധാനം ആവശ്യപ്പെടാറുണ്ട്. ഉദാഹരണമായി ഇക്കൊല്ലം ആലപ്പുഴയിൽ ആദായനികുതിയിൽ ഒരു ഭീമമായ കുറവുണ്ടായി. അതു കയർ, പായ്, പായ്തരങ്ങൾ, കുരുമുളക് ഇവയുടെ വിലക്കുറവുനിമിത്തമായിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): കൂടുതലുള്ളപ്പോൾ ഉദ്യോഗസ്ഥന്മാരോടു സമാധാനം ആവശ്യപ്പെടാറുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സമാധാനം എന്നു പറഞ്ഞതുകൊണ്ടു മെമ്പർ അർത്ഥമാക്കുന്നതു എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. കൂടുതലൊ കുറവോ ഉണ്ടെങ്കിൽ കാരണം ചോദിക്കാം. സമാധാനം എന്നൊ അല്ലെങ്കിൽ നിങ്ങൾക്കു ഇഷ്ടമുള്ള വേറെ ഏതെങ്കിലും പദമൊ ഉപയോഗിക്കാം.

ആദായനികുതി ഉദ്യോഗസ്ഥന്മാർ ബുക്കുകീപ്പിങ്ങും അക്കൗണ്ടൻസിയും പാസായിട്ടില്ലെന്നുള്ള വസ്തുത മി. ഉമ്മൻ പ്രധാനമായി ചൂണ്ടിക്കാണിച്ചു. സർ, ഈ യോഗ്യതകൾ ഒരു ഡിഗ്രിയൊ ഡിപ്ലോമയൊ മറ്റൊ വിശേഷിച്ചു ആവശ്യപ്പെടുന്നില്ല. വേണ്ടതു ആദായനികുതി ചട്ടങ്ങളുടെയും ഹൈക്കോടതിവിധികളുടെയും ഒരു പൂർണ്ണമായ അറിവാണ്. മോട്ടാർകാർ ചിലവുകൾ വകവയ്ക്കാമൊ എന്നു ഒരു പ്രത്യേക ഉദാഹരണം ഇന്നു ഈ സഭയിൽ കൊണ്ടുവന്നല്ലൊ. അതുപോലെ ഏതു ചിലവുകളാണു വകവച്ചുകൊടുക്കേണ്ടതു എന്നുള്ളതിനെപ്പറ്റി മാത്രമാണു തർക്കങ്ങൾ ഉണ്ടാകുന്നത്. കണക്കുകൾ ശരിയാണൊ എന്നുള്ളതിനെപ്പറ്റിയല്ല. എല്ലാ വലിയ ഫേംസിന്റെയും കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടൻസൊ ലൈസൻസുള്ള ആഡിറ്റർമാരൊ പരിശോധിക്കുന്നവയാണ്. അതിൽനിന്നും അവരുടെ കണക്കുകൾ പൂർണ്ണ ശരിയാണെന്നു കാണുന്നു. അവ ശരിയാണൊ എന്നുള്ളതിനെപ്പറ്റി ഞങ്ങൾക്കു ആക്ഷേപമില്ല. കണക്കുകൾ ശരിയായി സൂക്ഷിക്കാത്ത ചില്ലറ കടക്കാരുടെ കാര്യത്തിൽ മാത്രമാണ് കുഴപ്പമുണ്ടാകുന്നത്. ഈ കേസ്സുകളിൽ കണക്കുകൾ പോയി പരിശോധിക്കുന്നതിനു ഞങ്ങളുടെ ആഡിറ്റർമാരോടു ഞങ്ങൾ ആവശ്യപ്പെടുന്നു.

കഴിഞ്ഞ ഒരു ദിവസം ഉണ്ടായ ഒരു കേസു ഞാൻ ഓർക്കുന്നു. ഒരു ഫേം പല പുതിയ ബസ്സുകൾ വാങ്ങിച്ചു. ആ ചിലവു തന്നാണ്ടത്തെ വർക്കിംഗ് ചാർജ്ജസിന്റെ കൂട്ടത്തിൽ കാണിച്ചിരുന്നു. അതു ശരിയല്ല അതു ചിലവു മൂലധനത്തിൽ കൂട്ടേണ്ടിയിരുന്നു. ഈമാതിരി കേസ്സുകളിൽ കണക്കുകളിൽ പിശകുണ്ടെന്നു ഞങ്ങൾ പറയുന്നു.

കച്ചവടക്കാർ ഹാജരാക്കിയ പുസ്തകം ഹൈക്കോടതി വിശ്വസിച്ചു എന്നും ഞങ്ങളും ആ പുസ്തകങ്ങൾ വിശ്വസിക്കണമെന്നും പറയുകയുണ്ടായി. പുസ്തകങ്ങൾ വിശ്വസിക്കാത്തതുകൊണ്ടല്ല ഞങ്ങൾ നിരസിക്കുന്നത്. പിന്നെയൊ ആദായനികുതിചട്ടപ്രകാരമുള്ള ആദായം അവ കാണിക്കാത്തതുകൊണ്ടാണു.

മി. മാത്യു മുരിക്കൻ (തെക്കും): ആദായനികുതിറഗുലേഷൻ കുറവുള്ളതാണെന്നു കമ്മീഷണർ വിചാരിക്കുന്നുവൊ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഈ റഗുലേഷൻ ഏറെക്കുറെ ബ്രിട്ടീഷിൻഡ്യയിലെ ആദായനികുതി നിയമത്തിനനുരൂപമാണ്. മിക്ക സംഗതികളിലും മൈസൂറിലെയും ബ്രിട്ടീഷിൻഡ്യയിലെയും ചട്ടം നാം പിന്തുടരുന്നു. ആ സംഗതിയിൽ ഹൈക്കോടതി തീരുമാനവും നാം പിന്തുടരുന്നു. ഇംഗ്ലണ്ടിലും ആസ്ത്രേലിയായിലും മറ്റെന്താണു നടക്കുന്നതു എന്നു നോക്കാറുണ്ട്.

മി. മാത്യു മുരിക്കൻ (വൈക്കം): ആസ്ത്രേലിയയിൽ എന്താണു നടക്കുന്നതു എന്നറിഞ്ഞിട്ടു എനിക്കാവശ്യമില്ല. എന്റെ പ്രശ്നമിതാണ്. ആദായനികുതിനിയമം കുറവുള്ളതാണെന്നു കമ്മീഷണർ പറയുന്നുവോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ), ഏതു സംഗതിയിലാണെന്നു മെംബർ പറയുമെങ്കിൽ ഞാൻ മറുപടി പറയാം.

മി. മാത്യു മുരിക്കൻ (വൈക്കം): കമ്മീഷണർ കഴിഞ്ഞ അവസരത്തിൽ ഈ റഗുലേഷന് കുറവുള്ളതാണെന്നു സമ്മതിക്കുകയും ഈ റഗുലേഷന്റെ ഭേദഗതിക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു എന്നു പറയുകയും ചെയ്തു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പല ഭേദഗതികളും ഇപ്രകാരംതന്നെ ഗവണ്മെന്റിലിരിക്കുന്നു. കുറവുകൾ ചൂണ്ടിക്കാണിക്കുമ്പോൾ ഗവണ്മെന്റു അവ പരിഹരിക്കുന്നതിനു ശ്രമിക്കുന്നു.

ചില ചിലവുകൾ വകവയ്ക്കുന്നില്ല എന്നു മി. കൊച്ചുതൊമ്മൻ പരാതിപ്പെട്ടു. ഈ ചിലവുകൾ ആദായനികുതി ഉദ്യോഗസ്ഥന്മാർ വകവയ്ക്കുന്നില്ല എന്നു പറയുന്നു. ഒരു സബോർഡിനേറ്റുകൾക്കു ഒരു ചിലവു അന്യായമായി അനുവദിക്കാതിരിക്കുന്നുവെങ്കിൽ അവക്കു ആ സംഗതി ശരിയായ സ്ഥാനങ്ങളിൽ അറിയിച്ചു പരിഹാരം തേടാം. ക്ലാർക്കുകളുടെ ശമ്പളം അനുവദിക്കുന്നില്ല എന്നു പറയുന്നതു ശരിയല്ല. വലിയ ഫേമിനു എല്ലാം വലിയ എസ്റ്റാബ്ലിഷ്മെന്റു ഉണ്ട്. ഒരു ആക്ഷേപവും കൂടാതെ ആ ചിലവുകൾ അനുവദിക്കുന്നു.

ചില കേസുകളിൽ ആദായനികുതി നിശ്ചയിക്കുന്നതിനു ഒരു ശതമാനം വച്ചിട്ടുണ്ടെന്നു മി. പി. എസ്. മഹമ്മദു പറഞ്ഞു. ഈ നയം സ്വീകരിക്കുന്നതു വളരെ ക്ലേശമായ ശരിയായ കണക്കു സൂക്ഷിച്ചിട്ടില്ലാത്തവർക്കു മൊത്തമായി ഒരു ആദായനികുതി ചുമത്തുന്നതിനു മാത്രമാണ്. അവരുടെ കാര്യത്തിൽ ഞങ്ങളുടെ നോട്ടത്തിനു എത്രയും ശരിയായ ഒരു ശതമാനം ന്യായമായി നിശ്ചയിക്കുന്നു. അതു ഞങ്ങൾ കണ്ടുപിടിക്കുന്നതു ഇതേമാതിരി സാമാനങ്ങൾ കച്ചവടം ചെയ്യുന്ന ഇതേമാതിരി കച്ചവടക്കാരിൽ നിന്നുമാണ്.

മി. പി. എസ്. മഹമ്മദു (നിയമിതമെംബർ): പേരേട്ടം നാൾവഴിയും വൗച്ചേർസും വച്ചിട്ടുള്ള കച്ചവടക്കാരുടെ പേരിലും സ്വകാര്യാന്വേഷണം നടത്തി ആദായനികുതി ചുമത്തിയിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ); ഞങ്ങൾ അതു നിശ്ചയിക്കുന്നു എന്നതു വാസ്തവമാണ്. എന്നാൽ ഞങ്ങൾ കണക്കുകൾക്കു അതിനുള്ള വിലയെ കല്പിക്കയുള്ളൂ. എത്ര സ്റ്റോക്കോടുകൂടി തുടങ്ങുന്നുവെന്നും എത്ര സ്റ്റോക്കോടുകൂടി അവസാനിപ്പിക്കുന്നുവെന്നും ഉള്ളതിനു ശരിയായ കണക്കു സൂക്ഷിക്കാതിരുന്നാൽ ശരിയായ ലാഭം കണ്ടുപിടിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതാണു പ്രയാസം മുഴുവനും. ഒരു വർഷം മുഴുവൻ അയാൾ സാമാനം വില്ക്കാതെ സൂക്ഷിക്കുകയായിരിക്കാം. പണം അടുത്ത കൊല്ലത്തിൽ മാത്രമേ കിട്ടുകയുള്ളൂ. എത്ര സ്റ്റോക്കോടുകൂടി തുടങ്ങിയെന്നും എത്ര സ്റ്റോക്കോടുകൂടി അവസാനിപ്പിച്ചു എന്നും ഉള്ളതിനു ശരിയായ കണക്കില്ലാതിരിക്കുമ്പോൾ ശരിയായ വരവു കണ്ടുപിടിക്കുവാൻ പ്രയാസമാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ). ഓപ്പനിങ്ങ് ആൻഡ് ക്ലോസിങ്ങ് സ്റ്റോക്കു പ്രാരംഭവും അവസാനവും ഉള്ളപ്പോൾ സ്വകാര്യാന്വേഷണം നടത്തി ആ കണക്കിനെ നിഷേധിച്ചിട്ടുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): രഹസ്യാന്വേഷണം സംബന്ധിച്ചിടത്തോളം സംശയമുള്ള കേസുകളിൽ മാത്രമേ ആവശ്യമുള്ളതായി ഞങ്ങൾ സാധാരണ കാണുന്നുള്ളൂ. നികുതി ചുമത്തപ്പെടുന്നവർക്കു വിപരീതമായി കാണുന്ന ഓരോ സംഗതിക്കും സമാധാനം കാണിക്കുന്നതിനു ഒരു അവസരം കൊടുക്കണമെന്നു കലക്ടർമാർക്കു കർശനമായ ഉത്തരവുകൾ അയച്ചിട്ടുണ്ട്. ഉദാഹരണമായി കുറച്ചു പണം കൊടുത്തതായി കാണിച്ചുകണ്ടേക്കാം. അതു വാസ്തവമല്ലായിരിക്കാം. ഈ വസ്തുത അയാളോടു ചോദിച്ചാൽ വേറെയൊരു ഉദ്ദേശത്തിൽ കൊള്ളിച്ചിരിക്കുന്നതെന്താണെന്നു വാസ്തവത്തിൽ കാണിക്കും. അതിനാൽ കണക്കിൽ ശരിയായി കാണിച്ചിട്ടില്ലാത്ത വല്ല ചിലവുകളുമുണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള സംഗതികൾ നികുതിചുമത്തപ്പെട്ടവരോടു ചോദിക്കേണ്ടതാണെന്നു കർശനമായ ഉത്തരവു എല്ലാ കലക്ടർമാർക്കും അയച്ചിട്ടുണ്ട്. ഈ ഉത്തരവു സാധാരണ പാലിച്ചുവരുന്നതായി എനിക്കു തോന്നുന്നു.

മി. ആർ. കേശവപിള്ള (കൊല്ലം-കുന്നത്തൂർ): ഒരു തൊഴിൽ നടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമായ ചില പണച്ചിലവുകൾ വകവയ്ക്കുന്നതിനെപ്പറ്റി വല്ല നിബന്ധനയുമുണ്ടോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ആദായമാർഗ്ഗത്തിനു വേണ്ടി ചിലവാകുന്ന ചിലവുകളെല്ലാം വകവയ്ക്കുന്നതാണ്.

എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുപടി പറഞ്ഞു എന്നു എനിക്കു തോന്നുന്നു.

റാവുബഹദൂർ കെ. ഐ. കുഞ്ഞയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ): ഇരട്ടി ആദായനികുതി ഈടാക്കുന്ന കേസുകളിലെ റീഫണ്ടിനെപ്പറ്റി സമാധാനം പറഞ്ഞില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): റീഫണ്ടിനെ സംബന്ധിച്ചിടത്തോളം, യഥാർത്ഥത്തിൽ തിരുവിതാംകൂറിൽ ബ്രിട്ടീഷ്ഇൻഡ്യയിൽ അല്ല, കിട്ടിയ പണത്തിനു ബ്രിട്ടീഷ്ഇൻഡ്യയിലെ ആദായനികുതി അധികാരികൾ ആദായനികുതി ചുമത്തിയതോ അവകാശപ്പെട്ടതോ ശരിയാണോ എന്നു ആ കേസുകളിൽ ഡിവാൻപേഷ്കാരന്മാർ സംശയിച്ചു. ബ്രിട്ടീഷ്ഇൻഡ്യക്കു അതു എങ്ങിനെയാണ് ചുമത്തുക എന്നു അറിവാൻ പാടില്ല. അപ്പോൾ ഈ സംഗതി ഹൈക്കോടതിയിലേക്കു റെഫർ ചെയ്തു. അതു കഴിയുന്നതിനു കുറെ സമയം എടുത്തു.

റാവുബഹദൂർ കെ. ഐ. കുഞ്ഞയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ): ഈ സംഗതി ഹൈക്കോടതിയിൽ അയച്ചിട്ട് വല്ല പരിഹാരവും ഉണ്ടായോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഉണ്ടായി എന്നു ഞാൻ വിശ്വസിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): ഉണ്ടായില്ലെന്നു ഞാൻ പറയാം, ഞാൻ ഉദ്ദേശിക്കുന്ന പ്രത്യേകകേസ് ഇപ്പോഴും തീരുമാനിക്കാതെ കിടക്കുകയാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇപ്പോഴും പരിഹാരം ഉണ്ടാക്കികൊടുത്തിട്ടില്ലെന്നാണോ മെമ്പർ പറയുന്നത്?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): ഇതുവരെ കൊടുത്തിട്ടില്ല. ഹൈക്കോടതി തർക്കാതീർത്തു കേസു തിരികെ ദിവാൻപേഷ്കാർക്കു അയച്ചു. അദ്ദേഹം പുതിയതർക്കവിഷയങ്ങൾ എടുത്തു. അവ വാസ്തവത്തിൽ തീരുമാനംചെയ്ത പഴയ തർക്കവിഷയങ്ങളായിരുന്നു. ആദായനികുതി ഏർപ്പെടുത്തിയപ്പോൾ കൊടുത്ത അപേക്ഷകൾ ഇപ്പോഴും തീരുമാനമാകാതെ കിടക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എൻെറ ശ്രദ്ധയിൽ ആ കേസുകൊണ്ടുവന്നാൽ ഞാൻ നടപടി നടത്തുന്നതാണ്.

പ്രസിഡൻറ: മി. കൃഷ്ണയ്യങ്കാർ പലകേസുകളുണ്ടോ? നിങ്ങൾ ഒരുകേസിനെപ്പററി പറഞ്ഞു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): ഈ കൂട്ടത്തിൽ ഒരു കേസിൻെറ കാര്യം എനിക്കറിയാം. മററുകേസുകൾ കണ്ടേക്കാം.

പ്രസിഡൻറ: ആ പ്രത്യേകകേസുകാണിച്ചാൽ അതുനോക്കാം എന്നു മി. റാബിൻസൺ പറയുന്നു. പലകേസുകളുണ്ടോ അതോ ഒരുകേസുമാത്രമേയുള്ളോ എന്നു ഞാൻ ചോദിക്കുകമാത്രമായിരുന്നു. അതു നിങ്ങളുടെ വാദത്തെ ബാധിക്കുന്നില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): പലകേസുകളുണ്ടായിരിക്കാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മെമ്പർ പറയുന്ന ആ കേസു എനിക്കറിവാൻ പാടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ): മററുള്ള ആദായനികുതി കേസുകളിൽ വല്ല പരിഹാരവും ഉണ്ടാക്കികൊടുത്തോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പലകേസുകളിൽ കൊടുത്തിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): കഷ്ടതകൾ ഉണ്ടെന്നു മി. റാബിൻസൺ സമ്മതിച്ചു പറഞ്ഞുകേൾക്കുന്നതിൽ സന്തോഷിക്കുന്നു. ഈ മാതിരികേസുകൾ തൻെറ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോഴെല്ലാം നിവാരണം ഉണ്ടാക്കിയിട്ടുണ്ടെന്നും മേലിലും ഈ കഷ്ടതകൾ തൻെറ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ നിവാരണം ഉണ്ടാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഈ ഉറപ്പു തരുന്നതിനു അദ്ദേഹത്തിനും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. സർ, എന്നാൽ കഷ്ടതകൾ അനുഭവിക്കുന്ന ചില്ലറകച്ചവടക്കാർ സാധാരണ അദ്ദേഹത്തെ സമീപിക്കുന്നില്ല. കൂടാതെ ശരിയായ നടപടികൾ സ്വീകരിക്കുന്നതുപോലും അവർക്കു അറിവില്ല. അതിനാൽ ഈ സഭയുടെയും മി. റാബിൻസൻെറയും ശ്രദ്ധക്കു ഞാൻ കൊണ്ടുവരുന്നതു എന്തെന്നാൽ ഈ സംഗതിയെക്കുറിച്ച് കച്ചവടക്കാർ തൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു അദ്ദേഹം കാത്തിരിക്കരുതു. ആദായനികുതിയിൽ പർച്ചനവുകാണുമ്പോൾ കീഴ്ജീവനക്കാർക്കു സർക്കുലർ ഉത്തരവുകൾ അയക്കണം. കീഴ്ജീവനക്കാരോടു ആവശ്യമുള്ളവിവരം ചോദിച്ചു അതിൽ വേണ്ടതുപ്രവർത്തിക്കണം.

ഞാൻ ചൂണ്ടിക്കാണിക്കണമെന്നു ഉദ്ദേശിക്കുന്ന വേറൊരുസംഗതി തൊഴിലാളികൾ തങ്ങളുടെ തൊഴിൽ നടത്തിപ്പിലേക്കു പലചിലവുകളും ചെയ്യേണ്ടിയിരിക്കുന്നു എന്നാണ്. പലപ്പോഴും ഒരു രൂപ നേടുന്നതിനു എട്ടണ ചിലവിടേണ്ടിവരും. പലവിധചിലവുകൾ ചെയ്യേണ്ടിവരും. അവയുടെസ്വഭാവം ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു രൂപ നേടുന്നതിനു എട്ടണ ചിലവു അനുവദിക്കാൻ പാടില്ലെന്നു ആദായനികുതിഉദ്യോഗസ്ഥൻ വിചാരിക്കുന്നു. ഇക്കാലത്തെ അനാസ്യവും കഠിനവുമായ മത്സരത്തിൽ നിലനിന്നുപോകുന്നതിനു തൊഴിലാളികൾ വലിയചിലവുകൾ ചെയ്യേണ്ടിയിരിക്കുന്നു. ഉദാഹരണമായി ഒരു ബസ്സുടമസ്ഥൻെറകാര്യം എടുക്കാം. അയാൾക്കു പലവിധചിലവുകളുണ്ട്. അവയെല്ലാം പി. സി. ആയി അയാൾ കണക്കെഴുതുന്നു. ചില്ലറചിലവുകളിൽ അവ ഉൾപ്പെടുന്നു. ഞാൻ ഇവിടെ പറയുന്നതു തൊഴിൽനടത്തിപ്പിലേക്കുള്ള തൊഴിലാളികളുടെ ചിലവുകളെല്ലാം വകവെയ്ക്കേണ്ടതാണെന്നും അവരുടെ കണക്കു വിശ്വസിക്കേണ്ടതാണെന്നുമാണ്.

൧൧൨൯–൩൦ലെ ബഡ്ജററ് അടങ്കലിൽ തൊഴിലിൽനിന്നും ലഭിക്കുന്ന ആദായത്തിൻെറ നികുതിയായി കാണിച്ചിരിക്കുന്ന തുക രൂ. ൭,൨൫,൦൦൦ ആണ്. പരിഷ്കരിച്ച അടങ്കലിൽ പിരിച്ച തുക രൂ. ൪൫൦,൦൦൦ ആണെന്നും കാണുന്നു. ഈ വലുതായ കുറവിനെ എന്താണെന്നും എന്തുകൊണ്ടാണെന്നും അന്വേഷിക്കണമെന്നു ഞാൻ മി. റാബിൻസനോടു അപേക്ഷിക്കുന്നു. തൊഴിലിനുപരിതസ്ഥിതികൾ മോശമായതാണെന്നും കച്ചവടം വർദ്ധിച്ചിട്ടുണ്ടെന്നും ലഭിച്ച ആദായം ശരിയായതാണെന്നും അദ്ദേഹംവിചാരിക്കുന്നുവെങ്കിൽ എനിക്കു ഒരു പരാതിയുമില്ല. ഞാൻ ഇവിടെ പറയുന്നതു നികുതിചുമത്തുന്നതിൻെറ ഏകദേശസ്ഥിതിയും അവസാനഅടിസ്ഥാനവും കീഴ്ജീവനക്കാരുടെ രഹസ്യാന്വേഷണം ആയിരിക്കരുതെന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സഭയിലെ ഈ ഭാഗത്തെ അംഗങ്ങൾ പുറപ്പെടുവിച്ച ഒരു പരാതി ആദായനികുതിഡിപ്പാർട്ടുമെൻറ് ഏതു ഉദ്ദേശത്തോടുകൂടിനടപ്പിലാക്കണമോ ആ ഉദ്ദേശത്തോടുകൂടിയല്ല നടത്തുന്നതു എന്നാണ് പണ്ഡിതനായ കമ്മീഷണരുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. താഴെയാഫീസുകളിൽ സ്വീകരിച്ചിരിക്കുന്ന ചിലനടപടികളാണ് അതിനുള്ള കാരണം എന്നു അദ്ദേഹം സമ്മതിക്കുന്നു. ഈ പ്രശ്നം സഭയിൽകൊണ്ടുവന്നതിൻെറ ഉദ്ദേശംനോക്കിയാൽ ഇതു ഈ പ്രശ്നത്തിനു ഒരു തൃപ്തികരമായ മറുപടിയാണെന്നു എനിക്കുതോന്നുന്നില്ല. അതുകൊണ്ടാണു സഭയിലെ മറൊരുഭാഗത്തെ അംഗങ്ങളോടു ഞങ്ങൾ യോജിക്കാത്തതു. ക്രമക്കേടുകൾ തൻെറ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ പരിഹാരം ഉണ്ടാക്കുന്നതാണെന്നു കമ്മിഷണർ ഈ സഭയിൽ പ്രസ്താവിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. സർ ക്രമക്കേടുകൾ അദ്ദേഹത്തിൻെറ സ്വന്തം ആഫീസിൽ നടക്കുമ്പോൾ പണ്ഡിതനായ കമ്മീഷണർ എങ്ങിനെ ഇപ്രകാരം പ്രസ്താവിച്ചു എന്നു എനിക്കറിയാൻ പാടില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എന്റെ ആഫീസിലെ ക്രമക്കേടുകൾ എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതു പറയാം. ആ സംഗതിയിൽ പണ്ഡിതനായ കമ്മീഷണർ എന്നോടു തർക്കിക്കുകയില്ലെന്നു ഞാൻ വിചാരിച്ചു. ഞാൻ അദ്ദേഹത്തിന്റെമുമ്പാകെ നടത്തിയ ഒരു കേസു ഉദാഹരണമായി എടുക്കാം. ഒരു തൊഴിലാളിയുടെ മൊഴിപ്രകാരം അയാളെ ഡിവിഷൻ അസിസ്റ്റന്റ കലക്ടർ ൩൦൦-൯൦൦-രൂപാക്കു നികുതിചുമത്തി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇതു ക്രമാനുസാരമൊ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അതു ഒരു ആദായനികുതി പരിശോധനക്കേസിനെ സംബന്ധിച്ചാണ്. അതു ഹൈക്കോടതിക്കു അയയ്ക്കേണ്ടതാണ്. പ്രധാന റവന്യൂ അധികാരിയുടെ മുമ്പാകെ അദ്ദേഹം കേസിന്റെ സംഗതികളെല്ലാം വാദിച്ചു.

പ്രസിഡന്റ്: അതു ഹൈക്കോടതിയിൽ പോയോ?

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഇതുവരെയില്ല.

പ്രസിഡന്റ്: എന്നാൽ അദ്ദേഹത്തിനു അതിനെപ്പറ്റി പറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കക്ഷി ഹൈക്കോടതിയിൽ അപേക്ഷ കൊടുത്തിട്ടില്ല. അതു ഇപ്പോൾ തീരുമാനത്തിലിരിക്കയല്ല. ൩൦൦ രൂപാക്കും ൯൦൦ രൂപക്കും മദ്ധ്യേയുള്ള ഒരു ആദായത്തിനു ഈ കക്ഷിക്കു നികുതിചുമത്തി. ഈ സഭയുടെ ശ്രദ്ധക്കു കൊണ്ടുവരുന്നതിൽ ഇതിൽ കൂടിയ ക്രമക്കേടു കാണുമോ?

പ്രസിഡന്റ്: അതു ഒരു ക്രമക്കേടായി പറയാൻപാടില്ല. കേസിന്റെ സംഗതികൾ നമുക്കറിവില്ല. നിങ്ങൾക്കു വിപരീതമായി ഒരു അപ്പീൽതീർച്ച ചെയ്തതുകൊണ്ടുമാത്രം അതു ഒരു ക്രമക്കേടാണെന്നു നിങ്ങൾക്കു പറയാൻപാടില്ല. ഒരു ക്രമക്കേടോ, ഒരു പിശകായഉത്തരവോ ഉണ്ടെങ്കിൽ അപ്പീലുംകൊണ്ടു ഹൈക്കോടതിയിൽ പോകണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണ്ഡിതനായ കമ്മീഷണർ, തന്റെ ശ്രദ്ധയിൽ ഒരു ഉദാഹരണം കൊണ്ടുവരുന്നതായാൽ അതിനു നിവാരണമുണ്ടാക്കുന്നതാണെന്നു പറഞ്ഞതുകൊണ്ടുമാത്രം അദ്ദേഹത്തെ വെല്ലുവിളിക്കുന്നതിനു ഞാൻ ഇതു പറഞ്ഞതാണ്. ഞാൻനടത്തിയ ഒരു കേസിൽ, യാതൊരു അടിസ്ഥാനവുമില്ലാതെ നികുതിചുമത്തിയതുക അത്ര വലിയതായിരുന്നതുകൊണ്ടു അതു സ്പഷ്ടമായി അതിശയമായിരുന്നു. അദ്ദേഹത്തിന്റെ ആഫീസിൽ കണ്ടുവരുന്ന ക്രമക്കേടിന്റെയും സ്വഭാവം അതുതന്നെയാണ്. അതാണ് എന്റെ സങ്കടം, കമ്മീഷണരുടെ ശ്രദ്ധയിൽ ക്രമക്കേടുകൾ കൊണ്ടുവരുമ്പോൾ അദ്ദേഹത്തിന്റെ ആഫീസിൽതന്നെയും ക്രമക്കേടുകൾ നടക്കുന്നു എന്നതാണ് യഥാർത്ഥം. പണ്ഡിതനായ കമ്മീഷണർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ക്രമക്കേടു എന്തായിരുന്നുഎന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ? ഞാൻ അതുകണ്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കേസു പരിശോധിക്കുവാൻ ഞാൻ സഭയോടു ആവശ്യപ്പെട്ടാൽ സഭയുടെസമയം വെറുതെ നഷ്ടപ്പെടുത്തുകയായിരിക്കും. സഭക്കു ബോദ്ധ്യപ്പെട്ടിരിക്കും എന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡന്റ്: മി. നീലകണ്ഠപ്പിള്ള, വാക്കുകളെ അവയുടെ സാധാരണ അർത്ഥത്തിൽ മനസ്സിലാക്കണം. നിങ്ങൾ ഒരു ആഫീസിലെ ക്രമക്കേടിനെപ്പറ്റി പറഞ്ഞിട്ട്, ഒരു പ്രത്യേകകേസ് തീരുമാനിച്ച വിധത്തെ ഉദാഹരിക്കുന്നു. ഒരു ആഫീസിലെ ക്രമക്കേടായി സാധാരണ നാം മനസ്സിലാക്കുന്നതു അതല്ല. അതാണ് മി. റാബിൻസൺ പറയുന്നതും. ദയവുചെയ്തു ആ സംഗതിയെപ്പറ്റി ഇനിയുംപറയേണ്ട. അടുത്തസംഗതിയിൽ പ്രവേശിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇപ്പോൾപറയുന്നതു, റെഗുലേഷൻ ഏതുപ്രകാരത്തിലിരിക്കുന്നുവോ ആ അവസ്ഥയിലാണ്. പ്രധാന ആദായനികുതിഅധികാരിക്കു, കീഴ്ജീവനക്കാരുടെ ഉത്തരവുകളെ പരിശോധിക്കുവാൻ അധികാരമുണ്ട്. ഈ പ്രത്യേകകേസിൽ ഉത്തരവു അന്യായമാണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. എന്നാൽ ആദായനികുതിറെഗുലേഷൻപ്രകാരം അതു പരിശോധിക്കുവാൻ അദ്ദേഹത്തിന് അധികാരമില്ല. ഇട്ടഉത്തരവു ചില സംഗതിവശാൽ അന്യായമാണെന്നു കമ്മീഷണർക്കു ബോദ്ധ്യപ്പെട്ടു. റെഗുലേഷൻപ്രകാരം ആ അന്യായമായഉത്തരവു തിരുത്തുന്നതിനു അദ്ദേഹത്തിനു സാധിക്കുകയില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ശരിയായ നടപടി നടത്താതിരുന്ന കക്ഷിയുടെ വീഴ്ചയല്ലേ അതിനു കാരണംഎന്നു മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

പ്രസിഡന്റ്: പരിശോധകഅധികാരിക്കു തന്റെ സ്വന്തഉത്തരവു റദ്ദുചെയ്യുന്നതിനു അധികാരമില്ലാത്തതിനാൽ റെഗുലേഷൻ കുറവുള്ളതാണെന്നു മി. കെ. പി. നീലകണ്ഠപ്പിള്ള പറയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാണ് ഞാൻപറയുന്നതു. കമ്മീഷണർതന്നെ അതു സമ്മതിച്ചുഎന്നുഞാൻ ധരിച്ചു. അതു ഒരു ക്രമക്കേടല്ല. റെഗുലേഷന്റെതന്നെ ഒരു കുറവാണ്. റെഗുലേഷന്റെ ഈ പ്രത്യേകഭാഗത്തേക്കു കമ്മീഷണരുടെശ്രദ്ധ ക്ഷണിക്കണമെന്നായിരുന്നു. അതിനു ഭേദഗതി ആവശ്യമാണ്. താൻ പാസാക്കിയ ഒരു ഉത്തരവു അന്യായമാണെന്നു ആദായനികുതികമ്മീഷണരെ ബോദ്ധ്യപ്പെടുത്തുവാൻ ഒരു കക്ഷിക്കു സാധിച്ചാൽ ആ ഉത്തരവു അസ്ഥിരപ്പെടുത്തുന്നതിനു റെഗുലേഷൻ അദ്ദേഹത്തെ അനുവദിക്കണം. അതുചെയ്യുന്നതിനു റെഗുലേഷൻ അദ്ദേഹത്തെ അധികാരപ്പെടുത്താത്തിടത്തോളം അതു കുറവുള്ളതാണ്.

ഈ സഭയിൽ പറഞ്ഞ മററു സംഗതികളെ സംബന്ധിച്ചിടത്തോളം, ആദായനികുതി റഗുലേഷൻ ഉദ്ദേശത്തോടുകൂടി നടത്തപ്പെടുവാൻ ആരംഭിച്ചിരിക്കുന്നുവോ ആ ഉദ്ദേശത്തിൽ നടത്തപ്പെടുന്നില്ലഎന്നു ഒരു പ്രധാന പരാതിയുണ്ട്. ഉദാഹരണമായി ഒരു കക്ഷി കച്ചവടക്കാരുടെമുമ്പാകെ ശരിയായി നികുതിചുമത്തുന്നതിനു വേണ്ട സംഗതികൾ കാണിക്കുമ്പോൾ, നികുതിചുമത്തുന്നതിനായി അദ്ദേഹം നടത്തുന്ന രഹസ്യാന്വേഷണങ്ങളുടെ സ്വഭാവം നമുക്കു മനസ്സിലാക്കാൻ പാടില്ല. ഇപ്രകാരമുള്ള രഹസ്യാന്വേഷണങ്ങൾക്കു മററു വിശ്വാസയോഗ്യമായ സ്റ്റേററുമെൻറുകൾ കിട്ടാതിരിക്കുന്നിടത്തോളംകാലം, രഹസ്യാന്വേഷണങ്ങളെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള നികുതിചുമത്തൽ സാധുക്കളായ കച്ചവടക്കാർക്കു കഷ്ടപ്പാടിനുള്ള ഒരു മാർഗ്ഗമായിരിക്കും. കമ്മീഷണരുടെ ശ്രദ്ധയ്ക്കു പാത്രീഭൂതമാകേണ്ട വേറൊരുസംഗതിയാണ് അതു്. ഇത്രയുംപറഞ്ഞുകൊണ്ടു ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): സർ, ആദായനികുതികമ്മീഷണർ പറഞ്ഞിട്ടുള്ള മറുപടിയുടെ രത്നച്ചുരുക്കം, ഞാൻ ആലോചിച്ചുനോക്കിയതിൽ, കഴിഞ്ഞ ബഡ്ജററുസമ്മേളനാവസരത്തിൽ അദ്ദേഹം എന്തുപറഞ്ഞിട്ടുണ്ടോ അതുതന്നെ ആവർത്തിക്കയാണ് ചെയ്തിട്ടുള്ളതു് എന്നുകാണുന്നു. ഞാൻ നിയമസഭാസാമാജികനായി വന്നശേഷം കഴിഞ്ഞിട്ടുള്ള രണ്ടു ബഡ്ജററുസമ്മേളനാവസരങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുള്ള മറുപടിയനുസരിച്ചു ഒന്നുംതന്നെ ചെയ്തിട്ടില്ല. ഇനി ചെയ്യുന്നതിനു അദ്ദേഹം ശ്രമിക്കുമെന്നു വിശ്വസിക്കാൻതരമില്ല. അതുകൊണ്ടു ഈ ഉപക്ഷേപംമൂലം ഞാൻ ഗവണ്മെണ്ടിനോടു ശുപാർശചെയ്യുന്നതു ജനങ്ങൾ ഇതുസംബന്ധമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു ഒരു നിവാരണമാർഗ്ഗം എത്രയുംവേഗത്തിൽ ഉണ്ടാകണമെന്നുള്ളതാണ്.

ആദായനികുതി ചുമത്തുന്നതിനെസംബന്ധിച്ചുള്ള കണക്കുപരിശോധനയ്ക്കു വിശേഷപരീക്ഷായോഗ്യത ഒന്നും വേണ്ടഎന്നും ഹൈക്കോടതിയിലെ റൂളിങ്ങ് കൂടെ വായിച്ചിരുന്നാൽ മതിഎന്നും മി. റാബിൻസൺ ഇവിടെ പറയുകയുണ്ടായി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏതുസങ്കടമാണ് പരിഹരിക്കപ്പെടാത്തതെന്നും, ഏതിനെപ്പററിയാണ മെമ്പർ പറയുന്നതെന്നും മെമ്പറിനോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): ഇവിടെ പ്രസ്താവിക്കപ്പെട്ട സങ്കടങ്ങളെപ്പററിയെല്ലാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഒന്നു പ്രത്യേകം എടുത്തുകാണിക്കാൻ ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): കണക്കുപുസ്തകങ്ങൾ കോടതിയിൽ പരിശോധിക്കാൻ ഹാജരാക്കിയാൽ അഞ്ചാറുമാസമോ കോർട്ടിൽ വച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുനിമിത്തം കച്ചവടക്കാർക്കു പലവിധത്തിലുള്ള കഷ്ടനഷ്ടങ്ങൾ നേരിടുന്നുണ്ട്. നാൾവഴിഎഴുതാതെ പേരെടുത്താൻ സാധിക്കയില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): ഏതെങ്കിലും ആഫീസിൽ ഒരാഴ്ചയിൽകൂടുതൽ പുസ്തകങ്ങൾ വച്ചുകൊണ്ടിരുന്നതായ ഒരു കേസു ചൂണ്ടിക്കാണിക്കാമോഎന്നു ഞാൻ മെമ്പറിനോടുചോദിക്കുന്നു.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവുംവടക്ക): അങ്ങനെയുള്ള ഓരോ കേസ് ഇവിടെ കൊണ്ടുവന്നു പ്രത്യേകം പ്രത്യേകം പറയാൻസാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൂടാതെ ജനങ്ങൾക്കു ഈ ഇൻകംടാക്സ്മൂലം ധാരാളം കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളതു ഒരു ജില്ലാജഡ്ജിയെന്നനിലയിലും ഒരു ഹൈക്കോടതിജഡ്ജി എന്നനിലയിലും ഇന്നത്തെ പ്രസിഡണ്ടവർകൾക്കുതന്നെ നല്ലപോലെ അനുഭവപ്പെട്ടുകാണുമെന്നാണ് എന്റെ വിശ്വാസം.

പ്രസിഡണ്ട്: റവന്യൂ ഉദ്യോഗസ്ഥന്മാരെപ്പററിയാണോ അതോ സിവിൽക്കോടതികളെപ്പററിയാണോ നിങ്ങൾ സംസാരിക്കുന്നതു്?

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവുംവടക്ക), റവന്യൂഉദ്യോഗസ്ഥന്മാർ. ആദായനികുതികമ്മീഷണർ പറയുന്നതു അപ്പീൽകൊടുത്തു പ്രതിവിധിനേടാൻ പാടില്ലെഎന്നാണ്. എന്നാൽ നാല്പതോ അൻപതോരൂപ അനീതിയായി ആദായനികുതി ചുമത്തുന്നപക്ഷം അതിനെ കുറയ്ക്കുന്നതിനു ഡിവിഷനസിസ്റ്റൻറുമുതൽ കമ്മീഷണർവരെ ചിലപ്പോൾ ദിവാൻജിവരെ അപ്പീൽ ബോധിപ്പിച്ചു ഇരുനൂറോ മുന്നൂറോ രൂപാ ചിലവാക്കി നിവാരണംതേടുകഎന്നുള്ളതു സാധ്യമല്ല. അതുകൊണ്ടു അനീതിയായി ചുമത്തപ്പെടുന്ന തുക കൊടുത്തു മൌനംഭജിക്കയാണ് ചെയ്യുന്നതു.

ഈ സംഗതികളെ പരിഹരിക്കുന്നതിനു ഞാൻ താഴെ ചില സംഗതികൾ നിർദ്ദേശിച്ചുകൊള്ളുന്നു.

ആദ്യമായി ഈ ഡിപ്പാർട്ടുമെൻറിനെ വേർതിരിച്ചു നല്ല പരിചയമുള്ള ഒരു ഡിപ്പാർട്ടുമെൻറു മേധാവിയുടെ കീഴിലാക്കണം. കണക്കുപരിചയമുള്ള കീഴ് ഉദ്യോഗസ്ഥന്മാരെ നിയമിക്കണം. ആദായനികുതി കൊടുക്കുന്ന കച്ചവടക്കാരുടെ അടുക്കൽ സർട്ടിഫയിഡ് ആഡിററർമാർപോയി കണക്കുപരിശോധിക്കാൻ വ്യവസ്ഥചെയ്യണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): ചാർട്ടേർഡ് അക്കൌണ്ടന്മാർ സർട്ടിഫൈചെയ്ത ബാക്കിപത്രങ്ങൾ ആദായനികുതി ഉദ്യോഗസ്ഥന്മാർ അവിശ്വസിച്ചുവരുന്നോഎന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക), ഉവ്വ്. അവ വിശ്വസിച്ചുവരുന്നു.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ തകരാറുകൾക്കു കാരണം ഇതാണ്. ഒന്നുകിൽ ജനപ്രതിനിധികൾ പറയുന്നതിനെ ഗവന്മെൻറു ഗൌരവമായി വിചാരിക്കുന്നില്ല, അല്ലെങ്കിൽ ഗവന്മെൻറു ഉത്തരവിനെ

വർമ്മെന്റ അനാദരിക്കുന്നു എന്നുള്ളതാണ്. ഈ നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ കമ്മീഷണർ കേട്ടോടെ ഫയൽ കൊണ്ടുവച്ചു കൊടുപ്പിട്ടുന്നതു ഞാൻ കണ്ടിട്ടുണ്ട്.

പ്രസിഡന്റ്: മി. ഉമ്മൻ ഇപ്പോഴത്തെ പ്രതിവാദത്തിനു അതിനു ഒരു ബന്ധവുമില്ല.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): സർ, ക്ഷമിക്കണം, ഞാൻ ഉദാഹരണം പറഞ്ഞുഎന്നേയുള്ളു. ഇങ്ങിനെയാണ് സംഗതികൾ നടക്കുന്നതു്. അതുകൊണ്ടു ഇതിനെസംബന്ധിച്ചു എന്തെങ്കിലും നിവാരണമാർഗ്ഗം ഉണ്ടാക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, തകരാറുകൾ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ നിവാരണം ഉണ്ടാക്കുന്നതാണെന്നു് വീണ്ടും വീണ്ടും പറഞ്ഞെങ്കിലും ചൂണ്ടിക്കാണിച്ചു ഒരു തകരാറും പരിഹരിക്കപ്പെട്ടിട്ടില്ല എന്നു മി. ഉമ്മൻ പ്രസ്താവിച്ചു. രേഖകളും പുസ്തകങ്ങൾ മടക്കിക്കൊടുക്കാത്ത പ്രത്യേക ഉദാഹരണങ്ങൾ തരുന്നതിനു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. എപ്പോഴെങ്കിലും ഏതെങ്കിലും പുസ്തകങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ടെങ്കിൽ അന്നേദിവസംതന്നെ അവ മടക്കിക്കൊടുക്കേണ്ടതാണെന്നും ആഫീസ് അടച്ചതിനുശേഷം ആ പുസ്തകങ്ങൾ ആഫീസിൽ വച്ചുകൊണ്ടിരിക്കരുതെന്നും, പരിശോധന അവസാനിച്ചിട്ടില്ലെങ്കിൽ പുസ്തകങ്ങൾ അടുത്തദിവസം കൊണ്ടുവരാൻ കക്ഷികളോടു പറയണമെന്നും, കാണിച്ചു ഒരു സർക്കുലർ ഞാൻ എല്ലാ കലക്ടർമാർക്കും അയച്ചിട്ടുണ്ട്. കഴിയുന്നതും കച്ചവടക്കാർ താമസിക്കുന്ന സ്ഥലത്തുതന്നെ പുസ്തകങ്ങൾ പരിശോധിക്കണമെന്നും ഞാൻ പറഞ്ഞിട്ടുണ്ട്. കഴിയുന്നിടത്തോളം ഞങ്ങൾ പരിഹരിക്കാവുന്നതെല്ലാം പരിഹരിച്ചുഎന്നു് എനിക്കു തോന്നുന്നു. കണക്കുകളെപ്പററിയല്ലായിരുന്നു പരാതികൾ. എന്നാൽ റൂളുകൾ അനുസരിച്ചു ചിലവുകൾ വകവെക്കുന്നില്ലഎന്നുള്ള വിസ്തൃതമായ സംഗതിയെപ്പററിയായിരുന്നു. അതു ഹൈക്കോടതിവിധികളുടെ വെറും വ്യാഖ്യാനം മാത്രമാകുന്നു. കണക്കുകൾ നോക്കുന്നതിനു പരിശോധകന്മാരായി ആറു ആദായനികുതി ഗുമസ്തന്മാർ ഞങ്ങൾക്കുണ്ടു. കൂടുതൽ ആളുകളുടെ ആവശ്യമുണ്ടെങ്കിൽ കൂടുതൽ ഫണ്ടിനു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കും. കൂടുതൽ ആവശ്യമുണ്ടെങ്കിൽ ഗവണ്മെന്റു അനുവാദം തരുമെന്നു എനിക്കു നിശ്ചയമാണ്. എനിക്കു കൂടുതലായിട്ടു എന്തെങ്കിലും പറയാനുണ്ടെന്നു എനിക്കു തോന്നുന്നില്ല

മി. എ. താണുപിള്ള (തിരുവനന്തപുരം): ആദായനികുതിവകുപ്പും ഭൂനികുതിവകുപ്പും പ്രത്യേകം പ്രത്യേകം ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കുന്നതിനുള്ള ആലോചനകൾ എന്തായി?

പ്രസിഡന്റ്: അതു നയത്തെപ്പററിയുള്ള ഒരു പ്രശ്നമാണ്.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): അതു നയത്തെപ്പററിയുള്ള ഒരു പ്രശ്നമാണ്. ഗവണ്മെന്റു അതു ആലോചിക്കും.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): ഈ ഉപക്ഷേപം വോട്ടിനിടുവാൻ ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡന്റ്: ഈ സംഗതിയിലുള്ള പ്രതിവാദം അവസാനിക്കുന്നതിനുമുമ്പു ഒന്നു രണ്ടു വാക്കുകൾ പറഞ്ഞാൽകൊള്ളാം. എന്തുകൊണ്ടെന്നാൽ ഈ പ്രതിവാദം ശ്രദ്ധിച്ചതിൽ ചില സ്ഥലങ്ങളിൽ ചില തെററിദ്ധാരണകൾ ഉള്ളതായിക്കാണുന്നു. ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിനെ സംബന്ധിച്ചു മെംബർമാർ പുറപ്പെടുവിച്ചു ഒരു പ്രധാനപരാതി മാന്യന്മാരായ കച്ചവടക്കാരുടെ കണക്കുകൾ അനുസരിച്ചു പ്രവൃത്തിക്കുന്നില്ലഎന്നും എന്നാൽ ആ കണക്കുകളെ സംബന്ധിച്ചു അവരെയക്കാൾ രഹസ്യാന്വേഷണങ്ങൾ എന്നു പറയുന്നവയുടെ ഫലത്തെയാണ് ആദരിക്കുന്നതുഎന്നുമാണ്. അപ്രകാരം ചെയ്യുന്നില്ലഎന്നും, ശരിയായി കണക്കുകൾ സൂക്ഷിച്ചിട്ടില്ലാത്ത കേസുകളിലോ, കണക്കുകൾ ശരിയായി സൂക്ഷിച്ചുവയല്ലെന്നു ഉത്തരവാദിത്വമുള്ള അധികാരികൾക്കു സംശയത്തിനു കാരണമുള്ള കേസുകളിലൊണ്ടുണ്ട് രഹസ്യാന്വേഷണങ്ങൾ നടത്തുന്നതെന്നു മി. റാബിൻസൺ സമാധാനംപറഞ്ഞു. ഇപ്രകാരമുള്ള കേസുകളിൽ രഹസ്യാന്വേഷണങ്ങൾ നടത്തിയതു, ആയാളെ നികുതി ചുമത്തുന്നതിനു അടിസ്ഥാനമായി ഒരു ഉദ്ദേശക കണ്ടുപിടിക്കുന്നതിനു, അയാളുടെ തൊഴിലു ആ സ്ഥലത്തു നടത്തുന്നവരുടെ ശരാശരി ചിലവു എന്താണെന്നു കണ്ടുപിടിക്കുന്നതിനാണ്. യോഗ്യന്മാരായ പരിശോധകന്മാർ ശരിയെന്നു സർട്ടിഫൈചെയ്ത കണക്കുകൾപോലും സ്വീകരിച്ചിട്ടില്ലെന്നും ചില മെംബർമാർ വിചാരിച്ചു. ആ നടപടിക്കണക്കുകൾ തള്ളുകയല്ലായിരുന്നുഎന്നും, ആദായനികുതി ചുമത്തുന്നതിനു ഏതു ചിലവുകൾ വകവയ്ക്കുമെന്നും, ഏതു ചിലവുകൾ വകവയ്ക്കാൻ പാടില്ലെന്നും കണക്കുകളിൽനിന്നും കണ്ടുപിടിക്കുന്നതിനായിരുന്നു എന്നും ആയിരുന്നു അതിനെ സംബന്ധിച്ചു മി. റാബിൻസന്റെ സമാധാനം. ആ തരകയുള്ള വരവുചിലവുകളെ സംബന്ധിച്ചേടത്തോളം പരിശോധകന്റെ റിപ്പോർട്ട് വിശ്വസിച്ചിരുന്നു. എന്നാൽ ആദായനികുതിയെ സംബന്ധിച്ചേടത്തോളം ഏതെല്ലാം ചിലവുകളാണ് ആദായത്തിൽനിന്നും കുറയ്ക്കാൻ അനുവദിക്കാവുന്നതു് എന്നും, ഏതെല്ലാമാണ് അനുവദിക്കാൻ പാടില്ലാത്തതെന്നും കണ്ടുപിടിക്കേണ്ടതു് ആദായനികുതി ഉദ്യോഗസ്ഥന്മാരാണ്. അതു നിയമത്തിന്റെ വ്യാഖ്യാനം—കോടതിവിധികളെ ആസ്പദമാക്കിയുള്ള വ്യാഖ്യാനത്തിനുള്ള കാര്യമാണ് എന്ന് മി. റാബിൻസൺ വിശദമാക്കി. കീഴുദ്യോഗസ്ഥന്മാർ ചിലപ്പോൾ, തങ്ങൾ ഡി. ഫാറം നോട്ടീസയക്കുന്ന ആളുകൾ ആദായനികുതി റെഗുലേഷൻപ്രകാരം ബാദ്ധ്യസ്ഥരാണോഎന്നു നോക്കാതെ ഡി. ഫാറം നോട്ടീസുകൾ അവർക്കു അയക്കുന്നുഎന്നും പ്രസ്താവിക്കപ്പെട്ടു. ആരംഭത്തിൽ അയച്ച ഡി. ഫാറം നോട്ടീസിന്റെ യഥാർത്ഥസ്വഭാവം മി. റാബിൻസൺ വിശദമാക്കി. നോട്ടീസ് അയക്കപ്പെട്ട ആളുകൾക്ക്, അവരെ ആദായനികുതി റെഗുലേഷൻകീഴിൽ കൊണ്ടുവരത്തക്ക ആദായം ഉണ്ടോ ഇല്ലയോ എന്നു കണ്ടുപിടിക്കുന്നതിന് പരീക്ഷാർത്ഥമുള്ള ഒരു നോട്ടീസുമാത്രമായിരുന്നു അതു. ചില കേസുകളിൽ യാതൊരു കാരണവും കൂടാതെ, പ്രഥമദൃഷ്ട്യാതന്നെ ൨൦൦൦ രൂപയ്ക്കു അടുത്തു ആദായമുള്ളവരല്ല എന്നു നല്ലപോലെ ഊഹിക്കുമ്പോൾ, റെഗുലേഷൻപ്രകാരം നികുതി ചുമത്തപ്പെടേണ്ടവരാകയാൽ, ഡി. ഫാറം നോട്ടീസുകൾ അയക്കേണ്ടവരായി അവരുടെ പേരുകൾ ചില കീഴുദ്യോഗസ്ഥന്മാർ കൊടുത്തതായി പ്രസ്താവിക്കപ്പെട്ടു. അപ്രകാരമുള്ള കേസുകൾ തന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതായാൽ, അപ്രകാരമുള്ള നടപടിക്ക് ഉത്തരംപറയുവാൻ കീഴുദ്യോഗസ്ഥന്മാരോട് ആവശ്യപ്പെടുന്നതാണെന്നു അതിനെപ്പററി മി. റാബിൻസൺ പറഞ്ഞു. അറിയം.

തെക്കയോ മററോ—അറിയാത്തതയാണെന്ന് എനിക്കു തോന്നുന്നു. കുറച്ചു വ്യക്തിപരമായ ദേഷം പ്രതിവാദത്തിൽ ആവിർഭവിച്ചു എന്ന എനിക്കു തോന്നുന്നു—അതിനു ഞാൻ തന്നെ ഒരു കാരണവും കാണുന്നില്ല. ഞാൻ ഈ സമാധാനങ്ങൾ അവസാനത്തിൽ പറയുന്നതു്, വ്യക്തിപരമായ ചില വാഗ്വാദങ്ങൾമൂലം ഉണ്ടായി കാണാവുന്ന ചില്ലറ അസുഖം ഈ വിഷയത്തിനെ ഒരു വിധത്തിലും ബാധിക്കുവാൻ അനുവദിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

മി. ഉമ്മൻ, നിങ്ങൾ ഇതു വോട്ടിനിടണമെന്നു നിർബന്ധിക്കുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): പ്രത്യേകഉദാഹരണം കാണിച്ചുകൊടുത്താൽ വേണ്ട നിവാരണമാർഗ്ഗം ഉണ്ടാക്കാമെന്നു കമ്മീഷണർ പറഞ്ഞതിനെപ്പററി രണ്ടുവാക്കു പറയാൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡൻറ: ഇവയെല്ലാം നിങ്ങൾ കുറച്ചുമുമ്പു പറയേണ്ടിയിരുന്നു. നിങ്ങളുടെ സ്വന്തനില വിശദപ്പെടുത്തുവാനല്ലെങ്കിൽ ഈ ഘട്ടത്തിൽ ഒരു പ്രസംഗം പറയുന്നതിനു നിങ്ങളെ അനുവദിക്കുവാൻ എനിക്കു തരമില്ല.

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): സാർ, ഇതിനെ സംബന്ധിച്ചു വേണ്ട നിവാരണമാർഗ്ഗം ഉണ്ടാക്കാമെന്നു ഗവൺമെൻറ വാഗ്ദാനം ചെയ്യുമെങ്കിൽ ഞാൻ ഉപക്ഷേപം പിൻവലിക്കാൻ തയ്യാറാണ്. അല്ലാത്തപക്ഷം ഇതു വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡൻറ: പറഞ്ഞതൊന്നുംകൊണ്ടും നിങ്ങൾക്കു തൃപ്തിയായിട്ടില്ലെങ്കിൽ, നിങ്ങൾക്കു തീർച്ചയായും അങ്ങിനെ പറയാം. നിങ്ങൾ ഉപക്ഷേപം വോട്ടിനിടുവാൻ നിർബന്ധിക്കുന്നുവോ എന്നു ഞാൻ ചോദിക്കുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സാർ, തർക്കവിഷയമെന്താണ്?

മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറ പ്രത്യേകം ഒരു മേലധികാരിയുടെ കീഴിൽ ആക്കണമെന്നുള്ളതാണ്.

പ്രസിഡൻറ: സഭയുടെ മുമ്പാകെയുള്ള ഉപക്ഷേപം, അച്ചടിച്ച ലിസ്റ്റിൽ മി. ഉമ്മൻെറ പേരിനു എതിരേയുള്ള ൧൧-ാം ഉപക്ഷേപമാണ്. അതായതു "എസ്റ്റാബ്ലിഷ് മെൻറിനുള്ള തുക രൂപ ൧൭൫൦-ൽ ൫൦൦ രൂപ കുറയ്ക്കണമെന്ന്."

ഉപക്ഷേപത്തിനു അനുകൂലികൾ ദയവുചെയ്തു കൈ ഉയർത്തണം.

വോട്ടുകൾ എണ്ണിയതിൽ ൧൫ പേർ ഉപക്ഷേപത്തിനു അനുകൂലികൾ എന്നു കണ്ടു.

ഉപക്ഷേപം പരാജയമായി പ്രഖ്യാപനം ചെയ്തു.

൧൨-ഉം ൧൩-ഉം ഉപക്ഷേപങ്ങൾ

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല;

മി. പി. എസ്. മുഹമ്മദ്. രണ്ടാം അപേക്ഷയിൽ നീക്കിവെച്ചുള്ള രൂ. ൫൭,൩൩൩-ൽ ൫ രൂപ കുറയ്ക്കണമെന്ന്

മി. കെ. പി. നീലകണ്ഠപ്പിള്ള. രണ്ടാം അപേക്ഷയിൽ നീക്കിവച്ചിട്ടുള്ള രൂ. ൫൭,൩൩൩ ൽ ൫൦൦ രൂപ കുറയ്ക്കണമെന്ന്.

പ്രസിഡൻറ: മററ ഉപക്ഷേപങ്ങൾ ഇല്ലാത്തതിനാൽ ഈ അപേക്ഷ സഭയുടെ വോട്ടിനിടുന്നു. അപേക്ഷ രണ്ടാംനമ്പർ ആവശ്യത്തിലുള്ള നികുതിരൂപ ൫൭,൩൩൩, ൫൦൦ രൂപ കുറച്ചു നീക്കി.

അപേക്ഷ ൩. എക്സൈസ് വകുപ്പ്.

പ്രസിഡൻറ: അപേക്ഷ ൩—എക്സൈസ് വകുപ്പ്. ഇതിലേയ്ക്കു സഭ ഇപ്പോൾ പ്രവേശിക്കുന്നതാണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സാർ, അപേക്ഷ ൩-ാം നമ്പരിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ൩൨,൫൭,൬൩൨ രൂപയിൽ കവിയാത്ത ഒരു ഗ്രാൻറിനു ഒരു പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഉപക്ഷേപം ൧൪.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

എസ്റ്റാബ്ലിഷ്മെൻറിനു നീക്കിവച്ചിട്ടുള്ള ൧൦൬൭ രൂപയിൽ ൬൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപം ൧൫.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): "പൊന്നുംവിലചാർജസിന് നീക്കിവച്ചിട്ടുള്ള ൫൦൦൦ രൂപ കുറയ്ക്കണമെന്ന്" ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

പൊന്നുംവില കൊടുക്കത്തക്കനസ്ഥലം എന്തിനാണ് എന്നു എക്സൈസ് കമ്മീഷണരിൽനിന്നും അറിയുന്നതിനാണ് ഞാൻ ഈ പ്രമേയം ഹാജരാക്കുന്നതു്. അതിൻെറ ഉദ്ദേശത്തെ വിശദീകരിക്കുന്ന ഒരു നോട്ടോ അല്ലെങ്കിൽ ഏതെങ്കിലുമോ ഉണ്ടായിരുന്നെങ്കിൽ ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുകയില്ലായിരുന്നു. അതിനാൽ ഈ ചിലവുകൾ എന്തിനാണെന്നു പറയണമെന്നു ഞാൻ എക്സൈസ് കമ്മീഷണരോടു അപേക്ഷിക്കുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): തുമരക്കുളം ശുചീന്ദ്രത്തുനിന്നും നാലു മൈൽ അകലെ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ്. വെളിക്കാറിനു വരുന്നവർക്ക് താമസിക്കുവാൻ സൌകര്യമായി അവിടെ വല്ലതെ വീടുകൾ ഇല്ല, ആകയാൽ...

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ഈ തുക കഴിഞ്ഞകൊല്ലത്തേക്കാണോ അതോ മുൻകൊല്ലങ്ങൾക്കു കൂടിയാണോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ പറയാം. അവിടെ ഒരു അസിസ്റ്റൻറ കമ്മീഷണരും ഏഴ് ഇൻസ്പെക്ടർമാരും ഒരു വലിയസ്റ്റാഫ് ശിപായിമാരും മററു ആഫീസർമാരും ഉണ്ട്.

ഇവർക്കു എല്ലാം അവിടെ താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കണം. കുറെ പ്രൈവറ്റ് ആഫീസർമാർക്കും ശിപായിമാർക്കും ഇൻസ്പെക്ടർമാർക്കും ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഫണ്ട് ഗവൺമെന്റ് അനുവദിച്ചുകഴിഞ്ഞു. അവ പണിതുകഴിഞ്ഞു. അസിസ്റ്റന്റുകമ്മീഷണർക്കും ക്ലർക്ക്സിനും ക്വാർട്ടേഴ്സ് ആവശ്യമുണ്ട്. ഫണ്ടും ഗവൺമെന്റു അനുവദിച്ചിട്ടുണ്ട്.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മന്ത്രി): അദ്ദേഹം എത്രഏക്കർ സ്ഥലം എടുക്കണമെന്നു വിചാരിക്കുന്നു എന്നറിഞ്ഞാൽ കൊള്ളാം?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എനിക്കു നല്ല നിശ്ചയമില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മന്ത്രി): പിന്നെ എന്തു അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം ഫണ്ടു നിശ്ചയിച്ചതു് എന്നറിഞ്ഞാൽകൊള്ളാം?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതു് ഒരു ഉദ്ദേശമാത്രമാണ്. പക്ഷേ കൂടുതലുള്ള ആവശ്യപ്പെട്ടേക്കാം. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കും അദ്ദേഹത്തിന്റെ സ്റ്റാഫിനും ക്വാർട്ടേഴ്സ് പണിയുന്നതിനു ഫണ്ട് അനുവദിച്ചുകഴിഞ്ഞു. എന്നാൽ സ്ഥലം എടുത്തിട്ടില്ല. അതുകൊണ്ടു ഞാൻ ഫണ്ട് ആവശ്യപ്പെടുന്നു. അതു കായലിന്റെ കിഴക്കുവശത്തുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചടത്തോളമാണ്. പടിഞ്ഞാറുവശം എടുത്താൽ നാലു ഫാക്ടറികൾ ഉണ്ട്. ഉദ്ദേശം ഒരു ഏക്കറോളം സ്ഥലമുണ്ടെന്നു തോന്നുന്നു. കൂടുതൽസ്ഥലം ആവശ്യപ്പെട്ടേക്കാം. ഈ ചിലവുകൾക്കെല്ലാമാണ് ഞാൻ ഫണ്ട് ആവശ്യപ്പെട്ടതു്. ഇപ്പോൾ ഞാൻപറഞ്ഞ സമാധാനംകൊണ്ടു എന്റെ സ്നേഹിതൻ തൃപ്തിപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

സംഗതി ഇതാണ്. ഫാക്ടറികൾക്കു അടുത്തു സൗകര്യമായ വീടുകളില്ലെങ്കിൽ അവർ ദൂരസ്ഥലങ്ങളിൽ താമസിക്കേണ്ടിവരും പ്രകൃത്യാ ജോലിക്കും വിഘ്നം ഉണ്ടാകും. ഉപ്പളങ്ങൾക്കു കാവലുവേണം. രാത്രി കാവൽക്കാരെ കൂടക്കൂടെ പരിശോധനചെയ്യണം. ഈ ആവശ്യങ്ങൾക്കെല്ലാം അടുത്തു ഇൻസ്പെക്റ്റിംഗ് ആഫീസരും സ്റ്റാഫും താമസിക്കേണ്ടതു അത്യന്താപേക്ഷിതമാണ്.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മന്ത്രി): ഇപ്പോൾ എക്സൈസ് കമ്മീഷണർ പറഞ്ഞതിൽനിന്നും ഇതു് ഇൻസ്പെക്ടറന്മാരുടെ ക്വാർട്ടേഴ്സിനു സ്ഥലം എടുക്കുന്നതിനാണ് എന്നു മനസ്സിലായി. എന്നാൽ എത്ര ഏക്കർസ്ഥലം എടുക്കണമെന്നും അതിനു ചിലവു എന്തെന്നും ചോദിച്ചതിൽ അദ്ദേഹത്തിനു മറുപടിപറയുവാൻ സാധിക്കുന്നില്ല. എന്തിനാണ്, എത്രമാത്രം വേണം, ഏകദേശചിലവു എത്രയായിരിക്കും എന്നു കണക്കാക്കാതെ ഉദ്യോഗസ്ഥന്മാർ ബഡ്ജറ്റുകൾ ഉണ്ടാക്കിയാൽ ഈ തുക ഈ കൌൺസിലിനു തന്നെ മതിയാകുമോ അതോ ഒരു സപ്ലിമെന്ററി ഗ്രാൻറുമായി അദ്ദേഹം വരുകയില്ലേ ഈ കൌൺസിലിൽതന്നെ വരുമോ എന്നതാണ് എന്റെ സംശയം. സാർ, ഏതായാലും താമരക്കുളത്തു ഇൻസ്പെക്ടർമാർക്കു ക്വാർട്ടേഴ്സിനു ഈ തുക ആവശ്യമാണെന്നു കാണുന്നതിനാൽ ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൩൨.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ ഉപ്പളങ്ങൾക്കു നീക്കിവെച്ചിട്ടുള്ള ൧൦൦൦ രൂപയിൽനിന്നു ഒരു രൂപാ കുറയ്ക്കണമെന്നു ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു. നമ്മുടെ സംസ്ഥാനത്തെ ഉപ്പു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ അത്യാവശ്യത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പതിപ്പിക്കുന്നതിനാണ് ഞാൻ ഈ പ്രമേയം ഹാജരാക്കുന്നതു്. അഭിവൃദ്ധിയിൽ ഇരിക്കുന്ന ഏതൊരു പരിഷ്കൃതരാജ്യത്തിന്റെയും പലതും കഴിയുന്നതു എല്ലാ സംഗതികളിലും പ്രത്യേകിച്ചു് ജീവിതസന്ധാരണത്തിനു അത്യാവശ്യമായവ പുറപ്പെടുവിക്കുന്നതിൽ അതിൽതന്നെ പൂർണ്ണമായിരിക്കണം എന്നുള്ളതായിരിക്കണം. ഉപ്പ് മനുഷ്യർക്ക് ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരാവശ്യമായി തീർന്നിരിക്കയാണെന്നു നമുക്കറിയാം. നമ്മുടെ ഭാഗ്യംകൊണ്ടു തിരുവിതാംകൂറിൽ നമുക്കു ആവശ്യമുള്ള ഉപ്പ് പുറപ്പെടുവിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ധാരാളംഉണ്ട്. എന്നാൽ ഈ വ്യവസായം മുമ്പോട്ടു കൊണ്ടുപോകുന്നതു ഗവൺമെന്റ് ഗൗരവമായിട്ടു എടുത്തിട്ടില്ലെന്നും ഉപ്പു വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്ന സംഗതിയിൽ ഗവൺമെന്റു കഴിയുന്നതെല്ലാം ചെയ്യുന്നില്ലെന്നുള്ളതുമാണ് പ്രയാസം. ഈ വകുപ്പിന്റെ ഒടുവിലത്തെ ഭരണറിപ്പോർട്ടിൽനിന്നും തെക്കൻതിരുവിതാംകൂറിൽ ഉദ്ദേശം ൭൦൦ ഏക്കർ ഉപ്പളങ്ങൾ ഉണ്ടെന്നു കാണുന്നു.

൧൧൦൯-ൽ ഉണ്ടാക്കിയ ഉപ്പു ൧൦ ലക്ഷം മണ്ടാണ്. ൧൧൧൦-ൽ ഈ സംഖ്യ ൭ ലക്ഷമായി കുറഞ്ഞു. കാലാവസ്ഥയുടെ പ്രാതികൂല്യമാണ് ഇതിനു കാരണം എന്നു കമ്മീഷണർ പറഞ്ഞേക്കാം. അതു ഒരു കാരണമായിരുന്നേക്കാം എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഞാൻ പറയുന്നതു് ഉപ്പളങ്ങൾ നന്നാക്കുന്നതിന് ഗവൺമെന്റിന്റെ അശ്രദ്ധയും അതു വേണ്ടവിധത്തിൽ സൂക്ഷിക്കാത്തതുമാണ് അതിനുള്ള പ്രധാനകാരണം. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ റിപ്പോർട്ടു ഞാൻ നോക്കി. അതുങ്ങൾ നന്നാക്കുന്നതിൽ ഉപേക്ഷകാണിച്ചുഎന്ന് കമ്മീഷണർ തുടരെ പരാതിപ്പെട്ടുകാണുന്നു. ഉണ്ടാക്കപ്പെട്ട ഉപ്പിന്റെ കുറവിനുകാരണം ഉണ്ടാക്കിയവരുടെ ഉപേക്ഷയും ലൈസൻസ് എടുത്തവർ തമ്മിലുള്ള വഴക്കുമാണെന്നും അദ്ദേഹം പറയുന്നു. സാർ, ലൈസൻസ് എടുത്തിട്ടുള്ളവർ ഉപേക്ഷകൂടാതെ ഈ ജോലികൾ ചെയ്യുന്നുണ്ടോ എന്നു നോക്കുവാൻ ഗവൺമെന്റിനു സാധിക്കയില്ലയോ എന്നു ഞാൻ ചോദിക്കുന്നു. ഉപ്പളങ്ങൾ ശരിയായവിധത്തിൽ നന്നാക്കുന്നതിനു ഗവൺമെന്റിനു സാധിക്കയില്ലയോ.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മന്ത്രി): ഉണ്ടാക്കപ്പെടുന്ന ഉപ്പിന്റെ ശുദ്ധിയെപ്പറ്റി മെമ്പറിനു വല്ലതും പറയാനുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അതിനെസംബന്ധിച്ചു മെമ്പറിനോടു പറയുന്നതു്, ഈ സംഗതിയെപ്പറ്റി മുമ്പൊരവസരത്തിൽ ഈ സഭയിൽ പ്രതിവാദിക്കപ്പെട്ടപ്പോൾ—൧൧൦൯-ലെ ബഡ്ജറ്റ് സമ്മേളന സമയത്താണെന്നു തോന്നുന്നു—ഉപ്പിന്റെ നല്മയെപ്പറ്റി പ്രതിവാദിച്ചപ്പോൾ ഇവിടെ ഉണ്ടാക്കിയ ഉപ്പ് വ്യവസായവിദഗ്ദ്ധർ പരിശോധിച്ചു എന്നും ഇറക്കുമതിചെയ്യപ്പെടുന്ന ഉപ്പിനോടൊപ്പം ഗുണമുള്ളതാണെന്നുകണ്ടു എന്നും കമ്മിഷണർ പറഞ്ഞുഎന്നാണ്.

മി. എസ്. പരമേശ്വരൻപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ആ സമാധാനംകൊണ്ട് മെമ്പർ തൃപ്തിപ്പെടുന്നുവോ?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മി. ചാക്കോ പറയുന്നതു നാം സ്വീകരിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യവസായകാര്യങ്ങളിൽ അദ്ദേഹം ഒരു വിദഗ്ദ്ധനാണെന്നാണ് വിചാരിച്ചുവരുന്നതു്. അതുകൊണ്ടു നാം തൃപ്തിപ്പെടണമെന്നു എനിക്കു തോന്നുന്നു.

ഈവകപ്പ് ഉപ്പളങ്ങൾ നന്നാക്കുന്നതിൽ കാണിച്ചുവരുന്ന അനാസ്ഥയെ വിശദപ്പെടുത്തുന്ന ഒരു രസകരമായ ഉദാഹരണത്തിനു ൧൧൦൨-ലെ മരാമത്തുറിപ്പോർട്ടിലെ പണ്ഡിതനായ എക്സൈസ് കമ്മീഷണരുടെ പ്രസ്താവനയിലേക്കു സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ശ്രീമൂലം കൃഷ്ണമണി അളങ്ങളെപ്പററി കമ്മീഷണർ ഇപ്രകാരം പറയുന്നു.

"ഫാക്ടറിയുടെ പ്ലാറഫാറത്തിനു വേണ്ട വിസ്തീർണ്ണമില്ല. അതിന്റെ വടക്കേഅററത്തുനിന്നും ഉദ്ദേശം രണ്ടു ഫർലാങ്ങോളം ആറു് ൧൧൦൧-ലെ വെള്ളപ്പൊക്കനിരപ്പിനെക്കാൾ ഉയർന്നനിരപ്പിലാണ്. ഉദ്ദേശം മുക്കാൽമൈൽ വരുന്ന ശിഷ്ടഭാഗം പ്ലാറഫാറം വളരെ താണതാണ്. പ്ലാറഫാറത്തിന്റെ ഏററവും ഉയർന്ന ഭാഗത്തിന്റെ തെക്കേഅററത്തുനിന്നും ഉദ്ദേശം രണ്ടു ഫർലാങ്ങോളം കരിങ്കൽമതിൽ രണ്ടു അടി ഉയർത്തി. ഈ ഭാഗത്തു് അവിടെയും ഇവിടെയും ചില ഭാഗങ്ങൾ സാധാരണ വെള്ളപ്പൊക്ക നിരപ്പിൽനിന്നും ഉയർത്തിയിട്ടുണ്ടെങ്കിലും, പല സ്ഥലത്തും അങ്ങും ഇങ്ങും ഉപ്പുശേഖരിക്കുന്നതിനു കുറെ ഉയർത്തിയ സ്ഥലങ്ങളുമായി പ്ലാറഫാറം വളരെ താണുകിടക്കുന്നു. മേൽപ്രസ്താവിച്ച ഭാഗങ്ങളൊഴിച്ചു പ്ലാറഫാറം ൧൧൦൧-ലെ വെള്ളപ്പൊക്കത്തിനുമുമ്പുള്ള നിരപ്പിൽതന്നെ സ്ഥിതിചെയ്യുന്നു. തെക്കേചിറ ബലമില്ലാത്തതാണ്. ശ്രീമൂലം ഗോപാലപുരത്തിനും ശ്രീമൂലംകൃഷ്ണമണിക്കും ഇടയ്ക്കുള്ള ചിറയും ദുർബലമാണ്."

വീണ്ടും ൧൧൦൩-ലെ റിപ്പോർട്ടിൽ അദ്ദേഹം ഇപ്രകാരം പറയുന്നു.

"പ്ലാറഫാറത്തിന്റെ ഏററവും തെക്കേഭാഗത്തെ കരിങ്കൽമതിൽ പൊക്കേണ്ടതായിത്തന്നെയിരിക്കുന്നു. തെക്കേചിറ ബലപ്പെടുത്തുകയോ കേടുപോക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറിയിൽ ശേഖരിക്കുന്നതിനും ഉണക്കുന്നതിനുംവേണ്ടിടത്തോളം സ്ഥലമില്ല. തെക്കേചിറയോടുചേർന്നു കൂടുതൽ പ്ലാറഫാറങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. കിഴക്കേപ്ലാറഫാറം കുറെക്കൂടി വിസ്തീർണ്ണപ്പെടുത്തുകയും ചെയ്യും. കിഴക്കേപ്ലാറഫാറം വെള്ളപ്പൊക്കത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനു ഉയർത്തുകയുംവേണം."

വീണ്ടും ൧൧൦൮-ലെ റിപ്പോർട്ടിൽ കഴിഞ്ഞകൊല്ലങ്ങളിൽ പ്രസ്താവിച്ച ജോലികൾ ഇനിയും ചെയ്തിട്ടില്ല എന്നു അദ്ദേഹം പറയുന്നു. ഇതിൽനിന്നും കഴിഞ്ഞ മൂന്നു വർഷങ്ങളായി പണ്ഡിതനായ എക്സൈസ് കമ്മീഷണർ യാതൊരു ഫലവുമില്ലാതെ പരാതിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു നാം കാണുന്നു. സാർ, ഈ സംസ്ഥാനത്തു ഉപയോഗിക്കുന്ന ഉപ്പ് ൧൨ ലക്ഷംമണുവാണ്. ൧൧൦൩-ൽ ഉണ്ടാക്കിയ ഉപ്പിന്റെ അളവിൽനിന്നും നമുക്കു യഥാർത്ഥത്തിൽ ആവശ്യമുള്ള ഉപ്പിന്റെ അളവിനോടടുത്തുവരുന്നതായി കാണുന്നു. ഗവൺമെന്റു ഈവിഷയത്തിൽ കൂടുതൽ ജാഗ്രതകാണിക്കുമെങ്കിൽ, സംഗതികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനു കുറെക്കൂടി ശ്രദ്ധിക്കുമെങ്കിൽ നമുക്കു ആവശ്യമുള്ള ഉപ്പ് മുഴുവനും അടുത്തുതന്നെ നമുക്കു ലഭിക്കും. ഉദ്ദേശം രണ്ടുവർഷങ്ങൾക്കു മുമ്പു ഈ വിഷയംതന്നെ പ്രതിപാദിച്ചു. കുറെ അളങ്ങൾകൂടി തുടങ്ങുന്നതിനു സാധിക്കുമോ എന്നന്വേഷിക്കുന്നതാണ് എന്നു കമ്മീഷണർ പറയുകയുംചെയ്തു. ആ സംഗതിയിൽ കമ്മീഷണരുടെ അന്വേഷണം തിരുവിതാംകൂറിന്റെ ഇതരഭാഗങ്ങളിലേക്കും കൂടി തിരിക്കേണ്ടതാണ്. മുൻകാലങ്ങളിൽ തെക്കൻ തിരുവിതാംകൂറിൽ കൂടുതൽവിസ്തീർണ്ണം സ്ഥലം ഉപ്പുവ്യവസായത്തിലിരുന്നു.

മി. പി. ശേഷാദ്രിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഏതുഭാഗത്തെന്നു ദയവുചെയ്തുപറയണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തെക്കൻതിരുവിതാംകൂറിലെ ഇപ്പോഴത്തെ അളങ്ങളുടെ സമീപത്തു സ്ഥലംസൂക്ഷ്മമായി ഞാൻ ഓർക്കുന്നില്ല. ചിലഭാഗങ്ങൾ പതിക്കപ്പെട്ടുപോയി. അതിനാൽ വ്യവസായത്തിലിരിക്കുന്ന സ്ഥലംചുരുങ്ങി. അതുകൊണ്ടു ഞാൻപറയുന്നതു തെക്കൻതിരുവിതാംകൂറിൽ മാത്രമല്ല തിരുവിതാംകൂറിന്റെ ഇതരഭാഗങ്ങളിലും കൂടുതൽസ്ഥലം ഉപ്പുവ്യവസായത്തിൽ കൊണ്ടുവരേണ്ടതു ഗവൺമെന്റിന്റെ ചുമതലയാണ്. ഉദാഹരണമായി നീണ്ടകര മുമ്പു ഉപ്പുവ്യവസായമുണ്ടായിരുന്നു. മദ്ധ്യതിരുവിതാംകൂറിലും കുറെസ്ഥലങ്ങൾ തിരഞ്ഞെടുക്കാം. ഗവൺമെന്റിന്റെയും എക്സൈസ്കമ്മീഷണരുടെയും ഗൗരവമായ ആലോചനക്ക് ഈ സംഗതികൾ ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

ഉപ്പുവകുപ്പ് എക്സൈസിൽനിന്നും വേർപെടുത്തി അതു ഉപ്പുവ്യവസായത്തിൽ ശാസ്ത്രീയജ്ഞാനമുള്ള ഒരു ആളിന്റെ കീഴിലാക്കണമെന്നും ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. ജനങ്ങളുടെ നന്മയെ കരുതി ഗവൺമെന്റു ഈ നിർദ്ദേശങ്ങൾക്കു വഴിപ്പെടുമെന്നു ഞാൻവിചാരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ഉത്തരതിരുവിതാംകൂറിൽ അഭിവൃദ്ധിയുള്ള ഒരു വ്യവസായമാക്കാമെന്നാണോ മെമ്പറിന്റെ അഭിപ്രായം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര). നിശ്ചയമായും. ൧൧൦൩-ലും ൧൧൦൮-ലും നമ്മുടെ സംസ്ഥാനത്തു ഉപയോഗിച്ച ഉപ്പിന്റെ പകുതിയിൽ കൂടുതൽ ഇവിടെ ഉണ്ടാക്കിയതാണെന്നു നാം കാണുന്നു. അതിനാൽ ഇവിടെ ഉണ്ടാക്കുന്ന ഉപ്പു ജനങ്ങൾ വാങ്ങിക്കുന്നില്ല എന്നുപറയാൻപാടില്ല. അവർക്കു ഇവിടെ ഉണ്ടാക്കുന്ന ഉപ്പു കൂടുതൽ കൂടുതൽ ഇഷ്ടപ്പെട്ടുവരികയാണ്. ഈ സംഗതികൾ ഗവൺമെന്റിന്റെ ആലോചനക്കും സഭയുടെ പ്രതിപാദത്തിനും വിഷയമാക്കുന്നതിനാണു ഞാൻ ഈ ഉപക്ഷേപം സഭയുടെ സ്വീകരണത്തിന് ഹാജരാക്കിയതു.

മി. ടി. സി. കേശവപിള്ള (കണക്കളം—വാമവംകോട്ട): മി. എൻ. കെ. കൃഷ്ണപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. തെക്കൻ തിരുവിതാംകൂറിൽ മുൻകാലത്തു ഇപ്പോഴുള്ളതിൽ കൂടുതലായ അളങ്ങളുണ്ടായിരുന്നു എന്നുള്ളതു ഒരുപരമാർത്ഥമാണ്. കുളച്ചൽ കമ്പനിക്കാർ ഇരിക്കുന്നസ്ഥലം മുതൽ മണക്കുടിക്കു തെക്കുവരെയുള്ള സ്ഥലത്തിനു പഴയ അളങ്ങളുടെ പേരുകൊണ്ടുതന്നെ ഈ സംഗതിവാസ്തവമാണെന്ന് ഏവർക്കും അറിയാവുന്നതാണ്. എന്നാൽ ഈ സ്ഥലത്തു ഉപ്പുവിളയുന്നതിനുപക

രം ഭേങ്ങളായും ചില സ്ഥലങ്ങളിൽ വെള്ളം തുണ്ട് വിളയുന്നതു. ഈ സ്ഥലം ഒരു ൧൦൦ കൊല്ലത്തിനു മുമ്പു നല്ല പുളങ്ങളായിരുന്നു എന്നും അവിടെ വിളഞ്ഞു കൊണ്ടിരുന്ന ഉപ്പു കൊട്ടാരം ആവശ്യത്തിനുകൂടി വാങ്ങിച്ചുവന്നിരുന്നുവെന്നും ഉപ്പു സംഗതി കണ്ട്രാക്ടർമാരിൽ നിന്നും എനിക്കറിവുണ്ട്. എന്നാൽ സമീപകാലത്തു എക്സയിസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഈ അളംകണ്ട്രാക്ടർമാരെ ശരിയായരീതിയിൽ സഹായിക്കാത്തതുകൊണ്ടു ഇവരുടെ ഉപയോഗശൂന്യമായി കിടന്നുപോയിട്ടുള്ളതും ഇപ്പോഴും ഉപയോഗശൂന്യമായിത്തന്നെ കിടക്കുന്നതുമാകുന്നു. സർവ്വേ റിപ്പോർട്ട് എട്ടാമത്തെ വകുപ്പിൽ മൂന്നു വിഭാഗങ്ങളായി തിരുവയെസംബന്ധിച്ചിട്ടുള്ളതും പറഞ്ഞുകാണുന്നുണ്ടു. അതായതു മൊണോപ്പളി, എക്സയിസ് സിസ്റ്റം ഇതുരണ്ടും ചേർന്ന രീതി എന്നിങ്ങനെ മൂന്നു രീതിയിലാണു തിരുവ പിരിച്ചുവരുന്നതു.

മി. പി. ഗോമതിനായകംപിള്ള (എക്സയിസ് കമ്മീഷണർ): ചെറിയ ഫാക്ടറിയിലെ ലൈസൻസു എടുത്തവർ എപ്പോഴാണു അപ്രകാരം ഒരു ആഗ്രഹം വെളിപ്പെടുത്തിയതു എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവംകോട്): കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി അവർ എന്നോടു പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോഴും എനിക്കു അവരിൽനിന്നും ഒരു ആവലാധി കിട്ടിയിട്ടുണ്ടു.

മി. പി. ഗോമതിനായകംപിള്ള (എക്സയിസ് കമ്മീഷണർ): ഇതേസംഗതിയെപ്പററി ഞാൻ അവരോടു ചോദിച്ചപ്പോൾ മറേറതു ഏർപ്പാടിനേക്കാളും മൊണോപ്പളി സിസ്റ്റമാണു അവർക്കു ഇഷ്ടം എന്നു അവർ എന്നോടു പറഞ്ഞു എന്നു ഞാൻ മെമ്പറിനോടു പറഞ്ഞുകൊള്ളട്ടെ. അപ്രകാരം അവർ ഹർജിപോലും കൊടുത്തിട്ടുണ്ടെന്നു തോന്നുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവംകോട്): അതുകൾ ടികറെയും വളരെ അനുകൂലമായിട്ടുള്ളതാണു. കുളച്ചൽ അളത്തിൽ അങ്ങിനെയില്ലെന്നാണു കണ്ട്രാക്ടർമാരുടെ അഭിപ്രായം.

മി. പി. ഗോമതിനായകംപിള്ള (എക്സയിസ് കമ്മീഷണർ): അധികം ആളുകളും എന്നോടു പറഞ്ഞതു മോഡിഫൈയിഡ് എക്സയിസ് ഫ്ളാറിനുകളെയാണു.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): അവരുടെ പ്രതിനിധിയെന്ന നിലയിലാണു ഞാൻ പറയുന്നതു.

മി. വി. ചെല്ലംപിള്ള (തോവാള): ഇതിൽ ഏതാണു ലാഭം, മൊണോപ്പളി സിസ്റ്റം (കുത്തക ഏർപ്പാടു) അനുസരിച്ചു വേല ചെയ്താൽ ലാഭമോ അതല്ല എക്സൈസ് സിസ്റ്റമനുസരിച്ചു വേല ചെയ്താൽ ലാഭമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): എക്സയിസ് സിസ്റ്റമാണു ലാഭം. [illegible] തിരുവപിരിവിൽ കുളച്ചൽ അളക്കാർക്കു ആനുകൂല്യങ്ങൾ ഒന്നുമില്ല. അളങ്ങൾ നന്നാക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുമില്ല. സമീപത്തുള്ള പാമ്പൂരിപ്പായൽ ചാലിൽനിന്നു ഉററു അളത്തിനകത്തുകൂടി പാഞ്ഞുപോകുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുത്താൽ നന്നായിരിക്കുമായിരുന്നു. എന്നാൽ സമീപത്തുള്ള എ. വി. എം. കനാൽവഴി വെള്ളം കയററിക്കൊണ്ടുപോകണമെന്നാണു എക്സയിസ് കമ്മീഷണരുടെ അഭിപ്രായം. സമുദ്രത്തിൽനിന്നുള്ള പാറക്കെട്ടുകളിൽനിന്നും കുഴൽവച്ചു വെള്ളം അളങ്ങളിലേക്കു കൊണ്ടുവരണമെന്നും അസിസ്റ്റൻറു കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ടു. ഇങ്ങനെയുള്ള അസൗകര്യങ്ങളെപ്പററിയെല്ലാം ഗവണ്മെൻറിനെ അറിയിച്ചിട്ടും യാതൊരു സഹായവും ചെയ്തുകൊടുത്തിട്ടില്ല. കഴിഞ്ഞ കൊല്ലത്തുതന്നെ കാലാകാലങ്ങളിൽ വെള്ളം ഇറക്കുന്നതിനു പമ്പു ഇല്ലാതിരുന്നതുകൊണ്ടു ശരിയായ ആദായം കിട്ടിയിട്ടില്ല. അതിനാൽ ഈ അളംവ്യവസായികൾക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇതിനുപുറമെ തിരുവിതാംകൂറിൽ ഹോംസാൾട്ടുവിററു തീർന്നശേഷം മാത്രമെ വിദേശ ഉപ്പുകൾ വരുത്താവൂ എന്നു എക്സയിസ് കമ്മീഷണർ വിചാരിച്ചു പ്രവൃത്തിക്കുന്ന പക്ഷം തിരുവിതാംകൂറിൽ ഉപ്പുവ്യവസായം നല്ലസ്ഥിതിയിൽ വരികയും അന്യനാട്ടിൽനിന്നും ഉപ്പുവരുത്തേണ്ട ആവശ്യം ഇല്ലാതാക്കുകയും ചെയ്യും.

മി. വി. ചെല്ലംപിള്ള (തോവാള): സർ, തിരുവിതാംകൂറിൽ നമ്മുടെ ഉപയോഗത്തിനു ആവശ്യമുള്ള ഉപ്പു ൧൨ ലക്ഷം മണു മാത്രമാണു. അതിൽ നമ്മുടെ സംസ്ഥാനത്തു ശരാശരി ൩ ലക്ഷം ഉണ്ടാക്കുന്നുണ്ടു. ബാക്കിയും ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും വരുത്തുന്നുമുണ്ടു.

മി. എൻ. കെ. കുഞ്ഞുപിള്ള (കരുനാഗപ്പള്ളി): കഴിഞ്ഞ കൊല്ലത്തിൽ ൩ ലക്ഷത്തിൽ കൂടുതൽ ഉണ്ടാക്കി എന്നു മെമ്പറിനു അറിയാമോ?

[illegible] മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ പറഞ്ഞതു ശരാശരി എന്നുമാത്രമാണു. ചില വ്യത്യാസങ്ങൾ കണ്ടേക്കാം. തെററു തിരുത്തുന്നതു സന്തോഷമാണു. തെക്കൻ തിരുവിതാംകൂറിലുള്ള മൊണോപ്പളി ഫാക്ടറികൾക്കു വേണ്ട ഉപ്പുവെള്ളം കൊടുക്കുകയും തക്കതായ പ്രതിഫലം ലഭിക്കത്തക്ക ഏർപ്പാടുകൾ ചെയ്യുകയും ചെയ്താൽ ൧൨ ലക്ഷം മണു പുറപ്പെടുവിക്കാമെന്നു കഴിഞ്ഞ ബഡ്ജററു സമ്മേളനാവസരത്തിൽ ഞാൻ ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു. ഇതു ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ടു. മൊണോപ്പളി ഫാക്ടറികളിലെ ലൈസൻസ് എടുത്തവർക്കു വ്യവസായത്തിനു നല്ല ഉപ്പുവെള്ളമില്ല. അതുകൊണ്ടു പ്രതിഫലം കിട്ടുന്നതിനു ചിലവുപോലും കിട്ടുന്നതിനു അവർക്കു സാധിക്കുന്നില്ല. അപ്പോൾ ഒരു ചോദ്യം ചോദിച്ചേക്കാം. ലൈസൻസ് എടുത്തവർ എന്തിനു ഉപ്പുണ്ടാക്കുന്നു? ഉപ്പളങ്ങൾ വെറുതെ ഇടരുതോ? എന്നാൽ ഉപ്പളങ്ങൾ വെറുതെ ഇട്ടിരുന്നാൽ ലൈസൻസ് റദ്ദുചെയ്യുന്നതും ലൈസൻസ് എടുത്തവരുടെ സ്ഥാനം നഷ്ടപ്പെടുന്നതുമാണു. ഈ ഉപ്പളങ്ങൾ തങ്ങളുടെ കൈവശത്തിൽ വെച്ചിരിക്കുന്നതിനുമാത്രമാണു ഇവർ കുണ്ടുതോറും നഷ്ടത്തിൽ ഈ ജോലി നടത്തുന്നതു. ഞാൻ വെറുംതെ പറയുകയല്ല. ഉപ്പുവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു പ്രത്യേകം രൂപീകരിച്ചിരിക്കുന്ന പരസ്പരസഹായസംഘത്തിൻെറ അദ്ധ്യക്ഷൻ എന്ന നിലയിൽ ഈ സംഗതിയിലുള്ള എൻെറ സ്വന്ത പരിചയത്തിൽനിന്നും പറയുകയാണു.

സർ, മേൽപ്രസ്താവിച്ചവ സാധൂകരിക്കുന്നതിനു ഞാൻ ഒരു ഉദാഹരണം പറയാം. താമരക്കുളത്തുള്ള പുഞ്ചളത്തിൽ ആരംഭത്തിൽ അവിടെ മോഡിഫൈഡ് എക്സയിസ് സിസ്റ്റം നടപ്പിലിരുന്നപ്പോൾ ഉദ്ദേശം ൪൦,൦൦൦ മണു ഉപ്പു ആണ്ടുതോറും ഉണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ മൊണോപ്പളി ഏർപ്പെടുത്തിയശേഷം

ന്നതെന്നോ മററ ഇപ്പോൾ പെൻഷനായിരിക്കുന്ന എക്സൈസ്കമ്മീഷണർ മി. രാമൻപിള്ളയുടെകാലത്തു മോഡിഫൈഡ്സിസ്റ്റം അവരിൽനിന്നും എടുത്തുകളഞ്ഞു. അതിന്റെഫലമായി ഉണ്ടാക്കുന്നഉപ്പു ൩൦,൦൦൦ മണ്ടായികുറഞ്ഞു. മൊണോപ്പൊളിസിസ്റ്റം അനുസരിച്ചു ലൈസെൻസ് എടുത്തവർക്കു മണ്ടിക്കു നാലര അണയോ കുറവോ ആണു ലഭിക്കുന്നുള്ളു. അതേസമയം ഗവണ്മെന്റിനു മണ്ടിനു ൧൦ അണ ലഭിക്കുന്നതാണു. ഈ വ്യവസായത്തിനു വേണ്ട പ്രതിഫലം ലഭിക്കാത്തതുകൊണ്ടു വ്യവസായികൾ ഇതിൽ അശ്രദ്ധരായിരിക്കയാണു. അതുകൊണ്ടാണു ഉല്പാദനം വളരെ കുറഞ്ഞിരിക്കുന്നതു. ഞാൻ ഇതെല്ലാം പറയുന്നതു മൊണോപ്പൊളി ഫാക്ടറികളുടമസ്ഥന്മാർക്കു വേണ്ട പ്രതിഫലം അനുവദിക്കുന്നതായാൽ കൂടുതൽ ഉപ്പു ഉല്പാദിപ്പിക്കാൻ സാധിക്കും എന്നു കാണിക്കുവാനാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കുടിവിലനിരക്കു വർദ്ധിപ്പിക്കുന്നതിനു വ്യവസായികൾ എപ്പോഴെങ്കിലും അധികാരികളെ സമീപിച്ചിട്ടുണ്ടോ എന്നു അറിഞ്ഞാൽക്കൊള്ളാം.

മി. വി. ചെല്ലംപിള്ള (തോവാള): ഉണ്ടു. പലപ്രാവശ്യം കഴിഞ്ഞ പലവർഷങ്ങളിലെ മുറവിളി അതായിരുന്നു.

സർ, നാം ഉപ്പുവ്യവസായം അടിസ്ഥാനപ്പെടുത്തേണ്ടതു് ഉപ്പുവെള്ളത്തിന്മേലാണ്. നമുക്കു ഇപ്പോൾ മണക്കുടികായലിലെ ശുദ്ധജലം തള്ളിത്തിരിച്ചുകൊണ്ടുവരുന്നതിൽനിന്നു ഇപ്പോൾ ലഭിക്കുന്നതിൽകുറഞ്ഞപക്ഷം അഞ്ചിരട്ടിഉപ്പു കടലിലെ ഉപ്പുവെള്ളത്തിൽനിന്നും എടുക്കാൻ സാധിക്കുമെന്നു് കഴിഞ്ഞബഡ്ജററുസമ്മേളനാവസരത്തിൽ ഞാൻ സഭയെ മനസ്സിലാക്കി. ഈ സംഗതി ഒരു മുറുമുറുപ്പുംകൂടാതെ ഗവണ്മെന്റുസമ്മതിച്ചു. ഉപ്പുജലസേചനം അഭിവൃദ്ധിപ്പെടുത്തുന്നതിലോ മൊണോപ്പൊളിഫാക്ടറികളിൽ ലൈസൻസു എടുത്തവരുടെ ആദായം വർദ്ധിക്കത്തക്ക കാര്യങ്ങൾ ഉണ്ടാക്കുന്നതിലോ ഗവണ്മെന്റു എന്താണു ചെയ്തതു എന്നു നമുക്കു നോക്കാം. സർ, കഴിഞ്ഞ മൂന്നു നാലുവർഷങ്ങളിലെ ഈ വകുപ്പിലെ ഭരണറിപ്പോർട്ടു നോക്കുന്നതായാൽ അവയിലെല്ലാം ഉപ്പുജലസേചനം പോരായിരുന്നുഎന്നു കാണുന്നതാണ്. അതു ഗവണ്മെന്റിന്റെ അഭിപ്രായമാണ് എന്നേ ഉള്ളൂ. അതു മനസ്സിലാക്കിയശേഷം ഈ സംഗതി നിസ്സാരമായിക്കരുതുന്നതു് ഗവണ്മെന്റിന്റെ ഭാഗത്തു അനീതിയാണ്. ഇവിടെ ഉണ്ടാക്കുന്നഉപ്പു കുറഞ്ഞിരിക്കുന്നതിന്റെകാരണം ഗവണ്മെന്റിനു നല്ലതുപോലെ അറിയാമെന്നു റിപ്പോർട്ടുകൾ കാണിക്കുന്നു. എന്നാൽ ഇതുവരെയും അവർ യാതൊന്നും ചെയ്തിട്ടില്ല. ഈ ഗൌരവമായ സംഗതിയെക്കുറിച്ചുള്ള ഗവണ്മെന്റിന്റെ അലസത പ്രത്യേകിച്ചും രാജ്യത്തെ ജനങ്ങൾ ദാരിദ്ര്യത്തിൽ കഷ്ടപ്പെടുന്ന അവസരത്തിൽ, തീരെ ക്ഷമിക്കാവുന്നതല്ല. ഗവണ്മെന്റുസർവീസിൽ സമർത്ഥരും ഉയർന്നശമ്പളക്കാരുമായ എൻജിനീയർമാർ ഉള്ളപ്പോൾ സംസ്ഥാനത്തെ ഖജനാവു നിറഞ്ഞിരിക്കുമ്പോൾ ഉപ്പുജലസേചനത്തിലുള്ള പോരായ്മ തങ്ങൾക്കു പരിഹരിക്കാൻ പാടില്ലഎന്നുപറയുന്നതു ലജ്ജാവഹമാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു): മെംബറിന്റെ അഭിപ്രായത്തിൽ ഉപ്പുവ്യവസായത്തെപ്പററി വല്ലതും അറിയാവുന്ന ഒരു ഉദ്യോഗസ്ഥനെങ്കിലും എക്സൈസ്വകുപ്പിൽ ഉണ്ടോഎന്നു മെംബറിൽനിന്നും അറിഞ്ഞാൽക്കൊള്ളാം.

മി. വി. ചെല്ലംപിള്ള (തോവാള): ഉണ്ട്. ഉദ്യോഗസ്ഥന്മാർ ഉണ്ട്. എന്നാൽ അവർ ഇപ്പോൾ ഉപ്പ് ഫാക്ടറികളുടെ വകുപ്പിലല്ല. സാർ, ഉപ്പുവെള്ളം കടലിൽനിന്നും കൊണ്ടുവരുന്നതിനു ഒരു പദ്ധതിഉണ്ടു എന്നുള്ളതു എനിക്കു കുറച്ചു ആശ്വാസം തന്നിട്ടുണ്ടു. എന്നാൽ ആ പദ്ധതി ആലോചിച്ചു തുടങ്ങിയിട്ടു ഇപ്പോൾ രണ്ടുവർഷങ്ങൾക്കു മേലായി. ഈ സംഗതിയിൽ ഗവണ്മെന്റു വേഗം എന്തെങ്കിലും പ്രവർത്തിക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. അവരുടെ നികുതിയെ ബാധിക്കുന്നകാര്യങ്ങളിൽ അവരുടെ ഗതി ശീഘ്രമാണ് എന്നു എനിക്കു അറിയാം. ഉദാഹരണമായി നീണ്ടകരപ്പാലം വളരെ വേഗം പണിതീർത്തു. ഇപ്പോൾ പണിതീർന്നുടൻ പാലത്തിന്മേൽതന്നെ ഒരു ടോൾ ഏർപ്പെടുത്തിയിരിക്കുന്നതായികാണുന്നു. അതു ഗവണ്മെന്റിനു നല്ല നികുതികൊടുക്കുമല്ലോ. നേരെമറിച്ചു ഗവണ്മെന്റിൽനിന്നും ലൈസൻസു എടുത്തിട്ടുള്ളവരുടെ ആദായത്തെ സംബന്ധിച്ചുള്ളകാര്യങ്ങളിൽ ഗവണ്മെന്റു മൌനംദീക്ഷിക്കും. അതു കുറെ അന്യായമാണ്.

കഴിഞ്ഞ കുറെ വർഷങ്ങളായി ഞങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന മോഡിഫൈഡ് എക്സൈസ് സിസ്റ്റത്തെപ്പററി ഒന്നോ രണ്ടോ വാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡന്റ്: മി. ചെല്ലംപിള്ള നിങ്ങൾ നിങ്ങളുടെ സമയം അധികരിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): സർ, ഞാൻ വേഗം അവസാനിപ്പിക്കാം. കുറെവർഷങ്ങൾക്കുമുമ്പു ഗവണ്മെന്റിൽ ഒരു പദ്ധതി ഉണ്ടായിരുന്നു. വർഷങ്ങളായി അതു ഹജൂർകച്ചേരിയുടെ ഒരു അററത്തുനിന്നും മറെറഅററംവരെ സഞ്ചരിക്കുകയായിരുന്നു. ഇന്നു അതു ഒരു സിക്രട്ടറിയുടെ അടുത്തായിരിക്കും. അല്ലെങ്കിൽ അതിന്റെ അടുത്തു ഒന്നോ രണ്ടോ വർഷം കിടന്നേക്കും. പിന്നീടു എന്തെങ്കിലും ഒരു കാരണത്തിനു എക്സൈസ്കമ്മീഷണർക്കു തിരിച്ചയക്കും. ഇപ്രകാരം വർഷങ്ങൾ അതു സഞ്ചരിക്കുകയായിരുന്നു. അതെല്ലാംകഴിഞ്ഞു ഒടുവിൽ അതുവെളിയിൽവന്നപ്പോൾ അതു പരാജയത്തിൽ അവസാനിച്ചു. ലൈസൻസു എടുത്തവർക്കു വ്യവസ്ഥകൾ സ്വീകാര്യമല്ലായിരുന്നു. അതായിരുന്നു ആ പദ്ധതിയുടെവിധി. ഇപ്പോഴും ഗവണ്മെന്റിൽ ഒരു പദ്ധതിഉണ്ടു. കഴിഞ്ഞ എട്ടോ ഒൻപതോ മാസമായി അതു വെറുതെ കിടക്കുകയാണ്. കഴിഞ്ഞപദ്ധതിപോലെ വരാതിരിപ്പാൻ ഈ സംഗതിയെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മററിയെ രൂപീകരിക്കുന്നതിനു എക്സൈസ്കമ്മീഷണർ ശുപാർശചെയ്തിരിക്കുന്നതായിഅറിയുന്നു. കഴിയുന്നവേഗത്തിൽ ഗവണ്മെന്റു വേണ്ടതുപ്രവർത്തിക്കുമെന്നു ആശിക്കുന്നു. ശരിയായഉപ്പുജലസേചനത്തിനു ഒരു വ്യവസ്ഥയായ മോഡിഫൈഡ് എക്സൈസ്സിസ്റ്റം ഏർപ്പെടുത്തുന്നതിനു വല്ല നിർദ്ദേശവും ഞാൻ ഇപ്പോൾ കാണാത്തതിനാൽ എന്റെ സ്നേഹിതൻ കൊണ്ടുവന്നിരിക്കുന്ന ഉപക്ഷേപം ഞാൻ പിൻതാങ്ങേണ്ടിയിരിക്കുന്നു.

മി. പി. ശേഷാദ്രിനായകംപിള്ള (എക്സൈസ്കമ്മീഷണർ): സർ, നമ്മുടെ ഉപ്പു അധികഭാഗവും താമരക്കുളത്താണ് ഉണ്ടാക്കുന്നതു. ൧൧൨൦-ലെയും ൧൧൨൧-ലെയും വെള്ളപ്പൊക്കം ഈ ഫാക്ടറികൾക്കു കു

ങ്ങൾപക്ഷം മിക്കവർക്കും സാരമായ നാശങ്ങൾ ചെയ്തു. ലൈസൻസ് എടുത്തവരിൽ ചിലർ വേഗം കെട്ടുകൾ പൊക്കി, എന്നാൽ എല്ലാവരും അങ്ങിനെ ചെയ്തില്ല. ഉദാഹരണമായി പുത്തളം എടുക്കാം. വെള്ളപ്പൊക്കം നാശം ചെയ്ത ഫാക്ടറികളിൽ ഒന്നാണ് അത്. ഒന്നോ രണ്ടോ വർഷത്തേക്ക് ലൈസൻസ് എടുത്തവർ കെട്ടുപൊക്കിയില്ല. അതുകൊണ്ട് ഡിപ്പാർട്ടുമെൻറ് അതു ചെയ്യേണ്ടിവന്നു. ഏററവും ഇറന്നുകിടന്ന ഫാക്ടറിയുടെ രണ്ടു വശങ്ങളിലും കരിങ്കൽമതിൽ കെട്ടി.

മി. വി. ചെല്ലംപിള്ള (തോവാള): പുത്തളത്തിന് മരാമത്തുപണികൾ ചെയ്യേണ്ടതു ഗവൺമെൻറിൻെറ ചുമതലയാണോ എന്നു മെംബറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): അല്ല, അതല്ല.

പ്ലാററ്ഫാറങ്ങൾ ഉയർത്തി തോട്ടുകൾ നന്നാക്കി മുഴുവനുംകൂടി ഏകദേശം ൨൦,൦൦൦ രൂപാ ചിലവായി.

മി. വി. ചെല്ലംപിള്ള (തോവാള): ഗവൺമെൻറു ചിലവിൽതന്നെയാണോ അതു നടത്തിയതു.

പ്രസിഡൻറ്: മി. ചെല്ലംപിള്ള നിങ്ങളുടെ ചോദ്യം ചോദിക്കുന്നതിനുമുമ്പായി അദ്ദേഹം പറയുന്നതു ശ്രദ്ധിക്കണം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): ഗവൺമെൻറും ലൈസൻസ് എടുത്തവരും കൂടിയാണ് ഈ തുക ചിലവാക്കിയതു്, അതിൻെറ ഫലമായി ഫാക്ടറി കൂടുതൽ ഉപ്പു ഉണ്ടാക്കുന്നു എന്നു നാം കാണുന്നു.

പുത്തളം കായലിൻെറ പടിഞ്ഞാറെ വശത്താണ്. ആ വശത്തു ൩ ഫാക്ടറികൾകൂടിഉണ്ട്. അവയെ യഥാസമയത്തു നന്നാക്കി, അതുകൊണ്ടു അവയെല്ലാം ജോലിനടത്തത്തക്കവിധം ശരിയായി ഇരിക്കുകയാണ്.

കിഴക്കുവശത്തെ ഫാക്ടറികളിൽ ആദ്യമായി അവതാന്നിക്കൽ ഫാക്ടറി എടുക്കാം. അനേകവർഷങ്ങൾക്കുമുമ്പു ഈ ഫാക്ടറി ഒരു വെങ്കിടസുബ്ബയ്യർ അവർകളുടെ വകയായിരുന്നു. അയാളുടെ മരണശേഷം അയാളുടെ പുത്രന്മാർ ഈ ഫാക്ടറി വീതിച്ചെടുത്തു. നിർഭാഗ്യവശാൽ അവർ തമ്മിൽ വഴക്കുണ്ടാകുകയും അവർ വലിയ കടത്തിലാകുകയും ചെയ്തു. ഇതു ഞാൻ പറയുന്നതു ഫാക്ടറിയുടെ കെട്ടുകൾ നന്നാക്കിയതല്ല എന്നു കാണിക്കുവാൻമാത്രമാണ്. ഫാക്ടറിയുടെ ഏകദേശം മുക്കാൽഭാഗവും കടക്കാരുടെ കയ്യിലായിക്കഴിഞ്ഞു. കടൽഭാഗത്തിനും വളരെ ബാദ്ധ്യതകൾ ഉണ്ടെന്നു കേൾക്കുന്നു. അതിനാൽ ആ ഫാക്ടറിയിലും പുതുക്കുന്ന ജോലി ഡിപ്പാർട്ടുമെൻറു ചെയ്യേണ്ടിയിരുന്നു. ഡിപ്പാർട്ടുമെൻറു ആ ജോലി ഏറ്റു. ൧൧൦൭-ലും ൧൧൦൮-ലും വളരെ ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. ഉദ്ദേശം ൧൦,൦൦൦ രൂപയ്ക്കാ കൂടുതലിനൊ ജോലിചെയ്തു കഴിഞ്ഞു എന്നു തോന്നുന്നു. പ്ലാററ്ഫാറങ്ങൾ ഉയർത്തി, ചിറകൾ പുതുക്കിപ്പണിയുകയും ചെയ്തു. മററു ജോലികളും ചെയ്തുവരുന്നുണ്ട്. കായലിൻെറ കിഴക്കുവശത്തെ മററു ഫാക്ടറികളും ശരിയായി ജോലിചെയ്യുന്നില്ല.

സർ, താമരക്കുളത്തെ ഉപ്പുഫാക്ടറികളെ സംബന്ധിച്ച ഒരു പ്രധാനസംഗതി ഓർക്കേണ്ടതായുണ്ട്. കിഴക്കെ ഫാക്ടറികളെ സംബന്ധിച്ചിടത്തോളം ഉപ്പുവെള്ളത്തിൻെറ അഭാവം നന്നായി അറിയുന്നുണ്ട്. അങ്ങുമിങ്ങും ഉപ്പുവെള്ളക്കിണറുകൾ ഉണ്ട്, സംശയമില്ല. എന്നാൽ അവ ധാരാളം കൊടുക്കുന്നില്ല. അവയുടെ പ്രധാനപ്രയാസം അതാണെന്നു തോന്നുന്നു. മുൻകാലങ്ങളിൽ മണക്കുടികായലിൽ വേണ്ട ഉപ്പുവെള്ളം കൊടുത്തുകൊണ്ടിരുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു): ലഭ്യമായിരിക്കുന്ന ഉപ്പുവെള്ളത്തിൻെറ അളവാണോ ഗുണമാണോ ഉപ്പുവ്യവസായത്തെ ബാധിക്കുന്നതെന്നു അറിഞ്ഞാൽ കൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): രണ്ടും, നല്ല ഉപ്പുവെള്ളം ധാരാളം കൊടുക്കണം.

ഞാൻ പറഞ്ഞതുപോലെ കഴിഞ്ഞകാലങ്ങളിൽ ആവശ്യമുള്ള ഉപ്പുവെള്ളം മുഴുവനും ഈ കായൽ കൊടുത്തുകൊണ്ടിരുന്നു. എന്നാൽ കോതയാർ പദ്ധതിക്കുശേഷം അതു നിന്നുപോയി.

തെക്കു ഒരു ഫാക്ടറികൂടിഉണ്ട്. വാരിയൂർ ഫാക്ടറി. ഉപ്പുവെള്ളം ധാരാളം ഉണ്ട്. അവസ്ഥകൾ അനുകൂലവുമാണ്.

പിന്നെ രാജാക്കമംഗലം ഫാക്ടറിഉണ്ട്. അവിടെയും അവസ്ഥ ഏകദേശം ഇതുതന്നെ. പുറത്തെ കുളത്തിൽ ശേഖരിച്ചിരിക്കുന്ന ഉപ്പുവെള്ളം ശുദ്ധജലംമൂലം നാശപ്പെടാതിരിക്കാൻ ആ ചാലുകൾ തിരിച്ചുവിടുന്നതിനു ആലോചന ഉണ്ടായിരുന്നു. ഈ കൊല്ലം ആ ജോലി അധികം മുന്നോട്ടു നടത്തിക്കൊണ്ടുപോയില്ല അല്ല, മുന്നോട്ടു നടത്തിക്കൊണ്ടുപോകുവാൻ പാടില്ലായിരുന്നു എന്നതിൽ ഞാൻ ദുഃഖിക്കുന്നു.

എൻെറ സ്നേഹിതൻ മി. കേശവപിള്ള പ്രത്യേകം എടുത്തുപറഞ്ഞ കുളച്ചൽ അളം എടുക്കാം. ഈ ഫാക്ടറിയിലും വേണ്ടിടത്തോളം ഉപ്പുവെള്ളം ലഭിക്കുന്നില്ല എന്നുള്ളതു വാസ്തവമാണ്. ശുദ്ധജലം ഉറവകളുടെ ഉപദ്രവവുമുണ്ട്. ഉപ്പുവെള്ളം പാമ്പൂരിവായ്ക്കൽകൂടി എടുക്കേണ്ടിയിരുന്നു. മുൻകാലങ്ങളിൽ ആ തോട്ടിൽ വെള്ളം വളരെ കുറവായിരുന്നു. ഉപ്പുവെള്ളം അതിൽകൂടി കൊണ്ടുവരുന്നതിനു പ്രയാസവുമില്ലായിരുന്നു എന്നാൽ കോതയാർ പ്രാജക്ടിനുശേഷം, ആണ്ടിൻെറ മിക്കഭാഗവും അതു നിറഞ്ഞിരിക്കും. അതിനാൽ വായ്ക്കലിൽകൂടി ഉപ്പുവെള്ളം കൊണ്ടുപോകുന്നതു വളരെ പ്രയാസമാണ്. ഗവൺമെൻറുത്തരവനുസരിച്ചു പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെൻറുകാർ വായ്ക്കൽക്കൂടി, എന്നാൽ വെള്ളപ്പൊക്കനിരപ്പിനുമീതെ ഉപ്പുവെള്ളം കൊണ്ടുപോകത്തക്കവണ്ണം മൂവായിരം രൂപാ ചിലവാക്കി ഒരു തോടുണ്ടാക്കുകയാണ്. ഇപ്പോൾ അതു പണിതുകൊണ്ടിരിക്കുകയാണ്. കുറച്ചുമാസങ്ങൾക്കകം അതു ശരിയായനിലയിൽ വരുമെന്നു വിശ്വസിക്കുന്നു. പിന്നീടു ആ അളത്തിൽ ഉപ്പുവെള്ളം കൊണ്ടുവരുന്നതിനു പ്രയാസമില്ലായിരിക്കുമെന്നു നിശ്ചയമാണ്. അതു വേഗത്തിൽ അതിൻെറ പൂർവസ്ഥിതിയിൽ കൊണ്ടുവരുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഉപ്പുനിർമ്മാണം ഞാൻ എപ്പോഴും ശ്രദ്ധിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. അതിൻെറ ഫലം താഴെപ്പറയുന്ന കാര്യങ്ങളിൽനിന്നും കാണാവുന്നതാണ്. ൧൧൦൯-ൽ നമ്മുടെ ഫാക്ടറികളിൽ ഉണ്ടാക്കിയ ഉപ്പു,

റിപ്പോർട്ടിൽ വന്നിട്ടുള്ളതിൽ ഏറ്റവും കൂടുതലാണ്. എന്റെ സ്നേഹിതൻതന്നെ പ്രസ്താവിച്ചതുപോലെ അതു ഏകദേശം പന്ത്രണ്ടു ലക്ഷം മന്നോളം ഉപ്പുണ്ടായിരുന്നു. നമ്മുടെ ആവശ്യം പതിനൊന്നു ലക്ഷത്തിനും പന്ത്രണ്ടു ലക്ഷത്തിനും ഇടയ്ക്കായിരുന്നു. അത്ര പരിതസ്ഥിതികൾ ഉപ്പുവ്യവസായത്തിനു വളരെ അനുകൂലമായിരുന്നതുകൊണ്ടാണ്. നല്ല ഉണക്കുകാലമായിരുന്നു, നെൽകൃഷിക്കു അതു വളരെ ചീത്തയായിരുന്നു. എന്നാൽ ഉപ്പുവ്യവസായത്തിനു വളരെ നല്ലതുമായിരുന്നു. നമുക്കാവശ്യമുള്ള ഉപ്പു മുഴുവൻ ഉണ്ടാക്കത്തക്കവണ്ണം ആ മാതിരി കാലാവസ്ഥ എന്നും നിൽക്കുമെന്നു ഞാൻ ശീഘ്രം ആഗ്രഹിക്കുന്നില്ല. ൧൧൦൮-ൽ ൭,൩൮,൦൦൦ മന്നു ഉപ്പു ഉണ്ടാക്കുന്നതിനു ഞങ്ങൾക്കു സാധിച്ചു. ൧൧൦൩ ഒഴിച്ചാൽ അടുത്തു ഏറ്റവും നല്ലതു ഇതാണ്. ഞാൻ പറഞ്ഞതുപോലെ ൧൧൦൩ ഒഴിച്ചാൽ കഴിഞ്ഞകാലങ്ങളിൽ ഒരിക്കലും ഇത്രയും വന്നിട്ടില്ല. ൧൧൦൬-ൽ അതായതു ഒന്നൊഴികെ എല്ലാ മാസങ്ങളിലും ഇടക്കിടക്ക മഴയുണ്ടായിരുന്നു. സാർ, ഉപ്പുവ്യവസായത്തെ കൂടുതലായി ബാധിക്കുന്നതു വലിയ മഴയുണ്ടാകുന്നതല്ലാ, കൂടെക്കൂടെ മഴയുണ്ടാകുന്നതാണ്. ഇക്കൊല്ലം ഒരുമാസവും ൫ ദിവസത്തിൽ കൂടുതൽ ഉപ്പു വാരി എടുക്കുന്നതിനു സാധിച്ചിട്ടില്ല എന്നു അസിസ്റ്റന്റു എക്സൈസ് കമ്മീഷണർ എന്നോടു പറയുന്നു. അതിനാൽ ഈ കൊല്ലം പരിതസ്ഥിതികൾ കുറച്ചു മോശമായിരുന്നു. ഇങ്ങനെയെല്ലാം ഇരുന്നാലും ഇക്കൊല്ലം കഴിഞ്ഞ കൊല്ലത്തേതിൽ കൂടുതൽ ഉപ്പു കിട്ടിയില്ലെങ്കിൽ അത്രയെങ്കിലും കിട്ടുന്നതാണ് എന്നു എനിക്കു ഉറപ്പുകിട്ടിയിരിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ഇതുവരെ ഉണ്ടാക്കിയ ഉപ്പു എത്രയാണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പു അതു ഞാൻ പറയാം.

ധനപരിശോധനബോർഡു ഉപ്പുവ്യവസായം ആലോചനക്കെടുത്തു. കുറെ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളെപ്പറ്റി ഇപ്പോൾ ഗാഢമായി ആലോചിച്ചുവരികയാണ്. തൽഫലമായി ഉപ്പുവ്യവസായം ആസന്നഭാവിയിൽ ഒരു നല്ലനിലയിലെത്തുമെന്നും അപ്പോൾ ബ. ശങ്കുപിള്ള എന്റെ സ്നേഹിതന്മാർക്കിനിയും ഒരു പരാതിയുണ്ടായിരിക്കുകയില്ലെന്നും വിശ്വസിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): മൊഡിഫൈഡ് സിസ്റ്റം ഏർപ്പെടുത്തുന്നതിനെപ്പറ്റി എന്തു പറയുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): താമരക്കുളത്തെ പഴയ അട്ടം ഒരു മോഡിഫൈഡ് എക്സൈസ് ഫാക്ടറി ആക്കുന്നതിനു ഒരു ആലോചനയുണ്ട്. ഈ ആവശ്യത്തിലേക്കു രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഞാൻ താമരക്കുളത്തുപോയി. ഇതുസംബന്ധിച്ചു ഗവണ്മെന്റിനെ ഒന്നുരണ്ടു ചോദ്യങ്ങൾക്കു ഞാൻ ഉത്തരം പറയേണ്ടിയിരുന്നു. ലൈസൻസു എടുത്തവരെ ഞാൻ ക്ഷണിച്ചു. എന്റെ ആഫീസിലെ ജോലിക്കാരെ അവരെ അന്വേഷിച്ചു അയച്ചു. എന്നാൽ എനിക്കു അവരെ കാണുവാൻ സാധിച്ചില്ല. ഈ വിഷയത്തിൽ അവരുടെ അഭിപ്രായം എന്തെന്നു അറിയുന്നതിനും അവരുമായി ഇതിനെപ്പറ്റി പ്രതിവാദിക്കുന്നതിനുമായി ഞാൻ രണ്ടു പ്രാവശ്യം അവിടെ പോയി. എന്നാൽ ലൈസൻസു എടുത്തവർ ഉപ്പുവ്യവസായത്തിൽ അശ്രദ്ധയും അലക്ഷ്യതയുമാണു കാണിക്കുന്നത്. എനിക്കു ഒന്നും ചെയ്യുവാൻ സാധിച്ചില്ല. അതിനാൽ അവർക്കു പറയേണ്ടതു എന്താണെന്നു ചോദിക്കാൻ ഞാൻ എന്റെ ശുപാർശ അയച്ചു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഉപ്പിനു ലൈസൻസ് എടുത്തവരുടെമേൽ എക്സൈസ് കമ്മീഷണർക്കു അധികാരവും ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞങ്ങൾക്കാവശ്യമുള്ളപ്പോൾ അവർ ഹാജരാകാൻ നിർബന്ധിക്കുന്നതിനുള്ള അധികാരമില്ല. എന്നെ വന്നുകാണുവാൻ പറയുകയോ ക്ഷണിക്കുകയോ സാധിക്കുകയുള്ളു. എനിക്കു ഒരു വാറണ്ടയക്കുവാൻ സാധിക്കുകയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ വിഷയത്തിൽ പിന്നെ അങ്ങേക്കുള്ള അധികാരമെന്താണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉപ്പു നിർമ്മാണത്തിൽ എനിക്കു അധികാരമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഉപ്പുവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു എക്സൈസ് കമ്മീഷണരുടെ മനസ്സിലിരുന്ന ആലോചനകൾ എന്താണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എന്റെ മനസ്സിൽ ചില ആലോചനകൾ ഉണ്ടായിരുന്നു. ലൈസൻസ് എടുത്തവരുമായി അവയെപ്പറ്റി പ്രതിവാദിക്കേണ്ടിയിരുന്നു. എന്നാൽ അവർ വന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ലൈസൻസ് എടുത്തവരെ പോയികാണുന്നതിനുപകരം അങ്ങേക്കുണ്ടായിരുന്ന ആലോചനകൾ അച്ചടിച്ചു അവരുടെ ഇടയിൽ വിതരണം ചെയ്യുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അവർ അവരുടെ വാസസ്ഥലത്തുനിന്നും ഒന്നോ രണ്ടോ മൈൽ അകലെ വന്നു എന്നെ കാണുകയില്ല. ആലോചനകൾ അച്ചടിച്ചാൽ അവർ ശ്രദ്ധിക്കുമോ? അവർ അവ വായിച്ചു വേണ്ടതു പ്രവർത്തിക്കുമോ?

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ അവരെക്കൊണ്ടു വായിപ്പിക്കാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഈ ആലോചനകൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിൽ എനിക്കു ഒരു വിരോധവുമില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ഈ വകുപ്പിന്റെ റിപ്പോർട്ടിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അളങ്ങളുടെ ഉടമസ്ഥർ ഫാക്ടറികൾ ശരിയായി ജോലി നടത്തത്തക്കനിലയിൽ കൊണ്ടുവരുന്നതിനു ഒട്ടും ശ്രദ്ധിക്കുന്നില്ല"

അവർ എന്തുകൊണ്ടാണു ഒട്ടും ശ്രദ്ധിക്കാത്തതു എന്നു എക്സൈസ് കമ്മീഷണർ ശ്രദ്ധിച്ചോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉപ്പുനിർമ്മാണത്തിൽ അവർ വലിയ ശ്രദ്ധ കാണിക്കുന്നില്ല. അവർ അതു അവരുടെ കൂലിക്കാരെ ഏല്പിക്കുന്നു. അവർ അതു അലക്ഷ്യമായി നടത്തുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): എന്തുകൊണ്ട്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എനിക്കറിയാൻ പാടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അവരുടെ ജോലിക്കു തക്കതായ പ്രതിഫലം കിട്ടാത്തതുകൊണ്ടാണോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു അതുകൊണ്ടാണെന്നു എനിക്കു തോന്നുന്നില്ല. ഈ കൊല്ലങ്ങളിലെല്ലാം പ്രതിഫലം ഒന്നുതന്നെയായിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): പിന്നെ എന്തുകൊണ്ടാണ്? ഈ കൊല്ലങ്ങളിലെല്ലാം പ്രതിഫലം ഒന്നുതന്നെയായിരുന്നെങ്കിൽ ഉണ്ടാക്കുന്ന ഉപ്പും വളരെ കുറഞ്ഞുതന്നെയിരിക്കുന്നു. അതുകൊണ്ടു ലൈസൻസ് എടുത്തവരുടെമേൽ ആരോപിക്കപ്പെട്ടിട്ടുള്ള അലക്ഷ്യതയോ അജാഗ്രതയോ അല്ല കാരണം എന്നു പറയാൻ പാടില്ല. ഏതായാലും എക്സൈസ് കമ്മീഷണർ ഇക്കാര്യത്തെപ്പറ്റി ആലോചിച്ചു ലൈസൻസ് എടുത്തവരുടെ ഈ അലക്ഷ്യതയുടേയും അജാഗ്രതയുടേയും കാരണം കണ്ടുപിടിക്കണം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മെംബർ പറയുന്നതു ഞാൻ അവരുടെ മനസ്ഥിതിയെപ്പറ്റി ആലോചിക്കണമെന്നാണോ?

മി. വി. ചെല്ലംപിള്ള (തോവാള): മനസ്ഥിതിയല്ല. ലൈസൻസ് എടുത്തവരുടെ ഈമാതിരി അലക്ഷ്യത്തിനു ഹേതുവായ ഒരു കാരണം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ ശ്രമിക്കാം. എനിക്കു തോന്നുന്നതു അവർ അലക്ഷ്യത്തോടുകൂടിയിരിക്കയാണെന്നാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഉപ്പുവ്യവസായികൾ ഒരു പരസ്പരസഹായസംഘം രൂപീകരിച്ചിട്ടുണ്ടെന്നും അതു ശരിയായി നടക്കുന്നുണ്ടെന്നും അദ്ദേഹത്തിനറിയാമോ എന്നറിഞ്ഞാൽകൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അറിയാം. അതു ശരിയായി നന്നായി നടക്കുന്നുമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): പിന്നെ ഉപ്പുവ്യവസായികൾ സൂക്ഷ്മമില്ലാത്തവരാണെന്നു അദ്ദേഹത്തിനു എങ്ങനെ പറയാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): പക്ഷേ, വ്യവസായികൾ എല്ലാം സംഘത്തിൽ ചേർന്നിട്ടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അവരിൽ ഉദ്ദേശം അമ്പതുശതമാനം ഈ സംഘത്തിന്റെ അംഗങ്ങളാണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതെ ശരിയാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഇപ്പോഴും ഈ വ്യവസായികൾക്കു അവരുടെ ജോലിയിൽ വല്ല ലാഭവുമുണ്ടാകുവാൻ സാധിക്കുമോ എന്നു എക്സൈസ് കമ്മീഷണരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇപ്പോഴും അവർക്കു ലാഭമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഇപ്പോൾ അവർക്കു ലഭിക്കുന്ന ലാഭമെന്താണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരു മന്നു ഉപ്പു ഉണ്ടാക്കുന്നതിന്റെ ചിലവു ൩ ചക്രം മാത്രമാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ ആ അഭിപ്രായത്തോടു യോജിക്കുന്നില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സാർ, ഈ അഭിപ്രായവ്യത്യാസം അദ്ദേഹം ക്ഷമിക്കുമെന്നു വിചാരിക്കട്ടെ?

മി. വി. ചെല്ലംപിള്ള (തോവാള): ഉപ്പുവ്യവസായിക്കു ലഭിക്കുന്ന കുടിവില എത്രയാണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മന്നിനു ൧൨ ചക്രം.

മി. വി. ചെല്ലംപിള്ള (തോവാള): ഇല്ല. അവർക്കു മന്നിനു ൭ ചക്രമേ ലഭിക്കുന്നുള്ളു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു ഒരു മോണോപ്പളി ഫാക്ടറിയായതുകൊണ്ടു ഉണ്ടാക്കുന്ന ഉപ്പിൽ അഞ്ചു മന്നിൽ മൂന്നു മന്നുവീതം ഗവർമ്മെന്റു വകയാണ്. ബാക്കിയുള്ള രണ്ടുമന്നു ലൈസൻസ് എടുത്തിട്ടുള്ളവരുടെയാണ്. അതിനു മന്നിനു ൧൨ അര ചക്രംവെച്ചു കൊടുക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): അവൻ ഉണ്ടാക്കുന്ന മറ്റെ മൂന്നു മന്നു ഉപ്പിനു അവനു വല്ലതും, ഉണ്ടാക്കുന്ന ചിലവെങ്കിലും ലഭിക്കുന്നുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അതു ഗവർമ്മെന്റു ഉപ്പാണ്. ഗവർമ്മെന്റു ഓഹരി മൂന്നു മന്നിനു വ്യവസായിക്കു എന്തിനാണ് വല്ലതും കൊടുക്കുന്നതു്?

മി. വി. ചെല്ലംപിള്ള (തോവാള): ഉണ്ടാക്കുന്നതിന്റെ ചിലവെങ്കിലും കൊടുക്കണ്ടേ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മെംബറിന്റെ കണക്കു അനുസരിച്ചു തന്നെയും വ്യവസായിക്കു മന്നിനു ൭ ചക്രം കിട്ടുന്നു. ഒരു മന്നിനു ചിലവു മൂന്നു ചക്രമാണ്. അതുകൊണ്ടു അയാൾക്കു മന്നിനു ൪ ചക്രം ലാഭമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): വേലക്കൂലിതന്നെ മന്നിനു മൂന്നു ചക്രം ആകുന്നുണ്ട്. മറ്റു ചിലവുകളുമുണ്ട്. (റീഡംപിങ്ങ്, മുതലായവകൾ) അവയ്ക്കു മന്നിനു ൨ ചക്രം കുറയാതെ ആകും എന്നു ഞാൻ പറയുന്നു. എക്സൈസ് കമ്മീഷണർക്കു അതു ഞാൻ തെളിയിച്ചുകൊടുക്കാം. ഇക്കാര്യത്തിലുള്ള എന്റെ സ്വന്ത പരിചയത്തിൽനിന്നും ഞാൻ പറയുകയാണ്. അതുകൊണ്ടു വ്യവസായിക്കു വല്ല ലാഭവും ഉണ്ടാക്കാൻ വലിയ പ്രയാസമാണ്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഈ വിഷയത്തിൽ പൂർണ്ണമായ വിവരം മെമ്പറിൽനിന്നും വളരെ സന്തോഷത്തോടു കേൾക്കാം.

മി. വി. ചെല്ലംപിള്ള (തോവാള): കുടിവിലയെപ്പറ്റി എന്തു പറയുന്നു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): നാം ഇതുവരെയും കുടിവിലയെപ്പറ്റി സംസാരിക്കുകയായിരുന്നല്ലോ.

പ്രസിഡൻറ്. മി. ചെല്ലംപിള്ള കരിവിലയെപ്പററി നിങ്ങൾക്കെന്താണറിയേണ്ടത്?

മി. വി. ചെല്ലംപിള്ള (തോവാള): വ്യവസായിക്ക വിലയുടെ അഞ്ചിൽ രണ്ടു ഭാഗത്തിനു അവകാശമുണ്ടെന്നും ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

പ്രസിഡൻറ്. അതെല്ലാം നാമന്വേഷിക്കുന്നതെന്തിനാണ്? ചട്ടങ്ങൾ അങ്ങനെ പറയുന്നെങ്കിൽ നിങ്ങൾക്ക നിശ്ചയമായി അതു ലഭിക്കും.

മി. വി. ചെല്ലംപിള്ള (തോവാള): പക്ഷെ, ഞങ്ങൾക്ക അതു ലഭിക്കുന്നില്ല. അതാണ് ഞങ്ങളുടെ പ്രയാസം. ഒരു മന്ന് ഉപ്പിനു വിൽക്കുന്ന വില ൧൦ അണയാണ്. ഇതിൻെറ അഞ്ചിൽ രണ്ടുഭാഗം എടുത്താൽ മന്നിനു നാലണയാകും; പക്ഷെ ഞങ്ങൾക്ക മന്നിനു മൂന്നണ മാത്രമെ ലഭിക്കുന്നുള്ളു. ഗവണ്മെൻറ് മന്നിനു അഞ്ചു ചക്രംവെച്ചു വ്യവസായിക്ക ഇപ്പോൾ കൊടുത്തുവരുന്നു എന്നുള്ളതു അഭിസ്ഥമായെപ്പെടുത്തിയാതെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ); ആദ്യം അതു ഏകദേശം മൂന്നു ചക്രമായിരുന്നു. പിന്നീടു അതു അഞ്ചു ചക്രമായി കൂട്ടപ്പെട്ടു. അതു ഉപ്പുണ്ടാകുന്നതിൻെറ യഥാർത്ഥചിലവിനെ അടിസ്ഥാനപ്പെടുത്തിയാണ്.

പ്രസിഡൻറ്. നാം അത്ര വിവരമായിട്ടു ആലോചിച്ചിട്ടു കാര്യമില്ലെന്നു തോന്നുന്നു. നിങ്ങൾക്കു ഈ കാര്യത്തിൽ സ്വന്തസംഗതി വല്ലതും പറയാനുണ്ടെങ്കിൽ സഭക്കു വെളിയിൽവച്ചു എക്സൈസ് കമ്മീഷണരോടു പറയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): കമ്മീഷണർ പറഞ്ഞുകൊണ്ടിരുന്ന ലൈസൻസുകാരുടെ അലക്ഷ്യതയുടെ കാരണം എക്സൈസ് കമ്മീഷണർ കണ്ടുപിടിച്ചോ? അദ്ദേഹത്തിൻെറ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല എന്നു അദ്ദേഹം പറഞ്ഞു. ആ മാതിരി അലക്ഷ്യതയുടെ കാരണം അറിയുന്നതിനു അദ്ദേഹം ശ്രമിച്ചോ? മി. ചെല്ലംപിള്ള പറയുന്നപ്രകാരം അതു യോഗ്യ ആദായം കിട്ടാത്തതാണോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ലൈസൻസ് എടുത്തവരിൽ ചിലർ തളങ്ങളിൽനിന്നും വളരെ അകലെ ബ്രിട്ടീഷ് ഇൻഡ്യയിലാണ് താമസം. ഫാക്ടറികളിലെ ജോലിയിൽ അവർ നേരിട്ടു ഒന്നും അറിയുന്നില്ല. അവർ ഫാക്ടറികൾ വല്ല കങ്കാണിമാരേയോ, ഏജൻറന്മാരേയോ ഏല്പിക്കുന്നു. യഥാർത്ഥലാഭം ഈ കങ്കാണിമാരും ഏജൻറന്മാരും എടുക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇവിടെ താമസിക്കുന്ന ഫാക്ടറി ഉടമസ്ഥന്മാരെപ്പററി എന്തുപറയുന്നു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അവർ കുറച്ചു അളുകൾ മാത്രമെയുള്ളു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉപ്പുവ്യവസായികളിൽ പ്രധാനി, ഫാക്ടറിയിലൊ, അതിനടുത്തോ താമസിക്കാത്തതുനിമിത്തം, തിരുവിതാംകൂറിൽ ഈ വ്യവസായം അടുത്തകാലത്തൊന്നും അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയില്ലെന്നാണോ ഞാൻ എക്സൈസ് കമ്മീഷണരിൽനിന്നും മനസ്സിലാക്കേണ്ടതു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അല്ല; ഞാൻ പറഞ്ഞതുപോലെ, അവയെല്ലാം മോഡിഫൈഡ് ഫാക്ടറികൾ ആകണമെന്നു ഒരു അഭിപ്രായമുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ വ്യവസായത്തിൽ ഡിപ്പാർട്ടുമെൻറിനു കൂടുതൽ കർത്തൃത്വം ഉണ്ടായിരിക്കണമെന്നു എക്സൈസ് കമ്മീഷണർക്ക വല്ല അഭിപ്രായവുമുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): വലിയ കഠിനമാണെന്നറിയാമായിരുന്നെങ്കിലും, ഞാൻ അവരെ സസ്പെൻഡ ചെയ്യുകയും, ഫൈനിടുകയും മററു വിധത്തിൽ ശിക്ഷിക്കയും ചെയ്തുകൊണ്ടിരുന്നു.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): സസ്പെൻഷൻ, ഫൈനും, വ്യവസായം അഭിവൃദ്ധിപ്പെടുത്തുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): അഭിവൃദ്ധിപ്പെടുത്തും. എന്തുകൊണ്ടെന്നാൽ ഒടുവിൽ ഈ വ്യവസായം ഞങ്ങൾക്കുതന്നെ എടുത്തു കൂടുതൽ നല്ലസ്ഥിതിയിൽ നടത്താം.

മി. ജി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഉപ്പളത്തിനകത്തു തെങ്ങുകൃഷി നടത്തിയാൽ തടസ്സം ഉണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഡിപ്പാർട്ട്മെൻറ് അനുവദിക്കുകയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ തെക്കോട്ടു വല്ലയിടത്തും കൂടുതൽ ഫാക്ടറികൾ തുറക്കുന്നതിനു സൌകര്യം ഉണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഞാൻ അതു ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് മി. ജി. സി. കേശവപിള്ള ആ വിഷയത്തെപ്പററി പ്രതിവാദിച്ചതു. തെക്കോട്ടു മററിടത്തും ഫാക്ടറികൾ തുറക്കുന്നതിനു സൌകര്യമുള്ളതായി ഞാൻ കേട്ടിട്ടില്ല. തെക്കൻതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പഴയകാലങ്ങളിൽ കന്യാകുമാരിക്കു കൊളച്ചലിനും ഇടയ്ക്കു ഫാക്ടറികൾ ഉണ്ടായിരുന്നതായി തോന്നുന്നു. കൊളച്ചലിലുള്ള ഫാക്ടറികൂടാതെ കൊളച്ചലിനടുത്തു ഒരു ഫാക്ടറി ഉണ്ടായിരുന്നതായി മി. കേശവപിള്ള പറഞ്ഞുകേട്ടപ്പോൾ എനിക്കു അത്ഭുതമായിരുന്നു. കൊളച്ചലിലല്ലാതെ രാജ്യത്തിൻെറ ആ ഭാഗത്തു ഉപ്പുവ്യവസായം സാധിക്കുകയില്ല. ഏതായാലും ഈ സംഗതിയെപ്പററി ഞാൻ അന്വേഷിക്കുന്നതാണ്. കൊളച്ചലിനടുത്തു ഉപ്പ് ഉണ്ടാക്കുവാൻ ആരും അനുവാദം ചോദിച്ചിട്ടില്ല എന്ന് സഭയോടു പറയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ മററുവല്ലയിടത്തും സാധിക്കുമൊ, ഉദാഹരണമായി കായംകുളത്തു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ൧൦൦, ൧൫൦ വർഷങ്ങൾക്കുമുമ്പു മദ്ധ്യതിരുവിതാംകൂറിൽ കായൽതീരങ്ങളിൽ ഉപ്പ് ഉണ്ടാക്കിവന്നതായി കാണുന്നു, എന്നാൽ ഉണ്ടാക്കിയ ഉപ്പ് വളരെ മോശമായിരുന്നു, വിൽക്കാനും പാടില്ലായിരുന്നു.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): അതിനാൽ താങ്കൾ ഈ ഉപ്പുവ്യവസായത്തിനു വേണ്ട ശ്രദ്ധ പതിപ്പിക്കാത്തപക്ഷം, ഈ ഫാക്ടറികളും കാലംകൂടുന്ന ഫാക്ടറികളെ പിന്തുടരുമെന്നു എക്സൈസ് കമ്മീഷണർക്കു തോന്നില്ലേ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഈ വ്യവസായം വേണ്ടവിധത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ ഉണ്ടാക്കുന്ന ഉപ്പ് നല്ല ഉപ്പാണ്. തിരുനെൽവേലി ഉപ്പിനോളം നല്ലതാണ്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): ശരിയായി ശ്രദ്ധിച്ചു ചെയ്യുകയാണെങ്കിൽ, നമ്മുടെ ഇപ്പോഴത്തെ ഫാക്ടറികൾ എല്ലാം ശരിയായി ശ്രദ്ധിച്ചു ചെയ്യുകയാണെങ്കിൽ നമുക്കു ആവശ്യമുള്ള ഉപ്പു മുഴുവനും ഇവിടെ തന്നെ ഉണ്ടാക്കാമെന്നു എക്സൈസ് കമ്മീഷണർക്കു തോന്നുന്നില്ലേ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എന്റെ താഴ്മയായ അഭിപ്രായം, അതിലും കൂടുതൽ ഉണ്ടാക്കാമെന്നു ആശിക്കാമെന്നാണ്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): ആ സ്ഥിതിയിൽ എത്തുന്നതിനു എത്രനാൾ കാത്തിരിക്കണം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ആ ചോദ്യത്തിനു മറുപടിപറയുവാൻ സാധിക്കുകയില്ല. അതു പലപരിതസ്ഥിതികളെ ആശ്രയിച്ചിരിക്കുന്നു. നമുക്കു ആവശ്യമുള്ള ഉപ്പുമുഴുവനും നമ്മുടെ ഫാക്ടറികളിൽ ഉണ്ടാക്കുവാൻ ധാരാളം സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-തെക്കുമങ്കാട്ട്): എക്കോണമിക് ഡെവലപ്മെന്റ് ബോർഡിന്റെ റിപ്പോർട്ട് എപ്പോഴാണ് അദ്ദേഹത്തിനു കിട്ടിയത്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഉദ്ദേശം മൂന്നുനാലു മാസങ്ങൾക്കുമുമ്പ്.

പ്രസിഡന്റ്: സഭ ഇപ്പോൾ പിരിയുന്നതാണ്. വീണ്ടും രണ്ടരമണിക്കു കൂടുന്നതാണ്.

സഭ രണ്ടടിച്ചു രണ്ടു മിനിറ്റുള്ളപ്പോൾ നിർത്തിവച്ചു. വീണ്ടും രണ്ടരമണിക്കു കൂടി.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഉപ്പിനു ലൈസൻസു എടുത്തിട്ടുള്ളവർ അനുഭവിച്ചുവരുന്ന വിവിധപ്രയാസങ്ങൾ, മി. ചെല്ലംപിള്ളയും മി. എൻ. കെ. കുഞ്ഞുപിള്ളയും ചൂണ്ടിക്കാണിച്ചു. ബഹുമാന്യനായ എക്സൈസ് കമ്മീഷണർ പറഞ്ഞ സമാധാനത്തിൽനിന്നു, വളരെ അലക്ഷ്യമനോഭാവമാണു അദ്ദേഹത്തിന്റേതു എന്നു പറയേണ്ടിയിരിക്കുന്നതിൽ ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം താമരക്കുളത്തുപോയി എന്നും, ലൈസൻസ് എടുത്തവർ എന്തുസഹായം ചെയ്താലാണ് ഉപ്പുണ്ടാക്കുന്നതു് എന്നു ചോദിക്കുവാനായി അവരെ ക്ഷണിച്ചു എന്നും അദ്ദേഹം പ്രസ്താവിച്ചു. ലൈസൻസ് എടുത്തവർ ക്ഷണനം വകവച്ചില്ല എന്നും, അവർ അദ്ദേഹത്തിന്റെ അടുത്തു ചെന്നില്ലഎന്നും, കമ്മീഷണർ പറയുകയുണ്ടായി.

സർ, ലൈസൻസ് എടുത്തവർ യഥാർത്ഥത്തിൽ എക്സൈസ് വകുപ്പിന്റെ ചൊൽപ്പടിയിലാണ്, ഡിപ്പാർട്ടുമെന്റുമായി ഉണ്ടാക്കേണ്ടിയിരിക്കുന്ന കരാറിലെ വിവിധവ്യവസ്ഥകൾക്കു അവർ അധീനരാണ്. ആവശ്യമുണ്ടെങ്കിൽ എക്സൈസ് കമ്മീഷണർക്ക് ലൈസൻസ് എടുത്തവരെ ശാസിക്കുവാനും, അവർ അദ്ദേഹത്തെ കാണുന്നതിനു നിർബന്ധിക്കുവാനും സാധിക്കും.

സർ, ലൈസൻസ് എടുത്തവർ തന്റെ ഉത്തരവുകളെ വകവച്ചില്ലഎന്നും, അവരെ ക്ഷണിച്ചതിൽ അവർ തന്നെ വന്നുകണ്ടില്ല എന്നും, ഒരു എക്സൈസ് കമ്മീഷണർ പരാതിപ്പെട്ടുകേൾക്കുന്നതു അത്ഭുതമാണ്. ഇതിനു മുമ്പുള്ള എക്സൈസ് കമ്മീഷണർമാരുടെ കാലത്തിൽ, ലൈസൻസ് എടുത്തവർ അവരുടെ പടിക്കൽ ചുറ്റിക്കൂടി കാത്തുകിടക്കുകയായിരുന്നു. മിക്കപ്പോഴും അവരെ കാണുവാനും സാധിക്കുകയില്ലായിരുന്നു. അതുപോകട്ടെ സർ, എക്സൈസ് കമ്മീഷണർക്ക് ഉപ്പുവ്യവസായത്തിന്റെ സ്ഥിതി നന്നാക്കണമെന്നു യഥാർത്ഥത്തിൽ ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിനു അതു ചെയ്യാമായിരുന്നു.

എക്സൈസ് കമ്മീഷണരുടെ മറുപടിയിൽ ഇവിടെ ഉണ്ടാക്കുന്ന ഉപ്പിന്റെ നല്ലതിനെപ്പറ്റി എന്തെങ്കിലും പറയുമെന്നു ഞാൻ ആശിച്ചു. ഉപ്പിന്റെ നല്ലതിനെപ്പറ്റിയുള്ള പ്രശ്നം കഴിഞ്ഞതിന്റെ മുമ്പിലത്തെകൊല്ലം മെമ്പർ പുറപ്പെടുവിക്കയുണ്ടായി. എന്റെ അറിവിലുള്ള വസ്തുതകളേയും ഗവണ്മെന്റ് റിക്കാർട്ടുകളേയും അടിസ്ഥാനപ്പെടുത്തി, ഈ രാജ്യത്തുണ്ടാക്കുന്ന ഉപ്പ് ബോംബെ ഉപ്പിനെക്കാൾ മോശമാണെന്നു ഞാൻ പറഞ്ഞു. എന്നാൽ അങ്ങിനെയല്ലെന്നു എക്സൈസ് കമ്മീഷണർ മറുപടിപറഞ്ഞു. എന്തായിരുന്നാലും, എക്സൈസ് വകുപ്പിനെപ്പറ്റിയുള്ള കഴിഞ്ഞകാലത്തെ പ്രതിവാദസമയത്തു ഹാജരാകാൻ എനിക്കു സാധിച്ചില്ല. എന്നാൽ ഇവിടെ ഉണ്ടാക്കുന്ന ഉപ്പു ബോംബെ ഉപ്പിനെക്കാൾ മോശമാകുന്നു എന്നു പ്രതിവാദത്തിനിടയിൽ സമ്മതിച്ചതായി കാണുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എല്ലാതരം ഉപ്പുകളും മോശമാണെന്ന് പറഞ്ഞതായി ഞാൻ ഓർക്കുന്നില്ല. ഈ രാജ്യത്തുണ്ടാക്കുന്ന ചിലതരം ഉപ്പുകൾ മോശമാണെന്നും, മറ്റുചിലതല്ലെന്നുമാണ് ഞാൻ പറഞ്ഞത്.

മി. എസ്. ചിറവിളപ്പുത്തൻമഠംപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): എക്സൈസ് കമ്മീഷണർ പറയുന്നതു ഞാൻ വിശ്വസിക്കുന്നു.

കൂടാതെ, ധനപരിശോധന ബോർഡിനു ഡാക്ടർ കുഞ്ഞൻപിള്ള സമർപ്പിച്ച നോട്ടിൽനിന്നു ക്രോസ് സാൾട്ടുകമ്മീഷൻ അവരുടെ റിപ്പോർട്ടിൽ നാട്ടിൽ ഉണ്ടാക്കുന്ന ഉപ്പു താഴ്ന്നതരമാണെന്നു അഭിപ്രായപ്പെട്ടതായി കാണുന്നു. ഇവിടെ ഉണ്ടാക്കുന്ന ഉപ്പിനു ഡിമാൻഡ് കുറവാണ് എന്നുകാണിക്കുന്ന മററുപ്രസ്താവനകളും ഡാക്ടർ കുഞ്ഞൻപിള്ളയുടെ നോട്ടിൽ ഉണ്ടായിരുന്നു. വർഷംതോറും കൂടുതൽ കൂടുതൽ വിദേശഉപ്പു ഇറക്കുമതിചെയ്യുന്നു എന്നുള്ളതും ഇതിനെ കാണിക്കുന്നു. ൧൧൦൪-ൽ ഈ സംസ്ഥാനത്തു ആകെ ചിലവായ തിരുനെൽവേലി ഉപ്പു ൨,൯൭,൭൦൨ മന്നായിരുന്നു. അതിന്റെ മുമ്പിലത്തെകൊല്ലം ൨,൩൩,൦൦൦ മന്നായിരുന്നു. ൧൦൪൧ മുതൽക്കുള്ള ഈ വകുപ്പിന്റെ ഭരണറിപ്പോർട്ടും ഇവിടെ ഉണ്ടാക്കുന്ന ഉപ്പു ബോംബെ ഉപ്പിനെക്കാൾ

മോശമാണെന്നു കാണിക്കും. ഞാൻ എക്സൈസ് കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നത്, താമരക്കുളത്തെ ഉപ്പുവ്യവസായത്തിന്റെ സ്ഥിതി നന്നാക്കുന്നതിന് ഒന്നും ചെയ്യാത്തപക്ഷം, താമരക്കുളത്തു ലൈസൻസ് എടുത്തവർക്ക് ഭാവിയിൽ ലൈസൻസ് എടുത്തവരുടെ അനുഭവം തന്നെ ഉണ്ടാകുമെന്നുമാത്രമാണ്. നമുക്ക ആവശ്യമുള്ള ഉപ്പു ഇവിടെത്തന്നെ ഉണ്ടാക്കണമെന്നു ഞങ്ങൾ അഭിലഷിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): സർ, എക്സൈസ് കമ്മീഷണരുടെ പ്രസംഗം അങ്കപ്പാടെ സ്വീകാര്യമല്ലായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഉപ്പുവ്യവസായം കൂടുതൽ പുഷ്ടിപ്പെടുത്താമെന്നുള്ള അദ്ദേഹത്തിന്റെ വാഗ്ദത്തത്തെ ഓർത്തു ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

അനുവാദപ്രകാരം പ്രമേയം പിൻവലിച്ചു.

ഉപക്ഷേപം ൮൭.

പ്രസിഡന്റ്: മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പേരിൽ കാണുന്ന ൮൭-ാംനമ്പർ ഉപക്ഷേപം റഗുലേഷൻ ൧൧-ാംവകുപ്പിലെ വ്യവസ്ഥകൾക്കു വിപരീതമാകയാൽ ക്രമവിരുദ്ധമാണ്.

൮൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപ്പു ഫാക്ടറികൾക്കു നീക്കിവച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണമെന്നു.

[ഉപ്പ് ധാരാളമുള്ളിടത്തും, ഉപ്പ് ഉണ്ടാക്കുവാനുള്ള യഥാർത്ഥ ചിലവു നിരക്കിനു വിൽക്കുന്നതിന്റെ ആവശ്യകതയും നിർദ്ദേശിക്കുവാൻ]

ഉപക്ഷേപം ൮൮.

താഴെ കാണുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടില്ല.

മി. എ. സി. കുര്യാക്കോസ്: ഇൻസ്പെക്ടർമാർക്കു നീക്കിവച്ചിട്ടുള്ള ൩,൨൪൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൮൯.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഉപ്പിന്റെ വാഹനച്ചെലവിനു നീക്കിവച്ചിട്ടുള്ള ൧,൨൧,൦൦൦ രൂപയിൽ ൨൧,൦൦൦ രൂപ കുറയ്ക്കണമെന്ന്,

ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതു, ഉപ്പ് ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനു ഒരു വലിയതുക, ൧,൨൧,൦൦൦ രൂപ നാം നീക്കിവയ്ക്കുന്നുണ്ടെങ്കിലും ചില ഡിപ്പോകളിൽനിന്നും കച്ചവടക്കാർക്കു ഉപ്പു ലഭിക്കുന്നില്ല എന്നുള്ളവസ്തുത ഗവണ്മെന്റിന്റെയും പണ്ഡിതനായ എക്സൈസ് കമ്മീഷണരുടെയും ശ്രദ്ധയിൽ പെടുത്തുന്നതിനാണ്. ഒരു യഥാർത്ഥ ഉദാഹരണം എടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു കച്ചവടക്കാരൻ എന്റെ നിയോജകമണ്ഡലത്തിലെ ഒരു ആൾ തിരുവനന്തപുരം തുറമുഖം ഡിപ്പോയിൽ ഉപ്പു ആവശ്യപ്പെട്ടു. പക്ഷേ അയാൾക്കു ഉപ്പു കൊടുത്തില്ല. ഉപ്പു കൊണ്ടുപോകുന്നതിനു ഇത്ര ഭീമമായ തുക നീക്കിവച്ചിട്ടും തിരുവനന്തപുരത്തെ ഈ കച്ചവടക്കാരനു ഉപ്പു എത്തിച്ചുകൊടുക്കാത്തതു എന്താണെന്നു എക്സൈസ് കമ്മീഷണരിൽനിന്നും അറിയാനാഗ്രഹിക്കുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): സർ, തിരുവനന്തപുരത്തെ കച്ചവടക്കാർ അവർക്കു ആവശ്യമുള്ള ഉപ്പ് സാധാരണ താമരക്കുളത്തുനിന്നും വാങ്ങിച്ചുവരുന്നു. താമരക്കുളത്തു വർഷംതോറും അഞ്ചാറുലക്ഷം ഉപ്പു ഉല്പാദിപ്പിക്കുന്നു. അതിനു മേൽപ്രകാരം ഉദ്ദേശം നാലുലക്ഷം മണുവരെ, ശിഷ്ടമുള്ളതു കച്ചവടക്കാർക്കു വാങ്ങിക്കാം. ഈ കാരണംകൊണ്ടു തിരുവനന്തപുരംതുറമുഖം ഉപ്പുഡിപ്പോയിലെ ശേഖരിച്ചിരിക്കുന്ന താമരക്കുളം ഉപ്പ് പരിമിതമാണ്.

കൂടാതെ തിരുവനന്തപുരത്തു തുറമുഖ ഡിപ്പോകൾ മാത്രമേയുള്ളു. അതിൽ കൂടുതൽ ശേഖരിക്കാവുന്നതു ൫൦,൦൦൦ മണുവാണ്. ജയിലിലും, ദേവസ്വംവകുപ്പിലും മറ്റു ഗവണ്മെന്റു സ്ഥാപനങ്ങളിലും ഉപ്പ് കൊടുക്കേണ്ടിയുമിരിക്കുന്നു. ഇപ്രകാരമെല്ലാം ഇരുന്നിട്ടും, എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമാൾപിള്ള പറഞ്ഞ കച്ചവടക്കാരനു ഞങ്ങൾ ഉപ്പു കൊടുത്തുകൊണ്ടിരുന്നു. എന്നാൽ ഒന്നുരണ്ടു അവസരങ്ങളിൽ ആ കച്ചവടക്കാരൻ ഉപ്പു മദ്ധ്യതിരുവിതാംകൂറിൽ അയയ്ക്കുന്നതിനാണു ഉപ്പു വാങ്ങിക്കുന്നതു എന്നു കണ്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): ഈ കച്ചവടക്കാരൻ ഉപ്പു ഇവിടെനിന്നും മദ്ധ്യതിരുവിതാംകൂറിൽ അയയ്ക്കുന്നതിൽ വല്ല ആക്ഷേപവുമുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഉണ്ട്. ആക്ഷേപങ്ങൾ എന്തെല്ലാമാണെന്നു പറയാം. മദ്ധ്യതിരുവിതാംകൂറിൽ രണ്ടു ഡിപ്പോകളുണ്ട്. നേര്യമംഗലത്തും മറ്റേതു ആലപ്പുഴയും. ഈ ഡിപ്പോകളിൽനിന്നും ധാരാളം ഉപ്പുകിട്ടും. അതുസമയം എതിർക്കാറിയാൻ പാടില്ലായിരുന്നു എന്തോകാരണത്താൽ, ഈ കച്ചവടക്കാരൻ തിരുവനന്തപുരം ഡിപ്പോയിൽനിന്നും വളരെ ഉപ്പു വാങ്ങിച്ചു മദ്ധ്യതിരുവിതാംകൂറിലേ അയച്ചുകൊണ്ടിരുന്നു. അതുകൊണ്ടു ആ ആളുടെ അപേക്ഷകൾ നിരസിക്കേണ്ടിവന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക): അവിടെ ഉപ്പുകിട്ടുമ്പോൾ ഇവിടെനിന്നും ഇത്രവളരെ ഉപ്പു മദ്ധ്യതിരുവിതാംകൂറിലേക്കു ഈ കച്ചവടക്കാരൻ അയയ്ക്കുന്നതു എന്താണെന്നു അറിയുന്നതിനു പണ്ഡിതനായ എക്സൈസ്കമ്മീഷണർ ശ്രമിച്ചോ എന്നു അദ്ദേഹത്തിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഒരു അന്യായമായ ലാഭം ഉണ്ടാക്കുവാൻ.

പ്രസിഡന്റ്: അയാൾക്കു ഇത്രവളരെ ഉപ്പു എങ്ങിനെ കിട്ടി?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): സാധാരണ ആ കച്ചവടക്കാരൻ താമരക്കുളം ഫാക്ടറികളിൽനിന്നും വണ്ടികളിൽ ഉപ്പുകൊണ്ടുവരുന്നു. ഈ ഉപ്പ് ഇവിടെയുള്ള ഞങ്ങളുടെ ഡിപ്പോയിൽ ശേഖരിച്ചിരിക്കുന്ന ഉപ്പിനെക്കാൾ വളരെ മെച്ചമാണെന്നു ഒരു ധാരണ ഉണ്ട്. സ്ഥലത്തെ ഡിപ്പോവിൽനിന്നു ഉപ്പുവാങ്ങിച്ചു കൂടുതൽവിലയുള്ള ഫാക്ടറികളിലെ ഉപ്പുഎന്ന വ്യാജേന വിൽക്കുവാനായിരുന്നു എന്നാണ് എന്റെ അറിവു. ഈ പരിതസ്ഥിതികളിൽ ഒരളവാവശ്യമേ അയാൾക്കു ഉപ്പു കൊടുക്കാതിരുന്നുള്ളു. ഇതു് എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മി. പിറവിപ്പെരുമാൾപിള്ളക്കു സന്ദർഭമുണ്ടായി, ഞാൻ അതിനു വേഗം പ്രതിവിധിചെയ്യുകയും ഉണ്ടായി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു). എക്സൈസ് കമ്മീഷണർ പറഞ്ഞസമാധാനം അത്ര തൃപ്തികരമായി എനിക്കു തോന്നുന്നില്ല. ഉപ്പു കൊണ്ടുപോകുന്നതിനു ഒരു വലിയ തുക നാം ബഡ്ജറ്റിൽ കൊള്ളിക്കുന്നു. ൧൧൦൭-ലെ ഭരണറിപ്പോർട്ടിൽ നാം ഇപ്രകാരം കാണുന്നു: "ഉപ്പു വ്യവസായത്തിനു അനുകൂലമായ കാലാവസ്ഥകൊണ്ടു, ഉപ്പ്, മേഡിഹെഡ് എക്സൈസ് ഫാക്ടറികളിൽ വളരെ കൂടിക്കിടക്കുകയും, അതു് ഫാക്ടറികളിൽനിന്നുതന്നെ വേഗം വിൽക്കുവാൻ സാധിക്കാതെ വരികയും ചെയ്യുകയാൽ ഗവൺമെന്റു ഇക്കാര്യത്തിൽ ഇടപെടേണ്ടിവന്നു."

ഞാൻ പറഞ്ഞ കച്ചവടക്കാരൻ ഇവിടെനിന്നും ഉപ്പുവാങ്ങിച്ചു മദ്ധ്യതിരുവിതാംകൂറിൽ വില്പനചെയ്യുമ്പോൾ വളരെ ലാഭമെടുക്കുന്നു എന്നു എക്സൈസ്കമ്മീഷണർ പറഞ്ഞു. അയാൾ മദ്ധ്യതിരുവിതാംകൂറിൽ ഉപ്പു അയയ്ക്കുന്നതിൽ വല്ല സാരമായ ആക്ഷേപവുമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഗവൺമെന്റു നിശ്ചയിച്ചവില കൊടുത്തുവാങ്ങി അയാൾക്കു ലാഭമെടുക്കാവുന്ന ഒരു സ്ഥലത്തു അയയ്ക്കുന്നു. മദ്ധ്യതിരുവിതാംകൂറിലെ ഉപ്പ് ഫാക്ടറികളിൽ നല്ലഉപ്പു ഉണ്ടെങ്കിൽ അയാൾ എന്തിനു അതു് അവിടെ അയയ്ക്കുന്നു. കമ്മീഷണർ പറഞ്ഞകാരണങ്ങൾ എനിക്കു മനസ്സിലായില്ല. അവിടെ ശേഖരിച്ചിരിക്കുന്ന ഉപ്പു താഴ്ന്നതരമാണെന്നാണ് ഞാൻ അനുമാനിക്കുന്നതു്. അതു് എന്തുതന്നെയായിരുന്നാലും, ഈ കച്ചവടക്കാരനു ഉപ്പു കൊടുത്തില്ല എന്നറിഞ്ഞയുടൻ എക്സൈസ്കമ്മീഷണരെ ഈ വസ്തുത ഞാൻ അറിയിച്ചു. എന്റെ എഴുത്തു വായിച്ചിരുന്നെങ്കിൽ മതിയായിരുന്നു. ഏതായാലും അദ്ദേഹത്തിന്റെ മറുപടി ഞാൻ വായിക്കാം. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു.

പ്രിയപ്പെട്ട സാറെ, ജൂലൈ ൨൫-ാംനു-ലെ നിങ്ങളുടെ എഴുത്തു്. നിങ്ങളുടെ എഴുത്തിൽ പറഞ്ഞിരിക്കുന്ന കച്ചവടക്കാരനും തിരുവനന്തപുരത്തെ മറുകച്ചവടക്കാരും സാധാരണ താമരക്കുളത്തെ ഫാക്ടറികളിൽനിന്നാണു ഉപ്പു വാങ്ങിക്കുന്നതു്. എന്നാൽ അടുത്തകാലത്തു ഇയ്യാൾ സ്ഥലത്തുതന്നെ വില്ക്കുവാനല്ല, മദ്ധ്യതിരുവിതാംകൂറിലുംമറ്റും വില്ക്കുവാൻ ഉപ്പുധാരാളമായി വാങ്ങിക്കുവാൻതുടങ്ങി. ഇപ്രകാരം തുറമുഖത്തെ ഉപ്പുഡിപ്പോയിൽനിന്നും അളവില്ലാതെ ഉപ്പു ആവശ്യപ്പെടുവാൻ തുടങ്ങി. അവിടെ ശേഖരിച്ചിരിക്കുന്ന ഉപ്പു പരിമിതമായതുകൊണ്ടു ആയാളുടെ അളവില്ലാത്ത ആവശ്യം നിറവേറ്റുവാൻനിവൃത്തിയില്ലാതെവന്നു. എങ്കിലും ന്യായമായി ആവശ്യപ്പെടുന്നതു കൊടുക്കുന്നതിനു ഇൻസ്പെക്ടരോടു പറഞ്ഞിട്ടുണ്ട്.

ഇതിൽ അളവില്ലാത്തതോ അന്യായമായതോ ആവശ്യപ്പെട്ടു എന്നുപറയുന്നതു് എനിക്കു മനസ്സിലാക്കാൻപാടില്ല. ഈ പട്ടണത്തിലെ ആവശ്യത്തിനുള്ള ഉപ്പുശേഖരിക്കുന്നതിനു വേണ്ടിടത്തോളം ഷെഡ്ഡുകൾ ഇല്ലായിരുന്നുവെങ്കിൽ തിരുവനന്തപുരം തുറമുഖത്തു കൂടുതൽ ഷെഡ്ഡുകൾ പണിയുന്നതിനു കമ്മീഷണർക്കു ആവശ്യപ്പെടാമായിരുന്നു. അതിനാൽ മേലിൽവരാവുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടഏർപ്പാടുകൾ ചെയ്യുന്നതിനു എക്സൈസ്കമ്മീഷണരോട് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

എക്സൈസ്കമ്മീഷണർ പുറപ്പെടുവിച്ച വേറൊരു ആക്ഷേപം ഗവൺമെന്റു സ്ഥാപനങ്ങൾക്കു ഉപ്പു കൊടുക്കേണ്ടിയിരുന്നു എന്നുള്ളതാണ്. മറ്റു ഗവൺമെന്റുസ്ഥാപനങ്ങൾ എന്നുപറഞ്ഞതുകൊണ്ടു അദ്ദേഹം അർത്ഥമാക്കിയതു് എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നതു് മത്സ്യം ഉണക്കുന്ന സ്ഥലമായിരിക്കും എന്നു ഞാൻവിചാരിക്കുന്നു. സർ, മത്സ്യം ഉണക്കുന്ന സ്ഥലത്തിന്റെകാര്യത്തിൽ, സാധാരണ ആളുകൾക്കു ഉപയോഗിക്കുവാൻ വിറ്റ എടുക്കാമായിരുന്ന നികുതി ഗവൺമെന്റിനുനഷ്ടപ്പെടുന്നു എന്നു നാം അറിയുന്നു. എക്സൈസ്കമ്മീഷണർ പറയുന്ന സമാധാനം ശരിയാണെന്നു എനിക്കുതോന്നുന്നില്ല. അതിനാൽ വേണ്ടഏർപ്പാടുകൾ ചെയ്യുന്നതിനും വില്പനയ്ക്കു വേണ്ടിടത്തോളം ഉപ്പുശേഖരിക്കുന്നതിനും ഞാൻഎക്സൈസ്കമ്മീഷണരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഷെഡ്ഡുകളിൽ കൊള്ളുന്നിടത്തോളം ഉപ്പുശേഖരിക്കുവാൻ ആലോചിച്ചുവരുന്നു. അതിനവേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്കു) : എക്സൈസ്കമ്മീഷണർപറഞ്ഞസമാധാനം ഓർത്തു ഞാൻ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റു, പ്രമേയം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നം ൧.

മി. മാത്യു മുരിക്കൻ (വൈക്കം) : താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

ഉപ്പിനുള്ള വാഹനച്ചെലവിനു നീക്കിവച്ചിട്ടുള്ള ൧,൫,൧,൦൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണമെന്നു.

ഈ പ്രമേയം ഹാജരാക്കുന്നതു് തിരുവിതാംകൂറിലെ ഒരുഭാഗം ആളുകൾ, പിറവത്തെആളുകൾ, അനുഭവിക്കുന്ന പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ്. മൂവാറ്റുപുഴയിലെ ഒരുപ്രധാന വാണിജ്യ കേന്ദ്രമാണ് പിറവം. പിറവത്തെകച്ചവടക്കാർ ഇപ്പോൾ ഉപ്പു മുനമ്പത്തുനിന്നും കൊണ്ടുവരേണ്ടിയിരിക്കുന്നു. മുനമ്പത്തുനിന്നും അവർ ഉപ്പു പറവൂർകൊണ്ടുവരുന്നു. അവിടെനിന്നു ആലുവായിൽ കൊണ്ടുവരുന്നു. പിന്നീടു പെരുമ്പാവൂരും, കുന്നത്തുകളിലും കൊണ്ടുവന്നു ഒടുവിൽ പിറവത്തു കൊണ്ടുവരുന്നു.

പ്രസിഡൻറ: മുനമ്പത്തുനിന്നും പിറവത്തു ഉപ്പുകൊണ്ടുവരുന്നതിന് എത്രദൂരമൽകടക്കണം?

മി. മാത്യൂ മുരിക്കൻ (വൈക്കം) : കരമാർഗ്ഗ് ഏകദേശം ൬൦ മൈൽ വരുമെന്നുതോന്നുന്നു. സാധാരണവണ്ടികളിലും ബസ്സുകളിലും മററും ഉപ്പു കൊണ്ടുവരാറുണ്ടായിരിക്കുന്നു.

സർ, ഈ വളഞ്ഞവഴിയിൽ ഉപ്പുകൊണ്ടുവരുന്നതിനുള്ളചിലവു കച്ചവടക്കാരെ മാത്രമല്ല ഉപ്പു ഉപയോഗിക്കുന്നവരെ കൂടി ബാധിക്കുന്നു. കച്ചവടക്കാരനു ഉണ്ടാകുന്ന നഷ്ടത്തിന്റെ ഏകദേശംകണക്കു ഞാൻ തരാം. കച്ചവടക്കാരനു് ഉപ്പുകൊണ്ടുവരുന്നതിനു കൂലിയായി ചാക്കിനു, ൧൦ മുതൽ ൧൨ വരെ ചക്രം ചിലവാകുന്നു. കായലിൽകൂടി ഉപ്പുകൊണ്ടുവരുന്നതായാൽ ചിലവു ഏകദേശം നാലണയായിരിക്കും. ചിലപ്പോൾ രണ്ടണ മാത്രവും ആയിരിക്കും. ഇതു കച്ചവടക്കാർ എന്നോടു പറഞ്ഞതാണ്.

പ്രസിഡൻറ. പിന്നെഎന്തുകൊണ്ടാണ കച്ചവടക്കാർ കായൽവഴി ഉപ്പുകൊണ്ടുവരാത്തതു്?

മി. മാത്യൂ മുരിക്കൻ (വൈക്കം) : ജലമാർഗ്ഗമായി ഉപ്പുകൊണ്ടുവരുന്നതിന് എക്സൈസ്കമ്മീഷണർ അവരെ അനുവദിക്കുന്നില്ല. പലപ്രാവശ്യം ഈ സംഗതി അദ്ദേഹത്തെ മനസ്സിലാക്കിയിട്ടുണ്ടു. ഒരവസരത്തിൽ അദ്ദേഹം വൈക്കത്തുവന്നപ്പോൾ, പല കച്ചവടക്കാരുമായി ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നു ഇക്കാര്യം മുഴുവനും പറഞ്ഞു. ജലമാർഗ്ഗമായി ഉപ്പു കൊണ്ടുപോകുവാൻ അനുവദിച്ചാൽ കള്ളം ഉണ്ടാകുമെന്നും, ആലപ്പുഴയിൽനിന്നു ഉപ്പു കൊടുത്തുവരുന്ന വടയാർ മുതലായ സ്ഥലങ്ങളിലേക്കു ഉപ്പു കൊണ്ടുപോകുമെന്നും കമ്മീഷണർ എന്നോടുപറഞ്ഞു. കാവൽ സ്ഥലങ്ങളിൽ ധാരാളം സ്റ്റാഫ് നാം അനുവദിച്ചിട്ടുണ്ട്. പിന്നെ മോഷണത്തെപ്പററി എന്തിനുപറയുന്നു?

മി. പി. ഏസ്സ്. മഹമ്മദ് (നിയമിതമെമ്പർ) : ആലപ്പുഴ ഡിപ്പോവിൽ നിന്നും കൊണ്ടുവരുന്ന ഉപ്പും ഈ ഉപ്പും കൂടിചേർത്താൽ അതു സ്മഗ്ലിംങ്ങ് ആകുമോ?

മി. മാത്യൂമുരിക്കൻ (വൈക്കം) : അതല്ല. അദ്ദേഹം അർത്ഥമാക്കിയതു്, ആലപ്പുഴനിന്നും ഉപ്പുവരുത്തുമ്പോൾ അവർക്ക് കുറച്ചുമാത്രം വിലക്കുഉപ്പുമാത്രമെ കിട്ടുന്നുള്ളു. അതിനാൽ അവർ മുനമ്പത്തുനിന്നും ഉപ്പുവരുത്തും. അപ്പോൾ ആലപ്പുഴ ഉപ്പിനു ചിലവില്ലാതാകും. ഉപ്പു ജലമാർഗ്ഗം കൊണ്ടുപോകുന്നതിനനുവദിച്ചാൽ വടയാർ മുതലായസ്ഥലങ്ങളിൽ അതു കടത്തിക്കൊണ്ടുപോകുന്നതിനു ഇടയുണ്ട് എന്നുകമ്മീഷണർ പറയുന്നു. അദ്ദേഹത്തിനു മോഷണം നിർത്തുവാൻ സാധിക്കാത്തതിനാൽ പിറവത്തെ സാധുകച്ചവടക്കാരെ ശിക്ഷിക്കണം എന്നു അദ്ദേഹം പറയുന്നു. ഈ സംഗതി അദ്ദേഹത്തെ പലപ്രാവശ്യം മനസ്സിലാക്കിയിട്ടുള്ളതാണ്. ഈ നടപടി വ്യത്യാസപ്പെടുത്താതിരുന്നാൽ, അതു സാധുകച്ചവടക്കാർക്കും ഉപ്പു ഉപയോഗിക്കുന്നവർക്കും വലിയനഷ്ടത്തിൽ അവസാനിക്കും എന്നുള്ളതു തീർച്ചയാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കികൊള്ളുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഗവണ്മെൻറിന്റെ ഉദ്ദേശം, മദ്ധ്യതിരുവിതാംകൂർകാരുടെ ഇടയിൽ നാടൻഉപ്പു പ്രചാരം ആക്കുന്നതിനാണ്. ആലപ്പുഴ നാടൻഉപ്പു വളരെ ശേഖരിച്ചിട്ടുണ്ടു. അവിടെ ശേഖരിച്ചിരിക്കുന്ന ബോംബെഉപ്പു നാടൻ ഉപ്പിനേക്കാൾ വളരെക്കുറവാണ്.

മി. ഏസ്. പിറമിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക) : അങ്ങിനെയാണെങ്കിൽ തിരുവനന്തപുരത്തെ കച്ചവടക്കാരൻ തിരുവനന്തപുരത്തുനിന്നും മദ്ധ്യതിരുവിതാംകൂറിലേക്കു ഉപ്പു അയയ്ക്കുന്നതു് എന്തിനു തടയുന്നു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) ഇപ്പോൾ ആ ഉപക്ഷേപം അല്ല പ്രതിവാദിക്കുന്നതു് എന്നതിൽ ഖേദിക്കുന്നു.

മി. മാത്യൂ മുരിക്കൻ (വൈക്കം) : എക്സൈസ് കമ്മീഷണർ ദയവുചെയ്തു് ആ ചോദ്യത്തിനു മറുപടി പറയുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഞാൻ പറയാം.

ആലപ്പുഴ, ബോംബെ ഉപ്പും നാടൻഉപ്പും ഒന്നിനു നാലു എന്ന കണക്കിനാണ് വിൽക്കുന്നതു്. ആ കണക്കിനാണ് അവിടെ ശേഖരിച്ചിരിക്കുന്നതും. മുനമ്പത്തു നേരെമറിച്ചാണ്. അവിടെ വളരെ അധികം ബോംബെഉപ്പുണ്ട് ഇയാണ്ടിൽ മാത്രമേ ൨൫,൦൦൦ മണങ്ങും നാടൻഉപ്പു അങ്ങോട്ടയയ്ക്കുള്ള. മുനമ്പത്തു് അത്രവളരെ ബോംബെ ഉപ്പു സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം ഇതാണ്. ബോംബെഉപ്പുമാത്രം വിററുവരുന്ന കൊച്ചി രാജ്യത്താൽ ചുററപ്പെട്ടതാണ മുനമ്പം. ആ കാരണം കൊണ്ടാണ് ഞങ്ങൾ മുനമ്പത്തേക്കു കൂടുതൽ നാടൻഉപ്പു അയക്കാത്തതു്, അവിടെ സ്ഥലസൌകര്യവും കുറവാണ്. അതുകൊണ്ടു എങ്ങിനെയെങ്കിലും കെട്ടിടം പുതുക്കണം. ഈ പരിതസ്ഥിതികളിൽ കെട്ടിടങ്ങൾ പുതുക്കണമെന്നു എന്റെ ഗൻഗാമി ഉത്തരവിട്ടു.

മി. മാത്യൂ. മുരിക്കൻ (വൈക്കം) : പിറവത്തെ ആളുകൾ കഴികാലത്തിനിടയിൽ എത്രചാക്കു വരുത്തുന്നുണ്ടെന്നും അതുമൂലം എത്രനഷ്ടമുണ്ടാകുന്നുവെന്നും ഉള്ളതിനെപ്പററി മെമ്പറിന് വല്ലതുംപറയുവാനുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ) : നഷ്ടത്തെപ്പററി പറയുവാൻ പോകുകയാണ്.

സർ, അതുകൊണ്ട് കെട്ടിടങ്ങൾ പുതുക്കേണ്ടിയിരുന്നു. പുതുക്കുകയുംചെയ്തു. പിറവത്തെ കച്ചവടക്കാർ അനുഭവിച്ചുവരുന്ന പ്രയാസങ്ങളും അസൌകര്യങ്ങളും എന്റെസ്നേഹിതൻ എന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. അദ്ദേഹം പ്രസ്താവിച്ചതുപോലെ ഉപ്പിനു അവർ വളരെദൂരം മുനമ്പംവരെ പോകേണ്ടിയിരിക്കുന്നു. എന്നാൽ അതിൽവളരെ അടുക്കലുള്ള ആലപ്പുഴപോയി അവിടത്തെ ഡിപ്പോവിൽ വാങ്ങിക്കാത്തതു് എന്താണെന്നു ഞാൻ അവരോടുചോദിച്ചു. ഇപ്പോഴും അവർക്ക് അപ്രകാരംചെയ്യാം, അതിന് ഒരുതടസ്സവും ഇല്ല.

പ്രസിഡൻറ്. ആലപ്പുഴ നിന്നും പിറവത്തേക്കു എന്തുദൂരമുണ്ടു?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ആലപ്പുഴനിന്നും വൈക്കത്തേക്കു ൨൪ മൈൽകാണും. വൈക്കത്തുനിന്നും പിറവത്തേക്കു പിന്നെയും ൧൨ മൈൽകാണും. ജലമാർഗ്ഗമുള്ള ദൂരമാണ് ഞാൻ പറയുന്നതു്.

അതിനു ചിലവു കുറവായിരിക്കും. ആലപ്പുഴനിന്നും ഉപ്പുവാങ്ങിക്കുവാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ആലപ്പുഴനിന്നും ഉപ്പുകൊണ്ടുപോകുന്നതിന് അവർക്ക് എന്തുതടസ്സമാണുണ്ടായിരുന്നതു് എന്നുകണ്ടുപിടി

ക്കാൻ എനിക്കു സാധിച്ചിട്ടില്ല. ഉപ്പ് എറണാകുളത്തു കൊണ്ടുവന്നു വഞ്ചിവഴിയോ ലോറിവഴിയോ കൊണ്ടുപൊയ്ക്കൊള്ളാമെന്നു അവർ പറഞ്ഞു. എനിക്ക് ഒരു വിരോധവുമില്ലെന്നു ഞാൻ പറഞ്ഞു. ഈ ഏർപ്പാട് അവർക്കു തൃപ്തിയാണ് എന്നു അവർ മറുപടിപറഞ്ഞു. അതിനുശേഷം അവരിൽനിന്നും ഒരു പരാതിയും ഉണ്ടായിട്ടില്ല. ഈ സൗകര്യമായ ഏർപ്പാട് ഉണ്ടാക്കുന്നതിന് വളരെമുമ്പാണ് ഏതേസ്ഥിതൻെറ ആവലാതിയുണ്ടായത്.

മി. മാത്യു മുരിക്കൻ (വൈക്കം) : കമ്മീഷണർ ഒടുവിൽ വൈക്കത്തുവന്നപ്പോൾ ഈ സംഗതി ഞാൻ അദ്ദേഹത്തെ അറിയിച്ചു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : അതു കുറച്ചുമുമ്പാണെന്നു ഞാൻ വിചാരിച്ചു. ഞാൻ അവിടെയായിരുന്നപ്പോൾ മെമ്പർ ഈ സംഗതിയെപ്പററി പറഞ്ഞിരിക്കാം.

മി. മാത്യു മുരിക്കൻ (വൈക്കം) : അവിടെവന്ന പിറവത്തെ കച്ചവടക്കാരുമായി ഞാൻ അദ്ദേഹത്തിൻെറ അടുത്തുപോയി. ആ സന്ദർഭം ഞാൻ നല്ലതുപോലെ ഓർക്കുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഇപ്പോഴും ഞാൻ പറഞ്ഞമാർഗ്ഗത്തിൽക്കൂടി അവർക്കു ഉപ്പുകൊണ്ടുപോകാം.

മി. മാത്യു മുരിക്കൻ (വൈക്കം) : അവർ കൂടുതൽ ചിലവാക്കേണ്ടിയിരിക്കുന്നു. പിറവംവരെ വള്ളത്തിൽ കൊണ്ടുപോകുന്നതിൻെറ തടസ്സമെന്താണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : തടസ്സം ഇതാണ്. മോഷണത്തിനിടയുണ്ട്. അതു ഡിപ്പാർട്ടുമെൻറിന് കണ്ടുപിടിക്കാൻ കഴിയുകയില്ല. ബോംബേഉപ്പു വേഗം തീർന്നുപോകും. അടുത്തകാലംവരെയുള്ള വില്പനയ്ക്കു വീണ്ടും ശേഖരിച്ചുവയ്ക്കുവാൻ സാധിക്കുകയുമില്ല.

മി. മാത്യു മുരിക്കൻ (വൈക്കം) : മോഷ്ടിക്കുവാനിടയുണ്ട് എന്നു എക്സൈസ്കമ്മീഷണർക്കു സംശയം ഉള്ളതുകൊണ്ടു അവരെക്കൊണ്ടു കൂടുതൽ ചിലവാക്കുന്നതു ന്യായമാണെന്നു അദ്ദേഹത്തിനു തോന്നുന്നുവോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : മോഷണത്തിനിടയുണ്ടെന്നു വിചാരിക്കുന്നതേയുള്ളു. എങ്ങിനെയായാലും കച്ചവടക്കാരുടെ ചിലവു വ്യത്യാസം വലിയകൂടുതൽ കാണുകയില്ല.

മി. മാത്യു മുരിക്കൻ (വൈക്കം) : ഫ്രെ അണയുടെ വ്യത്യാസം ഉണ്ടെന്നു ഞാൻ അറിയുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : വലിയവ്യത്യാസം കാണുകയില്ലെന്നാണ് എൻെറ അറിവു.

മി. മാത്യു മുരിക്കൻ (വൈക്കം) : പിറവംവരെ ഉപ്പു വള്ളത്തിൽ കൊണ്ടുവരുന്നതിന് കച്ചവടക്കാരെ അനുവദിക്കുന്നതാണ് എന്നു കമ്മീഷണർ ഉറപ്പുപറയുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഇപ്പോഴും അവരെ അനുവദിക്കുന്നുണ്ട്.

പ്രസിഡൻറ. നിങ്ങളുടെ ഉദ്ദേശങ്ങൾ പരസ്പരവിരുദ്ധങ്ങളാണ്. പിറവത്തെ കച്ചവടക്കാർ മുനമ്പത്തുനിന്നും പിറവംവരെ ഉപ്പുവള്ളത്തിൽ കൊണ്ടുവരുന്നതിൽ വല്ല എതിരുമുണ്ടോ എന്നാണ് മി. മുരിക്കൻ നിങ്ങളോടു ചോദിക്കുന്നത്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : എതിരുണ്ടെന്നുപറഞ്ഞു. അതിൻെറ കാരണവും പറഞ്ഞു.

മി. മാത്യു മുരിക്കൻ (വൈക്കം) ; മോഷണത്തിനിടയുണ്ട് എന്നു കമ്മീഷണർ പറഞ്ഞു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : മോഷണം നടക്കുന്നതായി പരാതികൾ കൂടി ഉണ്ടായിട്ടുണ്ട്. ബോംബേഉപ്പു വീണ്ടും ശേഖരിക്കുവാൻ സാധിക്കുന്നതിനു മുമ്പു തീർന്നുപോകുമെന്നും എല്ലാവരും പ്രയാസത്തിലാകും എന്നുമാണ് എൻെറ ഭയം. എങ്ങിനെയായാലും ഉപ്പ് ഉപയോഗിക്കുവാനാണ്. മററൊന്നിനുമല്ല ഉപ്പു നാം സൂക്ഷിക്കുന്നത്. ഈ ആണ്ടിൽ ഞങ്ങൾ മുനമ്പത്തേക്കു ൧,൨൫,൦൦൦ മണു ബോംബേഉപ്പും ൨൫,൦൦൦ മണു് നാടൻഉപ്പും അയച്ചു. അടുത്തകൊല്ലം നാടൻഉപ്പിൻെറ അളവു കൂട്ടുവാൻപോകുകയാണ്.

മി. പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ) : ഇങ്ങിനെ കൂടുതലാക്കുകയാണെങ്കിൽ പിന്നെയും നിയന്ത്രണത്തിൻെറ ആവശ്യമുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : ഈ നിയന്ത്രണം വെച്ചാൽ ആവലാതിപ്പെടേണ്ട ആവശ്യമില്ലെന്നുവച്ചു അവർത്തന്നെതാനെ വേണ്ടെന്നുവയ്ക്കും.

പ്രസിഡൻറ. അതു് നാടൻഉപ്പിനു രക്ഷാകരമായ ഒരു നടപടിപോലെ തോന്നുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : സാർ, അതെ.

മി. മാത്യു മുരിക്കൻ (വൈക്കം) : അപ്പോൾ വിദേശഉപ്പു ഇറക്കുമതിചെയ്യിട്ട് ആവശ്യമില്ലല്ലോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : എന്നാൽ നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടിടത്തോളം നാടൻഉപ്പു നാം ഇവിടെ ഉണ്ടാക്കുന്നില്ല. മുനമ്പത്തു ശേഖരിച്ചിരിക്കുന്നതു് പരിമിതമാണ്. അതുകൊണ്ടുപോകുന്നതും അടുത്ത ട്രാൻസ്പോർട്ടുകാലംവരെ വില്ക്കത്തക്കവണ്ണം പരിമിതമായിരിക്കണം. ട്രാൻസ്പോർട്ടുകാലം ധനുവിൽതുടങ്ങി മേടത്തിൽ അവസാനിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—തെക്കേക്കോട്ട) : ഒരു പ്രത്യേകസ്ഥലത്തിനു ബോംബേഉപ്പു മാത്രം എങ്ങിനെയാണ് നിങ്ങൾ കൊടുക്കാൻപോകുന്നത്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : മുനമ്പം കൊച്ചിയിൽ പുറപ്പെട്ടതാണ്. അവിടെ അധികം ബോംബേഉപ്പു ഉണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—തെക്കേക്കോട്ട) : നമ്മുടെഉപ്പു കൊച്ചിയിൽ പ്രചാരപ്പെടുത്താൻശ്രമിക്കുമോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) : അതു ചെയ്യാമെങ്കിൽ എനിക്കു സന്തോഷമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം—മണ്ഡലം): അവിടെ കൊണ്ടുപോകാതെ എങ്ങനെപ്രചാരമാക്കുവാൻകഴിയും.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): അതാണ് ചെയ്യുവരുന്നത്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കൊച്ചിയുടെ സാമീപ്യം എങ്ങിനെയാണ് ഈ സംഗതിയെ ബാധിക്കുന്നത്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): കൊച്ചിയിൽ ബോംബേഉപ്പ് മാത്രമേ ലഭിക്കുന്നുള്ളു. ബോംബേഉപ്പ് നമ്മുടെഉപ്പിനെക്കാൾ നല്ലതാണെന്നു അവിടത്തെ ആളുകളുടെ ഇടയിൽ ഒരു ധാരണയുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതാണ് എനിക്കു ആവശ്യമുണ്ടായിരുന്ന മറുപടി.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ) ബോംബേഉപ്പ് മെച്ചമാണെന്നു വിചാരിക്കുന്നതിനാൽ മുനമ്പത്തെ ആളുകൾ അതു കൂടുതൽ ഇഷ്ടപ്പെടുന്നു.

പ്രസിഡന്റ്. അവർ തെറ്റായോ ശരിയായോ ബോംബേഉപ്പ് മെച്ചമാണെന്നു വിചാരിക്കുന്നതുകൊണ്ട്.

റാവുബഹദൂർ കെ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡന്റ്): ബോംബേ ഉപ്പിന് കൂടുതൽനിരക്കുവില വസൂലാക്കാം എന്നു അറിഞ്ഞാൽകൊള്ളാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഉവ്വ്. ബോംബേഉപ്പ് മെച്ചമാണെന്നാണ് അവരുടെ ധാരണ. യഥാർത്ഥത്തിൽ അങ്ങിനെയല്ലായിരിക്കാം.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ബോംബേസംസ്ഥാനത്തിൽനിന്നും ഗവൺമെന്റിലേക്കുകമ്മീഷൻവല്ലതും കിട്ടുന്നുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): ഗവൺമെന്റിനു കമ്മീഷനൊന്നുമില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): കമ്മീഷനായിട്ടു വല്ലതുംകിട്ടുന്നുണ്ടോ?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മീഷണർ): കമ്മീഷനൊന്നുംകിട്ടുന്നില്ല. കൊടുക്കേണ്ട വിലമാത്രം കൊടുത്തുമേടിക്കുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം): ഒരു തടങ്കൽനടപടിയായിട്ടുകൂടിയാണ് ജലമാർഗ്ഗമായി ഉപ്പുകൊണ്ടുവരുന്നതിനു കച്ചവടക്കാരെ സമ്മതിക്കാത്തതു എന്നുപറയുകയുണ്ടായി. ഒരു തടങ്കൽനടപടിയായിട്ടു അവർ ജലമാർഗ്ഗമായി ഉപ്പു കൊണ്ടുവരുന്നതിനു അനുവദിക്കാതിരിക്കുന്നതു എനിക്കു മനസ്സിലാക്കാം. എന്നാൽ ബോംബെ ഉപ്പു വാങ്ങിക്കുന്നതിനു അവർ കൂടുതൽവില കൊടുക്കേണ്ടിയിരിക്കുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ബോംബെഉപ്പു വാങ്ങിക്കുന്നതിനു അവരെ കൂടുതൽ ഞെരുക്കപ്പെടുത്തുന്നുവെങ്കിൽ ഞാൻ അതിനു ഒരു ന്യായവും കാണുന്നില്ല. പ്രത്യേകിച്ചു ഗവൺമെന്റ് ബോംബെഉപ്പു ലഭ്യമാക്കിക്കൊടുക്കുമ്പോൾ ഒരു ന്യായവുമില്ല. ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം ഇഷ്ടമായിരുന്നുവെങ്കിൽ ഈ സഭയുടെമുമ്പാകെ ഈ പ്രശ്നം കൊണ്ടുവരികയില്ലായിരുന്നു. സർ, എന്നാൽ ഈ കച്ചവടക്കാർക്കു ചാക്കിനു ൧ക അണവീതം നഷ്ടപ്പെടുന്നു.

പ്രസിഡന്റ്: ഇതുണ്ടാകുമ്പോൾ ഉപ്പു വരുത്തുന്നേയില്ലല്ലോ?

മി. മാത്യുമുരിക്കൻ (വൈക്കം): ഇല്ല. അതു എക്സൈസ്കമ്മീഷണർ എന്നോടു പറഞ്ഞില്ല. ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടുമില്ല. ഏതായാലും ഈ സംഗതി മുഴുവനായി ഞാൻ എക്സൈസ്കമ്മീഷണരുടെയും ഗവൺമെന്റിന്റെയും സൽമനസ്സിനുവിട്ടിരിക്കുന്നു. എക്സൈസ്കമ്മീഷണർ ഈ സംഗതിയെപ്പറ്റി ആലോചിക്കുമെന്നും ജനങ്ങളുടെ സമാധാനത്തിനുതകുന്നതുമെന്നും എനിക്കു നിശ്ചയമാണ്. ഈ വിശ്വാസത്തോടുകൂടി തൽക്കാലം എന്റെ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

൩൧-ഉം ൩൨-ഉം ഉപക്ഷേപങ്ങൾ.

താഴെക്കാണുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

൩൧. മി. ടി. സി. കേശവപിള്ള:

ഉപ്പിനു നീക്കിവച്ചിട്ടുള്ള ൨,൦൮,൦൧൩ രൂപയിൽ ൧൦ രൂപ കുറയ്ക്കണമെന്ന്.

൩൨. മി. ടി. സി. കേശവപിള്ള:

ഉപ്പിനു നീക്കിവച്ചിട്ടുള്ള ൨,൦൮,൦൧൩ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണമെന്ന്.

ഉപക്ഷേപങ്ങൾ ൩൩, ൩൪, ൩൫, ൩൬, ൩൭, ൧൦൪, ൧൧൩.

പ്രസിഡന്റ്: ൩൩, ൩൪, ൩൫, ൩൬, ൩൭, ൧൦൪, ൧൧൩ ഈ ഉപക്ഷേപങ്ങളുടെ ഉദ്ദേശം ഒന്നാണെന്നുകാണുന്നു. അവയെല്ലാം എക്സൈസ്നയത്തെപ്പറ്റി പ്രതിവാദിക്കുന്നതിനും എക്സൈസ് നയത്തെപ്പറ്റി ഗവൺമെന്റിന്റെ ഒരു പ്രഖ്യാപനം കരസ്ഥമാക്കുന്നതിനുമാണ്. ൩൩-ാം നമ്പർ ഉപക്ഷേപത്തെപ്പറ്റി പ്രതിവാദിക്കുമ്പോൾ ഈ സംഗതിക്കു മററു പ്രമേയങ്ങൾ ഹാജരാക്കിയിരിക്കുന്നവർക്കും ആ പ്രമേയങ്ങൾ പ്രത്യേകം പ്രതിവാദിക്കുന്നതിനിടയാക്കാതെ ഈ വിഷയത്തെപ്പറ്റി പ്രതിവാദിക്കാം.

ഉപക്ഷേപം ൩൩.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): താഴെപ്പറയുന്ന പ്രമേയങ്ങൾ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

എസ്റ്റാബ്ലിഷ്മെന്റിനു നീക്കിവച്ചിട്ടുള്ള ൧൩,൩൯൯ രൂപയിൽ ൧ രൂപ കുറയ്ക്കണമെന്ന്.

സർ, നിരോധനമാണ് ഞങ്ങളുടെലാക്ക് എന്നു ഗവൺമെന്റ് പ്രഖ്യാപനംചെയ്തിട്ടുണ്ട് എന്നു ആരംഭത്തിൽതന്നെ ഞാൻ പറഞ്ഞുകൊള്ളട്ടെ. ശ്രീമൂലംപ്രജാസഭയുടെ ൧൯-ാം സമ്മേളനത്തിൽ ഈ സംഗതിയെപ്പറ്റിയുള്ള ഒരു നിവേദനത്തിനു മറുപടിയായി അന്നത്തെ ദിവാൻ മി. വാട്ട്സ് ഇപ്രകാരം പറയുകയുണ്ടായി.

"മദ്യപാനം ക്രമേണ ബഹിഷ്കരിക്കണമെന്നും എക്സൈസ് നികുതി കാലക്രമത്തിൽ ഇല്ലാതെയാക്കണമെന്നും ഉള്ളതിൽ ഗവണ്മെന്റു നിങ്ങളോടു പൂർണ്ണമായി യോജിക്കുന്നു".

എക്സൈസിൽനിന്നും ഗവണ്മെന്റിനു ലഭിച്ചുവരുന്ന നികുതി തീരെ ഇല്ലാതെയാക്കുന്നകാര്യത്തിൽ ഗവണ്മെന്റു ജനങ്ങളോടു പൂർണ്ണമായിയോജിക്കുന്നുഎന്നു അവിടെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ ഗവണ്മെന്റു ഇപ്പോൾ ഇടന്നുകൊണ്ടുപോകുന്ന പ്രവൃത്തനഗതിയിൽനിന്നും തങ്ങളുടെ ഉദ്ദേശത്തിലും എക്സൈസ്നയം നടപ്പിലാക്കുന്നതിലുള്ള മനഃസ്ഥിതിയിലും പരമാർത്ഥതയില്ലെന്നു ആർക്കും മനസ്സിലാകും. വർഷംതോറും എക്സൈസ്നികുതി ക്രമേണ കൂടിവരുന്നതിൽനിന്നും ചാരായം, കള്ളു മുതലായ ലഹരിപാനീയങ്ങൾ കൂടുതൽ ചിലവാകുന്നതിൽനിന്നും ഇതു വെളിവാകുന്നുണ്ടു.

എക്സൈസ് റഗുലേഷൻ നിയമനിർമ്മാണസഭയിൽ അവതരിപ്പിച്ചയവസരത്തിൽ ഗവണ്മെന്റിന്റെ ഉദ്ദേശം നികുതിപിരിക്കാൻമാത്രമല്ലെന്നും പിന്നെയോ മദ്യപാനംസംബന്ധിച്ചടത്തോളം തിരുവിതാംകൂറിലെ ജനങ്ങളുടെ സന്മാർഗ്ഗബോധം ഉൽകൃഷ്ടമാക്കുന്നതിനുകൂടിയാണെന്നും മരിച്ചുപോയ മി. തമ്പിപിള്ള പറയുകയുണ്ടായി.

അദ്ദേഹം ഇപ്രകാരം പറഞ്ഞു, "ഡിപ്പാർട്ടുമെന്റിന്റെ ഉദ്ദേശം കരംപിരിക്കുന്നതുപോലെതന്നെ സന്മാർഗ്ഗബോധംഉളവാക്കുന്നതിനുകൂടിയാണ്. തീർച്ചയായും കരംപിരിവിൽ കൂടുതൽ പൊതുജനങ്ങളുടെ സന്മാർഗ്ഗനിലയെയാണു അതു കരുതുന്നതു.

ഗവണ്മെന്റിന്റേയും അവരുടെ പ്രതിനിധികളുടേയും ഈ പ്രഖ്യാപനങ്ങളിൽനിന്നുമാണ് പലരുടെ നയം അനുമാനിക്കേണ്ടതും മനസ്സിലാക്കേണ്ടതും. ഈ വകുപ്പിന്റെ ൧൧൦൭-ലേയും ൧൧൦൮-ലേയും ൧൧൦൯-ലേയും നികുതി നോക്കുന്നതായാൽ അതു ക്രമേണ വർദ്ധിച്ചുവരുന്നതായി കാണാം. ൧൧൦൭-ൽ അതു രൂപ [illegible] ആയിരുന്നു ൧൧൦൮-ൽ രൂപ [illegible] ആയിരുന്നു, ൧൧൦൯-ൽ രൂപ [illegible] ആയിരുന്നു. നികുതിയുടെ ഈ വർദ്ധനവോടുകൂടി അതിനനുസരണമായി മദ്യപാനത്തിലും വർദ്ധനവുണ്ടായിരിക്കണം. ഈ വകുപ്പു മദ്യപാനം നിർത്തലാക്കുവാനല്ല ശ്രമിക്കുന്നതു എന്നുകണ്ട് വർഷംതോറും ചിലവാകുന്ന കള്ളു് കുറയുന്നതിനു ചെത്തുവാൻ ലൈസൻസുകൊടുക്കുന്ന മരങ്ങളുടെ എണ്ണം കുറയ്ക്കണമെന്നു മി. പാച്ചുപിള്ള കഴിഞ്ഞകൊല്ലം ഈ സഭയിൽ ഒരു നിശ്ചയംകൊണ്ടുവന്നു. ആ നിശ്ചയം ഈ സഭയിൽ ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സായി. കാലാവസ്ഥ മാറുന്നതോടുകൂടി ഓരോമരത്തിൽ നിന്നും കിട്ടുന്ന കള്ളിന്റെ അളവും വ്യത്യാസപ്പെടുന്നതുകൊണ്ടു ഓരോവർഷവും ചെത്തുവാൻ അനുവദിക്കുന്ന മരങ്ങളുടെഎണ്ണം കുറയ്ക്കുവാൻപാടില്ലെന്നു ഇപ്പോഴത്തെ എക്സൈസ്കമ്മീഷണർ ആയവസരത്തിൽ ഒരു ആക്ഷേപംപുറപ്പെടുവിച്ചു. എന്നാൽ ശരിയായ കണക്കുകളിൽനിന്നും കള്ളിന്റെചിലവു ആണ്ടുതോറും വർദ്ധിച്ചുവരികയാണെന്നുകാണുന്നു. അതിനാൽ കമ്മീഷണരുടെ സംശയനിവൃത്തിയും ആവശ്യവുംസംബന്ധിച്ച പ്രമാണം മുതലായ സമാധാനങ്ങൾ പ്രായോഗത്തിൽവരുന്നില്ല.

തിരുവിതാംകൂറിലെ ജനങ്ങൾ അവരുടെ സംരക്ഷണത്തെയും അവരുടെ സ്വാതന്ത്ര്യത്തെയുംകരുതി മദ്യനിരോധനം ആഗ്രഹിക്കുന്നു. ഈ മാതിരി നയങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ആ ജനങ്ങളുടെ നന്മ കാംക്ഷിക്കുന്നതാണ് എന്നു ഗവണ്മെന്റു ഇതിനനുമതിക്കുന്നതു മഹാമനസ്കതയായിരിക്കും. നേരെമറിച്ചു സഭയിലെ അനൌദ്യോഗസ്ഥാംഗങ്ങൾ ഈമാതിരി നിശ്ചയങ്ങൾ കൊണ്ടുവരുമ്പോൾ അവരെ കുറ്റക്കുന്നതിനും അവരുടെ വാദങ്ങളെ വിഫലീഭവിപ്പിക്കുന്നതിനും ഗവണ്മെന്റു കഴിയുന്നതു ശ്രമിക്കുന്നു. ഈയവസരങ്ങളിലാണു ഈ നിശ്ചയങ്ങൾ പാസ്സാകുന്നതിനു ഞങ്ങൾ നിർബന്ധിതരാകുന്നതു്. ആമാതിരി നടപടികൾ ഗവണ്മെന്റിന്റെ വാക്കുകളുടേതിൽനിന്നും വ്യത്യസ്തമാണെന്നു കാണുന്നു. ഗവണ്മെന്റു പ്രഖ്യാപനം ചെയ്തിട്ടുള്ളതും വർത്തമാനപ്പത്രങ്ങൾ മുഖേനയും പ്രസംഗപീഠങ്ങൾവഴിയായും വാദിച്ചിട്ടുള്ളതുമായ നിരോധനനയത്തെ പുരസ്കരിച്ചു് നിരോധനം നടപ്പിൽ വരുത്തുന്നതിനു പ്രചരണവേല നടത്തണമെന്നു കഴിഞ്ഞപ്രാവശ്യം ഈ സഭയിൽ ഒരു നിശ്ചയംകൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിച്ചു. ശ്രമിക്കുന്നതായാൽ പൊതുജനാരോഗ്യവകുപ്പും പരസ്യസഹായവകുപ്പും മദ്രാസിലും മറ്റുസ്ഥലങ്ങളിലുംപോലെ പ്രചരണവേല ചെയ്യുന്നതിനു അനുവദിക്കുന്നതായാൽ നിരോധനം നടപ്പിലാക്കുന്നതിനു സാധിക്കുംഎന്ന് ആ പ്രമേയംമൂലം കാണിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എന്നാൽ ഗവണ്മെന്റു അതു അനുവദിച്ചില്ല. മദ്രാസ് ഗവണ്മെന്റിന്റെ പ്രയത്നങ്ങൾ നാം നോക്കുന്നതായാൽ ൧൯൩൭-ൽ പ്രചരണവേലയ്ക്കു ൪ ലക്ഷം രൂപയും ൧൯൩൮-ൽ ൫ ലക്ഷം രൂപയും അനുവദിച്ചതായി നാം കാണുന്നു. രാജ്യപുരത്തും സേലത്തും ചിറ്റൂരും അവർ നിരോധനം ഏർപ്പെടുത്തി. വിശാഖപട്ടണത്തിൽ മൂന്നു ജില്ലകളിൽ റെസ്ട്രിക്ഷൻ ഏർപ്പെടുത്തുന്നതിനും അവർ സമ്മതിച്ചു. ഇതിൽനിന്നും മദ്യപാനത്തിനുവിപരീതമായി പ്രചരണവേലകൾ നടത്തുന്നതിൽ മദ്രാസ്ഗവണ്മെന്റു ഏതെല്ലാംവിധം പ്രവർത്തിക്കുന്നുഎന്നുകാണാം. ബ്രിട്ടീഷ് ഇൻഡ്യയിലെ ഈ കലഹകാലത്തുപോലും കേന്ദ്രമായി പുതിയ ഓർഡിനൻസുകൾ പാസ്സാക്കിയപ്പോഴും, മദ്യപാനത്തിനു എതിരെ നിയമാനുസരണമായ പ്രചരണവേലകൾനടത്തുന്നതിനു തടസമായില്ല. എന്നാൽ അടുത്തകാലത്തു തിരുവിതാംകൂറിൽ സംസ്ഥാനത്തെ മദ്യപാനത്തിനുഎതിരായി സമാധാനപരമായിനടത്തുന്ന പ്രചരണവേലകൾ അമർച്ചചെയ്യുന്ന നയം ഗവണ്മെന്റു സ്വീകരിച്ചിരിക്കുന്നു. കുന്നത്തൂരിലും കൊല്ലത്തും മറ്റും നടന്ന സംഭവങ്ങൾ ഇതിനു ധാരാളം സാക്ഷ്യംവഹിക്കുന്നു. ജനങ്ങളുടെ ഈ പ്രയത്നങ്ങൾ തടയുന്നതിനു ലാത്തികൾ ഇറക്കുമതിചെയ്യുവാൻ പ്രത്യേകഉത്തരവുകൾഅയച്ചു.

മി. എൻ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ആ ഉത്തരവു എന്നാണു അയച്ചതെന്നു മെമ്പർ പറയാമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര–കുന്നത്തൂർ): ലാത്തികൾ ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും വരുത്തി തിരുവിതാംകൂറിൽ സൂക്ഷിച്ചുഎന്നാണു എന്റെഅറിവു്.

മി. എൻ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): പ്രചരണവേലകൾ അമർച്ചചെയ്യുന്നതിലേക്കു ലാത്തികൾ വരുത്തുന്നതിനു പ്രത്യേകഉത്തരവുകൾഅയച്ചുഎന്നു മെമ്പർ പറഞ്ഞു. ആ ഉത്തരവുകളുടെ തീയതികൾ പറയാമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര–കുന്നത്തൂർ): ഉത്തരവുകൾ അയച്ചോ ഇല്ലയോ എന്നു എനിക്കറിയാൻ പാടില്ല. എന്നാൽ പോലീസുവകുപ്പിന്റെ വശത്തിൽ ലാത്തികളുണ്ടെന്നു എനിക്കറിയാം.

മി. എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ലാത്തികൾ വരുത്തുന്നതിനുള്ള ഉത്തരവിന്റെ തീയതി മെമ്പർ പറയുമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): വല്ല ഉത്തരവും ഉണ്ടോ ഇല്ലയോ എന്നു എനിക്കു നിശ്ചയമില്ല. ഞാൻ പൊതുവെ പ്രസ്താവിക്കുന്നതേയുള്ളു. ഇവിടത്തെ ശിപായിമാർ ലാത്തികളുടെ ഉപയോഗം പരിശീലിക്കുന്നതു കണ്ട ആളുകളുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും മേക്ക): ലാത്തികളാണോ ബയണറ്റുകളാണോ ഏതാണ് കൂടുതൽ ഫലപ്രദം?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ലാത്തികളാണു കൂടുതൽ ഫലപ്രദം എന്നു ഞാൻ കേൾക്കുന്നു.

ഇപ്രകാരമാണ് തിരുവിതാംകൂറിൽ ഗവൺമെന്റ് മദ്യനിരോധനത്തെ സഹായിക്കുവാൻ പോകുന്നത്.

[മി. എൻ. കെ. കൃഷ്ണപിള്ള ഒരു ചോദ്യം ചോദിച്ചതു കേൾക്കുവാൻ പാടില്ലായിരുന്നു.]

പ്രസിഡന്റ്: കൃഷ്ണപിള്ള, നിങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ആ വശത്തേക്കു തിരിയരുത്. എന്തെന്നാൽ ആർക്കും നിങ്ങൾ പറയുന്നതു കേൾക്കാൻ പാടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പോലീസുകമ്മീഷണരാഫീസിലെ കാൺസ്റ്റബിൾമാരെ അടുത്തകാലത്തു ലാത്തികളുടെ ഉപയോഗം പരിശീലിപ്പിച്ചതു മെമ്പറിനു അറിയാൻപാടില്ലേ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതാണു ഞാൻ കുറച്ചുമിനിട്ടുകൾക്കു മുമ്പു പറഞ്ഞതു. കാൺസ്റ്റബിൾമാരെ ലാത്തികളുടെ ഉപയോഗം പരിശീലിപ്പിച്ചിരുന്നു എന്നു ഞാൻ പറഞ്ഞു. ജനങ്ങൾതന്നെ മദ്യപാനപിശാചിനെ ഈ സംസ്ഥാനത്തുനിന്നും ആട്ടിയോടിക്കുന്നതിനു ശ്രമിക്കുമ്പോൾ ഈ പരിശ്രമത്തെ സഹായിക്കേണ്ട ഗവൺമെന്റ ജനങ്ങളെ ദ്രോഹിച്ചു അവരുടെ വർഷംതോറുമുള്ള നികുതി കുറയാതിരിക്കുവാൻ ശ്രമിക്കുന്നതു ഒരു പരിതാപകരമായ കാര്യമാണ്. മദ്യപാനനിരോധനം രാജ്യത്തുണ്ടാക്കുന്ന ഗുണങ്ങളെപ്പററി ഞാൻ അധികം പ്രസ്താവിക്കേണ്ടതില്ല. ഒരു മഹാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

''രാജ്യം പ്രജകളുടെ ദുസ്സ്വഭാവങ്ങളെ പുലർത്തുന്നില്ല. വേശ്യാഗൃഹങ്ങൾ നിയന്ത്രിക്കുകയോ അവയ്ക്കു ലൈസൻസു കൊടുക്കുകയോ നാം ചെയ്യുന്നില്ല. കള്ളന്മാർക്കു മോഷണത്തിനുള്ള സൗകര്യങ്ങളും നാം ഉണ്ടാക്കിക്കൊടുക്കുന്നില്ല. മദ്യപാനം മോഷണത്തെക്കാളും വ്യഭിചാരത്തെക്കാളും ഹീനതയാണെന്നു ഞാൻ വിചാരിക്കുന്നു''

മദ്യപാനനിരോധനംകൊണ്ടു രാജ്യത്തുണ്ടാകുന്ന നന്മയെപ്പററി ഞാൻ അധികം വിസ്തരിക്കുന്നില്ല. അമേരിക്കയിലെ മദ്യനിരോധനഫലത്തെപ്പററി ഒരു ഭാഗം ഉദ്ധരിക്കമാത്രം ചെയ്യാം. ആ ഭാഗം ഇപ്രകാരമാണ്.

''വീടുകളിൽ കൂടുതൽ സന്തോഷം ഉണ്ടായി. പണിക്കാർക്കും വേലക്കാർക്കും യജമാനന്മാർക്കും തമ്മിലുള്ള വഴക്കുകളും കുറഞ്ഞു. സേവിങ്സ് അക്കൗണ്ടിലും, ബിൽഡിങ് ആൻഡ് ലോൺ അസോസിയേഷനിലും പണം വർദ്ധിച്ചു. സാധാരണവീടുകളിൽ അത്യാവശ്യങ്ങളായുള്ള സാമാനങ്ങൾ മാത്രമല്ല സുഖത്തിനുള്ള സാമാനങ്ങൾകൂടി വളരെവർദ്ധിച്ചു. പള്ളികളിൽ കൂടുതൽ ആളുകൾ അംഗങ്ങളായി. കൂടുതൽ പള്ളികൾ പണിതു. പബ്ലിക്കുസ്കൂളുകളിലും, കോളേജുകളിലും, യൂനിവേർസിററികളിലും വായിക്കുന്നവരുടെ എണ്ണം കൂടി.''

സാർ ഇവയാണ് ആ രാജ്യങ്ങളിൽ മദ്യനിരോധനംവരുത്തിയിരിക്കുന്ന ഗുണങ്ങൾ. മദ്യപാനനിരോധനം തങ്ങളുടേയും ലാക്കാക്കണമെന്നും അതു പ്രയോഗത്തിൽ വരുത്തുന്നതിലേക്കു ഒരു കാര്യപരിപാടി ഉണ്ടാക്കി അതു മേലിൽ പിന്തുടരണമെന്നും നമ്മുടെ ഗവൺമെന്റിനോടു ഞാൻ അപേക്ഷിക്കുന്നു. മദ്യപാനനിരോധനം നടപ്പാക്കുന്നതിനു ഗവൺമെന്റിനുള്ള ഒരു പ്രതിബന്ധം ഗവൺമെന്റിനുണ്ടാകാവുന്ന ഒരു പ്രതിബന്ധം, തങ്ങളുടെ നികുതി കുറയുമെന്നുള്ളതാണ്. നമ്മുടെ ഗവൺമെന്റിന്റെ ൧൦൯൭-ലെ ഒരു സാധനം നോക്കുന്നപക്ഷം, നികുതി ഉപേക്ഷിക്കുന്നതിൽ വളരെ മേലായും കാണിച്ചിട്ടുണ്ടെന്നു കാണാം. ഒരു കാലത്തിൽ ഗവൺമെന്റ ഏഴുലക്ഷംരൂപ ഉപേക്ഷിച്ചിട്ടുണ്ടു. ലാൻഡ്റവന്യൂമാന്വൽ ൧-ാംവാല്യം ൩൧൨-ാം പുറത്തു താഴെപ്പറയുന്ന സാധനം നാം കാണുന്നു.

പ്രസിഡന്റ്: നിങ്ങൾ വിഷയം പറയണം. നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ൧൫ മിനിററ് എടുത്തിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര): സാർ, ദയവുചെയ്തു സാധനം വായിക്കുവാൻ അനുവദിക്കണം.

പ്രസിഡന്റ്: അനുവദിച്ചിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സാധനം ഇതാകുന്നു. ''൧-ാമതു അളവിനെ സംബന്ധിച്ചു ൧൦൦൦-ാമാണ്ടുവരെ കരക്കുടിശ്ശികയിൽ [illegible] രൂപാ അരയ്ക്കാണിപ്പണവും ഓരോ അടിയന്തിരങ്ങൾക്കു കൊല്ലുകൾക്കുംമറ്റും കല്പിച്ചവകയിൽ ൧൦൩൭-ാമാണ്ടുവരെ ചിലവു മിച്ചത്തിൽ [illegible] രൂപാ [illegible] കാശുംകാണി പണവും ആയാണ്ടുവരെ കുത്തകപാട്ടക്കുടിശ്ശികയിൽ [illegible] കാശേകാകാണി പണവും കരക്കുടിശ്ശിക മുതലായതു കണക്കുവായിച്ചുകെട്ടി പിരിവുവെച്ചു ഇരിപ്പു എഴുതിവന്നവകയിൽ [illegible] കാശേഅരയ്ക്കാൽ മുക്കാൽകാണിപ്പണവും സർക്കാർജീവനക്കാരുടെ പേരിൽ ൧൦൧൫-ാമാണ്ടുവരെ ചുമത്തലവകയിൽ [illegible] മുക്കാൽപണവും ഇങ്ങിനെ അഞ്ചിനത്തിലായിട്ടു [illegible] രൂപാ അരക്കാണിപ്പണവും ഉള്ളതിൽ ഈ വിളംബരം അതാതുസ്ഥലങ്ങളിൽ എത്തുന്നതീയതിവരെ പിരിഞ്ഞതുനീക്കി പിരിവാനുള്ളപണവും ഒററിവിളക്കം, പാളംകെട്ട് മുതലായ ഇനങ്ങളിലും, പുതുവൽവസ്തുക്കൾ പതിച്ചുകൊടുക്കുന്നതിലും ൧൦൬൦-ാമാണ്ടുവരെ കുടിശ്ശിക മുതൽവെപ്പാൻവരുന്ന പണവും ൧൦൭൫-ാമാണ്ടുവരെ മരാമത്തു മുതൽചിലവു പതിയുന്നതിൽ ചിലവിൽ തള്ളുതക്കവണ്ണമുള്ള പണവും കുടികളുടെ ക്ഷേമത്തിനും കണക്കുകൾ പരിഷ്കാരമായിരിക്കുന്നതിനുവേണ്ടി മാപ്പുചെയ്തു ആവകപ്പണം കണക്കിൽ കുറവെഴുതിക്കുന്നതിനു കല്പനകളിയിരിക്കുന്നു.''

ഇതു ഗവണ്മെന്റിന്റെ അക്കാര്യത്തെ ഔദാസ്യത്തെ കാണിക്കുന്നു. അതിനാൽ ഈ കാര്യത്തിലും ആ നയം സ്വീകരിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു.

മി. മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, മിസ്റ്റർ കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങുന്നു. നമ്മുടെ ഗവണ്മെന്റിന്റെ എക്സൈസ് നയം ക്രമേണ മദ്യപാനത്തെ ഇല്ലായ്മചെയ്യുന്നതാണെന്നുള്ളതാണ് എന്നു പലയവസരങ്ങളിലും ഇവിടെ പ്രസ്താവിച്ചിട്ടുണ്ടു. രാജ്യഭരണറിപ്പോർട്ടിൽ തന്നെ നോക്കിയാൽ അതിനു ധാരാളം തെളിവുകളുമുണ്ടു. ഇതിനുപുറമെ ഈ ഡിപ്പാർട്ടുമെന്റിലെ മേലധ്യക്ഷനായ എക്സൈസ് കമ്മീഷണരും ഗവണ്മെന്റിനു ഇതിൽനിന്നും കിട്ടുന്ന ആദായം വലിയകാര്യമായി ഗണിക്കുന്നില്ല. നിശ്ചയമായും ഇതിനെ ഇല്ലായ്മചെയ്യണമെന്നുള്ളതാണ് ഡിപ്പാർട്ടുമെന്റിന്റെയും ഗവണ്മെന്റിന്റെയും ഉദ്ദേശമെന്ന് പ്രസ്താവിച്ചിട്ടുണ്ടു. ഈ കഴിഞ്ഞ രാമൻപിള്ള മെമ്മോറിയൽ മെഡൽസമ്മാനം കോട്ടയത്തുവച്ചു നടത്തിയപ്പോൾ ഈ അഭിപ്രായം കമ്മീഷണരുടെ പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു കാണുന്നു. എന്നാൽ ഈ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടി ഗവണ്മെന്റു ഇപ്പോൾ എന്തുചെയ്യുന്നു എന്നു നോക്കാം. മദ്യവ്യവസായത്തിന്റെ മേൽനോട്ടം ശരിയായി വഹിക്കുകയും, വ്യാജക്കാരെ ചുങ്കം വർദ്ധിപ്പിക്കുകയും ആണ്ടുതോറും ഉണ്ടാകുന്ന ലേലത്തിൽ ഷാപ്പുകളുടെ എണ്ണം ഒരു ശതമാനംവച്ചു കുറക്കുകയുമാണ് ഗവണ്മെന്റു ഇപ്പോൾ അനുഷ്ഠിച്ചുവരുന്ന നടപടികൾ. ഈ മാതിരിയുള്ള നടപടികൾകൊണ്ടു ഈ ഉദ്ദേശം സാധിക്കുന്നതിനു എളുപ്പമില്ലെന്നാണ് ഇതുവരെയുള്ള അനുഭവംകൊണ്ടു കാണുന്നതു. മദ്യത്തിനു ചുങ്കംകൂട്ടി എന്നുവിചാരിച്ചു മദ്യപാനികളായിട്ടുള്ളവർ അതിനെ ഉപേക്ഷിക്കുവാൻ ഒരിക്കലും തരമാവുകയില്ല. ഉപ്പിനു കരം കൂട്ടിവച്ചു എന്നു വിചാരിച്ചു ഉപ്പുകൂടാതെ ജീവിക്കാൻ സാധിക്കുകയില്ല. അതിനു എന്തുവിലയായിരുന്നാലും ഏതുവിധവും വാങ്ങിച്ചു ഉപയോഗിക്കുകതന്നെ ചെയ്യും. അതുപോലെ മദ്യം ഉപേക്ഷിക്കുവാനുള്ള മനോനിവൃത്തിയില്ലാത്തവർ അതിനു ചുങ്കംകൂട്ടിയിരുന്നാൽതന്നെയും എന്തുവിലകൊടുത്തും വാങ്ങിച്ചു ഉപയോഗിക്കുകയല്ലാതെ അതിനെ ഉപേക്ഷിക്കുകയില്ല. ഇപ്പോൾ ഈ സംഗതിയിൽ പ്രധാനമായി ചെയ്യുന്നതു മേലക്കാലം ഒരു പെർസെന്റേജ് അനുസരിച്ചു കള്ളുഷാപ്പുകളുടെ എണ്ണം ആണ്ടുതോറും കുറക്കുകയെന്നുള്ളതാണ്. അതിൻപ്രകാരം [illegible]-ൽ [illegible] ഷാപ്പുകൾ ലേലംചെയ്തതിൽനിന്നും [illegible]-ൽ ലേലംചെയ്ത ഷാപ്പുകൾ [illegible] ആയികുറച്ചു. അങ്ങിനെ മുൻകൊല്ലത്തെ അപേക്ഷിച്ചു [illegible] ഷാപ്പുകൾ കുറച്ചിട്ടുണ്ടു. എന്നാൽ [illegible]-ൽ ആകെ ചെത്തിവന്നിരുന്ന വൃക്ഷങ്ങൾ തെങ്ങു, പനമ്പന, ചൂണ്ടപ്പന എന്നീ മൂന്നിനങ്ങളിലുമായി [illegible] എണ്ണമുണ്ടു. [illegible]-ൽ [illegible] ഷാപ്പുകളെ കുറച്ചുവെങ്കിലും വൃക്ഷങ്ങളുടെ എണ്ണം [illegible] ആയി വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു. ഇങ്ങിനെ [illegible]-നെക്കാൾ [illegible]-ൽ [illegible] വൃക്ഷങ്ങൾ കൂടിയിട്ടുണ്ടു. ഇങ്ങനെ വൃക്ഷങ്ങൾ കൂടിയിരിക്കുന്നതുകൊണ്ടു കള്ളും അതനുസരിച്ചു കൂടുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇപ്രകാരം കൂടുതലായി ഉണ്ടായിട്ടുള്ള കള്ളു [illegible]-ൽ കുടിച്ചിട്ടുള്ള ആളുകൾമാത്രംതന്നെ [illegible]-ലും കുടിച്ചുതീർത്തു എന്നു വിചാരിക്കുവാൻ പാടില്ല. കള്ളു വർദ്ധിക്കുന്നതോടുകൂടി കള്ളുകുടിയന്മാരും വർദ്ധിക്കുന്നു. അതുകൊണ്ടു ഇപ്പോഴത്തെ നയം അതിന്റെ ഉദ്ദേശത്തിനു യാതൊരു പ്രയോജനവും ഉണ്ടാക്കുന്നില്ല. അതിനാൽ ഷാപ്പുകളുടെ എണ്ണം കുറക്കുന്നതോടുകൂടിത്തന്നെ വൃക്ഷങ്ങളുടെ എണ്ണവും കുറക്കേണ്ടതാണ് എന്നു ഒരു റെസല്യൂഷൻ ഇവിടെ കൊണ്ടുവരികയും അതു പാസ്സാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതിന്മേൽ യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇപ്പോഴത്തെ നയംകൊണ്ടു ഗവണ്മെന്റിന്റെ ഉദ്ദേശം പ്രായോഗികമാക്കിത്തീർക്കുന്നതിനു സാധിക്കുകയില്ലെന്നു കണ്ടിട്ടാണ് ജനങ്ങൾതന്നെ മദ്യപാനം നിവൃത്തിയുള്ളിടത്തോളം നിരോധിക്കുന്നതിനുവേണ്ട ശ്രമം തുടങ്ങിയിട്ടുള്ളതു. അതു ഇവിടെമാത്രമല്ല നടക്കുന്നതു. അന്യരാജ്യങ്ങളിലും നടക്കുന്നുണ്ടു. വിദ്യാഭ്യാസത്തിൽ വളരെ മുന്നിട്ടുനിൽക്കുന്ന തിരുവിതാംകൂറിലും സകല പരിഷ്കൃതരാജ്യക്കാരും അംഗീകരിക്കുന്ന നടപടികൾ അനുവർത്തിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അപ്രകാരം ജനങ്ങൾചെയ്യുന്ന കാര്യങ്ങളെ ഗവണ്മെന്റും സഹായിക്കുകയാണ് വേണ്ടതു. എന്നാൽ മദ്യപാനനിരോധനത്തിനുവേണ്ടി ജനങ്ങൾ ശ്രമിക്കുന്നതു ഗവണ്മെന്റിനു എതിരാണെന്നു ഒരു തെറ്റിദ്ധാരണ ഇപ്പോൾ ഗവണ്മെന്റിനുണ്ടു. അതു യഥാർത്ഥമല്ലെങ്കിൽ അതിനെ വ്യക്തമാക്കുന്ന ഒരു വിജ്ഞാപനം ഗവണ്മെന്റു പ്രസിദ്ധംചെയ്താൽകൊള്ളാം. അതിനോടുകൂടി ഗവണ്മെന്റിൽനിന്നു ഈ വിഷയത്തിൽ ചില സഹായങ്ങളും ചെയ്യേണ്ടതായുണ്ടു. ഈവക പ്രചരണജോലികൾക്കുവേണ്ടി മദ്രാസിലും മൈസൂറിലും ചെയ്തിരിക്കുന്നതുപോലെ കുറെസംഖ്യ ഇവിടെയും നീക്കിവയ്ക്കണം. പൊതുജനങ്ങളുടെ ഇടയിൽ പരസ്പരസഹായസംഘങ്ങളെ പ്രചാരണംചെയ്യുന്നതിൽ ശ്രദ്ധപ്പെടുത്തിയാൽകൊള്ളാം. ലോക്കൽ ഓപ്ഷൻ വേണമെന്നുള്ള എല്ലാ മുൻസിപ്പൽടൌണുകളിലും അതു പരീക്ഷിച്ചുനോക്കുക. ഇതിനുപുറമെ ഓരോപ്രകൃതിയിലും [illegible] കരംകൊടുക്കുന്ന ആളുകളിൽ ൭൫ ശതമാനവും ഷാപ്പു അവിടെ ആവശ്യമില്ലെന്നു പറയുകയാണെങ്കിൽ ആ ഷാപ്പിനെ നിർത്തൽചെയ്യണം. ഈ സംഗതികളെല്ലാം ചെയ്താലും അതു ഫലപ്പെട്ടുവരണമെങ്കിൽ ഷാപ്പുകളുടെ എണ്ണം കുറക്കുന്നതോടുകൂടി ചെത്തുന്നവൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കേണ്ടതു അത്യാവശ്യമാണ്. ഈ വിധത്തിൽ ജനങ്ങൾ തുടങ്ങിയിട്ടുള്ള ഈ പ്രസ്ഥാനത്തെ പ്രായോഗികമാക്കിത്തീർക്കുന്നതിനു ഗവണ്മെന്റു വേണ്ട സഹായം ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി മി. കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

മ്. എ. താണുപിള്ള (തിരുവനന്തപുരം): ഈ അഭ്യർത്ഥന പ്രതിവാദിക്കുന്നതിനു ഇനിയും എന്തു സമയമുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

പ്രസിഡന്റ്: നാലു മിനിട്ട്. ഇന്നു രാവിലെ ഒരുക്കിവച്ചിരിക്കുന്ന അടിയന്തിരപ്രമേയം പ്രതിപാദിക്കുന്നതിനു നാം തുടങ്ങുന്നതുകൊണ്ടാണ് അതു അത്യാവശ്യമുള്ളതു. ഈ ഉപക്ഷേപത്തിനുള്ള ബാക്കിസമയം തിങ്കളാഴ്ച അതായതു അടുത്ത കൌൺസിൽദിവസം തന്നെയാണ്.

കൊല്ലം, ആലപ്പുഴ, അരൂർ ലൈനിലെ ബസ് ഗതാഗതം നിർത്തിയതുസംബന്ധിച്ച അടിയന്തിരപ്രമേയം.

അടിയന്തിരപ്രമേയം.

പ്രസിഡൻറ: മി. ദാമോദരനാശാൻ കൊണ്ടുവന്നിരിക്കുന്ന അടിയന്തിരപ്രമേയം പ്രതിപാദിക്കുന്നതിനു സഭ ഇപ്പോൾ തുടങ്ങുന്നതാ.

മി. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): സർ, ഗവൺമെൻറിൻെറയും, സഭയുടെയും ശ്രദ്ധ പതിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന, അടിയന്തിരവും, പൊതുജനക്ഷേമത്തെ ബാധിക്കുന്നതുമായ പ്രത്യേകസംഗതി ഇതാണ്.

"ആലപ്പുഴക്കും കൊല്ലത്തിനുമദ്ധ്യേ രണ്ടു ടോൾഗേറ്റുകൾ ഏപ്രിൽ ഒന്നു-മേക്ക ലേലംചെയ്തതിനാൽ അരൂർ, ആലപ്പുഴ, കൊല്ലം ലൈനിലെ ബസ്സ്സർവീസ് നിർത്തിയതുനിമിത്തം ഗതാഗതവും പൊതുജനങ്ങളുടെ ഇടപാടുകളും തീരെ കുഴപ്പത്തിലായതുനിമിത്തം സംജാതമായിരിക്കുന്ന ഗൌരവമായസ്ഥിതി,

സർ, തിരുവിതാംകൂറിലെ രണ്ടു പ്രധാന കേന്ദ്രങ്ങൾതമ്മിലുള്ള ബസ്സർവീസ് നിന്നതുനിമിത്തം കഷ്ടങ്ങളെപ്പററി ഞാൻ പ്രതിപാദിക്കുന്നതായാൽ, അതു ഈ സഭയിലെ അംഗങ്ങളുടെ ബുദ്ധിയെ അധിക്ഷേപിക്കുകയായിരിക്കും. വാണിജ്യാവശ്യങ്ങൾക്കും കോടതികളിൽ ഹാജരാവുന്നതിനും രാജ്യത്തെ എല്ലാ ഭാഗങ്ങളിൽനിന്നു ആളുകൾ വന്നുകൂടുന്ന തിരുവിതാംകൂറിലെ ഏററവും പ്രധാനപ്പെട്ട രണ്ടു കേന്ദ്രങ്ങളാകുന്നു കൊല്ലവും ആലപ്പുഴയും. സഭയിലെ പല അംഗങ്ങൾക്കും ഇന്നും ഇന്നലെയും കിട്ടിയിട്ടുള്ള കമ്പികളുടെ സംഖ്യയിൽനിന്നും ബസ്സർവീസ് നിർത്തിയതുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകൾ രാജ്യത്തെ ജനങ്ങൾ എത്ര ഉൽക്കണ്ഠയോടുകൂടി നോക്കിക്കൊണ്ടിരിക്കുന്നു എന്നു മനസ്സിലാക്കാം. ഇടപാടുകൾ പാടേ കുഴഞ്ഞിരിക്കുന്നതിന്റെ കാരണങ്ങളും ഞങ്ങൾക്കു ലഭിച്ചിട്ടുള്ള കമ്പികൾ കാണിക്കുന്നുണ്ട്. കൊല്ലം-ആലപ്പുഴ ലൈനിൽ അടുത്തകാലത്തു ലേലംചെയ്ത വഹിക്കാൻ പാടില്ലാത്ത ടോളുകളാണ് കാരണമെന്നു അവ വ്യക്തമായി കാണിക്കുന്നു. സാർ, ടോൾസ്പ്രശ്നം, ഈ കൌൺസിലിനോ ഗവൺമെൻറിനോ പുതുതല്ല. കഴിഞ്ഞ ആഗസ്റ്റ്-ന്നു-തന്നെ മി. കെ. കെ. തോമസ് നികുതിപിരിക്കുന്നതിനുള്ള ഈ ചീത്തഏർപ്പാടു നിർത്തലാക്കുന്നതിന്റെ ആവശ്യകതയെ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്ന ഒരു പ്രമേയം ഈ കൌൺസിലിൽ ഹാജരാക്കുകയുണ്ടായി. ഈ പ്രമേയത്തെപ്പററി സംസാരിച്ച ഗവൺമെൻറമെമ്പർ അന്നത്തെ മറുപടിയിൽനിന്നും എനിക്കു മനസ്സിലാകുന്നതു ഗവൺമെൻറ ഇക്കാര്യത്തെപ്പററി വളരെ ഗൌരവമായി ആലോചിച്ചുകൊണ്ടിരിക്കയായിരുന്നു എന്നും കൌൺസിലിലെ പ്രതിനിധികളുടെ ആഗ്രഹം നിവർത്തിക്കുന്നതിനു ഗവൺമെൻറ ശ്രമിക്കുമെന്നും ആണ്. ആയവസരത്തിൽ ചീഫ് ഇൻജിനീയർ സഭയോടുപറഞ്ഞതു ഇപ്രകാരമാണ്.

"സാർ, എനിക്കു അധികം റിമാർക്ക് പറയുവാനില്ല, റോഡുകളിൽ ഈ ടോളുകൾ ഏർപ്പെടുത്തുന്ന ക്രമം ഞാൻ ആക്ഷേപിച്ചുകൊണ്ടിരിക്കയായിരുന്നു എന്നു മിസ്റ്റർ തോമസ് ഇപ്പോൾ പറയുകയുണ്ടായി, അതു അങ്ങനെയല്ലെന്നു ഞാൻ വ്യക്തമാക്കിട്ടുണ്ട്. എന്നാൽ ഇക്കാര്യം ഇപ്പോൾ ഗവൺമെൻറിന്റെ ആലോചനയിലിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലും, കൽക്കട്ടായിലും, ബോംബായിലും മററും ഇതിനെപ്പററി ആലോചിച്ചുവരുന്നു, പെട്രോളിന്റെ നികുതി കൂട്ടുന്നതിനും, കൂടുതൽകിട്ടുന്ന നികുതി ഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു നീക്കിവയ്ക്കുന്നതിനും അവർ ആലോചിച്ചുവരുന്നു."

സാർ ആയവസരത്തിൽ ചീഫ്ഇൻജിനീയർ കൊടുത്തമറുപടി അതാണ്, അതുകഴിഞ്ഞിട്ടു തികച്ചു ഒരുവർഷം കഴിഞ്ഞിരിക്കുന്നു, ആലോചന ഇതുവരെ പൂർത്തിയായിട്ടില്ല. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ അധികാരികൾ ആലോചിച്ചു പ്രതിവിധികളും കണ്ടിരിക്കുന്നു. അവർ പ്രതിവിധികൾ കണ്ടുപിടിച്ചതിന്റെ ഫലം സാധുക്കളായ തിരുവിതാംകൂറുകാർക്കു പിന്നെയും ഭാരം വർദ്ധിപ്പിക്കുകയാണ്. ചീഫ്ഇൻജിനീയർ മുൻകൂട്ടി സൂചിപ്പിച്ചതുപോലെ അവർ പെട്രോളിനു കൂടുതലായി നികുതി ചുമത്തിക്കഴിഞ്ഞു. നാം ഇപ്പോൾ ടോൾ തുടർന്നുകൊണ്ടുപോകുന്നു, ചിലറോഡുകളിൽ പുതിയടോളുകൾ ഏർപ്പെടുത്തുന്നു. ഇവിടെ കൊല്ലത്തുനിന്നും ആലപ്പുഴക്കുപോകുന്ന ഒരു മോട്ടാർവാഹനം നാലുടോളുകൾ കടക്കേണ്ടിയിരിക്കുന്നു. അവയിൽ രണ്ടുസ്ഥലത്തെ അധികാരികൾ ചുമത്തിയിരിക്കുന്നവയാണ്. രണ്ടു ഗവൺമെൻറ ചുമത്തിയവയാണ്. അടുത്തവർഷംമുതൽ കൊല്ലത്തുനിന്നും ആലപ്പുഴക്ക് പോകുന്ന ബസ്സുകൾ നീണ്ടകരയും തങ്ങ്യാർകുളങ്ങരയും ടോളുകൾ കൊടുക്കേണ്ടിയിരിക്കുന്നു, ഈ ടോൾഏർപ്പാടു ഇപ്പോൾ പൊതുജനങ്ങൾക്കുള്ള യാത്രാസൌകര്യത്തെ വല്ലാതെ ബാധിക്കുന്നു എന്നു നാം കാണുന്നു.

മി. എസ്. പിറവിളപ്പുരമാൻപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): കൊല്ലത്തിനും ആലപ്പുഴക്കുംഇടയ്ക്കു ഒരു ബസ് ആകെ എന്തു തുക ടോൾകൊടുക്കണമെന്നു അറിയുന്നതിനു മെമ്പർ പറഞ്ഞാൽ കൊള്ളാം,

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ തുകകൾപറയാം, അദ്ദേഹത്തിനുതന്നെ കൂട്ടാമല്ലോ. നീണ്ടകര ൨ രൂപ ൮ അണ.

മി. എസ്. പിറവിളപ്പുരമാൻപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ഒരിക്കൽ പോകുന്നതിനാണോ?

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അല്ല. ദിവസം ഒന്നുക്ക്.

തങ്ങ്യാർകുളങ്ങര രൂപാ ൨ അണ വു ആലപ്പുഴ ൮ അണ, കൊല്ലത്തു ൮ അണ എല്ലാംകൂടി ആറു രൂപാ വരുന്നു, കൊല്ലത്തുനിന്നും ആലപ്പുഴക്ക് ദൂരം ഏകദേശം ൫൦ മൈലാണ്,

മി. എസ്. പിറവിളപ്പുരമാൻപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): എത്രപ്രാവശ്യം പോയാലും ഈ തുകയാണോ കൊടുക്കേണ്ടതു?

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതേ. എന്നാൽ ഒരു ബസ്സിനു എത്രപ്രാവശ്യംവേണമെങ്കിലും പോകുവാൻ സാധിക്കയില്ല. പോലീസ്കമ്മീഷണർ ഒരു ദിവസത്തേക്കു ഒരു പരിധി കല്പിച്ചിരിക്കുന്നു. മോട്ടാർകാറുകൾ ഓടാൻപാടില്ല അവ ഇഴഞ്ഞുകൊള്ളണം. (ചിരി),

മി. ജി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): കുതിരക്കും എത്രയാണ്

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എനിക്കറിഞ്ഞുകൂടാ. മെമ്പർക്ക് അറിയാമെങ്കിൽ പറഞ്ഞാൽകൊള്ളാം.

സർ, ഒന്നു കൂടെ സഞ്ചരിക്കുന്നതിനു ബസ്സുടമസ്ഥന്മാരും മററുയാത്രക്കാരും ഇത്രയധികം ടോൾ കൊടുക്കത്തക്കവണ്ണം ടോൾഗേറ്റുകൾ സ്ഥാപിച്ചിരിക്കുന്നതായി വേറെ ഒരേടത്തും തിരുവിതാംകൂറിലില്ല. ഞങ്ങൾ ദിവസം രൂപ ൧൫ കൊടുക്കേണ്ടിയിരിക്കുന്നു. തിരുവനന്തപുരത്തിനും അടൂരിനും മദ്ധ്യേപോലും ഒരു പി. ഡബ്ലിയു. ഡി. ടോൾമാത്രമേയുള്ളു. അതു അടൂരാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫൈനാൻഷ്യൽസെക്രട്ടറി): തിരുവല്ല കോട്ടക്കലോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അതു രണ്ടും പി. ഡബ്ലിയു. ഡി. ടോളുകളല്ല. അതിനാൽ ഞാൻ പറയണമെന്നാഗ്രഹിക്കുന്നതു, ടോളുകൾ നിർത്തലാക്കുന്നതിനു പ്രത്യേകിച്ചും പുതുതായി ഏർപ്പെടുത്തിയവ നിർത്തലാക്കുന്നതിനു ഗവണ്മെന്റു ഒട്ടും മടിക്കരുതെന്നും ഇപ്രകാരം യാത്രക്കാരായ പൊതുജനങ്ങളെ ഈ അപകടാവസ്ഥയിൽനിന്നും രക്ഷിക്കണമെന്നുമാണ്. സർ, കൂടുതൽ ടോളുകൾ ഏർപ്പെടുത്തുന്നതു ബസ്സുടമസ്ഥരെ വല്ലാതെ ബാധിക്കുമെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ. ഒടുവിൽ യാത്രക്കാരാണ് കൊടുക്കേണ്ടിവരുന്നതു എന്ന് എനിക്ക് തോന്നുന്നു. സാധുക്കളായ യാത്രക്കാർ കൂടുതൽ കൂലി കൊടുക്കേണ്ടിവരും. ഇതിൽനിന്നുണ്ടാകുന്ന ഫലം അതാണ്. ൧൧൨൫-ലെ കണക്കുപ്രകാരം പെട്രോളിൽ കൂടുതലായി ചുമത്തിയിരിക്കുന്ന നികുതി കുറഞ്ഞപക്ഷം ഒരു ലക്ഷം രൂപ ആദായം വരുത്തും. ൧൧൨൬-ൽ കുറച്ചുകൂടി കാണും. അതു എന്തായിരുന്നാൽതന്നെയും, ആ നികുതി വേണ്ട പരിഹാരം അല്ലെങ്കിലും ഈ ടോളുകൾ നടത്തിക്കൊണ്ടുപോകുന്നതിൽ അർത്ഥമില്ല.

ജനങ്ങളുടെ പരാതികളെ ഗവണ്മെന്റു ശ്രദ്ധിക്കാതിരുന്നാൽ, ഈ പരിതാപകരമായ അവസ്ഥകൾ കാണേണ്ടിവരുമെന്നുള്ള സത്യത്തിനു ഉദാഹരണംമാത്രമാണ് ഇതു. ഇതു രാജ്യമെങ്ങും വ്യാപിക്കാനിടയുണ്ട്. ജനങ്ങൾ കഷ്ടപ്പെടേണ്ടിവരികയും ചെയ്യും. ജനങ്ങളുടെ പരാതി കേൾക്കുന്നതും അപ്രകാരം ചെയ്യുന്നതും എപ്പോഴും നന്നായിരിക്കും.
ജനങ്ങളുടെ അപേക്ഷപ്രകാരം ശരിയായ സമയത്തു ഗവണ്മെന്റു വല്ല നടപടിയും നടത്തിയാൽ അതിനു കുറഞ്ഞപക്ഷം ഒരു യോഗ്യതയുണ്ട്. എന്നാൽ ഗവണ്മെന്റിനു അപ്രകാരം ചെയ്യാതെ നിവൃത്തിയില്ല എന്നുള്ള ഘട്ടത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു യോഗ്യതയുമില്ല.

ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഈ പ്രമേയം ഞാൻ സഭയുടെ ആലോചനയ്ക്കു അവതരിപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മി. ദാമോദരനാശാൻ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ആലപ്പുഴ, കൊല്ലം ഇവിടെ ഓടിക്കൊണ്ടിരിക്കുന്നതായ ബസ്സുകൾ മുടക്കിയെന്നുള്ള വിവരത്തിനു മററു മെമ്പറന്മാർക്കു കിട്ടിയിട്ടുള്ളപ്രകാരം എനിക്കും ഒരു കമ്പി കിട്ടീട്ടുണ്ട്. അതിനെസംബന്ധിച്ചു ഞാൻ കൂടുതലായി അന്വേഷിച്ചിട്ടുമുണ്ട്. എന്റെ അന്വേഷണത്തിന്റെ ഫലമായി വീണ്ടും ഒരു പ്രത്യേക ടോൾ ഏർപ്പെടുത്തിയതുകൊണ്ടു ഗവണ്മെന്റിനോടുള്ള പ്രതിഷേധം കാണിക്കാൻവേണ്ടി അവർ പണിമുടക്കു ചെയ്തിട്ടുള്ളതല്ലെന്നു മനസ്സിലായി. ബസ്സുകൾക്കു ഈ രീതിയിൽ രണ്ടു സ്ഥലങ്ങളിലും ൫ രൂപാവീതം ടോൾ കൊടുത്തു ബസ്സുകൾ ഓടിക്കുന്നപക്ഷം അതു അവർക്കു നഷ്ടത്തിൽ അവസാനിക്കുമെന്നും, അവസാനത്തിൽ അവരുടെ ബസ്സുകൾതന്നെ വിററുപോകുമെന്നുള്ള ഭയം നിമിത്തവുമാണ് ഈ പണിമുടക്കു തുടങ്ങിയിരിക്കുന്നതു. പതിന്നാലു സീറേറർസിനകം ഉള്ള വലിയ ബസ്സുകൾ ഒന്നും ഈ വഴിയിൽ ഓടുന്നില്ല. ഇങ്ങനെ ഇവിടെ ഓടിക്കുന്ന ബസ്സുകൾ ൧൪ സീറേറർസ് ആണെന്നുവരികിലും ഡ്രൈവരേയും കണ്ടക്ടരേയും ഒഴിച്ചാൽ പന്ത്രണ്ടുപേർക്കേ ബസ്സിൽകയറാൻ സാധിക്കുകയുള്ളു. ടെൻസീറേറർസ് ആണെങ്കിൽ എട്ടുപേരേ കയറാൻപാടുള്ളു. അതിനു ചാർജ് വെച്ചിരിക്കുന്നതു എട്ടുപേർക്കു എട്ടു രൂപായാണ്. ഈ നിരക്കിൽതന്നെ പലമത്സരവും നടക്കുന്നുണ്ട്. ബോട്ടിൽപോകുന്നതിനു നാലണ കൊടുത്താൽ മതിയാകും. ഈ സ്ഥിതിയിൽ ഇരിക്കുന്നതുകൊണ്ടു ഒരു രൂപാ കൊടുത്തു കാറിൽപോകുന്ന ആളുകൾതന്നെ ദുർല്ലഭമാണ്. ഇങ്ങനെ ടെൻസീറേറർ വച്ചു സർവീസ് നടത്തുന്ന ഒരാളിനു ഒരു ദിവസം ൧൬ രൂപായാണ് കിട്ടുന്നതു. അതിൽനിന്നു പി. ഡബ്ലിയു. ഡി. ടോളിനു അഞ്ചുരൂപാ കൊടുക്കണം, മുൻസിപ്പൽടോളിനു എട്ടണ എന്നു പറയുന്നു, അതു ശരിയല്ല രണ്ടു രൂപ കൊടുക്കണം.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): കൊല്ലത്തുനിന്നും ആലപ്പുഴക്കു ഒരാളിനു ഒരു രൂപായാണോ ചാർജ്?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഒരു രൂപാ നാലണയായിരുന്നു മുമ്പു വച്ചിരുന്നതു. ഇപ്പോൾ ഒരു രൂപാ ആക്കിയിരിക്കുന്നു എന്നാണ് എന്റെ അറിവ്.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഒന്നരരൂപായല്ലേ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ആ ചാർജ് പോയിട്ടു വളരെക്കാലമായി.

ഒരുദിവസം പെട്രോൾ എത്രകുറഞ്ഞാലും ൩ ടിൻ വേണം, അതിലേക്കു ൩൬ രൂപ കൊടുക്കണം, ഡ്രൈവർക്കു ഒരു ദിവസത്തേക്കു ചിലവെല്ലാം ഉൾപ്പെടെ ൩ രൂപായാകും, കണ്ടക്ടർക്കു ൨ രൂപ, ക്ലീനർക്കു ൮ അണ, ആയിലിനും ഗ്രീസിനുംകൂടി ൨ രൂപാ, സിൻഡിക്കേററു കമ്പനിക്കു കൊടുക്കേണ്ടതു ൨ അണ; പക്കോടം ഇപ്പോൾ ഒന്നുകൂടിയുണ്ട്, അതിൽ അക്കരയ്ക്കും ഇക്കരയ്ക്കും കടത്തുന്നതിനു എട്ടണ, ഇതുകൂടാതെ ആറു ചെക്കിങ്ങ് സ്റ്റേഷനുണ്ട്, അവിടെയും ഒരു സംഖ്യ കൊടുക്കണം, ഇന്നതെന്നില്ല, അതു പത്തണയാവുമായിരിക്കാം.

ടിയൂബ് അറ്റകുറ്റപ്പണിച്ചിലവിലേക്കു ൧൦ അണ വേണം, എല്ലാംകൂടി ഇരുപത്താറുരൂപാ ചിലവുണ്ട്, ഇതിൽ അയാൾ മുടക്കിയിരിക്കുന്ന പണത്തിന്റെ പലിശയുൾപ്പെടുത്തിയിട്ടില്ല. അല്ലാതെതന്നെ ഇരുപത്താറു രൂപാവേണം. ഇപ്രകാരം കണക്കാക്കുന്നപക്ഷം ടെൻസീറേറർ ഉടമസ്ഥൻ പത്തു രൂപായും ഫോർട്ടീൻസീററിന്റെ ഉടമസ്ഥൻ രണ്ടുരൂപായും നഷ്ടപ്പെടണം. ഈ തുകതന്നെയും ബസ്സ് നിറച്ചു ആൾ ഉണ്ടായിരുന്നാൽ മാത്രമേ കിട്ടുകയുള്ളു. ഇത്രയും നഷ്ടപ്പെട്ടിട്ടു ബസ്സ് നടത്തിക്കൊണ്ടുപോകണം എന്നു നിർബന്ധിക്കുന്നതു ശരിയല്ല.

മി. ആർ. വൈത്ത്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ഇത്രയും നഷ്ടമുണ്ടെങ്കിൽ ഈ തൊഴിൽ നടക്കാതിരിക്കയില്ലേ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതുകൊണ്ടാണല്ലോ ഈ തൊഴിൽ ഇപ്പോൾ നടക്കാതിരിക്കുന്നത്. ഒരുമാതിരിയുള്ള നഷ്ടം സഹിച്ചു അവർ നടത്തിക്കൊണ്ടുവന്നു. നിവൃത്തിയില്ലാതെ വന്നപ്പോൾ മുടക്കി. അതിനെപ്പററി ആലോചിച്ചു് പ്രവർത്തിക്കാനാണ്. കൌൺസിലിലെ മെമ്പറന്മാർ ഈ സംഗതി ഈ കൌൺസിലിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളത്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-മണ്ടമങ്ങാട്): ഈ തൊഴിൽനടത്തിയതിൽ വല്ലവരും നശിച്ചുപോയിട്ടുള്ളതായി അറിയാമോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഈ തൊഴിൽ നടത്തിയവരിൽ പലരും അവരുടെ ബസ്സുകൾ വിററിട്ടുള്ളതായി അറിയാം.

മി. എ. സി. കുരിയാക്കോസ് (മീനച്ചിൽ ദേവികുളം): ഈ തൊഴിൽ മുടക്കിയതുനിമിത്തം പൊതുജനങ്ങൾക്കു ഉപദ്രവം നേരിട്ടിട്ടുണ്ട് എന്നു് അറിയാമോ?

മി. പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): പൊതുജനങ്ങൾക്കു ഉപകാരമുള്ള ഒരു തൊഴിൽ മുടക്കിയാൽ ഉപദ്രവംതന്നെ എന്നുള്ളതിനു യാതൊരു സംശയവുമില്ലല്ലോ. അതിനാൽ ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മി. രാമമേനോന്റെ പ്രമേയത്തെ അനുകൂലിച്ചു് എനിക്കും രണ്ടുവാക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. (കോട്ടയം—കുമളി) സർവീസിലും ഇപ്പോൾ മിക്കവാറും വേസ്റ്റക്ക് ചെയ്തപോലെയാണിരിക്കുന്നത്. ഇപ്പോഴുള്ള ബസ്സുകളിൽ മൂന്നിലൊരുഭാഗം ഒഴിച്ചു ബാക്കിയുള്ളതു വിടാതിരിക്കുകയാണ് ചെയ്യുന്നത്. കോട്ടയത്തുനിന്നും ൭൦ മൈൽ ദൂരമുള്ള കുമിളിയിൽ പോയിവരുന്നതിനു ൨൫ രൂപാ ടോൾ കൊടുക്കണം.

പ്രസിഡൻറ്: മി. രാമൻപിള്ള. ഇപ്പോഴത്തെ നമ്മുടെ സംഗതിയുമായിട്ടു അതിനു വലിയ ബന്ധമൊന്നുമില്ല. ഇതു കൊല്ലം-ആലപ്പുഴ ലൈൻ സംബന്ധിച്ചാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ബസ്സുകളുടെ കൺസ്ട്രക്ഷനെപ്പററി പറയുകയാണ്.

മി. മുറിമവലിൽപാച്ചുപിള്ള (ചേർത്തല): ഇപ്പോൾ ബസ്സ് മുടക്കിയിരിക്കുന്ന ലൈൻ സമുദ്രതീരത്തുള്ള ലൈനിൽവച്ചു ഏററവും പ്രധാനപ്പെട്ട ഒന്നാണ്. ഈ ലൈനിലെ പണിമുടക്കുകൊണ്ടു കച്ചവടക്കാർക്കും ഓരോ തൊഴിൽനടത്തുന്ന ആളുകൾക്കും മാത്രമല്ല പൊതുജനങ്ങളായ യാത്രക്കാർക്കും വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഈ ലൈൻ വാണിജ്യകേന്ദ്രങ്ങളായ കൊല്ലം ആലപ്പുഴ കൊച്ചീ എന്നീ മൂന്നു പ്രധാനസ്ഥലങ്ങളെ സംഘടിപ്പിക്കുന്ന ഒന്നാണ്. നീണ്ടകരപ്പാലം തീർന്നതോടുകൂടി ഈ ലൈനിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചിട്ടുണ്ട്. ഇനി ഇതിനിടക്കുള്ള തോട്ടപ്പള്ളിയിൽ ഒരു പാലവും പിന്നീടു അരൂർ ചെന്നാൽ ഇടകൊച്ചിയിൽ കടക്കുന്നതിനുള്ള ഒരു പാലവും (ഈ പാലം നീണ്ടകരയെപ്പോലെ വീതി ഇല്ലെങ്കിലും കുറെക്കൂടി ദുർഘടമായ സ്ഥലമാണ്) തീർന്നാൽ തിരുവിതാംകൂറിന്റെ തെക്കേ അററമായ കന്യാകുമാരിമുതൽ കൊച്ചിവരെ പോകുന്നതിനു വളരെ സൌകര്യമുണ്ട്. ഈ ലൈൻ ഇന്നുകൊണ്ടു കൊട്ടാരക്കരവഴിയുള്ള യാത്രക്കാരുടെ സംഖ്യ വളരെ കുറഞ്ഞിട്ടുണ്ട്. ഈ പണിമുടക്ക് ആരംഭിച്ചതിനുശേഷം കൊല്ലത്തുനിന്നു ആലപ്പുഴക്കും, ആലപ്പുഴനിന്നു കൊച്ചിക്കും വള്ളക്കാർ കൂലി വളരെ കൂട്ടിയിരിക്കുന്നതായി അറിയുന്നു. കച്ചവടക്കാർക്കും തൊഴിലാളികൾക്കും യാത്രക്കാർക്കും സൌകര്യപ്പെടത്തക്കവണ്ണം ഈ ലൈനിൽ എന്തെല്ലാം ആനുകൂല്യം ചെയ്യാൻകഴിയുമോ അതെല്ലാം ചെയ്തു ഇതിനെ നല്ലനിലയിൽ കുറെക്കൂടി പ്രയോജനകരമാക്കിത്തീർക്കേണ്ടതു ഗവൺമെന്റിന്റെ ചുമതലയാണ്. നീണ്ടകരപ്പാലത്തിൽ ഒരു പുതിയ ടോൾ കൂടി വയ്ക്കാൻ പോയതുകൊണ്ടാണ് ഈ മുടക്കം ഉണ്ടായിട്ടുള്ളത് എന്നാൽ ഒരു ജനങ്ങളുടെയും മോട്ടോർ ഉടമസ്ഥന്മാരുടെയും ഹിതത്തിനു വിപരീതമായി അവിടെ ടോൾ വച്ചതുകൊണ്ടല്ല ഈ ലൈനിൽ സ്ട്രൈക്ക് തുടങ്ങിയത്. യഥാർത്ഥത്തിൽ നഷ്ടം വരുമെന്നുകണ്ടാണ് പണിമുടക്കം ആരംഭിച്ചത്. ടോൾ നിർത്തൽ ചെയ്യണമെന്നു ഈ കൌൺസിലിൽ ഒരു പ്രമേയം പാസാക്കീട്ടുണ്ട്. അതിനുശേഷമാണ് കൃഷ്ണപുരത്തു ഗവൺമെന്റു ഒരു ടോൾ വച്ചത്. കൃഷ്ണപുരത്തുള്ള ടോളിനെ നങ്ങ്യാർകുളങ്ങര മാററിയതിനുപുറമെ നീണ്ടകരപ്പാലത്തിലും കൂടി ഒരു ടോൾവച്ചു. ഈ രണ്ടുടോളും, ടോൾ നിറുത്തണമെന്ന പ്രമേയം പാസാക്കിയതിനുശേഷം ഉണ്ടാക്കിയതാണ്. മോട്ടോർഉടമസ്ഥന്മാർ മോട്ടോർസർവീസ് നടത്തുന്നതു പുണ്യത്തിനുവേണ്ടിയല്ല. യാത്രക്കാർക്കു വേണ്ട സൌകര്യം ചെയ്തുകൊടുക്കാം എന്നു വിചാരിച്ചല്ല സർവീസ് നടത്തുന്നത്. ലാഭത്തിനുവേണ്ടിയാണ് അവർ നടത്തുന്നത്. പെട്രോൾ സംബന്ധിച്ചും മോട്ടോർ കമ്പനിക്കാരായി അനവധി ലക്ഷം രൂപാ നമ്മുടെ രാജ്യത്തുനിന്നും അന്യരാജ്യങ്ങളിലേക്കു പോയ്പോകുന്നു. ഈ നാട്ടിൽ മോട്ടോർവ്യവസായം വർദ്ധിച്ചുവരുന്നതുനിമിത്തം മേൽപറഞ്ഞ കമ്പനിക്കാർക്കു ധാരാളം ആദായം ലഭിക്കുന്നുണ്ട്. അതിൽനിന്നും ന്യായമായ ഒരംശം കൂട്ടത്തലായി ചെലവാക്കുന്ന പെട്രോളിന്റെ ആദായത്തിൽനിന്നോ മോട്ടോർകാറുകൾ ധാരാളമായി വില്ക്കുന്നതുകൊണ്ടുള്ള ആദായത്തിൽനിന്നോ നമുക്കു കിട്ടണമെന്നു പ്രതീക്ഷിക്കാൻ ന്യായമില്ലേ? മോട്ടോർവ്യവസായത്തിനു നഷ്ടം നേരിടത്തക്കവണ്ണം നിർബന്ധമായ ചുങ്കംവെച്ചാൽ ഈ തൊഴിൽ അവർ ഉപേക്ഷിക്കയല്ലാതെ നിവൃത്തിയില്ല. അങ്ങിനെ വരുന്നപക്ഷം ഈ വ്യവസായത്തിനും ഈ രാജ്യത്തെ കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും വലിയ ഉപദ്രവും നഷ്ടവും നേരിടുന്നതാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഈവക വ്യവസായത്തെ പോഷിപ്പിക്കുന്നതിനുപകരം അതിനു പ്രതിബന്ധം ഉണ്ടാക്കുന്നതു രാജ്യത്തിന്റെ അഭിവൃദ്ധിക്കു വലിയ തടസ്ഥമാണ്. മററുള്ള രാജ്യങ്ങളിൽ ടോൾ ഏർപ്പാടിനെ നിറുത്തൽ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുമ്പോൾ ഇവിടെ പിന്നെയും പിന്നെയും പുതിയ ടോളുകൾ ഏർപ്പെടുത്തുന്നതിനു ശ്രമിക്കുന്നതു ആദരണീയമായ നടപടിയല്ല. അതിനാൽ നിവൃത്തിയുള്ളടത്തോളം ഈ ടോളുകളെ ഉപേക്ഷിക്കേണ്ടതാണ്. കൃഷ്ണപുരത്തു ടോൾവച്ചപ്പോൾ മോട്ടോർകാരുകൾ ആരും നിറുത്തിയില്ല. ഇപ്പോൾ പുതുതായി വച്ചിട്ടുള്ള ടോൾനിമിത്തമാണ് ഇവർ പണിമുടക്കുവാൻ സംഗതിയായതു്. ഈ വിഷയം പുത്തനായ ഒന്നല്ല. ഈ ടോൾ വയ്ക്കാൻപോകുന്നു എന്നറിഞ്ഞിട്ടു ഡെപ്യൂട്ടേഷൻമുഖേനയും, മററും ഇതുനിമിത്തമുള്ള സങ്കടങ്ങൾ ഗവൺമെന്റിനെ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. അതുകൊണ്ടു പ്രയോജനം ഇല്ലാത്ത കണ്ടി

ട്ടുണ്ട് ഈ ഫണ്ടിനുടക്ക കൂടങ്ങിയത്, ചേർത്തലതാലൂക്കിലും മോട്ടോറുകൾ മുടക്കിയിരിക്കുന്നു എന്നു കാണിച്ച് എനിക്ക എഴുത്തുകളും കമ്പികളും കിട്ടിയിരിക്കുന്നു. അവിടത്തെ ബാർ അസോസിയേഷൻ സെക്രട്ടറി അയച്ച ഒരു കമ്പിയാണ് ഇത്.

"വ്യവഹാരികളായ പൊതുജനങ്ങൾ വലിയ ഉപദ്രവത്തിലായിരിക്കുന്നു. ദയവുചെയ്തു ഇടപെടണം" ഇനി ഒന്ന് അവിടത്തെ ആയിൽമില്ലുകാരുടെ കമ്പിയാണ്.

"സ്ഥിതി, ഗൌരവം, കൊച്ചിയും ആലപ്പുഴയുമായുള്ള പോക്കുവരവും, എല്ലാ ഗതാഗതവും നിന്നിരിക്കുന്നു. തൊഴിൽ അപകടത്തിലായിരിക്കുന്നു. ദയവുചെയ്തു പരിഹാരം ഉണ്ടാക്കണം."

ഇങ്ങനെ ജനങ്ങൾക്കും കച്ചവടക്കാർക്കും ധാരാളം കഷ്ടതയുണ്ടാക്കു ഇടയാക്കുന്ന ഒരു സംഭവമാണ് ഇത്. അതിനാൽ ഗവൺമെന്റ് വേണ്ടവിധത്തിൽ ആലോചിച്ച് ഇതിനു ഉടനെ ഒരു പരിഹാരം ഉണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. എസ്. ചിറവിളപ്പുത്തൻപിള്ള (വാണിജ്യവും വ്യവസായവും തെക്ക): എന്റെ സ്നേഹിതൻ മി. രാമകൃഷ്ണനാശാൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെപ്പറ്റി ഒരുവാക്കു പറയുവാൻ ഞാനും ആഗ്രഹിക്കുന്നു. സർ, രണ്ടുദിവസങ്ങൾ മുമ്പ്, ബഡ്ജറ്റ പൊതുവിമർശനാവസരത്തിൽ എന്റെ പ്രസംഗത്തിൽ മോട്ടോർബസ്സുകളുടെ സംഖ്യ വർദ്ധിച്ചതും യാത്രക്കാരുടെ കൂലി കുറച്ചതും പൊതുജനങ്ങൾക്ക അനവധി സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും ഈ ട്രാൻസ്പോർട്ട വ്യവസായം ഗവൺമെന്റ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. ഏതുവിധത്തിലാണ അവക്ക പ്രോത്സാഹനം വേണ്ടിയിരിക്കുന്നതെന്ന പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡന്റ എന്നോടു ചോദിച്ചു. അപ്പോൾ എനിക്ക ചുരുങ്ങിയസമയം മാത്രമുണ്ടായിരുന്നതുകൊണ്ടു ഈ മോട്ടോർബസ്സ് ട്രാൻസ്പോർട്ടിൽ ഏർപ്പെട്ടിരിക്കുവർ അനുഭവിക്കുന്ന പ്രയാസങ്ങളെപ്പറ്റി വിശദമായി പറയുന്നതിനു എനിക്കു സാധിച്ചില്ല. ഗവൺമെന്റ ഈ സംഗതിയിൽ പ്രവേശിച്ച ബസ് ഗതാഗതം നിയന്ത്രിക്കുന്ന അധികാരികൾ ബസ് ഗതാഗതത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ എന്റെ അഭിപ്രായത്തിൽ റഗുലേഷൻ ഉണ്ടാക്കിയ നിയമകർത്താക്കൾ ഉദ്ദേശിക്കാത്ത തൊന്ന്യാസങ്ങളായ സർക്കുലർകൾ റഗുലേഷൻസിനെപ്പറ്റിയുള്ള റൂളിങ്ങുകൾ വ്യാഖ്യാനങ്ങൾ ചട്ടങ്ങൾ ഇവകൊണ്ടു അനാവശ്യമായി ഉപദ്രവിക്കാതിരിക്കുന്നതിനു ഏർപ്പാടു ചെയ്യണമെന്നു ചുരുക്കമായി പ്രസ്താവിച്ചു. ട്രാൻസ്പോർട്ടു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാവുന്ന മാർഗ്ഗങ്ങൾ ഇവയാണെന്നു ഞാൻ ചുരുക്കമായിപ്പറഞ്ഞു. ഇതുസംബന്ധിച്ചു ആലോചിക്കേണ്ട വേറെ ഒരു വിഷയം ടോളാണ്. സർ, ഇപ്പോൾ ഈടാക്കുന്ന ടോൾ ഏതാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവോ ആ ആവശ്യത്തിനു ടോൾ പിരിക്കുന്നതു മൂലം യത്നമാകുന്ന നികുതി പിരിക്കുന്നതിനു ഒരു മാർഗ്ഗം നിർദ്ദേശിക്കാതെ ടോൾ ഉടനടി നിറുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണെങ്കിൽ ഗവൺമെന്റിനോടു ഞാൻ ഒരു അനീതി ചെയ്യുകയായിരിക്കും.

എന്റെ അഭിപ്രായത്തിൽ ഈടാക്കുന്ന ടോൾ മുഴുവനും ഏതു റോഡിൽനിന്നും പിരിക്കുന്നുവോ അവിടെ ശരിയായി ചെലവാക്കുന്നില്ല. ഉദാഹരണമായി എം. എസ്. റോഡു എടുക്കാം. അവിടെയെന്നും പിരിക്കുന്ന ടോൾ ആ റോഡിൽ ചെലവാക്കിയിരുന്നു എങ്കിൽ ഇതു ഞാൻ സഭയുടെ ശ്രദ്ധക്കു കൊണ്ടുവരികയില്ലായിരുന്നു.

സർ, ടോൾ ഏർപ്പെടുത്തുന്നതു ഏതാണ്ടു ഗവൺമെന്റിന്റെ ഒരു നികുതിമാർഗ്ഗമായി കരുതിവരുന്നു. അതു ഗവൺമെന്റിന്റെ ആദർശമായിരിക്കുവാൻ പാടില്ല. ടോൾ ഏർപ്പെടുത്തുന്നതു ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്. ആ ഉദ്ദേശത്തിനു ചെലവാക്കിയതുക പിരിച്ചതിനുശേഷം ആ ടോൾ നിറുത്തേണ്ടതാണ്. എന്നാൽ അതല്ല നാം കാണുന്നതു.

ഇപ്പോൾതന്നെ മോട്ടോർബസ്സ് ഉടമസ്ഥരുടെ രക്തം ഊററുകയാണ്. രജിസ്ട്രേഷൻഫീസിനും മററുഫീസിനുമായി അവർ ഒരു വലിയതുക കൊടുക്കുന്നു. ഇപ്പോൾ കൂടുതൽ പണം അവരിൽനിന്നും കിട്ടുന്നതിനുപുതുതായി ഒരു ടോൾ കൂടി ഏർപ്പെടുത്തുന്നതു ഒട്ടുവിൽ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുന്ന ഏർപ്പാടായിത്തീരും. സർ, കൂടാതെ ഈ പ്രത്യേക റോഡിന്റെ കാര്യത്തിൽ അതുർ ആലപ്പുഴറോഡിൽ-മി. പി. എസ്. മഹമ്മദിന്റെ കണക്കിൽനിന്നും എനിക്കു അതിനു ചില രേഖകൾ ഉണ്ട്. കാണുന്നതുപോലെ ബസ് ഉടമസ്ഥർ ഇപ്പോൾതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏതായാലും അവർ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു നാം കാണുന്നു. കൂടുതലായി ഈ ടോൾ ചുമത്തിയതു അവരെ കൂടുതൽ നഷ്ടപ്പെടുത്തുന്നു. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു വിചാരിക്കുന്ന ഒരു സംഗതി ഈ റോഡിൽ ബസ്സിട്ടിരിക്കുന്നവരോടു ഗവൺമെന്റ ദയകാണിച്ചിരിക്കുന്നു. ഏതായാലും ഇവിടെ 24 മണിക്കൂറിൽ ഒരിക്കൽ മാത്രം ടോൾ ചുമത്തുന്നു. മടക്കട്രിപ്പിനു അതായതു ടോൾഗേററു കടക്കുന്ന മാരാരാസമയവും ടോൾ കൊടുക്കേണ്ട വേറെ റോഡുകൾ ഉണ്ട്. ടോളിന്റെ ചരിത്രത്തിൽ ഇതിനു വേറെ ഉദാഹരണമില്ല. ഫൈനാൻസ് കമ്മററിയുടെ മീററിംഗിൽ അന്നത്തെ കൌൺസിൽ പ്രസിഡണ്ടിനു ഇതു ഞാൻ ചൂണ്ടിക്കാണിച്ചു. സർ, എന്നെ അനുവദിക്കുമെങ്കിൽ അന്നു ഞാൻ പറഞ്ഞതു വായിക്കാം. സർ, അതിനാൽ ഇപ്പോൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരിൽ കുറച്ചു ശ്രദ്ധയും ദാക്ഷിണ്യവും ഗവൺമെന്റു കാണിക്കുന്നതിനും യാത്രചെയ്യുന്ന പൊതുജനങ്ങളുടെയും മററു ട്രാൻസ്പോർട്ടു ഇടപാടുകളുടെയും നന്മയെ കരുതി അവർ തീരെ നശിക്കാതിരിക്കാൻ നോക്കുന്നതിനും ഉള്ള കാലം അതിക്രമിച്ചിരിക്കുന്നു.

മി. ടി. ഡി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): തിരുവിതാംകൂറിലുള്ള ടോൾ നിർത്തണമെന്നു ഇടക്കിടക്കു ഈ കൌൺസിലിൽ വാദിക്കുകയും അതിനെപ്പററി പ്രമേയം പാസാക്കുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ പെട്രോളിനു വിലകൂട്ടിയതിന്റെ ഓഹരിയായി നമുക്ക രണ്ടണവീതം കിട്ടുന്നതിനു എഴുത്തുകുത്തുകൾ നടത്തുന്നതായി ഫൈനാൻഷ്യൽ സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റിൽ കാണുന്നു. അപ്രകാരം വരുന്നപക്ഷം തിരുവിതാംകൂർ ഗവൺമെന്റ വലുതായ ഒരു സംഖ്യ കിട്ടാൻ ഇടയുള്ളതുകൊണ്ടു ഈ ടോൾ നിറുത്തണമെന്നുള്ളതാണ്. അങ്ങനെ കിട്ടുന്നില്ലെങ്കിൽ ടോൾ നിർത്തുന്നതുകൊണ്ടു വലുതായ നഷ്ടം ഗവൺമെന്റിനു വരാൻ ഇടയില്ല. പാലം കെട്ടുന്ന അവസരങ്ങളിലെല്ലാം ടോൾ ഏർപ്പെടുത്തുന്നതു ഒരു പതിവാണ്. ഒരു ട്രിപ്പിനു രൂപാവീതം കൊടുക്കുന്ന കരിങ്ങുർ ടോൾഗേററിൽ ഇപ്പോൾ ബസ്സുടമസ്ഥന്മാർ ഒരു മാസം പത്രം കൊടുക്കേണ്ടിയിരിക്കുന്നു. ഇതു വലിയ അക്രമമാണ്. എറണാകുളത്തിലും പ്രധാനമായി പ്രവർത്തിക്കുന്ന കൊല്ലം മുതൽ ആലപ്പുഴവരെയുള്ള എല്ലാ

മഹാജനങ്ങളുടെയും അപേക്ഷ ഈ കൌൺസിലിന്റെ മുമ്പാകെ വന്നസ്ഥിതിക്ക ഇതോടുകൂടി മററുള്ള എല്ലാ സങ്കടകക്ഷികളുടെയും സങ്കടത്തിന ഒരു നിവാരണം ഉണ്ടാക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ടോൾനിൎത്തണമെന്നുള്ള മിസ്റ്റർ ദാമോദരനാശാന്റെ അടിയന്തരപ്രമേയത്തെ അനുകൂലിക്കുന്നു.

ദക്ഷിണതിരുവിതാംകൂറിൽ ഗതാഗതത്തിന റോഡുമാത്രമേയുള്ളു. മററുവിധത്തിലുള്ള കായൽതോടുകളോ ഇല്ല.

പ്രസിഡണ്ട്: ഇതു സംബന്ധമില്ലാത്തതാണ എന്നു ഞാൻ മുമ്പു പറഞ്ഞു. ദയവുചെയ്തു സംബന്ധമില്ലാത്ത കാൎയ്യത്തിൽ പ്രവേശിക്കരുതു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ പ്രമേയത്തെ അനുകൂലിച്ചു രണ്ടുവാക്കുപറയണമെന്നു ഞാനും ആഗ്രഹിക്കുന്നു. ടോൾനിൎത്തുന്നതിലുള്ള ഗവൺമെന്റിന്റെ പൊതുനയത്തെപ്പററി പ്രതിപാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മി. മഹമ്മദ് സൂചിപ്പിച്ചതുപോലെ സ്വയരക്ഷക്ക അത്യാവശ്യമെന്നു തോന്നിയിട്ടാണ ബസ്സുടമസ്ഥൻ പണിമുടക്കിയത. ഒരു ബസ്സ് ഉടമസ്ഥനുണ്ടാകുന്ന ചെലവുകളുടെ കണക്ക അദ്ദേഹം നമുക്കുതന്നു. ഒരു മോട്ടാർ ഉടമസ്ഥനു കിട്ടുന്ന ലാഭം വളരെവളരെ തുഛമാണ എന്നു അധികാരപൂൎവ്വം എനിക്കുപറയാം.

മി. വി. ചെല്ലമ്പിള്ള (തോവാള): മെമ്പർപറഞ്ഞ ഇക്കണക്കുകൾ മെമ്പരുടെ സ്വന്തനോട്ടത്തിനു കണക്കാക്കിയതാണോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എന്റെ സ്വന്തം അനുഭവത്തിൽനിന്നും.

മി. വി. ചെല്ലമ്പിള്ള (തോവാള): അതു ഒരു വലിയ ബസ്സിനാണോ ചെറിയ ബസ്സിനാണോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഒരു ചെറിയ ബസ്സിനുമാത്രം കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കുമദ്ധ്യേയുള്ള ചെയിനിൽ ൭ സീററർമാത്രമേ ഓടുവാൻ അനുവദിച്ചിട്ടുള്ളു. നീണ്ടകരയുള്ള ടോളിനെപ്പററി എനിക്ക വലിയ പരാതിയില്ല. എന്തുകൊണ്ടെന്നാൽ നീണ്ടകരപ്പാലത്തിന വളരെ പണം ചെലവായിട്ടുണ്ട. അതിന ഗവൺമെന്റ ചെലവാക്കിയിട്ടുള്ള തുകയിൽ കുറച്ചു ഗവൺമെന്റിന തിരിച്ചുകിട്ടേണ്ടതാണ. അവിടെ ഗവൺമെന്റ ഒരു ടോൾ ഏൎപ്പെടുത്തുന്നതു തെററല്ല. എന്തുകൊണ്ടെന്നാൽ ഒരു പതിനൊന്നു ലക്ഷം രൂപയോളം ആ പാലംപണിയുന്നതിന ചെലവാക്കിയിട്ടുണ്ട.

മി. മുതുവേലിൽ പാച്ചുപിള്ള (ചേൎത്തല): ന്നു ലക്ഷം രൂപ ഏതിനത്തിൽ നിന്നാണ ചെലവാക്കിയതെന്നറിയാമോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു മൂലധനച്ചെലവാണ.

മററുടോളിനെസംബന്ധിച്ചടത്തോളം പുതുതായിത്തുറക്കപ്പെട്ട ഈ റോഡുകളുടെ സംരക്ഷണത്തിന ആണ്ടുതോറും ചെലവുകളുണ്ടെന്നും അതിന ടോൾപിരിച്ചു ചെലവാക്കുന്നു എന്നും ഗവൺമെന്റിനുപറയാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാൎത്തികപ്പള്ളി): പുതുതായി റോഡുകൾ തുറന്നതു മൂലധനച്ചിലവിലാണോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അല്ല.

സാധാരണയായി പുതിയ ഒരു റോഡുതുറക്കുമ്പോൾ അതിന്റെ സംരക്ഷണച്ചിലവിലേക്ക ഒരു ടോൾ ഏൎപ്പെടുത്തുക ഗവൺമെന്റിന്റെ പതിവാണ. ഇതിന ഉദാഹരണങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട.

എന്നാൽ ഈ പ്രത്യേകസംഗതിയിൽ അതു ഇപ്പോൾ സാധിക്കാൻ പാടില്ലാത്തതായിരിക്കുന്നു. ഈ സ്ഥലങ്ങളിൽ ടോൾ കൊടുത്തതിനുശേഷം എന്തെങ്കിലും ലാഭത്തിൽ ബസ്സ് ഓടിക്കാൻ ബസ്സുടമസ്ഥക്ക സാധിക്കുകയില്ല.

മി. വി. ചെല്ലമ്പിള്ള (തോവാള): ഇപ്പോൾ കൂടുതലായി ചുമത്തിയിരിക്കുന്ന ടോൾ പരിഹരിക്കുന്നതിന ഓരോ യാത്രക്കാരനിൽനിന്നും കൂടുതലായി ചുമത്തേണ്ട തുക എത്രയുണ്ടെന്നു മെമ്പറിൽനിന്ന അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): നിങ്ങൾക്കുതന്നെ കണക്കാക്കാം. ഒരു ബസ്സിൽ ൨൦ ആളുകൾ യാത്രചെയ്യുന്നതിനു മാത്രമേ അനുവദിച്ചിട്ടുള്ളു. കൃഷ്ണപുരത്തു ഒരു ടോളുണ്ട. അതു നഞ്ചാർകുളങ്ങര മാററിഇരിക്കുകയാണ. അവിടെ ടോൾകൊടുക്കണം. ഇപ്പോൾ നീണ്ടകരയും ൨ രൂപവീതം ടോൾ ചുമത്താൻപോകുന്നു. അതും കൊല്ലം ആലപ്പുഴ ചെയിനിലാണ.

മി. രേവതിതിരുനാൾ രാമവൎമ്മരാജാ (ഇടവക): മൂലധനച്ചെലവു എന്നുപറഞ്ഞു. എന്നാൽ റവന്യൂമിച്ചത്തിൽനിന്നുമല്ലേ അതു ചെലവാക്കിഇരിക്കുന്നതു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മൂലധനച്ചെലവു മൂലധനവരവു റവന്യൂമിച്ചം മുതലായവയെപ്പററിയുള്ള ഒരു പ്രതിവാദത്തിൽ പ്രവേശിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഒരു സംഗതി യഥാൎത്ഥമാണ. ഒരു ക്യാപ്പിററൽചെലവു ഉണ്ടായിട്ടുണ്ട. ഈ ചെലവുന ഒരു ആദായംകിട്ടേണ്ട ആവശ്യവും ഗവൺമെന്റിനുണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഔചിത്യംപോലെ ചില ടോളുകൾ തുടൎന്നുകൊണ്ടുപോകണമെന്നും ചില ടോളുകൾ നിൎത്തണമെന്നുമാണോ അദ്ദേഹത്തിന്റെ അഭിപ്രായം എന്നു അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഗവൺമെന്റിന്റെ പൊതുനയത്തെപ്പററിയോ ടോളുകൾ നിൎത്തുന്നതിന ഈ കൌൺസിൽ പാസാക്കിയ നിശ്ചയത്തിൽ ഗവൺമെന്റിന്റെനിലയെപ്പററിയോ ഞാൻ പ്രതിപാദിക്കുവാൻ വിചാരിക്കുന്നില്ല എന്നു ഞാൻ ആരംഭത്തിൽതന്നെ പ്രസ്താവിച്ചു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അതാണോ മെമ്പറിന്റെ അഭിപ്രായം?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ ഇവിടെവന്നിരിക്കുന്നതു സംബന്ധമില്ലാത്ത കാൎയ്യങ്ങളെപ്പററിയുള്ള എന്റെ അഭിപ്രായം പറയുവാനല്ല. സംബന്ധമുള്ളകാൎയ്യങ്ങൾ മാത്രമേ പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ആരുടെ അഭിപ്രായമാണു അദ്ദേഹം പറയുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇപ്പോൾ ആലോചനാവിഷയമായിരിക്കുന്ന സംബന്ധമുള്ള പ്രശ്നങ്ങളെപ്പററിയുള്ള എന്റെ അഭിപ്രായമാണു പറയുന്നതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): എന്നാൽ മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാമോ?

പ്രസിഡൻറ്: ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗം അല്പമായി പൂർത്തിയാക്കുന്നതിനു സമ്മതിക്കുമോ? ഇടയ്ക്കിടെ അധികം ചോദ്യങ്ങൾ ചോദിച്ചാൽ മെമ്പറിനു തുടർന്നുകൊണ്ടുപോകുന്നതിനോ പ്രസംഗം പൂർത്തിയാക്കുന്നതിനോ സാധിക്കുകയില്ല.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതു ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെൻറ് ശരിയായി ആലോചിക്കണം. ഇപ്പോൾ ടോൾ മുടക്കം മൂലം ഗവൺമെൻറിനു ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം നഷ്ടപ്പെടുന്നു. ബസ്സ് ഉടമസ്ഥരുടെ ഉദ്ദേശം അതിൽനിന്നെല്ലാം വ്യത്യസ്തമാണു. ഇതുപോലെ ടോൾ ഗേറ്റിനു കൊടുത്തിരുന്ന ആലപ്പുഴക്കും മദ്ധ്യേ ബസ്സ് ഓടിക്കുന്ന ഉടമസ്ഥർ അസംഖ്യമായിത്തീർന്നിരിക്കുന്നു. ബസ്സ് ഉടമസ്ഥർ നഷ്ടത്തിലാണു ബസ്സ് ഓടിക്കുന്നതു എന്നു പറയാം. അതിനാൽ ഈ വിഷയം ഗൗരവമായി ആലോചിക്കുന്നതിനും ഈ യഥാർത്ഥസങ്കടം പരിഹരിക്കുന്നതിനു മാർഗ്ഗം കണ്ടുപിടിക്കുന്നതിനും ഞാൻ ഗവൺമെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു മി. ആശാൻ കൊണ്ടുവന്നിരിക്കുന്ന പ്രമേയം ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

മി. തുറവൂർ വേലായുധൻ പിള്ള (ചേർത്തല): ടോൾ നിറുത്തുന്നവിഷയത്തിൽ അദ്ദേഹം പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിലെ അഭിപ്രായം എന്താണെന്നു അദ്ദേഹത്തിനു പറയാൻ സാധിക്കുമോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതുസംബന്ധമുള്ള കാര്യമല്ല. അതിനെ പററി പറയുവാൻ ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക): സർ, ജനപ്രതിനിധിസഭയായ ഈ നിയമസഭയിൽ പാസ്സാക്കിട്ടുള്ള ഒരു പ്രമേയമാണു ടോൾ നിർത്തണമെന്നുള്ളതു. ഗവൺമെൻറ് അന്നു അതിനെ വിരോധമില്ലാത്ത നിലയിൽ സ്വീകരിക്കയും സമ്മതിച്ചിട്ടുണ്ടു. പക്ഷെ എന്നു എന്നു ചോദിച്ചില്ലെന്നേ പറയാനുള്ളു. അങ്ങിനെ സമ്മതിച്ചതിനു ശേഷം ഇപ്പോൾ ഉള്ള ടോളിനെ കുറയ്ക്കുന്നതിനു പകരം അതു വർദ്ധിപ്പിക്കുന്നതിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച സാഹചര്യം എന്തുതന്നെയായിരുന്നാലും അതിനെ അധികം നീതീകരിക്കുവാൻ നിവൃത്തിയില്ല. പൊതുജനങ്ങളുടെ അഭിപ്രായത്തിനു വിപരീതമായി ഗവൺമെൻറ് ഏർപ്പെടുത്തിയിരിക്കുന്ന ഈ ടോളിനെ സംബന്ധിച്ച ഗവൺമെൻറ് പൊതുജനങ്ങളോടു കാണിച്ചിരിക്കുന്ന ഈ അനീതി നന്നായില്ല. അതിനെ സംബന്ധിച്ചുള്ള എന്റെ പ്രതിഷേധത്തെ ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു വിരമിച്ചുകൊള്ളുന്നു.

മി. തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. എല്ലാ ടോളും നിറുത്തേണ്ടതാണെന്നു ഒരു പ്രമേയംതന്നെ ഇവിടെ പാസാക്കിയെന്നു മി. ഉമ്മൻ ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ അവസരത്തിൽ ടോളുകൾ നിർത്തേണ്ട അത്യാവശ്യകതയെപ്പററി സവിസ്തരം ഞാൻ ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ടു. അതിനാൽ ഇപ്പോഴത്തെ പ്രമേയത്തെ സംബന്ധിച്ച മുമ്പു പറഞ്ഞതിനെ ആവർത്തിച്ചു പറയേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. ആലപ്പുഴ കൊല്ലം മോട്ടോർ ട്രാഫിക്ക നടത്തുകയാണെങ്കിൽ ഉത്തരതിരുവിതാംകൂറിൽ ഉള്ളവർക്കു ഇങ്ങോട്ടുവരാനും ഇവിടെയുള്ളവർക്കു അങ്ങോട്ടു പോകാനും ഉള്ള പ്രയാസം വളരെ കുറഞ്ഞിരിക്കുന്നതാണു. മെയിൻ റോഡിൽ വർഷകാലത്തു വെള്ളം പൊങ്ങി പല ദിവസങ്ങളിലും സഞ്ചാരസൗകര്യമില്ലാതെ തീരും. ഇപ്പോൾ സൗകര്യം ഈ വഴിയാണു. രണ്ടുമൂന്നു കൊല്ലത്തിനു മുമ്പു ഒരു ബസ്സുററ സംഭവം നടന്നു. മെയിൻ റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ടു പടക്കോട്ടുപോകാൻ തീരെ നിവൃത്തിയില്ലാതെ കൊല്ലത്തു ഏതാനും ദിവസം താമസിക്കേണ്ടിവന്നു. അന്നു നിങ്ങൾ പോലും തിരിച്ചുപോകുന്നതിനു അക്കരെ കടക്കാൻ വളരെ വിഷമിച്ചു. അക്കരെ കടന്നശേഷം ബസ്സു വഴി ആലപ്പുഴ എത്താൻ വെള്ളത്തിന്റെ ശല്യമില്ലായിരുന്നു. സമുദ്രതീരത്തുള്ള ഈ വഴിയിൽ വെള്ളപ്പൊക്കമധികമില്ല.

ടോളുകൾ എല്ലാം കഴിയുന്നതും വേഗം നിർത്തേണ്ടതാണു. സമുദ്രതീരത്തുള്ളവർക്കു വെള്ളപ്പൊക്കകാലത്തും യാത്രാസൗകര്യത്തിനു വിഷമമില്ല. ഉൾനാടുകളിലുള്ളവർക്ക തലസ്ഥാനനഗരിയിൽ വരുന്നതിനും ഇവിടെയുള്ളവർക്ക അങ്ങോട്ടുപോകുന്നതിനും ഈ മോട്ടോർട്രാഫിക്ക വളരെ അത്യാവശ്യമാണു. ബസ്സുകാർ ലയിൻ മുടക്കിയിരിക്കുന്നതു അവരുടെ നിർബന്ധംകൊണ്ടല്ല. ലാഭമില്ലാത്തതുകൊണ്ടുമാത്രമാണു. ഇപ്പോൾ ഈ ബസ്സുകൾ നടത്തു ഉടമകൾക്കു നഷ്ടമാണെന്നു എനിക്കു അറിയാം.

മി. ഇട്ടൂപ്പ് ഇട്ടീരൻ (കുന്നത്തുനാട്): കൊച്ചിസംസ്ഥാനത്തിൽ വച്ചിരിക്കുന്ന ടോൾസമ്പ്രദായം അറിയാമോ?

മി. തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അവിടേയും റോഡുകളിൽ വിചാരിച്ചതിലും വർദ്ധിക്കുന്നതായി അറിയാം.

മി. ഇട്ടൂപ്പ് ഇട്ടീരൻ (കുന്നത്തുനാട്): ടോൾ കൊടുക്കുന്നസമ്പ്രദായം അറിയാമോ?

മി. തരിയൻ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അവിടേയും ഇതുപോലെ മുക്കാൽ ശ്രമപ്പെട്ടോ അതുപോലെയോ ആണു കൊടുക്കുന്നതെന്നു തോന്നുന്നു.

അതുകൊണ്ടു ഈ ടോളിനെ നിർത്തേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല): മി. ദാമോദരനാശാന്റെ പ്രമേയത്തെ ഞാൻ ബലമായി അനുകൂലിക്കുന്നു. ഗവൺമെൻറിന്റെ വരുമാനത്തെ സാരമായിതടയുന്ന ഒരു പ്രമേയം വരുമ്പോൾ ഇരുഭാഗ

ള്ളുള്ള മെമ്പറന്മാർ അതിനെ ആലോചിക്കാതെയാണ് അനുകൂലിക്കുന്നതെന്നു സംശയിക്കുന്നതുകൊണ്ടും ഞാനിതിനെ എതിർക്കുന്നതിൽ അത്ഭുതപ്പെടുന്നില്ല. ബസ്സുകളിൽ തെറ്റുകളുണ്ടായിട്ടുണ്ടു. ബസ്സുടമസ്ഥന്മാർക്കു അതിനെ കൂടുതൽ കൊണ്ടുപോകുന്നതിനു ഒരുവിധത്തിലും [illegible] യാതൊരു സംശയവുമില്ല. ഇപ്പോൾ ജീവിതത്തിൽ ഉത്സാഹമൊന്നുമില്ലെന്നത്രേ. അതുകാലത്തു കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കു പോകുന്നതിനു രണ്ടുരൂപാ ഞാൻ കൊടുത്തിട്ടുണ്ടു. അതു മത്സരംകൊണ്ടു കുറഞ്ഞുകുറഞ്ഞു ഒന്നര ഒന്നേകാൽ രൂപയിലെ ഇപ്പോൾ ഒരു രൂപാ ആയിട്ടുണ്ടെന്നു തോന്നുന്നു. ഇങ്ങിനെ മത്സരബുദ്ധിയോടുകൂടി ബസ്സുടമസ്ഥന്മാർ ഈ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ [illegible] അവർക്കു വഹിക്കാവുന്നതു [illegible] ഈ തെറ്റുകൾ ഉണ്ടാകാൻ ഇടയാകുകയില്ലായിരുന്നു. ഇപ്പോൾ അവർ [illegible] ഈ തെറ്റുകൾ [illegible] തീർച്ചയായിട്ടും അവർക്കു [illegible] സങ്കടമുണ്ടാക്കിയിട്ടുള്ളതാണ്. അതുകൊണ്ടു അവർക്കു സർവീസുകൾ [illegible] കൊണ്ടുപോകുന്നതിനുവേണ്ട [illegible] കടമയാണ്. അവരുടെ ഈ വിഷമതയെ തീർക്കുന്നതിനു ഗവണ്മെന്റു കഴിയുന്നത്ര സഹായം ചെയ്തില്ലെങ്കിൽ അതുനിമിത്തം പല സങ്കടങ്ങളും വഴിയാത്രക്കാർക്കുകൂടി അനുഭവിക്കേണ്ടി [illegible] ഈ അവസരത്തിൽ ഓർക്കേണ്ടതാണ്. ഈ അഭിപ്രായത്തോടുകൂടി മിസ്റ്റർ മാധവമേനോന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പി. ഇട്ടൂപ്പ് [illegible] (കുന്നംകുളം): സർ, മി. [illegible] ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ [illegible] ഞാൻ [illegible] പിൻതാങ്ങിക്കൊള്ളുന്നു. [illegible] ടോൾനികുതി പിരിക്കുന്ന രീതി [illegible] നടക്കുന്നതിനെക്കാൾ [illegible] ആയിട്ടാണ് നടക്കുന്നതെന്നു എനിക്കു അനുഭവംകൊണ്ടറിയാം. [illegible] ഒരു ദിവസം [illegible] പോയാലും [illegible] എത്രതവണ കടന്നാലും ഒരിക്കൽ മാത്രം ടോൾകൊടുത്താൽമതി. ഇവിടെ മറ്റെങ്കിൽ ചിലസ്ഥലങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും ടോൾകൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു. ഈ അവസ്ഥ രാജ്യത്തിന്റെ [illegible] അഭിവൃദ്ധിപ്പെടുത്തുന്നതിനു കൂടുതൽ സഹായിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടു ഗവണ്മെന്റു ഈ പ്രമേയത്തെ അംഗീകരിച്ചു വേണ്ടതു നടത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ [illegible] പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻചാർജ്): സർ, കൊല്ലത്തിനും ആലപ്പുഴയ്ക്കുമിടയ്ക്കു ഓടുന്ന ബസ്സുകളുടെ ഉടമസ്ഥന്മാർ [illegible] അവരുടെ ബസ്സ് സർവീസിനെ [illegible] യാത്രക്കാരായ [illegible] പലതരത്തിലും ബുദ്ധിമുട്ടിക്കുന്നു എന്നു കേൾക്കുന്നതിൽ ഞാൻ ദുഃഖിക്കുന്നു. എന്തായാലും അവർ ഒരു [illegible] ഏർപ്പെടുത്തണമെന്നു വിചാരിക്കുന്നുള്ള [illegible] ഒരു യാത്രക്കാരന്റെ [illegible] രണ്ടോ മൂന്നോ ചക്രംകൂടി മാത്രമേ കൂട്ടുകയുള്ളു. ബസ്സുടമസ്ഥന്മാർ എല്ലാംകൂടി യോജിച്ചു ബസ്സ് കൂലി കൂട്ടുന്നതിനു വഴിയെന്താണ് എന്നു എനിക്കു തോന്നുന്നില്ല. സർ, എന്തോ തെറ്റിദ്ധാരണയിൽ ഈ സഭയിലെ ചില മെമ്പർമാർ പുതുതായി ടോൾഗേറ്റ് ഏർപ്പെടുത്തുന്നതിനെ ആക്ഷേപിച്ചുകാണുന്നതിൽ ഞാൻ അതിശയിക്കുന്നു. കൊല്ലം ആലപ്പുഴ [illegible] പണം [illegible] ഉണ്ടാക്കിയതു. അടുത്തകാലത്താണ് അതു മോട്ടോർ ഗതാഗതത്തിനു ഉപയുക്തമാക്കിയതു. കരുനാഗപ്പള്ളി ടോൾഗേറ്റ് [illegible] ഏർപ്പെടുത്തിയതു. [illegible] ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ നീണ്ടകരപ്പാലത്തെപ്പറ്റിയും [illegible] ടോൾ ഏർപ്പെടുത്തുന്നതിനെപ്പറ്റിയും [illegible] പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു.

"[illegible] ബഡ്ജറ്റിൽ ഈ വഴിയിൽ ഒരു തടസ്സവും കൂടാതെ [illegible] ഒരു മോട്ടോർ [illegible] കൂടി കൊടുത്തിട്ടുണ്ടു. [illegible] പതിനെട്ട് ചിറയിൽ വഴിയും [illegible] പ്രത്യേകം [illegible] വഴിയും [illegible] ചെയ്തിട്ടുണ്ടു. ഈ പണി "ക്യാപ്പിറ്റൽ" എന്നു ക്ലാസ്സിഫൈ ചെയ്തിട്ടുണ്ടു. ക്യാപ്പിറ്റൽ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് [illegible] ഈ ചിലവ് [illegible] ഒരു [illegible] ടോൾ ഏർപ്പെടുത്തി അതിൽനിന്നും ആദായം പുറപ്പെടുവിക്കുന്നതിനു വിചാരിക്കുന്നുണ്ടു.

റാവു സാഹേബ് കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ്): നീണ്ടകരടോൾവഴി കിട്ടിയേക്കാവുന്ന ഉദ്ദേശവരവ് അറിഞ്ഞാൽകൊള്ളാം.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): കൊല്ലത്തേക്കു ഉദ്ദേശം രൂ. ൪൨,൦൦൦.

റാവു സാഹേബ് കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ്): ആകെ മുടക്ക് എത്രയാണ്?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): ൪൨൦ ലക്ഷം.

അതിനാൽ നീണ്ടകരപ്പാലത്തിങ്കൽ ടോൾഗേറ്റ് ഏർപ്പെടുത്തിയിരിക്കുന്നതു അതു ഒരു മൂലധനച്ചിലവായതുകൊണ്ടു ഈ പണത്തിനു ഒരു [illegible] പലിശയായതുകൊണ്ടുമാണ് ഈ ആറാംതിയതിയിലും മറ്റും [illegible] കരുനാഗപ്പള്ളി ടോൾഗേറ്റ് [illegible] ആണ്. ഇവതമ്മിലുള്ള [illegible] ഏകദേശം [illegible] മൈലാണ്. രണ്ടു ടോൾഗേറ്റ് അടുത്തടുത്തുള്ളതു കഠിനമായിരിക്കും എന്നു ഈ സഭയിൽ പറയുകയുണ്ടായി. മോട്ടോർ കമ്പനികളും ബസ്സുടമസ്ഥരും ഇതു അടുത്തടുത്തായിരിക്കുന്നതുമൂലം വലിയ ഉപദ്രവം ഉണ്ടാകും എന്നു ആവലാതിപ്പെട്ടിട്ടുണ്ടു. നീണ്ടകരപ്പാലത്തിങ്കൽ ഒരു ട്രിപ്പ് നിരക്ക് ഏർപ്പെടുത്തുന്നതിനാണ് ആദ്യം ഉദ്ദേശിച്ചതു. ഈ പ്രയാസങ്ങൾ കാണിച്ചതുകൊണ്ടു നീണ്ടകര ടോൾഗേറ്റിൽ ദിവസനിരക്കുമാത്രം ഏർപ്പെടുത്തിയാൽ മതി എന്നും കരുനാഗപ്പള്ളി ടോൾഗേറ്റ് [illegible] മൈലുകൾ [illegible] മാറ്റാമെന്നും ഗവണ്മെന്റ് ഉത്തരവു ചെയ്തു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങനെ മാറുന്നതു ബസ്സുടമസ്ഥന്മാരുടെ ആവലാതിയിന്മേലാണോ [illegible]?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): അതു അങ്ങനെ ഉണ്ടായിട്ടുള്ളതല്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പിന്നെ ആർക്കാണ് അതിന്റെ ഗുണം ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): മാവേലിക്കര-കായംകുളം മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന ബസ്സുകൾക്ക് അതുകൊണ്ടു ഗുണം ഉണ്ട്. ആലപ്പുഴക്കു പോകുന്ന ബസ്സുകൾ മാത്രം ടോൾ കൊടുത്താൽ മതി.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മററയാളുകളുടെ സങ്കടം അതു പരിഹരിക്കുന്നില്ല.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): നിങ്ങൾ പറയുന്ന ആളുകൾക്ക സങ്കടമേയില്ല. അവർ കൃഷ്ണപുരത്തു കൊടുക്കേണ്ടിയിരുന്ന ടോൾ നങ്ങ്യാർകുളങ്ങരക്കു മാററിയിരിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പക്ഷെ കുറച്ചു മിനിട്ടു സമയം.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): പാലത്തിനു കുറെയധികം പണം ചിലവായിട്ടുണ്ട്. റോഡുകളുടെ സംരക്ഷണത്തിനും പ്രത്യേക അററകുററപ്പണികൾക്കും വലിയ തുകകൾ ചിലവാക്കിക്കൊണ്ടിരിക്കുന്നു. അടുത്തകൊല്ലവും പ്രത്യേക അററകുററപ്പണികൾക്ക ഒരു വലിയ തുക ൩൭,൬൦൦ രൂപയോളം കരുതിയിട്ടുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): റോഡിന്റെ സംരക്ഷണം തന്നാണ്ടത്തെ നികുതിയിൽനിന്നാണോ മിച്ചമുള്ള നിക്ഷേപങ്ങളിൽനിന്നാണോ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): തന്നാണ്ടത്തെ നികുതിയിൽനിന്നാണു സംരക്ഷണം. നീണ്ടകരപ്പാലം മാത്രം ക്യാപ്പിററൽ പണിയാണ്. സംരക്ഷണഗ്രാൻറു കൂട്ടുന്നതിനു ഞങ്ങൾ ഗവണ്മെൻറിനോടു അപേക്ഷിച്ചിട്ടുണ്ട്. ഈ പ്രധാനപ്പെട്ട റോഡിനു ഇപ്പോൾ സംരക്ഷണഗ്രാൻറു മൈലിനു ൨൫൦ രൂപ മാത്രമാണ്. ഇത്ര ചെറിയ തുകകൊണ്ടു ഇതു സംരക്ഷിക്കയും മോട്ടോർവാഹനങ്ങളുടെ ഗതാഗതത്തിനു ഉപയുക്തമാക്കുകയും ചെയ്യുന്നതു സാദ്ധ്യവുമല്ല, പ്രായോഗികവുമല്ല. അതിനാൽ സംരക്ഷണഗ്രാൻറു കൂട്ടി മൈലിനു ൫൦൦ രൂപയാക്കണമെന്നു ഞങ്ങൾ ഗവണ്മെൻറിനെ നിർബന്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ-ഡെപ്യൂട്ടിപ്രസിഡണ്ട്): ഈ രാജ്യത്തെ മററു മെററൽചെയ്ത റോഡുകൾക്ക അതാണോ നിരക്ക്?

മി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): അല്ല. അതു വ്യത്യാസപ്പെട്ടിരിക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): സംസ്ഥാനത്തു മററു ഭാഗങ്ങളിലുള്ള മെററൽചെയ്ത റോഡുകൾക്ക അതാണോ നിരക്ക?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): തെക്കേ മെയിൻറോഡ് സംരക്ഷിക്കുന്നതിനുള്ള നിരക്ക മൈലിനു ൧൨൦൦ രൂപയാണ്. ഇതാണ് കൂടിയ നിരക്ക.

ആരംഭത്തിൽ ഞാൻ പ്രസ്താവിച്ചതുപോലെ ഈ റോഡിൽ കുറെയധികം പണം ചിലവാക്കാത്തപക്ഷം ഇതു ആണ്ടിന്റെ എല്ലാസമയവും മോട്ടോർഗതാഗതത്തിനു ഉപയുക്തമായിരിക്കുവാൻ തക്കവണ്ണമാക്കുവാൻ സാധിക്കയില്ല. മെററൽചെയ്ത റോഡുകളിൽ മഴക്കാലങ്ങളിൽപോലും മോട്ടോറിനു എത്രപ്രാവശ്യം വേണമെങ്കിലും ഓടാം. കൊല്ലം ആലപ്പുഴറോഡിൽ ഹരിപ്പാട്ടിനും അമ്പലപ്പുഴക്കും നടുക്കുള്ള ഭാഗം വളരെ നന്നാക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ആ റോഡിലെ വലിയ മോട്ടോർ ഗതാഗതം ആണ്ടിന്റെ എല്ലാസമയത്തും തീരെ സാധിക്കാതെവരും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പുതിയ ടോളിനെ പ്രതിഷേധിച്ചുകൊണ്ടുള്ള വല്ല ഹർജിയും കൊല്ലത്തെ ആളുകളിൽനിന്നുമുണ്ടായിരുന്നോ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): ഉവ്വ്. ഉണ്ടായിരുന്നു. ഹർജിയുടെ ഫലമായി (ട്രിപ്പ്) ഓരോ യാത്രക്കുള്ള നിരക്കു നിർത്തി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു ഗവണ്മെൻറു സമ്മതിച്ചോ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): സമ്മതിച്ചു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സമ്മതിച്ചതിന്റെ ഫലം എന്താണ്?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്): അതാണ് ഞാൻ പറഞ്ഞതു ട്രിപ്പ് നിരക്ക ദിവസനിരക്കാക്കി.

ഈ സ്ഥിതിക്കു കൂടുതലായിട്ടു നിരക്കുകൾ ഏർപ്പെടുത്തിയതും നങ്ങ്യാർകുളങ്ങരയോളം അന്യായമാണെന്നു പറയാൻപാടില്ല. ധാരാളം ചരൽ ഇട്ടു ആണ്ടുമുഴുവനും ഈ റോഡ് മോട്ടോർഗതാഗതത്തിനു ഉപയുക്തമാക്കിത്തീർക്കുന്നതിനു എനിക്കു സാധിക്കാത്തവിധം സംരക്ഷണച്ചിലവു ഇനിയും വർദ്ധിപ്പിക്കുന്നതിനു ഇതു ഒരു വളരെ നല്ല മാർഗ്ഗമായിരിക്കും. ഇപ്പോൾ ഈ റോഡിൽ ചരൽ വളരെ കുറച്ചു ഘനത്തിലാണ് ഇട്ടിരിക്കുന്നതു. അതിനാൽ ഈ റോഡിൽ ഏതുമാതിരി വാഹനങ്ങൾ ഓടിക്കാം എന്നതിനു ഞങ്ങൾ ഒരു നിബന്ധന വച്ചിരിക്കുകയാണ്. അതിന്റെ ഫലമായി ഈ റോഡിൽ ഇപ്പോൾ ൨൦ സീററുള്ള ബസ്സുകൾ മാത്രമാണ് ഓടുന്നതു. ഇതു ഒരു സങ്കടമാണെന്നുള്ളതിനു സംശയമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്) : യാത്രക്കാരായ പൊതുജനങ്ങളാണ് റോഡിന്റെ സംരക്ഷണച്ചിലവു വഹിക്കേണ്ടതെന്നാണ് ഗവണ്മെൻറിന്റെ നയം എന്നു ചീഫ് എൻജിനീയർ അഭിപ്രായപ്പെടുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്) : അല്ല. സാധാരണ റോഡുകൾക്ക അങ്ങിനെയല്ല. സാധാരണ അനുവദിക്കാവുന്നതിൽ വലിയ തുക ഈ റോഡിനു ആവശ്യമുണ്ട്. സാധാരണ റോഡുകൾ കാളവണ്ടി ഗതാഗതത്തിനുള്ള റോഡുകളിൽനിന്നും ക്രമേണ ബസ് ഗതാഗതത്തിനുള്ള റോ

ഡുകളായി തിരിക്കയാണ പതിവു. എന്നാൽ ഇതിൽ പെടുന്ന ഇരുമെയിൽ റോഡു അധികമില്ലാതിരുന്നു, കൂടുതൽ പണവും ചിലവിടേണ്ടിവന്നു. അതിനാൽ മററു റോഡുകളിൽ ചിലവിടേണ്ടതും ഇതിലേക്കു തിരിക്കേണ്ടിവന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു മററുള്ള റോഡുകൾ മോശമാകുന്നു എന്നാണ് എന്റെ അഭിപ്രായം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡന്റ) : ടോളിൽനിന്നുള്ള ആദായം അതതു റോഡുകളുടെ സംരക്ഷണത്തിനു വിനിയോഗിക്കയാണോ ചെയ്യുന്നതു?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്ജ്): അങ്ങിനെ ഒരു പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ തോട്ടങ്ങളിലും ടോളിൽനിന്നുള്ള ആദായം സംരക്ഷണത്തുക വർദ്ധിപ്പിക്കുന്നതിനു സാധിപ്പിച്ചിട്ടുണ്ടു. അടുത്തകാലത്തു ഗതാഗതത്തിനുള്ള റോഡുകളുടെ സംരക്ഷണചിലവു ക്രമപ്പെടുത്തിയിട്ടുണ്ട്. ഗതാഗതത്തിനുള്ള ൧൧൦൭—ൽ, ൧൧ ലക്ഷമായിരുന്നതു ൧൧൦൮—ൽ ൨൫ ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡന്റ) : അതിൽ അററകുററപ്പണികളും പുതിയപണികളും ഉൾപ്പെടുന്നുണ്ടോ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ്എൻജിനീയർ ഇൻചാർജ്ജ്) : ഉണ്ട്. അററകുററപ്പണികളും പുതിയപണികളും.

സംരക്ഷണം സംബന്ധിച്ചിടത്തോളം, അതു ൧൧൦൭—ൽ, ൨൦ ലക്ഷമായിരുന്നതു, ൧൧൦൮—ൽ ൨൫ ലക്ഷമായി വർദ്ധിച്ചു. അധികം ഗതാഗതം ഉള്ള റോഡുകളുടെ സംരക്ഷണഗ്രാന്റ ഞങ്ങൾ തുടരെ അപേക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ അടുത്തകാലത്തു മാത്രമാണ് തെക്കേഡിവിഷന്റെ ഗ്രാന്റ ൧൧൦൦—ൽനിന്നും ൨൫ രൂപയായി വർദ്ധിപ്പിച്ചതു്. ആ റോഡിൽ ഗതാഗതം വളരെ അധികമാണു. ആ റോഡിലെ സംരക്ഷണത്തുക വർദ്ധിപ്പിക്കുന്നതിനു നല്ലകാരണം കാണിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സ്ഥിതിക്കു ഈ ടോൾ ഏർപ്പെടുത്തിയതു അന്യായമാണെന്നു പറയാൻ പാടില്ലെന്നു എനിക്കു തോന്നുന്നു. മെംബർ ഈ പ്രമേയം വോട്ടിനിടണമെന്നു നിർബന്ധിക്കുകയില്ല എന്നു വിശ്വസിക്കുന്നു.

ആശാൻ പറഞ്ഞ വേറൊരു ഭാഗത്തെപ്പററി എനിക്കു ചിലതു പറയാനുണ്ട്. ടോൾ നിറുത്തുന്നതിന്റെ ആലോചനയെപ്പററി ചില തെററിദ്ധാരണകൾ ഉണ്ടെന്നു എനിക്കു തോന്നുന്നു. ടോൾ നിർത്തുവാൻ ഒരു പ്രമേയം പാസ്സാക്കി എന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു മോട്ടോറുകളോ വണ്ടികളോ റോഡുകളെ ഉപയോഗിക്കുന്നതിനു അവക്കു ഒരുകരവും ചുമത്താൻ പാടില്ലെന്നു അതിനർത്ഥമാകുന്നില്ല. എന്നാൽ ടോൾമൂലം നികുതി ഈടാക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം ഗതാഗതത്തിനു വളരെ അസൗകര്യം ഉണ്ടാക്കുന്നതുകൊണ്ടു നികുതി പിരിക്കുന്നതിനു ടോൾഗേററിനു പകരം വേറെ ഏർപ്പാടുണ്ടാക്കേണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : ഈ ടോൾ ഏർപ്പെടുത്തിയതുമൂലം ബുദ്ധിമുട്ടുന്ന ജനങ്ങളും കഷ്ടപ്പെടുന്നുണ്ടെന്നു ഗവണ്മെന്റു മനസ്സിലാക്കിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ്എൻജിനീയർ ഇൻചാർജ്ജ്) : ഇല്ല.

പ്രസിഡന്റ. ഇതുമൂലം യാത്രക്കാരുടെ ചിലവു കുറയുന്നു എന്നു അദ്ദേഹം പറഞ്ഞു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ) : അതു യാത്രക്കാരായ പൊതുജനങ്ങളെ ബാധിക്കയില്ലേ എന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡന്റ. അത്രത്തോളം ബാധിച്ചേക്കാം.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്ജ്) : ഈ ടോൾ നിർത്തൽ ചെയ്യുന്നതിനെ സംബന്ധിച്ചു, ഈ ആദായം മററുരൂപത്തിൽ പിരിക്കുന്ന സമ്പ്രദായം കണ്ടുപിടിക്കണമെന്നായിരുന്നു ഗവണ്മെന്റിന്റെ അഭിപ്രായം.

റാവുബഹദൂർ. കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡന്റ) : നികുതി വാഹനങ്ങളുടെ ലൈസൻസ്ഫീസ് കൂട്ടും.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ്എൻജിനീയർ ഇൻചാർജ്ജ്) : അതു അതിന്റെ വഴിയാണ്.

ഇമ്പീരിയൽ ഗവണ്മെന്റിൽനിന്നും കിട്ടണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. പെട്രോളിന്റെ കൂടുതൽ ചുങ്കം മൂലം ഈടാക്കിവരുന്ന കൂടുതൽ നികുതിയുടെ ഓഹരി ഒരുവഴിയായിക യാചിരിക്കുവാൻ ഇടയില്ല.

മി. ഏ. എസ് ദാമോദരനാശാൻ (മാവേലിക്കര.കാർത്തികപ്പള്ളി) : മെംബർക്കു റോഡുകളിൽനിന്നു ചുമത്താൻ പാടില്ല.

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്ജ്) : പെട്രോളിന്റെ കൂടുതൽ നികുതിയിൽ നിന്നും കൂടുതലായി ഈടാക്കുന്നതുകയുടെ ഒരുഓഹരി ഇമ്പീരിയൽ ഗവണ്മെന്റിൽ നിന്നും നമുക്കു കിട്ടുവാനിടയുണ്ടു. അതു കിട്ടുന്നപക്ഷം അതു പ്രധാന റോഡുകൾ നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും ചിലവാക്കുന്നതാണ്. ഗ്രാമറോഡുകളിൽ അനേകം പാലങ്ങൾ പണിയിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നമുക്കതു കിട്ടിയാലും ഇല്ലെങ്കിലും, ഈ ടോൾ ആദായം തുടർന്നു കിട്ടേണ്ടിയിരിക്കയോ, പകരം എന്തെങ്കിലും കണ്ടുപിടിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. അതിനുപകരം വാഹനകരം ഏർപ്പെടുത്താം. മോട്ടോർവാഹനത്തിന്റെ കരം ചുമത്താവുന്നതാണ്. പട്ടികനിരക്കനുസരിച്ചു ഒരു നിശ്ചിതതുക പകുതിയാക്കിയൊ കൊടുക്കേണ്ടിവരും. മദ്രാസ്ഗവണ്മെന്റ അതു നികുതിക്കു ഒരു ബിൽ ഹാജരാക്കുന്നതിനു ആലോചിക്കുന്നു എന്നു എനിക്കു തോന്നുന്നു. അതുമാതിരി ഇവിടെയും ഒരു ബിൽ ഉണ്ടാക്കാമോ എന്നു ഞങ്ങളും നോക്കിയിരിക്കയാണ.

മി. റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ, ഡെപ്യൂട്ടിപ്രസിഡന്റ) : ബ്രിട്ടീഷ് ഇൻഡ്യയിൽ അവർ ടോൾ നിർത്തിയില്ലേ?

മി. വി. അരുണാചലമയ്യർ (എക്സിക്യൂട്ടീവ്എൻജിനീയർ ഇൻചാർജ്ജ്) : ഒരു പുതിയ നികുതി ഏർപ്പെടുത്തിയതിനുശേഷം മാത്രമേ ടോൾ നിർത്തുവാൻ സാധിക്കയുള്ളു. ഒരു ഗവണ്മെന്റു ഈ നികുതി ഈടാക്കുന്നതിനു വേറൊരു ഏർപ്പാടുണ്ടാകാതെ, ടോളിൽനിന്നുള്ള ആദായം ഉപേക്ഷിക്കാമെന്നു ആശിക്കാൻ പാടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര) : ഈ പാലത്തിന്റെ ചിലവായതുക ഈടാക്കിക്കഴിഞ്ഞാൽ ഉടനെ ഈ ടോൾ നിർത്തണമെന്നാണോ ഗവൺമെന്റിന്റെ ഉദ്ദേശം എന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡന്റ്. ചിലവായതുക മുഴുവനും ഈടാക്കാമെന്നു ആശിക്കുവാൻ പാടില്ല. ചിലവായതുകയുടെ പലിശയിൽ കുറച്ചുകിട്ടുമെന്നുമാത്രമേ ആശിക്കുവാൻ തരമുള്ളൂ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : ബ്രിട്ടീഷ് ഗവൺമെന്റിൽനിന്നും പെട്രോൾചുങ്കത്തിന്റെ ഒരു ഓഹരി ലഭിച്ചതിനുശേഷം ഇവിടത്തെ ടോൾ നിർത്തുവാൻ ഗവൺമെന്റ് ആലോചിക്കുന്നുവോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. വി. അനന്താചലമയ്യർ (എക്സിക്യൂട്ടീവ് എൻജിനീയർ ഇൻചാർജ്) : ഇല്ല. അതു ഇപ്പോഴത്തെ പ്രശ്നത്തിൽനിന്നും വ്യത്യസ്ഥമായ ഒരു സംഗതിയാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡിപ്യൂട്ടിപ്രസിഡന്റ്) : സർ, മിസ്റ്റർ ഓ. മേനോൻ ഹാജരാക്കിയിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു. ഗവൺമെന്റിന്റെ നിലയെപ്പറ്റി വിശദമായും വളരെ നന്നായും ചീഫ് എൻജിനീയർ സഭയിൽ പ്രസ്താവിച്ചതിൽ ഞാൻ അദ്ദേഹത്തോടു നന്ദിപറഞ്ഞുകൊള്ളുന്നു. റോഡുകളുടെ സംരക്ഷണത്തിനുള്ള തുകതിക ഇപ്പോൾ ഒരു മാർഗ്ഗമായിരിക്കുന്ന സംസ്ഥാനത്തെ ടോളുകൾ പാടെനിർത്തണം എന്നുള്ള വലിയപ്രശ്നമോ, നീണ്ടകരപ്പാലം പോലെയുള്ള പണികൾക്കുണ്ടായിട്ടുള്ള ക്യാപ്പിറ്റൽ ചിലവു തിരിച്ചെടുക്കുന്നതിനുള്ള മാർഗ്ഗമോ അല്ല ഞാൻ പര്യാലോചിക്കുന്ന പ്രശ്നം. ഈ വിഷയം അതിൽ വളരെ ലളിതമായ ഒരു സംഗതിയിലാണു അടിസ്ഥാനപ്പെട്ടിരിക്കുന്നതു. ഇപ്പോൾ ഏർപ്പെടുത്തുവരുന്നതിൽ കൂടുതലായ ഒരു തുക ടോളിനു കൊടുക്കുന്നതു യാത്രക്കാരായ പൊതുജനങ്ങളുടേയും ബസ്സുടമസ്ഥന്മാരുടേയും പ്രാപ്തിക്കു അപ്പുറമാണു. ബസ്സുസർവീസു ലാഭമുള്ള ഇടപാടല്ല എന്നു ഇവിടെ പുറപ്പെടുവിച്ച പ്രസ്താവനയെ ചീഫ് എൻജിനീയർ എതിർക്കാത്തതിൽ സന്തോഷിക്കുന്നു. നഷ്ടമുള്ള ഇടപാടാണെങ്കിൽ അവർ എന്തിനു സർവീസു നടത്തുന്നു' എന്നുള്ള ചോദ്യം പുറപ്പെടുവിച്ചതു എന്റെ സ്നേഹിതൻ പരസ്പരസഹായസംഘം രജിസ്ട്രാറാണു. കൂടുതൽ ടോളിന്റെ രൂപത്തിൽ കൂടുതൽ ബാദ്ധ്യത കൽക്കടകം [illegible] ഇല്ലാത്തതിനാൽ അതു കഴിഞ്ഞു അവർ തുടരുമോ ഇല്ലയോ എന്നു കണ്ടറിയേണ്ടിയിരിക്കുന്നു. [illegible]ത്തിനു ശേഷമേ യഥാർത്ഥസങ്കടം ഉണ്ടാകും എന്നു ഉദ്ദേശിക്കാവൂ.

സർ, പക്ഷേ വളരെ ചുരുക്കം ആളുകൾ മാത്രമേ ഏതുപരിതസ്ഥിതിയിലാണു ബസ്സുടമസ്ഥന്മാർ മിക്കപേരും ബസ്സു വാങ്ങിക്കുന്നതു എന്നുള്ളതിനെപ്പറ്റി ശരിയായ ഒരു അറിവുള്ളൂ. ഈ ആളുകൾ നാലായിരം അയ്യായിരം രൂപ കയ്യിലുള്ള ധനികന്മാരാണെന്നും, ഈ ആളുകൾ ഈ ബസ്സുകൾ വരുത്തുന്ന കോസ്റ്റൽഫേംസിൽനിന്നു രൊക്കം വിലയ്ക്കു ഇവ രൊക്കംവിലക്കു വാങ്ങിക്കുകയാണെന്നും ആണു ഇവരുടെ ധാരണ എന്നു തോന്നുന്നു. യഥാർത്ഥം അങ്ങിനെയല്ല. നായർ തറവാടുകളുടേയും ഈഴവതറവാടുകളുടേയും അംഗങ്ങളായ പല ചെറുപ്പക്കാരുടേയും കയ്യിൽ ൫൦൦-ഓ ൬൦൦-ഓ ൭൦൦-ഓ രൂപ കിട്ടിയിട്ടുണ്ടു. അവർ ഇതു ഹയർപർച്ചേസ് സിസ്റ്റം അനുസരിച്ചു ഒന്നാമത്തെ തവണയായി അടച്ചിട്ടു കോസ്റ്റൽഫേമിൽനിന്നും ബസ് എടുക്കുന്നു. അതു പീയേഴ്സ് ലെസ്ലിയിൽനിന്നു മെക്കഫോർഡ് ആയിരിക്കാം. അല്ലെങ്കിൽ മറ്റേതെങ്കിലും കോസ്റ്റൽഫേമിലെ മറ്റേതെങ്കിലും കാറായിരിക്കാം. വിലയുടെ ബാക്കിപ്പണം ഗഡുക്കളായി അടക്കണം. കിടസംപ്രതിയുള്ള തന്റെ ആദായത്തിൽനിന്നും ഈ തവണകൾ ആണ്ടവസാനത്തേക്ക് കൊടുത്തു ബസ്സു തന്റെ സ്വന്തമാക്കണമെന്നു ഈ ചെറുപ്പക്കാരൻ വ്യഥാ ആശിക്കയും ചെയ്യുന്നു. ഈ അഭിപ്രായത്തോടുകൂടി ഈ മനസ്ഥിതിയോടുകൂടിയാണു ഈ ബസ് സർവീസുകാരിൽ പലരും ബസ് വാങ്ങിക്കുന്നതു.

പ്രസിഡന്റ്. ഇപ്പോഴത്തെ സ്ഥിതിക്കു കൂടുതൽ ടോൾ ഇല്ലെങ്കിൽ അവർക്കു അതു സാധിക്കുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡന്റ്) : സർ, അതു ഞാൻ പറയാം. പരിചയത്തിൽ കാണുന്നതു, പലരും തെറ്റിദ്ധാരണയോടുകൂടി തെറ്റായ അഭിപ്രായങ്ങളോടുകൂടി ആരംഭിക്കുന്നു. എന്നാൽ വളരെ സൂക്ഷ്മതയുള്ളവരും, ബസ് തന്നെ താൻ ഓടിക്കുന്നവരും, വഴിക്കുള്ള മദ്ധ്യപാനശാലകൾ വർജ്ജിക്കുന്നവരുമായി ചിലർ ഉണ്ടായിട്ടുണ്ടു. അവർക്ക് ആണ്ടവസാനത്തിൽ ബസ്സു തങ്ങളുടെ സ്വന്തമാക്കുവാൻ സാധിച്ചിട്ടുണ്ടു. ഈ പരിതസ്ഥിതികളിൽ ബസ്സുവാങ്ങിക്കുന്നവർ മിതസംപ്രതി ഒരു കടംതുക എങ്കിലും അവരുടെ തൊഴിലിൽനിന്നും ചിലവുകഴിച്ചു ആദായപ്പെടുത്തുന്നില്ലെങ്കിൽ അവരുടെ തൊഴിൽ അവർ ഉപേക്ഷിക്കേണ്ടിവരും. ഈ കാറുകൾ വരുത്തിക്കൊടുക്കുന്ന കോസ്റ്റൽഫേംസിനു, ഏതെങ്കിലും തവണമുടക്കിയാൽ, അതുവരെ കൊടുത്തിട്ടുള്ള തുകകൾ അവഗണിച്ചു അവ വകവയ്ക്കാതെ കാർ മുഴുവനെ പിടിച്ചെടുക്കുന്നതിനു ഉടമ്പടിവ്യവസ്ഥകൾപ്രകാരം അവകാശമുണ്ടു. പണിമുടക്കം പ്രബലപ്പെടുകയും [illegible] ചെയ്താൽ എന്റെ സ്നേഹിതന്മാർ ആലപ്പുഴക്കുവന്നാൽ, ഈ ബസ്സുകളിൽ പലതും അവരോടിച്ചുവരുന്നവരുടെ ബസ്സ് സ്റ്റാന്റുകളിലല്ലെന്നും അവക്കു ഇൻസ്റ്റാൾമെന്റ് സിസ്റ്റത്തിൽ വിറ്റ കോസ്റ്റൽഫേംസിന്റെ ഗോഡൗണിലാണെന്നും, അവരെ ബോദ്ധ്യപ്പെടുത്താൻ സാധിക്കും. ചിലർ ഉടമ്പടിപ്രകാരമുള്ള പണം കൊടുത്തുതീർത്തവരായിരിക്കാം. മറ്റു ചിലർ കൊടുത്തുതീർക്കാറായിരിക്കാം. ഇനിയും ചിലർ കൊടുക്കാൻ തുടങ്ങിയിട്ടേ ഉള്ളായിരിക്കാം. അതുകൊണ്ടു ടോളുകളെപ്പറ്റി ഗവൺമെന്റ് എന്തുനയം തന്നെ സ്വീകരിച്ചാലും ശരി, ഈ ബസ്സ്സർവീസു ഒരു തൊഴിലായിട്ടു തുടർന്നുകൊണ്ടുപോകുന്നതിനു സാധിക്കയില്ലെന്നുള്ളതിനു വലിയ ആക്ഷേപമില്ല.

അപ്പോൾ വീണ്ടും ഒരു പ്രശ്നം ഉണ്ടാകുന്നു. ഈ പ്രത്യേകമേഖലയിലെ ബസ്സു ഗതാഗതം ഗവൺമെന്റ് [illegible]മായി വിചാരിക്കുന്നതിനു വല്ല ന്യായവുമുണ്ടോ?

“ഈ റോഡിന്റെ സംരക്ഷണത്തിനു വലിയതുക ചിലവാക്കേണ്ടപ്പോൾ ഓരോവർഷംതോറും കൂടുതൽ കൂടുതൽ കരുതേണ്ടിയിരിക്കുമ്പോൾ കുറെ ടോളുകൾ ഏർപ്പെടുത്തുന്നതു നീതീകരിക്കാം’ എന്നു ചീഫ് എൻജിനീയർ പറയുകയുണ്ടായി. കൊല്ലംമുതൽ കൊച്ചിയുടെ അതിർത്തിവരെ പടിഞ്ഞാറേതീരത്തു താമസിക്കുന്ന ജനങ്ങളെ തിരുവിതാംകൂറിലെ പൗരന്മാരായി ഗണിച്ചില്ലയോ എന്നുമാത്രമാണു എന്റെ ദുഃഖം. ആ [illegible] വിദേശം, കരംപിരിവുകാരന്റെ തവണകൾതോറുമുള്ള സന്ദർശനം ഒഴിച്ചുള്ള കാര്യങ്ങളിൽ തിരുവിതാംകൂറി

ന്റെ ഒരു ഭാഗമായി ഗണിച്ചിട്ടില്ല. (സഭയിലെ ചില മെമ്പറന്മാരിൽനിന്നും കേറ്റപ്പിൻ കേറ്റപ്പ് എന്നുള്ള വി
ളി) അങ്ങിനെയാണ് ഞങ്ങൾ സങ്കടപ്പെട്ടിട്ടുള്ളതു. ഇതുവരെയും ഞങ്ങളുടെ മുറവിളി കേട്ടിട്ടില്ല. പടി
ഞ്ഞാറ അറബിക്കടലും, കിഴക്ക വേമ്പനാട്ടുകായലും, വടക്ക വറണ്ട ചേർത്തലമണലും തെക്ക അമ്പലപ്പുഴ
താലൂക്കും കൂടി ഞങ്ങൾ തടവിലാക്കപ്പെട്ടിരുന്നു, അതായിരുന്നു ഞങ്ങളുടെ നിർഭാഗ്യമായ ഭൂസ്ഥിതി.
രാജ്യത്തിന്റെ മറ്റുള്ള ഭാഗങ്ങൾ എല്ലാം ഗ്രാവൽ റോഡുകൾകൊണ്ടു മാത്രമല്ല, പിന്നെയോ സംരക്ഷണത്തിനു
൫൦൦ രൂപയോ ൨൫൦ രൂപയോ ൭൦൦ രൂപയോ അല്ല, ൧മൈലിനു ൧൨൫൦ രൂപ സംരക്ഷണച്ചിലവ്
വരുന്ന ഒന്നാംക്ലാസു മെറ്റൽറോഡുകളെക്കൊണ്ടു ഘടിപ്പിക്കുമ്പോൾ, തിരുവിതാംകൂറിലെ വാണിജ്യതല
സ്ഥാനംമാത്രം സംസ്ഥാനത്തെ റോഡുകളുമായി ഒരു ബന്ധവുമില്ലാതെയിരുന്നു. സാർ, എത്രകാലങ്ങൾ ഞ
ങ്ങളെ അവഗണിച്ചു, ഞങ്ങളോടു എന്താണു ചിറ്റമ്മനയം കാണിച്ചതു? സർ ൧൦൯൦—ലെ മാത്രമാണ്
ദിവാൻ സർ രാജഗോപാലാചാരിയുടെ കാലത്താണ ഞങ്ങളേയും തിരുവിതാംകൂറിലെ റോഡുകളുമായി
ബന്ധിക്കണമെന്ന് ഗവണ്മെന്റു വിചാരിച്ചതു്.

കൊല്ലം ഡിവിഷനിലേയും അതിനു വടക്കുള്ള താലൂക്കിലേയും പ്രതിനിധികൾ, പബ്ലിക്കവർക്സ് ഡിപ്പാ
ർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടുകൂടി ഒരു കമ്മറ്റിയുണ്ടാക്കി, ആവശ്യമുള്ള റോഡുകൾ തിരഞ്ഞെടുത്തു അടുത്ത
വർഷത്തെ പബ്ലിക്കവർക്സിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനു അദ്ദേഹം ആവശ്യപ്പെട്ടു. അപ്പോൾമാത്രമാണു കൊല്ലം-ആലപ്പുഴ റോഡിനെപ്പറ്റി വിചാരിച്ചതു്. എന്നാൽ യഥാർത്ഥത്തിൽ എന്താണു റോഡു ഞങ്ങ
ൾക്കു കിട്ടിയതു്? ൧൧൦൬-ൽമാത്രം, അതു ഒരു വലിയ ചിലവുള്ള പണിയായിരുന്നു എന്നു ഞാൻ സമ്മതി
ക്കുന്നു. എന്നാൽ എത്രയോ കാലം തിരുവിതാംകൂറിന്റെ ബാക്കിഭാഗങ്ങളിൽനിന്നും ദൂരെ ഈ കാരാഗ്ര
ഹജീവിതത്തിൽ ഞങ്ങളെ വെച്ചുകൊണ്ടിരിക്കുന്നതിനു ഗവണ്മെന്റിനു വിചാരിക്കവാൻ കഴിയും. ഗവണ്മെന്റു
ഇതു മുൻകൂട്ടി തുടങ്ങിയിരുന്നുവെങ്കിൽമാത്രം, ഇപ്പോൾ തോന്നുന്നതുപോലെ അത്ര ചിലവുതോന്നുകയില്ലായിരു
ന്നു. പെട്ടെന്നു ഇത്ര വലിയ ഒരു തുക റോഡിൽ ചിലവാക്കേണ്ട ആവശ്യവും ഗവണ്മെന്റിനു ഉണ്ടാകുകയില്ല.
ഈ റോഡു ഇപ്പോൾ പെട്ടെന്നു വലിയ മോട്ടോർ ഗതാഗതത്തിനു ഉപയുക്തമാക്കിത്തീർക്കണമെന്നും, അതിനാൽ
സംരക്ഷണച്ചിലവു വളരെ കൂടുമെന്നും അതുകൊണ്ടു ടോൾ കൂട്ടേണ്ടതു അത്യാവശ്യമാണെന്നും എന്റെ സ്നേഹി
തൻ ചീഫ് എഞ്ചിനീയർ ഇപ്പോൾ പുറപ്പെടുവിച്ച പരാതി അല്ലെങ്കിൽ വാദവും ഫലപ്പെടുകയില്ലായിരുന്നു.
അദ്ദേഹത്തിന്റെ പ്രസ്താവനയനുസരിച്ചുതന്നെ, ഒന്നാംതരം ബ്ലാക്ക്മെറ്റൽ റോഡിന്റെ, എം. എസ്, റോഡി
ന്റെ, അല്ലെങ്കിൽ എം. സി. റോഡിന്റെ സംരക്ഷണച്ചിലവു ൧൨൦൦ രൂപയിൽനിന്നും ൧൨൫൦ രൂപ
യായി വർദ്ധിപ്പിക്കുന്നതിനു അദ്ദേഹം ആലോചിക്കുന്നു ഈ റോഡുകൾ സൂക്ഷിക്കുന്നതിനു വളരെ ചിലവു
ണ്ടെന്നുള്ളതു ശരിയാണ്. ഈ റോഡുകളിൽ സംരക്ഷണച്ചിലവു വർദ്ധിപ്പിക്കുന്ന കണക്കിനു ടോളുകളുടെ എ
ണ്ണവും വർദ്ധിപ്പിക്കുവാൻ എന്റെ സ്നേഹിതൻ അഭിപ്രായപ്പെടുന്നുവോ? സർ, എന്റെ സ്വന്ത അഭിപ്രായം
തിരുവിതാംകൂറിൽ മോട്ടോർവന്നതുനിമിത്തം നാം അനുദിനം നിർദ്ധനരായിത്തീരുകയാണ്. ഈ നഷ്ടം ആ
[illegible] ൫൦ ലക്ഷം രൂപവരെ. (ഞാൻ തെററിപ്പോയേക്കാം. അതു ഒരു ഏകദേശമായ ഉദ്ദേശമാണ്.)
ഈ മോട്ടോർവാഹനങ്ങളുടെ ഇനത്തിൽ ഓരോവർഷവും നാം ൫൦ ലക്ഷം രൂപ വെളിയിൽ അയച്ചുകൊണ്ടി
രിക്കുകയാണ്. ഈ മോട്ടോർവാഹനങ്ങൾ തീർച്ചയായും വളരെസമയം ലാഭപ്പെടുത്തുന്നുണ്ട്, സമയം പണം
തന്നെയായിട്ടുള്ള ന്യൂയോർക്കുപോലെയുള്ള വ്യവസായകേന്ദ്രങ്ങളിലെ ജനങ്ങൾക്കു വളരെ ഉപയോഗവുമുണ്ടായി
രിക്കാം. എന്നാൽ ഇവിടെ സമയം ചിലവാക്കാൻ നിവൃത്തിയില്ല. നിർഭാഗ്യവശാൽ അവ വന്നുചേർന്നിരി
ക്കുകയാണ്. മോട്ടോർവാഹനങ്ങൾ, പെട്ടെന്നു വിദൂരങ്ങളിൽ ഇവ ദൂരം ബഹിഷ്കരിച്ചിരിക്കുകയാണ്. എ
ല്ലാവർക്കും സംസ്ഥാനത്തെ വിദൂരസ്ഥലങ്ങളിലുള്ളവർക്കുപോലും, തലസ്ഥാനത്തെ അത്ഭുതങ്ങൾ പരിചയമാകു
ന്നതിനു ഇവ സഹായിക്കുന്നു. കുറച്ചുവർഷങ്ങൾക്കുമുമ്പുവരെ ഇവരിൽ പലരും ഇവ കണ്ടിരിക്കുകപോലും
ഇല്ല. തൊഴിലാളികൾക്ക ഒരുമിച്ചുകൂടുന്നതിനു ഈ മോട്ടോറുകൾ സഹായിച്ചിട്ടുണ്ട്. സർ, ആലപ്പുഴയാണ്
തിരുവിതാംകൂറിലെ ഏറ്റവും വലിയ തൊഴിൽകേന്ദ്രം. ആലപ്പുഴ ചില തൊഴിലാളികൾ കൊച്ചിയുമായി
ബന്ധംവേണമെന്നു ആഗ്രഹിക്കുമ്പോൾ കൊച്ചിയും ആലപ്പുഴയുമായി ഇപ്പോൾ കമ്പിയില്ലാ കമ്പിതപാൽ
ഉണ്ട്. അതു അവരുടെ തൊഴിൽ മുമ്പോട്ടു കൊണ്ടുപോകുവാൻ സഹായിക്കുന്നു. ചിലപ്പോൾ അവർ രാവി
ലെ കാറിൽ തിരിച്ചു രണ്ടു മണിക്കൂറിനകം കൊച്ചിയിലെത്തി, അവരുടെ കാര്യം സാധിച്ച്, അവിടത്തെ തൊ
ഴിലാളികളുമായി അവരുടെ സംഭാഷണവും കഴിഞ്ഞ്, ആലപ്പുഴയുള്ള തങ്ങളുടെ ക്രമമെഴിഞ്ഞ വിശ്രമം
ത്തെ സമയത്തിനു ആലപ്പുഴ തിരിച്ചെത്തുന്നു, മോട്ടോർവാഹനങ്ങൾ ഇതു സാധിപ്പിക്കുന്നു. അതിനാൽ
ഞാൻ പറഞ്ഞതുപോലെ രാജ്യത്ത അവ വല്ലാതെ നഷ്ടപ്പെടുത്തുന്നുവെങ്കിലും, തൊഴിലാളികൾക്ക അവ വ
ളരെ ഉപയോഗപ്രദമാണ്.

സർ, ഗവണ്മെന്റു പ്രമേയം സ്വീകരിക്കുവാൻ പോകുകയാണോ അല്ലയോ എന്നു എനിക്ക അറിവാൻ
പാടില്ല. എന്നാൽ ഈ പണിമുടക്ക നോട്ടീസ്, പണിമുടക്ക എന്നു പറയുന്ന ഇതു, ബസ്സ് ഉടമസ്ഥന്മാരുടെ
ഒരു ഭീഷണിയായി ഗവണ്മെന്റു എടുക്കരുതു എന്നു എനിക്ക നിർബന്ധമാണ്. ഉപദ്രവകാരമായിരിക്കുന്ന ഒരു
ആളിന്റെ ഒട്ടുവിചാരത്ത, വീണ്ടു വിചാരംകൂടാത്ത ഒരു പ്രതിവിധിയാണിതു്. ഒരുവിധത്തിൽ ഇതു അതു
മാത്രമാണ് മററൊന്നുമല്ല. സർ, വടക്കൻ തിരുവിതാംകൂറിനോടുള്ള ഗവണ്മെന്റിന്റെ ഈ ഭാവം കൂട
ന്നുകൊണ്ടുപോയാൽ ഇതു വലിയ വിപത്തായിത്തീരും. ഈ സാധുക്കളെയ ബസ്സുടമസ്ഥന്മാരെ സഹായിക്കു
വാൻ ഞങ്ങൾ ഭാവിച്ചിട്ടുണ്ടോ എന്നും, അല്ല നിർഭാഗ്യവശാൽ ഞങ്ങൾ സമുദ്രതീരത്തുള്ള താലൂക്കകളിൽപാർ
ക്കുവാൻ ഇടയായതുകൊണ്ടു സമുദ്രതീരത്തുള്ള താലൂക്കുകളോടുമാത്രം ചിററമ്മനയം തുടർന്നുകൊണ്ടുപോകുവാനാ
ണോ ഭാവം എന്നുള്ളതും ഗവണ്മെന്റിനുപറയാം. സർ, സമുദ്രതീരത്തുള്ള താലൂക്കുകൾ, സംസ്ഥാനത്തെ നികു
തിയിൽ ഒരു വല്യ പങ്കുകൊടുക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു മിസ്റ്റർ ആശാന്റെ പ്രമേയത്തെ ഞാൻ പിൻ
താങ്ങുന്നു.

ഡി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഡെപ്യൂട്ടി പ്രസിഡന്റ ... ...

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ മെമ്പർമാർ മുമ്പോ
ട്ടുവരാത്തപക്ഷം അവർ പറയുന്നതു ഞങ്ങൾക്ക കേൾക്കാൻ തീരെ സാധിക്കുകയില്ല.

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മിഷണർ): ഞാൻ കുറെക്കൂടി ഉറക്കെ പറയാം.

സർ, ഡെപ്യൂട്ടിപ്രസിഡൻറിൻെറ ബസ് ഉടമസ്ഥന്മാരുടെ നിലയെപ്പററിയുള്ള വാഗ്ധാടിയോടുകൂടിയുള്ള പ്രസംഗവും, വാദവും എന്നെ വിഷമസ്ഥിതിയിലാക്കി എന്നു ഞാൻ സമ്മതിക്കുന്നു. നായർ ഭാഗ്യചട്ടത്തിനുശേഷം ചെറുപ്പക്കാർക്കുമാത്രമേ കിട്ടുന്നുള്ളു, കോൺസ്റ്റബിൾമാരിലേക്കുപോകുന്നതും, ബസ് സർവീസിൽനിന്നുമുള്ള ലാഭത്തിൽനിന്നും വില തവണകളായി അടച്ചുകൊള്ളാമെന്നുള്ള ആശയിൽ ഈ പണം ആദ്യതവണയായിട്ടൊടുക്കിട്ട ബസ് ഹയർ പർച്ചേയിസ് സിസ്റ്റത്തിൽ വാങ്ങുന്നതും അദ്ദേഹം നന്നായി വിസ്തരിച്ചു. സർ, ഈ കമ്പിണിയുള്ളവരെപ്പററി ഇനിക്കു പറയുവാനുള്ളത്, അവ രണ്ടു മോട്ടോർ സിൻഡിക്കേററുകളാണ് ഇന്ന് തിരുവിതാംകൂറിലെ ബസ് സർവ്വീസ് നടത്തുന്നത് .....

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ എൻെറ പ്രസംഗത്തെപ്പററിയാണോ, ഇവിടെ കിട്ടിയ ഫ്യുവൽ കമ്പികളെപ്പററിയാണോ പറയുന്നത്?

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): കമ്പികളെപ്പററി മററു മെമ്പർമാരും പറഞ്ഞു. ബസ്സുകൾ ഓടിക്കുന്ന കമ്പനികൾ തിരുവിതാംകൂറിൽ ചുരുക്കമാണ്. മിക്ക ബസ്സുകളും, ഓരോ ഉടമസ്ഥന്മാരാണ് ഓടിക്കുന്നത്. തങ്ങളുടെ ലാഭത്തിനു അവർ ചേർന്നു സിൻഡിക്കേററുകളും, യൂണിയനുകളും ഉണ്ടാക്കുന്നു. പ്രധാന കേന്ദ്രസ്ഥാനം ആലപ്പുഴയായിട്ടുള്ള രണ്ടു സിൻഡിക്കേററുകളെപ്പററി ഇപ്പോൾ നമുക്കു പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഇന്നലെ കൊല്ലത്തിനും ആലപ്പുഴക്കും ഇടക്കുണ്ടായ പണിമുടക്കിനെപ്പററികിട്ടിയ പല കമ്പികളെ അടിസ്ഥാനപ്പെടുത്തിയാണു ഈ അടിയന്തിരപ്രമേയം എന്നു ഞാൻ വിശ്വസിക്കുന്നു. ആലപ്പുഴക്കും അരൂരിനും ഇടക്കുള്ള ബസുകൾ നിർത്തിക്കളഞ്ഞതു എനിക്കു മനസ്സിലാകുന്നില്ല. നീണ്ടകരപ്പാലത്തുങ്കലെ ടോൾ അവരെ ഒട്ടും ബാധിക്കയില്ലല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ), (ഡെപ്യൂട്ടി പ്രസിഡൻറ): മററുള്ളവരോടുള്ള അനുഭാവം പ്രദർശിപ്പിക്കുവാൻമാത്രം, അതു അക്രമമാണോ?

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): ഞാൻ ഇപ്പോൾ അതിനെപ്പററിപറയാം. സർ, ഇപ്പോഴത്തെ ഈ സംഗതി ഒരു വലിയ ഭീഷണി എന്നല്ലാതെ മറെറാന്നുമല്ല. അതിനാൽ ഗവൺമെൻറു പൊതുപണിമുടക്കമെന്നുള്ള ഈ ഭീഷണിക്കു വഴിപ്പെടുമോ ഇല്ലയോ എന്നുള്ളതാണു പ്രശ്നം. ജനങ്ങളുടെ പണത്തിൽനിന്നും ഒരു വലിയതുക ചിലവുചെയ്തു ജനങ്ങൾക്കായിട്ടുതന്നെയാണു നീണ്ടകരപ്പാലം പണിതത്. പാലത്തുങ്കലെ ടോൾഗേററിൽനിന്നുമുള്ള ആദായം നികുതിയായിട്ടു ജനങ്ങൾക്കുതന്നെ പോകും. മൈലിനു അരയണയിൽകുറഞ്ഞ ഒരു തുക കൂലിയിൽ കൂട്ടേണ്ടിവരുന്നതുകൊണ്ടു പണമില്ലാത്ത ചില ബസ്സുടമസ്ഥർക്കു ഈ ടോൾഗേററു നിർത്തിക്കാമെന്നുണ്ടായിരിക്കുകകാരണം, രാജ്യത്തെ ജനങ്ങൾ, പൊതുജനം, ഈ നികുതിനഷ്ടം സഹിക്കണമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മൈലിനു കൂലിയെന്താണ്?

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): സർ, കൊല്ലത്തിനും ആലപ്പുഴക്കും മദ്ധ്യേ ഇപ്പോഴത്തെ നിരക്കു രണ്ടുരൂപാ പതിനൊന്നണയാണെന്നു തോന്നുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മൈലിനു കൂലിയെന്താണ്?

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): രണ്ടു രൂപ പതിനൊന്നണയാണ്. ദൂരം ൫൨ മൈലാണ്. അതുകൊണ്ടു ഞാൻ പറഞ്ഞതുപോലെ കൂലി അരയണയിൽ കുറവാണ്. പാലത്തുങ്കലെ ടോൾ പതിനാലുസീററുള്ള ബസ്സിനു ഒരു ദിവസത്തേക്കു രണ്ടുരൂപാ പതിനൊന്നണയാണ്. കണക്കുകൂട്ടുന്ന ആവശ്യത്തിലേക്കു, ഓരോ ബസിലും ഇരുപതും പത്തു യാത്രക്കാർ ഉണ്ടായിരിക്കും എന്നു നമുക്കു വിചാരിക്കാം. അതുകൊണ്ടു നിരക്കിലുള്ള ഈ ടോൾമൂലം, കൊല്ലത്തിനും ആലപ്പുഴക്കും ഇടക്കുള്ള കൂലി ഒരു അണ കൂടും. ഒരു മെയിൽദൂരത്തിനു ഒരു യാത്രക്കാരനു അതു അത്ര കൂടുതലല്ല. അതു ഒരു സംഗതി.

സർ, മി. ആശാൻ, അദ്ദേഹത്തിൻെറ ഭാഷയിൽ "ഉഴയുന്ന" ഉത്തരവിനെപ്പററി പറയുകയുണ്ടായി. മർദ്ദനവുംമററും ഉണ്ടെന്നും പ്രസ്താവിച്ചു. ഇപ്പോഴത്തെ വേഗതയിൽനിന്നും വേഗതയുടെ പരിധി വർദ്ധിപ്പിക്കുന്നകാര്യം ഗവൺമെൻറിൻെറ ഗാഢമായ പര്യാലോചനയിലിരിക്കുന്നുവെന്നു വളരെ അടുത്തുതന്നെ ഇക്കാര്യത്തിൽ ഉത്തരവുണ്ടാകുമെന്നും ഞാൻ സഭയെ അറിയിച്ചുകൊള്ളട്ടെ. അപ്പോൾ, ഈ ബസ് നിരക്കുകൾ കൂടുതൽ വേഗത്തിൽ കൊണ്ടുപോകുമെങ്കിൽ ഈ ഒരു മൈലിനു അണകൂടി കൊടുക്കുന്നതിൽ നിങ്ങൾക്കു വലിയവിഷമംകാണുകയില്ലല്ലോ. അതുകൊണ്ടു ബസ്സുടമസ്ഥർക്കു നീണ്ടകര ടോളിനെപ്പററി വലിയ പരാതിക്കു കാരണമില്ലായിരിക്കും.

മി. മുഹമ്മദ്—സർ, എൻെറ മലയാളം മോശമാണ്. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചതിൽനിന്നും ഞാൻ ഇപ്പോൾ പറയുകയാണ്—ചെക്കിങ്ങ് സ്റ്റേഷൻസ് കൂടിപ്പോയി എന്നും, അവ കുറയ്ക്കേണ്ട ആവശ്യമുണ്ടെന്നും പരാതിപ്പെട്ടു. കഴിയുന്നത്ര, കഴിയുന്ന വേഗത്തിലും അവ ഞാൻ കുറക്കാം.

പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡൻറിൻെറ പ്രസംഗത്തെപ്പററി വീണ്ടും പറയുന്നതായാൽ, ഈ ബഹളം മുഴുവനും കാരണം ഗവൺമെൻറിനെയും ജനങ്ങളെയും ഇപ്പോൾ ഭീഷണിപ്പെടുത്തുന്ന, പണമില്ലാത്ത കുറച്ചു ബസ് ഉടമസ്ഥന്മാരാണ് എന്നുള്ളതുകൊണ്ടാണ് ... ...

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറ): ജനപ്രതിനിധികൾ ഇതിൽ ഒരു ഭീഷണിയും കാണുന്നില്ല എന്നുള്ള വസ്തുതയിലേക്കു മിസ്റ്റർ ബിഷപ്പിൻെറ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി. എൽ. എ. ബിഷപ്പ് (പൊലീസ് കമ്മിഷണർ): ഞാൻ പറയുകയായിരുന്നു ... ...

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ): ഇതു അവരുടെ നിരാശയുടെ ഒരു പ്രദർശനംമാത്രമാണ്. അതിൽ കൂടുതൽ ഒന്നുമില്ല, ആയുധം വച്ചിരിക്കുന്നു. അതു ഭീഷണിയാണോ?

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ഭീഷണി എന്നവാക്ക് ഞാൻ ഒരു ദുരർത്ഥത്തിലുമല്ല ഉപയോഗിക്കുന്നതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ്): പിടിച്ചുപറിക്കാരൻ 'ഹിച്ച് കൊടുക്ക്' എന്നുപറയുന്നതുപോലെ ഒന്നുമല്ല. അതുപോലെയുള്ള ഒരു ഭീഷണിയല്ല.

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ബസ്സുടമസ്ഥന്മാർക്ക് പരാതിക്കു യഥാർത്ഥത്തിൽ ന്യായമില്ല എന്നാണ് ഞാൻ പറയുന്നതു. പക്ഷെ ഇതു ചില പൊതുപണിമുടക്കുകളിൽ ആദ്യത്തേതായിരിക്കും. ഈ പണിക്കു മുടങ്ങിയിട്ടുള്ള ആളുകൾ രണ്ടു സംഘങ്ങളുടെ മെമ്പർമാരാണ്. അവരുടെ സംഘങ്ങൾ അവർക്കു പിൻതുണ ഉണ്ടോ ഇല്ലയോ എന്നു എനിക്കു പറവാൻപാടില്ല. എന്നാൽ ഈ സംഘങ്ങളെപ്പററിയുള്ള എന്റെ പരാതി ഇവയിൽ ചേർന്നിരിക്കുന്നവർ ഒന്നിച്ചുചേർന്നു വണ്ടിക്കു സമയം കിട്ടുവാൻമാത്രം ചേർന്നിരിക്കുന്ന പണമില്ലാത്ത കുറെ ബസ്സുടമസ്ഥന്മാരാണെന്നാണ്. ഈ യൂണിയനുകളും സിൻഡിക്കേററുകളും നിരുത്തണമെ എന്നുള്ളതും ഇപ്പോൾ ഗവമെന്റിന്റെ ആലോചനയിലിരിക്കുന്ന ഗൌരവമായ ഒരു കാര്യമാണ്

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): മെംബർ പറയുന്നതു എനിക്കു കേൾക്കാൻപാടില്ല.

മി. എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): ഒന്നിച്ചുചേർന്നു വണ്ടിക്കു സമയം കിട്ടുവാൻമാത്രം ഒരുമിച്ചു ചേർന്നിരിക്കുന്ന പണമില്ലാത്ത കുറെ ബസ്സുടമസ്ഥരാണ് ഈ സിൻഡിക്കേററുകളിലുള്ളത്. ഈ സിൻഡിക്കേററുകൾ പാടെ നിർത്തേണ്ടതാണോ എന്നു ഇപ്പോൾ ഗവമെന്റു ഗൌരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻപറഞ്ഞുകഴിഞ്ഞതുപോലെ വേഗതയുടെ കൂടിയ പരിധി ക്ലിപ്തപ്പെടുത്തുമ്പോൾ ഈ ബസ്സുടമസ്ഥന്മാർക്കു പുതിയ ടൈം ഉണ്ടെങ്കിലും, വേഗതകുറച്ചും ഒരു ടൈമും ആയിട്ടിരുന്നതിൽ നന്നായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. അതുപ്രകാരമുള്ള ഈ രണ്ടു സംഘങ്ങളും അടുത്തമാസം ൧-നു- ടൈം ഏർപ്പെടുത്തുന്നദിവസം പണിമുടക്കു ആരംഭിക്കുന്നതാണെന്നു ലഘുലേഖകൾ പുറപ്പെടുവിച്ചതും ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ പത്തുദിവസം മുൻകൂട്ടി പണിമുടക്കു തുടങ്ങിയതു എന്താണെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. കൂടാതെ സർവീസു മുടക്കുന്നതിനു ഏഴു ദിവസംമുമ്പു നോട്ടീസുതരുന്നതിനു അവർ ബാധിതരാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ്): സിൻഡിക്കേററിലെ ഈ പണമില്ലാത്ത അംഗങ്ങൾ ഞങ്ങളെ എങ്ങോട്ടു തിരിച്ചാലും അങ്ങോട്ടുപോകത്തക്ക അത്ര തീരെ ദുർബലന്മാരാണ് ഞങ്ങൾ എന്നാണോ എന്റെ സ്നേഹിതൻ അർത്ഥമാക്കുന്നതു? എന്റെ സ്നേഹിതൻ പോലീസുകമ്മീഷണർ പറഞ്ഞതനുസരിച്ചു തന്നെ അവർക്കു ഞങ്ങളെ പണംതന്നു മറിച്ചുകളയുവാൻതക്ക ധനസ്ഥിതി തീർച്ചയായും ഇല്ലല്ലോ?

പ്രസിഡന്റ്. മി. ബിഷപ്പ് അങ്ങിനെയൊന്നും പറഞ്ഞില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ്). ഇപ്പോഴത്തെ ഈ പ്രതിപാദനങ്ങൾക്കെല്ലാം അടിസ്ഥാനം സിൻഡിക്കേററിലെ മെംബർമാരാണെന്നും ഞങ്ങൾ അവരുടെ അഭിപ്രായങ്ങൾ ധ്വനിപ്പിക്കുകമാത്രമാണെന്നും സൂചിപ്പിക്കുന്നതായിതോന്നുന്നു.

പ്രസിഡന്റ്. അദ്ദേഹം അപ്രകാരം പറഞ്ഞതായി എനിക്കു തോന്നുന്നില്ല. പണിമുടക്കു അവരാണു ക്രമീകരിച്ചതു് എന്നുമാത്രംപറഞ്ഞു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ ഡെപ്യൂട്ടിപ്രസിഡന്റ്): അതിനുതരക്കേടില്ല ഞങ്ങൾ സ്വന്തമായി ഒരു അഭിപ്രായം ഉണ്ടാകാൻ പ്രാപ്തിയില്ലാത്തവരാണെന്നു പോലീസുകമ്മീഷണർ പറയുന്നതേയുള്ളു.

പ്രസിഡന്റ്. ഈ പണിമുടക്കു ആരംഭിച്ചതു ഈ സിൻഡിക്കേററുകളാണെന്നു അദ്ദേഹം പറഞ്ഞു.

മി. എൽ. എ. ബിഷപ്പ് (പോലീസുകമ്മീഷണർ): അവസാനമായി ഈ സഭ മററു അനാവശ്യങ്ങൾ കണ്ടു മറിഞ്ഞുപോകരുതെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സഭയുടെ ആലോചനയിലിരിക്കുന്ന പ്രമേയത്തെ താങ്ങി രണ്ടുവാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ വിഷയം പ്രതിപാദിച്ചതും മനസ്സിലാക്കിയതും മറുപടിപറഞ്ഞതും വെറും ഒരു കണക്കു കൂട്ടുസമ്പ്രദായത്തിൽ ആണെന്നാണ് ഈ പ്രതിപക്ഷത്തിൽനിന്നും പ്രത്യേകിച്ചും ഔദ്യോഗികമാഗങ്ങളിൽനിന്നുമുള്ള മറുപടിയിൽനിന്നും ഞാൻ അനുമതിക്കുന്നതു. പുതിയ ടൈംമൂലം ഓരോയാത്രക്കാരനും ഇപ്പോൾ ഉള്ളതിൽ കൂടുതലായി ഒരു മൈലിനു ഒരു ചക്രത്തിന്റെ ഒരു ചെറിയ അംശം മാത്രമേ കൊടുക്കേണ്ടിവരികയുള്ളു എന്നും ടോൾഗേററിൽനിന്നുമുള്ള പിരിവും ഒരു വിധത്തിൽ പൊതുജനങ്ങൾക്കുതന്നെ ലഭിക്കുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടു. സർ, ഈ പ്രശ്നത്തെ നാം നോക്കേണ്ട ശരിയായവിധം ഇതല്ല. ബസ്സുകൂലി കൂടുന്നതു എത്രതന്നെ കുറച്ചായിരുന്നാലും അതു ഒരു കാര്യമല്ലേ. ജനങ്ങളെ ഈ ടോളുകൾ പ്രധാനമായി ബാധിക്കുവാൻ പോകുന്നതു അങ്ങിനെയല്ല, ഈ സന്ദർഭത്തിൽ ഈ പ്രശ്നത്തിന്റെ പൊതുവെയുള്ള വശംകൂടി സഭയ മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, ഈ ട്രാൻസ്പോർട്ടു വ്യവസായം ഈ രാജ്യത്തിൽ വർദ്ധിച്ചുവരികയാണ്. ഇൻഡ്യയിലെ മററുഭാഗങ്ങളെ അപേക്ഷിച്ചു വളരെ വേഗത്തിൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു. ഈ വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെടുന്നതിനു ഒരു പ്രധാനകാരണംഉണ്ടു. നമ്മുടെ രാജ്യത്തെ വലിയ വിഷമങ്ങളിലൊന്നു ഗവമെന്റിനു തീർക്കുവാൻപാടില്ലാത്ത തൊഴിലില്ലായ്മ ഇതുവളരെ തീർക്കുന്നുണ്ടു എന്നുള്ളതാണ്. സർ, എല്ലാ പരിഷ്കൃതസംസ്ഥാനങ്ങളും രാജ്യങ്ങളും ഇപ്പോൾ തൊഴിലില്ലായ്മകൊണ്ടു വിഷമിക്കുകയാണ്. ഈ വിഷമം തീർക്കുന്നതിനു നമ്മുടെ ഗവമെന്റു ഇതുവരെയായി യാതൊന്നും ചെയ്തിട്ടില്ല. രാജ്യത്തെജനങ്ങൾ ശരിയായി ചെയ്തു എന്നുംവരാം. തെററിപ്പോയി എന്നുംവരാം. എന്നാൽ ഈ പ്രശ്നത്തെപ്പററി ഗവമെന്റു അലസരായിരുന്നപ്പോൾ അവർ അതിനെപ്പററി ആലോചിച്ചു ജാഗ്രതയുള്ളവരായ യൌവനക്കാർ ട്രാൻസ്പോർട്ടു വ്യവസായംതുടങ്ങി ഇപ്പോൾ അവർ അതിൽനിന്നും ശരിയായി ഉപജീവിതംകഴിച്ചുവരുന്നു. അതിനാൽ ഇപ്പോഴത്തെപ്രശ്നം അഭിവൃദ്ധിയിലിരിക്കുന്ന ഈ വ്യവസായത്തിന്റെ പുരോഗതിതടഞ്ഞു ഈ വ്യവസായത്തിലിരിക്കുന്ന രാജ്യത്തെ പതിനായിരങ്ങളോളം യൌവനക്കാരെ

തൊഴിലില്ലാത്തവരാക്കിത്തീർക്കണമോ എന്നാണ്. (ഇപ്പോൾ സംസ്ഥാനത്തു ഉദ്ദേശം ൪൦൦൦ ബസ്സുകൾ ഓടുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു. സർ, അതാണ് പ്രശ്നം. സഭയോടു ഈ വിശദമായ ചോദ്യം ചോദിച്ചുകൊള്ളുന്നു. ഈ വിഷമഘട്ടത്തോടു നേരിട്ടു, പൊതുജന, ടോറസ് മൂലം തൊഴിലില്ലാത്തവരായിത്തീർന്നാൽ ഇപ്പോൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പത്തുപന്തീരായിരം യുവാക്കന്മാർക്കു തൊഴിലുണ്ടാക്കിക്കൊടുക്കുവാൻ ഗവണ്മെന്റു തയ്യാറാണോ? അതാണ് എതിരിടേണ്ടതും ഒരു തൃപ്തികരമായ പരിഹാരം കണ്ടുപിടിക്കേണ്ടതുമായ കാര്യം അല്ലെങ്കിൽ വിഷമത.

ഇവിടെ പ്രതിപാദിക്കപ്പെട്ട മറ്റൊരു പ്രശ്നം ഗവണ്മെന്റ ഈ റോഡിനു ഒരു പ്രത്യേകം മുടക്കിയിട്ടുണ്ടെന്നും അതുകൊണ്ടു ആ മുടക്കുമുതലിനു പലിശയായി എന്തെങ്കിലും ജനങ്ങളിൽനിന്നും പിരിച്ചെടുക്കണമെന്നുമാണ്. സർ, ഈ ബസ്സുടമസ്ഥർ മുടക്കിയ മുതലിനെപ്പറ്റി എന്തു പറയുന്നു. അവർക്കു പ്രതിഫലമായി വല്ലതും കിട്ടണ്ടേ? മോട്ടോർവ്യവസായം വല്ലതും മുതൽമുടക്കാതെ മുമ്പോട്ടുകൊണ്ടുപോകുവാൻ സാധിക്കയില്ല. അതും സംസ്ഥാനത്തെ മുതൽതന്നെയാണ്. പലിശകിട്ടണമെന്നു ഗവണ്മെന്റിനു നിർബന്ധമുള്ള മുതലല്ലായിരിക്കുമതു. എന്നാൽ അതു ജനങ്ങളുടെ നേട്ടത്തിനു തൊഴിലില്ലായ്മ പരിഹരിച്ചു ആളുകൾക്കു കൂടെ അഭിവൃദ്ധിപ്പെടുത്തുന്നതും അപ്രകാരം വാണിജ്യത്തിലും മറ്റു ജീവിതമാർഗ്ഗങ്ങളിലും എല്ലാവിധത്തിലും പുരോഗതിയുണ്ടാക്കുന്ന ശേഷിയുമുള്ളതാണ്. ഈ വ്യവസായം നേരിട്ടല്ലെങ്കിലും കൂടുതൽ ഏറ്റുമതി ഇറക്കുമതി ചുങ്കങ്ങൾ നമുക്കുതരുന്നു. അതിനാൽ ഇക്കാര്യം ഒരു പലിശക്കൂട്ടുകൊണ്ടു ഒരു കടുസ്സായവിധത്തിൽ പ്രതിപാദിക്കുവാൻ പാടില്ല. ഒരു വിശാലമായ നോട്ടത്തോടുകൂടിയുള്ള പ്രതിപാദിക്കേണ്ടതാണ്. സർ, ഇതു തിരുവിതാംകൂറിന്റെ പുരോഗതിയെ പലവിധത്തിലും ബാധിക്കുന്നു. അതാണ് ഈ സഭയിൽ എനിക്കു സമർപ്പിക്കേണ്ട സംഗതി. തിരുവിതാംകൂറിൽ ഈ മോട്ടോർവ്യവസായം വന്നതിൽപിന്നീട ഈ അടുത്തകാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധി ശരിയായി ഊഹിക്കാൻപാടില്ലാത്ത ഒരു അഭിവൃദ്ധിയാണ്. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ഈ സംഗതിയിൽ ഇൻഡ്യയുടെ മറ്റേതെങ്കിലും ഭാഗം തിരുവിതാംകൂറിനോടൊപ്പം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടോ എന്നു എനിക്കു തോന്നുന്നില്ല. ഈ അഭിവൃദ്ധിയിലിരിക്കുന്നമോട്ടോർ വ്യവസായത്തിനു എത്രയും സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്.

പ്രസിഡന്റ. മി. നീലകണ്ഠപ്പിള്ള "മോട്ടോർവ്യവസായം" കൊണ്ടു നിങ്ങൾ അർത്ഥമാക്കുന്നതെന്താണ്,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മോട്ടോർസർവീസ്. സർ, ഒരു വിധത്തിൽ ആ വ്യവസായമാണ്. ആ വാക്കു ഞാൻ മനഃപൂർവമായി ഉപയോഗിക്കയാണ്. ഞാൻ അതുതന്നെ പിടിക്കുന്നു. ഇതുമുഴുവൻ ശരിയാണെന്നു എനിക്കറിയാം. അതു ഒരു സാങ്കേതികപദമാണ്.

മി. വി. ചെല്ലപ്പപിള്ള (തോവാള): ഈ മോട്ടോർവ്യവസായംകൊണ്ടു എത്രതോളം തിരുവിതാംകൂറിനു വെളിയിൽപോകുന്ന തുകയെത്രയെന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിന്റെ സംബന്ധമെന്താണ്? മോട്ടോർകാറുകൾ വാങ്ങുന്നതുമൂലം വെളിയിൽപോകുന്നതുകയെത്രയെന്നു മെമ്പറിനു അറിയേണമോ?

മി. വി. ചെല്ലപ്പപിള്ള (തോവാള): ഉവ്വ്. കൂടാതെ പെട്രോളിനും സാമാനങ്ങൾക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നമ്മുടെ രാജ്യത്തുനിന്നും പോകുന്ന പണം എത്രതന്നെയായിരുന്നാലും ഉപജീവനമാർഗ്ഗത്തിനു മോട്ടോർവരുത്തുന്ന വ്യക്തിയുടെമേൽ ഗവണ്മെന്റ ഒരു നിബന്ധനയും വച്ചിട്ടില്ലാത്തിടത്തോളംകാലം എന്റെ സ്നേഹിതന്റെ ചോദ്യത്തിന്റെ സംബന്ധം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ ചോദിച്ചിരിക്കുന്ന ആ വിവരം ഇപ്പോൾ പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന പ്രശ്നത്തെ ബാധിക്കുന്നില്ല.

സർ, രാജ്യത്തെ ജനങ്ങൾക്കുവേണ്ട ഗതാഗതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവണ്മെന്റിന്റെ പ്രധാനചുമതലയാണ്. അതിനാൽ ഒരു പ്രത്യേകസ്ഥലത്തു മോട്ടോർ ഗതാഗതം എളുപ്പമാക്കിയതുകൊണ്ടു ആ സ്ഥലത്തെ ജനങ്ങൾക്കു ഒരു പിഴ ചുമത്തണമെന്നുള്ളതല്ലാതെ. അതു സഭയ്ക്കു സ്വീകാര്യയോഗ്യവുമല്ലായിരിക്കും. രാജ്യത്തു ഗതാഗതസൌകര്യം അനുവദിക്കുന്നതു ഗവണ്മെന്റിന്റെ പ്രധാനചുമതലകളിലൊന്നാണ്. ഗവണ്മെന്റിനു കഴിയുന്നിടത്തോളം അതിനു ചിലവാക്കണം.

ഏതായാലും ഈ സഭയിൽ വാദിക്കണമെന്നു ഞാൻ വിചാരിച്ച പ്രധാനസംഗതി, മോട്ടോർ ഗതാഗതത്തിനുവേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുത്തു, അപ്രകാരം നമ്മുടെ അനേകായിരം യുവാക്കന്മാർക്കു തൊഴിലുണ്ടാക്കിക്കൊടുത്തു," തിരുവിതാംകൂറിന്റെ ഇപ്പോഴത്തെസ്ഥിതിക്കു ഗവണ്മെന്റിനു പരിഹരിക്കാൻപാടില്ലാത്ത തൊഴിലില്ലായ്മ ഗവണ്മെന്റ ഒരുവിധത്തിൽ പരിഹരിക്കുന്നു എന്നാണ്. പ്രശ്നത്തിന്റെ ഈ വശവും സഭ ആലോചിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇത്രയും പറഞ്ഞുകൊണ്ടു പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

പ്രസിഡന്റ: ഈ പ്രമേയത്തെപ്പറ്റി പ്രസംഗിക്കണമെന്നു ആഗ്രഹമുള്ള മെമ്പർമാർ ഇനിയും ആരെങ്കിലുമുണ്ടോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ പ്രശ്നം ഇപ്പോൾ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡന്റ: ഇനിയും ആരെങ്കിലും സംസാരിക്കാനുണ്ടോ എന്നു ഞാൻ ചോദിച്ചിരിക്കുമ്പോൾ, അവസാനിപ്പിക്കുവാൻ അഭിപ്രായപ്പെടുവാൻ നിങ്ങൾക്കു അവകാശമില്ല.

നിങ്ങളുടെ അഭിപ്രായം ക്രമമല്ല.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, മിസ്റ്റർ [illegible] പ്രതിപാദനത്തിനു കൊണ്ടുവന്നിരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ ന്യായം ചെയ്യുവാൻ ഭാവിച്ചിട്ടില്ലെന്ന എന്റെ സ്നേഹിതന്മാർക്കു ഒരു ബലമായ വിചാരമുണ്ടെന്നു ഞാൻ കാണുന്നു. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ പ്രവൃത്തിയുടെ അടിസ്ഥാനമായ നയം എന്തെന്നു, ചീഫ് എൻജിനീയരും പോലീസ് കമ്മീഷണരും സ്കീമിൽ വിവരമായി വിശദപ്പെടുത്തി. ജനങ്ങളുടെ സുഖസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവരുടെ

ആവശ്യങ്ങൾ നിറവേററുന്നതിനുമായി ഇണ്ടുതോറും പുതിയ റോഡുകൾ തുറക്കുന്നതിനും, അതുപോലെ പഴയ റോഡുകളും നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി, കൂടുതൽ നികുതിമാർഗ്ഗങ്ങൾ ഉണ്ടാക്കേണ്ടതു് ആവശ്യമായിരിക്കുന്നുവെന്നു ചീഫ് എൻജിനിയർ ചൂണ്ടിക്കാണിച്ചു. സംസ്ഥാനത്തെ ഗതാഗതമാർഗ്ഗങ്ങളുടെ കുറവിനെപ്പററിവളരെക്കാലമായി പൊതുജനങ്ങൾ പരാതിപ്പെട്ടുകൊണ്ടിരുന്നു. പ്രത്യേകിച്ചും, എന്റെ സ്നേഹിതൻ റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ ഭംഗിയായി പ്രസ്താവിച്ചതുപോലെ, കൊല്ലം, ആലപ്പുഴ, ആലൂർ ഈ സമുദ്രതീരപ്രദേശ നിവാസികൾ, റോഡുകൾവഴിയായുള്ള ഗതാഗതത്തിനുവേണ്ട സൌകര്യം ഇല്ലാതിരുന്നതുമൂലം വളരെ അസൌകര്യങ്ങൾ അനുഭവിക്കേണ്ടിവന്നു. യഥാർത്ഥത്തിൽ കരമാർഗ്ഗങ്ങൾ തുറന്നതോടുകൂടി കച്ചവടത്തിനും, മററും ഗണ്യമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്. ഈ ആവശ്യങ്ങൾ നിറവേററുന്നതിന ഗവണ്മെൻറു ഒരു വലിയ തുക ചിലവാക്കിയിട്ടുണ്ടു്, നീണ്ടകരപ്പാലം ഒരു ക്യാപ്പിററൽ പദ്ധതിയാണെന്നു എല്ലാവരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാനുദ്ദേശിക്കുന്നതു്, ഒരു വത്സരത്തെ നികുതിയിൽനിന്നും ചിലവാക്കുവാനായിരുന്നെങ്കിൽ ഗവണ്മെൻറു നടത്തുകയില്ലായിരുന്ന ഒരു പദ്ധതി എന്നാണു്, ആറു ലക്ഷംരൂപാ ചിലവാക്കിയ ഒരു പദ്ധതിയാണു് അതു്. അതിനാൽ ആ ആവശ്യത്തിനുംകൂടി നികുതിനീക്കിയിരിപ്പിൽനിന്നും എടുക്കേണ്ടിവന്നു. സർ, ക്യാപ്പിററൽ ചിലവുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ, പ്രതിഫലം കിട്ടേണ്ടതു അത്യാവശ്യമാണെന്നു ഈ ഭാഗത്തുള്ള എന്റെ സ്നേഹിതർക്കു നല്ലതുപോലെ അറിയാവുന്നതുകൊണ്ടു ഞാൻ ശക്തിയായി പറയേണ്ട ആവശ്യമില്ലല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറു): കടപ്പുറത്തുനിന്നും തമ്പാനൂരേക്കു റെയിൽവേ നീട്ടുന്നതിൽനിന്നും വല്ല ആദായവും ആശിക്കുന്നുവോ എന്നു എന്റെ സ്നേഹിതനോടു ചോദിച്ചുകൊള്ളട്ടെ. ചെങ്കോട്ട-തിരുവനന്തപുരം റെയിൽവേയിൽനിന്നും നമുക്കു വല്ല ആദായവും ലഭിക്കുന്നുവോ? അതു ഒരു ഗതാഗതമാർഗ്ഗമല്ലേ?

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആദായം കിട്ടേണ്ട പദ്ധതി എന്നുപറഞ്ഞതുകൊണ്ടു ഗവണ്മെൻറിനു ചിലവായതുക മുഴുവനും ജനങ്ങൾ കൊടുക്കണമെന്നു ഞാനർത്ഥമാക്കുന്നില്ല. എന്നാൽ ചിലവാക്കിയമുതലിന്റെ പലിശയുടെ ഒരു ഭാഗം ഈടാക്കുന്നതിനു, അതിൽനിന്നും ഒരു ആദായം ഉണ്ടാക്കുന്നതിനു, ഗവണ്മെൻറിനു ന്യായമായി ജനങ്ങളുടെ മേൽ ചുമത്താം. ഈ മാതിരി ക്യാപ്പിററൽ പദ്ധതികൾക്കു ചിലവാക്കുന്ന തുകയുടെ പലിശയുടെ ഒരു ഭാഗം അവയിൽനിന്നുമുള്ള ആദായംകൊണ്ടു നികത്തുന്നതാണു് ഗവണ്മെൻറിന്റെ നയം.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ മാതിരി ക്യാപ്പിററൽ പദ്ധതികൾക്കു നികുതി നീക്കിയിരിപ്പുകൊണ്ടല്ല, കടംവാങ്ങുന്ന മുതൽകൊണ്ടാണു നടത്തുന്നതെന്നു മെമ്പറിനു അറിയാമോ?

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെ സ്നേഹിതനെ വളരെ ഭ്രമിപ്പിക്കേണ്ട ഒരു സംഗതിയല്ല അതു. എന്തുകൊണ്ടെന്നാൽ ക്യാപ്പിററൽ പദ്ധതികൾക്കു പണം രണ്ടുവിധങ്ങളിലെടുക്കാം—കടംവാങ്ങുന്ന മുതലിൽനിന്നോ, നികുതി നീക്കിയിരിപ്പിൽനിന്നോ. ഈ മാതിരി പദ്ധതികൾക്കുള്ള ചിലവു, തന്നാണ്ടിലെ നികുതിയിൽ നിന്നല്ല കടംവാങ്ങുന്ന മുതൽകൊണ്ടാണു വഹിക്കേണ്ടതു എന്നായിരുന്നു ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ക്യാപ്പിററൽ പദ്ധതികൾ നടത്തേണ്ടതും അവയ്ക്കു പണം ചിലവിടേണ്ടതും, തന്നാണ്ടത്തെ നികുതിയിൽനിന്നല്ല—അതു ആത്മഹത്യാതുല്യമായ നയമായിരിക്കും—എന്നാൽ കടംവാങ്ങുന്ന മുതലിൽനിന്നുമായിരിക്കണം. സംസ്ഥാനത്തെ ഖജനാവിൽ നികുതി നീക്കിയിരിപ്പുണ്ടെങ്കിൽ, ആ നീക്കിയിരിപ്പു ഗവണ്മെൻറു കടംവാങ്ങുന്ന മുതലിനു പോകണമെന്നു നിർബന്ധമില്ല.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇതു് നിർബന്ധമാണോ?

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒന്നും നിർബന്ധമില്ല.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ മാതിരി പദ്ധതി നികുതിനീക്കിയിരിപ്പുകൊണ്ടു നടത്തുമ്പോൾ വല്ല നികുതിയും ചുമത്തണമെന്നു നിർബന്ധമുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): നിയമവശാൽ നിർബന്ധമുണ്ടോ എന്നുള്ളതല്ല സംഗതി, ഗവണ്മെൻറു ധനകാര്യങ്ങൾ ശാസ്ത്രീയമായ രീതിയിൽകൊണ്ടുപോകുന്നതു എങ്ങിനെയാണു എന്നുള്ളതാണു പ്രശ്നം. അതിനാൽ ഒരു നികുതി ചുമത്തുന്നതിൽ അക്രമമോ, ന്യായമോ, ആക്ഷേപകരമോ യാതൊന്നുമില്ല. ഏതെങ്കിലും ഒരു പദ്ധതിക്കു, ഒരു പ്രത്യേക മാർഗ്ഗത്തിൽനിന്നേ പണം ചിലവാക്കാവൂ എന്നു ഗവണ്മെൻറിനെ സംബന്ധിച്ചു ഒഴിച്ചുകൂടാത്ത ഒരു നിർബന്ധവുമില്ല. എന്നാൽ ഈ ക്യാപ്പിററൽ ചിലവുള്ള പദ്ധതികൾക്കുള്ള ചിലവിന്റെ പലിശ ഈടാക്കുന്നതിനായി, അതേ കവർഷക്കാലംകൊണ്ടു ഒരു ചെറിയ നികുതി പിരിച്ചെടുക്കുന്നതിൽ തെററായോ, ആക്ഷേപകരമായോ ഗവണ്മെൻറുഭാഗത്തു യാതൊന്നുമില്ല. തീർച്ചയായും ഇപ്രകാരം ചുമത്തുന്ന നികുതികൊണ്ടു, ഈ പദ്ധതികൾക്കു ചിലവായിട്ടുള്ള ക്യാപ്പിററൽ ചിലവു പരിഹരിക്കുവാൻ ഗവണ്മെൻറിനു സാധിക്കുകയില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറു): മുതൽ തിരിച്ചുകിട്ടേണമോ എന്നുള്ളതല്ല എന്റെ പ്രശ്നം. എന്നാൽ ഞങ്ങൾക്കു പലിശകിട്ടുന്നുവോ എന്നാണു് എന്റെ ചോദ്യം.

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): റാവുബഹദൂർ കൃഷ്ണയ്യങ്കാർക്കു മറുപടികൊടുക്കുവാൻ സാധിക്കുന്നതിനുമുമ്പു മി. ദാമോദരനാശാൻ എന്റെ നടുക്കേറിച്ചു, രണ്ടുപേർക്കും ഒരേസമയത്തു മറുപടി കൊടുക്കുവാൻ എനിക്കു സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ അവർ വ്യത്യസ്തമായ രണ്ടു സംഗതികളെപ്പററിയാണു പ്രതിവാദിച്ചതു. ഞാൻ പറയുന്നതു ഇതാണു. എന്റെ സ്നേഹിതൻ മി. അരുണാചലമയ്യർ പറഞ്ഞതു ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രസ്താവനയുടെ യഥാർത്ഥതയെ സംശയിക്കുന്നതിനു ഞാൻ ഒരു കാരണവും കാണുന്നില്ല. നങ്ങ്യാർകുളങ്ങരെ ഈ ടോൾമൂലം കൂടുതലായി ചുമത്തപ്പെടുന്നതു പതിനാലുസീററുള്ള ബസ്സുകൾ ഉപയോഗിക്കുന്ന യാത്രക്കാർക്കു ഓരോരുത്തർക്കു രണ്ടോ മൂന്നോ ചക്രംമാത്രമാകുകയുള്ളു. സർ, അത്ര മറുഭാഗത്തുള്ള എന്റെ സ്നേഹിതന്മാർക്കു സങ്കടത്തിനു ഒരു തക്കതായ കാരണമാകു-

മെന്നു എനിക്കു തോന്നുന്നില്ല. കൂടാതെ ജനങ്ങളിൽ ഒരു വിഭാഗത്തിനു അല്ലെങ്കിൽ വകുപ്പിന് ഒരു ലഘുവായ നികുതിമാത്രമായിരിക്കുന്ന ഒരു നികുതി ചുമത്തുന്നപക്ഷം എന്റെ സ്നേഹിതന്മാർ സന്തോഷത്തോടു സ്വീകരിക്കേണ്ടതാണ്. ജനങ്ങളുടെ ഒരു പ്രത്യേകവകുപ്പിനു ഒരു ഭാരമായ ചുമതല എന്നു എങ്ങനെയായാലും വകവയ്ക്കാൻപാടില്ലാത്ത ഒരു മാർഗ്ഗത്തിൽ ആദായം എടുക്കുവാൻ ഗവണ്മെന്റ ഇവിടെ ശ്രമിക്കുന്നു. നേരേമറിച്ചു ബസ്സുകൾ ഉപയോഗിക്കുന്ന യാത്രക്കാർക്കു ഇപ്പോൾ കൊടുക്കുന്നതിൽ രണ്ടോ മൂന്നോ ചക്രം കൊടുക്കേണ്ടിവരും.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): മി. ജി. പരമേശ്വരൻപിള്ള സഭയുടെ ഈ ഭാഗത്തായിരുന്നപ്പോൾ ടോൾസ പ്രശ്നത്തെപ്പററി അഭിപ്രായം എന്തായിരുന്നു എന്നറിഞ്ഞാൽകൊള്ളാം.

പ്രസിഡണ്ട: പ്രതിപാദന വിഷയവുമായി അതിനു ബന്ധമില്ല.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി. ജി. പരമേശ്വരൻപിള്ള സഭയിലെ അനൌദ്യോഗസ്ഥ മെംബറായിരുന്നകാലത്തെ തന്റെ അഭിപ്രായങ്ങൾക്കു ഗവണ്മെന്റ ഉത്തരവാദിയല്ല എന്ന് എന്റെ സ്നേഹിതന്റെ അറിവിനായി ഞാൻ പറഞ്ഞുകൊള്ളട്ടെ.

റാവു ബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട): അതു ശരിയാണ്.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതിനാൽ ഈ സംഗതി സഭയിലെ മറെറാരു അംഗങ്ങളെ വല്ലതരത്തിൽ ബാധ്യപ്പെടുത്തിയിട്ടു കാര്യമില്ല എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. എല്ലാം ആയാലും ഈ പ്രമേയസംഗതി, സഭയിലെ മറെറാരുത്തെ എന്റെ സ്നേഹിതന്മാർ പറയുമ്പോലെ വലിയസങ്കടത്തിനൊന്നും കാരണമായിത്തീരുകയില്ല. അതുകൊണ്ടു ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രശ്നം ഇപ്പോൾ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഞാൻ അങ്ങനെ പിൻതാങ്ങുന്നു.

പ്രസിഡണ്ട: ഈ പ്രശ്നത്തെപ്പററി ചീഫ്സിക്രട്ടറി പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്നു എന്നു തോന്നുന്നു. അതുകൊണ്ടു അദ്ദേഹം പ്രസംഗിക്കട്ടെ.

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെന്റ ചീഫ്സിക്രട്ടറി): സർ, പ്രതിപാദന പ്രശ്നത്തെപ്പററി ആദായമുള്ള നീണ്ടകര ടോളിനെപ്പററി പറവാനുള്ളതു ഇതാണു. ഈ പാലംപണിക്കു പണം ചിലവാക്കുവാൻ ഗവണ്മെന്റ തീരുമാനിച്ചപ്പോൾ, അതിനുമുടക്കുന്ന മുതലിനു ഒരു ആദായം ആശിക്കാം എന്ന ധാരണയിലായിരുന്നു. ചീഫ് എഞ്ചിനീയർ പുഞ്ചിക്കാണിച്ചുകഴിഞ്ഞതുപോലെ ധനകാര്യമെമ്പറുടെ ഫ്രം ബഡ്ജറ്റ പ്രസംഗത്തിൽ ഇതു വേണ്ടപോലെ സൂചിപ്പിച്ചിരുന്നു. നീണ്ടകരപ്പാലത്തുങ്കൽ ഒരു ടോൾ ചുമത്തുന്നതാണെന്നു വിശദമായി പ്രസ്താവിച്ചിരുന്നു. അതുകൊണ്ടു അതു ഒരു പുതുമയല്ല. കൃഷ്ണപുരം ടോൾഗേററുണ്ടായിരുന്ന കാലത്താണു ആ പ്രസ്താവന ഉണ്ടായതു. നീണ്ടകരപ്പാലത്തിന്റെ ചിലവു ഏകദേശം ആറുലക്ഷം രൂപയാകും. ഈ ചിലവുകൂടിയ പാലത്തിൽനിന്നും, മററു ചിലവുകുറഞ്ഞ പാലങ്ങളിൽ നിന്നെന്നപോലെ ഒരു ന്യായമായ ആദായം കിട്ടേണ്ടതു ന്യായംമാത്രമാകുന്നു.

റാവു ബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട): കൊല്ലം തിരുവനന്തപുരം റെയിൽവേക്കു ഗവണ്മെന്റിനു വല്ല ആദായവും കിട്ടുന്നുണ്ടോ എന്നുള്ള ചോദ്യത്തിനെങ്കിലും ചീഫ്സെക്രട്ടറി മറുപടിപറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ ഗവണ്മെന്റ ചീഫ്സിക്രട്ടറി): ഉദ്ദേശം ഒരുലക്ഷം രൂപ ഗവണ്മെന്റിനു ആണ്ടുതോറും ലഭിക്കുന്നുണ്ടു.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട): എത്രകാലത്തേക്കു, എത്രപലിശനിരക്കിനു?

മി. ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ ഗവണ്മെന്റ ചീഫ്സിക്രട്ടറി): ഞാൻ അതു കണക്കാക്കിയിട്ടില്ല, അതു ഏകദേശം രണ്ടുലക്ഷം രൂപയോളംവരും. ചില പ്രത്യേക കാരണങ്ങളാൽ ഇരുവർഷത്തിൽ അതു കുറച്ചു കുറവായിട്ടാണു വന്നിരിക്കുന്നതു.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട): കൊല്ലം—ചെങ്കോട്ട സെക്ഷനിൽ എല്ലാക്കൊല്ലവും കടമാണോ ശേഷിക്കുന്നതു എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ ഗവണ്മെന്റ ചീഫ്സിക്രട്ടറി): ഉവ്വ് അവിടെ കടമാണു, എന്നാൽ തിരുവനന്തപുരത്തേക്കു റെയിൽവെ നീട്ടുന്നതുകൊണ്ടു ആദായം ലഭിക്കും എന്നു ഗവർണ്മെന്റ വിചാരിക്കുന്നു.

ഞാൻ പറയുന്നതു ഈ പാലം പണിയുന്നതിനു ഗവണ്മെന്റ ഉത്തരവിട്ടപ്പോൾ അവിടെ ഒരു ടോൾ സ്ഥാപിക്കണമെന്നുള്ള അഭിപ്രായം ഉണ്ടായിരുന്നു. പ്രജാസഭയിൽ അംഗങ്ങൾ നീണ്ടകരപ്പാലത്തിനു അപേക്ഷിച്ചപ്പോൾ ടോൾകൊടുക്കുന്നതിനു സമ്മതിക്കുകയുംചെയ്തു.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട): ധനസ്ഥിതി മാറിയതിനെപ്പററി എന്തുപറയുന്നു?

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെന്റ ചീഫ്സെക്രട്ടറി): ധനസ്ഥിതിമാറിയിട്ടുണ്ടു. അങ്ങനെ നീണ്ടകരടോൾ ഒരു പുതുമയല്ല, കൃഷ്ണപുരംടോൾഗേററ അവിടെ ഉണ്ടായിരുന്നപ്പോഴും അവിടെ ടോൾഗേററ സ്ഥാപിക്കുന്നതിനെപ്പററി സ്ഥലത്തെ ആളുകളുടെ പരാതി ഉണ്ടായിരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ജനങ്ങൾക്കു കൂടുതൽസൗകര്യം കൊടുക്കുന്നതിനെല്ലാം ആദായം കിട്ടണമെന്നാണോ ഗവണ്മെന്റിന്റെനയം?

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെന്റചീഫ്സിക്രട്ടറി): ഞാൻ അപ്രകാരം പറഞ്ഞില്ല, നീണ്ടകരപ്പാലം പണിതുടങ്ങുമ്പോൾ, ഒരു വലിയതുക ചിലവുള്ളതിനാൽ അതിന്റെ ഒരംശം ഈടാക്കുന്നതിനു, പാലംപണി പൂർത്തിയാകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന സൗകര്യത്തിനു പകരമായി ഒരു ടോൾ

ഏർപ്പെടുത്തുന്നതാണെന്ന് ഗവൺമെന്റ് ഒരു ഉത്തരവു പാസ്സാക്കി. നീണ്ടകര ടോൾ ഏർപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടിയാണ് ഗവൺമെന്റ് ആരംഭിച്ചതു. ആ സമയത്തു കൃഷ്ണപുരത്തെ ടോൾ നങ്ങ്യാർകുളങ്ങരയ്ക്കു മാറ്റിയിട്ടില്ല. രണ്ടു ടോളുകൾ വളരെ അടുത്തു പതിനഞ്ചു മൈലിനകം ഉള്ളതിനാൽ ടോൾഗേറ്റ് കുറെക്കൂടി ദൂരെ മാറ്റണമെന്നും കൃഷ്ണപുരം നീണ്ടകരയ്ക്കു വളരെ അടുത്താണെന്നും ജനങ്ങളിൽനിന്നും ഒരു പരാതിയുണ്ടായിരുന്നു. ഈ കാരണം കൊണ്ടാണ് ടോൾഗേറ്റ് കൃഷ്ണപുരത്തുനിന്നും നങ്ങ്യാർകുളങ്ങരയ്ക്കു മാറ്റിയതു. നങ്ങ്യാർകുളങ്ങര ടോളിനെ സംബന്ധിച്ചിടത്തോളം ആ ടോൾ ലേലംകഴിഞ്ഞു, ഗവൺമെന്റ് സ്ഥിരപ്പെടുത്തുകയും ചെയ്തു.

ഈ രണ്ടു ടോൾഗേറ്റുകൾ തമ്മിലുള്ള ദൂരം വളരെ കുറവായിരുന്നതുകൊണ്ടു ഇത്രയടുത്തു രണ്ടു ടോൾ കൊടുക്കുന്നതു വളരെ ഭാരമാണെന്ന് ബസ്സുടമസ്ഥർ ഗവൺമെന്റിൽ പരാതിപ്പെട്ടു. ജനങ്ങളുടെ പരാതിയെ പരിഗണിച്ചും അവരുടെ നഷ്ടം ലഘൂകരിക്കുന്നതിനും ഗവൺമെന്റ് നീണ്ടകര ടോൾ ട്രിപ്പുനിരക്കിൽനിന്നും ദിവസനിരക്കാക്കി. ഒന്നരയിലേറെ നൂറുരൂപ ടോൾകൊടുക്കുന്നതു ബസ്സുടമസ്ഥരുടെ നേട്ടത്തിനു കുറച്ചു ഭാരമാണെന്നുള്ളതിനു സംശയമില്ല.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മെമ്പർ പറയുന്നതു എനിക്കൊന്നും കേൾപ്പാൻപാടില്ല.

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സിക്രട്ടറി): ഞാൻ ഉറക്കെ പറയാം. ഇപ്പോൾ ദിവസവും നൂറുരൂപ ബസ്സുടമസ്ഥർ കൊടുക്കേണ്ടിയിരിക്കുന്നു. ആലപ്പുഴ മുൻസിപ്പാലിറ്റി ബസ്സ് ഒന്നുക്കു ൨ രൂപ ടോൾ ചുമത്തി വരുന്നതായി അറിയുന്നു.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഈ തുക കുറയ്ക്കുവാൻ ഗവൺമെന്റിനു മുൻസിപ്പാലിറ്റിയെ സമ്മതിപ്പിക്കാമോ?

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സിക്രട്ടറി): മുൻസിപ്പൽ റഗുലേഷനിൽനിന്നു ചുമത്താവുന്നതിൽ കൂടിയ ടോൾ ൨ രൂപയാണെന്നു കാണുന്നു. നീണ്ടകര ടോൾ ഇല്ലാതിരിക്കുകയും, റോഡുകൾ കൗൺസിലിന്റെ ചാർജ്ജിലിരിക്കുകയും ചെയ്ത ഒരവസരത്തിൽ മുൻസിപ്പാലിറ്റി ഇതു ആവശ്യപ്പെടുകയും ഗവൺമെന്റ് അനുവദിക്കുകയും ചെയ്തു. ആലപ്പുഴ ടോളിനെപ്പറ്റി ആലോചിക്കുന്നതിനും സാരമായ കുറവുചെയ്യുന്നതിനു സാധിക്കുമോ എന്നു നോക്കുന്നതിനും മുൻസിപ്പാലിറ്റിയോടു നിർദ്ദേശിക്കുന്നകാര്യം ഗവൺമെന്റ് പര്യാലോചിക്കുന്നതാണ്. നങ്ങ്യാർകുളങ്ങര ടോൾ സംബന്ധിച്ചടത്തോളം ലേലം സ്ഥിരപ്പെടുത്തിപ്പോയതുകൊണ്ടു അതിൽ എന്തെങ്കിലും ചെയ്യുന്നതു ഗവൺമെന്റിനു പ്രയാസമാണ്. ഭേദപ്പെടുത്തണമെന്നു വിചാരിച്ചാൽതന്നെയും അതു നിയമാനുസരണം ശരിയാണോ എന്നു നോക്കേണ്ടിയിരിക്കുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കൊല്ലം മുൻസിപ്പാലിറ്റിയിലും രണ്ടു രൂപതന്നെയാണോ?

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സിക്രട്ടറി): ബസിനു ൨ രൂപയാണ്.

പ്രസിഡന്റ്: കൊല്ലത്തെ നിരക്കു ഒരു രൂപയാണെന്നും ആലപ്പുഴനിരക്കു അതിനിരട്ടിയാണെന്നും ചില മെമ്പർമാർ പറയുകയുണ്ടായി, കൊല്ലത്തു എന്താണ് നിരക്ക്?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ബസിനു ഒരു രൂപയും കാറിനു ൮ അണയും ആണ്.

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സിക്രട്ടറി): പട്ടികയനുസരിച്ചു നോക്കുമ്പോൾ മുൻസിപ്പാലിറ്റിക്കു ചുമത്താവുന്ന കൂടിയ ഫീസ് രണ്ടുരൂപമാത്രമാണ്.

൧൧൨൬-ലേക്കുള്ള ഉടമ്പടിയെ സംബന്ധിച്ചടത്തോളം അതു ഗവൺമെന്റ് സ്ഥിരപ്പെടുത്തിക്കഴിഞ്ഞു. ൧൧൨൭ വരുമ്പോൾ ഗവൺമെന്റ് ഈ സംഗതി പരിഗണിക്കുന്നതാണ്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ചീഫ്സിക്രട്ടറിയുടെ പ്രസംഗംമൂലം ഞങ്ങൾക്കു മനസ്സിലായതൊന്നുമില്ല. ഒന്നാമതായി മെമ്പർ പറയുന്നതു ഞങ്ങൾക്കു കേൾക്കാൻപാടില്ല. രണ്ടാമതായി പറഞ്ഞുകഴിഞ്ഞതുതന്നെ വീണ്ടും പറയുകയായിരുന്നതു.

പ്രസിഡന്റ്: അതുവരെയാണ് ഉത്തരം. ആലപ്പുഴമുൻസിപ്പാലിറ്റി ടോളിനെപ്പറ്റി ആരും പറഞ്ഞിട്ടില്ല.

മി. ഏ. ലാംപാർഡ് (തോട്ടക്കാർ): ഒരു മോട്ടോർകാറിന്റെ ടോൾ എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സിക്രട്ടറി): അതു ൮ ചക്രമാണ്.

൧൧൨൭-ലെ ഉടമ്പടി സമയത്തു ഗവൺമെന്റ് ഇവിടെ നടന്ന പ്രതിവാദങ്ങൾ ശരിയായി പര്യാലോചിക്കുന്നതും സകലസംഗതികളും വീണ്ടും പരിശോധിക്കുന്നതുമാണ്.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഗവൺമെന്റ് അടുത്ത കൊല്ലം ഒരുവിധത്തിലുള്ള പരിഹാരം ഉണ്ടാക്കുന്നതാണ് എന്നു പറയുന്നതു ഒരുമാതിരി ഉറപ്പുകൊടുക്കലാണോ?

മി. ടി. പി. രാമസ്വാമ്യയ്യർ (ആ. ഗവൺമെന്റ് ചീഫ്സെക്രട്ടറി): ഉടമ്പടി സ്ഥിരപ്പെടുത്തിപ്പോയതുമൂലം ഇക്കൊല്ലം ഒരു വ്യത്യാസവും വരുത്താൻ സാധിക്കുകയില്ല. സകല പ്രയാസങ്ങളും ഞാൻ കാണിക്കുകയായിരുന്നു. ഗവൺമെന്റിന്റെ നിലയെപ്പറ്റി അതു സഭയെ ബോദ്ധ്യപ്പെടുത്തുമെന്നു ഞാൻ വിചാരിക്കുന്നു. ഏതായാലും ഈ വിഷയത്തെപ്പറ്റി ഇന്നു നടന്ന പ്രതിവാദം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): സദ്പ്രമേയം ഇപ്പോൾ വോട്ടിനിടണമെന്നു ഞാൻ വീണ്ടും അഭിപ്രായപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ അതിനെ പിൻതാങ്ങുന്നു.

പ്രസിഡന്റ്: മി. ദാമോദരനാശാൻ നിങ്ങൾക്കു മറുപടിയായി വല്ലതും പറയാനുണ്ടോ?

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കരം കൊടുക്കുന്നവനു ൨ അര ചക്രവും ൩ ചക്രവും വളരെ കൂടുതലാണെന്നുള്ളതു പോലീസുകമ്മീഷണർക്കും ചീഫ്എൻജിനീയർക്കും തോന്നാത്തതു നമ്മുടെ കുറ്റം തന്നെയാണ് എന്നു മാത്രമാണ് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതു. നാം അവർക്കു വലിയ ശമ്പളം കൊടുക്കുന്നതുകൊണ്ടാണ് അതുകണക്കിൽ കൂട്ടാൻ പാടില്ലാത്തവിധം നിസ്സാരമായ തുകയായി ജനങ്ങളെ ബാധിക്കാത്ത ഒന്നായി അവർ ഗണിക്കുന്നതു.

പ്രമേയം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നു.

പ്രസിഡൻറു. ഈ പ്രശ്നത്തെപ്പററി ഒന്നുരണ്ടുവാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൊല്ലത്തിനും ആലപ്പുഴയ്ക്കും ഇടക്കുള്ള റോഡിൽ ടോളിന്റെ രൂപത്തിൽ കൊടുക്കേണ്ടുന്നതു വളരെക്കൂടുതലായതുകൊണ്ടു ബസ്സുടമസ്ഥന്മാർക്കുണ്ടായിരിക്കുന്ന കഷ്ടപ്പാടാണു യഥാർത്ഥത്തിൽ അവരുടെ ഇപ്പോഴത്തെ ഈ പരാതിക്കു കാരണം എന്നു പ്രമേയത്തെ പിന്താങ്ങിയ പല മെമ്പർമാരും അഭിപ്രായപ്പെട്ടു. ഇവിടെ നടന്ന പ്രസംഗത്തിൽനിന്നും കൊല്ലവും ആലപ്പുഴയും മുൻസിപ്പാലിററികൾ രണ്ടും പ്രത്യേകം ബസ്സുകൾക്കു ടോൾ ചുമത്തി വരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ചീഫ്സിക്രട്ടറി പറഞ്ഞതുപോലെ ആലപ്പുഴ മുൻസിപ്പാലിററി പട്ടണത്തിലെ റോഡുകൾ തങ്ങളുടെ ചുമതലയിൽ ഏറ്റെടുത്തിരുന്നു. അക്കാലത്താണു ആ മുൻസിപ്പാലിററി ഈ ടോൾ ചുമത്തിയതു. ഇപ്പോൾ ഈ റോഡുകളുടെ സംരക്ഷണം ഗവണ്മെന്റു ഏറ്റിരിക്കുകയാണ്. അതിനാൽ ഈ ടോളിനു കുറച്ചു കുറവു ചെയ്യുന്നതു പക്ഷെ ന്യായം മാത്രമായിരിക്കും. ബസ്സുടമസ്ഥരുടെ പരാതി ടോൾ കൊടുക്കേണ്ടതു് ഇപ്പോൾ കൂടുതലായി എന്നതു മാത്രമാണെങ്കിൽ മുൻസിപ്പാലിററിയുടെ ടോളും പി. ഡബ്ലിയു. ഡി. ടോളും തമ്മിൽ വലിയ വ്യത്യാസം കാണിക്കരുതു. ഇതിൽ നേരിട്ടു അനുഭവമുള്ള മെമ്പർമാരുമായി കൂടിയാലോചന നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. മററു മെമ്പർമാർക്കു അനുഭവമില്ലെന്നു ഞാൻ പറയുന്നതായി ധരിക്കരുതു. അതായതു കൊല്ലവും ആലപ്പുഴയും പ്രതിനിധീകരിക്കുന്ന സഭാമെമ്പർമാരുമായി ഒരു പക്ഷെ ഇടക്കുള്ള താലൂക്കിനെ പ്രതിനിധീകരിക്കുന്നവരുമായ ഒരു കൂട്ടിയാലോചന നടത്തുവാൻ ആഗ്രഹിക്കുന്നു. എന്തിനെന്നാൽ ബസ്സുടമസ്ഥർക്കു കൊടുക്കേണമെന്നു സഭയിലെ അനൌദ്യോഗസ്ഥമെമ്പർമാർക്കു തോന്നിയിട്ടുള്ള പ്രതിവിധി എന്തെന്നും ആ പ്രതിവിധി ഏതളവിലാണു കൊടുപ്പാൻ കഴിയുന്നതു എന്നും ഉള്ളതിന്റെ ഒരു രൂപം ലഭിക്കുവാനാണു. ഈ രണ്ടു ടോളുകളും നങ്ങ്യാർകുളങ്ങരയും നീണ്ടകരയും ഒരു കൊല്ലത്തേക്കു ലേലം ചെയ്തുകഴിഞ്ഞു. ചീഫ്സിക്രട്ടറി സഭയോടു പറഞ്ഞതുപോലെ ഇപ്പോൾ അതിൽ ഇടപെടുന്നതിനു പ്രയാസമുണ്ടു. സഭ സമ്മതിക്കുന്നപക്ഷം അടുത്ത മൂന്നു അവധി ദിവസങ്ങൾക്കുള്ളിൽ ഒരുസമയം മെമ്പർമാരുമായി ആലോചിക്കുന്നതിനു നിശ്ചയിക്കാം. ആ ആലോചനയുടെ ഫലമായി ബസ്സുടമസ്ഥർക്കു ഒരു പ്രതിവിധി നൽകുവാൻ സാധിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

മി. ദാമോദരനാശാൻ, നിങ്ങളുടെ പ്രമേയം വോട്ടിനിടുന്നതിനു നിങ്ങൾ നിർബന്ധിക്കുന്നുവോ?

മി. പി. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഏതായാലും സഭയുടെ അഭിപ്രായം അറിയാം.

പ്രസിഡൻറു. അപ്പോൾ ഞാൻ പറഞ്ഞതെല്ലാം ആവശ്യമില്ലാതെ വരുമല്ലോ?

മി. പി. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അടുത്ത മൂന്നു ദിവസങ്ങൾക്കുള്ളിൽ ഈ സംഗതിയെപ്പററി ആലോചിക്കുന്നതാണെന്നു ദിവാൻ—പ്രസിഡൻറു ഉറപ്പുപറയുന്നതുകൊണ്ടു പ്രമേയം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിക്കുന്നില്ല.

അനുവാദപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

വീണ്ടും ൧൯൩൦ ആഗസ്റ്റ് ൧൧-ാം തിങ്കളാഴ്ച രാവിലെ ൧൧ മണിക്കു കൂടുന്നതിനായി സഭ വൈകിട്ടു ൪-൨൫-നു പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government

തിരുവിതാംകൂറ് നിയമസഭ.

മൂന്നാമത്തെ സഭ,

൧൧൦൫-ലെ ൨-ാമത്തെ സെക്ഷൻ.

൧൯൩൦ ആഗസ്റ്റ് ൧൧-ാം തീയതിക്കു ൧൧൦൫ കർക്കടകം ൨൭-ാം തീയതി തിങ്കളാഴ്ച

ഔദ്യോഗിക റിപ്പോർട്ടു.

പ്രസിഡൻറിന്റെ അഗ്രാസനാധിപത്യത്തിൻകീഴിൽ ൧൧-നു മണിക്കു വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വച്ചു സഭ വീണ്ടും കൂടി.

സാമാജികന്മാർ എല്ലാപേരും സഭയിൽ ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

തിരുവനന്തപുരത്തുള്ള ഹോളീഏഞ്ചൽസ് കാൺവെൻറ് ഇംഗ്ലീഷ് ഹൈസ്കൂളിനുള്ള സഹായധനം.

൯൬. മി. പി. ജെ. ഉമ്മൻ (കല്ലുവടവും വ്യവസായവും, മെമ്പർ): താഴെപറയുന്ന സംഗതികൾക്കു ഗവമെൻറു ദയവുചെയ്തു മറുപടി പറയുമോ?

(എ) ഇപ്പോഴത്തെ വിദ്യാഭ്യാസഡയറക്ടർ ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജു ഏറ്റതിന്റെശേഷം തിരുവനന്തപുരത്തുള്ള ഹോളീഏഞ്ചൽസ് കാൺവെൻറുവക ഇംഗ്ലീഷ് ഹൈസ്കൂളിനു നൾകിവന്നിരുന്ന സഹായധനത്തിന്റെ തുക;

(ബി) ഈ വിദ്യാലയത്തിനു നൾകിവന്ന സഹായധനത്തിന്റെ തുക അദ്ദേഹം കുറച്ചിട്ടുണ്ടോ;

(സി) ബി-ാം ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, അപ്രകാരം ചെയ്യുന്നതിനു അദ്ദേഹത്തിനെ പ്രേരിപ്പിച്ച കാരണങ്ങൾ ഏതെല്ലാം;

(ഡി) കുറച്ചിട്ടുള്ള സഹായധനത്തിന്റെ തുക?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവമെൻറു ചീഫ് സിക്രട്ടറി):

(എ) ആയിരത്തി തൊണ്ണൂറ്റി ആറുമുതൽ ആയിരത്തി ഒരുന്നൂറ്റി രണ്ടുവരെ നൾകപ്പെട്ടിട്ടുള്ള സഹായധനത്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അടങ്ങിയിരിക്കുന്നു:—

മലയാളവർഷം.	സഹായധനത്തിന്റെ തുക.
	ബ്രി. രൂപ.
൧൦൯൬	൨,൫൦൦.
൧൦൯൭	൩,൦൦൦.
൧൦൯൮	൩,൬൦൦.
൧൦൯൯	൪,൨൦൦.
൧൧൦൦	൫,൦൦൦.
൧൧൦൧	൫,൦൦൦.
൧൧൦൨	൫,൦൦൦.

(ബി)-യും (സി)-യും (ഡി)-യും ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഇംഗ്ലീഷ് വിദ്യാലയങ്ങൾക്കു നൾകുന്ന സഹായധനത്തിന്റെ തുകകൾ ഇന്നവ ആയിരിക്കണമെന്ന് സ്ഥിരമായി നിശ്ചയിച്ചിട്ടില്ല. അവ ഓരോകാലത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നതാണ്. വിദ്യാഭ്യാസകോഡിൽ നിർണ്ണയിച്ചിട്ടുള്ള വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഓരോ പ്രത്യേകവിദ്യാലയത്തിന്റേയും അനുഷ്ഠാനിലയേയും, വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള വിദ്യാഭ്യാസപരമായ ആവശ്യങ്ങളേയും സഹായധനം നൽകുന്നതിനായി ബഡ്ജറ്റിൽ കൊള്ളിക്കുന്ന തൊകകളുടെ വലിപ്പത്തേയും ആശ്രയിച്ചു ആണ് അതു നൾകപ്പെടുന്നതു. ഇതിനുപുറമെ, വിദ്യാലയത്തിന്റെ ധനസംബന്ധമായ സ്ഥിതി, വരവുചിലവുകളുടെ തൊകകളെ അടിസ്ഥാനപ്പെടുത്തി ഒരു കാലത്തിൽ വരവുമീക്കി നേരിടുന്ന ചിലവ്, ഇവയേയുംപറ്റി പരിഗണിച്ചതിന്റെ ശേഷമാണ് ഗ്രാൻറു നൾകപ്പെടുന്നതു. ൧൧൦൩-ൽ ൫,൦൦൦ രൂപ സഹായധനമായി നൾകിയിട്ടുണ്ട്. ൧൧൦൪-ൽ നൾകപ്പെട്ട സഹായധനം ൪,൦൦൦ രൂപയായിരുന്നു. ൧൧൦൫-ലും മേല്പറഞ്ഞ തുകതന്നെ നൾകപ്പെട്ടു. മുകളിൽ പ്രസ്താവിച്ചിട്ടുള്ള തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ഗ്രാൻറുകൾ വിദ്യാലയത്തിനു കൊടുത്തിട്ടുള്ളത്.

൧൧൦൪-ൽ വിദ്യാഭ്യാസഡയറക്ടർ നടത്തിയ കൊല്ലം കാൺവെൻറുവക ഇംഗ്ലീഷ് ഹൈസ്കൂളിന്റെ പരിശോധന.

൯൭. മി. പി. ജെ. ഉമ്മൻ (കല്ലുവടവും വ്യവസായവും, മെമ്പർ): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിനൾകുന്നതിനു ഗവമെൻറിനു ദയവുണ്ടാകുമോ?

(എ) ൧൧൦൪-ൽ വിദ്യാഭ്യാസഡയറക്ടർ കൊല്ലത്തുള്ള കാൺവെൻറുവക ഇംഗ്ലീഷ് ഹൈസ്കൂൾ പരിശോധിച്ചിട്ടുണ്ടോ?

(ബി) പ്രസ്തുത വിദ്യാലയം ഇപ്പോൾ നടത്തിവരുന്ന സിസ്റ്റർമാരുടെ നിഷ്ഠാവ്രതത്തെ സംബന്ധിച്ചു വാക്കുമൂലമോ എഴുത്തുമൂലമോ ഈ വിദ്യാലയത്തിലെ പരിശോധനാകാര്യം കുറിക്കുന്ന ബുക്കിൽ ഏതെങ്കിലും അഭിപ്രായം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടോ?

(സി) ൧൧൦൪-ൽ കൊല്ലത്തുവച്ചു നടന്ന അദ്ധ്യാപകന്മാരുടെ സമ്മേളനത്തിൽവച്ചു പ്രസ്തുത അഭിപ്രായത്തെപ്പറ്റി ഏതെങ്കിലും തരത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ടോ?

(ഡി) അജ്ഞാപികമാരായ സിസ്റ്റർമാർ നിർദ്ധനവ്രതം സ്വീകരിച്ചിരിക്കുന്ന സ്ഥിതിക്കു സാധാരണ നൽകിവരുന്ന സഹായധനം ലഭിക്കുന്നതിനു പ്രസ്തുത കാൺവെൻറു വിദ്യാലയം അർഹിക്കുന്നില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (അക്റ്റിംഗ് ഗവണ്മെൻറ ചീഫ് സിക്രട്ടറി): (എ) ഉണ്ട്; അക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടരാണ് പരിശോധന നടത്തിയിട്ടുള്ളത്.

(ബി) ഉണ്ട്; അദ്ദേഹത്തിന്റെ സന്ദർശനംവകയുള്ള റിപ്പോർട്ടിൽ ഈ സംഗതിയെപ്പററി സൂചിപ്പിച്ചിട്ടുണ്ട്.

(സി) വിദ്യാഭ്യാസഡയറക്ടർ ഹാജരുണ്ടായിരുന്ന അദ്ധ്യാപകന്മാരുടെ ഒരു സമ്മേളനം എൻപൻകൊല്ലത്തുവച്ചു കൂടിട്ടുണ്ടെന്നു കാണിക്കുന്ന യാതൊരു റിക്കാർഡും ഇപ്പോൾ ഇല്ല.

(ഡി) ഇല്ല.

൧൯൫൦ മുതൽ ൧൯൫൩ വരെ ഉള്ള വിദ്യാലയവർഷത്തിലേയ്ക്കു പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുക.

൪൮. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൯൫൦ മുതൽ ൧൯൫൩ വരെ ഉള്ള വിദ്യാലയവർഷത്തിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാഠപുസ്തകങ്ങളുടെ കർത്താക്കന്മാരായ പാഠപുസ്തകക്കമ്മററി അംഗങ്ങൾ ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർ, പത്രാധിപന്മാർ, ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തിട്ടുള്ളവർ ഇവരുടെ പേരുകൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെൻറ ദയവുചെയ്തു മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (അക്റ്റിംഗ് ഗവണ്മെൻറ ചീഫ് സിക്രട്ടറി): നിശ്ചയിച്ചിട്ടുള്ള പാഠപുസ്തകങ്ങളുടെ പട്ടിക ൧൯൫൦ മേ ൬-ാം തീയതിയും ൧൯൫൦ മേ ൨൦-ാം തീയതിയും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗവണ്മെൻറ പക ഗസററിന്റെ വിദ്യാഭ്യാസശീർഷത്തിൽ അടങ്ങിയിരിക്കുന്നു. അതിലേയ്ക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പാഠപുസ്തകക്കമ്മിററിയിലെ സാമാജികന്മാരുടെ പേരുകൾ മുന്നമേ സംക്ലൃപ്തമായ പ്രസിദ്ധപ്പെടുത്തുന്ന സിവിൽ ലിസ്റ്റിൽ അടങ്ങിയിരിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): നടപ്പുവിദ്യാലയവർഷത്തിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള പാഠപുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ള പാഠപുസ്തകക്കമ്മിററിയംഗങ്ങൾ, ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർ ഇവരുടെ പേരുകൾ ദയവുചെയ്തു മെമ്പർ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സിക്രട്ടറി): മെമ്പർ പറയുന്നതു എനിക്കു പൂർണ്ണമായി കേൾക്കാൻപാടില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): നടപ്പുവിദ്യാലയവർഷത്തിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള പാഠപുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ള പാഠപുസ്തകക്കമ്മിററിയിലെ അംഗങ്ങൾ, ഗവണ്മെൻറ ഉദ്യോഗസ്ഥന്മാർ ഇവരുടെ പേരുകൾ മെമ്പർ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (അക്റ്റിംഗ് ഗവണ്മെൻറ ചീഫ് സിക്രട്ടറി): ഒരു ഉപചോദ്യമെന്ന നിലയിൽ ഇതിനെ ഗണിക്കാൻ പാടില്ല. ഈ ചോദ്യത്തിനു മുന്നറിവു ഉണ്ടായിരിക്കണം.

൧൯൫൦ ൽ ദിവാൻപേഷ്ക്കാരന്മാർ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക.

൪൯. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ൧൯൫൦ ൽ ഇടവമാസാരംഭം മുതൽ മിഥുനം അവസാനംവരെ ദിവാൻപേഷ്ക്കാരന്മാർ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ വർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക ദയവുചെയ്തു മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ള ഒരു പട്ടിക * മേശമേൽ വെച്ചിരിക്കുന്നു.

൧൯൫൦-ലെ ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കററ, വർണ്ണാക്യൂലർ സ്കൂൾലീവിംഗ് സർട്ടിഫിക്കററ് എന്നീ പരീക്ഷകൾ നടത്തുന്നതിനുള്ള പരീക്ഷകന്മാർ.

൫൦. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (൧) താഴെപറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശമേൽ വെയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ൧൯൫൦-ലെ നാട്ടുഭാഷാ സ്കൂൾലീവിംഗ് സർട്ടിഫിക്കററുപരീക്ഷയും ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കററുപരീക്ഷയും നടത്തുന്നതിനു ഓരോ വിഷയത്തിനും നിയമിക്കപ്പെട്ടിട്ടുള്ള പ്രധാന പരീക്ഷകന്മാരുടേയും അസിസ്റ്റൻറ പരീക്ഷകന്മാരുടേയും എണ്ണം എത്ര?

(ബി) അദ്ധ്യാപകന്മാർ എന്ന നിലയിൽ ഈ പരീക്ഷകന്മാർക്കു എത്രകൊല്ലത്തെ സർവീസുണ്ട്.

(സി) (i) ഡിപ്പാർട്ടുമെൻറുവക വിദ്യാലയങ്ങളിലും,

(ii) ഡിപ്പാർട്ടുമെൻറുവകയല്ലാത്ത വിദ്യാലയങ്ങളിലും നിന്നും;

(iii) മററുള്ളവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പരീക്ഷകന്മാരുടെ എണ്ണം.

(൨) താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറ ദയവുചെയ്തു പറയുമോ?

(എ) ഒരു പരീക്ഷകനായിരിക്കുന്നതിനു, കുറഞ്ഞപക്ഷം ഇത്രകൊല്ലത്തെ അദ്ധ്യാപകനായിരിക്കുന്ന മൂലം ലഭിക്കുന്ന പരിചയം സിദ്ധിച്ചിരിക്കണമെന്നുള്ള അവർ നിർബന്ധമായി സ്വീകരിച്ചിട്ടുണ്ടോഎന്നും, ഉണ്ടെങ്കിൽ അപ്രകാരമുള്ള കാലം എത്രയെന്നും പറയുക.

(ബി) സർവകലാശാലകളിലും മററു സ്ഥലങ്ങളിലും നടത്തിവരുന്നതുപോലെ, പരീക്ഷകന്മാരെ തിരഞ്ഞെടുക്കുന്നതിനു സാധിക്കത്തക്കവണ്ണം, പരീക്ഷകന്മാരായിരിക്കുന്നതിനു യോഗ്യതയുള്ള അപേക്ഷകന്മാരുടെ ഒരു പട്ടിക തയ്യാർചെയ്യുന്നതു ആശാസ്യകരമായിരിക്കുമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

(സി) മുൻ കൊല്ലങ്ങളെ അപേക്ഷിച്ച്, അസിസ്റ്റൻറ പരീക്ഷകന്മാരിൽ അധികംപേർക്കും ഉള്ള പരിചയം വളരെ കുറച്ചുമാത്രമായിരിക്കുന്നതിനെ സംബന്ധിച്ച്, ഉണ്ടായിട്ടുള്ള പരാതികളെപ്പററി ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സിക്രട്ടറി): (൧) (എ) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ള പട്ടിക*കൾ മേശമേൽ വച്ചിരിക്കുന്നു.

(ബി) സർവീസിന്റെ ദൈർഘ്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ലാ പരീക്ഷകന്മാരെ തിരഞ്ഞെടുക്കപ്പെടുന്നതു്. ഈ കാര്യത്തിൽ ചിന്തിക്കുന്ന പല സംഗതികളിൽ ഒന്നാണ് സർവീസിന്റെ കാലം. ഇതുകൂടാതെ, യോഗ്യതകൾ സ്റ്റാൻഡേർഡിനെ സംബന്ധിച്ചുള്ള അറിവു പ്രായോഗികപരിചയവും ഈ വിഷയത്തിൽ

ഗണിക്കുന്നതായിരിക്കും. ഇപ്രകാരമുള്ള എല്ലാ പരീക്ഷകന്മാരുടെയും സർവീസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു വളരെ സമയം വേണ്ടിവരുന്നതും, വളരെ ജോലിചെയ്യേണ്ടതും ആകുന്നു. അപ്രകാരം ചെയ്യുന്നതിനെ അപേക്ഷിച്ച്, അതിൽനിന്നു സിദ്ധിക്കുന്ന ഫലം വളരെ നിസ്സാരമായിരിക്കും.

		ഇ. എസ്. എൽ. സി.	വി. എസ്. എൽ. സി.
(സി)	(i)	൩൭	൧൪
	(ii)	൪൫	൧൮
	(iii)	൧	൧൧

(ഡി) (എ) ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല.

കല്ലമ്പലത്തുനിന്നും കാരേററിലേക്കുപോകുന്ന പാതയെ വണ്ടികളുടെ ഗതാഗതത്തിന് യോജിച്ച ഒരു റോഡാക്കുന്നതു്

൧൦൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിറയിൻകീഴുതാലൂക്കിൽ നഗരൂർവഴി കല്ലമ്പലത്തുനിന്നും കാരേററിലേക്കുപോകുന്ന നടപ്പാതയെ വണ്ടികളുടെ ഗതാഗതത്തിന് യോജിച്ചവിധത്തിൽ ഒരു റോഡാക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നു ഗവമെൻറു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമെൻറു സിക്രട്ടറി): കല്ലമ്പലത്തുനിന്നും നഗരൂരിലേക്കുപോകുന്ന റോഡിന്റെ ഒന്നാമത്തെ ഭാഗത്തിന്റെ പണി ഇപ്പോൾ നടന്നുവരുന്നതും, പണി പൂർത്തിയാകാറായിട്ടുള്ളതും ആകുന്നു. നഗരൂരിൽനിന്നും കാരേററിലേക്കുള്ള റോഡിന്റെ രണ്ടാമത്തെ ഭാഗം വെട്ടുന്നതിനു അടങ്കൽ ഇപ്പോൾ തയ്യാറാക്കിവരികയാകുന്നു.

കാളേജുകളിൽ ഉള്ള തമിഴ് പണ്ഡിതന്മാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ.

൧൦൨. മി. ചെല്ലംപിള്ള (തോവാള): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവമെൻറിനു ദയവുണ്ടാകുമോ?

(എ) കാളേജുകളിലുള്ള തമിഴ്പണ്ഡിതന്മാർക്ക് മദ്രാസ് സർവകലാശാല നിർദ്ദേശിച്ചിട്ടുള്ളതിനനുസരണമായി ഉണ്ടായിരിക്കേണ്ട യോഗ്യതകൾ.

(ബി) ഓരോ കാളേജിലുമുള്ള തമിഴ്പണ്ഡിതന്മാരിൽ ഒരാളെങ്കിലും തമിഴ്ഭാഷയിൽ ബിരുദ് നേടിയിട്ടുള്ള ആൾ ആയിരിക്കണമെന്നുള്ളത് ആവശ്യമാണോ?

(സി) ഇപ്പോൾ സ്ത്രീകൾക്കായുള്ള രാജകീയകാളേജിൽ തമിഴ്പണ്ഡിതനായി ജോലിചെയ്യുന്ന ആൾ തമിഴിൽ ആവശ്യമുള്ള യോഗ്യതകൾ സമ്പാദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവമെൻറു ചീഫ്സിക്രട്ടറി): (എ) ഇൻഡ്യയിലുള്ള ഭാഷകൾ; തർജ്ജിമയെ സംബന്ധിച്ച അഭ്യസനം ആറാം ഗ്രൂപ്പിൽ (ഇംഗ്ലീഷ് ഒഴിച്ചുള്ള ഭാഷകൾ) ബിരുദ നേടിയിട്ടുള്ളവരെയോ പഴയ റഗുലേഷനുകൾപ്രകാരം (൧൯൧൩-നു മുൻപ്) സംബന്ധപ്പെട്ട ഉപഭാഷയിൽ ബിരുദ് നേടിയിട്ടുള്ളവരെയോ അല്ലെങ്കിൽ, തങ്ങൾ പഠിപ്പിക്കുന്ന ഭാഷ തങ്ങളുടെ മാതൃഭാഷയായിരിക്കുന്ന ബിരുദധാരികളെയോ ഏൽപ്പിക്കേണ്ടതാകുന്നു. ഭാഷാഭ്യസനം സംബന്ധിച്ച മററു ജോലികൾ വിദ്വാന്മാരെയോ, ശിരോമണിക്കാരെയോ ആറാംഗ്രൂപ്പു (ഇംഗ്ലീഷ് ഒഴിച്ചുള്ള ഭാഷകൾ) പ്രകാരമുള്ള ബിരുദധാരികളെയോ ഏൽപ്പിക്കേണ്ടതാകുന്നു.

(ബി) ഓരോ കാളേജിലുമുള്ള തമിഴ്പണ്ഡിതന്മാരിൽ ഒരാളെങ്കിലും ബിരുദധാരിയായിരിക്കേണ്ടതാവശ്യമാണു്. എന്തുകൊണ്ടെന്നാൽ പെൺകുട്ടികൾക്കു തർജ്ജിമചെയ്യുന്നതിൽ അഭ്യസനം നൽകേണ്ടിയിരിക്കുന്നു.

(സി) ഇപ്പോഴത്തെ പണ്ഡിററിനെ സംബന്ധിച്ചിടത്തോളം, തമിഴ്പണ്ഡിററായ മിസ്സസ്സ് റോസമ്മാളിന്റെ യോഗ്യതകൾ അവരുടെ കേസ്സിൽ മദ്രാസ് സർവകലാശാല അംഗീകരിച്ചിട്ടുണ്ട്. ഈ അദ്ധ്യാപിക ഇപ്പോൾ അവധിയിലാണ്. അവരുടെ ഒഴിവിൽ പകരം ജോലിനോക്കുന്നതിനു മിസ്സർ സത്യശീലൻ ബി എ. യെ നിയമിച്ചിരിക്കുന്നു.

ചേർത്തലഇംഗ്ലീഷ്ഹൈസ്കൂളിലെ അദ്ധ്യാപകന്മാർ.

൧൦൩. മി. ഭരതപുഴ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവമെൻറിനു ദയവുണ്ടാകുമോ?

(എ) ചേർത്തലയിലുള്ള ഇംഗ്ലീഷ്സ്കൂൾ ഒരു പൂർണ്ണഹൈസ്കൂൾ ആക്കി ഉയർത്തപ്പെട്ടതു് ഏതു കൊല്ലത്തിലാണു്?

(ബി) ആ തീയതിമുതൽ ഇപ്പോൾവരെ (൨൦-൧൧-൧൧൦൮) സ്ഥിരം ഹെഡ്മാസ്റ്റർമാരായി പ്രസ്തുതവിദ്യാലയത്തിൽ ആരെ നിയമിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും പറയുമോ?

(സി) ഒരു സ്ഥിരം ഹെഡ്മാസ്റ്റർ എന്ന നിലയിൽ അവരിൽ ഓരോരുത്തരും എത്രകാലം ജോലി നോക്കിയിട്ടുണ്ട്?

(ഡി) പ്രസ്തുത വിദ്യാലയത്തിൽ ഇപ്പോൾ വല്ല ഒന്നാംഗ്രേഡ് അദ്ധ്യാപകനും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരെന്തായിരുന്നെന്നും പറയുമോ?

(ഇ) (i) ഇതിനുമുമ്പ് മേൽപറഞ്ഞ വിദ്യാലയത്തിൽ ഹെഡ്മാസ്റ്ററെ ഒഴിച്ച് ഏതെങ്കിലും ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടോ?

---

* അനുബന്ധം ൧൨-പുറം.
പട്ടിക ൧൭—എ. പുറം.
പട്ടിക ൧൮-ബി. പുറം.

(ii) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും അവർ ഓരോരുത്തരും എത്രകാലം ഈ വിദ്യാലയത്തിൽ ജോലി നോക്കിയിട്ടുണ്ടെന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ് ചീഫ്സിക്രട്ടറി): (എ) ഇടവം ൧൦൯൬.

(ബി) സ്ഥിരം ഹെഡ്മാസ്റ്റർമാരായി മൂന്നുപേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേരുകൾ താഴെ പറയുന്നു.

മിസ്റ്റേഴ്സ്. (i) ആർ. ശിവരാമകൃഷ്ണയ്യർ ബി. എ. എൽ. റ്റി;
(ii) തോമസ് ഇടിക്കുള ബി. എ. എൽ. റ്റി;
(iii) കെ. നാരായണപിള്ള ബി. എ. എൽ. റ്റി.

(സി) (i) [illegible] മുതൽ [illegible] വരെ.
(ii) [illegible] മുതൽ [illegible] വരെ.
(iii) [illegible] വൃശ്ചികം [illegible] തീയതി മുതൽ മിസ്റ്റർ കെ. നാരായണപിള്ളയെ ചാർജ്ജ് വഹിക്കുന്ന അദ്ധ്യാപകനായി പ്രസ്തുത വിദ്യാലയത്തിൽ നിയമിച്ചു അതിന്റെ ശേഷം അദ്ദേഹത്തിനെ പ്രസ്തുത വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ ആയി സ്ഥിരപ്പെടുത്തി. അദ്ദേഹത്തിനെ ഏതു തീയതി മുതൽ സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നതിനെ സംബന്ധിച്ചു ഇതുവരെ അവസാനമായി തീരുമാനിക്കപ്പെട്ടിട്ടില്ല. [illegible] ഇടവം [illegible] വരെ അദ്ദേഹം ഈ വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ ആയിരുന്നു. ആ തീയതി അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

(ഡി) ഈ വിദ്യാലയത്തിൽ ഇപ്പോൾ ഒന്നാംഗ്രേഡ് അദ്ധ്യാപകനുണ്ട്. അദ്ദേഹത്തിന്റെ പേരു മി: പി. ജി. വിശ്വനാഥയ്യർ ബി. എ. എൽ. റ്റി. എന്നാണ്.

(ഇ) (i) ഹെഡ്മാസ്റ്ററെക്കൂടാതെ, ഈ വിദ്യാലയത്തിൽ മററു ഒന്നാംഗ്രേഡ് അദ്ധ്യാപകന്മാർ ഇതിനുമുമ്പു ഉണ്ടായിട്ടില്ല.

(ii) (ഇ) (i) ഭാഗം ചോദ്യത്തിനുള്ള മറുപടിയെ അപേക്ഷിച്ചു, ഈ ചോദ്യത്തിനു അവകാശം കാണുന്നില്ല.

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): പേർട്ടു (ഇ) ചേർത്തല ഇംഗ്ലീഷ്ഹൈസ്കൂളിൽ ഒന്നാംഗ്രേഡ് ടീച്ചർസിനെ ആരേയും നിയമിക്കാത്തതിന്റെ കാരണം എന്താണെന്നു പറയാമോ?

ഇപ്പോൾ ഇല്ലെന്നു പറയുന്നുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ഇപ്പോൾ ഉണ്ടെന്നാണല്ലോ പറഞ്ഞിരിക്കുന്നതു.

ഉത്തരത്തിന്റെ (ഡി) ഭാഗം ദയവുചെയ്തു വായിച്ചുനോക്കുക.

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിനുമുമ്പു ആരേയും നിയമിച്ചിട്ടില്ലെന്നു പറയുന്നതിന്റെ കാരണമെന്തു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് ചീഫ്സിക്രട്ടറി): ഡയറക്ടരോടു ചോദിച്ചേ പറയാൻ തരമുള്ളു.

മി. മുതുവേലിൽപാച്ചുപിള്ള (ചേർത്തല): ഈ സ്കൂൾ [illegible] ൽ അനുവദിച്ചു ഹയർഗ്രേഡാക്കിയശേഷം ഇതുവരെയും ഒന്നാംഗ്രേഡ് ടീച്ചർസിനെ നിയമിച്ചിട്ടില്ലാ എന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ് ചീഫ്സിക്രട്ടറി): അതെ.

വെട്ടൂർ ടി. ബി റോഡും തൊടുങ്ങമൺ(?) ടി. ബി റോഡും തമ്മിൽ യോജിപ്പിക്കുന്ന ഒരു റോഡുവെട്ടുക.

൧൦൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) വെട്ടൂർ ടി. ബി. റോഡും ചിറയിൻകീഴ്താലൂക്കിലുള്ള ഒന്നാമത്തെ പാലത്തിനു സമീപമുള്ളസ്ഥലത്തവസാനിക്കുന്ന തൊടുങ്ങമൺ(?) ടി. ബി. റോഡുമായി യോജിപ്പിക്കുന്നതിനു ഒരു ചെറിയ റോഡു വെട്ടുന്നതിനെ സംബന്ധിച്ചു ഏതെങ്കിലും തീർച്ചകൾ ചെയ്തിട്ടുണ്ടോ?

(ബി) ഏ ഭാഗം ചോദ്യത്തിന്റെ മറുപടി അനുകൂലമായതിലാണെങ്കിൽ, അതിനെസംബന്ധിച്ചു ഗവണ്മെന്റു എന്തു നടപടി നടത്തിയിട്ടുണ്ടെന്നുള്ളതും, എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നുവെന്നും പറയുമോ?

(സി) ഇന്ന ഈ നിവേദനം അനുസരിച്ചു പ്രവർത്തിക്കണമെന്നുള്ളപക്ഷം പുതുതായി വെട്ടപ്പെടേണ്ട റോഡിന്റെ നീളം എന്തായിരിക്കും?

(ഡി) തോട്ടിന്റെ കരയിൽകൂടി പ്രസ്തുത റോഡു വെട്ടുന്നതിനു പുറമ്പോക്കു ഭൂമി ലഭിക്കുന്നതാണെന്നുള്ള വിവരം ഗവണ്മെന്റിനു അറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ്സിക്രട്ടറി): (എ) വെട്ടൂർ ടി. ബി. റോഡിൽനിന്നും തൊടുങ്ങമൺ(?) ടി. ബി. റോഡിലേക്കു റോഡുവെട്ടുന്നതിനു നിവേദനം ചെയ്തിട്ടുണ്ട്.

(ബി) റോഡുവെട്ടുന്നതിനെസംബന്ധിച്ചു പ്രാരംഭമായ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) പുതിയ റോഡിന്റെ നീളം ഒരു മൈലും [illegible] ഫർലാങ്ങും(?) ആയിരിക്കും.

(ഡി) റോഡുവെട്ടുന്നതിനു പുറമ്പോക്കുഭൂമി ലഭിക്കുമെന്നുള്ളവിവരം ഗവണ്മെന്റിനറിയാം.

മോട്ടാർബസ്സുകളുടെ വേഗത്തിന്റെ പരിധി.

൧൦൯. മി. മുതുവേലിൽപാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ദയവുചെയ്തു ഗവണ്മെന്റു പറയുമോ?

(എ) സംസ്ഥാനത്തു യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്ന മോട്ടാർബസ്സുകളുടെ കാര്യത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള വേഗത്തിന്റെ ക്ലിപ്തം.

(ബി) ഈ വേഗത്തിന്റെ ക്ലിപ്തത്തിനെ സംബന്ധിച്ചു വ്യത്യാസമായ നിലയിൽ ഏതെങ്കിലും ബസ്സുകളു പ്രവർത്തിച്ചുവരുന്നുണ്ടോ?

(സി) അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ, ഏതെല്ലാം സ്ഥലങ്ങളിൽ അപ്രകാരം ചെയ്തുവരുന്നുണ്ടെന്നും ഓരോസ്ഥലത്തുംകൂടി ഓടിക്കുന്നതിനുള്ള വേഗത്തിന്റെ ക്ലിപ്തം എത്രയെന്നും പറയുമോ?

(ഡി) ഇപ്പോഠ (൨൦-൧൧-൧൧൦൮) ജനങ്ങഠ നിബിഡമായി വസിക്കുന്ന പട്ടണങ്ങളിലും പള്ളിക്കൂടങ്ങളുടെ സമീപമുള്ള സ്ഥലങ്ങളിലും വണ്ടി ഓടിക്കുന്നതിനു അനുവദിച്ചിട്ടുള്ള വേഗത്തിന്റെ ക്ലിപ്തം എന്തു?

(ഇ) വേഗത്തെ നിയന്ത്രിക്കുന്നതിനുള്ള മേൽപറഞ്ഞ വ്യവസ്ഥകഠപ്രകാരമാണൊ ഇപ്പോഠ മോട്ടാർഡ്രൈവറന്മാർ ബസ്സുകഠ ഓടിച്ചുവരുന്നതു?

(എഫ്) അപ്രകാരം ചെയ്യുന്നില്ലെങ്കിൽ, അതിനെ സംബന്ധിച്ച ഗൌരവമായ അന്വേഷണം നടത്തുമോ?

മി. ഡി. കെ. മാധവൻനായർ (ആ. ഗവമെണ്ട് സിക്രട്ടറി): (ഏ)യും (ബി)യും (സീ)യും (ഡി)യും ചോദ്യങ്ങഠ ൧൧൨൯ ഫെബ്രുവരി ൧൯-ാം തീയതിയിലെ ഗവമെണ്ട്ഗസററ് ൪-ാം ഭാഗത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൧൨൯ ഫെബ്രുവരി ൧൮-ാം തീയതിയിലെ ജുഡിഷ്യൽ ആർ. ഡിസ്സ് ൪൦൭/൨൯-ാം നമ്പർ പരസ്യം (ii) ൧൧൨൯ ജൂലൈ ൩-ാം തീയതിയിലെ ഗവമെണ്ട് ഗസററ് ൧-ാം ഭാഗത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൧൨൯ ജൂലൈ ൭-ാം തീയതിയിലെ ജുഡിഷ്യൽ ആർ. ഡിസ്സ് ൧൭൦൦-ാം നമ്പർ പരസ്യം, (iii) ൧൧൩൦ മേ ൨൦-ാം തീയതിയിലെ ഗവമെണ്ട്ഗസററ് ൧-ാം ഭാഗത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൧൩൦ മേ ൧൫-ാം തീയതിയിലെ ജുഡിഷ്യൽ ആർ. ഡിസ്സ്, ൧൧൭൯/൩൦-ാം നമ്പർ പരസ്യം; ഈ പരസ്യങ്ങളിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ഇ) മറുപടി അനുകൂലരൂപത്തിലാണ്.

(എഫ്) നിശ്ചയിക്കപ്പെട്ടിട്ടുള്ളതിൽ കൂടുതൽവേഗത്തിൽ ബസ്സുകളെ ഓടിക്കുന്നതു സംബന്ധിച്ച പോലീസുകാർ കണ്ടുപിടിച്ചിട്ടുള്ളതും ഗവമെണ്ടിൽ റിപ്പോർട്ടുചെയ്തിട്ടുള്ളതുമായ കേസുകളിൽ, അവയുടെ കാര്യത്തിൽ വേണ്ട നടപടികഠ നടത്തിവരുന്നു.

തിരുവനന്തപുരം ടൌൺ സർവീസ്.

൧൦൯. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെ പറയുന്ന ചോദ്യങ്ങഠക്കു ഗവമെണ്ട് ദയവുചെയ്തു മറുപടി നഠകുമോ?

(എ) തിരുവനന്തപുരം പട്ടണത്തിൽ തങ്ങളുടെ ബസ്സുമൂലം സർവീസുനടത്തുന്നതിനു അനുവാദം നൽകിയിട്ടുള്ള ബസ്സുകളുടെ ഉടമസ്ഥന്മാരായ കമ്പനികളുടേയും വ്യക്തികളുടേയും പേരുകളും എണ്ണവും ദയവുചെയ്തു പറയുമോ?

(ബി) യഥാക്രമം ഏതെല്ലാം റോഡുകളിൽകൂടി തങ്ങളുടെ ബസ്സുകഠ ഓടിച്ചുകൊണ്ടുപോകുന്നതിനു അവർക്കു അനുവാദം നഠകപ്പെട്ടിട്ടുണ്ടെന്നും, ഒരു ദിവസം എത്ര തവണ സർവീസുകഠ നടത്തുന്നതിനു അവക്കു അനുമതി നഠകിയിട്ടുണ്ടെന്നും പറയുമോ?

(സി) അനുവാദം നഠകപ്പെട്ടിട്ടുള്ള ആളുകഠ തിരഞ്ഞെടുത്തിട്ടുള്ള റോഡുകളിൽകൂടി സർവീസ് നടത്തുന്നതിനു മററതെങ്കിലും കമ്പനിയോ ആളോ അപേക്ഷിച്ചിട്ടുണ്ടോ?

(ഡി) അപ്രകാരമുള്ള റോഡുകളിൽകൂടി സർവീസുകഠ നടത്തിക്കൊള്ളുന്നതിനു അവക്ക് അനുവാദം നഠകപ്പെട്ടിട്ടുണ്ടോ.

(ഇ) അങ്ങനെ ചെയ്യുന്നതിനു അവക്ക് അനുവാദം കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു?

(എഫ്) ഇപ്പോഠ സർവീസുനടത്തുന്നതിനു അവകാശമുള്ള ഏതെങ്കിലുംകമ്പനിയൊ ആളൊ അപ്രകാരമുള്ള റോഡുകളിൽകൂടി കൂടുതൽതവണ സർവീസുകഠനടത്തുന്നതിനു അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ?

(ജി) ഏതെങ്കിലും കമ്പനിയോ ആളോ അപേക്ഷബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, അവരുടെ പേരുകളും അവർക്കു അനുമതി നഠകപ്പെട്ടിട്ടുണ്ടോ എന്നുള്ളതും പറയുമോ? അനുവാദംനഠകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു?

മി. ഡി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമെണ്ട് സെക്രട്ടറി): (എ) തിരുവനന്തപുരം പട്ടണത്തിൽ തങ്ങളുടെ മോട്ടാർബസ്സുകഠമൂലം സർവീസ് നടത്തിക്കൊള്ളുന്നതിനു തിരുവനന്തപുരം പുത്തൻചന്തയിലുള്ള പ്രിൻസ് മോട്ടാർ ട്രാംസർവീസ്, കമ്പനിക്കും നാഗർകോവിലിലുള്ളപയോനിയർ മോട്ടാർസർവീസിനും അനുവാദം നഠകപ്പെട്ടിട്ടുണ്ട്.

(ബി) വണ്ടികഠ ഓടിക്കുന്നതിനു നിർണ്ണയിച്ചിട്ടുള്ള മാർഗ്ഗങ്ങളുടെ ഒരു പട്ടിക * മേശമേൽ വച്ചിരിക്കുന്നു. രാവിലെ ൬ മണിമുതൽ രാത്രിയിൽ ൯.൩൦ മണിവരെ മോട്ടാർബസ്സുകഠ സർവീസുനടത്തിവരുന്നു.

(സി) അനുവാദം നഠകപ്പെട്ടിട്ടുള്ള റോഡുകളിൽകൂടി സർവീസുനടത്തുന്നതിനു മററാളുകഠ അപേക്ഷിച്ചിട്ടുണ്ട്.

(ഡി) ഈ റോഡുകളിൽകൂടി സർവീസുനടത്തുന്നതിനു അനുവാദം നഠകപ്പെട്ടിട്ടില്ല,

(ഇ) മുന്നുകൊല്ലകാലത്തേക്കു സാധുവായിരിക്കുന്ന ഒരു ഉടമ്പടിഅനുസരിച്ച പ്രിൻസ് മോട്ടാർ ട്രാം സർവീസുകമ്പനിക്കും പയനീയർ മോട്ടാർ സർവീസിനുംമാത്രമെ തിരുവനന്തപുരം പട്ടണത്തിൽ ബസ്സുമൂലം സർവീസ് നടത്തിക്കൊള്ളുന്നതിനു ഗവമെണ്ട് അനുമതിനഠകിയിട്ടുള്ള ഉടമ്പടിയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകഠ ഒന്നു താഴെപറയുന്നതാണ്. പട്ടണത്തിൽതന്നെ സർവീസ് നടത്തുന്നതിനു തങ്ങളുടെ 'ജി' പെർമിററുകഠപ്രകാരം അനുവാദം നഠകപ്പെടുന്ന മററു കമ്പനികളുടെ ബസ്സുകളെസംബന്ധിച്ചിടത്തോളം, പട്ടണത്തിന്റെ അതിർത്തികഠക്കുള്ളിലേക്കുവേണ്ടി അവരുടെ 'ജി' പെർമിററുകഠ, പുതുക്കികൊടുക്കപ്പെടുന്നതല്ല.

(എഫ്) സർവീസുനടത്തുന്നതിനു അനുവദിക്കപ്പെട്ടിട്ടുള്ള റോഡുകളിൽകൂടി കൂടുതൽതവണ സർവീസുനടത്തുന്നതിനു ഇപ്പോഠ സർവീസിനുള്ള അവകാശം സിദ്ധിച്ചിട്ടുള്ളവർ അപേക്ഷിച്ചിട്ടുണ്ട്.

(ജി) അപേക്ഷകന്റെ പേര് തിരുവനന്തപുരത്തു ചാലയിൽ കച്ചവടം ചെയ്യുന്ന മിസ്റ്റർ വി. പരമേശ്വരൻപിള്ള (ടി. വി. ആർ. ൨൦ നമ്പർ കാറിന്റെ ഉടമസ്ഥൻ) ആണ്. പട്ടണത്തിൽകൂടി തിരുവിതാംകൂർ വാഹനറഗുലേഷൻ നം. ൪൪൨ എന്ന മറെറാരു ബസ്സുകൊണ്ടു സർവീസ് നടത്തുന്നതിനു അനുവാദം സിദ്ധിക്കുന്നതിനു അയാൾ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷപ്രകാരം അയാൾക്കു അനുവാദം നൽകപ്പെട്ടിട്ടില്ലാ. അതിനുള്ള കാരണങ്ങൾ മുകളിൽ പറഞ്ഞിട്ടുള്ള (ഡി) ഭാഗം ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (ജി) ഭാഗം ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം, തന്റെ ബസ്സുകൊണ്ടു പട്ടണത്തിൽ സർവീസ് നടത്തിക്കൊള്ളുന്നതിനു അയാൾക്കു അനുവാദം നൽകാതിരുന്നതിനുള്ള കാരണം എന്തായിരുന്നു എന്നു എന്നോടു പറയുമോ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): അതിനുള്ള കാരണങ്ങൾ നൽകപ്പെട്ടിട്ടുള്ള മറുപടിയിൽതന്നെ പറഞ്ഞിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (ഡി) ഭാഗം ചോദ്യത്തിനുള്ള ഉത്തരത്തിൽ യാതൊരുകാരണവും അടങ്ങിയിരിക്കുന്നില്ലാ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): മറുപടിയുടെ ഒടുവിലത്തെ വാചകം ദയവുചെയ്തു വായിക്കുക ... ...; എന്നാൽ മേൽപറഞ്ഞ (ഡി) ഭാഗം ചോദ്യത്തിനുള്ള മറുപടിയിൽ അടങ്ങിയിരിക്കുന്ന കാരണങ്ങൾമൂലം അനുവാദം നൽകപ്പെട്ടിട്ടില്ലാ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (ബി) ഭാഗം ചോദ്യത്തിനുള്ള മറുപടിയിൽ "ഇല്ല" എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അവിടെ മററു യാതൊരു കാരണങ്ങളെപ്പററിയും പറഞ്ഞിട്ടില്ലാ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി). "ഇ" എന്നതിനുപകരം, തെററായി "ഡി" എന്നു അവിടെ ഇട്ടതാണ്. സർവീസ് നടത്തുന്നതിനു ഈ മാന്യൻ അപേക്ഷ ബോധിപ്പിച്ച അവസരത്തിൽ പട്ടണത്തിൽകൂടി ഇപ്പോൾ സർവീസുകൾ നടത്തിവരുന്ന രണ്ടു കമ്പനികളുമായി ഉടമ്പടികൾ ചെയ്തിട്ടുണ്ടായിരുന്നു. സർവീസ് നടത്തുന്നതിനുള്ള അനുവാദം യാതൊരു കമ്പനിക്കും നൽകാൻ പാടില്ലെന്നുള്ളതു ഉടമ്പടിയിൽ പറഞ്ഞിട്ടുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർവീസ് നടത്തുന്നതിനു അനുവാദം സിദ്ധിക്കുന്നതിനു, ഈ മാന്യൻ അപേക്ഷിച്ചതു ഏതവസരത്തിലാണ്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): തീയതി കൃത്യമായി ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല. പട്ടണത്തിൽ ഇപ്പോൾ സർവീസ് നടത്തുന്ന രണ്ടു കമ്പനികൾക്കും അതിനെ സംബന്ധിച്ചുള്ള കൺട്രാക്ട് കൊടുത്തതിനുശേഷംമാത്രമാണ് അപേക്ഷ അയച്ചിട്ടുള്ളതു്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർവീസ് നടത്തുന്നതിനു അപേക്ഷകനു അനുവാദം നൽകുന്നകാര്യത്തിൽ ഗവർമെന്റിനെസംബന്ധിച്ചിടത്തോളം, എന്തു തടസ്ഥമാണ് ഉണ്ടായിരുന്നതെന്നു പറയാമോ.

അദ്ധ്യക്ഷൻ: മിസ്റ്റർ കേശവപിള്ള, അതിനു മറുപടി നൽകിയിട്ടുണ്ട്. (ഇ) ഭാഗം ചോദ്യത്തിനുള്ള മറുപടി താഴെ പറയുംപ്രകാരമാണ്; ഈ രണ്ടു കമ്പനികളുംതമ്മിൽ ഉണ്ടായിട്ടുള്ള ഉടമ്പടികളിൽ ഉൾപ്പെട്ട വ്യവസ്ഥകളിൽ ഒന്നു സർവീസ് നടത്തുന്നതിനു മററു യാതൊരുകമ്പിനിക്കോ ആളിനോ ലൈസൻസ് നൽകപ്പെടുകയില്ല എന്നുള്ളതാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ഉടമ്പടിയിൽ ഉൾപ്പെടാത്ത മൂന്നാംകക്ഷികളെ അപ്രകാരമുള്ള ഒരു ഉടമ്പടി ബാധിക്കുമോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമെന്റു സെക്രട്ടറി): നിയമസംബന്ധമായ ഒരു ചോദ്യമാണതു്. ഈ വിഷയത്തിൽ നിയമജ്ഞന്മാരുടെ അഭിപ്രായം അറിയണം.

അദ്ധ്യക്ഷൻ: ലൈസൻസുകൾ നൽകപ്പെടുന്ന ഗവർമെന്റിനെയോ മുൻസിപ്പാലിററിയേയോ അതു നിയമമായും ബന്ധിക്കുന്നതാകുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്നാൽ എനിക്കുള്ള അവകാശത്തെ അതു നശിപ്പിച്ചുകളയുന്നു.

മെയിൻ സെൻട്രൽറോഡിൽകൂടിയുള്ള മോട്ടാർ ഗതാഗതം.

൨൦൭. മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിനൽകുന്നതിനു ഗവർമെന്റിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരത്തിനും കോട്ടയത്തിനും മദ്ധ്യേ മെയിൻ സെൻട്രൽറോഡിൽകൂടി സർവീസു ഓടിക്കൊണ്ടിരിക്കുന്ന മോട്ടാർബസ്സുകളുടെ എണ്ണം എത്ര?

(ബി) മെയിൻ സെൻട്രൽറോഡിൽ വാമനപുരം പാലത്തിൽകൂടി ഭാരംകയററാത്ത വണ്ടികൾമാത്രമേ ഓടിക്കാവു എന്നുള്ളതിനെസംബന്ധിച്ചു പ്രസ്തുതപാലം നിൽക്കുന്നസ്ഥലത്തു ഒരു നോട്ടീസു പതിച്ചിട്ടു ഇപ്പോൾ എത്രകൊല്ലമായിരിക്കും എന്നു പറയുമോ?

(സി) അപ്രകാരമുള്ള ഒരു നോട്ടീസുബോർഡു അവിടെ സ്ഥാപിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

(ഡി) പാലത്തിനു നേരിട്ടിട്ടുള്ള ഹാനിമൂലമാണു അപ്രകാരം നോട്ടീസുബോർഡു സ്ഥാപിച്ചിട്ടുള്ളതെങ്കിൽ പാലത്തിന്റെ അററകുററങ്ങൾ തീർക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ടോ?

(ഇ) പാലം നന്നാക്കുന്നതിനു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമെന്റു സെക്രട്ടറി): (എ) തിരുവനന്തപുരത്തിനും കോട്ടയത്തിനും മദ്ധ്യേ മെയിൻ സെൻട്രൽറോഡിൽകൂടി ൪൪ ബസ്സുകൾ ഓടുന്നുണ്ട്.

(ബി) നോട്ടീസു വാമനപുരംപൊചത്തിൽ സ്ഥാപിച്ചതിനുശേഷം ഇപ്പോൾ ഏകദേശം ഒരു കൊല്ലം ൧൦ മാസമായിരിക്കുന്നു. പാലത്തിനു വേണ്ടിടത്തോളം ബലമില്ലാത്തതുകൊണ്ടാണ് നോട്ടീസു പതിക്കുന്നതിന്ന് ഇടയായിട്ടുള്ളതു്.

(സി) പാലത്തിന്റെ അററകുററങ്ങൾ തീർക്കുന്നതിനെസംബന്ധിച്ചു വേണ്ട അന്വേഷണങ്ങൾ ചെയ്തിട്ടുണ്ടു്. പാലം പണിയിക്കുന്നതിനുള്ള ഒരു അടങ്കൽ ഇപ്പോൾ തയ്യാറാക്കിവരുന്നു.

(ഇ) മേൽപറഞ്ഞിട്ടുള്ള (ഡി) ഭാഗം ചോദ്യത്തിനു നൽകിയിട്ടുള്ള മറുപടിനോക്കുന്നപക്ഷം ഈ ചോദ്യത്തിനവകാശം ഉണ്ടാകുന്നില്ല.

ആലപ്പുഴയുള്ള മിഡ്‌വൈഫറിക്ലാസ്സ്.

൧൦൮. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): താഴെപറയുന്ന കാര്യങ്ങൾക്കു ഗവണ്മെന്റു ദയവുചെയ്തു മറുപടി പറയുമോ?

(എ) ആലപ്പുഴ ഇപ്പോൾ മിഡ്‌വൈഫറിക്ലാസു നടത്തിവരുന്നസ്ഥലം ഏതാണ്?

(ബി) പ്രസ്തുതക്ലാസിൽ ഹാജരാകുന്ന അദ്ധ്യേതാക്കളുടെ എണ്ണവും അവരുടെ വയസ്സും എത്ര?

(സി) അവർക്കു അദ്ധ്യാപനം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ളസമയം ഏതു്?

(ഡി) ഈ ക്ലാസ്സിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ആളിന്റെപേരു എന്തു?

(ഇ) പെൺകുട്ടികളെ അദ്ധ്യാപനംചെയ്യുന്ന ആളുകളുടെ പേരുകൾ എന്തു്?

മി. ടി. പി. രാമസുബ്ബർ (ആക്റ്റിംഗ് ഗവണ്മെൻറ് ചീഫ്‌സെക്രിട്ടറി): (എ) ഇപ്പോൾ ആലപ്പുഴയിൽ യാതൊരുമിഡ്‌വൈഫറിക്ലാസും നടത്തപ്പെടുന്നില്ല.

(ബി)-ം (സി)-യും (ഡി)-ം (ഇ)-ം (എ)-ഭാഗം ചോദ്യത്തിനുള്ള മറുപടിനോക്കുന്നപക്ഷം ഈ ചോദ്യത്തിനവകാശമില്ല.

ആലപ്പുഴ മെഡിക്കൽ ആഫീസർ മിസ്റ്റർ കെ. പി. രാമൻപിള്ള.

൧൦൯. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): താഴെപറയുന്ന കാര്യങ്ങൾ ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ എന്നുപറയുമോ?

(എ) ആലപ്പുഴയുള്ള മെഡിക്കൽ ആഫീസരായ മിസ്റ്റർ കെ. പി. രാമൻപിള്ളയെപ്പററി ജനങ്ങൾക്കു കഠിനമായ വെറുപ്പുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) അദ്ദേഹത്തിനെ അവിടെനിന്നു സ്ഥലംമാററുന്നതിനു ആലപ്പുഴെയുള്ള ആളുകൾ ആഗ്രഹിച്ചുവരുന്നുഎന്നുള്ളതു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രിട്ടറി): (എ) അദ്ദേഹത്തിനെക്കുറിച്ചു ഏതാണ്ടു ജനങ്ങൾക്കു വെറുപ്പുണ്ടായിട്ടുണ്ടെന്നു മെഡിക്കൽ ഡയറക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) മെഡിക്കൽ ആഫീസരെ അവിടെനിന്നു സ്ഥലംമാററേണ്ടതാവശ്യമാണെന്നു കാണിച്ചുകൊണ്ടു സാമാജികനും മററു ആറുപേരും ഒപ്പിട്ടിട്ടുള്ള ഒരു ഹർജി ൧൯൫൦ ജൂലൈ ൧൯-ന- ഗവണ്മെന്റിനു കിട്ടിട്ടുണ്ടു്. ആലപ്പുഴ അധിവസിക്കുന്ന ജനങ്ങൾ ഒപ്പിട്ടതായി തോന്നുന്നതും മേൽപറഞ്ഞ അപേക്ഷ തന്നെ അടങ്ങിയിട്ടുള്ളതുമായ മറെറാരു ഹർജി ൧൯൫൦ ജൂലൈ ൨൩-നു ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടു്.

ഈ സംസ്ഥാനത്തു ഭാഗ്യചിട്ടികൾനടത്തുന്നതിനെ വിരോധിക്കുക.

൧൧൦. മി. പി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഈ സംസ്ഥാനത്തു ഭാഗ്യച്ചിട്ടികൾ നടത്തുന്നതിനെ തടയുന്നതുസംബന്ധിച്ചു ഏതെങ്കിലും നിയമങ്ങളോ ഉത്തരവുകളോ നടപ്പിലിരിക്കുന്നുണ്ടോ എന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്‌സർക്കാർ വക്കീൽ): തിരുവിതാംകൂർ ചിട്ടിക്കാനൂനിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അഞ്ചുർ കായലിനും പെരുമാതുറതോട്ടിനും കുറുക്കെയായി പാലങ്ങൾ കെട്ടുക.

൧൧൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അഞ്ചുർകായലിലും (ദീപസ്തംഭത്തിനു സമീപത്തിനു) പെരുമാതുറതോട്ടിലും രണ്ടു പാലങ്ങൾ പണിയിക്കുന്നതിനെ സംബന്ധിച്ചു ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നും അപ്രകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ഈകാര്യത്തിൽ എന്തു നടപടിനടത്തിയിട്ടുണ്ടെന്നും ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രിട്ടറി): അഞ്ചുർകായലിലും പെരുമാതുറതോട്ടിലും രണ്ടു പാലങ്ങൾ പണിയിക്കുന്നതിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്. ഈ കാര്യം ഡിസ്ട്രിക്ട്റോഡു ബോർഡിലേക്കു അയച്ചുകൊടുക്കുന്നതാണ്.

അഞ്ചുർപകുതിയിൽ പാലങ്ങൾ പണിയിക്കുക.

൧൧൨. മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അഞ്ചുതിനു സമീപത്തിലും മാടൻവിളയുടെസമീപത്തിലും രണ്ടു പാലങ്ങൾ പണിയിക്കണമെന്നതിനെസംബന്ധിച്ചു അഞ്ചുർ പകുതിയിലുള്ള ജനങ്ങൾ അപേക്ഷിച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രിട്ടറി): മിസ്റ്റർ കെ. പി. നീലകണ്ഠപിള്ള ചോദിച്ചിട്ടുള്ള ൧൧൧-ാം നമ്പർ ചോദ്യത്തിനു നൽകിയിട്ടുള്ള മറുപടിയിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കെ. കെ. റോഡിൽ ൯-ാമത്തെ മൈൽ കുററിക്കു സമീപത്തിൽ ഒരു നാൺ

ഡിപ്പാർട്ടുമെന്റൽ അഞ്ചലാഫീസു ഏർപ്പെടുത്തുക.

൧൧൩. മി. ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിനൽകുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) കോട്ടയം താലൂക്കിൽ ഉൾപ്പെട്ട വിജയപുരം പകുതിയിലെ ഏതാനും കരകളിൽ അധിവസിക്കുന്ന ജനങ്ങൾ കൊല്ലം-കുമളി റോഡിൽ അഞ്ചാമത്തെ മൈൽക്കുററിക്കു സമീപത്തിൽ ഒരു നാൺ ഡിപ്പാർട്ടുമെൻറൽ അഞ്ചൽ ആഫീസ് ഏർപ്പെടുത്തുന്നതിനെസംബന്ധിച്ചു അഞ്ചൽസൂപ്രണ്ടിനു ഹർജി അയച്ചിട്ടുണ്ടോ?

(ബി) അപ്രകാരം അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഹർജിയെസംബന്ധിച്ചു അദ്ദേഹം എന്തു നടപടികൾ നടത്തി,

(സി) അഞ്ചൽസൂപ്രണ്ടു ഹർജിയിന്മേൽ എന്തു ഉത്തരവു പുറപ്പെടുവിച്ചു.

(ഡി) വിജയപുരം, കുഴിപുരയിടം, മാലം, മണർകാട്, അരീപ്പറമ്പു എന്നീ കരകളിൽ അധിവസിക്കുന്ന ജനങ്ങൾക്കു ഏതു അഞ്ചലാഫീസുവഴിയാണ് ഉരുപ്പടികൾ അയച്ചുകൊടുക്കുന്നത്?

(ഇ) മേൽപ്പടി ആഫീസിൽ ഉരുപ്പടികൾ മേൽവിലാസക്കാർക്കു കൊടുക്കുന്നതിനു എത്ര ശിപായികൾ ഉണ്ട്,

(എഫ്) മേൽപ്പടി ശിപായികൾ ജോലിചെയ്യേണ്ട പ്രദേശത്തിന്റെ വിസ്തീർണ്ണമെന്ത്?

(ജി) മേൽപ്പറയപ്പെട്ടിട്ടുള്ള കരകളിലേയ്ക്കു മുകളിൽപറഞ്ഞ ശിപായികൾ ആഴ്ചതോറും എത്ര തവണ പോകുന്നുണ്ട്?

(എച്ച്) ശിപായികൾ ഒരാഴ്ചയിൽ ഏതെല്ലാം ദിവസങ്ങളിൽ വിജയപുരം കരയിൽ ഉരുപ്പടികൾ കൊടുക്കുന്നതിനായി പോകും എന്നും മേൽപ്പറഞ്ഞ ആഫീസിൽനിന്നും ഈ കരയിലേക്കു പോകുന്നതിനുള്ള ദൂരം എത്ര ആണെന്നും പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെണ്ടു സിക്രട്ടറി):

(എ) വിജയപുരം പകുതിയിൽ ഉൾപ്പെട്ട ചില കരകളിലെ ആളുകൾ ഒരു നാൺ ഡിപ്പാർട്ടുമെൻറൽ അഞ്ചൽ ആഫീസ സ്ഥാപിക്കുന്നതിനു ഹർജി അയച്ചിട്ടുണ്ട്.

(ബി) എല്ലാ നാൺഡിപ്പാർട്ടുമെൻറൽ അഞ്ചൽ ആഫീസുകളെയും സംബന്ധിച്ചു ഗവർമ്മെൻറിനു നഷ്ടം നേരിടുന്നതിനെ തടയുന്നതിനു സാധാരണയായി ജാമ്യതുക കെട്ടിവയ്ക്കണമെന്നു ആവശ്യപ്പെടാറുണ്ടു. ഇതുപോലെ ജാമ്യത്തുക നിക്ഷേപിക്കുന്നതിനു പകുതിക്കാരോടു ആവശ്യപ്പെട്ടിട്ടുണ്ടു.

(സി) ആവശ്യപ്പെട്ടതുപോലെ ജാമ്യത്തുക കെട്ടിവെയ്ക്കുകയുണ്ടായില്ല. അതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ റിക്കാർഡുചെയ്യപ്പെട്ടു.

(ഡി) പാമ്പാടി അഞ്ചലാഫീസ്.

(ഇ) മേൽപ്പടി ആഫീസിൽ ഉരുപ്പടികൾ കൊടുക്കുന്ന ൨ ശിപായികൾ ഉണ്ടു.

(എഫ്) ശിപായികൾ ഉരുപ്പടികൾ കൊടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നുള്ളതു കൃത്യമായി പറയുന്നതിനു നിവൃത്തിയില്ല. ശിപായികൾ ആഫീസിൽനിന്നും ദിവസംപ്രതി ൩ മൈൽ മുതൽ ൬ മൈൽവരെ ഉള്ള ദൂരത്തിൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു.

(ജി) മൂന്നുദിവസത്തിലൊരിക്കൽ അഞ്ചൽശിപായികൾ മേൽപ്പറഞ്ഞ കരകളിൽ പോകുന്നുണ്ടു.

(എച്ച്) മൂന്നുദിവസത്തിലൊരിക്കൽ ശിപായികൾ വിജയപുരത്തേക്കു പോകുന്നുണ്ടു. അഞ്ചലാഫീസിൽനിന്നു വിജയപുരത്തേക്കുള്ള ദൂരം ൬ മൈൽ ആകുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): അപേക്ഷക്കാരിൽ ഒരാൾ ഞാനുമായിരുന്നു എന്നും ഇങ്ങനെ ജാമ്യംകെട്ടിവക്കണമെന്നു ആവശ്യപ്പെട്ടിട്ടില്ലാ എന്നും, അങ്ങനെ യാതൊരു എഴുത്തുകുത്തുകളും ഞങ്ങൾക്കു കിട്ടിയിട്ടില്ലാ എന്നും ഞാൻപറയുന്നതായാൽ ഗവർമ്മെൻറു അതിനെ വിശ്വസിക്കാൻ തയ്യാറാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സിക്രട്ടറി): മെമ്പർപറയുന്നതിനെ വിശ്വസിക്കുന്നതിൽ വിരോധമില്ലാ. ഹർജിക്കാർക്കു ഇണ്ടാസുകൊടുത്തതായിട്ടാണു റിപ്പോർട്ടിൽകാണുന്നതു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാനും എന്റെ അയൽപക്കക്കാരനുംകൂടി അയച്ച ഹർജിക്കു ഇണ്ടാസുകൊടുത്തിട്ടുണ്ടെങ്കിൽ ഞാനോ എന്റെ അയൽപക്കക്കാരനോ അറിയാതിരിക്കുമെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടോ?

അദ്ധ്യക്ഷൻ: മി. രാമൻപിള്ള, ഈ പറയുന്നതെല്ലാം സംശയഗ്രസ്തമാണു. ചോദ്യത്തിൽ നിങ്ങളുടെ പേരു ഉൾപ്പെടുന്നില്ലല്ലോ,

മി. ആർ. രാമൻപിള്ള (കോട്ടയം): ഉടനെ പണം കെട്ടിവയ്ക്കുന്നതായാൽ അനുവദിച്ചുകൊടുക്കാൻ വേണ്ട വ്യവസ്ഥ ഗവർമ്മെൻറുചെയ്യുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സിക്രട്ടറി): അതിലേക്കു തടസ്ഥമില്ലെന്നാണു റിപ്പോർട്ടുകൊണ്ടുകാണുന്നതു.

ഹിൽ സ്റ്റേഷനുകളിൽ ജോലിനോക്കിയിട്ടില്ലാത്ത മെഡിക്കലാഫീസർമാർ.

൧൧൪. മി. ഇട്ടപ്പ ഇട്ടിയച്ചൻ (കുന്നത്തുനാടു): ഹിൽസ്റ്റേഷനുകളിൽ ജോലിനോക്കിയിട്ടില്ലാത്ത മെഡിക്കൽ ആഫീസറന്മാരുടെ വർഗ്ഗം തിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സിക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള ഒരു പട്ടിക* മേശമേൽവച്ചിരിക്കുന്നു,

പറവൂർ അദ്ധ്യാപകനായ മി. കെ. എം. ജോസഫിനു അദ്ധ്യയനത്തിനുള്ള അവധി.

൧൧൫. മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെൻറു ദയവുചെയ്തു മറുപടിപറയുമോ?

(എ) പറവൂർ ഹൈസ്കൂളിൽ ഒരു അദ്ധ്യാപകനായിരുന്ന മി. കെ. എം. ജോസഫ് ബി. ഏ., എൽ. ററി. കു, ഗവർമ്മെൻറു ഉയർന്ന വിദ്യാഭ്യാസത്തിനായി വിദേശത്തുപോകുന്നതിനുള്ള അവധി അനുവദിച്ചിട്ടുണ്ടോ?

---

* അനുബന്ധം ൧൩— പുറം.

(ബി) അനുവദിക്കപ്പെട്ടിട്ടുള്ള അവധിയുടെ സ്വഭാവവും എത്രകാലത്തേക്ക അവധി അനുവദിച്ചിട്ടുണ്ടെന്നും പറയുക.

(സി) അപ്രകാരം നൽകപ്പെട്ട അവധിയിൽ അവകാശ അവധിയും ഉൾപ്പെടുന്നുണ്ടോ?

(ഡി) ഈ അവധി ലഭിക്കുന്നതിന അയാൾ അപേക്ഷിച്ച അവസരത്തിൽ അയാൾക്ക ഏതെങ്കിലും അവകാശ അവധി ലഭിക്കുന്നതിന അർഹതയുണ്ടായിരുന്നോ?

(ഇ) ഈ അസാധാരണ അവധി ലഭിക്കുന്നതിന അയാൾ അപേക്ഷിച്ച അവസരത്തിൽ അയാൾ എത്രകൊല്ലത്തെ സർവീസ പൂർത്തിയാക്കിയിരുന്നു?

(എഫ്) ജോലിയിലിരുന്ന ഈ കാലത്തു സർവീസ് റഗുലേഷൻ അനുസരിച്ച മി. ജോസഫിന ഏതെങ്കിലും അവകാശ അവധി ലഭിക്കുന്നതിന അർഹതയുണ്ടായിരുന്നോ?

(ജി) മി. ജോസഫിന ലഭിക്കുവാനുണ്ടായിരുന്ന അവകാശ അവധി അനുവദിക്കാതിരിക്കുന്നതിന ഗവർമ്മെന്റിനെ പ്രേരിപ്പിച്ചിട്ടുള്ള കാരണങ്ങൾ എന്തെല്ലാം?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ ഗവർമ്മെന്റ ചീഫ്സിക്രട്ടറി): (എ) യും (ബി) യും [illegible] കർക്കടകം [illegible] മുതൽ [illegible] മാസത്തേക്ക മി. കെ. എം. ജോസഫിന ഫർലോ അവധി അനുവദിച്ചിട്ടുണ്ട്. ഒരു പ്രത്യേകസംഗതി എന്ന നിലയിൽ അതിനെ തുടർന്ന [illegible] കൊല്ലം [illegible] മാസത്തെ സാധാരണ അവധിയും അനുവദിച്ചിട്ടുണ്ട്.

(സി)-യും (ഡി)യും ഇല്ല.

(ഇ) [illegible] കൊല്ലത്തെ സർവീസ പൂർത്തിയാക്കീട്ടുണ്ട്.

(എഫ്)-ഉം (ജി)-ഉം വെക്കേഷൻ ഉള്ള ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക അത്യാവശ്യ സംഗതികളിൽ മാത്രമേ അവകാശഅവധി ലഭിക്കുന്നതിനുള്ള യോഗ്യതയുള്ള. അവധിക്ക അയാളുടെ അപേക്ഷയിൽ പറഞ്ഞിരുന്ന കാരണം ഒരു അസാധാരണ ആവശ്യമായി ഗവർമ്മെന്റ ഗണിച്ചിട്ടില്ല.

യൂറോപ്യൻ യോഗ്യത സമ്പാദിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാർ.

[illegible] എൻ. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സംസ്ഥാനത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ള യൂറോപ്യൻ യോഗ്യതകൾ സമ്പാദിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്ക ചട്ടപ്രകാരം എന്തെല്ലാമാനുകൂല്യങ്ങളാണ നൽകിവരുന്നതെന്ന ഗവർമ്മെന്റ ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ ഗവർമ്മെന്റ ചീഫ്സിക്രട്ടറി): യൂറോപ്യൻ ഡിപ്ലോമകൾ സമ്പാദിച്ചിട്ടുള്ള അസിസ്റ്റന്റ സർജ്ജന്മാരെ, [illegible] -ാം നമ്പർ ഗവർമ്മെന്റ [illegible] അനുസരിച്ച്, സാധാരണ ശമ്പളക്കൂടുതൽ ലഭിക്കുന്നതിന ഡിപ്പാർട്ടുമെന്റവക ഉദ്യോഗക്കയറ്റത്തിനുള്ള പരീക്ഷ ജയിക്കുന്നതിൽ നിന്ന ഒഴിവാക്കിയിരിക്കുന്നു.

യൂറോപ്യൻ ഡിഗ്രികൾ സമ്പാദിച്ചിട്ടുള്ളവരെ രണ്ടാമത്തേയും നാലാമത്തേയും ശമ്പളക്കൂടുതൽ ലഭിക്കുന്നതിന ആവശ്യമുള്ള രണ്ട പരീക്ഷകളും പാസ്സാകുന്നതിൽനിന്ന ഒഴിവാക്കിയിരിക്കുന്നു. യൂറോപ്യൻ യോഗ്യതകൾ സമ്പാദിച്ചിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം മറ്റ യാതൊരു ആനുകൂല്യവും ചട്ടപ്രകാരം അനുവദിച്ചുകൊടുക്കുന്നില്ല.

[illegible] മുതൽ [illegible] വരെ നിയമിക്കപ്പെട്ടിട്ടുള്ള അസിസ്റ്റന്റ സർജ്ജന്മാർ

[illegible] മിസ്സസ് എലിസബേത്തു കുരുവിള (നിയമിക്കപ്പെട്ടമെമ്പർ):—

താഴെപ്പറയുന്ന ചോദ്യങ്ങൾക്ക ദയവുചെയ്തു മറുപടി പറയുമോ?

(എ) [illegible] മുതൽ [illegible] അവസാനിക്കുന്ന [illegible] കൊല്ലങ്ങളിൽ പകരം ജോലിനോക്കിയിരുന്നവർ ഉണ്ടായിരുന്ന അവസരത്തിൽ ഒരിക്കലും ആക്ട്ചെയ്തിട്ടില്ലാത്തവരും, എന്നാൽ സർവീസിൽ സ്ഥിരമായി നിയമിക്കപ്പെട്ടവരും ആയ അസിസ്റ്റന്റ സർജന്മാരുടെ എണ്ണം എത്ര?

(ബി) അപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർമ്മെന്റ ചീഫ്സിക്രട്ടറി):

(എ)-യും ബി-യും) അപ്രകാരമുള്ള ഒരു നിയമനം നടത്തിയിട്ടുണ്ട്. അതു ശ്രീപാദം കൊട്ടാരംവക ഡിസ്പെൻസറിയിലാണ നടത്തപ്പെട്ടിട്ടുള്ളത.

ജനറലാശുപത്രിയിലെ സെപ്റ്റിക്ക് ടാങ്ക.

[illegible] മി. എ. നാണുപിള്ള (തിരുവനന്തപുരം): [illegible] കർക്കടകത്തിലെ കൂടിയ നിയമസഭായോഗത്തിൽ ചോദിച്ചിട്ടുള്ള [illegible]-ാം നമ്പർ ചോദ്യത്തിന നൽകിയ മറുപടിയെ സംബന്ധിച്ചിടത്തോളം, (നിയമസഭാ നടപടികൾ വാല്യം [illegible] പുറം [illegible] നോക്കുക):

താഴെപ്പറയുന്ന വിവരങ്ങൾ ഗവർമ്മെന്റ ദയവുചെയ്തു പറയുമോ?

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഓടകളിൽക്കൂടി ഒഴുകിപ്പോകുന്ന വെള്ളം ഒഴുക്കിക്കളയുന്നതിൽ ഒരു സെപ്റ്റിക്ക് ടാങ്ക ഉണ്ടാക്കുന്നതിനെസംബന്ധിച്ച ഗവർമ്മെന്റ ചെയ്തിട്ടുള്ള പര്യാലോചനയുടെ ഫലം എന്ത?

(ബി) ഈ ടാങ്ക പണിചെയ്യുന്നതുവരെ നിർഗ്ഗമജലം വെളിയിലേക്ക ഒഴുക്കിക്കളയുന്നതിനെ സംബന്ധിച്ച പര്യാലോചിക്കാമെന്ന ഗവർമ്മെന്റ പറഞ്ഞിരുന്ന പദ്ധതിയെ ആസ്പദമാക്കി എന്തുപ്രവൃത്തി നിർവഹിച്ചിട്ടുണ്ട്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ ഗവർമ്മെന്റ ചീഫ്സിക്രട്ടറി):

(എ) ജനറൽ ആശുപത്രിയിൽ വിജയകരമായവിധത്തിൽ ഒരു സെപ്റ്റിക്ക് ടാങ്ക ഉണ്ടായിരിക്കണമെന്നുണ്ടെങ്കിൽ ജലനിർഗ്ഗമനത്തിന കുഴലുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തെപ്പറ്റി വീണ്ടും അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. ചീഫ് എൻജിനീയർ ഈ കാര്യത്തിൽ റിപ്പോർട്ടുചെയ്തിരിക്കുന്നതു ഇപ്രകാരമാണ.

(ബി) ജനറൽ ആശുപത്രിയിൽ ഉള്ള നിർദ്ദേശിക്കപ്പെട്ട സ്ഥലം ദിവാൻ സന്ദർശിച്ചിട്ടുണ്ട്. അതിന്റെ ഫലമായി കുന്നുകുഴി റോഡിലുള്ള കലിങ്കിൽനിന്നു പോകുന്നതും അപ്രധാനവുമായ പുരയിടങ്ങളിൽ കൂടി ഉള്ളതും ആയ ആശുപത്രിയിൽനിന്നു ജലം പുറത്തുകളയുന്ന ഓടയുടെ ഭൂമിയോടു ചേർന്നഭാഗം കല്ലു കെട്ടി മൂടുന്നതിനും വേണ്ടതുള്ള ഓടകളാക്കി വ്യത്യാസപ്പെടുത്തുന്നതിനു വേണ്ട ജലം ഒഴുക്കിക്കൊണ്ടുപോകുവാനും ഓടയുടെ അവസാനസ്ഥലത്തിനു സമീപത്തിൽ ആശുപത്രി വളപ്പിൽ ഒരു കിണറു കുഴിക്കുന്നതിനും വേണ്ട ഉത്തരവുകൾ ഗവൺമെന്റ് അയച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പണികൾ ഉടനെ ആരംഭിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): (ബി) ഭാഗം ചോദ്യത്തിനു നൽകീട്ടുള്ള ഉത്തരത്തിനെ സംബന്ധിച്ചിടത്തോളം) ആശുപത്രിയിൽനിന്നു നിർഗ്ഗമിക്കുന്ന ജലത്തെ കുന്നുകുഴി റോഡിലുള്ള കലിങ്കിൽ കൂടിയും കൂടെ ചില പുരയിടങ്ങളിൽ കൂടിയും വെളിയിലേക്കു വിടുന്നതിനുള്ള ഓടയുടെ ഭൂമിയോടു ചേർന്നുള്ള ഭാഗം കല്ലുകെട്ടി മൂടുകയും, വേണ്ടതുള്ള ഓടകൾ വ്യത്യാസപ്പെടുത്തുന്നതിനു വേണ്ടവയും ജലം ഒഴിക്കുന്നതിനും ഓടയുടെ അവസാനസ്ഥലത്തിനു സമീപത്തിൽ ആശുപത്രി വളപ്പിൽ ഒരു കിണറു കുഴിക്കയും ചെയ്യുന്നതിനു ഗവൺമെന്റ് ഇപ്പോൾ ഉത്തരവുകൾ അയച്ചിട്ടുണ്ട്; ഈ പണികൾ ഉടൻ ആരംഭിക്കുന്നതാണെന്നു ഖണ്ഡിതമായി പറഞ്ഞിട്ടുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുന്നു; എന്നാൽ കിണറ്റിലേക്കു ഒഴിഞ്ഞുപോകുന്ന ജലം എവിടെ അവസാനമായി ചെന്നു ചേരുമെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സിക്രട്ടറി): അതു എനിക്കു അറിയാൻപാടില്ല. ഈ ചോദ്യത്തിനു എനിക്കു മുന്നറിവു നൽകേണ്ടതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഓടകൾമൂലം ഉണ്ടാകുന്ന ഉപദ്രവത്തെ പരിഹരിക്കുന്നതിനു എന്തെങ്കിലും പ്രവൃത്തിചെയ്തിട്ടുണ്ടോ? എനിക്കറിയേണ്ടസംഗതി ഇതാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സിക്രട്ടറി): മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ ഉത്തരവുകൾ അയച്ചിട്ടുണ്ട്. ചീഫ് എൻജിനീയരുടെ പക്കൽനിന്നു അടങ്കലുകൾ വരുന്നതും അതിനു അനുവാദം കൊടുക്കുന്നതും ആകുന്നു. അതിന്റെശേഷം പണി വേഗത്തിൽ ആരംഭിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): (ബി) ഭാഗത്തിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ പരാതിക്കാസ്പദമായ ഉപദ്രവത്തെ പരിഹരിക്കുന്നതിനു എന്തെങ്കിലും പ്രവൃത്തിചെയ്തിട്ടുണ്ടോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഓടയുടെ ചിലഭാഗം കല്ലുകെട്ടിമൂടുന്നതിനു ഉത്തരവുകൾ അയച്ചിട്ടുണ്ടെന്നുള്ളതു ഈ ചോദ്യംമൂലം ഞാൻ മനസ്സിലാക്കുന്നു. അതുമാത്രം ചെയ്യുന്നതായാൽ ജനങ്ങളുടെ പരാതിക്കാസ്പദമായ ഈ ഉപദ്രവത്തെ ഇല്ലാതാക്കുന്നതിനു സാധിക്കുമെന്നു ഗവൺമെന്റിന്റെ അഭിപ്രായത്തിൽ തോന്നുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സിക്രട്ടറി): അതിനെ ശരിയായി പരിഹരിക്കണമെന്നുണ്ടെങ്കിൽ ഒരു സെപ്ടിക് ടാങ്ക് ......

മി. എ. താണുപിള്ള (തിരുവനന്തപുരം): വെള്ളം ഒഴുകിപ്പോകുന്നതിനുള്ള മാർഗ്ഗത്തെ ശരിപ്പെടുത്തുന്ന പക്ഷം തൽക്കാലത്തേക്കെങ്കിലും പരാതിക്കാസ്പദമായ ഉപദ്രവത്തെ പരിഹരിക്കാൻ കഴിയുന്നതാണോ? സമീപത്തിൽ സ്ഥിതിചെയ്യുന്ന ഗൃഹങ്ങളെ സംബന്ധിച്ചിടത്തോളം, ജലനിർഗ്ഗമനം ഉപദ്രവകരമായി തീർന്നിരിക്കുന്നു. ജനങ്ങൾ ചെയ്തിട്ടുള്ള പരാതി ഇതാണ്. ഈ ഉപദ്രവത്തെ പരിഹരിക്കുന്നതിനു എന്തെങ്കിലും പ്രവൃത്തിചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സിക്രട്ടറി): ഇപ്പോൾ ഓട കുടിവെക്കപ്പുരയിടങ്ങളിൽക്കൂടി പോകുന്നു. കുടിവെക്കപ്പുരയിടങ്ങളിൽക്കൂടി ജലം ഒഴുകുന്നതിനു ശരിയായ ഒരു ഓടകെട്ടുന്നതിനു ഉത്തരവുകൾ അയച്ചിട്ടുണ്ട്. കല്ലുകെട്ടിയ ഓട ഉപദ്രവത്തെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഓട ഇടവഴിയിൽക്കൂടിയും പോകുന്നുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സിക്രട്ടറി): നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പണി ഈ ഉപദ്രവത്തിനെ കുറെ എങ്കിലും പരിഹരിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഓടയുടെ കുറച്ചുഭാഗംമാത്രമേ കുടിവെക്കപ്പുരയിടങ്ങളിൽക്കൂടി പോകുന്നുള്ളു.

ചുററും വീടുകൾ ഉള്ള ഒരു തുറന്ന സ്ഥലത്തേക്കു ഓടകളിൽക്കൂടി വെള്ളം ചെന്നുചേരുന്നു. ജനങ്ങൾ ചെയ്തിട്ടുള്ള പരാതി ഇതാണ്.

അദ്ധ്യക്ഷൻ: ജനങ്ങൾ ചെയ്തിട്ടുള്ള പ്രധാനപരാതി നിർഗ്ഗമനജലം അവസാനമായി ചെന്നുചേരുന്ന സ്ഥലത്തിനെ സംബന്ധിച്ചുള്ളതല്ല. ഓടപോകുന്ന പുരയിടങ്ങളുടെ ഉടമസ്ഥന്മാരാണ് ഈ പരാതിചെയ്തിട്ടുള്ളതു, ഈ ഓടമൂലമുണ്ടാകുന്ന ഉപദ്രവം ഒന്നാണെന്നും, അതു തുറന്നുകിടക്കുന്നു എന്നും, ഓടയുടെ അവസാനഭാഗത്തിലേക്കു വെള്ളം യഥാർത്ഥത്തിൽ ഒഴിഞ്ഞുപോകുന്നില്ലെന്നും ആണു അവർ പരാതി ബോധിപ്പിച്ചിട്ടുള്ളതു; വെള്ളം അവസാനമായി ചെന്നുചേരുന്ന സ്ഥലത്തെപ്പററി അവർ പരാതിപ്പെട്ടിട്ടില്ല. ഞാൻ പറഞ്ഞപ്രകാരം സമീപമുള്ള നിലങ്ങളുടെ ഉടമസ്ഥന്മാരാണു പരാതി പ്രധാനമായി ചെയ്തിട്ടുള്ളതു. അവരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അനുവദിച്ചിട്ടുള്ള പണി ഗുണകരമായിരിക്കുന്നതാണ്. ഓടകളിൽക്കൂടി നിർഗ്ഗമിക്കുന്ന ജലം വീടുകൾ സ്ഥിതിചെയ്യുന്നില്ലാത്ത ഒരു തുറന്ന സ്ഥലത്തേക്കു അവസാനമായി ചെന്നുചേരുന്നു എന്നാണു എന്റെ അറിവു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഓടപോകുന്ന ഭൂമികളെസംബന്ധിച്ചു മാത്രമല്ലാ പരാതിയുണ്ടായിട്ടുള്ളതു, എന്നാൽ ഓട അവസാനിക്കുന്ന സ്ഥലത്തെസംബന്ധിച്ചും ജനങ്ങൾ പരാതിപ്പെട്ടിട്ടുണ്ട്.

അദ്ധ്യക്ഷൻ: ഓടപോകുന്ന പുരയിടങ്ങളുടെ ഉടമസ്ഥന്മാരാണ് മുഖ്യമായി പരാതിപ്പെട്ടിട്ടുള്ളതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞങ്ങളുടെ പ്രധാന പരാതി അതാണെന്നു ഞങ്ങൾ പറഞ്ഞിട്ടില്ല. ഒടുവിലത്തെ വെള്ളം ചുററും വീടുകൾ ഉള്ള ഒരു തുറന്ന സ്ഥലത്തു അവസാനമായി ചെന്നുചേരുന്നു. യഥാർത്ഥത്തിൽ ഞങ്ങളുടെ പ്രധാനപരാതി ഇതാണ്, ദിവാൻ ചുററുമുള്ള സ്ഥലം പരിശോധിച്ചിട്ടുണ്ടെന്നു മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഓട അവസാനിക്കുന്ന സ്ഥലം ദിവാൻ പരിശോധിച്ചിട്ടുണ്ടോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: ഞങ്ങൾ അയച്ച പരാതി എന്റെ പക്കൽ ഉണ്ടായിരുന്നു. ഓടയുടെ ഇരുവശത്തിലുമുള്ള വീടുകളെ സംബന്ധിച്ചാണ് പരാതികൾ ഉണ്ടായിട്ടുള്ളത്. ഓട അവസാനിക്കുന്ന സ്ഥലത്തെസംബന്ധിച്ച പരാതി ഉണ്ടായിട്ടില്ല. ഇപ്രകാരമാണ് ഞാൻ കണ്ടറിഞ്ഞിട്ടുള്ളത്. ഓടയുടെ ഇരുവശത്തുമുള്ള വീടുകളെ സംബന്ധിച്ചിടത്തോളം, എല്ലാ പണികൾ നടത്തുന്നതിനു അനുവാദം നൽകപ്പെട്ടിട്ടുണ്ട്, അവ നടത്തുന്നപക്ഷം മുമ്പുള്ള ഉപദ്രവം ഇല്ലാതാകുന്നതാണ്. ഓട അവസാനിക്കുന്ന സ്ഥലത്തു ചെന്നുചേരുന്ന മലിനജലംമൂലം ഉപദ്രവമാകുന്നു എന്നു നിങ്ങൾ പറയുന്നു. ആ സ്ഥിതിക്കു അതിനെപ്പറ്റി പര്യാലോചിക്കുന്നതായിരിക്കും.

പി. എ. താണുപിള്ള (തിരുവനന്തപുരം): ഓട അവസാനിക്കുന്ന സ്ഥലം ദിവാൻ സന്ദർശിച്ചിട്ടില്ലെന്നാണോ ഞാൻ വിചാരിക്കേണ്ടത്?

അദ്ധ്യക്ഷൻ: ആ സ്ഥലം ഞാൻ പരിശോധിച്ചില്ല. ഇന്ന ഒരു സ്ഥലത്തു ഓട അവസാനിക്കുന്നുണ്ടെന്നുള്ള അറിവാണ് എനിക്കു ലഭിച്ചത്.

അനുബന്ധം ൧൦.

മുൻപു ചോദിച്ചിട്ടുള്ള ൯൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൮ ഇടവം ആരംഭംമുതൽ മിഥുനം അവസാനംവരെ ദിവാൻപേഷ്കാരന്മാർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ പട്ടിക.

ഡിവിഷനുകൾ	൧ ഹിന്തുക്കൾ											൨ മഹമ്മദീയർ	പ്രോട്ടസ്റ്റന്റുകാർ	൩ ക്രിസ്ത്യാനികൾ				ഇംഗ്ലീഷ് പള്ളിക്കാർ	റിമാർക്ക്
														റോമൻകത്തോലിക്കർ		സുറിയാനികൾ			
	ബ്രാഹ്മണർ (മലയാളി)	ബ്രാഹ്മണർ (മറ്റുള്ളവർ)	നാടാന്മാർ	ഈഴവർ	കമ്മാളർ	ക്ഷത്രിയർ	നായന്മാർ	പുലയർ	മററു അധഃകൃതവർഗ്ഗങ്ങൾ	വെള്ളാളർ	മററു ഹിന്തുക്കൾ			ലത്തീൻ റീത്തുകാർ	സുറിയാനി റീത്തുകാർ	യാക്കോബായക്കാർ	മാർത്തോമാക്കാർ		
തിരുവനന്തപുരം																			
ക്ലാർക്കന്മാർ				൧ +									൧ +						സ്ഥിരം
പകർപ്പെഴുത്തുകാർ			൧ +									൧ +	൧ +						പകരം
കൊല്ലം																			
ക്ലാർക്കന്മാർ		൧		൧			൧				൧						൧		എല്ലാവരും പകരക്കാരാകുന്നു
പകർപ്പുഗുമസ്തന്മാർ																			
കോട്ടയം																			
ക്ലാർക്കന്മാർ							൧								൨		൧		ഒരാൾ പകരക്കാരനാണ്
പകർപ്പു ഗുമസ്തന്മാർ				൧															ആക്ടിംഗ്

അനുബന്ധം ൧൧. (എ)

മുൻപു ചോദിച്ചിട്ടുള്ള ൧൦൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൩൦-ലെ ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷയുടെ പരീക്ഷകന്മാരുടെ എണ്ണത്തെ കാണിക്കുന്ന പട്ടിക.

ക്രമ നമ്പർ	വിഷയം	ചീഫ് എക്സാമിനർമാർ	അസിസ്റ്റന്റ് എക്സാമിനർമാർ
		എണ്ണം	
൧	ഇംഗ്ലീഷ് ഒന്നാമത്തെ പേപ്പർ	൧	൧൧
൨	ഷി രണ്ടാമത്തെ പേപ്പർ	൧	൧൧
൩	ഷി ഗദ്യരചന	൧	...
൪	മലയാളവും ഗദ്യരചനയും തർജ്ജമയും	൧	൯
൫	മലയാളം ഒന്നാമത്തെ പേപ്പർ	൧	൧൦
൬	ഷി രണ്ടാമത്തെ പേപ്പർ	൧	൧൦
൭	എലിമെന്ററി നേച്ചർസ്റ്റഡി	൧	൧൪
൮	ഫിസിക്സ്	൧	൫
൯	കെമിസ്ട്രി	൧	൭
൧൦	ബോട്ടണി	൧	൨
൧൧	മാത്തമാറ്റിക്സ് ഐച്ഛികം	൧	൨
൧൨	ഗ്രേറ്റ്ബ്രിട്ടനിലെയും ഐർലണ്ടിലെയും ചരിത്രം }		
൧൩	ഇൻഡ്യാചരിത്രം	൧	൨
൧൪	സംസ്കൃതം }		
൧൫	മലയാളം	൧	൧
൧൬	തമിഴ് ഗദ്യരചനയും തർജ്ജമയും		
൧൭	തമിഴ് ഐച്ഛികം	൧	...
൧൮	ഡ്രായിങ്	൧	...
൧൯	അറബിക്	൧	...
൨൦	ഗൃഹശാസ്ത്രം	൧	...
൨൧	ഭൂമിശാസ്ത്രവും പടംവരയ്ക്കലും	൧	...
൨൨	വ്യാപാരസംബന്ധമായ വിഷയങ്ങൾ	൧	...
	ആകെ	൧൮	൮൪

അനുബന്ധം ൧൧. (ബി)

മുൻപു ചോദിച്ചിട്ടുള്ള ൧൦൦-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൯൩൦-ാമാണ്ടിലെ വർണാക്കുലർ സ്കൂൾലീവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷയുടെ പരീക്ഷകന്മാരുടെ എണ്ണത്തെ കാണിക്കുന്ന പട്ടിക.

ക്രമനമ്പർ	വിഷയം	ചീഫ് എക്സാമിനർമാർ	അസിസ്റ്റന്റ് എക്സാമിനർമാർ
		എണ്ണം	
൧	മലയാളം പാഠപുസ്തകങ്ങൾ	൧	൧൨
൨	ടി വ്യാകരണം	൧	൧൨
൩	തമിഴ് പാഠപുസ്തകങ്ങൾ	൧	...
൪	ടി വ്യാകരണം	൧	...
൫	കണക്കും മെൻസുറേഷനും	൧	൧൧
൬	ചരിത്രം	൧	൧൧
൭	ഭൂമിശാസ്ത്രം	൧	൧൧
൮	ഡ്രായിംഗ്	൧	൧൦
൯	ഇംഗ്ലീഷ് ഒന്നാമത്തെ പേപ്പർ	൧	൧൦
൧൦	ടി രണ്ടാമത്തെ പേപ്പർ	൧	...
൧൧	കൃഷി	൧	൭
൧൨	തയ്യൽ	൧	൧
൧൩	ഗൃഹഭരണം	൧	൩
൧൪	സംസ്കൃതം	൧	...
൧൫	അറബിക്ക്	൧	...
	ആകെ	൧൫	൮൮

അനുബന്ധം ൧൨.

മുൻപു ചോദിച്ചിട്ടുള്ള ൧൦൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

തിരുവനന്തപുരംപട്ടണത്തിൽ സർവീസനടത്തുന്ന ബസ്സുകൾക്ക നിശ്ചയിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അനുവദിച്ചിട്ടുള്ള പട്ടിക.

കിഴക്കേഭാഗം.

(൧) കിഴക്കെകോട്ടവാതുക്കൽനിന്നും എൽ. എം. എസ്സ്. പള്ളിമുക്കിലേക്കും, അവിടെനിന്ന ശാസ്തമംഗലത്തേക്കും, അവിടെനിന്ന മടങ്ങിയുംപോകുക.

(൨) കിഴക്കെകോട്ടവാതുക്കൽനിന്നും ചാലവഴി കരമനയ്ക്കും അവിടെനിന്ന മടങ്ങിയുംപോകുക.

(൩) ചാലയിൽ ആര്യശാലമുക്കിൽനിന്ന ചെന്തിട്ടമുക്കിലേക്കും, സ്ത്രീകൾക്കുള്ള ആശുപത്രിവഴി റെസിഡൻസി തെക്കേഗേററിൽവച്ചു പടിഞ്ഞാട്ടുതിരിഞ്ഞു റെസിഡൻസി തെക്കുപടിഞ്ഞാറേ ഗേററിനുസമീപംവെച്ചു വടക്കോട്ടു ശാസ്താംകോവിൽമുക്കിലേക്കു തിരിഞ്ഞു, അവിടെനിന്നും താമ്പാമുക്കിലേക്കും, അവിടെനിന്നും സ്ത്രീകൾക്കുള്ള കാളേജിന്റെ മുക്ക്, ആൽത്തറ, വെള്ളയമ്പലം ഈ സ്ഥലങ്ങളിൽകൂടി ഷാ എൽ അഫ് റോഡ്സ് മുക്കുകടന്നു കവിടിയാർകൊട്ടാരംവരെ പോകുക.

(൪) വിദ്യാഭ്യാസഡയറക്ടർ ആഫീസിന്റെ സമീപത്തുള്ള മുക്കിൽനിന്ന മേട്ടുവിലാസംറോഡിൽകൂടി ആൽത്തറജംക്ഷൻ കടന്നു സന്ധ്യബംഗ്ലാവിനു സമീപത്തുള്ള മുക്കിൽചെല്ലുകയും. അവിടെനിന്നും വെസ്റ്റ്റോഡിൽകൂടി പേട്ടുമുക്കിലേക്കും, ഗ്യാസ്സ്പ്ലാൻക് മുക്കിൽ തെക്കോട്ടുതിരിഞ്ഞു സ്റ്റാച്യൂർറോഡുവഴി കിഴക്കെകോട്ടവാതുക്കലേക്കും, അവിടെനിന്ന മടങ്ങിയുംപോകുക.

പടിഞ്ഞാറെഭാഗം.

(൫) കിഴക്കെകോട്ടവാതുക്കൽനിന്നും എൽ. എം. എസ്. പള്ളിമുക്കിലേക്കും, അവിടെനിന്ന പേട്ടയ്ക്കും, പിന്നീട മടങ്ങിയുംപോകുക.

(൬) പാളയത്തിലുള്ള മുഹമ്മദീയപള്ളിയുടെ വടക്കുഭാഗത്തുനിന്നും പട്ടാളം കമാൻഡരുടെ ബംഗ്ലാവിന്റെ മുൻവശത്തുള്ള റോഡിലും, സയിൻസ്സുകാളേജിന്റെ പിൻഭാഗത്തുള്ള റോഡിലുംകൂടി ജനറൽ ആശുപത്രിമുക്കിലേക്കും, അവിടെനിന്നും പാററക്കുന്നിലേക്കു നേരെയും, അവിടെനിന്ന പേട്ടവഴി തീവണ്ടിസ്റ്റേഷനിലേക്കും, കടപ്പുറത്തേക്കും, അവിടെനിന്നും സയിൻസ്സുകാളേജിൻ വടക്കുവശവും, വിക്ടോറിയാ ജൂബിലിടൌൺഹാളിന്റെ മുൻവശവും ഉള്ള റോഡിൽകൂടിമടങ്ങി മെയിൻറോഡിലേക്കും പോകുക.

(൭) ബെല്ലിന്റെ മുക്കിൽനിന്നും സയിൻസ്സുകാളേജിന്റെ തെക്കെറോഡിൽകൂടി ജനറൽ ആശുപത്രിയിലേക്കു തിരിഞ്ഞു കാൺവെൻറുറോഡുവഴി വഞ്ചിയൂരും, കൈതമുക്കുംകടന്ന് അമ്മൻകോവിൽ ഇരിക്കുന്ന സ്ഥലത്തുവെച്ചു കോട്ടയ്ക്കകത്തുള്ള ആശുപത്രിഗേററിലേക്കു തിരിഞ്ഞു അവിടെനിന്നും പത്മവിലാസംവഴി പഴവങ്ങാടി കോട്ടവാതിലിലേക്കും, അവിടെനിന്നു കിഴക്കെകോട്ടവാതിലിലേക്കും, അവിടെനിന്ന മടങ്ങിയും പോകുക.

(൮) പടിഞ്ഞാറെകോട്ടവാതുക്കൽനിന്നും പാൽക്കുളങ്ങര റോഡുവഴി കാഞ്ഞിരവിളാകംമുക്കിലേക്കും അവിടെനിന്നും ചാക്കറോഡിലേക്കും, ശംഖുമുഖം കടപ്പുറത്തേക്കും, ബീച്ചുറോഡുവഴി വള്ളക്കടവിലേക്കും, വലിയതുറയിലേക്കും, പടിഞ്ഞാറെകോട്ടവാതിലിലേക്കും, അവിടെനിന്ന മടങ്ങിയുംപോകുക.

അനുബന്ധം ൧൩.

മുൻചോദിച്ചിട്ടുള്ള ൧൪൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടി.

ഹിൽസ്റ്റേഷനുകളിൽ ജോലിനോക്കിയിട്ടില്ലാത്ത മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ

വർഗ്ഗംതിരിച്ചുള്ള പട്ടിക.

അസിസ്റ്റൻറ സർജ്ജന്മാർ.

നായന്മാർ	൪
ഈഴവർ	൭
പ്രോട്ടസ്റ്റൻറ ക്രിസ്ത്യാനികൾ	൧
റോമൻകത്തോലിക്കർ	...
ലത്തീൻ റെററ്	൧
മാർത്തോമാ	൨
സബ്അസിസ്റ്റൻറ സർജ്ജന്മാർ.	
ബ്രാഹ്മണർ (തമിഴ്)	൩
നായന്മാർ	൫
മററു ഹിന്ദുക്കൾ	൩
പ്രോട്ടസ്റ്റൻറ ക്രിസ്ത്യാനികൾ	൪
ലത്തീൻറൈറപ്രകാരമുള്ള റോമൻകത്തോലിക്കർ	൨
യാക്കോബായിററ സിറിയൻ	൧
മാർത്തോമാ	൧

മി. വി. ജെ. ഉമ്മൻ (കല്ലൂപ്പാറയും വ്യവസായവും വടക്ക്): സർ, അതിഗൌരവമായ ഒരുസംഗതി പ്രസിഡൻറിന്റെ ദൃഷ്ടിയിൽ എനിക്ക കൊണ്ടുവരുവാനുണ്ട്. അതിലേക്ക കുറെസമയം അനുവദിച്ചുതരണമെന്ന ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഇതിനെസംബന്ധിച്ച നിങ്ങൾ മുൻകൂട്ടി എനിക്ക അറിവുതന്നിട്ടില്ല. ആ സ്ഥിതിക്ക പുതുതായി ഒരു കാര്യത്തെപ്പററി പ്രസ്താവിക്കുന്നതിന നിങ്ങളെ എനിക്ക അനുവദിക്കാൻപാടില്ല.

കൊല്ലം-ആലപ്പുഴറോഡിൽ ഏർപ്പെടുത്തിയിട്ടുള്ള ചുങ്കങ്ങളെസംബന്ധിച്ച സങ്കട
പരിഹാരം നിർത്തിവയ്ക്കുന്നതിന് ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തിന്മേൽ
ദിവാൻചെയ്തിട്ടുള്ള തീരുമാനം.

അദ്ധ്യക്ഷൻ: ആലപ്പുഴയ്ക്കും കൊല്ലത്തിനും മദ്ധ്യേ ഓടുന്ന ബസ്സുകളുടെ ഉടമസ്ഥന്മാർക്കുള്ള സങ്കടങ്ങളെ സംബന്ധിച്ചു സങ്കടപരിഹാരം നിർത്തിവയ്ക്കണമെന്നുകാണിച്ചു നിയമസഭയുടെ കഴിഞ്ഞസമ്മേളനത്തിൽ മിസ്റ്റർ എ. എസ്. ദാമോദരനാശാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചു. ഈ ഉപക്ഷേപം ഹാജരാക്കിയ അവസരത്തിൽ ചെയ്തിട്ടുള്ള പ്രസ്താവനയനുസരിച്ച് ഈ വിഷയത്തെപ്പറ്റി എന്നോടൊന്നിച്ച് ആലോചിക്കുന്നതിന് ഞാൻ ഈ സഭയിലെ ഏതാനും സാമാജികന്മാരോടു അതായത് ചേർത്തല, ആലപ്പുഴ, മാവേലിക്കര, കരുനാഗപ്പള്ളി, കൊല്ലം ഈ സ്ഥലങ്ങളിലെ പ്രതിനിധികളോടും ആവശ്യപ്പെടുകയുണ്ടായിഎന്നുള്ളതു സഭയുടെ അറിവിനായി ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു. ശനിയാഴ്ച വൈകിട്ട ഞങ്ങൾ ഒരുമിച്ചു യോഗംകൂടുകയും ഈവിഷയത്തെപ്പററി ആലോചനനടത്തുകയും ചെയ്തു. കൊല്ലം, ആലപ്പുഴ എന്നീ മുൻസിപ്പാലിററികൾ ദിവസം ഒന്നിന് ഓരോ ബസ്സിനും രണ്ടുരൂപാവീതം ചുങ്കംചുമത്തിയിട്ടുണ്ടെന്നുള്ളതു അറിയുകയുണ്ടായി. ചുങ്കത്തിന്റെ ഈ തുക നാമമാത്രമായ ഒന്നാകുന്നു. എന്തുകൊണ്ടെന്നാൽ ദിവസം ഒന്നിനു രണ്ടുരൂപാ ചുങ്കം കൊടുക്കണമെന്നുള്ള ഈ ബാദ്ധ്യത, ഒരുകൊല്ലത്തിൽ അറുപതുരൂപ അടച്ചോ അല്ലെങ്കിൽ പകുതികൊല്ലത്തേക്ക് മുപ്പതുരൂപ അടച്ചോ മേലെപ്പെടുത്താവുന്നതാകുന്നു. അപ്രകാരം കണക്കുകൂട്ടുന്നപക്ഷം ദിവസമൊന്നിനു മൂന്നു അണയിൽ കുറയാതുള്ള മാത്രമേ ഈ ഇനത്തിൽ കൊടുക്കേണ്ടിവരികയുള്ളു. അതിനാൽ നഗരസമാതിത്തികൾക്കുള്ള ചുങ്കങ്ങൾ കുറയ്ക്കുന്നപക്ഷം അതുമൂലം സാരമായ യാതൊരുസഹായവും ഉണ്ടാകുന്നതല്ലെന്നുള്ളതു അപ്പോൾ മനസ്സിലാകുകയുണ്ടായി. ഇപ്പോൾ നീണ്ടകരയും, നല്ലൂർകുളങ്ങരയും ചുമത്തപ്പെട്ടിട്ടുള്ള ചുങ്കങ്ങളുടെ സംഖ്യ രണ്ടുരൂപയാണ്. ഈ ചുങ്കത്തിന്റെ നിരക്കിൽനിന്നു കുറഞ്ഞപക്ഷം അരരൂപഎങ്കിലും കുറയ്ക്കാവുന്നതാണെന്നു അപ്പോൾ നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്നതിനു ഗവൺമെൻറ് ആലോചിച്ചുവരികയാണ്.

എക്സൈസ് ഡിമാൻഡിനെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ സഭ ഇപ്പോൾ
തുടർന്നു നടത്തുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇപ്പോൾ ചെയ്തിട്ടുള്ള പ്രസ്താവനയെ സംബന്ധിച്ചിടത്തോളം അതു..........

അദ്ധ്യക്ഷൻ: ഈ പ്രസ്താവനയെസംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനു ഞാൻ അനുവദിക്കുന്നതല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രസ്താവനയെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ ഞങ്ങൾ ആവശ്യപ്പെടുന്ന എല്ലാകാര്യങ്ങൾക്കും ഉള്ള പരിഹാരം ഈ പ്രസ്താവനകൊണ്ടു ഉണ്ടാകുന്നില്ല. അതിനാൽ അതിനെപ്പററി വിശദപ്പെടുത്തേണ്ടതുണ്ട്.

അദ്ധ്യക്ഷൻ: അതിൻപ്രകാരം ചെയ്യുന്നതിനുള്ള അവസരം ഇതല്ല. അതിനുള്ള മാർഗ്ഗവും ഇപ്രകാരം അല്ല; പ്രസ്താവനയെപ്പററി ഇവിടെ വാദപ്രതിവാദം നടത്താൻ പാടില്ലെന്നു ഞാൻ തീരുമാനിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അപ്രകാരം ഗവൺമെൻറ സ്വീകരിക്കുന്ന കൗശലങ്ങളെ സംബന്ധിച്ചു എതിരഭിപ്രായം പുറപ്പെടുവിക്കുന്നതിനു ഞങ്ങൾക്കു അവകാശമുണ്ട്.

മി. ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, നിയമാനുസൃതമായ നടപടിക്കു വിരുദ്ധമായ നിലയാണു മെമ്പർ സ്വീകരിച്ചിരിക്കുന്നതു്.

അദ്ധ്യക്ഷൻ: മി. നീലകണ്ഠപ്പിള്ളേ, ഈ വിഷയത്തെപ്പററി സംസാരിക്കാൻ പാടില്ലെന്നു നിങ്ങളോടു പറഞ്ഞിട്ടുണ്ട്. പ്രസ്താവനയെപ്പററി ഇവിടെ വാദപ്രതിവാദം നടത്താൻ പാടില്ലെന്നു ഞാൻ നിങ്ങളെ ധരിപ്പിച്ചിട്ടുണ്ട്. നിങ്ങൾ അദ്ധ്യക്ഷനെ അനുസരിക്കുകയല്ലാ ചെയ്യുന്നതു്. നിങ്ങളുടെ സ്ഥാനം നിങ്ങൾ ദയവുചെയ്തു സ്വീകരിക്കുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ എനിക്കു സഭയിൽനിന്നു പുറത്തുപോകാവുന്നതാണല്ലോ.

(അതിനെത്തുടർന്നു മെസ്സേഴ്സ് കെ. പി. നീലകണ്ഠപ്പിള്ള, എൻ. കെ. കൃഷ്ണപിള്ള, എ. താണുപിള്ള, എ. എസ്. ദാമോദരനാശാൻ, എൽ. ആർ. രാജരാജയർമ്മകോയിത്തമ്പുരാൻ, മുതുവേലിൽ പാച്ചുപിള്ള, എച്ച് ബി. മഹമ്മദറാവുത്തർ, ആർ. കേശവപിള്ള എന്നിവർ ഹാളുവിട്ടു പുറത്തിറങ്ങിപ്പോയി.)

ഗ്രാന്റിനുള്ള ഡിമാൻഡുകൾ—(തുടർച്ച).
ഡിമാൻഡു ന—എക്സൈസ് ഡിപ്പാർട്ടുമെൻറ്—(തുടർച്ച).
൯-ാംനമ്പർ ഉപക്ഷേപം—(തുടർച്ച).

മി. എസ്. ചിറവിളപ്പുത്തൻവീട്ടിൽ കുമാരൻപിള്ള (കച്ചവടവും വ്യവസായവും വക): വ്യാജമായി മദ്യംവാററുന്നതിനെ തടയുന്നതിനു എക്സൈസ് ഡിപ്പാർട്ടുമെൻറ ഇപ്പോൾ സ്വീകരിച്ചുവരുന്ന നയത്തിനെ സംബന്ധിച്ചു ചെറുതായ സംഗതികൾ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സർ, വ്യാജമായി ചാരായം ഉണ്ടാക്കി വില്ക്കുന്നതിനെ തടയുന്നതിനായിട്ടാണ അബ്കാരിറെഗുലേഷൻ നിയമമാക്കിയിട്ടുള്ളതു്. ഇതു നമുക്കു എല്ലാപേർക്കും അറിയാവുന്ന സംഗതിയാണ്. മുതലെടുപ്പു ഉണ്ടാകുന്നതിനായിട്ടല്ലാ അപ്രകാരം ചെയ്തിട്ടുള്ളതു്. സർ, കാര്യത്തിന്റെ സ്ഥിതി അപ്രകാരമായിരിക്കെ വ്യാജവില്പനയെ തടയുന്നതിനു ഏതെല്ലാം മാർഗ്ഗങ്ങളിൽകൂടിയാണു അദ്ദേഹം പ്രവർത്തിച്ചുവരുന്നതു എന്നുള്ളതു ഇപ്പോൾ ഞാൻ എക്സൈസ്കമ്മീഷണരോടു ചോദിച്ചുകൊള്ളുന്നു. ജോലിയിലിരുന്ന അദ്ദേഹത്തിന്റെ മുൻഗാമികളുടെ റെണ്ടുറിപ്പോർട്ടുകളിൽനിന്നു കുററങ്ങൾ കണ്ടുപിടിക്കുന്നതിൽ മേലിടുന്ന കുറവു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിയിലുള്ള ശുഷ്കാന്തിക്കുറവിനെ പ്രതിഫലിപ്പിക്കുന്നതായി അവർ പരിഗണിച്ചിരുന്നു എന്നു കാണാവുന്നതാണ്. കഴിഞ്ഞ പലകൊല്ലങ്ങളിലേയും റിപ്പോർട്ടുകളെ സംബന്ധിച്ചു ഗവൺമെൻറ ചെയ്തിട്ടുള്ള റിവ്യൂകളിൽനിന്നു ഈ അഭിപ്രായംതന്നെ ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടെന്നു കാണുന്നതാണ്. ഈ കാരണത്തിന്മേൽ ഗവൺമെൻറ ഉദ്യോഗസ്ഥന്മാരെ താക്കീതുചെയ്യുകയോ, കുററപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. സർ, മൂന്നു റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി എന്റെ പ്രസ്താവനയെ ഞാൻ ബലപ്പെടുത്താം. ൧൦൯൯-ലെ ഡിപ്പാർട്ടുമെൻറവക റിപ്പോർട്ടിന്റെ റിവ്യൂവിൽ ഗവൺമെൻറ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"കുറ്റംകണ്ടുപിടിക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറിൻെറ ജോലി വളരെ വർദ്ധിച്ചിട്ടുണ്ടെന്നുകാണുന്നതു ഗവന്മെൻറിനു സന്തോഷകരംതന്നെ. കണ്ടുപിടിക്കപ്പെട്ട കേസുകളുടെ സംഖ്യ ൧൭൩൩-ൽനിന്നു ൧൯൮൦ ആയി വർദ്ധിച്ചിട്ടുണ്ട്. ശിക്ഷനടപ്പെട്ടിട്ടുള്ള കേസുകളുടെ സംഖ്യയും ൧൨൯൦-ൽനിന്നു ൧൩൦൭ ആയി വർദ്ധിച്ചു. ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകളുടെ ശതമാനം ൬൪/൧൩-ൽനിന്നു ൬൩/൧൭ ആയി വർദ്ധിച്ചു. പ്രത്യേകിച്ചും അബ്കാരിറഗുലേഷൻപ്രകാരമുള്ള കേസുകൾ ൧൨൨൮-ൽനിന്നു ൧൩൪൨ ആയി വർദ്ധിച്ചു."

എക്സൈസ് കമ്മീഷണറായി ഉദ്യോഗകയററം ലഭിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്ന ഏററവും സീനിയർ ആയ അസിസ്റ്റൻറുകമ്മീഷണരെപ്പററി തൻെറ റിപ്പോർട്ടിൽ എക്സൈസ്കമ്മീഷണർ ൧൧൦൦-ൽ പറഞ്ഞിട്ടുള്ളതിപ്രകാരമാണ്. തന്നാണ്ടിൽ ഏതെങ്കിലും കുററം കണ്ടുപിടിക്കാതിരുന്നിട്ടുള്ളതിനു അദ്ദേഹത്തിനെ കുററപ്പെടുത്തിയിട്ടുണ്ട്.

"റിപ്പോർട്ടിനു ആസ്പദമായ തന്നാണ്ടിൽ അസിസ്റ്റൻറ എക്സൈസ് കമ്മീഷണർ മി. ടി. വി. രാമകൃഷ്ണയ്യർ ബി. എ. മാത്രം യാതൊരുകേസും കണ്ടുപിടിച്ചിട്ടില്ല. വളരെ പ്രാധാന്യമുള്ള ഈ കൃത്യത്തിൽ അദ്ദേഹം കാണിച്ചിട്ടുള്ള ഉപേക്ഷ അദ്ദേഹത്തിൻെറ ഡിവിഷനിൽ കണ്ടുപിടിക്കപ്പെടേണ്ട കുററങ്ങളുടെ സംഖ്യയിലുള്ള കുറവിനെ വെളിപ്പെടുത്തുന്നുണ്ട്. അദ്ദേഹം കൂടുതൽ ശുഷ്കാന്തിയോടുകൂടി ജോലിചെയ്തിരുന്നു എങ്കിൽ അദ്ദേഹത്തിൻെറ കീഴിലുള്ള കുറഞ്ഞ ഉദ്യോഗസ്ഥന്മാർ ഈവിഷയത്തിൽ ഇപ്പോഴുള്ളതിൽ കൂടുതൽജോലി നിർവഹിക്കുമായിരുന്നു."

തങ്ങളുടെ റിവ്യൂവിൽ ഗവന്മെൻറ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"നാട്ടുമദ്യത്തിൻെറ വ്യാജവില്പന കുറയ്ക്കുന്നതിൽ ഡിപ്പാർട്ടുമെൻറ ശ്രദ്ധയോടുകൂടി ശ്രമിച്ചിട്ടുണ്ടെന്നുള്ളതു ഗവന്മെൻറിനു സംതൃപ്തിക്കു കാരണമാക്കുന്നുണ്ട്. തന്നാണ്ടിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള കേസുകളുടെസംഖ്യ വർദ്ധിച്ചിട്ടുള്ളതിൽനിന്നു മേല്പറഞ്ഞ സംഗതി വെളിവാകുന്നുണ്ട്. കൊല്ലംഡിവിഷനിൽ കേസുകൾ കണ്ടുപിടിക്കുന്നകാര്യത്തിൽ യാതൊരു അഭിവൃദ്ധിയുമുണ്ടായിട്ടില്ല. ഈ ഡിവിഷനിലുള്ള അസിസ്റ്റൻറ എക്സൈസ്കമ്മീഷണരുടെ ശ്രദ്ധ ഈകാര്യത്തിൽ ക്ഷണിക്കേണ്ടതും ഭാവികാലത്തു കൂടുതലായി ജോലിചെയ്യുന്നതിനു അദ്ദേഹത്തിനോടാവശ്യപ്പെടേണ്ടതും ആകുന്നു."

൧൧൦൧-ാമാണ്ടു എക്സൈസ് കമ്മീഷണർ റിപ്പോർട്ടുചെയ്തിട്ടുള്ളതു ഇപ്രകാരമാണ്.

"൧൧൦൦-ാമാണ്ടിനോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം കുററങ്ങൾ കണ്ടുപിടിക്കുന്നവിഷയത്തിൽ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ(?), ദേവികുളം എന്നീ ഡിവിഷനുകളിൽ കൂടുതൽ ജോലി നിർവഹിച്ചിട്ടുള്ളതായി കാണുന്നുണ്ട്. മററുള്ള എല്ലാഡിവിഷനുകളിലും കണ്ടുപിടിക്കപ്പെട്ടിട്ടുള്ള കുററങ്ങളുടെ സംഖ്യയിൽ കുറവുണ്ടായി. ഇതു ശോചനീയംതന്നെ. കുററങ്ങൾചെയ്യുന്നതിനെ തടയുന്നതിനുള്ള ഉദ്യോഗസ്ഥൻ നിർവഹിക്കേണ്ട ഏററവും പ്രധാനമായ കൃത്യമാണ ഇത്. ൧൧൦൨-ാമാണ്ടു ഈവിഷയത്തിൽ കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുമെന്നു ആശിക്കുന്നു."

ഇതിനെസംബന്ധിച്ചു ഗവന്മെൻറ പറഞ്ഞിട്ടുള്ളതു ഇപ്രകാരമാണ്.

"അബ്കാരിസംബന്ധമായ കുററങ്ങളെ അമർച്ചവരുത്തുന്നതിൽ വേണ്ടിടത്തോളം ശുഷ്കാന്തിയോടുകൂടി കുററങ്ങൾചെയ്യുന്നതിനെ തടയുന്നതിനു നിയമിക്കപ്പെട്ട സിൽബന്തികൾ പൊതുവെ പ്രവർത്തിച്ചിട്ടില്ലെന്നു എക്സൈസ് കമ്മീഷണർ വിചാരിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു ഗവന്മെൻറ യോജിക്കുന്നു. വ്യാജമായ പ്രവൃത്തികളെ കണ്ടുപിടിക്കുകയും, അവയെ അമർച്ചവരുത്തുകയും ചെയ്യുന്നകാര്യത്തിൽ കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കേണ്ടതാവശ്യമാണ്. ഈവിഷയത്തിലേക്കു എക്സൈസ് കമ്മീഷണരുടെയും അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു."

സർ, ഇപ്പോഴത്തെ എക്സൈസ്കമ്മീഷണർ ൧൧൦൩-ൽ ആണു ഈ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജുവഹിച്ചതു. ൧൧൦൪-ാമാണ്ടത്തെ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ എക്സൈസ് കമ്മീഷണർ ഇപ്രകാരം പറയുന്നു. ൧൧൦൩-ാമാണ്ടിനോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, ദേവികുളം ഈ ഡിവിഷനുകൾ ഒഴിച്ചുള്ള മറെറല്ലാ ഡിവിഷനുകളിൽ തന്നാണ്ടിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള കേസുകളുടെ സംഖ്യയിൽ കുറവുണ്ടായി. ചില പ്രധാന ഡിവിഷനുകളിൽ ഈ കുറവു സാധാരണമായി ഉണ്ടാകുന്ന ഒന്നാണെന്നു കാണുന്നു. ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ കുററങ്ങൾചെയ്യുന്നതിനെ തടയുന്നവിഷയത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ നേരിട്ടുള്ള ഫലമാണിതു. അവർ അപ്രകാരം ചെയ്തിട്ടുള്ളമൂലം ദുഷ്പ്രവൃത്തികൾ ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ വളരെ കുറഞ്ഞിട്ടുണ്ട്."

കണ്ടുപിടിക്കപ്പെടുന്ന കുററങ്ങളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നു എന്നുള്ളതു ൧൧൦൩-ാമാണ്ടിലെയും ൧൧൦൪-ാമാണ്ടിലെയുംറിപ്പോർട്ടുകളിൽനിന്നു കാണുന്നു. സർ, ഇതിലുംകൂടുതൽ അത്ഭുതമായിത്തോന്നുന്ന ഒരു സംഗതി എക്സൈസ്കമ്മീഷണർ ഈകാര്യത്തിൽ നൽകിയിട്ടുള്ള വിശേഷമായ സമാധാനമാണ്. ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ കുററങ്ങളെ ചെയ്യുന്നതിനെ തടയുന്നകാര്യത്തിൽ കൂടുതലായി പ്രവർത്തിച്ചിട്ടുള്ളതിൻെറ ഫലമായിട്ടാണു കുററങ്ങളുടെ സംഖ്യയിൽ കുറവുണ്ടായതു എന്നു എക്സൈസ് കമ്മീഷണർ പറയുന്നു. സർ, ഒരു അവസരത്തിൽ പാർലമെൻറുമെമ്പരായ ഒരാൾ ഒരു പ്രസ്താവനചെയ്യുകയുണ്ടായി. അതിനെപ്പററി സമയമുള്ളതിനു ഇപ്പോഴത്തെ പ്രതിപാദ്യവിഷയം കാരണമാക്കുന്നുണ്ട്. അതു താഴെപറയുന്നതാണ്. "സമയത്തെ പൂർണമായി ഗണിക്കുകയും എൻെറ അധീനത്തിലുണ്ടായിരുന്ന സമയംമുഴുവൻ ഇപ്പോൾ എനിക്കു ലഭിക്കുകയും ചെയ്യുന്നപക്ഷം ഞാൻ ഈ അവസരത്തിൽ ഒരു കോടീശ്വരനാകുമായിരുന്നു." ഈ ഡിപ്പാർട്ടുമെൻറു ഏർപ്പെടുത്തിയിട്ടുള്ളതിൻെറയും റഗുലേഷൻ പാസ്സാക്കിയിട്ടുള്ളതിൻെറയും പ്രധാന ഉദ്ദേശം എക്സൈസ് കുററങ്ങളെ തടയണമെന്നുള്ളതാണ്. ഇതു എനിക്കറിയാം. ഈ ഡിപ്പാർട്ടുമെൻറിൻെറ കാര്യത്തിൽ ഗവന്മെൻറു ഇടപെടുകയും ഭാവികാലത്തെങ്കിലും കുററങ്ങൾചെയ്യുന്നതിനെ നിരോധിക്കുന്ന ജോലി ശരിയായി നടത്തുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സർ, അല്ലാത്തപക്ഷം ഏററവും കുറഞ്ഞ ആദായം ലഭിക്കുകയും ഏററവും കൂടിയതോതിൽ ദ്രവ്യം ഉപയോഗിക്കുകയും ചെയ്ത എന്നുള്ളതു ഗവന്മെൻറിൻെറ തലവൻ അനുഭവിച്ചു ജോലിപ്പെട്ടുപോകുന്നതാണ്. ഇക്കാര്യത്തിൽ എനിക്കു ഈ ഭയമുണ്ട്. സർ, ഈവിഷയത്തിൽ ഡിപ്പാർട്ടുമെൻറ

പ്രവർത്തിക്കേണ്ട ജോലി വളരെ പ്രാധാന്യമുള്ള ഒന്നാണ്. ഈ കാര്യത്തിൽ ഗവണ്മെന്റു കൂടുതൽ ശ്രദ്ധയോടുകൂടി പ്രവർത്തിക്കും എന്നു വിശ്വസിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി രണ്ടുവാക്കു പറയണമെന്നു ഞാനും വിചാരിക്കുന്നു. മുൻകാലങ്ങളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റു നയം കാലക്രമേണ പ്രൊഹിബിഷനിലേക്കു പോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കണമെന്നായിരുന്നു. എന്നാൽ മുൻകാലത്തു ആരെങ്കിലും മദ്യവർജ്ജനത്തിനായി പ്രവർത്തിക്കുന്നതായാൽ എക്സൈസ്കാർതന്നെ കുലവെട്ടി മുറിച്ചുകളഞ്ഞു ആ സ്ഥലത്തുള്ള മാന്യന്മാർ വെട്ടിച്ചതായി അവരുടെമേൽ കേസെടുക്കുകയും പോലീസുകാരുടെ സഹായത്താൽ അവരെ പലവിധത്തിൽ ഉപദ്രവിക്കയും ചെയ്തുവന്നിരുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, ഏതു സംഭവത്തെക്കുറിച്ചാണു ഇവിടെ സൂചിപ്പിക്കുന്നതു എന്നു മി. രാമൻപിള്ളയോടു ചോദിച്ചുകൊള്ളട്ടെയോ?

മി. ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം നിയോജകമണ്ഡലത്തിൽ അകലക്കുന്നം പകുതിയിൽ ഇളംകുളം എന്ന സ്ഥലത്തു ഇങ്ങനെ നടന്നിട്ടുണ്ട്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എക്സൈസ്കാർ കുലവെട്ടിച്ചോ?

മി. ആർ. രാമൻപിള്ള (കോട്ടയം): കുലവെട്ടിച്ച സ്ഥലത്തുള്ള മാന്യന്മാരുടെമേൽ കേസ് എടുക്കുകയും കൂടി ചെയ്തിട്ടുണ്ട്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): എപ്പോഴാണു?

മി. ആർ. രാമൻപിള്ള (കോട്ടയം): മൂന്നുവർഷത്തിനു മുമ്പു "മുൻകാലത്തു" എന്നു ഞാൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): പോലീസുകാരെസംബന്ധിച്ചു പ്രത്യേകമായ ഏതെങ്കിലും ഉദാഹരണം മെമ്പർ പറയുമോ?

അദ്ധ്യക്ഷൻ. അതിനെപ്പറ്റി അദ്ദേഹം യാതൊന്നും പറഞ്ഞില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): കുടിക്കടഷാപ്പു നടത്തുന്നതിനു സ്ഥലത്തെ ജന്മിമാർ സ്ഥലം കൊടുക്കുകയില്ലാ എന്നുപറഞ്ഞാൽ ഗവണ്മെന്റു പുറമ്പോക്കിൽ ഷാപ്പു കെട്ടിക്കയും രണ്ടുനാലു ദിവസം കഴിയുമ്പോൾ ആ കോൺട്രാക്ടർമാർതന്നെ ഷാപ്പു പൊളിച്ചു കളയിക്കയും ചെയ്തശേഷം സമീപത്തുള്ള യോഗ്യന്മാർ ഇതു പൊളിച്ചുകളഞ്ഞതായി അവരുടെമേൽ കേസ് ഉണ്ടാക്കും. ഈ വിധത്തിൽ മദ്യവർജ്ജനത്തിനായിട്ടു പ്രവർത്തിക്കുന്ന ആളുകളെ എക്സൈസ് ഡിപ്പാർട്ടുമെന്റ് ആവശ്യത്തിലധികം (യാതൊരു കാര്യവുമില്ലാതെയാണ് ഉപദ്രവിച്ചതെന്ന് എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർതന്നെ പറഞ്ഞിട്ടുണ്ട്) പലപ്രകാരത്തിലും ഉപദ്രവിച്ചുവന്നിരുന്നു. അതിനുപുറമേ മേലാൽ മദ്യവർജ്ജനപ്രവർത്തകന്മാർക്കു ഉപദ്രവം വരാതിരിക്കത്തക്കവണ്ണം ഗവണ്മെന്റു എന്തെങ്കിലും പ്രവർത്തിക്കേണ്ടതു അത്യാവശ്യമാകുന്നു. ന്യായമായ നീതിയായും ന്യായമായും ഉള്ള വിധത്തിൽ മദ്യവർജ്ജനപ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നവർക്കു ഗവണ്മെന്റും എക്സൈസ് ഡിപ്പാർട്ടുമെന്റും എന്നുവേണ്ട പോലീസ് ഡിപ്പാർട്ടുമെന്റുപോലും വേണ്ട സഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതു അവരുടെ ചുമതലയാണ് എന്നാണ് എന്റെ അഭിപ്രായം. ഗവണ്മെന്റു അപ്രകാരംതന്നെ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. ഒരു പതിനഞ്ചു മാസക്കാലമായി എന്റെ നിയോജകമണ്ഡലത്തിൽ മിക്കവാറും വ്യാജമദ്യവിക്രയം നടക്കാതിരിക്കത്തക്കവണ്ണം എക്സൈസ് കമ്മീഷണരും അദ്ദേഹത്തിന്റെ സിൽബന്തികളും വേണ്ടതെല്ലാം ചെയ്തിട്ടുള്ളതായി കാണുന്നതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എന്നാൽ മദ്യം ഉണ്ടാക്കുന്നതിന്റെയും വാറ്റുന്നതിന്റെയും തുക ഒട്ടും കുറഞ്ഞിട്ടില്ല. അതു കുറക്കുന്നതിനുകൂടി വേണ്ട പ്രവൃത്തികൾ ചെയ്യണമെന്നാണ് എനിക്കു അദ്ദേഹത്തിനോടു പറയാനുള്ളതു.

എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഇപ്പോഴത്തെ നയം ഷാപ്പുകൾ കുറയ്ക്കുകയെന്നുള്ളതാണ്. ഈ ഷാപ്പുകൾ കുറച്ചതുകൊണ്ടു ഒരുപ്രയോജനവും വരാനില്ല. ഷാപ്പുകുറച്ചാലും ആയിരം ഗ്യാലൻ കള്ളുവിററു വന്നിരുന്നിടത്തു ൨൦൦൦ ഗ്യാലൺ കള്ളാണ് അടുത്തകൊല്ലം വില്ക്കുന്നതു. അതിനാൽ ഷാപ്പു ലേലം ചെയ്തുകൊടുക്കുന്ന നയത്തിനു മേലെപ്പെട്ടതായി വൃക്ഷങ്ങൾ ലേലം ചെയ്തുകൊടുക്കണം എന്നും വൃക്ഷങ്ങൾക്കുള്ള വൃക്ഷക്കരം കൂട്ടണം എന്നും ഈ കൌൺസിലിൽതന്നെ നിർദ്ദേശിച്ചിരുന്നു. അതിൽ വൃക്ഷനികുതി കൂട്ടുക എന്നുള്ളതു ഏകദേശം സാധിച്ചുകഴിഞ്ഞു. വൃക്ഷങ്ങൾ ലേലംചെയ്തു കൊടുക്കുകയെന്നുള്ള സമ്പ്രദായം സ്വീകരിക്കാത്തതിനാൽ മദ്യവർജ്ജനം സാധിക്കുന്ന കാര്യം വളരെ പ്രയാസമായി തീർന്നിരിക്കുന്നു. മേലാൽ ഷാപ്പു ലേലം ചെയ്യുന്ന നയത്തെ മാറ്റി ഇതുവൃക്ഷങ്ങൾ ലേലംചെയ്തുകൊടുക്കണമെന്നും അതിന്റെ സംഖ്യ കാലക്രമേണ കുറച്ചുകൊണ്ടുവരണമെന്നും ഉള്ള വ്യവസ്ഥയിന്മേൽ എക്സൈസ് ഡിപ്പാർട്ടുമെന്റു നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നാണ് എനിക്കു പറയാനുള്ളതു. മദ്യവർജ്ജനത്തിനു ബ്രിട്ടീഷ് ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കുന്ന സഹായങ്ങൾ നമ്മുടെ ഗവണ്മെന്റും ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും തൊടുപുഴയും ദേവികുളവും): സർ, മി. ആർ. കേശവപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നയത്തെ സംബന്ധിച്ചു എനിക്കും അല്പം പറയാനുണ്ട്. മദ്യവർജ്ജനമാണു എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നയം എന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു. അതു സാധിക്കുന്നതിലേക്കായിട്ടു ഷാപ്പുകളുടെ എണ്ണം കുറയ്ക്കുക, വൃക്ഷക്കരം വർദ്ധിപ്പിക്കുക, ലഹരിസാധനങ്ങളുടെ വില കൂട്ടുക എന്നിങ്ങനെ ചില പദ്ധതികളും നിശ്ചയിച്ചിട്ടുണ്ടു. അതുമുറയ്ക്കു നടന്നുവരുന്നു എന്നാണു സങ്കല്പം. എന്നാൽ ഈ പദ്ധതികളെ നടപ്പിൽ വരുത്തുന്നതിൽ വലിയ തകരാറുകൾ സംഭവിച്ചിട്ടുണ്ടു എന്നു പറയേണ്ടിയിരിക്കുന്നു. ഏതായാലും ഇപ്പോൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടേണ്ടതു വ്യാജമായിട്ടു മദ്യം ഉണ്ടാക്കുകയും വില്ക്കുകയും ചെയ്തുവരുന്നുള്ളതാണു. അതുവർദ്ധിച്ചുവരുന്നതുകൊണ്ടു ഗവണ്മെന്റിനു വൃക്ഷക്കരം വകയിൽ കിട്ടുവാനുള്ള നികുതി കുറഞ്ഞുകൊണ്ടിരിക്കുന്നുണ്ടു. ഇതുവൃക്ഷം ചെത്തിയാൽ ഇന്നതു കിട്ടുമെന്നു നിയന്ത്രിതമായ ഒരുളകയുമില്ലല്ലോ. എന്നാൽ വൃക്ഷക്കരം ഈടാക്കാതെ സ്വാതന്ത്ര്യമായി ചെത്താൻ വിട്ടുകൊടുക്കുന്നതു

കൊണ്ടു ഗവണ്മെൻറിനു ലാഭനഷ്ടം, വ്യാജമായിട്ടു കള്ളു നാട്ടിൻപുറങ്ങളിൽ വിൽക്കാൻ ചെത്തുകാർക്കൊക്കെ സൗകര്യം ഇതു രണ്ടുമുണ്ടാകുന്നുണ്ടു. ഈ സാഹചര്യങ്ങൾ എല്ലാംയോജിച്ചുവരുമ്പോൾ മദ്യപാനാസക്തന്മാരുടെ സംഖ്യ വർദ്ധിച്ചു വരാതിരിക്കയില്ല. അതിനെ നിയന്ത്രിക്കാൻ ഡിപ്പാർട്ടുമെൻറിൽനിന്നും പലതും ചെയ്തിട്ടുണ്ടു. എന്നിരുന്നാലും ഓരോദിവസത്തിലും ഓരോപ്രദേശത്തും സമർത്ഥന്മാരായി വളരെ സ്വാധീനമുള്ള കൺട്രാക്ടർമാർ അനുവദിച്ചിരിക്കുന്ന പ്രദേശത്തിനകത്തും സൗകര്യമുണ്ടെങ്കിൽ പുറത്തുംതന്നെയും സാധാരണയായി കള്ളുവില്ക്കുന്നതിനു ഏർപ്പാടു ചെയ്തുകൊടുക്കുന്നുണ്ട്. ഈ സംഗതിയെ തടയുന്നതിനു ഡിപ്പാർട്ടുമെൻറു വിചാരിച്ചാൽതന്നെയും സാധിക്കാത്ത ഒരുകാര്യമാണ്. ഇങ്ങനെ ഉപഷാപ്പുകൾവെച്ചു സൂക്ഷിച്ചുകൊണ്ടിരിക്കുന്ന സ്ഥലം പരിശോധനയ്ക്കു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരാരെങ്കിലും ചെന്നാൽ ആ സ്ഥലത്തു യാതൊരു വ്യാപാരവും നടന്നിട്ടില്ലാത്ത വിധത്തിൽ അതു സൂക്ഷിക്കപ്പെടുന്നതായി കാണിക്കുന്നു. ഇതിനുപുറമെ ഈ ഉപഷാപ്പുകൾ എക്സൈസ് ഡിപ്പാർട്ടുമെൻറിലെ സിൽബന്ധികളുടെ അറിവോടുകൂടിത്തന്നെയും നടത്തുന്നു. മലയോരങ്ങളും സാധാരണ ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളും, എന്നാൽ ആളുകൾ കൃഷിമുതലായ തൊഴിലുകൾ നടത്തുന്നതിനുവേണ്ടി തിങ്ങി കൂടി പാർക്കുന്നതുകളുമായ സ്ഥലങ്ങളിൽ സുലഭമായിട്ടു ഉപഷാപ്പുകളും വ്യാജച്ചെത്തുംനടക്കുന്നുണ്ടു. ഇതു ഗവണ്മെൻറോ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറോ അറിയുന്നുണ്ട് എന്നുള്ളതിനു ധാരാളം തെളിവുകളുണ്ട്. ഇതിലേക്കായിട്ടു തെളിവിനു വിഷമംവേണ്ട. ഡിപ്പാർട്ടുമെൻറുതന്നെ ആണ്ടുതോറും അനേകം കേസുകളെടുക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതുകൊണ്ടു ഏറെക്കുറെ വ്യാജമായ മദ്യവ്യാപാരവും ചെത്തും നടക്കുന്നുണ്ടെന്നു ഗവണ്മെൻറു റിക്കാർഡുകൾ കൊണ്ടുതന്നെ തെളിയുന്നുണ്ട്. ഇതിനുപുറമെ ഡിപ്പാർട്ടുമെൻറിലെ സിൽബന്തികൾ ആരും ഈ വക വ്യാജങ്ങൾ കണ്ടുപിടിക്കാൻ യഥായോഗ്യം ശ്രമിക്കുന്നില്ല എന്നൊരാക്ഷേപവുമുണ്ട്. എന്നാൽ റൂൾസ് അനുസരിച്ചു പോലീസുകാർക്കോ റവന്യൂ ഉദ്യോഗസ്ഥന്മാർക്കോ ഈവക വ്യാജങ്ങൾ കണ്ടുപിടിച്ചു ചാർജ്ജ്ചെയ്യാവുന്നതാണ്. പോലീസ് ഇൻസ്പെക്ടർമാരോ പാർവത്യകാരന്മാരോ ഈമാതിരി വ്യാജങ്ങൾ കണ്ടുപിടിച്ചു എക്സൈസ് ഇൻസ്പെക്ടറെ ഏല്പിച്ചുകൊടുക്കണം. എക്സൈസ് ഇൻസ്പെക്ടർക്കാണു കേസ് എടുക്കുവാനുള്ള അധികാരം. ഈനിലയിൽ വ്യാജസാധനങ്ങൾ കണ്ടുപിടിച്ചു എക്സൈസ് ഇൻസ്പെക്ടർമാർ മുഖാന്തിരം കേസ് എടുക്കുന്നതിനുള്ള വൈഷമ്യം വിചാരിച്ചു തങ്ങൾക്കു കഴിയുകയില്ലെന്നു പോലീസുകാർ ഒഴിയുന്നു. പകുതിജീവനക്കാർക്കു, പകുതിയാണു് ജീവനമെന്നിരുന്നാലും, മറ്റു ജോലികൾ ധാരാളമുള്ളതുകൊണ്ടു അവരും ഇതിനുദ്യമിക്കുന്നില്ല, എക്സൈസുദ്യോഗസ്ഥന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ വേണ്ടപോലെ പതിയാതെയുമിരിക്കുന്നു. ഗവണ്മെൻറിനുദ്ദേശിച്ചിരിക്കുന്ന മദ്യവർജ്ജനം സാധിക്കുന്നതിലേക്കു ജനങ്ങൾ ദീർഘകാലമായി പ്രവർത്തിക്കുകയും അവരുടെ അഭിപ്രായങ്ങൾ നാനാമാർഗ്ഗങ്ങളിൽ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിട്ടുള്ളതുപോലെയുള്ള ഒരു മദ്യവർജ്ജനരീതി ആരാലും എതിർക്കപ്പെടാൻ പാടില്ലാത്തവിധത്തിൽ ഇവിടെ തുടങ്ങിയിട്ടുണ്ട്. അതിനെ ശരിയായി നിയന്ത്രിക്കുന്നതിനു പോലീസുകാരും പകുതിജീവനക്കാരും നേരിട്ടു വ്യാജങ്ങൾ കണ്ടുപിടിക്കാനും കണ്ടുപിടിച്ചു ചാർജ്ജ്ചെയ്യാനും വേണ്ട വ്യവസ്ഥകൾ ചെയ്യണം. അങ്ങനെ പോലീസുകാർക്കും പകുതിജീവനക്കാർക്കും വ്യാജങ്ങൾ കണ്ടുപിടിച്ചു ചാർജ്ജ്ചെയ്യാനുള്ള അധികാരം നൽകുന്നതായാൽ, കൺട്രാക്ടർമാർക്കു അവരുടെ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിനു എക്സൈസ് ഡിപ്പാർട്ടുമെൻറുകാരെ മാത്രം ആശ്രയിച്ചാൽ പോരാ. റവന്യൂ ഉദ്യോഗസ്ഥന്മാരേയും പോലീസുദ്യോഗസ്ഥന്മാരേയും കൂടി ആശ്രയിക്കേണമെന്നു വരുന്നതും. തന്നിമിത്തം കൺട്രാക്ടർമാർ ന്യായമല്ലാത്ത ആദായം വേണ്ടെന്നുവെച്ചു വ്യാജവ്യാപാരങ്ങൾ നിറുത്തുന്നതിനു എളുപ്പമുണ്ട്. ചില പ്രദേശങ്ങളിൽ കഴിഞ്ഞവർഷത്തെ ലേലസംഖ്യയെ അപേക്ഷിച്ചു കൂടുതലായ തുകയ്ക്കു, ഷാപ്പു ലേലം ചെയ്യാറുണ്ട്. ഷാപ്പു ലേലത്തിൽ പിടിക്കുന്നതിലും മറ്റും ധാരാളം സങ്കടം അനുഭവിക്കുന്നുണ്ടെങ്കിലും ആദായം ധാരാളമെടുത്തുകൊള്ളാമെന്നുള്ള അഹംകാരംകൊണ്ടു ലേലസംഖ്യ കണ്ടമാനം കൂട്ടാറുണ്ട്. ഏതെങ്കിലുംതരത്തിൽ കള്ളുണ്ടാക്കി, മനുഷ്യരെ നശിപ്പിച്ചു താൻ സമ്പന്നനായിക്കൊള്ളാമെന്നു വിചാരിക്കുന്ന കൺട്രാക്ടർമാരെ അതിലേക്കു ഗവണ്മെൻറു ഒരിക്കലും അനുവദിക്കരുതു്. ഷാപ്പ് ലേലത്തിൽ പിടിക്കുന്നതിനു ഗവണ്മെൻറു ആരേയും നിർബന്ധിക്കുന്നില്ല. മുറപ്രകാരം നടത്താൻകഴിയുന്നവർ അതിൽ പ്രവർത്തിച്ചാൽമതി, ഇതാണ് ഡിപ്പാർട്ടുമെൻറിൻെറ നയം. അങ്ങനെയിരിക്കുമ്പോൾ കൂടുതലായ ലേലസംഖ്യക്കു ഷാപ്പു പിടിച്ചു് ആളുകളെ മദ്യപാനാസക്തന്മാരാക്കിത്തീർക്കുന്നതിനെ നിയന്ത്രിക്കുന്നതിനു ഡിപ്പാർട്ടുമെൻറു വിചാരിച്ചാൽതന്നെയും സാധിക്കാതെയാണിരിക്കുന്നതു് എന്നു കാണുമ്പോൾ, ഇതിലേക്കു തക്കതായ ഒരു പ്രതിവിധിയുണ്ടാക്കുകയാണ് ഗവണ്മെൻറിൻെറ നല്ല ഉദ്ദേശത്തേയും പ്രഖ്യാപിത നയത്തേയും പരിരക്ഷിക്കുന്നതിനു അത്യാവശ്യമായിട്ടുള്ളതു്. ഇപ്പോൾ ഷാപ്പുകൾ നിറുത്തുന്ന പ്രദേശങ്ങളുടെ അതിർത്തിസ്ഥലങ്ങളിൽ ഉള്ള വൃക്ഷങ്ങൾ ചെത്താൻ പതിച്ചുകൊടുക്കുന്നുണ്ട്, ഇതു പാടില്ലാത്തതാണ്. ഗവണ്മെൻറിൻെറ ഉദ്ദേശമനുസരിച്ചും ജനങ്ങളുടെ ആഗ്രഹമനുസരിച്ചും അതിനെ ക്രമേണ നിയന്ത്രിച്ചുകൊണ്ടുപോയി രാജ്യത്തിൽ സമാധാനമുണ്ടാകുവാനും വ്യാജം നടത്താതിരിക്കുവാനും വേണ്ടതു ചെയ്യണം. ഇതിലേക്കു പര്യാപ്തമായ മാർഗ്ഗങ്ങൾ അചിരേണ കണ്ടുപിടിച്ചു നടപ്പിൽവരുത്തി ജനങ്ങളുടെ സുഖക്ഷേമാദികളെ വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): സർ, മദ്യപാനം കാലക്രമേണ നിറുത്തണമെന്നാണ് നാട്ടുകാരിൽ ഭൂരിപക്ഷം ആളുകളുടേയും ആഗ്രഹം എന്നുള്ള പരമാർത്ഥം ഗവണ്മെൻറു മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ആയതു പ്രായോഗികമല്ലാ എന്നാണ് ഗവണ്മെൻറിൻെറ അഭിപ്രായം. ഇരുപതുകൊല്ലംകൊണ്ടു മദ്യപാനം തീരെ നിറുത്തിക്കളയണം എന്നാണ് ഗവണ്മെൻറിൻെറ ഉദ്ദേശമെന്നു ഗവണ്മെൻറുതന്നെ സമ്മതിച്ചിട്ടുണ്ട്. പ്രായോഗികമല്ലാത്ത ഒരു സംഗതി 20 കൊല്ലക്കാലം പരിപാലിച്ചതിൻെറശേഷം പിന്നീടു അതു പ്രായോഗികമാകുന്നതു എങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ജനങ്ങൾ പ്രചാരണവേല ചെയ്യുവാൻ ഗവണ്മെൻറു അനുവദിക്കുന്നുവെങ്കിൽ ആ ജോലിയുടെ ഉത്സാഹംപോലെ പെട്ടെന്നു സാധിച്ചുവെന്നും ഫലിച്ചുപോയി എന്നുംവരാം. ഗവണ്മെൻറിൻെറ കണക്കുനോക്കിയാൽ മദ്യപാനത്തെ തടയാൻ മനഃപൂർവ്വമായി യാതൊരു ശ്രമങ്ങളും ചെയ്യുന്നതായിട്ടു കാണുന്നില്ല. കള്ളിൻെറയും ചാരായത്തിൻെറയും അളവു കൂടിവരുന്നതേയുള്ളു. അതായതു് ഈ വിഷദ്രവ്യം മുഴുവനും ജനങ്ങൾതന്നെ ഭക്ഷിച്ചു

തിക്കുന്നതെന്നാണ് അതിന്റെ അർത്ഥം. നമ്മുടെനാട്ടിൽ ഭൂരിപക്ഷം ആളുകൾ മദ്യപിക്കാറില്ല. മദ്യപിച്ചവർ അതുകൊണ്ടു നശിക്കുന്നു. ഗവണ്മെന്റു ഇതിനെ ശക്തിപൂർവ്വം തടയേണ്ടതാണ്. ജനങ്ങളുടെ പ്രചരണവേലകൊണ്ടുതന്നെ കൊല്ലത്തു മദ്യപാനത്തിനു വളരെ കുറവുണ്ടെന്നുള്ളതു പ്രസിദ്ധമാണ്. ഗവണ്മെന്റെ സഹകരണം കൂടിയുണ്ടാകുന്നപക്ഷം അവിടെ മദ്യപാനം തീരെ നിൽക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവിടത്തെ ജനങ്ങളുടെ ഉത്സാഹത്തെ പോലീസുകാരും എക്സൈസുകാരും തടയാതെയിരുന്നുവെങ്കിൽ മദ്യപാനനിരോധനം എളുപ്പത്തിൽ സാധിക്കാവുന്നതാണ്.

ഈ ഇനത്തിൽ ഗവണ്മെന്റിനുണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കുന്നതിനു ഞാൻ ഒരുവഴി നിർദ്ദേശിച്ചുകൊള്ളാം. തെക്കൻതിരുവിതാംകൂറിൽ പുകയില കൃഷി ചെയ്യുന്നതിനു ധാരാളം സ്ഥലമുണ്ട്. ബ്രിട്ടീഷ് ഇൻഡ്യയിൽ പുകയില കൃഷിചെയ്യുന്ന ഒരു ഏക്കർ സ്ഥലത്തിൽ നിന്നും ൫൦൦ രൂപാ മുതൽ ൮൦൦ രൂപാവരെ ഗവണ്മെന്റിനു ആദായം കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതുപോലെ നമ്മുടെ രാജ്യത്തും പുകയിലകൃഷി ഇടത്തുന്നപക്ഷം മദ്യത്തിലുണ്ടാകുന്ന നഷ്ടം പരിഹരിക്കപ്പെടാവുന്നതാണ്. അതിലേക്ക ഗവണ്മെന്റിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

കൊല്ലം പരവൂരിൽ ഇംഗ്ലീഷ്സ്കൂളിനു സമീപമായി ഒരു കള്ളുഷാപ്പു സ്ഥാപിക്കുന്നതിനു അനുവാദം നൽകിയിട്ടുള്ളതായി കേൾക്കുന്നു. അങ്ങനെ അനുവാദം നൽകീട്ടുണ്ടെങ്കിൽ അതിനെ ഉടനടി മാററാൻ കർശനമായ ഉത്തരവുകൊടുക്കണം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): ഏതു സ്കൂളിനു അടുത്താണ്?

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): പരവൂർ

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): അവിടെ ഷാപ്പു സ്ഥാപിക്കാൻ പോകുകയാണോ?

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഷാപ്പു സ്ഥാപിക്കാൻ ഉത്തരവു കൊടുത്തിട്ടുള്ളതായി അറിയുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): അതിനെപ്പററി അന്വേഷിക്കാം.

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): മദ്യപാനം നിറുത്തുന്നപക്ഷം അതിനേക്കാൾ ഒരു വലിയപുണ്യം ഗവണ്മെന്റു ഈ രാജ്യത്തേക്കു ചെയ്യുവാനില്ല. ഈ അഭിപ്രായത്തോടുകൂടി മി. കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഗവണ്മെന്റിന്റെ പ്രഖ്യാപിതമായ നയം മദ്യപാനനിരോധനമാണ്. അതിനെ കുറയ്ക്കുന്നതിനു കമ്മിഷണർ യാതൊന്നും പ്രവർത്തിച്ചതായിക്കാണുന്നില്ല. ഷാപ്പു കുറയ്ക്കുന്നുവെങ്കിലും വൃക്ഷങ്ങളുടെ എണ്ണവും ചാരായത്തിന്റെ അളവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ൧൧൨൨-ൽ ൧,൧൧൧,൭൨൨ വൃക്ഷങ്ങൾ കൂടുതൽ ചെത്തുകയും ൭,൮൨൨ ഗ്യാലൻ ചാരായം കൂട്ടുകയും ചെയ്തിട്ടുണ്ട്. ഇതിൽനിന്നുതന്നെ ഗവണ്മെന്റിന്റെ നയം എങ്ങനെ പരിപാലിക്കപ്പെടുന്നു എന്നു നിശ്ചയിക്കാം.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): ചാരായത്തിന്റെ ചിലവു ഏതെട്ടുകൊല്ലം മുമ്പിലത്തേതിനെക്കാൾ ഇപ്പോൾ വളരെ കുറവാണെന്നു മെംബർക്കറിയാമോ? അതായതു് ൧൦ വർഷത്തിനു മുമ്പു ഉള്ള ചിലവു ഒരുലക്ഷത്തി അറുപതിനായിരത്തി ചില്വാനം ഗ്യാലനായിരുന്നു. ഇപ്പോൾ ൮൨,൦൦൦ ഗ്യാലൻ കുറഞ്ഞിട്ടുണ്ട്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കള്ളിന്റെ അളവു കൂടിയിരിക്കും.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): കള്ളിലും കൂടുതലില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതുപോലെതന്നെ ഉപഷാപ്പുകളും ധാരാളമായി വച്ചുനടത്തിവരുന്നുണ്ട്. ഇതിൽ ഒരു സംഗതി എനിക്കുതന്നെ അനുഭവമുണ്ട്. കഴിഞ്ഞ ശബരിമല തീർത്ഥയാത്രക്കാരുടെ രക്ഷയ്ക്കായി പോലീസു ഡിപ്പാർട്ടുമെന്റിൽനിന്നും സാനിട്ടറി ഡിപ്പാർട്ടുമെന്റിൽനിന്നും ആളുകൾ പോയിട്ടുണ്ടായിരുന്നുവെന്നുവരികിലും എരുമേലി മുതലായ സ്ഥലങ്ങളിൽ സിനിമാക്കാരുടെ അഡ്വർട്ടൈസ്മെന്റു വണ്ടികൾപോലെ നാലുവശവും "ചാരായഷാപ്പു" എന്നെഴുതിവച്ചിട്ടുള്ളതു് കാണാനിടയായി.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ്കമ്മിഷണർ): എപ്പോഴായിരുന്നു?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കഴിഞ്ഞയാണ്ടിൽ ശബരിമല തീർത്ഥയാത്രക്കാർ പോയ സന്ദർഭത്തിലായിരുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മിഷണർ): അതിനെപ്പററി മെംബർ എന്റെ അടുക്കൽ പറഞ്ഞിട്ടുണ്ടോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പറയാനുള്ള അവസരം ഇപ്പോഴാണ് കിട്ടിയതു. ൧൧൦൯-ൽ ഉടന്നതായിട്ടു പറഞ്ഞപ്പോൾ അതിനെപ്പററി യാതൊരുനടപടിയും നടത്തീട്ടില്ല. അതു സ്ഥിതിയ്ക്കു ഇപ്പോൾ പറഞ്ഞതുകൊണ്ടും യാതൊരു പ്രയോജനവുമുണ്ടെന്നു തോന്നുന്നില്ല.

ഈ മദ്യപാനം നിറുത്തുന്നതിനു മോഷണം മുതലായകുററങ്ങൾ ചെയ്തവരെ ശിക്ഷിക്കുന്നതുപോലെ മദ്യപാനികളേയും ശിക്ഷിക്കുന്നതിനു എന്തെങ്കിലും നിയമം ഉണ്ടായിരുന്നാൽ നന്നായിരുന്നേനെ. എന്നാൽ മോഷണം കൊലപാതകം മുതലായകുററങ്ങൾ ചെയ്യുന്നവരെ ശിക്ഷിച്ചിട്ടും അതുമാതിരികുററങ്ങൾ ആളുകൾ ചെയ്യാതിരിക്കുകയാണോ? അതുപോലെ മദ്യപാനികളെ ശിക്ഷിക്കുന്നതാണെന്നു ഒരു നിയമം ഉണ്ടാക്കിയാലും മദ്യപാനം ചെയ്യാതിരിക്കയില്ല എന്നു ഒരു പക്ഷേ പറയുമായിരിക്കാം. എന്നാൽ അങ്ങനെയൊരു റഗുലേഷൻ ഏർപ്പെടുത്തുന്നപക്ഷം വളരെ കുറവുണ്ടാകുമെന്നുള്ളതിനു യാതൊരുസംശയവുമില്ല.

മദ്യവർജ്ജനപ്രസ്ഥാനത്തിൽ കൊല്ലം, കുഴിയതോട് മുതലായസ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന ആളുകളെ പലവിധത്തിൽ ഉപദ്രവിക്കുന്നതായിട്ട് ഞാൻ പത്രങ്ങളിൽ വായിക്കയുണ്ടായി. അതിനെപ്പററി ഇവിടെ പല മെംബറന്മാരും പ്രസ്താവിച്ചു. ഷാപ്പു കുറയ്ക്കുമ്പോൾ വൃക്ഷങ്ങളുടെസംഖ്യ കൂട്ടുന്നതു ഡിപ്പാർട്ടുമെന്റു ഇ

ളപ്പോൾ പുതുതായി കണ്ടുപിടിച്ചിട്ടുള്ള ഒരു നയമാണ്. അതിനെമാററി ഷാപ്പു കുറയ്ക്കുന്നതോടുകൂടി വൃക്ഷങ്ങളുടെ എണ്ണവും കുറയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിസ്സസ്സ്. പി. ജീസംബല്ല കുഞ്ഞുവിള്ള (നിയമിക്കപ്പെട്ട മെംബർ): സർ, ജനങ്ങളുടെ സൌഖ്യത്തെയും സന്തുഷ്ടിയേയും ആശ്രയിച്ചാണ് ഏതു ഗവർമ്മെൻറിൻെറയും ശക്തിയും സ്ഥിരതയും സ്ഥിതിചെയ്യുന്നതു. മദ്യവർജ്ജനത്തെയും മദ്യനിരോധനത്തെയും സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തുള്ള പലഭാഗങ്ങളിലും ജനങ്ങൾ പൊതുവായി പലപ്രവൃത്തികളും ചെയ്തിട്ടുണ്ട്. നമ്മുടെ ഗവർമ്മെൻറു അവയെ സംബന്ധിച്ചു കണ്ണറിയാതിരിക്കയോ പ്രോത്സാഹിപ്പിക്കയോ ചെയ്തിട്ടില്ലാ. ഈ സംസ്ഥാനത്തെ പൊതുജനങ്ങളുടെ അഭിപ്രായം ഇപ്പോഴത്തെ എക്സൈസ് നയത്തിനോടു വളരെ വിരോധമുള്ളതാകുന്നു. ഈ സംഗതി പലമാർഗ്ഗങ്ങളും വഴി നല്ലതുപോലെ വിശദപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൻെറ പരമോദ്ദേശം ആരംഭത്തിൽ മദ്യവർജ്ജനവും അവസാനത്തിൽ മദ്യനിരോധനവും ആയിരിക്കണമെന്നുള്ളതും നല്ലതുപോലെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ഗവർമ്മെൻറിൻെറ മനോഭാവം ഇന്നതാണെന്നുള്ളതു വിശ്വസിക്കുന്നതിനു പൊതുജനങ്ങൾക്കൊ ഈ സഭയ്ക്കോ സാധിച്ചിട്ടില്ലാ. ഗവർമ്മെൻറിൻെറ പരമോദ്ദേശം മേൽപറഞ്ഞതാണെന്നും അതനുസരിച്ചു ഗവർമ്മെൻറു പ്രവർത്തിച്ചുവരികയാണെന്നും മുൻ അവസരങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ഈ പരമോദ്ദേശം സാധിക്കുന്നതിനു ഏതുതരത്തിലാണ് അവർ പ്രവർത്തിക്കുന്നതു എന്നുള്ളതു അവരുടെ അനന്തരകൃത്യങ്ങളിൽനിന്നു അറിയുന്നതിനു വളരെ വിഷമമായിത്തീർന്നിരിക്കുന്നു എന്നു പറയാവുന്നതാണു. ഇതേവരെ യാതൊരു പ്രവൃത്തിയും ഈ കാര്യത്തിൽ നിർവഹിച്ചിട്ടില്ലെങ്കിൽ ഈ വിഷയത്തിൻെറ ഇപ്പോഴത്തെ നിലയെ അഭിവൃദ്ധിപ്പെടുത്തേണ്ടതെപ്രകാരമാകുന്നുള്ളതു പറയുന്നതിനു വിഷമമായിരിക്കുന്നു. മദ്യവർജ്ജനവും മദ്യനിരോധനവുമെന്നുള്ള ഈ പരമോദ്ദേശത്തെ സാധിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടികളെസംബന്ധിച്ചു ഗവർമ്മെൻറു ഏതെങ്കിലും പ്രസ്താവനചെയ്യണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

ഓരോകൊല്ലത്തിലും ഷാപ്പുകളുടെഎണ്ണത്തെ കുറച്ചുവരുന്നു എന്നു പറയപ്പെട്ടിട്ടുണ്ട്. മദ്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെസംഖ്യയും കുറയ്ക്കണം. അല്ലാത്തപക്ഷം ഷാപ്പുകളുടെസംഖ്യ കുറച്ചതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ലാ. ഓരോകൊല്ലത്തിലും ചെത്തിവരുന്ന വൃക്ഷങ്ങളുടെസംഖ്യ കുറയ്ക്കണം. അങ്ങനെ ചെയ്യുന്നെങ്കിൽമാത്രമേ ജനങ്ങൾ മദ്യം ഉപയോഗിക്കുന്നതിനെ കുറയ്ക്കാൻ സാധിക്കയുള്ളു. മദ്രാസ് പ്രസിഡൻസിയിൽ മദ്യവർജ്ജനത്തെ സംബന്ധിച്ചു പ്രചരണവേല നടത്തുന്നതിനു ബഡ്ജററിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ നയത്തെപ്പററി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ സ്ഥിതിക്കു മദ്രാസ് പ്രസിഡൻസിയിലെപോലെ ഈ സംസ്ഥാനത്തും മദ്യവർജ്ജനത്തെ സംബന്ധിച്ചു പ്രചരണവേല നടത്തുന്നതിനു ബഡ്ജററിൽ വ്യവസ്ഥചെയ്തിരിക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ ബഡ്ജററിൽ യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലാ. ഇതിനുപുറമെ, മദ്യനിരോധനത്തെ സംബന്ധിച്ചു പൊതുജനങ്ങൾ പരസ്യമായി പ്രവൃത്തികൾ ചെയ്തിട്ടുള്ള പലസ്ഥലങ്ങളിൽ ഗവർമ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികൾ, ഈ പരമോദ്ദേശത്തെ സാധിക്കുന്നതിനു ജനങ്ങൾ ചെയ്തുവരുന്ന എല്ലാ പ്രവൃത്തികളെയും ഗവർമ്മെൻറു യഥാർത്ഥത്തിൽ അമർച്ചവരുത്തുന്നതിനു ആഗ്രഹിക്കുന്നു എന്നു തെളിയിക്കുന്നുണ്ട്,

മദ്യനിരോധനത്തിനെ സംബന്ധിച്ചു പലകേന്ദ്രങ്ങളിലും പൊതുജനങ്ങൾ ചെയ്യുന്നപ്രവൃത്തികൾ ന്യായവിരുദ്ധമാണെന്നു ഗവർമ്മെൻറു വിചാരിക്കുന്നപക്ഷം ഒരു കാര്യം ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. അപ്രകാരമുള്ള പ്രത്യേകസ്ഥലങ്ങളിൽ ചെയ്തുവരുന്ന മദ്യവർജ്ജനജോലിയുടെ ഗതിയെസംബന്ധിച്ചു എക്സൈസ് കമ്മീഷണർക്കും സംബന്ധപ്പെട്ട മററുദ്യോഗസ്ഥന്മാർക്കും ഉപദേശം നൽകുന്നതിനു അനുദ്യോഗസ്ഥന്മാരടങ്ങിയ കമ്മററികളെ നിയമിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നപക്ഷം ആയതു പൊതുജനങ്ങൾക്കും ഗവർമ്മെൻറിനും വളരെ സഹായമായിരിക്കും. ഇപ്രകാരം ഉപദേശം നൽകുന്നതിനുള്ള കമ്മററികളിൽ ഉത്തരവാദിത്വമുള്ള പൌരന്മാർ അംഗങ്ങളായിരിക്കുന്നപക്ഷം വിശ്വാസപൂർവ്വം പ്രവർത്തിക്കുന്നതിനു ഗവർമ്മെൻറിനു സാധിക്കുന്നതാണ്. മറെറാരുകാര്യംകൂടി ഞാൻ ഇപ്പോൾ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നു. ഷാപ്പുകൾക്കുള്ള ലൈസൻസുകൾ പുതുക്കുന്നഅവസരത്തിൽ വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, ക്ഷേത്രങ്ങൾ, പള്ളികൾ, ഇപ്രകാരമുള്ള മററുപൊതുസ്ഥലങ്ങൾ, അവയുടെ സമീപത്തിൽ സ്ഥിതിചെയ്യുന്ന ഷാപ്പുകൾക്ക് ലൈസൻസുകൾ കൊടുക്കാൻപാടില്ലാ. അവയുടെ ലൈസൻസുകൾ പുതുക്കുന്നതിനുമുൻപു അവിടെനിന്നും അകലെയുള്ള സ്ഥലത്തേക്കു ഷാപ്പുകളെമാററി സ്ഥാപിക്കേണ്ടതാണ്. ഇപ്രകാരവും മററുവിധത്തിലും ഉള്ള പ്രവൃത്തികൾ ചെയ്തു ഗവർമ്മെൻറിൻെറ മുഖ്യഉദ്ദേശം മദ്യവർജ്ജനവും മദ്യനിരോധനവും ആണെന്നുള്ളതു ഗവർമ്മെൻറു പൊതുജനങ്ങളെയും ഈ സഭയെയും സംബന്ധിച്ചിടത്തോളം ബോധ്യമാക്കേണ്ടതാണ്. പൊതുജനക്ഷേമകാര്യങ്ങൾ ഇതിനെമാത്രം ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നതു. അതിനാൽ ഗവർമ്മെൻറു ഉടനടി ആരംഭിക്കേണ്ട പ്രധാന സംഗതികളിൽ ഒന്നിതാണ്. ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു,

മി. ജി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും): സർ,

അദ്ധ്യക്ഷൻ: മി. കേശവപിള്ള ഈ ഡിമാൻഡിന് ഇപ്പോൾ അനുവദിച്ചിട്ടുള്ളസമയം ൫ മിനിട്ടുകൂടികഴിയുമ്പോൾ തീരുന്നതാണ്. മുൻ പ്രസ്താവിച്ചിട്ടുള്ളകാര്യങ്ങൾക്കു മറുപടിനൽകുന്നതിനു എക്സൈസ് കമ്മീഷണർക്കു അവസരം നൽകണമെന്നു ഞാൻ വിചാരിക്കുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, എൻെറ പ്രസംഗം ൫ മിനിട്ടിനുള്ളിൽ അവസാനിപ്പിക്കണമെന്നുണ്ടോ?

അദ്ധ്യക്ഷൻ: ഉണ്ട്. എന്തുകൊണ്ടെന്നാൽ ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം ൧൨-൩൦ മണിയോടുകൂടി തീരുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): സർ, മദ്യപാനത്തെ ക്രമേണ ഉന്മൂലനം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണ് എക്സൈസ്നയം ഈ നയത്തെപ്പററി ഗവർമ്മെൻറു പ്രഖ്യാപനം ചെയ്തിട്ടുള്ളതാണ്. വളരെക്കാലം മുൻപുതന്നെ അതായ

൧൧൨൮-മാണ്ടിൽ എക്സൈസ്നയം ഇതുതന്നെയാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രസ്താവനക്കനുസരണമായി ൧൧൩൦-ൽ ഒരു എക്സൈസ് കമ്മററിയെ നിയമിച്ചിട്ടുണ്ട്. അടുത്തുകഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഈ വിഷയത്തെ സംബന്ധിച്ചു പല അവസരങ്ങളിലും ഈ സഭയിൽ നല്ലതുപോലെ വാദപ്രതിവാദങ്ങൾ ചെയ്തിട്ടുണ്ട്. ഔഷധം എന്ന നിലയിലും വ്യവസായകാര്യങ്ങൾക്കായിട്ടും അല്ലാതെ മദ്യവും മററു ലഹരിസാധനങ്ങളും ഉണ്ടാക്കുകയോ ഇറക്കുമതി ചെയ്യപ്പെടുകയോ ചെയ്യുന്നതിനെ നിരോധിക്കണമെന്നു കാണിച്ചു, മേൽപറഞ്ഞ പരിഷ്കാരങ്ങൾ വരുത്തുന്നകാര്യത്തിൽ ഉത്സാഹപൂർവം പ്രവർത്തിക്കുന്ന ഒരാളായ മി. മാധവവാര്യർ ഒരു പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചു. പണ്ഡിതനായ നമ്മുടെ സ്നേഹിതൻ റാവുബഹദൂർ കൃഷ്ണയ്യങ്കാർ ആ കമ്മററിയിലെ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ആ കമ്മററിയിലെ മറെറാരുസാമാജികൻ മുൻ കോൺഗ്രസ്സ് ആസനസ്ഥനായിരിക്കുന്ന, ബഹുമാന്യനായ മി. ജി. പരമേശ്വരൻപിള്ളയാണ് അതു. ഈ കമ്മററിയെ ശുപാർശ ചെയ്തിട്ടുള്ളതു, ഗവണ്മെൻറു പ്രഖ്യാപനം ചെയ്തിട്ടുള്ള നയത്തിനനുസരണമായിട്ടാണ്. ഈ കമ്മിററിയെ ശുപാർശ ചെയ്ത അവസരത്തിൽ എൻറമൻഗാമിയായിരുന്ന മി. വൺറോസ് പര്യാലോചനക്കായി ൧൩ നിർദ്ദേശങ്ങൾ കമ്മററിയിൽ ഹാജരാക്കി. ഈ ൧൩ നിർദ്ദേശങ്ങളേയും സംബന്ധിച്ചിടത്തോളം ഈ ഡിപ്പാർട്ടുമെൻറുമായി നേരിട്ടു സംബന്ധമുള്ള പ്രധാനകാര്യങ്ങളെക്കുറിച്ചു ഞാൻ സൂചിപ്പിക്കാം. സമയം വ്യയം ചെയ്യാതിരിക്കുന്നതിനു ഇപ്രകാരം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു.

ഷാപ്പുകൾ സ്ഥിതിചെയ്യുന്ന സ്ഥാനങ്ങളെ സംബന്ധിച്ചു ഇവിടെ ഒട്ടധികം പ്രസ്താപിച്ചിട്ടുണ്ട്. അതിനാൽ ഷാപ്പുകളുടെ സ്ഥാനങ്ങളെ സംബന്ധിച്ചുള്ള ൭-ാമത്തേയും ൮-ാമത്തേയും നിർദ്ദേശങ്ങളെപ്പററി ഞാൻ ആദ്യമായി പറയാം. സർ, ജനങ്ങൾക്കു ഉപദ്രവമില്ലാത്ത സ്ഥാപനങ്ങളിൽ ഷാപ്പുകളെ സ്ഥാപിക്കേണ്ടതു അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരുടെ മുഖ്യ കൃത്യമാകുന്നു. ഷാപ്പുകളുടെ സ്ഥാനങ്ങളെ സംബന്ധിച്ചു എന്തിക്കു പരാതികൾ കിട്ടീട്ടുള്ള അവസരത്തിൽ ഞാൻ ശരിയായി അവയെപ്പററി പര്യാലോചിച്ചിട്ടുണ്ട്. അങ്ങനെ കാലത്തു പല ഷാപ്പുകൾ മാററിസ്ഥാപിക്കുന്നതിനെപ്പററി ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. ഈ കൊല്ലത്തിൻെറ അവസാനത്തിൽപോലും ൨൬ ഷാപ്പുകളെ അവയുടെ ഇപ്പോഴത്തെ സ്ഥാനങ്ങളിൽ നിന്നും മാററി സ്ഥാപിക്കുന്നതിനു ഉത്തരവുകൾ അയച്ചിട്ടുണ്ട്. അവയെ ഇപ്രകാരം മാററുന്നതിനുള്ള കാരണം അവ പൊതുജനങ്ങൾക്കു ഉപദ്രവത്തിനിടയാകുന്ന സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതാണ്. ഷാപ്പുകളുടെ സ്ഥാനങ്ങൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ഈ രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ വളരെ നീരസം ഉണ്ടായിരിക്കുന്നു. ഇതെനിക്കു ബോദ്ധ്യമായിട്ടുള്ള സംഗതിയാണ്. ഷാപ്പുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ പൊതുജനങ്ങൾ പ്രദർശിപ്പിക്കുന്ന ആക്ഷേപത്തിൻെറ സ്വഭാവത്തെ സംബന്ധിച്ചു ജനങ്ങളുടെ യഥാർത്ഥമായ അഭിലാഷങ്ങളെ നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ പററി ഇപ്പോൾ ആലോചിച്ചുവരുന്നുണ്ട്. ആ മാർഗ്ഗം കണ്ടുപിടിച്ചതിനുശേഷം അതിനനുസരണമായി കഴിയുന്നതു പ്രവർത്തിക്കുന്നതാണ്. ഈ സഭയിലെ ചേഡിമെമ്പർ നിർദ്ദേശിച്ചിരിക്കുന്നതുപോലെ എക്സൈസ് കമ്മീഷണർക്കു ഉപദേശം നൽകുന്നതിനു എക്സൈസ് ഉപദേശക കമ്മിററികളെ നിയമിക്കുന്നതിനെ സംബന്ധിച്ചു ഇപ്പോൾ ആലോചിച്ചു വരുന്നുണ്ട്. ൭-ാമത്തേയും ൮-ാമത്തേയും നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

അടുത്തതായി ൯-ാമത്തെ പ്രമേയത്തെപ്പററി പറയാം. അതു ഇപ്രകാരമാണ്.

"ഓരോ ദ്വൈവാർഷിക ഉടമ്പടികൾ പുതുക്കുന്ന അവസരത്തിൽ ഈ സംസ്ഥാനത്തു ആകെയുള്ള കള്ളും ചാരായവും ഷാപ്പുകളുടെ സംഖ്യയിൽ ൫ ശതമാനം കുറയ്ക്കേണ്ടതാണ്".

രണ്ടുകൊല്ലത്തിലൊരിക്കൽ ഷാപ്പുകളെ ലേലംചെയ്തു കൊടുത്തുവരുന്നു. അപ്രകാരം ഷാപ്പുകളെസംബന്ധിച്ചുള്ള കൺട്രാക്റ്റ് കൊടുക്കുന്ന ഓരോ അവസരത്തിലും ഷാപ്പുകളുടെ സംഖ്യ കുറച്ചുവരികയാകുന്നു. ഈ വസ്തുത സഭയ്ക്കു ബോദ്ധ്യമായിട്ടുള്ളതാണ്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു ഈ രാജ്യത്തുണ്ടായിരുന്ന ഷാപ്പുകളുടെ സംഖ്യ ആറായിരത്തിൽ കൂടുതലായിരുന്നു. എന്നാൽ ഇപ്പോഴുള്ള ഷാപ്പുകളുടെ സംഖ്യ ൪,൩൩൩ ആകുന്നു. കഴിയുന്നത്ര ഇവിടെയുള്ള ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനു ഡിപ്പാർട്ടുമെൻറു താല്പര്യത്തോടുകൂടിയും നിഷ്കളങ്കമായും പ്രവർത്തിച്ചുവരികയാകുന്നു. ഞാൻ മുകളിൽ ചെയ്തിട്ടുള്ള പ്രസ്താവനകളിൽ നിന്നു സഭയ്ക്കു ഈ കാര്യം മനസ്സിലാക്കാവുന്നതാണ്. കാലക്രമത്തിൽ ഷാപ്പുകളുടെ സംഖ്യ ഇതിലും കുറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അടുത്തതായി എട്ടാമത്തെ പ്രമേയത്തെപ്പററി പറയാം. അതു് താഴെ പറയും പ്രകാരമാണ്.

രാത്രി എട്ടുമണിക്കു ഷാപ്പുകൾ അടയ്ക്കണമെന്നു നിർദ്ദേശിക്കുന്ന ഇപ്പോഴത്തെ ചട്ടത്തേവച്ചുകൊള്ളേണ്ടതും അതിനെ കൃത്യമായവിധം നടപ്പിൽവരുത്തേണ്ടതും ആകുന്നു.

അദ്ധ്യക്ഷൻ. ഓരോ കട്ട് മോഷനെ സംബന്ധിച്ചു പ്രതിപാദിക്കുന്ന അവസരത്തിൽ ഇപ്രകാരമുള്ള എല്ലാ സംഗതികളേയും പ്പററി ഓരോന്നായി പറഞ്ഞവസാനിപ്പിയ്ക്കുന്നതിനു നിങ്ങൾക്കു സാധിക്കയില്ലാ, ഇതാണു ഞാൻ വിചാരിക്കുന്നതു. സാമാന്യമായ നയത്തെപ്പററി നിങ്ങൾക്കു പറയാവുന്നതാണ്.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ വിഷയത്തിൽ ഡിപ്പാർട്ടുമെൻറു സ്വീകരിച്ചിട്ടുള്ള നയത്തെസംബന്ധിച്ചു വിശദമായനിലയിൽ ഒരു പ്രസ്താവന ചെയ്യണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ. ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം ഇപ്പോൾ കഴിഞ്ഞിരിക്കുന്നു.

ഈ വിഷയത്തിൽ ഗവണ്മെൻറു അനുവർത്തിച്ചുവരുന്ന നയത്തെപ്പററി ഞാൻ ഇപ്പോൾ ഒരുവാക്കു പറയാം. ദിവാൻ എന്ന നിലയിൽ മി. രാഘവയ്യാ ഈ സഭയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ച അവസരത്തിൽ എക്സൈസ് നയത്തെപ്പററി വളരെ വിശദമായി അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഗവണ്മെൻറു എല്ലാ അവസരങ്ങളിലും സ്വീകരിച്ചിട്ടുള്ള നയം അതുതന്നെ ആകുന്നു. അതിൽനിന്നും ഭിന്നമായി പ്രവർത്തിക്കണമെന്നുള്ള വിചാരം ഗവണ്മെൻറിനു ലേശംപോലുമില്ലെന്നു പറഞ്ഞുകൊള്ളുന്നു. ഈ നയത്തെപ്പററി എക്സൈസ് കമ്മീഷണർ ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ രാജ്യത്തിലെ ജനങ്ങളുടെ മദ്യപാനസ്വഭാവത്തെ ക്രമേണ നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തെ മുൻനിറുത്തി മദ്യവർജ്ജനകാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കണം എന്നുള്ളതാണ് ഈ നയം. ഈ പരമോദ്ദേശത്തെസാധിക്കുന്നതിൽ മദ്യപാനം ചെയ്യാതിരിക്കുന്നതിനു ജനങ്ങളെ

പ്രേരിപ്പിക്കാതിരിക്കുകയാണ്. ഈ കാര്യം നിറവേറുന്നതിനു സമാധാനപരമായും, ജനങ്ങളെ സംബന്ധിച്ച ഉപദേശരൂപത്തിലും ചെയ്യുന്ന പ്രചരണവേലകളുടെ കാര്യത്തിൽ ഗവർമ്മെൻറു യാതൊരവസരത്തിലും വിരോധവും പ്രദർശിപ്പിക്കുന്നതല്ല. ഐക്യകണ്ഠ്യസ്വകാര്യത്തിലുള്ള നയം ഇതാണെന്നു ഗവർമ്മെൻറുതന്നെ ജനങ്ങളെ ധരിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ അന്യായമായ പ്രവൃത്തികൾ ചെയ്യുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നപക്ഷം ഈ രാജ്യത്തെ നിയമങ്ങൾ അനുസരിച്ചു അവയ്ക്കെതിരായി നടപടികൾ നടത്തേണ്ടതാകുന്നു, ഈ സംഗതി എല്ലാ അവസരത്തിലും ഓർത്തിരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ജനങ്ങൾക്കു ഉപദേശം നൽകി പ്രചരണവേലകൾ ചെയ്യുന്നപക്ഷം ഗവർമ്മെൻറു അതിനെ ഒരിക്കലും വിരോധിക്കുന്നതല്ല. എന്നാൽ അതിനുവേണ്ട പ്രോത്സാഹനം ഗവർമ്മെൻറു എല്ലാ അവസരങ്ങളിലും നൽകുന്നതാണ്.

ഈ ഡിമാൻറിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു. ശേഷമുള്ള പ്രമേയങ്ങൾ റദ്ദായിപ്പോയി.

൯൪ മുതൽ ൧൪൧ വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

മി. എ. താണുപിള്ള.

൯൪. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള.

൯൫. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപായിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള.

൯൬. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള.

൯൭. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള.

൯൮. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ.

൯൯. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽ നിന്നു ൫ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള.

൧൦൦. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. പി. എസ്സ്. മഹമ്മദ്.

൧൦൧. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൭ രൂപ കുറയ്ക്കണം.

മി. മാത്തു മുരിക്കൻ.

൧൦൨. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൦൩. തൻചിലവു സിൽബന്തികൾക്കു കൊള്ളിച്ചിട്ടുള്ള ൧൬,൬൮൭ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൦൪. സഞ്ചാരപ്പടി നൽകുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. കെ. ജി. പരമേശ്വരൻപിള്ള.

൧൦൫. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ.

൧൦൬. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൫ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ ഇട്ടിയച്ചൻ.

൧൦൭. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവെച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ഐ. സി. കുര്യാക്കോസ്

൧൦൮. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവെച്ചിട്ടുള്ള ൫൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൦൯. സഞ്ചാരപ്പടി നൽകുന്നതിനു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൦൯. ആഫീസവക ചിലവുകൾക്കും മററ ചിലവുകൾക്കുമായി നീക്കിവെച്ചിട്ടുള്ള ൧,൪൦൦ രൂപയിൽനിന്ന ൧൦ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൧൧൦. കമ്മിഷണരുടെ ചിലവുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപ എടുത്തുകളയണം.

മി. മുരവേലിൽ പാച്ചുപിള്ള.

൧൧൧ കമ്മിഷണരുടെ ചിലവുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപയിൽ നിന്ന ൧ രൂപ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള.

൧൧൨. കമ്മിഷണർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപയിൽനിന്ന ൧ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൧൩. കമ്മീഷണർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപയിൽനിന്ന ൧ രൂപ കുറയ്ക്കണം

മി. വി. ജെ. ഉമ്മൻ.

൧൧൪. കമ്മിഷണർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ.

൧൧൫. കമ്മിഷണർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൦,൬൬൯ രൂപയിൽ നിന്ന ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൧൬ തൽചിലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൨,൨൯൫ രൂപയിൽ നിന്ന ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസു.

൧൧൭. സഞ്ചാരപ്പടിക്കായി നൽകീട്ടുള്ള ൯,൦൦൦ രൂപയിൽനിന്ന ൧൦൦ രൂപ കുറയ്ക്കണം.

മി. രേവതിനാൾ രാമവർമ്മരാജാ.

൧൧൮. സാമാനങ്ങൾ വാങ്ങുന്നതിനും, ജീവനക്കാർക്കുവേണ്ടിയും കണ്ടിൻജൻസിചെലവിനും കൊള്ളിച്ചിട്ടുള്ള ൧൦,൨൩൪ രൂപയിൽനിന്ന ൧൫൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസു.

൧൧൯. റെയിൻജ് ഇൻസ്പെക്ടർക്ക ശമ്പളംവകയിൽ കൊള്ളിച്ചിട്ടുള്ള ൪൫,൦൩൭ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൧൨൦. ശമ്പളം നൽകുന്നതിന, കൊള്ളിച്ചിട്ടുള്ള ൪൬,൭൭൨ രൂപയിൽനിന്ന ൭൭൨ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൧൨൧. അസിസ്റ്റൻറ ഡിസ്റ്റിലർ മുതലായവർക്ക വേണ്ടി കൊള്ളിച്ചിട്ടുള്ള ൫,൭൭൪ രൂപയിൽ നിന്ന ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസു.

൧൨൨. തൽചിലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭,൦൩൨ രൂപയിൽ നിന്ന ൫൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസു.

൧൨൩. സഞ്ചാരപ്പടി നൽകുന്നതിന കൊള്ളിച്ചിട്ടുള്ള ൧൧൫൦൦ രൂപയിൽ നിന്ന ൫൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൨൪. കൊച്ചിൻ അതിർത്തിയിൽ മുളകൾ നട്ടു പിടിപ്പിക്കുന്നതിന കൊള്ളിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽനിന്ന ൧൦൦ രൂപ കുറയ്ക്കണം.

മി. ഏ. എസ്. ദാമോദരനാശാൻ.

൧൨൫. പ്രാദേശികസിൽബന്തികൾക്ക കൊള്ളിച്ചിട്ടുള്ള ൨൦൬,൩൧൯ രൂപയിൽനിന്ന ൯൦൦ രൂപ കുറയ്ക്കണം.

മി. ഏ. എസ്. ദാമോദരനാശാൻ.

൧൨൬. പ്രാഥമിക സിൽബന്തികൾക്ക വേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦൬,൧൯൬ രൂപയിൽ നിന്ന ൫ രൂപ കുറയ്ക്കണം.

മി. ജി. പി. നീലകണ്ഠപിള്ള.

൧൨൭. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൮൨,൩൦൬ രൂപയിൽനിന്ന ൧ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൧൨൮. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൮൨,൩൦൬ രൂപയിൽനിന്ന ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മുഹമ്മദ്.

൧൨൯. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൮൨,൩൦൬ രൂപയിൽനിന്ന ൬ രൂപ കുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള.

൧൩൦. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൨൨,൩൦൩ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൩൧. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൨൨,൩൦൩ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ.

൧൩൨. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൨൨,൩൦൩ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ.

൧൩൩. എക്സൈസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൨൨,൩൦൩ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൩൪. ഇൻസ്പെക്ടർമാർക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൭,൨൪൨ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള.

൧൩൫. തൻചിലവു സിൽബന്തികൾക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൪൧൮ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൩൬. തൻചിലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൪൧൮ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൩൭. സഞ്ചാരപ്പടി വാങ്ങുന്നതിനു കൊള്ളിച്ചിട്ടുള്ള ൧,൫൦൦ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൩൮. താഴ്ന്ന ജീവനക്കാരുടെ ക്ഷേമത്തിനായി കൊള്ളിച്ചിട്ടുള്ള ൭,൭൭൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൧൩൯. ചരുക്കവകകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൻ൧,൩൧൭ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. മാധവൻപിള്ള.

൧൪൦. ചരുക്കുകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൻ൧,൩൧൭ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ.

൧൪൧. മൂന്നാംനമ്പർ ഡിമാൻറിന്റെ കീഴിൽ കൊള്ളിച്ചിട്ടുള്ള ൩൭൧,ൻ൩൭ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. വി. എസ്. കൃഷ്ണപിള്ള.

൧൪൧. (എ) നീക്കിവെച്ചിട്ടുള്ള ൩൭൧,ൻ൩൭ രൂപയിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ. എക്സൈസ് ഡിപ്പാർട്ടുമെൻറിലേക്കു വേണ്ടി ൩൭൧ൻ൩൭ രൂപക്കുള്ള മൂന്നാംനമ്പർ ഡിമാൻഡു ഞാൻ ഇപ്പോൾ സഭയുടെ അനുമതിക്കായി ഹാജരാക്കിക്കൊള്ളുന്നു.

ഈ ഉപക്ഷേപം സഭ പാസ്സാക്കുകയും ഗ്രാൻറു അനുവദിക്കുകയും ചെയ്തു.

൪-ാംനമ്പർ ഡിമാൻഡു — വനം:—

അദ്ധ്യക്ഷൻ. ൪-ാംനമ്പർ ഡിമാൻഡിനെ സംബന്ധിച്ചു സഭ ഇപ്പോൾ പര്യാലോചിക്കുന്നതാണ്.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ) : ൪-ാമത്തെ ഡിമാൻഡുപ്രകാരം വനം ഡിപ്പാർട്ടുമെൻറിലേക്കു ൨൨,൭൫൦ രൂപയിൽ കവിയാത്ത തുക അനുവദിക്കുന്നതിനു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം ൧൪൨.

രാജകീയ വൃക്ഷങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൦൦,൦൦൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) : സർ, രാജകീയവൃക്ഷങ്ങൾക്കായി ബഡ്ജററിൽ ചേർത്തിട്ടുള്ള ൨,൦൦,൦൦൦ രൂപയിൽ നിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. കുടിയാനവർക്കു തെരിട്ടുന്നതായ ചില കഷ്ടനഷ്ടങ്ങളെപ്പററി പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിയിട്ടുള്ളത്. രാജകീയവൃക്ഷങ്ങൾ മുറിച്ചുമാററിക്കൊണ്ടുപോകുന്നതിനു വസ്തു ഉടമസ്ഥന്മാരുടെ പുരയിടങ്ങളിൽ നിൽക്കുന്ന തടി മുറിച്ചു മാററിക്കൊണ്ടുപോകുന്നതിനു റവന്യൂ ഉദ്യോഗസ്ഥന്മാരും സ്ഥലംറേഞ്ചു ആഫീസരും ജായിൻറ മഹസർ എഴുതുക എന്നൊരു ഏർപ്പാടുണ്ട്. ഇതു സാധാരണയായി നടപ്പിൽവരുന്നതല്ല, പുരയിടം ഉടമസ്ഥനു ഈ ജായിൻറ മഹസർ തയാറാക്കാതെ രസീതുകിട്ടുകയില്ല. ഈ ജായിൻറ മഹസർ എഴുതുന്നതിനെസംബന്ധിച്ചു പല എഴുത്തുകുത്തുകളും റവന്യൂഡിപ്പാർട്ടുമെൻറും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമായി നടന്നിട്ടുള്ളതു എനിക്കറിയാം. പാർട്ടികൾ ജായിൻറ മഹസർ എഴുതുന്നസ്ഥലത്തു പോകാതെയിരിക്കുന്നതിനു വല്ല കാരണങ്ങളും പറഞ്ഞുപോകാതെയിരിക്കുന്നതായിട്ടും

ണ സാധാരണ കാണുന്നത്. ഈ മഹസറിനുശേഷം വാങ്ങിക്കുന്ന രസീതുകൊണ്ടു വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനു സാധിക്കുമോ എന്നുള്ള കാര്യവും സംശയമാണ്. കുടിവിലകിട്ടുന്നുണ്ടെങ്കിൽ തഹശീൽദാർതന്നെ സകലവിവരങ്ങളും കാണിച്ചു സർട്ടിഫിക്കേറ്റു കൊടുക്കണം. സാധാരണ അന്യദേശ കയ്യാലകളിൽ വച്ചു പുരയിടങ്ങളിൽ താമസിക്കുന്ന ആളുകളുടെ സ്ഥലം ലേലം ചെയ്തേക്കാം. തടിമുറിച്ചുകൊണ്ടുപോകുമ്പോൾ ഓഫീസർമാർതന്നെ സ്റ്റോക്ക് നമ്പർ, തടിയുടെ നീളം, വണ്ണം, ഇനമെല്ലാം കാണിച്ചു ഒരു രസീതു എഴുതിക്കൊടുത്താൽമതി എന്നുവച്ചുന്നപക്ഷം ഏതാണ്ടു രക്ഷയുണ്ടായിരിക്കുമായിരുന്നു. കുടിവിലവാങ്ങിക്കുന്നതിനു തഹശീൽദാരുടെ സർട്ടിഫിക്കേറ്റില്ലാതെ സാധിക്കുന്നതല്ല. കുടിയുടമസ്ഥന്റെ തടി എന്നു വിററു, അല്ലെങ്കിൽ ഏതു കാലത്തു വിൽക്കാൻപോകുന്നു, എന്നു അറിയാൻ ഇപ്പോൾ യാതൊരുവഴിയുമില്ല. തടിവിററുകഴിയുമ്പോൾ ഉടനെതന്നെ പുരയിടം ഉടമസ്ഥനു നോട്ടീസുകൊടുക്കണമെന്നു വച്ചുന്നപക്ഷം അയാൾക്കു അറിയുന്നതിനു എളുപ്പമുണ്ടാകുമായിരുന്നു.

കുടിവിലബില്ലിൽതന്നെ വേറെയും ചില തകരാറുകളുണ്ട്. തടി ഏതു ഡിപ്പോവിൽ വിൽക്കുന്നുവോ അതിനടുത്തുള്ള ട്രഷറിയിൽ മുന്നിലൊരുഭാഗം വിലയടക്കുന്നു. ബാക്കിയുള്ളതുക ലേലക്കാരൻ ഏതുതാലൂക്കിൽ പാർക്കുന്നുവോ ആ താലൂക്കിലേക്കു അയച്ചുകൊടുക്കുന്നു. ഇങ്ങനെ ഒരു തടിയുടെവില രണ്ടു ട്രഷറിയിൽ ഒടുക്കുകനിമിത്തം ട്രഷറി വെരിഫിക്കേഷനായി ബിൽ ഈ രണ്ടു ട്രഷറിയിലും അയക്കേണ്ടിയിരിക്കുന്നതുകൊണ്ടു കുടിവിലകിട്ടുന്നതിനു കാലതാമസം നേരിടുന്നു. അതും ആവശ്യമില്ലാത്ത ഒരു നടപടിയാണ്.

മുൻകാലങ്ങളിൽ പുളവൽ പതിവുകാലത്തു ഭൂമിമാത്രം ആഗ്രഹിച്ചു ആളുകൾ പുളവൽ പതിക്കയായിരുന്നു ചെയ്തുവന്നിരുന്നത്. ആ കാലത്തു രാജകീയവൃക്ഷങ്ങൾ സൂക്ഷിച്ചുകൊള്ളാം എന്നു എഴുതിവച്ചു ആളുകൾ കൊണ്ടുപോം. അതു ഒരവകാശമായിട്ടു പറഞ്ഞു രാജകീയവൃക്ഷങ്ങളുടെ പൂർണ്ണാവകാശം കുടികൾക്കു വിട്ടുകൊടുക്കാതിരിക്കരുത്; അതു കുടികൾക്കു കൊടുക്കേണ്ടതാണ്; എന്നു കഴിഞ്ഞ പ്രജാസഭയിലും നിയമസഭയുടെ ബഡ്ജററു യോഗകാലങ്ങളിലും വാദിച്ചിട്ടുള്ളതായിക്കാണുന്നുണ്ട്. ഇങ്ങനെ ജനങ്ങളുടെ മുറവിളികൂട്ടലുകൊണ്ടു ഇപ്പോൾ ഗവർമ്മെന്റു ഒരു റായൽററികമ്മിററിയെ ഏർപ്പെടുത്തി അതിന്റെ റിപ്പോർട്ടുവരുത്തീട്ടുണ്ട്. അവരുടെ ശുപാർശപ്രകാരം എന്തു നടപടി നടത്തിയെന്നു ഇതുവരെ അറിയാനിടയായിട്ടില്ല. ഏതായാലും ഗവർമ്മെന്റിനും ജനങ്ങൾക്കും ഒരുവിധത്തിലും നഷ്ടംവരാതിരിക്കുന്നവിധത്തിൽ എന്തെങ്കിലും ഒരു ഏർപ്പാടുചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ ഉപക്ഷേപത്തിനെ ഞാൻ ബലമായി പിന്താങ്ങുന്നു. റായൽററി എന്നുപറയുന്ന തേക്ക, ഈട്ടി മുതലായ വൃക്ഷങ്ങളിന്മേൽ ഗവർമ്മെന്റിനുള്ള അവകാശം കുടികൾക്കു വിട്ടുകൊടുക്കണമെന്നു ഈ കൌൺസിലിൽ ഉപക്ഷേപവും പ്രമേയവും പാസായിട്ടും ഇതുവരെ അതു നടപ്പിൽവരാത്തതിൽ എനിക്കുള്ള മനസ്താപത്തെ ഒന്നാമതായിട്ടു രേഖപ്പെടുത്തിക്കൊള്ളുന്നു. പഴയകാലത്തു കുടിപ്പുരയിടങ്ങളിൽ ധാരാളമായിട്ടു തേക്കുതടി ഉണ്ടായിരുന്നു. ഇപ്പോൾ തേക്കുതടി തീരെ ഇല്ല എന്നായി. ഇതിനുള്ള കാരണം കുടിയാനവൻ അവന്റെ സ്വന്ത പുരയിടത്തിൽ നട്ടുപിടിപ്പിക്കുന്ന തേക്കുവൃക്ഷത്തിന്റെ ഇലപോലും അവനു തൊടാൻ അവകാശമില്ല. അതു കുററകരമാണ്. അതുകൊണ്ടു പുരയിടങ്ങളിൽ മുളയ്ക്കുന്ന തേക്കുതൈപോലും അവർ നശിപ്പിക്കയാണു ചെയ്യുന്നതു. തടി ഇല്ലാതെയാകുന്നതു രാജ്യത്തിന്റെ ധനസ്ഥിതിക്കു വലുതായ നഷ്ടമാണ്. അതുകൊണ്ടു ഈ തടി പൂർവാധികം പുരയിടങ്ങളിൽ ഉണ്ടാകുന്നതിനുവേണ്ടി ഗവർമ്മെന്റു ഇപ്പോൾ നാമമാത്രമായി വച്ചുകൊണ്ടിരിക്കുന്ന ഈ അവകാശത്തെ കുടിയാനവന്മാർക്കായി വിട്ടുകൊടുക്കേണ്ടതാണ്. അങ്ങനെ വിട്ടുകൊടുക്കുന്നതുവരെ വേറെ ഒരു സംഗതികൂടി ചെയ്യണമെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. ഇപ്പോൾ ക്യൂബിക്കടിഒന്നുക്കു ൧൦ അണമുതൽ ഒരു രൂപാവരെ ചിലവുചെയ്താണ് ഈ തടികൾ വെട്ടി ഡിപ്പോവിൽ കൊണ്ടുവരുന്നതു. എന്നാൽ ആ പുരയിടം ഉടമസ്ഥനെത്തന്നെ ഈ ചിലവുകഴിച്ചു ബാക്കിയുള്ള തറിപ്പുവിലയുടെ പകുതി വിലയ്ക്കു കൊടുക്കുന്നതായിരുന്നാൽ കുടിയാനവനു അതു് വളരെ പ്രയോജനകരമായിരിക്കുമെന്നുമാത്രമല്ല ഗവർമ്മെന്റിനു നഷ്ടവും വരികയില്ല. തടിഡിപ്പോവിൽ കൊണ്ടുപോയാൽ തടിയുടെ ഉടമസ്ഥൻ അറിയുന്നതിനു നിവൃത്തിയില്ലാതെ കുടിയാനവനു കുടിവിലയായി കിട്ടേണ്ടുപണം ഫർഫീററുചെയ്തു ഒരു നല്ലസംഖ്യ ഗവർമ്മെന്റിനു ഈടാക്കാം എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ ഇപ്രകാരം ചെയ്യുന്നതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. നാലുവർഷമായി കുടിവിലയ്ക്കുവേണ്ടി ശ്രമിച്ചിട്ടും അതു കിട്ടീട്ടില്ല എന്നു പരസ്യമായി പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ആ സ്ഥിതിക്കു സാധുജനങ്ങളുടെ കഥ എന്തായിരിക്കുമെന്നുള്ളതു് ഗവർമ്മെന്റുതന്നെ ആലോചിച്ചുനോക്കുകയാണ് നല്ലതു്. കൺസർവേറ്ററോടുപറഞ്ഞാൽ തഹശീൽദാരുടെ സർട്ടിഫിക്കേറ്റ ഹാജരാക്കണം എന്നു പറയും. തഹശീൽദാരോടു സർട്ടിഫിക്കേററിനു അപേക്ഷിച്ചാൽ അദ്ദേഹം പാർവത്യകാർക്കു എഴുതിഅയക്കാം എന്നും പറയും. ഇങ്ങനെ എഴുത്തുകുത്തു ഒരിക്കലും തീരാതെ കുടിയാനവനു പണംകിട്ടാൻ വളരെ വിഷമമുണ്ട്. ഗവർമ്മെന്റു തടിയാണെന്നു വിചാരിക്കുന്നകാലത്തോളം അതു മുറിച്ചുകൊണ്ടുപോകുവാൻ ഗവർമ്മെന്റിനു അവകാശമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഗവർമ്മെന്റിന്റെ ആവശ്യത്തിനാണെങ്കിൽ അതു ന്യായവുമാണ്. നേരെമറിച്ചു ഈ തടി അന്യനാട്ടുകാർക്കു വില്ക്കുന്നതിനുവേണ്ടി ഈ സംഖ്യ ഗവർമ്മെന്റിനു ചിലവുചെയ്തു കുടിയാനവനെയുംകൂടി നഷ്ടം സഹിപ്പിച്ചു കൊണ്ടുപോകുന്നതെന്തിനുള്ള ആവശ്യം എന്താണെന്നു ഗവർമ്മെന്റു നല്ലപോലെ ആലോചിച്ചുനോക്കേണ്ടതാണ്. അതിനാൽ ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ ഗവർമ്മെന്റിനു തടിമുറിച്ചുകൊണ്ടുപോകുന്നതിനുള്ള ചിലവുകഴിച്ചു ബാക്കിയുള്ള തറിപ്പുവിലയുടെ പകുതി വിലയ്ക്കു കുടിയാനവനു കൊടുക്കുന്നതിനു നിശ്ചയിച്ചാൽ ഈ രാജ്യത്തു ധാരാളം തടിയുണ്ടാകുന്നതിനിടയാകും. മററു രാജ്യങ്ങളിൽ തേക്ക, ഈട്ടി മുതലായ വൃക്ഷങ്ങളുടെ അവകാശം ഗവർമ്മെന്റിനില്ല. ചന്ദനം മുതലായ ചില വൃക്ഷങ്ങളുടെ അവകാശം ചില രാജ്യങ്ങളിൽ ഗവർമ്മെന്റിനു ഉണ്ടെന്നു കേട്ടിട്ടുണ്ട്. ഇങ്ങനെ സമീപദേശങ്ങളിൽപോലും ഇല്ലാത്ത അവകാശം വച്ചുകൊണ്ടു രാജ്യത്തിന്റെ ധനസ്ഥിതിക്കു ദോഷംവരുത്താതെ ഇതിനു മുമ്പു പാസായിട്ടുള്ള പ്രമേയങ്ങളെ ശക്തിയിൽ വരുത്തുകയും, കുടിയാനവനു കിട്ടേണ്ടതായ ആവകാശം കഴിയുന്നതും വേഗത്തിൽ കൊടുത്തുതീർക്കുകയും ചെയ്യുന്നതിനു വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായിട്ടു പിന്താങ്ങിക്കൊള്ളുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): മിസ്റ്റർ താഴത്തുപള്ളി കൊച്ചുതൊമ്മൻ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചു രണ്ടു വാക്കു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ രാജ്യത്തിൽ ഉള്ള സാധുക്കളായ ഈ ആളുകൾ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർമൂലം പല ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഇതു എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണ്. സാധുക്കളായ ഈ ആളുകൾക്കു യാതൊരുവേലയും കിട്ടാത്തതുമൂലം അവർ അത്യധികം കഷ്ടപ്പെടുന്നുണ്ട്. അവർ ദാരിദ്ര്യത്താൽ മല അടിവാരങ്ങളിൽ പോയി നശിച്ചുപോയ മരങ്ങളേയും ഉപയോഗശൂന്യമായ മററു വൃക്ഷങ്ങളേയും ചെന്നിൽ കൊണ്ടുവന്നു വിററു കാലയാപനംചെയ്തുവരുന്നു. ഇതിനുപുറമെ ഈ സാധുക്കൾ ഇപ്പോഴും മല അടിവാരങ്ങളിൽനിന്നു പുല്ലുചെത്തിക്കൊണ്ടുവന്നു കാലക്ഷേപംകഴിച്ചുവരുന്നു. ഇവർക്കു ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർമൂലം പല ഉപദ്രവങ്ങളും ഉണ്ടാകുന്നു. അതായത്, ഇപ്രകാരം സാധനങ്ങൾ കൊണ്ടുവരുന്ന ആളുകളുടെപക്കൽനിന്നു അവർ ഒരു മരയ്ക്കാൽ, അല്ലെങ്കിൽ, രണ്ടുമരയ്ക്കാൽ നെല്ലുവില പിരിച്ചുവരുന്നുണ്ട്. ഈ വിധത്തിൽ ആരെങ്കിലും കൊടുക്കാതിരിക്കുന്നതായാൽ ഉടൻതന്നെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാർ ഈ സാധുക്കളുടെപേരിൽ കേസെടുത്തുവരുന്നു. അതായതു ഇവർ മരംവെട്ടുകയും കാട്ടിനു തീവെയ്ക്കുകയും ചെയ്തതായി കേസെടുത്തു അവരെ അസഹ്യപ്പെടുത്തുന്നു. സർ, ഇവർക്കു ഒരു വർഷത്തിൽ നാലുമാസത്തേയ്ക്കു ജോലികിട്ടുന്നില്ല. അവരെ വിറകു വെട്ടുന്നതിനും പുല്ലുചെത്തിയെടുക്കുന്നതിനും സമ്മതിക്കാത്തപക്ഷം അവരുടെനില വളരെ ശോചനീയമായിത്തീരുന്നതാണ്. ഇവർ പുല്ലുചെത്തിയെടുക്കുന്നതും വിറകുവെട്ടി ടൌണിലേക്കു കൊണ്ടുവരുന്നതും ഉപജീവനം കഴിക്കുന്നതിനായിട്ടുമാത്രമാണ്. ആകയാൽ ഇവരെ ആശ്രയഹീനരായി കാട്ടുകളിലും മലകളിലും വിറകുവെട്ടിയെടുക്കുന്നതിനും പുല്ലു ചെത്തിയെടുക്കുന്നതിനും അനുവദിക്കേണ്ടതാവശ്യമാണ്. മേൽപറഞ്ഞതനുസരിച്ചു പ്രസ്തുതജനങ്ങൾ മലയിൽകയറി വിറകുവെട്ടുകയും പുല്ലുചെത്തിയെടുക്കുകയും ചെയ്യുന്നതിൽ അവർക്കു പല കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവരുന്നു. ഇതിനെ പരിഹരിക്കണമെങ്കിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലുള്ള ഒരു ഉദ്യോഗസ്ഥൻ, റയിഞ്ചറോ, ഗാർഡോ, മററാരെങ്കിലുമോ ആയാലും, ഗ്രാമങ്ങളിൽ പ്രവേശിക്കുകയോ, സാധുക്കളിൽനിന്നു നെല്ലുമുതലായ സാമാനങ്ങൾ പിരിക്കുകയോ ചെയ്താൽ ഇപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചു ജോലിയിൽനിന്നു മാററുന്നതാണെന്നു പ്രത്യേകമായ ഒരു ചട്ടം ഏർപ്പെടുത്തണമെന്നപേക്ഷിച്ചുകൊണ്ടു എന്റെ പ്രസംഗത്തെ ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, മിസ്റ്റർ കുഞ്ഞിതൊമ്മന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടുകൂടി ഞാനും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. കൽക്കുളം, വിളവങ്കോടു താലൂക്കിന്റെ അതിർത്തിയിൽപെട്ടതായ വനങ്ങളിൽനിന്നും പൊന്മന മുതലായസ്ഥലങ്ങളിലേക്കു കൃഷിക്കാർക്കു വളം കൊണ്ടുപോകുന്നതിനു പാസ് വേണമെന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. അതു അനുവദിച്ചുകൊടുത്തിട്ടുണ്ടെന്നു മുമ്പൊരിക്കൽ കൺസർവേറ്റർ പറഞ്ഞിട്ടുണ്ടെങ്കിലും അതു പ്രയോഗത്തിൽ കൃഷിക്കാർക്കു ഉപയോഗപ്രദമായി വരുന്നില്ല എന്നുള്ള സംഗതി ഞാൻ ഇവിടെ അറിയിച്ചുകൊള്ളുന്നു. ഈ സംഗതിയിൽ കൺസർവേറ്റർ അവർകൾ മേലാൽ നിഷ്കർഷയായിട്ടു പ്രവർത്തിക്കണം. കന്നുകാലിമേച്ചിലിനു ഒഴിച്ചിട്ടുള്ളതായ ഏതാനും സ്ഥലങ്ങളിൽ കന്നുകാലികൾ, ആട്ടിൻപററം ഇവയെ കൊണ്ടുപോകുന്ന ആളുകളെ ഫാറസ്റ്റ് സിൽബന്ധികൾ വളരെ കഠിനമായി ഉപദ്രവിച്ചുവരുന്നു. കൃഷിസ്ഥലം വർദ്ധിച്ചുവരുന്നതായകാരണത്താൽ ആടു മുതലായവയെ പരിരക്ഷിക്കുന്ന ആളുകൾക്കു ഒരു സ്ഥലത്തുതന്നെ താമസിക്കാൻ നിവൃത്തിയില്ല. ഇതിലേക്കുവേണ്ടി അവർക്കു മലപ്രദേശങ്ങളിൽ പോകേണ്ടതായിട്ടിരിക്കുന്നു. അങ്ങനെ പോകുന്നവരെ ഫാറസ്റ്റ് സിൽബന്ധികൾ ഉപദ്രവിക്കുന്നതാണെങ്കിൽ അതു അവർക്കു വളരെ സങ്കടമാണ്. ഇങ്ങനെയുള്ള സംഗതികളിൽ കൺസർവേറററുടെ ശ്രദ്ധ പതിയണമെന്നു അപേക്ഷിക്കുന്നു.

കൃഷി ആവശ്യത്തിനുള്ള കലപ്പ മുതലായ ആയുധങ്ങൾ ഉണ്ടാക്കുന്നതിനായി പ്രത്യേകം അനുവാദത്തോടുകൂടി പഴയ ആളുകൾ വനത്തിനുള്ളിൽചെന്നു തടി വെട്ടിക്കൊണ്ടുവരിക പതിവുണ്ട്. അവർ മോഷ്ടിക്കാൻ പോകുന്നവരല്ല. ഇതിനെ അടിസ്ഥാനപ്പെടുത്തി അവർ ഇതു നാളതുവരെ നടത്തിവരികയാണ്. ഒരു കണിശക്കാരനായ റേഞ്ചർ ഇങ്ങനെ പോകുന്നവരെ പലവിധത്തിലും ഉപദ്രവിക്കുന്നുണ്ട്. അതുകൊണ്ടു ആളുകളുടെ യോഗ്യതയനുസരിച്ചു ഡിപ്പാർട്ടുമെന്റു സിൽബന്തികൾ പ്രവർത്തിക്കണമെന്നു അവരെ ഉപദേശിക്കണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു.

പേച്ചിപ്പാറമുതൽ പത്തുകാണിവരെയുള്ള ചില സ്ഥലങ്ങളിൽ പുകയില കൃഷിനടത്തുന്നുണ്ട്. (ഈ സംഗതി എക്സൈസ് ഡിമാൻഡ് ആലോചനയ്ക്കു വന്നപ്പോൾ പറയണമെന്നു വിചാരിച്ചിരിക്കയും സമയംകിട്ടാത്തതുകൊണ്ടു പറയാതിരിക്കയും ചെയ്തതാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിനെക്കൂടി സംബന്ധിക്കുന്നതായ ഒരു സംഗതിയായതുകൊണ്ടു ഇപ്പോൾ പറയുന്നുവെന്നേയുള്ളു.) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ചില സിൽബന്തികൾ പണം ഉണ്ടാക്കാൻമാത്രം വേണ്ടി മലകളിൽകയറി സാധുക്കളായ കാണിക്കാരെ ഉപദ്രവിച്ചു അവരുടെ പുകയിലകൃഷിയെ നശിപ്പിക്കുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിച്ചു ഈ കൃഷിനടത്തുന്നപക്ഷം ഇന്നു നാം തൃശ്ശിനാപ്പള്ളി മുതലായ സ്ഥലങ്ങളിലേക്കു പുകയിലയ്ക്കുവേണ്ടി പണം അയക്കുന്ന ആവശ്യം ഉണ്ടാകുന്നതല്ല. അതിനാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റും എക്സൈസ് ഡിപ്പാർട്ടുമെന്റുംകൂടി യോജിച്ചു ഒരു പ്രൊപ്പോസൽ അയച്ചാൽ വളരെ നന്നായിരിക്കും. തിരുവിതാംകൂർ ഗവണ്മെന്റിനു ആരേയും പേടിക്കാനില്ല. ഈ നാട്ടിൽ ജനിച്ച മഹാനായ ദിവാൻ പ്രസിഡന്റു അവർകൾതന്നെ ധൈര്യസമേതം തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യത്തേയും സാമ്പത്തിക നിലയേയും വർദ്ധിപ്പിക്കുന്നതിനായി ഏതു ഗവണ്മെന്റിനോടും തടഞ്ഞുപറയാനോ യുദ്ധംചെയ്യാനോ തയ്യാർ എന്ന നിലയിൽ അന്യരാജ്യത്തുനിന്നും പുകയില വരുത്താതെ നമ്മുടെ നാട്ടിൽതന്നെ പുകയിലയുണ്ടാക്കാൻ തക്ക സൌകര്യമുണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പൊലീസുകാരും ചിലസംഗതികളെപ്പററി അന്വേഷണം നടത്തുന്നില്ല എന്നാണ് ഇനി എനിക്കു പറയാനുള്ളതു്. ഫാറസ്റ്റ് റിസർവിനകത്തു കാണിപ്പാട് എന്നൊരുസ്ഥലമുണ്ട്. അവിടെ കാണിക്കാർ അനേകായിരം വർഷങ്ങളായി താമസിച്ചു ദേഹണ്ഡിച്ചു അന്യരുടെ ഉപദ്രവംകൂടാതെ താമസിച്ചുവരികയാണ്. ഈയിടെതന്നെ നെയ്യാററിൻകര പനച്ചമൂട് എന്നസ്ഥലത്തു ഏതാനും അക്രമികൾ കാണിക്കാരെ കൊണ്ടുപോയി

മദ്യപിപ്പിച്ചു അവരെക്കൊണ്ടു ആധാരം എഴുതിച്ചു വാങ്ങിച്ചിട്ടുണ്ട്. ഈയാളുകൾ വളരെ സ്വാധീനശക്തിയുള്ളവരാകുന്നു. ഇന്നാർ എന്നു ഞാൻ ഇവിടെ പറയുന്നില്ല. ഈ സാധുക്കളായ കാണിക്കാരുടെ രക്ഷയ്ക്കു മുൻനിറുത്തി പ്രവർത്തിക്കുന്നതിനു പോലീസ് കമ്മീഷണർ വേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു എത്രയും പരിതാപകരമായ ഒരു സംഗതിയാകുന്നു എന്നു ദിവാൻജി അവർകളേയും ഈ കൗൺസിലിനേയും അറിയിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ദിവാൻ ഇവിടെ ഇല്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ദിവാൻ പ്രസിഡണ്ടു അവർകളെ അറിയിച്ചുകൊള്ളുന്നു.

ഫാറസ്റ്റിനകത്തുള്ള കാണിക്കാർ ചന്തയ്ക്കു കൊണ്ടുപോകുന്ന ചുമടുകളെ മഹമ്മദീയർ തടഞ്ഞു പത്തുരൂപയ്ക്കുള്ള സാമാനങ്ങൾക്കു അരരൂപാ കൊടുത്തു അവരുടെകയ്യിൽനിന്നും സാമാനം പിടിച്ചുപറിക്കുന്നു. ഈ സംഗതിയിലും പോലീസ്കമ്മീഷണരുടെ ശ്രദ്ധപതിയേണ്ടതാണു.

ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ അറിയേണ്ടതായ ചില സംഗതികൾകൂടി എനിക്കു പറയേണ്ടതായിട്ടുണ്ടു. അതായതു സാധുക്കളായ കാണിക്കാർക്കു പനി വിഷവാതങ്ങൾ ബാധിക്കാതെ കാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അവർ ചന്തയിൽ വരുമ്പോൾ അവരുടെ കാലിലുള്ള വ്രണങ്ങൾ മുതലായവയെ ചികിത്സിക്കുന്നതിനും ആംബുലൻസ് കാറുകൾ ചന്തദിവസം പോത്തന, പനച്ചമൂട് മുതലായ സ്ഥലങ്ങളിൽകൊണ്ടുവരുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും വേണം.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): പനച്ചമൂട്ടിൽ ഇപ്പോൾ ഒരു ആശുപത്രി നടക്കുന്നുണ്ടെന്നു മെമ്പർക്കറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതുമാതിരി മേലും ധാരാളം വേണ്ടാകണം.

അദ്ധ്യക്ഷൻ: അതു മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചുള്ളതാണു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും—വിളവങ്കോടും): അതു ഫാറസ്റ്റിന്റെ സംരക്ഷണത്തിൽ കൂടിയുൾപ്പെടുന്നതാണു.

ഇനി എനിക്കു പ്രത്യേകിച്ചു പറവാനുള്ളതു കുറെ റിസർവിനെപ്പററിയാകുന്നു. പേച്ചിപ്പാറയെന്നുള്ള 'വലിയമല' എന്നുള്ള സ്ഥലത്തെ കഴിയുന്നതും വേഗത്തിൽ ഡിസ്ഫാറസ്റ്റ് ചെയ്തു പതിച്ചുകൊടുക്കണം. ഫാറസ്റ്റ്നയം കുറെക്കൂടി പ്രായോഗികമായരീതിയിൽ വരത്തക്കവണ്ണം കൺസർവേറ്റർ പ്രവർത്തിക്കണം.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): എവിടെയുള്ള മഹമ്മദീയരാണു കാണിക്കാരുടെ സാമാനങ്ങൾ പിടിച്ചുപറിക്കുന്നതെന്നു പറഞ്ഞതു?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആലപ്പുഴക്കാരല്ല, മേക്കോട്ടത്തു താമസിക്കുന്ന കച്ചവടക്കാരാണു.

മി. പി. എസ്. മഹമ്മദ്. (നിയമിക്കപ്പെട്ടമെമ്പർ): കച്ചവടക്കാരാണോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും—വിളവങ്കോടും): അതേ; താഴ്ന്നതരം കച്ചവടക്കാർ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അധഃകൃതവർഗ്ഗസംരക്ഷകൻ കാണിക്കാർക്കുവേണ്ടി ഒന്നും പ്രവർത്തിച്ചിട്ടില്ലേ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അവർക്കു പ്രൊട്ടെക്ടറുമില്ല, പ്രതിനിധിയുമില്ല. അവർക്കു പ്രതിനിധി ഉണ്ടാകേണ്ടിയിരിക്കുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അധഃകൃതസംരക്ഷകൻ കാണിക്കാരുടെകാര്യം അവിടെവന്നു അന്വേഷിച്ചിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അവിടെവന്നിട്ടില്ല.

പത്തുകാണിവഴി കുട്ടപ്പകാണിയിൽകൂടെ ഒരുറോഡുകൂടി അനുവദിച്ചുകൊടുക്കണമെന്നുകൂടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): സർ, തേക്കുതടിയെ സംബന്ധിച്ചുള്ള ഈ ഉപക്ഷേപത്തെപ്പററി ഞാനും ചിലതു പറയണമെന്നു വിചാരിക്കുന്നു. കുടിപ്പുരയിടങ്ങളിൽനിന്നു തള്ളിമാററിക്കൊണ്ടുപോകുന്ന വിഷയത്തിൽ കുടികൾക്കുള്ള അവകാശം ശരിയായി കിട്ടാത്തവിധത്തിൽ പലസമ്പ്രദായങ്ങളും ഇപ്പോൾ നടന്നുകാണുന്നു എന്നാണു ഈ ഉപക്ഷേപം അവതരിപ്പിച്ച സാമാജികൻ പറയുന്നതു. ഇതിനു പ്രതിവിധികൾ ഉണ്ടാക്കണമെന്നുള്ള ഒരു ഉപക്ഷേപം ഇതിനുമുമ്പു മറെറാരുരൂപത്തിൽ ഇവിടെ അവതരിപ്പിച്ചു പാസ്സാക്കിയിട്ടുണ്ടു. കുടിപ്പുരയിടങ്ങളിലെ തേക്കുതടിയുടെ പൂർണ്ണാവകാശം കുടിയുടമസ്ഥന്നു തന്നെ വിട്ടുകൊടുക്കണമെന്നു ഒരുപ്രമേയവും ഇവിടെ പാസ്സാക്കിട്ടുണ്ടു. അതുഉടനെ നടപ്പിൽവരുത്തിയാൽ ഈ പറഞ്ഞ ഉപദ്രവങ്ങൾക്കെല്ലാം പ്രതിവിധി ഉണ്ടാകും. അതാണു ഗവൺമെന്റു ചെയ്യേണ്ടതു.

കുടിപ്പുരയിടങ്ങളിലുള്ള വൃക്ഷങ്ങളുടെ അവകാശം ഗവൺമെന്റിനാണു എന്നു സ്ഥാപിച്ചിരിക്കുന്നതു ഗവൺമെന്റിനും കുടികൾക്കും ഒന്നുപോലെ നഷ്ടമാണു. മററൊരുരാജ്യത്തും ഈ ഏർപ്പാടില്ല. ഇതു ഒരു പരിഷ്കൃതസമ്പ്രദായവുമല്ല. ഈരാജ്യത്തെ ജനപ്രതിനിധിസഭയിൽ വേണ്ട ഗുണദോഷവിമർശനം നടത്തി, ഇതു നിറുത്തിക്കളയണമെന്നു ഒരുപക്ഷേപം പാസാക്കിയിട്ടുമിരിക്കുന്നു. ഈസ്ഥിതിക്കു ഈസഭയിൽതന്നെ അതിനെ വച്ചുകൊണ്ടുപോകുന്നതു വളരെകഷ്ടമായിട്ടുള്ളതാണു. റയൽററി അബോളിഷ് ചെയ്യാൻ കഴികകൊണ്ടു നഷ്ടമാണെന്നു കൺസർവേറ്റർ പറയുന്നു. എന്നാൽ അദ്ദേഹം പറയുന്നതുപോലെ അതു ഒരിക്കലും നഷ്ടമല്ല. ഇപ്പോഴത്തെനിലയ്ക്കു രാജകീയവൃക്ഷങ്ങൾ കുടിപ്പുരയിടങ്ങളിൽ മുളയ്ക്കുമ്പോൾ തന്നെ ജനങ്ങൾ നശിപ്പിച്ചുകളയു

ക്കയാണു ചെയ്യുന്നതു്. മിക്കവാറും കുടിപ്പുരയിടങ്ങളിൽ രാജകീയവൃക്ഷങ്ങൾ ഇല്ലാതായിട്ടുണ്ടു്. മേലിൽ ഈ ദുഷ്പ്രചാരത്തെ സ്ഥിതിക്ക തീരെ ഉണ്ടാവുകയില്ല. ഇപ്രകാരം ഇല്ലാത്ത ഒരു സാധനം ഗവർമ്മെന്റേതാകയാണെന്നു പറയുന്നതുകൊണ്ടു എന്താണു് വിശേഷം? അതുകൊണ്ടു തേക്കുവൃക്ഷങ്ങൾ സൂക്ഷിക്കുന്നതിനും നട്ടുവളർത്തുന്നതിനും ജനങ്ങൾക്കു താല്പര്യം പരത്തക്കവണ്ണം അവ കുടികൾക്കു വിട്ടുകൊടുത്താൽ അവ യഥേഷ്ടം വളർത്തുകയും അങ്ങിനെ ഉണ്ടാകുന്ന തടികൾ ഇപ്പോഴത്തെപ്പോലെ വിദേശികൾതന്നെ അധികഭാഗവും വാങ്ങിക്കയും ചെയ്യും. എന്തെന്നാൽ ഒരുകണ്ടി തേക്കുതടിയുടെ വിലകൊണ്ടുതന്നെ രണ്ടുകണ്ടിതടി കിട്ടുന്നതായ ബോമ്പാവു്, ഇരുൾ മുതലായ തടികളെ വാങ്ങിയ ജനങ്ങൾ പുരപണിക്ക ഉപയോഗിക്കയുള്ളു. അതുകൊണ്ടു തേക്കുതടിക്ക ഒരു തീരുവ ചുമത്തുന്നപക്ഷം ഗവർമ്മെന്റിനു ഒരു ഇനത്തിൽ നല്ല ആദായം കിട്ടുന്നതാണു്. ഇതിനെപ്പററി വിസ്തരിച്ചു ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടു. പണ്ടു മുളകുമടിശ്ശീല ഏർപ്പെട്ടിരുന്നതായിരുന്നു. കുടികൾ മുളകുകൃഷി ചെയ്താൽ മുളകു ഗവർമ്മെന്റിനെ ഏല്പിക്കണം. ദിവാൻ സർ ടി. മാധവറാവുവിന്റെ കാലത്തു ആ ഏർപ്പാടു നിറുത്തി. മുളകു ജനങ്ങൾക്കു കൃഷിചെയ്യുന്നതിനായി വിട്ടുകൊടുക്കയും അതിനു ഒരു തീരുവ ചുമത്തുകയും ചെയ്തു. മുളകു കൃഷിചെയ്തുകിട്ടുന്ന ആദായം മുഴുവനും കുടികൾക്കു ലഭിക്കുന്നുണ്ടെന്നു കുടികൾ വിചാരിക്കുന്നുണ്ടെങ്കിലും ഒരുഭാഗം തീരുവഇനത്തിൽ ഗവർമ്മെന്റിനാണു് ലഭിക്കുന്നതു്. ഏതു വിളവുസാധനത്തിനു തീരുവ ഏർപ്പെടുത്തിയാലും അതു കൃഷിക്കാരനിൽനിന്നാണല്ലോ വന്നുവസാനമായിക്കൊള്ളുക. കണ്ടിയൊന്നുക്കു [illegible] രൂപായോ [illegible] രൂപായോ തീരുവഇനത്തിൽ ഗവർമ്മെന്റിനു ഇപ്പോൾ കിട്ടുന്നുണ്ടു. അതുപോലെ തേക്കുതടിക്ക തീരുവ ഏർപ്പെടുത്തിയാൽ തടികൾ രാജ്യത്തു വർദ്ധിക്കയും ഗവർമ്മെന്റിനു സ്ഥിരമായ ആദായം ഉണ്ടാവുകയും ചെയ്യും. ഇവിടെ ഇതിനെസംബന്ധിച്ചു വാദംതുടങ്ങിയപ്പോഴാണു് ഈ സംഗതി കൊച്ചിയിൽ കൌൺസിലിൽ കൊണ്ടുവന്നതു്. ആദ്യം ആലോചിക്കാമെന്നു ഗവർമ്മെന്റു മറുപടി പറഞ്ഞു. പിന്നീടു മഹാരാജാവുതിരുമനസ്സിലെ ഒരു തിരുനാൾദിവസത്തിൽ ജനങ്ങൾക്ക ഒരു അനുഗ്രഹംഎന്നനിലയിൽ റായലററി നിറുത്തിയിരിക്കുന്നതായി വിളംബരം പ്രസിദ്ധപ്പെടുത്തി.

ബ്രിട്ടീഷ്ഇൻഡ്യയിലും തേക്കുതടി സെറഫ്ക്യാനായിട്ടുംഉണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയിൽ കുടിപ്പുരയിടങ്ങളിലുള്ള തേക്കുതടിയുടെ അവകാശം കുടികൾക്കാണു്. അതുപോലെതന്നെ മൈസൂരിൽ ഷിമോഗാ മുതലായ ചില ഡിസ്ത്രിക്ടുകളിൽ തേക്കുതടിയുണ്ടെന്നു കേട്ടിട്ടുണ്ടു. അവിടെയും കുടികൾക്കുതന്നെയാണു അവകാശം.

ഇൻഡ്യയുടെ ആരാമം എന്നാണല്ലോ ഈ രാജ്യത്തെപ്പററി പറയാറുള്ളതു്. തിരുനൽവേലി, മധുര മുതലായജില്ലകളിൽ അധികവും ധാന്യങ്ങളാണു വളരുന്നതു്. എന്നാൽ ഇവിടെ അങ്ങിനെയല്ല. വൃക്ഷങ്ങളാണു് അധികം. ഈ നിലയ്ക്കു പോവുകയാണെങ്കിൽ ഒന്നോ രണ്ടോ വർഷങ്ങൾ കഴിയുമ്പോൾ ഈ വിലയേറിയ തേക്കുതടി റിസർവ്വുവനങ്ങളിൽഅല്ലാതെ കുടിപ്പുരയിടങ്ങളിൽ കാണുകയില്ല. ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റു കൃഷിക്കുള്ള ഒരു ഡിപ്പാർട്ടുമെന്റല്ലല്ലോ. അഥവാ ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റ കൃഷിചെയ്യുകയാണെങ്കിലും ചെയ്തുകൊള്ളട്ടെ, വിരോധമില്ല. ആദായകരമായ തൊഴിൽ ജനങ്ങളും നടത്തുന്നതുകൊണ്ടു് എന്താണു് വിരോധം?

കൂടാതെ തേക്കുതടി മുളകുകൃഷിചെയ്യുന്നതിനു പററിയവൃക്ഷമാണു്. തേക്കിന്റെ കട്ടികൊണ്ടും വേനൽക്കാലത്തു ഇലപൊഴിയുന്നതുകൊണ്ടും മററു ആഞ്ഞിലിമുതലായ വൃക്ഷങ്ങളിൽ മുളകു പടർത്തുന്നതിനെക്കാൾ കൂടുതൽ ഫലപ്രദമായിരിക്കും തേക്കുതടിയിൽ മുളകുപടർത്തിയാൽ. തേക്കുതൈ [illegible] മുളകു ഇടം. ആഞ്ഞിലിയിൽ മുളകുകൊടിയിട്ടാൽ വെയിൽകൊള്ളുന്ന സ്ഥലത്തു ആഞ്ഞിലിവൃക്ഷംനിന്നാൽമാത്രമെ പൂർണ്ണമായഫലം കിട്ടുകയുള്ളു. ഇടതിങ്ങിനിൽക്കയാണെങ്കിൽ വലിയഫലം കിട്ടുകയില്ല. തേക്കുതടിയായാൽ ആ ദോഷമില്ല.

ഏട്ടുവർഷങ്ങൾക്കുമുമ്പുതന്നെ ഈ വിഷയം ഞാൻ ഈ കൌൺസിലിൽ ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരികയും അതനുസരിച്ചു ഒരു കമ്മിററി ഏർപ്പെടുത്താമെന്നു പറഞ്ഞതുകൊണ്ടു ആ പ്രമേയം പിൻവലിക്കയുമാണുണ്ടായതു. ഒടുവിൽ ഒരു കമ്മിററി ഏർപ്പെടുത്തി. ഞാനും അതിലെ ഒരംഗമായിരുന്നു. ഒരു റിപ്പോർട്ടും സമർപ്പിച്ചു. പക്ഷെ ആ റിപ്പോർട്ടു ഇതുവരെ വെളിയിൽ വന്നിട്ടില്ല. കാര്യം പണ്ടത്തെപ്പോലെതന്നെ നടക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ റായലററി ഇനത്തിൽനിന്നുള്ള വരവുകഴിച്ചാൽ ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിൽനിന്നും എന്താദായം ലഭിക്കും?

മി. തറയിൽകുഞ്ഞിരാമമേനോൻ (മൂവാററുപുഴയും തൊടുപുഴയും): പറയത്തക്കവണ്ണം ഒന്നുമില്ല. ആകെ ൭ ലക്ഷം ഉറുപ്പിക ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിലെ ചിലവുകഴിച്ചുള്ള വരവു്. അതിൽ ൬ ലക്ഷവും റായലററി ഇനത്തിൽനിന്നാണു്. അതുകൊണ്ടായിരിക്കാം ഈ വിഷയത്തിൽ ഗവർമ്മെന്റ് പിടിവാശിപ്രായം പ്രദർശിപ്പിക്കുന്നതു. എന്നാൽ ഇങ്ങനെയുള്ള വരവു കാണിച്ചതുകൊണ്ടു ഒരു വിശേഷവുമില്ല. ഫാറസ്റ്റിൽനിന്നു ഇപ്പോൾ കിട്ടുന്ന വരവു ഫാറസ്റ്റു വരവായിട്ടു കണക്കാക്കിയാൽമതി. തേക്കുതടി കുടികൾക്കു വിട്ടുകൊടുക്കുന്നപക്ഷം തീരുവയിനത്തിൽ ഗവർമ്മെന്റിനു ആദായം ഉണ്ടാകും. അതു എക്സൈസ്ഇനത്തിൽചേരും, ഫാറസ്റ്റിൽ ചേർത്തു കണക്കാക്കുവാൻ സാധിക്കയില്ല. അതുകൊണ്ടാണു് ഫാറസ്റ്റുകാർ തടസ്ഥംപറയുന്നതു. ജനങ്ങളുടെ മരങ്ങൾ ഫാറസ്റ്റുകാരുടെ വകയാണെന്നുപറഞ്ഞു മററുകൃഷികളേയുംനശിപ്പിച്ചു കുടിയാനവന്മാരുടെ മരങ്ങളെല്ലാം [illegible] ആന കരിമ്പിൻതോട്ടത്തിൽ കടന്നതുപോലെയുള്ള അഴിമതികൾകാണിച്ചു തടി കൊണ്ടുപോകുന്നു. അതിൽനിന്നും ഗവർമ്മെന്റിനുകിട്ടുന്ന ആദായമോ തുച്ഛമാണു്. ഇവ സമുദ്രതീരത്തെ ഡിപ്പോകളിൽകൊണ്ടുചെന്നു വിദേശികൾക്കു വിൽക്കയാണു്. "[illegible] തങ്ങൾ തരുന്നതിൽ കൂടുതൽ വില [illegible] ഇരുടാക്കിക്കൊള്ളുക, എങ്കിലും ഇതു തടി മുറിച്ചുകൊണ്ടുപോകരുതു്" എന്നുപറഞ്ഞാൽ കേൾക്കയില്ല. ഇങ്ങനെ തടി കുടികൾക്കുതന്നെ കൊടുക്കുന്നതുകൊണ്ടു ഗവർമ്മെന്റിനു യാതൊരു ദോഷവുമില്ല. ഗവർമ്മെന്റിനു കിട്ടുന്ന ആദായത്തിൽ സ്വല്പംകൂടി [illegible] ആ തടി കുടിയാനവനു കൊടുക്കയില്ല. സാധാരണ കുടിയാനവന്മാർ അധികവും സാധു

ക്കളും കൂലിവേലക്കാരുമായിരിക്കും. അവർ രണ്ടുദിവസം വേലയ്ക്കുപോകുന്നതിനു സാധിക്കാതെവരുമ്പോൾ അവരുടെ പുരയിടത്തിൽ കൃഷിചെയ്തിട്ടുള്ള കുരുമുളകുമുതലായ സാധനങ്ങളിൽനിന്നു ആദായം എടുത്തു കഴിച്ചുകൂട്ടാമെന്നു വിചാരിക്കുമ്പോൾ ആ വിളവുകളെല്ലാം നശിപ്പിച്ചു തടി വെട്ടിയിറക്കി കൊണ്ടുപോകുന്നതു് എത്ര ദയനീയമാണ്.

ജനങ്ങളുടെ സാമ്പത്തികനില താറുമാറായി ക്ഷയിച്ചുകൊണ്ടിരിക്കയാണ്. കൃഷിചെയ്യുന്നതിനുവേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനുപകരം ഇങ്ങനെ കൃഷിവിളവുകളെ നശിപ്പിച്ചാൽ വലിയ നഷ്ടമാണ്. റിസർവ്വു ബൌണ്ടറി സൂക്ഷിക്കേണ്ട ഗാർഡുകളും ഫാറസ്റ്റ് സിൽബന്തികളും ഇപ്പോൾ കുടിപ്പുരയിടങ്ങളിൽ ചുറ്റിനടന്നു ചടിയാന്മാരാരെങ്കിലും തേക്കുതടിയുടെ കൊമ്പുമുറിക്കുന്നുണ്ടോ എന്നു നോക്കിക്കൊണ്ടിരിക്കയാണ്. അവർ റിസർവ്വു സൂക്ഷിക്കാൻപോയാൽ അവർക്കു കിട്ടാവുന്ന ആദായം കിട്ടുകയില്ല. കുടികളെ ഉപദ്രവിച്ചാലെ അവർക്കു വല്ലതും കിട്ടുകയുള്ളു. ഇങ്ങനെ കുടികൾക്കു പലപ്രകാരത്തിലും ഉപദ്രവങ്ങളുണ്ടാക്കുന്ന ഈ റോയൽട്രി ഏർപ്പാടു നിശ്ശേഷം നിറുത്തൽ ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): സർ, പ്രതിപാദ്യവിഷയത്തിന്റെ പല അവസ്ഥാന്തരങ്ങളേയും സംബന്ധിച്ച മറ്റുള്ള സാമാജികന്മാർ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മി. കുഞ്ഞിത്തൊമ്മൻ ഇവിടെ വെളിപ്പെടുത്തിയിട്ടുള്ള ചട്ടമോഷൻ അനുസരിച്ചു നിർദ്ദേശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളേയും സംബന്ധിച്ചു എനിക്കു മറുപടി പറയുന്നതിനു സാധിക്കയില്ല. അദ്ദേഹത്തിന്റെ ഉദ്ദേശം ഇപ്രകാരമാണ്. "രാജകീയവൃക്ഷങ്ങൾക്കുവേണ്ടി ശേഖരിച്ചുവച്ചിട്ടുള്ള [illegible] രൂപയിൽനിന്നു [illegible] രൂപ കുറയ്ക്കണം", എന്നാൽ ഈ സംഗതിയെക്കുറിച്ചല്ലാ അദ്ദേഹം ഇവിടെ പ്രസംഗം ചെയ്തിട്ടുള്ളതു. കുടിവക ഭൂമികളിൽ നില്ക്കുന്ന രാജകീയവൃക്ഷങ്ങളെ വെട്ടിമാറ്റുകയും തങ്ങൾക്കു ലഭിക്കേണ്ടതുള്ള കുടിവില കിട്ടുന്ന കാര്യത്തിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം, നേരിടുന്ന കാലവിളംബത്തേയുംപറ്റിയാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു. മഹസ്സർ തയ്യാറാക്കുന്നതിനു പാർവത്യകാരുടെ സഹായം ലഭിക്കുന്ന കാര്യത്തിൽ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. അതിനാൽ അദ്ദേഹം ഒരു നിർദ്ദേശം ചെയ്യുകയുണ്ടായി. വനം ഡിപ്പാർട്ടുമെന്റിലുള്ള കീഴ് ഉദ്യോഗസ്ഥന്മാർ രസീതുകൾ കൊടുക്കുന്ന സമ്പ്രദായം മുൻപു നടപ്പിലിരിക്കുന്നു. ഈ സമ്പ്രദായത്തെ ഡിപ്പാർട്ടുമെന്റു ഇപ്പോൾ സ്വീകരിക്കണമെന്നുള്ളതാണ് മെമ്പർ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം. സർ, ഏതാനും കാലങ്ങൾക്കുമുമ്പു ഈ സമ്പ്രദായം നടപ്പിലിരുന്നു. ഉടമസ്ഥന്മാർ കുടിവിലക്കു അവകാശപ്പെടുകയുണ്ടായി. അവകാശക്കാരൻ യഥാർത്ഥത്തിൽ ഉടമസ്ഥനാണോ അല്ലയോ എന്നുള്ളതു അറിയുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിച്ചില്ല. ഈ വിഷമം നേരിട്ടതു പിന്നീടു ആണ്. വനംഡിപ്പാർട്ടുമെന്റുവക കീഴ്ജീവനക്കാർ നൽകപ്പെടുന്ന സർട്ടിഫിക്കേറ്റുകളിൽ കാര്യത്തിന്റെ യഥാർത്ഥസ്ഥിതി വ്യക്തമായി പറയപ്പെടുന്നില്ല. യഥാർത്ഥ ഉടമസ്ഥൻ ആരാണെന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തി അറിയുന്നതിനു ഡിപ്പാർട്ടുമെന്റു കീഴ്ജീവനക്കാർ ശ്രമിക്കുന്നുമില്ല. ആ സ്ഥിതിക്കു ഈ കാര്യത്തിൽ വളരെ കുഴപ്പങ്ങൾ നേരിട്ടിരുന്നു. ഈ ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനു മഹസ്സർ തയ്യാറാക്കുന്ന കാര്യത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റു വനംഡിപ്പാർട്ടുമെന്റിനോടു സഹകരിച്ചുപ്രവർത്തിക്കുന്നതിനു ഉത്തരവു അയയ്ക്കുകയുണ്ടായി. മഹസ്സറുകൾ തയ്യാറാക്കുന്ന കാര്യത്തിൽ പാർവത്യകാരന്മാരുമായി ആലോചിക്കേണ്ടതാണെന്നു ഗവൺമെന്റു ഉത്തരവാകുകയും ചെയ്തു. മി. കൊച്ചുതൊമ്മൻ ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചേടത്തോളം കൺട്രാക്ടരാണു. മഹസ്സറുകൾ തയ്യാറാക്കുന്ന കാര്യത്തിൽ പാർവത്യകാരന്മാർക്കു നേരിടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി മനസ്സിലാക്കുന്നതിൽ അദ്ദേഹത്തിനു കൂടുതൽ സൌകര്യമുണ്ടായിരിക്കുന്നതാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): കുടിവക പുരയിടങ്ങളിൽനില്ക്കുന്ന തടി വെട്ടുന്നതിനുമുമ്പു ഉടമസ്ഥനു മുൻ അറിവു കൊടുക്കണമെന്നു വല്ല ഏർപ്പാടും ഇപ്പോഴുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): സർ, ഏതാനും സംഗതികളിൽ ഞങ്ങൾ അപ്രകാരം പ്രവർത്തിക്കുന്നുണ്ടു. കഴിഞ്ഞ നിയമനിർമ്മാണസഭായോഗത്തിൽ ഒരു ചോദ്യം ചോദിച്ചിട്ടുണ്ടു. ഈ കാര്യത്തിൽ കഴിയുന്നവിധം ഉടമസ്ഥന്മാർക്കു മുന്നറിവു കൊടുത്തുവരാറുണ്ടെന്നുള്ളതു മേല്പറഞ്ഞ ചോദ്യത്തിനു നൽകപ്പെട്ടിട്ടുള്ള മറുപടിയിൽനിന്നു വെളിപ്പെടുന്നതാണ്. എന്നാൽ വനംഡിപ്പാർട്ടുമെന്റിനെപ്പോലെ ഉള്ള ഒരു ഡിപ്പാർട്ടുമെന്റിന്റെ സംഗതിയിൽ ഇപ്രകാരം പ്രവർത്തിക്കുന്നതിനു സാധിക്കയില്ല. ഉടമസ്ഥനുക്ക് അറിവു നൽകേണ്ട ബാധ്യത ചട്ടങ്ങൾ പ്രകാരം ഗവൺമെന്റിനു ഉണ്ടായിരിക്കുന്നതല്ല. എന്നാൽ മിക്കവാറും എല്ലാ സംഗതികളിലും കൺട്രാക്ടർമാർ അറിയിപ്പു നൽകുന്നുണ്ടു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ഫാറസ്റ്റ് റൂൾ അനുസരിച്ചു ഉടമസ്ഥനു മുന്നറിവു കൊടുക്കണമെന്നുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഇല്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക). മുന്നറിവുകൊടുക്കാതെ ഇങ്ങനെ ചെയ്യുന്നപക്ഷം രണ്ടുടമസ്ഥന്മാരുടെ തടികൾ ഒന്നിച്ചിടുമ്പോൾ നീളവും വണ്ണവും കുറഞ്ഞതടി നീളവും വണ്ണവും കൂടിയ തടിയുടെ ഉടമസ്ഥന്റെ പേരിലും, നീളവും വണ്ണവും കൂടിയ തടി, നീളവും വണ്ണവും കുറഞ്ഞ ഉടമസ്ഥന്റെ പേരിലും മാറിപ്പോകയില്ലേ? അങ്ങനെ മാറിപ്പോകാതിരിക്കാൻ എന്താണു ചെയ്യുന്നതു?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): സർ, സാധാരണയായി ഞങ്ങൾ സാമാന്യമായ ഒരു മഹസ്സർ തയ്യാറാക്കുന്നുണ്ടു. മേല്പറഞ്ഞപ്രകാരം സംഭവിക്കാതിരിക്കുന്നതിനാണു ഞങ്ങൾ അപ്രകാരം ചെയ്യുന്നതു. എക്സ് എന്നയാളിന്റെ ഉടമസ്ഥതയിലിരിക്കുന്ന ഭൂമി ഏതാണെന്നും, വൈ. എന്ന ആളിന്റെ ഭൂമി ഇന്നതാണെന്നും ഉള്ള സംഗതികൾ ഞങ്ങളെ അറിയിക്കേണ്ടതു പാർവത്യകാരുടെ ചുമതലയാകുന്നു. മഹസ്സറിനു അച്ചടിച്ചിട്ടുള്ള ഒരു ഫാറം ഉണ്ടു. ഈ ഫാറത്തിൽ വൃക്ഷങ്ങളുടെ സംഖ്യയെ കാണിക്കുന്നതിനുള്ള ഒരു ഖണ്ഡം ഉണ്ടു. മഹസ്സർ തയ്യാറാക്കിയതിനു ശേഷംമാത്രമേ ഞങ്ങൾ അറിയിപ്പു നൽകുകയുള്ളു.

മി. വി. ജെ ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ജന്മന്റെ മഹസ്സറിനകത്തു ആരെല്ലാം ചേർന്ന് ഒപ്പിടണമെന്നാണു വ്യവസ്ഥ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): പാർവത്യകാരനും ഉടമസ്ഥനും ഒപ്പിടണമെന്നു വ്യവസ്ഥയുണ്ട്. രസീതു ഉടമസ്ഥനു അയച്ചുകൊടുക്കുന്നു. എന്നാൽ ഉടമസ്ഥൻ സ്ഥലത്തില്ലാതിരിക്കുന്നപക്ഷം, രസീതു ഉടമസ്ഥനു നൽകുന്നതിനു ഞങ്ങൾക്കു കഴിയുന്നതല്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ഉടമസ്ഥനു മുൻകൂട്ടി നോട്ടീസു കൊടുക്കുന്നതിനു എന്താണു വിരോധം?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അപ്രകാരം പ്രവർത്തിക്കുന്നതിനും സാധിക്കുന്നതാണു. എന്നാൽ ഉടമസ്ഥൻ ആരാണെന്നുള്ളതു പാർവത്യകാരൻ മുൻകൂട്ടി ഞങ്ങളെ അറിയിക്കാത്തപക്ഷം ഭൂമിയുടെ ഉടമസ്ഥൻ ആരാണെന്നുള്ളതു അറിയുന്നതിനു ഞങ്ങൾക്കു കഴിയുന്നതല്ല. മിക്കവാറും എല്ലാ കാര്യങ്ങളുടേയും സ്ഥിതി ഇപ്രകാരമായിരിക്കും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): തടി വെട്ടുന്ന പുരയിടത്തിന്റെ സർവേ നമ്പർ അറിഞ്ഞിട്ടല്ലേ തടി വെട്ടാൻ ചെല്ലുന്നതു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഉടമസ്ഥന്റെ പേരു അറിയുന്നതിനു ഞങ്ങൾക്കു കഴിയുമെന്നുള്ളപക്ഷം അതും മഹസ്സറിൽ കാണിക്കുന്നതാണു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ഉടമസ്ഥൻ ഇന്നാരാണെന്നു പാർവത്യകാർമുഖാന്തിരം കണ്ടുപിടിച്ചു നോട്ടീസു കൊടുക്കാൻ പാടില്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം കഴിയുന്ന എല്ലാ പ്രവൃത്തികളും ഞങ്ങൾ ചെയ്യുന്നുണ്ടു. പേസ്റ്റുകൾ ഇല്ലാതെ കഴിയുന്നതിനു സാധിക്കാതിരിക്കത്തക്കവണ്ണം പഴയ അപേക്ഷകൾ അടിയന്തിരം വർദ്ധിച്ചിരിക്കുന്നു. ഈ സ്ഥിതിക്കു പതിവിനെ സംബന്ധിച്ചുള്ള പഴയ അപേക്ഷകളെപ്പറ്റി തീരുമാനിക്കുന്നതിൽ ഞങ്ങൾക്കു യഥാർത്ഥത്തിൽ വളരെ ഉപകാരമുള്ളതാകുന്നു. ഇക്കാര്യത്തിലുള്ള വിഷമത എനിക്കും ബോദ്ധ്യമായിട്ടുണ്ടു. എന്നാൽ ഞങ്ങൾക്കു കടിശിഖ തീർക്കേണ്ടതായിട്ടുണ്ടു. ഈ കാര്യങ്ങളെ സംബന്ധിച്ചു തീർച്ചചെയ്യുന്നതിനു ഗവണ്മെന്റു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു അനുവദിച്ചിട്ടുണ്ടു. പാർവത്യകാരന്മാർ തീരുമാനിക്കപ്പെടുന്ന കേസുകളെ സംബന്ധിച്ച പട്ടികകൾ ഗവണ്മെന്റിലേക്കു അയച്ചുവരുന്നുണ്ടു. ഈ പട്ടികകളെ ഗവണ്മെന്റു പരിശോധിക്കയും അവയുടെ കാര്യത്തിൽ അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നു. ഈ വിഷമത ഉണ്ടായിരിക്കുന്ന സ്ഥിതിക്കു കുടിശ്ശികയുടെ ഉടൻ അധികമായി കുറയ്ക്കുന്നതിനു സാധിക്കുന്നതല്ലാ എന്നു അറിഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ ഞങ്ങൾക്കു അല്പം പുരോഗതി ഉണ്ടായിട്ടുണ്ടെന്നു എനിക്കു പറയാവുന്നതാണു; എന്നാൽ ജീവനക്കാരെ കൂടുതലായി നിയമിക്കുന്നതിനു അനുവാദം നൽകാതിരിക്കുന്നപക്ഷം, ഈ വിഷയത്തിൽ സിദ്ധിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്ന പുരോഗതി ഉണ്ടാകുന്നതിനു നിവൃത്തിയില്ലാത്തതാകുന്നു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): പത്തുകൊല്ലത്തിനു മേലായിട്ടും കടിശിഖ കെട്ടുപോകാതെ കുടിശ്ശികയായിരിക്കുന്നതായി അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): സർ അതിനെപ്പറ്റി എനിക്കറിയാൻ പാടില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക). അഞ്ചുവർഷത്തിലധികമായിട്ടുംകൂടി വില കൊടുക്കുതീർക്കാതെ ഉണ്ടെന്നു അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ). അറിയാം.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ജനങ്ങളുടെ ആവലാതിയെ പരിഹരിക്കാൻ കൺസർവേറ്റർ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): വളരെ നടപടി നടത്തിയിട്ടുണ്ടു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): അങ്ങനെ നടപടി നടത്തിയിട്ടും ജനങ്ങളുടെ സങ്കടത്തിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ലെന്നു കൺസർവേറ്റർക്കുതന്നെ അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): കുറെ ഒക്കെ പ്രയോജനമുണ്ടായിട്ടുണ്ടു്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): മുന്നറിവു കൊടുക്കാതെ തടി മുറിച്ചുകൊണ്ടു പോകുന്നതുകൊണ്ടു ഒരാളിന്റെ വക തടി മറ്റൊരാളിന്റെ വകയായി മാറിവരാൻ ഇടയില്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അറിഞ്ഞുകൂടാ.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): എന്നാൽ അങ്ങനെ നടക്കുന്നുണ്ടെന്നു ഞാൻ പറയുകയാണെങ്കിൽ അതു വിശ്വസിക്കാമോ?

അദ്ധ്യക്ഷൻ. ഇപ്രകാരം ഒരു സാമാന്യചോദ്യം ചോദിക്കുന്നതുകൊണ്ടു എന്തു പ്രയോജനമാണുള്ളതു?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): കഴിഞ്ഞ കൊല്ലത്തിൽ ഞാൻ ഇതിനെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നശേഷം കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിൽ ഇതുപോലെ കൃത്രിമം നടന്നു എന്നു പറഞ്ഞതിനു യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇങ്ങനെ ഉള്ള സംഗതികളെപ്പറ്റി... ... ...

അദ്ധ്യക്ഷൻ. നിങ്ങൾ ഒരു പ്രസംഗം ചെയ്യുകയാണോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക). സർ, അല്ല.

അദ്ധ്യക്ഷൻ. നിങ്ങളുടെ സമയം വരുമ്പോൾ—നിങ്ങൾക്കു പ്രസംഗിക്കാവുന്നതാണു്. കഴിയുന്നതു എല്ലാ കാര്യങ്ങളിലും നോട്ടീസ് നൽകുന്നുണ്ടെന്നു അദ്ദേഹം മുൻപു തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം, കുറ്റമഹസ്സർ തയ്യാറാക്കുന്ന കാര്യത്തിൽ പാർവത്യകാരന്മാരുടെ സാക്ഷ്യപത്രങ്ങൾ വേണമെന്നു നിർബന്ധിക്കേണ്ട ആവശ്യമില്ലെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. ഫലത്തിൽ ഹാജരാകുന്നതിനു പാർവത്യകാരന്മാരോടു ആവശ്യപ്പെടാതിരിക്കുന്നതായാൽതന്നെയും ഈ കാര്യത്തിൽ യഥാർത്ഥമായി നേരിട്ടിരിക്കുന്ന വിഷമത എത്രമാത്രം പരിഹരിക്കാൻ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഭാവികാലത്തു തർക്കങ്ങൾ നേരിടാതിരിക്കത്തക്കവണ്ണം ഉടമസ്ഥതയെ സംബന്ധിച്ച ശരിയായ റിക്കാർഡുകൾ തയ്യാറാക്കു

ന്നതിനു പാർവത്യകാരന്റെ സഹായം നിങ്ങൾക്കാവശ്യമാകുന്നു. മി. കൊച്ചുതൊമ്മൻ പരിചയം സിദ്ധിച്ചിട്ടുള്ള ഒരു കൺട്രാക്ടർ ആണ്. അദ്ദേഹം പറയുന്നതു ശരിയായിട്ടുള്ളതാണോ അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റു സ്വീകരിച്ചിട്ടുള്ള നടപടിയാണ ശരിയായിട്ടുള്ളതെന്നോ എനിക്കു അറിയാൻ പാടില്ല. ഈ കാര്യത്തെപ്പറ്റി ഞാൻ ഒരു അന്വേഷണം നടത്തുന്നതാണ്. മഹസ്സർ തയ്യാറാക്കണമെന്നുള്ള കൃത്യംമൂലം റവന്യൂ ഡിപ്പാർട്ടുമെന്റിലെ ചില കീഴ്ജീവനക്കാർക്കു ഉപദ്രവം നേരിടുന്നു എന്നു കാണുന്നപക്ഷം ഈ സമ്പ്രദായത്തെ ഞങ്ങൾ ഇല്ലാതാക്കുന്നതാണ്. യഥാർത്ഥത്തിലുള്ള ഉടമസ്ഥൻ ആരാണെന്നുള്ളതു റവന്യൂ ഡിപ്പാർട്ടുമെന്റിലുള്ള ജീവനക്കാർ ഞങ്ങളെ അറിയിക്കേണ്ടതാണ്. ഇതുമൂലം ആണ് അവർക്കു ഉപദ്രവം നേരിടുന്നതു. ഉടമസ്ഥതയെ സംബന്ധിച്ച വില്ലേജ് രേഖകൾ ഖണ്ഡികമായിരിക്കാം. എന്നാൽ ഉടമസ്ഥനെ അറിയുന്നതിനു ഞങ്ങൾക്കു കഴിയാതിരിക്കത്തക്കവണ്ണം പലപ്പോഴും ഉടമസ്ഥത മാറിപ്പോകുന്നതാണ്. എന്നാൽ സ്ഥലത്തില്ലാതിരിക്കുന്ന ഒരു ഭൂമി ഉടമസ്ഥനെ സംബന്ധിച്ചിടത്തോളം അറിയിപ്പു നൽകുന്നതിൽ വിഷമതകൾ ഉണ്ടായിരിക്കുന്നതാണ്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): അദ്ദേഹത്തിന്റെ കീഴിൽ സർവ്വേ ജീവനക്കാർ ഇല്ലയോ എന്നു പറയുമോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഞങ്ങളുടെ സർവേയർമാർ സർവേ ചെയ്യുകയും അതിർത്തിനിർണ്ണയിക്കുകയും മാത്രമേ ചെയ്യുന്നുള്ളു. ഞങ്ങളുടെ കീഴിൽ മൂന്നു സർവേയർമാർ മാത്രമേ ഉള്ളു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): കണ്ടെഴുത്തു രജിസ്റ്റർപ്രകാരമുള്ള വസ്തുക്കൾ ഇന്നതു എന്നു കണ്ടറിയുന്നതിനുമാത്രമായിട്ടാണ് അദ്ദേഹത്തിന്റെ കീഴിൽ ഈ ജീവനക്കാരെ നിയമിച്ചിട്ടുള്ളതു എന്നുള്ളതാണോ അദ്ദേഹം പറഞ്ഞതിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഭൂമിയുടെ ഉടമസ്ഥൻ ആരാണെന്നുള്ളതറിയുന്നതിനു അവർക്കു സാധിക്കുന്നതല്ല.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): ഏതെങ്കിലും പ്രത്യേക സർവേ നമ്പർ ഭൂമിയിൽ നിൽക്കുന്ന രാജകീയ വൃക്ഷങ്ങൾ മുറിക്കുന്നതാണെന്നുള്ളതിനെ സംബന്ധിച്ച ഏതെങ്കിലും പരസ്യം ഗവൺമെന്റു ഗസററിൽ പ്രസിദ്ധംചെയ്തുവരുന്നുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഇക്കാലത്തു അപ്രകാരമുള്ള ഒരു പരസ്യം ഞങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു.

മഹസ്സർ തയ്യാറാക്കുന്നകാര്യത്തിൽ പാർവത്യകാരൻ ഡിപ്പാർട്ടുമെന്റിനെ സഹായിക്കുന്നതാണ്. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുമായി കൂടുന്ന ഒരു സമ്മേളനത്തിൽ ഈ കാര്യത്തെപ്പററി പര്യാലോചിക്കുന്നതായിരിക്കും.

കുറ്റിവില കൊടുക്കുന്നതിനെ സംബന്ധിച്ചും ഉപക്ഷേപം അവതരിപ്പിച്ച ആൾ പ്രസ്താവിച്ചിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച പല അവസരങ്ങളിലും ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതും പൂർണ്ണമായവിധത്തിൽ വാദപ്രതിവാദം നടത്തിയിട്ടുള്ളതും ആകുന്നു. കുറ്റിവില അടച്ചുതീർക്കുന്നതിനു സാമാജികന്മാർ പല നിർദ്ദേശങ്ങളും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര എല്ലാ പ്രവൃത്തിയും ഞങ്ങൾ ചെയ്തുവരികയാണ്. എന്നാൽ പ്രായോഗിക കാര്യങ്ങളിൽ പല ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടു. ഖജനാവിൽ കണക്കു ശരിയാണോ എന്നു നോക്കുന്നതിലാണ് ഒരു ഉപദ്രവം നേരിടുന്നതു എന്നു പറയപ്പെട്ടിരിക്കുന്നു. സർ, റിഫണ്ടിനുള്ള ഫാറം എം. ഫോം നമ്പർ ഫാറമോ, മററോ, ആണെന്നു തോന്നുന്നു. ഈ സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഉപയോഗിച്ചുവരുന്ന ഫാറം ഇതാണ്. അതിനെ ശരിയാണോ എന്നു പരിശോധിച്ചുവരുന്നുണ്ടു. ഖജനാവിൽ അതിനെ പരിശോധിച്ചിട്ടുണ്ടെന്നുള്ളതു കാണിക്കുന്നതിനായിട്ടാണു അപ്രകാരം ചെയ്യുന്നതു. അക്കൌണ്ടു ആഫീസരന്മാരും മററുള്ളവരും ഈ വിഷയത്തെപ്പററി ചിന്തിച്ചിട്ടുണ്ട്. കുറ്റിവില കൊടുക്കുന്നകാര്യത്തിൽ ട്രഷറി വെരിഫിക്കേഷൻ ആവശ്യമില്ലെന്നു അക്കൌണ്ടാഫീസറന്മാരും മററുള്ളവരും അഭിപ്രായപ്പെട്ടിട്ടുണ്ടു. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞിട്ടുള്ളതുപോലെ ഈ തുകകൾ പല ഖജനാവുകളിലും അടയ്ക്കുന്നതാണ്. ഒരു ഉദ്യോഗസ്ഥർ ഒരു സ്ഥലത്തെ, ചെങ്കോട്ട എന്നു ഉദാഹരണത്തിനായി വിചാരിക്കുക, സംബന്ധിച്ച തുക ഹരിപ്പാട്ടു ഖജനാവിൽ നിക്ഷേപിക്കും; ഹരിപ്പാടിനെ സംബന്ധിച്ചുള്ള തുക ചെങ്കോട്ടയിലു നിക്ഷേപിച്ചേക്കാം. അതിനാൽ തുകയുടെ ഒരംശം ഹരിപ്പാട്ടു ഖജനാവിലും ഒരംശം ചെങ്കോട്ട ഖജനാവിലും ഉണ്ടായിരിക്കുന്നതാണ്. ഏതായാലും അവകാശനിർണ്ണയം ചെയ്യുന്നതിൽ കണക്കൊത്തുനോക്കണമെന്നുള്ളതു ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തിയെ തടസ്ഥപ്പെടുത്തുന്ന ഒരു നടപടിയാണ്. അക്കൌണ്ടാഫീസർ ചെങ്കോട്ട ഡിവിഷനൽ ഫാറസ്റ്റ് ആഫീസ് പരിശോധിച്ചിട്ടുണ്ട്. അപ്രകാരം കണക്കുകൾ ഒത്തുനോക്കേണ്ട ആവശ്യമില്ലെന്നാണ് അദ്ദേഹവും അഭിപ്രായപ്പെട്ടിട്ടുള്ളതു. ഡിവിഷനൽ ആഫീസരന്മാർ തുകയെപ്പററി സൂക്ഷിപ്പെടുത്തുന്നുണ്ട്. ആ സ്ഥിതിയ്ക്കു പണം കൊടുക്കുന്നതിൽ ഉള്ള ഉത്തരവാദിത്വം അവരെ ഏല്പിക്കേണ്ടതാണ്, അദ്ദേഹം ഇപ്രകാരമാണ് ശിപാർശചെയ്തിട്ടുള്ളതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): കുടിപ്പുരയിടങ്ങളിൽനിന്നു തടി വെട്ടിക്കൊണ്ടുപോകുമ്പോൾ ഉടമസ്ഥനു രസീതു കൊടുക്കണമെന്നു നിർബന്ധമുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഉടമസ്ഥനു രസീതു കൊടുക്കണമെന്നു ചട്ടം ഉണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): അങ്ങനെ ഇപ്പോൾ കൊടുക്കുന്നുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ): ഉടമസ്ഥന്മാരെ അറിഞ്ഞാൽ കൊടുക്കും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): അങ്ങനെ കൊടുക്കുന്ന രസീതിൽ തടിയുടെ നീളം വണ്ണം ഇവ വിവരിക്കണമെന്നു നിർബന്ധമുണ്ടോ?

മി. ആർ. ധനകോടിപ്പിള്ള (വനം കൺസർവേറ്റർ); ഏകദേശം വിവരിച്ചാണ് രസീതു കൊടുക്കുന്നതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): തടി ലേലത്തിൽ വിററ പണം ഗവൺമെന്റിൽ മുതൽക്കൂട്ടിയതിനുമുമ്പു രസീതു കൊടുക്കണമെന്നു നിർബന്ധമുണ്ടോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): സാധാരണ കുറിവില മഹസ്സർ തയ്യാറാക്കി അയക്കുമ്പോൾ ആ മഹസ്സരോടുകൂടി രസീതും അയക്കും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഉടമസ്ഥൻ ഇല്ലാതിരുന്നാലോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): ഉടമസ്ഥൻ ഇല്ലാതിരുന്നാൽ മഹസ്സർ മാത്രം അയക്കും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഈ രസീതു കിട്ടിയല്ലാതെ തടിയുടെ നീളം വണ്ണം ഇവ അറിയാൻ സാധിക്കുമോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): അതേയുള്ളു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): തടി ലേലംചെയ്യുന്നതിനു മുമ്പു രസീതു കൊടുക്കുമോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): സൗകര്യമുണ്ടെങ്കിൽ കൊടുക്കും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): അപ്പോൾ അതു സൗകര്യംപോലെ ആണു കൊടുക്കുന്നതു്.

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): അതെ.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ലേലംചെയ്യുന്നതിനു മുമ്പ കൊടുക്കണമെന്നു നിർബന്ധമില്ലേ?

അദ്ധ്യക്ഷൻ. ഒരു രസീതു ലഭിക്കുന്നതിനു ഒരാൾ അപേക്ഷിക്കുന്നപക്ഷം അയാൾക്കു നിങ്ങൾ ഒരു രസീതു കൊടുക്കുകയില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): രസീതു എല്ലാ അവസരത്തിലും കൊടുക്കുന്നതാണ്. ഉടമസ്ഥൻ സ്ഥലത്തു ഇല്ലാതിരിക്കുന്ന അവസരത്തിൽമാത്രമേ രസീതു കൊടുക്കുന്നതിനു വിഷമം സംഭവിക്കയുള്ളു. ഇപ്പോൾ ഞങ്ങൾ അതിനു ഒരു ഫാറം നിശ്ചയിച്ചിട്ടുണ്ടു. ഇപ്പോഴത്തെ സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം, യാതൊരു ബുദ്ധിമുട്ടും നേരിട്ടിട്ടില്ല.

ഉടമസ്ഥന്മാർ അവകാശപ്പെടുന്ന തുകയും അനുവദിക്കപ്പെടുന്ന കുറിവിലയുടെ തുകയും തമ്മിലുള്ള വ്യത്യാസംവരുന്ന തുക ഉടമസ്ഥന്മാർക്ക നൽകിവരുന്നില്ലെന്നു മെംബർ പിന്നീടു ചൂണ്ടിക്കാണിക്കയുണ്ടായി. വളരെ സർവെ നമ്പരുകൾപ്രകാരമുള്ള ഭൂമികൾ ഉണ്ടെന്നു വിചാരിക്കുക. ഏതാനും തടികളെ സംബന്ധിച്ചിടത്തോളമുള്ള അവകാശങ്ങൾ അതേ കൊല്ലത്തിൽതന്നെ ഡിപ്പോവിൽ അറിയുന്നതിനിടയാകുന്നതാണ്. മററുള്ള അവകാശങ്ങളെസംബന്ധിച്ച അടുത്ത കൊല്ലത്തിൽ മാത്രം അറിയുന്നു എന്നു വരുന്നതാം. ചില സർവെ നമ്പർ ഭൂമികളിൽനിന്നു മുറിച്ചിട്ടുള്ള ഏതാനും തടികൾ വളരെ മാസത്തേക്കു ഡിപ്പോവിൽ കിടന്നു എന്നും വന്നേക്കാം. ഇപ്രകാരമുള്ള ഒരു സംഗതിയിൽ ഉടമസ്ഥനു അറിയിപ്പു നൽകുന്നതിനു സാധിക്കയില്ല. രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചുള്ള കമ്മിററികൂടിയ അവസരത്തിൽ ഞങ്ങൾ ഈ വിഷയത്തെപ്പററി പര്യാലോചിച്ചിട്ടുണ്ട്. കുറിവില ഈടാക്കുന്നതിനുള്ള നടപടിയെസംബന്ധിച്ചു ഞങ്ങൾ ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. ഈ കാര്യവും ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): ഒരു സർവെ നമ്പരിലുള്ള തടികളെല്ലാം ഡിപ്പോവിലേക്ക മാറുന്നതുവരെ ഉടമസ്ഥൻ കാത്തിരിക്കേണ്ടതാണെന്നാണോ കൺസർവേറ്റർ നിർദ്ദേശിക്കുന്നതു എന്നു ആണോ ഞാൻ മനസ്സിലാക്കേണ്ടതു?

ഒരു പ്രത്യേകസമയത്തു വിൽക്കുന്നതിനു ഉതകുന്ന തടികളുടെ സംഖ്യക്കു കുറിവില കൊടുക്കുകയില്ലയോ?

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ): തടികളെല്ലാം വിൽക്കുന്നതുവരെ തുക ആവശ്യപ്പെടുന്നതിനു അയാൾക്കു കഴിയുന്നതല്ല.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഉപാദ്ധ്യക്ഷൻ): അവകാശപ്പെടുന്ന ആളിനു കുറിവില അംശമായി കൊടുക്കുന്നതിനു സാധിക്കയില്ലയോ? "അംശമായി കൊടുക്കുക എന്നുവെച്ചാൽ ഈടാക്കപ്പെടുന്ന വിലയുടെ നേർപകുതി എടുക്കുക എന്നു ഞാൻ അർത്ഥമാക്കുന്നില്ല.

മി. ആർ. ധനക്കോടിപിള്ള (വനം കൺസർവേറ്റർ); കൊടുക്കുവാനുള്ള കുറിവിലയുടെ അംശം തടികൾ വിററഴിക്കുന്നതുവരെ കൊടുക്കുകയില്ല.

രാജകീയ അവകാശം കുറിയുന്നതു വേഗത്തിൽ തീരുമാനമാക്കുന്നതു നന്നായിരിക്കുമെന്നു മി. രാമൻപിള്ള പ്രസ്താവിച്ചു. സർ, പല പല കൊല്ലങ്ങളിലും ഇവിടെ വാദപ്രതിവാദം ചെയ്തിട്ടുള്ള ഒരു വിഷയമാണു ഇതു. ഈ കാര്യത്തിൽ ഒരു കമ്മിററിയെ നിയമിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ഇതിലെ എല്ലാ സാമാജികന്മാർക്കും അറിയാവുന്നതാണ്. കമ്മിററി ഈ വിഷയത്തെപ്പററി സർവതോമുഖമായി ചിന്തിച്ചിട്ടുള്ളതും, ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതും ആകുന്നു. റിപ്പോർട്ടു ഗവണ്മെന്റിന്റെ ചിന്തയ്ക്കുവിഷയമായിരിക്കുന്നു. അതിനെപ്പററി തീരുമാനിക്കപ്പെട്ടിട്ടില്ല. ഈ റിപ്പോർട്ടിനെപ്പററി പര്യാലോചിക്കുന്നതാണെന്നും, ഉത്തരവുകൾ വേഗത്തിൽ പുറപ്പെടുവിക്കുന്നതാണെന്നും ഞാൻ സഭയോടു ഖണ്ഡിച്ചു പറഞ്ഞുകൊള്ളുന്നു.

മി. കൊച്ചുതൊമ്മൻ പല കാര്യങ്ങളെപ്പററി ഇവിടെ പ്രസ്താവിച്ചു. ഈ വസ്തുതകളെപ്പററി ആദ്യമായിട്ടല്ലാ ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു. ഇപ്രകാരമുള്ള എല്ലാ സംഗതികളെയുംപററി കമ്മിററിയിലെ അംഗങ്ങൾ വാദപ്രതിവാദങ്ങൾ ചെയ്തിട്ടുണ്ടു. കമ്മിററിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനത്തെ ആസ്പദമാക്കി ഞാൻ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു. തടി വിൽക്കുന്നതിനോ ഉത്തമവിശ്വാസപ്രകാരം തങ്ങളുടെ സ്വന്ത ഉപയോഗത്തിനായി അതിനെ വെച്ചുകൊള്ളുന്നതിനോ ഉള്ള അവകാശം ഉടമസ്ഥന്മാർക്ക നൽകാവുന്നതാണെന്നു മി. രാമൻപിള്ള പിന്നീടു പ്രസ്താവിച്ചു. ദിവസംപ്രതി ഞങ്ങൾ ചെയ്യുന്ന ഒരു കാര്യമാണ് ഇതു്. ഉടമസ്ഥൻ തടി ആവശ്യപ്പെടുന്നപക്ഷം താരിപ്പുവിലയുടെ നേർപകുതി കൊടുക്കുന്നതിനു അയാളോടാവശ്യപ്പെടുന്നു. എന്നാൽ കുറിവില ലഭിക്കുന്നതിനുള്ള അവകാശം യഥാർത്ഥത്തിൽ അയാൾക്കുണ്ടെങ്കിൽ മാത്രമേ അപ്രകാരം ചെയ്യുള്ളു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഗവർമ്മെന്റു ആവശ്യംപോലെ എല്ലാ വർഷത്തിലും കുടിയാനവ- ന്നതന്നെ കൊടുക്കുന്നതുകൊണ്ടു എന്താണു നഷ്ടമുള്ളതു?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): ഇപ്പോഴും അങ്ങനെ കൊടുത്തുവരുന്നുണ്ടല്ലോ?

മി. ആർ. രാമൻപിള്ള (കോട്ടയം); ഇപ്പോഴും അങ്ങനെ കൊടുക്കാത്തതുകൊണ്ടാണു പറയുന്നതു.

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ); അപേക്ഷിച്ചാൽ കൊടുക്കും.

മി. ആർ. രാമൻപിള്ള (കോട്ടയം): കൺസർവേറ്ററുടെ ഉത്തരവു അനുസരിച്ചു പണം ഒടുക്കി. അസിസ്റ്റന്റു കൺസർവേറ്ററുടെ ഉത്തരവനുസരിച്ചു ആ പണം തിരിച്ചുമേടിച്ചു.

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): അങ്ങനെയുള്ളതു എനിക്കറിഞ്ഞുകൂടാ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): കുടിപ്പുരയിടങ്ങളിൽ നിൽക്കുന്ന തേക്കുതടികൾക്കു ഗവർമ്മെന്റിനു കിട്ടുന്ന ശുദ്ധാദായത്തിന്റെ നിരക്കനുസരിച്ചു വില മേടിച്ചുകൊണ്ടു കുടികൾക്കുതന്നെ വിട്ടുകൊടുക്കാൻ വ്യവസ്ഥയുണ്ടോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): ആ സംഗതികളെല്ലാം കമ്മിറ്റിയിൽ നിശ്ചയിച്ചിട്ടുണ്ടു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇപ്പോഴും നടപ്പിലിരിക്കുന്ന വല്ല വ്യവസ്ഥയിലും ഗവർമ്മെന്റിനു കിട്ടുന്ന ശുദ്ധാദായം ഉടമസ്ഥൻ തന്നാൽ അയാൾക്കു അയാളുടെ പുരയിടത്തിൽ നിൽക്കുന്ന തടി വിട്ടുകൊടുക്കുമെന്നുണ്ടോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): അങ്ങനെയും ചെയ്തുവരാറുണ്ടു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇപ്പോഴും താരിപ്പുവിലയല്ലാതെ ശുദ്ധാദായവിലയായി പുരയിട ഉടമസ്ഥനു കൊടുത്തുവരുന്നുണ്ടോ?

മി. ആർ. ധനുഷ്കോടിപിള്ള (വനം കൺസർവേറ്റർ): കൊടുത്തുവരുന്നുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അങ്ങനെ കൊടുക്കുന്നതിൽ തടസ്ഥമില്ലല്ലോ?

അദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ ചോദ്യം നിങ്ങൾക്കു മനസ്സിലായോ?

മി. ആർ. ധനുഷ്കോടിപ്പിള്ള ((വനംകൺസർവേറ്റർ): തങ്ങളുടെ കൈവശത്തിലുള്ള ഭൂമികളിൽ നിൽക്കുന്ന രാജകീയ വൃക്ഷങ്ങളെ വെട്ടിമാററുന്നതിനു അപേക്ഷിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ന്യായമെന്നു ഞങ്ങൾ വിചാരിക്കുന്ന ഒരു നിരക്കിനു അതു വിലയ്ക്കു വാങ്ങിക്കൊള്ളുന്നതിനു ഞങ്ങൾ അവർക്കു അനുവാദം നൽകുന്നുണ്ട്. ഞങ്ങൾ തടി വിൽക്കുകയാണു ചെയ്യുന്നതു്. ഇപ്രകാരം ഈ കാലത്തും പ്രവർത്തിച്ചുവരുന്നുണ്ട്.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇപ്പോൾ കുടിപുരയിടത്തിൽ ധാരാളം തേക്കുതടി നിൽക്കുന്നതു ഡിപ്പാർട്ടുമെന്റിൽനിന്നും മുറിക്കുന്നതുകൊണ്ടു മരുവിളവുകൾക്കു ദോഷംവരുന്നുണ്ട്. അതുകൊണ്ടു അവ അവിടവിടെതന്നെ നിന്നുകൊള്ളട്ടെ. ഗവർമ്മെന്റു ഡിപ്പോവിൽകിട്ടുന്ന ശുദ്ധാദായക്രമത്തിനു വിലതന്നുകൊള്ളാമെന്നു കുടികൾ ഗവർമ്മെന്റിനെ അറിയിക്കയാണെങ്കിൽ ആ കുടികളോടു വിലവാങ്ങിക്കൊണ്ടു തടിവിട്ടുകൊടുക്കാൻ ഡിപ്പാർട്ടുമെന്റിനു സമ്മതമുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അങ്ങനെ ചെയ്യുന്നുണ്ട്. തേക്കുതടിമുറിക്കുന്നതു മററുകൃഷികൾക്കുപദ്രവകരമായിരുന്നാൽ ആ കൃഷിക്കാരൻ അപേക്ഷിക്കുന്നതായാൽ ആ തടി അയാൾക്കുതന്നെ കൊടുക്കുന്നുണ്ട്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സാധാരണഅങ്ങനെ ചെയ്യാമെന്നു വ്യവസ്ഥയുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): സാധാരണ എല്ലാപേരും അപേക്ഷിക്കുന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അപേക്ഷിച്ചവർക്കെല്ലാം കൊടുത്തിട്ടുണ്ടോ?

അദ്ധ്യക്ഷൻ: മി. കുഞ്ഞിത്തൊമ്മന്റെ ചോദ്യം നിങ്ങൾക്കു ശരിയായി മനസിലായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു വൃക്ഷംമുറിച്ചു മാററുന്നതിനു ഒരാൾ ആവശ്യപ്പെടുന്നപക്ഷം ചെലവുകഴിച്ചുള്ള ലാഭത്തിന്റെ പകുതിയുടെ അയാൾകൊടുക്കുന്നതായാൽ അതു വെട്ടിക്കൊള്ളുന്നതിനു അയാൾക്കു അനുവാദം നൽകുമോ എന്നുള്ളതല്ല അദ്ദേഹത്തിന്റെ ചോദ്യം. വൃക്ഷങ്ങൾക്കു വിലകൊടുക്കുകയും സ്വന്തംവൃക്ഷങ്ങളെന്നനിലയിൽ അവയെ തന്റെ ഭൂമിയിൽ വച്ചുകൊള്ളുകയും ചെയ്യുന്നതിന് നിങ്ങൾ ഉടമസ്ഥനു അനുവാദം നൽകുമോ എന്നാണ് അദ്ദേഹം ചോദിച്ചതു്. അപ്രകാരം ചെയ്യുന്നതിനു സാധ്യമാകുന്ന ഏതെങ്കിലും ചട്ടം ഇപ്പോൾ ഉണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അപ്രകാരമുള്ള യാതൊരുചട്ടവും ഇപ്പോൾ നിലവിലിരിക്കുന്നില്ല.

അദ്ധ്യക്ഷൻ: അദ്ദേഹം ചോദിച്ച ചോദ്യം ഇതാണ്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ കൊടുക്കുന്നതിന്

അദ്ധ്യക്ഷൻ: അങ്ങനെ കൊടുക്കുന്നതിന് റൂൾസ് ഇല്ലെന്നാണ് കൺസർവേറ്റർ പറയുന്നത്,

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ ഡിപ്പാർട്ടുമെന്റിൽനിന്നു തടി മുറിച്ചു സമുദ്രതീരത്തു കൊണ്ടുപോയി വിററാൽ താരിപ്പുവിലകിട്ടുമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): നല്ലതടിയായിരുന്നാൽ താരിപ്പുവിലയും അതിൽ കൂടുതലും കിട്ടും.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു അപൂർവം ചില സമയങ്ങളിൽ കുറെതടികൾക്കു എന്നല്ലാതെ സാധാരണ താരിപ്പുവിലയിൽ കുറവായിട്ടല്ലേ കിട്ടിവരുന്നതു്?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതു അപ്പോഴപ്പോഴുള്ള മാർക്കററു കണ്ടീഷൻപോലെയിരിക്കും.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ശരാശരി ൧൦൦-ന് ൭ ഉറുപ്പിക വീതവും കുറഞ്ഞ വിലയല്ലേ കിട്ടുന്നതു്?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): കുറവായിരിക്കും.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): അങ്ങിനെകൊടുക്കുന്നതു അധികവും വിദേശികൾക്കുമല്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): സ്വദേശികളും വാങ്ങിക്കുന്നുണ്ടു്.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അപ്പോൾ കുടിയുടമസ്ഥനു ഡിപ്പോയിൽ വിററാൽ കിട്ടുന്നതിലധികം വിലകൊടുക്കണം. അസ്ഥാനത്തിൽ മാററി ആ തടി അയാളുടെ മററു വിളവുകളേയും കൃഷിസംരക്ഷിക്കത്തക്കവണ്ണം അയാൾക്കുതന്നെ കൊടുക്കുന്നതിൽ എന്താണ് വിരോധം?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അങ്ങനെ കൊടുക്കുന്നുണ്ടു്.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ കൊടുക്കുന്നില്ലെന്നു പറഞ്ഞല്ലോ.

അദ്ധ്യക്ഷൻ: ഉടമസ്ഥൻ തടിവെട്ടിയെടുക്കാൻ ആവശ്യപ്പെടുകയാണെങ്കിൽ കൊടുക്കുന്നുണ്ടെന്നാണു പറയുന്നതു്.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഗവണ്മെൻറിനു കിട്ടുന്ന മുഖ്യാദായം വാങ്ങി തടി ആവശ്യപ്പെടുന്നവർക്കെല്ലാം കൊടുക്കുന്നുണ്ടോ?

മി. ആർ. ധന[illegible]ള്ള (വനംകൺസർവേററർ): എല്ലാം കൊടുക്കുന്നില്ല.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): താരിപ്പുവിലയല്ലേ ഈടാക്കുന്നതു്?

മി. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): നിരക്കു ഞങ്ങളാണു നിശ്ചയിക്കുന്നതു്; അതു അയാൾ സമ്മതിക്കുന്നപക്ഷം ഞങ്ങൾ അയാൾക്കു അതു കൊടുക്കും.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഞാൻതന്നെ താരിപ്പുവിലകൊടുത്തു ഡിവിഷൻ ആഫീസരോടു വാങ്ങിച്ചിട്ടുണ്ടു്. അന്നു ഞാൻ ജനപ്രതിനിധിയായിരുന്നു. അതിനെ നിഷേധിച്ചു കൺസർവേററർക്കു പറയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): എനിക്കു ഓർമ്മയില്ല. ഒരു പക്ഷെ ഇപ്രകാരമുള്ള ഒരു സംഗതിയിൽ ആകെ നിൽക്കുന്നതിൽ ഏററവും നല്ല വൃക്ഷങ്ങളെ അദ്ദേഹം തിരഞ്ഞെടുത്തേക്കാം. അദ്ദേഹം അപേക്ഷ അയച്ചിരുന്നോ എന്നുള്ളതിനെ സംബന്ധിച്ചു എനിക്കുതന്നെ ഓർമ്മയില്ലാതിരിക്കുന്നു.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: അതിനെ മലയാളത്തിൽ വിവരമായി പറയുക.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): മി. കുഞ്ഞിത്തൊമ്മൻ ഒരു സ്ഥലത്തുനിൽക്കുന്ന തടിമുറിച്ചെടുക്കുന്നതുകൊണ്ടു ഉടമസ്ഥനു നഷ്ടമാണെന്നു പറഞ്ഞു.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ പറഞ്ഞില്ല. പുരയിടത്തിൽ കൃഷിക്കു ഉപദ്രവമായിട്ടു വൃക്ഷങ്ങൾ നിൽക്കുമ്പോൾ അവക്കു മുഖ്യാദായവില ക്രമത്തിനുവിലകൊടുക്കാമെന്നു മററു കൃഷിക്കാരുന്ന നഷ്ടങ്ങളെ ഗണിച്ചു കുടികൾ പറയുമ്പോൾ താരിപ്പുവിലതരണമെന്നു പറയുന്നതു ശരിയല്ലെന്നാണ് പറഞ്ഞതു്; അതു് എനിക്കനുഭവമാണു്.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അതു നിങ്ങളുടെ സാമർത്ഥ്യക്കുറവുകൊണ്ടാണെന്നു പറയുന്നതു?

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും); നടപ്പിലിരിക്കുന്ന നിയമത്തെ ലംഘിക്കുന്നതിനു ഒരുങ്ങാതെ അവരെയ ബോദ്ധ്യപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതാണോ സാമർത്ഥ്യക്കുറവു് എന്നുപറയുന്നതു്? കൺസർവേററർ മലയാററൂർ ഡിവിഷനാഫീസരായിരുന്നകാലത്തു നേര്യമംഗലം റേഞ്ചിൽ ഇങ്ങനെ കുടി പുരയിടങ്ങളിൽ നിന്നു തടിഉടമസ്ഥനു മുഖ്യാദായവിലയ്ക്കു തടി ആവശ്യപ്പെട്ടിട്ടു കൊടുത്തിട്ടില്ലെന്നറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): എനിക്കു ഓർമ്മയില്ല.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ നില തുടർന്നുകൊണ്ടിരുന്നാൽ കുറെക്കഴിയുമ്പോൾ കുടിപുരയിടങ്ങളിൽ തേക്കുതടി ഇതുപോലെതന്നെ ഉണ്ടായിരിക്കുമെന്നും ഡിപ്പാർട്ടുമെൻറിനു ഇതുപോലെ ആദായംകിട്ടുമെന്നും കൺസർവേററർ വിശ്വസിക്കുന്നുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): കുറെകാലത്തേക്കു കിട്ടിക്കൊണ്ടിരിക്കും.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കുറെകാലം കഴിയുമ്പോൾ കുടിപുരയിടങ്ങളിൽ തേക്കുതടി തീരെ ഇല്ലാതാവുകയും ആ ഇനത്തിലുള്ള വരുമാനം ഇല്ലാതാകുകയും ചെയ്യുകയില്ലേ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ചെയ്യുകാം. ഇതിനെസംബന്ധിച്ചു കൌൺസിലിൽ നിന്നും തന്നെ ഒരു കമ്മിററി ഏർപ്പെടുത്തി.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ഈ കമ്മിററി സ്ഥാപിച്ചിട്ടു എത്ര കൊല്ലത്തോളമായി എന്നു ഓമ്മക്കുറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ആയിരിക്കും.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും—ദേവികുളവും). ഇപ്പോഴത്തെ സമ്പ്രദായം തുടർന്നുകൊണ്ടിരുന്നാൽ കുടിപുരയിടങ്ങളിൽ ഒരു പക്ഷെ തടി ഇല്ലാതെ ആയേക്കാം എന്നു പറഞ്ഞു. അപ്പോൾ തടിവിററുമാത്രം ഡിപ്പാർട്ടുമെൻറിലേക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആദായത്തിനു കുറവുവന്നേക്കുമെന്നുള്ളതിനെപ്പററി കൺസർവേററർ ചിന്തിച്ചിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഈ വിഷയം ഇപ്പോൾ ഉണ്ടായിട്ടുള്ളതല്ല. മി. രാമറാവുവിൻെറകാലത്തു ആരംഭിച്ചതാണ്.

അദ്ധ്യക്ഷൻ അദ്ദേഹം അറിയുന്നതിനു ആവശ്യപ്പെടുന്നതു അതല്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ). അദ്ദേഹത്തിന്റെ വാദത്തെപ്പററി പറയാൻ തുടങ്ങുകയാണ്. വനത്തിൽനിന്നും ഇതുവരെയും തടിവെട്ടി തുടങ്ങീട്ടില്ല. അതുകൊണ്ടു കുടിപാർപ്പിടങ്ങളിലുള്ള—

മി. എസ്. ചിറവിളപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കേ): (ഒരു ... ചോദിക്കുന്നതിനു എഴുന്നേററുനിന്നു)

അദ്ധ്യക്ഷൻ: മി. ചിറവിളപ്പെരുമാൾപിള്ള, അല്പനേരത്തേക്കു ക്ഷമിക്കണം, നിങ്ങൾ ... നപ്പെടുന്നതിനുമുൻപു ആ വാചകം പൂർത്തിയാക്കുന്നതിനു മെമ്പറിനെ സമ്മതിക്കുക.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): റിസർവ്വ്ഫോറസ്റ്റുകളിൽ വെട്ടാൻ തുടങ്ങിയിട്ടില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഇപ്പോൾ വനത്തിലുള്ള തടിവിൽക്കുന്നില്ലയോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഇല്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഡിപ്പാർട്ടുമെന്റിലെ വരവിനം എന്നുപറയുന്നതു ഈ തടി ഒന്നിന്മേലെയാണല്ലോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അല്ല; ആന, തടി, തേൻ, മെഴുക, കുന്തിരിക്കം ഇങ്ങനെ മററുപലതുമുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഇപ്പോൾ തടിയിൽനിന്നാണ് കൂടുതൽ ആദായം ലഭിക്കുന്നതെന്നു ഡിപ്പാർട്ടുമെന്റു സമ്മതിക്കുന്നുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഉണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഈ തടികൾ വെട്ടുന്നതു കുടിപാർപ്പിടങ്ങളിൽ നിന്നുമാണെന്നു സമ്മതിക്കുന്നുണ്ടോ?

മി. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): തേക്കുമാത്രമേ കുടിപാർപ്പിടങ്ങളിൽനിന്നും വെട്ടുന്നുള്ളു.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): കുടികൾക്കു കൊടുക്കാനുള്ള ആദായം കൊടുക്കാൻ കാലതാമസം വരുത്തുകയും പിന്നെയും പിന്നെയും തടിവെട്ടിവിൽക്കയും ചെയ്യുന്നതായി നല്ലതാണെന്നു തോന്നുന്നുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അതിലേക്കാണല്ലോ ഈ സംഗതികൾക്കൊക്കെ ഒരു പുതിയ പദ്ധതി നടപ്പിലാക്കിയതു്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): സങ്കടപരിഹാരത്തിനുണ്ടാക്കിയ ഈ സങ്കേതമായി തീർന്നിരിക്കുന്നു എന്നു കൺസർവേറ്റർക്കു ബോധ്യമുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): എല്ലാത്തിലും കുറെ സങ്കടം കാണും.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇതുപോലെ ഏതെങ്കിലും രാജ്യത്തു കുടിപ്പാർപ്പിടങ്ങളിൽ നിൽക്കുന്ന തേക്കുതടി ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റു യഥേഷ്ടം മുറിച്ചുകൊണ്ടുപോയി വിൽക്കുന്നുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): കൊച്ചിയിൽ ഉണ്ടായിരുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോഴുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ). അവിടെ രണ്ടു വർഷത്തിനുമുമ്പു അതുനിറുത്തൽ ചെയ്തു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ ഏതെങ്കിലും രാജ്യത്തുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): മൈസൂരിൽ ഉണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മൈസൂരിൽ തേക്കുതടിയെ സംബന്ധിച്ചു ഇങ്ങനെ നടപ്പുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ചന്ദനം റോയൽട്രീയാണ്. മൈസൂരിൽ തേക്കില്ലാത്തതുകൊണ്ടു അതിനെപ്പററി ഒന്നും ഇല്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൈസൂരിൽ ഷിമോഗാ മുതലായ ചില ഡിസ്ട്രിക്ടുകളിൽ തേക്കുതടിയുള്ളതായിട്ടറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഫാറസ്റ്റിലുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുടിപാർപ്പിടങ്ങളിൽ ഉണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): കുറെ കാണുമായിരിക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു കുടികൾക്കു മുറിച്ചുപയോഗിക്കാൻ സ്വാതന്ത്ര്യമുള്ളതായിട്ടറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): എനിക്കറിഞ്ഞുകൂടാ. ഇവിടെ ആഞ്ഞിലി ജനങ്ങൾ സ്വാതന്ത്ര്യമായി മുറിച്ചുപയോഗിക്കുന്നതുപോലെ അവിടെ തേക്കുതടിയും മുറിച്ചു ഉപയോഗിക്കുമായിരിക്കാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ബ്രിട്ടീഷ്മലബാർ, സൌത്തുകാനറ, ഈ ജില്ലകളിൽ കുടികൾക്കു തേക്കുതടിയുടെ പൂർണ്ണാവകാശം ഉണ്ടെന്നറിയാമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അറിയാം.

അദ്ധ്യക്ഷൻ: മി. കുഞ്ഞിത്തൊമ്മൻ തന്നെ ഇതു മററൊരു രാജ്യത്തും പതിവില്ല, ഇവിടെമാത്രമേ ഉള്ളു എന്നുപറയുകയുണ്ടായി. പിന്നെ എന്തിനാണ് വെറുതെ ചോദ്യം ചോദിക്കുന്നതു്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വ്യക്തമായിട്ടു സമ്മതിക്കാത്തതുകൊണ്ടാണ് ചോദിക്കുന്നതു്.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): തങ്ങളുടെ കന്നുകാലികളെ വനത്തിൽ കയറ്റി മേയ്ക്കുന്നതിനു സൗകര്യമുള്ള ജനങ്ങളെ അനുവദിച്ചുവരുന്നില്ലെന്നു മി. മാധവൻ ഇവിടെ പ്രസ്താവിച്ചു. ഈ സംഗതി ആദ്യമായിട്ടാണ് ഞാൻ കേൾക്കുന്നത്. സംരക്ഷിതവനങ്ങളിൽ കയറി കന്നുകാലികൾ മേയുന്ന കാര്യത്തിൽ യാതൊരു വിരോധവും പ്രകടിപ്പിക്കാൻ പാടുള്ളതല്ല. ഈ സംഗതികൾക്ക് എന്നെ സംബന്ധിച്ചിടത്തോളം യാതൊരാക്ഷേപവും ഉണ്ടായിരിക്കുന്നില്ല. യഥാർത്ഥത്തിൽ സംരക്ഷിതവനങ്ങളിൽ കയറിമേയുന്നതിനു തിരുവിതാംകൂറിലുള്ള കന്നുകാലികളുടെ ഉടമസ്ഥന്മാർക്ക് അനുവാദം നൽകിവരുന്നുണ്ട്. അപ്രകാരം ചെയ്യുന്നതിനു സൗകര്യങ്ങളെ അനുവദിക്കുന്നതിൽ എന്തു പ്രയാസമാണുണ്ടാകുന്നതെന്നുള്ളതു എനിക്കറിയാൻ പാടില്ല.

അദ്ധ്യക്ഷൻ: മേയുന്നതിനു അനുവാദം നൽകപ്പെടാത്ത സംരക്ഷിതവനങ്ങളുടെ ഭാഗങ്ങളിൽനിന്നു പുല്ലുവെട്ടിക്കൊണ്ടുപോകുന്നതിനു സൗകര്യങ്ങൾക്കു അനുമതി നൽകണം. ഇതാണ് മിസ്റ്റർ മാധവൻ പറഞ്ഞിട്ടുള്ളതു.

മി. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): അപ്രകാരം ചെയ്യുന്നതിനു അനുവാദം നൽകാതിരിക്കുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. അങ്ങനെ ചെയ്യുന്നതിനു സൗകര്യങ്ങളെ അനുവദിക്കുന്നതായാൽ ഏതെങ്കിലും ഉപദ്രവം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മിസ്റ്റർ കേശവപിള്ള പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതു എനിക്കു കേൾക്കുന്നതിനു സാധിച്ചില്ല. അതിനെ സംബന്ധിച്ചു എനിക്കു എന്തെങ്കിലും പ്രവർത്തിക്കാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

വെങ്ങാലം സംരക്ഷിതവനങ്ങളിൽനിന്നു ഉരത്തിനു ഇലവെട്ടിക്കൊണ്ടുപോകുന്നതിനു സാമാന്യമായ അനുവാദം നൽകണമെന്നു അദ്ദേഹം പ്രസ്താവിച്ചു. അതിനു സമീപത്തിൽ സ്ഥിതിചെയ്യുന്ന പൊൻമുടി സംരക്ഷിതവനത്തിൽനിന്നു ഉരം ശേഖരിച്ചുകൊണ്ടുപോകുന്നതിനു ജനങ്ങൾക്കു അനുവാദം നൽകുന്നുണ്ട്. ഈ കാര്യത്തെപ്പറ്റി മെമ്പറിനു അറിയാൻ പാടില്ലെന്നുള്ളതു പ്രത്യക്ഷമാണ്. ഈ വിഷയത്തെപ്പറ്റി ഗവണ്മെന്റു എഴുതിചോദിച്ചിട്ടുള്ളതും ആ സംഗതിയിൽ അവർ അനുവാദം നൽകിയിട്ടുള്ളതും ആകുന്നു. പ്രസ്തുതസംരക്ഷിതവനത്തിൽനിന്നും ഉരങ്ങൾ ശേഖരിച്ചുകൊണ്ടുപോകുന്നതിനു നൽകപ്പെട്ടിട്ടുള്ള സൌകര്യംമൂലം പ്രയോജനം സിദ്ധിക്കത്തക്കവണ്ണം ജനങ്ങൾ പ്രവർത്തിച്ചുവരുന്നതായി ഞാൻ വിചാരിക്കുന്നില്ല.

സംരക്ഷിതവനങ്ങളിൽ കയറിമേയുന്നതിനു കോലാടുകളുടെ ഉടമസ്ഥന്മാർക്ക് അനുവാദം നൽകണമെന്നും ഇവിടെ നിർദ്ദേശിക്കയുണ്ടായി. സാധാരണ ഉള്ള ആടുകൾ കാടുകളിൽ കയറി മേയുന്നപക്ഷം യാതൊരുപദ്രവവും നേരിടുന്നതല്ല. എന്നാൽ അപ്രകാരം ചെയ്യുന്നതിനു കോലാടുകളുടെ ഉടമസ്ഥന്മാർക്ക് അനുവാദം നൽകാൻ പാടില്ല. ഇങ്ങനെ പറയുന്നതിൽ എനിക്കു മനസ്താപമുണ്ട്. വനങ്ങളുടെ ഉള്ളിൽ കയറി മേയുന്നതിനു കോലാടുകളുടെ ഉടമസ്ഥന്മാർക്ക് അനുമതിനൽകുകയില്ല. ഇവിടെമാത്രമല്ല അപ്രകാരം ചെയ്യുന്നതിനു അനുവാദം നൽകാതിരിക്കുന്നതു, അതിനുള്ള അനുവാദം യാതൊരിടത്തും നൽകപ്പെടുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): തടിക്കാരൻകോണത്തിനു സമീപത്തിലുള്ള വനങ്ങളിൽ നിന്നു ഉരങ്ങൾ വണ്ടികളിൽ കയറ്റിക്കൊണ്ടുപോകുന്നതിനു പാസ്സുകൾ കൊടുക്കുന്ന ഒരു സമ്പ്രദായം നടപ്പിലിരിക്കുന്നുണ്ടോ എന്നു കൺസർവേറ്റർ പറയുമോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഉണ്ട്. ആ സമ്പ്രദായം മുമ്പു നടപ്പിലിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ആ സമ്പ്രദായത്തെ അദ്ദേഹം നിറുത്തിവെച്ചിട്ടുണ്ടോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേറ്റർ): ഇല്ല. ആ സമ്പ്രദായപ്രകാരമുള്ള പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നുണ്ട്. എന്നാൽ ജനങ്ങൾ അവിടെനിന്നു ഉരത്തിനുള്ള ഇലകൾ വാസ്തവത്തിൽകൊണ്ടുപോകുന്നുണ്ടോ എന്നുള്ളതു ഖണ്ഡിതമായി പറയുന്നതിനു എനിക്കു നിവൃത്തിയില്ല.

പുകയില കൃഷിചെയ്യുന്നതിനെ സംബന്ധിച്ചും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ വിഷയത്തെപ്പറ്റി പ്രതിപാദിക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതു എനിക്കറിയാൻ പാടില്ല. വാസ്തവത്തിൽ തങ്ങളുടെ സ്വന്തം ഉപയോഗത്തിനായി കാണിക്കാർ അവിടവിടെ ആയി പുകയില കൃഷിചെയ്തുവരുന്നുണ്ട്. എന്നാൽ അവർ അതു വിൽക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവരതു വിൽക്കുന്നതായാലതന്നെയും അതു തടയുന്നതിനു യാതൊരാളും ഉണ്ടായിരിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ വളരെ മോശമായ നിലയിലാണു പുകയില ഉണക്കിപാകപ്പെടുത്തിവരുന്നതു. പുകയിലകൃഷി തിരുവിതാംകൂറിൽ നടപ്പിൽ വരുത്തണമെന്നുള്ള നിർദ്ദേശമാണ് ഇന്നു ഇവിടെ ചെയ്തിട്ടുള്ളതു. എന്നെ സംബന്ധിക്കുന്ന ഒരു വിഷയമല്ല ഇതു. ഈ വിഷയത്തെ സംബന്ധിച്ചു ഗൌനിക്കേണ്ട ശരിയായ അധികാരി കൃഷിഡയറക്ടരാണ്.

കണ്ണാപ്പുറ ഭൂമികളെ സംബന്ധിച്ച ഏതാനും കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. വനം ഡിപ്പാർട്ടുമെന്റിന്റെ അധികാരപരിധിയിൽ ഉൾപ്പെടാത്ത സംഗതികൾ ആണ് അവ. അതിനാൽ ആ കാര്യത്തിൽ എനിക്കു യാതൊന്നും പ്രവർത്തിക്കേണ്ട ആവശ്യമില്ല.

പേച്ചിപ്പാറയുടെ പടിഞ്ഞാറെ ഭാഗത്തു സ്ഥിതിചെയ്യുന്ന വലിയാഴം എന്ന ഭൂമി വനത്തിൽനിന്നും ഒഴിവാക്കിയിടണമെന്നുള്ളതിനെ സംബന്ധിച്ചും ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ വിസ്തീർണ്ണം അൻപതൊന്നര ഏക്കർ ആകുന്നു. ചിറ്റാർ പദ്ധതിമൂലമാണ് അതിനെ വനത്തിൽനിന്നു ഒഴിവാക്കാതിരിക്കുന്നതു. പ്രസ്തുതപദ്ധതി നടപ്പിൽ വരുത്തുന്ന അവസരത്തിൽ അതിൽ മേൽപറഞ്ഞ പ്രദേശവും ഉൾപ്പെടുത്തുന്നതാണ്. ആ അവസരത്തിൽ ഭൂമിഎടുക്കുന്നതിനു ഗവണ്മെന്റിനു പ്രതിഫലം കൊടുക്കേണ്ടിവരുന്നതല്ല. ഈ ഭൂമിയെ വനത്തിൽനിന്നു ഒഴിവാക്കുകയും പൊതുജനങ്ങൾക്കു കൃഷിചെയ്യുന്നതിനു ഈ ഭൂമി തുറന്നുകൊടുക്കാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണം മേൽപറഞ്ഞതാണ്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, ഞാൻ മി. കൊച്ചുതൊമ്മൻ ഇവിടെ ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഈ അവസരത്തിൽ രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു.

കഴിഞ്ഞ വർഷവും ഇതുപോലെതന്നെ കുടിയുടെ വൃക്ഷങ്ങളുടെ വിലകൊടുത്തു തീർക്കുന്നതിനെ സംബന്ധിച്ചു ഇവിടെ പരാതിപ്പെടാതെ ഇരുന്നിട്ടില്ല, എല്ലാ സന്ദർഭത്തിലും അതു ന്യായമായിട്ടു കുടികൾക്കു കൊടുക്കേണ്ടതാണു. വേഗത്തിൽ അതു കൊടുക്കാൻ ശ്രമിക്കാമെന്നു ഗവർമ്മെന്റു മെമ്പർ മറുപടി പറഞ്ഞിട്ടുള്ളതായിട്ടും കാണാം. എന്നാൽ ഇപ്പോഴും പത്തു വർഷമായിട്ടുള്ളതും അതിലധികം കാലം അളവിൽ ഉള്ളതുമായ തുകകൾ പോലും കൊടുത്തുതീർക്കാനുണ്ടെന്നു അദ്ദേഹം തന്നെ സമ്മതിക്കുന്നു. ഈ ദീർഘകാലം അളവിൽ ഈ തുക കൊടുക്കുന്നതിനുള്ള പ്രതിബന്ധം എന്തെന്നാൽ വസ്തു ഉടമസ്ഥനെ തിരിച്ചറിയുന്നതിൽ നേരിടുന്ന കാലതാമസമാണ് എന്നു അദ്ദേഹം പറയുന്നു. തിരുവിതാംകൂർ ഗവർമ്മെന്റിന് നിന്നും ഓരോ വസ്തു ഉടമസ്ഥന്മാരുടെയും പക്കൽ നിന്നും പ്രതിവർഷം നികുതി ഈടാക്കുന്നതിനു യാതൊരു തരത്തിലുള്ള പ്രതിബന്ധവും നേരിടുന്നില്ല. നികുതി ഇനത്തിലും മററും ഗവർമ്മെന്റിനു ചെല്ലുവാനുള്ള പണം കുടിയാനവൻ കൊടുത്തില്ലെങ്കിൽ നോട്ടീസയച്ചു വസ്തു ജപ്തി ചെയ്തു വിററും യാതൊരു താമസവുമില്ലാതെ ഗവർമ്മെന്റു ഈടാക്കിവരുന്നുണ്ടു. അതിനേക്കാൾ അങ്ങനെ ഒക്കെ വേണമെന്നുതന്നെയാണു എന്റെ അഭിപ്രായം. ഇങ്ങനെ നികുതി പിരിക്കുന്നതിനുള്ള ഒരു സാഹചര്യത്തിൽ വസ്തു ഉടമസ്ഥന്മാരെ കണ്ടുപിടിക്കാൻ ഗവർമ്മെന്റിനു കഴിയുമായിരിക്കെ കുടിപ്പുരയിടങ്ങളിലുള്ള തടികൾ വെട്ടിക്കൊണ്ടുപോയി അന്യനാട്ടുകാർക്കു തടിപ്പണിയിലും കൊടുത്തു, ഗവർമ്മെന്റിനേയും കുടികളേയും നഷ്ടപ്പെടുത്തി വരുന്ന പ്രതിവർഷം ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ധാരാളം ആദായം ഉണ്ടെന്നു കാണിച്ചു കാലയാപനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റു കുടികൾക്കു ന്യായമായി കൊടുക്കേണ്ടതെന്നു നിശ്ചയിച്ച തുക കൊടുക്കുന്നതിനു കാലതാമസം വരുത്തുന്നതിന്റെ അർത്ഥമെന്താണു? ജനപ്രതിനിധികൾ പ്രതിവർഷം സങ്കടം പറയുമ്പോൾ കൊടുക്കാം, കൊടുക്കാം, എന്നു ഗവർമ്മെന്റു പറയുന്നുണ്ട്. അതിനെ ക്രമപ്പെടുത്തിക്കൊടുക്കുന്നതിനു പ്രത്യേകം സ്റ്റാഫോ മറ്റോ വേണമെങ്കിലും അനുവദിച്ചുകൊടുക്കാൻ തയ്യാറുണ്ടു. എന്നാൽ ഇതിനേക്കാൾ ഒരു പ്രതിബന്ധമായി നില്ക്കുന്നതു ഞാൻ മുമ്പു പ്രതിപാദിച്ചതുപോലെ ഉടമസ്ഥാവകാശം നിശ്ചയിക്കുന്നതിനു ഉത്തരവാദപ്പെട്ടവരുള്ള തഹശീൽദാരുടെ ഒരു സർട്ടിഫിക്കററു വേണമെന്നുള്ളതാണ്. ഈ കാരണത്താലാണു കുടികൾക്കു ന്യായമായി ചെല്ലേണ്ട പണം ഗവർമ്മെന്റു കൊടുക്കേണ്ടതാണെന്നു സമ്മതിക്കുന്നതായ തുക കൊടുത്തു തീർക്കുന്നതിനു താമസിക്കുന്നതു് ശരിയായിട്ടുള്ളതല്ല. ഈ നില തുടർന്നുകൊണ്ടുപോകുന്നപക്ഷം കുറെ കഴിയുമ്പോൾ ഡിപ്പാർട്ടുമെന്റു വലിയ കടത്തിലാകും. ജനങ്ങൾ വളരെ കഷ്ടപ്പെടുകയും ചെയ്യും. ക്രമേണ കുടിവക പുരയിടങ്ങളിൽ രാജകീയ വൃക്ഷങ്ങൾ തീരെ ഇല്ലാതെവന്നേയ്ക്കും എന്നു വിദഗ്ദ്ധനായ ഫാറസ്റ്റ് കൺസർവേറററുടെ അഭിപ്രായപ്പെട്ടതുപോലെതന്നെ ഒരു മേവി രാജ്യത്തു വനമേഖലയില്ലേ എന്നും സംശയിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ വരുമ്പോൾ വനത്തിൽ കയറി തടിവിററു മുതൽ ഉണ്ടാക്കാമെന്നു അദ്ദേഹം സൂചിപ്പിക്കുകയുമായി. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പ്രജകളെ സങ്കടപ്പെടുത്തി, അവർക്കു ന്യായമായി കിട്ടേണ്ട പണം കൊടുക്കുന്നതിനു കാലതാമസപ്പെടുത്തി, കാടുസംരക്ഷിക്കുന്നനിലയിൽ പ്രവർത്തിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാരുടെ പ്രവർത്തനം കൊണ്ടു ഒരു കാടായി തീരത്തക്കവണ്ണം ഒരു ഡിപ്പാർട്ടുമെന്റു സംരക്ഷിച്ചുകൊണ്ടുപോകുന്നു എന്നു കാണിക്കമാത്രം ചെയ്യുന്നു എന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്. അതിനാൽ റവന്യൂ ഡിപ്പാർട്ടുമെന്റുകാരുടെ തടസ്ഥമാണെന്നുവരികിൽ അതിനിടവരുത്താതെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റും റവന്യൂഡിപ്പാർട്ടുമെന്റും കൂടി യോജിച്ചു വസ്തു ഉടമസ്ഥന്മാർക്കു കൊടുക്കേണ്ട പണം കൊടുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യണമെന്നാണു ഈ ഉപക്ഷേപത്തെ അനുകൂലിച്ചു എനിക്കു പറയാനുള്ളതു്.

മി. താരേപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ജനങ്ങൾക്കു ബുദ്ധിമുട്ടിനിടയാകാതെ എത്രയും വേഗത്തിൽ കുടിവില കൊടുത്തുതീർക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യണമെന്നു ഗവർമ്മെന്റിനെ ഉത്ബോധിപ്പിക്കാനായിട്ടായിരുന്നു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു്.

കുടിവിലയ്ക്കു ഡിവിഷനൽ ഫാറസ്റ്റ് ആഫീസിൽ അപേക്ഷിക്കുമ്പോൾ രസീതുകൾ ചോദിക്കുന്നു എന്നും, രസീതു കൊടുക്കുമ്പോൾ രസീതിൽ തെററുവരാതെ ഇരിക്കുന്നതിനുവേണ്ടിയാണ് ജായിന്റു ഷെസർസിസ്സും ഏർപ്പെടുത്തിയതെന്നും കൺസർവേറററർ പറയുക ഉണ്ടായി. എന്നാൽ ജായിന്റു മെസർ എഴുതിയതിനുശേഷം കൊടുക്കുന്ന രസീതു കുടിവില വാങ്ങിക്കാൻ ഉപകാരപ്പെടുന്നില്ല. കുടിവില വാങ്ങിക്കണമെങ്കിൽ തഹശീൽദാരുടെ സർട്ടിഫിക്കററു തന്നെ ഹാജരാക്കണം. ൫൦ രൂപാ മുതൽ ൧൨൫ രൂപാ വരെ ശമ്പളമുള്ള റയിഞ്ചാഫീസരന്മാർ അവരുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിലുള്ള പുരയിടങ്ങളിൽ ഉള്ള സംഗതികൾ മുഴുവനും അറിയാവുന്നവരായിരിക്കും, അതുകൊണ്ടു തടി മുറിക്കുന്ന സമയത്തു തന്നെ ഒരു നമ്പിട്ട രസീതു കൊടുക്കുന്നതിനു റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ആവശ്യം ഇല്ല. എന്നു മാത്രമല്ല കുടിവില വാങ്ങിക്കുന്നതിനു തഹശീൽദാരുടെ സർട്ടിഫിക്കററു വേണമെന്നുള്ളതിനാൽ ഈ അവസരം കൊടുക്കുന്ന രസീതുകൊണ്ടു പ്രയോജനവുമില്ല.

കുടിവില ത്വരിതപ്പെടുത്തുന്നതിനു ആവശ്യമായ ഉപയോഗപ്രദമായ നടപടികൾ നിയമസഭാസംഗതിയിൽ അക്കൌണ്ടാഫീസർ അനുകൂലിക്കുന്നു എന്നു പറഞ്ഞതിൽ ആശ്വാസത്തിനു വഴിയുണ്ട്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൨൯.

ഗവർമ്മെന്റു ഏജൻസി മുഖേന തടിയും മററു വിഭവങ്ങളും വനങ്ങളിൽ നിന്നു മാററുന്നതിനു കൊള്ളിച്ചിട്ടുള്ള ൧,൦൯,൩൭൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റിസർവിൽ നിന്നും വൃക്ഷങ്ങളും മററും മാററിക്കൊണ്ടുപോകുന്നതിൽ ചേർത്തിട്ടുള്ള ൧,൦൯,൩൭൦ രൂപയിൽ നിന്നും ൧ രൂപാ കുറയ്ക്കണമെന്നുള്ളതാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്ന ഉപക്ഷേപം. കുടികളുടെ പേരിൽ പതിവു ഭൂമികളിൽ നില്ക്കുന്ന വൃക്ഷങ്ങൾ മുളമുതലായവയെ മുറിച്ചുമാററിക്കൊണ്ടുപോകുന്നതിനു ഇപ്പോൾ ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ് പ്രീപാസ കൊടുക്കേണ്ടതു്. ആ സമ്പ്രദായം ഭേദപ്പെടുത്തി റവന്യൂ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തണമെന്നും ചില ഇനം വൃക്ഷങ്ങളെ ഇപ്പോഴത്തെ പ്രീപാസ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണമെന്നും ഗവർമ്മെന്റിനെ ഉത്ബോധിപ്പിക്കാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്.

കുടികളുടെ വക പുരയിടങ്ങളിൽ നിൽക്കുന്ന മുള മുതലായ വൃക്ഷങ്ങൾ മുറിച്ചുമാററിക്കൊണ്ടുപോകുന്നുണ്ടോ എന്നു നോക്കുവാൻ റിസർവിനെ സൂക്ഷിക്കേണ്ട ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാരും ഗാർഡുകളും നാട്ടിൻപുറങ്ങളിൽ ചുററിനടക്കയാണ്. റിസർവ് രക്ഷണമാണല്ലോ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ പ്രധാന കൃത്യം. അതു ശരിയായിട്ടു നിർവഹിക്കാൻ അവർക്കു സാധിക്കുന്നില്ല. ഫാറസ്റ്റിനകത്തു യാതൊരു അതിക്രമങ്ങൾ നടക്കുന്നുണ്ടു എന്നാണ് പരക്കെയുള്ള സംസാരം. കണ്ടുപിടിക്കുന്നതിനു തന്നെ സമയമില്ലാത്ത ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാർ മിക്കവാറും നാട്ടിൻപുറങ്ങളിൽ ചുററിനടക്കയാണ്. ഇതിനുള്ള പ്രധാനകാരണം നാട്ടിൻപുറങ്ങളിൽ ചുററിനടന്നാൽ മാത്രമേ ഈ ഉദ്യോഗസ്ഥന്മാർക്കു ആദായത്തിനുവഴിയുള്ളു എന്നുള്ളതാണ്. റിസർവിൽപോയാൽ ഒന്നും കിട്ടുകയില്ല. ഫ്രീപാസ് സിസ്റ്റം നിമിത്തം ഇവർക്കു പല അഴിമതികളും നടത്തുന്നതിനു സൌകര്യം ലഭിക്കുന്നുണ്ട്. കുടിവക പുരയിടങ്ങളിൽ നിന്നും വൃക്ഷങ്ങളോ മുളയോ വിറകോ മുറിച്ചുമാററിക്കൊണ്ടുപോകണമെങ്കിൽ ഫാറസ്റ്റർമാരുടെ പാസുവേണമെന്നു വച്ചിട്ടുണ്ട്. അതു ഫ്രീപാസാണെങ്കിലും കിട്ടുന്നതിനു വളരെ വിഷമം നേരിടുന്നുണ്ട്. ഫ്രീപാസില്ലാതെ തടികൾ കൊണ്ടുപോയാൽ കുററകരവുമാണ്. ഈ ഫ്രീപാസ് സിസ്റ്റം നടപ്പിലിരിക്കുന്നതുകൊണ്ടു ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ചില്ലറ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഫാറസ്റ്റിൽ നിന്നും തന്നെ തടിമുറിച്ചു കടത്തിക്കൊണ്ടുപോകുന്നതിനു സൌകര്യം ഉണ്ടാകുന്നുണ്ട്. പാസു വാങ്ങിക്കുന്നതിനുള്ള ചിലവും ബുദ്ധിമുട്ടും ആലോചിക്കുമ്പോൾ ഫാറസ്റ്റർമാരുടെ സഹായത്തോടുകൂടി റിസർവിൽ നിന്നും തന്നെ തടി കൊണ്ടുവരാമെന്നു ജനങ്ങൾ വിചാരിക്കുന്നതിനു അവരെ പ്രേരിപ്പിക്കുകയാണു ചെയ്യുന്നതു. അതുകൊണ്ടു ഈ ഫ്രീപാസ് തന്നെ വേണ്ടെന്നുവക്കണം. അഥവാ പാസ് വേണമെന്നു നിശ്ചയിക്കയാണെങ്കിൽ അതു റവന്യൂഡിപ്പാർട്ടുമെന്റിൽ നിന്നും കൊടുക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യുന്നതു നന്നായിരിക്കുമായിരുന്നു. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ അധികാരാതിർത്തി തഹസീൽദാരന്മാരുടെ അധികാരാതിർത്തിയെക്കാൾ വളരെ വിസ്താരമായിട്ടുള്ളതാണ്. പാർവ്വത്യകാരന്മാർ മുഖാന്തിരം റക്കമെന്റുചെയ്തു ഫ്രീപാസ് കൊടുക്കുന്നതിനു റേഞ്ചാഫീസർമാരെക്കാൾ അധികം സൌകര്യം സ്ഥലം തഹസീൽദാരന്മാർക്കാണുള്ളതു. പുരയിടങ്ങളുടെ നിശ്ചയവും അവർക്കായിരിക്കുമല്ലോ. പുതുവൽ പതിക്കുക, മരവില, തറവില മുതലായതു ഈടാക്കുക, പട്ടയം കൊടുക്കുക, നികുതി പിരിക്കുക മുതലായവ ചെയ്യുന്നതു റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരാണ്. അവർക്കു സ്ഥലമറിയാം; അതുകൊണ്ടു ഇങ്ങനെ ഒരു ഏർപ്പാടു ചെയ്യുന്നപക്ഷം അതു സൌകര്യപ്രദമായിരിക്കും.

ഭക്ഷണം പാകം ചെയ്യുന്നതിനു വിറകു അത്യാവശ്യമാണല്ലോ. അതുപോലെതന്നെ മുളയും കൃഷി ഉപകരണങ്ങൾക്കും മററും ജനങ്ങൾക്കു അത്യാവശ്യമാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുകാരുടെ പാസു കിട്ടുന്നതുവരെ കാത്തിരിക്കയെന്നു വന്നാൽ ആവശ്യം നടക്കുകയില്ല. അതുപോലെതന്നെ പുരപണിക്കു അത്യാവശ്യമായ ഒന്നാണ് തടി. അതിലേക്കു പാസുവേണമെങ്കിൽ ഡിവിഷനാഫീസരുടെ അടുക്കൽ അപേക്ഷകൊടുത്തു ആ അപേക്ഷ റേഞ്ചാഫീസരുടെ അടുക്കൽവന്നു തടി പരിശോധിച്ചു റിപ്പോർട്ടു ഡിവിഷൻ ആഫീസരുടെ അടുക്കൽപോയി പാസുകിട്ടുന്നതിനു വളരെപ്രയാസങ്ങളുണ്ടു. കാട്ടിലെ കാര്യങ്ങൾ നോക്കുന്നതിനു ചുമതലപ്പെട്ടവരായിട്ടുള്ള ആളുകളെ നാട്ടിലെ ജനങ്ങളുടെ കാര്യംകൂടി നോക്കാൻ ചുമതലപ്പെടുത്തുന്നതു വളരെ ഉപദ്രവകരമായ ഒരു സ്ഥിതിയാണു. തരിശുഭൂമികളിലും പുറമ്പോക്കുകളിലും നിൽക്കുന്ന തടി മുറിച്ചാൽ അതിനു കേസെടുത്തു മജിസ്ട്രേട്ടിൽ ചാർജ്ജ് ചെയ്യുന്നതു റവന്യൂഡിപ്പാർട്ടുമെന്റാണ്. അതുപോലെ കുടികളുടെ പുരയിടങ്ങളിൽനിൽക്കുന്ന തടി മുറിച്ചുകൊണ്ടുപോകുന്നതിനു പാസുകൊടുക്കുന്നതിനുള്ള അധികാരവും ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിനല്ല, റവന്യൂക്കാർക്കാണു ഇരിക്കേണ്ടതു. ഇന്നത്തെനിലയിൽ ചെയ്യുന്നതു അസ്വഭാവികമായ ഒരു ഏർപ്പാടായിരിക്കും. എന്നാൽ പാടേ എടുത്തുകളയുന്നില്ലെന്നുവരുന്നപക്ഷം ഫാറസ്റ്റ് റിസർവുകൾക്കു സമീപമുള്ള നമ്പരുകളിൽ പാസുകൊടുക്കുന്നതിനുള്ള അധികാരം ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിനും ശേഷമുള്ള സ്ഥലങ്ങളിൽ പാസുകൊടുക്കുന്നതിനുള്ള അധികാരം റവന്യൂക്കാർക്കും കൊടുക്കുന്നതിനെങ്കിലും വ്യവസ്ഥചെയ്യണം. ഇതു ഗവണ്മെന്റിനും ജനങ്ങൾക്കും ഒരുപോലെ ഗുണകരമാണ്.

രണ്ടാമതു എനിക്കു പറയാനുള്ളതു ചില വൃക്ഷങ്ങളെ ഫ്രീപാസ്ചട്ടത്തിൽനിന്നും ഒഴിക്കേണ്ടതിനെപ്പററിയാണ്. അതായതു സാധുക്കൾക്കു ഭവനംപണിക്കും കൃഷിഉപകരണങ്ങൾക്കും അത്യാവശ്യമായ മരുതു, കാട്ടുപുന്ന, ചടച്ചി, വേങ്ങ ഇങ്ങനെ നാലുതരം തടികളെയെങ്കിലും ഒഴിക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാം അധികംപേർക്കു ഉപയോഗിക്കാൻകൊള്ളുകയില്ല. ചിതൽതിന്നുന്നതാണ്. സാധുക്കൾ കഴിക്കോൽകെട്ടുന്നതിനും തൊഴുത്തുകെട്ടുന്നതിനും മററുമൊക്കെ ഇതാണു ഉപയോഗിക്കുന്നതു. ഇതിനെല്ലാം പാസുവാങ്ങിക്കൊണ്ടുപോകണം എന്നുപറയുന്നതു വലിയകഷ്ടമാണ്. മുമ്പു ഒരു വഴിയമ്പലമുണ്ടാക്കാൻ പണം ചെലവുചെയ്തു ഭവനം നശിച്ചുപോയ ചിലർ എന്നോടുവന്നു ഭവനംപണിക്കു ഈ ഇനം തടിവേണമെന്നു ചോദിച്ചു. പാസില്ലാതെ കൊണ്ടുപോയാൽ തടി കൊടുത്തയാളെയും കൊണ്ടുപോയ ആളിനെയും പിടിച്ചുകേസാക്കുമെന്നുപറഞ്ഞു ഞാൻ ഒഴിയുകയാണ് ചെയ്തതു. അതുകൊണ്ടു മേൽപ്രസ്താവിച്ച നാലിനം തടികളും മുളയും പാസിൽനിന്നു ഒഴിക്കേണ്ടതാണ്. പാസുകൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെന്റിനു കൊടുക്കണമെന്നുപറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേററർ): കഴിഞ്ഞ നിയമസഭ കൂടിയ അവസരത്തിൽ ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുകയുണ്ടായി. ഈ കാര്യത്തെപ്പററി പൂർണ്ണമായി പര്യാലോചിക്കയും ഷെഡ്യൂൾഡ് സ്ഥലങ്ങൾ സംരക്ഷിതവനങ്ങളോടു സമീപിക്കത്തക്കവിധം അവയെ വിപുലപ്പെടുത്തുകയും ഫ്രീപാസ്ചട്ടങ്ങൾ നടപ്പിലിരിക്കാത്ത പ്രദേശങ്ങളുടെ വിസ്തീർണ്ണം കഴിയുമെങ്കിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനു ഒരു കമ്മിററിയെ രൂപീകരിക്കുന്നതാണെന്നു ഗവണ്മെന്റു വാഗ്ദാനംചെയ്തിട്ടുണ്ട്. ഈ വസ്തുത ഈ സഭ ഓർക്കുമായിരിക്കും. അതിനനുസരണമായി ഒരുകമ്മിററിയെ നിയമിക്കപ്പെട്ടു. മി. കുഞ്ഞിതൊമ്മൻ ഉൾപ്പെടെ കമ്മിററിയിൽ ഈ സഭയിലെ മൂന്നു ഉദ്യോഗസ്ഥസാമാജികന്മാരും മൂന്നു മററു സാമാജികന്മാരും ഉൾപ്പെട്ടിരുന്നു. ഈ കമ്മിററി മൂന്നുദിവസത്തേക്കു ആലോചനനടത്തുകയും ഗവണ്മെന്റിലേക്കു ഒരു ശിപാർശ ചെയ്യുകയും ചെയ്തു. ഈ ശിപാർശപ്രകാരം ഈ സംസ്ഥാനത്തെ വിസ്തീർണ്ണത്തിൽ പകുതിയോളംമാത്രമേ......

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കമ്മിററിക്കു ഏതെങ്കിലും വൃക്ഷങ്ങളെ പ്രീ ഫാ സ്റ്റോൺസിൽനിന്നും ഒഴിവാക്കാൻ അധികാരമുണ്ടായിരുന്നുവോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഇല്ലായിരുന്നു.

കമ്മിററിയുടെ ശിപാർശകളനുസരിച്ചു ഈ സംസ്ഥാനത്തെ ഏകദേശം പകുതിഭാഗം പ്രീഫാസ്റ ചട്ടങ്ങളിൽനിന്നും ഒഴിവാക്കേണ്ടിയിരിക്കുന്നു. കമ്മിററിയുടെ ശിപാർശകളനുസരിച്ചു പ്രീഫാസ് ചട്ടങ്ങളുടെ പ്രവൎത്തനത്തിനുവെളിയിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളുടെ ഒരു വിവരം ഈ സഭ മനസ്സിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ തിരുവിതാംകൂറിന്റെ ഒരു പടം തയ്യാറാക്കിയിട്ടുണ്ട് (കൺസർവേററർ അതിന്റെശേഷം ഒരു പടം സഭയെകാണിച്ചു.) ചുവന്നവര ഇപ്പോഴത്തെ പരിധിയെ വേർതിരിച്ചുകാണിക്കുന്നു. സംരക്ഷിതവനങ്ങളുടെ അതിരുകൾ പച്ച രേഖമൂലം കാണിച്ചിരിക്കുന്നു. ഇവിടെ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം കുറഞ്ഞ പ്രദേശത്തിൽമാത്രമേ വനംവകചട്ടങ്ങൾ പ്രവൎത്തനത്തിൽ വരികയുള്ളു എന്നുള്ളതു ഒരു നോട്ടത്തിൽനിന്നു അനുമാനിക്കാവുന്നതാണ്. മി. തയ്യിൽ കുഞ്ഞിത്തൊമ്മനും കമ്മിററിയിലെ ഒരു അംഗമായിരുന്നു. ചട്ടങ്ങളെസംബന്ധിച്ചുള്ള പ്രവൎത്തനം റവന്യൂഡിപ്പാർട്ടുമെന്റിനെ ഏല്പിക്കണമെന്നു അദ്ദേഹം ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. വനംഡിപ്പാർട്ടുമെന്റിനോടു അദ്ദേഹത്തിനു ഇതുവരെ വിദ്വേഷംതോന്നുന്നതിനുള്ളകാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ നിർദ്ദേശത്തെപ്പററി മി. റാബിൻസണോടു ചോദിച്ചു. കൂടുതലായി ഏതെങ്കിലുംജോലി നിർവഹിക്കുന്നതു തന്റെ ഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചിടത്തോളം വിഷമതയുള്ള ഒരുകാര്യമാണെന്നു അദ്ദേഹം എന്നോടുപറയുന്നു. ഏററവും കൂടുതൽജോലിചെയ്യുവാനുള്ളതും ജീവനക്കാർ മതിയാകാതിരിക്കുന്നതുമായ ഒരു ഡിപ്പാർട്ടുമെന്റാണ് റവന്യൂഡിപ്പാർട്ടുമെന്റ് എന്നു അദ്ദേഹംപറയുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

അദ്ധ്യക്ഷൻ: മി. ധനക്കോടിപ്പിള്ള, അങ്ങു നിങ്ങൾക്കു മലയാളത്തിൽ പറയാമോ? മി. കുഞ്ഞിത്തൊമ്മൻ ചോദിച്ചു ചോദ്യങ്ങളെല്ലാം ശരി. അതിനാൽ നിങ്ങൾ മലയാളത്തിൽ ഈ കാര്യങ്ങളെപ്പററി വിശദമായിപറയുന്നതു നന്നായിരിക്കും.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഒരു കമ്മിററി ഏർപ്പെടുത്തി. അതിൽ മി. കുഞ്ഞിത്തൊമ്മനും മെമ്പറായിരുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പ്രീഫാസ്കമ്മിററിക്കു പുതിയ പ്രീഫാസ് കൊടുക്കേണ്ടസ്ഥലത്തിന്റെ അതിർത്തിവർണ്ണിക്കുന്നതല്ലാതെ ഇന്നഇന്ന ഇനം വൃക്ഷങ്ങൾ അതിൽ ഒഴിക്കണമെന്നു പറയാൻ അധികാരമുണ്ടായിരുന്നുവോ?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): അതിർത്തി നിർണ്ണയിക്കാനാണ് പറഞ്ഞിട്ടുള്ളതു. ഞാൻ പറയുന്നതു മുഴുവൻകേട്ടശേഷം ചോദ്യം ചോദിച്ചാൽ ഉത്തരംപറയാം. ഈ രാജ്യത്തിൽ പകുതിഭാഗം പ്രീഫാസ്റൂൾസിൽനിന്നു ഒഴിച്ചിട്ടുണ്ടു. ഈ അതിർത്തിയിർണ്ണയകമ്മിററിയിൽ മി. കൊച്ചുതൊമ്മൻ, മി. കുഞ്ഞിത്തൊമ്മൻ, ഡാക്ടർ മേവാൻപിള്ള ഇതുമൂന്നുപേർ മെമ്പർമാരായിരുന്നു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കമ്മിററിക്കധികാരമില്ലാത്ത സംഗതിയല്ലേ ഏതിനംവൃക്ഷങ്ങളെ പ്രീഫാസ്റൂളിൽനിന്നും ഒഴിക്കണമെന്നുള്ളതു?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ). ഞാൻ പറയേണ്ടതു മുഴുവൻ പറഞ്ഞുവരുമ്പോൾ അറിയാം.

അദ്ധ്യക്ഷൻ: മി. ധനക്കോടിപ്പിള്ളേ, ഇതല്ല അതിനുള്ള മറുപടി. കമ്മിററിയുടെ ആലോചനയ്ക്കു വിഷയമാക്കാൻ സാധിക്കാതിരുന്ന ഒരുകാര്യത്തെപ്പററി പ്രസ്താവിക്കണമെന്നാണ മി. കുഞ്ഞിത്തൊമ്മൻ പറയുന്നതു്.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): കമ്മിററിയുടെ ശിപാർശകളനുസരിച്ചു വനം ഡിപ്പാർട്ടുമെന്റിനു വീതികുറഞ്ഞ ഒരു സ്ഥലത്തെസംബന്ധിച്ചുമാത്രമേ അധികാരമുണ്ടായിരിക്കയുള്ളു.

അദ്ധ്യക്ഷൻ, ഇടുങ്ങിയ ഈ പ്രദേശത്തു നില്ക്കുന്ന പ്രത്യേകതരത്തിലുള്ള വൃക്ഷങ്ങളെ ഒഴിവാക്കണമെന്നുള്ളതാണ അദ്ദേഹം ആവശ്യപ്പെടുന്നതു. അതിനെ സംബന്ധിച്ചു നിങ്ങൾക്കു എന്താണ് പറയാനുള്ളതു?

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): ഈ കമ്മിററിയുടെ ശിപാർശപ്രകാരം വളരെ വിസ്തൃതമായ ഒരുസ്ഥലത്താണ് പ്രീഫാസ്റൂൾസ് ബാധിക്കുന്നതു. അങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രീഫാസ് കൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെന്റുകാർ വഹിക്കണമെന്നു പറയുന്നതു ശരിയല്ല. മി. റാബിൻസണോടു ഞാൻ ചോദിച്ചതിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിനു വളരെജോലികളുള്ളതുകൊണ്ടു ഈ ജോലികൂടി നിർവഹിക്കാൻ സാധിക്കയില്ലെന്നുപറയുന്നുണ്ടു. അതുകൊണ്ടു മി. കുഞ്ഞിത്തൊമ്മൻ പറയുന്നതുപോലെ പ്രീഫാസ് കൊടുക്കാനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെന്റുകാർക്കു കൊടുക്കാൻനിവൃത്തിയില്ല. അതിനുപുറമെ തടിയെ സംബന്ധിച്ച ചുമതലഎല്ലാം ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിനാണ്. പിന്നീടു പ്രീഫാസ ചട്ടത്തിൽനിന്നും വേങ്ങ, മരുതി, തമ്പകം മുതലായ വൃക്ഷങ്ങളെ ഒഴിവാക്കണമെന്നു പറഞ്ഞു. അതുകൊണ്ടു ഗവണ്മെന്റിനു വലിയ നഷ്ടമുള്ളതുകൊണ്ടു അതു സ്വീകരിക്കാൻനിവൃത്തിയില്ല.

അദ്ധ്യക്ഷൻ, വേങ്ങവൃക്ഷത്തിനെ ഒഴിവാക്കണമെന്നു അദ്ദേഹം പറഞ്ഞില്ല.

മി. ആർ. ധനക്കോടിപ്പിള്ള (വനംകൺസർവേററർ): വേങ്ങയും മറുചില വൃക്ഷങ്ങളുംകൂടി ഒഴിവാക്കണമെന്നു അദ്ദേഹംപറഞ്ഞു എന്നാണു ഞാൻ വിചാരിക്കുന്നതു. പ്രീഫാസ്ചട്ടങ്ങൾ പ്രവൎത്തനത്തിലിരിക്കുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം വളരെകുറയ്ക്കണമെന്നു കമ്മിററി വളരെ ശുപാർശചെയ്തിട്ടുണ്ടു. അങ്ങനെ കുറയുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ഈ സംസ്ഥാനത്തിന്റെ ഏകദേശം പകുതിഭാഗം വരുന്നതായിരിക്കും. ആ സ്ഥിതിക്കു ഈ ചട്ടങ്ങളിൽനിന്നും പ്രത്യേകതരത്തിലുള്ള വൃക്ഷങ്ങളെ ഒഴിവാക്കണമെന്നുള്ളതിനെസംബന്ധിച്ചു അദ്ദേഹം പുറപ്പെടുവിക്കുന്ന വാദത്തിന്റെ താല്പര്യം എനിക്കു മനസ്സിലാകുന്നില്ല.

അദ്ധ്യക്ഷൻ, കൊച്ചുറേഞ്ച്പ്രദേശത്തെസംബന്ധിച്ചിടത്തോളം അപ്രകാരമുള്ള വൃക്ഷങ്ങളെ ഒഴിവാക്കണമെന്നാണ അദ്ദേഹംപറയുന്നതു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): അപ്രകാരം ചെയ്യുന്നതിനു നിവൃത്തിയില്ല. എന്തു കൊണ്ടെന്നാൽ സമീപത്തിലുള്ള ഞങ്ങളുടെ വനത്തിലും ഈ തരത്തിലുള്ള വൃക്ഷങ്ങളുണ്ട്.

മി. തയ്യത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പുഴവഴിയെ പുറത്തു വേണമെങ്കിലോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനംകൺസർവേറ്റർ): നെടുമങ്ങാട്ട ചെന്നാൽ അങ്ങിനെ ഉണ്ടെന്നു കാണാം.

മി. തയ്യത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നെടുമങ്ങാട്ട റിസർവിനു സമീപത്തുള്ള ചെറിയ പ്രദേശങ്ങളെയല്ലേ ഫ്രീപാസു വേണമെന്നുള്ള വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു?

മി. ആർ. ധനുഷ്കോടിപിള്ള (വനംകൺസർവേറ്റർ): അല്ല. ചിലതൊക്കെ ഉൾപ്പെട്ടമായിരിക്കാം. ചിലതു അതിനു വെളിയിലും കാണും.

മി. തയ്യത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫ്രീ പാസു നിമിത്തമുള്ള ഉപദ്രവങ്ങളെ പററി തുടർച്ചയായി കൗൺസിലിൽ പറഞ്ഞുകൊണ്ടിരിക്കയാണ്. ആദ്യത്തെ വനം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ അതിനെക്കുറിച്ചു ഒരു കമ്മിററി ഏർപ്പെടുത്തി പിന്നീടു ആ കമ്മിററിക്കാണ് റോയൽട്ടിയേപ്പററി റിപ്പോർട്ടു ചെയ്യുന്നതിനുള്ള അധികാരം നൽകിയതു. ഈ കാര്യങ്ങൾക്കു രണ്ടു കമ്മിററി റിപ്പോർട്ടു സമർപ്പിച്ചിട്ടും അതിന്റെ റിപ്പോർട്ടു ഇതുവരെയും വെളിക്കു വന്നിട്ടില്ല. ആ റിപ്പോർട്ടനുസരിച്ചു എന്തെല്ലാമാണു നടത്തീട്ടുള്ളതെന്നു ഈ കൗൺസിലിലെ ജനപ്രതിനിധികൾക്കു അറിയുന്നതിനും സാധിച്ചിട്ടില്ല. ആ റിപ്പോർട്ടിലെ ശിപാർശ അനുസരിച്ചു പ്രവർത്തിക്കാത്തതു കൊണ്ടാണു വീണ്ടും ഞാൻ ഈ സംഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു. ഈ രാജ്യത്തിൽ വലിയ ഭാഗവും മലമ്പ്രദേശമാണല്ലോ. ഈ മലമ്പ്രദേശങ്ങളിൽ താമസിച്ചു കാലക്ഷേപം ചെയ്യുന്നവർക്കു വിറക, മുള, കൃഷിആയുധങ്ങൾ ഇവ ഉണ്ടാക്കുന്നതിനു ആവശ്യമുള്ള മററു തടികൾ അവരുടെ ചേരിക്കുന്നിന്നും മുറിച്ചു ഉപയോഗിക്കുകയല്ലാതെ സമുദ്രതീരത്തുള്ള ഡിപ്പോവിൽനിന്നും വാങ്ങി അവരുടെ ചേരിക്കുന്നതിനും മുറിച്ചു ഉപയോഗിക്കുന്നതു വളരെ വിഷമമാണ്. ഈ വിധത്തിലുള്ള പല കഷ്ടതകളേയും പരിഹരിക്കണമെന്ന് ഈ കൗൺസിലിൽ തുടർന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഫ്രീ പാസുനിമിത്തം ജനങ്ങൾക്കു അഭിപ്രായമെന്ന് ഈ കൗൺസിലിൽ തുടർന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. റിസർവ് വനങ്ങളിലുള്ള തടികളെ സൂക്ഷിക്കുന്നതിനുള്ള തടികൾ മുറിച്ചു കൊണ്ടുപോകുന്നതിനു സൗകര്യമില്ല. റിസർവ് വനങ്ങളിലുള്ള തടികളെ സൂക്ഷിക്കുന്നതിനു വേണ്ടിയാണു ഫ്രീ പ്രാസുസിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളതു. എന്നാൽ റിസർവ് തീരെയില്ലാത്ത അമ്പലപ്പുഴ, ചേർത്തല മുതലായ താലൂക്കുകളിൽ മുളപോലും കടത്തിക്കൊണ്ടു പോകുന്നതിനു പാസു വേണം. ഈ വിഷമതകളെ ഒഴിക്കുന്നതിനു ആവശ്യമായിരിക്കാം രാജ്യത്തിന്റെ പകുതിഭാഗത്തേക്കു പാസുവേണമെന്നു ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതു, രാജ്യത്തിൽതന്നെ വടക്കായിരൂന്ന ഉത്തരതിരുവിതാംകൂറിലെ ഭാഗങ്ങളില്ല. റോഡിനെ അതിരാക്കിയുള്ള ഷെഡ്യൂൾ ഏർപ്പെടുത്തിയതു കൊണ്ടു ആ പ്രദേശങ്ങളിൽ പറയത്തക്കവണ്ണം യാതൊരു ഗുണവുമുണ്ടായിട്ടില്ല. റിസർവിൽനിന്നും ഒരു മൈൽ ദൂരം എന്നോമററോ പറഞ്ഞാൽ വല്ലതും ഗുണമുണ്ടായിരുന്നു എന്നാൽ ഈ മൈൽ ദൂരം സർവേ നമ്പരോ മററോ അതിരായിട്ടു നിശ്ചയിച്ചു കല്പിക്കുന്നപക്ഷം ഈ വിഷയത്തിൽ റോഡില്ലാത്തതു കൊണ്ടുള്ള സർവേ നമ്പരിട്ട അതിനു പരിഹാരമുണ്ടാകുമായിരുന്നു. റോഡില്ലാത്തതു ജനങ്ങളുടെ കുററമല്ല. അതുകൊണ്ടു സർവേനമ്പരിനെ അടിസ്ഥാനപ്പെടുത്തി പാസുവേണം എന്നുള്ള സ്ഥലത്തിന്റെ അതിർത്തി നിശ്ചയിക്കണമെന്നാണ്. ഫ്രീപാസുതന്നെ വേണ്ടായെന്നു വയ്ക്കണമെന്നു ഒരു പ്രമേയം ഈ കൗൺസിലിൽതന്നെ അവതരിപ്പിച്ചിട്ടുണ്ട്. ഗവർമ്മെണ്ട് അതിനെപ്പററി യാതൊന്നും ചെയ്തിട്ടില്ല.

പാസു കൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചാൽ അതു സ്വീകരിക്കുന്നതിനു മിസ്റ്റർ റാബിൻസൺ തയ്യാറാണെന്നു പറഞ്ഞതായി കൺസർവേററർ അവർകൾ പറയുകയുണ്ടായി. ഉദ്യോഗസ്ഥന്മാർ ഗവർമ്മെൻറിന്റെ വലതുകയ്യും ഇടതുകയ്യുമാണല്ലോ. അവർ യോജിച്ചേ ഇരിക്കൂ. കൺസർവേററർ ഈ അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കാൻ മടിയുള്ളതുകൊണ്ടു റവന്യൂ ഡിപ്പാർട്ടുമെൻറു മേലധ്യക്ഷൻ അതിനനുസരിച്ചു കഴികയില്ലെന്നേ പറകയുള്ളു. ഗവർമ്മെൻറു ആജ്ഞാപിക്കുന്നപക്ഷം അദ്ദേഹം നിശ്ചയമായിട്ടും അതു സ്വീകരിക്കും. ഗവർമ്മെൻറാണു പറയേണ്ടതു, കൺസർവേറററല്ല. തന്നെയുമല്ല അദ്ദേഹം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ നിന്നും റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുത്തതുകൊണ്ടു യാതൊരു ദോഷവും വന്നിട്ടില്ല. കുടികളുടെ പുരയിടങ്ങളിൽ നിൽക്കുന്ന തടികളുടെ അവകാശം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ നിന്നും റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുത്തതുകൊണ്ടു യാതൊരു ദോഷവും വന്നിട്ടില്ല. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർക്കു തടികളെ സംബന്ധിച്ചുള്ള അധികാരം നടത്തുന്നതു യുക്തിഹീനവും അനീതിയുമാണ്. കുടിയാന്മാരുടെ തട്ടിത്തുള്ള പുറംപോക്കിൽ അവർക്കു അവകാശമില്ല. എന്നുമാത്രമല്ല പാസ് കൊടുക്കുന്നതിനുള്ള ചുമതലയും ഉപയോഗവും റവന്യൂഡിപ്പാർട്ടുമെൻറിൽ സൂക്ഷിക്കുന്നതുകൊണ്ടു ഫ്രീപാസ് കൊടുക്കുന്നതിനുള്ള ചുമതലയും റവന്യൂഡിപ്പാർട്ടുമെൻറിൽ സൂക്ഷിക്കുന്നതുകൊണ്ടു ഉടമസ്ഥരായിരുന്നു പ്രവർത്തിക്കാൻ കഴിയും, റിസർവിനു രക്ഷയുമുണ്ടാകും. മതിയെ അവരെ ഏല്പിക്കുന്നതായാൽ ഉടമസ്ഥരായിരുന്നു പ്രവർത്തിക്കാൻ കഴിയും. ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥന്മാരുടെ ആനുകൂല്യത്തോടു കൂടി റിസർവിൽനിന്നും തടിമോഷ്ടിക്കുന്നതിനു അത്ര എളുപ്പമുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ പാസ് കൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറു കാക്കിരിക്കുന്നതുകൊണ്ടു ഈ രണ്ടു ഡിപ്പാർട്ടുമെൻറുകാരും യോജിച്ചാൽ മാത്രമേ റിസർവിൽനിന്നു കേറി തടി മുറിച്ചുകൊണ്ടുപോകാൻ സാധിക്കയുള്ളു. അതു സാധാരണ സാധ്യമല്ല.

അതുകൊണ്ടു ഫ്രീപാസ് നൽകുന്നതിനെസംബന്ധിച്ചു അതിനെ നിർണ്ണയിച്ചു റിപ്പോർട്ടുവന്നിരിക്കുന്ന ഈ അവസരത്തിൽ ഇതിനെപ്പററി കൂടിയാലോചിച്ചു വേണ്ട വ്യവസ്ഥ ചെയ്യണമെന്നു ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

ഉച്ചതിരിഞ്ഞു ൨-൧൫ മണിക്കു സഭ പിരിയുകയും ഉച്ചതിരിഞ്ഞു ൨-൩൦ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

ഉപക്ഷേപം ൧൧൪.

സാമാജികൻ ഹാജരില്ലാത്തതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം പിൻവലിച്ചതായി ഗണിക്കപ്പെട്ടു.

മി. പി. എസ്. മഹമ്മദ്.

വിത്തു വിതയ്ക്കുന്നതിനും വൃക്ഷങ്ങൾ നടുന്നതിനും കൊള്ളിച്ചിട്ടുള്ള ൨൨,൦൦൦ രൂപയിൽനിന്ന് ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൭൬.

കൺസർവൻസിയും പണികളും നടത്തുന്നതിന് കൊള്ളിച്ചിട്ടുള്ള ൭,൮൭,൩൩൫ രൂപയിൽനിന്ന് ൧൦൦ രൂപ കുറയ്ക്കണം.

മി. തയ്യിൽ കുഞ്ഞിക്കണ്ണൻ (മുവാററുപുഴയും തൊടുപുഴയും): റിസർവ് സംരക്ഷണച്ചിലവിനുള്ള ൭,൮൭,൩൩൫ രൂപയിൽനിന്ന് ൧൦൦ രൂപ കുറയ്ക്കണം എന്നാണ് എന്റെ ഉപക്ഷേപം.

റിസർവിലെ കൃഷിയ്ക്കു ഉപയോഗകരങ്ങളായ സ്ഥലങ്ങളെ റിസർവിൽനിന്നു വേർപെടുത്തി കൃഷിക്കു പതിച്ചുകൊടുക്കേണ്ട ആവശ്യകതയെ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കണമെന്നാണ ഞാൻ ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നതു.

ഈ രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരാണല്ലോ. രാജ്യത്തെ ജനസംഖ്യ വർദ്ധിച്ചു വരുന്നതനുസരിച്ച് കൃഷിസ്ഥലങ്ങളുടെ പോരായ്മകൊണ്ട് ജനങ്ങൾ വളരെ കഷ്ടപ്പെടുന്നു. തൊഴിലില്ലാ കമ്മിററിയുടെ നിർദ്ദേശം കൃഷിയ്ക്ക് ഉപയുക്തമായ സ്ഥലങ്ങളെ റിസർവിൽനിന്നു വേർപെടുത്തി കൃഷിക്കാർക്ക് പതിച്ചുകൊടുത്തു കൃഷി ചെയ്യിക്കണമെന്നാണല്ലോ. രാജ്യത്തെ ആവശ്യത്തിനു വേണ്ടുന്നതിൽ വളരെ കൂടുതൽ സ്ഥലം റിസർവായി ഇട്ടിരിക്കുന്നു എന്ന് ഇവിടെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ മൂന്നിലൊരുഭാഗം ഇങ്ങനെ റിസർവായി വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ജനങ്ങൾക്കു ആവശ്യമായ ആഹാരസാധനങ്ങൾ പ്രതിവത്സരം വിദേശങ്ങളിൽനിന്നും വരുത്തേണ്ടുന്നതിനു വളരെ പണം പുറത്തുപോകുന്നു. നാട്ടുപോലെതന്നെ റിസർവും നിമ്നോന്നതമായി താണവയലുകളോടും ഉയർന്ന കുന്നുകളോടും കൂടിയതുമാണ് കിടക്കുന്നത്. റിസർവ് എല്ലാം കുന്നും കാടുമാണ്, അവിടെ വയലുകളില്ല എന്നു ആ സ്ഥലങ്ങളെ പരിശോധിച്ചിട്ടില്ലാത്തവർക്ക് തോന്നാം. എന്നാൽ പരിശോധിച്ചിട്ടുള്ളവർക്ക് നേരമറിച്ച് നാട്ടുപോലെതന്നെ റിസർവിനകത്തും കൃഷിയ്ക്ക് ഉപയുക്തമായ വയലുകൾ വളരെയുണ്ടെന്നും അറിയാം. അവിടെ ഒരു കാലത്ത് കൃഷിചെയ്തിരുന്നു എന്നും കുടിപാർത്തിരുന്നു എന്നും തെളിയിക്കുന്ന ഗ്രാമങ്ങളുടേയും ക്ഷേത്രങ്ങളുടേയും ലക്ഷ്യങ്ങൾ റിസർവിനകത്തു കാണാം. റിസർവിൽ മുമ്പു കൃഷിചെയ്തിട്ടുള്ള പഴപ്പുനിലങ്ങൾ ധാരാളം ഉണ്ട്. അവിടെ കൃഷിചെയ്തിരുന്നു എന്ന് കാണിക്കുന്ന കൃഷിക്കു ഉപയോഗപ്പെടുന്നതും കൃഷിയുടെ രക്ഷയ്ക്കു ആവശ്യമായിട്ടുള്ളതും പഴയ നടകളും കല്ലുകയ്യാലകളും ധാരാളമായി കാണാം. ഇങ്ങനെയുള്ള സ്ഥലങ്ങളെ പതിച്ചുകൊടുക്കുന്നതുകൊണ്ട് യാതൊരു ദോഷവും റിസർവിനില്ല. ജനങ്ങളുടെ പുരയിടങ്ങളിലെ തേക്കിൽനിന്നുള്ള ആദായമാണ് ഇപ്പോൾ കാണുന്നത്. അല്ലാതെ റിസർവിൽനിന്നും ഏക്കറിനു കാൽ രൂപാപോലും ആദായം കിട്ടുന്നില്ല. ഇങ്ങനെയുള്ള ഭൂമികളെ പതിച്ചുകൊടുത്താൽ ഏക്കറിനു നല്ല തറവിലകിട്ടും. അതിനുപുറമെ സ്ഥിരമായ കരവും കിട്ടും. ജനങ്ങൾക്ക് ആഹാരസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കി ഒരു കാലക്ഷേപം ചെയ്യുന്നതിനു മാർഗ്ഗവും കിട്ടും. ഇപ്പോൾ യാതൊരു ഉപയോഗവും ഇല്ലാതെ വന്യജന്തുക്കൾക്കു മാത്രം വസിക്കുന്നതിനു സൗകര്യം ആക്കി ഗവണ്മെന്റിന്റേയും ജനങ്ങളുടേയും ആദായങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്ന ഏർപ്പാടു വളരെ ദോഷകരമാണ്. ഈ കാര്യം പറയുമ്പോൾ നാട്ടിൽതന്നെ ധാരാളം സ്ഥലമുണ്ടല്ലോ, അതു കഴിഞ്ഞിട്ടു റിസർവ് ഒഴിച്ചാൽ പോരായോ എന്നാണ് കൺസർവേറററ് ചോദിക്കുന്നത്. നാട്ടിൻപുറത്ത് കൃഷിക്കു കൊള്ളാവുന്ന സ്ഥലങ്ങൾ ഇല്ല. ചില സ്ഥലങ്ങൾ അവിടെയവിടെ ശേഖരമായിട്ട് ഉണ്ടെങ്കിൽ അവ ജന്മികളുടെ ചേരിക്കലോ, ധനവാന്മാരുടെ ഭൂമിയോ ആയിരിക്കും. സാമാന്യജനങ്ങൾക്ക് ഭൂമിയില്ല. ഭൂസ്വത്തു ശരാശരി കണക്കാക്കിയാൽ ആളോഹരിക്രമത്തിനു അര ഏക്കറിൽ കൂടുതലില്ല. ഈ അര ഏക്കർകൊണ്ടുവേണം അവർ കാലക്ഷേപം കഴിക്കാൻ. ഗവണ്മെന്റിന്റെ ഉദ്ദേശം ജനങ്ങളുടെ ഐശ്വര്യം അഭിവൃദ്ധിപ്പെടുത്തി അവർക്ക് ക്ഷേമവും സമാധാനവും വളർത്തികൊണ്ടു വരണമെന്നാണല്ലോ. ഈ വിഷയത്തിൽ ദാരിദ്ര്യംകൊണ്ട് കഷ്ടപ്പെടുന്ന ജനങ്ങളുടെ ക്ഷേമവും സമാധാനവും പുലർത്തുന്ന ഗവണ്മെന്റു ഈ അര ഏക്കർ ഭൂമികൊണ്ട് കാലക്ഷേപം കഴിച്ചുകൊണ്ട് ക്ഷേമമായിരിക്കണമെന്നു പറയുന്നുവെങ്കിൽ അതു ഒരിക്കലും യോജിച്ചതല്ല. അതുകൊണ്ടു ഈ റിസർവ് തുറന്നു കൃഷിക്കായി കൊടുക്കണം. വർദ്ധിച്ചുവരുന്ന ജനതതി ദാരിദ്ര്യത്തിൽ പെടാതിരിക്കുന്നതിന് ഇതല്ലാതെ വേറൊരു നിവൃത്തിയുമില്ല. രാജ്യത്തിലെ ഉല്പന്നങ്ങളായ കുരുമുളകു, ചുക്കു, നാളികേരം ഇവയ്ക്കു വിലയില്ലാത്തതിനാൽ ഈ കയററുമതിസാധനങ്ങൾ വിററിട്ട് ഇറക്കുമതിസാധനങ്ങളായ ആഹാരം, വസ്ത്രം മുതലായവ വിദേശത്തുനിന്നും വരുത്തി ഉപയോഗിക്കുന്നതിന് എന്തു മാർഗ്ഗമാണുള്ളത്. ഒരു മാർഗ്ഗവുമില്ല. എന്നാൽ നെൽകൃഷി വർദ്ധിപ്പിച്ചു ആഹാരസാധനങ്ങളുടെ ഇറക്കുമതി കുറയ്ക്കാൻ നോക്കേണ്ടതു അത്യാവശ്യമാണ്. അതിലേയ്ക്കു ഇവിടത്തെ റിസർവിലുള്ള സ്ഥലങ്ങളിൽ സാധുക്കൾക്കു കൃഷിചെയ്യുന്നതിനു സാധിക്കത്തക്കവണ്ണമുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്താൽ നെല്ലുമാത്രമല്ല; പുലയർ, പറയർ, മുതലായവർക്ക് മരച്ചീനിമുതലായവയും കൃഷിചെയ്യുന്നതിനു സാധിക്കുന്നതാണ്. കിഴക്കോട്ടുകടന്നാൽ റിസർവുതൊട്ടറിയും, പടിഞ്ഞാറോട്ടുകടന്നാൽ സമുദ്രവും ജനങ്ങളെ തടയുന്നു. അവർക്കു ഭൂമി കിട്ടുന്നതിനു യാതൊരു മാർഗ്ഗവുമില്ല. ഒരു കുടുംബത്തിലെ കാരണവർ കുടുംബത്തിന്റെ ഭാവിഐശ്വര്യത്തിനുവേണ്ടി ഒരു കുടുംബത്തിലുള്ള കുട്ടികളെ പട്ടിണിയിട്ടു അവരെ കഷ്ടപ്പെടുത്തിയിട്ടു സ്വത്തു സമ്പാദിക്കുന്നതുപോലെയാണ് റിസർവു ഭാവിയിലെ ജനങ്ങൾക്കു കൊടുക്കാനാണെന്ന് ഗവണ്മെന്റു പറഞ്ഞു ജനങ്ങളെ കഷ്ടപ്പെടുത്തുന്നത്. ഗവണ്മെന്റു അപ്പോഴപ്പോഴുള്ള ജനങ്ങളുടെ കാലക്ഷേപമാർഗ്ഗത്തെ പ്രഥമമായിഗണിച്ചു പ്രവർത്തിക്കണം. അതുകഴിഞ്ഞുവേണം ഭാവിയെപ്പററി ചിന്തിക്കാൻ. രാജ്യത്തിന്റെ മൂന്നിലൊരുഭാഗം റിസർവായി വച്ചുകൊണ്ടു ഭൂമിക്കുവേണ്ടി ജനങ്ങളെ കഷ്ടപ്പെടുത്തുന്ന നയം ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. ബ്രിട്ടീഷ് മലബാർ, ഐക്യനാടുകളായ രാജ്യങ്ങളിൽ ചുരുങ്ങിയ തറവിലയ്ക്കും കുറേക്കാലത്തേയ്ക്കു കരം കൂടാതെയും കൃഷിക്കാരായ അന്യദേശക്കാർക്ക് ഭൂമികൊടുത്തു കൃഷിയെ പ്രോത്സാഹിപ്പിച്ചു വരികയാണ്. അവിടെ ജനസംഖ്യ കുറഞ്ഞും ഭൂമി കൂടിയുമാണിരിക്കുന്നത്. അതുകൊണ്ടാണ് ഭൂമിക്കു വില കുറയുന്നതുള്ളകാരണം,

ഇവിടെ നല്ല [illegible] കൊടുക്കാം, തടിവില കൊടുക്കാം, കരം കെട്ടാം, പതിച്ചുകൊടുത്താൽ മതിയെന്നു ആളുകൾ പറയുന്നു. ഒരു സാധനത്തിന്റെ ആവശ്യകതയും, ദൌർലഭ്യവുമാണല്ലോ, വില കൂടുതൽ ഉണ്ടാക്കുന്നതു. ജനങ്ങൾക്കു കാലക്ഷേപമാർഗ്ഗത്തിനു ഇവിടെ കൃഷിതൊഴിലല്ലാതെ മററു ഒന്നും കാണുന്നില്ല. അതിലേക്കു റിസർവിലുള്ള സ്ഥലം വിട്ടു പതിച്ചുകൊടുക്കണമെന്ന ഒരു റെസലൂഷൻതന്നെ ഈ കൗൺസിലിൽ പാസാക്കീട്ടുണ്ടു. കൂടാതെ ഒരു സ്പെഷ്യൽകമ്മിററിയും ഉണ്ടാക്കി. ഇതുവരെ ഭൂമി പതിച്ചുകൊടുത്തിട്ടില്ല. കമ്മററിയിൽ ഞാനും ഒരു മെമ്പറായിരുന്നു. ഒരു സ്ഥലം സ്പെഷ്യൽ കമ്മററി കൊടുക്കണമെന്നു അന്യഉദ്യോഗസ്ഥൻ പറഞ്ഞാൽ, അതല്ലെന്നു ഫാറസ്റ്റ് ഉദ്യോഗസ്ഥൻ പറയും. അതിനെ മററു ഉദ്യോഗസ്ഥമെമ്പർമാരും സമ്മതിക്കും. ഇപ്പോൾ പറഞ്ഞുവല്ലോ, കൺസർവേറർ ആവശ്യപ്പെട്ടതു റവന്യൂകമ്മീഷണർ സമ്മതിച്ചുവെന്ന്.

ഉദ്യോഗസ്ഥന്മാരുടെ സാധാരണപതിവു ഒരാൾ പറയുന്ന അഭിപ്രായത്തോടു മററുള്ളവരും അനുകൂലിക്കുക എന്നതാണ്. അതിനാൽ റവന്യൂകമ്മീഷണരുടെയോ, കൃഷിഡയറക്ടരുടെയോ സമ്മതത്തോടുകൂടി കൃഷിക്കു ഭൂമികൊടുക്കുവാൻ സാധിക്കുകയില്ല. ജനങ്ങൾക്കു ആവശ്യമുള്ള സ്ഥലം ഗവണ്മെന്റുതന്നെ പതിച്ചുകൊടുക്കണം. ഇതിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയോ, കൃഷിഡിപ്പാർട്ടുമെന്റിന്റെയോ അഭിപ്രായത്തെമാത്രം ഗണിച്ചാൽ പോരാ, ഈ മാതിരി സംഗതികളിൽ ജനാഭിപ്രായത്തെക്കൂടി നോക്കണം. നെൽകൃഷിക്കു കൊള്ളാവുന്ന ധാരാളം ഭൂമിയുണ്ട്. ജനങ്ങളുടെ സാമ്പത്തികാവസ്ഥ നന്നായാൽമാത്രമേ രാജ്യത്തു ക്ഷേമവും സമാധാനവും അഭിവൃദ്ധിയും ഉണ്ടാവുകയുള്ളു. ഈ സംഗതിയിൽ പ്രത്യേകം ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതാണു. കൃഷിക്കാരായ ജനങ്ങളുടെ പ്രതിനിധികളായ ഞങ്ങൾക്കു കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ട മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കേണ്ട പ്രത്യേകകടമയുണ്ട്. ഗവണ്മെന്റു അനുഭാവപൂർവം ആലോചിക്കണം. ഇതിൽ ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാർ ചിലർ വിപരീതാഭിപ്രായക്കാരായിരിക്കാം. ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരുടെ അഭിപ്രായം മാത്രം വാക്കാക്കി പ്രവർത്തിക്കാതെ ഈ കാര്യത്തിൽ ഗവണ്മെന്റു നേരിട്ടു ശ്രദ്ധിക്കണം. മഴപെയ്യുന്നതിനു റിസർവുവേണമെന്നു പറയുന്നുണ്ട്. ആ അഭിപ്രായത്തിൽ വിദഗ്ദ്ധന്മാർക്കുതന്നെ അഭിപ്രായവ്യത്യാസമുണ്ടു. അങ്ങിനെ വേണമെങ്കിൽ അതിലേക്കു പർവതപംക്തികളെ എടുത്തുകൊള്ളട്ടെ. അവിടെ ധാരാളം വൃക്ഷങ്ങൾ ഉണ്ടു. അവ നീരാവിയെ തണുപ്പിച്ചു മഴയാക്കിക്കൊള്ളട്ടെ. നമുക്കു അതിന്റെ താഴ്വര മതിയാകും. അങ്ങനെയുള്ള സ്ഥലം വിട്ടുകൊടുത്തു കൃഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു കാലക്ഷേപമാർഗ്ഗം ഉണ്ടാക്കുന്നതിനും ഗവണ്മെന്റു ശ്രദ്ധിക്കണമെന്നു പ്രത്യേകം പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): റിസർവു ഫാറസ്റ്റിനകത്തു കിടക്കുന്ന കൃഷിസ്ഥലങ്ങളെ പതിച്ചുകൊടുക്കണമെന്ന് ഇടക്കിടക്കു ഈ കൗൺസിലിൽ നിവേദനങ്ങൾ വന്നിട്ടുള്ളതായി കാണുന്നു. റിസർവു ഫാറസ്റ്റിനകത്തും വെളിയിലുമുള്ള സ്ഥലങ്ങളെ പതിച്ചുകൊടുക്കാൻ പാടില്ലെന്നും ഈ കൗൺസിലിൽ നിവേദനങ്ങൾ വന്നിട്ടുണ്ട്. അങ്ങിനെ പതിച്ചുകൊടുക്കുന്നതു ൨൦൦ ഏക്കറിൽ കൂടിയിരിക്കാൻ പാടില്ലെന്നും ഈ കൗൺസിലിൽ വരുന്ന നിവേദനങ്ങളുടെകൂട്ടത്തിൽ കാണുന്നുണ്ട്. റിസർവിനകത്തുനിന്നും അധഃകൃതർക്കു മൂന്നു ഏക്കർവീതം പതിച്ചുകൊടുക്കണമെന്നും നിവേദനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ ഇവയെ പതിച്ചുകൊടുക്കേണ്ടതു എങ്ങനെയാണെന്നോ, അതിനെ കൃഷിസ്ഥലങ്ങളാക്കിത്തീർക്കേണ്ടതു എങ്ങനെയാണെന്നോ, അതു ഏതുപ്രകാരം സാധിക്കാമെന്നോ ഉള്ള സംഗതികളെ സംബന്ധിച്ചു ഉദ്യോഗസ്ഥ സാമാജികന്മാർ ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല. മി. രാഘവയ്യായുടെകാലത്തു ഒരു ലാൻഡുകാളനൈസേഷൻ സ്കീം തുടങ്ങിയിട്ടുണ്ട്. അതു വടക്കൻ തിരുവിതാംകൂറിനെ സംബന്ധിക്കുന്നതല്ലാതെ തെക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഒരു കമ്മിററി രൂപീകരിക്കുന്നതിന് പേഷ്കാർ യാതൊരു നടപടിയും ചെയ്തിട്ടില്ല. ആ സ്കീമിനെ സംബന്ധിച്ചു ഗവണ്മെന്റിൽനിന്നും യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): വടക്കൻതിരുവിതാംകൂറിൽ ഈ ലാൻഡുകാളനൈസേഷൻ സ്കീം അനുസരിച്ചു ധാരാളം പതിച്ചുകൊടുത്തു എന്നാണോ മെമ്പരുടെ അഭിപ്രായം?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു പത്തുകമ്മിററികൾ രൂപീകരിച്ചു കുറെസ്ഥലം പതിച്ചുകൊടുക്കാൻ തീരുമാനിച്ചു എന്നാണ്.

യഥാർത്ഥത്തിൽ പൊതുജനങ്ങൾക്കു ഗവണ്മെന്റു നന്മചെയ്യണമെന്നു വിചാരിക്കുന്നപക്ഷം ധാരാളം കൃഷിസ്ഥലങ്ങൾ ഉള്ള റിസർവിനെ ക്ലിപ്തപ്പെടുത്തേണ്ട ആവശ്യം ഇല്ലെന്നു തീരുമാനിക്കണം. അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നു നെൽകൃഷിക്കു ഉപകരിക്കുന്നതായ ഭൂമികൾ ഇറിഗേഷനും മററും തടസ്ഥമില്ലാത്തവിധത്തിൽ പതിച്ചുകൊടുക്കണം. അതുകൂടാതെ മൂന്നു ഏക്കർവീതം അധഃകൃതർക്കു പതിച്ചുകൊടുത്താൽ അതിനെ കൃഷിചെയ്തു നല്ലനിലയിൽ കൊണ്ടുവരുന്നതിനു അവർക്കു സാധിക്കുന്നതല്ല. വലിയ മലപ്രദേശങ്ങളിലും മററും ഇങ്ങനെ മൂന്നു ഏക്കറോ മററോ അവർക്കു പതിച്ചുകൊടുത്താൽ അവർ അവിടെപോയി മലമ്പനി പിടിച്ചു മരിച്ചുപോകുകയല്ലാതെ നിവൃത്തിയില്ല. ശേഖരമായി അയ്യായിരമോ ആറായിരമോ ഏക്കർ സ്ഥലം പതിച്ചുകൊടുക്കുന്നതായാൽ അവർക്കു അവിടെപോയി താമസിച്ചു കൃഷിചെയ്യുന്നതിനു സാധിക്കും.

മി. കെ. മാധവൻ (നാമിനേററഡ്). താമസിക്കുന്നതിനുള്ള വീടുകൾ നാട്ടിൻപുറങ്ങളിൽ സ്ഥിതിചെയ്യുന്നതല്ലേ നല്ലതു്?

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതുകൊണ്ടു കൂടുതൽ സ്ഥലം പതിച്ചുകൊടുക്കണമെന്നാണു പറയുന്നതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്). ഇങ്ങനെ കൂടുതൽസ്ഥലം പതിച്ചുകൊടുക്കുകയാണെങ്കിൽ പനിവരികയില്ലേ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കൂടുതൽ സ്ഥലമുണ്ടായിരുന്നാൽ അവിടെ ആളുകൾ സംഘം ചേർന്നുപാർത്തു താമസിക്കുന്നതിനും തന്നിമിത്തം പനി വരാതിരിക്കുന്നതിനും കാരണമാകും. അയ്യായിരം ഏക്കർ ബ്ലോക്കായിട്ടു തിരിച്ചു അതിൽ അഞ്ചോ പത്തോ [illegible] നിശ്ചയിച്ചു അതിലുള്ള

അഞ്ചുവർഷത്തേക്കു ചിലവാക്കാൻ പത്തുലക്ഷം രൂപായും ആവശ്യമായിരിക്കുന്നതായാൽ അഞ്ചുവർഷം കഴിഞ്ഞു ആ എസ്റ്റേററുകളെ ഇപ്പോൾ ജോലിയില്ലാതെ അലഞ്ഞുനടക്കുന്ന ആളുകൾക്കു പതിച്ചുകൊടുത്താൽ ഗവൺമെൻറിനു ചിലവായിട്ടുള്ള തുക പത്തുവർഷത്തിനകം പിരിഞ്ഞുകിട്ടുന്നതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെയുള്ള ഏർപ്പാടു വരുന്നതുവരെ ഈ സ്ഥലങ്ങളെ കൃഷിചെയ്യേണ്ടതു ആരാണ്?

മി. ടി. സി. കേശവപിള്ള (കല്ലുകുളവും വിളവങ്കോടും): അതിലേയ്ക്കു ഗവൺമെൻറും അനൗദ്യോഗസ്ഥന്മാരും ആലോചിച്ചു ഒരാളെ നിയമിക്കണം. ഇങ്ങനെയുള്ള ലാൻഡ്കാളനൈസേഷൻസ്കീം ഗവൺമെൻറു ഏർപ്പെടുത്തണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. പ്രമേയം അവതരിപ്പിച്ച മി. കുഞ്ഞിത്തൊമ്മൻ റിസർവിൽനിന്നും ഇങ്ങനെ സ്ഥലം ഒഴിച്ചുകൊടുക്കണം എന്നു പറഞ്ഞിട്ടുള്ളതല്ലാതെ ഇന്ന രീതിയിൽ പ്രായോഗികമാക്കിത്തീർക്കണം എന്നുള്ളതിനെപ്പററി ഒന്നും പറഞ്ഞുകാണുന്നില്ല.

മി. തറിയത് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മുമ്പു ഞാൻ ഇതിനെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ ഇന്ന ഇന്ന രീതിയിൽ ഉദ്യോഗത്തില്ലാത്തവർക്കു ഇത്രഇത്ര ഏക്കർ വീതം തിരിച്ചു ലേലംചെയ്തു കൊടുക്കണം എന്നു വ്യക്തപ്പെടുത്തി പറഞ്ഞിട്ടുള്ളതായി മെമ്പർക്ക് അറിയാമോ?

മി. ടി. സി. കേശവപിള്ള (കല്ലുകുളവും വിളവങ്കോടും): അറിയാം. അന്നു ഞാനുംകൂടെ ഹാജരുണ്ടായിരുന്നു. എന്നാൽ ഗവൺമെൻറിനു അതിനെ യഥാർത്ഥമായി പ്രായോഗികമാക്കിത്തീർക്കത്തക്ക നിലയല്ല ഉള്ളതു. അതുകൊണ്ടു അനൗദ്യോഗസ്ഥസാമാജികന്മാരുൾപ്പെട്ട ഒരു കമ്മിററിയെ അതിലേക്കു രൂപീകരിക്കണമെന്നു ഞാൻ ഗവൺമെൻറിനോടു ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു.

പേച്ചിപ്പാറ അണയ്ക്കു സമീപം പി. ഡബ്ലിയു. ഡി. റിസർവ് ഫാറസ്റ്റ് എന്നും പറഞ്ഞു അതിനാവശ്യമില്ലാത്ത ആയിരം ഏക്കർ സ്ഥലം ഉണ്ട്. അതിനെ കൺസർവേററർ അവർകളോടു നിർബന്ധിച്ചു ഡിസ്ഫാറസ്റ്റ് ചെയ്യുന്നതിനു വേണ്ട ഉത്തരവു കൊടുക്കണമെന്നു ഈ കൌൺസിലിനോടു അപേക്ഷിച്ചുകൊള്ളുന്നു.

ഇതുകൂടാതെ ഞാൻ മുമ്പു പറഞ്ഞതുപോലെ വലിയ ഏലായിൽ ആയിരം കോട്ട നിലം റിസർവ്ഫാറസ്റ്റിനകത്തു കൃഷിക്കുപയോഗപ്പെടുത്താവുന്നതായി കിടക്കുന്നുണ്ട്. അവിടെ മുമ്പു ആളുകൾ താമസിച്ചു കൃഷിചെയ്തുവന്നിരുന്നതായി ഗ്രാമത്തിന്റെയും ചില കോവിലുകളുടെയും ലക്ഷ്യങ്ങൾ കാണുന്നുണ്ട്. അതിനാൽ അവയും പതിച്ചുകൊടുക്കണം.

നെയ്യാററിൻകരതാലൂക്കിൽ കിടക്കുന്നതും ഇപ്പോൾ ഫാറസ്റ്റിന്റെ കൈവശത്തിലാണെന്നോ അതല്ല, റവന്യൂഡിപ്പാർട്ടുമെൻറുവകയാണെന്നോ തർക്കിച്ചുകൊണ്ടിരിക്കുന്നതുമായ പത്തിരുപതിനായിരം ഏക്കർ കാണിഭൂമിയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൽനിന്നും കഴിയുന്നതും വേഗം ഒരു തീരുമാനം ഉണ്ടാക്കി അതിനെ പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കിത്തീർക്കണമെന്നുള്ള അപേക്ഷയോടുകൂടി മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങുന്നു.

മി. ഏ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഇതു കൌൺസിലിന്റെ ദീർഘകാലമായ ആലോചനയ്ക്കു വിഷയമായിട്ടുള്ള ഒരു സംഗതിയാണ്. നാട്ടിൻപുറങ്ങളിൽ കൃഷിസ്ഥലങ്ങളില്ലാതെ കഷ്ടപ്പെടുന്നു. പട്ടണങ്ങളിലാണെങ്കിൽ കച്ചവടംചെയ്തും മററും ഓരോ തൊഴിലുകൾകൊണ്ടു കാലയാപനം ചെയ്യാൻ സൌകര്യമുണ്ട്. നാട്ടിൻപുറത്തുകാരായ ഞങ്ങൾക്കു ഈതി ബാധകൾ നിമിത്തവും മററും ഈ മാതിരിയുള്ള തൊഴിലുകൾ നിർവഹിക്കുന്നതിനു വേണ്ടത്ര സൗകര്യം ഇല്ലാതാണിരിക്കുന്നതു. വിസ്തീർണ്ണമായ വനപ്രദേശങ്ങൾ ഗവൺമെൻറു കൈവശംവച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള ആദായം വളരെ തുഛമാണ്. ജനങ്ങൾക്കു കൃഷിക്കുപയോഗപ്പെടുന്ന ഭാഗങ്ങൾ പതിച്ചുകൊടുക്കുകയാണെങ്കിൽ ഗവൺമെൻറിനു സാരമായ ആദായം ഉണ്ടാകുകയും തന്നിമിത്തം ജനങ്ങൾക്കു ക്ഷേമം ഉണ്ടാകുകയും ചെയ്യും. അതുകൊണ്ടു അങ്ങനെയുള്ള ചതുപ്പുനിലങ്ങൾ വനങ്ങളിൽനിന്നും വനസംരക്ഷണത്തിനു ഉപദ്രവമില്ലാത്തവിധത്തിൽ പതിച്ചുകൊടുക്കണം എന്നാണ് വാദവിഷയം. ഈ തത്വത്തോടു ഗവൺമെൻറും യോജിച്ചു പ്രജാസഭ മെമ്പറന്മാരും നിയമസഭാമെമ്പറന്മാരും ഉൾപ്പെട്ട ഒരു കമ്മിററി ഏർപ്പെടുത്തി അന്വേഷണം നടത്തിയതായിട്ടു അറിയാം. അതിന്റെ ഫലമായി എത്രത്തോളം സ്ഥലം പതിച്ചുകൊടുക്കാമെന്നു ആലോചിക്കുന്നതു സാധാരണ ജനങ്ങൾക്കുപകാരമായിട്ടുള്ള സംഗതികൾ പ്രവൃത്തിക്കുന്നതിൽ കാണിക്കുന്ന താമസംപോലെതന്നെ ഇതിലും കാണുന്നുണ്ടു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം സ്ഥലം പതിച്ചുകൊടുക്കുന്നതു ജനക്ഷേമത്തെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒന്നാണെന്നു ഗവൺമെൻറു സമ്മതിക്കുന്നു. സമ്മതിച്ചതിനെ ആധാരമാക്കി പ്രവർത്തിക്കുന്നതിനു ഉള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നമുക്കു ധാരാളം വിദഗ്ദ്ധന്മാരും ഉണ്ട്. ഗവൺമെൻറു ഒരു തത്വം അംഗീകരിക്കുകയും അതിനെ പ്രായോഗികമാക്കിത്തീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വരികയും ചെയ്യുമ്പോൾ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ ഗവൺമെൻറുനയം എന്താണെന്നു തീർച്ചപ്പെടുത്തേണ്ടതു മുഖ്യമായ ഒരു സംഗതിയാണ്. അതിനെ പ്രായോഗികമാക്കിത്തീർക്കുന്നതായാൽ അതു നാട്ടിനു ശ്രേയസ്സാണെന്നും ജനങ്ങൾക്കു അഭിവൃദ്ധി ഉണ്ടാകുന്നതാണെന്നും ഉള്ള സംഗതികളെപ്പററി മി. കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചിട്ടുള്ളതിനാൽ അതിനെപ്പററി കൂടുതലായി ഒന്നും വിവരിക്കണമെന്നു വിചാരിക്കുന്നില്ല. സാധുക്കളായ കൃഷിക്കാർക്കു ധാരാളം സ്ഥലം പതിച്ചുകൊടുക്കുന്നതിനു ഉടനടി സാധിക്കുന്നതല്ലെങ്കിലും അതിന്റെ പ്രാധാന്യത്തെ പരിഗണിച്ചു ജനങ്ങൾക്കു സമാധാനകരമായവിധത്തിലും നാട്ടിനു നന്മയും അഭിവൃദ്ധിയും ഉണ്ടാകത്തക്കവിധത്തിലും ഉള്ള സംഗതികൾ പ്രവൃത്തിക്കുന്നതിനു ഗവൺമെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കാതിരുന്നാൽ അടുത്ത ഭാവിയിൽ ജനങ്ങളുടെ സ്ഥിതി ഇപ്പോഴത്തേക്കാളും ദയനീയമായിത്തീരുകയും മി. കേശവപിള്ള സംശയിക്കുന്നതുപോലെ മൂലധനം ഇല്ലാതെയും കൃഷിചെയ്യുന്നതിനു സ്ഥലമില്ലാതെയും കൃഷിക്കാർ സങ്കടപ്പെടേണ്ടിവരികയും ചെയ്യും. ഈ സാഹചര്യങ്ങളെ പരിഗണിച്ചു ഗവൺമെൻറു തിരുവിതാംകൂറിൽ ഒരു കാളനൈസേഷൻ സ്കീം ഏർപ്പെടുത്തി നടപ്പിലാക്കാതെ ഇരിക്കേണ്ടല്ലോ. തൊഴിലില്ലായ്മ അധികരിച്ചു തൊഴിലില്ലാതെ അലഞ്ഞുനടക്കുന്ന യുവാക്കന്മാർക്കു ഈ സ്കീം നടപ്പിൽ വരുത്തിയാൽ അതിൽ ഏർപ്പെട്ടു പ്രവൃത്തിക്കുന്നതിനു സാധിക്കുന്നതാണ്. നാട്ടിന്റെ പല ഭാഗങ്ങളിലും ഈ സ്കീംപ്രകാരം ക്ലിപ്തമായ കൃ-

റെ ഭൂമി ശരിയായ വ്യവസ്ഥയിന്മേൽ പതിച്ചുകൊടുക്കണം; അതിലേക്കു കുറെ ധനം വ്യയം ചെയ്താലും തര
ക്കേടില്ല. ഉത്തരതിരുവിതാംകൂറിൽ ഈ സ്കീം പ്രയോഗത്തിൽ വന്നിട്ടില്ല. തിരുവിതാംകൂറിന്റെ മറ്റേത
ങ്കിലും സ്ഥലത്തു ഈ സ്കീം നടപ്പിൽ വന്നിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ. ഉത്തരതിരുവിതാംകൂറിൽ ഈ
സ്കീം അനുസരിച്ചു സ്ഥലം പതിച്ചുകിട്ടുന്നതിനു അപേക്ഷ കൊടുത്തിട്ടു യാതൊരു സ്ഥലവും പതിച്ചുകൊടു
ത്തിട്ടില്ല. അങ്ങനെ അപേക്ഷ കൊടുത്തപ്പോൾ ഇതു വനത്തിൽ ഉൾപ്പെട്ടതാണെന്നും മറ്റുമുള്ള കാരണ
സമാധാനം പറഞ്ഞു സമയം നീട്ടിക്കൊണ്ടുപോകുന്നു. അതുകൊണ്ടു ഉത്തരതിരുവിതാംകൂറിൽ ഈ സ്കീം
അനുസരിച്ചു ചില സ്ഥലങ്ങൾ പതിച്ചുകൊടുത്തു വെച്ചുനടക്കുന്നു എന്നു സംശയിക്കുന്നതുവെറുതെയാണ്. രാജ്യ
ത്തിന്റെ എല്ലാഭാഗങ്ങളിലും ഉൾപ്രദേശങ്ങളിലുമുള്ള കൃഷിക്കുപയുക്തമായ സ്ഥലങ്ങളെ വനസംരക്ഷണത്തിനു
ബാധകമല്ലാത്ത വിധത്തിൽ ജനങ്ങൾക്കു പതിച്ചുകൊടുക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം
ഈ അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പി
ച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പി
ച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. വനത്തിലുള്ള ചട്ടപ്പുനിലങ്ങൾ പതിച്ചുകൊടുക്കേണ്ട ആവശ്യ
കതയെക്കുറിച്ചു എന്റെ മാന്യസ്നേഹിതന്മാർ രണ്ടു മൂന്നുപേർ സംസാരിച്ചതിനാൽ അതിനെസംബന്ധിച്ചു
ക്കൂടുതലായി ഒന്നും പറയേണ്ട ആവശ്യമില്ല. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു പ്രേരിപ്പിച്ച സംഗ
തി ഈ ഡിപ്പാർട്ടുമെന്റു മേധാവിയും അദ്ദേഹത്തിന്റെ നീതിക്കുറവുകൊണ്ടോ പ്രാപ്തിക്കുറവുകൊണ്ടോ അഥ
വാ ഗവൺമെന്റിന്റെ നിഷ്കർഷക്കുറവുകൊണ്ടോ ഈ ഡിപ്പാർട്ടുമെന്റിലെ സിൽബന്ധികളുംമൂലം തിരുവി
താംകൂറിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടത്തെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെ
ന്നുള്ളതാണ്. ഇതിനെസംബന്ധിച്ചു കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനാവസരത്തിൽ തടികൾ യാതൊരു മുൻ
അറിവുപോലും കൊടുക്കാതെ വെട്ടിമുറിക്കുക മുതലായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെ
ന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ അക്രമങ്ങളെസംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുണ്ട്. അതിനെ തടയുന്നതിനു
വേണ്ടവിധത്തിൽ നിഷ്കർഷിച്ചു ഉത്തരവുകൊടുക്കണമെന്നും പറഞ്ഞു. ജനങ്ങൾ ഈ വിഷയത്തിൽ വളരെ
കരസങ്കടം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ പുരയിടങ്ങളിൽ നിൽക്കുന്ന തടികളെ യാതൊരു മുന്ന
റിവും കൊടുക്കാതെ മുറിച്ചുകൊണ്ടുപോകുന്നു. അതിനു രസീതുകൊടുക്കുന്നില്ല. അതുകൊണ്ടു ജനങ്ങൾ പ
രാതിപ്പെടുന്നുണ്ട്. അങ്ങനെ രസീതുകൾ കൊടുക്കാതെ ഒരു സർവേനമ്പരിൽ ഉൾപ്പെട്ട പുരയിടത്തിൽനി
ന്നു തടിമുറിച്ചുകൊണ്ടുപോയിട്ടുണ്ടോ എന്നു ചോദിച്ചതിനു എനിക്കുതന്നെ മറുപടി ൧൧൦൭ മിഥുനം വരെ-ാംനു
ഈ സർവേനമ്പരിൽനിന്നും തടിവെട്ടി എന്നും, ൧൧൦൭ മിഥുനം വരെ-ാംനു രസീതുകൊടുത്തു എന്നുമാണ്.
അതുകൊടുത്തു എന്നു ചോദ്യത്തിനു ഏററുമാനൂർറേഞ്ചർ ആണെന്നു പറയുന്നു. ഈ സർവേ നമ്പരിൽനിന്നും
വെട്ടിയതടിയുടെനീളം വണ്ണം ഇവയെ വിവരിച്ചു ഉടമസ്ഥനു രസീതുകൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചതിനു
കോട്ടയം അസിസ്റ്റന്റു കൺസർവേറററ് സർവെ നമ്പർ.-൧൭-ൽനിന്നു ൧൧൦൮-൧൧-൧൭-ൽ അങ്ങി
നെ ഒരു തടിവെട്ടി ലേലംചെയ്തിട്ടുണ്ട് എന്നു മറുപടിതന്നു.

ഇതിൽനിന്നു മനസ്സിലാക്കാവുന്നതു ൧൧൦൮-൧൧-൧൭-ൽ ലേലത്തിൽവിററ തടിക്കു ൧൧൦൭ മിഥുനം
വരെ-ാംനു രസീതുകൊടുത്തിരിക്കുന്നു എന്നാണ്. തടി ലേലംചെയ്ത ഡിപ്പോവിൽ കൊണ്ടുവന്നവിററ ഒരു വർ
ഷം കഴിഞ്ഞിട്ടാണ് തടിമുറിച്ചതിലേക്കുള്ള രസീതുകൊടുത്തിരിക്കുന്നതു. എന്നാൽ തടിവെട്ടി ആറുമാസവും ഒരു
വർഷവും കഴിഞ്ഞാലും അതിലേക്കുള്ള രസീതു കൊടുത്തിട്ടില്ല എന്നു, എന്റെ വാക്കുകളെ വിശ്വസിക്കാമെങ്കി
ൽ, തിരുവിതാംകൂർ ദിവാൻജി അവർകളുടെ മുമ്പിൽവച്ചു പറയുന്നു. ഇതു അക്രമകരമായ സംഗതികൾ
ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നശേഷവും ഡിപ്പാർട്ടുമെന്റു മേധാവി ജനങ്ങളുടെ സങ്കടത്തിനു നി
വൃത്തിവരുത്താതിരിക്കുന്നതിലാണ് ജനങ്ങൾക്കു കൂടുതൽ സങ്കടം ഉള്ളതു.

അദ്ധ്യക്ഷൻ: നിങ്ങൾ ഏതിൽനിന്നാണ് ഇതെല്ലാം ഇവിടെ വായിച്ചതു

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): പതിനാറാംവാല്യം, ൧൦-ാംനമ്പർ
നിയമസഭാ നടപടികളുടെ ൩൪൦-ാംപുറം നോക്കിയാണു ഞാൻ വായിച്ചതു.

അദ്ധ്യക്ഷൻ: ൧൧൦൭ മിഥുനത്തിൽ ഏതോസംഗതി സംഭവിച്ചു എന്നു നിങ്ങൾ പ്രസ്താവിച്ചു
വല്ലോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ഞാൻ രസീതിനെപ്പററിയാണ് പറ
ഞ്ഞതു. ൧൧൦൭ മിഥുനം വരെ-ാംനു-ആണ് രസീതു കൊടുക്കപ്പെട്ടതു.

അദ്ധ്യക്ഷൻ: ആ ചോദ്യത്തിനു എന്താണ് മറുപടി കിട്ടിയതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ൧൧൦൭ ഇടവം ൩൧-.

അദ്ധ്യക്ഷൻ: അതു ഒരു തെററായിരിക്കണം.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ൧൧൦൭ "മീനം" എന്നതിനുപക
രം "മിഥുനം" എന്നു ഞാൻ തെററായി പറഞ്ഞുപോയിട്ടുള്ളതാണ്.

ഇതിലേക്കു അനേകം ഉദാഹരണങ്ങൾ കാണിക്കാൻ ഞാൻ തയ്യാറാണ്. യാതൊരു മുന്നറിവുംകൊടു
ക്കാതെ കുടികളുടെ സ്ഥലങ്ങളിൽനിന്നു തോന്നിയവാസമായിട്ടു കൺട്രാക്ടരും റെയിഞ്ചരും കീഴുദ്യോഗസ്ഥന്മാരും
കൂടിച്ചേർന്നു തടിവെട്ടിക്കൊണ്ടുപോകുന്നു എന്നു ഇന്നത്തെ പ്രസിഡന്റിന്റെ മുമ്പിൽവെച്ചാണ് പറഞ്ഞിട്ടുള്ളതു.
ഇങ്ങനെ കുടികളുടെ പുരയിടങ്ങളിൽനിന്നു അവർക്കു മുന്നറിവുകൊടുക്കാതെ തടി വെട്ടിക്കൊണ്ടുപോയി ലേ
ലംചെയ്യുന്നതിനു ഇവർക്കെന്താണ് ഇത്ര ധിക്കാരം. തടികൾ വെട്ടുന്നതിൽ ആ സർവെ നമ്പർ ആരുടെ കൈവ
ശത്തിൽ ആണെന്നും അതിന്റെ ഉടമസ്ഥൻ ആരാണെന്നും റെവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കണ്ടുപിടിച്ചു
അവർക്കു നോട്ടീസുകൊടുത്തു തടിയുടെനീളവും വണ്ണവും അളന്നു അവരെ ബോദ്ധ്യപ്പെടുത്തി തടിവെട്ടിക്കൊ
ണ്ടുപോയി ലേലംചെയ്യുന്നതായാൽ അതുനിമിത്തം യാതൊരു പരാതിക്കും വഴിയില്ല

അങ്ങനെ പോകട്ടെ. പത്തു വർഷമായി കൃഷിവിചാരകാട്ടക്കാതിരിക്കുന്നു എന്നു ഇവിടെ മുമ്പു പറഞ്ഞു. പത്തുവർഷമെന്നുപറഞ്ഞതു പന്ത്രണ്ടും പതിനഞ്ചും വർഷം ആകാം. ഇതിൽപരം ഒരക്രമം എന്താണു ഗവണ്മെന്റു കുടിയാനവന്മാരോടു ചെയ്യുവാനുള്ളത്. ഏതുവിധത്തിലും ഒരു പൗരന്റെ ചില്ലിക്കാശു തെറ്റിപ്പിരിച്ചെടുക്കുന്നതിനു അധികാരമുള്ള ഗവണ്മെന്റു പ്രജകളുടെ ക്ഷേമത്തെ ഇങ്ങനെയാണോ കാക്കുന്നത്. ഗവണ്മെന്റു ഈ നിലയിൽ പ്രവൃത്തിക്കയാണെങ്കിൽ കുടിയാനവന്മാർ തിരുവിതാംകൂറിൽ കഴിച്ചുകൂട്ടുന്നതെങ്ങിനെയാണ്? ഈ കൃഷിവിഷയസംബന്ധിച്ചു അനേകം പരാതികൾ പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും അതിനെ ഗൗനിക്കാൻ ആളില്ല. അനേകായിരം ആളുകൾ ഓരോ ഫാറസ്റ്റ് ആഫീസുകളിൽപോയി കൃഷിവില കിട്ടുന്നതിനു കാത്തുകിടക്കുന്നു. അതുകൊണ്ടു മേലാലെങ്കിലും ചെലവുചെയ്തു ഒരു സ്പെഷ്യലാഫീസരെ നിയമിച്ചു ഈ കൃഷിവിഷയത്തെ അവകാശം അനുസരിച്ചു അതിനെ കൊടുത്തുതീർക്കുന്നതിനു ഗവണ്മെന്റു വേണ്ട ഏർപ്പാടുചെയ്തില്ലെങ്കിൽ കുടികൾ കഷ്ടപ്പെടാതിരിക്കുന്നതിനു യാതൊരു നിവൃത്തിയും ഇല്ല. സാമാന്യങ്ങൾക്കു വളരെ വിഷമം നേരിടുന്ന ഈ കാലത്തു അൻപതോ നൂറോ ഉള്ളതു കിട്ടുന്നു എങ്കിൽ അതു വലിയ ഉപകാരമായിരിക്കും. അതുകൊണ്ടു ഒരു സ്പെഷ്യലാഫീസരെ നിയമിച്ചില്ലാ എങ്കിൽ അക്കാര്യം ഈ ഡിപ്പാർട്ടുമെന്റിനു ചെയ്തുതീർക്കാൻ സാധിക്കുമെന്നു എനിക്കു അശേഷം വിശ്വാസമില്ല. ഇതുവരെ സാധിച്ചിട്ടുമില്ല; ഇനിമേൽ സാധിക്കുകയുമില്ല. അതിനാൽ ഗവണ്മെന്റു ഈ വിഷയത്തിൽ വേണ്ടവണ്ണം നിഷ്കർഷിച്ചു പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): സംരക്ഷിതവനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന ചതുപ്പുപ്രദേശങ്ങൾ പതിച്ചുകൊടുക്കണമെന്നുള്ളതു ഒരു പുതിയവിഷയമല്ലാ. അതിനെസംബന്ധിച്ചു പ്രജാസഭയിലും നിയമസഭയിലും പല അവസരങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ദിവാൻ ഗോപാലാചാര്യരുടെകാലത്തു ഈ വിഷയത്തെപ്പറ്റി പര്യാലോചിക്കയും അതിനെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കയുംചെയ്തു. എല്ലാ റവന്യൂ ഉദ്യോഗസ്ഥന്മാരുടേയും എല്ലാ വനംവക ഉദ്യോഗസ്ഥന്മാരുടേയും പക്കൽനിന്നു അദ്ദേഹം വിവരങ്ങൾ ശേഖരിച്ചു ഭൂമികൾ ചരുതി സൂക്ഷിക്കുന്നതിനെസംബന്ധിച്ചു ഗവണ്മെന്റിന്റെ നയത്തെ സ്ഥാപിക്കയും സംരക്ഷിതവനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന കൃഷിചെയ്യുന്നതിനു യോജിച്ച പ്രദേശങ്ങൾ അതിനായി തുറന്നുകൊടുക്കുകയുംചെയ്തുകൊണ്ടുള്ള ഒരു ഗവണ്മെന്റുത്തരവു പ്രസിദ്ധപ്പെടുത്തി. അതിനുശേഷം എല്ലാകാലത്തും ആ നയത്തെ അനുസരിച്ചുതന്നെയാണു ഗവണ്മെന്റു പ്രവർത്തിച്ചുവരുന്നതു. ഭൂമികൾ ചരുതി സൂക്ഷിക്കുന്നതിനെസംബന്ധിച്ചു ഗവണ്മെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളിൽ ഏതാനും നിർദ്ദേശങ്ങളെ പിൻവലിക്കുന്നതിനു ആവശ്യപ്പെടുകയുണ്ടായി. ഏതാനും ഭൂമികൾ ഗവണ്മെന്റുപേരിൽ പതിച്ചെടുക്കുകയുംചെയ്തു. ദിവാൻ മിസ്റ്റർ കൃഷ്ണൻനായരുടെകാലത്തു ഈ വിഷയത്തെ പര്യാലോചിക്കുന്നതിനിടയായിട്ടുണ്ട്. സംരക്ഷിതവനങ്ങളുടെഉള്ളിൽ സ്ഥിതിചെയ്യുന്ന ൨൦൦-ം അതിൽ കൂടുതലും ഏക്കർ വിസ്തീർണ്ണമുള്ള ചതുപ്പുപ്രദേശങ്ങൾ പതിച്ചുകൊടുക്കുന്നതിനു ഉത്തരവിട്ടു. ഈ പ്രദേശങ്ങൾ കണ്ടെത്തപ്പെട്ട റിസർവുകളുടെ ഉള്ളിലാണു സ്ഥിതിചെയ്യുന്നതു. എങ്കിലും ഈ കാര്യത്തെപ്പറ്റി ആ അവസരത്തിൽ ഗണിക്കപ്പെട്ടില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): അങ്ങനെ തെക്കൻ തിരുവിതാംകൂറിൽ എത്ര സ്ഥലമുണ്ട്?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): തിരുവിതാംകൂറിൽ മുഴുവനും ഉള്ളതാണ് പറയുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): തെക്കൻ തിരുവിതാംകൂറിൽ അങ്ങനെ ഒരേക്കർ എങ്കിലും ഉണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): തെക്കൻ തിരുവിതാംകൂറിൽ ഉണ്ടോ എന്നു അറിഞ്ഞുകൂടാ.

പിന്നീടു ദിവാൻ മിസ്റ്റർ രാഘവയ്യായുടെകാലത്തു നിയമസഭ ഈ വിഷയത്തെപ്പറ്റി വീണ്ടും പര്യാലോചിച്ചു സംരക്ഷിതവനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്നതും, പ്രവേശിക്കുന്നതിനു സാധ്യമായിട്ടുള്ളതുമായ പത്തു ഏക്കറിൽകവിയാത്ത വിസ്തീർണ്ണമുള്ള ചതുപ്പുപ്രദേശങ്ങൾ പതിച്ചുകൊടുക്കുന്നതിനു ഉത്തരവിടുകയുംചെയ്തു. അതിൻപ്രകാരം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഉൾപ്പെട്ട കമ്മിറ്റികളെ [illegible] താലൂക്കുകളിൽ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളെയാണ് താലൂക്കു കമ്മിറ്റികൾ എന്നു പറഞ്ഞുവരുന്നതു. സംരക്ഷിതവനങ്ങൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന നെൽകൃഷിക്കു യോജിച്ച എല്ലാ ഭൂമികളും അവർ പരിശോധിച്ചതിന്റെശേഷം അവർ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇതിൽ മൂവാറ്റുപുഴതാലൂക്കിൽനിന്നും എത്ര ഏക്കർ സ്വാമ്പീഏരിയാസ്ഥലം പതിച്ചുകൊടുക്കണമെന്നാണ് ശിപാർശചെയ്തിട്ടുള്ളതു?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറ്റർ): അതു എനിക്കു ഓർമ്മയില്ലാ.

ഭൂമികളെ ഞങ്ങൾക്കു ആദ്യമായി വനത്തിൽനിന്നു ഒഴിവാക്കാനുണ്ട്, പിന്നീടു അവയെസംബന്ധിച്ചു അതിർത്തിനിർണ്ണയിക്കയും സർവെ ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു. തദനന്തരം, ഈ ഭൂമികളെ ലാൻഡ് റവന്യൂഡിപ്പാർട്ടുമെന്റിലേക്കു വിട്ടുകൊടുക്കേണ്ടതാണ്. ഗവണ്മെന്റിന്റെ ഉത്തരവുകൾ അനുസരിച്ചു ഈ ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു ഈ ഡിപ്പാർട്ടുമെന്റാണ് നടപടികൾനടത്തുന്നതു. ഈ കാര്യത്തിൽ അല്പം കാലതാമസം നേരിട്ടുമെന്നുള്ളതു സ്വാഭാവികമാണല്ലോ. വേഗത്തിൽ നടപടികൾനടത്തുന്നതിനു കഴിയുന്നത്ര എല്ലാ പ്രവൃത്തികളും ഞങ്ങൾ ചെയ്തുവരികയാണെന്നുള്ളതു ഞാൻ ഈ സഭയോടു ഖണ്ഡിച്ചു പറഞ്ഞുകൊള്ളുന്നു. വനത്തിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഭൂമികൾ റവന്യൂ ഡിപ്പാർട്ടുമെന്റിലേക്കു വിട്ടുകൊടുക്കുന്നതിനെസംബന്ധിച്ചു ചെയ്തുവരുന്ന നടപടികളെപ്പറ്റി ഓരോമാസത്തിലും ഒരു പട്ടിക ഞങ്ങൾക്കു സമർപ്പിക്കാനുണ്ട്. ഡിപ്പാർട്ടുമെന്റിനെസംബന്ധിച്ചുള്ള സാധാരണജോലികൾ നിർവഹിക്കുവാനുണ്ട്. ഈ കാരണത്താലാണ് പ്രസ്തുതവിഷയത്തിൽ കാലവിളംബം സംഭവിക്കുന്നതു.

സർ, പല്ലു താലൂക്ക കമ്മിററികളും അവരുടെ ശിപാർശകൾ ചെയ്തിട്ടുണ്ട്. ഇതു ഞാൻ മുൻപു പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ചു ഏകദേശം മൂവായിരം ഏക്കർ ഭൂമികൾ വനങ്ങളിൽനിന്നു ഒഴിവാക്കുകയും ജനങ്ങളുടെപേരിൽ അവ പതിച്ചുകൊടുക്കുന്നതിനു ആവശ്യപ്പെടുകയും ചെയ്തു. ഈ പ്രദേശങ്ങൾ ഇപ്പോൾ പതിച്ചുകൊടുത്തുവരികയാണ്.

പാലക്കാട്ടുകൂടി ഗതാഗതം ചെയ്യുന്നതിനുള്ള റോഡ് (വെസ്റ്റേൺ ഔട്ട്ലെററ് റോഡ്) വളരെ ദൂരത്തിൽ വൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന വനങ്ങളിൽകൂടി പോകുന്നു. ഈ റോഡിനെസംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ പ്രചാരം വരുത്തുന്നതിനു അതിന്റെ ഭാഗങ്ങളിൽ ചെറിയ ഗ്രാമങ്ങൾ ഉണ്ടാക്കുന്നതു നന്നായിരിക്കുമെന്നു ഈ റോഡു പണിയ അവസരത്തിൽ നിർദ്ദേശങ്ങളുണ്ടായി. അതനുസരിച്ചു കുട്ടംപുഴനിന്നു ൭൫൦൦ ഏക്കർ ഭൂമിയും, പൂയംകുട്ടി എന്നസ്ഥലത്തുനിന്നു ൫൦ ഏക്കർ ഭൂമിയും, പെരുമ്പഴുതൂർ എന്നസ്ഥലത്തുനിന്നു ൩൦൦൦ ഏക്കർ ഭൂമിയും വനങ്ങളിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്. മേൽപറയപ്പെട്ട ഭൂമികൾ പെരുമ്പഴുതൂർ മുതൽ കുട്ടംപുഴവരെ കിടക്കുന്നു. ആനകൾ എപ്പോഴും വരുന്ന ഒരു പ്രദേശമാണ് ഇതു്. ഈ പ്രദേശങ്ങൾ വനങ്ങളിൽനിന്നു ഒഴിവാക്കുകയും, അവിടെ ഉണ്ടായിരുന്ന വൃക്ഷങ്ങളെ വില്ക്കുകയും ചെയ്തതിനുശേഷം ഭൂമി പതിച്ചുകൊടുക്കപ്പെട്ടു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതു മൂവാററുപുഴതാലൂക്കിനെസംബന്ധിക്കുന്നതാകയാൽ മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): യഥാർത്ഥത്തിൽ കുട്ടംപുഴയുള്ള ഭൂമിയുടെ വണ്ണം കൃഷിക്ക വളരെ യോജിച്ചതാണ്. ആവയിൽ ചില അംശത്തിനു ഏക്കർ ഒന്നിനു ൧൧൦ രൂപായും, ശേഷം ഭൂമികൾക്കു ഏക്കറൊന്നിനു ശരാശരി ൫൦ രൂപായും വിലകിട്ടിയിട്ടുണ്ട്. ഭൂമി പതിച്ചുകൊടുത്തതിന്റെശേഷം ഇപ്പോൾ ഏകദേശം ൭ കൊല്ലം ആയിരിക്കുന്നു. പരിശോധിച്ചു കണ്ടറിയുന്നതിനു യോജിച്ച ഒരു സ്ഥലമാണ് അതു്. അവിടെ യാതൊരു വൃക്ഷങ്ങളും ഇപ്പോൾ ഇല്ലാ. ഈ ഭൂമികൾ പതിച്ചുകിട്ടിയിട്ടുള്ള ആളുകൾ അന്യസ്ഥലങ്ങളിൽ താമസിക്കുന്ന ഭൂമി ഉടമസ്ഥന്മാരാണ്. അവിടെ വളരുന്ന ചെമൺപുല്ല പറിച്ചു ഉപയോഗിക്കുന്നതിനു അവർ ഒരിക്കലും ആ പ്രദേശത്തേക്കു പോകുന്നില്ലാ. അവിടെ ഇപ്പോൾ യാതൊരു വൃക്ഷങ്ങളും വളരുന്നില്ല. ഈ പ്രദേശത്തു വളർച്ചയില്ലാത്ത ചെടികൾമാത്രമേ നിൽക്കുന്നുള്ളു. ചെമൺപുല്ലിൽനിന്നു എണ്ണയും എടുത്തുവരുന്നില്ല.

അദ്ധ്യക്ഷൻ: മൂവാററുപുഴതാലൂക്കിനെസംബന്ധിച്ചു നിങ്ങൾ പ്രസ്താവിക്കുന്നതിനാഗ്രഹിക്കുന്നതു മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു മലയാളത്തിൽ വിവരമായി പറയുക.

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): കുട്ടമ്പുഴയിൽ ൭൫൦൦ ഏക്കർ പതിച്ചുകൊടുത്തതിൽ ൫൦ രൂപാ പ്രീമിയം കിട്ടിയിട്ടുണ്ട്. ഇതു ൭ വർഷത്തിനുമുമ്പാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ സ്ഥലം മുഴുവനും കൃഷിചെയ്തിട്ടുണ്ടെന്നു അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഇഞ്ചിപ്പുല്ല കൃഷിചെയ്യുന്നതായിട്ടറിയാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇഞ്ചിപ്പുല്ലല്ലാതെ റബ്ബർ, അടയ്ക്കാമരം, വാഴ, നെല്ല മുതലായവ കൃഷിചെയ്യുന്നതായി അറിവുണ്ടോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഞാൻ സ്ഥലത്തുപോയഅവസരത്തിൽ റബ്ബർകൃഷി ഇല്ലായിരുന്നു. ഇഞ്ചിപ്പുല്ല കൃഷിഉണ്ടായിരുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നെൽകൃഷി ഉണ്ടായിരുന്നതായി അറിയാമോ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ഞാൻ യാതൊരുസ്ഥലത്തും നെൽകൃഷിചെയ്തിരിക്കുന്നതായി കണ്ടില്ലാ. മിസ്റ്റർ റാബിൻസൺ പറയുന്നതു നെൽകൃഷി ഇല്ലായിരുന്നുഎന്നാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മിസ്റ്റർ റാബിൻസൺ അവിടെപോയതു എന്നാണ്?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): ആ സ്ഥലങ്ങൾ ഇപ്പോൾ പുല്ലുപിടിച്ചു മരുഭൂമിപോലെകിടക്കുന്നു. അതുപോലെ വനത്തിൽനിന്നു തിരിച്ചിട്ടുള്ള ൫൦൦ ഏക്കർസ്ഥലം ലേലംചെയ്തതിൽ ചിലസ്ഥലം ൪൫ രൂപയ്ക്കു പോയിട്ടുണ്ട്?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു കണ്ണപ്പുഴ റോഡിന്റെ അരികിലല്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): അതേ.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു റോഡിന്റെ രക്ഷയ്ക്കായി പതിച്ചുകൊടുക്കണമെന്നു ൨൦ വർഷംമുൻപു തീരുമാനിച്ചതല്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): അതുകൊണ്ടാണു മുൻപു പതിച്ചുകൊടുത്തതു്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഭൂമികൾ പതിച്ചുകൊടുക്കുന്നതിൽ തടസ്സംപറഞ്ഞു കാലതാമസപ്പെടുത്തിയതു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റല്ലേ?

മി. ആർ. ധനുഷ്കോടിപ്പിള്ള (വനം കൺസർവേറർ): അതു എനിക്ക അറിഞ്ഞുകൂടാ.

സർ, കഴിയുന്നിടത്തോളം എല്ലാസ്ഥലങ്ങളിലും ഭൂമികളെ വനത്തിൽനിന്നു ഒഴിവാക്കുകയും ജനങ്ങളുടെ പേരിൽ പതിച്ചുകൊടുക്കുന്നതിനു അവയെ വെച്ചുകൊള്ളുകയും ചെയ്യുന്നമെന്നുള്ള നയം അനുസരിച്ചാണ് ഡിപ്പാർട്ടുമെന്റു പ്രവർത്തിക്കുന്നതു? ഏകദേശം ൨൦൦൦ ഏക്കർ വിസ്തീർണ്ണംവരുന്ന മണ്ണാൻകണ്ടം എന്ന ചതുപ്പുപ്രദേശങ്ങളെസംബന്ധിച്ചു ഗവണ്മെന്റിന്റെ അറിവിൽ കൊണ്ടുവന്നിട്ടുള്ളതു ഞാനാണ്. ഈ കാര്യത്തിൽ ഗവണ്മെന്റു ഒരു കമ്മിററിയെ നിയമിച്ചു. കമ്മിററിയിലെ അംഗങ്ങൾ ഭൂമികളെ പരിശോധിക്കയും

ചില ഉപാർശകൾ സമർപ്പിക്കുകയും ചെയ്തു. അതിൻറശേഷം പള്ളിവാസൽറോഡിൻെറ പണി ആരംഭിക്കപ്പെട്ടു. പ്രസ്തുതറോഡു ഈ താഴ്വരയുടെ സമീപത്തിൽക്കൂടിയാകുന്നു. പള്ളിവാസൽറോഡിൻെറ പണി പൂർത്തിയായതിൻറശേഷം ടി റോഡു ഗതാഗതത്തിനു തുറന്നുകൊടുക്കുന്നതുവരെ മേൽപറഞ്ഞ ഭൂമി പതിച്ചുകൊടുക്കുന്നതല്ലെന്നു ഗവണ്മെൻറു ഉത്തരവായിട്ടുണ്ട്. എന്നാൽ റോഡിൻെറ പണി പൂർത്തിയാകുന്ന അവസരത്തിൽ അതിൻെറ ഇരുപുറങ്ങളിലുമുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനു ആലോചനനടത്തിവരികയാണ്.

പേച്ചിപ്പാറയുള്ള പി. ഡബ്ലിയു. ഡി. റിസർവിനെപ്പററി മിസ്റ്റർ ടി സി. കേശവപിള്ള ഇവിടെ സൂചിപ്പിച്ചു. അണക്കെട്ടും അതുസംബന്ധിച്ചുള്ള സംരക്ഷിതപണികൾക്കോ ഏതെങ്കിലും ഹാനിസംഭവിക്കുന്ന അവസരങ്ങളിൽ അത്യന്തിരമായി പ്രവൃത്തികൾ നടത്തുന്നതിനു മേൽപറഞ്ഞ പി ഡബ്ലിയു. ഡി. റിസർവിനെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറധീനത്തിലേക്കു വിട്ടുകൊടുത്തിരിക്കയാണ്. പേച്ചിപ്പാറ അണക്കെട്ടിക്കൊണ്ടിരുന്ന അവസരത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു വളരെ കരിയും മററു സാധനങ്ങളും ആവശ്യപ്പെടുകയുണ്ടായി. വനം ഡിപ്പാർട്ടുമെൻറുമുഖേനയല്ലാതെ ഈ സാധനങ്ങൾ ലഭിക്കുന്നതിൽ സാധിക്കുന്നതല്ലാ കൃഷിമരാമത്തുപണികളുടെ സംരക്ഷണം നടത്തുന്നതിനു അത്യന്താപേക്ഷിതമായ കരിയും മററു സാധനങ്ങളും ലഭിക്കുന്നതിനു തങ്ങളുടെ അധീനത്തിൽ ചെറിയ ഒരു പ്രദേശം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനു ഉണ്ടായിരിക്കണമെന്നു അപ്പോൾ നിർദ്ദേശിക്കയുണ്ടായി, ഇപ്രകാരമാണ് ഈ പ്രദേശം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കുന്നതിനിടയായിട്ടുള്ളത്. ഈ സംരക്ഷിതവനത്തെ പ്രയോജനപ്പെടുത്തുന്നതിനു ഡിപ്പാർട്ടുമെൻറിനു കഴിയാതിരുന്നേക്കാം. എന്നാൽ ഈ ഭൂമിയെ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൻെറ അധീനത്തിൽ വിട്ടുകൊടുത്തിട്ടുള്ളതു മുൻകൂട്ടി കണ്ടറിയാൻ പാടില്ലാത്ത സംഗതികൾ നേരിടുന്ന അവസരത്തിൽ ഉടനടി വേണ്ടതു പ്രവർത്തിക്കുന്നതിനായിട്ടാകുന്നു.

അദ്ധ്യക്ഷൻ: ഈ ഡിപ്പാർട്ടുമെൻറിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു. ശേഷം ഉപക്ഷേപങ്ങൾ അസാധുവായിപ്പോയി.

൧൬൬ മുതൽ ൧൭൯ വരെയുള്ള ഉപക്ഷേപങ്ങൾ.

മേൽപറഞ്ഞിട്ടുള്ളതും താഴെ പറയുന്നവയും ആയ ഉപക്ഷേപങ്ങൾ റദ്ദായിപ്പോയി,

മി. ആർ. രാമൻപിള്ള:

൧൬൬. ഹെഡ്ക്ലാർക്കു മുതലായവർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൨,൦൨൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. എസ്. ദാമോദരനാശാൻ:

൧൬൭ എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൬,൨൪൪ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ:

൧൬൮. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൬,൨൪൪ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്:

൧൬൯. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൬,൨൪൪ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള:

൧൭൦. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള:

൧൭൧. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. ചെല്ലംപിള്ള:

൧൭൨. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്:

൧൭൩. സഞ്ചാരപ്പടിക്കു നീക്കിവച്ചിട്ടുള്ള ൩,൫൦൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള:

൧൭൪. ഡയറക്ടർക്കു കൊള്ളിച്ചിട്ടുള്ള ൨൪,൬൮൯ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മുഹമ്മദ്:

൧൭൫.

മി. എ. സി. കുര്യാക്കോസ്:

൧൭൬. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൭൨,൯൮൯ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്:

൧൭൭. സഞ്ചാരപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൨൩,൫൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള:

൧൭൮. എസ്റ്റാബ്ലിഷ്മെൻറിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൩൨,൨൧൫ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള:

൧൭൯. എസ്റ്റാബ്ലിഷ്മെൻറിലേക്കു കൊള്ളിച്ചിട്ടുള്ള ൨,൩൨,൨൧൫ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ജി. പി. നീലകണ്ഠപ്പിള്ള:

൧൬൦. നാലാംനമ്പർ ഡിമാൻഡുപ്രകാരം ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള:

൧൬൧. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള:

൧൬൨. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൧൬൩. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണം.

മി. മാത്യു മുരിക്കൻ:

൧൬൪. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. വി. ജെ. ഉമ്മൻ.

൧൬൫. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെകൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. ജി. മേനാവൻ:

൧൬൬. നാലാംനമ്പർ ഡിമാൻഡിലേക്കു ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള:

൧൬൭. നാലാംനമ്പർ ഡിമാൻഡിനു ആകെകൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. തയ്യിൽ കുഞ്ഞിതൊമ്മൻ:

൧൬൮. നാലാംനമ്പർ ഡിമാൻഡിലേക്കുവേണ്ടി ആകെ കൊള്ളിച്ചിട്ടുള്ള ൮,൧൭,൫൬൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: വനങ്ങൾക്കുവേണ്ടി ൮,൧൭,൫൬൦ രൂപയ്ക്കുള്ള ൪-ാംനമ്പർ ഡിമാൻഡു സഭയുടെ വോട്ടിനായി ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഗ്രാൻറ അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൫. സ്റ്റാമ്പ്.

അദ്ധ്യക്ഷൻ: സ്റ്റാമ്പുകൾക്കുവേണ്ടിയുള്ള ൫-ാംനമ്പർ ഡിമാൻഡിനെപ്പററി സഭ ഇപ്പോൾ ചിന്തിക്കുന്നതാണ്.

മി. ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സ്റ്റാമ്പുകൾക്കുവേണ്ടി ൫-ാംനമ്പർ ഡിമാൻഡുപ്രകാരം ൧,൦൪,൦൨൬ രൂപയിൽ കവിയാത്ത ഒരു ഗ്രാൻറ അനുവദിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപം ൧൬൯.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. എസ്. ഫിറവിപ്പുതമാർപിള്ള:

കാർഡു ബോർഡുകളും കവറുകളും ഡിപ്പക്കവാങ്ങുന്നതിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽനിന്നു ൮൦൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൭൦.

സാമാജികൻ ഹാജരില്ലാതിരുന്നതുമൂലം താഴെപറയുന്ന ഉപക്ഷേപം പിൻവലിച്ചതായി ഗണിക്കപ്പെട്ടു.

മി. ആർ. കേശവപിള്ള.

പ്രവസായശാലക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൮,൨൪൯ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

൧൭൧-ഉം ൧൭൨-ഉം ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. ടി. സി. കേശവപിള്ള.

൧൭൧. ൫-ാംനമ്പർ ഡിമാൻഡുപ്രകാരം ആകെകൊള്ളിച്ചിട്ടുള്ള ൧,൦൪,൦൨൬ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൧൭൨. ൫-ാംനമ്പർ ഡിമാൻഡുപ്രകാരം ആകെ കൊള്ളിച്ചിട്ടുള്ള ൧,൦൪,൦൨൬ രൂപയിൽനിന്നു ൨൬ രൂപ കുറയ്ക്കണം.

അദ്ധ്യക്ഷൻ: സ്റ്റാമ്പുകൾക്കുവേണ്ടി ൧,൦൪,൦൨൬ രൂപയ്ക്കുള്ള ൫-ാംനമ്പർ ഡിമാൻഡു സഭയുടെ അനുമതിക്കായി ഹാജരാക്കിക്കൊള്ളുന്നു.

ഗ്രാൻറ അനുവദിക്കപ്പെട്ടു.

ഡിമാൻഡു ൬. രജിസ്ട്രേഷൻ.

മി. ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവൺമെൻറ സെക്രട്ടറി): ൬-ാംനമ്പർ ഡിമാൻഡുപ്രകാരം രജിസ്ട്രേഷൻവേണ്ടി ൬,൩൯,൪൫൭ രൂപയിൽ കവിയാത്ത ഒരു ഗ്രാൻറ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

൧൭൧ മുതൽ ൧൭൩ വരെയുള്ള ഉപക്ഷേപങ്ങൾ.

സാമാജികന്മാർ ഹാജരില്ലാതിരുന്നതുനിമിത്തം താഴെപറയുന്ന ഉപക്ഷേപങ്ങൾ പിൻവലിച്ചതായി ഗണിക്കപ്പെട്ടു.

മി. എ. എസ്. ദാമോദരനാശാൻ:

൧൭൧. തൻചിലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൯൨൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ആർ. കേശവപിള്ള:

൧൭൨. തൻചിലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൯൨൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള:

൧൭൩. തൻചെലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൯൨൦ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൭൪.

തൻചെലവു സിൽബന്തികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൯൨൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): എസ്റ്റാബ്ലിഷ്മെന്റിനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ൩,൯൨൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം ഹാജരാക്കുന്നതു്, ഈ ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗനിയമനത്തിൽ വർഗ്ഗീയപ്രാതിനിധ്യത്തെ അവഗണിച്ചു പ്രവർത്തിക്കുന്നു എന്നുള്ളതിനെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ദീർഘകാലമായി ഉണ്ടായിട്ടുള്ള പരാതിയെ പരിഹരിപ്പിക്കുന്നതിനു സാർവത്രികമായി ഒരു ശ്രദ്ധ ഗവണ്മെന്റിൽനിന്നു പതിപ്പിക്കണമെന്നുള്ളതാണു ഈ വിഷയത്തെപ്പറ്റി പറയുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ പലതരത്തിലും വളരെ നിയമനങ്ങൾ നടക്കുന്നുണ്ട്. അതിൽ ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള തത്വത്തെ ആസ്പദമാക്കി ശരിയായി നിയമനം നടക്കുന്നില്ല എന്നു ഈ ഡിപ്പാർട്ടുമെന്റിലെ നിയമനപ്പട്ടികയിൽനിന്നു വിശദമായിക്കാണാം. ഇതു ഈ ഡിപ്പാർട്ടുമെന്റിനെമാത്രം സംബന്ധിക്കുന്ന ഒരു കാര്യമല്ല. പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റുകളെ എടുത്തു പറയേണ്ടിയിരിക്കുന്നതിനാൽ രണ്ടു മൂന്നു കാര്യങ്ങളാണു പ്രധാനമായിട്ടുള്ളതു്. പൊതുവെ അങ്ങനെ ഒരു പ്രമേയം സ്ഥാപിക്കുന്നതിനു ഒരു നിശ്ചയം കൊണ്ടുവരാതെ ആവശ്യമുള്ള എല്ലാ കാര്യങ്ങളെപ്പറ്റിയും വേണ്ടപോലെ പ്രതിപാദിക്കുന്നതിനു സന്ദർഭം ലഭിക്കാതിരിക്കുന്നതിനാൽ ഒന്നിലധികം ഡിപ്പാർട്ടുമെന്റുകളെപ്പറ്റി പ്രതിപാദിക്കുന്നില്ല. നിയമനാധികാരമുള്ളവർ പ്രാതിനിധ്യത്തെ ആസ്പദമാക്കി നിവൃത്തിയുള്ളിടത്തോളം എല്ലാവരുടെയും അവകാശത്തെ പരിഗണിച്ചു നിയമനം നടത്തണമെന്നു ഒരു വ്യവസ്ഥ ഉണ്ടാക്കുകയാണെങ്കിൽ അതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നുള്ള വിശ്വാസമാണ് ഈ വിഷയത്തിൽ ഇടനുള്ള പ്രതിപാദനത്തിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഈ ഡിപ്പാർട്ടുമെന്റിലെ നിയമനാധികാരികൾ അസമത്വസമുദായക്കാരുടെ കാര്യത്തിൽ യഥോചിതം ശ്രദ്ധിച്ചുപോരുന്നില്ല എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഈ കാര്യത്തെപ്പറ്റി പ്രത്യേകം ഡിപ്പാർട്ടുമെന്റിനു ശ്രദ്ധ ഉണ്ടാക്കുന്നതിനു ഗവണ്മെന്റു കഴിയുന്നതും ഉചിതമായ വ്യവസ്ഥ ചെയ്യണമെന്നു പ്രതിപാദിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ടമെംബർ) ഞാൻ മിസ്റ്റർ കുര്യാക്കോസിന്റെ ഉപക്ഷേപത്തെ ശക്തിയായി പിൻതാങ്ങുന്നു. അങ്ങനെ പിൻതാങ്ങുന്നതിനുള്ള പ്രധാനകാരണം ഗവണ്മെന്റിന്റെ നയം അസമത്വസമുദായക്കാരോടു വളരെ അനുകൂലമാണെന്നു പറഞ്ഞിട്ടുള്ളതനുസരിച്ചു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല എന്നുള്ള സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഈ ഡിപ്പാർട്ടുമെന്റിൽ ൨൦ രൂപയ്ക്കുമേൽ ശമ്പളമുള്ള ൬൯ ഉദ്യോഗങ്ങളുണ്ട്. അതിൽ താഴ്ന്ന ശമ്പളക്കാരായി ൨൭൮ പേരുണ്ട്, ഇതിൽ അസമത്വസമുദായത്തിലുൾപ്പെട്ട മുസ്ലിം സമുദായത്തിൽനിന്നും ൧൧ പേരിൽ കൂടുതൽ കാണുകയില്ല. ൯൨ സബ്‌രജിസ്ട്രാരന്മാരുണ്ട്. അതിൽ രണ്ടുപേർമാത്രമേ ഉള്ളു. ഇതനുസരിച്ചുതന്നെയായിരിക്കും മറ്റു അസമത്വസമുദായക്കാരിൽനിന്നും നിയമിച്ചിട്ടുള്ളതു്. എന്തായാലും മുസ്ലീങ്ങളുടെ നില ഈ രീതിയിലാണെന്നു ഗവണ്മെന്റിനെ ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. അതിനാൽ മേലാലെങ്കിലും ഉദ്യോഗനിയമനവിഷയത്തിൽ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ ചുമതല നിർവഹിക്കുന്നതിനുവേണ്ടി ഗവണ്മെന്റു പ്രത്യേകം ജ്ഞാപിക്കണമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ അല്പസ്വല്പം ന്യായംചെയ്യാൻ കൊള്ളാമെന്നു ആഗ്രഹമുള്ളതുപോലെ കാണുന്നു. എന്നാൽ അവരുടെ ആഫീസിൽമാത്രമേ ഈ ഉത്തരവാദിത്വം സ്ഥിതിചെയ്യുന്നുള്ളു. അവരുടെ കീഴുദ്യോഗസ്ഥന്മാർ നടത്തുന്ന നിയമനങ്ങളിൽ ന്യായമായി ലഭിക്കേണ്ട അവകാശത്തെ അവഗണിക്കുന്നതിനെ സംബന്ധിച്ചു ഈ ഡിപ്പാർട്ടുമെന്റു മേലധികാരികൾ ഒന്നുംതന്നെ പറയുന്നില്ല. അതിനുള്ളകാരണം മേലുദ്യോഗസ്ഥന്മാർ പറയുന്നതിനെ കീഴുദ്യോഗസ്ഥന്മാർ വകവയ്ക്കുന്നില്ല എന്നുള്ളതുതന്നെയായിരിക്കണം. അങ്ങനെ മേലുദ്യോഗസ്ഥന്മാരെ വകവയ്ക്കുന്നില്ല എന്നുള്ള സംഗതി എനിക്കുതന്നെ ചില സന്ദർഭങ്ങളിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു ഈ സംഗതിയിൽ കൗൺസിലിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു

മി. കെ. മാധവൻ (നിയമിക്കപ്പെട്ടമെംബർ): സർ, മി. കുര്യാക്കോസ് ഇവിടെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചു രണ്ടു വാക്കു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. സർ, ൩൯൮൭൩ രൂപ ചെലവുചെയ്തു നടത്തിവരുന്ന ഈ വലിയഡിപ്പാർട്ടുമെന്റിൽ രണ്ടു ലക്ഷം അധഃകൃതവർഗ്ഗക്കാരുള്ളവരിൽനിന്നു യാതൊരാളിനെയും ഒരു പ്യൂണായിട്ടുപോലും നിയമിച്ചിട്ടില്ല. അങ്ങനെ ചെയ്യാത്തതിൽ എനിക്കു വളരെ സങ്കടമുണ്ട്. ഡിപ്പാർട്ടുമെന്റുമേലുദ്യോഗസ്ഥന്റെയും ഡിസ്ട്രിക്ട് രജിസ്ട്രാറന്മാരുടെയും സമീപത്തിൽ പലരേയുംകൊണ്ടുചെന്നു ഏതെങ്കിലും ഒരുദ്യോഗം കൊടുക്കണമെന്നപേക്ഷിക്കുമ്പോൾ അവർ പല ഒഴികഴിവുകളും പറയുന്നു. ഇതല്ലാതെ ഇതുകൊണ്ടു യാതൊരു പ്രയോജനവും സിദ്ധിക്കുന്നില്ല. ഇവരുടെ സ്ഥിതിയെ അു

ഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവൺമെന്റിന്റെ കടമയാണ്. ഇവർക്ക് ഏതെങ്കിലും ഉദ്യോഗങ്ങൾ കൊടുക്കാത്ത പക്ഷം ഇവർ എങ്ങനെയാണു അഭിവൃദ്ധിയെ പ്രാപിക്കുന്നത്? അതിനാൽ ഈ വലിയ ഡിപ്പാർട്ടുമെന്റിൽ സാധ്യമുള്ളിടത്ത് ഇവർക്കുകൂടി ഒന്നുരണ്ടു ഉദ്യോഗങ്ങൾ കൊടുക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. പി. സി. കൊച്ചുപിള്ള (കൽക്കുളവും വിളവങ്കോടും): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനിയമനത്തെ സംബന്ധിച്ച എന്റെ മുൻഗാമികളായ സ്നേഹിതന്മാർ ഏതാനും സംഗതികൾ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നു. ആ കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു മഹമ്മദീയനെ നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പൊതുജനങ്ങൾ ഡയറക്ടർ അവർകൾക്ക് അപേക്ഷ കൊടുത്തതിനെ വളരെ ധിക്കാരമായി ഒരു മറുപടി പറഞ്ഞു നിരസിച്ചു. മഹമ്മദീയ സമുദായത്തിലുള്ള പൊതുജനങ്ങൾക്ക് ഈ ഡിപ്പാർട്ടുമെന്റ് മേധാവിയോടുള്ള അതൃപ്തിയെ രേഖപ്പെടുത്തണമെന്നും അതിലേക്ക് ഒരു യോഗം കൂടണമെന്നും പറഞ്ഞു അവർ എന്നെ ക്ഷണിച്ചു. അതനുസരിച്ച് ഉടൻതന്നെ പെൻഷൻപറ്റി പിരിഞ്ഞുപോകുന്ന ഈ അവസരത്തിൽ ഒന്നും പ്രവർത്തിക്കേണ്ട ആവശ്യമില്ലെന്നു അവരോടു സമാധാനംപറഞ്ഞതനുസരിച്ചു അവർ ഇപ്പോൾ അടങ്ങിപ്പാർക്കുകയാണു ചെയ്യുന്നത്. സബ്‌രജിസ്ട്രാരുടെ ഉദ്യോഗത്തെസംബന്ധിച്ചു മിസ്റ്റർ പി. എസ്. മഹമ്മദിനു കഴിഞ്ഞ ആഗസ്റ്റ് ബഡ്ജറ്റ് സെക്ഷനിൽ കൊടുത്ത മറുപടിയുടെ ഫലമായിട്ടാണു തെക്കിന്നതിരുവിതാംകൂറിലെ മഹമ്മദീയർ ഈ മേധാവിയോടു അപേക്ഷിച്ചിട്ടുള്ളത്. ആ ഉദ്യോഗത്തിൽ ഈ മേധാവിയുടെ ശ്രദ്ധ പതിഞ്ഞതു തിരുവിതാംകൂറിലെ മഹമ്മദീയ സമുദായത്തിനു രുചികരമായിത്തോന്നിട്ടില്ലാ എന്നുള്ള അവരുടെ സങ്കടം പ്രത്യേകം രേഖപ്പെടുത്തണമെന്നു എന്നോടാവശ്യപ്പെട്ടിട്ടുള്ളതുകൊണ്ടു അവരുടെയുംകൂടെ പ്രതിനിധി എന്ന നിലയിൽ ഞാനും മി. പി. എസ്. മഹമ്മദിനെ തുടർന്ന് ഈ സങ്കടം പറഞ്ഞുകൊള്ളുന്നു.

റിക്കാർഡുകൾ പകർപ്പെഴുതിവയ്ക്കുന്ന ഒരു രീതി നടപ്പിൽ വരുത്തണമെന്നു ഇവിടത്തെ ഒന്നാമത്തെ കൗൺസിലിൽ ഒരു പ്രമേയം പാസാക്കിട്ടുണ്ട്. അതിനെ നടപ്പിൽ വരുത്തിയിരിക്കുന്നതായിട്ടു കാണുന്നു. അതിനെപ്പറ്റി ഇപ്പോഴത്തെ റിപ്പോർട്ടിൽ സ്ഥാവരമായിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളമുള്ള പ്രമാണങ്ങൾ ക്രമേണ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ കുറഞ്ഞുവരുന്നതായിട്ടാണു കാണുന്നത്. സ്ഥാവരവസ്തു വിലയാധാരം, ഒറ്റിയാധാരം, കാണയാധാരം, ഇവയുടെ പകർപ്പ് എഴുതിവയ്ക്കുന്നതിനു ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിലോ ഡയറക്ടരുടെ ആഫീസിലോ അവയുടെ പ്രത്യേക വാല്യങ്ങൾ ഉണ്ടാക്കണമെന്നു ഉത്തരവുകൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. പൊതുജനങ്ങളിൽ ഉള്ള വസ്തുക്കളുടെ എല്ലാ ആധാരങ്ങളേയും സംരക്ഷിക്കുന്ന ചുമതല ഗവൺമെന്റിനുകൂടി വേണ്ടതാണെന്നു അവർ മുറവിളികൂട്ടുന്ന ഈ അവസരത്തിൽ ഒന്നാമത്തെ ചക്രം മാത്രം ആധാരത്തിനു ചുമത്തിയെങ്കിലും ഈ ആധാരങ്ങളുടെ പകർപ്പ് ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിലോ ഡയറക്ടരുടെ ആഫീസിലോ ഇരിക്കണമെന്നു പറയുന്നതു തെറ്റല്ല. സബ്‌രജിസ്ട്രാർ ആഫീസിൽനിന്നും എൻകംബറൻസ് സർട്ടിഫിക്കറ്റ് എടുക്കാനായിട്ടു പലരും രൂപാ കൊടുത്താൽ സാധിക്കുന്ന സ്ഥിതിക്കു ഈ വിലയാധാരവും മറ്റും എഴുതിവച്ചിരിക്കുന്ന പുസ്തകത്തിൽനിന്നും, ആരെങ്കിലുംനാലു ചക്രമോ മറ്റോ കൊടുത്തു ഒരു ഏട് വലിച്ചുകീറി കൊണ്ടുപോകുന്നതായാൽ അതുനിമിത്തം ആ പ്രമാണക്കാരൻ നശിക്കുന്നതിനുകൂടി കാരണമായി തീരുന്നതാണ്. ഇങ്ങനെയുള്ള സംഗതിയിൽ പൊതുജനപ്രതിനിധികൾ ഐകമത്യാഭിപ്രായത്തോടുകൂടെ റസല്യൂഷൻ പാസാക്കിട്ടും അതിനെ വകവയ്ക്കാതെ അതിനു വിരോധമായിട്ടു അഭിപ്രായംപറഞ്ഞ ഡയറക്ടരെ ഈ ഡിപ്പാർട്ടുമെന്റിൽ വച്ചുകൊണ്ടിരിക്കുന്നതു വലിയ സങ്കടമാണെന്നു ഗവൺമെന്റിനെ അറിയിച്ചുകൊള്ളുന്നു. അതിനാൽ സ്ഥാവരവസ്തുക്കളുടെ വിലയാധാരവും പണയാധാരവും സംബന്ധിച്ചിടത്തോളമെങ്കിലും പ്രാധാന്യം കൊടുക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കൂടാതെയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും ഏർപ്പെടുത്തിട്ടുള്ള എൻട്രൻസ് എക്സാമിനേഷൻ പാസായിട്ടുള്ള ആളുകൾ ഉദ്യോഗമൊന്നുമില്ലാതെ അലഞ്ഞു നടക്കുമ്പോൾ ഒരു പരീക്ഷയുമില്ലാത്ത ലോവർ എഡ്യൂക്കേഷൻ ഉള്ളവരെ മാത്രം ഉദ്യോഗത്തിൽ നിയമിക്കുന്നതായി കാണുന്നു. അതു പാടില്ലാ എന്നു ചോദ്യം ചോദിച്ചതിനു പരീക്ഷ പാസായിട്ടുള്ളവർ വരുന്നില്ലാ എന്നു പറയുന്നു. പ്രവേശനപരീക്ഷ പാസായവർക്ക് ഉദ്യോഗം കൊടുക്കുമെന്നു ഗവൺമെന്റ ഭാഗത്തുനിന്നും പറയുന്നപക്ഷം ഉദ്യോഗമില്ലാതെ നടക്കുന്ന പല പേരുടെ മേലും മേൽവിശ്വാസവും ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്. അങ്ങനെ തന്നെ കൊടുക്കണം എന്ന ഒരു ഗവൺമെന്റ സർക്കുലറും ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യത്തിൽ നിഷ്കർഷയായി പ്രവർത്തിക്കുന്നതിനു ഡയറക്ടർക്ക് പ്രത്യേകം ഉത്തരവുകൊടുക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

സബ്‌രജിസ്ട്രാർ ആഫീസുകളുടെ കൂട്ടത്തിൽ അഞ്ചെട്ടെണ്ണം ടെമ്പററി ആഫീസുകളായിട്ടിരിക്കുന്നു. ബഡ്ജറ്റ് സ്പീച്ചിൽ നിന്നു മനസ്സിലാകുന്നതു നായർ റഗുലേഷൻ, ഈഴവറഗുലേഷൻ ഇവ നിമിത്തമുള്ള ഭാഗങ്ങൾ കുറഞ്ഞുവരുന്നുവെന്നാണ്. ആ സ്ഥിതിക്കു പ്രമാണങ്ങളുടെ കാര്യം കുറയാനിടയുണ്ട്. അതുകൊണ്ടു ഫീസു വകയിൽ വരുമാനം കുറയുമെന്നു നിർദ്ദേശിച്ചുകാണുന്നു. ആ സ്ഥിതിക്കു ഈ ടെമ്പററി ആഫീസുകൾ ഉടനടി കുറയ്ക്കേണ്ടതാണ്. വീണ്ടും കൂട്ടിച്ചേർക്കണമെന്നു റെക്കമന്റേഷൻ വരികയാണെങ്കിൽ അതിനെപ്പറ്റി പ്രത്യേകം സമാധാനം ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അയിത്തജാതിക്കാരെ സബ്‌രജിസ്ട്രാർ കച്ചേരികളിൽനിയമിച്ചതു സംബന്ധിച്ചു ഒരു അടിതടി നടക്കാൻപോകുന്നതായി എനിക്കു കാണാൻ ഇടയായി. അന്ന് ഡയറക്ടറും ഉണ്ടായിരുന്നു. പുലയർ, പറയർ മുതലായവരെ സബ്‌രജിസ്ട്രാർ കച്ചേരികളിൽ ശിപായികളായി നിയമിക്കുന്നതു നല്ലതുതന്നെ, അങ്ങനെ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വേലക്കാരായും, കാപ്പികൊണ്ടുകൊടുക്കുന്നതിനും മറ്റും ആക്കുന്നതു ശരിയായിരിക്കും. അതല്ലാതെ സബ്‌രജിസ്ട്രാർ കച്ചേരിയിൽവന്നുചേരുന്ന പൊതുജനങ്ങൾക്കു സങ്കടമുണ്ടാകുന്ന വിധത്തിൽ, ഈ ശിപായിമാരെക്കൊണ്ടു മാന്യമായനിലയിൽ കഴിഞ്ഞുപോരുന്ന സ്ത്രീകളുടേയും മറ്റാളുകളുടേയും കൈവിരൽ ഉരുട്ടിക്കുന്നതു തീരെ ശരിയായിട്ടുള്ളതല്ല. അങ്ങനെ നിയമിക്കണമെന്നു വിചാരിക്കുന്നപക്ഷം രജിസ്ട്രേഷൻ ഡയറക്ടരുടേയും ഡിസ്ട്രിക്ട് രജിസ്ട്രാരുടേയും ആഫീസുകളിൽ ഈ താഴ്ന്ന സമുദായക്കാരെ മാത്രമായി നിയമിക്കുന്നതായാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മി. കയ്യാലക്കോസിന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അതിൽ എന്റെ പ്രധാനമായ ഉദ്ദേശം കോട്ടയത്തുള്ള അഡിഷണൽ സബ്‌രജിസ്ട്രാർകച്ചേരിയുടെ സ്ഥാനത്തെപ്പററി ഈ സഭയുടെമുമ്പാകെ കൊണ്ടുവരണമെന്നുള്ളതാണ്. ഒരു സ്ഥലത്തുതന്നെ രണ്ടു സബ്‌രജിസ്ട്രാർകച്ചേരികളുടെ സ്ഥാപിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ല. ഉദ്യോഗസ്ഥന്മാരുടെ ജോലിക്കു അല്പം സൗകര്യം കിട്ടുമെന്നല്ലാതെ മറ്റൊന്നുമില്ല. കോട്ടയത്തു പ്രിൻസിപ്പാൾ സബ്‌രജിസ്ട്രാർകച്ചേരിയും അഡിഷനൽസബ്‌രജിസ്ട്രാർകച്ചേരിയും ഒരു പകുതിയിലാണ് സ്ഥിതിചെയ്യുന്നത്. രണ്ടു കരയിലാണെങ്കിലും രണ്ടിനും തമ്മിൽ ഒരു ഫർലോങ്ങിൽ കൂടുതലായ അകലമില്ല. അഡിഷനൽ സബ്‌രജിസ്ട്രാർകച്ചേരി വിജയപുരം, പാമ്പാടി, പുതുപ്പള്ളി ഈ മൂന്നു പകുതികളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിജയപുരം പാമ്പാടിക്കു കിഴക്കാണ്. അതിനു തെക്കുപടിഞ്ഞാറാണ് പുതുപ്പള്ളി. ഈ മൂന്നു സ്ഥലങ്ങളിലുംകൂടി സ്ഥാപിച്ചിരിക്കുന്ന കച്ചേരി മൂന്നുസ്ഥലത്തിന്റെയും പടിഞ്ഞാറെ അററത്തു വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ജനസാമാന്യത്തിനു യാതൊരു സൗകര്യവും ലഭിക്കുന്നതല്ല. അതിനാൽ ഈ മൂന്നുസ്ഥലങ്ങളുംകൂടിച്ചേരുന്ന ഒരു മദ്ധ്യസ്ഥാനത്തു ഈ അഡിഷനൽസബ്‌രജിസ്ട്രാർകച്ചേരിയെ മാററി സ്ഥാപിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസം സിദ്ധിച്ച ധാരാളം സ്ത്രീകൾ ഇപ്പോൾ പരീക്ഷാവിജയികളായി കാണുന്നുണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ അവർക്കും ഉദ്യോഗം കൊടുക്കണമെന്നു മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്നു. അവർക്കു ഉദ്യോഗം കൊടുക്കുന്നതിനു ഏററവും പററിയ ഒരു ഡിപ്പാർട്ടുമെന്റാണ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്. അതിനാൽ രജിസ്ട്രാർകച്ചേരികളിൽ സ്ത്രീകളെ നിയമിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്തു ആ വിഷയത്തിൽ അവർക്കുള്ള പരാതിയെ നിർവഹിക്കണമെന്നു അപേക്ഷിക്കുന്നു. ഈ രണ്ടു സംഗതികളും ഗവർമെന്റിന്റെ പര്യാലോചനയിൽപ്പെടുത്തിക്കൊണ്ടു മിസ്റ്റർ കയ്യാലക്കോസിന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാനും ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. മി. കയ്യാലക്കോസ് പറഞ്ഞതുപോലെ ഈ ഡിപ്പാർട്ടുമെന്റിലെ എല്ലാ വകുപ്പുകളിലും വർഗ്ഗീയപ്രാതിനിധ്യതത്വം അനുസരിച്ചു നിയമനം നടത്തണമെന്നു പ്രസ്താവിക്കാനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നതെന്നു ഇവിടെ പ്രത്യേകം പറയേണ്ടയാവശ്യമില്ല. മുമ്പു ഒരിക്കൽ ഗവർമെന്റു വർഗ്ഗീയപ്രാതിനിധ്യതത്വമനുസരിച്ചു പ്രാതിനിധ്യം കുറഞ്ഞവരുടെ അവകാശത്തെ മുൻനിറുത്തി നിയമനം നടത്തണമെന്നു എല്ലാ ഡിപ്പാർട്ടുമെന്റുകളേയും അറിയിക്കുകയും അങ്ങിനെ നിയമിക്കാതിരിക്കുന്ന ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരോടു സമാധാനം ചോദിച്ചകൂട്ടത്തിൽ രജിസ്ട്രേഷൻ ഡയറക്ടരോടും സമാധാനം ചോദിച്ചിട്ടുണ്ട്. എന്തു സമാധാനം കൊടുത്തു എന്നു അറിഞ്ഞുകൂടാ. എങ്കിലും ഇപ്പോഴും സാരമായ വ്യത്യാസങ്ങളൊന്നും പഴയ നയത്തിന് നിന്നും കാണുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിൽ സബ്‌രജിസ്ട്രാരന്മാരായി ൯൨ പേരുണ്ട്. ഇതിൽ ൭൬ സ്ഥിരവും ൧൬ ആക്ടിംഗും ആണെന്നു തോന്നുന്നു. ഇതിൽ ആറരലക്ഷം ജനസംഖ്യ വരുന്ന കത്തോലിക്കരിൽനിന്നും രണ്ടുപേരാണുള്ളത്. മുമ്പത്തെ അദ്ധ്യക്ഷന്റെ കാലത്തു ഇത്രപോലും ഉണ്ടായിരുന്നില്ല. ഇപ്പോൾ രണ്ടുപേരെങ്കിലും ഉണ്ടെന്നു പറയാം. ഇതു ന്യായമായി കിട്ടേണ്ടുന്നതിൽ വളരെ കുറഞ്ഞ ഭാഗം മാത്രമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതുപോലെതന്നെയാണ് ഈഴവസമുദായത്തിന്റെയും മഹമ്മദീയ സമുദായത്തിന്റെയും സ്ഥിതി; ഈ നിയമനംതന്നെ അടുത്തകാലത്തു ഉണ്ടായിട്ടുള്ളതാണ്. ഈ കാലത്തു ഈ സമുദായത്തിൽ ധാരാളം ബി. ഏ. ക്കാർ ഉണ്ട്. ഇതു രജിസ്ട്രാരന്മാരെ സംബന്ധിച്ചുമാത്രമാണ്. മററുള്ള ഡിസ്ട്രിക്ട് രജിസ്ട്രാരുടെയും അതിനുകീഴിൽ ഉള്ളവരുടെയും ആഫീസിൽ ഈ സമുദായത്തിൽനിന്നും തീരെ ഇല്ല. മററു ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു ഇതിൽ കുറച്ചു ന്യായമായി ചെയ്തിട്ടുണ്ടെന്നു പറയാം. ഡിസ്ട്രിക്ട് രജിസ്ട്രാരുടെ ആഫീസിൽ കത്തോലിക്കർ തീരെ ഇല്ല. മറേറാരോ വകുപ്പുകളിലും മേലാൽ ഇങ്ങനെ നടക്കാതിരിക്കണമെങ്കിൽ ഗവർമെന്റു അവരോടു സമാധാനം ചോദിക്കണം. തൃപ്തികരമല്ലാത്തവിധത്തിൽ സമാധാനം കൊടുത്തിട്ടും പണ്ടത്തെ നയംതന്നെ തുടരുന്നപക്ഷം ഗവർമെന്റു മൌനമായിരിക്കാൻ പാടില്ല. ഈ കാര്യത്തിൽ ശ്രദ്ധവച്ചു എല്ലാ ഡിപ്പാർട്ടുമെന്റുകളേയും ശരിപ്പെടുത്തിക്കൊണ്ടുപോകേണ്ടതു ഗവർമെന്റിന്റെ കടമയാണ്. ഓരോ ഉദ്യോഗസ്ഥന്മാരും അവരുടെ സമുദായത്തെ സംബന്ധിച്ചു നിയമനം നടത്തുന്നു. അതിലേക്കു കാസ്റ്റ് ഫാറം വരുമ്പോൾ മററു സമുദായങ്ങളിൽ നിന്നും എത്രപേരെ നിയമിച്ചു എന്നു കാണാം. അങ്ങിനെ വരുന്നതായാൽ ഇപ്പോൾ നടക്കുന്നമാതിരി അവർക്കു ചെയ്യാൻ സാധിക്കുമോ എന്നു സംശയമാണ്. ഉദ്യോഗം വേണമെന്നു പറയുന്നതു ആരെയെങ്കിലും ഉദ്ദേശിച്ചല്ല, പബ്ലിക്ക് സർവീസിൽ ന്യായമായി എല്ലാവർക്കും അവകാശമുണ്ട്. അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതു അനീതിയാണ്. അങ്ങനെ അനീതി പരിപാലിച്ചുകൊണ്ടിരിക്കുന്നതു യാതൊരു രാജ്യത്തേയും ജനസമുദായത്തിനോ വ്യക്തിക്കോ യോജിച്ചതല്ലാ. അനീതി സന്തോഷകരവും അഭിമാനകരവും അല്ല. അതിനാൽ അനേകകാലമായി രാജ്യത്തിനു അപമാനം ഉണ്ടാക്കുന്ന—നീതിക്കും സത്യത്തിനും വിരുദ്ധമായിട്ടുള്ള—ഈ കാര്യത്തെ ഗവർമെന്റു കഴിയുംവിധം അമർച്ച വരുത്തേണ്ടതാണ്. എല്ലാവർഗ്ഗക്കാർക്കും അവരുടെ ന്യായമായ അവകാശത്തെ പരിഗണിച്ചു ഉദ്യോഗം കൊടുക്കണം. അസമത്വസമുദായക്കാരോടു നിഷ്ഠൂരമായി പ്രവർത്തിക്കുന്ന സംഗതികൾ ഗവർമെന്റു പ്രത്യേകം ശ്രദ്ധിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു മി. കയ്യാലക്കോസിന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ടമെമ്പർ): സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു ഞാൻ എഴുനേറ്റുകൊള്ളുന്നു. പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളിലെ അംഗങ്ങൾക്കു പ്രത്യേക പ്രോത്സാഹനം നൽകണമെന്നുള്ള നയമാണ് ഗവർമെന്റു അനുവർത്തിച്ചുവരുന്നതു. എന്നാൽ ലത്തീൻക്രിസ്ത്യാനിസമുദായത്തിൽ ഉൾപ്പെട്ട അംഗങ്ങൾക്കു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഒട്ടുംതന്നെ പ്രാതിനിധ്യം നൽകപ്പെട്ടിട്ടില്ല. അവരുടെ ജനസംഖ്യ ഈ സംസ്ഥാനത്തുള്ള ജനസംഖ്യയുടെ പത്തിൽ ഒന്നാകുന്നു. അതിൽ സ്ഥിരവും താല്ക്കാലികവും ആയി ആകെയുള്ള ഉദ്യോഗങ്ങളുടെ പത്തിൽ ഒരംശം ഈ ലത്തീൻക്രിസ്ത്യാനിസമുദായത്തിലെ അംഗങ്ങൾക്കു നൽകണം. ഇത്രയും പറഞ്ഞുകൊണ്ടു മി. കയ്യാലക്കോസ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ സെക്രട്ടറി): സർ, വാദപ്രതിവാദത്തിനിടയിൽ പ്രധാനമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഒരു സംഗതി സഭയെ ധരിപ്പിപ്പാൻ [illegible]. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുള്ള നിയമനങ്ങളും മറ്റും ശ്രദ്ധാപൂർവ്വമായി നടത്തിയിട്ടുള്ളതാണ്. ഇവിടെ ചെയ്തിട്ടുള്ള വാദങ്ങളുടെ ഗതിയിൽനിന്ന് [illegible] സമുദായത്തിൽ ഉൾപ്പെട്ട അംഗങ്ങളെ വേണ്ടിടത്തോളം നിയമിച്ചിട്ടില്ലെന്ന ഒരു സങ്കടമായി [illegible] കാണുന്നതാണ്. [illegible] ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ [illegible] ഈ [illegible] ക്രിസ്ത്യാനികളും [illegible] ക്രിസ്ത്യാനികളേയും [illegible] ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ. [illegible] സമുദായങ്ങളേയും ഉൾപ്പെടുത്തുന്നതിന് വളരെ വിഷമമാണ്.

മി. പി. എസ്. മുഹമ്മദ് (നാമനിർദ്ദേശം ചെയ്യപ്പെട്ട മെമ്പർ): ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്രയാണ്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): ഈ കാലത്തിനിടയിൽ ഇരുന്നൂറിലധികം നിയമനങ്ങളും നടത്തിട്ടുണ്ട്. ഗവണ്മെന്റ ഡിപ്പാർട്ടുമെന്റ മേലധികാരികളുടെ ആവശ്യപ്പെ...

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതു ക്ലാർക്കന്മാരുടെ നിയമനമല്ലേ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): ഇതു ക്ലാർക്കന്മാരുടേയും സബ്‌രജിസ്ട്രാന്മാരുടേയും ചേർന്നുള്ളതാണ്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇതിൽ രജിസ്ട്രാന്മാരായി എത്രപേരെ നിയമിച്ചിട്ടുണ്ട്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): പ്രത്യേകം എടുത്തിട്ടില്ല.

ഓരോ സമുദായത്തിലും നിന്നുള്ളവരുടെ ലിസ്റ്റ് എടുത്തിട്ടില്ല. കഴിയുന്നവിധത്തിൽ ഇപ്പോൾ ഒരു ലിസ്റ്റ് എടുപ്പിച്ചിട്ടുണ്ട്. അതിനു കഴിയുന്ന വിധത്തിലുള്ള കാര്യങ്ങളും ഇപ്പോൾ ചെയ്യുന്നുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡിപ്രസ്ഡ് ക്ലാസിൽനിന്നും എത്രപേരുണ്ട് എന്നു പറയാമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): മററ അധഃകൃതവർഗ്ഗങ്ങളിൽ ഉൾപ്പെട്ട പത്തുപേരെ നിയമിച്ചിട്ടുണ്ട്. യാതൊരു പുലയനേയും നിയമിക്കപ്പെട്ടിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പുലയന്മാരിൽ എത്രപേരുണ്ടെന്നു പറയാമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): ആരുമില്ല.

മി. ടി. സി. കേശവപിള്ള (കരുനാഗപ്പള്ളിയുംവിളവങ്കോടും): രജിസ്ട്രാർ ആയിട്ട മഹമ്മദീയ സമുദായത്തിൽനിന്നും എത്രപേരുണ്ട്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റ സെക്രട്ടറി): രണ്ടു പേർ.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈഴവരായിട്ട സബ്‌രജിസ്ട്രാർ എത്ര പേർഉണ്ട്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസെക്രട്ടറി): രജിസ്ട്രാർ ആയിട്ട എത്ര ഈഴവർ ഉണ്ടെന്നു അറിഞ്ഞുകൂടാ. ആകപ്പാടെ പത്തു പേർ ഈഴവരായിട്ടുണ്ട്?

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയുംതൊടുപുഴയും): രജിസ്ട്രാറന്മാരായിട്ട സിറിയൻ റീത്തിലും ലാററിൻറീത്തിലുംപെട്ട എത്ര പേർഉണ്ട്.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): അഞ്ചുപേരുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സ്ത്രീകളെ ആരെങ്കിലും അവിടെ നിയമിച്ചിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): സ്ത്രീകളെ ആ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചുവരുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): എത്രപേർ ഉണ്ട്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): രണ്ടാണെന്നു തോന്നുന്നു, തീർച്ചയറിഞ്ഞുകൂടാ. ഇൻഫർമേഷൻ വരുത്തിതരാം.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മികരം): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നമ്പൂരിവർഗ്ഗത്തിൽപ്പെട്ട ആരെങ്കിലും ഉണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): അഞ്ചുമലയാളബ്രാഹ്മണർ ഉണ്ട്.

മി. കെ. എൻ. കേശവൻനമ്പൂരിപ്പാട്ട (ജന്മികരം): അവർ സബ്‌രജിസ്ട്രാറന്മാരാണോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): അല്ല.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയുംതൊടുപുഴയും): ഇതു പ്യൂൺസംഖ്യകൂടി ഉൾപ്പെട്ട നിയമന സംഖ്യ അല്ലേ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): ആയിരിക്കണം.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സ്ത്രീകളെ കൂടുതലായി ഈ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിനു ഏർപ്പാടു ചെയ്യുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റസിക്രട്ടറി): കാലക്ഷേപത്തിനുവേണ്ടി ഈ ഡിപ്പാർട്ടുമെന്റിന്റെ സഹായം ആവശ്യമാണെന്നു വന്നാൽ അതിൽ ഗവണ്മെന്റിനു വിരോധമില്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സ്ത്രീകൾക്കു ഭാഗക്ഷേപത്തിനു കുറവില്ലെന്നാണോ പറയുന്നതു?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൎമ്മെന്റു സെക്രട്ടറി): എന്നു പറഞ്ഞില്ല, പിന്നാൽ എന്താണു ഞാൻ പറഞ്ഞതു?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ പട്ടികയിൽ അധികവും ഏണേതരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ അല്ലേ സംബന്ധിച്ചിരിക്കുന്നതു?

മി ടി. കെ. മാധവൻനായർ ആക്ടിംഗ് ഗവൎമ്മെന്റു സെക്രട്ടറി): അറിയാൻ പാടില്ല.

നിവൃത്തിയില്ലാതെ വരുന്ന അവസരങ്ങളിലല്ലാതെ ടെമ്പററി ആഫീസുകൾ കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള ആഫീസുകളിൽ ൩൦൦൦ ആധാരം രജിസ്റ്റർ ആകുന്നുണ്ടു. നാലായിരത്തിൽ കുറവായി ആധാരങ്ങളുള്ള സ്ഥലത്തു ഇതു അനുവദിച്ചുകൊടുക്കുന്നില്ല. അങ്ങനെയുള്ള ൧൧ സ്ഥലങ്ങളിൽ വളരെക്കൂടുതലായി ആധാരങ്ങൾ കണ്ടതിനാൽ ടെമ്പററി ആഫീസു കൊടുത്തിട്ടുണ്ടു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ മൂവാററുപുഴയും തൊടുപുഴയും: ഈ ൧൧ ആഫീസുകളിലുംകൂടി എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു?

മി. ടി. കെ. മാധവൻനായർ (ആ. ഗവൎമ്മെന്റു സെക്രട്ടറി): ൧൩ പേരെ കൂടുതൽസ്ഥാപിച്ചു ൧൩ ആഫീസുകളിൽ നിയമിച്ചു ആ ആഫീസുകളിൽ ൪൫൦൦ ആധാരങ്ങളിൽ കുറവായി പതിഞ്ഞിട്ടില്ല.

മി. എ. സി. കയ്യാലക്കാസ് (മീനച്ചിലും ദേവികുളവും): എന്റെ ഉപക്ഷേപത്തെ സംബന്ധിച്ചു ഗവൎമ്മെന്റുമെമ്പറിൽനിന്നു പറഞ്ഞ മറുപടിയിൽനിന്നും ഈ ഡിപ്പാർട്ടുമെന്റിലെ നിയമനവിഷയത്തിലുള്ള നയം എന്താണെന്നു സാമാന്യമായി വിശദമായിട്ടുണ്ടു. അസമത്വങ്ങളെ ഏങ്ങൾക്കുവേണ്ടി അല്പം ശ്രദ്ധിച്ചുതന്നെ പ്രവൃത്തിക്കുമെന്നു ഗവൎമ്മെന്റുമെമ്പർ പറഞ്ഞതിനാൽ എനിക്കു വളരെ സന്തോഷം തോന്നുന്നുണ്ടു. ഇതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിലുമുള്ള നിയമനാധികാരികൾ ചെയ്യുമ്പോൾ തന്നെ ഉണ്ടു വരുന്നപക്ഷം ഈ വിഷയത്തെപ്പററി കൗൺസിലിൽ ഉപക്ഷേപം കൊണ്ടുവരുന്നതിനു ഇടവരാതിരിക്കുവിധത്തിൽ കാൎയ്യങ്ങൾ ക്രമപ്പെട്ടുമായിരുന്നു. ഇനിയത്തെ ബഡ്ജററുയോഗത്തിൽ ഈമാതിരി ഉപക്ഷേപങ്ങൾ വരാതിരിക്കത്തക്കവണ്ണം ഗവൎമ്മെന്റു പ്രവൃത്തിക്കണം, എല്ലാക്കൂട്ടത്തിലും ഒരുവലിയഭാഗം ആളുകൾ അവകാശലബ്ധിക്കായി കാത്തിരിക്കുന്നു എന്നുകരുതി അതനുസരിച്ചു പ്രവൃത്തിക്കണം. എന്നാൽ അതിനു പെട്ടെന്നു സാധിക്കുകയില്ലാ എന്നു പറയുന്ന ഒരു സമാധാനം ഒരുവിധം തൃപ്തികരമാണെന്നു തന്നെ ഞാൻ വിശ്വസിക്കും. ഓരോ ഡിപ്പാർട്ടുമെന്റിലും അംഗീകരിച്ചിട്ടുള്ള നയമിതു തുടരുന്നതായാൽ തത്സംബന്ധമായി അധികം പ്രസ്താവിക്കേണ്ട വകയുണ്ടാകയില്ലതന്നെ.

മി. രാമൻപിള്ള അഭിപ്രായപ്പെട്ടതുപോലെ ഈ ഡിപ്പാർട്ടുമെന്റിൽ സ്ത്രീകൾക്കു ഉദ്യോഗംകൊടുക്കണമെന്നതിനോടുകൂടി ഞാൻ പരിപൂൎണ്ണമായി യോജിക്കുന്നു. ആദ്യമേ തന്നെ ഇക്കാൎയ്യം എനിക്കു സൂചിപ്പിക്കാതെ വന്നതിൽ മനസ്താപിക്കുന്നു. ഈസംഗതിയിലും ഈഡിപ്പാർട്ടുമെന്റു കൂടുതൽ ശ്രദ്ധപതിപ്പിച്ചു ഇതിലെ നിയമനാധികാരികൾ വേണ്ടവിധം പ്രവൃത്തിക്കണമെന്നുതന്നെ ഞാൻവിശ്വസിക്കുന്നു. അതിനാൽ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദംചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൧൧.

അദ്ധ്യക്ഷൻ: ൧൧൧-ാംനമ്പർ ഉപക്ഷേപം, സഞ്ചാരപ്പടിക്കു വേണ്ടിയുള്ള ൨൪൦൦ രൂപയുടെ അലാട്ടുമെന്റിന്റെ കീഴിൽ നിയമാനുസൃതമായി ഉൾപ്പെടാത്തതിനാൽ അതിനെ ഞാൻ തള്ളിക്കളയുന്നു.

ഉപക്ഷേപം ൧൧൨.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും തെക്ക); സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

സഞ്ചാരപ്പടി നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള രണ്ടായിരത്തിനാനൂറു രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

സ്ഥലസൌകൎയ്യത്തേയും മററുകാൎയ്യങ്ങളിലുള്ള സൌകൎയ്യങ്ങളേയും സംബന്ധിച്ചിടത്തോളം രജിസ്ത്രർകച്ചേരികളിൽ ഹാജരാകുന്ന ജനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ ഇപ്പോൾ അനുഭവിച്ചുവരുന്നു. ഈസംഗതി ഗവൎമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു.

അദ്ധ്യക്ഷൻ: ഈ വിഷയത്തിനു സഞ്ചാരപ്പടിയുമായി എന്തു ബന്ധമാണുള്ളതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും തെക്ക); ഈ കച്ചേരികൾ പരിശോധിച്ച അവസരത്തിൽ ഡയറക്ടർ അവശ്യം ഉത്തമമായവിധം പരിശോധിച്ചിരുന്നുവെങ്കിൽ അവിടെ സ്ഥലസൌകൎയ്യമില്ലെന്നുള്ളതു അദ്ദേഹത്തിനു കാണ്മാൻ കഴിയുമായിരുന്നു. ഡയറക്ടർ ഈ കച്ചേരികളെ ശരിയായി പരിശോധിച്ചിട്ടില്ല. ഇതാണു എനിക്കു ബോധിപ്പിക്കുവാനുള്ളതു. സർ, തിരുവനന്തപുരം സബ്‌രജിസ്ത്രർകച്ചേരിയിൽ ഹാജരാകുന്ന ആളുകൾക്കു ഇരിക്കുന്നതിനു വേണ്ടടത്തോളം സ്ഥലസൌകൎയ്യമില്ലെന്നുള്ളവസ്തുത കഴിഞ്ഞകാലത്തിൽ ഞാൻ ഗവൎമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു. ജനങ്ങൾക്കു ഇരിക്കുന്നതിനു ഒരു വരാന്തയുണ്ടെന്നു ഗവൎമ്മെന്റുമെമ്പർ മറുപടിനൽകിയിട്ടുണ്ടു. വരാന്ത കണ്ടിട്ടുണ്ടോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിച്ചു കണ്ടിട്ടുണ്ടെന്നു അദ്ദേഹം മറുപടിപറഞ്ഞു ചില ആഫീസുകൾക്കു മുഖപ്പുണ്ടെന്നും മററുചില ആഫീസുകൾക്കു വരാന്തകളുണ്ടെന്നും അതിനാൽ ഈ ആഫീസുകളെസംബന്ധിച്ചിടത്തോളം വേണ്ടടത്തോളം സ്ഥലസൌകൎയ്യമുണ്ടെന്നും അദ്ദേഹം മറുപടിയായി പ്രസ്താവിച്ചു. കഴിഞ്ഞകാലത്തെ മറുപടിനൽകിയതിനുശേഷം ഈ അസൌകൎയ്യത്തെ പരിഹരിക്കുന്നതിനു ഏതെങ്കിലും വ്യവസ്ഥചെയ്യുമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഇന്നരാവിലെയുള്ള സ്ഥിതിനോക്കുന്നപക്ഷം അവിടെ വേണ്ടടത്തോളം സ്ഥലസൌകൎയ്യമില്ലെന്നു

ണ്ടു എനിക്കുതോന്നുന്നതു. സർ, ഞാൻ ഒരുചോദ്യംകൂടി ഗവർമ്മെണ്ടിനോടു ചോദിച്ചിട്ടുണ്ടു. ഈ കച്ചേരികളിൽ ഹാജരാകുന്ന ജനങ്ങൾക്കു കുടിക്കുന്നതിനു വെള്ളംകിട്ടുന്നതിനു ഇപ്പോൾ ഏതെങ്കിലുംസൗകര്യമുണ്ടോ? തിരുവനന്തപുരം സബ്‌രജിസ്ത്രാർകച്ചേരിയിൽ ഒരു കിണറുണ്ടെന്നുള്ളതു മറുപടിയായി മേല്പറഞ്ഞചോദ്യത്തിനു നൽകപ്പെട്ടതു. കിണററിൽ വെള്ളമുണ്ടോ എന്നുള്ള ഉപചോദ്യം ഞാൻ ചോദിച്ചു. വെള്ളമില്ലാതെ കിണറു ഉണങ്ങിക്കിടക്കുകയാണെന്നുള്ളതു എനിക്കറിയാം. അതിനാൽ ഈ കാര്യത്തിൽ ഗവർമ്മെണ്ടു അല്പം ശ്രദ്ധിക്കണമെന്നാണു എന്റെ അപേക്ഷ. രേഖകളുടെ പ്രമാണങ്ങൾ രജിസ്റ്റർചെയ്യുന്നതിനു അവിടെ ഹാജരാകുകയും മേൽപ്പുരയില്ലാതെ വെയിലുംമഴയും സഹിക്കുകയുംചെയ്യുന്ന സാധുക്കളായ ജനങ്ങളുടെ പക്കൽനിന്നു പിഴിയുന്നിടത്തോളം പണം ഉണ്ടാക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണു ഇതു. ഈ വിഷയത്തെപ്പററി ഗവർമ്മെണ്ടു അല്പമായിട്ടെങ്കിലും ചിന്തിക്കണമെന്നും ഈ കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കണമെന്നും ഞാൻ ഗവർമ്മെണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമ്മെണ്ടുസെക്രട്ടറി): മെമ്പർ പ്രസ്താവിച്ചിട്ടുള്ളകാര്യങ്ങൾ നോട്ടുചെയ്തിരിക്കുന്നതും അവയെപ്പററി പര്യാലോചിക്കുന്നതുമാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): പ്രസ്താവനരീതിക്കനുസരണമായി നൽകപ്പെട്ട മറുപടിക്കായി ഞാൻ മെമ്പറിനു നന്ദിപറയുകയും പ്രമേയത്തെ പിൻവലിക്കുന്നതിനു അനുമതി ചോദിച്ചുകൊള്ളുകയുംചെയ്യുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൭൯.

സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൨൮൦൦ രൂപയിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): സഞ്ചാരപ്പടിവകയിലുള്ള ൨൮൦൦ രൂപയിൽനിന്നും ൧ രൂപ കുറയ്ക്കണമെന്നുള്ളതാണു എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം രജിസ്ത്രേഷൻഡയറക്ടർ ചിട്ടിരജിസ്റ്റർചെയ്യുന്നതു സംബന്ധിച്ചു യാതൊരുവ്യവസ്ഥയും വേണ്ടപോലെ ചെയ്യുന്നില്ല എന്നുമാത്രമല്ല അതുകൊണ്ടു ജനസാമാന്യത്തിനു നേരിടുന്നനിസ്സീമമായ നഷ്ടം ഉണ്ടാകുന്നു എന്നുകൂടി ഈ കൗൺസിലിന്റെമുമ്പാകെ വെളിപ്പെടുത്തുമെന്നുള്ളതാണു. ചിട്ടിക്കു ഇന്നയിന്നകണക്കുകൾ വയ്ക്കണമെന്നുള്ളതിനു യാതൊരുവ്യവസ്ഥയുമില്ല. അഥവാ ഉണ്ടെങ്കിൽതന്നെയും ചിട്ടികണക്കുകളെയും ചിട്ടിരജിസ്റ്ററിനെയും പരിശോധിക്കുന്നില്ല. ചിട്ടിയുടെ ഫീസ്പോലെ ൧ രൂപമുതൽ ൫ രൂപവരെ രജിസ്ത്രാരുടെ ആഫീസിലെ ക്ലാർക്കിനു കൊടുക്കുമ്പോൾ ഇന്നയിന്നകാര്യങ്ങൾ പൂർത്തിയാക്കിക്കൊള്ളണമെന്നു പറഞ്ഞേയ്ക്കുന്നു. പരിശോധിക്കുന്നവർ തലവരിയോലയിൽ ഒപ്പിട്ടുകൊടുക്കുന്നില്ല. തലവരിയോലയിൽ ചേർക്കാത്ത സംഗതികളെല്ലാം രജിസ്ത്രാരുടെ ആഫീസിൽ ഇരിക്കണമെന്നുണ്ടു. ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ലേലഗതികൾഎല്ലാം അതിലുണ്ടായിരിക്കണം. അങ്ങനെ ചിട്ടിയിൽ രജിസ്റ്റർചെയ്യാത്ത അനേകം ചിററാളുകൾ രസീതുകിട്ടീട്ടുണ്ടു, ഈ രസീതുകളെയും ചിട്ടിരജിസ്റ്ററിനെയും പരിശോധിക്കുന്നില്ല, ചിട്ടി പിടിച്ചവർക്കു പണം കൊടുത്തു എന്നു മിനിട്ടു ഹാജരാക്കിയശേഷമേ അടുത്ത ചിട്ടി നടത്താൻപാടുള്ളു. അങ്ങനെ പണംകൊടുത്തുവരുന്നതായി കാണുന്നില്ല. ഈ വിധത്തിൽ ധാരാളമായിനടക്കുന്നുണ്ടു. ചിട്ടിപിടിച്ചശേഷം സ്ഥാവരവസ്തുവിന്റെ ഉറപ്പിന്മേൽ പണം വാങ്ങിക്കുന്നതിനു ശക്തിയില്ലാത്ത ചിററാളുകളുടെ പണം ഗവർമ്മെണ്ടിനു വിശ്വാസമുള്ള ബാങ്കിൽ നിക്ഷേപിക്കണമെന്നും ആ രസീതിനെ ചിട്ടിരജിസ്ത്രാരെ ബോദ്ധ്യപ്പെടുത്തണമെന്നും വ്യവസ്ഥയുണ്ടു. അങ്ങനെ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്നും ആ തുക ബാങ്കിൽ ഉണ്ടോ എന്നും പാസ്ബുക്കു പരിശോധിക്കുന്നില്ല. ചിട്ടി പകുതിയാകുമ്പോൾ മുതലാളി ഇൻസാൾവെൻറാകുന്നു. ആ അവസരത്തിൽ റിക്കാർഡുകൾ നോക്കിയാൽ യാതൊരു രേഖയും കാണുന്നില്ല. പണം കൊടുത്തതിനുള്ള രസീതുകളോ മററുകണക്കുകളോ യാതൊന്നുംതന്നെ നാളിതുവരെ പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. ഈവക ന്യൂനതകളെ പരിഹരിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ടതു രജിസ്ത്രേഷൻഡയറക്ടരുടെ ചുമതലയാണ്. ഈ ന്യൂനതനിമിത്തം അദ്ദേഹത്തിന്റെ സഞ്ചാരപ്പടി മുഴുവനും കുറയ്ക്കണമെന്നു പറയുന്നതായാൽ ആ ഉപക്ഷേപം അവതരിപ്പിക്കാൻകിട്ടുകയില്ലെന്നു വിചാരിച്ചാണു അഞ്ചു രൂപ കുറയ്ക്കണമെന്നു ഉപക്ഷേപംകൊണ്ടുവന്നിട്ടുള്ളതു. ചിട്ടിയിലുള്ള നാൾവഴി, പേരേട്ടു ഈവക റിക്കാർഡുകളെ ചിട്ടിരജിസ്ത്രാർ ഓരോതവണയും പരിശോധിച്ചു അടയാളംവച്ചുകൊടുക്കണം; ഇങ്ങനെ പരിശോധിച്ചു അടയാളംവയ്ക്കാത്ത പുസ്തകങ്ങൾ ഒരു മുതലാളി ഇൻസാൾവെൻറായ അവസരത്തിൽ ഡിസ്ട്രിക്റ്റ് കോർട്ടിൽ വന്നിട്ടുണ്ടു. ഈവക റിക്കാർഡുകളെ ഓരോതവണയും പരിശോധിച്ചു അടയാളംവച്ചുകൊടുക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യണം. അങ്ങനെ ചെയ്യാത്തതുനിമിത്തം ചിട്ടിയിൽചേരാത്ത ആളുകൾക്കും ഇപ്പോൾ രസീതുകൊടുക്കുന്നുണ്ടു. ബാങ്കിൽ നിക്ഷേപിച്ച പണം അവിടെയുണ്ടോ, അതല്ലാ മുതലാളി കൊണ്ടുപോയോ എന്നുള്ള സംഗതികൾ ചിട്ടിരജിസ്ത്രാർക്കു ബോദ്ധ്യംവരണമെങ്കിൽ അവയെ പരിശോധിക്കണം. ഇതിലേയ്ക്കു ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനു ഗവർമ്മെണ്ടു ഗാഢമായി ആലോചിച്ചു വേണ്ടതു ചെയ്യുമെന്നുള്ള വിശ്വാസത്തോടെ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. എ. സി. കസ്ത്രാക്കാസ് (മീനച്ചലും ദേവികുളവും): മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ചിട്ടിയെസംബന്ധിച്ചു ഗവർമ്മെണ്ടു കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു പൊതുജനങ്ങളുടെ രക്ഷയ്ക്കു വളരെ അത്യാവശ്യമാണ്. ചിട്ടിറഗുലേഷൻ വന്നതിനുശേഷം ചിട്ടിയുടെ സംഖ്യ വളരെ അധികംവർദ്ധിച്ചിട്ടുണ്ടു. റഗുലേഷനിലുള്ള ആനുകൂല്യമാണു ഈ ചിട്ടികൾ വർദ്ധിപ്പിക്കുന്നതിനു ആളുകളെ പ്രേരിപ്പിച്ചിട്ടുള്ളതു. നാട്ടിൻപുറങ്ങളിലുള്ള ആളുകൾ ഈ ചിട്ടികളിൽചേരുന്നതു അതിൽനിന്നും ചില സഹായംകിട്ടുമെന്നുള്ള വിചാരംകൊണ്ടാണ്. അതിനാൽ ഗവർമ്മെണ്ടിൽനിന്നും ഇതിനെ വേണ്ടവിധം നിയന്ത്രിക്കാതിരുന്നാൽ ജനങ്ങൾക്കുവരാവുന്ന സങ്കടത്തെപ്പററി വിസ്തരിച്ചുപറയുന്നതിനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. പൊതുജനങ്ങളെ ധാരാളമായി ബാധിക്കുന്ന ഒരു വിഷയമാകയാൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതു അത്യാവശ്യമാണ്. ചിട്ടിറഗുലേഷൻനിമിത്തമുള്ള പ്രയോജനത്തെ പ്രോത്സാഹിപ്പിക്കാതെ കഴിവുള്ളതും അതിനെമാററണം. ഇപ്പോൾ ചില ന്യൂനതകളും അതിലുണ്ടു. അതു പൂർണ്ണമെന്നോ അപൂ

ന്ററുമാനം ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. അതിലുള്ള പ്രധാനദോഷങ്ങളെ പരിഹരിക്കേണ്ടതു ചിട്ടിരജിസ്ട്രാർ ആണ്. അദ്ദേഹം കാര്യങ്ങൾ നിർവഹിക്കുന്ന രീതിയുംകൊണ്ടു ഒരുപക്ഷേ അശ്രദ്ധ ഉണ്ടെന്നിരുന്നാലും പ്രത്യേകമായ നിഷ്കർഷകൊണ്ടു ജനങ്ങളുടെ ധനത്തെയും ആവശ്യത്തെയും സംരക്ഷിക്കത്തക്കവണ്ണം കൂടുതൽ ശ്രദ്ധപതിപ്പിച്ചു നിഷ്കർഷിക്കാതിരിക്കുന്നതു ആപൽക്കരമാണ്. തിരുവിതാംകൂറിൽ വർദ്ധിച്ചുവരുന്ന ചിട്ടി നടയാളുമതിൽ കാണുന്ന അശ്രദ്ധകളെ പ്രത്യേകം പ്രത്യേകം എടുത്തു പ്രകടിപ്പിച്ചുപറയുക എന്നുവച്ചാൽ ഒരു അനാവശ്യമായിത്തീരുകയുള്ളു. ഇതു ജനങ്ങളെ ബാധിക്കുന്ന ഒരു വലിയസംഗതിയാണ്. ചിട്ടിറഗുലേഷൻ പാസ്സാക്കിയതും ഭേദഗതിക്കു പലവിധത്തിലുള്ള മാറ്റവും ഉണ്ടാകുകയും തത്സംബന്ധമായ വിധികളിന്മേൽ പല റിക്കാർഡ്ദുതരങ്ങളും ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിനെസംബന്ധിച്ചു അന്വേഷണം നടത്തുകയാണെങ്കിൽ ഈ സംഗതികൾ ചിട്ടി ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽപെടാതിരിക്കുകയില്ല. ചട്ടത്തെ നിയന്ത്രിക്കുന്ന വിഷയത്തിൽ മിസ്റ്റർ രാമൻപിള്ള സംശയിക്കുന്നതുപോലെ തന്നെ ഞാനും സംശയിക്കുന്നു.

മി. താമരപ്പള്ളി കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഭേദഗതി ചെയ്തെങ്കിലും സംശയം ഉണ്ടായിട്ടുണ്ടോ?

മി. ഏ. സി. കയ്യാലക്കോസ് (മീനച്ചലും ദേവികുളവും): പല സംശയങ്ങളും ഉണ്ടായിട്ടുണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങുകയും ഗവണ്മെന്റിന്റെ ഗൗരവമായ ശ്രദ്ധ ഇതിൽ പതിപ്പിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

എനിക്കു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതു മാവേലിക്കര താലൂക്കിൽപ്പെട്ട കൊല്ലകടവിൽ പുതുതായി സ്ഥാപിച്ച സബ്‌രജിസ്ട്രാർ കച്ചേരിയുടെ കീഴിൽ തഴക്കരപകുതി ചേർത്തതിൽ ആളുകൾക്കു വളരെ ബുദ്ധിമുട്ടുണ്ടാകുന്നു എന്നു ഈ കൗൺസിലിലെ അംഗങ്ങളായ ഞങ്ങൾ രണ്ടുപേർ പറഞ്ഞതിനെ അശേഷം ഗണിക്കാതെ അഞ്ചോ പത്തോ ആളുകൾ ചേർന്നു ഒപ്പിട്ടയച്ചതായ ഒരു ഹർജിയെമാത്രം അടിസ്ഥാനമാക്കി തഴക്കരപകുതിയെ കൊല്ലകടവു രജിസ്ട്രാഫീസിന്റെ കീഴിൽ ചേർത്തുവച്ചിരിക്കുകയാണ് എന്നുള്ളതാണ്. ൧൦൪-ലേയും ൧൦൬-ലേയും കണക്കു എടുത്തുനോക്കിയാൽ ക്രമേണ ആധാരങ്ങൾ ആ ആഫീസിൽ കുറഞ്ഞുകുറഞ്ഞാണു കാണുന്നതു. ഈ വിധം ആഫീസുകൾ കൂടക്കൂടെ സ്ഥാപിക്കുന്നതു അവരവരുടെ ചില ആളുകൾക്കു ഉദ്യോഗം കൊടുക്കുന്നതിനല്ലേ എന്നു സംശയിക്കുന്നു. ജനങ്ങളുടെ പ്രതിനിധികളായ ഞങ്ങൾ കൗൺസിലിൽ പറയുന്നതിനെ ശരിയായി ഗണ്യമാക്കാതെ കേവലമൊരു പെറ്റിഷനമാത്രം പരിഗണിച്ചു തഴക്കരപകുതി കൊല്ലകടവിൽ ചേർത്തതു വളരെ സാഹസമായിപ്പോയി എന്നു പറഞ്ഞുകൊണ്ടു മിസ്റ്റർ രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി): ചിട്ടിയുടെ കാര്യത്തിൽ സബ്‌രജിസ്ട്രാർ ഏതുവിധം അന്വേഷണം നടത്തുന്നുണ്ടോ എന്നു ഡയറക്ടർ പരിശോധിച്ചതിൽ പല തെറ്റുകളും കണ്ടിട്ടു് നല്ലവണ്ണം സൂക്ഷിച്ചുനോക്കണമെന്നു ഡയറക്ടർ പറഞ്ഞിട്ടുണ്ടു. പിന്നെ ചിട്ടിയെസംബന്ധിച്ചു ചില മാറ്റങ്ങൾ ചെയ്യണമെന്നുള്ള കാര്യത്തെപ്പറ്റി ബാങ്കിംഗ് എൻക്വയറികമ്മറ്റിക്കു എഴുതിഅയച്ചിട്ടുണ്ടു. അവരുടെ എൻക്വയറി കഴിഞ്ഞു റിപ്പോർട്ടുവന്നതിനുശേഷം അതിൽ എന്തെല്ലാമാണു ഉണ്ടാകേണ്ടതു എന്നു നോക്കി ചെയ്യാമെന്നാണു വിചാരിക്കുന്നതു.

കൊല്ലകടവിൽ സ്ഥിതിചെയ്യുന്ന കച്ചേരി കഴിഞ്ഞ മകരത്തിൽ തുറന്നതല്ലേ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതെ. അഞ്ചെട്ടുമാസമേ ആയിട്ടുള്ളു. തഴക്കരപകുതി തഴക്കര രജിസ്ട്രാഫീസിന്റെ കീഴിലേക്കു മാറ്റുന്നകാര്യത്തെപ്പറ്റി ഒന്നുകൂടി ആലോചിക്കാമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റുസെക്രട്ടറി): ആലോചിക്കാം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇവിടെ പ്രസ്താവിച്ച സംഗതികൾ ബാങ്കിംഗ് എൻക്വയറികമ്മിറ്റിയുടെ അന്വേഷണത്തിലിരിക്കുന്നു എന്നു മറുപടിയിൽ പറയുന്നതുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

൧൮൦ മുതൽ ൧൮൭ വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. എ. എസ്. ദാമോദരനാശാൻ.

൧൮൦. സഞ്ചാരപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൨,൭൦൦ രൂപയിൽ നിന്നു ൫ രൂപ കുറയ്ക്കണം.

മി. എ. സി. കയ്യാലക്കോസ്.

൧൮൧. സഞ്ചാരപ്പടിക്കായി നീക്കിവച്ചിട്ടുള്ള ൨,൭൦൦ രൂപയിൽ നിന്നു ൫൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൮൨. സഞ്ചാരപ്പടിക്കായി നീക്കിവെച്ചിട്ടുള്ള ൨,൭൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള.

൧൮൩. ഡയറക്ഷനു നീക്കിവെച്ചിട്ടുള്ള ൨൦,൨൦൮ രൂപായിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള

൧൮൪. ഡയറക്ഷനു നീക്കിവച്ചിട്ടുള്ള ൨൦,൨൦൮ രൂപായിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപിള്ള.

൧൮൫. ഡയറക്ഷനു നീക്കിവച്ചിട്ടുള്ള ൨൦,൨൦൮ രൂപായിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൧൮൬. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൨൦൮ രൂപായിൽ നിന്നു ൫ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൮൭. ഡയറക്ഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦,൨൦൮ രൂപായിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. മാധവൻപിള്ള.

൧൮൮. ഡയറക്ടറാൽ കൊള്ളിച്ചിട്ടുള്ള ൨൦,൭൮൮ രൂപായിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൧൮൯. എസ്റ്റാബ്ലിഷ്മെൻറുകൾക്കു കൊള്ളിച്ചിട്ടുള്ള ൩,൧൭൦ രൂപായിൽ നിന്നു ൧൦ രൂപ കുറയ്ക്കണം.

മി. ഏ. സി. കുര്യാക്കോസ്.

൧൯൦. എസ്റ്റാബ്ലിഷ്മെൻറുകൾക്കു കൊള്ളിച്ചിട്ടുള്ള ൩,൧൭൦ രൂപായിൽ നിന്നു ൧൬൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൯൧. എസ്റ്റാബ്ലിഷ്മെൻറുകൾക്കു കൊള്ളിച്ചിട്ടുള്ള ൧,൮൦,൦൭൮ രൂപായിൽനിന്നു ൨,൮൮൦ രൂപ കുറയ്ക്കണം.

മി. ഏ. സി. കുര്യാക്കോസ്.

൧൯൨. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൧,൮൦,൦൭൮ രൂപായിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എ. എസ്. ദാമോദരനാശാൻ.

൧൯൩. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൩,൭൬൪ രൂപായിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. എസ്. ദാമോദരനാശാൻ.

൧൯൪. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൩,൭൬൪ രൂപായിൽനിന്നു ൭ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൧൯൫. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൩,൭൬൪ രൂപായിൽ നിന്നു ൧൭ രൂപ കുറയ്ക്കണം.

മി. ഏ. സി. കുര്യാക്കോസ്.

൧൯൬. എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൭൬൪ രൂപായിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ.

൧൯൭. ജായിൻറസ്റ്റാക്ക് കമ്പനി രജിസ്ട്രാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪,൩൧൩ രൂപായിൽ നിന്നു ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൯൮. ൩-ാംനമ്പർ ഡിമാൻഡിൻകീഴിൽ കൊള്ളിച്ചിട്ടുള്ള ൩,൩൯,൪൭൩ രൂപായിൽ നിന്നു ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൯൯.

മി. എ. ജി. മേനോൻ (പറവൂർ): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

൩-ാം നമ്പർ ഡിമാൻറിന്റെ കീഴിൽ കൊള്ളിച്ചിട്ടുള്ള ൩,൩൯,൪൭൩ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

സബ് രജിസ്ട്രാർമാരുടെ ശമ്പളകാര്യത്തിൽ ക്ലിപ്തമായതും നീതിയുക്തവുമായ അടിസ്ഥാനപ്പെടുത്തി ശമ്പളത്തിനു ഒരു സ്കെയിൽ ഏർപ്പെടുത്തേണ്ടതാവശ്യമാകുന്നു. ഈ സംഗതി ഗവർമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളത്. ഈ വിഷയത്തെ സംബന്ധിച്ചു വളരെ ദീർഘമായി പ്രതിപാദിച്ചു ഈ സഭയുടെ സമയത്തെ ചിലവു ചെയ്യേണ്ട ആവശ്യമില്ല. ചുരുക്കമായി പറയുന്നുവെങ്കിൽ ഈ ഉപക്ഷേപത്തെ സംബന്ധിച്ചു എനിക്കു ഈ സഭയുടെ അറിവിൽ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്ന സംഗതി തന്റെ ഉദ്യോഗകാലാവസാനത്തിൽ മുഴുവൻ പെൻഷൻ കിട്ടുന്നതിനു ഒരു സബ്‌രജിസ്ട്രാർക്കു സാധാരണയായി സാധിക്കുന്നില്ലെന്നാണ്. ഒരു സബ്‌രജിസ്ട്രാരുടെ ഏറ്റവും കൂടിയ ശമ്പളം യോഗ്യതാനുസരണമായ ഒരു തുകയായി നിശ്ചയിക്കണം. ഇതിനും പുറമെ ഉദ്യോഗത്തിൽനിന്നു പെൻഷൻപറ്റി പിരിയുന്നതിനു മൂന്നു കൊല്ലത്തിനു മുൻപെങ്കിലും ആയാൾക്കു അതു ലഭിക്കയും വേണം. ഇതാണ് എനിക്കു നിർദ്ദേശിക്കുവാനുള്ളത്.

മി. എസ്സ്. പിറവിപ്പുത്തൻമഠംപിള്ള (കച്ചവടവും വ്യവസായവും തൊഴിൽ): ഈ വിഷമത ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു മാത്രമാണോ ഉണ്ടാകുന്നത്?

മി. എ. ജി. മേനോൻ (പറവൂർ): ഞാൻ ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിനെ കുറിച്ചു മാത്രമേ പറയുന്നുള്ളു. മറ്റേതെങ്കിലും ഡിപ്പാർട്ടുമെൻറിനെക്കുറിച്ചു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാഡിപ്പാർട്ടുമെൻറുകളിലും സർവീസിന്റെ കാലത്തെ അടിസ്ഥാനപ്പെടുത്തി ഉള്ള സ്കെയിൽ നടക്കണം. അങ്ങിനെ ചെയ്യുന്നപക്ഷം ആയതു സന്തോഷകരമായിരിക്കും. ജീവനക്കാർ ഏറ്റവും കുറഞ്ഞ ശമ്പളത്തിൽ ജോലിയിൽ പ്രവേശിക്കയും അവർ പെൻഷൻ പറ്റുന്ന അവസരത്തിൽ ഏറ്റവും കൂടിയ ശമ്പളത്തിനനുസരണമായി അവർക്കു പെൻഷൻ കിട്ടുകയും ചെയ്യണം. ഇപ്പോൾ ഒരു ഗ്രേഡിൽ നിന്നു മറ്റൊരു ഗ്രേഡിലേക്കുള്ള ഉദ്യോഗക്കയറ്റങ്ങൾ ഒരു ഗ്രേഡിൽ ഇരിക്കുന്ന ആളിന്റെ മരണത്തെ വാസ്തവത്തിൽ ആശ്രയിച്ചിരിക്കുന്നു. ഇതു വളരെ ആശാസ്യമായ ഒന്നല്ലാ. ഉയർച്ചയെ പ്രാപിക്കുന്നതിനു ആഗ്രഹിക്കുന്നവരെല്ലാവരും വാസ്തവത്തിൽ വെറുപ്പു പ്രദർശിപ്പിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറു. ഇതിനു യാതൊരു സംശയവുമില്ല. ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്ന പക്ഷം മേൽഗതി ഉണ്ടാകുന്നതിനു ഇടയില്ലാതിരിക്കുന്നതുകൊണ്ടു സംഗതികൾ വഷളായിത്തീർന്നിട്ടുള്ള. തങ്ങളുടെ സ്വന്തമായ ഉദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്നവരെ സംബന്ധിച്ചിടത്തോളം, ഉദ്യോഗത്തിൽ നിന്നു പിരിയുന്ന അവസരത്തിലെങ്കിലും ഏറ്റവും കൂടിയ ശമ്പളത്തിനനുസരണമായി അവർക്കു പെൻഷൻ കിട്ടേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നതിൽ യാതൊരന്യായവും ഉണ്ടാകുന്നതല്ല, മറ്റു പല രാജ്യങ്ങളിലും ഇപ്രകാരം ചെയ്തുവരുന്നുണ്ട്. യഥാർത്ഥത്തിൽ ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്പോൾ നിയമപ്രകാരം ഈ വിധം ചെയ്തുവരുന്നുണ്ട്.

[illegible] മാത്രമാണ് സബ് രജിസ്ട്രാർ [illegible] ഇപ്പോഴത്തെനിലയി [illegible] ക്ലാർക്കന്മാരെ സംബന്ധിച്ചിട [illegible] ഇപ്പോഴും അ [illegible] അറിയില്ലെ?

മി. [illegible] (വാ[illegible]): [illegible] സാധിച്ചു—

അദ്ധ്യക്ഷൻ: [illegible]

മി. [illegible] മിസ്റ്റർ എ. ജി. മേനോൻ [illegible] ഇല്ലായിരിക്കു ന്നില്ല. [illegible] ഡിപ്പാർട്ടുമെൻറി [illegible] സബ് രജിസ്ട്രാർമാരുടെ [illegible] അറിവില്ലാ [illegible] ഉണ്ട്. [illegible] ഇപ്പോഴും [illegible] ഇവർ മാത്രം ഈ [illegible] രജിസ്ട്രാ [illegible] ഡിപ്പാർട്ടുമെൻറാ [illegible] സ്റ്റാമ്പു വെണ്ടർ [illegible] സബ് രജിസ്ട്രാർമാരെ [illegible] ഇപ്രകാരം [illegible] പ്രതിഫലം [illegible].

അത് [illegible] ഡിപ്പാർട്ടുമെൻറിലെ ഗുമസ്താ ക്കുള്ള സൗകര്യ [illegible] കൂടിയായാലും [illegible] ഉണ്ടാക്കിവെയ്ക്കേണ്ടതിനു [illegible] കൂട്ടത്തിൽ [illegible] അതിനാൽ അവരുടെ നില [illegible] മനസ്സിലാക്കുന്നതിനു [illegible].

മി. [illegible] (തിരുവല്ലാ): മിസ്റ്റർ എ. ജി. [illegible] ഞാൻ [illegible] കക്ഷികൾക്കു സൗകര്യ മായ വിധത്തിൽ [illegible] കക്ഷിപ്പുരയു ള്ള ആഫീസുകൾ [illegible] രജിസ്ട്രാർ [illegible] എനിക്കു [illegible] ആവശ്യമുള്ളിടത്തോ ളം ക്ലാർക്കന്മാരെ ഓഫീസിലും [illegible] ആവശ്യപ്പെട്ടിട്ടില്ല എന്നു സമാധാനവും പറയാതിരുന്നില്ല. എന്നാൽ [illegible] ഡിപ്പാർട്ടുമെ ൻറുകളെ [illegible] അഭിപ്രായം.

ഡിപ്പാർട്ടുമെൻറു [illegible] ഈ ഡിപ്പാർട്ടുമെൻറിൻെറ [illegible] ചിട്ടിയും ബാങ്കും സംബന്ധിച്ചിടത്തോളം [illegible] ഉണ്ട്. ചിട്ടി [illegible] രജിസ്റ്റാക്കുന്ന വി ഷയത്തിൽ [illegible] നടക്കുന്നു എന്നാണ് എൻെറ അറിവ്. [illegible] സമയം അനുവദിക്കുന്നില്ല.

പിന്നീട് ടെമ്പററി ആഫീസുകൾ ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചുകൊടുക്കുന്നു എന്നു ഇവിടെ സൂചിപ്പിക്കുകയുണ്ടായി. [illegible] എതിരെ തിരുത്തിയല്ലോ. ഈ ആഫീസിൽ [illegible] ഉദ്യോഗസ്ഥന്മാരെ ഈ വിധം [illegible] കിട്ടുന്നില്ല എന്നുള്ള പരാതിയാണ് [illegible] അവ [illegible] സ്ഥലങ്ങളിൽനിന്നും തിരുവ [illegible] അപേക്ഷകരായ ആളുകളെ സാധി [illegible] കുറഞ്ഞിട്ടില്ല. ഒരു [illegible] നാലായിരവും ആയിരക്കണക്കിന് ആ [illegible] ആവശ്യമുള്ളിടത്തു ആഫീസുകൾ കൊടുക്കാതിരുന്നാൽ ഇനിയും ക്രമ [illegible] നിർവഹിക്കുന്നതിൽ ഇതിലധികം സങ്കടം അനുഭവിക്കേണ്ടി വരും. എന്നാൽ [illegible] ഒരു അന്വേഷണത്തിന്റെ അഭിപ്രായങ്ങളും [illegible] ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

[illegible] ഈ ആഫീസിൽ പോകുന്നതാണ് സൌകര്യം, വളരെ ദൂരം കാണും. പോകുന്നതു [illegible] ഉണ്ട്. [illegible] തിരുത്തിയുള്ളിടത്തോളം ഞങ്ങളുടെ ഡിസ്ക്രിഷൻ [illegible] ന്യായമായും യുക്തിയായും [illegible] അതിനാൽ ഈ അഭിപ്രായം [illegible] നിർണ്ണയകാര്യത്തിൽ [illegible] ഞങ്ങളുടെ സൌകര്യം [illegible] അതിനാൽ ആവശ്യമുള്ളിടത്തോളം ക്ലാർക്കുകളെ നിയമിക്കേണ്ടതു അത്യാവശ്യമാണ്. അവരുടെ ശമ്പളക്കാര്യത്തിൽ [illegible] ഒന്നും ഇതുവരെ സാധിച്ചിട്ടില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് [illegible] ആലോചിച്ചു [illegible] പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നില്ല. [illegible] ശമ്പളം [illegible] ഉദ്യോഗസ്ഥന്മാർക്ക് ഇനിയും ശമ്പളക്കൂട്ടം കൊടുക്കണമെന്ന് പറയുന്നതു ഈ രാജ്യത്തിന്റെ സ്ഥിതിയെ ഒരിക്കലും ആലോചിച്ചല്ല. ചില്ലറ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടണം.

മി. എ. ജി. മേനവൻ (പറവൂർ) : വലിയ ശമ്പളക്കാർക്ക് ശമ്പളം കൂട്ടണമെന്നു പറഞ്ഞില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : മി. രാമൻപിള്ളയുടെ അഭിപ്രായമനുസരിച്ചു ഗവൺമെന്റ് പ്രവർത്തിക്കുകയാണെങ്കിൽ ശമ്പളം കൂട്ടേണ്ടിവരും.

മി. എ. ജി. മേനവൻ (പറവൂർ) : ഈ ഉപക്ഷേപത്തിൽ ശമ്പളം കൂട്ടണമെന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ : (മൂവാററുപുഴയും-തൊടുപുഴയും) : പ്രസംഗത്തിലുണ്ട്.

താഴ്ന്നതരം ഉദ്യോഗസ്ഥന്മാർക്ക് കുറച്ചുകൂടി ശമ്പളം കൂട്ടിക്കൊടുക്കണം. രജിസ്ട്രേഷൻവകുപ്പിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ ആ ആഫീസിൽതന്നെ ഇരുന്നു കയററം കിട്ടാതെ കഴിച്ചുകൂട്ടുന്നു. [illegible] അവർക്കു ശമ്പളം കൂട്ടുന്നു എന്നുപറയുന്നു. ടെക്നിക്കൽ പരീക്ഷ ആവശ്യമില്ലാത്ത വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരെ [illegible] മാററിനിയമിക്കണം. ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ പോലീസിൽനിന്നും വന്നവരാണ്. ഇതുനിമിത്തം കാര്യങ്ങൾക്കൊന്നും കുഴപ്പമില്ലെന്നാണല്ലോ ഗവൺമെന്റും ജനങ്ങളും വിചാരിക്കുന്നതു. അതുപോലെ പോലീസിൽനിന്നു വന്ന ആളാണ് ഇപ്പോൾ പരസ്യസഹായ സംഘാദ്ധ്യക്ഷനായിരിക്കുന്നതു. ഈ വിധത്തിൽ നിയമിച്ചാൽ കയററം കിട്ടുകയില്ലേ? ഒരു വകുപ്പിൽതന്നെ ഒരു ശമ്പളത്തിലിരുന്നു വിഷമിക്കുന്നവരുടെ സങ്കടത്തിനു ഇങ്ങനെ പ്രവർത്തിക്കുമെങ്കിൽ പരിഹാരമുണ്ടാകുന്നതാണ്. ഹജൂർ, എക്സൈസ്, പോലീസ്, കോൺട്രോളറാഫീസ്, ലാൻഡ്റവന്യൂ ഇവയൊക്കെയുള്ള വകുപ്പുകളിലെ അങ്ങോട്ടും ഇങ്ങോട്ടും മാററി ഉദ്യോഗക്കയററം കൊടുക്കുന്നതുകൊണ്ടു യാതൊരു തരക്കേടുമില്ല. മൈസൂർ രാജ്യത്തിൽ ഇങ്ങനെയാണ് നടക്കുന്നതു. ജുഡിഷ്യൽവകുപ്പിൽ നിയമിക്കുന്നതിനു നിയമപരിജ്ഞാനവും രജിസ്ട്രേഷൻവകുപ്പിലുംവേണം. അതിലേക്കു ബി. എ. ബി. എൽ. പാസായവർ ഉണ്ട്. അതുകൊണ്ടു ഒരു ഡിപ്പാർട്ടുമെന്റിലിരുന്നു പ്രമോഷൻ കിട്ടുന്നില്ല എന്നുള്ളവർക്കു മൂന്നുനാലുകൊല്ലംകഴിയുമ്പോൾ മററു ഡിപ്പാർട്ടുമെന്റുകളിൽ മാററി ഉദ്യോഗക്കയററം കൊടുക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുമ്പോൾ ടെക്നിക്കൽ പരീക്ഷ ആവശ്യമുള്ളതായ പി. ഡബ്ലിയു. ഡി. മെഡിക്കൽ മുതലായ ഡിപ്പാർട്ടുമെന്റുകളിൽ അവരെ മാററാൻ സാധിക്കയില്ല. മററുള്ളവയിലാകാം. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെ നടപ്പുണ്ട്. ക്ലാർക്കന്മാർക്കും പ്യൂണിനും മററു ഡിപ്പാർട്ടുമെന്റുകളിൽ കൊടുത്തിട്ടുള്ളതുപോലെയുള്ള ശമ്പളക്കൂട്ടം കൊടുക്കണം. വലിയ ശമ്പളക്കാർക്കു കൂട്ടിക്കൊടുക്കണമെന്നു പറയുന്നതു അവരുടെ ആദായം കുറഞ്ഞുപോകുമെന്നുള്ളതുകൊണ്ടായിരിക്കാം. എന്നാൽ ഇവർക്കു ശമ്പളം കൂട്ടിക്കൊടുക്കാതിരുന്നാൽ വലുതായിട്ടുള്ള ദാരിദ്ര്യത്തിൽ അകപ്പെട്ടു കഷ്ടപ്പെടും. അവർ ഇങ്ങനെ പട്ടങ്ങളും മററും ഏറെപ്പെട്ടിരിക്കുന്ന എങ്കിലും അവരുടെ കുഡുംബം പട്ടിണികിടക്കുന്നതു കാണുമ്പോൾ മററുള്ള സകല സംഗതികളും വിസ്മരിച്ചു അനീതിയായി പണം ആർജ്ജിക്കാം. ഇതുനിമിത്തം ജനങ്ങൾക്കു സങ്കടവും വരും. ഈ പട്ടിണികിടക്കുന്ന ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കണം. മി. രാമൻപിള്ള പറഞ്ഞതുപോലെ രജിസ്ട്രാർക്കു ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ അനുകൂലിക്കുന്നില്ല. ഹജൂർമുതൽ പകുതിവരെയുള്ള സ്വല്പശമ്പളക്കാരുടെ ശമ്പളം പതിനഞ്ചിൽ കുറയാത്ത തോതിലാക്കണം, മറെറങ്ങും കൂട്ടേണ്ട ആവശ്യമില്ല.

മി. എ. ജി. മേനവൻ (പറവൂർ) : ഇതുപോലെയുള്ള ഒരു ഉപക്ഷേപം പാസാക്കുന്നതായും അതുകൊണ്ടു പ്രായോഗികമായ യാതൊരു പ്രയോജനവുമുണ്ടാകുന്നതല്ലെന്നു എനിക്കറിയാം. ഈ സംഗതി ഈ സഭയുടെ ശ്രദ്ധയിൽപെടുത്തണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. അതിനാൽ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

ഉപക്ഷേപം ൨൦൦.

മി. പി. എസ്. മഹമ്മദ (ഗവണ്മെന്റുനിയമിച്ച മെംബർ) : ൧൦-ാം നമ്പർ ഡിമാൻഡിന്റെ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ൧,൩൩,൯൪൩ രൂപയിൽനിന്നു ൧൩ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൧൪.

മി. ടി. സി. കേശവപിള്ള (കരുനാഗപ്പള്ളി-വിളവംകോട്) : സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ആറാംനമ്പർ ഡിമാൻഡിന്റെ കീഴിൽ കൊള്ളിച്ചിട്ടുള്ള ൧,൩൩,൯൩൩ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണം.

ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെപ്പററി ഞാൻ മുൻപു ഒരിക്കൽ കട്ട്മോഷന്റെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുണ്ട്.

അദ്ധ്യക്ഷൻ. മലയാളത്തിൽ പ്രസംഗിക്കുന്നസാമാജികന്മാർ മി. എന്നുപോലുംചേർക്കാതെ മററുള്ളസാമാജികന്മാരുടെ പേരുകൾ പലപ്പോഴും പറയുന്നു.

മി. ടി. സി. കേശവപിള്ള (കരുനാഗപ്പള്ളി-വിളവംകോട്) : അതിലേക്കു ഗവണ്മെന്റു ഭാഗത്തിൽനിന്നു മറുപടി പറഞ്ഞുകാണുന്നില്ല. ആയതുകൊണ്ടു പലകുറി ഈ വിഷയത്തെസംബന്ധിച്ചു ഒന്നുരണ്ടു വാക്കുപറഞ്ഞുകൊള്ളുന്നു. ആധാരമെഴുത്തുകാർക്കു സ്വേച്ഛയായി ഒരു പരീക്ഷവെച്ചു ലൈസൻസു ഏർപ്പെടുത്തണം. സബ്‌രജിസ്ട്രാർ ആഫീസിൽവരുന്ന വലുതായ തുകകളെപ്പററി കണക്കുകാർ മുതലായ താഴ്ന്ന ആളുകളിൽനിന്നു വരുന്ന തുകകളെപ്പററി സബ്‌രജിസ്ട്രാർ വളരെ സൂക്ഷ്മമായി നോക്കണം. ചഹരിപാത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുവരുന്ന ആളുകളുടെ ആധാരങ്ങൾ രജിസ്റ്റർചെയ്യുകൊടുക്കാൻ പാടില്ല. ഈ പ്രകാരമുള്ള നിർദ്ദേശങ്ങളെ ഈ ഡിപ്പാർട്ടുമെന്റിലെ സിൽബന്തികൾ ചുണ്ടിക്കാണിക്കണമെന്നു അഭിപ്രായമുള്ളതുകൊണ്ടു ൧൩,൦൦൦ രൂപയിൽനിന്നു ൫൦൦ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവണ്മെന്റുസിക്രട്ടറി) : ഡിസ്ട്രിക്ട്ആഫീസിൽ പകർപ്പെടുതിവെയ്ക്കുന്നമെന്നു മെമ്പർപറഞ്ഞതു ഡയറക്ടരോടു ആലോചിച്ചു വേണ്ടതുചെയ്യാവുന്നതാണു. മററുള്ള സംഗതികൾ ഇപ്പോഴും സബ്‌രജിസ്ട്രാർകച്ചേരികളിൽ നടക്കുന്നില്ല. ആളുകൾ കള്ളകയ്യൊപ്പുകൊണ്ടുവരുന്നതായിഅവിടെ കാണുന്നില്ല. മെമ്പർ പറഞ്ഞ അഭിപ്രായത്തെ ഡയറക്ടരേയുംഅറിയിക്കാം.

മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റുനിയമിച്ചമെമ്പർ) : സർ,

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവണ്മെന്റുസിക്രട്ടറി) : മി. കേശവപിള്ള അദ്ദേഹത്തിന്റെ ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

അദ്ധ്യക്ഷൻ. ഇല്ല. മി. കേശവപിള്ളേ നിങ്ങളുടെഉപക്ഷേപം നിങ്ങൾ പിൻവലിച്ചിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കരുനാഗപ്പള്ളി-വിളവംകോട്) : സർ, ഇല്ല.

അദ്ധ്യക്ഷൻ. അദ്ദേഹം ഉപക്ഷേപം പിൻവലിച്ചിട്ടില്ല. അദ്ദേഹം എഴുന്നേററഅവസരത്തിൽ മി. മഹമ്മദ സംസാരിക്കുന്നതിനായി നിൽക്കുന്നതുകണ്ടു. അതിൽ അദ്ദേഹം ആസനസ്ഥനാകുകയാണുചെയ്തതു.

മി. പി. എസ്. മഹമ്മദ് (നാമിനേററഡ്) : മി. കേശവപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. മി. കേശവപിള്ള പറഞ്ഞതുമാതിരി ആധാരമെഴുത്തുകാർ നിമിത്തമുണ്ടായിക്കൊണ്ടിരിക്കുന്ന ദുഷ്യങ്ങൾ ഇവിടെ പറയാൻ പാടില്ലാത്തവിധത്തിൽ അത്രമേൽ കഠിനമാണു. ഇന്നു സിവിൽകോടതികളിലെ കേസുകളിൽ വലിയഭാഗവും ഇവർനിമിത്തമുണ്ടാകുന്നതാണു. ഇവരുടെ അറിവില്ലായ്മനിമിത്തം എഴുതീട്ടുള്ള ആധാരങ്ങളുടെ ദുഷ്യത്താൽ ചില കുടുംബങ്ങൾ വ്യവഹാരംചെയ്തു നശിക്കേണ്ടതായി വരുന്നതാണു. ഇന്നു നിയമസംബന്ധമായും മററും പരിചയം കിട്ടീട്ടുള്ളവരും തൊഴിലില്ലായ്മ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുമായ ധാരാളം ആളുകളെ ഇപ്പോൾ കിട്ടാൻ ഇടയുള്ളതുകൊണ്ടു അതിനെ എഴുതുന്നതിനു ഉത്തരവാദിത്വബോധമുള്ളവരും വേണ്ടവിധം അഭ്യസിക്കാത്തിയവരും ശിക്ഷിയുള്ളവരുമായ ആളുകൾമാത്രമേ ആധാരമെഴുതാവൂ എന്നൊരുവ്യവസ്ഥ ഉണ്ടാക്കേണ്ടതു അത്യാവശ്യമാണു. ആദായത്തിനാവശ്യപ്പെടുന്ന ഈ ആളുകളെക്കൊണ്ടു ആധാരമെഴുതിക്കുന്നതുനിമിത്തം ചിലർ ഈ സംഗതി മനസ്സിലാക്കാതെ അനുഭവിക്കുന്ന സങ്കടങ്ങളിൽനിന്നും അവരെ രക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണു. ഈ വിഷയത്തിൽ ഗവണ്മെന്റു ഭാഗത്തിൽനിന്നുശ്രമിക്കാമെന്നു പറഞ്ഞിട്ടുണ്ടു. എന്നാൽ ഇതു ഇങ്ങനെ പറഞ്ഞു കാലതാമസപ്പെടുത്തേണ്ട ഒരു വിഷയമല്ല. അതിനാൽ വേണ്ട പ്രവൃത്തികൾ ഉടൻതന്നെ നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) : ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഈ നാട്ടിലെ യൂറോപ്യൻ കമ്പനിക്കാർ പ്രസിദ്ധന്മാരായ വക്കീലന്മാരെക്കൊണ്ടാണു ആധാരം എഴുതിക്കാറുള്ളതു. അങ്ങനെ പ്രസിദ്ധന്മാരായ വക്കീലന്മാരെഴുതീട്ടുള്ള ആധാരങ്ങളെ സംബന്ധിച്ചും വ്യവഹാരം ഉണ്ടാകുന്നതായി കാണുന്നുണ്ടു. ആ സ്ഥിതിക്കു നമ്മുടെയെഴുത്തുകാർക്കു പരീക്ഷവച്ചതുകൊണ്ടു പ്രയോജനമുണ്ടാകുമെന്നു തോന്നുന്നില്ല. പ്രമാണമെഴുതിക്കൊടുക്കുന്നതിനും ഒപ്പിട്ടുകൊടുക്കുന്നതിനും ഒരാൾക്കു മനസ്സാണെങ്കിൽ അതുനിമിത്തമുള്ള വ്യവഹാരത്തെ തടുപ്പിക്കുന്നതിനു എന്തു പരീക്ഷപാസായിരുന്നാലും പ്രയോജനമുണ്ടാകുന്നതല്ല.

മി. പി. എസ്. മഹമ്മദ് (നോമിനേററഡ്) : യൂറോപ്യൻ കമ്പനിക്കാർ വക്കീലന്മാരെക്കൊണ്ടാധാരമെഴുതിച്ചിട്ടും വ്യവഹാരങ്ങൾ വരുന്ന സ്ഥിതിക്കു അതിനെപ്പററി ഒന്നും പരിചയം ഇല്ലാത്ത ആളുകളെഴുതിയിരുന്നാൽ എത്രമാത്രം വ്യവഹാരം ഉണ്ടാകുകയില്ലേ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട), പരിചയം ഇല്ലാത്തതുകൊണ്ടല്ല ആധാരങ്ങൾ നിമിത്തം വ്യവഹാരങ്ങൾ ഉണ്ടാകുന്നതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): യൂറോപ്യന്മാർ നിമിത്തം പലർക്കും ഈ വ്യവഹാരം ഉണ്ടായിട്ടില്ലെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കേസ്സാകാതിരിക്കുന്നതു് ആധാരത്തിന്റെ ന്യായമനുസരിച്ചാണ്.

അതിനാൽ ഇപ്രകാരമൊരു പരീക്ഷവച്ചു സാധുക്കളായ ഈ എഴുത്തുകാരെ ചുററിക്കണമെന്നു പറയുന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): മലയാളത്തിൽ ആധാരമെഴുതി രജിസ്റ്റരാക്കുന്ന വിഷയത്തിൽ ചെന്നുവരുന്ന വാചകത്തിന്റെ ദൂഷ്യംകൊണ്ടു് യാതൊരു ദോഷം കേട്ടിട്ടില്ല. ആധാരമെഴുതിക്കൊടുക്കുന്നതിനു അവകാശവും അധികാരവുമുള്ള ആളാണോ എഴുതിക്കൊടുക്കുന്നതെന്നും പണം വാങ്ങിക്കുന്നതിൽ തക്കതായ പ്രതിഫലമുണ്ടോ എന്നും ആ തറവാട്ടിനു ഉപയോഗയോഗ്യമായിട്ടു വന്നിട്ടുണ്ടോ എന്നും മററുമുള്ള സംഗതികളുടെ വിചിന്തനത്തിലാണു വ്യവഹാരസംഗതി കിടക്കുന്നതു. ഇതിനെ എത്രവിദഗ്ദ്ധനായ വക്കീലിനെക്കൊണ്ടുവച്ചു ആധാരം എഴുതിച്ചാലും ഈ ദോഷങ്ങളെ ആലോചിച്ചില്ലാ എങ്കിൽ ആ ദൂഷ്യം പരിഹരിക്കുവാൻ നിവൃത്തിയില്ല. നല്ല കൈയക്ഷരത്തിലും നല്ലവാചകത്തിലും എഴുതാൻ അറിയാവുന്നവരായിരിക്കണം ആധാരമെഴുത്തുകാർ. യൂറോപ്യന്മാരെപ്പോലെയുള്ള വിഷമം മലയാളമെഴുതുന്നതിനു വന്നിട്ടില്ല. അതുകൊണ്ടു ആധാരമെഴുത്തുകാരായ സാധുക്കൾക്കു പരീക്ഷവേണം എന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തിൽ യോജിക്കാൻ എനിക്കു നിവൃത്തിയില്ല. യൂറോപ്യന്മാർ പത്തും ഇരുപതും ലക്ഷം രൂപാ ബാങ്കുകളിൽ അടച്ചു തങ്ങളുടെനാട്ടിൽ ചെന്ന മാതാസ്ഥാപനങ്ങൾക്കുവേണ്ടി ആധാരം ജനിപ്പിക്കുന്നതിൽ ൨൦,൦൦൦-വും ൩൦,൦൦൦-വും രൂപാ പ്രതിഫലം കൊടുക്കുന്ന പതിവുണ്ടു്. എന്നാൽ നമ്മുടെ ആളുകൾക്കു അഞ്ചുസെൻറുമുതൽ മൂന്നുരൂപായ്ക്കോ ഒററിയോ അഞ്ചുരൂപായ്ക്കു പണയത്തിനോ എട്ടുരൂപായ്ക്കു തീറിനോ കൊടുക്കാറേയുള്ളു. ഇതുതന്നെയും ഈ സാധുക്കൾ പലതിന്റെയും വിദഗ്ദ്ധന്മാരുടേയും അടുത്തുചെന്നു ആലോചിച്ചശേഷമാണു് ആധാരമെഴുതുന്നതു. ഇതിനെസംബന്ധിച്ചു അനുകമ്പാപൂർവമായ ഒരാലോചന ഗവൺമെന്റിനു ഉണ്ടാകുന്നപക്ഷം ഈ എഴുത്തുകാർക്കു വിശേഷാൽ യോഗ്യതയുണ്ടാക്കി തിരുവിതാംകൂറിലെ സാധുജനങ്ങളെ കഷ്ടപ്പെടുത്തുന്നതിനുള്ള ഒരുമാർഗ്ഗം കണ്ടുപിടിക്കുന്നതിനു സംഗതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ മിസ്റ്റർ മഹമ്മദിന്റെ അഭിപ്രായത്തെ എതിർക്കുന്നു.

മി. എ. ജി. മേനോൻ (പറവൂർ): സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർത്തുകൊള്ളുന്നു. അതിനുള്ള കാരണം താഴെപറയുന്നു. രജിസ്ട്രേഷൻ ആഫീസിലെ മേലധികാരികളുടെ അന്യായമായപ്രവൃത്തികളുടെഫലമായി രജിസ്ട്രേഷൻ ആഫീസിൽനിന്നു് ജോലിയില്ലാതെ പുറത്തുതള്ളപ്പെട്ട ആളുകളാണു് പലസ്ഥലങ്ങളിലും ആധാരമെഴുതിവരുന്നതു്. ഒരു പരീക്ഷ ഏർപ്പെടുത്തുകയും അനവധി ആളുകൾ ആ പരീക്ഷ പാസാകുകയും ചെയ്തിട്ടുണ്ടെങ്കിലും പാസായിട്ടുള്ളവർക്കു ഏതെങ്കിലും ഉദ്യോഗങ്ങൾ നല്കുന്നതിനുമുമ്പു മറെറാരു പരീക്ഷ ഏർപ്പെടുത്തിവരുന്നു. അപ്രകാരം രണ്ടുപരീക്ഷകൾ ഏർപ്പെടുത്തിയതിന്റെഫലമായി രജിസ്ട്രേഷൻടെസ്റ്റ് പരീക്ഷപാസായിട്ടുള്ള അനവധി ആളുകൾ ഇപ്പോഴുണ്ടായിരിക്കുന്നു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഇവർക്കു ഉദ്യോഗങ്ങൾ നല്കുന്നതാണെന്നു് അവരോടു ഗവൺമെൻറു മിക്കവാറും ഖണ്ഡിച്ചു പറഞ്ഞിട്ടുംഉണ്ടു്. തുടർച്ചയായിട്ടല്ലാതെ രണ്ടും മൂന്നും മാസങ്ങളിടവിട്ടു ഏഴു് എട്ടുകൊല്ലത്തേക്കു പകരം ജോലിനോക്കിയതിനു ശേഷവും ഇവരിലധികംപേരെയും ജോലിയിൽനിന്നു പുറത്തുതള്ളുവരുന്നു. അപ്രകാരം ചെയ്യരുതെന്നുള്ള ഗവൺമെൻറിന്റെ ഉത്തരവുകൾ ഉണ്ടെങ്കിലും ഇവരിലധികംപേരും ആധാരമെഴുത്തുജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പ്രമാണങ്ങളിലുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിനു ഈ രാജ്യത്തുള്ള ജനങ്ങൾക്കു വേണ്ടിടത്തോളം ബുദ്ധിയുണ്ടു. പ്രമാണങ്ങളെ സംബന്ധിച്ചുള്ള കക്ഷികളുടെ അറിവുകൂടാതെ കേസിനു കാരണമാകുന്ന ഏതെങ്കിലും സംഗതി പ്രമാണത്തിലുൾപ്പെടുത്തുന്നതിനു എളുപ്പമല്ലാ.

ഈ അവസരത്തിൽ ഏഴും എട്ടും കൊല്ലത്തേക്കു പകരം ജോലി നോക്കിയതിനുശേഷം ജോലിയില്ലാതിരിക്കുന്ന ആളുകൾക്കുവേണ്ടി ഞാൻ അനുകൂലമായി വാദിച്ചു കൊള്ളുന്നു. ഈ കൊല്ലം ധനുമാസത്തിൽ ഞാനൊരു പ്രശ്നാവലി അയക്കുകയുണ്ടായി. എന്നാൽ അതിനു യാതൊരു മറുപടിയും ലഭിച്ചിട്ടില്ലാ. പ്രസ്തുതചോദ്യങ്ങൾ ഈ സഭയിൽ ഞാൻ ആവർത്തിച്ചുചോദിച്ചു. എന്നാൽ ഇതേവരെ അവയ്ക്കു യാതൊരുമറുപടിയും ലഭിച്ചിട്ടില്ല. അതിനുള്ളകാരണം നിയമശാലയിലുള്ള കാര്യക്ഷമതയുടെ കുറവോ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥയോ ആയിരിക്കണം, അല്ലാത്തപക്ഷം ഈ ചോദ്യങ്ങൾക്കു മറുപടി ലഭിക്കുമായിരുന്നു. മിക്കവാറും യാതൊരു ജോലിയും ലഭിക്കാത്ത അനവധി ആളുകളുണ്ടു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഇത്രയും ആളുകൾ പരീക്ഷജയിച്ചിട്ടുള്ളവർ ആണോ?

മി. എ. ജി. മേനോൻ (പറവൂർ): എല്ലാം പരീക്ഷയിൽ ജയിച്ചിട്ടുണ്ടു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): അപ്രകാരമുള്ളവരെ നിയമിക്കുന്നതുകൊണ്ടു വല്ലവിരോധവുമുണ്ടോ?

മി. എ. ജി. മേനോൻ (പറവൂർ): ഇല്ല. അവർ രജിസ്ട്രേഷൻ ടെസ്റ്റ് പാസ്സായിട്ടുണ്ടു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): അപ്രകാരമുള്ള ആളുകൾക്കു ആധാരമെഴുത്തുവേലയ്ക്കു ലൈസൻസു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

മി. എ. ജി. മേനോൻ (പറവൂർ): അങ്ങനെ ഉള്ളവർക്കു ലൈസൻസു കൊടുത്തിട്ടാവശ്യമില്ലാ.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഇന്നു എഴുതുന്നവരിൽ പരിചയമുള്ളവർക്കു ലൈസൻസു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

മി. എ. ജി. മേനോൻ: (പറവൂർ): എനിക്കു ഒരുകാര്യംകൂടി ഉൽബോധിപ്പിക്കുവാനുണ്ടു. രജിസ്ട്രേഷൻ ടെസ്റ്റ് പാസ്സായിട്ടുള്ളവരും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം ലഭിക്കുന്നതിനു ബാധകമായ യാതൊരു ഗവൺമെൻറുത്തരവും തങ്ങളെസംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ലാത്തവരും മൂന്നുകൊല്ലം മുതൽ വ്യ-

കെട്ടുന്നതു ഉപകരം ജോലിക്കാക്കിയിട്ടുള്ളവരും അതിനുശേഷം ജോലിയിൽനിന്നു പുറത്താക്കിയവരും ഇപ്പോഴുണ്ടു. ഇവരാരും ഏതുമാതിരിയിലും ഉത്സാഹിക്കുമ്പോഴുതായി ആളുകളെ ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിലേക്കു ഞാൻ പറഞ്ഞപ്രകാരം ഡിപ്പാർട്ടുമെന്റിൽനിയമിക്കേണ്ടതാണു. ഈ കാര്യത്തിൽ ഗവൺമെന്റു ശ്രദ്ധപതിപ്പിച്ചു പ്രവർത്തിക്കണം. ഉദ്യോഗത്തിൽനിന്നും പുറത്തയക്കപ്പെടുന്ന ഈ ആളുകൾക്കിക്കാലം സമുദായ [illegible] ഉപദ്രവത്തിനു കാരണമായിത്തീർന്നിരിക്കുന്നു. അവരെക്കൊണ്ടു പ്രയോജനമു [illegible] ഒരുകൊല്ലത്തിലേക്കു ഒന്നാം മാസം പകരത്തിനു ജോലിനോക്കുകയും അപ്രകാരം ഏട്ടോ ഒ [illegible] ജോലിചെയ്തിരിക്കുകയും ചെയ്തശേഷം സമുദായത്തെയും അവരുടെ കുടുംബത്തെയും [illegible] അവരെക്കൊണ്ടു യാതൊരുപ്രയോജനവുമുണ്ടാകുന്നില്ല. അവരെല്ലാവരും പ്രധാന [illegible] വിശ്വാസമുള്ള അല്പം ചിലർമാത്രമേ ഈ ജോലിയു [illegible] ഒരു [illegible] മാസത്തിൽ ൩൦ രൂപയോ ൪൦ രൂപയോ കിട്ടുന്നതാണു. [illegible] രജിസ്ത്രേഷൻ ഡിപ്പാർട്ടുമെന്റിലുള്ള ആഫീസിലെ ഒരുഗുമസ്താ പണിയോടു താരതമ്യപ്പെടുത്തിനോക്കുന്ന [illegible] ആധാരമെഴുത്തുകാരന്റെ തൊഴിലിനു വളരെ വലുതായ വിലകല്പിച്ചിട്ടില്ല. തങ്ങൾക്കുകിട്ടുന്നപ്രതിഫലത്തിനു [illegible] ഉപയുക്തമായ വരവിനുള്ള മാർഗ്ഗത്തിന്റെ സ്വഭാവമാണു ഗവൺമെന്റു ഉദ്യോഗം ലഭിക്കുന്നതിൽ താൽപര്യം ജനിക്കാൻ കാരണമാകുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വലുതായ ഒരുപരീക്ഷവെയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. എന്റെ അഭിപ്രായത്തെ ഇവിടെ തെറ്റിദ്ധരിച്ചുവെന്നു തോന്നുന്നു. സ്റ്റാമ്പുചട്ടംമുതലായ സംഗതികൾ പ്രത്യേകിച്ചു രജിസ്ത്രേഷൻ റഗുലേഷനും ഇവർനല്ലതുപോലെ വായിച്ചിരിക്കേണ്ടതാണു. ഇപ്പോൾ രജിസ്ത്രേഷൻ ഡിപ്പാർട്ടുമെന്റിൽ വച്ചിരിക്കുന്ന എൻട്രൻസുപരീക്ഷപോലെ ഈ സംഗതിയിലും കൂടി പരിജ്ഞാനമുള്ള ആളുകൾക്കു ഒരു ലൈസൻസു കൊടുക്കണമെന്നാണു പറഞ്ഞതു. ഇപ്പോൾ സബ് രജിസ്ത്രാർ കച്ചേരിയോടുചേർന്നു ൫-ം ൬-ം എഴുത്തോഫീസു കാണുന്നുണ്ടു. ഇവർ അവിടെ ഇരുന്നു പൊതുജനങ്ങൾക്കു [illegible] വിധത്തിൽ പലതും പ്രവർത്തിക്കുന്നതായി അറിയാം. ഇതിനു ഒരു സമാധാനമുണ്ടാകുന്നതിനു വേണ്ടിയാണു ഒരു ലൈസൻസു വേണമെന്നു പറഞ്ഞതു. ഇതിൽ ഉത്തമവിശ്വാസമായി പ്രവർത്തിക്കുന്നവരുകൊണ്ടും, ഇങ്ങനെ ഒരു പരീക്ഷവെച്ചിരുന്നാൽ പൊതുജനങ്ങൾക്കു ഉപദ്രവമുണ്ടാകയില്ല. മലയിലും മറ്റും നിന്നു വരുന്ന സാധുക്കളിൽനിന്നും ഈ കൂട്ടർ പത്തുതിരുന്നും മറ്റും പറഞ്ഞു ൧൦ രൂപായും മറ്റും വാങ്ങിക്കുന്നുണ്ടു. വാസ്തവത്തിൽ അതിനു ൧ രൂപ മതിയായിരിക്കും. അതുപോലെ ചിലസാധുക്കളോടു പാട്ടമാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചു വില എഴുതിമേടിക്കുന്നു. ഇങ്ങനെ പലതരത്തിൽ മോശമാണു.

മി. ആർ. രാമൻപിള്ള (കോട്ടയം): പാട്ടമാണെന്നു പറഞ്ഞു വില എഴുതിക്കുന്നതിൽ—

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതുമാത്രമല്ല, ആധാരങ്ങളിൽ അനാവശ്യമായ വ്യവസ്ഥവെച്ചു കക്ഷികളെ ഉപദ്രവിക്കുന്നു. അതുകൊണ്ടു ഇതിന്റെ പരിഹാരത്തിനായി ഇവർക്കു ലൈസൻസു ഗവൺമെന്റിന്റെയോ പൊതുജനപ്രതിനിധികളുടേയോ അല്ലെങ്കിൽ ഉത്തരവാദിത്വമുള്ള വക്കീലന്മാരുടേയോ മേൽനോട്ടത്തിൽ കൊടുത്താൽമതി. ഇതു അവരെ അടിമയാക്കിവെച്ചു കൊണ്ടിരിക്കുന്നമെന്നുള്ള ഉദ്ദേശമല്ല. അതുകൊണ്ടു ഈ കാര്യത്തിൽ ഗവൺമെന്റു ഗാഢമായി ആലോചിക്കണമെന്നു അപേക്ഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽനിന്നും വന്നിട്ടുള്ള മഹമ്മദീയരുടെ-പഴയകാലത്തു രാജകൊട്ടാരത്തോടും ചേർന്നിട്ടുണ്ടായിരുന്ന മഹമ്മദീയ സമുദായത്തിന്റെ-പ്രാതിനിധ്യാവകാശത്തെക്കുറിച്ചുകൂടെ ഗണിക്കാമെന്നു പറഞ്ഞതുകൊണ്ടു എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: രജിസ്ത്രേഷൻവകയ്ക്കു ൩,൩൯,൭൪൮ രൂപയ്ക്കുള്ള ആറാംനമ്പർ ഡിമാൻഡു സഭയുടെ വോട്ടിനായി ഞാൻ ഇപ്പോൾ അവതരിപ്പിച്ചുകൊള്ളുന്നു.

ഗ്രാന്റു അനുവദിക്കപ്പെട്ടു.

അടുത്തദിവസം ൧൧-൩-൦ മണിക്കുവീണ്ടും കൂടുന്നതിനു സഭ വൈകുന്നേരം ൪-൫ മണിക്കു പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസിക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭാ.

മൂന്നാമത്തെയോഗം.

൧൧൦൮-ലെ രണ്ടാമത്തെ സെഷൻ.

(ഔദ്യോഗികറിപ്പോർട്ടു)

൧൯൩൩ ആഗസ്റ്റ് ൧൫-ാംതീയതിക്കു ൧൧൦൮ കർക്കടകം ൩൧-ാംതീയതി ചൊവ്വാഴ്ച.

പ്രസിഡന്റിന്റെ അഗ്രാസനാധിപത്യത്തിൻകീഴിൽ സഭ വിക്ടോറിയാ ജൂബിലിടൌൺഹാളിൽ വച്ചു മണി ൧൧ അടിച്ചു ൩൭ മിനിട്ടായപ്പോൾ ആരംഭിച്ചു.

എല്ലാ സാമാജികന്മാരും സഭയിൽ ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

കുടിവില അടച്ചുതീർക്കുക.

൧൧൯. മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒരു പട്ടികരൂപത്തിൽ മേശമേൽ വയ്ക്കുന്നതിനു ഗവൺമെന്റിനു ദയവുണ്ടാമോ?

(എ) ൧൧൦൮ മീനം ൧-ാം തീയതിവരെ അടച്ചുതീർക്കാതെ കുടിശ്ശികയായി കിടക്കുന്ന രാജകീയ വൃക്ഷങ്ങളെ സംബന്ധിച്ചുള്ള കുടിവിലയുടെ തുക;

(ബി) ൧൧൦൭ കർക്കടകം ൩൧-ാം തീയതിക്കുമുൻപു വെട്ടിയിട്ടുള്ള രാജകീയവൃക്ഷങ്ങളെ സംബന്ധിച്ചു ഇപ്പോഴും (൨൪-൯-൧൧൦൮) കുടിശ്ശികയായി കിടക്കുന്ന കുടിവിലയുടെ തുക;

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെന്റുസെക്രട്ടറി): (എ) യും (ബി) യും; മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള പട്ടിക വളരെ കൃത്യമായി തയ്യാറാക്കുന്നതിനു നിവൃത്തിയില്ലാതിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ജനങ്ങൾ ബോധിപ്പിച്ചിട്ടുള്ള അവകാശങ്ങൾ കക്ഷികൾ സ്ഥാപിച്ചിട്ടില്ല. ആവശ്യമുള്ള തെളിവുകളോടുകൂടി ബോധിപ്പിച്ചിട്ടുള്ള എല്ലാഅവകാശങ്ങളേയും പറ്റി വിവരമായി അന്വേഷണം നടത്തി നിർണ്ണയിക്കേണ്ടിയിരിക്കുന്നു, അല്ലാത്തപക്ഷം കൊടുക്കേണ്ടതുക എത്രയാണെന്നുള്ളതു കൃത്യമായിപറയുന്നതിനു സാധിക്കയില്ല. അടുത്തകാലത്തു കുടിവക പലപുരയിടങ്ങളിൽനിന്നും തടികൾ വെട്ടിയിട്ടുണ്ട്. ഉദ്ദേശമായികണക്കു കൂട്ടുന്നപക്ഷം (എ) ചോദ്യമനുസരിച്ചു ൧൧൦൮- മീനം ഒന്നാംതീയതിവരെ കുടിശ്ശികയായി കിടക്കുന്ന കുടിവില തുക. ൨൦,൦൦൦൦ രൂപയാണെന്നും (ബി) ചോദ്യപ്രകാരമുള്ള തുക ഏകദേശം ൧൦൦,൦൦൦ രൂപയാണെന്നും ഗണിക്കാവുന്നതാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): പാർട്ട ഏ-യും ബി-യും, പാർട്ട ഏയിൽ ഉദ്ദേശം ൨ ലക്ഷം രൂപയും പാർട്ട ബീയിൽ ഉദ്ദേശം ൧ ലക്ഷംരൂപായും ഉണ്ടെന്നു പറയുന്നു. ഈ തുകക്ലെയിംസ്സ്ഥാപിച്ചതിനു മാത്രമാണോ അതല്ല ക്ലെയിംസ് സ്ഥാപിക്കാത്തതും കൂടി ഉൾപ്പെടുത്തീട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെന്റുസെക്രട്ടറി): ഇതു ഒരു ഉദ്ദേശമായിട്ടു കൂട്ടിരിക്കയാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവുംവ്യവസായവുംവടക്ക): ക്ലെയിംസുസ്ഥാപിച്ചിട്ടുള്ളതും സ്ഥാപിച്ചിട്ടില്ലാത്തതും കൂടി ഉൾപ്പെടുത്തീട്ടാണോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെന്റുസെക്രട്ടറി): എല്ലാംകൂടി ഉൾപ്പെടുത്തീട്ടു ഒരു ഉദ്ദേശമായിട്ടിരിക്കയാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ക്ലിപ്തമായ സംഖ്യ എത്രയാണെന്നു പറയാതിരിക്കുന്നതിനുള്ള കാരണമെന്ത്?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെന്റുസെക്രട്ടറി): മുകളിൽ പറഞ്ഞിട്ടുള്ളതു തന്നെ കാരണം.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ക്ലെയിംസു ചോദിക്കുന്ന സംഗതിയെ കുറിച്ചു ഞാൻ ചോദ്യത്തിൽ ചോദിച്ചിട്ടില്ല.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെന്റുസെക്രട്ടറി): എന്തുകൊണ്ടു തീർച്ചയായ ഒരു മറുപടിപറയാൻ സാധിക്കാതെ പോയി എന്നുള്ളതിനെ കൂടികാണിക്കാനാണ് അതു പറഞ്ഞതു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): കുടിവില എത്ര കൊടുക്കാനുണ്ടെന്നാണു ചോദ്യം?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെന്റുസെക്രട്ടറി): ഉദ്ദേശം മൂന്നുലക്ഷം രൂപാ വരുമെന്നു അതിനു മറുപടിപറഞ്ഞിട്ടുണ്ട്.

അദ്ധ്യക്ഷൻ: തുക എത്രയാണെന്നുള്ളതു പറഞ്ഞിട്ടുണ്ടല്ലോ.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): സർ, ആ വിവരം അറിയുന്നതിനു ഞാൻ ആവശ്യപ്പെട്ടില്ല.

അദ്ധ്യക്ഷൻ: ആവശ്യപ്പെട്ടിട്ടുള്ളതിൽ കൂടുതൽ വിവരമാണല്ലോ നൽകിയിട്ടുള്ളതു.

പൊതുജനാരോഗ്യപദ്ധതി.

൧൨൦. മി. എ. സി. കയ്യാലക്കോസ (മീനച്ചലും-ദേവികുളവും): റാക്ക്ഫെല്ലർ സ്ഥാപനം സംബന്ധിച്ചുള്ള പൊതുജനാരോഗ്യപദ്ധതി ഈ രാജ്യത്തു നടപ്പിൽ വരുത്തുന്നതിനു എത്രകാലം വേണ്ടിവരുമെന്നുള്ളതു ഗവൺമെന്റു ദയവുചെയ്തു പറയുമോ?

P. G. T. 2282. 150. 26 4-1108.

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): പുതിയ പൊതുജനാരോഗ്യ പദ്ധതിയെ സംബന്ധിച്ച നിർവഹിക്കേണ്ട വകയിൽ ഏതാനും പ്രവൃത്തികൾ ഇപ്പോൾ ചെയ്തുവരുന്നുണ്ടു. ഈ ജോലികൾ തുടർന്നു നടത്തുകയും അവയുടെ വ്യാപ്തി വർദ്ധിപ്പിക്കയും ചെയ്യുന്നതിനു ൧൧൦൯-ലെ ബഡ്ജററിൽ പണം കൊള്ളിച്ചിട്ടുണ്ടു.

കൊല്ലവർഷം ൧൧൦൦ മുതൽ ൧൧൦൮ വരെ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്കന്മാരുടെ പട്ടിക.

൧൨൧. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൦൦ മുതൽ ൧൧൦൮ വരെ കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ അഞ്ചൽഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം—

(എ) അഞ്ചൽ ടെസ്റ്റ് പരീക്ഷ ജയിക്കാത്തവരുടേയും;

(ബി) അഞ്ചൽ ടെസ്റ്റ് പരീക്ഷ ജയിച്ചവരുടെയും;

വർഗ്ഗം തിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): പരീക്ഷ ജയിച്ചിട്ടില്ലാത്തവരേയും അതു ജയിച്ചിട്ടുള്ളവരേയും സംബന്ധിച്ച മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വർഗ്ഗം തിരിച്ചു കാണിക്കുന്ന ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

സി. ഐ. ഡി. ഇൻസ്പെക്ടർമാരെ കൂടുതലായി നിയമിച്ചതു്.

൧൨൨. മി: ആർ. രാമൻപിള്ള (കോട്ടയം): കൂടുതലായി എത്ര സി. ഐ. ഡി. ഇൻസ്പെക്ടർമാരെ പുതുതായി നിയമിക്കപ്പെട്ടിട്ടുണ്ടെന്നും അവരെ അപ്രകാരം നിയമിക്കപ്പെടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും ഗവണ്മെൻറു ദയവുചെയ്തു പറയുമോ?

മി: ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെൻറ സെക്രട്ടറി): ക്രിമിനൽ ഇൻറലിജൻസ് ഡിപ്പാർട്ടുമെൻറിലേക്കു കൂടുതലായി യാതൊരു ഇൻസ്പെക്ടരേയും പുതുതായി നിയമിച്ചിട്ടില്ല. എന്നാൽ ഇൻസ്പെക്ടർമാരായ മെസ്സേഴ്സ്. എൻ. ചന്ദ്രശേഖരൻ നായരേയും ടി. എ. ശങ്കരപ്പിള്ളയേയും അവരുടെ സ്റ്റേഷനുകളുടെ ചാർജ്ജിൽ നിന്നു വിടുർത്തുകയും, ൧൧൦൮ ഇടവം ൧൭-ാം തിയതിമുതൽ ഈ ശാഖയിൽ തൽക്കാലത്തേക്കു ജോലിക്കു നിയമിക്കുകയും ചെയ്തു. ഈ ഡിപ്പാർട്ടുമെൻറിലേക്കുള്ള ജോലിക്കൂടുതലിനെ പരിഹരിക്കേണ്ടതിലേക്കായിട്ടാണു അവരെ ഇപ്രകാരം നിയമിച്ചിട്ടുള്ളതു. ൧൧൦൯ മിഥുനം ൨൦-ാം തിയതി മിസ്റ്റർ ചന്ദ്രശേഖരൻനായരെ അദ്ദേഹത്തിൻെറ സാധാരണ ജോലിയെ ഏറെറടുക്കുന്നതിനു പിരിച്ചു വിടപ്പെട്ടു.

ആലപ്പുഴ കല്ലുവടത്തോട്ടിൻെറ സംരക്ഷണം.

൧൨൩. മി: പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): താഴെ പറയുന്ന വിവരങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) ചുങ്കത്തുനിന്നും പടിഞ്ഞാറെ അററംവരെ ഉള്ള ആലപ്പുഴകല്ലുവടത്തോടിൻെറ നീളം എത്ര?

(ബി) സിമൻറുവേലകൾ കൊണ്ടു നന്നാക്കിട്ടുള്ള ഈ തോട്ടിൻെറ ഭാഗത്തിൻെറ നീളമെത്ര?

(സി) സിമൻറുവേലകൾ പൂർത്തിയാകാതെ കിടക്കുന്ന തോട്ടിൻെറ ഭാഗത്തെ സംബന്ധിച്ചിടത്തോളം കൊല്ലംതോറും ഉള്ള സംരക്ഷണച്ചിലവിലേക്കു വേണ്ടിവരുന്ന തുക എത്ര?

(ഡി) സിമൻറുപണികൾ ചെയ്തിട്ടുള്ള തോട്ടിൻെറ ഭാഗത്തെ സംബന്ധിച്ചിടത്തോളം, കൊല്ലംതോറും വേണ്ടിവരുന്ന സംരക്ഷണച്ചിലവിൻെറ തുക എത്ര.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) ചുങ്കംമുതൽ പടിഞ്ഞാറെ അററംവരെ ഉള്ള ആലപ്പുഴകല്ലുവടത്തോടിൻെറ നീളം ൨ മൈലും ൧൩൨൦ ആർ അടിയും ആകുന്നു.

(ബി) ഒരു മൈലും, ൧,൩൩൩ ആർ. അടിയും നീളത്തിൽ സിമൻറുപണികൾ ചെയ്തിട്ടുണ്ടു. ഇതിൽ മൂന്നാമത്തെ ഭാഗത്തിൽ ഉള്ള ഏററവും പടിഞ്ഞാറെ അഗ്രത്തെസംബന്ധിച്ചിടത്തോളം, ൩൫൦ അര. അടി നീളമുള്ള അതിൻെറ തെക്കേക്കര നന്നാക്കപ്പെട്ടിട്ടില്ല.

(സി) യും (ഡി) യും; തോട്ടിൻെറ നന്നാക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളും അപ്രകാരം ചെയ്തിട്ടില്ലാത്ത മററു ഭാഗങ്ങളും കൊല്ലംതോറും സംരക്ഷിക്കുന്നതിനു പണം പ്രത്യേകം പ്രത്യേകമായി കൊടുക്കുന്നില്ല. തോട്ടിൻെറഗതിയിൽ ഉൾപ്പെട്ട എല്ലാഭാഗങ്ങളുടേയും സംരക്ഷണം നടത്തുന്നതിനു അനുവദിച്ചിട്ടുള്ള തുക ൭ രൂപയാകുന്നു.

മി: പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): പാർട്ട് സി. ഈ തോട്ടിൽ സിമൻറു ചെയ്തിട്ടുള്ള ഭാഗത്തെക്കാൾ സിമൻറു ചെയ്തിട്ടില്ലാത്ത ഭാഗങ്ങൾക്കു കൂടുതൽ ചിലവാകുന്നുണ്ടെന്നു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): അറിഞ്ഞുകൂടാ.

സി. ഐ. ഡി. യിലേക്കു തമിഴു ചുരുക്കെഴുത്തു റിപ്പോർട്ടർ

൧൨൪. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) തിരുവിതാംകൂറിലെ ക്രിമിനൽ ഇൻറലിജൻസ് ഡിപ്പാർട്ടുമെൻറിലേക്കു ഏതെങ്കിലും തമിഴു ചുരുക്കെഴുത്തു റിപ്പോർട്ടർമാരെ നിയമിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി പ്രതികൂലഭാവത്തിലാണെങ്കിൽ, തമിഴുഡിസ്ട്രിക്ടിൽ നടത്തുന്ന രാഷ്ട്രീയയോഗങ്ങളുടെ നടപടികളെ സംബന്ധിച്ചു അതു റിപ്പോർട്ടുചെയ്യുന്നതു ഏതു പ്രകാരമാണു്.

മി: ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവണ്മെൻറ സെക്രട്ടറി): കൊല്ലവർഷം ൧൧൦൮ അവസാനംവരെ ഒരു താൽക്കാലിക തമിഴുചുരുക്കെഴുത്തുറിപ്പോർട്ടരെ പോലീസ്ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടു.

(ബി) (എ) ഭാഗം ചോദ്യത്തിനു നൽകിട്ടുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം, ഈ ചോദ്യത്തിനു അവകാശം ഉണ്ടായിരിക്കുന്നില്ല.

തിരുവനന്തപുരം ജലസംഭരണപദ്ധതി.

൧൨൭. മി: ഡി. സി ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്ന ചോദ്യങ്ങൾക്കു മറുപടിപറയുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) തിരുവനന്തപുരം ജലസംഭരണപദ്ധതിപ്രകാരം ഇപ്പോൾ കണക്കാക്കപ്പെട്ടിട്ടുള്ളതനുസരിച്ചു ൫൦൦൦ ഗ്യാലൻ ജലം നൽകുന്നതിനു എത്ര രൂപാ ചിലവു വരുമെന്നാണു വിചാരിക്കുന്നതു.

(ബി) ഈ പദ്ധതിയെസംബന്ധിച്ചു അവസാന അടങ്കൽ ഏതെങ്കിലും വിദഗ്ദ്ധനെ കൊണ്ടു പരിശോധിപ്പിച്ചു റിപ്പോർട്ടു ചെയ്യിച്ചിട്ടുണ്ടോ?

(സി) ഈ പദ്ധതിയെ മേൽപ്പെടുത്തുകയും അതിനെ ചിലവു കുറവുള്ള ഒന്നാക്കുകയും ചെയ്യുന്നതിനുള്ള ഏതെങ്കിലും മാർഗ്ഗത്തെപ്പറ്റി ഗവൺമെൻറു ആലോചിച്ചിട്ടുണ്ടോ?

(ഡി) ഈ പദ്ധതിയെ സംബന്ധിച്ചു നേരിടുന്ന ആവർത്തനചിലവുകൾക്കു വേണ്ടി ഈ സംസ്ഥാനത്തെ സാമാന്യമുതലെടുപ്പു വിനിയോഗിക്കേണ്ടിവരുമോ എന്നും, അപ്രകാരം വേണ്ടിവരുന്നപക്ഷം, എത്ര കൊല്ലം അങ്ങനെ വിനിയോഗിക്കേണ്ടിവരുമെന്നും പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): തിരുവനന്തപുരം ജലസംഭരണപദ്ധതി അനുസരിച്ചു ൫൦൦൦ ഗ്യാലൻ ജലം നൽകുന്നതിനുള്ള ചിലവിനെപ്പറ്റി ഇപ്പോൾ തിരുമാനിക്കപ്പെട്ടിട്ടില്ല. അതിനാൽ ഈ വിഷയത്തിൽ ഇപ്പോൾ ഒരു മറുപടി നൽകുന്നതിനു നിവൃത്തിയില്ല.

(ബി) മി. ജെ. ഡബ്ള്യു മാഡ്ലി തിരുവനന്തപുരം സന്ദർശിക്കുകയും ആദ്യത്തെ പദ്ധതിയെപറ്റി കൂലംകഷമായി പരിശോധിക്കുകയും ചെയ്തു; ഈ വിദഗ്ദ്ധൻെറ ഉപദേശങ്ങൾ അനുസരിച്ചാണ് അവസാനത്തെ അടങ്കൽ തയ്യാറാക്കപ്പെട്ടിട്ടുള്ളതു് ഇതിനും പുറമെ ചീഫ് ഇൻജിനീയറായ മി. എം. വൈപ്പൻെറ ഉപദേശങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചാണ് അവസാന അടങ്കൽ തയ്യാറാക്കപ്പെട്ടതു്. ബ്രിട്ടീഷ് ഇന്ത്യയിലെ ജലസംഭരണവും ജലസേചനവും പദ്ധതികളെപ്പറ്റി ചീഫ് ഇൻജിനീയർക്കു പരിചയം സിദ്ധിച്ചിട്ടുണ്ട്, അതിനാൽ അവസാന അടങ്കലിനെ സംബന്ധിച്ചു ഈ സംസ്ഥാനത്തിനു പുറത്തുള്ള ഒരു വിദഗ്ദ്ധനുമായി ആലോചിക്കേണ്ട ആവശ്യമുണ്ടെന്ന് കാണപ്പെട്ടില്ല.

(സി) കാര്യക്ഷമതയോടുകൂടി കാര്യങ്ങൾ നിർവഹിക്കയും സ്ഥലത്തുള്ള സ്ഥിതികൾക്ക് അനുരൂപമായിരിക്കയും ചെയ്യത്തക്കവണ്ണം അവസാന അടങ്കൽ കഴിയുന്നിടത്തോളം ചിലവു കുറഞ്ഞ ഒന്നു് ആക്കപ്പെട്ടിട്ടുണ്ട്. ഈ പ്രോജക്ട് കഴിയുന്നത്ര ചിലവു കുറഞ്ഞു നടത്തുന്നതിന് എല്ലാ ശ്രമങ്ങളും ഇപ്പോൾ ചെയ്യുവരികയാണ്.

(ഡി) ഈ പദ്ധതിക്കുള്ള ആവർത്തനചിലവിലേക്ക് സംസ്ഥാനത്തെ സാമാന്യ മുതലെടുപ്പു വിനിയോഗിക്കേണ്ടിവരുമോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഈ സംഗതി ഇപ്പോൾ പര്യാലോചനക്കു വിഷയമായിരിക്കയാണ്, അതിനാൽ ഈ വിഷയത്തെ സംബന്ധിച്ചു ഇപ്പോൾ മറുപടി നൽകുന്നതിന് നിവൃത്തിയില്ല.

സ്ത്രീകൾക്കായുള്ള കാളേജിലെ കാളേജ്കൌൺസിലിൽ ഉണ്ടായസംഭവം.

൧൨൮. മി: എ. ജി. മേനവൻ (പറവൂർ): താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

(എ) അല്പകാലംമുമ്പു സ്ത്രീകൾക്കായുള്ള കാളേജിലെ കാളേജ് കൌൺസിലിൻെറ ഒരു യോഗംകൂടിയ അവസരത്തിൽ പ്രിൻസിപ്പാളും, ചരിത്രം അസിസ്റ്റൻറു പ്രഫസരും തമ്മിൽ വലുതായ നീരസത്തിനു കാരണമാക്കിയ ഒരു സംഭവമുണ്ടായി എന്നു പറയുന്നതു വാസ്തവമാണോ;

(ബി) ഈ സംഭവത്തെ സംബന്ധിച്ചു ഏതെങ്കിലും റിപ്പോർട്ടു ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) അസിസ്റ്റൻറു പ്രഫസറിൻെറ പേരിൽ കർശനമായ നടപടികൾ നടത്തുന്നതിനു ലേഡിപ്രിൻസിപ്പാൾ ശിപാർശകൾ ചെയ്തിട്ടുണ്ടെന്നുള്ളതു് വാസ്തവമാണോ;

(സി) അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അസിസ്റ്റൻറു പ്രഫസരുടെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ എന്തെല്ലാം?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സിക്രട്ടറി): (എ)യും (ബി)യും (സി)യും സ്ത്രീകൾക്കായുള്ള കാളേജിലെ കാളേജ്കൌൺസിലിൽ നടന്ന സംഭവത്തെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടരുടെ പക്കൽനിന്നും ഗവൺമെൻറിനു ഒരു റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു, അതിൽപറഞ്ഞിട്ടുള്ള സംഗതികൾ ഏകദേശം മെമ്പർ സൂചിപ്പിച്ചിട്ടുള്ളതിനു തുല്യമായിട്ടുള്ളതാണു; ഈ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെൻറു ഇപ്പോൾ പരിശോധിച്ചുവരികയാകുന്നു.

(ഡി) അസിസ്റ്റൻറു പ്രഫസരുടെ മേൽ ആരോപിക്കപ്പെട്ടിട്ടുള്ള കുററങ്ങളെ സംബന്ധിച്ചിടത്തോളം, ഈ അവസരത്തിൽ മറുപടി നൽകുന്നതിനു ഗവൺമെൻറിനു നിവൃത്തിയില്ല.

വെക്കേഷൻ കാലങ്ങളിൽ യൂറോപ്യൻ പ്രഫസർമാർ ഹെഡ്ക്വാർട്ടറിനു വെളിയിൽ താമസിക്കുക.

൧൨൯. മി: എ. ജി. മേനോൻ (പറവൂർ): താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു ദയവുചെയ്തു മറുപടി നൽകുമോ?

(എ) വെക്കേഷൻ കാലങ്ങൾക്കിടയിൽ, ഹെഡ്ക്വാർട്ടറിനു വെളിയിൽ താമസിച്ചു കൊണ്ടു തങ്ങളുടെ ജോലികൾ ചെയ്തു കൊള്ളുന്നതിനു സയൻസുകാളേജിലെ യൂറോപ്യൻ പ്രിൻസിപ്പാളന്മാർക്കു അനുവാദം നൽകിവരുന്നു എന്നുള്ളതു വാസ്തവമല്ലയോ?

(ബി) (എ) ഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, മിസ്സസ്സ്. ഓവർക്കറിനെ അപ്രകാരം ചെയ്തുകൊള്ളുന്നതിനു അനുവദിക്കാതിരുന്നതു എന്തുകാരണത്താലാണ്;

(സി) അടുത്ത വെക്കേഷൻകാലത്തു സ്ത്രീകൾക്കായുള്ള കാളേജിനോടു ചേർന്നുള്ള വിദ്യാർത്ഥിനികളുടെ മന്ദിരത്തിൻെറ ചാർജ്ജുവഹിച്ചതു ആരാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി). (എ) വെക്കേഷൻകാലത്തു ഹെഡുക്വാർട്ടറിനു വെളിയിൽ താമസിച്ചുകൊണ്ടു തങ്ങളുടെ ജോലികൾ ചെയ്യുകൊള്ളുന്നതിനു യൂറോപ്യൻപ്രിൻസിപ്പാളന്മാർക്കു അനുവാദം നൾകുന്നുണ്ടു; ഇപ്രകാരം ചെയ്യുന്നതു അധികൃതന്മാരുടെ യുക്തം അനുസരിച്ചാകുന്നു.

(ബി) മെമ്പറിൻെറ ചോദ്യം വ്യക്തമായിരിക്കുന്നില്ലാ; എന്തെന്നാൽ മി: സ്സസ്സ, ഓവർക്കർക്ക സയൻസുകാളേജിലെ പ്രിൻസിപ്പാളല്ലാ ഈ സ്ത്രീ. സ്ത്രീകൾക്കുള്ള കാളേജിലെ ചരിത്രം പ്രൊഫസരാകുന്നു.

അടുത്തുകഴിഞ്ഞ വെക്കേഷൻ കാലത്തു സ്ത്രീകൾക്കുള്ള കാളേജിലെ സീനിയർ ട്യൂട്ടരായ ശ്രീമതി സി. രുഗ്മിണിയമ്മ വിദ്യാർത്ഥിനികൾക്കുള്ള മന്ദിരത്തിൻെറ ചാർജ് വഹിച്ചു.

ഹൈക്കോടതിയിൽ കേസുകൾ കുടിശ്ശികയായി കിടക്കുക.

൧൨൮. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന സംഗതികളെ സംബന്ധിച്ചു ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ;

(എ) താഴെ പറയുന്ന ഇനങ്ങളുടെകീഴിൽ ആയിരത്തിഒരുനൂറ്റിഅഞ്ചു മിഥുനം മുപ്പത്തി ഒന്നാംതീയതി ഹൈക്കോടതിൽ തീരുമാനിക്കപ്പെടാതെ കിടന്ന കേസുകളുടെ ഒരുപട്ടിക.

(i) അപ്പീൽ കേസുകൾ;
(ii) സ്പെഷ്യൽ അപ്പീലുകൾ;
(iii) സി. എം. അപ്പീലുകൾ;
(iv) സിവിൽ റവിഷൻ ഹർജികൾ;
(v) ക്രിമിനൽ അപ്പീലുകൾ
(vi) ക്രിമിനൽ റവിഷൻ ഹർജികൾ;
(vii) ക്രിമിനൽ റഫറൻസുകൾ;
(viii) സിവിൽ പലവക ഹർജികൾ;
(ix) ക്രിമിനൽ പലവക ഹർജികൾ;

(ബി) കഴിഞ്ഞ ൫ കൊല്ലങ്ങളിൽ (൧൧൦൦-൧൧൦൪) കൊല്ലം തോറും തീരുമാനിക്കപ്പെട്ടിട്ടുള്ള മേൽ പറഞ്ഞതരത്തിലുള്ള കേസുകളുടെ സംഖ്യ കാണിക്കുന്ന ഒരു പട്ടിക.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി): (എ)യും (ബി)യും ൧൧൦൫ മിഥുനം ൩൧-ാം തീയതി ഹൈക്കോടതിയിൽ കുടിശ്ശികയായികിടന്ന കേസുകളെ സംബന്ധിച്ചു ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക * മേശമേൽവെച്ചിരിക്കുന്നു.

തണ്ണീർമുക്കം തെക്കൻ പകുതിയിലുള്ള മീൻചന്ത.

൧൨൯. മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): തണ്ണീർമുക്കം തെക്കൻ പകുതിയിൽ സർവെ ൧൭൯/൭-ഇ എന്ന നമ്പരിൽ ഉൾപ്പെട്ട ഭൂമിയിൽ സ്ഥിതിചെയ്യുന്ന മത്സ്യചന്തയെ സംബന്ധിച്ചിടത്തോളം, താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവുചെയ്തുപറയുമോ?

(എ) ഈ ചന്ത ഏർപ്പെടുത്തിയിട്ട ഇപ്പോൾ എത്രകൊല്ലമായിരിക്കുന്നു.

(ബി) ലൈസൻസു വാങ്ങിച്ചിട്ടുള്ള ആൾ മേൽപറഞ്ഞ സ്ഥലത്തു സ്ഥിരമായ വിധത്തിലുള്ള കെട്ടിടങ്ങൾ പണിയിച്ചിട്ടുണ്ടോ.

(സി) ലൈസൻസു വാങ്ങിയിട്ടുള്ള ആളിൻെറ പേരു;

(ഡി) സർവെ ൧൭൯/൭-ഇ എന്ന നമ്പർ ഭൂമി ലൈസൻസു വാങ്ങിയിട്ടുള്ള ആളിൻെറ സ്വന്തം വകയാണോ;

(ഇ) ചന്തക്കും കെട്ടിടങ്ങൾക്കും മറ്റുമായി അയാൾ മുടക്കിയിട്ടുള്ള പണത്തിൻെറ തുക;

(എഫ്) ലൈസൻസ് വാങ്ങിയിട്ടുള്ള ആൾ മേൽപറഞ്ഞസ്ഥലത്തുള്ള ഒരു മഹമ്മദീയ പള്ളിയിലെ കായിക്കാരൻ ആകുന്നെന്നുള്ളതു വാസ്തവമാണോ;

(ജി) മേൽ പറഞ്ഞ പള്ളിക്കു ഈ ചന്തയിൽ നിന്നുള്ളവരവിൻെറ ഒരംശം ലഭിക്കുന്നു എന്നുള്ളതു വാസ്തവമാണോ.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സിക്രട്ടറി): (എ) തണ്ണീർമുക്കം തെക്കേ പകുതിയിലുള്ള ഈ ചന്ത റഗുലേഷൻനടപ്പിൽ വന്നതിനു വളരെ കൊല്ലങ്ങൾക്കു മുൻപുതന്നെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു; ൧൦൯൭-ാമാണ്ടുമുതൽ ഇപ്പോഴത്തെ ലൈസൻസുകാരൻ ഓരോ കൊല്ലത്തിലും പുതുക്കപ്പെടുന്നതു ലൈസൻസുമൂലം ഈ ചന്തനടത്തിവരികയാണു.

(ബി) ലൈസൻസുകാരൻ ചന്തസ്ഥലത്തു സ്ഥിരമായ കെട്ടിടങ്ങൾ കെട്ടിയിട്ടുണ്ടു.

(സി) ലൈസൻസുകാരൻെറ പേരു തണ്ണീർമുക്കം തെക്കു ചാരമംഗലം മുറിയിൽ വലിയപറമ്പിൽ മൊയ്തീൻ കൊച്ചുണ്ണി എന്നാണു.

(ഡി) രണ്ടു സർവെ നമ്പരുകളിലുംകൂടി നൂറു സെൻറു ഭൂമിയുണ്ടു. ഇതിൽ ൧൭൯/൭-ബി എന്ന സർവ്വെ നമ്പരിലുൾപ്പെട്ട ൧൯ സെൻറു ഭൂമിയും ൧൭൯/൯ എന്നസർവെ നമ്പരിലുൾപ്പെട്ട ൩൭ സെൻറു ഭൂമിയും ഉൾപ്പെടെ ചന്ത നടത്തിവരുന്ന നൂറു സെൻറു വിസ്തീർണ്ണമുള്ള ഭൂമിയുടെ ഉടമസ്ഥൻ ലൈസൻസു വാങ്ങിയിട്ടുള്ള ആൾ തന്നെയാണു.

(ഇ) കെട്ടിടങ്ങൾക്കും ചന്തയ്ക്കും മറ്റുമായി ഏകദേശം ആയിരം(൧൦൦൦) രൂപാ ചിലവാക്കീട്ടുണ്ടു.

(എഫ്) ലൈസൻസുകാരൻ അവിടെയുള്ള ഒരു പള്ളിയിലെ കായിക്കാരനാണ്.

(ജി) വിളക്കു വക്കുന്നതിനുള്ള ചിലവിലേക്കു മാസം ഒന്നിനു ൩ രൂപാ മഹമ്മദീയ പള്ളിയിലേക്കു കൊടുത്തുവരുന്നു.

വാലന്മാർക്കു ലൈസൻസു നൾകപ്പെട്ടിട്ടുള്ള തണ്ണീർമുക്കം തെക്കേ പകുതിയിൽ സ്ഥിതി ചെയ്യുന്ന ചന്ത.

൧൩൦. മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): തണ്ണീർമുക്കം തെക്കേ പകുതിയിലുള്ള വാലന്മാർക്കു (മീൻപിടിത്തക്കാർക്കു) ലൈസൻസു നൾകപ്പെട്ടതും മേൽ പറഞ്ഞസ്ഥലത്തുള്ളതും ആയ ഒരു ചന്തയെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവുചെയ്തുപറയുമോ;

(എ) ഈ ചന്ത ഏർപ്പെടുത്തിയിട്ട ഇപ്പോൾ എത്രകാല്ലമായി;

(ബി) അതിൻെറ സമീപത്തു ഇപ്പോൾ മറ്റേതെങ്കിലും ചന്തയുണ്ടോ;

(സി) ബീഭാഗം ചോദ്യത്തിനുള്ള മറുപടി അനുകൂലഭാവത്തിലാണെങ്കിൽ, ഈ രണ്ടു ചന്തകളും തമ്മിൽ എത്രദൂരമുണ്ട്.

* അനുബന്ധം ൧൭ പുറം, ൯

(ഡി) ചന്തയിപ്പോൾ നടത്തിവരുന്ന സ്ഥലം ലൈസൻസുകാരന്റെ സ്വന്തം വകയാണൊ

(ഇ) സീ-യ്ക്കുള്ള ചോദ്യത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ ഈ വസ്തുവിനെ സംബന്ധിച്ച ഉടമസ്ഥൻ ആരാണ്.

(എഫ്) മേൽ പറഞ്ഞ ചന്തവളപ്പിൽ സ്ഥിരമായ ഏതെങ്കിലും കെട്ടിടങ്ങൾ ഉണ്ടോ.

(ജി) ലൈസൻസു വാങ്ങിയിട്ടുള്ള ആളുകളുടെ പേരുകൾ

(എച്ച്) കുടിവെക്കുകാരാൾ ഒരു ചന്ത പുതിയതായി ലൈസൻസു കിട്ടുന്നതിന് അപേക്ഷിക്കുന്ന അവസരത്തിൽ ലൈസൻസു കൊടുക്കുകയോ ലൈസൻസ് കൊടുക്കാതിരിക്കയോ ചെയ്യുന്നതിനുള്ള ചട്ടങ്ങൾ എന്തെല്ലാം.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റ സിക്രട്ടറി): (എ) തണ്ണീർമുക്കം തെക്കൻ പകുതിയിൽ മീൻ പിടിത്തക്കാരായവാലന്മാർക്ക് ചന്ത സ്ഥാപിച്ചിട്ട് ഇപ്പോൾ നാലുകൊല്ലങ്ങളായിരിക്കുന്ന (ഈ ചന്ത ൧൧൦൫-ൽ ആണ് സ്ഥാപിച്ചത്,

(ബി) ഈ ചന്തയുടെ സമീപത്തുവേറെ ചന്തയുണ്ട്.

(സി) ഈ രണ്ടു ചന്തകളും തമ്മിൽ ഫർലോങ്ങ് അകലമുണ്ട്.

(ഡി) ചന്തനടത്തുന്നസ്ഥലം ലൈസൻസുകാരന്റെ വകയല്ല.

(ഇ) ചന്തനടത്തിവരുന്ന സ്ഥലത്തിന്റെ ഉടമസ്ഥൻ ആറാട്ടുകുളങ്ങര ഉള്ള ഒരു റോമൻ വിക്കാരാണ്.

(എഫ്) ഈ ചന്തയുടെ വളപ്പിൽ സ്ഥിരമായ യാതൊരു കെട്ടിടങ്ങളുമില്ല.

(ജി) ലൈസൻസുകാരുടെ പേരുകൾ.

(i) കണ്ണപ്പിള്ളയ്യൻ
(ii) കിട്ടൻ പുല്ലപ്പൻ
(iii) കുഞ്ഞൻ ഇട്ട്യാതി

} ന്യൂ ൧-ാം നമ്പരും ൭൩-ാം നമ്പരും ൭൫-ാം നമ്പരും പരസ്പരസഹായ സംഘങ്ങളുടെ സെക്രട്ടറിമാർ

(എച്ച്) ഒരു ചന്ത ഏർപ്പെടുത്തുന്നതിനുള്ള ലൈസൻസ് നൽകുകയോ നൽകാതിരിക്കയൊ ചെയ്യുന്നതിനുള്ള ചട്ടങ്ങളെ സംബന്ധിച്ചിടത്തോളം, ൧൦൯൬-ലെ ൭-ാം റെഗുലേഷനായ ചന്തറെഗുലേഷനു അതിന്റെ ൨൯-ാം വകുപ്പനുസരിച്ചു പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുമാകുന്നു.

മി: പി. എസ്. മഹമ്മത് (ഗവര്‍മെന്റു നിയമിച്ചമെമ്പർ): പാർട്ടസിങ്ങൽ ഒരു മാക്കറ്റുള്ളപ്പോൾ അതിനടുത്തു നടവർഗ്ഗസിദ്ധരുടെ ഒരു മാക്കറ്റുകൂടി അനുവദിച്ചിട്ടുള്ളതിന്റെ അവശ്യമെന്താണ്?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റുസെക്രിട്ടറി): സാധാരണ മാക്കറ്റുകൾക്ക് അനുവാദംകൊടുക്കുന്നതു പോലെയാണ്. എന്നാൽ ഇവിടെ ഒരു മാക്കറ്റുകൂടി അനുവദിക്കുന്നതിന് പ്രത്യേക കാരണംകൂടി ഉണ്ടായിരുന്നു അതായതു വാലസമുദായത്തിന് ഒരു മാക്കറ്റു അനുവദിച്ചുകൊടുക്കണമെന്നു പേഷ്കാരും കോവാപ്പിറേറ്റിവ് രജിസ്ട്രാരും കൂടി എഴുതിഅയച്ചിട്ടുണ്ടായിരുന്നു.

മി. പി. എസ്. മഹമ്മത് (നിയമിക്കപ്പെട്ടമെമ്പർ): അങ്ങനെ ഒരു സമുദായം അപേക്ഷിച്ചാൽ അടുത്തുതന്നെ മാക്കറ്റ് ഉണ്ടായിരുന്നാലും വേറെ ഒരു മാക്കറ്റുകൂടി കൊടുക്കണമെന്നു ചട്ടമുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റു സെക്രിട്ടറി): ചട്ടങ്ങൾക്കും ചില നീക്കുപോക്കുകളുമില്ലാതിരിക്കുമോ?

മി. പി. എസ്. മഹമ്മത് (നിയമിക്കപ്പെട്ടമെമ്പർ): ഒരു മാക്കറ്റു ഇപ്പോൾ അതിനടുത്തു മറ്റൊരു മാക്കറ്റുകൂടി കൊടുക്കാമെന്നു നിർബന്ധമുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റുസെക്രിട്ടറി): ഈ കാര്യം ഒരാളുടെ അഭിപ്രായമനുസരിച്ചിരിക്കും.

പോലീസുഡിപ്പാർട്ടുമെന്റിലേക്ക ലാത്തികൾ വിലക്കുവാങ്ങുക.

൧൧൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന കാര്യങ്ങൾക്ക ഗവര്‍മെന്റു സദയം മറുപടിപറയുമോ?

(എ) ൧൧൦൮-ാമാണ്ടിൽ പോലീസുഡിപ്പാർട്ടുമെന്റിലേക്കുവേണ്ടി ഏതെങ്കിലും ലാത്തികൾ വരുത്തുകയോ വിലക്കുവാങ്ങുകയോ ചെയ്തിട്ടുണ്ടോ എന്നും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ എണ്ണവും അതിനുള്ള ചെലവും എത്രയെന്നും പറയുമൊ?

(ബി) പോലീസുഡിപ്പാർട്ടുമെന്റിലേക്ക ലാത്തികൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് വനംഡിപ്പാർട്ടുമെന്റിലേക്ക വല്ല ഉത്തരവുകളും അയച്ചിട്ടുണ്ടോ എന്നും അപ്രകാരം അയച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പുമേശമേൽ വയ്ക്കുന്നതിനു ദയവുണ്ടാകുമോ എന്നും പറയുമൊ;

(സി) ൧൧൦൮-ാമാണ്ടു വനംഡിപ്പാർട്ടുമെന്റുകാർ പോലീസുഡിപ്പാർട്ടുമെന്റിലേക്ക ലാത്തികൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ എന്നും അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ, അവയുടെ സംഖ്യ എത്രയെന്നും അതിനു എന്തുചെലവുണ്ടാക്കിയിട്ടുണ്ടെന്നും ദയവുചെയ്തുപറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റുസെക്രിട്ടറി): (എ)-യും (ബി)-യും (സി)-യും ഓരോ ചോദ്യത്തിനുമുള്ള മറുപടി നിഷേധരൂപത്തിലാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇപ്പോൾ പോലീസുഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽ ഏതെങ്കിലും ലാത്തികൾ ഉണ്ടോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റു സെക്രിട്ടറി): പോലീസുഡിപ്പാർട്ടുമെന്റിന്റെ കൈവശം ഇപ്പോൾ ലാത്തികൾ ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ ലാത്തികളെ ഏതുപ്രകാരം ഉപയോഗപ്പെടുത്തുന്നുഎന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവര്‍മെന്റുസെക്രിട്ടറി): പോലീസുകാർക്ക ബയനറ്റുകളും മററായുധങ്ങളും നൽകപ്പെട്ടിട്ടുണ്ട്. അതുപോലെയുള്ള മറെറാരായുധമാണ് ഇതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാത്തികളെ ഉപയോഗപ്പെടുത്തുന്നതു ബയനറ്റുകളെ ഉപയോഗപ്പെടുത്തുന്നതുപോലെ ആണോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ ഗവര്‍മെന്റു സെക്രിട്ടറി): അതേ.

ഒന്നാംഗ്രേഡ് സാനിട്ടറിസർക്കിൾആഫീസർമാരുടെ ഒഴിവുകളിൽ, നിയമനം നടത്തുക.

൫൩൨. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-ചെങ്ങന്നൂരും): താഴെപറയുന്ന ചോദ്യങ്ങൾക്ക മറുപടിനൾകുന്നതിന് ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

(എ) ഇപ്പോൾ (൨-൧൨-൧൧൨൮) സാനിട്ടറിസർക്കിൾ ആഫീസരന്മാരുടെ ഒന്നാംഗ്രേഡിൽ ഏതെങ്കിലും ഒഴിവുകളിൽ ആളുകളെ നിയമിക്കാതെ ഉണ്ടോ?

(ബി) ഒഴിവുകൾ ഉണ്ടെങ്കിൽ അവയെ സംബന്ധിച്ച് ആളുകളെ നിയമിക്കുന്നതിനു സാനിട്ടറികമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ടോ?

(സി) ഇപ്രകാരമുള്ള ശിപാർശകൾ ചെയ്തിട്ടുണ്ടെങ്കിൽ ഗവർമ്മെൻറു ഇകാര്യത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും, അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അതു എന്നാണെന്നും പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): (എ) സർക്കിൾആഫീസരന്മാരുടെ ഒന്നാം ഗ്രേഡിൽ ആൾനിയമിച്ചിട്ടില്ലാത്ത ഒഴിവുകൾ ഉണ്ട്.

(ബി) ആൾനിയമിക്കുന്നതിനു സാനിട്ടറി കമ്മീഷണർ ശിപാർശചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിലുള്ള ശിപാർശകളെ സംബന്ധിച്ച് പര്യാലോചിച്ചുവരികയാണു.

ഹോമിയോപ്പതിചികിത്സാ സമ്പ്രദായത്തിനു പ്രോത്സാഹനം നൾകുക.

൫൩൩. മി. ഏ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ഹോമിയോപ്പതിചികിത്സാസമ്പ്രദായത്തിനു പ്രോത്സാഹനം നൾകുന്നതിനെ സംബന്ധിച്ച് നിയമസഭാ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിൻെറ കാര്യത്തിൽ ഗവർമ്മെൻറു ഏതെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നു ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ചീഫ് സെക്രിട്ടറി): തൽക്കാലത്തേക്ക ഈ പ്രമേയത്തെ റിക്കാർഡു ചെയ്തിരിക്കയാണ്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): "തൽക്കാലത്തേക്ക റിക്കാർഡുചെയ്തു" എന്നുള്ളതിൻെറ അർത്ഥം എന്താണെന്നു ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവർമ്മെൻറു ചീഫ് സെക്രിട്ടറി). ഈ കാര്യത്തിൽ ഉടനടി യാതൊന്നും ചെയ്യുന്നതിന് നിവൃത്തിയില്ലെന്ന് ഗവർമ്മെൻറു വിചാരിക്കുന്നു എന്നാണ് മേൽപറഞ്ഞതിൻെറ അർത്ഥം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): നടപടി പിന്നീടു നടത്തുന്നതാണെന്നുള്ളതു് ഇതിൽനിന്ന് അർത്ഥമാകുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറുചീഫ് സെക്രിട്ടറി): ഇപ്പോഴത്തെ സ്ഥിതികൾ പിന്നീടു ഭേദപ്പെടുന്നപക്ഷം ഇതിനെപ്പററി നടപടിനടത്തുന്നതായിരിക്കും.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രമേയത്തെ റിക്കാർഡു ചെയ്യുന്നതിനു അടിസ്ഥാനമായകാരണങ്ങൾ എന്തെല്ലാമാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവർമ്മെൻറു ചീഫ് സെക്രിട്ടറി): ഈ വിഷയത്തെസംബന്ധിച്ച് മെഡിക്കൽ ഭരണസമിതിയുടെ അഭിപ്രായം വരുത്തുകയുണ്ടായി: ഹോമിയോപ്പതി വൈദ്യന്മാർക്കു പ്രോത്സാഹനം നൾകുന്നതിനു ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിക്കുന്നപക്ഷം അവരുടെ ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനു ഒരു ഏജൻസി ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നു അവർ റിപ്പോർട്ടുചെയ്തു. ഇൻഡ്യയിലുള്ള ഏതെങ്കിലും അംഗീകൃതം സർവകലാശാലയിൽനിന്നും ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള ആളുകൾ ഇപ്പോൾ ഈ രാജ്യത്തില്ലാതിരിക്കുന്നു. ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിൻെറ ഫലങ്ങൾ ഇപ്പോഴും അനിശ്ചിതമായ നിലയിൽതന്നെ ഇരിക്കുന്നു എന്നും അതിനാൽ ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെ തൽക്കാലത്തേക്ക പ്രത്യേകം വച്ചുകൊള്ളുകയാണ് നല്ലതെന്നും അവർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഹോമിയോപ്പതിചികിത്സാസമ്പ്രദായത്തെപററി പാണ്ഡിത്യത്തോടുകൂടി പ്രസ്താവിക്കാൻ സാധിക്കുന്ന ആരെങ്കിലും മെഡിക്കൽ ഭരണബോർഡിൽ ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറുചീഫ് സെക്രിട്ടറി): ഇല്ലാ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഹോമിയോപ്പതിഡാക്ടർമാരുടെ ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനു തിരുവിതാംകൂറിനു വെളിയിൽനിന്നു പ്രാപ്തിയുള്ള ഒരാളെ വരുത്തുന്നതിനു ഗവർമ്മെൻറിനു വിഷമമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ സെക്രിട്ടറി): ഇപ്പോഴത്തെ സ്ഥിതികൾ അനുസരിച്ച് അപ്രകാരം ചെയ്യേണ്ട ആവശ്യമില്ല മെഡിക്കൽ ബോർഡിൻെറ അഭിപ്രായം ഇതാണ്. കാലസ്ഥിതികൾ ഭേദപ്പെടുന്നപക്ഷം ഈ വിഷയത്തെപററി പര്യാലോചിക്കാവുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യത്തിൽ ഗവർമ്മെൻറു ശരിയായി ആലോചിക്കുവാനുള്ളവരുമായി ആലോചിച്ചിട്ടില്ലെന്നു ഗവർമ്മെൻറു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗഗവർമ്മെൻറു ചീഫ്സെക്രിട്ടറി): ഇല്ല.

ഇനികുതി ഡിപ്പാർട്ടുമെൻറിൽ ൧൧ രൂപായും അതിൽകൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക.

൫൩൪. മി. തയ്യിൽകുഞ്ഞിരാമൻ (മൂവാററുപുഴയും-തൊടുപുഴയും): ലാൻഡുറവന്യൂഡിപ്പാർട്ടുമെൻറിൽ ഇരുപതു് രൂപയും, അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രിട്ടറി): ഈ വിവരങ്ങൾ ശേഖരിക്കണമെന്നു ഗവർമ്മെൻറു വിചാരിക്കുന്നില്ല. അതിനു വളരെ സമയം ചിലവാകുമെന്നുള്ളതും വളരെ ജോലി ചെയ്യേണ്ടതും ആകുന്നു. ഈ വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയം അതിനു ചെയ്യേണ്ടജോലിയേയും അടിസ്ഥാനപ്പെടുത്തിനോക്കുന്നപക്ഷം, അതിൽനിന്നു ഉണ്ടാകുന്ന പ്രയോജനം നിസ്സാരമാണ്.

അനുബന്ധം ൧൪.

മുൻപു ചോദിച്ചിട്ടുള്ള ൧൨൧-ാം നമ്പർ ചോദ്യം നോക്കുക.

൧൧൦൦ മുതൽ ൧൧൦൪ വരെ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക.

(൧)	ബ്രാഹ്മണർ (മലയാള)	൧
(൨)	ടി (മററുള്ളവർ)	൯
(൩)	ഈഴവർ	൨
(൪)	നായർ	൧൧
(൫)	വെള്ളാളർ	൧
(൬)	മററുഹിന്ദുക്കൾ	൨
(൭)	മഹമ്മദീയർ	൨
(൮)	റോമൻകത്തോലിക്കർ	൧
	(എ) ലത്തീൻകാററു്	൧
	(ബി) സുറിയാക്ക്കാററു്	൧
(൯)	സുറിയാനികൾ	
	(എ) ജാക്കോബൈററു്	൩
	(ബി) മാർത്തോമ്മാ	൩
(൧൦)	ഇംഗ്ലീഷ് ചർച്ച്	൧

ഇവരിൽ ഒരാൾ അതായതു വാസുദേവൻ നംപൂതിരി (മലയാളബ്രാഹ്മണർ) അഞ്ചൽടെസ്റ്റ് പാസായിട്ടില്ല. അഞ്ചൽ ടെസ്റ്റ് ജയിക്കുന്നതിൽനിന്നു ഗവർമെൻറു അയാളെ ഒഴിവാക്കിയിട്ടുണ്ട്.

അനുബന്ധം ൧൫.

മുൻപു ചോദിച്ചിട്ടുള്ള ൧൨൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

൧൧൦൫ മിഥുനം ൩൧-ാം തീയതി ഹൈക്കോടതിയിൽ കുടിശ്ശികയായി കിടന്ന കേസുകളുടെ സംഖ്യ കാണിക്കുന്ന പട്ടിക.

കേസുകളുടെ സ്വഭാവം	൧൧൦൫ മിഥുനം ൩൧-ാം തീയതി കുടിശ്ശികയായി കിടന്ന കേസുകളുടെ എണ്ണം	താഴെപറയുന്ന കൊല്ലങ്ങളിൽ ഹൈക്കോടതി തീർച്ച ചെയ്തിട്ടുള്ള കേസുകൾ					റിമാർക്ക്
		൧൧൦൦	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൪	
ഒന്നാമത്തെ							
൧. അപ്പീലുകൾ	൧൨൭൪	൪൯൫	൫൫൯	൪൨൦	൫൪൬	൫൪൮	
൨. രണ്ടാമത്തെ അപ്പീലുകൾ	൧൨൭൧	൫൪൨	൬൪൧	൪൯൨	൫൪൩	൭൫൧	
൩. സി. എം. അപ്പീലുകൾ	൧൭൪	൧൯൨	൧൬൪	൧൪൮	൧൯൭	൨൮൬	
൪. സിവിൽ റിവിഷൻ ഹർജികൾ	൫൦൮	൩൨൮	൪൫൨	൩൫൯	൫൪൫	൭൨൨	
൫. ക്രിമിനൽ അപ്പീലുകൾ	൯൮	൧൬൬	൧൫൭	൧൨൨	൧൫൩	൧൩൧	
൬. ക്രിമിനൽ റിവിഷൻ ഹർജികൾ	൨൮൨	൪൭൪	൫൪൯	൭൫൯	൫൦൯	൬൦൭	
൭. ക്രിമിനൽ റഫറൻസുകൾ	൮	൨൪	൨൨	൧൪	൨൭	൧൦	
൮. സിവിൽ പലവക ഹർജികൾ	൧൪൮൮	൧൫൫൦	൧൬൨൯	൧൩൮൨	൨൦൫൩	൨൧൨൯	
൯. ക്രിമിനൽ പലവക ഹർജികൾ	൧൫൫	൩൩൬	൩൧൩	൩൯൨	൨൯൪	൪൦൬	

സഭയുടെ നടപടികൾ നിറുത്തിവെയ്ക്കുന്നതിനുള്ള ഉപക്ഷേപം.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഒരു അടിയന്തിരകാര്യത്തെപ്പററി ആലോചിക്കുന്നതിന് സഭയുടെ നടപടികൾ നിറുത്തിവെയ്ക്കുന്നതിന് എനിക്കു ഒരു ഉപക്ഷേപം ഹാജരാക്കാനുണ്ട്.

ഒരു ഉപക്ഷേപത്തെ സംബന്ധിച്ചുള്ള ഒരു നോട്ടീസ് മെമ്പർ അദ്ധ്യക്ഷൻെറ കയ്യിൽകൊടുത്തു.

അദ്ധ്യക്ഷൻ: ചുങ്കത്തെസംബന്ധിച്ചു ഇന്നലെ നിയമസഭയെ അഭിമുഖീകരിച്ച് ഒരു പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. ഈ പ്രസ്താവനയെപ്പററി അടിയന്തിരമായതും പ്രാധാന്യം വഹിക്കുന്നതും ആയ ഒരു പൊതുക്കാര്യത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനു അനുമതിനല്കുന്നതിനു ഈ സഭയുടെ നടപടികൾ നിറുത്തിവെയ്ക്കണമെന്നുള്ള അപേക്ഷ അടങ്ങിയ ഒരു കടലാസ് മി: താണുപിള്ള എന്നെ ഏല്പിച്ചിരിക്കുന്നു. ഈ ടോളുകളെ സംബന്ധിച്ചു ഈ സഭയുടെ സെഷനിൽ ഒരു അഡ്ജോൺമെൻറ മോഷൻ അവതരിപ്പിക്കയും അതിന്മേൽ വാദപ്രതിവാദം നടത്തുകയുംചെയ്തു. വാദപ്രതിവാദത്തിനായി മി: താണുപിള്ള അപേക്ഷിച്ചിട്ടുള്ള സംഗതി പൊതുവേ പ്രാധാന്യം വഹിക്കുന്ന ഒരു അടിയന്തിരകാര്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ അതു് അവതരിപ്പിക്കുന്നതിനു അദ്ദേഹത്തിനു അനുവാദം നല്കുന്നതിനു എനിക്കു നിവൃത്തിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഗവർമ്മെൻറ ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചു ഈ സഭ മുൻപാകെ പ്രസിഡൻറ ചെയ്തിട്ടുള്ള പ്രസ്താവന പ്രസിഡൻറ എന്ന നിലയിൽ അദ്ദേഹം ഈ സഭയെ അഭിമുഖീകരിച്ചു ചെയ്തിട്ടുള്ള ഒന്നാണോ? പ്രസിഡൻറ് ഈ സഭയിൽ ചെയ്തിട്ടുള്ള പ്രസ്താവനകളും ഗവർമ്മെൻറ നടത്തിയിട്ടുള്ളതും പ്രസിഡൻറ ഇവിടെ പറയുകമാത്രം ചെയ്തിട്ടുള്ളതും ആയ നടപടികളെ സംബന്ധിച്ചുള്ള പ്രസ്താവനകളും ഭിന്നമായവയാണെന്നു ഗണിക്കാവുന്നതാണോ? ഈ കാര്യത്തെപ്പററിയിട്ടുള്ള വിവരങ്ങൾ അറിയുന്നതിനായിട്ടാണ് ഞാൻ ഇതു ചോദിക്കുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ധ്യക്ഷൻ പറഞ്ഞിട്ടുള്ളതു കേൾക്കുന്നതിനു എനിക്കു സാധിച്ചില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഏതായാലും അതിനു അനുവാദം നൽകാൻപാടില്ല എന്നുള്ള എൻെറ തീർച്ചയെപ്പററി പറഞ്ഞതു നിങ്ങൾ കേട്ടിരിക്കും. മേൽപറഞ്ഞ കാര്യങ്ങൾ ഭിന്നമാണെന്നു വിചാരിച്ചു മി: കെ. പി. നീലകണ്ഠപ്പിള്ള ചോദ്യം ചോദിച്ചിരിക്കുന്നു. അവയെ ഭിന്നമായി ഗണിക്കേണ്ട ആവശ്യമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇവിടെ വാദപ്രതിവാദം നടത്തിയ അവസരത്തിൽ അതിനെക്കുറിച്ചു നടപടികൾ നടത്തുന്നതാണെന്നുള്ള ഒരു പ്രസ്താവന ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നുള്ളതു മററുള്ളവരുടെ അറിവിനുമാത്രമായി ഞാൻ കഴിഞ്ഞദിവസം പറഞ്ഞതാണ്. ഇതിൽനിന്നു കൂടുതലായി യാതൊന്നും അർത്ഥമാകുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസിഡൻറ കഴിഞ്ഞദിവസം ചെയ്തിട്ടുള്ള പ്രസ്താവനയെ സംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനല്ലാ ഞാൻ അനുവാദം ചോദിച്ചിട്ടുള്ളതു് ചുങ്കങ്ങളെ സംബന്ധിച്ചു ഗവർമ്മെൻറ നടത്തിയിട്ടുള്ള നടപടികളെപ്പററി വാദപ്രതിവാദം നടത്തുന്നതിനാണ് ഞാൻ അനുവാദം ചോദിക്കുന്നതു്.

അദ്ധ്യക്ഷൻ: യഥാർത്ഥത്തിൽ യാതൊരു തീരുമാനവും ചെയ്തിട്ടില്ല. ഒരു പ്രസ്താവനചെയ്തതല്ലാതെ കൂടുതലായി യാതൊന്നും ഉണ്ടായിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിർദ്ദേശിച്ചിട്ടുള്ള തീരുമാനത്തെപ്പററിയാണ ഞാൻ പറയുന്നതു്.

അദ്ധ്യക്ഷൻ: അതേ, എനിക്കറിയാം അതിനെപ്പററി ഞാൻ തീർച്ചചെയ്തിട്ടുണ്ട്.

സഭ ഇപ്പോൾ ൧-ാംനമ്പർ ഡിമാൻഡിനെപ്പററി പര്യാലോചിക്കുന്നതാണ്.

ഡിമാൻഡ് ൧—പൊതുഭരണം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറ ചീഫ് സെക്രട്ടറി): സർ, അക്കൌണ്ടു ആഫീസു് ഒഴിച്ചു പൊതുഭരണം ജനങ്ങൾക്കു ൧-ാംനമ്പർ ഡിമാൻഡുപ്രകാരം ൨,൨൨,൪൭൧ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം ൨൦൨.

ഹെയ്യർഗ്രേഡു ക്ലാക്കന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൨;൨൦൩ രൂപയിൽനിന്നും ൫ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): സർ, ഹജൂർ വകുപ്പിലെ ഹയ്യർഗ്രേഡു ക്ലാക്കന്മാരുടെ ശമ്പളം വകയ്ക്കുള്ള ൪൨,൨൦൩ രൂപയിൽനിന്നു ഒരു രൂപാ കുറയ്ക്കണമെന്നുള്ളതാണ് എൻെറ ഉപക്ഷേപം. സെക്രട്ടറിയേററിലുള്ള ഹയ്യർഗ്രേഡ് ക്ലാക്കന്മാരുടെസ്ഥിതി അഭിവൃദ്ധിപ്പെടുത്തേണ്ട ആവശ്യകതയെപ്പററി ഈ കൌൺസിലിൻെറ മുമ്പാകെവെച്ചു ഗവർമ്മെൻറിനെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു്. ഈ വിഷയത്തെ ആസ്പദമാക്കി കഴിഞ്ഞ വർഷത്തിൽ ഈ കൌൺസിലിൽ ൧൭൯-ാമതു നമ്പർ ഉപക്ഷേപം ഹാജരാക്കി പ്രതിപാദിക്കയുണ്ടായി. കൌൺസിൽറിപ്പോർട്ടു ൧൬-ാം വാല്യം ആറാംലക്കം, ൨൭൪-ാംവശത്തു അതു രേഖപ്പെടുത്തിയിട്ടുണ്ട്. അന്നു അതിനു ചീഫ് സെക്രട്ടറി, ഹജൂർകച്ചേരിയിലുള്ള സാധുക്ലാക്കന്മാരുടെ അഭിവൃദ്ധിയിൽ കൌൺസിൽ അംഗങ്ങളും ശ്രദ്ധ പതിപ്പിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു എന്നും, അവരുടെ അഭിവൃദ്ധിയ്ക്കുവേണ്ടി ഗവർമ്മെൻറ അനുഭാവപൂർവ്വം ശ്രദ്ധിച്ചു പ്രവർത്തിക്കുമെന്നും മററും പ്രതിപാദിച്ചിരിക്കുന്നതായി കാണുന്നുണ്ട്. ആ പ്രതിപാദനത്തിനുശേഷം അവരുടെ സ്ഥിതി നന്നാകത്തക്കവണ്ണമുള്ള ഒരു നിലയിൽ ആയിട്ടില്ലാ എന്നു കാണുന്നതിനെ വീണ്ടും ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നതു്.

സെക്രട്ടറിയേററിലുള്ള ഹയ്യർഗ്രേഡ് ക്ലാക്കന്മാർ സാധാരണയായിട്ടു ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്തിട്ടുള്ളവരാണ്. (അണ്ടർഗ്രാഡ്വേററ്സും ഉണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കുന്നില്ല) ബി. എ; എം. എ; ബി. എൽ, മുതലായുള്ള പല ബിരുദധാരികളും ഇവരിൽ ഉണ്ട്. എന്നാൽ എൻെറ അറിവു ശരിയാണെങ്കിൽ

ഇപ്പോൾ അവിടെ നാല് ആക്ടിംഗ് ക്ലാർക്കുകൾ ഉണ്ടെന്നും, അവർ പലരും ഉദ്ദേശം ൯ വർഷത്തോളമായിട്ടും ആക്ടിങ്ങായിട്ടിരിക്കുന്നതേയുള്ളുവെന്നും അവരെ ഏതൊരു ശമ്പളത്തിൽ നിയമിച്ചുവോ ആ ശമ്പളംതന്നെ പററിക്കൊണ്ട് ഇരുന്നുപോരുന്നു എന്നും ഉള്ളത് വാസ്തവത്തിൽ പരിതാപകരമാണ്. അവരെ സ്ഥിരപ്പെടുത്തിയിരുന്നാൽ അവർക്കു മുറപ്രകാരം പ്രതിവർഷം കിട്ടേണ്ട ശമ്പളക്കൂടുതൽ കിട്ടിക്കൊണ്ടിരിക്കും. അവരെ സ്ഥിരപ്പെടുത്താതെ ഇരിക്കുന്നിടത്തോളംകാലം അവരുടെകൂടെ മററു ഡിപ്പാർട്ടുമെൻറുകളിൽ പ്രവേശിച്ചിട്ടുള്ളവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളക്കൂടുതൽ ലഭിക്കുന്നില്ലെന്നുമാത്രമല്ല വേറെ ഒരു ഉപദ്രവവുംകൂടിയുണ്ട്. അതായതു് ആക്ടിംഗ് കാലത്തെ സർവീസുപോലും വകവയ്ക്കുന്നില്ലത്രേ. ഈ നിലയിൽ ഹജൂരിലെ ഹയ്യർഗ്രേഡു ക്ലാർക്കന്മാർ കഷ്ടപ്പെടുമ്പോൾ, അതേ പരീക്ഷായോഗ്യതയും അവരോടൊപ്പം തന്നെ പഠിപ്പും ബിരുദവും സമ്പാദിച്ചവരായി ഇതരഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്കു ഉയർന്നസ്ഥാനങ്ങളിൽ കയററം കിട്ടുകയും ശമ്പളക്കൂടുതൽ കിട്ടുകയുംചെയ്യുന്നുണ്ട് എന്നുള്ളതു ഗവണ്മെൻറും സമ്മതിക്കുന്നവാസ്തവമാണ്. അങ്ങിനെ ഇതരഡിപ്പാർട്ടുമെൻറുകളിൽ പ്രവേശിച്ചിട്ടുള്ളവരെയും ഇവിടെ ഹജൂരിലുള്ള ക്ലാർക്കന്മാരെയും താരതമ്യവിവേചനം ചെയ്യുന്ന സന്ദർഭത്തിൽ, അവർക്കു ജോലിയുടെ ആധിക്യം ഗൌരവമായ ചുമതലകൾ, മററു ഡിപ്പാർട്ടുമെൻറുകളുമായുള്ള സകല എഴുത്തുകുത്തുകളേയും സംബന്ധിച്ചുള്ള കൈകാര്യകർത്തൃത്വം, അതിലേക്കുള്ള പരിചയം, സെക്രട്ടറിമാരെ സഹായിക്കുന്നതിനും, അവരുടെ ആജ്ഞയനുസരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള സന്നദ്ധത, എന്നീകാര്യങ്ങൾ മററുള്ളവരെ അപേക്ഷിച്ചു കൂടുതലായിട്ടുകാണാം. ഈ നിലയിൽ ഇരിക്കുന്ന ഒരു വർഗ്ഗം ആളുകളെ (ഇവിടെ ഞാൻ വർഗ്ഗം എന്നു പറയുന്നതു ഉദ്യോഗസ്ഥവർഗ്ഗം എന്ന അർത്ഥത്തിലാണ്, അല്ലാതെ പ്രത്യേകം ഓരോ വർഗ്ഗം എന്നർത്ഥമില്ല) സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ നയം ശരിയായ വിധത്തിൽ ഒന്നു ക്രമപ്പെടുത്താതെയിരുന്നാൽ ശാശ്വതമായി വല്ലതും ലഭിക്കുമെന്നു വിശ്വസിക്കുന്ന ചെറുപ്പക്കാർ, ഭാവിയിൽ ഒരു ഉയർന്ന സ്ഥാനത്തു എത്തിക്കൊള്ളാമെന്നു അനുദിനം ആഗ്രഹിച്ച് ആ ആഗ്രഹത്തോടുകൂടി പ്രവർത്തിചെയ്യുന്ന ചെറുപ്പക്കാർ അത്യാവശ്യം കുറെങ്കിലും ന്യായമായി ലഭിക്കേണ്ട പ്രോത്സാഹനം ലഭിക്കാതെ നിരാശന്മാരായി തീരുന്നതും അതിൻെറ ഫലമായി ജോലിയിലുള്ള ഉത്സാഹം കുറഞ്ഞുവരുന്നതിനു ഇടയാകുന്നതും ആകുന്നു എന്നുള്ളതു തീർച്ചയാണ്. ഇവരെ ഗവണ്മെൻറിൻെറ കേന്ദ്രസ്ഥാനത്തിൽ ഇങ്ങനെ യാതൊരു പ്രോത്സാഹനവും നൽകാതെ വച്ചുകൊണ്ടിരിക്കുന്നതു അനുവദനീയമല്ല. ഇവിടെയിരുന്നു പരിചയം സിദ്ധിച്ചു വിവിധഡിപ്പാർട്ടുമെൻറുകളിൽ വിവിധസ്ഥാനത്തു പോരേണ്ടവരാണ് ഇവർ. അവരിൽ അധികംപേരും രാജ്യഭരണ കൃത്യത്തിൽ എത്രയോ തലമുറകളായി ഗവണ്മെൻറിനെസഹായിച്ച് വരുന്ന ഈ രാജ്യത്തെ പ്രജകളുടെ പിൻതുടർച്ചക്കാരാണ്. അവർക്കു നൈരാശ്യമുണ്ടാകത്തക്കവണ്ണം ഈ സ്ഥാനത്തുതന്നെ വച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അതു കഷ്ടം എന്നത്രേ പറയേണ്ടതു്. ഗവണ്മെൻറിൻെറ ശ്രദ്ധ, കഴിഞ്ഞവർഷത്തിൽ പറഞ്ഞ മറുപടിയിൽ പ്രകാശിതമായതുപോലെതന്നെ ഇവരുടെമേൽ ഏററവും അനുഭാവപൂർവം പതിയേണ്ടതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി): ഏതുവിധത്തിലുള്ള പ്രോത്സാഹനമാണ് വേണമെന്നു പറയുന്നതു്?

മി: എ. സി. കുഞ്ചാക്കോസ് (മീനച്ചലും-ദേവികുളവും): അതിനെപ്പററി ഞാൻ പറഞ്ഞുവരുന്നതേയുള്ളൂ. ഏതായാലും ഇനി പറയാം.

അവരെ ആക്ടിംഗായിട്ടുതന്നെ ദീർഘകാലം വച്ചുകൊണ്ടിരിക്കുന്നതു തൃപ്തികരമല്ല. നിവൃത്തിയില്ലെങ്കിൽ അവർ ആക്ടിംഗായിട്ടുതന്നെ ഇരുന്നുകൊള്ളട്ടെ. അവർ സർവീസിൽ പ്രവേശിച്ചതിനുശേഷം അവരോടൊപ്പം ഇതരഡിപ്പാർട്ടുമെൻറുകളിൽ പ്രവേശിച്ചവർക്കു കിട്ടുന്ന ശമ്പളക്കൂടുതൽ അവർക്കു കൊടുക്കരുതോ? ക്ലാസ് മുതലായസ്ഥലങ്ങളിൽ ഇങ്ങനെ നൽകുന്നുണ്ടെന്നാണ് എൻെറ അറിവു്. എൻെറ അറിവു ഒരു പക്ഷെ ശരിയല്ലായിരിക്കാം. അതിനെപ്പററി ഗവണ്മെൻറിനുതന്നെയാണു കൂടുതൽ അറിയാവുന്നതു്. ഞാൻ പറയുന്നതു ശരിയല്ലാതിരുന്നാൽതന്നെയും ഗവണ്മെൻറിനു അങ്ങിനെ ചെയ്യാം. ൩൦ രൂപായ്ക്കു സർവീസിൽപ്രവേശിച്ച ക്ലാർക്കന്മാർ ൯ വർഷകാലത്തോളം ആക്ടിംഗായിട്ടു ൩൦ രൂപായിൽതന്നെയിരിക്കുമ്പോൾ മററു ഡിപ്പാർട്ടുമെൻറിൽ ൩൦ രൂപായിൽ പ്രവേശിച്ചയാളുകൾ ശമ്പളത്തിലും ഗ്രേഡിലും മുകളിലേക്കു കയറിപ്പോകുന്നുണ്ട്.

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അതുപോലെ യോഗ്യതയുള്ള ആളുകൾ മററു ഡിപ്പാർട്ടുമെൻറുകളിലും ഇല്ലയോ?

മി: എ. സി. കുഞ്ചാക്കോസ് (മീനച്ചലും-ദേവികുളവും): ഉണ്ട്. മററു ഡിപ്പാർട്ടുമെൻറുകളിലുള്ള ആളുകളുടെ സ്ഥിതിയെപ്പററി ഇവിടെ പറയുന്നില്ല. മററു ഡിപ്പാർട്ടുമെൻറുകളിൽ ഗ്രാഡ്വേററിസിനു ൩൦ രൂപായ്ക്കും ആകുന്നുണ്ട്. അതുപോലെതന്നെ ആദ്യമായിട്ടു ൫൦ രൂപായ്ക്കു ബി. എ. ക്കാരെ മററു ഡിപ്പാർട്ടുമെൻറുകളിൽ നിയമിച്ചു അവർക്കു പ്രമോഷനും മററും കൊടുത്തു വരുമ്പോൾ ബി. എ. യോ എം. എ. യോ പാസായവരെ ൩൦ രൂപായ്ക്കു ആക്ടിംഗ് ആയിട്ടു നിയമിച്ചു ശമ്പളക്കൂടുതൽ കൊടുക്കാതെ ധാരാളമായിട്ടു ജോലി ചെയ്യിക്കുന്നു; ഇതു നീതിപരമായ നടപടിയല്ല എന്നാണു ഞാൻ പറയുന്നതു്. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ മററുള്ളവരുടെ അവകാശങ്ങളെ അവഗണിച്ചു നിയമനം നടത്തിവരുന്നതിനു ഇതിനുമുമ്പും ധാരാളം ഉദാഹരണങ്ങളുമുണ്ട്. ന്യായമായ അവകാശം ആർക്കും അനുവദിച്ചു കൊടുക്കേണമെന്നാണു ഈവക കാര്യങ്ങളെക്കൊണ്ടു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നതു്. അതിനു വിപരീതമായി പലതും നടക്കുന്നു. ഉദാഹരണമായി വർഗ്ഗീയപ്രാതിനിധ്യമനുസരിച്ചു ഉദ്യോഗം ലഭിക്കുന്നില്ലെന്നു വാദിക്കുന്ന അവസരത്തിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകൾക്കു ഉദ്യോഗം കൊടുക്കണമെന്നു സാർവത്രികമായ ഒരു നിശ്ചയമുണ്ടായിരിക്കയും അതനുസരിച്ചു ലഭിക്കുമെന്നു അവർ വിശ്വസിക്കയും ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ അവരെ സഹായിക്കാതെ പ്രതിവർഷം അന്യരാജ്യക്കാരെ, സർവീസിലുള്ള ചിലരെ പിരിച്ചുവിട്ടുപോലും നിയമിച്ചു വരുന്നു എന്നുള്ളതു ദയനീയമായ ഒരു നടപടിയല്ലയോ? രാജ്യത്തിലെ പ്രജകളോടു സഹകരിപ്പാൻ ഗവണ്മെൻറു കാത്തിരിക്കയും ജനങ്ങൾ ഗവണ്മെൻറിനോടു സഹകരിക്കയും ഗവണ്മെൻറു നിശ്ചയിക്കുന്ന സകല വഴികളേയും ആദരിച്ചു അവർ പ്രവർത്തിക്കയും ചെയ്യുന്ന കാലത്തുതന്നെ ആ രാജഭക്തിയുള്ള പ്രജകൾക്കു—രാജ്യത്തിലെ പൌരന്മാർക്ക്—ഉള്ള ന്യായമായ അവകാശങ്ങളെ വിഗണിച്ചു അന്യനാട്ടിലുള്ളവരെ

പിന്നെയും പിന്നെയുംപ്രവേശിപ്പിക്കുന്ന നയം ഇനിയുംഗവണ്മെന്റു തുടർന്നുകൊണ്ടിരിക്കാനാണോ പോകുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. അങ്ങിനെ തുടരുന്നപക്ഷം അതു അനീതിയായിരിക്കുമെന്നുമാത്രമല്ല ആ അന്യനാട്ടുകാർ അവർക്കു എന്തെല്ലാം തോന്ന്യാസങ്ങൾ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുംചെയ്യും. അതു കൊണ്ടു നിവൃത്തിയില്ലാതെ വരുന്ന അവസരത്തിലൊഴികെ അന്യരാജ്യത്തിൽനിന്നു ഏതുതരത്തിലുള്ള ആളുകളായാലും ഈ രാജ്യത്തു ഇറക്കുമതി ചെയ്യാതിരിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യേണ്ടതു ആവശ്യമാണെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. നമ്മുടെ ഗവണ്മെന്റു ൫൦ ലക്ഷത്തോളം രൂപ വിദ്യാഭ്യാസത്തിനായി ചിലവാക്കുന്നുണ്ട്. ഏകദേശം അത്രത്തോളമുള്ള ഒരു സംഖ്യ പൊതുജനങ്ങളും വിദ്യാഭ്യാസത്തിനായി ചിലവാക്കുന്നുണ്ട്. ചുരുക്കത്തിൽ ഇങ്ങനെ ഒരുകോടിരൂപായോളം ഗവണ്മെന്റും ജനങ്ങളും ചിലവാക്കി വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ ഗവണ്മെന്റിന്റെ പരിമിതമായ ഉദ്യോഗങ്ങൾ വഹിക്കാൻ ഏതു ജാതിയായാലും മഹാരാജാവു തിരുമനസ്സിലെ പ്രജകളിൽപെട്ട ഏതു വിഭാഗത്തിൽ നിന്നെങ്കിലും ആളുകൾ ഇല്ലാതെ വരുമോ? അങ്ങിനെ വരുന്നുവെങ്കിൽ ഈ വിദ്യാഭ്യാസം തന്നെ നിഷ്ഫലം എന്നാണു വരുന്നതു്. ഈ വിദ്യാഭ്യാസം മൂലം തൊഴിലില്ലായ്മ വർദ്ധിച്ചു കൊണ്ടുവരുന്നു എന്നു ഒരു പരാതിയും പരക്കെ ഉണ്ട്. ഈ നാട്ടിലെ സ്വദേശിയായി ഈ നാട്ടിലെ സകല ജനങ്ങളുടേയും സാഹചര്യങ്ങൾ അറിയാവുന്ന ഒരു ദിവാൻജി ഈ രാജ്യത്തെ ജനങ്ങളെ സമഭാവനയോടുകൂടി ഭരിക്കുന്നു എന്നാണു നമ്മൾ വിശ്വസിക്കുന്നതു്. നാട്ടുകാർക്കു ന്യായമായ പ്രോത്സാഹനം കിട്ടുന്നില്ല. അതു കൊടുക്കണമെന്നു നമ്മൾ വീണ്ടും വീണ്ടും ഉൽബോധിപ്പിക്കേണ്ടതായിട്ടും വരുന്നു. ഇങ്ങിനെയുള്ള ഒരു കാലത്തു ഇത്തരത്തിലുള്ള അഴിമതികൾ നടക്കാതെ ശ്രദ്ധിക്കേണ്ടതാണ് എന്നത്രേ എനിക്കു പറയുവാനുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നിയമാനുസൃതമായ നടപടിയെ ആസ്പദമാക്കി ഞാൻ ഒരു ചോദ്യം ചോദിക്കുന്നതിനു ആഗ്രഹിക്കുന്നു. ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കിയിട്ടുള്ളതിന്റെ ഉദ്ദേശം സെക്രട്ടേറിയേറ്റിലുള്ള ആക്ടിംഗ് ക്ലാർക്കന്മാരുടെ സങ്കടങ്ങൾ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഈ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളതിൽനിന്നു വെളിവാകുന്നുണ്ട്. എന്നാൽ വിദേശികളെ ഈ രാജ്യത്തെ സർവീസിൽ നിയമിക്കുന്നതിനെപ്പറ്റിയാണു ഇവിടെ വാദപ്രതിവാദം നടത്തുന്നതു്. ഇതിനെപ്പറ്റി ഇപ്പോൾ വാദപ്രതിവാദം നടത്താവുന്നതാണോ എന്നു പറയുമോ?

അദ്ധ്യക്ഷൻ: തന്റെ വാദത്തിനു യോജിച്ചതാണെന്ന നിലയിൽ അദ്ദേഹം അതിനെപ്പറ്റി പറയുകയാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഞാൻ ഈ ഉപക്ഷേപത്തിൽ ഉദ്ദേശിച്ചിരിക്കുന്ന സംഗതികളെ മാത്രം ആസ്പദമാക്കി പറയുന്നേയുള്ളു. ഇപ്പോഴും ഹജൂരിലുള്ള നമ്പ്ര ആക്ടിംഗ് ക്ലാർക്കുകളുടെ അവകാശത്തെതന്നെ വിഗണിച്ചും അന്യനാട്ടുകാരെ നിയമിച്ചുവരുന്നു എന്നുള്ളതിനു ഉദാഹരണമായിട്ടു പറയുകയായിരുന്നു ഞാൻ ചെയ്തതു്. നമ്മുടെനാട്ടിൽ യോഗ്യതയുള്ളവരുള്ളപ്പോൾ അന്യനാട്ടിലുള്ളവരെ ഇറക്കുമതിചെയ്യുന്നതു ഒരിക്കലും ശരിയല്ല. നമ്മുടെ നാട്ടിലുള്ളവരെ കഴിയുന്നതും നിയമിക്കണം, ആക്ടിംഗുകാരായ നാട്ടുകാരെ കഴിയുന്നിടത്തോളം സ്ഥിരപ്പെടുത്തണം, സ്ഥിരപ്പെടുത്താൻ തൽക്കാലം സൌകര്യമില്ലെങ്കിൽ ശമ്പളം കൂടുതൽ കൊടുക്കണം. അവരുടെ ആക്ടിംഗ് സർവീസു വകവച്ചുകൊടുക്കണം. ഈ സംഗതികൾ ഈ കൗൺസിലിന്റെ ഗാഢമായ പര്യാലോചനയ്ക്കു വിഷയീഭവിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. ഈ അഭിപ്രായത്തോടുകൂടി എന്റെ ഉപക്ഷേപത്തെ കൗൺസിലിന്റെ പര്യാലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, സിക്രട്ടറിയേറ്റിലുള്ള ഹയർഗ്രേഡ് ക്ലാർക്കന്മാർക്കുള്ള സങ്കടങ്ങളെപ്പറ്റി മി: കുര്യാക്കോസ് ഈ സഭമുൻപാകെ വിവരമായി പ്രസ്താവിച്ചിട്ടുണ്ട്. മി: കുര്യാക്കോസിനെ ഞാൻ ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു. അതിനോടുകൂടിതന്നെ മറ്റൊരുകാര്യവും എനിക്കു പറയാനായിട്ടുണ്ട്. സിക്രട്ടറിയേറ്റിന്റെ സൂക്ഷിപ്പുകാർ അല്ലെങ്കിൽ നടത്തിപ്പുകാർ അവർ ആരെങ്കിലും ആകട്ടെ, സിക്രട്ടറിയേറ്റിലുള്ള ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം വാത്സല്യം കുറഞ്ഞനിലയിലാണ് അവരോടു പെരുമാറിവരുന്നതു. ഈ ക്ലാർക്കന്മാർ അത്യധികമായി ജോലിചെയ്തുവരുന്നവരും നിർഭാഗ്യത്തിനധീനരും ആകുന്നു. നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റുസമ്മേളനം കൂടിയ അവസരത്തിൽ നിർഭാഗ്യവാന്മാരായ ഈ ക്ലാർക്കന്മാരുടെകാര്യത്തെപ്പറ്റി ഞാൻ വാദം നടത്തിയിട്ടുള്ളതാണ്. ഇതിനുംപുറമെ അവരുടെ സ്ഥിതികളെ അഭിവൃദ്ധിപ്പെടുത്തണമെന്നും ഞാൻ അപേക്ഷിക്കയുണ്ടായി. എന്നാൽ ഇതേവരെ ഈ വിഷയത്തിൽ യാതൊരുകാര്യവും പ്രവൃത്തിച്ചിട്ടില്ല. അവരുടെകാര്യത്തിൽ പതിവായി പ്രതികൂലമനോഭാവം പ്രദർശിപ്പിച്ചുവരികയാണ്. ഈ സംസ്ഥാനത്തുള്ള കീഴുദ്യോഗസ്ഥന്മാരിൽ ഒരു പ്രത്യേകതരത്തിൽപെട്ടവരോടു ന്യായമില്ലാത്ത ഈ പ്രവൃത്തിചെയ്യുന്നതു നീതിയായിട്ടുള്ളതല്ല എന്നുള്ളത് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. എനിക്കുള്ള സർവശക്തികളും ഉപയോഗിച്ചാണ് ഞാൻ ഇപ്രകാരം പറയുന്നതു്. ഇതു വളരെ അന്യായമായ ഒരു പ്രവൃത്തിയാകുന്നു. സിക്രട്ടറിയേറ്റിലുള്ള ലോവർഗ്രേഡ്ക്ലാർക്കന്മാരുടെ ശമ്പളം പരിഷ്കരിക്കേണ്ടതു ന്യായമായിട്ടുള്ളതാണെന്നു ഗവണ്മെന്റു തീർച്ചചെയ്തിട്ടുണ്ട്. മേൽപറഞ്ഞിട്ടുള്ള കാരണം ഇതാണ്. അതിൽ ലോവർഗ്രേഡ ക്ലാർക്കന്മാരുടെശമ്പളം പരിഷ്കരിച്ചിട്ടുള്ളതിൽ ഞാൻ വിരോധം പുറപ്പെടുവിക്കുന്നില്ല. ടൈപ്പിസ്റ്റന്മാർക്കും പകർപ്പെഴുത്തുകാർക്കും കൊടുക്കുന്ന ശമ്പളത്തെ സംബന്ധിച്ചിടത്തോളം എനിക്കു യാതൊരുവിരോധവുമില്ല. അടുത്തകാലത്തു ബിരുദനേടിയിട്ടില്ലാത്ത ചില ക്ലാർക്കന്മാരെ സൂപ്രണ്ടന്മാരുടെ ഗ്രേഡിലേക്കു നിയമിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്തിട്ടുള്ളതിനെസംബന്ധിച്ചും ആക്ഷേപകരമായി യാതൊന്നും പറയുന്നില്ല. ഈ സംസ്ഥാനത്തു എല്ലാസ്ഥലങ്ങളിലുമുള്ള ഭരണാധികാരികൾക്കു ഉണർച്ചയെ നൽകുന്നതിനുള്ള കേന്ദ്രസ്ഥാനം സിക്രട്ടറിയേറ്റ് ആണെന്നാണു വിചാരിച്ചുവരുന്നത്. അതിനാൽ ഈ ആഫീസിൽതന്നെ നിരാശനേരിടുന്നതിന് ഏതെങ്കിലും അവസരം ഉണ്ടാകുന്നപക്ഷം നല്ലതുപോലെ ജോലിചെയ്യുന്നതിനു നിരാശക്കു അധീനമായ ഈ ആഫീസിനു കഴിയുന്നതല്ല. ഈ സംഗതിയാണ് എനിക്കു പ്രസ്താവിക്കുവാനുള്ളതു്. ഹയർഗ്രേഡിലുള്ള ക്ലാർക്കന്മാരോടു ന്യായമായവിധം പെരുമാറിയിരുന്നു എങ്കിൽ അവർ എല്ലാഅവസരങ്ങളിലും വരാന്തകളിൽകൂടി നടക്കുകയോ അല്ലെങ്കിൽ വൃത്താന്തശാലയിൽകയറി ഇരിക്കയോ ചെയ്യുകയില്ല എ

ന്നാണ് ഞാൻ വിചാരിക്കുന്നത്. അവരോട് ന്യായമായി പ്രവർത്തിച്ചിരുന്നു എങ്കിൽ തങ്ങളുടെ മേലധ്യക്ഷത്തിരുന്ന എല്ലാ അവസരത്തിലും അവർ ജോലിചെയ്യുന്നതാണ്. തൃപ്തികരമല്ലാത്തവിധം ജോലിചെയ്യുന്നതിനുള്ള ഒരവസരമാണ് ഇപ്പോൾ നേരിട്ടിരിക്കുന്നത്. അതുകൊണ്ടാണ് ജോലിചെയ്യുന്നതിൽ അവർ അവജ്ഞകാണിക്കുന്നത്. അധികൃതന്മാർ ഇപ്രകാരമുള്ള എല്ലാസംഗതികളെയും പരിഹരിക്കയോ അല്ലെങ്കിൽ പരിഷ്കരിക്കയോ ചെയ്യേണ്ടതാണ്. സിക്രട്ടേറിയററിൽ ഇപ്പോൾ പകരം ജോലിനോക്കുന്ന ന. ം ക്ലാർക്കന്മാരിൽ കൂടുതൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. അവരെ സ്ഥിരം ജോലിയിൽ നിയമിക്കപ്പെട്ടിട്ടില്ല. അവരെ സ്ഥിരപ്പെടുത്തുന്നതിനു ഒഴിവുകൾ ഇല്ലെന്നു ഉദ്യോഗസ്ഥസാമാജികൻ മുമ്പിൽ വന്ന പ്രസ്താവിച്ചേക്കാം; എന്നാൽ മററു സൌകര്യങ്ങൾ അവർക്കു നൽകാവുന്നതാണ്. ഇപ്രകാരമുള്ള സൌകര്യങ്ങൾ മററുള്ള സ്ഥലങ്ങളിൽ നൽകപ്പെടുന്നുണ്ട്. പകരം ജോലിനോക്കുന്നകാലത്തു മദ്രാസ് പ്രസിഡൻസിയിൽ ശമ്പളക്കൂടുതലും ഉദ്യോഗക്കയററങ്ങളും നൽകുന്നുണ്ട്. അതിനനുസരണമായി മേൽ പറഞ്ഞവർക്കു ഉദ്യോഗക്കയററവും ശമ്പളക്കൂടുതലും നൽകേണ്ടതാണ്.

ഇതിനും പുറമെ സിക്രട്ടേറിയററിനെ സംബന്ധിച്ചിടത്തോളം വളരെ പ്രത്യക്ഷത്തിൽ കാണാവുന്ന നിരാശാജനകമായ മറെറാരു സംഗതിയും ഉണ്ട്. സീനിയോററിയെ സംബന്ധിച്ചുള്ള കാര്യം പര്യാലോചനയ്ക്കു വിഷയമാകുന്ന അവസരത്തിൽ മേൽപറഞ്ഞ ആക്ടിംഗ് ക്ലാർക്കന്മാരുടെ തലയ്ക്കുമുകളിലായി മറെറാരാളെ പുതുതായി നിയമിക്കുന്നു. ഈ വിഷയത്തെപ്പററി വളരെ കൂടുതലായി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇതി ് ഉദാഹരണം മാത്രം പറഞ്ഞ് എന്റെ പ്രസംഗത്തെ അവസാനിപ്പിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഏതോ ഒരു രാജാവിനെ അറുപതു രൂപാ ശമ്പളത്തിൽ നിയമിക്കുക ഉണ്ടായി. ഇത് അടുത്തകാലത്തുണ്ടായ ഒരു നിയമനമാണെന്നാണ് ഞാൻ അറിയുന്നത്. ആറോ, ഏഴോ, എട്ടോ കൊല്ലമായി നാല്പതു രൂപാ മാത്രം ശമ്പളം വാങ്ങി വരുന്ന മററ് ആക്ടിംഗ് ക്ലാർക്കുമാരുടെ മുകളിൽ അയാളെ നിയമിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇതിനുള്ള കാരണം ശമ്പളം അനുസരിച്ച് ഉദ്യോഗക്കയററങ്ങൾ നൽകപ്പെടുന്നു എന്നുള്ളതാണ്. സിക്രട്ടേറിയററിൽ ഇപ്രകാരമുള്ള കാര്യങ്ങൾ നടക്കുന്നപക്ഷം, ഈ സംസ്ഥാനത്തിൽ ഇപ്രകാരമുള്ള കാര്യങ്ങൾ ഉണ്ടാകുന്നതിനു ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർ ഇവയെപ്പററി സഗൌരവം ചിന്തിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ മി: കുര്യാക്കോസ് അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ശക്തിയായിട്ടുകൂടി പിൻതാങ്ങിക്കൊള്ളുന്നു. സിക്രട്ടേറിയററിലുള്ള ഹൈർഗ്രേഡ് ക്ലാർക്കന്മാരുടെ സ്ഥിതി വളരെ പരിതാപകരമാണെന്നു മാത്രമല്ലാ അവർ ഭാഗ്യഹീനരും ആകുന്നു. അതിനാൽ അവരുടെ സ്ഥിതിയെ സംബന്ധിച്ച് അധികൃതന്മാർ ഗൌരവമായി ചിന്തിക്കേണ്ടതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സിക്രട്ടറി): സിക്രട്ടേറിയററിലുള്ള ആക്ടിംഗ് ക്ലാർക്കന്മാരുടെ സ്ഥിതിയെ സംബന്ധിച്ച് മെസ്സേർസ്, കുര്യാക്കോസും, ജോസഫും പ്രത്യേകമായി പ്രസ്താവിക്കയുണ്ടായി. ജോലി സ്ഥിരമായികിട്ടേണ്ടതിന് വളരെ കൊല്ലം അവർക്കു കാത്തിരിക്കേണ്ടതായി വരുന്നു എന്നും, പകരം ജോലിനോക്കുന്നകാലത്തെ സർവീസ് ശമ്പളക്കൂടുതൽ നൽകുന്നതിനോ, പെൻഷൻ നൽകുന്നതിനോ, കണക്കാക്കപ്പെടുന്നില്ലെന്നും, അതിനാൽ പ്രസ്തുതകാര്യങ്ങളിൽ അവർ വളരെ അവശതകൾക്കധീനരായിത്തീർന്നിരിക്കുന്നു എന്നും ഈ അവശതകളെ പരിഹരിക്കണമെന്നും, മേൽ പറഞ്ഞ സാമാജികന്മാർ പ്രസ്താവിക്കയുണ്ടായി; മററു ഡിപ്പാർട്ടുമെന്റിലെ ക്ലാർക്കന്മാരോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം, അവരോട് വ്യത്യാസമായരീതിയിൽ പെരുമാറിവരുന്നു എന്നും, അവർ സൂചിപ്പിച്ചു. ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, താഴെ പറയുന്ന സംഗതി ഞാൻ പറഞ്ഞുകൊള്ളുന്നു. പകരം ജോലിനോക്കുന്ന ക്ലാർക്കന്മാരുടെ സർവീസ്, ശമ്പളക്കൂടുതൽ മുതലായവയെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഈ സംസ്ഥാനത്തു സർക്കാർ സർവീസിലുള്ള എല്ലാ ജീവനക്കാരേയും സംബന്ധിക്കുന്നതാണ്. സെക്രട്ടേറിയററിലുള്ള ക്ലാർക്കന്മാരും മററ് ആഫീസുകളിലുള്ള ക്ലാർക്കന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരു ഉദ്യോഗസ്ഥ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചട്ടങ്ങൾ അനുസരിച്ച്, ഒരു ഉദ്യോഗസ്ഥനുമാത്രമെ സർവീസ് ഉള്ളതായി ഗണിക്കയുള്ളു. ഒരാൾ മറെറാരാളിന്റെ ഒഴിവിൽ ജോലിനോക്കുന്നപക്ഷം, ആ ഉദ്യോഗ ഒഴിവിനെ സംബന്ധിച്ചിടത്തോളം, ഹാജരില്ലാതിരിക്കുന്ന ആളിനാണ് സർവീസ് ഉണ്ടാകുന്നത്. ഇത് എല്ലാ സംഗതിയിലും സംബന്ധിക്കുന്ന ഒരു [illegible]മാകുന്നു. കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമായിരിക്കെ, ആക്ടിംഗ് ക്ലാർക്കന്മാരുടെ സർവീസ് ശമ്പളക്കൂടുതലോ പെൻഷനോ നൽകുന്നതിന് ഗണിക്കപ്പെടാൻ പാടുള്ളതല്ലാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): സെക്രട്ടേറിയററിൽ ഇപ്പോൾ സൂപ്രണ്ടന്മാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് ചീഫ് സിക്രട്ടറി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): രണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാത്തതു് എന്തുകൊണ്ടാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഈ ഒഴിവുകളിൽ ആളുകളെ നിയമിച്ചുവരികയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഒഴിവുകൾ ഉണ്ടായിട്ട് ഇപ്പോൾ എത്രകാലമായി എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഈ ഒഴിവുകളിൽ ആളുകളെ നിയമിച്ചുവരികയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മേൽപ്പറഞ്ഞ ഒഴിവുകൾ ഉണ്ടായിട്ട് ഇപ്പോൾ എത്രകാലമായി എന്താണ് ഞാൻ ചോദിക്കുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ഒഴിവുകൾ ഉണ്ടായിട്ട് ഒരുകൊല്ലത്തിലധിക കാലമായിരിക്കണം. എനിക്ക് അതിനെപ്പററി നല്ല തീർച്ചയില്ലാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): മജിസ്ട്രേട്ടുമാരുടെ ഗ്രേഡിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): മജിസ്ട്രേട്ടന്മാരിൽ യാതൊരു ഒഴിവും ഇപ്പോൾ ഇല്ലാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്റ്റേഷനറി മജിസ്ട്രേട്ടന്മാരുടെ സ്ഥിരം ഒഴിവുകൾ ഇപ്പോൾ എത്ര ഉണ്ടെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): ചില ഡിവിഷൻ അസിസ്റ്റന്റന്മാരെ അടുത്ത കാലത്തു സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതുമൂലം ഉണ്ടായ ഒഴിവുകളിൽ മജിസ്ട്രേട്ടന്മാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചു ഇപ്പോൾ ആലോചിച്ചുവരികയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആരെ നിയമിക്കപ്പെടാതെ ഉള്ള മജിസ്ട്രേട്ടന്മാരുടെ ഒഴിവിനെ സംബന്ധിച്ചിടത്തോളം, ഏറ്റവും ദീർഘമായ കാലത്തേക്കുള്ള ഒഴിവു ഏതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): ഈ ചോദ്യത്തിനു എനിക്കു ഇപ്പോൾ മറുപടി നൽകുന്നതിനു നിവൃത്തിയില്ല. ഈ അവസരത്തിൽ മജിസ്ട്രേട്ടന്മാരെ നിയമിച്ചിട്ടില്ലാത്ത ഒരു ഒഴിവും ഇല്ലാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിന്റെ അർത്ഥം ഓരോരോ കോടതിയിലും ഓരോ ആൾ ഉണ്ടെന്നാണ്. എന്നാൽ ഇപ്പോൾ മജിസ്ട്രേട്ടന്മാരുടെ സ്ഥിരം ഒഴിവുകൾ എത്ര ഉണ്ടെന്നു അറിയുന്നതിനാണ് ആവശ്യപ്പെടുന്നതു ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): രണ്ടോ മൂന്നോ ഒഴിവുകൾ ഉണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ ആക്റ്റിംഗ് മജിസ്ട്രേട്ടന്മാർക്ക് ഈ ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള മിനിമം ശമ്പളം ലഭിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): മജിസ്ട്രേട്ടന്മാർക്കു മിനിമം ശമ്പളം ലഭിക്കുന്നുണ്ട്.

മി: മാത്തുമുരിക്കൻ (വൈക്കം): മേൽ പറഞ്ഞതിൽ നിന്ന് ആക്റ്റിംഗ് ക്ലാർക്കന്മാർക്കുള്ള സങ്കടങ്ങളെ പരിഹരിക്കാൻ സാധിക്കയില്ലെന്നാണോ ചീഫ് സെക്രട്ടറി പറയുന്നതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): ഞാൻ അതിനെപ്പററ പറയാൻ പോകുകയാണ്. ഇവിടെ ചെയ്തിട്ടുള്ള നിർദ്ദേശം സിക്രട്ടേറിയററിലുള്ള ക്ലാർക്കന്മാർക്കു മാത്രം ശമ്പളം കൂടുതൽ നൽകണമെന്നുള്ളതാണ്. ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു അപ്രകാരം ചെയ്യുന്നതിനു നിവൃത്തിയില്ലാ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മുൻപു ഉണ്ടായിട്ടുള്ള അവസരങ്ങളിൽ പകരം ജോലിനോക്കിയിട്ടുള്ള കാലത്തെ സർവീസ് ശമ്പളക്കൂടുതൽ നൽകുന്നതിലേക്കായി കണക്കാക്കപ്പെട്ടിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): കണക്കാക്കപ്പെട്ടിട്ടില്ല.

അതിനാൽ ഈ സംഗതിയിൽ വ്യത്യസ്തമായ ഏതെങ്കിലും രീതിയിൽ പ്രവർത്തിക്കേണ്ടിവരുന്നപക്ഷം ആവശ്യമായിട്ടുള്ളതു ചട്ടങ്ങളെ ഭേദഗതി ചെയ്യുകയാകുന്നു. അങ്ങനെ ചെയ്യുന്നപക്ഷം അതു സെക്രട്ടേറിയററിനെ മാത്രം സംബന്ധിക്കുന്നതല്ലാ, എന്നാൽ ഈ രാജ്യത്തെ സർക്കാർ ജീവനക്കാർ മുഴുവനും അതു സംബന്ധിക്കുന്നതാണ്. ഇപ്പോഴത്തെ ചട്ടങ്ങളുടെ സ്ഥിതിക്കു, യഥാക്രമമായി ആക്റ്റിംഗ് ക്ലാർക്കന്മാർക്കു ശമ്പളം കൂടുതൽ നൽകുന്നതിനു യാതൊരു സമാധാനവും കാണുന്നില്ലാ. പെൻഷനെ സംബന്ധിച്ചിടത്തോളവും, കാര്യത്തിന്റെ സ്ഥിതി ഇതുപോലെതന്നെയാകുന്നു.

ആക്റ്റിംഗ് ക്ലാർക്കന്മാർക്കു പ്രോത്സാഹനം നൽകുന്നതിനെ സംബന്ധിച്ചിടത്തോളം, ഹജൂർ ആഫീസിൽ നിയമിക്കപ്പെട്ടതിന്റെ ശേഷം ക്ലാർക്കന്മാർ—

മി: ആർ. രാമൻപിള്ള (കോട്ടയം): ആക്റ്റിംഗ്കാരെ സ്ഥിരപ്പെടുത്താതെ വിദേശികളെ ആരെ എങ്കിലും ഗവർണ്മെന്റ് നിയമിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): അങ്ങനെ സ്ഥിരമായിട്ട് ആരെയും നിയമിച്ചിട്ടില്ലാ.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇന്നലെ ഒരാളെ നിയമിച്ചില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): അതു സ്ഥിരമല്ലാ.

മി: ആർ. രാമൻപിള്ള (കോട്ടയം): മദ്രാസ് സംസ്ഥാനത്തു നാട്ടുരാജ്യ പ്രജകളെ നിയമിക്കുന്നില്ലെന്നുള്ള ചില വസ്തുത അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): സാധാരണയായിട്ടു നിയമിക്കാറില്ലാ. അതുപോലെതന്നെയാണ് ഇവിടെയും.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ നിയമിച്ചുകൂടാ എന്നു നിയമം ഉള്ളതായിട്ടു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): ആ നിയമം അവിടെയും ഇവിടെയും ഉണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): മദ്രാസ് സംസ്ഥാനത്തിൽ നിന്നു വല്ല അംഗങ്ങളേയും നമ്മുടെ ഗവർണ്മെന്റ് നിയമിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): ഉണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ നാട്ടിൽ യോഗ്യതയുള്ളവർ ഇല്ലാഞ്ഞിട്ടാണോ അങ്ങനെ ചെയ്തതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവർണ്മെന്റ് ചീഫ് സിക്രട്ടറി): അങ്ങിനെയല്ല.

ചട്ടങ്ങൾക്കു വിപരീതമായി പ്രവർത്തിക്കാതെ സെക്രട്ടേറിയററിലുള്ള ക്ലാർക്കന്മാർക്കു മാത്രം ശമ്പളം കൂടുതൽ നൽകുന്നതിനു സാധിക്കയില്ലാ. ഇതാണ് ഞാൻ പറയുന്നതു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇങ്ങനെ ഒരാളിനെ നിയമിച്ചു എന്നു പറയുന്നതു ഇപ്പോഴും ഉദ്യോഗത്തിലിരിക്കുന്ന വല്ല ആക്ടിംഗ് കാരനെയും പിരിച്ചു വിട്ടിട്ടാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): അല്ലാ.

[illegible] ഇപ്പോഴും [illegible] നടക്കുന്നില്ലെന്നു മിസ്റ്റർ കയ്യാക്കോസ് ഇവിടെ പ്ര[illegible] ഈ [illegible] തോളം—

[illegible]): ഈ ആളിന് ആരംഭത്തിൽ [illegible] രൂപാ ശമ്പ[illegible]?

[illegible] ഗവണ്മെൻറു ചീഫ് സിക്രിട്ടറി): അതു വാസ്തവമാണ്.

[illegible] കഴിയുന്നതിനു മുമ്പു ആണോ [illegible] ആളിനെ നി[illegible]

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രട്ടറി): അല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ പ്രത്യേകമായിട്ടു നിയമിക്കാനുണ്ടായ കാരണം എന്തെന്നു പറയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രിട്ടറി): വിശേഷമായ കാരണങ്ങൾ ഒന്നും ഇല്ലാ. ആ ആൾ കൊഴിക്കോട്ടു സാമൂതിരി കോവിലകത്തുള്ള ഒരാളാണ്. ഇവിടത്തെ സർവീസിൽ ജോലികിട്ടിയാൽ കൊള്ളാമെന്നു അപേക്ഷിച്ചു, ബി. എ; ബി. എൽ പാസ്സായിട്ടുണ്ട്. ഈ കാരണങ്ങൾ കൊണ്ടു നിയമിച്ചു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സിക്രിട്ടേറിയററിൽ മുൻപുതന്നെ പകരം ജോലിനോക്കി കൊണ്ടിരിക്കുന്ന മൂപ്പുള്ള ഹൈയർ ഗ്രേഡ് ക്ലാർക്കന്മാരുണ്ടല്ലോ. മിന്നത്താന്നു നിയമിക്കപ്പെട്ടിട്ടുള്ള ആളിനെ ഈ മൂപ്പുള്ളവരുടേയും ജൂനിയർ ആയിട്ടാണോ നിയമിച്ചിട്ടുള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സിക്രിട്ടറി): ഈ ആക്ടിംഗ് ക്ലാർക്കന്മാരുടെ കീഴിലുള്ള സ്ഥാനത്തിൽ ആണ് അയാളെ നിയമിക്കപ്പെട്ടിട്ടുള്ളതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): അടുത്തകാലത്തു് നിയമിക്കപ്പെട്ടിട്ടുള്ള ആൾ തിരുവിതാംകൂറിന് വെളിയിലുള്ള ഒരു വക്കീൽ ആയിരുന്ന ഒരാളാണോ എന്നു പറയുമോ?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വയസ്സിനെസംബന്ധിച്ചുള്ള ക്ലിപ്തത്തിൽനിന്നും ഈ ക്ലാർക്കിനെ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രിട്ടറി): ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സെക്രട്ടേറിയററിൽ ഉദ്യോഗം കൊടുക്കുന്നതിനു പരിഗണിക്കപ്പെടുന്ന കാര്യങ്ങളിൽ ഒന്നു ഉൽകൃഷ്ടകുടുംബവുമായിട്ടുള്ള സംബന്ധമാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫസിക്രിട്ടറി): അതും പരിഗണിക്കപ്പെടുന്ന കാര്യങ്ങളിൽ ഒന്നാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നിർദ്ധനസ്ഥിതിയെപ്പററി ചിന്തിക്കുകയില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സിക്രിട്ടറി): അപ്രകാരം ചെയ്യും; നിർദ്ധന സ്ഥിതിയെപ്പററിയും ചിന്തിക്കുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സിക്രിട്ടേറിയററിൽ ഉദ്യോഗനിയമനങ്ങൾ നടത്തുന്ന കാര്യത്തിൽ ഇപ്രകാരമുള്ള എല്ലാ കാര്യങ്ങളെയും പററി പരിഗണിക്കുന്നതാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സിക്രട്ടറി): അതെ; ഓരോപ്രത്യേകസംഗതികളിൽ അപ്രകാരം ചിന്തിക്കുന്നതാണ്.

മററു ഡിപ്പാർട്ടുമെൻറിലുള്ള ക്ലാർക്കന്മാരോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം സിക്രിട്ടേറിയററിലുള്ള ക്ലാർക്കന്മാർ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നു എന്നു മി: കയ്യാക്കോസ് ഇവിടെ പ്രസ്താവിച്ചു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം താഴെപറയുന്ന സംഗതികൾ ഞാൻ പറഞ്ഞുകൊള്ളുന്നു. സിക്രട്ടേറിയററിൽ ക്ലാർക്കന്മാരെ നിയമിക്കുന്ന അവസരത്തിൽ അവർക്കു ആദ്യമായി കൊടുക്കുന്ന ശമ്പളം നാല്പതുരൂപാ മുതൽ എഴുപതു രൂപാവരെയുള്ള സ്കെയിലിൽ അനുസരിച്ചു, ൪൦ രൂപ ആകുന്നു. എന്നാൽ മററുഡിപ്പാർട്ടുമെൻറുകളിൽ ചിലപ്പോൾ ൨൦ രൂപാ ശമ്പളത്തിനും മററവസരങ്ങളിൽ ൨൫ രൂപ ശമ്പളത്തിനും ആണ് ക്ലാർക്കന്മാരെ നിയമിക്കാറുള്ളതു്. അക്കൌണ്ടാഫീസു സിക്രട്ടേറിയററു എന്ന ഈ രണ്ടുഡിപ്പാർട്ടുമെൻറുകളിൽ മാത്രമേ ആരംഭകാലത്തു ൪൦ രൂപാ ശമ്പളം നൽകുന്നുള്ളു.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും ദേവികുളവും): ഈ ഹയർ ഗ്രേഡു ക്ലാർക്കന്മാരെ എട്ടോ ഒൻപതോ വർഷത്തിനുശേഷം പുറത്തയക്കുന്നതു മജിസ്ട്രേട്ടന്മാരായിട്ടും മററുമല്ലേ? ഹൈക്കോർട്ടിൽ ക്ലാർക്കായി പോകുന്ന ആൾ അധികം പക്ഷം മുൻസിഫായി വരുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രിട്ടറി): അപ്രകാരം സംഭവിക്കുന്നതു സാധാരണയാണ്. ക്ലാർക്കന്മാർ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിൽ പ്രവേശിക്കുന്നതു് ഹിതാനുസരണം അവർ ഒരു നിശ്ചയം വരുത്തിയതിന്റെ ശേഷമാണ്. മററൊരു ഡിപ്പാർട്ടുമെൻറുകളെ പരിത്യജിച്ചതിന്റെ ശേഷം സിക്രിട്ടേറിയററിൽ പ്രവേശിക്കുന്നതിന് അവരോട് ആരും നിർബന്ധിക്കുന്നില്ലാ. തങ്ങൾക്കു ഉദ്യോഗം കിട്ടേണ്ട ആഫീസുകളെ സംബന്ധിച്ചിടത്തോളം അവരെ നിശ്ചയം വരുത്തിതിരഞ്ഞെടുക്കുന്നതു് അവരാണല്ലോ. ആഫീസുകൾ നിശ്ചയിച്ചതിന്റെശേഷം ആ ഡിപ്പാർട്ടുമെൻറുകളിൽ അവർ മററുള്ളവ

രോടൊന്നിച്ച് അവിടെയുള്ള സ്ഥിതിഗതികളനുസരണമായും അവർ ഉയർച്ചയെ പ്രാപിക്കേണ്ടതാണ്. അവരുടെ കാര്യങ്ങളിൽ വ്യത്യസ്തമായ നിലയിൽ യാതൊന്നും പ്രവർത്തിച്ചുവരുന്നില്ല. സിക്രട്ടേറിയറ്റിൽ ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം, ഈ ചട്ടങ്ങൾ [illegible] സിക്രട്ടേറിയറ്റിലുള്ള [illegible] ഉദ്യോഗസ്ഥന്മാർ [illegible] മറ്റു [illegible] സിക്രട്ടേറിയ[illegible] ഈ കാര്യം [illegible] സിക്രട്ടേറി[illegible] ഇപ്രകാരം [illegible] ആളുകളുടെ കാര്യങ്ങളെ [illegible] സിക്രട്ടേറിയറ്റിലുള്ള [illegible] അതിനാൽ സിക്രട്ടേറിയറ്റ് ക്ലാർക്കന്മാരോട് [illegible] എന്നു പറയുന്നതിന് യാതൊരു കാരണവും കാണുന്നില്ല.

മി: എ. സി. കണ്ണാക്കോസ് (മീനച്ചിലും ദേവികുളവും): ടൈപ്പിൽപ്പറഞ്ഞ കാര്യം മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറ ചീഫ് സിക്രട്ടേറി): ഈ ക്ലാർക്കന്മാർക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്ന സാമാന്യമായി ഇവിടെ പ്രസ്താവിക്കയുണ്ടായി. ഇതിനുപുറമെ ക്ലാർക്കന്മാരെ സംബന്ധിച്ചു കൂടുതൽ അനുകൂലമായ നിലയിൽ പെരുമാറേണ്ടതാണെന്ന ഈ സഭയിലെ അംഗങ്ങൾ വാദിച്ചിട്ടുള്ളതു കേൾക്കുന്നതിൽ ഗവർമ്മെൻറിനു സന്തോഷമുണ്ടെന്ന. കഴിഞ്ഞ കൊല്ലത്തിൽ ഇവിടെ വച്ചു ചീഫ് സിക്രട്ടറി പ്രസ്താവിച്ചിട്ടും ഉണ്ട്. ഇവരുടെ കാര്യം നിശ്ചയമായും ഗവർമ്മെൻറ ചിന്തിക്കുന്നതാണെന്നു പറയുന്നതിനു എനിക്കു സന്തോഷമുണ്ട്.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ ഉപാദ്ധ്യക്ഷൻ): മൂന്നുകൊല്ലത്തിലധികകാലത്തെ സർവീസുള്ള ആക്ടിംഗ് ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം, അവർക്ക് ശമ്പളക്കൂടുതൽ നൽകത്തക്കവണ്ണം ചട്ടങ്ങളെ ഭേദപ്പെടുത്താൻ പാടില്ലയോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉപാദ്ധ്യക്ഷൻ പറയുന്നതു ഞങ്ങൾക്കു കേൾക്കാൻ പാടില്ല.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ ഉപാദ്ധ്യക്ഷൻ): ഈ ചോദ്യം ചോദിച്ചിട്ടുള്ളതു ചീഫ് സിക്രട്ടറിയെ ഉദ്ദേശിച്ചാണ്. ഈ ചോദ്യം ഞാൻ എൻെറ സ്നേഹിതനേയും കേൾപ്പിക്കാം. സിക്രട്ടേറിയറ്റിലേക്കാകട്ടെ, മറ്റു ആഫീസിലാകട്ടെ പകരംജോലിനോക്കുന്നതിനുള്ള ഒഴിവുകൾ മൂന്നുകൊല്ലത്തിൽ കവിഞ്ഞകാലത്തേക്കു ഹിലവിൽ ഇരിക്കുമ്പോൾ പകരംജോലിനോക്കുന്ന ആളുകൾക്കു ശമ്പളക്കൂടുതൽ ലഭിക്കത്തക്കവണ്ണം എന്തുകൊണ്ടു ചട്ടങ്ങളെ പരിഷ്ക്കരിക്കാൻ പാടില്ലാ, ഇതാണ് ഞാൻ ഇപ്പോൾ ചോദിച്ചതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറ ചീഫ് സെക്രട്ടറി): അതു സാമാന്യമായ ഒരു വിഷയമാണു. ക്ലാർക്കന്മാർക്കു ഇപ്പോഴുള്ള ബുദ്ധിമുട്ടിനേയും അവശതകളേയും അതു നിശ്ചയമായും പരിഹരിക്കുന്നതാണു. ഇതുവളരെ വ്യാപ്തിയുള്ള ഒരു വിഷയമാകുന്നു. കൂടാതെ അപ്രകാരം ചെയ്യുന്നപക്ഷം, അതിനു വളരെ പണച്ചിലവും നേരിടാവുന്നതാണു. ഇതിനുപുറമെ, എല്ലാഡിപ്പാർട്ടുമെൻറുകളേയും സംബന്ധിച്ചിടത്തോളം, ചട്ടങ്ങളെ ഭേദപ്പെടുത്തേണ്ടതാവശ്യമാകുന്നു. ഈ സംഗതി ഇതിനുമുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ബ്രിട്ടീഷ്ഇൻഡ്യയിലെ ഫണ്ടമെൻറൽ ചട്ടങ്ങൾ അനുസരിച്ച് ഇപ്രകാരമുള്ള അവശതകൾ നേരിടുന്നതിനു സന്ദർഭം ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട ഉത്തമമായ ഒരു മാർഗ്ഗം ഈ ചട്ടങ്ങളെ സംസ്ഥാനത്തിൽ നടപ്പിൽ വരുത്തുകയാകുന്നു, ഇതൊരു സാമാന്യവിഷയമാണ്. അതിനാൽ ഇതിനെപ്പറ്റി ഗാഢമായി ചിന്തിക്കേണ്ടതാവശ്യമാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവു നെടുമങ്ങാടും): സിക്രട്ടേറിയറ്റിലുള്ള ക്ലാർക്കന്മാരോടു വ്യത്യാസമായനിലയിൽ പെരുമാറേണ്ടതു് ആവശ്യമല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറ ചീഫ് സിക്രട്ടറി): മെംബറിൻെറ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്തുകൊണ്ടെന്നാൽ മററുള്ള ആഫീസുകളിൽ ചെയ്യുന്നജോലിയോടു താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം, സിക്രട്ടേറിയററിലുള്ള ക്ലാർക്കന്മാർ വളരെ മഹത്തായ വിധത്തിലുള്ള ജോലിയാണ് ചെയ്യുന്നതു്. മററു ആഫീസുകളിലുള്ള ക്ലാർക്കന്മാർ ചെയ്യുന്നജോലിയെസംബന്ധിച്ചു അഗണ്യമായ വിധം ഞാൻ സംസാരിക്കയില്ലാ.

മി: ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): സിക്രട്ടേറിയററിലുള്ള ക്ലാർക്കന്മാർക്ക് കഠിനമായ ജോലി ചെയ്യാനുണ്ട്. മററു ഡിപ്പാർട്ടുമെൻറുകളിലുള്ള ക്ലാർക്കന്മാരും അപ്രകാരം അത്യധികമായി ജോലിചെയ്യുന്നില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറ ചീഫ് സിക്രട്ടറി): ക്ലാർക്കന്മാർക്ക് ചെയ്യാനുള്ള ജോലിയുടെ വലിപ്പത്തെക്കുറിച്ചല്ലാ ഞാൻ പ്രസ്താവിക്കുന്നതു്. അവർ നിർവഹിക്കേണ്ട ജോലിയുടെ സ്വഭാവത്തെ കുറിച്ചാണ് ഞാൻ നിർദ്ദേശിക്കുന്നതു

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും); ഭരണത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവകമായ ആജ്ഞകളും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള കേന്ദ്രസ്ഥാനം സിക്രട്ടേറിയററു ആകുന്നു എന്നു ചീഫ് സിക്രട്ടറി വിചാരിക്കുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ് സിക്രട്ടറി): ഇതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മി: ആർ. വെളുപ്പിൾ പിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ക്ലാർക്കന്മാരുടെ മുകളിൽ സിക്രട്ടറിമാർ ഇല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ് സിക്രട്ടറി): ക്ലാർക്കന്മാരുടെ മുകളിൽ സൂപ്രണ്ടന്മാരും അവരുടെ മുകളിൽ സിക്രട്ടറിമാരും അവരുടേയും മുകളിൽ ചീഫ് സിക്രട്ടറിയും ഏററവും ഉയർന്നസ്ഥാനത്തു ദിവാനും ഉണ്ട്. ആരംഭഘട്ടങ്ങളിൽ ക്ലാർക്കന്മാരാണ് ജോലിചെയ്യുന്നതു്. ഈ ഘട്ടത്തിൽ ചെയ്യുന്നജോലിയുടെ ഗുണത്തെപ്പററിയാണ് ചിന്തിക്കുവാനുള്ളതു്. ക്ലാർക്കന്മാരുടെ സ്ഥിതികളെസംബന്ധിച്ച് ഗവൺമെൻറു് അനുകമ്പാപൂർവം പര്യാലോചിക്കുന്നതായിരിക്കും. ഇതിൽ കൂടുതലായി ഈ വിഷയത്തിൽ എന്തെങ്കിലും പറയാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഹയർഗ്രേഡ് ക്ലാർക്കന്മാരുടെ സ്ഥിതി വളരെ പരിതാപകരമായ ഒന്നാണെന്നും ഗവൺമെൻറു് ഉടനടി അതിനെപ്പററി ചിന്തിക്കേണ്ടതാവശ്യമാണെന്നും ചീഫ്സിക്രട്ടറി വിചാരിക്കുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു് ചീഫ് സിക്രട്ടറി): അങ്ങനെ വിചാരിക്കുന്നില്ല. ഉടനടിപര്യാലോചിക്കുന്നതിന്നാവശ്യമായ ഒരു വിഷയമാണ് അതു് എന്നു പറയാൻ പാടില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ഡിപ്പാർട്ടുമെൻറുകളേയും സംബന്ധിച്ചിടത്തോളം, അതു പൊതുവേ ഉള്ള ഒരു കാര്യമാകുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു ആഫീസിൽ തന്നെ ഒന്നുപോലത്തെ ഒരുമിച്ചു ജോലിനോക്കുന്നവർ വല്ല ടൈപ്പിസ്റ്റ് എന്നനിലയിലും ചുരുക്കെഴുത്തുകാർ എന്നനിലയിലും ൨൫ രൂപാ മുതൽ ൪൫ രൂപാവരെ ശമ്പളം കിട്ടുന്ന സ്ഥിതിക്ക്, കുറഞ്ഞശമ്പളം ക്രമം നൽകപ്പെടുന്ന ഈ ക്ലാർക്കന്മാർ ൩൦ രൂപാ ശമ്പളമുള്ള സ്ഥാനങ്ങളിൽ തന്നെ ഇരുന്നുപോകുന്നു. കൂടുതൽ കാര്യക്ഷമതയോടും ഊർജ്ജിതത്തോടും കൂടി അവർ പ്രവർത്തിച്ചുവരികയും ആകുന്നു. ചുരുക്കെഴുത്തുകാർക്കും ടൈപ്പിസ്ററന്മാർക്കും ഉള്ളതിനു തുല്യമായ ശമ്പളംപോലും അവർക്കു നൽകപ്പെടുന്നില്ല. ഇതു് നീതിവിരുദ്ധമായ ഒരു പ്രവൃത്തിയല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു് ചീഫ് സിക്രട്ടറി): ഈ വാദത്തിനു യാതൊരു അർത്ഥവുമില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ ഒരേനിലയിലിരിക്കുന്ന രണ്ടുസംഗതികളെ പററിയാണ് താരതമ്യപ്പെടുത്തേണ്ടതു. ഈ ക്ലാർക്കന്മാരുടെ സ്ഥിതിയെ ചുരുക്കെഴുത്തുകാരുടെ നിലയോടു താരതമ്യപ്പെടുത്തുന്നതു ശരിയായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ക്ലാർക്കന്മാർ പ്രത്യേകമായ ഒരു ഉദ്യോഗവർഗ്ഗത്തിൽ പെട്ടവരാണ്, അവരുടെ ഇടയിൽ ഏകദേശം ൪൦൦ ഉദ്യോഗങ്ങളും ഉണ്ട്, ചുരുക്കെഴുത്തുകാരെ സംബന്ധിച്ചിടത്തോളം ൪൦ രൂപാ മുതൽ ൪൫ രൂപാവരെ ഉള്ള ഒരു ഉദ്യോഗവും ൨൫ രൂപാ മുതൽ ൪൦ രൂപാവരെ ഉള്ള രണ്ടു ഉദ്യോഗവും മാത്രമെ ഉള്ളു. ചുരുക്കെഴുത്തുകാർക്കു ഉദ്യോഗകയററം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വളരെ പരിമിതമാത്രമാണു; ചുരുക്കെഴുത്തുകാരെ പ്രത്യേക ഉദ്യോഗവർഗ്ഗമായി ഗണിച്ചിരിക്കയാണു. അവരുടെ ജോലി പ്രത്യേകമായ സാങ്കേതികപരമായ ഒന്നാണു. അതിനാൽ അവരുടെ കാര്യത്തിൽ പ്രത്യേകമായി പെരുമാറേണ്ടതാവശ്യമാകുന്നു. ഉദ്യോഗകയററം ലഭിക്കുന്നതിനു മററു മാർഗ്ഗങ്ങൾ അവർക്കില്ലാതിരിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അവരെ എല്ലാഅവസരത്തിലും ടൈപ്പിസ്റ്റുമാരായും ചുരുക്കെഴുത്തുകാരായും വെച്ചുകൊണ്ടിരിക്കയാണോ ചെയ്യുന്നതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു് ചീഫ് സിക്രട്ടറി): അതെ, ടൈപ്പിസ്റ്റന്മാർ എന്ന നിലയിലും ചുരുക്കെഴുത്തുകാർ എന്ന നിലയിലും അവരെക്കൊണ്ടു എല്ലാ അവസരത്തിലും ജോലിചെയ്യിച്ചുവരികയാണു.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): സർ, എന്റെ ഉപക്ഷേപംകൊണ്ടു ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ള സംഗതികൾ ശരിയാണെന്നും, അതു ഗവൺമെൻറു് ആലോചനാവിഷയമാക്കിയിട്ടുണ്ടെന്നു ചീഫ്സെക്രട്ടറി അവർകൾ പറഞ്ഞ മറുപടിയിൽ സമ്മതിക്കുന്നതായിട്ടു തോന്നുന്നു. എന്നുമാത്രമല്ലാ കഴിഞ്ഞ വർഷം ചീഫ്സെക്രട്ടറി അവർകൾ പറഞ്ഞതുപോലെതന്നെ, ഈ വർഷത്തിലും അനുഭാവപൂർവം ഇക്കാര്യത്തിൽ ശ്രദ്ധിക്കാമെന്നും പര്യവസാനിപ്പിച്ചിരിക്കുന്നു. എന്നാൽ കാര്യക്ഷമത അത്യാവശ്യമാണെന്നു വാദിക്കുന്നകാലത്തു കാര്യക്ഷമത വേണമെന്നു വിചാരിക്കുന്നു. എങ്കിൽ വേലചെയ്യുന്നവർ അർഹിക്കുന്നതും ആഗ്രഹിക്കുന്നതും ആയ ന്യായമായ ആനുകൂല്യങ്ങൾ ചെയ്യണമെന്നുള്ള കാര്യത്തിലും ഒരിക്കലും വിസ്മൃതികാണിക്കാൻ പാടില്ല എന്നത്രേ പറയേണ്ടു.

എല്ലാഡിപ്പാർട്ടുമെൻറിലേയും ചില്ലറ ഉദ്യോഗസ്ഥന്മാർക്കു ശമ്പളക്കൂടുതൽ കൊടുക്കണമെന്ന ഒരു സ്കീം വന്നിട്ടുണ്ട്. അവരുടെ ഈ സ്കീം എല്ലാം ശരിയായി പരിശോധിച്ചു പ്രവർത്തിക്കുന്നതിനുള്ള സമയവും സാവകാശവും ഗവൺമെൻറിനു ഉണ്ടാകുന്നുമുണ്ട്. ഈ കാര്യങ്ങളിൽതന്നെ ഇടപെടേണ്ടവരായ ചില ക്ലാർക്കന്മാരുടെ കാര്യത്തിൽ ഔദാസീന്യം കാണിക്കുന്നു. ഇതു ശരിയല്ല. ഏതെങ്കിലും, നിയമങ്ങൾ ഉണ്ടായിരുന്നാലും ഈ ക്ലാർക്കന്മാരെക്കൊണ്ടു അധികം പ്രയോജനമുണ്ടെന്നും അവരിൽ പലരും ഉൽകൃഷ്ടമായ സ്ഥാനത്തു ചെന്നു ചേരേണ്ടവരാണെന്നുമുള്ള അഭിപ്രായം ഇരിക്കുന്നിടത്തോളംകാലം, അവർക്കു ന്യായമായ ഒരു പ്രമോഷൻ കൊടുക്കത്തക്കവണ്ണം നിയമം ഉണ്ടാക്കാൻ ഗവൺമെൻറിനു വിഷമമൊന്നുമില്ലാ. അവരെ സ്ഥിരപ്പെടുത്താൻ സാധിച്ചില്ലെങ്കിൽ ശമ്പളക്കൂടുതലെങ്കിലും അവർക്കുകൊടുക്കണം. അവരുടെ ആക്ടിംഗ് സർവീസു കണക്കാക്കുകയും വേണം. ഈ സംഗതികളിൽ ഗവൺമെൻറു് ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു സഭ അനുമതി നൽകണമെന്നു വിചാരിക്കുന്നുണ്ടോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨൦൩.

അദ്ധ്യക്ഷൻ: ഇനി അടുത്തതായി ൨൦൩-ാംനമ്പർ ഉപക്ഷേപത്തെപ്പറ്റിയാണ് ചിന്തിക്കവാനുള്ളത്. ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നുള്ളതു മെമ്പർ അതിൽതന്നെ പറഞ്ഞിട്ടുണ്ട്. അതിനെപ്പററി താഴെപറയുന്നു.

"ന്യൂനപക്ഷക്കാർക്കുള്ള ഒരു മതമാകത്തെയോ ബിൽഹാജരാക്കേണ്ടതിന്റെ അത്യാവശ്യകതയേയും, ഈ വിഷയത്തിൽ ഗവൺമെന്റു പ്രദർശിപ്പിക്കുന്ന ഉദാസീനതയേയുംപററി ചൂണ്ടിക്കാണിക്കുന്നതിനാകുന്നു."

നിയമാനുസൃതമായി ഈ കാര്യത്തിൻ കീഴിൽ ഉൾപ്പെടുത്താവുന്ന ഒരു ഉപക്ഷേപമല്ലാ ഇത്. അതിനാൽ അതിനെ ഞാൻ തള്ളിക്കളയുന്നു.

ഉപക്ഷേപം ൨൦൪.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഹയർഗ്രേഡ് ക്ലാർക്കന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൯,൨൦൩ രൂപായിൽനിന്ന് ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൦൫.

ഹയർ ഗ്രേഡ് ക്ലാർക്കന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൯,൨൦൩ രൂപായിൽ നിന്ന് ൧ രൂപാ കുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) ഹയർഗ്രേഡ് ക്ലാർക്കുകൾക്കു ശമ്പളത്തിനു ചേർത്തിട്ടുള്ള ൩൯,൨൦൩ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. അതിന്റെ പ്രധാനഉദ്ദേശം രാജ്യഭരണകാര്യങ്ങളിൽ ഇപ്പോൾ ... ...

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, നിയമാനുസൃതമായ നടപടിക്രമസംബന്ധിച്ച ഒരു ചോദ്യം ചോദിക്കുന്നതിനു ഞാൻ എഴുന്നേററുകൊള്ളുന്നു. "സിക്രട്ടേറിയേററിലെ ക്ലാർക്കന്മാർ "... നുള്ള ദ്യൂദ്യോഗസ്ഥന്മാരെ അടിസ്ഥാനപ്പെടുത്തിയാണു ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്." "സാമാന്യഭരണനയം സംബന്ധിച്ചുള്ള കാര്യക്ഷമതയുടെ കുറവിനെയും അഴിമതികളെയും" പററിച്ചൂണ്ടികാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു എന്നുതോന്നുന്നു. ഇതു സാമാന്യനയത്തെപററിയുള്ള ഒരു വിഷയമാകുന്നു. "ഹയർഗ്രേഡ് ക്ലാർക്കന്മാർ" എന്നുള്ള ഈ പ്രത്യേക ഇനത്തെ ആധാരമാക്കി ഈ വിഷയത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനു അനുവാദംകൊടുക്കാൻ പാടില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അപ്രകാരമുള്ള ഉപക്ഷേപങ്ങളെപ്പററി വാദപ്രതിവാദം നടത്തുന്നതിനു പലപ്പോഴും അനുവാദം നൽകാറുണ്ട്. ക്ലാർക്കന്മാരുടെ ജോലിയെ സംബന്ധിച്ചിടത്തോളം, ഈ ഉപക്ഷേപങ്ങൾക്ക അനുമതി നൽകപ്പെട്ടിട്ടുണ്ട്. ഈ വസ്തുതകൾ ലാമെമ്പറിനു ബോദ്ധ്യമായിട്ടില്ലേ? സാമാന്യഭരണനയത്തെയും, സാമാന്യഭരണത്തെയും, പററി പ്രതിപാദിക്കുന്നതിനു സന്ദർഭം അനുവദിക്കുന്നില്ലെന്നുള്ളതു വാസ്തവമാണ്.

അദ്ധ്യക്ഷൻ: ക്ലാർക്കന്മാരുടെ എസ്റ്റാബ്ലിഷ്മെൻറിലേക്കുള്ള ചിലവിന്റെ ഒരംശം കുറയ്ക്കണമെന്നു മി: പാച്ചുപിള്ള ആവശ്യപ്പെടുന്നു. ഈ ക്ലാർക്കന്മാരുടെ ജോലിയെസംബന്ധിച്ചുമാത്രമേ ഈ അവസരത്തിൽ മി: പാച്ചുപിള്ള പ്രസംഗിക്കയുള്ളു എന്നു വിചാരിക്കുന്നു. അപ്രകാരം ചെയ്യുന്നപക്ഷം, പ്രമേയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഞാൻ അദ്ദേഹത്തിനു അനുമതി നൽകുന്നതാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, അങ്ങിനെയല്ലാ. ഇപ്പോൾ ഇവിടെ മി: കുര്യാക്കോസ് അവതരിപ്പിച്ച മോഷൻ ഹയർഗ്രേഡ് ക്ലാർക്കന്മാരുടെ സംഗതിയെപ്പററിമാത്രം പറയാനായിട്ടാണ് ഡാർജേക്ഷിച്ചിരുന്നതെങ്കിലും വിദേശികളെ സർവീസിൽ നിയമിക്കുന്നതിനെപ്പററി സംസാരിക്കയും, മി: നീലകണ്ഠപ്പിള്ള ഈ സംഗതി ഈ ഉപക്ഷേപത്തിൽ പ്രതിപാദിക്കാമോ എന്നുചോദിക്കയും ചെയ്തു. അതിനുശേഷം ജനറലായ കാര്യങ്ങളെപ്പററി സംസാരിക്കാൻ അനുവദിക്കയാണ് ചെയ്തത്.

അദ്ധ്യക്ഷൻ: അപ്രകാരമല്ലാ ഇവിടെ സംഭവിച്ചതു വിദേശികളെ അല്ലെങ്കിൽ തിരുവിതാംകൂറിനുവെളിയിൽനിന്നു വരുന്നവരെ, നിയമിക്കാൻ പാടില്ലെന്നു അദ്ദേഹം വാദിച്ചു. ഞാൻ പ്രതിപാദിച്ചുകൊണ്ടിരുന്ന പ്രത്യേകവിഷയത്തെ ബലപ്പെടുത്തുന്നതിനു മാത്രമായിട്ടാണ് അദ്ദേഹം ഈ വാദം കൊണ്ടുവന്നതു. അദ്ദേഹം ഈ വിഷയത്തെപ്പററി പ്രസ്താവിക്കാൻ തുടങ്ങിയതു ഈ വിധത്തിലാണ്. അതുകൊണ്ടാണ് അപ്രകാരം ചെയ്യുകൊള്ളുന്നതിനു ഞാൻ അനുമതിനൽകിയതു. ഈ ഇനത്തെപ്പററി പ്രസംഗിക്കുന്ന അവസരത്തിൽ സാമാന്യഭരണനയത്തെപ്പററി നിങ്ങൾ വാദപ്രതിവാദം നടത്തുന്നതായാൽ ആ വാദപ്രതിവാദത്തെ ഞാൻ തടയുന്നതാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങനെയാണെങ്കിൽ ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു സംഗതി എനിക്കു ബോധിപ്പിക്കവാനുണ്ട്. സർ, ഇപ്പോൾ മി: പാച്ചുപിള്ള ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തിനു തുല്യമായ ഉപക്ഷേപങ്ങളെ അടിസ്ഥാനപ്പെടുത്തി കഴിഞ്ഞ പല കൊല്ലങ്ങളിൽ ഈ സഭയിൽവെച്ചുതന്നെ സിക്രട്ടേറിയേററിന്റെ സാമാന്യ നയത്തെപ്പററി ഞങ്ങൾ വാദപ്രതിവാദം ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ ഒരു തീർച്ചകല്പിക്കുന്നതിനുമുൻപു കഴിഞ്ഞകാലങ്ങളിലുണ്ടായിട്ടുള്ള തീർച്ചകളെപ്പററി പരിശോധിക്കണമെന്നാണ് എനിക്കു അദ്ധ്യക്ഷനോടപേക്ഷിക്കവാനുള്ളത്. ഇതിനനുവാദം നല്കാത്തപക്ഷം; ഇതേവരെ പ്രയോഗിക്കുന്നതിനു അർഹതയുണ്ടായിരുന്ന ചില അവകാശങ്ങളെ ഹനിക്കുകയായിരിക്കും ഇതുമൂലം ചെയ്യുന്നത്.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽഹെഡുസർക്കാർവക്കീൽ): ഈ ഉപക്ഷേപത്തെപററി സംസാരിക്കുന്ന അവസരത്തിൽ സാമാന്യനയത്തെപ്പററി പ്രതിപാദിക്കാൻ പാടില്ല. മററിനങ്ങൾ പ്രകാരം സാമാന്യനയത്തെ സംബന്ധിച്ചുള്ള മറ്റുപക്ഷേപങ്ങൾ ഉണ്ടു അതായതു "ആകെയുള്ള ഗ്രാൻറു കുറയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ."

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇനി ഉണ്ടാകാൻപോകുന്ന കാര്യത്തെപ്പററിയല്ലാ ഞാൻ സംസാരിക്കുന്നതു. ഇതിനുമുമ്പ് നടന്നിട്ടുള്ള സംഗതികളെപ്പററിയാണു ഞാൻ പറയുന്നതു. എന്റെ സ്നേഹിതനു സംഭവിച്ചിട്ടുള്ള ഒരു തെററാണു ഇതു.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡുസർക്കാർവക്കീൽ): ഞാൻ തെററുചെയ്യുകയല്ലാ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കഴിഞ്ഞകൊല്ലത്തിൽ എക്സ്ട്രാഡിമാൻഡിനെപ്പററി പര്യാലോചിച്ച അവസരത്തിൽ എസ്റ്റാബ്ലിഷ്മെൻറിന്റെ കീഴിൽ മി: പി. എസ്. മഹമ്മദ് ഒരു ടോക്കൺകട്ട്മോഷൻ അവതരിപ്പിച്ചു. ആ അവസരത്തിൽ ജീഡിസ്കൂളിലെ തരിപ്പുവിചയെപ്പററി വാദപ്രതിവാദം അദ്ദേഹം ചെയ്യുകയും കൊപ്രായുടെ താഴ്ന്ന വിലയെപ്പററി ഞാൻ വാദപ്രതിവാദം ചെയ്യുകയും ചെയ്തു. ഈ വിഷയത്തെപ്പററി പൂർണ്ണമായവിധം വാദപ്രതിവാദം നടത്തി, ഈ അവകാശം മുൻകാലങ്ങളിൽ ഇവിടെവച്ചു ഉപയോഗിച്ചിട്ടുണ്ടു. മെമ്പറിന്റെ അഭിപ്രായം ശരിയല്ലെന്നുള്ളതിനു പല ഉദാഹരണങ്ങളും എടുത്തുകാണിക്കാൻ കഴിയും. അതിനാൽ എസ്റ്റാബ്ലിഷ്മെൻറു എന്ന ഇനത്തിൻകീഴിൽ ഈ വിഷയത്തെസംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനു ഞങ്ങൾക്കു അർഹതയില്ലെന്നുള്ള വിധി അദ്ധ്യക്ഷൻ ചെയ്യുന്നതിനുമുമ്പു മുൻതീർപ്പുകളെപ്പററി ആലോചിക്കേണ്ടതാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഒരു പ്രത്യേകഇനത്തിനുകൊള്ളിച്ചിട്ടുള്ള തുക കുറയ്ക്കുന്നതിനായി ഒരു ഉപക്ഷേപം ഹാജരാക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെൻറിന്റെ സാമാന്യനയത്തെപ്പററി വാദപ്രതിവാദംനടത്താൻ പാടില്ലാ. ഡിപ്പാർട്ടുമെൻറിനുവേണ്ടി ആകെ കൊള്ളിച്ചിട്ടുള്ള തുകയിൽനിന്നു ഒരു സംഖ്യ കുറവുചെയ്യുന്നതിനു ഉപക്ഷേപം ഹാജരാക്കുന്ന അവസരത്തിൽ, ഡിപ്പാർട്ടുമെൻറിന്റെ നയത്തെപ്പററി വാദപ്രതിവാദം ചെയ്യാവുന്നതാണ്. ഈ പ്രകാരമാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. കഴിഞ്ഞ അവസരത്തിൽ പ്രവർത്തിച്ചിട്ടുള്ളതും ഈ വിധത്തിൽ ആകുന്നു. ഒരു പ്രത്യേകഇനത്തിനു കൊള്ളിച്ചിട്ടുള്ള തുക കുറയ്ക്കുന്നതിനു ഉപക്ഷേപം ഹാജരാക്കുന്ന പക്ഷം സാമാന്യഭരണനയത്തെപ്പററി വാദപ്രതിവാദംനടത്താൻ പാടില്ല.

മി: മുതിരവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഈ മോഷൻ ഹാജരാക്കുന്നില്ല.

ഉപക്ഷേപം വീണു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു:—

"ഹയർഗ്രേഡു് ക്ലാർക്കന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള [illegible] രൂപായിൽ നിന്നു ൫൦ രൂപാ കുറയ്ക്കണം."

സർ, ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം, സിക്രട്ടേറിയററിലുള്ള ഒരു ഹയർഗ്രേഡു് ക്ലാർക്കുദ്യോഗം നിറുത്തലാക്കുകയും അതിനുപകരം ഒരു സൂപ്രണ്ടിന്റെ ഉദ്യോഗം സൃഷ്ടിക്കയും ചെയ്യുന്നതിനുള്ള നിർദ്ദേശത്തിന്റെ അനാശാസ്യതയെപ്പററി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. സർ, പ്രത്യേകമായ ആനുകൂല്യം കാണിക്കുന്നതിനു ഗവണ്മെൻറു ആഗ്രഹിക്കുന്ന പ്രത്യേക ആളുകൾക്കുവേണ്ടി പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചുവരുന്ന നയം ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടു. ബഡ്ജററിനെസംബന്ധിച്ചുള്ള സാമാന്യവാദപ്രതിവാദത്തിനിടയിൽ സഭയുടെ ഈ പക്ഷത്തിലുള്ള സാമാജികന്മാരിൽ ചിലർ ഗവണ്മെൻറിന്റെ ഈ നയത്തെസംബന്ധിച്ചു വിമർശനം ചെയ്തിട്ടുള്ളതു ഇപ്പോൾ ഈ സഭയിലെ അംഗങ്ങൾ ഓർക്കുമായിരിക്കാം. ഇപ്പോഴത്തെ നിർദ്ദേശം ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, അപ്രകാരമുള്ള ഒരു മനോഭാവത്തിന്റെ ഫലമാണെന്നു ഈ സഭയിലെ അനുദ്യോഗസ്ഥഭാഗത്തുള്ള സാമാജികന്മാരിൽ പലരുംഭയപ്പെടുന്നു. സഭയിലെ ഈ ഭാഗത്തിലുള്ളവർക്കു ഈ മനോഭാവം അംഗീകരിക്കാൻ നിവൃത്തിയില്ല. ചെയ്യണമെന്നു ആലോചിച്ചിട്ടുള്ള ഈ വ്യവസ്ഥയുടെ അത്യാവശ്യകതയെ സംബന്ധിച്ചു ഞങ്ങൾക്കു ബോദ്ധ്യമായിട്ടില്ലാത്തതും ആകുന്നു. അതിനാൽ ചെയ്യണമെന്നു ആലോചിച്ചിട്ടുള്ള ഈ വ്യവസ്ഥയെസംബന്ധിച്ചു ഞങ്ങളുടെ പ്രതിഷേധത്തെ രേഖപ്പെടുത്തുകയും, അപ്രകാരമുള്ള ഒരു നിർദ്ദേശം കൊണ്ടുവരുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ചിട്ടുള്ള കാരണങ്ങളും, കാര്യങ്ങളും എന്തെല്ലാമെന്നുള്ളതു അറിയുകയും ചെയ്യുന്നതിനായിട്ടാണ് ഈ ഉപക്ഷേപം ഞാൻ ഹാജരാക്കിട്ടുള്ളതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): സർ, സിക്രട്ടേറിയററിൽ ഒരു സൂപ്രണ്ടിന്റെ ഉദ്യോഗം സൃഷ്ടിക്കുന്നതിനുള്ളകാരണം താഴെപറയുന്നതാണ്. ഇപ്പോൾ വൃത്താന്തശാല ലെജിസ്ലേററിവ് ശാഖയുടെ ഒരു അംശമാകുന്നു. അതിനു നിർവഹിക്കുവാനുള്ള ജോലിചെയ്യുന്നതിനു പ്രത്യേകജീവനക്കാർ ഉണ്ടു്. ഇതിനുപുറമെ ഒരു പ്രത്യേകമുറിയിലാണു ഈ ശാഖ സ്ഥാപിച്ചിരിക്കുന്നതു. ഇപ്പോൾ ഈ ശാഖയുടെ ചാർജ് ഒന്നാംഗ്രേഡിലുള്ള ഒരു ക്ലാർക്കു വഹിക്കുന്നു. അയാൾ വെറും ഒരു ക്ലാർക്കുമാത്രം ആകയാൽ മറെറാരുമുറിയിലിരിക്കുന്ന ലെജിസ്ലേററിവ് ശാഖയിലെ സൂപ്രണ്ടിന്റെ പക്കലേക്കു കടലാസുകൾഎല്ലാം അയക്കേണ്ടിയിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വൃത്താന്തശാലയിൽ ചെയ്യണമെന്നു ആശിക്കാവുന്ന ജോലിയുടെ സ്വഭാവമെന്തെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): വൃത്താന്തശാലയിൽ നിയമിക്കപ്പെട്ടിട്ടുള്ള ക്ലാർക്ക് പതിവായി താഴെപറയുന്ന ജോലികൾ ചെയ്യേണ്ടതാണു. വർത്തമാനകടലാസുകളെ സൂക്ഷിക്കുക, വർത്തമാനകടലാസുവായിക്കുക, നടപടിനടത്തേണ്ട പ്രത്യേകലേഖനങ്ങളെസംബന്ധിച്ചു ഗവണ്മെൻറിന്റെയും സംബന്ധപ്പെട്ട അധികാരികളുടേയും ദൃഷ്ടിയിൽ കൊണ്ടുവരിക; അവന്റെ നോട്ടുകളെസംബന്ധിച്ചു ചെയ്യുന്ന ഉത്തരവുകൾ അനുസരിച്ചു പ്രവർത്തിക്കുക ഇവയാകുന്നു മേൽപറഞ്ഞ ജോലികൾ. ഈ ജോലികൾ എല്ലാം ഇപ്പോൾ ഭിന്നമായനിലയിലാണ് ചെയ്തുവരുന്നതു. ഈ ജോലിയെസംബന്ധിച്ചിടത്തോളം, ഉത്തരവാ

ളിയായ ക്ലാർക്ക് അത്യധികമായ ഒരു ജോലിചെയ്യാനുള്ള ഒരു സൂപ്രണ്ടിന്റെപക്കൽ എല്ലാകടലാസുകളും അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഭിന്നമായരീതിയിൽ ജോലിചെയ്യുന്നതിനുള്ള കാരണം ഇതത്രെ. ഇദ്ദേഹം ഒന്നിച്ചുള്ള രജിസ്ട്രേറിവും ഇഷ്യൂവും ശാഖകളുടേയും വൃത്താന്തശാലയുടേയും സൂപ്രണ്ടാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വൃത്താന്തശാലയോടുചേർന്ന് നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ സംഖ്യാബലം എന്ത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു ഒന്നാംക്ലാസ് ക്ലാർക്ക് ഒരു മൂന്നാംക്ലാസ്സ് ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു അററൻഡർ, രണ്ടു ശിപായികൾ ഇവരാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്രകാരം കുറഞ്ഞ കണക്കിൽ ഉള്ള സിബ്ബന്തികൾ മാത്രമുള്ളതും അവരുടെ മേൽ ഒരു സൂപ്രണ്ട് ഉള്ളതും ആയ മറേറതെങ്കിലും സെക്ഷൻ സിക്രട്ടറിയേററിൽ ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സിക്രട്ടറി): ഏകദേശം പത്തു ക്ലാർക്കന്മാരും ഒരു സൂപ്രണ്ടും ഉള്ള സെക്ഷനും പതിനേഴോ, പതിനെട്ടോ ക്ലാർക്കന്മാരും ഉള്ള സെക്ഷനുകളും ഞങ്ങളുടെ കീഴിൽ ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വൃത്താന്തശാലയുടെ ചാർജ്ജ് വഹിക്കുന്നതു ബിരുദ നേടിയിട്ടുള്ള ഒരു ക്ലാർക്കാണോ അതോ ബിരുദ നേടിയിട്ടില്ലാത്ത ഒരു ക്ലാർക്കാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അല്ല, അതു ഒന്നാംക്ലാസിലുള്ള ഒരു ക്ലാർക്കാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാൾ ബിരുദ നേടിയിട്ടുള്ള ഒരു ആൾ ആണോ എന്നു അറിയുന്നതിനു ആണ് ഞാൻ ആവശ്യപ്പെടുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അല്ല എന്നു ഞാൻ പറഞ്ഞു. അതിന്റെ ശേഷം ചോദ്യത്തിനു മറുപടി നൽകി.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിങ്ങൾ പറഞ്ഞതു നല്ലതുപോലെ കേട്ടില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അല്ല എന്നു ഞാൻ പറഞ്ഞു.

അതിനാൽ ഇപ്പോൾ വൃത്താന്തശാലയിൽ ചെയ്യുന്ന പല ജോലികളേയും സംബന്ധിച്ച റിക്കാർഡുകൾ കഠിനമായി ജോലിചെയ്യുന്ന രജിസ്ട്രേറിവും ഇഷ്യൂവും ശാഖയിലെ സൂപ്രണ്ടിനു അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഈ സൂപ്രണ്ടിനു സെക്ഷൻ സംബന്ധിച്ച മററു ജോലികൾ ചെയ്യുവാനുണ്ട്. അതിനാൽ വൃത്താന്തശാലയിലെ ജോലി ശരിയായി നടത്തുന്നതിനു അദ്ദേഹത്തിനു സാധിക്കുന്നില്ല എന്നു പരിചയത്തിൽനിന്നു അറിഞ്ഞിരിക്കുന്നു. വൃത്താന്തശാലയുടെ ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥൻ ഒരു സൂപ്രണ്ടായിരിക്കുന്നപക്ഷം, സെക്രട്ടറിയുടെ പക്കൽ റിക്കാർഡുകൾ നേരിട്ടുവച്ചുകൊടുക്കുന്നതിനു നിയമനരീത്യാ അധികാരമുണ്ടായിരിക്കുന്നതാണ്. ജോലികൾ വേഗത്തിൽ ചെയ്തുതീർക്കുന്നതിനു ഇതു സഹായമായിരിക്കയും ചെയ്യും. വൃത്താന്തശാലയിലെ ജീവനക്കാരുടെ സംഖ്യ അല്പമായി കൂട്ടണമെന്നുള്ളതിനെപ്പററി കുറച്ചുകാലമായി ഗവണ്മെന്റ് ചിന്തിച്ചുവരികയാണ്. ഒരു സൂപ്രണ്ടുദ്യോഗം സൃഷ്ടിക്കുന്നപക്ഷം അനവധി കാര്യങ്ങൾ ചെയ്തുതീർക്കാവുന്നതാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വൃത്താന്തശാലയുടെ ചാർജ്ജു ഇപ്പോൾ വഹിക്കുന്ന ക്ലാർക്ക് ഒരു ലേഖകൻ ആണോ എന്നു പറയുമോ? അയാൾക്കു മദ്രാസ് മെയിൽ എന്ന പത്രവുമായി ബന്ധമുണ്ടെന്നുള്ളതു വാസ്തവമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): വളരെ കാലം മുൻപു ഈ വിഷയത്തെ ആസ്പദമാക്കി ഒരു ചോദ്യം ചോദിച്ചിട്ടുള്ളതും അതിനു മറുപടി നൽകിയിട്ടുള്ളതും ആകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാൾക്കു മദ്രാസ് മെയിലുമായി ബന്ധമുണ്ടെന്നുള്ള മറുപടിയാണ് അന്നു നൽകപ്പെട്ടത്. അപ്രകാരമുള്ള മറുപടിയല്ലേ അന്നു നൽകിയത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ മറുപടി അല്ല അന്നു നൽകപ്പെട്ടത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാൾക്കു ഇപ്പോഴും മദ്രാസ് മെയിലുമായി ബന്ധമുണ്ടോ എന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അയാൾക്കു മദ്രാസ് മെയിലുമായി ബന്ധമുണ്ടെന്നു വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിനുവേണ്ടി പറഞ്ഞിട്ടുള്ള വിശ്വാസയോഗ്യമായ ഒരു വിവരണമാണോ ഇത്, അല്ലാത്തപക്ഷം മി: ടി. പി. രാമസുബ്ബയ്യരുടെ ഒരു അനുമാനം മാത്രമാണോ ഇത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇതു ഞാൻ ചെയ്യുന്ന ഒരു പ്രസ്താവനയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതെങ്കിലും വർത്തമാനക്കടലാസുമായി അയാൾക്കു യാതൊരു ബന്ധവുമില്ലെന്നുള്ളതു ഗവണ്മെന്റിനുവേണ്ടി ചെയ്തിട്ടുള്ള ഒരു വിശ്വാസയോഗ്യമായ പ്രസ്താവനയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതെ. ഒരു സൂപ്രണ്ടുദ്യോഗം നിയമിച്ചതിനാൽ ചിലവു കഴിയുന്നത്ര കുറയ്ക്കുന്നതിനു ഒരു ഒന്നാംക്ലാസ് ക്ലാർക്കിന്റെ ഉദ്യോഗം നിറുത്തലാക്കി. ഈ ഏർപ്പാടു ചെയ്തിട്ടുള്ളതു കാര്യക്ഷമതയെ അടിസ്ഥാനപ്പെടുത്തിയും പണച്ചിലവു കുറയ്ക്കുന്നതിനും ആകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വൃത്താന്തശാലയുടെ ചാർജ്ജ് വഹിക്കുന്ന നാലാംഗ്രേഡ് ക്ലാർക്കിനെ ഒരു സൂപ്രണ്ടാക്കണമെന്നു ഉദ്ദേശിക്കുന്നു എന്നുള്ളതു വാസ്തവമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അതിനെപ്പററി ആലോചിച്ചിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഏതായാലും ഈ ഉദ്യോഗത്തിനു അനുവാദം നല്കുന്നപക്ഷം ഒരു ഒന്നാംഗ്രേഡ് ക്ലാർക്കും ഒരു സൂപ്രണ്ടും ഉണ്ടായിരിക്കുന്നതാണോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അപ്രകാരം ഉണ്ടായിരിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ക്ലാർക്കിന്റെ ജോലിയുടെ മേൽനോട്ടം വഹിക്കുന്നതിനു മാത്രമായിട്ടാണോ ഒരു സൂപ്രണ്ടുദ്യോഗം സൃഷ്ടിക്കണമെന്നുദ്ദേശിച്ചിട്ടുള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): ഒരു ഒററ ക്ലാർക്കിന്റെ മേൽനോട്ടം വഹിക്കുന്നതിനു മാത്രമല്ല അപ്രകാരം നിയമനം നടത്തണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. സിക്രട്ടറിയേററിന്റെ ഈ ശാഖയിൽ ജോലിചെയ്യുന്നതിനു ഒരു ടൈപ്പിസ്ററും ഒരു അററൻഡറും ഉണ്ടു്. അവിടെ ചെയ്യുന്ന ജോലി എല്ലാ ജീവനക്കാരുടേയും ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനു ആയിട്ടാണു് സൂപ്രണ്ടിന്റെ ഉദ്യോഗം സൃഷ്ടിച്ചിരിക്കുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഓരോ ദിവസവും ഈ സൂപ്രണ്ടു ഉദ്ദേശം എത്ര കടലാസ്സുകൾ സിക്രട്ടറിക്കു അയച്ചുകൊടുക്കുമെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അയാൾക്കു ദിവസംപ്രതി ഏകദേശം 400-ൽ കൂടുതൽ കടലാസുകൾ വായിക്കേണ്ടതായിട്ടുണ്ടു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാൾ ഒരു ദിവസം എത്ര വർത്തമാനക്കടലാസുകൾ വായിക്കുന്നു എന്നല്ല ചോദിക്കുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അയാൾക്കു പ്രവൃത്തിചെയ്യുന്നതിനു അടിസ്ഥാനമായ റക്കാർഡുകളാണു് ഇവ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ദിവസംതോറും എത്ര കടലാസുകൾ അയാൾ വായിച്ചു സിക്രട്ടറിയുടെ അപേക്ഷ നോട്ടെഴുതി ബോധിപ്പിക്കുവാനുണ്ടു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): ഓരോ ദിവസവും പല നോട്ടുകൾ എഴുതി സിക്രട്ടറിക്കു അയക്കേണ്ടിയിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം). അതിന്റെ സംഖ്യ അറിയുന്നതിനാണു് ഞാൻ ആവശ്യപ്പെടുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അമ്പതു മുതൽ നൂറുവരെ വ്യത്യാസപ്പെട്ടിരിക്കും. അതിന്റെ സംഖ്യ കൃത്യമായി പറയുന്നതിനു എനിക്കു സാധിക്കയില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള ലേഖനങ്ങൾ തിരഞ്ഞെടുക്കുന്ന ചുമതല അയാളിലാണോ സ്ഥിതിചെയ്യുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അങ്ങനെ ആകണമെന്നുള്ളതു നിശ്ചയംതന്നെ. അയാൾ ഈ ജോലിയാണു് പ്രധാനമായി ചെയ്യാനുള്ളതു. അയാൾ അതു നിർവഹിക്കയും വേണം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അയാളാണോ ഈ ജോലിചെയ്യേണ്ടതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): അയാളാണു് ഈ ജോലി ചെയ്യേണ്ടതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നതിനു ഞാൻ എഴുന്നേററുകൊള്ളുന്നു. ഒരു പ്രത്യേക ആളിനോടു അനുകൂലമായി പ്രവർത്തിക്കുന്നതിനായിട്ടല്ലാതെ ഒരു പുതിയ സൂപ്രണ്ടുദ്യോഗം സൃഷ്ടിക്കുന്നതിനു യാതൊരു ന്യായവും ഞാൻ കാണുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം, കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാണു്. ഈ കാര്യത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ പ്രസംഗം കേട്ടതിനുശേഷം ചെയ്യാൻ സാധിക്കുന്ന അനുമാനം ഇപ്രകാരമാകുന്നു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സൂപ്രണ്ടിന്റെ അധീനത്തിൽ ഒരു ക്ലാർക്കും ഒന്നോ രണ്ടോ ശിപായികളും മാത്രമേ ഉള്ളു എന്നു അറിയുന്നു. അവിടത്തേക്കു അയക്കുന്ന ചില വർത്തമാനക്കടലാസിനെ സംബന്ധിച്ചു അയാൾക്കു നടപടി നടത്തുവാനുള്ളതും അവയെ അയാൾ സൂക്ഷിക്കേണ്ടതും ആകുന്നു. ഈ ജോലി ചെയ്യുന്നതിനു ഒരു ഒന്നാംഗ്രേഡ് ക്ലാർക്കു ധാരാളം മതിയാകുന്നതാണു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): വൃത്താന്തശാലയെ നിറുത്തലാക്കുന്നതാണെന്നു പറയുന്നതിനു മെമ്പർ തയ്യാർ ആണോ എന്നു പറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ, എഴുന്നേററുനിന്നു എന്നോടു ഈ ചോദ്യം ചോദിക്കുന്നതിനു ചീഫ് സെക്രട്ടറിക്കു ധൈര്യമുണ്ടായതിൽ യഥാർത്ഥത്തിൽ ഞാൻ അത്ഭുതപ്പെടുന്നു. ഒരു സൂപ്രണ്ടിന്റെ ഉദ്യോഗം ആവശ്യമില്ലാത്തതാണെന്നും, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജോലിചെയ്യുന്നതിനു ഒരു ക്ലാർക്കു ധാരാളം മതിയാകുന്നതാണെന്നും, ഞാൻ പറഞ്ഞതുകൊണ്ടു വൃത്താന്തശാലയെ പാടെ നിറുത്തലാക്കുന്നതിനു ഞാൻ അനുകൂലിയാണോ എന്നു ചോദിക്കുന്നു. ഒരു സ്ഥാപനത്തിലെ ഏതെങ്കിലും ഉദ്യോഗം ആവശ്യമില്ലാത്തതാണെന്നു ഞാൻ പറയുന്നപക്ഷം തിരുവിതാംകൂർ ചീഫ് സെക്രട്ടറിയുടെ അനുമാനം ആ സ്ഥാപനംതന്നെ ആവശ്യമില്ലെന്നുള്ളതാണു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): ഏതാനും വർത്തമാനകടലാസ്സു വായിച്ചു അതിന്മേൽ നടപടി നടത്തുന്നതിന ഒരു സൂപ്രണ്ടിനെ നിയമിക്കേണ്ട ആവശ്യമില്ലെന്ന അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു വൃത്താന്തശാലയെ നിറുത്തലാക്കത്തക്കവണ്ണം അത്ര നിസ്സാരമായനിലയിൽ ആണോ അദ്ദേഹം അതിനെപററി വിചാരിച്ചിരിക്കുന്നതു എന്ന ഞാൻ മെമ്പറോടു ചോദിച്ചു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ ന്യായത്തിന്റെ വാദം പണ്ഡിതനായ ചീഫ്സെക്രട്ടറിയുടെ ന്യായവാദത്തിനെ അപേക്ഷിച്ചു വളരെ ഭിന്നമായിട്ടുള്ളതാണ്. ഇത്രമാത്രമെ എനിക്കു പറയുവാനായിട്ടുള്ളു. ഈ കാര്യത്തെപററി കൂടുതലായി എന്തെങ്കിലും പറയണമെന്ന ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങികൊള്ളുന്നു

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): സർ, മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെ എനിക്കു എതിർക്കേണ്ടിവന്നതിൽ മനസ്താപമുണ്ട്. വർത്തമാനപത്രങ്ങളിൽ പ്രതിബിംബിക്കപ്പെടുന്ന പൊതുജനാഭിപ്രായം ഉത്തമമായവിധം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നില്ലെന്നുള്ളതിനെപററി മുൻപു മുതൽതന്നെ മുറവിളി കൂട്ടിവരികയാണ്. ഗവൺമെന്റു പല വർത്തമാനപത്രങ്ങളും വിലകൊടുത്തു വരുത്തിവരുന്നു. ഈ പത്രങ്ങളിൽ പ്രധാനവിഷയങ്ങളെ സംബന്ധിച്ചുള്ള ലേഖനങ്ങൾ ഉണ്ട്. ഈ ലേഖനങ്ങളെ അവയെ സംബന്ധിച്ചിടത്തോളം, ശരിയായ രീതിയിൽ ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതാണ്. ഈ ജോലി ഏററവും പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ്. ഇതു ചെയ്യുന്നതിന ഒരു സൂപ്രണ്ടിനെ നിയമിക്കണമെന്നുള്ളതു ആവശ്യത്തിൽ കൂടുതലായ ഒന്നു അല്ല. ഇതു അനാവശ്യമായ ഒന്നു ആണെന്നും ഞാൻ വിചാരിക്കുന്നില്ല. വർത്തമാനപ്പത്രങ്ങളിലൊ പ്രസംഗപീഠങ്ങളിലൊവച്ചു പ്രസ്താവിക്കപ്പെടുന്ന കാര്യങ്ങളെപററി ഗവൺമെന്റു ഏതെങ്കിലും നടപടി നടത്തുന്നില്ലെന്നുള്ളതിനെപററി ഈ സഭയിൽ പല അവസരങ്ങളിലും നാം പറഞ്ഞിട്ടുള്ളതാണല്ലൊ. ഈ സ്ഥിതിക്കു വർത്തമാനപ്പത്രങ്ങൾ വായിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിന വൃത്താന്തശാലയുടെ ചാർജ്ജു വഹിക്കുന്നതിന ഒരു സൂപ്രണ്ടിനെ നിയമിക്കണമെന്നുള്ളതു വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്ന ഞാൻ അഭിപ്രായപ്പെടുന്നു. അതിനാൽ ഈ ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു. അതിൽ എനിക്കു വലിയ മനസ്താപമുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഉപക്ഷേപത്തെ എതിർക്കേണ്ടിവന്നതിൽ എന്തിനാണ് നിങ്ങൾ മനസ്താപിക്കുന്നതു?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): എന്റെ സഹപ്രവർത്തകനായ ഒരു അനൌദ്യോഗസ്ഥസാമാജികൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ആണിതു്. ഇതാണ് കാരണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സർ, പണ്ഡിതനായ ചീഫ്സിക്രട്ടറിയുടെ പ്രസംഗത്തിൽനിന്നു കാര്യത്തിന്റെ സ്ഥിതി എനിക്കു ബോധ്യമായിട്ടില്ല. ആരംഭത്തിൽതന്നെ ഇതു പ്രസ്താവിച്ചുകൊള്ളുന്നു. വൃത്താന്തശാലയുടെ ചാർജ്ജ് വഹിക്കുന്നതിന ഒരു സൂപ്രണ്ട് ഉദ്യോഗം സൃഷ്ടിക്കേണ്ടതാണെന്ന നിർദ്ദേശിച്ചുള്ളതിന്റെ ഉദ്ദേശം വൃത്താന്തശാലയിലുള്ള കൂടുതൽ ജോലിചെയ്തു തീർക്കുന്നതിനാണെന്ന അദ്ദേഹം തന്നെ പറയുകയുണ്ടായി;- സർ, നിയമസഭയുടെ ഗ്രന്ഥശാല വൃത്താന്തശാലയിൽതന്നെയാണ് സ്ഥാപിച്ചിരിക്കുന്നതു്. ഞാൻതന്നെ കൂടക്കൂടെ നിയമസഭാ ഗ്രന്ഥശാല സന്ദർശിക്കാറുണ്ട്. വൃത്താന്തശാലയുടെ ചാർജ്ജ് ഇപ്പോൾ വഹിക്കുന്ന ആൾ ചെയ്യുന്ന ജോലിയുടെ സ്വഭാവത്തെ സംബന്ധിച്ചു കണ്ടറിയുന്നതിന എനിക്കു അവസരമുണ്ടായിട്ടുണ്ട്. എന്നാൽ പല അവസരങ്ങളിലും......

മി: പി. എസ്. മഹമ്മദ് (നാമിനേററഡ്): ഇപ്പോൾ ഇവിടെ പ്രവൃത്തിചെയ്യുന്ന ആൾ തൃപ്തികരമായിട്ടു ചെയ്യുന്നു എന്നാണോ മെമ്പറുടെ അഭിപ്രായം?

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അവിടെ അത്ര ജോലിയില്ല.

മി: പി. എസ്. മഹമ്മദ് (നാമിനേററഡ്). അവിടെ ഉള്ള ജോലിക്ക് ഒരു സൂപ്രണ്ടിന്റെ ആവശ്യമില്ലേ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര) അതിലേക്കു ഒരു ഫസ്റ്റ്ഗ്രേഡ് ക്ലാർക്ക് മതിയെന്നാണ് എന്റെ അഭിപ്രായം.

വർത്തമാനക്കടലാസ് സംബന്ധിച്ചു ജോലിചെയ്യുന്നതിൽ കൂടുതലായി സന്ദർശകന്മാരെ സ്വീകരിക്കുന്നതിനും അവരുമായി സംഭാഷണം നടത്തുന്നതിനും ആണ് വൃത്താന്തശാലയുടെ ചാർജ്ജ്‌വഹിക്കുന്ന ആൾ കൂടുതൽ സമയം വിനിയോഗിക്കുന്നതു്. പല അവസരങ്ങളിലും ഞാൻ കണ്ടറിഞ്ഞിട്ടുള്ളതാണ്. ഈ ജോലി ഒരു ഒന്നാംഗ്രേഡ് ക്ലാർക്കിനെ അല്ലാത്തപക്ഷം ഒരു രണ്ടാംഗ്രേഡ്ക്ലാർക്കിനെങ്കിലുമൊ ശരിയായി ചെയ്യാൻ സാധിക്കുന്നതാണ്. ഇതാണ് എനിക്കു ലഭിച്ചിട്ടുള്ള അറിവ്. അതിനാൽ ഈ ഉപക്ഷേപത്തെ സംബന്ധിച്ചു വോട്ടു എടുക്കണമെന്ന ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: മി: രാമസുബ്ബയ്യർ, നിങ്ങൾക്കു കൂടുതലായി എന്തെങ്കിലും പ്രസ്താവിക്കുവാനുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി): എനിക്കു കൂടുതലായി യാതൊന്നും പറയുവാനില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ചീഫ്സെക്രട്ടറി പറഞ്ഞതു ഞാൻ കേട്ടില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റു ചീഫ്സെക്രട്ടറി) കൂടുതലായി യാതൊന്നും പറയുവാനില്ലെന്നാണ് ഞാൻ പറഞ്ഞതു.

അദ്ധ്യക്ഷൻ: "ഹയർഗ്രേഡ് ക്ലാർക്കന്മാർക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള [illegible] രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കണ"മെന്നുള്ള ഉപക്ഷേപം ആണ് സഭയുടെ ചിന്തയിലിപ്പോൾ വിഷയമായിരിക്കുന്നതു്,

ഉപക്ഷേപം വോട്ടിനിടുകയും തള്ളപ്പെട്ടുപോകുകയും ചെയ്തു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഒരുപോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഒരു പോൾ എടുക്കപ്പെട്ടു.

അനുകൂലകക്ഷികൾ ൧൯.

൧.	മിസ്റ്റർ എ. എസ്. ദാമോദരനാശാൻ	൧൧.	മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള
൨.	മിസ്സസ്സ്. എലിസബത്തുകുരുവിള	൧൨.	,, വി. ജെ. ഉമ്മൻ
൩.	മിസ്റ്റർ എ. ജി. മേനോൻ	൧൩.	,, കുറുവേലിൽ പാച്ചുപിള്ള
൪.	,, ഇട്ടൂപ്പ് ഇട്ടിയച്ചൻ	൧൪.	,, കെ. പത്മനാഭപ്പണിക്കർ
൫.	,, ആർ. കേശവപിള്ള	൧൫.	,, കെ. ജി. പരമേശ്വരൻപിള്ള
൬.	,, ററി. സി. കേശവപിള്ള	൧൬.	,, എൽ. ആർ. രാജരാജവർമ്മകോയി അമ്പുരാൻ
൭.	,, എൻ. കെ. കൃഷ്ണപിള്ള		
൮.	,, വി. എസ്. കൃഷ്ണപിള്ള	൧൭.	,, ആർ. രാമൻപിള്ള
൯.	,, കെ. മാധവൻപിള്ള	൧൮.	,, രേവതിനാൾ രാജവർമ്മരാജാ
൧൦.	,, എച്ച്. ബി. മഹമ്മദ്റാവുത്തർ	൧൯.	,, ഏ. താണുപിള്ള

പ്രതികൂലകക്ഷികൾ ൨൩.

൧.	മിസ്റ്റർ ജി. ചെല്ലപിള്ള	൧൨.	മിസ്റ്റർ ആർ. ധനക്കോടിപ്പിള്ള
൨.	,, സി. ഫ്രാൻസിസ്സ്	൧൩.	,, പി. ശേഷാദ്രിനായകംപിള്ള
൩.	,, റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ	൧൪.	,, പി. എൻ. കൃഷ്ണപിള്ള
		൧൫.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൪.	,, എ. സി. കുര്യാക്കോസ്		
൫.	,, എൽ. എ. ലാംപാർഡ്	൧൬.	മിസ്റ്റർ ടി. കെ. മാധവൻനായർ
൬.	,, കെ. മാധവൻ	൧൭.	,, ഈ. ജി. മാക്ക്ആൽപ്പൈൻ
൭.	,, പി. എസ്. മഹമ്മദ്	൧൮.	,, ആർ. നീലകണ്ഠപ്പിള്ള
൮.	,, എസ്. പിറവിപെരുമാൾപിള്ള	൧൯.	,, ജി. പരമേശ്വരൻപിള്ള
൯.	,, വി. അരുണാചലമയ്യർ	൨൦.	,, ഡാക്ടർ കെ. രാമൻതമ്പി
൧൦.	,, എൽ. എ. ബിഷപ്പ്	൨൧.	,, ടി. പി. രാമസുബ്ബയ്യർ
൧൧.	,, ഐ. സി. ചാക്കോ	൨൨.	,, എസ്സ്. സി. എച്ച്. റാബിൻസൺ
		൨൩.	,, ആർ. വൈദ്യലിംഗംപിള്ള

നിഷ്പക്ഷകക്ഷികൾ ൬.

൧.	മിസ്റ്റർ ഡി. സി. ജോസഫ്	൪.	മിസ്റ്റർ താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
൨.	,, കെ. സി. കരുണാകരൻ	൫.	,, മാത്യുമുരിക്കൻ
൩.	,, കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്	൬.	,, ജി. പി. നീലകണ്ഠപ്പിള്ള

ഉപക്ഷേപത്തിനു ൧൯ മെമ്പർമാർ അനുകൂലമായി വോട്ടുചെയ്യുകയും ൨൩ പേർ പ്രതികൂലമായി വോട്ടുചെയ്യുകയും ചെയ്തു. അതിനാൽ ഉപക്ഷേപം തള്ളപ്പെട്ടുപോയി. ആറുപേർ നിഷ്പക്ഷനിലയെ അവലംബിച്ചു.

ഉപക്ഷേപം ൨൦൭.

അദ്ധ്യക്ഷൻ: ഇപ്പോൾ വാദപ്രതിവാദം ചെയ്തിട്ടുള്ള വിഷയത്തെ സംബന്ധിച്ചുതന്നെയുള്ള മറെറാരു ഉപക്ഷേപം ആണിത്.

അതിനാൽ ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

ഉപക്ഷേപം ൨൦൮.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ) ഹയർഗ്രേഡ് ക്ലാക്കന്മാരുടെ ശമ്പളത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൩,൨൦൩ രൂപായിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൦൯.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഹയർഗ്രേഡ് ക്ലാക്കന്മാരുടെ ശമ്പളത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൩,൨൦൩ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം.

സർ, ഹജൂർകച്ചേരി എസ്റ്റാബ്ലിഷ്മെൻറവകക്കു ചേർത്തിട്ടുള്ള ൩൩,൨൦൩ രൂപായിൽനിന്നു ൧൦ രൂപ കുറയ്ക്കണമെന്നുള്ള എൻെറ ഉപക്ഷേപത്തെ ഞാൻ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു. ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതിൻെറ ഉദ്ദേശം പബ്ലിക്കസർവീസിൽ പ്രവേശിച്ചിട്ടുള്ള മുസ്ലീമിങ്ങൾ, ...

... ...

മി: ഏ. താണുപിള്ള.

൨൦൭. ഹൈയർഗ്രേഡ് ക്ലാക്കന്മാരുടെ ശമ്പളത്തിനു കൊള്ളിച്ചിട്ടുള്ള ൩൩,൨൦൩ രൂപയിൽനിന്നു ൧൦ രൂപ കുറയ്ക്കണം (ഒരോ ക്ലാക്കിൻെപേരിൽ ഒരു സൂപ്രണ്ടുദ്യോഗം കൂടുതലായി സൃഷ്ടിക്കുന്നതിനെ എതിർക്കുന്നതിനു).

മി: മുതുവേലിൽ പാച്ചുപിള്ള (ചേർത്തല). സർ, നിയമപരമായ ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളുന്നു. ഇതു് എസ്റ്റാബ്ളിഷ്മെൻറിനെക്കുറിച്ചുള്ളതാണ്. അതിൽ പബ്ളിക് സർവീസിലുള്ള മുസ്ലിമീങ്ങളുടെ പ്രവേശനത്തെപ്പറ്റി പറയുകയാണ്.

അദ്ധ്യക്ഷൻ: ക്ലാർക്കിനെപ്പറ്റി പറയാൻ പോകുന്നു എന്നാണ് ഞാൻ വിചാരിക്കുന്നതു്. അങ്ങനെ അല്ലെങ്കിൽ ഞാൻ അതു തടയും.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇന്നു മിക്കവാറും സെക്രട്ടേറിയേററ്, അക്കൌണ്ട്സ് ആഫീസ്, ലാൻഡ് റവന്യൂ ഈ ഡിപ്പാർട്ടുമെൻറുകളിലെല്ലാം—

അദ്ധ്യക്ഷൻ, മി: മഹമ്മദ് അതു സെക്രട്ടേറിയററിനെ മാത്രമേ സംബന്ധിക്കുന്നുള്ളു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): സിക്രട്ടേറിയേററിൽ തന്നെ ജോലിചെയ്തുകൊണ്ടിരിക്കുന്ന ക്ലാർക്കന്മാരുടെ കൂട്ടത്തിൽ—

മി: എസ്. പിറവിപെരുമാൾപിള്ള (കല്ലുവട്ടവും വ്യവസായവും തെക്ക്) സെക്രട്ടേറിയേററിലെ ഹയർഗ്രേഡ് ക്ലാർക്കന്മാരുടെ ഇടയിൽ മഹമ്മദീയക്ലാർക്കന്മാരില്ലെന്നു മെമ്പർവിചാരിക്കുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ മോഷൻെറ ഉദ്ദേശം എന്താകുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) മോഷൻെറ ഉദ്ദേശം പറയാൻ പോകുന്നതേയുള്ളൂ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഡിപ്പാർട്ടുമെൻറിൽ മുസ്ലിമീങ്ങൾക്കുള്ള പ്രാതിനിധ്യം എന്നുള്ളതല്ലേ ഉപക്ഷേപം?

അദ്ധ്യക്ഷൻ. അദ്ദേഹം ൨൦൯-ാം നമ്പർ ഉപക്ഷേപമാണു അവതരിപ്പിക്കുന്നതു് ൨൦൮-ാമത്തേതല്ല,

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സെക്രട്ടേറിയററിലെ ഹയർഗ്രേഡ് ക്ലാർക്കന്മാരിൽ എത്ര മുസ്ലീം ക്ലാർക്കന്മാരുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): രണ്ടുപേരിലധികമില്ല.

ഉള്ളവർക്കുതന്നെ വേണ്ടവിധത്തിലുള്ള അഭിവൃദ്ധി ഉണ്ടാകുന്നില്ലെന്നുള്ളതാണു ആദ്യമായി പറയാനുള്ളതു്. മുസ്ലീമീങ്ങളെ സംബന്ധിച്ചുള്ള സംഗതികൾ വരുമ്പോൾ മാത്രം സീനിയാറട്ടി എന്നുള്ള ഒരു തടസ്സം വരുത്തുന്നു. മററുള്ളവരുടെ കാര്യത്തിൽ ഈ തടസ്ഥമില്ല. അസമത്വസമുദായങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് സീനിയാറിട്ടി നോക്കാതെ ചിലതു ചെയ്തിട്ടുണ്ടെങ്കിൽ അതിൽ ഞങ്ങൾക്കു പരാതിയില്ല. എന്നാൽ ചില പദികളിൽ കൂടിയേ മുകളിൽ കയറാൻ നിവൃത്തിയുള്ളു എന്നുള്ള സ്ഥാനങ്ങളിൽ അസമത്വസമുദായക്കാർക്കു പ്രവേശിക്കാൻ നിവൃത്തിയില്ലാതെ സങ്കടം അനുഭവിക്കുന്ന സ്ഥാനങ്ങളിൽ ഗവണ്മെൻറു സീനിയാറിട്ടിയെ അവരെസംബന്ധിച്ചു അല്പസ്വല്പം മാററിവയ്ക്കേണ്ടതാണ്. അങ്ങനെ ചില സമുദായക്കാർക്കു ചില സ്ഥാനങ്ങളിൽ ഗവണ്മെൻറു സീനിയാറിട്ടിയെ അവഗണിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അതുപോലെ മുസ്ലീമീങ്ങളുടെ കാര്യത്തിൽ പതിഞ്ഞുകാണുന്നില്ല.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): മുസ്ലീം സമുദായത്തോടു ഗവണ്മെൻറിനു വല്ല വിരോധവുമുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ). മുസ്ലീം സമുദായത്തിൻെറ നേർക്കെന്നല്ല, മറെറാരുസമുദായത്തിൻെറ നേർക്കും വിരോധമില്ല. അങ്ങിനെ ഉണ്ടെന്നു എൻെറ സ്നേഹിതൻ മനസ്സിലാക്കിയതിൽ ഞാൻ വ്യസനിക്കുന്നു.

എൻെറ പ്രധാനമായ വാദം ഗവണ്മെൻറു മുസ്ലീമീങ്ങളുടെ കാര്യത്തിൽ വേണ്ടപോലെ ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതാണ്. മജിസ്ട്രേട്ടുദ്യോഗത്തിൽ ഒരു മഹമ്മദനല്ലാതെ വേറെ ആരുംതന്നെയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); ഇതു ഹയർ ഗ്രേഡ് ക്ളാർക്കന്മാരുടെ ശമ്പളത്തിലുള്ള ഒരു കട്ടാണ്, അതിൽ മജിസ്ട്രേട്ടന്മാരുടെ നിയമനം പറയുന്നതു ശരിയാണൊ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ); ഹയർ ഗ്രേഡ് ക്ളാർക്കന്മാരുടെ അഭിവൃദ്ധിയെ സംബന്ധിക്കുന്ന സംഗതിയെപ്പററിയാണ് ഞാൻ പറയുന്നതു്. ഹയർഗ്രേഡ് ക്ളാർക്കന്മാരിൽ നിന്നുമാണ് മജിസ്ട്രേട്ടന്മാരെ നിയമിക്കുന്നതു്. അതുകൊണ്ടു ഇന്നു സർവീസിലിരിക്കുന്ന മുസ്ലീം ക്ളാർക്കന്മാർ ക്ളാർക്കായിത്തന്നെ ഇരിക്കണമെന്നു എൻെറ സ്നേഹിതൻ പറയുകയാണെങ്കിൽ നിവൃത്തിയില്ല. ഹയർഗ്രേഡ് ക്ളാർക്കന്മാർക്കു ഏതെല്ലാംതരത്തിൽ പ്രോത്സാഹനംകിട്ടാൻ സാധിക്കുമൊ അതിനെപ്പററിയെല്ലാം പറയാൻ എനിക്കവകാശമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) മെമ്പരുടെ അഭിപ്രായം ലോവർഗ്രേഡിൽനിന്നും ഹയർഗ്രേഡിലേക്കു പ്രമോഷൻ കൊടുക്കണമെന്നാണൊ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ) ലോവർഗ്രേഡിൽനിന്നും പ്രമോഷൻ ചെയ്യുവരായാലും കൊള്ളാം, നേരിട്ടു ഹയർ ഗ്രേഡിലേക്കു എടുക്കുന്നവരായാലുംകൊള്ളാം, ആരായാലും ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവർക്കു ന്യായമായ പ്രോത്സാഹനം ലഭിക്കുന്നില്ല.

മി: മുതുവേലിൽ പാച്ചുപിള്ള (ചേർത്തല) ഹയർഗ്രേഡിൽ ഉദ്യോഗം നേരിട്ടു കിട്ടണമെന്നു മുസ്ലീം സമുദായത്തിൽനിന്നും ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): അതു പുതിയനിയമനത്തെപ്പററി പറയുമ്പോൾ പറഞ്ഞുകൊള്ളാം. ഇപ്പോൾ സർവീസിൽ ഇരിക്കുന്ന ആളുകളെപ്പററി മാത്രമെ ഞാൻ പറയുന്നുള്ളു.

ഇപ്പോൾ സർവ്വീസിൽ ഒന്നോ രണ്ടോ മുസ്ലീം ക്ലാർക്കന്മാരേയുള്ളു. അവർക്കു പ്രമോഷൻകൊടുത്തു വെളിയിൽ അയക്കാത്തപക്ഷം ഈ രണ്ടുപേരെക്കൊണ്ടു അവിടേയും ഞങ്ങൾ സമാധാനപ്പെടണമെന്നാണ് വന്നിരിക്കുന്നതു്. ഇപ്പോൾ സർവീസിലുള്ള മഹമ്മദിയരെ സംബന്ധിച്ചെടത്തോളം, ഇതിനമുമ്പുതന്നെ പലപ്രാ

വശ്യവും മജിസ്ട്രേട്ടാക്കണമെന്നുള്ള റക്കമെൻേറഷൻ ചീഫ്സിക്രട്ടറി അവർകൾ ചെയ്തിട്ടുണ്ടെങ്കിലും ഇന്നും അവർ ആ നിലയിൽതന്നെ കഴിഞ്ഞുകൂടുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഭരണവിഷയത്തിന്റെ ഒരു പ്രധാനശാഖായെ സംബന്ധിച്ചു നാം വാദപ്രതിവാദം നടത്തുകയാണ്. അതിനാൽ നിശ്ചയിച്ചിട്ടുള്ള സമയക്ലിപ്തമനുസരിച്ചു പ്രസംഗം ചെയ്യേണ്ടതാവശ്യമാണ്. ഈ സംഗതി അദ്ധ്യക്ഷനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: അതെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോഴുള്ള ഈ രണ്ടുമഹമ്മദീയക്ലാക്കന്മാരും താഴത്തെ ഗ്രേഡിൽനിന്നും പ്രമോഷൻ സിദ്ധിച്ചവരോ അതല്ല പുത്തനായിട്ടു എടുത്തവരൊ?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): എനിക്കറിഞ്ഞുകൂടാ. അവരുടെ പൂർവ്വകാലത്തെ ചരിത്രം മുഴുവനും ഞാൻ അന്വേഷിച്ചുനോക്കീട്ടില്ല.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇന്നു അവക്കു അഭിവൃദ്ധികിട്ടിയിട്ടില്ല. എന്താണോ പറയുന്നതു്?

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): അവർ സർവീസിൽ പ്രവേശിച്ചതിനുശേഷമുള്ള അവരുടെ സർവീസുനോക്കിയാൽ മററു അസമത്വസമുദായക്കാർക്കു കൊടുക്കുന്ന കണക്കുവച്ചു ഇവക്കു കൊടുക്കുന്ന പക്ഷം അവക്കു ഇതിനുമുമ്പുതന്നെ ഉയർന്നപദവിയിൽ കയറിപ്പോകുന്നതിനു ഭാഗ്യമുണ്ടായിരുന്നു എന്നുകാണാം. അതുകൊണ്ടു അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: മാത്യു മുരിക്കൻ (വൈക്കം): സർ, മി: പി. എസ്. മഹമ്മദ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങുന്നതിനു ഞാനും എഴുന്നേററുകൊള്ളുന്നു. സിക്രട്ടറിയേററിലെ ക്ലാക്കന്മാരെ ആദ്യമായിനിയമിക്കുന്നവിഷയത്തിലും അവക്കു ശമ്പളംനൽകുന്ന വിഷയത്തിലും ചില ക്രമക്കേടുകൾ ഉണ്ടു്. ഈ ക്രമക്കേടുകളെപ്പററി ചൂണ്ടിക്കാണിക്കണമെന്നു ഞാൻ വിചാരിക്കുന്നു. സർ, നാം ഇപ്പോൾ പ്രതിപാദിക്കുന്ന ഡിപ്പാർട്ടുമെൻറു പ്രാധാന്യമുള്ള ഒന്നും ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം കാര്യക്ഷമത വളരെ സാരമായിട്ടുള്ളതും ആകുന്നു. കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമല്ലായിരുന്നു എങ്കിൽ ഈ അവസരത്തിൽ പ്രസംഗിക്കുന്നതിനു ഞാൻ എഴുന്നേൽക്കുകയില്ലായിരുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ കുഞ്ഞാക്കോസ്സ് ക്ലാക്കന്മാർക്കു നൽകുന്ന ശമ്പളത്തെ സംബന്ധിച്ചു വാദപ്രതിവാദം നടത്തീട്ടുണ്ടു്. ശമ്പളം ഖണ്ഡശഃയായി വർദ്ധിപ്പിക്കുന്നതുമൂലം സിക്രട്ടറിയേററ് ക്ലാക്കന്മാരുടെ ഇടയിൽ ഒരു തരം അസംതൃപ്തി ഉണ്ടെന്നു ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. അതുമൂലം കാര്യക്ഷമതയ്ക്കു ഹാനി സംഭവിക്കുന്നതാണ്. ആക്ടിംഗ് ക്ലാക്കന്മാർ എട്ടുകൊല്ലത്തിൽ കൂടുതൽ കാലം ജോലി നോക്കിട്ടുണ്ടെങ്കിലും അവരെ സ്ഥിരപ്പെടുത്തുകയും അവക്കു ശമ്പളംകൂടുതൽ നൽകുകയും ചെയ്തിട്ടില്ല. ഇതിനെസംബന്ധിച്ചു് ഒരു പ്രക്ഷോഭണം നടക്കുന്നുണ്ടല്ലൊ. ആക്ടിംഗ് ക്ലാക്കന്മാർക്കു ശമ്പളംകൂടുതൽ നൽകുന്നതിനു ചട്ടങ്ങൾ അനുവദിക്കുന്നില്ലെന്നു ചീഫ്സിക്രട്ടറി പറയുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഈ വിഷയത്തെപ്പററി തന്നെ ഒന്നിലധികം ഉപക്ഷേപത്തിൽ വാദപ്രതിവാദം നടത്താൻ പാടുള്ളതാണോ? ൨൦-ാംനമ്പർ ഉപക്ഷേപത്തെ സംബന്ധിച്ചു പ്രസ്താവിച്ച അവസരത്തിൽ ക്ലാക്കന്മാർക്കു ശമ്പളംകൂടുതൽ നൽകുന്നതിനെപ്പററി വാദപ്രതിവാദം നടത്തിട്ടുണ്ടു്. അതിനെപ്പററി ഇപ്പോഴും വാദപ്രതിവാദം നടത്തിവരികയാണ്.

മി: മാത്യു മുരിക്കൻ (വൈക്കം): ഈ വിഷയത്തെപ്പററി ഇപ്പോൾ വാദപ്രതിവാദം നടത്തുകയല്ല ചെയ്യുന്നതു. ഒരു ഉദാഹരണത്തിനു മാത്രമായി അതിനെപ്പററി ഞാൻ പറഞ്ഞതാണ്.

മി: എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടിക്രമത്തിനു ഇതു യോജിച്ചതാണൊ എന്നുള്ളതിനെ സംബന്ധിച്ചു അദ്ധ്യക്ഷന്റെ തീരുമാനം അറിയുന്നതിനു ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ കാര്യത്തിൽ സാമാജികന്മാരുടെ അഭിപ്രായമല്ല അറിയേണ്ടതു.

മി: മാത്യുമുരിക്കൻ (വൈക്കം): ഞാൻ അഞ്ചു മിനിട്ടുനേരത്തേക്കുമാത്രമെ സംസാരിക്കയുള്ളൂ; ചട്ടങ്ങൾ അനുസരിച്ചു ഇത്രയും സമയം എനിക്കു സംസാരിക്കാവുന്നതാണ്. അതിനാൽ ഞാൻ പ്രസംഗം തുടരുന്നു. സിക്രട്ടറിയേററിൽ ശമ്പളം ഖണ്ഡശഃയായി വർദ്ധിപ്പിക്കുന്നതിനെപ്പററിയാണു ഞാൻ പ്രസ്താവിച്ചതു. ഓരോ കൊല്ലത്തിലും ചില ക്ലാക്കന്മാർക്കു ശമ്പളംകൂടുതൽനൽകുന്നു. അതിനാൽ മററുള്ള ക്ലാക്കന്മാരുടെ ഇടയിൽ ഒരുതരം അസംതൃപ്തി നേരിട്ടിരിക്കുന്നു. തൽക്കാരണത്താൽ ഭരണകാര്യത്തിലുള്ള കാര്യക്ഷമത അത്യധികമായി കുറയുകയും കാലതാമസം സംഭവിക്കയും ചെയ്യുന്നു.

സിക്രട്ടറിയേററിൽ ചെയ്യുന്ന ജോലിയുടെ മററൊരു അവസ്ഥയെ സംബന്ധിച്ചും സൂചിപ്പിക്കണമെന്നും ഞാൻ വിചാരിക്കുന്നു. അവിടെ ... ...

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സിക്രട്ടറിയേററിലുള്ള ക്ലാക്കന്മാരെസംബന്ധിച്ചിടത്തോളം കഴിഞ്ഞ ആറേഴുകൊല്ലങ്ങളിൽ ചെയ്തിട്ടുള്ള പരിഷ്കാരത്തിന്റെ സ്വഭാവം എന്താണെന്നുള്ളതു മെമ്പർ പറയുമൊ?

മി: മാത്യു മുരിക്കൻ (വൈക്കം): സാരമായ യാതൊരു പരിഷ്കാരവും അവിടെ ചെയ്തിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശമ്പളം ഖണ്ഡശഃയായി വർദ്ധിപ്പിച്ചു എന്നു മെമ്പർ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം എന്താണു?

മി: മാത്യു മുരിക്കൻ (വൈക്കം): ചില ഗ്രേഡിലുള്ള ക്ലാക്കന്മാർക്കു ശമ്പളംകൂടുതൽനൽകുന്നു എന്നാണു ഞാൻ അർത്ഥമാക്കുന്നതു്. ഇപ്രകാരം ചെയ്യുന്നതിനെ ഞാൻ വിരോധിക്കുന്നു. മറെറാരു കാര്യത്തെക്കുറിച്ചു പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ബിരുദമെടുത്തിട്ടില്ലാത്തവരെ സ്ഥിരമായി നിയമിക്കാൻ പാടില്ലെന്നു ഒരു ചട്ടമുണ്ടു്. ഇതാണു എന്റെ അറിവു് എന്നാൽ ഈ ചട്ടത്തിനു വിപരീതമായി പ്രവർത്തിച്ചുവരുന്നു. ഈ പ്രവൃത്തിയും ഭരണത്തിലുള്ള കാര്യക്ഷമതയെ ഏറെക്കുറെ ബാധിക്കുന്നതാണു. എന്തുകൊണ്ടെന്നാൽ ബിരുദധാരികളായ ക്ലാക്കന്മാരുടെ ജോലിയുടെ മേൽനോട്ടം ബിരുദസമ്പാദിച്ചിട്ടില്ലാത്ത ഒരാൾ വഹിക്കേണ്ടി

വരുന്നു എന്നുള്ളതാണു. എനിക്കു അംഗീകരിക്കാൻ പാടില്ലാത്ത മറ്റൊരു സംഗതിയുണ്ടു. അസമത്വങ്ങളെ പരിഹരിക്കുന്നതിനു എല്ലാ ഗവൺമെന്റുകളും ശ്രമിക്കേണ്ടതാണ്. ഇതിനു പറ്റെ സംശയവുമില്ല. ഒരു പ്രത്യേകപട്ടികയെന്നും ഒരു സാമാന്യപട്ടികയെന്നും ഉള്ള രണ്ടു പട്ടികകൾ അസിസ്റ്റന്റ് ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നു ഞാൻ അറിയുന്നു. പ്രത്യേകം ആളുകളെ എടുത്തു ഞാൻ പറയുന്നില്ല. ഈ സമ്പ്രദായം ഒഴിച്ചുകൂടാ എന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഉദ്യോഗക്കയറ്റത്തെ സംബന്ധിച്ചിടത്തോളം ജീവനക്കാരുടെ ഒരു പ്രത്യേകപട്ടിക വച്ചുകൊണ്ടിരിക്കുന്നതു ഉദ്യോഗക്കയറ്റമുറയ്ക്കു ദോഷകരമായ ഒന്നാണ്, സിക്രട്ടറിയേറ്റിന്റെ കാര്യക്ഷമതയെ അതു സാരമായി ബാധിക്കുന്നതാണ്. ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തി അവരെ വച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും ഏതാനും ക്ലാർക്കന്മാരെ ഈ പ്രത്യേകപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വളരെക്കാലം പണിനോക്കിയിട്ടുള്ളവരുടെ അവകാശത്തെ അവഗണിച്ചു ഉപരിപദവികളിൽ നിയമിച്ചിരിക്കുന്നു. ഇപ്രകാരമുള്ള ഏതാനും ക്രമക്കേടുകളെ പറ്റി ചൂണ്ടിക്കാണിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. ചെറിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു; ഹജൂർ ക്ലാർക്കന്മാരുടെ ഇടയിൽ വിവിധ സമുദായങ്ങളിൽപ്പെട്ട ആളുകൾ ഉണ്ടായിരിക്കേണ്ടതാണ്. ഏതെന്നാൽ ഹജൂർ വകുപ്പാണല്ലോ ഭരണകേന്ദ്രം. ആ കേന്ദ്രത്തു ഏതാനും ചില വർഗ്ഗങ്ങളിൽ പെട്ടവർ മാത്രം ഇരുന്നാൽ രാജ്യത്തിന്റെ ശരിയായ ആവശ്യങ്ങളേയും അഭിലാഷങ്ങളേയും മനസ്സിലാക്കി ജനക്ഷേമകരമാംവണ്ണം ഭരണത്തെ നയിക്കാൻ സാധിക്കില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളിൽനിന്നും രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ചെല്ലുന്ന രേഖകൾ ഹജൂരിലാണ് അവസാനിക്കുന്നതു. അങ്ങിനെയുള്ള സ്ഥാനത്തു ചില വർഗ്ഗങ്ങളിൽപെട്ടവർമാത്രം ഇരുന്നാൽ പല ദോഷങ്ങളും ഉണ്ടാകുമെന്നുള്ളതു വ്യക്തമാണ്. ഈ ക്ലാർക്കന്മാരെയാണ് സൂപ്രണ്ടന്മാരായും സെക്രട്ടറിമാരായും മറ്റും നിയമിക്കുന്നതു. ഹജൂരിലെ സെക്രട്ടറിമാരുടെയും സൂപ്രണ്ടന്മാരുടെയും ഗ്രേഡ് ക്ലാർക്കന്മാരുടെയും വർഗ്ഗംതിരിച്ചുള്ള ഒരു പട്ടിക ഞാൻ ചോദിച്ചതിനു കഴിഞ്ഞവ്യാഴാഴ്ച തന്ന പട്ടികയിൽ ആകെ ൨൮ പേരുണ്ടെന്നും അതിൽ മൂന്നുപേർ ഒഴിവാണെന്നും കാണുന്നു. ജോലിയിൽ ഇരിക്കുന്ന ൨൫ പേരിൽ ബ്രാഹ്മണർ ൮ും നായന്മാർ ൧൩ും ഒരു വെള്ളാളനും മൂന്നു ആംഗ്ലിക്കൻ ക്രിസ്ത്യാനികളും ആണെന്നു കാണുന്നു.

മി: മുതുവയിൽ പപ്പുപിള്ള (ചേർത്തല): സൂപ്രണ്ടന്മാരിൽ രണ്ടുപേർക്കു ജോലിയില്ലെന്നു പറഞ്ഞുവല്ലോ. അവർ ആരാണെന്നു പറയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ആ സ്ഥാനങ്ങൾ ഒഴിവാണെന്നു മാത്രമേ ഇതിൽ കാണുന്നുള്ളു.

ജോലിയിലിരിക്കുന്ന ൨൫ പേരിൽ ൭,൦൦൦൦ത്തോളം ജനസംഖ്യയുള്ള ബ്രാഹ്മണരിൽനിന്നു ൮ പേരും, ൧൭ ലക്ഷം ജനസംഖ്യയുള്ള നായന്മാരിൽനിന്നു ൧൩ പേരും, ൩൦,൦൦൦ ജനസംഖ്യയുള്ള വെള്ളാളരിൽനിന്നു ഒരാളും, ൪൦,൦൦൦ത്തോളം ജനങ്ങളുള്ള ആംഗ്ലിക്കൻ ക്രിസ്ത്യൻസിൽനിന്നു മൂന്നുപേരും ആണ് ഉള്ളതു. എട്ടുലക്ഷത്തോളംവരുന്ന കത്തോലിക്കരിൽനിന്നാകട്ടെ, മൂന്നുലക്ഷത്തോളം വരുന്ന മഹമ്മദീയരിൽനിന്നാകട്ടെ ആരുംതന്നെയില്ല. ജനസംഖ്യ കുറഞ്ഞ വിഭാഗങ്ങളിൽ നിന്നാണ് അധികം പേരും. ഈ വിധത്തിൽ ചില വർഗ്ഗങ്ങളുടെ സങ്കേതമായി ഈ വകുപ്പു വച്ചുകൊണ്ടിരിക്കുന്നതും ശരിയല്ല. ക്ലാർക്കന്മാരുടെ കൂട്ടത്തിൽനിന്നാണല്ലോ പടിപടിയായിട്ടു കയറിപ്പോകുന്നതു.

മി: എസ്സ്. പി. വിക്രമൻപിള്ള (കച്ചവടവും വ്യവസായവും മറ്റും): ഹജൂർ കച്ചേരി ഒരുകാലത്തു ബംഗ്ലാവാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മലയാളത്തിൽ ചോദിച്ചാൽ ഉത്തരം പറയാം.

സാധാരണ ഹജൂരിൽ ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നവരുടെ ചാർച്ചക്കാരേയും സ്വജനങ്ങളേയും നിയമിച്ചുവരുന്നു എന്നു ഒരാക്ഷേപം പ്രബലമായുണ്ടു. ആ ആക്ഷേപത്തിനു ഗവൺമെന്റു മേലാൽ ഇടകൊടുക്കരുതു. ഇപ്പോഴത്തെ നിലയിൽ നിയമനം നടന്നാൽ ഉദ്യോഗസ്ഥന്മാരുടെ ചാർച്ചക്കാർക്കല്ലാതെ ആർക്കും അവിടെ എത്തിനോക്കാൻപോലും സാധിക്കുകയില്ല. ഹജൂരിൽ എല്ലാവർഗ്ഗക്കാരെയും നിയമിക്കണമെന്നു ഒന്നുരണ്ടുവർഷമായിട്ടു ഈ കൗൺസിലിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കയാണ്. മുമ്പു രണ്ടു ചീഫ്സെക്രട്ടറിമാർ കത്തോലിക്കാസമുദായത്തിൽ പെട്ടവരായിരുന്നു, ഒരു അസിസ്റ്റന്റ് സെക്രട്ടറിയും. ഇപ്പോഴാകട്ടെ ഹെഡ്ഗ്രേഡ് ക്ലാർക്കായിട്ടുപോലും ആരുമില്ല. അടുത്തകാലത്തു ഹജൂരിൽ ഒരു അസിസ്റ്റന്റ് സെക്രട്ടറിയുടെ ഒഴിവുവന്നപ്പോൾ ഒരു കത്തോലിക്കനെ നിയമിക്കുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ നിയമിച്ചിട്ടില്ല. സമഭാവനയുടെ ദൃഷ്ടാന്തം കൊടുക്കേണ്ട ഹജൂർ തന്നെ അസംഖ്യം സമുദായങ്ങളെ അകറ്റിനിർത്തിയാൽ മറ്റുള്ളിടത്തങ്ങിനെ നീതിനടക്കും.

മി: കെ. മാധവൻ (നാമിനേറ്റഡ്): അധകൃതരിൽ നിന്നു ആരെങ്കിലുമുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എല്ലാ സമുദായത്തിൽ നിന്നും യോഗ്യന്മാരെ നിയമിക്കണം. ഹജൂർ വലിയ ഉദ്യോഗസ്ഥന്മാരുടെ ചാർച്ചക്കാർക്കായി സൂക്ഷിക്കുന്നതു നീതിയല്ല. സെക്രട്ടറിമാരായും സൂപ്രണ്ടന്മാരായും ഹെഡ്ഗ്രേഡ് ക്ലാർക്കുകളായും കത്തോലിക്കർ, ഈഴവർ, മഹമ്മദീയർ, മുതലായ അവശസമുദായങ്ങളിൽപെട്ട യോഗ്യന്മാരെ നേരിട്ടുതന്നെ നിയമിക്കണം. താഴെനിന്നു കയറിക്കൊള്ളുവാൻ തൽക്കാലം ആരുമില്ല. ഹജൂരിൽ നിന്നാണ് ആജ്ഞകൊടുക്കുന്നതും ഉത്തരവുകൾ നൽകുന്നതും. നിയമാവിഷമമായതിനെ വേഗം പരിഹരിക്കേണ്ടതു.

മി: കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ): സർ, മി. പി. എസ്സ്. മുഹമ്മദ് ഹാജരാക്കിയിട്ടുള്ള പ്രമേയത്തെ ഞാനും ശക്തിപൂർവം പിൻതാങ്ങുന്നു. സർ, ഉദ്യോഗം നൽകുന്നവിഷയത്തെപ്പറ്റി ഇവിടെ പ്രസ്താവിക്കയുണ്ടായി. അതനുസരിച്ചു ഈ അധകൃതവർഗ്ഗക്കാർക്കു ഏതെങ്കിലും ഉദ്യോഗംകിട്ടുന്നകാര്യം വളരെ വിഷമത ഉള്ളതാണ്. ഈ കാര്യത്തിൽ പലതവണയും അപേക്ഷകൾ ബോധിപ്പിച്ചിട്ടുള്ളതാണ്. പകരം ജോലിനോക്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയതിനുശേഷം മാത്രമേ, പുതിയ അപേക്ഷകന്മാർക്കു ഉദ്യോഗം നൽകുവാൻ പാടുള്ളൂ എന്നു മേൽപറഞ്ഞ അപേക്ഷകൾക്കു മറുപടിയായി പറയുന്നുണ്ടു. അധകൃതർക്കു ഉദ്യോഗം

കൊടുക്കാത്തപക്ഷം, അവർ ഏതു വിധത്തിലാണ് അഭിവൃദ്ധിയെ പ്രാപിക്കുന്നതു. യാതൊരു ഡിപ്പാർട്ടുമെൻറിലും അധഃകൃതവർഗ്ഗക്കാർക്കു ഉദ്യോഗങ്ങൾ നൽകുന്നില്ല. പ്രസ്തുതഡിപ്പാർട്ടുമെൻറിലും ഉദ്യോഗം കിട്ടുന്നതിനു വളരെവിഷമമായിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: മാധവനോടൊരു ചോദ്യം ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഹജൂർ കച്ചേരിയിൽ ഹയ്യർഗ്രേഡു ക്ലാർക്കന്മാരായിരിക്കുന്നതിനു യോഗ്യതയുള്ള ആളുകൾ അധഃകൃതവർഗ്ഗങ്ങളിൽ ഉണ്ടോ എന്നു പറയുമോ?

മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): ഉദ്യോഗത്തിനർഹതയുള്ള ബി. എ. ബിരുദധാരികളും സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരും അധഃകൃതവർഗ്ഗക്കാരുടെ ഇടയിൽ ഉണ്ട്.

ഇപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനപേക്ഷിച്ചാൽ, പകരം ജോലിനോക്കിയവരെ സ്ഥിരപ്പെടുത്തിയതിനുശേഷം മാത്രമെ അധഃകൃതർക്കു ജോലിനൽകുകയുള്ളു എന്നു പറയുന്നു. ഈ വിധമായാൽ നാലോ, അഞ്ചോ വർഷമായാലും സാധുക്കളായവർക്കു ഉദ്യോഗം ലഭിക്കുന്നതല്ല. പകരം ജോലിനോക്കിയവരെ സ്ഥിരപ്പെടുത്തിയതിനുശേഷം മാത്രമേ പുതിയ ആളുകൾക്കു ഉദ്യോഗംകൊടുക്കുകയുള്ളു എന്നുള്ള സമ്പ്രദായം അധഃകൃതരുടെ അപേക്ഷകളെസംബന്ധിച്ചു മാത്രം സ്വീകരിക്കാതിരിക്കുകയും, ഏതുഡിപ്പാർട്ടുമെൻറിലും ആദ്യമായിട്ടുതന്നെ അവർക്കു ഉദ്യോഗം കൊടുക്കുന്നതിനു ഗവണ്മെൻറു ഒരു നിയമം ഏർപ്പെടുത്തുകയും ചെയ്യണം. ഇത്രയും പറഞ്ഞുകൊണ്ടു, മി: പി. എസ്സ്. മുഹമ്മദുപ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മി. പി. എസ്സ്. മുഹമ്മദിൻെറ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഞാനും രണ്ടുവാക്കുപറയണമെന്നു വിചാരിക്കുന്നു. ഹജൂരിലുള്ള ഹയ്യർഗ്രേഡു ക്ലാർക്കന്മാർ കാലപ്പഴക്കംകൊണ്ടു ഉയർന്ന ഉദ്യോഗത്തിൽ അതായതു തഹശീൽദാരന്മാർ കാലപ്പഴക്കംകൊണ്ടു പേഷ്കാരന്മാർ തുടങ്ങിയുള്ള ജോലികളിൽ വരാൻ ഇടയുണ്ടു. ഇങ്ങനെ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലെയും കാര്യങ്ങൾ അന്വേഷിക്കുന്നതിനു ചുമതലപ്പെടുന്ന സ്ഥാനംവരെ എത്തിക്കാണുന്നുണ്ടു. ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാന ചുമതല ഗവണ്മെൻറിനാണെന്നു വരുകിലും പൊതുജനപ്രതിനിധികൾ ആളോഹരിയായിട്ടും ജാതിക്രമമനുസരിച്ചും ഉദ്യോഗവിഭജനം ചെയ്യണമെന്നു വാദിച്ചു ഉദ്യോഗലോകത്തെ മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളുടെ ക്ഷേമത്തെ സംരക്ഷിക്കുന്നതിനായി ഹജൂർ സെക്രട്ടേറിയേറ്റിലുള്ള നിയമനം പ്രാദേശികപ്രാതിനിധ്യം ആസ്പദമാക്കി ആയിരിക്കണമെന്നും ... ...

മി: ആർ. രാമൻപിള്ള (കോട്ടയം): പ്രാദേശിക പ്രാതിനിധ്യം വേണമെന്നും ഇവിടെ അഭിപ്രായം ഉണ്ടായിട്ടില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതുതന്നെയാണ് ഞാൻ പറയാൻ പോകുന്നതു്. അതായതു ജാതിയോ മതമോ വിചാരിക്കാതെ അതാതു താലൂക്കിലുൾപ്പെട്ട ഓരോ ആളുകളെവീതമെങ്കിലും ഹജൂർ വകുപ്പിൽ നിയമിക്കേണ്ടതാണ്.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതെല്ലാം നായന്മാരായിരുന്നാലും മതിയോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മുക്കുവർ ആയിരുന്നാലും തരക്കേടില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എല്ലാവരും മുക്കുവർ ആയിരുന്നാൽ മതിയോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതു പോരാ. കുറെ മററുള്ളവരും വേണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിലേക്കു ഒരു തോതു നിശ്ചയിക്കുന്നതു എങ്ങനെയാണ്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഇവിടെ പ്രതിനിധീകരിക്കുന്നതുപോലെ എന്തെങ്കിലും ഏർപ്പാടുചെയ്യണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): പല വർഗ്ഗങ്ങൾക്കും ഈ പ്രതിനിധിസഭയിൽ വരാൻ സാധിക്കാത്തതുകൊണ്ടു് തിരഞ്ഞെടുപ്പിൻെറ ഘടനതന്നേ മാററണമെന്ന് ജനങ്ങൾ ആവശ്യപ്പെടുന്നുണ്ടെന്നു മെമ്പർക്കറിയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതിലേക്കാണല്ലോ നാമിനേഷൻ വച്ചിരിക്കുന്നതു്.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ശരിയായ വ്യവസ്ഥ ഉണ്ടാകാതെ ഏതെങ്കിലും ഒരു സമുദായക്കാർക്ക് കൊടുക്കാമെന്നു പറഞ്ഞാൽ വർഗ്ഗീയപ്രാതിനിധ്യമാകുമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉദ്യോഗം ജാതിക്രമമനുസരിച്ചു ഹജൂരാഫീസിൽ കൊടുക്കണമെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ടു പ്രാദേശിക പ്രാതിനിധ്യമനുസരിച്ച് ഹജൂർക്കച്ചേരിയിൽ നിയമനം നടത്തുന്നപക്ഷം അതു രാജ്യശ്രേയസ്സിനു അനുകൂലമായിരിക്കും.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സെക്രട്ടറിമാരാകുന്നതും പേഷ്കാരന്മാരാകുന്നതും മററു പുറത്തേക്കുപോകുന്നതും ഹജൂർ വകുപ്പിലെ ക്ലാർക്കന്മാരിൽ നിന്നാണ് എന്നു മെമ്പർ പറയുകയുണ്ടായി. ആ സ്ഥിതിക്കു മെമ്പർ മുമ്പു അഭിപ്രായപ്പെട്ടതുപോലെ ഒരു താലൂക്കിൽനിന്നു ജാതിനോക്കാതെ ഒരാളിനെ വീതം ഹജൂർക്കച്ചേരിയിൽ നിയമിച്ചാൽ ഒരേവർഗ്ഗക്കാർതന്നെ വരുന്നതിനും അങ്ങിനെ വരുന്നവർ അവരുടെ വർഗ്ഗത്തിൽ ഉൾപ്പെട്ടവരെതന്നെ നിയമിക്കുന്നതിനും ഇടയായാൽ അതു മററുള്ളവർക്കു സങ്കടകരമായിരിക്കയില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരം ഉണ്ടാവുകയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ഈ രാജ്യത്തു മററുള്ളവർ ഉണ്ടാവുകയില്ലാ എന്നാണോ പറയുന്നതു്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) : മഹമ്മദീയരെ നിയമിക്കണമെന്നു പ്രത്യേകം അപേക്ഷിക്കുന്ന ഒരു ഉപക്ഷേപമാണു് ഇതു്. അതുകൊണ്ടു നിവൃത്തിയുള്ളിടത്തോളം ഓരോ താലൂക്കിൽ നിന്നും ഓരോ ഡിവിഷനിൽനിന്നും മഹമ്മദീയരെ ക്ലാർക്കന്മാരായിട്ടു നിയമിക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉപക്ഷേപത്തിൽ ഒരു വർഗ്ഗക്കാരുടെ കാര്യം പ്രത്യേകം പറഞ്ഞിട്ടില്ല. എന്നാൽ പ്രസംഗത്തിൽ മി. മഹമ്മദ് മുസ്ലീങ്ങളുടെ കാര്യം പ്രത്യേകം പറഞ്ഞു. അതുപോലെ മററുള്ള ഈഴവരുടെയും മററു ചില വർഗ്ഗക്കാരുടെയും കാര്യം കൂടി പറയുകയുണ്ടായി. അവർക്കും കൊടുക്കണമോ എന്നാണോ മെമ്പർ പറയുന്നതു്? നിവൃത്തിയുള്ളിടത്തോളം എല്ലാ വർഗ്ഗക്കാർക്കും കൊടുക്കണം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) : അങ്ങിനെയാണെങ്കിൽ തെക്കൻ തിരുവതാംകൂറിലുള്ള കൃഷ്ണവക, വാലന്മാർ മുതലായ സമുദായക്കാർക്കും കൊടുക്കണം.

മി: മുഹമ്മദലിൽ പാച്ചുപിള്ള (ചേർത്തല) : എല്ലാവർക്കും ഉദ്യോഗം കൊടുക്കത്തക്കവണ്ണം സെക്രട്ടറിയേററു ക്ലാർക്കന്മാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുകൂടി അഭിപ്രായമുണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) : ഇല്ല.

മി: എ. നാണുപിള്ള (തിരുവനന്തപുരം) : ഇപ്പോൾ ഇവിടെ വാദപ്രതിവാദം നടക്കുന്ന വിഷയം, നയത്തിനെ സംബന്ധിച്ചിടത്തോളം, പബ്ലിക്കിൽ സിക്രട്ടേറിയററിലുള്ള ഹയർ ഗ്രേഡ് ക്ലാർക്കന്മാരെ മാത്രം സംബന്ധിച്ചുള്ളതോ എന്നുള്ളതു അറിയുന്നതിനായി അദ്ധ്യക്ഷൻ വ്യക്തമായി ഒരു തീർപ്പുചെയ്യണമെന്നു് ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. അല്പ സമയത്തിനു മുമ്പു അദ്ധ്യക്ഷൻ ഒരു തീർപ്പുചെയ്യുകയുണ്ടായി. അതിനെ ആസ്പദമാക്കിയാണു് ഞാൻ ഈ ചോദ്യം ചോദിക്കുന്നതു്.

അദ്ധ്യക്ഷൻ : അവരെല്ലാവരും സിക്രട്ടേറിയററിലുള്ള ഹയർ ഗ്രേഡ് ക്ലാർക്കന്മാരെപ്പററിയാണു് സംസാരിച്ചതു്.

മി: ഇട്ടൂപ്പ് ഇട്ടിയവിച്ചൻ (കുന്നത്തുനാട്) : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഹജൂർ വകുപ്പിലെ നിയമനമെല്ലാം ഗാഢമായി ചിന്തിക്കയാണെങ്കിൽ അതു പ്രത്യേകം ചില താലൂക്കുകാർക്കു് പണയപ്പെടുത്തിയിരിക്കയാണെന്നു തോന്നിപ്പോകുന്നു. എന്നാൽ ഏതെല്ലാം താലൂക്കുകാരാണു് ഈ ഉദ്യോഗസ്ഥന്മാരെന്നു സിവിൽലിസ്ററുകൊണ്ടു അറിയാൻ നിവൃത്തിയില്ലാ. ഉദ്യോഗസ്ഥന്മാരുടെ പേരുമാത്രമല്ലാതെ, അവരുടെ സ്വന്തസ്ഥലമൊന്നും പറഞ്ഞുകാണുന്നില്ലാ. എങ്കിലും അതിനെപ്പററിഅന്വേഷിച്ചതിൽ അവർ ചില താലൂക്കുകളിൽ ഉൾപ്പെട്ടവരായിട്ടാണു കാണുന്നതു്. ഞാൻ ഏതെങ്കിലും ഒരു ജാതിയെയോ മതത്തെയോ പററി പറയുന്നില്ലാ. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളെയും സംബന്ധിച്ചുള്ള കാര്യങ്ങൾ ഹജൂരിൽ വരുന്നതുകൊണ്ടു ഓരോ പ്രദേശങ്ങളിലും എല്ലാവർഗ്ഗക്കാരിൽനിന്നും അവിടെ നിയമനം നടത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി) : സർ, സെക്രട്ടറിയേററിൽ ഉള്ള ഹയർ ഗ്രേഡ് ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം മഹമ്മദീയർക്കുള്ള പ്രാതിനിധ്യം വളരെ മോശമാണെന്നു് മി. പി. എസ്. മഹമ്മദ് പ്രസ്താവിച്ചു. കാര്യത്തിന്റെ സ്ഥിതി അപ്രകാരമല്ലെന്നുള്ളതു് തെളിയിക്കുന്നതിനു് എന്റെ പക്കൽ ചില കണക്കുകൾ ഇപ്പോൾ ഉണ്ടു്. ഹയർ ഗ്രേഡ് ക്ലാർക്കന്മാരുടെ സ്ഥിരം പട്ടികയിൽ രണ്ടു് മഹമ്മദീയരും എപ്പത്തിമൂന്നു ആക്ടിംഗ് ക്ലാർക്കന്മാരുടെ ഇടയിൽ ഒരു മഹമ്മദീയനും ഉണ്ടു്. ലോയർ ഗ്രേഡ് ക്ലാർക്കന്മാരുടെ സ്ഥിരം പട്ടികയിൽ ഒരു മഹമ്മദീയനും ഉണ്ടു്. ആക്ടിംഗ് കാരുടെ പട്ടികയിൽ ഈ വർഗ്ഗത്തിൽപ്പെട്ട ഒരു ആളുണ്ടു്. ടൈപ്പിസ്റ്റന്മാരെ സംബന്ധിച്ചിടത്തോളം സ്ഥിരം ജോലിയുള്ളവരുടെ പട്ടികയിൽ ൧൮ പേരിൽ ൨ പേർ മഹമ്മദീയരും ആക്ടിംഗ് ടൈപ്പിസ്റ്റന്മാരുടെ കൂട്ടത്തിൽ ൧ മഹമ്മദീയനും ഉണ്ടു് അതിനാൽ എല്ലാം കൂടി കണക്കുകൂട്ടുന്നപക്ഷം ക്ലാർക്കന്മാരുടെ ഇടയിൽ ൨ മഹമ്മദീയർ ഉണ്ടു്. ശിപായിമാരായി ൨ മഹമ്മദീയർ ഉണ്ടു്. കാര്യങ്ങളുടെ ഈ സ്ഥിതിക്കു സെക്രട്ടേറിയററിനെ സംബന്ധിച്ചിടത്തോളം, മഹമ്മദീയരുടെ അവകാശങ്ങളെ അവഗണിച്ചിട്ടുണ്ടെന്നു പറവാൻ പാടില്ല.

മി: പി. എസ്. മഹമ്മദ് (നോമിനേററഡ്) : ക്ലാർക്കന്മാരുടെ കൂട്ടത്തിലുള്ള മഹമ്മദീയരുടെ സംഖ്യ കുറഞ്ഞുപോയി എന്നല്ലാ പറഞ്ഞതു്. അവർക്കു കിട്ടേണ്ടതായ പ്രമോഷൻ വേണ്ടവിധത്തിൽ ലഭിക്കുന്നില്ലെന്നാണു പറഞ്ഞതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി) : അതിനെപ്പററി പറയാനുണ്ടു്

മെസ്സേർസ് : കുഞ്ഞിത്തൊമ്മനും ഇട്ടിയച്ചനും മററുള്ളവരും മററുള്ള സമുദായക്കാരുടെ മററു അവകാശങ്ങളെപ്പററി പ്രസ്താവിച്ചു. അതിനെ സംബന്ധിച്ചിടത്തോളവും ഉള്ള കണക്കുകൾ മോശമായ ഒരു നിലയെ കാണിക്കുന്നില്ല. ക്ലാർക്കന്മാരുടെ ഇടയിൽ ൭ ഈഴവരും ൧ നാടാരും ൧, വൈശ്യനും ൧, മറവനും ൨, ക്ഷത്രിയന്മാരും ൧൪, വെള്ളാളരും ഉണ്ടു്. ക്രിസ്ത്യാനികളിൽ നിന്നു ൧൪ പേരെ നിയമിച്ചിട്ടുണ്ടു് ഇവരിൽ ൬ സ്ഥിരം ക്ലാർക്കന്മാർ റോമൻ കത്തോലിക്ക വർഗ്ഗത്തിൽപെട്ടവരാണു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : വെള്ളാളർ എത്രയാണു്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി) : ൧൪.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ഫസ്റ്റ് ഗ്രേഡ് ക്ലാർക്കിൽ എത്ര പേർ ഉണ്ടു്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി) : മെമ്പർ അതിനെപ്പററി കുറച്ചു മുമ്പെതന്നെ വായിക്കയുണ്ടായല്ലോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഒരാൾ മാത്രമേയുള്ളോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതേ.

മി: താഴത്തുപള്ളിയിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ക്രിസ്ത്യാനികളിൽ മാർത്തോമാ എത്ര പേരുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി). പ്രത്യേകം അങ്ങിനെ തിരിച്ചിട്ടില്ല. ക്രിസ്ത്യാനികളിൽ കത്തോലിക്കർ ന്നു, പ്രാട്ടസ്റ്റാന്റ് ഴ്, മററു സിറിയൻ ക്രിസ്ത്യൻ ൧, ഇങ്ങനെ ഏഴ്, പേരുണ്ട്. അക്റ്റിംഗ് ക്ലാർക്കുകളുടെ സംഖ്യ നോക്കിയാലും അത്ര കുറഞ്ഞുപോയിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. അക്റ്റിംഗ് ക്ലാർക്കുകളുടെ കൂട്ടത്തിൽ രണ്ടു ക്ഷത്രിയർ, രണ്ടു വെള്ളാളർ, മൂന്നു ഈഴവർ, ഒരു നാടാൻ, ഒരു ഡിപ്രസ്സ്ഡ് ക്ലാസ് മെമ്പർ, ഒരു മഹമ്മദീയൻ ഏഴു ക്രിസ്ത്യാനികൾ ഇത്രയുമുണ്ട്.

മി: ടി. സി. കേശവപിള്ള (കരിക്കുളവും വിളവംകോടും): കൃഷ്ണവക സമുദായത്തിലുള്ള വരുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതു പ്രത്യേകമായി കാണുന്നില്ല.

മി: ടി. സി. കേശവപിള്ള (കരിക്കുളവും-വിളവംകോടും): ചാലിയ സമുദായത്തിലുള്ളവരുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): പട്ടാരിയർ സമുദായത്തിൽപെട്ട ഒരാളുണ്ട്.

ഇങ്ങനെ അക്റ്റിംഗ് ക്ലാർക്കുകളുടെ ലിസ്റ്റ് എടുത്തു നോക്കിയാലും അവിടെയും ഈ അസമത്വ സമുദായക്കാരുടെ അവകാശങ്ങളെ അവഗണിച്ചു പ്രവൃത്തിക്കുന്നില്ലെന്നു കാണാം.

അക്റ്റിംഗ് ലോവർ ഗ്രേഡ് ക്ലാർക്കുകളുടെ കൂട്ടത്തിൽ ഒരു ഡിപ്രസ്സ്ഡ് ക്ലാസ് മെമ്പർ, രണ്ടു വെള്ളാളർ, ഒരു നായർ, മൂന്നു ക്രിസ്ത്യാനികൾ ഒരു ഈഴവൻ, ഒരു മഹമ്മദീയൻ ഇത്രയും ഉണ്ട്. ഇതുപോലെ ടൈപ്പിസ്റ്റുമാരിലും ഉണ്ട്. ഇത്രയും ആളുകളുള്ളതായിട്ടു കാണാം.

മി: പി. എസ്. മഹമ്മദ് (നാമിനേറ്റഡ്): ആകെ ക്ലാർക്കുകളുടെ സംഖ്യ എത്രയാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (അക്റ്റിംഗ് ഗവണ്മെന്റു ചീഫ്സിക്രട്ടറി): ആകെ ഏഴു.

മി: ഡി. ഫ്രാൻസിസ് (നാമിനേറ്റഡ്): അതിൽ ക്രിസ്ത്യാനികളുടെ സംഖ്യ എത്രയാണ്?

മി: ടി. പി. രാമസുബ്ബയ്യർ (അക്റ്റിംഗ് ഗവണ്മെന്റു ചീഫ്സിക്രട്ടറി): അവരെ സംബന്ധിച്ചുള്ള കണക്ക് ക്രിസ്ത്യാനികളെപ്പററിയുള്ള കണക്കിൽ കൊള്ളിച്ചിരിക്കുന്നു.

അതിനാൽ സെക്രട്ടറിയേററിൽ ഉദ്യോഗം ലഭിക്കുന്ന കാര്യത്തിൽ പല സമുദായങ്ങൾക്കുമുള്ള അവകാശങ്ങളെ സംബന്ധിച്ചു മതിയായ വിധത്തിൽ ഗൌനിക്കപ്പെടുന്നില്ലെന്നു പറയുന്നതു ന്യായമായിട്ടുള്ളതല്ല.

ഉദ്യോഗക്കയററങ്ങളെ സംബന്ധിച്ചിടത്തോളം സർവീസിൽ പ്രവേശിച്ചതിനുശേഷം സീനിയാറിട്ടിയേയും കാര്യപ്രാപ്തിയേയും അനുസരിച്ചാണ് കയററങ്ങൾ നൽകപ്പെടുന്നതു്. ഈ കാര്യത്തിൽ അനുവർത്തിച്ചുവരുന്ന സാമാന്യചട്ടം ഇതാണ്. ഈ സീനിയാർട്ടി എന്ന ചട്ടത്തെ കർശനമായി താണ സമുദായത്തിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം നടപ്പിൽ വരുത്തുന്നപക്ഷം അതു അവരുടെ അവകാശങ്ങൾക്ക ഹാനികരമായിരിക്കുമെന്ന് മിസ്റ്റർ പി. എസ്. മഹമ്മദ് ശക്തിപൂർവം പ്രസ്താവിച്ചു. അദ്ദേഹം പ്രസ്താവിച്ച ഏക മജിസ്ട്രേട്ടിന്റെ കാര്യംതന്നെ ഉദാഹരണമായി ഇവിടെ പറയാം. ചട്ടങ്ങളെ കൃത്യമായി നടപ്പിലാക്കിയിരുന്നു എങ്കിൽ ഇപ്പോഴത്തെ സ്ഥാനത്തു ഈ ഉദ്യോഗസ്ഥനെത്തുകയില്ലായിരുന്നു.

മി: പി. എസ്. മഹമ്മദ് (നാമിനേറ്റഡ്): സിക്രിട്ടേറിയററിൽനിന്നുമാണോ അദ്ദേഹത്തെ നിയമിച്ചതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): സെക്രട്ടേറിയററ് ഉൾപ്പെടെ സംസ്ഥാനത്തിലെ പല ഡിപ്പാർട്ടുമെന്റുകളിൽനിന്നാണു് മജിസ്ട്രേട്ടുമാരെ നിയമിച്ചുവരുന്നതു്. മെമ്പറിന്റെ അറിവിനായിട്ടാണ് ഞാൻ ഈ കാര്യം പറയുന്നതു്. അതിനാൽ സീനിയാറിട്ടിയെ സംബന്ധിച്ചുള്ള ചട്ടങ്ങളെ കൃത്യമായി നടപ്പിൽ വരുത്തുന്നപക്ഷം ഇപ്പോൾ മജിസ്ട്രേട്ടായിരിക്കുന്ന മനുഷ്യൻ ഈ സ്ഥാനത്തു് എത്തുകയില്ലായിരുന്നു.

മി: ടി. സി. കേശവപിള്ള (കരിക്കുളവും-വിളവംകോടും): താലൂക്ക് പ്രാതിനിധ്യം കിട്ടണമെന്നു പറഞ്ഞതിനു മറുപടി പറഞ്ഞിട്ടില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇപ്പോൾ അങ്ങിനെ കേട്ടതിട്ടില്ല. റവന്യൂ പ്രാതിനിധ്യത്തെ അനുസരിച്ചു ഉദ്യോഗങ്ങൾ കൊടുക്കണമെന്നുള്ള മേ ഇതുവരെ ആവശ്യപ്പെട്ടിരുന്നുള്ളു.

മി: ടി. സി. കേശവപിള്ള (കരിക്കുളവും വിളവംകോടും): മേലാൽ എങ്കിലും പ്രാദേശികപ്രാതിനിധ്യം അനുസരിച്ചു ചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രാദേശിക പ്രാതിനിധ്യം അനുസരിച്ചു ഓരോ താലൂക്കുകളിൽനിന്നും ആളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള വിഷമതകളെപ്പററി പല മെമ്പറന്മാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൊട്ടാരക്കര താലൂക്കിൽനിന്നു ക്ലാർക്കന്മാരെ നിയമിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): താലൂക്കുകൾ അനുസരിച്ചു ഞങ്ങൾ കണക്കുകൾ തയ്യാറാക്കിയിരുന്നില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്). വടക്കൻ തിരുവിതാംകൂറിലുള്ള വല്ല ക്ലാർക്കുകളും ഹജൂർകച്ചേരിയിലുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): നിശ്ചയമായിട്ടും കാണും.

മി: ഇട്ടപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കുന്നത്തുനാട്, മൂവാററുപുഴ, തൊടുപുഴ, മുതലായ താലൂക്കുകളിൽനിന്നു ആരെങ്കിലുമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: വി. ചെല്ലംപിള്ള (ഇരവോള): ഈ പട്ടികയിൽ വെള്ളാളരു മാത്രമാണോ ഉൾപ്പെട്ടതായിരിക്കുന്നതു്. ഇതിൽ മററു വർഗ്ഗക്കാരുടെ കണക്കു് ചേർത്തിട്ടുണ്ടോ എന്നു ചീഫ് സെക്രട്ടറി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അല്ല. വെള്ളാളരുടെ കണക്കു പട്ടികയിൽ പ്രത്യേകം കാണിച്ചിരിക്കുന്നു.

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്): സെക്രട്ടറിയേററിൽ വല്ല മുസ്ലിം ക്ലാർക്കന്മാരുടെ സീനിയാരിട്ടിയെ അവഗണിച്ചു ജൂനിയറായ മററു ക്ലാർക്കന്മാർക്കു പ്രമോഷൻ നൽകിയിട്ടുണ്ടോ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): സെക്രട്ടറിയേററിൽ സാധാരണയായിട്ടു ഗ്രേഡും സീനിയാരിട്ടിയും നോക്കിയാണു് പ്രമോഷൻ കൊടുക്കുന്നതു്. എന്നാൽ യോഗ്യതയില്ലാത്തവരായി കാണുന്നപക്ഷം അവരുടെ ജൂനിയർമാർക്കു് പ്രമോഷൻ കൊടുക്കും.

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്): മി. രാമസുബ്ബയ്യർ പറഞ്ഞതുപോലുള്ള പ്രമോഷൻ കൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി). ഇല്ല.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): താലൂക്ക അനുസരിച്ചു ഉദ്യോഗനിയമനവിഷയത്തിൽ പ്രാതിനിധ്യം സ്വീകരിക്കുന്നപക്ഷം ചീഫ് സെക്രട്ടറി ഏതു താലൂക്കിൽ ഉൾപ്പെട്ടതാണെന്നു മെമ്പർ പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): തിരുവിതാംകൂറിൽനിന്നാണു എന്നെ നിയമിച്ചിട്ടുള്ളതു്.

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്): അസമത്വസമുദായത്തിൽപെട്ട ആളുകൾക്കു ഉദ്യോഗത്തിൽ വേണ്ട പ്രോത്സാഹനം നൽകണമെന്നും അതിൽ മുസ്ലിമിങ്ങളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ പ്രസ്താവിച്ച സന്ദർഭത്തിൽ ഈ സഭയിൽ ചില ഭാഗങ്ങളിൽ എന്തോ ചില വാക്കുകൾ പുറപ്പെടുവിക്കുക ഉണ്ടായി. ഇതുകാലംവരെയും അസമത്വസമുദായങ്ങളുടെ അവകാശംകൂടി കൈവശംവച്ചുകൊണ്ടു അനുഭവിച്ചുകൊണ്ടിരുന്നിട്ടു—വളരെ ഉത്സാഹത്തോടുകൂടിനാളതുവരെ അവർ അവരുടെ നേർക്കു മൌനമാവുകയും സന്തോഷത്തോടുകൂടി അവർ നൽകിക്കൊണ്ടിരിക്കയും ചെയ്യുമ്പോൾ അവർക്കു പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അവരുടെ അവകാശങ്ങൾ ചോദിക്കുന്ന അവസരത്തിൽ മുഴുവൻ ദ്വേഷിച്ചുപോകുന്നു. ഉദ്യോഗലോകത്തെ മലിനപ്പെടുത്തുന്നു എന്ന നിലയിൽ ചില ശബ്ദങ്ങൾ കേൾക്കുന്നതിൽ എനിക്കു ആശ്ചര്യം തോന്നിപ്പോകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർഗ്ഗീയപ്രാതിനിധ്യമനുസരിച്ചു ഉദ്യോഗം കൊടുക്കണമെന്നുള്ള തത്വത്തെ ആരെങ്കിലും എതിർത്തിട്ടുണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്) ഇവിടെ കേട്ട ശബ്ദത്തെയാണു ഞാൻ പറഞ്ഞതു്, എന്നുമാത്രമല്ല പ്രാദേശികപ്രാതിനിധ്യംകൂടി വേണമെന്നു ശഠിക്കുന്നു. ഏതുവർഗ്ഗക്കാരെ നിയമിച്ചാലും പ്രാദേശികപ്രാതിനിധ്യം പരാതയായിരിക്കയില്ല. ഏതു ജാതിക്കാരനായാലും ഏതെങ്കിലും ഒരു സ്ഥലത്തു താമസിക്കുന്നവനല്ലോ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): മെസ്സേർസ് റാബിൻസൺ, മാക്കൻസ്ലൈൻ, ബിഷപ്പ് എന്നിവരെ ഏതു താലൂക്കകളിൽനിന്നാണു് നിയമിക്കപ്പെട്ടിട്ടുള്ളതെന്നു മെമ്പർ പറയുമോ?

മി: പി. എസ്. മഹമ്മദ് (നാമിനേററഡ്): ഏതു താലൂക്കിൽ ഉൾപ്പെട്ടവരാണെന്നു എനിക്കറിഞ്ഞുകൂടാ, ഏതായാലും ഇങ്ങനെയുള്ള മനഃസ്ഥിതി പല മെമ്പർമാരുടേയും ഹൃദയങ്ങളിലും ഒളിച്ചുകിടക്കുന്നതു വെളിക്കു വരുത്തണമെന്നുകൂടി എനിക്കുദ്ദേശമുണ്ടു്. തിരുവിതാംകൂറിലെ ഞങ്ങൾക്കു കിട്ടേണ്ട അവകാശം ഞങ്ങൾക്കു ലഭിക്കണമെന്നുള്ള സംഗതിയെ വെളിക്കുവരുത്താനാണു് ഞാൻ ശ്രമിക്കുന്നതു്. ഞങ്ങളുടെ അവകാശങ്ങളെ ബാക്കിയുള്ളവർ മഹാമനസ്കതയോടുകൂടി അനുവദിച്ചുതന്നു തിരുവിതാംകൂറിൽ സമാധാനപരമായ ഒരു ജീവിതം നയിക്കുന്നതിനു ഇടയാക്കണമെന്നാണു ഇവിടെ എനിക്കു പറയാനുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ മെമ്പർ പറഞ്ഞതു പോലെ പബ്ളിക്കസർവീസിൽ പ്രാതിനിധ്യം കൊടുക്കാത്തതിനെപ്പററി മെമ്പർക്കു സങ്കടമുണ്ടോ?

മി: പി. എസ്. മഹമ്മദ് (നാമിനേററഡ്): സങ്കടമുണ്ടായിരുന്നില്ലെങ്കിൽ ഇങ്ങനെ ഒരു വാദം തന്നെ ഇവിടെ പുറപ്പെടുവിക്കയില്ലായിരുന്നു. മുസ്ലീമിങ്ങളെ സംബന്ധിച്ചിടത്തോളം പബ്ലിക്കസർവീസിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായമാണു അതു എന്നുള്ളതിനു തർക്കത്തിനു സംശയവുമില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മുസ്ലീംസമുദായത്തിൽനിന്നു എത്രപേരെക്കൂടി എടുക്കിയാൽ ശരിയാകും?

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്): അതിനുള്ള അവസരം വരുമ്പോൾ പറയാം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇപ്പോഴല്ലേ പറയേണ്ടതു്.

മി: പി. എസ്സ്. മഹമ്മദ് (നാമിനേററഡ്): ജനസംഖ്യയുടെ കണക്കനുസരിച്ചു എത്രപേരെ നിയമിക്കണമോ അത്രപേരെ നിയമിക്കണം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മെമ്പർക്കു അതിനെപ്പററി വല്ല രൂപവുമുണ്ടോ?

മി: പി. എസ്സ്. മഹമ്മദ് (ശ്യാമിനേറഡ്): ഞാൻ അതിനെപ്പററി കണക്കുകൂട്ടിനോക്കിയിട്ടില്ല. അങ്ങനെ കണക്കുനോക്കി കൊടുക്കേണ്ട ചുമതല ഗവമെണ്ടിനാണെന്നാണ് എൻെറ വിശ്വാസം.

ഒരു മഹമ്മദീയനെ മജിസ്ത്രേട്ടാക്കിയതുകൊണ്ട് അവരുടെ അസമത്വം നീങ്ങിപ്പോയി എന്ന വിചാരിക്കാൻ തരമില്ല. അതുകൊണ്ട് ഈ സംഗതി ഗവമെണ്ടിൻെറ ശ്രദ്ധയിൽ പ്രത്യേകം പതിയണമെന്ന അപേക്ഷിച്ചുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന അനുവാദം ചോദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഇവിടെ ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ പിൻവലിക്കുന്നതിന സഭ അനുമതി നൽകുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇല്ല. പ്രമേയത്തെ പിൻവലിക്കുന്നതിൽ ഞാൻ പ്രതികൂലിയാണ്. എന്തുകൊണ്ടെന്നാൽ തിരുവിതാംകൂറിലുള്ള അധഃകൃതവർഗ്ഗങ്ങളിൽപെട്ട അംഗങ്ങൾക്ക സക്കാർസർവീസിൽ വേണ്ടിടത്തോളം പ്രാതിനിധ്യം നൽകപ്പെട്ടിട്ടില്ല. ഇതാണ് എൻെറ അഭിപ്രായം. ഈ സംഗതി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അതിനാൽ ഈ വിഷയത്തിൽ ഞങ്ങൾക്കുള്ള അഭിപ്രായത്തെ രേഖപ്പെടുത്തുന്നതിന ഈ ഉപക്ഷേപം പിൻവലിക്കുന്നകാര്യത്തിൽ ഞങ്ങൾക്കുള്ള വിസമ്മതം പ്രദർശിപ്പിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന അനുകൂലികളായ ആളുകൾ ദയവുചെയ്തു അവരുടെ കൈകൾ പൊക്കണം.

ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിൽ വിസമ്മതം പ്രദർശിപ്പിച്ച ഗവമെണ്ട ഉദ്യോഗസ്ഥന്മാരുടെ പേരുകൾ രേഖപ്പെടുത്തണമെന്ന ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: ഒരു പോൾ എടുക്കുന്നതിന ആവശ്യപ്പെട്ടിട്ടില്ലാത്തസ്ഥിതിക്ക അപ്രകാരം ചെയ്യേണ്ട ആവശ്യമില്ല. ഇപ്പോൾ ഈ സംഗതിയെപ്പററി തീരുമാനപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇതിനെ പിൻവലിക്കുന്നതിന മെംബറിന അനുവാദം നൽകിയിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഒരു പോൾ എടുക്കണമെന്ന ഞാൻ ആവശ്യപ്പെടുന്നില്ല.

മിസ്റ്റർ മഹമ്മദ് ഹാജരാക്കിയ (ഉപക്ഷേപം ൧൨൦) സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

൧൬൦—മുതൽ ൧൬൮—വരെ ഉള്ള ഉപക്ഷേപങ്ങൾ.

മി: ആർ. രാഘവൻപിള്ള

൧൬൦. ടൈപ്പിസ്റ്റന്മാരുടെ ശമ്പളംവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൬൦,൩൭൮ രൂപയിൽനിന്ന ൬൧൩൦ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൧൬൬. ടൈപ്പിസ്റ്റന്മാരുടെ ശമ്പളംവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൬൦൩൭൮ രൂപയിൽനിന്ന ൬൧൩൦ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ

൧൬൧. ടൈപ്പിസ്റ്റന്മാരുടെ ശമ്പളംവകയ്ക്കു ചേർത്തിട്ടുള്ള ൬൦൩൭൮ രൂപയിൽനിന്ന ൬൦൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൬൯.

ടൈപ്പിസ്റ്റന്മാരുടെ ശമ്പളംവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൬൦൩൭൮ രൂപയിൽനിന്ന ഒരുരൂപ കുറയ്ക്കണം

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ടൈപ്പിസ്റ്റന്മാരുടെ ശമ്പളംവകയ്ക്കു ചേർത്തിട്ടുള്ള ൬൦,൩൭൮ രൂപായിൽനിന്നും ഒരുരൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. സിക്രട്ടേറിയേററിൽ ഉള്ള ആറ ടൈപ്പിസ്റ്റന്മാർക്ക ൩൦—൨൫—൫ രൂപാ ശമ്പളം കൊടുക്കുന്നതിനാണ ഗവമെണ്ട നിശ്ചയിച്ചിട്ടുള്ളത്. ഈ ടൈപ്പിസ്റ്റന്മാർ പത്തുപേക്കും ൬൦൦വു ചിലതേതിലാണ ൫൦ രൂപാ ശമ്പളം കിട്ടിട്ടുള്ളത്, അവരിൽ മൂന്നപേക്കുമാത്രം ൨൫ രൂപായും മൂന്നപേക്ക ൩൦ രൂപായും കൊടുത്തു ഒരു വ്യത്യാസം വരുത്തുന്നതിൻെറ അർത്ഥം എന്താണെന്ന എനിക്ക മനസ്സിലാകുന്നില്ല. ഈ ഇനത്തിൽ ൪൪൦ രൂപായാണ കൂടുതലായിട്ടു ചിലവാകുന്നത്. എന്നാൽ ഞാൻ ഇവിടെ നിർദ്ദേശിക്കുന്നതു ഈ പത്തുപേക്കും ൫൦ രൂപാമുതൽ ൭൫ രൂപാവരെ സ്കെയിൽവച്ചു കൊടുക്കണമെന്നാണ്, അങ്ങനെവരുമ്പോൾ ൫൫൦ രൂപായെ ഈ കൊല്ലത്തിൽ ചിലവുവരികയുള്ളു. അതുകൊണ്ട ഈ നിർദ്ദേശത്തെ ഗവമെണ്ട സ്വീകരിക്കണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

മി: എസ്. ചിറവിളപ്പത്മനാഭപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): എൻെറ സ്നേഹിതൻ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെപ്പററി സ്വയം പ്രസ്താവിക്കണമെന്ന ഞാനും വിചാരിക്കുന്നു. ഞാൻ ഒരു ടൈപ്പിസ്റ്റ് ആയിരുന്നു; എന്ന മാത്രമല്ല ഞാൻ ജോലിചെയ്തിട്ടുള്ളതു സെക്രട്ടേറിയേററിലുമാകുന്നു. ടൈപ്പിസ്റ്റന്മാരുടെ ജോലി വളരെ കഠിനവും ക്ഷീണകരവുമാകുന്നു. അതു അവരുടെ ആരോഗ്യത്തിന ഹാനികരവുമാകുന്നു. ഒരു ടൈപ്പിസ്റ്റായിരുന്ന എനിക്ക ഈ വിഷയത്തെ സംബന്ധിച്ചു പ്രസ്താവിക്കാൻ യോഗ്യതയുള്ളതാണ്. ഈ വസ്തുതകളെ ഗവമെണ്ടിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ടൈപ്പിസ്റ്റന്മാരുടെ വളരെ ശോചനീയമായ സ്ഥിതിയെപ്പററി ഒന്നിലധികം അവസരങ്ങളിൽ ഗവമെണ്ടിനോട ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതും അവക്ക അനുകൂലമായ മറുപടികൾ ലഭിച്ചിട്ടുള്ളതും ആകുന്നു. സർ, ഞാൻ ഫിനാൻസ് കമ്മിററിയിലെ മെമ്പറായിരുന്ന അവസരത്തിൽ ഞാൻ ഈ വസ്തുത ഗവമെണ്ടിൻെറ പ്രത്യേകശ്രദ്ധയിൽ വിഷയീഭവിപ്പിച്ചിട്ടുള്ളതും ഈ വിഷയത്തെപ്പററി ചിന്തിച്ചു എന്തെങ്കിലും

ചെയ്യുന്നതാണെന്നു അക്കാലത്തു ദിവാനായിരുന്ന മി: എം. ഇ. വാട്സ് പറയുകയുംചെയ്തിട്ടുണ്ട്. ടൈപ്പിസ്റ്റുമാരുടെ ശമ്പളം പരിഷ്കരിക്കയും, അവരുടെ സർവീസിന്റെ കാലം കുറവുചെയ്കയും ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചാണ് ഞാൻ അന്നു നിർദ്ദേശംചെയ്തിട്ടുള്ളതു്. സർ, എന്നാൽ അതിനുശേഷം ഇതുവരെ യാതൊന്നും ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. ഇപ്പോൾ ഗവൺമെന്റു ഈ സഭ മുൻപാകെ ഹാജരാക്കീട്ടുള്ള നിർദ്ദേശത്തെ സംബന്ധിച്ചിടത്തോളം, ഈ നിർദ്ദേശത്തിനു വ്യ... രൂപാ ചിലവു വരുന്നതാണ്. ഈ കാര്യം ഇതിനുമുൻപു പ്രസംഗിച്ച സാമാജികൻ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. എന്നാൽ എന്റെ സ്നേഹിതൻ ചെയ്ത നിർദ്ദേശം ഇതിൻപ്രകാരം സ്വീകരിക്കുന്നപക്ഷം അതിനു ൫൦൦ രൂപാ മാത്രമെ ചിലവുണ്ടാകയുള്ളു. സർ, ടൈപ്പിസ്റ്റുമാരുടെ അനുഭവങ്ങളും ഇപ്പോഴത്തേയും യഥാർത്ഥസ്ഥിതി എന്താണെന്നുള്ളതു ഈ സഭയ്ക്കു അറിയാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു. മുൻപു ഒരു ക്ലാർക്കിനും ഒരു ടൈപ്പിസ്റ്റിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായിരുന്നു. ൧൦൯൬ വരെ നൽകിവന്ന ഏറ്റവുംകൂടിയ ശമ്പളം എഴുപതു രൂപയായിരുന്നു. ൭൦ രൂപാവരെ ശമ്പളം ലഭിക്കുന്നതിനു എല്ലാവർക്കും തുല്യാവകാശങ്ങൾ ഉണ്ടായിരുന്നു. ൧൦൯൬-ലെ പരിഷ്കാരത്തിൽ ടൈപ്പിസ്റ്റുമാരുടേയും ക്ലാർക്കന്മാരുടെയും നിലയ്ക്കു വളരെ വ്യത്യാസമുള്ളതായി കണ്ടു. സിക്രട്ടറിയേറ്റിലുള്ള ജീവനക്കാരെ ൪ ഗ്രേഡുകളാക്കിത്തിരിക്കപ്പെട്ടു. അവ ഹയർഗ്രേഡ് ഒന്നാംക്ലാസ്, ഹയർഗ്രേഡ് രണ്ടാംക്ലാസ്, ടൈപ്പിസ്റ്റുമാർ, ലോവർഗ്രേഡ് ക്ലാർക്കന്മാർ എന്നുള്ള ഗ്രേഡുകളാണ്. മേൽപറഞ്ഞിട്ടുള്ളപ്രകാരം ജീവനക്കാരെ പരിഷ്കരിച്ചതുമൂലം ടൈപ്പിസ്റ്റുമാരുടെ സ്ഥിതിക്കു ഹാനി സംഭവിച്ചിട്ടുണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ൧൦൯൬-നു മുൻപുവരെ അവർ ക്ലാർക്കന്മാരുടെ ഗ്രേഡിലായിരുന്നു. ൭൦ രൂപാവരെ അവർക്കു ശമ്പളവും ലഭിച്ചിരുന്നു. ഇതു അൻപതു രൂപായാക്കി കുറയ്ക്കപ്പെട്ടു. സാലറീസ് കമ്മറ്റിയുടെ ശിപാർശകളെ അടിസ്ഥാനപ്പെടുത്തി ൧൦൯൬-ൽ ഈ സംസ്ഥാനത്തു ആകെ ഉള്ള ജീവനക്കാരെ സംബന്ധിച്ച പരിഷ്കാരങ്ങൾ നടത്തപ്പെട്ടു. അതിനോടുകൂടി സിക്രട്ടറിയേറ്റിലും താഴെപറയുന്ന ഗ്രേഡുകളെ സൃഷ്ടിക്കപ്പെട്ടു.

ഹയർഗ്രേഡ് ഒന്നാംക്ലാസ് ക്ലാർക്കന്മാർ
ടി രണ്ടാംക്ലാസ് ക്ലാർക്കന്മാർ
ടി മൂന്നാംക്ലാസ് ക്ലാർക്കന്മാർ
ലോവർഗ്രേഡ് ക്ലാർക്കന്മാർ
ടൈപ്പിസ്റ്റുമാർ.

൧൦൯൬-ലെ പരിഷ്കാരങ്ങൾമൂലം ടൈപ്പിസ്റ്റുമാർക്കു യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നു മാത്രമല്ല, ശമ്പളത്തേയും ശമ്പളക്കൂടുതലിനേയും സംബന്ധിച്ചിടത്തോളം, അവർ ഒരതി പുറകോട്ടുപോകുകയാണ് ചെയ്തിട്ടുള്ളതു്. മേൽപറഞ്ഞതിൽനിന്നു ഈ സംഗതി പ്രത്യക്ഷമാകുന്നതാണ്; അതുമല്ല ഈ പരിഷ്കാരം ചില കാര്യങ്ങളിൽ അവർക്കു ഹാനികരമായിത്തീർന്നു. സിക്രട്ടറിയേറ്റിൽ ൧൦ ടൈപ്പിസ്റ്റുമാരുണ്ട്. അവരിൽ പത്തുപേർ ൧൦൯൬ ചിങ്ങം ൧-ാംതീയതിമുതൽ ൭൦ രൂപാവരെ ശമ്പളം വാങ്ങുന്നുണ്ട്. ഈ പത്തുപേരിൽ രണ്ടുപേർക്ക് പത്തുരൂപാ പേഴ്സനൽ അലവൻസും മറ്റൊരാൾക്കു അഞ്ചുരൂപാ പേഴ്സനൽ അലവൻസും കിട്ടുന്നുണ്ട്. ശേഷമുള്ള ഏഴുപേർക്കു അൻപതു രൂപയാണു കിട്ടുന്നതു്. ൧൦൯൬-ലെ പരിഷ്കാരപ്രകാരം ടൈപ്പിസ്റ്റുമാർക്കു നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടിയ ശമ്പളം അൻപതു രൂപാ മാത്രമാണ്. അതിനാൽ ശമ്പളത്തിൽ ഏറ്റവും കൂടിയ തുകയായ പേഴ്സനൽ അലവൻസായി ഗണിക്കപ്പെട്ടു. ൧൧൦൩ ചിങ്ങം ൧-ാംതീയതിയോടുകൂടി ൧൦ ടൈപ്പിസ്റ്റുമാരും ഒരേ ശമ്പളത്തിൽ ഏഴു കൊല്ലത്തെ സർവീസ് പൂർത്തിയാക്കിയിരിക്കുന്നു. ഗവൺമെന്റിന്റെ ഇപ്പോഴത്തെ നിർദ്ദേശം ൭൦ രൂപാ ശമ്പളമുള്ള മൂന്നു ഉദ്യോഗവും, അൻപതു രൂപാ ശമ്പളമുള്ള മൂന്നു ഉദ്യോഗവും, സൃഷ്ടിക്കയും അപ്രകാരം ആറു സ്ഥാനങ്ങൾ ഉണ്ടാക്കുകയുംചെയ്യണമെന്നുള്ളതാണ്. ശേഷമുള്ള ൪ ടൈപ്പിസ്റ്റുമാരേയും സംബന്ധിച്ചിടത്തോളം, ഇതു മനോവ്യാകുലതയ്ക്കും, അസംതൃപ്തിക്കും കാരണമാക്കിയിട്ടുണ്ടെന്നു ഞാൻ ഭയപ്പെടുന്നു. ൧൦ ടൈപ്പിസ്റ്റുമാരിൽ മൂന്നുപേർക്കു പേഴ്സനൽ അലവൻസു മുൻപുമുതൽതന്നെ കിട്ടിവരുന്നുണ്ട്. ശേഷമുള്ള ഏഴുപേരിൽ മൂന്നുപേർക്കു ഇപ്പോഴുള്ളതിൽ കൂടുതൽ ശമ്പളം നൽകുന്നതിനു നിർദ്ദേശങ്ങൾ ചെയ്തിരിക്കുന്നു. എന്നാൽ മറ്റുള്ള നാലുപേർക്കു യാതൊരു പ്രയോജനവും സിദ്ധിക്കുന്നതിനു വ്യവസ്ഥചെയ്തിട്ടില്ല; സർ, അതിനാൽ എന്റെ സ്നേഹിതൻ ഇപ്പോൾ ചെയ്തിട്ടുള്ള നിർദ്ദേശം, അതായതു ൧൦ ടൈപ്പിസ്റ്റുമാർക്കെല്ലാപേർക്കും ൫ രൂപാ ഉടനടിയുള്ള ശമ്പളക്കൂടുതലോടുകൂടി ൫൦—൫/൨—൭൦, എന്ന ടൈം സ്കെയിൽ സ്വീകരിക്കുന്നപക്ഷം, ആകെ ഉള്ള ചിലവു ൫൦൦ രൂപയാക്കി കുറയ്ക്കാവുന്നതും, ബാക്കി നാലുപേരെ സംബന്ധിച്ചിടത്തോളം, ഉള്ള അസംതൃപ്തിയും മനോവ്യാകുലതയും പരിഹരിക്കാവുന്നതും ആകുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): ൧൦ ടൈപ്പിസ്റ്റുമാർക്കു എല്ലാപേർക്കും ഒരു കൂടിയ സ്കെയിൽ അനുസരിച്ചു ശമ്പളം നൽകുന്നതിനു ശുപാർശ ചെയ്യുകയാണോ മെമ്പർ ചെയ്യുന്നതു്?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): അങ്ങനെ അല്ല. ൧൦ ടൈപ്പിസ്റ്റുമാരെ സംബന്ധിച്ചു മാത്രമെ ശുപാർശ ചെയ്യുന്നുള്ളു.

മി: ആർ. രാമൻപിള്ള (കോട്ടയം): മി: പരമേശ്വരൻപിള്ള ഇവിടെ ഹാജരാക്കിയ ഉപക്ഷേപത്തെ ഞാനും ബലമായിട്ടു പിന്താങ്ങിക്കൊള്ളുന്നു. ടൈപ്പിസ്റ്റുമാരുടെ ജോലി അവരുടെ കയ്യും കണ്ണും അവസാനത്തിൽ ശരീരം തന്നെയും ബലഹീനതയിൽ ആകത്തക്കവണ്ണം ഉള്ള ഒന്നാണ്. അവർക്കു ശമ്പളം കൂടുതൽ കൊടുക്കുന്ന വിഷയത്തിൽ എനിക്കു യാതൊരു ആക്ഷേപവുമില്ല. എന്നാൽ ഒരേ തരത്തിൽ ജോലിചെയ്യുന്ന ആളുകൾ—ഒരേ പരീക്ഷാവിജയികളായ ആളുകൾ—മററു പല ഡിപ്പാർട്ടുമെന്റുകളിലും ജോലിചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് എന്റെ ബോദ്ധ്യം. ഹജൂരിലെ ടൈപ്പിസ്റ്റുമാരെപ്പോലെതന്നെ ൫൦ രൂപാ ശമ്പളം വാങ്ങീട്ടുള്ള ആളുകൾ പല തുറകളിലും പല കാലങ്ങളായി മേൽഗതിയില്ലാതെയിരിക്കുന്നുണ്ട്. ഹജൂ

രിൽതന്നെ പത്തു ടൈപ്പിസ്റ്റുമാർക്കു ൫൦ രൂപാ കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഒരേ നിലയിലിരിക്കുന്ന ജീവനക്കാരിൽ ഏതാനുംപേരെ മാത്രം മററുള്ളവരെ അവഗണിച്ചു പ്രോത്സാഹിപ്പിക്കുന്നതുനിമിത്തം പ്രോത്സാഹനം ലഭിക്കാത്തവരുടെയിടയിൽ ജോലിക്കു ഉത്സാഹക്കുറവുണ്ടാകുകയും തന്നിമിത്തം ജോലിചെയ്യാതിരിക്കുകയും ചെയ്യുന്ന നിലിടവരുന്നതാണ്. അതുപോലെതന്നെ ശമ്പളക്കൂടുതൽ ലഭിച്ചിട്ടുള്ള ആളുകൾ അഹങ്കാരംകൊണ്ടു ജോലി ചെയ്യാതെയിരുന്നേക്കും. അതുകൊണ്ടു ഈ വിധത്തിൽ ജോലിചെയ്യുന്ന എല്ലാ ആളുകൾക്കും ശമ്പളം വർദ്ധന വരുത്തിക്കൊടുക്കേണ്ടതാണ്.

ഒരേ കാലത്തു ൫൦ രൂപാ ശമ്പളം മേടിച്ചുകൊണ്ടിരുന്ന പത്തുപേരിൽ മൂന്നുപേർക്കു ൭൫ രൂപാവീതവും മൂന്നുപേർക്കു ൬൦ രൂപാ വീതവും കൊടുക്കുകയും ശേഷം നാലുപേർക്കു കൊടുക്കാതിരിക്കയും ചെയ്യുന്നതു ശരിയല്ല. മററു ഡിപ്പാർട്ടുമെൻറുകളിൽ ൧൫ കൊല്ലത്തിൻമേലായി ൬൦ രൂപാ കിട്ടിക്കൊണ്ടിരിക്കുന്ന ടൈപ്പിസ്റ്റുമാരുടെ കൂട്ടത്തിൽ ഹജൂരിലുള്ള ടൈപ്പിസ്റ്റുമാരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നവരുണ്ടെന്നു എനിക്കു അനുഭവത്തിലറിയാം. ഇങ്ങനെ ഉള്ള ടൈപ്പിസ്റ്റുമാരുടെ കാര്യംകൂടി പരിഗണിച്ചു ശമ്പളവർദ്ധന വരുത്തികൊടുക്കാൻ അടുത്ത ബഡ്ജററിലെങ്കിലും വേണ്ട വ്യവസ്ഥ ആലോചിച്ചു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. മി: പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടതുപോലെ, ഇപ്പോൾ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന ശമ്പളക്കൂടുതൽതന്നെയും ൫൦ മുതൽ ൭൫ രൂപാവരെ സ്കെയിലിൽവച്ചു കൊടുക്കുന്നതു നന്നായിരിക്കുമെന്നും ആ അഭിപ്രായത്തെ ഗവണ്മെൻറു സ്വീകരിച്ചില്ലെങ്കിൽ എൻെറ സ്നേഹിതൻ പ്രസ്സുചെയ്യുമെന്നുംകൂടി വിശ്വസിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ബലമായി അനുകൂലിച്ചുകൊള്ളുന്നു.

മി: എ. ജി. മേനോൻ (പറവൂർ): കൂടുതൽ ശമ്പളം നൽകുന്നതിനെ സംബന്ധിച്ചിടത്തോളം മൂന്നു ടൈപ്പിസ്റ്റുമാർക്കു മാത്രം മുന്നവകാശം നൽകുന്നതിനു ഏതെങ്കിലും പ്രത്യേകകാരണം ഉണ്ടോ എന്നു പറയുമോ? അവരുടെ സർവീസിനെയോ അല്ലെങ്കിൽ മററേതെങ്കിലും കാരണത്തെയോ ആസ്പദമാക്കിയാണോ ഈ ഔസൗജന്യം അവരുടെ പേരിൽ കാണിച്ചിട്ടുള്ളതു?

അദ്ധ്യക്ഷൻ: ദയവുചെയ്തു ഈ ചോദ്യം മി: രാമൻപിള്ളയോടു ചോദിക്കാതെ ചീഫ് സിക്രട്ടറിയോടു നേരിട്ടു ചോദിക്കണം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): മൂന്നു ടൈപ്പിസ്റ്റുമാർക്കോ, ആറു ടൈപ്പിസ്റ്റുമാർക്കോ ശമ്പളക്കൂടുതൽ നൽകുന്നതിനെപ്പററിയല്ല ഇവിടെ പ്രതിപാദിക്കുന്നതു. ഈ വിഷയത്തെപ്പററി ഞാൻ ഇപ്പോൾ വിശദമായി പറയാം. ഈ സഭയിലെ ഒരു ഭാഗത്തുള്ള സാമാജികന്മാരിൽ ടൈപ്പിസ്റ്റുമാരുടെ വളരെ പരിതാപകരമായ സ്ഥിതിയെപ്പററി ബോദ്ധ്യമായിട്ടുണ്ടെന്നു പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. അവരുടെ ജോലി വളരെ ക്ലേശമുള്ള ഒന്നാണ്. പൊതുവെ അവർ ദീർഘകാലം ജീവിക്കുന്നില്ല; ഈ കാരണത്താലാണ് ൧൦൮൩-ലെ പരിഷ്കാരത്തിനു മുൻപു എഴുപതു രൂപാവരെ ശമ്പളമുണ്ടായിരുന്ന സ്കെയിൽ അവർക്കു നൽകപ്പെട്ടിട്ടുള്ളതു. ഈ വസ്തുത മി: പി. വി. ശപ്പുമാൾപിള്ള ഇവിടെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അക്കാലംവരെ ഈ ടൈപ്പിസ്റ്റുമാരെയും ലോവർഗ്രേഡു ക്ലാർക്കുമാരെയും ഒരേ നിലയിൽ ഗണിച്ചിരുന്നു. അവർക്കു എഴുപതു രൂപാവരെ ശമ്പളം ലഭിക്കുന്നതിനു അർഹതയുണ്ടായിരുന്നു. മേൽപറഞ്ഞ പരിഷ്കാരം ചെയ്ത കാലത്തു അവർക്കു ൨ പ്രത്യേകസ്കെയിലുകൾ അനുവദിക്കപ്പെട്ടു. ഈ പ്രത്യേകനില അനുസരിച്ചും ടൈപ്പിസ്റ്റുമാർക്കു ൨൫ രൂപാമുതൽ ൫൦ രൂപാവരെ ഉള്ള കൂടിയ ഒരു സ്കെയിലും എന്നാൽ ലോവർഗ്രേഡു ക്ലാർക്കുമാർക്കു ൨൦ – ൧/൨ – ൪൦ രൂപാ എന്ന ക്രമത്തിനു ഉള്ള ശമ്പളവും അനുവദിക്കപ്പെട്ടു. ഇപ്രകാരം അവർക്കു കൂടിയ ഒരു സ്കെയിൽ നൽകപ്പെട്ടിട്ടുള്ളതു അവരുടെ ജോലി ക്ലേശത്തിനു കാരണമാകുന്നു എന്നുള്ളതിനെപ്പററി ബോദ്ധ്യമായിട്ടുള്ളതുകൊണ്ടാണ്. ൧൦൯൦-ൽ ഉണ്ടായ പരിഷ്കാരത്തിൽ ഏതായാലും ടൈപ്പിസ്റ്റുമാരുടെ ശമ്പളക്രമം ൨൦—൨/൩—൩൫, ൧/൩—൫൦, രൂപാ എന്ന ക്രമത്തിനു നിശ്ചയിക്കയും, എന്നാൽ ലോവർഗ്രേഡു ക്ലാർക്കുമാർക്കു പ്രത്യക്ഷത്തിൽ കൂടുതൽ ഉള്ള ഒരു ശമ്പളക്രമം അനുവദിച്ചുകിട്ടുകയും ചെയ്തു. ഈ ശമ്പളക്രമം ൨൫—൧/൨—൫൦, രൂപായാണ്. ഇതിനെൻറശേഷം ടൈപ്പിസ്റ്റുമാർ ഒരു തരം അസംതൃപ്തിക്കു അധീനരായി തീർന്നിട്ടുണ്ട്. കഴിഞ്ഞകൊല്ലത്തിനുശേഷം ൧൨ ഉദ്യോഗങ്ങൾ സൃഷ്ടിച്ചു. അവയിൽ ആറെണ്ണം ൭൫ രൂപാ ശമ്പളമുള്ളതും ആറെണ്ണം ൬൦ രൂപാ ശമ്പളമുള്ളതും ആയ ഉദ്യോഗങ്ങൾ ആണ്. ഇപ്രകാരം ചെയ്തതുനിമിത്തം ടൈപ്പിസ്റ്റുമാരെ അപേക്ഷിച്ചു ലോവർഗ്രേഡു ക്ലാർക്കുമാരുടെ നിലയ്ക്കു കൂടുതലായ ഗുണം സിദ്ധിച്ചിട്ടുണ്ട്. ഉയർന്നനിലയിലുള്ള ഏതാനും ഉദ്യോഗങ്ങൾ ലഭിക്കുന്നതിനു മേൽപറഞ്ഞ പ്രവൃത്തി അവരെ സംബന്ധിച്ചിടത്തോളം ബാധകമായിവന്നു. അതിനാൽ ടൈപ്പിസ്റ്റുമാരുടെ തൽക്കാലനിലയെ ഏതാനും വിധത്തിൽ ഗുണപ്പെടുത്തുന്നതിനു അല്പം കൂടുതൽശമ്പളമുള്ള ആറു ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു ഗവണ്മെൻറു ആലോചിച്ചിരിക്കുന്നു. അവ താഴെ പറയുന്നവയാണ്. ൭൫ രൂപാശമ്പളമുള്ള മൂന്നു ഉദ്യോഗങ്ങളും, ൬൦ രൂപാ ശമ്പളമുള്ള മൂന്നു ഉദ്യോഗങ്ങളും ആകുന്നു. ഇതിനോടു കൂടിതന്നെ ൨൦ രൂപാമുതൽ ൫൦ രൂപാവരെ ഉള്ള ആറുദ്യോഗങ്ങൾ നിർത്തലാക്കുന്നതിനും ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്നു. ടൈപ്പിസ്റ്റുമാരുടെ ഇടയിലുള്ള ആറുപേർക്കു പ്രയോജനം സിദ്ധിക്കണമെന്നുള്ളതല്ലാ നിർദ്ദേശിച്ചിട്ടുള്ള ഈ ഭേദഗതികൊണ്ടു സാധിക്കണമെന്നു ഉദ്ദേശിച്ചിട്ടുള്ളതു. താണപടിയിലുള്ള സ്കെയിലിൽ ഉള്ളവർക്കു എല്ലാവർക്കും കയററം ലഭിക്കുന്നതിനു അവസരം നൽകണമെന്നുള്ളതാണ് ഇതിൻെറ ഉദ്ദേശം.

മി: എസ്സ്. പി. ശപ്പുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്) ക്ലാർക്കുമാരുടെ ജോലിയും ടൈപ്പ്ചെയ്യുന്നവരുടെ ജോലിയും തമ്മിൽ വ്യത്യാസമില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ്സിക്രട്ടറി) വ്യത്യാസമുണ്ട്. ഇതിനെപ്പററി ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണ്.

അല്പം കൂടുതൽ ശമ്പളമുള്ള ആറു പുതിയഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു ഇപ്പോൾ ആലോചിച്ചിരിക്കുന്നു. സീനിയാറിട്ടി അനുസരിച്ചു എല്ലാ ടൈപ്പിസ്റ്റുമാർക്കും ഈ ഉദ്യോഗങ്ങളിൽ പ്രവേശിക്കാവുന്നതാണ്. കൂടുതൽ ശമ്പളമുള്ള ൧൨ ലോവർഗ്രേഡു ക്ലാർക്കുമാരുടെ ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം, ഇപ്പോൾ അതു

ലഭിക്കുന്ന ൧൨ പേർക്ക് പ്രയോജനം സിദ്ധിക്കണമെന്നല്ലാ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, എന്തുകൊണ്ടെന്നാൽ, അവരിൽ ഓരോരുത്തരും ജോലിയിൽനിന്ന് പിരിയുകയോ, അവരെ മറെറതെങ്കിലും ഡിപ്പാർട്ടുമെൻറിലേക്ക് സ്ഥലം മാററപ്പെടുകയോ ചെയ്യുമ്പോൾ ശേഷമുള്ള ലോവർഗ്രേഡ് ക്ലാർക്കന്മാരിൽ സീനിയർ ആയ ആളിനെ കൂടിയശമ്പളമുള്ള ഉദ്യോഗത്തിൽ നിയമിക്കുന്നതാണ്. അതുപോലെതന്നെ ടൈപ്പിസ്റ്റന്മാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളവും, ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള ശമ്പളക്കൂടുതൽ ഈ സഭ പാസ്സാക്കുന്നപക്ഷം ഈ ശമ്പളക്കൂടുതൽ ലഭിക്കുന്ന ആറ് സീനിയർ ടൈപ്പിസ്റ്റന്മാരും ഓരോരുത്തരായി ജോലിയിൽനിന്നു പെൻഷൻ പററി പിരിയുന്നതോടുകൂടി സർവീസിലുള്ള സീനിയാറിട്ടിയെ അപേക്ഷിച്ചു മററുള്ള ടൈപ്പിസ്റ്റന്മാരെ കൂടുതൽ ശമ്പളമുള്ള മേൽപറഞ്ഞ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതാണ്. അതിനാൽ എല്ലാ ടൈപ്പിസ്റ്റുമാർക്കും കൂടുതൽ ശമ്പളമുള്ള ഈ ഉദ്യോഗങ്ങൾ മുറപോലെ ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ വ്യവസ്ഥ നിർദ്ദേശിച്ചിട്ടുള്ളതു. ലോവർഗ്രേഡു ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളമുള്ള ഭേദഗതി കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിലാണ് ചെയ്തിട്ടുള്ളതു. സെക്രട്ടേറിയററിലുള്ള ലോവർഗ്രേഡ ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം, ഈ പരിഷ്കാരം അവരെ അല്പമായി തൃപ്തിപ്പെടുത്തിയിട്ടുണ്ടു. ഇതിനനുസരണമായി ടൈപ്പിസ്റ്റന്മാർക്കും ഉയർന്ന സ്ഥാനങ്ങളെ പ്രാപിക്കുന്നതിനു ഏതാനും ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിനു ഗവണ്മെൻറിപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു.

സിക്രട്ടേറിയററിൽ ൧൯ ടൈപ്പിസ്റ്റന്മാർ ഉണ്ടു. ഇത്രയധികം ടൈപ്പിസ്റ്റന്മാരുള്ള മററു യാതൊരു ഡിപ്പാർട്ടുമെൻറും ഇല്ലെന്നും ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഹൈക്കോടതിയിൽപോലും സ്ഥിരമായി നാലു ടൈപ്പിസ്റ്റന്മാർ മാത്രമേ ഉള്ളു. അവിടെ ശേഷമുള്ള അഞ്ചു ടൈപ്പിസ്റ്റന്മാരും താൽക്കാലത്തേക്കുള്ളവരാണ്. സിക്രട്ടേറിയേറിലുള്ള ടൈപ്പിസ്റ്റന്മാരുടെ സംഖ്യ വളരെ കൂടുതലായ ഒന്നാണ്. അതിനാൽ അവരുടെ കാര്യത്തെപ്പററി പ്രത്യേകമായി ഗണിക്കുന്നതിനുള്ള ഒരു കാരണമിതുതന്നെയാണ്. അവർക്ക് ഉദ്യോഗകയററങ്ങൾ ലഭിക്കുന്നതിനു സൌകര്യങ്ങളുണ്ടാക്കികൊടുക്കേണ്ടതാവശ്യമാകുന്നു. ഈ ഉദ്ദേശത്തെ മുൻനിറുത്തിയാണ് കൂടുതൽ ശമ്പളമുള്ള ൧൨ ലോവർഗ്രേഡു ക്ലാർക്കന്മാരുടെ ഉദ്യോഗങ്ങൾ ഗവണ്മെൻറു കഴിഞ്ഞകൊല്ലം സൃഷ്ടിച്ചതിനനുസരണമായി, ഗവണ്മെൻറു ഇപ്പോൾ കൂടിയശമ്പളത്തിൽ ആറു ഉദ്യോഗങ്ങളെ സൃഷ്ടിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതു. ഈസ്ഥിതിക്കു, ടൈപ്പിസ്റ്റന്മാരിൽ സീനിയർആയ ആളിനു ഉദ്യോഗകയററം ലഭിക്കയും, നിർദ്ദേശിച്ചിട്ടുള്ളതിൽ കൂടുതൽ ശമ്പളം കിട്ടുകയും ചെയ്യുന്നതാണ്. നിർദ്ദേശിച്ചിട്ടുള്ള ഈ ഭേദഗതിമൂലം പ്രയോജനം സിദ്ധിക്കുന്നതിനു ൧൯ ടൈപ്പിസ്റ്റുമാരിൽ ആറുപേരെ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ളതായി ഗണിക്കാൻ പാടുള്ളതല്ല. മററുള്ളടൈപ്പിസ്റ്റർമാർക്കു ഉദ്യോഗകയററം ലഭിക്കാൻ പാടില്ലെന്നുള്ള വിചാരം ലവലേശം ഇല്ലാത്തതാകുന്നു. കൂടുതൽ ശമ്പളം നൾകത്തക്കവണ്ണം സൃഷ്ടിക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള ആറു ഉദ്യോഗങ്ങളും സിക്രട്ടറിയററിലുള്ള എല്ലാടൈപ്പിസ്റ്റർമാരെയും സംബന്ധിച്ചും പ്രവേശനയോഗ്യമാക്കിയിരിക്കണമെന്നുള്ളതാണ്; ഇതിൻെറ ഉദ്ദേശം സർവീസും, സീനിയാർട്ടിയും, അനുസരിച്ചു ഉദ്യോഗകയററം ലഭിക്കുന്നതിനുള്ള അർഹത യഥാകാലം ഉണ്ടാകുന്നഅവസരത്തിൽ എല്ലാസെക്രട്ടേറിയററിലുള്ള ടൈപ്പിസ്റ്റിനും ഉദ്യോഗകയററം ലഭിക്കുന്നതാണ്. ഈ ആറു സീനിയർ ടൈപ്പിസ്റ്റർമാരിൽ ഒരാൾ ഉദ്യോഗത്തിൽനിന്നു പെൻഷൻപററി പിരിയുന്ന അവസരത്തിൽ മറെറാരു ടൈപ്പിസ്റ്റിനെ അയാളുടെ സ്ഥാനത്തു നിയമിക്കുന്നതാണ്; സീനിയാർട്ടിയെ അനുസരിച്ചായിരിക്കും അപ്രകാരമുള്ള ഉദ്യോഗകയററങ്ങൾ നൾകപ്പെടുന്നതു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ ആറുപേരും ദീർഘസർവീസുള്ളവരല്ലേ? ആസ്ഥിതിക്കു ശേഷമുള്ളനായുപേർക്കും എങ്ങനെ പ്രമോഷൻകിട്ടും.

മി: ടി. പി. രാമസുബ്ബയ്യർ ആ(ക്റ്റിംഗ് ഗവണ്മെൻറു ചീഫ സെക്രട്ടറി): ഇതിൻെറ ഉദ്ദേശം ടൈപ്പിസ്റ്റുമാരിൽ ആറുപേർക്കു പ്രത്യേകം പ്രയോജനം സിദ്ധിക്കണമെന്നുള്ളതല്ലാ. ഇതു ഞാൻ മുൻപു പറഞ്ഞിട്ടുള്ളതാണ്. ഗവണ്മെൻറു ചിന്തിച്ചുകൊണ്ടിരുന്ന വിഷയം ഈ ടൈപ്പിസ്റ്റന്മാരുടെ സങ്കടകരമായ സ്ഥിതിയെ എപ്രകാരം പരിഹരിക്കാം എന്നുള്ളതാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ പത്തുപേർക്കും ഒരു സ്കെയിൽ സിസ്റ്റം അനുസരിച്ചു ശമ്പളകൂടുതൽ കൊടുക്കുന്നതായിരുന്നാൽ എല്ലാവർക്കും സമാധാനമാകുകയില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സിക്രട്ടറി) ഈ ൧൯ ടൈപ്പിസ്റ്റുമാർക്കെല്ലാവർക്കും ൧൦൦ രൂപമുതൽ ൧൨൫ രൂപാവരെയുള്ള ഒരു ശമ്പളസ്കെയിൽ അനുവദിക്കുന്നപക്ഷം അതു ഇതിനെക്കാൾ നിശ്ചയമായും വളരെ പ്രയോജനകരമായിരിക്കുന്നതാണ്. ഈ കാര്യത്തെപററിയല്ലാ ഇപ്പോൾ പ്രസ്താവിക്കുന്നതു. ഇപ്പോഴുള്ളതിൽ അല്പം കൂടുതൽ ശമ്പളമുള്ള ആറു ഉദ്യോഗങ്ങൾ സൃഷ്ടിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു. ൭൫ രൂപാശമ്പളമുള്ള മൂന്ന് ഉദ്യോഗങ്ങളും, ൬൦ രൂപാ ശമ്പളമുള്ള മൂന്നുദ്യോഗങ്ങളും, ആകുന്നു മേൽപറഞ്ഞ ആറു ഉദ്യോഗങ്ങൾ.

മി: എസ്സ്. പി. ത്രിവിക്രമൻപിള്ള (കച്ചവടവും വ്യവസായവുംതക്ക): ഗവണ്മെൻറ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളതിൽ അല്പം കുറഞ്ഞ ചിലവുകൊണ്ടു എല്ലാ ടൈപ്പിസ്റ്റന്മാരെയും തൃപ്തിപ്പെടുത്തുന്നതിനു സാധിക്കുന്നതാണ്. ആസ്ഥിതിക്കു ഏതാനും ആളുകൾക്കുമാത്രം കൂടുതൽ ശമ്പളം നൾകുകയും മററുള്ളവരുടെ ഇടയിൽ അസംതൃപ്തിയ്ക്കും ഹൃദയവേദനയ്ക്കും കാരണമാകുന്നതിനുപകരം അപ്രകാരം ചെയ്യുന്നതല്ലയോ നല്ലതു;

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറു ചീഫ്സിക്രട്ടറി): മെമ്പർ ഇപ്പോൾ ചെയ്തിട്ടുള്ള നിർദ്ദേശപ്രകാരമുള്ള ചെലവു ഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരമുള്ളതിനെക്കാൾ കുറഞ്ഞിരിക്കുമോ എന്നു എനിക്കറിയാൻ പാടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ ടൈപ്പിസ്റ്റന്മാർ എല്ലാപേരും ൧൦ൽവ്യമുതൽ ഒരേശമ്പളംതന്നെ വാങ്ങിവന്നിരുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇതിനു ഒരു ഉദാഹരണം പറയാം. ഒരേശമ്പളം വാങ്ങുന്ന പലക്ലാക്കന്മാർ സിക്രട്ടേറിയററിലുണ്ട്. എന്നാൽ അവരിൽ സീനിയറായിട്ടുള്ള ആളിനെമാത്രമേ മജിസ്ട്രേട്ടായി നിയമിച്ചു പുറത്തേക്കു അയക്കുകയൊ, സൂപ്രണ്ടായി കയററം നൽകുകയൊ ചെയ്യുന്നുള്ളു. സീനിയാർട്ടി അനുസരിച്ചാണു ഉദ്യോഗകയററം നൽകുന്നതു. പല ആളുകൾ ഒരേശമ്പളം തന്നെ വാങ്ങുകയും, ഉദ്യോഗകയററത്തിനു ഇടയുണ്ടായിരിക്കയും ചെയ്യുമ്പോൾ ഒരേശമ്പളം വാങ്ങുന്ന പ്രസ്തുത ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിനു മുൻപു അവക്കു അന്യോന്യമുള്ള സീനിയാരിട്ടിയെപററി തിട്ടം വരുത്തുന്നു. അപ്രകാരം സീനിയർ ആരെന്നു കാണുന്നആളിനു ഉദ്യോഗകയററം നൽകപ്പെടുന്നു. നിർദ്ദേശിച്ചിട്ടുള്ള കൂടുതൽ ശമ്പളം അനുവദിക്കപ്പെടുന്നപക്ഷം, ഈ ടൈപ്പിസ്റ്റുമാക്കു എല്ലാവക്കും ഈ ശമ്പളം ലഭിക്കുന്നതിനു സൌകര്യങ്ങൾ ഉണ്ടാകുന്നതാണു. ഈ കാര്യത്തിൽ ഗവക്മെൻറു സാമ്പത്തികമായ ഒരു ഭേദഗതി ചെയ്യുന്നതിനു മാത്രമേ ശ്രമിച്ചിട്ടുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ പത്തു ടൈപ്പിസ്റ്റുമാക്കും ഒരുപോലെ ഒരു ടൈംസ്കേയിൽ അനുവദിക്കുന്നതിൽ ഗവണ്മെൻറിനു എന്തു വിസമ്മതമാണുള്ളതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): ഇവരെ എല്ലാവരേയും സംബന്ധിച്ചിടത്തോളം, ഇപ്പോൾതന്നെ ഒരു ടൈംസ്കേയിൽ ഉള്ളതാകുന്നു. അതു ൪൦ രൂപാമുതൽ ൫൦ രൂപാവരെ ഉള്ള ഒരു സ്കേയിൽ ആകുന്നു. ഈ സ്കേയിൽ അനുസരിച്ചു അവരിൽ അധികംപേക്കും ൫൦ രൂപാ ലഭിച്ചുവരികയാണ്.

മി: മുവേലിൽ പാച്ചുപിള്ള (ചേത്തല): ഇപ്പോൾ ശമ്പളക്കൂടുതൽ കിട്ടുന്ന ആറുപേർ ആരെല്ലാമാണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവണ്മെൻറ ചീഫ്സിക്രട്ടറി): ഈസ്കീം കൌൺസലിൽ സാംക്ഷൻ ചെയ്തു ബഡ്ജററ പാസായശേഷം ആലോചിക്കേണ്ട ഒരു കാര്യമാണ് അതു്.

മി: മുവേലിൽ പാച്ചുപിള്ള (ചേത്തല) ആക്കു കിട്ടുമെന്നും ആക്കും കിട്ടുകയില്ലഎന്നും പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവണ്മെൻറ ചീഫ് സിക്രട്ടറി); അതു ഇപ്പോൾ നിശ്ചയിക്കാൻ നിവൃത്തിയില്ലാ. ഈസ്കീം കൌൺസിൽ സാങ്ക്ഷൻ ചെയ്തില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചതുകൊണ്ടും പ്രയോജനമില്ലല്ലൊ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ടൈംസ്കേയിൽ അനുസരിച്ചു ശമ്പളം നൽകുന്നതിൽ എന്താണ് വിരോധമുള്ളതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): ഈ കാര്യത്തെകുറിച്ചു ഗവണ്മെൻറു ഗാഢമായി ചിന്തിച്ചിട്ടുണ്ടു. ശരിയായി പര്യാലോചിച്ചതിൻെറശേഷം നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ഏററവും ആശാസ്യമായിരിക്കുമെന്നു ഗവണ്മെൻറു തീരുമാനിച്ചു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ടൈപ്പിസ്റ്റുമാക്കു എല്ലാവക്കും ടൈംസ്കേയിൽ അനുസരിച്ചു ശമ്പളം നൽകുന്നപക്ഷം ഇപ്പോൾ ചെയ്തിട്ടുള്ള നിദ്ദേശത്തിൻെറ ചിലവിനെ അപേക്ഷിച്ചു്, അതിനുള്ള ചിലവു കുറയുമോ എന്നു ചീഫ്സിക്രട്ടറി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): ടൈംസ്കേയിൽ അനുസരിച്ചു് ശമ്പളം നൽകേണ്ടിയിരുന്നകൊല്ലങ്ങളേയും അതിൻപ്രകാരം നൽകപ്പെടുന്നശമ്പളക്കൂടുതലിൻെറ സ്വഭാവത്തേയും തുകയേയും അനുസരിച്ചു് അതു് ഇരിക്കുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ ടൈംസ്കേയിലാണ് ഉള്ളതു്, പല ഗ്രേഡുകൾ ഉണ്ടായിരിക്കുന്നതിനെ അപേക്ഷിച്ചു് ടൈംസ്കേയിലിനുള്ള ചിലവുകുറവല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): നാം നിശ്ചയിക്കുന്ന ടൈംസ്കേയിലിൻെറ തോതിനെ അനുസരിച്ചിരിക്കും അതു്.

സർ, യഥാകാലത്തിൽ സെക്രട്ടേറിയററിലുള്ള എല്ലാ ടൈപ്പിസ്റ്റുമാക്കും പ്രയോജനം സിദ്ധിക്കണമെന്നുള്ളതാണു ഇതിൻെറ ഉദ്ദേശം. ഇതു ഞാൻ മുൻപുതന്നെ ബോധിപ്പിച്ചിട്ടുള്ളതാണല്ലൊ, പുതുതായി ആറു ഉദ്യോഗങ്ങൾ മാത്രമേ ഗവണ്മെൻറു സൃഷ്ടിച്ചിട്ടുള്ളു. ഇപ്രകാരം ഉദ്യോഗങ്ങളുടെ സംഖ്യയെ കുറച്ചിട്ടുള്ളതു ചിലവിനെപ്പററി ഗണിച്ചിരിക്കുന്നതുകൊണ്ടാകുന്നു. ഇപ്പോഴത്തെ സ്കീമിൽ അനുസരിച്ചുള്ള ഉദ്യോഗങ്ങളുടെ സംഖ്യയിൽ ഇതിനനുസരണമായ ഒരു കുറവു വരുത്തുന്നതിനും നിശ്ചയിച്ചിരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ ആറുപേരും ഏതു സമുദായങ്ങളിൽ ഉൾപ്പെട്ടവരാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആറു പ്രത്യേക ആളുകൾക്കു ഗുണം സിദ്ധിക്കുന്നതിനായിട്ടല്ല ഈ വ്യവസ്ഥയും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇതു മറെറാരു സാമാജികൻെറ ചോദ്യത്തിനു മറുപടിയായി ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ ഈ സഭ മുൻപാകെ ഹാജരാക്കിയിരിക്കുന്ന പദ്ധതിപ്രമാണപരമായ ഒന്നാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിർദ്ദേശിച്ചിട്ടുള്ള ഉയന്ന ശമ്പളം നൽകുന്നതിനുള്ള ഉദ്യോഗത്തിൽ ആറു ടൈപ്പിസ്റ്റുമാരെ സംബന്ധിച്ചിടത്തോളം, ഇവർ ഏതു സമുദായത്തിൽ ഉൾപ്പെടുന്നഎന്നുള്ളതറിയുന്നതിനാണ് ഞാൻ ചോദിക്കുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): മെമ്പർ സൂചിപ്പിക്കുന്ന ആറു ടൈപ്പിസ്റ്റുമാരേയും സംബന്ധിച്ചിടത്തോളം, അവർ ആരാണെന്നുള്ളതു് ഈ തുക അനുവദിച്ചതിനുശേഷം ഈ ആറു ടൈപ്പിസ്റ്റുമാരുടെയും സീനിയാറിട്ടിയെപ്പററി നിശ്ചയിക്കുന്നതാണ്. അതിനുശേഷം ഈ ആറു ഉദ്യോഗങ്ങളും ആക്കു നൽകണമെന്നുള്ളതു് നിർണ്ണയിക്കുന്നതാണ്. സഭയുടെ മുൻപാകെ ഹാജരാക്കിട്ടുള്ളതു് ൭൫ രൂപാ ശമ്പളമുള്ള മൂന്നുദ്യോഗങ്ങളും ൧൦൦ രൂപാ ശമ്പളമുള്ള മൂന്നുദ്യോഗങ്ങളും സൃഷ്ടിക്കുന്നതിനുള്ള കേവലം പ്രമാണപരമായ ഒരു പദ്ധതി ആകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നിർദ്ദേശിച്ചിട്ടുള്ള പദ്ധതിപ്രകാരം പ്രയോജനം സിദ്ധിക്കുന്ന ആളുകൾ ആരെല്ലാമാണെന്നു പറയുമോ?

മി: എ. ജി. മേനവൻ (പറവൂർ): സീനിയാറിട്ടി അനുസരിച്ചു ഈ ആറുദ്യോഗസ്ഥന്മാരും ആറു ടൈപ്പിസ്റ്റന്മാർക്കു നല്കുകയാണോ പറയുന്നതു്?

മി: ടി. പി. രാമസ്വാമ്യയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): നിശ്ചയമായിട്ടും അങ്ങനെ തന്നെ.

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഗവണ്മെന്റിന്റെ സമാധാനം തൃപ്തികരമല്ലാത്തതിനാൽ ഇതിനെ വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പിന്നീടു ടൈപ്പിസ്റ്റന്മാർക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ൫൦,൬൨൨ രൂപയിൽനിന്നു ൫ രൂപാ കുറയ്ക്കണമെന്നുള്ള ൨൫൬-ാം നമ്പർ ഉപക്ഷേപം സഭയിൽ വോട്ടിനിടുകയും അതു് പാസ്സാക്കുകയും ചെയ്തു.

൨൫൪ മുതൽ ൨൫൬ വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള.

ടൈപ്പിസ്റ്റന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൦,൬൨൨ രൂപയിൽ നിന്നു് ൫൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ.

ഷാർട്ടുഹാൻഡ് റിപ്പോർട്ടർമാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൯,൨൦൦ രൂപയിൽനിന്നു് ൫൦൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

ഷാർട്ടുഹാൻഡ് റിപ്പോർട്ടർമാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൬൯,൨൦൦ രൂപയിൽനിന്നു് ൧൭൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൫൭.

മി: എം. താണുപിള്ള (തിരുവനന്തപുരം): സർ, താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ചുരുക്കെഴുത്തു റിപ്പോർട്ടർമാർക്കു കൊള്ളിച്ചിട്ടുള്ള ൬൯,൨൦൦ രൂപയിൽനിന്നു് ൫൭൦ രൂപാ കുറയ്ക്കണം.

ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു ഉള്ള നിർദ്ദേശത്തെ ആസ്പദമാക്കിയാണു് ൫൭൦ രൂപാ കുറയ്ക്കുന്നതിനുള്ള ഈ ഉപക്ഷേപം ഞാൻ കൊണ്ടുവന്നിട്ടുള്ളതു്. അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു വേണ്ടിവരുന്ന തുക ൫൭൦ രൂപയാകണമെന്നു ഞാൻ വിചാരിക്കുന്നു. ഗവണ്മെന്റു ചെയ്തിട്ടുള്ള നിർദ്ദേശം അനുസരിച്ചു യഥാർത്ഥത്തിൽ കൊള്ളിച്ചിട്ടുള്ള തുക ഞാൻ കുറയ്ക്കണമെന്നു പറയുന്ന തുകയോടു വാസ്തവത്തിൽ തുല്യമായിരിക്കുമെന്നു എനിക്കു തീരെ നിശ്ചയമില്ല. ഇപ്പോഴുള്ള ചട്ടങ്ങൾ അനുസരിച്ചു് നല്കപ്പെടുന്ന ഏററവും കൂടുതൽ ശമ്പളത്തിന്റെയും നിർദ്ദേശിച്ചിട്ടുള്ള ഏററവും കുറഞ്ഞ ശമ്പളത്തിന്റെയും വ്യത്യാസത്തെ ഞാൻ കണക്കാക്കിനോക്കി; അങ്ങനെ ചെയ്ത അവസരത്തിലാണു് ൫൭൦ രൂപാ എന്ന കണക്കു എനിക്കു കിട്ടിയതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ കാര്യത്തെ സംബന്ധിച്ചു് ഫിനാൻസു കമ്മററിയുടെ തീരുമാനമെന്തായിരുന്നു? ഫിനാൻസ് കമ്മററിയിലെ എല്ലാ അനുദ്യോഗസ്ഥ സാമാജികന്മാരും ഈ വ്യവസ്ഥയെ പ്രതികൂലിച്ചില്ലേ?

മി: എം. താണുപിള്ള (തിരുവനന്തപുരം): എല്ലാ അനുദ്യോഗസ്ഥ സാമാജികന്മാരും അതിനെ എതിർത്തു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അനുദ്യോഗസ്ഥ സാമാജികന്മാർ ഈ വിഷയത്തെ എതിർത്ത അവസരത്തിൽ അതിനെ വേണ്ടെന്നു് വയ്ക്കുമെന്നോ, അല്ലെങ്കിൽ അതിനെ ഈ സഭയിൽ ഹാജരാക്കുന്നതാണെന്നോ ഗവണ്മെന്റു പ്രസ്താവിച്ചിട്ടുണ്ടോ?

മി: എം. താണുപിള്ള (തിരുവനന്തപുരം): ഖണ്ഡിതമായവിധം ഗവണ്മെന്റു എന്തെങ്കിലും പറഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഫിനാൻസു കമ്മററിയിൽവച്ചു് അനുദ്യോഗസ്ഥ സാമാജികന്മാരെല്ലാവരും ഈ കാര്യത്തെ എതിർത്തിട്ടുണ്ടു്. എങ്കിലും ഈ സംഗതി ഈ സഭയുടെ പര്യാലോചനയ്ക്കായി ഹാജരാക്കിയിരിക്കുന്നു.

സർ, സിക്രട്ടേറിയറ്റിൽ ഇപ്പോൾ ൯ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ ഉണ്ടു്. ഈ ഒൻപതുപേരിൽ മൂന്നുപേരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനാണു് ഈ നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളതു്. ഈ മൂന്നുപേരും ഇപ്പോൾ ഹയർഗ്രേഡിലുള്ളവരാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം, ബോദ്ധ്യമാകത്തക്കവിധം ഉദ്യോഗങ്ങളുന്നിനു യാതൊരു കാരണവും പറഞ്ഞുകാണുന്നില്ല. ഏതായാലും ൯ ചുരുക്കെഴുത്തു റിപ്പോർട്ടർമാരിൽ മൂന്നുപേരുടെ ശമ്പളംമാത്രം ഇപ്പോൾ വർദ്ധിപ്പിക്കുന്നതിനു യാതൊരു കാരണവും നിശ്ചയമായിട്ടും ഇല്ല. ഇതാണു് എന്റെ അഭിപ്രായം. ഈ മൂന്നു ചുരുക്കെഴുത്തു ടൈപ്പിസ്റ്റന്മാരേയും ൫൦൯൭-ാമാണ്ടിലോ ൫൦൯൭-ാമാണ്ടിലോ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു എന്നും, അവർ കഴിഞ്ഞ ഏഴോ എട്ടോ കൊല്ലങ്ങളായി സർവീസിലിരിക്കയാണെന്നും അവരിൽ ഒരാളുടെ ശമ്പളം ൭൦-൫൦/൫-൫൦൦ രൂപാ സ്കെയിൽ അനുസരിച്ചു് ൫൦൦ രൂപയും, മററുള്ളവരുടെ ര പേരുടെയും ശമ്പളം ൬൦-൫/൫-൭൦ രൂപ സ്കെയിൽ അനുസരിച്ചു ൭൦ രൂപായും ആണെന്നു പറയപ്പെടുന്നു. ഇപ്പോൾ ചെയ്തിട്ടുള്ള നിർദ്ദേശം ൭൦ മുതൽ ൫൦൦ രൂപാവരെ ഉള്ള ശമ്പളസ്കെയിലിനു ൫൦൦ മുതൽ ൫൨൦ രൂപവരെ ആക്കുകയും, ൬൦ മുതൽ ൭൦ വരെ ഉള്ള സ്കെയിലിനു ൧൫ രൂപ മുതൽ ൫൦൦ രൂപവരെ ആക്കുകയും ചെയ്യണമെന്നുള്ളതാണു്; ഈ മൂന്നു പേരിൽ ചിലർ ബിരുദധാരികളുമാണെന്നും തോന്നുന്നു.

സർ, ബിരുദ നേടിയിട്ടുള്ള ഒരു ക്ലാർക്ക് സ്ഥിരമായി ൪൦ രൂപാ ശമ്പളമുള്ള ജോലി കിട്ടുന്നതിനു അയാൾ ബിരുദം സമ്പാദിച്ചിരുന്നാൽ തന്നെയും, പലപ്പോഴും ഏഴും എട്ടും കൊല്ലം അയാൾക്കു കാത്തിരിക്കേ

ങ്ങിവരുന്നു. സർ, ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാരെ വളരെക്കാലം മുൻപുതന്നെ സ്ഥിരപ്പെടുത്തിയിട്ടുണ്ടു്. അവരിൽ ഒരാൾക്കു ൧൦൦ രൂപാ ലഭിക്കുന്നുണ്ടു. മററുള്ള ൨ പേൎക്കും ൭൦ രൂപയാണു ലഭിക്കുന്നതു്. കാര്യങ്ങളുടെ ഈ സ്ഥിതിക്കു അവരുടെ ശമ്പളം വൎദ്ധിപ്പിക്കുന്നതിനു ഏതെങ്കിലും കാരണമുണ്ടെന്നു വിചാരിക്കുന്നില്ല. ക്ലാക്കന്മാരുടേയും സ്റ്റെനോഗ്രാഫർമാരുടേയും ശമ്പളം വൎദ്ധിപ്പിക്കുന്നതിനായിട്ടാണു ഈ നിർദ്ദേശം ഹാജരാക്കിയിട്ടുള്ളതു എങ്കിൽ അതിനു അടങ്ങിയിരിക്കുന്ന ന്യായത്തെപ്പററി മനസ്സിലാക്കാവുന്നതാണു. എന്നാൽ ഈ സഭയിൽ ഇപ്പോൾ ഹാജരാക്കിയിരിക്കുന്ന നിർദ്ദേശം ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ശമ്പളം മാത്രം വൎദ്ധിപ്പിക്കുന്നതിനാകുന്നു. ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ സർവീസിൽ പ്രവേശിച്ച അവസരത്തിൽതന്നെ ഉദ്യോഗത്തിൽ പ്രവേശിച്ച ക്ലാക്കന്മാരുടെ ശമ്പളത്തെ അപേക്ഷിച്ചു് അവൎക്കു കൂടുതൽ ശമ്പളം കിട്ടുന്നുണ്ടു്. അതിനാൽ ക്ലാക്കന്മാരുടേയും സ്ഥിതികൾ ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ സ്ഥിതികളോടു തുല്യമാകുന്നു.

ഇവർ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ ആണെന്നും അവരുടെ ജോലി വിഷമത ഉള്ള ഒന്നാണെന്നും പറയുമായിരിക്കാം. ഇതുപോലെയുള്ള ഏതോ അഭിപ്രായം ഉണ്ടെന്നു തോന്നുന്നു. സർ, എന്നാൽ ഈ വസ്തുതകളിന്നാം ഓൎത്തിരിക്കേണ്ടതാണു. ഒരു കൊല്ലത്തിൽ സഭ കൂടുന്ന അവസരത്തിലും ഏകദേശം ഇരുപതു ദിവസത്തേക്കുമാത്രമേ അവൎക്കു ജോലി ചെയ്യേണ്ട ആവശ്യമുള്ളു. ഒരുപക്ഷെ ശ്രീമൂലം പ്രജാസഭയെ സംബന്ധിച്ചു ഒരു കൊല്ലത്തിൽ എട്ടോ ഒൻപതോ ദിവസത്തേക്കുകൂടി അവൎക്കു ജോലി ചെയ്യേണ്ടിവരുന്നതാണു്. ഇതിനും പുറമെ, ഒരുപക്ഷെ ചില അവസരങ്ങളിൽ വല്ല യോഗങ്ങളിലും ചെയ്യുന്ന പ്രസംഗങ്ങൾ അവൎക്കു റിപ്പോർട്ടു ചെയ്യേണ്ടിവരും. അതിനാൽ ആകപ്പാടെ ഒരു കൊല്ലത്തിൽ ഏകദേശം ൬൦ ദിവസത്തിലധികം ജോലി ചെയ്യേണ്ട ആവശ്യം അവൎക്കുണ്ടെന്നു പറയാൻപാടില്ലാ. അതിനു അവൎക്കിപ്പോൾ ലഭിക്കുന്ന ശമ്പളം മതിയാകുന്നില്ലെന്നും പറയാൻപാടുള്ളതല്ലാ. സിക്രട്ടറിയേററിലെ സാമാന്യജീവനക്കാരുടെ ശമ്പളം ഉയൎത്തുന്നതിനു ഉള്ള നിർദ്ദേശമല്ലാ ചെയ്തിരിക്കുന്നതു. ഈ സ്ഥിതിക്കു ഈ നിർദ്ദേശത്തെപ്പററി ചിന്തിക്കുന്നതിനു യാതൊരു ന്യായവും കാണുന്നില്ല. അതിനാൽ സഭ അംഗീകരിക്കുന്നതിനായി എന്റെ ഉപക്ഷേപത്തെ ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെന്റു ചീഫ്‌സെക്രട്ടറി): സർ, മിസ്റ്റർ താണുപിള്ള പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇപ്പോൾ ൯ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ ഉണ്ടു. ഇവരിൽ ൬ പേർ ൫൦ രൂപാമുതൽ ൭൦ രൂപാവരെ എന്ന ലോവർഗ്രേഡിൽ ഉള്ളവരാണു. ഈ ബഡ്ജററിൽനിന്നു കാണാവുന്നതാണു. ബിരുദ നേടിയിട്ടില്ലാത്തവൎക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഗ്രേഡു ആണ് ഇതു. ഇതിനും പുറമെ മൂന്നു പേർ ബിരുദ നേടിയിട്ടുള്ളവൎക്കു നീക്കിവെച്ചിട്ടുള്ള ഹൈയർ സ്കെയിലുള്ളവരാണ്. ഹൈയർ ഗ്രേഡിൽ വേക്കൻസികൾ ഇപ്പോൾ ഉണ്ടു.

മി: എ. സി. കുഞ്ഞാക്കോസു (മീനച്ചിലും ദേവികുളവും): ഈ ഒൻപതുപേരിൽ മലയാളം ഷാർട്ടുഹാൻഡുകാരുംകൂടി ഉൾപ്പെടുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവമെന്റു ചീഫ് സെക്രട്ടറി): ഒരാൾ ഉണ്ടു.

മി: എസ്. പി. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു): തമിഴു ചുരുക്കെഴുത്തുറിപ്പോർട്ടർമാർ അവരിൽ ഉൾപ്പെടുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെന്റു ചീഫ് സെക്രട്ടറി): ഒരു തമിഴു ചുരുക്കെഴുത്തുറെട്ടരെ ഞങ്ങൾ ഇതുവരെ ജീവനക്കാരുടെ കൂട്ടത്തിൽ നിയമിച്ചിട്ടില്ല. തമിഴിൽ ചുരുക്കെഴുത്തു അറിയാവുന്ന ഒരാളെ ലഭിച്ചിട്ടുണ്ടു. നിയമസഭായോഗങ്ങളെ സംബന്ധിച്ചു തമിഴു ചുരുക്കെഴുത്തു അറിയാവുന്ന ഈ ആളിനെക്കൊണ്ടു ജോലിചെയ്യിച്ചുവരുന്നുണ്ടു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ പൎയ്യാലോചനയിൽ ഇരിക്കുന്ന നിർദ്ദേശം മൂലം മലയാളം ചുരുക്കെഴുത്തു റിപ്പോർട്ടൎക്കും തമിഴു ചുരുക്കെഴുത്തുകാൎക്കും പ്രയോജനം സിദ്ധിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെന്റു സിക്രട്ടറി): ഇല്ലാ.

ബിരുദ് നേടിയിട്ടുള്ളവൎക്കായി നീക്കിവച്ചിട്ടുള്ള മൂന്നു ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം, ഒന്നു ൭൦ രൂപാ മുതൽ ൧൦൦ രൂപാ വരെ ശമ്പളമുള്ളതും, മററുള്ളതു രണ്ടും ൬൦ രൂപാ മുതൽ ൭൦ രൂപ വരെ ശമ്പളമുള്ളതും ആയ ഉദ്യോഗങ്ങളാകുന്നു. ൧൦൯൭-ലെ രണ്ടാം റെഗുലേഷനായ പുതിയ നിയമസഭാ റെഗുലേഷൻ പാസ്സാക്കപ്പെട്ട ഉടൻ തന്നെ ചുരുക്കെഴുത്തു ജീവനക്കാരുടെ സംഖ്യ വൎദ്ധിപ്പിച്ചു നിയമസഭാ നടപടികളുടെ ശരിപകർപ്പു ചുരുക്കെഴുത്തുകാരെക്കൊണ്ടു എടുക്കേണ്ടതായിവന്നു. ഇവർ സംഘമായി തവണപ്രകാരം ജോലി ചെയ്തിരുന്നു. ഈ കാരണത്താൽ ചുരുക്കെഴുത്തുകാരുടെ സംഖ്യ കൂട്ടേണ്ടതാവശ്യമായിരുന്നു. ഇപ്പോൾ ഹൈയർ ഗ്രേഡിൽ മൂന്നു പേരുണ്ടു്. അവരിൽ ഒരാൾ പുതിയ റെഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപു തന്നെ ഒരു ചുരുക്കെഴുത്തുകാരൻ എന്ന നിലയിൽ സർവീസിൽ പ്രവേശിച്ചിരുന്നു. അയാൾ ബിരുദ് നേടിയിട്ടുള്ള ഒരാൾ അല്ല. എന്നാൽ മട്രിക്കുലേഷൻ ജയിച്ചിട്ടുണ്ടു്. ഇയ്യാൾ സിക്രട്ടേറിയററിലെ ഒന്നാമത്തെ ചുരുക്കെഴുത്തുകാരനാണ്; മേൽപറഞ്ഞ പ്രകാരം പുതിയ റെഗുലേഷൻ പാസ്സാക്കപ്പെട്ടതുവരെയും, റിപ്പോർട്ടർമാരായിട്ടുള്ളവരുടെ സംഖ്യയെ വൎദ്ധിപ്പിച്ചതു വരെ അയാൾ ഏകനായി ജോലി ചെയ്തുവന്നിരുന്നു. അതിനാൽ ഒരു വ്യത്യസ്തമായ സംഗതി എന്ന നിലയിൽ അയാളെ ൭൦ രൂപാ മുതൽ ൧൦൦ രൂപാ വരെ ഉള്ള ശമ്പളക്രമമനുസരിച്ചു നിയമിച്ചിരിക്കുന്നു. അതിനാൽ ഇപ്പോഴുള്ള ഈ മൂന്നു പേരിൽ ഒരാൾ ൭൦ രൂപാ മുതൽ ൧൦൦ രൂപാ വരെ ശമ്പളമുള്ള ഗ്രേഡിൽ ഏററവും കൂടുതൽ ശമ്പളം വാങ്ങിക്കുന്നു. അയാൾ ഒരു മെട്രിക്കുലേററ ആണ്. മററുള്ളവർ രണ്ടു പേരും ബി. എൽ. ജയിച്ചിട്ടുള്ളവരാണ്. അവർ ചുരുക്കെഴുത്തിൽ അഡ്വാൻസ്ഡ് ടെസ്റ്റ് ജയിച്ചിട്ടുണ്ടു്. ചുരുക്കെഴുത്തിൽ ഏററവും കൂടിയ ഗവമെന്റു പരീക്ഷയാണ് ഇതു്. ഇതിനും പുറമെ, ഇവർ ബി. എൽ. ജയിച്ചിട്ടുള്ളവരാണ്. ഹൈയർഗ്രേഡിൽ ഇപ്പോഴുള്ള മട്രിക്കുലേററുകാരനായ ചുരുക്കെഴുത്തു റിപ്പോർട്ടർ താമസിയാതെ ഉദ്യോഗത്തിൽ നിന്നു പിരിയുന്നതാണ്. അതിനാൽ

ഇപ്പോൾ ഹയർ ഗ്രേഡിലുള്ള മററു ബി. എൽ. കാരോടു തുല്യമായ ചുരുക്കെഴുത്തു യോഗ്യതസമ്പാദിച്ചിട്ടുള്ളവരും ബി. എ. യോ, ബി. എൽ. പരീക്ഷയോ ജയിച്ചിട്ടുള്ളവരും ആയ ഒരാളെ ലഭിക്കുന്ന പക്ഷം മേൽപ്പടി ഒഴിവിൽ അയാളെ മാത്രം നിയമിക്കുന്നതും ആകുന്നു.

സർ, ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ജോലി വളരെ കഠിനമാണ്. സർ, ഒരു കൊല്ലത്തിൽ ഏകദേശം ൩൦ ദിവസം മാത്രമേ, ഇവർക്കു ജോലി ചെയ്യേണ്ടതായിട്ടുള്ളു എന്നും ഈ ജോലിക്കു അവർക്കു ധാരാളം ശമ്പളം നൽകി വരുന്നു എന്നും മി: താണുപിള്ള ഇവിടെ പ്രസ്താവിച്ചു. അദ്ദേഹം അങ്ങനെ ചെയ്തതിൽ മനസ്താപമുണ്ട്. എന്നാൽ കാര്യത്തിന്റെ സ്ഥിതി അപ്രകാരമല്ല, ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ചുമതലകളെയും അവർക്കുള്ള ഉത്തരവാദിത്വത്തെയും പററി എല്ലാ സ്ഥലത്തുമുള്ള ആളുകൾക്കും ബോധ്യമായിട്ടുള്ളതാണ്. അതിനാൽ മററു സ്ഥലങ്ങളിൽ അവർക്കു വളരെ കൂടിയ ശമ്പളം നൽകി വരുന്നു. ഈ കാര്യത്തെപ്പററി ഏതാനും കണക്കുകൾ ഞാൻ പറയാം. ഭാരതീയ നിയമസഭയിൽ ബി. എ. കാരല്ലാത്ത ചുരുക്കെഴുത്തുകാർക്കു പോലും ൪൦൦ രൂപാ മുതൽ ൬൦൦ രൂപാ വരെ ഉള്ള ശമ്പളം നൽകി വരുന്നു. കടക രാജ്യത്തു ൨൦൦ രൂപാ മുതൽ ൩൦൦ രൂപാ വരെ ഉള്ള ശമ്പളം നൽകുന്നു. മദ്ധ്യ സംസ്ഥാനങ്ങളിൽ അവർക്കു ആരംഭത്തിൽ തന്നെ ൩൦൦ രൂപാ നൽകി വരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇൻഡ്യാ ഗവണ്മെന്റിന്റെ മുതലെടുപ്പു എത്രയാണെന്നുള്ളതു പണ്ഡിതനായ ചീഫ് സിക്രട്ടറി ദയവു ചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ശമ്പളവും ഇൻഡ്യാ ഗവണ്മെന്റിന്റെയും ഇവിടത്തെയും മുതലെടുപ്പും തമ്മിൽ ഞാൻ താരതമ്യപ്പെടുത്തി നോക്കിയിട്ടില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): മദ്രാസ് സംസ്ഥാനത്തിൽ ചീഫ് സിക്രട്ടറിക്കു എന്തു ശമ്പളമുണ്ടെന്നു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ൩൭൫൦ രൂപാ ഉണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): തിരുവിതാംകൂറിലെ ചീഫ് സിക്രട്ടറിയുടെ ശമ്പളം എത്രയാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ൬൦൦ രൂപാ മുതൽ ൮൦൦ രൂപാ വരെ.

സർ, മദ്രാസിൽ ബി. എ. കാരല്ലാത്ത ചുരുക്കെഴുത്തുകാർക്ക് ആരംഭത്തിൽ തന്നെ ൧൨൫ രൂപാ നൽകുന്നു. അവർക്കു ൨൫൦ രൂപാ ശമ്പളം വരെ കിട്ടുന്നതിനു സൌകര്യമുണ്ട്. എന്നാൽ ൧൭൫ രൂപാ ശമ്പളം ലഭിക്കുന്ന അവസരത്തിൽ എഫിഷ്യൻസി ബാർ ഉള്ളതാകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തങ്ങളുടെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം, ബി. എ. കാരായ ചുരുക്കെഴുത്തു റിപ്പോർട്ടറന്മാരും ബി. എ. കാരല്ലാത്ത ചുരുക്കെഴുത്തു റിപ്പോർട്ടർമാരും തമ്മിൽ മദ്രാസിൽ ഏതെങ്കിലും വ്യത്യാസമുള്ളതായി ഗണിക്കപ്പെട്ടിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ശമ്പളത്തിന്റെ കാര്യത്തിൽ അവരുടെ തസ്തികകൾ തുല്യമാകുന്നു.

മി: മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ശമ്പളം കൂട്ടുതൽ കൊടുക്കേണ്ട കാര്യം ഫിനാൻസ് കമ്മററിയുടെ ആലോചനക്കു വിഷയമാക്കിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): മിസ്റ്റർ താണുപിള്ള അതിനെപ്പററി ഇവിടെ പറഞ്ഞു കഴിഞ്ഞു.

മി: മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): അവിടത്തെ തീരുമാനം എന്തായിരുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): കമ്മററിയുടെ അഭിപ്രായമറിയുന്നതിനാണ് ഈ സംഗതി അവിടെ വച്ചിരുന്നതു്. അനൌദ്യോഗസ്ഥമെമ്പർമാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണ് ഉണ്ടായിരുന്നതെന്നു വരികിലും, കൌൺസിലിൽ ഹാജരാക്കണമെന്നു തീർച്ച ചെയ്തു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മദ്രാസ് സിക്രട്ടറിയറ്റിൽ ഒരു ക്ലാർക്കിന്റെ ഏററവും കൂടിയ ശമ്പളം എത്രയാണെന്നു മെമ്പർ ദയവു ചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): അതു ൫൦ രൂപാ മുതൽ ൨൫൦-ഓ ൩൦൦-ഓ രൂപാ വരെ മുറയ്ക്കുള്ള ഒരു തസ്തികയിൽ ആണെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഫിനാൻസ് കമ്മിററി പ്രതിഷേധിച്ചിട്ടുള്ളതും, ഈ സഭയിൽ ഗവണ്മെന്റു ഹാജരാക്കിട്ടുള്ളതും ആയ നിർദ്ദേശങ്ങളെ സംബന്ധിച്ചുള്ള ഉദാഹരണങ്ങൾ വളരെ കൂട്ടുതൽ ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ഉണ്ട്. അതുപോലെ ഉള്ള പല ഉദാഹരണങ്ങളും ഉണ്ടായിട്ടുണ്ട്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചീഫ് സിക്രട്ടറി ദയവു ചെയ്തു ഏതാനും പ്രത്യേക ഉദാഹരണങ്ങൾ എടുത്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): സഭ സംബന്ധിച്ചുള്ള റിക്കാർഡുകളിൽ നിന്നു ഉദാഹരണങ്ങൾ ലഭിക്കുന്നതാണ്. എനിക്കു ഇപ്പോൾ ഏതെങ്കിലും പ്രത്യേക ഉദാഹരണത്തെപ്പററി പറയുന്നതിനു നിവൃത്തിയില്ല. അപ്രകാരമുള്ള ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു എനിക്കു നിശ്ചയമാണ്.

ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ജോലിയെ സംബന്ധിച്ചിടത്തോളം സർ, അതു വളരെ ക്ലേശത്തിനു കാരണമാകുന്നു എന്നു തോന്നുന്നു. ഇവിടെ വച്ചു നടത്തുന്ന ൨൦ ദിവസത്തെ സഭായോഗങ്ങളിലോ അല്ലെങ്കിൽ പത്തു ദിവസത്തേക്കു നടത്തുന്ന പ്രജാസഭായോഗങ്ങളിലോ അവരുടെ ജോലി അവസാനിക്കുന്നില്ല.

ലെജിസ്ലേറ്റീവ് സെക്ഷനിൽ മുറപ്രകാരം അവർക്കു ജോലി നിശ്ചയിച്ചിട്ടുണ്ട്. നിയമസഭയെ സംബന്ധിച്ചിടത്തോളം തനിക്കുള്ള ന്യായമായ ജോലിയുടെ അംശമെന്ന നിലയിൽ ഓരോ ചുരുക്കെഴുത്തു റിപ്പോർട്ടർമാർക്കും ജോലി നിശ്ചയിച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവർക്കു എന്തു ജോലിയാണ് നിശ്ചയിച്ചിട്ടുള്ളത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി) ബി. എൽ. ഹരനായ ചുരുക്കെഴുത്തു റിപ്പോർട്ടർമാരിൽ ഒരാൾ എല്ലാ ബില്ലുകളേയും സംബന്ധിച്ച പല നടപടികളും നടത്തുന്ന വിഷയത്തിൽ ഉത്തരവാദിത്വം വഹിക്കുന്നു. അയാൾ ബില്ലുകളെ സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടിയിരിക്കുന്നു. അവസാനമായി പാസ്സാക്കപ്പെടുന്നതുവരെ ഓരോ ബില്ലിനും രജിസ്റ്ററിൽ ഒരു പുറം നീക്കിവയ്ക്കുന്നു. ഒരു ബിൽ അനുവദിക്കുന്നതിനു അപേക്ഷ ബോധിപ്പിക്കുന്ന തീയതി മുതൽ അതു നിയമമാകുന്നതുവരെ അതിന്റെ ചരിത്രം രജിസ്റ്ററിൽ അയാൾ രേഖപ്പെടുത്തണം. ബില്ലുകളെ സംബന്ധിച്ചിടത്തോളം, എല്ലാ എഴുത്തുകുത്തുകളും നടത്തുന്നതിനുള്ള ഉത്തരവാദിത്വവും അയാൾക്കു തന്നെയാണ്. അയാൾ നോട്ടുകളെ സമർപ്പിക്കയും എഴുത്തുകൾക്കുള്ള മറുപടികൾ തയ്യാറാക്കുകയും സിക്രട്ടേറിയറ്റിലുള്ള മറ്റു ക്ലാർക്കന്മാരെപ്പോലെ എല്ലാ വിധത്തിലുമുള്ള ജോലികൾ ചെയ്കയും ചെയ്യുന്നു. ഗവണ്മെന്റു വക അച്ചുകൂടത്തിൽനിന്നു പ്രൂഫ്കൾ വരുത്തുകയും അവയെ വായിച്ചു ശരിപ്പെടുത്തുകയും ബില്ലുകളുടെ പ്രതികളും, സിലക്ട് കമ്മറ്റിയുടെ റിപ്പോർട്ടുകളും, നിയമസഭാംഗങ്ങൾക്കു വിതരണം ചെയ്തു കൊടുക്കുകയും ചെയ്യുന്നു. അതു പോലെതന്നെ ചോദ്യങ്ങളെ സംബന്ധിച്ചുള്ള ജോലി മറ്റു ഒരു റിപ്പോർട്ടറിനെ ഏല്പിച്ചിട്ടുള്ളതും പ്രമേയങ്ങളെ സംബന്ധിച്ചുള്ള ജോലി മൂന്നാമതു ഒരാളെ ഭരമേല്പിച്ചിട്ടുള്ളതും ആകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ നിയമസഭാ സംബന്ധമായ ജോലി ചെയ്യു വരുന്നതെന്നാണോ പണ്ഡിതനായ ചീഫ് സിക്രട്ടറി പറയുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): അതെ, നിയമസഭ സംബന്ധിച്ച ചെയ്യേണ്ട ജോലിയുടെ വളരെ ഏറിയ ഭാഗവും അവർ ചെയ്യുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരാൾ ബില്ലുകളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വവും മറ്റൊരാൾ പ്രമേയങ്ങളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വവും മൂന്നാമതൊരാൾ ചോദ്യങ്ങളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വവും വഹിക്കുന്നു എന്നു മെമ്പർ പറയുന്നു. ഇത്രയും ചെയ്യുന്ന പക്ഷം നിയമസഭ സംബന്ധിച്ചുള്ള എല്ലാ ജോലിയും തീരുന്നതാണ്. അതിനാൽ ലജിസ്ലേറ്റീവ് സെക്ഷനിലെ ക്ലാർക്കന്മാരുടെ ആവശ്യമില്ലെന്നാണോ ചീഫ് സിക്രട്ടറി പറയുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ലെജിസ്ലേറ്റീവ് സെക്ഷനിലുള്ള എല്ലാ ജോലിയും ചെയ്യുന്നതു ഈ റിപ്പോർട്ടർമാർ മാത്രമാണെന്നു ഞാൻ പറഞ്ഞില്ല. ബില്ലുകളും പ്രമേയങ്ങളും ചോദ്യങ്ങളും നിയമസഭയിലെ അംഗങ്ങളുടെ പക്കൽ നിന്നു ആദ്യമായി ലഭിക്കുന്ന അവസരത്തിൽ അവയെ രജിസ്റ്റർ ചെയ്തു ക്ലാർക്കന്മാർക്കു വീതിച്ചു കൊടുക്കുന്നതു ഈ റിപ്പോർട്ടർമാരാണ്. ഇത്ര മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. സാധാരണയായി ഈ ജോലികളെല്ലാം തീർന്നു കഴിയുമ്പോൾ നടപടികളെപ്പറ്റി റിപ്പോർട്ടു ചെയ്യുന്നതിനു അവർക്കു സഭയിൽ ഹാജരാകേണ്ടിയിരിക്കുന്നു. നിയമസഭായോഗങ്ങൾക്കു മുൻപും അതിനിടയിലും ലെജിസ്ലേറ്റീവു സെക്ഷനിലുള്ള ക്ലാർക്കന്മാർക്കും എല്ലാ റിപ്പോർട്ടർമാർക്കും വളരെ കൂടുതൽ ജോലി ചെയ്യുവാനുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം). ഈ സ്റ്റെനോഗ്രാഫർമാർക്കുവേണ്ടി ഹജൂർ സിക്രട്ടേറിയറ്റിൽ യഥാർത്ഥത്തിൽ ഇരിക്കുന്നതിനു സ്ഥാനങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ എന്നു ദയവുചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി). ഉണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിലും) . അവർ നിൽക്കുകയാണോ ചെയ്യുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി). അങ്ങിനെ അല്ല. അവർക്കു ഇരിക്കുന്നതിനു സ്ഥാനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം), അവർ മുറയ്ക്കു ആഫീസിൽ ഹാജരാകുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി). അവർ മുറപ്രകാരം ചെയ്യുന്നുണ്ട്. ലെജിസ്ലേറ്റീവ് സെക്ഷനിൽ ഹാജരാകുന്നതിനെ സംബന്ധിച്ചിടത്തോളം, ക്ലാർക്കന്മാരും ചുരുക്കെഴുത്ത് റിപ്പോർട്ടർമാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. റിപ്പോർട്ടർമാരുടെ പേരുകളും ഹാജർബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാദിവസത്തിലും അവർ ഹാജർബുക്കിൽ ഒപ്പിടണം. എന്നാൽ ക്ലാർക്കന്മാരും സ്റ്റെനോഗ്രാഫർമാരും തമ്മിൽ ഒരു വ്യത്യാസമുണ്ട്. അതിനെക്കുറിച്ചു ഞാൻ ഇപ്പോൾ പറയാൻ പോകുകയാണ്. മുറപ്രകാരമുള്ള ഉദ്യോഗക്കയറ്റങ്ങൾ കിട്ടുന്നതിനു ഇടയാകത്തക്കവണ്ണം ക്ലാർക്കന്മാരുടെ ഗ്രേഡിൽ ഈ സ്റ്റെനോഗ്രാഫർമാരെ നിയമിക്കുന്നതിനു ഉദ്ദേശിച്ചു. അതായത് ൩൦ രൂപാമുതൽ ൭൦ രൂപാവരെയും അതിനുശേഷം ൭൫ രൂപാമുതൽ ൧൦൦ രൂപാവരെയും, അനന്തരം ൧൦൦ രൂപാമുതൽ ൧൨൫ രൂപാവരെയും ശമ്പളമുള്ള ഉദ്യോഗങ്ങളിലും, പിന്നീട് സൂപ്രണ്ടന്മാരായോ, അല്ലെങ്കിൽ, കഴിയുന്നപക്ഷം മജിസ്ട്രേട്ടന്മാരായോ നിയമിച്ച പുരോഗതിയുണ്ടാക്കുകയോ ചെയ്യുന്നതിനു ശ്രമിച്ചു. എന്നാൽ ഈ കാര്യത്തിൽ പ്രായോഗികവിഷമതകൾ ഉണ്ടെന്നു കാണപ്പെട്ടു എന്തുകൊണ്ടെന്നാൽ ഈ റിപ്പോർട്ടർമാരുടേയും ക്ലാർക്കന്മാരുടേയും സ്ഥിരമായ സർവീസ് പദ്ധതിയതികളിലാണ് ആരംഭിക്കുന്നത്. അതിനാൽ റിപ്പോർട്ടർമാരുടെ ശമ്പളത്തിന്റെ സ്കെയിൽ അനുസരിച്ച് ആദ്യമായികിട്ടുന്ന ശമ്പളത്തിൽ അവരെ സ്ഥിരപ്പെടുത്തുന്നതീയതി അനുസരിച്ച ക്ലാർക്കന്മാരുടെ ഗ്രേഡിൽ റിപ്പോർട്ടർമാർക്ക് സ്ഥാനങ്ങൾ നൽകുന്നപക്ഷം, ആക്ടിംഗ് ക്ലാർക്കന്മാരെന്നനിലയിൽ മുൻകൂട്ടിസിക്രട്ടേറിയറ്റിൽ പ്രവേശിച്ചിട്ടുള്ള ക്ലാർക്കന്മാരെ അപേക്ഷിച്ച് ഇവർക്കും ഉയർന്നസ്ഥാനം ലഭിക്കുന്നതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം ആയതു ചില ക്ലാർക്കന്മാരെ സംബന്ധിച്ചിടത്തോളം, സങ്കടത്തിനു കാരണമാകുമെന്ന് കാണപ്പെട്ടു; അതിനാൽ ഇവിടെ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ എന്നനിലയിൽ ജോലി സ്വീകരിക്കുന്നതി

ന്ന അവരെ പ്രേരിപ്പിക്കത്തക്കവണ്ണമുള്ള ഒരു ശമ്പളസ്കെയിൽ അനുസരിച്ചു പ്രത്യേകമായ ഒരു ഗ്രേഡിൽ അവരെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു തീരുമാനിക്കപ്പെട്ടു. അവർ ബി. എ. കാരാണു, കൂടാതെ ചുരുക്കെഴുത്തിൽ അവർ കൂടിയ പരീക്ഷ ജയിച്ചിട്ടുമുണ്ടു്. ഇതു ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുള്ളതാണു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അവർ ഇപ്പോൾ സ്ഥിരമായ ജോലി സ്വീകരിക്കുന്നില്ലേ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): അവരിൽ ഒരാൾ മദ്രാസിലേക്കു പോയിട്ടുണ്ടു്. പബ്ലിക്ക് [illegible]അന്വേഷണകമ്മിററിയുടെ ഒരു സ്റ്റെനോഗ്രഫർ ആയിട്ടാണു് അയാൾ പോയിരിക്കുന്നതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇവിടത്തെ സ്ഥിരമായ ജോലി കളഞ്ഞിട്ടാണോ അയാൾ പോയിരിക്കുന്നതു്?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): അല്ല. അയാൾ അവധിയിലാണു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അയാൾ അവധിയിലായിട്ട് ഇപ്പോൾ എത്ര കാലമായി?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): ഏകദേശം ഏഴു മാസമായി അയാൾ അവധിയിലാണു. എന്തെങ്കിലും സ്ഥിരമായ ജോലി അവിടെ ലഭിക്കുന്നതുവരെ, അയാളുടെ ഇവിടത്തെ സ്ഥിരമായ ജോലി അയാൾ ഉപേക്ഷിക്കയില്ല.

സർ, ഞാൻ പറഞ്ഞതുപോലെ ബി-എ. കാരിൽ ഒരാൾ മദ്രാസിലേക്കു പോയിട്ടുണ്ടു്. റിപ്പോർട്ടർമാരുടെ കൂട്ടത്തിൽ നമുക്കു ഒരു ബി-എ. കാരൻ മാത്രമേ ഉള്ളു. അയാളും പോയേക്കാൻ ഇടയുണ്ടു്. ചുരുക്കെഴുത്തു റിപ്പോർട്ടർമാർക്കു നാം ഇപ്പോൾ കുറഞ്ഞ ശമ്പളമാണു കൊടുക്കുന്നതു്. അതിനാൽ ഈ ശമ്പളത്തിന്മേൽ ഇവിടെ റിപ്പോർട്ടർമാർ ജോലിനോക്കുന്നതിനു നാം പരസ്യം പ്രസിദ്ധപ്പെടുത്തിയാൽതന്നെയും യോഗ്യതയും ശേഷിയുമുള്ള റിപ്പോർട്ടർമാരെ കിട്ടുന്നതിനു ആശിക്കാൻ നിവൃത്തിയില്ല. ചുരുക്കെഴുത്തിൽ ഇപ്രകാരം കൂടിയ യോഗ്യതസമ്പാദിച്ചിട്ടുള്ള ബി. എ. കാരേയോ ബി. എൽ. കാരേയോ ലഭിക്കുന്നതിനു വളരെ വിഷമമുണ്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ശമ്പളംകൂട്ടുന്നതിനു ഗവർമെന്റു് ഉദ്ദേശിക്കുന്ന ഈ രണ്ടു പേരും ചെയ്യുന്ന ജോലിയും, ൩൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളമുള്ള മററു അഞ്ചു ചുരുക്കെഴുത്തു റിപ്പോർട്ടർമാരും ചെയ്യുന്ന ജോലിയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നു പണ്ഡിതനായ ചീഫ്സെക്രട്ടറി പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ് സെക്രട്ടറി): അവർ ചെയ്യുന്ന റിപ്പോർട്ടിംഗ് ജോലിയെ സംബന്ധിച്ചു വലുതായ വ്യത്യാസമുണ്ടെന്നു പറയുവാൻ പാടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): വലുതായ വ്യത്യാസമില്ലെന്നു പറഞ്ഞുവല്ലോ, എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നു പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): ഹയർഗ്രേഡു റിപ്പോർട്ടർമാരും മററു റിപ്പോർട്ടർമാരും എടുക്കുന്ന നടപടി പകർപ്പുകളെ സംബന്ധിച്ചു വളരെ വ്യത്യാസമുള്ളതാകുന്നു. അവർക്കു കല്പിച്ചിട്ടുള്ള ജോലി മിക്കവാറും ഒരുപോലെ ഉള്ളതാകുന്നു. എങ്കിലും അവർ തമ്മിൽ ജോലിയെ സംബന്ധിച്ചിടത്തോളം, വളരെ വ്യത്യാസം ഉണ്ടു.

സർ, ഈ റിപ്പോർട്ടർമാർ ബി-എ. ക്കാരോ ബി-എൽ. കാരോ ആകുന്നു. അവർക്കു കൂടുതൽ പ്രോത്സാഹനം നൽകത്തക്ക പക്ഷം അവർ ഇവിടെ ഇരുന്നു ജോലിചെയ്യുമെന്നു നമുക്കു ആശിക്കാൻ പാടില്ലാത്തതാകുന്നു. ഈ സംഗതി ഇതിനു മുൻപുതന്നെ ഞാൻ ബോധിപ്പിച്ചിട്ടുള്ളതാണു. ഇപ്പോൾ ഈ ജോലി ചെയ്യുന്നവർ അതു വിട്ടുപോകുന്നപക്ഷം ബി-എ ക്കാരായ മററു ചുരുക്കെഴുത്തുകാരെ ഈ സ്ഥാനങ്ങളിൽ നിയമിക്കുന്നതിനു നമുക്കു ലഭിക്കയില്ല. ഇതാണു ഈ കാര്യത്തിലുള്ള വിഷമത. ൩൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളമുള്ള ഉദ്യോഗത്തെ ൬൫ രൂപാമുതൽ ൧൦൦ രൂപാ വരെ ശമ്പളമുള്ളതാക്കുകയും, ൭൦ രൂപാമുതൽ ൧൦൦ രൂപാവരെ ശമ്പളമുള്ള ഉദ്യോഗത്തെ ൧൦൦ രൂപാമുതൽ ൧൨൫ രൂപാ വരെ ശമ്പളമുള്ളതാക്കുകയും, ചെയ്യുന്നതിനാണു ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതു. മേൽപറഞ്ഞ കുറഞ്ഞതായ ശമ്പളത്തെ ഇപ്രകാരം അല്പമായി വർദ്ധിപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ളതു. ക്ലാർക്കുമാരുടെ സാധാരണ [illegible] അവർക്കു ശരിയായ സ്ഥാനങ്ങൾ നൽകുന്നതിൽ പ്രായോഗികമായ വിഷമതയുണ്ടു്. ശമ്പളം വർദ്ധിപ്പിക്കുന്നതിനു ഇതു മറെറാരു കാരണമാകുന്നു. രണ്ടാംഗ്രേഡ് ക്ലാർക്കുമാരുടെയും മൂന്നാം ഗ്രേഡു ക്ലാർക്കുമാരുടേയും സ്കെയിലുകളുടെ നിലയ്ക്കനുസരണമായി ഈ റിപ്പോർട്ടർമാരുടെ സ്കെയിലും ആക്കുന്നതിനായിട്ടാണു ഈ നിർദ്ദേശം ഇപ്പോൾ ചെയ്തിരിക്കുന്നതു്. ഇപ്പോൾ ചെയ്തിട്ടുള്ള നിർദ്ദേശം ശമ്പളത്തെ അല്പമായിട്ടു കൂട്ടുന്നതിനു മാത്രമാകുന്നു. ഇപ്പോഴുള്ള ബിരുദധാരികൾ ഈ ഉദ്യോഗങ്ങൾ ഉപേക്ഷിക്കുന്നപക്ഷം, അവരുടെ സ്ഥാനങ്ങളിൽ ബിരുദധാരികളല്ലാത്ത ചുരുക്കെഴുത്തുകാരെ നിയമിക്കേണ്ടിവരും. ഇതിനു സംശയമില്ല. ഈ സംഗതിയെ പററി ഈ സഭ പര്യാലോചിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

മി. എസ്സ്. പി. ശിവരാമപിള്ള (കച്ചവടവും-വ്യവസായവും, തൊഴിൽ). സർ, ഷാർട്ട്ഹാൻഡ് റിപ്പോർട്ടർമാരുടെ ജോലി ബുദ്ധിമുട്ടുള്ള ഒന്നാണെന്നും അവർക്കു ശരിയായ പ്രതിഫലം നൽകേണ്ടതാണെന്നും ഉള്ള സംഗതികൾ ഇപ്പോഴെങ്കിലും ഗവർമെന്റിനു ബോദ്ധ്യമായിട്ടുണ്ടെന്നു കാണുന്നു. ഈ കാര്യത്തിൽ എനിക്കുള്ള സന്തോഷം ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. സർ, ഈ റിപ്പോർട്ടർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു ചെയ്തിട്ടുള്ള നിർദ്ദേശത്തിന്റെ കാര്യത്തിൽ ഞാൻ വിസമ്മതം കാണിക്കയില്ല. എന്നാൽ ബിരുദധാരികളായ ചുരുക്കെഴുത്തു റിപ്പോർട്ടർമാരേയും ബിരുദധാരികളല്ലാത്ത ചുരുക്കെഴുത്തു റിപ്പോർട്ടർമാരേയും വ്യത്യാസമായനിലയിൽ ഗണിക്കുന്നതിനു ആഗ്രഹിക്കുന്നു. ഇവരെ ഇപ്രകാരം ഗണിക്കുന്നതിനുള്ള കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. സർ, ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ജോലി സാങ്കേതികസ്വഭാവമുള്ള ഒന്നാണെന്നു് പണ്ഡിതനായ ചീഫ്സെക്രട്ടറി ഇവിടെ പ്രസ്താവിച്ചു. എന്റെ ഓർമ്മ ഇപ്രകാരമാണു്. സർ ഈ സ്ഥിതിക്കു ബിരുദധാരിയായ ചുരുക്കെഴുത്തു് റിപ്പോർട്ടറിനേയും ബിരുദധാരിയല്ലാത്ത ചുരുക്കെഴുത്തു റിപ്പോർട്ടറിനേയും സംബന്ധിച്ചു വ്യത്യാസമായി ഗണിക്കേണ്ട ആവശ്യമെന്താണു? ബിരുദധാരിയായ ഒരു

ചുരുക്കെഴുത്തു റിപ്പോർട്ടർ ഇവിടെ ഉണ്ടു. ബിരുദധാരിയല്ലാത്ത ഒരു റിപ്പോർട്ടർ മറെറാന്നുമുണ്ട്. അവരിൽ ഓരോരുത്തരും ഏകദേശം ഇരുപതോ മുപ്പതോ മിനിട്ടു നേരത്തേക്കു ജോലിചെയ്യുകയും അതിനു ശേഷം എഴുതിട്ടുള്ളതു പകർത്തി എടുക്കുന്നതിനു പുറത്തു പോകുകയും ചെയ്യുന്നു. അതിനാൽ ഇടത്തുദ്യോഗത്തിരിക്കുന്ന റിപ്പോർട്ടർക്കു മാത്രം ശമ്പളംകൂടുതൽ നല്കുകയും വലതുദ്യോഗത്തിരിക്കുന്ന ആളിനു ശമ്പളംകൂടുതൽ നല്കാതിരിക്കയും ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു എനിക്കറിയാൻ പാടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെൻറു ചീഫ്സെക്രട്ടറി). ബി. എ. ക്കാരുടേയും ബിരുദനേടിയിട്ടുള്ളവരുടേയും ശമ്പളവും അവർക്കു രാവിയിൽ ലഭിക്കുന്ന കയററവും ബിരുദധാരികളല്ലാത്തവർക്കുള്ളതിനു തുല്യമായിരിക്കണമെന്നാണോ മെമ്പർ ഉദ്ദേശിക്കുന്നതു?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു). ബി. എൽ ജയിച്ചിട്ടുള്ള ആളുകൾ ഗവർമെൻറിൻെറ കീഴിൽ തങ്ങൾക്കുള്ള ഉദ്യോഗങ്ങളെ ഉപേക്ഷിച്ചു ശ്രേയസ്കരമായ വക്കീൽപണിയിൽ പ്രവേശിക്കട്ടെ. ഇതിൽ എനിക്കു യാതൊരു വിസമ്മതവുമില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമെൻറു ചീഫ്സെക്രട്ടറി). ഈ ലോകത്തിൽ ബിരുദ നേടിയിട്ടുള്ളവർക്കും അല്ലാത്തവർക്കും ഉള്ള നിലയെയും അവർക്കു മാവിൽ ഉണ്ടാകാവുന്ന നിലയെയും പററി വ്യത്യാസമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ വസ്തുത മെമ്പറിനു ബോദ്ധ്യമില്ലേ?

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്കു). അതു എനിക്കറിയാം. എന്നാൽ ഇപ്പോൾ ഈ വിഷയത്തെപ്പററിയല്ല നാം ചിന്തിക്കുന്നതു. റിപ്പോർട്ടുകൾ ചുരുക്കി എഴുതേണ്ടതു ആവശ്യമാകുന്നു. അവർ ബി. എക്കാരോ ബി. എക്കാർ അല്ലാത്തവരോ, എം. എ. ക്കാരോ, എം. ബി. സി. എം. കാരോ ബി. എൽ. കാരോ, ഹോമിയോക്കാരോ ആരായാലും നാം അവരുടെ വിശേഷയോഗ്യതകളെപ്പററി ഗണിക്കേണ്ട ആവശ്യമില്ല.

സർ, ലെജിസ്ലേററിവ് അസംബ്ലിയിലെ ചുരുക്കെഴുത്തു റിപ്പോർട്ടർമാരുടെ ശമ്പളം, ഇവിടെ ഉള്ളതിനെ അപേക്ഷിച്ചു വളരെ കൂടുതൽ ആണെന്നു പണ്ഡിതനായ ചീഫ്സെക്രട്ടറി പ്രസ്താവിച്ചു. എന്നാൽ അവിടെ ബി. എക്കാർ അല്ലാത്ത റിപ്പോർട്ടർമാർക്കു തന്നെയും ൨൦൦ രൂപാമുതൽ ൭൦൦ രൂപാവരെ ശമ്പളം നല്കിവരുന്നു എന്നു അദ്ദേഹം പ്രസ്താവിച്ചു. ബിരുദധാരികളുടേയും ബിരുദനേടിയിട്ടില്ലാവരുടേയും കാര്യത്തിൽ അവിടെ പോലും യാതൊരു വ്യത്യാസവും അവർകല്പിക്കുന്നില്ല. ലെജിസ്ലേററിവ് അസംബ്ലിയിൽ ൧൨ റിപ്പോർട്ടർമാർ ഉള്ളതിൽ ൨ പേർ മാത്രം ബി. എക്കാർ ആകുന്നു. മററുള്ള ൧൦ പേർക്കു ലഭിക്കുന്ന ശമ്പളം മാത്രമേ അവർക്കും ലഭിക്കുന്നുള്ളൂ. ചുരുക്കെഴുത്തിൽ ൧൨൦ വാക്കുകൾ എഴുതുന്നതിനു വേണ്ട വേഗത്തെ സംബന്ധിച്ചുള്ള പരീക്ഷയിൽ അവരെല്ലാവരും ജയിക്കേണ്ട നിർബന്ധമുണ്ടായിരുന്നു. ചുരുക്കെഴുത്തു റിപ്പോർട്ടർമാരെ സംബന്ധിച്ചിടത്തോളം, ഇതാണു നമുക്കു ആവശ്യമായിട്ടുള്ളതു. അവർ ബി.എ-യോ, എം. എ-യോ ബി. എൽ പരീക്ഷയോ ജയിച്ചിട്ടുണ്ടോ എന്നു നാം നോക്കേണ്ടകാര്യമല്ല. മൈസൂരിലും തന്നെയും ബി. എക്കാരായ ചുരുക്കെഴുത്തു റിപ്പോർട്ടർമാരും ബി. എ ക്കാരല്ലാത്ത ചുരുക്കെഴുത്തു റിപ്പോർട്ടർമാരും തമ്മിൽ വ്യത്യാസമായ നിലയിൽ ഗണിച്ചുവരുന്നില്ല. ഇതുപോലെ തന്നെ മദ്രാസിലും ബി. എ ക്കാർ അല്ലാത്ത റിപ്പോർട്ടർമാർക്കും ഈ സ്കെയിൽ അനുസരിച്ചുള്ള ശമ്പളം നല്കിവരുന്നു. പണ്ഡിതനായ ചീഫ്സെക്രട്ടറി ഈ കാര്യത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതാണു, ഉദ്യോഗത്തിൽ ആദ്യമായി നിയമിക്കുന്ന അവസരത്തിൽ നല്കുന്നശമ്പളത്തെ സംബന്ധിച്ചിടത്തോളം. ബി. എ ക്കാരനായ ഒരു റിപ്പോർട്ടരും ബി. എക്കാരനല്ലാത്ത ഒരു റിപ്പോർട്ടരും തമ്മിൽ യാതൊരു വ്യത്യാസവുമുള്ളതായി ഗണിക്കപ്പെടുന്നില്ല. ആ സ്ഥിതിക്കു അവർക്കു എന്തുകൊണ്ടു തുല്യമായ ശമ്പളം നല്കാൻ പാടില്ല?

സർ, പാർലിമെൻറു സഭയിൽപോലും റിപ്പോർട്ടരിൻെറ ശമ്പളം ൩൦ പവനാണ്. ബി. എ ജയിച്ചിട്ടുള്ളവരും ബി. എ. ജയിച്ചിട്ടില്ലാത്തവരും തമ്മിൽ യാതൊരു വ്യത്യാസവും അവർ കല്പിക്കുന്നില്ല. അതിനാൽ എനിക്കു ബോധിപ്പിക്കുവാനുള്ള സംഗതി ഇത്രമാത്രമാണു. ഈ ചുരുക്കെഴുത്തു റിപ്പോർട്ടർമാർ എല്ലാപേരും ഒരേ തരത്തിലുള്ളതും ഒരേ വലിപ്പത്തിലുള്ളതും ആയ ജോലി ചെയ്യുന്നുണ്ടു. ആ സ്ഥിതിക്കു ഇതിനു തുല്യമായവിധത്തിൽ അവരോടു പെരുമാറേണ്ടതാണ്.

സർ, ഈ വിഷയത്തിൻെറ പ്രാധാന്യത്തെ സംബന്ധിച്ചു ഇപ്പോഴെങ്കിലും ഗവർമെൻറിനു ബോദ്ധ്യമായിട്ടുണ്ടെന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ബി. എക്കാരോടുകാണിക്കുന്നദയവു ബി. എ. ക്കാർ അല്ലാത്തവരുടെ പേരിലും ഉണ്ടായിരിക്കണമെന്നു മാത്രമേ ഞാൻ ഗവർമെൻറിനോടപേക്ഷിക്കുന്നുള്ളൂ.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പ്രസ്താവിച്ച അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ചുരുക്കെഴുത്തു റിപ്പോർട്ടർമാരെ സംബന്ധിച്ചു വ്യത്യസ്തമായി യാതൊരുതരത്തിലും ഗണിക്കാൻ പാടില്ലെന്നാണു ഞാനും വിചാരിക്കുന്നതു. അവരെല്ലാവരും ഒരേതരത്തിലുള്ള ജോലിയാണു ചെയ്യുന്നതു. അതിനാൽ അവർക്കെല്ലാവർക്കും അവർ അർഹിക്കുന്നവിധം പ്രോത്സാഹനം നല്കേണ്ടതാണു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഒരു വാക്കു ബോധിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഫിനാൻസുകമ്മററിയിലെ അംഗങ്ങൾ ഈ നിർദ്ദേശത്തെ സ്വീകരിച്ചിട്ടില്ല. ഫിനാൻസ്കമ്മററിയെ നിയമസഭ തിരഞ്ഞെടുത്തിട്ടുള്ളതാണ്. അപ്രകാരമുള്ള ഈ നിർദ്ദേശത്തെ ഈ സഭ മുമ്പാകെ ഹാജരാക്കി കമ്മററിയെ അധിക്ഷേപിക്കണമെന്നുള്ളപക്ഷം ഗവർമെൻറിൻെറ ഈ പ്രവൃത്തിയെ സംബന്ധിച്ചു ഈ സഭ വളരെ ഗൌരവമായി ചിന്തിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ബഡ്ജററിൻെറ പകർപ്പുകൾ നമുക്കു മുൻകൂട്ടി നൽകുകയും നമ്മുടെ അഭിപ്രായങ്ങൾ അറിയുകയും, അനന്തരം അവയെ നിസ്സാരമായി ഗണിക്കുകയും ചെയ്യുന്നതിൽ യാതൊരർത്ഥവുമില്ല. ഈ ഉപക്ഷേപത്തെപ്പററി വോട്ടു ചെയ്യുന്ന അവസരത്തിൽ ഈ സംഗതിയുടെ പ്രസ്തുത അവസ്ഥയെപ്പററി സഭ പര്യാലോചിക്കേണ്ടതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഉപക്ഷേപം സ്വീകരിക്കണമെന്നു ഞാൻ നിർബന്ധിച്ചുകൊള്ളുന്നു. ചീഫ് സെക്രട്ടറി ചെയ്തിട്ടുള്ള പ്രസംഗത്തിനെ സംബന്ധിച്ചിടത്തോളം ഒരു മറുപടി പറയത്തക്കവിധത്തിലധികം കാര്യങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പ്രസംഗം ചെയ്യണമെന്നു ഞാൻ കരുതുന്നുമില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ബിരുദധാരികളായ റിപ്പോർട്ടർമാരുടെയും ബിരുദധാരികളല്ലാത്ത റിപ്പോർട്ടർമാരുടെയും ശമ്പളക്കാര്യത്തിൽ വ്യത്യാസമെന്തുള്ള വിഷയം ഒഴിച്ചു മറുപടിയായി എനിക്കധികം ഒന്നും പ്രസ്താവിക്കുവാനില്ല. ഇവരുടെ കാര്യത്തിൽ ഒരു വ്യത്യാസം കല്പിച്ചിരിക്കുന്നതു എന്തിനായിട്ടാണെന്നു സാമാജികന്മാർ ചോദിക്കയുണ്ടായി. ഒന്നാമതായി ഒരു സംഗതി എനിക്കു പ്രസ്താവിക്കുവാനുണ്ടു. അതു താഴെപ്പറയുന്നതാണ്. ചുരുക്കെഴുത്തിനു ഫോണോഗ്രാഫി എന്നോ അല്ലെങ്കിൽ ശബ്ദത്തിനെ അടിസ്ഥാനപ്പെടുത്തി എഴുതുന്ന ഒരു സമ്പ്രദായം എന്നോ ആണു പറഞ്ഞുവരുന്നതു. അതായതു ഒരാൾ സംസാരിക്കുന്ന അവസരത്തിൽ ഓരോ അക്ഷരങ്ങൾ മുഖേന അയാൾ പുറപ്പെടുവിക്കുന്ന ശബ്ദത്തെ നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു.

മി: എസ്. പി. വി. പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും തെക്ക): മറ്റു നിയമസഭകളിൽ അപ്രകാരമല്ലേ പ്രവർത്തിച്ചുവരുന്നതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അവിടെയും അപ്രകാരമായിരിക്കാം ചെയ്യുന്നതു. നോട്ടുകളെ പകർത്തുന്ന വിഷയത്തിൽ ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ച അവർക്കുള്ള പരിജ്ഞാനം അവരെ വളരെ സഹായിക്കുന്നതാണു. ചില വാക്കുകൾ നിശ്ചിതസമയത്തു എഴുതുന്നതിനുള്ള വേഗം ബിരുദധാരി അല്ലാത്ത ഒരാൾക്കു ഉണ്ടായി എന്നു വന്നേക്കാം. എന്നാൽ അയാളുടെ എഴുത്തിന്റെ പകർപ്പു പൂർണ്ണമായും ഉപയോഗശൂന്യമായി തീരാൻ ഇടയുള്ളതാണ്. നിശ്ചിതസമയത്തിൽ ചില വാക്കുകളോ അതിൽ കുറവുള്ളതോ എഴുതുന്നതിനുള്ള വേഗം ഒരു ബിരുദധാരിക്കു ശരിയായി എഴുതുന്നതിനു പ്രാപ്തി ഉണ്ടായിരിക്കുന്നതും അയാൾ എടുക്കുന്ന പകർപ്പ് പ്രയോജനകരമായിത്തീരുന്നതും ആകുന്നു. വാചകങ്ങൾക്കു യോജിപ്പില്ലാതിരിക്കയോ ചില ഭാഗങ്ങൾ എഴുതാതെ വിട്ടിരിക്കയോ ചെയ്തിരുന്നാൽ തന്നെയും ഇംഗ്ലീഷു ഭാഷയിൽ തനിക്കുള്ള പരിജ്ഞാനം ഹേതുവായി അവയെ പൂർത്തിയാക്കുന്നതിനു അയാൾക്കു സാധിക്കുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (കാർത്തികപ്പള്ളിയും-മാവേലിക്കരയും): അങ്ങിനെ ആണെങ്കിൽ ബിരുദധാരികളല്ലാത്തവരെ എന്തിനായിട്ടാണു നിങ്ങൾ നിയമിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ബിരുദധാരികളെ ലഭിക്കുന്നതിനു സാധിക്കാതിരുന്ന അവസരത്തിലാണു അവരെ നിയമിക്കപ്പെട്ടിട്ടുള്ളതു. ൨൦ പേർ ജോലി ലഭിക്കുന്നതിനു അപേക്ഷ അയക്കുകയുണ്ടായി. അവരെല്ലാവരും ബിരുദം നേടിയിട്ടില്ലാത്തവരായിരുന്നു. അവരെ പരീക്ഷിച്ചു നോക്കുകയും അവരിൽ ഏറ്റവും സമർത്ഥനെന്നു തോന്നിയ ആളിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ൫൦ രൂപാമുതൽ ൭൦ രൂപാവരെ ശമ്പളമുള്ള ഈ ഉദ്യോഗത്തിനു ആരാണ് ഈ ജോലി ചെയ്യാൻ തയ്യാറാകുന്നതു? ചുരുക്കെഴുത്തിൽ അഡ്വാൻസ്ഡ് ജയിച്ചിട്ടുള്ളവരോ നിയമബിരുദം നേടിയിട്ടുള്ള യാതൊരാളും ഈ ജോലി ലഭിക്കുന്നതിനു തിരക്കുകയില്ല. പല്ലാ ബിരുദധാരികളും ചുരുക്കെഴുത്തു ജോലിയിൽ പ്രവേശിക്കയില്ല. ചുരുക്കെഴുത്തു ജോലിക്കു വളരെ കുറഞ്ഞ ശമ്പളം മാത്രമേ നൽകുന്നുള്ളു. ഭാവിയിൽ ഉയർച്ചയെ പ്രതീക്ഷിക്കുന്നതിനു ഈ ജോലി സഹായിക്കുന്നതല്ല. അതിനാൽ ഈ തൊഴിൽ സ്വീകരിക്കുന്ന ചില ആളുകൾപോലും അതിനെ സ്ഥിരമായ നിലയിൽ സ്വീകരിക്കപ്പെട്ടു വരുന്നില്ല.

മി: എസ്. പി. വി. പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): മറ്റു നിയമസഭകളിൽ ഈ റിപ്പോർട്ടർമാരുടെ ശമ്പളത്തെ സംബന്ധിച്ച യാതൊരു വ്യത്യാസവും കല്പിക്കപ്പെട്ടിട്ടില്ല. അതിനുള്ള കാരണം എന്താണെന്നു പണ്ഡിതനായ ചീഫ് സെക്രട്ടറി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്പോൾ അവരുടെ കാര്യത്തിൽ യാതൊരു വ്യത്യാസവും കല്പിക്കപ്പെട്ടിട്ടില്ല. എന്നാൽ വ്യത്യാസമുണ്ടായിരിക്കേണ്ടതാണ്. അവർ അവിടെ ഒരു വ്യത്യാസം കല്പിക്കേണ്ടതാണ്.

ശബ്ദങ്ങളെ രേഖപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം, ചുരുക്കെഴുത്തു, എട്ടിലൊരു ഭാഗം മാത്രമേ സഹായിക്കുന്നുള്ളു. എട്ടിൽ ഏഴുഭാഗവും ഇംഗ്ലീഷിന്റെ പരിജ്ഞാനം കൊണ്ടു ലഭിക്കേണ്ടതാണ്. പ്രസംഗത്തിന്റെ റിപ്പോർട്ടു ശരിയായ വിധത്തിൽ രേഖപ്പെടുത്തുന്നില്ലെന്നു അപ്പോഴപ്പോൾ നിങ്ങൾ ഇവിടെ പരാതിപ്പെടുന്നുണ്ടു. ഈ സംഗതിയെപ്പറ്റി പരിശോധന ചെയ്യുന്ന പക്ഷം പത്തിനൊന്നു ബി. എ. ക്കാരല്ലാത്തവരുടെ റിപ്പോർട്ടിനെ സംബന്ധിച്ചായിരിക്കും പരാതികൾ ഉണ്ടാകുന്നതെന്നു തെളിയുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഫിനാൻസ് കമ്മറ്റിയിൽ അനൌദ്യോഗസ്ഥസാമാജികന്മാർ ചെയ്തിട്ടുള്ള പ്രതികൂലാഭിപ്രായങ്ങളെ ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഏതു കാര്യങ്ങളെ കുറിച്ചുള്ള അഭിപ്രായങ്ങളാണു?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഏതിനെയെങ്കിലും പറ്റി?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഫിനാൻസ് കമ്മറ്റിയിലെ അനൌദ്യോഗസ്ഥസാമാജികന്മാരുടെ അഭിപ്രായങ്ങളെ ബഹുമാനിക്കുന്നതിനായി അവരുടെ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളെ ഗവണ്മെന്റു ഉപേക്ഷിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്തതിനു ഉദാഹരണങ്ങൾ ഉണ്ടു.

മി. [illegible]ന്റെ പ്രസംഗം തുടർന്നുകൊള്ളുന്നു. ഇംഗ്ലീഷു ഭാഷയെ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനം വളരെ പ്രധാനമായ ഒരു സംഗതിയാകുന്നു. ഇംഗ്ലീഷു ഭാഷാജ്ഞാനം ആവശ്യമാണെന്നുള്ള പക്ഷം, സാമാന്യ യോഗ്യതയെപ്പറ്റി പരിഗണിക്കേണ്ടതാകുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും തെക്ക): ഇംഗ്ലീഷ്ഭാഷയിൽ ഒരാൾക്കുള്ള അറിവു എത്രമാത്രമാണെന്നുള്ളതു നിശ്ചയിക്കുന്നതിനുള്ള ഏകതോതു സർവകലാശാലായോഗ്യത മാത്രമാണോ എന്നു ദയവുചെയ്തു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതു നിശ്ചയിക്കുന്നതിനുള്ള ഒരു തോതു അതു മാത്രമാണു. നമുക്കു ലഭിക്കാൻ സാധിക്കുന്നമാർഗ്ഗത്തെ അനുസരിച്ചു പ്രവർത്തിക്കേണ്ടതാണു.

അതിനാൽ അയാൾ ബി. എ. ജയിച്ചിട്ടുള്ള ആളോ ബി. എൽ. ജയിച്ചിട്ടുള്ള ആളോ, എം. എ. കാരനോ ആയിരുന്നാൽ അയാൾക്കു കൂടുതൽ ശമ്പളം നൽകേണ്ടതാണു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ബിരുദ നേടിയിട്ടില്ലാത്ത റിപ്പോർട്ടർമാർക്കു സർട്ടിഫിക്കറ്റു ലഭിച്ചിട്ടില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഉണ്ടു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആരാണു ഇവ നൽകിയിട്ടുള്ളതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): മദ്രാസു ഗവണ്മെന്റു വക സാങ്കേതിക പരീക്ഷകൾ നടത്തുന്ന അധികാരികളാണ് നൽകിയിട്ടുള്ളതു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അവർക്കുള്ള കാര്യപ്രാപ്തിയെപ്പററി ബോദ്ധ്യപ്പെടുത്തിയിരിക്കുന്നപക്ഷം, അവർക്കു സർട്ടിഫിക്കററു നൽകുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ സംഗതി എപ്രകാരമാണെന്നുള്ളതിനെ ഞാൻ മെമ്പറിനെ അറിയിക്കാം. ചുരുക്കെഴുത്തിനെ സംബന്ധിച്ചു ഏററവും കൂടിയപരീക്ഷയിലെ ടെസ്റ്റ് ഒരു മിനിട്ടിൽ നൂറു വാക്കു എഴുതേണ്ട വേഗം സിദ്ധിച്ചിരിക്കണമെന്നതാണു. അതിനാൽ അദ്ധ്യേതാക്കൾ ഈ ടെസ്റ്റിനു ചേരുകയും അതു ജയിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു സഭയിലെ നടപടികളെ റിപ്പോർട്ടു ചെയ്യുന്നതിനു ഒരു മിനിട്ടിൽ നൂറു വാക്കുകൾ എഴുതുന്നതു മതിയാകുന്നതല്ലാ. ൧൦ പേർ ഈ പരീക്ഷയിൽ ജയിക്കുന്നു എന്നു വിചാരിക്കുക. ഇവരിൽ ൭ പേർക്കു ഒരു പ്രസംഗത്തെ ശരിയായി രേഖപ്പെടുത്തുന്നതിനു സാധിക്കയില്ല. അതിനാൽ ഒരു ബി. എ. കാരനോ ഒരു ബി. എൽ. കാരനോ നമുക്കു ലഭിക്കണമെന്നുള്ളപക്ഷം, നാം അവർക്കു ശരിയായ ശമ്പളം നൽകേണ്ടതും, ഈ ഉദ്യോഗം അവരെസംബന്ധിച്ചിടത്തോളം ആകർഷണീയമാക്കേണ്ടതുമാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സീനിയർ ആയ ചുരുക്കെഴുത്തു റിപ്പോർട്ടർ ബി. എ. കാരനോ ബി. എ. ജയിച്ചിട്ടില്ലാത്ത ആളോ എന്നുള്ളതു മെമ്പർ ദയവു ചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിനെപ്പററി ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ടു. ഞാൻ പറഞ്ഞിട്ടുള്ള പ്രസ്തുതസംഗതിയെപ്പററി മെമ്പർ ഗ്രഹിച്ചിട്ടില്ലായിരിക്കാം.

മി: വി. ചെല്ലംപിള്ള (തോവാള): തമിഴിൽ ചുരുക്കെഴുത്ത് റിപ്പോർട്ടർ ഇപ്പോൾ ഉണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): നമ്മുടെ പുരോഗതി ക്രമമായ വിധത്തിലുള്ളതായിരിക്കണം. തമിഴിൽ ചുരുക്കെഴുത്തു നിശ്ചയമുള്ള ഒരാൾ മാത്രമേ ഇപ്പോൾ ഉള്ളു. സഭാ നടപടികളെ രേഖപ്പെടുത്തുന്നതിനു അയാളെ ഉപയോഗിച്ചുവരികയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ നിർദ്ദേശങ്ങളെ സ്വീകരിക്കുന്നപക്ഷം സീനിയർ ഷാർട്ടുഹാൻഡ് റിപ്പോർട്ടറിന് ഏററവുംകൂടിയ ശമ്പളം ലഭിക്കുമോ എന്നുപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റുചീഫ് സിക്രട്ടറി): മെമ്പർ പറയുന്നതു് ഞാൻ കേൾക്കുന്നില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന കൂടിയ സ്കെയിൽ അനുസരിച്ചുള്ള ശമ്പളം ബി. എ. കാരനല്ലാത്ത ചുരുക്കെഴുത്ത് റിപ്പോർട്ടറിന് ലഭിക്കുമോ എന്ന് പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സിക്രട്ടറി): ലഭിക്കും. അതു അനുവദിക്കപ്പെടുന്നപക്ഷം ലഭിക്കുന്നതാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അത്ഥിതിക്ക് ബിരുദ് നേടിയിട്ടില്ലാത്തവർ കാര്യപ്രാപ്തി ഇല്ലാത്തവരാണെന്ന് മെമ്പർ പറയുന്നതു് എന്തുകൊണ്ടാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റുചീഫ് സിക്രട്ടറി): ഞാൻ അപ്രകാരം പറഞ്ഞില്ല. ബിരുദ്നേടിയിട്ടില്ലാത്തവരെല്ലാം കാര്യപ്രാപ്തിയില്ലാത്തവരാണെന്ന് ഞാൻ പറയുകയല്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കാര്യശേഷിയെ സംബന്ധിച്ചിടത്തോളം ബിരുദ് നേടിയിട്ടുള്ള ഒരാളും ബിരുദ് നേടിയിട്ടില്ലാത്ത ഒരാളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റുചീഫ് സിക്രട്ടറി): ഈ കാര്യത്തിൽ വളരെ വ്യത്യാസമുണ്ട്, ഈ സംഗതിയിൽ കാര്യപ്രാപ്തിയേയും കാര്യപ്രാപ്തിയില്ലായ്മയേയും ആശ്രയിച്ചല്ല ഇവർതമ്മിലുള്ള വ്യത്യാസം സ്ഥാപിക്കപ്പെടുന്നതു്, മെമ്പറിന്റെ ചോദ്യത്തിനു മറുപടിയായി ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു. താരതമ്യേന പറയുന്നപക്ഷം ബിരുദ്ധാരിക്കു തുല്യമായ പ്രാപ്തി ബിരുദ് നേടിയിട്ടില്ലാത്തയാൾക്കു ഇല്ലാതെയിരിക്കുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ബിരുദ്നേടിയ സാമർത്ഥ്യമുള്ള പുതുകഴിഞ്ഞു റിപ്പോർട്ടർമാരും കാര്യപ്രാപ്തിയില്ലാത്ത ബിരുദനേടിയിട്ടുള്ളവരും ഉണ്ടെന്നും ബിരുദ് നേടിയിട്ടില്ലാത്തവരിൽ തന്നെയും കാര്യപ്രാപ്തിയുള്ളവരും കാര്യപ്രാപ്തിയില്ലാത്തവരും ഉണ്ടെന്നും ആണോ ചീഫ് സിക്രട്ടറി പറയുന്നതിൽ നിന്നും ഞാൻ അർത്ഥമാക്കേണ്ടതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവണ്മെന്റ ചീഫ് സിക്രട്ടറി): കാര്യത്തിന്റെ സ്ഥിതി പൂർണ്ണമായി ഈ വിധത്തിലാണ് സ്ഥിതി ചെയ്യുന്നതു; ബിരുദ സമ്പാദിച്ചിട്ടുള്ളവരുടെ ഇടയിൽ തന്നെയും മൂന്നാം തരം ശമ്പളത്തെമാത്രം അർഹിക്കുന്ന ബി.എ.ക്കാരും കണ്ടേക്കാൻ ഇടയുണ്ട്. എന്നാൽ അവരുടെ ജ്ഞാനം വളരെ വിശേഷമായിരിക്കാം അവർ എടുക്കുന്ന പ്രസംഗങ്ങളുടെ പകർപ്പ് തീരെ പ്രയോജനശൂന്യമായിവന്നേയ്ക്കാം. അതിനാൽ ഹൈയർ ഗ്രേഡിനും ലോവർ ഗ്രേഡിനും തമ്മിൽ ഉള്ള ഈ വ്യത്യാസം ഈ കാരണത്താൽ ആണു കല്പിക്കപ്പെട്ടിരിക്കുന്നതു്.

കഴിയുമെന്നുള്ളപക്ഷം ഇവരെ സർവീസിൽ പ്രവേശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ നിർദ്ദേശം ഇവിടെ ചെയ്തിട്ടുള്ളതു്. കൂടിയശമ്പളം നൽകുന്നതിനുള്ള നിർദ്ദേശം ഇവിടെ ഹാജരാക്കിട്ടുള്ളതു് ഈ ഉദ്ദേശത്തോടുകൂടി ആകുന്നു. ബി. എ.ക്കാരായ മറ്റുക്ലാർക്കുമാർക്ക നൽകിവരുന്ന ഉദ്യോഗക്കയറ്റങ്ങൾ ഈ റിപ്പോർട്ടർമാർക്കും നിശ്ചയമായവിധത്തിൽ നൽകത്തക്കവണ്ണം ക്ലാർക്കുമാരെ സംബന്ധിച്ചുള്ള സാമാന്യക്രമത്തിൽ അവരെ നിയമിക്കുന്നതിനും നിവൃത്തിയില്ലാതിരിക്കുന്നു. മേൽപറഞ്ഞിട്ടുള്ള നിർദ്ദേശം ചെയ്യുന്നതിനു ഇതും ഒരു കാരണമാകുന്നു. ഈ കാര്യത്തെപറ്റി എനിക്കു ഇത്രമാത്രമേ പ്രസ്താവിക്കുവാനുള്ളു.

ഉപക്ഷേപം വോട്ടിനിടപ്പെട്ടു; ഇരുപത്തൊന്നു പേർ ഉപക്ഷേപത്തിനു അനുകൂലമായി വോട്ടുചെയ്തു; ഇരുപത്തൊന്നു മെമ്പർമാർ അതിനു പ്രതികൂലമായും വോട്ടുചെയ്തു

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഒരു പോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു,

ഒരു പോൾ എടുക്കപ്പെട്ടു; അതിന്റെ ഫലത്തെ താഴെകാണിച്ചിരിക്കുന്നു.

അനുകൂലകക്ഷികൾ ൨൨

(൧)	മി: എ. എസ്സ്. ദാമോദരനാശാൻ	(൧൨)	മി: കെ. മാധവൻപിള്ള
(൨)	,, ഏ. ജി. മേനോൻ	(൧൩)	,, എച്ച്. ബി. മഹമ്മദുറാവുത്തർ
(൩)	,, കെ. സി. കരുണാകരൻ	(൧൪)	,, മാത്യുമുരിക്കൻ
(൪)	,, കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	(൧൫)	,, ജി. പി. നീലകണ്ഠപ്പിള്ള
		(൧൬)	,, കെ. പി. നീലകണ്ഠപ്പിള്ള
(൫)	,, ആർ. കേശവപിള്ള		
(൬)	,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	(൧൭)	,, വി. ജെ. ഉമ്മൻ
(൭)	,, എൻ. കെ. കൃഷ്ണപിള്ള	(൧൮)	,, മുരുവേലിൽ പാച്ചുപിള്ള
(൮)	,, വി. എസ്സ്. കൃഷ്ണപിള്ള	(൧൯)	,, കെ. പത്മനാഭപണിക്കർ
		(൨൦)	,, എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
(൯)	,, തയ്യിൽ കുഞ്ഞിത്തൊമ്മൻ		
(൧൦)	,, ഏ. സി. കുര്യാക്കോസ്	(൨൧)	,, ആർ. രാമൻപിള്ള
(൧൧)	,, കെ. മാധവൻ	(൨൨)	,, ഏ. താണുപിള്ള

പ്രതികൂലകക്ഷികൾ ൨൧.

(൧)	മി: വി. ചെല്ലംപിള്ള	(൧൨)	മി: പി. എൻ. കൃഷ്ണപിള്ള
(൨)	,, സി. ഫ്രാൻസിസ്	(൧൩)	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
(൩)	,, റാവുബഹദ്ദൂർ കെ. എ. കൃഷ്ണയ്യങ്കാർ	(൧൪)	,, ടി. കെ. മാധവൻനായർ
(൪)	,, എൽ. എ. ലാംപാർഡു	(൧൫)	,, ഈ. ജി. മാക്ക്ഡൗൽപ്പെൻ
(൫)	,, എസ്സ്. പിറവിപെരുമാൾപിള്ള	(൧൬)	,, ആർ. നീലകണ്ഠപ്പിള്ള
(൬)	,, രേവതിനാൾ രാമവർമ്മരാജാ	(൧൭)	,, ജി. പരമേശ്വരൻപിള്ള
(൭)	,, വി. അരുണാചലമയ്യർ	(൧൮)	ഡാക്ടർ കെ. രാമൻതമ്പി
(൮)	,, എൽ. ഏ. ബിഷപ്പ്	(൧൯)	,, ടി. പി. രാമസുബ്ബയ്യർ
(൯)	,, ഐ. സി. ചാക്കോ	(൨൦)	,, എസ്സ്. സി. എച്ച്. റോബിൻസൺ
(൧൦)	,, ആർ. ധനുഷ്കോടിപിള്ള		
(൧൧)	,, പി. ഗോമതിനായകംപിള്ള	(൨൧)	,, ആർ. വൈദ്യലിംഗംപിള്ള

നിഷ്പക്ഷകക്ഷികൾ ൪

(൧)	മിസ്സസ്സ്, എലിസബത്തു് കുരുവിള	(൩)	മി: പി. എസ്സ്. മഹമ്മദ്
(൨)	മി: ഡി. ജോസഫ്	(൪)	,, കെ. ജി. പരമേശ്വരൻപിള്ള

അദ്ധ്യക്ഷൻ: ഉപക്ഷേപത്തിനെ അനുകൂലിച്ചു് ൨൨ മെമ്പർമാർ വോട്ട് ചെയ്തിരിക്കുന്നു. അതിനെ പ്രതികൂലിച്ചവരുടെ സംഖ്യ ൨൧ ആകുന്നു. ൪ പേർ നിഷ്പക്ഷനിലയെ അവലംബിച്ചിരിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് ഡിവിഷനൽ ഹെഡ് സർക്കാർ വക്കീൽ): സർ, കാസ്റ്റിംഗ് വോട്ടിനു പുറമെ പ്രസിഡന്റിനുള്ള വോട്ടിനെ അദ്ദേഹത്തിനു ഉപയോഗിക്കാവുന്നതാണ്

അദ്ധ്യക്ഷൻ: ഉപക്ഷേപം പാസ്സാക്കപ്പെട്ടു

ഉപക്ഷേപം പാസ്സാക്കിയതായി ഗണിക്കപ്പെട്ടു.

൨൧൮ മുതൽ ൨൨൦ വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ൨൧൭-ാം നമ്പർ ഉപക്ഷേപത്തിനു തുല്യമായിട്ടുള്ളവയാണു അതിനാൽ അവയെ അവതരിപ്പിച്ചിട്ടുള്ളതായി ഗണിക്കപ്പെട്ടില്ല.

മി: ആർ രാമൻപിള്ള

൨൫൭ ചുരുക്കെഴുത്ത് റിപ്പോർട്ടർമാരെ വേണ്ടി കൊള്ളിച്ചിട്ടുള്ള ൱൦൦ രൂപയിൽനിന്ന് ൫൭൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ചാക്കോസ്

൨൫൩. ചുരുക്കെഴുത്ത് റിപ്പോർട്ടർമാരെ വേണ്ടി കൊള്ളിച്ചിട്ടുള്ള ൱൦൦ രൂപയിൽ നിന്ന് ൫൭൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ചാക്കോസ്

൨൨൦. ചുരുക്കെഴുത്ത് റിപ്പോർട്ടർമാരെ വേണ്ടി കൊള്ളിച്ചിട്ടുള്ള ൱൦൦ രൂപയിൽ നിന്ന് ൫൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൨൫.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. പി. എസ്സ്. മേനോൻ

ഓരോരുത്തർക്കും ൨൦ രൂപാ ശമ്പളത്തിൽ രണ്ടു താൽക്കാലിക ക്ലാർക്കന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪൭൦ രൂപായിൽ നിന്ന് ൫൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൨൨.

മി: ഏ. താണുപിള്ള

എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൨൭൪൪൦ രൂപായിൽ നിന്ന് ഒരു രൂപാ കുറയ്ക്കണം.

(വർത്തമാനപത്ര റഗുലേഷൻ റദ്ദ് ചെയ്യുന്നതിനെ സംബന്ധിച്ചു ഉൽബോധിപ്പിക്കുന്നതിനു)

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ് സക്കർവക്കീൽ): സർ, എസ്റ്റാബ്ലിഷ്മെൻറിൻെറ കീഴിൽ ഈ ഉപക്ഷേപത്തെ ഹാജരാക്കാൻ പാടുള്ളതല്ലാ; അതിനാൽ ഇതു നിയമപ്രകാരമുള്ള നടപടിക്രമത്തിനു യോജിച്ചതല്ലാ.

അദ്ധ്യക്ഷൻ: ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം അതിനെപ്പററി പറഞ്ഞിട്ടുള്ള പത്രികയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്; ഈ ഉദ്ദേശം വർത്തമാനപത്രറഗുലേഷനെ റദ്ദ് ചെയ്യുന്നതിന് ഉൽബോധിപ്പിക്കണമെന്നുള്ളതാണ്. ഈ സംഗതിയെ എസ്റ്റാബ്ലിഷ്മെൻറ് എന്നുള്ള ഇനത്തിൻെറ കീഴിൽ ന്യായമായി ഉൾപ്പെടുത്താവുന്നതല്ല. അതിനാൽ ... ...

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതിനെപററി ഞാൻ വിശദമായി പറയാം. വർത്തമാനപത്ര റഗുലേഷനെ നിയമപുസ്തകത്തിൽ ചേർത്തിരിക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറിനെ കുററപ്പെടുത്തുന്നതിനു ഞാൻ വിചാരിക്കുന്നു.

അദ്ധ്യക്ഷൻ: എന്നാൽ അതു "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൻ കീഴിൽ എങ്ങനെ ആണ് ഉൾപ്പെടുന്നതു്? ഈ കാര്യത്തിൽ "എസ്റ്റാബ്ലിഷ്മെൻറ്" ഏതുപ്രകാരമാണ് ഉത്തരവാദിയാകുന്നതു്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതി ഞാൻ വിവരമായി പറയാം. ഭൂനികുതി ഡിപ്പാർട്ടുമെൻറുവക ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ച അവസരത്തിൽ നടന്ന സംഗതികളെ പററി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ വിചാരിക്കുന്നു. ഭൂനികുതി ബഡ്ജററ് എന്ന ഇനത്തിൽ കീഴിൽ അവതരിപ്പിച്ച ഒന്നാമത്തെ ഉപക്ഷേപം, നീക്കിവെച്ചിട്ടുള്ള ൫൨൦൦൦ രൂപയിൽനിന്ന് ൫ രൂപാ കുറയ്ക്കണമെന്നുള്ളതായിരുന്നു. ആ അവസരത്തിൽ പുതുവൽ ഭൂമികൾ മററു സമുദായങ്ങൾക്ക് അനുവദിച്ചു കൊടുക്കുന്നതിൻെറ ഔചിത്യത്തെപററി വാദപ്രതിവാദം നടത്തുകയുണ്ടായി "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൻെറ കീഴിൽ ഉൾപ്പെട്ട ഒരു വാദപ്രതിവാദം നടത്തുന്നതിന് ഈ ഉപക്ഷേപത്തിന് അനുവാദം നൽകിയിട്ടുണ്ട്. ആ സ്ഥിതിക്കു "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൻെറ കീഴിൽ ഒരു കട്ടുമോഷനായി ഇതിനെ അവതരിപ്പിക്കുന്നതിനു അനുവാദം നൽകാൻ പാടില്ലാതിരിക്കുന്നതിൻെറ കാരണം എനിക്കു മനസ്സിലാകുന്നില്ലാ. അധികാരം കൂടാതെ പുതുവൽഭൂമിയിൽ പ്രവേശിക്കുന്നവരുടെപേരിൽ അവ പതിച്ചുകൊടുക്കുന്നുണ്ട്; ഇപ്രകാരം ഭൂമികൾ പതിച്ചു കൊടുക്കുന്നതിനെ, മേൽ പറഞ്ഞതുപോലെയുള്ള വിധത്തിൽ പ്രതിഷേധിച്ച് മി: രാമൻപിള്ള ഒരു ഉപക്ഷേപം ഹാജരാക്കീട്ടുണ്ട്. അതിൻെറ ശേഷം "എസ്റ്റാബ്ലിഷ്മെൻറിനു" നീക്കിവെച്ചിട്ടുള്ളതുകയെ അടിസ്ഥാനപ്പെടുത്തി ഭൂനികുതി ഡിപ്പാർട്ടുമെൻറിലെ ശിപായികൾക്കുള്ള ശമ്പളത്തെപററി വാദപ്രതിവാദം നടത്തിയിട്ടുണ്ട്. ശിപായികൾക്ക് നീക്കിവെച്ചിട്ടുള്ള തുക ഭൂനികുതിയും, ആദായനികുതിയും, കമ്മീഷണരുടെ ആഫീസ് എന്ന ഇനത്തിൻെറ കീഴിൽ ആണ് ഉൾപ്പെടുത്തിയിരുന്നതു്. ഇവിടെ ഹജൂർ സെക്രട്ടേറിയററ് "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തെപററിയാണ് നാം പരിശോധിക്കുന്നതു്.

ഇതിൻെറ ഉദ്ദേശം വർത്തമാനപത്രറഗുലേഷൻ റദ്ദ്ചെയ്യുന്നതിനെ സംബന്ധിച്ചു വാദപ്രതിവാദം നടത്തണമെന്നുള്ളതാണ്. സർ, ലാൻഡ്റവന്യൂ, ഭൂനികുതിയും, ആദായനികുതിയും, ഡിപ്പാർട്ടുമെൻറിലെ "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൻകീഴിൽ ഒരു ഉപക്ഷേപം ഹാജരാക്കി ഭൂമി പതിച്ചുകൊടുത്തുവരുന്ന ഗവണ്മെൻറിൻെറ നയത്തെപ്പററി വാദപ്രതിവാദം നടത്താൻ അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥിതിക്കു ഹജൂർസിക്രട്ടറിയേററിനുവേണ്ടിയുള്ള "എസ്റ്റാബ്ലിഷ്മെൻറ്" എന്ന ഇനത്തിൻകീഴിൽ ഗവണ്മെൻറിൻെറ നിയമനിർമ്മിതി സംബന്ധമായ നയത്തെപററി വാദപ്രതിവാദം നടത്തുന്നതിനു അനുവാദം നൽകിയിരിക്കുന്നതിൻെറ കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. വാസ്തവത്തിൽ ഈ സമ്പ്രദായം അനുസരിച്ച് എല്ലാ അവസരത്തിലും പ്രവർത്തിച്ചുവരുന്ന പണ്ഡിതനായ മാന്യമെമ്പർ, ഈ ആക്ഷേപം പുറപ്പെടുവിക്കുമെന്ന് ഞാൻ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ് സക്കർവക്കീൽ): സ്വന്തമായ നിലയിൽ സമാധാനമെന്ന നിലയിൽ ഒരു വാക്കു എനിക്കു പറയുവാനുണ്ട്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): എനിക്കു പ്രസ്താവിക്കുവാനുള്ളതു മുഴുവൻ പറയുന്നതിനു എന്നെ അനുവദിക്കുക, അതിൻെറ ശേഷം സ്വന്തമായി അദ്ദേഹത്തിനു പറയാനുള്ള സമാധാനം പറയാവുന്നതാണ്.

"എസ്റ്റാബ്ളിഷ് മെൻറിൻെറ' കീഴിൽ അപ്രകാരമുള്ള കാര്യങ്ങളെപ്പററി ഇവിടെ വാദപ്രതിവാദം നടത്തുന്നതിനു അനുവാദം നൽകപ്പെട്ടിട്ടുണ്ട്. ഒന്നാമത്തെ ദിവസത്തിൽതന്നെ ജ്യുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലേയും മററു ഡിപ്പാർട്ടുമെൻറുകളിലേയും ബഡ്ജററുകളെപ്പററി ചർച്ചചെയ്ത അവസരത്തിൽ മേൽപറഞ്ഞ വിധത്തിലുള്ള വിഷയങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനു അനുവാദം നൽകപ്പെട്ടിട്ടുണ്ട്. സാമാന്യഭരണം എന്ന വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനു മെമ്പർമാർ ആഗ്രഹിക്കുന്നു. ഈ അവസരത്തിൽ ചാടമമ്പർ എഴുന്നേററുനിന്നു ഒരു ആക്ഷേപം പുറപ്പെടുവിക്കുന്നു.

അദ്ധ്യക്ഷൻ: ഞങ്ങൾ ചെയ്യുന്ന പ്രസ്താവന വാസ്തവമായിട്ടുള്ളതല്ല. ഇപ്പോൾ ഇവിടെ പറഞ്ഞിട്ടുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി ഒന്നാമത്തെ ഡിമാൻറിൻെറ കീഴിൽ ഹാജരാക്കപ്പെട്ട പല ഉപക്ഷേപങ്ങളും തള്ളപ്പെട്ടിട്ടുണ്ട്. ഇതു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ ഉപക്ഷേപങ്ങളെ തള്ളുന്നതിനുണ്ടായ കാരണങ്ങളെപ്പററി ഞാൻ വിശദപ്പെടുത്തി പറഞ്ഞിട്ടുമുണ്ടല്ലോ. അനവധി ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെടുന്നുണ്ട്. അതിനിടയിൽ ചുരുങ്ങിയ തോതിലുള്ള കാര്യങ്ങളെ ആസ്പദമാക്കി ഹാജരാക്കപ്പെടുന്ന ഒന്നോ, രണ്ടോ ഉപക്ഷേപങ്ങളെപ്പററി ശോധിക്കപ്പെട്ടില്ലെന്നു വന്നേക്കാം. ഈ സ്ഥിതിക്കു ഈ ഉപക്ഷേപങ്ങളെ ചട്ടങ്ങൾ പ്രകാരം ഹാജരാക്കപ്പെട്ടതായി കരുതാൻ പാടുള്ളതല്ല. ബഡ്ജററിൽ ചേർക്കപ്പെട്ടിരിക്കുന്ന തുകകളുടെ പ്രത്യേക വിഭാഗത്തെ സംബന്ധിച്ചു മാത്രമേ കട്ട്മോഷനുകൾ നിർദ്ദേശിക്കാൻ പാടുള്ളു. ഏതുപ്രകാരമുള്ള ഉപക്ഷേപങ്ങളെ സംബന്ധിച്ചുമാത്രമേ വാദപ്രതിവാദം നടത്താൻ പാടുള്ളു. ഒരു സാമാന്യതത്വം എന്ന നിലയിൽ സഭകൂടിയ ഒന്നാമത്തെ ദിവസംതന്നെ ഈ സംഗതി ഞാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഒന്നാമത്തെ ദിവസമാണു ഈ തീർച്ച ഞാൻ ചെയ്തിട്ടുള്ളത്. ഈ തീർച്ചയുടെ ഫലമായി അനവധി ഉപക്ഷേപങ്ങളെ തള്ളപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ സമ്പ്രദായം ഇവിടെ അനുവർത്തിച്ചു വരുന്നു എന്നു പറയുന്നതു ശരിയായിട്ടുള്ളതല്ല. മേൽ പറഞ്ഞ ഉപക്ഷേപങ്ങളുടെ കീഴിൽ കൃത്യമായി നോക്കുന്ന പക്ഷം ബഡ്ജററുമായി സംബന്ധമില്ലാത്ത ഒന്നോ, രണ്ടോ കാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്തപ്പെട്ടു എന്നു വന്നേക്കാം. എന്നാൽ ഈ തീർച്ച പൂർണ്ണമായി ചെയ്തിട്ടുള്ള ഒന്നാണെന്നു പറയുന്നതു ശരിയല്ല.

മി: ജി. പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, സാമാന്യഭരണം എന്ന നിലയിൽ ഒരു സംഗതി എനിക്കു പറവാനുണ്ട്. ഈ വിഷയത്തെ സംബന്ധിച്ചു ഒരു പുതിയ തത്വത്തെപ്പററി ഞാൻ പറയുകയാണെന്നു മിസ്റ്റർ താണുപിള്ള ഇവിടെ പ്രസ്താവിച്ചു. ബഡ്ജററിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം നടത്തപ്പെട്ട മുൻ അവസരത്തിൽ വർത്തമാനപ്പത്രങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനു ഒരു തവണയല്ലാ രണ്ടുതവണ ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടുണ്ട്. സഭയിലെ മറുഭാഗത്തുള്ള സാമാജികന്മാർ ഈ ഉപക്ഷേപത്തെക്കുറിച്ചു മാത്രം നോക്കിയാൽ മതിയാകുന്നതാണ്. ഇതിൽനിന്നു താഴെ പറയുന്ന സംഗതി ശരിയായി വെളിവാകുന്നതാണ്. അതായതു അതിനുള്ള ഗ്രാൻറുകൾ കുറക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണു അപ്രകാരമുള്ള ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടുള്ളത്. "എസ്റ്റാബ്ളിഷ്മെൻറു എന്ന ഇനത്തിൻെറ കീഴിലല്ലാ അവയെ അവതരിക്കപ്പെട്ടിട്ടുള്ളത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): "എസ്റ്റാബ്ളിഷ്മെൻറു" എന്ന ഇനത്തിൻെറ കീഴിൽ ഏതെങ്കിലും ഉപക്ഷേപം ഹാജരാക്കുന്നതിനു ആവശ്യപ്പെടുകയും അതിനു അനുമതി നൽകാതിരിക്കയും ചെയ്തിട്ടുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അപ്രകാരമുള്ള യാതൊരുപക്ഷേപവും ഹാജരാക്കുന്നതിനു ആവശ്യപ്പെട്ടിട്ടില്ലാ. ഈ സഭയെ സംബന്ധിച്ചു ചില ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ട്. അവയെ അനുസരിച്ചു ഈ സഭ പ്രവർത്തിക്കേണ്ടതാകുന്നു. എൻെറ വാദത്തെ ബലപ്പെടുത്തുന്നതിനു അനവധി തീർച്ചകൾ ഉള്ളതാകുന്നു.

അദ്ധ്യക്ഷൻ: ഈ ഡിമാൻഡിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോയിരിക്കുന്നു. അതിനാൽ ശേഷമുള്ള എല്ലാ ഉപക്ഷേപങ്ങളും റദ്ദായിപ്പോയി.

സാമാന്യഭരണം അനുസരിച്ചു ൨,൨൨,൭൨൭ രൂപയിൽ കവിയാതുള്ള ൭-ാം നമ്പർ ഡിമാൻഡ് ഞാൻ സഭയുടെ വോട്ടിനായി ഹാജരാക്കിക്കൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബജറ്റിൻെറപത്താംചട്ടം അനുസരിച്ചു ഞാൻ ഇതിനെ എതിർക്കുന്നു.

൧൦-ാം ചട്ടത്തെപ്പററി താഴെ പറഞ്ഞിരിക്കുന്നു:

"അപ്രകാരം നിശ്ചയിക്കപ്പെടുന്ന ദിവസങ്ങളെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും ഒരു ഡിമാൻഡിനെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഒരു ദിവസത്തിൽ കൂടുതൽ നീക്കിവെയ്ക്കാൻ പാടുള്ളതല്ലാ. വാദപ്രതിവാദം നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള ഏററവും കൂടിയ സമയം കഴിയുന്ന അവസരത്തിൽ വാദപ്രതിവാദത്തിനു വിഷയമായിരിക്കുന്ന ഡിമാൻഡിനെപ്പററി അവസാനമായി തീർച്ചചെയ്യുന്നതിനു ആവശ്യമായ എല്ലാ ചോദ്യങ്ങളും അദ്ധ്യക്ഷൻ ഉടനടി ചോദിക്കേണ്ടതാകുന്നു."

ഇപ്പോൾ സിക്രട്ടറിയേററ് എന്ന ഇനത്തിൻെറ കീഴിൽ കൊള്ളിച്ചിട്ടുള്ള തുകയെ സംബന്ധിച്ച് സഭയുടെ വോട്ട് എടുക്കാവുന്നതാണ്. ഇതാണ് ഞാൻ ബോധിപ്പിക്കുന്നത്.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ); മി. വാട്ട്സ് അദ്ധ്യക്ഷനായിരുന്ന അവസരത്തിൽ ഇതുപോലെയുള്ള ഒരു വിഷയത്തെപ്പററി ചിന്തിക്കുന്നതിനിടയായിട്ടുണ്ട്. ഈ കാര്യം ഞാൻ ഇപ്പോൾ അദ്ധ്യക്ഷൻെറ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. ആ കാര്യത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള തീർച്ച സഭാനടപടികളുടെ ൧൮-ാം വാല്യത്തിലുണ്ട്. അദ്ദേഹം പിന്നീടു പറഞ്ഞതു്—

മി: ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിൻെറ പുറമെയുള്ളതാകണമെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); അദ്ദേഹത്തിൻെറ തീർച്ച ഉദ്ധരിക്കുന്നതിനു ഞാൻ മെമ്പറിനോടു അപേക്ഷിച്ചുകൊള്ളുന്നു

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): വാല്യം ഇപ്പോൾ എന്റെ പക്കൽ ഇല്ല. ഈ സംഗതിയെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് മി: രാമൻമേനോൻ ആണെന്നു ഞാൻ വിചാരിക്കുന്നു. അദ്ധ്യക്ഷൻ ഒരു തീർച്ച............ ... ...

അദ്ധ്യക്ഷൻ: സഭാ ഇപ്പോൾ ഭക്ഷണത്തിനായി പിരിയുന്നതും ഉച്ചതിരിഞ്ഞു ൨ — ൩൦ മണിക്കു വീണ്ടും കൂടുന്നതുമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇതു വളരെ പ്രാധാന്യമുള്ള ഒരു വിഷയമാകുന്നു. ഈ വിഷയത്തെ സംബന്ധിച്ച് ഒരു തീർച്ച ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: ഭക്ഷണം കഴിഞ്ഞു നാം യോഗം കൂടുന്ന അവസരത്തിൽ ഈ കാര്യത്തെ സംബന്ധിച്ച് ഒരു തീർച്ച നാം ചെയ്യുന്നതാണ്.

ഉച്ചതിരിഞ്ഞ് ൨. ൫൭ മണിക്കു സഭ ഭക്ഷണത്തിനായി പിരിയുകയും ൨. ൩൦ മണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും, വ്യവസായവും തെക്ക്): സർ, നടപടിക്രമത്തിന്റെ സാധുതയെ സംബന്ധിച്ച് ഇവിടെ ചോദ്യം ചോദിക്കയുണ്ടായി. ഈ കാര്യത്തിൽ ഒരു തീർച്ച ചെയ്യുന്നതിനുമുൻപു ഒരു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ൩൯-ാം ചട്ടം ഇപ്രകാരം പറയുന്നു. "അദ്ധ്യക്ഷൻ നിശ്ചയിക്കുന്ന ദിവസങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ഡിമാൻഡിനെ പറ്റി വാദപ്രതിവാദം നടത്തുന്നതിന് ഒരു ദിവസത്തിൽ കൂടുതൽ സമയം ഒരിടാൻ നീക്കിവക്കാൻ പാടുള്ളതല്ല. വാദപ്രതിവാദം നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടുതൽ സമയം കഴിയുന്ന അവസരത്തിൽ വാദപ്രതിവാദം നടത്തപ്പെടുന്ന ഡിമാൻഡിനെ അവസാനമായി തീർച്ച ചെയ്യുന്നതിനു ആവശ്യമായ എല്ലാ ചോദ്യങ്ങളും അദ്ധ്യക്ഷൻ ഉടനടി ചോദിക്കേണ്ടതാണ്."

"ഓരോ ദിവസത്തേക്കും നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടുതൽ സമയം കഴിയുന്ന അവസരത്തിൽ" എന്നല്ലാ ചട്ടത്തിൽ പറയുന്നത്. പ്രസ്തുതചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു ഇപ്രകാരമാണ് "വാദപ്രതിവാദം നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള ഏറ്റവും കൂടുതൽ സമയം അവസാനിക്കുന്ന അവസരത്തിൽ" എന്നാണ്. അതായതു അവസാനദിവസം അദ്ധ്യക്ഷൻ എല്ലാ ചോദ്യവും ചോദിക്കേണ്ടതാകുന്നു. നിശ്ചയിച്ചിരിക്കുന്ന ഏറ്റവും കൂടുതൽ സമയം അവസാനിക്കുന്ന അവസരത്തിൽ അതായതു ഏറ്റവും കൂടിയ കാലമായ ൭ ദിവസം കഴിയുമ്പോൾ അതു വോട്ടിനിടേണ്ടതാകുന്നു, എന്നാണു ചട്ടത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൩൯-ാം ചട്ടത്തിലെ (ബി)-ാം ഉപവകുപ്പിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും-വ്യവസായവും-തെക്ക്): ഞാൻ പ്രതിപാദിക്കുന്നവിഷയത്തെ സംബന്ധിച്ച് മേൽപറഞ്ഞ ഉപവകുപ്പിൽ യാതൊന്നും അടങ്ങിയിരിക്കുന്നില്ല സർ, അതിനാൽ നിശ്ചയിച്ചിട്ടുള്ള ഏറ്റവുംകൂടിയസമയം അവസാനിക്കുന്ന അവസരത്തിൽ മാത്രമേ അദ്ധ്യക്ഷൻ അദ്ദേഹത്തിനു ചോദിക്കാനുള്ള എല്ലാ ചോദ്യങ്ങളും ചോദിക്കാൻപാടുള്ളു എന്നാണ് ഞാൻ ബോധിപ്പിക്കുന്നത്.

അദ്ധ്യക്ഷൻ: നടപടിക്രമത്തെ പറ്റി ഒരു വാദം ഇവിടെ നടത്തുകയുണ്ടായി. ഈ സഭയിൽ ഇതു തീരെ പുതുതായ ഒരു വാദമാണെന്നു തോന്നുന്നില്ല. മുൻപിരുന്ന അദ്ധ്യക്ഷൻ വിശദമായ തീർച്ച ചെയ്തിട്ടുണ്ട്. ൧൯൨൪-ൽ ഈ വിഷയത്തെ സംബന്ധിച്ച് മിസ്റ്റർ രാഘവയ്യാ നിശ്ചിതമായ ഒരു തീരുമാനം ചെയ്തിട്ടുണ്ട്. ൧൯൨൭-ൽ മിസ്റ്റർ വാട്ട്സ് ആ തീരുമാനത്തെ ആവർത്തിച്ച് പറഞ്ഞിട്ടും ഉണ്ട്. ഈ തീരുമാനം ഇപ്രകാരമാണ്. ഈ ഘട്ടത്തിൽ മോഷൻ അവതരിപ്പിക്കയോ, ഡിവിഷൻ അനുസരിച്ച് വോട്ടു ചെയ്കയോ ചെയ്യാൻ പാടുള്ളതല്ല. ഇതിനും പുറമെ, ഈ അവസരത്തിൽ വോട്ട് എടുക്കുക എന്നതു കേവലം ആചാരപരമായ ഒന്നു മാത്രമാകുന്നു. സഭാനടപടികളിലെ ൫-ാം വാല്യത്തിന്റെ ൭-ാം പുറത്തു ഈ തീർച്ചകൾ ഉദ്ധരിച്ചിട്ടുണ്ട്. അവ നിങ്ങൾക്കു കാണാവുന്നതാണ്. ഈ വിഷയത്തെപ്പറ്റി കൂടുതലായി വാദപ്രതിവാദം നടത്തേണ്ട ഏതെങ്കിലും ആവശ്യമുണ്ടെന്നോ അല്ലെങ്കിൽ ഈ തീർച്ചകളെ അപേക്ഷിച്ച്, ഭിന്നമായ വിധത്തിൽ പെരുമാറണമെന്നോ ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഈ ഘട്ടത്തിൽ ഡിവിഷൻ അനുസരിച്ച് വോട്ടുചെയ്യേണ്ട ആവശ്യമില്ല. ആചാരപരമായ വിധത്തിൽ ഡിമാൻഡ് സഭയിൽ അവതരിപ്പിക്കയും അതു പാസ്സായതായി ഗണിക്കയും ചെയ്യണം. മേൽ പറഞ്ഞിട്ടുള്ള തീർച്ചകൾ അനുസരിച്ചാണ് പ്രസ്തുത തീരുമാനം ഞാൻ ചെയ്തിട്ടുള്ളത്. ൭-ാം നമ്പർ ഡിമാൻഡ്—

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേൽപറഞ്ഞ തീർച്ചയും ഈ തീർച്ചയുംതമ്മിൽ ഒരു വ്യത്യാസമുണ്ട്.

അദ്ധ്യക്ഷൻ: ഏതെങ്കിലും വ്യത്യാസമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സാമാന്യഭരണത്തിനുവേണ്ടി ൨,൨൨,൩൫൭ രൂപയിൽനിന്നു സഭ കുറച്ചിട്ടുള്ള ൧൨,൧൫ രൂപാ നീക്കിയുള്ള ഒരു ഗ്രാന്റിനായി ൭-ാം നമ്പർ ഡിമാൻഡു ഞാൻ ഹാജരാക്കിക്കൊള്ളുന്നു. ഇതു അനുവദിച്ചതായി ഞാൻ വിചാരിക്കുന്നു.

സഭ ഗ്രാന്റ് അനുവദിച്ചു.

൨൨൩ മുതൽ ൨൪൫ വരെ ഉള്ള ഉപക്ഷേപങ്ങൾ.

ഡിമാൻഡിനുവേണ്ടി നീക്കിവച്ചിരുന്ന സമയംഅവസാനിച്ചതുമൂലം താഴെപറയുന്ന ഉപക്ഷേപം റദ്ദായിപോയി.

മി: എ. എസ്. ദാമോദരനാശാൻ:

൨൨൩. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൨൪,൯൭൦ രൂപയിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: വി. കെ. ഉമ്മൻ:

൨൨൪. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧,൨൪,൯൭൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൨൨൫. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപ എടുത്തുകളയണം.

മി: എ. എസ്സ്. ദാമോദരനാശാൻ:

൨൨൬. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപാ എടുത്തുകളയണം.

മി: ആർ. രാമൻപിള്ള:

൨൨൭. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧,൦൦൦ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൨൮. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൨൨൯. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൨൩൦. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൨൩൧. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൩൨. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൩൩. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൧,൦൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൩൪. ചിലവുകാരെക്കം പകരം വെക്കാൻവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൮൦൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. എ. താണുപിള്ള:

൨൩൫. സാമാനങ്ങൾ ശേഖരിക്കുന്നതിനും സർവീസ്സുകൾക്കും കണ്ടിൻജൻസികൾക്കുംവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൩൪൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രംഗരാജവൽ:

൨൩൬. ഹജൂർകച്ചേരിക്കായി കൊള്ളിച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപാ എടുത്തുകളയണം.

മി: കെ. പി. നീലകണ്ഠപിള്ള:

൨൩൭. ഹജൂർ ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപ എടുത്തുകളയണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൩൮. ഹജൂർ ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപ എടുത്തുകളയണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൩൯. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപ എടുത്തുകളയണം.

മി: എച്ച്. ബി. മഹമ്മദ റാവുത്തർ:

൨൪൦. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപാ എടുത്തുകളയണം.

മി: എ. താണുപിള്ള:

൨൪൧. ഹജൂർകച്ചേരി ചിലവിലേക്കായി നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപ എടുത്തുകളയണം

മി: വി. ജെ. ഉമ്മൻ:

൨൪൨. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപാ എടുത്തുകളയണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൪൩. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൪൪. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൪൫. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൩ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൪൬. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൪൭. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള

൨൪൮. ഹജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൮൯. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൯൦. ഹജ്ജൂർ കച്ചേരി ചിലവിലേക്ക കൊള്ളിച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൨൯൧. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

൨൯൨. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

൨൯൩. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൨൯൪. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൯൫. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: ജി. പി. നീലകണ്ഠപ്പിള്ള:

൨൯൬. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മിസ്സസ്സ് എലിസബത്ത് കുരുവിള:

൨൯൭. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൯൮. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൮൭ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

൨൯൯. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

൩൦൦. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൩൦൧. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൩൦൨. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൩൦൩. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നും ൧൦൦ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൩൦൪. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൩൦൫. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൩൦൬. ഹജ്ജൂർ കച്ചേരി ചിലവിലേക്ക നീക്കിവച്ചിട്ടുള്ള ൧,൩൩,൦൮൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള:

൩൦൭. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൬,൦൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൩൦൮. കൺടിജൻസി വകയ്ക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൯,൫൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള.

വ. ൬൯. സ്പെഷ്യൽ എക്സ്ട്രാറോഡ്സ് ആഫീസർക്കും ജീവനക്കാർക്കും ഉറവംവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൦,൦൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

വ. ൧൦. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായെ എടുത്തുകളയണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

വ. ൧൧. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

വ. ൧൨. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

വ. ൧൩. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: ഏ. എസ്. ദാമോദരനാശാൻ:

വ. ൧൪. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

വ. ൧൫. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

വ. ൧൬. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

വ. ൧൭. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൬ രൂപാ കുറയ്ക്കണം.

മി: പി. എസ്. മുഹമ്മദ്:

വ. ൧൮. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

മി: കസ്ത്യാക്കോസ്:

വ. ൧൯. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽ ൫൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള;

വ. ൨൦. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ;

വ. ൨൧. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

വ. ൨൨. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

വ. ൨൩. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: പി. കെ. ഉമ്മൻ:

വ. ൨൪. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: മരപ്പള്ളിൽ കൊച്ചുതൊമ്മൻ:

വ. ൨൫. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: രേവതിനാൾ രാമവർമ്മരാജാ:

വ. ൨൬. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: ഒ. മാധവൻപിള്ള:

വ. ൨൭. ലെജിസ്ലേറ്റീവ് കൌൺസിലിലേക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൧,൮൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി: പി. കെ. ഉമ്മൻ:

വ. ൨൮. പാപ്പുലർ അസംബ്ലി (ശ്രീമൂലം പ്രജാസഭ)ക്കായി നീക്കിവച്ചിട്ടുള്ള ൫൮,൬൦൦ രൂപാ ഉപേക്ഷിക്കണം.

മി: മുളവെലിൽ പാച്ചുപിള്ള:

൨൮൯. ശ്രീമൂലം പോപ്പുലർ അസംബ്ലിക്കായി നീക്കിവച്ചിട്ടുള്ള ൧൮,൫൦൦ രൂപായിൽനിന്നു ൧രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ചാക്കോസ്:

൨൯൦. ശ്രീമൂലം പോപ്പുലർ അസംബ്ലിക്കായി നീക്കിവച്ചിട്ടുള്ള ൧൮,൫൦൦ രൂപായിൽനിന്നു ൫രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിരാമൻ:

൨൯൧. ശ്രീമൂലം പോപ്പുലർ അസംബ്ലിക്കായി നീക്കിവച്ചിട്ടുള്ള ൧൮,൫൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൨൯൨. ശ്രീമൂലം പോപ്പുലർ അസംബ്ലിക്കായി നീക്കിവച്ചിട്ടുള്ള ൧൮,൫൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. ജെ. മേനോൻ:

൨൯൩. (൭)-ാംനമ്പർ ഡിമാൻഡിലേക്ക കൊള്ളിച്ചിട്ടുള്ള ൨,൨൨,൮൪൭ രൂപായിൽനിന്നു ൧രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ:

൨൯൪ (൭)-ാംനമ്പർ ഡിമാൻഡിലേക്ക നീക്കിവച്ചിട്ടുള്ള ൨൨,൨൮൪ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ:

൨൯൫. (൭)-ാംനമ്പർ ഡിമാൻഡിലേക്ക നീക്കിവച്ചിട്ടുള്ള ൨,൨൨,൮൪൭ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

(൭)-ാം നമ്പർ ഡിമാൻഡു-അക്കൌണ്ട് ആഫീസ്.

മി: ആർ. നീലകണ്ഠപിള്ള (ഗവണ്മെന്റ ഫൈനാൻഷ്യൽ സെക്രട്ടറി): സർ, സാമാന്യഭരണത്തിൻ കീഴിൽ അക്കൌണ്ട് ആഫീസിലേക്ക് ൭-ാമത്തെ ഡിമാൻഡുപ്രകാരം ൧൧൧,൫൫ രൂപയിൽ കവിയാത്ത ഗ്രാൻറ അനുവദിക്കണമെന്ന അപേക്ഷിക്കുന്നതിന് ഞാൻ പ്രമേയം കൊള്ളുന്നു.

ഈ അവസരത്തിൽ പ്രസിഡന്റ സ്ഥാനം ഉപേക്ഷിക്കയും ഉപാദ്ധ്യക്ഷൻ സ്ഥാനം സ്വീകരിക്കയും ചെയ്തു

ഉപക്ഷേപം ൨൯൬.

മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിന് ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൯൯,൫൭൨ രൂപായിൽ നിന്ന് ൧ രൂപാ കുറയ്ക്കണം.

സർ, വളരെ ക്രമവിരുദ്ധമായും ഉത്തരവാദിത്വരഹിതമായും, ആക്ഷേപകരമായും ഉള്ള വിധത്തിലാണ് ബഡ്ജറ്റ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഈ കാര്യത്തെപ്പററി വാദപ്രതിവാദം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിട്ടുള്ളത്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഇത് എസ്റ്റാബ്ലിഷ്മെൻറിന്റെ കീഴിലുള്ള ഒരു കുട്ടമോക്ഷനാണ്. ഈ വസ്തുത ഞാൻ അദ്ധ്യക്ഷന്റെയും മെംബറിന്റെയും അറിവിൽ കൊണ്ടുവരുന്നകൊള്ളുന്നു.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ള, നടപടിക്രമത്തെപ്പററിയുള്ള ഒരു ചോദ്യം ഉണ്ടായിട്ടില്ലെന്നുള്ള വിധത്തിൽ നിങ്ങൾക്ക് പ്രസംഗം തുടരാവുന്നതാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ വിഷയത്തിൽ കൃത്യമായ ഒരു തീർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഉപാദ്ധ്യക്ഷൻ: ഉപക്ഷേപം നടപടിക്രമത്തിന് യോചിച്ചതാണ്. കൃത്യമായ ഈ തീർച്ചയാണ് അതിനെപ്പററി ചെയ്തിരിക്കുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ബഡ്ജറ്റ തയ്യാറാക്കുന്ന സമ്പ്രദായവും ചിലവുകൾക്ക് കാരണമാക്കുന്നരീതിയും, തൃപ്തികരമല്ലാ. അല്പം ചിലകാര്യങ്ങളെക്കുറിച്ചു മാത്രമെ ഞാൻ ചൂണ്ടികാണിക്കുന്നുള്ളു. തെറ്റായ അടിസ്ഥാനപ്പെടുത്തി, ബഡ്ജറ്റ് തയ്യാറാക്കുന്ന സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തി ആക്ഷേപം പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു. ഫിനാൻസ് കമ്മിററിയെ അധിക്ഷേപിച്ചിരിക്കുന്ന വിധത്തെപ്പററി അല്പമായി ഞാൻ പ്രസ്താവിക്കാം. തന്മൂലം ഈ സഭയേയും തിരുവിതാംകൂറിലുള്ള ൫൦ ലക്ഷം ജനങ്ങളേയും അധിക്ഷേപത്തിന് പാത്രമാക്കിയിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ള, നിങ്ങളുടെ ഈ പ്രസംഗം നടപടിക്രമത്തിന് യോജിച്ചതല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. ബഡ്ജററ് തയ്യാർ ആക്കുകയും ചിലവുകൾക്ക കാരണമാക്കുകയും ചെയ്യുന്ന സമ്പ്രദായത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് നാം വാദപ്രതിവാദം ചെയ്യുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അക്കൌണ്ട് ആഫീസിനെ സംബന്ധിച്ചിടത്തോളം ചിലവുകൾക്കിടയാക്കുന്ന സമ്പ്രദായത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് വാദപ്രതിവാദം ചെയ്യുന്നത്. വ്യാപ്തിയുള്ള നയത്തിനെ സംബന്ധിച്ച ഏതെങ്കിലും കാര്യത്തെപ്പററി അല്ലാ വാദം നടത്തുന്നത്. ഞാൻ ഫിനാൻസ് കമ്മിററയിലെ ഒരു മെംബർ ആയിരുന്നു. ആയുർവേദ ഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ഇനി വച്ചുകൊള്ളണമെന്ന് കാണിക്കുന്ന ഒരു നോട്ട് ഞങ്ങൾക്ക ഫിനാൻസ് കമ്മിററിയിൽ വച്ചു നൽകുക ഉണ്ടായി.

ഉപാദ്ധ്യക്ഷൻ: ഈ സംഗതി അക്കൌണ്ട് ആഫീസ് എന്ന തലക്കെട്ടിന്റെ കീഴിൽ ഉൾപ്പെടുകയില്ലെന്നു കാണുന്നു. ബഡ്ജറ്റ് തയ്യാറാക്കുകയും ചിലവുകൾക്ക് കാരണമാക്കുകയും ചെയ്യുന്ന സമ്പ്രദായത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് നിങ്ങൾ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പറിനോടു ഒരു ചോദ്യം ചോദിക്കുന്നതിനു് എന്നെ അനുവദിക്കണം. ബഡ്ജറ്റിൽ കൊള്ളിക്കുന്നതും വോട്ടുചെയ്യത്തക്ക വിധത്തിലുള്ള ഒരു ഇനമായോ അല്ലെങ്കിൽ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു ഇനമായോ ചേർക്കുന്നതിനു ഉത്തരവാദി ആരാണ്? അതിനുത്തരവാദി അക്കൌണ്ടാഫീസല്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, അതിനുത്തരവാദി അക്കൌണ്ട് ആഫീസല്ലാ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പറയുന്നതു് നടപടിക്രമമനുസരിച്ചു് സാധുവാണെന്നു വിചാരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ ഒരു പ്രത്യേക കീഴുദ്യോഗസ്ഥന്റെ കാര്യത്തെപ്പററി പ്രത്യേകം എടുത്തുപറയുകയും ബഡ്ജററ് തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം ആ ആളിൽ ചുമത്തുകയും ചെയ്യുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഈ കീഴുദ്യോഗസ്ഥന്മാർ ഗവണ്മെന്റിന്റെ ഉത്തരവുകൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നതു. അവർ ഹാജരാക്കുന്ന ഏതു പദ്ധതിയെപ്പററിയും ഗവണ്മെന്റ ഭേദഗതി ചെയ്യുന്നതാണ്; കാര്യത്തിന്റെ സ്ഥിതി ഇപ്രകാരമാകുന്നു. അതിനാൽ ബഡ്ജററു തയ്യാറാക്കുന്ന ഉദ്യോഗസ്ഥനെപ്പററി വ്യക്തിപരമായി പറയുന്നതു നടപടിക്രമത്തിനു വിരുദ്ധമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ഏതെങ്കിലും വാദപ്രതിവാദം ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എനിക്കു പ്രസ്താവിക്കുവാനുള്ള കാര്യം ഇതാണ്. ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാവശ്യമാണെന്നു കാണിക്കുന്ന ഒരു നോട്ട് ഫിനാൻസ് കമ്മിററിക്ക് നൽകുക ഉണ്ടായി. ആയുർവേദത്തെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു വൈദ്യപണ്ഡിതനെ നിയമിക്കുന്നതിന് ആവശ്യപ്പെട്ടു, ഏതാനും കൊല്ലങ്ങൾക്കു ശമ്പളം നൽകുന്നതിനു വേണ്ട തുക ഏതാനും കൊല്ലത്തെ ആയുർവേദ ബഡ്ജററിൽ ഉൾപ്പെടുത്തുവുന്നതാണെന്ന് ഞങ്ങളെ അറിയിക്കയുണ്ടായി, കമ്മിററിയിലെ അനൌദ്യോഗസ്ഥസാമാജികന്മാർ ഈ നിർദ്ദേശത്തെ സ്വീകരിക്ക ഉണ്ടായി; ആയുർവ്വേദ ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ഈ ആയുർവ്വേദപണ്ഡിതൻ ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യേണ്ടതാണെന്നുള്ള ആശയത്തെ അടിസ്ഥാനപ്പെടുത്തിയാണ് അവർ നിർദ്ദേശത്തെ സ്വീകരിച്ചിട്ടുള്ളതു്. ഈ നിർദ്ദേശം ശരിയായിട്ടുള്ളതാണെന്നും സ്വീകരണയോഗ്യമാണെന്നും ഗണിക്കപ്പെട്ടു. ഇതിനുള്ള കാരണം, ആയുർവേദത്തെ സംബന്ധിച്ചു് പുരാതനവും ഉപയോഗപ്രദവുമായ ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിന്റെ മേൽനോട്ടം വഹിക്കുന്ന ജോലി സർവീസിലുള്ള ആയുർവേദഡിപ്പാർട്ടുമെന്റിന്റെ മേലുദ്യോഗസ്ഥനെ ഭാരമേൽപ്പിക്കുന്നതു് ഉത്തമമായിരിക്കുമെന്നു വിചാരിച്ചാണ്. എന്നാൽ ബഡ്ജററ് തയ്യാറാക്കി എന്റെ കൈവശം ഏൽപ്പിച്ച അവസരത്തിൽ ഞാൻ കാണുന്നതു് ഇപ്രകാരമാണ്. ഈ ഉദ്യോഗസ്ഥന്റെ ശമ്പളത്തിനുവേണ്ടിവരുന്ന തുക, ആയുർവേദബഡ്ജററിൽ ഉൾപ്പെടുത്തിക്കാണുന്നില്ലാ. അപ്രകാരം ചെയ്യുന്നതിനാണ് ഫിനാൻസുകമ്മിററിയിൽ നിർദ്ദേശിച്ചിട്ടുള്ളതു്. പുരാതനമലയാളം ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ഭിന്നമായ ഒരു ഇനത്തിന്റെ കീഴിൽ മററുമാണ് ഈ തുക ചേർത്തിരിക്കുന്നതു്. തല്ക്കാലിക വൈദ്യപണ്ഡിതന് കൊള്ളിച്ചിട്ടുള്ള തുക ആയുർവേദഡിപ്പാർട്ടുമെന്റ് എന്ന ഇനത്തിൽ നിന്നും വേർതിരിച്ചു് പുരാതനമലയാളഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഡിപ്പാർട്ടുമെന്റിനുള്ള ഇനത്തിന്റെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സർ, ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇതു് വളരെ നിസ്സാരമായ ഒരു കാര്യമാണെന്നു തോന്നാവുന്നതാണ്, എന്നാൽ ഇതു വളരെ സാരമായ കാര്യമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഈ നിർദ്ദേശങ്ങൾ ഫിനാൻസ് കമ്മിററിയുടെമുൻപിൽ അവതരിപ്പിക്കയും അവയെ സംബന്ധിച്ചു അവരുടെ സമ്മതം വാങ്ങുകയും ചെയ്യുന്നതിന്റെ അർത്ഥമെന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്?

ഉപാദ്ധ്യക്ഷൻ: ബഡ്ജററിന്റെ നക്കൽ ഫിനാൻസ് കമ്മിററിയുടെ മുൻപാകെ ഹാജരാക്കീട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഫിനാൻസുകമ്മിററിയുടെ മുൻപിൽ നോട്ടുകൾ ഹാജരാക്കീട്ടുണ്ട്.

ഉപാദ്ധ്യക്ഷൻ: ബഡ്ജററിന്റെ നക്കൽ ഫിനാൻസുകമ്മിററിയുടെ മുൻപാകെ ഹാജരാക്കിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്.

ഉപാദ്ധ്യക്ഷൻ: ഇപ്പോൾ നിങ്ങൾ പുറപ്പെടുവിക്കുന്ന ആക്ഷേപത്തെപ്പററി മേൽ പറഞ്ഞ അവസരത്തിൽ സൂചിപ്പിച്ചിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിൽ ഈ നിർദ്ദേശം അടങ്ങിയിരുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഈ സഭയിൽ ഹാജരാക്കീട്ടുള്ള ബഡ്ജററിൽ അതു് ഉൾപ്പെടുന്നില്ലെങ്കിൽ അതിനെപ്പററി ഇവിടെ വാദപ്രതിവാദം നടത്തുന്നതു് നടപടി ക്രമത്തിനു വിരുദ്ധമായിട്ടുള്ള ഒന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിട്ടുള്ള ബഡ്ജററിൽ അതു അടങ്ങിയിട്ടുണ്ട്. ഫിനാൻസുകമ്മിററിയിൽ വേറെ രൂപമായിട്ടാണ് ബഡ്ജററിനെ ഹാജരാക്കിട്ടുള്ളതു്. ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ പുതിയ ചിലവുകൾക്കു വേണ്ട പണം കൊള്ളിച്ചിരിക്കുന്നു. ഇതു ഒരു പുതിയ നിർദ്ദേശമായി ഗണിക്കപ്പെട്ടിരുന്നു. അതിന്റെ കാരണം ഒരു താൽക്കാലിക ആഫീസിനെ തുടർന്നു നടത്തണമെന്നുള്ളതാണ്. ചുരുക്കിയ ഒരു കാലത്തേക്കു ഈ ആഫീസ് നടത്തിക്കൊള്ളുന്നതിനു അനുമതി നൽകപ്പെട്ടു, അതിനെ അടുത്തകൊല്ലവും കൂടി തുടർന്നു നടത്തണം, ഇതിനെ സംബന്ധിച്ചുള്ള രേഖകളിൽനിന്നു ഏതാനും ഭാഗങ്ങൾ വായിക്ക

ന്നതിനു എനിക്കു് അനുവാദം നൽകുന്നപക്ഷം, ഞാൻ അതു വായിക്കാം; ഈ ഉദ്യോഗം തുടർന്നു നടത്തണമെന്നുള്ള ആയുർവേദ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ് വഹിക്കുന്ന ഇൻസ്പെക്ടറുടെ ശിപാർശകളെപ്പററി പ്രസ്താവിച്ചതിനുശേഷം, നോട്ടിൽ താഴെ കാണുന്നപ്രകാരത്തിൽ പറയുന്നു:—

"അതിനാൽ ഈ ഉദ്യോഗത്തെ സ്ഥിരമാക്കുന്നതിനു ഗവണ്മെൻറിനു അനുമതിനൽകാൻ നിവൃത്തിയില്ലാത്തപക്ഷം അതിനെ ൧൧൦൯ ലേക്കും താൽക്കാലികമായിതുടർന്നു കൊള്ളുന്നതിനും ൧൧൦൯ ചിങ്ങം ൧-ാംനു-മുതൽ ഈ ഉദ്യോഗത്തിനുള്ള ശമ്പളം പ്രതിമാസം ൫൦ രൂപയാക്കി ഉയർത്തണമെന്നും അദ്ദേഹം അപേക്ഷിച്ചിരിക്കുന്നു." ആ വേദത്തെ സംബന്ധിച്ചു അപൂർവ്വമായി ലഭിക്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ടിയുള്ള കൺടിജൻസി ചിലവുകളെപ്പററിയും മേൽസൂചിപ്പിച്ചനോട്ടിൽ പറഞ്ഞിട്ടുണ്ടു്, ആയുർവേദബഡ്ജററിൽ ഈ ഉദ്ദേശത്തോടുകൂടി ൫൦൦ രൂപാ നീക്കിവയ്ക്കുന്നതിനു് നിർദ്ദേശിച്ചിരുന്നു. ഈ കാര്യം ഫിനാൻസ് കമ്മററി പര്യാലോചിക്കയും അതിൻെറ ശേഷം അതു പാസ്സാക്കുകയും ചെയ്തു. ബഡ്ജററിൻെറ ഒന്നാംഭാഗം പതിപ്പു ഈ സഭയിലെ സാമാജികന്മാർക്കു നൽകിയിട്ടുണ്ടല്ലോ. എന്നാൽ ഏതോ ചിലരായ പ്രയോഗങ്ങൾ ഹേതുവാൽ മല്ലറഞ്ഞ വൈദ്യപണ്ഡിതനും കണ്ടിജൻസിക്കും വേണ്ടികൊള്ളിച്ചിട്ടുള്ള തുക ബഡ്ജററിൽ പുരാതനമലയാളഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഉൾപ്പെടുത്തിക്കാണുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ പറയുന്നതു ഞാൻകേൾക്കുന്നുണ്ടു്, ഫിനാൻസ് കമ്മററിയിൽ ഒരു നിശ്ചിത ഇനത്തിൻെറ കീഴിലാണ് അതിനു അനുമതിനൽകപ്പെട്ടതെന്നും, ഇപ്പോൾ ഈ സഭയിൽ ഹാജരാക്കിയിരിക്കുന്ന ബഡ്ജററിൽ മറെറാരു തലക്കെട്ടിൻെറ കീഴിലാണു അതിനെ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും നിങ്ങൾ പറയുന്നു, ഈ ആക്ഷേപം ആണ് ഈ കാര്യത്തിൽ നിങ്ങൾ പറയുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഇതു വെറും സാങ്കേതികപരമായ ഒരു ആക്ഷേപമാണു്. ആയുർവേദ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജ്‌വഹിക്കുന്ന ഉദ്യോഗസ്ഥൻ ആയുർവേദ വിദഗ്ദ്ധനാണു്. അദ്ദേഹത്തിൻെറകീഴിലാണ് മേൽസൂചിപ്പിച്ചിട്ടുള്ള വൈദ്യപണ്ഡിതൻ ജോലിചെയ്യേണ്ടതു്. ഇപ്പോൾ അയാളെ മറെറാരുസ്ഥലത്തേക്കുമാററിയിരിക്കയും മറെറാരാഫീസിനു വേണ്ടിയുള്ള ഇനത്തിൻെറ കീഴിൽ ഉൾപ്പെടുത്തിയിരിക്കയും ചെയ്യുന്നു. ഒരു ബഡ്ജററു ഇനത്തിൽ നിന്നും മറെറാരുബഡ്ജററു ഇനത്തിലേക്കു ഇതിനെ കേവലമായി മാററിയിരിക്കുന്നു എന്നുള്ളകാര്യമല്ലാ ചിന്താവിഷയം. ഇപ്രകാരം ചെയ്യുന്നപക്ഷം പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്കു ഗവണ്മെൻറു നീക്കിവയ്ക്കുകയും അതിനു ഫിനാൻസ് കമ്മററിയുടെ അനുമതിവാങ്ങുകയും ചെയ്തതിനുശേഷം, അതിനെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു ചെലവാക്കുന്നതാണെല്ലോ. ഇതിനു തുല്യമായ കാര്യമാണ് ഇവിടെയും സംഭവിച്ചിരിക്കുന്നതു്. സർ, ഈ ഉദ്യോഗസ്ഥൻ ആയുർവേദ ഡിപ്പാർട്ടുമെൻറുകളുടെ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥൻെറകീഴിൽ ജോലിചെയ്യുന്നതാണെന്നു ഞങ്ങളോടു ഖണ്ഡിതമായവിധം പറഞ്ഞിരുന്നു. അതിൻെറശേഷം അയാൾക്കുവേണ്ടിയുള്ള തുക അപ്രകാരം മറെറാരു ഇനത്തിൻെറകീഴിൽ ഉൾപ്പെടുത്തുന്നതിൻെറ ഏതെങ്കിലു ആവശ്യമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു? മറെറാരു ആഫീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയുടെകീഴിൽ അയാളെ ഉൾപ്പെടുത്തേണ്ടതിൻെറ ആവശ്യമെന്തായിരുന്നു എന്നും, ഇപ്രകാരം ചെയ്തിട്ടുള്ളതിനെസംബന്ധിച്ചിടത്തോളം, ഫിനാൻസ്കമ്മററിയിലെ അംഗങ്ങളെ ഏതെങ്കിലും വിധത്തിൽ അറിയിച്ചിട്ടുണ്ടോ എന്നും, ഈ കാര്യത്തിൽ അവരുമായി ആലോചിച്ചിട്ടുണ്ടോ, എന്നും ഞാൻ ചോദിച്ചുകൊള്ളുന്നു? ഒരു പ്രത്യേക ഇനത്തിൻെറ കീഴിൽ അനുവദിക്കപ്പെട്ട ഒരു തുക മറെറാരു ഇനത്തിൻെറ കീഴിലേക്കു കേവലമായി മാററപ്പെടുന്നു എന്നുള്ള ഒരു വിഷയമല്ലാ ഇതു്.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ള, നിങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു ഒരു മിനിട്ടു സമയംകൂടി അനുവദിക്കണം, അതിനിടക്കു എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

ഉപാദ്ധ്യക്ഷൻ: ഒരുമിനിട്ടു വളരെ ക്ലുപ്തമായ ഒരു സമയമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പ്രസ്താവിച്ചിട്ടുള്ളതിനു തുല്യമായ കാര്യങ്ങളെപ്പററി എനിക്കു പറയുവാനുണ്ടു. എന്നാൽ സമയമില്ലാത്ത സ്ഥിതിക്കു അവയെക്കുറിച്ചു സൂചിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു). മേൽ നിർദ്ദേശിച്ചിട്ടുള്ള ഇനത്തെ വോട്ടുചെയ്യാൻപാടില്ലാത്ത ഇനത്തിൻെറ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ചെയ്തിട്ടുള്ളതിൽ പ്രതിഷേധിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ ഇനത്തെസംബന്ധിച്ചു ഇവിടെ വാദപ്രതിവാദം നടത്താവുന്നതാണോ എന്നു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു?

ഉപാദ്ധ്യക്ഷൻ: ആയുർവേദ ഡിപ്പാർട്ടുമെൻറിനു വേണ്ടി കൊള്ളിച്ചിട്ടുള്ള തുകയെ അടിസ്ഥാനപ്പെടുത്തി നിങ്ങൾ ഇപ്രകാരം പ്രതിപാദിക്കാതിരുന്നതു എന്തുകൊണ്ടാണ്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ചട്ടങ്ങൾപ്രകാരം അതിനെപ്പററി വാദപ്രതിവാദം നടത്തുന്നതിനു ഞങ്ങൾക്കു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു ഇനമാണതു്. വോട്ടുചെയ്യാൻപാടില്ലാത്ത ഇനങ്ങൾക്കുകൊള്ളിച്ചിട്ടുള്ള തുകകളെ വെട്ടിക്കുറയ്ക്കുന്നതിനു ഞങ്ങൾക്കു ഉപക്ഷേപങ്ങൾ അയക്കാൻ പാടില്ലാത്തതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വോട്ടുചെയ്യാവുന്ന ഒരു ഇനമാണ് അതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ഈ ഇനങ്ങളെ വോട്ടുചെയ്യാവുന്നവ എന്നും വോട്ടുചെയ്യാൻ പാടില്ലാത്തവ എന്നും നിശ്ചയിക്കുന്നതിനു ഉത്തരവാദി ആരാണ്?

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ ഹിതാനുസരണം പ്രവർത്തിക്കുന്നതിനു എനിക്കു നിവൃത്തിയില്ലെന്നു പറയുന്നതിൽ വ്യസനമുണ്ടു. ഈ വിഷയത്തെപ്പററി നമുക്കു വാദപ്രതിവാദം നടത്താൻ പാടില്ല.

മി: ഒ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു ചോദ്യം ചോദിക്കുന്നതിനു എനിക്കു അനുവാദം തരണം; ചരിത്രരൂപത്തിൽ ഈ ഇനത്തെ ചേർത്തിട്ടുള്ളതു അക്കൌണ്ടാഫീസിലെ ക്ലാർക്കന്മാർ ചെയ്തിട്ടുള്ള തെറെറല്ലേ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു?

ഉപാദ്ധ്യക്ഷൻ: അപ്രകാരമുള്ള യാതൊരു അനുമാനവും ചെയ്യേണ്ട കാര്യമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): വോട്ടുചെയ്യാവുന്ന ഒരു ഇനമാണ് അതു. ഈ ഇനത്തെ എടുത്തുകളയുന്നതിനു ഒരു ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അറിയിപ്പു നൽകിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനുദ്യോഗസ്ഥന്മാരായ വൈദ്യന്മാർക്കു നൽകുന്നതിനുള്ള ഓണറേറിയം, അതായതു 500 രൂപാ ചരിവുള്ള അക്ഷരത്തിൽ ബഡ്ജറ്റിലെ കണക്കിൽപ്പെടുത്തു ചേർത്തിരിക്കുന്നതായി ഞാൻ കാണുന്നു. ഇതിന്റെ അർത്ഥം വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു ഇനമാണ് ഇതു എന്നതാകുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): വോട്ടുചെയ്യാവുന്നവയും ചെയ്യാൻപാടില്ലാത്തവയുമായ ഇനങ്ങളെ നിശ്ചയിക്കുന്നതു ദിവാനാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഇനങ്ങളെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നവിഷയത്തിൽ ഉത്തരവാദിയാരാണെന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഗവർമെന്റു ആണു ഉത്തരവാദി, നിങ്ങളിൽ ചില സാമാജികന്മാർ പറഞ്ഞതുപോലെ, ചില പ്രാരംഭ പത്രങ്ങളിൽ ഗവർമെന്റിനെ അപേക്ഷിച്ചു സ്വാതന്ത്ര്യമായനിലയിൽ ഏതെങ്കിലും പ്രവർത്തിക്കുന്നതിനു അക്കൗണ്ടാഫീസർക്കു സ്വാതന്ത്ര്യമുള്ളതല്ല. അദ്ദേഹത്തിന്റെ നില ഇൻഡ്യാഗവർമെന്റിന്റെ ഫിനാൻഷ്യൽ മെമ്പറിന്റെ നിലക്കു തുല്യമായിട്ടുള്ളതല്ല.

മി: നീലകണ്ഠപ്പിള്ള, അതിനാൽ നിങ്ങൾ ചോദിക്കുന്നതു നടപടി ക്രമപ്രകാരം സാധുവല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വോട്ടുചെയ്യാൻ സാധിക്കുന്നവയോ വോട്ടുചെയ്യാൻ പാടില്ലാത്തവയോ ആയിട്ടുള്ള ഇനങ്ങളെപ്പററി എനിക്കു പ്രസ്താവിക്കാവുന്നതാണല്ലോ,

ഉപാദ്ധ്യക്ഷൻ: നിങ്ങൾ നിശ്ചയിക്കുന്നതുപോലെ അതിനെപ്പററി ഏതുതരത്തിലെങ്കിലും തർക്കിച്ചുകൊള്ളുക. നിങ്ങൾ ലഘിതമായവിധം എന്നോടുചോദിച്ചിട്ടുള്ള ചോദ്യം താഴെപറയുന്നവയാണ്. ഡിപ്പാർട്ടുമെന്റു എന്ന തലക്കെട്ടിൻ കീഴിൽ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരിനമായി ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ഒരു ആണററി വൈദ്യനു ഓണറേറിയം നൽകുന്നതിനു കൊള്ളിച്ചിട്ടുള്ള തുകയെപ്പററി വാദപ്രതിവാദം നടത്താമോ എന്നതാണു. ഈ ചോദ്യത്തിനു സന്ദർഭം കാണുന്നില്ല.

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവർമെന്റു ചീഫ്സെക്രട്ടറി): ചരിവുള്ള അക്ഷരത്തിൽ ചേർത്തിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ... ...

മി: എ. താണുപിള്ള (തിരുവനന്തപുരം): ചീഫ്സെക്രട്ടറി പറയുന്നതു ഇവിടെ കേൾക്കാൻ പാടില്ല.

ഉപാദ്ധ്യക്ഷൻ: നമുക്കു ഇതിനേക്കാൾ നന്നായിട്ടുള്ള ഒരു ആൾ കിട്ടുന്നതുവരെ, പറയുന്നതിനെ ഉച്ചത്തിൽ കേൾപ്പിക്കുന്ന യന്ത്രം വാങ്ങുന്നതിനു പണംകൊടുക്കണമെന്നു ഫിനാൻസുകമ്മിററിയുടെ യോഗത്തിനുവച്ചു നിങ്ങളിൽ ചിലർക്കു അപേക്ഷിക്കാവുന്നതാണ്.

മി. ടി. പി. രാമസ്വാമയ്യർ (ആ. ഗവർമെന്റുചീഫ്സെക്രട്ടറി): ആയുർവേദപണ്ഡിതന്റെ ശമ്പളം മൂലഗ്രന്ഥങ്ങളുടെ ക്യൂറേറർ എന്ന ഇനത്തിൽ ചേർത്തിരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, എനിക്കു അല്പം പറയുവാനുണ്ട്. മലയാളത്തിനേയോ സംസ്കൃതത്തിനേയോ, ആയുർവേദത്തിനേയോ അല്ലെങ്കിൽ മറെറതെങ്കിലും പ്രത്യേകവിഷയത്തിനേയോ സംബന്ധിച്ചാകട്ടെ, മൂലഗ്രന്ഥങ്ങൾ, പരിശോധിക്കയും, ശേഖരിക്കയും, അച്ചടിക്കയും, ചെയ്യുന്ന ജോലിയുടെ ഉത്തരവാദിത്വം ഒരു ഉദ്യോഗസ്ഥനെ ഭരമേല്പിക്കണമെന്നുള്ളതു ഏതാനും കാലമായി ഗവർമെന്റു ആലോചിച്ചുവരികയാണ്. മൂലഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിനുള്ള ഉപദേശകസമിതിയാണ് ഈ സംഗതി ഗവർമെന്റിന്റെ അറിവിൽ കൊണ്ടുവന്നിട്ടുള്ളതു. പല വിഷയങ്ങളിലുമുള്ള മൂലഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു പ്രത്യേകമായി ഓരോ ക്യൂറേറ്റർമാർ ഉണ്ടായിരിക്കുന്നതിനു പകരം, അതായതു, സംസ്കൃതത്തിനു ഒരാളും, മലയാളത്തിനു മറെറാരാളും, ആയുർവേദത്തിനു മൂന്നാമതൊരാളും ജ്യോതിഷത്തിനു നാലാമതു ഒരു ക്യൂറേറററും ഉണ്ടായിരിക്കുന്നതിനു പകരം, ഇവയെല്ലാം ഒന്നിച്ചുചേർത്തു ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ വെയ്ക്കുന്നതു ആണ് നല്ലതു എന്നു മേൽപറഞ്ഞ ബോർഡു നിർദ്ദേശിച്ചു. ഈ സംഗതി ഗവർമെന്റിന്റെ പര്യാലോചനയ്ക്കു വിഷയമായിരിക്കയായിരുന്നു മുൻ പറഞ്ഞിട്ടുള്ള നിർദ്ദേശം ഫിനാൻസു കമ്മററിയുടെ മുൻപാകെ ഹാജരാക്കിയ അവസരത്തിൽ പ്രതിപാദ്യവിഷയം തീരുമാനിക്കപ്പെടാതെ കിടക്കുക ആയിരുന്നു. അതിനാൽ ഈ നിർദ്ദേശം ആയുർവേദഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ക്രമമായി ചേർക്കപ്പെടുക ഉണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിഷയത്തെപ്പററി തീരുമാനമായ ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിനുമുമ്പു, ഫിനാൻസ കമ്മററിയോഗംകൂടിയ അവസരത്തിൽ കമ്മിററിയിൽ വിവാദമുണ്ടായിരുന്നോ എന്നു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവർമെന്റു ചീഫ്സെക്രട്ടറി): ഉണ്ടായിരുന്നു, ഫിനാൻസുകമ്മററിയുടെ മീററിംഗ്കഴിഞ്ഞതിനുശേഷം ഈ വിഷയത്തെപ്പററി അവസാനമായി തീർച്ചചെയ്തു. ഉപദേശകബോർഡിന്റെ ശിപാർശകൾ അനുസരിച്ചു ഒരു പണ്ഡിതൻ എന്ന ഈ ചെറിയ ജീവനക്കാരനെക്കൂടി ക്യൂറേറർ എന്ന ഇനത്തിന്റെകീഴിൽ ഉൾപ്പെടുത്താവുന്നതാണെന്നു തീർച്ചപ്പെടുത്തി, പ്രസിദ്ധീകരണത്തെസംബന്ധിച്ച മററുള്ളജോലികളും അദ്ദേഹത്തിന്റെ കീഴിലുള്ളതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ക്യൂറേറർ ഒരു വിദഗ്ദ്ധനാണോ എന്നു എന്നെ അറിയിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവർമെന്റുചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ കീഴിലുള്ള അസിസ്റ്റന്റന്മാർ വിദഗ്ദ്ധന്മാരാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം ഒരു വിദഗ്ദ്ധനാണോ?

ഉപാദ്ധ്യക്ഷൻ: ആ ചോദ്യത്തിനു ഇവിടെ അവസരം കാണുന്നില്ല. ക്യൂറേറ്റർ എന്ന തലക്കെട്ടിൻ കീഴിൽ ഈ തുക ഉൾപ്പെടുത്താമോ എന്നുള്ള സാങ്കേതികപരമായ വിഷയത്തെസംബന്ധിച്ചാണ് നാം പ്രതിപാദിക്കുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എന്നാൽ ഈ ചോദ്യം ചോദിക്കുന്നതിനു എനിക്കു അവസരമുള്ളതാകുന്നു.

ഉപാദ്ധ്യക്ഷൻ: ഈ ചോദ്യംചോദിക്കുന്നതിനു നിങ്ങൾക്കു അവകാശമുണ്ട്. എന്നാൽ നിങ്ങളുടെ പ്രവൃത്തിയടപടിക്കു യുക്തമാണെന്നു പറയുന്നതിൽ എനിക്കു അർഹതയുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): സർ, ഈ കാരണത്താലാണ് ഈ തുക ഇപ്പോൾ മൂലഗ്രന്ഥങ്ങളുടെ ക്യൂറേറ്റർ എന്ന തലക്കെട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതു. അതിനെപ്പറ്റി ആ അവസരത്തിൽ തീരുമാനിക്കപ്പെട്ടിരുന്നില്ല. അതിനുശേഷമാണ് അതിനെപ്പറ്റി തീരുമാനിക്കപ്പെട്ടതു, ബഡ്ജറ്റിൽ ശരിയായസ്ഥാനത്തു അതിനെ ഉൾപ്പെടുത്തുകയും ചെയ്തു.

ഈ അസിസ്റ്റന്റിനു പ്രതിഫലമായി നൽകപ്പെട്ട ൮൦൦ രൂപയെ സംബന്ധിച്ചിടത്തോളം, ൧൧൨൭-ലേക്കു ആവശ്യമുള്ള തുക മററിനങ്ങളിൽ മിച്ചംവന്നിട്ടുള്ളതിൽനിന്നു വിനിയോഗിക്കുകയാണു ചെയ്തിട്ടുള്ളതു. അതിനാൽ തന്നെയാണ് ഈ ഉദ്യോഗസ്ഥനെയുംതുടർന്നു വച്ചുകൊണ്ടിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ തുകയ്ക്കു സഭ അനുമതി നൽകിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ്‌ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): ഇല്ല. എന്തുകൊണ്ടെന്നാൽ നിയമസഭ മുൻപു അനുവദിക്കപ്പെട്ടിട്ടുള്ളതും ബഡ്ജറ്റിൽ മിച്ചം വന്നിട്ടുള്ളതും ആയ തുകയിൽനിന്നാണ് വിനിയോഗിച്ചിട്ടുള്ളതു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ ചിലവിനു അധികാരം നൽകുന്നതിനെസംബന്ധിച്ചു ഏതെങ്കിലും പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): ഈ പണം ചിലവുചെയ്യുന്നതിനെ അധികാരപ്പെടുത്തുന്ന യാതൊരു പട്ടികയും, ആവശ്യമില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ ഇതിനു കൂടുതലായി പണം അനുവദിക്കേണ്ട ആവശ്യമില്ലായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഈ ഉപക്ഷേപത്തെ സ്വീകരിക്കണമെന്നു നിർബന്ധിച്ചുകൊള്ളുന്നു. ഈ വിഷയം വളരെ ധൃതിയിൽ തീരുമാനിക്കപ്പെട്ടതാണെന്നു്, ചീഫ്‌സിക്രട്ടറിയുടെമറുപടിയിൽ നിന്നു് വെളിവാകുന്നുണ്ട്. ഫിനാൻസ് കമ്മററിയോഗം വിളിച്ചുകൂട്ടിയതിനു് ശേഷം അല്പദിവസങ്ങൾക്കുള്ളിൽ ഈ പുതിയ ആശയം ഗവണ്മെന്റിനു തോന്നുന്നതിനുണ്ടായ കാരണം എന്തെന്നു് അറിവില്ല. ഫിനാൻസ് കമ്മിററിയോഗം കൂടുന്നതിനു മുൻപു ഗവണ്മെന്റിനു ഈ കാര്യത്തെപ്പററി തീരുമാനിക്കാമായിരുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ ഈ ഉപക്ഷേപത്തെ സ്വീകരിക്കുന്നതിനു നിർബന്ധിക്കുന്നുണ്ടോ? അല്ലെങ്കിൽ അതിനെ പിൻവലിക്കണമെന്നു വിചാരിക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, അതിനെ സ്വീകരിക്കണമെന്നു ഞാൻ നിർബന്ധിക്കുന്നു.

ഉപാദ്ധ്യക്ഷൻ: മി. രാമസുബ്ബയ്യർ, നിങ്ങൾക്കു കൂടുതലായി ഈ വിഷയത്തിൽ എന്തെങ്കിലും പറയുവാനുണ്ടോ

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഈ ഡിമാൻഡിന്റെ ഉത്തരവാദിത്വം മിസ്റ്റർ. ആർ. നീലകണ്ഠപിള്ളയാണു വഹിക്കുന്നതു.

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ ഗവണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): അക്കൌണ്ടാഫീസു സംബന്ധിച്ചിടത്തോളം, അതു ഗവണ്മെന്റിന്റെ ഉത്തരവുകൾ അനുസരിച്ചാണ് പ്രവൃത്തിക്കുന്നതു. കാര്യത്തിന്റെ ഈ സ്ഥിതിയെപ്പററി ചീഫ്‌സെക്രട്ടറി വളരെവിശദമായിപ്രസ്താവിച്ചിട്ടുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സമാധാനം എന്നനിലയിൽ ഒരുവാക്കു പറയണമെന്നു് ഞാൻവിചാരിക്കുന്നു. ബഡ്ജറ്റിന്റെ ൧൨൬-ാംപേജത്തു അനുബന്ധഉദ്യോഗസ്ഥനായ വൈദ്യന്റെ ഓണറേറിയത്തെ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു ഇനമായിഉൾക്കൊള്ളിച്ചിരിക്കുന്നതും, ൧൨൦ എന്ന ആകെയുള്ള തുക വോട്ടുചെയ്യേണ്ട ഇനമായി ഉൾക്കൊള്ളിച്ചിരിക്കുന്നതും കാണുന്നു. നീക്കിവച്ചിട്ടുള്ള തുകയുടെ ഒരംശം വോട്ടുചെയ്യാൻ പാടില്ലാത്തതായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ആ സ്ഥിതിക്കു ആകെയുള്ള തുകവോട്ടുചെയ്യാവുന്നതായി ഉൾപ്പെടുത്തിയിരിക്കുന്നതു് എന്തുകൊണ്ടാണ്? ഇതിനുള്ളകാരണം അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഡിപ്പാർട്ടുമെന്റിനു വേണ്ടിയുള്ള ഡിമാൻഡിനെപ്പററി വാദപ്രതിവാദം നടത്തുന്ന അവസരത്തിൽ എന്തുകൊണ്ടു് ഈ ചോദ്യം ചോദിക്കാൻ പാടില്ല?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): ആയുർവ്വേദത്തിന്റെ കീഴിലുള്ള ഡിമാൻഡു സഭയുടെ മുൻപാകെ ഹാജരാകുന്ന അവസരത്തിൽ മെമ്പറിനു ഈ ചോദ്യം ചോദിക്കാവുന്നതാണ്.

ഉപാദ്ധ്യക്ഷൻ: അതിനുള്ള ശരിയായ അവസരംഅതാണെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഒരു തെററുകൂടി സംഭവിച്ചിരിക്കുകയാണോ എന്നതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അതിനെ ചരിവുള്ള അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നതു എന്തുകൊണ്ടാണെന്നു് മാത്രമാണോ ചോദിക്കുന്നതു?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതിനെ ചരിച്ചു അച്ചടിച്ചിരിക്കുന്നതുമൂലം അതിനെ വോട്ടുചെയ്യാൻ പാടില്ലാത്ത ഒരു ഇനമാക്കപ്പെട്ടിരിക്കുന്നു?

ഉപാദ്ധ്യക്ഷൻ: ഈ ഡിപ്പാർട്ടുമെന്റിനെപ്പററി ചിന്തിക്കുന്ന അവസരത്തിൽ ഈ വിഷയത്തെപ്പററി പൂർണ്ണമായ നിലയിൽ സമാധാനം നൽകാവുന്നതാണ്.

മി. ആർ. നീലകണ്ഠപിള്ള, നിങ്ങൾക്ക് ഇപ്പോൾ ഈ കാര്യത്തിൽ മറുപടി നൽകാവുന്നതാണ്.

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ചീഫ്സെക്രട്ടറി പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്കു യാതൊന്നും പ്രസ്താവിക്കുവാനില്ല. ഗവണ്മെൻറിൻെറ ഉത്തരവുകൾ അനുസരിച്ചാണ്, അക്കൗണ്ടാഫീസർ പ്രവർത്തിക്കുന്നത്. ഏതായാലും മുക്കുകളെ തരം തിരിക്കുന്ന കാര്യത്തിൽ ചെയ്തിട്ടുള്ള ഒരു ഭേദഗതിയാണ് ഇതു്. ഏതെങ്കിലും കൂടുതൽ ചിലവിനു ഇതു കാരണമാക്കിയിട്ടില്ല. ഈ ഭേദഗതിമൂലം ഫിനാൻസുകമ്മററിയെ അധിക്ഷേപിക്കുകയെന്നു യാതൊരു തരത്തിലും അർത്ഥമാക്കാൻ പാടുള്ളതല്ല. ഫിനാൻസു കമ്മിററിയിൽ ഹാജരാക്കിയതോട്ടു സെക്രട്ടേറിയററിലെ ഒരണ്ണ നിശ്ചയം നടത്തുന്ന ഡിപ്പാർട്ടുമെൻറാണ് തയ്യാറാക്കിയതു. ഫിനാൻസു കമ്മിററി ഈ നോട്ടിനെപ്പററി പര്യാലോചിച്ചതിനുശേഷം വൈദ്യപണ്ഡിതന്മാർക്കു, കൊള്ളിച്ചിട്ടുള്ള ഇക ലക്ഷ്യമുള്ള മൂലഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള ക്ലാററർ എന്ന ഇനത്തിൻെറ കീഴിൽ ഉൾപ്പെടുത്തുന്നതു അശാസ്യമായിരിക്കുമെന്നു ഗവണ്മെൻറ് അക്കൗണ്ടാഫീസരെ ചൂണ്ടിക്കാണിക്ക ഉണ്ടായി. ഫിനാൻസ് കമ്മററിക്കു നോട്ടുകൾ തയ്യാറാക്കുന്ന കാര്യത്തിൽ എനിക്കു യാതൊരുസംബന്ധവുമില്ലാത്തതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെപ്പററി ഫിനാൻസു കമ്മററിയെ അറിയിക്കുന്നതിൽ ഗവണ്മെൻറ, അവരെ സംബന്ധിച്ച സാധാരണ കാണിക്കാറുള്ള ബഹുമാനം പ്രത്യക്ഷപ്പെടുത്താത്തതു എന്തുകൊണ്ടാണ്?

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സഭയിൽ അക്കൗണ്ടിയാണ് അദ്ദേഹം സംസാരിക്കുന്നതെന്നു പണ്ഡിതനായ അക്കൗണ്ടാഫീസരോടു ഞാൻ ചോദിച്ചുകൊള്ളുന്നു? അദ്ദേഹം സംസാരിക്കുന്നതു ഗവണ്മെൻറിനുവേണ്ടിയോ, അല്ലെങ്കിൽ സ്വന്തനിലയിലോ എന്നാണ് ഞാൻ ചോദിക്കുന്നതു?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): അക്കൗണ്ടാഫീസർ എന്നുള്ള നിലയിലാണ് ഞാൻ സംസാരിക്കുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെൻറിനെ സംബന്ധിച്ച് അദ്ദേഹത്തിനു യാതൊരുബന്ധവുമില്ലയോ?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഞാൻ ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറിയും കൂടിയാകുന്നു. ആ സ്ഥിതിക്കു ഡിമാൻറ അവതരിപ്പിച്ചിട്ടുള്ളതു ഞാനാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അദ്ദേഹം ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതു ഗവണ്മെൻറിൻെറ പ്രതിനിധി എന്ന നിലയിലോ, അല്ലെങ്കിൽ സ്വന്തംനിലയിൽ അഭിസംബോധനചെയ്യപ്പെടുന്നതിലോ എന്നുപറയുമോ?

ഉപാദ്ധ്യക്ഷൻ: നിശ്ചയമായിട്ടും ഗവണ്മെൻറിൻെറ പ്രതിനിധി എന്നനിലയിലാണ് ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടിപറയുന്നതു്. അല്ലാത്തപക്ഷം അദ്ദേഹത്തിനു ഇവിടെ യാതൊരുസ്ഥാനവും ഉണ്ടായിരിക്കുന്നതല്ലല്ലോ.

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഗവണ്മെൻറിൻെറ ഭാഗത്തു മററുസാമാജികന്മാരും ഉണ്ടല്ലോ. ഫിനാൻഷ്യൽ കാര്യങ്ങളെ സംബന്ധിച്ചു മാത്രമെ ഞാൻ ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്നുള്ളു.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഫിനാൻസുകമ്മിററിയോട് തനിക്കു യാതൊരു ബന്ധവുമില്ലെന്നു മെമ്പർപറയുന്നതിൻെറ അർത്ഥമെന്താണ്?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഫിനാൻസ കമ്മററിയുടെമുൻപാകെ നോട്ടുകൾ അയക്കുന്ന കാര്യത്തിൽ എനിക്കു യാതൊന്നും ചെയ്യാനില്ല എന്നാണു ഞാൻ പറയുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അക്കൗണ്ടാഫീസരോ, അല്ലെങ്കിൽ ഫിനാൻഷ്യൽ സിക്രട്ടറിയോ ഉത്തരവാദിത്വം വഹിക്കത്തക്കവിധമുള്ള യാതൊരുപ്രവർത്തിയും ഈ കാര്യത്തിൽ ഇല്ലെ?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): അക്കൗണ്ടാഫീസിൻെറകീഴിൽ വരുന്ന എല്ലാഇനങ്ങളെസംബന്ധിച്ചും ഉത്തരവാദി അക്കൗണ്ടാഫീസരാകുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അതിനാൽ കണക്കുകളെ സംബന്ധിച്ച ഈ ചോദ്യങ്ങൾക്കു അദ്ദേഹം മറുപടി നൽകേണ്ടതല്ലെ?

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ താണുപിള്ള, നിങ്ങളുടെ ഉപക്ഷേപം സ്വീകരിക്കണമെന്നു നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്. ഞാൻ നിർബന്ധിക്കുന്നുണ്ട്.

ഉപാദ്ധ്യക്ഷൻ: അതു ശരിതന്നെ.

അക്കൗണ്ടാപ്പീസ് എന്നു ഇനത്തിൻെറ കീഴിൽ കൊള്ളിച്ചിട്ടുള്ള [illegible] ൭൨ രൂപായിൽനിന്നു ഏതുപ കുറയ്ക്കണമെന്നുള്ള സംഗതിയെപ്പററിയാണ് നാം ചിന്തിക്കുന്നതു്. ഇതിൻെറ ഉദ്ദേശം ബഡ്ജററുതയ്യാറാക്കുകയും ചിലവുകൾക്കു കാരണമാക്കുകയും ചെയ്യുന്ന സമ്പ്രദായത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനായിട്ടാണ്.

ഉപക്ഷേപം വോട്ടിനിടുകയും അതു തള്ളിപ്പോകയുംചെയ്തു.

ഒരുഭാഗം എടുക്കണമെന്നു മിസ്റ്റർ, എ. താണുപിള്ളയും മിസ്റ്റർ എ. എസ്. ദാമോദരനാശാനും ആവശ്യപ്പെട്ടു.

ഒരുഭാഗം എടുക്കുകയുണ്ടായി, അതിൻെറഫലം താഴെകാണിച്ചിരിക്കുന്നു.

അനുകൂലകക്ഷികൾ ൧൭

(൧) മി. എ. എസ്. ദാമോദരനാശാൻ
(൨) ,, എ. ജി. മേനോൻ
(൩) ,, ഇട്ടപ്പ ഇട്ടി യച്ചൻ
(൪) ,, ഡി. സി. ജോസഫ്
(൫) ,, ആർ. കേശവപിള്ള
(൬) ,, റ്റി. സി. കേശവപിള്ള
(൭) ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ
(൮) ,, എൻ. കെ. കൃഷ്ണപിള്ള
(൯) ,, ഡി. എസ്. കൃഷ്ണപിള്ള
(൧൦) മി. തയ്യിൽ കുഞ്ഞിതൊമ്മൻ
(൧൧) ,, കെ. മാധവൻപിള്ള.
(൧൨) ,, എച്ച്. ബി. മഹമ്മദുറാവുത്തർ
(൧൩) ,, കെ. പി. നീലകണ്ഠപിള്ള
(൧൪) ,, മുരുവേലിൽ പാച്ചുപിള്ള
(൧൫) ,, എൽ. ആർ. രാജരാജവർമ്മകോയിതമ്പുരാൻ
(൧൬) ,, രേവതിനാൾ രാമവർമ്മരാജാ
(൧൭) ,, എ. താണുപിള്ള

പ്രതികൂലകക്ഷികൾ ൧൮

(൧) മിസ്സസ്സ്. ഏലിസബത്ത കുരുവിള
(൨) മിസ്റ്റർ എൽ. ഏ. ലാംപാർഡു
(൩) ,, എസ്സ്. പരമേശ്വരൻപിള്ള
(൪) ,, വി. അരുണാചലമയ്യർ
(൫) ,, എൽ. എ. ബിഷപ്പ്
(൬) ,, ഐ. സി ചാക്കോ
(൭) ,, ആർ. ധനക്കോടിപിള്ള
(൮) ,, പി. ഗോമതിനായകംപിള്ള
(൯) ,, പി. എൻ കൃഷ്ണപിള്ള
(൧൦) ഖാൻസാഹിബ് ഡാക്ടർകുഞ്ഞൻപിള്ള
(൧൧) മി. ഈ. ജി. മക്കൽഷപെൻ
(൧൨) ,, ടി. കെ. മാധവൻനായർ
(൧൩) ,, ആർ. നീലകണ്ഠപിള്ള
(൧൪) ,, ജി. പരമേശ്വരൻപിള്ള
(൧൫) ഡാക്ടർ കെ. രാമൻതമ്പി
(൧൬) മി. ടി. പി. രാമസുബ്ബയ്യർ
(൧൭) ,, എസ്. സി. എച്ച്. റാബിൻസൺ
(൧൮) ,, ആർ. വൈകുണ്ഠലിംഗംപിള്ള

നിഷ്പക്ഷകക്ഷികൾ ൧൧

(൧) മി: വി. ചെല്ലംപിള്ള
(൨) ,, ഡി. ഫ്രാൻസിസ്
(൩) ,, കെ. സി. കരുണാകരൻ
(൪) ,, കെ. എൻ. കേശവൻ നംപൂതിരിപ്പാട്
(൫) ,, ഏ. സി. കുരിയാക്കോസ
(൬) മി കെ. മാധവൻ
(൭) ,, പി. എസ്. മഹമ്മദ്
(൮) ,, മാത്യു മുരിക്കൻ
(൯) ,, ജി. പി. നീലകണ്ഠപിള്ള
(൧൦) ,, കെ. പത്മനാഭപ്പണിക്കർ
(൧൧) ,, കെ. ജി. പരമേശ്വരൻപിള്ള

ഉപാദ്ധ്യക്ഷൻ: ഉപക്ഷേപത്തിനു അനുകൂലമായി ൧൭ പേരും അതിനു എതിരായി ൧൮ അംഗങ്ങളും വോട്ടുചെയ്തിട്ടുണ്ടു. ൧൧ അംഗങ്ങൾ നിഷ്പക്ഷനിലയെ അവലംബിച്ചു.

ഉപക്ഷേപം ൨൯൭

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, ഈ നടയിലെ നടപടി വളരെ കുഴപ്പമുള്ളതൊന്നാകുന്നു. ഓരോ അവസരത്തിൽ അതു ഭേദപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വിഷയത്തെപ്പറ്റി ഞാൻ വാദപ്രതിവാദം നടത്തുന്നപക്ഷം, എന്റെ പ്രവൃത്തി നടപടിക്രമത്തിനു യോജിച്ചതായിരിക്കുമോ എന്നു എനിക്കു അറിയാൻ പാടില്ല. ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതിന്റെ ഉദ്ദേശം അക്കൌണ്ടാഫീസിൽ വരവുകളെ സംബന്ധിച്ചുള്ള കണക്കുകൾ വിവരമായി തിട്ടപ്പെടുത്തുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതു് ആവശ്യമായിരിക്കുമെന്നുള്ളതിനെ പറ്റി വാദപ്രതിവാദം നടത്തുന്നതിനാണ്. ഈ ഉദ്ദേശത്തെപ്പറ്റി മുൻപു പറഞ്ഞിട്ടുള്ളതാണല്ലോ?

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ ഉപക്ഷേപത്തെ നിങ്ങൾ അവതരിപ്പിക്കുക. ഈ വിഷയത്തിൽ ഏതെങ്കിലും ആക്ഷേപമുള്ളപക്ഷം നിങ്ങളുടെ പ്രവൃത്തി നടപടിവിരുദ്ധമെന്നു നിർണ്ണയിക്കുന്നതായിരിക്കും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും), താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കുന്നതിനു ഞാൻ അനുമതി ചോദിച്ചുകൊള്ളുന്നു.

എസ്റ്റാബ്ലിഷ്മെൻറിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൯,൭൨൨ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

സർ, വരവുകളുടെ കണക്കു തിട്ടപ്പെടുത്തുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ അത്യാവശ്യകത വളരെ കഠിനമായി തോന്നിത്തുടങ്ങിയിരിക്കുന്നു എന്നും മിസ്റ്റർ നീലകണ്ഠപ്പിള്ളയെ ഒരു പ്രത്യേക ഉദ്യോഗസ്ഥനെന്ന നിലയിൽ ഈ കാര്യത്തിൽ നിയമിക്കപ്പെട്ടിട്ടുണ്ടെന്നും ഗവർമ്മെൻറിൽ സമർപ്പിക്കുന്നതിനു ഒരു റിപ്പോർട്ടു തയ്യാറാക്കീട്ടുണ്ടെന്നും ശ്രീമൂലം പ്രജാസഭയെ അഭിമുഖീകരിച്ചു ചെയ്തിട്ടുള്ള തന്റെ ഉപക്രമപ്രസംഗത്തിൽ ഇതിനുമുമ്പു ദിവാനായിരുന്ന മിസ്റ്റർ വാട്സ് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇതേവരെ ഈ കാര്യത്തിൽ ഇതിനനുസരണമായി പ്രവർത്തിച്ചിട്ടില്ല. വരവിന്റെ കണക്കു തിട്ടപ്പെടുത്തുന്നതിന്റെ ഉദ്ദേശം സംഖ്യാഗണനയെ മുതലെടുപ്പിനെ സംബന്ധിച്ചുള്ള കണക്കുകൾ പരിശോധിക്കയെന്നുള്ളതാണു. വരവുകളുടെ കണക്കു തിട്ടപ്പെടുത്തുന്നതിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു. ഗവർമ്മെൻറു ആലോചിച്ചിട്ടുള്ള മുതലെടുപ്പിന്റെ എല്ലാ ഇനങ്ങളും കൊല്ലംതോറും പിരിക്കുന്നതിനുള്ള ഡിമാൻഡുവക ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു നോക്കുക. ഇതിനുംപുറമെ ഡിമാൻറിൽ ഉൾപ്പെടുന്ന എല്ലാ തുകകളും പിരിച്ചെടുക്കുകയും മുതലിൽ കൊള്ളിക്കയോ മറവഴിയിൽ അധികാരം വാങ്ങിയതിനുശേഷം വിനിയോഗിക്കയോ ചെയ്യുന്നതിൽ ശ്രദ്ധിക്കുക; പിരിച്ചെടുക്കുന്ന തുകകളെപ്പറ്റി ശരിയായി രേഖപ്പെടുത്തുകയും വരവുവയ്ക്കുകയും ചെയ്യുക. പിരിച്ചെടുക്കുന്ന തുകകൾ ഖജനാവുകളിൽ അടയ്ക്കുകയും അതിന്റെ ശരിയായ പകർപ്പുകൾ അക്കൌണ്ടാഫീസിൽ അയക്കുകയും ചെയ്യുക. ഇപ്രകാരമുള്ള ഒരു സമ്പ്രദായം ഇക്കാലത്തു തിരുവിതാംകൂറിൽ നടപ്പില്ലാതിരിക്കുന്നു. ൧൦൮൪-ാമാണ്ടിനു മുമ്പു പലയിനങ്ങളിലും ഈ സമ്പ്രദായം നടപ്പിലിരുന്നു. പല ഇനങ്ങളിലുമുള്ള വരവുകളുടെ കണ

ങ്ങൾക്കും കൂടുതലായി ലഭിക്കുന്ന തുകകളും കുറവുവരുന്ന തുകകളും കരം ഇളവുചെയ്യുന്ന തുകകളും, ഈടാകാത്ത തുകകളുടെ കണക്കും അവസാനത്തിൽ പിരിവാകുന്ന തുകകളുടെ കണക്കും മേൽപറഞ്ഞ തിട്ട സമ്പ്രദായപ്രകാരമുള്ള കണക്കിൽനിന്നു വിവരമായി കാണാവുന്നതായിരുന്നു. ഈ സമ്പ്രദായം വളരെ കുഴപ്പമുള്ള ഒന്നാണെങ്കിലും രാജ്യഭരണവിഷയത്തിൽ അതു വളരെ സഹായമായ ഒന്നായിരുന്നു.

ഉപാദ്ധ്യക്ഷൻ: ഡിവിഷൻപേഷ്കാരന്മാർ ഡിവിഷനിലുള്ള ഖജനാവിലെ കണക്കുകൾ ഇപ്പോൾ പരിശോധിക്കുന്നുണ്ടു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതുമൂലം നമുക്കു വളരെ പ്രയോജനം ലഭിക്കുന്നില്ല.

ഈ പ്രകാരമുള്ള ഒരു സമ്പ്രദായം ഇപ്പോൾ നടപ്പിലിരിക്കുന്നതു് [illegible]ഡിപ്പാർട്ടുമെന്റിലുള്ള ഏക ഡിപ്പാർട്ടുമെന്റിൽ മാത്രമാണു. ഇപ്രകാരമുള്ള ഈ സമ്പ്രദായം മററു ഡിപ്പാർട്ടുമെന്റുകളിലും ഏർപ്പെടുത്തുന്നപക്ഷം ലഭിക്കാൻ സാധിക്കുന്ന മുതലെടുപ്പിന്റെ എല്ലാമാററങ്ങളേയും കണ്ടുപിടിക്കയും മുതലെടുപ്പു വർദ്ധിപ്പിക്കയും ചെയ്യുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന്റെ മേലധികാരികൾ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നതാണു്. അപ്രകാരമുള്ള ഒരു സമ്പ്രദായം തിരുവിതാംകൂറിൽ ഏർപ്പെടുത്തുന്നതു അത്യാവശ്യമാണെന്നുള്ളതിനെപ്പററി ഈ സഭയിൽ വച്ചു പല അവസരങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതാണു. ഓരോ കൊല്ലത്തിലും ബഡ്ജററുവക കണക്കുകൾ തയ്യാറാക്കിവരുന്നുണ്ടു്. ഒരു കൊല്ലത്തിൽ ഉണ്ടാകാവുന്ന മുതലെടുപ്പിന്റെ ഒരു ബോധം മാത്രമേ അതുമൂലം സിദ്ധിക്കുന്നുള്ളു. ഒരു ബഡ്ജററ് എസ്റ്റിമേററ് ഉണ്ടെങ്കിലും ഒരു പ്രത്യേക കാലത്തിൽ കണക്കാക്കപ്പെട്ട തുകമുഴുവൻ പിരിച്ചുകഴിഞ്ഞുവോ എന്നുള്ള കാര്യത്തിൽ ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നില്ല. അപ്രകാരമുള്ള ഒരു വീഴ്ച ഉണ്ടായിട്ടുണ്ടെന്നും അതിനെപ്പററി സൂക്ഷിക്കണമെന്നും വീഴ്ചവന്നിട്ടുള്ള ഇനത്തിലുള്ള മുതലെടുപ്പു ഈടാക്കേണ്ടതാണെന്നുമുള്ള സംഗതികൾ ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷരോടു ചൂണ്ടിക്കാണിക്കുന്നതിനു അക്കൗണ്ടാഫീസർക്കുമാത്രമേ സാധിക്കയുള്ളു. മററു യാതൊരുദ്യോഗസ്ഥനും അപ്രകാരം ചെയ്യുന്നതിനു കഴിയുന്നതല്ല. ഈ കാരണത്താൽ ഏതെങ്കിലും ചതിപ്രയോഗങ്ങളോ പിരിയാനുള്ള ഏതെങ്കിലും കുടിശ്ശികകളോ ഇന്നത്തെ നമ്മുടെ കണക്കുകളിൽ കാണുന്ന മററതെങ്കിലും ന്യൂനതകളോ കണ്ടുപിടിക്കുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിക്കുന്നതല്ലാ.

തിരുവിതാംകൂറിലുള്ള വരവുകൾ തിട്ടപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിനു ൧൦൯൮-ൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ മൈസൂരിൽനിന്നു വരുത്തി നിയമിക്കയുണ്ടായി. ഡിപ്പാർട്ടുമെന്റു മാനുവലുകൾ തയ്യാറാക്കണമെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കയുണ്ടായി.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അവിടെനിന്നു വരുത്തിയ ഉദ്യോഗസ്ഥൻ ആരാണു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൦൯൮-ൽ ഇവിടെ വരുത്തപ്പെട്ട മി: [illegible] ഈ സമ്പ്രദായമാണെന്നു ഞാൻ വിചാരിക്കുന്നു, ഞാൻ പറയുന്നതു ശരിയല്ലെങ്കിൽ അതിനെ ശരിപ്പെടുത്തിത്തരാമല്ലോ.

ഉപാദ്ധ്യക്ഷൻ: മി: വി. പി. മാധവരാവു ദിവാന്റെ കാലത്തു നമ്മുടെ അക്കൗണ്ടുഡിപ്പാർട്ടുമെന്റിനെ ശുദ്ധീകരിച്ച ആളാണു് ആ മാന്യൻ. അതു പഴയ ചരിത്രമാണു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പണ്ടു ചെയ്തിട്ടുണ്ടെന്നുമാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളു. ഗവണ്മെന്റു ചുമത്തുന്ന എല്ലാ നികുതികളും പിരിച്ചെടുക്കപ്പെടുന്നുണ്ടോ എന്നുള്ളതു അറിയുന്നതിനു നമുക്കു സാധിക്കാതെയിരിക്കാം. ഡിപ്പാർട്ടുമെന്റുവക മാനുവലുകൾ തയ്യാറാക്കുകയും അക്കൗണ്ടാഫീസിൽ വരവു ആഡിറ്റർമാരെ നിയമിക്കുകയും ചെയ്യുന്നപക്ഷം ഓരോ ഡിപ്പാർട്ടുമെന്റിനും ലഭിക്കേണ്ട തുകകൾ പിരിച്ചെടുക്കയും കണക്കുകളിൽ ഈ സംഖ്യകൾ ചേർക്കുകയും ചെയ്യുന്നുണ്ടോ എന്നുള്ളതു അറിയുന്നതിനു ഗവണ്മെന്റിനു സാധിക്കുന്നതായിരിക്കും. ഇപ്രകാരമുള്ള ഒരു സമ്പ്രദായത്തെ സ്വീകരിക്കേണ്ട ആവശ്യകതയെപ്പററി ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണു ഈ ഉപക്ഷേപത്തെ ഞാൻ ഹാജരാക്കീട്ടുള്ളതു്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, തെക്കു്): സർ, മി: കേശവപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി അനുകൂലിക്കുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന സിസ്റ്റമനുസരിച്ചു ഓരോ ഡിപ്പാർട്ടുമെന്റുകളും ചിലവുചെയ്യുന്ന ഇനങ്ങളെ സംബന്ധിച്ചുമാത്രമേ അക്കൗണ്ടാഫീസിൽ ആഡിററു ചെയ്യുന്നുള്ളു. അതുകൊണ്ടു ഉദ്ദേശിക്കുന്ന തരത്തിലുള്ള ഗുണം സിദ്ധിക്കുന്നില്ല. ലാൻഡുറവന്യൂ, എക്സൈസ്, ഫോറസ്റ്റ്, അഞ്ചൽ, ആഗ്രിക്കൾച്ചർ, ഇങ്ങനെയുള്ള വിവിധഡിപ്പാർട്ടുമെന്റുകളിൽ അതാതിനത്തിൽ ഇത്ര രൂപാ വരവുണ്ടു്. അതിൽ ഇത്ര രൂപാ ചിലവുണ്ടു്, ആകപ്പാടെ പിരിയേണ്ടതു ഇത്ര രൂപാ, അതിൽ പിരിഞ്ഞുകിട്ടിയതു ഇത്ര രൂപാ, ബാക്കി പിരിഞ്ഞുകിട്ടുവാനുള്ളതു് ഇത്ര രൂപാ എന്നൊരു കണക്കു അക്കൗണ്ടാഫീസിൽ കിട്ടാതെയിരിക്കുന്നതുകൊണ്ടു ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും തകരാറുകൾ വന്നാൽ അതു കണ്ടുപിടിക്കാൻ അക്കൗണ്ടാഫീസർക്കു സാധിക്കുന്നില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഏറെക്കുറെ ആ മാതിരി ഒരു കണക്കു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ കാണിക്കുന്നുണ്ടു്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്കു്): വരവെത്ര, ചിലവെത്ര, ബാക്കി പിരിയാനുള്ളതെത്രയെന്നു വിവരിച്ചു കണക്കു അക്കൗണ്ടാഫീസിൽ അയയ്ക്കാറുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഇല്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്കു്). അങ്ങനെ അയക്കാതിരിക്കുന്നതുകൊണ്ടു ശരിയായ ആഡിററിംഗ് നടക്കുന്നില്ല എന്നാണു എനിക്കു പറയുവാനുള്ളതു. അതിലേക്കു വേണമെങ്കിൽ ഉദാഹരണം പറയാം.

ഉപാദ്ധ്യക്ഷൻ: ഡിമാൻഡ് ഇന്നതെന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള സംഗതികളൊഴിച്ചുള്ള കാര്യങ്ങളിൽ ഡിമാൻഡും പിരിവും പിരിയേണ്ട ബാക്കി തുകയെ കാണിക്കുന്ന പട്ടികയും വളരെ ശരിയായിരിക്കുകയില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): സർ, അതാതുകാലങ്ങളിൽ പിരിഞ്ഞുകിട്ടേണ്ടതു ക എത്രയാണെന്നറിയാം; അതിൽ എത്ര പിരിഞ്ഞുകിട്ടി, ബാക്കി എത്ര പിരിഞ്ഞു കിട്ടാനുണ്ട് എന്നു അക്കൌണ്ടാഫീസിൽ അറിയുന്നതിനു നിവൃത്തിയില്ല.

ഉപാദ്ധ്യക്ഷൻ: അതു കാണണമല്ലോ,

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): എത്രയാണെന്നുള്ളതിനു ഒരു ശരിയായ കണക്കുവന്നാൽ മാത്രമെ അക്കൌണ്ടാഫീസിൽ ആഡിററുചെയ്യാൻ സാധിക്കയുള്ളു. ഉദാഹരണമായി പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽതന്നെ ആർട്ടിസ്റ്റ് വേലചെയ്ത വിററവകയിൽ ഒരു വലിയസംഖ്യ കണക്കിൽ ചേരാതെ പോയിട്ടുള്ളതായി എനിക്കറിവുണ്ട്. ഒരു പി. ഡബ്ലിയു. ഡി. ഡിവിഷനാഫീസരുടെ അശ്രദ്ധകൊണ്ടാണു ഇങ്ങനെ സംഭവിച്ചതു. പേരു ഞാൻ പറയുന്നില്ല. അതിനാൽ ഇങ്ങനെ ഒരു കണക്ക അക്കൌണ്ടാഫീസിൽ ഉണ്ടായിരുന്നുവെങ്കിൽ ഇന്നയിനത്തിലാണു പണം വരുവാനുള്ളതു, അതിൽ ഇത്ര രൂപാ കാണുന്നില്ല. എന്നു അക്കൌണ്ടാഫീസർക്ക കണ്ടുപിടിക്കാൻ സാധിക്കുമായിരുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവൺമെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഇങ്ങനെ ഒരു കണക്കു അക്കൌണ്ടാഫീസിൽ വയ്ക്കുന്നതു എളുപ്പമാണോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്.): വേലം ചെയ്തുകഴിയുമ്പോൾ കണക്കിൽ വരവുവയ്ക്കുന്നുണ്ട്. ആ കണക്ക അക്കൌണ്ടാഫീസിൽ വരാത്തതുകൊണ്ടല്ലേ അതു അറിയാൻ പാടില്ലാതെ വരുന്നതു്?

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഡിപ്പാർട്ടുമെൻറു മേധാവികൾ എഴുതുന്ന കണക്ക പരിശോധിച്ചാൽ അറിയാൻ പാടില്ലേ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): ആ കണക്ക അക്കൌണ്ടാഫീസർക്കു എങ്ങനെ അറിയാൻ സാധിക്കും?

ഉപാദ്ധ്യക്ഷൻ: ഓരോ ഡിപ്പാർട്ടുമെൻറിലെയും കണക്കുകളെ ആഡിററു ആഫീസ് പരിശോധിക്കുന്നുണ്ട്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അക്കൌണ്ടാഫീസിൽ ഈ കണക്കുകൾ വരാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള സംഗതികൾ കണ്ടുപിടിക്കാൻ സാധിക്കാത്തതു്. അതു കൂടാതെ ഓരോ ഡിപ്പാർട്ടുമെൻറുകളിലെയും വരവു ഇത്ര, അതിൽ ചിലവായ സംഖ്യ നീക്കി ബാക്കി ഇത്ര എന്നൊരു കണക്ക അയക്കാതെ ഇരിക്കുന്നിടത്തോളം കാലം ഡിപ്പാർട്ടുമെൻറു മേധാവികൾക്ക ഇങ്ങനെയുള്ള കാര്യത്തിൽ ചുമതലയില്ലാതെ വരുന്നു. ഒരു ഡിപ്പാർട്ടുമെൻറു മേധാവിയാണെങ്കിലും അക്കൌണ്ടാഫീസർ എന്നു പറഞ്ഞാൽ ഒരു പേടിയുണ്ട്. കണക്ക സംബന്ധമായി വല്ല തകരാറുകളും ഉണ്ടായിരുന്നാൽ അതു കണ്ടുപിടിക്കാൻ നിശ്ചിത രീതിയിൽ ചുമതലപ്പെട്ടിരിക്കുന്നതു അക്കൌണ്ടാഫീസരാണ്. ഇപ്പോൾ അങ്ങിനെയുള്ള കണക്ക ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ അയക്കാതിരിക്കുന്നതുകൊണ്ടു അക്കൌണ്ടാഫീസർക്ക കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടു ഇങ്ങിനെയുള്ള തകരാറുകൾ മേലാൽ വരാതിരിക്കുന്നതിനു ഓരോ ഡിപ്പാർട്ടുമെൻറു മേധാവികളോടും ഗവൺമെൻറു ചട്ടം കെട്ടിയാൽ നന്നായിരിക്കും. അതുപോലെ തന്നെ ഓരോ ഡിപ്പാർട്ടുമെൻറു മേധാവികളും അക്കൌണ്ടാഫീസിലേക്ക അയക്കുന്ന കണക്ക ആഡിററു ചെയ്യുന്നതിനു വേണ്ടവിധത്തിൽ വ്യവസ്ഥ ചെയ്യുകയും വേണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവൺമെൻറു ഫിനാൻഷ്യൽ സെക്രട്ടറി): സർ, അക്കൌണ്ടാഫീസിൽ മുഖ്യമായി ഞങ്ങൾക്ക ചിലവുകളെ കുറിച്ചു മാത്രമേ ഗൌനിക്കേണ്ടതായിട്ടുള്ളു. ചിലവു ചെയ്തിട്ടുള്ള പല ഇനങ്ങളേയും സംബന്ധിച്ചു വൌച്ചറുകൾ ലഭിക്കുന്നുണ്ടോ എന്നും, ഈ വൌച്ചർകൾ ക്രമപ്രകാരമുള്ളതാണോ എന്നും പണം ഈടാക്കേണ്ട ഇനങ്ങൾ ഉണ്ടോ എന്നും ഞങ്ങൾക്ക ഗൌനിക്കേണ്ടിയിരിക്കുന്നു. വരവുകളെ സംബന്ധിച്ചിടത്തോളം, വിവരമായ കണക്കുകൾ സംബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറാണ് അവയെ സൂക്ഷിച്ചു വരുന്നതു്.

ഇതിനു ഉദാഹരണമായി ഭൂനികുതി ഡിപ്പാർട്ടുമെൻറു എടുക്കാം. ഈ ഡിപ്പാർട്ടുമെൻറു വക വരവുകളുടെ കണക്ക തിട്ടപ്പെടുത്തേണമെന്നാണെങ്കിൽ, ഒന്നാമതായി അതു ചെയ്യുവാനുള്ളതു്, തണ്ടപ്പേരു കണക്കുകളെ പരിശോധിക്കുക ആകുന്നു. തണ്ടപ്പേരു കണക്കുകളെ അക്കൌണ്ടാഫീസിൽ, വച്ചു തന്നെ പരിശോധിക്കുന്നതിനു സാധിക്കയില്ലാ. അതിനാൽ ഓരോ പകുതി കച്ചേരിയിലോ, അല്ലെങ്കിൽ ഓരോ താലൂക്ക കച്ചേരിയിലെങ്കിലുമോ, പോയി പരിശോധന നടത്തുന്നതിനു പ്രത്യേക ജീവനക്കാരെ നിയമിക്കേണ്ടതാകുന്നു.

മി: ആർ കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വരവുകളുടെ കണക്കുകൾ തിട്ടപ്പെടുത്തേണ്ടതുള്ളതു ഗുണപ്രദമായ ഒരു കാര്യമല്ലേ എന്നു ഞാൻ മെമ്പറിനോടു ചോദിച്ചു കൊള്ളുന്നു?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവൺമെൻറു ഫിനാൻഷ്യൽ സിക്രട്ടറി): ഞാൻ പറയുന്നതു ബഹുമാനപ്പെട്ട മെമ്പർമാർ കേൾക്കുന്നപക്ഷം, അതു എനിക്ക സന്തോഷത്തിനു കാരണമാകുന്നതാണ്. എൻെറ പ്രസംഗത്തിൻെറ അവസാനത്തിൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുന്നതിനു ഞാൻ തയ്യാറായിരിക്കും.

ഞാൻ പറഞ്ഞതുപോലെ പ്രത്യേക സിബ്ബന്തികളെ ഇക്കാര്യത്തിൽ നിയമിക്കേണ്ടി വരുന്നതാണ്. ഓരോ താലൂക്ക കച്ചേരിയിലെ, പകുതികച്ചേരിയിലെയോ, പോയി കണക്കുകളെ പരിശോധിക്കുന്നതിനു ഈ സിബ്ബന്തികളെ നിയോഗിക്കേണ്ടതാണ്.

കുത്തകപ്പാട്ടത്തിനെ സംബന്ധിച്ചുള്ള മുതലെടുപ്പിനു തുല്യമായി മുതലെടുപ്പു കൂട്ടുകയും കുറയുകയും ചെയ്യുന്നതിനിടയുള്ള ഇനങ്ങളുടെ കാര്യത്തിൽ, മെമ്പർ നിർദ്ദേശിച്ചിട്ടുള്ളതിനു അനുസരണമായി ആഡിററ ആഫീസു പോലെ ഉള്ള ഒരു മദ്ധ്യ ആഫീസിൽ കണക്കുകളെ സഫലമായ വിധത്തിൽ തിട്ടപ്പെടുത്തുന്നതിനു സാധിക്കയില്ല.

ഉപാദ്ധ്യക്ഷൻ: പുതുവൽ ഭൂമികൾ വില്ക്കുന്ന ഏതെങ്കിലും അവസരത്തിൽ ഏതെങ്കിലും ഡിപ്പാർട്ട് അക്കൌണ്ടാഫീസിലേക്കു അയക്കാറുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): സർ, ഇല്ല. സ്റ്റാമ്പു വക മുതലെടുപ്പ്, എക്സൈസ് വക മുതലെടുപ്പ്, മുതലായ ഇനങ്ങളെ സംബന്ധിച്ചു ഖജനാവുകളിൽ നിന്നു മാസം തോറും അയക്കപ്പെടുന്ന ഏകോപിച്ചുള്ള റിട്ടേണുകളെ അടിസ്ഥാനപ്പെടുത്തി മാത്രമേ ഞങ്ങൾക്കു പ്രവർത്തിക്കേണ്ടതായിട്ടുള്ളു. ഈ കണക്കുകളെ ഞങ്ങൾ പരിശോധിച്ചു നോക്കുകയും, മുതലെടുപ്പിൻെറ ഓരോ ഉപ ഇനത്തിൻെറയും കീഴിൽ ഒരു മാസത്തിൽ അടക്കുന്ന തുക എത്രയെന്നുള്ളത് ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരെ ഞങ്ങൾ അറിയിക്കുകയും ചെയ്യുന്നു. മുതലെടുപ്പിൽ സാരമായ ഏതെങ്കിലും കുറവു കാണുന്ന പക്ഷം, ഞങ്ങൾ ഉടനടി ഈ വസ്തു നിയന്ത്രണം നടത്തുന്ന ഉദ്യോഗസ്ഥനെ അറിയിക്കയും സൂക്ഷ്മതയോടു കൂടി പ്രവർത്തിക്കുന്നതിനു ഞങ്ങൾ അദ്ദേഹത്തിനോടു ആവശ്യപ്പെടുകയും, ബഡ്ജററിൽ കാണിച്ചിട്ടുള്ള മുതലെടുപ്പു പിരിച്ചെടുക്കുന്നതിനു നിഷ്കർഷിക്കയും ചെയ്യുന്നു.

ഉപാദ്ധ്യക്ഷൻ: ഈ വിഷയത്തിൽ ഡിവാൻപേഷ്കാരന്മാർ അധികാരങ്ങൾ പ്രയോഗിക്കുന്നുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഉണ്ട്. തങ്ങളുടെ കീഴിലുള്ള ആഫീസുകളിലെ കണക്കുകളെ ശരിയായ വിധത്തിൽ അവർ പരിശോധിക്കണമെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, ഡിപ്പാർട്ടുമെൻറിലുള്ള കീഴ് ഉദ്യോഗസ്ഥന്മാർ എക്സൈസ് കമ്മീഷണർക്കു അയക്കുന്ന സാധാരണ ഉള്ള ഡി. സി. ബി. പട്ടിക ഉള്ളതാകുന്നു. എക്സൈസ് കമ്മീഷണർ ഈ കണക്കുകളെ പരിശോധിക്കുന്നു. ഖജനാവുകളിൽ യഥാർത്ഥത്തിൽ അടയ്ക്കുന്ന തുകകളെ കുറിച്ചു മാത്രമേ ഞങ്ങൾക്കു ഗൌനിക്കേണ്ട ആവശ്യമുള്ളു. കണക്കുകളുടെ ആകെത്തുക, എക്സൈസ് കമ്മീഷണരെ ഞങ്ങൾ അറിയിക്കുന്നു. ഖജനാവുകളിൽ നിന്നു അയക്കുന്ന കണക്കുകളുടെയും അക്കൌണ്ടാഫീസിൽ നിന്നു അയക്കുന്ന കണക്കുകളുടെയും തുകകൾ തൻെറ ഡിപ്പാർട്ടുമെൻറിലുള്ള കീഴ് ജീവനക്കാർ അയക്കുന്ന കണക്കുകളുടെ തുകയോടു തുല്യമാകുന്നുണ്ടോ എന്നു അദ്ദേഹം നോക്കുന്നതാണ്. ആവശ്യസന്ദർഭത്തിൽ ചിലപ്പോൾ ഞങ്ങൾ കണക്കുകളെ വീണ്ടും പരിശോധിക്കാറുണ്ട്. മുതലെടുപ്പിൻെറ തുക കുറയുന്നതിനു ഇടയുള്ള അവസരങ്ങളിൽ ഈ വസ്തുത ഞങ്ങൾ ഡിപ്പാർട്ടുമെൻറു മേലധികാരിയെ അറിയിക്കുന്നു. മിസ്റ്റർ കേശവപിള്ള നിർദ്ദേശിച്ചിട്ടുള്ളതിനനുസരണമായി അബ്കാരി മുതലെടുപ്പിൻെറ കണക്കുകൾ മുഴുക്കെ തിട്ടപ്പെടുത്തണമെന്നുള്ള പക്ഷം അസിസ്റ്റൻറ എക്സൈസ് കമ്മീഷണരുടെയോ, അല്ലെങ്കിൽ റെയിഞ്ചു ഇൻസ്പെക്ടരുടെയോ ആഫീസിൽ പോയി ഡിമാൻഡിൻപ്രകാരമുള്ള തുകകൾ ഇന്നതെന്നുള്ളതു ശരിയായി കണക്കാക്കുകയും അവയെ പിരിച്ചെടുക്കുകയും കുടിശ്ശികയിന്മേലുള്ള പലിശ ശരിയായ വിധം ഈടാക്കുന്നുണ്ടോ എന്നു നോക്കുകയും വേണ്ടതാകുന്നു. ചുരുക്കം മുതലെടുപ്പിനെ സംബന്ധിച്ചിടത്തോളം, കാര്യത്തിൻെറ സ്ഥിതി ഇപ്രകാരമാകുന്നു. തീരുവ ശരിയായ വിധം ഈടാക്കുന്നുണ്ടോ എന്നുള്ളതു നാം നോക്കേണ്ടതാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതെങ്കിലും ആഫീസ് പരിശോധിക്കുന്നതിനു അക്കൌണ്ടാഫീസിനു അധികാരമുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഏതു ആഫീസും പരിശോധിക്കുന്നതിനു ഞങ്ങൾക്കു അധികാരമുണ്ട്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതു ആഫീസും പരിശോധിക്കുന്നതിനു അധികാരമുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ചില ആഫീസുകൾ പരിശോധിക്കണമെന്നു ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ട്. കാര്യത്തിൻെറ നില ഈ വിധത്തിലാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പരിശോധിക്കുന്നതിൽ നിന്നു ഏതെങ്കിലും ആഫീസുകളെ ഒഴിവാക്കിട്ടുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഇല്ല. ഞങ്ങൾക്കു വേണ്ടിടത്തോളം ജീവനക്കാരില്ല. ഈ വിഷമത മാത്രമാണ് ഞങ്ങൾക്കുള്ളത്. എല്ലാ ആഫീസുകളും പരിശോധിക്കുന്നതിനു ഞങ്ങൾക്കു അധികാരമുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): വരവുകളെ പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നു പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഡിപ്പാർട്ടുമെൻറു മേലധികാരിക്കാണ് ഈ ഉത്തരവാദിത്വം ഉള്ളത്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഭൂനികുതി ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, കൊല്ലംതോറും ഉള്ള ജമാബന്തിയെ പററി മെമ്പറന്മാർ അറിയാമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): അറിയാം.

ഉപ്പ്, പുകയില, എക്സൈസ് തീരുവ, എന്നീ ഇനങ്ങളിൽ ഉള്ള വരവുകളെ പരിശോധിക്കേണ്ടത് എക്സൈസ് കമ്മീഷണരുടെ ചുമതലയാണെന്നാണ് ഞാൻ പറഞ്ഞത്.

അതുപോലെ തന്നെ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, തൻെറ ഡിപ്പാർട്ടുമെൻറിലുള്ള വരവുകളെ പരിശോധിക്കേണ്ട ചുമതല രജിസ്ട്രേഷൻ ഡയറക്ടർക്കാകുന്നു.

വനം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം, വനം കൺസർവേറ്റർ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിലെ വരവുകളെ പരിശോധിക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. വനം വക ഡിവിഷൻ ആഫീസുകൾ കൊല്ലം തോറും ഞങ്ങൾ പരിശോധിക്കുന്നുണ്ട്. ആ അവസരത്തിൽ പരിശോധിക്കപ്പെട്ടിട്ടുള്ള മുതലെടുപ്പിന്റെയും ചിലവിന്റെയും കണക്കുകളെ സൂക്ഷ്മതയോടുകൂടി ഞങ്ങൾ പരിശോധനചെയ്യാറുണ്ട്. ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ, കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന പക്ഷം കൂടുതൽ ആഫീസുകളെ പരിശോധിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുന്നതാണ്. ഈ വിഷയത്തിൽ കൂടുതലായി പ്രവർത്തിക്കാൻ കഴിയുമെന്നു മിസ്റ്റർ കേശവപിള്ള പ്രസ്താവിച്ചു. ഞാൻ ഈ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ ഈ കാര്യം നടത്തുന്നതിനു കൂടുതൽ ജീവനക്കാരെ ഞങ്ങളുടെ കീഴിൽ നിയമിക്കേണ്ടതാണ്,

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വരവുകളുടെ കണക്കു പരിശോധിക്കുന്നതു കൂടുതൽ ഗുണകരമായിരിക്കയില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): പരിശോധനനടത്തുന്നതു എല്ലാ അവസരത്തിലും ഗുണപ്രദമായിരിക്കുന്നതാണ്. പരിശോധന നടത്തുന്നതിനു ധാരാളം ഉദ്യോഗസ്ഥന്മാർ ഉള്ളപക്ഷം, കൂടുതൽ ആഫീസുകളെ പരിശോധിക്കാവുന്നതും, നിശ്ചയമായിട്ടും ഇതു കൂടുതൽ പ്രയോജനകരമായിരിക്കുന്നതും ആകുന്നു.

ഉപാദ്ധ്യക്ഷൻ: അക്കൌണ്ടാഫീസുകാർ പരിശോധന നടത്തണമെന്നാണൊ, അല്ലെങ്കിൽ അക്കൌണ്ടാഫീസിൽ വച്ചു പരിശോധന നടത്തണമെന്നാണോ പറയുന്നതു്? ഉപക്ഷേപത്തിന്റെ ഉദ്ദേശം താഴെ കൊടുത്തിരിക്കുന്നതാണെന്നു പറഞ്ഞിരിക്കുന്നു.

“വരവുകളെ സംബന്ധിച്ചുള്ള കണക്കുകൾ അക്കൌണ്ടാഫീസിൽവച്ചു വിവരമായി പരിശോധിക്കുന്ന സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ആശാസ്യതയെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിന്”

മി: കേശവപിള്ള “അക്കൌണ്ടാഫീസുകാരെക്കൊണ്ടു” എന്നും “അക്കൌണ്ടാഫീസിൽവെച്ചു” എന്നും പറഞ്ഞിട്ടുള്ളതിനെ വ്യത്യാസമായി നിങ്ങൾ ധരിച്ചിട്ടുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അക്കൌണ്ടാഫീസിൽവച്ചു എന്നതിന്റെ അർത്ഥം അക്കൌണ്ടാഫീസരുടെ ഹെഡ്ക്വാർട്ടേർ സ്ഥലത്തു വച്ചു എന്നാണ്.

ഉപാദ്ധ്യക്ഷൻ: കണക്കുകളുടെ പരിശോധന തിരുവനന്തപുരത്തുവച്ചു നടത്താവുന്നതാണ്. അല്ലെങ്കിൽ ആഫീസുകളെ നേരിട്ടു സന്ദർശിച്ചു വരവുകളെ സംബന്ധിച്ചുള്ള കണക്കു അക്കൌണ്ടാഫീസർ നേരിട്ടു പരിശോധിക്കാവുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥനെ തിരുവനന്തപുരത്തു നിയമിക്കാവുന്നതാണ്. സംസ്ഥാനത്തുള്ള പല ആഫീസുകളും സന്ദർശിച്ചു കണക്കുകളെ പരിശോധിക്കുന്നതിനു അദ്ദേഹത്തിനോടു ആവശ്യപ്പെടാവുന്നതാണ്.

ഉപാദ്ധ്യക്ഷൻ. അതിനാൽ തിരുവനന്തപുരത്തുള്ള സിക്രട്ടേറിയേറ്റുവക കെട്ടിടങ്ങൾക്കുള്ളിൽവച്ചു ഈ ജോലി ചെയ്യണമെന്നു നിങ്ങൾ നിർബന്ധിക്കുന്നില്ലല്ലോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതിനു ഞാൻ നിർബന്ധിക്കുന്നില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എല്ലാ ആഫീസുകളിൽനിന്നും ഡി. സി. ബി. സ്റ്റേറ്റുമെന്റു് അയക്കണമെന്നു നിർബന്ധമുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): അക്കൌണ്ടാഫീസിൽ ഡി. സി. ബി. സ്റ്റേറ്റുമെന്റു വരുന്നില്ല. എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഡി. സി. ബി. സ്റ്റേറ്റുമെന്റു ചെക്കു ചെയ്യാൻ അക്കൌണ്ടാഫീസിൽ ഇപ്പോൾ ഉള്ള സിൽബന്തികളെക്കൊണ്ടു സാധിക്കുകയില്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): മുൻസിപ്പാലിറ്റിയിൽനിന്നു അയക്കുന്നുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽ സിക്രട്ടറി): മുനിസിപ്പാലിറ്റി ആഡിറ്റു അക്കൌണ്ടാഫീസിലാണു. അതുകൊണ്ടു അയക്കുന്നുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മറ്റുള്ള ഡിപ്പാർട്ടുമെന്റിലെ ആഡിറ്റു എവിടെ ആണ്?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): അക്കൌണ്ടാഫീസിലല്ല. അതാതു ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാർതന്നെ നോക്കുന്നുണ്ട്

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അങ്ങിനെ അക്കൌണ്ടാഫീസർതന്നെ ചെക്കുചെയ്യണമെന്നുവച്ചാൽ കുറേക്കൂടി നന്നായിരിക്കയില്ലയോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): നന്നായിരിക്കയില്ല എന്നു പറവാൻപാടില്ല. അതിലേക്കു അക്കൌണ്ടാഫീസരെക്കൊണ്ടു സാധിക്കുന്നില്ല. അതാതു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാർതന്നെ നോക്കുന്നുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതുകൊണ്ടു വലിയ പിശകുകൾ ഒന്നും ഇപ്പോൾ ഇല്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): വലിയ പിശകുകൾ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ വിഷയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു ഇതിനു തുല്യമായ മറ്റൊരുപക്ഷേപം ഞാൻ അയച്ചിട്ടുണ്ട്. എല്ലാ ഇനങ്ങളിലുമുള്ള മുതലെടുപ്പുകളും വീഴ്ചവരാത്തവിധത്തിൽ പിരിച്ചെടുക്കുന്നില്ല; ഇപ്രകാരമുള്ള വീഴ്ചകളെ തടയണമെന്നു വിചാരിച്ചാണ് ഈ ഉപക്ഷേപം ഹാജരാക്കിട്ടുള്ളതു്. ഈടാക്കേണ്ടതുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ചില ഇനങ്ങൾ വിട്ടുപോയി എന്നു വന്നേക്കാം. ഈ വസ്തുത ഗവർണ്മെന്റിനുതന്നെ ബോദ്ധ്യമായിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഗവർണ്മെന്റു ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതും കമ്മിറ്റി ഏതാനും ശിപാർശകൾ ചെയ്തിട്ടുള്ളതും ആകുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): ഏതുകമ്മററിയെക്കുറിച്ചാണു സൂചിപ്പിക്കുന്നതെന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിഷയത്തെപ്പററി പര്യാലോചിക്കുന്നതിനു നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയാണ്. അദ്ദേഹം ഫിൻവന്ന-ാമാണ്ടിൽ "അതായതു വളരെമുമ്പുതന്നെ" അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): യാതൊരു കമ്മിററിയേയും നിയമിക്കപ്പെട്ടിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉദ്യോഗസ്ഥൻ തെളിവുകൾ ശേഖരിക്കയും ചില ആഫീസുകൾ പരിശോധിക്കയും ചെയ്തതിനുശേഷം ഫിൻവന്നൽ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ഇതു് ഏതാനും കാലത്തിനുമുമ്പു ചെയ്തിട്ടുള്ളതാണെല്ലൊ. ഞാൻ കാര്യങ്ങൾ ചുരുക്കിപറയാം. അന്നത്തെ അക്കൌണ്ടു ആഫീസർക്കു ആ ജോലിയിൽ ദീർഘകാലത്തെ പരിചയം ഉണ്ടായിരുന്നു. റെവന്യൂസംബന്ധിച്ചുള്ള വരവുകളെ പരിശോധിക്കുന്നതിനു ഏതെങ്കിലും ജീവനക്കാരെ നിയമിക്കണമെന്നു അദ്ദേഹം ശിപാർശചെയ്തുകയുണ്ടായി. റെവന്യൂവക ചില ഇനങ്ങൾ പിരിക്കാതെ ഇരിക്കുന്നു എന്നും ഈ ജോലിക്ക പ്രത്യേകജീവനക്കാരെ നിയമിക്കുന്നപക്ഷം റെവന്യൂ പിരിച്ചെടുക്കുന്നതിൽ ഇപ്രകാരം ഉള്ള വീഴ്ചകൾ സംഭവിക്കുന്നതിനിടയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചില ഇനങ്ങളെസംബന്ധിച്ചുമാത്രമേ തനിക്ക ഉത്തരവാദിത്വമുള്ളു എന്നും, ഇപ്പോഴത്തെ അക്കൌണ്ടാഫീസർ ഖണ്ഡമായി പറയുന്നു. സർ, റെവന്യൂവിനെസംബന്ധിച്ചു ആരെങ്കിലും ഉത്തരവാദി ആയിരിക്കണമെന്നാണു ഞാൻ ഇപ്പോൾ പറയുന്നതു്. റെവന്യൂവിനെസംബന്ധിച്ചുള്ള മേൽനോട്ടം വഹിക്കുന്നതിനും റെവന്യൂ ഇനങ്ങൾ പിരിച്ചെടുക്കുന്നതിൽ ചോർച്ച നേരിടാതെ ഇരിക്കത്തക്കവണ്ണം ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നതിനും ആരെങ്കിലുമുണ്ടായിരിക്കണം. ഇതിനു ഞാനൊരു ഉദാഹരണം പറയാം. ശ്രീമൂലപിബാസം വിദ്യാലയത്തിൽനിന്നു ഏതെങ്കിലും വരവു ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു എന്നു വിചാരിക്കുക. ഒരുകൊല്ലത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക എന്താണെന്നും കുടിശ്ശികതുകകൾ ഏതെങ്കിലും ഉണ്ടോ എന്നും, പഴവർഗ്ഗങ്ങളും പിരിച്ചെടുത്തിട്ടുണ്ടോ എന്നും ചിലവുകളെ ശരിയായവിധം കണക്കിൽ കൊള്ളിച്ചിട്ടുണ്ടോ എന്നും, ഉള്ള സംഗതികൾ പറയുന്നതിന്നു അക്കൌണ്ടാഫീസർക്ക സാധിക്കയില്ല.

ഉപാദ്ധ്യക്ഷൻ: ഇതുപോലെയുള്ള മററു ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിലെന്നതുപോലെ ഈ സംഗതിയിൽ ഡയറക്ടരാണ് പ്രവർത്തിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡയറക്ടർക്കു ഭരണസംബന്ധമായുള്ള സാധാരണ കൃത്യങ്ങൾ അത്യധികമായവിധം ചെയ്യുവാനുണ്ട്. ഈ സ്ഥിതിക്ക കണക്കുകളെ സംബന്ധിച്ചു അദ്ദേഹം ചെയ്യുന്ന പരിശോധനയുടെ സ്വഭാവം ഏതുതരത്തിലായിരിക്കുമെന്നു ഞങ്ങൾക്കറിയാവുന്നതാണ്.

ഉപാദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാർ ഈ ജോലി ചെയ്യുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മാത്തമാററിക്സ് അസിസ്റ്റന്റന്മാരും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരിക്കാം. എന്നാൽ ഡിപ്പാർട്ടുമെന്റുസംബന്ധമായ സാധാരണജോലി ചെയ്യുന്നതിൽ അവർ കൂടുതലായി ഏർപ്പെട്ടിരിക്കുന്നതാണ്. ഈ ജോലിചെയ്യുന്നതിനുള്ള പ്രത്യേകസാമർത്ഥ്യം അവർക്കില്ലാ. ഒരു പ്രത്യേകകൊല്ലത്തെ ധനസ്ഥിതിയെസംബന്ധിച്ചു കാര്യങ്ങളെ കാണിക്കുന്ന ഏതാനും റെട്ടേണുകൾ അയച്ചുകൊടുത്തു എന്നും ഡയറക്ടർ അവയെ സ്വീകരിച്ചു എന്നും വന്നേക്കാം. വരവുകളുടെ കണക്ക പരിശോധിക്കുന്നപക്ഷം ഗവണ്മെന്റുവക പണം മററുള്ളവർ അപഹരിക്കുന്നതിനു ഇടയാകുന്നതാണ്. അക്കൌണ്ടാഫീസർ എത്രതന്നെ സൂക്ഷ്മതയോടുകൂടി പ്രവർത്തിച്ചാലും ഒന്നോ രണ്ടോ അപഹരണസംബന്ധമായ കാര്യങ്ങളെമാത്രമേ കണ്ടുപിടിക്കുന്നതിനു സാധിക്കയുള്ളു. അതിനാൽ ഇപ്പോൾ കണക്കുകളെ പരിശോധിച്ചുവരുന്ന സ്ഥിതിക്ക റെവന്യൂ ഇനത്തിൽ ചോർച്ച നിശ്ചയമായിട്ടും ഉണ്ടാകുന്നതാണു. വരവുകളുടെ കണക്ക പരിശോധിക്കുന്നതിനു് ഏതെങ്കിലും ജീവനക്കാരെ നിയമിക്കുന്നതിനു ശിപാർശചെയ്ത ഉദ്യോഗസ്ഥൻ ഈ സംഗതി സമ്മതിച്ചിട്ടുള്ളതാണ്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽസെക്രട്ടറി): റെവന്യൂ പിരിച്ചെടുക്കുന്നതിൽ ചോർച്ച ഉണ്ടാകാൻ ഇടയുണ്ടെന്നു മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളു എന്നു ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞങ്ങളെസംബന്ധിച്ചു ടത്തോളം ഈ പ്രസ്താവന മതിയാകുന്നതാണ്. റെവന്യൂ പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നപക്ഷം അതിനെ തടയുന്നതിനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്. റെവന്യൂവിൽ ഇപ്രകാരം ചോർച്ച ഉണ്ടാകുന്നതിനെ തടയുന്നതിനു വരവുകളുടെ കണക്ക പരിശോധിക്കേണ്ടതു വളരെ അത്യാവശ്യമാകുന്നു. ഈ കാര്യം നിർവഹിക്കുന്നതിനു ജീവനക്കാരെ നിയമിക്കേണ്ടതു ആവശ്യംതന്നെ. ഈ വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനായിട്ടാണ് ഈ ഉപക്ഷേപം ഹാജരാക്കിട്ടുള്ളതു്. ഞാനും ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): സർ, തിരുവിതാംകൂറിലുള്ള വരവുകളെ സംബന്ധിച്ചിടത്തോളം നിയന്ത്രിക്കാൻ ഒരു പ്രത്യേകനിയമനാക്കൂടി ഉണ്ടായിരിക്കേണ്ടതാവശ്യമാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ലാ. അക്കൌണ്ടാഫീസർതന്നെ ഗവണ്മെന്റുഖജനാവിൽനിന്നു ഒരു വലിയ സംഖ്യ കണ്ടമാനം പോകുന്നു എന്നു സമ്മതിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അങ്ങിനെ ഒന്നും പറഞ്ഞില്ല. അദ്ദേഹം അഭിപ്രായപ്പെട്ടതിനെ ശരിയായി വിവരിച്ചു പറയണം. എപ്രകാരം പോകുന്നതിനിടയുണ്ടെന്നാണ് അദ്ദേഹം പറഞ്ഞതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): ഇടയുണ്ടെന്നുപറഞ്ഞ ഡെഷ്ക്കാരുടെ ജമാബന്തിമുതലായ പരിശോധന മിക്കവാറും പ്രഥമൻകൊണ്ടു കഴിയുന്നതുകൊണ്ടും പുറമ്പോക്കിലുള്ള തടി സമ്പത്തിലുള്ള വസ്തു ഉടമസ്ഥന്മാർ മുറിച്ചു കൈവശപ്പെടുത്തി വരുന്നതിനെ ശ്രദ്ധിക്കാത്തതുകൊണ്ടും എക്സൈസ് ഡിപ്പാർട്ടുമെന്റിൽ കൂടുതൽ വൃക്ഷങ്ങൾ ചെത്താൻകൊടുത്തു കുറഞ്ഞ വൃക്ഷക്കരം ഈടാക്കിവരുന്ന എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നടപടി ദൃഷ്ടാന്തങ്ങളെപ്പോലെ,

ഉപാദ്ധ്യക്ഷൻ: അക്കൌണ്ടാഫീസർ അതിലേക്ക എന്തുചെയ്യണം?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർപ്രൈസ് വിസിററു നടത്തണം.

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ അഭിപ്രായത്തെപ്പററി ഞാൻ വിമർശനം നടത്തുകയല്ല. അക്കൌണ്ടാഫീസർ എന്തുചെയ്യണമെന്നു നിങ്ങൾ യഥാർത്ഥത്തിൽ നിർദ്ദേശിക്കുന്ന സംഗതിമാത്രമാണ് അറിയുന്നതിനു ആഗ്രഹിക്കുന്നത്. പേരുവെയ്ക്കാത്ത ഒരു ഹർജിയോ പരാതിയോ ലഭിക്കുന്ന അവസരത്തിൽതന്നെ അക്കൌണ്ടാഫീസർ ഇവിടെനിന്നു ഒരു ചേർത്തലയോ തോവാളയോ എത്തണമെന്നും ഈ സ്ഥലങ്ങളിൽ ഒരു അന്വേഷണം നടത്തണമെന്നും നിങ്ങൾ ആവശ്യപ്പെടുന്നു എന്നു ഞാൻ ഊഹിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതിനുപുറമെ സംബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ശിക്ഷിക്കയും വേണം.

ഉപാദ്ധ്യക്ഷൻ: ഇപ്രകാരം ശിക്ഷിക്കേണ്ടതു ലൈസൻസ് വാങ്ങിയിട്ടുള്ളവരെ ചെത്തുന്നതിനു അധികാരപ്പെടുത്തിയിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണത്തേയും യഥാർത്ഥത്തിൽ ചെത്തുന്ന വൃക്ഷങ്ങളുടെ എണ്ണത്തേയും സംബന്ധിച്ചു ശിക്ഷിക്കണം. അക്കൌണ്ടാഫീസർ ഈ കാര്യം ചെയ്യണമെന്നാണൊ നിങ്ങൾ ആശിക്കുന്നതു?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): വൃക്ഷക്കരത്തിന്റെ ലിസ്റ്റ് റെയിഞ്ച്ആഫീസിൽകാണും.

ഉപാദ്ധ്യൻ: ൧൦ വൃക്ഷങ്ങൾ ചെത്തുന്നതിനുമാത്രമേ ലൈസൻസു വാങ്ങിയിട്ടുള്ള ആളിനു അധികാരം നൽകിയിട്ടുള്ളു എന്നും എന്നാൽ അയാൾ ൩൦ വൃക്ഷങ്ങളെ ചെത്തുന്നു എന്നും നിങ്ങൾ അനുമാനിക്കുന്നു. ഇതാണ് നിങ്ങൾ പറഞ്ഞിട്ടുള്ളതു. നിർദ്ദേശിച്ചിട്ടുള്ളസ്ഥലത്തേക്ക ചെട്ടെന്നു പോകുന്നപക്ഷം ഈ വസ്തുത അക്കൌണ്ടാഫീസർക്ക എങ്ങനെ സൂക്ഷ്മമായി അറിയാൻകഴിയും?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): എക്സൈസുകമ്മീഷണരുടെ ജോലി അദ്ദേഹത്തിനു പരിശോധിക്കാവുന്നതാണ്. സമീപത്തിൽ സ്ഥിതിചെയ്യുന്ന കൊച്ചീസംസ്ഥാനത്തുപോലും ഈ വിഷയത്തിൽ ഏതാനും പ്രവൃത്തികൾ ചെയ്യുന്നുണ്ട്,

ഉപാദ്ധ്യക്ഷൻ: മനുഷ്യസ്വഭാവത്തിനു സമ്പൂർണ്ണത ഉണ്ടായിട്ടില്ല,

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): കസ്റ്റംസ് ഇനത്തിൽ ശരിയായ തീരുവ ഈടാക്കാതെവരുന്നു, ഉദാഹരണമായി ഒരു ചരക്കുവണ്ടി സാമാനം ശരിയായി തീരുവ ഈടാക്കാതെ ആരുവാമൊഴി എക്സൈസ് ഇൻസ്പെക്ടർ അയച്ചുകളഞ്ഞു എന്നു വിചാരിക്കുക. അങ്ങനെവരുമ്പോൾ ചവുക്കയിൽനിന്ന് ൨ മൈൽ അപ്പുറത്തുപോയി അതു കണ്ടുപിടിക്കുന്നതിനു ശ്രമിക്കണം.

ഉപാദ്ധ്യക്ഷൻ: ഈ ജോലി ചെയ്യുന്നതിനു എന്തുകൊണ്ടു ഡിപ്പാർട്ടുമെൻറു മേലുദ്യോഗസ്ഥനോടു ആവശ്യപ്പെട്ടുകൂടാ?

മി: ആർ. രാമൻപിള്ള (കോട്ടയം): ആരുവാമൊഴി ചവുക്ക കടത്തിക്കൊണ്ടുപോയ വണ്ടികളെ പിടിച്ചുകൊണ്ടുവരുന്നതിനു ഞങ്ങളുടെ ഗവണ്മെൻറിനു അധികാരമുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതിനെ കണ്ടുപിടിക്കണമെന്നാണ് ഞാൻ പറയുന്നതു. ഇപ്രകാരം തിരുവിതാംകൂറിലെ വരവു സംബന്ധിച്ചു യഥാർത്ഥമായ ഒരു കണക്ക സൂക്ഷിക്കത്തക്കവണ്ണം ഒരു ഡിപ്പാർട്ടുമെൻറില്ലാ. അതിനെസംബന്ധിച്ചു ഒരു റിപ്പോർട്ടും വന്നിട്ടുണ്ട്. ഈ സംഗതി ഫിനാൻഷ്യൽ സെക്രട്ടറി ഏകദേശം സമ്മതിച്ചിട്ടുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ഫിനാൻഷ്യൽസെക്രട്ടറി അങ്ങനെ സമ്മതിച്ചിട്ടില്ലാ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങിനെ സംഭവിക്കാനിടയുണ്ടെന്നുപറഞ്ഞു, അതുകൊണ്ടു ഈ ഉപക്ഷേപം വോട്ടിനിടുന്നതിനു ഇടയാക്കാതെ അടുത്ത ബഡ്ജറ്റിൽ ഇതിലേക്ക ഒരു പ്രൊവിഷൻ ചെയ്യാമെന്നു ഒരു വാഗ്ദാനം ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവാങ്ങിക്കൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഓരോ ഡിപ്പാർട്ടുമെൻറിനേയും സംബന്ധിച്ചിടത്തോളം ഓരോ മാസത്തേയും വരവിന്റെ കണക്കുകളെപ്പററി മാസംതോറുമുള്ള പട്ടിക അക്കൌണ്ടാഫീസർ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. മുൻ കൊല്ലത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽനിന്നുള്ള മിച്ചം മുതലെടുപ്പും മേൽപറഞ്ഞ മുതലെടുപ്പും തമ്മിൽ താരതമ്യപ്പെടുത്താവുന്നതാണ്. ഒരു പ്രത്യേക വർഷത്തിൽ റവന്യൂഇനത്തിൽ തുക കൂടുതൽ ഉണ്ടായിട്ടുണ്ടെന്നുള്ളതിനെപ്പററി നിർണ്ണയിക്കുന്നതിനു ഉള്ള ഏകമാർഗ്ഗം ഇതാണ്. റവന്യൂ കുറവായിട്ടുള്ള പ്രത്യേകസ്ഥലം ഇന്നതെന്നു നിശ്ചയിക്കുന്നതിനു അതു നമ്മെ സഹായിക്കുന്നതല്ല. എക്സൈസ് റവന്യൂവിനെപ്പററി നമുക്കു ചിന്തിക്കാം. ഒരുപക്ഷേ അടുത്തകൊല്ലത്തിൽ ചില സ്ഥലങ്ങളിൽ എക്സൈസ് റവന്യൂ കുറഞ്ഞുപോയി എന്നു വന്നേക്കാം. വരവുകളുടെ തുകയെപ്പററി പരിശോധിക്കുന്നപക്ഷം ഇപ്രകാരം കുറവായിട്ടുള്ള സ്ഥലം ഏതാണെന്നുള്ളതു നിശ്ചയിക്കുന്നതിനു നമുക്കു സാധിക്കുന്നതാണ്. അപ്രകാരമുള്ള ഒരു സമ്പ്രദായത്തിന്റെ അഭാവംമൂലം—

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സെക്രട്ടറി): തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെ പക്കൽനിന്ന് ലഭിക്കുന്ന വരവുകളെ കാണിക്കുന്ന ഡി. സി. ബി. പട്ടികയിൽനിന്നു വരവിൽ കുറവുണ്ടായിട്ടുള്ളതിനെപ്പററി എക്സൈസ് കമ്മീഷണർക്ക അറിയുന്നതിനു സാധിക്കയില്ലയൊ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എന്നാൽ എക്സൈസ് കമ്മീഷണരുടെ കണക്കുകളും അക്കൌണ്ടാഫീസരുടെ പക്കലുള്ള കണക്കുകളും തമ്മിൽ ഒത്തുനോക്കി ശരിയാക്കുന്നതിനു സാധിക്ക

കയില്ലല്ലോ. എക്സ്ചെക്കർ കമ്മീഷണറുടെ കണക്കുകൾ തെറ്റാണെന്നു വിചാരിക്കുക, ഞാൻ എക്സ്ചെക്കർ കമ്മീഷണരെ കുറ്റപ്പെടുത്തുകയല്ലാ ചെയ്യുന്നതു്. ഇവ ശരിയാണോ എന്നു പരിശോധിക്കുന്നതു് ഇപ്രകാരമാണ്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): കീഴ് ഉദ്യോഗസ്ഥന്മാർ കണക്കുകളെ എക്സ്ചെക്കർ കമ്മീഷണർക്ക് അയച്ചുകൊടുക്കുന്നതിനു മുൻപ് ഓരോ ഖജനാവു ഉദ്യോഗസ്ഥനും ഈ കണക്കുകളെ ശരിയാണോ എന്നു പരിശോധിച്ചുനോക്കുന്നുണ്ട്. ഓരോ റെയിഞ്ചു ആഫീസരും തന്റെ കണക്കുകളെ ട്രഷറി ആഫീസർക്ക് അയച്ചുകൊടുക്കുന്നുണ്ട്. ട്രഷറി ആഫീസർ ഈ കണക്കുകളെ തന്റെ പക്കൽ ഉള്ള കണക്കുകളുമായി ഒത്തുനോക്കി ശരിപ്പെടുത്തുകയും, അതിന്റെശേഷം ഈ പട്ടികകളെ റെയിഞ്ച് ആഫീസർക്ക അയച്ചുകൊടുക്കയും ചെയ്യുന്നു. അതിന്റെശേഷം മാത്രമേ റെയിഞ്ചു ആഫീസർ തന്റെ പട്ടികകളെ എക്സ്ചെക്കർ കമ്മീഷണർക്ക അയച്ചുകൊടുക്കയുള്ളു. അതിനാൽ ആരംഭഘട്ടത്തിൽതന്നെ കണക്കുകൾ അന്യോന്യം ഒരുപോലെ ഇരിക്കുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഡിപ്പാർട്ടുമെന്റിലുള്ളവരാണ് ഇപ്രകാരം ചെയ്തുവരുന്നതു് പൊതുജനങ്ങളുടെ അറിവിനായി അതിനെ പ്രസിദ്ധപ്പെടുത്തുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഈ അവസരത്തിൽ അദ്ദേഹത്തിനോടു നിങ്ങൾ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളട്ടെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ കാര്യത്തിൽ മറ്റൊരു വിഷമതയുണ്ട്. ചിലപ്പോൾ വരവുകളെ സംബന്ധിച്ചുള്ള കണക്കുകൾ ഒരു കൊല്ലത്തേതു ഒന്നിച്ചാണ് പ്രസിദ്ധംചെയ്യുന്നതു് അങ്ങനെ സംഭവിക്കുന്ന അവസരത്തിൽ എപ്പോഴെപ്പോഴുള്ള എക്സ്ചെക്കർ കമ്മീഷണർ അയക്കുന്ന കണക്കുകളെ ശരിയാണോ എന്നു പരിശോധിച്ചുനോക്കുന്നതിനു അക്കൗണ്ട് ആഫീസർക്ക സാധിക്കയില്ലാ. വല്ല ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥനും ചെയ്യുന്ന ഏതെങ്കിലും ചതിപ്രയോഗത്തെയോ തട്ടിപ്പിനു വിരുദ്ധമായി ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തിയെയോ കണ്ടുപിടിക്കുന്നതിനു സാധിക്കയില്ല നേരെമറിച്ചു വരവുകളെ സംബന്ധിച്ചുള്ള കണക്കുകളെ ആഡിററുചെയ്യുന്നപക്ഷം, അവയെ ശരിയാണോ എന്നു വളരെ എളുപ്പത്തിൽ നോക്കാവുന്നതാണല്ലോ.

രണ്ടു കാര്യങ്ങളെ ബന്ധപ്പെടുത്തുന്നതിനു വരവുകളുടെ കണക്കുകളെ ആഡിററുചെയ്യുന്ന ഈ സമ്പ്രദായത്തെ നടപ്പിൽവരുത്തേണ്ടതാണ്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഇപ്പോൾ ഞങ്ങൾ അനവധിച്ചവൃത്തത്തിലുള്ള ആഫീസുകൾ, പ്രധാനപ്പെട്ട റവന്യൂ ആഫീസുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ മുതലായവയെ പരിശോധിച്ചുവരുന്നുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിക്കുന്നവകയ്ക്കു ഈ സംസ്ഥാനത്തുള്ള മിക്ക ആഫീസുകളെയും പരിശോധിക്കുന്നതിനു സാധിക്കുന്നതാണ്. ഇതാണ് എന്റെ സ്വന്തം അഭിപ്രായം. ഈ ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തിനു പതിയായി എനിക്ക യാതൊന്നും പ്രസ്താവിക്കുവാനില്ല.

മി: ആർ. നീലകണ്ഠപ്പിള്ളയുടെ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം, ഈ സംഗതി ഗവർമ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമായിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹം ശിപാർശ ചെയ്തിട്ടുള്ള ജോലിയുടെ ഒരു ഭാഗം അക്കൗണ്ടു ഡിപ്പാർട്ടുമെന്റു ഇപ്പോൾ ചെയ്തുവരികയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സ്പെഷ്യൽ ആഫീസർ അദ്ദേഹത്തിന്റെ റിപ്പോർട്ടു അയച്ചതിനു മുൻപു ഈ ജോലിചെയ്തുവന്നിരുന്നോ എന്നു പറയുമോ?

മി: എൻ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ചെയ്തുവന്നിരുന്നു. അതിനുമുൻപും ഇപ്രകാരം ചെയ്തുവന്നിരുന്നു. ഈ ജോലി ചെയ്യുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കണമെന്നുമാത്രമേ അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്രകാരമുള്ള ഒരു സമ്പ്രദായം മദ്രാസിൽ നടപ്പിലിരിക്കുന്നുണ്ടോ എന്നു പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അതു മദ്രാസിൽ നടപ്പിലിരിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ സമ്പ്രദായം മൈസൂരിൽ നടപ്പുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): അവർ അതിനെ സ്വീകരിച്ചിട്ടുണ്ട് എന്നു ഞാൻ വിചാരിക്കുന്നില്ല. അവിടെ ഫിനാൻഷ്യൽ സെക്രട്ടറി ഉദ്യോഗവും വരവുകളുടെ കണക്ക പരിശോധിക്കുന്നതിനുള്ള ആഡിററുടെ ഉദ്യോഗവും ഏകീകരിച്ചിരിക്കുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഏതാനും ജീവനക്കാർ ഏതോ ചില റവന്യൂ ആഫീസുകളിൽ ജോലിചെയ്യുന്നുണ്ടെന്നും ഞാൻ വിചാരിക്കുന്നു. ഈ വിഷയത്തിൽ ഇത്രമാത്രമേ അവിടെ പ്രവർത്തിക്കുന്നുള്ളു. ഇവിടെ നമുക്ക് അനവധി ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരുണ്ട്. അവർ തങ്ങളുടെ ഓരോ ഡിപ്പാർട്ടുമെന്റിലെയും വരവുകളെ സംബന്ധിച്ച കണക്കുകളെ പരിശോധിക്കുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു. എന്നാൽ ഒരു ഗൗരവമായ വിഷയം എന്ന നിലയിൽ അവർ അതിനെ സൂക്ഷ്മപരീക്ഷിച്ചുനോക്കിയിട്ടുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കണക്കുകൾ പരിശോധിക്കുന്ന വിഷയത്തിൽ അവർ വിദഗ്ദ്ധന്മാരാണോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): തങ്ങളുടെ ഡിപ്പാർട്ടുമെൻറിലെ കണക്കുകളെ പരിശോധിക്കുന്നതിനു അവക്കു പരിചയമുണ്ടായിരിക്കണം. ഇത്രമാത്രമേ ഇക്കാര്യത്തിൽ ആവശ്യമുള്ളു. ജമാബന്തിക്കണക്കു പരിശോധിക്കയും, റവന്യൂ ചോർന്നു പോകുന്നതിനെ തടയുകയും ചെയ്യുന്ന കാര്യത്തിൽ ദിവാൻ പേഷ്കാരന്മാർ പ്രവർത്തിക്കുമെന്നു ആശിച്ചിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ചിലവു എങ്ങനെ ആണു് പരിശോധിക്കുക?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ചിലവിന്റെ കണക്കുകൾ ഒന്നിച്ചു മാസത്തിൽ രണ്ടു തവണയായിട്ടാണു് ഇവിടെ വരുന്നതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വരവിന്റേയും ചിലവിന്റേയും കണക്കുകൾ ഇപ്പോൾ അയക്കുകയാണോ ചെയ്യുന്നതു്?

മി: ആർ. നീലകണ്ഠപിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ചിലവുമാത്രമേ ഇപ്പോൾ നോക്കുന്നുള്ളു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതാതു ആഫീസർമാർതന്നെ അതു ചെയ്യാൻ പാടില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അവർ ചെയ്താൽ ശരിയാകുകയില്ല.

മി: പി. എസ്. മഹമ്മദ് (നോമിനേറഡ്): ശരിയായി നിർവ്വഹിക്കുന്നില്ല എന്നു പറയുന്നതിനു വല്ല കാരണവും ഇതുവരെ ഉണ്ടായിട്ടുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഇല്ല. എന്നിക്കു അവരെ പറ്റിയ സംശയമൊന്നുമില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ ജോലി ചെയ്യുന്നതിനു ഡിപ്പാർട്ടുമെൻറ മേലധികാരികൾക്കു വേണ്ടിടത്തോളം സമയം ഉണ്ടെന്നാണോ ഫിനാൻഷ്യൽ സെക്രട്ടറി പറയുന്നതു്?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതിനു വേണ്ടിടത്തോളം സമയമുണ്ടാക്കണം. അവർ നിർവഹിക്കേണ്ട പ്രധാന ഒരു ജോലി ആകുന്നു ഇതു്.

മി: മാത്യുമുരിക്കൻ (വൈക്കം) സംശയകരമായ ഒരു മറുപടി ഞാൻ ആവശ്യപ്പെടുന്നില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുള്ള ഡിമാൻഡുകളെപ്പററി വോട്ടു എടുക്കുന്നതിനു അവയെ ഹാജരാക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാരോടു മെമ്പറിനു ഈ കാര്യത്തിൽ ചോദ്യങ്ങൾ ചോദിക്കാവുന്നതാണു്.

മി: മാത്യുമുരിക്കൻ (വൈക്കം): ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഈ ഇനത്തിൽപെട്ട ജോലി വളരെ പ്രാധാന്യം വഹിക്കുന്ന ഒന്നാണു്. ഇതു ചെയ്യുന്നതിനു ഉദ്യോഗസ്ഥന്മാർ വേണ്ടിടത്തോളം സമയമുണ്ടാക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ആ കാരണത്താലായിരിക്കണം ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കു അനവധി പേഴ്സനൽ അസിസ്റ്റണ്ടന്മാരെ അവർ നിയമിക്കപ്പെട്ടിട്ടുള്ളതു്. അവക്കു കൂടുതൽ സമയം ഉള്ളതുകൊണ്ടാണോ ഇപ്രകാരം ചെയ്തിട്ടുള്ളതു്?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): തങ്ങളുടെ ജോലി ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർ ഉത്തമമായവിധത്തിൽ നിർവ്വഹിക്കുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു. ഇത്രമാത്രമേ ഈ കാര്യത്തിൽ എനിക്കു പറയുവാനുള്ളു.

മി: വി. ചെല്ലംപിള്ള (തോവാള): ഈ ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷന്മാർ തങ്ങളുടെ കൃത്യങ്ങളെ ഉത്തമമായവിധത്തിൽ നിർവഹിക്കുന്നുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): അവർ അപ്രകാരം ചെയ്യുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ്സിക്രട്ടറി): ഡിപ്പാർട്ടുമെൻറുവക കണക്കുകളും ഖജനാവുവക കണക്കുകളും യോജിക്കുന്നുണ്ടോ എന്നുള്ളതു് അക്കൌണ്ടാഫീസർ എല്ലാകൊല്ലത്തിലും പരിശോധിച്ചുനോക്കുന്നുണ്ടു്. ഈ വസ്തുത ഫിനാൻഷ്യൽസിക്രട്ടറിക്കു ബോദ്ധ്യമായിട്ടില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): ഓരോമാസത്തിലും കണക്കുകൾ അന്യോന്യം യോജിക്കുന്നുണ്ടോ എന്നുള്ളതു് ഞങ്ങൾ നോക്കുന്നുണ്ടു. കൊല്ലത്തിന്റെ അവസാനഘട്ടത്തിലും കണക്കുകളെ അവസാനമായി ഒത്തുനോക്കി ശരിപ്പെടുത്തുന്നുണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെൻറവക കണക്കുകൾ അക്കൌണ്ടാഫീസരുടെ കണക്കുകളുമായി യോജിക്കാത്തതിനു ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽസിക്രട്ടറി): ഇപ്രകാരമുള്ള ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കുഴിത്തുറയും-പൂവാറും, നെയ്യാറ്റിൻകര): അക്കൌണ്ടു് ആഫീസരുടെയും ആഡിററാഫീസരുടേയും ഫിനാൻഷ്യൽ സിക്രട്ടറിയുടേയും ജോലികൾ ഒന്നാക്കി ചെയ്വാൻ സാധിക്കുമോ എന്നു പറയുമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽസിക്രട്ടറി): ഇപ്പോഴത്തെ സ്ഥിതികളെ സംബന്ധിച്ചിടത്തോളം ഈ ജോലികൾ ഒരാൾ തന്നെ ചെയ്യുവരുന്നു.

മി: എസ്, പിറവപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക): ഈ ജോലികൾ ചെയ്യുന്നതിന അദ്ദേഹത്തിന സമയമുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സിക്രട്ടറി): അദ്ദേഹം ഇപ്പോൾ ഈ ജോലികൾ ചെയ്തുവരികയാണ്.

മി: എ. സി. കണ്ണാക്കോസ് (മീനച്ചലും ദേവികുളവും). ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർ ഇതൊക്കെ ശരിയായി ചെലവാക്കിക്കൊള്ളുമെന്നുള്ള സങ്കല്പം വച്ചുകൊണ്ടാണിരിക്കുന്നതു് എന്ന സ്പഷ്ടമാണ്, അങ്ങനെ എല്ലാ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരും നടക്കാതിരുന്നാൽ അതു നഷ്ടമായിട്ടല്ലയോ പരിണമിക്കുന്നതു്?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽസിക്രട്ടറി): ഇതു് ഒരു മഹാപ്രാധാന്യമറിക്കാൻ ചോദ്യം ആണ്.

മി: എ. സി. കണ്ണാക്കോസ് (മീനച്ചലും-ദേവികുളവും): ഇപ്പോൾ അക്കൌണ്ടാഫീസിൽനിന്ന ഓരോ ഡിപ്പാർട്ടുമെൻറും ഏതെങ്കിലും ഒന്ന പരിശോധിച്ചുവരുന്നില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽസിക്രട്ടറി): ഉണ്ട്. വലിയ തുകകളെ സംബന്ധിച്ചെല്ലാം പരിശോധിക്കുന്നുണ്ട്. പിഃ കസ്റ്റംസ് റവന്യൂ ആഫീസുകൾക്കൊക്കെ അക്കൌണ്ടാഫീസുകാർ പരിശോധിക്കുന്നുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ വരവു ചില്ലറ തുകകൾ മാത്രമായിട്ടേയുള്ളു. അതുകൊണ്ടു ആ ഡിപ്പാർട്ടുമെൻറിൽ ഞങ്ങൾ പരിശോധനയ്ക്കു പോകുന്നില്ല. ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറ അവരുടെ അധീനതയിൽ വിട്ടിരിക്കയാണ്.

മി: എ. സി. കണ്ണാക്കോസ് (മീനച്ചലും-ദേവികുളവും): എക്സൈസ്ഡിപ്പാർട്ടുമെൻറിൽ കസ്റ്റംസ് റവന്യൂമാത്രമേ പരിശോധിക്കുന്നുള്ളോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സിക്രട്ടറി): കസ്റ്റംസ് റവന്യൂമാത്രമാണ് അക്കൌണ്ടാഫീസുകാർ പരിശോധിക്കുന്നതു. ബാക്കിയെല്ലാം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതാണ്. അതാതു വൎഷക്കാരം തവണ മുതലായവകയിൽ ഇത്ര രൂപാ വരുമെന്ന മുൻകൂട്ടിത്തന്നെ നിശ്ചയപ്പെട്ടുപോകുന്നതുകൊണ്ടു, ആ കണക്കുകൾ ഇപ്പോൾ പരിശോധിക്കുന്നില്ല.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): റയിൽവേയെ സംബന്ധിച്ച കണക്ക നോക്കുന്നില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽസിക്രട്ടറി): അതിനധികാരമില്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിന മുൻപിരുന്ന അക്കൌണ്ടാഫീസർ റയിൽവെ കണക്ക പരിശോധിച്ചതായി പറയുന്നുണ്ടല്ലൊ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സിക്രട്ടറി): തമ്പാനൂർ റെയിൽ സംബന്ധിച്ച കണക്കുകൾ കഴിഞ്ഞമാസത്തിൽ പരിശോധിച്ചിട്ടുണ്ടു.

മി: ടി. സി. കേശവപിള്ള (കരുനാഗപ്പള്ളിയും-വിളവങ്കോടും): പഞ്ചസാരകമ്പനിയുടെ കണക്ക പരിശോധിച്ചിട്ടുണ്ടോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സിക്രട്ടറി): അതു ജോയിൻറ സ്റ്റാക്കകമ്പനി ആയതുകൊണ്ടു അതിലെ കണക്ക പരിശോധിച്ചിട്ടില്ല.

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ ആർ. കേശവപിള്ളെ, അക്കൌണ്ടാഫീസർ ചെയ്തിട്ടുള്ള പ്രസ്താവനകളുടെ സ്ഥിതിക്കു, ഉപക്ഷേപം സ്വീകരിക്കണമെന്ന നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപം സ്വീകരിക്കണമെന്ന് ഞാൻ നിർബന്ധിക്കുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സിക്രട്ടറി): സാമാജികന്മാർ പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പറ്റി പര്യാലോചിക്കുന്നതാണെന്ന് ഞാൻ മുൻപുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ.

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ. കേശവപിള്ളെ, ഉപക്ഷേപത്തെ സ്വീകരിക്കണമെന്ന നിങ്ങൾ പിന്നീടും നിർബന്ധിക്കുന്നുണ്ടോ? നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യത്തെപ്പറ്റി ചിന്തിക്കുന്നതാണെന്ന് അദ്ദേഹം പറയുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിന സഭ അനുവദിക്കുന്നുണ്ടോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൯൮-മുതൽ ൩൦൫-വരെ ഉള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: പി. എസ്. മഹമ്മദ്

൨൯൮. എസ്റ്റാബ്ലിഷ്മെൻറിന വേണ്ടി കൊള്ളിച്ചിട്ടുള്ള ൯൬൭൨ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൨൯൯. എസ്റ്റാബ്ലിഷ്മെൻറിനവേണ്ടി കൊള്ളിച്ചിട്ടുള്ള ൯൬൭൨ രൂപായിൽനിന്ന് ൫൦ രൂപാ കുറയ്ക്കണം.

മി: മുറിവേലിൽപാച്ചുപിള്ള

൩൦൦. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൦൦൦ രൂപായിൽനിന്ന ൫ രൂപാകുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള

൩൦൫. സഞ്ചാരപ്പടിക്കായി കൊള്ളിച്ചിട്ടുള്ള ൧൦൦൦ രൂപായിൽനിന്ന ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൩൦൬.

മി: എ. ജി. മേനോൻ സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കികൊള്ളുന്നു.

ധനാഗമത്തെ ഡിമാൻറിൻെറ കീഴിൽ ആകെ കൊള്ളിച്ചിട്ടുള്ള ..... ക ഉറുപ്പികയിൽനിന്നു ... രൂപാ കുറയ്ക്കണം.

ഈ വിവരണം അച്ചടിച്ചിട്ടുള്ളതിൽ തെറ്റുകൾ വന്നിട്ടുള്ളതായി കാണുന്നു. സൂക്ഷ്മമായി പറയുന്ന പക്ഷം, ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു് ആഡിററ് കാര്യത്തേയും ധനകാര്യത്തേയും സംബന്ധിച്ചല്ല; എന്നാൽ ആഡിററിനേയും കണക്കുകളേയും സംബന്ധിച്ചാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

ഉപാദ്ധ്യക്ഷൻ: ഏതു് ഉപക്ഷേപമാണു് നിങ്ങൾ ഹാജരാക്കുന്നതെന്നുള്ളതു സൂക്ഷ്മമായി ഞങ്ങളെ അറിയിക്കുക. നടപടിയെ സംബന്ധിച്ചുള്ള കാര്യപരിപാടിയിൽ കാണുന്നവിധത്തിലുള്ള ഉപക്ഷേപമാണോ നിങ്ങൾ അവതരിപ്പിക്കുന്നതു?

മി: എ. ജി. മേനോൻ (പറവൂർ): തുക കുറയ്ക്കുന്നതിനുള്ള എൻെറ ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്ന വിവരണത്തിൽ കൂടുതലായി ഏതാനും കാര്യങ്ങൾ എനിക്കു പ്രസ്താവിക്കുവാനുണ്ടു്.

ഉപാദ്ധ്യക്ഷൻ: അപ്രകാരം പ്രസ്താവിച്ചതിൻെറ ശേഷം നിങ്ങൾ തുടർന്നുകൊള്ളുക.

മി: എ. ജി. മേനോൻ (പറവൂർ): ആയിരത്തി ഒരുന്നൂററിമുന്നിലും നാലിലും ബഡ്ജററുസമ്മേളനകാലത്തു, ആഡിററു കാര്യങ്ങളേയും കണക്കുകളേയും പ്രത്യേകം തരുക്കുകയും, പബ്ലിക്ക അക്കൌണ്ട്സ് കമ്മിററിയെ ഏർപ്പെടുത്തുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പററി ഈ സഭമുൻപാകെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു. ഈ വിഷയത്തെപ്പററി പൂർണ്ണമായവിധം ആ അവസരത്തിൽ വാദപ്രതിവാദം നടത്തിയിട്ടുണ്ടു്. ഈ സഭയിൽ വാദപ്രതിവാദം നടത്തിയിട്ടുള്ള മററനേകം വിഷയങ്ങളുടെ കാര്യത്തിലെന്നതുപോലെ ഇതേവരെ ഈ സംഗതിയിൽ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. സ്വതന്ത്രമായ നിലയിൽ ആഡിററുകാര്യങ്ങൾ നടത്തേണ്ടതു ആവശ്യമാണെന്നുള്ളതിനെപ്പററി ഞാൻ പ്രസ്താവിക്കാം. പബ്ലിക്ക അക്കൌണ്ട്സ് കമ്മിററിയെപ്പററി ഒരു ഉപക്ഷേപം ഹാജരാക്കുന്നതിനു മിസ്റ്റർ രാമവർമ്മരാജാ അറിയിപ്പു നൽകിയിട്ടുണ്ടു്. അതിനാൽ ഈ കമ്മിററിയെ പററി പ്രസ്താവിക്കേണ്ടകൃത്യം അദ്ദേഹത്തിനായി ഞാൻ വിട്ടിരിക്കുന്നു. കാര്യങ്ങളുടെ ഇപ്പോഴത്തെനിലയ്ക്കു—

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ രാമവർമ്മരാജാ, ഈ വിഷയത്തെപ്പററി യാതൊരു ഉപക്ഷേപവും ഹാജരാക്കിട്ടില്ലെന്നു് കാര്യപരിപാടിയിൽനിന്നു കാണുന്നു.

മി: എ. ജി. മേനോൻ (പറവൂർ): അപ്രകാരം സംഭവിച്ചേക്കാം.

ഉപാദ്ധ്യക്ഷൻ: അതു ശരിതന്നെ. ദയവുചെയ്തു മേലിൽ ഉപസ്ഥിതമായിട്ടുള്ള ഉപക്ഷേപങ്ങളെപ്പററി പ്രസ്താവിക്കാതിരിക്കണം.

മി: എ. ജി. മേനോൻ (പറവൂർ): കാര്യങ്ങളുടെ ഇപ്പോഴത്തെനിലയ്ക്കു്, ഈ രാജ്യത്തിൽ കണക്കുകളെ ശരിയായവിധം പരിശോധിച്ചു വരുന്നില്ല. ഇതിൻെറ അർത്ഥം വൌച്ചറുകൾ പ്രകാരം ചിലവിനങ്ങളെ പരിശോധിക്കാറില്ലാ—

ഉപാദ്ധ്യക്ഷൻ: സാധാരണമായുള്ള കണക്കുകൾ പ്രകാരം അവയെ ആഡിററുചെയ്യുകയല്ലെന്നാണോ നിങ്ങൾ പറയുന്നതു്?

മി: എ. ജി. മേനോൻ (പറവൂർ): അതെ, ചിലവായതായി പറയപ്പെടുന്ന ഇനങ്ങൾ യഥാർത്ഥത്തിൽ ചിലവാക്കപ്പെട്ടിട്ടുണ്ടോ എന്നും, അവ ചിലവാക്കീട്ടുണ്ടെങ്കിൽ ശരിയായവിധം ചിലവാക്കീട്ടുണ്ടോ എന്നും നോക്കണം. ഇപ്രകാരമാണു് കണക്കുകളെ ആഡിററു ചെയ്യേണ്ടതു. ഇതാണു ഞാൻ പ്രസ്താവിക്കുന്ന സംഗതി. ഇവ ഭിന്നമായിട്ടുള്ള രണ്ടു കാര്യങ്ങളാകുന്നു. വരവുകളെ സംബന്ധിച്ചിടത്തോളം, എൻെറ സഹകാരിയായ മിസ്റ്റർ ആർ. കേശവപിള്ള വിവരമായി ആഡിററുചെയ്യേണ്ട ആവശ്യകതയെപ്പററി ഈ സഭമുമ്പാകെ മുൻപുതന്നെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഈ കാര്യം നിർവഹിക്കുന്നതിനു ഒന്നാമതായി ആഡിററു് കാര്യങ്ങളെ രേക്കാർഡും ഫിനാൻസും കാര്യങ്ങളിൽനിന്നു് വേർതിരിക്കയും, ഒരു ആഡിററാഫീസരെയും നിയമിക്കുന്നതിനു് നിയമപ്രകാരം വ്യവസ്ഥചെയ്കയും ചെയ്യേണ്ടതാവശ്യമാകുന്നു. അദ്ദേഹം ചെയ്യുവാനുള്ളകൃത്യങ്ങൾ ഇന്നവ എന്നുള്ളതു നിയമപ്രകാരം വിശദമായി നിശ്ചയിക്കേണ്ടതാണു്. തൻെറ ജോലികളെസംബന്ധിച്ചു് ന്യായമല്ലാത്തവിധം പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നസംഗതികൾ ഒഴിച്ചു് അദ്ദേഹം നിർവഹിക്കുന്ന ജോലിയിൽ ഇടപെടുന്നതിനു് യാതൊരാൾക്കും അധികാരമുണ്ടായിരിക്കാൻ പാടില്ലാത്തതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എക്സിക്യൂട്ടീവിൻെറ നിയന്ത്രണാധികാരത്തിനു മുകളിലായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കണമെന്നാണോ നിങ്ങൾ പറയുന്നതു്?

മി: എ. ജി. മേനോൻ (പറവൂർ): നീതിന്യായവകുപ്പു് എക്സിക്യൂട്ടിവിൻെറ നിയന്ത്രണത്തിനു് മീതെ ആണു സ്ഥിതിചെയ്യുന്നതു്. ഇതുപോലെ തന്നെ, ചില കാര്യങ്ങളിൽ ഈ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവിൻെറനിയന്ത്രണത്തിനു് അധീനമായിരിക്കാൻ പാടില്ല. ഈ സ്ഥിതിക്കു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും അയാൾ എക്സിക്യൂട്ടീവിൻെറ നിയന്ത്രണത്തിനു അധീനമായിരിക്കാൻ പാടില്ലെന്നും അയാൾ ചെയ്യേണ്ടകൃത്യങ്ങളെ നിയമപ്രകാരം നിശ്ചയിക്കണമെന്നും, ആണു് ഞാൻപറയുന്നതു്. തൻെറ കൃത്യങ്ങളെ ശരിയായിനിർവഹിക്കുന്ന കാലത്തോളം മറവുയാതൊരാളിനും അയാളോടു ഇടപെടാൻ പാടുള്ളതല്ല. എൻെറ അഭിപ്രായങ്ങളെ പൂർണ്ണമായി ഞാൻ ഇന്നു് പറയുന്നപക്ഷം, പ്രസംഗിക്കുന്നതിനു എന്നെ അനുവദിക്കയില്ലെന്നുള്ളതു് നിശ്ചയമാണു.

ഉപാദ്ധ്യക്ഷൻ: അതിനുള്ളകാരണം എന്താണു്?

മി: എ. ജി. മേനോൻ (പറവൂർ): ഭരണഘടനയെ ഭേദപ്പെടുത്തുന്നതിനു ഞാൻ ആവശ്യപ്പെടുകയാണെന്നു വാദിച്ചേക്കാനിടയുണ്ടു്.

ഉപാദ്ധ്യക്ഷൻ: സന്ദർഭത്തിനു യോജിക്കാത്ത സംഗതികളെപ്പററി പ്രസ്താവിച്ചെങ്കിൽ മാത്രമേ പ്രസംഗിക്കുന്നതിൽ നിന്നു നിങ്ങളെ ഞാൻ തടയുകയുള്ളു.

മി: എ. ജി. മേനോൻ (പറവൂർ): രാജസ്ഥാനത്തുനിന്നു ഒരു ആഡിററ് ആഫീസറെ നിയമിക്കുകയും ഈ ഉദ്യോഗസ്ഥൻ ഈ സഭയുടെ നിയന്ത്രണത്തിനു് അധീനമായിരിക്കയും ചെയ്യണം.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമെൻറു ഫിനാൻഷ്യൽ സെക്രട്ടറി): ദിവാനെ അപേക്ഷിച്ചു്, അദ്ദേഹം സ്വതന്ത്രനായിരിക്കണമെന്നാണോ?

മി: ഏ. ജി. മേനോൻ (പറവൂർ) : നിശ്ചയമായിട്ടും വേണം. ഭരണമേധാവികൾ പല ക്രമക്കേടുകളും ചെയ്യുന്നുണ്ട്. ഈ കാരണത്താലാണ് ഞാൻ ഈ നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. ചില ആഫീസുകളിൽ പോയി അവിടത്തെ കണക്കുകൾ പരിശോധിക്കാൻ പാടില്ലെന്നു ദിവാൻജിമാർ ഉത്തരവിട്ടിട്ടുണ്ട്. ഇതിനു പല ഉദാഹരണങ്ങളും എനിക്കറിയാം. ഇതിലുൾപ്പെട്ട ആളുകളെ സംബന്ധിച്ചു വ്യക്തിപരമായി ഞാൻ പറയുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഇതു സന്ദർഭത്തിന് യോജിച്ച ഒരു കാര്യമല്ല. അതിനാൽ ഇപ്രകാരമുള്ള ഒരു പ്രസ്താവന ചെയ്യുന്നതിനെ ഞാൻ എതിർക്കുന്നു.

മി: ഏ. ജി. മേനോൻ (പറവൂർ) : നിയമപ്രകാരം ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടത് അത്യാവശ്യമാണെന്നു ഞാൻ പറയുന്നതിന്റെ കാരണം ഇതുതന്നെയാണ്.

ഉപാദ്ധ്യക്ഷൻ: നിയമസഭ അനുവദിക്കുന്നതിൽ കവിഞ്ഞുചിലവുകളെ സാരമായവിധം തടയണമെന്നു നിങ്ങൾ പറയുന്നു. ഇപ്രകാരം തടയുന്നതിനെ സംബന്ധിച്ചു നിങ്ങളുടെ അഭിപ്രായങ്ങൾ സാമാന്യമായവിധം പ്രസ്താവിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല. എന്നാൽ ഈ പരിധികടന്നു ചില ഉദ്യോഗസ്ഥന്മാർ അസത്യവാന്മാരാണെന്നും, അവർക്കു ദിവാൻജിമാർ രക്ഷനൽകിവരുന്നു എന്നും നിങ്ങൾ പറയുന്നു. നിങ്ങൾ വാദിക്കുന്ന വിഷയത്തെ അസ്പഷ്ടമാക്കിയുള്ള എല്ലാക്കാര്യങ്ങളും വിശദപ്പെടുത്തുന്നതിനു ഈ പ്രസ്താവന ഒട്ടുംതന്നെ സഹായമായിരിക്കുന്നില്ല.

മി: ഏ. ജി. മേനോൻ (പറവൂർ) : ഏതായാലും അയാളുടെ ജോലികളേയും അവകാശങ്ങളേയും നിയമപ്രകാരം നിർണ്ണയിക്കേണ്ടതാണ്. തന്റെ കൃത്യങ്ങളെ ന്യായമായും ഉത്തമമായവിധം നിർവഹിക്കയും അതേ അധികാരങ്ങളെ പ്രയോഗിക്കയും ചെയ്യുന്നകാലത്തോളം, അയാളുടെ പ്രവൃത്തിയിൽ ഇടപെടാൻ പാടുള്ളതല്ല.

ഉപാദ്ധ്യക്ഷൻ: ഇൻഡ്യാ ഗവർമ്മെന്റിന്റെ ആഡിറ്റർ ജനറൽ എന്ന ഉദ്യോഗസ്ഥന്റെ നിലപോലെ!

മി: ഏ. ജി. മേനോൻ (പറവൂർ) ; അതെ; ഇൻഡ്യാ ഗവർമ്മെന്റിന്റെ ആഡിറ്റർ ജനറൽ എന്ന ഉദ്യോഗസ്ഥനെപ്പോലെ ആയിരിക്കണം. ഒരു ഉദ്യോഗസ്ഥനേയും പ്രത്യേകമായ ജീവനക്കാരേയും നിയമിക്കുന്നതിന് ഒരുപക്ഷേ ഒരു വലിയതുക ചിലവാക്കേണ്ടിവരുന്നതാണ്. എന്നാൽ അതിനായി ചിലവാക്കുന്ന പണം ശരിയായകാര്യത്തിനു വേണ്ടിചിലവാക്കുന്നതായിരിക്കും. ഇതിനു യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ കണക്കുകൾ പരിശോധിക്കുമ്പോൾ സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ചിലവാക്കിയതായി രേഖപ്പെടുത്തീട്ടുള്ള തുകകളെല്ലാം യഥാർത്ഥത്തിൽ ചിലവാക്കീട്ടുണ്ടോ എന്നുമാത്രമല്ല പരിശോധിക്കുന്നത്. എന്നാൽ ഈ തുകകളെ ശരിയായവിധം ചിലവാക്കിട്ടുണ്ടോ എന്നും നോക്കുന്നതിനു അയാൾക്കു അധികാരമുണ്ട്. ഇപ്രകാരമുള്ള ഒരു പരിശോധനനടത്തുന്നപക്ഷം വളരെ പണം മിച്ചംവരുത്താവുന്നതാണ്. ഇതിനുയാതൊരു സംശയവുമില്ല. ഈ ഉദ്യോഗം സൃഷ്ടിക്കുന്നതിനു വേണ്ടിവരുന്ന ചിലവിന്റെ പത്തിരട്ടി ഇതിനെ സംബന്ധിച്ചുള്ളതിൽ ബന്തിചിലവുകളിൽ മിച്ചം വരുത്താവുന്നതാണെന്നുപോലും ഞാൻ പറയുന്നു. ഇൻഡ്യാ ഗവർമ്മെന്റിന്റെ അക്കൌണ്ടാഫീസർ ഫിനാൻസ് മെംബറുംകൂടിയാണ്. അക്കൌണ്ടാഫീസർ എന്ന ഉദ്യോഗവും ഫിനാൻഷ്യൽ സെക്രട്ടറിയുടെ ഉദ്യോഗവും ഭിന്നമാക്കേണ്ടതാണെന്നു ഞാൻ ചെയ്യുന്ന നിർദ്ദേശം വളരെ കടന്ന ഒന്നാണെന്ന് ഞാൻ വിചാരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഇതിനെ ഈ അവസരത്തിൽ ഒരു പ്രായോഗികമായ രാജ്യകാര്യമായി ഗണിക്കാൻ പാടില്ല.

മി: ഏ. ജി. മേനോൻ (പറവൂർ) : മിക്കവാറും എല്ലാക്കാര്യങ്ങളിലും ആഡിററ്. ആഫീസരായ ഫിനാൻഷ്യൽ സെക്രട്ടറിയും ഈ സഭയിലെങ്കിലും ഗവർമ്മെന്റിനെ പ്രതിനിധീകരിക്കേണ്ടതാകുന്നു.

ഉപാദ്ധ്യക്ഷൻ. അവർ അപ്രകാരം ചെയ്യുന്നുണ്ടല്ലോ?

മി: ഏ. ജി. മേനോൻ (പറവൂർ) : ഗവർമ്മെന്റ ഉത്തരവുകൾ അനുസരിച്ചു ഞങ്ങൾ പ്രവർത്തിക്കമാത്രമെ ചെയ്യുന്നുള്ളു എന്നു ചിലപ്പോൾ അവർ പറയുന്നു. നിയമപ്രകാരം ആഡിററ് ആഫീസരെ ഗവർമ്മെന്റായി പരിഗണിക്കണം.

ഉപാദ്ധ്യക്ഷൻ: ഗവർമ്മെന്റിന്റെ അഭിപ്രായങ്ങളെ ആണ് അദ്ദേഹം പ്രസ്താവിക്കുന്നതെന്നു ഈ സഭയുടെ അദ്ധ്യക്ഷം വഹിക്കുന്ന ഭരണമേധാവി നിങ്ങളോടു പറയാതിരിക്കുന്ന പക്ഷം.

മി: ഏ. ജി. മേനവൻ (പറവൂർ) : അതു പറയുന്നതിനുള്ള അധികാരം അദ്ദേഹത്തിനുണ്ട്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവർമ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : ബ്രിട്ടീഷ് ഇന്ത്യയിലെ ആഡിറ്റർ ജനറൽ ലെജിസ്ലേറ്റീവ് അസംബ്ലിയിലെ ഒരു സമാജികനാണോ?

മി: ഏ. ജി. മേനവൻ (പറവൂർ) : ഇതിനെപ്പററി സൂക്ഷ്മമായ വിവരം എനിക്കില്ല. അദ്ദേഹം സാമാജികനാകുകയോ ആകാതിരിക്കയോ ചെയ്യട്ടെ.

നമ്മുടെ മുൻപിൽ അധികാരപരമായി വയ്ക്കേണ്ടത് ഇന്ത്യാഗവർമ്മെന്റിന്റെ ആഡിററർ ജനറലിനെ അല്ല. ഇതാണ് എനിക്കു പറയുവാനുള്ളത്. ഈ കാര്യം ഞാൻ പറയുമ്പോൾ യുണൈറഡ്‌കിംഗ്ഡത്തിലെ ആഡിററർ ജനറൽ ആണ്. എന്റെ ഓർമ്മയിൽ തോന്നുന്നത്.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവർമ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : നിങ്ങൾ ഉദ്ദേശിക്കുന്ന ആളിനെ സംബന്ധിച്ചു തന്നെ ആണ് ഞാനും ഇപ്പോൾ സൂചിപ്പിച്ചത്.

മി: ഏ. ജി. മേനവൻ (പറവൂർ) : ഞാൻ യൂണിറഡ് കിംഗ്ഡത്തിലെ ആഡിററർ ജനറലിനെപ്പററിയാണ് പറഞ്ഞത്. ഇൻഡ്യാഗവർമ്മെന്റിന്റെ ആഡിററർ ജനറലിനെ ഉദ്ദേശിച്ചല്ലാ ഞാൻ പ്രസ്താവിച്ചിട്ടുള്ളത്. അവിടെ ഉള്ള ഭരണഘടനപ്രകാരം വരുത്തേണ്ട ഭേദഗതികൾ അദ്ദേഹത്തിന്റെ അധികാരങ്ങളേയും കൃത്യങ്ങളേയും സംബന്ധിച്ചിടത്തോളം, നിശ്ചയമായും സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ സമയംകഴിഞ്ഞു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്) : എന്റെ സ്നേഹിതൻ മിസ്റ്റർ എ. ജി. മേനവൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെപ്പററി അല്പം പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഉപക്ഷേപത്തിന് ആസ്പദമായ ഉദ്ദേശത്തെപ്പററി ഉപക്ഷേപത്തിൽ തന്നെ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഇതു് ആഡിററും ഫിനാൻസും കാര്യങ്ങൾ ഭിന്നമാക്കേണ്ടതിന്റെ ആവശ്യകതയെപ്പററി വാദപ്രതിവാദം നടത്തണമെന്നുള്ളതാണ്. ഫിനാൻഷ്യൽ സെക്രട്ടറിയുടെയും അക്കൌണ്ടാഫീസരുടെയും കൃത്യങ്ങളെ വേർതിരിക്കേണ്ടതു് ആവശ്യമാണെന്നു ഞാനും കണ്ടിച്ച് പ്രസ്താവിച്ചുകൊള്ളുന്നു. സർ, മുമ്പ് എന്റെ സമീപത്തിൽ ആസന്നസ്ഥനായിരുന്ന ആളും, എന്നാൽ ഇപ്പോൾ സഭയുടെ മറുഭാഗത്തിരുന്നു എന്നെ നോക്കിപുഞ്ചിരിയിടുന്ന ആളും ആയ എന്റെ സ്നേഹിതൻ ഇവിടെ അവതരിക്കപ്പെട്ട ഒരു പ്രമേയംമൂലം ഈ സംഗതിയെപ്പററി പ്രതിവാദിക്കപ്പെട്ടിട്ടുള്ളതാണ്. ഈ രണ്ടു ഉദ്യോഗസ്ഥന്മാരുടെയും വേർതിരിക്കേണ്ട ആവശ്യകതയെപ്പററി അദ്ദേഹം വളരെ സാമർത്ഥ്യത്തോടുകൂടി പ്രസ്താവിച്ചിട്ടുണ്ട്. ഈ ഉദ്യോഗങ്ങളെ വേർതിരിക്കേണ്ടതു് ആവശ്യമാണെന്നുള്ളതു് ഇതു് മിസ്റ്റർ ഗാർഡനും ബോദ്ധ്യമായിട്ടുണ്ട്. അദ്ദേഹത്തിന്റെ കുറിപ്പുകളിൽ നിന്ന് ഇതു പ്രത്യക്ഷമാകുന്നതാണ്. കഴിഞ്ഞ അവസരത്തിൽ പണ്ഡിതനായ എന്റെ സ്നേഹിതൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെ ആവർത്തിച്ചു ഈ സഭയുടെ സമയത്തെ ഇന്നത്തെ ഈ ഘട്ടത്തിൽ ചിലവാക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. സർ, പ്രതിപാദ്യ വിഷയത്തിന്റെ ഒരു അവാന്തരത്തെപ്പററി ഈ സഭാമുൻപാകെ പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഇതു് വളരെ വേഗത്തിൽ പരിഷ്കരണം നടത്തണമെന്നുള്ളതാണ്. ഇതിനുള്ളകാലം അതിക്രമിച്ചിരിക്കുന്നു എന്നു ഞാനും ബോധിപ്പിച്ചുകൊള്ളുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി) : ഏതിനെയാണ് വേർതിരിക്കേണ്ടതെന്നു ദയവുചെയ്തു പറയുമോ?

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്) : അക്കൌണ്ടും ഫിനാൻസും കാര്യങ്ങളെ വേർതിരിക്കണമെന്നാണു ഞാൻ പറയുന്നതു്.

മി: ആർ. നീലകണ്ഠപ്പിള്ള (ആ. ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി) : അക്കൌണ്ടും ഫിനാൻസും കാര്യങ്ങളെയും വേർതിരിക്കണമെന്നാണ് മിസ്റ്റർ ജി. പരമേശ്വരൻപിള്ള പ്രസ്താവിച്ചിട്ടുള്ളതു്. എന്റെ ഓർമ്മ ഇപ്രകാരമാണ്. ഇതു് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ ഉപക്ഷേപം ആഡിററും ഫിനാൻസും കാര്യങ്ങളെയേ വേർതിരിക്കണമെന്നാണ് നിർദ്ദേശിക്കുന്നതു.

മി: എ. ജി. മേനവൻ (പറവൂർ) : ഫിനാൻസും ആഡിററും അക്കൌണ്ടും കാര്യങ്ങളെ വേർതിരിക്കണം. എന്നാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്) : അക്കൌണ്ടിനേയും ഫിനാൻസിനേയും വേർപ്പെടുത്തണമെന്നാണ് എന്റെ പ്രസംഗത്തിൽ ബോധിപ്പിച്ചിട്ടുള്ളതു്. ഉപക്രമിക്കുന്നതിനുള്ള ഉപക്ഷേപം ഹാജരാക്കുന്നതിൽ പണ്ഡിതനായ സാമാജികനുണ്ടായിരുന്ന അഭിപ്രായത്തെ അനുസരിക്കമാത്രമാണ് ഞാൻ പ്രസ്താവിച്ചിട്ടുള്ളതു്.

സർ, അക്കൌണ്ടിനേയും ഫിനാൻസിനേയും വേർപ്പെടുത്തേണ്ടതു് അത്യാവശ്യമാണ്, ഇതിനുള്ളകാലം അതിക്രമിച്ചിരിക്കുന്നു എന്നുള്ളതു് ഞാൻ മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരുകാര്യത്തെപ്പററി പ്രധാനമായി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതു് താഴെ പറയുന്നതാണ്. കഴിഞ്ഞ ഒരു അവസരത്തിൽ——

മി: എ. ജി. മേനവൻ (പറവൂർ) : അക്കൌണ്ടിനേയും ഫിനാൻസിനേയും വേർപ്പെടുത്തണമെന്നുള്ളതു് ആഡിററിനേയും അക്കൌണ്ടിനേയും വേർപ്പെടുത്തണമെന്നുള്ളതിൽ നിന്നു് വളരെ ഭിന്നമാകുന്നു എന്നു എന്റെ സ്നേഹിതനെ ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്) : എന്റെ സ്നേഹിതൻ ഈ കാര്യത്തെപ്പററി എന്നെ ഓർമ്മിപ്പിക്കാതെ തന്നെ ഇതു് എനിക്കു നല്ലതുപോലെ അറിയാവുന്നതാണ്.

ഒരു കാര്യത്തെപ്പററി പ്രധാനമായി പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതു് താഴെപറയുന്നതാണ്. കൊല്ലം ചെങ്കോട്ട തീവണ്ടിപ്പാത പണിയിക്കുന്നതു സംബന്ധിച്ചു ഇംഗ്ലണ്ടിൽ നിന്നു വാങ്ങുന്നതിനു ശ്രമിച്ചുവായ്പയുടെ ജാമ്യത്തിന്റെ ഓഹരിവില കുറഞ്ഞുവന്നപ്പോൾ, ആ അവസരത്തിൽ ഗവണ്മെന്റിനോടു് നിയമസഭ ഓരോ ചോദ്യം ചോദിച്ചിട്ടുണ്ട്. മേൽപറഞ്ഞ ഓഹരികൾ പ്രകാരം ആ അവസരത്തിൽ ഗവണ്മെന്റു എന്തുകൊണ്ടു പണംവാങ്ങിയില്ല എന്നാണു ചോദിച്ചിട്ടുള്ളതു്? അവർ അപ്രകാരം ചെയ്തിരുന്നു എങ്കിൽ ഇപ്പോൾ നാം കൊടുക്കേണ്ടതുകയിൽ ൫൦ ലക്ഷം രൂപാകുറച്ചു കൊടുത്തു നമ്മുടെ ബാദ്ധ്യതയെ വീട്ടുന്നതിന് സാധിക്കുമായിരുന്നു. ജാമ്യത്തിന്റെ വില ഇടിഞ്ഞതിനെപ്പററി തനിക്കു് യാതൊരറിവും ഇല്ലെന്നാണ് ഫിനാൻഷ്യൽ സെക്രട്ടറി മറുപടി പറഞ്ഞിട്ടുള്ളതു്. സർ, അതുകൊണ്ടാണു ഫിനാൻഷ്യൽ സെക്രട്ടറിയുടെയും, ആഡിററാഫീസരുടെയും, അക്കൌണ്ടാഫീസരുടെയും കൃത്യങ്ങൾ ചെയ്യുന്നതിന് ഒരു ഉദ്യോഗസ്ഥനു സാധിക്കുമോ എന്നുള്ളതിനെപ്പററി സന്ദർഭത്തിനു യോജിച്ചവിധം എന്റെ സ്നേഹിതനോടു ചോദിച്ചിട്ടുള്ളതു്. സാധിക്കുമെന്നു അദ്ദേഹം മറുപടി പറയുക ഉണ്ടായി. ഒരു പക്ഷേ അദ്ദേഹത്തിന് വളരെ പ്രാപ്തി ഉണ്ടായിരിക്കയും, ഈ ജോലികളെ അദ്ദേഹത്തിനു ചെയ്യാൻ കഴിയുകയും ചെയ്യുമായിരിക്കാം. സർ, അങ്ങനെ അല്ല; ഈ കൃത്യങ്ങളെ അദ്ദേഹത്തിനു ചെയ്യാൻ കഴിയുമോ ഇല്ലയോ എന്നുള്ളതു് ഭിന്നമായ മറെറാരു സംഗതി ആകുന്നു. ഇന്നോ നാളെയോ പോലും ഓഹരികളുടെ വില ഇടിഞ്ഞേക്കാം. ഈ സന്ദർഭം അനുസരിച്ചു പ്രവൃത്തിക്കാൻ സാധിക്കുമോ എന്നു ഫിനാൻഷ്യൽ സെക്രട്ടറിയോടു നമുക്കു ചോദിക്കാവുന്നതാണ്. മിസ്റ്റർ ജഞ്ജ് നമുക്കുതന്ന മറുപടിതന്നെ അദ്ദേഹം നമുക്കു തരുമെന്നുള്ളതാണ്. സർ, ഒന്നിനു പകരം രണ്ടുമൂന്നു ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു എങ്കിൽ ഇപ്രകാരമുള്ള എല്ലാ കാര്യങ്ങളെയുംപററി അറിയുന്നതിനു ഒരാൾക്കു അവസരമുണ്ടായിരിക്കുന്നതാണു, ഇതുമൂലം ഗവണ്മെന്റിന് വളരെ പണം മിച്ചമുണ്ടാകുന്നതു.

മാകുന്നു. ഷാപ്പുപത്രത്തിനു നേരിട്ട വിഷമാവസ്ഥയെപ്പറ്റി ഫിനാൻഷ്യൽ സെക്രട്ടറിക്ക് ആ അവസരത്തിൽ അറിവുണ്ടായിരിക്കയും അതുമൂലം പ്രയോജനം സിദ്ധിക്കത്തക്കവണ്ണം അദ്ദേഹം ആ അവസരത്തിൽ പ്രവൃത്തിച്ചിരിക്കയും ചെയ്തിരുന്നു എങ്കിൽ നമുക്കു ഇന്ന് ൪൦ ലക്ഷം രൂപാമുതൽ ൫൦ ലക്ഷം രൂപാവരെ ആദായമുണ്ടാകുമായിരുന്നു. ഇപ്രകാരം നേരിടുന്ന ഒരു അവസ്ഥയെ പരിഹരിക്കുന്നതിനായിട്ടാണ് ഈ വിഭജനം നടത്തണമെന്നാണ് ഞാൻ ഇപ്പോൾ വാദിക്കുന്നതു്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) മി: മേനവൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഈ സംഗതിയെപ്പറ്റി വിശദമായിട്ട് എന്റെ ബഡ്ജറ്റ് പൊതുവിമർശനത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് കൂടുതലായിട്ട് രണ്ടുവാക്കു പറയണമെന്നു മാത്രമേ വിചാരിക്കുന്നുള്ളു. ഇപ്പോഴത്തെ ഗവർമ്മെന്റ് ഒരു തറവാട്ടുപോലെ ആണ് നടക്കുന്നതു. അതായതു് അനന്തരവന്മാർ തെറ്റുകാണിക്കുമ്പോൾ കാരണവർ കണ്ണടയ്ക്കുന്നതുപോലെ അക്കൌണ്ടാഫീസർ മറ്റുള്ള ആഫീസർമാർ തെറ്റുകാണിക്കുമ്പോൾ കണ്ണടച്ചു മറ്റുള്ളവർക്ക് ആർക്കും അതറിയാൻ സാധിക്കാത്തനിലയിൽ ആക്കുകയാണ് ചെയ്യുന്നതു്.

മി: ഏ. നാണുപിള്ള (തിരുവനന്തപുരം) ആഡിറ്റാഫീസർ എന്തുചെയ്യും?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) ഞാൻ പറയുന്നതു മുഴുവനും കേൾക്കണം. മി: ജാജ് ഫിലിപ്പ് അനുവാദംകൂടാതെ പണം ചിലവുചെയ്തു എന്ന ഒരു സംഗതി ഇവിടെ ഇതിനു മുൻപു പറയുകയുണ്ടായി. അതിലേക്ക് നൽകിയമറുപടികൊണ്ട് പൊതുജനങ്ങളുടെ കണ്ണിൽനിന്നും പല കാര്യങ്ങളും മറയ്ക്കണമെന്ന് ഗവർമ്മെന്റ് വിചാരിക്കുന്നുണ്ടെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ജാജ് ഫിലിപ്പിന്റെ കാര്യം പറഞ്ഞതിനിടയിൽ അക്കൌണ്ടാഫീസറെപ്പറ്റി പറയുന്നതിനുള്ള ബന്ധമെന്താണ്?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) അതു് ഞാൻ പറയാം. പബ്ലിക് അക്കൌണ്ട് കമ്മിറ്റി ഇല്ലാത്തതുകൊണ്ടുണ്ടാകുന്ന ദൂഷ്യങ്ങളെല്ലാ ചൂണ്ടികാണിക്കുമ്പോൾ ഇവരുടെ പേർ പറയേണ്ടതായി വരുന്നു എന്നുമാത്രമേ ഉള്ളു.

ഉപാദ്ധ്യക്ഷൻ: അതു് പ്രത്യേകമായ ഒരു സംഗതിയാണ് പബ്ലിക് അക്കൌണ്ട് കമ്മറ്റി ആഡിറ്റും ഫിനാൻസും കാര്യങ്ങളിൽനിന്നു ഭിന്നമായിട്ടുള്ള ഒന്നാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) ആഡിറ്റിങ്ങിനെപ്പറ്റി പറയുന്നതിനാണ് ഉപക്ഷേപം കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ആഡിറ്റുജോലി ശരിയായി നടക്കുന്നില്ലാഎന്നു പറയുന്നതിനാണ് ഞാൻ വാദിക്കുന്നതു്.

ഉപാദ്ധ്യക്ഷൻ: എന്നാൽ ഇതു് പബ്ലിക്കു അക്കൌണ്ട് കമ്മറ്റിയും ആഡിറ്റും ആകുന്നില്ലല്ലോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) എന്തുകൊണ്ടു ആകുന്നില്ല?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) എന്നാൽ ഒരു ടോക്കൻ മോഷൻ ഹാജരാക്കുന്ന അവസരത്തിൽ പബ്ലിക് അക്കൌണ്ട് കമ്മറ്റിയെപ്പറ്റി സംസാരിക്കുന്നതിന് മെമ്പറിനു അർഹതയില്ലയോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) അതു പ്രത്യേകമായിരിക്കാം?

ഉപാദ്ധ്യക്ഷൻ: ഈ സഭയുടെ മുൻപാകെ ഹാജരാക്കിയിരിക്കുന്ന പ്രത്യേക ഉപക്ഷേപത്തെപ്പറ്റി അതായതു് ഫിനാൻസും, അക്കൌണ്ടും വേർതിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നിങ്ങൾ പ്രസ്താവിക്കയാണെന്നാണ് ഞാൻ വിചാരിച്ചതു്.

മി: എ. ജി. മേനവൻ (പറവൂർ) ഞാൻ പിന്നീടു ശരിയായി പറഞ്ഞിട്ടുണ്ട്, ഇതിൽ നൽകാവുന്ന സമാധാനം ഇതുമാത്രമാകുന്നു. ഞാൻ പ്രസംഗിക്കയോ പ്രസംഗിക്കാതിരിക്കയോ ചെയ്യേണ്ടതാം. മുഴുവൻ തുകയും കുറയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപമാണു ഇതു. പബ്ലിക് അക്കൌണ്ടുകമ്മറ്റിയെ ഉദ്ദേശിച്ചും ഞാൻ നിർദ്ദേശിച്ചിട്ടുണ്ടു.

ഉപാദ്ധ്യക്ഷൻ: അതിനെ അപ്രകാരം ഹാജരാക്കുന്നതിനു അദ്ധ്യക്ഷന്റെ അനുവാദം നിങ്ങൾ വാങ്ങിയിട്ടില്ല.

മി: എ. ജി. മേനവൻ (പറവൂർ) അതു ആവശ്യമില്ലാ; എന്തുകൊണ്ടെന്നാൽ അതൊരു വിവരണംമാത്രമാകുന്നു. അതു ഉപക്ഷേപത്തിന്റെ ഒരംശം മാത്രമാണു. ഞാൻ പ്രസംഗിക്കയോ പ്രസംഗിക്കാതിരിക്കയോ ചെയ്യേണ്ടതാം. ഇതു ഒരുടോക്കൺ മോഷൻമാത്രമാകുന്നു.

ഉപാദ്ധ്യക്ഷൻ: ഈസ്ഥിതിക്കു നിങ്ങളുടെ വ്യാഖ്യാനത്തിന്റെ അർത്ഥമെന്താണു. സ്വയമേവ ഏതോ ഉപദേശം അദ്ദേഹത്തിനു നൽകിയിരിക്കുന്നു. മി: ആശാൻ, അതെന്താണെന്നു എന്നോടു പറയുമോ, അക്കൌണ്ടാഫീസിനെസംബന്ധിച്ച ഏതെങ്കിലും കാര്യത്തെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനു അദ്ദേഹത്തിനു സ്വാതന്ത്ര്യമുണ്ടോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) അക്കൌണ്ടാഫീസിനെ സംബന്ധിച്ച എല്ലാ നയത്തെപ്പറ്റിയും വാദപ്രതിവാദം ചെയ്യാവുന്നതാണു.

ഉപാദ്ധ്യക്ഷൻ: നിശ്ചിതമായ യാതൊരു കാര്യവും അടിസ്ഥാനമായിട്ടില്ലെങ്കിലും.?

മി: എ. എസ് ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഒരു ടോക്കൺ ഉപക്ഷേപം ഹാജരാക്കുന്ന അവസരത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി ഏതെങ്കിലും മെമ്പറിനു പ്രസംഗിക്കയും വാദം നടത്തുകയും ചെയ്യാവുന്നതാണ്. ഇതു മുൻപു നൽകപ്പെട്ടിട്ടുള്ള ഒരു തീർപ്പുയാണു.

ഉപാദ്ധ്യക്ഷൻ: മി: രാജാ, പബ്ലിക്കു അക്കൌണ്ടന്റു കമ്മിറ്റിയെ സംബന്ധിച്ചു ശരിയായി പ്രസ്താവിക്കുന്നതിനു നിങ്ങൾ ഉദ്യമിക്കുന്ന അവസരത്തിൽ നിങ്ങൾ പറയുന്നതെല്ലാം അതിനോടു യോജിച്ചു എന്നു വരികയില്ല. ഒരു സാമാന്യകള്ളിനെ അടിസ്ഥാനമാക്കി നിങ്ങൾക്കു വാദപ്രതിവാദം നടത്തത്തക്കവിധം പബ്ലിക്കു അക്കൌണ്ടുകമ്മിറ്റി എന്നതു നയത്തിനെ സംബന്ധിച്ച ഒരു കാര്യമാണെന്നു നിങ്ങളുടെ വാദത്തിൽനിന്നു ഞാൻ മനസ്സിലാക്കുന്നു, നിങ്ങൾ പറയുന്നതിനു വിരുദ്ധമായി യാതൊന്നും എനിക്കു പറയുവാനി

ല്ലാ. ഫിനാൻസ്, അക്കൌണ്ട് പബ്ലിക്ക അക്കൌണ്ട കമ്മററി ഇവയെ, പററി നിങ്ങൾ പറഞ്ഞു. എന്നാൽ ഇവയെസംബന്ധിച്ചിടത്തോളം ഒടുവിൽ പറഞ്ഞതു പോലെ ഭിന്നമായ ഒരു കാര്യമാകുന്നു. പബ്ലിക്ക അക്കൌണ്ട കമ്മിററിയെപററി നിങ്ങൾക്ക പ്രസംഗിക്കാവുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) പബ്ലിക്ക അക്കൌണ്ട് കമ്മിററിയെപ്പററിയാണ് ഞാൻ പ്രസംഗിക്കുന്നതു്.

ഉപാദ്ധ്യക്ഷൻ: അതിനാൽ പബ്ലിക്ക അക്കൌണ്ട് കമ്മിററിയെക്കുറിച്ചു മാത്രമാണോ നിങ്ങൾ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതു?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) നിശ്ചയമായിട്ടും. അതേ.

ഉപാദ്ധ്യക്ഷൻ: നിങ്ങൾക്ക് പ്രസംഗം തുടരാവുന്നതാണ്. പബ്ലിക്ക് അക്കൌണ്ട് കമ്മിററിയെക്കുറിച്ചു മാത്രം നിങ്ങൾ പ്രസ്താപിക്കുന്നപക്ഷം, നിങ്ങളുടെ പ്രസംഗം നടപടിക്ക് യോജിച്ചതായിരിക്കുന്നതാണ്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ് ഫിനാൻഷ്യൽ സിക്രട്ടറി): നടപടിക്രമത്തിൻെറ പററി ഞാനൊരു ചോദ്യം ചോദിച്ചുകൊള്ളുന്നു. പബ്ലിക്ക് അക്കൌണ്ട്കമ്മററിയെപററി പറയുന്ന അവസരത്തിൽ അക്കൌണ്ടാഫീസിനെപററി പ്രസ്താപിക്കുന്നതിന് എന്തെങ്കിലും ബന്ധമുണ്ടോ?

ഉപാദ്ധ്യക്ഷൻ: പി: നീലകണ്ഠപ്പിള്ള, അദ്ദേഹം അതു് ഈ സഭയുടെ ദൃഷ്ടിക്ക് വിഷയീഭവിപ്പിക്കാൻ പോകുകയാണ്. ഇപ്പോഴത്തെക്കാൾ കൂടുതൽ തൃപ്തികരമായ ഒരു നിലയിൽ സംസ്ഥാനത്തെ അക്കൌണ്ടും ഫിനാൻസും കാര്യങ്ങളെ യന്ത്രണസാധതിയാണ് ഇതു്. അതിനാൽ ഇദ്ദേഹത്തിൻെറ പ്രസംഗം നടപടിക്രമത്തിനു യോജിച്ചതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) പബ്ലിക്ക അക്കൌണ്ട കമ്മററി.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മെമ്പർ) പബ്ലിക്ക അക്കൌണ്ട് കമ്മററിയെപററി പറയുമ്പോൾ ഫിനാൻഷ്യൽ സിക്രട്ടറി ഉൾപ്പെടുന്നതിനുള്ള കാരണമെന്താണ്?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) അതിനെപ്പററി എനിക്കറിയാൻപാടില്ല.

അതുകൊണ്ടുഞാൻ ഇവിടെ പറവാൻ പോകുന്നതു ഒരു പബ്ലിക്ക് അക്കൌണ്ട്സ് കമ്മിററി വേണമെന്നുള്ളതിനെപ്പററിയാണ്. ഇങ്ങിനെ ഒരു കമ്മിററി ഉണ്ടായിരിക്കുന്നതുകൊണ്ട ഗവൺമെൻറിനു ഒരു ഹാനിയും വരാനില്ല. ഞാൻ എൻെറ ബഡ്ജററ പൊതുവിമർശനത്തിൽ വിശദമായി പറഞ്ഞിട്ടുള്ളതിനാൽ ഇതിനെപ്പററി ആലോചിച്ചു ഗവൺമെൻറ വേണ്ടതു ചെയ്യണമെന്നുമാത്രം അഭിപ്രായപ്പെട്ടുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ബഹുമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം) സർ. ഞാൻ മി: രേവതിയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പക്ഷെ അദ്ദേഹം പറഞ്ഞിട്ടുള്ള വിഷയത്തെപ്പററി സംസാരിക്കാനല്ലാ ഞാൻ അതിനെപ്പററി അനുകൂലിക്കുന്നതു. അക്കൌണ്ടാഫീസിലെ ചില നിയമനങ്ങളിൽ നടക്കുന്ന ന്യായരാഹിത്യത്തെപ്പററി വിമർശനം ചെയ്യണമെന്നുള്ള ഉദ്ദേശമാണ എനിക്കുള്ളതു. ഇതരഡിപ്പാർട്ടുമെൻറുകളിൽ എന്നപോലെ അക്കൌണ്ടാഫീസിലും നിയമരഹിതമായ പല നിയമനങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ടു. ഒരിക്കൽ ആക്ടിംഗ് ജൂനിയർ ഡി. എസ്സ്. പി. യെ പിരിച്ചു സീനിയർ ഡി. എസ്സ്. പി. മാരുടെ മുകളിൽ വച്ചതുപോലെ—

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ആ നിയമനം അക്കൌണ്ടാഫീസിൽ നിന്നുമാണോ നടത്തിയതു?

മി: ആർ. രാമൻപിള്ള (കോട്ടയം) അതുപോലെ എന്നാണ് ഞാൻപറഞ്ഞതു്.

ഏഴു കൊല്ലത്തിലധികം കൂടുതൽ സർവീസുള്ള ദീർഘമായ സേവനപ്രവൃത്തിയുള്ളായ മേലധികാരിയുടെ കീഴിൽ ഇരുന്നു, അവരുടെ മുമ്പിൽ കൂടെ നിലയ്ക്കു കത്തെഴുതിക്കവണ്ണം വളയാൻ നിവൃത്തിയില്ലാത്ത ഒരു നട്ടെല്ലുണ്ടു എന്ന ഹേതുവായിട്ടു, മി: ഇ. ഐ. മാത്യുവിനെ അവഗണിച്ചു അദ്ദേഹത്തിൻെറ മുകളിൽ, ഏഴുകൊല്ലത്തെ സർവീസു കുറവുള്ള ഒരാളിനെ, സ്ഥിരം ചീഫ് സിക്രട്ടറിയുടെ അടുത്ത ബന്ധു എന്ന കാരണത്താൽ, വച്ചതുപോലെ, ൨൫൦ രൂപാ ശമ്പളത്തിൽ ദീർഘകാലമായി സ്ഥിരമായിരിക്കുന്ന ഒരു ട്രെഷറി ആഫീസരുടെ മുകളിൽ ൧൭൫ രൂപാ ശമ്പളത്തിലിരുന്ന രണ്ടു മൂന്നു ആളുകളെ ൨൦൦ മുതൽ ൩൦൦ വരെയുള്ള ഗ്രേഡുകളിൽ വച്ചുനയംപോലെയുള്ള നിയമനങ്ങൾ ഈ ഡിപ്പാർട്ടുമെൻറിലും നടന്നുകൊണ്ടിരിക്കുന്നു. ഉദ്യോഗത്തിൽ പ്രോത്സാഹനം ലഭിക്കാതിരിക്കുന്നവെങ്കിൽ കാര്യക്ഷമതയ്ക്കു സാരമായ ദോഷം വരുന്നതാണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു ഉദ്യോഗസ്ഥന്മാർ നിരാശയുള്ളവരാകുന്നു.

മി: താമരപ്പള്ളിൽ കൊച്ചുമത്തായി (പത്തനംതിട്ട) സ്ഥിരം ചീഫ് സെക്രട്ടറി ഈ നിയമനം നടന്ന കാലത്തു ബാംഗ്ലൂരിൽ ആയിരുന്നു എന്നറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം) എവിടെ പോയിരുന്നാലും ചീഫ്സെക്രട്ടറി ചീഫ്സെക്രട്ടറി തന്നെയാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവൺമെൻറ ചീഫ് സെക്രട്ടറി) ഈ നിയമനം നടത്തിയതും അക്കൌണ്ടാഫീസറാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം) എന്നു ഞാൻ പറഞ്ഞില്ല. ഇതരഡിപ്പാർട്ടുമെൻറുകളിൽ നടക്കുന്നതുപോലെ ഇവിടെയും നടക്കുന്നു എന്നു ദൃഷ്ടാന്തമായിട്ടു ഞാൻ പറഞ്ഞു എന്നേയുള്ളു.

ഇപ്രകാരം വരുന്നതുകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ നിരാശയുള്ളവരായി അവർ ചെയ്യേണ്ട ജോലി ചെയ്യുന്നതിന് ഉത്സാഹമില്ലാത്തവരായിട്ടുതീരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അക്കൌണ്ട് ആഫീസിൽ അങ്ങനെ ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം) അക്കൌണ്ടാഫീസിൽ നടന്നിട്ടുള്ള മൂന്നു നിയമനങ്ങളെപ്പററിയാണ് പറഞ്ഞത്. അവരുടെയെല്ലാം പേരുകൾ വിളിച്ചുപറയണമെന്നു വിചാരിക്കുന്നില്ല. ഇതിനുമുമ്പു ഒരാംഗം ചോദിച്ചതുകൊണ്ടാണ് ഞാൻ ഒരുപേർ പറയാൻ ഇടയായത്. അക്കൌണ്ടാഫീസിൽ മൂന്നു നിയമനങ്ങൾ ഈ നിലയിൽ നടത്തിട്ടുണ്ട്. അതിൽ മൂന്നാം പെൻഷൻപററി പിരിഞ്ഞുകഴിഞ്ഞുവെന്നാണ് എനിക്കു തോന്നുന്നത്.

മി: പുതുവേലിൽ പാച്ചുപിള്ള (ചേർത്തല): പേരുവിളിച്ചു പറയുന്നതിനു മെമ്പർക്കു എന്താണു ഇത്ര വൈമനസ്യം?

മി: ആർ. രാമൻപിള്ള (കോട്ടയം): അതു ഈ കൌൺസലിലെ! പേരുവിളിച്ചു പറയാൻ പാടില്ലെന്നു ഈ കൌൺസിലിൽ നിന്നുതന്നെ അനുഭവം കിട്ടീട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): കേസ് വരുമെന്നു ഭയപ്പെട്ടിട്ടാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): കേസു വന്നതുകൊണ്ടാണ്; ഭയമുണ്ടായിരുന്നെങ്കിൽ അന്നുതന്നെ പറയുകയില്ലായിരുന്നു.

അതുകൊണ്ടു ഇങ്ങനെയുള്ള കുഴപ്പങ്ങളെ പരിഹരിച്ചു ന്യായമായവിധത്തിൽ നിയമനങ്ങൾ നടത്തുന്നതിനു അക്കൌണ്ടാഫീസർ ശ്രദ്ധിക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ന്യായമായ നിയമനം എന്നു പറഞ്ഞതു എങ്ങനെയാണ്?

മി: ആർ. രാമൻപിള്ള (കോട്ടയം): സർവീസ്, യോഗ്യത, സാമർത്ഥ്യം, കാര്യശേഷി, അല്ലെങ്കിൽ കാര്യക്ഷമത, ഇവയെ നോക്കി നിയമനങ്ങൾ നടത്തണം. സമുദായപ്രാതിനിധ്യം വേണമെന്നു ചിലർ എന്നെ പഠിപ്പിച്ചുവെങ്കിലും അതു വേണ്ടെന്നോ വേണമോ എന്നു ഞാൻ പറയുന്നില്ല.

മി. എ. സി. കുര്യാക്കോസ (മീനച്ചിലും-ദേവികുളവും): ഇപ്പോൾ മിസ്റ്റർ രാമൻപിള്ള പറഞ്ഞതുപോലെയുള്ള യോഗ്യതയുള്ളവരാണെങ്കിൽ, ആ ആളുകൾ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരുടെ ബന്ധുക്കളായിരുന്നാൽ അവരെ നിയമിക്കാതിരിക്കണമെന്നു അഭിപ്രായമുണ്ടോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ആരേയുംകൊള്ളത്തെ സീനിയാറിട്ടിയെ അവഗണിച്ചു നിയമിക്കത്തക്ക യോഗ്യത ഞാൻ മുമ്പു പറഞ്ഞയാളിനു ഇല്ലാ എന്നാണ് ഞാൻ പറഞ്ഞത്.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സർ, എക്സിക്യൂട്ടീവ് ഗവണ്മെൻറിനേയും ഭരണമേധാവിയേയും അപേക്ഷിച്ചു സ്വാതന്ത്ര്യമുള്ളതും രാജസ്ഥാനത്തോടു ഉത്തരവാദിത്വമുള്ളതും ആയ ഒരു പ്രത്യേക ആഡിററ് ആഫീസരെ നിയമവ്യവസ്ഥയിന്മേൽ നിയമിക്കണമെന്നാണ് മിസ്റ്റർ എ. ജി. മേനാവൻ നിർദ്ദേശിച്ചിട്ടുള്ളതു.

മി: എ. ജി. മേനവൻ (പറവൂർ): ഞാൻ യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ളകാര്യം ഇതല്ല. നിയമപ്രകാരം അദ്ദേഹത്തെ നിയമിക്കണം. എക്സിക്യൂട്ടീവുഗവണ്മെൻറിനെ അപേക്ഷിച്ചു അദ്ദേഹം സ്വതന്ത്രനായിരിക്കണമെന്നല്ലോ ഞാൻ പറഞ്ഞതു.

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അങ്ങിനെ ആണെങ്കിൽ അദ്ദേഹം ഉദ്ദേശിക്കുന്നതു എന്താണെന്നുള്ളതു മനസ്സിലാക്കുന്നതിനു എനിക്കു ശക്തിയില്ല.

മി: എ. ജി. മേനോൻ (പറവൂർ): രാജസ്ഥാനത്തോടു നേരിട്ടു ഉത്തരവാദിത്വമുള്ളതും നിയമപ്രകാരം നിയമിച്ചിട്ടുള്ളതും ആയ ഉദ്യോഗസ്ഥനെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളതു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ്ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഭരണമേധാവിയെ സംബന്ധിച്ചിടത്തോളം, ഉത്തരവാദിത്വമില്ലാത്തആളായിരുന്നല്ലേ? ഇദ്ദേഹം ചെയ്യുവാനുള്ള കൃത്യങ്ങൾ എന്തെല്ലാം? സാമാജികൻ ചെയ്യുന്ന നിർദ്ദേശം അനുസരിച്ചു ഈ ഉദ്യോഗസ്ഥൻെറസ്ഥാനം എന്തായിരിക്കുമെന്നുള്ളതു അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അതു ഇപ്രകാരമാണു. ഭരണമേധാവിയുടെ ഇഷ്ടവും ആഗ്രഹവും അനുസരിച്ചു അദ്ദേഹത്തിനെ ജോലിയിൽ നിന്നു മാററാൻ പാടുള്ളതല്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറഫിനാൻഷ്യൽ സെക്രട്ടറി): സർ, ഇതു് വ്യക്തമാകുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഈ ഉദ്യോഗനിയമനത്തെ നിയമപ്രകാരം സുരക്ഷിതമാക്കണം.

മി: എ. ജി മേനവൻ (പറവൂർ): ഹൈക്കോടതി ജഡ്ജിമാരുടെ കാര്യത്തിൽ എന്നതു പോലെ.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): പ്രവൃത്തി നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ഭരണമേധാവിയുടെ നിയന്ത്രണത്തിൽ ഇരിക്കണമെന്നുണ്ടോ?

ഉപാദ്ധ്യക്ഷൻ: ഇല്ലാ, മിസ്റ്റർ എ. ജി. മേനവൻെറ അഭിപ്രായപ്രകാരം ഇരിക്കണമെന്നില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ്ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സാമാജികൻ പറയുന്നതിൻെറ അർത്ഥം എന്താണെന്നു മനസ്സിലാക്കുന്നതിനു എനിക്കു സാധിക്കുന്നില്ല.

മി: എ. ജി. മേനവൻ (പറവൂർ): രാജസ്ഥാനത്തിനു മാത്രമേ അദ്ദേഹവുമായി ഇടപെടാൻ പാടുള്ളു. ഇതിൽ നിന്നു ഞാൻ മനസ്സിലാക്കേണ്ടതു ദിവാനെ സംബന്ധിച്ചിടത്തോളം, ഈ ഉദ്യോഗസ്ഥൻ സ്വതന്ത്രനായിരിക്കണമെന്നാണു.

ഉപാദ്ധ്യക്ഷൻ: അതേ.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്റ്റിംഗ്ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രട്ടറി): ഈ ഉദ്യോഗസ്ഥൻെറ നില ബ്രിട്ടീഷ് ഇന്ത്യയിലെ ആഡിറ്റർ ജനറലിൻെറ നിലക്കു തുല്യമായിരിക്കണം.

ഉപാദ്ധ്യക്ഷൻ: ഗവർണർ ജനറലിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിനു യാതൊരു ഉത്തരവാദിത്വവുമില്ല. അതുപോലെ ഇരിക്കണം.

മി: എ. ജി. മേനവൻ (പറവൂർ): ഇവിടെ ഉള്ള ദേവസ്വം കമ്മിഷണരുടെ നിലയ്ക്കനുസരണമായിരിക്കണം.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ബ്രിട്ടീഷ് ഇൻഡ്യയിലെ ആഡിററർ ജനറൽ സ്വതന്ത്രനായ ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന് ഗവർണർ ജനറലിനോടു ഉത്തരവാദിത്വമില്ല. ഇൻഡ്യാസ്റ്റേററ സെക്രട്ടറിയോടും അദ്ദേഹത്തിൻെറ സഭയോടുമാണ് ആഡിററർ ജനറൽ ഉത്തരവാദിയായിരിക്കുന്നതു. സ്റ്റേററ് സെക്രട്ടറിയേയും അദ്ദേഹത്തിൻെറ സഭയേയും സംബന്ധിച്ചിടത്തോളം ക്യാബിനററാണ് മേലധികാരിയായിട്ടുള്ളതു. ക്യാബിനററ ഗവണ്മെൻറ പാർലിമെൻറിലെ രണ്ടു മണ്ഡലങ്ങളോടു ഉത്തരവാദിയാകുന്നു. അവസാനത്തധികാരി ചക്രവർത്തിതിരുമനസ്സാകുന്നു. യുണൈറെറഡ് കിംഗ്ഡത്തിലെ ഭരണഘടന ഇപ്രകാരമുള്ളതാകുന്നു. ബ്രിട്ടീഷ്ഇൻഡ്യയിൽ നടപ്പിലിരിക്കുന്നതിനോടു മിക്കവാറും സാമ്യമുള്ള ഒരു സമ്പ്രദായം ഇവിടെ ആരംഭിക്കണമെന്നുള്ളപക്ഷം, രാജസ്ഥാനത്തിനെ സംബന്ധിച്ചു നേരിട്ടു കഴിവുള്ളതും, ദിവാനെ സംബന്ധിച്ച് സ്വാതന്ത്ര്യമുള്ള നിലയെ അവലംബിക്കുന്നതും, ആയ ഒരു ആഡിററാഫീസർ ഉണ്ടായിരിക്കുന്നതും ആകുന്നു. ഈ സ്ഥിതിക്കു ഇപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ സാധിക്കുമൊ എന്നുള്ളതിനെപ്പററി എനിക്കു സംശയമുള്ള ഒരു കാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ ഇവിടത്തെ ഭരണമേധാവി ദിവാനാകുന്നു. ഭരണവിഷയത്തിൽ ഉൾപ്പെട്ട സകലകാര്യങ്ങൾക്കും ഉത്തരവാദി അദ്ദേഹമത്രെ. ഇപ്പോഴത്തെ ഭരണ ഘടനയെപ്പററിചിന്തിക്കുന്നപക്ഷം, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിയമനം പ്രായോഗികമായ ഒന്നാണൊ എന്നു ഞാൻ സംശയിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഈ സ്ഥിതിക്കു ദിവിഷനെ സംബന്ധിച്ചു നിർബന്ധിക്കാൻ പാടില്ലാത്ത സംഗതികളിൽ ഒന്നല്ലെ ഇതു?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സർ, അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ബ്രിട്ടീഷ് ഇൻഡ്യയിലെ ഭരണത്തിനു ആരാണു ഉത്തരവാദി ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ബ്രിട്ടീഷ് ഇൻഡ്യയിലെ ആഡിററർ ജനറലിൻെറ മുകളിൽ ശരിയായി സംഘടിക്കപ്പെട്ടിട്ടുള്ള ഒട്ടനവധി അധികാരികൾ ഉള്ളതാകുന്നു. മുൻപു പറഞ്ഞിട്ടുള്ളതുപോലെ, സ്റ്റേററസെക്രട്ടറി, ക്യാബിനററ, പാർലിമെൻറിലെ രണ്ടു മണ്ഡലങ്ങൾ, ഇവരാകുന്നു ഈ അധികാരികൾ. ഇവിടെ മഹാരാജാവു തിരുമനസ്സു മാത്രമേ ഉള്ളു. ആചാരപരമായിട്ടോ അല്ലാതെയൊ ദിവാൻ രാജസ്ഥാനത്തു നിന്നാണു ഉത്തരവുകൾ നേരിട്ടു വാങ്ങിവരുന്നതു. ഇതിനും പുറമെ അദ്ദേഹം വ്യവസ്ഥകളെ നടപ്പിലാക്കുകയും പണം ചിലവുചെയ്യുന്നതിനുള്ള ഉത്തരവുകൾ അയക്കുകയും ചെയ്യുന്നു. ഇപ്രകാരം പണം ചിലവു ചെയ്യുന്നതിനെ പ്പററി ചോദ്യം ചെയ്യുന്ന അവസരത്തിൽ, ആഡിററ് ആഫീസർക്കു ഈ മഹാരാജാവു തിരുമനസ്സിൻെറ സന്നിധിയെ തന്നെ പ്രാപിക്കേണ്ടിയിരിക്കുന്നു. ഭരണ കാര്യങ്ങൾ നടത്തുന്നവിഷയത്തിൽ ഇതു മൂലം പ്രായോഗികമായ വിഷമതകൾ നേരിടുന്നതാണ്.

മി: പി. എസ്സ്. മഹമ്മദ് (നാമിനേറഡ്): ഇവിടത്തെ ഹൈക്കോടതിക്ക് സ്വാതന്ത്ര്യമില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഹൈക്കോടതിക്കു ചിലകാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടു.

മി: പി. എസ്സ്. മഹമ്മദ് (നാമിനേറഡ്): അതേ രീതിയിലുള്ള സ്വാതന്ത്ര്യം മററു ഡിപ്പാർട്ടുമെൻറുകൾക്കു കൊടുക്കാമല്ലോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഹൈക്കോടതി ചില നിയമനങ്ങൾ അനുസരിച്ചു കാര്യങ്ങൾ നടത്തികൊണ്ടു പോകുകയാണുചെയ്യുന്നതു.

മി: എ. ജി. മേനവൻ (പറവൂർ): ചട്ടങ്ങളെ നിയമമാക്കി ഉണ്ടാക്കി അതിനു വ്യവസ്ഥചെയ്യാൻ പാടില്ലാത്തതു എന്തുകാരണത്താലാണ് ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): മൈസൂരിനേയും ബറോഡായേയും പോലെ പുരോഗതിയെ പ്രാപിച്ചിരിക്കുന്ന ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ പോലും.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂറിനെക്കാൾ പുരോഗതിയെ പ്രാപിച്ചിട്ടുള്ളവയാണൊ ഈ സംസ്ഥാനങ്ങൾ?

ഉപാദ്ധ്യക്ഷൻ: ഈ ചോദ്യത്തിനു മറുപടി നൽകാൻ അദ്ദേഹത്തിനെ നിർബന്ധിക്കാൻ പാടില്ല. തിരുവിതാംകൂറിനേയൊ അല്ലെങ്കിൽ മേൽപ്പറഞ്ഞ സംസ്ഥാനങ്ങളേയൊ സംബന്ധിച്ചിടത്തോളം, ഇതു അഭിമാനകരമല്ല. പുരോഗതിയെ പ്രാപിച്ചിട്ടുള്ള ഇൻഡ്യയിലെ സംസ്ഥാനങ്ങൾ എന്നാണു അദ്ദേഹം പറഞ്ഞതു. "കൂടുതൽ പുരോഗതിയെ പ്രാപിച്ചിട്ടുള്ള ഇൻഡ്യയിലെ സംസ്ഥാനങ്ങൾ എന്നു" അദ്ദേഹം പറഞ്ഞിട്ടില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സർ, മേൽ സൂചിപ്പിച്ചിട്ടുള്ള ഈ സംസ്ഥാനങ്ങളിൽ ഇപ്രകാരമുള്ള ഒരു ഭരണ ഘടന ഇല്ലാതിരിക്കുന്നു. മൈസൂരിലെ അക്കൌണ്ടൻറ് ജനറൽ ഫിനാൻസു മെമ്പറിൻെറ കീഴിലാകുന്നു. ഹൈദ്രാബാദിലെ സ്ഥിതിയും ഇപ്രകാരം തന്നെയാണു. മററുള്ള നാട്ടുരാജ്യങ്ങളിലേയും സ്ഥിതികൾ ഇപ്രകാരംതന്നെ ആകുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്നഭരണഘടനയെ സംബന്ധിച്ചു സാരമായഭേദഗതികൾ വരുത്താതെ, എക്സിക്യൂട്ടീവ് ഗവണ്മെൻറിനെ അപേക്ഷിച്ചു, സ്വാതന്ത്ര്യത്തിലുള്ള ഒരു ആഡിററിനെ ഇവിടെ നിയമിക്കാൻ സാധിക്കുമൊ എന്നു ഞാൻ സംശയിക്കുന്നു. ഇതിനും പുറമെ, തിരുവിതാംകൂറിനെപ്പോലെ ഉള്ള ഒരു ചെറിയ സംസ്ഥാനത്തു അതു ആവശ്യമാണെന്നും തോന്നുന്നില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): പബ്ലിക് അക്കൌണ്ട്സ് കമ്മററിയെ പ്പററി എന്തു പറയുന്നു ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഇതിനെപ്പററി എൻെറ ബഡ്ജററ പ്രസംഗത്തിൻെറ വിമർശനാവസരത്തിൽ ആലോചിക്കാമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതു കഴിഞ്ഞിട്ട് ഇപ്പോൾ ഏകദേശം ഒരു ദിവസം മാത്രമേ ആയിട്ടുള്ളു. ഗവൺമെൻറുമായി കൂടുതലായി ഒന്നും ആലോചിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു അതിനെപ്പററി സൂക്ഷ്മംപോലെ ആലോചിക്കാമെന്നു മാത്രമെ ഇപ്പോൾ പറവാൻ നിവൃത്തിയുള്ളു.

മി: ടി. എം. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): കൗൺസിലിൽ പാസ്സായിട്ടുള്ള അനേകം സംഗതികളും ഗവൺമെൻറിനെ ഇതുവരെ ആലോചിച്ചിരിക്കുന്നുവെന്ന് അറിയാമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അറിയാം.

മി: ഏ. എസ്. രാമനാഥ അയ്യർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കഴിഞ്ഞ കൊല്ലത്തിലും ഇപ്രകാരമുള്ള ഒരു ഉപചോദ്യം ഹാജരാക്കപ്പെട്ടില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഹാജരാക്കപ്പെട്ടിട്ടുണ്ട്. ഇതു വളരെ പ്രയാസമുള്ള സംഗതിയാണ്. ഇതിനെപ്പററി പല്ലാവശ്യം ആലോചിക്കുന്നതിനു ഗവൺമെൻറിനു സമയം ആവശ്യമായിരിക്കുന്നു. ഈ കാര്യത്തിലുള്ള എൻെറ അഭിപ്രായം ഇതാണ്.

എൻെറ സ്നേഹിതൻ ഹാജരാക്കിയിട്ടുള്ള ഉപചോദ്യത്തിന് അതേപ്പററി വിശദീകരിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): അസിസ്റ്റൻറ സെക്രട്ടറിയുടെ നിയമനങ്ങളെപ്പററി ഞാൻ ചോദിച്ചതിന് ഒന്നും മറുപടി പറഞ്ഞുകാണുന്നില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതിനെപ്പററി ആലോചനയിലാണ് ഇരിക്കുന്നത്.

ഉപാദ്ധ്യക്ഷൻ: വിസ്തരിച്ചു പറയണം.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): മിസ്റ്റർ രാമൻപിള്ള ഉദ്ദേശിച്ച ആ ആഫീസർ ആഫീസിൽ ഇരിക്കുമ്പോൾത്തന്നെ ഈ നിയമനം നടന്നത്.

മി: ആർ. രാമൻപിള്ള (കോട്ടയം): ന്യായമായിട്ടു ചില ജോലികളെ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ ഏല്പിച്ചാൽ ആശാഭംഗം ഉണ്ടാകുകയില്ലേ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഇതു വ്യക്തിപരമായ ഒരു സംഗതിയാണ്. പ്രസ്താവിച്ച കാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നതാണ്.

മി: ചെറുകര പ്ലാമൂട്ടിൽ ഗീവറുഗീസ് (പത്തനംതിട്ട): ആഫീസർ ലോംഗ്ലീവിലിരിക്കുന്ന കാലത്തല്ലേ ഈ നിയമനം നടന്നത്?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവൺമെൻറ ഫിനാൻഷ്യൽ സെക്രട്ടറി): അതു അസിസ്റ്റൻറ സെക്രട്ടറിയുടെ നിയമനത്തെപ്പററി അല്ലാ ട്രഷറി ആഫീസരുടെ നിയമനത്തെപ്പററി പറയുകയാണ്.

മി: ഏ. ജി. മേനോൻ (പറവൂർ): സർ, എൻെറ സ്നേഹിതനായ ഫിനാൻഷ്യൽ സെക്രട്ടറിയുടെ വാദങ്ങളോ കേട്ടിട്ടും ഇതിനെ പ്രവൃത്തിയെപ്പററി എനിക്കു ബോദ്ധ്യമായിട്ടില്ല. ഭരണത്തിൻെറ മേലധികാരി ആയ മഹാരാജാവു തിരുമനസ്സിലെ ഗവൺമെൻറവകകാര്യങ്ങളുടെ ഉത്തരവാദിത്വം വഹിക്കുന്നതു ദിവാനാകുന്നു എന്നാണ് അടുത്തദിവസം പറയുന്നത്. കാര്യങ്ങളുടെ ഇപ്പോഴത്തെ നിലയ്ക്കു ദിവാൻജിമാർ വരികയും പോകുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഭരണം നടത്തുന്നതു മഹാരാജാവു തിരുമനസ്സുതന്നെ ആണ്. അതു എപ്രകാരമായാലും ഞാൻ നിയമിക്കണമെന്നു നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോടു ബന്ധിക്കുന്ന വിഷയത്തിൽ പ്രധാനമന്ത്രിയുടെ നിലയിൽ ദിവാന് മഹാരാജാവു തിരുമനസ്സിലെ യോഗ്യമെന്നു തനിക്കു തോന്നുന്ന വിധത്തിൽ ഉപദേശിക്കാവുന്നതും അപ്രകാരം അദ്ദേഹത്തിൻെറ മേൽ നിയന്ത്രണാധികാരം വഹിക്കാവുന്നതുമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ ഗവൺമെൻറിൻെറ നില ഉത്തരവാദിത്വരഹിതമായ ഒന്നാകുന്നു. അതായതു ഉദ്യോഗസ്ഥന്മാർക്ക് നിയമസഭയോടു ഉത്തരവാദിത്വം ഇല്ലാ. ഇപ്പോഴത്തെ നില മാറിയെങ്കിലും ഉടനെ വരണമെന്നാണ് മെമ്പറിൻെറ അഭിപ്രായം.

മി: ഏ. ജി. മേനോൻ (പറവൂർ): ഞാൻ നിർദ്ദേശിക്കുന്നതിനെ മുൻകൂട്ടി കണ്ട ഒരു പടിയാണ് ഇതു. അപ്രകാരമുള്ള ഒരു നില കഴിയുന്നത്ര വേഗത്തിൽ വരണമെന്നാണ് ഞാൻ ആശിക്കുന്നത്. ഈ സംഗതിയെപ്പററി ഞാൻ നിർദ്ദേശിക്കുന്ന പ്രമേയത്തിൽ ഒരുപക്ഷെ ഇതിനെപ്പററി ഇവിടെ വാദപ്രതിവാദം നടത്തുന്നതിന് നിലവിലിരിക്കുന്ന ചട്ടങ്ങളും റഗുലേഷനും എന്നെ അനുവദിക്കയില്ലെന്നു വരുന്നെങ്കിലും, എന്നു കൊണ്ടെന്നാൽ നിയമസഭയുടെ ഘടനയെ ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള ഒരു നിർദ്ദേശമാണ് ഇതു. ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നതുപോലെ ഉള്ള നിയമസാമർത്ഥ്യം സിദ്ധിച്ച ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്ന അവസരത്തിൽ എൻെറ സ്നേഹിതൻ ഇപ്പോൾ സൂചിപ്പിച്ച ഭേദഗതി വരുത്തുന്നതിന് നമുക്കു താല്പര്യത്തോടുകൂടി ശ്രമിക്കാവുന്നതാണ്.

സർ, ഫിനാൻഷ്യൽ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള വാദം ഉത്തമമായിട്ടുള്ള ഒന്നല്ലെന്നാണ് ഞാൻ പറയുന്നത്. എന്തുകൊണ്ടെന്നാൽ നിയമിക്കണമെന്നു ഞാൻ ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള സ്വതന്ത്രനായ ആഡിറ്റർ കുററപ്പെടുത്തുന്നപക്ഷം അയാളെ ശിക്ഷിക്കുന്നതിന് നിശ്ചയമായിട്ടും ഭരണാധികാരിയാകുന്ന മഹാരാജാവു തിരുമനസ്സിലോടു അപേക്ഷിക്കാവുന്നതാണ്. മഹാരാജാവു തിരുമനസ്സിലെ അദ്ദേഹത്തിൻെറ ഇഷ്ടംപോലെ എന്തും പ്രവർത്തിക്കുന്നതിനുള്ള അധികാരമുണ്ട്. എൻെറ സ്നേഹിതനായ ഫിനാൻഷ്യൽ സെക്രട്ടറിക്കു ഈ സംഗതിയിൽ ഉള്ള ഭയം ഇതുമാത്രമാണെന്നു തോന്നുന്നു, അതായതു ഇപ്പോൾ ദിവാൻ ഭരണകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉത്തരവാദിയായിരിക്കുന്ന സ്ഥിതിക്കു അദ്ദേഹത്തിനെ അപേക്ഷിച്ചു സ്വതന്ത്രനായ വല്ല ആഡിററോ മററതെങ്കിലും ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കാൻ പാടില്ലെന്നുള്ളതാണ്. ഇതിനുള്ള സമാധാനം ഞാൻ താഴെ പറയുന്നു. തൻെറ ഹിതത്തെ അനുസരിച്ചോ അല്ലെങ്കിൽ ആവശ്യങ്ങളോ അ

നുസരിച്ചോ മഹാരാജാവു തിരുമനസ്സിനു ഉപദേശം നൽകി സ്വതന്ത്രനായ ആഡിറ്ററിന്റെ മേൽ ദിവാനു നിയന്ത്രണാധികാരം ലഭിക്കാവുന്നതാണ്. സർ, ഇപ്പോൾ തന്നെയും മിക്കവാറും എല്ലാ കാര്യങ്ങളെയും സംബന്ധിച്ചിടത്തോളം മഹാരാജാവു തിരുമനസ്സിൽനിന്ന് നേരിട്ടാണ് ദിവാൻ കല്പനകൾ വാങ്ങുന്നത്. ഇപ്പോൾ നിസ്സാരമായ കാര്യങ്ങളിൽപോലും രാജസ്ഥാനത്തു നിന്ന് കല്പനകൾ വാങ്ങുന്നതുപോലെ ഒരു വിഷയത്തിലും അദ്ദേഹത്തിനു ഈ ഇനങ്ങൾ സ്വീകരിക്കാൻ പാടില്ലാത്തത് എന്തുകൊണ്ടാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു?

ഉപാദ്ധ്യക്ഷൻ: ൫൦ രൂപായിൽ കവിഞ്ഞ ശമ്പളമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും സംബന്ധിച്ചു ദിവാൻ ഇപ്പോൾ നിയന്ത്രണാധികാരം ഉപയോഗിച്ചുവരുന്നുണ്ട്. അദ്ദേഹം ഇപ്രകാരം ചെയ്യുന്നതു നിയമിക്കണമെന്നു നിങ്ങൾ പ്രസ്താവിച്ച സ്വതന്ത്രനായ ആഡിറ്ററിന്റെ കാര്യത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള നിർദ്ദേശത്തിനനുസരണമാകുന്നു. അതുകൂടാതെ, ആവശ്യമെന്നു തോന്നുന്ന സംഗതികളിൽ മഹാരാജാവു തിരുമനസ്സിന് ഉപദേശം നൽകി ആകുന്നു ഇപ്രകാരം പ്രവർത്തിക്കുന്നത്.

മി: ഏ. ജി. മേനവൻ (പറവൂർ): സർ, എന്റെ ഉപക്ഷേപം വോട്ടിനിടണമെന്നു ഞാൻ നിർബന്ധിച്ചുകൊള്ളുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു ഏതെങ്കിലും പ്രയോജനമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി ഞാൻ ഗൌനിക്കുന്നില്ല.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): സർ, എനിക്കു കൂടുതലായി യാതൊന്നും പ്രസ്താവിക്കുവാനില്ല.

മി: മാത്യു മുരിക്കൻ (മീനച്ചൽ): സർ, ഏതുകാര്യത്തെപ്പററിയാണ് ഞങ്ങൾ ഇപ്പോൾ വോട്ടുചെയ്യുവാനുള്ളത്?

ഉപാദ്ധ്യക്ഷൻ: വോട്ടുചെയ്യേണ്ട കാര്യം ഇന്നതാണെന്നുള്ളത് ഓരോ സാമാജികനും നിശ്ചയിക്കാവുന്നതാണ്. ഏതെങ്കിലും കാര്യത്തെക്കുറിച്ചുള്ള ഒരു ശിപാർശയെപ്പററിയല്ലാ നാം ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു. ഒരു പ്രത്യേക വിഷയത്തെപ്പററി മാത്രം വാദപ്രതിവാദം നടത്തിയിരുന്നുവെങ്കിൽ അതിനെപ്പററി എടുക്കുന്ന വോട്ടു ഈ പ്രത്യേകവിഷയത്തെ സംബന്ധിച്ചു ഈ സഭയ്ക്കുള്ള അഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തുമായിരുന്നു. സാമാന്യവ്യാപ്തിയുള്ള ഒരു വിഷയത്തിനെ ആസ്പദമാക്കി ഓരോ സാമാജികനും ഓരോ ഭിന്നവിഷയത്തെപ്പററി വാദപ്രതിവാദം നടത്തിയിരിക്കുന്നു. ഒരു സ്വീകരിക്കു ഉപക്ഷേപം പാസ്സാക്കപ്പെട്ടാൽ തന്നെയും, അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലാ. ഭരണഘടനയെ ആസ്പദമാക്കിയുള്ള പ്രവർത്തനസമ്പ്രദായങ്ങൾ അനുസരിച്ചു വോട്ടുചെയ്തു പാസ്സാക്കപ്പെട്ടിരുന്നാൽ തന്നെയും ഈ ഉപക്ഷേപത്തെ ഏതെങ്കിലും വിഷയത്തിന്മേൽ ഈ സഭയ്ക്കുള്ള അഭിപ്രായമായി പരിഗണിക്കാൻ പാടുള്ളതല്ല.

മി: ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): ഉപക്ഷേപം ഹാജരാക്കിയ ആളോ അദ്ധ്യക്ഷനോ വോട്ടുചെയ്യാനുള്ള വിഷയത്തെപ്പററി തീരുമാനിക്കണം.

മി: ഏ. ജി. മേനവൻ (പറവൂർ): ആഡിററും അക്കൌണ്ടും തമ്മിൽ വേർതിരിക്കണം. ഇതാണ് എന്റെ വാദവിഷയം.

ഉപാദ്ധ്യക്ഷൻ. വോട്ടുചെയ്യേണ്ട വിഷയത്തെപ്പററി നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഓരോ സാമാജികനും ഉള്ളതായി ഗണിച്ചിരിക്കുന്നു. ഈ ഉപക്ഷേപത്തിന്റെ കീഴിൽ അനേകം കാര്യങ്ങളെപ്പററി പ്രസ്താവിച്ചിട്ടുണ്ടെന്നാണു എനിക്കു തോന്നുന്നതു.

ഉപക്ഷേപം പിന്നീട്ടു സഭയിൽ വോട്ടിനിടുകയും തള്ളപ്പെട്ടുപോകയും ചെയ്തു.

മി: ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു പോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഒരു പോൾ എടുക്കപ്പെട്ടു. സഭയിലെ സാമാജികന്മാർ താഴെ പറയുന്ന നില അവലംബിച്ചു.

അനുകൂലകക്ഷികൾ ൧൩.

൧. മിസ്റ്റർ ഏ. എസ്സ്. ദാമോദരനാശാൻ		൮. മിസ്റ്റർ വി. ജെ. ഉമ്മൻ	
൨. മിസ്സസ്സ് ഏലിസബത്ത് കുരുവിള		൯. ,,	മുരവേലിൽ പാച്ചുപിള്ള
൩. മിസ്റ്റർ ഏ. ജി. മേനവൻ		൧൦. ,,	എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൪. ,,	വി. എസ്സ്. കുഞ്ഞുപിള്ള		
൫. ,,	ഏ. സി. കുര്യാക്കോസ്	൧൧. ,,	ആർ. രാമൻപിള്ള
൬. ,,	കെ. മാധവൻപിള്ള	൧൨. ,,	രേവതിനാൾ രാമവർമ്മരാജാ
൭. ,,	എച്ച്. ബി. മഹമ്മദ് റാവുത്തർ	൧൩. ,,	എം. താണുപിള്ള

മി: ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, നടപടിക്രമത്തെപ്പററി ഒരു ചോദ്യം ചോദിച്ചുകൊള്ളുന്നു. മി: നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ സ്ഥാനത്തല്ല ഇരിക്കുന്നത്. അതിനാൽ വോട്ടുചെയ്യുന്നതിനു അദ്ദേഹത്തിനു അവകാശമില്ല.

ഉപാദ്ധ്യക്ഷൻ: നിയമസാധുതയെപ്പററിയുള്ള ചോദ്യത്തെ ഞാൻ [illegible]യിരിക്കുന്നു. മി: നമ്പൂതിരിപ്പാടെ, ഇനിമേൽ സൂക്ഷിച്ചു പ്രവർത്തിക്കുക. [illegible] ഉണ്ടാകുന്ന സംഗതികൾക്കു ഒഴിവാക്കിയിരിക്കണം.

പ്രതികൂലകക്ഷികൾ ൯.

൧. മിസ്റ്റർ ഡി. ഫ്രാൻസിസ്		൫. ,,	കെ. മാധവൻ
൨. ,,	ഡി. സി. ജോസഫ്	൬. ,,	പി. എസ്സ്. മഹമ്മദ്
൩. ,,	കെ. സി. കരുണാകരൻ	൭. ,,	വി. അരുണാചലമയ്യർ
൪. ,,	കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്	൮. ,,	എൻ. എ. വിക്രൂസ്
		൯. ,,	ഐ. സി. ചാക്കോ

൧൦.	മിസ്റ്റർ ആർ. ധനകോടിപ്പിള്ള	൧൬.	മിസ്റ്റർ ആർ. നീലകണ്ഠപ്പിള്ള
൧൧.	,, പി. ഗോമതിനായകംപിള്ള	൧൭.	,, സി. പത്മനാഭൻപിള്ള
൧൨.	,, പി. എൻ. കൃഷ്ണപിള്ള	൧൮.	ഡാക്ടർ കെ. രാമൻതമ്പി
൧൩.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൯.	,, ടി. പി. രാമസുബ്ബയ്യർ
൧൪.	,, ടി. കെ. മാധവൻനായർ	൨൦.	,, എസ്സ്. സി. എച്ച്. റാബിൻസൺ
൧൫.	,, ഇ. പി. മാക്ക് അലപ്പൻ	൨൧.	,, ആർ. വൈദ്യലിംഗംപിള്ള

നിഷ്പക്ഷകക്ഷികൾ ൧൧.

൧.	മിസ്റ്റർ പി. ചെല്ലംപിള്ള	൭.	മിസ്റ്റർ ജി. പി. നീലകണ്ഠപ്പിള്ള
൨.	,, ആർ. കേശവപിള്ള	൮.	,, കെ. പി. നീലകണ്ഠപ്പിള്ള
൩.	,, പാലമ്പള്ളിൽ [illegible]	൯.	,, കെ. പത്മനാഭപ്പണിക്കർ
൪.	,, എൻ. കെ. കൃഷ്ണപിള്ള	൧൦.	,, കെ. ജി. പരമേശ്വരൻപിള്ള
൫.	,, എൽ. എ. ലാമ്പാട്ട്	൧൧.	,, എസ്സ്. പിറവിപ്പുരമാറംപിള്ള
൬.	,, മാത്തുതരിക്കൻ		

ഉപക്ഷേപം തള്ളിയതായി ഗണിക്കപ്പെട്ടു.

ഉപക്ഷേപം ൩൦൩.

൧൦-ാം നമ്പർ ഡിമാൻഡു പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ൧,൧൧,൭ എന്ന രൂപയിൽ നിന്ന് ൫൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും-ദേവികുളവും): സർ, എട്ടാമത്തെ ഡിമാൻഡായ അക്കൗണ്ടാഫീസ്, എസ്സ്ടാബ്ലിഷ്മെന്റ വകയ്ക്കുള്ള ൧,൧൧,൭ എന്ന രൂപയിൽ നിന്നു ൫൦ രൂപാ കുറയ്ക്കണമെന്നുള്ള ഒരുപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞവർഷത്തിൽ തന്നെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ ഉപക്ഷേപത്തിനു കിട്ടിയിട്ടുള്ള മറുപടിയെ ശരിച്ചു യാതൊരു നടപടിയും നടത്തീട്ടില്ല എന്നുള്ളതിനെ പ്രകാശിപ്പിച്ചു തത്സംബന്ധമായി കൂടുതൽ ശ്രദ്ധ പതിക്കണമെന്നു ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കീട്ടുള്ളതു. കഴിഞ്ഞവർഷത്തിൽ അക്കൗണ്ടാഫീസ്സിലെ ഏതാനും ക്ലാർക്കന്മാർക്ക് ഗ്രേഡ് പ്രമോഷൻ കൊടുക്കുന്നതിനു ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നു. ഹജൂരിലെ ക്ലാർക്കന്മാരുടെ വിഷയത്തിൽ എന്നപോലെ ഇവിടെയും അക്കൗണ്ട് ആയി ജോലിനോക്കുന്നവരെ സ്ഥിരപ്പെടുത്താതെയും അവർക്ക് ശമ്പളക്കൂടുതൽ നൽകാതെയും ഇരിക്കുന്നതിനെപ്പറ്റിയും മററും ഞാൻ പ്രതിപാദിച്ചുവെങ്കിലും അന്നു അക്കൗണ്ടാഫീസറായിരുന്ന ആൾ അവർക്ക് പ്രമോഷൻ കൊടുക്കുന്നവിഷയത്തിലും മററും വിധിപൂർവ്വമായി പ്രവർത്തിച്ചുകൊള്ളാമെന്നു സമ്മതിച്ചിരുന്നു. ഒടുവിൽ ഏതാനും അണ്ടർഗ്രേഡുകളിലെ ക്ലാർക്കന്മാർക്ക ശമ്പളവും ഗ്രേഡും കൂട്ടിക്കൊടുത്തതല്ലാതെ മററു യാതൊന്നും ചെയ്തിട്ടില്ല. എന്നാൽ ആക്ടിംഗ് ക്ലാർക്കന്മാർക്ക പ്രമോഷനോ ശമ്പളക്കൂടുതലോ ലഭിക്കാതെ ഇന്നും അതേ നിലയിൽ തന്നെയിരിക്കുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): അവർ ആദ്യം സർവീസിൽ പ്രവേശിച്ചപ്പോൾ ഇൻക്രിമെന്റ കിട്ടുമെന്നു വിചാരിച്ചിട്ടുണ്ടായിരുന്നോ?

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും-ദേവികുളവും): നിശ്ചയമായിട്ടും കിട്ടുമെന്നു തന്നെയാണു അവർ വിചാരിച്ചിരുന്നതു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): തെററിപ്പോയി.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും-ദേവികുളവും): എനിക്കോ അവർക്കോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): അവർക്ക.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചലും-ദേവികുളവും): അപ്പോൾ അങ്ങനെ വേണംകൊണ്ടു അങ്ങനെ കാണുന്നുണ്ടു. ഹജൂരിലും അക്കൗണ്ടാഫീസിലും, ൨൦,൨൫ രൂപാവീതം ശമ്പളത്തിൽ പ്രവേശിച്ചവർ ൧൦൦-ഉം ൫൦൦-ഉം ഒക്കെ ശമ്പളം പററി ഉദ്യോഗത്തിലിരുന്നു പെൻഷൻപററി പിരിഞ്ഞിട്ടുണ്ടു. പലരും അങ്ങനെ ഉയർന്നശമ്പളത്തിൽ ഇരിക്കുന്നുണ്ടു. അതിനുപുറമേ യോഗ്യതയും സാമർത്ഥ്യവും ഉള്ള ചെറുപ്പക്കാർ, എം. എ; ബി. എൽ, ബി. എ. ബി. എൽ. മുതലായ ബിരുദധാരികൾ തങ്ങൾക്കും ഉയർന്നസ്ഥാനങ്ങളിൽ ചെന്നു ഗവണ്മെന്റിനെ സേവിക്കാമെന്നു ആഗ്രഹിച്ചു ജോലിയിൽ പ്രവേശിച്ചതു ഒരു പക്ഷേ തെററിപ്പോയിരിക്കാം. ഈ തെററിനെ തിരുത്താൻ ഗവണ്മെന്റിനു ശക്തിയുണ്ടെന്നു വിചാരിച്ചു, ഗവണ്മെന്റിനെ വിശ്വസിക്കാമെന്നുകരുതി, വിശ്വസിച്ചു, രാജ്യത്തിലെ പൌരന്മാരെന്ന നിലയിൽ ന്യായമായിലഭിക്കേണ്ട അവകാശം ലഭിക്കും എന്ന വിശ്വാസത്തിൽ പണിട്ടുള്ള യുവാക്കന്മാർക്ക അതു തെററിപ്പോയെങ്കിലും ഗവണ്മെന്റ അതു തീർക്കണമെന്നാണു ഞാൻ ഈ ഉപക്ഷേപംകൊണ്ടു നിർദ്ദേശിക്കുന്നതു.

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ആക്ടിംഗ് ക്ലാർക്കന്മാർക്ക് ഇൻക്രിമെന്റ കൊടുക്കുന്ന യാതൊരു ഏർപ്പാടും സർവീസ് റെഗുലേഷനിൽ നിശ്ചയിച്ചിട്ടില്ല. ഇതര ഡിപ്പാർട്ടുമെന്റുകളിൽ പ്രവേശിക്കുന്നവർക്ക് റൂൾസ് ഒന്നും അറിയാൻ പാടില്ലാ എന്നിരുന്നാലും അക്കൗണ്ടാഫീസിലെ ക്ലാർക്കന്മാർക്ക് റൂൾസ് അറിഞ്ഞുകൂടാ എന്നു പറയാൻ നിവൃത്തിയില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): സർ, നടപടിക്രമത്തെപ്പററി ഞാൻ ചോദ്യംചെയ്യുകൊള്ളുന്നു. മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം. (ചിരി.)

ഉപാദ്ധ്യക്ഷൻ: മലയാളത്തിലാണ് സംസാരിക്കുന്നതു. മി. ഉമ്മൻ ഒരുപക്ഷേ അതു കേട്ടില്ലായിരിക്കാം. (ചിരി.)

മി: എസ്. പിറവിപ്പുരമാറംപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഈ റൂൾസ് ക്ലാർക്കന്മാർക്ക മാത്രമേ നിശ്ചയമുള്ളോ? അതല്ല ആഫീസർമാർക്കും അറിയാമോ?

മി: ആർ. നീലകണ്ഠപ്പിള്ള (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): എല്ലാവർക്കും അറിയാം. ആദ്യംമുതൽതന്നെ റൂൾസുള്ളതു ഉണ്ടെന്നു അറിഞ്ഞുകൊണ്ടുതന്നെയാണ് സർവീസിൽ പ്രവേശിക്കുന്നതു,

ഉണ്ടായ സർവീസിൽ കയറി സംബന്ധംകൊല്ലം കഴിഞ്ഞശേഷം "ഞങ്ങൾ അറിഞ്ഞില്ല; ഞങ്ങൾക്ക തെററിപ്പോയി; അതുകൊണ്ട് ഇൻക്രിമെൻറ തരണം," എന്നു പറയുന്നതു് ശരിയായ അപേക്ഷയല്ല. എന്നിരുന്നാലും ഈ കാര്യത്തിൽ സങ്കടമുണ്ടെന്ന സമ്മതിക്കാം.

മി: മാത്യുമുരിക്കൻ (വൈക്കം): ഇതു് ക്ലാർക്കന്മാരുടെ അപേക്ഷയല്ല; സഭയുടെ അഭിപ്രായമാണെന്ന അറിയാമോ?

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): സഭയുടെ അഭിപ്രായംതന്നെയാണെങ്കിലും ഇപ്പോഴുള്ള റൂൾസ് മാററിയാലല്ലാതെ നിവൃത്തിയില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ആ റൂൾസുകളെ മാററാൻ സാധിക്കയില്ലയോ ?

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): മാററാൻ സാധിക്കും; എന്നാൽ ഒരു ഡിപ്പാർട്ടുമെൻറ ആവശ്യത്തിനുവേണ്ടി മാത്രം മാററാൻ സാധിക്കയില്ല. ഇതുപോലെതന്നെ മററുപല ഡിപ്പാർട്ടുമെൻറുകളിലും സാധുക്കളായ ആളുകളുണ്ട്. അവരെ എല്ലാവരേയും കൂടി ബാധിക്കുന്ന ഒരു ഭേദഗതി ചെയ്യാനെ സാധിക്കയുള്ളു. ആ നിലയിൽ റൂൾ മാററുന്നതിനെ സംബന്ധിച്ച അക്കൗണ്ട ഡിപ്പാർട്ടുമെൻറിൽനിന്നും നടപടി നടത്തുകയാണ് ചെയ്യേണ്ടതു്. അതുകൊണ്ട മററുള്ള ഡിപ്പാർട്ടുമെൻറുകളിലും ഉള്ളവരുടെ കണക്കുകൾ വരുത്തി പരിശോധിച്ച വല്ലതും ചെയ്യുന്നതിന് ശ്രമിച്ചുനോക്കാമെന്ന് മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും-ദേവികുളവും): അക്കൗണ്ടാഫീസിലുള്ളതുപോലെ തന്നെ ഹജൂരാഫീസിലും മററുപല ഡിപ്പാർട്ടുമെൻറുകളിലും ആക്റ്റിംഗ്കാരുണ്ടെന്ന് അറിയാം. അവരുടെ സങ്കടം പരിഹരിക്കേണ്ടതാണെന്നും തോന്നുന്നുണ്ട്. അതിനെ പരിഹരിക്കുന്നതിന് വേണ്ടനടപടി നടത്താമെന്നാണ് കഴിഞ്ഞകൊല്ലം മറുപടിപറഞ്ഞതു്.

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ചിലസംഗതികളിൽ വിഷമം ഉണ്ട്.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും-ദേവികുളവും): വിഷമത്തിന്റെ സ്വഭാവമെന്താണ്?

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): പണത്തിന്റെ അഭാവമാണ്.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും-ദേവികുളവും): ഇപ്പോൾ വരവിൽ നല്ല വർദ്ധനം ശമ്പളത്തിന ചിലവാക്കിവരുന്നു എന്നു പറയുന്നുണ്ട്. അതിൽ കുറച്ചു കൂട്ടുന്നതുകൊണ്ട വിരോധമുണ്ടോ?

മി: ആർ. നീലകണ്ഠപിള്ള (ആക്റ്റിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): കൂട്ടുന്നതുകൊണ്ട വിരോധമില്ല. ഏതായാലും ഈ സംഗതിയെപ്പററി അടുത്തബഡ്ജററുതന്നെ ആലോചിക്കാം.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും-ദേവികുളവും): ഈ സംഗതികളിൽ മറുപടിയായിട്ട എന്തെങ്കിലും പറഞ്ഞു സമയം കളയണമെന്ന ഞാൻ വിചാരിക്കുന്നില്ല. ന്യായമായിട്ട കയററം കിട്ടും എന്നുള്ളവിശ്വാസത്തോടുകൂടിയാണ് അക്കൗണ്ടാഫീസിൽ ആളുകൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതു. അങ്ങനെയാണ കീഴ്നടപ്പും. ഉയർന്ന സ്ഥാനങ്ങളിൽ എത്തിട്ടുള്ളവർ ഇന്നുംഉണ്ട. ഈ നിലയിലുള്ള ഒരു വിശ്വാസത്തോടുകൂടിയല്ലാതെ ഉൽകൃഷ്ടവിദ്യാഭ്യാസവും ബിരുദം സമ്പാദിച്ചിട്ടുള്ള ജനങ്ങൾ ഇരുപത്തിരണ്ടോ നാല്പതോ രൂപയ്ക്കു ആക്റ്റിംഗായിട്ട് കഴിച്ചുകൂട്ടിക്കളയാമെന്നുള്ള ഉദ്ദേശത്തിൻമേൽ വന്നിരിക്കാൻ ഇടയില്ല; അക്കൗണ്ടാഫീസർ പറയുന്നപോലെ ഒരുപക്ഷെ അവർക്ക തെററിപ്പോയിരിക്കാം. എന്നിരുന്നാലും ജാതിമതവ്യത്യാസം കൂടാതെ സർക്കാർസേവനത്തിന അവകാശമുള്ളവരാണ. അവർ, അങ്ങനെയുള്ളവർക്ക വേണ്ടപ്രോത്സാഹനം നൽകേണ്ടതു ഗവണ്മെൻറിന്റെ ചുമതലയാണ്. ഗവണ്മെൻറ അങ്ങനെ ചെയ്യുമെന്ന അവർ വിശ്വസിക്കുന്നു. അവർവിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും അങ്ങനെചെയ്യണമെന്ന ഞങ്ങൾക്ക നിർബന്ധമുണ്ട്. പണത്തിന്റെ കാര്യത്തിൽ കുറെ വിഷമമുണ്ടെങ്കിലും കഴിയുന്നതും വേഗത്തിൽ അതിനെപ്പററി ആലോചിക്കാം എന്നുള്ള ഫിനാൻഷ്യൽ സിക്രട്ടറിയുടെ വാഗ്ദാനത്തെ സ്വീകരിച്ചുകൊണ്ട കൌൺസിലിന്റെ അനുവാദപ്രകാരം ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നം. ൨൯.

താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള

ആകെ കൊള്ളിച്ചിട്ടുള്ള ൧,൧൧,൫ ഒന്നു രൂപയിൽ നിന്ന ൧൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം നം. ൩൦.

൮-ാം നമ്പർ ഡിമാൻഡ്പ്രകാരം ആകെ കൊള്ളിച്ചിട്ടുള്ള ൧,൧൧,൫ ഒന്നു രൂപയിൽ നിന്ന ൧൦൦ രൂപകുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): അക്കൗണ്ടാഫീസുവകയ്ക്കുള്ള ൧,൧൧,൫ ഒന്നു രൂപായിൽ നിന്നും ൧൦൦ രൂപാകുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു. ഇതിന്റെ ഉദ്ദേശം അക്കൗണ്ടാഫീസിലെ നിയമനങ്ങളിൽ കത്തോലിക്കർക്ക പ്രാതിനിധ്യം വളരെകുറവാണ് എന്നുള്ളസംഗതി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. മററുള്ള സമുദായങ്ങളുടെ അവകാശങ്ങളെ അവഗണിച്ച് കത്തോലിക്കർക്ക് കൊടുക്കണമെന്ന് എനിക്ക് അഭിപ്രായമില്ല. തിരുവിതാംകൂറിൽ ഏഴുലക്ഷത്തോളം ജനസംഖ്യയുള്ള വലിച്ച സമുദായമാണ് കത്തോലിക്ക സമുദായം. അക്കൗണ്ടാഫീസിലെന്നല്ല മറെറല്ലാഡിപ്പാർട്ടുമെൻറുകളിലുമുള്ള ഉദ്യോഗങ്ങളിൽ ഏഴിൽഒരംശം ഈ സമുദായത്തിന് ലഭിക്കേണ്ട അവകാശം ഉണ്ട്. അക്കൗണ്ടാഫീസിൽ ഒന്നോ രണ്ടോ കത്തോലിക്കർതന്നെയുണ്ടോ എന്ന എനിക്ക സംശയമാണ്. അതുകൊണ്ട് കത്തോലിക്കരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ദക്ഷിണതിരുവിതാംകൂറിൽ എൻെറ നിയോജകമണ്ഡലത്തിൽ പെട്ട താലൂക്കുകളിൽ നാടാന്മാരും ആയന്മാരും ആയ റോമൻകത്തോലിക്കർ ധാരാളമുണ്ട്.

ഉപാദ്ധ്യക്ഷൻ: ഈ നാടാന്മാർ കത്തോലിക്കരോ പ്രൊട്ടസ്റ്റൻറുകാരോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): കത്തോലിക്കാമതത്തിൽ ഉൾപ്പെട്ടവരാണ്. അതുകൊണ്ട് ഗവണ്മെണ്ടാഫീസുകളിലുള്ള നിയമനങ്ങളിൽ പ്രാതിനിധ്യം അവർക്കു നല്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എസ്. മഹമ്മദ് (നാമിനേറഡ്): മറ്റുള്ളവർക്കും കൊടുക്കേണ്ടയോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അവർക്കും കൊടുക്കണം, ഇവിടെ കത്തോലിക്കരുടെ കാര്യം മാത്രം പറയുകയാണ്.

ഉപാദ്ധ്യക്ഷൻ: പ്രത്യേകിച്ചും ദക്ഷിണതിരുവിതാംകൂറിലെ നാടാന്മാർക്കും ആയന്മാർക്കും കൊടുക്കണം എന്നല്ലേ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെണ്ടു സർവീസിൽ പല സമുദായങ്ങൾക്കും പ്രാതിനിധ്യം നല്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഉനികുത ഡിപ്പാർട്ടുമെൻറിനു വേണ്ടിയുള്ള ഡിമാൻഡിനെപ്പററി ഏതാനും ദിവസങ്ങൾക്കുമുമ്പു ഇവിടെ വാദപ്രതിവാദം നടത്തിയ അവസരത്തിൽ സർക്കാർ സർവീസിൽ സമുദായങ്ങൾക്കു പ്രാതിനിധ്യം നല്കുന്ന വിഷയത്തെപ്പററി എനിക്കുള്ള അഭിപ്രായത്തെ പ്രകടിപ്പിക്കുന്നതിനു എനിക്കു അവസരം സിദ്ധിച്ചിട്ടുണ്ട്. ആ അവസരത്തിൽ എൻെറ അഭിപ്രായങ്ങളെ പറഞ്ഞിട്ടുള്ളതാണ്. അപ്പോഴും ഞാൻ പ്രസ്താവിച്ചിട്ടുള്ളതു് ഈ വിധത്തിലാണ്. ഈ വിഷയത്തിലുള്ള പരാതികൾക്കു സാമാന്യം വ്യാപ്തി ഉണ്ടായിരിക്കുന്നു. അതിനാൽ ഈ കാര്യത്തെപ്പററി പൂർണ്ണമായി പരിഗണിക്കുകയും നിർദ്ദേശങ്ങളെ രൂപീകരിക്കുകയും ചെയ്യുന്നതിനു ഒരു കമ്മററിയെ ഗവണ്മെൻറു നിയമിക്കുന്നതു് ആവശ്യമായിരിക്കുമെന്നാണു ഞാൻ പറഞ്ഞിട്ടുള്ളതു. ആ അഭിപ്രായംതന്നെയാണ് ഇപ്പോഴും പറയുന്നതു. എക്സൈസ് വകുപ്പിനുവേണ്ടിയുള്ള ഡിമാൻറിനെപ്പററി വാദപ്രതിവാദം നടത്തിയ അവസരത്തിൽ പല സമുദായങ്ങളിലെയും പ്രതിനിധികളും ഈ വിഷയത്തെപ്പററിത്തന്നെ വാദിച്ചിട്ടുണ്ട്. എൻെറ സ്നേഹിതനു മിസ്റ്റർ മഹമ്മദ് മഹമ്മദീയർക്കു പ്രാതിനിധ്യം നല്കണമെന്നു വാദിച്ചു. കത്തോലിക്കന്മാരായ എൻെറ സ്നേഹിതന്മാർ കത്തോലിക്കന്മാർക്കു പ്രാതിനിധ്യം നല്കണമെന്നും വാദിച്ചിട്ടുണ്ട്. ഗൌരവത്തോടുകൂടി ഗവണ്മെൻറു ചിന്തിക്കേണ്ട ഒരു വിഷയമാണ് ഇതു്. ഇതിനും പുറമെ ഈ പരാതികൾക്കിടയാക്കുന്ന കാരണങ്ങളെ ഇല്ലാതാക്കുന്നതിൽ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതുമാകുന്നു. (ഹിയർ ഹിയർ) സർ അതിനാൽ ഈ വിഷയത്തെപ്പററി ചിന്തിക്കയും ഏതെങ്കിലും പരിഹാരമാർഗ്ഗം നിർദ്ദേശിക്കയും ചെയ്യുന്നതിനു ഞാൻ ഗവണ്മെണ്ടിനോടു നിർബ്ബന്ധമായി അപേക്ഷിച്ചുകൊള്ളുന്നു. ഈ തർക്കവിഷയത്തിനു ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള ഏക ഉപായം ഈ വിഷയത്തിൻെറ എല്ലാ അവസ്ഥാന്തരങ്ങളേയും പററി ചിന്തിക്കുന്നതിനു ഒരു കമ്മററിയെ നിയമിക്കയാണെന്നു ഉചിതമായി ഞാൻ വിചാരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: പല താല്പര്യങ്ങളുടേയും അവകാശങ്ങളെപ്പററി നിങ്ങൾ എന്തുപറയുന്നു?

മി: എ. താണുപിള്ള (തിരുവനന്തപുരം): ആവശ്യമെന്നു തോന്നുന്നപക്ഷം അതിനെപ്പററിയും പര്യാലോചിക്കാവുന്നതാണ്. എനിക്കു ഈ കാര്യത്തിൽ യാതൊരു വിസമ്മതവുമില്ല. ഇതിനോടുകൂടിത്തന്നെ പല പകുതികളുടേയും അവകാശങ്ങളെപ്പററിയും ചിന്തിക്കാവുന്നതാണ്. എന്നാൽ പ്രതിനിധികരിക്കുന്ന പകുതിയുടെ അവകാശങ്ങളെക്കാളും ഗൌനിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ വിഷയത്തിൻെറ എല്ലാത്തരം വ്യവസ്ഥകളെയും പററി ചിന്തിക്കേണ്ടതാണ്. എൻെറ അഭിപ്രായം ഇപ്രകാരമാണ്.

ഈ കാര്യത്തിനായി ഒരു കമ്മററിയെ നിയമിക്കണമെന്നു ഞാൻ വാദിച്ചിട്ടുള്ളതു ഈ കാരണത്താലാകുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഇപ്പോഴുള്ള സമുദായങ്ങൾക്കെല്ലാം പ്രാതിനിധ്യം കിട്ടിയതിനുശേഷം ഒരു കമ്മററിയെ ഏർപ്പെടുത്തിയാൽ പോരേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴുള്ള ഉദ്യോഗവാരങ്ങളെ ശരിപ്പെടുത്തുന്നതിനാണു ഒരു കമ്മററി വേണമെന്നു ഞാൻ പറഞ്ഞതു്. ഇന്നപ്രകാരത്തിൽ വേണം ഉദ്യോഗം കൊടുക്കാൻ എന്നു വ്യവസ്ഥപ്പെടുത്തിയാൽ അതനുസരിച്ചു നടത്താം. എല്ലാവർക്കും ഉദ്യോഗംകിട്ടുകയും ചെയ്യും.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഏതുതരത്തിലുള്ള കമ്മററിയാണ് വേണമെന്നു പറയുന്നതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതികളെ എല്ലാം പററി പര്യാലോചിച്ചു ഇന്നപ്രകാരത്തിൽ ചെയ്യണമെന്നുള്ള നിർദ്ദേശങ്ങൾ കൊടുക്കാൻ ഉള്ള ഒരു കമ്മററി വേണമെന്നാണു ഞാൻ പറയുന്നതു്.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ കാര്യത്തിൽ എൻെറ സ്നേഹിതൻ ... ...

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ മാത്യുമുരിക്കൻ അദ്ധ്യക്ഷനെ അഭിമുഖീകരിച്ചു നിങ്ങൾ ദയവുചെയ്തു ചോദ്യംചോദിക്കയോ സഭ്യ ചോദ്യങ്ങൾ അദ്ധ്യക്ഷനെ അഭിമുഖീകരിച്ചാണ് ചെയ്യുന്നതു. എല്ലാ അവസരങ്ങളിലും ഇപ്രകാരമുള്ള അനുമാനമാണ് ചെയ്യേണ്ടതു്. സാമാജികൻ ആസനസ്ഥനായിരിക്കുന്നു മറുഭാഗത്താണു. അതിനാൽ ഈ അവസരത്തിൽ നിർഭാഗ്യവശാൽ ഞാൻ ആ ഭാഗത്തേക്കു തിരിഞ്ഞതാണ്.

ഉപാദ്ധ്യക്ഷൻ: മി: മാത്യുമുരിക്കൻ, നിങ്ങൾ മറുഭാഗത്തേക്കുനോക്കിയതിനു നിങ്ങളോടു ഞാൻ കുറ്റപ്പെടുത്തുകയല്ല നിങ്ങൾ പറയുന്നതു കേൾക്കുന്നതിനു ഞാനും ആഗ്രഹിക്കുന്നു. ഇതുമാത്രമെ എനിക്കു പറയുവാനുള്ളു. ഇതിനെപ്പററി കൂടുതലായി ഞാൻ യാതൊന്നും പ്രസ്താവിക്കുന്നില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): എൻെറസ്നേഹിതൻ നിയമിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ള കമ്മററിയുടെ സ്വഭാവമെന്തായിരിക്കണമെന്നു പറയുമോ? പ്രസ്തുതകമ്മററിയുടെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം സമുദായങ്ങൾക്കു ഏതുതരത്തെ അടിസ്ഥാനപ്പെടുത്തിയാണ് അതിൽ പ്രാതിനിധ്യം നൽകേണ്ടതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): പല കാര്യങ്ങൾക്കായി പല കമ്മററികളെ നാം നിയമിച്ചിട്ടുണ്ട്. അതിനാൽ ഒരു കമ്മററിയെ നിയമിക്കുന്നതിൽ മാത്രം വിശേഷ [illegible] ഇല്ല. ആവശ്യമെന്നു [illegible] പക്ഷം [illegible] സമുദായങ്ങളിലും പ്രതിനിധികളും കമ്മററിയിൽ അംഗങ്ങളായി തിരഞ്ഞെടുക്കാവുന്നതാണ്. ഇതിനുപുറമേ ആവശ്യമെന്നു കാണുന്നപക്ഷം [illegible] പ്രതിനിധികളെ [illegible] കമ്മററിയിൽ ചേർക്കാവുന്നതാണ്. ഒരു കമ്മററിയിലെ അംഗങ്ങളായി നിയമിക്കുന്നതിന് ഏതെങ്കിലും പ്രത്യേക സമുദായത്തെ [illegible] നിർദ്ദേശിക്കുന്നില്ല. [illegible] ഏതെങ്കിലും പ്രത്യേക [illegible] സ്വീകരിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നില്ല. ഇപ്രകാരമുള്ള വിഷയങ്ങളെപ്പററി പ്രതിപാദിക്കണമെന്നും ഞാൻ കരുതുന്നില്ല. ഈ വിഷയത്തിന്റെ എല്ലാ [illegible] പ്പററി പര്യാലോചിക്കുന്നതിനു തൃപ്തികരമായവിധം ഒരു കമ്മററിയെ നിയമിക്കണം [illegible] ഇത്രമാത്രമേ [illegible] ആവശ്യമുള്ളൂ.

മി: ടി. സി. കേശവപിള്ള (കല്ലുമല [illegible]): [illegible] തിരുവിതാംകൂറിൽ നിന്നും ആരെങ്കിലും ആ കമ്മററിക്കു വേണമെന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): വടക്കൻതിരുവിതാംകൂറിൽ [illegible] വേണം [illegible] തെക്കൻ തിരുവിതാംകൂറിൽ നിന്നും വേണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വടക്കൻതിരുവിതാംകൂറിൽനിന്നും തെക്കൻതിരുവിതാംകൂറിലേക്ക് ഉള്ള ദൂരം എത്രയെന്നു പറയാമോ? (ചിരി)

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, [illegible] പ്രമേയം [illegible] സമയം [illegible] ന്നതിനുമുമ്പ് ഒരു പ്രധാന സംഗതിയിലേക്ക് എന്റെ [illegible] ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. സമുദായത്തിൽ വളരെ താഴ്ന്നപടിയിൽ നിൽക്കുന്ന ചില വർഗ്ഗങ്ങളുടെ [illegible] പ്പററി [illegible] ഞാൻ ആഗ്രഹിക്കുന്നു. ഈ വർഗ്ഗത്തിൽപ്പെട്ടവർ പുലയർ, പറയർ, കുറവർ ഇവരും മററുള്ളവരുമാണ്. ഗവണ്മെന്റു സർവീസിൽ പ്രവേശിക്കുന്നതിനു യോഗ്യതയുള്ള ഏതാനും യുവാക്കന്മാർ [illegible] പറയുവാനെനിക്കു സന്തോഷമുണ്ട്. ഈ സമുദായങ്ങളുടെയിടയിൽ വിദ്യാഭ്യാസം അഭിവൃദ്ധിയെ പ്രാപിക്കത്തക്കവണ്ണം ഇവരുടെ കാര്യങ്ങളെപ്പററി ഗവണ്മെന്റു അനുകമ്പാപൂർവം ഗൌനിക്കു [illegible] സർവീസിൽ [illegible] ഉദ്യോഗം [illegible] ആവശ്യമുള്ളതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം ഇതു വളരെ വലിയ കാര്യമായിരിക്കുന്നതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു വേണ്ടിയുള്ള ഡിമാൻഡു അവതരിപ്പിക്കുന്ന അവസരത്തിൽ മാത്രമേ ഈ വിഷയത്തെപ്പററി ഒരു വാക്കു പറയണമെന്നു വിചാരിച്ചിരുന്നുള്ളൂ. മലയാളം വിദ്യാലയങ്ങളിൽ നിയമിക്കുന്നതിനു യോഗ്യതയുള്ള ഏതാനും യുവാക്കന്മാർ ഉണ്ടെന്നു ഞാൻ അറിയുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കുള്ള ഡിമാൻഡു ആവശ്യപ്പെടുന്ന അവസരത്തിൽ ഈ വർഗ്ഗങ്ങളുടെ കാര്യങ്ങളെപ്പററി പ്രസ്താവിക്കുന്നതിനു ഞാൻ കാത്തിരിക്കയാകുന്നു. പുലയർ, പറയർ, കുറവർ മുതലായ സമുദായങ്ങളിലെ അംഗങ്ങൾക്കു പ്രത്യേകമുൻഗണന കൊടുക്കണം. [illegible] നിർദ്ദേശംകൂടി ചെയ്തുകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

ഉപാദ്ധ്യക്ഷൻ: അക്കൌണ്ടു ഡിപ്പാർട്ടുമെന്റിലാണോ മുൻഗണന നൽകേണ്ടത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): അക്കൌണ്ട്ഡിപ്പാർട്ടുമെന്റിലും സെക്രട്ടേറിയററിലും...

മി: ആർ. നീലകണ്ഠപ്പിള്ള (ആ: ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ഈ വർഗ്ഗത്തിൽനിന്നു ഒന്നോ രണ്ടോ ആളുകളെ ഇതിനുമുമ്പുതന്നെ സർവീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ വസ്തുത ഞാൻ മെമ്പറിനെ അറിയിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്രകാരം ചെയ്തതിൽ [illegible] വളരെ സന്തോഷമുണ്ട്. ഈ സമുദായങ്ങളിൽനിന്നും ആളുകളെ കൂടുതലായി സർവീസിൽ നിയമിക്കണമെന്നു ഞാൻ അക്കൌണ്ടോഫീസരോടു അപേക്ഷിച്ചുകൊള്ളുന്നു. ഈ സമുദായത്തിൽ [illegible] ബിരുദം നേടിയിട്ടുള്ളവർ ഒന്നാമും ഉണ്ടെന്നു ഞാൻ അറിയുന്നു. അവരിൽ ചിലർ ക്രിസ്ത്യാനികളും, മററുചിലർ ഹിന്തുക്കളുമാണ്. ഈ സമുദായങ്ങൾ വളരെ താണനിലയിൽ നിവസിക്കുന്നു. [illegible] യാതൊരു ബോധവും അവർക്കില്ല. ഈ സമുദായങ്ങളിൽ പെട്ട യുവാക്കന്മാർക്കു പ്രോത്സാഹനം നൽകണം. ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു നിർബന്ധപൂർവം ഞാൻ ഇപ്പോൾ വിചാരിക്കുന്ന ഒരു വിഷയമാണ് ഇത്.

മി: പി. എസ്. മുഹമ്മദ് (അമ്പലപ്പുഴ(?)): സർ.......

ഉപാദ്ധ്യക്ഷൻ: ഡിബേറ്റിനെ നാം ഇപ്പോൾ അവസാനിപ്പിക്കുന്നതു ന്യായമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. മണി 5 ആയിരിക്കുന്നു.

വൈകിട്ടു മണി 5 അടിച്ചു 4 മിനിട്ടായപ്പോൾ സഭപിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാ സെക്രട്ടറി.

(A true translation)
T. Ramalingom Pillai.
Head Translator to Government.

മൂന്നാമത്തെ സഭ.

൧൧൦൭-ാമാണ്ടത്തെ രണ്ടാമത്തെ യോഗം.

(അംഗീകൃത റിപ്പോർട്ട്)

ബുധനാഴ്ച ൧൯൩൨ ആഗസ്റ്റ് മാസം ൧൦-ാംതീയതിക്കു ൧൧൦൭ കർക്കടകം ൨൬-ാംതീയതി, വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ മണി പതിനൊന്നടിച്ചു മുപ്പതു മിനിട്ടായപ്പോൾ കൂടി. ഡിപ്യൂട്ടി പ്രസിഡന്റു അദ്ധ്യക്ഷം വഹിച്ചു.

മി: എൻ. ആർ. കൃഷ്ണനെ ഒഴിച്ചുള്ള എല്ലാ മെമ്പർമാരും ഹാജരായിരുന്നു.

ചോദ്യങ്ങളും മറുപടികളും.

ആദായനികുതി ഉദ്യോഗസ്ഥന്മാരും അവരുടെ യോഗ്യതകളും.

൪൩൪. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): താഴെപറയുന്ന ഉദ്യോഗസ്ഥന്മാരിൽ വല്ലവർക്കും ഗണനവൃത്തിയിലും ഗണനപരിശോധനത്തിലും വല്ല യോഗ്യതയും ഉണ്ടോ എന്ന ഗവൺമെന്റു ദയവായി പ്രസ്താവിക്കുമോ?

(൧) ആദായനികുതി കമ്മീഷണർ (റവന്യൂ കമ്മീഷണർ);

(൨) ഓരോ ഡിവിഷനിലും ഉള്ള ആദായനികുതി കമ്മീഷണർ (ഡിവിഷൻ പേഷ്കാർമാർ);

(൩) ആദായനികുതി അസിസ്റ്റന്റു കമ്മീഷണർമാർ (പത്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ചെങ്ങന്നൂർ, കോട്ടയം, ആലുവാ എന്നീ സ്ഥലങ്ങളിലെ ഡിവിഷൻ അസിസ്റ്റന്റുമാർ;)

(൪) ഓരോ താലൂക്കിലെയും തഹശീൽദാർ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ചോദ്യത്തിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ ഒരുത്തർക്കും ഗണനവൃത്തിയിലോ കണക്കുകൾ പരിശോധിക്കുന്നതിലോ യാതൊരു പ്രത്യേകയോഗ്യതകളും ഇല്ല. എന്നാൽ കലക്ടർമാർക്കു, ആദായനികുതി കമ്മീഷണർക്കും ഗണനവൃത്തിയിലും കണക്കു പരിശോധിക്കുന്നതിലും വിശേഷാൽയോഗ്യത വേണമെന്നു നിർബന്ധമില്ല. വലുതും ചെറുതും ആയ പല കച്ചവടസംഘങ്ങളുടെയും കണക്കുകൾ യോഗ്യതാപത്രം ലഭിച്ചിട്ടുള്ള ആഡിറ്റർമാരാലും അക്കൗണ്ടന്റുമാരാലും ആണു പരിശോധിക്കപ്പെടുന്നതു്; അവരാൽ സാക്ഷ്യപ്പെടുത്തപ്പെട്ട എല്ലാ ബാക്കി പത്രങ്ങളും ലാഭനഷ്ടപ്രസ്താവനകളും സാധാരണയായി സ്വീകരിക്കപ്പെടുന്നുണ്ടു്. കണക്കുകൾ പരിശോധിക്കപ്പെടാനുള്ളപ്പോൾ പല ആഫീസുകളിലും ഗണനവൃത്തിയിൽ യോഗ്യതസിദ്ധിച്ചിട്ടുള്ള ഒരു ആദായനികുതി പരിശോധകനേയും ഗണനവൃത്തിയിൽ യോഗ്യതയുള്ള ഗുമസ്തന്മാരേയും നിയമിക്കുന്നുണ്ടു്. കലക്ടർമാർക്കു തീരുമാനിക്കാനുള്ള പ്രധാനവിഷയം നിയമത്തെയോ, വാസ്തവത്തെയോ സംബന്ധിക്കുന്ന വിഷയങ്ങളാണു്; അതിനു ഗണനവൃത്തിയിൽ വിശേഷപരിജ്ഞാനം ആവശ്യപ്പെടുന്ന വിഷയങ്ങളായ സാങ്കേതികജ്ഞാനം ആവശ്യമില്ല. എന്നിരുന്നാലും ഈ ഉദ്യോഗസ്ഥന്മാർ പരിചയത്തിൽനിന്നു സാങ്കേതികമായ ഈ ജ്ഞാനവും സമ്പാദിച്ചുകൊള്ളുന്നു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): "വലുതും ചെറുതും ആയ പല കച്ചവടസംഘങ്ങളുടെയും കണക്കുകൾ യോഗ്യതാപത്രം സിദ്ധിച്ചിട്ടുള്ള ആഡിറ്റർമാരാലും അക്കൗണ്ടന്റുമാരാലും പരിശോധിക്കപ്പെടുന്നു; അവരാൽ സാക്ഷ്യപ്പെടുത്തപ്പെടുന്ന ബാക്കി പത്രവും ലാഭനഷ്ടപ്രസ്താവനകളും സാധാരണയായി സ്വീകരിക്കപ്പെടുന്നുമുണ്ട്". സർട്ടിഫൈഡ് ആഡിറ്റർ ആഡിററുചെയ്യുന്ന എല്ലാ കച്ചവടക്കാരുടേയും കണക്കുകളെ വിശ്വസിക്കുകയാണോ അവിശ്വസിക്കയാണോ ചെയ്യുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): സാധാരണ വിശ്വസിക്കുകയാണു പതിവ്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): ഏതേതെല്ലാം അവസരത്തിലാണു് വിശ്വസിക്കാതിരിക്കുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): സാധാരണ വിശ്വസിക്കുകയാണു ചെയ്യുന്നതു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): സർട്ടിഫൈഡ് ആഡിറ്റർ സർട്ടിഫൈ ചെയ്തുകഴിഞ്ഞാൽ ആ കണക്കു വിശ്വാസയോഗ്യമല്ല എന്നു ഗവൺമെന്റിനു തോന്നുന്നപക്ഷം പിന്നെ കച്ചവടക്കാരോടാണോ ചോദിക്കേണ്ടതു്? ആഡിററോടല്ലേ?

ഡിപ്യൂട്ടി പ്രസിഡന്റു: മി: ഉമ്മൻ, നിങ്ങളുടെ ചോദ്യമെന്താണു്?

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്): സർട്ടിഫൈ ചെയ്ത കണക്കുകളെ സാധാരണ വിശ്വസിച്ചുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അങ്ങിനെ ആണെങ്കിൽ ചില കച്ചവടക്കാരുടെ കണക്കുകളെ അവിശ്വസിച്ചു് ആദായനികുതി ചുമത്തുന്നതിനു കാരണമെന്താണു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): അതിൽ ചില ഇനങ്ങൾ സ്വീകരിക്കാൻ പാടില്ലാത്തതു കാണും. അവയെ തള്ളിക്കളയുക നിവൃത്തിയുള്ളു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): സർട്ടിഫൈ ചെയ്ത കണക്കിനെ വിശ്വസിച്ചാണോ ആദായനികുതി ചുമത്തുന്നതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി). സാധാരണ അങ്ങനെയാണു നടപ്പ്. ചില ഇനങ്ങൾ തള്ളിക്കളയേണ്ടിയും വരും.

ഡിപ്യൂട്ടി പ്രസിഡന്റു, ചീഫ്‌ആയിട്ടു, ൫ അധികം ന. സമം ൯ എന്നു ഒരു പരിശോധകൻ സാക്ഷ്യപ്പെടുത്തുന്നതായാൽ, അതു് ൯ ആണ എന്നു പറയുന്നതിനു ദിവാൻപേഷ്കാർക്കു അവകാശമില്ല എന്നു നിങ്ങൾ

G. P. T. 1688. 150. 29-11-1107.

വാസ്തവമായി വിചാരിക്കുന്നുവോ? ആഡിററർ പ്രയോഗിക്കുന്നതു വല്ല ജാലവിദ്യയുമാണോ? ഒരു സാക്ഷ്യപത്രം സിദ്ധിച്ചിട്ടുള്ള ഒരു ആഡിററരാൽ തയ്യാറാക്കപ്പെടുന്ന ബാക്കിപത്രം ഗവണ്മെൻറു നിർബന്ധമായി സ്വീകരിക്കുന്നതിനു ബാദ്ധ്യതപ്പെടുമോ എന്നാണു നിങ്ങളുടെ ചോദ്യം. നിങ്ങളുടെ അഭിപ്രായം എന്താണ്, കാരണം ഒരു ആഡിററർ ബാക്കിപത്രത്തിൻെറ ശുദ്ധിയെ സാക്ഷ്യപ്പെടുത്തുകമാത്രമേ ചെയ്യുന്നുള്ളു. എന്നാൽ ബാക്കിപത്രത്തിൽ ചേർത്തു കാണുന്നവയും, എങ്കിലും ചട്ടങ്ങൾപ്രകാരം അനുവദിച്ചുകൂടാത്തവയും ആയ ചില ഇനം ചെലവുണ്ട്, അവയെ തള്ളിക്കളയുന്നു. അപ്പോൾ ആഡിററിൻെറ റിപ്പോർട്ട് നിരസിക്കപ്പെടുന്നു എന്നോ കണക്കുകൾ വിശ്വസിക്കപ്പെടുന്നില്ല എന്നോ നിങ്ങൾക്കു എങ്ങിനെ പറയാം?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): സാധാരണ ഗവണ്മെൻറിൽനിന്നും സർട്ടിഫൈ ചെയ്യുന്ന ആഡിററന്മാർ ആദായനികുതി റെഗുലേഷൻ സംബന്ധിച്ച പരിജ്ഞാനമുള്ളവരാണോ?

ഡിപ്പ്യൂട്ടി പ്രസിഡൻറ: സാക്ഷ്യപ്പെടുത്തപ്പെടുന്ന കണക്കുകളുടെ സ്വഭാവം എന്താണ്, അതാണു പ്രധാനകാര്യം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): എല്ലാവർക്കും പരിജ്ഞാനമുണ്ടോ എന്നുള്ളതു സംശയമാണ്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): കുറെ പേരെങ്കിലും അറിയാവുന്നവരായിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): കാണും.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): അങ്ങനെയുള്ളവർക്ക് ഇന്നയിന്ന ഇനം അനുവദിക്കണം, ഇന്നതു പാടില്ല എന്നു അറിയാൻ പാടില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ നിയമം അറിയാവുന്നവർക്ക് അറിയാമായിരിക്കും.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): അങ്ങിനെ അറിയാവുന്ന ആളുകൾ സർട്ടിഫൈ ചെയ്യുന്നതിൽ പലതും സ്വീകരിക്കാത്തതു എന്തുകൊണ്ടാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആദായനികുതി ചട്ടത്തിനു വിപരീതമായി സർട്ടിഫൈ ചെയ്യുന്നതാണെങ്കിൽ അതു സ്വീകരിക്കാൻ പാടില്ലെന്നാണു വച്ചിരിക്കുന്നത്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): സർട്ടിഫൈ ചെയ്ത കണക്കുകളിൽ അധികവും അവിശ്വസിച്ചു ആദായനികുതി ചുമത്തിവരുന്നതായിട്ടു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറയാൻ ഞാൻ സമയം ആവശ്യപ്പെടുന്നു.

൧൧൨൯-ാമാണ്ടത്തേയും ൧൧൩൦-ാമാണ്ടത്തേയും എസ്. എസ്. എൽ. സിയും, വി. എസ്. എൽ. സിയും പരീക്ഷകൾക്കു പരീക്ഷകന്മാരുടെ ജാതിക്രമത്തിലുള്ള സ്റ്റേറ്റുമെൻറ്.

൧൩൩. മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): ജാതിക്രമത്തിൽ പേരുകൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു ഗവണ്മെൻറു സദയം മേശപ്പുറത്തു വയ്ക്കുമോ?

(എ) ൧൧൨൯-ാമാണ്ടത്തേയും ൧൧൩൦-ാമാണ്ടത്തേയും എസ്. എസ്. എൽ. സിയും, വി. എസ്. എൽ. സിയും പരീക്ഷാബോർഡുകളുടെ അംഗങ്ങൾ.

(ബി) ൧൧൨൯-ാമാണ്ടത്തേയും ൧൧൩൦-ാമാണ്ടത്തേയും എസ്. എസ്. എൽ. സി-യും, വി. എസ്. എൽ. സി-യും പരീക്ഷകൾക്കു നിയമിക്കപ്പെട്ട പ്രധാന പരീക്ഷകന്മാരും അസിസ്റ്റൻറു പരീക്ഷകന്മാരും.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): പ്രസ്തുത രണ്ടു വർഷങ്ങളിലേക്കും ബോർഡു് അംഗങ്ങളുടേയും പ്രധാന പരീക്ഷകന്മാരുടേയും അസിസ്റ്റൻറു പരീക്ഷകന്മാരുടേയും പേരുകൾ അവർ ഉൾപ്പെടുന്ന വർഗ്ഗങ്ങളെപ്പററിയുള്ള വിവരത്തോടുകൂടി, അടങ്ങുന്ന ഒരു സ്റ്റേറ്റുമെൻറു മെമ്പർക്ക് വായിക്കുന്നതിനു നിയമസഭാസെക്രട്ടറിയുടെ ആഫീസിൽ ലഭ്യമാകുന്നു. അവർ ഉൾപ്പെടുന്ന അവാന്തരവകുപ്പുകളെപ്പററിയുള്ള കൂടുതൽ വിവരം ശേഖരിക്കുന്നതിനു ഗവണ്മെൻറു വിചാരിക്കുന്നില്ല.

ഒഴിച്ചിടപ്പെട്ട വനങ്ങളുടെ വിസ്തൃതി.

൧൩൭. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): രാജ്യത്തിൽ ഉള്ള ഒഴിച്ചിടപ്പെട്ട വനങ്ങളുടെ ആകെയുള്ള വിസ്തൃതി എത്ര എന്നു ഗവണ്മെൻറു സദയം പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): ൨,൩൬൩ ചതുരശ്രമൈൽസും ൨൭൨ ഏക്കർ.

കുടിപ്പുരയിടങ്ങളിൽനിന്നും വെട്ടിയിറക്കുന്ന തേക്കുതടികളുടെ വില്പനയിൽ നിന്നുള്ള ആദായം.

൧൩൮. മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്): താഴെപറയുന്ന വിവരങ്ങളടങ്ങുന്ന ഒരു സ്റ്റേറ്റുമെൻറു ഗവണ്മെൻറു സദയം മേശപ്പുറത്തു വയ്ക്കുമോ:—

(എ) കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിൽ (൧൧൨൦ മുതൽ ൧൧൨൪ വരെ) കുടിപ്പുരയിടങ്ങളിലുള്ള തേക്കുതടികൾ വനം ഡിപ്പാർട്ടുമെൻറുകാർ വെട്ടിയിറക്കിയിട്ടുള്ളതിൻെറ പരിമാണം.

(ബി) ഈ വൃക്ഷങ്ങളിൽനിന്നു മൊത്തആദായം,

(സി) അവയിൽനിന്നുള്ള ബാക്കി ആദായം,

(ഡി) അങ്ങിനെയുള്ള തടികളിൽ വിററഴിയാതെയുള്ള ശേഷിപ്പിൻെറ പരിമാണം?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): (എ) മുതൽ (ഡി) വരെ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന ഒരു *സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിരിക്കുന്നു.

---

*(അനുബന്ധം ൧൭ നോക്കുക)

സ്കൂൾ വാദ്ധ്യാർമാർ പാഠ്യപുസ്തകങ്ങളുടെ വില്പന നടത്തുന്നത്.

൧൩൯. മി: വി. ജെ. (ഉമ്മൻ വാണിജ്യവും വ്യവസായവും വടക്ക്): താഴെ പറയുന്നകാര്യങ്ങൾക്ക് ഗവൺമെൻറു സദയം മറുപടിപറയുമോ?

(എ) ഡിപ്പാർട്ടുമെൻറു വകയോ ഗ്രാൻറുവാങ്ങുന്നവയോ ആയ പള്ളിക്കൂടങ്ങളിലെ മാനേജർമാരേയൊ വാദ്ധ്യാർമാരേയൊ ക്ലാക്കുകളുടേയൊ പലഇനത്തിലുള്ള പാഠ്യപുസ്തകങ്ങളും നോട്ടുബുക്കുകളും കുട്ടികൾക്കാവശ്യമുള്ള മററു സാധനങ്ങളും വില്പന നടത്തുന്നതിനെ നിരോധിക്കുന്നതായ വല്ല ഉത്തരവൊ സർക്കുലറൊ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി അനുവാദരൂപത്തിൽ ആണെങ്കിൽ ആ ഉത്തരവിന്റെയൊ സർക്കുലറിന്റെയൊ സ്വഭാവമെന്തു്?

(സി) ഡിപ്പാർട്ടുമെൻറ് വകയൊ ഗ്രാൻറ് വാങ്ങുന്നവയൊ ആയ പലപള്ളിക്കൂടങ്ങളിലേയും മാനേജർമാരും വാദ്ധ്യാർമാരും ക്ലാർക്കുകളും അങ്ങിനെയുള്ള വില്പന നടത്തിവരുന്നുണ്ടെന്ന് ഗവൺമെൻറൊ വിദ്യാഭ്യാസമേലദ്ധ്യക്ഷനൊ വല്ലപ്പോഴും അറിഞ്ഞിട്ടുണ്ടോ?

(ഡി) താഴെപറയുന്ന കാര്യങ്ങൾ ഗവൺമെൻറിനൊ ഡയറക്ടർക്കൊ അറിയാമൊ.—

൧. പലപള്ളിക്കൂടങ്ങളിലേയും മേൽപറഞ്ഞ മാനേജർമാരോ വാദ്ധ്യാർമാരൊ, ക്ലാർക്കുകളോ പുസ്തകങ്ങൾ മുതലായതു കൂടുതൽ വിലക്കു വില്ക്കുന്നതിനാലും, പുറമെ അധികം സഹായ വിലക്കു കിട്ടുമെന്നിരിക്കെ തങ്ങളിൽനിന്നുമാത്രമെ അവയെ വാങ്ങാവൂ എന്നു കുട്ടികളെ നിർബന്ധിക്കുന്നതിനാലും അമിതമായും അന്യായമായും ഉള്ളലാഭം ഉണ്ടാക്കുന്നുണ്ട എന്നും,

൨. ചിലവാദ്ധ്യാർമാരൊ മാനേജർമാരൊ ക്ലാർക്കുകളോ വിദ്യാർത്ഥികളെ തങ്ങളുടെ പഠിപ്പത്തിനു ആവശ്യമല്ലാത്തതും അധികാരികൾ നിയമിച്ചിട്ടില്ലാത്തതും ആയ പുസ്തകങ്ങൾ നോട്ടുബുക്കുകൾ മുതലായവ വാങ്ങുന്നതിനു നിർബന്ധിച്ചുവരുന്നു എന്നും,

൩. പ്രസ്തുതവാദ്ധ്യാർമാർ, മാനേജർമാർ, ക്ലാർക്കുകൾ ഇവരുടെ പക്കൽനിന്നും നേരെ അത്രവലിയവിലക്കു പുസ്തകങ്ങൾ മുതലായവ വാങ്ങാത്തവരായ വിദ്യാർത്ഥികളെ പിഴയിടുകയൊ തല്ക്കാലത്തേക്കു ക്ലാസുകളിൽനിന്നു പുറത്താക്കുകയൊ ചെയ്തുവരുന്നു എന്നും,

൪. ഈ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന വാദ്ധ്യാർമാർ മുതലായവർ തങ്ങളുടെ ന്യായമായ കൃത്യങ്ങൾക്കു ഹാനി തട്ടത്തക്കവണ്ണം തങ്ങളുടെ സമയത്തിൽ വലുതായഒരു ഭാഗം അതിലേക്കു ചെലവാക്കിവരുന്നു എന്നും

(ഇ) പബ്ലിക്കു വിദ്യാലയങ്ങളിൽ നടക്കുന്ന ഈ അഴിമതിയെ വല്ല ഇൻസ്പെക്ടിംഗ് ആഫീസർമാരും എപ്പോഴെങ്കിലും വീക്ഷിച്ചിട്ടുണ്ടോ എന്നും,

(എഫ്) ഈ വിഷയത്തെപ്പററി ഗവൺമെൻറിനൊ ഡയറക്ടർക്കൊ വല്ലവിവരവും കിട്ടീട്ടില്ലെങ്കിൽ അതെപ്പററി അവർ അന്വേഷിക്കുമൊ എന്നും,

(ജി) വിഷയത്തെപ്പററി വല്ലനിയമസഭാമെംബറിൽനിന്നും വാങ്മൂലമായൊ രേഖാമൂലമായൊ വല്ല നിവേദനവും ഡയറക്ടർക്ക് കിട്ടീട്ടുണ്ടോ എന്നും,

മി: ടി. പി. രാമസുബ്ബഅയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടി വിചാരിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(സി) ഒന്നൊ രണ്ടൊ പരാതികൾ ഉണ്ടായിട്ടുണ്ട്.

(ഡി) ൧. ഇല്ല.

൨. ഇല്ല.

൩. ഇല്ല.

൪. ഇല്ല.

(ഇ) വിവരം കിട്ടീട്ടില്ല.

(എഫ്) അതെ, പ്രത്യേകദൃഷ്ടാന്തങ്ങൾ കൊണ്ടുവരപ്പെടുമെങ്കിൽ.

(ജി) ഇല്ല.

കള്ളുശേഖരിക്കുന്നതിനുള്ള ലൈസൻസുകൾ.

൧൪൦. മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്) ഗവൺമെൻറു താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പ്രസ്താവിക്കുമോ:

(എ) ഇപ്പോൾ (൩൧-൧൦-൧൧൦൭) നീറകള്ളു ശേഖരിക്കുന്നതിനുള്ള ലൈസൻസുകൾ കൊടുക്കപ്പെടുന്നുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിന്റെ മറുപടി അനുവാദരൂപത്തിൽ ആണെങ്കിൽ

൧. ഈ രീതി നടപ്പാക്കപ്പെട്ടുതുടങ്ങിയ തീയതിയും,

൨. ഈ ഏർപ്പാടിൽനിന്നു കൊല്ലംതോറും ഉണ്ടാക്കപ്പെടുന്ന ആദായവും.

(സി) ൧. കള്ളുശേഖരിക്കുന്നതിനു ലൈസൻസുകൊടുക്കുന്ന ഏർപ്പാടിനു മുമ്പായി പ്രയോഗത്തിൽ ഇരുന്നരീതിയും,

൨. ആ ഏർപ്പാടിൽനിന്നും കൊല്ലംതോറും ഉണ്ടാക്കപ്പെടുന്ന ആദായവും,

(ഡി) കരകളിലും ചേർത്തലയിലും ആലപ്പുഴയും ഇപ്പോഴത്തെ ഏർപ്പാടിൻപ്രകാരം പൊതുജനങ്ങൾക്കു കള്ളു വാങ്ങാൻ കഴിയുന്ന വിലകളും, പഴയഏർപ്പാടിൻപ്രകാരം വാങ്ങാൻ കഴിവുണ്ടായിരുന്ന വിലകളും

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറു സെക്രട്ടറി) (എ) അതെ.

(ബി) ൧. ൧൧൦൪ ചിങ്ങം ൧-ാംതീയതി.

൨. ൧൧൦൪-ൽ ൨,൨൧൨. രൂ. ൧൪ ചക്രം.

൧൧൨൭ മിഥുനം അവസാനംവരെ ൨൦൭൯ ൽ ൩൪൫.

(സി) ൧. ൧൧൨൬ ചിങ്ങം ൧-ാംതീയതി മുതല്ക്കു നാലുവർഷത്തേയ്ക്കു കയർ ശേഖരിക്കുന്നതിനുള്ള അവകാശം കുത്തകപ്പാട്ടത്തിനു കൊടുത്തിരിക്കുന്നു.

൨. ൧൧൨൬ മുതൽ ൧൧൨൯ വരെ കൊല്ലംതോറും ൬,൫൦൦ രൂപാ.

൧൧൨൯-ൽ ൩,൭൫൦ രൂപാ.

(ഡി) ൧. കുമരകത്തു പാട്ട (മണ്ണെണ്ണപ്പാട്ട) ഒന്നുക്കു ൧൭ ചക്രം. ആലപ്പുഴയും കോട്ടയത്തും പാട്ട ഒന്നുക്കു ൧൭ ചക്രം.

൨. കുമരകത്തു പാട്ടയൊന്നുക്കു ൧൨ ചക്രം. ആലപ്പുഴയും കോട്ടയത്തും പാട്ടയൊന്നുക്കു ൯ ചക്രം.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): ഫാക്ടറികൾ പഴയ ഏർപ്പാടനുസരിച്ച് നടന്നുകൊണ്ടിരുന്നകാലത്ത് ഒന്നേമുക്കാൽചക്രവും ഇപ്പോൾ ഒന്നേകാൽചക്രവും വിലയാണെന്ന് പറയുന്നു. ചെത്തുകാർക്കു് ഇതുപോലെയുള്ള വ്യത്യാസം ഉണ്ടോ ഇല്ലയോ എന്നു പറയാമോ?

ഡിപ്പ്യൂട്ടി സ്പീക്കർ: മെമ്പർ ചോദ്യം നിങ്ങൾ ഏതുഭാഗത്തെ ആണ് ഉദ്ദേശിക്കുന്നതു്?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക്); (ഡി) ഭാഗം ൧—ം, ൨—ം. ഭാഗം ൧. കുമരകത്ത് നീരക്കാർക്കു് പാട്ട (മണ്ണെണ്ണ പാട്ട ഒന്നുക്ക് ൧൭ ചക്രവും, ആലപ്പുഴയും കോട്ടയത്തും ൧൭ ചക്രവും എന്നാണ്.

ഭാഗം ൨. കുമരകത്തു, പാട്ട ഒന്നുക്ക് ൧൨ ചക്രവും ആലപ്പുഴയും കോട്ടയത്തും ൯ ചക്രവും എന്നാണ് ഇതു ചെത്തുകാരുടെ വിലയാണ്. ഈ വ്യത്യാസം ചെത്തുകാർക്കും ഉണ്ടോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ്സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറയുന്നതിനു ഞാൻ സമയം ആവശ്യപ്പെടുന്നു.

ബ്രാക്കിൻ കരുപ്പുകൾ ശേഖരിക്കുന്നതും കയററുമതിചെയ്യുന്നതും.

൧൭൧. മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്) ഗവണ്മെൻറ് താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ (൧൧൨൦-൧൧൨൫) തിരുവിതാംകൂറിൽനിന്നു കയററുമതിചെയ്യപ്പെട്ട ബ്രാക്കിൻകരുപ്പുകളുടെ പരിമാണം.

(ബി) ഈ വഴിക്ക് അവർക്ക് വല്ല മുതലെടുപ്പും കിട്ടുന്നുണ്ടോ;

(സി) ഇതിൽനിന്നു മുക്കുവർക്ക് വല്ല ആദായവും കിട്ടുന്നുണ്ടോ;

(ഡി) അതു് തിരുവിതാംകൂറിൽ വില്ക്കപ്പെടുന്നതിന്റെ ഉദ്ദേശവില;

(ഇ) അതു് തിരുവിതാംകൂറിനു പുറമേ വില്ക്കപ്പെടുന്നതിന്റെ ഉദ്ദേശവില;

(എഫ്) ഈ പദാർത്ഥം ശേഖരിച്ചു കയററുമതിചെയ്യുന്നതിലേക്കു കുത്തകകൊടുക്കുന്നതിനു വേണ്ടിയുള്ള വല്ല അപേക്ഷകളും അവർക്ക് കിട്ടീട്ടുണ്ടോ;

(ജി) അങ്ങിനെയാണെങ്കിൽ, അതിന്മേൽ എന്തുനടപടി നടത്തീട്ടുണ്ട്?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി):

(എ)	൧൧൨൦	൭൯൪ റാത്തൽ
	൧൧൨൧	൮൮൫ ടി
	൧൧൨൨	൩൬൯ ടി
	൧൧൨൩	൯൧൪ ടി
	൧൧൨൪	൨൫൧ ടി

(ബി) ഇല്ല.

(സി) മുതൽ (ഇ) വരെ ഗവണ്മെൻറിനു അറിവില്ല.

(എഫ്) ഉണ്ട്.

(ജി) അപേക്ഷ ആലോചനയിലിരിക്കുന്നു.

മാവേലിക്കരയിൽ ഒരു സാങ്കേതികവിദ്യാലയം തുറക്കുന്നതു്.

൧൭൨. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ൧൧൨൪ മേടം ൧൭—ാംതീയതി കൂടിയ സഭായോഗത്തിൽ, മാവേലിക്കരയിൽ ഒരു സാങ്കേതികവിദ്യാലയം തുറക്കുന്നതിനെപ്പററി ചോദിച്ച ൪൦൧-ാം ചോദ്യത്തിനു കൊടുത്തിട്ടുള്ള മറുപടി സംബന്ധിച്ച്, ഗവണ്മെൻറ് താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി സദയം പറയുമോ?

(എ) വ്യവസായഡയറക്ടർ വല്ലറിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ.

(ബി) എ. ഭാഗത്തിനു മറുപടി അനുകൂലമായിട്ടാണെങ്കിൽ അവർ അതിന്റെ ഒരു പ്രതിമേശപ്പുറത്തുവയ്ക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ് സെക്രട്ടറി)

(എ) ഉണ്ട്.

(ബി) ഡയറക്ടറുടെ റിപ്പോർട്ടിൽനിന്നും ഒരു ഉദ്ധരണം മേശപ്പുറത്തുവച്ചിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ (എ) ഭാഗം മറുപടിസംബന്ധിച്ച് ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ടെന്നു പറയാമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവണ്മെൻറ്സെക്രട്ടറി): റിപ്പോർട്ട് ആലോചനയിലിരിക്കുന്നു. അവിടെ ഒരു വിദ്യാലയം ആവശ്യമില്ലെന്നു ഡയറക്ടർ റിപ്പോർട്ടു അയച്ചിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ എന്നു പറയാമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറ്സെക്രട്ടറി): ഇല്ല. ഇതുവരെഇല്ല,

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മാവേലിക്കര ഒരുസാങ്കേതികവിദ്യാലയം സ്ഥാപിക്കുന്നതിനാൽ രാജ്യത്തിലെ തൊഴിലില്ലായ്മയുടെ പരിമാണം കുറയുന്നതാണെന്നു ഗവൺമെൻറ് വിചാരിക്കുന്നില്ലേ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറ് സെക്രട്ടറി) അതു് അഭിപ്രായംസംബന്ധിച്ച ഒരുകാര്യമാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴുള്ള വിദ്യാലയങ്ങൾ രാജ്യത്തിലെ തൊഴിലില്ലായ്മ കുറയ്ക്കുന്നതിനു പര്യാപ്തമാണോ എന്നുള്ളതു് വസ്തുതയാണോ? ഞാൻ മെമ്പർമാരുടെ അഭിപ്രായമല്ല ചോദിക്കുന്നതു് എന്നാൽ വസ്തുതയെപ്പററിയുള്ള ഒരു മറുപടിയാണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെൻറുസെക്രട്ടറി): തൊഴിലില്ലായ്മ പരിഹരിക്കുന്നതിലേക്ക മാത്രമല്ല സാങ്കേതികവിദ്യാലയങ്ങൾ കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുംകൂടി ഉദ്ദേശിച്ചിട്ടുള്ളതാണോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെൻറുസെക്രട്ടറി): ഏതു് അളവിൽ,

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാങ്കേതികവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലുള്ള മററു ഉദ്ദേശങ്ങൾഎന്തു് എന്നു പറയാമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറുസെക്രട്ടറി): ഇപ്പോൾ മറുപടി നൽകുന്നതിനു സാധിക്കാത്തവണ്ണം വളരെ വിസ്തീർണ്ണമായ ചോദ്യമാണ് അതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിലേക്ക മാത്രമല്ല എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ വേറെ എന്തു ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു എന്ന് ഞാൻ അറിയാൻ ആഗ്രഹിക്കുന്നു,

ഡിപ്യൂട്ടിപ്രസിഡൻറ: ആ ചോദ്യത്തിനു ശരിയായി മറുപടിപറയുന്നതിനു അദ്ദേഹം ഒരുങ്ങീട്ടില്ല എന്നു അദ്ദേഹം മറുപടിപറഞ്ഞുകഴിഞ്ഞു. മറുപടി നിരസിക്കുന്ന ഒരു സംഗതിയല്ലാ ഇതു്. ഈ ഘട്ടത്തിൽ ആ ചോദ്യത്തിനു മറുപടിപറയുന്നതിനു തനിക്കു സാധിക്കുകയില്ല എന്നാണ് അദ്ദേഹം പറയുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്ന വേറെ ഉദ്ദേശങ്ങൾ എന്തായിരുന്നു എന്നു മാത്രമേ ഞാൻ അറിയാൻ ആഗ്രഹിക്കുന്നുള്ളു.

മി: ടി. കെ. മാധവൻ നായർ (ആക്ടിംഗ്ഗവൺമെൻറുസെക്രട്ടറി): പലതും ഉണ്ടായിരുന്നു

ഡിപ്യൂട്ടി പ്രസിഡെൻറ്: നിങ്ങൾ എതിർവിസ്താരം ചെയ്യുകയാണ് മി: ആശാൻ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും); ഇല്ല, സർ, ഞാൻ അദ്ദേഹത്തെ എതിർവിസ്താരം ചെയ്യുകയല്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ ചോദ്യത്തിനു മറുപടിനൽകുന്നതിൽ അദ്ദേഹത്തിൻെറ അസന്നദ്ധതയെപ്പററിയുള്ള പ്രസ്താവനയെ മാത്രം സ്വീകരിച്ചുകൊൾക.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാങ്കേതികവിദ്യാലയങ്ങളിൽ ഇപ്പോൾ പഠിപ്പിച്ചുവരുന്ന വിഷയങ്ങളെമാത്രമേ തിരുവിതാംകോട്ടിൽ തൽക്കാലം പഠിപ്പിക്കുന്നതിനു നിവൃത്തിയുള്ളു എന്നുള്ള വ്യവസായഡയറക്ടരുടെ അഭിപ്രായത്തോടു ഗവൺമെൻറു യോജിക്കുന്നുവോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ്ഗവൺമെൻറുസെക്രട്ടറി): എനിക്കു പറയാൻ സാധിക്കുകയില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഡയറക്ടർ തൻെറ റിപ്പോർട്ടിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളോടു ഗവൺമെൻറു യോജിക്കുന്നുവോ എന്നുമാത്രം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറുസെക്രട്ടറി): ഇപ്പോൾ പറയാൻ എനിക്ക് സാധിക്കുകയില്ല, റിപ്പോർട്ടു ഇപ്പോൾ മാത്രമേ കിട്ടീട്ടുള്ളു, ഗവൺമെൻറ അതിന്മേൽ അവസാനതീർപ്പു ഒന്നും ചെയ്തിട്ടുമില്ല.

ചെറുകുന്നം—വെട്ടിയാർ റോഡ് നന്നാക്കുന്നതു്.

[illegible] മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെൻറു സദയം പറയുമോ? (എ) [illegible]-ലേക്കുള്ള പബ്ലിക് വർക്സ് ബഡ്ജററിൽ (പുതിയ വേലകൾ-വിവരം [illegible]-ാം നമ്പർ) ചെറുകുന്നം-വെട്ടിയാർറോഡ് നന്നാക്കുന്നതിനു കൊള്ളിച്ചിട്ടുള്ള തുക ആ ഉദ്ദേശത്തിനു ചെലവാക്കിയോ?

(ബി) (എ)-ഭാഗത്തിനു മറുപടി അനുകൂലരൂപത്തിലാണെങ്കിൽ, ആ വേല പൂർത്തിയായോ?

(സി) (എ)- ഭാഗത്തിനു മറുപടി നിഷേധരൂപത്തിലാണെങ്കിൽ, അതിൻെറ കാരണമെന്തു്?

മി: പി എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): (എ) കൊള്ളിച്ചിട്ടുള്ള തുകയിൽ ഒരുഭാഗം ചെലവാക്കി കഴിഞ്ഞിരിക്കുന്നു. ബാക്കിത്തുക വർഷാവസാനത്തിനുമുമ്പ് ചെലവാക്കുന്നതും ആണ്.

(ബി) വേല പൂർത്തിയായിവരുന്നു.

(സി) ഇതു ഉത്ഭവിക്കുന്നില്ല.

മീനന്തറ ആറു തുടങ്ങി അയരാറ്റുനടച്ചിറവരെ ഒരു തോടുവെട്ടിക്കുന്നത്.

൧൨൨. മി: ആർ. രാമൻപിള്ള (കോട്ടയം): മീനന്തറയാറു തുടങ്ങി വടവാതൂർ കരയിൽ അയരാറ്റുനടച്ചിറവരെ ഒരു തോടു വെട്ടിക്കുന്നതിനുള്ള ഹർജി സംബന്ധിച്ച് എന്തു നടപടി നടത്തീട്ടുണ്ട് എന്നു ഗവൺമെന്റു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ജലസേചനാന്വേഷണ ഉദ്യോഗസ്ഥൻ പ്രസ്തുതവേലയെപ്പറ്റി അന്വേഷണം കഴിച്ചു എന്നും അതിലേക്കുള്ള അടങ്കൽ തയ്യാറാക്കിവരുന്നു എന്നും ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

ളാലം-പൊൻകുന്നം റോഡിൽ ൧-ാം മൈൽ തുടങ്ങി കാഞ്ഞിരപ്പള്ളി
ഈരാറ്റുപേട്ട റോഡിൽ ൨-ാം മൈയിൽവരെയുള്ള റോഡ്.

൧൨൩. മി: ആർ. രാമൻപിള്ള (കോട്ടയം): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെന്റു സദയം പറയുമോ?

(എ) കോട്ടയം, മീനച്ചിൽ, ചങ്ങനാശേരി എന്നീ താലൂക്കുകളിലെ നിവാസികൾ ളാലം-പൊൻകുന്നം റോഡിൽ ൧-ാം മൈൽ തുടങ്ങി, കാഞ്ഞിരപ്പള്ളി-ഈരാറ്റുപേട്ട റോഡിൽ ൨-ാം മൈൽവരെ ൭ മൈൽ നീളമുള്ള ഒരു റോഡ് വെട്ടിയിട്ടുണ്ടോ?

(ബി)-(എ) ഭാഗത്തിനു മറുപടി അനുവാദരൂപത്തിലാണെങ്കിൽ അതു വെട്ടിയിട്ട് എത്ര വർഷമായി?

(സി) പ്രസ്തുതറോഡിനെപ്പറ്റി എത്ര ഹർജികൾ അവർക്കും ചീഫ് എഞ്ചിനീയർക്കും അയച്ചിട്ടുണ്ട്?

(ഡി) മേല്പറഞ്ഞ ജനങ്ങൾ സർക്കാർ ചീഫ എഞ്ചിനീയർക്കോ പ്രസ്തുതറോഡിനെപ്പറ്റി ൧൧൨൫ ഇടവം ൨൫-ാംതീയതിക്കടുത്തു് ഹർജി അയച്ചിട്ടുണ്ടോ;

(ഇ) അങ്ങിനെയാണെങ്കിൽ, പ്രസ്തുതഹർജിയിന്മേലോ, ഹർജികളിന്മേലോ, അവരോ ചീഫ് എഞ്ചിനീയറോ, നടത്തീട്ടുള്ള നടപടി എന്ത്?

(എഫ്) ഹർജിക്കാർ നിവസിക്കുന്നതു് ഗതാഗതമാർഗ്ഗം കുറവായിരിക്കുന്ന മലമ്പ്രദേശങ്ങളിലാണെന്ന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): (എ) മുതൽ (ഡി) വരെ. ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്യുന്നതു് ൧൧൨൫ ഇടവം ൨൫-ാംതീയതി വച്ചിട്ടുള്ള ഒരു ഹർജി അദ്ദേഹത്തിനു കിട്ടീട്ടുണ്ട് എന്നും കൂടുതൽ വിവരം ലഭ്യമല്ലെന്നും ആണ്. ഗവൺമെന്റിനു യാതൊരു ഹർജിയും കിട്ടീട്ടില്ല.

(ഇ) റിപ്പോർട്ടുചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ ഹർജി ഡിവിഷനാഫീസർക്ക് അയച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ശ്രീമൂലം സാങ്കേതികവിദ്യാലയത്തിലെ അദ്ധ്യാപകന്മാരുടെ പേരുകൾ, ശമ്പളങ്ങൾ
മുതലായ വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

൧൨൪. മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മിമാർ): തിരുവനന്തപുരം ശ്രീമൂലം സാങ്കേതികവിദ്യാലയത്തിലെ അദ്ധ്യാപകവൃന്ദത്തിലെ അംഗങ്ങളുടെ പേരുകൾ, അവരുടെ ഇപ്പോഴത്തെ (൨൫-൧൧൨൫) ശമ്പളം, ശമ്പളത്തിന്റെ പരമാവധി അവരുടെ സർവീസിന്റെ ദൈർഘ്യം എന്നീ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു ഗവൺമെന്റു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. കെ മാധവൻനായർ (ആക്ടിംഗ് ഗവൺമെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

വാക്സിനേറ്റർമാർക്ക് സോപ്പു, തുവാല, മുതലായവ വിതരണം ചെയ്യുന്നതു്.

൧൨൫. മിസ്സസ് എലിസബത്ത് കുരുവിള (നിയമിതമെംബർ): തിരുവിതാംകോട്ടിൽ വാക്സിനേറ്റർമാർക്ക് സ്പിരിറ്റുവിളക്കുകൾ, സ്പിരിറ്റ്, സോപ്പ്, തുവാല എന്നീ വിഷഹരങ്ങളായ സാമഗ്രികൾ കൊടുക്കപ്പെടുന്നില്ല എന്നുള്ളതു വാസ്തവമാണോ എന്നു ഗവൺമെന്റ് സദയം പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബഅയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി): അതേ, ഗ്രാമീണസ്ഥലങ്ങളിൽ എന്നാൽ ൧൧൨൫-ാമാണ്ടത്തേക്കുള്ള സാനിട്ടറി ഡിപ്പാർട്ടുമെന്റിന്റെ പ്രാരംഭ ബഡ്ജറ്റിൽ ൪൦൦ രൂപാ ഗ്രാമീണസ്ഥലങ്ങളിൽ വാക്സിനേറ്റർമാർക്ക് വിഷഹരങ്ങളായ സാമഗ്രി വിതരണംചെയ്യുന്നതിലേക്കായി കൊള്ളിച്ചിട്ടുണ്ട്.

ചേർത്തല വി. എം. സ്കൂളിലെ സ്ഥലദൗർലഭ്യം.

൧൨൬. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെന്റു സദയം പറയുമോ?

(എ) ൧൧൨൫ ഇടവത്തിൽ കൂടിയ സഭായോഗത്തിനുശേഷം ചേർത്തല വി. എം. സ്കൂളിലെ സ്ഥലദൗർല്ലഭ്യം പരിഹരിക്കുന്നതിനു അവർ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

(ബി) അങ്ങിനെയാണെങ്കിൽ, എടുത്തിട്ടുള്ള നടപടിയുടെ സ്വഭാവം?

മി: ടി. പി. രാമസുബ്ബഅയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി). (എ) ഭാഗത്തിനുകൊടുത്തിട്ടുള്ള മറുപടിയെ പരിഗണിക്കുമ്പോൾ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഇടവത്തിലെ കൗൺസിലിൽ എഡ്യൂക്കേഷൻകോഡ് പ്രകാരം ൨൫൦-ൽ ചില്വാനം കുട്ടികൾ ഇരുന്നു പഠിക്കാവുന്ന കെട്ടിടത്തിൽ ൫൮൦-ൽ ചില്വാനം കുട്ടികൾ പഠിക്കുന്നു എന്നു ഉത്തരം പറഞ്ഞു. ഇപ്പോൾ ഈ സ്ഥലക്കുറവിനെ പരിഹരിക്കുന്നതിനു ഒന്നും ആരംഭിച്ചിട്ടില്ല എന്നു പറയുന്നു. അതിനുകാരണമെന്താണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഡയറക്ടർ ഇതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത് ഗവണ്മെന്റിലേക്ക് എഴുതിവന്നശേഷമല്ലാതെ നടപടി നടത്താൻ നിവൃത്തിയില്ല...

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിനെപ്പറ്റിയുള്ള ആലോചന ഡയറക്ടർ തുടങ്ങിയത് എപ്പോഴാണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അറിയാൻ പാടില്ല.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): സ്ഥലക്കുറവിന്റെ സംഗതി ആദ്യമായിട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടതു എപ്പോഴാണ്

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): തീയതി അറിഞ്ഞുകൂടാ.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഡയറക്ടരുടെ ശ്രദ്ധയിൽ പെട്ടപ്പോൾ തന്നെ ഈ സംഗതി ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അറിയിച്ചിട്ടുണ്ട്. ഇന്ന തീയതി ആണെന്ന് പറയാൻ ഇപ്പോൾ തരമില്ല.

ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂൾ.

൧൭൯. മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവണ്മെന്റു സദയം പറയുമോ

(എ) ൧൧൦൮ ലേയും, ൧൧൦൯ ലേയും ബഡ്ജറ്റുകളിൽ ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിനു ഒരു ഷെഡ്ഡ് പണിയിക്കുന്നതിനു വേണ്ടി ഒരു തുക കൊള്ളിച്ചിട്ടില്ലേ;

(ബി) ഇതുവരെ (൧൧൦൮-൧൧൦൯)ഇതുകൊണ്ടു പ്രസ്തുത ഷെഡ്ഡു പണിയിക്കയും ചെയ്തിട്ടുണ്ടോ?

(സി) അങ്ങിനെ ചെയ്യാതിരിക്കുന്നതിനുള്ള കാരണമെന്ത്;

(ഡി) ഷെഡ്ഡ് പണിയിക്കാത്തതു നിമിത്തം സ്കൂളിൽ സ്ഥലദൌർലഭ്യം മൂലം വലുതായ വിഷമം അവർ സഹിച്ചുകൊണ്ടിരിക്കുന്നു എന്നു അവർ അറിയുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ഉവ്വ.

(ബി) ഇല്ല.

(സി) വിദ്യാഭ്യാസ ഡയറക്ടരും പബ്ലിക്കവർക്സ് ഡിപ്പാർട്ടുമെന്റും തമ്മിൽ ഷെഡ്ഡ് പണിയിക്കേണ്ട സ്ഥലത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായിരുന്നതിനാൽ സ്ഥലം തിരഞ്ഞെടുക്കുന്ന സംഗതിയെപ്പറ്റി ഗവണ്മെന്റിന് ആലോചിക്കേണ്ടതായിരുന്നിട്ടുണ്ട്.

(ഡി) ഇപ്പോൾ സ്കൂളിൽ വേണ്ടുവോളം സ്ഥലസൌകര്യമില്ല എന്ന് അറിയാം.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ൧൧൦൮-ലും ൧൧൦൯-ലും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ ഇതുവരെ ചിലവാക്കി കെട്ടിടം കെട്ടാത്തതിന്റെ കാരണം ഡയറക്ടരും പബ്ലിക്ക്വർക്ക്സ് ഡിപ്പാർട്ടുമെന്റും തമ്മിലുള്ള അഭിപ്രായവ്യത്യാസംകൊണ്ടാണെന്നു പറയുന്നു. ഇതുവരെയും ഇവർക്ക് തമ്മിൽ ഒരു സമാധാനം ഉണ്ടാക്കാൻ കഴിഞ്ഞില്ലേ? രണ്ടുവർഷം കഴിഞ്ഞു. ഇതു മൂന്നാമത്തെ കൊല്ലമാണ്. ഇതുവരെ അഭിപ്രായവ്യത്യാസം തീരാത്തതെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചീഫ് എഞ്ചിനീയർ ഡയറക്ടർക്ക് എഴുതി അയച്ചു ചീഫ് എഞ്ചിനീയരുടെയും ഡയറക്ടരുടെയും അഭിപ്രായങ്ങൾ തമ്മിൽ വിപരീതമാണ്. അതുകൊണ്ടു രണ്ടാമതും ഡയറക്ടർക്ക് എഴുതിഅയച്ചു. ഡയറക്ടർ പിന്നെയും എഴുതിഅയച്ചിരിക്കുന്നത് ഡയറക്ടരുടെ അഭിപ്രായമാണ് ശരി, ചീഫ് എഞ്ചിനീയരുടെ അഭിപ്രായംപോലെ ആ സ്ഥലത്തു കെട്ടിടം കെട്ടാൻ പാടില്ല. എന്നാണ്. ഇതിനിടയ്ക്കു ഡയറക്ടർ ഇപ്പോൾ മാറിയിട്ടുണ്ട്. അതുകൊണ്ടു ഒന്നു കൂടി ഇപ്പോഴത്തെ ഡയറക്ടർക്ക് എഴുതിഅയക്കേണ്ടിവരും.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ സംഖ്യ ആരംഭത്തിൽ ചില വാക്കിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): സ്വല്പം ചിലവാക്കിട്ടുണ്ട്.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഇപ്പോൾ നിർത്തിവെച്ചിരിക്കയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): പണി തുടങ്ങി ഇപ്പോൾ നിർത്തിവെച്ചിരിക്കയാണ്.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): കെട്ടിടം പണി ആരംഭിക്കുകയും പിന്നീടുള്ള അഭിപ്രായവ്യത്യാസംകൊണ്ടു നിർത്തിവയ്ക്കയും ചെയ്തിട്ട് ഇപ്പോൾ എത്ര കൊല്ലമായി?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ൧൧൦൯ നവംബറിലോ മറ്റോ ആണ്.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ അടുത്ത ബഡ്ജറ്റിൽ ഈ കെട്ടിടം പണിക്കു ചിലവാക്കുന്നതിന് വല്ല സംഖ്യയും കൊള്ളിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): മെംബർക്കു തന്നെ നോക്കാവുന്നതാണ്.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ തന്നെയും എന്തെങ്കിലും ഒരു സമാധാനം ഉണ്ടാക്കാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ? അല്ലാത്തപക്ഷം ഇപ്പോൾ അനുവദിച്ചിട്ടുള്ള പണം പ്രയോജനമില്ലാതെ പോകുന്നതാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അഭിപ്രായവ്യത്യാസം തീർന്ന് ഇന്നവിധത്തിലാണ് കെട്ടിടം പണിയിക്കേണ്ടതെന്ന് തീർച്ചപ്പെടുത്തുകയാണെങ്കിൽ മേലും ഫണ്ട് ഉണ്ട്. അതിൽനിന്നു കൊടുക്കാൻ വിരോധമുള്ളതല്ല.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): രണ്ടുവർഷമായിട്ടും ഈ അഭിപ്രായവ്യത്യാസം തീർക്കാൻ സാധിച്ചിട്ടില്ലെന്നാണോ പറയുന്നത്?

മി. ടി. പി. രാമസുബ്ബഅയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): അതിന്റെ നടപടികളാണ് കുറെമുമ്പ് പറഞ്ഞിട്ടുള്ളത്.

ഇംഗ്ലീഷ് സ്കൂളിലെ അണ്ടർഗ്രാഡുവേററ് അദ്ധ്യാപകന്മാർ.

൧൩൦. മി: മുരിക്കോലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന കാര്യങ്ങൾക്കു മറുപടി ഗവൺമെന്റു സദയം പറയുമോ.

(എ) ഡിപ്പാർട്ടുമെന്റുവക ഇംഗ്ലീഷ് സ്കൂളുകളിലെ അണ്ടർഗ്രാഡുവേററു വാദ്ധ്യാർമാർക്കു കാര്യക്ഷമതയുടെ തടസ്സത്തോടുകൂടിയുള്ള ഒരു ശമ്പളസ്കെയിൽ അവർ വ്യവസ്ഥപ്പെടുത്തിട്ടുണ്ടോ;

(ബി) ഈ സ്കെയിൽ നടപ്പാക്കീട്ട് ഇപ്പോൾ എത്ര വർഷങ്ങളായിട്ടുണ്ട്;

(സി) ഈ കാലത്തിനിടയ്ക്കു പ്രസ്തുത സ്കെയിലിൻപടി എത്ര വാദ്ധ്യാന്മാർക്ക് ശമ്പളക്കൂടുതൽ കൊടുത്തിട്ടുണ്ട്;

(ഡി) (൧) ഇപ്പോൾ (൨൦-൧൧-൧൧൦൩) ഈ സ്കെയിലിൻപടി വല്ല ശമ്പളക്കൂട്ടവും കൊടുത്തു വരുന്നുണ്ടോ;

(൨) ഇല്ലെങ്കിൽ, അങ്ങനെ കൊടുക്കാതിരുന്നിട്ട് ഇപ്പോൾ എത്ര കാലമായി;

(൩) അങ്ങിനെ കൊടുക്കാതിരിക്കുന്നതിനുള്ള കാരണം?

മി: ടി. പി. രാമസുബ്ബഅയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി): (എ) അതെ.

(ബി) കാര്യക്ഷമത ഗ്രേഡു കൊല്ലവർഷം ൧൦൯൯-ൽ നടപ്പാക്കി.

(സി) ഇരുപത്.

(ഡി) (൧) അതെ.

(൨)-ഉം, (൩)-ഉം (ഡി) (൧) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടികൊണ്ടു ഈ ചോദ്യങ്ങൾ ഉത്ഭവിക്കുന്നില്ല.

മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിൽ പുതുതായ റോഡുകളും പാലങ്ങളും പണികഴിപ്പിക്കുന്നതിനെപ്പററിയുള്ള സ്റ്റേററുമെന്റ്.

൧൩൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നേരിയമംഗലം പള്ളിവാസൽ റോഡു കൂടാതെ മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിൽ ൧൧൦൩ ചിങ്ങം ൧-ാം തീയതി മുതൽ ധനു ൨൦-ാം തീയതിവരെ പുതിയ റോഡുകളും പാലങ്ങളും പണിവകയ്ക്കു ചെലവാക്കീട്ടുള്ള തുകയോടുകൂടിയുള്ള യഥാക്രമത്തിലുള്ള റോഡുകളുടെ പേരുകളും വണ്ടി ഗതാഗതം ചെയ്യത്തക്കവണ്ണം പണിപൂർത്തിയാക്കീട്ടുള്ള റോഡുകളുടെ ദൈർഘ്യവും കാണിക്കുന്ന ഒരു സ്റ്റേററുമെന്റ ഗവൺമെന്റ സദയം മേശപ്പുറത്തുവയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു* സ്റ്റേററുമെന്റ മേശപ്പുറത്തു വച്ചിരിക്കുന്നു.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ സ്റ്റേററുമെന്റ്.

൧൩൨. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): (എ) അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ (൧൧൦൨—൧൧൦൪) ചെയ്തിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള ഒരു സ്റ്റേററുമെന്റ;

(ബി) ജാതിക്രമത്തിൽ.

(൧) ഇൻസ്പെക്ടർമാരുടെ എണ്ണം;

(൨) അഞ്ചൽ മാസ്റ്റർമാരുടെ എണ്ണം;

(൩) ക്ലാർക്കുകളുടെ എണ്ണം;

(൪) അഞ്ചൽ ഡിപ്പാർട്ടുമെന്റു പ്യൂൺമാരുടെ എണ്ണം; ഇവയെ കാണിക്കുന്ന ഒരു സ്റ്റേററുമെന്റ; ഗവൺമെന്റു സദയം മേശപ്പുറത്തുവയ്ക്കുമോ?

(സി) അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ വല്ല ഉദ്യോഗത്തിലും വല്ല മുസ്ലിംഗ്രാഡുവേററും ഉണ്ടോ എന്നു അവർസദയം പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): (൧) (എ)-യും, (ബി)-യും ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു †സ്റ്റേററുമെന്റ മേശപ്പുറത്തുവച്ചിരിക്കുന്നു. മാസ്റ്റർമാരേയും ക്ലാർക്കുകളേയും ഒരേ ഇനത്തിൽതന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

(൨) മറുപടി നിഷേധരൂപത്തിലാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അസമത്വ സമുദായങ്ങളുടെ ഉദ്യോഗനിയമനം ഭീമമായ നിലയിൽ അവഗണിച്ചിട്ടുള്ളതായിട്ടു ഈ സ്റ്റേററുമെന്റുകൊണ്ട് കാണുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): മെമ്പർ സ്റ്റേററുമെന്റാണ് ആവശ്യപ്പെട്ടത്. അതു തന്നിട്ടുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഈ സ്റ്റേററുമെന്റിൽ നിന്നു അസമത്വ സമുദായങ്ങളുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ഭീമമായ നിലയിൽ അവഗണിച്ചിരിക്കുന്നു എന്നു കാണുന്നുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റുസെക്രട്ടറി): അതു ഒരു അഭിപ്രായമാണ്. ഒരു സ്റ്റേററുമെന്റ സംബന്ധിച്ച് ഉപചോദ്യങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല എന്നു ഞാൻ സമർപ്പിക്കുന്നു.

---

* അനുബന്ധം ൧൯ നോക്കുക) † (അനുബന്ധം ൨൦ നോക്കുക).

ഡിപ്യൂട്ടിപ്രസിഡൻറ: മി: മഹമ്മദ്, നിങ്ങൾ ഒരു സ്റ്റേറ്റുമെൻറ് ആവശ്യപ്പെട്ടു, ആ സ്റ്റേറ്റുമെൻറ നിങ്ങൾക്ക തന്നിരിക്കുന്നു. ഈ സ്റ്റേറ്റുമെൻറിൽനിന്നും ഡിപ്പാർട്ടുമെൻറിൽ അസമത്വസമുദായങ്ങളുടെ ഉദ്യോഗനിയമനക്കാര്യത്തിൽ വളരെ അതൃപ്തികരമായ നില വെളിവാകുന്നില്ലെ എന്നുള്ള കൂടുതൽചോദ്യം നിങ്ങൾ ചോദിക്കുന്നു, അതു ഒരു ഉപചോദ്യമായിട്ടു എങ്ങനെ ഉത്ഭവിക്കുന്നു?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഈ നിയമനത്തെ സംബന്ധിച്ചു ഗവണ്മെൻറ വല്ല സമാധാനവും ഉദ്യോഗസ്ഥന്മാരോടു ചോദിച്ചിട്ടുണ്ടോ?

ഡിപ്യൂട്ടിപ്രസിഡെൻറ്: അതു നിങ്ങൾ ഏതിലുള്ള തീർച്ചയിൽ ഗവണ്മെൻറ എത്തിയിരിക്കുന്നു എന്നു ധരിച്ചുകൊള്ളുന്നതിൽ നിന്നാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിനെ സംബന്ധിച്ചു ഗവണ്മെൻറ വല്ലതുംപ്രവർത്തിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഇല്ല.

പെരുമ്പിടിപാലം.

൧൫൩. മി: ആർ. രാമൻപിള്ള (കോട്ടയം): ഗവണ്മെൻറ താഴെപ്പറയുന്ന കാര്യങ്ങൾക്ക മറുപടി ദയവു പറയുമോ?

(എ) കവിയൂർ—മല്ലപ്പള്ളി റോഡിൽ പെരുമ്പിടിപാലം വെള്ളപ്പൊക്കത്തിൽ ഒഴുകിപ്പോയിട്ടു ഇപ്പോൾ എത്രകാലമായിട്ടുണ്ട്.

(ബി) അവർ അതിനെ വീണ്ടും പണികഴിപ്പിച്ചുവോ.

(സി) ഇല്ലെങ്കിൽ അതിനെ വീണ്ടും പണിയിക്കുന്നതിലേക്ക് എന്തു നടപടി അവർ നടത്തീട്ടുണ്ട്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ.) ൧൧൦൪ മിഥുനത്തിൽ.

(ബി) ഇല്ല.

(സി) ഒരു താൽക്കാലികപാലം പണികഴിപ്പിക്കുന്നതിനുള്ള ഒരു അടങ്കൽ എക്സിക്യൂട്ടിവ് എഞ്ചിനിയർ അനുവദിച്ചിട്ടുണ്ടെന്നും വേല ഉടങ്ങുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും ചീഫ്എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു. കവിയൂർ—മല്ലപ്പള്ളിറോഡിൽ ശരിയായ ഒരു പാലം പണിയിക്കുന്നതിനുള്ള ഒരു അടങ്കലും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്.

എടമണ്ണിൽ ഒരു അഞ്ചലാഫീസു തുറക്കുന്നതു്.

൧൫൪. മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ശ്രീമൂലംപ്രജാസഭയുടെ ൧൮-ാംയോഗത്തിൽ പത്തനാപുരം താലൂക്ക പ്രതിനിധി നിവേദനം ചെയ്തിട്ടുള്ളപ്രകാരം എടമണ്ണിൽ ഒരു അഞ്ചലാഫീസ് തുറക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെൻറ വല്ല നടപടിയും നടത്തിട്ടുണ്ടോ എന്നു അവർ ദയവു പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഉവ്വ, എടമണ്ണിൽ ഒരു ഡിപ്പാർട്ടുമെൻറ്വകയല്ലാത്ത അഞ്ചലാഫീസ് തുറക്കുന്നതിനെപ്പററി ഒരു നിവേദനം കിട്ടുകയും ആഫീസ് തുറക്കുന്നതിൻെറ പ്രോത്സാഹകന്മാരോടു എല്ലാ ഡിപ്പാർട്ടുമെൻറ്വകയല്ലാത്ത അഞ്ചലാഫീസുകളുടെയും വിഷയത്തിൽ എന്നപോലെ ഗവണ്മെൻറിനു നഷ്ടം നേരിടാതിരിക്കുന്നതിലേക്ക ഒരു കരുതൽതുക കെട്ടിവയ്ക്കേണ്ടതാണെന്നു ആവശ്യപ്പെടുകയും ഉണ്ടായിട്ടുണ്ട്. തുക കെട്ടിവയ്ക്കുന്നതിന് ആരും മുമ്പോട്ടുവരായ്കയാൽ കൂടുതൽ നടപടികൾ നടത്തീട്ടില്ല.

അനുബന്ധം ൧൩.

൧൩൭-ാം ചോദ്യത്തിൻെറ മറുപടിനോക്കുക.

൧൧൦൦ മുതൽ ൧൧൦൪ വരെ കുടിപ്പുരയിടങ്ങളിൽനിന്നു വെട്ടിയിറക്കീട്ടുള്ള തേക്കുതടികളുടെ പരിമാണവും മൊത്ത ആദായവും ബാക്കി ആദായവും ൧൧൦൪-ൻെറ അവസാനത്തിൽ വിററഴിയാതെ കിടപ്പുള്ള പരിമാണവും കാണിക്കുന്ന സ്റ്റേറ്റുമെൻറ്.

കൊല്ലം	വെട്ടിയിറക്കിയ തേക്കുതടികളുടെ പരിമാണം	മൊത്ത ആദായം	ബാക്കിആദായം	൧൧൦൪-ൻെറ അവസാനത്തിൽ വിററഴിയാതെകിടപ്പുള്ള പരിമാണം
	ഘനഅടി (ക്യൂബിക്കഫീററ്)	രൂപാ	രൂപാ	ഘനഅടി (ക്യൂബിക്ക്ഫീററ്)
൧൧൦൦	൩൦൭,൩൭൭·൯൧൫	൩,൯൮൯൧൩	൨,൫൩,൫൯൨	
൧൧൦൧	൩൫൧,൦൨൭·൦൧൯	൪,൨൩,൩൧൪	൨,൭൮,൭൭൦	
൧൧൦൨	൩൯൫,൪൩൦·൮൭൧	൫,൩൩,൦൪൫	൩,൮൮,൭൩൩	
൧൧൦൩	൨൭൪,൯൫൭·൯൩൩	൫,൧൧,൮൫൩	൩,൩൧,൩൮൮	
൧൧൦൪	൪൫൪,൨൦൫·൧൮	൪,൭൩൨൫൩	൩,൪൮,൩൩൩	൩൦൦,൧൮൩·൫൧൮

അനുബന്ധം ൧൭.

൧൪൨-ാംചോദ്യത്തിന്റെ മറുപടിനോട്ടക്ക.

൧൯൩൦ ഏപ്രിൽ ൨൯-ാംനു-യിലെ തിരുവിതാംകോട്ടു വ്യവസായഡയറക്ടരുടെ റിപ്പോർട്ടിൽനിന്നും ഉദ്ധാരണം.

മി: എ. എസ്. ദാമോദരനാശാന്റെ ൧൫-ാംചോദ്യം സംബന്ധിച്ചു ൮-൧-൩൦ എന്ന തീയതി വച്ചിട്ടുള്ള തങ്ങളുടെ ൨൯-ലെ ആർ. ഒ. സി. ൧൫൦-ാംനമ്പർ ലററർസംബന്ധിച്ചു ഞാൻ സമർപ്പിച്ചുകൊള്ളുന്ന റിപ്പോർട്ടു താഴെപറയുന്നപ്രകാരമാണ്. മാവേലിക്കരെ ഒരു സാങ്കേതികവിദ്യാലയം തുടങ്ങുന്നതിനാൽ തൊഴിലില്ലായ്മക്കു പരിഹാരമാർഗ്ഗമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവനന്തപുരം ചിത്രവിദ്യാലയം, കൊല്ലം തച്ചുവിദ്യാലയം, തിരുവനന്തപുരം മദ്ധ്യസാങ്കേതികസ്ഥാപനം നാഗർകോവിലിൽ എസ്. എം. ആർ. വി. സ്ഥാപനം എന്നിങ്ങനെ ഗവൺമെന്റു സാങ്കേതികവിദ്യാലയങ്ങൾ പലപട്ടണങ്ങളിലും ഉണ്ട്. ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ചേർത്തു വേതനങ്ങൾ കൊടുത്തുവരുന്നു. അതിനാൽ തിരുവിതാംകോട്ടിന്റെ എല്ലാഭാഗങ്ങളിൽനിന്നും ഉള്ള വിദ്യാർത്ഥികൾക്കും അവയിൽ പ്രവേശനം ലഭിക്കാവുന്നതാണ്. കൂടാതെ തിരുവനന്തപുരം എസ്. എം. ററി സ്കൂളും ആലപ്പുഴ വാണിജ്യവിദ്യാലയവും ഉണ്ട്. ഇവയ്ക്കുംപുറമെ തിരുവിതാംകോട്ടിൽ എല്ലാടത്തും പല നെയ്ത്തു വിദ്യാലയങ്ങളും ഉണ്ട്.

അനുബന്ധം ൧൮.

൧൪൬-ാം ചോദ്യത്തിന്റെ മറുപടിനോട്ടക്ക.

എസ്. എം. ററി. സ്കൂളിലെ അദ്ധ്യാപകന്മാർ.

പേര്	ഉദ്യോഗപേര്	ഇപ്പോഴത്തെ ശമ്പളം	ശമ്പളത്തിന്റെ പരമാവധി	൧൦-൧൨-൧൦൫-ൽ സർവീസിന്റെ ദൈർഘ്യം
൧. കെ. എം. മാത്യു	സൂപ്രണ്ട്	൧൨൫ രൂ + ഡ്യൂ. അ. ൨൦ രൂപ	൧൫൦ രൂപ	൨ വർഷം ൯ മാസം
൨. എം. കെ. പണിക്കർ	ലക്ചറർ	൧൩൦ രൂ + ഡ്യൂ. അ. ൧൨½ രൂപ	൧൫൦ രൂപ	൯ വർഷം ൬ മാസം ൧൯ ദിവസം
൩. എം. ആർ. നാരായണയ്യർ	ലക്ചറർ	൮൦ രൂ + ഡ്യൂ. അ. ൧൨½ രൂപ	൧൨൦ രൂപ	൧ വർഷം ൪ മാസം ൬ ദിവസം
൪. എസ്. ചെല്ലയ്യാ	ടീച്ചർ	൫൦ രൂപ	ഇല്ല	൨ വർഷം ൮ മാസം ൧൩ ദിവസം

അനുബന്ധം ൧൯.

൧൫൧-ാംചോദ്യത്തിന്റെ മറുപടിനോട്ടക്ക,

മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിൽ പുതുതായ റോഡുകളും പാലങ്ങളും പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള സ്റ്റേററുമെൻറ്.

നമ്പർ	റോഡിന്റെയൊ പാലത്തിന്റെയൊ പേര്	൧൧൦൫-൬-ന്റെ അവസാനം വരെ ചെലവായ തുക	പണികൾ ഗതാഗത ചെയ്യത്തക്കവണ്ണം പൂർത്തിയാക്കീട്ടുള്ള റോഡു ദൈർഘ്യം
	റോഡുകൾ	രൂപാ	
൧	പാലക്കുഴ-തൊടുപുഴറോഡിൽ വാഴക്കുളംമുതൽ വഴിത്തലവരെ ഒരു റോഡു വെട്ടുന്നതിനു	൪൯	ഉദ്ദേശം ൧ മൈൽ
൨	കുന്നത്തുകുളത്തു വടകര ഇംഗ്ലീഷ്സ്കൂളിലേക്കു പ്രവേശന റോഡ്	൩൮൭	അപൂർണ്ണം
൩	വാഴക്കുളംമുതൽ കോതമംഗലംവരെ ഒരു റോഡുവെട്ടുന്നതിനു	൨൬൩	൬ മൈൽ
൪	ഹൈറേഞ്ച്റോഡിൽ കുഴികണ്ടത്തുനിന്നും പെരുമ്പാവൂർ-കോതമംഗലംറോഡിൽ ൮-ാംമൈൽവരെ ഒരു റോഡു വെട്ടുന്നതിന്	൨൮൭	പൂർത്തിയാക്കീട്ടില്ല
	പാലങ്ങൾ		
൫	വാഴക്കുളം-കോതമംഗലം റോഡിൽ ൧൧/൬ മൈലുകൾ കോതമംഗലംആററിൽ ഒരു പാലംകെട്ടുന്നതിന്	൧,൮൧൭	
൬	കോതമംഗലം-നേരിയമംഗലം റോഡിൽ ൮-ാംമൈലുകൾ ൩൪ ഇഞ്ച് സ്പാൻഉള്ള ഒരു പാലം കെട്ടുന്നതിന്	൧൨൫	

അനുബന്ധം ൨൦.

൧൯൨-ാം ചോദ്യത്തിന്റെ മറുപടി നോക്കുക.

അഞ്ചൽഡിപ്പാർട്ടുമെന്റിൽ ൧൧൦൨ മുതൽ ൧൧൦൮ വരെ ചെയ്തിട്ടുള്ള ഉദ്യോഗ നിയമനങ്ങളുടെ ജാതിക്രമമനുസരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ജാതി		ഇൻസ്പെക്ടർമാർ	അഞ്ചൽമാസ്റ്റർമാരും ക്ലാർക്കുകളും	പ്യൂൺമാർ
(മലയാളബ്രാഹ്മണർ)	...	...	൧	...
(മററു) ബ്രാഹ്മണർ	...	൧	൩	൧൨
ഈഴവർ	...	...	൨	൨
നായന്മാർ	...	...	൨	൪൪
വെള്ളാളർ	...	...	...	൩
മററുഹിന്ദുക്കൾ	...	...	൬	൩
മററു അധഃകൃതസമുദായക്കാർ (ക്ഷുരകൻ)	...	...	...	൧
പുലയർ	...	...	...	൧
മുസൽമാന്മാർ	...	...	൧	...
പ്രോട്ടസ്റ്റൻറുകാർ	...	...	...	൧
റോമൻകത്തോലിക്കർ (എ) സുറിയാനി	...	...	...	൨
(ബി) ലത്തീൻ	...	...	൧	...
സുറിയാനിക്കാർ (എ) യാക്കോബായർ	...	...	൩	൩
(ബി) മാർത്തോമ്മക്കാർ	...	...	൩	൩

ഉപക്ഷേപങ്ങൾക്കായുള്ള അഭ്യർത്ഥനകൾ അനുവദിക്കുന്നത്.

൨൨-ാം അഭ്യർത്ഥന — അക്കൗണ്ട് ആഫീസ് (തുടർച്ച).

൩൦൯-ാം ഉപക്ഷേപം.

ഡിപ്യൂട്ടി പ്രസിഡൻറ്: ഇന്നലെ നാം പിരിഞ്ഞു പോയപ്പോൾ ൩൦൯-ാം ഉപക്ഷേപത്തെ വിമർശിക്കുകയായിരുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): സർ, മിസ്റ്റർ ഇട്ടൂപ്പ് ഇട്ടിച്ചൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അക്കൗണ്ടാഫീസിൽ അസമത്വസമുദായങ്ങൾക്കു വേണ്ട വിധം പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളതിനെ കാണിക്കാനാണ് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചത്. എന്നാൽ ആ സന്ദർഭത്തിൽ മിസ്റ്റർ താണുപിള്ള ഉടങ്ങിയുള്ള എന്റെ സ്നേഹിതന്മാർ സമുദായപ്രാതിനിധ്യം ഏതു രീതിയിൽ വേണമെന്നുള്ളതിനെപ്പററി ആലോചിക്കാൻ ഒരു കമ്മിററി രൂപീകരിച്ച് ഈ മുറവിളി അവസാനിപ്പിച്ചാൽ കൊള്ളാമെന്നു അഭിപ്രായപ്പെടുകയുണ്ടായി. ഏതു രീതിയിലെങ്കിലും അസമത്വസമുദായങ്ങളുടെ മുറവിളി അവസാനിപ്പിക്കുന്നതിനു ഗവണ്മെൻറു ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നപക്ഷം അതിൽ ഞങ്ങൾക്കു അഭിപ്രായവ്യത്യാസമില്ല. അതു യഥാർത്ഥമായ രൂപത്തിൽ അസമത്വസമുദായങ്ങളുടെ സങ്കടത്തെ പരിഹരിക്കാൻ തക്ക നിലയിൽ വേണം എന്നേ എനിക്കഭിപ്രായമുള്ളു. അതുവരെ ഞങ്ങൾ മിണ്ടാതിരിക്കണമെന്നു പറയുന്ന അഭിപ്രായത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ഇന്നു ഓരോ ഡിപ്പാർട്ടുമെൻറിലും അസമത്വസമുദായങ്ങൾ അനുഭവിക്കുന്ന ഭയങ്കരമായ ന്യൂനതകളെ ഈ കൌൺസിലിന്റെ മുമ്പാകെ കൊണ്ടുവന്നാൽ അതിനു ഏതെങ്കിലും ഒരു പരിഹാരം ഉടനടി ഉണ്ടാക്കി അതാതു ഡിപ്പാർട്ടുമെൻറു മേധാവികളെക്കൊണ്ടു പ്രവർത്തിപ്പിക്കേണ്ടതു ഗവണ്മെൻറിന്റെയും കൌൺസിലിന്റെയും ചുമതലയാകുന്നു. ഈ ചുമതല നിർവഹിക്കാനാണ് ഓരോ ഡിപ്പാർട്ടിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം വരുമ്പോൾ നിയമനത്തെ സംബന്ധിച്ചു കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതു. അല്ലാതെ ഈ കൌൺസിലിന്റെ വിലയേറിയ സമയത്തെ കളയാനോ, അല്ലെങ്കിൽ മററുള്ളവർ ധരിക്കുന്ന പ്രകാരം, ഈ കൌൺസിലിൽ കൂടെ ദുർഗന്ധം വിതരണം ചെയ്യാനോ അല്ല.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അസമത്വസമുദായങ്ങൾക്കു പ്രാതിനിധ്യം വേണം എന്നു പറയുന്നതോ അതല്ല ഇപ്പോഴത്തെ നിലയെ ബഹിഷ്കരിക്കണമെന്നു പറയുന്നതോ ദുർഗന്ധം വിതരണം ചെയ്യുന്നതു.

മി. പി. എസ്. മുഹമ്മദ് (നിയമിത മെമ്പർ): അസമത്വസമുദായങ്ങളുടെ മുറവിളിയിൽ വിപരീതം പറയുന്നതു കൊണ്ടാണ് ദുർഗന്ധം ഉണ്ടാകുന്നതു. അതു കൊണ്ടു ഒരു കമ്മിററി ഉണ്ടാകുന്നതുവരെ ഇന്നത്തെ നിലയിൽ നടക്കട്ടെ എന്നു വിചാരിക്കുന്നു എങ്കിൽ, അതിനെ ഞാൻ ശക്തിമത്തായി എതിർക്കുന്നു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ദിവാൻ മിസ്റ്റർ രാഘവയ്യായുടെ കാലത്തു പ്രാതിനിധ്യവകുപ്പുകളെ അവഗണിച്ചു നടത്തിയ നിയമനത്തെ സംബന്ധിച്ചു സമാധാനം ചോദിച്ചു. അതിനു തൃപ്തികരമായ സമാധാനം തരാത്തവരോടു മേലാൽ അങ്ങിനെ നടത്തരുതെന്നു ഗവണ്മെൻറു കർശനമായി ഒരു ആജ്ഞ കൊടുത്താൽ ഇതിനു നിവൃത്തിയുണ്ടാകുകയില്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): രാഘവയ്യായുടെ കാലത്തു ന്യായമായ നിലയിൽ ഉദ്യോഗം കൊടുക്കണമെന്നു നിശ്ചയപ്പെടുത്തി വച്ചുകൊണ്ടു ഈഴവർ, മഹമ്മദിയർ, കത്തോലിക്കർ മുതലായവരുടെ നിയമനത്തിൽ എന്തു കൊണ്ടു ശ്രദ്ധിച്ചില്ല എന്നും ഓരോ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരോടും സമാധാനം ചോദിച്ചിട്ടുണ്ട്.

മി: ടി. പി. രാമസ്വാമി അയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി). അതു ഈ മൂന്നു സമുദായങ്ങളെപ്പററി മാത്രമാണോ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): എല്ലാവരും ഉണ്ട്. പ്രധാനമായി ഈ മൂന്നു സമുദായങ്ങളുമാണുള്ളതു്.

ആ രീതിയിൽ ഇന്നത്തെ ഗവൺമെന്റും പ്രവൎത്തിക്കണമെന്നാണ് എന്റെ അപേക്ഷ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അപ്രകാരം പ്രവൎത്തിക്കാത്തതു കൊണ്ടു ഏതെങ്കിലും ഉദ്യോഗസ്ഥനെ ശിക്ഷിച്ചു ഒഴിവു വരുത്തിയിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): മിസ്റ്റർ രാഘവയ്യാ ഇരുന്നിരുന്നു എങ്കിൽ ശിക്ഷിക്കതന്നെ ചെയ്യുമായിരുന്നു. അതിനു ഭാഗ്യം അദ്ദേഹത്തിനല്ല ഞങ്ങൾക്കുണ്ടായില്ല.

ഇപ്പോൾ അഞ്ചൽ ഡിപ്പാർട്ടുമെന്റിൽനിന്നും ഉള്ള സ്റ്റേറ്റുമെന്റു തന്നെ ഉദാഹരണമാണ്. ൨൭ ക്ലാൎക്കന്മാരുടെ കൂട്ടത്തിൽ ഒരു മഹമ്മദീയൻ ഉണ്ട്. ൭൪ പ്യൂൺസിൽ ഒരു മഹമ്മദീയനും ഇല്ല.

ഡിപ്യൂട്ടി പ്രസിഡന്റ്: നിങ്ങൾ അഞ്ചൽ ഡിപ്പാർട്ടുമെന്റിനെപ്പററി സംസാരിക്കുമ്പോൾ അതിനെ നിങ്ങൾ വിമർശിക്കാത്തതു എന്തു കൊണ്ട്? നാം ഇപ്പോൾ അക്കൗണ്ടൻറാഫീസിനെപ്പററി വിമർശിക്കയാണ്.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): ഞാൻ ഉദാഹരണമായിട്ടു പറഞ്ഞതാണ്. ഗവൺമെന്റ് ഇങ്ങിനെയുള്ള നിയമനം കാണുമ്പോൾ അവരോടു സമാധാനം ചോദിച്ചിരുന്നു എങ്കിൽ മേലാൽ അങ്ങനെ പ്രവൎത്തിക്കുന്നതിനു ഒരുങ്ങുകയില്ലായിരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിലേക്കു ഗവൺമെന്റിനെ കുററപ്പെടുത്തുകയാണോ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): കുററം ആക്കമില്ല. ഞങ്ങൾക്കു ന്യായം കിട്ടുന്നില്ല. അതിനെ ഗവൺമെന്റു ശ്രദ്ധിക്കണമെന്നേ പറയുന്നുള്ളു.

ഡിപ്യൂട്ടിപ്രസിഡന്റ്: മി: പി. എസ്. മഹമ്മദ്, നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഉദ്യോഗദാനവിഷയത്തിൽ അസമത്വസമുദായങ്ങൾ സങ്കടം അനുഭവിക്കുന്നു എന്നു മുറവിളി ഈ കൌൺസിലിന്റെ ആരംഭം മുതൽ തന്നെ കേൾക്കുന്നുണ്ട്. ഇനിയും ഒരു മൂന്നു കൊല്ലം കൂടി ഈ മുറവിളികൊണ്ടു തന്നെ കഴിച്ചു കൂട്ടിയാൽ ഇതിനു പന്തിരാണ്ടത്തെ മുറവിളി എന്ന ഒരു റിക്കാർഡ് ഉണ്ടാകും.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ നിയമസഭക്കു മുമ്പു തന്നെ പ്രജാസഭയിൽ, പ്രാതിനിധ്യമനുസരിച്ചു അവകാശം കിട്ടണമെന്നു നിവേദനം വന്നിട്ടില്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതു ൨൫ കൊല്ലം കഴിഞ്ഞതിനാൽ കാലഹരണം കഴിഞ്ഞുപോയി.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങിനെ മുറവിളികൂട്ടീട്ടു വല്ല ഫലവും ഉണ്ടായിട്ടുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതാണു പറയാൻ പോകുന്നതു്. ഈ മുറവിളിക്കു ഇതുവരെ യാതൊരു ഫലവും ഉണ്ടായിട്ടില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതു മുറവിളികൂട്ടുന്നവരുടെ കുററമാണോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അല്ലെന്നു തന്നെയാണു പറയാൻപോകുന്നതു്. അസമത്വം അനുഭവിക്കുന്ന സമുദായക്കാരോടു ഗവൺമെന്റിനും ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും ഉള്ള മനഃസ്ഥിതി എന്നുമാത്രമേ പറയുന്നുള്ളു.

മി: എ. സി. കുറിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ മുറവിളി ഇങ്ങനെ തുടൎന്നു കൊണ്ടുപോകുന്നെങ്കിൽ മാത്രമേ അസമത്വസമുദായങ്ങളും ഡിപ്പാർട്ടുമെന്റു മേലധികാരികളും തൃപ്തിപ്പെടുകയുള്ളു എന്നതോന്നുണ്ടോ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തൃപ്തിക്കു വേണ്ടിയല്ല മുറവിളികൂട്ടുന്നതു്. ൨൫ കൊല്ലം കഴിഞ്ഞു. അസംബന്ധമായി ഒരു കുഞ്ഞു് അധികനേരം വിളിക്കുകയാണെങ്കിൽ അതു തനിയെ വിളിനിർത്തും. അതുപോലെ—

മി: എ. സി. കുറിയാക്കോസ് (മീനച്ചിലും ദേവികുളവും): അതുകൊണ്ടു് ൨൫ വർഷം കഴിഞ്ഞാൽ ഈ വാദം നിർത്തിക്കളയുമെന്നാണോ പറയുന്നതു്?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മാറിപ്പോകുമെന്നല്ലപറഞ്ഞതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ക്രമപാലനസംബന്ധമായി ഞാൻ എഴുനേൽക്കുന്നു! (ചിരി).

ഡിപ്യൂട്ടിപ്രസിഡന്റ്: വല്ലപ്പോഴുമൊക്കെ കുറെ നേരമ്പോക്കു നമുക്കു ആവശ്യമാണ്. നമ്മുടെ സ്നേഹിതൻ മി: ടി. സി. കേശവപിള്ളയോടു നാം നന്ദിയുള്ളവരായിരിക്കേണ്ടതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതു ഒരു പ്രധാന സംഗതിയല്ലേ?

ഡിപ്യൂട്ടിപ്രസിഡന്റ്: അതു പ്രധാനമായ ഒരു സംഗതിയത്രെ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കൌൺസിലിന്റെ മുൻയോഗങ്ങളിലെ നടപടിനോക്കിയാൽ ഇതു് ക്രമരഹിതമാണെന്നു ഞാൻ കാണുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: അതു ക്രമരഹിതമാണെന്നു ഞാൻ സമ്മതിക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഇങ്ങനെ മുറവിളികൂട്ടുന്നതല്ലാതെ അതിനു യാതൊരു പരിഹാരവും ഉണ്ടാക്കിയിട്ടില്ല. ഈഴവർ, മഹമ്മദീയർ, ആദിയായ ആളുകളുടെ അവകാശത്തെപ്പററി.

മാരോ ആരും പറഞ്ഞിട്ടുണ്ട്. എന്നാൽ ക്രിസ്ത്യാനികളിൽ ഉൾപ്പെട്ടുകഴിഞ്ഞിരിക്കുന്നവരുടെ കാര്യം എല്ലാബോഡ് ജാറിയും സംസാരിക്കുന്നുണ്ടെങ്കിലും യാക്കോബായ, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറ്. ഈ സമുദായക്കാരുടെ കാര്യം അത്ര തന്നെ ശക്തിയായിട്ടു പ്രസ്താവിച്ചുകാണുന്നില്ല.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഇവരും അസമത്വസമുദായത്തിൽ ഉൾപ്പെട്ടവരല്ലേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതേ. പക്ഷേ അവരുടെ കാര്യം ഗൗരവമേറിയതാണ്. അങ്ങിനെ മറന്നുപോയതെന്താണെന്നു പറയുന്നത്. അവരുടെ അവകാശത്തെപ്പറ്റിയും ഗവൺമെൻറ് വിസ്മരിക്കുകയില്ലെന്നു വിചാരിക്കുന്നു. ഈ മാതിരി അടുത്ത കൗൺസിലിൽ ഇനി വരാതിരിക്കത്തക്കവണ്ണം തക്കതായ ഒരു പരിഹാരം ഉണ്ടാകണം.

മി: തച്ചുകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പ്രജാസഭയിൽ ഈ നിവേദനങ്ങൾ വന്നിട്ടു പല കൊല്ലമായതിനാൽ കാലഹരണം വന്നതുപോലെ ഇവിടെയും പല കൊല്ലം കഴിഞ്ഞു ഒരു തീരുമാനം ഉണ്ടാക്കിയാൽ പോരേ?

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതുപോരാ. പല കൊല്ലം കഴിയുന്നതിനു മുമ്പു തന്നെ വേണം.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ ഇട്ടിച്ചൻെറ ഉപക്ഷേപത്തെ ആശ്രയിച്ച് എനിക്കു ചില അഭിപ്രായങ്ങൾ ഇവിടെ പ്രകാശിപ്പിക്കുവാനുണ്ട്. അസമത്വം പരിഹരിക്കപ്പെടേണ്ടതാണെന്നു എൻെറ സ്നേഹിതന്മാർ സർവ്വാത്മനാ സമ്മതിക്കുന്നുണ്ട്. അസമത്വ സമുദായങ്ങളുടെ സംഗതിയെപ്പറ്റി പറയുന്നതിൽ പൊതുവായി കൗൺസിലിൻെറ സമയം കളയുന്നു എന്നുള്ളതാണ് ഇപ്പോൾ ഒരു പരാതിയായിരിക്കുന്നത്. ഇതു സമ്മതിച്ചേ മതിയാവൂ. ഇതിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനുള്ള ആലോചനയിലാണ് ചില മാന്യസ്നേഹിതന്മാർ ചെയ്തിരിക്കുന്നത്. അവകാശമുള്ളവർക്കു വേണ്ടതുപോലെ കൊടുത്തിട്ടില്ലെന്ന് ഇതുവരെയുള്ള അഭിപ്രായം കൊണ്ടു മനസ്സിലാകും. മിസ്റ്റർ താണുപിള്ള ഈ സംഗതിയെപ്പറ്റി പറഞ്ഞത് ഈ കൗൺസിലിൽനിന്നും ഒരു കമ്മററി ഏർപ്പെടുത്തി ഏതെങ്കിലും ഒരു പരീക്ഷ വച്ചു ഫലമറിഞ്ഞു അതിൽനിന്നും യോഗ്യതയുള്ളവരെ നിയമിക്കുന്നതു കൊള്ളാമെന്നാണ്.

ഡിപ്യൂട്ടി പ്രസിഡൻറ്: ആവർത്തനം കൊണ്ടു വല്ല ഗുണവും ഉണ്ടാകുമോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇന്നലെ പറഞ്ഞതു് ഒരു കമ്മിററി വച്ചു ഇതിനു പരിഹാരം കണ്ടുപിടിക്കണമെന്നാണല്ലോ അങ്ങിനെ ഇപ്പോൾ കല്പിക്കുന്നതെങ്കിലും. ഇതിനു ഒരു പരിഹാരം കണ്ടുപിടിക്കുന്നതിൽ ഇപ്പോൾ പ്രത്യേക പദ്ധതികൾ അത്യാവശ്യമാകണം; ഏതു പദ്ധതിയാണു വേണ്ടതു്; എന്ന സംഗതികൾ പ്രധാനമായി ആലോചിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ഒരു വിഷമം ഉണ്ട്. ഇവിടെ ഏതെങ്കിലും കമ്മററി ഏർപ്പെടുത്തുകയാണെങ്കിൽ അതു് അനുദ്യോഗസ്ഥഭൂരിപക്ഷമുള്ളതായിരിക്കേണമെന്ന് ഞങ്ങൾക്കു നിർബന്ധമുണ്ട്. സാധാരണ കമ്മിററികളിൽ ഉദ്യോഗസ്ഥന്മാർ ഒരു ജാതി അനുദ്യോഗസ്ഥന്മാർ മറ്റൊരു ജാതി എന്നാണ് ഒരു തോന്നലാണുള്ളതു്. അസമത്വത്തെ പരിഹരിക്കുന്നതിനുദ്ദേശിക്കുന്ന കമ്മററിയിലും ഇതിനുമുന്നും അസമത്വ സമുദായ ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമെ അസമത്വത്തെ പരിഹരിക്കുന്ന തത്വത്തെ അംഗീകരിച്ചു പ്രവർത്തിച്ചാൽ ശരിയായ ഒരു പദ്ധതി ഉണ്ടാക്കാൻ സൌകര്യമായി വരികയുള്ളൂ. അല്ലെങ്കിൽ മിസ്റ്റർ കൊച്ചുതൊമ്മൻ പറഞ്ഞതുപോലെ അതും പല വർഷം കഴിഞ്ഞു കാലഹരണത്തിൽ പോകും. അസമത്വപരിഹാരത്തിനു വേണ്ടി വേല ചെയ്യുന്ന കമ്മററിയിൽ ഉദ്യോഗസ്ഥഭൂരിപക്ഷമോ, അതല്ല അനുദ്യോഗസ്ഥഭൂരിപക്ഷമോ വേണ്ടതെന്നു ഈ ഒരു ചോദ്യം വരും. അങ്ങിനെ ആയാൽ നിർദ്ദേശമെല്ലാമനുസരിച്ച് കമ്മററി ഉണ്ടാക്കാൻ സാധിക്കുകയില്ല. തിരുവിതാംകൂറിലാണെങ്കിൽ കമ്മററികൾ ഏർപ്പെടുത്തി റിപ്പോർട്ടുകൾ വരുത്തിക്കുകയാണ് സാധാരണ ഒരു പതിവ്. അങ്ങിനെ അനേകം കമ്മററി റിപ്പോർട്ടുകൾ ഇപ്പോൾ റിക്കാർഡുകളിൽ മയങ്ങി ഇരിക്കുന്നുണ്ട്. അവയിൽ ഒന്നും തന്നെ നടപ്പിൽ വരുത്തീട്ടില്ല; ഇതു് അവയെക്കാൾ വളരെ പ്രാധാന്യമുള്ള ഒരു പ്രത്യേക കാര്യമാണ്. പല സമുദായക്കാർ വളരെക്കാലമായി സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ സംബന്ധിച്ച് പല നിർദ്ദേശങ്ങളും പ്രതിനിധിസഭകളിൽ വന്നുകൊണ്ടുമിരിക്കുന്നു. ആവശ്യപ്പെടുന്ന പദ്ധതികൾ സ്വീകരിക്കുന്നതിനു നമ്മുടെ ഗവൺമെൻറിന് ശക്തിയും മനസ്സുമില്ലെങ്കിൽ ഈ വർഗം ഇങ്ങിനെ തന്നെ നീണ്ടു നിൽക്കുന്നതിനേ വഴിയുള്ളൂ. തക്കതായ ഒരു പദ്ധതിനിശ്ചയിച്ച് ഈ സങ്കടത്തിനു സമുദായ പരിഹാരമുണ്ടാകത്തക്കവണ്ണം ഉദ്യോഗങ്ങൾ കൊടുത്തുകൊണ്ടിരിക്കയാണ് വേണ്ടതു്. അല്ലെങ്കിൽ സമുദായങ്ങളുടെ ഇടയിൽ അതൃപ്തിയും അസ്വാസ്ഥ്യവും വർദ്ധിക്കുകയേയുള്ളൂ, അതിനു ഇനിയും ഇടയാകരുതാത്തതാണ്, ഓരോരുത്തരുടേയും അവകാശം അവരവർക്കു കൊടുക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കേണ്ടതാണ്. ഈ അഭിപ്രായത്തോടുകൂടി മിസ്റ്റർ ഇട്ടൂപ്പ് ഇട്ടിച്ചൻെറ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എന്നെക്കുറിച്ചു ശോധിക്കുന്നതിനു അതും തന്നെ, ഞാൻ ഉൾപ്പെടെ എല്ലാ മെമ്പർമാരും എന്തെങ്കിലും സമ്മതിക്കപ്പെട്ട തത്വങ്ങളെ അടിസ്ഥാനമാക്കി എല്ലാ സമുദായക്കാർക്കും രാജ്യത്തിലെ പബ്ലിക് സർവീസിൽ പ്രാതിനിധ്യമുണ്ടായിരിക്കേണ്ടതാണെന്നു അഭിപ്രായക്കാരാണെന്നു ഞാൻ പറയുന്നു. സഭയുടെ ഈ വിശേഷമുള്ള മെമ്പർമാരും– സമുദായപ്രാതിനിധ്യത്തെപ്പറ്റി സഭയുടെ സമയത്തിൽ വലുതായ ഒരു ഭാഗം ചെലവാക്കപ്പെടുന്നു എന്നും ഓരോ ഡിപ്പാർട്ടുമെൻറിലും ഈ പ്രശ്നം ഡിപ്പാർട്ടുമെൻറിൻെറ അഭ്യർത്ഥന സഭയുടെ ആലോചനയ്ക്കായി എടുക്കപ്പെട്ടപ്പോൾ ഈ നിവേദനം തന്നെ ആവർത്തിക്കപ്പെടുന്നു എന്നും സമ്മതിക്കുന്നതാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): ആ സമയം പാഴായി ചെലവാക്കപ്പെടുന്നു എന്നു മെമ്പർ വിചാരിക്കുന്നുവോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അങ്ങിനെ ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ഒരു വിധത്തിൽ അങ്ങിനെയാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): എന്റെ സ്നേഹിതൻ രണ്ടു മറുപടികളാണു കൊടുക്കുന്നത്. അതിനാൽ ഏതിനെ സ്വീകരിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ വിവരിച്ചുപറയാം. ഈ നിവേദനംകൊണ്ടുവരുന്ന എന്റെ സ്നേഹിതന്മാരോടു പ്രവൃത്തി വാക്കിനേക്കാൾ ശക്തിയേറുന്നതാണെന്നു ഗ്രഹിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഒരു പ്രത്യേകസമുദായം ഉദ്യോഗലബ്ധിവിഷയമായി ശരിയായി വില മതിക്കപ്പെട്ടിട്ടില്ല എന്നു സഭയുടെ മുമ്പാകെ നിവേദനം കൊണ്ടുവരപ്പെടുമ്പോൾ അതു് ആ സമുദായത്തിലെ അംഗങ്ങൾ അനുഭവിക്കുന്ന സങ്കടം മാത്രമാണെന്നർത്ഥമാകുന്നു. ഈ പ്രത്യേക വിഷയത്തെപ്പറ്റി വാദിക്കുന്ന അംഗങ്ങൾ അനുഭവിക്കുന്നതായ സാക്ഷാൽ സങ്കടം ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. അതാണു ചിന്തനീയവിഷയം. എന്റെ ഉത്തരം ഇല്ല എന്നാണ്. വാങ്മാത്രമായ അനുകമ്പയാണ് പ്രദർശിക്കപ്പെടുന്നതു് ഇതെപ്പറ്റി സംസാരിക്കുന്ന മെംബർമാർക്ക് ഇതു വാസ്തവമായ സങ്കടമാണെന്നു ബോധമേയില്ല. സംബന്ധിച്ച മെമ്പർമാർക്ക് മേലാൽ തൃപ്തികരമായ ഉദ്യോഗവിതരണം ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റിന്റെ കൈകളെ മാർഗ്ഗവൽപ്പെടുത്തിയേക്കാവുന്ന യല്ലനിവേദനങ്ങളും ചെയ്തു വൈഷമ്യാവസ്ഥയിൽ നിന്നു തെററിഒഴിയുന്നതിനാണ് അവർ ആഗ്രഹിക്കുന്നതു്. ഈ ഉദ്ദേശത്തോടു കൂടിയായിരുന്നു വിദ്വാനായ എന്റെ സ്നേഹിതൻ മിസ്റ്റർ പി. യു. സ്. മഹമ്മദ് പൊതുഭരണത്തിൽ മഹമ്മദീയരുടെ പ്രാതിനിധ്യത്തെപ്പററി ഇന്നലെ ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തതു്. അതിനെ കാര്യമായി ഗണിക്കുന്നുണ്ടെന്നോ പ്രാതിനിധ്യമില്ല എന്നു അദ്ദേഹത്തിനു ബോദ്ധ്യം വന്നിട്ടുണ്ടു എന്നോ എനിക്കു സംശയമാണ്. ആ പ്രത്യേക ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് ഒരു പ്രത്യേക സമുദായത്തിനു പബ്ലിക്ക സർവീസിൽ മതിയായ പ്രാതിനിധ്യം കൊടുക്കാതെ എന്നു് അന്യായം ഗവൺമെൻറു ചെയ്തു എന്നു ബോധ്യപ്പെടുമ്പോൾ അങ്ങിനെയുള്ള സങ്കടം പ്രകാശിതമായി എന്നും ഗവൺമെൻറാ ഡിപ്പാർട്ടുമെൻറു മേധാവിയോ അംഗീകരിച്ചിട്ടുള്ള നയം ശിഥിലമാണെന്നും അതിനാൽ വെളിക്കാണുന്നതിനുള്ള ഉപക്ഷേപം ഗവൺമെൻറിൻറയോ ആ പ്രത്യേകഡിപ്പാർട്ടുമെൻറു മേധാവിയുടെയോ നയത്തെ ആക്ഷേപിക്കുന്നതിനു വേണ്ടിയാണെന്നും അർത്ഥമാകുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്ന മെമ്പർമാർ അതെപ്പററി കാര്യമായി ഗണിക്കുകയും ഡിപ്പാർട്ടുമെൻറു മേധാവിയുടെയോ ഗവൺമെൻറിൻറയോ നയത്തെ പ്രതിഷേധിക്കുകയും ചെയ്യുന്നെങ്കിൽ വെട്ടിക്കുറയ്ക്കുന്ന ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ള മെമ്പർമാർ കുറഞ്ഞപക്ഷം തങ്ങളുടെ ഉപക്ഷേപത്തെ അനുകൂല പ്രതികൂല വോട്ടറിയുന്നതായി നിർബന്ധിക്കുകയും അപ്രകാരം പബ്ലിക്ക സർവീസിലെ പല ഉദ്യോഗങ്ങൾക്കും പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്കുള്ള അവകാശങ്ങളെ സംബന്ധിച്ച് അനുദ്യോഗസ്ഥമെംബർമാർക്ക ഗവൺമെൻറു സ്വീകരിച്ചുവരുന്ന നയത്തെപ്പററി സമ്മതമല്ല വിസമ്മതമാണുള്ളതു് എന്നു നിഷ്കർഷിക്കുന്നതിനാൽ ഗവൺമെൻറിനെ ശക്തിയായി ഉൽബോധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ അഭിപ്രായത്തിൽ ഗവൺമെൻറിൻറ നടപടിയെപ്പററി അതൃപ്തിയുണ്ടെങ്കിൽ നിങ്ങൾക്ക അതിനു എതിരായി വോട്ടുചെയ്യാം. മററുചിലർ വിചാരിക്കുന്നതു് അപേക്ഷിതമായ പരിഹാരം സങ്കടങ്ങളെ പ്രകാശിപ്പിക്കുന്നതിനാൽ അധികം കാര്യക്ഷമമായ വിധത്തിൽ നേരിടേണ്ടതാണെന്നാണ്. സംഗതിയുടെ യോഗ്യതകളെപ്പററി തീർച്ചപ്പെടുത്തുന്നതിനു ഗവൺമെൻറും ഉണ്ട്. മററുമെമ്പർമാരെ ആക്ഷേപിക്കുന്നതിനുള്ള അവകാശം നിങ്ങൾക്ക് ഇല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അവരെ ആക്ഷേപിക്കുകയല്ല.

മി: എ. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): ഇതുനിമിത്തം ഒരു ബഹിഷ്ക്കരണം വേണമെന്ന് അദ്ദേഹം വാദിക്കുന്നുവൊ എന്നു പറയാമൊ? (ചിരി.)

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ തരത്തിലുള്ള മെമ്പർമാർ എന്നെ അനുകരിക്കുന്നുണ്ടെന്നു എനിക്കറിയാൻ കഴിയുമെങ്കിൽ, മററുപല കാര്യങ്ങൾക്കായിട്ടും ഞാൻ വാദിക്കുന്നതാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): അതിനാൽ അദ്ദേഹം നിർദ്ദേശിക്കുന്ന നടപടി എന്താണെന്നു മെമ്പറിൽനിന്നു അറിഞ്ഞാൽ കൊള്ളാം?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആ വിഷയത്തിലേക്കു വരികയാണ്. ഒരു പ്രത്യേക സമുദായത്തിനു ഗവൺമെൻറിൽനിന്നും പബ്ളിക്ക സർവീസിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നു ഒരു മെമ്പർ നിവേദനം ചെയ്കയും അതിനു ശരിയായ പ്രാതിനിധ്യമുണ്ടെന്നു ഗവൺമെൻറു മറുപടി കൊടുക്കുകയും ചെയ്യുന്നെങ്കിൽ, സങ്കടനിവേദനം ചെയ്തിട്ടുള്ള മെമ്പർക്ക് മറുപടിയുടെ വിശ്വാസ്യതയെപ്പററി ബോധംവന്നു എന്നാണ് അർത്ഥം. അതിനാൽ ഉപക്ഷേപം പിൻവലിക്കുന്നതിനായി അദ്ദേഹത്തെ നിർബന്ധിക്കുന്നു. വെട്ടിക്കുറയ്ക്കുന്ന ഉപക്ഷേപത്തിൻെറ വ്യവസ്ഥാനുസൃതമായ നടപടി അതാണെന്നു ഞാൻ ഗ്രഹിക്കുന്നു. അതിനാൽ ഒരു ഉപക്ഷേപം അവതരിക്കുമ്പോൾ, കഴിവുള്ളിടത്തോളം അദ്ദേഹത്തിൻെറ സമുദായത്തിനു പ്രാതിനിധ്യം കൊടുക്കുന്നുണ്ട് എന്നും നിലവിലിരിക്കുന്ന സ്ഥിതിഗതികൾ സംബന്ധിച്ച് മെമ്പറിനു മതിയായ സങ്കടം ഇല്ലെന്നും ഗവൺമെൻറു ബെഞ്ചുകളിൽനിന്നും കൊടുക്കപ്പെടുന്ന മറുപടികൊണ്ട് അദ്ദേഹം തൃപ്തനാകയും ഉപക്ഷേപത്തെ പിൻവലിക്കുകയും ചെയ്യുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: അല്ലെങ്കിൽ, ആ സംഗതികളെപ്പററി വാസ്തവമായും കാര്യമായും ആലോചിക്കുന്നതാണെന്ന് മെമ്പർക്ക് ഗവൺമെൻറ് ഉറപ്പുകൊടുക്കുന്നു. അതിനാൽ ആണ് മെമ്പർ ഉപക്ഷേപത്തെ പിൻവലിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പബ്ളിക്ക സർവീസിൽ സമുദായങ്ങൾക്കുള്ള പ്രാതിനിധ്യത്തിൻെറ അസമത്വങ്ങളെ ദൂരീകരിക്കുന്നതിനു ഗവൺമെൻറ് വാസ്തവികവും സാരവുമായ യത്നം ചെയ്യുന്നുണ്ടെങ്കിൽ, ആ സംഗതി ഗവൺമെൻറ് അനുവദിച്ചിരിക്കുന്നപക്ഷം ഈ പ്രക്ഷോഭണത്തിന് അവകാശമേയില്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനാൽ എന്റെ വാദം ഇതാണ്. ഈ വിഷയത്തിൽ ഗൗരവമായി ഏർപ്പെട്ടിരിക്കുന്ന മെമ്പർമാരുടെ ഉദ്ദേശം ഗവർമെന്റു സ്വീകരിച്ചിട്ടുള്ള നയത്തെ ആക്ഷേപിക്കുന്നതിനാണെങ്കിൽ വെട്ടിക്കുറയ്ക്കുന്ന ഉപക്ഷേപത്തെ കുറഞ്ഞപക്ഷം അനുകൂലപ്രതികൂലമായവയറിയുന്നതിനായിട്ട നിർബന്ധിക്കുകയും ഈ വിഷയത്തെപ്പററി സഭയുടെ വോട്ടുകൾ രേഖപ്പെടുത്തുകയും വേണമെന്നുമാത്രം ഞാൻ ആ മെമ്പർമാരോട്ട അപേക്ഷിക്കുന്നു. ഈ വാക്കുകളിൽ ഞാൻ മി: ഇട്ടീച്ചെറിയന്റെ ഉപക്ഷേപത്തെതാങ്ങിപ്പറയുന്നു.

മി: കെ. മാധവൻ (നിയമിതമെമ്പർ): സർ, തീരെ അറിവില്ലാത്തനിലയിൽ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മർദ്ദിതരുടെ സ്ഥിതിയെപ്പററി ഒന്നു രണ്ടുവാക്കുകൾ പറയേണ്ടിയിരിക്കുന്നു. ചില ഗവർമെന്റുദ്യോഗസ്ഥന്മാർ ഇവരുടെ സ്ഥിതിയെകണ്ട്, ഈ സാധുക്കളായ ജനങ്ങൾ മുമ്പോട്ടുപരുന്നതിനു ഏറെക്കുറെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ പല അപേക്ഷകൾ കൊടുത്തു. ചിലർക്ക് പള്ളിക്കൂടങ്ങളിൽ ഉദ്യോഗങ്ങൾ കൊടുക്കപ്പെട്ടു. വേറെ ചില അപേക്ഷകന്മാർക്ക് വയസ്സായവർ ഉദ്യോഗങ്ങൾ കൊടുത്തും വരുന്നുണ്ട്. മററു ഡിപ്പാർട്ടുമെന്റുകളിൽ ഇവരുടെ അപേക്ഷകളുടെ ഗതി എന്താണെന്ന് അറിഞ്ഞുകൂട. അധഃകൃതന്മാരുടെ ഉദ്യോഗനിയമനവിഷയത്തെപ്പററി അസംബ്ലിയിലും കൗൺസിലിലും പല പ്രാവശ്യം പല മെമ്പർമാർ നിവേദനം ചെയ്തിട്ടുള്ളതാണ്. സർ, ഇപ്പോൾ ഹൈക്കോർട്ടിൽ ബി. എൽ. പരീക്ഷജയിച്ച ഒരാൾ ഉണ്ട്. പത്തുവർഷമായിട്ടും അയാൾക്ക് വിശേഷിച്ച് പ്രോത്സാഹനം ഒന്നും ലഭിച്ചിട്ടില്ല. അയാൾ ഒരാൾ മാത്രമായിട്ടും ഇതുവരെയും പ്രൊമോഷൻ ലഭിച്ചിട്ടില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിനപേക്ഷിച്ചാൽ ആക്ടിംഗ്ജോലിനോക്കിയാൾക്ക് കൊടുത്തതിൽപിന്നെ നിങ്ങൾക്ക് ഉദ്യോഗം തരുന്നതാണ് എന്നു പറയുന്നു. ഈ ആക്ടിംഗ് ജോലിക്കൂടിയും ഇനിയും നാലഞ്ചുവർഷങ്ങളോളം കിട്ടാൻ സാധിക്കാത്തതുപോലെയാണ് കാണുന്നത്. ഞങ്ങളുടെ വിഷയത്തിൽമാത്രം ഇങ്ങനെവരുന്നു എന്നു ഞാൻ വിചാരിക്കുന്നു. ദേവസ്വഡിപ്പാർട്ടുമെന്റിൽ അപേക്ഷിച്ചാൽ ദേവസ്വകമ്മീഷണർ "ഞാൻ ഒരാളെപ്പൂൺജയിട്ട നിയമിച്ചു. അയാൾ ജോലിവേണ്ട എന്നു പറഞ്ഞുപൊയ്ക്കളഞ്ഞു" എന്നു പറയുന്നു. സർ, ഒരുത്തൻ ഓടിക്കളഞ്ഞാൽ വേറെ അപേക്ഷകന്മാർക്ക് ജോലികൊടുത്തുകൂടാ എന്നർത്ഥമെടുക്കണമൊ? സർ, എത്രയോ പേർ വല്ല താഴ്ന്ന പ്യൂൺജോലികിട്ടിയാൽ മതി എന്നു വിചാരിക്കുന്നു. എത്രയോ ആളുകൾ തങ്ങളുടെ ഉദ്യോഗങ്ങളെ കാത്തുകൊണ്ടുള്ള ഒരു സ്ഥിതിയിൽ ഇരിക്കുന്നു. സർ, ഈ പാവങ്ങളായ ആളുകളുടെ വിദ്യാർത്ഥികൾ പഠിച്ചുമുമ്പോട്ടു വരണമെങ്കിൽ, പരീക്ഷജയിച്ചവർക്ക് അല്പം ഉദ്യോഗം കൊടുക്കണം. ഇവർ അവിടവിടെ ഇരുന്നു മററുള്ളവർക്കായി പ്രയത്നിച്ചു കഷ്ടതയനുഭവിച്ചുവരുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സർ,

ഡിപ്യൂട്ടിപ്രസിഡന്റ്: ഈ അഭ്യർത്ഥനയ്ക്കു നിശ്ചയിച്ചിട്ടുള്ള സമയം തീർന്നിരിക്കുന്നു.

മി: ആർ. നീലകണ്ഠപ്പിള്ള (ഗവർമെന്റ് ധനകാര്യസെക്രട്ടറി): ഉപക്ഷേപത്തിന്മേൽ വോട്ടുചെയ്യുന്നതിനു മുമ്പായിട്ട മറുപടിപറയുന്നതിന് എനിക്ക് അവകാശമുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്: അഭ്യർത്ഥനയ്ക്കു നിശ്ചയിച്ചിട്ടുള്ള സമയം തീർന്നുപോയി. ഇതും മററുള്ള ഉപക്ഷേപങ്ങളും നഷ്ടപ്പെട്ട (ലാപ്സായി) പോകുന്നു.

മേൽപറഞ്ഞതും താഴെപറയുന്നതും ആയ ഉപക്ഷേപങ്ങൾ നഷ്ടപ്പെട്ടു (ലാപ്സായി).

നം ൩൬-ാം, നം ൩൭-ാം ഉപക്ഷേപങ്ങൾ

മി: എ. സി. കുരിയാക്കോസ്:

നം ൩൬. ൮-ാം അഭ്യർത്ഥനയിൽ ഉൾപ്പെട്ട ൧,൧൧,൭ രൂപ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എച്ച്. ബി. മഹമ്മദറാവുത്തർ:

നം ൩൭. ൮-ാം അഭ്യർത്ഥനയിൽ ഉൾപ്പെട്ട ൧,൧൧,൭ രൂപ രൂപായിൽ നിന്നു ൧൦൦ രൂപാ കുറയ്ക്കണം.

ഡിപ്യൂട്ടിപ്രസിഡന്റ്: ൮-ാം അഭ്യർത്ഥന അക്കൌണ്ടാഫീസ് പ്രകാരം ൧,൧൧,൭ രൂപയും അനുവദിക്കണം എന്നാണ് പ്രമേയം.

തുക അനുവദിക്കപ്പെട്ടു.

൯-ാം അഭ്യർത്ഥന-നീതിന്യായപാലനം.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ൯-ാം അഭ്യർത്ഥനയായനീതിന്യായപാലനം എന്ന അധികരണത്തിൽ ൮,൧൭,൨൩ രൂപയിൽ കവിയാത്ത ഒരു തുക അനുവദിക്കുന്നതിനായിട്ട ഞാൻ എഴുന്നേല്ക്കുന്നു.

നം ൩൮-ാം ഉപക്ഷേപം.

താഴെപറയുന്ന ഉപക്ഷേപം അവതരിക്കപ്പെട്ടില്ല.

മി. പി. എസ്. മഹമ്മദ്.

ഹൈക്കോർട്ടിൽ മൂന്നാം ബെഞ്ചിനുള്ള താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിലുൾപ്പെടുന്ന ക്ലാർക്കുകൾക്കും മററും കൊള്ളിച്ചിട്ടുള്ള ൪,൨൩൦ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

നം ൩൯-ാം ഉപക്ഷേപം.

എസ്റ്റാബ്ലിഷ്മെന്റുവകയ്ക്കു കൊള്ളിച്ചിട്ടുള്ള ൫൮,൩൫൫ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) എസ്റ്റാബ്ലിഷ്മെന്റിൽ കൊള്ളിച്ചിട്ടുള്ള ൫൮,൩൫൫ രൂപായിൽനിന്നും ൧൦ രൂപാ കുറയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. ഇ

തിന്റെ ഉദ്ദേശം ഈ ഡിപ്പാർട്ടുമെന്റിലും അസമത്വസമുദായങ്ങൾക്കു വേണ്ടുവോളം പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നു കാണിക്കാൻവേണ്ടിയാണ്. അല്ലാതെ അതു ഏതുരീതിയിൽവേണമെന്നൊന്നും പറയുന്നില്ല. ഗവൺമെന്റു പ്രഖ്യാപനം ചെയ്തിട്ടുള്ളതനുസരിച്ച് അസമത്വസമുദായങ്ങളോട് എങ്ങിനെ പ്രവർത്തിക്കണമെന്നുവിചാരിച്ചിട്ടുണ്ടോ അതനുസരിച്ചു പ്രവർത്തിക്കുന്നില്ലെന്നു കാണിക്കുന്നതിനാണ്. ഹൈക്കോടതിയിൽ ജഡ്ജിയായി ഞങ്ങളിൽ ആരെങ്കിലും വേണമെന്നു ഇപ്പോൾ ശഠിക്കുന്നില്ല, അതിനു യോഗ്യതയുള്ള ആളുകൾ വരുമ്പോൾ കൊടുത്താൽ മതി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) ഹൈക്കോടതിയിൽ വർഗ്ഗീയപ്രാതിനിധ്യം വേണമെന്നാണോ മെമ്പറിന്റെ അഭിപ്രായം?

ഡിപ്യൂട്ടിപ്രസിഡന്റ്: ഒരു ജഡ്ജിയുദ്യോഗത്തിനുവേണ്ടി ഹൈക്കോർട്ടിലേക്കു ഹർജിസമർപ്പിക്കത്തക്ക നിലയിൽ അദ്ദേഹത്തിന്റെ സമുദായം എത്തിട്ടില്ല. അതിനാൽ അദ്ദേഹം ഹൈക്കോർട്ടുജഡ്ജിമാരെപ്പറ്റി പറയുന്നില്ല.

മി: എച്ച്. ബി. മഹമ്മദ്‌റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും) ഇപ്പോൾ മുസ്ലീംസമുദായത്തിൽ യോഗ്യതയുള്ളവർ ഇല്ലെന്നാണോ മെമ്പറുടെ അഭിപ്രായം?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) മുസ്ലീംസമുദായത്തിൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ ഉടനടി കൊടുക്കണം. ഹൈക്കോടതിയിൽ ൧൦൦ രൂപായ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ ൭൩ ഉണ്ട്. അതിനുകീഴ്പ്പോട്ടുള്ള ഉദ്യോഗങ്ങൾ ൭൩ ഉണ്ട്. ഇങ്ങിനെ ൧൪൬ ഉദ്യോഗങ്ങൾ ഉള്ളതിൽ മുസ്ലീങ്ങളുടെ സംഖ്യ വളരെ ചുരുക്കമാണ്. അഞ്ചിൽ കൂടുതൽ ഇല്ല. ൧൦ ഡിസ്ട്രിക്ട് ജഡ്ജിയുണ്ട്. അതിൽ മുസ്ലീങ്ങൾ ആരുമില്ല. ആറ് അഡിഷണൽ ജഡ്ജിമാർ ഉണ്ട്. അതിലും മുസ്ലീങ്ങൾ ഇല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) ഈ എസ്റ്റാബ്ലിഷ്മെന്റിൽ അതു ഉൾപ്പെടുമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) അതു ഹൈക്കോർട്ടു എസ്റ്റാബ്ലിഷ്മെന്റിനെമാത്രം സംബന്ധിക്കുന്നതാണ്. അതിനാൽ അദ്ദേഹം ക്രമാനുസൃതമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സംഗതി ഇതാണ്. വെട്ടിക്കുറയ്ക്കുന്ന ഉപക്ഷേപത്തിൽ ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെന്റ് എന്ന ഇനത്തിൽ ഡിസ്ട്രിക്ട് ജഡ്ജിമാരെ നിയമിക്കുന്നകാര്യം വിമർശിക്കുന്നതിനു പാടുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) ഇല്ല.

ഡെപ്യൂട്ടിപ്രസിഡന്റ്: കണിശമായി പറയുകയാണെങ്കിൽ അത് ആക്ഷേപാർഹമല്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) നാല്പതു മുൻസിഫന്മാർ ഉള്ളതിൽ ഒരാളുണ്ട്. ഈ ഒരാൾ സമുദായത്തിന്റെ സ്ഥിതിക്കു മതിയാകുകയില്ല. ൩൯ മജിസ്ട്രേട്ടന്മാർ ഉണ്ട്. അതിൽ ഒരാളുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) ക്രമപാലനവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേല്ക്കുന്നു. മുമ്പുചിലർ പ്രസ്താവിച്ചപ്പോൾ അതു ക്രമാനുസൃതമല്ലെന്നുപറഞ്ഞു തള്ളപ്പെട്ടപ്പോൾ, ഇപ്പറഞ്ഞതെല്ലാം ഈ വെട്ടിക്കുറവിനുള്ള ഉപക്ഷേപങ്ങൾസംബന്ധിച്ചു പ്രസ്താവിക്കാൻ പാടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) അതിനെപ്പറ്റി ഇന്നലെ ഡിപ്യൂട്ടിപ്രസിഡന്റവർകൾ റൂൾ ചെയ്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) മജിസ്ട്രേട്ടന്മാരുടെ നിയമനവിഷയത്തിൽ ഹൈക്കോർട്ടിനു യാതൊരുസംബന്ധവുമില്ല. മി. മഹമ്മദ് മജിസ്ട്രേട്ടന്മാരെപ്പറ്റിയാണ് പറയുന്നത്.

ഡിപ്യൂട്ടിപ്രസിഡന്റ് മി. മഹമ്മദ് നിങ്ങളുടെ വാദവിഷയം ഹൈക്കോർട്ടു എസ്റ്റാബ്ലിഷ്മെന്റിനെപ്പറ്റിയാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ) ഞങ്ങൾക്കു വെളിയിൽകിട്ടുന്ന ഉദ്യോഗങ്ങളുടെ ഒരു ദൃഷ്ടാന്തമായിട്ടു പറയുകയാണ്.

മുൻസീഫ് മജിസ്ട്രേട്ട് ഇങ്ങിനെയുള്ള ഉദ്യോഗങ്ങൾക്ക് ഹൈക്കോടതിയിലുള്ള ക്ലാർക്കന്മാരെയാണ് നിയമിക്കുന്നത്. അങ്ങിനെയുള്ള ഉയർന്ന സ്ഥാനങ്ങളിൽ പോകുന്നതിനു അവിടെ മുസ്ലീങ്ങൾ ഇല്ലാത്തതിനാൽ സൗകര്യം കിട്ടുന്നില്ല എന്നാണ് പറയുന്നതു.

മി: ആർ. രാമൻപിള്ള (കോട്ടയം) ക്ലാർക്കന്മാരെ ജഡ്ജിയാക്കുന്നുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഹൈക്കോടതിയുടെ നിയന്ത്രണത്തിൽ ഇരിക്കുന്നവരെ പറ്റിയെ പറയുന്നുള്ളു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കുറവിനായുള്ള ഒരു ഉപക്ഷേപം ഉപക്ഷേപിക്കപ്പെടുമ്പോൾ, വിമർശനം ചെയ്യപ്പെടേണ്ട സംഗതി ആ ഉപക്ഷേപം അവതരിക്കപ്പെടുന്ന ഒരു പ്രത്യേക അധികരണത്തിൽ ഉൾപ്പെട്ടിരിക്കണം എന്ന് ഇന്നലെ വ്യവസ്ഥചെയ്യപ്പെട്ടു. അതിനാൽ ഹൈക്കോർട്ടിലെ എസ്റ്റാബ്ലിഷ്മെന്റ് എന്ന അധികരണത്തിൽ കുറവിനായി ഒരു മെമ്പർ ഉപക്ഷേപിക്കുമ്പോൾ, അദ്ദേഹത്തിനു ഹൈക്കോർട്ടുജഡ്ജിമാർ, ജില്ലാജഡ്ജിമാർ, മുൻസീഫന്മാർ, മജിസ്ട്രേട്ടന്മാർ എന്നിങ്ങനെയുള്ളവരുടെ നിയമനത്തെപ്പറ്റി വിമർശിക്കാൻ പാടുണ്ടോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു

ഡിപ്യൂട്ടിപ്രസിഡന്റ്: മി. മഹമ്മദ് നിങ്ങൾ എന്തുപറയുന്നു? ഒരു പ്രത്യേക അധികരണത്തിൽ പ്രാതിനിധ്യത്തെപ്പറ്റിയാണ നിങ്ങൾ വിമർശിക്കുന്നതു് എന്നു ഒരു തടസ്സം മി. ആശാൻ കൊണ്ടുവന്നിരിക്കുന്നു. അദ്ദേഹം ചെയ്തിട്ടുള്ളതും കുറവു ഉപക്ഷേപിച്ചിട്ടുള്ളതും ആയ ചെലവിനത്തിന്റെ പരിധിയെവിട്ടു ദൂരത്തിൽ സഞ്ചരിക്കുന്നതായാൽ നിങ്ങൾ ക്രമാനുസൃതമായിരിക്കയില്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഹൈക്കോടതിയിലെ എസ്റ്റാബ്ലിഷ്മെൻറിൽ മുസ്ലിമിങ്ങൾക്കു വേണ്ടിടത്തോളം പ്രാതിനിധ്യമില്ലെന്നു കാണുന്നതിനാൽ അവിടത്തെ ക്ലാർക്കന്മാരുടെ നിയമനത്തിൽ ഹൈക്കോടതി സ്വീകരിച്ചുവരുന്ന നയത്തെ ഈ സംഗതി ദൃഷ്ടാന്തമായി കൊണ്ടുവന്നു എടുത്തു കാണിക്കുകയാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. മഹമ്മദ്, നിങ്ങൾക്ക് ഈ വാദം മററ് ഏതെങ്കിലും അധികരണത്തിൽ വിമർശിക്കാൻ പാടില്ലേ? നയം എന്ന സംഗതിയെപ്പററി നിങ്ങൾ വിമർശിക്കുമ്പോൾ മററു ഏതെങ്കിലും അധികരണത്തിൽ അതിനെപ്പററി കൂടുതൽ ഗുണപ്രദമായി നിങ്ങൾക്കു സംസാരിക്കാൻ കഴിയുന്നതാണ് എന്നു ഞാൻ വിശ്വസിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): പൊതുക്കാര്യവിഷയമായ പല ഉപക്ഷേപങ്ങളും ഉണ്ട്. അപ്പോൾ മി. മഹമ്മദിനു നയത്തെപ്പററി സംസാരിക്കാം.

ഡിപ്യൂട്ടിപ്രസിഡൻറ്: ഒരു ഛിന്നോപക്ഷേപം ആലോചനയ്ക്കായികൊണ്ടുവരപ്പെടുമ്പോൾ നിങ്ങൾ ഈ എല്ലാസംഗതികളേയും ഉൾക്ഷേപിക്കുന്നതു് അധികം നല്ലതായിരിക്കും.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ക്ലാർക്കന്മാരിലും സമുദായത്തിൻെറ തോതനുസരിച്ചു നോക്കുകയാണെങ്കിൽ മുസ്ലിമിങ്ങൾക്കു പ്രതിനിധ്യം വളരെ കുറവാണ്. അസമത്വസമുദായത്തിൻെറ അവകാശത്തെ അവഗണിക്കുന്നുണ്ട്. ഒരു ഗ്രാഡ്വേററുപോലും ഇല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എത്ര ഗ്രാഡ്വേററ്സ് അപേക്ഷിച്ചിട്ടുണ്ട്?

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): അവിടെ നിയമിക്കുന്നതിനു എത്ര ആളുകൾ വേണമെങ്കിലും ഉണ്ട്. അതുകൊണ്ടു എത്ര ആളുകൾ ഉണ്ടെന്നു പറയേണ്ട ആവശ്യമില്ല. എത്ര ഉണ്ടെന്നു എണ്ണിനോക്കിയിട്ടില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. പി. എസ്. മഹമ്മദ് ഞാൻ നിങ്ങൾ പറയുന്നതു ക്രമാനുസൃതമല്ലെന്നു പ്രസ്താവിച്ചു.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): എത്ര പാസായി, എത്രപേർ അപേക്ഷിച്ചു എന്നു ചോദിച്ചാൽ അവരുടെ കണക്കു എടുത്തിട്ടില്ല. ഏതായിരുന്നാലും ഹൈക്കോടതിയിൽ എത്രപേരെ നിയമിക്കാമോ അത്രയും ഗ്രാഡുവേററ്സ് ഉണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എത്രപേർ അപേക്ഷിച്ചിരിക്കാം?

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): എത്രപേരെ ആവശ്യമുണ്ടോ അത്രയുംപേരെ തരാം.

മി. ആർ. രാമൻപിള്ള (കോട്ടയം): നൂറുപേർ വരുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകോട്ടിൽനിന്നും എത്ര മഹമ്മദീയർ വിദേശങ്ങളിൽ സർവീസിൽ ഇരിക്കുന്നു?

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഹൈക്കോടതിയിൽ എത്രപേർ ആവശ്യമുണ്ടോ അത്രയും ആളുകൾ ഉണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു എൻെറ ചോദ്യത്തിനു മറുപടിയല്ല.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): എത്രപേരെന്നു എണ്ണിനോക്കിയിട്ടില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: അതു മതിയായിരിക്കുന്നില്ല. നിങ്ങൾക്കു മറുപടി തയ്യാറുണ്ടെങ്കിൽ മറുപടി കൊടുക്കണം അല്ലെങ്കിൽ മറുപടിപറയുന്നതിനു വിസമ്മതിക്കുന്നു എന്നു പറയണം.

മി. പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഇന്നത്തെ സ്ഥിതിയനുസരിച്ചു നൂറു പേരെനിയമിക്കണം.

ഡിപ്യൂട്ടിപ്രസിഡൻറ്: ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെൻറിൽനിങ്ങളുടെ അഭിപ്രായമനുസരിച്ചു നിയമിക്കേണ്ടിയ മഹമ്മദീയഗ്രാഡുവേററന്മാരുടെ സംഖ്യ എത്ര?

മി. പി. എസ് മഹമ്മദ് (നിയമിതമെംബർ): ഹൈക്കോടതിയിൽ ധാരാളം അപേക്ഷകന്മാരുണ്ട്. ഗ്രാഡുവേററ്സും ഉണ്ട്.

ഡിപ്യൂട്ടിപ്രസിഡൻറ് ഹൈക്കോർട്ടിൽ ക്ലാർക്കുജോലിക്കായി കാത്തുനില്ക്കുന്ന നൂറു മുഹമ്മദീയരുണ്ടോ?

നിങ്ങൾ മററു മെംബറന്മാരുടെ അനുകമ്പയെ സമ്പാദിക്കുന്നതിനു ശ്രമിക്കയാണ്. അതിനാൽ അവർ ആവശ്യപ്പെടുന്ന വിവരം നിങ്ങൾ അവക്ക് കൊടുക്കണം.

മി: മഹമ്മദ്? വിവരത്തിനായി നിങ്ങളെ നിർബന്ധിക്കുന്ന ഈ ആളുകളിൽ ചിലരുടെ ഭാവത്തെ നിങ്ങൾ തെററിധരിച്ചുപോകരുത്. നിങ്ങൾക്ക് അവരുടെ അനുകമ്പയുണ്ട്. എന്നാൽ അതു തനിയെമാത്രം നിങ്ങൾക്കുവളരെ സഹായമായിരിക്കയില്ല. ഗവണ്മെൻറു നിരന്തരമായിട്ടും മനഃപൂർവമായിട്ടും ഹൈക്കോർട്ടിൽ നിങ്ങളുടെ ആളുകൾക്കുള്ള അവകാശത്തെ വിസ്മരിച്ചുകളഞ്ഞിട്ടുണ്ട് എന്നുള്ളസംഗതിയെ തീർച്ചയായി സ്ഥാപിക്കുന്നതിനുള്ള ഒരു പരാതി വാസ്തവസംഗതികളും കണക്കുകളും പരിശോധിച്ചു തങ്ങൾക്കു തൃപ്തിവരുത്തുന്നതിനായിട്ടു മുമ്പായിട്ടുതന്നെ അവക്കു ആ വാസ്തവങ്ങളും കണക്കുകളും ആവശ്യമുണ്ട്. ആ ഉദ്ദേശത്തോടുകൂടിയാണ് അവർ നിങ്ങളോടു ചോദ്യങ്ങൾ ചോദിക്കുന്നതു്. നിങ്ങൾ അവരെ വ്യക്തമായ വല്ലതുംകൊണ്ടുസഹായിക്കാൻതക്ക നിലയിലാണെങ്കിൽ, നിങ്ങൾക്കു അങ്ങിനെചെയ്യാം.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): തീർച്ചയായിട്ടും മൂന്നിൽകുറയാതെയുള്ള ആളുകൾ ഹൈക്കോടതിയിൽ അപേക്ഷകന്മാരായുണ്ട്.

ഡിപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): എൻെറ സ്നേഹിതൻ മി: പി. എസ്. മഹമ്മദിൻെറ ഉപക്ഷേപത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു.

മി: പി. എസ്. മഹമ്മദ് അസമത്വസമുദായങ്ങളിൽ ഒന്നായ മഹമ്മദീയസമുദായത്തിൽനിന്നും ഈ സഭയിലേക്ക നാമിനേററുചെയ്തിട്ടുള്ള ഒരാളാണ്. അദ്ദേഹത്തിന്റെ സമുദായത്തിനു ഉദ്യോഗവിഷയത്തിലുള്ള അസമത്വം പരിഹരിക്കുന്നതിനുവേണ്ടി വളരെ ശ്രമംചെയ്തുകാണുന്നതു വാസ്തവത്തിൽ വളരെ അഭിനന്ദിക്കേണ്ടതുതന്നെ. എന്നാൽ പ്രധാനമായിട്ടു അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഈ വിഷയംമാത്രമെ പതിഞ്ഞു കാണുന്നുവെല്ലോ എന്ന് ഓർമ്മിക്കുമ്പോൾ അല്പം മനസ്താപവും തോന്നാതിരിക്കുന്നില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ആവശ്യമെന്നുതോന്നുന്ന മററുസംഗതികളിലും പ്രവർത്തിക്കുന്നുണ്ടെന്നു അറിയാമോ?

മി: മുരുവേലിയിൽ പാച്ചുപിള്ള (ചേർത്തല): അതു വളരെ അപൂർവമായിട്ടെ കാണുന്നുള്ളു. ഇതിനെക്കാൾ അധികമായിശ്രദ്ധപതിപ്പിക്കേണ്ട അനവധികാര്യങ്ങൾ അദ്ദേഹത്തിന്റെ സമുദായത്തിൽ ഉണ്ട്. അങ്ങിനെയിരിക്കെ ഈ ഉദ്യോഗപരമായ കാര്യത്തിൽതന്നെ ഇപ്രകാരം വാദിച്ചുകൊണ്ടിരിക്കുന്നതിൽ വളരെ മനസ്താപംഉണ്ട്. സാമുദായികവിഷയമായി കൂടുതൽ ശ്രദ്ധപതിക്കേണ്ട പല സംഗതികളും അദ്ദേഹം വിസ്മരിച്ചുകളയുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): അങ്ങിനെ പ്രധാനമായ സംഗതിയിൽ പ്രവർത്തിച്ചില്ല എന്നുള്ളതിനു ഒരു സംഗതി പറഞ്ഞാൽകൊള്ളാം?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അനേകം സംഗതികൾ ഉണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്: മി: പാച്ചുപിള്ളെ, അദ്ദേഹത്തെ അനുകൂലിക്കുന്നതിനുപകരം, നിങ്ങൾ അദ്ദേഹത്തെ ആക്ഷേപിക്കുകയാണ്. അങ്ങിനെയാണ് അദ്ദേഹം നിങ്ങളുടെ പ്രസംഗത്തെ കരുതുന്നതു.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അല്ല.സർ, ഞാൻ മി: മഹമ്മദിനെ അനുകൂലിക്കുകയാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: നാമമാത്രമായിട്ടു നിങ്ങൾ അദ്ദേഹത്തെ അനുകൂലിക്കുകയായിരിക്കാം. എന്നാൽ നിങ്ങൾ അദ്ദേഹത്തെ ആക്ഷേപിക്കുകയാണെന്നു അദ്ദേഹം വിചാരിക്കുന്നു.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അദ്ദേഹംമാത്രം അങ്ങിനെ വിചാരിക്കുന്നു എന്നെയുള്ളു. ഞാൻ അതിനു ഉത്തരവാദിയാകുന്നില്ല (ചിരി).

ഡിപ്യൂട്ടിപ്രസിഡന്റ്: മററുള്ളവരുടെ മനസ്സിലും നിങ്ങൾ ഉണ്ടാക്കിയിട്ടുള്ള ഭാവം അതാണ്.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ വിധത്തിൽ മി: മഹമ്മദ് ഈ കൌൺസിലിന്റെ സമയത്തെ വളരെ നഷ്ടപ്പെടുത്തുന്നുണ്ട്. ഇതു കേവലം അനാവശ്യമായ ഒരു വാദമെന്നു പറയുന്നില്ല. ഈ വാദത്തിനുകാരണം ഗവണ്മെന്റുതന്നെ ഉണ്ടാക്കുന്നതാണ്. അസമത്വസമുദായങ്ങൾക്ക ശരിയായി ഉദ്യോഗംലഭിക്കാത്തതിനു ഒരു പരിഹാരം കണ്ടുപിടിച്ചു ന്യായമായ ഒരു വ്യവസ്ഥ ഉണ്ടാക്കാത്തതുകൊണ്ടാണ് ഞങ്ങൾക്ക ഈ ഉദ്യോഗമില്ല ആ ഉദ്യോഗമില്ല, എന്നു അവർ പറയുന്നതിനു ഇടവരുന്നതു. ഗവണ്മെന്റിൽനിന്നും ഇന്നഇന്നവിധത്തിലെ ഉദ്യോഗം ലഭിക്കയുള്ളു എന്നുള്ളതിനു ഒരു സ്ഥിരതയും ഇപ്പോൾ ഗവണ്മെന്റിനില്ല. അങ്ങിനെ സ്ഥിരമായ ഒരു രീതിവച്ചിരുന്നുഎങ്കിൽ അതിലേക്കവേണ്ടി ഇങ്ങിനെസമയവ്യയം ചെയ്യേണ്ട ആവശ്യംവരികയില്ലായിരുന്നു. ഒരവസരത്തിൽ കാര്യക്ഷമതനോക്കിയാണ് ഉദ്യോഗനിയമനംനടത്തുന്നതെന്നു പറയും. മറെറാരവസരത്തിൽ അസമത്വസമുദായങ്ങൾക്ക പ്രഥമാവകാശം കൊടുക്കുന്നു എന്നു പറയും. കാര്യക്ഷമതയും അസമത്വവും നോക്കുന്നുഎന്ന് വേറൊരവസരത്തിൽ പറയും.

ഡിപ്യൂട്ടിപ്രസിഡന്റ്: എന്നുതന്നെയാണ് ഇപ്പോഴും പറയുന്നതു.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങിനെ അല്ലാതെയും കാണുന്നുണ്ട്. ഇന്നവിധത്തിലെ ഉദ്യോഗം കിട്ടുകയുള്ളു എന്നു നിശ്ചയമായിട്ടുള്ള ഒരു തീരുമാനം വരുത്തിയിരുന്നാൽ, അതനുസരിച്ചെ ഉദ്യോഗംകിട്ടുകയുള്ളു എന്ന് എല്ലാസമുദായക്കാർക്കും തീർച്ചയായ ഒരു വിശ്വാസം ഉണ്ടാകാൻ ഇടയുണ്ട്. ഇപ്പോൾ ഉദ്യോഗം ലഭിക്കുന്നതു ഭാഗ്യംപോലെയാണ് ചിലർ ഉദ്യോഗംകിട്ടുമോഎന്നു ജോത്സ്യന്മാരെക്കൊണ്ടു പ്രശ്നം വയ്പിച്ചുനോക്കുന്നു. ഇതു പരമാർത്ഥമാണ്. ഉദ്യോഗവിഷയത്തിൽ സ്ഥിരമായ ഒരു നയം ഗവണ്മെന്റ് അംഗീകരിക്കാത്തതുകൊണ്ടാണ് ഈ കൌൺസിലിന്റെ സമയം അധികവും നഷ്ടപ്പെട്ടുപോകുന്നതു. അതിനാൽ ഉദ്യോഗനിയമനവിഷയത്തിൽ സ്ഥിരമായ ഒരു നയം ഗവണ്മെന്റു ഇനിയെങ്കിലും സ്വീകരിക്കേണ്ടതാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): അതു ഗവണ്മെന്റിനെക്കൊണ്ടു ചെയ്യിക്കുന്നതിന് എന്താണ് മാർഗ്ഗം?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല). അതിലേക്ക പലമാർഗ്ഗവും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിലേക്ക ഒരു കമ്മിററിവേണമെന്നു പറയുന്നു. ആ കമ്മിററിയുടെ അംഗങ്ങളിൽ ഉദ്യോഗസ്ഥപ്രതിപക്ഷമൊ അനുദ്യോഗസ്ഥപ്രതിപക്ഷമൊ വേണ്ടതെന്നു വാദംവരും. അതുകൊണ്ടു കമ്മിററി വേണമെന്നില്ല. അതിലേക്കഗവണ്മെന്റുതന്നെ നല്ലവണ്ണം ആലോചിച്ചു മദ്രാസിൽ പബ്ളിഷ് ചെയ്തിട്ടുള്ള ജി. ഒ. പോലെ ഇവിടെയും ഒരു രൂൾ ഉണ്ടാക്കിയാൽമതി.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, മി: പി. എസ്. മഹമ്മദ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങിക്കൊള്ളുന്നു. ഓരോഡിപ്പാർട്ടുമെന്റും വരുമ്പോൾ അതിലെ അസമത്വാവസ്ഥയെ പരിഹരിക്കുന്നതിനു ഓരോസമുദായവും പ്രാതിനിധ്യത്തെ സംബന്ധിച്ചു പറയുന്നതുകൊണ്ടു സമയം നഷ്ടപ്പെട്ടുപോകുന്നുഎന്നു കഴിഞ്ഞകൊല്ലം ലാൻഡ്‌റവന്യൂഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ഒരു കട്ട്‌മോഷൻകൊണ്ടുവരികയും, ആ സന്ദർഭത്തിൽ ഗവണ്മെന്റ് അതെപ്പററി ഗാഢമായി ആലോചിച്ച് വേണ്ടതുചെയ്യാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തിട്ടുണ്ടെങ്കിലും പിന്നീടു അതിനെപ്പററി ഒന്നുംതന്നെ പ്രവർത്തിക്കാതിരിക്കുന്നതിനാൽ അതിനെപ്പററി വല്ലാത്ത ഒരു തോന്നലുണ്ട്. ഗവണ്മെന്റിന്റെ ഈ നയം കൌൺസിലിന്റെ സമയം മുഴുവൻ സമുദായ പ്രാതിനിധ്യവാദത്തിൽ കഴിഞ്ഞുകൊള്ളട്ടെ എന്നു ഗവണ്മെന്റു കരുതിക്കൊണ്ടല്ലയോ ഇങ്ങനെചെയ്യുന്നതെന്നു തോന്നിപ്പോകുന്നു. അതുകൊണ്ടു ഗവണ്മെന്റു സമയം ഈ സംഗതിയിൽ ആലോചിച്ചു ഒരു പര്യവസാനമുണ്ടാക്കണം. അല്ലെങ്കിൽ ഈ കൌൺസിൽ വേണ്ടെന്നുവെയ്ക്കണം. ഇത്രയും പറഞ്ഞുകൊണ്ട് മി: പി. എസ്. മഹമ്മദിന്റെ ഉപക്ഷേപത്തെ ഹാർദ്ദമായി പിന്താങ്ങുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവങ്കോട്ടും): മി: പി. എസ്. മഹമ്മദ് അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. സമുദായപ്രാതിനിധ്യവാദം മി: രാഘവയ്യയുടെ കാലത്തു തുടങ്ങി. അതിനെസംബന്ധിച്ചുള്ള ഗുറവില്ലിനിമിത്തം ചിലർക്ക് ചിലകയററ ഇറക്കങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നു എന്ന് ഇരുവശമെയുള്ള പ്രസംഗങ്ങൾകൊണ്ടും പ്രവൃത്തികൊണ്ടും മനസ്സിലാകുന്നുണ്ട്. ഇപ്രകാരമുള്ള വാദപ്രതിവാദം ഇതുമഹത്തായ ഈ സ്ഥാപനത്തിന്റെ വിലയേറിയസമയംകളയാൻ ഇടവരുത്തിയതു നിമിത്തം സാധുക്കളായ കൃഷിക്കാരുടെ പ്രതിനിധികളായി വന്നിരിക്കുന്ന ഞങ്ങൾക്കു വളരെ സങ്കടമുണ്ട് (ഹീയർ, ഹീയർ). തിരുവിതാംകൂറിലെ ഹൈക്കോടതിയുടെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നൂ൭ാംവശത്തു ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"ഭരണാധികാരങ്ങളുടെ യാതൊരുവിധമായ കൈകടത്തലിൽനിന്നും കോടതികൾ പൂർണ്ണസ്വാതന്ത്ര്യമുള്ളവയാണ്".

ഇങ്ങിനെപറഞ്ഞിരിക്കുന്ന ഹൈക്കോടതിയുടെ തീരുമാനത്തെപ്പോലും ഈ കൌൺസിലിലെ ഏതാനും അംഗങ്ങൾ ശരിയല്ലെന്നു വിചാരിക്കുന്നു. ഹൈക്കോടതിയുടെ തീരുമാനത്തിന്മേൽ രാജകീയഅപ്പീൽ മാത്രമേയുള്ളൂ. അങ്ങിനെയുള്ള ഹൈക്കോടതിയുടെ നിയമനത്തിൽ വ്യത്യാസമുണ്ട് എന്ന് ഇവിടെ നടത്തുന്ന വാദപ്രതിവാദത്തിന് എത്രമാത്രം ഉത്തമവിശ്വാസമുണ്ടെന്ന് ഊഹിക്കാവുന്നതാണ്. മേലാൽ ഈ സംഗതിയെ സംബന്ധിച്ചു സമയം ചിലവാക്കാതെയിരിക്കുന്നതിനു ചിലസംഗതികൾ നിർദ്ദേശിക്കാം.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോൾ നാം ആവശ്യപ്പെടുന്നതു ഹൈക്കോടതിയിലെ എസ്റ്റാബ്ലിഷ്മെന്റിൽ പ്രാതിനിധ്യത്വം അംഗീകരിച്ച് ഉദ്യോഗം കൊടുക്കണമെന്നല്ലേ?

മി: ടി. സി. കേശവപിള്ള (കല്ലൂളവും വിളവങ്കോട്ടും); അതെ അതുകൊണ്ടു സർക്കാരുദ്യോഗസ്ഥന്മാരായ വലിയആളുകളുടെ ശമ്പളംവെട്ടിക്കുറച്ചു സമുദായ പ്രാതിനിധ്യത്തിനുവേണ്ടി കൊടുക്കുന്നതിന് ഒരുവഴിയുക അനുവദിക്കണമെന്ന് ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നതായാൽ തീർച്ചയായും ഗവണ്മെന്റുദ്യോഗത്തിനു ഇത്ര ആവശ്യക്കാർ വരുന്നതല്ല. ഹൈക്കോടതിയിൽനിന്നു കമ്മീഷൻ ഉത്തരവു കൊടുക്കുന്നതിൽതന്നെയും വാദപ്രതിവാദം നടക്കുന്നു.

അതിനാൽ ഈഭാഗത്തുള്ള സാമാജികന്മാരും ഗവണ്മെന്റും മേലാൽ ഈവിഷയത്തിൽ സമയം വ്യയം ചെയ്യാതിരിക്കുന്നതിനു വേണ്ട ഏർപ്പാടുവരുത്തണം എന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: മി: കേശവപിള്ള, ആ ചോദ്യം ഇവിടെ ഉത്ഭവിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, മുഖ്യമായി ഏതാനും പ്രസംഗങ്ങൾക്കുമുമ്പ് ഇതുപോലെയുള്ള ഒരുപക്ഷേപത്തെ സംബന്ധിച്ചു ഞാൻചെയ്തിട്ടുള്ള പ്രസ്താവനയെപ്പററിയുള്ള ചിലതെററിദ്ധാരണകളെ നീക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നതിനാൽ, ഈ ഉപക്ഷേപത്തെപ്പററി ഏതാനുംവാക്കുകൾ ഞാൻ പറയേണ്ടിയിരിക്കുന്നു. ഞാൻ പ്രത്യേകമായി സഭയുടെ ഈവശത്തുള്ള എന്റെസ്നേഹിതന്മാരോടു അപേക്ഷിക്കുന്നതു ഗവണ്മെന്റു സർവീസിൽ രാജ്യത്തുള്ള യാതൊരു സമുദായത്തിന്റേയും പ്രാതിനിധ്യത്തിനു ഞാൻ എതിരല്ല എന്നു പറയുമ്പോൾ എന്നെ പൂർണ്ണമായി വിശ്വസിക്കണം എന്നത്രേ. നേരെമറിച്ച് കഴിയുന്നത്ര രാജ്യത്തുള്ള എല്ലാസമുദായങ്ങളുടെയും എല്ലാഅംഗങ്ങൾക്കും ഉള്ള യോഗ്യതകളും ന്യായമായ അവകാശങ്ങളും സ്വീകരിക്കപ്പെടേണ്ടതാണെന്ന് ആഗ്രഹമുള്ളവനാണ് ഞാൻ (കേൾപ്പിൻ, കേൾപ്പിൻ). ഈസംഗതിയെപ്പററി നിശ്ശേഷം തെററിദ്ധാരണ ഉണ്ടാകാതിരിക്കട്ടെ. മി: കുര്യാക്കോസ് ഇന്നു വേറെ ഒരു ഉപക്ഷേപത്തെപ്പററി സംസാരിക്കുമ്പോൾ ഉദ്യോഗനിയമനത്തിനുവേണ്ടി ഒരുപരീക്ഷ ഏർപ്പെടുത്തേണ്ടതാണെന്നുള്ള എന്റെ നിർദ്ദേശത്തെപ്പററി സംസാരിച്ചു.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഇപ്പോൾ നൽകുന്നതു വ്യക്തിഗതമായ ഒരു വിവരണമാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): മുമ്പൊരുദിവസം ഞാൻ ഏതാനും അഭിപ്രായങ്ങളെ പ്രകടിപ്പിച്ചു. ചിലമെമ്പർമാർ അവയെ ശരിയായി മനസ്സിലാക്കീട്ടില്ലഎന്നുതോന്നുന്നു. എന്റെ നിലയെ സ്പഷ്ടമാക്കുന്നതിനും ഇപ്പോൾ വിമർശനത്തിലിരിക്കുന്ന ഉപക്ഷേപത്തെപ്പററി ഏതാനും നിർദ്ദേശങ്ങളെ ചെയ്യുന്നതിനും കൂടി ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: അങ്ങിനെ എങ്കിൽ പ്രസംഗിക്കുന്നതിനു നിങ്ങളെ അനുവദിക്കുന്നതിനു എനിക്കു ഒരു വിരോധവും ഇല്ല. അല്ലാത്തപക്ഷം അതു ക്രമരഹിതമായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്റെവാദം ഇതാണ്. സമുദായപ്രാതിനിധ്യം എന്ന വിഷയത്തെ തൃപ്തികരമായവിധത്തിൽ തീർച്ചയാക്കേണ്ടിയിരിക്കുന്നു. അതിലേക്കു ഞാൻ നിർദ്ദേശിക്കുന്നതു എന്തെങ്കിലും ഒരു കമ്മററിയോ ഒററഒരാളോ ഉണ്ടായിരിക്കേണ്ടതാണ് എന്നത്രെ....

ഡിപ്യൂട്ടിപ്രസിഡന്റ്: മി: എ. താണുപിള്ള, നിങ്ങളുടെ നിരീക്ഷണങ്ങൾ എസ്റ്റാബ്ലിഷ്മെന്റിനെ മാത്രം സ്പർശിക്കുന്നതായിരിക്കണം. മററുമെമ്പർമാരെപ്പററി ഞാൻ പറഞ്ഞിട്ടുള്ളതു നിങ്ങൾക്കും കൂടി യോജിക്കുന്നതായിരിക്കും. പൊതുവായ ചിഹ്നോപക്ഷേപങ്ങളിന്മേൽ വിമർശനം ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളതുപോലെ, അത് നയത്തെപ്പററിയുള്ള ഒരു സംഗതിയാണെങ്കിൽ, പബ്ലിക്കു സർവീസിൽ സമുദായപ്രാതിനിധ്യം എന്നസംഗതിയെ കുറെ വിസ്താരമായി നിരീക്ഷിക്കുന്നതിനു ഒരു വിരോധവുമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ, ഈ എസ്റ്റാബ്ലിഷ്മെന്റിലേക്കുള്ള നിയമനം ഏതുവിധത്തിൽ ചെയ്യേണ്ടതാണെന്ന് എനിക്കു പറയാൻ കഴിയും. അതു അധികം വിസ്താരമായ ഒരു വിഷയത്തെ സ്പർശിച്ചേക്കാവുന്നതുമാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: എന്നാൽ ആ വൃത്തിയിൽ നിങ്ങൾ സമുദായപ്രാതിനിധ്യം എന്ന അധികം വിസ്താരമായ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതിനുപകരം ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെന്റിനെപ്പററി

ചലപ്രായശ്ചിത്തം പ്രസ്താവിക്കേണ്ടതായിരിക്കും എന്നു ഞാൻ പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഉപക്ഷേപം പ്രയോഗിച്ച മി: മഹമ്മദിനെ ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെൻറിനെ കടന്നു സംസാരിക്കാൻ ഞാൻ അനുവദിക്കാതിരുന്നതിനാൽ ആ സ്വാതന്ത്ര്യം നിങ്ങൾക്ക് അനുവദിക്കാൻ എനിക്കു പാടില്ല. അതാണ് എനിക്കുള്ള വിഷമം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പറഞ്ഞതെല്ലാം പൂർണ്ണശക്തിയോടുകൂടി ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെൻറിനേയും സംബന്ധിക്കുന്നതാണ്. സർ, രാജ്യത്തുള്ള എല്ലാസമുദായങ്ങളേയും നാം തൃപ്തിപ്പെടുത്തണമെന്നിരുന്നാൽ സമീകരണകർത്തൃത്വം പോലെ വല്ലതും ആവശ്യപ്പെടും. കാരണം, മുമ്പൊരു ദിവസം ഞാൻ പറഞ്ഞതുപോലെ, ഒരു പ്രത്യേക ആഫീസിൽ ഉദ്യോഗങ്ങൾ വളരെ ചുരുക്കമായിട്ടെ ഉണ്ടായിരിക്കുകയുള്ളു. ആഫീസുമുഴുവനും വഹിക്കുന്നയാൾക്ക് തൻെറ ആഫീസിലുള്ള ഉദ്യോഗങ്ങളുടെ എണ്ണം രാജ്യത്തുള്ള സമുദായങ്ങളുടെ എണ്ണത്തേക്കാൾ കുറവായിരിക്കുമ്പോൾ, രാജ്യത്തിലെ എല്ലാസമുദായങ്ങളുടേയും അവകാശങ്ങളെ തൃപ്തിയാക്കാൻ എങ്ങിനെ കഴിയും? അതിനാൽ രാജ്യത്തിലെ പല ഡിപ്പാർട്ടുമെൻറുകളിലുമുള്ള ഉദ്യോഗങ്ങളിലേക്ക് ആളുകളെ നിയമിക്കാൻവേണ്ടി ഒരു ലിസ്ററു തയ്യാറാക്കുന്നതിന് കേന്ദ്രമായ ഒരു കർത്തൃത്വം പോലെ എന്തെങ്കിലും ആവശ്യമാണ്. ഒരുവിധം സമീകരണകർത്തൃത്വം ഉണ്ടായിരിക്കണം. പരീക്ഷകൾ ഏർപ്പെടുത്തുന്നെങ്കിൽ വിഷമം നീക്കാവുന്നതാണ്. ഗവർമ്മെൻറു സർവീസിലേക്കു പ്രവേശനത്തിനായി അപേക്ഷകന്മാരുടെ ഒരു ലിസ്റ്റ് ഉണ്ടായിരിക്കണം. ഈ അപേക്ഷകന്മാരിൽ നിന്നും നിയമനം ചെയ്യാവുന്നതാണ്. ഇതായിരുന്നു എൻെറ നിർദ്ദേശം, അതിനെപ്പററി എനിക്കു നല്ലനിശ്ചയമില്ലായിരുന്നു. ഗവർമ്മെൻറിൻേറയും സഭയുടേയും ആലോചനക്കായി ഞാൻ കൊണ്ടുവന്ന എൻെറ നിർദ്ദേശം മാത്രമായിരുന്നു അത്. ദൃഷ്ടാന്തമായി കൃഷിഡയറക്ടരുടെ ആഫീസിൽ ഒരു ക്ലാർക്കിൻെറ ഉദ്യോഗം ഒഴിവുവരുന്നെങ്കിൽ അദ്ദേഹത്തിനു കേന്ദ്രസമീകരണകർത്തൃത്വത്തിലേക്ക് ഉടനെ എഴുതി അയക്കാവുന്നതും അവർ അപേക്ഷകനെ തിരഞ്ഞെടുത്തു കൃഷിഡയറക്ടരുടെ അടുക്കലേക്ക് അയക്കാവുന്നതും ആണ്. തീർച്ചയായിട്ടും യോഗ്യതയുള്ള അപേക്ഷകന്മാരുടെ ഒരു ലിസ്ററു തയ്യാറാക്കുമ്പോൾ, പിന്നോക്കമുള്ള സമുദായങ്ങളുടെ അവകാശങ്ങളേയുംകൂടി ആലോചിച്ചുകൊള്ളണമെന്നു കേന്ദ്രകർത്തൃത്വത്തിനോടു ആവശ്യപ്പെടേണ്ടതുമാണ്.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: മി: താണുപിള്ള, നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, എൻെറ നില വിശദമാക്കാൻവേണ്ടി ഒരു മിനിട്ടു നേരത്തേക്കു ക്ഷമിക്കുന്നതിനു ദയവുണ്ടാകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഡിപ്പ്യൂട്ടി പ്രസിഡൻറു: മി: താണുപിള്ള, നല്ലതുതന്നെ, ഞാൻ ഒരു മിനിട്ടുകൂടെ അനുവദിച്ചിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആദ്യംതന്നെ ഞാൻ സമർപ്പിച്ചതുപോലെ, സർ, ഞാൻ സമുദായപ്രാതിനിധ്യത്തിന് അശേഷം എതിരല്ല. നേരെമറിച്ച് എൻെറ വാദം രാജ്യത്തിലെ എല്ലാ സമുദായങ്ങളുടേയും അവകാശങ്ങളെ മുറപോലെ അനുവദിക്കേണ്ടതാണ് എന്നത്രെ. ഉദ്യോഗനിയമനത്തിനുവേണ്ടി ഒരു പരീക്ഷ ഏർപ്പെടുത്തണമെന്നു എൻെറ പൊതുവായ ഒരു നിർദ്ദേശം മാത്രമായിരുന്നു, അതിനെപ്പററി എനിക്കു വല്ല പ്രത്യേകതയോ പൂർണ്ണവിശ്വാസമൊ ഉണ്ടായിരുന്നില്ല.

അങ്ങിനെതന്നെ, സംഗതി മുഴുവനായി അന്വേഷണം കഴിക്കുന്നതിനു ഒരു കമ്മററി നിയമിക്കണമെന്നുള്ള എൻെറ നിർദ്ദേശത്തെപ്പററി പറകയാണെങ്കിൽ, ഈ വിഷയത്തെ തൃപ്തികരമായി തീർച്ചചെയ്യുന്നതിനു ഒരു കമ്മററിക്കുമാത്രമെ സാധിക്കുകയുള്ളു എന്ന് എനിക്കു തോന്നുന്നു. കാരണം വിഷയത്തിൻെറ പല വശങ്ങളും ആലോചിക്കേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിൽ വല്ലതുംചെയ്യാമെന്നു ഗവർമ്മെൻറു ഉദ്ദേശം ഒരുവർഷംമുമ്പു വാഗ്ദാനംചെയ്തിട്ടുണ്ട്; എന്നാൽ ഇതുവരെയായിട്ടും യാതൊന്നുംചെയ്തിട്ടില്ല. ഒരു കമ്മററിയേയോ, വിഷയത്തെ മുഴുവനും അതിൻെറ എല്ലാ വശങ്ങളിലുംകൂടി അന്വേഷണം കഴിക്കുന്നതിലേക്കു ഗവർമ്മെൻറിനു വിശ്വാസമുള്ള ഒരു ഗവർമ്മെൻറുദ്യോഗസ്ഥനെയോ നിയമിച്ചെങ്കിൽ മാത്രമെ ഈ സംഗതി തീർച്ചയാക്കാൻ പാടുള്ളു.

ഡിപ്പ്യൂട്ടി പ്രെസിഡൻറു: മി: താണുപിള്ള, ഒരു മിനിട്ടു തീർന്നിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ മിക്കവാറും അവസാനിപ്പിച്ചുകഴിഞ്ഞു.

സർ, വ്യവസായഡയറക്ടർ തൻെറ ആഫീസിൽ ഒരു മഹമ്മദീയനെ നിയമിച്ചിട്ടില്ലല്ലോ, ഹൈക്കോർട്ടിലെ ചീഫ് ജസ്റ്റിസ് രാജ്യത്തിലെ മഹമ്മദീയരുടെ ആകെ തുക നോക്കുമ്പോൾ താൻ ചെയ്യേണ്ടിയിരുന്നതുപോലെ ഒരു മഹമ്മദീയനെ നിയമിച്ചിട്ടില്ലല്ലോ എന്നു എൻെറ സ്നേഹിതൻ മി: മഹമ്മദ് പറഞ്ഞേക്കാം, സർ, എന്നാൽ മി: മഹമ്മദിൻെറ വാദം എത്ര അളവിൽ ന്യായമാണെന്നുള്ള ഒരു ചോദ്യം ഉത്ഭവിക്കുന്നു. ഇരുപതു ഉദ്യോഗങ്ങളിൽ മൂന്നെണ്ണം മഹമ്മദീയക്കു കൊടുക്കേണ്ടതാണ് എന്നൊരു ചട്ടം ഉണ്ടാകുന്നെങ്കിൽ, മിസ്റ്റർ മഹമ്മദിനു അതുകൊണ്ടു തൃപ്തിവരുമോ എന്നറിഞ്ഞുകൂടാ. ൧൦൦-ൽ പത്തെണ്ണം മഹമ്മദീയക്കു കൊടുക്കുന്നെങ്കിൽ, ആകെയുള്ള ൧൦൦ ഉദ്യോഗങ്ങളിൽ ൧൦ എണ്ണം മാത്രമെ തൻെറ സമുദായത്തിനു കൊടുത്തിട്ടുള്ളു എന്നു മി: മഹമ്മദിനു പിന്നെയും പറയാം. അതിനാൽ ഈ സംഗതി തീർച്ചയാക്കുന്ന കാര്യത്തിൽ അനേകം വിഷമങ്ങൾ ഉണ്ട്. ഞാൻ നിർദ്ദേശിക്കുന്നതു് ആത്രയും, വിഷയത്തെ അതിൻെറ എല്ലാ വശങ്ങളിലുംകൂടെയും ആലോചിച്ചു ഒരു സുസ്ഥിരമായ ന്യായം അനുകരിക്കേണ്ടതാണ് എന്നത്രെ.

മി: എ. ജി. മേനോൻ (പറവൂർ): ഈ ഉപക്ഷേപത്തിന്മേൽ സംസാരിച്ചുകൊണ്ടിരുന്ന എൻെറ സ്നേഹിതന്മാർ എല്ലാവരും രാജ്യത്തെ ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗംമാത്രം വരുന്ന ഏററവും വമ്പിച്ച സമുദായമുൾപ്പെടെയുള്ള സമുദായങ്ങളുടെ അവകാശങ്ങളെപ്പററി വാദിക്കുകയായിരുന്നു. രാജ്യത്തിലെ ജനസംഖ്യയുടെ ആകെ തുകയിൽ ഏകദേശം പകുതിയോളംവരുന്ന ഒരു സമുദായത്തിൻെറ അവകാശങ്ങളെപ്പററി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകോട്ടിലെ സ്ത്രീകളെയാണു ഞാൻ ഉദ്ദേശിക്കുന്നതു്. എൻെറ സഹചരന്മാർ തങ്ങളുടെ സ്വന്തസമുദായങ്ങളെപ്പററി വാദിച്ചുകൊണ്ടിരുന്ന പ്രമാണമനുസരിച്ചു തിരുവിതാംകോട്ടിലെ സ്ത്രീജനങ്ങളുടെ പേരിൽ ഞാൻ വാദിക്കുന്നതു് ഗവർമ്മെൻറു സർവീസിലുള്ള ഉദ്യോഗങ്ങളുടെ മൊ

ന്തുകയിൽ ൫൦ ശതമാനത്തിൽ കുറയാതെ അവക്കു കൊടുക്കേണ്ടതാണ് എന്നാണ്. ശരിയായ യോഗ്യതയുള്ള സ്ത്രീകൾക്കുമാത്രം ഉദ്യോഗങ്ങൾ കൊടുത്താൽ മതിയാകുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സ്ത്രീകളുടെ കാര്യത്തിലും സമുദായപ്രാതിനിധ്യമെന്ന പ്രമാണം അനുകരണീയമാണെന്നു മെമ്പർ ഉദ്ദേശിക്കുന്നുവോ?

ഡിപ്യൂട്ടിപ്രസിഡൻറ്: അവർ അധികം പരിഷ്കാരമുള്ളവരാണെന്നും അതിനാൽ സമുദായപ്രാതിനിധ്യം ആവശ്യപ്പെടുന്നില്ലെന്നും തോന്നുന്നു.

മി: എ. ജി. മേനോൻ (പറവൂർ): അവക്കു ബോധിച്ച ഏതു സമുദായത്തിൽനിന്നും യോഗ്യതയുള്ള സ്ത്രീകളെ ഗവണ്മെൻറിനു തിരഞ്ഞെടുക്കാവുന്നതാണ്. അവർ, പുലയരോ, പറയരോ, ബ്രാഹ്മണരോ, നായന്മാരോ, ക്രിസ്ത്യരോ ആയ സ്ത്രീകളെ ഉദ്യോഗങ്ങളിൽ നിയമിച്ചുകൊള്ളട്ടെ. സ്ത്രീകളുടെ സംഖ്യയിൽ ഞാൻ സമുദായപ്രാതിനിധ്യം ആവശ്യപ്പെടുന്നില്ല.

സർ, കുറഞ്ഞപക്ഷം, രണ്ടുമൂന്നുദ്യോഗങ്ങൾ എങ്കിലും സ്ത്രീകൾക്കു കൊടുത്തിട്ടുള്ളതിനുവേണ്ടി ബഹുമാനപ്പെട്ട ഹൈക്കോർട്ടിനോടു നന്ദി പറയുന്നതിനു ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ, ക്രമപ്രശ്നവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേല്ക്കുന്നു. സ്ത്രീകൾ ഒരു സമുദായമാണോ? സ്ത്രീകളെ ഒരു സമുദായം എന്ന് എൻെറ സ്നേഹിതനു പറയാൻ പാടുണ്ടോ?

മി. എ. ജി. മേനോൻ (പറവൂർ) സ്ത്രീകൾ ഒരു പ്രത്യേകസമുദായമാണെന്നു ഞാൻ പറഞ്ഞില്ല. അവർ തീർച്ചയായിട്ടും മനുഷ്യവർഗ്ഗത്തിൽപെട്ടവരാണ്. (ചിരി).

കുറഞ്ഞപക്ഷം മൂന്നു സ്ത്രീകൾക്കു ഉദ്യോഗങ്ങൾ കൊടുത്തതിനുവേണ്ടി ഞാൻ ഹൈക്കോർട്ടിനോടു നന്ദി പറയുന്നു. എൻെറ സ്നേഹിതന്മാരുടെ കണക്കിൻെറ തോതനുസരിച്ചു കണിശമായി പറയുന്നെങ്കിൽ രാജ്യത്തിൽ ആകെയുള്ള ഉദ്യോഗങ്ങളിൽ ൫൦ ശതമാനത്തിനു സ്ത്രീകൾക്കവകാശമുണ്ടെങ്കിലും, തല്ക്കാലത്തേക്കു അത്രത്തോളം പോകുന്നതിനു ഞാൻ ആവശ്യപ്പെടുന്നില്ല. ഗവണ്മെൻറു സർവീസിൽ ഉള്ള ഉദ്യോഗങ്ങളിൽ ൨൫ ശതമാനമെങ്കിലും അവക്കു കൊടുക്കേണ്ടതാണെന്നു ഞാൻ വാദിക്കുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) തൻെറ അഭിപ്രായത്തെ അദ്ദേഹം ഇപ്രകാരം ചുരുക്കിക്കളയുന്നത് എന്തുകൊണ്ടാണെന്നു പറയാമോ?

മി. എ. ജി. മേനോൻ (പറവൂർ) യോഗ്യത സിദ്ധിച്ച പുരുഷന്മാരുള്ളടത്തോളം സ്ത്രീകളില്ലാത്തതിനാൽ തല്ക്കാലം ഞാൻ ൫൦ ശതമാനം ആവശ്യപ്പെടുന്നില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: ഒരു പുരുഷനും ഒരു സ്ത്രീയും ഒരേ സമയത്തു ഒരുദ്യോഗത്തിനായി അപേക്ഷിക്കുമ്പോൾ, പുരുഷനെ ഉപേക്ഷിച്ചു സ്ത്രീയെ നിയമിക്കുന്നതായിരിക്കും.

മി. എ. ജി. മേനോൻ (പറവൂർ): ഞാൻ ഇപ്പോൾ നിർദ്ദേശിക്കുന്നതിലും കഠിനമായ ചട്ടമായിരിക്കും അത്. നാലു ഒഴിവുകളുണ്ടെങ്കിൽ ഒന്നു സ്ത്രീകൾക്കായി ഒഴിച്ചുവയ്ക്കേണ്ടതാണെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു

മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും വടക്ക്) സർ, മിസ്റ്റർ പി. എസ്. മഹമ്മദിൻെറ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയല്ല ഹൈക്കോടതിയുടേയും മററു പല ഡിപ്പാർട്ടുമെൻറുകളുടേയും നിയമനത്തെ സംബന്ധിച്ചു ൧൧൨൫ നവംബർ ൨൭-ാംതീയതി ൮൪൨൪/൨൫-ാം നമ്പറായി ഒരു ജി. ഒ. ഉണ്ടായിട്ടുണ്ട്.

൧൧൨൦ ൧-ാമാണ്ട് മേടം ൧൧-ാംതീയതി വച്ചിട്ടുള്ള നിയമസഭാ
നടപടികൾ വാല്യം ൮ നമ്പർ ൧൧.

തിരുവനന്തപുരം ൧൧൨൫ ഏപ്രിൽ ൨൭ എന്നു തീയതി വച്ചിട്ടുള്ള
ആർ. ഡിസ്. നമ്പർ ൮൪൨൪/൨൫

ജി. എ. (പ്രൊ. ബ.) ആയ ഉത്തരവ്.

"പബ്ലിക്ക് സർവീസിൽ ഉദ്യോഗനിയമനങ്ങൾ എന്ന വിഷയം കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ട് നിയമസഭയിലും പ്രജാസഭയിലും വൃത്താന്തപത്രങ്ങളിലും നിരീക്ഷണങ്ങൾക്കും വിമർശനങ്ങൾക്കും പാത്രമായിത്തീർന്നിട്ടുണ്ട്. ആക്ഷേപങ്ങൾ നിയമനരീതിയെ സ്പർശിക്കുന്നവയായിരുന്നു. ഡിപ്പാർട്ടുമെൻറുകളുടേയും ആഫീസുകളുടേയും മേധാവികളുടെ നേരെ, അവർ ചെയ്യുന്ന നിയമനങ്ങളെപ്പററി വർഗ്ഗീയപക്ഷപാതം എന്ന കുററം ആരോപിക്കപ്പെടുകയും ചെയ്തു. പ്രജാസഭയുടെ കഴിഞ്ഞയോഗത്തിൽ ഈ വിഷയത്തെപ്പററിയുള്ള നിവേദനങ്ങളുടെ ഒരു പരമ്പര സമർപ്പിക്കപ്പെടുകയുണ്ടായി. അപ്പോൾ ഗവണ്മെൻറു പുനർവിധാനത്തിലും വ്യവസ്ഥാപനത്തിലും ഏർപ്പെട്ടിരുന്ന രണ്ടു കൊല്ലങ്ങളിൽ പറയത്തക്ക ഉദ്യോഗനിയമനം ഒന്നും ഉണ്ടായിട്ടില്ലെന്നും ൧൦൯൯-ൻെറ പൂർവാർദ്ധം അവസാനിച്ചതോടുകൂടി ശിപാർശചെയ്യപ്പെട്ട നിയമനങ്ങളും ൧൦൯൯-ൽ പിന്നെ ഡിപ്പാർട്ടുമെൻറുകളുടെയും ആഫീസുകളുടേയും മേധാവികൾ ചെയ്തിട്ടുള്ള അത്യാവശ്യ നിയമനങ്ങളുടെ ജാതിക്രമത്തിലുള്ള സ്റ്റേറ്റുമെൻറുകളും അങ്ങിനെ ചെയ്തിട്ടുള്ള നിയമനങ്ങൾ ഉദ്യോഗനിയമനങ്ങൾക്കുവേണ്ടി ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയത്തെ എത്രത്തോളം അനുകരിച്ചിട്ടുണ്ടായിരുന്നു എന്നു തീർച്ചപ്പെടുത്തുന്നതിലേക്ക് പരിശോധിക്കപ്പെടുന്നതായിരിക്കും എന്നും ലക്ഷീകരിക്കപ്പെട്ടു. ഈ നയത്തെ പ്രജാസഭയുടെ ൧൯-ാമത്തേയും ൨൦-ാമത്തേയും യോഗങ്ങളിൽ ദിവാൻ അവർകൾ വിവരിച്ചു പറഞ്ഞിട്ടുണ്ട്.

"ആവശ്യപ്പെട്ടതായ സ്റ്റേറ്റുമെൻറുകൾ എല്ലാം കിട്ടുകയും പരിശോധിക്കപ്പെടുകയും ചെയ്തു. പ്രധാനമായ ഡിപ്പാർട്ടുമെൻറുകളിൽ ചിലതിനെ സംബന്ധിച്ചിടത്തോളം ഇതുവരെ കിട്ടിയിട്ടുള്ള കണക്കുകളുടെ ഫലസാരാംശങ്ങൾ താഴെ സൂചിപ്പിച്ചിരിക്കുന്നു."

ഹൈക്കോർട്ടിലേക്കു അയച്ചിട്ടുള്ള സർക്കുലർ ഉത്തരവു താഴെ പറയുന്നതായിരുന്നു.

"ഡിപ്പാർട്ട്മെന്റിൽ ഇതുവരെ ധാരാളമായി പ്രാതിനിധ്യമുള്ള സമുദായങ്ങളിൽനിന്നും നിയമിച്ചിട്ടുള്ള ആളുകൾക്കുപകരം പ്രാതിനിധ്യം അധികം കുറവായിരിക്കുന്ന സമുദായങ്ങളിൽനിന്ന കൂടുതൽ ആളുകളെ കുറഞ്ഞപക്ഷം താല്ക്കാലികഒഴിവുകളിലെങ്കിലും, എടുക്കാഞ്ഞതു എന്തുകൊണ്ടാണെന്ന അന്വേഷണം കഴിക്കയും ഒരു മറുപടി അയച്ചുതരികയും വേണം എന്ന് ഹൈക്കോർട്ടിനോട് അപേക്ഷിക്കുന്നതായിരിക്കും."

ഗവണ്മെന്റ് ഇങ്ങനെ ആർഡർ അയച്ച് കടലാസ വരുത്തിയെന്നല്ലാതെ അതനുസരിച്ച് പിന്നീട് വേണ്ടവിധത്തിൽ പ്രവർത്തിച്ചിട്ടില്ല എന്ന് പിന്നീട് ഗവണ്മെന്റ് എനിക്കുതന്ന മറുപടിയിൽനിന്നുതന്നെ തെളിയിക്കാം. ഓരോ ഡിപ്പാർട്ടുമെന്റിലും ഈ ഗവണ്മെന്റുത്തരവ് ഉദ്ധരിച്ച് സമാധാനം ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ള സമാധാനത്തിന്റെ കാപ്പി തരാമോ എന്നും, സമാധാനം തൃപ്തികരമായിരുന്നോ എന്നും തൃപ്തികരമല്ലാത്ത സമാധാനംതന്നെ ഡിപ്പാർട്ടുമെന്റുമേലദ്ധ്യക്ഷന്മാരോട് വീണ്ടും സമാധാനം ചോദിച്ചിട്ടുണ്ടോ എന്നും ഞാൻ ചോദിച്ച ചോദ്യത്തിന ഗവണ്മെന്റുതന്ന മറുപടി ഇങ്ങനെയാണ്. ലജിസ്ലേറ്റീവ് കൌൺസിൽ പ്രൊസീഡിംഗ്സ് വാല്യം പന്ത്രണ്ടാംനമ്പർ ൧-൧൨ മകരം ൧൧൦൫, പേജ് ൩൮൭. "സമാധാനംതന്ന തീയതി അറിയാമോ? അറിയാൻ പാടില്ല. മാസം അറിയാമോ? മാസം നിശ്ചയമില്ല. സമാധാനം തൃപ്തികരമായിരുന്നോ? തൃപ്തികരമായിരുന്നു എന്നാൽ പൂർണ്ണമായി തൃപ്തികരമാണെന്ന് ഗവണ്മെന്റ വിചാരിച്ചിട്ടില്ല. പൂർണ്ണമായി തൃപ്തികരമല്ലാത്ത സമാധാനംതന്നവരോട് വീണ്ടും സമാധാനം ആവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങിനെ ചെയ്യേണ്ട ആവശ്യമില്ല" എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഞാൻ മനസിലാക്കിയിരിക്കുന്നത് ഈ സർക്കുലർ അനുസരിച്ച് പ്രവൃത്തിക്കാതിരിക്കുന്നത് ഈ ഡിപ്പാർട്ടുമെന്റ മേധാവികളുടെ കുറ്റമല്ലെന്നാണ്. ഗവണ്മെന്റ നിഷ്കർഷയായി ചട്ടംകെട്ടിയിരുന്നാൽ ഇങ്ങനെ പ്രവൃത്തിക്കുന്നതിന് ഇവർ ധൈര്യപ്പെടുകയില്ല. ഗവണ്മെന്റ ഇതിന്ന പരിഹാരമുണ്ടാക്കേണ്ടത് അത്യാവശ്യമാണ്. പല സ്നേഹിതന്മാരും പറഞ്ഞതുപോലെ തിരുവിതാംകൂറിൽ ഇന്നു കാണുന്ന വർഗ്ഗീയമത്സരത്തിന്റെ കാരണം ഉദ്യോഗനിയമനമാണ്. അതിനെ സംബന്ധിച്ച ഗവണ്മെന്റു യാതൊരു തത്വവും സ്വീകരിക്കാതെ ജനങ്ങളെ തമ്മിൽ കടിപിടികൂട്ടിക്കുന്നു. ഗവണ്മെന്റിന്ന ഇതിൽ ഏതോ ഗൂഢ ഉദ്ദേശമുള്ളതുപോലെ സംശയിക്കേണ്ടിയിരിക്കുന്നു.

മി: ജി. സി. കേശവപിള്ള (കുന്നത്തൂരും പത്തനംതിട്ടയും): 'ഈ ഗവണ്മെന്റ്' എന്നു പറയുന്നതാരാണ്?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്): ഗവണ്മെന്റ് എന്നു പറയുന്നതു ഗവണ്മെന്റുതന്നെ.

ഈ നിയമനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഒരു തത്വം ഗവണ്മെന്റു സ്വീകരിക്കാതിരിക്കുന്ന കാലത്തോളം തിരുവിതാംകൂറിൽ ഈ വർഗ്ഗീയമത്സരം അവസാനിക്കയില്ല. ഡിപ്പാർട്ടുമെന്റുമേധാവികൾ ഗവണ്മെന്റിനെ വകവയ്ക്കുകയില്ല. അവർ വകവയ്ക്കണമെങ്കിൽ ഗവണ്മെന്റ് ഈ വിഷയത്തിൽ ഒരു തത്വം സ്വീകരിച്ചു പ്രവർത്തിക്കണം. നാല്പതുലക്ഷം ജനങ്ങളുടെ പ്രതിനിധികളായിരിക്കുന്ന ഞങ്ങൾ ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായം പറഞ്ഞിട്ടുണ്ട്. സ്ഥിരമായ ഒരു തത്വം സ്വീകരിച്ച് അതനുസരിച്ചു പ്രവർത്തിക്കണമെന്ന് ഡിപ്പാർട്ടുമെന്റുമേലധികാരികൾക്കു കർശനമായി ഉത്തരവുകൊടുത്ത് മേലാലെങ്കിലും അതനുസരിച്ചു നിയമനം നടത്തണമെന്ന് ഗവണ്മെന്റ ചട്ടംകെട്ടണം എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മി; പി. എസ്. മുഹമ്മദിന്റെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. കഴിഞ്ഞ ഇടവമാസത്തെ കൌൺസിലിൽ മി. ദാമോദരൻ ആശാൻ പബ്ളിക്കുവകയായ റോഡ്, കുളം, സത്രം മുതലായവയിൽ എല്ലാ ജാതിക്കാർക്കും ഒരുപോലെ പ്രവേശനം എന്നൊരു റസലൂഷൻ പാസാക്കീട്ടുണ്ട്. ആ സംഗതിയെ അടിസ്ഥാനപ്പെടുത്തി... ... ...

ഡിപ്യൂട്ടി പ്രസിഡന്റ്: അതിനും ഇതിനും യാതൊരുസംബന്ധവുമില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്); അതിന് ഉദാഹരണമായി പറഞ്ഞതാണ്. ആ പ്രമേയം ഇവിടെ ചെലുക്കപ്പെടുന്ന പാസായസ്ഥിതിക്ക് പൊതുവക സ്വത്തുകൊണ്ട് സംരക്ഷിച്ചുവരുന്ന ഉദ്യോഗവും അവരുടെ അവകാശം അനുസരിച്ച് ഓരോരുത്തർക്കും കിട്ടണം, ഈ സംഗതിപറയുമ്പോൾ കൌൺസിലിലെ ചില മെമ്പറന്മാർ ചിറമ്മനയം കാണിക്കുന്നതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ആദ്യത്തെ പ്രമേയം ഐകമത്യപൂർവ്വമായ നിലയിൽ പാസായസ്ഥിതിക്ക് ഈവിധത്തിലൊരു വാഗ്ദാനം എന്തിനാണ്?

മി: ആർ. രാമൻപിള്ള (കോട്ടയം): ഏതെങ്കിലും സമുദായത്തിന ശരിയായിട്ടുള്ള പ്രാതിനിധ്യം കൊടുക്കരുതെന്ന് ഏതു മെമ്പറെങ്കിലും ഇവിടെ വാദിച്ചിട്ടുണ്ടോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്); കൊടുക്കരുതെന്നു പറഞ്ഞിട്ടില്ല, കൊടുക്കുന്നതിൽ തടസ്സം പറയുന്നു എന്നാണ് പറഞ്ഞത്.

റോഡ്, കുളം എന്നിവയിൽ സമാവകാശം വേണമെന്നു പറഞ്ഞാൽ കമ്മറ്റിയൊന്നുംവേണ്ട. ഉദ്യോഗനിയമനം വരുമ്പോൾ കമ്മററിയും പരീക്ഷയും ചെയ്യേണമെന്നു പറയും.

മി: ആർ. രാമൻപിള്ള (കോട്ടയം): സമുദായപ്രാതിനിധ്യം കൊടുക്കരുതെന്ന് ആരെങ്കിലും വാദിച്ചിട്ടുണ്ടോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കൊടുക്കുന്നതിൽ തടസ്സംകാണിക്കുന്നു എന്നാണ പറയുന്നത്.

ഡിപ്യൂട്ടി പ്രസിഡന്റ്: അതു മുമ്പുതന്നെ പറഞ്ഞല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം): പിന്നെ കാര്യക്ഷമതനോക്കാതെ പ്രാതിനിധ്യം കൊടുക്കണമെന്നാണോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കാര്യക്ഷമതയുണ്ടെങ്കിൽ കൊടുത്താൻ മതി.

ഡിപ്യൂട്ടി പ്രസിഡൻറ്: മി: തണുപിള്ള പറഞ്ഞതിനെപ്പററി തെററിദ്ധാരണയുണ്ടെന്ന് തോന്നുന്നു. തടസ്സമുണ്ടാക്കണമെന്നുദ്ദേശിച്ചു പറഞ്ഞതല്ല. ഒരു പദ്ധതി തീർച്ചയാക്കുകയാണെങ്കിൽ അതനുസരിച്ചു പ്രവൃത്തിക്കാം. അല്ലെങ്കിൽ നിശ്ചിതമായ ഒരു വഴിയിൽ പ്രവൃത്തിക്കാൻ നിവൃത്തിയില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പദ്ധതിയുണ്ടാക്കിയാൽ ഓരോ സമുദായത്തിൻേറയും കണക്കുവച്ചു നോക്കണം.

ഡിപ്യൂട്ടി പ്രസിഡൻറ്: ഓരോ ഡിപ്പാർട്ടുമെൻറിലും ആണോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പത്തുപേർ ഉണ്ടായിരുന്നാൽ ഓരോ ഡിപ്പാർട്ടുമെൻറിലും കൊടുക്കാനുണ്ടെങ്കിൽ ഓരോന്നു കൊടുക്കണം.

മി: ചുറിയേലിൽ പാച്ചുപിള്ള (ചേർത്തല): പത്തുപേരുണ്ടെങ്കിൽ ഒന്നു കൊടുക്കണമെന്നു പറഞ്ഞു. ആ ഒരാളിനെ നിശ്ചയിക്കുന്നതെങ്ങിനെയാണ്?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കൂടുതൽ ജനസംഖ്യയുള്ള സമുദായത്തിലെ ഒരാളിനു കൊടുക്കണം.

ഡിപ്യൂട്ടിപ്രസിഡൻറ്: പത്തുപേർ റോമൻകത്തോലിക്കർ ഉണ്ടെങ്കിൽ ഒരുദ്യോഗം കൊടുക്കുന്നതിനു എങ്ങിനെ സാധിക്കുമെന്നാണ് മി: പാച്ചുപിള്ള ചോദിക്കുന്നത്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ആ സമുദായത്തിനു കിട്ടാനുള്ളവീതം അനുസരിച്ചുകൊടുക്കണം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഒന്നു രണ്ടു വർഷകാലത്തേക്കു ഈ വിധത്തിൽ തെക്കൻതിരുവിതാംകൂറിൽ കൊടുത്തുകഴിഞ്ഞിട്ടു വടക്കൻ തിരുവിതാംകൂറിൽ കൊടുത്താൽമതിയെന്നു എഴുതിവക്കാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വടക്കൻ തിരുവിതാംകൂറിലേക്കാൾ കൂടുതൽ യോഗ്യത ഇവർക്കുണ്ടെങ്കിൽ അങ്ങിനെ കൊടുക്കുന്നതുകൊണ്ടു വിരോധമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): കൂടുതൽ കാര്യക്ഷമതയുള്ളവരെന്നു പരീക്ഷകൂടാതെ അറിയുന്നതെങ്ങിനെ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): കാര്യക്ഷമത നോക്കുന്നതു ഗവണ്മെൻറാണല്ലോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഇതുവരെ ഇങ്ങനെ ഒരു കാര്യക്ഷമത വച്ചിട്ടുണ്ടോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അതിനുത്തരം പറയണമെന്നു തോന്നുന്നില്ല.

മി: എ. സി. കുറിയാക്കോസ് (മീനച്ചിലും-ദേവികുളവും): ഉദ്യോഗത്തിനു പല അപേക്ഷകന്മാരും ഉണ്ടായിരിക്കെ അതിൽനിന്നു ഒരാളെ നിയമിച്ചിട്ടുള്ളതായി ഉദാഹരണങ്ങൾ പലതും ഇല്ലേ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഉണ്ട്, അതിനാൽ മി. മഹമ്മദിൻെറ ഉപക്ഷേപത്തോടു പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡൻറ്: മി: ഇട്ടീച്ചൻ, നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇത്രയും പറഞ്ഞുകൊണ്ടു പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഹൈക്കോർട്ടിലെ എസ്റ്റാബ്ലിഷ്മെൻറ് വിദ്വാനായ ചീഫ് ജസ്റ്റിസിൻെറ നേരെയുള്ള ഭരണത്തിലാണ്. ഹൈക്കോർട്ടിലെ ഉദ്യോഗനിയമനകാര്യത്തിൽ വേണ്ടപോലെ പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളെസംബന്ധിച്ചിടത്തോളം സമുദായപ്രാതിനിധ്യം എന്നുള്ള കരുതൽ അദ്ദേഹത്തിൻെറ മനസ്സിൽ ഉറച്ചിട്ടുണ്ട് എന്നു കാണുന്നുണ്ട്. ഹൈക്കോർട്ടിൽ നാലു മഹമ്മദീയ ക്ലാർക്കന്മാരുണ്ടെന്നു മി: പി. എസ്. മഹമ്മദുതന്നെ സഭയോടു പറഞ്ഞിട്ടുണ്ട്. ഇങ്ങിനെതന്നെ ഇതുവരെ കിട്ടീട്ടുള്ള കണക്കുകളിൽനിന്നു ഈയിടയിൽതന്നെ വിദ്വാനായ ചീഫ് ജസ്റ്റീസ് ഈ സംഗതിയെസംബന്ധിച്ചു ഈ സഭയുടെ അഭിവാഞ്ഛകളെ വളരെ ആദരിച്ചു എന്നു ഞാൻ കാണുന്നു. മി. തണുപിള്ള വിശദമാക്കിയതുപോലെ, വിഷയം അനേകം വിഷമങ്ങളെക്കൊണ്ടു സങ്കീർണ്ണമായിരിക്കുന്നു. കൂടാതെയും, സർ, കുറഞ്ഞസമയത്തിനുള്ളിൽ രാജ്യത്തിലെ എല്ലാ സമുദായക്കാരുടേയും ആവശ്യങ്ങളെ ഈ വിഷയത്തിൽ തൃപ്തിയാക്കുന്നതു സാദ്ധ്യമില്ലാതെയിരിക്കാം. ഹൈക്കോർട്ടു എസ്റ്റാബ്ലിഷ്മെൻറിൻെറ സംഗതിയിൽ ഇതു വിശേഷാൽ അങ്ങിനെയാണ്, കാരണം എല്ലാ ഉദ്യോഗങ്ങളിലും ചെറുപ്പക്കാരായ ഗ്രാഡ്യുവേറ്റുമാരെ നിയമിച്ചിരിക്കുന്നതിനാൽ രാജ്യത്തിലുള്ള നാനാസമുദായങ്ങളിലെയും യോഗ്യതസിദ്ധിച്ചയാളുകളെ നിയമിക്കത്തക്കവണ്ണം ഒഴിവുകൾ വേണ്ടിടത്തോളം ഉണ്ടാകുന്നതു സംഭവ്യമല്ല. എന്തായാലും ഈ സംഗതിയിൽ കൂടി ഈ സഭയുടെ ആഗ്രഹങ്ങളെ നിശ്ചയമായിട്ടു ആദരിച്ചുപ്രവർത്തിക്കുന്നതായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി: മേനോൻെറ വാദത്തെപ്പററി എന്തു പറയുന്നു?

മി: ജി. പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി: മേനോൻെറ വാദത്തെപ്പററി ഞാൻ മറുപടിപറയേണ്ട ആവശ്യമില്ല. അദ്ദേഹംതന്നെ പറഞ്ഞതുപോലെ, ആ പ്രമാണമനുസരിച്ചായിരുന്നു വിദ്വാനായ ചീഫ്ജസ്റ്റീസ് ഹൈക്കോർട്ട് എസ്റ്റാബ്ലിഷ്മെൻറിൽ മൂന്നോളം സ്ത്രീകളെ ഉദ്യോഗത്തിൽ നിയമിച്ചിട്ടുള്ളതു്. സ്ത്രീകളെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നവിഷയത്തിൽ കൂടി സമുദായപ്രാതിനിധ്യമെന്ന പ്രമാണം ആദരിക്കേണ്ടതാണെന്നു ഈ സഭ നിഷ്കർഷിക്കുന്നെങ്കിൽ, ഹൈക്കോർട്ടിലെ വിദ്വാനായ ചീഫ് ജസ്റ്റിസിനുവേണ്ടി, കഴിയുന്നതും അതും ആദരിച്ചിട്ടുണ്ടെന്നുപറയാൻ എന്നെ അനുവദിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): രാജ്യത്തിലുള്ള ഇതരസമുദായങ്ങളെക്കാൾ സ്ത്രീ സമുദായം കൂടുതൽ സംഖ്യാബലമുള്ള ഒരു സമുദായമാണെന്നു മെമ്പർക്കു ബോധമുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): അതെ, ഹൈക്കോർട്ടിലെ വിദ്വാനായ ചീഫ് ജസ്റ്റീസ്കൂടിയും അതു സമ്മതിച്ചിരിക്കുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഓരോ ഡിപ്പാർട്ടുമെൻറിലും ഈ അസമത്വസമുദായങ്ങളുടെ സംഖ്യ കുറഞ്ഞിരിക്കുന്നു എന്നും മുസ്ലീമിങ്ങളുടെ സംഖ്യവേണ്ടുവോളം ഇല്ലെന്നും ചൂണ്ടികാണിക്കുന്നതിനുവേണ്ടി ഞാൻ ഈ സഭയുടെ ആരംഭംമുതൽ ഓരോഡിപ്പാർട്ടുമെൻറു സംബന്ധിച്ചുള്ള ഡിമാൻറുവരുമ്പോൾ ശ്രമിച്ചിട്ടുണ്ട്. എന്റെ സ്നേഹിതൻ മി: പാച്ചുപിള്ള പറഞ്ഞതു് ഞാൻ ഈ മുസ്ലീംസമുദായങ്ങളുടെ കാര്യം പറയുന്നതിൽ ഗൗരവമേറിയ സംഗതികളെ മാററിവച്ചിട്ടു ഉദ്യോഗകാര്യത്തിലേക്കുവേണ്ടിമാത്രം പ്രവൃത്തിക്കുന്നു എന്നു സൂചിപ്പിച്ചു. എന്നാൽ മുസ്ലീംസമുദായങ്ങൾക്കു ഇതിൽ കൂടുതലായ ആവശ്യമെന്താണെന്നു സൂചിപ്പിച്ചിട്ടില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഉദ്യോഗംകിട്ടാത്ത ബി. എ. ക്കാർ എത്രഉണ്ടെന്നു അന്വേഷിച്ചിട്ടില്ലല്ലോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): എത്രയാണെന്നു എനിക്കു അറിയാം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പിന്നെ എന്താണിവിടെ പറയാതിരുന്നതു്?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതു ഇവിടെ പറയണമെന്നു തോന്നുന്നില്ല. പ്രധാനപ്പെട്ട സംഗതികളിൽ ഞാൻ മൌനംഭജിക്കുന്നു എന്നു പറഞ്ഞു. കൗൺസിലിൻറ ശ്രദ്ധക്ക് പ്രധാനമെന്നു തോന്നുന്ന എല്ലാവിഷയങ്ങളിലും എന്റെ ശക്തിക്കനുസരിച്ചു പ്രവൃത്തിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ചു എന്റെ സ്നേഹിതന്റെ അഭിപ്രായമനുസരിച്ചുതന്നെ പ്രവൃത്തിക്കണമെന്നു കല്പിക്കാൻ അവകാശമില്ല. സമുദായപ്രാതിനിധ്യത്തെപ്പററത്തു സമയംകളയണമെന്നും ആഗ്രഹിക്കുന്നില്ല. അന്യസമുദായങ്ങൾക്കുള്ളതുപോലെ ഈ ഡിപ്പാർട്ടുമെൻറിൽ എന്റെ സമുദായത്തിൽനിന്നും ആളില്ലന്നേ പറയുന്നുള്ളു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും-തെക്ക്): സർ, ക്രമപാലനവിഷയമായ ഒരു സംഗതിക്കുവേണ്ടി ഞാൻ എഴുന്നേൽക്കുന്നു. "സഭയുടെ സമയം പാഴാക്കുക" എന്നുപറയുന്നതു പ്രതിനിധി സഭയ്ക്കു തീരെ യോജിച്ചതല്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിനെപ്പററി പറയേണ്ടതു എന്റെ ചുമതലയാണു. എന്റെ സ്നേഹിതന്മാരുടെ അനാവശ്യമായ വാദപ്രതിവാദംകൊണ്ടാണു സമയം അധികവും പോകുന്നതു്.

മി: എ. ജി. മേനോൻ (പറവൂർ): സ്ത്രീകൾക്ക് ഈഡിപ്പാർട്ടുമെൻറിൽ നാലിലൊന്നുവീതം കൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അതിൽ മെമ്പറിന്റെ അഭിപ്രായമെന്താണ്? പുരുഷന്മാർക്കു ഇത്രവീതംകൊടുക്കണമെന്നു പറഞ്ഞു. സ്ത്രീകൾക്കു എത്രവീതം കൊടുക്കണം?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): പിന്നോക്കംനിൽക്കുന്നസമുദായത്തിലുള്ള പുരുഷന്മാരെസംബന്ധിച്ചേ ഞാൻ പറഞ്ഞിട്ടുള്ളു. സ്ത്രീകളെസംബന്ധിച്ചുള്ളവിഷയംവരുമ്പോൾ പറഞ്ഞുകൊള്ളാം.

മി: എ. ജി. മേനോൻ (പറവൂർ): വോട്ടുചെയ്യുന്നതുകൊണ്ടു അതു പറയേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: സ്ത്രീകളുടെ അവകാശങ്ങൾക്കെതിരായിട്ടു ഈ സഭയിൽ യാതൊരുമെമ്പറും വോട്ടുചെയ്കയില്ല.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): സ്ത്രീകളെ സംബന്ധിച്ചിടത്തോളം എന്തു വീതം കൊടുക്കണമെന്നു തോന്നുന്നുവോ ആ വീതം കൊടുക്കുന്നതിൽ എനിക്കു തടസ്സമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, മി: മഹമ്മദിനോടു ഒരു ചോദ്യം ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഹൈക്കോടതിയിൽ എത്ര ക്ലാർക്കുകളുണ്ടായിരുന്നാൽ മഹമ്മദീയരുടെ അവകാശം ശരിയായി പരിഗണിക്കാം?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ൭൩ ക്ലാർക്കുകളുടെ കൂട്ടത്തിൽ രണ്ടു പേരുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): രണ്ടിൽ കൂടുതലുണ്ടെന്നു കാണുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): അതിൽ ഗ്രാഡുവേററു ക്ലാർക്കു ഒന്നും ഇല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ക്ലാർക്കന്മാർപ്പെടെ ഏഴുപേരുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): അവർ ൨൫ രൂപാക്കു മേൽ ശമ്പളമുള്ളവരല്ല.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു ഗ്രാഡുവേററു ക്ലാർക്കു ഉണ്ടായിരുന്നു, എന്നാൽ അയാളെ പിന്നീടു എവിടെയോ പ്രമോഷൻ ചെയ്യപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ജനസംഖ്യ നോക്കുകയാണെങ്കിൽ എത്ര പേർ ഹൈക്കോടതിയിൽ വേണം?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): അതു ആദ്യം പറഞ്ഞിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മഹമ്മദീയരുടെ സംഖ്യ എത്രയുണ്ട്?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): ഇരുവതരപ്പുറത്തൊരു അതാണ്.

ഡിപ്യൂട്ടി പ്രസിഡൻറ്: മി: മഹമ്മദ്, ഇപ്പോൾ നിങ്ങളുടെ ഉപക്ഷേപം നിങ്ങൾ നിർബന്ധിക്കുന്നുവോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): കണക്കു നോക്കിയതിൽ വലിയ കുറവു കാണുന്നില്ലല്ലോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഹൈക്കോർട്ടിൽ ൫൬ + ൮ = ൬൪ ക്ലാർക്കുകൾ മാത്രമാണ് ഉള്ളത്. ഈ ൬൪-ൽ നാലു മഹമ്മദീയരും ഉണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): ഹൈക്കോടതിയിൽ നിന്നും മേൽ പോകുന്നതിനു പ്രാപ്തിയുള്ള മഹമ്മദീയരെ നിയമിക്കണം. അതിനു യോഗ്യതയുള്ളവർ ഉണ്ട്.

ഡിപ്യൂട്ടി പ്രസിഡണ്ട്: മി: മഹമ്മദ്, ഹൈക്കോർട്ടു ഗ്രാഡുവേററു മഹമ്മദീയരെ മനഃപൂർവം ഉപേക്ഷിക്കുകയും ഗ്രാഡുവേററല്ലാത്ത മഹമ്മദീയരെ നിയമിക്കുകയും ചെയ്തു എന്നു നിങ്ങൾ നിർദ്ദേശിക്കുന്നുവോ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): ഹൈക്കോടതിയിൽ മഹമ്മദീയരായ ഗ്രാഡുവേററ്സിനു സ്ഥാനം കിട്ടീട്ടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഇപ്പോൾ അവിടെ ഇരിക്കുന്നവരിൽ ഒരാൾ വെളിയിലാക്കി ഒരു ഗ്രാഡുവേററിനെ ആക്കാമോ?

മി: പി. എസ്. മഹമ്മദ് (നിയമിത മെമ്പർ): ബാക്കിയുള്ളവർക്ക് ഉദ്യോഗം കൊടുക്കുന്നതു അങ്ങിനെയാണെങ്കിൽ ഈ കാര്യത്തിലും അങ്ങിനെ പ്രവൃത്തിച്ചാൽ മതി.

ആയതിനാൽ ഈ സംഗതികളെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ വരുത്തിക്കൊണ്ടു ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചു കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉപക്ഷേപം പിൻവലിക്കപ്പെടുന്നതിനെ ഞാൻ എതിർക്കുന്നു.

മി: മഹമ്മദിന്റെ തന്റെ ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവദിക്കരുതെന്നുള്ള പ്രമേയം വോട്ടിനിടുകയും തള്ളപ്പെട്ടു പോകയും ചെയ്തു.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ ഒരു പോൾ (അനുകൂലപ്രതികൂലഭാവം) ആവശ്യപ്പെടുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു.

ഒരു പോൾ എടുക്കപ്പെട്ടു. സഭ താഴെ കാണിച്ചിരിക്കുന്ന പ്രകാരം വിഭജിക്കപ്പെട്ടു.

ഉപക്ഷേപം പിൻവലിക്കപ്പെടുന്നതിനു എതിർനിന്നവർ ൧൩.

൧ മിസ്റ്റർ എ. എസ്. ദാമോദരനാശാൻ
൨ ,, എ. ജി. മേനോൻ
൩ ,, ആർ. കേശവപിള്ള
൪ ,, ടി. സി. കേശവപിള്ള
൫ ,, താമരപ്പള്ളിൽ കൊച്ചുതമ്മൻ
൬ ,, കെ. പി. നീലകണ്ഠപ്പിള്ള
൭ ,, മുരുവേലിൽ പാച്ചുപിള്ള
൮ മിസ്റ്റർ കെ. പത്മനാഭഅയ്യർ
൯ ,, എസ്. പിറവിപ്പെരുമാൾപിള്ള
൧൦ ,, എൽ. ആർ. രാജരാജവർമ്മ
൧൧ ,, ആർ. രാമൻപിള്ള
൧൨ ,, രേവതിനാൾ രാമവർമ്മരാജാ
൧൩ ,, എ. താണുപിള്ള

ഉപക്ഷേപം പിൻവലിക്കപ്പെടുന്നതിനു എതിരല്ലാത്തവർ ൩൦.

൧ മിസ്റ്റർ വി. അരുണാചലഅയ്യർ
൨ ,, എൽ. എ. ബിഷപ്പ്
൩ ,, ഐ. സി. ചാക്കോ
൪ ,, ആർ. ധനുക്കോടിപ്പിള്ള
൫ ,, പി. ഗോമതിനായകംപിള്ള
൬ ,, പി. എൻ. കൃഷ്ണപിള്ള
൭ രാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൮ മിസ്റ്റർ ടി. കെ. മാധവൻനായർ
൯ ,, ഇ. ജി. മാക്ക്ആപ്പൈൻ
൧൦ ,, ആർ. നീലകണ്ഠപ്പിള്ള
൧൧ ,, ജി. പരമേശ്വരൻപിള്ള
൧൨ ഡാക്ടർ കെ. രാമൻതമ്പി
൧൩ മിസ്റ്റർ ടി. പി. രാമസുബ്ബയ്യർ
൧൪ ,, എസ്. സി. എച്ച്. റാബിൻസൺ
൧൫ ,, ആർ. വെള്ളയിംഗംപിള്ള
൧൬ മിസ്സസ്. എലിസബെത് കുരുവിള
൧൭ മിസ്റ്റർ ഡി. ഫ്രാൻസിസ്
൧൮ ,, ഇട്ടപ്പ് ഇട്ടീച്ചൻ
൧൯ ,, ഡി. സി. ജോസഫ്
൨൦ ,, കെ. സി. കരുണാകരൻ
൨൧ ,, എൻ. കെ. കൃഷ്ണപിള്ള
൨൨ ,, വി. എസ്. കൃഷ്ണപിള്ള
൨൩ ,, തയ്യിൽ കുഞ്ചിരുതമ്മൻ
൨൪ ,, എ. സി. കുറിയാക്കോസ്
൨൫ ,, എൽ. എ. ലാമ്പാർഡ്
൨൬ ,, കെ. മാധവൻ
൨൭ ,, പി. എസ്. മഹമ്മദ്
൨൮ ,, മാത്യൂ മുരിക്കൻ
൨൯ ,, ജി. പി. നീലകണ്ഠപ്പിള്ള
൩൦ ,, വി. ജെ. ഉമ്മൻ

നിഷ്പക്ഷനിലക്കാർ ൩.

൧ മിസ്റ്റർ വി. ചെല്ലംപിള്ള
൨ ,, എച്ച്. ബി. മുഹമ്മദ്റാവുത്തർ
൩ മിസ്റ്റർ കെ. ജി. പരമേശ്വരൻപിള്ള

ഉപക്ഷേപം പിൻവലിക്കുന്നതിനു മെമ്പർക്കു അനുവാദമുണ്ട് എന്നു പ്രസ്താവിക്കപ്പെട്ടു, സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെടുകയും ചെയ്തു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭ. പോളിന്റെ ഫലമറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡണ്ട്: ഞാൻ ഫലം പ്രസ്താവിച്ചു കഴിഞ്ഞു. പക്ഷേ നിങ്ങൾ ശ്രദ്ധിക്കുന്നില്ലായിരുന്നു. ഉപക്ഷേപം പിൻവലിക്കപ്പെടുന്നതിനു ൩൦-ം, എതിർപക്ഷക്കാർ ൧൩-ം, നിഷ്പക്ഷനിലക്കാർ ൩-ം ആണ്.

൩൫൨-ാം ഉപക്ഷേപം.

താഴെ പറയുന്ന ഉപക്ഷേപം ഉപക്ഷേപിക്കപ്പെട്ടില്ല.

മി: എ. സി. കുര്യാക്കോസ്:

എസ്റ്റാബ്ളിഷ്മെൻറിന കൊള്ളിച്ചിട്ടുള്ള ൨൮,൩൨൮ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണം.

൩൫൫-ാം ഉപക്ഷേപം.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക): സർ, ഞാൻ താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

എസ്റ്റാബ്ളിഷ്മെൻറിന കൊള്ളിച്ചിട്ടുള്ള ൨൮,൩൨൮ രൂപായിൽ നിന്നും ൫൦൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കണമെന്ന ഉദ്ദേശിച്ചത ഹൈക്കോർട്ടിലെ, അതായത് നമ്മുടെ രാജ്യത്തെ പ്രധാന നീതിന്യായകോടതിയിലെ, ജഡ്ജിമാർ ഇപ്പോൾ കൈപ്പററുവരുന്ന ശമ്പളം, വേറെയുള്ള വിവിധഡിപ്പാർട്ടുമെൻറ മേധാവികളുടെ ശമ്പളത്തോടുകൂടി താരതമ്യപ്പെടുത്തി നോക്കിയാൽ കുറവാണെന്ന ഈ സഭയിൽ ധരിപ്പിക്കുന്നതിന വേണ്ടിയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ അധികരണത്തിൽ ഈ ഉപക്ഷേപം അനുവദിക്കത്തക്കതാണോ?

ഡിപ്പ്യൂട്ടിപ്രസിഡൻറ്: അതാണ് ഞാൻ അദ്ദേഹത്തോട ഇപ്പോൾ ചോദിക്കാൻ പോകുന്നത്. അത് ഹൈക്കോർട്ട് എസ്റ്റാബ്ളിഷ്മെൻറ് എന്ന അധികരണത്തിൽ ഉൾപ്പെടുന്നതാണോ? ഹൈക്കോർട്ട് ജഡ്ജിമാരുടെ ശമ്പളം ൩൦൦ രൂപയിൽ നിന്ന ൫൨൦൦ രൂപായായി വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകതയെ നിർദ്ദേശിക്കുന്നതിന നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ അത് വേറെ ഏതെങ്കിലും അധികരണത്തിൽ പിന്നീട നിങ്ങൾക്ക കൊണ്ടുവരാവുന്നതാണ്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും- വടക്ക്): ഉപക്ഷേപത്തെ ഗവൺമെൻറ സ്വീകരിക്കുകയും അജൻറയിൽ അച്ചടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: അത അവസാനമായ തീർച്ചയല്ല. അതിനെ ക്രമരഹിതമാണെന്ന ഞാൻ തള്ളുന്നു.

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ്ഗവൺമെൻറ ചീഫ്സെക്രട്ടറി): എല്ലാചോദ്യങ്ങളും യാതൊരു വ്യത്യാസവും കൂടാതെ അച്ചടിക്കപ്പെടുന്നു എന്ന ഞാൻ മെമ്പറോട പറയാം.

ഡിപ്പ്യൂട്ടിപ്രസിഡൻറ: ഉപക്ഷേപം ക്രമരഹിതമാകണന്ന ഞാൻ തള്ളുന്നു.

൩൫൮-ാം ഉപക്ഷേപം.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു,

സഞ്ചാരപ്പടിക്കായികൊള്ളിച്ചിട്ടുള്ള ൨൦൦൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണം.

സർ, ഈ ഉപക്ഷേപത്തെ ഉൾപ്പെടുത്തുന്നതിൽ എന്റെ ഉദ്ദേശം പ്രാസ്സസ്സുകളെ ശരിയായിനടത്തുവാൻ തക്കവണ്ണം ഉറപ്പുവരുത്തുന്നതിന്റെ ആവശ്യത്തെ ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിന വേണ്ടിയാണ്. വല്ലവിസമ്മതവും ഉണ്ടോ?

ഡിപ്പ്യൂട്ടിപ്രസിഡൻറ: ഇവിടെയും മുൻപറഞ്ഞ വിഷമം ഉണ്ടായിരിക്കയില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത് ഹൈക്കോർട്ടുജഡ്ജിമാരുടെ "സഞ്ചാരപ്പടി" എന്ന അധികരണത്തിലാണ്. എനിക്ക പറയാനുള്ളത് അവരുടെ പരിശോധനയാത്രകളിൽ പ്രാസ്സസ്സ നടത്തുന്നവരുടെജോലിയെ പരിശോധിക്കേണ്ട ആവശ്യം അവർക്ക് ഉണ്ട് എന്നാണ്.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ആദ്യത്തെകൗൺസിൽമുതൽക്ക നാം അനുകരിച്ചുവരുന്ന നടപടിപ്രകാരം ഇപ്പോഴത്തെ നിലനിങ്ങൾക്ക് വല്ലവിധത്തിലും അതിനെപ്രത്യേകമായ അധികരണത്തോടുസംബന്ധിപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ ക്രമാനുസരണമായിരിക്കയില്ല എന്നാകുന്നു തോന്നുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഹൈക്കോർട്ടുജഡ്ജിമാർ തങ്ങളുടെ പരിശോധനയാത്രകളിൽ പ്രാസ്സസ്സ നടത്തുന്നവരുടെ ജോലിയെ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതിനെയാണ് ഞാൻ ഇതിനെ സംബന്ധിപ്പിക്കുന്നത്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഈ വിഷയത്തെ സംബന്ധിച്ച എനിക്ക് ഒരു മിനിട്ട് അനുവദിക്കുമെങ്കിൽ ——

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഞാൻ നിങ്ങൾക്ക ൩ മിനിട്ട് അനുവദിക്കുന്നതായിരിക്കും.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ്അഡിഷണൽഹെഡ്സർക്കാർവക്കീൽ): മി: ദാമോദരൻ ആശാൻ പറഞ്ഞതിൽനിന്ന് ഈ വിഷയത്തെപ്പററി എന്തോ തെററിധാരണയുണ്ടായിട്ടുണ്ട എന്ന ഞാൻ ഗ്രഹിക്കുന്നു. ഞാൻ ഇന്നലെ സ്ഥാപിക്കാൻ ശ്രമിച്ചിട്ടുള്ളത് നൂതനമായ ഒരു ചട്ടമോ നടപടിയോ അല്ല. ഒന്നാമത്തെകൗൺസിലിന്റെ ഒന്നാമത്തെ യോഗം മുതൽക്ക തന്നെ ഈ സംഗതിയെപ്പററിയുണ്ടായിട്ടുള്ള താഴെപറയുന്ന തീർച്ചകളിലേക്ക സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനമാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർച്ചയുടെ യാഥാർത്ഥ്യത്തെ ഞങ്ങൾ എതിർക്കുന്നില്ല എന്ന മെമ്പറോട ഞാൻ പറയട്ടെ? തീർച്ചകളെ നിഷ്കർഷയായി അനുകരിക്കേണ്ടതാണെന്ന മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെയാണെങ്കിൽ എനിക്കു തൃപ്തിയാണു. വ്യതിചലനം, വിശേഷാൽ നടപടി സംബന്ധമായ സംഗതികളിൽ വ്യതിചലനം ഒന്നും ഉണ്ടാകുന്നതിനിടയാകരുതു് എന്നു മാത്രമേ എനിക്കു ഉദ്ദേശമുള്ളു. എന്തെങ്കിലും വിധത്തിലുള്ള ഒരു നടപടികണ്ടുപിടിക്കുകയും കൂടെക്കൂടെ അതിൽനിന്നുവ്യതിചലിക്കുകയും അനാവശ്യമായ വാദങ്ങൾക്കിടയാക്കുകയും ചെയ്യാതിരിക്കുന്നെങ്കിൽ, സഭയുടെ ഇരുവശങ്ങളിലുമുള്ളവർക്ക് ക്ഷേമകരമായിരിക്കും. ഈ ഉദ്ദേശത്തോടുകൂടിയാണു സഭയുടെ നടപടി ഒരിക്കൽ വ്യവസ്ഥചെയ്തതിൽപിന്നെ അതിനെ കണിശമായി അനുകരിക്കേണ്ടതാണെന്നു ഞാൻ പറയുന്നതു്. ഇന്നലെ ഉത്ഭവിപ്പിക്കപ്പെട്ട സംഗതിയെ അതായതു് ഒരു പ്രത്യേക അധികരണത്തിൽ ഒരു നിശ്ചിതഖണ്ഡനത്തിനുവേണ്ടി ഉപക്ഷേപങ്ങൾ അവതരിക്കപ്പെട്ടപ്പോൾ എല്ലായ്പോഴും പതിവായ നടപ്പ് നയത്തിന്റെ പൊതുസ്വഭാവങ്ങളെപ്പറ്റി വിമർശനം ചെയ്യാതെ സംബന്ധിച്ച അധികരണത്തിലുൾപ്പെടാവുന്ന പ്രത്യേകസംഗതി, യോഗ്യതകളെ സ്പർശിക്കുന്ന സംഗതി, മാത്രമേ വിമർശനം ചെയ്യാവൂ എന്നുള്ളതിനെപ്പറ്റി, ആദ്യയോഗം മുതൽക്കുതന്നെയുള്ള ഈ സഭയുടെ തീർച്ചകൾ എനിക്ക് അനുകൂലങ്ങളാണു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു ചോദ്യമുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു ഞാൻ പിന്നാലെ മറുപടികൊടുക്കുന്നതാണ്. ഞാൻ ബലപ്പെടുത്തിപ്പറയാൻ ആഗ്രഹിക്കുന്ന സംഗതി മേല്പറഞ്ഞനിലയെ നിങ്ങൾ അവലംബിക്കുമെങ്കിൽ, അപ്പോൾ പിന്നീട് ഉത്ഭവിപ്പിക്കപ്പെടുന്ന നയസംബന്ധമായസംഗതികളിൽ നമ്മുടെ ശ്രദ്ധയെ ആകർഷിപ്പിക്കുന്നതിനു നമുക്കു കഴിയുന്നതാണ്. ഗ്രാൻറുകൾ മുതലായ അധികരണങ്ങളെപ്പോലെയുള്ള ചില്ലറവിവരങ്ങളേക്കാൾ അനുദ്യോഗസ്ഥമെംബർമാർക്ക് അധികം പ്രാധാന്യമുള്ള സംഗതികളെ വിമർശിക്കുന്നതിനു കൂടുതൽ സ്വാതന്ത്ര്യമുണ്ട്. നയസംബന്ധമായ വിസ്തീർണ്ണവിഷയങ്ങളെപ്പറ്റി [illegible] തൃപ്തികരമായുമുള്ള ഒരു വിമർശനം നടത്തുന്നതിനിടയുണ്ടാകത്തവണ്ണം മൊത്തത്തുകയിൽ നിന്നു നാമമാത്രമായ ഒരു കുറവിനായി ഉപക്ഷേപങ്ങൾകൊണ്ടുവരികയും ചില്ലറ സംഗതികളെ നിഷ്കർഷിക്കാതിരിക്കയും ആണ് ഈ സഭ ഇതുവരെയായി അനുകരിച്ചിട്ടുള്ള പതിവിൽ നിന്നും കാണാവുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതിനു വിപരീതമായ തീർച്ചകൾ ഒന്നും ഇല്ലേ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): വിപരീതമായ തീർച്ചകളില്ല. നേരെമറിച്ച് സഭ എല്ലായ്പോഴും ആനുരൂപ്യമുള്ളതായിരുന്നു

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ എന്തൊ ഒരു തെറ്റിദ്ധാരണയിലകപ്പെട്ടു കുഴങ്ങുകയായിരുന്നു. എന്നു വിദ്വാനായ മെമ്പർ പറഞ്ഞപ്പോൾ അദ്ദേഹം എന്തിനെയാണ് ഉദ്ദേശിക്കുന്നതു?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇന്നലെ ഞാൻ മി: ദാമോദരൻ ആശാനിൽനിന്നു ധരിച്ചതു് ഉത്ഭവിപ്പിക്കപ്പെട്ട സംഗതിയെപ്പറ്റി പ്രസ്തുതതീർച്ചകളെ സ്ഥാപിച്ചു ഞാൻ പറഞ്ഞപ്പോൾ സഭയെ ഞാൻ വിസ്മയഭരിതരാക്കിക്കളഞ്ഞു എന്നാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുതുവൽനിലങ്ങൾ പതിച്ചുകൊടുക്കുന്നതിനെയും ക്രമക്കേടായി പ്രവേശിക്കുന്നവരുടെ സ്വാതന്ത്ര്യങ്ങളെയും പറ്റിയുള്ള വിഷയം വിമർശനം ചെയ്യപ്പെട്ടപ്പോൾ, തന്റെ കൃത്യത്തെപ്പറ്റി അദ്ദേഹം ശ്രദ്ധപതിച്ചിരുന്നെങ്കിൽ, ക്രമപാലനവിഷയമായ സംഗതിയിലേക്കു താൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുമായിരുന്നു, അതിനുപകരം അദ്ദേഹം സഭയുടെ സമയം അനാവശ്യമായി ചെലവാക്കപ്പെടുന്നതിനിടവരുത്തി.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ ഉപക്ഷേപങ്ങൾ പൂർണ്ണമായും ക്രമാനുസൃതങ്ങളായിരുന്നു.

ഡിപ്യൂട്ടിപ്രസിഡണ്ട്: മി. ആശാൻ, അദ്ദേഹത്തിന്റെ നടപടിയെ പിന്നീടൊരവസരത്തിൽ കുറ്റാരോപണം ചെയ്യുന്നതിനു അതു ഒരു കാരണമല്ല.

മി: എ. എസ്, ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തന്റെ നടപടിക്കുവേണ്ടി വേറൊരാളുടെ മേൽ കുറ്റം ആരോപിക്കുകമാത്രമാണ് അദ്ദേഹം ചെയ്തിട്ടുള്ളതു്.

ഡിപ്യൂട്ടിപ്രസിഡൻറ്: മി. പരമേശ്വരൻപിള്ള മറുപടി കൊടുക്കേണ്ട, മറുപടി ആവശ്യപ്പെടുന്നതായിട്ടു ഒന്നുമില്ല.

അതിനാൽ ഒരു പ്രത്യേക അധികരണത്തിൽ ഒരു ക്ലിപ്തമായ കുറവിനായിട്ടുള്ള ഒരു ഖണ്ഡനോപക്ഷേപത്തെ നിങ്ങൾ വിമർശനം ചെയ്യുമ്പോൾ വിമർശനം അതിനെമാത്രം സ്പർശിക്കുന്നതായിരിക്കണം എന്നാണതീർച്ച എന്നു കാണുന്നു. ഖണ്ഡനം മൊത്തത്തുകയായ [illegible] രൂപായിൽനിന്നും ഒരു രൂപാ കുറയ്ക്കണം എന്നാണെങ്കിൽ ആ പ്രത്യേക അധികരണത്തെ സംബന്ധിക്കുന്ന വിഷയത്തോട് അതിനു വല്ല സംബന്ധവും ഉള്ളിടത്തോളം നിങ്ങൾക്കു ലോകത്തിന്റെ ഒരറ്റംമുതൽ മറ്റെ അറ്റംവരെ മുഴുവിഷയത്തെയും നിരീക്ഷിക്കാവുന്നതാണ്. ഈ സഭയെ സംബന്ധിച്ചിടത്തോളവും മറ്റുസഭകളെ സംബന്ധിക്കുന്നിടത്തോളവും അതാണു നടപടി എന്നുതോന്നുന്നു. പലപ്പോഴും ചിഹ്നോപക്ഷേപത്തിന്റെ അധികരണത്തിൽ സാധാരണയായി ഈ സഭയുടെ വിമർശനത്തിനർഹമല്ലാത്ത ഒരു [illegible] സംബന്ധിച്ച നിങ്ങളുടെ വിമർശനം കൊണ്ടുവരുന്നു. മൊത്തത്തുകയായ എട്ടുലക്ഷത്തിചില്വാനം രൂപായുടെ അധികരണത്തിൽ ഒരു ഉപക്ഷേപംകൊണ്ടുവരുന്നതിനാൽ നിങ്ങൾക്കു അങ്ങിനെ ചെയ്യാവുന്നതാണ്, എന്നാൽ ഒരു പ്രത്യേകമായ അധികരണത്തിൽ ഒരു ക്ലിപ്തമായകു-

റവിനെ ഉപക്ഷേപിക്കാൻ നിങ്ങൾ ഉദ്ദേശിക്കുമ്പോൾ നിങ്ങളുടെ നിരീക്ഷണങ്ങൾ കണിശമായി അതിനെമാത്രം ഉദ്ദേശിച്ചിരിക്കണം എന്നുള്ള ന്യായാനുസരണമായിട്ടുള്ളതത്രെ. ആ അഭിപ്രായത്തിന്മേൽ മി. താണുപിള്ള, നിങ്ങളുടെ ഉപക്ഷേപം ക്രമരഹിതമാണെന്നു ഞാൻ തള്ളുന്നു.

൩൧-ാം ഉപക്ഷേപം.

സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൪,൦൦൦ രൂപായിൽനിന്നും ൧ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും). ട്രാവലിങ്ങ് അലവൻസിലേക്ക് ആവശ്യപ്പെട്ടിട്ടുള്ള ൪൦൦൦ രൂപായിൽനിന്നു ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ഹൈക്കോടതിയിൽനിന്നു കീഴ്ക്കോടതികളുടെ പരിശോധനയിൽ നടന്നുവരുന്ന നടപടികളുടേയും ഏർപ്പാടുകളുടേയും ഇപ്പോഴത്തെ രീതിയെ ഭേദപ്പെടുത്തി ഓരോ കോടതികളിലും കുറേക്കൂടി കാര്യക്ഷമമായും തൃപ്തികരമായും പരിശോധനകാര്യങ്ങൾ നിർവഹിച്ചുകൊണ്ടു പോകുന്നതിനു സൗകര്യമുണ്ടാക്കണമെന്നുള്ളതിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ്. വെക്കേഷൻകാലത്തു ഏതാനും ജഡ്ജിമാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പോയി ചില കോടതികൾ പരിശോധിക്കുന്ന എന്നുള്ള സമ്പ്രദായമാണ് അടുത്തകാലത്തു നടപ്പിൽ ഇരിക്കുന്നത്. വെക്കേഷൻകാലത്തു കോടതികൾ പൂട്ടിയിരിക്കുന്നതിനാൽ അവിടെ ഹൈക്കോടതിജഡ്ജിമാർ പോകുന്നതുകൊണ്ടു പ്രയോജനമില്ലെന്നു ഞാൻ പറയുന്നില്ല. പഴയറിക്കാർഡുകളും നിലവിലിരിക്കുന്ന കേസുകളും ഫയലുകളുമെല്ലാം നന്നായി പരിശോധിച്ച് അവ ഏതുതരത്തിൽ ഇരിക്കുന്നു എന്നു കോടതികൾ നടത്തുന്ന ഉദ്യോഗസ്ഥന്മാരെക്കൊണ്ടോ അല്ലെങ്കിൽ ക്ലാർക്കുമാരെക്കൊണ്ടോ റിക്കാർഡുകൾ നോക്കിച്ചു ബോദ്ധ്യമാക്കുന്നതിനു ഈ വക പരിശോധനകൊണ്ടു സാധിച്ചു എന്നുവരാം. എന്നാൽ കീഴ്ക്കോടതികളെ ഈ വിധത്തിൽ പരിശോധിക്കുന്ന സമ്പ്രദായം തൃപ്തികരമായിട്ടുള്ളതല്ല. കോടതി നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽതന്നെ മേലധികാരികൾ കോടതിയിൽചെല്ലുകയും നടപടികളെ സൂക്ഷിക്കയും അവ മുറയനുസരിച്ചു ഇരിക്കുന്നുണ്ടോ എന്നു നോക്കുകയും ചെയ്താൽ അവിടെ കാണുന്ന ന്യൂനതകളെ പരിഹരിക്കുന്നതിനു നിർദ്ദേശങ്ങൾ ഉടനെ കൊടുക്കാവുന്നതാണ്. അങ്ങനെ ചെയ്യുന്ന നിർദ്ദേശങ്ങളും കല്പനകളും അനുസരിച്ചു കീഴ്ക്കോടതികൾ പ്രവർത്തിച്ചുകൊണ്ടുപോകുന്നതായാൽ ഇപ്പോഴത്തേക്കാൾ അധികം പ്രയോജനകരവും ഗുണപ്രദവുമായിരിക്കും. തിരുവിതാംകൂർ ഹൈക്കോടതിയുടെ കീഴിൽ ക്രിമിനൽ നീതിന്യായക്കോടതികളും സിവിൽ നീതിന്യായക്കോടതികളും ധാരാളം ഉണ്ട്. ഇതുവരെ കോടതികളെ ആണ്ടിൽ ഒന്നുരണ്ടുമാസം കൊണ്ടോ രണ്ടുമാസംകൊണ്ടുതന്നെയുമോ അവിടവിടെയായി ചെന്നു പരിശോധിക്കുന്നതായാൽ എന്തുമാത്രം പ്രയോജനമുണ്ടാകുമെന്നു കാര്യമായി ചിന്തിക്കേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡണ്ട്: ഈ ഉപക്ഷേപത്തിനും ആ ആക്ഷേപം പറയുകയില്ലേ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, അല്ല. അതു ജഡ്ജിമാരുടെ സഞ്ചാരപ്പടിയിൽ ഉൾപ്പെടുന്നതാണ്. അതുകോടതികളുടെ പരിശോധനയെ സംബന്ധിക്കുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡണ്ട്: മി: എ. സി. കയ്യാക്കോസിന്റെ അഭിപ്രായത്തിൽ ൪൦൦൦ രൂപാ ആവശ്യമില്ല, ൩൯൯൯ രൂപാമാത്രം മതിയാകുന്നതാണ്, എന്നു ഞാൻ ഗ്രഹിക്കുന്നു. ആ ഉപക്ഷേപം ഉപക്ഷേപിക്കുന്നതിന് അദ്ദേഹത്തിന് അനുവാദമുണ്ട്. എന്നാൽ അതിനെ മാത്രമേ അദ്ദേഹം വിമർശിക്കാൻ പാടുള്ളു.

മി: ജി. പരമേശ്വരൻപിള്ള (ആ. അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു നാമമാത്രമായ ഒരു കുറവാണ്. ഒരു പ്രത്യേകഅധികരണത്തിൽ നാമമാത്രങ്ങളായ ഉപക്ഷേപങ്ങൾകൊണ്ടുവരപ്പെടുമ്പോൾ ആ പ്രത്യേകസംഗതിയെപ്പറ്റി നയവിഷയമായ സംഗതികൾ വിമർശിക്കപ്പെടാവുന്നതാണ് എന്നു തീർച്ചപ്പെടുത്തിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ: അങ്ങനേയാണെങ്കിൽ ആ ഉപക്ഷേപത്തെപ്പറ്റി നിങ്ങളുടെ ആക്ഷേപം എന്താണ്?

മി: ജി. പരമേശ്വരൻപിള്ള (ആ. അഡിഷനൽഹെഡ്സർക്കാർവക്കീൽ): ആ പ്രത്യേകഅധികരണത്തിലുൾപ്പെടുന്ന പൊതുനയത്തെപ്പറ്റി മാത്രമേ വിമർശനം നടത്താവു. അതു എസ്റ്റാബ്ളിഷ്മെൻറല്ലാക്കൾ എന്ന അധികരണത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ആ അധികരണത്തെ സംബന്ധിക്കുന്ന സംഗതിയെ മാത്രമേ വിമർശിക്കാൻ പാടുള്ളു.

ഡിപ്യൂട്ടിപ്രസിഡണ്ട്: നമുക്ക് വിമർശനം തുടർന്നുകൊണ്ടുപോകാം.

മി: ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ സംഗതിയെപ്പറ്റി മി. വാട്സ് വിശദമായ തീർപ്പു ചെയ്തിട്ടുണ്ട് സഭാനടപടി ൧൧-ാംവാല്യം ൨൧൧-ാംപുറം നോക്കണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സഞ്ചാരപ്പടിയെ ആ ആവശ്യത്തിലേക്ക് മാത്രമാണോ ഉപയോഗിക്കുന്നത്?

ഡിപ്യൂട്ടിപ്രസിഡണ്ട്: അതെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു മറ്റുദ്ദേശങ്ങൾക്കും ഉപയോഗിക്കാറുണ്ട്:

മി: ജി. പരമേശ്വരൻപിള്ള (ആ. അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല അതു കോടതികളുടെ പരിശോധനക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മി: എ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): എന്റെ ഉപക്ഷേപം ട്രാവലിങ്ങ് അലവൻസിലുള്ള ൪൦൦൦ രൂപായിൽ നിന്നു ഒരു രൂപാ കുറക്കണമെന്നാണ്. ഈ അലവൻസുപയോഗിച്ചുകൊണ്ടാണ് ജഡ്ജിമാർ കീഴ്ക്കോടതികളെ പരിശോധന നടത്തുന്നത്. ഇപ്പോഴത്തെ പരിശോധന തൃപ്തികരമല്ല, ഈ നാലായിരം രൂപായും ചിലവാകുന്നില്ല എന്നുതന്നെ ഉത്തരം പറഞ്ഞിട്ടുണ്ട്. ഈ നാലായിരം രൂപായിൽകൂടെ

ത്തിച്ചുവാക്കണമെന്നാണ് ഞാൻ ഇവിടെ പറയുന്നതിന്റെ വാസ്തവമായ ഉദ്ദേശം. എന്നാൽ ഇപ്പോൾ വച്ചിരിക്കുന്നതിൽനിന്ന് ഒന്നോ രണ്ടോ രൂപാ കുറഞ്ഞുപോയതുകൊണ്ട് ഇപ്പോഴത്തെ രീതിക്ക് ദോഷം വരുമെങ്കിൽ മേലിൽ അതു വരാതിരിക്കത്തക്കവണ്ണം നിർദ്ദേശംകൊടുത്തു അടുത്തുവരുന്ന ബഡ്ജറ്റിൽ ധാരാളം തുക ചേർക്കുന്നതുകൊണ്ടു വിരോധമില്ല. സിവിലും ക്രിമിനലും ആയിട്ടുള്ള കോടതികൾ നടക്കുന്നതു ഹൈക്കോടതിയുടെ കീഴിലാണ്. ഇവയിൽനിന്നും ജനങ്ങൾക്കു നീതികിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന അവസരത്തിൽ വിവിധസ്വഭാവക്കാരായ ജഡ്ജിമാരുടെ അല്ലെങ്കിൽ വിധി എഴുതുന്ന ഉദ്യോഗസ്ഥന്മാരുടെ പലതരം പ്രവർത്തനങ്ങളാൽ കക്ഷികൾക്ക് വിവിധങ്ങളായ ദോഷങ്ങൾ ഉണ്ടാകുന്നുണ്ട്. കേസിൽ നീതികിട്ടുന്നില്ല. കേസിനു താമസം വരുത്തുന്നു. കക്ഷികൾക്ക് ഉപദ്രവം ഉണ്ടാകുന്നു. ഈ സങ്കടങ്ങൾക്കും കേസുകളുടെ താമസത്തിനും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനു ഒരു കമ്മീഷനെ ഏർപ്പെടുത്തി ഈ കമ്മീഷന്റെ പരിശോധനകൊണ്ടും അന്വേഷണംകൊണ്ടും നിർദ്ദേശംകൊണ്ടും കൂടുതൽ പ്രയോജനം ഉണ്ടാകുമെന്ന് ഇപ്പോൾ പ്രതീക്ഷിച്ചിരിക്കുന്നു. അതു ഉചിതമാണ്. ഹൈക്കോടതിജഡ്ജി കോടതി നടന്നുകൊണ്ടിരിക്കുന്ന കാലത്തു പരിശോധിക്കണം. എങ്കിൽമാത്രമേ ശരിയായ പ്രയോജനം വരികയുള്ളു. കേസ്സുകൾക്കു എത്ര പഴക്കമുണ്ടെന്നും അതിനു കാരണമെന്തെന്നും താമസം വന്നതിനുള്ള കാരണം ശരിയാണോ എന്നും പരിശോധിക്കുന്നതിനു ഒരു ജഡ്ജി എല്ലായ്പ്പോഴും തിരുവിതാംകൂറിൽ സഞ്ചരിച്ചുകൊണ്ടിരിക്കണം. ഇങ്ങനെ സഞ്ചരിക്കുന്നതിനാൽ ഹൈക്കോടതിയിൽ ഒരു ബഞ്ച് മുടങ്ങിപ്പോകുമെങ്കിൽ ഒരു ജഡ്ജിയെക്കൂടി നിയമിക്കുന്നതുകൊണ്ടും തരക്കേടില്ല. ഇതുകൊണ്ടുമാത്രമേ ജനങ്ങൾക്കു നീതിന്യായനിർവഹണത്തിൽനിന്നും ഗുണം കിട്ടുകയുള്ളു എന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഓരോ കോടതിയും പരിശോധിക്കുന്നതുകൊണ്ടുള്ള പ്രയോജനത്തിനു ഒരു ഉദാഹരണം പറയാം. കോടതിയിൽ മൊഴിവായിച്ചുകേൾപ്പിച്ചു ഒപ്പിടുവിക്കണമെന്നു ഒരു ചട്ടമുണ്ട്. ഇപ്പോൾ ചിലയിടത്തു അങ്ങിനെ നടക്കുന്നില്ല. അങ്ങിനെ നടക്കുന്നില്ലെങ്കിൽ അതിനെ ചൂണ്ടിക്കാണിക്കാവുന്നതാണ്. രണ്ടുസ്ഥലങ്ങളിലെ മൊഴി പരിശോധിക്കുന്നതായാൽ അവ ഒരുപോലെ ഇരിക്കുന്നില്ലെന്നുകാണാം. ഒന്നു വ്യക്തമായിരിക്കുമ്പോൾ മറ്റേതു കേവലം അവ്യക്തമായിരിക്കും. ഇതിനു കാരണം അറിയണം. പറയുന്നതിനു വിപരീതമായ അർത്ഥത്തിൽ മൊഴി രേഖപ്പെട്ടു എന്നും വരും. ജഡ്ജിമാർ ഇതിലേക്ക ഷാർട്ട്ഹാൻഡ് പരിശീലിക്കണമെന്നില്ല; പറയുന്നതു കേൾക്കുകയും എഴുതുന്നതു വായിക്കുകയും ചെയ്താൽ മതിയാകും. പറയുന്നതിനു വിപരീതമായി മൊഴി രേഖപ്പെട്ടുപോയാൽ വിധി എഴുതുമ്പോൾ ഉണ്ടാകുന്ന അനുഭവം ഊഹ്യമാണല്ലോ. മൊഴി വായിച്ചുകേൾപ്പിച്ച് ഒപ്പിടുവിക്കേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: ഇപ്പോൾ അങ്ങിനെ നടക്കുന്നില്ലേ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): പല കോടതികളിലും നടക്കുന്നുണ്ട്. എന്നാൽ ചില കോടതികളിൽ അങ്ങിനെ നടക്കുന്നില്ലാ എന്നു ഉറപ്പായി പറയാം. ഹൈക്കോടതി തിരുവിതാംകൂറിലെ മററ കോടതികളുടെ മേൽ പരമാധികാരമുള്ള ഒരു കോടതിയാണല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം): പല കോടതികളിലും നടക്കുന്നു എന്നറിയാമോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ചില കോടതികളിൽ നടക്കുന്നില്ലാ എന്നാണ് ഞാൻ പറഞ്ഞത്.

കോടതികളുമായിട്ട് എനിക്കു പരിചയം വളരെ കുറവാണ്. ഈ വിധത്തിൽ തിരുവിതാംകൂറിലെ കോടതികളുടെ പ്രവൃത്തികളിൽ ഒരു ഐകരൂപ്യമുണ്ടാക്കാൻ—ജനങ്ങൾക്കു നീതി ലഭിക്കുന്നതിൽ ഒരു ശരിയായ നയവും തോതും കല്പിക്കാൻ—നാട്ടിൻപുറങ്ങളിലെ ജനങ്ങളുടെ സങ്കടത്തിന് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്നതാണ്. ഇങ്ങിനെ മൂന്നുമാസത്തിലൊരിക്കൽവീതം ഓരോ ജഡ്ജി രാജ്യത്തിന്റെ മാറോരോഭാഗത്തുമായി കോടതി നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ശരിയായ സർക്കീട്ടു നടത്തത്തക്കവണ്ണം ഏർപ്പാടു ചെയ്യുന്നതിനു ഹൈക്കോടതിയിൽ പരിഷ്കാരം വരുത്തേണ്ടതിനു ഗവർമെന്റു ശ്രദ്ധിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങളെ ഈ സഭമുമ്പാകെ സമർപ്പിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ ഹാജരാക്കിക്കൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള (ആക്റ്റിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, പരിശോധനയുടെ ആവശ്യത്തേയും പ്രാധാന്യതയേയും പററി ഗവർമെന്റും മെമ്പരോടു യോജിക്കുന്നു. അങ്ങിനെയുള്ള പരിശോധനയ്ക്കു നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ രാജ്യത്തിലെ എല്ലാ കോടതികളേയും പരിശോധിക്കുന്നതിനു ഇപ്പോൾ വ്യവസ്ഥാപിതമായ ഹൈക്കോർട്ടിനു സാധിക്കുമെന്നു കാണുന്നില്ല. ഹൈക്കോർട്ടിൽതന്നെ ആ ജഡ്ജിമാരുടെ എല്ലാവരുടെയും ഉടനുസാന്നിദ്ധ്യം ആ സ്ഥാനത്തു ആവശ്യമായിരിക്കത്തക്കവണ്ണം കമ്മിറ്റിയുള്ളതിനാൽ ആഗ്രഹിക്കാവുന്നിടത്തോളം പ്രാവശ്യം ഉടൻപരിശോധനകൾക്കുകൂടിയും നടത്താൻ കഴിയുന്നില്ല. എന്നിരുന്നാലും കഴിവുള്ളിടത്തോളം പ്രാവശ്യം ഹൈക്കോർട്ടുജഡ്ജിമാർ ഉടൻ പരിശോധനകൾ നടത്തുകയും മദ്ധ്യവേനൽ ഒഴിവുകാലത്തു അനേകം കോടതികളുടെ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. അധികം തൃപ്തികരമായും അധികംപ്രാവശ്യവും പരിശോധന നടത്തപ്പെടുമെന്ന് ഉറപ്പുതരുന്നതായ വല്ല സമ്പ്രദായവും കണ്ടുപിടിക്കാൻ സാധിക്കുമോ എന്നുള്ള സംഗതി നിയമവിളംബകമ്മീഷന്റെ വളരെ സൂക്ഷ്മമായ ആലോചനയ്ക്കു വിഷയമായിത്തീർന്നിട്ടുണ്ട്. ഈ പ്രത്യേക സംഗതി നിയമവിളംബകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പ്രശ്നാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അനുദ്യോഗസ്ഥമെമ്പർമാരിൽ പലക്കും അറിവുള്ളതാകണമെന്നു ഞാൻ വിചാരിക്കുന്നു. ഇതിനെപ്പററി കമ്മിഷന്റെ റിപ്പോർട്ടു കിട്ടുമ്പോൾ ഗവർമെന്റു നിശ്ചയമായിട്ടും ആവശ്യമായിരിക്കുന്ന നടപടി എടുക്കുന്നതായിരിക്കും.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ന. ൧൪-ം, ന. ൧൫-ം ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

മി: ആർ. രാമൻപിള്ള:

ന. ൧൮. സഞ്ചാരപ്പടിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൦൦൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

ന. ൧൯. സഞ്ചാരപ്പടിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൦൦൦ രൂപായിൽനിന്നും ൧ രൂപാ കുറയ്ക്കണം.

ന. ൧൬-ാം ഉപക്ഷേപം.

മെംബർ ഹാജരില്ലായ്കയാൽ താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കപ്പെടാത്തതായി വിചാരിക്കപ്പെട്ടു.

മി: വി. ജെ. ഉമ്മൻ:

സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൫൦൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

ന. ൧൭-ാം ഉപക്ഷേപം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഹൈക്കോർട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩൭,൫൭൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപം കൊണ്ടുവരുന്നതിൽ എന്റെ ഉദ്ദേശം ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർ ചെയ്തിരിക്കുന്ന ജോലിയുടെ പരിമാണവും സ്വഭാവവും അടിസ്ഥാനമാക്കി ജുഡിഷ്യൽ കീഴുദ്യോഗങ്ങളിലേക്കു പ്രമോഷൻ കൊടുക്കുന്നതിന്റെ ആവശ്യത്തെ ചൂണ്ടിക്കാണിക്കുന്നതിനുമാണ്. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഉണ്ടായിട്ടുള്ള എന്റെ പരിചയത്തിൽനിന്നു ജുഡിഷ്യൽ കീഴുദ്യോഗങ്ങളിൽ പ്രമോഷൻ കൊടുക്കുന്നസംഗതിയിൽ ഇതുവരെയായി ഹൈക്കോർട്ടു അനുകരിച്ചുവന്നിട്ടുള്ള നടപടി സർവീസ സീനിയാറിട്ടിമാത്രം ഗണിക്കുന്നതായിരുന്നു. പ്രമോഷൻ സർവീസ സീനിയാറിട്ടി അടിസ്ഥാനമാക്കി കൊടുത്തുവരുന്നതുകൊണ്ടാണ് ഇക്കാലത്തു കോടതികളിൽ സിവിൽ കേസുകൾ വളരെ കുടിശ്ശികയായി കിടക്കുന്നത് എന്നു ഞാൻ പറയേണ്ടിവരുന്നു. സർവീസ് ദൈർഘ്യവും കാര്യക്ഷമതയും ഒന്നുപോലെ പരിഗണിച്ചു പ്രമോഷൻ കൊടുക്കുന്നതായാൽ അപ്പോൾ മേൽത്തരം ജുഡിഷ്യൽഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ അധികം യോഗ്യന്മാരും പ്രാപ്തന്മാരും ശേഷിമാന്മാരുമായ ആളുകളെ നമുക്കു കിട്ടുമായിരുന്നു. മുൻസിഫന്മാരുടെയും രണ്ടാംജഡ്ജിമാരുടെയും ജില്ലാജഡ്ജിമാരുടെയും ഇടയിൽ ആധ്യക്ഷം വഹിക്കുന്ന ഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ ശേഷിമാന്മാരായ ആളുകൾ ജോലി നിർവഹിക്കുന്നതായി നമുക്കുണ്ട്. അവർ ചെയ്യുന്ന ജോലിയുടെ പരിമാണത്തെയും ഗുണത്തെയും പററി ചിലപ്പോൾ ഗവണ്മെന്റു ഗസററിൽ ചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ അവരുടെ പ്രാപ്തിവിശേഷങ്ങളെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതുവരെയായി ഗവണ്മെന്റും ഹൈക്കോർട്ടും അനുകരിച്ചുവരുന്ന പതിവുപ്രകാരം പ്രമോഷനുകൾ ചെയ്യപ്പെടുമ്പോൾ ഈ സംഗതി വിസ്മരിച്ചുകളയുന്നു. ഒരു ഒഴിവുണ്ടാകുമ്പോൾ ഹൈക്കോർട്ടും ഗവണ്മെന്റും ആലോചിക്കുന്ന സംഗതി ആർക്കാണ് സർവീസുകൂടുതൽ എന്നാണ്. സർവീസുകൂടുതലുള്ള ആളുകളെകണ്ടുപിടിച്ചു ഉടൻതന്നെ അവർക്കു പ്രമോഷനുകൾ കൊടുക്കുന്നു. അവർ ചെയ്തിട്ടുള്ള ജോലിയുടെ സ്വഭാവത്തെപ്പററി ആലോചിക്കുന്നതേയില്ല. വീർച്ച ചെയ്തതും റിമാൻഡ് ചെയ്തതും ആയ കേസുകളും ശാസിക്കപ്പെട്ട പ്രത്യേകയുദ്യോഗസ്ഥന്മാരുടെ ജോലിയെയുംപററി നാം ആരാഞ്ഞു നോക്കുകയാണെങ്കിൽ, ഇങ്ങനെ സംഭവിക്കാൻ ഇടയുള്ളതല്ല. ഈ നടപടിനിമിത്തം ഹൈക്കോർട്ട് കീഴുദ്യോഗസ്ഥന്മാർ ശരിയായും കാര്യക്ഷമമായും ജോലിചെയ്യുന്നതിന് ഒരുവിധത്തിലും പ്രോത്സാഹിപ്പിക്കുന്നില്ല. നേരെമറിച്ചു പ്രമോഷനുകൾ കാര്യക്ഷമതയെയുംകൂടി ആശ്രയിച്ചിരിക്കും എന്നു അവർ നിശ്ചയിക്കുന്നെങ്കിൽ, അപ്പോൾ ജില്ലാക്കോർട്ടുകളും മററു കോർട്ടുകളുംപോലെയുള്ള മേൽത്തരം ജുഡിഷ്യൽ ഉദ്യോഗങ്ങളിൽ നമുക്ക് അധികം തൃപ്തികരമായ ഉദ്യോഗനിയമനങ്ങൾ ഉണ്ടാകുന്നതിനു പാടുള്ളതാണ്. ഈ രീതിയാണു മററുസ്ഥലങ്ങളിൽ അനുകരിക്കപ്പെട്ടുവരുന്നത്. ഈ രീതി തിരുവിതാംകോട്ടിൽ അനുകരിക്കപ്പെടാത്തതിന്റെ കാരണങ്ങളിൽ ഒന്ന് ഒരു പ്രത്യേകയുദ്യോഗസ്ഥന്റെ കാര്യക്ഷമതയെപ്പററി നിഷ്പക്ഷപാതമായ തീരുമാനത്തിലെത്തുന്നതിനു, സമുദായ പ്രാതിനിധ്യത്തെയും മററു മുൻവിധികളെയുംപററിയുള്ള അഭിപ്രായങ്ങളാൽ നാം വഴുതായി ബാധിക്കപ്പെട്ടിരിക്കുന്നു. ആ പ്രശ്നം ആലോചന ചെയ്യുമ്പോൾ ഈ സംഗതികളിൽ കാര്യക്ഷമതയുടെ പ്രശ്നത്തിനു ശരിയായ ഒരു ഉൽകർഷമല്ലാതെയിരിക്കുന്നതാണ്. ഹൈക്കോർട്ട് ഒരു വിദഗ്ദ്ധസംഘവും നീതിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സംഘവും ആണ് എന്നത്രെ ഞാൻ സമർപ്പിക്കുന്നത്. സമുദായ പ്രാതിനിധ്യം എന്നും മററുമുള്ള കരുതലുകൾ അവരെ പിടികൂടരുതാത്തതാണ് അവർ കാര്യക്ഷമതയെമാത്രം പരിഗണിച്ചു പ്രമോഷനു യോഗ്യതയുള്ള ശരിയായ ആളുകളെ കണ്ടുപിടിക്കേണ്ടതാണ്. ആ രീതി അനുകരിക്കപ്പെടുന്നെങ്കിൽ, വളരെ നിയമവിളംബം പരിഹരിക്കപ്പെടാവുന്നതാണ്. ഏതാനും മാസങ്ങൾക്കു മുമ്പുചെയ്തിട്ടുള്ളതുപോലെ ഒരു നിയമവിളംബകമ്മിഷനെ നിയമിക്കുന്നതിനു യാതൊരാവശ്യവും നേരിടുകയില്ലായിരുന്നു. ഈ നിരീക്ഷണങ്ങളോടുകൂടി ഞാൻ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): മി: ആർ. കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ഒരു ജഡ്ജിയെ നിയമിക്കുന്നതിനുള്ളയോഗ്യത മാത്രമാണോ പറഞ്ഞിരിക്കുന്നത്. മുൻസിഫിന്റെകാര്യംകൂടി നോക്കണം. അഞ്ചുദിവസം ആക്ടിംഗ്കിട്ടിപ്പോയാൽപിന്നെ തനിയെ കയറിപ്പോകാം. ചില മുൻസീഫന്മാർ കേസുകളുടെ ഡിസ്പോസൽ കൂടുതലായി കാണിക്കുന്നു. എന്നാൽ അവയിൽ അധികവും ഒരുകൊല്ലത്തിനകം തിരികെവരും. അതുകൊണ്ട് ഡിസ്പോസൽമാത്രം കാര്യമായി ഗണിക്കാൻ പാടില്ല. ആ കേസ് ഏതുവിധം അവസാനിക്കുന്നു എന്നു നോക്കണം. മിനിമംവർക്ക് (ഏററവും കുറഞ്ഞജോലി) സാധിക്കുന്നതിനുവേണ്ടി ചിന്നക്കേസ്................അതായതു ചെറിയകേസ് ആദ്യം ചെയ്യുന്നു.

മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) എല്ലാ ജഡ്ജിമാരും തമിഴിലാണോ പറയുന്നത്?

മി: ആർ. രാമൻപിള്ള (കോട്ടയം) അല്ലാ മറെറാരുഭാഷയിൽ പറഞ്ഞുകേട്ടിട്ടില്ല? ചെറിയ ചെറിയ കേസുകൾ ആദ്യം വയ്ക്കുന്നു എന്നു പറയുന്നു.

മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മററുള്ളതുംഒക്കെ മലയാളത്തിൽ പറയാതെ ഇതുമാത്രം തമിഴിൽ പറയുന്നതിന്റെ കാരണം എന്താണ്?

മി: ആർ. രാമൻപിള്ള (കോട്ടയം) അതിൽ നിർബന്ധം ഒന്നും ഇല്ല. ഓരോരുത്തരുടേയും പ്രകൃതം വെ
ളിയിൽ വരാൻവേണ്ടി പറഞ്ഞതാണ്.
ഇങ്ങനെ ചെറിയ ചെറിയ കേസുകൾ തീർക്കുന്നതുകൊണ്ട് അഡിഷനലായിട്ടു വരുന്ന ജഡ്ജിക്ക് മുഷിച്ചം
പിടലിയും ഒടിയുന്ന കേസാണ് കിട്ടുന്നത്. അവയ്ക്ക് കേസിന്റെ വലിപ്പം ഒന്നും അറിഞ്ഞുകൂടാ. ഇതുനിമി
ത്തം അഡിഷനലായിട്ടു വരുന്ന ജഡ്ജി അനുഭവിക്കുന്ന കഷ്ടത ചില്ലറയല്ല. ഈ കേസുകൾക്ക് എന്തുമാത്രം ഉപ
ദ്രവം ഉണ്ടെന്നു ഹൈക്കോടതിയിൽ വരുമ്പോൾ കാണാം. അതിനെപ്രത്യേകം ഡയറിയിൽ എഴുതിവയ്ക്കണം.
റാററിഫൈ ചെയ്യുന്ന (അംഗീകരിക്കുന്ന) തെത്ര, അസ്ഥിരപ്പെടുത്തുന്നതെത്ര, എന്നു ഡയറിയിൽ പ്രത്യേകം എഴു
തിവയ്ക്കണം. ഇതനുസരിച്ചു കേസുകൾ തീർക്കുന്ന ഉദ്യോഗസ്ഥന്മാരല്ലാതെ, സ്റ്റേയിൽസിസ്റ്റം കൊടുക്കാൻ പാടി
ല്ല. ഈ സ്റ്റേയിൽ വച്ചുകൊണ്ടുതന്നെ ൩൦൦ രൂപാവരെ പോകാം. നിയമവിളംബത്തിനു തന്നിരിക്കുന്ന
ഉത്തരത്തെപ്പററിപറഞ്ഞ് ഈ കൗൺസിലിന്റെ സമയം കളയേണ്ട ആവശ്യമില്ല. മററു സംഗതികളും കൂടനോ
ക്കിവേണം സ്റ്റേയിൽ കൊടുക്കാൻ. അങ്ങിനെയാണെങ്കിൽ ജുഡീഷ്യൽ വകുപ്പിൽ കുടിശ്ശികയുണ്ടാകുകയില്ല.
പന്ത്രണ്ടുമണിക്കുശേഷം കോടതിയിൽ വരുന്നമുൻസീഫന്മാർ വളരെ ചുരുക്കമാണ്. ആ സമയം കഴിഞ്ഞി
ട്ടേ വരികയുള്ളു.
ഡിപ്യൂട്ടിപ്രസിഡന്റ്: സമയം തീർന്നു.
മി: ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ട് ഈ സംഗതികളെ പ്രത്യേകം ആലോചിച്ചുചെയ്യണ
മെന്നുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ കേശവപിള്ളയുടെ അഭിപ്രായത്തെ പിൻതാങ്ങുന്നു.
മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക്) മിസ്റ്റർ ആർ. കേശവപിള്ളയുടെ ഉപ
ക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഹൈക്കോടതിയിലെ കേസുകൾ തീരുമാനം ചെയ്യുകിട്ടുന്നതിനു വളരെ
അധികം താമസിക്കുന്നു. ഈ താമസം വരുത്തുന്നത് അവരുടെ ശമ്പളക്കുറവുനിമിത്തമാണ്. കിട്ടുന്നശമ്പ
ളമനുസരിച്ചു പ്രവൃത്തിച്ചാൽ മതിയല്ലോ എന്നുവിചാരിക്കുന്നു.
മി: ആർ. രാമൻപിള്ള (കോട്ടയം): കേസുതീർക്കേണ്ടത് അവരുടെ ചുമതലയല്ലേ?
മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക്) ചുമതലതന്നെ. എന്നാൽ ബാക്കി ഇല്ലാ
തിരിക്കുകയില്ല. ഈ ഡിപ്പാർട്ടുമെന്റിലേയും മററുഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരുടേയും ശമ്പളക്രമത്തെ താ
രതമ്യപ്പെടുത്തി ഈ സഭയിൽകൊണ്ടുവരണമെന്നു വിചാരിക്കുന്നു. ചീഫ്സിക്രട്ടറിക്ക് ൩൦൦ രൂപാ ശമ്പളം.
കൺസർവേറർക്ക് ൩൦൦ രൂപാ, എക്സൈസ്കമ്മിഷണർക്ക് ൧൦൦൦ രൂപാ. റവന്യൂകമ്മീഷണർക്ക് ൧,൨൦൦ രൂപാ, ഇൻകംടാക്സ്കമ്മീഷണർക്ക് ൨൦൦൦ രൂപാ, എഡ്യൂക്കേഷൻ ഡയറക്ടർക്ക്
൧,൨൦൦ രൂപാ, ചീഫ് ജസ്റ്റിസ്സിന് ൧,൨൦൦ രൂപാ, കോളേജ് പ്രിൻസിപ്പാൾക്ക് ൧൦൦൦ രൂപാ, കൃഷിഡയറക്ടർക്ക് ൧൦൦൦ രൂപാ മെഡിക്കൽബോ
ർഡിൽ മുന്നുപേർക്കുംകൂടി ൨,൫൦൦ രൂപാ
മി: ആർ. രാമൻപിള്ള (കോട്ടയം) ആറു ജഡ്ജിമാർക്കും കൂടിയുള്ളശമ്പളം ചേർത്തുപറയാമല്ലോ?
മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക്) അങ്ങിനെപോലെയല്ല ഈ സംഗതി. ഒരു
ഡിപ്പാർട്ടുമെന്റു ഭരിക്കുന്നതിന് ൨,൫൦൦ രൂപാ. ഇങ്ങനെ താരതമ്യപ്പെടുത്തിനോക്കിയാൽ ഹൈക്കോടതി
യിലെ ശമ്പളത്തിനും ഒരു വ്യവസ്ഥചെയ്യേണ്ടിയിരിക്കുന്നു. ഒരു ഡിപ്പാർട്ടുമെന്റിലും ശമ്പളത്തിനു വ്യവസ്ഥ
യില്ല. അന്യരാജ്യങ്ങളിൽ ഇങ്ങനെയല്ലാ ഇരിക്കുന്നത്. മൈസൂരിൽ ഡിപ്പാർട്ടുമെന്റുകളെ മേജർ ഡിപ്പാ
ർട്ടുമെന്റെന്നും മൈനർഡിപ്പാർട്ടുമെന്റെന്നും രണ്ടായിതിരിച്ചു മേജർഡിപ്പാർട്ടുമെന്റു മേധാവികൾക്ക് ഒരു
ശമ്പളക്രമവും മൈനർ ഡിപ്പാർട്ടുമെന്റു മേധാവികൾക്കെല്ലാം വേറെ ഒരു ശമ്പളക്രമവും എന്നു ക്ലിപ്തപ്പെടുത്തി
യിരിക്കുന്നു. മൈസൂരിൽ ചീഫ് ജസ്റ്റിസിന് ൨,൦൦൦ രൂപായും ബാക്കിയുള്ള ജഡ്ജിമാർക്ക് ൧,൫൦൦ രൂപാ
യും ശമ്പളം ഉണ്ട്.
മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഇവിടെ സാധാരണ കേസുകൾക്ക് സിംഗിൾബഞ്ചും വലിയ
കേസുകൾക്ക ഫുൾബഞ്ചും ഉണ്ടെന്നറിയാമോ?
മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്) എനിക്ക് അറിഞ്ഞുകൂടാ.
മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഫുൾബെഞ്ചിൽ രണ്ടു ജഡ്ജിമാർ ഇരിക്കുന്നു എന്നറിയാമോ?
മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക്): അറിയാം.
അതുകൊണ്ടു ഒരു തത്വത്തെ അടിസ്ഥാനമാക്കി ഹൈക്കോടതി ജഡ്ജിമാർക്കു ശമ്പളം കൂട്ടികൊടുക്കണ
മെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.
മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): സർ, ഞാനുംകൂടി
എന്റെ സ്നേഹിതൻ മി. കേശവപിള്ളകൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെപ്പററി ചുരുക്കമായി സമർപ്പിക്കുന്ന
തിനാഗ്രഹിക്കുന്നു. ഞാൻ പറയുന്നതിന്റെ ഉദ്ദേശം താല്ക്കാലിക കോർട്ടുകളെ വർഷംവർഷം തുടർന്നുകൊണ്ടു
പോകുന്ന ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയമാണ് കേസുകൾ തീർച്ചയാകാതെ കാലതാമസമുണ്ടാകുന്നതിനു സ
ഹായിക്കുന്ന കാരണങ്ങളിലൊന്ന് എന്ന് എനിക്കു തോന്നുന്നതിനെ കാണിക്കുന്നതിലേക്കാണ്. തീർച്ചയാകാതെ
കിടപ്പുള്ള കേസുകൾ ഉള്ളതുകൊണ്ടു ആയിരിക്കാം കോർട്ടുകൾ കൊല്ലംതോറും താല്ക്കാലികമായി തുടർന്നുകൊണ്ടി
രിക്കുന്നത്. നേരെമറിച്ചു കേസുകൾ തീർന്നുപോയാൽ ആളുകളെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്നതിനു താല്
ക്കാലിക കോർട്ടുകൾ ഇല്ലാതെ ആയേക്കാം എന്നുള്ള അഭിപ്രായവും ഉണ്ടായിരിക്കാം.
മി. ആർ. രാമൻപിള്ള (കോട്ടയം) മെമ്പററി ജഡ്ജിമാർ മററു ജഡ്ജിമാരേക്കാൾ കുറവായി ജോ
ലിചെയ്യുന്നു എന്നു മെമ്പറിനു ബോധ്യമുണ്ടോ?
മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): സർ, അതെപ്പററി
എനിക്കുയാതൊന്നും അറിയാൻ പാടില്ല. താൽക്കാലിക കോർട്ടുകളെ തുടർന്നുകൊണ്ടുപോകുന്ന പ്രശ്നം ധന
കാര്യകമ്മിററിയുടെ മുമ്പാകെ ആലോചനക്കായി കൊണ്ടുവന്നപ്പോൾ ഈ സംഗതിയെ ൧൦൦ മം മാണ്ടിൽ
ആ കമ്മിററിയിൽ ഞാൻ ചൂണ്ടിക്കാണിച്ചു. സർ, അവിടെ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടു. "താൽക്കാലി
ക കോർട്ടുകൾ കൊല്ലംതോറും അനുവദിക്കപ്പെടുന്നു എങ്കിലും, കേസുകളുടെ കാലവിളംബത്തിനു പരാതിക്കു

റവ്വ് ഒന്നു ഉണ്ടായിട്ടില്ല എന്നും ഇപ്രകാരം താൽക്കാലികമായ നിലയ്ക്ക് എത്രകാലത്തേക്ക് ഈ കോർട്ടുകളെ തുടർന്നുകൊണ്ടു പോകേണ്ടതായിരിക്കുമെന്നു തനിക്ക് അറിയാൻ പ്രയാസമായിരിക്കുന്നു എന്നും മി. പിറവിപെരുമാൾപിള്ള നിരീക്ഷിക്കയുണ്ടായി. അവയെ സ്ഥിരമാക്കേണ്ടതിന്റെ ആവശ്യത്തെപ്പററി ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടെങ്കിൽ അതു ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതയ്ക്കും സ്വാതന്ത്ര്യബോധത്തിനും സഹായിക്കത്തക്കവണ്ണം അത്യാവശ്യമായിട്ടുള്ള കൂടുതൽ കോട്ടുകളെ താമസമെന്യേ സ്ഥിരപ്പെടുത്തേണ്ടതാണ്. നിയമവിളംബംകൊണ്ടു കക്ഷികൾക്കു വരുത്തീട്ടുള്ള വലുതായ അസൗകര്യത്തിനു പരിഹാരമായ വല്ല ഏർപ്പാടും ഉടൻതന്നെ ഉണ്ടാക്കേണ്ടതാണ്. ഈ വ്യവസ്ഥയോടുകൂടി പ്രമേയത്തെ കമ്മിററി അനുവദിച്ചു.''

പ്രശ്നത്തിന്റെ ആ സ്വഭാവമാണു സഭയുടെ മുമ്പാകെ കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നതു്. ഈ താൽക്കാലികകോർട്ടുകളെ കാലാകാലം തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു വിചാരമുണ്ടെങ്കിൽ അവയെ സ്ഥിരപ്പെടുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അങ്ങനെ ചെയ്യപ്പെട്ടപ്പോൾ, കേസുകളുടെ തീർച്ചയ്ക്കു വളരെ താമസം വേണ്ടിവരികയില്ല എന്നു ഞാൻ സമർപ്പിക്കുന്നു. സഭയുടെ മുമ്പാകെ ആലോചനയ്ക്കായി കൊണ്ടുവരുന്നതിനു ഞാൻ ആഗ്രഹിക്കുന്നതു ഈ സ്വഭാവമാണ്.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽഹെഡ്സർക്കാർ വക്കീൽ): ഈ ഉപക്ഷേപം സംബന്ധിച്ചു മൂന്നു പ്രശ്നങ്ങൾ ഉൽഭവിപ്പിക്കപ്പെട്ടിട്ടുണ്ട്. രണ്ടാം ജഡ്ജിമാരുടെയും ജില്ലാജഡ്ജിമാരുടെയും ഉദ്യോഗങ്ങളിലേക്കുള്ള പ്രമോഷനുകളെ സംബന്ധിച്ചു വെറും സർവീസ് ദൈർഘ്യം മാത്രം ആലോചിക്കുന്നതെന്നു, എന്നാൽ കാര്യക്ഷമതയും കൂടി ഗണിക്കേണ്ടതാണെന്നും മി. കേശവപിള്ള ചൂണ്ടിക്കാണിച്ചു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർവീസദൈർഘ്യം മാത്രം ആലോചിക്കാനെ ആവശ്യമുള്ളു എന്നു ഞാൻ പറഞ്ഞുവോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മി. കേശവപിള്ള പറഞ്ഞതു് ഇപ്പോൾ നടക്കുന്നപ്രകാരം ഒരുദ്യോഗസ്ഥനു് സർവീസ്ദൈർഘ്യത്തിന്റെ സ്ഥായിയിലേക്കു ചാടിവീണാൽ മാത്രം മതി, അപ്പോൾ അയാൾ തനിയെ പ്രമോഷൻ ചെയ്യപ്പെടുന്നു എന്നും അയാൾ ചെയ്തിട്ടുള്ള ജോലിയുടെ സ്വഭാവത്തെപ്പററി വേണ്ടിടത്തോളം ആലോചിക്കുന്നില്ലെന്നും ആണ്. പ്രമോഷൻകൊടുക്കുന്നതിനുവേണ്ടി പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള പ്രമാണത്തെപ്പററി വഴക്കില്ല. സർവീസ്ദൈർഘ്യവും കാര്യക്ഷമതയും രണ്ടുംകൂടി വേണ്ടിടത്തോളം ആലോചിച്ചിട്ടാണ് പ്രമോഷനുവേണ്ടി ഹൈക്കോർട്ടുശിപാർശചെയ്തിട്ടുള്ളതു്.

മി. ആർ. രാമൻപിള്ള (കോട്ടയം): കാര്യക്ഷമത കുറഞ്ഞതുകൊണ്ടു ആർക്കെങ്കിലും സീനിയാറിട്ടി കൊടുക്കാതെയുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): തീർച്ചയായിട്ടും പ്രത്യേകയുദ്യോഗസ്ഥന്മാരെപ്പററി ഹൈക്കോർട്ടുചെയ്തിട്ടുള്ളമതിപ്പു ശരിയാണോ തെററാണോ എന്നു കണിശമായി പറയുന്നതിനു ഗവണ്മെൻറിന് ഇപ്പോൾ സാധിക്കാതെയാണിരിക്കുന്നതു്. ഹൈക്കോർട്ടിന്റെ ശിപാർശകളെ അനുസരിച്ചു ഗവണ്മെൻറു പ്രവർത്തിച്ചുവരുന്നു; ഹൈക്കോർട്ട് അങ്ങനെയുള്ള ശിപാർശകൾചെയ്യുമ്പോൾ സംബന്ധിച്ച ഉദ്യോഗസ്ഥന്മാർ ഈ പ്രമാണങ്ങളനുസരിച്ചു സർവീസ്ദൈർഘ്യത്തിലും കാര്യക്ഷമതയിലും യോഗ്യതസമ്പാദിച്ചിട്ടുള്ള ആൾതന്നെയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സ്റ്റേപ്പേജ്സ്കെയിൽ ഇൻക്രിമെൻറ് കൊടുക്കുന്നുണ്ടോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, എനിക്കറിഞ്ഞുകൂടാ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ബഹുമാനപ്പെട്ട ഹൈക്കോർട്ട് കാര്യക്ഷമതയുംകൂടി ആലോചിച്ചിട്ടാണ് ശിപാർശകൾ ചെയ്യുന്നതു് എന്നു കാണിക്കുന്നതായ വല്ല തെളിവും ഉണ്ടോ എന്നു മെമ്പറിൽനിന്നും എനിക്ക അറിഞ്ഞാൽകൊള്ളാം.

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): സിവിൽകോർട്ടുകോഡിൽതന്നെ ഏർപ്പെടുത്തിയിരിക്കുന്ന ചട്ടം ജഡ്ജിമാർ ചെയ്തിട്ടുള്ള ജോലിയുടെ സ്വഭാവത്തെ നിർണ്ണയിക്കുമ്പോൾ ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുള്ള ന്യൂനാവധിമാത്രം കണിച്ചാൽപോരാ, എന്നാൽ ജോലിയുടെ സ്വഭാവം ജഡ്ജിമാർ തീർച്ചചെയ്തിട്ടുള്ള കേസുകളുടെ സ്ഥിരീകരണങ്ങളുടെയൊ മറിച്ചുവിധികളുടേയൊ ശതമാനം സംബന്ധിച്ചു പരിശോധിക്കപ്പെടേണ്ടതാണ്. ഹൈക്കോർട്ടുശിപാർശകൾ ചെയ്യുമ്പോൾ ഈ സംഗതികളും കാര്യമായിഗണിക്കപ്പെടുന്നതാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർവീസദൈർഘ്യമില്ലാതെ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥനു പ്രമോഷൻ കൊടുത്തതായിട്ടു് ഉണ്ടോ എന്നു മെമ്പർക്ക് അറിയാമോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): താഴ്ന്നപടികളെ സംബന്ധിക്കുന്നിടത്തോളം അങ്ങനെയുള്ള ദൃഷ്ടാന്തങ്ങളുണ്ടെന്ന് എനിക്ക പറയാൻ സാധിക്കുന്നില്ല.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): കാര്യക്ഷമതയും സർവീസുദൈർഘ്യവും ഉള്ള ഒരുദ്യോഗസ്ഥനു പ്രമോഷൻ കൊടുക്കാത്തതായി വല്ല ദൃഷ്ടാന്തവും മെമ്പരുടെ അറിവിൽ വന്നിട്ടുണ്ടോ എന്നു പറയാമോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എനിക്ക പറയാൻ സാധിക്കയില്ല. വല്ല ദൃഷ്ടാന്തവും ഉണ്ടായിട്ടുണ്ട് എന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സർവീസ ദൈർഘ്യമുള്ള ഉദ്യോഗസ്ഥന്മാർക്ക് മാത്രം പ്രമോഷൻ കൊടുക്കുന്നു എന്നു മെമ്പർ പറയുന്നതായിട്ടു ഞാൻ ഗ്രഹിക്കണമോ?

മി. ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതല്ല, അയാൾ കാര്യക്ഷമത എന്ന പരീക്ഷ കഴിഞ്ഞിരിക്കണം. പ്രമോഷനുകളുടെ കാര്യത്തിൽ ഹൈക്കോർട്ടു കാര്യക്ഷമതയും സർവീസ് സീനിയോറിട്ടിയും എന്ന പ്രമാണം സ്വീകരിക്കുമ്പോൾ ബഹുമാനപ്പെട്ട ആ മിക്കിൽനിന്നു ചെയ്യപ്പെടുന്ന ശിപാർശകൾ ഈ പ്രമാണം അനുസരിച്ചു ഉള്ളവയാണെന്നു സംഭാവിക്കേണ്ടിയിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): കാര്യക്ഷമതയില്ലായ്മനിമിത്തം ഒരു മുൻസിഫിനെ സസ്പെൻഡ ചെയ്തിട്ടുള്ളതായി വല്ല ദൃഷ്ടാന്തവുമുണ്ടോ?

ഡിപ്യൂട്ടിപ്രസിഡൻറ്: ആ പ്രശ്നം മുമ്പുതന്നെ ഉൽക്ഷേപിക്കയും മറുപടികൊടുക്കയും ചെയ്തുകഴിഞ്ഞു. അതേചോദ്യംതന്നെ മററുപലരൂപങ്ങളിൽ ആവർത്തിക്കപ്പെടുകയും മറുപടികൊടുക്കയും ചെയ്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, അങ്ങിനെയുള്ള യാതൊരു ദൃഷ്ടാന്തവും എൻെറ അറിവിൽ ഇല്ലഎന്നു ഞാൻ ഏററുപറയേണ്ടിയിരിക്കുന്നു. എന്തായാലും സഭയുടെ മറുവശത്തുള്ള മി. കേശവപിള്ളയും മററുമെമ്പർമാരും കൊണ്ടുവന്നിട്ടുള്ള നിരീക്ഷണങ്ങൾ വളരെ വിലയുള്ളവയാണ്. അവയിൽപലപ്രയോജനകരങ്ങളായ നിർദ്ദേശങ്ങളും അടങ്ങീട്ടുണ്ട്. ഈനിർദ്ദേശങ്ങളെ തീർച്ചയായിട്ടും ഹൈക്കോർട്ടിൻെറ അറിവിനുവേണ്ടിയും ആവശ്യമുള്ളനടപടിനടത്തുന്നതിനുംഒക്കെ അയക്കുന്നതാണ്.

ചില ഉദ്യോഗസ്ഥന്മാർ കാലപ്പഴക്കമുള്ളതും കഠിനങ്ങളുമായ കേസുകളെ വിട്ടു എളുപ്പമായ കേസുകളെ തീർച്ചചെയ്യുന്ന ഒരു സ്വഭാവം പ്രദർശിപ്പിച്ചു എന്നു മി. രാമൻപിള്ള പറയുന്നു. ഈ കുററവും ഹൈക്കോർട്ടിൻെറ ശ്രദ്ധയെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ജഡ്ജിമാർ പരിശോധനയ്ക്കായിപോകുമ്പോഴു പ്രത്യേകിച്ചു ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അവരുടെ പരിശോധനകളിലും അവർ എളുപ്പമുള്ള കേസുകളെക്കാൾ കാലപ്പഴക്കമുള്ളതും കഠിനങ്ങളുമായ കേസുകൾക്കാണു പ്രാധാന്യം കല്പിക്കുന്നതു്. ഈ സംഗതി മേലിലും മനസ്സിൽവച്ചുകൊള്ളുന്നതായിരിക്കും.

പിന്നെ ഹൈക്കോർട്ടു ജഡ്ജിമാരുടെ ശമ്പളത്തിൻെറകാര്യത്തിലും—

മി: ആർ. രാമൻ പിള്ള (കോട്ടയം): ശമ്പളക്കൂടുതലുകളെ തടയുന്നതു സംബന്ധിച്ചോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ സംഗതികളെല്ലാം ഹൈക്കോർട്ടിൻെറ ആലോചനയ്ക്കു വിഷയമായിരുന്നു.

ഹൈക്കോർട്ടു ജഡ്ജിമാരുടെ ശമ്പളകാര്യത്തെപ്പററി ഗവൺമെൻറിൻെറശ്രദ്ധ ആ സംഗതിയിൽ പതിഞ്ഞിട്ടുണ്ട്. അതെപ്പററി അവർ ആലോചന നടത്തുകയും ആണ്. ഹൈക്കോർട്ടിലെ താല്ക്കാലിക മൂന്നാം ബെഞ്ചു സ്ഥിരമാക്കണമോ വേണ്ടയോ എന്നുള്ള സംഗതി നിയമവിളംബംഎന്ന മുഴുവിഷയത്തേയും അന്വേഷണം കഴിച്ചുകൊണ്ടിരിക്കുന്ന നിയമവിളംബകമ്മീഷണരുടെ റിപ്പോർട്ടു കിട്ടുന്നതിനു ശേഷം മാത്രമേ അവസാനമായി തീർച്ചയാക്കാൻ കഴിയുകയുള്ളു. അതുസംബന്ധിച്ചു ഹൈക്കോർട്ടിലും കീഴ്ക്കോർട്ടുകളിലും ആവശ്യമുള്ള ജഡ്ജിമാരുടെ ക്ലിപ്തമായ സംഖ്യയെപ്പററി കമ്മീഷണർ റിപ്പോർട്ടുചെയ്യുന്നതു് ആവശ്യമായിരിക്കുമെന്നു വിചാരിക്കുന്നു. കേസുകൾ എളുപ്പത്തിൽ തീർച്ചചെയ്യപ്പെടുന്നതിനു് ആവശ്യമായിരിക്കാവുന്ന എല്ലാമാർഗ്ഗങ്ങളേയും കണ്ടുപിടിക്കുന്നതിനു ഏററവും അടുത്ത അവസരം ഉപയോഗപ്പെടുത്തുന്നതായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ പ്രമോഷനുകളുടെ പ്രമാണങ്ങൾ സംബന്ധിച്ചു വിദ്വാനായ ലാമെമ്പർ ഏതുതന്നെ പറയാമായിരുന്നാലും ആ ഡിപ്പാർട്ടുമെൻറിൽ പ്രമോഷനുകൾ സർവീസു സീനിയോററി മാത്രം പ്രമാണിച്ചു കൊടുക്കപ്പെടുന്നു, എന്നുള്ളതു് സുവിദിതമായ ഒരു സംഗതിയാണ്. വലുതായ അളവിൽ ഇതാണ് മേൽത്തരം കോർട്ടുകളിൽ എങ്കിലും, കേസുതീർച്ചകൾക്കു കാലതാമസത്തിനു കാരണമായിരിക്കുന്നതു്. കീഴ്ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ജോലി തൃപ്തികരമായി ചെയ്യുന്നുണ്ടെന്നു സമാധാനപ്പെടുന്നതിലേക്ക് കീഴ്കോർട്ടുകൾ അപ്പഴപ്പോൾ സമർപ്പിച്ചുവരുന്ന കണക്കുകളെ ഹൈക്കോർട്ടു ആരായുകയാണ ചെയ്യുന്നതു്. കീഴ്ഉദ്യോഗസ്ഥന്മാർ ജോലിയുടെ ഗുണത്തെക്കാൾ തീർച്ചചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തെപ്പററിയാണ് അധികം ഉൽസുകന്മാരായിരിക്കുന്നതു്. എനിക്കുകാണ്മാൻകഴിയുന്നിടത്തോളം കീഴ്ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന ജോലിയുടെ ഗുണത്തെ നിർണ്ണയിക്കുന്നതിലേക്കു ഹൈക്കോർട്ടിനെ പ്രാപ്തരാക്കിത്തീർക്കുന്നതിനു പ്രായോഗികമായി ഒന്നും തന്നെയില്ല എന്നുപറയാം. കീഴ്ഉദ്യോഗസ്ഥന്മാർ തീർച്ചചെയ്യുന്ന എല്ലാ കേസും അപ്പീലായി ഹൈക്കോർട്ടിൽ എത്തുന്നില്ല. പലകാരണങ്ങളാൽ, അപ്പീലായിട്ടോ, സ്പെഷ്യൽ അപ്പീലായിട്ടോ ഹൈക്കോർട്ടിൽ എത്താത്തതായ അനേകം കേസുകൾ ഉണ്ടായിരിക്കാം. ന്യായരഹിതമായി ഒരു കേസിൽ പരാജിതനായ കക്ഷി അപ്പീൽ കൊണ്ടുപോകുന്നതിനു സാധിക്കാതിരിക്കത്തക്കവണ്ണം നിർധനനായിരിക്കാം, അല്ലെങ്കിൽ ജില്ലാജഡ്ജി തീർച്ചചെയ്ത അപ്പീൽ കേസു് മാ സംബന്ധിച്ചു വാദമുഖങ്ങൾ ഒന്നും ഉത്ഭവിപ്പിക്കാതെയും ഹൈക്കോർട്ടു് ആ കേസുകേൾക്കുന്നതിനിടയാകാതെ വരികയും ചെയ്യാം.

ഡിപ്യൂട്ടിപ്രസിഡൻറ്: മൂന്നാമതൊരുപക്ഷം കീഴ്ക്കോർട്ടിൻെറ തീർച്ചയെപ്പററി കക്ഷികൾ പൂർണ്ണതൃപ്തിയായിരിക്കുന്നു എന്നുള്ളതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയെ വിമർശിക്കുമ്പോൾ അതുമായിട്ടു നമുക്കു കാര്യമില്ല. തോററകക്ഷിക്കു തൃപ്തികരമായിരിക്കുന്നപക്ഷം അപ്പീൽതന്നെയില്ല. എന്നാൽ നാം ഇപ്പോൾ ആ സംഗതിയെ ഗൗനിക്കുന്നില്ല.

ജോലിയുടെഗുണത്തെപ്പററി ഹൈക്കോർട്ടു നിരീക്ഷിക്കുന്നതു് ബുദ്ധിപൂർവമായ ഒരു പ്രവൃത്തിയായിരിക്കും. അതിലേക്കു് ഞാൻ കൊടുക്കാൻ ആഗ്രഹിക്കുന്ന ഉപദേശം വേറൊരുപക്ഷേപത്തെ സംബന്ധിച്ചു് എൻെറ സ്നേഹിതന്മാരിലൊരാൾ നിർദ്ദേശിച്ചതുപോലെ ഹൈക്കോർട്ടു ജഡ്ജിമാർ വാസ്തവമായ പരിശോധനജോലി നടത്തണമെന്നാണ്.

ഡിപ്യൂട്ടിപ്രസിഡൻറ: വേറൊരധികരണത്തിൽ അതു വിമർശനംചെയ്തിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ നാം അതിനെ വിമർശനം ചെയ്തിട്ടുണ്ട്. ഞാൻ അതിനെപ്പററി പറയുന്നതു് കീഴ്ഉദ്യോഗസ്ഥന്മാരുടെ ജോലിയുടെ ഗുണത്തെ നിർണ്ണയിക്കുന്നതിനു് അതു വള

ഒരു ഫലപ്രദമായ ഒരു വഴിയാണെന്നു കാണിക്കാൻ വേണ്ടിമാത്രമാണ്. ഏതുനിക്കു കാണാൻ കഴിയുന്നിടത്തോളം അതുപോലെ ഫലപ്രദമായ വേറെമാർഗ്ഗമൊന്നും ഇല്ല. കണക്കുകളെമാത്രം അവർ ആശ്രയിക്കുന്നെങ്കിൽ അതിൽ നിന്നു തൃപ്തികരമായ ഒരറിവു് ലഭിക്കുന്നതല്ല. എന്നാൽ നേരെ മറിച്ചു, ഹൈക്കോർട്ടു ജഡ്ജിമാർ അപ്പഴപ്പോൾ കോർട്ടുകളെ പരിശോധിക്കുകയും, പരിശോധന തൃപ്തികരമായും പൂർണ്ണമായും ഇരിക്കുന്നെങ്കിൽ അതു ജോലിയുടെ ഗുണത്തെനിർണ്ണയിക്കുന്നതിനു നിശ്ചയമായ ഒരുവഴി ആയിരിക്കും. കീഴുദ്യോഗസ്ഥൻ ഒരു കേസുവിചാരണ കഴിക്കുന്നതു് എങ്ങിനെ ആണ് എന്നു നോക്കുന്നതിനു മാത്രമല്ല ഒരു ജഡ്ജി കോർട്ടിൽ ചെല്ലുന്നതു്. എന്നാൽ അദ്ദേഹം കേസുസംബന്ധിച്ച റിക്കാർഡുകൾ നോക്കി എത്രസാക്ഷികളെ വിസ്തരിച്ചിട്ടുണ്ട് എന്നു തീർച്ചപ്പെടുത്തുകയും പ്രസിദ്ധപ്പെടുത്തീട്ടുള്ള വിധികളുടെ എണ്ണവും വിധികളുടെ ദൈർഘ്യവും സ്വഭാവവും ആ ഉദ്യോഗസ്ഥൻ തന്റെ ജുഡിഷ്യൽ ജോലിചെയ്യുന്നതിന്റെ രീതിയും പരിശോധിക്കണം. ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ ചെയ്യുന്ന ജോലിയുടെ സ്വഭാവം നിർണ്ണയിക്കുന്നതിനു മുമ്പായിട്ടു അദ്ദേഹം ഇതെല്ലാം പരിശോധിക്കേണ്ടതാണ്. ഹൈക്കോർട്ടു ജഡ്ജിമാരുടെ ശമ്പളം സംബന്ധിച്ച ആ വിഷയത്തിൽ ആലോചിക്കാതെ ഒരഭിപ്രായം പ്രകടിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല. മററുപല ഉദ്യോഗസ്ഥന്മാരും വാങ്ങുന്ന ശമ്പളത്തെ അപേക്ഷിച്ചു് ഹൈക്കോർട്ടു് ജഡ്ജിമാരുടെ ശമ്പളം പര്യാപ്തമല്ല എന്നു നിർദ്ദേശിക്കപ്പെട്ടു. ഇതുസംബന്ധമായി ഒരു ഉപദേശം മാത്രം ഉൽബോധിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിനു. അതായതു് മററു ചില ഉദ്യോഗസ്ഥന്മാർ വാങ്ങുന്നശമ്പളം കുറയ്ക്കുന്ന സംഗതി ചിന്താവിഷയമല്ലേ എന്നാണ്. ജഡ്ജിമാർക്കു പ്രാരംഭശമ്പളമായി ൧൨൦൦ രൂപാപോലെയുള്ള വളരെ കൂടുതലായ ശമ്പളം കൊടുക്കുന്നതിനേക്കാൾ രാജ്യത്തിന്റെ ആവശ്യത്തെ കരുതി മററുദ്യോഗസ്ഥന്മാരുടെ അത്യധികമായ ശമ്പളത്തെ കുറയ്ക്കുന്നതിനു സാധിക്കുകയില്ലേ എന്നുകൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതു സംബന്ധമായി വിഷയത്തിന്റെ ആവശ്യവും കൂടി ആലോചിക്കേണ്ടതാണ്. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) : മി: കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ബഡ്ജററ് സെഷനിലെ പൊതുചിമർശനത്തിൽ ഞാൻ ശമ്പളത്തെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ടായിരുന്നു. കുറഞ്ഞൊരു കാലമായി ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിലെ ഭരണാധികാരികളായി തീരുന്നതു് നിമിത്തം ജുഡിഷ്യൽ വകുപ്പൊഴികെയുള്ള മററു ഡിപ്പാർട്ടുമെന്റുകളെ അവഗണിച്ചുവരികയാണ് ചെയ്യുന്നതു്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു ഹൈക്കോർട്ടിനെ ആക്ഷേപിക്കുകയാണ്.

ഡിപ്യൂട്ടിപ്രസിഡന്റ : അതെ ഇപ്പോൾ തന്നെ ഞാൻ മി. കേശവപിള്ളയുടെ ശ്രദ്ധയെ അതിലേക്കു് ആകർഷിക്കുന്നതിനു വിചാരിച്ചു. ഒരു ഹൈക്കോർട്ടു ജഡ്ജിക്കു് ഏതാനും ന്യൂനതകളുണ്ടു് എന്നും ഏതെല്ലാം അതികളുണ്ടു എന്നും നിങ്ങൾ ബോധിക്കണം. ഏതെങ്കിലും അഭിപ്രായത്തിന്മേലും ഹൈക്കോർട്ടിനെ ഒന്നാകെ നിരുത്തരവാദമായി ദോഷാരോപണം ചെയ്യുന്നതു തൃപ്തികരമല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും). ഹൈക്കോടതി ജഡ്ജിക്ക് ൯൦൦ രൂപാ കൊടുക്കുന്നു. അവർക്ക് ൭൦൦ രൂപാ കാഴ്ചുണ്ടമെന്നാണ് എന്റെ അഭിപ്രായം അവരുടെ ജോലി അങ്ങനെയാണ്. ടെമ്പററികോടതികൾ വർദ്ധിച്ചിട്ടും യാതൊരു ഫലവുമില്ല. സാധുക്കളായ കക്ഷിക്കാരുടെ പ്രതിനിധികൾ എന്നനിലയിൽ ... ഡിപ്യൂട്ടിപ്രസിഡന്റ: നിങ്ങൾക്കു ബോധിച്ചതെന്തെങ്കിലും പറയാം, എന്നാൽ വക്രോക്തി ഉപയോഗിക്കരുതു്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പൊതുജനങ്ങൾക്കു ഫലപ്രദമായിരിക്കുന്നില്ല. നായർ റഗുലേഷൻ അനുസരിച്ചു ഖാപായിൻ്റുകളുള്ള ചില അപ്പീൽ കേസുകൾ തീരുമാനിക്കാത്തതിനാൽ അനേകായിരം കേസുകൾ വിധിപ്രസ്താവിക്കാതിരിക്കുന്നു. മുമ്പുണ്ടായിട്ടുള്ള വിധികളെ മുൻനിർത്തിപ്രവർത്തിക്കുന്നില്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: തിരുവിതാംകോടിന്റെ പല ഭാഗങ്ങളിലായി തീരുമാനം ചെയ്യാതെ കിടപ്പുള്ള ഉദ്ദേശം ൧൫൦൦ കേസുകളേയും ഹൈക്കോർട്ടു നിരീക്ഷണം ചെയ്യണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നുവെം?

മി: ടി. സി. കേശവപിള്ള)കൽക്കുളവും വിളവങ്കോടും): ഇല്ല, ഹൈക്കോർട്ടിലെ കാലപ്പഴക്കമുള്ള കേസുകൾമാത്രം

ഡിപ്യൂട്ടിപ്രസിഡന്റ്; കാലപ്പഴക്കമുള്ള കേസുകളുണ്ടായിരിക്കയും ഇവയിലേക്കു ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്യുന്നെങ്കിൽ ആവശ്യപ്പെട്ട പരിഹാരം അദ്ദേഹം ഉണ്ടാക്കുമായിരുന്നു. ചീഫ് ജസ്റ്റിസിന്റെ വിവേകബുദ്ധിയെയും അധികാരങ്ങളേയും പററി നമ്മുക്കു ചർച്ചചെയ്യാൻ പാടില്ല. ഹൈക്കോർട്ടുകളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കു സംസാരിക്കാൻ അവകാശമുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ശമ്പളം കൂട്ടണമെന്ന് അഭിപ്രായപ്പെട്ടതിൽ മാത്രം വ്യത്യാസം പറയുകയാണ്. ടെമ്പററികോർട്ടിലെ ഉദ്യോഗസ്ഥന്മാരും സ്ഥിരം കൊടുക്കാത്ത ആഫീസറന്മാരും ഒരു സ്ഥലത്തു നിന്നു മററൊരു സ്ഥലത്തേക്കു പോകുന്ന സഞ്ചാരപ്പടി കൊടുത്തുകാണുന്നില്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: താൽക്കാലികമായ ജഡ്ജിമാർക്കും മുൻസീഫന്മാർക്കും ക്ലാർക്കുകൾക്കും പ്യൂൺമാർക്കും അവർ ഒരു സ്ഥലത്തു നിന്നു മററൊരു സ്ഥലത്തേക്കു സ്ഥലം മാറിപ്പോകുന്നതിനു ആജ്ഞാപിക്കപ്പെടുമ്പോൾ, സഞ്ചാരപ്പടി കിട്ടുന്നില്ല എന്നല്ലേ നിങ്ങൾ ഉദ്ദേശിക്കുന്നതു്

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അഞ്ചും ഏഴും വർഷം ടെമ്പററിസ്റ്റാഫിൽ ഇരുന്ന് ആക്ടിംഗ് നോക്കിയവരുടെ അവകാശത്തെ മുൻനിറുത്തി അല്ല സ്ഥിരപ്പെടുത്തുന്ന അവസരത്തിൽ പ്രവർത്തിക്കുന്നതു് ഈ മാതിരിയുള്ള ന്യൂനതകൾ കാണുന്നതിനാൽ ജഡ്ജിമാർക്കു ശമ്പളം കൂട്ടണമെന്നു് പറ-

ണ്മെൻറ് അംഗീകരിച്ചിരിക്കുന്ന തത്വത്തെക്കുറിച്ചു പൊതുജനങ്ങൾക്കുള്ള വെറുപ്പിനെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ കണക്കിനു റവന്യൂവകുപ്പിലായ ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാർക്ക് ഒരു മടങ്ങിലധികം ശമ്പളം കൂട്ടിക്കൊടുക്കണം.

മുൻസിഫ് കോടതികളുടെ സൗകര്യത്തെ സംബന്ധിച്ചു നിയമവിളംബര കമ്മീഷണരുടെ റിപ്പോർട്ടു വരുമ്പോൾ അനേക സങ്കടങ്ങൾ പറയുന്നുണ്ട്. അവയെല്ലാം പൊതുവെ ഒരു മറുപടി കിട്ടുമെന്നും അതിലേക്കു സമർത്ഥനായ ഒരാളെ നിയമിച്ചിരിക്കുന്നതു കൊണ്ടു ശരിയായ അനുകൂലം കിട്ടുമെന്നുമുള്ള ഉദ്ദേശത്തോടുകൂടി സങ്കടങ്ങളെ അടക്കിവയ്ക്കുന്നു.

ഉച്ചയ്ക്കുമേൽ രണ്ടു മണി അടിച്ചപ്പോൾ ലഞ്ചിനുശേഷം പിരിഞ്ഞു. ൨-൪ മണിക്കു വീണ്ടും കൂടി പ്രസിഡൻറു ആദ്ധ്യക്ഷ്യം വഹിച്ചു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സർ, മി. കേശവപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ജഡ്ജിമാരുടേയും മുൻസിഫന്മാരുടേയും യോഗ്യതയെ ഇപ്പോൾ പരിഗണിച്ചു വരുന്നതു അവർ ഓരോ ക്വാർട്ടറിലും തീർച്ചചെയ്യുന്ന കേസ്സുകളുടെ സംഖ്യയെ അടിസ്ഥാനപ്പെടുത്തിയാണ് എന്നുള്ളതിനാൽ മുൻസിഫന്മാരും ജഡ്ജിമാരും കഴിയുന്നത്ര വേഗത്തിൽ കേസുകൾ തീർച്ചചെയ്യാൻ തുടങ്ങുന്നു. അതു കൊണ്ടു കുറെ പ്രയാസമേറിയ കേസുകൾ മുഴുവൻ കെട്ടിക്കിടക്കേണ്ടിവരുന്നു. അങ്ങനെയുള്ള കുടിശ്ശിഖ തീർക്കാനായിട്ടാകുന്നു ടെമ്പററി കോർട്ടുകൾ ചില സ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നത്. എന്നാൽ ഈ ടെമ്പററി കോടതികളിൽ നിയമിക്കപ്പെടുന്ന ജഡ്ജിമാരും മുൻസിഫന്മാരും മിക്കവാറും ജൂനിയറായിട്ടുള്ളവരാണ്. സീനിയർ ഉദ്യോഗസ്ഥന്മാർക്കും വേണ്ടവിധത്തിൽ പരിചയമുള്ളവർക്കും ശരിയായി ഡീൽ ചെയ്യുന്നതിനു നിവൃത്തിയില്ലാത്ത ഈ കേസ്സുകൾ വിസ്തരിച്ചു വിധിക്കേണ്ട ചുമതല പുതുതായി നിയമിക്കപ്പെട്ട (റിക്രൂട്ട് ചെയ്യപ്പെടുന്ന) ഉദ്യോഗസ്ഥന്മാരുടെ തലയിലാണു വന്നുകൂടുന്നത്. എന്നാൽ ഇങ്ങനെയുള്ള കേസുകൾ പരിചയവും പഴക്കവുമുള്ള ഉദ്യോഗസ്ഥന്മാർ തീർച്ചചെയ്യുന്നപക്ഷം, വേണ്ട വിധത്തിൽ നീതി കിട്ടുന്നതിനു സൗകര്യമുള്ളതുകൊണ്ട് ഈ ടെമ്പററി കോടതികളിൽ കഴിയുന്നതും സീനിയർ ഉദ്യോഗസ്ഥന്മാരെ തന്നെ നിയമിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മി. കേശവപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. എന്റെ മുഖ്യമായ ഉദ്ദേശം ഇപ്പോൾ സംസാരിച്ച മെമ്പർമാരിൽ ആരും തന്നെ പറഞ്ഞിട്ടില്ലാത്ത ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥവൃന്ദത്തിന്റെ കഷ്ടസ്ഥിതിയിലേക്കു ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനായിട്ട് ആകുന്നു. ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥവൃന്ദത്തെപ്പററി അവർ കഠിനമായി കഷ്ടപ്പെടുന്നവരാണെന്നു എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു പരാതി പുറപ്പെട്ടിരിക്കുന്നു. അതിനെപ്പററി അവർ എത്രമാത്രം അളവിൽ വാസ്തവമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോൾ തീരെ മതിയാകാത്തതായ അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനാൽ ഗവണ്മെൻറ് ഈ ദോഷത്തെ ഉന്മൂലനം ചെയ്യേണ്ടതാണ്. രാജ്യത്തിലെ പല ഡിപ്പാർട്ടുമെൻറുകളിലും ജോലിചെയ്യുന്ന സിബ്ബന്തികളോടു തുലനം ചെയ്യുമ്പോൾ ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ ക്ലാർക്കുവൃന്ദത്തിന്റെ ജോലി ഏറാവും കഠിനമായിട്ടുള്ളതാണ്. ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഈ ക്ലാർക്കുകൾ മിക്കപേരും രാവിലെ എട്ടുമണിക്കു ആഫീസിൽ ഹാജരായി രാത്രി നന്നാവൈകുന്നതുവരെ അവിടെ ഉണ്ടായിരിക്കണം. കുടിശ്ശിഖ തീർക്കാനായിട്ട് ഒഴിവു ദിവസങ്ങളിലും അവർ ആഫീസിൽ ഹാജരാകണം. അവർക്കു പ്രതിമാസം ൨൦ മുതൽ ൩൦ വരെ രൂപാ മാത്രമെ ശമ്പളം കിട്ടിവരുന്നുള്ളു. മററു ഡിപ്പാർട്ടുമെൻറുകളിൽ തുല്യനിലയുള്ളവർക്ക് അതിലും കൂടുതൽ ശമ്പളം കിട്ടുന്നുണ്ട്. അതിനാൽ ഞാൻ സമർപ്പിക്കുന്നത് ജൂഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഈ ക്ലാർക്കുമാരുടെ സ്ഥിതിയെപ്പററി ഗവണ്മെൻറ് ആലോചിക്കുകയും അവരുടെ ശമ്പളവും ആയതിനേയും പരിഷ്കരിക്കുകയും വേണ്ടതാണ് എന്നാകുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ക്ലാർക്കുമാരുടെ സംഖ്യ വർദ്ധിപ്പിച്ചാൽ മെമ്പർ തൃപ്തനാകുമെന്നു പറയാമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അശേഷം ഇല്ല. അതു പരിഹാരമായിരിക്കയില്ല. ഈ ക്ലാർക്കുമാരുടെ ശമ്പളവും ആയതിലും പരിഷ്കരിക്കണം.

മി: വി. ചെല്ലംപിള്ള (തോവാള): ക്ലാർക്കുമാരുടെ ശമ്പളം പരിഷ്കരിച്ചാൽ ഇപ്പോൾ ഡിപ്പാർട്ടുമെൻറിൽ കാണുന്ന അഴിമതി ഇല്ലാതെയാകുമെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അതാണു ഞാൻ പറഞ്ഞത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉപക്ഷേപത്തെ അനുകൂലിക്കുമ്പോൾ മി. രാമൻപിള്ള പറഞ്ഞതു ജില്ലാജഡ്ജിമാർക്കു ഹൈക്കോർട്ടിലേക്കു പ്രമോഷൻ കൊടുക്കുന്നതിനെപ്പററി ഞാൻ ആലോചനം പറഞ്ഞില്ല എന്നാണ്. ജില്ലാജഡ്ജിമാരെ ഹൈക്കോർട്ടു ജഡ്ജിമാരായി കയററം ചെയ്യുന്നതിനെപ്പററി ആലോചിക്കുന്നതിനു ഹൈക്കോർട്ട് പര്യാപ്തമായ ഒരു സംഘമല്ല എന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു ഞാൻ അതിനെ മനഃപൂർവമായി വിട്ടുകളഞ്ഞതാണ്. ഇപ്പോൾ അതു ഗവണ്മെൻറുതന്നെയാണ് പൂർണ്ണമായും ചെയ്തുവരുന്നത്. ഹൈക്കോർട്ടിലേക്കു കയററം കൊടുക്കുന്ന സമയത്തു കാര്യക്ഷമതയും സർവീസുജ്യേഷ്ഠതയും ആലോചിക്കുന്നപക്ഷം യാതൊരാളും മതിയാകും.

മുൻസിഫന്മാരും ജഡ്ജിമാരും ചെയ്യുന്ന ജോലിയുടെ പരിമാണവും ഗുണവും ആരായുന്നതു മാത്രം പ്രമോഷൻ കൊടുക്കുന്നകാര്യം ആലോചിക്കുമ്പോൾ മതിയാകയില്ല എന്നു മി. താണുപിള്ള എന്റെ ഉപക്ഷേപത്തെ അനുകൂലിക്കുമ്പോൾ പറഞ്ഞു. അതിൽ ഏതാനും പരമാർത്ഥമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. കീഴ്ക്കോർട്ടുവിധികളിന്മേൽ അപ്പീൽ എല്ലായ്പോഴും ഫയൽ ചെയ്യുക എന്ന പതിവില്ലായിരിക്കാം. അങ്ങിനെയുള്ള ഉദാഹരണങ്ങൾ ഉണ്ടാകുന്നപക്ഷം ഉദാഹരണങ്ങൾ വളരെ അപൂർവമായിട്ടു മാത്രമെ ഉണ്ടാകുന്നുള്ളു. അങ്ങിനെയുള്ള ഉദാഹരണങ്ങൾ കഴിക്കേണ്ടതു ഹൈക്കോർട്ടു ജഡ്ജിമാരുടെ കോർട്ടുകൾ പരിശോധിക്കുന്ന സമയത്തു ശരിയായ അന്വേഷണങ്ങൾ കഴിക്കേണ്ടതു ഹൈക്കോർട്ടു ജഡ്ജിമാരുടെ മുറയായിരിക്കും. ഈ എല്ലാകാര്യങ്ങളും ആലോചിച്ചു കാര്യക്ഷമതയും സർവീസുജ്യേഷ്ഠതയും പ്രമാണിച്ചു പ്രമോഷൻ കൊടുക്കുന്നതായാൽ, അപ്പോൾ പ്രമോഷനുകൾ കൊടുക്കുന്നതിനു അതു ഒരു ഉത്തമമാർഗ്ഗമായിരിക്കും.

വിദ്വാനായ ലാമെംബർ കൊടുത്ത മറുപടിയെപ്പറ്റി എനിക്കു തൃപ്തിയായിട്ടില്ല. ഈ പ്രശ്നം മുമ്പവസരങ്ങളിൽ കൊണ്ടുവരികയും ഇപ്പോൾ കൊടുത്ത മറുപടിതന്നെ ആ അവസരങ്ങളിലും കൊടുക്കയും ഉണ്ടായിട്ടുണ്ട്. അതിൽപിന്നെ ഒട്ടു വളരെ പ്രമോഷനുകൾ ചെയ്തിട്ടുണ്ട്. എന്നാൽ കാര്യക്ഷമതയുടെ സംഗതി ആ അവസരങ്ങളിൽ ആലോചിക്കപ്പെട്ടിട്ടില്ല എന്നാണു ഞാൻ ധരിച്ചിരിക്കുന്നത്. കാര്യക്ഷമതയും കൂടി ആലോചിക്കപ്പെട്ടിരുന്നെങ്കിൽ, അപ്പോൾ സർവീസു ജ്യേഷ്ഠതയുള്ളവരെ മാത്രം പ്രമോഷൻ ചെയ്യുകയില്ലായിരുന്നു. എന്നാൽ അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ ഉണ്ടായിട്ടില്ല. എന്റെ പ്രസ്താവന വളരെ അസന്നിഗ്ദ്ധമാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): സീനിയർ ഉദ്യോഗസ്ഥനു കൂടുതൽ പരിചയമുള്ളതുകൊണ്ട് കൂടുതൽ ബുദ്ധിമുട്ടുള്ള കേസുകൾ അവർ വേണ്ടെ ചെയ്യാൻ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കാര്യക്ഷമത സർവീസുജ്യേഷ്ഠതയോടൊന്നിച്ചു അനിവാര്യമായി കാണപ്പെടുകയില്ല. അതിനാൽ പ്രമോഷനുകൾ കൊടുക്കപ്പെടുമ്പോൾ, ഗവണ്മെന്റു കാര്യക്ഷമതയും സർവീസു ജ്യേഷ്ഠതയും രണ്ടും കൂടി ആലോചിക്കാമെന്നു വാഗ്ദാനം ചെയ്യുമെങ്കിൽ എന്റെ ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ ഒരുക്കമാണ്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): മെംബർ ഉപദേശിക്കാൻ ആഗ്രഹിക്കുന്ന നിവൃത്തിമാർഗ്ഗം എന്താണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു എന്റെ ആവശ്യമല്ല. ഈ പ്രശ്നത്തിനു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതിനു കഴിവുണ്ടാകത്തക്ക പ്രായോഗികങ്ങളായ രീതികളെ ഹൈക്കോർട്ടും ഗവണ്മെന്റും കൂടി ആലോചിക്കേണ്ടതാണ്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, ശ്രദ്ധിച്ചാലും, പ്രമോഷനുകളെപ്പറ്റി ശിപാർശ ചെയ്യുമ്പോൾ ഹൈക്കോർട്ടു സർവീസു ജ്യേഷ്ഠതയാലും കാര്യക്ഷമതയാലും പ്രേരിതരായിട്ടുണ്ട് എന്നു ഞാൻ ഒരിക്കൽ കൂടി പറയാം.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): സർവീസു ജ്യേഷ്ഠതയും കാര്യക്ഷമതയും ഉണ്ടായിരുന്ന ഒരു തമിഴൻ ജഡ്ജിക്കു ഹൈക്കോർട്ടിലേക്കു പ്രമോഷൻ കിട്ടാതെ വന്നതു എന്തുകൊണ്ടാണെന്നു മെംബർ പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഹൈക്കോർട്ടു ജഡ്ജിമാരെ നിയമിക്കുന്നതിനെപ്പറ്റി ഹൈക്കോർട്ടു ഗവണ്മെന്റിലേക്കു ശിപാർശ ചെയ്യുന്നില്ല. മുൻസിഫന്മാരെയും രണ്ടാം ജഡ്ജിമാരേയും പ്രമോഷൻ ചെയ്യുന്നതിനെപ്പറ്റി മാത്രമല്ലാതെ, ജില്ലാ ജഡ്ജിമാരെ ഹൈക്കോർട്ടു ജഡ്ജിമാരായി കയറ്റം ചെയ്യുന്നതിനെപ്പറ്റിയല്ല മെംബർ സംസാരിച്ചുകൊണ്ടിരുന്നതു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): കാര്യക്ഷമതയും സർവീസുജ്യേഷ്ഠതയും ഉള്ള ഒരു തമിഴൻ ജഡ്ജിയെ ഹൈക്കോർട്ടു ജഡ്ജിയായി കയറ്റം ചെയ്യാഞ്ഞതു എന്തുകൊണ്ടാണ് എന്നുള്ള ചോദ്യമാണു ഞാൻ ചോദിച്ചതു.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഏതെങ്കിലും തമിഴനെ ജില്ലാ ജഡ്ജിയായിട്ടു പ്രമോഷൻ ചെയ്യുന്ന സംഗതിയിൽ മറികടന്നു പോയിട്ടുള്ള ദൃഷ്ടാന്തമുണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാര്യക്ഷമതയുടേയും സർവീസു ജ്യേഷ്ഠതയുടേയും പ്രമാണം എല്ലായ്പോഴും അനുകരിക്കപ്പെടുന്നുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): കാര്യക്ഷമതയും സർവീസു ജ്യേഷ്ഠതയും എന്ന രണ്ടിന്റെയും പ്രമാണം ഹൈക്കോർട്ട് ആലോചിച്ചിട്ടുള്ളതായി ഒരു ദൃഷ്ടാന്തം പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): എല്ലായ്പോഴും തന്നെ കാര്യക്ഷമതയും സർവീസു ജ്യേഷ്ഠതയും എന്ന അടിസ്ഥാനം മാത്രം പ്രമാണിച്ചത്രെ ശിപാർശകൾ ചെയ്തിട്ടുള്ളതു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): സർവീസു ജ്യേഷ്ഠതയില്ലാത്ത കാര്യക്ഷമതയുള്ള ഒരുദ്യോഗസ്ഥനെ ഹൈക്കോർട്ടിലേക്കു പ്രമോഷൻ ചെയ്തിട്ടുണ്ടോ എന്നു പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): സർവീസുജ്യേഷ്ഠതയുള്ള ഒരുദ്യോഗസ്ഥനെ, അയാൾ കാര്യക്ഷമതയുള്ള ഒരാൾ കൂടിയാണെങ്കിൽ, മറികടന്നു പോകുന്നെങ്കിൽ, അതു അശേഷം നീതീകരിക്കത്തക്കതല്ല.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): സർവീസു ജ്യേഷ്ഠതയുള്ള ഉദ്യോഗസ്ഥന്മാർ എല്ലായ്പോഴും കാര്യക്ഷമതയുള്ളവരാണെന്നു മെംബർക്കഭിപ്രായമുണ്ടോ എന്നു പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): നിശ്ചയമായിട്ടും അല്ല. സർവീസു സീനിയോറിട്ടിയുള്ള ഒരുദ്യോഗസ്ഥനു കാര്യക്ഷമതയും കൂടിയുണ്ടായിരിക്കുന്ന വൃത്തികളിൽ ഇച്ഛകാര്യക്ഷമതയുള്ള വേറെ ഒരാളെ അപേക്ഷിച്ച് മറികടന്നു പോകുന്നെങ്കിൽ, അതു വളരെ ഗൗരവമായ അനീതിയായിരിക്കും.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): സർവീസു ജ്യേഷ്ഠതയും കാര്യക്ഷമതയും എല്ലായ്പോഴും ഒരുമിച്ചു കാണപ്പെടും എന്നു മെംബറിന്റെ അഭിപ്രായമാണോ എന്നു പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് ഹെഡ് സർക്കാർവക്കീൽ): അനിവാര്യമായിട്ടു അല്ല. ഓരോ കേസിനെയും അതാതിന്റെ യോഗ്യതയനുസരിച്ചു തീർച്ച ചെയ്യേണ്ടതാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെയല്ലാതെ സംഭവിച്ചിട്ടുള്ളതായി ഏതെങ്കിലും ഉദാഹരണം പറയാൻ കഴിയുമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): എനിക്കു പറയാൻ സാധിക്കുകയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇതുവരെയുണ്ടായിരുന്ന സീനിയർ ഉദ്യോഗസ്ഥന്മാർ എല്ലാം കാര്യക്ഷമതയുള്ളവരായിരുന്നു എന്നാണോ മെമ്പർ പറയുന്നതു്?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥൻ കാര്യക്ഷമതയില്ലാത്തയാളാണെന്നു ഹൈക്കോർട്ടിനഭിപ്രായമുണ്ടായിരുന്നെങ്കിൽ അയാളെ പ്രമോഷൻ ചെയ്യുന്നതിനു അവർ ശിപാർശ ചെയ്യുകയില്ലായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പ്രമോഷനുകൾ എല്ലായ്പോഴും ചെയ്യപ്പെട്ടിട്ടുള്ളതു് ഗസററിൽ പരസ്യം ചെയ്യപ്പെടുന്ന ഈ ഉദ്യോഗസ്ഥന്മാർ ചെയ്ത ജോലിവിവരത്തെ പരിശോധിച്ചതിന്റെ ശേഷമാണോ എന്നു പറയാമോ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതാണ് ഞാൻ ഇപ്പോൾ തന്നെ പറയാൻ പോകുന്നതു്. ഒരുദ്യോഗസ്ഥന്റെ കാര്യക്ഷമത കണക്കുകളാലോ അക്കങ്ങളാലോ അളക്കാവതല്ല. ബഹുമാനപ്പെട്ട ജഡ്ജിമാർ സിവിൽകോർട്ടുകോഡിൽ താഴെ പറയുന്ന ചട്ടം സ്പഷ്ടമായി പ്രകടിപ്പിച്ചിരിക്കുന്നു:—

"ജഡ്ജിമാരുടെയും മുൻസിഫന്മാരുടെയും യോഗ്യതകൾ അവരുടെ ജോലിയുടെ പരിമാണം ജുഡിഷ്യൽ ജോലിക്കുള്ള പ്രത്യേക ചതുരതയെ പ്രദർശിപ്പിക്കുന്നതായി ഗണിക്കപ്പെടുമെങ്കിലും പരിമാണത്തേക്കാൾ അവരുടെ ജോലിയുടെ ഗുണം കൊണ്ടാണ് നിർണ്ണയിക്കപ്പെടുന്നതു്."

മി: താണുപിള്ളയും ഈ സഭയിലെ മററു മെമ്പർമാരും ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷമങ്ങൾ ഹൈക്കോർട്ടിനു ബോദ്ധ്യമായിട്ടുണ്ട്. ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാർ ചെയ്തുതീർക്കുന്ന ജോലിയുടെ പരിമാണം എന്ന അടിസ്ഥാനത്തിൽനിന്നുമാത്രം യാതൊരു തീരുമാനങ്ങളും ചെയ്യാൻ പാടില്ല. ഒരു മുൻസിഫിനെ കാര്യക്ഷമതയുള്ള ആൾ എന്നു പരിഗണിക്കത്തക്ക യോഗ്യത സിദ്ധിക്കുന്നതിനു ചെയ്തുതീർത്തിട്ടുള്ള പരമാവധിയായ ജോലിമാത്രം പോരാതെ വരുന്നതാം. ഈ ചട്ടം ഏർപ്പെടുത്തുന്ന കാര്യത്തിൽ ഹൈക്കോർട്ട് വളരെ കരുതൽ എടുത്തിട്ടുണ്ട്. അതിനാൽ പ്രമോഷനുകൾക്കായി ശിപാർശ ചെയ്യുന്ന കാര്യത്തിൽ അവർ കാര്യക്ഷമതയുടെ ചട്ടം അനുസരിച്ചിട്ടില്ല എന്നർത്ഥം വരുന്ന വല്ല ആക്ഷേപനിരീക്ഷണത്തിനും വകയില്ല.

ഈ വിഷയത്തെപ്പററിയുള്ള നിരീക്ഷണങ്ങൾ ആനുഷംഗികമായിരിക്കുന്നിടത്തോളം തീർച്ചയായിട്ടും ഹൈക്കോർട്ടിന്റെ അറിവിലേക്കു സമർപ്പിക്കപ്പെടുമെന്നു മെമ്പറോടു ഞാൻ ഉറപ്പുപറയാം. കാര്യക്ഷമതയും സർവീസുജ്യേഷ്ഠതയും പ്രമാണിച്ചുള്ള ശിപാർശകൾ ചെയ്യുന്ന നയത്തെ ഇതേവരെ അനുസരിച്ചിട്ടുള്ളപ്രകാരംതന്നെ ഭാവിയിലും തുടർന്നുകൊള്ളുന്നതാണ എന്നു സഭയോടു ഞാൻ ഉറപ്പുപറയുകയും ചെയ്യാം. ഉദ്യോഗസ്ഥവ്യക്തികളുടെ പ്രമോഷനുള്ള അവകാശത്തെ നിർണ്ണയിക്കുന്നതിൽ വളരെ പ്രധാനമായ തത്വം കാര്യക്ഷമത ആയിരിക്കുന്നു.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): ബ്രിട്ടീഷ് ഇന്ത്യയിൽ കാര്യക്ഷമതാമാർഗ്ഗം എന്നൊരു ഏർപ്പാടില്ലേ?

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): മുൻസിഫന്മാരെ സംബന്ധിച്ചിടത്തോളം കാര്യക്ഷമതാമാർഗ്ഗം എന്ന ഒരേർപ്പാടു ബ്രിട്ടീഷ് ഇന്ത്യയിൽ ഉണ്ട്. സഭയുടെ മറുവശത്തിരിക്കുന്ന മെമ്പർമാർ, സംഗതിമുഴുവനായി അന്വേഷണം കഴിച്ചുകൊണ്ടിരിക്കയാണ് എന്നു ധരിച്ചിരിക്കണം. നിയമവിളംബകക്കമ്മീഷണർ തന്റെ പ്രഖ്യാവലിയിൽ ഒരു പ്രത്യേക അദ്ധ്യായം മുഴുവനും കാര്യക്ഷമതയനുസരിച്ചുള്ള പ്രമോഷനുകളുടെ ഈ സംഗതിക്കും ഹൈക്കോർട്ടിനും മേലധികാരികൾക്കും ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന സംഗതിയിൽ മാർഗ്ഗദർശിയായിരിക്കേണ്ട പ്രമാണത്തിനും ആയിട്ട് ഉപയോഗിച്ചിരിക്കുന്നു. തീർച്ചയായിട്ടും സംഗതി നിയമവിളംബകക്കമ്മീഷണരുടെയും ഹൈക്കോർട്ടിന്റെയും വളരെ വിസ്തൃതവും സൂക്ഷ്മവുമായ ആലോചനയ്ക്കു വിഷയമാകുന്നതാണ്. ഈ ഉറപ്പുകൂടി മെമ്പർ ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ ആശിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ?

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

നം. ൧൨-ാം ഉപക്ഷേപം.

ഹൈക്കോർട്ടിനു കൊള്ളിച്ചിട്ടുള്ള ൩൭,൯൭൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഹൈക്കോടതിക്കനുവദിച്ചിട്ടുള്ള ൩൭,൯൭൧ രൂപായിൽനിന്നു ഒരു രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉദ്ദേശം ബാറിൽനിന്നും മുൻസിഫ്മാരായും ജഡ്ജിമാരായും നിയമിക്കപ്പെടുന്ന ആളുകൾക്ക് മുഴുവൻ പെൻഷൻ കിട്ടുന്നതിനു ൨൫ വർഷത്തെ സർവീസ് വേണമെന്നുള്ള വ്യവസ്ഥയെ ഭേദപ്പെടുത്തി ൨൦ കൊല്ലമാക്കിയാൽ കൊള്ളാമെന്നുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നതിനാണ്.

സർ, മുൻസിഫന്മാരായിട്ട് ഇപ്പോൾ ൩൫ വയസ്സുകഴിഞ്ഞവരെയും ജഡ്ജിമാരായിട്ടും ൪൦ വയസ്സുകഴിഞ്ഞവരെയും എടുക്കാൻ പാടില്ലെന്നു ഒരു ചട്ടം നടപ്പിൽ ഇരിക്കുന്നതായി പറയുന്നുണ്ട്. ൩൫ വയസ്സിൽ മുൻസിഫായിട്ടു പ്രവേശിക്കുന്ന ഒരാൾ ൫൫-ാമത്തെ വയസ്സിൽ സർവീസിൽനിന്നും പിരിയുമ്പോൾ ൨൦ വർഷത്തെ സർവീസ് മാത്രമേ ആകുന്നുള്ളു. അതുപോലെതന്നെ ൪൦ വയസ്സിൽ ജഡ്ജിയായിട്ടു നിയമിക്കപ്പെടുന്ന

തായാൽ ൨൫ വർഷം കഴിയുമ്പോൾ പെൻഷൻപററി പിരിയണം. അപ്പോൾ ഈ രണ്ടുകൂട്ടക്കും സർവീസ്സ് റഗുലേഷൻപ്രകാരം മുഴുവൻപെൻഷൻകിട്ടുന്നതിനുള്ള അവകാശം സിദ്ധിക്കുന്നില്ല. അതുകൊണ്ടു യോഗ്യന്മാരും സമർത്ഥന്മാരുമായ വക്കീലന്മാരെ ഈ വകജോലിക്ക് ആകർഷിക്കുന്നതിനു ഇതു വലിയ പ്രതിബന്ധമായിട്ടുതീരുന്നു. ഇങ്ങനെ നിയമിക്കപ്പെടുന്നവർ ൭൦ വയസ്സുവരെ വെറുതെ ഇരുന്നിട്ടുള്ളവരല്ല. അവർ വക്കീൽവേലയിൽ പൊതുജനസേവനംതന്നെയാണു നടത്തിവന്നിരുന്നതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ടു പെൻഷൻ വക്കീലന്മാക്കും കൊടുക്കണമെന്നാണോ പറയുന്നതു്?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): വക്കീലന്മാക്കു പെൻഷൻ കൊടുക്കേണ്ട ആവശ്യമില്ല. ലാകാളേജിലും മററും പ്രൊഫസർമാരായിരുന്നിട്ടുള്ള വക്കീലന്മാക്കു് ആ സർവ്വീസുകൂടി പെൻഷൻകൊടുക്കുന്ന കാര്യത്തിൽ വകവച്ചുകൊടുക്കുന്നുണ്ടു്. ഇതിനെപ്പററി വളരെ ദീർഘമായിട്ടു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു വക്കീലന്മാരിൽനിന്നും മുൻസിഫന്മാരായിട്ടും ജഡ്ജിമാരായിട്ടും നിയമിക്കുന്നവക്കു മുഴുവൻ പെൻഷൻ കിട്ടത്തക്കവണ്ണം ഇപ്പോഴത്തെ കാലാവധിയായ ൨൫ കൊല്ലത്തിൽനിന്നും ൫ കൊല്ലം കുറച്ചു് ൨൦ കൊല്ലമാക്കണമെന്നുള്ള അഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): ഒടുവിലത്തെ ഉപക്ഷേപം വിമർശനം ചെയ്യപ്പെട്ടപ്പോൾ ഹൈക്കോർട്ടു ജഡ്ജിമാരെ നിയമിക്കുന്നതിനെ സംബന്ധിച്ചു് കാര്യക്ഷമതയും സർവ്വീസുജ്യേഷ്ഠതയും ഉള്ള ഒരു ജില്ലാജഡ്ജിയെ ഹൈക്കോർട്ടിലേക്കു പ്രമോഷൻ ചെയ്യാത്തതു് എന്തുകൊണ്ടായിരുന്നു എന്നു ഞാൻ ദിവാൻമെമ്പറോടു ഒരു ചോദ്യം ചോദിച്ചതിനു മറുപടിയായി അദ്ദേഹത്തിന്റെ അറിവിൽ അങ്ങിനെയുള്ള യാതൊരു ഉദ്യോഗസ്ഥനും വന്നിട്ടില്ല എന്നു അദ്ദേഹം പറഞ്ഞു. സർ, ഒരു പ്രത്യേകവ്യക്തിയുടെ പേരു് അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഇല്ലാത്തതിനാൽ പറയുന്നതിനു് എതിർവാദം ഉണ്ടെങ്കിൽ സീനിയർ ജില്ലാജഡ്ജിയായിരുന്ന മി: കുററാലിംഗംപിള്ളയുടെ പേരു് ഞാൻ ഇപ്പോൾ പറഞ്ഞുകൊള്ളുന്നു. അദ്ദേഹം കാര്യക്ഷമതയുള്ള ഒരു ജഡ്ജിയായിരുന്നു എന്നുള്ള പേരും സമ്പാദിച്ചിട്ടുണ്ടായിരുന്നു.....

പ്രസിഡന്റു്: ആ പേരു ഇവിടെ വലിച്ചുകൊണ്ടുവരുന്നതിനാൽ പൊതുക്കാര്യമായ വല്ല പ്രയോജനവും ഉണ്ടെന്നു നിങ്ങൾക്കഭിപ്രായമുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): സർ, ഇല്ല. ദിവാൻമെമ്പർ ഉദ്യോഗസ്ഥനൊന്നുമില്ലെന്നു പറഞ്ഞതുകൊണ്ടുമാത്രമാണു ഞാൻ അങ്ങിനെ പറഞ്ഞിട്ടുള്ളതു്. ആ ഉദ്യോഗസ്ഥൻ ഇപ്പോൾ പിരിഞ്ഞുപോയിരിക്കയാൽ ആ ഉദ്യോഗസ്ഥനെ പറയാമെന്നാണ് ഞാൻ വിചാരിച്ചതു്. കാര്യക്ഷമതയും സർവ്വീസുജ്യേഷ്ഠതയും ഉള്ള ഒരു തമിഴൻ ഉണ്ടായിരിക്കെ സമുദായപ്രാതിനിധ്യം പ്രമാണിച്ചു അദ്ദേഹത്തിന്റെ അവകാശങ്ങളെ തള്ളുകയും സർവീസിൽ ഇല്ലായിരുന്ന പലരേയും നിയമിക്കയും ചെയ്തിട്ടുണ്ടു്. ദിവാൻമെമ്പർ വഴിയായി ഗവൺമെന്റിനെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്ന സംഗതി ഇതുമാത്രമാണു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, സിവിൽകോർട്ടുകളിൽ പ്രാസസ്സു നടത്തലിനെ അധികം കാര്യക്ഷമമാക്കുന്നതിന്റെ ആവശ്യകതയെ ഈ സഭയുടെ ദൃഷ്ടിക്കു വിഷയമാക്കുന്നതിനായിട്ടു ഞാൻ ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളുന്നു. കോർട്ടുകളിൽ ഇപ്പോൾ ഉള്ള പ്യൂൺമാക്കും പ്രാസസ്സനടത്തുകാക്കും ഈ ജോലിക്കു പ്രതിഫലമായി യാതൊരു പടിയും കൊടുത്തുവരുന്നില്ല. കോർട്ടുകളുടെ പ്രത്യേകിച്ചും ജില്ലാക്കോർട്ടുകളുടെ അധികാരാതിർത്തി ചില വൃത്തികളിൽ ഉദ്ദേശം ൪൦ മൈൽസുവരെ വിസ്താരമുള്ളതാണെന്നു നമുക്കറിയാവുന്നതാണ്. തിരുവനന്തപുരം കോർട്ടിൽ ജോലിചെയ്യുന്ന പ്രാസസ്സ് ശിപായിക്കു തിരുവനന്തപുരം ജില്ലയുടെ അതിർത്തിയിലുള്ള സ്ഥലങ്ങളിൽ പോകേണ്ടിയിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം ഡിസ്ട്രിക്ടുകോടതിയിൽ നിന്നും ശിപായിമാക്കു ൧൦ മൈൽദൂരം പോകേണ്ടിവരുമെന്നറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) മററു ചിലകോർട്ടുകളുടെ അധികാരാതിർത്തി ൧൦ മൈൽസേ ഉള്ളു (ഞാൻ പറഞ്ഞതിലും) അധികം വിസ്താരമുള്ളതാണെന്നു എന്റെ സ്നേഹിതൻ പറയുന്നതു് എനിക്കു വളരെ സന്തോഷമാണ്. പ്രാസസ്സ്ശിപായിക്കു പടിവകയിൽ യാതൊന്നും കിട്ടുന്നില്ല. മാസത്തിൽ ശമ്പളമായി തനിക്കു കിട്ടുന്ന പത്തുരൂപാകൊണ്ടു് അയാൾ തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. അതുവാസ്തവത്തിൽ വളരെ സങ്കടമാണ്. അതു് പ്രാസസ്സ് ശിപായിക്കുമാത്രമല്ല, എന്നാൽ വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്ന പൊതുജനങ്ങൾക്കും കൂടി സങ്കടവിഷയമാണ്. ദിവാൻമെമ്പർ അതു പൂർണ്ണമായി സമ്മതിക്കുമെന്നു ഞാൻ കരുതുന്നില്ലെങ്കിലും, വാസ്തവത്തിൽ പലവളരെ വൃത്തികളിൽ പ്രാസസ്സ് ശിപായിമാർ കക്ഷികളുടെ വാസസ്ഥലങ്ങളിൽ പോകുന്നില്ലെന്നും പ്രാസസ്സുകളെ ഏതെങ്കിലും ഉപായത്തിൽ മടക്കി അയക്കുന്നുവെന്നും നമുക്കറിയാം. തീർച്ചയായിട്ടും, പ്രാസസ്സുശിപായിമാരാണ വളരെ അളവിൽ കുററക്കാർ എന്നിരുന്നാലും അവക്കു കൊടുത്തുവരുന്ന തുഛമായ ശമ്പളത്തേയും അവരുടെ വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തേയും, തൽഫലമായി അവരുടെ ചുമതലാബോധത്തേയും ആലോചിക്കുമ്പോൾ, കാര്യങ്ങളുടെ സ്ഥിതി ആലോചിക്കുന്നപക്ഷം അങ്ങിനെഅല്ലാതെ വരുന്നതിനു് ആശിക്കാവുന്നതാണോ എന്നുനോക്കേണ്ടിയിരിക്കുന്നു. അതിനാൽ ഞാൻ നിദ്ദേശിക്കാൻ ആഗ്രഹിക്കുന്നതു് ഈ പ്രാസസ്സ് ശിപായിമാക്കു് ഒരു ബോണസ് കൊടുക്കണമെന്നാണ്. ഒരു മിനിമം (അത്യല്പപരിമാണം) ജോലികല്പിക്കാം, അല്ലെങ്കിൽ ജോലിയുടെ മിനിമം കല്പിക്കാതെതന്നെ, ഓരോ പ്രാവശ്യത്തെയും ജോലിക്കു് ഒരു തുക കൊടുക്കാം. അതു് ഓരോ വൃത്തിയിലും ൨-ഓ, ൩-ഓ, ചക്രത്തോളം വരും.

മി: എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) അവക്കു് സ്ഥിരശമ്പളം ഒന്നുമില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം) ഉണ്ടു്, എന്നാൽ അവർക്കു പ്രതിമാസം ൧൦-രൂ, ൧൧-രൂ, രൂപാമാത്രമെയുള്ളു. ആ ശമ്പളത്തിൽ അവർക്കു ചിലസന്ദർഭങ്ങളിൽ ൨൦ മൈൽസു ദൂരത്തോളം പ്രാസസു നടത്താൻ പോകേണ്ടിയിരിക്കുന്നു. അവർ സഞ്ചരിക്കുന്ന ൨൦ മൈൽസിനു സഞ്ചാരപ്പടി അവർക്കു കിട്ടുന്നില്ല. അവർക്കു് ശരിവേതനം കൊടുക്കുന്നതു ശരിയായിരിക്കയില്ലേ?

ഞാൻ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നതു് കുറഞ്ഞപക്ഷം കൈവഴിയായി സമൻസു നടത്തുന്നവൃത്തികളിലെങ്കിലും അവർക്കു് ഒരു പ്രതിഫലം കൊടുക്കാം എന്നാണു്. പ്രാസസ് ശിപായിമാർ ചിലപ്പോൾ കക്ഷികളുടെ വാസസ്ഥലങ്ങളിൽ ഉപകാരമില്ലാത്ത സമൻസുകൾ കൊടുക്കാതെകൊണ്ടു് സഞ്ചാരപ്പടി ചോദിച്ചേക്കാം. അതു തടയാനാണ് കൈകവഴിയായി സമൻസുകൾ നടത്തുന്നവേളകളിൽ അവർക്കു സഞ്ചാരപ്പടി കൊടുക്കാമെന്നു ഞാൻ നിർദ്ദേശിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) കൈവഴി സമൻസു നടത്തിയതായി സമൻസിൽ രേഖപ്പെടുത്തുന്ന വൃത്തികളിൽ വഞ്ചനകൾ ഒന്നും ഉണ്ടായിരിക്കയില്ല എന്നാണോ മെമ്പർക്കഭിപ്രായമുള്ളതു്?

മി: എ. താണുപിള്ള (തിരുവനന്തപുരം) അതു വാസ്തവത്തിൽ കൈവഴി നടത്തിയതാണെങ്കിൽ വഞ്ചനയുണ്ടായിരിക്കാൻ പാടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) അതുവാസ്തവമാണോ അല്ലയോ എന്നാണ് പ്രശ്നം.

മി: എ. താണുപിള്ള (തിരുവനന്തപുരം) മറ്റൊരു് ഗൗരവമായ ഒരു കൃത്യത്തിന്റെ സംഗതിയാണ്. ഇപ്പോഴത്തെ പ്രശ്നത്തെ ആലോചിക്കുമ്പോൾ അതിനെപ്പറ്റി ചിന്തിക്കയേവേണ്ട. എങ്ങിനെഎങ്കിലും അവർക്കു പ്രതിഫലം എങ്ങിനെ കൊടുക്കേണ്ടതാണെന്നു് ആലോചിച്ചുതീരുമാനിക്കുന്നതിനുവേണ്ടി ഞാൻ അതിനെ ഗവൺമെന്റിനു വിട്ടിരിക്കുന്നു. പ്രാസസു നടത്തുന്നസംഗതിയിൽ കൂടുതൽ കാര്യക്ഷമതയെ പാലിക്കുന്നതിനും പ്രാസസ്സു ശിപായിമാർ ഇപ്പോൾ അനുഭവിക്കുന്ന സങ്കടത്തിൽനിന്നു വിടുതൽ കിട്ടുന്നതിനും ആയിട്ടു വല്ലതെങ്കിലും ചെയ്യേണ്ടതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) സർ, മി. പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ഇപ്പോൾ മുനിസിപ്പാലിററിയിൽ ലൈസൻസ് ഫീസ് പിരിക്കുന്നതിനെസംബന്ധിച്ച്.

പ്രസിഡന്റ്: ദയവുചെയ്തു അധികം ഉറക്കെപറയണം. നിങ്ങൾ പറയുന്നതു് എനിക്കു കേൾക്കാൻ പാടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) മുനിസിപ്പാലിററിയിൽനിന്നും ലൈസൻഡ്ഫീസ് പിരിക്കുന്നതിൽ നേരിടുന്നബുദ്ധിമുട്ടുകളെ പ്രതിപാദിക്കുന്നതിനായി എന്റെ സ്നേഹിതൻ മി: കെ. പി. പണിക്കരുടെ ഒരു ഉപക്ഷേപം മേൽ വരുന്നുണ്ടു്.

മി: ജി. പരമേശ്വരൻപിള്ള (ആക്ടിംഗ് അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) അതു സർക്കാർ വക്കീലന്മാർ എന്ന അധികരണത്തിലാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) ലാക്കോർട്ടുകൾ എന്ന അധികരണത്തിലുള്ള ഏതുസംഗതിയും ഈ ഉപക്ഷേപംസംബന്ധിച്ചു വിമർശനം ചെയ്യാം എന്നായിരുന്നു ഞാൻ വിചാരിച്ചതു്.

പ്രസിഡന്റ്: ഇതു കോർട്ടുകളെ സംബന്ധിക്കുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) വിഷയത്തെപ്പററിയുള്ള ഈ ഉപക്ഷേപത്തിന്മേൽ എനിക്കു സംസാരിക്കാൻ അവകാശമുണ്ടോ?

പ്രസിഡന്റ്: അതുപൂർണ്ണമായി ആനുഷംഗികമാകുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം) മി: പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. പെരുവന്താനം മുതലായ സ്ഥലങ്ങളിൽ പ്രോസസ്കൊണ്ടുപോകുന്ന കാഞ്ഞിരപ്പള്ളി മുൻസീഫ് കോർട്ടിലെ പ്രോസസ് ശിപായിമാർക്കും ആമീനും അലവൻസുകൊടുത്തുവരുന്നുണ്ടു്. കാഞ്ഞിരപ്പള്ളി മുൻസീഫ്കോർട്ടിൽനിന്നും ഉണ്ടാകുന്ന വിധിയിന്മേൽ അപ്പീൽ കൊടുക്കേണ്ടതു് കോട്ടയം ജില്ലാക്കോർട്ടിലാണ്. അതിനാൽ കാഞ്ഞിരപ്പള്ളി മുൻസീഫ്കോർട്ടിലെ ശിപായിമാരും ആമീനും പോകുന്നസ്ഥലങ്ങളിൽ കോട്ടയം ജില്ലാക്കോടതിയിലെ ശിപായിമാർക്കും ആമീനും പോകേണ്ടതായിട്ടുണ്ടു്. കോട്ടയം ജില്ലാക്കോടതിയിലെ പ്രോസസ് ശിപായിമാർക്കും ആമീനുംമറ്റും അലവൻസു കൊടുക്കേണ്ട ആവശ്യമില്ല എന്നു ഞാൻ ചോദിച്ചതിനു് അവർക്കു് വല്ലപ്പോഴും മോട്ടോർ കാറിൽ പോയാൽ മതിഎന്നു പറഞ്ഞതു് അത്ര ശരിയായ ഒരു വസ്തുതയല്ല. ഈ സംഗതിയിൽ ഗവൺമെന്റിനു കിട്ടിയ അറിവു തെററാണെന്നു പറയാതെയിരിക്കാൻ തരമില്ല. മുൻസീഫ്കോർട്ടിലെ പ്യൂൺ സ്വയം പോകുന്നതിനേക്കാൾ കൂടുതലായിട്ടു ജില്ലാക്കോടതിയിലെ പ്യൂൺസിനു പോകേണ്ടിവരുന്നുണ്ടു്. അതായതു്, ജില്ലാക്കോടതിയിലെ പ്യൂൺസിനു ൫൦ മൈൽവരെ പോകുന്നുണ്ടു്. വളരെ ദുർഘടമായ മലകളും കുന്നുകളും കയറി ഇറങ്ങി മലമ്പനി മുതലായ സുഖക്കേടുകളുള്ള സ്ഥലമായ വണ്ടൻമേട്, ഉടുമ്പൻചോല മുതലായസ്ഥലങ്ങളിൽ കോട്ടയം ജില്ലാക്കോടതിയിലെ ശിപായിമാർക്ക് പോകേണ്ടതായിട്ടുണ്ടു്. അതിനാൽ മുൻസീഫ്കോടതിയിലെ ശിപായിമാർക്കു കൊടുക്കുന്നതുപോലെയുള്ള അലവൻസ് ഇവർക്കും കൊടുക്കണം. നിയമവിളംബകമ്മീഷന്റെ റിപ്പോർട്ടു ഇതെല്ലാം ആലോചിച്ചു വേണ്ടപരിഹാരമാർഗ്ഗം നിർദ്ദേശിക്കുമെന്നുള്ളതിനാൽ അധികം വിസ്തരിച്ചു പറയണമെന്നു വിചാരിക്കുന്നില്ല. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ) സർ, മി. പാച്ചുപിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടുകൂടി ജില്ലാക്കോടതിമുതൽ കീഴ്പോട്ടുള്ള കോടതികളിൽ ഉദ്യോഗമാന വിഷയത്തിൽ മുസ്ലീമിങ്ങൾ അനുഭവിക്കുന്ന അസമത്വത്തെ ചൂണ്ടിക്കാണിക്കണമെന്നുകൂടി ഞാൻ വിചാരിക്കുന്നു. എന്റെ സ്നേഹിതന്മാർ വിഷമിക്കണ്ട. ഞാൻ രണ്ടുമിനിട്ടിനകം പറഞ്ഞുതീർത്തുകൊള്ളാം.

തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ൨൨൩ ഉദ്യോഗങ്ങൾ മുൻസീഫിന്റെ നായരുടെയും ഹെഡോഫീസർ മുതലായവയുള്ളതിൽ ഒരു മഹമ്മദീയനില്ല. നാഗർകോവിൽ ഡിസ്ട്രിക്ടിൽ ൧൭൧ ഉദ്യോഗങ്ങൾ ഇങ്ങിനെയുള്ളതിൽ ൩ മഹമ്മദീയന്മാരെയുള്ളു. കൊല്ലംജില്ലയിൽ ൨൨൯ ഉദ്യോഗങ്ങളുള്ളതിൽ ഏഴു മഹമ്മദീയരുണ്ട്. ആലപ്പുഴ ൧൯൯ ഉദ്യോഗങ്ങളുള്ളതിൽ ഒരു മഹമ്മദീയനുമില്ല. കോട്ടയത്തു ൧൭൦ ഉദ്യോഗങ്ങളുള്ളതിൽ ൩ മഹമ്മദീയരുണ്ട്. പറവൂർ ൧൩൦ ഉദ്യോഗങ്ങളുള്ളതിൽ ഒരു മഹമ്മദീയനെയുള്ളു. ഇങ്ങനെ...... ...

മി: വി. ചെല്ലംപിള്ള (തോവാള) ഈ ഉപക്ഷേപം ബാറിൽനിന്നും നിയമിക്കപ്പെടുന്ന മുൻസീഫന്മാരുടെയും ജഡ്ജിമാരുടെയും സംഗതിയിൽ പൂർണ്ണമായ പെൻഷന യോഗ്യതസമ്പാദിക്കുന്ന സർവീസിന്റെ കാലദൈർഘ്യം ൨൦ വർഷമാണെന്നു ക്ലിപ്തപ്പെടുത്തണം എന്നുള്ള നിർദ്ദേശത്തെ സംബന്ധിക്കുന്നതാണ്.

പ്രസിഡന്റ്: അതുപോലെയുള്ള ഖണ്ഡനോപക്ഷേപങ്ങളിൽ ഖണ്ഡനോപക്ഷേപത്തിന്റെ ഉദ്ദേശങ്ങളെന്നു പറയപ്പെടുന്നവയിൽ ഉൾപ്പെടാത്ത മററു സംഗതികളെപ്പററിയും സംസാരിക്കുന്നതിനു മെമ്പർമാർക്കു അനുവാദമുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): എന്നാൽ ഇന്നു രാവിലെ അതു നിരോധിക്കപ്പെട്ടിരുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇങ്ങനെ ആകെ ൧൧൨൬ ഉദ്യോഗങ്ങൾ ഈ രീതിയിൽ ഉള്ളതിൽ ൧൪ മഹമ്മദീയർ മാത്രമെയുള്ളു. ഈ സംഗതി ഗവൺമെന്റിന്റെയും ഹൈക്കോടതിയുടെയും ശ്രദ്ധയിൽപെട്ട് വേണ്ട പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ജില്ലാക്കോടതി, മുൻസിപ്പൽകോടതി, വില്ലേജ് പഞ്ചായത്തുകോടതി, ഈ സ്ഥാപനങ്ങളിലുള്ള പ്രോസസ് ശിപായിമാർക്ക് അവരുടെ യാത്രയനുസരിച്ചു ഒരു അലവൻസുകൊടുക്കണമെന്നു മി: താണുപിള്ള അഭിപ്രായപ്പെടുകയുണ്ടായി. ഡിസ്ട്രിക്ട്കോടതിയിലുള്ള പ്രോസസ് മുൻസിഫ്കോടതിയിൽ അയച്ചു നടത്തിക്കാൻ സൌകര്യമുണ്ടെങ്കിൽ അപ്രകാരം ഒരു ഭേദഗതി ചെയ്യണം. ഏതു തരത്തിലായാലും ഈ സാധുക്കളായ പ്രോസസ് ശിപായിമാരുടെ കഷ്ടസ്ഥിതിക്ക ഒരു നിവൃത്തിമാർഗ്ഗം ഉണ്ടാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ ജില്ലാക്കോടതിയിലുള്ള പ്രോസസ് മുൻസിഫ്കോടതിയിൽ അയച്ചു നടത്തിക്കുന്ന ഏർപ്പാടുണ്ടായിരുന്നില്ലേ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): മുമ്പുണ്ടായിരുന്നു. എന്നാൽ ഈ അലവൻസു ഇല്ലായിരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു പ്രായോഗികമല്ലാത്തതുകൊണ്ടു ഹൈക്കോടതി നിർത്തുകയാണുണ്ടായതു് എന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഏതായാലും ഈ പ്രോസസ് ശിപായിമാർക്ക് ഒരു അലവൻസു കൊടുക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

പിന്നീട് വില്ലേജ്പഞ്ചായത്തുകോടതിജഡ്ജിമാർക്കും ഒരു അലവൻസു കൊടുക്കേണ്ടതാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): വില്ലേജ്പഞ്ചായത്തുജഡ്ജിമാർ ആരെങ്കിലും അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഞാൻ പഞ്ചായത്തുകോടതിയിൽ പോയിട്ടുണ്ട്. അവിടെ ചിലർ അലവൻസു കൊടുക്കണമെന്നു പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്.

മജിസ്ട്രേട്ടുകോടതിയിൽ ചാർജ് ചെയ്യുന്ന മുനിസിപ്പൽ കേസുകളുടെ ലൈസൻസുഫീസ് ഈടാക്കുന്നതിനുള്ള അധികാരം മജിസ്ട്രേട്ടുകോർട്ടിനില്ലാത്തതുകൊണ്ട് ആ സംഗതിക്കുകൂടി ഒരു പരിഹാരമുണ്ടാക്കണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ മി. പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: ഒറ്റയിൽ കുഞ്ഞിരാമൻ (കുന്നത്തുനാട്-തൊടുപുഴയും): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മി. മഹമ്മദ് പറഞ്ഞതുപോലെ മുൻസിഫന്മാരും ജില്ലാജഡ്ജിമാരും അവനവരുടെ കോടതികളിലെ ക്ലാർക്കന്മാരെ നിയമിക്കുന്നു. ബാറിൽനിന്നും മുൻസിഫന്മാരെ നിയമിക്കുന്നതിനു ഹൈക്കോടതി ഒരു വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ അതു പൂർണ്ണതൃപ്തികരമാണെന്നു എനിക്കഭിപ്രായമില്ലെങ്കിലും വർഗ്ഗീയപ്രാതിനിധ്യമനുസരിച്ചാണ്. അതുപോലെ ഈ ക്ലാർക്കന്മാരുടെ നിയമനവിഷയത്തിലും ശരിയായ ഒരു വ്യവസ്ഥചെയ്യണം.

ക്ലാർക്കന്മാരായി മുൻസിഫന്മാരും ജഡ്ജിമാരും അവരവരുടെ ആളുകളെത്തന്നെസാധാരണ നിയമിച്ചുവരുന്നു. അതുകൊണ്ടു ജില്ലാജഡ്ജിമാരായും മുൻസിഫന്മാരായും അംഗമില്ലാത്ത സമുദായത്തിൽപെട്ടവർക്ക് കോടതിയിൽ ക്ലാർക്കായിട്ടു പ്രവേശിക്കാൻ തരമില്ല. പുത്തനായിട്ടു വല്ലവരും അപേക്ഷിച്ചാൽ അപ്രൻറീസുകാരുണ്ടെന്നു പറയും. തങ്ങളുടെ സ്നേഹിതന്മാരെയും ചാർച്ചക്കാരെയും ചിലപ്പോൾ മററുള്ളവരെ അവധിഎടുപ്പിച്ചും, മുൻസിഫന്മാരും ജഡ്ജിമാരും ധാരാളം പ്രവേശിപ്പിക്കുന്നുണ്ട്. സ്ഥിരം ഒഴിവുവരുമ്പോൾ ഈ അപ്രൻറീസുകാരുടെ അവകാശമാണ് ഗണിക്കപ്പെടുന്നതു്. എന്നാൽ രാജ്യത്തു നീതിയും ന്യായവും പരിപാലിക്കുന്ന ഈ വകുപ്പിൽ ഇങ്ങിനെ നടക്കുന്നതു് എത്ര ആക്ഷേപകരമാണ്? ഇങ്ങനെ നീതിയുടേയും ന്യായത്തിന്റേയും സ്ഥാനത്തുതന്നെ നീതിക്കും ന്യായത്തിനും വിരുദ്ധമായ സംഗതികൾ നടക്കുന്നുവെങ്കിൽ മററുള്ളസ്ഥലത്തെ കഥ പറയുവാനുണ്ടോ? ഇതു ഗവൺമെന്റു പ്രത്യേകം ഗൌനിക്കേണ്ടസംഗതിയാണ്. ഇതിനെ മാതൃകയാക്കിയാണ് മററുള്ള ഡിപ്പാർട്ടുമെന്റുകാരും പ്രവർത്തിക്കുന്നതു്.

എല്ലാസമുദായങ്ങൾക്കും അവർ ന്യായമായി അർഹിക്കുന്ന പ്രാതിനിധ്യം കൊടുക്കണമെന്നുള്ള വാദം തുടങ്ങിയിട്ടു വളരെകാലമായി. പ്രജാസഭയിൽതന്നെ ൨൫ കൊല്ലമായി അതു നടന്നുവരുന്നു. ഇപ്പോൾ സ്റ്റേറ്റ് കൌൺസിലിലും ഇതു നടക്കുന്നു. ന്യായം നടക്കണമെന്ന് ആഗ്രഹിക്കുന്നവരെല്ലാം ഇതിനെ അനുകൂലിക്കുന്നു. എന്നിട്ടും ഫലമില്ല. കുറെ കഴിയുമ്പോൾ ഈ വാദത്തിനു കാലഹരണദോഷം സംഭവിച്ചേക്കുമോ എന്തോ. ഉദ്യോഗസ്ഥന്മാരുടെ നടപടി നോക്കുമ്പോൾ ഈ വാദത്തിനു അവസാനതീരുമാനമുണ്ടാകുന്നതിനുമുമ്പ് അവരുടെ ആളുകളെ ഓരോ സ്ഥാനങ്ങളിൽ കയററി നിറച്ചു സ്ഥാനം ഉറപ്പിക്കണമെന്നു വി

ചാരിച്ചു പ്രവർത്തിക്കയാണെന്നു സംശയിക്കണം. ഈ വാദം വർദ്ധിച്ചുവരുന്തോറും ഉദ്യോഗനിയമനവിഷയത്തിൽ വർഗ്ഗീയപക്ഷപാതം വർദ്ധിച്ചുവരുന്നു. ഞാൻ പ്രത്യേകം ഒരു സമുദായത്തെ എടുത്തു പറയുന്നില്ല. ഈ സംഗതി അസമത്വസമുദായത്തിലെ ഒരംഗം എന്ന നിലയിൽമാത്രം പറയുന്നതുമല്ല. രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നു വിചാരിക്കുന്ന എല്ലാവരും ഇതിനെപ്പററി ഗാഢമായി ചിന്തിക്കേണ്ടതാണ്. ഉദ്യോഗനിയമനവിഷയത്തെപ്പററി പ്രതിപാദിച്ചു സമയം കളയുന്നു എന്നു ചില സാമാജികന്മാർ ഇവിടെ പറയുകയുണ്ടായി. അനീതിയും അക്രമങ്ങളും ചൂണ്ടിക്കാണിച്ചു അവയെ നിർത്തണമെന്നു പറയുന്നതിനെക്കാൾ ഗൌരവമായി ഈ കൗൺസിലിന്റെ ശ്രദ്ധയെ അർഹിക്കുന്ന മററെന്താണുള്ളത്? ഒന്നുമില്ല. അനീതിയേയും അക്രമത്തേയും ബഹിഷ്കരിക്കയെന്നുള്ളതാണ് ഈ കൗൺസിലിന്റെ പ്രധാനകൃത്യം. ഉദ്യോഗനിയമനവിഷയമായ അനീതികളെപ്പററി ജനപ്രതിനിധികൾ പറയുമ്പോൾ മററുള്ളവരും സഹകരിക്കയും ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിച്ചു പരിഹാരമുണ്ടാക്കയും വേണം. നീതിനിപുണനായ ദിവാൻ ഈ രാജ്യക്കാർക്കു ഒരിക്കലും വിസ്മരിക്കാൻ പാടില്ലാത്ത രാജ്യതന്ത്രജ്ഞൻ മി. രാഘവയ്യാ അദ്ദേഹത്തിന്റെ ഭരണകാലത്തു നിയമനങ്ങൾ സംബന്ധിച്ച് ഒരു ജി. ഓ. പുറപ്പെടുവിച്ചു. അദ്ദേഹമാണല്ലോ അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഈ നിയമസഭ സ്ഥാപിച്ചതു. റവന്യൂദേവസ്വം വിഭജനവും അദ്ദേഹത്തിന്റെ കാലത്താണു നടന്നതു. അതുകൊണ്ടാണ് ജനങ്ങൾക്കു അദ്ദേഹത്തെ വിസ്മരിക്കുവാൻ പാടില്ലാ എന്നു ഞാൻ പറഞ്ഞതു. (മി. വി. ചെല്ലംപിള്ള കേൾപ്പിൻ, കേൾപ്പിൻ).

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതിനുശേഷം വർഗ്ഗീയപ്രാതിനിധ്യത്തെസംബന്ധിച്ചിടത്തോളമുള്ള മുറവിളി കൂടിവരുന്നോ കുറഞ്ഞുവരുന്നോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വർദ്ധിച്ചുതന്നെയിരുന്നു. അദ്ദേഹത്തിന്റെ ജി. ഓ. അനുസരിച്ചു കാര്യങ്ങൾ നടക്കാത്തതുകൊണ്ടാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മിസ്റ്റർ രാഘവയ്യാ ഒരു ജി. ഓ. പുറപ്പെടുവിച്ചശേഷം എല്ലാവർഗ്ഗങ്ങളിൽനിന്നും ഉദ്യോഗത്തിന് ആളുകളെ നിയമിച്ചിട്ടില്ലേ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇല്ല. ഈ കൗൺസിലിലെ ചോദ്യങ്ങൾക്കു തരുന്ന പട്ടികകൊണ്ടുതന്നെ അതു വെളിവാകുന്നുണ്ട്. മെമ്പർ പട്ടികകൾ തീരെ ശ്രദ്ധിച്ചിട്ടില്ലെന്നുതോന്നുന്നു. ജനപ്രതിനിധികൾ എല്ലാവരും ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ് അതു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ചില പട്ടികകളിൽ എല്ലാവർഗ്ഗക്കാരേയും നിയമിച്ചിട്ടുള്ളതായിട്ടു മെമ്പർ കാണുന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അല്പാല്പംമാത്രാ സമുദ്രത്തിൽനിന്നും ഒരു തുള്ളിവെള്ളമെടുക്കുന്നതുപോലെ നിയമനം നടത്തിയാൽപോരാ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മി. രാഘവയ്യായുടെ കാലത്തിനുമുമ്പ് ഇതുപോലെയുണ്ടായിരുന്നോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മുമ്പും ഉണ്ടായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇന്ന് ഉദ്യോഗമില്ലാത്തവർഗ്ഗക്കാർക്കു മുമ്പു ഉദ്യോഗമുണ്ടായിരുന്നുവോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ചില വർഗ്ഗക്കാർക്കു ഇന്നുള്ളതിലധികം മുമ്പുണ്ടായിരുന്നു. അസമത്വസമുദായത്തിൽപെട്ട കത്തോലിക്കരിൽനിന്നുതന്നെ മുമ്പു ഒരു എക്സൈസ് കമ്മീഷണരും ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരും ഉണ്ടായിരുന്നു. മി. ഹ്യൂഗർഫിനെ അറിയാമല്ലോ. പോലീസ്, ഫാറസ്റ്റ്, ഹജൂർമുതലായ വകുപ്പിലും പലരും ഉണ്ടായിരുന്നു.

പ്രസിഡണ്ട്: നിങ്ങൾക്കു ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പററി സംസാരിക്കാൻപാടില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ വാദം ജനങ്ങളുടെ ഇടയിൽ വർദ്ധിക്കുന്തോറും അനീതി വർദ്ധിക്കുന്നുഎന്നു പറഞ്ഞുവല്ലോ. അപ്പോൾ അനീതി വർദ്ധിക്കുന്നതിനാണോ ഈ വാദം കൊണ്ടുവരുന്നതു?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അല്ല. സാധാരണ വ്രണം കീറുമ്പോൾ വേദന ഉണ്ടാകും, സുഖപ്പെടുവാനു അതാവശ്യമാണ്. ഗവണ്മെന്റു ശക്തിയായി വേണ്ടതു ചെയ്യാത്തതുകൊണ്ടാണു അനീതി നടക്കുന്നതു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ വാദം കുറെ കുറച്ചാൽ അനീതി നടക്കുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എന്നാൽ പറയേണ്ടതുമില്ല. അനീതിയെപ്പററി ജനസമക്ഷം തുറന്നുപറഞ്ഞാൽ ക്രമേണ എങ്കിലും നീതിനടക്കുമെന്നു വിചാരിക്കാം. മൗനം ഈ വിഷയത്തിൽ ആർക്കും നന്നല്ല.

ഈ ഉദ്യോഗവിഷയം നിസ്സാരമായ ഒരു കാര്യമല്ല. പൊതുമുതലിൽനിന്നും ഒരു കോടിരൂപായോളം ശമ്പളവും പടിയുമായിട്ട് ഈ രാജ്യത്തു ചിലവാകുന്നുണ്ടല്ലോ. കൃഷി ഉൽപ്പന്നങ്ങൾക്കു വിലകുറവുള്ള ഇക്കാലത്തു ഉദ്യോഗസ്ഥന്മാർ മാത്രമാണ് ഒരുവിധം ശരിയായി കഴിഞ്ഞുകൂടുന്നതു. ഈ ഉദ്യോഗങ്ങളുടെ ന്യായമായ പങ്ക് പ്രജകളിൽ എല്ലാവിഭാഗങ്ങൾക്കും കിട്ടേണ്ടതത്യാവശ്യമാണ്. രാജ്യത്തെ ഏതാനും ചില ജനവിഭാഗം അധികാരങ്ങൾ നടത്തുകയും മററുവർഗ്ഗങ്ങളെല്ലാം അവർക്കു വിധേയന്മാരായിരിക്കുകയും ചെയ്തുകൊള്ളണമെന്നു വയ്ക്കുന്നതു നീതിക്കോ സമുദായങ്ങളുടെ അഭിമാനത്തിനോ രാജ്യത്തിന്റെ മൂലതത്വങ്ങൾക്കോ തീരെ യോജിച്ചതല്ല.

മി: എ. ജി. മേനോൻ (പറവൂർ): സമുദായപ്രാതിനിധ്യത്തെപ്പററി സംസാരിച്ചിട്ടുള്ള എന്റെ സഹചാരികൾ എല്ലാവരും അവരുടെ ഗണനമനുസരിച്ചു സ്വവർഗ്ഗത്തിൽപെട്ടവരെപ്പററിമാത്രം പറയാൻ തക്കവണ്ണം അത്ര സോദരാന്തവർത്തികളായിരുന്നു. രാജ്യത്തിലെ ന്യൂനജനങ്ങൾ! എല്ലാംകൂടി! [illegible] ശതമാനംവരും.

അതിനാൽ അവരുടെ ജനസംഖ്യനുസരിച്ചു പബ്ളിക്കസർവീസിലുള്ള ഉദ്യോഗങ്ങളിൽ ൫൦ ശതമാനം അവൎക്കു കൊടുക്കേണ്ടതു്. അവരിപ്പോൾ അത്രത്തോളം ആവശ്യപ്പെടുന്നില്ല ൨൫ ശതമാനംമാത്രം അവർ ആവശ്യപ്പെടുന്നുള്ളു. ആ ശതമാനം അവൎക്കു കൊടുക്കേണ്ടതുമാണ്.

സമുദായപ്രാതിനിധ്യം നോക്കിയാൽ കണക്കനുസരിച്ചു് അവൎക്കു ൫൦ ശതമാനം ആണ് കിട്ടേണ്ടതു്. എന്നാൽ വിദ്യാഭ്യാസം ചെന്ന സ്ത്രീകൾ വളരെ ചുരുക്കമാകയാൽ അവർ ൨൫ ശതമാനം മാത്രമാണ് ആവശ്യപ്പെടുന്നതു്. ഈ വൃത്തികളിൽ ഉദ്യോഗങ്ങളിൽ ൨൫ ശതമാനം അവൎക്കായിട്ടു നീക്കിവയ്ക്കുകയും, ബാക്കിയുള്ള ൭൫ ശതമാനം കൊണ്ടു ഗവണ്മെന്റിനു ബോധിച്ചതുപോലെ ചെയ്തുകൊള്ളുകയും ചെയ്യാം. ഈ ഉപക്ഷേപം സംബന്ധിച്ചു ഞാൻ പറയാൻ ആഗ്രഹിക്കുന്നതു ഇത്രമാത്രമാണ് (ചിരി).

മി: ഇട്ടുപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്ടു): സർ ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങിക്കൊള്ളുന്നു. ഞാൻ ഇതിനെ അനുകൂലിക്കുന്നതിന്റെ ഉദ്ദേശം ൩൫ വയസ്സ് കഴിഞ്ഞാൽ മുൻസീഫ് ഉദ്യോഗത്തിലൊ, ജഡ്ജി ഉദ്യോഗത്തിലൊ പ്രവേശിക്കാൻ പാടില്ലെന്നു ഹൈക്കോടതി ഒരു വ്യവസ്ഥചെയ്തിട്ടുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (ആ. അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ജഡ്ജി ഉദ്യോഗത്തിനു അങ്ങനെ ഒരു വ്യവസ്ഥയില്ല.

മി: ഇട്ടുപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്ടു): ൩൫ വയസ്സു കഴിഞ്ഞു ജഡ്ജി ഉദ്യോഗം കിട്ടിയിട്ടുള്ളവരെ സംബന്ധിച്ചു യാതൊരാക്ഷേപവും ഇതേവരെ ഉണ്ടായിട്ടില്ല നിയമപരീക്ഷകളെല്ലാം പാസായി എത്രാണ്ടു കാലം വക്കീൽപണി നടത്തിയതിന്റെശേഷമാണ് അവർ ജഡ്ജി ഉദ്യോഗത്തിനു വരുന്നതു്. അതുകൊണ്ടു ഈ ൩൫ വയസ്സ് എന്നുള്ള വ്യവസ്ഥയെ ഭേദപ്പെടുത്തി നാല്പതോ, ൪൫ഓ ആക്കുകയൊ, അല്ലാത്തപക്ഷം ൩൫ വയസ്സ് എന്നുള്ള നിബന്ധനയെ എടുത്തുകളകയൊ ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

പ്രസിഡന്റ്: ഈ അഭ്യൎത്ഥനയ്ക്കു നിശ്ചയിച്ചിട്ടുള്ള സമയം തീൎന്നിരിക്കുന്നതിനാൽ, നീതിന്യായപരിപാലനം എന്ന അധികരണത്തിൽ ൮,൫൧,൨൪൩ രൂപായ്ക്കു വേണ്ടിയുള്ള ൯-ാം അഭ്യൎത്ഥനയെ ഞാൻ പ്രയോഗിക്കുന്നു.

ഇതു അനുവദിക്കപ്പെട്ടു.

൱൫൭ മുതൽ ൱൬൮ വരെയുള്ള ഉപക്ഷേപങ്ങൾ.

അഭ്യൎത്ഥനയ്ക്കായി നിശ്ചയിച്ചിട്ടുള്ള സമയം തീൎന്നുപോയതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ ലാപ്സായിപ്പോയി.

മി: മുരവേലിൽ പാച്ചുപിള്ള:

൱൫൭. ഹൈക്കോൎട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൱൧,൪൧൫ രൂപയിൽനിന്നു ൫ രൂപ കുറക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൱൫൮. ഹൈക്കോൎട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൱൧,൪൧൫ രൂപയിൽനിന്നു ൫ രൂപ കുറക്കണം.

മി: ഇട്ടുപ്പ് ഇട്ടിച്ചൻ:

൱൬൦. ഹൈക്കോൎട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൱൧,൪൧൫ രൂപയിൽനിന്നു ൫ രൂപ കുറക്കണം.

മി: കെ. സി. നീലകണ്ഠപ്പിള്ള:

൱൬൫. ഹൈക്കോൎട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൱൧,൪൧൫ രൂപയിൽനിന്നു ൫൦൦ രൂപാ കുറക്കണം.

മി: പി. ജെ. ഉമ്മൻ:

൱൬൬. ഹൈക്കോൎട്ടിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൱൧,൪൧൫ രൂപായിൽ നിന്നു ൫൦൦ രൂപാ കുറക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൱൬൭. ജഡ്ജിമാരുടെ കോൎട്ടുകളിലെ എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൭,൬൫൫ രൂപയിൽനിന്നു ൫ രൂപാ കുറക്കണം.

മി. പി. എസ്. മഹമ്മദ്:

൱൬൮. ജഡ്ജിമാരുടെ കോൎട്ടുകളിലെ എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൭,൬൫൫ രൂപയിൽനിന്നു ൫൦ രൂപ കുറക്കണം.

മി: പി. എസ്. മഹമ്മദ്:

൱൬൯. ജഡ്ജിമാരുടെ കോൎട്ടുകളിലെ എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൭,൬൫൫ രൂപയിൽനിന്നു ൫൦ രൂപ കുറക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൱൭൦. മുൻസിഫ്കോൎട്ടിലെ എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൪,൦൯,൱൫൦ രൂപയിൽ നിന്നു ൫൦ രൂപ കുറക്കണം.

മി: പി. ജെ. ഉമ്മൻ:

൱൭൧. വില്ലേജ് പഞ്ചായത്തുകോൎട്ടുകളിലെ എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭൬,൱൱൩ രൂപയിൽനിന്നു ൫൦൦ രൂപ കുറക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൱൭൬. സിവിലും സെഷൻസും കോൎട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭,൭൭,൧൭൩ രൂപയിൽനിന്നു ൫ രൂപ കുറക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൱൭൯. സിവിലും സെഷൻസും കോൎട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭,൭൭,൧൭൩ രൂപയിൽനിന്നു ൫ രൂപ കുറക്കണം.

മി: ആർ. കേശവപിള്ള:

൩൩൦. മജിസ്ട്രേട്ടന്മാർക്കു വേണ്ടി കൊള്ളിച്ചിട്ടുള്ള ൨൭,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറക്കണം.

മി: ആർ. കേശവപിള്ള

൩൩൧. മജിസ്ട്രേട്ടന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൭,൦൦൦ രൂപയിൽനിന്നു ൧ രൂപ കുറക്കണം.

മി: എ. സി. കുര്യാക്കോസ്

൩൩൨. മജിസ്ട്രേട്ടന്മാർക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൭,൦൦൦ രൂപയിൽനിന്നു ൨൫൦ രൂപാ കുറക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൩൩൩. എസ്റ്റാബ്ലിഷ്മെന്റിനു വേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൪൬൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൩൪. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൪൬൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൩൫. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൪൬൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: മാത്യു മുരിക്കൻ:

൩൩൬. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൩,൪൬൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൩൩൭. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരിവേലിൽപാച്ചുപിള്ള:

൩൩൮. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള:

൩൩൯. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧ രൂപ കുറയ്ക്കണം.

മി: മുരവേലിൽപാച്ചുപിള്ള.

൩൪൦. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: മുരവേലിൽപാച്ചുപിള്ള:

൩൪൧. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൩൪൨. ക്രിമിനൽകോർട്ടുകൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൮൮,൯൪൯ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൩൪൩. എസ്റ്റാബ്ലിഷ്മെന്റിലേക്ക അലവൻസിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൯൧൮ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൩൪൪. എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൬൯ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൩൪൫. ലാകാളേജ്ഹോസ്റ്റലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൬൫൭ രൂപാ മുഴുവനും തള്ളണം

മി: വി. ജെ. ഉമ്മൻ:

൩൪൬. ലാകാളേജ്ഹോസ്റ്റലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൬൫൭ രൂപാ മുഴുവനും തള്ളണം

മി: മുരവേലിൽ പാച്ചുപിള്ള:

൩൪൭. ലാക്കാളേജിനും ഹോസ്റ്റലിനും വേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൩൯൫ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൩൪൮. ലാക്കാളേജിനും ഹോസ്റ്റലിനും വേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൧൯൫ രൂപായിൽനിന്നു ൧൦൦ രൂപ കുറയ്ക്കണം

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൩൪൯. ലാക്കാളേജിനും ഹോസ്റ്റലിനും വേണ്ടി കൊള്ളിച്ചിട്ടുള്ള ൧൪,൧൯൫ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ:

൩൫൦. ഹെഡ് സർക്കാർവക്കീലിന്റെ ആഫീസിലെ എസ്റ്റാബ്ലിഷ്മെന്റിനു വേണ്ടി കൊള്ളിച്ചിട്ടുള്ള ൩,൭൮൨ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൩൪൧. സഞ്ചാരപ്പടികൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭,൦൦൦ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപിള്ള:

൩൪൨. സിവിൽകോർട്ടുകളിലെ നിയമവിളംബത്തെപ്പററി അന്വേഷണം കഴിക്കുന്നതിനുള്ള കമ്മീഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൧൧,൯൬൮ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: ജി. പി. നീലകണ്ഠപിള്ള:

൩൪൩. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൮,൧൭,൨൪൩ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

മി. ജി. പി. നീലകണ്ഠപിള്ള;

൩൪൪. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്ത തുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള:

൩൪൫. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്ത തുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൪൬. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപിള്ള:

൩൪൭. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ.

൩൪൮. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ:

൩൪൯. ൯-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൮,൧൭,൨൪൩ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

൧൦-ാം അഭ്യർത്ഥന. സെൻട്രൽ ജെയിൽ.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെൻറുസെക്രട്ടറി): സർ, ൧൦-ാം അഭ്യർത്ഥനയായ സെൻട്രൽ ജെയിൽ എന്ന അധികരണത്തിൽ ൯൪,൨൨൯ രൂപായിൽ കവിയാത്ത ഒരു തുക അനുവദിക്കണമെന്നു അഭ്യർത്ഥിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

൩൫൦ മുതൽ ൩൫൮ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഉപക്ഷേപിക്കപ്പെട്ടില്ല.

മി: എ. സി. കുരിയാക്കോസ്:

൩൫൦. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൧൯,൭൮൧ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൫൧. എസ്റ്റാബ്ലിഷ്മെൻറിനു കൊള്ളിച്ചിട്ടുള്ള ൧൯,൭൮൧ രൂപായിൽനിന്നു ൧൭ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൫൨. സഞ്ചാരപ്പടിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨൦൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: മുറിവേലിൽ പാച്ചുപിള്ള.

൩൫൩. സെൻട്രൽജെയിലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭൯,൨൨൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എ. താണുപിള്ള:

൩൫൪. സെൻട്രൽ ജെയിലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭൯,൨൨൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള:

൩൫൫. സെൻട്രൽ ജെയിലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭൯,൨൨൯ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൩൫൬. സെൻട്രൽ ജെയിലിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൭൯,൨൨൯ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ:

൩൫൭. ൧൦-ാം അഭ്യർത്ഥനപ്രകാരം കൊള്ളിച്ചിട്ടുള്ള മൊത്തതുക ൯൪,൨൨൯ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി: ടി. സി. കേശവപിള്ള:

വിപ്പെരുമാൾപിള്ളയോടു യോജിക്കുന്നു. മി: നീലകണ്ഠപ്പിള്ളയ്ക്കുള്ള വക്കു മുൻയോഗത്തിൽ പറഞ്ഞതിനു വേണ്ടി സഭയോടു ആവശ്യപ്പെടാഞ്ഞതിൽ അദ്ദേഹം ക്ഷുബ്ധനായിരിക്കുന്നു എന്നാണെന്നു ഞാൻ ഗ്രഹിക്കുന്നു. ഈ രണ്ടു ക്ലാർക്കുമാരും താൽക്കാലികന്മാരായിരുന്നു. അവരെ എന്റെ ആഫീസിൽ എത്ര കാലത്തേക്കു വേണ്ടി വരുമെന്നുള്ളതു സംശയഗ്രസ്തവുമായിരുന്നു. അവർ ഇൻഡെക്സിംഗ് ജോലിയിൽ ഏർപ്പെട്ടിരുന്നു. കാർഡ് ഇൻഡെക്സിംഗ് (പത്രാരൂഢജ്ഞാപനം) ജോലി വാസ്തവത്തിൽ പ്രായോഗികമെന്നു കണ്ടറിവും അധികം ത്വരിതമായി ചെയ്തു തീർക്കപ്പെടുമെന്നായിരുന്നു ഞങ്ങൾ വിചാരിച്ചതു്. വാസ്തവത്തിൽ കാർഡ് ഇൻഡെക്സിംഗ് (പത്രാരൂഢജ്ഞാപനം) നടന്നുകൊണ്ടിരിക്കുന്നതു്. സ്റ്റേജ്കാർ കാറുകളുടെയും ടാക്സ്ബസ്സുകളുടെയും ഡ്രൈവർമാരുടെ സംഗതിയിൽ ആണ് ഞാൻ അതു ഏർപ്പെടുത്തീട്ടുള്ളതു്. അധികം ശീഘ്രമായി കണ്ടുപിടിക്കുന്നതിനു സൌകര്യമുണ്ടാക്കുന്നതിനും അപ്രകാരം പൊതുജനങ്ങളെ സഹായിക്കുന്നതിനും വേണ്ടി അതു ഞാൻ മോട്ടോർ ബസ്സുകൾക്കു പ്രയോഗിച്ചുവരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൂടുതൽ ക്ലാർക്കുമാരുടെ ആവശ്യം പൊലീസ്കമ്മീഷണർക്കു ബോദ്ധ്യം വന്നതു എപ്പോൾ ആയിരുന്നു?

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): മെമ്പർ പറയുന്നതു ഇന്നതാണെന്നു ഞാൻ നല്ല പോലെ ഗ്രഹിക്കുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ രണ്ടു കൂടുതൽ ക്ലാർക്കുമാരുടെ ആവശ്യം ബോദ്ധ്യപ്പെട്ടതു് എപ്പോൾ ആയിരുന്നു എന്നു മി: ബിഷപ്പിൽനിന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): ഞാൻ ഈ രാജ്യത്തിൽ വന്നു എന്റെ ജോലി കയ്യേററതു മുതൽക്കു അതു എനിക്കു ബോദ്ധ്യമായി.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനാൽ അതിനു ശേഷം ഉടൻ തന്നെ ഈ സംഗതി ഗവർമ്മെന്റെ ആദ്യത്തിൽ തന്നെ എഴുത്തുകുത്തു നടത്തി എന്നു ഞാൻ ഗ്രഹിക്കണമോ?

മി: എൽ. എ. ബിഷപ്പ് (പൊലീസ്കമ്മീഷണർ): അല്ല. അതല്ല. ഗതാഗത വകുപ്പു ഏർപ്പെടുത്തുന്നതു വരെ കഴിയുന്നിടത്തോളം എന്റെ സ്വന്ത ഉദ്യോഗസ്ഥന്മാരെക്കൊണ്ടു ആ ജോലി നിർവഹിക്കുന്നതിനു ഞാൻ ശ്രമിച്ചു. ഞാൻ ആദ്യം ഇവിടെ വന്നപ്പോൾ ഗതാഗതവകുപ്പിനെപ്പററിയുള്ള പദ്ധതി ആലോചനയ്ക്കായി എന്റെ അടുക്കൽ കൊണ്ടു വരപ്പെട്ടു. ഈ ഗതാഗതപദ്ധതി മുമ്പു തന്നെ എന്റെ മുൻഗാമികളിലൊരാൾ തയ്യാറാക്കീട്ടുള്ളതാണ്. അതു ആലോചനയ്ക്കായി എന്റെ മുമ്പാകെ കൊണ്ടു വരപ്പെട്ടു. അതു വായിച്ചു നോക്കി പര്യാലോചിക്കുന്നതിനു സ്വാഭാവികമായി എനിക്കു ഏതാനും സമയം ആവശ്യമായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊലീസ്കമ്മീഷണർ ഈ രണ്ടു ക്ലാർക്കുമാരെ നിയമിക്കുന്നതിലേക്കു ഗവർമ്മെന്റിലേക്കു ശിപാർശ ചെയ്തതു എപ്പോഴായിരുന്നു?

മി: എൽ. എ. ബിഷപ്പ് (പൊലീസ്കമ്മീഷണർ): സൂക്ഷ്മമായി ഓർമ്മിക്കാൻ എനിക്കു കഴിയുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞ കാലത്തിൽ ഈ ക്ലാർക്കുമാർ എത്ര കാലത്തേക്കു ജോലിചെയ്തിട്ടുണ്ടു്?

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): സൂക്ഷ്മമായി പറവാൻ എനിക്കു സാധിക്കയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സ്റ്റാഫിനോടുകൂടി ഡിപ്പാർട്ടുമെന്റിന്റെ ഗതാഗതവകുപ്പിലെ ജോലി ചെയ്തു തീർക്കുന്നതിനു കഴിവുണ്ടാകുമോ എന്നു പറവാൻ തക്ക സ്ഥിതിയിലാണോ അദ്ദേഹം എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): ഞാൻ കൂടുതൽ ഒരു തുകയ്ക്കായി ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ സ്റ്റാഫിനോടുകൂടി കഴിയുന്നിടത്തോളം ചെയ്യാമെന്നു ഞാൻ ആശിക്കുന്നു. അവരെക്കൊണ്ടു മതിയാകുമോ ഇല്ലയോ എന്നു എനിക്കു ഇപ്പോൾ പറവാൻ സാധിക്കയില്ല. കാറുകളുടെ ഇൻഡെക്സിംഗ് നടപ്പിൽ വരുത്തിക്കഴിഞ്ഞാൽ ജോലി എളുപ്പമാക്കാമെന്നു എനിക്കാശയുണ്ടു്. അതു എളുപ്പമായി തീരുമ്പോൾ ജോലി അധികം ശീഘ്രത്തിൽ തീർക്കുന്നതിനു എനിക്കു സാധിക്കുന്നതുമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗതാഗതപദ്ധതിക്കു എന്തു സംഭവിച്ചു എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പൊലീസ്കമ്മീഷണർ): ആ പദ്ധതി ഭാഗമായിട്ടു ഇപ്പോഴത്തെ ബഡ്ജററിൽ സഭയുടെ മുമ്പിൽ ഇരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ ഈ രണ്ടു ക്ലാർക്കുമാരെയും അനുവദിക്കാത്തപക്ഷം, അതു നേരെയല്ലാത്ത വിധത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനു എളുപ്പം വരുത്തുമോ എന്നു പറയാമോ? (ചിരി).

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): ആ അനുമാനം ഉത്ഭവിക്കുന്നതു എങ്ങിനെയാണ് എന്നു എനിക്കു ഗ്രഹിക്കാൻ പാടില്ലാ. (ചിരി)

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ ചോദ്യത്തിനു മറുപടി എന്താണ്?

മി: എൽ. എ. ബിഷപ്പ് (പൊലീസ്കമ്മീഷണർ): ഞാൻ പറഞ്ഞു കൊണ്ടിരുന്നതു കാർഡ് ഇൻഡെക്സിംഗ് നടപ്പിൽ വരുത്തുന്നതോടുകൂടി ഇപ്പോഴത്തെക്കാൾ അധികം തൃപ്തിയായിട്ടു എഴുത്തുകുത്തുകളെ അധികം എളുപ്പത്തിൽ തീർച്ചചെയ്യുന്നതിനും, ആ വിധത്തിൽ യാത്ര ചെയ്യുന്ന പൊതുജനങ്ങളുടെ കാര്യം സൌകര്യപ്പെടു

ത്തുന്നതിനും എനിക്കു സാധിക്കുമെന്നു ആശയുണ്ട് എന്നായിരുന്നു. അതിനാൽ യാത്രക്കാരായ പൊതുജനങ്ങളെ ഗുണപ്പെടുത്തുന്നതിനുള്ള മെമ്പർ തന്റെ ഉപക്ഷേപത്തെ പിൻവലിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ ചോദ്യത്തിനു മറുപടി പൂർണ്ണമായി കിട്ടീട്ടില്ല. ഞാൻ ഒരു ചോദ്യവും കൂടി ചോദിക്കാൻ ആഗ്രഹിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): എനിക്കു കേൾപ്പാൻ കഴിയുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ കുറെക്കൂടി ഉച്ചത്തിൽ പറയാം. അദ്ദേഹം എന്റെ ചോദ്യത്തിനു മറുപടി തന്നിട്ടില്ല. ഈ രണ്ടു ക്ലാർക്കന്മാർക്കുവേണ്ടി ഗവണ്മെന്റ സ്പാദത്തിനായി പോലീസ്കമ്മീഷണർ അപേക്ഷിച്ചതീയതി അറിയാൻ എനിക്കു ആവശ്യമുണ്ട്.

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ഈ കൊല്ലത്തിന്റെ മൂന്നാം പാദവർഷത്തിൽ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിനാൽ താൻ ചുമതലയേറ്റതായ ൧൧൦൮-ന്റെ ആദ്യം മുതൽക്കു പോലീസ്കമ്മീഷണർ ഈ കൊല്ലത്തിന്റെ മൂന്നാം പാദവർഷംവരെയും ഇപ്പോഴുള്ള സ്റ്റാഫിനെക്കൊണ്ടു ജോലി നിർവഹിച്ചുപോന്നു എന്നു ഞാൻ മനസ്സിലാക്കണമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): മി: പിറവിപെരുമാൾപിള്ള കൂടിയും പ്രസ്താവിച്ചതുപോലെ വിജയകരമായി ഞാൻ ജോലി നിർവഹിച്ചിട്ടില്ല. അതാണു എന്റെ സ്വന്ത അഭിപ്രായവും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വർദ്ധിച്ചിട്ടുള്ള ജോലിയുടെ ശതമാനം എത്രയാണെന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ഞാൻ ഒരു ഗണിതശാസ്ത്രജ്ഞനല്ല. അതു ഞാൻ ഗണിച്ചുനോക്കീട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അങ്ങിനെയാണെങ്കിൽ, ഈ ലഘുവായസംഗതി അദ്ദേഹത്തിനു ഗണിച്ചുനോക്കാൻ കഴിയുന്നില്ലെങ്കിൽ, അതു അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിനു ഹാനികരമല്ലേ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): സർ, മി: നീലകണ്ഠപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. മി: നീലകണ്ഠപ്പിള്ള പറഞ്ഞിട്ടുള്ള ഭാഗങ്ങളിൽനിന്നും യഥാർത്ഥമായി പോലീസ്ഡിപ്പാർട്ടുമെന്റിൽ അധികം ജോലിയുണ്ടെന്നും എന്നാൽ ഉദ്യോഗനിയമനം ശരിയായരീതിയിൽ, അതായതു്, ഈ കൌൺസിലിന്റെ അനുമതിയോടുകൂടി നടത്തീട്ടില്ലെന്നും മനസ്സിലാകുന്നുണ്ട്. ഈ സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ആദർശത്തോടുകൂടി ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കി എന്നേ വിചാരിക്കാൻ തരമുള്ളു. മി: പിറവിപെരുമാൾപിള്ള പറഞ്ഞതുപോലെ ഇന്നു തിരുവിതാംകൂറിലെ പോലീസ്ഡിപ്പാർട്ടുമെന്റ് ട്രാഫിക്കിനെസംബന്ധിച്ചു ചെയ്തുവരുന്ന ഗുണങ്ങളെ നോക്കുന്നപക്ഷം കമ്മീഷണർ നിഷ്കളങ്കമായും ശരിയായരീതിയിലും പെരുമാറിവരുന്നുവെന്നു ധൈര്യസമേതം എനിക്കു പറയാം. അതുകൊണ്ടു കമ്മീഷണർ കീഴ്സിൽബന്ധികൾക്കു ശമ്പളംകൂടുതൽ കൊടുക്കേണ്ടതാണ്.

പ്രസിഡന്റ്: മി: കേശവപിള്ള, അതെല്ലാം ഇവിടെ സംഗതമല്ല.

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ക്ലാർക്കന്മാർ ചെയ്തുവരുന്ന ജോലി എന്താണെന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ലൈസൻസിനുള്ള അപേക്ഷകൾ മേടിക്കുക; അതിലേക്കുള്ള പണംമേടിക്കുക; ലൈസൻസുകൾ കൊടുക്കുക; ഇങ്ങനെയുള്ള ജോലികളെല്ലാമുണ്ട്.

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതിനുമുമ്പ് ഈ ജോലികൾ നടന്നുകൊണ്ടിരുന്നില്ലേ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): മുമ്പിലത്തേക്കാൾ മോട്ടോർകാറുകളുടെ സംഖ്യ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്.

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ക്ലാർക്കന്മാരെ നിയമിച്ചതീയതിമുതൽ മോട്ടാറിന്റെസംഖ്യ എത്ര കൂടീട്ടുണ്ടെന്നറിയാമോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആയിരമെണ്ണം കൂടിയിരിക്കും (ചിരി).

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ഇതു് എവിടെനിന്നും കിട്ടിയ അറിവാണ്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): എനിക്കു അതു അറിയാം.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): പോലീസ്ഡിപ്പാർട്ടുമെന്റിൽ രണ്ടു ക്ലാർക്കന്മാരെക്കൂടുതലായി നിയമിച്ചതു ഏതു സന്ദർഭത്തിൽ എന്നോ ആരുടെ അനുവാദത്തോടുകൂടിയായിരുന്നു എന്നോ അല്ല ഇപ്പോൾ ഇവിടെ നോക്കേണ്ടതു്. ഇങ്ങിനെ രണ്ടു ക്ലാർക്കന്മാരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നാണ് നാം ഇവിടെ ആലോചിക്കേണ്ടതു്. കമ്മീഷണർ അദ്ദേഹം ഉദ്ദേശിച്ചിരിക്കുന്നപ്രകാരം വാഹനനിയന്ത്രണ ഡിപ്പാർട്ടുമെന്റു വേണ്ടവിധത്തിൽ വിജയകരമാക്കുന്നതിനു സാധിക്കയില്ല എന്നു കണ്ടതുകൊണ്ട് ഈ രണ്ടു ക്ലാർക്കന്മാരെ അദ്ദേഹത്തിനു ലഭിച്ചാൽ കുറെക്കൂടി തൃപ്തികരമായനിലയിൽ ഡിപ്പാർട്ടുമെന്റു ഭരിക്കുന്നതിനു അദ്ദേഹത്തിനു സാധിക്കും എന്നു പറയുന്നസ്ഥിതിക്കു യാതൊരുവിധമായ മടിയുംകൂടാതെ ആ തുക അനുവദിച്ചുകൊടുക്കേണ്ടതു ഈ കൌൺസിലിന്റെ ചുമതലയാണ്. വാഹനനിയന്ത്രണത്തെസംബന്ധിച്ചു നോക്കുകയാണെങ്കിൽ ദിനംപ്രതി വാഹനങ്ങളുടെ സംഖ്യ വർദ്ധിച്ചുവരുന്നതായിട്ടു കാണാം. അതുപോലെതന്നെ അപകടങ്ങളും ധാരാളമായിട്ടു ഉണ്ടാകുന്നുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ക്ലാർക്കന്മാരെ നിയമിക്കുന്നപക്ഷം വാഹനസംബന്ധിച്ചുള്ള അപകടങ്ങൾ സംഭവിക്കാതെയിരിക്കാൻ സാധിക്കുമോ?

൧൩൮. ൫൦-ാം അഭ്യർത്ഥനപ്രകാരം ചോദിച്ചിട്ടുള്ള മൊത്തതുകയിൽ ൧൪,൨൫൯ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

൧൩൯-ാം ഉപക്ഷേപം

൫൦-ാം അഭ്യർത്ഥനപ്രകാരം ചോദിച്ചിട്ടുള്ള മൊത്തതുകയിൽ ൧൪,൨൫൯ രൂപായിൽനിന്നു ൨൯ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): സെൻട്രൽ പ്രിസണിലേക്കുള്ള ൧൪,൨൫൯ രൂപായിൽ നിന്നും ൨൯ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള എന്റെ പ്രധാന ഉദ്ദേശം സെൻട്രൽപ്രിസണിലുള്ള മുസ്ലീം തടവുകാർക്ക് പ്രാർത്ഥനയ്ക്കുവേണ്ട സൌകര്യം കൊടുക്കണമെന്നുള്ളതിനെ ചൂണ്ടിക്കാണിക്കുന്നതിനാണ്. മററു സമുദായത്തിലുൾപ്പെട്ടവരെപ്പോലെ തന്നെ മുസ്ലീം സമുദായത്തിലുൾപ്പെട്ട തടവുകാരും അവിടെയുണ്ട്. മുസ്ലീങ്ങളായി ൫൦-ൽ കുറയാതെയുണ്ടെന്നാണ് എന്റെ അറിവ്. അവരുടെ ദിവസേനയുള്ള മതാചാരക്രമങ്ങൾ നടത്തുന്നതിനു വേണ്ട സൌകര്യം കൊടുക്കുന്നില്ല എന്നാണ് എനിക്കു കിട്ടിട്ടുള്ള അറിവ്. മനുഷ്യർ സന്മാർഗ്ഗികൾ അല്ലാത്തതുനിമിത്തം ചില കുററങ്ങൾ ചെയ്തു ജയിലിൽ വന്നുചേരുന്നു. അവർ ജയിലിലേക്ക വന്ന രീതിയിൽതന്നെ വെളിയിൽ ചെന്നിട്ടു വീണ്ടും ലോകത്തു ഉപദ്രവകാരികളായി തീരാതെ ഇരിക്കത്തക്കവണ്ണം അവർക്കു സന്മാർഗ്ഗികമായ ബോധം നൽകി സമുദായത്തിനും ജനങ്ങൾക്കും കൊള്ളാവുന്നവരായി തീർക്കണം. അതു സാന്മാർഗ്ഗികബോധമുള്ളവരായി ജീവിക്കാനുള്ള സൌകര്യം അവർക്കു നൽകിയാൽ മാത്രമേ സാധിക്കുകയുള്ളു. ഒരു ജനവിഭാഗം ഏതു മതത്തെ ആശ്രയിച്ചിരിക്കുന്നുവോ ആ മതത്തിലുള്ള മാർഗ്ഗങ്ങളിൽക്കൂടിയുള്ള സാന്മാർഗ്ഗീകോപദേശം ചെയ്താൽമാത്രമേ അവരുടെ ഏതെങ്കിലും അതു പ്രതിഫലിക്കയുള്ളു. അതിനാൽ മററുള്ള തടവുകാർക്കു ചെയ്തിട്ടുള്ളതുപോലെ മുസ്ലീംതടവുകാർക്കും ദിവസംപ്രതിയുള്ള അവരുടെ പ്രാർത്ഥനകൾ നടത്തുന്നതിനു വേണ്ട സൌകര്യം ചെയ്തുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. ടി. കെ. മാധവൻ നായർ (ആക്റ്റിംഗ് ഗവമ്മെന്റ സെക്രട്ടറി): മുസ്ലീം തടവുകാർക്കു സഹായങ്ങൾ നൽകണമെന്നു ഏതെങ്കിലും പ്രീസ്റ്റിന്റെ അപേക്ഷ വന്നു അതു നിരസിച്ചിട്ടുള്ളതായി മെമ്പർക്കു അറിവുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അതിലേക്ക പ്രത്യേകമായി വല്ലവരും ആവശ്യപ്പെട്ടപ്പോൾ അതിനു സൌകര്യമില്ലെന്നു പറഞ്ഞിട്ടില്ലെങ്കിലും ഗവമ്മെന്റ യാതൊരു വ്യവസ്ഥയും ഇതിൽ ചെയ്തുകാണുന്നില്ല.

മി. ടി. കെ. മാധവൻ നായർ (ആക്റ്റിംഗ് സെക്രട്ടറി): മുസ്ലീംതടവുകാരുടെ മതസംബന്ധമായ പ്രാർത്ഥനയ്ക്കു വല്ല തടസ്സവും ഉണ്ടായിട്ടുള്ളതായി മെമ്പർക്കു അറിവുണ്ടോ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മതസംബന്ധമായ പ്രാർത്ഥന നടത്താനുള്ള സൌകര്യം യാതൊന്നുമില്ലെന്നാണ് എന്റെ അറിവ്. അതിലേക്ക ശുദ്ധവായു കിട്ടുന്ന ഒരു സ്ഥലമുണ്ടായിരിക്കണം. അവരുടെ കൈകാലു കഴുകാനുള്ള സൌകര്യമുണ്ടായിരിക്കണം; അതിലേക്ക് അവർക്കു സമയം അനുവദിക്കണം; ഇങ്ങനെയുള്ള സംഗതികളിൽ വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട് എന്നാണ് എന്റെ അറിവ്.

മി. ടി. കെ. മാധവൻ നായർ (ആക്റ്റിംഗ് ഗവമ്മെന്റ സെക്രട്ടറി): ഇതിനെപ്പററി സൂപ്രണ്ടിനോടു അന്വേഷിച്ചു വേണ്ടതു ചെയ്യാൻ നോക്കാം.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൧൪൦-ാം ഉപക്ഷേപം.

താഴെ പറയുന്ന ഉപക്ഷേപം ഉപക്ഷേപിക്കപ്പെട്ടില്ല.

മി. എച്ച്. ബി. മഹമ്മദ് രാവുത്തർ:

൫൦-ാം അഭ്യർത്ഥനപ്രകാരമുള്ള മൊത്തതുക ൧൪,൨൫൯ രൂപായിൽനിന്നു ൫൦ രൂപാ കുറയ്ക്കണം.

പ്രസിഡൻറ: ൫൦-ാം അഭ്യർത്ഥനയായ സെൻട്രൽ ജെയിലിനു ചോദിച്ചിട്ടുള്ള തുക ൧൪,൨൫൯ രൂപായും സഭ അനുവദിക്കുന്നു എന്നാണു പ്രമേയം. സഭ യോജിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു.

തുക അനുവദിക്കപ്പെട്ടു.

൫൫-ാം അഭ്യർത്ഥന പോലീസ്.

മി. എൻ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, ൫൫-ാം അഭ്യർത്ഥനയായ പോലീസിനുവേണ്ടി ൩,൦൨,൧൪൦ രൂപായിൽ കവിയാത്ത ഒരു തുക അഭ്യർത്ഥിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

൧൪൫-ാം ഉപക്ഷേപം.

ഹെഡ് അക്കൗണ്ടന്റ മുതലായവരുടെ ശമ്പളത്തിനു ചോദിച്ചിട്ടുള്ള ൫൪,൩൨൨ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി. മുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്ന സംഗതി ഇവിടെ ഈ സന്ദർഭത്തിൽ പ്രതിപാദം നടത്തുന്നതു ശരിയാണോ എന്നു അറിയേണ്ടിയിരിക്കുന്നു. ഹെഡ് അക്കൌണ്ടന്റ മുതലായവരുടെ ശമ്പളത്തിനായി ചോദിച്ചിട്ടുള്ള ൫൪,൩൨൨ രൂപായിൽനിന്നും ഒരു രൂപാ കുറക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസിഡൻറ: ഈ ഉപക്ഷേപത്തിന്റെ അധികരണത്തിൽ നിങ്ങൾ പ്രസ്താവിച്ചിട്ടുള്ള ഉദ്ദേശം ആ അധികരണത്തിൽ വരുന്നില്ല. അതിനാൽ ഈ ഉപക്ഷേപം സംബന്ധിച്ചു അതിനെപ്പററി നിങ്ങൾക്കു സംസാരിക്കാൻ പാടില്ല.

മി. മുഹമ്മചമ്പിൽ പാച്ചുപിള്ള (ചേർത്തല): സർ, എന്നാൽ ഞാൻ അതിനെ അവതരിപ്പിക്കുന്നില്ല.

൩൧൮-ാം ഉപക്ഷേപം.

ഹെഡ് അക്കൌണ്ടന്റ മുതലായവരുടെ ശമ്പളത്തിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൫൪,൬൩൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കണം.

മി. മുഹമ്മചമ്പിൽ പാച്ചുപിള്ള (ചേർത്തല): സർ, അതേ കാരണത്താൽതന്നെ ഇതിനേയും ഞാൻ അവതരിപ്പിക്കുന്നില്ല.

൩൧൯-ാം ഉപക്ഷേപം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ ഉപക്ഷേപിക്കുന്നതു താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി കൊള്ളിച്ചിട്ടുള്ള ൨,൯൦൦ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം എന്നാണ്.

എന്റെ അഭിപ്രായത്തിൽ ഈ തുകയുടെ പ്രസ്തുത കുറവു ഈ കൊല്ലത്തിനിടയ്ക്കു നിയമിക്കപ്പെട്ട രണ്ടു താല്ക്കാലികക്ലാർക്കുമാരുടെ ശമ്പളമാണ്. ഉപക്ഷേപത്തിന്റെ മുഖ്യ ഉദ്ദേശം ഇതാണ്. സഭയുടെ കഴിഞ്ഞ യോഗം കൂടുന്നതിനു മുമ്പാണ് രണ്ടു താല്ക്കാലികക്ലാർക്കുമാരുടെ നിയമനത്തിനായി ശിപാർശകൾ അയച്ചതു് എന്നാണ് എന്റെ അറിവ്. ശിപാർശകളെ ഗവണ്മെന്റ പരിശോധിക്കുകയും, ഗവണ്മെന്റിനും പൊലീസ് കമ്മീഷണർക്കും രണ്ടു താല്ക്കാലികക്ലാർക്കുമാരുടെ നിയമനത്തിന്റെ ആവശ്യത്തെപ്പറ്റി ബോദ്ധ്യമാവുകയും ചെയ്തു എങ്കിൽ, ഈ സഭ യോഗംകൂടിയിരിക്കുമ്പോൾ പ്രമേയത്തെ അവിടെ കൊണ്ടുവരികയും സഭയുടെ അനുവാദം വാങ്ങിക്കയും ആയിരുന്നു വേണ്ടിയിരുന്ന അധികം വിധ്യനുരൂപമായ നടപടി. കഴിഞ്ഞപ്രാവശ്യം എടവത്തിൽ സഭകൂടിയിരുന്ന സമയത്തു ഗവണ്മെന്റ ഈ സംഗതിയെപ്പറ്റി അവസാനമായി തീർച്ച ചെയ്തിരുന്നു എന്നാണ ഗവണ്മെന്റിനുള്ള സമാധാനമെങ്കിൽ, അപ്പോൾ പിന്നീടു ഈ സംഗതിയെ തീർച്ചയാക്കുകയും വാസ്തവത്തിൽ നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ, ആ വൃത്തിയിലും ഒരു മാസത്തിനുശേഷം കർക്കടകത്തിൽ സഭ കൂടി പരുമെന്നറിയാമായിരിക്കെ, എന്തുകൊണ്ടാണ് സംഗതിയെല്ലാം തുരിതപ്പെടുത്തേണ്ടിവന്നതെന്നും എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല. ഇതു തീരെ ലഘുവായ ഒരു സംഗതിയാണെന്നു തോന്നുമായിരിക്കാം. എന്നാൽ സഭയുടെ അവകാശത്തെ വിഘ്നിച്ചു, സഭയുടെ പിമ്പുറമായി നടപടികൾ എടുത്തു, അതിയന്ത്രസ്വഭാവമുണ്ടെന്നു വെളിപ്പെടാത്ത ഉദ്യോഗനിയമനങ്ങൾ ചെയ്തിട്ടുള്ള ഈ സഭയിൽ പ്രസ്താവയോഗ്യമല്ലാത്ത മറ്റു ദൃഷ്ടാന്തങ്ങളും ഈ ഖണ്ഡനോപക്ഷേപത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ആ നടപടിയെ എതിർക്കുന്നതിനുവേണ്ടിയാണ് ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നതു്.

പ്രസിഡന്റ്: ഇവിടെ പറയുന്ന ൧൦൦ രൂപാ ൫൫൦ ക-ലെ വല്ല ചെലവിനെ സംബന്ധിക്കാതെ ൫൫൦ ന-ൽ ചെലവാക്കേണ്ടതിനെ സംബന്ധിക്കുന്നതത്രെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനാൽ സഭയുടെ അനുവാദം ലഭിക്കുന്നതിനു മുമ്പായിട്ടുതന്നെ നിയമനം ചെയ്തുകഴിഞ്ഞിരിക്കുന്നതുകൊണ്ടു ഈ രണ്ടു താല്ക്കാലികക്ലാർക്കുമാരേയും വരുന്ന കൊല്ലത്തേക്കു നിർത്തിവയ്ക്കുന്നതാണ് ഉദ്ദേശം. ഇപ്പോൾ അതിനെ ഈ സഭയുടെ അനുവാദത്തിനായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): സർ, ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കേണ്ടിയിരിക്കുന്നതിൽ എനിക്കു വ്യസനമുണ്ട്. രണ്ടു ക്ലാർക്കുമാർ കമ്മീഷണരുടെ ആഫീസിലെ മോട്ടോർവകുപ്പിലേക്കു ആവശ്യമാണെന്നു് അവിടെ ശ്രദ്ധമായ നക്ഷത്രചിഹ്നം വെളിപ്പെടുത്തുന്നതായിരിക്കും. സർ, ബസ് ഉടമസ്ഥന്മാർക്കു് ഇപ്പോൾതന്നെ വലുതായ അസൌകര്യം നേരിട്ടിരിക്കുന്നു എന്നു മാത്രമല്ല ബസ് ഉടമസ്ഥന്മാർക്കു് അവകൂടാതെ ബസ്സുകളെ ഓടിക്കാൻ പാടില്ലാത്ത തങ്ങളുടെ പെർമിറ്റുകളെയും ലൈസൻസുകളേയും മറ്റു രേഖകളെയും താമസിപ്പിച്ചുവരുന്നു എന്നുള്ള പരാതിയും ഉണ്ട്. ഈ രണ്ടു ക്ലാർക്കുമാരേയും നിയമിച്ചതിനാൽ, താമസം പരിഹരിക്കപ്പെടുന്നതും ബസുകൾക്കായി വളരെ പണം മുടക്കിട്ടുള്ള ബസ് ഉടമസ്ഥന്മാർക്കു് തങ്ങളുടെ വിഷമത്തിൽനിന്നും വിടുതൽ കിട്ടുന്നതുമാണ്. എന്റെ സ്നേഹിതൻ മി. നീലകണ്ഠപ്പിള്ള വിധ്യനുരൂപമായ നടപടിസംബന്ധിച്ചു ഗവണ്മെന്റിനേയോ പൊലീസ് കമ്മീഷണറേയോ ആക്ഷേപിക്കണമെന്നുദ്ദേശിച്ചിരുന്നാൽ, നിയമസഭ, എന്നോ പൊതുജനം എന്നോ, മറ്റേതെങ്കിലുമോ അധികരണത്തിൽ ഒരു ഖണ്ഡനോപക്ഷേപം കൊണ്ടുവരുന്നതിനുള്ള അവസരത്തെ ഉപയോഗപ്പെടുത്തേണ്ടിയിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ അധികരണങ്ങളിൽ അസംഖ്യം ഉപക്ഷേപങ്ങൾ കൊണ്ടുവരപ്പെടുന്നതായി നോട്ടീസ് കൊടുത്തിട്ടുണ്ടെന്നു ഞാൻ മെമ്പരെ ഉൽബോധിപ്പിക്കാമോ? എന്നാൽ നിർഭാഗ്യവശാൽ സഭ അവയിൽ എത്തീട്ടില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): അപ്പോൾ, ഈ രണ്ടു ക്ലാർക്കുമാരേയും കുറവുചെയ്യുന്നതിനാൽ ഉണ്ടാകുന്ന പ്രയോജനമെന്താണ്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതു വിധി വിരുദ്ധമായ ഒരു നടപടിയാണോ?

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): അതു ഞാൻ ഒരിക്കലും പറഞ്ഞില്ല. എന്റെ സ്നേഹിതൻ എന്റെ ഭാഷണത്തിൽ നിന്നു അങ്ങിനെ അനുമാനിച്ചതിൽ ഞാൻ വ്യസനിക്കുന്നു. ഈ രണ്ടു ക്ലാർക്കുമാരേയും നമുക്കു ആവശ്യമോ അല്ലയോ എന്നാണ് പ്രശ്നം. എന്റെ അഭിപ്രായത്തിൽ ഈ രണ്ടു ക്ലാർക്കുമാരും ആവശ്യമാണ്. അതിനാൽ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): സർ, മി: കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹം വിചാരിക്കുന്നപ്രകാരമുള്ള കഴിഞ്ഞുപോയ കാലത്തിലെ അപരാധങ്ങൾക്കായി ൫൫൦ ന-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുകയിൽ ഒരു ഖണ്ഡനം നിർദ്ദേശിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു. പെർമിറ്റ വാങ്ങുന്നതിനും കാറുകൾ പതിപ്പിക്കുന്നതിനും മറ്റും ആവശ്യമുള്ള ബസ് ഉടമസ്ഥന്മാർക്കും മോട്ടോർ ഡ്രൈവർമാർക്കും കണ്ട്രാക്ടർമാർക്കും ലൈസൻസ്ധാരികൾക്കും മറ്റാളുകൾക്കും അതു വലുതായ വിഷമത്തിനു ഹേതുവുണ്ടാക്കുന്നതാകയാൽ ഞാൻ മി: പിറ

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): അപകടങ്ങൾ സംഭവിക്കുന്നതിനെപ്പറ്റി റിപ്പോർട്ടുചെയ്യുമെലാൽ അങ്ങിനെസംഭവിക്കാതിരിക്കത്തക്കവണ്ണം വേണ്ട നടപടിനടത്തുന്നതിനെസംബന്ധിച്ചു ധാരാളം എഴുത്തുകുത്തുകൾ നടത്തേണ്ടതായിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെല്ലാം ക്ളാർക്കന്മാരുടെ ജോലിയെന്നാണൊ പറയുന്നതു്?

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): അതിലേക്കു കമ്മീഷണരെ സഹായിച്ചുകൊടുക്കേണ്ടുമതായ അവർക്കുണ്ട്. കമ്മീഷണരുടെ ആജ്ഞയനുസരിച്ചുള്ള പ്രവൃത്തികളെല്ലാം ചെയ്യുന്നതിനും അവർ സന്നദ്ധന്മാരായിരിക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അങ്ങിനെ എത്ര ക്ലാർക്കു വേണമെന്നാണ് മെംബറുടെ അഭിപ്രായം?

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): രണ്ട് ക്ലാർക്കന്മാരെ കൂടുതലായി ലഭിച്ചാൽമാത്രമെ ആ ഡിപ്പാർട്ടുമെൻറു വിജയമായിട്ടു കൊണ്ടുപോകാൻ സാധിക്കയുള്ളു എന്നു കമ്മീഷണർ പറയുന്നുണ്ട്. കൂടാതെ ട്രാഫിക്കുതൊഴിൽ പരിചയമുള്ള ആളും അതു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നയാളും ആയ ഒരു മെംബർ ഈ ഡിപ്പാർട്ടുമെൻറിൽ ഇങ്ങനെയുള്ള ക്ലാർക്കുകളുടെ അഭാവംനിമിത്തമുള്ള ഉപദ്രവം ബസ്സ് ഓണേഴ്സ് സഹിക്കേണ്ടിവരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്ക് അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം ഈ തുക അനുവദിച്ചുകൊടുക്കേണ്ടതാണ്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും-വടക്ക്): ഞാൻ മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മി: നീലകണ്ഠപ്പിള്ള ഇവിടെപ്രസ്താവിച്ചിട്ടുള്ളതിൽനിന്നും ഞാൻ മനസ്സിലാക്കിയതു കഴിഞ്ഞ ഇടവത്തിൽ നടന്ന കൗൺസിലിനുമുമ്പായിട്ടു പോലീസ് കമ്മീഷണർ കൂടുതലായിട്ടു രണ്ടു ക്ലാർക്കന്മാരെ ആവശ്യമുണ്ടെന്നു ഗവർമ്മെൻറിലേക്കു റെക്കമെൻഡു ചെയ്തിട്ടുള്ളതായും ഗവർമ്മെൻറു അതു സ്വീകരിച്ചു അവരെ നിയമിച്ചിട്ടുള്ളതായുമാണ്. എന്നാൽ മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപംകൊണ്ടു് നിയമിച്ച ക്ലാർക്കന്മാരെ പിരിച്ചുവിടണമെന്നുള്ള ഉദ്ദേശത്തിലല്ല ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് എന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. നിയമസഭായോഗം കഴിഞ്ഞതിനുശേഷം നിയമനംനടത്തിയതിൽനിന്ന് അങ്ങിനെ രണ്ടു ക്ലാർക്കന്മാർ ആവശ്യമുണ്ട് അതിനു പണം വേണമെന്നു ഒരു സപ്ലിമെൻടറി ഡിമാൻറുകൊണ്ടുവന്നു് ആവശ്യപ്പെടാമായിരുന്നു. അങ്ങിനെ ചെയ്തിട്ടില്ല. അതിനുള്ളകാരണം രണ്ടു ക്ലാർക്കന്മാരെ അനുവദിച്ചുകൊടുക്കണമെന്നു പറഞ്ഞാൽ ഈ സഭ അതിനുവിസമ്മതം പുറപ്പെടുവിച്ചേക്കുമൊ എന്നുള്ള സംശയമായിരുന്നു. അതുകൊണ്ടു ഗ്രാൻറിനാവശ്യപ്പെടാതെ ഗവർമ്മെൻറിൻെറമാത്രം എഴുതിഅയച്ചു അനുവാദംവാങ്ങി നിയമനം നടത്തുകയാണ് ചെയ്തതു്.

പ്രസിഡൻറ്: മി: ഉമ്മൻ ആരിലും ദുരുദ്ദേശങ്ങൾ ആരോപിക്കുന്നതിനു നിങ്ങൾക്കു യാതൊരു ന്യായവുമുണ്ടെന്നു ഞാൻ കാണുന്നില്ല. നിങ്ങളുടെ അവസാന വാചകം നിങ്ങൾ പിൻവലിക്കുമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്): സർ, ഏതു വാചകം?

പ്രസിഡൻറ്. സഭ അനുവദിക്കുകയില്ല എന്നു പോലീസ്കമ്മീഷണർക്കുണ്ടായിരുന്ന ഭീതിനിമിത്തമാണ് ഇതു സഭയുടെ കഴിഞ്ഞയോഗത്തിൽ കൊണ്ടുവരാതിരുന്നതു എന്നു നിങ്ങൾ പറഞ്ഞവാചകം.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്): അങ്ങിനെയുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ പറഞ്ഞതു്.

സർ, ഇങ്ങിനെയുള്ള ഡിമാൻറുകൾ ആവശ്യപ്പെടുന്നതായ സമയം ജനപ്രതിനിധികളായ ഞങ്ങൾ കൂടുന്ന അവസരത്തിൽ ഗവർമ്മെൻറ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതുപോലെ കൊണ്ടുവരികയും അതു് ആവശ്യമുള്ളതാണൊ അല്ലയോ എന്നുള്ള ഞങ്ങളുടെ അഭിപ്രായത്തെ ഗവർമ്മെൻറിനെ ധരിപ്പിക്കുകയും ചെയ്യുന്നതിനാണ് ഞങ്ങളെ ഇവിടെ വിളിച്ചുവരുത്തിയിരിക്കുന്നതു്. ആ കൂട്ടത്തിൽ ഒരു പക്ഷെ ഇതുവേണ്ടാഎന്നു ഞങ്ങൾ പറഞ്ഞേക്കുമൊ എന്നു സംശയിച്ചായിരിക്കാം ഇതു് കൗൺസിലിൽ കൊണ്ടുവരാഞ്ഞതു്. ഇങ്ങിനെ ഈ നിയമസഭയുടെ അനുവാദമില്ലാതെ രണ്ടു നിയമനങ്ങൾ നടത്തിയതിനെ സംബന്ധിച്ചു് ഞങ്ങളുടെ പ്രതിഷേധത്തെ രേഖപ്പെടുത്തുന്നതിനു വേണ്ടി മി. നീലകണ്ഠപിള്ള ഈ ഉപക്ഷേപം അവതരിപ്പിച്ചു എന്നല്ലാതെ ആ ക്ളാർക്കന്മാരെ പിരിച്ചുവിടണമെന്നുള്ള ഉദ്ദേശം അദ്ദേഹത്തിനൊ ഈ സഭക്കൊ ഇല്ല. തിരുവിതാംകൂറിലെ ഒരുച്ചമതയേറിയ ഉദ്യോഗസ്ഥൻ ഗവർമ്മെൻറിൻെറ അനുവാദത്തോടുകൂടി നടത്തുന്നനിയമനങ്ങൾക്കു പണം അനുവദിക്കണ്ടാ എന്നുള്ളവിചാരം ഞങ്ങൾക്കില്ല.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): കഴിഞ്ഞഇടവത്തിൽ കൗൺസിൽ കഴിഞ്ഞതിൽപിന്നിട്ടു ഇപ്പോഴല്ലാതെ ഈ കൌൺസിൽ നടന്നിട്ടുണ്ടോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും—വടക്ക്): ഇപ്പോഴെ നടന്നിട്ടുള്ളു. എന്നാൽ ഈ കഴിഞ്ഞ ഇടവത്തിലെ കൌൺസിലിൽതന്നെ കൊണ്ടുവരാമായിരുന്നു എന്നാണു ഞാൻ പറഞ്ഞതു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ,ഇടവത്തിലെ കൌൺസിൽ കഴിഞ്ഞതിനുശേഷമാണ് ഈ നിയമനത്തിൻെറ ആവശ്യമുണ്ടായതെന്നു വിചാരിക്കരുതോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്): കഴിഞ്ഞ ഇടവത്തിനു മുമ്പാണല്ലൊ ഇതിനെപറ്റി ഗവർമ്മെൻറിലേക്കു് റെക്കമെൻഡു ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഈ ആവശ്യം കൌൺസിൽ കഴിഞ്ഞതിനു ശേഷമാണു നേരിട്ടതെന്നു് ഒരിക്കലും വിചാരിക്കാൻ നിവൃത്തിയില്ല.

ഏതായിരുന്നാലും നിയമനം നടത്തിക്കഴിഞ്ഞു. നമ്മുടെ ഗവണ്മെന്റിലെ പുരതലയേറിയ ഉദ്യോഗസ്ഥനാണ് ഈ നിയമനം നടത്തിയതു്. അതുകൊണ്ട് ഈ ഉപക്ഷേപം പിൻവലിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, മി. നീലകണ്ഠപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ബഡ്ജററിൽ അതിനുവേണ്ടി തുകയൊന്നും ഏർപ്പെടുത്താതെതന്നെ പോലീസ്കമ്മീഷണരുടെ ആഫീസിൽ കഴിഞ്ഞ കൊല്ലത്തിൽ ഏതാനും കൂടുതൽ ക്ളാർക്കുമാരെ നിയമിച്ചു എന്നു സമ്മതിച്ചിരിക്കുന്നു. എന്നാൽ ഇപ്പോഴും, സർ, തന്റെ ആഫീസിൽ കൂടുതൽ ക്ളാർക്കുമാരെ നിയമിക്കുന്നതിനു അടിയന്തിരമായ ആവശ്യമുണ്ടായി എങ്കിൽ പരിമിതമായ ഒരു തുകയ്ക്കായി അഭ്യർത്ഥനയുടെ രൂപത്തിൽ ആ സംഗതി ഈ സഭമുമ്പാകെ കൊണ്ടുവരുന്നതിനു വളരെ സൌകര്യമുണ്ടായിരുന്നു. ഞങ്ങൾക്കു കാണ്മാൻ കഴിയുന്നിടത്തോളം ആ നടപടി എടുക്കാത്തതിനു യാതൊരു സമാധാനവും തീരെ കൊണ്ടുവന്നിട്ടില്ല. സർ, സഭയുടെ അവകാശസ്വാതന്ത്ര്യങ്ങൾ ആവശ്യവും ന്യായവും കൂടാതെ അതിലംഘിക്കപ്പെടുന്നതായ ഒരു ഉദാഹരണമാണ് ഇതു്. ഈ സംഗതിയിൽ ശരിയായ മാർഗ്ഗം അനുകരിക്കപ്പെടാതിരുന്നതിനു പോലീസ്കമ്മീഷണർ മുഖേനതായ വല്ല കാരണവും ഞങ്ങൾക്കു തരുന്നതിനുള്ള നിലയിലല്ലായിരുന്നു. പോലീസ്കമ്മീഷണറിൽ നിന്നു വല്ല ന്യായമോ സമാധാനമോ അശേഷം പുറത്തുവന്നിട്ടില്ല, ധനകാര്യക്കമ്മിററിയിലെ ഗവണ്മെന്റ് അംഗങ്ങളിൽ നിന്നു എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിടത്തോളം ഈ രണ്ടുകൂടുതൽ ക്ളാർക്കുമാർക്കു വേണ്ടിയുള്ള ശിപാർശ ഗവണ്മെന്റ് അതിനെ ഈ സഭയുടെ കഴിഞ്ഞ യോഗത്തിൽ കൊണ്ടുവരത്തക്കവണ്ണം അത്ര മുൻകാലേകൂട്ടി ആയിരുന്നു വാസ്തവത്തിൽ ചെയ്യപ്പെട്ടിരുന്നതു്. അങ്ങിനെ ചെയ്യാത്തതിനു യാതൊരു സമാധാനവും വെളിക്കുവരുന്നില്ല. അതു് ഈ സഭ വളരെ ഗൌരവപൂർവ്വം നിരീക്ഷിക്കേണ്ട ഒരു സംഗതിയുമാണ്, സഭയുടെ ഈ വശത്തുള്ള മെംബർമാർ ആലോചിക്കേണ്ട സംഗതി, സഭയുടെ അനുമതികൂടാതെ അങ്ങിനെയുള്ള നടപടിയെ നീതീകരിക്കാത്ത വൃത്തികളിൽ പോലീസ്കമ്മീഷണരുടെ ആഫീസിൽ നിയമിക്കപ്പെട്ട ഈ രണ്ടുകൂടുതൽ ക്ളാർക്കുമാരെ വച്ചുകൊണ്ടിരിക്കുന്നതിനു ഗവണ്മെന്റിനെ അനുവദിക്കേണ്ടതുണ്ടോ എന്നാണ്, അതിനാൽ, ഉപക്ഷേപത്തെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു.

മി: മാത്യൂമുരിക്കൻ (വൈക്കം): സർ, ഇപ്പോഴും വാദപ്രതിവാദത്തിലിരിക്കുന്ന ഖണ്ഡനോപക്ഷേപം സംബന്ധിച്ചു ഞാനും കുറഞ്ഞൊന്നു പറയുന്നതിനാഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ മി. നീലകണ്ഠപിള്ളയെ അനുകൂലിക്കുന്നതിനു ഞാൻ വഴികാണുന്നില്ല. ഈ രണ്ടു ക്ളാർക്കന്മാരെ പോലീസ്കമ്മീഷണരുടെ ആഫീസിൽ ആദ്യമായി നിയമിക്കുന്നതിനു മുമ്പായി, ഈ സഭയിൽ അതിന്റെ കഴിഞ്ഞ യോഗത്തിൽ ഈ സംഗതി കൊണ്ടുവരേണ്ടതായിരുന്നു എന്നു എന്റെ സ്നേഹിതൻ വാദിക്കുന്നതിൽ നിശ്ചയമായിട്ടും വളരെ ന്യായമുണ്ട്. ഗവണ്മെന്റ് സംഗതിയെ ഈ സഭമുമ്പാകെ കൊണ്ടുവരുന്നതിന് ഉപേക്ഷകാണിച്ചതു മനഃപൂർവ്വമായിരുന്നെങ്കിൽ, തീർച്ചയായിട്ടും അതു് ആക്ഷേപാർഹമാണു. ധനകാര്യക്കമ്മിററിയിലെ ഒരംഗമെന്നനിലയിൽ ഈ സംഗതിയും ധനകാര്യക്കമ്മിററി മുമ്പാകെ കൊണ്ടുവന്നിട്ടുണ്ട് എന്നു ഞാൻ പറയാം. പോലീസ് കമ്മീഷണരുടെ ശിപാർശ വേണ്ടിടത്തോളം കാലേതന്നെ ഗവണ്മെന്റിലെത്തി എങ്കിലും സംഗതിയെപ്പററി ആലോചിക്കുന്നതിനു സമയം പോരാതെ വന്നു, അതിനാൽ അങ്ങിനെ കിടപ്പിലായപ്പോഴും തനിക്കു രണ്ടു കൂടുതൽ ക്ളാർക്കുമാരെയും കൂടി കിട്ടിയെങ്കിലല്ലാതെ പോലീസ്കമ്മീഷണർക്കു കടിശികകൂടാതെ ജോലിചെയ്തുതീർക്കുന്നതിനു സാധിക്കുന്നതല്ല എന്നു കമ്മീഷണർ പറയുകയും അതിനാൽ ഗവണ്മെന്റ് അതിനെ ഉടൻതന്നെ അനുവദിക്കുകയും ചെയ്തു. എന്നു ധനകാര്യക്കമ്മിററിയിലെ മെംബർ എന്നനിലയിൽ എനിക്കറിയാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങനെയുള്ള കാര്യങ്ങളെ ആലോചിക്കുന്നതിനല്ലെങ്കിൽ ഗവണ്മെന്റിന്റെ സമയം പിന്നെ എന്തിനായിട്ടാണ്?

മി: മാത്യൂമുരിക്കൻ (വൈക്കം): സർ, അതു വളരെ വിസ്തീർണ്ണമായ ഒരു പ്രശ്നമാണു. ഗവണ്മെന്റു തങ്ങളുടെ സമയമെല്ലാം പൊതുജനങ്ങൾക്കായിട്ട് ചെലവാക്കേണ്ടതു് ആവശ്യമാണ്. എന്നാൽ വളരെ വിസ്തീർണ്ണമായ പ്രശ്നം എന്റെ സ്നേഹിതൻ ഉന്നയിപ്പിച്ചു. അതിനു വളരെ വിസ്തീർണ്ണമായ ഒരു മറുപടിയും ആവശ്യമാണ്. ആ വിസ്തീർണ്ണമായ പ്രശ്നത്തെപ്പററി ഇപ്പോൾ സംസാരിക്കുന്നതിൽ പ്രയോജനമൊന്നുമില്ല. നാം ഇവിടെ വന്നിട്ടുള്ളതു് പ്രായോഗികമായ കാര്യങ്ങളെ തീർച്ചപ്പെടുത്തുന്നതിനായിട്ടാണു. നമുക്കു പൊതുജനങ്ങളുടെ നേരെയുള്ള മുറയും, ഗവണ്മെന്റിനോടുള്ള മുറയും നമ്മോടു തന്നെയുള്ള മുറയും ഉണ്ടു. കമ്മീഷണരും മി. പിഠവിപെരുമാൾ പിള്ളയും പറഞ്ഞതുപോലെ മോട്ടാർ ഗതാഗതം ഈ രാജ്യത്തിൽ വളരെയായി വർദ്ധിച്ചിട്ടുണ്ടു; മോട്ടാർ ഗതാഗതത്തിന്റെ അഭിവൃദ്ധിയെ വല്ലവിധത്തിലും തടസ്ഥപ്പെടുത്തുന്നതിനാൽ പൊതുജനങ്ങൾക്കു വല്ല അസൌകര്യവും വരാതിരിക്കത്തക്കവണ്ണം സൂക്ഷിക്കുന്നതു നമ്മുടെ മുറയുമാണു. അദ്ദേഹം വിശദപ്പെടുത്തിട്ടുള്ളതുപോലെ ഈ ക്ളാർക്കുമാരെ ഉദ്ദേശിച്ചിട്ടുള്ളതു മോട്ടാർ ഗതാഗതജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു അസൌകര്യവും താമസവും വരുന്നതിനെ ഇല്ലാതാക്കുന്നതിനാണ്. എന്റെ സ്നേഹിതൻ മി. നീലകണ്ഠപിള്ളയ്ക്കുതന്നെയും ഈ ക്ളാർക്കുമാരുടെ ആവശ്യത്തിനെതിരായി യാതൊന്നും പറയാനില്ലായിരുന്നു, അദ്ദേഹത്തിന്റെ ഏകവാദം നിയമനങ്ങൾ ആദ്യമായി ചെയ്യുന്നതിനുമുമ്പായി സംഗതിയെ ഈ സഭയിൽ കൊണ്ടുവരേണ്ടതായിരുന്നു എന്നത്രെ. അതു സംബന്ധമായി ഈ സഭയെ ഒഴിച്ചുനിർത്തുന്നതിനു ഗവണ്മെന്റുപക്ഷത്തു മനഃപൂർവ്വമായ യാതൊരു ശ്രമവുമില്ലായിരുന്നു എന്നു വേണ്ടുവോളം വിശദമാക്കിട്ടുമുണ്ട്. സഭയുടെ കഴിഞ്ഞ യോഗത്തിനുമുമ്പായിട്ടു ഈ സംഗതി ആലോചിച്ചുതീരുമാനിക്കുന്നതിനു ഗവണ്മെന്റിനു സമയം കിട്ടാതെവന്നു കമ്മീഷണർ അതിൽപിന്നെ ഈ കൂടുതൽ ജോലിക്കാരെക്കൂടാതെ ജോലിചെയ്തുതീർക്കുന്നതിനു സാധിക്കുന്നതല്ലെന്നു ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ഈ ജോലിക്കാരെ നിയമിക്കുന്നതിനു ഗവണ്മെന്റ് അനുവദിച്ചതിനുള്ള കാരണം ഇതുമാത്രമാണ്. ഇതാണ് ശരിയായ നടപടിയെന്നു ഗവണ്മെന്റു കരുതുന്നതായിതോന്നുന്നില്ല. ഈ രണ്ടു ക്ളാർക്കുമാരും പോലീസ്കമ്മീഷണരുടെ ആഫീസിൽ ജോലിനടപ്പിലു

ആവശ്യമായതെന്നായാണു എന്നു വിശദമാക്കീട്ടുണ്ട്. ഈ വ്യക്തികളിൽ കാര്യത്തെ ന്യായപൂർവ്വം നിഷ്പക്ഷനിലയിൽ ആലോചിക്കുമ്പോൾ ഈ അഭ്യർത്ഥനയെ അനുവദിക്കേണ്ടതു സഭയുടെ ചുമതലയാണെന്നു ഞാൻ വിചാരിക്കുന്നു. ഈ വാക്കുകളോടുകൂടി എന്റെ സ്നേഹിതൻ മി. നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. ഈ സംഗതിതന്നെ സഭയുടെ ആലോചനയ്ക്കു വിഷയമാക്കിത്തീർക്കുന്നതിനു ഞാനും ഒരു ഉപക്ഷേപം അയച്ചിട്ടുണ്ട്.

വാഹനനിയന്ത്രണവകുപ്പിൽ ഉള്ള വിഷമതകളെ പരിഹരിക്കാൻവേണ്ടി ൪ ക്ലാർക്കന്മാരെ മാത്രം നിയമിച്ചതുകൊണ്ടു മതിയാകുന്നതല്ല. ഇപ്പോൾ മോട്ടാറുകൾ ധാരാളം വർദ്ധിച്ചുവരുന്നതുകൊണ്ടു അവകളുടെ നിയന്ത്രണത്തിനായി ൪ ഇൻസ്പെക്ടറന്മാരെ കൂടി നിയമിച്ചിരുന്നു എങ്കിൽ നന്നായിരിക്കുമായിരുന്നു.

പ്രസിഡണ്ട്: അതു ഉത്ഭവിക്കുന്നില്ല. ഈ ഉപക്ഷേപത്തിന്മേൽ നിന്നും രൂപയുടെ സംഗതിയല്ലാതെ വേറെ ഒന്നും കൊണ്ടുവരാൻപാടില്ല. ഇതു അവസാനിച്ചയുടൻ, മനസ്സുള്ളപക്ഷം, നിങ്ങളുടെ ഉപക്ഷേപം കൊണ്ടുവരാവുന്നതാണ്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ക്ലാർക്കന്മാരുടെ ജോലി ആരംഭത്തിലാണു കൂടുതലുള്ളത്. വാഹനങ്ങൾ രജിസ്റ്റർ ചെയ്യുക, അതിലേക്കു ഫീസു വാങ്ങിക്കുക, തുടങ്ങിയുള്ള ജോലികൾ ആരംഭത്തിലാണു നടക്കുന്നതു. ഇങ്ങിനെ ആരംഭത്തിലുള്ള രണ്ടുമാസത്തെ ജോലി മറ്റുള്ള ക്ലാർക്കന്മാരെക്കൊണ്ടു ചെയ്യിക്കാൻസാധിക്കാതെ ൪ ക്ലാർക്കന്മാർകൂടി ആവശ്യപ്പെട്ടതു വാഹനനിയന്ത്രണത്തിലുള്ള വിഷമതകളെ തീർക്കാനാണോ എന്നു എനിക്കു സംശയമുണ്ട്.

മി: ആർ. ധനക്കോടിപിള്ള (വനംകൺസർവേറ്റർ): സർ, അദ്ദേഹം ഉപക്ഷേപത്തെ അനുകൂലിക്കുകയോ എതിർക്കുകയോ ആണ് ചെയ്യുന്നതെന്ന് ഞങ്ങൾക്കു കേൾക്കാൻ കഴിഞ്ഞില്ല.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മി: കെ. പി. നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തോടു ഞാൻ യോജിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: അദ്ദേഹം അതിനെ അനുകൂലിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സർ ഫൈനാൻസുകമ്മിററിയുടേയോ കൗൺസിലിന്റേയോ അനുമതികൂടാതെയാണു ൪ ക്ലാർക്കന്മാരെ നിയമിച്ചതെങ്കിലും, അത്യാവശ്യമാണ് എന്നാണു ഡിപ്പാർട്ടുമെന്റദ്ധ്യക്ഷൻ—രാജ്യത്തു നീതിയും സമാധാനവും പരിപാലിക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ— പറയുന്നതുകൊണ്ട് ആ ചെറിയകാര്യം അനുവദിച്ചു കൊടുക്കേണ്ടതുതന്നെ എന്നാണ് എന്റെ അഭിപ്രായം. ഫൈനാൻസുകമ്മിററിയുടേയും കൗൺസിലിന്റെയും അനുമതി കൂടാതെ ഇങ്ങനെ ഒരു നിയമനം നടത്തിയതുകൊണ്ട് ഈ സംഗതി ഒരു ഉപക്ഷേപരൂപത്തിൽ ഇവിടെ കൊണ്ടുവരേണ്ടതു തന്നെയാണ്. ഫൈനാൻസുകമ്മിററിയുടേയും കൗൺസിലിന്റെയും അനുമതിയോടുകൂടിതന്നെയാണ് നൂതനമായി ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതു. അല്ലെങ്കിൽ കമ്മിററിയും ഈ കൗൺസിലുംകൊണ്ട് ഉപയോഗമില്ലല്ലോ? മോട്ടാർനിയന്ത്രണത്തിന് ഇതു അത്യാവശ്യമാണെന്നു കമ്മീഷണർ പറയുന്നുണ്ട്. എന്നാൽ ഇപ്പോൾതന്നെ മോട്ടാറുകൾക്കു ലൈസൻസുകിട്ടാതെ പലരും വളരെ കഷ്ടപ്പെടുന്നു. ഇപ്പോൾ മോട്ടാർവണ്ടികളുടെ എണ്ണം നാൾക്കുനാൾ കൂടിക്കൊണ്ടുവരികയാണു. ലൈസൻസുകൾ ഉടനുടൻ കൊടുക്കുന്നതിനു കമ്മീഷണർക്കു ഇതുകൊണ്ടു സാധിക്കുമെങ്കിൽ രണ്ടു ക്ലാർക്കുകളെ അനുവദിച്ചുകൊടുക്കേണ്ടതുതന്നെ. എന്നാൽ ഈ ഡിപ്പാർട്ടുമെന്റിൽ എല്ലാസമുദായക്കാർക്കുംവേണ്ട പ്രാതിനിധ്യമില്ല. പുതിയനിയമനം അസമത്വസമുദായങ്ങളിൽനിന്നും ആയിരിക്കേണ്ടതാണ്.

പ്രസിഡണ്ട്: ആ സംഗതി ഈ മോഷനിൽ പറയാൻപാടില്ല.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെംബർ: ഡിപ്യൂട്ടിപ്രസിഡണ്ട്): സർ, സഭയുടെ ഈ വശത്തുള്ള എന്റെ സ്നേഹിതന്മാരിൽ ചിലർ, അതിന്മേൽമാത്രം അഭ്യർത്ഥനയെ എതിർത്തിട്ടുള്ള വിഷയത്തിന്റെ വിധ്യന്തരൂപമായ ആ സ്വഭാവത്തെ സംബന്ധിച്ച് ഏതാനും നിരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള ഏക ഉദ്ദേശത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

ഗവൺമെന്റിനാൽ അനുസരിക്കപ്പെടുന്ന വല്ലനയങ്ങളേയും പററി സഭയുടെ വിസമ്മതത്തേയോ ആക്ഷേപത്തേയോ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ചിഹ്നോപക്ഷേപങ്ങൾ അനുവദിക്കപ്പെടാവുന്നതാണ്. സഭയുടെ അഭിപ്രായത്തിൽ അഭ്യർത്ഥിക്കപ്പെടുന്ന ചിലവു ഭരണനടപ്പിന് ആവശ്യമല്ലാതെയിരിക്കുന്നെങ്കിൽ, വേറെ ഏതു ഖണ്ഡനോപക്ഷേപവും അനുവദിക്കാവുന്നതാണ്. വിഷയത്തിന്റെ ഉത്തരഭാഗത്തെപ്പററി ഇപ്പോൾ പ്രതിപാദിക്കാൻ ഞാൻ ഭാവിക്കുന്നില്ല. കാരണം ചെലവിന്റെ വാസ്തവമായ ആവശ്യത്തെ യോഗ്യതയാലോചിച്ചു എതിർത്തതായി കാണപ്പെടുന്നില്ല. എന്റെ സ്നേഹിതന്മാർ ഈ അവസരത്തെ ഉപയോഗപ്പെടുത്തുന്നതിനാഗ്രഹിക്കയും, ചെലവിനെ അനുവദിക്കുന്നതിനു തങ്ങളുടെ സമ്മതത്തെ പ്രകടിപ്പിക്കുന്നതോടുകൂടി, ഗവൺമെന്റ് അനുസരിക്കുന്ന നയത്തെപ്പററി തങ്ങളുടെ വിസമ്മതത്തെ പ്രദർശിപ്പിക്കുന്നതിന് ഉത്സാഹമുള്ളവരായിരിക്കയും ചെയ്യുന്നെങ്കിൽ, അതു ഒരു രൂപായുടേയോ, രണ്ടു രൂപായുടെയോ ഖണ്ഡനത്തിനായുള്ള ഒരു ചിഹ്നോപക്ഷേപമായിരിക്കേണ്ടിയിരുന്നു. നേരെമറിച്ചു പോലീസുകമ്മീഷണർ പറഞ്ഞജോലി ഈ രണ്ടു കൂടുതൽ ക്ലാർക്കന്മാരുടെ നിയമനം കൂടാതെ നിർവഹിക്കാൻ കഴിയുന്നതാണെന്ന് അവർക്കു ബോധപ്പെടുന്നെങ്കിൽ, വല്ല ആക്ഷേപവും പ്രകടിപ്പിക്കാനുള്ള ആവശ്യമുത്ഭവിക്കുന്നില്ല. സംഗതിയുടെ വിധ്യന്തരൂപമായ ഈ സ്വഭാവത്തെ വിശദമാക്കുന്നതിനുവേണ്ടിയുള്ള ഈ നിരീക്ഷണം ചെയ്യുന്ന ഉദ്ദേശത്തോടുകൂടി മാത്രം എന്റെ സ്നേഹിതൻ മി: നീലകണ്ഠപ്പിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ എതിർക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): മി. നീലകണ്ഠപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. വിദ്വാനായ ഡിപ്യൂട്ടിപ്രസിഡണ്ടും ഈ കൗൺസിലിലെ മററു ചില മെംബർമാരും എടുത്തിട്ടുള്ള നില കൗൺസിലിന്റെ അവകാ

സ്വാതന്ത്ര്യങ്ങളെ വാസ്തവത്തിൽ ഉന്മൂലനം ചെയ്യുന്നു എന്നു ഞാൻ ശങ്കിക്കുന്നു. സർ, ഉപക്ഷേപത്തെ എതിർത്ത ചില മെമ്പർമാർ പറഞ്ഞതു് ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻെറ അഭിപ്രായത്തിൽ കൂടുതൽ ക്ലാർക്കുമാരുടെ ആവശ്യം തെളിച്ചുകൂടാത്തതാണെന്നും; അതിനാൽ അഭ്യർത്ഥനയെ നിരസിക്കുന്നതു സഭയ്ക്കു് ഉചിതമായിട്ടുള്ളതല്ല എന്നുമാണു്. സർ, സംഗതികളെ നാം ആ വിധം നിരീക്ഷിക്കുന്നമെങ്കിൽ, ഖണ്ഡനോപക്ഷേപങ്ങൾ പ്രയോഗിക്കുന്നതിലും ബഡ്ജററിലുൾപ്പെടുത്തിട്ടുള്ള തുകകളെ കുറയ്ക്കുന്നതിനു ശ്രമിക്കുന്നതിലും അശേഷം അർത്ഥമില്ല. പോലീസുകമ്മീഷണർ പോലീസുഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷനായിരിക്കുന്നതിനാൽ അദ്ദേഹത്തെ-ഇനികുതി ഡിപ്പാർട്ടുമെൻറു മേധാവി ഇനികുതികമ്മീഷണരെപ്പോലെയുള്ളവരെക്കാൾ അധികമായിട്ടു വിശ്വസിക്കണം എന്നുള്ള പ്രസ്താവത്തെ ഞാൻ അനുകൂലിക്കുകയില്ല. ഇതുവരെ നാം മററു ഡിപ്പാർട്ടുമെൻറുമേധാവികൾ ചെയ്ത അഭ്യർത്ഥനകളെക്കുറിച്ചു തർക്കിക്കുകയായിരുന്നു. പോലീസ് കമ്മീഷണരുടെ അഭ്യർത്ഥനകൾക്കുമാത്രം, അദ്ദേഹം രാജ്യത്തിൽ നിയമവും ക്രമവും പരിപാലിക്കുന്നതു അതിൻെറ കൃത്യമായിരിക്കുന്ന ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷനായിരിക്കുന്നതുകൊണ്ടു മാത്രം, പ്രത്യേകമായ പ്രാധാന്യത എന്തുകൊണ്ടാണു് നാം കൊടുക്കേണ്ടതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറു്): എൻെറ സ്നേഹിതൻ ദയവു ചെയ്തു പ്രമേയം പോലീസുഡിപ്പാർട്ടുമെൻറദ്ധ്യക്ഷനിൽനിന്നു വന്നിട്ടുള്ളകാരണത്താൽ അതിനെ സ്വീകരിച്ചുകൊള്ളണമെന്നു ഞാൻ ഒരിക്കലും ശിപാർശപറഞ്ഞിട്ടില്ല എന്നു ധരിക്കുമോ?

മി: എ. എസ് ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ അതിനെ ചൊവ്വരികയാണു്.

റാവുസാഹിബ് കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറു്): ആവശ്യമല്ല എന്നു് അവക്കു ബോദ്ധ്യമായിട്ടുണ്ടെങ്കിൽ, ചെലവിനെ നിരസിക്കുന്നതിനു ഈ സഭയ്ക്കു ഒരുവിധത്തിലും അവകാശമില്ല എന്നു ഞാൻ സൂചിപ്പിച്ചുവോ? എന്നുള്ള ചോദ്യം അദ്ദേഹത്തോടു ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ഞാൻ അതിനെ വ്യക്തമായി പ്രസ്താവിച്ചു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഉപക്ഷേപത്തെ എതിർത്തിട്ടുള്ള എൻെറ സ്നേഹിതന്മാരെല്ലാവരുടെയും വാദമാണു് ഞാൻ പ്രസ്താവിക്കുന്നതു്.

മി: പിറവിപ്പെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്കു്): എതിർത്തവരായ മെമ്പർമാർ.........

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഇല്ല. കൂടുതലായ ചോദ്യങ്ങൾക്കു മറുപടിപറയാൻ ഞാൻ ഇപ്പോൾ ഭാവിക്കുന്നില്ല; ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളട്ടെ. അങ്ങനെയുള്ള ചോദ്യങ്ങളെക്കൊണ്ടു എൻെറ സമയം പാഴാക്കുന്നതിനു എനിക്കു സമ്മതമല്ല. മി. ബിഷപ്പ് പ്രസ്താവിച്ചതു് ൧൧൦൮-ൻെറ ആദ്യത്തിൽതന്നെ താൻ ഡിപ്പാർട്ടുമെൻറു ചാർജ്ജ് ഏററുവാങ്ങിയ സമയത്തുതന്നെയും ഈ ക്ലാർക്കന്മാരുടെ ആവശ്യത്തെപ്പററി തനിക്കു ബോദ്ധ്യംവന്നിട്ടുണ്ടായിരുന്നു എന്നാണു്. സർ, ൧൧൦൮-ൻെറ ആരംഭംമുതൽ ൧൧൦൯-ൻെറ മൂന്നാം പാദവർഷംവരെ അദ്ദേഹം ഈ രണ്ടു കൂടുതൽ ക്ലാർക്കന്മാരെക്കൂടാതെയാണു ജോലി നിർവഹിച്ചുവന്നതു്. പോലീസ് കമ്മീഷണറിൽനിന്നുള്ള പ്രതിജ്ഞ ഈ സഭയുടെ കഴിഞ്ഞയോഗത്തിനു മുമ്പുതന്നെ ഗവമെൻറിനു കിട്ടിയതായും സമ്മതിച്ചിരിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമെൻറു ചീഫ്സെക്രട്ടറി): ഈ ജോലിക്കായിട്ടു മുമ്പുതന്നെ ഒരു താൽക്കാലികസ്റ്റാഫ് ഉണ്ടായിരുന്നു എന്നും ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള രണ്ടു ക്ലാർക്കന്മാർ അതിനു പുറമേയാണെന്നും ഞാൻ മെമ്പരെ ചൂണ്ടിക്കാണിക്കട്ടെയോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും-തെക്കു): സർ, ക്രമപാലനസംബന്ധമായ ഒരു സംഗതിയിന്മേൽ ഞാൻ എഴുന്നേല്ക്കുന്നു. എൻെറ ചോദ്യത്തിനു മറുപടിതരാൻ മി. ആശാനു കഴിഞ്ഞില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, അല്ല. അദ്ദേഹത്തിൻെറ ചോദ്യം എനിക്കു കേൾക്കാൻപോലും കഴിഞ്ഞിട്ടില്ല.

സർ, അതിനാൽ പോലീസ കമ്മീഷണർക്കു ഇപ്പോഴത്തെ അഞ്ചുക്ലാർക്കന്മാരടങ്ങിയ സ്റ്റാഫുകൊണ്ടു പതിനഞ്ചുമാസത്തെ ജോലി നിർവഹിക്കുന്നതിനു സാധിച്ചെങ്കിൽ, ൧൧൦൯ ഇടവത്തിൽ പൊട്ടുന്നനവെ ഈ രണ്ടു താൽക്കാലിക ക്ലാർക്കന്മാർക്കുള്ള അടിയന്തിരമായ ആവശ്യം ഉണ്ടായതെങ്ങനെ എന്നു് എനിക്കറിയാൻ പാടില്ല. ഈ സഭയുടെ അനുവാദത്തിന്നായി അദ്ദേഹത്തിനു രണ്ടുമാസം മാത്രം ധാരാളം താമസിക്കാമായിരുന്നു. സഭയുടെ അറിവുകൂടാതെ ഈ സംഗതി തീരുമാനപ്പെടുത്തീട്ടുള്ളതിൽനിന്നു ഗവമെൻറു സഭയെ മനഃപൂർവ്വം അനാദരിച്ചു എന്നു കാണാവുന്നതാണു്. പോലീസ്കമ്മീഷണർ സഭയുടെ അനുവാദം വാങ്ങാതെ രണ്ടു ക്ലാർക്കന്മാരെ നിയമിച്ചെങ്കിൽ ഈ ക്ലാർക്കന്മാർ അദ്ദേഹത്തിൻെറ ആഫീസിൽ തുടർന്നുകൊണ്ടിരിക്കുന്നതിനു ഞങ്ങൾ സമ്മതിക്കണമോ? സമ്മതിച്ചുകൂടാത്തതാണു്. അതാണു് എൻെറ മറുപടി.

ഇപ്പോൾ മി. പിറവിപ്പെരുമാൾപിള്ളയ്ക്കു തനിക്കിഷ്ടമുള്ള ചോദ്യമെല്ലാംഎന്നോടു ചോദിച്ചുകൊള്ളാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും-തെക്കു്): ഉപക്ഷേപത്തെ എതിർത്തുസംസാരിച്ച മെമ്പർമാർ മോട്ടോർ ഗതാഗതം വളരെയായി വർദ്ധിച്ചിട്ടുണ്ടെന്നും അതിനാൽ തൽഫലമായി ആഫീസിൽ വർദ്ധിച്ചിട്ടുള്ള ജോലിചെയ്തുതീർക്കുന്നതിനുവേണ്ടി സ്റ്റാഫിനു ഈ ചുരുങ്ങിയ കൂടുതൽ ആവശ്യമാണെന്നും പറഞ്ഞിട്ടില്ലേ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി. പിറവിപ്പെരുമാൾപിള്ള എൻെറ പ്രസംഗത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ കഴിഞ്ഞ ഏതാനും മാസങ്ങളിൽ രാജ്യത്തിൽ മോട്ടോർഗതാഗതത്തിലുണ്ടായിട്ടുള്ള വർദ്ധനയിൻെറ അനുമാനം അറിയുന്നതിനുവേണ്ടി ഞാൻ പോലീസ് കമ്മീഷണരോടു ഒരു ചോദ്യം ചോദിച്ചതു കുറിക്കൊണ്ടിട്ടുണ്ടായിരിക്കണം. ഞാൻ ചോദ്യം ചോദിച്ചതു രാജ്യത്തിൽ മോട്ടോർഗതാഗതത്തിൽ അങ്ങനെ പെട്ടെന്നു് ഒരു വർദ്ധനവു് ഉണ്ടായിട്ടുണ്ടോ എന്നുള്ള അറിവു കിട്ടുന്നതിനുവേണ്ടിയായിരുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ഈ കൌൺസിലിൽ ഈ ഡിമാൻഡ് കൊണ്ടുവന്നില്ലാ എന്നുള്ള ന്യൂനതയെ വലുതായിട്ടു വിചാരിക്കുന്നുവൊ? അതല്ലാ ഈ ക്ലാർക്കന്മാരുടെ അത്യാവശ്യം നിമിത്തം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെ കൂടുതലായിട്ടു വിചാരിക്കുന്നൊ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഇതാണ് എന്റെ മറുപടി.

കമ്മീഷണരുടെ ആഫീസിൽ ഈ രണ്ടു കൂടുതൽ ക്ലാർക്കന്മാരുടെ അഭാവം നിമിത്തം മോട്ടോർ ഉടമസ്ഥന്മാർക്കൊ, കൺട്രാക്ടന്മാർക്കൊ സങ്കടമുണ്ടായിരുന്നെങ്കിൽ, പബ്ലിക്ക വൃത്താന്തപത്രങ്ങളിലൊ, പ്രതിനിധി സംഘങ്ങളിലൊ, പ്രജാസഭയിലൊ, ഈ സഭയിലൊ അതു പ്രസ്താവിക്കപ്പെട്ടിരിക്കുമായിരുന്നു എന്നുള്ളതു നിശ്ചയമാണ്; അപ്പോൾ പോലീസ്കമ്മീഷണർക്ക തനിക്ക ഇപ്പോൾ ഉള്ള സ്റ്റാഫുകൊണ്ടു ജോലി നിർവഹണം സാധിക്കാതെയിരിക്കുന്നു എന്നും കൂടുതൽ സ്റ്റാഫിനെക്കൊടുക്കാത്തപക്ഷം ജോലി ചെയ്തുതീർക്കപ്പെടുകയില്ല എന്നും പറയാമായിരുന്നു. ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്ക ഗവമെണ്ടിന്റെ പക്ഷത്തു ഈ ന്യൂനമായ നടപടിയെ വല്ല വിധത്തിലും നീതീകരിക്കുന്നതിനുള്ള വഴി ഞാൻ കാണുന്നില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ). കമ്മീഷണരാഫീസിൽനിന്നും വളരെ താമസിച്ചു ലൈസൻസ് കിട്ടുന്നുള്ളു എന്നു മോട്ടോർ ഉടമസ്ഥന്മാരുടെ പരാതി മെംബർ കേട്ടിട്ടുണ്ടൊ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ലൈസൻസ് കൾ കൊടുക്കുന്നതിനുള്ള കാലതാമസം കമ്മീഷണരുടെ ആഫീസിലെ ക്ലാർക്കന്മാരുടെ സംഖ്യയിലുള്ള കുറവു നിമിത്തമാണെന്നു ഒരിക്കലും പ്രസ്താവിക്കപ്പെട്ടിട്ടില്ല എന്നു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ആ സംഗതി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടൊ?

മി: മാത്യുമുരിക്കൻ (വൈക്കം): ഈ സംഗതികളിൽ കാലതാമസം ഉണ്ടെന്നുള്ള പരാതികൾ മെംബർ കേട്ടിട്ടില്ലെ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇല്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവമെണ്ട ചീഫ്സെക്രട്ടറി): ഈ സംഗതി സംബന്ധിച്ചു, സർ, കൂടുതൽ സ്റ്റാഫിനാവശ്യമുള്ള പ്രതിജ്ഞ കമ്മീഷണരിൽനിന്നും ഗവമെണ്ടിൽ എൻപതു ഏപ്രിൽ വ. ൦-ാം തീയതി കിട്ടി. അതായത്, ഈ സഭയുടെ കഴിഞ്ഞ യോഗത്തിന്റെ തീയതിക്ക് ഉദ്ദേശം രണ്ടാഴ്ച മുമ്പായിട്ടു. സഭയുടെ യോഗം മെയി ൪-ാംനു ആയിരുന്നു. ഈ പ്രതിജ്ഞ ഗവമെണ്ടിൽ കിട്ടിയതു ഏപ്രിൽ വ. ൦-ാംനു ആയിരുന്നു. ഈ ജോലിക്കായി കമ്മീഷണരുടെ ആഫീസിൽ അഞ്ചു ക്ലാർക്കന്മാരടങ്ങിയ ഒരു തൽക്കാലിക സ്റ്റാഫ് മുമ്പുതന്നെ ഉണ്ടായിരുന്നു; അതിനാൽ ഈ പ്രതിജ്ഞയെപ്പറ്റി ആലോചിക്കയും ഈ കൂടുതൽ നിയമനം ആവശ്യമായിരിക്കുന്നു എന്നു തീരുമാനിക്കയും ചെയ്യേണ്ടിവന്നു. ആ സംഗതി പരിശോധിക്കേണ്ടിയിരുന്നു. തൽഫലമായി കുറെസമയം വേണ്ടിവന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ കഴിഞ്ഞ യോഗത്തിനു എത്രമാസങ്ങളൊ ദിവസങ്ങളൊ മുമ്പായിട്ടാണു പ്രതിജ്ഞ ഗവമെണ്ടിന്റെ മുമ്പിൽ വന്നിട്ടുള്ളത് എന്നു പറയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവമെണ്ട് ചീഫ്സെക്രട്ടറി): സർ, ഞാൻ ഇപ്പോൾ രണ്ടുതീയതികളും പറഞ്ഞിരിക്കുന്നു. അതു ഏപ്രിൽ വ. ൦-ാംതീയതി ഗവമെണ്ടിൽ എത്തി. സഭായോഗം മെയ് ൪-ാം തീയതിയും ആയിരുന്നു. അതിനാൽ സഭായോഗത്തിന്റെ തീയതിക്കു മുമ്പായി ഉദ്ദേശം രണ്ടാഴ്ചയുടെ സമയമുണ്ടായിരുന്നു. ഞാൻ മുമ്പതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ മോട്ടോർ ഗതാഗതം സംബന്ധിച്ചു പ്രത്യേക ജോലിക്കായിട്ടു മാത്രം ആഫീസിൽ മുമ്പുതന്നെയുണ്ടായിരുന്ന അഞ്ചുക്ലാർക്കുകളടങ്ങിയ തൽക്കാലിക സ്റ്റാഫിനോടു ഈ വിശേഷാൽ കൂടുതൽ വാസ്തവമായിട്ട് ആവശ്യംതന്നെയാണൊ എന്നു ഗവമെണ്ടിനു നിർണയിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഗവമെണ്ട സംഗതി ആലോചിച്ചു തൃപ്തിപ്പെട്ടതിന്റെ ശേഷം സഭായോഗം പിരിഞ്ഞുപോയിരുന്നു. അപ്പോൾ കമ്മീഷണർ ഈ കൂടുതലായ ക്ലാർക്കുകളെയും ഉടൻതന്നെ കിട്ടാത്തപക്ഷം ജോലി ഭാരമായ കുടിശികയിൽ വീഴുമാറാകുന്നതും ഇപ്പോൾ ചോദിച്ചിട്ടുള്ളതിലും കൂടുതൽ എണ്ണം ക്ലാർക്കുകൾക്കായുള്ള ഒരപേക്ഷയ്ക്കു ഇടയാകുന്നതും ആയിരിക്കുമെന്ന് അറിയിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ചെലവുചെയ്തിട്ടുള്ളതു ബാധ്യതയെ ഏതു വ്യവസ്ഥയനുസരിച്ചാണെന്നു ചീഫ്സെക്രട്ടറിയിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവമെണ്ട ചീഫ്സെക്രട്ടറി): ഈ ചെലവു പോലീസ് ഡിപ്പാർട്ടുമെണ്ടിന്റെ മിച്ചത്തിൽ നിന്നാണ് ചെയ്തിട്ടുള്ളത്. പുതുതായി ഒരു ചെലവും വരുത്തിട്ടില്ല. തന്നെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതു ഡിപ്പാർട്ടുമെണ്ടിലും ആ ഡിപ്പാർട്ടുമെണ്ടിനു കൊടുത്തിട്ടുള്ള പണത്തിന്റെ മിച്ചംകൊണ്ടു പുതുതായ ഉദ്യോഗങ്ങൾ സൃഷ്ടിക്കാൻ കഴിവുണ്ടാകുമൊ എന്നു വിദ്വാനായ ചീഫ്സെക്രട്ടറിയിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവമെണ്ട ചീഫ്സെക്രട്ടറി): സാധാരണയായി അങ്ങിനെ ചെയ്യാറില്ല. എന്നാൽ ഇപ്പോഴത്തെ അവസരത്തിൽ അതു ചുരുങ്ങിയ ഒരു കാലത്തേക്ക്, മൂന്നര മാസത്തേക്ക് ആയിരുന്നു. കമ്മീഷണർ അതു മേടം ൧-ാംതീയതിമുതൽക്കുതന്നെ ആവശ്യപ്പെട്ടു. എന്നാൽ ഗവമെണ്ട് അനുവദിച്ചില്ല. ഇതു അനുവദിക്കാത്തപക്ഷം ജോലി ഭാരമായ കുടിശ്ശികയായി വീഴുമാറാകുന്നതും സ്റ്റാഫിൽ വിശേഷാൽ കൂടുതലിന് ആവശ്യമായ് തീരുന്നതും ആണ എന്നുള്ള വാസ്തവത്തെപ്പറ്റി ഗവമെണ്ടിനു ബോദ്ധ്യപ്പെട്ടതിനുശേഷം ജൂൺ ൧-ാംതീയതിക്ക മാത്രമെ അതു് അനുവദിക്കപ്പെട്ടുള്ളു. ൧൧൦൭-ാമാണ്ടിൽ മൂന്നരമാസത്തേക്ക ജോലി നിർവഹിക്കേണ്ടിയിരുന്നു. അതാകുന്നു ഡിപ്പാർട്ടുമെണ്ട മിച്ചങ്ങളിൽനിന്നു കിട്ടാൻ കഴിഞ്ഞ പണത്തിൽനിന്നു അതു അനുവദിക്കപ്പെടുന്നതിനുള്ള കാരണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രത്യേക ഡിപ്പാർട്ടുമെണ്ടുകളിലെ മിച്ചങ്ങളിൽനിന്നു പണം ലഭ്യമാകുന്നുള്ള കാരണത്താൽ, നിയമസഭാ റെഗുലേഷൻപ്രകാരം സഭയാൽ അനുവദിക്കപ്പെടേണ്ട ചെ

ചെലവു സഭയുടെ അനുമതികൂടാതെ ചെയ്യാൻപാടുണ്ടോ എന്നു വിദ്വാനായ ചീഫ് സെക്രട്ടറിക്കു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): സാധാരണയായി അങ്ങിനെ ചെയ്യാറില്ല; ഈ സംഗതിയിൽ പോലീസ് കമ്മീഷണരുടെ ആഫീസിൽ പോലീസ് കമ്മീഷണർ ഇപ്പോൾ ചോദിച്ചിട്ടുള്ളതിലും കൂടുതൽ ആയിട്ടുതന്നെയും താല്ക്കാലിക സ്റ്റാഫിൽ കൂടുതലായ ആവശ്യപ്പെടുന്നതിനിടയാകുന്ന വൃത്തിയെ ഉപേക്ഷിക്കുന്നതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു മുഖ്യമായി ഗവണ്മെന്റു അതിനെ ഒന്നരമാസത്തേക്കു അനുവദിച്ചതു്. കൗൺസിൽ ഒട്ടും കൂടാതെയാണു് ഗവണ്മെന്റു കൌൺസിലിൽ അനുവാദത്തിനായിട്ടു വന്നിട്ടുള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ ചെലവു ചെയ്തിരിക്കുന്നു. ഗവണ്മെന്റിന്റെ പക്ഷം സഭ അനുവദിക്കേണ്ട ഇനങ്ങളെ സംബന്ധിച്ചു സഭയുടെ അനുവാദംകൂടാതെ പ്രത്യേക ഡിപ്പാർട്ടുമെന്റുകളിൽ ലഭ്യമാകുന്ന മിച്ചങ്ങളിൽനിന്നു ഗവണ്മെന്റിനു ചെലവുചെയ്യാം എന്നാണോ? അതു് എനിക്കു വ്യക്തമായി ഗ്രഹിക്കേണ്ടിയിരിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): സാധാരണയായി ഗവണ്മെന്റു അവക്കു ആവശ്യമുണ്ടെങ്കിൽ മാത്രമേ ഈ സഭയിൽ വരാറുള്ളു. ഇപ്പോഴത്തെ വൃത്തിയിൽ കൂടുതൽ തുക ആവശ്യമുണ്ടായിരുന്നില്ല, മറെറതെങ്കിലും ഡിപ്പാർട്ടുമെന്റിലെ മിച്ചങ്ങൾ ഉപയോഗപ്പെടുത്തീട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ രണ്ടുലക്ഷം രൂപാ മിച്ചമുണ്ടെന്നിരിക്കട്ടെ. അക്കാരണത്താൽ സഭയുടെ അനുവാദംകൂടാതെ തന്നെ പുതിയ ഉദ്യോഗങ്ങൾ, ആ ഡിപ്പാർട്ടുമെന്റിലാണെങ്കിൽ, ഗവണ്മെന്റിനു സൃഷ്ടിക്കാൻ കഴിയുമെന്നു ചീഫ് സെക്രട്ടറി പറവാൻ ഉദ്ദേശിക്കുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): ഒന്നാമതായിട്ടു അതു സംഭാവ്യമല്ല; അങ്ങിനെയുള്ള മിച്ചങ്ങൾ ഉണ്ടായാൽതന്നെയും പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചുകൂടാത്തതാണു്. ഞാൻ വിശദമാക്കീട്ടുള്ളതുപോലെ ഇപ്പോഴത്തെ വൃത്തിയിൽ അതു തീരെ കുറഞ്ഞ കാലത്തേക്കു ആയിരുന്നതിനാലും, ചെലവു അടിയന്തിരവും ആവശ്യവും ആണെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടതിനാലും ആണു് അങ്ങിനെ ചെയ്തിട്ടുള്ളതു്. അതു ഒരു അസാധാരണ വൃത്തിയായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ ആറു കൊല്ലങ്ങളായി ശരാശരി രണ്ടുലക്ഷത്തിലധികം രൂപാ കൊല്ലംതോറും പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റു ചെലവുചെയ്യാതെ ശേഷിപ്പിച്ചിരുന്നു എന്നുള്ള വാസ്തവത്തിലേക്കു വിദ്വാനായ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കട്ടെയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): അസാധാരണ വൃത്തികളില്ലായിരുന്നെങ്കിൽ അങ്ങിനെയുള്ള ചെലവിനിടയാകുന്നതല്ലായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ ചെലവിനെ അടിയന്തിരവ്യവസ്ഥയനുസരിച്ചു അധികാരപ്പെടുത്താഞ്ഞതു് എന്തുകൊണ്ടായിരുന്നു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): പണം ലഭ്യമല്ലായിരുന്നെങ്കിൽ ഈ സംഗതിയിൽ, ഈ ചെലവിന്റെ അടിയന്തിരാവശ്യത്തെപ്പററി ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടതുകൊണ്ടു അടിയന്തിര വ്യവസ്ഥയനുസരിച്ചു ഗവണ്മെന്റു ഈ ചെലവിനെ അധികാരപ്പെടുത്തുമായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മിച്ചങ്ങൾ യാതൊരു ചട്ടത്തിനും അധീനമല്ല എന്നു ചീഫ്‌സെക്രട്ടറി പറയുന്നോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): അനിയതമായ ആവശ്യം തെളിയിക്കപ്പെടാതെ, മിച്ചങ്ങളിൽനിന്നു് ഒരു കാശുപോലും ഗവണ്മെന്റു തൊടുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വിദ്വാനായ ചീഫ് സെക്രട്ടറി തന്നെ വിസംവദിക്കുന്നു എന്നു തോന്നുന്നു. ഒരു സ്ഥലത്തു ഗവണ്മെന്റിനു സമയം ഉണ്ടായിരുന്നെങ്കിൽ, അതിനെ അവർ സഭയിൽ കൊണ്ടുവരുമായിരുന്നു എന്നു് അദ്ദേഹം പറയുന്നു. മിച്ചങ്ങൾ ഉണ്ടായിരുന്നതിനാൽ സഭയുടെ അനുവാദംകൂടാതെ ചെലവുചെയ്തു എന്നു് അദ്ദേഹം ഇപ്പോൾ പറയുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): വിസംവാദമൊന്നുമില്ല; രണ്ടും ശരിയാണു്. മിച്ചങ്ങളുണ്ടായിരുന്നെങ്കിൽതന്നെയും സഭയുടെ യോഗത്തിനുമുമ്പു സംഗതിയെപ്പററി ആലോചിക്കുന്നതിനു ഞങ്ങൾക്കു സമയം ലഭിച്ചിരുന്നെങ്കിൽ ഞങ്ങൾ അനുവാദത്തിനായി സഭയിൽ വരുമായിരുന്നു. ഞങ്ങൾക്കു സമയം ഉണ്ടായിരുന്നെങ്കിൽ, മിച്ചങ്ങളുടെ ലഭ്യത എന്ന പ്രശ്നം ഉത്ഭവിക്കയില്ലായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതു് ഒരു ചീത്ത ദൃഷ്ടാന്തത്തെ സൃഷ്ടിക്കുകയല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): ഏതായാലും അതു് ആ അവസാനത്തിങ്കൽ ഒന്നരമാസത്തേക്കു മാത്രം ചെയ്ത ചെറുതായ ഒരു താല്ക്കാലിക ഏർപ്പാടാണു്. അതു ഉടനേതന്നെ പോരേണ്ടിയിരിക്കുന്നു. അതിനാൽ കഴിയുന്ന നേരത്തെതന്നെ അനുവാദത്തിനുവേണ്ടി ഞങ്ങൾ സഭയിൽ വന്നിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ചെറിയ ഉദ്യോഗങ്ങളുടെ കാര്യത്തിൽ ഇതു് ഇപ്രകാരം അനുവദിക്കപ്പെടുന്നപക്ഷം അധികം വലിയ ഉദ്യോഗങ്ങളുടെ കാര്യത്തിലും ഈ നയം അനുകരിക്കപ്പെടുകയില്ലെന്നു മെമ്പർക്കു ഞങ്ങളോടു് ഉറപ്പുപറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): അധികം വലിയ ഉദ്യോഗങ്ങൾ എന്നു മെംബർ പറയുന്നതിൻെറ അർത്ഥമെന്താണ്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വമ്പിച്ച ശമ്പളങ്ങൾ ഉള്ള ഉദ്യോഗങ്ങൾ എന്നു ഞാൻ അർത്ഥമാക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): സഭയുടെ അനുമതി ആവശ്യമില്ലാത്തവയാണെങ്കിൽ ഏതവസരത്തിലും ഗവൺമെൻറിന് അവയെ അനുവദിക്കാവുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒക്കെ പറഞ്ഞിട്ടും, ഈ സഭയ്ക്കു അധികം വലിയ ഉദ്യോഗങ്ങളെപ്പററി തീർച്ചചെയ്യുന്നതിന് അവകാശമില്ലെന്നു മെംബർ നിർദ്ദേശിക്കുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി): മെംബറുടെ മനസ്സിലുണ്ടായിരുന്നതു എന്താണ് എന്നു അറിയാൻ എനിക്കു ആവശ്യമുണ്ടായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം). ചെറിയ ഉദ്യോഗങ്ങളെപ്പററിമാത്രം നിങ്ങൾക്ക തീർച്ചചെയ്യാവുന്നതുകൊണ്ട്, അവ ഞങ്ങൾക്ക വലിയവയാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): സഭ ആവശ്യപ്പെട്ട ഏതാനും തീയതികളെ കമ്മീഷണർക്കു പറയുവാൻ കഴിയാതെയിരുന്നു. കാര്യത്തിൻെറ സ്ഥിതി വിശദമാക്കാൻ എനിക്കു കഴിയുമെന്നു ഞാൻ വിചാരിച്ചു. സർ, കൂടുതലായി ഒന്നും എനിക്ക പറയാൻ ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉപക്ഷേപം സംബന്ധിച്ചു ഉത്ഭവിക്കപ്പെട്ട വിമർശനങ്ങളിൽനിന്നു എനിക്കു പ്രസ്താവ്യതയെ സംബന്ധിക്കുന്ന നൂതനമായ പാഠങ്ങൾ ലഭിച്ചിട്ടുണ്ട്. സർ, ഞാൻ ഈ സഭയുടെ മുമ്പിൽ സമർപ്പിച്ചതു ഒരു ലഘുവായ പ്രശ്നമായിരുന്നു; മെമ്പർമാരിൽ ചിലർ ഞാൻ സംശയിച്ചിട്ടില്ലാത്ത ഇപ്പോഴത്തെ കമ്മീഷണരുടെ അവൈകല്യത്തേയും ആർജ്ജവത്തേയുംപററി സ്തുതി പാടുന്നതിനു അതിനെ ഒരവസരമുമാക്കി. സഭയുടെ പര്യാലോചനക്കായി ഞാൻ അവതരിപ്പിച്ച ലഘുവായ പ്രമേയം, അതിനെ ഈ സഭയിൽ സമർപ്പിക്കപ്പെടുന്നതിൽ ഉള്ള പ്രശ്നത്തിൻെറ വ്യവസ്ഥാനുസാരമായ വശത്തെ മാത്രം ഉദ്ദേശിച്ചായിരുന്നു. ഞാൻ പ്രശ്നത്തെ അതിനുള്ള യോഗ്യതകളനുസരിച്ചു ഒരിക്കലും വിമർശിച്ചിട്ടില്ല. ഇപ്പോൾ ഞങ്ങളുടെ നിലയെ സാധൂകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി അവർ സഭയിലേക്ക വരുന്നു. എൻെറ നിലയെ അധികം ശക്തിപ്പെടുത്തുന്നതായ മറെറാരു വാദം വിദ്വാനായ ചീഫ്സെക്രട്ടറി പ്രോൽക്ഷേപിക്കയുണ്ടായി. സഭയ്ക്കു പ്രശ്നത്തിൻെറ വ്യവസ്ഥാനുസാരമായ വശത്തേക്കുമാത്രം ശ്രദ്ധപതിക്കേണ്ടിയിരിക്കും. ഒരു പ്രത്യേകഡിപ്പാർട്ടുമെൻറിലെ മിച്ചങ്ങൾകൊണ്ട് നൂതനമായി ഉദ്യോഗം സൃഷ്ടിക്കപ്പെടുന്നതു മുതലത്തിനുതന്നെയും എതിരായിട്ടുള്ളതാണ്. മെമ്പർമാർ എല്ലാവശത്തുനിന്ന് അതിനെ നോക്കുന്നതായാലും, ഇതു ദുഷ്പ്രധർഷമായ ഒരു നിലയാണ്. വ്യവസ്ഥാനുസൃതമായ ഒരു നിലയാണ് അതു്. കുറഞ്ഞപക്ഷം സഭയുടെ ചിരസ്ഥാപിതമായ ഗൌരവത്തേയും സത്തയേയും സംരക്ഷിക്കുന്നതിനുവേണ്ടിയെങ്കിലും മെമ്പർമാർ ഇതിനെ ആലോചിക്കേണ്ടതാണ്. അതു് അവർക്ക ആവശ്യമില്ലെങ്കിൽ എനിക്ക് അതിൽ പക്ഷമില്ല. സഭ ഒടുവിൽ കൂടിയതിനു രണ്ടാഴ്ചയ്ക്കുമുമ്പായിരുന്നു ഉദ്യോഗനിയമനത്തിനായി ശുപാർശചെയ്തിട്ടുള്ളതു്. ഉദ്യോഗനിയമനംചെയ്തതു് മിഥുനം ആരംഭത്തോടുകൂടിയായിരുന്നു. ഞാൻ കമ്മീഷണരോടു ചോദിക്കുന്നതു് സഭയുടെ അനുമതി കിട്ടുന്നതിനായി അദ്ദേഹത്തിനു രണ്ടുമാസംകൂടി താമസിക്കാൻ കഴിയാതെയിരുന്നോ എന്നാണ്. കമ്മീഷണർക്ക അപ്പോളുണ്ടായിരുന്ന സ്റ്റാഫ്കൊണ്ടു തൻെറ ഡിപ്പാർട്ടുമെൻറിലെ ഗതാഗതവകുപ്പിൻെറ ജോലി നിർവഹണം നടത്താൻ കഴിവുമായിരുന്നില്ലേ എന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നു. ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് ആയിരം ബസുകൾ വർദ്ധിച്ചിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ടു മെമ്പർമാരിൽ ചിലർ എൻെറ ഉപക്ഷേപത്തെ എതിർത്തു.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): സഭയുടെ ഗൌരവത്തെ സംരക്ഷിക്കുന്നതിലേക്ക വ്യവസ്ഥ സംബന്ധിച്ച പ്രശ്നത്തെ ഒരു ഗർഹണോപക്ഷേപമായി കൊണ്ടുവരാൻ പാടില്ലായിരുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിങ്ങൾക്ക ഉപചാരം പറഞ്ഞുകൊള്ളുന്നു. സർ, എൻെറ സഹചാരികൾക്ക കിട്ടീട്ടുള്ളതും ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനോ എതിർക്കുന്നതിനോ അവർ എഴുന്നേല്ക്കുമ്പോൾ ഉപയോഗപ്പെടുത്തുന്നതും ആയ വിവരത്തിൻെറ സ്വഭാവം അതാണ് എന്നു തോന്നുന്നു. അതിനാൽ എൻെറ വാദം ഈ ക്ലാർക്കുമാരുടെ നിയമനത്തിനു ആവശ്യമില്ലായിരുന്നു എന്നാണ്, അതു വ്യവസ്ഥാ ആലോചിക്കാനുള്ള തുകയുടെ വലിപ്പത്തിൻെറയോ ചെറുപ്പത്തിൻെറയോ സംഗതിയല്ല. ഇതു സഭയുടെ വ്യവസ്ഥാനുസൃതമായ അവകാശസംബന്ധമായ വിസ്താരമേറിയ ഒരു വാദസംഗതിയാണ്. ഗവൺമെൻറിനു സ്റ്റാഫ് വർദ്ധിപ്പിക്കുന്നതിനു ആവശ്യമുണ്ടായിരുന്നെങ്കിൽതന്നെ, അവർക്ക സഭയുടെ അനുമതി വാങ്ങാമായിരുന്നു, വിശേഷിച്ചും അങ്ങനെ ചെയ്യുന്നതിനു സമയമുണ്ടായിരുന്നതിനാൽ ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ നിർബന്ധിക്കേണ്ടിയിരിക്കുന്നു.

പ്രസിഡൻറു: മി. ബിഷപ്പ്, നിങ്ങൾക്ക കൂടുതൽ വല്ലതും പറയാനുണ്ടോ?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, ഇല്ല.

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും തെക്ക്): ഞങ്ങൾ സഭയുടെ വോട്ടിനു വയ്ക്കുന്നതോ വോട്ടിനുവയ്ക്കുന്നതിനുമുമ്പായി ക്ലാർക്കുമാരുടെ നിയമനത്തേയോ തെരഞ്ഞെടുപ്പിനെയോ എനിക്ക് അറിയാൻ ആവശ്യമുണ്ട്.

പ്രസിഡൻറു: മുഴുവൻ വിഷയവും.

ഉപക്ഷേപം അപ്പോൾ വോട്ടിനിടുകയും തള്ളപ്പെടുകയുംചെയ്തു. പേർ അനുകൂലികളും പേർ പ്രതികൂലികളും, പേർ നിഷ്പക്ഷനിലക്കാരും ആയിരുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ഞാൻ ഒരു ക്രമപ്രശ്നം ആവശ്യപ്പെടുന്നു.

താഴെപറയുന്ന ഫലത്തോടുകൂടി ഒരു പോൾ എടുക്കപ്പെട്ടു:—

അനുകൂലികൾ ൧൧.

൧. മി: എ. താണുപിള്ള	൭. മി. കെ. പി. നീലകണ്ഠപ്പിള്ള
൨. ,, രേവതിനാൾ രാമവർമ്മരാജാ	൮. ,, മുറവേലിൽ പാച്ചുപിള്ള
൩. ,, കെ. മാധവൻപിള്ള	൯. ,, പി. ജെ. ഉമ്മൻ
൪. ,, എച്ച്. ബി. മഹമ്മദ റാവുത്തർ	൧൦. ,, ആർ. കേശവപിള്ള
൫. ,, എൻ. കെ. കൃഷ്ണപിള്ള	൧൧. ,, എ. എസ്. ദാമോദരൻ ആശാൻ
൬. ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	

പ്രതികൂലികൾ ൩൧.

൧. മി. വി. ചെല്ലംപിള്ള	൧൭. മി. പി. അരുണാചലം അയ്യർ
൨. ,, ഡി. ഫ്രാൻസിസ്	൧൮. ,, എൽ. എ. ബിഷപ്പ്
൩. ,, ഇട്ടൂപ്പ് ഇട്ടിച്ചൻ	൧൯. ,, റ്റി. സി. ചാക്കോ
൪. ,, ഡി. സി. ജോസഫ്	൨൦. ,, ആർ. ധനകോടിപ്പിള്ള
൫. ,, ടി. സി. കേശവപിള്ള	൨൧. ,, പി. ഗോവിന്ദനാരായണപിള്ള
൬. മിസ്സിസ് എലിസബത്ത് കുരുവിള	൨൨. ,, പി. എൻ. കൃഷ്ണപിള്ള
൭. റാവുബഹദൂർ ടി. എ. കൃഷ്ണഅയ്യങ്കാർ	൨൩. റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൮. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ	
൯. ,, എ. സി. കുര്യാക്കോസ്	൨൪. മി. ടി. കെ. മാധവൻനായർ
൧൦. ,, എൽ. എ. ഖമ്പാഡ്	൨൫. ,, ഇ. ജി. മക്ക് ആല്പയിൻ
൧൧. ,, പി. എസ്. മഹമ്മദ്	൨൬. ,, ആർ. നീലകണ്ഠപ്പിള്ള
൧൨. ,, മാത്യു മുരിക്കൻ	൨൭. ,, ജി. പരമേശ്വരൻപിള്ള
൧൩. ,, ജി. പി. നീലകണ്ഠപ്പിള്ള	൨൮. ഡാക്ടർ കെ. രാമൻതമ്പി
൧൪. ,, കെ. ജി. പരമേശ്വരൻപിള്ള	൨൯. മി. ടി. പി. രാമസുബ്ബയ്യർ
൧൫. ,, എസ്. പിറവിപെരുമാൾപിള്ള	൩൦. ,, എസ്. സി. എച്ച്. റോബിൻസൺ
൧൬. ,, ആർ. രാമൻപിള്ള	൩൧. ,, വൈദ്യലിംഗംപിള്ള

നിഷ്പക്ഷനിലക്കാർ ൨.

൧. മി. എ. ജി. മേനോൻ	൨. മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്

൩൭൪ മുതൽ ൩൭൬ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഉപക്ഷേപിക്കപ്പെട്ടില്ല:—

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൩൭൪. താല്ക്കാലിക എസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൨,൮൫൫ രൂപായിൽനിന്നു ൧ രൂപാ കുറയ്ക്കണം.

മി. ആർ. രാമൻപിള്ള

൩൭൫. താല്ക്കാലികഎസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൨,൮൫൫ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൩൭൬. താല്ക്കാലികഎസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൨,൮൫൫ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

൩൭൭-ാം ഉപക്ഷേപം.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ, താഴെപറയുന്ന ഉപക്ഷേപത്തെ ഉപക്ഷേപിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു:—

എസ്റ്റാബ്ലിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൭,൩൬൧ രൂപായിൽനിന്നു ൧,൨൦൦ രൂപാ കുറയ്ക്കണം

മുമ്പുതന്നെ സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം പോലീസ് കമ്മീഷണരുടെ ആഫീസിലെ ഹെഡ് ക്ലാർക്കിനെവച്ചുകൊണ്ടിരിക്കുന്നതു നിർത്തൽ ചെയ്യാൻ ആണ്. ഇപ്പോൾ കമ്മീഷണർക്ക് ഒരു പേഴ്സണൽ അസിസ്റ്റന്റും, ഒരു മാനേജരും, ഒരു ഹെഡ് അക്കൌണ്ടന്റും ഉണ്ടെന്നു സഭയുടെ ഈ വശത്തുള്ള മെംബർമാർ അറിഞ്ഞിരിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഇവരെല്ലാവർക്കും പുറമെ ഒരു ഹെഡ് ക്ലാർക്കും കൂടിയുണ്ട്. ഈ ഡിപ്പാർട്ടുമെന്റുമേധാവിക്കു ഡിപ്പാർട്ടുമെന്റിന്റെ ജോലി നടത്തുന്നതിന് ഈ നാലുദ്യോഗസ്ഥന്മാരെല്ലാവരുടെയും സഹായം വാസ്തവത്തിൽ ആവശ്യമുണ്ടോ എന്നുള്ളചോദ്യം ഞാൻ പ്രകടമായി ചോദിച്ചുകൊള്ളുന്നു. സർ, ഈ ഉദ്യോഗസ്ഥന്മാർ ആവശ്യമില്ല എന്നു സഭയ്ക്കു ബോദ്ധ്യം വരുത്തുന്നതിലേക്ക് എന്റെവാദങ്ങളെ അത്യധികം വിസ്തരിക്കുന്നതിന് എനിക്കാവശ്യമില്ല. ഈ പേഴ്സണൽ അസിസ്റ്റന്റ് എങ്ങിനെ നിയമിതനായി എന്നു സഭ ഓർമ്മിക്കുന്നുണ്ടായിരിക്കാം. അങ്ങിനെ ഒരു നിയമനത്തിന്റെ ആവശ്യത്തെപ്പററി ഞങ്ങൾക്കു ബോദ്ധ്യം വന്നിട്ടില്ല. കമ്മീഷണരു ഈ സഭയിലൊമററുവല്ലടത്തുമൊ ഒരു പേഴ്സണൽ അസിസ്റ്റന്റുണ്ടായിരിക്കേണ്ട ആവശ്യത്തെപ്പററി ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. എന്നാൽ കമ്മീഷണർ തന്റെ ഡിപ്പാർട്ടുമെന്റിലെ ഗതഗത വകുപ്പിനെ പുനർവിധാനം ചെയ്യുന്നതിനെ ആവശ്യപ്പെട്ടുഎന്നു നാമെല്ലാവരും അറിയുന്നു. അതിനായിട്ട ഉയർന്നശമ്പളമുള്ള ഒരുദ്യോഗസ്ഥൻ നിയമിക്കപ്പെടുകയും ചെയ്തു. പക്ഷെ ഡി. എസ്. പിയുടെയോ എ. എസ്. പി. യുടെയോ നിലയിലുള്ള ഒരുദ്യോഗസ്ഥൻ മതിയാകുമായിരുന്നു. അപ്രതീക്ഷിതമായി ഒരു ദിവസം നാം ഉണർന്നസമയത്തു പേഴ്സണൽ അസിസ്റ്റന്റി

ന്നകാണുകയുണ്ടായി. ആവാദം ഇതിൽക്കൂടുതലായിനിട്ടുണമെന്ന് എനിക്കാവശ്യമില്ല. പോലീസ്കമ്മീഷണരുടെ ആഫീസിൽ ഒരു മാനേജർ ഉണ്ട്. ഈ വിശേഷാധുള്ള ഇനത്തെ നിത്യജോലിയെന്നതോ [illegible] എന്നു തീർച്ചയാക്കുന്ന ആ സംഗതിയും ആലോചിക്കാനുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ ജോലിനിർവഹണത്തിലേക്കു ഈ രണ്ടു ആളുകളും ആവശ്യമുണ്ടോ എന്നാണ് പ്രശ്നം. ജോലിയിൽ ഒരംശം പേഴ്സനൽ അസിസ്റ്റന്റ് ആണു ചെയ്യുന്നതു്. ഈ ഉദ്യോഗങ്ങൾ എല്ലാം ഉള്ള വേറെ ഒരു ഡിപ്പാർട്ടുമെന്റും ഇല്ല എന്നു ഞാൻ സമർപ്പിച്ചുകൊള്ളുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം, പൊതുജനങ്ങളുടെ രക്ഷയും ക്രമപാലനവും സംരക്ഷിക്കപ്പെടണം എന്നുള്ള വീക്ഷണകോടിയിൽ നിന്നു അതു വളരെ പ്രാധാന്യമുള്ളതാകുന്നു. എന്നാൽ ആഫീസിനെ സംബന്ധിച്ചിടത്തോളം വളരെ ജോലിയില്ല.

മി: പി. വി. പെരുമാറംപിള്ള (വാണിജ്യവും- വ്യവസായവും തെക്ക്): ഈ വിശേഷാലുദ്യോഗസ്ഥൻ ചെയ്യുന്ന ജോലിയെപ്പററി മെംബർക്കു വല്ല രൂപവും ഉണ്ടോ എന്നു പറയാമോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എനിക്കു രൂപമില്ല. എന്നാൽ ഒരു പേഴ്സനൽ അസിസ്റ്റന്റ് ആവശ്യമില്ലെന്ന് എനിക്കറിയാം. മാനേജരുടെയോ പേഴ്സനൽ അസിസ്റ്റന്റിന്റെയോ ആവശ്യം എനിക്കു ഗ്രഹിക്കാൻ കഴിയും. എന്നാൽ കമ്മീഷണരുടെ ആഫീസിലെ ജോലിനിർവഹണത്തിലേക്കു രണ്ടുപേരുടെ ആവശ്യം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ എല്ലാ ആളുകളുടെയും അസ്തിത്വം നിശ്ചയമായിട്ടും വിസ്മയാവഹമായി തോന്നുന്നു. പോലീസ് കമ്മീഷണർതന്നെയും തനിക്കു നാലാളുകളുടെ [illegible] വരുടേയും സഹായം ആവശ്യമില്ലെന്നു സമ്മതിക്കുന്നു. അല്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ [illegible] തെളിയിക്കുന്നതാണ്. ഈ അസിസ്റ്റന്റുമാർ തന്റെ കീഴിൽ ഉണ്ടായിരുന്നിട്ടു കൂടി ആഫീസിലെ നിത്യകാര്യാദികൾ ശരിയായി നിർവഹിക്കപ്പെടുന്നില്ലെന്നു ഞാൻ പറയാം. ആഫീസു സംബന്ധിച്ച എഴുത്തുകുത്തുകൾ ശീഘ്രത്തിൽ തീർച്ചചെയ്യപ്പെടുന്നില്ല എന്നു ഞാൻ കാണുന്നു. രേഖകളെ ശീഘ്രത്തിൽ തീർച്ചചെയ്യുന്നതിനുപകരം നാലു് ഉയർന്നശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യം ജോലിനടപ്പിനു് വിഘാതമായിട്ടാണ് ഇരിക്കുന്നതു. ഈ രേഖകൾ ആരുടെ പക്കൽ ആണു കിടപ്പായിപ്പോകുന്നതു് എന്നു ജനങ്ങൾക്കു അറിയാൻ നിവൃത്തിയില്ല. ഈ ഓരോ ആളുകളും നിർവഹിക്കേണ്ടിയ പ്രത്യേകമായ കൃത്യങ്ങൾ ഇന്നിന്നവയെന്നു കമ്മീഷണരിൽനിന്നറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഈ നാലു ഉയർന്നശമ്പളമുള്ള ഉദ്യോഗസ്ഥന്മാരും തന്നെ സഹായിക്കുന്നതിന് ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ഈ ഉദ്യോഗസ്ഥന്മാരിൽ ഒരാളെ ഇപ്പോഴത്തെ സ്ഥാനത്തു നിന്നും നീക്കേണ്ടതാണെന്നുള്ള ഞങ്ങളുടെ അപേക്ഷ വിനീതമാണെന്നു ഞാൻ വിചാരിക്കുന്നു. തീർച്ചയായിട്ടും ഉപക്ഷേപം ഹെഡ്ക്ലാർക്കിനെ നീക്കൽ ചെയ്യുന്നതിനായിട്ടാണ്. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ സഭാസമക്ഷം ഹാജരാക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, പേഴ്സനൽ അസിസ്റ്റന്റിന്റെ നിയമനത്തിനെതിരായി മി: നീലകണ്ഠപിള്ളയ്ക്കു് എന്താണു പറയാനുള്ളതെന്ന് എനിക്കു നല്ലപോലെ മനസ്സിലാക്കാൻ കഴിയുന്നില്ല. തന്റെ പ്രസംഗംമൂലം അദ്ദേഹം സംഗതികളെ വാസ്തവത്തിൽ കുഴപ്പമാക്കിത്തീർത്തിരിക്കുന്നു. ഞാൻ വഴിതെളിയിക്കേണ്ടിയിരിക്കുന്നു. ഞാൻ ചുമതല ഏററ സമയത്തു, മോട്ടാർ ഗതാഗതപ്പകുതിയിലെ ഗതാഗതനിയന്ത്രണം, ലൈസൻസുകൾ കൊടുക്കുക മുതലായവ എന്റെ ചുമതലയിൽ ഉണ്ടായിരുന്നു. ഞാൻ ൧൧൦൮-൧-൨-ാം തിയതി ആദ്യമായി ചാർജ്ജ് എടുത്ത സമയം ആഫീസിൽ ആയിരക്കണക്കിനു സാരഥ്യ (ഡ്രൈവിംഗ്) ലൈസൻസുകൾ തീരുമാനിക്കേണ്ടതായിട്ടു ഉണ്ടായിരുന്നു. ഗതാഗതപ്പകുതിക്കു ആലോചനയ്ക്കു രണ്ടുമാസം എനിക്കു വേണ്ടിവന്നു. ആ വകുപ്പിനെ ഒരു ഡി. എസ്. പി. യുടെ ചാർജിൽ വയ്ക്കുന്നതു് അധികം നന്നായിരിക്കുമെന്നുള്ള തീർച്ചയിൽ ഞാൻ എത്തി. അദ്ദേഹത്തിനു പലപ്പോഴും തദ്ദേശപോലീസുമായി ഇടപെടേണ്ടതായിരിക്കും, ഒരു ഡി. എസ്. പി. യും, സംബന്ധിച്ച എ. എസ്. പിമാരും തമ്മിൽ വിസമ്മതമുണ്ടായേക്കാവുന്നതുമാണ്. ഞാൻ ഇതേപ്പററി കഴിഞ്ഞകൊല്ലം ഏപ്രിൽമാസത്തിൽ എഴുതി അയക്കുകയുണ്ടായി, വേറെ ഒരു ഉയർന്നഉദ്യോഗം സൃഷ്ടിക്കുന്നതു അധികമായ ഒരു ചെലവായിരിക്കും എന്നു അപ്പോൾ വിചാരിക്കപ്പെടുകയും സംഗതി കിടപ്പായിരിക്കുകയും ചെയ്തു. അവധിയിൽ ഇരുന്ന ഒരുദ്യോഗസ്ഥനു പകരം ഡിസ്ട്രിക്ട് ചാർജ്ജുള്ള ഒരുദ്യോഗസ്ഥൻ, സ്ഥിരമുദ്യോഗസ്ഥൻ അവധിയിൽനിന്നും തിരിച്ചെത്തിയപ്പോൾ ലഭ്യമായപ്പോൾ അദ്ദേഹം ഡിസ്ട്രിക്ട് ചാർജിൽ തുടർന്നുകൊണ്ടിരിക്കുന്നതിന് അനുവദിക്കപ്പെടുകയും സീനിയർ ഡിസ്ട്രിക്ട് സൂപ്രണ്ടു പേഴ്സനൽ അസിസ്റ്റന്റ് ആകുകയും ചെയ്തു. അതു ഒക്ടോബർ ൨-ാം തിയതി ആയിരുന്നു. ഇപ്പോഴത്തെ സ്ഥിതി എന്റെ ആഫീസിൽകിടപ്പുള്ളതായ ഒരുകൂട്ടം ഗതാഗതസംബന്ധമായ രേഖകളിൽ വമ്പിച്ച ഒരു ഭാഗം തീർച്ചചെയ്യുന്നതിനായിട്ടു് എനിക്കു ഒരു പേഴ്സനൽ അസിസ്റ്റന്റ് ഉള്ളതാണ്. അതെല്ലാം തീരുമാനംചെയ്യുന്നതിന് എന്നാൽതന്നെ സാദ്ധ്യമാകുന്നതല്ല. അദ്ദേഹം മോട്ടാർവാഹനങ്ങളേയും സാധാരണകാര്യങ്ങളേയും സംബന്ധിച്ച നിത്യകർമ്മങ്ങളേയും കൂടിനോക്കിവരുന്നുണ്ട്. അദ്ദേഹത്തെ ഏല്പിക്കേണ്ട വാസ്തവികകൃത്യങ്ങൾ ഇന്നവയെന്നു ആലോചനയിലാണ്. എന്നാൽ പതിവായ ഈ നിത്യകർമ്മജോലി കഴിയുന്നിടത്തോളം ഞാൻകൂടി ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ ഒരുമാനേജർ ഉണ്ട്, മോട്ടാർവാഹനവകുപ്പിൽ ഒരു ഹെഡ്ക്ലാർക്കും, പൊതുവകുപ്പിൽ വേറൊരു ഹെഡ്ക്ലാർക്കും ഉണ്ടു. അതിനാൽ ഈ ഹെഡ്ക്ലാർക്കന്മാർ രണ്ടുപേരും പേഴ്സനൽ അസിസ്റ്റന്റിന്റെ കീഴാണ്. കൂടാതെ ഉയർന്നശമ്പളമുള്ള ഒരു സ്റ്റോർകീപ്പരും, ആയുധസജ്ജീകൃതറിസർവിലെ ഇൻസ്പെക്ടരും, സി. ഐ. ഡി. ഇൻസ്പെക്ടരും ഉണ്ട്. സാമാന്യം വമ്പിച്ച ഒരു പദ്ധതിയും ഗാഢമായ ആലോചനആവശ്യമുള്ളതും ആയ പുനർവിധാന പദ്ധതി ആലോചനാവിഷയമായി ഇരിക്കുന്നു. അതു ഗവർമ്മെന്റുമുമ്പാകെയാണ്. താൽക്കാലിക ഏർപ്പാടു ചെയ്യേണ്ടിയിരിക്കുന്നു; പേഴ്സനൽ അസിസ്റ്റന്റും മാനേജരും, ഈ ഹെഡ്ക്ലാർക്കന്മാരും, ഉയർന്നശമ്പളമുള്ള സ്റ്റോർകീപ്പരും, റിസർവിന്റെ ചാർജുള്ള ഒരു റിസർവ് ഇൻസ്പെക്ടരും. എന്റെ പുനർവിധാന പദ്ധതിയിൽ, പേഴ്സനൽ അസിസ്റ്റന്റ് അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പടിയിലുള്ളയാളായിരിക്കണം

മെന്നും മാനേജരുദ്യോഗം നിറുത്തൽ ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഡിപ്യൂട്ടികമ്മീഷണർ എന്നു പേരു നാമകരണം ചെയ്യപ്പെടുന്ന ഒരു ഡിസ്ട്രിക്ട് സൂപ്രണ്ടിനാൽ നിർവഹിക്കപ്പെടാനുള്ള മോട്ടോർ വാഹനവകുപ്പ് ഒഴിച്ച് എന്റെ ആഫീസിലെ സർവജോലിയും പ്രസ്തുത എ. എസ്. പി. നിർവഹിക്കേണ്ടതായിരിക്കും. പുനർവിധാനപദ്ധതിപരിശോധിച്ച് സമ്മതമായി തീരുന്നതായാൽ, അപ്പോൾ എന്റെ ആഫീസ് രണ്ടുവകുപ്പായി വിഭജിക്കപ്പെടുന്നതായിരിക്കും. ഒരു വകുപ്പു ഹെഡ്ക്ലാർക്കിന്റെ കീഴിലും മറ്റേതിൽ, മോട്ടോർവകുപ്പിൽ, ഡി. എസ്. പിയുടെ കീഴിലും ജോലി നിർവഹിക്കപ്പെടുന്നതാണ്. ഹെഡ്ക്ലാർക്കിനു കിട്ടേണ്ടശമ്പളം എത്ര എന്നുള്ളസംഗതി, അയാളുടെ കീഴിൽ മറ്റു സീനിയർ ക്ലാർക്കന്മാരുണ്ടായിരിക്കുന്നതിനാൽ ആലോചിക്കേണ്ട ഒരു സംഗതിയാണ് എന്റെ ആഫീസിലെ ജോലി സാധാരണയുള്ള നിത്യകർമ്മങ്ങളൊഴികെയുള്ള കാര്യങ്ങളെ നോക്കുന്ന പേഴ്സനൽ അസിസ്റ്റന്റു ചെയ്യുന്നതായിരിക്കും. അയാൾക്കു ബില്ലുകൾ പാസാക്കുന്നതിനും, കടലാസുകൾ ഒപ്പുവയ്ക്കുന്നതിനും അധികാരമുണ്ടായിരിക്കും. അപ്പോൾ എനിക്ക് ഈ നിത്യജോലിക്കാര്യങ്ങളെ പരിശോധിക്കേണ്ട ആവശ്യമുണ്ടായിരിക്കയില്ല. അയാൾ ഒരസിസ്റ്റന്റു സൂപ്രണ്ടിന്റെ ഗ്രേഡിൽഉള്ള ആൾ ആയിരിക്കും. എന്റെ പദ്ധതിയുടെ പര്യാലോചന അവസാനിക്കുന്നതുവരെ ഇപ്പോഴത്തെ ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കയാണ്. അതു എപ്പോൾ സഭയുടെ മുമ്പാകെ എത്തും എന്ന് എനിക്കു പറയാൻ സാധിക്കുകയില്ല, എന്നാൽ അതു് എത്തിക്കഴിയുമ്പോൾ മെംബർതന്നെ ആശിക്കുന്നതായ സ്ഥിതിയിലേക്ക് അതുവഴി തെളിക്കുന്നതായിരിക്കും. അതായതു് ഹെഡ്ക്ലാർക്കിന്റെയോ മാനേജരുടെയോ ഉദ്യോഗം നിർത്തൽചെയ്യുന്ന സംഗതി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ സ്ഥിതിക്കു ആഫീസിൽനിന്നും മാനേജരേയോ ഹെഡ്ക്ലാർക്കിനേയോ വെളിയിൽ അയക്കുന്നതിനു സാധിക്കുമോ എന്നു കമ്മീഷണർ പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ഇല്ല, ഞാൻ പറഞ്ഞതുപോലെ മാനേജർക്കു രണ്ടു വ്യത്യസ്തഹെഡ്ക്ലാർക്കുകളേയും ബ്രാഞ്ച് ആഫീസുകളേയും മേൽനോട്ടം ചെയ്യുന്നതിനും ഇടപെടുന്നതിനും ഉള്ളതിനാൽ അതു് ഇപ്പോൾ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല, അയാൾ എനിക്കുള്ള ഹെഡ്ക്ലാർക്കുകളുടെ ജോലി സമായോജനം ചെയ്യുന്നതും റിപ്പോർട്ടുകളെ പരിശോധിക്കുന്നതും ആയ ജോലിചെയ്യുകയാണ്, ഞാൻ പ്രതിജ്ഞാകാലത്തിട്ടുള്ള ഏർപ്പാടനുസരിച്ച് എനിക്കു പിന്നെയും ഒരു പേഴ്സനൽ അസിസ്റ്റന്റും ഡിസ്ട്രിക്ട് സൂപ്രണ്ടും ഉണ്ടായിരിക്കുന്നതാണ്. അപ്പോൾ മാനേജർ ആവശ്യമില്ലാതായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പേഴ്സനൽ അസിസ്റ്റന്റിനു വല്ലപരിശോധനാ ജോലിയുമുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): അതെ, അയാൾക്ക് അതു് എപ്പോഴെങ്കിലും ചെയ്യാനുണ്ടായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അയാൾക്കു ക്രമമായ പരിശോധന ജോലി ഇല്ലേ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ) ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം); ഇപ്പോൾ ഗവണ്മെന്റു മുമ്പാകെ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പദ്ധതിയനുസരിച്ചു ഗതാഗതത്തിന്റെ ചാർജുള്ള ഡിസ്ട്രിക്ട് സൂപ്രണ്ട് കേവലം ആഫീസുജോലിക്കായിട്ടോ പരിശോധനഉദ്യോഗസ്ഥനായിട്ടോ ആയിരിക്കുമെന്നു ഞാൻ അറിയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): അയാൾ യാത്രചെയ്യുന്ന ഉദ്യോഗസ്ഥൻ കൂടി ആയിരിക്കുമെന്നാണ് എന്റെ ധാരണ.

മെംബർ ഉപക്ഷേപം പിൻവലിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം) മി: കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഒരുപേർസനൽ അസിസ്റ്റന്റായി ഒരു ഡി. എസ്. പിയും, ഒരു ആഫീസ്മാനേജരും ഒരു ഹെഡ്ക്ലാർക്കും പോലീസ്കമ്മീഷണരുടെ ആഫീസിൽ ആവശ്യമില്ല. പോലീസ്കമ്മീഷണരുടെ പേർസനൽ അസിസ്റ്റന്റിനെസംബന്ധിച്ചു എന്റെ ബഡ്ജറ്റ പൊതുവിമർശനത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നും വിശേഷവിധിയായി യാതൊന്നും പറയാനില്ല. പേർസനൽ അസിസ്റ്റന്റിനേയോ മാനേജരേയോ കുറക്കണമെന്നു പറയാൻ അധികാരമില്ലാത്തതുകൊണ്ടായിരിക്കാം എന്റെ സ്നേഹിതൻ ഹെഡ്ക്ലാർക്കിന്റെ ശമ്പളം വെട്ടിക്കുറക്കാൻ ഉപക്ഷേപം കൊണ്ടുവന്നതെന്നു ഞാൻ വിചാരിക്കുന്നു. മാനേജരേയും ഹെഡ്ക്ലാർക്കിനേയും പിരിച്ചുവിട്ടു ഒരു അസിസ്റ്റന്റു സൂപ്രണ്ടിനെ പേർസനൽ അസിസ്റ്റായി വച്ചാൽ ധാരാളം മതിയാകുന്നതാണ്. അതുകൊണ്ട് ആസംഗതി ഗവണ്മെന്റിന്റെ പര്യാലോചനയ്ക്കു വിഷയമാക്കുന്നതിനുവേണ്ടി ഹെഡ്ക്ലാർക്കിന്റെ ശമ്പളം കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു. ഈ സംഗതി ബഡ്ജറ്റിനെപ്പറ്റി നടന്ന പൊതുവിമർശനത്തിൽതന്നെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പോലീസ്കമ്മിഷണരുടെ ആഫീസിൽ ഇത്രവലിയ ശമ്പളത്തുകയുള്ള അതായതു ൩൦൦ രൂപാശമ്പളമുള്ള ഒരു ഡി. എസ്. പി. പേർസനൽ അസിസ്റ്റന്റായും അതുപോലെ ൧൭൦ രൂപാശമ്പളവും ൨൦ രൂപ അലവൻസുമുള്ള ഒരു ഉദ്യോഗസ്ഥനെ മാനേജരായും ആവശ്യമുണ്ടോ എന്നു സംശയമാണ്, ഇവർക്കു പുറമെ ഒരു ഹെഡ്ക്ലാർക്കും ഒരു ഹേഡ് അക്കൌണ്ടന്റും കൂടിയുണ്ട്. ഇത്രയുംപേരെ ആളുകൾ പോലീസ്കമ്മീഷണരുടെ ആഫീസിൽ ഇപ്പോഴത്തെ കമ്മീഷണർ വന്നശേഷം ഉണ്ടാക്കിയതു് അദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന കമ്മീഷണർമാർ നടത്തിക്കൊണ്ടുപോയതുപോലെ ഭരണം നടത്തുന്നതിനുള്ള ശക്തികുറവുകൊണ്ടാണോ എന്നു ശങ്കിക്കാൻ ഇടയുണ്ട്. അതുകൊണ്ട് കമ്മീഷണർതന്നെ ഈ ഉദ്യോഗങ്ങളിൽ ചിലതെല്ലാം നിർത്തൽചെയ്യേണ്ടതാണെന്നു ഞാൻ വാദിച്ചിരുന്നു. അതിൽ കൂടുതലായിട്ടു ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഒരു ഡി. എസ്. പി. യെ പേർസനൽ അസിസ്റ്റന്റായിട്ടു നിയമിച്ച സന്ദർഭവും മറ്റും ആലോചിക്കുമ്പോൾ അങ്ങിനെ ഒരു ഉദ്യോഗസ്ഥന്റെ ആവശ്യമില്ലായിരുന്നുഎന്നും, ഇതുമറ്റാർക്കോ വേണ്ടി സൃഷ്ടിച്ച ഒരു ഉദ്യോ

മാണെന്നും ഞങ്ങൾക്കു നല്ലവണ്ണം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കൂടിയേതീരുഎന്നിരുന്നാൽ പേർസണൽ അസിസ്റ്റന്റിന്റെ സ്ഥാനത്തു ഒരു അസിസ്റ്റന്റ സൂപ്രണ്ടിനെ നിയമിക്കയും ആഫീസ്മാനേജർ സ്ഥാനം നിർത്തൽചെയ്യുകയും വേണം. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) പോലിസ് കമ്മീഷണരുടെ മറുപടിയിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു് തന്റെ സ്റ്റാഫിൽ ഏതെങ്കിലും ഒരാളെകുറവുചെയ്യുന്നതിന്റെ ആവശ്യത്തെപ്പററി അദ്ദേഹത്തിനു ബോദ്ധ്യമായിരിക്കുന്നു എന്നും, മാനേജരെ കുറവുചെയ്യുന്നതായി പ്രതിജ്ഞ അടങ്ങിയ ഒരു പദ്ധതി അദ്ദേഹം മുമ്പുതന്നെസമർപ്പിച്ചിട്ടുണ്ട് എന്നും ആണ്. ആ പദ്ധതി ഏതുകാലത്തു വെളിയിൽവരും എന്ന് എനിക്ക് അറിയാൻപാടില്ല. ഏതായാലും പ്രതിജ്ഞകൾ അദ്ദേഹം അയച്ചിട്ടുള്ളതുകൊണ്ടും ആ പ്രതിജ്ഞകൾ ഗവൺമെന്റിൽ കിടക്കുന്നതുകൊണ്ടും ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൩൭൮ മുതൽ ൩൮൦ വരെയുള്ള ഉപക്ഷേപങ്ങൾ

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ ൩൭൮.

എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള

൩൭൯. എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽ ൧൦ രൂപാകുറയ്ക്കണം.

മി: എ. സി. കുറിയാക്കോസ്

൩൮൦. എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

൩൮൧-ാം ഉപക്ഷേപം

മി: കെ. എൻ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സർ, താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു.

എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽനിന്നു ൧൦ രൂപാകുറയ്ക്കണം.

എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം കാര്യങ്ങളെ കണ്ടുപിടിക്കുന്നതും അന്വേഷണം കഴിക്കുന്നതും ആയ സംഗതിയിൽ ഡിപ്പാർട്ടുമെന്റിലെ തൃപ്തികരമല്ലാത്തജോലി നടത്തിപ്പിലേക്കു ഗവൺമെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനായിട്ടാണ്. ൧൧൦൪-ാമാണ്ടത്തെ ഡിപ്പാർട്ടുമെന്റിന്റെ രേണറിപ്പോർട്ട് ൨൩-ാം പാരായിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"തിരുവിതാംകോട്ടു പീനൽകോഡുപ്രകാരം അന്വേഷണയോഗ്യമായ (അന്വേഷണം നിരസിച്ചിട്ടുള്ളവയും ന്യൂസൻസുകേസുകളും തള്ളി) വാസ്തവികമായ കേസുകൾ തന്നാണ്ടിൽ തീർച്ചചെയ്തിട്ടുള്ള വകയിൽ ശിക്ഷയിൽ അവസാനിച്ച കേസുകൾ ൧൧൦൨-ൽ ൭൭.൩ ശതമാനവും, ൧൧൦൩-ൽ ൩൦.൭ ശതമാനവും ആയിരിക്കെ തന്നാണ്ടിൽ അതു് ൭൭.൩ ശതമാനമായിരുന്നു."

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ക്രമപാലനവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേല്ക്കുന്നു. ഇതു് എസ്റ്റാബ്ളിഷ്മെന്റ് എന്ന അധികരണത്തിലുൾപ്പെട്ട ഒരു വിഷയമാണ്. എന്റെ സ്നേഹിതൻ നയത്തെ വിമർശിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹം ക്രമാനുസൃതമാണൊ?

പ്രസിഡൻറ്: മി. കൃഷ്ണപിള്ളേ എസ്റ്റാബ്ളിഷ്മെന്റ് സംബന്ധിച്ച് നിങ്ങൾ കുററകൃത്യങ്ങളുടെ അനുസന്ധാനത്തിന്റെ രീതിയെപ്പററി പരികല്പനം ചെയ്വാൻ ഉദ്ദേശിക്കുന്നുവോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എസ്റ്റാബ്ളിഷ്മെന്റസംബന്ധിച്ചുമാത്രമല്ല.

പ്രസിഡൻറ്: ആ വിഷയം എസ്റ്റാബ്ളിഷ്മെന്റിനെ സംബന്ധിക്കുന്നിടത്തോളം നിങ്ങൾക്കു അതിനെ ശരിയായി വിമർശിക്കാൻ കഴിയുന്നില്ലെങ്കിൽ അങ്ങിനെ ചെയ്യാൻ പാടില്ലാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കാര്യനിർവഹണോദ്യോഗസ്ഥന്മാരെപ്പററിയും എനിക്കു പറയേണ്ടതായിരിക്കും.

പ്രസിഡൻറ്: അതു ശരിയായി ഈ ഉപക്ഷേപത്തിന്റെ അധികരണത്തിൽ വരുന്നില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്നാൽ ഞാൻ അതിനെ ഉപക്ഷേപിക്കുന്നില്ല.

സമ്മതപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൩൮൨ മുതൽ ൩൮൭ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഉപക്ഷേപിക്കപ്പെട്ടില്ല.

മി: പി. എസ്. മഹമ്മദ്:

൩൮൨. എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽ നിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൩൮൩. എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൩൮൪. എസ്റ്റാബ്ളിഷ്മെന്റിനു കൊള്ളിച്ചിട്ടുള്ള ൧൯,൩൯൧ രൂപായിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൩൮൫. സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൮,൯൭൦ രൂപാ മുഴുവനും ഉപേക്ഷിക്കണം.

മി: എം. ജി. മേനോൻ:

നം ൧൫. സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൮,൭൦൦ രൂപായിൽനിന്നു ൯൦൦ രൂപാ കുറയ്ക്കണം.

മി: ഏ. താണുപിള്ള;

നം ൧൬. സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൮,൭൦൦ രൂപായിയിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

നം ൧൭-ാം ഉപക്ഷേപം

മി: വി. ചെല്ലംപിള്ള (തോവാള): സർ, മലയാളത്തിൽ സംസാരിക്കുന്നതിനു എനിക്കു അനുവാദം തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡൻറ്: നിങ്ങളുടെ ആശയങ്ങളെ ശരിയായി പ്രകടിപ്പിക്കാൻ കഴിയുന്ന ഏതെങ്കിലും നിങ്ങൾക്കു ബോധിച്ചഭാഷയിൽ നിങ്ങൾക്കു സംസാരിക്കാം.

മി: വി. ചെല്ലംപിള്ള (തോവാള): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സഞ്ചാരപ്പടിക്കു കൊള്ളിച്ചിട്ടുള്ള ൮,൭൦൦ രൂപായിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

ഈ മോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു കമ്മീഷണർക്കനുവദിച്ചിട്ടുള്ള സഞ്ചാരപ്പടി കുറയ്ക്കണമെന്നാണ്.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): മി. ബിഷപ്പ് ഡിപ്പാർട്ടുമെൻറിൻെറ അധ്യക്ഷനായിരിക്കുന്നതുകൊണ്ടോ ഓണറബിൾ മെമ്പർ മലയാളത്തിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നതു് എന്നു ഞാൻ അറിയാമോ? ഇതുവരേ അദ്ദേഹം ഇംഗ്ലീഷിൽ ആണു് സംസാരിക്ക പതിവ്.

പ്രസിഡൻറ്: ഞാൻ അദ്ദേഹത്തെ മലയാളത്തിൽ സംസാരിക്കാൻ അനുവദിച്ചതു തൻെറ ആശയങ്ങളെ അധികം വിശദമായി പ്രകടിപ്പിക്കാൻ കഴിയുന്നതു മലയാളത്തിലായിരിക്കുമെന്നു് അദ്ദേഹം സമർപ്പിച്ചതിനാൽ ആണു്.

മി: വി. ചെല്ലംപിള്ള (തോവാള): രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ജനങ്ങളുടെ സ്ഥിതികൾ അറിയുന്നതിനാണ് സാധാരണ ഉദ്യോഗസ്ഥന്മാക്കു് സഞ്ചാരപ്പടി അനുവദിച്ചിട്ടുള്ളതു്. ആ കൂട്ടത്തിൽ പോലീസുകമ്മീണരുടെ സർവീസ് തൃപ്തികരമല്ല എന്നാണു ഞാൻ പറയാൻ പോകുന്നതു്. ഈയിടെ നാഗർകോവിലിൽ മോട്ടാർ ട്രാഫിക്കിനെ സംബന്ധിച്ചു ചില നൂതനഏർപ്പാടുകൾ കമ്മീഷണർ ചെയ്തിട്ടുണ്ട്. മുമ്പു നാഗർകോവിൽ മണിമേടയിൽനിന്നുമാണ് പല ഭാഗത്തേക്കുംപോകുന്ന മോട്ടാർ പുറപ്പെട്ടുകൊണ്ടിരുന്നതു്. അക്കാലത്തു നാഗർകോവിൽ ടൌണിൽ ഉള്ളവക്കു് അധികം ദൂരം നടക്കേണ്ട ആവശ്യമില്ലായിരുന്നു. എന്നാൽ കമ്മീണരുടെ ഇപ്പോഴത്തെ പരിഷ്കാരമനുസരിച്ചു കന്യാകുമാരിയിലേക്കു പോകുന്ന മോട്ടാർ ബസ്സുകൾ കോട്ടാർ പോലീസുസ്റ്റേഷനിലും അഴകിയ പാണ്ഡ്യപുരംമുതലായ സ്ഥലങ്ങളിലേക്കുപോകുന്ന ബസ്സുകൾ വടശ്ശേരിച്ചന്തയിലുംനിന്നു തിരിക്കണമെന്നാണ്. നാഗർകോവിലിൽനിന്നും കന്യാകുമാരിയിലേക്കുപോകുന്നതിനു ൬ ചക്രം കൊടുത്താൽ മതി. അതുപോലെ നാഗർകോവിലിൽനിന്നും അഴകിയപാണ്ഡ്യപുരത്തേക്കു പോകുന്നതിനു ൫ ചക്രവും കൊടുത്താൽ മതി. എന്നാൽ ഇപ്പോഴത്തെ പരിഷ്കാരമനുസരിച്ചു് ഈ സ്ഥലങ്ങളിൽവന്നു മോട്ടാർ കയറണമെങ്കിൽ അര മയിൽ നടക്കണം. ഈ അരമൈൽ നടക്കാൻ വയ്യാത്തവർ കാലേഅരയ്ക്കാൽ രൂപായോളം വണ്ടിക്കൂലി കൊടുക്കേണ്ടിയിരിക്കുന്നു.

പ്രസിഡൻറ്: ഇതെല്ലാം നിങ്ങൾ പോലീസ് കമ്മീണരുടെ സഞ്ചാരപ്പടിയിൽ ഉൾപ്പെടുത്തുന്നതെങ്ങിനെയാണ്?

മി: വി. ചെല്ലംപിള്ള (തോവാള): കമ്മീഷണർ ഓരോ സ്ഥലങ്ങളിൽ വന്നുനോക്കി വേണ്ട ഏർപ്പാടുചെയ്യാത്തതു് അദ്ദേഹത്തിൻെറ വീഴ്ചയാണ് എന്നു കാണിക്കാൻവേണ്ടിയാണ് പറയുന്നതു്.

അതുകൊണ്ടു ൧൧ മയിലിലുള്ള കന്യാകുമാരിക്കുപോകുന്നതിനു് ആറു ചക്രവും ൧൦ മയിലുള്ള അഴകിയപാണ്ഡ്യപുരത്തേക്കു പോകുന്നതിനു ൫ ചക്രവും കൊടുത്താൽ മതി. എന്നാൽ ഇടയ്ക്കുള്ള അരമൈൽദൂരം പോകുന്നതിനു് ഉദ്ദേശം അര രൂപാവരെ കൊടുക്കേണ്ടിവരുന്നു.

മി: കെ. മാധവൻ (നിയമിതമെമ്പർ): ഈ സ്ഥലങ്ങളിൽ യാത്രക്കാരില്ലാതെ ബസ്സ് വരുന്നുണ്ടോ?

മി: വി. ചെല്ലംപിള്ള (തോവാള): ഉണ്ടു്. ഇങ്ങനെ ഈ ബസ്സ്സ്റ്റാൻറുമാററുന്നതിനുള്ള കാരണം ടൌണിൽ കൺജഷൻ ഉള്ളതാണ്. എന്നാൽ കന്യാകുമാരിയിൽനിന്നും വന്നിറങ്ങുന്ന ആളുകളും അഴകിയപാണ്ഡ്യപുരം മുതലായ സ്ഥലങ്ങളിൽനിന്നും വന്നിറങ്ങുന്ന ആളുകളും ഈ റോഡിൽകൂടിയാണ് പോകുന്നതു്. മുമ്പു ടൌണിൻെറ ഒരു ഭാഗത്തുമാത്രം കൺജഷൻ ആയിരുന്നതു് ഇപ്പോൾ റോഡുനീളെ ആയിട്ടുണ്ട്. ഇങ്ങനെ കൺജഷൻ ഉള്ളതുകൊണ്ടു് മോട്ടാർബസ്സുകൾ മണിമേടയിൽനിന്നും മുമ്പു പുറപ്പെട്ടിരുന്നതുപോലെ പുറപ്പെടാൻ പാടില്ലാ എന്നു പറയുന്നതിൽ നിന്നും ഈ കൺജഷനെ നിയന്ത്രിക്കാൻ പോലീസുകാക്കു ശക്തിപോരാ എന്നാണ് എനിക്കു തോന്നുന്നതു്. മദ്രാസ് മുതലായ സ്ഥലങ്ങളിലുള്ളതിനേക്കാൾ വലിയ കൺജഷൻ നാഗർകോവിലിൽ ഉണ്ടെന്നു പറയാൻ നിവൃത്തിയില്ല. അതുപോലെതന്നെ ചില ബസാറിൽകൂടി ടൌൺബസ്സും മററും കൺജഷൻെറ ഇടയിൽതന്നെ ഓടിക്കൊണ്ടിരിക്കുന്നില്ലേ? അതുകൊണ്ടു എന്താണ് ഒരു ദോഷം സംഭവിച്ചതു്? ഇങ്ങനെയുള്ള സംഗതികൾ ശരിയായിട്ടു് ആലോചിക്കാതെ ചെയ്യുന്നതു് ജനങ്ങൾക്കു വലിയ കഷ്ടമാണ്. അതുകൊണ്ടു ട്രാഫിക്‌വകുപ്പിൽ ഇരിക്കുന്ന ആളുകളെക്കൊണ്ടു കുറെക്കൂടി ശ്രദ്ധയായിട്ടു ജോലിചെയ്യുന്നതിനു ഏർപ്പാടുചെയ്തു മോട്ടാർ ബസ്സുകളുടെ Starting point മണിമേടയിൽതന്നെ ആക്കണമെന്നുള്ള സംഗതിയെ ഇവിടെ പ്രതിപാദിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

മി. എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): അവരവരുടെ ഗാരേജിൽനിന്നും മോട്ടാർബസ്സുകൾ പുറപ്പെടുന്നതുകൊണ്ടു വിരോധമുണ്ടോ?

മി: വി. ചെല്ലംപിള്ള (തോവാള): ഉണ്ട്. ചില ബസ്സുകാൎക്ക മണിമേടക്കടുത്തുതന്നെ ഗാരേജ് ഉണ്ട്. മററു ചില ബസ്സുകാരുടെ ഗാരേജ് മണിമേടയിൽനിന്നും ദൂരെ ആയിരിക്കും. ഗാരേജിൽനിന്നുംബസ്സുകൾ സ്റ്റാർട്ടുചെയ്യണമെന്നുവച്ചാൽ മണിമേടയിൽ ബസ്സുകയറാൻവരുന്ന ആളുകൾ അടുത്ത ഗാരേജിൽ നിൽക്കുന്ന ബസ്സിൽവന്നുകയറും. ആ ബസ്സ് രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞായിരിക്കും പുറപ്പെടുക. എന്നാൽ അതിനുമുമ്പു തന്നെ പുറപ്പെടുന്ന ബസ്സുകൾ ദൂരെ ആയിരിക്കും നിൽക്കുന്നതു്. ഇങ്ങനെ വരുമ്പോൾ യാത്രക്കാൎക്ക് ബുദ്ധിമുട്ടുകൾക്ക ഇടവരുന്നുണ്ട്. അതിനുംപുറമെ മണിമേടയ്ക്കടുത്തു ഗാരേജില്ലാത്ത ബസ്സുകാൎക്ക ശരിയായിട്ടു യാത്രക്കാരെ കിട്ടാതെ വെറുംബസ്സു ഓടിച്ചുകൊണ്ടു പോകേണ്ടതായിട്ടും വരും. അതുകൊണ്ടു മണിമേടയ്ക്കടുത്തുതന്നെ ഒരു പബ്ലിക്ഗാരേജ് കെട്ടി എല്ലാബസ്സുകളും അവിടെത്തന്നെ നിൎത്തണം എന്നൊരു ഏർപ്പാടുചെയ്യുന്നപക്ഷം അതു നന്നായിരിക്കും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): വടശേരിയിൽവച്ചാൽ മതിയാകുമോ?

മി: വി. ചെല്ലംപിള്ള (തോവാള): ഇല്ല. മണിമേടയ്ക്കടുത്തുതന്നെ ഒരു പബ്ലിക്ക് ഗാരേജ്കെട്ടി എല്ലാബസ്സുകളും പുറപ്പെടുന്നതിനു പത്തുമിനിട്ടുമുമ്പ് അവിടെവന്നു ചെക്കചെയ്തുപോകുന്നതിനു ഏർപ്പാടുചെയ്യണം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): മുൻസിപ്പാലിററിയ്ക്കുകളുടെ ബസ്സുസ്റ്റാൻഡിനെ മുൻസിപ്പൽപ്രസിഡൻറിൻെറ അനുമതിയോടുകൂടിയല്ല കമ്മീഷണർ മാററിസ്ഥാപിക്കുന്നതു്.

മി: വി. ചെല്ലംപിള്ള (തോവാള): അങ്ങിനെ പോലീസ്കമ്മീഷണർ ചോദിച്ചാണോ ചെയ്തതെന്നുള്ളതു സംശയമാണ്: ഞാൻ മുൻസിപ്പാലിററിപ്രസിഡൻറിനോടു ചോദിച്ചപ്പോൾ അതിനെപ്പററി അദ്ദേഹത്തിനു അറിവില്ലാ എന്നു പറഞ്ഞു.

അതുകൊണ്ടു ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ ഒരു പബ്ലിക്ക് ഗാരേജ് മണിമേടക്കുസമീപം ഏൎപ്പെടുത്തി Starting Point (നിൎഗ്ഗമനസ്ഥാനം) അവിടെ മാററണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): മി: ചെല്ലംപിള്ള കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. നാഗരുകോവിലിലുള്ള മോട്ടാർചെക്കിങ്ങിനെ സംബന്ധിച്ചിടത്തോളം ഉള്ള ന്യൂനതകളെപ്പററി മി. വി. ചെല്ലംപിള്ള ഇവിടെ പ്രതിപാദിക്കയുമുണ്ടായി. നാഗരുകോവിലിൽനിന്നും തിരുനൽവേലി, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലേക്കു രാത്രിയും പകലും എന്നുവേണ്ട സദാസമയവും മോട്ടാർബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നുണ്ട്. ചെക്കിങ്സ്റ്റേഷൻ കോട്ടാററാണ്. രാത്രികാലങ്ങളിൽ തിരുനൽവേലിമുതലായ സ്ഥലങ്ങളിലേക്ക പോകുന്നതിനായി വരുന്ന യാത്രക്കാരുടെ ബുദ്ധിമുട്ടുകണ്ടുകൊണ്ടായിരിക്കാം, മി ചെല്ലംപിള്ള ഇത്രയും ശക്തിയായി ഈ കൗൺസിൽമുമ്പാകെ ഈ സംഗതിയെപ്പററി പ്രതിപാദിച്ചതു്. ഇപ്പോഴത്തെ ചെക്കിംഗ്സ്റ്റേഷൻ പൊലീസ്സ്റ്റേഷനുസമീപവും ആശുപത്രിയുടെ മുൻവശവും ആണെങ്കിലും യാത്രക്കാർ നിർഭയമായിരിക്കുന്നതിനു തക്കവണ്ണമുള്ള ഒരു സ്ഥലം നിശ്ചയിക്കേണ്ടതാണ്.

അതുപോലെതന്നെ കുഴിത്തുറ തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേയുള്ള ഒരു ജംഗ്ഷനാണ്. അവിടെനിന്നും മോട്ടാർകാറുകൾ കുളച്ചൽ, കുലശേഖരം മുതലയസ്ഥലങ്ങളിലേക്ക പോകുന്നുണ്ട്. ചെക്കിംഗ്സ്റ്റേഷൻ ടോൾഗേററിനപ്പുറത്താണ് വച്ചിരിക്കുന്നതു്. ഈ ചെക്കിംഗ്സ്റ്റേഷൻ മോട്ടാർസ്റ്റാൻറിൽ തന്നെ സ്ഥാപിക്കണമെന്നുംകൂടി പ്രത്യേകമായ അപേക്ഷകൂടി എനിക്കുണ്ട്. അതുപോലെതന്നെ തിരുവട്ടാർ മുതലായസ്ഥലങ്ങളിലേക്ക പോകുന്ന മോട്ടാർകാറുകളുടെ ചെക്കിംഗ്സ്റ്റേഷൻ കുഴിത്തുറ സ്ഥാപിക്കണം. ഈ അഭിപ്രായത്തോടുകൂടി മി. ചെല്ലംപിള്ളയുടെ ഉപക്ഷേപത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): മി. ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ ഞാനും അനുകൂലിച്ചുകൊള്ളുന്നു. ഇതിൻെറ പ്രധാന ഉദ്ദേശം മോട്ടാർവാഹനത്തിന് ഇപ്പോൾ വച്ചിട്ടുള്ള സ്പീഡ്‌ലിമിററ് എടുത്തുകളയുന്നതിനെസംബന്ധിച്ചു പ്രതിപാദിക്കാനാണ്. സ്പീഡ്‌ലിമിററു വച്ചതുകൊണ്ടു യാതൊരുപ്രയോജനവുമില്ല എന്നു കമ്മീഷണർക്കുതന്നെ അറിയാമെന്നു ഞാൻ വിചാരിക്കുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സ്പീഡ്‌ലിമിററ് അനുസരിച്ചാണോ ഇപ്പോൾ ബസ്സുകൾ ഓടുന്നതു്?

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): സ്പീഡ്‌ലിമിററനുസരിച്ചു ഒരു ബസ്സും ഓടുന്നില്ല. ചെക്കിംഗ്സ്റ്റേഷന് അടുക്കത്തടുത്തുന്നതുവരെ ഡ്രൈവർമാരുടെ ഇഷ്ടംപോലെ ഓടിക്കുകയും ചെക്കിംഗ്സ്റ്റേഷനു സമീപത്തെത്തുമ്പോൾ ഇന്നസമയത്തെ ഒരു സ്ഥലത്തെത്താൻ പാടുള്ളു എന്ന നിബന്ധനയുള്ളതുകൊണ്ട് അത്രയുംസമയം അവിടെ ഇട്ടു യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു എന്നല്ലാതെ സ്പീഡ്‌ലിമിററുകൊണ്ട് ഒരു പ്രയോജനവുമില്ല. കൊല്ലത്തുനിന്നും ആലപ്പുഴ വരുന്നതിന് അഞ്ചുമണിക്കൂർവേണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ക്രമപ്രശ്നവിഷയമായ ഒരു സംഗതിക്കായി ഞാൻ എഴുന്നേല്ക്കുന്നു. ഈ ഉപക്ഷേപത്തിൻെറ അധികരണത്തിൽ ശീഘ്രതാവധി എന്നസംഗതി വിമർശിക്കാൻ പാടുണ്ടോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡൻറ്: മി. മഹമ്മദ്, അതിനെ ഈ ഉപക്ഷേപവുമായി നിങ്ങൾ എങ്ങിനെ ഘടിപ്പിക്കും?

മി: പി. എസ്. മുഹമ്മദ് (നിയമിതമെംബർ): കമ്മീഷണർ വേണ്ടവിധത്തിൽ ഓരോരോസ്ഥലങ്ങളേയും പരിശോധിച്ച് ഈ ദൂഷ്യങ്ങളെ കണ്ടുപിടിച്ചിരുന്നു എങ്കിൽ ഇതിനുമുമ്പുതന്നെ അദ്ദേഹം ഈ സ്പീഡ്‌ലിമിററു എടുത്തുകളയുമായിരുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): കമ്മീഷണർ ബസ്സുകളുടെ പുറകെക്കൂടി സഞ്ചരിക്കണമെന്നാണോ പറയുന്നതു്?

മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): ബസ്സുകാർ ശരിയായിട്ടു പ്രവൎത്തിക്കുന്നുണ്ടോ എന്നുള്ളസംഗതി കമ്മീഷണരുടെ യാത്രയിൽ കണ്ടുപിടിച്ചിരുന്നു എന്നുവരികിൽ എത്രയോകാലംമുമ്പുതന്നെ ഈ സ്പീഡ്‌ലിമിററ് എടുത്തുകളയുമായിരുന്നു എന്നാണ് ഞാൻ പറഞ്ഞതു്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കമ്മീഷണരും ൨൰ മൈലിൽ വേഗതയുള്ള കാറിൽ യാത്രചെയ്യുന്നതായിരുന്നാൽ ഈ വിഷമം അറിയുമായിരുന്നില്ലേ?

മി. പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): അറിയുമായിരുന്നു. കമ്മീഷണർ ഇരുപതോ ഇരുപത്തഞ്ചോ മയിൽ വേഗതയിൽ പ്ലെഷർകാറിലാണ സഞ്ചരിക്കുന്നത്. അതുകൊണ്ടാണ സ്പീഡ്ലിമിററിന്റെ ബുദ്ധിമുട്ട് അറിയാത്തത്.

കൊല്ലത്തുനിന്നും ആലപ്പുഴവരുന്നതിന് ഇപ്പോഴത്തെ സ്പീഡ്ലിമിററുനിമിത്തം ൫ മണിക്കൂർ വേണ്ടിവരുന്നു. എന്നാൽ ബോട്ടിലാണെങ്കിൽ ൬ മണിക്കൂർകൊണ്ട് കൊല്ലത്തു എത്താൻ സാധിക്കും. നാലണ കൂലി കൊടുത്താൽമതി. അതിനാൽ അധികം ആളുകളും മോട്ടാറിൽകയറാൻതന്നെ പോകാറില്ല. ഈ സ്പീഡ്ലിമിററുകൊണ്ട ബസ്സ് പ്രവർത്തിക്കുന്നവരെ വല്ലാതെ വിഷമിപ്പിക്കാമെന്നല്ലാതെ വേറെ യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് ഈ സ്പീഡ്ലിമിററ് എടുത്തുകളയേണ്ടതാണ്.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും-ദേവികുളവും): സ്പീഡ്ലിമിററ് എടുത്തുകളയണമെന്നു ഇവിടെ പ്രസ്താവിച്ചുവല്ലോ. പള്ളിക്കൂടം മുതലായ പൊതുസ്ഥാപനങ്ങളുടെ സമീപത്തുവരുമ്പോൾ ഈ സ്പീഡ്ലിമിററ് ഉണ്ടായിരിക്കുന്നതു നല്ലതാണെന്ന് അഭിപ്രായമില്ലേ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അധികം ജനവാസമുള്ള പട്ടണങ്ങളിലും വിദ്യാലയങ്ങളുടെ സമീപത്തും മററും കുറെ സൂക്ഷിച്ചു കാർ ഓടിക്കുന്നതുകൊണ്ട തടസ്ഥം ഒന്നുമില്ല.

മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): എത്രമയിൽ സ്പീഡിലാണ് ബസ്സുകൾ ഓടിക്കുന്നതു?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ൨൰ മൈൽ.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): സ്പീഡ്ലിമിററ് വേണ്ടാ എന്നുവച്ചാൽ റോഡിന്റെ വീതികുറവുകൊണ്ടു അപകടം അധികം വരാനിടയില്ലേ?

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സ്പീഡ്ലിമിററുകടലാസിൽ ഉണ്ടെന്നല്ലാതെ അതനുസരിച്ചു ഡ്രൈവർമാർ ആരും പ്രവർത്തിക്കുന്നില്ല. അവർക്ക ബോധിച്ചതുപോലെയാണ് ഓട്ടിക്കുന്നതു. ആ സ്ഥിതിക്ക് സ്പീഡ്ലിമിററുകൊണ്ടാണ് അപകടം കുറയുന്നതെന്നു വിചാരിക്കാൻ ന്യായമില്ല.

മി. തയ്യിളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കമ്മീഷണർ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ധാരാളം സഞ്ചരിച്ച് മോട്ടോർ ട്രാഫിക്കിനെ സംബന്ധിച്ചു മാത്രമല്ല മററു കാര്യങ്ങളെയുംസംബന്ധിച്ചും പലതും മനസ്സിലാക്കി ഡിപ്പാർട്ടുമെന്റിനെ ശരിയായി നയിച്ച് ജനങ്ങളുടെ ക്ഷേമവും സമാധാനവും പരിപാലിക്കേണ്ടതാണ്. ഈ സംഗതി ഇതിനുമുമ്പ് കഴിഞ്ഞ ബഡ്ജററുകാലത്തു ഞാൻ സകാരണം പറഞ്ഞിരുന്നു. പേർസനൽ അസിസ്റ്റന്റും മാനേജരും ആഫീസുജോലി വഹിക്കുന്നതിനുള്ളതിനാൽ മുമ്പിലത്തെക്കാൾ കുറേക്കൂടി സക്കീട്ടുചെയ്തു പോലീസുകാരുടെ നടപടികളെ [illegible] ശ്രദ്ധിക്കുന്നതിനു കമ്മീഷണർക്ക ധാരാളം സൗകര്യമുണ്ട്.

മി. എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): മാനേജർക്ക സക്കീട്ടുപോകാൻ സാധിക്കുകയില്ലെന്നു ഞാൻ ശങ്കിക്കുന്നു.

പ്രസിഡൻറ്: പേഴ്സനൽ അസിസ്റ്റൻറും മാനേജരും ഉള്ളതിനാൽ നിങ്ങൾക്ക സക്കീട്ടുചെയ്യാൻ അധികം സമയം ഉണ്ടെന്നാണ മെമ്പർ പറയുന്നതു.

മി. തയ്യിളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതുകൊണ്ട് പേർസണൽ അസിസ്റ്റൻറും മാനേജരുമൊക്കെ വേണമെന്ന് അർത്ഥമാകുന്നതു. അവരെക്കൊണ്ട് ഗുണമോ ദോഷമോ എന്നുള്ളകാര്യം വേറെ. ഇപ്പോൾ അവരെല്ലാമുള്ളതുകൊണ്ട [illegible] സമയം ധാരാളം കിട്ടുന്നുണ്ട്. കമ്മീഷണർ ധാരാളം സക്കീട്ടുചെയ്തു മോട്ടോർ ട്രാഫിക്ക മാത്രമല്ല മററു കാര്യങ്ങളെയും കണ്ടുപിടിച്ചു ക്രമപ്പെടുത്തണം. ഇതു ജനങ്ങളുടെ ക്ഷേമത്തിനു ഒഴിച്ചുകൂടാത്ത അത്യാവശ്യമാണ്. സാധുജനങ്ങളുടെ ക്ഷേമവും സമാധാനവും പോലീസുകാരെത്തന്നെ സാരമായി ആശ്രയിച്ചാണ് ഇരിക്കുന്നതു. കള്ളന്മാരും അക്രമികളും മററും പോലീസുകാരുടെ അനുകൂലത്തോടുകൂടിയാണ് പലസ്ഥലത്തും അവരുടെ കൃത്യങ്ങൾ തുടരുന്നതെന്നു ഒരപവാദമുണ്ട്. അതു മററുള്ളവരുടെ സക്കീട്ടുകൊണ്ട കണ്ടുപിടിക്കാൻ സാധിക്കയില്ല. അതിലേക്കു കമ്മീഷണർതന്നെ വേണം.

സ്പീഡും സൈസും ആണു പ്രത്യേകിച്ചു മോട്ടോർ ട്രാഫിക്കിൽ ക്രമപ്പെടുത്തേണ്ടതു. ചിലസാമാജികന്മാർ അഭിപ്രായപ്പെട്ടതുപോലെ സ്പീഡ്ലിമിററു തീരെ എടുത്തുകളയുന്നതു നന്നായിരിക്കയില്ല എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ബസ്സുകൾക്ക് ഇപ്പോഴത്തെ ൨൰ മൈൽ എന്നുള്ളതു അത്ര ശരിയല്ല. പട്ടണങ്ങളിൽ സ്പീഡ് കുറെ കുറയ്ക്കുകയും ബാക്കിസ്ഥലങ്ങളിൽ ൨൫ എന്നാക്കുകയും ചെയ്യുന്നതുകൊണ്ടു വിരോധമില്ല.

മി: എ. ജി. മേനോൻ (പറവൂർ). ഇംഗ്ലണ്ടിൽ ഈ സ്പീഡ്ലിമിററ് ഇപ്പോൾ എടുത്തുകളഞ്ഞതായറിയാമോ?

മി: തയ്യിളകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇംഗ്ലണ്ടിലെ കാര്യങ്ങൾ വേറെ.

ഈ രാജ്യത്തു റോഡുകൾ വിസ്താരം കുറഞ്ഞവയായതുകൊണ്ടുസ്പീഡ്ലിമിററ് ഇല്ലാതെയിരുന്നാൽ അപകടമുണ്ടാകും. മൈസൂരിലുംമററും സ്പീഡ്ലിമിററിന്റെ ആവശ്യമില്ല. അവിടത്തെ റോഡുകൾവളരെ വിസ്താരമേറിയതാണ്. ഞാൻ അവിടങ്ങളിൽ സഞ്ചരിച്ചുനോക്കീട്ടുണ്ട്. ബ്രിട്ടീഷ്ജില്ലകളിൽ റോഡുകൾക്ക് അത്ര വിസ്താരമില്ലെങ്കിലും കാറുകൾ തമ്മിൽ കൂട്ടിമുട്ടാതെ മാററികൊണ്ടുപോകത്തക്കവണ്ണം ഭൂമി മിക്കവാറും ലെവലായിട്ടുള്ളതാണ്. ഇവിടത്തെ സ്ഥിതി അങ്ങനെയല്ല, ഒരുവശം കുന്നും ഒരുവശം കുഴിയുമായിട്ടാണ് ഇവിടത്തെ റോഡുകളുടെ വശങ്ങൾ കിടക്കുന്നതു. സ്പീഡ്ലിമിററ് ഇല്ലാതെയാക്കണമെങ്കിൽ ഇവിടത്തെ റോഡുകൾക്ക വിസ്താരം കൂട്ടണം. റോഡ് വിസ്താരംകൂട്ടാതെ ഈ സ്പീഡ്ലിമിററു വേണ്ടഎന്നു വയ്ക്കുന്നപക്ഷം പോലീസുകാർ എത്രതന്നെ ശ്രദ്ധിച്ചാലും അപകടം ധാരാളം സംഭവിക്കും.

മോട്ടാറിൽ അധികം ആളുകളെ കയററുന്നുണ്ടോ എന്നുമാത്രം പോലീസുകാർ പരിശോധിച്ചുവരുന്നുണ്ട്. ഇങ്ങനെ പരിശോധിക്കുന്നതു അധികവും ചില ആദായങ്ങൾക്കു വഴിയുണ്ടോ എന്നാണ്. കൂടുതൽ ആളുകളെ കയററുന്നതുകൊണ്ടു അധികം അപകടം ഉണ്ടാകാനില്ല.

ഡ്രൈവ് സൂക്ഷിക്കുന്നകാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഇന്നവശത്തുകൂടിയേ പോകാവൂ എന്നു വ്യവസ്ഥയുണ്ടെങ്കിലും അതിൽ ഡ്രൈവർമാർ ചിലർ അത്ര ശ്രദ്ധിക്കുന്നില്ല. മോട്ടാർപോകുമ്പോൾ പെട്ടെന്നു സൈഡ് മാററുകയോ മറെറാ ചെയ്താൽ അവ തമ്മിൽ കൂട്ടിമുട്ടിയോ കുഴിയിൽവീണോ അപകടങ്ങളും സംഭവിച്ചേക്കാം. ഈ കാര്യങ്ങളെല്ലാം കമ്മീഷണർ മുന്നറിവുകൊടുക്കാതെ പരിശോധിക്കുന്നപക്ഷം ശരിവിധം അറിയാവുന്നതാണ്.

മുന്നറിവു കൊടുത്തിട്ടുപോകുന്നപക്ഷം വാസ്തവം അറിയാൻ സാധിക്കയില്ല. ഒരിടത്തു ചെന്നുനിന്നാൽ മുമ്പേപോകുന്ന ബസ്സുകാർ ശേഷമുള്ള ബസ്സുകാരെ എല്ലാം കമ്മീഷണർ വന്നുനിൽക്കുന്നു എന്നു അറിയിക്കും. അതിനാൽ ഒരുസ്ഥലത്തുതന്നെ കമ്മീഷണർ അധികസമയംനിന്നു പരിശോധിച്ചാലും ഗുണമില്ല. ഒരു സ്ഥലത്തു നോക്കിയതിന്റെശേഷം വേറെ ഒരു വഴിയായി മറെറാരു സ്ഥലത്തു ചെന്നുനോക്കണം. അധികം ആളുകളെ കയററുന്നതിനെ പററി ഇപ്പോഴുള്ള നിഷ്കർഷ അത്ര ആവശ്യമില്ല. അതുകൊണ്ടു പോലീസുകാരുടെ ആദായമല്ലാതെ പ്രയോജനമില്ല. പക്ഷേ, കേടുള്ള വണ്ടി ഉപയോഗിക്കാൻ പാടില്ല എന്നു നിഷ്കർഷിക്കേണ്ടതാണ്. സൈഡും സ്പീഡുമാണ് അധികം സൂക്ഷിക്കേണ്ടതു്.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ). അധികം ആളുകളെ കയററിയാൽ ബസ്സിലിരിക്കുന്നവർക്കു ഉപദ്രവമല്ലേ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉപദ്രവമാണ്. എങ്കിലും അത്യാവശ്യമായിട്ടു പോകേണ്ടവർ കാണും. ഞെങ്ങിയെങ്കിലും ഇരുന്നുകൊള്ളാം എന്നുവിചാരിച്ചുതന്നെ ആളുകൾ കയറുന്നതാണല്ലോ.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക്): അധികം ആളുകളെ കയററിയാൽ പോലീസുകാർക്ക് എന്താണ് ആദായം?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അധികം ആളുകളെ കയററാൻ പാടില്ലാ എന്നൊരു വ്യവസ്ഥ ഇരിക്കുന്നതുകൊണ്ടു അധികം ആളുകളെ കയററിക്കൊണ്ടു പോകുന്നതു പോലീസ്കാർക്കണ്ടാൽ ഡ്രൈവർമാരെ ഭയപ്പെടുത്തി വല്ലതുമൊക്കെ വാങ്ങിക്കുന്നുണ്ട് എന്നുള്ള സംഗതി ഇന്നുപറയാം. ഇതു പരസ്യമായ ഒരു രഹസ്യമാണെന്നു ആർക്കാണ് അറിവില്ലാത്തതു്? (ഗാലറിയിൽ ചിരി).

പ്രസിഡൻറ്: ഗാലറിയിൽ ഇരിക്കുന്നവർ തങ്ങൾ അട്ടഹാസിച്ചുകൂടാത്തതാണെന്നു ഓർമ്മിച്ചുകൊള്ളണം. അതു് അതിരു കവിഞ്ഞിരിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സർക്കീട്ടിൽ കമ്മീഷണർ പണ്ടത്തേക്കാൾ ശ്രദ്ധിക്കുന്നു എന്നു പറയാം. എങ്കിലും ഇവിടത്തെ സ്ഥിതിക്കു അതുപോരാ. പോലീസ്കമ്മീഷണർ ഓരോ ഭാഗങ്ങളിലും പോയി പോലീസ്കാരുടെ നടപടികളെപ്പററി പൊതുജനങ്ങളോടു ചോദിച്ചു മനസ്സിലാക്കണം. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചെന്നു പ്രജാസഭാമെമ്പർ നിയമസഭാമെമ്പർ മററുള്ള മാന്യന്മാർ ഇവരോടെല്ലാം സ്ഥലത്തെ പോലീസ്കാരുടെ നടപടികളെപ്പററി ചോദിച്ചുതന്നെ മനസ്സിലാക്കണം. എല്ലാവരും കള്ളം പറയുന്നവരെന്നോ അല്ലെങ്കിൽ സത്യം പറയുന്നവരെന്നോ നമുക്കു പറഞ്ഞുകൂടാ. പലരോടും ചോദിക്കുമ്പോൾ സത്യാവസ്ഥ മനസ്സിലാകും. ഇങ്ങനെവേണം പോലീസ്ഡിപ്പാർട്ടുമെന്റിലെ കറുത്ത ആളുകളെ കണ്ടുപിടിക്കാൻ. അങ്ങനെ കണ്ടുപിടിച്ചു അവരെ ശിക്ഷിച്ചു ഈ ഡിപ്പാർട്ടുമെന്റിനെ ജനക്ഷേമകരമാംവണ്ണം തിരിച്ചുകൊണ്ടുപോകാൻ കമ്മീഷണർ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഒരു ജനപ്രതിനിധിയുടെ നിലയിൽ ശക്തിയായി ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, മി. ചെല്ലംപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനായി ഞാൻ എഴുന്നേൽക്കുന്നു. എന്റെ അഭിപ്രായം ശീഘ്രതാവധി ആവശ്യമില്ലെന്നാണ്. മി. മേനോൻ പറഞ്ഞതുപോലെ ലണ്ടൻ, ന്യൂയോർക്കു മുതലായ വലുതായ വാണിജ്യകേന്ദ്രങ്ങളിൽ ശീഘ്രതാവധി നിർത്തലാക്കിയിരിക്കുന്നു. കൊളമ്പിൽ ശീഘ്രതാവധി നിർത്തലാക്കിയിരിക്കുന്നു എന്നു ഞാൻ ഈയിടെ വൃത്താന്തപത്രങ്ങളിൽ വായിക്കയുണ്ടായി. ഈ ദൃഷ്ടാന്തങ്ങളിൽനിന്നു് അനുമാനിക്കാൻകഴിയുന്നതു് ഏതു പ്രത്യേകമാർഗ്ഗത്തിലും ശീഘ്രതാവധി അപകടങ്ങൾ സംഭവിക്കുന്നതിനു കുറവു വരുത്തുന്നതിനു ഉപയുക്തമല്ല എന്നാണ്... (ഏതാനും മെമ്പർമാർ "അക്സിഡൻറ്സ്")" ശീഘ്രതാവധി ഇപ്പോഴത്തെപ്പോലെ ഇരിക്കണമെന്നു മി. കുഞ്ഞുതൊമ്മൻ പറഞ്ഞു.

പ്രസിഡൻറ്. അതിനെ ഉയർത്താം എന്നു് അദ്ദേഹം പറഞ്ഞു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അദ്ദേഹം പറഞ്ഞതു ഞാൻ കേട്ടില്ല.

പ്രസിഡൻറ്: അദ്ദേഹം പറഞ്ഞതു അതു നിർത്തൽ ചെയ്യരുതെന്നും എന്നാൽ ശീഘ്രതാവധി ഉയർത്തണം എന്നുമാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സ്പീഡ്ലിമിററു വേണ്ട എന്നു പറഞ്ഞുവെന്നാണോ മെമ്പർ മനസ്സിലാക്കിയതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വേണമെന്നുപറഞ്ഞു എന്നാണു ഞാൻ മനസ്സിലാക്കിയതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ബസ്സുകൾക്കു ഇപ്പോഴത്തെ വ്യവസ്ഥയെ ഭേദപ്പെടുത്തി ... മൈൽ ആക്കണമെന്നാണ് ഞാൻ പറഞ്ഞതു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സർ, ഇപ്പോൾ ശീഘ്രതാവധി ഉയർത്താത്തതുകൊണ്ടു ബസ്സുടമസ്ഥന്മാർ അനുഭവിച്ചുവരുന്ന പ്രതികൂലങ്ങൾ വളരെയാണ്. ഇപ്പോഴത്തെ ശീഘ്രതാവധി

കൊണ്ടു അവക്കു പെട്രോളിന്റെ വലുതായ ഒരളവു നഷ്ടമായിത്തീരുന്നു. താഴ്ന്ന ഒരു ശീഘ്രതാവധിമാത്രമുണ്ടായിരുന്നാൽ പെട്രോൾ ചെലവു് എല്ലായ്പോഴും കുറഞ്ഞുകൊണ്ടിരിക്കും. നേരെമറിച്ചു കൂടുതൽവേഗത്തിൽ സഞ്ചരിക്കുന്നതിനു് ഒരു കാറിനെ അനുവദിക്കുന്നെങ്കിൽ അപ്പോൾ ചെലവാകുന്ന പെട്രോളിന്റെ അളവു് ചുരുങ്ങിയും ഇരിക്കും. പണസംബന്ധമായി നോക്കുന്നെങ്കിലും ബസ്സുടമസ്ഥന്മാർക്കു വലുതായ പ്രതികൂലമുണ്ടു്. വളവുകളിലും മററു സ്ഥലങ്ങളിലും അപകടങ്ങളൊഴിക്കുന്നതിനു് ഉത്തമമായ മാർഗ്ഗം ഡ്രൈവർ അങ്ങനെയുള്ള ഒരു സ്ഥലത്തു് എത്തുന്നസമയത്തു വിളിച്ചറിയിക്കുന്നതാണു്. അങ്ങനെ ഇപ്പോൾ പതിവായി മോട്ടോർ ഡ്രൈവർമാർ ചെയ്യുവാറില്ല. ഇപ്പോൾ നടക്കുന്ന അനവധിയായ മോട്ടോർ അപകടങ്ങൾ ഈ ഡ്രൈവർമാരുടെ ഉപേക്ഷയും ധൃതഗതികൊണ്ടും ആകുന്നെന്നു ഞാൻ ആരോപിക്കേണ്ടിയിരിക്കുന്നു. ഉപേക്ഷമായിട്ടും ധൃതഗതിയായിട്ടും ഓടിക്കുന്നവരായ ഡ്രൈവർമാരെ ശിക്ഷിക്കുന്നവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുന്നതായാൽ, അപ്പോൾ ഇന്നു നടന്നുകൊണ്ടിരിക്കുന്ന അപകടങ്ങളിൽ പകുതിയേയും തടയാവുന്നതാണെന്നു എനിക്കു നിശ്ചയമുണ്ടു്. മാസംപ്രതി തിരുവിതാംകൂറിൽ സംഭവിക്കുന്ന അനേകം മരണങ്ങളെപ്പററി നാം കേൾക്കുന്നു. അതിനു കാരണമായിരിക്കുന്നതു് ഈ ഡ്രൈവർമാർ ഉപേക്ഷയായിട്ടു തങ്ങളുടെ ജോലി നടത്തുന്നതിനനുവദിക്കുന്നതത്രെ.

മി: വി. ചെല്ലംപിള്ള (തോവാള): വളവുകളിൽ ആണോ മോട്ടോർ അപകടം സംഭവിക്കുന്നതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കഴിഞ്ഞ മാസത്തിൽതന്നെ വെമ്പായത്തു ഇങ്ങനെ ഒരപകടമുണ്ടായി.

മി: വി. ചെല്ലംപിള്ള (തോവാള): പതുക്കെ ഓടിച്ചാലും ധാരാളം അപകടം ഉണ്ടാകാൻ വഴിയുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പതുക്കെ ഓടിച്ചാലും സൂക്ഷിക്കാതെയിരുന്നാൽ അപകടമുണ്ടാകും.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-മതക്ക്): അമേരിക്കയിൽ ഗതാഗതത്തിനു തടസ്സമുണ്ടാക്കുന്ന പാദചാരികളെ പ്രോസിക്യൂട്ടുചെയ്യുന്നുണ്ടെന്നു മെംബർക്കറിയാമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ അതിനെപ്പററി അത്ര വളരെ പഠിച്ചിട്ടില്ല. അമേരിക്കയിൽനിന്നും മാഗസീനും മററും വരുത്തി ഞാൻ വായിച്ചിട്ടില്ല.

മി: രേവതിനാൾ രാഘവവർമ്മരാജാ (എടവക): ഇങ്ങനെ സൂക്ഷ്മമില്ലാത്ത ഡ്രൈവർമാർക്ക് ഈ സ്പീഡ് ലിമിററ് ഉണ്ടായിരുന്നാലും അപകടം പററുകയില്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അത്ര സൂക്ഷ്മക്കുറവോടുകൂടി പോകാൻ പാടില്ല. അതിലേക്കു പ്രത്യേകം നിബന്ധനകളുണ്ടായിരുന്നാൽ സാധിക്കും.

ഇക്കാലത്തു മദ്യപിച്ചിട്ടാണു ഡ്രൈവർമാരിൽ പലരും ബസ്സുകൾ ഓടിക്കുന്നതു്. അവർ ബോധരഹിതരായിതീരുന്നു. എന്താണു ചെയ്യേണ്ടതെന്നു അവർക്കറിഞ്ഞുകൂടാ. ലഹരിപിടിച്ച അവസ്ഥയിലാണു് അവർ ബസ്സുകൾ ഓടിക്കുന്നതും തന്നിമിത്തം അനേകം അപകടങ്ങൾ സംഭവിച്ചിട്ടുമുണ്ടു്. ഈ അപകടങ്ങൾ സംഭവിക്കുന്നതിനുള്ള കാരണങ്ങളെ തിരക്കിയപ്പോൾ, ഈ ഡ്രൈവർമാരുടെ ലഹരികൾ നിമിത്തമാണെന്നു റിപ്പോർട്ടു കിട്ടുകയുണ്ടായി. അതിനാൽ മദ്യപിച്ചിട്ടുള്ള ഡ്രൈവർമാരെ ഓടിക്കുന്നതിനു അനുവദിക്കുന്നതല്ലെന്നു നിഷ്കർഷിക്കുന്നതിനു ഡിപ്പാർട്ടുമെന്റു പ്രത്യേകം ശ്രദ്ധിക്കുന്നെങ്കിൽ, അപ്പോൾ അപകടങ്ങളിൽ പകുതിയേയും ഒഴിക്കാവുന്നതാണു്. ബസ്സുകൾ ഉപേക്ഷയായിട്ടു ഓടിക്കുന്നതിനനുവദിക്കപ്പെടുന്നതിനാൽ യാത്രക്കാർ തീർച്ചയായിട്ടും വളരെ വളരെ സങ്കടങ്ങൾ അനുഭവിക്കുന്നു. അററകുററപ്പെട്ട യന്ത്രങ്ങൾ ഓടിക്കുന്നതിനു് അനുവദിക്കപ്പെടുന്നു. വഴിമദ്ധ്യേ യന്ത്രങ്ങൾക്കു കേടുവരികയും യാത്രക്കാർ നിസ്സീമമായ വിഷമങ്ങളിൽ അകപ്പെടുകയും ചെയ്യുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-മതക്ക്): പരിശോധകന്മാർ യന്ത്രങ്ങളെ പരിശോധിച്ചുവരുന്നില്ലേ? പോലീസ് കമ്മീഷണർ എന്താണു് ചെയ്യേണ്ടതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പരിശോധകന്മാർ അവയെ ശരിപ്പെടുത്തണം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-മതക്ക്): സർട്ടിഫിക്കററുകൾ കൊടുക്കാൻ പരിശോധകന്മാരില്ലേ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അവർ അതു ശരിയായി ചെയ്യുന്നില്ലെന്നാണു് എന്റെ വാദം. ബസ്സുകൾ ശരിയായി പരിശോധിക്കപ്പെടണം. അപ്പോൾ മാത്രമെ അവ ഓടുന്നതിനു അനുവദിക്കപ്പെടാവൂ. പരിശോധന അധികം നല്ല രീതിയിലും കാര്യക്ഷമമായും നടത്തപ്പെടുന്നെങ്കിൽ അപ്പോൾ പ്രതികൂല്യങ്ങളെ കുറയ്ക്കുന്നതിനു സാധിക്കുന്നതാണു്. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: എ. ജി. മേനോൻ (പറവൂർ): സർ, മി: കേശവപിള്ള കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളോടു പൂർണ്ണത്തിൽ യോജിക്കുന്നതിനു വാക്കുകളെ പറയുന്നതിനുമാത്രമെ എനിക്കുള്ളു. ശീഘ്രതാവധി നിശ്ചയിക്കണമെന്നു ഞാൻ വാദിച്ചു. എന്നാൽ നമ്മുടെ രാജ്യത്തിലെ സ്ഥിതികൾ ആലോചിക്കുമ്പോൾ, മാവേലിക്കര, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നപോലുള്ള സ്ഥലങ്ങളിൽകൂടി കാറുകൾ ഓടിക്കുമ്പോൾ ഒരു ശീഘ്രതാവധി ന്യായമായി നമുക്കു ചുമത്താവുന്നതാണു്. എന്നാൽ മററു കാര്യങ്ങളിൽ, ഇപ്പോൾതന്നെ കാറുകൾ വളരെ കൂടുതലായ ശീഘ്രതയിൽ ഓടിച്ചുവരുന്നതിനാൽ, ഒരു ശീഘ്രതാവധി ചുമത്തുന്നതായാലും അതു തീരെ നിഷ്ഫലമാണു്. അതാണു് വാസ്തവസംഗതി.

പിന്നെ വേറൊരുകാര്യം ഈ പരിശോധന സ്ഥാനങ്ങളെ നിർത്തലാക്കി ഇൻസ്പെക്ടർമാരുടെ ഒരുവിസർപ്പണദളം (a flying column) ഏർപ്പെടുത്തുന്നതാണു്. ഗവണ്മെന്റു അവരുടെ മോട്ടോർ വാഹനങ്ങളെ തീർച്ചയായിട്ടും കൊടുക്കേണ്ടിവരും. ആറോ എട്ടോ ഇൻസ്പെക്ടർമാർ നിയമിക്കപ്പെടട്ടെ; അവർ ഒരു സ്ഥലത്തുനിന്നു വേറൊരു സ്ഥലത്തേക്കു സഞ്ചരിക്കട്ടെ. അപ്പോൾ മാത്രമെ ചെക്കിംഗ് (പരിശോധന) കൊണ്ടു പ്രയോജനംവരികയുള്ളു. എന്നാൽ ഈ ചെക്കിംഗ് സ്റ്റേഷനുകൾ ആവ ഇപ്പോൾ നടത്തപ്പെടുന്ന സ്ഥിതിയിൽ ഒരു സഹായത്തിനു പകരം ഉപദ്രവമത്രെ.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, ഈ ഖണ്ഡനോപക്ഷേപത്തിന്മേൽ മി: ചെല്ലംപിള്ള ചെയ്തിട്ടുള്ള പ്രസംഗത്തോട് എനിക്കു വളരെ അനുകമ്പയുണ്ട്. അദ്ദേഹം പരാതിപ്പെടുന്ന വിഷമങ്ങൾ വാസ്തവമല്ലാതെങ്കിൽ, താൻ കുറയ്ക്കുന്നതിനുദ്ദേശിക്കുന്ന ഒരു രൂപാ ഉപേക്ഷിക്കാൻ എനിക്കു മനസ്സാണ്. എന്നാൽ അദ്ദേഹം തേടുന്ന നിവൃത്തിമാർഗ്ഗം കാക്കരാജാവും ബകരാജാവും എന്ന കഥയെപ്പോലെ ഇരിക്കുന്നു. നാഗർകോവിലിൽ, അവിടത്തെ തിരക്കുനിമിത്തം ഈ ബസ്സ് കേന്ദ്രങ്ങളെ ഞാൻ മാററിയിട്ടു.

മി: വി. ചെല്ലംപിള്ള (തോവാള): എത്ര ആളുകളാണ് ക്ലാക്ക്ടവ്വറിനു സമീപം ചത്തിട്ടുള്ളതു?

പ്രസിഡന്റ്: ദയവുചെയ്തു ചോദ്യം ഇംഗ്ലീഷിൽ ചോദിക്കണം.

മി: വി. ചെല്ലംപിള്ള (തോവാള): നാഗർകോവിലിൽ ക്ലാക്കടവ്വറിനു സമീപം എത്ര പേരാണ് ചത്തിട്ടുള്ളതു എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): എനിക്കറിഞ്ഞുകൂടാ. അപകടങ്ങളെപ്പററി പരാതികൾ അയച്ചിട്ടുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): മററതരത്തിലുള്ള അപകടം എത്രയെണ്ണമായി എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): സംഖ്യകൾ എന്റെ പക്കൽ ഇല്ല. അവിടെ ബസ്സു ഗതാഗതത്തിന്റെ തിരക്കുനിമിത്തമുള്ള അപകടങ്ങളെപ്പററിയുള്ള പരാതികൾ ഞാൻ കേട്ടിരിക്കുന്നു. ആ പരാതികൾക്കു ന്യായമായ അടിസ്ഥാനമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. തൽഫലമായി ഈ ബസ്സുകളുടെ നിർഗ്ഗമനസ്ഥാനങ്ങളെ ഞാൻ ക്ലാക്ക്ടവ്വറിൽനിന്നു കുറെ ദൂരത്തേക്കു മാററിയിട്ടിരിക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): റോഡിന്റെ വീതിക്കുറവിനാലൊ വേറെ വല്ല കാരണങ്ങളാലൊ ആണ് തിരക്കുണ്ടാകുന്നതു എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): അതു അനേകം കാരണങ്ങളാൽ ആണെന്നു ഞാൻ വിചാരിക്കുന്നു. അതു അവിടെ ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ സംഖ്യ, അവിടെ നടക്കുന്ന ആളുകളുടെ സംഖ്യ, മററു വാഹനങ്ങളുടെ ഗതാഗതം, സൈക്കിളുകൾ എന്നിവ നിമിത്തവും തിരക്കിനു ഹേതുവായിത്തീരുന്ന മററ് അനേകം കാരണങ്ങളാലുമാണ്.

മി: വി. ചെല്ലംപിള്ള (തോവാള): കൂടുതൽ സ്ഥലം ആർജ്ജിക്കുന്നതിനും ഒരു ബസ്സ്സ്റ്റാൻഡു (ബസ്സുകൾക്കു ആശ്രയസ്ഥാനം) ഉണ്ടാക്കുന്നതിനും വല്ല ഉദ്ദേശവും ഉണ്ടോ എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): സർ, എനിക്കു ഇനിയും കുറച്ചുമിനിട്ടുകൾ മാത്രമെ ശേഷിച്ചിട്ടുള്ളു. എന്റെ പ്രാപ്തിക്കനുസരണം മെംബർമാരെ തൃപ്തിപ്പെടുത്തുന്നതിനു ഞാൻ ശ്രമിക്കുന്നതുമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും-തെക്ക്): ഈ ബസ്സുകൾ അതതിന്റെ ഗാരേജുകളിൽ നിന്നുകൊണ്ടു യാത്രക്കാരെ കൊണ്ടുപോകുന്നതിനു അദ്ദേഹത്തിനു വല്ല വിരോധവും ഉണ്ടോ എന്നു പറയാമോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ബസ്സുകൾ ഉപറോഡുകളിൽ ഓടിക്കൊണ്ടു യാത്രക്കാരെ കയററുന്നതിനിടയാക്കിയതിനാൽ, അതു മുമ്പു നിരോധിക്കപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കും എന്നറിയുന്നതിലേക്കു നാഗർകോവിൽ മുൻസിപ്പൽ ചെയർമാനോടു ഞാൻ എഴുതി ചോദിച്ചിട്ടുണ്ട്. ജനങ്ങൾക്കു കഴിയുന്നത്ര അപകടം ചുരുങ്ങിയതായ എന്തെങ്കിലും വഴി നിർദ്ദേശിക്കുന്നതിനു അദ്ദേഹത്തോടു അപേക്ഷിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ ബസ്സുകൾ പുറപ്പെടുന്നതിനു ഒരു സ്ഥാനത്തിനു വേണ്ടി ഭൂമി വാങ്ങാൻ മുൻസിപ്പാലിററിക്കു കഴിയുമെങ്കിൽ, അപ്പോൾ വിഷമത പരിഹരിക്കപ്പെടുന്നതായിരിക്കും. ഇപ്പോൾ ബസ്സുകൾ തിരുനൽവേലിയിലേക്കും തിരുവനന്തപുരത്തേക്കും, കന്യാകുമാരിയിലേക്കും, അഴകിയപാണ്ഡ്യപുരത്തേക്കും മററും പോയ്ക്കൊണ്ടിരിക്കുന്നു. ഒരു ബസ്സ് സ്റ്റാൻഡിനു വേണ്ടി കുറെ ഭൂമി വാങ്ങുന്നതു പൊതുജനങ്ങൾക്കു തൃപ്തിയായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. വരുന്ന ഏതാനും ദിവസങ്ങളിൽ മി: ചെല്ലംപിള്ളയെ തൃപ്തിപ്പെടുത്തുന്നതിനു എനിക്കു കഴിയുന്നതായിരിക്കുമെന്നു ഞാൻ ആശിക്കുന്നു. വരുന്ന ഏതാനും ദിവസങ്ങളിൽ ഞാൻ അങ്ങിനെ ചെയ്യുന്നതാണെന്നു അദ്ദേഹത്തോടു ഉറപ്പുപറയാൻ എനിക്കു കഴിയും.

ശീഘ്രതാവധി (Speed limit) എന്നുള്ള പ്രശ്നം ഉന്നയിക്കപ്പെട്ടു. എനിക്കു മെമ്പർമാരോടു അനുകമ്പയുണ്ട്. ഇപ്പോൾ ചുമത്തിയിരിക്കുന്ന ശീഘ്രതാവധികളിൽ പോകുന്നതു വളരെ അസുഖമായി ഞാൻ തന്നെ കണ്ടിരിക്കുന്നു. പ്രശ്നം ഇപ്പോൾ ഗവണ്മെന്റിന്റെ മുമ്പിൽ ഇരിക്കുന്നു. ശീഘ്രതാവധി ഉയർത്തുന്നതു സാദ്ധ്യമാണോ എന്നു അവർ ആലോചിക്കയാണ്. ഇപ്പോൾ ഇരിക്കുന്നതിലും വളരെ കൂടുതലായിട്ടു അതിനെ ഉയർത്താൻ കഴിയുന്നതായിരിക്കുമെന്നു ഞാൻ ആശിക്കുന്നു. എന്നാൽ തിരുവിതാംകോട്ടിൽ ശീഘ്രതാവധി അശേഷം നിർത്തിക്കളയാൻ നമുക്കു സാധിക്കുന്നതല്ല. ഇംഗ്ലണ്ടിൽ ശീഘ്രതാവധിയെ നിർത്തൽ ചെയ്തു എന്നു ഒരു മെമ്പർ പ്രസ്താവിക്കയുണ്ടായി. ഇംഗ്ലണ്ടിൽ മോട്ടോർ സഞ്ചാരം കഴിഞ്ഞ നല്ല വർഷങ്ങളായിട്ടു നടന്നുകൊണ്ടിരിക്കുന്നു. പാദചാരികൾക്കു പ്രത്യേകം പാകിയ വഴികളും (pavements) ഉണ്ട്. പാദചാരികൾക്കു ഉദ്ദേശം ൫൦ വർഷങ്ങൾക്കു മുമ്പു ഉണ്ടായിരുന്നതിലും അധികരിച്ച മോട്ടോർ ബോധം ഇപ്പോൾ ഉണ്ട്. ശീഘ്രതാവധി തീരെ എടുത്തു കളയാൻ അനുവദിക്കാൻ പാടില്ലാത്ത വ്യത്യാസങ്ങളാണ് ഇപ്പോൾ ഉള്ളതു എന്നു ഇവിടെ പറയാൻ നമുക്കു കഴിയും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പട്ടണങ്ങളിലും അവയുടെ പുറമേയും ശീഘ്രതാവധി ഉണ്ടായിരിക്കണമെന്നു ആവശ്യമാണോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): പട്ടണങ്ങൾക്കുള്ളിൽ എന്നപോലെ അവയുടെ പുറമെയും കൂടി ശീഘ്രതാവധി ഒരുപോലെ ആവശ്യമാണെന്നു തീർച്ചയായിട്ടും ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ബസ്സുകൾ സഞ്ചരിക്കുന്ന പ്രദേശങ്ങളെ കണക്കിലെടുത്തു ശീഘ്രതാവധിയുടെ സംഗതി ഡ്രൈവർമാർക്കു വിട്ടുകൊടുക്കുന്നതു ക്ഷേമകരമായിരിക്കാൻ പാടില്ലേ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ); നിശ്ചയമായിട്ടും ഡ്രൈവർ വിദഗ്ദ്ധനായിരിക്കണമെങ്കിൽ, എന്നാൽ അവരിൽപലരും വിദഗ്ദ്ധന്മാരല്ല. എനിക്ക ചുരുങ്ങിയ സമയം മാത്രമെ ശേഷിച്ചിട്ടുള്ള ഈ എല്ലാ സംഗതികളേയും പററി പറയാൻ എനിക്ക ആവശ്യവുമാണ്.

ഞാൻ പറഞ്ഞതു പോലെ തിരുവിതാംകോട്ടിൽ ശീഘ്രതാവധി നിത്തലാക്കുന്നതിനുള്ള കാലം ഇതുവരെ എത്തീട്ടില്ല. ശീഘ്രതാവധിയെ നിയമസംബന്ധമായി നിർബന്ധിക്കുന്നതു തീരെ അസാദ്ധ്യമാണെന്ന എനിക്കറിയാം. അതാണ് എന്റെ സ്വന്തഅനുഭവം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പല റോഡുകളിലും അനുവദിച്ചിട്ടുള്ള ശീഘ്രതാവധികൾ തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസ്കമ്മീഷണർ): ചുരം റോഡുകളും (ghat roads) സാധാരണറോഡുകളും തമ്മിൽ വ്യത്യാസമുണ്ട്. പട്ടണങ്ങളിലും നാട്ടുപ്രദേശങ്ങളിലും തമ്മിലും ശീഘ്രതാവധിയിൽ വ്യത്യാസമുണ്ട്. എന്റെ പരിചയത്തിൽ നിന്ന എനിക്കറിയാവുന്നത്. ഞാൻ നാഗർകോവിൽ റോഡു പരിശോധിച്ചു സംയമനം ചെയ്വാൻ (ചെക്ക ചെയ്യുന്നതിന) ശ്രമിച്ചു—അവർ ചെക്കിംഗ്സ്റ്റേഷനുകളുടെ അടുത്തു വരുമ്പോൾ കുറഞ്ഞ വേഗത്തിലും എന്നാൽ അവിടം വിട്ടശേഷം ക്രമാതീതമായ വേഗത്തിലും ഓടിച്ചു വരുന്നു എന്നാണ്. ബസ്സുകൾ കുറഞ്ഞ വേഗത്തിൽ എന്നെ കടന്നു പോകുന്നതായി ഞാൻ കാണുകയുണ്ടായി. എന്നാൽ പിന്നീടു അപക്രമാതീതമായ വേഗത്തിലാണ പോയത്. പരമാവധിയായ ഒരു വേഗത നിശ്ചയിച്ചാൽ അവരുടെ പേരിൽ കുററാരോപണം നടത്തപ്പെടുമെന്ന ഒരു ആശങ്ക എപ്പോഴും ഉണ്ടായിരിക്കും. അതിനാൽ നമുക്ക നിർബന്ധിക്കാൻ വലുതായ വിഷമതയുണ്ടെങ്കിലും ശീഘ്രതാവധി ആവശ്യമാണ്. റോഡുകൾക്ക വീതികൂട്ടുന്നതിന പി. ഡബ്ളിയു. ഡിക്കു സാധിക്കുന്ന കാലത്തും, കാറുകളെ ഒഴിഞ്ഞു പോകുന്നതിന പൊതുജനങ്ങൾക്ക മോട്ടാർവാഹന ബോധമുണ്ടാകുന്ന കാലത്തും, സൈക്കിൾകാരും മററും തങ്ങളുടെ സൈക്കിളുകളേയും വാഹനങ്ങളേയും റോഡിന്റെ നിയമിതമായ സൈഡിൽ (വശത്തു) കൂടി കൊണ്ടു പോകുന്നതിന കഴിവുണ്ടാകുന്ന കാലത്തും ശീഘ്രതാവധി നിവൎത്തമാക്കുന്നതിന നമുക്ക സാധിക്കുന്നതായിരിക്കും.

വരുന്ന കൊല്ലത്തിൽ ചിങ്ങം ൧-ാം തീയതി മുതൽക്ക പുതിയ ഡ്രൈവിംഗ് ലൈസൻസുകൾ കൊടുക്കാൻ ഞാൻ ഭാവിച്ചിരിക്കയാണ്. അപ്പോൾ മലയാളത്തിൽ 'രക്ഷാ പ്രധാനം' എന്ന വിഷയത്തെപ്പററി ഏതാനും ഉപദേശങ്ങൾ കൊടുക്കാമെന്ന എനിക്ക ആശയുണ്ട്. അതു റോഡിൽ ഡ്രൈവർമാർ ആചരിക്കേണ്ട നടപടിയെ കൂടാതെ ശീഘ്രതാവധി സംബന്ധിക്കുന്ന കാൎയ്യത്തിൽ അവർ സ്വീകരിക്കേണ്ട നടപടിയെപ്പററിയും ഉപദേശിക്കുന്നതായിരിക്കും. ഡ്രൈവർമാൎക്കും പൊതുജനങ്ങൾക്കും അതു വേണ്ട അഭ്യസനം നൽകുന്നതായിരിക്കുമെന്ന ആശിക്കുന്നു.

പ്രസിഡന്റ: അവസാനിപ്പിക്കുന്നതിന കൂടുതൽ സമയം നിങ്ങൾക്ക ആവശ്യമുണ്ടെങ്കിൽ, അടുത്തദിവസം ഞാൻ നിങ്ങൾക്ക രണ്ടു മിനിട്ടു കൂടുതൽ തരുന്നതാണ്. ഇപ്പോൾ നമുക്ക പിരിയാം.

ഉച്ചയ്ക്കു മേൽ മണി ൫ അടിച്ചു ൧൭ മിനിട്ടായപ്പോൾ അടുത്ത ദിവസം ൧൧-൩-൧൦-ന വീണ്ടും കൂടുന്നതിനായി സഭ പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാ സെക്രട്ടറി.

(A True Translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭാ.

മൂന്നാമത്തെ സഭാ.

൧൧൦൮-ാമാണ്ടത്തെ രണ്ടാം സെഷൻ

അഫീഷ്യൽ റിപ്പോർട്ടു്.

൧൧൦൮ കർക്കടകം ൩൦-നു-ക്കു ൧൯൩൩ ആഗസ്റ്റ് ൧൭-ാംനു- വ്യാഴം.

സഭ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ പതിനൊന്നു മണിക്കു വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ കൂടി.

മി: എൻ. ആർ. കൃഷ്ണൻ

,, കെ. സി. കരുണാകരൻ

ഇന്നിവർ ഒഴിച്ചുള്ള എല്ലാ മെമ്പർമാരും ഹാജരുണ്ടായിരുന്നു.

പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസിന്റെ ആഫീസ്.

൧൭൮. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്കു): (എ) (എ) പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസിന്റെ ആഫീസിൽ വരുന്നതും അവിടെ നിന്നു അയക്കുന്നതും ആയ എല്ലാ എഴുത്തുകുത്തുകളും പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസിന്റെ പെഴ്സണൽ അസിസ്റ്റൻറ നോക്കി അടയാളം വയ്ക്കാറുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ അതിന്നുമുള്ള കാരണങ്ങളും,

(സി) പെഴ്സണൽ അസിസ്റ്റൻറിന്റെ കൃത്യങ്ങളും ഗവർമ്മെന്റ സദയം പറയുമോ?

(ഡി) ഡിപ്പാർട്ടുമെന്റു കാര്യമായി ഇൻസ്പെക്ട്രസിനെ കാണാൻ ചെല്ലുന്നവർക്കു കാണ്മാനുള്ള മതിയായ സൌകര്യങ്ങൾ നൽകുന്നില്ലെന്നുള്ളതിനെ സംബന്ധിച്ചു ഇൻസ്പെക്ട്രസിന്റെ മേൽ ഉദ്യോഗസ്ഥന്മാരിൽ പരാതികൾ ഉണ്ടായിട്ടുണ്ടെന്നു ഗവർമ്മെന്റിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെന്റ ചീഫ് സെക്രട്ടറി): (എ) (എ) ഉണ്ടു്.

(ബി) (എ) ക്കുള്ള മറുപടിയുടെ ദൃഷ്ട്യാ ഈ പ്രശ്നം ജനിക്കുന്നില്ല.

(സി) പെർസണൽ അസിസ്റ്റണ്ടിന്റെ കൃത്യങ്ങൾ മററാഫീസുകളിൽ ഉള്ള പെർസണൽ അസിസ്റ്റന്റുമാരുടേതു പോലെ തന്നെയാകുന്നു. അവർ ആഫീസിന്റെ മേലധികാരം നേരിട്ടു വഹിക്കയും ഉത്തരവിനായി എഴുത്തുകുത്തുകൾ ഇൻസ്പെക്ട്രസിനു അയക്കുകയും അവരുടെ ആജ്ഞകളെ സംബന്ധിച്ചുള്ള കീഴുദ്യോഗസ്ഥന്മാർക്കു എഴുതിഅയക്കയും ചെയ്യുന്നു.

(ഡി) മറുപടി നിഷേധരൂപത്തിലാകുന്നു.

ശാസ്ത്രി പരീക്ഷയും മററു പരീക്ഷകളും ജയിച്ചിട്ടുള്ളവരെ മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരായി നിയമിക്കുക.

൧൭൯. മി: ആർ. രാമൻപിള്ള (കോട്ടയം): (എ) ശാസ്ത്രി, ഉപാദ്ധ്യായ, മഹോപാദ്ധ്യായ എന്നി പരീക്ഷകൾ ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷയ്ക്കു ഉപരിയായുള്ളതൊ തുല്യമായുള്ളതൊ ആയി ഗവർമ്മെണ്ടു ഗണിച്ചിരിക്കുന്നതു എന്നും,

(ബി) മേല്പറഞ്ഞ പരീക്ഷകൾ ജയിച്ചിട്ടുള്ളവരെ മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരായി നിയമിക്കുന്നതിനു തുല്യമായ സൌകര്യമൊ കൂടുതൽ സൌകര്യമൊ എന്തുകൊണ്ടു ഗവർമ്മെന്റ നൽകുന്നില്ലാ എന്നും,

ഗവർമ്മെണ്ടു് സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെന്റ ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) മേൽ (എ) ഭാഗത്തിനുള്ള മറുപടിയുടെ ദൃഷ്ട്യാ ഈ പ്രശ്നം ജനിക്കുന്നില്ലാ.

മി: ആർ. രാമൻപിള്ള (കോട്ടയം): മഹോപാദ്ധ്യായ പരീക്ഷ ഏതെല്ലാം വിഷയങ്ങളിലാണ് നടത്തപ്പെടുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെന്റ ചീഫ് സെക്രട്ടറി): ഏതെല്ലാം വിഷയങ്ങളിലാണ് നടത്തപ്പെടുന്നതെന്നു സിലബസിലുണ്ടു്.

മി: ആർ. രാമൻപിള്ള (കോട്ടയം): സ്കൂൾഫൈനൽ പരീക്ഷായ്?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെന്റ ചീഫ് സെക്രട്ടറി): അതും സിലബസിലുണ്ടു്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇവ രണ്ടിനും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെന്റ ചീഫ് സെക്രട്ടറി): അങ്ങനെ വല്ല വ്യത്യാസവുമുണ്ടോ? മഹോപാദ്ധ്യായ പരീക്ഷ ജയിക്കുവർക്ക് എന്തുകൊണ്ടു മററു വിഷയങ്ങൾ പഠിപ്പിക്കാൻ പാടില്ലാ എന്നുള്ളതിനെപ്പററി ഡയറക്ടർക്കു എഴുതിയയച്ചതിൽ മഹോപാദ്ധ്യായ പരീക്ഷ പാസായിട്ടുള്ളവർ മലയാളം പഠിപ്പിക്കുന്നതിനും വ്യാകരണം പഠിപ്പിക്കുന്നതിനും യോഗ്യതയുള്ളവരായിരിക്കും എന്നല്ലാതെ മററു വിഷയങ്ങൾ ഇംഗ്ലീഷ് സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കട്ടു ഹോൾഡർസിനെപ്പോലെ, പഠിപ്പിക്കുന്നതിനു ശേഷിയുള്ളവരായിരിക്കയില്ലെന്നു ഡയറക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

G. P. T. 2283. 150. 3-4-1108.

വിദ്യാഭ്യാസ ഡയറക്ടരാൽ ആർട്സ് കാളേജിന്റേയും ട്രെയിനിങ്ങ് കാളേജിന്റെയും പരിശോധന.

൧൭൭. മി: എ. ജി. മേനോൻ (പറവൂർ): (൧) കഴിഞ്ഞ വിദ്യാഭ്യാസ വർഷമായ ൧൯൪൯-൫൦-ൽ വിദ്യാഭ്യാസ ഡയറക്ടർ എത്ര തവണ ആർട്സ് കാളേജും ട്രെയിനിങ്ങ് കാളേജും സന്ദർശിച്ചിട്ടുണ്ട് എന്നു ഗവൺമെന്റ സദയം പറയുമോ?

(൨) അദ്ദേഹം വല്ല ഇൻസ്പെക്ഷൻ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പ്രതി മേശപ്പുറത്തു വയ്ക്കുമോ?

(൩) (എ) ആർട്സ് കാളേജിലെ പ്രിൻസിപ്പാലിന്റെ നടത്തയെയും നടപടിയേയും സംബന്ധിച്ചു ഡയറക്ടർ അനേകം റിപ്പോർട്ടുകൾ ഗവൺമെണ്ടിനു അയച്ചിട്ടില്ലയോ എന്നും,

(ബി) ഡയറക്ടരുടെ അഭിപ്രായത്തെ അംഗീകരിക്കയും അദ്ദേഹത്തിന്റെ ആജ്ഞകളെ നടത്തിക്കയും ചെയ്യുന്നതിനു പ്രിൻസിപ്പാൽ പലപ്പോഴും വൈമനസ്യം പ്രദർശിപ്പിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ എന്നും,

(സി) പ്രിൻസിപ്പാൽ ഡയറക്ടർക്കു അയച്ച ലേഖനങ്ങളുടെ പകർപ്പുകൾ അദ്ദേഹം ഈയിടെ ഗവൺമെണ്ടിനു അയച്ചിട്ടുണ്ടെന്നുള്ളതു സത്യമാണോ എന്നും,

(ഡി) (സി) ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ, എന്തു അധികാരത്തിന്മേൽ അദ്ദേഹം അപ്രകാരം ചെയ്തു എന്നും,

ഗവൺമെണ്ടു സദയം പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെന്റ് ചീഫ് സെക്രട്ടറി): (൧) ൧൯൪൯-൫൦ വർഷത്തിൽ ഒരു തവണ ട്രെയിനിങ്ങ്കാളേജു പരിശോധിച്ചിട്ടുണ്ട്.

(൨) ട്രെയിനിങ്ങ്കാളേജിലെ പരിശോധനയെക്കുറിച്ചു ഡയറക്ടർ അയച്ച റിപ്പോർട്ടു ഗവൺമെണ്ടു പര്യാലോചിച്ചു വരുന്നു. ഇപ്പോഴത്തെ നിലയിൽ റിപ്പോർട്ടിന്റെ പകർപ്പു മേശപ്പുറത്തുവയ്ക്കാൻ നിവൃത്തിയില്ല.

(൩) (എ) ഉണ്ട്, അവയെ പരിശോധിച്ചു വരുന്നു.

(ബി) മുൻ പറഞ്ഞതുപോലെ റിപ്പോർട്ടുകൾ പരിശോധനയിൽ ഇരിക്കുകയാണ്.

(സി) ഏതാനും ലേഖനങ്ങളുടെ പ്രതികൾ കിട്ടീട്ടുണ്ട്.

(ഡി) (൩) എ ഭാഗത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളതുപോലെ ഗവൺമെണ്ടു ആ സംഗതി പരിശോധിച്ചു വരുന്നു.

ശസ്ത്രക്രിയ നടത്തപ്പെട്ട സ്ത്രീകൾ.

൧൭൮. മി: പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമിച്ച മെമ്പർ): (എ) ൧൧൦൦ മാണ്ടു മുതൽ ൧൧൦൬ മാണ്ടു കർക്കടകമാസം ൨൩-നു വരെ എത്ര സ്ത്രീകൾക്കു ശസ്ത്രക്രിയ നടത്തീട്ടുണ്ടെന്നും,

(ബി) അവരിൽ എത്രപേർ ഘോഷാസ്ത്രീകൾ ആണെന്നും കാണിക്കുന്ന ഒരു കണക്കു മേശപ്പുറത്തുവയ്ക്കാൻ ഗവൺമെന്റിനു ദയയുണ്ടാകുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവൺമെന്റ് ചീഫ് സെക്രട്ടറി): (എ)

൧൧൦൧-ൽ	൨൭൩
൧൧൦൨	൨൯൯
൧൧൦൩	൨൮൪
൧൧൦൪	൨൩൨
൧൧൦൫	൪൦൧
൧൧൦൬ കർക്കടകം	
൨൩-നു വരെ	൨൭൧

(ബി) ഘോഷാസ്ത്രീകൾ എന്നു പ്രത്യേകം തരം തിരിച്ചു വച്ചിട്ടില്ല. അതു കൊണ്ടു ആവശ്യപ്പെട്ട വിവരം ലഭ്യമല്ല.

൧൧൨൪ മാണ്ടു ആലുവാ ഡിവിഷനിൽ വണ്ടിപോകത്തക്ക റോഡുകൾ ഉണ്ടാക്കിയതു്.

൧൭൯. മി: തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). (എ) ൧൧൨൪ മാണ്ടിൽ മേജർ റോഡുകളും പഞ്ചായത്തു റോഡു അല്ലാത്ത ആലുവാ ഡിവിഷനിൽ വെട്ടിത്തീർന്ന വണ്ടിപ്പോകത്തക്ക റോഡുകളുടെ ദൈർഘ്യവും,

(ബി) അതിലേക്കു ചിലവാക്കിയ തുകയും,

(സി) ആ ഡിവിഷനിൽ വെർക്ക് എസ്റ്റാബ്ലിഷ്മെണ്ടിനുള്ള ചിലവുൾപ്പടെ പബ്ളിക വെർക്ക്സ് ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായും അലവൻസായും ചിലവാക്കിയ തുകയും,

പ്രത്യേകം കാണിക്കുന്ന ഒരു കണക്കു ഗവൺമെന്റ സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെണ്ടു സെക്രട്ടറി): (എ) ൩ മൈലു് ൭ ഫർലാങ്ങു ൧൫൭ അടി.

(ബി) ൭൧൩൦ രൂപാ,

(സി) അനുരൂപമായ തുക സ്ഥലമായി ൪൫൩൦ രൂപാ,

കൃഷി ഡിപ്പാർട്ടുമെണ്ടിലെ നിയമനങ്ങളുടെ കണക്കു.

൧൮൦. മി: തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കൃഷി ഡയറക്ടർ ഡിപ്പാർട്ടുമെണ്ടിലെ മേലധികാരം വഹിച്ചതു മുതൽ ൧൧൨൪ ധനു ൧-നു വരെ, ആ ഡിപ്പാർട്ടുമെണ്ടിൽ ൧൫ രൂപയും അതിൽ കൂടുതലും ശമ്പളമുള്ളതായി താൽക്കാലികമായോ സ്ഥിരമായോ നിയമനങ്ങൾ നടത്തീട്ടുള്ളതിനെ പ്രത്യേകമായും ജാതി തിരിച്ചും കാണിക്കുന്ന ഒരു കണക്കു മേശപ്പുറത്തുവയ്ക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി: ടി. കെ. മാധവൻ നായർ (അ: ഗവണ്മെന്റ സെക്രട്ടറി): ഇപ്പോഴത്തെ കൃഷിയും മത്സ്യവ്യവസായവും വക ഡയറക്ടർ ആ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ട് ഇപ്പോൾ ൨൨ കൊല്ലത്തോളം ആയിട്ടുണ്ട്. ആവശ്യപ്പെട്ട വിവരം സംഗ്രഹിക്കുന്നതിനാവശ്യമായ സമയവും അദ്ധ്വാനവും അതിന്റെ പ്രയോജനത്തിനു തീരെ അനുരൂപമായിരിക്കയില്ല എന്നു ഗവണ്മെന്റ വിചാരിക്കുന്നു. അതിനാൽ മെമ്പർ ആവശ്യപ്പെട്ട കണക്കുകൾ ശേഖരിക്കണമെന്നു ഗവണ്മെന്റ വിചാരിക്കുന്നില്ല.

വാഴപ്പള്ളിച്ചിറയുടെ കരകളിലെ തെങ്ങുകൃഷി.

൧൧൭൧. മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): (എ) ചങ്ങനാശേരി താലൂക്കിൽ വാഴപ്പള്ളിച്ചിറവഴിക്കുള്ള മെയിൻസെൻട്രൽ റോഡിന്റെ ഇരുകരകളിലും ഡിപ്പാർട്ടുമെന്റിൽനിന്നു തെങ്ങിൻതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ എന്നും;

(ബി) ഉണ്ടെങ്കിൽ തൈകൾ നട്ടതു എപ്പോഴാണെന്നും;

(സി) ആദ്യമായി എത്ര തൈകൾ നട്ടു എന്നും;

(ഡി) അവയിൽ എത്ര ഇപ്പോഴും ൧൧൨൯-൧൧൩൦-ൽ നില്പുണ്ട് എന്നും;

(ഇ) നശിച്ചുപോയിട്ടുള്ളവയുടെ സ്ഥാനങ്ങളിൽ പുതുതായി തൈകൾ വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും;

(ജി) തെങ്ങിൻതൈകൾ അപ്രകാരം നടുന്നതിനു ഗവണ്മെന്റ അനുവദിച്ചിട്ടുണ്ടോ എന്നും;

(എച്ച്) അവയെ പരിപാലിക്കുന്നതിനു ചുമതലപ്പെട്ടതാരെന്നു,

(ഐ) ൧൧൨൯ മുതൽ ൧൧൩൨ വരെ കഴിഞ്ഞ നാലു കൊല്ലങ്ങളിൽ ഓരോന്നിലും ഈ തെങ്ങിൻതൈകളെ പരിപാലിച്ചതിനുള്ള ചിലവു എത്രയെന്നും;

(ജെ) ഇതുവരെ ഈ തെങ്ങിൻതോട്ടംവകയ്ക്കു ഡിപ്പാർട്ടുമെന്റ ചിലവാക്കിയ തുക എത്രയെന്നും ഗവണ്മെന്റ സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ) ഉണ്ട്.

(ബി) ൧൧൨൩-ൽ

(സി) ൨൧൦.

(ഡി) ൧൭൪.

(ഇ) ഇല്ല.

(എഫ്) തെങ്ങുകളെ തണലിനായുള്ള മരങ്ങളായി നട്ടുപിടിപ്പിക്കുന്ന സമ്പ്രദായം പിന്നീടു നിറുത്തിയിരിക്കുന്നു.

(ജി) ഇല്ല.

(എച്ച്)-(ഐ)-ം അവയുടെ പരിപാലനത്തിനു പ്രത്യേകം ചിലവു അനുവദിച്ചിട്ടില്ലാത്തതുകൊണ്ട് അവയുടെ പരിപാലനത്തിനു പ്രത്യേകം ആളാക്കീട്ടില്ല.

(ജെ) ചിറയെ വീതികൂട്ടി ഉറപ്പിക്കയും പടിഞ്ഞാറൻ ചിറയിൽ കരകം നട്ടുപിടിപ്പിക്കയും ചെയ്യുന്നതിനുള്ള ചിലവുൾപ്പെടെ ൧൧൨൪ ധനു അവസാനംവരെ ൭൧൯൭ രൂപാ.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): പാർട്ട ജി—ഗവണ്മെന്റനുവാദം കൂടാതെ കൃഷി ആരംഭിച്ചു എന്നല്ലയോ ഇതിൽനിന്നും അർത്ഥമാക്കേണ്ടത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതെ.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഗവണ്മെന്റനുവാദംകൂടാതെ കൃഷി ആരംഭിക്കയും അതിലേക്കു വലിയ സംഖ്യ ചിലവുചെയ്കയും ചെയ്തിട്ടുള്ളതിനു ഗവണ്മെന്റ് സമാധാനം ചോദിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): മേലാൽ അങ്ങനെ ചെയ്യരുതെന്നു ഉത്തരവു കൊടുത്തിട്ടുണ്ട്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇതുവരെങ്ങളിലും തെങ്ങുവച്ചിട്ടുള്ളതിൽ നന്ന തെങ്ങു നഷ്ടപ്പെട്ടുപോയതായിട്ടു പറയുന്നു. നഷ്ടപ്പെട്ടുപോയ തെങ്ങുകൾ വീണ്ടും നട്ടുപിടിപ്പിക്കേണ്ടാ എന്നു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): വയ്ക്കേണ്ടാ എന്നു തീരുമാനിച്ചിട്ടുള്ളതുകൊണ്ട് കൂട്ടതലായിട്ടുവയ്ക്കുയില്ല എന്നുവേണം ഊഹിക്കാൻ.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോൾ നിൽക്കുന്ന തെങ്ങുകളെ നശിപ്പിക്കണം എന്നു തീരുമാനിച്ചിട്ടില്ലല്ലോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഇല്ല.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇതിലേക്കു അയ്യായിരത്തിച്ചില്വാനം രൂപാ ചിലവായിട്ടുണ്ടെന്നു കാണുന്നു. ഇത്രയും തുക ചിലവാക്കിയതു ഏതു ഉദ്യോഗസ്ഥനാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഈ തുക തെങ്ങുവയ്ക്കുന്നതിനു മാത്രമായിട്ടുള്ളതല്ല. ആ ചിറയുടെ എംബാക്കമെൻറ്സിനും അതിന്റെ സമീപപ്രദേശങ്ങൾ നന്നാക്കുന്നതിനുംകൂടി ഉപയോഗിച്ചിട്ടുള്ളതാണ്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): തെങ്ങുവച്ചുപിടിപ്പിക്കുന്നതിനുംകൂടി ഉപയോഗപ്പെട്ടതായിരിക്കുന്നു എന്നല്ലേ ഇതിൽനിന്നു കാണുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): എംബാങ്ക്മെൻറ് ശരിപ്പെടുത്തുമ്പോൾ തെങ്ങിനുംകൂടി ഉപയോഗപ്പെടുന്നു.

മി: എ. സി. കരിയാക്കോസ് (മീനച്ചിലും ദേവികുളവും): റോഡിനു വീതികൂട്ടുന്നതിനു ഇപ്പോഴം പണം യാതൊന്നും ചിലവാക്കിവരുന്നില്ലേ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അങ്ങനെയും ചിലവാക്കുന്നുണ്ട്.

മി: എ. സി. കരിയാക്കോസ് (മീനച്ചിലും ദേവികുളവും): റോഡ് വീതികൂട്ടുമ്പോൾ ഈ വൃക്ഷങ്ങൾ നശിപ്പിക്കേണ്ടിവരുമല്ലോ? അങ്ങനെ ഉപയോഗമുള്ള വൃക്ഷങ്ങൾ വെട്ടിപിഴുപ്പിച്ചു നശിപ്പിക്കുകയാണെങ്കിൽ അതു വലിയ നഷ്ടമല്ലേ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇതിനു മുമ്പു ഗവണ്മെന്റനുവാദം ഇല്ലാതെയാണ് തെങ്ങുകൾ വച്ചിട്ടുള്ളത്. ഇനിമേലാൽ അങ്ങനെ തെങ്ങുവച്ചുകൂടാ എന്നു ഗവണ്മെന്റു ഉത്തരവ് അയച്ചിട്ടുണ്ട്.

ഉപ്പളങ്ങളിൽ മരാമത്തുപണികളും മററും ചെയ്യുന്നതിലേക്കു ഉപ്പുകൃഷിക്കാരുടെ കമ്മററി.

[illegible]. മി: വി. ചെല്ലംപിള്ള (തോവാള): മരാമത്തുപണികൾ നടത്തുന്നതിനും ഉപ്പളങ്ങളും വിളവുകാട്ടുക്കുന്നതിനെ പരിശോധിക്കുന്നതിനും ആയി ഉപ്പുവ്യവസായത്തിൽ താല്പര്യമുള്ള ഉപ്പുകൃഷിക്കാരുടെ ഒരു കമ്മിററി രൂപീകരിക്കുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെന്റിന്റെ സമക്ഷം ഉണ്ടോ എന്നു ഗവണ്മെന്റു സദയം പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): മറുപടി നിഷേധരൂപത്തിൽ ആകുന്നു.

കൊല്ലം കാർപ്പെന്ററി സ്കൂളിലെ സൂപ്രണ്ടിന്റെ പേരിലുള്ള പരാതി.

[illegible]. മി: കെ. എൻ. കേശവൻനമ്പൂരിപ്പാട് (അമ്പിളി): കൊല്ലത്തുള്ള കാർപ്പെന്ററി പാഠശാലയിൽ ഇപ്പോഴത്തെ ([illegible]) സൂപ്രണ്ടിന്റെ പേരിൽ വല്ല പരാതിയും ഗവണ്മെന്റിനു കിട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റു എന്തു നടപടി നടത്തി എന്നും ഗവണ്മെന്റു സദയം പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്. കൊല്ലത്തുള്ള കാർപ്പെന്ററി സ്കൂളിലെ ഇപ്പോഴത്തെ സൂപ്രണ്ടിന്റെ പേരിൽ പരാതിപ്പെട്ട ഒരു ഹർജി ആ പാഠശാലയിലെ വിദ്യാർത്ഥികളിൽ നിന്നു കിട്ടിട്ടുണ്ട് അതിനെ വ്യവസായഡയറക്ടരുടെ റിപ്പോർട്ടിനായി അയച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അവസാന റിപ്പോർട്ടു കിട്ടുന്നതിനു കാത്തിരിക്കയാണ്.

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (അമ്പിളി): എന്നാണും എപ്പോൾ വ്യവസായഡയറക്ടർക്കു അയച്ചുകൊടുത്തു എന്നു മെമ്പർ പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ഡയറക്ടർക്കു ആദ്യമായി അയച്ചതു [illegible]-യാണ്.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (അമ്പിളി): അദ്ദേഹം എപ്പോൾ റിപ്പോർട്ടു അയക്കുമെന്നു പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ഗവണ്മെന്റു അതു പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

പോലീസ് കമ്മിഷണർ അയച്ച സർക്കുലറുകൾ.

[illegible]. മി: വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും വടക്ക്): (എ) [illegible]-ാമാണ്ടു ഡിപ്പാർട്ടുമെന്റുവകയായി എത്ര സർക്കുലർ പോലീസ് കമ്മീഷണർ അയച്ചിട്ടുണ്ടു എന്നും,

(ബി) ഇപ്പോഴത്തെ പോലീസ് കമ്മിഷണർ [illegible] മുതൽ [illegible] വരെ എത്ര ഡിപ്പാർട്ടുമെന്റൽ സർക്കുലറുകൾ അയച്ചിട്ടുണ്ടു എന്നും ഗവണ്മെന്റു സദയം പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): (എ) [illegible], (ബി)-[illegible].

മി: വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും, വടക്ക): പാർട്ട എ-യും ബി-യും,

[illegible]-ൽ [illegible] സർക്കുലറുകളും [illegible]-ൽ [illegible] സർക്കുലറുകളും അയച്ചിരിക്കുന്നതായി കാണുന്നു, ഇതിൽ ട്രാഫിക് സംബന്ധമായി എത്ര സർക്കുലറുകൾ അയച്ചു എന്നും പോലീസ് വകുപ്പിലേക്കു എത്ര സർക്കുലറുകൾ അയച്ചു എന്നും പറയാമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ആ വിവരം വരുത്തീട്ടില്ല.

മി: വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും, വടക്ക): [illegible]-ൽ മൂന്നു സർക്കുലറുകൾമാത്രം അയച്ചിരിക്കെ [illegible]-ൽ [illegible] സർക്കുലറുകൾ അയക്കേണ്ടതായ ആവശ്യം എന്താണ്.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ട്രാഫിക്കിന്റെ ഓരോ സംഗതികളെയുംപററി സർക്കുലറുകൾ അയച്ചു എന്നാണ് വിചാരിക്കുന്നതു്.

മി: വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും, വടക്ക): ആവശ്യമില്ലാതെ അനേകം സർക്കുലറുകൾ അയക്കുന്നതിനു ഡിപ്പാർട്ടുമെന്റിൽ ഒരു പരാതിയുണ്ടെന്നു അറിയാമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റു സെക്രട്ടറി): അറിഞ്ഞുകൂടാ ആവശ്യമില്ലാത്ത സർക്കുലറുകൾ അയക്കുന്നുണ്ടെന്നു അറിഞ്ഞുകൂടാ

കൊല്ലം ആലപ്പുഴ റോഡിൽ വലിയ ബസ്സുകൾ ഓടിക്കുന്നതിനെ നിരോധിക്കുക.

[illegible]. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): മുക്കാൽടണ്ണിൽ കൂടുതൽ ഭാരമുള്ളതും, [illegible]-ൽ അധികം യാത്രക്കാരെ കയററിക്കൊണ്ടുപോകാൻ സ്ഥലമുള്ളതും ആയ മോട്ടോർബസ്സുകൾ കൊല്ലംമുതൽ ആലപ്പുഴവരെയുള്ള റോഡിൽ ഓട്ടിച്ചുകൂടെന്നു എന്തു കാരണത്താൽ വിരോധിച്ചിരിക്കുന്നു എന്നു ഗവണ്മെന്റു സദയം പറയുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറ സെക്രട്ടറി): ൧൬-ഓ അധികം ആളുകളെ കയററിക്കൊണ്ടുപോകുന്ന ബസ്സുകളുടെ ഗതാഗതത്തിനു യോജിച്ചു് ശരിയായി കല്ലുകൾ ഉറപ്പിച്ചിട്ടില്ലാത്ത റോഡാണ് കൊല്ലം-ആലപ്പുഴ റോഡ്. ഇതാണു കാരണം.

മി. ഡി. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഈ റോഡ് മെററൽ ചെയ്യേണ്ടതാണെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറ സെക്രട്ടറി): പണത്തിൻെറ സ്ഥിതിപോലെ നന്നാക്കുന്നുണ്ട്.

മി. കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): എക്സിക്യൂട്ടിവ് എൻജിനീയർമാർ ഈ റോഡു മെററൽചെയ്യേണ്ടതാണെന്നു എഴുതി അയച്ചിട്ടുള്ളതായി അറിയാമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറ സെക്രട്ടറി): അറിഞ്ഞുകൂടാ.

ആലപ്പുഴ ആശുപത്രിയിലെ മേലധികാരം വഹിക്കുന്ന മെഡിക്കൽ ആഫീസർ ആലപ്പുഴയിലെ മന്നൂരി ആശുപത്രിയെ സന്ദർശിച്ചതു്.

൧൬൭ മി. പി. എസ്. മഹമ്മത് (ഗവൺമെൻറ നിയമിച്ച മെമ്പർ): ൧൧൦൭-ാമാണ്ടു കർക്കടകമാസം ൧-ാംനു-വരെ ആ ആണ്ടിൽ എത്ര തവണ ആലപ്പുഴ ആശുപത്രിയുടെ മേലധികാരം വഹിക്കുന്ന മെഡിക്കൽ ആഫീസർ ആലപ്പുഴയിലെ മന്നൂരി ആശുപത്രി സന്ദർശിച്ചിട്ടുണ്ടെന്നു ഗവൺമെൻറ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവൺമെൻറ ചീഫ് സെക്രട്ടറി): കുറഞ്ഞതു ആണ്ടുവട്ടത്തിൽ രണ്ടു തവണ.

മി. പി. എസ്. മഹമ്മത് (ഗവൺമെൻറ നിയമിച്ച മെമ്പർ): എൻെറ ചോദ്യം ചീഫ് മെഡിക്കൽ ആഫീസർ എത്ര പ്രാവശ്യം പരിശോധന ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ "കുറഞ്ഞതു ആണ്ടുവട്ടത്തിൽ രണ്ടു തവണ" എന്നാണല്ലോ മറുപടി. ഉദ്ദേശമല്ലാതെ ക്ലിപ്തമായിട്ടു പറയാൻ സാധിക്കയില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): എത്ര പ്രാവശ്യം ആ സ്ഥലത്തു പോയി നോക്കി എന്നതിനു പ്രത്യേകം രെജിസ്റ്ററില്ല. കൂടക്കൂടെ പോകുന്നുണ്ട്. ആണ്ടുവിൽ രണ്ടു പ്രാവശ്യവും മൂന്നു പ്രാവശ്യവും പോയിട്ടുണ്ട് എന്നാണ് മെഡിക്കൽബോർഡ് റിപ്പോർട്ടു ചെയ്തിരിക്കുന്നതു്. കഴിഞ്ഞ പക്ഷം ആണ്ടുയിൽ രണ്ടുപ്രാവശ്യം പോയിട്ടുണ്ട്.

അദ്ധ്യാപകന്മാരുടെ സ്ഥലംമാററം.

൧൬൮ മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): (൧) മലയാളം പള്ളിക്കൂടങ്ങളുടെ ചീഫ് ഇൻസ്പെക്ടർ അദ്ധ്യാപകന്മാരെ സ്ഥലം മാററുന്നതിനെ തടയുന്ന വല്ല ഉത്തരവും ഉദ്യോഗത്തിൽ ഇരിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ ആ ഉത്തരവുകൾ കൊടുത്തു എന്നും ഗവൺമെൻറ സദയം പറയുമോ?

(൨) ശരിയായ കാരണങ്ങൾ ഉണ്ടായിട്ടുപോലും സ്ഥലംമാററം കിട്ടുന്നതിനാൽ സാധുക്കളായ അദ്ധ്യാപകന്മാർ വളരെ സങ്കടം അനുഭവിച്ചുവരുന്നുണ്ടെന്നു ഗവൺമെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): (൧) ഉണ്ട്. ൧൧൦൭ നവംബർ ൬-ാംനു-.

(൨) ഇല്ല. സ്ഥലംമാററം അത്യാവശ്യം ആയി കാണുന്ന സംഗതികളിൽ വിദ്യാഭ്യാസ ഡയറക്ടരുടെ അനുമതിയോടുകൂടി സ്ഥലം മാററം നടത്താവുന്നതാണ്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): (൧)-ാം ഭാഗത്തെ സംബന്ധിച്ചാകട്ടെ, ഇൻസ്പെക്ടർ സ്ഥലംമാററം ചെയ്തുകൂടാ എന്ന വിരോധിച്ചു ഉത്തരവയക്കാനുള്ള കാരണം എന്താണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ഡിപ്പാർട്ടുമെൻറിൽ ഉള്ള അസംഖ്യം അദ്ധ്യാപകന്മാരുടെ സർവീസ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി ഒരു കൂട്ടം വിശേഷാൽ ജീവനക്കാർ നടത്തിവരികയായിരുന്നു. ഓരോ പാഠശാലയിലും ഉള്ള അദ്ധ്യാപകന്മാരിൽ ഓരോരുത്തരേയും കുറിച്ചുള്ള വിവരങ്ങൾ അറിയേണ്ടതിനെ സംബന്ധിച്ച എഴുത്തുകൾ അതാതു സ്കൂളുകളിലെ ഹെഡ്മാസ്റ്റർക്ക സ്വഭാവേന ചെല്ലുന്നു. അതുകൊണ്ടു ഈ പ്രവൃത്തി നടന്നുവരുന്നതിനിടയ്ക്കു വാദ്ധ്യാന്മാരെ സ്ഥലം മാററുന്നതായാൽ വിവരങ്ങൾ സംഗ്രഹിക്കുന്നതിനു വേണ്ടിവരുന്ന കാലം അമിതമായിരിക്കും. അതുകൊണ്ടു് ആ വിഷയം അവസാനമായി തീർച്ചചെയ്യുന്നതുവരെ അദ്ധ്യാപകന്മാരെ കഴിയുന്നിടത്തോളം സ്ഥലംമാററാൻ പാടില്ലെന്നും വല്ല സ്ഥലംമാററവും നടത്തേണ്ടതായിവന്നാൽ തൻെറ അനുമതിയോടുകൂടി അതു ചെയ്യേണ്ടതാണെന്നും താല്കാലികമായ ഉത്തരവു ഡയറക്ടർ നല്കിയിട്ടുണ്ട്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): മേലാൽ എത്രകാലം കഴിഞ്ഞാൽ ഈ ഉത്തരവിനെ പിൻവലിക്കും എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇപ്പോൾ ജോലി നോക്കിവരുന്ന വിശേഷാൽ ജീവനക്കാർ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ ക്ലിപ്തപ്പെടുത്തേണ്ട ജോലി പൂർത്തിയാക്കിയിരിക്കുന്നു. ഓരോ അദ്ധ്യാപകനും ചെല്ലേണ്ട കുടിശിഖ തുക എന്താണെന്നു അറിയേണ്ടതുണ്ട്. അതു പൂർത്തിയായിത്തീർന്നാലുടൻ ഈ താൽക്കാലിക ഉത്തരവിനെ പിൻവലിക്കുന്നതാണ്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): ഇക്കാര്യത്തിലേക്ക് ഉദ്ദേശം എത്ര കാലം വേണ്ടിവരും?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ ചീഫ് സെക്രട്ടറി): എനിക്കു കൃത്യമായിപ്പറയാൻ കഴിയുകയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പ—ാം ഭാഗത്തെ സംബന്ധിച്ചാകട്ടെ, ഫൻഡ് ന ംബർ 1 റിപ്പോർട്ടിനുശേഷം വല്ല സ്ഥലംമാററവും നടത്തീട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഡയറക്ടരുടെ അനുമതിയോടുകൂടി വല്ല സ്ഥലംമാററവും നടത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതും എനിക്കറിഞ്ഞുകൂടാ; അതിനു വ്യവസ്ഥയുണ്ട്. അതായത്, വല്ല സംഗതിയിലും സ്ഥലംമാററം വേണ്ടിവന്നാൽ ഡയറക്ടരുടെ അനുമതി ആദ്യമായി വാങ്ങിക്കേണ്ടതാണെന്നു വ്യവസ്ഥയുണ്ട്.

പൂവാററിൽ പാലം.

൧൬൨. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പൂവാററിൽ നെയ്യാററിൻകരയ്ക്കൊരു പാലം കെട്ടേണ്ടതായ ആവശ്യത്തെ സംബന്ധിച്ച്:—

(എ) ഈ കാര്യത്തിൽ ചീഫ് എൻജിനീയരോ എക്സിക്യൂട്ടിവ് എൻജിനീയരോ അടുത്തകാലത്തു സ്ഥലം സന്ദർശിച്ചു അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ എപ്പോഴെന്നും ഗവണ്മെൻറു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) അതിൽ കൂടിയുള്ള ഗതാഗതത്തിൻെറ കണക്ക സബ് ഡിവിഷനൽ ആഫീസർമുഖേന എക്സിക്യൂട്ടിവ് എൻജിനീയർ വരുത്തീട്ടുണ്ട്.

(ബി) ൧൧൦൫ ഇടവം മൂന്നാമത്തെ ആഴ്ചവട്ടത്തിനിടക്ക്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (എ) ഭാഗത്തെ സംബന്ധിച്ചാകട്ടെ ഗതാഗതത്തെൻെറ കണക്ക തയ്യാറാക്കിയതു, ചീഫ് എൻജിനീയരോ എക്സിക്യൂട്ടിവ് എൻജിനീയരോ സ്ഥലം ചെന്നു നോക്കിയതിൽ പിന്നീടാണോ എന്നു മെംബർ പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആ വിവരം ലഭ്യമല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗതാഗതത്തിൻെറ കണക്കെടുക്കയതു ഒരു ദിവസത്തെ ഗതാഗതത്തെ അടിസ്ഥാനപ്പെടുത്തീട്ടോ ഒന്നിച്ചു അനേകം ദിവസങ്ങളിലെ കണക്ക നോക്കീട്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഇടവമാസം മൂന്നാമത്തെ ആഴ്ചവട്ടത്തിനിടക്ക് അദ്ദേഹം സ്ഥലം സന്ദർശിച്ചു എന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. പോക്കുവരവിൻെറ കണക്ക എടുക്കുന്നതിന് അദ്ദേഹം എത്ര ദിവസം അവിടെ താമസിച്ചു എന്നുള്ളതു് അറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗതാഗതത്തിൻെറ കണക്ക ഗവണ്മെൻറിൻെറ സമക്ഷം ഉണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഇല്ല. റിപ്പോർട്ടു കിട്ടിയാൽ ഇപ്പോഴും കാണിക്കാനേയുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗതാഗതത്തിൻെറ കണക്ക എഴുതിയയച്ചു വരുത്താൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അങ്ങിനെ ചെയ്യാം. അതിലേക്ക് എഴുതി അയക്കുന്നതാണ്.

തച്ചോട്ടുകാവ്–അന്തിയൂർകോണം റോഡ്.

൧൬൩. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകര താലൂക്കിൽ തച്ചോട്ടുകാവിൽ നിന്നു അന്തിയൂർകോണംവരെയുള്ള റോഡിനെ സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന വിവരങ്ങൾ ഗവണ്മെൻറ് സദയം പറയുമോ?

(എ) അതിനെ ഉപേക്ഷിക്കപ്പെട്ടസ്ഥിതിയിൽ വച്ചിരിക്കുന്നതുകൊണ്ട് ജനങ്ങൾക്ക വലിയ ബുദ്ധിമുട്ടും സങ്കടവും നേരിടുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

(ബി) അതിൻെറ വീതി കൂട്ടുകയോ അതിനെ ശരിയായി പരിപാലിക്കയോ ചെയ്യേണ്ട വിഷയത്തെ കുറിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ഇതിൻെറ പരിപാലനത്തിനു കൂടുതൽ പണം ഇതിനുമുമ്പ് അനുവദിച്ചിട്ടില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) ഈ റോഡിനെ ഗതാഗതത്തിനു ഉചിതമായ വിധം നല്ല സ്ഥിതിയിൽ വച്ചിരിക്കുന്നു എന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി)-യും (സി)-യും ഉണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (സി) ഭാഗത്തിൻെറ കാര്യത്തിൽ റോട്ട് എത്രയാണെന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): മൈൽ ഒന്നുക്കു ൮൦ രൂപാ

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അനുവദിച്ചുറേററ് അനുസരിച്ചു വല്ലപണിയും നടത്തിട്ടുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): പണിനടത്തിവരുന്നു.

സർക്കാർ വക നാട്ടുഭാഷാ പാഠശാലകളിലെ അദ്ധ്യാപകന്മാരുടേയും അദ്ധ്യാപികമാരുടേയും ജാതിതിരിച്ചുള്ള കണക്ക്.

൭൧൦. മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): സർക്കാർവക നാട്ടുഭാഷാ പാഠശാലകളിൽ ആൺപള്ളിക്കൂടങ്ങളിലും പെൺപള്ളിക്കൂടങ്ങളിലും ഇപ്പോഴും (൧൯൩൦ ജൂലൈ ൧-ാം തീയതി) ആൺവാദ്ധ്യാർമാരും പെൺവാദ്ധ്യാർമാരും ഉണ്ടെന്നു കാണിക്കുന്ന ജാതിതിരിച്ചുള്ള കണക്കു ഗവൺമെന്റു സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഈ കണക്കു സംഗ്രഹിക്കുന്നതിൽ ചെലവാകുന്ന സമയവും അധ്വാനവും അതിന്റെ പ്രയോജനത്തിനു തീരെ അനുരൂപമായിരിക്കയില്ല എന്നു ഗവണ്മെന്റു വിചാരിക്കുന്നു. അതുകൊണ്ടു ഈ വിവരം എഴുതിക്കൊടുപ്പാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ല.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിൽ അത്ര അത്യാവശ്യമില്ലെന്നുള്ളതു ഗവണ്മെന്റിന്റെ ഒരു സ്വതന്ത്രമായ അഭിപ്രായമല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): മറുപടിയെല്ലാം ഗവണ്മെന്റിന്റെ അഭിപ്രായമാണ്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ചില വിവരങ്ങൾ അറിയണം എന്നു ഗവണ്മെന്റു ചോദിച്ചാൽ അതു കൊടുക്കേണ്ട ആവശ്യമില്ലെന്നു പറയാൻ ഗവർണ്മെന്റിനു അവകാശമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): നിവൃത്തിയുള്ളിടത്തോളം കൊടുക്കാവുന്നതെല്ലാം കൊടുക്കുന്നുണ്ട്.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ സംഗതിയിൽ അങ്ങനെ ഒരു സ്റ്റേറ്റ്മെന്റു കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണോ കൊടുക്കാതെ കഴിച്ചിട്ടുള്ളതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഈ ചോദ്യത്തിൽ എന്തെല്ലാം അന്വേഷിച്ചിട്ടുണ്ട് എന്നു ആലോചിച്ചുനോക്കിയാൽ അറിയാം. ഈ രാജ്യത്തൊട്ടുക്കുള്ള സർക്കാർ പള്ളിക്കൂടങ്ങളിലുള്ള ആൺ പെൺ വാദ്ധ്യാർമാരുടെ മതമനുസരിച്ചുള്ള ഒരു പട്ടിക വേണമെന്നാണ് ചോദ്യം. ഇങ്ങനെ ഒരു സ്റ്റേറ്റുമെന്റു തയ്യാറാക്കുന്നതിന്റെ പ്രയോജനം അതിലേക്കു വേണ്ടിവരുന്ന ശ്രമവുമായിട്ടു തട്ടിച്ചുനോക്കുമ്പോൾ അതു തന്നെയില്ലെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇതൊരു പഴയ ചോദ്യമല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി). അതെ. ഇതിലേക്കു മറുപടി തയ്യാറായിവരുമ്പോൾ ഈ കൌൺസിലിന്റെ കാലാവധി തീരും.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇതു ഒരിക്കൽ ഇങ്ങനെ സമാധാനം പറഞ്ഞു തള്ളിയതാണ്. ഇതിലേക്കു വേണ്ടിടത്തോളം സമയം കൊടുത്താൽ അതു തയ്യാറാക്കാൻ പാടില്ലാത്തതല്ല എന്നല്ലേ അന്നു മറുപടി പറഞ്ഞിട്ടുള്ളതു്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സിക്രട്ടറി): ഏതെങ്കിലും പ്രത്യേക സ്കൂളിലെ വാദ്ധ്യാർമാരുടെ സ്റ്റേറ്റുമെന്റു വേണമെന്നോ മറ്റോ ചുരുക്കിച്ചോദിച്ചാൽ തയ്യാറാക്കാവുന്നതായിരുന്നു. ഏഴായിരത്തോളം അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റ് തയ്യാറാക്കണമെന്നാണ് ചോദ്യത്തിൽ പറയുന്നതു്. അതു അത്ര എളുപ്പമുള്ള ഒന്നല്ല.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോഴും അവരുടെയെല്ലാം ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്ന സന്ദർഭമായതുകൊണ്ടുകൂടിയാണ് ഈ ചോദ്യം വീണ്ടും ചോദിച്ചതു് എന്നറിയാമോ?

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ജാതിതിരിച്ചുള്ള കണക്ക്.

൭൧൧. മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ജാതിതിരിച്ചുള്ള ഒരു കണക്കു ഗവണ്മെന്റു സഭയുടെ മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): ആ കണക്കു ശേഖരിക്കുന്നതിൽ വേണ്ടിവരുന്ന സമയവും അധ്വാനവും അതിന്റെ സംഭാവ്യമായ ഉപയോഗത്തിനു തീരെ അനുരൂപമായിരിക്കയില്ലെന്നു ഗവണ്മെന്റു അഭിപ്രായപ്പെടുന്നതുകൊണ്ടു ഈ വിവരം എഴുതിവച്ചുതരണമെന്നു ഗവണ്മെണ്ടു ഉദ്ദേശിക്കുന്നില്ല.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇങ്ങനെ ഒരു ലിസ്റ്റ് തരുന്നതുകൊണ്ടു് ശ്രമത്തിനു അനുരൂപമായ ഫലം ഇല്ല എന്നുപറയുന്നു. ഇങ്ങനെ ഒരു ലിസ്റ്റ് കിട്ടാതെ ജനപ്രതിനിധികൾക്കു കാര്യങ്ങൾ അറിയുന്നതിനു എന്താണു മാർഗ്ഗം?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇതിലേക്കു മറുപടി പറഞ്ഞിട്ടുണ്ട്. ഒരു പ്രത്യേകസ്ഥലത്തുള്ള ലിസ്റ്റ് ചോദിക്കയാണെങ്കിൽ തരുന്നതിൽ വിരോധമില്ല. ഏഴായിരത്തോളം അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റ് തരിക എന്നുള്ളതു വലിയ പ്രയാസമാണ്.

മി. തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മി: കുരിയാക്കോസ് വാദ്ധ്യാന്മാരുടെ മാത്രമല്ലല്ലോ സ്ത്രീകളും പുരുഷന്മാരും ആയ അദ്ധ്യാപകന്മാരുടെ ലിസ്റ്റല്ലേ ചോദിക്കുന്നതു്? എന്റെ ചോദ്യം അതല്ലല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): രണ്ടിനും വേണ്ടിവരുന്ന ശ്രമം ഒന്നുപോലെയാണ്.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഈ വകുപ്പിലെ പള്ളിക്കൂടങ്ങളിൽ ൮൦൦൦ അദ്ധ്യാപകന്മാരുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): ൭൦൦൦ പേരുണ്ട്

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അവരുടെ ലിസ്റ്റ് തയ്യാറാക്കിയയക്കുന്നതിനു ഇൻസ്പെക്ടർമാർക്ക് ഡയറക്ടർവഴി ഒരുത്തരവുകൊടുത്താൽ സാധിക്കയില്ലയോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവമെണ്ടു ചീഫ് സെക്രട്ടറി): ഉത്തരവുകൊടുത്താൽ തയ്യാറാക്കി അയക്കും. അതിനുവേണ്ടി പ്രത്യേകമായി സിൽബന്തികളെ കൂടി കൊടുക്കേണ്ടിവരും.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനുവേണ്ടി പ്രത്യേകം സിൽബന്തികൾ വേണോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവമെണ്ടു ചീഫ് സെക്രട്ടറി): പ്രത്യേകം സിൽബന്തികൾ ഉണ്ടായിരുന്നാൽതന്നെയും പ്രയാസമാണ്. മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരത്തിന്റെ കാര്യംതന്നെ നോക്കിയാൽ അറിയാം. എട്ടുമാസമായിട്ടും ഇനിയും തീർത്തിട്ടില്ല.

മി: തരിയതുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗങ്ങൾ എല്ലാവർക്കും ശരിയായിട്ടു ലഭിക്കുന്നുണ്ടോ എന്നു ജനപ്രതിനിധികൾക്കു അറിയുന്നതിനു ഈ പട്ടിക ആവശ്യമല്ലേ? ഇതല്ലാതെ മററു മാർഗ്ഗങ്ങളുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവമെണ്ടു ചീഫ്സെക്രട്ടറി): അതിനു മറുപടി പറഞ്ഞു കഴിഞ്ഞു.

അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.

൧൭൨. മി: ഇട്ടൂപ്പ് ഉട്ടിച്ചൻ (കുന്നത്തുനാട്): (എ) കുന്നത്തുനാട്ടുതാലൂക്കിൽ അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതിനെക്കുറിച്ചു ആ സ്ഥലത്തെ ജനങ്ങൾ അയച്ച ഹർജിയുടെ ഫലമായി ആ സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതാണെന്നു മെഡിക്കൽ സർവീസിലെ അഡ്മിനിസ്ട്രേറ്റിവ് ബോർഡ് ശിപാർശ ചെയ്തിട്ടുണ്ടോ എന്നും;

(ബി) ഉണ്ടെങ്കിൽ, ഉടൻതന്നെ ഡിസ്പെൻസറി സ്ഥാപിക്കാൻ ഗവമെണ്ടു ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഗവമെണ്ടു സദയം പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവമെണ്ടു ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഇല്ല. ആരോഗ്യസ്ഥലത്തെയും ആവശ്യകതയുടെ കൂടുതൽ കുറവു എത്രത്തോളമുണ്ടെന്നു നിശ്ചയിച്ചതിൽ പിന്നീടു ഉണ്ടാക്കേണ്ടതായ ഒരു പരിപാടി അനുസരിച്ചു നഗരങ്ങൾ അല്ലാത്ത പ്രദേശങ്ങളിൽ വൈദ്യസഹായത്തിനു സൗകര്യങ്ങൾ ഉണ്ടാക്കുകയും പുതിയഡിസ്പെൻസറികൾ സ്ഥാപിക്കയും ചെയ്യണമെന്നുള്ള വിഷയം ആലോചനയിൽ ഇരിക്കുന്നു.

ചീഫ് അക്കൗണ്ടാഫീസ്.

൧൭൩. മി: വി. ജെ. ഉമ്മൻ (ചെങ്ങന്നൂരും വ്യവസായവും, വടക്ക);

(എ) ഈ രാജ്യത്തിലെ ഇപ്പോഴത്തെ സ്ഥിരം ചീഫ് അക്കൗണ്ടാഫീസരുടെ പേരും;

(ബി) അദ്ദേഹത്തിനെ സർക്കാർസർവീസിൽ നിയമിച്ചതീയതിയും

(സി) ൧൧൨൪ മിഥുനം ൧൬-ാം൹ ആകെ എത്രകാലത്തെ സർവീസ് അദ്ദേഹത്തിനു ഉണ്ടായിട്ടുണ്ട് എന്നും;

(ഡി) അദ്ദേഹം തിരുവിതാംകൂർ സർവീസിൽ വാസ്തവത്തിൽ ഇരുന്ന കാലവും;

(ഇ) തിരുവിതാംകൂറിനു വെളിയിൽ വാസ്തവത്തിൽ സർവീസിൽ ഇരുന്ന കാലവും

(എഫ്) അദ്ദേഹത്തിന്റെ സേവനത്തെ വല്ല വിദേശ സർവീസിലേക്കും വായ്പകൊടുത്തിരുന്നാൽ ആ വിദേശസംസ്ഥാനത്തിനും ഗവമെണ്ടിനും തമ്മിൽ ഉള്ള കരാറിലെ വ്യവസ്ഥകളും;

(ജി) അദ്ദേഹം അസാധാരണ അവധിയിൽ ഇരുന്ന കാലാന്തരവും;

(എച്ച്) അദ്ദേഹത്തിനെ സർക്കാർ ചിലവിന്മേൽ ക്രോസിൽ പഠിപ്പിച്ചിരുന്നുവോ എന്നും;

(ഐ) മററുവല്ല ഡിപ്പാർട്ടുമെന്റും പ്രധാനിയും ഇത്ര ദീർഘകാലത്തേക്കു സർവീസിൽ നിന്നും പിരിഞ്ഞിരിക്കാൻ സമ്മതിക്കപ്പെട്ടിരുന്നുവോ എന്നും;

(ജെ) അദ്ദേഹം തിരുവിതാംകൂർ സർവീസിൽ ഇല്ലാതിരുന്നകാലത്ത് മററുസ്ഥലങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഉദ്യോഗത്തിൽ ഇരുന്നിരുന്നു എന്നു ഗവമെണ്ടു സദയം പറയുമോ?

മി: ആർ നീലകണ്ഠപിള്ള (ആ: ഗവമെണ്ടു ഫിനാൻഷ്യൽ സെക്രട്ടറി):

(എ) മി: കെ. എൻ. രാമസ്വാമയ്യർ.

(ബി) ൧൦൯൬ മീനം ൧൯-ാം൹.

(സി) ൨൮ വർഷം ൨ മാസം ൨൯ ദിവസം

(ഡി) ൩ കൊല്ലം ൧൧ മാസം ൯ ദിവസം കാലത്തേക്കുള്ള ഫർലോവും അസാധാരണഅവധിയും ഉൾപ്പെടെ തിരുവിതാംകൂറിൽ അദ്ദേഹം ജോലിയിൽ ഇരുന്നകാലം ൧൯ വർഷവും ൯ മാസവും ൨൯ ദിവസവും ആണ്.

(ഇ) അദ്ദേഹം ൫ വർഷവും ൩ മാസവും കാലത്തേക്ക വിദേശസർവീസിൽ ഇരുന്നു.

(എഫ്) ൫ കൊല്ലവും ൩ മാസവും കാലത്തേക്ക ബാംബേസിററി ഇംപ്രൂവ്മെൻറു ട്രസ്റ്റിലേക്ക സർവിസ് വായ്പകൊടുത്തിരുന്നു.

(ജി) അദ്ദേഹം ൨ കൊല്ലവും ൨൩ ദിവസവും കാലത്തേക്ക അസാധാരണ അവധി എടുത്തിരുന്നു.

(എച്ച്) അതെ.

(ഐ) ഇല്ല.

(ജെ) (i) വിദേശസർവീസിൽ ഇരുന്നകാലത്തു ബാംബെസിററി ഇംപ്രൂവ്മെൻറ്ട്രസ്റ്റിൽ

(ii) അവധിയിൽ ഇരുന്നകാലത്തു കൽക്കത്താ കാർപ്പറേഷനിലും കറാച്ചിമുനിസിപ്പാലിററിയിലും.

മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം.

൧൨൮ മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): (എ) നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാരുടെ ശമ്പളവും സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്ക സഹായധനവും കൂട്ടുന്ന വകക്കായി പണം ഗവണ്മെൻറ അനുവദിച്ചുതിയതി ഏതു്,

(ബി) ഈ തുക വിനിയോഗിച്ചുതീയതിയും,

(സി) ശമ്പളവും സഹായധനവും വർദ്ധിപ്പിക്കുന്നതിനു ൧൧൨൮-ൽ ഗവണ്മെൻറനുവദിച്ചതു മുതൽ ശമ്പളപരിഷ്കാരം പൂർത്തിയാക്കുന്നതിനു വേണ്ടിവന്നകാലവും

(ഡി) ശമ്പളപ്പരിഷ്കാരം ൧൧൦൭-ൽ ൧൧-ന്നു- വരെ പൂർത്തിയായിട്ടില്ലെങ്കിൽ എപ്പോഴേക്കു പൂർത്തിയാകും എന്നും;

(ഇ) അതിനു പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നും

(എഫ്) ഉണ്ടെങ്കിൽ നിയമിച്ചുതീയതിയും,

(ജി) ഈ ജീവനക്കാരുടെ പ്രവർത്തി പൂർത്തിയാക്കുന്നതിനു അനുവദിച്ച കാലാവധിയും

(എച്ച്) അനുവദിച്ച കാലത്തിനു ആ പ്രവൃത്തി പൂർത്തിയാക്കപ്പെട്ടിട്ടുണ്ടോ എന്നും

(ഐ) ഇല്ലെങ്കിൽ പിന്നീടു അനുവദിച്ച കൂടുതൽ കാലവും

(ജെ) ശമ്പളവും സഹായധനവും പുതുക്കുന്നതു നിമിത്തം കഴിഞ്ഞ ആണ്ടിനോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒരാണ്ടിൽ വരുന്ന കൂടുതൽ ചിലവും

(കെ) അങ്ങനെയുള്ള കൂടുതൽ ചിലവിനെ സംബന്ധിച്ചിടത്തോളം ആവിധം പരിഷ്കരിക്കുന്നതിനു ൧൧൦൮-ാമാണ്ടത്തേക്കും ൧൧൦൯-ാമാണ്ടത്തേക്കും അനുവദിച്ചിട്ടുള്ള വിശേഷാൽ തുകയിൽ വല്ല അംശവും മിച്ചമായിവന്നിട്ടുണ്ടോ എന്നും

(എൽ) ഉണ്ടെങ്കിൽ, ഓരോ ആണ്ടത്തേയും തുക എത്രയെന്നും

(എം) പരിഷ്കരിക്കുന്നതിനു അനുവദിച്ചിട്ടുള്ള തുക മതിയാകുന്നില്ലെങ്കിൽ അതിലേക്ക ചെയ്തിട്ടുള്ള വ്യവസ്ഥയും

(എൻ) ശമ്പളം പരിഷ്കരിക്കുന്നതിനുള്ള വിശേഷാൽ ജീവനക്കാരുടെ വകയ്ക്കായി ഗവണ്മെൻറിന നേരിട്ടിട്ടുള്ള കൂടുതൽ ചിലവിന്റെ തുകയും

(ഒ) അങ്ങനെയുള്ള കൂടുതൽ ചിലവിനു ആവശ്യപ്പെട്ട തുക ഏതു ഇനത്തിൽ നിന്നു എടുത്തു എന്നും

(പി) മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളപ്പുതുക്കലിനും സഹായധനപ്പുതുക്കലിനും ആയി നിയമിച്ചിട്ടുള്ള വിശേഷാൽ ജീവനക്കാരുടെ എണ്ണവും

(ക്യൂ) ഈ ജീവനക്കാരിൽ ഓരോരുത്തരുടേയും പേരും ശമ്പളവും അലവൻസും വല്ലതും ഉണ്ടെങ്കിൽ അതും വ്യക്തമായി കാണിക്കുന്നതായ പട്ടിക ഗവണ്മെൻറ സഭയുടെ മേശപ്പുറത്തുവക്കുമോ.

മി: റി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രിട്ടറി):

(എ) ൧൧൦൭-ൽ

(ബി) ചോദ്യം വ്യക്തമല്ല

(സി) മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളപ്പുതുക്കൽ മുതലായതിനെ സംബന്ധിച്ചപദ്ധതിയും ആക്കാര്യത്തിലേക്ക ആവശ്യമുള്ള കൂടുതൽ തുകയും ൧൧൦൭-ൽ അനുവദിച്ചിരുന്നു എന്നുവരികിലും പുതുക്കലിനെസംബന്ധിച്ച പ്രവൃത്തി ആക്കാര്യത്തിലേക്ക വിശേഷാൽ ജീവനക്കാരെ നിയമിച്ചതിൽ പിന്നീടു ൧൧൦൮-ന്റെ ശരിയായ ൧൧൦൯-ാമാണ്ടുമുതൽക്ക മാത്രമേ ആരംഭിക്കപ്പെട്ടുള്ളു.

(ഡി) പെൺപള്ളിക്കൂടങ്ങളിലെ ചില വാദ്ധ്യാന്മാർ ഒഴിച്ച് ഡിപ്പാർട്ടുമെൻറ പള്ളിക്കൂടങ്ങളിലെ സകല വാദ്ധ്യാന്മാരുടേയും ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വാദ്ധ്യാന്മാർ ഇപ്പോൾ പുതുക്കിയ തോതിനു ശമ്പളം വാങ്ങിച്ചു വരുന്നു. ൧൧൦൮ ചിങ്ങം ൧-ാംനു-മുതൽ പുതുക്കിയ തോതിൽ ശമ്പളം വാങ്ങിക്കുന്നതിനു അനുവദിച്ചിട്ടുള്ള തീയതിവരെ വാദ്ധ്യാന്മാർക്ക കൊടുക്കേണ്ടതായ ശമ്പളക്കുടിശ്ശികയുടേയും മററും വകയ്ക്കുള്ള അവകാശങ്ങൾ നിർണ്ണയിക്കപ്പെട്ടുവരുന്നു. ഇതിലേക്കുള്ള കുടിശ്ശികബില്ല് എതിരെഴുതപ്പെട്ടുംവരുന്നു.

ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാകും എന്നു കൃത്യമായി ഇപ്പോൾ പറയുന്നതു സാദ്ധ്യമല്ല.

(ഇ) അതെ.

(എഫ്) ൧൧൦൯-നു-൨൦.

(ജി) അഞ്ചുമാസം

(എച്ച്) ഇല്ല.

(ഐ) ൧൧൦൯-ാമാണ്ടവസാനംവരെ

(ജെ) ഇപ്പോൾ തുക നിർണ്ണയിക്കുന്നതിനു സാദ്ധ്യമല്ല.

(കെ) മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളപരിഷ്കാരം മുതലായവയെ സംബന്ധിച്ച ഗവണ്മെൻറാജ്ഞയെ നടപ്പിൽ വരുത്തുന്നതിലേക്ക ൨ ലക്ഷം രൂപാ എന്നകൂടുതൽ തുക ൧൧൦൮ മാണ്ടിൽ ഗവണ്മെൻറ അനുവദിച്ചിട്ടുണ്ടായിരുന്നു എങ്കിലും പുതുക്കലിനെ അപ്പോൾ നടപ്പിൽ വരുത്താതിരുന്നതുകൊണ്ടു ആ ആണ്ടിൽ ആ തുകയിൽ യാതൊരാംശവും ചിലവാക്കപ്പെട്ടില്ല. അനുവദിച്ചതുക മുഴുവനും മിച്ചമായി വന്നു.

൧൧൦൯-മാണ്ടത്തേക്കുള്ള ബഡ്ജററിൽ അക്കാര്യത്തിലേക്കായി നീക്കിവച്ചിട്ടുള്ള തുകയിൽ മിച്ചമായിട്ടോ മററു വിധത്തിലോ എന്തുണ്ടെന്നു ഇപ്പോൾ നിർണ്ണയിക്കാൻ പാടില്ല.

(എ)-ൽ ഏച്ചുംമേൽ (കെ) ഭാഗത്തിനു പറഞ്ഞിട്ടുള്ള മേൽപടി ഭാഗം ഗണിക്കുന്നതായാൽ ഈ പ്രശ്നം ജനിക്കുന്നില്ല.

(എൻ) വലിയശമ്പളക്കാരുടെ ശമ്പളം, കീഴ്ജീവനക്കാരുടെ ശമ്പളം, തഞ്ചിലവു മുതലായി വിശേഷാൽ ജീവനക്കാർക്കു വേണ്ടി ൧൧൩൩ മാണ്ടു നാളതുവരെ ൪൪൦൦൦ രൂപാ ചിലവായിട്ടുണ്ട്.

(ഒ) "മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാർക്കു കൂടുതൽ ശമ്പളം കൊടുക്കുന്നവകയ്ക്കു" എന്നുള്ളതിൽ ൧൧൩൩ മാണ്ടത്തേക്കുള്ള ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നു.

(പി) ൧൧൩൩-ന്നു-ാം മുതൽ ആഞ്ഞും ൧൧൩൩-ന്ന്-ാം വരെ എട്ടും

(ക്യു) ആവശ്യപ്പെട്ടിട്ടുള്ള പട്ടിക* മേശപ്പുറത്തുവച്ചിരിക്കുന്നു.

മി: ഏ. സി. കുറിയാക്കോസ് (മീനച്ചലും-ദേവികുളവും): 'ഐ' വകുപ്പിൽ ൧൧൩൩-ന്ന്-ാം എന്നു പറഞ്ഞിട്ടുണ്ട്. 'എഫ്' വകുപ്പിൽ ൧൧൩൩-ന്ന്-ാം എന്നും പറഞ്ഞിരിക്കുന്നു. അപ്പോൾ അദ്ധ്യാപകന്മാർക്കു വീതിച്ചുകൊടുക്കുന്നതിനായി ൧൧൩൩-ൽ അനുവദിച്ചതുക വീതിച്ചുകൊടുക്കേണ്ടതെങ്ങിനെയാണെന്നു നിർണ്ണയിക്കാൻ സ്റ്റാഫ് ഏർപ്പെടുത്തിയതു ൧൧൩൩-ന്ന്-ാം ൽ ആണെന്നല്ലേ ഇതിൽ നിന്നു മനസിലാക്കേണ്ടതു.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങനെയല്ല ഇതു പ്രത്യേകം പ്രത്യേകം ചോദിച്ചതിനു പ്രത്യേകം പ്രത്യേകം മറുപടി പറഞ്ഞിരിക്കുന്നുഎന്നേയുള്ളു. ഈ പണം എപ്പോൾ അനുവദിച്ചു എന്നു ചോദിച്ചതിനു ബഡ്ജറ്റ് പാസായി അനുവദിച്ചതീയതിമുതൽ പണം ഉള്ളതുകൊണ്ടു ആ തീയതി പറഞ്ഞു.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ൧൧൩൩ വൃശ്ചികത്തിൽ കൗൺസിലിൽ നിന്നു പണം അനുവദിച്ചു. ൧൧൩൩ തുലാത്തിൽ ആണു ഇതിലേക്കു സ്പെഷ്യൽ സ്റ്റാഫ് ഏർപ്പെടുത്തിയതു ഇതിനിടയ്ക്കുള്ള കാലം മുഴുവനും എന്തുചെയ്തു?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഓരോ അദ്ധ്യാപകനും ഇന്നയിന്ന ശമ്പളം വേണമെന്നു നിശ്ചയിച്ച ശേഷം വേണമല്ലോ അതു വീതിച്ചുകൊടുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാൻ.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഈ ഒരു വർഷക്കാലം എന്തുചെയ്തു? ഇതിനെ സംബന്ധിച്ചു എന്തു നടപടിയാണു ഗവണ്മെന്റു ചെയ്തിട്ടുള്ളതു? ഞാൻ സ്പെഷ്യൽ സ്റ്റാഫിനെ കുറ്റപ്പെടുത്തുന്നില്ല. വിശദമായ വിവരം ലഭിക്കുവാനായി ചോദിക്കുകമാത്രമാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): പണം അനുവദിച്ച ഉടനെ ഡയറക്ടർ അതിലേക്കു ഒരു സ്പെഷ്യൽ സ്റ്റാഫ് ഉണ്ടായിരുന്നില്ലെങ്കിൽ കണക്കുകൂട്ടുവാൻ വിഷമമാണെന്നു എഴുതിയയച്ചു അതിലേക്കു ഇന്നയിന്ന സ്പെഷ്യൽ സ്റ്റാഫ് വേണം എന്നുള്ളതിനെ സംബന്ധിച്ചു എഴുത്തുകുത്തു നടത്തുകയായിരുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): അതിലേക്കു ഒരു വർഷക്കാലം വേണ്ടിവന്നോ?

പ്രസിഡണ്ട്: മറുപടിയിൽ പറഞ്ഞിരിക്കുന്ന തീയതി ൧൧൩൩-ന്ന്-ാം ആണ്. അതു വൃശ്ചികമായിരിക്കാൻ ഇടയില്ല

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഒരു വർഷമായില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ഈ പണം അനുവദിച്ചതു ൧൧൩൩ വൃശ്ചികത്തിൽ നടന്ന കൗൺസിൽ യോഗത്തിൽ പ്രത്യേക ഗ്രാന്റായി അപേക്ഷിച്ച തുക മൂലമായിട്ടല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗവണ്മെന്റിൽനിന്നു പണം അനുവദിച്ചതു ൧൧൩൩ ചിങ്ങം ൯-ാം തീയതിയാണ്. അതിലേക്കു വേല ആരംഭിച്ചതു ൧൧൩൩ നവംബർ ൯-ാം തീയതിയുമാണു. അതുകൊണ്ടു ആറുമാസമേ ആയിട്ടുള്ളൂ.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): ൧൧൩൩ വൃശ്ചികത്തിൽ നടന്ന കൗൺസിലിൽ ൧ ലക്ഷം രൂപാ അദ്ധ്യാപകന്മാർക്കു വീതിച്ചുകൊടുക്കാൻ ഡയറക്ടർ ആവശ്യപ്പെടുകയും ഈ കൗൺസിലിൽനിന്നു അനുവദിക്കുകയും ചെയ്തിരുന്നു എന്നുള്ളതു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): കൗൺസിൽ പ്രൊസീഡിങ്സ് നോക്കിയാൽ കാണാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): 'എൻ' വകുപ്പിൽ ൬൦൦൦ രൂപാ സ്പെഷ്യൽ സ്റ്റാഫ് എസ്റ്റാബ്ലിഷ്മെന്റിനു ശമ്പളം മുതലായ വകയ്ക്കു ചിലവായി എന്നു പറയുന്നുണ്ട്. 'ഒ' വകുപ്പിൽ പറയുന്നതനുസരിച്ചു അദ്ധ്യാപകന്മാർക്കു വീതിച്ചുകൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള തുകയിൽനിന്നു തന്നെ ഇതു ചിലവാക്കി എന്നർത്ഥം വരുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു തെളിച്ചുതന്നെ പറഞ്ഞിട്ടുണ്ട്

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): അദ്ധ്യാപകന്മാരുടെ ശമ്പളത്തിനു നീക്കിവച്ചിട്ടുള്ള തുകയിൽനിന്നു സ്പെഷ്യൽ സ്റ്റാഫിനു ൨,൦൦൦-ത്തിൽ ചില്വാനം രൂപാ ചിലവാക്കി എന്നാണോ പറയുന്നതു്

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതെ.

---

* അനുബന്ധം XXI നോക്കുക.

അനുബന്ധം XI.

൧൭൪-ാം നമ്പർ പ്രശ്നത്തിനുള്ള മറുപടി നോക്കുക.

മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാരുടെ ശമ്പളം പുതുക്കുന്നതിനായി നിയമിച്ചിട്ടുള്ള വിശേഷാൽ ജീവനക്കാരുടെ പേരു മുതലായ വിവരം.

ക്രമനമ്പർ	പേര്	സ്ഥാനപ്പേര്	ശമ്പളം രൂപാ	ഡെപ്യൂട്ടേഷൻ അല്ലെങ്കിൽ ആക്റ്റിംഗ് അലവൻസ്	കൺവേയൻസ് അലവൻസ്
൧	ആർ. ചിദംബരയ്യർ ബി. ഏ. ബി. എൽ. എൽ. ടി.	സ്പെഷ്യൽ ആഫീസർ	൧൭൫	൩൫	
൨	ഏ. വീരമണിയയ്യർ	സ്പെഷ്യൽ അക്കൌണ്ടന്റ്	൭൦	൩൦	ദിവസം ഒന്നുക്കു ൨ രൂപാ മാസത്തിൽ ൨൦ രൂപായിൽ കവിയരുത്
൩	എസ്. രാജാരാമയ്യർ	ക്ലാർക്ക്	൬൦	...	
൪	പി. അനന്തപത്മനാഭയ്യർ	ടി	൩൮	൨	
൫	വി. സി. കുരുവിള ബി. ഏ.	ടി	...	ആ, ണ, ൨൫	
൬	സി. എസ്. രാമചന്ദ്രൻപോററി ബി. ഏ.	ടി	...	,, ൨൫	
൭	വി. പത്മനാഭയ്യർ ബി. ഏ.	ടൈപ്പിസ്റ്റ്	൨൩	...	
൮	എം. ബാലകൃഷ്ണൻ നായർ	ടി	...	,, ൨൫	

൫, ൬, ൮, ഈ നമ്പർ ആളുകൾ ഗവണ്മെന്റിൽ സ്ഥിരമായുള്ള ഉദ്യോഗം ഉള്ളവരാണ്.

ഡിമാൻഡ് XI—പോലീസ് (തുടർച്ച).

ധനാഭ്യർത്ഥനയെ സംബന്ധിച്ച വോട്ടുചെയ്യുക.

ഉപക്ഷേപം ൩൮൮ (തുടർച്ച).

പ്രസിഡന്റ്: ഡിമാൻഡ് XI, പോലീസ് ഇനത്തിൽ മിസ്റ്റർ വി. ചെല്ലംപിള്ള ഹാജരാക്കീട്ടുള്ള ൩൮൮-ാംനമ്പർ ഉപക്ഷേപത്തെപ്പററിയുള്ള പര്യാലോചന ഇപ്പോൾ തുടങ്ങാവുന്നതാണ്.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) പര്യാലോചനയിൽ ഇരിക്കുന്ന ഗതിവേഗസീമയെ കുറിക്കുന്ന പ്രശ്നത്തെക്കുറിച്ചു ഞാൻ ഇന്നലെ പ്രസംഗിച്ചുവല്ലോ. എനിക്കു നിർദ്ദേശിക്കുവാനുള്ളതിൽ പകുതി സംഗതികളും ഇന്നലെ പ്രസ്താവിച്ചിട്ടുണ്ട്. ഗതിവേഗസീമയെ നിറുത്തൽ ചെയ്യുവാൻ ഇടയില്ല എന്നു ഞങ്ങൾക്കു തോന്നുന്നു. മോട്ടാർ ഡ്രൈവിംഗ് തൊഴിലായി സ്വീകരിച്ചിരിക്കുന്നവരെ നിയമപരിധിയിൽ വയ്ക്കുന്നതിൽ എന്നാൽ കഴിയുന്നതെല്ലാം ഞാൻ ചെയ്തുവരുന്നുണ്ട്. എന്റെ സഞ്ചാരപ്രവൃത്തിയെക്കുറിച്ചു മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ ഊർജ്ജസ്വലതയോടുകൂടി വ്യാഖ്യാനിച്ചു. ഇതിനെ സംബന്ധിച്ച ഒരു വിമർശനാക്ഷേപം മിസ്റ്റർ മാപ്പിളതരകൻ ഹാജരാക്കീട്ടുണ്ടെന്നും ഞാൻ കാണുന്നു. ഈയ്യാണ്ടു ഞാൻ അധികമായി സഞ്ചാരം നടത്തിയിട്ടില്ല എന്നുള്ള അപരാധം ഞാൻ സമ്മതിക്കുന്നതന്നെ വേണം. എന്നാൽ ആണ്ടു മുഴുവനും ഞാൻ സ്വകൃത്യത്തിൽ വ്യാപൃതനായിരുന്നു എന്നു അതിനോടുകൂടിതന്നെ വാദിക്കേണ്ടിയിരിക്കുന്നു. പുനസ്സംഘടന സംബന്ധമായും പുനർവിഭജനസംബന്ധമായും ഗുരുതരമായ ജോലികൾ എനിക്കുണ്ടായിരുന്നു. അതിലേക്കു ഹെഡ് ക്വാർട്ടേർസിൽ ദീർഘകാലത്തേക്കു എന്റെ സാന്നിധ്യം അപേക്ഷിതമായിരുന്നു. ഇതിനുപുറമെ ബഹുമാനപ്പെട്ട ഐ. ജി. യുടെ സന്ദർശനം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഞ്ചാരത്തിൽ എല്ലാ ഭാഗങ്ങളിലും വിവിധാചാരങ്ങളെ സംബന്ധിച്ചു വളരെ സൂക്ഷ്മവും വിവരവും ആയ കാര്യങ്ങൾ നടത്തേണ്ടിയിരുന്നു.

നാഗരുകോവിലിൽ യാത്രക്കാർക്കു ഇടയ്ക്കു ബസ് മാറേണ്ടിവരുന്ന കാര്യത്തിൽ ഉള്ള ദുർഘടങ്ങളെ മാററണം എന്നു മിസ്റ്റർ വി. ചെല്ലംപിള്ള വാദിച്ചു. ഈ കാര്യത്തിൽ ഞാൻ കഴിയുന്നതു പ്രവർത്തിക്കുന്നതാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്) ഈയാണ്ടു എത്രദിവസം മെമ്പർ സഞ്ചരിച്ചിട്ടുണ്ടെന്നു പറയുമോ?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) എനിക്കു പറയാൻ നിവൃത്തിയില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്) അതിലേക്കു ഏകദേശം ഒരു കണക്കു പറഞ്ഞാൽ മതിയാകും.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) ഏകദേശമായ കണക്കു പറയുന്നതു എന്നെയോ ഈ സഭയെയോ സംബന്ധിച്ചിടത്തോളം പറയുന്നതു ഉചിതമായിരിക്കയില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്) കഴിഞ്ഞ കൊല്ലത്തിൽ മെമ്പർ എത്ര പോലീസു സ്റ്റേഷൻ സന്ദർശിച്ചിട്ടുണ്ടെന്നു പറയുമോ?

മി. എൽ. എ. ബിഷപ്പ (പോലീസു കമ്മീഷണർ) ൧൭ മുതൽ ൨൦ വരെ കാണും.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക്) അദ്ദേഹം എപ്പോഴെങ്കിലും പുളിങ്കുന്നു പോലീസ് സ്റ്റേഷൻ സന്ദർശിച്ചിട്ടുണ്ടോ?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) ഇതേവരെ ഇല്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക) അതു ഏതു താലൂക്കിൽ ആകുന്നു എന്നു അദ്ദേഹത്തിനു അറിയാമോ?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) അതു അമ്പലപ്പുഴ താലൂക്കിൽ ഉൾപ്പെട്ടതാകുന്നു എന്നറിയാം.

മി. വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും-വടക്ക) സർ, അദ്ദേഹത്തിനു താലൂക്കുകൾ പോലും അറിഞ്ഞുകൂടാ.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ) ഞാൻ താലൂക്ക അറിയണം എന്നില്ല. പോലീസ്സ സ്റ്റേഷനുകൾ ഏതു ഡിസ്ട്രിക്ടിൽ ഏതു സബ് ഡിസ്ട്രിക്ടിൽ എന്നുള്ളതു മാത്രമെ ഞാൻ അറിയേണ്ടതായിട്ടുള്ളു. (ചിരി)

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും) കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള റോഡിൽ ഇപ്പോൾ എന്തു ഗതിവേഗമാണു നിശ്ചയിച്ചിട്ടുള്ളതെന്നു കമ്മീഷണർ പറയുമോ?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ആ വിവരങ്ങൾ എല്ലാം കാണിക്കുന്ന ഒരു പട്ടികയുണ്ട്. ബസ്സിനു ഏറ്റവും കൂടുതൽ ഗതിവേഗം ൨൫ മൈൽ ആണെന്നു തോന്നുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കോട്ടയം—തിരുവനന്തപുരം ലൈനിലേക്കു ഇപ്പോൾ അനുവദിച്ചിട്ടുള്ള ഗതിവേഗം എന്തു?

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഈ രാജ്യത്തുള്ള എല്ലാ റോഡുകൾക്കും ഒരേവിധത്തിൽ ഗതിവേഗം ഉണ്ടാക്കാനു ശ്രമിച്ചുവരുന്നു. ബസിനു ഏറ്റവും കൂടുതൽ ഗതിവേഗം ൨൫-ഉം ഏറ്റവും കുറഞ്ഞവേഗം ൧൫-ഉം മൈൽ ആകുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൊല്ലം—തിരുവനന്തപുരം ലൈനിലെ ഗതിവേഗം കൂട്ടണം എന്നു വല്ല അഭിപ്രായവും പോലീസ് കമ്മീഷണർക്കു ഉണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഇക്കാര്യം ആലോചനയിൽ ഇരിക്കുന്നു.

ഞാൻ പറഞ്ഞ ഉറപ്പിൻമേൽ മെമ്പർ ഈ ഉപക്ഷേപം പിൻവലിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ഈ സമാധാനം പറഞ്ഞിരിക്കകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

പ്രസിഡെണ്ട്: ഈ ഉപക്ഷേപം പിൻവലിക്കാൻ സഭ മെമ്പറിനു അനുമതി നൽകുന്നുണ്ടോ?

ഉപക്ഷേപം അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപത്തിന്റെ പ്രയോക്താവു ഹാജരില്ലാതിരുന്നതിനാൽ അതു ഹാജരാക്കിയതായി ഗണിക്കപ്പെട്ടില്ല.

ഉപക്ഷേപം ൩൮൫.

മി: കെ. സി. കരുണാകരൻ സഞ്ചാരപ്പടിക്കുള്ള ൨,൭൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ നം. ൧ മുതൽ നം. ൭ വരെ.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: മാത്യുമുരിക്കൻ

നം. ൧. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽനിന്നു ൫ രൂപാ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്

നം. ൨. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

നം. ൩. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

നം. ൪. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽ ൫൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

നം. ൫. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽ ൫൦൦ രൂപാ കുറയ്ക്കണം.

മി: രേവതിനാൾ രാമവർമ്മരാജാ

നം. ൬. സഞ്ചാരപ്പടിക്കുള്ള ൨൭൦൦ രൂപായിൽ ൨൦൦ രൂപാ കുറയ്ക്കണം.

മി: എ. ജി. മോഹൻ

നം. ൭. ഷോഡ്ഓമീട്ടർ വാങ്ങിക്കുന്നതിനുള്ള ൩൨൪ രൂപാ എന്ന തുക ഉപേക്ഷിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

നം. ൭. ഫയർ എഞ്ചിൻ വിലയ്ക്കുകൊള്ളുന്നതിനും കേടുപാടു തീർക്കുന്നതിനും ഉള്ള ൩൦൦ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

ഡിമാൻഡ ൧൨ പോലീസ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നം. ൭-ാം നമ്പർ ഉപക്ഷേപത്തിന്റെ ഉദ്ദേശം എന്തെന്നുള്ളതു അച്ചടിച്ചതിൽ ഒരു തെറ്റുണ്ട്. ഫൈയർഎഞ്ചിന്റെ കാര്യത്തിൽ "നേരിട്ടുള്ള നിയന്ത്രണം" അല്ല "ഭയാധികാരം" എന്നതാണ് വിഷയം.

പ്രസിഡെണ്ട്: നിങ്ങൾ അതു ഹാജരാക്കുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ല.

നം. ൬൬-ഉം നം. ൬൭-ഉം ഉപക്ഷേപങ്ങൾ, താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള

നം. ൬൭. എലക്ട്രിക് കറണ്ടിനുള്ള ൩൦൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കണം

മി. ഏ. ജി. മേനവൻ.

നം. ൬൬. ആഫീസ് ചിലവിനും പലവക ചിലവിനുംഉള്ള തുകയായ ൫൩൪൦ രൂപയിൽനിന്നു ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൭൦.

മി: കെ: പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മീഷണർക്കുള്ള മൊത്തം ൭൬,൬൭൬ രൂപയിൽ ൫ രൂപാ കുറയ്ക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം ഉപക്ഷേപപത്രികയിൽ പറഞ്ഞിരിക്കുന്ന സംഗതിയല്ല, കിന്തു, ഡിപ്പാർട്ടുമെന്റു ഭരണത്തിന്റെ സാമാന്യനിലയുടെ ഹ്രസ്വമായ വിവേചനമാണ്. സർ, ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം ചില സംഗതികൾ കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നതാണ്, അതു തിരുവിതാംകോട്ടിനെ സംബന്ധിച്ചിടത്തോളം, പോലീസ്ഡിപ്പാർട്ടുമെന്റിന്റെ ശരിയായ ഭരണത്തിനു അത്യന്തത്തിനു സഹായകരം ആയിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. സർ, പോലീസ്കമ്മീഷണർ ഏതാനും ഏർപ്പാടുകൾ അടുത്തകാലത്തു നടപ്പാക്കിട്ടുണ്ട്. അവ തിരുവിതാംകോട്ടിന്റെ ഇപ്പോഴത്തെ സ്ഥിതിക്കും ജനങ്ങളുടെ ശ്രേഷ്ഠ്യാനീതികരിക്കത്തക്കവയല്ല. ഇതിനു ഉദാഹരണമായി രണ്ടു കാര്യങ്ങൾ പറയാം. ഒന്നു സി. ഐ. ഡി ഉദ്യോഗസ്ഥന്മാരെ പോലീസ്ഡിപ്പാർട്ടുമെന്റിനോടുകൂടി ചേർത്തിരിക്കുന്നതാണ്. ഈ നാട്ടുരാജ്യത്തിൽ നടപ്പുള്ള സ്ഥിതികൾ ഗണിക്കുന്നതായാൽ തിരുവിതാംകോട്ടിലെ പോലീസ്ഡിപ്പാർട്ടുമെന്റിൽ ഒരു സി. ഐ. ഡി. സൈന്യവും ചേർക്കത്തക്കതായ ആവശ്യം തീരെ ഇല്ല എന്നുള്ളതു ബോദ്ധ്യമാകുന്നതാണ്. ഈ സംഗതിയാണു എനിക്കു സഭയെ അറിയിക്കാനുള്ളതു. ഈ രാജ്യത്തെ ജനങ്ങൾ വിശ്വാസമുള്ളവരാകുന്നു, തങ്ങളുടെ ചുമതലകളും ധർമ്മങ്ങളും എന്തെന്നു ജനങ്ങൾക്കു അറിയാം. ക്രമാനുസരണമായി ഏതുവിധം നടക്കണം രാജ്യത്തിൽ ഉള്ള നിയമങ്ങളെ എങ്ങനെ പാലിക്കണം എന്നും ജനങ്ങൾക്കു അറിയാം; ജനങ്ങൾ പൊതുവെ രാജാവിന്റെയും രാജ്യാധികാരസ്ഥന്മാരുടേയും നേർക്കു ഭക്തിയും അനുസരണയും ഉള്ളവരാണ്. ബ്രിട്ടീഷിൻഡ്യയിൽ ഇപ്പോൾ നടന്നുവരുന്ന അവസ്ഥാഭേദങ്ങൾ തിരുവിതാംകൂറിൽ നടപ്പില്ല, തിരുവിതാംകോട്ടിൽ യാതൊരു ആപൽശങ്കയും ഇല്ല. ഇവിടെ രാജ്യവിപ്ലവപ്രവൃത്തിയില്ല; ഇപ്പോഴുള്ള ഭരണാധികാരത്തെ കീഴ്മേൽമറിക്കുന്നതിനു യാതൊരുത്തനും പ്രവർത്തിച്ചിട്ടില്ല. തിരുവിതാംകോട്ടു സി. ഐ. ഡി. ജീവനക്കാരെ കൂട്ടതലായി നിയമിക്കുന്നതിനു പോലീസ്കമ്മീഷണരെ പ്രേരിപ്പിച്ചിരിക്കാവുന്ന യാതൊരു കാരണവും എനിക്കു കണ്ടറിയാൻ കഴിയുന്നില്ല. പുത്തൻകച്ചേരിക്കടുത്തുള്ള പോലീസ്മൈതാനത്തു അടുത്തകാലത്തു നടത്തിച്ച ലാത്തിപ്രയോഗപ്രദർശനത്തിന്റെ അർത്ഥം എന്താണെന്നു ഏതത്സംബന്ധമായി എനിക്കു ചോദിക്കാനുണ്ടു. തിരുവിതാംകൂറിനെസംബന്ധിച്ചിടത്തോളം, അതു നിരർത്ഥകമാണ്, സർ, ഞങ്ങൾ വിദ്യാഭ്യാസം സിദ്ധിച്ചവർ, പോലീസ് സൈന്യം നടത്തിയ ലാത്തി പ്രദർശനം എത്ര ഫലവത്താണെന്നു ഞങ്ങൾക്കറിയാം. പോലീസുകമ്മീഷണരുടേയും പോലീസ് സൈന്യത്തിന്റെയും അധികാരത്തിന്റെ സീമയും ഞങ്ങൾക്കറിയാം. അതുകൊണ്ടു ലാത്തിപ്രയോഗപ്രദർശനത്താൽ പൗരന്മാരെ ഭയപ്പെടുത്തണമെന്നതാണു പോലീസ്കമ്മീഷണരുടേയും പോലീസുസൈന്യത്തിന്റെയും ഉദ്ദേശമെങ്കിൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം, ഈ പ്രദർശനത്താൽ ആ ഉദ്ദേശം ഫലവത്താകയില്ല എന്നു ഞാൻ സവിനയം അറിയിച്ചുകൊള്ളുന്നു.

പിന്നീടു പോലീസ്ഡിപ്പാർട്ടുമെന്റിന്റെ പൊതുഭരണത്തെക്കുറിച്ചു അനേകം സംഗതികൾ ഈ സഭയെ എനിക്കു അറിയിക്കാനുണ്ടു. ഈ അവസരത്തിൽ പോലീസ്ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെക്കുറിച്ചു ഒരു വാക്കുകൂടി ഞാൻ അറിയിക്കാം. അവർ സാധുപ്രവൃത്തികളെ ജനപ്രതീക്ഷയ്ക്കനുസരണമായി നടത്താറില്ല. ഈ നഗരത്തിലും മററു സ്ഥലങ്ങളിലും ആവർത്തിച്ചു ബോധിപ്പിച്ചിട്ടും കൈക്കൂലി മുതലായ ദൂഷണം പോലീസ്ഡിപ്പാർട്ടുമെന്റിലും പോലീസ് സൈന്യത്തിലെ കീഴുദ്യോഗസ്ഥന്മാരിലും നടനം ചെയ്യുന്നു. ഈ കയ്യേറം ഏതു പോലീസുദ്യോഗസ്ഥന്മാരുടെ നേർക്കു പ്രയോഗിച്ചിരിക്കുന്നു എന്നു പോലീസുകമ്മീഷണർ അന്വേഷണം നടത്തുന്നതു നന്നായിരിക്കും. പോലീസ്സ്റ്റേഷനിലെ മേലധികാരംവഹിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു അവരുടെ സ്വപ്രവൃത്തികൾ നടത്തുന്നതിൽ ശേഷിയില്ലാതിരിക്കുന്നു. അവർ ഹെഡ്കൺസ്റ്റബിളിന്റെയോ ഹെഡ്കൺസ്റ്റബിൾമാരുടേയോ ചൊൽപ്പടിക്കു നടക്കുന്ന ഇൻസ്പെക്ടർ ഹെഡ്കൺസ്റ്റബിൾമാരുടെ അധീനത്തിൽപ്പെട്ട പാവകളെപ്പോലെ ഈ കാര്യങ്ങളിൽ അനേകം വസ്തുതകൾ ഞാൻതന്നെ നേരിട്ടു അറിഞ്ഞിട്ടുണ്ടു. ഹെഡ്കൺസ്റ്റബിളിന്റെ ശമ്പളവും സ്ഥാനവും എന്തെന്നുള്ളതു ഞങ്ങൾക്കറിയാം. അവർ ദൂഷണാതീതരായിരിക്കുമെന്നു പ്രതീക്ഷിക്കുന്നതു ശക്യമാണോ എന്നും ഞങ്ങൾക്കറിയാം. പോലീസ്സ്റ്റേഷന്റെ മേലധികാരംവഹിക്കുന്ന അസമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും തന്നിമിത്തം ജനങ്ങൾക്കു നേരിടുന്ന കഷ്ടതകളെക്കുറിച്ചും അനേകതവണ ഇതുപോലെ ഈ സഭയിൽ പ്രസ്താവിച്ചിട്ടുണ്ടു. എങ്കിലും ഈ സഭയ്ക്കു തൃപ്തിവരത്തക്കവണ്ണം ദോഷത്തെ പരിഹരിച്ചിട്ടില്ല. പോലീസുകമ്മീഷണർ തന്റെ റിപ്പോർട്ടിനെ നോക്കുന്നതായാൽ ജനങ്ങൾ പോലീസുസൈന്യത്തിന്റെ നേർക്കു എത്ര പ്രാസിക്യൂഷൻ നടത്തുന്നുണ്ടെന്നു സ്വയം കാണാവുന്നതാണ്. അവയുമായി സംബന്ധിച്ചുവരുന്ന പോലീസ്ഡിപ്പാർട്ടുമെന്റിനും എക്സൈസ്ഡിപ്പാർട്ടുമെന്റിനും തമ്മിൽ ഉള്ളതായിതോന്നുന്ന ചാർച്ചകൊണ്ടായിരിക്കാം എക്സൈസ്ഡിപ്പാർട്ടുമെന്റുകാരുടെ നിയന്ത്രണത്തിലുൾപ്പെട്ട ചരക്കുകളുടെ സേവനത്തിൽ പോലീസ്ഡിപ്പാർട്ടുമെന്റു അവരെ അധികമായി സഹായിച്ചുവരുന്നതു്. അങ്ങനെ സംശയിക്കുന്നതിനു മദ്യവർജ്ജനപ്രസ്ഥാനം ഈയിടെ അവസരം നൽകിയിരിക്കുന്നു.

മി: എൻ. എ. ബിഷപ്പ് (പൊലീസുകമ്മീഷണർ): പൊലീസുകാർ വിലകൊടുത്തോ വിലകൊടുക്കാതെയോ അതു വാങ്ങിക്കുന്നതു്? (ചിരി)

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിശ്ചയമായും വിലകൊടുത്തുതന്നെ. കാൺസ്റ്റബിൾമാരുടെ ശമ്പളം കൂട്ടണം എന്നു ഈ സഭയിൽ ഈ കക്ഷിയിൽ ഉള്ള ഞങ്ങൾ വാദിക്കുമ്പോൾ, കാൺസ്റ്റബിൾമാർക്കു ഇപ്പോൾ കിട്ടുന്ന ചെറിയ തുക ഏതുവിധം അവർ ചിലവാക്കുന്നു എന്നു പോലീസുകമ്മീഷണർ നോക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. തന്റെ കീഴിലുള്ളവർക്കു കിട്ടുന്ന സ്വല്പധനത്തെ അവർ ശരിയായ വിധം ചിലവാക്കുന്നുണ്ടെന്നു നോക്കേണ്ടതു പോലീസുകമ്മീഷണരുടെ ധർമ്മം ആയിരിക്കണം എന്നുപോലും ഞാൻ നിർദ്ദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർക്കു ഇപ്പോൾ കൊടുക്കുന്ന ചെറിയ തുകയെ അവർ അനുചിതമായവിധത്തിൽ ഉപയോഗിക്കുന്നതുകൊണ്ടു അവർ ന്യായഭക്തികളായ പൗരന്മാർക്കു ഉപദ്രവം ഉണ്ടാക്കുന്നു. ഇവരുടെ മേൽ മദ്യപാനകുറ്റത്തിനായി അനേകം കേസുകൾ ക്രിമിനൽകോർട്ടുകളിൽ നടത്തപ്പെട്ടിട്ടുള്ളതായി എനിക്കു നേരിട്ടറിയാം.

മി: എൻ. എ. ബിഷപ്പ് (പൊലീസുകമ്മീഷണർ): മെമ്പർക്കു വല്ല ദൃഷ്ടാന്തവും പറയാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മീഷണർക്കു അറിയേണ്ടതീത എന്നുണ്ടെങ്കിൽ. പോലീസു കീഴ്ജീവനക്കാരുടെ പേരിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകളുടെ ഒരു ലിസ്റ്റ് അദ്ദേഹത്തിനു അയച്ചുകൊടുക്കാൻ എനിക്കു കഴിയും. കേസുകൾ തീർച്ചയാകാതെ കിടക്കുന്നതുകൊണ്ടു അവയെക്കുറിച്ചു ഇവിടെ പ്രസ്താവിക്കുന്നതു ഉചിതമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എൻ. എ. ബിഷപ്പ് (പൊലീസുകമ്മീഷണർ): കേസുകൾ തീർച്ചയാകാതെ കിടക്കയാണു് അല്ലേ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അവ നിലവിലിരിക്കുന്നു എന്നു ഞാൻ പറഞ്ഞു.

മി: എൻ. എ. ബിഷപ്പ് (പൊലീസുകമ്മീഷണർ) ആ സ്ഥിതിക്കു അതു പൊലീസുകാരുടെ പേരിലുള്ള കുറ്റാരോപണം മാത്രമേ ആകുന്നുള്ളു; അവ തെളിഞ്ഞെന്നും ഇല്ലെന്നും വരാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു കേവലം കുറ്റാരോപണം ആയിരുന്നാലും അതിൽ കൂടുതലായിരുന്നാലും ശരി; ഈ കാൺസ്റ്റബിൾമാർ കുടിക്കുന്നുണ്ടോ ഇല്ലയോ എന്നു കോടതികൾ തീർച്ചചെയ്യാൻ പോകുന്നില്ല. അവരുടെ പേരിലുള്ള കുറ്റാരോപണം അവർ, ഈ രാജ്യത്തിലെ പൗരന്മാരിൽ ചിലരെ അടിച്ചുവെന്നോ, വല്ല ഉപദ്രവവും വരുത്തിയെന്നോ, ആയിരിക്കാം; ആ സംഗതിയാണു കോടതി തീർച്ചചെയ്യാൻ പോകുന്നതു. അതുകൊണ്ടു ആ സംഗതി എന്റെ ഇപ്പോഴത്തെ വാദത്തെ സഹായിക്കയില്ല.

ജനങ്ങൾ പോലീസുദ്യോഗസ്ഥന്മാരുടെയും കീഴ്ജീവനക്കാരുടെയും അധീനത്തിൽ സകലവിധ അപമാനകരങ്ങളായ പെരുമാറ്റത്തിനും അനാവശ്യമായി ആകാൻ പാടില്ലെന്നാണ് അടുത്തതായി, സർ, എനിക്കു പറയാനുള്ളതു. മദ്യവർജനപ്രസ്ഥാനത്തെ സംബന്ധിച്ചു ഈ കാര്യം ഞാൻ പ്രസ്താവിച്ചു. ആ പ്രസ്ഥാനകാര്യത്തിൽ വളരെ മാന്യരായ മഹാന്മാരെ പിടിച്ചു വിലങ്ങുവച്ചു കൊണ്ടുപോയിരുന്നു. അതിക്രൂരങ്ങളായ കുറ്റങ്ങളുടെ കാര്യത്തിൽ കയ്യാമത്തിന്റെ ഉപയോഗം മനസ്സിലാക്കാൻ എനിക്കു കഴിയും, മാന്യപൗരന്മാരുടെ കാര്യത്തിൽ ഈ നടപ്പു നിരുത്തുകതന്നെ വേണം. മദ്യവർജനപ്രസ്ഥാനം ഇരിക്കട്ടെ, മാന്യരായ മോട്ടോർഡ്രൈവർമാരെ മോട്ടോർ വണ്ടിറഗുലേഷൻ അനുസരിച്ചുള്ള കുറ്റങ്ങൾക്കായി കയ്യാമംവച്ചു കൊണ്ടുപോയിട്ടുള്ളതു സർ, എനിക്കു അറിയാം. ഞാൻ ഇപ്പോൾ പ്രസ്താവിച്ച സ്വഭാവത്തിലുള്ള കുറ്റങ്ങളിൽ മാന്യന്മാരായ ജനങ്ങൾ ഉൾപ്പെട്ടിരിക്കുമ്പോൾ പൊലീസു ഡിപ്പാർട്ടുമെന്റുകാർ ഈ വിധം പ്രവർത്തിക്കുന്നതിനു യാതൊരു ന്യായവും ഇല്ലാത്തതാകുന്നു. അതുകൊണ്ടു മാന്യന്മാരായ ജനങ്ങളുടെ കാര്യത്തിൽ വിലങ്ങു ഉപയോഗിച്ചുകൂടാ എന്നുള്ളതിൽ നിഷ്കർഷയായ ഉത്തരവുകൾ ആവശ്യമുള്ളതാകുന്നു.

മറെറാരു കാര്യംകൂടി ഞാൻ പ്രസ്താവിക്കാം. പൊലീസ്സ്റ്റേഷനിലെ മേലധികാരം വഹിക്കാൻ ഉത്തരവാദബോധം ഉള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കണം എന്നുള്ള ഈ സഭയുടെ ശിപാർശയനുസരിച്ചു ഗ്രാഡ്വേറ്റുമാരെ ഇൻസ്പെക്ടരായി നിയമിക്കുകയും പൊലീസ്സ്റ്റേഷനിലെ മേലധികാരം വഹിക്കാൻ നിയമിക്കുകയും ചെയ്തിട്ടുണ്ടു. എങ്കിലും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഈ ഗ്രാഡ്വേറ്റുകൾ പോലും പൊലീസ്സ്റ്റേഷന്റെ ഉള്ളിൽ ഹിംസപ്രവൃത്തികൾ പലപ്പോഴും നടത്തിവരാറുണ്ടെന്നും അതു് ഹേതുവായി അവർ ആരുടെ പേരിൽ കുറ്റം ആരോപിച്ചിരിക്കുന്നുവോ ആ വാസ്തവകുറ്റക്കാരുടെ പേരിൽ കുറ്റസ്ഥാപനം വരുത്തുന്നതിലേക്കു ആവശ്യമായ തെളിവുശേഖരിക്കുന്നതിൽ അവരുടെ സകലശ്രദ്ധയേയും ശക്തിയേയും ഏകീകരിക്കുന്നതു അവർക്കു അസാദ്ധ്യമായി തീർന്നിരിക്കുന്നു എന്നും അറിയുന്നതിനുള്ള വ്യസനകരമായ അവസരങ്ങൾ ഞങ്ങൾക്കു ഉണ്ടായിട്ടുണ്ടു. കുറ്റക്കാരനെ പിടിച്ചു ലാക്കപ്പിൽ അടച്ചു ഉപദ്രവിക്കുന്നതുകൊണ്ടുമാത്രം ഈ ഇൻസ്പെക്ടർമാർ തൃപ്തിപ്പെട്ടുവരുന്നു എന്നുതോന്നുന്നു. പിന്നീടു ആ കേസിനെക്കുറിച്ചു ഇൻസ്പെക്ടർ ശ്രദ്ധിക്കാറില്ല. ചിലരുടെ സ്വാധീനശക്തി ഈ ഇൻസ്പെക്ടർമാരുടെ പേരിൽ പ്രയോഗിക്കുന്നതു നിമിത്തം മാന്യജനങ്ങളെപ്പോലും പൊലീസുകാർ ചിലപ്പോൾ വല്ല കാരണവും പറഞ്ഞു പിടിച്ചു ലാക്കപ്പിൽ അടച്ചു അപമാനിച്ചുവരുന്നതായി അനേകം തവണ ഞങ്ങൾ അറിഞ്ഞിട്ടുണ്ടു. ഈ കാര്യവും ജനങ്ങളിൽ നിന്നു ഗൗരവപ്പെട്ട ആവലാതിക്കു കാരണമാക്കിട്ടുണ്ടു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ പര്യാലോചനത്തിനായി സമർപ്പിക്കുന്നു.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ചമെമ്പർ): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച പ്രമേയത്തെ പിൻതാങ്ങി ഇപ്രകാരം അറിയിക്കാം. ഈ തിരുവിതാംകൂറിൽ അസംഖ്യം ജനങ്ങൾ കഷ്ടത അനുഭവിച്ചുവരുന്നു എന്നുള്ളതു ഈ സഭയിൽ എല്ലാവരും അറിഞ്ഞിട്ടുള്ള സംഗതിയാണ്. ഇവർ പുതുവൽ സ്ഥലങ്ങളിൽ കയറി താമസിക്കുന്നു. അവർ അവിടെ ചെന്നു കാടുവെട്ടിത്തെളിച്ചു മരം നട്ടു കുടിൽ കെട്ടിപ്പാർക്കുന്നു. സ്വാധീനശക്തിയുള്ള ധനവാന്മാർ പൊലീസുകാരുടെ സഹായത്താൽ ഇവരെ ഓടിച്ചുകള

ന്നു. സർ, ഇവർ പോയില്ലെങ്കിൽ പോലീസുകാർ ഇവരുടെ കുടിലുകളെ പിടിച്ചുവലിച്ചെറിഞ്ഞു ഇവരെ ഹിംസിക്കുന്നു. ഈ സാധുക്കൾ ഈ പൊലീസുകാരെ പേടിച്ചു തങ്ങളുടെ വസ്തുവിനേയും കുടിലുകളേയും വിട്ടൊഴിഞ്ഞു പാർക്കുവാൻ സ്ഥലമില്ലാതെ കഷ്ടപ്പെട്ടുവരുന്നു. ഈ സ്ഥിതിയിൽ ഉള്ള ഈ സാധുക്കൾ എവിടെ എങ്കിലും കയറിയിരിക്കുന്നതായാൽ മറ്റുള്ളവർ പൊലീസുകാരുടെ സഹായത്തോടു കൂടി അവരെ അവിടെനിന്നു ഇറക്കിക്കളയുന്നു. എന്തന്യായം? സാധുക്കൾ എന്തു ചെയ്യും? എവിടെ പോകും? ആരോടു പരാതിപ്പെടും? സർ, ഈ രാജ്യത്തിലുള്ള ധനവാന്മാർ ധാരാളം സ്ഥലങ്ങൾ തങ്ങളുടെ പേരിൽ പതിച്ചെടുത്തിട്ടുണ്ടു. അങ്ങനെയുള്ളവർ പൊലീസുസഹായത്തോടു കൂടി ഒഴിപ്പിക്കാറുമില്ല; ചേർപ്പോഴുമില്ല. ഈ സാധുജനങ്ങൾക്കു വേണ്ടിയാണോ പൊലീസുകാരെ ഉണ്ടാക്കിയിരിക്കുന്നതു? ഈ സാധുജനങ്ങൾ മലംപ്രദേശങ്ങളിൽ ചെന്നു കാടുവെട്ടിതെളിച്ചു വീടുകെട്ടി പാർക്കുന്നു. ഇവരേയും മറ്റുള്ളവർ പൊലീസുകാരുടെ സഹായത്തോടു കൂടി ഹിംസിക്കുന്നു. ഇനിമേലെങ്കിലും പൊലീസുകാർ ഈ സാധുജനങ്ങളെ ഹിംസിക്കാതിരിക്കണം എന്നത്രേ ഞാൻ പൊലീസു കമ്മീഷണരോടപേക്ഷിക്കുന്നതു.

രണ്ടാമതായി സർ, എനിക്കു പറയാനുള്ളതു ഈ രാജ്യത്തിൽ ഈ സാധുജനങ്ങൾ പലവിധകഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നു. ഉയർന്നജാതിക്കാരിൽ ചിലർ അധഃകൃതർക്കു വേണ്ട സഹായം ചെയ്യുവാൻ ഇരിഞ്ഞിരിക്കുന്നു എന്നുള്ളതാണു. സർ ഈ സാധുക്കൾ ഈ രാജ്യത്തിലേക്കു വളരെ ഉപയോഗമുള്ളവർ ആണു. ഇവർ അനേകം കാടുകളെ നാടാക്കിയിട്ടുണ്ടു. പട്ടണങ്ങളെ പരിശുദ്ധമാക്കുന്നു. കാടുകൾ തെളിച്ചു ദേഹണ്ണിച്ചു അനുഭവിച്ചുവരുന്ന സ്ഥലങ്ങളെ അപഹരിക്കണം എന്നു കരുതി ധനവാന്മാർ മരംവെട്ടിയതായും തങ്ങളുടെ വസ്തുക്കളിൽ അതിക്രമണം ചെയ്തതായും പോലീസുകാരോടു പറയുന്നതിന്റെ ഫലമായി അവർ ഈ സാധുക്കളിൽ നിന്നു അന്യായമായി പണം അപഹരിക്കയും അവരെ ഹിംസിച്ചു കുടികളിൽനിന്നു ഇറക്കുകയും ചെയ്യുന്നു. അങ്ങനെ പണംകൊടുക്കാൻ ശക്തിയില്ലാത്തവരെ അടിച്ചു നോട്ടെഴുതി കൊടുക്കാൻ അവരോടു പറയുന്നു. ഈ വിധം എഴുതിക്കൊടുക്കുന്ന നോട്ടിന്മേൽ കേസുകൊടുത്തു പണം കൊടുക്കാനുള്ളവർക്കു ശക്തിയില്ലാതിരിക്കുമ്പോൾ ഇവരുടെ പേരിലുള്ള പുരവകകളെ പതിച്ചുകൊള്ളുന്നതിനു പോലീസുകാർ സഹായികളായിരിക്കുന്നു. ഈ വിധമുള്ള കഷ്ടതകൾ സാധുജനങ്ങൾ അനുഭവിച്ചുവരുന്നു. ഈ സാധുക്കൾ എന്തു ചെയ്യും? പോലീസുകാർ എന്തുചെയ്യുമോ എന്നു ഭയന്നു അവർ വീടുവിട്ടോടിക്കളയുന്നു. തിരുവിതാംകോട്ടുസംസ്ഥാനത്തിൽ ഈ സാധുജനങ്ങളിൽ ക്രിസ്ത്യാനികൾ മാനേജർമാരുടെ കീഴിലും ഹിന്ദുക്കൾ സെക്രട്ടറിയുടെ കീഴിലും ഇരിക്കുന്നു. ഈവിധം ഇരിക്കകൊണ്ടു സാധുക്കളുടെപേരിൽ കേസുണ്ടായാൽ ആദ്യം മാനേജർമാരേയോ സെക്രട്ടറിമാരേയോ തെര്യപ്പെടുത്തണം. ഈ ധനവാന്മാർ മൂലമായി ഈ സാധുക്കളുടെ കേസുകളെ വിചാരണചെയ്താൽ സാധുക്കൾക്കു ഉപദ്രവം കുറയും സർ, മേലാലെങ്കിലും പോലീസുകാർചെന്നു ഈ സാധുക്കളെ ഉപദ്രവിക്കാതിരിക്കത്തക്കവണ്ണം ഏർപ്പാടുചെയ്യുന്നതു വലിയ ഉപകാരമായിരിക്കും. ചങ്ങനാശേരിതാലൂക്കിൽ കുറിച്ചി പകുതിയിൽ വീടുകെട്ടി താമസിക്കുന്ന ജനങ്ങളെ അവരുടെ വീട്ടിൽനിന്നു ഇറക്കാൻ റെവന്യൂഇൻസ്പെക്ടർ പോലീസുകാരോടൊന്നിച്ചു പോകുന്നതായി എഴുത്തുകിട്ടിയിരിക്കുന്നു. ഈവിധം സങ്കടമായ കാര്യങ്ങളെ അറിയിച്ചുകൊണ്ടു എന്റെ പ്രസംഗത്തെ അവസാനിപ്പിക്കുന്നു.

മി: പി. എസ്. മഹമ്മദ് (ഗവൺമെൻറുനിയമിച്ച മെമ്പർ): സർ, മി: കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ശരിയായി ചിന്താക്കുന്നു.

പോലീസുദ്യോഗസ്ഥന്മാർ അവരുടെ സമാധാനം പരിപാലിക്കുവാൻ ഉപയോഗമുള്ളതായ ആയുധങ്ങൾ ശേഖരിക്കുന്നതിൽ നമുക്കു യാതൊരു അഭിപ്രായവ്യത്യാസവുമില്ല. എന്നാൽ തിരുവിതാംകൂറിലെ ജനങ്ങൾ, മി: നീലകണ്ഠപ്പിള്ള പറഞ്ഞപ്രകാരം വിദ്യാഭ്യാസത്തിൽ വളരെ ഉന്നതി ലഭിച്ചിട്ടുള്ള ആളുകളായതുകൊണ്ടു ഉദ്യോഗസ്ഥന്മാരുടെ അധികാരത്തിൽ ഭയമുണ്ടാകയില്ല ഉണ്ടായ ട്ടുമില്ല. അങ്ങനെ ഉള്ളവരായിരുന്നുവെങ്കിൽ ഈ ജാതിയേക്കാൾ ഭയങ്കരമായ തോക്കിനേയും ബാററിനേയും ആയിരുന്നു. ഇങ്ങനെ ഞാൻ പറയുന്നതു ജാതിയെ ഭയപ്പെട്ടിട്ടല്ല, അതിനെ ഈ സന്ദർഭത്തിൽ കൊണ്ടുവന്നതുകൊണ്ടുമാത്രം പറയുകയാണ്. വളരെ പാവനമായ ഉദ്ദേശത്തോടുകൂടി തങ്ങളെ എന്തുതന്നെ ഉപദ്രവിച്ചാലും പകരം ചെയ്യുകയില്ലെന്നുള്ള തത്വത്തോടുകൂടി രാജ്യസേവനംചെയ്യുന്ന യോഗ്യന്മാരുടെ മുതുകിൽ മർദ്ദനം ചെയ്യുന്നു എന്നു കീർത്തി സമ്പാദിച്ച ആ പേരോടുകൂടിയ ആയുധം ഇവിടെ കൊണ്ടുവന്നതിനാലാണു ഞങ്ങൾ അതിനെ ആക്ഷേപിക്കുന്നതു. ഇത്രത്തോളം ദുഷ്കീർത്തി സമ്പാദിച്ചിട്ടുള്ള ഒരായുധം ഈ സന്ദർഭത്തിൽ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു എന്നുമാത്രം പറഞ്ഞുകൊണ്ടു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെഅനുകൂലിച്ചുകൊള്ളുന്നു.

മി: മാത്യൂമുരിക്കൻ (വയ്ക്കം): പ്രതിപാദനീയമായ ഉപക്ഷേപത്തെക്കുറിച്ചു ചിലതു പറയാൻ എനിക്കും ആഗ്രഹം ഉണ്ട്. പൊലീസ്ഡിപ്പാർട്ടുമെൻറിന്റെ ഭരണത്തെ സംബന്ധിച്ചു മൂന്നു കാര്യങ്ങൾ മാത്രമേ എനിക്കു പറയാനുള്ളു.

ആദ്യമായി ക്രിമിനൽകേസുകൾ നടത്തുന്നതിൽ പോലീസുകാരുടെ നടപടിയെക്കുറിച്ചു പ്രസ്താവിക്കാം; ഡിപ്പാർട്ടുമെൻറിന്റെ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഗവൺമെൻറിന്റെ മുൻപരിശോധനങ്ങളിൽ ആവർത്തിച്ചു അനുശാസനങ്ങൾ നൽകിയിരുന്നിട്ടും മജിസ്ട്രേട്ടന്മാർ തങ്ങളുടെ മുമ്പാകെ ചാർജ്ജുചെയ്തിരിക്കുന്ന കേസുകൾ തീർച്ചചെയ്യുന്നതിനു [illegible]-ാമാണ്ടു ശരാശരി [illegible] ദിവസംവീതം വേണ്ടിവന്നിരിക്കെ ഈയാണ്ട് [illegible] ദിവസം വേണ്ടിവന്നിരിക്കുന്നു എന്നു ഗവൺമെൻറു വ്യസനസമേതം നിരീക്ഷിക്കുന്നു. കാലവിളംബത്തിന്റെ പ്രസ്തുതശരാശരിക്കണക്കു [illegible] മാണ്ടു [illegible] ദിവസവും [illegible]-ാമാണ്ടു [illegible] ദിവസവും [illegible]-ാമാണ്ടു [illegible] ദിവസവും ആയിരുന്നു. അതു സ്ഥിരമായ ഈ വിളംബാധിക്യത്തിനുള്ള കാരണങ്ങളെ ഡിസ്ട്രിക്ട്മജിസ്ട്രേട്ടന്മാർ അന്വേഷിച്ചറിഞ്ഞു അവരുടെ അഭിപ്രായങ്ങളെ താമസിയാതെ ഗവൺമെൻറിനെ അറിയിക്കണം.

നടത്തിഅയയ്ക്കാനായി പോലീസുകാരെ ഏൽപ്പിച്ചിട്ടുള്ള പ്രാസസ്സുകളിൽ [illegible]-ാമാണ്ടു [illegible] ശതമാനവും [illegible] ൽ [illegible] ശതമാനവും നടത്തിഅയച്ചിരുന്നിരിക്കെ ഈയാണ്ടിൽ [illegible] ശതമാനം മാത്ര

മെ നടത്തി മടക്കിഅയച്ചിട്ടുള്ള എന്നുകാണുന്നു. ഇതിന്റെ ശരാശരി കണക്കു കൂടുതലായിക്കാണേണ്ടതാകുന്നു. പൊലീസുകാർ മജിസ്ട്രേട്ടന്മാർക്കു റിപ്പോർട്ടുചെയ്യുന്ന സംഭവങ്ങളെക്കുറിച്ചു അവസാനറിപ്പോർട്ടയക്കുന്നതിൽ താമസം വരുന്നതായി പരാതി ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ പരാതി ഇല്ലാതാക്കണമെന്നു കമ്മീഷണറോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

ക്രിമിനൽകേസുകൾ തീർച്ചചെയ്യുന്നതിൽ താമസം വരുത്തുന്നതിനു മജിസ്ട്രേട്ടുമാരെ കുറ്റപ്പെടുത്തേണ്ടതാണെന്നു റിപ്പോർട്ടിലും അതിന്മേലുള്ള ഉത്തരവിലും നിന്നു തോന്നിപ്പോകുന്നു. ഈ താമസത്തിനു അധികമായി ഉത്തരവാദികൾ പോലീസുകാരാണെന്നു എനിക്കു തോന്നുന്നു. അനേകം ക്രിമിനൽ കേസുകളിൽ ഹെഡ്കാൺസ്റ്റേബിൾമാർ അന്വേഷണം നടത്തി അവരുടെ ഇൻസ്പെക്ടർ പ്രാസിക്യൂട്ടുചെയ്യുന്നു. അല്ലെങ്കിൽ ഇൻസ്പെക്ടർ അന്വേഷണം നടത്തുകയും അവരുടെ ഹെഡ്കാൺസ്റ്റബിൾ പ്രാസിക്യൂട്ടുചെയ്യുകയും ചെയ്യുന്നു. ഇൻസ്പെക്ടർ താലൂക്കുമുഴുവനും അധികാരമുള്ള ഉദ്യോഗസ്ഥൻ ആകകൊണ്ടും താലൂക്കിൽ മുഴുവനുമായി സമാധാനപാലനം നേരിടാതിരിക്കുന്നതിൽ പ്രധാനചുമതലയുള്ള ആൾ ആകയാലും കൊണ്ടും അദ്ദേഹത്തിനു അനേകം ദിവസങ്ങളിൽ വെളിയിൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു. തന്നിമിത്തം ഒരു കേസിൽ അവധിനിശ്ചയിക്കുമ്പോൾ അദ്ദേഹത്തിനെ കാണുകയില്ല. ഈ കാരണത്താൽ ഒരു കേസിലേക്കായി കോർട്ടിൽ ഹാജരാകുന്ന അനേകം മാന്യന്മാരായ സാക്ഷികൾക്കു മടങ്ങിപ്പോകേണ്ടിവരികയും മറ്റുവല്ല ദിവസവും ഹാജരാകേണ്ടിവരികയും ചെയ്യുന്നു. അതുകൊണ്ടാണു ക്രിമിനൽകേസുകളുടെ തീർച്ചയിൽ നാം ഇപ്പോൾ കാണുന്ന വിളംബം പ്രാധാന്യേന പോലീസുകാരുടെ ഉദാസീനതനിമിത്തം ഉണ്ടാകുന്നു എന്നു ഞാൻ പറഞ്ഞതു്. അതുകൊണ്ടു ക്രിമിനൽകേസുകൾ നടത്തിക്കുന്നതിനു കൂടുതൽ എണ്ണം പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാരെ നിയമിക്കാമെന്നു പോലീസുകമ്മീഷണർ ശുപാർശചെയ്യുകയും ഗവർമെന്റ് അതു അനുവദിക്കുകയും ചെയ്യുന്നതു നല്ലതെന്നു എനിക്കു തോന്നുന്നു. അന്വേഷണംമാത്രം സ്റ്റേഷൻ ഇൻസ്പെക്ടർമാർ നടത്തണം, പ്രാസിക്യൂഷൻമുഴുവനും പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാർ നടത്തുന്നതിനു അനുവദിക്കണം. അധികം പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാരെ നിയമിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാകയുള്ളു. ഈ പോലീസുദ്യോഗസ്ഥന്മാർ ഹേതുവായി ഇപ്പോൾ ഉണ്ടാകുന്ന താമസംനിമിത്തം കുറ്റംചുമത്തപ്പെട്ടവർമാത്രമല്ലാ കഷ്ടതഅനുഭവിക്കുന്നതു്. സംബന്ധപ്പെട്ട എല്ലാ കക്ഷികളും കഷ്ടതഅനുഭവിക്കുന്നു. ഈ കേസുകൾക്കായി ഹാജരാകുന്ന മാന്യരായ സാക്ഷികൾക്കും അനേകം തവണ മടങ്ങിപ്പോകേണ്ടിവരുന്നു. അവർക്കു പടിപോലും കിട്ടുന്നില്ല. ഈ സ്ഥിതിക്കു നീതിപരിപാലനത്തിൽ ഇപ്പോൾ ചെയ്തിട്ടുള്ള ഏർപ്പാട് ജനതതിയ്ക്കു ഉപദ്രവകരമായിരിക്കുന്നു. കൂടാതെ ഇതു കക്ഷികൾക്കും സാക്ഷികൾക്കും ഉപദ്രവത്തിനു ഇടയാകുന്നു.

അടുത്തതു് പൊലീസ്കമ്മീഷണർ അനുവർത്തിച്ചുവരുന്ന അനുശാസനങ്ങളുടെ നയത്തെക്കുറിച്ചു ഞാൻ പ്രതിപാദിക്കാം. ൧൧൦൮-ാംമാണ്ടു പരിശോധന പ്രവൃത്തി വേണ്ടിടത്തോളം നടത്താൻ തനിക്കു കഴിവുണ്ടായിട്ടില്ലാ എന്നുള്ളതു് പൊലീസ്കമ്മീഷണർ സമ്മതിച്ചിട്ടുണ്ടു്. ഇതിൽ എനിക്കു വളരെ സന്തോഷം ഉണ്ടു്. ഇതേവരെ അദ്ദേഹം സന്ദർശിച്ചിട്ടില്ലാത്ത പൊലീസ് സ്റ്റേഷനും ഉണ്ടു് എന്നു കാണുന്നതു ശോചനീയംതന്നെ. അദ്ദേഹം വളരെ കാര്യവ്യാപൃതനായിരുന്നു എന്നും സമയം ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം നമ്മോടു പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആഫീസിൽ ഇപ്പോൾതന്നെ ക്രമത്തിലധികം ജീവനക്കാർ ഉണ്ടെന്നുള്ള കാര്യത്തിൽ ഈ സഭയിൽ വളരെ ആവലാതി ഉണ്ടായിട്ടുണ്ടു്. അദ്ദേഹത്തിനു സ്വന്തം ആഫീസിൽ ഒരു സ്പെഷ്യൽ അസിസ്റ്റണ്ടും ഒരു മാനേജരും ഒരു ഹെഡ് അക്കൗണ്ടണ്ടും മറ്റനേകം പേരും ഉണ്ടു. അതുകൊണ്ടു അദ്ദേഹം വളരെ കാര്യവ്യാപൃതനായിരുന്നു എന്നും പരിശോധനപ്രവൃത്തിക്കു സമയം ഇല്ലാതിരുന്നു എന്നും ഉള്ള സമാധാനം പറഞ്ഞു എങ്ങനെ ഒഴിഞ്ഞുകളയാം എന്നു ഞങ്ങൾക്കു കാണാൻ കഴിയുന്നില്ല. ഇൻസ്പെക്ടർമാർ എ. എസ്. പിമാർ. ഡി. എസ്. പിമാർ ഇവർ നടത്തിയ പരിശോധന പ്രവൃത്തിയുടെ കണക്കു ഡിപ്പാർട്ടുമെണ്ടിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഞാൻ കാണുന്നു. എന്നാൽ കമ്മീഷണർ നടത്തിയ പരിശോധന പ്രവൃത്തിയെ കാണിക്കുന്ന കണക്കു ഞാൻ കാണുന്നില്ല. അതും ചേർക്കുന്നതു നല്ലതാണെന്നു തോന്നുന്നു.

മി: എൽ. എ. ബിഷപ്പ് (പൊലീസ്കമ്മീഷണർ) അതു റിപ്പോർട്ടിലെ ൧൭-ാംവശത്തുണ്ടു.

മി: മാത്യുമുരിക്കൻ (വൈക്കം) അതുണ്ടെങ്കിൽ ശരിതന്നെ എനിക്കതുകാണാൻ കഴിഞ്ഞില്ലെന്നേയുള്ളു. പൊലീസ്കമ്മീഷണർ സഞ്ചാരങ്ങളെ സംബന്ധിച്ച് അധികം വിവരമായ അറിവ് ജനങ്ങൾക്കു കൊടുക്കുന്നതു് അധികം ഗുണകരമായിരിക്കും. എന്റെ ഏകവാദം ഇതുമാത്രമാണ്. കമ്മീഷണർ കൂടെക്കൂടെയും കാര്യക്ഷമമായും നടത്തണം എന്നു ഈ അവസരത്തിൽ ഞാൻ നിർദ്ദേശിക്കുന്നു. കമ്മീഷണർ ഈ രാജ്യത്തിലെ ഓരോ സ്റ്റേഷനും ആണ്ടിലൊരിക്കലെങ്കിലും സന്ദർശിക്കണം അതാണ് ഏറ്റവും കുറഞ്ഞകണക്ക്. കഴിയുമെങ്കിൽ അധികംതവണ സന്ദർശിക്കണം എന്നും ഞാൻ അഭിപ്രായപ്പെടുന്നു. ചിലപ്പോൾ എങ്കിലും അപ്രതീക്ഷിതസന്ദർശനങ്ങൾ നടത്തണം. എന്നുകൂടി ഞാൻ നിർദ്ദേശിക്കുന്നു. എല്ലാപ്പോഴും അപ്രതീക്ഷിതസന്ദർശനം സാദ്ധ്യമല്ലായിരിക്കാം. അതുകൊണ്ടാണ് മറ്റു സ്റ്റേഷനുകളിലെ ജീവനക്കാരും സശ്രദ്ധരായിതീരത്തക്കവണ്ണം ചിലപ്പോൾ എങ്കിലും അപ്രതീക്ഷിതമായി സ്റ്റേഷൻചെന്നുനോക്കണം എന്നു ഞാൻ നിർദ്ദേശിക്കുന്നതു്. പൊലീസ്കമ്മീഷണരുടെ പരിശോധന പ്രവൃത്തി അധികം കാര്യക്ഷമമായിരിക്കണം എന്നു ഞാൻ പറയുന്നതിന്റെ സാരം ഇതാണ്. ഇന്നൊരുസ്ഥലവും അടുത്തദിവസം മറ്റൊരിടവും ശീഘ്രഗതിയിൽ സന്ദർശിക്കുന്നതുകൊണ്ടു ഫലമില്ല. പൊലീസ്കമ്മീഷണർ ഒന്നോ, രണ്ടോ, ദിവസം ഓരോ സ്റ്റേഷനിലും താമസിക്കയും ജനങ്ങൾക്കു വല്ല പരാതിയും പറയാനുണ്ടെങ്കിൽ പറയാൻ അവസരം നല്കുകയുംവേണം, എല്ലാ സ്ഥലത്തും അങ്ങനെ ചെയ്യണം എന്നില്ല, ചില ചിരസ്ഥിതങ്ങളായ സംഗതികളിൽ അതാതു സ്ഥലത്തു വച്ചുതന്നെ സങ്കടങ്ങളെ കമ്മീഷണരെ അറിയിക്കാൻ ന്യായമായ അവസരം ജനങ്ങൾക്കു നല്കേണ്ടതാണ്, കമ്മീഷണർക്കു നേരിട്ടു അക്കാര്യങ്ങൾ അന്വേഷിക്കാൻ സൗകര്യം ഉണ്ടായിരിക്കണം. അദ്ദേഹത്തിന്റെ സഞ്ചാരപ്രവൃത്തി അധികം കാര്യക്ഷമമായിരിക്കണം എന്നു ഞാൻ പറഞ്ഞതിന്റെ സാരം ഇതാണ്.

ഡിപ്പാർട്ടുമെണ്ടിന്റെ പ്രവൃത്തിയുടെ സാമാന്യതയെപ്പറ്റി അവസാനമായി അല്പം പ്രസ്താവിച്ചുകൊള്ളുന്നു. പൊലീസ് ഡിപ്പാർട്ടുമെണ്ട് ജനസംരക്ഷണാധികാരസ്ഥരാണ് എന്നുള്ളതു സുജ്ഞാതമാണ്. അ

വർ ഇടയ്ക്കിടെ സ്വധർമ്മത്തിൽ ഭ്രംശിച്ച് കുററം ചെയ്യുന്ന അധികാരസ്ഥരായി പരിണമിക്കുന്നു എന്നു പറയുന്നതിനു ഞാൻ ശങ്കിക്കുന്നില്ല. പോലീസാഫീസർമാരുടെ പേരിൽ അനേകം ക്രിമിനൽ കുററം ചുമത്തിട്ടുള്ളതായി ഒരു കണക്കു ഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ടിൽതന്നെയും ഉണ്ട്. ചില കുററാരോപണങ്ങളിൽ കുററസ്ഥാപനവും ഉണ്ടായിട്ടുണ്ട്. ഈ കുററാരോപണങ്ങളിൽ ചിലതു തീരെ അനീതിയാണെന്നുള്ളതു സംഭാവ്യംതന്നെ, അങ്ങനെയുള്ള കാര്യങ്ങളിൽ ചിലതിൽ കുററസ്ഥാപനം ആകാം എന്നുള്ളതും അസംഭാവ്യം അല്ല. അതുകൊണ്ടു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ അദ്ദേഹത്തിനോടു പരാതി പറയുമ്പോൾ അദ്ദേഹം വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടുംകൂടി അവയെക്കുറിച്ചു നടപടി നടത്തുകയും ആവിധം പരാതികൾ പരാതി തീർക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ നടത്തുകയും ചെയ്യത്തക്കവണ്ണം ഈ ഉദ്യോഗസ്ഥന്മാരുടെ നടപടികളെപ്പററി കമ്മീഷണർ ശ്രദ്ധിക്കണം. ഈ നിർദ്ദേശമാണ് എനിക്കു ചെയ്യുവാനുള്ളത്.

മി: മുരവേലിപ്പാച്ചുപിള്ള (ചേർത്തല) സർ,

പ്രസിഡണ്ട്:

മി: താണുപിള്ളയാണ് ആദ്യം എഴുന്നേററത്.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഞാൻ മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിച്ചു വാദിക്കാനായി എഴുന്നേൽക്കുന്നു. ഇതിൽ ഗവണ്മെൻറിൻെറ ശ്രദ്ധയെ പതിപ്പിക്കണം എന്നു ഞാൻ നിർബന്ധമായി ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട സംഗതിയാകട്ടെ ആധുനിക പോലീസ് രീതികൾ, ഗവണ്മെൻറാ പോലീസിൻെറനിയന്ത്രണത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻതന്നെയോ ആഗ്രഹിക്കാത്ത സ്ഥലങ്ങൾ ജനിപ്പിക്കാവുന്നവയായിരിക്കുന്നു. രാജദ്രോഹമോ ആയിരിക്കുന്ന ഗവണ്മെൻറിനെ അധഃപതിപ്പിക്കാനുള്ള ശ്രമങ്ങളോ ഉള്ളതായ ഒരു രാജ്യത്തിൽ ന്യായീകരിക്കാവുന്നതായുള്ള പോലീസ് ശക്തിയെ അനാവശ്യമായി പ്രദർശിപ്പിക്കുന്നതു തിരുവിതാംകോട്ടിനെപ്പോലെയുള്ള ഒരു രാജ്യത്തിൽ തഥാവിധ പ്രദർശനത്തെ ആവശ്യപ്പെടുത്തുന്നതായ അവസ്ഥകളെത്തന്നെ ജനിപ്പിക്കുന്നതായിരിക്കും. ഞാൻപറയുന്നതിന്റെ സാരം ഇതാണ്. ജനങ്ങളും ഗവണ്മെൻറിനും തമ്മിലുള്ള ബന്ധം ഏററവും നല്ലനിലയിൽ ഇരിക്കേണ്ടതോ ആനിലയിലല്ലാത്ത രാജ്യങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങളെ, ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന രാജ്യഭരണരീതിയെ ഭേദം ഇടൻ നടത്തിക്കുന്നതിനെക്കുറിച്ച് പ്രജകളും ഗവണ്മെൻറും സംബന്ധിച്ചിടത്തോളം, യാതൊരു വൈപരീത്യവും തീരെ ഇല്ലാത്തതായ തിരുവിതാംകോട്ടിനെപ്പോലെയുള്ള ദേശത്തു, നടപ്പാക്കിക്കൂടാ എന്നാണ് ഞാൻ പറയുന്നത്. തിരുവിതാംകോട്ടിലെ രാജ്യഭരണാധികാരസ്ഥന്മാർക്കും പ്രജകൾക്കും തമ്മിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന ബന്ധത്തെക്കുറിച്ചു വലിയ മിഥ്യാജ്ഞാനം പോലീസ് കമ്മീഷണർക്കു ഉള്ളതായി തോന്നുന്നു. സർ, തിരുവിതാംകോട്ടിൽ രാജദ്രോഹപ്രവൃത്തിയുടെ വല്ല രൂപമാകട്ടെ ഈ രാജ്യത്തിലെ ഗവണ്മെൻറിൻെറ ചിരപ്രതിഷ്ഠിതമായ പ്രശസ്തിയെയോ ബലത്തെയോ കുറയ്ക്കുന്നതോ ഉച്ഛേദമാക്കാനോ ഉള്ള വല്ല ശ്രമം ആകട്ടെ തീരെ ഇല്ല. ഏതുദ്ദേശസ്ഥിതിക്കു പോലീസ്ശക്തിയുടെ പ്രകടനത്തിനുള്ള ആവശ്യം എന്താണെന്നാണ് ഞാൻ ചോദിക്കുന്നത്? പോലീസ് സൈന്യം ആവശ്യം ആണെന്നു നേരങ്ങൾക്കെല്ലാവർക്കും അറിയാം. പോലീസ്സൈന്യംകൊണ്ടു ഗുണമായി സ്വധർമ്മം നിർവഹിക്കേണ്ടതാണ്. ആ സ്ഥിതിക്കു ജനങ്ങളുടെയോ രാജ്യത്തിൻെറയോ മനസ്സിൽ ഭീതി ജനിക്കുന്ന ഉദ്യമങ്ങളായി മാത്രം ഗണിക്കപ്പെടാൻ ഇടയുള്ള ഈ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായ വല്ല ആവശ്യവും ഉണ്ടോ? ഈ ലാത്തികൾ എന്നാൽ എന്താണെന്നുള്ളതു ഞങ്ങൾ ഒരിക്കലും കേട്ടിട്ടില്ല. ഈ രാജ്യത്തിൽ ഈ ലാത്തികൾ നടപ്പാക്കിയിരുന്നതുകൊണ്ടു ഏതു സമ്മാനങ്ങൾക്കുമുമ്പുവരെ ഗവണ്മെൻറിനോ പോലീസിനോ യാതൊരുനഷ്ടവും ഉണ്ടായിട്ടുമില്ല. തിരുവിതാംകോട്ടിൽ ലാത്തികൾ ഈയിടെമാത്രമേ നടപ്പാക്കീട്ടുള്ള എന്നുള്ള വസ്തുതയെ പോലീസ്കമ്മീഷണർ നിരാകരിക്കുമായിരിക്കും; എന്നാലും സർ, ഞാനിതു ഒരു സംഗതിപറയാം. ഇതിനുമുമ്പിലും, അവ ഇവിടെ ഉണ്ടായിരുന്നാൽതന്നെയും അവയെ വെളിയിൽ കണ്ടിട്ടില്ല. ഈ ലാത്തികൾ കമ്മീഷണർ വെളിയിൽനിന്നുകൊണ്ടു വന്നവയല്ലായിരിക്കാം. അദ്ദേഹത്തിനു അവ ഇവിടത്തെ വനംഡിപ്പാർട്ടുമെൻറിൽനിന്നു ലഭിച്ചിരിക്കാം; പോലീസ്ഡിപ്പാർട്ടുമെൻറിൻെറ ഈ നില ഗവണ്മെൻറിനെക്കുറിച്ചു തീരെ അനിഷ്ടമായ ഒരു ഭാവത്തെ ജനങ്ങളുടെ മനസ്സിൽ ജനിപ്പിക്കാൻ ഇടയുള്ളതാണെന്നു ഞാൻ സംശയിക്കുന്നു. ഇതു സർവാത്മനാ ബഹുമാനത്തോടുകൂടി ഞാൻ പറയുന്നതാണ്. ഇതു ഗവണ്മെൻറിനെക്കുറിച്ചു ശത്രുഭാവത്തെ ജനിപ്പിച്ചേക്കും അതുകൊണ്ടു ഈ പ്രകടനങ്ങൾ കാണിക്കുന്നതിൽ ഗവണ്മെൻറും പോലീസ്കാരും വളരെ സൂക്ഷിച്ചിരിക്കേണ്ടതാണ്. അവർ ജനങ്ങളുടെ മനസ്സിൽ ഗവണ്മെൻറിനെക്കുറിച്ചു അസുഖകരമായ ഭാവങ്ങൾ ജനിപ്പിക്കരുതു എന്നാണ് എൻെറ വാദം. ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതു എന്നു ഞാൻ നിർബന്ധമായി ആവശ്യപ്പെടുന്നതും ഇതാണ്.

സി. ഐ. ഡി.-യുടെ കാര്യത്തിൽ ആകട്ടെ ഈ സൈന്യബലത്തെ വർദ്ധിപ്പിക്കുന്നതിനു കമ്മീഷണർ ശ്രമിച്ചുവരുന്നു. ഈ നിർദ്ദേശം ഫിനാൻസുകമ്മിററിയിൽ കൊണ്ടുവരപ്പെട്ടു. അതിൻെറ അനുദ്യോഗസ്ഥമെമ്പർമാർ നിരാകരിക്കുകയുംചെയ്തു. സി. ഐ. ഡി. സൈന്യത്തെ കൂട്ടുന്നതു ആവശ്യമോ ആവശ്യമോ അല്ലാ എന്നുള്ള അഭിപ്രായം ഗവണ്മെൻറു ഒടുവിൽ സ്വീകരിച്ചു എന്നുകാണുന്നതിൽ എനിക്കുസന്തോഷമുണ്ട്. എന്തുകൊണ്ടെന്നാൽ ഫിനാൻസ്കമ്മിററിയിലെ അനുദ്യോഗസ്ഥമെമ്പർമാർ സമ്മതിക്കാത്ത മററനേകം ചെറിയ സംഗതികൾ ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുവരികിലും ഈ പ്രധാനസംഗതിയെ ബഡ്ജററിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണെന്നു ഗവണ്മെൻറു വിചാരിച്ചില്ല. ഏതാനും ചുരുക്കെഴുത്തുകാരുടെ ശമ്പളം കൂട്ടണം എന്നുള്ള ചെറിയസംഗതിയിൽ—

മി: എസ്. പി. വി. പരമേശ്വരൻപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്): സർ, ഞാൻ രീതിസംബന്ധമായ ഒരു കാര്യത്തിനായി എഴുന്നേൽക്കുന്നു. ആ പ്രശ്നം ഇവിടെ ജനിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു നിശ്ചയമായും ജനിക്കുന്നുണ്ട്. ഞാൻ പ്രസംഗം അവസാനിക്കുന്നവരെ എൻെറ സ്നേഹിതൻ ദയവുചെയ്തു ശ്രദ്ധിച്ചുകേൾക്കുമെങ്കിൽ അതു എങ്ങനെ ജനിക്കുന്നു എന്നുള്ളതു അദ്ദേഹത്തിനു മനസ്സിലാകുന്നതാണ്. ഉദാഹരണമായി ആയുർവേദഡിപ്പാർട്ടുമെൻറിലേക്കു ഒരു ഉപദേശകസംഘം രൂപീകരിക്കേണ്ടതായ ചെറിയ കാര്യത്തിൽ ഫിനാൻസുകമ്മിററിയിലെ അനുദ്യോഗസ്ഥമെമ്പർമാർ പ്രതിഷേധിച്ചതായ വ്യവസ്ഥകൾ ബഡ്ജററിൽ ചേർക്കേണ്ടതാവശ്യം ആണെന്നു ഗവണ്മെൻറു വിചാരിച്ചു. എന്നാൽ ഈ പ്രധാനപ്പെട്ടസംഗതിയിൽ ഗവണ്മെൻറു ആ നീതിയെ അംഗീകരിച്ചില്ല. അതുകൊണ്ടു സി. ഐ. ഡി. ജീവനക്കാരെ വർദ്ധിപ്പിക്കുന്നതിൻെറ അനൗചിത്യത്തെ ഗവണ്മെൻറു സമ്മതിക്കുന്നു.

ന്നതിനായി അതു കാണിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഇക്കാര്യത്തിൽ ഗവമെന്റു അംഗീകരിച്ചിരിക്കുന്ന നടപടിക്കായി ഗവമെന്റിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഇതിനെക്കുറിച്ചു ഇതിൽ കൂടുതലായി ഒന്നും എനിക്കു പറയുവാനില്ല.

മറെറാരു ചെറിയകാര്യത്തെപ്പററി ഒരുവാക്കു പറയുവാൻ ആഗ്രഹിക്കുന്നു. ഓരോ യാത്രക്കാരനും പതിനഞ്ചു ഇഞ്ചു വീതം സ്ഥലം ബസ്സുകളിൽ ഉണ്ടായിരിക്കണം എന്നു വാഹനനിയന്ത്രവിഷയകമായ ഒരു ചട്ടം ഉള്ളതായി തോന്നുന്നു. ഈ ചട്ടത്തിന്റെ വ്യാഖ്യാനത്തെക്കുറിച്ചു എന്തോ തർക്കം ഉള്ളതായും കാണുന്നു. ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള പതിനഞ്ചു ഇഞ്ചിനുപകരം പതിനാറും പതിനേഴും ഇഞ്ചുവീതം ധാരാളമായ സ്ഥലം ചില ബസ്സുകാർ ഉണ്ടാക്കിയിട്ടുള്ളതായി കാണുന്നു. യാത്രക്കാർക്കു കഴിവുള്ളിടത്തോളം അധികം സ്ഥലം ഉണ്ടായിരിക്കേണ്ടതു നിശ്ചയമായും സൗകര്യം തന്നെ. ചട്ടപ്രകാരം അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്ഥലം ഉണ്ടാക്കി യാത്രക്കാർക്കു അധികം സൗകര്യം നൽകുന്ന ആവിധം ബസ്സുകൾക്കു പോലീസ്ഡിപ്പാർട്ടുമെന്റു ആക്ഷേപം പറയുന്നതായി ഞങ്ങൾ കേൾക്കുന്നു. ഇക്കാര്യത്തിൽ പോലീസ്ഡിപ്പാർട്ടുമെന്റിന്റെ പിടിവാശി എനിക്കു മനസ്സിലാകുന്നില്ല. പോലീസ്കമ്മീഷണരിൽനിന്നു ഒരു വിവരണം അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ബസ്സുടമസ്ഥന്മാർക്കു അനാവശ്യവിഷയങ്ങൾ സൃഷ്ടിപ്പിക്കരുതെന്നു സാമാന്യരൂപത്തിൽ ഞാൻ നിർദ്ദേശിക്കുന്നു. അവർ വഴിയാത്രക്കാർക്കു അധികം സൗകര്യം നൽകുന്നു എന്നുവരികിൽ അതിനെ പോലീസ്ഡിപ്പാർട്ടുമെന്റു പ്രതിഷേധിക്കുന്നതെന്തിനു? ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി: മുതുവലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ഇവിടത്തെ പോലീസിനു ക്രിമിനൽ നടപടിനിയമപ്രകാരം ചില കേസുകൾ എടുത്തു അന്വേഷിക്കുന്നതിനു അധികാരം കൊടുത്തിട്ടുണ്ട്. ആ അധികാരം ഇപ്പോൾ അവർ വേണ്ടപോലെ ഉപയോഗിക്കുന്നില്ല എന്നാണ് എനിക്കു പറയാനുള്ളതു. പോലീസുകാർക്കു വാറണ്ടുകൂടാതെ പിടിക്കാവുന്ന കുററങ്ങൾ സ്വയമേവ എടുത്തു അന്വേഷിക്കുന്നതിനു ക്രിമിനൽനടപടിനിയമപ്രകാരം അവർക്കു അധികാരം ഉണ്ടു. ഇങ്ങനെ കേസുകൊടുത്താൽ ഉടൻതന്നെ ആ കേസ് വിസ്തരിക്കാൻ അധികാരമുള്ള മജിസ്ട്രേട്ടുകോടതിയിൽ കേസെടുത്തു വിവരത്തിനു F. I. R. അയക്കണം. മജിസ്ട്രേട്ട് അതിന്മേൽ എത്രദിവസത്തിനകം ഫൈനൽ റിപ്പോർട്ടു അയക്കണം എന്നു എഴുതിഅയക്കുക. ഈ ദിവസത്തിനകത്തു അന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ടു അയക്കുന്നതിനു ഇവർ വേണ്ടവിധം ശ്രദ്ധിക്കുന്നില്ല.

നിശ്ചിതദിവസം കഴിഞ്ഞാലും അതിനെപ്പററി യാതൊരന്വേഷണവും നടത്തുന്നില്ല. അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ മുൻസിപ്പുകോടതികളിലും മജിസ്ട്രേട്ടുകോടതികളിലും ഓരോ കേസുകൾ തീർച്ചക്കു ഇത്രനാൾ താമസിച്ചു എന്നുള്ള വിവരം അടങ്ങിട്ടുണ്ട്. എന്നാൽ ഒരു പോലീസ് ആഫീസർ അന്വേഷണം നടത്തുന്ന കേസ് രജിസ്റ്ററിൽ എടുത്തശേഷം ഫൈനൽ റിപ്പോർട്ടയക്കുന്നതിനു എത്രനാൾ താമസിച്ചു എന്നറിയുന്നതിനുള്ള വിവരങ്ങൾ ഒന്നും ഇപ്പോൾ പ്രസിദ്ധംചെയ്തുകാണുന്നില്ല. കേസ് എടുത്തു അന്വേഷണംനടത്തി ഫൈനൽ റിപ്പോർട്ടു അയക്കുന്നതു അവർക്കു ബോധിക്കുന്നസമയത്താണ്. മുൻകൂട്ടി രജിസ്റ്ററിൽ എടുത്തിട്ടുള്ള കേസ്സുകൾ വളരെക്കാലം അന്വേഷണത്തിൽതന്നെ കിടക്കുന്നു. അതിനുശേഷമെടുത്തിട്ടുള്ള കേസ്സുകൾ അന്വേഷണം പൂർത്തിയാക്കി ഫൈനൽ റിപ്പോർട്ടു അയക്കുന്നു. ഇതിലേക്കു മജിസ്ട്രേട്ടു നിശ്ചയിക്കുന്ന സമയത്തിനകം ഫൈനൽ റിപ്പോർട്ടയക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ അപ്പഴപ്പോൾ എഴുതി അയക്കുന്നതിനു മജിസ്ട്രേട്ടന്മാർ പ്രത്യേകം നിഷ്കർഷചെയ്യണം. ഈ വിഷയത്തിൽ കമ്മീഷണർ തുടങ്ങിയുള്ള മേലധികാരികളുടെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്.

ഇപ്പോൾ ഏതുകാര്യത്തിനും ക്രിമിനൽ നടപടിനിയമത്തിലെ ൯൦-ാംവകുപ്പു ഈ രാജ്യത്തെ പോലീസിന്റെ ഒരു വലിയ ആവശ്യമായി തീർന്നിരിക്കയാണ്. പൊതുമുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന റോഡുകളിലെ സഞ്ചാരസ്വാതന്ത്ര്യം സംബന്ധിച്ചു ൯൦-ാംവകുപ്പു പ്രയോഗിക്കുന്നു. എവിടെയെങ്കിലും ഒരു പബ്ലിക്മീറ്റിങ്ങ് കൂടുന്നവെങ്കിൽ അവിടെയും ചിലപ്പോൾ ൯൦-ാംവകുപ്പു കടന്നുകൂടുന്നു. ഘോഷയാത്രയെ തടയുന്നതിനും ൯൦-ാംവകുപ്പാണ് ആശ്രയം. മദ്യവർജ്ജനശ്രമം സംബന്ധിച്ചും ൯൦-ാംവകുപ്പിനെ ചെന്നു ശരണംപ്രാപിക്കുന്നു. ഇപ്രകാരം ൯൦-ാംവകുപ്പിന്റെ പ്രയോഗം ഇപ്പോൾ ഇവിടെ സർവസാധാരണമായിതീർന്നിരിക്കുന്നു. ഈ രാജ്യം വിദ്യാഭ്യാസത്തിൽ മററു നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നില്ക്കുന്നു. അങ്ങനെയുള്ള ഈ രാജ്യത്തു ൯൦-ാംവകുപ്പിന്റെ ഇത്രവലിയ വ്യാപ്തിയും സി. ഐ. ഡി. പോലീസിന്റെ വർദ്ധനയും ഈ രാജ്യത്തിനും ജനങ്ങൾക്കും ആക്ഷേപകരമാണ്. വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഈ രാജ്യത്തിന്റെ മുതലെടുപ്പിൽ അഞ്ചിൽ ഒരു ഭാഗം ചിലവാക്കുന്നുണ്ട്. അതുനിമിത്തം ജനങ്ങളുടെ അറിവും പരിഷ്കാരവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഇതുനോക്കുമ്പോൾ ലാത്തിയുടെ ഉപയോഗവും സി. ഐ. ഡി. യുടെ വർദ്ധനയും ൯൦-ാംവകുപ്പിന്റെ സർവസാധാരണമായ പ്രയോഗവും ഈ രാജ്യത്തെ ജനങ്ങളുടെ സ്ഥിതിക്കു തീരെ യോജിച്ചതല്ല. ഇതെല്ലാം കണ്ടിട്ടു ഭയന്നു തങ്ങളുടെ ന്യായമായ ശ്രമങ്ങളിൽനിന്നു ഇവിടത്തെ ജനങ്ങൾ പിൻതിരിഞ്ഞുപോകുന്നവരുമല്ല. ഈ രാജ്യത്തെ ജനങ്ങൾ നാഗരീകത്വത്തിലും വിദ്യാഭ്യാസത്തിലും നാൾക്കുനാൾ മുന്നിട്ടുവരുമ്പോൾ ൯൦-ാം വകുപ്പിന്റെ ഇതിനുമുമ്പില്ലാത്ത അസാധാരണമായ പ്രയോഗവും സി. ഐ. ഡി. പോലീസിന്റെ വർദ്ധനയും എന്തുദ്ദേശത്തോടുകൂടിയാണെന്നു മനസ്സിലാകുന്നില്ല. ഈ വക നടപടികൾ ഈ രാജ്യത്തിലെ ജനങ്ങൾക്കു പൊതുവെ വലിയ അഭിമാനത്തിനുപോലും കാരണമായിതീരുന്നുണ്ടെന്നു ഗവമെന്റും ഡിപ്പാർട്ടുമെന്റു മേലധികാരികളും ഇനി എങ്കിലും മനസ്സിലാക്കേണ്ടതാണ്.

ഇനി പോലീസിന്റെ അധികാരത്തെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളതു. അതിലേക്കു ഒരു റീ അലോക്കേഷൻ ആഫീസരെ നിയമിക്കുകയും ഈ ആഫീസരുടെ റിപ്പോർട്ടു കിട്ടുകയും ചെയ്തിട്ടുണ്ട്.

പ്രെസിഡണ്ടു: മി: പാച്ചുപിള്ള, മി: ബിഷപ്പിനു മറുപടി പറവാൻ മൂന്നു മിനിട്ടു എങ്കിലും നൽകാൻ എനിക്കു കഴിവുണ്ടാകത്തക്കവണ്ണം ഒരു മിനിട്ടിനുള്ളിൽ നിങ്ങളുടെ പ്രസംഗം അവസാനിപ്പിക്കുന്നതിൽ

എനിക്കു സന്തോഷം ഉണ്ടായിരിക്കും എന്നു നിങ്ങളെ അറിയിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ഉപക്ഷേപത്തിനു അനുവദിച്ചിട്ടുള്ള സമയം അവസാനിക്കുന്നതിനു ഇനിയും നാലു മിനിട്ടേയുള്ളു.

മി: മുഹമ്മദലി പാച്ചുപിള്ള (ചേർത്തല): ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, എനിക്കു ഇനിയും മൂന്നു മിനിട്ടേയുള്ളു. ആ സമയത്തിനുള്ളിൽ പോലീസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെപ്പററി ഇവിടെ വിമർശനങ്ങൾ ചെയ്യുകയുണ്ടായി. അതിനിടയിൽ പറഞ്ഞിട്ടുള്ള ന്യൂനതകൾക്കു സമാധാനം പറയണമെന്നു എനിക്കു ആഗ്രഹമുള്ളതാകുന്നു. ഞാൻ ഇതിനു കഴിയുന്നതു ശ്രമിക്കാം.

ആദ്യമായി തന്നെ ഞാൻ ലാത്തി നടപ്പാക്കിയതിനെ കുറിച്ചു പറയാം. ഈ സഭയിലെ മെമ്പർമാരെല്ലാം അതു കണ്ടിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. അവയിൽ ഒന്നു മെമ്പർമാരെ ഇപ്പോൾ ഞാൻ കാണിക്കണം എന്നു അവർ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. (മി: എ. എസ്. ദാമോദരനാശാൻ ഉറക്കെ സംസാരിക്കണം) ഞാൻ ഒന്നു ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതിനെ വെളിയിൽ വച്ചിരിക്കുന്നു. (മി: താണുപിള്ള ഞങ്ങൾ ലാത്തികൾ കണ്ടിട്ടുണ്ട്) (മി. ദാമോദരനാശാൻ അതു എനിക്കു കാണണം എന്നു ആഗ്രഹം ഉണ്ട്) ഇവ തിരുവിതാംകോട്ടിൽ പുത്തനല്ല, സാധാരണമായി വളരെ ഊർജ്ജിതത്തോടുകൂടി പ്രവർത്തിക്കുന്ന തിരുവിതാംകോട്ടിലെ വർത്തമാനപത്രലോകം അവയെ കുറിച്ചു ഇപ്പോഴെ കേൾക്കുന്നുള്ളു എന്നു വന്നേക്കാം. ബ്രിട്ടീഷ് ഇന്ത്യയിൽ ബെട്ടൺസ് വളരെ കാലത്തിനു മുൻപേ തന്നെ നിരുത്തലാക്കപ്പെട്ടുപോയി. അതിനു ലാത്തിയുടെ ഇരട്ടി ഭാരമുണ്ട്, പ്രയോഗത്തിൽ പൊട്ടിപ്പോകുകയും ചെയ്യും. അതുകൊണ്ടു അതിന്റെ സ്ഥാനത്തു അവർക്കു ലാത്തികൾ കിട്ടി, അതിനെ ആൾക്കൂട്ടങ്ങളെ പിരിക്കുന്നതിനായി ഉപയോഗപ്പെടുത്തിവരുന്നു. സത്യാഗ്രഹികളുടെയോ മദ്യവർജ്ജന സംഘങ്ങളുടെയോ മാത്രമല്ല, പിരിച്ചയക്കേണ്ടതായ നിയമവിരുദ്ധ സംഘത്തെ പിരിക്കുന്നതിനായി അതു ഉപയോഗിച്ചു വരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിന്റെ ദർശനം കാണികളുടെ മനസ്സിൽ ഭീതിയെ നിവേശിപ്പിക്കുമോ എന്നായിരുന്നോ വിചാരിക്കുന്നതു?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഇല്ലാ, ഭീതി ജനിപ്പിക്കുന്നതിനു എന്നില്ലാ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). തിരുവിതാംകോട്ടിൽ ലാത്തികൾ നടപ്പാക്കേണ്ടതു ആവശ്യമായിരിക്കത്തക്കവണ്ണം ഇവിടെ ജനക്കൂട്ടങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ?

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): തിരുവിതാംകോട്ടു ജനക്കൂട്ടം ഇല്ലെന്നു ഞാൻ പറയുന്നില്ല. (ചിരി).

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിൽ കൂട്ടങ്ങളെ പിരിച്ചയക്കാൻ അദ്ദേഹം ആയുധങ്ങൾ ആവശ്യപ്പെടുന്നതെന്തിന്?

പ്രെസിഡണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിച്ചതിൽ പിന്നീടു ചോദ്യങ്ങൾ ചോദിക്കുക. നിങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തെ ശ്രദ്ധിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞതിനെ നിങ്ങൾ ഗ്രഹിച്ചതായി തോന്നുന്നില്ല. നിങ്ങൾ അദ്ദേഹം പറയുന്നതിനെ ശ്രദ്ധിച്ചു കേൾക്കുകയും അതിനെ ഗ്രഹിച്ചതിൽ പിന്നീടു, ചോദ്യങ്ങൾ ചോദിക്കയും ചെയ്യുന്നതായാൽ എനിക്കു അതു അഭിനന്ദിക്കാൻ കഴിയും. പ്രസംഗം തുടരുന്നതിനു അദ്ദേഹത്തിനെ അനുവദിക്കണം.

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): സർ, ബ്രിട്ടീഷിൻഡ്യയിൽ ബാററണിനു പകരം, ആദ്യം വലിയ ലാത്തികൾ നടപ്പാക്കി. ഇപ്പോൾ അവർ അവിടെ വലിയ ലാത്തികളേയും ഉപേക്ഷിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ വലിയ ലാത്തികളിൽ ഒന്നുകൊണ്ടു ഒരുത്തനെ ഇടിക്കുമ്പോൾ അവൻ അതിന്റെ മറെറ അഗ്രത്തെ പിടിച്ചു വലിച്ചു മാറി അടിക്കുന്നതിനു ഇടയാകും. അതു വളരെ ഘനം ഉള്ളതും വലിപ്പം കൂടിയതും ആണ്, എന്നു മാത്രമല്ല അതു തട്ടിയാൽ വളരെ കഠിനമായി തട്ടുകൊള്ളുകയും ചെയ്യും. അതുകൊണ്ടു അവർ ഇപ്പോൾ അതും ഉപേക്ഷിച്ചു. എനിക്കു ഇവിടെയുള്ള ഈ ലോഹമുള്ള ചെറിയ ലാത്തികൾ നടപ്പാക്കിയിരിക്കുന്നു. നമുക്കു ഇവിടെയുള്ള ലൂടുകൾ അധികം വില കുറഞ്ഞവയും അധികം ഫലവത്തും ആണ്. അതുകൊണ്ടു അടി കൊള്ളുന്ന ആളിന്റെ തലയിലോ മറെറാ അത്ര കഠിനമായി ഉപദ്രവം ജനിപ്പിക്കയും ഇല്ല, ഞാൻ ഇവിടെ വരുന്നതിനു മുമ്പാകുള്ള അടുത്ത കാലത്തു അതു ബ്രിട്ടീഷിൻഡ്യയിൽ നടപ്പാക്കപ്പെട്ടു. അതു എത്രമാത്രം ഫലവത്താണെന്നു ഞാൻ അനുഭവിച്ചു അതു വളരെ ഫലപ്രദമാണെന്നു മനസ്സിലായി. ഈ ലാത്തികളുടെ സഹായത്തോടുകൂടി പ്രയാസം കൂടാതെ കൂട്ടങ്ങളെ പിരിക്കാനുണ്ട്. അതുകൊണ്ടു നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ ഒരാളിനെ ലാത്തി പ്രയോഗം പരിശീലിപ്പിക്കാമോ എന്നു ഞാൻ മദ്രാസിലേക്കു എഴുതി ചോദിച്ചു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ അവർ അതിനു സമ്മതിച്ചു, ഞാൻ നമ്മുടെ ഹെഡുകാൺസ്റ്റബിൾമാരിൽ ഒരുത്തനെ അവിടെ അയച്ചു, ആ ഏപ്രിൽ മാസത്തിലും അടുത്ത മാസങ്ങളിലുമായി അയാൾ മദ്രാസിൽ ലാത്തി പ്രയോഗം പരിശീലിപ്പിക്കപ്പെട്ടു; അയാൾ തിരിച്ചുവന്നു മററു ആറു ഹെഡ്കാൺസ്റ്റബിൾമാരെ പരിശീലിപ്പിച്ചു, വെടിയായുധം ധരിച്ച റിസർവുകാർക്കു ഇപ്പോൾ ലാത്തി പരിശീലനം നൽകുന്നുണ്ട്, ബെട്ടൺ ഗതയെ കാലക്രമത്തിൽ നിരുത്തലാക്കി പകരം ഈ ലാത്തികൾ ഉപയോഗിക്കണം എന്നു ഞാൻ ആശംസിക്കുന്നു, അതു ചിലവു ചുരുക്കമായി ഭവിക്കും, അവ വളരെ വില കുറഞ്ഞവയും ആൾക്കൂട്ടങ്ങളെ പിരിച്ചയക്കുന്നതിൽ വളരെ ഫലവത്തും ആകുന്നു, ഏതായാലും വല്ല കാലത്തിലെങ്കിലും ആൾക്കൂട്ടങ്ങളെ പിരിക്കേണ്ടതായി വരും, ലാത്തികളെ കുറിച്ചു പറയുമ്പോൾ മദ്യവർജ്ജന പ്രവർത്തകന്മാരുടെ കൂട്ടമല്ലാ എന്റെ ദൃഷ്ടിയിൽ ഉള്ളതു, മദ്യവർജ്ജന സംഘക്കാർ പലപ്പോഴും ന്യായം നിലയം ഉള്ളവരാണ്, അവരെക്കുറിച്ചു യാതൊരു പരാതിയും എനിക്കില്ല,

മി: ആർ, കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ക്ഷണത്തിൽ തിരുവിതാംകോട്ടിൽ ലാത്തികൾ നടപ്പാക്കുവാൻ പോലീസുകാരെ പ്രേരിപ്പിച്ചതു എന്താണ്?

പ്രസിഡെണ്ട്: അതു തന്നെ ആണ് അദ്ദേഹം വിവരിച്ചു പറഞ്ഞു വരുന്നത്,

മി: എൽ. എ. ബിഷപ്പ് (പോലീസ് കമ്മീഷണർ): ഈ രാജ്യത്തിൽ മദ്യവർജ്ജനപ്രവൃത്തിയിൽ പോലീസുകാരുടെ പീഡയെ സംബന്ധിച്ചാകട്ടെ, ഇതേവരെ യാതൊരു യോഗത്തെയും തിരോധിച്ചിട്ടില്ല, അവരുടെ യാതൊരു ഘോഷയാത്രയേയും ഇതുവരെ തടുത്തിട്ടും ഇല്ല. ഞാൻ നേരിട്ടു കണ്ടിട്ടുള്ളിടത്തോളം, ഈ യോഗങ്ങളും ഘോഷയാത്രകളും ക്രമാനുസാരികൾ ആയിരുന്ന കാലങ്ങളിൽ മാത്രം, ഉചിതമില്ലാത്ത ജനതതിയെ അനഭിലഷണീയമായ വിധം ഇളിപ്പിക്കയോ ബാധിക്കയോ ചെയ്യാൻ ഉടയുള്ളതായ ഏതുതരം പ്രതിഷേധനീയ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ വളരെ വേഗത്തിൽ മദ്യവർജ്ജനപ്രവർത്തനം ശരിയായ നേതാക്കന്മാരുടെ കീഴിൽ ദോഷഹീനമായി ചേർന്നു. പ്രസംഗങ്ങൾ പ്രതിഷേധനീയങ്ങൾ അല്ല എന്നും യോഗങ്ങളും ഘോഷയാത്രകളും ക്രമമായി നടത്തപ്പെട്ടു എന്നും ഞാൻ ഇപ്പോൾ കാണുന്നു. ഔരിപക്ഷക്കാർ അല്പപക്ഷക്കാരെ ഉപദ്രവിക്കാതിരിക്കയും തങ്ങളുടെ അഭിപ്രായത്തിനു മറ്റുള്ളവർ കീഴ്പ്പെട്ടിരിക്കണം എന്നു നിർബന്ധിക്കാതിരിക്കയും ചെയ്യുന്നില്ല. അവരിൽ മദ്യവർജ്ജനപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതിനു വിരുദ്ധമായി യാതൊന്നും എന്റെ ഡിപ്പാർട്ടുമെന്റിനില്ല. ഒരാൾക്കു മദ്യപാനം ചെയ്യണം എന്നുണ്ടെങ്കിൽ അവൻ കുടിക്കരുതു എന്നു മദ്യവർജ്ജനക്കാർ അവനോടു പറയരുതു, അവൻ കുടിക്കാൻ അവർ സമ്മതിക്കയില്ലെന്നും അവർ അവനോടു പറയരുത്. കുടിക്കാൻ അവകാശം അവനു നിശ്ചയമായും ഉണ്ടു. അവന്റെ പ്രവൃത്തികളിൽ ദുഷ്പ്രവേശനം നടത്തി അവൻ കുടിക്കാൻ പോകുമ്പോൾ അവനെ നിറുത്തിവെക്കുന്നതിനുള്ള അവകാശം നിയമപ്രകാരം ഇവർക്കു നിശ്ചയമായും തീരെ ഇല്ലതന്നെ. പൗരന്മാരുടെ നിയമാനുസൃതാവകാശങ്ങളിൽ അക്രമമായ ദുഷ്പ്രവേശം നടത്തുന്ന സംഗതികളിൽ ഞങ്ങൾ വേണ്ട നടപടി നടത്തി നിയമത്തെ ഊർജ്ജിതപ്പെടുത്തേണ്ടതു തന്നെ.

സർ, ഇനി സി. ഐ. ഡി.-യുടെ കാര്യം പറയാം. ലോകത്തിൽ എല്ലാ രാജ്യത്തിലും കുറ്റങ്ങൾ നടക്കുന്നതിനെക്കുറിച്ചു വിവരങ്ങൾ അറിയുന്നതിനുള്ള ഡിപ്പാർട്ടുമെന്റു ഉണ്ട്. ഈ ഡിപ്പാർട്ടുമെന്റിനെ അവർ പാലിച്ചുകൊണ്ടിരിക്കുന്നതു രാഷ്ട്രീയകാര്യങ്ങൾക്കായി മാത്രമല്ല, കള്ളപ്പേരിടുക, വ്യാജനോട്ടുകൾ നിർമ്മിക്കുക, വ്യാജനാണയങ്ങൾ അടിക്കുക മുതലായവയുൾപ്പെടെയുള്ള ഗൗരവങ്ങളായ കേസുകളുടെ അന്വേഷണത്തിനായിട്ടും ആകുന്നു. ഇപ്പോൾ സി. ഐ. ഡി. സൈന്യത്തെ വർദ്ധിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നു ഞാൻ ഒരു സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഞാൻ ഒരു ഡിപ്പാർട്ടുമെന്റുമേധാവിയായി കയ്യേറ്റപ്പോൾ ഉണ്ടായിരുന്നിടത്തോളം എണ്ണം ഇൻസ്പെക്ടർമാരും ആളുകളും മാത്രമേ ഇപ്പോൾ ഉള്ളൂ. മറ്റു രാജ്യങ്ങളിൽ എന്നപോലെ ഇവിടെയും ഇവരുടെ പ്രവൃത്തി ഒരു തൊഴിലായി നടത്തപ്പെടുന്ന കുറ്റങ്ങൾ എന്നു വിളിക്കപ്പെടുന്ന കുറ്റങ്ങളെ സംബന്ധിച്ചു മാത്രമാണ്. സി. ഐ. ഡി.-യുടെ ഉദ്ദേശം കുറ്റങ്ങളുടെ അന്വേഷണം പ്രാധാന്യേന ഓരോ പൊലീസ് സ്റ്റേഷനിലെയും അധികാരാതിർത്തിക്കു പുറമെ വ്യാപിക്കുന്നതായ ആ കുറ്റങ്ങളുടെ അന്വേഷണം നടത്തുന്നതിൽ ഓരോ സ്ഥലത്തേയും പൊലീസിനെ സഹായിക്കുക ആകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സി. ഐ. ഡി.-ക്കാർ മദ്യവർജ്ജനയോഗങ്ങളിൽ ഹാജരായിരിക്കാറുണ്ടോ എന്നു കമ്മീഷണരിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): ഇക്കാര്യത്തിൽ ജനങ്ങളുടെ മനോഗതി എന്തെന്നറിയുന്നതിനായി അവർ ഹാജരാകുന്നുണ്ട്. സർ, ഞങ്ങൾക്കു രാജ്യത്തിൽ നടക്കുന്ന കാര്യങ്ങളുമായി നേരിട്ടറിവുണ്ടായിരിക്കണം. പൊതുജനയോഗങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളെ പൂർണ്ണമായി എഴുതിയെടുത്തു പ്രസിദ്ധപ്പെടുത്തുന്ന വർത്തമാനപത്രങ്ങൾ ഈ രാജ്യത്തിൽ ഇല്ല. വല്ല പ്രസംഗവും ശരിയല്ലാത്തതോ പ്രതിഷേധനീയമോ ആയിരുന്നാൽ രാജ്യത്തിലെ സമാധാനത്തെ ലാക്കാക്കി ഞങ്ങൾക്കു വേണ്ട നടപടി നടത്തേണ്ടതുണ്ട്. സി. ഐ. ഡി.-യിലെ റിപ്പോർട്ടരന്മാർ ഈ യോഗങ്ങളിൽ ഹാജരായി വിവരമായ അറിവു സംഗ്രഹിക്കയും രാജ്യത്തിൽ എന്തെല്ലാം നടക്കുന്നു എന്നറിയാൻ ഞങ്ങൾക്കു ഇടയാകത്തക്കവണ്ണം ആ വിവരങ്ങളെ ഞങ്ങളെ അറിയിക്കയും ചെയ്യുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മദ്യവർജ്ജനപ്രസ്ഥാനക്കാർ രാജദ്രോഹികൾ ആണെന്നാണോ പൊലീസ് കമ്മീഷണരുടെ അഭിപ്രായം എന്നു അദ്ദേഹത്തിങ്കൽ നിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു?

പ്രസിഡെന്റ്: ആ പ്രശ്നം ഇതിൽനിന്നു ജനിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം പ്രസംഗം പൂർത്തിയാക്കുന്നതിനു നിങ്ങൾ സമ്മതിക്കുമോ?

മി: എൽ. എ. ബിഷപ്പ് (പൊലീസ് കമ്മീഷണർ): സർ, മേലാൽ എന്റെ വിചാരം ഈ രാജ്യത്തിൽ കുറ്റങ്ങളെക്കുറിച്ചു സകല വിവരവും സംഗ്രഹിക്കയും കുറ്റങ്ങളെക്കുറിച്ചു ഒരു റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്യണം എന്നാകുന്നു. മെമ്പർമാർ എന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു വായിക്കാൻ ശ്രമിക്കും എങ്കിൽ കുറ്റങ്ങളെ കണ്ടുപിടിക്കുന്ന രീതിയെക്കുറിച്ചുള്ളതും അവർക്കു അറിയുന്നതിനു ഇടയാകും. അതാകുന്നു സി. ഐ. ഡി. സൈന്യത്തെ വർദ്ധിപ്പിക്കുന്നതിനുള്ള കാരണം.

പ്രസിഡെന്റ്: മിസ്റ്റർ ബിഷപ്പ നിങ്ങൾ പ്രസംഗം നിറുത്തേണ്ടിയിരിക്കുന്നു എന്നു എനിക്കു തോന്നുന്നു. ഇപ്പോൾ നിങ്ങൾ സമയം അതിക്രമിച്ചിരിക്കുന്നു.

ഈ ഡിപ്പാർട്ടുമെന്റിലേക്കു നിശ്ചയിച്ചിട്ടുള്ള സമയം അവസാനിച്ചതിനാൽ ഈ ഉപക്ഷേപവും അടുത്ത ഉപക്ഷേപങ്ങളും റദ്ദായിപ്പോയി.

൨൦൧ മുതൽ ൨൨൩ വരെയുള്ള ഉപക്ഷേപങ്ങൾ.

മി: എസ്. പിറവിപ്പെരുമാൾപിള്ള

൨൦൧. കമ്മീഷണർക്കുള്ള ൨൯,൭൭൨ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. മാധവൻപിള്ള

൨൦൨. കമ്മീഷണർക്കുള്ള ൨൯,൭൭൨ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൪൦൩. സെക്കൻഗ്രേഡ് ഇൻസ്പെക്ടർമാൎക്കായുള്ള ൨൪,൦൩൨ രൂപയിൽ ൧൫൦൦ രൂപാ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൪൦൪. സെക്കണ്ഡ്ഗ്രേഡ് ഇൻസ്പെക്ടർമാൎക്കായുള്ള ൨൪൦൩൨ രൂപയിൽ ൪൮൦ രൂപാ കുറയ്ക്കണം.

മി: റി. ചെല്ലംപിള്ള

൪൦൫. സെക്കൻഗ്രേഡ് ഇൻസ്പെക്ടർമാൎക്കായുള്ള ൪൭൦൩൨ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൪൦൬. ഡിസ്ട്രിക്ട് സൂപ്രണ്ടാപ്പീസിൽ സ്ഥിരം ജീവനക്കാൎക്കായുള്ള ൧൫,൨൩൭ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൪൦൭. ഡിസ്ട്രിക്ട് സൂപ്രണ്ടാപ്പീസിലെ സ്ഥിരം ജീവനക്കാൎക്കായുള്ള ൧൫,൨൩൭ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ

൪൦൮. ഹെഡ്കാൺസ്റ്റബിൾമാൎക്കുള്ള ൪൨൫൪൬ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: ഏ. താണപിള്ള

൪൦൯. സ്ഥിരപ്പാവനത്തിലുള്ള കാൺസ്റ്റബിൾമാരുടെ ശമ്പളമായ ൨,൮൪,൨൨൩ രൂപയിൽ ൧൩൨൦൦ രൂപാ കുറയ്ക്കണം.

മി: എം. സി. കുര്യാക്കോസ്

൪൧൦. സ്ഥിരപ്പാവനത്തിലുള്ള കാൺസ്റ്റബിൾമാരുടെ ശമ്പളമായ ൨,൮൪,൨൨൩ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൪൧൧. കാൺസ്റ്റബിൾമാൎക്കുള്ള ശമ്പളമായ ൨,൮൪,൨൨൩ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള

൪൧൨. താൽക്കാലിക കാൺസ്റ്റബിൾമാൎക്കായുള്ള ൫൨൬൯ രൂപയിൽ ൫൨൮ രൂപാ കുറക്കണം,

മി: പി. എസ്. മഹമ്മദ്

൪൧൩. എസ്റ്റാബ്ലിഷ്മെൻറിലുള്ള ൩,൩൩,൮൫൪ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൪൧൪. വാടകവകയ്ക്കു ൩൪൫ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ

൪൧൫. ഡിസ്ട്രിക്ട പോലീസിനുള്ള ൫,൫൨,൭൮൩ രൂപയിൽ ൨൩൫൦ രൂപാ കുറയ്ക്കണം.

മി: മുറവേലിൽ പാച്ചുപിള്ള

൪൧൬. ഡിസ്ട്രിക്ട പോലീസിനുള്ള ൫,൫൨,൭൮൩ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: ജി. പി. നീലകണ്ഠപ്പിള്ള

൪൧൭. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: എ. ജി. മേനോൻ

൪൧൮. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം

മി: ഇട്ടൂപ്പ ഇട്ടിച്ചൻ

൪൧൯. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം

മി: പി. എസ്. മഹമ്മദ്

൪൨൦. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം

മി: കെ. പി. നീലകണ്ഠപ്പിള്ള

൪൨൧. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം

മി: ടി. സി. കേശവപിള്ള

൪൨൨. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം

മി: വി. എസ്. കൃഷ്ണപിള്ള

൪൨൩. ഡിമാൻറ XI-നുള്ള ൬,൦൨,൩൪൦ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം

പ്രസിഡൻറ: ഡിമാൻറ XI-പോലീസിനുള്ള ൬,൦൨,൩൪൦ രൂപാ ഇകയ്ക്കു സഭയുടെ അനുമതി ഞാൻ അപേക്ഷിക്കുന്നു.

തുക അനുവദിക്കപ്പെട്ടു

ഡിമാൻറ XII—വിദ്യാഭ്യാസം

മി: ഇ. ജി. മാക്ക്ഡൽ പൈൻ (വിദ്യാഭ്യാസഡയറക്ടർ): ഡിമാൻറ XII വിദ്യാഭ്യാസ ഇനത്തിൽ ൪൫,൪൩,൩൮൧ രൂപയിൽ കുറയാത്ത ഒരു തുകയ്ക്കു അനുവാദത്തിനു അപേക്ഷിക്കുന്നു

താഴെ ചേൎത്തിരിക്കുന്ന മൂന്നു ഉപക്ഷേപങ്ങൾ എസ്റ്റാബ്ലിഷ്മെൻറു ഇനത്തിൽ ന്യായമായി ഉൾപ്പെടുത്തിട്ടില്ലാത്തതുകൊണ്ടു അവ രീത്യനുസരണം അല്ലെന്നു തള്ളപ്പെട്ടു

മി: ആർ. രാമൻപിള്ള

൪൨൪. ഹെഡ്അക്കൗണ്ടൻറ മുതലായവൎക്കുള്ള ശമ്പളത്തിനുള്ള ൧൩,൧൯൫ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ.

൪൨൫. ഹെഡ് അക്കൌണ്ടന്റ് മുതലായവരുടെ ശമ്പളത്തിനുള്ള ൧൩,൧൮൯ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരവലിൽപാച്ചുപിള്ള.

൪൨൬. ഹെഡ് അക്കൌണ്ടന്റ് മുതലായവരുടെ ശമ്പളത്തിനുള്ള ൧൩,൧൮൯ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

ഉപക്ഷേപങ്ങൾ ൪൨൭ മുതൽ ൪൨൯ വരെ

മി: ആർ. രാമൻപിള്ള.

൪൨൭. ഹെഡ് അക്കൌണ്ടന്റ് മുതലായവരുടെ ശമ്പളത്തിനുള്ള ൧൩,൧൮൯ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൪൨൮. ഹെഡ് അക്കൌണ്ടന്റ് മുതലായവരുടെ ശമ്പളത്തിനുള്ള ൧൩,൧൮൯ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: ആർ. കേശവപിള്ള.

൪൨൯. എസ്റ്റാബ്ലിഷ്മെന്റിനുള്ള ൧൪,൨൭൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൪൩൦.

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപം എസ്റ്റാബ്ലിഷ്മെന്റ ഇനത്തിൽ ന്യായമായി ഉൾപ്പെടാത്തതുകൊണ്ടു തള്ളപ്പെട്ടു.

മി: ആർ. കേശവപിള്ള.

൪൩൦. എസ്റ്റാബ്ലിഷ്മെന്റിനുള്ള ൧൪,൨൭൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൪൩൧-ം ൪൩൨-ം

താഴെ ചേർത്തിരിക്കുന്ന ഉപക്ഷേപങ്ങൾ പ്രയോഗിക്കപ്പെട്ടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ.

൪൩൧. എസ്റ്റാബ്ലിഷ്മെന്റിനുള്ള ൧൪,൨൭൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ

൪൩൨. എസ്റ്റാബ്ലിഷ്മെന്റിനുള്ള ൧൪,൨൭൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൪൩൩.

ട്രാവെലിങ് അലവൻസിനുള്ള ൩,൨൦൦ രൂപയിൽ ൩,൦൦൦ രൂപാ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഡയറക്ടരുടെ ട്രാവലിംഗ് അലവൻസിനു നിശ്ചയിച്ചിട്ടുള്ള ൩,൨൦൦ രൂപയിൽനിന്നു ൩,൦൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

പ്രധാനമായിട്ടു എനിക്കു സംശയനിവൃത്തിക്കായി ഇതു ഹാജരാക്കീട്ടുള്ളതാണ്. ഒരു രൂപാ കട്ട് ആയിട്ടു ചേർത്താൽ മതിയായിരുന്നു. എന്നാൽ ൩,൦൦൦ രൂപായും കുറയ്ക്കണമെന്നു പറഞ്ഞിട്ടുള്ളതു് ഡയറക്ടർ ട്രാവൽ ചെയ്യരുതു് എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഏതെങ്കിലും ഒരു തുകവച്ചു എന്നുമാത്രമേയുള്ളു.

പ്രസിഡന്റ്: ഇതു ട്രാവലിംഗ് അലവൻസിൽ കുറയ്ക്കലാണ്.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഇപ്പോഴത്തെ ഡയറക്ടർക്ക് സാധാരണ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷന്മാർ അനുഭവിച്ചിട്ടുള്ള ട്രാവലിംഗ് അലവൻസിനെക്കാൾ കൂടുതലായ സംഖ്യ അനുവദിച്ചിട്ടുണ്ടോ എന്നറിയണം. അതാണ് എന്റെ പ്രധാനമായ ഉദ്ദേശം. ഈ കൌൺസിലിന്റെ ബഡ്ജറ്റ് പൊതു വിമർശനത്തിൽ എല്ലാ മെമ്പന്മാരും രാജ്യത്തിലെ ധനസ്ഥിതി അധഃപതിച്ചു വരുന്നു എന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ സ്ഥിതിക്കു ഇതു കൂടുതലായ യാത്രപ്പടി കൊടുക്കുന്നതിനായി ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടോ എന്നാണ് എന്റെ സംശയം,

കൂടാതെയും ഈ കൌൺസിലിൽ പ്രത്യേകിച്ചു പ്രധാനമായിട്ടുള്ള ഉപക്ഷേപത്തിനു വിപരീതമായിട്ടാണ ഈ നിയമനംതന്നെ ഉണ്ടായിട്ടുള്ളതു്.

പ്രസിഡന്റ്: നിങ്ങൾ അതു സ്ഥാപിക്കണം; ൩,൦൦൦ രൂപാ അനാവശ്യമാണെന്നു നിങ്ങൾ കാണിക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ട്രാവലിംഗ് അലവൻസിനെ സംബന്ധിച്ചുമാത്രമേ ഇവിടെ പറയുന്നുള്ളു.

അദ്ധ്യക്ഷൻ: നിങ്ങൾ സഞ്ചാരപ്പടിയെക്കുറിച്ചു പ്രസംഗിക്കയാണ്. അതിനെക്കുറിച്ചല്ലാതെ മററു സംഗതികളെക്കുറിച്ചു സംസാരിക്കാൻ പാടില്ല. ൩,൦൦൦ രൂപാ ആവശ്യത്തിൽ കൂടുതലാണെന്നുള്ളതു നിങ്ങൾ കാണിക്കണം. സഞ്ചാരപ്പടിക്കുള്ള മൊത്തം തുകയിൽനിന്നു ൩,൦൦൦ രൂപാ കുറയ്ക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി നിങ്ങൾ വാദിക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഡയറക്ടർക്ക് ആഫീസിൽ ഇന്നു ധാരാളം ജോലിയുണ്ടെന്നാണ് എന്റെ വാദം. തിരുവിതാംകൂറിലെ വിദ്യാഭ്യാസനയത്തിനു പുതുതായ ഒരു രീതി വരുത്തണമെന്നു പലതവണ ഈ സഭയിൽ വിശദമായി പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിൽനിന്നു ഏറ്റവും വലുതായ ഒരു സംഖ്യ ചിലവിടുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് ഇതു്. ഇതു പ്രധാനമായ ഒരു ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ, ഇങ്ങനെ ആഫീസിൽ ഇരിക്കാതെ ട്രാവൽ ചെയ്യാൻ മററു പല-

ഡിപ്പാർട്ടുമെൻറുകളോടു സംബന്ധമുള്ള അനേകം കടലാസുകളും മററും നോക്കുന്നതാണ്; ഡയറക്ടറുടെ പേർസനൽ അസിസ്റ്റൻറും മാനേജരും ഉണ്ട്. ഈ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥർ യാത്രചെയ്തു പള്ളിക്കൂടങ്ങൾ പരിശോധിച്ചാൽതന്നെയും അതിന്നനുസരിച്ചുഫലം ഉണ്ടാകുമോ എന്നു സംശയമാണ്. തിരുവിതാംകൂറിൽ മലയാളം പള്ളിക്കൂടങ്ങളാണ് അധികമുള്ളതു്. ആ ജോലി അറിയാതെ അവിടെ ചെന്നു എന്താണ് പരിശോധിക്കാൻ പോകുന്നതെന്നു അറിയുന്നില്ല. അപൂർവം അവസരങ്ങളിൽ ഉണ്ടാകുന്ന വഴക്കുകളെ തീർക്കുന്നതിനു മാത്രം ഡയറക്ടർ പരിശോധിക്കയും അല്ലാത്ത അവസരങ്ങളിൽ ഇൻസ്പെക്ടർതന്നെ ആ ജോലി നടത്തുകയും ചെയ്യുന്നതാണ് നന്നായിട്ടുള്ളതു്. ഇന്നുമാത്രം എനിക്കു കിട്ടിയിട്ടുള്ള വിദ്യാഭ്യാസറിപ്പോർട്ടിനെ ഏകദേശം മനസ്സിലാക്കിയതിൽനിന്നു ഫ്ലൂയിംഗ് സക്ക്വാഡിൻറെ ഫലം ഏററവും നിസ്സാരമായിട്ടുള്ള ഒരു സംഗതിയായിട്ടാണ് തോന്നുന്നതു്. അതിനു ഇന്നത്തെ ഡയറക്ടർ ഉത്തരവാദിയല്ലെന്നു പറയുമായിരിക്കാം. എങ്കിലും ഞങ്ങൾക്കു അതിനെ അടിസ്ഥാനപ്പെടുത്തിയല്ലാതെ പറയുവാൻ നിവൃത്തിയില്ല. ഏകദേശം ഏഴു സ്കൂൾ ഒരു ദിവസം ഡയറക്ടർ പരിശോധിച്ചിരിക്കുന്നു. ഇങ്ങനെയുള്ള പരിശോധനകൊണ്ടു തിരുവിതാംകൂറിനു എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. പള്ളിക്കൂടങ്ങൾ പരിശോധിക്കുന്നതിനു ന്യായമായ ചുമതലയുള്ള ഇൻസ്പെക്ടറന്മാരുടെ അധികാരത്തെ കേവലം അവഗണിച്ചു അവരെ മനഃപൂർവ്വം നിയന്ത്രിച്ചുകൊണ്ടാണ് ഇതുവരെ നടത്തിക്കൊണ്ടുവരുന്നതു്. ഈ മാതിരി നയം തിരുവിതാംകൂറിൽ തുടർന്നുകൊണ്ടുപോകുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. സ്കൂൾ പരിശോധിക്കുമ്പോൾ മുൻകൂട്ടി അവിടെയിരിക്കുന്ന ഉദ്യോഗസ്ഥനു പ്രോഗ്രാം അയച്ചുകൊടുക്കേണ്ടതാണ്. അങ്ങിനെയല്ലാതെ മററു ഡിപ്പാർട്ടുമെൻറുകളിലും പരിശോധിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യങ്ങളിൽ വിദ്യാഭ്യാസഡയറക്ടർ ആഫീസിലിരുന്നു ജോലി ചെയ്യുകയും ഇൻസ്പെക്ടർ മുഖേന പരിശോധനജോലി നിർവ്വഹിക്കയും ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

വേറെ ഒരു സംഗതികൂടിപ്പറയാനുണ്ട്.

പ്രസിഡൻറ: നിങ്ങൾ സാമാന്യരീതിയെക്കുറിച്ചു സംസാരിച്ചുകൂടേ.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): പാളിസിയല്ല. അവളുഹത്തിൻെറ പരിശോധനാ പാളിസിയെ സംബന്ധിച്ചു മാത്രമേ പറയുന്നുള്ളൂ. ഇൻസ്പെക്ടരുടെ പരിശോധനയിൽ കിട്ടുന്ന റിപ്പോർട്ടു ഒരു വിധത്തിലും ഡയറക്ടരുടെ പരിശോധനയിൽ കിട്ടുന്ന റിപ്പോർട്ടു വേറൊരു വിധത്തിലും ഇങ്ങനെ ഭിന്നിപ്പായ രണ്ടു റിപ്പോർട്ടുകൾ വന്നാൽ ഏതു റിപ്പോർട്ടിനെയാണ് ഗവൺമെൻറു പരിഗണിക്കുന്നതു എന്നു അറിയുന്നില്ല. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻെറ റിപ്പോർട്ടായിരിക്കാം സാധാരണയായി ഗവൺമെൻറംഗീകരിക്കുന്നതു്. എന്നാൽ അങ്ങിനെ അല്ലാതെയും വന്നിട്ടുണ്ട്. ഈ രണ്ടു റിപ്പോർട്ടിനെയും സൂക്ഷ്മമായി പരിശോധിച്ചു സൂക്ഷ്മം കണ്ടുപിടിക്കുന്നതു ആരാണെന്നറിയുന്നില്ല. രണ്ടു പേർ ചേർന്നു ഭരണം നടത്തുകയും പരിശോധന നടത്തുകയും ചെയ്യുന്നതു വളരെ തെററാണെന്നാണ് ഇന്നത്തെ ഭരണരീതിയിൽനിന്നു നാം മനസ്സിലാക്കുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സുപ്പീരിയറും സബോർഡിനേററും എന്നനിലയിലല്ലേ പരിശോധന നടത്തുന്നതു്?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സബോർഡിനേററിൻെറ ഭരണത്തിൽ കുററമുണ്ടെങ്കിൽ സുപ്പീരിയർപോയി പരിശോധിക്കുന്നതു നന്നായിരിക്കും. അങ്ങിനെ അല്ലാത്ത അവസരത്തിൽ രണ്ടുപേർ പരിശോധിച്ചു രണ്ടു തരത്തിലുള്ള റിപ്പോർട്ടു ഉണ്ടാക്കുന്നതെന്തിനാണ്?

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും ഇങ്ങിനെയാണ് പരിശോധിക്കുന്നതെന്നറിയാമോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഒരവസരത്തിൽ രണ്ടുപേർ പരിശോധിക്കുന്നതായാൽ എവിടെയും വിപരീതമായിത്തന്നെ റിപ്പോർട്ടുചെയ്യും.

മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): പരിശോധന ഇപ്പോളെല്ലാം മേലദ്ധ്യക്ഷന്മാർക്കുമുള്ളതായിട്ടറിയാമോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): പരിശോധനയില്ലാത്ത ഉദ്യോഗസ്ഥന്മാരും ഉണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു പകർത്തിയെഴുതാനാണോ മേലദ്ധ്യക്ഷന്മാർ പോകുന്നതു്?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അല്ല. കുററമുണ്ടോ എന്നു നോക്കാനാണെങ്കിൽ തരക്കേടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉദ്യോഗസ്ഥന്മാർ പരിശോധന നടത്താൻ അറിയാത്തവരായെന്നു നോക്കാനാണോ പോകുന്നതു്?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും). ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്മാർക്കു കൂടുതൽ പരീക്ഷായോഗ്യത ഉണ്ടെന്നാണല്ലോ സങ്കല്പം. ഡയറക്ടർ മേലദ്ധ്യക്ഷനാണല്ലോ. അതുകൊണ്ടു മററുള്ള കീഴുദ്യോഗസ്ഥന്മാരെ പരിശോധിക്കയും ചെയ്യാം. കഴിഞ്ഞ കൗൺസിലിൽ ഇതിനെപ്പററി വാദപ്രതിവാദം വന്നപ്പോൾ ഒരു പരിശോധനാധികാരി ഒരു വാതലിൽക്കൂടി അകത്തുകടന്നപ്പോൾ മററൊരു പരിശോധനാധികാരി വേറൊരു വാതലിൽക്കൂടെ വെളിയിലിറങ്ങിപ്പോയി എന്നു പറഞ്ഞു. അതു ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും ചീഫ് ഇൻസ്പെക്ടരും ആണ്. അങ്ങിനെ ഒരു വാദപ്രതിവാദം ഇവിടെ റിക്കാർഡുചെയ്തിട്ടുള്ളതായി എനിക്കു ഓർമ്മയുണ്ട്. ഈ കാരണങ്ങളാൽ വിദ്യാഭ്യാസമേലദ്ധ്യക്ഷൻെറ യാത്രപ്പടിയിൽ

ന്നു ൬,൦൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു. ബാക്കിയുള്ള ൨൦൦ രൂപാകൊണ്ടു മതിയാകാതെവരുന്നപക്ഷം അന്നു സപ്ളിമെൻററി ഗ്രാൻറു കൊണ്ടുവന്നു അത്യാവശ്യച്ചിലവിനുമാത്രം അനുവദിക്കാവുന്നതാണ്. ഈ ൬,൦൦൦ രൂപാതന്നെ ൧൧൦൮-ലേയും ൧൧൦൯-ലേയും കണക്കുകളനുസരിച്ചു പരിശോധിച്ചു നോക്കുന്നതായാൽ ചിലവായിട്ടില്ലായെന്നു കാണാം. എന്നാൽ കഴിഞ്ഞയാണ്ടിൽ കുറെ കൂടുതൽ ചിലവായതായി കാണിച്ചിരിക്കുന്നത് ഡയറക്ടർ മൈസൂരിലും മദ്രാസിലും മറ്റും യാത്രചെയ്തുകൊണ്ടു വന്നിട്ടുള്ളതാണ്. അതിനുമുൻപു ൧൧൦൦-ത്തിൽ ചില്വാനം രൂപായെ ചിലവായിട്ടുള്ളു. മിസ്റ്റർ സ്റ്റീവൻസൺ ഡയറക്ടരായിരുന്ന കാലത്തു ഈ യാത്രപ്പടി മുഴുവനും ലാപ്സായിപ്പോകയാണു പതിവ്. അതുകൊണ്ടു ഡയറക്ടരുടെ ഈ സഞ്ചാരപ്പടി ആവശ്യമില്ലാ എന്നാകുന്നു എന്റെ അഭിപ്രായം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): മി. രാജരാജവർമ്മകോയിത്തമ്പുരാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. എഡ്യൂക്കേഷൻ ഡയറക്ടരുടെ സർക്കീട്ടിലേക്ക ബഡ്ജററിൽ ഉൾപ്പെടുത്തിട്ടുള്ള വലുതായ സംഖ്യ വെട്ടിക്കുറക്കണമെന്നുള്ള ഉപക്ഷേപത്തിൽ വളരെ അത്ഭുതപ്പെടേണ്ടതില്ലെന്നു ഞാൻ വിചാരിക്കുന്നു. കാരണം മലയാളഭാഷ ഒട്ടുംതന്നെ പരിജ്ഞാനമില്ലാത്ത ഒരു ഡയറക്ടരുടെ ചുററിസഞ്ചാരംകൊണ്ടു നാട്ടിലെ എഡ്യൂക്കേഷൻ പോളിസിക്കോ വലുതായ ഗുണം ആകൃഷ്ടമായ ഒരു വർദ്ധനയേക്കുണ്ടാകയെന്നു തരമില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇതിനുമുമ്പിരുന്ന ഡയറക്ടർക്ക് സഞ്ചാരപ്പടികൊടുത്തിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കൊടുത്തിരുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): അദ്ദേഹത്തിനു മലയാളഭാഷ അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അദ്ദേഹത്തിനു മലയാളഭാഷ അറിയാൻ പാടില്ല.

മി. എച്ച്. ബി. മഹമ്മദറാവുത്തർ(പത്മനാഭപുരവും-ചെങ്കോട്ടയും): അദ്ദേഹത്തിനു തമിഴറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അറിയാം.

തിരുവിതാംകൂറിൽ ഏതാനും ഭാഗത്തു് ആവശ്യത്തിൽ കൂടുതലായിമിഷ്യൻസ്കൂളുകളും സർക്കാർസ്കൂളുകളും ഇരിക്കുന്നുണ്ട്. അതിനാൽ ഡയറക്ടർ പകുതി തിരിച്ചുള്ള പള്ളിക്കൂടങ്ങളോടു ഒരു ലിസ്ററ് വരുത്തി അതിൽ ഏതെല്ലാമാവശ്യമുണ്ടു, ഏതെല്ലാം ആവശ്യമില്ലാ, എന്നു് ആലോചിച്ചറിയാനായി നോക്കേണ്ടതാണ്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഇപ്പോൾ പുതുതായി നടക്കുന്ന ചിലസ്കൂളുകളിൽ കുട്ടികൾ ഇല്ലാതെ കുറവായിട്ട് പഠിപ്പിക്കുന്നു എന്നറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അങ്ങിനെയും നടക്കുന്നുണ്ട്. വേറെസ്കൂളിൽ കൊണ്ടുവന്നു പഠിപ്പിക്കുന്നുണ്ട്. ഒരദ്ധ്യാപകൻ രണ്ടുസ്കൂളിൽ മാറിമാറി പഠിപ്പിക്കുന്നുമുണ്ട്.

മി. ഇട്ടൂപ്പ്ഇട്ടിച്ചൻ (കുന്നത്തുനാട്): ഒരദ്ധ്യാപകൻ രണ്ടുസ്കൂളുകളിൽ ഒരേസമയത്തു പഠിപ്പിക്കുന്നതെങ്ങിനെയാണ്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇതിനുമുമ്പിരുന്ന ഡയറക്ടർ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ അങ്ങിനെ ഉണ്ടായിരുന്നു എന്നു് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ കാണുന്നു. അങ്ങിനെ പലപ്രദേശങ്ങളിലും മററും കാണും. ഓരോഡിപ്പാർട്ടുമെന്റും വളർന്നുവന്നകൂട്ടത്തിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും വളർന്നു എന്നല്ലാതെ അക്കാര്യത്തിൽ ആരും കുററക്കാരല്ല. അതുകൊണ്ടു് ഈ നാട്ടിനെസംബന്ധിച്ചിടത്തോളം നല്ലവണ്ണം പഠിച്ചു് ന്യായമായിട്ടുള്ള ഒരു എഡ്യൂക്കേഷൻ പോളിസി ഇപ്പോഴത്തെ ഡയറക്ടർ ഒരുമാതൃകയായിട്ട് ഏർപ്പെടുത്തണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു. എഡ്യൂക്കേഷൻ റിപ്പോർട്ടിൽ ൧൦൭-ാം വകുപ്പ് ഇങ്ങനെകാണുന്നു. മുമ്പിരുന്ന ഡയറക്ടർ ചുററി സഞ്ചരിച്ചതിൽ കണ്ടുപിടിച്ചതു അനേകായിരം കുട്ടികൾ ഉച്ചയ്ക്ക് ആഹാരത്തിനുവഴിയില്ലാതെ കഷ്ടപ്പെടുന്നതുകൊണ്ടു് അദ്ദേഹത്തിനു വളരെ സങ്കടമുണ്ടാകുന്നു എന്നും അതിലേക്ക മി. പത്മനാഭറാവുവിന്റെ ധർമ്മംകൊണ്ടു ഏതാനും കുട്ടികൾക്കു രക്ഷകിട്ടിട്ടുണ്ടെന്നും ആണ്.

മി. എ. സി. കുര്യായാക്കോസ് (മീനച്ചിലും-ദേവികുളവും): ഉച്ചഭക്ഷണമില്ലാതെ കുട്ടികൾ സ്കൂളുകളിൽ ഇരിക്കുന്നതു നിസ്സാരമായ ഒരു സംഗതിയാണെന്നാണോ മെമ്പർ വിചാരിക്കുന്നതു്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും); വലിയ കാര്യമാണ്.

മി. എ. സി. കുര്യായാക്കോസ് (മീനച്ചിലും-ദേവികുളവും): അതിനൊരു പരിഹാരം കണ്ടുപിടിച്ചാൽ കൊള്ളാം എന്നഭിപ്രായപ്പെട്ടു എന്നുവച്ചു് അതിൽ ഡയറക്ടരെ കുററപ്പെടുത്തുകയാണോ ചെയ്യുന്നതു്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അതിൽ കുററപ്പെടുത്തുന്നില്ലാ; അതിനുള്ള നിർദ്ദേശവുംകൂടി ചൂണ്ടിക്കാണിക്കാമായിരുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അദ്ദേഹം ചുററി സഞ്ചരിച്ചതുകൊണ്ടല്ലേ ഈസംഗതി മനസ്സിലാക്കിയതു? അതിനു ഇന്നരീതിയിൽ പരിഹാരം ചെയ്യണമെന്നു നിർദ്ദേശിച്ചിരുന്നോ എന്നുകൂടി വിചാരിക്കാവുന്നതല്ലേ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അങ്ങിനെ നിർദ്ദേശിച്ചുകാണുന്നില്ല.

മി. എ. സി. കുര്യായാക്കോസ് (മീനച്ചിലും-ദേവികുളവും): അങ്ങിനെ ഒരു നിർദ്ദേശം വന്നാൽ തന്നെയും അതു് ഗവർണ്മെൻറിന്റെ അപ്രൂവലിനു പോയാൽ പോരാ എന്നുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ൩൦ വർഷത്തെ പരിചയമുള്ള ഒരു ഡയറക്ടർ ഇങ്ങനെ ഒരു അഭിപ്രായം മാത്രംകൊണ്ടുവന്നതേയുള്ളു. ഇനിയും ഒരു ൩൦ വർഷംകൂടി കൊടുത്തിരുന്നെങ്കിൽ പ്രായോഗികമായരീതിയിൽ ഒരു സ്കീം എഴുതി സമർപ്പിക്കാൻ സൗകര്യമുണ്ടാകുമെന്നാണോ വിചാരിക്കുന്നതു്? ഇപ്പോഴത്തെ കോഡിൽ ഏതാനും വ്യത്യാസങ്ങൾ ചെയ്യേണ്ടതിനു,

'പഠനകാലങ്ങളിൽ ഉചിതമായ കരവേല ഏർപ്പെടുത്തി, ഭാവിജീവിതമത്സരത്തിനു ഉതകുന്ന വിധം കുട്ടികളെ പരിശീലനം നല്കണം."

മാറിപ്പോയ ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ള സംഗതികൾ പ്രായോഗികമാക്കത്തക്കവിധത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ കോഡുകളിലും ഏർപ്പെടുത്തി—

പ്രെസിഡെണ്ട്:— മി. ആർ. കേശവപിള്ള, നിങ്ങൾ പ്രധാന വിഷയത്തിൽ നിന്നു വളരെ അകന്നുപോകുന്നു.

മി. സി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാട്ടിന്റെ നാനാഭാഗത്തു നിന്നും വരുത്തി പരിശോധിക്കുന്നതിനും ഇൻസ്പെക്ടറുടെ പരിശോധനാറിപ്പോർട്ടു വരുത്തി പരിശോധിക്കുന്നതിനും അദ്ദേഹത്തിനു ആഫീസിൽ ഇരുന്നാൽ തന്നെയും സാധിക്കുമെന്നുള്ളതുകൊണ്ടു ൩,൦൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപത്തോടു ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ട്രാവലിംഗ് അലവൻസിൽ നിന്നു ൩,൦൦൦ രൂപാ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. അങ്ങിനെ എതിർക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റി ചുരുക്കമായിട്ടു പറയാം. ഡയറക്ടർക്കു നാട്ടുഭാഷ അറിയാമെങ്കിലും ഇല്ലെങ്കിലും ഡയറക്ടർ തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഭരണകാര്യത്തിൽ മേലദ്ധ്യക്ഷനായിരിക്കുന്ന ആളാണ്. ഒരു ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഏതാനും വെർണാക്കുലർ സ്കൂളുണ്ട്. അവയാണ് സംഖ്യയിലധികം. അവയെ പരിശോധിക്കാൻ ഭാഷാപരിജ്ഞാനം ഇല്ലായെന്നുള്ള ഏകകാരണം കൊണ്ടു ഡയറക്ടർ സക്കീട്ടുപോകേണ്ടാ എന്നു അഭിപ്രായപ്പെടുന്നു എങ്കിൽ, അതു ശരിയല്ലെന്നാണ് എന്റെ പക്ഷം. ഞാൻ കാണുന്നതു വിദ്യാഭ്യാസഡയറക്ടർക്കു തിരുവിതാംകൂറിൽ ഏതേതു ഭാഗങ്ങളിലെല്ലാം വിദ്യാഭ്യാസപരമായ പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ അവിടെയെല്ലാം സക്കീട്ടു സഞ്ചരിക്കേണ്ട ആവശ്യമുണ്ടാകും എന്നാണ്. ഹൈസ്കൂളുകൾ പലതും ഉണ്ട്. അനേകം ഇൻസ്പെക്ടരസിന്റെ ആഫീസുകളും ഉണ്ട്. ഉയർന്നതരത്തിൽ വിദ്യാഭ്യാസപരമായ പ്രവൃത്തനം നടന്നുകൊണ്ടിരിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങളും രാജ്യത്തിൽ ധാരാളമുണ്ട്. ഇവിടെയെല്ലാം ഗവൺമെന്റിന്റെ പണം വിവിധ വിഷയങ്ങളിലായി ചിലവിട്ടുകൊണ്ടിരിക്കുന്നതിനാൽ അവ ശരിയായ വിധം തന്നെ നടക്കുന്നുണ്ടോ എന്നു ഡയറക്ടർ നേരിട്ടറിയണം. വെർണാക്കുലർ സ്കൂളുകളിൽ പ്രാപ്തന്മാരായ ഉപാദ്ധ്യായന്മാരുണ്ടോ എന്നും അവരുടെ പരിശോധനാരീതി വിധിയനുസരിച്ചു ശരിയായിരിക്കുന്നുണ്ടോ എന്നും നോക്കുന്നതിനു ഡയറക്ടർക്കും ചുമതലയുണ്ട്. ഇതിനും പുറമെ കാര്യങ്ങളും നമുക്ക പലതും ഉണ്ട്. വിവിധതരത്തിലുള്ള സ്ഥാപനങ്ങൾ വിസ്തീർണ്ണമായ പ്രദേശങ്ങളിൽ ധാരാളം പണം ചിലവുചെയ്തു സ്ഥാപിച്ച് എല്ലായ്ക്കും ഉപയോഗിക്കത്തക്കവിധത്തിൽ അനുവാദം കൊടുക്കണം എന്നു ചോദിക്കുകയാണെങ്കിൽ നിശ്ചയമായിട്ടും അനുവാദം കൊടുക്കണമെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. ഇങ്ങിനെ വരുമ്പോൾ ഓരോന്നിന്റെയും ആവശ്യാനാവശ്യങ്ങൾ നിർണ്ണയിക്കുവാൻ ചിലപ്പോൾ ഡയറക്ടർ തന്നെ സക്കീട്ടു ചെയ്യേണ്ടതായിവരും. കഴിഞ്ഞ രണ്ടു വർഷക്കാലമായി വിദ്യാഭ്യാസ ഡയറക്ടർ സഞ്ചരിച്ചു പരിശോധിച്ചതിൽ പിന്നെ ഡിപ്പാർട്ടുമെന്റിലെ ദൂഷ്യങ്ങളിൽ പലതും കുറഞ്ഞിട്ടുണ്ട് എന്നു കാണ്മാൻ കഴിയുന്നതാണ്. ചില പ്രവൃത്തികൾ ചിലപ്പോൾ ദോഷകരമായാൽ തന്നെയും ആ പ്രവൃത്തികളുടെ ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം അതുകൾ തൃപ്തികരമാകണമെന്നു ബോദ്ധ്യപ്പെട്ടു കഴിഞ്ഞാലും പിന്നെയും അതിന്റെ പ്രവർത്തകനോടു തൃപ്തിയില്ലാ എന്നു വച്ചു അദ്ദേഹത്തെ അധിക്ഷേപിക്കുന്നതു ശരിയല്ല. രാജ്യത്തിൽ നടക്കുന്ന വിദ്യാഭ്യാസപ്രവൃത്തനം ശരിയല്ലെന്നു ഡയറക്ടർ വിചാരിച്ചാൽ വിവിധങ്ങളായ സ്ഥാപനങ്ങളിലുള്ള നിലകളെ അറിയുന്നതിനും ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിനും ആയി സാർവത്രികമായ ഒരു സഞ്ചാരം തന്നെയും ആവശ്യമാണ്. അങ്ങിനെ സഞ്ചരിച്ചാൽ സകലതും സാധിച്ചുകൊള്ളാമെന്നു ഞാൻ പറയുന്നതിനു ഇവിടെ അർത്ഥമില്ലാ. അതുകൊണ്ടു സാമാന്യമായ ഒരു ജ്ഞാനം ഉണ്ടാകുമെന്നു മാത്രം ഗ്രഹിച്ചാൽമതി. ഏതു രീതിയിലുള്ള വിദ്യാഭ്യാസമാണ് ഇവിടെ ആവശ്യമെന്നും ഇപ്പോഴത്തെ ദോഷകരമായ രീതിക്കു പ്രതിവിധി എന്തെന്നും ഉള്ള സാമാന്യജ്ഞാനം കിട്ടും. ഇതൊരു നിസ്സാരമായ കാര്യമല്ല. ഉച്ചഭക്ഷണമില്ലാത്തതിനാൽ കുട്ടികൾ കഷ്ടപ്പെടുന്നു എന്നു ഒരു ഡയറക്ടർ സാമാന്യമായി കണ്ടുപിടിച്ചു. ഇതു ആക്ഷേപാർഹമല്ലല്ലോ. ഒരാളിന്റെ പരിശോധനയ്ക്കു വിഷയമായി ഡയറക്ടർ എഴുതിയിരിക്കുന്നു എങ്കിൽ അതിനെപ്പറ്റി ഒരു തീർച്ച കല്പിക്കേണ്ടുകടമ ഗവൺമെന്റിനുള്ളതാണ്. ഏതായാലും കഴിഞ്ഞ കാര്യങ്ങളെപ്പറ്റി ചിന്തിക്കാതെ ഭാവിയിൽ ഇതു ആവശ്യമുണ്ടോ എന്നു ചിന്തിക്കയാണെങ്കിൽ തന്നെയും നിശ്ചയമായും ഇതു ആവശ്യമുണ്ട് എന്നു സ്പഷ്ടമായി കാണാം. അതുകൊണ്ട് മി: രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഉപക്ഷേപത്തെ എതിർക്കാതെയിരിക്കുവാൻ മാർഗ്ഗം കാണുന്നില്ല.

മി. കെ. മാധവൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): സർ, ഞാൻ മി: രാജരാജവർമ്മാ അവർകളുടെ അഭിപ്രായത്തെ പ്രതികൂലിക്കുന്നു; എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾ ഡയറക്ടരെ അറിയിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. സർ, ഡയറക്ടർ തന്റെ സർക്യൂട്ടിൽ പലസ്ഥലങ്ങളിലും പോയിട്ടുണ്ട്. അക്കാലങ്ങളിൽ അദ്ദേഹം സന്ദർശിക്കുന്ന ഓരോ പാഠശാലയിലും പതിതസമുദായക്കാരെ പ്രവേശിപ്പിക്കാറുണ്ടോ എന്നുള്ളതിൽ ശ്രദ്ധിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. സർ, മനയ്ക്കാറ്റിൻകരയിലുള്ള പെൺപള്ളിക്കൂടത്തിൽ പതിതസമുദായങ്ങളിലുള്ള ബാലികകളെ ചേർക്കാറില്ല. അദ്ധ്യാപക സംഘയോഗം നടക്കുന്നതായാലും പതിതസമുദായത്തിൽ ഉള്ള വാദ്ധ്യാർ ഹാജരാകാൻ പാടില്ല. ഇതുപോലെ പലസ്ഥലങ്ങളിലും പലപള്ളിക്കൂടങ്ങളിലും പതിതസമുദായബാലന്മാർക്കു പ്രവേശനം ഇല്ല. അതുകൊണ്ട് ഈ വിധത്തിലുള്ള പള്ളിക്കൂടങ്ങളിൽ പതിതസമുദായബാലരേയും ചേർക്കുന്നതിനു ചട്ടംകെട്ടേണ്ടിയിരിക്കുന്നു. കോട്ടയം ഏറ്റുമാനൂർ വൈക്കം മുതലായ സ്ഥലങ്ങളിലുള്ള സ്കൂളുകളിൽ പതിതസമുദായ ബാലന്മാർ ചെന്നു പഠിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): കോട്ടയത്തു ഏതു സ്കൂളുകളിലാണ് ഡിപ്രസ്ഡ് ക്ലാസിനു പ്രവേശനം നല്കാതെയുള്ളത്?

മി. കെ. മാധവൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): കോട്ടയത്തുള്ള മലയാളം പള്ളിക്കൂടങ്ങളിൽ ചിലതിലും ഇപ്പോഴും പതിതസമുദായക്കാർക്കു പ്രവേശനം ഇല്ലെന്നു ഞാൻ അന്വേഷിച്ചതിൽ അറിയുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇല്ലെന്നു തീർച്ചതന്നെയാണോ?

മി. കെ. മാധവൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): ചിലസ്ഥലങ്ങളിൽ ഇല്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം താലൂക്കിൽ അധഃകൃതർക്കു പ്രവേശനമില്ലാത്ത ഒരു സ്കൂളുമില്ല.

മി: കെ. മാധവൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അതുകൊണ്ടു ഓരോ പള്ളിക്കൂടത്തിലും ഒരു പതിത സമുദായബാലരെ ചേർക്കുന്നതിനും പഠിപ്പിക്കുന്നതിനും ഏർപ്പാടു ചെയ്യണം എന്നപേക്ഷിക്കുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): എല്ലാ വർഗ്ഗങ്ങൾക്കും പ്രവേശനം അനുവദിച്ചിട്ടില്ലാത്ത ഏതാനും സ്കൂളുകൾ ഉണ്ടായിരുന്നു എന്നു ഇന്നലെ ഗവണ്മെൻറിൽനിന്നു തന്നിട്ടുള്ള റിപ്പോർട്ടിൽ ഗവണ്മെൻറ് രേഖപ്പെടുത്തിയിട്ടുള്ളതു മെമ്പർ വായിച്ചിട്ടുണ്ടോ?

മി: കെ. മാധവൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അറിയാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): അതിലേക്കു പരിഹാരം ചെയ്യണമെന്നും [illegible] നിർദ്ദേശിച്ചിട്ടുള്ളതായിട്ടറിയാമോ?

മി: കെ. മാധവൻ (ഗവണ്മെൻറു നിയമിച്ച മെമ്പർ): അറിയാം.

സർ, പുതുക്കോട്ട സംസ്ഥാനത്തിൽ ആദി ദ്രാവിഡരുടെ ഉന്നമനത്തിനായി ഗവണ്മെൻറു ചെയ്തിരിക്കുന്ന ഗുണങ്ങളെ [illegible]-യിലുള്ള ദ്രാവിഡൻ പത്രത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

പുതുക്കോട്ട സർക്കാരിൻെറ ഔദാര്യം.

പുതുക്കോട്ട സംസ്ഥാനത്തിലുള്ള ഗ്രാൻറു പള്ളിക്കൂടങ്ങളിൽ ആദി ദ്രാവിഡർ അധികമായി പ്രവേശിക്കാൻ അവരെ പ്രേരിപ്പിക്കുന്നതിനായി പള്ളിക്കൂടത്തിൽ ചേർക്കുന്ന ഓരോ ആദിദ്രാവിഡബാലനും ആറണയോ ഒരു രൂപ പള്ളിക്കൂടത്തിലേക്കു കൂടുതൽ ഗ്രാൻറു കൊടുക്കുന്നതിനു പുതുക്കോട്ട സർക്കാർ ആജ്ഞാപിച്ചിരിക്കുന്നതറിഞ്ഞു വളരെ സന്തോഷിക്കുന്നു. പുതുക്കോട്ടയിലും ദിവാനും പ്രസിഡൻറും ബ്രാഹ്മണരായിരുന്നിട്ടും വളരെ ഉദാരമനസ്കരായിട്ടുള്ളതിനാൽ ഈ ആജ്ഞ നൽകിയതിനായി പ്രത്യേകം ഞങ്ങൾ സ്തുതിക്കുന്നു.

സർ, [illegible] പുതുക്കോട്ട സംസ്ഥാനത്തിലെ റീജൻറ് മി: ടി. രാഘവയ്യാ ആദിദ്രാവിഡരുടെ ഉന്നമനത്തിനായി ചെയ്തിരിക്കുന്നു. അതുപോലെ നമ്മുടെ സംസ്ഥാനമായ ധർമ്മരാജ്യത്തിലെ കരുണയേറിയ ഗവണ്മെൻറു ഈ സാധുക്കളുടെ ഉന്നമനത്തിനായി സഹായം ചെയ്യണം എന്നപേക്ഷിക്കുന്നു.

അതുകൊണ്ടു ഡയറക്ടർ സർക്കീട്ടുപോകുമ്പോൾ ഓരോ പള്ളിക്കൂടത്തിലും പതിത സമുദായത്തിലെ വിദ്യാർത്ഥികൾ ഉണ്ടോ എന്നും പ്രവേശനം കൊടുക്കുന്നുണ്ടോ എന്നും അറിഞ്ഞു ഈ വിദ്യാർത്ഥികളുടെ ഉൽഗതികൾക്കുള്ള ഏർപ്പാടു ചെയ്യണം എന്നപേക്ഷിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, ചങ്ങനാശേരി, പീരുമേട്ട മെമ്പർ അവതരിപ്പിച്ച ഉപക്ഷേപത്തെ എതിർക്കേണ്ടി വന്നതിൽ ഞാൻ വ്യസനിക്കുന്നു.

എന്നാൽ അദ്ദേഹത്തിൻെറ ആശയം ഇവിടെ പ്രത്യേകിച്ചു പ്രകടിപ്പിച്ചിട്ടില്ലല്ലോ എന്നുള്ളതിൽ എനിക്കു മനസ്സമാധാനമില്ലെന്നും പറയാം. വിദ്യാഭ്യാസഡയറക്ടർ പല സ്കൂളുകളും പരിശോധിക്കേണ്ടതായിട്ടുണ്ട്. അദ്ദേഹം ഒന്നാമതു തിരുവിതാംകൂറിലൊക്കെ സഞ്ചരിച്ചു അവിടെയൊക്കെയുള്ള സ്ഥിതിഗതികളെ മനസ്സിലാക്കേണ്ടതാണ്. മലയാളഭാഷ അറിഞ്ഞുകൂടാ എന്നൊരു ന്യൂനതയുണ്ട്. എന്നാൽ ഇംഗ്ലീഷ്ഭാഷ അറിയാവുന്ന ആളുകൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും ഉള്ളതുകൊണ്ടു അവരിൽനിന്നു വിദ്യാഭ്യാസത്തിൻെറ സ്ഥിതിഗതികൾ നല്ലവണ്ണം അറിവാൻ സാധിക്കുന്നതാണ്.

അദ്ദേഹത്തിനു വിദ്യാഭ്യാസത്തിൻെറ നില അറിയേണ്ടതു അത്യാവശ്യം തന്നെ. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ ഏതെല്ലാം സമുദായക്കാരിൽനിന്നാണെന്നും അവർ ശരിയായി പ്രതിനിധീകരിച്ചിട്ടുണ്ടോ എന്നുള്ള സംഗതികൾ ഇപ്പോൾ ലിസ്റ്റുകൊണ്ടു അറിയാൻ സാധിക്കുന്നതിനേക്കാൾ അതാതു ദേശങ്ങളിൽ ചെന്നുതന്നെ മനസ്സിലാക്കുന്നതു വളരെ നന്നായിരിക്കും. ഇൻസ്പെക്ടർമാരുടെ ആഫീസുകൾ മുതലായവ വിദ്യാഭ്യാസഡയറക്ടർ തന്നെ പരിശോധിക്കേണ്ടതു അത്യാവശ്യമാണ്. ഈ സ്ഥിതിക്കു സഞ്ചാരപ്പടി വെട്ടിക്കുറയ്ക്കണമെന്നു പറഞ്ഞതിനെ എതിർക്കേണ്ടിയിരിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ എതിർത്തുകൊള്ളുന്നു.

മി: ഇ. ജി. മാക്കൺൽപ്ലെൻ (വിദ്യാഭ്യാസഡയറക്ടർ): ഒരു രൂപാ കുറയ്ക്കുന്നതിനുള്ള ഒരു സൂചകോപക്ഷേപം പ്രസ്തുതകാര്യത്തിലേക്കു മതിയായിരിക്കാം എന്നു ഉപക്ഷേപപ്രയോക്താവു തൻെറ പ്രസംഗത്തിൻെറ ആരംഭഘട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നു. എനിക്കു പറയാനുള്ളതു അദ്ദേഹം [illegible]മ്പോൾ ൧൦൦൦ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം അദ്ദേഹം അതനുസരിച്ചു പിൻവലിക്കുമെന്നു ഞാൻ ആശംസിക്കുന്നു. പരിശോധനപ്രവൃത്തി ഇരട്ടിപ്പായി മുൻകാലങ്ങളിൽ നടന്നുവന്നിരുന്നതായ ചില സംഗതികളെ അദ്ദേഹം സൂചിപ്പിച്ചു. ഈ തർക്കവിഷയങ്ങളെ ഇവിടെയാകട്ടെ മറ്റൊരേടത്തു വച്ചാകട്ടെ പ്രതിവദിക്കണം എന്നു എനിക്കു ആഗ്രഹമില്ല. അങ്ങനെയുള്ള സംഗതികളിൽ പട്ടിയെ തീററിപ്പോററി വച്ചിരിക്കയും താൻതന്നെ കുരയ്ക്കുകയും ചെയ്യുന്നതിനെ എന്നുള്ള പഴഞ്ചൊല്ലിനെ ഓർമ്മയിൽ വരുന്നു. ഇതു സാമാജികന്മാരോടും ഈ സഭയോടും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു, യോഗ്യത സിദ്ധിച്ച അനേകംതരം ഇൻസ്പെക്ടർമാർ എൻെറ കീഴിൽ ഉണ്ട്. ഡയറക്ടർ എന്ന നിലയിൽ ഈ ബോധം എനിക്കുള്ളതാകുന്നു. ഡയറക്ടർ എന്ന നിലയിൽ അവരുടെ പ്രവൃത്തി ഞാൻ ചെയ്യുന്നതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. എന്നാൽ രാജ്യത്തുള്ള പാഠശാലകളുടെ പ്രവർത്തനത്തെക്കുറിച്ചു വേണ്ട അറിവു ലഭിക്കുന്നതിനായി രാജ്യം ഒട്ടുക്കു ഞാൻ സഞ്ചരിക്കേണ്ടതു മററു സംഗതികളുടെ ഉദ്ദേശ്യം ഡയറക്ടരുടെ നിലയിൽ അത്യന്തം ആവശ്യമല്ല എന്നു ഞാൻ പറയുന്നില്ല. ഞാൻ വിദേശങ്ങളിൽനിന്നുവന്ന ആളാകകൊണ്ട് എൻെറ യാത്രപ്പടിവകയിലുള്ള തുക എത്രയുംകുറയ്ക്കണമെന്നു പറയുന്നതു ഡിപ്പാർട്ടുമെൻറിലേക്കു എനിക്കു ചെയ്യാൻ കഴിയാവുന്ന വല്ല കാര്യത്തെയും വിഷമിപ്പിക്കുന്നതിനു തുല്യമാകുന്നു. ഇതു സാധ്യം പര്യാലോചിച്ചാൽ നിങ്ങൾക്കു ബോധ്യപ്പെടുന്നതാണ്. ചില സംഗതികളെക്കുറിച്ചു ഞാൻ തീർച്ചചെയ്യുന്നതിനു മുമ്പു സഞ്ചാരം ചെയ്തു അവയെ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രത്യക്ഷത്തിൽ അറിയേണ്ടതായിട്ടുണ്ട്. യൂണിവേഴ്സിററി കാളേജുകൾക്കു ഗ്രാൻറു കൊടുക്കുന്ന സംഗതി ഇതിനൊരു ദൃഷ്ടാന്തമാണ്. അതു അനുവദിക്കുന്നതു എൻെറ ഇൻസ്പെക്ടർമാരുടെ അധികാരസീമയിൽ ഉൾപ്പെട്ടതല്ല, ഞാൻതന്നെ പോയിചെല്ലുന്നവരികിൽ ഗ്രാൻറു അനുവദിക്കുന്നതു സാദ്ധ്യമല്ല. ഇന്നലെ മെമ്പർമാർക്കു തന്നിട്ടുള്ള

ത്തായ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് മെമ്പർമാർ നോക്കുന്നതായാൽ ഒരു രാജ്യത്തിൽ നൽകിവരുന്ന കായികവിദ്യാഭ്യാസം എന്ന വിഷയത്തെക്കുറിച്ചു ഡയറക്ടർ പരിശോധിച്ചു ഇംഗ്ലീഷ്സ്കൂളിൽ കായികാഭ്യാസം ഏർപ്പെടുത്തുന്ന കാര്യത്തിൽ നിർദ്ദേശങ്ങൾ ഗവൺമെൻറിനു സമർപ്പിക്കുന്നതിനെ സംബന്ധിച്ച ആ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിനെ പരിശോധിച്ചതായ ഗവൺമെൻറാജ്ഞയുടെ ഒടുവിലത്തെ പാരാവിൽ അവസാനത്തിൽ പറഞ്ഞിരിക്കുന്നതായി അവർ കാണുന്നതാണ്.

ആ ആജ്ഞ ഗവൺമെൻറു എനിക്കു അയച്ചിട്ടുണ്ട്. ആ ഡയറക്ടർ എന്ന നിലയിൽ ഞാൻ തന്നെ ചെന്നു കണ്ടറിയേണ്ടതായ അനേകം കാര്യങ്ങളിൽ ഒന്നുമാത്രമാകുന്നു. അതുകൊണ്ടു ഞാൻ മററു ആളുകളെ അനുഗമിക്കാൻ പോകുന്നു എന്നും അവർക്കുവേണ്ടി അവരുടെ വേല ഞാൻ ചെയ്യാൻ പോകുന്നു എന്നും വല്ല വിചാരവും ഒരു ഉപാക്ഷേപം പ്രയോഗിച്ച മെമ്പറിൻെറ മനസ്സിൽ ഉണ്ടെങ്കിൽ എനിക്കു അപ്രകാരമുള്ള ഉദ്ദേശമേ ഇല്ലെന്നു ഞാൻ അദ്ദേഹത്തിനോടു ഉറപ്പുപറഞ്ഞുകൊള്ളട്ടെ. നേരെമറിച്ചു എൻെറ ട്രാവെലിങ്ങ് അലവൻസിൽനിന്നു വല്ലതും ഒരു സംഖ്യ കുറയ്ക്കുന്നതായാൽ എന്നെ എൻെറ ഉദ്യോഗത്തിൽനിന്നു തീരെ നീക്കുന്നതായിരിക്കും അധികം നല്ലതു. എന്തുകൊണ്ടെന്നാൽ ഞാൻ കാര്യാലയത്തിൽ ഡിപ്പാർട്ടുമെൻറിനു യാതൊരു പ്രയോജനവും ഇല്ലാത്തവനായിത്തീരത്തക്കവണ്ണം എൻെറ കൈകൾ അത്രയധികം കെട്ടപ്പെട്ടുപോകുന്നതാണ്.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): തിരുവിതാംകൂറിലെ സർവീസ്റഗുലേഷനിൽ പറഞ്ഞിട്ടുള്ള റേറുകൾക്കുപുറമെ അതിലും കൂടുതലായി വിശേഷാൽ വല്ല ട്രാവലിങ്ങ് അലവൻസും ബാററയും ഡയറക്ടർക്കു അനുവദിച്ചിട്ടുണ്ടോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ഇ. ജി. മാക് ആൽപൈൻ (വിദ്യാഭ്യാസഡയറക്ടർ): ഒരു രാജ്യത്തിൽ എല്ലാ ട്രാവലിങ്ങ് അലവൻസാണ് ഒരാൾക്കു അനുവദിച്ചിട്ടുള്ളതെന്നു അറിയത്തക്കവണ്ണം തിരുവിതാംകൂർ സർവീസ്റഗുലേഷൻ മതിയാവോളം ഞാൻ ശ്രദ്ധവെച്ചു പഠിച്ചിട്ടില്ല. ഏതാനുംകൊല്ലം കാലത്തേക്കായി ഉദ്യോഗസ്ഥന്മാരുടെ സേവനം വായ്പായി ചോദിക്കുമ്പോൾ ആ ഉദ്യോഗസ്ഥനും ഗവൺമെൻറും തമ്മിൽ ഒരു കരാറു ചെയ്യാറുണ്ടെന്നും ആ കരാറിന്മേൽ മററനേകം സംഗതികളോടുകൂടി ട്രാവലിങ്ങ് അലവൻസിനും വ്യവസ്ഥ ചെയ്യാറുണ്ടെന്നും മാത്രമേ എനിക്കറിയാവു. എനിക്കു കിട്ടുന്ന ട്രാവലിങ്ങ് അലവൻസ് മററുള്ളവർക്കു റഗുലേഷൻ അനുസരിച്ചു കൊടുക്കുന്ന ട്രാവലിങ്ങ് അലവൻസിനെക്കാൾ കൂടുതൽ ആണോ എന്നു പറവാൻ ഞാൻ തീരെ അശക്തനാണ്.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ആ കരാറിൽ പറഞ്ഞിരിക്കുന്ന റേറു എന്താണെന്നു പണ്ഡിതനായ ഡയറക്ടർ പറഞ്ഞുതന്നാൽ കൊള്ളാം.

മി. ഇ. ജി. മാക് ആൽപൈൻ (വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ആ പ്രശ്നത്തിനു ഉത്തരം പറയേണ്ടതാവശ്യമാണോ? ആ രീതിയനുസരണം ആണെന്നു അവിടുന്നു വിചാരിക്കുന്നപക്ഷം മറുപടി പറയുന്നതിനു യാതൊരു ആക്ഷേപവും എനിക്കു തോന്നുന്നില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): കരാറിലെ വ്യവസ്ഥകൾ മാത്രം അറിഞ്ഞാൽ മതിയാകും. അറിയിക്കുന്നതിനു ഞാൻ അപേക്ഷിച്ച വിവരം പൊതുജനങ്ങളും ഈ സഭയും അറിയേണ്ട കാര്യം ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രസിഡെണ്ട്): താൻ മററൊരുത്തൻെറ പ്രവൃത്തി ചെയ്യുകയില്ലെന്നു പണ്ഡിതനായ വിദ്യാഭ്യാസ ഡൈറെക്ടർ ഈ സഭയോടു ഉറപ്പുപറഞ്ഞു. അങ്ങനെ ചെയ്യുന്നതു വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലെ മാമൂൽ അപ്രകാരം ആണെന്നു വ്യഞ്ജിപ്പിക്കുന്നു. ഇൻസ്പെക്ടർ പരിശോധിച്ചതായ ഒരു ഹൈസ്കൂളിൻെറ പരിശോധന മററൊരുത്തൻ ചെയ്യേണ്ട പ്രവൃത്തി ചെയ്യുക ആണെന്നും അതുകൊണ്ടു ആ ഡൈറെക്ടരുടെ സമയം വൃഥാ വ്യയം ചെയ്യുക ആണെന്നും അദ്ദേഹം വിചാരിക്കുന്നുണ്ടോ എന്നു മെമ്പറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. ഇ. ജി. മാക് ആൽപൈൻ (വിദ്യാഭ്യാസഡയറക്ടർ): നേരെമറിച്ചു ഞാൻ പൊതുവരമായി പറയാൻ എന്നെ അനുവദിക്കണം. ഈ ഉപാക്ഷേപപ്രയോക്താവു പ്രസംഗിച്ചതിനെ എൻെറ വലതുവശത്തിരിക്കുന്ന എൻെറ സ്നേഹിതൻ എന്നെ അറിയിക്കയായിരുന്നു. ആ പ്രസംഗത്തെപ്പററി എൻെറ അഭിപ്രായങ്ങൾ ഞാൻ പറയുകയായിരുന്നു. അതു വാസ്തവമാണെന്നുള്ള നിലയിലല്ല ഞാൻ പറയുന്നതു. പ്രയോക്താവു അപ്രകാരം പറഞ്ഞതായി എന്നോടു പറയുകയുണ്ടായി അതു അങ്ങനെ തന്നെ ആണെന്നു ഞാൻ പറയുന്നില്ല. അങ്ങനെയാണെന്നുവരികിൽ ഞാൻ അപ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ പറയുന്നു. അതുകൊണ്ടു അതങ്ങു യഥാർത്ഥമാകുന്നു, അപ്രകാരം ആണെന്നു ഞാൻ പറയുന്നതായി വ്യഞ്ജിപ്പിക്കുന്നതായിരിക്കേണ്ടതില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രസിഡെണ്ട്): എൻെറ സഹപ്രവർത്തകന്മാരുടെ അഭിപ്രായങ്ങളെ കേൾക്കുന്നതിനെക്കാൾ ഡയറക്ടരുടെ അഭിപ്രായങ്ങൾ കേൾക്കാനാണ് എനിക്കു അധികം ഉൽക്കണ്ഠ. ഇൻസ്പെക്ടർ സന്ദർശിച്ചിട്ടുള്ള ഒരു പാഠശാലയെ ഡൈറക്ടർ സന്ദർശിക്കുന്നതു അദ്ദേഹത്തിനു സമയത്തിൻെറ വൃഥാവ്യയമാണെന്നു ഡൈറെക്ടർ വിചാരിക്കുന്നുണ്ടോ, പ്രായോഗികമായി പ്രയോജനം സിദ്ധിക്കാത്തതാവിഷയമെന്നനിലയിൽ ഈ ചോദ്യം ഞാൻ അദ്ദേഹത്തിനോടു ചോദിച്ചുകൊള്ളുന്നു. ഒരു പള്ളിക്കൂടത്തെ പള്ളിക്കൂടം ഇൻസ്പെക്ടർ സന്ദർശിച്ചിട്ടുണ്ടെങ്കിൽ അതിനെ അദ്ദേഹം സന്ദർശിക്കേണ്ട ആവശ്യകത ഇല്ലെന്ന് അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി. ഇ. ജി. മാക് ആൽപൈൻ (വിദ്യാഭ്യാസഡൈറെക്ടർ): ആ വിധം അഭിപ്രായം ഞാൻ വ്യഞ്ജിപ്പിച്ചതായി അല്ലെങ്കിലും വിചാരിച്ചുപോകരുതു. നിയമസഭായോഗം സമാപിച്ചുടൻ ഏത്രയും അടുത്തു സൗകര്യമുള്ള സമയം ഞാൻ സഞ്ചാരം തുടങ്ങാൻ പോകുന്നു. ആ സഞ്ചാരത്തിൻെറ പ്രധാനോദ്ദേശം കാളേജുകളെ പരിശോധിക്കണമെന്നതാണ്. അവയിൽ എനിക്കു ഏതാനും അന്വേഷണങ്ങൾ നടത്താനുണ്ട്. എന്നാൽ ഞാൻ താമസിക്കുന്നതായ ഓരോ സ്ഥലത്തും ഉള്ള സ്കൂൾപ്രവിധ പാഠശാലകളേയും സന്ദർശിക്കണം എന്നും ഞാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഒരു പാഠശാല സന്ദർശിക്കുക എന്നുള്ളതും, പരിശോധിക്കുക എന്നുള്ളതും രണ്ടും തീരെ ഭിന്നങ്ങളായ കാര്യങ്ങൾ ആണ്. പരിശോധന ആവശ്യപ്പെടുന്ന ശാലയിൽ ഇൻസ്പെക്ടർ ചെയ്യേണ്ട പ്ര

ഭൃത്തിയാണ്, അതു ഞാൻ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എനിക്കു ലഭ്യമായ സമയത്തിനു യോജിച്ചവണ്ണം സന്ദർശിക്കാൻ ശക്യമായുള്ളിടത്തോളം ഓരോരോ സ്കൂളുകളേയും സന്ദർശിക്കാതിരിക്കണം എന്നുള്ള ഉദ്ദേശം എനിക്കില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച മെംബർ, ഡെപ്യൂട്ടിപ്രസിഡെണ്ട്): പിരീഡുകൾ നോക്കുകയും പരിശോധനരീതി സൂക്ഷിച്ചറിയുകയും ചെയ്യുന്നതിനുപകരം ഓരോ ക്ലാസിലും കൂടികടന്നുപോകുന്നതുകൊണ്ടുമാത്രം വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലെ ഗുണങ്ങൾ അഭിവൃദ്ധമാക്കപ്പെടും എന്നു മെംബർ വിചാരിക്കുന്നുണ്ടോ? അചിന്തിത സന്ദർശനത്താൽ ക്ലാസിൽകൂടി കേവലം കടന്നുപോവുകയാണെന്നു അദ്ദേഹം അർത്ഥമാക്കുന്നതായാൽ,—

പ്രെസിഡെണ്ട്:- അദ്ദേഹം അചിന്തിതസന്ദർശനം എന്നു പറഞ്ഞില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച മെംബർ, ഡെപ്യൂട്ടിപ്രസിഡെണ്ട്). ക്ലാസിൽകൂടി നടന്നുപോവുക എന്നാണ് ഞാൻ അർത്ഥമാക്കുന്നതു.

പ്രസിഡണ്ട്. അങ്ങനെയും അർത്ഥമാകുന്നില്ലെന്നുവന്നേക്കാം,

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ചമെംബർ, ഡെപ്യൂട്ടിപ്രസിഡെണ്ട്): ഒരു സ്കൂളിന്റെ സന്ദർശനത്തിനും അതിന്റെ പരിശോധനത്തിനും തമ്മിൽ ഒരു വ്യത്യാസം ഡൈറെക്ടർ പറഞ്ഞു. അതു ഒരു പ്രത്യേകകാര്യസാധ്യത്തിനുള്ള സന്ദർശനം അല്ലെങ്കിൽ ഈ പാഠശാലകളുടെ സന്ദർശനത്തെ മാത്രം ഡിപ്പാർട്ടുമെണ്ടിനു വല്ലഗുണവും ഉണ്ടാകുമോ എന്നു മാത്രമേ എനിക്കറിയേണ്ടതായിട്ടുള്ളു. അദ്ദേഹം ഒരു പാഠശാലയിൽ ചെല്ലുന്നതു, ഡിപ്പാർട്ടുമെണ്ടിന്റെ ആഭ്യന്തരഭരണവുമായി പരിചയിക്കാനാണോ, അതല്ല, സ്വസാന്നിധ്യത്താൽ അതതു പാഠശാലാധികാരസ്ഥന്മാർക്കു അനുഗ്രഹവും പ്രോത്സാഹനവും നല്കാനായിട്ടാണോ എന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സംഗതിയിൽ കാളേജുകൾ അല്ലാത്ത വിദ്യാലയങ്ങളെ അദ്ദേഹം സന്ദർശിക്കുന്നതു ഇന്ന ഏതിലത്തിൽ ഉൾപ്പെടുത്താൻ അദ്ദേഹം ഉദ്ദേശിക്കുന്നു എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി: ഇ. ജി. മാക്ആൽപെപൻ (വിദ്യാഭ്യാസഡൈറെക്ടർ). മെംബർ ക്രമത്തിലധികം സൂക്ഷ്മമായ വ്യത്യാസങ്ങൾ ചെയ്യുന്നതായി ഞാൻ ശങ്കിക്കുന്നു. ഞാൻ പറയുന്നതിനെ തെററിധരിക്കാൻ പാടില്ലാത്തതാകുന്നു. വാദപ്രതിവാദത്തിൽ ചേരുന്നതിനും ഞാൻ ആഗ്രഹിക്കുന്നില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച മെംബർ ഡെപ്യൂട്ടിപ്രസിഡെണ്ട്) പരിശോധനയുടെ സ്വഭാവത്തിൽ ഉള്ളതല്ലാതെ " ഇല്ലാതെതന്നെ, കേവലദർശനത്താൽ വല്ലഗുണവും ഒരു പാഠശാലക്കു ജനിക്കും എന്നു അദ്ദേഹം വിദ്യാഭ്യാസ വിദഗ്ദ്ധനാകയാൽ വിചാരിക്കുന്നുണ്ടോ എന്നുള്ള പ്രശ്നം അദ്ദേഹത്തിനോടു ഞാൻ ചോദിക്കുന്നു. എല്ലാ രജിസ്റ്ററുകളും മററുള്ളവയും സൂക്ഷ്മമായി പരിശോധിക്കുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നില്ല എന്നു അദ്ദേഹം എന്നോടു പറയുന്നതായാൽ അദ്ദേഹം പറയുന്നതിനെ ഗ്രഹിക്കാൻ എനിക്കു കഴിയും. പരിശോധനം എന്നു ഞാൻ ധരിച്ചിരിക്കുന്നതിൽ നിന്നു പ്രധാനമായി ഭിന്നമായ ഒരു കാര്യം ആണ് കേവലസന്ദർശനം. തിരുവനന്തപുരത്തിനു പുറമെയുള്ള ഒരു വിദ്യാലയവുമായി ഞാൻ ബന്ധപ്പെട്ടവനാണ്. അതിനാൽ ആലപ്പുഴയിലുള്ള വിദ്യാശാല അദ്ദേഹം ഞങ്ങളുടെ ഗ്രന്ഥാൽ സന്ദർശിക്കുമ്പോൾ ഡൈറെക്ടരെ കാണുന്നതിനും ഈ വിദ്യാശാല ഉദാസീനരീതിയിൽ നടത്തപ്പെട്ടുവരുന്നു എന്നു അദ്ദേഹത്തിനെ ബോദ്ധ്യപ്പെടുത്തുന്നതിനും ആയി എന്തെല്ലാം സംഗതികൾ ഞങ്ങൾ ചെയ്യണം എന്നു അറിയുവാൻ ഞാൻ പ്രകൃത്യാ ഉൽകണ്ഠിതനായിരിക്കുന്നു.

മി: ഇ. ജി. മാക്ആൽപയിൽ (വിദ്യാഭ്യാസഡയറക്ടർ): വിദ്വാനായ മെംബർ എന്റെ വാക്കുകളിൽനിന്നും വാസ്തവത്തിൽ നീതീകരിക്കാവുന്നതിൽ കൂടുതൽ സൂക്ഷ്മതരങ്ങളായ അനുമാനങ്ങൾ എടുക്കുന്നു എന്നു എനിക്കു തോന്നുന്നു. സന്ദർശനം നടത്തണമെന്നു ഉദ്ദേശിച്ചിരിക്കുന്നതായി ഞാൻ പറഞ്ഞു. സന്ദർശനം എന്നുള്ളതു സാമാന്യമായിട്ടുള്ളതാണ്. വിദ്വാനായ മെംബർ അതിനു ചില ക്ലാസുകളിൽകൂടി നടന്നിട്ടു പിന്നീടു വെളിയിൽ ഇറങ്ങുക എന്നു അതിനു വ്യാഖ്യാനം കല്പിക്കുന്നു. ചെന്നുനോക്കുക എന്നുള്ളതിൽ ഞാൻ വിവക്ഷിച്ചിരിക്കുന്നതു അതല്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമിച്ചമെംബർ, ഡിപ്യൂട്ടിപ്രസിഡന്റു): എനിക്കറിയേണ്ടതും അതുതന്നെയായിരുന്നു.

മി: ഇ. ജി. മാക്കാൽപയിൻ (വിദ്യാഭ്യാസഡയറക്ടർ): തീരെ അങ്ങനെ അല്ല. ചെന്നുനോക്കുക എന്നുള്ളതിൽ ഞാൻ വിവക്ഷിച്ചിരിക്കുന്നതു ഞാൻ ഒരു കാര്യത്തിനു കടന്നുനോക്കേണ്ടതായി വല്ലകാരണവും ഉണ്ടായിരിക്കുകയോ പ്രത്യേക അന്വേഷണത്തിനായി ആ കാര്യത്തെക്കുറിച്ചു ഗവണ്മെന്റിൽനിന്നും എനിക്കു എഴുതി അയച്ചിരിക്കുകയോ ചെയ്തിരുന്നാൽ അല്ലാതെ മററുള്ളവർ പരിശോധിക്കേണ്ടതാണെന്നു ഗണിക്കപ്പെട്ടിട്ടുള്ള രജിസ്റ്ററുകളെ പരിശോധിക്കുന്നതു അല്ല. അതു വേറെ കാര്യമാകുന്നു. എന്നാൽ പരിശോധന ഉദ്യോഗസ്ഥന്മാർ അവരുടെ ജോലികളെ ശരിയായി നിർവഹിച്ചുവരുന്നു എന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നിടത്തോളം കാലം, അവരുടെ ജോലിയിൽ ഒരു ഭാഗത്തെ അവർക്കുവേണ്ടി ഞാൻ ചെയ്യേണ്ടതു എന്റെ ജോലിയാണെന്നു എനിക്കു ഏററു പറയാവുന്നതല്ല. എന്നാൽ സന്ദർശനം എന്നുള്ളതു ക്ലാസുകളിൽ കൂടിനടക്കുകയും ഹെഡ്മാസ്റ്റർമാരെ കാണുകയും ചെയ്യുന്നതാണെന്നു ഞാൻ അർത്ഥമാക്കുന്നില്ല. ഇതിനു അതിൽനിന്നും വളരെ അന്തരം ഉള്ളതാകുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

പ്രസിഡന്റു: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ മെംബറിനു അനുവാദം നല്കുന്നുണ്ടോ?

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൩൩.

പ്രസിഡന്റ്: ൧൩൩-ാം നമ്പർ ഉപക്ഷേപം നിയമാനുസരണം അലവൻസുകൾ എന്ന ഇനത്തിൽ പെടുന്നില്ല. അതിനാൽ അതു ഹാജരാക്കുന്നതു നടപടിക്രമപ്രകാരമല്ല എന്നു ഞാൻ ഉത്തരവും ചെയ്യുന്നു.

൩൩൬ മുതൽ ൩൩൯ വരെയുള്ള ഉപക്ഷേപങ്ങൾ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി: വി. ചെല്ലപ്പിള്ള

൩൩൬. സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ൨൦൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്

൩൩൭. സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ൨൦൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള

൩൩൯. സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ൨൦൦ രൂപയിൽനിന്നു പത്തുരൂപ കുറയ്ക്കണം

ഉപക്ഷേപം ൩൩൮.

സഞ്ചാരപ്പടിക്കായി നീക്കിവച്ചിരിക്കുന്ന ൨൦൦ രൂപയിൽനിന്നു പത്തുരൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമിച്ചമെമ്പർ): ട്രാവലിംഗ് അലവൻസായി അനുവദിച്ചിട്ടുള്ള ൨൦൦ രൂപയിൽനിന്നും ൫൦ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നതിന്റെ പ്രധാന ഉദ്ദേശം മുസ്ലീം സമുദായക്കാരുടെ വിദ്യാഭ്യാസവിഷയത്തിൽ ഇതിനു മുമ്പു ഗവൺമെന്റിൽനിന്നു ഡയറക്ടരോടു ആജ്ഞാപിച്ചതനുസരിച്ചു ഡയറക്ടർ പ്രത്യേകമായി മുസ്ലീം പ്രമാണികളായ ആളുകളോടു ആലോചിച്ചു ചില നിർദ്ദേശം ഗവൺമെന്റിൽ സമർപ്പിക്കയും ഗവൺമെന്റ് ആ നിർദ്ദേശം അനുസരിച്ചു ഒരു ജി. ഒ. പുറപ്പെടുവിച്ചു. അതിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളിൽ പലതും ഇന്നും ഡിപ്പാർട്ടുമെന്റിൽ വേണ്ടവിധം ശ്രദ്ധിക്കാതിരിക്കുന്നു. ഡിപ്പാർട്ടുമെന്റു മേലധ്യക്ഷൻ സമുദായത്തിന്റെ ഈ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ ശ്രമിക്കാത്തതുകൊണ്ടു ഇനിമേലെങ്കിലും ശ്രമിച്ചു പ്രത്യേക ശ്രദ്ധ എടുത്തു തിരിയെ നടപ്പിൽ കൊണ്ടുവരണമെന്നു പ്രസ്താവിക്കുന്നതിനാണു ഞാൻ ഉദ്ദേശിക്കുന്നതു. മുസ്ലീം സമുദായം ഇന്നു ബാക്ക്‌വേഡ് കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ടിരിക്കയാണു. ഇന്നത്തെ നവീന വിദ്യാഭ്യാസരീതി വരുന്നതിനുമുമ്പു ഈ സമുദായം ആ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ഇതര സമുദായങ്ങളുടെ കൂട്ടത്തിൽതന്നെ അവർക്കു ഇടയ്ക്കുതന്നെ ഇരുന്നിരുന്നു. ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഏതെല്ലാം വിധത്തിൽ മററുസമുദായങ്ങൾ പ്രവർത്തിച്ചിട്ടുണ്ടോ അതനുസരിച്ചുതന്നെ പ്രവർത്തിച്ചിട്ടുള്ളതാണു മുസ്ലീംസമുദായം. ഇന്നു ഈ ബാക്ക്‌വേഡ് കമ്മ്യൂണിറ്റിയിൽ ഉൾപ്പെടാൻ കാരണം ഇന്നത്തെ കാലോചിതമായ വിദ്യാഭ്യാസത്തിൽ മുസ്ലീമീങ്ങൾ പിന്നിട്ടു കൊണ്ടുപോയതുമാത്രമാണു. മുമ്പു ഈ സമുദായം ഇന്നത്തെ പ്രബല സമുദായങ്ങൾക്കു ഒപ്പം തന്നെ പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നു കഴിഞ്ഞുപോയ മഹാരാജാക്കന്മാർ തിരുമനസ്സുകൊണ്ടു സമ്മതിച്ചു രേഖപ്പെടുത്തിയിട്ടുണ്ടു. അങ്ങനെയുള്ള സമുദായത്തിന്റെ അഭിവൃദ്ധിക്കു വിദ്യാഭ്യാസവിഷയത്തിൽ വേണ്ടതു പ്രവർത്തിക്കണമെന്നു ആ തിരുമനസ്സുകൊണ്ടു കല്പിച്ചതനുസരിച്ചു അന്നത്തെ ദിവാനായിരുന്ന ദിവാൻ ബഹദൂർ കൃഷ്ണൻനായർ അന്നത്തെ ഡയറക്ടരായിരുന്ന ഹഡ്‌സനോടു പ്രത്യേകം ആജ്ഞാപിക്കയും അദ്ദേഹം പല ഭാഗങ്ങളിലും ചുററിനടന്നു കാൺഫറൻസു വിളിച്ചുകൂട്ടി നേതാക്കന്മാരുമായി ആലോചിച്ചുകേട്ടിട്ടുള്ള നിർദ്ദേശം അനുസരിച്ചു ജി. ഒ. പുറപ്പെടുവിച്ചിട്ടും അതനുസരിച്ചു മഹമ്മദീയർ കാലോചിതമായ വിദ്യാഭ്യാസത്തിൽ മുന്നിട്ടുവരാതിരിക്കുന്നതിനുള്ള കാരണം അവർക്കു അവരുടെ മതത്തോടുള്ള പ്രതിപത്തിയാണെന്നും അവരുടെ മതത്തിന്റെ അറിവുകൾ അടങ്ങിയിരിക്കുന്ന അറബിഭാഷ പഠിക്കുന്നതിനു സൌകര്യം ഇല്ലാത്തതുകൊണ്ടു അതുംകൂടി വിദ്യാലയങ്ങളിൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നും അറബിമുൻഷിയെയും കുറാൻ ടീച്ചേഴ്സിനെയും നിയമിക്കണമെന്നും അറിയിച്ചു. അതനുസരിച്ചു ഡിപ്പാർട്ടുമെന്റു കുറെയൊക്കെ പ്രവർത്തിച്ചിട്ടുണ്ടു. എങ്കിലും ഇപ്പോൾ അതിനെ സംബന്ധിച്ചു ശ്രദ്ധിക്കുന്നില്ല. അന്നു ചെയ്തിട്ടുള്ളതു ഇന്നും ഫലത്തിൽ വന്നിട്ടില്ല. കുറാൻ അധ്യാപകന്മാർ ആവശ്യമുള്ള പള്ളിക്കൂടങ്ങൾ ധാരാളമുണ്ടു. അതിലേക്കു ഒരു മഹമ്മദൻ ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ടു. അദ്ദേഹം ശുപാർശചെയ്തിട്ടുള്ളതുപോലെ കുറാൻ ടീച്ചേഴ്സിനെ അയച്ചിട്ടില്ല. ൫൦ രൂപാകൊണ്ടു പട്ടിണികൂടാതെ കഴിക്കാൻ സാധിക്കുകയില്ലെന്നു സ്ഥാപിച്ചിട്ടുള്ള മലയാളം സ്കൂൾ അധ്യാപകന്മാരുടെ ശമ്പളം കൂട്ടുന്നതിനു വേണ്ടുവോളം സൌകര്യമുണ്ടായിരുന്ന അവസരത്തിൽ അറബിമുൻഷിപട്ടിണിയായി കഴിച്ചുകൂട്ടിയാൽ മതിയെന്നു സ്ഥാപിച്ചു എന്നുള്ള ഡിപ്പാർട്ടുമെന്റു ഈ കാര്യത്തിൽ അനുതാപത്തോടുകൂടി പ്രവർത്തിക്കുന്നില്ല, എന്നുള്ളതിനു പ്രത്യക്ഷലക്ഷ്യമാണു കുറാൻടീച്ചേഴ്സിനു ൫൦ രൂപയാണു ശമ്പളം.

പ്രസിഡന്റ: അതു ഡയറക്ടരുടെ ടി: എ. സംബന്ധിച്ചു ചേരുന്നില്ല എന്നു എനിക്കു തോന്നുന്നു. അങ്ങനെ ചെയ്യുന്നില്ല എന്നു ഞാൻ ഉത്തരവുചെയ്യുന്നു.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമിച്ചമെമ്പർ): ഡയറക്ടരുടെ ചുമതലയിൽപെട്ട പല വിദ്യാലയങ്ങളും പരിശോധിക്കുന്ന കൂട്ടത്തിൽ ഓരോ സമുദായത്തിനും വിദ്യാഭ്യാസവിഷയത്തിൽ ന്യൂനതവരുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിക്കുന്നതിനു ഡയറക്ടർക്കു ചുമതലയിരിക്കുന്നസ്ഥിതിക്കു അതിനെ പരിഹരിക്കാൻ ഏതെല്ലാം വിധത്തിൽ ഉള്ള നിർദ്ദേശങ്ങളാണു നിഷ്കർഷചെയ്യേണ്ടതെന്നു മനസ്സിലാക്കുന്നതു അദ്ദേഹത്തിന്റെ സർക്കീട്ടുകൊണ്ടാണു. മുസ്ലീം സമുദായക്കാരുടെ വിദ്യാഭ്യാസവിഷയത്തിലുള്ള പുരോഗമനത്തെ തടയുന്നതായി എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ പ്രത്യേകം ശ്രദ്ധിച്ചു പ്രവർത്തിക്കേണ്ടതാകുന്നുവെന്നുള്ള എന്റെ അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മി: ഇ. ജി. മാക്കാൽപയിൻ (വിദ്യാഭ്യാസഡയറക്ടർ): മറെറാരോ സമുദായത്തിന്റെ കാര്യത്തിൽ എന്നിൽനിന്നു എന്തുമാത്രം ശ്രദ്ധപതിക്കുമോ അത്രയും ശ്രദ്ധ മഹമ്മദീയ സമുദായത്തിന്റെ കാര്യത്തിലും ഉണ്ടായിരിക്കുന്നതാണ്. ഇപ്പോൾ ഒഴിച്ചു മെമ്പർ പുറപ്പെടുവിച്ചവിഷയത്തിനെസംബന്ധിച്ചിടത്തോളം അധികം പ്രസ്താവിക്കുവാനുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾ ഉണ്ടെങ്കിൽ (മഹമ്മദൻ ഇൻസ്പെക്ടരിൽനിന്നും ഉണ്ടായ ചില ശുപാർശകളെപ്പററി മെമ്പർ പറഞ്ഞു എന്നു തോന്നുന്നു) അവയെ നോട്ടുചെയ്തു, ആവശ്യമുള്ള റിക്കാർഡുകൾ വരുത്തി, അദ്ദേഹം പറഞ്ഞതു എന്തിനെ പററിയാണെന്നു മനസ്സിലാക്കാം. തന്റെ സമുദായത്തോടു അനുഭാവം ഇല്ലാത്തവനായി എന്നെ കണക്കാക്കയില്ല എന്നു മെമ്പർ ദൃഢമായി വിശ്വസിച്ചിരുന്നുകൊള്ളട്ടെ.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ചമെമ്പർ): പ്രമേയത്തെ പിൻവലിക്കുന്നതിനു അനുവാദംചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറ്; പ്രമേയത്തെ പിൻവലിക്കുന്നതിനു മെമ്പറിനെ സഭ അനുവദിക്കുന്നുണ്ടോ?

അനുവാദത്തിന്മേൽ പ്രമേയം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൪൩൯.

പ്രസിഡൻറ്: മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടേശമ്പളത്തെ പരിഷ്കരിക്കുന്ന കമ്മിററിക്കാർ ഡ്രായിംഗ്മാസ്റ്റർമാരക്കു ചെയ്തിട്ടുള്ള അനീതിയെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായിട്ടാണു ഉപക്ഷേപം ഹാജരാക്കീട്ടുള്ളതെന്നു അതിൻെറ ഉദ്ദേശവിവരണത്തിൽനിന്നും കാണുന്നു. അതു്, അധ്യവൻസ്യകം എന്നതിൽ പെടുന്നില്ല. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുവദിക്കുന്നില്ല.

ഉപക്ഷേപം ൪൪൦.

താഴെപറയുന്ന ഉപക്ഷേപം പ്രയോഗിക്കപ്പെട്ടില്ല.

മി: പി. എസ്. മഹമ്മദ്

പുസ്തകങ്ങൾക്കും പീരിയാഡിക്കൽസിനും ആയി നീക്കി വച്ചിരിക്കുന്ന ൨൦൦ രൂപയിൽ നിന്നും ൫൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൪൪൧.

പ്രെസിഡെൻറു. ൪൪൧-ാം നംബർ ഉപക്ഷേപവും ഡെഡറെക്ഷൻ സപ്ലൈയും സെർവീസും തൻ ചിലവും എന്നതിൽ പെടുന്നില്ല. അതിനാൽ ഞാൻ ഉപക്ഷേപത്തെ അനുവദിക്കുന്നില്ല.

ഉപക്ഷേപം ൪൪൨.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ പ്രയോഗിച്ചുകൊള്ളുന്നു.

ആഫീസ ചിലവിനും പലവകയ്ക്കും ആയി നീക്കിവച്ചിരിക്കുന്ന ൧൦൦ രൂപയിൽ നിന്നും ൫൦ രൂപ കുറയ്ക്കണം.

ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം സംസ്ഥാനത്തിലെ വിദ്യാഭ്യാസ നയത്തെപ്പററി വാദം നടത്തുന്നതിനായിട്ടാകുന്നു. സർ, ഇത് ഈ സഭയിൽ കൊണ്ടുവരുന്ന ഇതു ആദ്യത്തെ തവണയല്ല. പല നിലകളിൽ നിന്നും ഈ വിഷയത്തെ പററി വാദം നടത്തീട്ടുണ്ടു്. എന്നിരുന്നാലും സംസ്ഥാനത്തിലെ വിദ്യാഭ്യാസനയത്തിൻെറ ഉദ്ദിഷ്ടഫലം എന്താണെന്നു സഭക്കു അറിയാറാക്കുന്നതായി വ്യക്തമായി എന്തെങ്കിലും ചെയ്യപ്പെടുകയോ എന്തെങ്കിലും സഭാസമക്ഷം വയ്ക്കപ്പെടുകയോ ചെയ്യപ്പെട്ടിട്ടില്ല. ഒരു ദൃഷ്ട്യാ എല്ലാതരത്തിലുംഉള്ള വിദ്യാലയങ്ങളും ആണ്ടുതോറും കൂടിവരികയും വിദ്യാർത്ഥികളും ആണ്ടോടാണ്ടു കൂടിവരുകയും ഈ സ്ഥാപനങ്ങളിൽ നിന്നും വെളിപ്പെടുന്ന ഫലങ്ങളും ആണ്ടോടാണ്ടു കൂടിവരുകയും ചെയ്യുന്നു. എന്നുകാണുന്നതിൽ നമുക്കു സന്തോഷമുണ്ടു്. അതുകൊണ്ടു സംസ്ഥാനത്തിലെ വിദ്യാഭ്യാസാഭിവൃദ്ധിക്കായി കൂടുതൽ പണം ചിലവാക്കുന്നതിനു നാം കടമപ്പെട്ടവരായിരിക്കുന്നു.

സർ, എന്നാൽ ജനങ്ങളുടെ മനസ്സിനെ ക്ഷോഭിപ്പിക്കുന്ന വിഷയം സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിനായി നാം ചിലവുചെയ്യുന്നതിനു തുല്യമായ ഫലം സംസ്ഥാനത്തിനു ലഭിക്കുന്നുണ്ടോ എന്നുള്ളതാണ്. മററുള്ളകാര്യങ്ങളെപ്പററി പറയുന്നതിനുമുമ്പ്, ഇപ്പോഴുള്ള സ്ഥാപനങ്ങളെപററി ചിലവിമർശനങ്ങൾ ചെയ്തുകൊള്ളട്ടെ, സർ, ഡയറക്ടർ പുത്തനായതുകൊണ്ടു സംസ്ഥാനത്തിൽ മുമ്പിരുന്ന വിദ്യാഭ്യാസ ഡയറക്ടർമാർ തുടർന്നു വന്നിരുന്ന വിദ്യാഭ്യാസനയത്തിൻെറ ചില ഭാവങ്ങളെപ്പററി ചിന്തിക്കണമെന്നു ഞാൻ അദ്ദേഹത്തോട് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. സ്ഥാപനങ്ങൾ അനാവശ്യമായി കൂടീട്ടുണ്ടോ എന്നും, ഇപ്പോഴുള്ള സ്ഥാപനങ്ങളിൽ വേണ്ടിടത്തോളം സാധന സാമഗ്രികൾ ഉണ്ടോ എന്നും, അവയ്ക്കു വേണ്ടിടത്തോളം സിൽബന്ധികൾ ഉണ്ടോ അല്ലെങ്കിൽ ഇല്ലയോ എന്നും ആവശ്യമില്ലാതെ ചിലസ്ഥലങ്ങളിൽ സ്ഥാപനങ്ങളെ വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും അദ്ദേഹം പരിശോധിക്കേണ്ടതാണ്. ഇവയെല്ലാം ഒരു നിമിഷത്തിൽ പറയത്തക്കതല്ലാത്ത വ്യാപ്തിയുള്ള വിഷയങ്ങളാകുന്നു. ഈ സംസ്ഥാനങ്ങളുടെ പ്രവർത്തനത്തെപററിയും അവ തുടങ്ങപ്പെട്ടരീതിയെയും നടത്തുന്ന രീതിയേയും പററിയും എനിക്കുകിട്ടീട്ടുള്ള അറിവുകളിൽ നിന്നും ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപനങ്ങളിൽ അനാവശ്യമായി കൂടീട്ടുണ്ടു് എന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ഒരു സ്ഥാപനത്തിനും മറെറാന്നിനും തമ്മിൽ എത്ര ദൂരം ഉണ്ടായിരിക്കണമെന്നുള്ളതിൽ വിദ്യാഭ്യാസകോഡിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. എങ്കിലും ഈ സംഗതികൾ കർശനമായി നടപ്പിൽ വരുത്തുന്നില്ല. വേണ്ടിടത്തോളം സ്ഥലവിസ്താരമോ വേണ്ടിടത്തോളം ഉപാദ്ധ്യായന്മാരോ, അകസാമാനങ്ങളോ മററു സാമഗ്രികളോ ഇല്ലാത്ത അനേകം പള്ളിക്കൂടങ്ങളുടെ പേരുകൾ സഭാസമക്ഷം വയ്ക്കാൻ എനിക്കുകഴിയും. അവിടെ നടത്തപ്പെടുന്ന വിദ്യാഭ്യാസം ഏതുരീതിയിൽ ഉള്ളതായിരിക്കും എന്നും ഈ സ്ഥാപനങ്ങളിൽ നിന്നു പുറത്തു പോകുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ സ്വഭാവം ഏതു തരത്തിൽ ഉള്ളതായിരിക്കും എന്നും നമുക്കു ഏറക്കുറെ മനസ്സിലാക്കാവുന്നതാണ്. നമ്മുടെ സമീപത്തുള്ള സംസ്ഥാനവുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ, നമ്മുടെ സംസ്ഥാനത്തിൽ വിദ്യാഭ്യാസവിഷയത്തിൽ വേണ്ടിടത്തോളം പുരോഗതി നാം വരുത്തിക്കഴിഞ്ഞിരിക്കുന്നു. സർ, അതിനാൽ നാം ഒന്നു നിന്നിട്ടു് കഴിഞ്ഞ അനേകം കൊല്ലങ്ങളായി നാം എന്തുമാത്രം ജോലി നടത്തീട്ടുണ്ടെന്നുള്ളതിൻെറ ഒരു കണക്കെടുക്കേണ്ടതു ആവശ്യമല്ലേ എന്നുള്ള യോഗ്യമായ ചോദ്യം ഞാൻ ചോദിച്ചുകൊള്ളുന്നു.

നമ്മുടെ സംസ്ഥാനത്തിൽ അടുത്തകാലത്തു സ്വീകരിച്ചിട്ടുള്ള വിദ്യാഭ്യാസ നയം ചില സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ ക്രമത്തിലധികം കൂടുതൽ ആയിട്ടുണ്ടു്; അവ എന്തിനാണെന്നു എനിക്കറിഞ്ഞുകൂടാ ഏതെങ്കിലും ഒരു സ്ഥലത്തു ഒരു പള്ളിക്കൂടം ആവശ്യമുണ്ടെന്നു ഏതെങ്കിലും ഒരാളിൽ നിന്നും ഒരപേക്ഷ ഉണ്ടായാൽ ആ പള്ളിക്കൂടത്തിൻെറ ആവശ്യകതയെപ്പററി അന്വേഷണം നടത്താതെ അതു അനുവദിക്കപ്പെടുന്നു. അതുകൊണ്ടു സംസ്ഥാനത്തിൽ എല്ലാസ്ഥലത്തും പള്ളിക്കൂടങ്ങൾ കൂടിപോയിട്ടുണ്ടു്; നല്ലതും ചീത്തയും ഉപയോഗമില്ലാത്തതും ആയ മേൽപറഞ്ഞ പള്ളിക്കൂടങ്ങളുടെ പ്രവർത്തനങ്ങളെ നയിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഒരാളെക്കൊണ്ടു ശക്തിമാനാകുകയില്ല എന്നു വിദ്യാഭ്യാസഡയറക്ടർ പോലും സമ്മതിക്കുകയില്ലയോ എന്നു ഞാൻ അറിയുന്നില്ല, അതുകൊണ്ടു എൻെറ ആദ്യത്തെ അപേക്ഷ, ഇക്കാര്യത്തിൻെറ സാമ്പത്തികവശത്തെപ്പററി ആലോചിക്കണം എന്നുള്ളതാകുന്നു. വിദ്യാഭ്യാസ നയത്തെപററി ഏതെങ്കിലും വ്യവസ്ഥി

തമായ ഉദ്ദേശം കൂടാതെ വിദ്യാഭ്യാസത്തിനായി ഇത്ര വലിയ തുക ചിലവുചെയ്തു കൊണ്ടിരിക്കാൻ നമുക്കു കഴിവില്ലാത്തതാകുന്നു. ആണ്ടോടാണ്ടു നാം വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന തുകകളെ വർദ്ധിപ്പിച്ചു വരികയാണ്. ഒരേ ഡിപ്പാർട്ടുമെൻറിൽ നിന്നു കൂടിയും പള്ളിക്കൂടത്തിൽ പോകേണ്ട സംഖ്യക്കനുസരണമായി കുട്ടികൾ പള്ളിക്കൂടങ്ങളിൽ ഇപ്പോൾ പഠിക്കുന്നുണ്ട് എന്നു കാണാവുന്നതാണ്. അതു നമുക്കു മനസ്സന്തോഷിക്കു കാരണമാകുന്നുണ്ട്. ഇതു ഒരു പരമാർത്ഥമാണെങ്കിൽ, മേൽ ഏതാനും കൊല്ലത്തേക്കു കുടിവകയായോ ഡിപ്പാർട്ടുമെൻറുവകയായോ ഉള്ള പള്ളിക്കൂടങ്ങൾ കൂടുതലായിസ്ഥാപിക്കുന്നതിനെ നിറുത്തിക്കൂടയോ എന്നും, ഇപ്പോൾ ഉള്ള സ്ഥാപനങ്ങളെ പരിഷ്കരിക്കയും നാം ആഗ്രഹിക്കുന്ന തോതിനനുസരണമായി അവയെ ഉയർത്തുകയും ചെയ്യാവുന്നതല്ലയോ, എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. നമ്മുടെ സംസ്ഥാനത്തിൽ നടപ്പിൽ ഇരിക്കുന്ന വിദ്യാഭ്യാസനയത്തെ സംബന്ധിച്ചു ഡയറക്ടർ പര്യാലോചിക്കേണ്ട കാര്യങ്ങൾ ഇവയാകുന്നു: ഇപ്പോൾ ഉള്ള സ്ഥിതികളെ സംബന്ധിച്ചിടത്തോളം, തിരുവിതാംകൂറിലെ വിദ്യാഭ്യാസാധികാരികളുടെ പഴയ മാതൃകയോ പഴയനയത്തെയോ ഉപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറു വകയായി പള്ളിക്കൂടങ്ങൾ സ്ഥാപിച്ചുനടത്തുന്നതിനു ഗവണ്മെൻറു നിർബന്ധിതർ ആയതു പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനു മുന്നിട്ടുവരുന്നകൂട്ടികൾ ഇല്ലാതിരുന്ന കാലത്തായിരുന്നു. ഇപ്പോഴാകട്ടെ ഡിപ്പാർട്ടുമെൻറിൽ നിന്നു ആവശ്യമുള്ള സഹായം ലഭിക്കുന്നതായാൽ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനു മുന്നോട്ടു വരുന്ന ആളുകൾക്കു യാതൊരു കുറവും ഇല്ല. കാര്യം അങ്ങിനെയാണെങ്കിൽ കൂടുതലായി സർക്കാരിൽ നിന്നും പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തുകയും സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിനായി ആണ്ടുതോറും കൂടുതലായി വരുന്നചെലവു നാം നടത്തുകയും ചെയ്യുന്നതെന്തിനു കാര്യത്തിൻെറ ആ സ്വഭാവം കൂടി ഡയറക്ടർ പര്യാലോചിക്കേണ്ടതാകുന്നു.

എനിക്കു പറയേണ്ട വേറെ ഒരു പോയിൻറ സർക്കാരോ അംഗീകൃതമോ ആയ പള്ളിക്കൂടങ്ങൾ ഉള്ള സ്ഥലങ്ങളിൽ ഇപ്പോൾ ഉള്ള സ്ഥാപനങ്ങളെ പുനർവിതരണം ചെയ്യുകയോ മാററി സ്ഥാപിക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ട് എന്നു എനിക്കു തോന്നുന്നു എന്നുള്ളതാണ്. ഉദാഹരണം പറയുകയാണെങ്കിൽ ഇപ്പോൾ ഉള്ള സ്ഥാപനങ്ങളുടെ ശരിയായ സ്ഥാന പരിശോധന നടത്തുന്നതു ഏതെങ്കിലും പ്രത്യേക സ്ഥലത്തിലോ താലൂക്കിലോ ആവശ്യമുള്ളതിൽ അധികം സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള വസ്തുതയെ വെളിപ്പെടുത്തുന്നതാണ്. മററു സ്ഥലങ്ങളിൽ കൂടുതൽ സ്ഥാപനങ്ങൾ ആവശ്യമുണ്ടെന്നുവരികിലും ഒരു സ്ഥാപനവും ഇല്ലാതെയും ഇരിക്കുന്നു. അതുകൊണ്ടു കൂടുതലായി സർക്കാർ വകയോ കുടിവകയോ ആയി പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിനെ നാം നിറുത്തേണ്ടതായിരിക്കുന്നു. ഇപ്പോൾ ഉള്ള സ്ഥാപനങ്ങൾ കരയുടെയോ താലൂക്കിൻെറയോ ആവശ്യത്തിനു മതിയാകുന്നതായിരിക്കുന്നുവോ എന്നും; ഇപ്പോൾ ഉള്ള സ്ഥാപനങ്ങളെ അപേക്ഷിച്ച്, പുനർവിതരണമോ മാററിസ്ഥാപിക്കലോ ആവശ്യമല്ലയോ എന്നും നാം നോക്കേണ്ടതാണ്. അതും ഡയറക്ടർ നോക്കേണ്ട ഒരു കാര്യമാകുന്നു. സംഗതിയുടെ സ്വഭാവങ്ങളെ സഭാസമക്ഷം കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മദ്യവർജ്ജനം സംബന്ധിച്ചു ജനങ്ങളുടെ ഈയിടെയുള്ള പ്രവൃത്തനങ്ങൾനിമിത്തം മുതലെടുപ്പിൽ കുറവുവരികയില്ലയോ എന്നു ഞാൻ ഭയപ്പെടുന്നു. എന്നു ഈ ഡിപ്പാർട്ടുമെൻറിനെപ്പററി പറയുമ്പോൾ പറയുന്നതു സംബന്ധപ്പെട്ടതല്ലാതിരിക്കാം. ചിലവിനെ നമ്മുടെ അധീനത്തിൽ ഉള്ള മുതലെടുപ്പു അനുസരിച്ചു ശരിപ്പെടുത്തിക്കൊള്ളുന്നതിനു നാം തയ്യാറായിരിക്കണം. അങ്ങനെ ഒരു കാര്യം സംഭവിക്കുകയാണെങ്കിൽ വരുന്നകൊല്ലങ്ങളിൽ വിദ്യാഭ്യാസത്തിനായി കൂടുതൽ പണം ചിലവാക്കാതിരിക്കാൻ നാം ഒരുക്കമുള്ളവരായിരിക്കണം.

സഭാസമക്ഷം കൊണ്ടുവരണം എന്നു ഞാൻ ഉദ്ദേശിക്കുന്ന വേറെ ഒരു കാര്യം ഡയറക്ടർ കുടിവക പള്ളിക്കൂടങ്ങളെ പരിശോധിച്ചുനോക്കുകയാണെങ്കിൽ കുടിവക പള്ളിക്കൂടങ്ങളിന്മേൽ ചുമത്തീട്ടുള്ള വ്യവസ്ഥകൾ സർക്കാർവക പള്ളിക്കൂടങ്ങളിൽ ഉള്ളവയേക്കാൾ കർശനമായിട്ടുള്ളവയാണെന്നു അദ്ദേഹത്തിനു അപ്പോൾ കാണാറാകും എന്നുള്ളതാണ്. ഉദാഹരണം പറകയാണെങ്കിൽ സർക്കാർ പള്ളിക്കൂടങ്ങൾ നല്ലവണ്ണം നടത്തപ്പെടാതെയും വേണ്ടിടത്തോളം സാമാനങ്ങൾ ഇല്ലാതെയും വാദ്ധ്യാന്മാർ കുറവുള്ളതായും നമുക്കു കാണാവുന്നതാണ്. നേരേമറിച്ചു മതിയായിടത്തോളം ഉപാദ്ധ്യായന്മാർ ഉള്ളതും ധാരാളം സാമാനങ്ങൾ ഉള്ളതും ന്യായമായ ഓരോ വ്യവസ്ഥയും അനുസരിച്ചിരിക്കുന്നതും ആയ ഒരു കുടിവക സ്ഥാപനം ഏതെങ്കിലും നിസ്സാരകാരണത്തിന്മേൽ അംഗീകരിക്കപ്പെട്ടിട്ടില്ല എന്നു നമുക്കു കാണാവുന്നതാണ്; (മിസ്റ്റർ വി. എസ്സ്. കൃഷ്ണപിള്ള ഹീയർ, ഹീയർ) എന്നു ചില ഉദാഹരണങ്ങൾ പറയാൻകഴിയും. ഒരു ഇംഗ്ലീഷുപള്ളിക്കൂടത്തിൽ അംഗീകരണം അനുവദിക്കുന്നതിനായി അംഗീകരണം അനുവദിക്കുന്നതിനു മുമ്പിൽ തയ്യാറാക്കിവയ്ക്കപ്പെടേണ്ട സകല സാമാനങ്ങളുടേയും ഒരു വലിയ ലിസ്റ്റ് അസിസ്റ്റൻറ ഇൻസ്പെക്ടർ അയക്കുന്നു. ലോകത്തിലുള്ള സകല ഭൂപടങ്ങളും പക്ഷികളുടേയും മൃഗങ്ങളുടേയും പടങ്ങളും എന്നുവേണ്ട എന്തെല്ലാം ഊഹിക്കാമോ അവയെല്ലാം മാനേജർ ശേഖരിച്ചു വയ്ക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാം അയാൾ വാങ്ങിച്ചുവയ്ക്കണം. മാനേജർക്കു അംഗീകരണം വേണമെന്നുണ്ടെങ്കിൽ ഇവയെല്ലാം വാങ്ങിച്ചുവയ്ക്കണമെന്നു ഇൻസ്പെക്ടർ പറയുന്നു. അതേസമയത്തു ഒരു സർക്കാർ പള്ളിക്കൂടത്തിൽപോയാൽ അത്യാവശ്യം വേണ്ടതിനുപോലും ഏർപ്പാടുകൾ ചെയ്യപ്പെട്ടിട്ടില്ല എന്നു കാണാവുന്നതാണ്. അംഗീകൃത പാഠശാലകളിന്മേൽ അത്ര കടുത്ത വ്യവസ്ഥകൾ ചുമത്തപ്പെടുമ്പോൾ സർക്കാർ പള്ളിക്കൂടങ്ങൾ ആ സ്ഥിതിയിൽ നടത്തപ്പെടാനുള്ളത് എന്തുകൊണ്ടു എന്നാണു ഞാൻ ചോദിക്കുന്നതു? ഈ അവസ്ഥകളെ എല്ലാം ആലോചിക്കണം. സംസ്ഥാനത്തിൽ വിദ്യാഭ്യാസംവകയ്ക്കു നീക്കിവയ്ക്കാവുന്ന തുകയുടെ പരമാവധിയെ നാം പ്രാപിക്കാറായിരിക്കുന്നു. ഇതിനേയും സംസ്ഥാനത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസം കയ്യേൽക്കുന്നതിനു കുടികൾ ധാരാളമായി മുന്നോട്ടുവന്നതിനേയും പര്യാലോചിച്ചു ഡിപ്പാർട്ടുമെൻറു ഏററവും കുറഞ്ഞ ആവശ്യങ്ങളെമാത്രം നിർവഹിച്ചിട്ടു, കുട്ടികളെ പ്രോത്സാഹിപ്പിക്കയും വിദ്യാഭ്യാസവിഷയത്തിൽനിന്നും അവരുടെ കൈകളെ പതുക്കെ പിൻവലിക്കുകയും ചെയ്യേണ്ടതാണ്. ഈ വിമർശനങ്ങളോടുകൂടി ഉപക്ഷേപത്തെ ഞാൻ സഭയുടെ പര്യാലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തെപ്പററി വാദപ്രതിവാദം തുടങ്ങീട്ട് ഇപ്പോൾ വളരെക്കാലമായിരിക്കുന്നു. ഈ നയം ഭേദപ്പെടുത്തേണ്ട ആവശ്യം ഉണ്ടോ? ഭേദപ്പെടുത്തണമെങ്കിൽ എങ്ങനെ ആയിരിക്കണമെന്നുള്ളതു ഇതുവരെയുള്ള വാദപ്രതിവാദംകൊണ്ടു ഖണ്ഡിതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ നയം ആശാസ്യമായിരിക്കുന്നില്ല അതു ഭേദപ്പെടുത്തേണ്ട ആവശ്യമുണ്ടെങ്കിൽ ഏതുപ്രകാരമാണ ഭേദപ്പെടുത്തേണ്ടതെന്നു വളരെ ആലോചിച്ചതിന്നുമേലല്ലാതെ ഒരു ഖണ്ഡിതമായ തീരുമാനമുണ്ടാക്കാൻ സാധിക്കുകയില്ല എന്നാണ വിദ്യാഭ്യാസവിദഗ്ദ്ധന്മാർ പലപ്പോഴും പറയാറുള്ളതു്. ഈ നയം തൊഴിലില്ലാത്തവരുടെ സംഖ്യ വളരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഇപ്പോഴത്തെ സാമാന്യവിദ്യാഭ്യാസത്തോടുകൂടി ഏതെങ്കിലും തൊഴിൽ പരിശീലനം കൂടി ഏർപ്പെടുത്തിയാൽ കുറെക്കൂടി നന്നായിരിക്കുമെന്നും അതുകൊണ്ടു രാജ്യത്തെ വ്യവസായവും സാമ്പത്തികാവസ്ഥയും വർദ്ധിക്കുമെന്നും അതിലേക്കുള്ള ശരിയായ പദ്ധതി രൂപീകരിക്കണമെന്നും ഏതാനും മേലധികാരികൾ അഭിപ്രായപ്പെട്ടു എങ്കിലും അതിലേക്കുള്ള പ്രാരംഭവേലപോലും ഇതുവരെ നടത്തുന്നതിന്നിടയായിട്ടില്ല. ഇംഗ്ലീഷുവിദ്യാഭ്യാസത്തെ സംബന്ധിച്ചു ഇപ്പോൾ മാതൃഭാഷയെ സംബന്ധിച്ചിടത്തോളമുള്ള ഒരപകർഷം കാണുന്നില്ലായെന്നുള്ളതു പരമാർത്ഥം തന്നെ. ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടു അതായതു ബി. എ. അല്ലെങ്കിൽ ബി. എൽ. പരീക്ഷയിലോ വിജയി ആകുന്നതുകൊണ്ടുമാത്രം ഇപ്പോഴത്തെ സാമ്പത്തികനിലയ്ക്കു ഒരിക്കലും പര്യാപ്തമാകുന്നില്ല എന്നും ഇങ്ങനെയുള്ള പരീക്ഷാവിജയികളുടെ സംഖ്യ ആണ്ടുതോറും വർദ്ധിച്ചുവരുന്നതുകൊണ്ടു പലവിധമായ സാമുദായിക മത്സരങ്ങൾക്കും മററും ഇടവരുന്നുണ്ടെന്നും അതുകൊണ്ടു ഏതെങ്കിലും തൊഴിൽപരിശീലനം അത്യാവശ്യമാണെന്നും പരീക്ഷാവിജയം ഉദ്യോഗലബ്ധിക്കായി ആരും ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്നതായാൽ ഇപ്പോഴത്തേക്കാൾ നിരാശരാകേണ്ട വകയുള്ള എന്നും ഇപ്പോൾ പല ഉദ്യോഗത്തിലും ഇരിക്കുന്നതിന്ന ഭാഗ്യം സിദ്ധിച്ചിട്ടുള്ള മഹാത്മാക്കൾ പറഞ്ഞുവരാറുണ്ട്. എന്നാൽ അവർക്കും അവരെസംബന്ധിച്ച ആളുകൾക്കും ഇങ്ങനെയുള്ള ഒരു ഘട്ടം വരുമ്പോൾ ഇപ്രകാരം ഒരു സമാധാനം പറയുന്നു എങ്കിലും ഗവണ്മെന്റ സർവ്വീസിൽ പ്രവേശനം കിട്ടുന്നതിന്ന ഉത്സാഹിക്കാതിരിക്കുന്നുമില്ല.

ഏതായാലും ഇംഗ്ലീഷുവിദ്യാഭ്യാസം ഇപ്പോഴത്തെ സ്ഥിതിക്കു ഒരിക്കലും ഉപേക്ഷിക്കത്തക്കതല്ല. ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടല്ലാതെ രാജ്യത്തിലെ ഏതു പ്രാമാണ്യമുള്ള പദ്ധതികളിലും പ്രവേശിക്കുന്നതിന്നൊ ആ പദ്ധതികളിൽ ഏതെങ്കിലും ഒരു സ്ഥാനമുണ്ടെന്നു ആരെങ്കിലും ഗണിക്കുന്നതിന്നൊ സാധ്യമല്ല എന്നു സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. എത്രയെല്ലാം പറഞ്ഞാലും അവരവരെസംബന്ധിച്ചുള്ള കാര്യം വരുമ്പോൾ മററുള്ളതെല്ലാം വിസ്മരിച്ചു അതിലേക്കുതന്നെയാണ തങ്ങളുടെ കുട്ടികളെ ഇപ്പോൾ പരിശീലിപ്പിക്കുന്നതിന്ന ഉദ്യമിച്ചുവരുന്നതു. അതുപോകട്ടെ. മാതൃഭാഷയെസംബന്ധിച്ചു നോക്കുന്നപക്ഷം ഗവണ്മെന്റിന്റെ പല പ്രഖ്യാപനങ്ങളിലും അതിന്ന ഉൽകൃഷ്ടമായ സ്ഥാനം കൊടുക്കേണ്ടതാണെന്നും അതിനെ ഒരുകാലത്തും അവഗണിക്കരുതു എന്നും മാതൃഭാഷയെ അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നും കാണിച്ചിട്ടുണ്ട്. അതു കേവലം ഗ്രന്ഥത്തിലെ ഒരു മയ്യാള എന്നല്ലാതെ അതിനെ പ്രായോഗികമായ നിലയിൽ കൊണ്ടുവരാതിരിക്കുന്നതു ഏററവും പരിതാപകരമായ അവസ്ഥയാണ്. ഇംഗ്ലീഷ്പരീക്ഷ ഉള്ളവരും ഇല്ലാത്തവരുമായി മുഖ്യപരീക്ഷ മുതലായ പരീക്ഷകളിൽ വിജയികളായി വന്നിട്ടുള്ള അധികം ആളുകളെ ഇംഗ്ലീഷ്‌വിദ്യാലയങ്ങളിലെ മുൻഷിമാരായും മററും നിയമിച്ചിട്ടുണ്ട്. അവർക്കു പരിഷ്കാരകാലത്തിൽ ശമ്പളത്തിൽ ഒരു സ്കെയിലും നിർദ്ദേശിച്ചിരുന്നു. ഇക്കാലത്തു അതിനെ ഭേദപ്പെടുത്തി അവരെ എത്രത്തോളം നിരാശപ്പെടുത്താമോ അത്രത്തോളം ചെയ്തിട്ടുണ്ട്. അതിനും പുറമെ അവരെ നിയമിക്കേണ്ടതായ സ്ഥാനങ്ങളിലെല്ലാം ബി. എ. ബിരുദധാരികളെ നിയമിച്ചു മററവരുടെ പ്രോത്സാഹനത്തെ തടയുകയും ചെയ്യുന്നു. എന്നാൽ ഇംഗ്ലീഷ്ഭാഷയിൽ വൈദഗ്ദ്ധ്യമുള്ള ബി. എ. ബിരുദധാരികൾ ഉണ്ടെന്നുവരികിലും അവർക്കു മലയാളം പഠിപ്പിക്കുന്നതിലേക്കു ഹയർ പരീക്ഷാവിജയികളെപ്പോലെ സാമർത്ഥ്യമുണ്ടെന്നു വിശ്വസിക്കാൻ ന്യായമില്ല.

ഇങ്ങനെ വരുമ്പോൾ—

മി: ആർ. രാമൻപിള്ള (കോട്ടയം): ഹയർ പരീക്ഷാവിജയികൾ എന്നു പറഞ്ഞതു ഇപ്പോഴത്തെ ഹയർപരീക്ഷയൊ പഴയ ഹയർപരീക്ഷയോ ഏതാണ മെമ്പർ ഉദ്ദേശിക്കുന്നതു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇപ്പോഴത്തെ ഹയർപരീക്ഷാവിജയികൾക്കു പഴയ ഹയർ പരീക്ഷാവിജയികളെപ്പോലെതന്നെ ഭാഷാജ്ഞാനം ഉണ്ടെന്നാണ ഞാൻ മനസ്സിലാക്കിയിരിക്കുന്നതു.

മി: ആർ. രാമൻപിള്ള (കോട്ടയം): അവർക്കു കാളേജിൽ ഇരിക്കുന്നതിന്ന തരമുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഹയർ പരീക്ഷാവിജയികൾ മലയാളഭാഷയിൽ പാണ്ഡിത്യമുള്ളവരെന്നാണ് ഞാൻ വിചാരിക്കുന്നതു. അവർക്കു ഗവണ്മെന്റ ആദ്യമായി നിർദ്ദേശിച്ചിട്ടുള്ള ശമ്പളവും സ്കെയിലും കൊടുക്കാതെ അവരെ നിരാശപ്പെടുത്തിയിരിക്കുന്നതുകൊണ്ടു മാതൃഭാഷയെ സംബന്ധിച്ചു ഗവണ്മെന്റിനുള്ള അനാസ്ഥയെ കൂടി പ്രദർശിപ്പിച്ചിരിക്കുന്നു.

അതുപോലെതന്നെ ഡ്രായിംഗ്മാസ്റ്റർ മാരെസംബന്ധിച്ചു ഇപ്പോഴത്തെ സ്കീമിൻ അധികം ഭേദഗതികൾ വരുത്തിട്ടുണ്ടു. അവർക്കുമാതൃഭാഷയിൽ ഏതെല്ലാംപ്രകാരത്തിലുള്ള വൈദഗ്ദ്ധ്യം ഉണ്ടെങ്കിലും ഇംഗ്ലീഷുഭാഷാപരിജ്ഞാനക്കുറവിനെ വലിയ കുറവായിത്തന്നെ ഗണിച്ചായിരിക്കണം അവരെ അഗണ്യകോടിയിൽ തള്ളിയിരിക്കുന്നതു.

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ കൃഷ്ണപിള്ളേ നിങ്ങൾക്കുള്ള സമയത്തിൽ കൂടുതൽ നിങ്ങൾ ഉപയോഗിച്ചിരിക്കുന്നു. നിങ്ങൾ ഉപയോഗിക്കാവുന്നതിൽ കൂടുതൽ സമയം നിങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അതുകൊണ്ടു വിദ്യാഭ്യാസനയം വാദപ്രതിവാദത്തെ ഏതെങ്കിലും പ്രകാരത്തിൽ അവസാനിപ്പിച്ചു പ്രായോഗികമായ ഒരു പദ്ധതിരൂപീകരിക്കുന്നതിന്ന ഇപ്പോഴത്തെ പുതിയ ഡയറക്ടരും മററു മേധാവികളും കഴിയുന്നതും ശ്രമിക്കുന്നപക്ഷം ഇതുവരെയുള്ള വിദ്യാഭ്യാസപദ്ധതിയിലെ ന്യൂനതകൾക്കു പരിഹാരമുണ്ടാകുമെന്നും ഗവണ്മെന്റ അതിന്ന വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ സഭയുടെ പര്യാലോചനക്കു വിഷയമായിരിക്കുന്ന ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. നമ്മുടെ മാതൃഭാഷാഭ്യസനത്തിന്റെ രീതിതന്നെ നമ്മെ പച്ചപരദേശിയാക്കിത്തീർക്കുന്നു. തിരുവിതാംകൂറിന്റെ ഭൂമിശാസ്ത്രംപോലും വഴിയാംവണ്ണം പഠിപ്പിക്കുന്നില്ല. രാജ്യത്തിന്റെ ചരിത്രമാണെങ്കിൽ അതു ലവലേശം ഇല്ലെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഏഷ്യാ, യൂറോപ്പ്, ഇംഗ്ലണ്ടു, ഗ്രീസു, റോമാ മുതലായരാജ്യങ്ങളുടെ ചരിത്രം ഭംഗിയായിട്ടുനമ്മുടെവിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിനു പകരം ചില കഥകൾ മതിയെന്നു വച്ചിരിക്കുന്നു. ഇങ്ങനെയുള്ള കഥാപഠനംകൊണ്ടു നമ്മുടെ പൂർവികന്മാരുടെ അവസ്ഥ എന്തായിരുന്നുവെന്നു വഴിയാംവണ്ണം മനസ്സിലാക്കാൻ സാധിക്കയില്ല. നമ്മുടെ ഭൂമിയുടെ ശാസ്ത്രംതന്നെനോക്കിയാൽ ചില സ്ഥലങ്ങളുടെയും നദികളുടെയും പേരുകൾ മാത്രം വിദ്യാർത്ഥികൾ പഠിച്ചിട്ടുണ്ടെന്നല്ലാതെ ഭൂമി ഏതുവിധം ഉള്ളതാണു, അതിൽനിന്നു ഏതെല്ലാം ആദായം എങ്ങനെ ഉണ്ടാകുന്നു എന്നും മറ്റും ഉള്ള സംഗതികൾ വിദ്യാർത്ഥികൾക്കു ബോധംവരത്തക്കവണ്ണംയാതൊരു അഭ്യസനരീതിയും ഏർപ്പെടുത്തീട്ടില്ല. അതുകൊണ്ടു ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയിൽ സാരമായ ഭേദഗതികൾ വരുത്തേണ്ടതു അത്യാവശ്യമുണ്ടു. ചരിത്രവും ഭൂമിശാസ്ത്രവും എഴുതിക്കാൻ പ്രത്യേകവ്യവസ്ഥചെയ്തും അടുത്തസ്കൂൾവർഷാരംഭംമുതൽ തന്നെ അവയെ പള്ളിക്കൂടങ്ങളിൽ ഉപയോഗിക്കുന്നതിനു ഏർപ്പാടുചെയ്യുകയും ചെയ്യണം. വിദ്യാഭ്യാസരീതിയെ ഒന്നുകൂടി നന്നാക്കാൻ ശ്രമിക്കേണ്ടതാണു. ഇപ്പോഴത്തെ പ്രാഥമിക വിദ്യാലയങ്ങളുടെ അവസ്ഥ വളരെശോചനീയമാണു. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ ചിലവിന്റെ വാസ്തവം ആലോചിച്ചാൽ അതു അങ്ങനെ ആററുത്തു ആയിട്ടുണ്ട്. അതുകൊണ്ടു ഗവർമ്മെന്റിന്റെ ഭണ്ഡാരം നന്നാക്കത്തക്കവിധം എന്തെങ്കിലും ആദായം ഗവർമ്മെന്റിനു ഉണ്ടാകുമോ എന്നു ഞാൻ ബലമായി സംശയിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളും ഇംഗ്ലീഷുഭാഷാഭ്യസനം നടത്തിവരുന്ന സ്കൂളുകളും ജനങ്ങൾ സ്വന്തമായിനടത്തുന്നതിനു വിട്ടുകൊടുക്കണം. അങ്ങനെ കൊടുക്കുന്നതിൽ ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകം കൊടുക്കുന്നതു നാനാജാതിമതസ്ഥന്മാരുള്ള ഈ രാജ്യത്തിൽ നന്നായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. സ്കൂളുകളും ഒരു മതക്കാരന്റെ അധീനത്തിൽ ഇരിക്കുമ്പോൾ ആ മതത്തെ ആ സ്കൂളിൽ ഉള്ള വിദ്യാർത്ഥികളിൽ നിർബന്ധമായി സ്ഥിരപ്പെടുത്തുന്നതിനു വേണ്ടി ശ്രമംചെയ്തുവരുന്നു. ഇതരമതസ്ഥന്മാർക്കു അനാധ്യായ ദിവസങ്ങളെ കൂടി ഇവർ അനാധ്യായദിവസം ആയിഗണിക്കപ്പെടുന്നില്ല. അതു മതബോധത്തിനു പ്രത്യേകം ഹാനിവരുത്തുന്ന ഒരു സംഗതിയാണു. അതിനാൽ ഓരോ താലൂക്കിലും വിദ്യാഭ്യാസ ബോർഡുകൾ സ്ഥാപിച്ചു അതിന്റെ ഭരണത്തിൻകീഴിൽ ഇനിമേൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടവ്യവസ്ഥ ചെയ്യേണ്ടതു അത്യാവശ്യമാണെന്നാണു എന്റെഅഭിപ്രായം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഓരോസ്ഥലങ്ങളിലും.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇപ്പോൾഅതുതന്നെ ചോദ്യം ചോദിച്ചാലും മറുപടിപറയാൻ നിശ്ചയിച്ചിട്ടില്ല. ഇങ്ങനെ ഓരോ വർഗ്ഗങ്ങളുടെയും വിദ്യാലയങ്ങളിൽ മതത്തിൽ ഉള്ള പ്രത്യേക വിചാരംനിമിത്തം അന്യമതക്കാർക്കു മതബോധത്തിനു കുറവുവരുത്തുന്നുണ്ടു. അങ്ങനെയുള്ള ദൂഷ്യത്തെ പരിഹരിക്കേണ്ടതു ഗവർമ്മെന്റിന്റെ ചുമതലയാണ്. അതുകൊണ്ടു ഏതെങ്കിലും ഒരു സമുദായത്തിനു വിദ്യാലയത്തിനുഗവർമ്മെന്റ അനുവാദം കൊടുക്കുന്നതിനോ അതിനുവേണ്ടസഹായധനം കൊടുക്കുന്നതിനൊ ഞാൻ വിരോധിയാണെന്നു ഒരു സമുദായത്തിലെ അംഗങ്ങളും വിചാരിച്ചുപോകരുതു. എനിക്കതിനു യാതൊരു വിരോധവും ഇല്ല.

ഏതു സമുദായം നടത്തുന്നസ്കൂളായാലും ആ സ്കൂളിൽ ആ ജാതിയിൽപെട്ട അദ്ധ്യാപകന്മാരെ മാത്രമേ നിയമിക്കുന്നുള്ളു. അഥവാ ഇതരസമുദായത്തിൽ നിന്നു വല്ലവരെയും നിയമിച്ചിട്ടുണ്ടെങ്കിൽ സ്വന്തസമുദായത്തിൽനിന്നും ആളുകിട്ടുമ്പോൾ മററവരെ ഉടനെ പിരിച്ചയക്കുന്നു. ഗ്രാന്റു വിദ്യാലയങ്ങളുടെ അദ്ധ്യാപകന്മാർക്കു കൊടുക്കപ്പെടുന്ന ഗ്രാന്റു എല്ലാസമുദായങ്ങളുംകൂടി പ്രയത്നിച്ചുണ്ടാകുന്ന പണമാണ്. അതുകൊണ്ടു എല്ലാസമുദായക്കാർക്കും ഗ്രാന്റു വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരായിരിക്കുന്നതിനു അവകാശം ഉണ്ടു. ഈ വിദ്യാലയങ്ങളെ എല്ലാം ബോർഡിന്റെ കീഴിൽ സ്ഥാപിക്കുന്നതായാൽ ഈ ഉപദ്രവങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും. ഈ കാരണങ്ങളാൽ ഒരു ബോർഡു സ്ഥാപിച്ചു ഇനിമേൽ അനുവദിക്കുന്ന വിദ്യാലയങ്ങളെഎല്ലാം ആ ബോർഡിന്റെ ഭരണത്തിൻകീഴിൽ ആക്കണം. ഇപ്പോൾ ഗ്രാന്റുകൊടുക്കുന്ന ധനം മുഴുവനും ഗ്രാന്റുസ്കൂളിലെ അദ്ധ്യാപകന്മാർക്കു കിട്ടിവരുന്നില്ല എന്നുള്ളതു എനിക്കു ധാരാളമായും സൂക്ഷ്മമായും അറിയാവുന്നതാണ്.

മി: മാത്യുമുരിക്കൻ (വൈക്കം): എവിടെയാണു ഇങ്ങനെനടക്കുന്നതു.

മി: ആർ. രാൻപിള്ള (കാട്ടയം): ഇപ്പോൾ അതിനു മറുപടി ഇല്ല. കോട്ടയത്തല്ല, വൈക്കത്തല്ല, ആലുവാമുതൽ കന്യാകുമാരിവരെ അങ്ങനെനടക്കുന്നുണ്ടെന്നു ഞാൻ ബോധിപ്പെടുത്തികൊടുക്കാൻതയ്യാറാണ്. ഈ വക ദൂഷ്യങ്ങളെ പരിഹരിക്കുന്നതിനു ബോർഡു സ്ഥാപിക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. സമയം പോയി എന്നദ്ധ്യക്ഷൻ അവർകൾ പറയുന്നതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങികൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഓരോ മതക്കാർക്കും ഓരോസ്ഥലങ്ങളിൽ സ്കൂളിനു അനുവാദം കൊടുക്കണമെന്നാണൊപറയുന്നതു.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ അല്ല. ബോർഡുസ്ഥാപിച്ചു അവയെ ബോർഡിന്റെ കീഴിൽ ആക്കണമെന്നാണ് ആവശ്യപ്പെടുന്നതു.

മി: കെ. മാധവൻ (ഗവർമ്മെന്റുനിയമിച്ചമെംബർ): നാഗരുകോവിൽ സാൽവേഷൻ ആർമി സ്കൂളിൽ ഒരു വെള്ളാളൻ ഹെഡ്മാസ്റ്റർ ആയും ഒരു ബ്രാഹ്മണൻ അസിസ്റ്റൻറായും അനേകംകാലങ്ങളായി ജോലിചെയ്തു വരുന്നതു മെംബർക്കു അറിയാമൊ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഒന്നും തന്നെ ഇല്ല എന്നു ഞാൻപറഞ്ഞില്ല. യോഗ്യതയായിനട ആളുകളും ഉണ്ടു.

മി: കെ. മാധവൻ (ഗവണ്മെൻറ നിയമിച്ചമെമ്പർ): നാഗർകോവിൽ എൽ. എം. എസ്. കാളേജിൽ സയൻസുമാസ്റ്റരും മററു ചില ഉയർന്ന ക്ലാസധ്യാപന്മാരും ചമ്പളക്കാരുമായി ജോലിചെയ്തുവരുന്ന എന്നു മെമ്പർക്കു അറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ പലവിദ്യാലയങ്ങളിലും ഉള്ളതായി അറിയാം.

മി: മാത്തുമുരിക്കൻ (വൈക്കം): അതിലേക്കുള്ള പ്രതിവിധി എന്താണ്. ഒരു ബോർഡിൻെറ അധീനതയിൽ ഈ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചാൽ ശരിയാകുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ബോർഡു സ്ഥാപിച്ചു ബോർഡിൻെറ കീഴിൽ ആക്കണമെന്നാണ് എൻെറ അഭിപ്രായം.

മി: മുരിക്കുവലിൽ പച്ചുപിള്ള (ചേർത്തല): എല്ലാജാതിക്കാരും ബോർഡിൽ അംഗങ്ങൾ ആയിരിക്കണമെന്നില്ലേ?

മി: ആർ. രാമൻപിള്ള (കോട്ടയം): എല്ലാജാതിക്കാരിൽ നിന്നും സാധിക്കയില്ല, എല്ലാമതക്കാരെയും ഉൾപ്പെടുത്തിയാൽ കൊള്ളാം.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ചമെമ്പർ): വർഗ്ഗീയ പ്രാതിനിധ്യം ദുഷിച്ചതിൻെറ ഫലമല്ലെ ഇങ്ങനെ പ്രവൃത്തിക്കുന്നതു?

മി: ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ടാണ ബോർഡുവേണമെന്നു പറഞ്ഞത്.

മി: എസ്. ചിറവിളപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും തെക്ക്): ആയുർവേദബോർഡുപോലെയാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): വിദേശങ്ങളിൽ താലൂക്കബോർഡു, ഡിസ്ട്രിക്ട്ബോർഡു ഇവകളുടെരീതി എന്താണെന്നു എൻെറ സ്നേഹിതനു അറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നതു. അതുകൊണ്ടു അതിനെപ്പററി പറയാമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അനുവദിച്ചിട്ടുള്ള ഗ്രാൻറുമുഴുവൻ കൊടുക്കുന്നില്ല എന്നു പറഞ്ഞതു, എവിടെയാണെന്നു പറയുമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ താമസിക്കുന്ന സ്ഥലത്തു ഒരു കുന്നേരം വന്നാൽ പറയാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അനുവദിക്കുന്ന ഗ്രാൻറ അദ്ധ്യാപകന്മാർക്കു ശരിയായി കൊടുക്കുന്നില്ല എന്നു പറഞ്ഞു. എന്നാൽ വിദ്യാശാലകൾക്കു അനുവദിക്കുന്ന ഗ്രാൻറുമുഴുവനും അദ്ധ്യാപകന്മാർക്കു വീതിച്ചുകൊടുക്കുന്നതിനായിട്ടുമാത്രം ഉദ്ദേശിച്ചിട്ടുള്ളതാണോ, അതല്ല മററു ആവശ്യങ്ങൾക്കു കൂടിയാണോ?

മി: ആർ. രാമൻപിള്ള (കോട്ടയം): അദ്ധ്യാപകന്മാരുടെവകയ്ക്കു അനുവദിക്കുന്ന ഗ്രാൻറ അദ്ധ്യാപകന്മാർക്കുതന്നെ കൊടുക്കേണ്ടതാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അങ്ങനെ അദ്ധ്യാപകന്മാർക്കു മാത്രംഗ്രാൻറ കൊടുക്കുന്നതു ഏതുതരം പാഠശാലകളിലാണു നടപ്പിൽ ഇരിക്കുന്നതു എന്നറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): എല്ലാപാഠശാലകളിലും നടക്കുന്നുണ്ട്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്ക): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ആണ്ടുതോറും വിദ്യാഭ്യാസത്തിലേക്കു രാജ്യത്തിൻെറ മുതലെടുപ്പിൽ അഞ്ചിലൊരുഭാഗമായ അരക്കോടിരൂപാ ചിലവാക്കികൊണ്ടിരിക്കുന്നു. ഈ നിലയിൽ എത്ര വമ്പിച്ച തുക ചിലവാക്കുന്നതിനു നമ്മുടെ രാജ്യത്തിനു ശക്തിയുണ്ടോ എന്നു എനിക്കു വളരെ സംശയം ആണ്. ഇങ്ങനെ ഭീമമായസംഖ്യ ചിലവാക്കിയുണ്ടായിട്ടുള്ള ഈ വിദ്യാഭ്യാസംനിമിത്തം തൊഴിലില്ലായ്മകൂടി വരുന്നു എന്നല്ലാതെ അതുകൊണ്ടു വിശേഷമായഗുണം സിദ്ധിക്കുന്നു എന്നുള്ളവിശ്വാസം എനിക്കശേഷമില്ല. അതിനാൽ മേലാൽ എങ്കിലും ഈ ചിലവിനെകുറച്ചുകൊണ്ടുപോകുന്നതിനു എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു കണ്ടുപിടിക്കുന്നതിനുള്ള ചുമതല ഗവണ്മെൻറിനാണുള്ളത്. നിവൃത്തിയുള്ളിടത്തോളം സ്കൂളുകൾ ഗവണ്മെൻറിൽനിന്നും മേലാൽ ഉണ്ടാക്കുന്നതിനു ശ്രമിക്കാതെ തക്കതായിട്ടുള്ള പ്രൈവെററ ഏജൻസികൾ പുതിയ സ്കൂളുകൾ തുടങ്ങുന്നതിനു സന്നദ്ധരാണെന്നുകണ്ടാൽ അവർക്കുവേണ്ട ഒത്താശകൾ ഗവണ്മെൻറിൽനിന്നു ചെയ്താൽ ഇങ്ങനെയുള്ള ചിലവുകളെ കാലക്രമേണ കുറച്ചു ഈ ഭീമമായ സംഖ്യയെ ചുരുക്കപ്പെടുത്താമെന്നാണ് എൻെറ അഭിപ്രായം. അടുത്തകാലത്തു ചില സമുദായക്കാർ സ്കൂൾസ്ഥാപിക്കുന്നതിനു കൊടുത്തിട്ടുള്ള അപേക്ഷകളിൽ ചിലതെല്ലാം തള്ളി, ചിലതെല്ലാം യാതൊരുതീരുമാനവും ചെയ്തിരിക്കുന്നു. അതുകൊണ്ടു കഴിഞ്ഞകാലങ്ങളായി എത്ര അപേക്ഷ കിട്ടിട്ടുണ്ട്. അതിൽ എത്ര എണ്ണത്തിനു അനുവാദംകൊടുത്തിട്ടുണ്ട്, എത്രഎണ്ണത്തിനു അനുവാദംകൊടുക്കാതെ പെൻഡിംഗ് ആയി കിടപ്പുണ്ട്. എന്നുള്ള ചോദ്യത്തിനു ഇതേവരെ മറുപടികിട്ടിയിട്ടില്ല. ഈ കൌൺസിൽ കഴിയുന്നതിനുമുമ്പ കിട്ടുമൊ എന്നും എനിക്കു സംശയമാണ്. അതുകൊണ്ടു ഞാൻ പറഞ്ഞ സംഗതികളെപ്പററി ഡയറക്ടർ അന്വേഷണംനടത്തിമനഃപൂർവ്വമായിട്ടു അനുവാദംകൊടുക്കാതെയുള്ള വല്ല അപേക്ഷയും ഉണ്ടെങ്കിൽ ആ കാര്യം ഡയറക്ടർ പ്രത്യേകമായി ഗൌനിക്കണം. ചില സ്ഥലങ്ങളിൽനിന്നും ക്ലിപ്തപ്പെടുത്തിയ അകലത്തിനുള്ളിൽ ഒരു സ്കൂൾ ഉണ്ടെങ്കിൽ വേറെ ഒരു സ്കൂൾ അനുവദിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. ഒരാററിൻെറ കരയ്ക്കു ഒരു സ്കൂൾ കാണും. ആ സ്കൂളിലേക്കു മറുകരയിൽനിന്നും കുട്ടികളെ വെള്ളപ്പൊക്കകാലത്തിൽ അയക്കുന്നതിനുള്ള പ്രയാസംകൊണ്ടുമററകരയിലും ഒരു സ്കൂൾ വേണമെന്നു അപേക്ഷിച്ചാൽ കൊടുക്കുകയില്ല എന്നു പറയുന്നതു വളരെ ബുദ്ധിമുട്ടാണ്. ചില ജാതിക്കാരുടെ സ്കൂളിൽ കൂടിയായി പഠിപ്പിക്കുന്നതിനു ചില കാരണങ്ങളാൽ മനസ്സില്ലാത്ത ആളുകളും കാണും. ഗവണ്മെൻറിനു നഷ്ടമില്ലാത്തതാണെങ്കിൽ റിക്കഗ്നൈസുചെയ്തു കൊടുക്കുന്നതിനു എന്താണുവിഷമം. (ഹിയർ) അതുകൊണ്ടു ഇങ്ങനെയുള്ള സംഗതികൾ ഡയറക്ടർ ശ്രദ്ധിക്കേണ്ടതാണ്. പ്രൈവെററ ഏജൻസികൾക്കു സഹായം ചെയ്തുകൊടുത്താൽ ഇപ്പോഴത്തെ ഭീമമായ ചിലവിനെ കുറയ്ക്കാൻ സാധിക്കുന്നതാണ്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ജാതിഭേദംകൂടാതെ പ്രവേശിക്കാൻ അനുവാദംകൊടുത്ത സ്കൂളുകൾക്കു അംഗീകാരം സിദ്ധിക്കുകയില്ല എന്നറിയാമോ?

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും വടക്കു): അറിയാം എങ്കിലും ചിലസ്ഥലങ്ങളിൽ പ്രത്യേകം ചില കാരണങ്ങളാൽ ചില ആളുകൾ കുട്ടികളെ അയക്കാൻ മടിക്കും.

കഴിഞ്ഞ മിഡ്സമ്മർ വെക്കേഷൻകാലത്തു മലയാളംസ്കൂളുകൾ അടയ്ക്കുന്നതിനുമുമ്പു ആക്റ്റിംഗായിട്ടുള്ള ൪൦൦ അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്നു ഡയറക്ടർ ഉത്തരവയക്കുകയും അത്രയും ആളുകളെ പിരിച്ചുവിടുകയും ചെയ്തു. അവരെ പിരിച്ചുവിട്ടകാലത്തു ൭൦൦ സ്ഥിര ഒഴിവുകളും ൩൦൦ ആക്റ്റിംഗ് ഒഴിവുകളും ഉണ്ടായിരുന്നു എന്നാണ് എന്റെ അറിവു. ൭൦൦ സ്ഥിര ഒഴിവുണ്ടായിരുന്നകാലത്തു ആ ഒഴിവിൽ [illegible] വർഷം ആക്റ്റുചെയ്തുവരെ സ്ഥിരപ്പെടുത്തിയിട്ടു ബാക്കിയുള്ളവർക്കു നിവൃത്തിയുള്ളിടത്തോളം ആക്റ്റിംഗുജോലിയും കൊടുത്തിട്ടു പിന്നീടു ബാക്കിയുള്ളവരെ പിരിച്ചുവിടുന്നതിനുപകരം അനേകംപേരെ ജോലിനോക്കിയിട്ടുള്ള എല്ലാമലയാളം സ്കൂൾ അദ്ധ്യാപകന്മാരെയും പിരിച്ചുവിട്ടു കഷ്ടപ്പെടുത്തിയതു ഒരിക്കലും നമ്മുടെ ഗവന്മെന്റിനു അഭിമാനകരമായ പ്രവൃത്തിയാണെന്നു എനിക്കു അഭിപ്രായമില്ല. സ്ഥിരഒഴിവുകളിൽ പകരം നോക്കിയിട്ടുള്ളവരെ സർവീസു അനുസരിച്ചു നിയമിക്കയും ബാക്കിയുള്ളവരെ പകരം ഒഴിവിലും നിയമിച്ചു ഗവർമ്മെന്റ് ഇവരുടെ സങ്കടനിവൃത്തി വരുത്തികൊടുക്കയും ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി വിരമിച്ചുകൊള്ളുന്നു.

സഭ രണ്ടടിച്ചു മൂന്നുമിനിട്ടായപ്പോൾ ഭക്ഷണത്തിനായി പിരിഞ്ഞു. വീണ്ടും ഉച്ചയ്ക്കുമേൽ പ്രവൃത്തിച്ചു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, മഹാറാണിതിരുമനസ്സിലെ തിരുമേനിയുടെ ആരോഗ്യത്തെപ്പറ്റി നഗരത്തിൽ അസ്വാസ്ഥ്യകരമായ പല വർത്തമാനങ്ങളും പറഞ്ഞിരിക്കുന്നു. ജനപ്രതിനിധികൾക്കു വലിയ മനോവിചാരങ്ങൾക്കു ഇടയുള്ളതാകുന്നു. തിരുമേനിയുടെ ആരോഗ്യത്തിന്റെ വാസ്തവസ്ഥിതി ഞങ്ങൾക്കു അറിഞ്ഞാൽകൊള്ളാമെന്നുള്ളതോടുകൂടി തിരുമേനിയുടെ ആരോഗ്യരക്ഷക്കായും നിവൃത്തിയുള്ളിടത്തോളം വൈദ്യസഹായം ഉണ്ടായിട്ടുണ്ടു് എന്നുള്ള ഉറപ്പും ഞങ്ങൾക്കു കിട്ടിയാൽ കൊള്ളാം.

പ്രസിഡണ്ടു: രാജ്യത്തിലെ ജനങ്ങൾക്കു മനസ്താപം വരുത്തക്കവണ്ണം യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു വർത്തമാനത്തെ ഇവിടെ പരസ്യപ്പെടുത്തുന്നതു ന്യായമാണെന്നു ഒരു ജനപ്രതിനിധിവിചാരിച്ചതിൽ ഞാൻ വ്യസനിക്കുന്നു. ഈ വാർത്ത തീരെ അടിസ്ഥാനരഹിതമാണെന്നു ഞാൻ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. തിരുമനസ്സുകൊണ്ടു നാഗർകോവിലിലേക്കു എഴുന്നള്ളിയിരിക്കുന്നതിൽനിന്നും അതു ജനിച്ചിരിക്കാം. തിരുമേനി കേവലം കാററുകൊള്ളുന്നതിനായി മാത്രമാണ് നാഗർകോവിലിലേക്കു പോയിരിക്കുന്നതെന്നു ഞാൻ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. തിരുമനസ്സിലേക്കു പതിവുപോലെയുള്ള ആരോഗ്യം ഇപ്പോഴും ഉള്ളതാകുന്നു. ആ കാര്യത്തിൽ യാതൊരു മനോവിചാരത്തിനോ അസ്വാസ്ഥ്യത്തിനോ കാരണമില്ലാത്തതാകുന്നു.

മി: ഇട്ടൂപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): മി: കെ. പി. നീലകണ്ഠപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഏറെയപൂർവം പിൻതാങ്ങികൊള്ളുന്നു. ഇന്നത്തെ തിരുവിതാംകൂറിലെ വിദ്യാഭ്യാസരീതിയെപ്പററി ആലോചിക്കയാണെങ്കിൽ ഒരു ആത്മീയമായ അറിവു സമ്പാദിക്കുന്നതിനു ധാരാളം മതിയാകും. എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. എന്നാൽ ഉദരപൂരണമാർഗ്ഗത്തിനു ഇപ്പോൾ ഈ വിദ്യാഭ്യാസം യാതൊരുവഴിയും നൽകുന്നില്ല എന്നുള്ളസംഗതി പ്രത്യേകംപറയാതെ തരമില്ല. കഴിഞ്ഞ മകരമാസത്തിൽകൂടിയ കൌൺസിലിൽ വിദ്യാഭ്യാസത്തെസംബന്ധിച്ച ഒരു പ്രമേയം ഞാനിവിടെ അവതരിപ്പിക്കുകയുണ്ടായി. അന്നത്തെ വിദ്യാഭ്യാസഡയറക്ടർ ആ പ്രമേയത്തിലിരിക്കുന്ന തത്വങ്ങളെ മിക്കവാറും സ്വീകരിച്ചുവെന്നും നടപ്പിൽകൊണ്ടുവരാൻ സ്വല്പം കാലതാമസം വേണ്ടിവരുമെന്നും മറുപടി പറയുകയുണ്ടായി. ഗവന്മെന്റും പുതിയ ഡയറക്ടരും ഈ സംഗതി നടപ്പിൽ കൊണ്ടുവരികയാണെങ്കിൽ ഇന്നു ഈ നാട്ടിലെ ജനങ്ങളുടെ ഇടയിൽ സംഭവിച്ചിട്ടുള്ള തൊഴിലില്ലായ്മയെ കുറെ എല്ലാംപരിഹരിക്കുന്നതിനു ഇടയാകും. ഇന്നത്തെ വിദ്യാർത്ഥികളിൽ പലരും ഉദ്യോഗാർത്ഥികൾ ആയിട്ടാണ് കാണപ്പെടുന്നതു. ഉദ്യോഗം ഒന്നും ലഭിക്കുന്നുമില്ല. വീട്ടിൽചെന്നാൽ തൊഴിൽ ഒന്നും അറിഞ്ഞുംകൂടാ. ഇങ്ങനെയുള്ള ആളുകൾ തിരുവിതാംകൂറിൽ ധാരാളമുണ്ടെന്നു സധൈര്യം എനിക്കുപറയാൻ കഴിയും. ഈ സംഗതികളെ പരിഹരിക്കാൻ എന്തെങ്കിലുമൊരു പദ്ധതി ഗവന്മെന്റു സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ നയങ്ങളെപ്പററി എനിക്കു ഒരു വാക്കുകൂടിപറയാനുണ്ടു. ൧൧൦൮ കുംഭം മുതൽ പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്റർമാർക്കു ൨൨ രൂപാ മുതൽ ൨൫ രൂപാവരെ ശമ്പളംകൊടുത്തുവന്നിരുന്നു. അതിനുശേഷം ൧൧൦൮ മേടത്തിൽ ഒരു പുതിയശമ്പളപരിഷ്കാരം നടപ്പിൽ വന്നതുമുതൽ ആ പരിഷ്കാരത്തിൽ ൨൦ രൂപായാണ് ഈ ഹെഡ്മാസ്റ്റർമാർക്കു ശമ്പളം നിശ്ചയിച്ചിരിക്കുന്നതും. ൧൫ മാസംവരെ ൨൨ രൂപാ മുതൽ ൨൫ രൂപാവരെ ശമ്പളം വാങ്ങിച്ചുകൊണ്ടിരിക്കുന്ന ഹെഡ്മിസ്ട്രസ്സമാർ അവർ കൂടുതൽ വാങ്ങിച്ചിട്ടുള്ള ശമ്പളം തിരയെകൊടുക്കണമെന്നും അതു മാസംതോറും ൫ രൂപാവീതം അവരുടെ ശമ്പളത്തിൽ നിന്നും പിടിച്ചു ഈടാക്കണമെന്നും ഡയറക്ടർ ഒരു ഉത്തരവുപുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു. സാധുക്കളും ഈ കാലത്തിൽ ഉപജീവനത്തിനു വളരെ ബുദ്ധിമുട്ടു അനുഭവിക്കുന്നവരുമായ ഇവരിൽ നിന്നും ഗവന്മെന്റു നല്ലമനസ്സോടുകൂടി ആദ്യം കൊടുത്ത കൂടുതൽശമ്പളം തിരിയെ ഈടാക്കണമെന്നുപറയുന്നതു വളരെ കഷ്ടമാണ്. അതുകൊണ്ടു ആ സംഗതിയിൽ പുതിയഡയറക്ടരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മാന്നാർ ട്രെയിനിംഗ് വി. എം. സ്കൂളിലേക്കു ൨൫ രൂപാവീതം കൊടുത്തുവന്നിരുന്നു എന്നാണ് എന്റെ അറിവു. എന്നാൽ ഇപ്പോൾ ഗവന്മെന്റു ൫ രൂപായാണ കൊടുത്തുവരുന്നതു. ആൺപള്ളിക്കൂടങ്ങളെക്കാൾ കുട്ടികൾ വളരെകുറവായുള്ള പെൺപള്ളിക്കൂടങ്ങൾക്കു ൧൫ രൂപാകൊടുക്കുന്നുണ്ടു. ഇംഗ്ലീഷ് സ്കൂളിലേക്കു ൨൫ രൂപായും കൊടുക്കുന്നുണ്ടു. ഇതു തീരെപോരാത്തതാണ് എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ആവിഷയത്തിലും കൂടുതൽ പണം കൊടുത്തു പ്രോത്സാഹിപ്പിക്കണമെന്നു ഞാൻ അഭിപ്രാ

യപ്പെടുന്നു. ഈ രാജ്യത്തെ ജീവിതത്തിനു അത്യന്താപേക്ഷിതമായ കൃഷി, വ്യവസായം മുതലായ തൊഴിലുകൾ വിദ്യാർത്ഥികളെ പഠിപ്പിച്ചു കൊണ്ടുവരണമെന്നുള്ള സംഗതികൂടി ഈ സഭയിൽ പ്രത്യക്ഷപ്പെടുത്തികൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഹാജരാക്കിയ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കൂടാതെ എനിക്കു വിദ്യാഭ്യാസ ഡയറക്ടരോടു അനുഭാവം ഉണ്ടെന്നും അദ്ദേഹത്തിന്റെ അനുഭവത്തിനു നമുക്കു അവകാശമുണ്ടെന്നും പ്രസ്താവിച്ചുകൊള്ളുന്നു. രാജ്യത്തിലെ വിദ്യാഭ്യാസ വിഷയത്തെപ്പറ്റി വേണ്ടുന്നതു പ്രവർത്തിക്കുന്നതിനു ഒരു ഇന്ത്യൻ ഡയറക്ടർക്കുമാത്രമേ സാധിക്കയുള്ളു എന്ന ടോക്കൻ മോഷൻ സഭ പാസാക്കിയെങ്കിലും ഇപ്പോൾ ഒരു യൂറോപ്യൻ ഡയറക്ടർ വിദ്യാഭ്യാസം എന്ന ഇനത്തിൽ ൪ ലക്ഷം രൂപ അനുവദിച്ചുകിട്ടണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ഇതിൽ ഞങ്ങൾക്കു വളരെ അവമാനത്തിനു കാരണമാകുന്നുണ്ട്. അദ്ദേഹം സംസ്ഥാനത്തിലെ വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചിടത്തോളം പുതിയ ആൾ ആകയാൽ അദ്ദേഹത്തിനു ഇവിടത്തെ വിദ്യാഭ്യാസ രംഗത്തിൽ നേരിട്ടുള്ള ഏർപ്പാടുകളും സഭയുടെ ഈ കക്ഷിയിൽ ഉള്ള മെംബർമാരുടെ നിശ്ചയം എന്തെന്നുള്ളതിനേയും പറ്റി പരിചയം ഇല്ല എന്നുവരുന്നതു സംഭാവ്യമാണല്ലോ. അവക്കു ഇന്നേവരെ മാത്രമേ. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ ഒരു റിപ്പോർട്ടു നല്കപ്പെട്ടുള്ളു. അതു ഏതു കാലത്തേക്കുള്ളതായിരുന്നാലും ആറുമാസം കഴിഞ്ഞതിൽ പിന്നീടുമാത്രമേ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്നുള്ള എങ്കിലും അതിൽ പിന്നീടു അഞ്ചുമാസം കഴിഞ്ഞതിൽ പിന്നീടുമാത്രമേ അതു പ്രസിദ്ധപ്പെടുത്തുകയും മെംബർമാർക്കു കൊടുക്കുകയും ചെയ്യപ്പെടുന്നുള്ളു. ഞങ്ങൾക്കു നല്കപ്പെട്ടിട്ടുള്ള റിപ്പോർട്ടിനെ സൂക്ഷ്മമായി വായിച്ചിട്ടു ഗവണ്മെന്റിലേക്കു രാജ്യത്തിലെ വിദ്യാഭ്യാസനയത്തെ പറ്റി ഏതെങ്കിലും പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകാൻ ഞങ്ങൾക്കു എങ്ങനെ സാധിക്കും? സഭയുടെ ഈ കക്ഷിയിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള വിമർശനങ്ങളിൽ പല കുറവുകളും ഉണ്ടായിരിക്കാം. സഭയുടെ ഈ കക്ഷിയിൽ ഉള്ള മെംബർമാർ ചെയ്തിട്ടുള്ള നിർദ്ദേശങ്ങളെ നടപ്പിൽ കൊണ്ടുവരുന്നതിനു ഡയറക്ടർക്കും അനേക പ്രയാസങ്ങൾ ഉണ്ടായിരിക്കാം.

സർ, കഴിഞ്ഞയാണ്ടു വിദ്യാഭ്യാസം സംബന്ധിച്ചു ഞാൻ ഒരു ഉപക്ഷേപം പ്രയോഗിക്കുന്നതിനിടയിൽ ഗ്രാൻറു വാങ്ങുന്ന മലയാളം പള്ളിക്കൂടങ്ങളിലെ ഉപാദ്ധ്യായന്മാരുടെ സ്ഥിതി വളരെ കഷ്ടമാണെന്നും അവരുടെ കഷ്ടതയെ ലഘൂകരിക്കാൻ വല്ല നടപടിയും നടത്തേണ്ടതാണെന്നും ഞാൻ പറഞ്ഞു. ഒരു പ്രാവിഡന്റുഫണ്ടു ആരംഭിക്കണമെന്നു ഞാൻ സൂചിപ്പിക്കുകയും എന്നോടു യോജിക്കുന്നു എന്നും ആ കാര്യത്തിനു വേണ്ട നടപടികൾ നടത്താമെന്നും ഡയറക്ടർ പറയുകയും ചെയ്തു എങ്കിലും ഇതേവരെ ഡിപ്പാർട്ടുമെന്റോ ഗവണ്മെന്റോ ആ കാര്യത്തിൽ വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

൧൧൦൮ വൃശ്ചികം മുതൽതന്നെ മലയാളം പള്ളിക്കൂടം വാദ്ധ്യാന്മാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനെ ഈ സഭ അനുവദിക്കുകയും, ശമ്പളം പരിഷ്കരിക്കുന്ന ജോലിക്കായി ൧൧൦൮ മൂലത്തിൽ കുറെ ജീവനക്കാരെ നിയമിക്കുകയും ചെയ്തു എങ്കിലും ആ പരിഷ്കാരം പൂർണ്ണമായി വരുത്തിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ എല്ലാം ഒന്നിനൊന്നു ബന്ധിച്ചിരിക്കാതെയും സമയോചിതമല്ലാതെയും ഇരിക്കുന്നു എന്നു ഡയറക്ടർ വിചാരിച്ചേക്കാം. യാതൊന്നും ശരിയായ സമയത്തിൽ നടക്കാത്തതുകൊണ്ടു അദ്ദേഹം ഇതേവരെ തുടർന്നുവന്ന പന്ഥാവിനെ തുടർന്നേക്കാവുന്നതും ആകുന്നു. സർ. ഈ കാര്യത്തെ കാര്യക്ഷമതയോടുകൂടി നടത്തപ്പെടുന്നില്ലെങ്കിൽ, തിരുവിതാംകൂറിലെ യാതൊരുവിഭാഗത്തിനും അതു തൃപ്തികരമായിരിക്കുന്നതല്ല.

ഒരു ഡയറക്ടർ വരുമ്പോൾ അദ്ദേഹം ആളുകളെ ജോലിക്കായി എടുക്കുന്നതിനെപ്പററി ചില ചട്ടങ്ങൾ ഏർപ്പെടുത്തുന്നു. സർക്കാർ ജോലിക്കു ഒരു പ്രത്യേക കാലത്തിനിടയിൽ ജോലിനോക്കീട്ടുള്ള വാദ്ധ്യാന്മാർക്കു പ്രാധാന്യം നൽകണമെന്നും അതിനു മുമ്പോ പിമ്പോ ഉള്ള കാലങ്ങളിൽ ജോലി നോക്കിയിട്ടുള്ളവരുടെ അവകാശങ്ങളെ ഗണിക്കേണ്ടതില്ല എന്നും ചില സർക്കുലർകൾ പുറപ്പെടുവിച്ചിട്ടുള്ളതായി നാം കാണുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ എത്രയോ ഉദ്യോഗസ്ഥന്മാർ ഉള്ളവർ ജോലിക്കു ആളെടുത്തതിൽ പല തെററുകളും വന്നിരിക്കാം. എന്നാൽ ഒരു വാദ്ധ്യാരെ സർവീസിൽ എടുക്കുമ്പോൾ സാധാരണയായി അയാൾ സർവീസുള്ളവനായിത്തീരുകയും അയാളുടെ ആക്ടിംഗ് സർവീസിനെ അടിസ്ഥാനപ്പെടുത്തി ഡിപ്പാർട്ടുമെന്റിൽ ഒരു അവകാശം സിദ്ധിക്കുമെന്ന് അയാൾ ആശിക്കയും ചെയ്യുന്നു. എന്നാൽ തന്നിൽ ചുമത്തിട്ടുള്ളവേലയെ ശരിയായി നിർവഹിക്കാതിരുന്ന ഒരുദ്യോഗസ്ഥൻ അയാളെ നിയമിച്ചതുകൊണ്ടു അയാളുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടുപോയി എന്നു അയാളോടു പൊതുവെ പറയപ്പെടുന്നു. അതുകൊണ്ടു മേലാൽ തീരെ പുത്തൻ ആളുകളെക്കാൾ കുറെക്കാലം എങ്കിലും ഡിപ്പാർട്ടുമെന്റിൽ പകരം ജോലിനോക്കീട്ടുള്ള വാദ്ധ്യാന്മാർക്കു വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ പ്രാധാന്യം നൽകണം എന്നാണു ഞാൻ പറയുന്നതു. ൧൧൦൧ ചിങ്ങത്തിനുമുമ്പുള്ള കാലത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ജോലിനോക്കീട്ടുള്ള വാദ്ധ്യാന്മാരുടെ ഒരു വലിയ വിഭാഗത്തിനു വലിയ മനോവേദനയും അസംതൃപ്തിയും ഉള്ളതാകുന്നു.

ഡയറക്ടരുടെ ശ്രദ്ധപതിയണമെന്നു ഞാൻ പറയുന്ന വേറെ ഒരു കാര്യം ജോലിക്കു ആൾ എടുക്കുന്നതിനെ, വിശേഷിച്ചും മലയാളം പള്ളിക്കൂടത്തിലേക്കു ആൾ എടുക്കുന്നതിനെപ്പററിയാകുന്നു. ഗ്രാൻറു പള്ളിക്കൂടങ്ങളിൽ കുറെ എങ്കിലും പരിചയം ഉണ്ടായിട്ടുള്ള വാദ്ധ്യാന്മാരെ ജോലിക്കു എടുക്കുന്നതു നന്നായിരിക്കും. സ്വഭാവേന അവർ തീരെപുത്തൻ ആളുകളെക്കാൾ നല്ലവരാണെന്നു കരുതപ്പെടുന്നു. അവക്കു മാനേജർ ഏല്പിക്കുന്ന ശകലിച്ചു ൭ രൂ/൮ ചക്രം പ്രായേണ ഗ്രാൻറു കിട്ടുന്നുള്ളു. ആ കഷ്ടസ്ഥിതിയിൽ വേലചെയ്യുന്ന വാദ്ധ്യാന്മാരെ പ്രോത്സാഹിപ്പിക്കയും അവരെ ഡിപ്പാർട്ടുമെന്റിൽ വാദ്ധ്യാന്മാരായി എടുക്കുകയും ഡിപ്പാർട്ടുമെന്റിലെ വാദ്ധ്യാന്മാർക്കു കൊടുക്കുന്ന സ്വല്പശമ്പളത്തെ അവക്കു കൊടുക്കുകയും ചെയ്യേണ്ടതു ഡിപ്പാർട്ടുമെന്റിന്റെ ധർമ്മം അല്ലയോ? ഗ്രാൻറുപള്ളിക്കൂടങ്ങളുടെ കാര്യക്ഷമത അതിനാൽ കുറഞ്ഞുപോകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അവർ ഏതു പള്ളിക്കൂടത്തിൽ ഇരിക്കുന്നുവോ ആ പള്ളിക്കൂടത്തിന്റെ കാര്യക്ഷമത കുറഞ്ഞുപോകാതെ നടത്തിപ്പോരണമെന്നു മാനേജർമാർക്കു വാസ്തവത്തിൽ ഉദ്ദേശം ഉണ്ടെന്നു വരുകിൽ ആ പള്ളിക്കൂടത്തിലെ വാദ്ധ്യന്മാർക്കു അവർ മതിയായ പ്രോത്സാഹനം നൽകേണ്ടതാണ്. കൂടാതെ ഡിപ്പാർട്ടുമെന്റ് സർവീസിൽ അവരെ അർഹിക്കപ്പെടുന്നതിനു ഇടയാക്കാതെ അവർ നോക്കിക്കൊള്ളുകയും ചെയ്യുമെന്നു എനിക്കു നിശ്ചയമുണ്ട്. എന്റെ ഈ നിർദ്ദേശങ്ങളെ ഡയറക്ടർ വേണ്ടവിധത്തിൽ ശ്രദ്ധിക്കുമെന്നു ഞാൻ ആശിക്കുന്നു. ഈ വിമർശനത്തോടു കൂടി ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): മൂന്നാംക്ലാസായി ജയിച്ച ഒരാളിനെ ആക്ടിംഗായിട്ട നിയമിച്ചു അയാൾ പത്തുദിവസം ജോലിനോക്കി അതുകഴിഞ്ഞു ഒരു ഒഴിവുവരുമ്പോൾ ഒന്നാംക്ലാസായി പരീക്ഷജയിച്ച ഒരാൾവന്നു അപേക്ഷിക്കുന്നു. അപ്പോൾ ഈ ഒന്നാംക്ലാസായി ജയിച്ചആളിനെ ആണോ അതല്ല ആക്ട് ചെയ്തിട്ടുള്ള ആളിനുകൊടുക്കണോ എതാണുവേണ്ടത്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒന്നാംക്ലാസുകാരനെ മാത്രമെ ആ ജോലിയിൽ നിയമിക്കാവുള്ളുവെങ്കിൽ ഒന്നാംക്ലാസുകാരനുതന്നെ കൊടുക്കണം. ഒന്നാംക്ലാസുകാരനെ കിട്ടാത്തതുകൊണ്ടായിരിക്കാം മൂന്നാംക്ലാസുകാരനെ നിയമിച്ചത്. എന്നാൽ മൂന്നാംക്ലാസുകാരൻ ആ സ്ഥാനത്തേക്ക മതി എന്നാണെങ്കിൽ ആ ആക്ട്ചെയ്യുന്ന ആളിനുതന്നെ കൊടുക്കണം. അയാൾ ആക്ട്ചെയ്തിട്ടുള്ള അവകാശത്തെ അവഗണിച്ചുകൂടാ.

മി: വി. ചെല്ലംപിള്ള (തോവാള): പത്തുദിവസം ആക്ട്ചെയ്താൽ അതു ഒരു അവകാശമാണോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തീർച്ചയായിട്ടും അതു ഒരു അവകാശമാണ് ഒരുദിവസമായിരുന്നാലും ആ അവകാശത്തെ അവഗണിക്കാൻ പാടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): ചില ആളുകൾക്ക ഗാഡ്ഫാദർ സർവീസിൽ ഇല്ലാത്തതുകൊണ്ടു ഉദ്യോഗത്തിൽ കയറാൻ സാധിക്കാതെവന്നേക്കാം. അങ്ങനെയുള്ളആളുകൾ പിന്നീട അപേക്ഷിക്കുമ്പോൾ അയാൾക്ക കൊടുത്തുകൂടാ എന്നാണൊ പറയുന്നത്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരാൾ ഉദ്യോഗത്തിനു അപേക്ഷിച്ചാൽ അർഹതയുണ്ടെങ്കിൽ ന്യായമായിട്ട അയാൾക്ക കൊടുക്കണം. അല്ലാതെ വേറെ ഒരാളിനു പ്രത്യേകപക്ഷപാതം കാണിക്കരുത്.

മിസസ്. എലിസബത്തു കുരുവിള (ഗവൺമെൻറുനിയമിച്ച മെമ്പർ): സർ, ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിൽ നമ്മുടെ വിദ്യാഭ്യാസനയത്തെപ്പറ്റി ചില വിമർശനങ്ങൾ ചെയ്തുകൊള്ളുന്നു. പള്ളിക്കൂടങ്ങളുടെസംഖ്യ വർദ്ധിപ്പിച്ച ഗവൺമെൻറു ഈകാര്യത്തിൽ പ്രോത്സാഹനം നൽകേണ്ട ആവശ്യം ഇല്ലാത്തവിധം തിരുവിതാംകൂറിൽ വിദ്യാഭ്യാസം ഒരുനിലയിൽ എത്തിയിട്ടുണ്ടെന്നു പ്രയോക്താവുപറഞ്ഞു. ഡിപ്പാർട്ടുമെണ്ടിൻെറ ഒരണറിപ്പോർട്ടിലും അങ്ങനെ പറഞ്ഞുകാണുന്നു എന്നുതോന്നുന്നു. പള്ളിക്കൂടത്തിൽ പോകാൻ പ്രായമുള്ള എറക്കുറെ എല്ലാകുട്ടികളേയും വായിക്കാനും എഴുതാനും പഠിപ്പിക്കുന്നുണ്ട് എന്നു റിപ്പോർട്ടിൽ പറയുന്നു അതുകൊണ്ടു സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തെ പുഴയായി എതുമാർഗ്ഗത്തിൽകൂടി നന്നാക്കാമെന്നു ഡിപ്പാർട്ടുമെൻറു ആലോചിക്കേണ്ടകാലം വന്നിരിക്കുന്നു എന്നു എനിക്കുതോന്നുന്നു. ഇവിടത്തെ ജനങ്ങളുടെ ജീവിതരീതിക്കനുസരണമായും നല്ലവണ്ണംയോജിക്കത്തക്കവണ്ണവും ഇപ്പോഴുള്ള വിദ്യാഭ്യാസത്തെ ഉദ്ധരിക്കുകയും പരിഷ്കരിക്കുകയും ചെയ്യേണ്ടകാലം വന്നിരിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തെ പറ്റി അല്പം പറയണമെന്നു ആഗ്രഹിക്കുന്നു. സംസ്ഥാനത്തിൽ ... മാണ് ... പ്രാഥമികവിദ്യാലയങ്ങൾ ഉണ്ടായിരുന്നതായി റിപ്പോർട്ടുപറയുന്നു. അതു വലിയ ഒരു സംഖ്യതന്നെയാണ്. അതു സംസ്ഥാനത്തിലെ കൊച്ചുകുട്ടികളുടെ ആവശ്യത്തിനു മതിയാകുന്ന ഒരു സംഖ്യതന്നെയാണ് അതുകൊണ്ടു ഡിപ്പാർട്ടുമെണ്ടിൽനിന്നും പ്രാഥമികവിദ്യാലയങ്ങളെ വർദ്ധിപ്പിക്കുന്നതിനെ നിറുത്തൽചെയ്യുന്നതിനും പ്രാഥമികവിദ്യാഭ്യാസത്തിൻെറ സ്ഥിതിയെ എതുപ്രകാരത്തിൽ നന്നാക്കാമെന്നുള്ളതു ആലോചിക്കുന്നതിനും ഉള്ളകാലം വന്നുകഴിഞ്ഞിരിക്കുന്നു എന്നു എനിക്കുതോന്നുന്നു. ഡിപ്പാർട്ടുമെൻറു തങ്ങളുടെ പള്ളിക്കൂടങ്ങളിൽ വേണമെന്നു നിർബന്ധിക്കുന്നതിനെക്കാൾ കൂടുതൽ വ്യവസ്ഥകളെ പള്ളിക്കൂടങ്ങളുടെ ഉടമസ്ഥന്മാരായ പ്രൈവററു ഏജൻസികളുടെ മേൽചുമത്തുന്നു എന്നു ഒരുമെമ്പർ പറയുകയുണ്ടായി. സംസ്ഥാനത്തിലെ പ്രാഥമികവിദ്യാഭ്യാസത്തെ കുട്ടികൾക്ക വിട്ടുകൊടുക്കുന്നതു കുറെക്കൂടിനന്നായിരിക്കും. ഇങ്ങനെ വിചാരിക്കുന്നതിനുള്ള ഒരുകാരണം മേൽപറഞ്ഞതുതന്നെആണെന്നു എനിക്കുതോന്നുന്നു. അങ്ങനെയാണെങ്കിൽ ഡിപ്പാർട്ടുമെണ്ട് ചുമത്തീട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു നടക്കുന്നതിൽ നിർബന്ധിക്കാവുന്നതാകുന്നു. സംസ്ഥാനത്തിൻെറ ഒരററത്തിൽ നിന്നും മറെറ അററംവരെ മെയിൻറോഡുകളിൽ കൂടി യാത്രചെയ്യുന്ന യാതൊരാൾക്കും വഴിയരികിൽ എത്ര പള്ളിക്കൂടങ്ങൾ ഉണ്ടെന്നും പള്ളിക്കൂടങ്ങളിലേക്ക എത്രമാത്രം കുട്ടികൾ പോകുകയോ അവിടെനിന്നും വരികയോ ചെയ്യുന്നുഎന്നും കാണുന്നതു അഭിമാനകരമായിട്ടുള്ളതാകുന്നു. എന്നിരുന്നാലും ഈ പള്ളിക്കൂടങ്ങൾക്ക സാധനസാമഗ്രികൾ കൊടുത്തിട്ടുള്ളതിനെ സംബന്ധിച്ചു ഗൌനിക്കുന്നതായാൽ അതു അഭിമാനത്തിനു കാരണമാകുന്നതല്ല. ഇങ്ങോട്ടും അങ്ങോട്ടുമായി ചരിഞ്ഞുനില്ക്കുന്ന തൂണുകൾ ചീത്തസ്ഥിതിയിലുള്ള ചുവരുകൾ ചോർച്ചയുള്ള മേൽക്കൂടുകൾ ഇവയോടുകൂടിയ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളിൽ വച്ചു സംസ്ഥാനത്തെ കൊച്ചുകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നു. ഈകാര്യത്തിൽ ഡിപ്പാർട്ടുമെൻറു സഹായിക്കുന്നതു ഇങ്ങനെയാണ്. എന്നാൽ ഈനിലയിൽ ഉള്ള കുടിവകപള്ളിക്കൂടങ്ങൾ നാം കാണുന്നില്ല. എന്തുകൊണ്ടെന്നാൽ പാഠശാലാകെട്ടിടങ്ങൾ ഇന്നത്തെരീതിയിലും നല്ലസ്ഥിതിയിലും ഇരിക്കണം എന്നു ഡിപ്പാർട്ടുമെണ്ട് നിർബന്ധിക്കുന്നുണ്ട്. കെട്ടിടങ്ങളെ സംബന്ധിച്ചുമാത്രമല്ല പാഠശാലകളുടെ സാമാന്യസ്ഥിതിയെപ്പററിയും നിർബന്ധം ഉള്ളതാകുന്നു. പള്ളിക്കൂടങ്ങളെ വിദ്യാഭ്യാസബോർഡുകളെ ഏല്പിച്ചിരുന്നതായാലും മററുവല്ലതരത്തിലുമുള്ള കുടിവകസംഘങ്ങളെ ഏല്പിച്ചിരുന്നതായാലും കുടിവകസംഘങ്ങളോട എതുസമയത്തും ഡിപ്പാർട്ടുമെണ്ട് നിശ്ചയിക്കുന്ന വ്യവസ്ഥകൾ അനുസരിക്കണം എന്നു എപ്പോഴും നിർബന്ധിക്കാൻ കഴിയും. അനുവർത്തിച്ചുനടക്കേണ്ടതായ വിശാലരീതിയിലുള്ള വിദ്യാഭ്യാസരീതിയും പഠനരീതിയും ഡിപ്പാർട്ടുമെണ്ട് നിശ്ചയിക്കയും ഈ വ്യവസ്ഥകൾ നിർവഹിക്കപ്പെടുന്നുണ്ടോ എന്നു പരിശോധനകഴിഞ്ഞു നോക്കിക്കൊള്ളുകയും ചെയ്യാൻകഴിയും. ഓട്ടുവർഷത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി പത്തുലക്ഷം രൂപയോളം തുക ചിലവാക്കിവരുന്നു. ഈ പാഠശാലകളെ ഈ വകഅധികാരസ്ഥന്മാരെ ഏല്പിക്കുന്നതായാൽ ഈ ധനത്തിൽ അധികാംശവും ലാഭം വരുത്താവുന്നതും ശേഷമുള്ളതുകയെ മററുമാർഗ്ഗങ്ങളിൽ ഗുണകരമായും ഈ പാഠശാലകൾക്ക ഉദാരധനസഹായം നൽകുന്നതിലും ചിലവാക്കാവുന്നതും ആകുന്നു. മിക്കവാറും കൂടുതൽ ... വയസ്സുപ്രായമുള്ള കുട്ടികളാണ് പ്രൈമറിസ്കൂളുകളിൽ പഠിക്കുന്നത്. അവർക്ക ഓരോവിഷയം ... വയസ്സിൽ പഠിപ്പിക്കേണ്ട ഉദ്ദേശ്യത്തിനു ... ആയതിനാൽ അവിടങ്ങളിൽ പഠിത്തം ക്ലേശകരമായിരിക്കുന്നതിനെക്കാൾ അധി

കം സന്തോഷപ്രദമായിരിക്കേണ്ടകാലം ആണ്. ഭൂലോകത്തിൽ നാഗരികതയെ പ്രാപിച്ചിട്ടുള്ള സകല രാജ്യങ്ങളിലും ബാലന്മാരുടെ വിദ്യാഭ്യാസത്തിൽ നവീനരീതികൾ പരിശോധിച്ച് അനുവർത്തിക്കപ്പെട്ടുവരുന്നു. ഈ സ്ഥിതിക്കു കേവലം യന്ത്രം നടത്തൽ പോലെയുള്ളതല്ലാത്ത അദ്ധ്യാപനസമ്പ്രദായം സ്വീകരിക്കേണ്ടതാണ്. ഈ രാജ്യത്തിലെ സർക്കാർ പള്ളിക്കൂടങ്ങളിൽ ഈ രീതിയിൽ ഉള്ള യാതൊന്നും തന്നെയില്ല. ഞാൻ ബഡ്ജറ്റു നോക്കിയതിൽ കിൻറർഗാർടൻ രീതിക്കായി ൫൦൦ രൂപാ നീക്കിവച്ചിട്ടുള്ളതായി കണ്ടു. കൊച്ചുകുട്ടികൾക്ക അനുരൂപമായ പ്രത്യേകരീതിയിൽ ഉള്ള അദ്ധ്യാപനത്തിനു അതു മതിയായ തുകയാണെന്നു ഗണിക്കാൻ പാടില്ല. ഈ രാജ്യത്തിൽ പ്രാഥമികവിദ്യാഭ്യാസം എന്ന മുഴുവൻ പ്രശ്നത്തേയും ഗവണ്മെൻറ് പരിശോധിക്കയും ഏതു മാർഗ്ഗങ്ങളിൽ പരിഷ്കാരം വരുത്താം എന്നു നോക്കുകയും ചെയ്യേണ്ടതാകുന്നു. ഞാൻ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പല മാറ്റങ്ങൾ ചെയ്യാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തിലെ പ്രൈമറിസ്കൂളുകളിൽ പെൺവാദ്ധ്യാർമാരെ അധികമായി നിയമിക്കണം എന്നും ഞാൻ നിർദ്ദേശിക്കുന്നു. പുരുഷന്മാരേക്കാൾ പ്രാഥമികവിദ്യാഭ്യാസനത്തിനു സ്ത്രീകളെ ഏല്പിക്കേണ്ടതാണെന്നു ഞാൻ വാദിക്കുന്നു. അതിനു ഈ സഭയിലെ മററു മെമ്പർമാർ അനുവദിക്കുമൊ എന്നു എനിക്കു അറിഞ്ഞുകൂടാ. അതെങ്ങനെയിരുന്നാലും കൊച്ചുകുട്ടികളെ പഠിപ്പിക്കുന്നതിനു ഇപ്പോഴത്തേക്കാൾ കൂടുതൽ സ്ത്രീകളെ നിയമിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ പ്രകാരം അനുവർത്തിക്കുന്ന പക്ഷം, എത്ര പാഠശാലകൾ ആരംഭിക്കാം എന്നും, എത്രയധികം ആളുകൾക്ക ധനസമ്പാദനത്തിനു വഴിയുണ്ടാക്കാം എന്നും ഉള്ള സംഗതികൾ ആണെന്നു തോന്നുന്നു. അങ്ങനെയല്ല വേണ്ടതു്.

ശരിയായ നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കയും വിദ്യാഭ്യാസം നൽകുന്നതിനുള്ള മാർഗ്ഗത്തെ സൃഷ്ടിക്കയും ചെയ്യണം. ഇതായിരിക്കണം ഗവണ്മെൻറിന്റെ ലക്ഷ്യം. കൂടുതൽ എണ്ണം സ്ത്രീകളെ നിയമിക്കണം എന്നു ഞാൻ പറയുന്നതോടുകൂടി ഈ സ്ത്രീകൾക്ക അദ്ധ്യാപകവൃത്തി പരിശീലിക്കുന്നതിനു അധികം സൌകര്യം ചെയ്യണം എന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഇപ്പോൾ സ്ത്രീകൾക്കായുള്ള ട്രെയിനിംഗ് സ്കൂളുകൾ വളരെ ചുരുക്കമാകുന്നു. ഇംഗ്ലീഷുസ്കൂളുകളിലെ വാദ്ധ്യാർമാരുടെ ശിക്ഷാക്രമപരിശീലനത്തിന്റെ കാര്യം നോക്കുന്നതായാൽ അവരിൽ ൩൭ ശതമാനംപേർ മാത്രമെ ശിക്ഷാക്രമപരിശീലനം നടത്തീട്ടുള്ളു. വിദ്യാഭ്യാസം എന്നതു ശിക്ഷാക്രമം അഭ്യസിച്ചവരുടെ അദ്ധ്യാപനസാമർത്ഥ്യം ആവശ്യപ്പെട്ടിരിക്കുന്ന വിഷയം ആണെന്നുള്ള സംഗതിയെ ഗണിക്കുമ്പോൾ ഈ എണ്ണം തുലോം കുറവാണ്. അദ്ധ്യാപകന്മാർക്ക അധികം നല്ല വ്യവസ്ഥ വേണം എന്നുള്ള സംഗതിയെ മനസ്സിൽ പ്രത്യേകം ധരിച്ചുകൊണ്ടു വാദ്ധ്യാർമാരുടെ ശിക്ഷാക്രമപരിശീലനത്തിനു കൂടുതൽ സൌകര്യം നൽകേണ്ടതാകുന്നു.

മിഡിൽ സ്കൂളുകളുടെ കാര്യത്തിൽ ആകട്ടെ ഡിപ്പാർട്ടുമെൻറ് റിപ്പോർട്ടു തൃപ്തികരമല്ലാത്ത വിവരം ഉള്ളതായി കാണുന്നു. ഇവയിൽ കാര്യക്ഷമത ഇല്ല എന്നും അനേകം മിഡിൽ സ്കൂളുകൾ കേവലം ധനസമ്പാദനത്തിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണെന്നും റിപ്പോർട്ടിൽ കാണുന്നു. അതു ഏതാണ്ടൊക്കെ സത്യം തന്നെ എന്നു എനിക്കു തോന്നുന്നു. മിഡിൽസ്കൂളുകൾ അവയിലെ വിദ്യാർത്ഥികൾ ഏതു ഹൈസ്കൂളുകളിൽ ചെന്നുചേരുന്നുവൊ അവയുടെ ഗുണത്തെ താഴ്ത്തീട്ടുണ്ട്. ഒരു ക്ലാസ്സുസമയത്തിനുള്ളിൽ ഹൈസ്കൂൾ ആക്കിക്കൊള്ളാം എന്നു ഒരു വാഗ്ദാനം ചെയ്യുന്നതായാൽ അല്ലാതെ മിഡിൽസ്കൂളുകൾ ആരംഭിക്കുന്നതിനു അധികം പ്രോത്സാഹനം നൽകരുത്. ഇതാണ് എന്റെ അഭിപ്രായം.

പെൺപള്ളിക്കൂടങ്ങളിലെ പാഠപദ്ധതിയെക്കുറിച്ചും അല്പം പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസം ആൺകുട്ടികളുടെ വിദ്യാഭ്യാസരീതിയിൽനിന്നു തീരെ ഭിന്നമായിരിക്കണം എന്നു വിചാരിക്കുന്നവരിൽ ഒരാളല്ല ഞാൻ. രാജ്യാഭിവൃദ്ധിക്കായി പുരുഷന്മാരും സ്ത്രീകളും ഏകോപിച്ചു പ്രവർത്തിക്കേണ്ടതാണ്. അവരുടെ വിദ്യാഭ്യാസം മിക്കവാറും ഒരുപോലെ ഇരിക്കേണ്ടതാകുന്നു എന്നു ഞാൻ വിചാരിക്കുന്നു. പെൺപള്ളിക്കൂടങ്ങളിൽ ഗാർഹികവിഷയങ്ങൾ പഠിപ്പിക്കുന്നതിനു കൂടുതൽ സൌകര്യങ്ങൾ നൽകേണ്ടതാണെന്നു അതേകാലത്തു ഞാൻ വിചാരിക്കുന്നു. മററു വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള സമയത്തെ സ്വല്പം കുറയ്ക്കണം. പാചകം, ഗൃഹഭരണം, ശിശുപരിചരണം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു ഏതാനും സമയം അനുവദിക്കണം. പത്തും പതിനഞ്ചും വയസ്സിനിടയ്ക്കുള്ള പെൺകുട്ടികൾ ശിശുക്കളുടെ കാര്യത്തിൽ താല്പര്യം കാണിക്കുന്നു. അവരെ പരിചരിക്കാനുള്ള മാർഗ്ഗം പിൻകാലത്തു പഠിക്കാൻ അവർ ആരംഭിക്കുന്നതാണ്. അതുകൊണ്ടു മററു വിഷയങ്ങൾ പഠിക്കുന്നതിനുള്ള സമയത്തെ കുറച്ചു പെൺപള്ളിക്കൂടത്തിലെ കുട്ടികൾക്ക ഇതരകാര്യങ്ങൾക്ക അധികം സൌകര്യം നൽകണം. ഇതിൽകൂടുതലായി എനിക്കു പലതും പറവാനുണ്ട്. വിദ്യാഭ്യാസനയത്തിന്റെ മററു വശങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്ന സന്ദർഭത്തിൽ ഞാൻ അവയെപ്പററി പ്രസ്താവിക്കുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: മുതുവഴിയിൽ പാച്ചുപിള്ള (ചേർത്തല): ഈ രാജ്യത്തെ വിദ്യാഭ്യാസനയത്തെ വിമർശനം ചെയ്യുന്നതിനുവേണ്ടി എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഇവിടെ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ഇന്നത്തെ കാലസ്ഥിതിക്കു അശേഷം യോജിച്ചതല്ല. വിദ്യാഭ്യാസം ചെയ്യുന്നതിന്റെ ഒരു പ്രധാന ഉദ്ദേശം ജീവിതമത്സരത്തിൽ വിദ്യാഭ്യാസവിജയം നേടുന്നതിനുവേണ്ടിയാണ്. അതിലേക്കു ഇന്നത്തെ വിദ്യാഭ്യാസരീതി അശേഷം ഉപകരിക്കുന്നില്ല.

ഇവിടത്തെ വിദ്യാഭ്യാസം കേവലം സാഹിത്യപരമായതാണ്. സാഹിത്യപരമായ ഈ വിദ്യാഭ്യാസസമ്പ്രദായം വളരെക്കാലമായി നാം അനുകരിച്ചുവന്നതിന്റെ ഫലമായി കുറെ പരീക്ഷാവിജയികളായ ആളുകളെ നമുക്കു ലഭിക്കാൻ കഴിഞ്ഞുവെന്നല്ലാതെ മററു യാതൊരു വിധത്തിലുള്ള പ്രയോജനവും അതുകൊണ്ടുണ്ടായിട്ടില്ല. വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ സംഖ്യ വർദ്ധിച്ചുവരുന്തോറും ഈ രാജ്യത്തു തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നു. നമ്മുടെ വിദ്യാഭ്യാസത്തിനുവേണ്ടി ആണ്ടുതോറും നാം ചിലവാക്കുന്ന പണത്തിനനുസരണമായ ഫലം നമുക്കു സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, അതുകൊണ്ടു നിവൃത്തിക്കുള്ള മാർഗ്ഗങ്ങൾപോലും നമുക്കു ല

ിക്കുന്നില്ല. അതിനാൽ ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ കാലോചിതമായ മാററങ്ങൾ വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരീക്ഷാവിജയികളുടേയും പരീക്ഷാവിജയികളല്ലാത്തവരുടേയും സംഖ്യ വർദ്ധിച്ചു ഈ രാജ്യത്തു തൊഴിലില്ലാത്തവരുടെ എണ്ണം അധികരിച്ചിരിക്കുന്നതിനാൽ അതിലേക്കുള്ള പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ഒരിക്കൽ ഇവിടെ ഒരു കമ്മററിയെ നിശ്ചയിച്ചു. ആ കമ്മററി അന്വേഷണം നടത്തി വിദ്യാഭ്യാസസമ്പ്രദായത്തിൽ ഇന്നത്തെ കാലസ്ഥിതിക്കനുസരണമായ ചില മാററങ്ങൾ വരുത്തേണമെന്നു കാണിച്ചു ഒരു റിപ്പോർട്ടും സമർപ്പിച്ചു. അതിനുശേഷം ഇപ്പോൾ കാലവും കുറെ കഴിഞ്ഞു. ഇതുവരെ ആ റിപ്പോർട്ടിന്മേൽ യാതൊരു നടപടികളും ഗവൺമെൻറു നടത്തിട്ടില്ല.

രണ്ടുവക ശാഖകളായിട്ടാണ് ഇവിടത്തെ വിദ്യാഭ്യാസം ഇപ്പോൾ നടത്തപ്പെടുന്നതു്. അതായതു ഇംഗ്ലീഷും, മലയാളവും. ഇതു രണ്ടിനേയും രണ്ടുവിധത്തിലാണു പരിഗണിക്കപ്പെട്ടുവരുന്നതെന്നു പ്രഥമദൃഷ്ടിയിൽ തന്നെ കാണാവുന്നതാണ്. മാതൃഭാഷ പഠിപ്പിക്കുന്നുള്ള മലയാളം സ്കൂളുകളിൽചെന്നു നോക്കിയാൽ ശരിയായ സ്ഥലമില്ല, കെട്ടിടമില്ല, വേണ്ട സാമാനങ്ങൾ മുതലായ യാതൊന്നുമില്ല എന്നു കാണാം. ഇംഗ്ലീഷു വിദ്യാലയങ്ങളിൽ ചെന്നാൽ അവ സാമാന്യം പരിഷ്കൃതരീതിയിലിരിക്കുന്നതായിട്ടും കാണാം. മാതൃഭാഷ അഭ്യസനത്തിനുള്ള വകുപ്പായതുകൊണ്ടാണോ ഈ സൌകര്യങ്ങളെല്ലാം അവിടെ കുറഞ്ഞുപോയതെന്നുകൂടി ആർക്കും തോന്നിപ്പോകും. ഈ വിദ്യാലയങ്ങളെ എല്ലാം ഇംഗ്ലീഷു വിദ്യാലയങ്ങളെപ്പോലെ ഉയർത്തിക്കൊണ്ടു വരുന്നതിനു വളരെ ചെലവു വേണ്ടിവരുമെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. എന്നാൽ വലിയ ചെലവുകൂടാതെ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാൻ കഴിയുമോ എന്നു ആലോചിക്കേണ്ടതാണ്.

മലയാളം സ്കൂളുകളിൽ നാലാംക്ലാസു കഴിഞ്ഞാൽ അഞ്ചും ആറും ഏഴും ക്ലാസുകളും അതുകഴിഞ്ഞാൽ V. S. L. C. പരീക്ഷയും ഉണ്ട്. അതുപോലെതന്നെ ഇംഗ്ലീഷുസ്കൂളുകളിൽ പ്രിപ്പെറററി മുതൽ മൂന്നാം ഫാറംവരെ ഉള്ള താഴ്ന്ന ക്ലാസ്സുകളും ഉണ്ട്. പ്രിപ്പെററി മുതൽ മൂന്നാംഫാറംവരെ കൊടുക്കുന്ന ഇംഗ്ലീഷു വിദ്യാഭ്യാസത്തെക്കൂടി മലയാളം പള്ളിക്കൂടങ്ങളിൽ ൫-ം ൬-ം ൭-ം ക്ലാസ്സുകളിൽ നടത്തുകയും ഇംഗ്ലീഷുസ്കൂളുകളിലെ മൂന്നാം ഫാറംവരെയുള്ള ക്ലാസ്സുകൾ നിറുത്തൽ ചെയ്യുകയും ചെയ്യാൻ പാടില്ലയോ എന്നു ഗാഢമായി ആലോചിക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ ഇംഗ്ലീഷുസ്കൂളുകളിലെ താഴ്ന്ന ക്ലാസുകളിൽ ഉള്ള വാദ്ധ്യാന്മാരേയും ആ വിനത്തിലേക്കു ചെലവാകുന്ന സംഖ്യയേയും ഉപയോഗപ്പെടുത്തി മലയാളം സ്കൂളുകളിലെ അഞ്ചും ആറും ഏഴും ക്ലാസുകളുടെ സ്ഥിതി നന്നാക്കുവാനും സാധിക്കുന്നതാണ്. ഇങ്ങനെയൊരു പരിഷ്കാരം വരുന്നതോടുകൂടി മലയാളം പള്ളിക്കൂടങ്ങളിൽ പ്രധാനമായിട്ടു മലയാളഭാഷയും അതോടുകൂടി ഇംഗ്ലീഷു നിർബന്ധമായിട്ടും പഠിപ്പിക്കാം. ഈ പഠിത്തം അവസാനിക്കുമ്പോൾ ഇപ്പോഴത്തെ ഈ വി. എസ്. എൽ. സി. പരീക്ഷയ്ക്കു പകരം ഒരു മിഡിൽസ്കൂൾ പരീക്ഷ വയ്ക്കാം. അതു ജയിക്കുന്നവരിൽ ഉദ്യോഗത്തിനു പോകുന്നമെന്നുള്ളവർ ഉദ്യോഗത്തിനു പോകട്ടെ. തൊഴിൽപരമായ എന്തെങ്കിലും വിദ്യാഭ്യാസത്തിനു പോകണമെന്നുള്ളവർ അതിനു പോകാം. ഇതിലേക്കു അവരെ പ്രാപ്തന്മാരാക്കുന്നതിനു വേണ്ടിടത്തോളം മലയാളത്തിലുമിംഗ്ലീഷിലുമുള്ള ജ്ഞാനം അവർക്കു സിദ്ധിക്കും. എന്നാൽ ഇംഗ്ലീഷുവിദ്യാഭ്യാസംതന്നെ തുടർന്നുകൊണ്ടു പോകണം എന്നു വിചാരിക്കുന്നവർ നാലാംഫാറത്തിൽ ചേർന്നു മൂന്നുകൊല്ലംകൊണ്ടു ഇംഗ്ലീഷുസ്കൂൾ ലീവിംഗ് പരീക്ഷയിൽ പാസാകയും ചെയ്യാം. V. S. L. C. പരീക്ഷയിൽ ഇംഗ്ലീഷു ഐച്ഛികമായെടുത്തു പാസാകുന്നവർക്കു ഇപ്പോൾ മൂന്നാംഫാറത്തിൽ അഡ്മിഷൻ കൊടുത്തുവരുന്നുമുണ്ട്.

ഇനി എനിക്കു ഒരു പ്രധാനസംഗതി ഈ സഭയുടെ ആലോചനയ്ക്കു വിഷയമാക്കേണ്ടതുണ്ട്. മലയാളം പള്ളിക്കൂടത്തിലാകട്ടെ ഇംഗ്ലീഷ് പള്ളിക്കൂടത്തിലാകട്ടെ പഠിച്ചാൽ തിരുവിതാംകൂറിലെ ഭരണരീതിയും ഈ രാജ്യത്തിൻെറ ചരിത്രവും നല്ലപോലെ മനസ്സിലാക്കാൻ ഇപ്പോൾ നിവൃത്തിയില്ല. അതുകൊണ്ടു തിരുവിതാംകൂർ ചരിത്രവും രാജ്യഭരണവും പ്രത്യേകം ഈ സ്ക്കൂളുകളിൽ പഠിപ്പിക്കാൻ വേണ്ട വ്യവസ്ഥ ചെയ്യണം. അതുപോലെതന്നെ ഇംഗ്ലീഷിനും മലയാളത്തിനും പുറമെ ഒരു പൊതുഭാഷകൂടി വേണം. അതു ഹിന്ദി ആയിരിക്കണമെന്നാണ് എൻെറ അഭിപ്രായം. കൊച്ചീരാജ്യത്തു ഹിന്ദി ഐച്ഛികവിഷയമായിട്ടും മൈസൂരിൽ നിർബന്ധിതവിഷയമായിട്ടും ഇപ്പോൾ പഠിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ കായികപരിശീലനം ഇവിടത്തെ വിദ്യാലയങ്ങളിൽ നിർബന്ധമായി നടപ്പാക്കേണ്ടതാണ്.

ഈ സഭയുടെ ആലോചനയ്ക്കു സമർപ്പിക്കുവാനുള്ള മറെറാരു സംഗതി രണ്ടു വിഷയങ്ങൾ കൂടി ചേർത്തു അദ്ധ്യാപകന്മാരെ ഇന്നു ബുദ്ധിമുട്ടിക്കുന്ന സമ്പ്രദായമാണ്. അതായതു ഡ്രായിംഗ്മാസ്റ്റർമാരായിരുന്നവരിൽ ഡ്രില്ലും കൂടി പഠിച്ചിട്ടുള്ളവർക്കു മാത്രമേ ജോലി കൊടുക്കുകയുള്ളു എന്നു ഒരു വ്യവസ്ഥവച്ചിരിക്കുന്നു. ഈ രണ്ടു വിഷയങ്ങൾക്കും തമ്മിൽ എന്താണ് സംബന്ധം? ഒന്നു വെറും കായികവും മറെറാന്നു ഒരു കലാവിദ്യയുമാണ്. എന്നാൽ ഇതുവരെ ഡ്രായിംഗ്മാസ്റ്റർ മാരായിട്ടിരുന്നവരും ഡ്രിൽകൂടി പാസാകണമെന്നുള്ള വ്യവസ്ഥ തീരെ ന്യായമായിട്ടുള്ളതല്ല. ഡ്രിൽ അഭ്യസിക്കാൻ ഇവിടെ വല്ല സൌകര്യവുമുണ്ടോ എന്നു നോക്കുകയാണെങ്കിൽ യാതൊന്നും തന്നെയില്ലതാനും. സൈദാപ്പേട്ടയിൽ പോയി വേണം ഡ്രിൽ പരിശീലനം നടത്താൻ. ഈ. എസ്. എൽ. സി. പരീക്ഷാവിജയികൾക്കുമാത്രമേ അവിടെ പ്രവേശനം നൽകുന്നുള്ളു. ഇന്നു സ്ഥിരമായും ആക്ടിംഗായും ഡ്രായിംഗ്മാസ്റ്റർ മാരായിരിക്കുന്നവർ കൂടി ഈ രണ്ടു പരീക്ഷകളിലും ജയിക്കണമെന്നു നിർബന്ധിക്കുന്നതു ഒട്ടും ശരിയായിട്ടുള്ളതല്ല.

ഈ രാജ്യത്തു ൧൪ ലക്ഷം രൂപാ ഗ്രാൻറു സ്കൂളുകളുടെ വകയ്ക്കായി ഇപ്പോൾ ചിലവാക്കി വരുന്നുണ്ട്. ഈ സ്കൂളുകളുടെ നടത്തിപ്പിനെ സംബന്ധിച്ചു പല ആക്ഷേപങ്ങളും ഈ ഭാഗത്തുനിന്നു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സംഖ്യ ഉദ്ദേശിക്കുന്ന ആവശ്യത്തിനു ശരിയായിട്ടു ഉപയോഗിക്കുന്നുണ്ടോ എന്നു നിഷ്കർഷയായി അന്വേഷിക്കേണ്ടതാണ്. ഗ്രാൻറു സ്കൂളിലേക്കു കൊടുക്കുന്ന പണം എന്തു ചെയ്യുന്നു? കണക്കുകൾ ആരു പരിശോധിക്കുന്നു? ഈ ൧൪ ലക്ഷം രൂപായും അതുകൊണ്ടുദ്ദേശിക്കുന്ന ഉപയോഗത്തിനു തന്നെ ചിലവാകുന്നുണ്ടോ, എന്നു ഡയറക്ടരും ഇൻസ്പെക്ടിംഗ് ആഫീസർമാരും പ്രത്യേകം പരിശോധിക്കേണ്ടതാണ്. മാനേജർമാർ ശരിയായി പ്രവർത്തിക്കും എന്നു ചിലർ വിചാരിക്കുന്നു. ഇതിൻെറ യഥാർത്ഥം ശരിയായിട്ടു പരിശോധിച്ചറിയേണ്ടതാണ്.

ഇങ്ങനെ പല സംഗതികളും വിദ്യാഭ്യാസവകുപ്പിൽ നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്. സമയം അതിക്രമിച്ചിരിക്കുന്നതു കൊണ്ടു ഞാൻ ഇനിയും എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഈ സംഗതികളിൽ എല്ലാം പുതിയ ഡയറക്ടരുടെ ശ്രദ്ധ പ്രത്യേകം പതിഞ്ഞു കാണണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, വിദ്യാഭ്യാസ നയത്തെപ്പറ്റി ഡിസ്കസ് ചെയ്യാനുള്ള ഈ ഉപക്ഷേപത്തോടു ഞാനും യോജിക്കുന്നു. തിരുവിതാംകൂറിൽ ഇത്ര കൂടുതലായി വിദ്യാഭ്യാസം പ്രചരിക്കുന്നതിനുള്ള പ്രധാനകാരണം പ്രൈവറ്റ സ്കൂളുകളുടെ വർദ്ധനയാണ്. അതുകൊണ്ടു പ്രൈവറ്റ സ്കൂളുകളെ ഗവൺമെന്റ നല്ലപോലെ പ്രോത്സാഹിപ്പിക്കണം. പ്രൈവറ്റ സ്കൂളുകളിലേക്കു ൧൭ ലക്ഷം രൂപാ ഗ്രാന്റ കൊടുക്കുന്നുണ്ട്. അതു മാനേജർമാർ ശരിയായിട്ടു ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നു നോക്കേണ്ടതു അത്യാവശ്യമാണ്.

മലയാളം പള്ളിക്കൂടങ്ങളിൽ ൭-ാം ക്ലാസ് വരെ ഇംഗ്ലീഷ് നിർബന്ധമായിട്ടു ഒരു പാഠവിഷയമാക്കണം. അങ്ങനെ നിശ്ചയിച്ചിരുന്നാൽ ഏഴാം ക്ലാസ് പാസാകുന്നവരെല്ലാം മൂന്നാം ഫാറത്തിൽ ചേരുമായിരുന്നു.

മലയാളം സ്കൂളുകളിലുള്ള ഭാഗവതർമാരേയും ഡ്രായിംഗ് മാസ്റ്റർമാരേയും വേണ്ടപ്രകാരം പ്രോത്സാഹിപ്പിക്കുന്നില്ല. അവർക്കു ൧൫ രൂപാ മുതൽ ൨൨ രൂപാ വരെ സ്കെയിൽ വച്ചിരിക്കുന്നു എങ്കിലും ൧൦൮൯ൽ ൧൫ മുതൽ ൨൦ രൂപാ വരെ ശമ്പളം കൊടുക്കേണ്ടതാകുന്നു എന്ന് ൧൦൯൨-ൽ ൧൧൨-ാം നമ്പർ ജി. ഒ. പ്രകാരം നിശ്ചയിച്ചിരിക്കുന്നു. ബഡ്ജറ്റിൽ ൧൫ മുതൽ ൨൨ രൂപാ വരെ എന്ന സ്കെയിലിൽ പണം കൊള്ളിച്ചു കാണുന്നുണ്ട്. ബഡ്ജറ്റിലെ നിശ്ചയത്തിൽ വിപരീതമായി ഇങ്ങനെ ഒരു ജി. ഒ. പുറപ്പെടുന്നതിനുള്ള കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. മലയാളം സ്കൂളുകളെ സംബന്ധിച്ചുള്ള പ്രോത്സാഹനം ഇത്രമാത്രമേയുള്ളു എന്നു ഇതിൽ നിന്നും തീരുമാനിക്കേണ്ടിയിരിക്കുന്നു.

ഒരു സ്കൂളിൽ നിന്നും ഒരു മയിലിനകത്തു വേറൊരു സ്കൂൾ കൂടി അനുവദിച്ചു കൊടുക്കാൻ പാടില്ലാ എന്നു ഒരു നിയമംകൂടി കാണുന്നുണ്ട്. വിദ്യാഭ്യാസത്തിനു ജനങ്ങൾക്കുള്ള ആസക്തി വർദ്ധിച്ചു വരുന്ന ഈ കാലത്തു ഈ നിയമങ്ങളും റദ്ദ് ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഒരു മയിൽ ദൂരം ചെറുപ്പക്കുട്ടികളെ അയയ്ക്കുകയെന്നുള്ളതു മാതാപിതാക്കന്മാർക്കു സങ്കടകരമായ ഒന്നാണ്. വിദ്യാഭ്യാസത്തിനുവേണ്ടി ജനങ്ങൾ ധാരാളം പണം ചിലവാക്കുകയും അവരുടെ സ്വന്തചിലവിന്മേൽ തന്നെ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്തു വരുന്നുണ്ട്. അങ്ങനെയുള്ള പള്ളിക്കൂടങ്ങളെ സംബന്ധിച്ചിടത്തോളം അവ ഒരു മയിലിനകത്തായിരുന്നാൽ തന്നെയും ഗ്രാന്റ കൊടുത്തില്ലെങ്കിലും അംഗീകരണമെങ്കിലും കൊടുക്കേണ്ടതാണ്. മി. ആശാൻ കഴിഞ്ഞ ബഡ്ജറ്റ യോഗകാലത്തു പ്രസ്താവിച്ചു പ്രകാരം ഒരു ശാശ്വതനിധി മലയാളം സ്കൂൾ അദ്ധ്യാപകന്മാർക്കു വേണ്ടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ ഏർപ്പെടുത്തേണ്ടതാണ്. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: രേവതി നാൾ രാമവർമ്മരാജാ (ഇടവക): മി: കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നതോടുകൂടി ഡ്രായിംഗ് മാസ്റ്റർമാർക്കു ഇപ്പോൾ ഉണ്ടായിരിക്കുന്ന സങ്കടത്തെപ്പറ്റി മി: മുതവെയിൽ പാച്ചുപിള്ള സ്വല്പമായിട്ടു ഇവിടെ പറഞ്ഞുവെങ്കിലും അതിനെപ്പറ്റി വിശദമായിട്ടു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഡ്രായിംഗ് മാസ്റ്റർമാരേയും മുൻഷിമാരേയും ആദ്യമായി പള്ളിക്കൂടങ്ങളിൽ നിയമിച്ച കാലത്തു ൧൫ രൂപാ വീതം ആണ് ശമ്പളം നിശ്ചയിച്ചിരുന്നതു. എന്നാൽ Vernacular School Teacher's pay revising കമ്മിററി, ഈ സംഗതിയെ അവഗണിച്ചു മുൻഷിമാർക്കു ൨൦ മുതൽ ൨൫ രൂപാ വരെ ശമ്പളം വയ്ക്കുകയും ഡ്രായിംഗ് മാസ്റ്റർമാർക്കു ൧൫ രൂപാ മുതൽ ൨൦ രൂപാവരെ ശമ്പളം ക്ലിപ്തപ്പെടുത്തുകയും ചെയ്തു. അതു കൂടാതെ ഡ്രായിംഗ് മാസ്റ്റർമാരുടെ ജോലിക്കു പുറമേ ഡ്രിൽകൂടി അവർ പഠിപ്പിക്കണമെന്നു ഗവൺമെന്റ കീഴ്പ്പെടുത്തിയിരിക്കുന്നു. മലയാളം സ്കൂൾ മുൻഷിമാർ പഠിപ്പിക്കുന്നതുപോലെ തന്നെ ഒരു നിർബന്ധവിഷയമാണ്, ഡ്രായിംഗ് മാസ്റ്റർമാരും പഠിപ്പിക്കുന്നതു. ഇങ്ങനെ ജോലി സംബന്ധിച്ചിടത്തോളം ഇരുകൂട്ടരും ഒരേനിലയിൽ ഇരിക്കെ ഡ്രായിംഗ് മാസ്റ്റർമാർക്കു കൊടുക്കുന്ന ശമ്പളം കുറഞ്ഞ തോതിൽ ആക്കിയതിന്റെ അർത്ഥമെന്താണെന്നു മനസ്സിലാകുന്നില്ല. ഡ്രായിംഗ് മാസ്റ്റർമാർക്കു ഡ്രിൽ പഠിക്കുന്നതിനു യാതൊരു സഹായവും ഇവിടെ ചെയ്തു കൊടുക്കുന്നില്ല. മദിരാശിയിൽ പോയാൽ മാത്രമേ ഡ്രിൽ പഠിക്കാൻ സാധിക്കയുള്ളു. മദിരാശിയിൽ പോയാൽ തന്നെയും സ്കൂൾ ഫൈനൽ പരീക്ഷാ വിജയികൾക്കു മാത്രമേ അഡ്മിഷനും ഉള്ളു. അതു കൊണ്ടു കാളേജിൽ ഡ്രിൽ പഠിപ്പിക്കുന്നതിനായിട്ടു മദ്രാസിലയച്ചു പഠിപ്പിച്ചു വരുത്തിയിരിക്കുന്ന രണ്ടുപേരെക്കൊണ്ടു ഡ്രായിംഗ് മാസ്റ്റർമാർക്കു ഒന്നോ രണ്ടോ മാസം ട്രെയിനിംഗ് നൽകുന്നതിനു ഏർപ്പാടു ചെയ്യുകയും അവരുടെ ശമ്പളം ൨൦ രൂപാ മുതൽ ൨൫ രൂപാവരെ ആക്കുകയും ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടു കൊള്ളുന്നു.

മി: മുതവെയിൽ പാച്ചുപിള്ള (ചേർത്തല): ഡ്രായിംഗ് മാസ്റ്റർമാർ ഇപ്പോൾ എത്ര പീരിയഡ് ആണ് ജോലി ചെയ്തു വരുന്നതു?

മി: രേവതിനാൾ രാമവർമ്മ രാജാ (ഇടവക): ഒരു ദിവസത്തിൽ മൂന്നോ നാലോ പീരിയഡ് അവർക്കു ജോലിയുണ്ട്.

മി: മുതവെയിൽ പാച്ചുപിള്ള (ചേർത്തല): ഇതിനും പുറമേ ഡ്രിൽകൂടി പഠിപ്പിക്കാനവർക്കു സാധിക്കുമോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിനെപ്പറ്റി ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. ഇപ്പോൾ അവർക്കു നേരിട്ടിരിക്കുന്ന സങ്കടത്തെ പരിഹരിക്കുന്നതിനു ഞാൻ ഒരു വഴി നിർദ്ദേശിച്ചു എന്നേയുള്ളു. രണ്ടു വിഷയങ്ങളേയും വേർപെടുത്തിയാൽ വളരെ നല്ലതാണ്. പക്ഷേ ഗവൺമെന്റ അതു ചെയ്യുമോ എന്നു എനിക്കു സംശയമാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇതിൽ ഒന്നു പഠിപ്പിക്കുന്ന സമയത്തു തന്നെ മറേറതു പഠിപ്പിക്കേണ്ടി വരികയില്ലല്ലോ?

മി: രേവതിനാൾ രാമവർമ്മ രാജാ (എടവക): അങ്ങനെ വരികയില്ല.

അതിനെപ്പററി ഞാൻ തന്നെ ഒരു റിപ്രസന്റേഷൻ ഗവർമ്മെണ്ടിലേക്കു എഴുതി അയച്ചിട്ടുണ്ടു. ഡയറക്ടർ അതു നോക്കി ഈ സങ്കടങ്ങളെ തീർത്തു കൊടുക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും പത്തനാപുരവും): നമ്മുടെ സ്കൂളുകളിലും കാളേജുകളിലും ഫീസ് പിരിച്ചു വരുന്ന വിധത്തെ കുറിച്ചു ചിലതു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോരോ മാസവും ൧൦-നു-ക്കു മുമ്പു സ്കൂളുകളിൽ ഫീസു കൊടുക്കണം എന്നാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു. ഒരു വിദ്യാർത്ഥി ൧൦-നു ഫീസു കൊടുക്കാതിരുന്നാൽ പിറേറ ദിവസം ഫീസ് കൊടുക്കുന്നതായാലും ൪ ചക്രം പിഴ കൊടുക്കണം. ഇതു വളരെ കഷ്ടമാണ് എന്നാണ് ഞാൻ പറയുന്നതു. ഇതിനും പുറമെ, ഈ ൪ ചക്രം പിഴ ചെയ്തു ആ മാസം ൨൦-നു-ക്കകം ഫീസ് കൊടുക്കാതിരുന്നാൽ ൨൧-നു കൊടുക്കുന്നതായാലും മൂന്നു പണം പിഴ കൊടുക്കണം. കരം കൊടുക്കേണ്ട ദിവസത്തിൽ കൊടുക്കാത്ത വീഴ്ചക്കു കരം ഒടുക്കേണ്ട കുടിയാൻ ൪ ചക്രം പിഴ ഒടുക്കിയാൽ മതിയാകും. അതും ലാൻഡ് റെവന്യൂ ഡിപ്പാർട്ടുമെണ്ടുകാർ ഡിമാൻഡ് നോട്ടീസു അയച്ചിരുന്നാൽ മാത്രം മതിയാകും. ഭൂനികുതിയുടെ കാര്യത്തിൽ ജപ്തിയതിവരെ പിഴ ഡിമാൻഡ നോട്ടീസിനുള്ള ചിലവു മാത്രമായ ൪ ചക്രം മാത്രമാണ്. നേരെ മറിച്ചു, ൧ ൧/൨ പണം മാത്രം ഫീസായി കൊടുക്കേണ്ടിയിരിക്കുന്ന പ്രിപ്പെറട്ടറി ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്കു മാസത്തിൽ ൨൧-നു-യെ ഫീസ് കൊടുക്കാൻ ഇടയാകുന്നുള്ളു എങ്കിൽ ൩ പണം പിഴ ഒടുക്കേണ്ടിരിക്കുന്നു. ഇതു വളരെ കഠിനമായ ശിക്ഷയാണ്. കാളേജ് വിദ്യാർത്ഥികളുടെ കഥ നോക്കാം. അവർ കൊടുക്കേണ്ട പിഴ ഇതിലും കൂടുതൽ ആണെന്നു നാം കാണുന്നു ഫീസ് തുക കൂടുന്തോറും വിദ്യാർത്ഥികൾ കൊടുക്കേണ്ട പിഴയുടെ തുകയും കൂടിയിരിക്കുന്നു. കഴിഞ്ഞ ആണ്ടത്തെ ബഡ്ജററു വാദത്തിൽ ഈ വാദം പുറപ്പെടുവിച്ചപ്പോൾ, ഈ പ്രശ്നത്തെ ആലോചിക്കുന്നതാണെന്നു വിദ്യാഭ്യാസ ഡയറക്ടർ വാഗ്ദാനം ചെയ്തിട്ടുണ്ടു. ഇപ്പോൾ ഒരാണ്ടു കഴിഞ്ഞിരിക്കുന്നു. ഇതിൽ യാതൊന്നും ചെയ്തിട്ടും ഇല്ല. ഇപ്പോഴത്തെ ഡയറക്ടരുടെ ഔദാര്യമായ ശ്രദ്ധയ്ക്കായി ഈ വിഷയം ഈ സഭാസമക്ഷം സമർപ്പിക്കുന്നു. അദ്ദേഹം ഏതു രാജ്യത്തു നിന്നു വന്നിരിക്കുന്നുവോ അവിടെ ഈ വിധം ഏർപ്പാടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു?

എന്റെ അടുത്ത പരാതി നമ്മുടെ സ്കൂളുകളിൽ നിശ്ചയിക്കുന്ന പാഠപുസ്തകങ്ങളെക്കുറിച്ചാണ്. ഇവിടെ ഒരു പാഠപുസ്തകക്കമ്മിററി ഉണ്ടു്. ആ കമ്മിററിയിൽ പണ്ഡിതന്മാരെന്നു വിഖ്യാതരായ യോഗ്യന്മാരുമുണ്ടു്. എന്നാൽ ഇക്കാലത്തു അവരിൽ മിക്കവരും ഉൽക്കർഷത്തിനോ വൈദഗ്ദ്ധ്യത്തിനോ പാണ്ഡിത്യത്തിനോ കീർത്തിപ്പെട്ടവരല്ല. ഈ രാജ്യത്തിലെ ഭാവിപൌരന്മാരുടെ മനശ്ശക്തിയെയും ബുദ്ധിശക്തിയെയും വികസിപ്പിക്കുന്ന വിധത്തിലുള്ള വിദ്യാഭ്യാസം അവർ പഠിക്കുന്ന പുസ്തകങ്ങളിൽനിന്നു ലഭിക്കണം എന്നു അവർ പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ അധ്യാപനരീതിയിൽ നിന്നു വിദ്യാർത്ഥികൾക്കു യാതൊരു സാരമായ ഗുണവും സിദ്ധിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല; എന്നുതന്നെയുമല്ല അതിനു നിശ്ചയിക്കുന്ന സാമഗ്രികൾ പ്രായേണ ഉപയോഗമില്ലാത്തവയാണെന്നു പറഞ്ഞേതീരൂ. നിശ്ചയിച്ചിരിക്കുന്ന പുസ്തകങ്ങൾ വാങ്ങുന്നതിനു വിദ്യാർത്ഥികൾ കൊടുക്കേണ്ടിയിരിക്കുന്ന വിലയും വളരെ കൂടുതലാണ്. മുൻകാലങ്ങളിൽ നമുക്കു ഇപ്പോഴത്തേക്കാൾ കുറവായ എണ്ണം പുസ്തകങ്ങളെ പഠിക്കേണ്ടിയിരുന്നുള്ളു. എന്നാൽ നിശ്ചയിക്കപ്പെടുന്ന പുസ്തകങ്ങൾ പണ്ഡിതരും സമർത്ഥരുമായ ആളുകൾ എഴുതിയവയും ആയിരുന്നു. താളപ്പുസ്തകങ്ങൾ ഇക്കാലങ്ങളിൽ അപൂർവങ്ങളായിരിക്കുന്നു. താണക്ലാസുകളിൽ ഒന്നിലധികം പുസ്തകങ്ങൾ പാഠപുസ്തകങ്ങളായി നിശ്ചയിക്കാതിരുന്നാലും മതി. എന്നാൽ അവ ആലോചനാശക്തിയെ ജനിപ്പിക്കുന്നതും നല്ല പാഠ്യങ്ങൾ പഠിപ്പിക്കുന്നതിനുതകുന്ന പുസ്തകങ്ങൾ ആയിരിക്കണം. ഇപ്പോൾ പാഠ്യപുസ്തകങ്ങൾ ആയി നിശ്ചയിക്കപ്പെടുന്നവ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കു തീരെ ഉചിതവും യോജ്യവും ആയിട്ടുള്ളവയല്ലെന്നാണ് ഞാൻ ബോധിപ്പിക്കുന്നതു്.

വിദ്യാർത്ഥികളിൽ ചിലർ ഗാന്ധിത്തൊപ്പി ധരിക്കുന്നതിനെസംബന്ധിച്ചു ചില പാഠശാലകളിൽ ഏതാനും കുഴപ്പങ്ങൾ അടുത്തകാലത്തു നടന്നിരുന്നു. കൊല്ലത്തെ ഗവർമ്മെണ്ട് ഹൈസ്കൂളിലും ശ്രീമൂലവിലാസം ഹൈസ്കൂളിലും ചില വിദ്യാർത്ഥികളെ ഗാന്ധിത്തൊപ്പി ധരിച്ചതിനായി വാസ്തവത്തിൽ പുറത്താക്കിയിട്ടുണ്ടു്. ഈ വിദ്യാർത്ഥികളെ ക്ലാസിൽനിന്നു വെളിയിലാക്കുവാൻ ഈ സ്കൂളിലെ അധികാരികളെ പ്രേരിപ്പിച്ചതു എന്താണ്? ഗാന്ധിത്തൊപ്പി സ്കൂളിലെ ശിക്ഷണത്തെ തീരെ ബാധിക്കുന്നില്ല. അതു ഒരു തരത്തിലുള്ള വസ്ത്രധാരണം മാത്രമാകുന്നു. ഇതു സംബന്ധപ്പെട്ട വാധ്യാന്മാരുടെയോ ഹെഡ്മാസ്റ്റർമാരുടെയോ പ്രമാണങ്ങളെ പിടിപ്പിക്കുന്നതിനുള്ള കാരണം ഞാൻ കാണുന്നില്ല.

മി: രേവതിനാൾ രാജവർമ്മരാജാ (എടവക): ഇപ്പോൾ ഗാന്ധിത്തൊപ്പി ധരിച്ചുകൊണ്ടുപോകുന്ന ആളുകൾ ഇതിനുമുമ്പു തൊപ്പി ധരിച്ചിരുന്നവരാണോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അല്ലായിരിക്കാം. അതുകൊണ്ടു ഗാന്ധിത്തൊപ്പി ധരിച്ചുകൂടാ എന്നു അർത്ഥമാകുമോ?

ഈ വിദ്യാർത്ഥികളെ അവരുടെ ക്ലാസുകളിൽനിന്നു പുറത്താക്കിയതിനു കാരണമായ അധികാരസ്ഥന്മാരുടെ മനസ്ഥിതി എനിക്കു മനസ്സിലാകുന്നില്ല.

ഡിപ്പാർട്ടുമെന്റിന്റെ പുനസ്സംഘടനത്തെക്കുറിച്ചാകട്ടെ ഇപ്പോഴത്തെ മലയാളം പള്ളിക്കൂടങ്ങളേയും ലോവർഗ്രേഡ് സെക്കണ്ടറിസ്കൂളുകളേയും ഏകീകരിക്കുന്നതു അധികം നല്ലതായിരിക്കും എന്നു മിസ്റ്റർ പാച്ചുപിള്ള പറഞ്ഞു. മൈസൂർ രാജ്യത്തിലാകട്ടെ, കൊച്ചിയിലാകട്ടെ മലയാളത്തിലും ഇംഗ്ലീഷിലും ആയി അധ്യാപന വൈവിധ്യം ഇല്ലാ എന്നു എനിക്കു തോന്നുന്നു. അവിടങ്ങളിൽ ഒരു തരത്തിലുള്ള പാഠശാലകളേ ഉള്ളു. ഒരേ പാഠശാലയിൽ ഇംഗ്ലീഷും മലയാളവും രണ്ടും അധികം നന്നായി പഠിപ്പിക്കാവുന്നതാണെന്നു എനിക്കു തോന്നുന്നു. അങ്ങനെയുള്ള രീതി തിരുവിതാംകോട്ടിലും ഏർപ്പെടുത്തുന്നതായാൽ വലുതായ ചിലവു മിച്ചം വരുത്താവുന്നതും ആ ചിലവുമിച്ചത്തെ അധ്യാപനരീതിയെ പരിഷ്കരിക്കുന്നതിനായി ഗുണകരമായി ഉപയോഗപ്പെടുത്താവുന്നതും ആകുന്നു.

പ്രസിഡെണ്ട്: മി: കേശവപിള്ള നിങ്ങളുടെ സമയം മുഴുവനും നിങ്ങൾ ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒരു സംഗതിയെക്കുറിച്ചു ഒരു വാക്കു മാത്രമേ എനിക്കു പറയേണ്ടതായിട്ടുള്ളു. പതിതസമുദായക്കാരിൽനിന്നു വാദ്ധ്യാർമാരായി പുതുതായി നിയമിക്കുന്നകാര്യത്തിൽ പ്രതിബന്ധമായിനിൽക്കുന്ന ഒരു ഗവൺമെന്റാജ്ഞ ഇപ്പോൾ ഉണ്ട്. ഒഴിവുണ്ടാകുമ്പോൾ ആദ്യമായി പകരം നോക്കിവരുന്നവരെ നിയമിക്കണം എന്നും പകരം നോക്കുന്നവരെയെല്ലാം സ്ഥിരമായ ഒഴിവുകളിൽ നിയമിച്ചതിൽപിന്നീടുമാത്രമേ പുതുതായി ആളുകളെ നിയമിക്കാവൂ എന്നും ഡിപ്പാർട്ടുമെന്റിൽ ചട്ടം ഉള്ളതായി തോന്നുന്നു. ഈ ചട്ടത്തെ അനുവർത്തിക്കുന്നതായാൽ അതു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഈ പതിതസമുദായക്കാർ പ്രവേശിക്കുന്നതിനു പ്രതിബന്ധമായിരിക്കും. എന്നുള്ളതു നിശ്ചയംതന്നെ. സർക്കാർജീവനങ്ങളുടെ കാര്യത്തിൽ ഈ പതിതസമുദായക്കാർക്കു മതിയായ പ്രോത്സാഹനം നൽകുന്നതിനു ഗവൺമെന്റുതന്നെയും വളരെ ഉൽകണ്ഠിതരായിരിക്കുന്നു എന്നു തോന്നുന്നു. ഇപ്പോഴത്തെ ചട്ടത്തെ അനുവർത്തിക്കുന്നതായാൽ ഇവർക്കു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഉദ്യോഗങ്ങൾ കിട്ടുന്നതിനു നിശ്ചയമായും ദീർഘകാലം വേണ്ടിവരും. അതുകൊണ്ടു പതിതസമുദായക്കാരെ സംബന്ധിച്ചിടത്തോളം, ഈ ഗവൺമെന്റാജ്ഞയെ ഊർജ്ജിതപ്പെടുത്തരുതെന്നു ഞാൻ നിർദ്ദേശിക്കുന്നു. അവർ വ്യത്യസ്ഥമായ പെരുമാററത്തെ അർഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റു നിയമിച്ചമെമ്പർ, ഡെപ്യൂട്ടിപ്രസിഡന്റ്): ഈ ഉപക്ഷേപത്തിൽ പ്രതിപാദിതമായ വിദ്യാഭ്യാസനയം എന്ന വിഷയത്തെക്കുറിച്ചു ഏതാനും അഭിപ്രായങ്ങൾ പറയുന്നകാര്യത്തിലേക്കായി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഗവൺമെന്റു അനുവർത്തിച്ചുവരുന്ന വിദ്യാഭ്യാസനയത്തെക്കുറിച്ചു ഈ സഭയുടെ വസമ്മതിയെ പ്രകടിപ്പിക്കുന്നകാര്യത്തിലേക്കല്ലാ ഉപക്ഷേപത്തിന്റെ അവതാരകൻ അതു ഹാജരാക്കീട്ടുള്ളതു എന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു സ്പഷ്ടം ആകുന്നു. അടുത്തകാലത്തുതന്നെ പരിഹാരം ഉണ്ടാക്കേണ്ടതും നമ്മെ അഭിമുഖീകരിച്ചിരിക്കുന്നതും ആയ വിഷയങ്ങളെ സഭാസമക്ഷം സമർപ്പിക്കുന്നതിനുള്ള ന്യായമായ ശ്രമമാകുന്നു ഇത്. "അമേരിക്കാക്കാർക്കു ഒരു സന്ദേശം നൽകണം എന്നു എന്റെ മരണശയ്യയിൽ എന്നോടു പറയുന്നതായാൽ ജനങ്ങൾക്കു വിദ്യാഭ്യാസം നൽകുവിൻ! വിദ്യാഭ്യാസം നല്കുവിൻ!! വിദ്യാഭ്യാസം നല്കുവിൻ!!! എന്നുള്ള സന്ദേശമാണു ഞാൻ നല്കുന്നതു എന്നു ഏതാനും കൊല്ലങ്ങൾക്കുമുമ്പു അമേരിക്കയിലെ ഒരു രാജ്യതന്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ട്. ആ സന്ദേശം അമേരിക്കയിൽ നല്കിയതാണെന്നുവരികിലും അതിനെ തിരുവിതാംകോട്ടു ഗവൺമെന്റു വളരെ ഉദാരബുദ്ധ്യാ അനുഷ്ഠിച്ചിരിക്കുന്നു. ഏറ്റവും ഉന്നതമായ തിരുവിതാംകോട്ടുരാജ്യം സാക്ഷരതയെക്കൊണ്ടു നിർണ്ണയിക്കുന്നതായാൽ വിദ്യാഭ്യാസകാര്യത്തിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നതായി നാം കാണുന്നു.

അഞ്ചുവയസ്സും മുതലും പ്രായമുള്ള ഒരു നൂറു പുരുഷന്മാരിൽ സാക്ഷരത്വം സമ്പാദിച്ചിട്ടുള്ളവർ:—

തിരുവിതാംകോട്ടുരാജ്യത്തിൽ	൩൭·൦
കൊച്ചീരാജ്യത്തിൽ	൩൧·൬
ബറോഡാരാജ്യത്തിൽ	൨൪·൦
ബ്രിട്ടീഷിൻഡ്യയിൽ	൧൪·൪
ഇൻഡ്യയൊട്ടുക്കു	൧൩·൯
രാജപുത്താനയിൽ	൬·൭
ഹൈദരബാദ് രാജ്യത്തിൽ	൮·൫
കാശ്മീരത്തിൽ	൪·൬

കാശ്മീരത്തിൽ ൪·൬ ശതാംശവും ബ്രിട്ടീഷിൻഡ്യയിൽ ൧൪·൪ ശതാംശവും മാതൃകാരാജ്യമായ മൈസൂരിൽ ൧൪·൩ ശതാംശവുംവീതം ആളുകൾക്കു മാത്രം സാക്ഷരത്വം ഉണ്ടായിരിക്കേ, തിരുവിതാംകോട്ടിൽ ൫ വയസ്സിനുമേൽ പ്രായമുള്ള പുരുഷന്മാരിൽ ൧൦൦-നു ൩൭ വീതം പേർ സാക്ഷരത്വമുള്ളവരാകുന്നു. സ്ത്രീകളുടെകാര്യത്തിലും ഇതുതന്നെ നാം കാണുന്നു. അതായതു

തിരുവിതാംകോട്ടിൽ	൧൭·൩ ശതാംശം
കൊച്ചിയിൽ	൧൧·൮ ശതാംശം
ഇൻഡ്യ ഒട്ടുക്ക്	൨·൧ ,,
ബ്രിട്ടീഷിൻഡ്യയിൽ	൨·൦ ,,
കാശ്മീരത്തിൽ	൦·൦ ശതാംശവും ആകുന്നു.

സാക്ഷരത്വം ആകുന്ന സാധാരണ തോതുവച്ചു നോക്കുന്നതായാൽ തിരുവിതാംകോട്ടുരാജ്യം ഇൻഡ്യാസാമ്രാജ്യം മുഴുവനിലും ഉള്ള മററു ഇൻഡ്യാക്കാരെക്കാളും ബ്രിട്ടീഷിൻഡ്യാക്കാരെക്കാളും വളരെ മുന്നണിയിൽ ആണു നിൽക്കുന്നതു എന്നുള്ളതു നിസ്സംശയമാകുന്നു. അതുകൊണ്ടു വിദ്യാഭ്യാസം ചെയ്യിക്കൂ! വിദ്യാഭ്യാസംചെയ്യിക്കൂ!! വിദ്യാഭ്യാസം ചെയ്യിക്കൂ!!!" എന്നുള്ള ഉപദേശം ഗവൺമെന്റു അനുഷ്ഠിച്ചിരിക്കുന്നു എന്നുള്ളതു ഇതിൽനിന്നു വ്യക്തമാകുന്നു.

എന്നാൽ അടുത്തതായി ആലോചിക്കേണ്ട പ്രശ്നം നാം ശരിയായ മാർഗ്ഗങ്ങളിൽ കൂടി ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നുണ്ടോ എന്നുള്ളതാണ്. പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം, അധികമായ നിശ്ചലത്വവും ദുർവ്യയവും ഉണ്ടെന്നു സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം ചിലവുചെയ്യുന്ന ധനത്തിനു അനുരൂപമായി യാതൊരു പ്രതിഫലവും നമുക്കു കിട്ടുന്നില്ലെന്നും പറയപ്പെട്ടിരിക്കുന്നു. യൂണിവെർസിററിവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ആകട്ടെ, സർക്കാർസർവീസോ ഈനാട്ടിലെ കച്ചവടമോ വ്യവസായമോ സംബന്ധിച്ചു പണി ഉണ്ടാക്കിക്കൊടുക്കാവുന്നതിൽ അധികം എണ്ണം ഗ്രാഡ്യുവേട്ടുകളെ ആ വിദ്യാഭ്യാസം ഉണ്ടാക്കിക്കൊടുക്കുന്നുവെന്നും, ഒസ്സമൺകമ്മിഷൻ അടുത്തകാലത്തു നിയമിച്ചതും ഹാർഡാഞ്ചിന്റെ അദ്ധ്യക്ഷത്തിൽ നടന്നതും ആയ അഡ്മിനിസ്ട്രേറ്റീവ് കമ്മിട്ടിവിഷയത്തിൽ തീർച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ഡയറക്ടരേയും ഗവൺമെന്റിനേയും അഭിമുഖീകരിച്ചിരിക്കുന്ന വാസ്തവത്തിൽ ഉള്ള വിഷമത ഇതേവരെ അനുവർത്തിച്ചുവന്നിട്ടുള്ള നയം പരാജയത്തിൽ തീർന്നിട്ടുണ്ടോ എന്നുള്ളതാണ്. നാം നമ്മുടെ പ്രവൃത്തി ശരിയായ മാർഗ്ഗങ്ങളിൽ കൂടി നടത്തിവരുന്നുണ്ടോ?

ഇതു സംബന്ധിച്ച് ഹർട്ടോഗ്കമ്മീഷൻ അവരുടെ അനുമാനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഇൻഡ്യാഗവണ്മെന്റിന്റെ ഭാവിഘടനയെപ്പററി അവരുടെ ശിപാർശയെ സംബന്ധിച്ചു എനിക്കു ഇപ്പോൾ യാതൊരു ബന്ധവും ഇല്ല. അക്സിലിയറി കമ്മിററി ശേഖരിച്ചിട്ടുള്ള വിവരങ്ങളിന്മേൽ അവർ ചെയ്തിട്ടുള്ള അനുമാനങ്ങളെക്കുറിച്ചു മാത്രമേ ഞാൻ പ്രതിപാദിക്കുന്നുള്ളു. അവർ പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്:—

‘ഞങ്ങൾക്കു തന്നിട്ടുള്ള വിവരങ്ങളിൽനിന്നു ഞങ്ങൾ നിശ്ചയിക്കേണ്ടതായ തീർച്ചകളെ ഇതിനുമുൻപിൽതന്നെ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഒരു നിഷ്പക്ഷപാതിയും അനുഭവസമ്പന്നനുമായ നിരീക്ഷകന് ആ തീർച്ചകൾ സ്വയം സ്വീകാര്യയോഗ്യങ്ങൾ ആയിരിക്കും എന്നു ഞങ്ങൾ വിശ്വസിക്കുന്നു.’’

‘‘ബ്രിട്ടീഷിന്ത്യയിൽ ജനതതിയുടെ വിദ്യാഭ്യാസം ആരംഭംമുതൽതന്നെ ശരിയായ മാർഗ്ഗങ്ങളിൽ കൂടിയല്ല നടത്തി അഭിവൃദ്ധിപ്പെടുത്തീട്ടുള്ളതെന്ന സംഗതി യൂറോപ്യന്മാരും ഇൻഡ്യാക്കാരുമായ വിമർശകന്മാർ പലപ്പോഴും പറയാറുണ്ട്. ഇതിനെപ്പററി ഞങ്ങൾ ഇപ്പോൾ പ്രതിപാദിക്കുന്നില്ല. പാശ്ചാത്യരീതികളും ലക്ഷ്യങ്ങളും, വിവിധങ്ങളായ സ്വദേശീയ ചിത്തപ്രതിഭയെ ദ്യോതിപ്പിക്കുന്നതും അതിനനുകൂലവും ആയ സ്വദേശീയധീവൈശിഷ്ട്യത്തിന്റെ വളർച്ചയെ വിഘ്നപ്പെടുത്തീട്ടുണ്ടെന്നു ഈ അഭിപ്രായമുള്ളവർ വാദിക്കുന്നു. വിദ്യാഭ്യാസരീതി മുഴുവനേയും യോഗാർത്ഥത്തിലും രൂഢ്യർത്ഥത്തിലും പൗരസ്ത്യമാക്കി പുനസ്സംഘടിപ്പിക്കേണ്ടതല്ലയോ, എന്നും അവർ ചോദിക്കുന്നു;’’

ഇരുപക്ഷത്തിനും അനുകൂലമായി അധികം പറയാവുന്നതാണെന്നു അവർ പറയുന്നു. എന്നാൽ അക്കാര്യം അവരെ അഭിമുഖീകരിച്ചിട്ടുള്ള രാജ്യഭരണ വ്യവസ്ഥയുമായി ബന്ധമുള്ളതല്ലാത്തതുകൊണ്ടു അതിനെക്കുറിച്ചു നിശ്ചിതമായി യാതൊന്നും പറയുന്നതിനു അവർ തുനിഞ്ഞില്ല.

വിദ്യാഭ്യാസനയത്തിനു നാം പൗരസ്ത്യത്വം നൽകേണ്ടതു ആവശ്യമല്ലയോ എന്നുള്ള ഈ പ്രശ്നം സഭയുടെ ഒരു പൂർവ്വയോഗത്തിൽ എന്റെ സ്നേഹിതൻ മി: താണുപിള്ള പുറപ്പെടുവിച്ചിട്ടുണ്ട്. ആ വിഷയത്തിന്റെ സുദീർഘമായ ഗുണദോഷപ്രതിപാദനവും നടത്തപ്പെട്ടു. ഒരു തൃപ്തികരമായ ഉപശാന്തി ഉണ്ടാകുന്ന കാര്യത്തിൽ ഗവണ്മെന്റിനേയും ഡിപ്പാർട്ടുമെന്റിനേയും അഭിമുഖീകരിക്കുന്നതായ ദുർഘടങ്ങൾ ഉണ്ടെന്നു സഭയുടെ ഈ കക്ഷി നിഷ്കപടമായി സമ്മതിക്കും. ഇതു ഇൻഡ്യാരാജ്യം ഒട്ടുക്കു നേരിടേണ്ട ഒരു സംഗതിയാണ് എന്നും തിരുവിതാംകൂറിനു തനിച്ചു ഇതിനു ഉപശാന്തി ഉണ്ടാക്കാൻ കഴിയുന്നതല്ലാ എന്നും പറയുമായിരിക്കും എന്നുള്ളതിനു സംശയമില്ല. ആ വാദത്തിനു യാതൊരുവിലയും ഞാൻ കല്പിക്കുന്നില്ല. നാം ബ്രിട്ടീഷിൻഡ്യയിലെ നിയമങ്ങളെ പകർത്തുന്നതുപോലെ ഈ സംഗതിയിലും നമുക്കു പകർത്തത്തക്കവണ്ണം ഈ വിഷയത്തിനു ഒരു ഉപശാന്തി ഇൻഡ്യാ മുഴുവനിലും ഭാവിയിലെ ഐക്യ ഇൻഡ്യാ ഗവണ്മെന്റ സാധിക്കുന്നതുവരെ, നാം കാത്തിരിക്കുന്നതായാൽ വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ ഗവണ്മെന്റിനു ഉപദേശം നൽകുന്നതിനായി സ്വാതന്ത്ര്യവും വിരുതും ആയ ഒരു എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ നമുക്കു ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം ഞാൻ കാണുന്നില്ല. തൃപ്തികരമായ ഒരു നിവൃത്തിമാർഗ്ഗം കാണുന്ന കാര്യത്തിൽ ദുർഘടങ്ങൾ ഉണ്ടെന്നു ഞാൻ മുൻപു പറഞ്ഞതുപോലെ നിഷ്കപടം സമ്മതിക്കുന്നു. എന്നാൽ ഇത്രത്തോളം സമ്മതിക്കുന്നതാണെങ്കിലും പ്രത്യേകിച്ചും ഈ രാജ്യത്തിലെ വിദ്യാഭ്യാസനയകാര്യത്തിൽ ഗവണ്മെന്റ ഉദാരമായ ധനവ്യയാദികൾ ചെയ്തു ആനയത്തെ സ്ഥിരമാക്കിയിരിക്കുന്നതാണെന്നുള്ളതുകൂടി ഗണിക്കുമ്പോൾ ഇതേവരെ നടന്നുവരുന്നതുപോലെ കാര്യങ്ങൾ ഒരേ നിലയിൽ അചഞ്ചലമായി നടന്നുകൊണ്ടിരിക്കണം എന്നു സമ്മതിക്കാൻ ഞാൻ ഒരുക്കമില്ല. മുന്നൊരവസരത്തിൽ എന്റെ സ്നേഹിതൻ മിസ്റ്റർ താണുപിള്ള പുറപ്പെടുവിച്ചതായി ഞാൻ പ്രസ്താവിച്ച ഗുണദോഷപര്യാലോചനത്തിനിടയ്ക്കു കേരളത്തിനു പ്രത്യേകമായ പ്രബോധോന്നതിയും മതിപ്രകർഷവും ഉണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. ബംഗാളിലേയോ പഞ്ചാബിലേയോ ജനങ്ങൾക്കു ഉചിതമായിരിക്കാവുന്ന കാര്യങ്ങൾ കേരളീയരുടെ ബുദ്ധിശക്തിയുടെ ഫലമായി അവരെക്കൊണ്ടു ചെയ്യിക്കാൻ നമുക്കു സാധിക്കയില്ല. അതുകൊണ്ട് ഈ ദേശവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിനു പ്രത്യേകമായ പര്യാലോചന വേണ്ടിയിരിക്കുന്നു. പശ്ചിമഘട്ടങ്ങളുടെ മറുവശത്തുള്ള ദേശങ്ങളിലെ നിവാസികൾക്കുള്ള പ്രബോധാത്മകത്വത്തിലും നാഗരികത്വത്തിലും യാതൊരുവിധത്തിലും കുറഞ്ഞതല്ലാത്ത പ്രബോധനശക്തിയും നാഗരികത്വവും അനാദികാലംമുതൽക്കേ കേരളീയർക്കുള്ളതാണ്. ഈ സ്ഥിതിക്കു ഗവണ്മെന്റ ഇപ്പോൾ നൽകുന്ന ഉദാരധനവ്യയത്തെ കരംകൊടുക്കുന്ന പ്രജകൾക്കു ആത്യധികമായ ഗുണം സിദ്ധിക്കത്തക്കവണ്ണം ഉപയോഗിക്കേണ്ട മാർഗ്ഗത്തെക്കുറിച്ചു കഴിയുന്നതുംവേഗത്തിൽ അന്വേഷണം ആരംഭിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാകുന്നു. നിശ്ചിതമായ യാതൊരു നിർദ്ദേശവും ഉടനടി ചെയ്യുന്നതിനല്ല ഞാൻ ഇവിടെ നില്ക്കുന്നതു്. ഈ പ്രശ്നം ഇപ്പോഴത്തെ ഡൈറക്ടർക്കു നൂതനമായുള്ളതല്ല. അദ്ദേഹം ഇൻഡ്യയിലെ മററുഭാഗങ്ങളിലും അതിനെ അഭിമുഖീകരിച്ചിരിക്കാം. ഈ വൈഷമ്യം ഇംഗ്ലണ്ടിലും സംഭവിക്കുന്നുണ്ടെന്നുതന്നെ പറയാം. ‘‘വിദ്യാഭ്യാസത്തിനായി നാം വ്യയംചെയ്തിട്ടുള്ള ധനത്തെ മുഴുവനും അററ്ലാണ്ടിക് മഹാസമുദ്രത്തിൽ തകിട്ടിയെറിയുന്നതു നന്നായിരിക്കും’’ എന്നു ഇംഗ്ലണ്ടിലെ പബ്ലിക്സ്കൂളുകളുടെ പരിശോധനയിൽ ആയുഷ്കാലം മുഴുവനും വിനിയോഗിച്ചിട്ടുള്ള ഒരു മഹാൻ ഏതാനും കൊല്ലങ്ങൾക്കുമുൻപു പ്രസ്താവിച്ചു. അതു ഈ പ്രശ്നത്തെ സങ്കീർണ്ണമാക്കുന്നുണ്ട്. എന്നാൽ മററു രാജ്യങ്ങൾ ഇതിനു നിവൃത്തിമാർഗ്ഗം ഉണ്ടാക്കുന്നുണ്ട്. ഈ കലഹം വാസ്തവത്തിൽ രാജ്യവിപ്ലവങ്ങൾ എന്നും അരാജകപ്രവൃത്തനങ്ങൾ എന്നും ചിലർ ഗണിച്ചുവരുന്നതായ സകല രാഷ്ട്രീയപ്രവൃത്തനങ്ങൾക്കും ഹേതുഭൂതമായ സമ്പൽക്ഷയം ആകുന്നു. ജനങ്ങൾ ആഹാരത്തിനായി നിലവിളിക്കുമ്പോൾ മിസ്റ്റർ ബിക്കപ്പിന്റെ ലായനികൾ പ്രത്യൗഷധം ആകയില്ല. റിസർവ്‌ഫോർസിന്റെ സഹായത്തോടുകൂടി നിങ്ങളുടെ പേരിൽ കുററം ആരോപിക്കും എന്ന കാര്യത്തിൽ മറുപടി നിങ്ങൾക്കു പറഞ്ഞുകൂടാ. നാം ദിവസേന അനുഭവിക്കുന്ന വിഷമത അതാണ്. നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന അനേകം ആവശ്യങ്ങളെ അകാരണമായി സുചിന്തിതമായ ഒരു പദ്ധതിയിൽ തിരുവിതാംകൂറിലെ ധീമാന്മാരായ സകലരും പൂർണ്ണമനസ്സോടുകൂടി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുമായി സഹകരിക്കണമെന്നു ഞാൻ അവരോടു ഉറപ്പുപറയുന്നു. വിദഗ്ദ്ധന്മാർ വഴിയറിയാതെ ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കുമ്പോൾ ശാസ്ത്രജ്ഞന്മായി

ഹീനൻ ഒരഭിപ്രായം പറയുന്നതു സാഹസമായി ഗണിക്കപ്പെട്ടേക്കാം. എന്നാൽ ഒരു മഹാൻ ഒരിക്കൽ പറഞ്ഞതുപോലെ വിദഗ്ദ്ധന്മാർ ഇടുങ്ങിയ ഒരു ജീവസമ്പ്രദായത്തിലൂടെ ചരിക്കാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അവർ എത്രവേഗത്തിൽ ഈ ഇടുങ്ങിയ പാതവിട്ടു മാറുകയും സാമാന്യജ്ഞാനദൃഷ്ട്യാ പ്രാബുദ്ധിപൂർവ്വകമായ അഭിപ്രായങ്ങൾ പറയാൻ മറവുള്ളവരും സമർത്ഥന്മാരാണെന്നു സമ്മതിക്കയും ചെയ്യുമോ അത്രയും വേഗത്തിലും അത്രയും എളുപ്പത്തിലും അവർക്കു നേരിട്ടിരിക്കുന്ന ദുർഘടങ്ങളെ നീക്കാവുന്നതാണെന്നു അവർക്കു മനസ്സിലാകുന്നതാണ്.

ഞാൻ ആസനം സ്വീകരിക്കുന്നതിനുമുമ്പു പ്രാഥമികപാഠശാലകളിൽ വാദ്ധ്യാർമാരായി സ്ത്രീകളെ നിയമിക്കണമെന്നുള്ള വിഷയത്തെ സംബന്ധിച്ചു ഒരു വിമർശനം ചെയ്യണമെന്നു ആഗ്രഹിക്കുന്നു. അടുത്തകാലത്തു ഹെഡ്മാസ്റ്റർമാരുടെ കൂടിയാലോചനയിൽ ഈ വിഷയത്തിൻെറ വിമർശനം നടന്നതായി വെളിയിൽ അറിയിച്ചിരിക്കുന്നു. അതിൽ തീർച്ചപ്പെടുത്തിയതു സ്ത്രീകൾക്കു തീരെ അനുകൂലമായിരുന്നില്ല. ഈ വിഷയത്തിനു രണ്ടുപക്ഷങ്ങളുമുണ്ട്, പ്രൈമറിസ്കൂളുകളിൽ വാദ്ധ്യാർമാരായി സ്ത്രീകളെമാത്രം നിയമിക്കുന്നതിൽ ഗുണങ്ങളുമുണ്ട്, ദോഷങ്ങളും ഉണ്ട്. സ്ത്രീകൾക്കുള്ള അവകാശങ്ങളെ എതിർത്തു നിരാകരിച്ചുകൂടാ എന്നുള്ളതാണ് ഒരു പക്ഷത്തിലെ വാദം, സ്ത്രീ വളരെ ആർദ്രചിത്തയും മൃദുസ്വഭാവയും സ്നേഹയുക്തയും ആണ്, അതുകൊണ്ട് അവൾ ശരീരബലഹീനയാണെന്നും തന്നിമിത്തം അവളാൽ അഭ്യസിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾ പൌരുഷരഹിതരായിരിക്കുമെന്നും അവളുടെ ആർദ്രതയും ദൌർബ്ബല്യവും ഇവരിൽ പ്രതിഫലിക്കുമെന്നും മറ്റെപക്ഷക്കാർ വാദിക്കുന്നു. സൈന്യപ്രധാനമായ യൂറോപ്പിൽ ആകട്ടെ മററു സൈന്യപ്രധാനരാജ്യങ്ങളിൽ ആകട്ടെ, ഇക്കാര്യത്തിലുള്ള നില എന്തുതന്നെ ആയിരുന്നാലും ശാന്തതയും സമാധാനവും ആദർശമായി ഗ്രഹിക്കപ്പെട്ടിരിക്കയില്ലാതെയും യുദ്ധാദർശം ഇല്ലാത്ത ഇൻഡ്യയിൽ നമ്മുടെ പാഠശാലകളിൽ കൂടുതൽ എണ്ണം സ്ത്രീകളെ നിയമിക്കുന്നതിനു ശ്രമം സാദ്ധ്യമാണെന്നു വരികിൽ നടത്തേണ്ടതാകുന്നു. ഈ രാജ്യത്തിലുള്ള എല്ലാ പാഠശാലകളിലേക്കു വേണ്ടിടത്തോളം എണ്ണം സ്ത്രീകൾ ഉണ്ടായിരിക്കത്തക്കവണ്ണം സ്ത്രീവിദ്യാഭ്യാസം അഭിവൃദ്ധിയെ പ്രാപിച്ചിട്ടില്ലെന്നു പറയുമായിരിക്കാം. ആ വാദത്തെ ആവർത്തിക്കുന്നതിനുപകരം ലഭ്യമായുള്ളിടത്തോളം സ്ത്രീകളെ സർക്കാർവക പ്രൈമറിസ്കൂളുകളിൽ വാദ്ധ്യാർമാരായി നിയമിക്കുന്നതു നല്ലതെന്നു ഞാൻ നിർദ്ദേശിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ഉള്ള വിദ്യാഭ്യാസനയത്തിലെ ന്യൂനതകളെ പണ്ഡിതനായ ഡെപ്യൂട്ടിപ്രെസിഡൻറും ഈ ഉപക്ഷേപത്തെപ്പററി സംസാരിച്ച മററു മെമ്പർമാരും വളരെ സമർത്ഥമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

റാവുഹജൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രെസിഡൻറ): ഞാൻ രീതിസംബന്ധമായ ഒരു വാദത്തിലേക്കായി എഴുനീൽക്കുന്നു. പലപ്പോഴും എന്നെ ഡെപ്യൂട്ടിപ്രെസിഡണ്ടായി അഭിസംബോധനം ചെയ്യപ്പെടുന്നു. ഈ സ്ഥാനത്തുനിന്നു സംസാരിക്കുമ്പോൾ ഞാൻ ഡെപ്യൂട്ടിപ്രെസിഡണ്ടല്ല ഈ സഭയിലെ ഒരു മെമ്പർ എന്നനിലയിൽ ഞാൻ വർത്തിക്കുകമാത്രമാണ ചെയ്യുന്നതു്. ഒരു വാദത്തിൽ ഞാൻ പങ്കുകൊള്ളുന്ന അവസരങ്ങളിൽ മെമ്പർമാർ എൻെറ പേരുപറഞ്ഞു വിളിക്കുന്നതു ബഹുമാനമായി ഞാൻ കരുതുന്നതാണ്, ഈ സഭയുടെ ഡെപ്യൂട്ടിപ്രെസിഡണ്ട് എന്ന നിലയിൽ എൻെറ കൃത്യം ഈ സഭയിലെ ഒരംഗം എന്നനിലയിൽ എൻെറ കൃത്യത്തിൽനിന്നു മൌലികമായി ഭിന്നമായിട്ടുള്ളതാണ്.

പ്രെസിഡണ്ട്: അങ്ങനെ ചെയ്യുന്നതിനു മെമ്പർമാർക്കു വല്ല ആക്ഷേപവും ഉണ്ടായിരിക്കും എന്നു ഞാൻ വിചാരിക്കുന്നില്ല. അതിരിക്കട്ടെ മെമ്പർമാർ നിങ്ങളെ ഡെപ്യൂട്ടിപ്രെസിഡണ്ട് എന്നുവിളിക്കുന്നതിനെ പ്രതിഷേധിക്കേണ്ടതായി ഗൌരവപ്പെട്ട യാതൊന്നും അതിലുള്ളതായി ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾ വാദത്തിൽ പങ്കുകൊള്ളുകയും ഈ സഭയുടെ അംഗമെന്ന നിലയിൽ നിങ്ങളുടെ സ്വാതന്ത്ര്യങ്ങളെ നടത്തുകയും ചെയ്യുന്ന അവസരങ്ങളിൽ നിങ്ങളെ പേരുപറഞ്ഞുവിളിക്കണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നതായാൽ അതിലേയ്ക്കു ഈ സഭയിലെ മെമ്പർമാർക്കു യാതൊരു ആക്ഷേപവും ഉണ്ടായിരിക്കയില്ല എന്നു എനിക്കു തോന്നുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ കൃഷ്ണയ്യങ്കാർ അദ്ധ്യക്ഷസ്ഥാനം വഹിക്കാതിരിക്കുന്ന കാലത്തും ഡെപ്യൂട്ടിപ്രെസിഡണ്ട് എന്നാണ സഭാ പ്രൊസീഡിംഗ്സിൻെറ അഫിഷ്യൽറിപ്പോർട്ടിൽ പ്രസ്താവിച്ചുകാണുന്നതു. ആ സ്ഥിതിക്കു അദ്ദേഹത്തിനെ ഡെപ്യൂട്ടിപ്രെസിഡണ്ട് എന്നു വിളിച്ചുകൂടാ എന്നു ആജ്ഞാപിക്കുംമുമ്പ പ്രൊസീഡിങ്ങ്സിലും തിരുത്തൽ ചെയ്യേണ്ടിയിരിക്കും, ഏതായാലും അദ്ദേഹത്തിനെ മിസ്റ്റർ കൃഷ്ണയ്യങ്കാർ എന്നുമാത്രം വിളിക്കുന്നതിൽ യാതൊരു ആക്ഷേപവും എനിക്കില്ല.

ഉപക്ഷേപകാര്യത്തെക്കുറിച്ചു പറയാം. ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തിൽ വളരെ പ്രധാനപ്പെട്ട ന്യൂനതകൾ വളരെ സാരാർത്ഥമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്, ഈ ന്യൂനതകളെ സംബന്ധിച്ചു ഈ സഭയിൽ പറഞ്ഞ വാദങ്ങൾക്കു യാതൊരാക്ഷേപവും വിവേകിയായ യാതൊരുത്തനും പറയുന്നില്ലെന്നു എനിക്കു നിശ്ചയമുണ്ട്, ഈ സംഗതികൾ ഞാൻ പറയുകയായിരുന്നു. ഇപ്പോഴത്തെ ഏർപ്പാടിൻെറ ന്യൂനതകളെ അധികം വിസ്താരമായി പ്രതിവാദിക്കാൻ ഞാൻ ഒരുമ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ അവയെ ആവർത്തിച്ചു പറയേണ്ടതായ ആവശ്യകതയില്ലാത്തവണ്ണം അവ അത്ര സുവിദിതങ്ങൾ ആണ്, അവ സത്യമാണെന്നു പൂർണ്ണമായി സമ്മതിക്കയും ചെയ്യും.

നമ്മുടെ വിദ്യാഭ്യാസത്തിനു നാം സദാ വിദേശഭാഷയെത്തന്നെ ആശ്രയിച്ചിരിക്കണമോ എന്നുള്ളതാണു ഈ അവസരത്തിൽ ഞാൻ ഈ സഭയോടു ചോദിക്കുന്നതു ഞാൻ ഈ പ്രശ്നം ചെയ്യുമ്പോൾ എൻെറ സ്നേഹിതന്മാരിൽ ചിലർക്കു വിസ്മയം തോന്നിയേക്കാം. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ വിദ്യാഭ്യാസരീതിയിൽ മൌലികമായി മാററംവരുത്തേണ്ട ഒരു പ്രധാനസംഗതിയാകുന്നു. എന്നിരുന്നാലും ഈ പ്രശ്നം ചോദിക്കേണ്ടതാണ് അതു ചോദിച്ചുകഴിഞ്ഞു, അതു ചോദിക്കേണ്ടതുതന്നെ. അതിനു മറുപടി പറയേണ്ടതുംതന്നെ നമുക്കു മുൻകാലത്തിലുണ്ടായിരുന്ന വിദ്യാഭ്യാസരീതിയെക്കുറിച്ചു സൈമൻ കമിഷൻ എന്തുതന്നെ പറയുന്നതായാലും

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെമ്പർ ഡെപ്യൂട്ടിപ്രസിഡെൻറ്): അവർ യാതൊന്നും പറഞ്ഞിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവർ പറയുന്നതിനെ ഒന്നും ഞാൻ പ്രതിഷേധിക്കുന്നില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൊണ്ടു നമുക്കു ഗുണം സിദ്ധിച്ചിട്ടുണ്ടു എന്നുള്ള പ്രശ്നം ചോദിക്കുന്നതു പ്രയോജനകരമായിരിക്കാം. ഭാവികാലത്തു നാം ഈ നയത്തെ മാററണമെന്നുള്ളതോ എന്നുള്ള പ്രശ്നം ചോദിക്കുന്നതു ഗുണകരമായിരിക്കാം. നാം വിദേശഭാഷയെ ആശ്രയിക്കാൻ പോകുന്നതായാൽ നാം എത്രകാലം അതിനെ ആശ്രയിച്ചുകൊണ്ടിരിക്കണം? നാം അതിനെ ആശ്രയിച്ചുകൊണ്ടിരിക്കാൻ പോകുന്നില്ലെങ്കിൽ അതിന്റെ ന്യൂനതകളെ മാററുന്നതിനു ബദ്ധമായ ശ്രമം നാം ചെയ്യേണ്ടതിനുള്ള കാലം വന്നിട്ടില്ലയോ? ഇക്കാര്യത്തിൽ ഗവൺമെൻറ എന്തു ചെയ്തിട്ടുണ്ട്? ഞാൻ ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എല്ലാം വളരെ ഗൌരവപ്പെട്ട പ്രശ്നം ആകുന്നു എന്റെ മനസ്സിൽ ഉദിക്കുന്നതു്. ഇംഗ്ലീഷ്ഭാഷ ഭൂലോകം ഒട്ടുക്കു വിശാലമായി ഉപയോഗപ്പെട്ടുവരുന്നതും ഭൂപ്രദേശത്തിലുള്ള എല്ലാ ശക്തിമാന്മാരായ ദേശക്കാരും ഉപയോഗിച്ചുവരുന്നതും ആയ ഒരു ഭാഷ ആണെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ വളരെ ചെറിയ ദേശക്കാരായിരുന്നാലും ഒരു പ്രത്യേകദേശക്കാർ എന്നുള്ളനിലയിൽ നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നമ്മുടെ സ്വന്തംഭാഷയിൽ വിദ്യാഭ്യാസം നാം എപ്പോൾ നൽകാൻ പോകുന്നു എന്നുള്ള പ്രശ്നം പ്രകൃത്യാ ഉൽഭവിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറു നിയമിച്ച മെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): ഇംഗ്ലീഷുഭാഷയെ ഉപഭാഷയായി പഠിക്കുന്നതിൽ മിസ്റ്റർ താണുപിള്ളയ്ക്കു വല്ല ആക്ഷേപവും ഉണ്ടോ എന്നു അദ്ദേഹത്തിങ്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിശ്ചയമായും ഇല്ല എന്നു മാത്രമല്ല, കഴിയുന്നത്ര അധികം ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. ഇതിലും കവിഞ്ഞുപോലും ഞാൻ പറയാൻ ഭാവമുണ്ടു. നമ്മുടെ ധനസ്ഥിതി അനുവദിക്കും എന്നുവരുകിൽ, ഈ രാജ്യത്തിലെ ധനസ്ഥിതി അനുവദിക്കും എന്നുവരുകിൽ മററു ഭാഷകൾകൂടി പഠിപ്പിക്കേണ്ടതാകുന്നു. ഏതായാലും നാം ഇപ്പോൾ അതിനെക്കുറിച്ചു പ്രതിപാദിക്കുന്നില്ല. ഇപ്പോൾ ഉള്ള അവസ്ഥാഭേദങ്ങൾ അനുസരിച്ചു ഇംഗ്ലീഷു പഠിപ്പിച്ചുവരുന്നതായി തോന്നുന്നു. നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും ദീർഘകാലത്തേക്കു ഒരുപക്ഷെ എന്നന്നേക്കും നാം ഇംഗ്ലീഷു പഠിപ്പിക്കേണ്ടതാണ്.

എന്നാൽ എന്റെ ഇപ്പോഴത്തെ വാദവിഷയം, നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കേണ്ടിയിരിക്കുന്ന എല്ലാ വിഷയങ്ങളിലും നാം അവർക്കു നൽകുന്ന അദ്ധ്യാപനത്തിനുപോലും നാം ഇംഗ്ലീഷുഭാഷയെ ആശ്രയിച്ചിരിക്കേണമോ എന്നുള്ളതാണു. ഈ പാഠവിഷയങ്ങളെ ഇംഗ്ലീഷുഭാഷയിലായി നമ്മുടെ കുട്ടികളെ പഠിപ്പിക്കണം എന്നുള്ളതു അനുചിതമല്ലയോ? നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും തിരുവിതാംകോട്ടുചരിത്രവും തിരുവിതാംകോട്ടു ഭൂമിശാസ്ത്രവും പഠിപ്പിച്ചുവരുന്നതു നമ്മിൽനിന്നു അനേകായിരം മൈൽ അകലെയായി വസിക്കുന്ന ജനങ്ങൾ സംസാരിച്ചുവരുന്ന ഭാഷയിൽ ആകുന്നു. ഗൌരവമനസ്കനും ധീമാനും ആയ വല്ല വിദേശീയനും തിരുവിതാംകോട്ടിൽവന്നു കാണുന്നതായാൽ അദ്ദേഹം, നാം ഇപ്പോൾ അധീനപ്പെട്ടിരിക്കുന്ന രാഷ്ട്രീയാവസ്ഥകൾ ഇല്ലെന്നുവരുകിൽ വിസ്മയപരതന്ത്രനായിതീരും.

ഈ വിഷയത്തിന്റെ പ്രായോഗികസ്ഥിതിയെപ്പററി പറയാം. ഇതിനെക്കു പ്രാരംഭപ്രവൃത്തിയായി നമ്മുടെ രാജ്യത്തിൽ കീഴ്ക്ലാസ്സുകളിൽ ഉള്ള ദ്വിവിധമായ പാഠപദ്ധതിയെ ഇല്ലാതാക്കുന്ന കാര്യത്തിൽ ആദ്യമായി ഡയറക്ടർ പ്രവർത്തിക്കേണമെന്നു മിസ്റ്റർ പാച്ചുപിള്ള പറഞ്ഞു. ആ നിർദ്ദേശത്തെ ഞാൻ നിശ്ചയമായും അനുകൂലിക്കുന്നു. ഒരു പക്ഷത്തു പ്രിപ്പറേറ്ററിക്ലാസ്സുമുതൽ നാലാം ഫാറം വരെയും മറെറാരുപക്ഷത്തു അഞ്ചാംക്ലാസ്സുമുതൽ ഏഴാംക്ലാസ്സുവരെയും ഉള്ള വ്യത്യാസത്തെ നമുക്കു ഇല്ലാതാക്കണം. സെക്കൻററിസ്കൂളുകളിൽ അങ്ങിനെയും ചെയ്യട്ടെ. ഉയർന്നക്ലാസുകളിൽ മററു വിഷയങ്ങൾ നാട്ടുഭാഷകളിൽ പഠിപ്പിക്കട്ടെ. നാം നമ്മുടെ ബാലന്മാരെ പത്തോ പതിനൊന്നോ വയസ്സിൽ പിരിക്കയും താണവർ എന്നും ഉയർന്നവർ എന്നും രണ്ടു ഇനമായി തിരിക്കയും, ഉയർന്നവർ ആണെങ്കിൽ അവരെ ഇംഗ്ലീഷ് പാഠങ്ങൾ പഠിപ്പിക്കയും ചെയ്യുന്നു. പഠിക്കാൻ മനസ്സുള്ള ദരിദ്രന്റെ മകനെ താണതരത്തിൽ ഉള്ളവനായി ഗണിക്കപ്പെടുന്നു. മലയാളം പാഠങ്ങൾ പഠിക്കാൻ അവരോടു പറയപ്പെടുന്നു. എന്നാൽ ധനികന്റെ പുത്രൻ ഇംഗ്ലീഷ്സ്കൂളുകളിലേക്കു അയക്കപ്പെടുന്നു. ഈ രണ്ടുതരം സ്കൂളുകളും ദരിദ്രന്റെയും ധനികന്റെയും കഷ്ടപ്പെട്ട അദ്ധ്യാപനത്തിന്റെ ഫലം ആയ മുതൽകൊണ്ടു പരിപാലിക്കപ്പെടുന്ന പക്ഷം ഈ ഭേദം നിങ്ങൾ അനുവർത്തിക്കുന്നതു ന്യായമാണോ എന്നാകുന്നു ഞാൻ ചോദിക്കുന്നതു്? ഒരിക്കലും അല്ല എന്നു ഞാൻ ബലമായി പറയുന്നതിൽ അനേകംപേർ എന്നോടു യോജിക്കും എന്നു എനിക്കു നിശ്ചയം ഉണ്ടു്. സർ, ഈ കാര്യത്തിൽ ഒരു പ്രാരംഭപ്രവൃത്തിയെങ്കിലും നമുക്കു ചെയ്യാം. നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതു് നമ്മുടെ മാതൃഭാഷയിലായിരിക്കുന്നതിനു നമുക്കു സാധിക്കുന്നതുവരെ ഈ നയത്തെ നാം അനുവർത്തിക്കേണ്ടതും സ്ഥിരമായി സ്വീകരിക്കേണ്ടതും ആകുന്നു.

നമ്മുടെ സ്കൂളുകളിലും കാളേജുകളിലും നാട്ടുഭാഷയ്ക്കു നല്കിവരുന്ന വിമാതൃവർത്തനത്തെക്കുറിച്ചു ഏതത്സംബന്ധമായി ഞാൻ പ്രസ്താവിക്കാം. ഗവൺമെൻറിന്റെ ചിലവിന്മേൽ നടത്തിവരുന്ന ഈ രാജ്യത്തിലെ വിദ്യാലയങ്ങളിൽ ഈ രാജ്യത്തിലെ മാതൃഭാഷയുടെ നേർക്കും ആ ഭാഷയിലുള്ള സാഹിത്യത്തിന്റെനേർക്കും കാണിച്ചുവരുന്ന നിന്ദാകരമായ പെരുമാററത്തെ ആത്മാഭിമാനം ഉള്ള യാതൊരു ദേശക്കാർക്കും കൈയ്യുംകെട്ടി സമചിത്തതയോടുകൂടി സഹിച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതല്ല. നമ്മുടെ സ്കൂളുകളിലും കാളേജുകളിലും പൌരസ്ത്യഭാഷകളിലെ പ്രൊഫസർമാരോടും ലെക്ച്ചർമാരോടും ഏതുവിധം പെരുമാറിവരുന്നു എന്നുള്ളതുമാത്രം നാം നോക്കിയാൽ മതിയാകും. ഈ ലെക്ച്ചർമാരേയും, പ്രൊഫസർമാരേയും താണ ഇനത്തിലുള്ളവരായി ഗണിക്കുന്നതിനു എന്തു ന്യായമാണുള്ളതു്?

മി: മാത്യുമുരിക്കൻ (വൈക്കം): അവരോട് എങ്ങനെ വർത്തിച്ചുവരുന്നു എന്നു മെമ്പർ പറയുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അവരെ താണനിലയിൽ ഉള്ളവരായി ഗണിക്കയും, മോശമായനിലയിൽ തള്ളിയിരിക്കയും ചെയ്യുന്നു. ദേശചരിത്രം, ജീവശാസ്ത്രം, ഗണിതം, ഇംഗ്ലീഷ് ഇവയും ചിന്ത്യമായ സകല വിഷയങ്ങൾക്കും പ്രൊഫസർമാർ ഉണ്ട് എന്നാൽ പൌരസ്ത്യഭാഷകൾക്ക യാതൊരു പ്രൊഫസറും ഇല്ല. ഇങ്ങനെ പ്രൊഫസർമാർക്കുള്ള ശമ്പളത്തെ സംബന്ധിച്ച ചിലവിന്റെ വിഷയം അല്ല. നമ്മുടെ സാഹിത്യത്തിന്റെ പദവി നന്ദശാനിലയിൽ ഇരിക്കുന്നു. സംസ്കൃതമോ മലയാളമോ തമിഴോ പഠിപ്പിക്കുന്നതിനു സമർത്ഥരായ ആളുകൾ ഗവൺമെന്റിനു ലഭിച്ചിട്ടില്ലെന്നും ലഭിക്കാൻ കഴിയുകയില്ലെന്നും ഉള്ള കാരണം പറയുമായിരിക്കാം. എന്നാൽ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അബദ്ധമാകുന്നു. അവർ വലിയ അന്ധതയ്ക്കു അധീനരായിരിക്കുന്നു എന്നാണ് ഞാൻ പറയുന്നതു. തിരുവിതാംകോട്ടുകാർക്ക അവരുടെ മാതൃഭാഷ പഠിക്കുന്നതിനുള്ള സൗകര്യങ്ങളെക്കാൾ കൂടുതൽ സൗകര്യങ്ങൾ ഇംഗ്ലീഷ് ചരിത്രം പഠിക്കുന്നതിനു ഉണ്ടായിരിക്കാം. എന്നാൽ നിഷ്കർഷയോടുകൂടി ഞാൻ പ്രതിപാദിക്കുന്ന സംഗതി നമ്മുടെ സാഹിത്യത്തെ പോഷിപ്പിക്കുന്നതിനു എത്രയും നല്ല ബുദ്ധിമാന്മാർ ഉണ്ടാകേണം എന്നുള്ളതാണ്. മാതൃഭാഷ പഠിപ്പിക്കുന്നതിനു വേണ്ട യോഗ്യതയുള്ളവരെ ലഭിക്കുന്നതു എളുപ്പമല്ല എന്നു ഗവൺമെന്റ വിചാരിക്കുന്നതിനോടു ഞാൻ യോജിക്കുന്നില്ല. ഏററവും സാമർത്ഥ്യമുള്ളവരെ കിട്ടുമെന്നിരുന്നാലും പ്രൊഫസർ പണിക്ക ൨൫൦ രൂപാ ശമ്പളം കൊണ്ടു ഏവൻ തൃപ്തിപ്പെട്ടിരിക്കും എന്നും ഏവൻ ആ ഉദ്യോഗം കൈക്കൊള്ളും എന്നും ആണ് ഞാൻ ചോദിക്കുന്നതു. അതാണ് വാസ്തവത്തിൽ ഉള്ള ദുർഘടം. ഇപ്പോഴത്തെ അവസ്ഥക്ക പൌരസ്ത്യഭാഷകളിൽ പ്രൊഫസരായി കാര്യക്ഷമതയുള്ളവരെ നിങ്ങൾക്ക ലഭിക്കുന്നതു സാദ്ധ്യമല്ല. അവർക്കു വലിയ ശമ്പളം കൊടുക്കുന്നതായാൽ അല്ലാതെ നിങ്ങളുടെ മാതൃഭാഷയെ പോഷിപ്പിക്കുന്നതിനു യോഗ്യതയുള്ള ഉത്തമാധികാരികളെ ലഭിക്കുന്നതിനു നിങ്ങൾ ശക്തരാവുകയില്ല. ആ സംഗതിയെയാണ് ശ്രദ്ധപ്പെടുത്തിപ്പറയുന്നതിൽ ഞാൻ ആഗ്രഹിക്കുന്നതു.

ശാസ്ത്രവിഷയങ്ങളിൽ പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കേണ്ട ആവശ്യകതയേയും ഞാൻ പ്രസ്താവിക്കാം. ജ്യോതിശ്ശാസ്ത്രം, രസതന്ത്രശാസ്ത്രം മുതലായവയെപ്പോലുള്ള ശാസ്ത്രവിഷയങ്ങളിൽ നല്ല പാഠ്യപുസ്തകങ്ങൾ ഇല്ലെന്നുള്ള പരാതി നാം കേൾക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റ നിയമിച്ച മെമ്പർ, ഡെപ്യൂട്ടി പ്രസിഡന്റ): ഉസ്മാനിയാ യൂനിവേർസിറ്റി ഈ ദുർഘടത്തെ തരണം ചെയ്തിട്ടുണ്ടെന്നു മെമ്പർക്കറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ നമ്മുടെ ഗവൺമെന്റ ആ ദുർഘടത്തിന്റെ തരണത്തിൽ യാതൊന്നും ചെയ്യുന്നില്ല. അതു തരണം ചെയ്യേണ്ടതാണ്. നമ്മുടെ ഗ്രാഡ്വേററുകൾ ഈ അവസ്ഥയ്ക്കു വേണ്ടതു ചെയ്യാൻ ശക്തരല്ലെന്നുവരികിൽ നമ്മുടെ കാളേജുകൾ എന്തിനാണെന്നു ചോദിക്കുന്നതിനുള്ള ചോദ്യം ഞാൻ ചോദിക്കുന്നു. അതു ഏവനും ചോദിക്കുന്ന പ്രകൃത്യാ മോഹം തോന്നുന്നതായ ഒരു പ്രശ്നം ആണ്. നമ്മുടെ സ്കൂളുകളിലും കാളേജുകളിലും പഠിപ്പിച്ചുവരുന്ന സകലവിധ വിഷയങ്ങളിലും പാഠ്യപുസ്തകങ്ങൾ ഉണ്ടാക്കിക്കേണ്ടതു ഗവൺമെന്റിന്റെ ധർമ്മമാണ് എന്നാണ് ഞാൻ പറയുന്നതു ആ മാർഗ്ഗത്തിൽ പ്രവൃത്തി. ഇങ്ങനെ നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് വാസ്തവത്തിൽ ദേശീയമാക്കപ്പെടുന്നതിനു നാം നോക്കേണ്ടതാകുന്നു. നാം ദേശീയമാർഗ്ഗങ്ങളിൽ അഭിവൃദ്ധിയെ പ്രാപിക്കണം.

നമ്മുടെ സ്കൂളുകളിലും കാളേജുകളിലും തിരുവിതാംകോട്ടുചരിത്രം പഠിപ്പിക്കുന്നില്ല എന്നു പ്രസ്താവിക്കയുണ്ടായി. ൫൦൦ കൊല്ലങ്ങൾക്ക മുമ്പു, മിക്കസംഗതികളിലും ൫൦ കൊല്ലങ്ങൾക്കു മുമ്പുപോലും തിരുവിതാംകോട്ടിലെ സ്ഥിതി എന്തായിരുന്നു എന്നു നമ്മുടെ ഗ്രാഡ്വേററുകൾക്ക അറിഞ്ഞുകൂടാ. ഈ വിധം സ്വദേശചരിത്രത്തെക്കുറിച്ചുള്ള അടിസ്ഥാനം ഇല്ലാതെ നമ്മുടെ വിദ്യാഭ്യാസത്തിനു തീരെ വിലയില്ല. നമ്മുടെ വിദ്യാർത്ഥികൾ മദ്ധ്യമകാലത്തുള്ള യൂറോപ്പിലെ ചരിത്രത്തെക്കുറിച്ചു അധികം പഠിക്കുന്നു. എന്നാൽ അവരുടെ സ്വന്ത നാട്ടിലെ ചരിത്രത്തെക്കുറിച്ചു യാതൊന്നും അവർക്ക അറിഞ്ഞുകൂടാ. ഈ രാജ്യത്തിലെ ഭാവിപൌരന്മാരായിത്തീരേണ്ടവരായ ബാലന്മാരുടെ മനസ്സുകളിൽ ഈ മാതിരി ആത്മാഭിമാനമില്ലായ്മയാകുന്നു നാം ജനിപ്പിക്കുന്നതു.

ഈ വിശാലമായ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതിൽ സഭയുടെ കൂടുതലായ സമയത്തെ വിനിയോഗിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഡിപ്പാർട്ടുമെന്റ ഭരണസംബന്ധമായി ഏതാണ്ടു ചില്ലറക്കാര്യങ്ങളെക്കുറിച്ചു എനിക്ക പറവാനുണ്ടു.

പ്രസിഡന്റ: ഇതുസംബന്ധമായി വല്ലതും പ്രസ്താവിക്കണം എന്നുണ്ടെങ്കിൽ നിങ്ങൾക്ക സമയം അനുവദിക്കാം. അതു ഇപ്പോൾ പറയുന്നില്ലെന്നും നിങ്ങളുടെ ഉപക്ഷേപത്തിന്റെ ഗുണദോഷ ചർച്ചയുണ്ടാകുന്നതുവരെ കാത്തിരിക്കാം എന്നും ഉണ്ടെങ്കിൽ എനിക്ക യാതൊരാക്ഷേപവും ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്താവിക്കേണ്ടുള്ള മറെറാരു സംഗതി സ്ത്രീകൾക്കുള്ള ശിക്ഷാക്രമക്ലാസിനെ ട്രെയിനിംഗ് കാളേജിൽ നിന്നു പിരിക്കണം എന്നുള്ളതാണ്. ഈ രാജ്യത്തിൽ പെൺകുട്ടികൾക്കായി നാല്പതോളം ഇംഗ്ലീഷ്‌മെഡിൽ സ്കൂളുകൾ ഉണ്ടു. മലയാളം പെൺപള്ളിക്കൂടങ്ങളിൽ വളരെ എണ്ണം അണ്ടർഗ്രാഡ്വേററ് സ്ത്രീവാദ്ധ്യാർമ്മാരും ഉണ്ടു ഈ വാദ്ധ്യാർമ്മാർക്ക ആണുങ്ങളുടെ കൂട്ടത്തിലല്ലാതെ ശിക്ഷാക്രമം അഭ്യസിക്കുന്നതിനു സൗകര്യം നൽകണം എന്നു ഞാൻ നിർദ്ദേശിക്കുന്നു. ഏതാനും കാലത്തിനുമുമ്പു ഇതിലേക്കായി ഒരു പ്രത്യേക പാഠശാല ഉണ്ടായിരുന്നു. ആ ക്ലാസ് ട്രെയിനിംഗ് കാളേജിൽ നടത്തിവന്നിരുന്ന പ്രത്യേകമായുള്ള ഈ പാഠശാലയെ നിറുത്തിക്കളഞ്ഞു. ഇതണ്ടർഗ്രാഡ്വേറ്റ് സ്ത്രീവിദ്യാർത്ഥിനികൾക്കു ശിക്ഷാക്രമം പ്രത്യേകമായി അഭ്യസിപ്പിക്കുന്നതിനുള്ള പാഠശാലയെ വീണ്ടും ഏർപ്പെടുത്തേണ്ടതു അഭിലഷണീയം ആണെന്നു ഞാൻ ഗവൺമെന്റിനോടു നിർബന്ധമായി അപേക്ഷിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റ നിയമിച്ച മെമ്പർ) (ഡെപ്യൂട്ടി പ്രസിഡന്റ്): സ്ത്രീകളെയും പുരുഷന്മാരേയും ഒന്നിച്ചിരുത്തി പഠിപ്പിക്കണം എന്നു അധികാരികൾ അഭിപ്രായപ്പെട്ടതായി എന്റെ സ്നേഹിതനു അറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ, അതെനിക്കറിയാം. എന്നാൽ ആ അഭിപ്രായത്തെ നമ്മുടെ ഗവൺമെന്റ അംഗീകരിച്ചിട്ടില്ല. ഈ വഴുതക്കാട്ടിൽ സ്ത്രീകൾക്കായി ഒരു പ്രത്യേക കാളേജ

സ്ഥാപിക്കയും അതിൽ മിസ്. ഗ്ലോസിനെ പ്രിൻസിപ്പാളായി നിയമിക്കയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയിൽ നിന്നു അക്കാര്യം വെളിവാകുന്നു.

റാവുബഹദൂർ. കെ. ഏ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച മെമ്പർ, ഡെപ്യൂട്ടി പ്രസിഡന്റ): എന്നാൽ ഇപ്പോൾ സ്ത്രീകൾ ആർട്ട്സ് കാളേജിലും സയൻസ് കാളേജിലും, ലാകാളേജിലും പഠിച്ചുവരുന്നു. മിസ്റ്റർ താണുപിള്ള, ഈ നയത്തെ നിങ്ങൾ അംഗീകരിച്ചുകഴിഞ്ഞാൽ,

മി. ഏ. താണുപിള്ള (തിരുവനന്തപുരം): സഹവിദ്യാഭ്യാസതത്വം നമ്മുടെ ഗവർമ്മെണ്ട് അംഗീകരിച്ചിട്ടുണ്ടെന്നു എനിക്കു നിശ്ചയം ഇല്ല. കുറഞ്ഞകണക്കിൽ ആൺകുട്ടികളും പെൺകുട്ടികളും മാത്രമേ സഹാധ്യായനരീതി പൂർണ്ണമായി അംഗീകരിച്ചിട്ടുള്ളു. എന്നാൽ ഞാൻ അണ്ടർഗ്രാഡ്യുവേറ്റ് വാധ്യാന്മാരുടെ കാര്യം പറയുന്നു. ഇവർ ഈ ഇനത്തിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു അവർക്കായി പ്രത്യേകം പാഠശാലവേണം എന്നു ഞാൻ വാദിക്കുന്നു. ഈ സംഗതിയിൽ വധൂക്കളുടെ അഭിപ്രായം കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സഹായധനം വാങ്ങിക്കുന്ന നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ഏതാനും വാധ്യാന്മാരുടെ സഹായധനത്തെക്കുറച്ചിരിക്കുന്നു എന്നുള്ള പരാതി ഉണ്ട്. ഹെഡ്മാസ്റ്റർമാർക്കു ഇതിനുമുൻപിൽ പതിനഞ്ചു രൂപാ സഹായധനം ആയി കിട്ടിക്കൊണ്ടിരുന്നു. എന്നാൽ പുതിയ ചട്ടം അനുസരിച്ചു അവർക്കു പത്തു രൂപയേ കിട്ടുന്നുള്ളു. പതിമൂന്നു രൂപാ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്നവർക്കു മാസംതോറും പതിവായി കിട്ടിക്കൊണ്ടിരുന്നതിൽ മൂന്നുരൂപാ ഇല്ലാതാകുന്നതു കഷ്ടമാണ്. ഈ ഇനത്തിൽ അനേകം സംഗതികൾ ഉണ്ടായിരിക്കാൻ ഇടയില്ലതന്നെ. അവരുടെ കാര്യങ്ങളെ ആലോചിക്കയും അവർക്കനുകൂലമായി ചട്ടത്തിൽ വ്യത്യാസം വരുത്തുകയും ചെയ്യണം എന്നു അപേക്ഷിക്കുന്നു.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): സമയം അധികമാകുന്നു. മററുള്ളവർക്കും ചിലതൊക്കെ പറയാനുണ്ട്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): നാട്ടുഭാഷാപാഠശാലകളിൽ വാധ്യാന്മാരായി സർക്കാർ ജീവനത്തിൽ നിയമിക്കുന്നതിനു അപേക്ഷിക്കുന്ന പുലയർ, പറയർ, കുറവർ മുതലായ പതിത സമുദായക്കാരിൽപെട്ടവർക്കു അനുകൂലമായി ചട്ടത്തിൽ വ്യത്യാസം വരുത്തുന്നതു അഭിലഷണീയമാണ് എന്നു എനിക്കു പറയാനുണ്ട്. പകരം ജോലിനോക്കുന്നവരെയെല്ലാം നിയമിച്ചതിൽ പിന്നീടുമാത്രമേ ഇവരെ സർക്കാർ ഉദ്യോഗത്തിൽ നിയമിക്കാവൂ എന്നാകുന്നു ഇപ്പോഴത്തെ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു.

പ്രസിഡന്റ: അതു മെമ്പർമാരിൽ ഒരാൾ പ്രസ്താവിച്ചവിഷയം ആണല്ലോ.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഞാനും ആ അഭിപ്രായത്തെ സ്ഥിരീകരിക്കയും അവർക്കനുകൂലമായി ചട്ടത്തിനു വ്യത്യാസം വരുത്തേണ്ടതു അഭിലഷണീയം ആണെന്നു നിർബന്ധമായി പ്രസ്താവിക്കയും ചെയ്യുന്നു.

ഈ സഭയെ അറിയിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്ന മറെറാരു സംഗതി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മേലധികാരിയായി ഒരു ഇൻഡ്യൻ വേണ്ടതാകുന്നു. വിശിഷ്യ അദ്ദേഹം ഒരു തിരുവിതാംകോട്ടുകാരനായിരിക്കണം. എന്നാൽ മാത്രമേ തിരുവിതാംകോട്ടിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസരീതിയിൽ ആവശ്യമുള്ള മാററങ്ങൾ ചെയ്യുന്നതിനു അദ്ദേഹം മാത്രമേ ശക്തനായിരിക്കയുള്ളു. ഈ കാര്യത്തെക്കുറിച്ചു വിമർശിക്കാനായി ഒരു ഉപക്ഷേപത്തിനു അറിയിപ്പു ഞാൻ കൊടുത്തിട്ടുണ്ട്. ആ ഉപക്ഷേപം പര്യാലോചനത്തിനായി സ്വീകരിക്കപ്പെടുമ്പോൾ അതിനെക്കുറിച്ചു ഞാൻ പ്രതിപാദിക്കാം.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ച മെമ്പർ): സർ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ കൂടുതലായി ചില ഭേദഗതികൾ നടത്തണം എന്നു പറഞ്ഞ മെമ്പർമാരുടെ അഭിപ്രായം അനുസരിച്ചു ഞാനും അധഃകൃതവർഗ്ഗക്കാർക്കു പറയാൻ ആഗ്രഹിക്കുന്നു. അധഃകൃതർ ടൗണിലിരിക്കാതെ നാട്ടുമ്പുറങ്ങളിൽ വസിച്ചുവരുന്നു എന്നു എല്ലാവർക്കും അറിയാം. ഇവരുടെ പ്രധാനതൊഴിൽ കൃഷിയാണ്. ഇവർക്കു തങ്ങളുടെ കുട്ടികളെ പഠിപ്പിക്കാൻ ശരിയായ വസതിയില്ല. ഇവരുടെ അജ്ഞതയേയും ദാരിദ്ര്യത്തേയും കഷ്ടതയേയും അറിഞ്ഞു മാനേജർമാർ ഇവർക്കു പ്രാഥമിക വിദ്യാലയങ്ങൾ ഏർപ്പെടുത്തീട്ടുണ്ട്. അതിലുള്ള വാധ്യാന്മാർ, പള്ളിക്കൂടത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുപോയാൽ ശരിയായ ശമ്പളം കിട്ടുകയില്ലെന്നു കരുതി അവരുടെ കുഞ്ഞുങ്ങളെയും ആ പള്ളിക്കൂടങ്ങളിൽ ചേർത്തു പഠിപ്പിച്ചുവരുന്നു. കുട്ടികളെ അഡ്മിഷൻ രജിസ്റ്ററിൽ ചേർക്കുമ്പോൾ മാതാപിതാക്കന്മാർക്കു അവരുടെ ശരിയായ വയസ്സ് അറിയാൻ പാടില്ലാതിരിക്കുന്നു. അവർക്കുപോലും അറിയാൻ പാടില്ലാത്ത സ്ഥിതിക്കു, ആ കുട്ടികൾക്കു എങ്ങിനെ അറിയാൻ കഴിയും. അങ്ങനെ പഠിപ്പിക്കുന്ന കുട്ടികൾക്കു പിന്നീട ഏജ്ബാർ വന്നേക്കുന്നു. ചിലകുട്ടികൾ പഠിച്ചു മേൽഗതിയെ പ്രാപിക്കുന്നു. മാതാപിതാക്കന്മാരുടെ സഹായത്താലല്ലാ അവർ അങ്ങനെ ഉയർച്ചയെ പ്രാപിക്കുന്നതു. ധർമ്മാനുസാരിയായ മാനേജ്മെൻറിന്റെ സഹായത്താൽ ബോർഡിങ്ങിൽചേർന്നു പഠിച്ചാണ് അവർക്കു ഉയർച്ചലഭിക്കുന്നതു. ഇപ്പോൾ അവർക്കു ൨൦-൨൫ വയസ്സുപ്രായമുണ്ടായിരിക്കുന്നു. ഇങ്ങനെകഷ്ടപ്പെട്ടുപഠിച്ചവർക്കു മേലാൽ സർക്കാരുദ്യോഗവും അതിൽ സർവീസിൽ പ്രവേശനവും ലഭിക്കുന്നില്ല. ബുദ്ധിമാനായിരുന്നാലും ഏജ്ബാർ എന്നു പറഞ്ഞു തള്ളിക്കളയപ്പെടുന്നു. ഈ സാധുജനങ്ങൾക്കു പള്ളിക്കൂടത്തിൽ ഫീസുകൊടുക്കാനും പുസ്തകങ്ങൾ വാങ്ങിക്കാനും പണം ഇല്ല. ഉച്ചക്കു ഊണു കിട്ടുകയില്ല, വൈകുന്നേരം തന്നെ ക്ഷീണിച്ചു വീട്ടിൽ എത്തുന്നു. ഈവിധം കഷ്ടപ്പെട്ടു പഠിച്ചുവരുന്നവർക്കു മററു ഉൽകൃഷ്ടജാതിക്കാരെപ്പോലെ ൨൫ വയസിൽ സർക്കാരുദ്യോഗത്തിൽ പ്രവേശിക്കണം എന്നു പറയാമോ? പഠിക്കാൻ ശരിയായ സൗകര്യം ഉള്ളവർ ൧൮, ൧൯, ൨൦ വയസിൽ ബി. ഏ., എം. ഏ. വരെയും പഠിക്കുന്നുണ്ട്. സാധുക്കൾക്കു യാതൊരു ശക്തിയും ഇല്ല. ധനവാന്മാരുടെ കുട്ടികൾക്കു ൨൫ വയസ്സായാലും ഉദ്യോഗം കിട്ടുന്നുണ്ട്; ഇവർക്കു ൨൫ വയസിലും കിട്ടുന്നില്ല. അതുകൊണ്ടു പതിതസമുദായക്കാർക്കു ൩൦ വയസുവരെ സർക്കാരുദ്യോഗം കൊടുക്കേണ്ടതാണെന്നു ചട്ടം ഉണ്ടാക്കണം എന്നു താഴ്മയായി അപേക്ഷിക്കുന്നു. ഗവണ്മെണ്ട് പരീക്ഷജയിച്ചിട്ടുള്ളവരേയും ൨൫ വയസ്സിനുമേൽ ടീച്ചേർസ് ലൈസൻസ്സ കൊടുത്തിട്ടില്ലെന്നുള്ള കാരണത്താൽ പള്ളിക്കൂടത്തിൽനിന്നു തള്ളിക്കളയുന്നു. അവർ ഇപ്പോൾ ഏജ്

ബാർ എക്സെംപ്ഷൻ കിട്ടുന്നതിനായി ഗവൺമെന്റിൽ അപേക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടു സാധുക്കളെ-ന്റെ വയസ്സുവരെ സർക്കാർജോലിയിൽ പ്രവേശിപ്പിക്കാം എന്നു ഒരു ഉത്തരവു നല്കണം. മററു ധനവാന്മാരുടെ ബാലന്മാരോടൊന്നിച്ചു പള്ളിക്കൂടത്തിൽ പഠിക്കുന്നതിനുള്ള സൗകര്യം ഈ സാധുക്കൾക്കു ലഭിച്ചിട്ടും ഇവർ എന്തുകൊണ്ടു് മററുള്ളവരോടൊപ്പം പഠിച്ചു ഉൽഗതിയെ പ്രാപിക്കുന്നില്ല? ഇതിനുള്ള കാരണം അവരുടെ ദാരിദ്ര്യമത്രേ— എത്രയോ അധികം ഗുണങ്ങൾ ഈ പതിതസമുദായങ്ങളിലുള്ള വിദ്യാർത്ഥികൾക്കു ഗവൺമെന്റു നല്കീട്ടുണ്ട്. ഫീസു കുറച്ചുകൊടുത്തിരിക്കുന്നു. മററു ചില നന്മകളും ചെയ്തിരിക്കുന്നു. ഇവയ്ക്കായി ഞങ്ങൾ നാലുതലമുറ നന്ദിയുള്ളവരായിരിക്കുന്നു. കാളേജിലും ഫീസ് കുറച്ചുകൊടുക്കണം എന്നു അപേക്ഷിക്കുന്നു. സർ, ഉദ്യോഗം വേണമെന്നു ഏതു ഡിപ്പാർട്ടുമെന്റിൽ ചെന്നു ചോദിച്ചാലും ബി.എ ഡിഗ്രി ഉണ്ടോ എന്നു ചോദിക്കുന്നു. ചില വിദ്യാർത്ഥികൾ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്നു. അവർക്കു ഇപ്പോൾ ഫീസ് സൗജന്യം നല്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ അവർ പഠിത്തം നിറുത്തേണ്ടതായിവരും. സർ, നാഗർകോവിലിൽനിന്നു ഒരാൾ ഇപ്രകാരം എഴുതിയിരിക്കുന്നു:—"എന്റെ മകനെ കാളേജിൽ ചേർത്തിട്ടുണ്ട്. അവനു കാളേജിലേക്കുമാത്രം [illegible] രൂപാ കൊടുക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു കുടുംബച്ചിലവിനു വളരെ വളരെ പ്രയാസം നേരിടുന്നുണ്ട്. അതിനു ഗവൺമെന്റിൽനിന്നു വല്ല സഹായവും നല്കുന്നതിനു അപേക്ഷിക്കുന്നു" എന്നെഴുതിയിരിക്കുന്നു. ഹൈസ്കൂൾ ക്ലാസ്സുഫീസ് കുറച്ചതിലേക്കു ഞങ്ങൾ നന്ദിയുള്ളവരായിരിക്കുന്നു. ഇതോടുകൂടി കാളേജിലും ഫീസ് കുറച്ചുകിട്ടണം എന്നു അപേക്ഷിക്കുന്നു. കാരുണ്യവാന്മാരായ മിസ്റ്റർ രാഘവയ്യാ, മിസ്റ്റർ വാട്സ് മുതലായ ദിവാൻജിമാരെ സന്താനപരമ്പരയായി ഞങ്ങൾ മറക്കാതിരിക്കത്തക്കവണ്ണം വേണ്ട ഗുണങ്ങൾ ഞങ്ങൾക്കു അവർ ചെയ്തിട്ടുണ്ട്. ഞങ്ങളുടെ നാട്ടുകാരൻ ദിവാൻജിയായ അവിടുന്നും പതിതസമുദായക്കാർക്കു മേല്പറഞ്ഞ നന്മകൾ ചെയ്യണം എന്നു അപേക്ഷിക്കുന്നു.

മി: തയ്യുളകത്തിൽ തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു.

ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം പരിഷ്കരിക്കേണ്ടതാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. രാഷ്ട്രീയബോധം, ദേശാഭിമാനം, വിവിധകലാജ്ഞാനം, കർമ്മകുശലത ഇവയെല്ലാം ഇപ്പോഴത്തെ വിദ്യാഭ്യാസംകൊണ്ടു നമ്മുടെ നാട്ടുകാർക്കു അധികമായിട്ടുണ്ട്; ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും ഇൻഡ്യക്കുപുറത്തുള്ള ദ്വീപുകളിലും മററു അന്യരാജ്യങ്ങളിലും ഈ വിദ്യാഭ്യാസത്തിന്റെ ഫലമായി നമ്മുടെ രാജ്യക്കാർ പലർ പോയി ശോഭിക്കുന്നുണ്ട്. തന്നിമിത്തം നമ്മുടെ രാജ്യത്തിനു നല്ല പ്രസിദ്ധിയുണ്ടായിട്ടുമുണ്ട്. ഇതെല്ലാം ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ഫലമാണെങ്കിലും ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം തീരെ നിർദ്ദോഷമാണെന്നു പറയുവാൻ പാടില്ല. തൊഴിൽസംബന്ധിച്ചു ഒരു വശത്തു ഈ വിദ്യാഭ്യാസത്തിനു സാരമായ ഒരു പോരായ്മയുണ്ട്. ഇവിടത്തെ സമ്പ്രദായം യൂറോപ്പിലെ പ്രത്യേകിച്ചു ഇംഗ്ലണ്ടിലെ വിദ്യാഭ്യാസസമ്പ്രദായംപോലെയാണ് ഏറെക്കുറെ നടത്തിപ്പോരുന്നതു്. ആ സമ്പ്രദായം ബ്രിട്ടീഷിൻഡ്യയിൽനിന്നു ഇവിടെ കടന്നതാണ്. ഇവിടത്തെ ദേശാവസ്ഥ, തൊഴിൽസമ്പ്രദായം, ജീവിതരീതി ഇവയെല്ലാം ആലോചിച്ചു ദേശാനുസരണമായ ഭേദഗതി ഇതിൽ വരുത്താത്തതുകൊണ്ടാണ് ഈ വിദ്യാഭ്യാസം ഇവിടെ തൊഴിൽ അഭിവൃദ്ധിക്കുതകാത്തതു്. ജനങ്ങൾക്കു ഉദ്യോഗങ്ങളും വക്കീൽജോലിയും മതിയെങ്കിൽ ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം ധാരാളം മതിയെന്നുപറയാം. മററു തൊഴിലുകൾ നടത്തി കാലക്ഷേപമാർഗ്ഗം തേടുന്നതിനു ഇതു ഇവിടെ ശരിയായി പററുന്നില്ല. പഠിക്കുന്ന എല്ലാവർക്കും ഉദ്യോഗമോ വക്കീൽജോലിയോ കൊണ്ടു കഴിക്കാൻ സാധ്യമല്ലല്ലോ. ഇവിടത്തെ ജനങ്ങൾ വലിയപങ്കും കൃഷിക്കാരാണ്. അവരുടെ സന്താനങ്ങൾക്കു വിദ്യാഭ്യാസം കഴിഞ്ഞുവരുമ്പോൾ കൃഷിയിൽ അഭിരുചിയില്ലാതെയും അതിലേയ്ക്കു പ്രാപ്തിയില്ലാതെയുമാണു കാണുന്നതു്. ഇവിടത്തെ പ്രധാനതൊഴിൽ കൃഷിയായിരിക്കെ അതുസംബന്ധിച്ചുള്ള പരിജ്ഞാനം വിദ്യാർത്ഥികൾക്കു തീരെ ഇല്ലാത്തതുകൊണ്ടു കൃഷി അഭിവൃദ്ധിപ്പെടാൻതന്നെ മാർഗ്ഗം കാണുന്നില്ല. കൃഷിതൊഴിലിൽ ബാല്യത്തിലെതന്നെ വാസന ജനിക്കുന്നില്ലെങ്കിൽ വിദ്യാഭ്യാസം കഴിഞ്ഞുവരുമ്പോൾ ആ തൊഴിലിനെ വെറുക്കുന്നതിനിടയാകുന്നു. മലയാളത്തിനുപുറമെ ഇംഗ്ലീഷ്‌വിദ്യാഭ്യാസവും കഴിഞ്ഞുവരുമ്പോൾ സാധാരണ വിദ്യാർത്ഥികൾക്ക് ഇരുപതോ ഇരുപത്തിരണ്ടോ വയസ്സാകും. പിന്നിടാണ് ഏതെങ്കിലും ഒരു തൊഴിൽ പരിശീലിക്കാൻപോകുന്നതു്. അക്കാലത്തു ഏതെങ്കിലും തൊഴിൽ ശീലിക്കുന്നതിനുള്ള മനുഷ്യസാധാരണമായ വാസനയും മിക്കവാറും മുരണ്ടുപോകും.

യൂറോപ്പിൽ വ്യവസായമാണ് പ്രധാനതൊഴിൽ. അവരുടെ മാതൃഭാഷ കുറെ പഠിച്ചുകഴിഞ്ഞാൽ ഉപരിവിദ്യാഭ്യാസത്തിനു പോകാത്തവർ തൊഴിൽ സംബന്ധമായ വിദ്യാഭ്യാസത്തിനു പോകയാണ് പതിവു്. അന്യഭാഷ പഠിക്കാത്തതുകൊണ്ടു അവർക്കു ബാല്യത്തിലെ പഠിത്തത്തിൽ അഭിവൃദ്ധിയുണ്ടാകും. ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസംകൂടി കഴിഞ്ഞേ തൊഴിലഭ്യസനത്തിനു പോകാവൂ. അപ്പോൾ പ്രായവും കടക്കുന്നു. സാധാരണ സ്കൂളുകളിൽ ഇംഗ്ലീഷ്ഭാഷ ഒഴിച്ചു മററു വിഷയങ്ങൾ മലയാളത്തിൽതന്നെ പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്യുകയും, മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് നിർബന്ധമാക്കിയേർപ്പെടുത്തുകയും ചെയ്താൽ കാലം അധികം കളയാതെ കഴിക്കാം. ജപ്പാൻരാജ്യത്തു അവരുടെ മാതൃഭാഷയിലാണ് മിക്ക വിഷയങ്ങളും പഠിപ്പിക്കുന്നതു്. ആ പൌരസ്ത്യരാജ്യത്തെ അനുകരിച്ചു ഇവിടെയും എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കേണ്ടതാണ്. എൻജിനീയറിംഗ്, വൈദ്യം ഇടങ്ങിയ ഏതെങ്കിലും പ്രത്യേകവിഷയത്തിൽ ഉപരിവിദ്യാഭ്യാസം ചെയ്യുന്നതിനാഗ്രഹമുള്ളവർ അതിലേയ്ക്കു പൊയ്ക്കൊള്ളട്ടെ. സാധാരണ വിദ്യാർത്ഥികൾക്കു പതിനേഴോ പതിനെട്ടോ വയസ്സിനിടയ്ക്കു സാമാന്യമായ വിദ്യാഭ്യാസജ്ഞാനം മലയാളത്തിലും ഇംഗ്ലീഷിലും തൊഴിലിലും സിദ്ധിക്കത്തക്കവിധത്തിൽ പാഠപദ്ധതി നിശ്ചയിക്കണം.

ഇതിനു വിദ്യാലയങ്ങളോടുചേർത്തു കൈത്തൊഴിൽശാലകളും കൃഷിത്തോട്ടങ്ങളും കൂടി സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. എല്ലാ പാഠശാലകളിലും അങ്ങനെ ചെയ്യാൻ സാധിച്ചില്ലെങ്കിലും താലൂക്കുതോറും ഓരോ വിദ്യാലയത്തിലെങ്കിലും ഈ വിധമുണ്ടായിരിക്കണം. ഇങ്ങനെ വിദ്യാർത്ഥികൾ കൃഷിയോടും മററു തൊഴിലുകളോടും ബാല്യത്തിൽതന്നെ ഇടപെടുകയും തന്നിമിത്തം തൊഴിൽ സംബന്ധമായ വാസനയും അഭിരുചിയും ഉണ്ടാകുകയും ചെയ്താൽ മേലാൽ അവർ രാജ്യത്തിനും അവർക്കുതന്നേയും പ്രയോജനമുള്ളവരായി തീർന്നുകൊള്ളും.

ഇപ്പോഴത്തെ വിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവരുന്ന യുവാക്കന്മാർ എന്തുചെയ്യാൻപോകുന്നു. ഈ സംഗതി ദേശാഭിമാനികൾ പ്രത്യേകം ചിന്തിക്കേണ്ടതാണ്. സാധാരണ പരീക്ഷാവിജയികൾ ഉദ്യോഗസ്ഥന്മാരുടെ വാതൽക്കാത്തുനിന്നു ഉദ്യോഗം കിട്ടാതെ അലഞ്ഞുതിരിയുകയാണ്. എല്ലാവർക്കും ലഭിക്കത്തക്കവണ്ണം ഇവിടെ ഉദ്യോഗങ്ങളില്ലല്ലോ. വക്കീൽജോലിക്കു പോകാമെന്നുവച്ചാൽ ബാർ മുഴുവനും നിറഞ്ഞിരിക്കയാണ്. അതുകൊണ്ടു തൊഴിൽ അഭ്യസനംകൊണ്ടുമാത്രമേ ഈ രാജ്യത്തു ശ്രേയസ്സുണ്ടാകാൻ വഴിയുള്ളു. അതു ബാല്യത്തിൽതന്നെ നൽകുകയും വേണം. വിദ്യാലയങ്ങളോടുചേർത്തു ഓരോ കൃഷിത്തോട്ടവും കൈത്തൊഴിൽ പരിശീലനശാലയും ഏർപ്പെടുത്തുവാൻ നമ്മുടെ രാജ്യത്തു പ്രയാസമില്ല. തോട്ടം കൃഷി ഇൻസ്പെക്ടരുടെയും, തൊഴിൽശാല വ്യവസായ വകുപ്പിന്റെയും മേൽനോട്ടത്തിൽ ആയിക്കൊള്ളട്ടെ.

മറെറാന്നു പറയാനുള്ളതു അധഃകൃതരുടെ വിദ്യാഭ്യാസകാര്യമാണ്. ഈ രാജ്യത്തു വിദ്യാഭ്യാസം വളരെ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നു പറയുന്നു. എന്നാൽ അധഃകൃതരെ സംബന്ധിച്ചു അതു അത്ര ശരിയല്ല. അവർക്കു കൂടുതൽ സൌകര്യങ്ങൾ കൊടുക്കണം. എല്ലാ സ്കൂളുകളിലും പ്രവേശിക്കാനുള്ള സൌകര്യം കൊടുത്തതുകൊണ്ടുമാത്രം പോരാ. അവർ ദരിദ്രരാണല്ലോ. അവർക്കു പുസ്തകങ്ങളെല്ലാം സൌജന്യമായിട്ടു കൊടുക്കണം. ഈ രാജ്യത്തു ധാരാളം പ്രാഥമിക പാഠശാലകൾ ഉണ്ടാകണം. നിർബന്ധവിദ്യാഭ്യാസം ചിലേടങ്ങളിൽ ചിലടത്തു ഏർപ്പെടുത്തി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സാധുക്കളായ അധഃകൃതവർഗ്ഗത്തിലുൾപ്പെട്ട കുട്ടികൾക്കു ഒരുനേരത്തെ ആഹാരവും പുസ്തകങ്ങളും സൌജന്യമായികൊടുക്കാതെയും നാട്ടുമ്പുറങ്ങളിലും പ്രത്യേകം ഉത്തരതിരുവിതാംകൂറിലും കൂടുതൽ സ്കൂൾ തുറക്കാതെയും പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതുകൊണ്ടു ഫലമില്ല. കുട്ടികളെ വിദ്യാലയങ്ങളിൽ അയച്ചു പഠിപ്പിച്ചില്ലെങ്കിൽ മാതാപിതാക്കന്മാരെ ശിക്ഷിക്കും എന്ന ഒരു നിബന്ധനയോടുകൂടി നടത്തപ്പെടുന്നതാണല്ലോ നിർബന്ധവിദ്യാഭ്യാസം. ഉപജീവനത്തിനുതന്നെ വഴിയില്ലാതെ ബുദ്ധിമുട്ടുന്ന ജനതയോടു പണമില്ലെങ്കിലും പുസ്തകങ്ങളെല്ലാം വാങ്ങിച്ചുകൊടുത്തു കുട്ടികളെ ദൂരസ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ അയച്ചു പഠിപ്പിച്ചുകൊള്ളണമെന്നും അല്ലാഞ്ഞാൽ ശിക്ഷിക്കുമെന്നും പറഞ്ഞാൽ പുലയനും മററും ശിക്ഷയനുഭവിക്കുകയേയുള്ളു.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ധാരാളമായി പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കണം. മൂവാററുപുഴ, തൊടുപുഴ, കുന്നത്തുനാടു മുതലായ താലൂക്കുകളിൽ വിദ്യാലയങ്ങൾ വളരെ കുറവാണ്. ഗവ. സ്കൂളുകൾ മാത്രമേ തൊടുപുഴത്താലൂക്കിലുള്ളു. എന്നാൽ തിരുവനന്തപുരം, നെയ്യാററിൻകര, കോട്ടയം മുതലായതാലൂക്കുകളിൽ ൨൦൦-ം ൩൦൦-ം ൩൫൦-ം സ്കൂളുകൾ ഉണ്ട്. അതുകൊണ്ടു ഉൾനാട്ടുകളിൽ ധാരാളം വിദ്യാലയങ്ങൾ ഏർപ്പെടുത്തി പ്രാഥമിക വിദ്യാഭ്യാസം ചെയ്യുന്നതിനു എല്ലാവർക്കും സൌകര്യം നൽകണം.

അധഃകൃതരെ സംബന്ധിച്ചു ഉയർന്നവിദ്യാഭ്യാസത്തിനും വേണ്ട വ്യവസ്ഥചെയ്യണം. ബി. ഏ. പാസ്സായിട്ടു അവരിൽ ഒരാൾ മാത്രമേയുള്ളു എന്നു മിസ്റ്റർ മാധവൻ പറഞ്ഞു. അവരുടെ സമുദായത്തെ ഉയർത്തുന്നതിനു അവരെത്തന്നെയാണു ഏർപ്പെടുത്തേണ്ടത്. അവരുടെയിടയിൽ കുറെപ്പേരെങ്കിലും നല്ലവിദ്യാഭ്യാസമുള്ളവരായിരുന്നാൽ അവരുടെ സമുദായത്തെ നന്നാക്കുന്നതിനു അവർക്കുതന്നെ പലതും നിർദ്ദേശിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കുമായിരുന്നു. അമേരിക്കയിലെ ബൂക്കർ ടി. വാഷിംഗ്ടൺ നീഗ്രോവർഗ്ഗത്തിൽ പെട്ടയാളാണല്ലോ. അദ്ദേഹം വെള്ളക്കാരുടെ സഹായത്താൽ പഠിച്ച് ഉന്നതനിലയിൽ വന്നതുകൊണ്ടു നീഗ്രോവർഗ്ഗത്തിന്റെ ഉയർച്ചക്കു പലതും ചെയ്യാൻ കഴിഞ്ഞു. അതുകൊണ്ടു അധഃകൃതവർഗ്ഗക്കാരുടെ ഉന്നതിക്കു ഗവൺമെൻറു അവരിൽ കുറെപ്പേർക്കു ഉന്നതവിദ്യാഭ്യാസം നൽകണം. ഇപ്പോൾ അവർക്കു നൽകിയിട്ടുള്ള സൌജന്യം ഒരു സൌജന്യമായി വിചാരിക്കാൻ നിവൃത്തിയില്ല. പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും സൌജന്യമായിട്ടാണല്ലോ നൽകിവരുന്നത്. ഇവർക്കു ഉന്നതവിദ്യാഭ്യാസവും സൌജന്യമായി നൽകണം. ഈ രാജ്യത്തു വിദ്യാഭ്യാസത്തിനു ചിലവാകുന്ന സംഖ്യ ജനസംഖ്യയനുസരിച്ചു വീതിക്കയാണെങ്കിൽ ഒരാൾക്കു ശരാശരി ഒരു രൂപായോളം ചിലവാകുന്നതായി കാണാം. എന്നാൽ അധഃകൃതരിൽ വിദ്യാർത്ഥികൾ കുറവാകയാൽ അവർക്കു ഇപ്പോൾ കാൽ രൂപവീതംപോലും കിട്ടുന്നില്ല. അതുകൊണ്ടു ജനസംഖ്യയനുസരിച്ചുള്ളവീതം അവർക്കും നൽകണം. അതു വിദ്യാർത്ഥികൾക്കു പുസ്തകങ്ങളായിട്ടും ഒരുനേരത്തെ ആഹാരമായിട്ടും പ്രകാരാന്തരേണ കൊടുത്താൽമതി. ആളാംപ്രതി അർഹിക്കുന്ന ചിലവുമാത്രം ഇവർക്കായി ചെയ്താൽമതി. അധഃകൃതരും ഉയർന്നവരുമുള്ള രാജ്യം നല്ലനിലയിൽ വരണം. കാലുകൾ ചെളിയിൽതാണു കിടക്കുന്ന ആളിന്റെ ശിരസ്സു അധികം ഉയർന്നിരിക്കയില്ല. കാലുകളും ശിരസ്സിനോടു ഘടിപ്പിച്ചിരിക്കുന്ന ശരീരത്തിന്റെ ഒരു ഭാഗമാണല്ലോ. അതുപോലെ പൌരശരീരത്തിലെ ഒരു ഭാഗമാണ് അധഃകൃതർ. അവർ അടിമകളായിട്ടിരുന്നു. രാജ്യത്തിനുവേണ്ടി വേലചെയ്തു മററുള്ളവരുടെ മനുഷ്യരായിട്ടു തലമുറതലമുറയായി ശ്രമിച്ചവരാണ് അധഃകൃത വർഗ്ഗക്കാർ. അവർക്കു ഭൂപതിവിൽ കൊടുത്തുവരുന്ന സൌജന്യംപോലെ വിദ്യാഭ്യാസവിഷയത്തിലും വേണ്ട സൌജന്യം നൽകണം. ഉടനെതന്നെ അവരിൽ പത്തോ പതിനഞ്ചോ പേരെ ബി. എ. യോ എം. ഏ-യോ പാസ്സാക്കി പുറത്തുകൊണ്ടുവരാൻ കഴിയുമെങ്കിൽ അവർ അവരുടെ സമുദായോദ്ധാരണത്തിനു തന്നെത്താനെ ശ്രമിച്ചുകൊള്ളും. അപ്പോഴും ഗവൺമെൻറു അവരെ വേണ്ടപോലെ പ്രോത്സാഹിപ്പിച്ചാൽമതി.

ഇനി എനിക്കു പറയുവാനുള്ളത് വിദ്യാഭ്യാസത്തിനു പ്രതിവർഷം ചിലവുചെയ്യുന്ന സംഖ്യയെക്കുറിച്ചാണ്. അതു ഭയങ്കരമായി വർദ്ധിച്ചുവരുന്നു. ഗ്രാൻറുസ്കൂൾസമ്പ്രദായമേ അതിനൊരു പ്രതിവിധിയായുള്ളു. ഗ്രാൻറുസ്കൂൾ നടത്തിക്കൊണ്ടുവരുന്നവർക്കു വേണ്ട പ്രോത്സാഹനം ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിക്കുന്നില്ല. അവരുടെ നേരെ ഇൻസ്പെക്ടർമാർ യോഗ്യമായിട്ടു പെരുമാറുന്നുണ്ടോ എന്നു ഡയറക്ടർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഗ്രാൻറു സ്കൂൾമാനേജർമാർ പൊതുജന നന്മയെലാക്കാക്കി പ്രവർത്തിക്കുന്നവരാണ്. അതിലേക്കു അവർക്കു യാതൊരു പ്രതിഫലവും ലഭിക്കുന്നില്ല; ഈ ഗ്രാൻറു മാത്രമേയുള്ളു. അവരുടെ ജീവിതത്തിൽ ഒരു വലിയ ഭാഗവും ജനസേവനത്തെ ഉയർത്താൻ വിനിയോഗിച്ചുകൊണ്ടിരിക്കയാണ്. അങ്ങനെയുള്ള ഗ്രാൻറുസ്കൂൾമാനേജർമാരോടു ഇൻസ്പെക്ടർമാർ കേവലം തങ്ങളുടെ കീഴിലുള്ള സിൽബന്ധികളോടു പെരുമാറുന്നതിനേക്കാൾ താണനിലയിൽ പലപ്പോഴും പെരുമാറുന്നു. ഗ്രാൻറു അകാരണമായോ നിസ്സാരകാരണത്താലോ നിറുത്തിക്കളയുമെന്നും വിദ്യാലയത്തിന്റെ അംഗീകരണംപോലും എടുത്തുകളയുമെന്നുമൊക്കെ പറഞ്ഞു ഭയപ്പെടുത്തുന്നുണ്ട്. കൂടുതലായി വിദ്യാലയങ്ങൾ സ്ഥാപിക്കാൻ സാധിച്ചില്ലെങ്കിലും

ഗ്രാന്റസ്കൂളുകളുടെ നേരെ ഇപ്പോൾ അനുവർത്തിച്ചുവരുന്ന ഈ നയം ഒന്നു ഭേദപ്പെടുത്തിയാൽ ധാരാളം സ്കൂളുകൾ വർദ്ധിക്കുമായിരുന്നു. കെട്ടിടം പോരാ, ഫർണിച്ചർ പോരാ എന്നെല്ലാം ഇൻസ്പെക്ടർമാർ പറയുന്നുണ്ട്. ഡിപ്പാർട്ടുമെന്റൽ സ്കൂളുകളിലെപോലെ ഉപകരണങ്ങളും കെട്ടിടവുമില്ലെന്നാൽ പോരെന്നു പറയുന്നതു ശരിയല്ലല്ലോ. നിസ്സാരമായ കാരണങ്ങൾ പറഞ്ഞു ഗ്രാന്റു നിറുത്തിക്കളയുന്നതും സ്കൂൾ അംഗീകരിക്കാതിരിക്കുന്നതും രാജ്യത്തെ വിദ്യാഭ്യാസത്തിനു ബാധകമാണ്.

പ്രസിഡന്റ്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു

മി: തറിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇത്രയും സംഗതികൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വിഷയീഭവിപ്പിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: ജി. സി. കേശവപിള്ള (കൾക്കുളവും-വിളവങ്കോടും): സർ, വിദ്യാഭ്യാസനയത്തെ സംബന്ധിച്ചിടത്തോളം പല സംഗതികളും ഇവിടെ പ്രതിപാദിക്കയുണ്ടായി. എന്നാൽ എനിക്കു രണ്ടുവാക്കു പറയാനുള്ളതു ഗ്രാന്റസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചാണ്. ഗ്രാന്റസ്കൂൾ മാനേജർമാരിൽനിന്നും അവർ അനുഭവിച്ചുവരുന്ന സങ്കടങ്ങളെപ്പററി പല ആവർത്തിയും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതിന് യാതൊരു നിവാരണമാർഗ്ഗവും ഉണ്ടായികാണുന്നില്ല. അദ്ധ്യാപകന്മാർക്കു ശരിയായ ശമ്പളം മാനേജർമാർ കൊടുക്കുന്നില്ല. അതിനെ സംബന്ധിച്ചു ഇൻസ്പെക്ടിംഗ് ആഫീസർമാർ പരിശോധിച്ചിട്ടുള്ളതായും കാണുന്നില്ല. ഏഴും എട്ടും വർഷം ജോലിചെയ്തിട്ടുള്ള അദ്ധ്യാപകന്മാരെ മാനേജർമാരുടെ അതൃപ്തികൊണ്ടോ മററു കാരണവശാലോ പെട്ടെന്നു മാററിക്കളയുന്നുണ്ട്. അങ്ങനെയുള്ള പള്ളിക്കൂടങ്ങളിൽ ഡയറക്ടരുടെ ദൃഷ്ടിപതിയേണ്ടതാകുന്നു എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഗവണ്മെന്റു വിദ്യാലയങ്ങളിൽ ഒഴിവുവരുന്ന അവസരങ്ങളിൽ ഗ്രാന്റസ്കൂൾ അദ്ധ്യാപകന്മാരെ നിവൃത്തിയുള്ളിടത്തോളം നിയമിക്കണം. കുറഞ്ഞപക്ഷം ൧൦൦-ൽ ഒരു വീതം ആളുകളെയെങ്കിലും ആർഡർ മുറയ്ക്കു അങ്ങനെ നിയമിക്കണമെന്നു എനിക്കു അഭിപ്രായമുണ്ട്.

ചില സ്ഥലങ്ങളിൽ പ്രൈമറിസ്കൂളുകൾ ധാരാളമുണ്ടെന്നും മററു ചില സ്ഥലങ്ങളിൽ പ്രൈമറിസ്കൂളുകൾ കുറവാണെന്നും ഇവിടെ ഒരു അഭിപ്രായം പുറപ്പെടുവിക്കയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട ലേഡിമെമ്പർ അഭിപ്രായപ്പെട്ടതുപോലെ വില്ലേജ് പഞ്ചായത്തു റെഗുലേഷൻ നടപ്പിൽ വരുത്തി പ്രൈമറിസ്കൂളുകളുടെ, ഭരണം വില്ലേജ് പഞ്ചായത്തു സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതു നന്നായിരിക്കും. അതനുസരിച്ചു മൂന്നാംക്ലാസ് വരെയുള്ള സ്കൂളുകളെ പ്രൈമറിസ്കൂളുകളായി ഗണിച്ചു വില്ലേജ് പഞ്ചായത്തു ബോർഡിന്റെ ഭരണത്തിനു വിട്ടുകൊടുക്കണമെന്നു ഞാനും അഭിപ്രായപ്പെടുന്നു. (Mr. G. P. Nilakanta Pillai, Hear, hear.)

ഓരോ പള്ളിക്കൂടങ്ങളിലും ഉച്ചയ്ക്കു ആഹാരസാധനങ്ങൾ കിട്ടാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നതായി ഞാൻ മുമ്പൊരിക്കൽ പ്രതിപാദിക്കുകയുണ്ടായി. ഓരോ കുട്ടികളുടേയും വീട്ടിൽ അഞ്ചോ പത്തോ മൂടു പരുത്തി വച്ചുപിടിപ്പിച്ചു അതിൽനിന്നു പഞ്ഞി എടുത്തു തക്ലികൊണ്ടു നൂലുണ്ടാക്കി വിററുകിട്ടുന്ന പണം കൊണ്ടും മററു പൊതുജനങ്ങളുടെ സംഭാവനകൾകൊണ്ടും കുട്ടികൾക്കു ഉച്ചഭക്ഷണത്തിനു വേണ്ട ഏർപ്പാടു ചെയ്യുന്നതിനു ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കണം.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ചമെമ്പർ): പരുത്തിനടുവാൻ സ്ഥലമില്ലാത്ത കുട്ടികളായിരുന്നാൽ എന്തു ചെയ്യും?

മി: ജി. സി. കേശവപിള്ള (കൾക്കുളവും-വിളവങ്കോടും): പുറമ്പോക്കു ഭൂമികൾ തല്ക്കാലം കൈവശപ്പെടുത്തി നട്ടുപിടിപ്പിക്കണം.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ചമെമ്പർ): മുള്ളൂറ പകുതിയിൽ സർക്കാർ പുറമ്പോക്കിൽനിന്നു സാധുജനങ്ങളെ വിട്ടൊഴിച്ചതു മെമ്പർക്കറിയാമോ?

മി: ജി. സി. കേശവപിള്ള (കൾക്കുളവും-വിളവങ്കോടും): അതു താമസിക്കാനായി പോയതുകൊണ്ടാണ്. പരുത്തി നടുന്നതിനായി സ്വല്പം ഭൂമി കൈവശപ്പെടുത്തി കുട്ടികളുടെ സൗകര്യംപോലെ പോയി നട്ടുപിടിപ്പിച്ചു ഉപയോഗിക്കുന്നതുകൊണ്ടു തരക്കേടൊന്നുമില്ല.

നൂൽനൂല്ക്കുക എന്നതു നൂതനമായിട്ടുള്ള ഒരു ഏർപ്പാടല്ല. പഴയകാലത്തുതന്നെ ഇവിടെ പലരും നൂൽനൂൽപ് വ്യവസായം നടത്തിവന്നിരുന്നതായി പല ലക്ഷ്യങ്ങളുമുണ്ട്. ഇരുപതുവർഷത്തിനു മുമ്പു ഈ വ്യവസായം ഇവിടെ നശിച്ചുപോയി എന്നു മാത്രമേയുള്ളു. ഡയറക്ടർ ഇതു ഓർക്കണമെന്നുകൂടി ഞാൻ അഭിപ്രായപ്പെടുന്നു. (ചിരി).

ആർഫനേജുകൾക്ക് വേണ്ട സഹായങ്ങൾ ഗവണ്മെന്റിൽനിന്നു നല്കണം. കുഴിത്തുറ ആര്യസമാജക്കാർ ഒരു ആർഫനേജ് നടത്തിവരുന്നുണ്ട്. കാളറാ മുതലായ സാംക്രമികരോഗങ്ങളുണ്ടായിരുന്ന അവസരത്തിൽ അന്യനാട്ടിൽനിന്നു വന്ന സാധുക്കളായ ആളുകളെ രക്ഷിക്കുന്നതിന് ഇവർ ചെയ്തിട്ടുള്ള ശ്രമം ഒട്ടും ചില്ലറയല്ല. അതുപോലെതന്നെ മാർത്താണ്ഡത്തു ക്രിസ്ത്യാനികൾ ഒരു ആർഫനേജ് സ്ഥാപിച്ചിട്ടുണ്ട്. ഈ രണ്ടു ആർഫനേജുകൾക്കും വേണ്ട ഗ്രാന്റു കൊടുത്തു സഹായിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പൊതുജനങ്ങൾ കെട്ടിച്ചുകൊടുത്ത സ്കൂളുകൾ പൊതുജനങ്ങളുടെ സഭ കൂടുന്നതിനു ആവശ്യപ്പെടുന്ന അവസരങ്ങളിൽ കൊടുക്കാൻ പാടില്ല എന്നു ചെയ്തിട്ടുള്ള തീരുമാനത്തെ റദ്ദുചെയ്തു് അങ്ങനെ കൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം.

മി: മാത്തൂരിക്കൻ ([illegible]): മിസ്റ്റർ നീലകണ്ഠപിള്ള ഹാജരാക്കിയ ഉപക്ഷേപത്തിനു അനുകൂലമായി ഏതാനും വാക്കുകൾ സംസാരിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. അനാവശ്യകാര്യങ്ങളെപ്പററി വാദപ്രതിവാദം നടത്തീട്ടുണ്ട്. പ്രശ്നങ്ങളുടെ വിവിധവശങ്ങളേയും പ്രധാനപ്പെട്ടവയിൽ ചില അവസ്ഥാനങ്ങളേയും പററി മിസ്റ്റർ കൃഷ്ണയ്യങ്കാരും മിസ്റ്റർ താണുപിള്ളയും വളരെ സാമർത്ഥ്യത്തോടുകൂടി പ്രതിവാദിച്ചു കഴിഞ്ഞിരിക്കുന്നു. അവയെക്കുറിച്ചു എന്റെ അഭിപ്രായം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു നമ്മുടെ വിദ്യാഭ്യാസരീതിയിൽ വരുത്തേണ്ട പ്രാദേശികപരമായ മാററങ്ങളിൽ, ഏതാനും സംഗതികളെക്കുറിച്ചുമാത്രം ഞാൻ പ്രതിപാദിക്കാം. നമുക്കു ഒരു പുതിയ വിദ്യാഭ്യാസഡയറക്ടർ ഉണ്ട്. തിരുവിതാംകോട്ടിൽ ഇന്നു സ്വീകരിച്ചിരിക്കുന്ന വിദ്യാഭ്യാസരീതിയിൽ ആവശ്യമുള്ള പ്രധാനമാററങ്ങളിൽ ചിലവരുത്ത അദ്ദേഹത്തിനെ ഓർമ്മിപ്പിക്കേണ്ടതു അത്യന്താവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

സഹായധനം വാങ്ങിക്കുന്ന പാഠശാലകളുടെ കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് പ്രവർത്തിച്ചുവരുന്ന രീതിയെപ്പററി ഗുണദോഷവിചിന്തനം ചെയ്യുന്നതിനായി ഒരു വിചാരണോപക്ഷേപത്തിനു ഞാൻ അറിയിച്ചുകൊടുത്തിട്ടുണ്ട്, ആ വിഷയത്തിന്റെ വിവിധവശങ്ങളുടെ ഗുണദോഷങ്ങൾ വിമർശിക്കപ്പെട്ടിട്ടുണ്ട്. ദിവിയിൽ തിരുവിതാംകോട്ടിനുള്ള രക്ഷ ഈ സഹായധനം വാങ്ങിക്കുന്ന പാഠശാലകളുടെ പ്രോത്സാഹനത്തിൽ മാത്രം സ്ഥിതി ചെയ്യുന്നു. നമ്മുടെ ഗവർമെൻറും ഈ രീതിയെ സമ്മതിക്കുന്നതായി തോന്നുന്നു എന്നാൽ അവയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം അവയുടെ മാർഗ്ഗത്തിൽ അനേകം തടസ്സങ്ങൾ ഉണ്ടാക്കുന്നതായി എനിക്കു തോന്നുന്നു. അങ്ങനെ തടസ്സം ഉണ്ടാക്കുന്നതിനിടയുണ്ടാകണം നടത്തുന്നവർ നിമിത്തം ജനിച്ചതോ / പരിശോധകഉദ്യോഗസ്ഥന്മാരിൽ ചിലരുടെ ഉപേക്ഷനിമിത്തം ജനിച്ചതോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഈ ഏർപ്പാടുകളെക്കുറിച്ചു പ്രതിപാദിക്കുന്നതിനു മുമ്പ് ഈ വിദ്യാലയങ്ങളുടെ കാര്യത്തിൽ ആരോപിക്കപ്പെടുന്ന ഒന്നോ രണ്ടോ കുററങ്ങൾക്കു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ഈ സഹായധനപാഠശാലകൾ കുററം ചെയ്യുന്നു എന്നുള്ളതിനെക്കാൾ അധികവും ഇവയുടെ മനക്കദോഷം പ്രവൃത്തിക്കുന്നു എന്നുള്ളതാണ് സത്യമായിട്ടുള്ളത്. ചില മാനേജർമാർ പണത്തെ അനീതിയായി അപഹരിക്കുന്നു എന്നു സഭയുടെ ഈ കക്ഷിയിലുള്ള സ്നേഹിതന്മാരിൽ ഒരാൾ പറഞ്ഞു, ദുഷ്ടന്മാരായ മാനേജർമാരും സജ്ജനങ്ങളായ മാനേജർമാരും ഉണ്ട്. മററു ജീവിതമാർഗ്ഗങ്ങളിലും ദുർവൃത്തരും സജ്ജനങ്ങളും പ്രവർത്തിക്കുന്നുണ്ട്. തിരുവിതാംകോട്ടിൽ വിദ്യാഭ്യാസരീതിയെ നന്നാക്കുവാൻ ആദികാലം മുതൽക്കേ പരിശ്രമിച്ചുവരുന്ന ഈ മാനേജർമാരെ സംശയം വീക്ഷിച്ചു വരുന്നു എന്നും നാം കേൾക്കുന്നുണ്ട്. ചില വാദ്ധ്യാർമാരുടെ സേവനത്തെ വേണ്ടെന്നുവയ്ക്കുന്നതിനും മററുള്ളവരെ നിയമിക്കുന്നതിനും ഈ മാനേജർമാർക്കുള്ള അധികാരത്തെ നടത്തുന്നതിൽ വലുതായ അപരാധം ഇവരുടെ മേൽ ചുമത്തുന്നുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. അടുത്തകാലത്തു മാനേജർമാരിൽ ചിലർ ഗവർമെൻറിൽ നിന്നു അധികം കഷ്ടം സഹിച്ചിട്ടുണ്ട്. ഒരു പാഠശാല നടത്തിക്കുന്നതിൽ സ്വകാര്യമല്ലാത്ത പ്രവർത്തകന്മാർ, ഒററയാളായിരുന്നാലും ഒരു സ്ഥാപനമായിരുന്നാലും ഒരു ജനസംഘം ആയിരുന്നാലും അധികം കഷ്ടപ്പെടുന്നുണ്ട്; മിക്കതും പൊതുജനങ്ങളുടെ ഗുണത്തിനായിട്ടും ആകുന്നു നടത്തപ്പെടുന്നതു്. ഒരാളിനെ വാദ്ധ്യാരായി നിയമിക്കുവാൻ ഈ പ്രവർത്തകന്മാർ അധികാരം ഉണ്ടെന്നുവരികിൽ അയാളെ വേണ്ടെന്നു വയ്ക്കുന്നതിനുള്ള അധികാരവും ആ അധികാരസ്ഥന്മാർക്കുള്ളതായി ആവശ്യം ഗണിക്കേണ്ടതാകുന്നു. ഈ മാനേജർമാരെ ആശങ്കയോടുകൂടി നാം വീക്ഷിക്കാൻ യാതൊരു കാരണവും ഇല്ല. ഒരാളുടെ സേവനം വേണ്ടെന്നുവയ്ക്കുന്നതിൽ മാനേജരുടെ പ്രവൃത്തി സമുദായിക മനസ്ഥിതിയാലോ ധനാഗ്രഹത്താലോ പ്രേരിതമാണെന്നു വിചാരിക്കാൻ യാതൊരു കാരണവും നമുക്കു ഇല്ലാത്തതാകുന്നു.

ഈ മാനേജർമാർക്കു ഗ്രാൻറു കിട്ടുന്നതിൽ നാനാവിധങ്ങളായ പ്രതിബന്ധങ്ങളും ഉണ്ടാക്കപ്പെടുന്നു എന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. ഒരാൾ ഒരു പാഠശാല തുടങ്ങുവാൻ അപേക്ഷിക്കുമ്പോൾ അതിന്റെ ഒരു പ്ലാൻ അയക്കണം. ഇൻസ്പെക്ടർ പള്ളിക്കൂടം കെട്ടേണ്ട സ്ഥലം പരിശോധിക്കയും, പള്ളിക്കൂടം പണിയിക്കുന്നതിൽ അനുവാദം കൊടുക്കുന്നതിനു ശിപാർശ ചെയ്കയും ചെയ്യുന്നു. ഡയറക്ടർ താൻതന്നെ സ്ഥലം ചെന്നു കാണണം എന്നാഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ സംഗതി ഇടപ്പിൽ വരുന്നില്ല. ഗ്രാൻറു കിട്ടുന്നതിനുള്ള അപേക്ഷ ഇൻസ്പെക്ടർക്കു കിട്ടുമ്പോൾ ഇൻസ്പെക്ടർ മുഖേന അതിനു ശിപാർശ ചെയ്യുന്നു. ഡയറക്ടർക്കു അതിന്റെ സൂക്ഷ്മവിവരങ്ങൾ ആവശ്യപ്പെടുന്നു. ഇതിന്റെ എല്ലാം ഫലമായി മാനേജർമാർക്കു ഉപദ്രവം ജനിക്കുന്നു.

സർ, ഇവ ഏർപ്പാടുകളിൽ ചിലവയാണ് ഡിപ്പാർട്ടുമെണ്ടു ഇപ്പോൾ അനുവർത്തിച്ചുവരുന്ന ഈ രീതിയെ പണ്ഡിതനായ വിദ്യാഭ്യാസ ഡയറക്ടർ, പരിശോധിക്കയും ഈ പ്രതിബന്ധങ്ങളെ തീരെ അകററുവാൻ പാടില്ലയോ എന്നു നോക്കയും ചെയ്യണം എന്നു ഞാൻ അപേക്ഷിക്കുന്നു.

നമ്മുടെ പാഠശാലകളിൽ നടത്തുന്ന പാഠത്തിന്റെ കാര്യക്ഷമതയെക്കുറിച്ചു ഒരു വാക്കു പറയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. സ്കൂൾഫൈനൽ പരീക്ഷാഫലത്തെക്കുറിച്ചു ഒരു വർഷം കഴിഞ്ഞതവണ നടത്തപ്പെട്ട്, ഭിന്നാഭിപ്രായം പ്രദർശിപ്പിക്കപ്പെടുകയുണ്ടായി. പരീക്ഷകരുടെ കുററം ആണെന്നു ചിലർ പറഞ്ഞു. പഠിപ്പിക്കലിന്റെ ദോഷം ആണെന്നു മററു ചിലരും പറഞ്ഞു. അദ്ധ്യാപകം വാദ്ധ്യാന്മാർ പ്രോത്സാഹിതരാകാതെ കിടക്കുന്നു എന്നുള്ള വസ്തുത നിമിത്തം ആണ് ഇതു ജനിച്ചതു എന്നു എനിക്കു തോന്നുന്നു. ഒന്നാംഗ്രേഡിൽ ൩൫ എണ്ണവും രണ്ടാംഗ്രേഡിൽ ൨൫ ഠ എണ്ണവും ഉദ്യോഗങ്ങൾ ഉണ്ടെന്നുവരികിലും അനേകം ഉദ്യോഗങ്ങൾക്കു സ്ഥിരമായി ആളാകാതെ ഒഴിവായിക്കിടക്കുന്നു. ഈ പ്രകാരം നോക്കുന്നവരുടെ മനസ്സിൽ, മി. [illegible] പറഞ്ഞപോലെ മനോജനിപ്പിക്കയും അതിന്റെ നിയമനം മാററിവയ്ക്കയും ചെയ്യുന്ന കാരണത്താൽ അവർ പ്രോത്സാഹം സ്വപ്രവൃത്തിനടത്തും എന്നു നമുക്കു പ്രതീക്ഷിക്കാൻ പാടില്ല. അവരുടെ വേലയ്ക്കു ശരിയായ പ്രതിഫലം അവർക്കു കിട്ടാത്തതുകൊണ്ടാണ് അവർ അസന്തുഷ്ടരായിരിക്കുന്നതു്. അതിന്റെ ഫലമായി ശരിയായ പഠിപ്പിക്കലിന്റെയും ശരിയായ പരീക്ഷാവിജയത്തിന്റെയും അഭാവം ജനിക്കുന്നു.

വിദ്യാർത്ഥികളുടെ ആരോഗ്യത്തെക്കുറിച്ചു ഒരുവാക്കു എനിക്കു പറയാനുണ്ട്. [illegible]-ാമാണ്ടത്തെക്കുള്ള വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണറിപ്പോർട്ടിന്മേൽ ഉണ്ടായ ഗവർമെണ്ടാജ്ഞയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

“അംഗീകൃതങ്ങളായ ഇതരവക പാഠശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആരോഗ്യപരിശോധനം അതിപ്രധാനമാണെന്നുള്ളതു് അവയുടെ മാനേജർമാരെ ഡൈറക്ടർ പ്രത്യേകം ധരിപ്പിക്കയും ഇക്കാര്യത്തിൽ ഗവർമെണ്ടുമായി സഹകരിക്കാൻ അദ്ദേഹം അവരെ നിർബന്ധിക്കയും ചെയ്യണം.”

ഇതിൽ നിന്നു ഞാൻ വാസ്തവത്തിൽ ഗ്രഹിക്കുന്നതു ഡിപ്പാർട്ടുമെണ്ടുവക പാഠശാലകളിൽ എല്ലാം ശരിയായിരിക്കുന്നു എന്നാണ്. എന്നാൽ സഹായധനം ലഭിക്കുന്ന പാഠശാലകളിൽപോലും വിദ്യാർത്ഥികളുടെ കായികാഭ്യാസനം ഡയറക്ടർ നിർബന്ധിക്കേണ്ടതുതന്നെ.

ഡയറക്ടർ ശ്രദ്ധിക്കാൻപോകുന്ന ഒരു വിഷയം വിദ്യാർത്ഥികളുടെ ആരോഗ്യപോഷണം ആണെന്നു കാണുന്നതിൽ എനിക്കു സന്തോഷം ഉണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യം ചിരകാലമായി ഉപേക്ഷിക്കപ്പെട്ടിരി

ക്കുന്നു. കുഞ്ഞുങ്ങളുടെ കായികാഭ്യാസതം നിർബന്ധമാക്കുന്നതിൽ ഡയറക്ടർ ശ്രദ്ധിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. നിസ്സാരകാര്യങ്ങളെക്കുറിച്ചു എഴുത്തുകുത്തു നടത്തുന്നതിനായി വിനിയോഗിക്കുന്ന സമയത്തെ ഇംമാതിരികാര്യങ്ങൾക്കു വിനിയോഗിക്കുന്നതായാൽ അതു പ്രയോജനകരമായഫലങ്ങൾ ഉളവാക്കുന്നതാണ്.

അവസാനമായി സ്കൂൾഫൈനൽ പരീക്ഷകൾ ജയിച്ചിട്ടുള്ളവരുടെ ഒരു പ്രത്യേകസങ്കടത്തെക്കുറിച്ചു പ്രസ്താവിക്കാം. സ്കൂൾഫൈനൽ രീതി ഏർപ്പെടുത്തിയതിൽ പിന്നീടു നാലുഴകൊല്ലത്തേക്കു പരീക്ഷ ജയിച്ചവർക്കു സർക്കാർജോലിക്കു യോഗ്യതയുണ്ട് എന്നു സർട്ടിഫിക്കേറ്റ കൊടുത്തുവന്നു. കുറെകാലം കഴിഞ്ഞതിൽ പിന്നീടു യോഗ്യതയുണ്ടോ ഇല്ലയോ എന്നു ഡിപ്പാർട്ടുമെന്റു മേലധികാരികൾ യുക്തംപോലെ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ എന്നു ഗവർമ്മെന്റ് നിശ്ചയിച്ചു. ഡയറക്ടർ അതിലേക്കു ചില നിബന്ധനകൾ ചെയ്തു. എന്നാൽ കാളേജിൽ ചേരുന്നതിനു യോഗ്യതയുള്ളവരെ മാത്രമേ സർക്കാരുദ്യോഗത്തിൽ ചേർക്കൂ എന്നു ഗവർമ്മെന്റ് ൧൯൨൯-ൽ നിശ്ചയിച്ചു. ആ സർക്കുലർ ഉത്തരവിന്റെ നമ്പർ എനിക്കു ഓർമ്മയില്ല. ഇതിൽ കഷ്ടമായിട്ടുള്ളതു, ഈ ഉത്തരവിനു പിൻപ്രാബല്യം നൽകപ്പെട്ടു എന്നതാണ്. പഴയചട്ടങ്ങൾ അനുസരിച്ചു ജയിച്ചിട്ടുള്ളവരായി ഗണിക്കപ്പെടുന്ന ചെറുപ്പക്കാരുടെ സ്ഥിതി എന്തായിരിക്കും. ഇവരെ സംബന്ധിച്ചു വല്ല വ്യവസ്ഥയും ഏതു വിധത്തിലും ചെയ്യേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ അഭിപ്രായത്തോടുകൂടി എന്റെ വിമർശനങ്ങളെ ഞാൻ അവസാനിപ്പിക്കുന്നു.

മി: പി. എസ്. മഹമ്മദ് (ഗവർമ്മെണ്ട് നിയമിച്ച മെംബർ): മി: നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പലവശങ്ങളെപ്പറ്റിയും ഇവിടെ പറഞ്ഞുകഴിഞ്ഞതിനാൽ വീണ്ടും ഈസംഗതിയെ ദീർഘിപ്പിക്കണം എന്നു ഞാൻ വിചാരിക്കുന്നില്ല: മി: കുഞ്ഞിത്തൊമ്മൻ പ്രൈമറി വിദ്യാഭ്യാസം പൊതുവെ എല്ലാവർക്കും ലഭിക്കത്തക്കവിധത്തിലാക്കിത്തീർക്കണമെന്നു പ്രസ്താവിക്കുകയുണ്ടായി മിസ്സസ്സ് കുരുവിള നമ്മുടെ വിദ്യാഭ്യാസം ഒരുവല്ലാത്ത നിലയിൽ എത്തിട്ടുണ്ടെന്നും അതുകൊണ്ടു ഗവർമ്മെണ്ടിന്റെ പാളിസിയിൽ ഒരു പരിവർത്തനം ഉണ്ടാകണം എന്നും പ്രസ്താവിക്കയും ചെയ്തു. ഇവരണ്ടും പരമാർത്ഥമാണ്. വിദ്യാഭ്യാസത്തിൽ നമ്മുടെ രാജ്യം മുന്നിട്ടുനിൽക്കുകയാണ്. നല്ലനിലയിലിരിക്കുന്ന ആളുകളുടെ കൂട്ടത്തിൽ സാമാന്യവിദ്യാഭ്യാസം ഇല്ലാത്ത ആളുകൾ ഇല്ല. എന്നാൽ വിദ്യാഭ്യാസം എല്ലാവർക്കും സാധ്യമാക്കത്തക്ക നിലയിലാക്കിത്തീർക്കേണ്ടതായിട്ടുണ്ട്. അതായതു അസമത്വസമുദായങ്ങളുടെ വിദ്യാഭ്യാസത്തിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധ ഒന്നുകൂടി പതിയണം. അങ്ങനെ പതിഞ്ഞാൽ മാത്രമേ വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നിൽക്കുന്ന സമുദായക്കാർക്കു മുമ്പോട്ടുവരാൻ സാധിക്കയുള്ളു.

ഞാൻ പള്ളിക്കൂടത്തിൽ പോകാൻ സൌകര്യമുള്ള ആളുകളുടെ സ്ഥിതിയെപ്പറ്റി പറയുകയാണ്. ചിലക്ക് ചില പ്രത്യേക കാരണവശാൽ മററു സമുദായങ്ങളോടൊപ്പം വിദ്യാഭ്യാസത്തിൽ പങ്കുകൊള്ളാൻ സാധിക്കാതെ വന്നിട്ടുണ്ട്, ആ കാരണങ്ങളിലൊന്ന് മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം അറബി ഭാഷ പഠിപ്പിക്കുന്നതിനു വേണ്ട സൌകര്യം ഇല്ലാതിരുന്നതാണ്. അതിലേക്കു ഇപ്പോൾ ചില സൌകര്യങ്ങളെല്ലാം ചെയ്തിട്ടും ഉണ്ട്. എന്നാൽ ഈ സഭയിൽ എന്റെ ചില സ്നേഹിതന്മാർ പറഞ്ഞപോലെ ഒരു ചിററമ്മപെരുമാററമാണ് അറബിഭാഷപഠിപ്പിക്കുന്നയാളുകളെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റ് അനുവർത്തിച്ചുവരുന്നതു്. അറബിമുൻഷിമാർക്ക് ൧൦ രൂപയാണ് ശമ്പളം നൽകിവരുന്നതു്. അതിലേക്കുള്ളകാരണം അവർക്ക് രണ്ടുമണിക്കൂറത്തെ ജോലിയേ ഉള്ളു എന്നുള്ളതാണ്. രണ്ടുമണിക്കൂറത്തെജോലിയേ ഉള്ളു എന്നുവരികിലും അവർ അവിടെത്തന്നെ എപ്പോഴും ഉണ്ടായിരിക്കണം. ൧൦ രൂപാകൊണ്ട് ചിലവുകഴിക്കാൻ പ്രയാസമാണെന്ന് സമ്മതിച്ചഗവർമ്മെന്റും ഈ സഭയിലെ സാമാജികന്മാരും ൧൦ രൂപാകൊണ്ടു ഈ അറബി മുൻഷിമാർ എങ്ങിനെ ചിലവുകഴിക്കുമെന്നുള്ളതു് ആലോചിച്ചിട്ടില്ല. ഈ സംഗതി ഡയറക്ടരുടെ ശ്രദ്ധയിൽ പതിയേണ്ടതൊന്നാണ്. അറബി പഠിക്കേണ്ടതു് മുസ്ലിമീങ്ങൾക്ക് ഒഴിച്ചുകൂടാത്ത ഒന്നാണെന്നു ഗവർമ്മെന്റു തീർച്ചയാക്കി. ആ സ്ഥിതിക്ക് അതു പഠിപ്പിക്കുന്ന ആളുകൾക്ക് മററുള്ള മുൻഷിമാരെപ്പോലെ സ്റ്റാററസ്സ് കൊടുക്കുകതന്നെ വേണം. എന്റെ സ്നേഹിതൻ മി: രാമൻപിള്ള എയിഡഡ് സ്കൂളുകളിൽകൂടി ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചു എന്തെങ്കിലും ചെയ്യണമെന്നും അവിടെ അക്രമം നടക്കാൻ സമ്മതിച്ചുകൂടാ എന്നും പറയുകയുണ്ടായി. അങ്ങനെ എയിഡഡ് സ്കൂളുകളിൽകൂടി ഉദ്യോഗദാനവിഷയത്തിൽ അസമത്വം കാണിക്കാൻ പാടില്ലാ എന്നു പറയുന്ന സ്ഥിതിക്ക് പൊതുജനങ്ങളുടെ പണംകൊണ്ടു നടത്തപ്പെടുന്ന ഈ ഡിപ്പാർട്ടുമെന്റിൽ എല്ലാസമുദായങ്ങൾക്കും പ്രാതിനിധ്യം വേണമെന്നു പറയുന്നതു് ഒരിക്കലും തെററല്ല. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ൨൦൦ ഗ്രാഡ്യുവേററു അദ്ധ്യാപകന്മാരുണ്ട്. അതിൽ ഒരു മഹമ്മദീയനുമില്ല.

മി: ജി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) : നായന്മാർ എത്രയുണ്ട്?

മി: പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമിച്ചമെംബർ) : ഞാൻ ഓരോരുത്തരുടേയും കണക്കെടുത്തിട്ടില്ല. നായന്മാർ എത്രയുണ്ടെന്നു എന്റെ സ്നേഹിതനു അറിയാമെങ്കിൽ പറഞ്ഞുകൊള്ളുക.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല) : ഡിപ്പാർട്ടുമെന്റൽ സ്കൂളിൽ മാത്രമാണോ ൨൦൦ അദ്ധ്യാപകന്മാരുള്ളതു്?

മി: പി: എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമിച്ച മെംബർ) : അതെ.

എന്റെ സ്നേഹിതൻ മി: താണുപിള്ള ആക്ടിംഗ് ഉദ്യോഗസ്ഥന്മാർക്കെല്ലാം ജോലി കൊടുത്തതിനുശേഷം മാത്രമേ ബാക്കിയുള്ള സമുദായങ്ങൾക്കു ജോലികൊടുക്കാൻ പാടുള്ളു എന്നു ഒരു ജി. ഒ. ഉള്ളതായിപ്രസ്താവിക്കയുണ്ടായി. എന്നാൽ ഡിപ്രസ്ഡ് ക്ലാസ്സിലെങ്കിലും ആ റൂൾ ഭേദപ്പെടുത്തേണ്ടതാണെന്നു എന്റെസ്നേഹിതൻ സമ്മതിച്ചു. എന്നാൽ എന്റെ അഭിപ്രായം ഇന്നു അസഹ്യമായവിധത്തിൽ സങ്കടമനുഭവിച്ചുവരുന്ന സമുദായങ്ങളെയെല്ലാം ഇതിൽ നിന്നും ഒഴിക്കേണ്ടതാണെന്നാണ്. ഇപ്പോൾ ൧൦൦൮ പേർ ആക്ടിംഗ് ലിസ്റ്റിലുള്ളതിൽ ൨൫ പേർ മഹമ്മദീയരാണ്. ഈ ൧൦൦൮ പേർക്കും ഉദ്യോഗം കൊടുക്കുന്നതുവരെ ഈ ൨൫ മഹമ്മദീയരും സമാധാനപ്പെട്ടുകൊണ്ടിരിക്കണമെന്ന് പറയുകയാണെങ്കിൽ അതു കുറെ കഷ്ടമാണ്. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരോടു പറഞ്ഞാൽ "റൂൾ ഇങ്ങനെ ഇരിക്കുന്നതുകൊണ്ട് ഞങ്ങൾക്കു നിവൃത്തിയില്ല; അതുകൊണ്ടു നിങ്ങൾ ഗവർമ്മെന്റിനെ അറിയിച്ച് ഈ റൂളിനെ ഭേദപ്പെടുത്തിക്കൊണ്ടു വരണം" എന്നാണ് സാധാരണ പറയുന്നതു്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): എങ്ങിനെയുള്ളവരെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിട്ടുള്ളത്?

മി: പി. എസ്. മുഹമ്മദ് (ഗവൺമെന്റു നിയമിച്ച മെംബർ): അപേക്ഷ ചെയ്തിട്ടുള്ളവരെയാണ് ലിസ്റ്റിൽ കൊള്ളിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥന്മാരുടെ സ്നേഹിതന്മാരേയും മററും അക്രമമായിട്ടു നിയമിച്ചിട്ടുണ്ട്. അതിനെപ്പററി ഈ കൌൺസിലിൽ തന്നെ പലരും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതലായിട്ടു പറയുന്നില്ല.

ഈ ൨൦൦ൽ പേരിൽ ൧൦൦-ൽ ചില്വാനം പേരെ മാത്രമേ ഇപ്പോൾ നിയമിച്ചിട്ടുള്ളു. ബാക്കിയുള്ളവർക്ക് ഇനിയും ഉദ്യോഗം കൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. ക്രിസ്ത്യാനികളും മുഹമ്മദീയരും മററു അധഃകൃതവർഗ്ഗക്കാരും കൂടി ൪൩ പേരേയുള്ളു. ബാക്കിയുള്ളവർക്കെല്ലാം ഉദ്യോഗം കൊടുത്തു കഴിയുന്നതുവരെ ഈ ൪൩ പേരും കാത്തിരിക്കണം. എന്നുള്ള ന്യായത്തെ അല്പം ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഭേദഗതിയെ പിൻവാങ്ങിക്കൊള്ളുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്റെ ഉദ്ദേശം ന്യൂനപക്ഷം കുടിൽ വ്യവസായവും പഠിപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെ ഈ സഭയെ അറിയിക്കണം എന്നുള്ളതാണ്. കുടിൽ വ്യവസായങ്ങൾ നടപ്പുള്ള സ്ഥലങ്ങളിൽ ആ വ്യവസായങ്ങൾ പഠിപ്പിക്കണം എന്നാണ് ഞാൻ പറയുന്നത്. വിദ്യാർത്ഥികൾ പാഠശാലവിട്ടുപോകുമ്പോൾ കൈകൊണ്ടു പണിയെടുക്കുന്നതു ഹീനവൃത്തിയാണെന്നു അവർ വിചാരിക്കുന്നു. കൈപ്പണിയിൽ ഏർപ്പെടുത്തുന്നതു തങ്ങളുടെ അന്തസ്സിനു കുറവാണെന്നു അവർ കരുതുന്നു. ഈ ഏർപ്പാടു നടപ്പാക്കുന്നതായാൽ വിദ്യാർത്ഥികൾ പഠിത്തം നിറുത്തുമ്പോൾ ഈ നാട്ടുവ്യവസായങ്ങളിൽ സ്വയമേവ ഏർപ്പെട്ടുകൊള്ളും. പണി മാന്യവൃത്തിയാണെന്നു ഗണിക്കാൻ ഒരു പ്രേരണം അതു നല്കും. അതു നമ്മുടെ രാജ്യത്തിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്യും. ഗവൺമെന്റ് ഈ വ്യവസായങ്ങളുടെ പോഷണത്തിലും അഭിവൃദ്ധിയിലും താല്പര്യത്തോടുകൂടി പ്രവർത്തിച്ചില്ലെങ്കിൽ ഈ നാട്ടുവ്യവസായങ്ങൾ നാട്ടിൽ തീരെ നശിച്ചുപോകുന്നതാണ്. ഇതു നമ്മുടെ രാജ്യത്തിൽ തൊഴിലില്ലായ്മ എന്ന വിഷയത്തിനു ഒരു പരിഹാരമായും ഭവിക്കും. ന്യൂനപക്ഷ പഠിപ്പിക്കേണ്ട ആവശ്യകതയെപ്പററി എന്റെ സ്നേഹിതൻ മിസ്റ്റർ കേശവപിള്ള സഭാസമക്ഷം പ്രസ്താവിച്ചിട്ടുണ്ട്. ഈ പാഠശാലകൾക്കു പണത്തി സംഭരിച്ചുകൊടുക്കുന്നതു എങ്ങിനെയാണെന്നു ഒരു ചോദ്യം ആരോ ചോദിച്ചു. പണത്ത ഡിപ്പാർട്ടുമെന്റിൽ നിന്നു വരുത്തികൊടുക്കയും അതിന്റെ വില [illegible] വിററ് എടുത്തുകൊള്ളുകയും ചെയ്യണം. സാധുക്കളായ വിദ്യാർത്ഥികളുടെ, പ്രത്യേകിച്ചു പതിതസമുദായത്തിലുള്ള വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനു വ്യവസ്ഥചെയ്യുന്നതായാൽ വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു അധികം പ്രവർത്തിക്കും എന്നു ആ ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നു കാണുന്നു. ഈ കുടിൽവ്യവസായങ്ങളും ന്യൂനപക്ഷം നടപ്പാക്കുന്നതായാൽ ഡിപ്പാർട്ടുമെന്റിനു ഒരു വരവു ഉണ്ടാകാം എന്നും ആ വരവിൽ ഒരംശത്തെ മററുകാര്യങ്ങൾക്കായി ഉപയോഗപ്പെടുത്താം എന്നും ഞാൻ വിചാരിക്കുന്നു.

പതിതസമുദായക്കാരായ വിദ്യാർത്ഥികൾക്കു പുസ്തകങ്ങൾ കൊടുക്കണം എന്നു മി: കുഞ്ഞിത്തൊമ്മൻ പറഞ്ഞതായി തോന്നുന്നു. അതു അപ്രായോഗികമെന്നു തോന്നിയേക്കാം. എന്നാൽ ഈ നാടൻവ്യവസായങ്ങൾ പഠിപ്പിക്കുന്നതിൽ ഡിപ്പാർട്ടുമെന്റു താല്പര്യത്തോടുകൂടി പ്രവൃത്തിക്കുന്നതായാൽ അതു പ്രായോഗികമായിത്തീരുന്നതാണ്. ഈ പ്രശ്നത്തിന്റെ ഈ അവസ്ഥാനത്തെ സഭയെ അറിയിക്കണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഗവൺമെന്റിൽ നിന്നു സൗജന്യമായിട്ടു പുസ്തകങ്ങൾ ഇവർക്കു കൊടുത്താൽ ശരിയായിട്ടു അവർക്കു കിട്ടുകയില്ല. അതു അപ്രായോഗ്യമായിട്ടു തീരുമെന്നാണോ പറയുന്നത്?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു പ്രായോഗികമല്ലേ? പള്ളിക്കൂടങ്ങളിൽ വ്യവസായങ്ങൾ പരിശീലിപ്പിക്കയാണെങ്കിൽ അതുകളിൽനിന്നു കിട്ടുന്ന ആദായത്തിലെ ഒരംശംകൊണ്ടു അവർക്കു പുസ്തകങ്ങൾ വാങ്ങിച്ചു കൊടുക്കാൻ സാധിക്കും എന്നാണ് ഞാൻ പറഞ്ഞത്.

ഈ നിർദ്ദേശങ്ങളെ ഈ സഭയുടെ ഗാഢമായ പര്യാലോചനത്തിനായി ഞാൻ സമർപ്പിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, സഭാസമക്ഷം ഉള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഡിപ്പാർട്ടുമെന്റിന്റെ സാമാന്യ നയമെന്ന വ്യാപ്തിയുള്ള വിഷയത്തെപ്പററി ഈ സഭയിൽ വല്ലപ്പോഴും പലവാദപ്രതിവാദം നടത്തീട്ടുണ്ട്. പുതിയ ഡയറക്ടരുടേയും ഗവൺമെന്റിന്റെയും ഗുരുതരശ്രദ്ധയ്ക്കു അർഹമാണെന്നു ഞാൻ കരുതുന്ന രണ്ടുമൂന്നു സംഗതികളെക്കുറിച്ചു മാത്രമേ ഞാൻ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നുള്ളു.

കാളേജുകളിൽ നാട്ടുഭാഷകൾ അഭ്യസിപ്പിക്കുന്നതിനുള്ള ലെക്ചറർമാരുടെ നേർക്കുള്ള പെരുമാററത്തെ പററി മിസ്റ്റർ താണുപിള്ള പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. ഞാൻ അതിലും താണനിലയിൽ ഉള്ള ഒരുകൂട്ടം ആളുകളെക്കുറിച്ചു പ്രസ്താവിക്കാം. സർ, അവർക്കു ൨൫ രൂപാമുതൽ ൪൦ രൂപാവരെയുള്ള ചെറിയ ശമ്പളം കൊടുത്തുവരുന്നു. അവർക്കു ആറാംഫാറംവരെയുള്ള ക്ലാസുകൾ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ൨൫൦ രൂപാമുതൽ ൨൭൫ രൂപാവരെ ശമ്പളം ഉള്ള മററുള്ളവർ പഠിപ്പിക്കുന്നതിനു തുല്യമായ വിധത്തിൽ തന്നെ അതേ ക്ലാസുകൾ അവർ പഠിപ്പിക്കുന്നുമുണ്ട്. അവർക്കു അതേക്ലാസുകളിൽ ശിക്ഷണം പരിപാലിക്കാനുണ്ട്. ഇവർക്കുള്ള പദവി സ്കൂളിലെ ഡഫേദാരിനുള്ളതിനെക്കാൾ സ്വല്പം കൂടുതൽ മാത്രം ആയിരിക്കുന്നകാലത്തോളം, ഇവർക്കു സ്വശിഷ്യരിൽനിന്നു ബഹുമാനം എത്രത്തോളം ലഭിക്കും? ആ ശിഷ്യരുടെ ഇടയിൽ ശിക്ഷണം ഇവർ എങ്ങനെ പരിപാലിക്കും? ഇതാകുന്നു ഞാൻ ചോദിക്കുന്നത്. പുതിയ ഡയറക്ടർ സഗൌരവം ഉടനടി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അതുകൊണ്ടാണ് ഞാൻ അതിനെപ്പററി ആദ്യമായി പ്രസ്താവിക്കുന്നത്.

അടുത്തതായി സർ, ഇംഗ്ലീഷുസ്കൂളുകളിൽ മറെറാരു കൂട്ടം ആളുകൾ ഉണ്ട്. അവരുടെ ഇടയിലും വലുതായ അസംതൃപ്തിയുണ്ട്. ഞാൻ പ്രസ്താവിക്കുന്നതു അണ്ടർഗ്രാഡ്വേററുകളായ വാധ്യാർ പണിയിൽ പ്രവേശിച്ചു പിന്നീടു ഗ്രാഡ്വേററുകളായിട്ടുള്ളവരുടെ കാര്യം ആണ്. അവർക്കു ഡിഗ്രികൾ കിട്ടീട്ടുണ്ടെന്നുവരികിലും അവരെ അണ്ടർഗ്രാഡ്വേററു വാധ്യാർമാരായിത്തന്നെ മേലും ഗണിച്ചുവരുന്നു. അതേകാലത്തുതന്നെ ഗ്രാഡ്വേറ്റു സ്റ്റേയിഫിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ പുതിയ ഗ്രാഡ്വേററുകളെ നിയമിച്ചുവരുന്നു. വലുതായ പ്രതിബന്ധത്തിനധീനരായിട്ടുള്ള ഞാൻ പ്രസ്താവിച്ച ഈ രണ്ടുകൂട്ടം ആളുകളുടേയും കാര്യത്തിൽ നിവൃത്തിമാർഗ്ഗം ഉണ്ടാകുന്നതിനു സർക്കാരുദ്യോഗത്തിന്റെ ഗുണത്തെക്കരുതിയും, സർക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിൽ സംതൃപ്തിയെ പരിപാലിക്കുന്നതിനായും, ഗവണ്മെന്റു വേണ്ടതു ചെയ്യണം എന്നു ഞാൻ അപേക്ഷിക്കുന്നു.

പിന്നീടു സഹായധനം വാങ്ങിക്കുന്ന പാഠശാലകളിലെ പ്രത്യേകിച്ചും മലയാളംപള്ളിക്കൂടങ്ങളിലെ വാധ്യാർമാരുടെ കാര്യം പ്രസ്താവിക്കാം. അവർക്കു കൊടുക്കുന്ന ഗ്രാന്റു തുക തീരെ മതിയാകുന്നില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ തുക അയൽരാജ്യമായ കൊച്ചിയിൽ കൊടുക്കുന്നതിനെക്കാൾ വളരെ കുറവാണ്. ഈ വാധ്യാർമാർക്കു കൊടുക്കുന്ന സഹായധനത്തെക്കുറിച്ചു മിസ്റ്റർ മുരിക്കനെപ്പോലെയുള്ള എന്റെ സ്നേഹിതന്മാർ എന്തുതന്നെ പറയുമായിരുന്നാലും അവർക്കു വാസ്തവത്തിൽ കൊടുത്തുവരുന്ന തുക ഈ മാനേജർമാർ വാങ്ങിക്കുന്ന തുകയെക്കാൾ വളരെ കുറവാണ്. എന്റെ ഭിക്കിച്ചുള്ള എന്റെ അനുഭവം ഇങ്ങനെയാണ്. മുഴുവൻ തുകയും കൊടുക്കാനുള്ള അശക്തതനിമിത്തമാണ ഈ മാനേജർമാർ വാധ്യാർമാർക്കു കുറഞ്ഞ ശമ്പളം കൊടുക്കുന്നതു; എന്നുതന്നെയുമല്ല പ്രവിഡേന്റു ഫണ്ടിലുള്ള അവകാശം മുതലായി ഡിപ്പാർട്ടുമെന്റുവക സ്കൂളുകളിലെ വാധ്യാർമാർ അനുഭവിച്ചുവരുന്ന ഗുണങ്ങൾ ഗ്രാന്റുസ്കൂളുകളിലെ വാധ്യാർമാർക്കു ലഭിക്കുന്നില്ലതാനും. ഡിപ്പാർട്ടുമെന്റുവക സ്കൂളുകളിൽ ഒഴിവുണ്ടാകുമ്പോൾ ൨൫ ശതമാനത്തോളം ഉള്ള ചെറിയ ശതാംശം ഒഴിവിനു എങ്കിലും ഗ്രാന്റിൽ എയിഡഡ് സ്കൂളിലെ വാധ്യാർമാരെ നിയമിക്കണം എന്നു മിസ്റ്റർ ആശാൻ മുതലായവർ ഈ സഭയിൽ വാദിച്ചിട്ടുണ്ട്. ആ ശുപാർശയെ ഞാനും ബലമായി പിന്താങ്ങുന്നു. ഈ സഭയെ ധരിപ്പിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്ന മറെറാരു സംഗതി, ഗവണ്മെന്റു ആലോചിച്ചുവരുന്നതായി ഞാൻ അറിയുന്ന ശോചനീയമായ ഒരു നിർദ്ദേശമാണ്. അണ്ടർഗ്രാഡ്വേററു അസിസ്റ്റന്റു ഇൻസ്പെക്ട്രസ്സുമാരിൽ ചിലരെ വാധ്യാർമാരായി തിരിച്ചയക്കണം എന്നുള്ള ഡയറക്ടരുടെ നിർദ്ദേശത്തെപ്പററിയാകുന്നു ഞാൻ സൂചിപ്പിക്കുന്നതു. ഈ അണ്ടർ ഗ്രാഡ്വേററു അസിസ്റ്റന്റു ഇൻസ്പെക്ട്രസ്സുമാർ നമ്മുടെ രാജ്യത്തിൽ സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ ബഹുമാനാർഹമായി പ്രവർത്തിച്ചിട്ടുണ്ട്. അവരിൽ അനേകംപേർ ൧൫-ം ൨൦-ം കൊല്ലത്തോളം ദീർഘകാലം സർക്കാരുദ്യോഗത്തിൽ ഇരിക്കുന്നവരുമാണ്. തങ്ങളുടെ ശമ്പളക്കുറവിനെ നികത്തുന്നതിലേക്കായി എന്തുതന്നെ തുക അലവൻസായി അവർക്കു കൊടുക്കുന്നതായാലും തങ്ങളുടെ ഉദ്യോഗകാലത്തിൽ അധികാംശവും അസിസ്റ്റന്റു ഇൻസ്പെക്ട്രസ്സുമാരായി ഇരുന്നിട്ടുള്ള ഈ അണ്ടർഗ്രാഡ്വേററു ടീച്ചർമാരെ താണ ശമ്പളത്തിൽ അദ്ധ്യാപകമാരായി അയക്കുന്നതു അവർക്കു കഠിനമായ മനസ്താപത്തിനു കാരണമാകുന്നതാണ്. അവരിൽ മിക്കവരും സ്വപ്രവൃത്തികളെ അത്യന്തം കാര്യക്ഷമമായി നിർവഹിച്ചുപോരുന്നവരെന്നു നമുക്കറിയാം. ആ വിധത്തിലുള്ള നിർദ്ദേശം സ്വീകരിക്കുന്നതായാലും ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാർക്കു യാതൊരു ഉപദ്രവവും നേരിടാത്തവണ്ണം ഈ സംഗതിയിൽ പ്രവർത്തിക്കണമെന്നു ഞാൻ ഡയറക്ടരോടു അപേക്ഷിക്കുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച മെംബർ, ഡെപ്യൂട്ടി പ്രസിഡന്റ്): അങ്ങിനെ എത്രപേർ ഉണ്ടെന്നു മെംബർ പറയുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അഞ്ചോ ആറോ പേരുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): സമയം എത്രയുണ്ടെന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡെന്റ്: ഇനി ൧൫ മിനിട്ടുകൂടി ഉണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): സർ, എനിക്കും ഈ വിഷയത്തെപ്പററി അല്പം പറയുവാനുണ്ട്. അതിനാൽ മി: കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ആശ്രയിച്ചു ഇവിടെ എന്റെ അഭിപ്രായം പ്രകാശിപ്പിക്കാമെന്നാണു ഞാൻ വിചാരിക്കുന്നതു. ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ഇതേവരെ അനേകവിമർശനങ്ങൾ നടന്നുകഴിഞ്ഞു. വിവിധശാഖകളിലായി ഡിപ്പാർട്ടുമെന്റിന്റെ എല്ലാ ഭരണശാഖകളേയും സ്പർശിച്ചുള്ള ദീർഘങ്ങളായ നിരൂപണങ്ങളിൽനിന്നു അനേകകാര്യങ്ങൾ വിശദമായിട്ടുണ്ട്. സുഖമമായി ധനവ്യയം ചെയ്തു സംരക്ഷിക്കുന്നതും എല്ലാവരുടെയും ശ്രദ്ധയെ വിശേഷിച്ചിട്ടുള്ളതുമായ ഈ ഡിപ്പാർട്ടുമെന്റിൽ വിമർശനത്തിനു ധാരാളം അവകാശം ഉണ്ടെന്നാണ് ഞാൻ ഇതിൽനിന്നും മനസ്സിലാക്കുന്നതു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ താല്ക്കാലികസ്ഥിതി ഒട്ടേറെ കപ്പെടുത്തി ജനങ്ങൾക്കു കുറേക്കൂടി അനുകൂലതരവും തൃപ്തികരവുമാക്കിത്തീർത്താൽ കൊള്ളാമെന്നുള്ള ആഗ്രഹം സാർവത്രികമായി ഉണ്ടായിട്ടുണ്ടെന്നാണ് ഇവിടെ ഉണ്ടായ പ്രസ്താവനകളിൽനിന്നും നാം മനസ്സിലാക്കേണ്ടതു. നാട്ടിൽ വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കണം, അതിനായി പ്രതിവർഷം വമ്പിച്ച ഒരു സംഖ്യ ഗവർമെന്റ് ചിലവാക്കിവരുന്നു. ക്രമേണ വർദ്ധിച്ചുവരുന്ന ഈ ചിലവിനെ കുറയ്ക്കുവാൻ മാർഗ്ഗം കാണുന്നില്ല. ഇനിയും ചിലവു വർദ്ധിക്കുന്നതു ആപൽകരമാണ്. ഇപ്പോൾ നടത്തിവരുന്ന വിദ്യാഭ്യാസസമ്പ്രദായവും തജ്ജന്യമുള്ള ചിലവും താരതമ്യപ്പെടുത്തിനോക്കിയാൽ പ്രയോജനത്തെക്കാൾ ദ്രവ്യവ്യയം അധികരിക്കുന്നു എന്നു സ്പഷ്ടമാകും. ഈ സ്ഥിതിയിൽതന്നെ ഡിപ്പാർട്ടുമെന്റു ഇനിയും പ്രവർത്തിച്ചുകൊണ്ടുപോയാൽ രാജ്യത്തിന്റെ ഭാവി എങ്ങനെ പരിണമിക്കുമെന്നുള്ളതിനെപ്പററി ശങ്കിക്കേണ്ടതായിട്ടിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെപ്പററി യഥോചിതം വിവരിക്കുന്നതിലേക്കു ഈ സമയം തീരെ മതിയാകയില്ല. ആ സ്ഥിതിക്കു [illegible] കാര്യത്തിൽ എനിക്കു പറയാനുള്ളതു ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ പ്രധാനമായി രണ്ടു വകുപ്പുകളാണല്ലോ ഉള്ളതു. അതായതു ഇംഗ്ലീഷും മലയാളവും. ഈ രണ്ടു വകുപ്പുകളിലുമായി ഇപ്പോൾ ധാരാളം പണവും ചിലവാക്കിവരുന്നുണ്ട്. ഇതിനെ

പുറമെ പ്രൈവറ്റ മാനേജ്മെൻറിലുള്ള സ്കൂളുകൾക്കായി ഗ്രാൻറ നൽകുന്നതിനും പ്രതിവർഷം നല്ല ഒരു സംഖ്യ ചിലവാക്കിക്കൊണ്ടിരിക്കുന്നു. ഇത്രതന്നെയായിട്ടും രാജ്യവാസികൾക്ക് സാർവത്രികമായ വിദ്യാഭ്യാസാവശ്യം നിർവഹിച്ചുകൊണ്ടിരിക്കുന്നതിനേയ്ക്കു കഴിയുന്നില്ല. സ്വകാര്യമായി പ്രൈവറ്റ മാനേജ്മെൻറൽ സ്കൂളുകൾ ഇല്ലായിരുന്നുവെങ്കിൽ ഇപ്പോഴത്തേതിൽ പകുതിപോലും വിദ്യാഭ്യാസസൌകര്യം നൽകുവാൻ ഗവണ്മെൻറ ശക്തമായിതീരുകയില്ലായിരുന്നു. ആ സ്ഥിതിക്കു ഗ്രാൻറസ്കൂൾ ഒരു അനുഗ്രഹമാണ്. ഗ്രാൻറസ്കൂൾ മാനേജർമാർ, അവർ വാങ്ങുന്ന ഗ്രാൻറിനു ശരിയായ കണക്കു വയ്ക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ ഒരു പരിഭ്രമം കാണുന്നുണ്ട്. എന്നാൽ രാജ്യത്തിലെ വലിയ ഒരംശം വിദ്യാഭ്യാസാവശ്യം നിർവഹിക്കുന്ന ഇത്തരം സ്കൂൾ പ്രവർത്തകന്മാരെ സംബന്ധിച്ച് അഭിമാനപൂർവമായിട്ടാണു നാം ചിന്തിക്കേണ്ടതു എന്നോർക്കണം. ഗ്രാൻറായി നൽകുന്ന പണം മുഴുവനും പ്രൈവറ്റ സ്കൂൾ മാനേജർമാർ വിദ്യാഭ്യാസാവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടോ എന്നു ഇവിടെ ചില സ്നേഹിതന്മാർ സംശയിക്കുന്നതായി കണ്ടു. ഈ സംശയത്തിനു ഹേതു, ആ തരത്തിലും ചില പള്ളിക്കൂടങ്ങളെ പരിചയിക്കുവാൻ കാരണമായതായിരിക്കണം. എന്നാൽ ഇതുകൊണ്ടുമാത്രം മാനേജ്മെൻറിനെ പൊതുവിൽ ബാധിക്കുന്നവിധം പ്രൈവറ്റസ്കൂളുകളെ ദോഷാരോപണം ചെയ്യാൻ പാടില്ലാത്തതാണ്. അഥവാ ന്യായമായവിധം ഗ്രാൻറവക പണം ഉപയോഗിക്കാത്ത ചില പള്ളിക്കൂടങ്ങൾ ഉണ്ടായിരിക്കാം. അങ്ങനെ ഉണ്ടെങ്കിൽതന്നെയും അവയെപ്പററി ശരിയായി അന്വേഷണം നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധകൊണ്ടുമാത്രം ഇതിനുള്ളം സംഭവിക്കുന്നതായിരിക്കുവാനേ മാർഗ്ഗമുള്ളു. ഇങ്ങനെ ഏതാനും ചില വ്യക്തികളിൽ കാണപ്പെടുന്നതോ, പ്രത്യേകം ചില കാരണങ്ങളാൽ ഉണ്ടാകുന്നതോ ആയ ന്യൂനതകളുടെ ചില ലക്ഷ്യങ്ങളെമാത്രം ആസ്പദമാക്കി മാനേജ്മെൻറിനെയെല്ലാം ഒരുപോലെ കുററപ്പെടുത്താൻ പാടില്ലാത്തതാണ്. ഇങ്ങനെ വരുന്ന ദോഷം എല്ലാ മാനേജുമെൻറിനേയും ഒരുപോലെ ബാധിക്കുകയില്ല എന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഗ്രാൻറ മാനേജ്മെൻറ വകയായി നടന്നുവരുന്ന നാട്ടുഭാഷാപള്ളിക്കൂടങ്ങളെ ബാധിക്കുന്നതായി ഒന്നുരണ്ടു സംഗതികൾ എനിക്ക് സൂചിപ്പിക്കുവാനുണ്ട്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നു വർണ്ണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർക്ക് പത്തു രൂപാ ശമ്പളം കൊടുത്തുകൊണ്ടിരുന്നപ്പോൾ ആ ഗ്രേഡിൽ കുടിവക പാഠശാലയിലിരുന്ന അദ്ധ്യാപകന്മാർക്ക് ആറുരൂപാപ്രകാരം ഗ്രാൻറ നൽകിവന്നു. ഇതിനുപുറമെ അദ്ധ്യാപനം സംബന്ധിച്ചു പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാർക്ക് കൂടുതൽ ഗ്രാൻറും നൽകിയിരുന്നു. ഗ്രാൻറ വർദ്ധിപ്പിക്കേണ്ടതാണെന്നും, കൊടുത്തുവരുന്ന ഗ്രാൻറ പോരാ എന്നും ജനപ്രതിനിധിസഭയിൽ പ്രമേയമുണ്ടായതിൻെറ ഫലമായി ആറുരൂപാ ഗ്രാൻറ നൽകിയിരുന്ന അദ്ധ്യാപകന്മാർക്ക് ഏഴു രൂപയായി ഗ്രാൻറ വർദ്ധിപ്പിച്ചു. അതായതു പത്തുരൂപാ ശമ്പളം നൽകിയിരുന്ന ഡിപ്പാർട്ടുമെൻറ സ്കൂൾ അദ്ധ്യാപകന്മാർക്ക് തുല്യം പ്രൈവറ്റ മാനേജ്മെൻറിലിരുന്നിരുന്ന അദ്ധ്യാപകന്മാർക്ക് ശമ്പളത്തിൻെറ ൭൦ ശതമാനംവീതം ഗ്രാൻറ നൽകുക എന്ന വ്യവസ്ഥയുണ്ടാക്കി, ൭൦. തോതനുസരിച്ചാണ് കുറേക്കാലമായി വെർണാക്യുലർ സ്കൂളിൽ ഗ്രാൻറ നൽകിക്കൊണ്ടിരുന്നതു്. ഇപ്പോഴത്തെ പരിഷ്കാരപ്രകാരം ഗ്രാൻറിൽ എട്ടുരൂപാകൂട്ടി പതിനഞ്ചുരൂപാ ഗ്രാൻറാക്കിയിരിക്കുന്നു. പക്ഷെ ൨൦ രൂപാ ശമ്പളം ലഭിച്ചിരുന്ന സ്ഥാനത്തു, ഡിപ്പാർട്ടുമെൻറൽ സ്കൂൾ വാദ്ധ്യാന്മാർക്ക് കുറഞ്ഞതു ൨൫ രൂപയായി ശമ്പളം വർദ്ധിപ്പിച്ചിട്ടുമുണ്ട്. ക്രമേണ ശമ്പളം കൂട്ടിക്കിട്ടുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ ഏർപ്പാടു മുൻവ്യവസ്ഥകൾക്ക് വിപരീതമായി, മാനേജ്മെൻറൽ സ്കൂളുകളുടെ നടത്തിപ്പിനു വിഷമം വർദ്ധിപ്പിക്കുന്നതും, നൽകിക്കൊണ്ടിരുന്ന സഹായത്തിനു പ്രത്യക്ഷമായ കുറവു വരുത്തുന്നതും ആണെന്നു പ്രത്യേകം പറയേണ്ടതില്ല. ഡിപ്പാർട്ടുമെൻറൽ സ്കൂളുകളാണെങ്കിൽ, എൻെറ ചില സ്നേഹിതന്മാർ ഇതിനുമുമ്പു ഇവിടെ പറഞ്ഞതുപോലെ; വിദ്യാഭ്യാസചട്ടങ്ങളെ യാതൊരു പ്രകാരത്തിലും ആദരിക്കാത്തവിധത്തിൽ, സ്ഥലസൌകര്യം, അകസാമാനങ്ങൾ, പാഠോപകരണങ്ങൾ മുതലായവ വളരെ കുറവായും മോശമായുമുള്ള വിധത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതിനു ധാരാളം ഉദാഹരണങ്ങളുണ്ട്. ഗ്രാൻറസ്കൂളുകൾ ഇന്ന തരത്തിൽ ഇരിക്കണമെന്നുള്ള നിർദ്ദേശത്തിനു വിപരീതമായി വല്ലതും കണ്ടാൽ ഇൻസ്പെക്ടർമാർ ഗ്രാൻറ കൊടുക്കാതെ കഷ്ടപ്പെടുത്തുന്നതിനും ഉദാഹരണങ്ങൾ പലതുണ്ട്. ഈ തരം സ്കൂളുകൾ നടത്തുന്ന മാനേജർമാർ മുൻവിവരിക്കപ്പെട്ട വിധം വളരെ സങ്കടപ്പെട്ട്, വിഷമം സഹിച്ച്, ഇപ്പോൾ സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്നു. കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു ഇങ്ങനെയാണെങ്കിലും വിദ്യാഭ്യാസപരിഷ്കാരം എന്ന പേരിൽ ഡിപ്പാർട്ടുമെൻറൽ വെർണാക്യുലർ സ്കൂളുകളെല്ലാം വിശ്വാസയോഗ്യമായ മാനേജുമെൻറിൽ ഏൽപ്പിച്ചു നടത്തുന്നതു നന്നായിരിക്കുമെന്നു എൻെറ ചില സ്നേഹിതന്മാർ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. ഇതിൽ എനിക്കും വലിയ പക്ഷാന്തരമില്ലെങ്കിലും, ഈ പരിഷ്കാരത്തിൻെറ പ്രായോഗികതയെപ്പററി ഞാൻ ചിന്തിക്കാതെയിരിക്കുവാൻ കഴിയുന്നില്ല. അതിനാൽ ഈ പരിഷ്കാരത്തിലുള്ള വിഷമതകളെ ചൂണ്ടിക്കാണിക്കാതെയിരിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. ഒന്നോ രണ്ടോ പള്ളിക്കൂടങ്ങളാണെങ്കിൽ ഇതുവണ്ണം വിട്ടുകൊടുക്കുവാൻ വിഷമമോ വിരോധമോ ഇല്ല. ഇത്ര വളരെ അദ്ധ്യാപകന്മാർ—ജാതിവിഭാഗം തിരിച്ചുള്ള പട്ടിക തയ്യാറാക്കാൻ വിഷമം നേരിടത്തക്കവണ്ണം അത്ര വിപുലമായ ഒരു സംഖ്യ വരുമെന്നു ഗവണ്മെൻറ തന്നെ സമ്മതിക്കത്തക്കവണ്ണം, ഭീമമായ ഒരു സംഖ്യ വരുന്ന ഡിപ്പാർട്ടുമെൻറൽ പാഠശാലകളിലെ അദ്ധ്യാപകന്മാർ—അവരുടെ സർവീസിനെ ഉപേക്ഷിച്ചു മാനേജുമെൻറൽ സ്കൂളുകളിലിരുന്നു കഴിച്ചുകൂട്ടിക്കൊള്ളണമെന്നൊരു നിയമത്തിനു് അനുകൂലിച്ചുകൊള്ളുമോ എന്നു എനിക്കു ബലമായ സംശയമുണ്ട്. അഥവാ സ്കൂൾ വിട്ടുകൊടുത്താൽ തന്നെയും അദ്ധ്യാപകന്മാർ സർവീസു വിട്ടുപോകയില്ല. ഗവണ്മെൻറിനു അദ്ധ്യാപകന്മാരെ അങ്ങനെ വിട്ടുകൊടുക്കുവാൻ അവകാശവുമില്ല. പിന്നെ ഈ പരിഷ്കാരം എങ്ങനെ നടത്താമെന്നാണ് ചിന്തിക്കേണ്ടതു്. ഡിപ്പാർട്ടുമെൻറിൽ ആശ്രയിച്ചു ഗവണ്മെൻറ സർവീസിലിരിക്കുന്ന അദ്ധ്യാപകന്മാരിൽ, പെൻഷൻ പററിയും മററു തരത്തിലുമായി പ്രതിവർഷം ഓരോ ചെറിയ സംഖ്യ സർവീസുവിട്ടു എന്നു വരാവുന്നതാണ്. അങ്ങനെ കുറവു വരുന്ന അദ്ധ്യാപകന്മാരുടെ സംഖ്യ കണക്കാക്കി ഏതാനും സ്കൂളുകൾ—ഇവിടെ ജാതിയോ മതമോ നോക്കേണ്ട ആവശ്യമില്ല—ഒന്നും രണ്ടും നല്ലയോഗ്യതയുള്ള മാനേജ്മെൻറിലേക്കു വിട്ടുകൊടുത്തു വെർണാക്യുലർ സ്കൂളുകളുടെ സംഖ്യ ക്രമേണ കുറയ്ക്കാവുന്നതാണ്. അങ്ങനെ ക്രമേ

ണ്ട ഡിപ്പാർട്ടുമെൻറൽ വെർണാക്കുലർ സ്കൂളുകളുടെ സംഖ്യ കുറച്ചു കൊണ്ടുവരുന്നതു നല്ലതാണ്. മാനേജ്മെൻറൽ സ്കൂളുകളെ കുറെക്കൂടി നന്നായിട്ടു സഹായിക്കയും വേണം. വിദ്യാഭ്യാസകാര്യത്തിൽ ഗവണ്മെൻറിനെ സഹായിച്ചു കൊണ്ടിരിക്കുന്ന മാനേജർമാരെ ഇൻസ്പെക്ടറന്മാർ ന്യായമായി ബഹുമാനിക്കയും, അവരോടുള്ള പെരുമാററം മാന്യനിലയിൽ ആയിരിക്കയും ചെയ്യേണ്ടതാണ്. ഇപ്പോൾ ഇതിനു വിപരീതമായിരിക്കുന്നതിനും ഉദാഹരണം ധാരാളം പറയാനുണ്ട്.

വെർണാക്കുലർ വകുപ്പിനെപ്പററി മറെറാരു സംഗതികൂടി ആലോചിക്കാനുണ്ട്. മലയാളം പള്ളിക്കൂടങ്ങളിൽ ൭-ാം ക്ലാസിൽ വച്ചു ഒരു പബ്ലിക്ക പരീക്ഷ നടത്തുന്നുണ്ട്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലാണെങ്കിൽ ൩-ാം ഫാറത്തിൽവച്ചു ആണ് ഇങ്ങനെ ഒരു പരീക്ഷ നടത്തുന്നത്. ഏഴാംക്ലാസ് പരീക്ഷ ജയിച്ചവർ ഇംഗ്ലീഷ്സ്കൂളിൽ രണ്ടാം ഫാറത്തിലാണ് പ്രായേണ പ്രവേശനം കിട്ടുന്നത്. ആ സ്ഥിതിക്ക ഈ ഏഴാംക്ലാസ് പരീക്ഷയുടെ സ്ഥാനം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ഇംഗ്ലീഷ്ഹൈസ്കൂൾ എന്നതുപോലെ മലയാളം ഹൈസ്കൂൾ എന്നൊരുവക സ്കൂളുകളുമുണ്ട്. ഹൈസ്കൂളുകളിൽ ൯-ാം ക്ലാസ്സുവരെയാണുള്ളത്. ഒൻപതാംക്ലാസ്സിൽ ഒരു പരീക്ഷയും നടത്തുന്നു. ഈ പരീക്ഷ ജയിച്ചു കഴിഞ്ഞാൽ പിന്നെ ൭-ാം ക്ലാസ്സു പരീക്ഷക്ക സ്ഥാനമില്ലല്ലോ. അല്ലെങ്കിൽ തന്നെയും ഈ ഏഴാംക്ലാസ്സ് പരീക്ഷ ഇപ്പോൾ അസ്ഥാനത്തിലാണ്. ഏഴാംക്ലാസ്സു പരീക്ഷ പാസായിവരുന്ന വിദ്യാർത്ഥികൾക്ക തന്നെ ഇപ്പോൾ ഭാഷ ശരിയായി ഉപയോഗിക്കുവാനുള്ള ശക്തിയില്ലാതെയാണിരിക്കുന്നത്. അവരുടെ ഭാഷാജ്ഞാനം തൃപ്തികരമായിരിക്കുന്നുണ്ടോ എന്നു എനിക്കു വളരെ സംശയമുണ്ട് എന്നു ധരിച്ചാൽ മതിയാകും. ഈ തരത്തിലൊരു പരീക്ഷ വച്ചു കൊണ്ടിരുന്നിട്ടു എന്താണ് പ്രയോജനം എന്നു എനിക്കു ഗ്രഹിക്കുവാൻ തീരെ കഴിയുന്നില്ല.

മലയാളം പള്ളിക്കൂടങ്ങളിൽ പഠിക്കുന്നവരിൽ അധികവും സാധാരണ പാവപ്പെട്ടവരായിരിക്കാം. ൭-ാം ക്ലാസ്സു പരീക്ഷ ജയിച്ചു കഴിഞ്ഞാൽ വല്ലതുമൊരു ഉദ്യോഗം കിട്ടുമെന്നു കരുതി അവർ പഠിക്കുന്നു. പക്ഷെ, അവർക്ക് ഉദ്യോഗമോ, മറെറന്തെങ്കിലും തരത്തിലുള്ള പ്രയോജനങ്ങളോ ഉണ്ടാകുന്നില്ല. ഭാഷാജ്ഞാനം പോലും വേണ്ട വിധത്തിൽ ലഭിക്കാത്ത ഈ തരം പരീക്ഷകളുടെ കാലം ഇതോടാ കഴിഞ്ഞിരിക്കുന്നു എന്നാണ് എൻെറ അഭിപ്രായം. അതു കൊണ്ടു മിഡിൽ സ്കൂളുകളിലെ ഏഴാംക്ലാസിൽ പഠിക്കുന്നവർക്ക വേണ്ടി ഇപ്പോൾ നടത്തിവരുന്ന പരീക്ഷ നിറുത്തൽ ചെയ്യാവുന്നതും, നിറുത്തൽ ചെയ്യേണ്ടതുമാണ്. ഈ പരീക്ഷയ്ക്കു ഈ വർഷത്തിൽ ഇരുപതോ ഇരുപത്തി അഞ്ചോ ശതമാനം വിദ്യാർത്ഥികളായിരുന്നു വിജയികളായത്. എങ്കിലും തത്സംബന്ധമായി പൊതുജനങ്ങൾക്ക യാതൊരു പരാതിയും ഉണ്ടായതായിക്കണ്ടില്ല. ഇംഗ്ലീഷ്സ്കൂൾ ലീവിംഗ് പരീക്ഷക്ക് വന്ന ശതമാനം കുട്ടികൾ ആദ്യം ജയിച്ചിരുന്നിട്ടും ജനങ്ങൾ തൃപ്തിപ്പെട്ടില്ല. ഈ കൌൺസിലിൽ തന്നെയും ആ സംഗതി ഗൌരവമായ ആലോചനയ്ക്കു വിഷയമാക്കപ്പെട്ടിരുന്നു. ഇതു കൊണ്ടും മനസ്സിലാകാവുന്നതു പൊതുജനദൃഷ്ടിയിൽ പോലും ഈ ൭-ാം ക്ലാസ്സു പരീക്ഷ നിസ്സാരമായി പരിണമിച്ചിരിക്കുന്നു എന്നാണല്ലോ. ഇംഗ്ലീഷ് ഹൈസ്കൂൾ വിദ്യാഭ്യാസം ഹൈസ്കൂൾ ആറാംഫാറത്തിൽ അവസാനിക്കുന്ന ഒരു പരീക്ഷ കൊണ്ടു സാമാന്യമായ ഒരു പടിയിൽ അഭ്യസനം എത്തിക്കത്തക്കവണ്ണമാണ് ഏർപ്പാടു ചെയ്തിരിക്കുന്നത്. ഇംഗ്ലീഷ്മിഡിൽസ്കൂളുകളിൽ ക്ലാസ്സു പരീക്ഷകളല്ലാതെ ഇതിനു പുറമെ മററു പരീക്ഷയൊന്നുമില്ലതാനും. മലയാളം ഹൈസ്കൂളിലാണെങ്കിൽ, ഒൻപതാം ക്ലാസിൽ പഠിച്ചു ആ പരീക്ഷയിൽ ജയിക്കേണ്ടതുണ്ട്. ഈ സ്ഥിതിക്ക ഒരു മലയാളം മിഡിൽസ്കൂൾ പരീക്ഷകൂടി നടത്തുന്നതിനു പ്രത്യേക കാരണം തന്നെ കാണേണ്ടതായിരിക്കുന്നു. എൻെറ അഭിപ്രായത്തിൽ, മലയാളം പള്ളിക്കൂടങ്ങളിൽ പണ്ടത്തെ ക്രമമനുസരിച്ചു ൩-ാം ക്ലാസ്സുകൾ ഉള്ളവയെ മിഡിൽസ്കൂളുകൾ എന്നു നിശ്ചയിച്ചു അവയിൽ ക്ലാസുപരീക്ഷയിൽ ജയിക്കുന്നവർക്ക ഹൈസ്കൂളിൽ ചേർന്നു പഠിക്കാൻ അനുവാദം മാത്രം നൽകിയാൽ മതിയാകുമെന്നാണ് തോന്നുന്നത്. ഹൈസ്കൂളിൽ ൭-ം ൮-ം ൯-ം ക്ലാസുകളും ൯-ാം ക്ലാസിൽമാത്രം ഒരു ഗവമെണ്ടു പരീക്ഷയുമുണ്ടായിരിക്കണം. അപ്പോൾ ഇംഗ്ലീഷും മലയാളവും ഹൈസ്കൂളുകളുടേയും, മിഡിൽ സ്കൂളുകളുടേയും ഘടനക്ക ഏതാണ്ടൊരു ഐകരൂപ്യവുമാകും. ഉപരിഭാഷാ പഠനത്തിന് തല്പരന്മാരായ വിദ്യാർത്ഥികൾക്ക പഠനാവശ്യം നിർവഹിക്കാനായി ഓരോ താലൂക്കിലും ഓരോ മലയാളം ഹൈസ്കൂൾവീതം വേണം. കൂടുതൽ വേണ്ടിവരുന്നേടത്തു പ്രൈവററ ഏജൻസികൾ മുഖേന ഈ തരം സ്കൂളുകൾ നടത്തിച്ചു ആവശ്യം നിർവ്വഹിക്കുകയും ചെയ്യാം. ഇങ്ങനെയോ ഇതിനനുകൂലമായോ ഒരു പദ്ധതി ഏർപ്പെടുത്തേണ്ടതു നാട്ടുഭാഷാ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഏററവും ആവശ്യമായിട്ടുള്ളതാണെന്നു ഞാൻ അഭിപ്രായപ്പെട്ടു കൊള്ളുന്നു.

ഗ്രാൻറ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവമെണ്ടു സ്കൂളുകളിൽ നിയമിക്കുന്ന ഒരു നിർബന്ധനയം പാലിക്കപ്പെടണം എന്നു എൻെറ ചില സ്നേഹിതന്മാർ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. എനിക്കു ഈ കാര്യത്തിൽ അഭിപ്രായന്തരമാണുള്ളത്. ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാരെ സർവീസിലേക്ക എടുക്കുവാൻ ഇപ്പോൾ തന്നെ പ്രതിബന്ധമുള്ളതായിട്ടു തോന്നുന്നില്ല. [illegible] വയസ്സിനുമേലു ലൈസൻസുവാങ്ങി ഗ്രാൻറ സ്കൂളുകളിൽ ഇരിക്കുന്ന അദ്ധ്യാപകന്മാരെ സർവീസിലേക്ക എടുക്കാം. എന്നാൽ അങ്ങനെ എടുക്കണമെന്നു നിർബന്ധമില്ല. എടുത്തേ മതിയാവൂ എന്നു നിർബ്ബന്ധിക്കുവാനും പാടില്ലാ.

ശ്രീ: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോൾ ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാരെ അങ്ങനെ നിയമിച്ചു വരുന്നുണ്ടോ?

ശ്രീ: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): അങ്ങനെ നിയമിച്ചിട്ടുണ്ട്. നിയമിക്കയും ചെയ്യാം, അതിനു പ്രതിബന്ധമില്ല. എന്നാൽ അതു ഡിപ്പാർട്ടുമെൻറ നയമായിസ്വീകരിക്കുവാൻ പാടില്ല എന്നാണ് ഞാൻ പറയുന്നതു. അതിനു കാരണവും പറയാം. ഇങ്ങനെ മാറുന്നതിൽ ഒരു വലുതായ ന്യൂനതയുണ്ട്.

ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാരെ സർക്കാർസ്കൂളിൽ നിയമിക്കുന്ന ഒരു നിർബന്ധിത നയം സ്വീകരിക്കുന്നപക്ഷം, വിശ്വാസമുള്ള മാനേജ്മെൻറിൽ ഗവമെണ്ടു പള്ളിക്കൂടങ്ങൾ ഏൽപ്പിച്ചു കൊടുത്തു നടത്തുവാൻ ഏർപ്പാടു ചെയ്യണമെന്നു ഇന്നു അഭിപ്രായപ്പെടുന്ന ജനപ്രതിനിധികൾ തന്നെ ഒരു പത്തുകൊല്ലം കഴിയു

മ്പോൾ, പ്രൈവററ മാനേജ്മെൻറിലുള്ള സ്കൂളുകൾ തന്നെ ഒരു തരം ഇല്ലാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു അഭിപ്രായപ്പെടേണ്ടിവരും. പ്രൈവററ സ്കൂളുകളിലിരിക്കുന്ന പ്രാപ്തിയുള്ള അദ്ധ്യാപകന്മാരെ ക്രമേണ ഗവർമ്മെൻറു സർവീസിലേക്കു എടുത്തുകൊണ്ടും, പ്രൈവററുസ്കൂളുകളിൽ എപ്പോഴും പുതിയ അദ്ധ്യാപകന്മാരെ നിയമിച്ചുകൊണ്ടും ഇരുന്നാൽ ഉണ്ടാകാവുന്ന ഫലം ഇതാണ്.

ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാർക്കു സർക്കാർസ്കൂളുകളിലേക്കു പോകുവാൻ താല്പര്യം കാണുമായിരിക്കാം. അവർ സർക്കാർ സർവീസിനെ കുറെക്കൂടി ഭദ്രമായിട്ടു കരുതുന്നതാണ്. പെൻഷന്റെ അവകാശവും കാര്യമായിട്ടുതന്നെയാണല്ലോ പരിഗണിക്കപ്പെടുന്നതു. എന്നാൽ ഇപ്രകാരം ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ സർക്കാർ സർവീസിലേക്കു എടുക്കുക എന്നൊരു ക്ലിപ്തമായ നയം പാലിച്ചാൽ, ക്രമേണ ഗ്രാൻറു സ്കൂളുകളുടെ സ്ഥിതി മോശമാകും. ഇപ്പോൾ ഗ്രാൻറു സ്കൂളുകളുടെ സ്ഥിതി ഡിപ്പാർട്ടുമെൻറു സ്കൂളുകളുടേതിനേക്കാൾ മോശമല്ല. ചില സംഗതികളിൽ അവ കൂടുതൽ നല്ലതാണ്. സർക്കാർ പള്ളിക്കൂടങ്ങളിലേക്കു അദ്ധ്യാപകന്മാരെ പ്രവേശിപ്പിക്കുന്നതിനുള്ള ഒരു പ്രാരംഭ ട്രെയിനിംഗ് സ്ഥാപനമായിട്ടു ഗ്രാൻറു സ്കൂളുകളെ പരിഗണിക്കുവാൻ ഇടയാക്കരുതാത്തതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അദ്ധ്യാപകന്മാർ ഗ്രാൻറു സ്കൂളുകളിൽ നിന്നും സർക്കാർ പള്ളിക്കൂടങ്ങളിലേക്കു പോകണമെന്നു ആഗ്രഹിക്കുന്നതിനുള്ള കാരണമെന്താണ്?

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): കാരണം പറയാം. അതു പലതായിരിക്കാമെന്നുവയ്ക്കുക. അതല്ല ഇവിടത്തെ പ്രതിപാദ്യം. ആരും തന്നെ ഇതിനു മുമ്പു പ്രത്യേകം പറയുകപോലും ചെയ്യാത്ത ഒരു പദ്ധതിയെ ആസ്പദമാക്കിയാണ് ഞാൻ ഇവിടെ വിവരിച്ചുവരുന്നതു. അങ്ങനെയുള്ള ഒരു കാര്യം പറയുമ്പോൾ പെട്ടെന്നു ആ കാര്യത്തിൽ സംശയങ്ങൾ ജനിക്കുക സ്വാഭാവികവുമാണ്. എന്നാൽ ഞാൻ പറഞ്ഞുതീരുമ്പോൾ സംശയനിവാരണം വരുമെന്നു കരുതുന്നു. കാരണം എന്തുതന്നെയായാലും മുൻപറഞ്ഞതുപോലെ ഒരു നയം ഗവർമ്മെൻറു തുടങ്ങിയാൽ പ്രാപ്തിയുള്ള ഒരു അദ്ധ്യാപകനെ സ്വന്തസ്കൂളിൽ വച്ചുകൊണ്ടിരിക്കാൻ മാനേജർക്കു വിഷമം നേരിടും. അതാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിരിക്കുന്നത്; മാത്രം പുറങ്ങളിൽ ഗവർമ്മെൻറു ശമ്പളത്തിനു മാസംതോറും കൂടുന്നതുകൊണ്ടും മുൻപറയപ്പെട്ടതുപോലെ പെൻഷൻ മുതലായ ആനുകൂല്യങ്ങൾ ലഭിക്കുന്നതു നിമിത്തവും മററു പല ഉദ്ദേശങ്ങൾ ഉണ്ടായിരിക്കാവുന്നതിനാലും സർവീസിൽ പ്രവേശിക്കുവാൻ സൌകര്യം അധികമായാൽ മാനേജർമാർക്കു നേരിടാവുന്ന വിഷമം വളരെയായിരിക്കുമെന്നുള്ളതു തീർച്ചയാണ്.

ഇനി ഇംഗ്ലീഷുപള്ളിക്കൂടങ്ങളുടെ കഥയെപ്പററി ചിന്തിക്കാം. ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്നു ഒരു അദ്ധ്യാപകനെ ഗവർമ്മെൻറു സ്കൂളിൽ നിയമിക്കുവാണെങ്കിൽ അതിനു പകരം, ആ സ്ഥാനത്തേക്കു ഒരു ഗ്രാഡ്വേററിനെത്തന്നെ നിയമിക്കാൻ ഇപ്പോൾ പ്രയാസമില്ല. എന്നാൽ പഴക്കവും പരിചയവും ഉള്ള അദ്ധ്യാപകന്മാർ തുടരെ വിട്ടുപോയിക്കൊണ്ടും പുതിയ പുതിയ അദ്ധ്യാപകന്മാർ വന്നുകൊണ്ടുമിരിക്കുന്ന ഒരു സ്കൂളിന്റെ സ്ഥിതി ഒരിക്കലും ശോഭനമായിരിക്കയില്ല. പകരം ആൾ വയ്ക്കാൻ താമസിച്ചുവെങ്കിൽ ഇൻസ്പെക്ടർ കോപിക്കും. ഉടനടി ആൾ നിയമിക്കാൻ നിർബന്ധിതനായി തീരുന്നതിനാൽ മാനേജർ കുഴയും. കാര്യക്ഷമതയുടെ കാര്യം പിന്നെ പറയേണ്ടതുമില്ലല്ലോ. ഈ നിലയ്ക്കു ഗ്രാൻറുസ്കൂളുകളുടെ ശ്രേയസ്സിനെ ബാധിക്കത്തക്കവണ്ണം മുൻ പറയപ്പെട്ടതുപോലെ സർക്കാർ പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരെ പ്രവേശിപ്പിക്കുന്നതിനുള്ള പ്രാരംഭട്രെയിനിംഗ് സ്ഥാപനമായി അംഗീകൃതപാഠശാലകളെ രൂപാന്തരപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഇത്രയും പറഞ്ഞതുകൊണ്ടു, ചില കാലങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ പ്രത്യേകസ്ഥാനങ്ങളിലേക്ക്, പ്രത്യേക ചില കാരണവശാൽ ഒന്നോ അധികമോ അദ്ധ്യാപകന്മാരെ സർവീസിലേക്കു എടുക്കുന്നതുകൊണ്ടു തരക്കേടില്ല. അതിനു ഇപ്പോഴും പ്രതിബന്ധവുമില്ല. എന്നാൽ ഈ സമ്പ്രദായത്തെ ഒരു അവകാശമാക്കിവയ്ക്കുന്നപക്ഷം ക്രമേണ പ്രൈവററു സ്കൂളുകൾ നശിച്ചുപോകുന്നതിനുതന്നെ ഇടയായേക്കാം എന്നാണ് എന്റെ മുഖ്യമായ സംശയം.

അദ്ധ്യാപകന്മാർക്കു നൽകപ്പെടാറുള്ള ലൈസൻസ് അവർക്കു ൫൫ വയസ്സു തികഞ്ഞാൽ ക്യാൻസൽചെയ്തുപോരുന്നുണ്ടല്ലോ. എന്നാൽ കുറച്ചുകാലത്തിനുമുൻപ് മലയാളംസ്കൂൾ വാദ്ധ്യാന്മാർക്ക് ൬൦ വയസ്സുവരെ സർവീസിൽ ഇരിക്കാം എന്നു വിവരിച്ചു ഒരു സർക്കുലർ ഉണ്ടായിട്ടുണ്ട്. കോഡിലെ ലൈസൻസിനുള്ള വ്യവസ്ഥയും, മേൽ പറയപ്പെട്ട സർക്കുലറും തമ്മിൽ തീരെ യോജിക്കുന്നില്ല. കോഡ് പെട്ടെന്നു മാററാൻ കഴിവില്ലാത്ത ഒരു പ്രമാണമാണ്. ആ സ്ഥിതിക്കു അതിനെതിരായി ഒരു സർക്കുലർ ഉണ്ടായതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ ചട്ടത്തിനെതിരായ സർക്കുലർകൾ പുറപ്പെടുവിക്കുന്നതു ഒരിക്കലും നീതീകരിക്കപ്പെടുവാൻ പാടില്ല. അതു ആരുടെ അധികാരം ഉപയോഗിച്ചു നിർമ്മിക്കപ്പെട്ടതായാലും തെററാണ്. ഒന്നുകിൽ ൫൫ വയസ്സിൽതന്നെ അദ്ധ്യാപകന്മാരെ പിരിച്ചുവിടണം, അല്ലെങ്കിൽ കോഡിലെ ഇതിനനുകൂലമല്ലാത്ത വ്യവസ്ഥകൾ പാടെ മാററേണ്ടതാണ്.

ഇരുപത്തഞ്ചുവർഷത്തിനു മുമ്പാണ് എഡ്യൂക്കേഷൻ കോഡുണ്ടായതു. അതിലെ പല വ്യവസ്ഥകളും പ്രായോഗികങ്ങളല്ലാതെ തീർന്നിരിക്കാം. എങ്കിലും ശക്തിയിലിരിക്കുന്ന നിയമങ്ങളെ അനാദരിക്കാവുന്നതല്ലല്ലോ. അതിനാൽ കോഡിലുള്ള വ്യവസ്ഥകൾക്കെതിരായി ഉണ്ടായിട്ടുള്ള സർക്കുലറുകളെ ഭേദപ്പെടുത്തേണ്ടതു എത്രയും ആവശ്യമാണ്. അല്ലെങ്കിൽ കോഡുതന്നെ മാറി എഴുതണം.

പ്രൈവററുസ്കൂൾ മാനേജരന്മാർ അദ്ധ്യാപകന്മാരെ ബോധിച്ചതുപോലെ പിരിച്ചുവിടുന്നു എന്നു ഇവിടെ പരാതിപ്പെടുന്നു. കാരണാധീനരല്ലാതെ വരുന്ന അദ്ധ്യാപകന്മാരെ പിരിച്ചുവിടാനുള്ള അവകാശം മാനേജർമാർക്കു ഉണ്ടായിരിക്കേണ്ടതുതന്നെയാണ്. അകാരണമായി അവർ വാദ്ധ്യാന്മാരെ പിരിച്ചുവിടാതെയിരിക്കണം. അതിനു മാനേജർമാരുടെ അധികാരാവകാശങ്ങൾ കുറക്കുകയല്ല വേണ്ടതു. രാജ്യത്തിലെ ചട്ടങ്ങൾക്കനുരൂപമായി, സ്വാതന്ത്ര്യമായി, ഒരു പൊതുസ്ഥാപനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കരണാധികാരിക്കു

അതിനനുയോജ്യമായ അധികാരാവകാശങ്ങൾകൂടി കൂടാതെ കഴിയുകയില്ല. അതിനാൽ അദ്ധ്യാപകന്മാർ ശരിയായ വ്യവസ്ഥയോടുകൂടി ജോലിയിൽ പ്രവേശിച്ചുകൊള്ളുന്നതുതന്നെ ഉചിതമായിരിക്കും. ഇതിനും പുറമെ പ്രാവിഡന്റുഫണ്ടു നിർബന്ധിതമാക്കണം. അപ്പോൾ അദ്ധ്യാപകനും മാനേജർക്കും പരസ്പരമുള്ള ബന്ധം ഉദാരതരമാകും. ഗവണ്മെന്റിനോടും ഇതുകൂട്ടർക്കും ഒരു കടപ്പാടു നേരിടുന്നതാണ്. അതുനിമിത്തം പിരിഞ്ഞുപോകാനും പിരിച്ചയക്കുവാനും ഇരുഭാഗക്കാർക്കും മടിയും, സ്വാതന്ത്ര്യക്കുറവും ഉണ്ടാകുന്നതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അദ്ധ്യാപകന്മാർക്കു കൊടുക്കേണ്ട മുഴുവൻ ശമ്പളവും മാനേജരന്മാർ കൊടുക്കുന്നുണ്ടോ?

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): എന്റെ അറിവിൽപെട്ടിടത്തോളം മുഴുവൻ ശമ്പളവും കൊടുക്കുന്നുണ്ട്. ചിലപ്പോൾ കൂടുതൽ ശമ്പളവും കൊടുക്കുന്നുണ്ട്. ഇതിനുപുറമെ, മുൻകൂറായി രണ്ടോ മൂന്നോ മാസത്തെ ശമ്പളംപോലും അഡ്വാൻസായി കൊടുത്തുകൊണ്ടിരിക്കുന്ന മാനേജർമാരും ഉണ്ട്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വരുന്ന പ്രതിനിധികൾ അവരവരുടെ താലൂക്കിലോ പ്രദേശങ്ങളിലോ അനുഭവപ്പെടുന്ന ന്യൂനതകളെ രാജ്യം ഒട്ടുക്കുള്ളതായി സങ്കല്പിച്ചു വിമർശിക്കാറുണ്ട്. അതുകൊണ്ടാണ് അഭിപ്രായാന്തരങ്ങൾ കിടയാകുന്നത്. ഏതായാലും ചിലരിൽ കാണുന്ന വീഴ്ചകളെ രാജ്യം ഒട്ടുക്കു ആചരിച്ചുവരുന്ന മുറയായി സങ്കല്പിച്ചു നിരൂപണം ചെയ്യുന്നതായാൽ അതുനിമിത്തം തകരാറുകൾ നേരിടുവാൻ ഇടയുള്ളതാണ്. ശരിയായി ശമ്പളം കൊടുക്കാത്ത മാനേജർമാരുടെ മാനേജുമെന്റു പാടെ റദ്ദുചെയ്യുന്നതാണ്. അല്ലാതെ എല്ലാവരെയും ഒരുപോലെ കുററം പറയുന്നതു ശരിയായിരിക്കുകയില്ല. ഗവണ്മെണ്ടു സ്കൂൾ അദ്ധ്യാപകന്മാർക്കെന്നതുപോലെ അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാർക്കും ശരിയായ ഒരു രീതിയിൽ ശമ്പളം നൽകിക്കൊണ്ടിരിക്കത്തക്കവണ്ണം ഏർപ്പാടുചെയ്യുന്നതുകൊള്ളാം. അതിലേക്കു എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും എനിക്കു തൃപ്തിയില്ല.

ഇംഗ്ലീഷ് മലയാളം അംഗീകൃത പാഠശാലാദ്ധ്യാപകന്മാർക്കു പ്രാവിഡന്റുഫണ്ടു കൊടുത്തുകൊണ്ടിരിക്കേണ്ടതാവശ്യമാണ്. ഇപ്പോൾ മാനേജർമാർ ഇഷ്ടാനുസരണം പ്രാവിഡണ്ടുഫണ്ടു കൊടുത്തോ കൊടുക്കാതെയോ അദ്ധ്യാപകന്മാരെ വച്ചുകൊണ്ടിരിക്കുന്നു. തൽക്കാല വ്യവസ്ഥകൾകൊണ്ടു അതു മാനേജർമാരുടെ യുക്തമെന്നേയുള്ളു. ഇതുപോലെ, അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാർക്കും ശമ്പളത്തിനു പ്രമാണത്തിനു ശരിയായ ക്ലിപ്തതയും, എല്ലാ അംഗീകൃതപാഠശാലാദ്ധ്യാപകന്മാർക്കു നിർബന്ധിതമായ വിധത്തിൽ പ്രാവിഡണ്ടുഫണ്ടിന്റെ ആനുകൂല്യവും ലഭിക്കുവാൻതക്ക വ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

രാജ്യത്തിലെ വിദ്യാഭ്യാസസമിതി വർദ്ധമാനമായി ഉയർത്തി ബഹുജനാദരവിനും ജനസമുദായ വിദ്യാഭ്യാസത്തിനും കഴിവുള്ള ഒത്താശകൾ ചെയ്തുകൊണ്ടിരിക്കുന്ന മാനേജർമാരെ ശരിയായ വിധത്തിൽ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അവരെ സഹായിക്കുന്നതുകൊണ്ടു മാത്രമേ ഇനി വിദ്യാഭ്യാസാവശ്യം നിറവേറുവാൻ സാധിക്കുകയുള്ളു. വിദ്യാഭ്യാസച്ചിലവു വളരെ വർദ്ധിച്ചുപോയി. ഇനിയും ഈ വകയ്ക്കു കൂടുതൽ കൂടുതൽ പണം ചിലവാക്കുന്നതു ബുദ്ധിപൂർവമായ നയമായിരിക്കയില്ല. അതിനാൽ ഇനി വിദ്യാഭ്യാസച്ചെലവു അധികരിക്കാതെ ഇരിക്കത്തക്കവണ്ണം ഉള്ള പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തേണ്ടതു്. അതിലേക്കു മാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കയും, ഗവണ്മെണ്ടു നേരിട്ടുനടത്തുന്ന വിദ്യാലയങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാതെ അവസരോചിതമായി അവയുടെ സംഖ്യയെ ക്രമേണ കുറച്ചുകൊണ്ടുവരികയുമാണു വേണ്ടതു്.

ജനങ്ങളെ വെറുപ്പിക്കുന്ന ഒരു വ്യവസ്ഥ അടുത്തകാലത്തു ഉണ്ടായിട്ടുണ്ട്. പാഠശാലകൾ കെട്ടിച്ചു അനുസാമാനങ്ങളോടുകൂടി വിട്ടുകൊടുത്തു് ഗവണ്മെൻറുവകയായി സ്കൂൾ നടത്തിക്കുന്ന സ്ഥലങ്ങളും പ്രദേശങ്ങളും തിരുവിതാംകൂറിൽ സുലഭമാണ്. ആ തരം പള്ളിക്കൂടങ്ങൾ സ്കൂൾ നടത്തിപ്പിനു വിഘാതമാകാത്തവിധത്തിൽ പൊതുജനയോഗങ്ങൾക്കു വിട്ടുകൊടുക്കുക പതിവുണ്ടായിരുന്നു. എഡ്യൂക്കേഷൻകോഡിൽ ഇതിനു പ്രത്യേക വ്യവസ്ഥതന്നെ ഉണ്ട്. ഇതൊന്നും നോക്കാതെ കോഡിനു വിപരീതമായി ഒരു സർക്കുലർ അടുത്തകാലത്തു പുറപ്പെടുവിച്ചിട്ടുണ്ട്. അതു പരസ്പരധനസഹായസംഘങ്ങൾക്കല്ലാതെ സ്കൂൾ കെട്ടിടം വിട്ടുകൊടുക്കരുതെന്നുള്ളതാണ്. ഇതത്ര കഷ്ടതരമാണ്. സമാധാന ജീവിതം നയിക്കുന്നവരും, രാജഭക്തന്മാരുമായ ജനങ്ങൾ, പൊതുജനവിശ്വത്തിനായി വല്ല യോഗങ്ങളും നടത്തുവാൻ ഒരു സ്കൂൾകെട്ടിടം ചോദിച്ചാൽ—പ്രവർത്തകന്മാരിൽ ചുമതലയുള്ള ഒന്നോ രണ്ടോപേരെക്കൊണ്ട് എഴുതിവയ്പിച്ചുകൊണ്ടെങ്കിലും—കെട്ടിടം വിട്ടുകൊടുക്കുന്നതിൽ എന്താക്ഷേപമാണുള്ളതു്? മുൻപറയപ്പെട്ടതുപോലെ സ്കൂൾ കെട്ടിടം പ്രായേണ ജനങ്ങൾ കെട്ടിച്ചതായിരിക്കുമ്പോൾ, ഇങ്ങനെയുള്ള തടസ്സങ്ങൾ ചെയ്താൽ ജനങ്ങൾക്കു എത്ര നൈരാശ്യവും സങ്കടവുംതോന്നാം. ഈതരം വ്യവസ്ഥകൾ നാട്ടിനു പറ്റിയതല്ല. ഈ വ്യവസ്ഥയെ പാടെ ഭേദപ്പെടുത്തേണ്ടതാവശ്യമാണ്.

വിദ്യാഭ്യാസവിഷയത്തിൽ പല പരിഷ്കാരങ്ങളും പലരും നിർദ്ദേശിച്ചു. ഇതു സകലരുടേയും ശ്രദ്ധയെ ആകർഷിക്കുന്ന മുഖ്യമായ ഒരു വിഷയമായിത്തീർന്നിട്ടുണ്ട്. ഗവണ്മെൻറു വർണാക്യുലർ സ്കൂളുകളെ പ്രൈവററുമാനേജുമെൻറിനു വിട്ടുകൊടുക്കുന്ന നയം നല്ലതാണ്. എങ്കിലും അതു ക്രമേണയേ സാധിക്കയുള്ളു. മാനേജ്മെൻറൽ സ്കൂളുകളെ പ്രോത്സാഹിപ്പിക്കണം. ഗ്രാൻറുവിഷയത്തിൽ പരിഷ്കാരത്തിൽ താരതമ്യേന കുറവുവരുത്തി. ഇതു ശ്രദ്ധിച്ചു പരിഹരിക്കേണ്ടതാണ്. മാനേജ്മെൻറൽ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവണ്മെൻറു സർവീസിൽ നിയമിക്കണം എന്നൊരു നയം സ്വീകരിക്കാൻപാടില്ല. ഇങ്ങിനെ നിയമിക്കുന്നതിനു ഇപ്പോഴുള്ള വ്യവസ്ഥകൾ തടസ്സവുമല്ല. അംഗീകൃതപാഠശാലകളെ അധഃപതിപ്പിക്കുന്ന ഒരു നയം തുടരുന്നതാണ്. വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസത്തിനു മാനേജ്മെൻറൽ സ്കൂളുകളെ പ്രോത്സാഹിപ്പിക്കയാണുവേണ്ടതു്. വിദ്യാഭ്യാസാവശ്യത്തിനു ഇപ്പോഴത്തേതിലധികം പണം ചിലവാക്കാൻപാടില്ല. ബുദ്ധിപൂർവമായി ശ്രമിച്ചു പണച്ചിലവു കുറയ്ക്കാൻനോക്കണം. മാനേജർമാരുടെ അധികാരാവകാശങ്ങളെ ബാധിക്കാതെ എല്ലാതരം അംഗീകൃതപാഠശാലകളിലും പ്രാവിഡൻറുഫണ്ടു് നിർബന്ധിതമാക്കുകയും, ഗ്രാൻറുസ്കൂൾ അദ്ധ്യാപ

കന്മാരുടെ ശമ്പളക്രമത്തിനു ഐകരൂപ്യം വരുത്തുകയുംവേണം. എന്നിങ്ങനെ പ്രത്യേക ശ്രദ്ധയിൽപെടേണ്ട പല കാര്യങ്ങളും ഇവിടെ ഞാൻ പ്രസ്താവിച്ചു, ൧൮ വയസ്സിനശേഷം അദ്ധ്യാപകലൈസൻസ് ഉണ്ടായിരിക്കാൻ വിദ്യാഭ്യാസ ചട്ടം അനുവദിക്കാതെയിരിക്കെ, വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരെ, ൨൦ വയസ്സുവരെ ഉദ്യോഗത്തിൽവയ്ക്കാം എന്നുള്ള സർക്കുലർ അനധികൃതമായതാകയാൽ ഭേദപ്പെടുത്തണമെന്ന് പറകയുണ്ടായി. കെട്ടിടങ്ങൾ കെട്ടിച്ചുകൊടുത്ത് ഗവണ്മെന്റു പാഠശാലകൾ നടത്തുവാൻ സഹായിച്ചിട്ടുള്ള ജനങ്ങൾക്ക ന്യായമായ ആവശ്യത്തിന്‍പോലും കെട്ടിടം അനധ്യയനദിവസങ്ങളിൽവിട്ടുകൊടുക്കാതെയിരിക്കത്തക്കവണ്ണം വ്യവസ്ഥചെയ്തതിനെ ഭേദപ്പെടുത്തണമെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു. വിദ്യാഭ്യാസചട്ടം പരിഷ്കരിച്ചും കാര്യക്ഷമതയ്ക്കു ഹാനികരമല്ലാത്ത വിധത്തിൽ വിദ്യാഭ്യാസച്ചെലവിനു സഹായിച്ചും നാട്ടിനു ഐശ്വര്യവും ജനങ്ങൾക്ക തൃപ്തിയും വർദ്ധിപ്പിക്കേണ്ടതിനു ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും ധാരാളമായി ശ്രദ്ധ പതിയേണ്ടതു എത്രയും ആവശ്യമാണ് എന്നുള്ള എന്റെ അഭിപ്രായത്തേയും പ്രകാശിപ്പിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

അടുത്തദിവസം രാവിലെ മണി ൧൧ അടിച്ച് ൩൦ മിനിട്ടാകുമ്പോൾ വീണ്ടും കൂടുന്നതിനായി സഭ വൈകുന്നേരം മണി അഞ്ചടിച്ച് ൧൫ മിനിട്ടായപ്പോൾ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി,
പി. എൻ. കൃഷ്ണപിള്ള,

(A True Translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൯-ൽ രണ്ടാമത്തെ യോഗം.

(അഫിഷ്യൽ റിപ്പോർട്ട)

൧൧൦൯-കർക്കടകം ൩൧-ാം തീയതിക്കു ൧൯൩൪ ആഗസ്റ്റ് ൧൭-ാം തീയതി വെള്ളിയാഴ്ച പകൽ ൧൧ മണിക്കു വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ സഭകൂടി. പ്രസിഡൻറ് അഗ്രാസനാധിപത്യം വഹിച്ചു.

താഴെപ്പറയുന്നവരൊഴികെ ശേഷം മെംബർമാർ എല്ലാവരും ഹാജരുണ്ടായിരുന്നു.

മിസ്റ്റർ എൽ. എ. ലാംബാർഡ്.
,, താമരപ്പള്ളിൽകൊച്ചുതൊമ്മൻ.
,, കെ. പത്മനാഭപ്പണിക്കർ.
,, കെ. സി. കരുണാകരൻ.
,, ഡി. സി. ജോസഫ്.
,, എൻ. ആർ. കൃഷ്ണൻ.

ചോദ്യങ്ങളും ഉത്തരങ്ങളും.

മൂന്നുവർഷക്കാലത്തിലധികം ഒരേസ്ഥലത്തിരിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർ.

൧൭൮. മി: വി. ജെ. ഉമ്മൻ (വ്യാപാരവും-വ്യവസായവും വടക്കു): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമൊ?

(എ) ഇന്നത്തെ തീയതിക്കു (൨൮-൧൨-൧൧൦൯) മൂന്നുവർഷത്തിലധികം ഒരേസ്ഥലത്തുതന്നെ ഉദ്യോഗത്തിലിരിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ.

(ബി) മൂന്നു വർഷത്തിലധികം അതേസ്ഥലത്തുതന്നെ അവരെവെച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) യും (ബി) യും മെംബർ ആവശ്യപ്പെടുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക *മേശപ്പുറത്തു വെച്ചിരിക്കുന്നു.

മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാററ ഉത്തരവുകൾ റദ്ദുചെയ്യുന്നകാര്യം.

൧൭൯. മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്കു): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായിപറയുമൊ?

(എ) കഴിഞ്ഞ രണ്ടുവർഷക്കാലത്തു, ൧൧൦൭- ചിങ്ങം ൧-ാം തീയതി മുതൽ ൧൧൦൯ ചിങ്ങം ൧-ാം തീയതിവരെ, സ്ഥലംമാററ ഉത്തരവുകൾ കൊടുക്കപ്പെടുകയും പിന്നീടു ആ ഉത്തരവുകൾ റദ്ദാക്കപ്പെടുകയോ നിറുത്തിവയ്ക്കപ്പെടുകയൊ ചെയ്യുകയും ചെയ്തിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ.

(ബി) അതിനുള്ളകാരണങ്ങൾ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): സെർവിസുകളുടെ പൊതുവെയും മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറപ്രത്യേകമായും ഉള്ള ആവശ്യങ്ങൾ പ്രമാണിച്ച് മെംബർ പ്രസ്താവിച്ച പ്രകാരം ചില അവസരങ്ങളിൽ പ്രവർത്തിക്കേണ്ടിവന്നിട്ടുണ്ട്. ആ വിവരങ്ങൾ കിട്ടിയതുകൊണ്ടുള്ള പ്രയോജനം സംശയകരമാകയാൽ അവയെ ശേഖരിക്കാൻ ഗവണ്മെൻറു വിചാരിക്കുന്നില്ല.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്കു): വിവരങ്ങൾ കിട്ടിയതുകൊണ്ടുള്ള പ്രയോജനം സംശയകരമാകയാൽ അവയെ ശേഖരിക്കാൻ ഗവണ്മെൻറു വിചാരിക്കുന്നില്ല എന്നു പറഞ്ഞിരിക്കുന്നു. പ്രയോജനം സംശയകരമാണ് എന്നുള്ളതു ആരുടെ അഭിപ്രായമാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു ഗവണ്മെൻറിൻെറ അഭിപ്രായമാണ്.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്കു): പ്രയോജനമുള്ളതാണെന്നാണ് ഞാൻ വിചാരിക്കുന്നതെന്നു ഗവണ്മെൻറിനറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): മറുപടികൊടുക്കുന്നതു ഗവണ്മെൻറാണല്ലൊ?

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്കു): ശരിയായ ഉത്തരംപറയാൻ സാധിക്കയില്ലെങ്കിൽ ഈ ചോദ്യംതന്നെ അനുവദിക്കാതെയിരുന്നാൽ മതിയായിരുന്നല്ലൊ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): സാധാരണ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ട്രാൻസ്ഫർ ആർഡർ കൊടുത്താൽ ചിലപ്പോൾ ചില പ്രത്യേക കാരണങ്ങളാൽ തൽക്കാലം ആ ആർഡർ നിർത്തിവയ്ക്കേണ്ടതായിട്ടുവരാനിടയുണ്ട്. അതു ഈ ഡിപ്പാർട്ടുമെൻറിലും അങ്ങിനെ എല്ലാം കേസുകളിൽ ചെയ്തിട്ടുണ്ട്. എന്നുള്ളതിനു ഒരു പട്ടിക വരുത്തേണ്ട ആവശ്യമില്ല എന്നാണു ഗവണ്മെൻറിൻെറ അഭിപ്രായം.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്കു): പ്രയോജനമുണ്ടെന്നുള്ളതുകൊണ്ടാണു ഞാൻ ചോദിച്ചിരിക്കുന്നതു്, പ്രയോജനമില്ലെന്നു വിചാരിച്ചു ഗവണ്മെൻറു മറുപടിതരാതെയിരുന്നാൽ ജനപ്രതിനിധികൾക്കു ആ ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന ദൂഷ്യങ്ങളെ എങ്ങിനെ ചൂണ്ടിക്കാണിക്കാൻ സാധിക്കും അതിലേക്കു വേറെവല്ല മാർഗ്ഗവുമുണ്ടൊ?

---

*അനുബന്ധം ൧൧ നോക്കുക.

G. P. T. 1689-150. 29-4-1108.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെന്റ ചീഫ് സെക്രട്ടറി): സാധാരണചോദ്യം ചോദിക്കുക; അതിനു ഒരു മറുപടി തരുക; എന്നാണ് ഏർപ്പാട്. അതനുസരിച്ച് ഇതിനും മറുപടിതന്നിട്ടുണ്ട്.

മി: വി. കെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്ക): ഇപ്രകാരമാണെങ്കിൽ മറുപടി തരാതെയിരിക്കയാണു നല്ലത്.

എക്സൈസ് കമ്മീഷണർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിവിവരപ്പട്ടിക.

൪൭൭. മി: വി. കെ. ഉമ്മൻ (വ്യാപാരവും വ്യവസായവും-വടക്ക): (൧) ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ഡിപ്പാർട്ടുമെന്റ മേലധികാരി ആയിവന്നപ്പോൾ എക്സൈസ് കമ്മീഷണരുടെ ആഫീസിൽ ഉണ്ടായിരുന്ന ഇരുപതും അതിലധികവും രൂ — ശ ഉളള ആക്റ്റിങ്ങും സ്ഥിരവും ഉദ്യോഗസ്ഥന്മാരുടെ ജാതിയും പേരും കാണിക്കുന്ന ഒരു പട്ടിക താഴെപറയുന്നവിവരങ്ങളോടുകൂടി ഗവൺമെന്റ ദയവായിമേശപ്പുറത്തു വയ്ക്കുമൊ?

(എ) അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി.

(ബി) ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ഡിപ്പാർട്ടുമെന്റമേലധികാരിയായിവന്നപ്പോൾ അവരുടെ ശമ്പളം.

(സി) അവരുടെ ഇപ്പോഴത്തെ (൧൭-൮-൧൧൨൦) ശമ്പളം.

(ഡി) അവർ ഇപ്പോൾ വഹിക്കുന്ന ഉദ്യോഗം.

൨. ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ഡിപ്പാർട്ടുമെന്റമേലധികാരിയായതിൽ പിന്നെ സ്ഥിരവും ആക്റ്റിങ്ങും ഉദ്യോഗങ്ങൾക്ക കിട്ടീട്ടുള്ള അപേക്ഷകളിലെ, അപേക്ഷകന്മാരുടെ ജാതിവിവരവും അവരിൽ ആർക്കെല്ലാം ഉദ്യോഗം ലഭിച്ചു എന്നും, കാണിക്കുന്ന ഒരു പട്ടിക ഗവൺമെന്റ ദയവായി മേശപ്പുറത്തു വയ്ക്കുമൊ?

മി: ടി. കെ. മാധവൻ നായർ (ആക്റ്റിംഗ് ഗവൺമെന്റ സെക്രട്ടറി): (൧) ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തുവച്ചിരിക്കുന്നു

(൨) ആവശ്യപ്പെട്ടവിവരങ്ങളടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.†

യൂറോപ്യൻ തോട്ടക്കാരുടെ കൈവശമുള്ള പുതുവൽ ഭൂമികളുടെ അടുത്തുള്ള ഭൂമികളുടെ പുതുവൽ പതിപ്പ്.

൪൭൮. മി: എ. സി. കുഞ്ചാക്കോസ് (മീനച്ചിലും-ദേവികുളവും): താഴെപറയുന്ന വിവരങ്ങൾ ഗവൺമെന്റ ദയവായി പറയുമോ?

(എ) യൂറോപ്യൻ തോട്ടക്കാരുടേയും മറകമ്പനികളുടേയും രജിസ്റ്റർ ഭൂമികളുടെ അടുത്തുള്ള തരിശുഭൂമികൾ ഈ നാട്ടുകാർക്ക പതിച്ചുകൊടുക്കരുതെന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

(ബി) അങ്ങനെയുള്ള തരിശുഭൂമികൾ അടുത്തുള്ള ഭൂമികളുടെ ഉടമസ്ഥന്മാരുടെ അനുവാദംകൂടാതെ പതിച്ചുകൊടുക്കരുതെന്നു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

സി (൧). തോട്ടക്കാരുടെ അനുവാദം ഇല്ലാത്തതിനാൽ നാട്ടുകാരുടെ അപേക്ഷകൾ ഉപേക്ഷിച്ചിട്ടുള്ളതിനെപ്പററിയും,

(൨) തോട്ടക്കാരുടെ വിരോധംനിമിത്തം നാട്ടുകാർക്ക പതിച്ചുകൊടുക്കാത്ത ഭൂമികൾ തോട്ടക്കാർ പതിച്ചുവാങ്ങാതെ ഇപ്പോഴും തരിശായി കിടക്കുന്നുണ്ടെന്നും,

ഗവൺമെന്റിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): (എ) അങ്ങനെയൊരു വ്യവസ്ഥ ഇല്ല. നേരെമറിച്ച്, സംസ്ഥാനത്തിന്റെ മററുഭാഗങ്ങളിലെന്നപോലെ ദേവികുളം ഡിവിഷനിലും കൃഷിക്കു നിലങ്ങൾ പതിച്ചുവാങ്ങാൻ തിരുവിതാംകൂർകാർക്ക എല്ലാ സൗകര്യങ്ങളും കൊടുക്കേണ്ടതാണെന്നു ഗവൺമെന്റ ആജ്ഞാപിച്ചിട്ടുണ്ട്. ഒരു തോട്ടത്തോടു തൊട്ടുകിടക്കുന്ന ഭൂമിക്കു അപേക്ഷവരുമ്പോൾ ആ തോട്ടത്തിന്റെ ഗുണകരമായ അനുഭവത്തിനോ അതിന്റെ അതിരുകൾ നേരെയാക്കുന്നതിനൊ ആവശ്യമുള്ള വിസ്തീർണ്ണം മാത്രം തോട്ടയുടമസ്ഥനു വേണമോ എന്നു ചോദിച്ചു വേണമെങ്കിൽ കൊടുക്കാറുണ്ട്. അല്ലാത്ത കാര്യങ്ങളിൽ തോട്ടഉടമസ്ഥനു ഒരു പ്രത്യേക അവകാശം അനുവദിക്കാറില്ല.

(ബി) അടുത്തുള്ള ഭൂമിയുടമസ്ഥന്മാർക്ക നോട്ടീസുകൊടുക്കണമെന്നു ൧൦൯൨ ഫെബ്രുവരി ൨൭-ാംനു-ലത്തെ പുതുവൽചട്ടങ്ങൾ രണ്ടാംഭാഗത്തിലെ ൧൩-ാം ചട്ടത്തിലുള്ളതല്ലാതെ അങ്ങനെയുള്ള ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെപ്പററി പ്രത്യേകചട്ടങ്ങളൊന്നുമില്ല.

(സി) (൧). (എ) ഭാഗത്തിന്റെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള കാരണങ്ങളാൽ തിരുവിതാംകൂർകാരുടെ അപേക്ഷകൾ ഉപേക്ഷിച്ചിട്ടുള്ള ചില കേസുകൾ ഉണ്ടെന്നു റിപ്പോർട്ടുകിട്ടീട്ടുണ്ട്.

(൨) മറുപടി നിഷേധത്തിലാണ്.

കിളിരൂർകരയിലേക്കുള്ള റോഡ്.

൪൭൯. മി: ആർ. രാമൻപിള്ള (കോട്ടയം): കിളിരൂർകരയിലുള്ള റോഡിന്റെ പല ഭാഗങ്ങളും ആററിലെ വെള്ളംനിമിത്തം ഇടിഞ്ഞുപോയിട്ടുണ്ടെന്നു ഗവൺമെന്റിനറിവുണ്ടോ എന്നും ഉണ്ടെങ്കിൽ അങ്ങിനെ യിടിഞ്ഞുപോകാതെ വല്ല നിവാരണമാർഗ്ഗങ്ങളും എടുത്തിട്ടുണ്ടോ എന്നും പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റ സെക്രട്ടറി): കാവനാററിന്റെ നിമിത്തം തിരുവാപ്പു റോഡ് ഇടിഞ്ഞുപോയിട്ടുള്ളതിനെപ്പററിയാണു മെമ്പറിന്റെ ചോദ്യമെങ്കിൽ, അറിവുണ്ട്. ആററ അകലത്താക്കത്തക്കവണ്ണം റോഡ് മാററിവെട്ടുന്നതിനു വേണ്ട ഭൂമി സർക്കാരിലേക്കെടുക്കുന്നതിനു നടപടികൾ നടത്തിവരുന്നു.

---

* അനുബന്ധം ൧൩ (എ) നോക്കുക.

† അനുബന്ധങ്ങൾ ൧൩ (ബി) യും ൧൩ (സി) യും നോക്കുക.

പോലീസുദ്യോഗസ്ഥന്മാരുടെ സ്ഥലംമാററം.

൧൭൦. മി: ആർ. രാമൻപിള്ള (കോട്ടയം): ഈയാണ്ടിൽ (൧൧൨൦ ൽ) ഒന്നിലധികംപ്രാവശ്യം സ്ഥലംമാററപ്പെട്ടിട്ടുള്ള പോലീസ് ഇൻസ്പെക്ടർമാരുടെ എണ്ണം ഗവൺമെൻറു ദയവായി പറയുമോ? ആ മാററങ്ങൾക്കുള്ള കാരണവും പറയുമോ?

മി: കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): ഏ. സർവീസിൻെറ ആവശ്യംപ്രമാണിച്ചാണ് മാററങ്ങൾ കൊടുത്തിട്ടുള്ളത്.

മി: ആർ. രാമൻപിള്ള (കോട്ടയം): "സർവീസിൻെറ ആവശ്യംപ്രമാണിച്ച്" എന്നുമാത്രം പറഞ്ഞിരിക്കുന്നു. ഇതിൽനിന്നും മനസ്സിലാക്കേണ്ടതു കാര്യക്ഷമതകൊണ്ടാണെന്നോ അല്ലെങ്കിൽ കാര്യക്ഷമതയില്ലാത്തതുകൊണ്ടാണെന്നോ എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അതിലേക്കുള്ള കാരണം ഇന്നതാണെന്നു പറയാമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): പല കാരണങ്ങളുംകൊണ്ടായിരിക്കാം അങ്ങനെ സ്ഥലംമാററം നടത്തിയിട്ടുള്ളത്.

മി: ആർ. രാമൻപിള്ള (കോട്ടയം): ആ കാരണങ്ങൾ എന്തെല്ലാമാണെന്നു അറിയാനാണ് ചോദിച്ചത്.

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): അതെല്ലാംകൂടിയാണ് "സർവീസിൻെറ ആവശ്യം പ്രമാണിച്ച്" എന്നു പറഞ്ഞിട്ടുള്ളത്.

മി: ആർ. രാമൻപിള്ള (കോട്ടയം): വിവരം എനിക്കു മനസ്സിലാകാത്തതുകൊണ്ടു ചോദിച്ചുഎന്നേയുള്ളു. മറുപടിതരാൻ തയാറില്ലാത്തപക്ഷം ഇരുന്നുകൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): കൂടുതലായിട്ടു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെ സ്ഥലംമാററുന്നതുകൊണ്ടു അവർക്കു വലിയനഷ്ടത്തിനു ഇടയാകുന്നുണ്ടെന്നു ഗവൺമെൻറിനറിയാമോ? അതായതു പള്ളിക്കൂടത്തിൽ പഠിക്കുന്നവരുടെ കുട്ടികളുടെയും മററുംപഠിത്തം വിട്ടുത്തി മാററുന്നസ്ഥലത്തു ചെല്ലുമ്പോൾ ഫീസുമേട്ടിലോ മറെറാകൊണ്ടു പോകേണ്ടിവരുന്നതുകൊണ്ടു ഈ ഉദ്യോഗസ്ഥന്മാർക്കു അന്യായമായ ചെലവുണ്ടാകുന്നു എന്നു ഗവൺമെൻറിനു അറിയാമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): സർവീസിനു അത്യാവശ്യമെന്നു കാണുന്നസ്ഥിതിക്കേ മാററുകയുള്ളു. അപ്പോൾ ഈ മാതിരിയുള്ള സങ്കടങ്ങളുണ്ടാകുവരാം. അതെല്ലാം പബ്ലിക് സർവീസിലുള്ളവർ സഹിക്കേണ്ടതാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെമാററുന്നവരെ സ്കൂൾ വർഷാരംഭത്തിൽ മാററുന്നതിനു ഗവൺമെൻറു കഴിയുന്നതും വേണ്ട വ്യവസ്ഥ ചെയ്യുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): ഈ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചു അങ്ങനെപറയാൻ സാധിക്കയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): "കഴിയുന്നതും" എന്നേ ഞാൻ പറഞ്ഞുള്ളു.

മി: ടി. കെ. മാധവൻനായർ (ആ. ഗവൺമെൻറു സെക്രട്ടറി): കഴിയുന്നതും അങ്ങിനെചെയ്യാൻ നോക്കാം.

ലാൻറുറവന്യൂ ഡിപ്പാർട്ടുമെൻറിലെ മജിസ്ട്രേട്ടും തഹശീൽദാരും ഉദ്യോഗത്തിനു യോഗ്യതയുള്ള ഗ്രാഡ്യുവേറ്റുകൾ.

൧൭൧. മി: മുവേലിൽ പാച്ചുപിള്ള (ചേർത്തല): ലാൻറുറവന്യൂഡിപ്പാർട്ടുമെൻറിൽ ൭൩-൧൦൦ രൂപാ ശമ്പളഗ്രേഡിൽ പത്തുവർഷത്തിലധികം സർവീസുള്ളവരും സ്റ്റേഷനറി മജിസ്ട്രേട്ടുമാരും തഹശീൽദാരന്മാരുമായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരുമായ ഗ്രാഡ്യുവേറ്റുകൾ എത്രപേർ ഉണ്ടെന്നു ഗവൺമെൻറു ദയവായിപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിങ് ഗവൺമെൻറു ചീഫ് സെക്രട്ടറി): സ്റ്റേഷനറി മജിസ്ട്രേട്ടുദ്യോഗത്തിനു ആളുകളെ നിയമിക്കുമ്പോൾ അവരുടെ അപേക്ഷ ആലോചിക്കത്തക്ക യോഗ്യതയുള്ള ഏഴ് ആളുകൾ ഉണ്ട്.

പാറശാല ഡിസ്ട്രിക്ട് ആസ്പത്രി.

൧൭൨. മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): താഴെപറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) പാറശ്ശാല 'ഡിസ്ട്രിക്ട്' ആസ്പത്രിയിൽ ഉള്ള കമ്പൌണ്ടർമാരുടെ എണ്ണം.

(ബി) അവരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു അവിടത്തെ മെഡിക്കൽ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

(സി) മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് എന്തുത്തരവു പാസാക്കിയെന്നും അതിൻെറ തീയതിയും.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവൺമെൻറു ചീഫ് സെക്രട്ടറി): (എ) ഒന്ന്.

(ബി) കൂടുതലായി ഒരു കമ്പൌണ്ടരെ കൂടെ നിയമിക്കണമെന്നു മെഡിക്കലുദ്യോഗസ്ഥൻെറ അപേക്ഷ മെഡിക്കൽ സെർവീസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിനു കിട്ടി.

(സി) ആ സ്ഥാപനത്തിൽ ഹാജരാകുന്ന രോഗികളുടെ എണ്ണം കൂടുതലായി ഒരു കമ്പൌണ്ടറിൻെറ നിയമനം നീതീകരിക്കത്തക്കതാണെന്നു ബോർഡിനു ബോദ്ധ്യമായില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): കൂടുതൽ കമ്പൌണ്ടർ ആവശ്യമില്ലെന്നു പറയുന്നു. അതു രോഗികളുടെ കുറവുകൊണ്ടാണോ

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിങ്ങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അവിടെ സാധാരണ വരുന്ന രോഗികളുടെ സംഖ്യ കണക്കാക്കി നോക്കുമ്പോൾ കൂടുതലായി ഒരു കമ്പൌണ്ടരുടെ ആവശ്യമില്ലെന്നാണ ബോർഡിന്റെ അഭിപ്രായം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതൊരു ഡിസ്ട്രിക്ട് ആസ്പത്രിയൊ ഡിസ്പെൻസറിയൊ എന്നു ഗവണ്മെൻറ ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിങ്ങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഡിസ്ട്രിക്ട് ആസ്പത്രിയാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വിളവങ്കോടുതാലൂക്കിൽ ആസ്പത്രി ആവശ്യമുള്ള സ്ഥലങ്ങൾ വേറെയും ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിങ്ങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): കൂടുതൽ ആസ്പത്രിയുണ്ടെങ്കിൽ കൂടുതൽ സൌകര്യമായിരിക്കും.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അവിടെവരുന്ന രോഗികളുടെ എണ്ണം കുറവാണെന്നു പറയുന്നു. അതുകൊണ്ടു ആ ആസ്പത്രി കൂടുതൽ ഉപയോഗമുള്ള ഒരു സ്ഥലത്തു മാററി ഇടണമെന്നാണ് എനിക്കു പറയുവാനുള്ളത്.

*നേരിയമംഗലം പള്ളിവാസൽറോഡിന്റെ ഇരുവശത്തുമുള്ള ഭൂമികൾ പതിച്ചുകൊടുക്കാൻ യൂറോപ്യന്മാരുടെ അപേക്ഷകൾ.

൧൮൩. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) നേരിയമംഗലം പള്ളിവാസൽ റോഡിന്റെ ഇരുവശത്തുമുള്ള ഭൂമികൾ പതിച്ചുകൊടുക്കാൻ യൂറോപ്യൻ തോട്ടക്കാരുടെ അപേക്ഷകൾ കിട്ടീട്ടുണ്ടോ എന്നു ഗവണ്മെൻറ ദയവായി പറയുമോ?

(ബി) ഒന്നാംഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ ഓരോന്നിലും പ്രസ്താവിച്ചിട്ടുള്ള വിസ്തീർണ്ണവും തറവിലയും കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെക്കുമൊ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) ഉണ്ട്.

(ബി) മെംബർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വെച്ചിരിക്കുന്നു.

താമരക്കുളം പഴയ അളത്തിനു പുറമെ ഒരു കുളം ഉണ്ടാക്കുന്ന കാര്യം.

൧൮൪. മി: വി. ചെല്ലംപിള്ള (തോവാള): താഴെ പറയുന്ന സംഗതികൾ ദയവായി പറയുമോ?

(എ) താമരക്കുളം പഴയകുളത്തിന്റെ ഉപയോഗത്തിന്നായി മണക്കുടി കായലിന്റെ തെക്കുകിഴക്കു ഭാഗത്തുഅതിനു പുറമെ ഒരു കുളം ഉണ്ടാക്കണമെന്നു മുമ്പിലത്തെ എക്സൈസ് കമ്മീഷണരും അസിസ്റ്റൻറ എക്സൈസ് കമ്മീഷണർമാരും ശിപാർശ ചെയ്തിട്ടുണ്ടായിരുന്നോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ, ഗവണ്മെൻറ അതിനെ സംബന്ധിച്ചു എന്തു നടപടിയെടുത്തു.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ സെക്രട്ടറി). (എ) മറുപടി നിഷേധത്തിലാണ്.

(ബി) (എ) ഭാഗത്തിന്റെ മറുപടികൊണ്ട് ഈ ചോദ്യത്തിനു കാരണമില്ല.

കാളേജ് ഹൊസ്റ്റലിൽ നായർ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുത്തതു.

൧൮൫ മി: എ. എസ്. ദാമോദരൻ ആശാൻ (കാർത്തികപ്പള്ളി). താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) കാളേജ് ഹൊസ്റ്റലിൽ പ്രവേശനം അനുവദിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം.

(ബി) ഈയാണ്ടിൽ (൧൧൦൯-ൽ) പ്രവേശനം അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം.

(സി) അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ടവരുടെ എണ്ണം.

(ഡി) (സി) ഭാഗത്തിൽ പറഞ്ഞ അപേക്ഷകന്മാരെ ഉപേക്ഷിച്ചതിനുള്ള കാരണം.

(ഇ) തന്നാണ്ടിൽ ഉള്ള നായർ വിദ്യാർത്ഥികളുടെയും മുന്നാണ്ടിൽ ഉണ്ടായിരുന്ന നായർവിദ്യാർത്ഥികളുടേയും എണ്ണം.

(എഫ്) ഈയാണ്ടിൽ അപേക്ഷകൾ ഉപേക്ഷിക്കപ്പെട്ട നായർ വിദ്യാർത്ഥികളുടെ എണ്ണം:

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ൧൦൭

(ബി) ൯൬ അപേക്ഷകന്മാർക്കു പ്രവേശനം അനുവദിച്ചു. എന്നാൽ അവരിൽ ൭൨ പേർമാത്രമെ ഹാജരായിട്ടുള്ളു എന്നാണ് റിപ്പോർട്ടുകിട്ടീട്ടുള്ളത്.

(സി) ൮.

(ഡി) അവരുടെ സ്വീകരണം ഹോസ്റ്റലിനു ദോഷകരമായിരിക്കും എന്നു ഹോസ്റ്റൽ വാർഡനു ബോധ്യമായതിനാൽ.

(ഇ) സ്ക്രൂട്ടം വർഷത്തിൽ അഞ്ചുനായർ വിദ്യാർത്ഥികൾക്കു പ്രവേശനം കൊടുത്തു. കഴിഞ്ഞ യാണ്ടിൽ ൧൦ വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചു എങ്കിലും ൧൭ വിദ്യാർത്ഥികൾ മാത്രമെ ഹാജരായുള്ളു.

(എഫ്) ഒന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (ഡി) ഭാഗം ചോദ്യത്തിന്റെ മറുപടി സംബന്ധിച്ചു, പ്രവേശനം അനുവദിക്കാത്ത വിദ്യാർത്ഥികൾ കഴിഞ്ഞയാണ്ടിൽ എവിടെയാണ പാർത്തിരുന്നതെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്റ്റിങ്ങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആ ചോദ്യത്തിന് നോട്ടീസുകിട്ടണം. ആ വിവരം ഇപ്പോൾ എന്റെ പക്കൽ ഇല്ല.

*അനുബന്ധം ൨. ൮ നോക്കുക.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വാർഡൻ അവർക്കു പ്രവേശനം നിഷേധിച്ചതിനുള്ള കാരണം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഹോസ്റ്റലിൽ വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിക്കുന്നതു വാർഡിൻെറ ഉത്തരവാദിത്വമാണു. അവർക്കു പ്രവേശനം കൊടുക്കുന്നതു യുക്തമല്ലെന്നു അദ്ദേഹത്തിനു തോന്നിയെന്നും അതുകൊണ്ടു അവരുടെ അപേക്ഷകൾ നിഷേധിച്ചു എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വിദ്യാർത്ഥികൾക്കു പ്രവേശനം നിഷേധിച്ചതിനു വാർഡൻ കാരണങ്ങൾ പറഞ്ഞിട്ടില്ല, അല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): വാർഡൻ കാരണങ്ങൾ പ്രസ്താവിച്ചിട്ടില്ല.

തമ്മരക്കളും അദ്ദത്തിലെ എക്സൈസ് വ്യവസ്ഥ.

൧൮൬. മി: വി. ചെല്ലംപിള്ള (തോവാള): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) താമരക്കുളം പഴയന്നൂരും ലൈസൻസികൾക്കു ഗുണകരമായി ഭേദപ്പെടുത്തിയ എക്സൈസ് വ്യവസ്ഥ അനുവദിച്ചുകൊടുക്കാൻ വല്ല ആലോചനയും ഉണ്ടായിരുന്നോ?

(ബി) (എ) ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ ആ ആലോചന പൂർത്തിയായ തീയതിയും അതു ഇന്നേവരെ (൧൧-൭-൧൧൨൮) പ്രയോഗത്തിൽ കൊണ്ടുവരാതിരിക്കുന്നതിനുള്ള കാരണങ്ങളും

(സി) ഇപ്പോൾ ഗവണ്മെൻറിൻെറ മുമ്പാകെ അങ്ങനെവല്ല ആലോചനയും ഉണ്ടോ?

(ഡി) (സി) ഭാഗത്തിൻെറ മറുപടി ഉണ്ടെന്നാണെങ്കിൽ ലൈസൻസികളുടെ പ്രതിനിധിയും അക്കൗണ്ടൻറാഫീസറും ചീഫ്സെക്രട്ടറിയും എക്സൈസ്കമ്മീഷണരും ഹെഡ്സർക്കാർവക്കീലും അതിനെസംബന്ധിച്ചു ഒരു യോഗം കൂടി ആലോചിക്കുന്നതിൻെറ ആവശ്യകതയെപ്പറ്റി ഗവണ്മെൻറു ചിന്തിച്ചുവോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): (എ) യും (സി)യും ആ അളത്തിൽ ഭേദപ്പെടുത്തിയ എക്സൈസ്വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനു ആലോചനയുണ്ട്.

(ബി) ആ വിഷയം ഇപ്പോഴും എഴുത്തുകുത്തിൽ കിടക്കുന്നു.

(ഡി) ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു. മെമ്പർ പ്രസ്താവിച്ചപ്രകാരമുള്ള ഒരു യോഗം ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

൧൧൨൫-൧൧൨൮-കൊല്ലങ്ങളിൽ പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു ലാത്തികൾ വാങ്ങിച്ചതു്

൧൮൭. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ൧൧൨൫, ൧൧൨൬, ൧൧൨൭, ൧൧൨൮-ഈ ഓരോ കൊല്ലങ്ങളിലും പോലീസ്ഡിപ്പാർട്ടുമെൻറിലേക്കു വാങ്ങിയ ലാത്തികളുടെ എണ്ണം.

(ബി) ഈ വർഷത്തിൽ വാങ്ങിയ എണ്ണം മുൻകൊല്ലങ്ങളിലേതിനെക്കാൾ അധികമാണെങ്കിൽ അതിനുള്ള കാരണം.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറുസെക്രട്ടറി): ൧൧൨൫, ൧൧൨൬, ൧൧൨൮ ഈ കൊല്ലങ്ങളിൽ ലാത്തികൾ വാങ്ങിട്ടില്ല, ൧൧൨൭-ൽ ൬൧൮ ലാത്തികൾ വാങ്ങിച്ചിട്ടുണ്ട്.

(ബി) (എ)ഭാഗത്തിൻെറ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഭാഗം ചോദ്യത്തിൻെറ മറുപടിസംബന്ധിച്ചു, ലാത്തികൾ വാങ്ങിയതു ഇപ്പോഴത്തെ പോലീസ് കമ്മീഷണർ ഡിപ്പാർട്ടുമെൻറു മേധാവിയായ ശേഷമാണോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറുസെക്രട്ടറി): മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം ൧൧൨൭-ലാണ് ലാത്തികൾ വാങ്ങിയതു-

മി: എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഴത്തെ പോലീസു കമ്മീഷണർ പോലീസ്ഡിപ്പാർട്ടുമെൻറു ചാർജ്ജെടുത്തതു ൧൧൨൭ ചിങ്ങത്തിലാണെന്നു തോന്നുന്നു. പോലീസ് കമ്മീഷണർ ചാർജ്ജെടുത്തതിനുശേഷമാണോ ലാത്തികൾ വാങ്ങിയതെന്നാണ് എൻെറ ചോദ്യം.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): അങ്ങനെയായിരിക്കാം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാത്തികൾ വാങ്ങണമെന്നു മിസ്റ്റർ ബിഷപ്പിൻെറ മുൻഗാമി അഭിപ്രായപ്പെട്ടിരുന്നുവോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): മുമ്പിലത്തെ പോലീസ് കമ്മീഷണർ അങ്ങിനെ അഭിപ്രായപ്പെട്ടുവോ എന്നു ഗവണ്മെൻറിനു അറിവില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതുകൊണ്ടു ആ അഭിപ്രായം ആദ്യം പുറപ്പെടുവിച്ചതു ഇപ്പോഴത്തെ പോലീസ് കമ്മീഷണർ ആയിരിക്കണം, അല്ലേ.

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): ലാത്തികൾ വാങ്ങുന്നതിനു ഗവണ്മെൻറിലേക്കു എഴുതിഅയച്ചിട്ടാവശ്യമില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാത്തികൾവാങ്ങണമെന്നുള്ള അഭിപ്രായം ആദ്യം പുറപ്പെടുവിച്ചതു ഇപ്പോഴത്തെ പോലീസ്കമ്മീഷണർ ആണോ എന്നു മെമ്പർ പറഞ്ഞറിവാനാണു ഞാൻ ആഗ്രഹിക്കുന്നതു്.

പ്രസിഡെൻറു: അദ്ദേഹത്തിൻെറ പ്രസ്താവനത്തിൽനിന്നു നിങ്ങൾക്കതു് അനുമാനിക്കാൻ കഴിയും. അദ്ദേഹം ഒരു കാര്യം പറഞ്ഞു. അതിൽനിന്നുള്ള അനുമാനംകൂടി അദ്ദേഹം പറയണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നതെന്തിനു?

പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു ലാത്തികൾ വരുത്തികൊടുത്തകാര്യം.

൧൮൮. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) പോലീസ്കാരുടെ ഉപയോഗത്തിന്നായി പോലീസ് കമ്മീഷണർ ലാത്തികൾ വരുത്തിക്കൊടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര, എപ്പോൾ?

(ബി) ആ ലാത്തികളുടെ വിലയും എവിടെനിന്നു വരുത്തിയെന്നും

(സി) ഈ സംസ്ഥാനത്തെ വനങ്ങളിൽ നിന്നും ലാത്തികൾ ഉണ്ടാക്കികൊടുക്കാമോ എന്നു വനം കൺസർവേറററുമായി പോലീസ്കമ്മീഷണർ എഴുത്തുകുത്തു നടത്തീട്ടുണ്ടോ അല്ലെങ്കിൽ നടത്തുന്നുണ്ടോ?

(ഡി) വേറെ എവിടെനിന്നെങ്കിലും ഇനിയും ലാത്തികൾ വരുത്താൻ ഇപ്പോഴത്തെ പോലീസ് കമ്മീഷണർ ആർഡർകൊടുത്തിട്ടുണ്ടോ?

മി. ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): റിസർവ്വ് പൊലിസ്കാർക്കു താഴെ കാണിച്ചപ്രകാരം ൩൧൮ ലാത്തികൾ വരുത്തികൊടുത്തിട്ടുണ്ട്.

൩൦-൬൦-൧൧൨൪ തീയതി	൧൨	ലാത്തികൾ
൨൯-൧൨-൧൧൨൪	൧൦൦	...
൧൦-൧-൧൧൨൫	൨൦൬	...

(ബി) ചെലവു ൮൮ രൂപാ ൫ ചക്രം ൨ കാശാണ് ലാത്തികൾ വാങ്ങിയതു മദ്രാസ്ലായും ആർഡറും ഡിപ്യൂട്ടികമ്മിഷണരോടും വെല്ലൂരിൽ മുളവ്യാപാരം മി. ഷെയിക്ക അബ്ദുള്ള സാഹിബിനോടും ആയിരുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ചോദ്യത്തിന്റെ (ബി) ഭാഗം മറുപടിയെ സംബന്ധിച്ച് മദ്രാസ്ചായും ആർഡറും ഡിപ്യൂട്ടി കമ്മീഷണരോടു വാങ്ങിച്ചതിന്റെ എണ്ണവും മുള വ്യാപാരിയോടു വാങ്ങിച്ചതിന്റെ എണ്ണവും പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രിട്ടറി): ആ വിവരം എന്റെ പക്കൽ ഇല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): (സി) ഭാഗം ചോദ്യത്തിന്റെ മറുപടി സംബന്ധിച്ച്, എത്ര ലാത്തികൾക്കാണു കമ്മീഷണർ വനം കൺസർവേററരോടാവശ്യപ്പെട്ടതെന്നു പറയുമോ?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രിട്ടറി): നമ്മുടെ ഇവിടത്തെ വനങ്ങളിൽ നിന്നും ലാത്തികൾ കിട്ടുമോ എന്നു വനം കൺസെർവേററരോടു ചോദിച്ചു. എത്രവേണമെന്നു പറഞ്ഞിരുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഈ എഴുത്തുകുത്ത് അവസാനിച്ചുവോ എന്നു പറയുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രിട്ടറി). ലാത്തികൾ നമ്മുടെ വനങ്ങളിൽ നിന്നും കിട്ടുകയില്ലെന്നു കൺസർവേററർ മറുപടികൊടുത്തു.

മാവേലിക്കര ഡിസ്ട്രിക്ട് ആസ്പത്രി.

൧൮൯. മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറു ദയവായിപറയുമോ?

(എ) തിരുവിതാംകൂറിലുള്ള ഡിസ്ട്രിക്ട് ആസ്പത്രികളുടെ എണ്ണവും അവ ഏതെല്ലാമാണെന്നും,

(ബി) ഹാജരാകുന്ന രോഗികളുടെ എണ്ണം ആലോചിച്ചാൽ മാവേലിക്കര ആസ്പത്രിയുടെ സ്ഥാനം.

(സി) ഇപ്പോൾ (൨൫-൧൧-൧൧൨൫) ലേഡിഡാക്ടറന്മാരെ നിയമിച്ചിട്ടുള്ള ആസ്പത്രികളും നഴ്സമാരെ നിയമിച്ചിട്ടുള്ളആസ്പത്രികളും.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രിട്ടറി): (എ) ഈ വിവരം ൧൧൨൫ ലെ തിരുവിതാംകൂർ പഞ്ചാംഗം ൩൮൪-ാം ഭാഗത്തു നോക്കിയാൽ കാണാം.

(ബി) രോഗികളുടെ എണ്ണം ആണ്ടുതോറും മാറുന്നതുകൊണ്ടു അതനുസരിച്ചു ആസ്പത്രികൾക്കുസ്ഥാനം നിശ്ചയിച്ചിട്ടില്ല.

(സി) സ്ത്രീകൾക്കായിട്ടുള്ള ആസ്പത്രികൾക്കു പുറമേ താഴെപറയുന്ന ആസ്പത്രികളിൽ ലേഡി ഡാക്ടറന്മാരുണ്ട്.

൧ ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി.
൨ നാഗർകോവിൽ. ടി
൩ കോട്ടയം ടി

താഴെപ്പറയുന്ന ആസ്പത്രികളിൽ നേഴ്സമാരെനിയമിച്ചിട്ടുണ്ട്.

൧ ജെനറൽ ആസ്പത്രി
൨ കണ്ണാസ്പത്രി
൩ കുഷ്ഠരോഗാസ്പത്രി
൪ തിരുവനന്തപുരം കോട്ടക്കകം ആസ്പത്രി
൫ ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി
൬ ചങ്ങനാശ്ശേരി ടി
൭ കോട്ടയം ടി
൮ കോഴഞ്ചേരി ടി
൯ മാവേലിക്കരഡിസ്ട്രിക്ട് ആസ്പത്രി
൧൦ നെയ്യാററിൻകര ടി
൧൧ പത്മനാഭപുരം ടി
൧൨ പറൂർ ടി
൧൩ നാഗർ കോവിൽ ടി
൧൪ കൊല്ലം ടി
൧൫ തിരുവല്ലാ ടി
൧൬ വൈക്കം ടി

൧൭. കായംകുളം ഡിസ്ട്രിക്ട് ഡിസ്പെൻസറി.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): നേഴ്സസ്സിനെ ആക്കുന്നതു് ഏതുതരം ആസ്പത്രികൾക്കാണെന്നുള്ളതിനു വല്ല വ്യവസ്ഥയുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതിനൊന്നുമൊന്നില്ല.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സാധാരണ ഡിസ്പെൻസറികളിലും നേഴ്സസ്സിനെ നിയമിക്കാറുണ്ട്. കായംകുളം ഡിസ്ട്രിക്ട് ആസ്പത്രിയിൽ രണ്ടു നേഴ്സസ്സിനെ ആക്കണമെന്ന് വളരെക്കാലമായി അപേക്ഷിച്ചുകൊണ്ടിരിക്കയാണ് എന്നിട്ടും അവിടെ ഒരു നേഴ്സിനെപ്പോലും ആക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു ബോർഡിൻെറ ചുമതലയാണ്. ആസ്പത്രികളിൽ വരുന്ന രോഗികളുടെ സംഖ്യ അനുസരിച്ചാണ് നേഴ്സിനെ ആക്കുന്നതു്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): പ്രജാസഭയിലും നിയമസഭയിലും ഉണ്ടാകുന്ന നിവേദനങ്ങളെപ്പററി യാതൊന്നും അവർ അന്വേഷിക്കാറില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഗവണ്മെൻറു ഈ നിവേദനങ്ങളെല്ലാം ഉടനെതന്നെ അയച്ചുകൊടുക്കുന്നുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): നിവേദനങ്ങൾ അയച്ചിട്ടു നാലഞ്ചുകൊല്ലമായിട്ടും ഇതുവരെയും യാതൊന്നും ചെയ്തിട്ടില്ലാത്തതുകൊണ്ടു ഗവണ്മെൻറു ഇതിനെപ്പററി വേണ്ട അന്വേഷണം നടത്തുന്നതിനു ബോർഡിനോട് ആവശ്യപ്പെടാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആവശ്യപ്പെടാം.

വിദ്യാഭ്യാസ ഡയറക്ടരായി ഇൻഡ്യനല്ലാത്ത ഒരാളിൻെറ നിയമനം.

൧൮. മി. എ. ജി. മേനവൻ (പറവൂർ): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഇപ്പോഴത്തെ (൧൯-൧൧-൧൧൪൦) ആളിനുപകരം വിദ്യാഭ്യാസ ഡയറക്ടരായി വിദേശസർവീസിലിരിക്കുന്ന ഇൻഡ്യൻ അല്ലാത്ത ഒരാളെ നിയമിക്കാൻ പോകുന്നു എന്നുള്ളതു വാസ്തവമാണോ?

(ബി) അദ്ദേഹത്തെ നിയമിച്ചു കഴിഞ്ഞു എങ്കിൽ ആ ഇൻഡ്യൻ അല്ലാത്ത ആളിൻെറ നിയമന തീയതി.

(സി) അദ്ദേഹം തിരുവനന്തപുരത്തു എത്തിയ തീയതി.

(ഡി) അദ്ദേഹം ചാർജെടുത്ത തീയതി.

(ഇ) അദ്ദേഹത്തിൻെറ നിയമനത്തെപ്പററി ആക്ടിംഗ് ഉദ്യോഗസ്ഥനെ ആദ്യം അറിവുകൊടുത്ത തീയതി.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ഉണ്ട്. മൈസൂർ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മിസ്റ്റർ. ഇ. ജി. മക്കൽപൈനെ ഇവിടെ വിദ്യാഭ്യാസ ഡയറക്ടരായി നിയമിച്ചിരിക്കുന്നു.

(ബി) അദ്ദേഹത്തെ നിയമിച്ച ഉത്തരവിൻെറ തീയതി ൧൧൧൬ ജൂലായി ൧൨-ാംനേ യാണ്.

(സി) മി. മക്കൽപൈൻ ൧൧൧൬ ജൂലായി ൧൨-ാംനു തിരുവനന്തപുരത്തെത്തി.

(ഡി) അദ്ദേഹം ജൂലായി ൧൨-ാംനു ഉച്ചതിരിഞ്ഞു ഉദ്യോഗത്തിൽ പ്രവേശിച്ചു.

(ഇ) ആക്ടിംഗ് ഉദ്യോഗസ്ഥനു ആദ്യം അറിവുകൊടുത്തതു ൧൧൧൬ ജൂലായി ൧൨-ാംതിയതിയത്തെ ഗവണ്മെൻറു ഉത്തരവിലാണ്.

ആര്യസമാജക്കാർ തിരുവനന്തപുരത്തു പ്രസംഗങ്ങൾ നടത്തുന്നതിൻെറ നിരോധനം.

൧൯. മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാടു (ജന്മികരം): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) പബ്ലിക്ക സ്ഥലങ്ങളിൽ പ്രസംഗിക്കാൻ പാടില്ലെന്നു തിരുവനന്തപുരം അസിസ്റ്റൻറു പോലീസ്സൂപ്രണ്ടു ആര്യസമാജക്കാർക്ക വല്ല കല്പനയും അയച്ചിട്ടുണ്ടോ?

(ബി) ഇങ്ങനെയുള്ള കല്പനകൾ മററു മതപ്രാസംഗികന്മാർക്കും അയച്ചിട്ടുണ്ടോ?

മി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രട്ടറി): (എ)-യും (ബി)-യും മറുപടി നിഷേധത്തിലാണ്.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികരം): (എ) ഭാഗം മറുപടിയിൽ പൊതുസ്ഥലങ്ങളിൽ പ്രസംഗിക്കാൻ പാടില്ലെന്നു ആര്യസമാജക്കാർക്ക് തിരുവനന്തപുരം അസിസ്റ്റൻറു പോലീസ്സൂപ്രണ്ട് കല്പനകൾകൊടുത്തിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. പോലീസ്കമ്മീഷണരോ പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടോ പോലീസ് ഡിപ്പാർട്ടുമെൻറിലെ വേറെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അങ്ങനെയൊരു കല്പന കൊടുത്തിട്ടുണ്ടോ എന്നുപറയുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രട്ടറി): പോലീസ്ഡിപ്പാർട്ടുമെൻറിലെ യാതൊരു ഉദ്യോഗസ്ഥനും അങ്ങനെ കല്പനകൊടുത്തിട്ടില്ല.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികരം): തിരുവനന്തപുരം അസിസ്റ്റൻറുപോലീസ് സൂപ്രണ്ടു ആര്യസമാജക്കാരുടെ ഒരു യോഗം നിരോധിച്ചു എന്നു ഗവണ്മെൻറിനറിയാമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറു സെക്രട്ടറി): ഇതിനെസംബന്ധിച്ചു പോലീസ്കമ്മീഷണർ ഗവണ്മെൻറിലേയ്ക്കു എഴുതീട്ടുള്ള വർത്തമാനം ഞാൻ വായിച്ചുകേൾപ്പിക്കാം:- അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"അസിസ്റ്റൻറുപോലീസ് സൂപ്രണ്ട് ആര്യസമാജത്തിൻെറയും ക്ഷേത്രപ്രവേശനസമ്മതിയുടെയും പ്രതിനിധികൾക്ക അവരുടെ യോഗങ്ങളും പ്രസംഗങ്ങളും ശ്രീചിത്രാ മെമ്മോറിയൽ ഹാളിനടുത്തുള്ള വിശാലമായ മൈതാനത്തിൽ വച്ചു നടത്തുന്നതിൻെറ അഭിലഷണീയതയെ ചൂണ്ടിക്കാണിച്ചും വളരെആളുകൾ കൂടി

വാഹനങ്ങൾക്കും യാത്രക്കാർക്കും തടസ്സമുണ്ടാകത്തക്കവണ്ണം പബ്ലിക്ക് റോഡുകളിൽ വെച്ചുനടത്താതിരിക്കാൻ നോക്കണമെന്നും എഴുതിഅയച്ചിട്ടുണ്ട്.

ഇതുമാത്രമേ ഉണ്ടായിട്ടുള്ളു അതു ഒരു കല്പന അല്ലായിരുന്നു. വാഹനങ്ങൾക്കും യാത്രക്കാർക്കും തടസ്സമുണ്ടാകത്തക്കവണ്ണം പബ്ലിക്ക് റോഡുകളിൽ പ്രസംഗങ്ങൾ നടത്താതിരിക്കുകയാണുത്തമം എന്ന ആശ്രമത്തിന്റെയും രക്ഷാധികാരിയുടെയും പ്രതിനിധികൾക്ക എഴുതി അയയ്ക്കുമാത്രമാണ അസിസ്റ്റൻറ സൂപ്രണ്ട് ചെയ്തത്.

കല്ലാർചന്തയുടെ പരിശോധന.

൯൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാട്ടും): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) നെടുവങ്ങാട്ട താലൂക്കിൽ ഉള്ള കല്ലാർചന്ത കഴിഞ്ഞ ൩ വർഷങ്ങളിൽ (൧൧൨൩-൧൧൨൫) സാനിറ്ററികമ്മീഷണരൊ അദ്ദേഹത്തിന്റെ അസിസ്റ്റൻറമാരൊ എത്രപ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്,

(ബി) മേല്പടി കാലത്തു ആ ചന്ത തിരുവനന്തപുരം ദിവാൻപേഷ്കാർ എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിന്റെ സ്ഥിതിയെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരുന്നു?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റസെക്രട്ടറി): എയും ബിയും മെംബർ പ്രസ്താവിച്ചകാലത്തു ചോദ്യത്തിൽ പറഞ്ഞ ഉദ്യോഗസ്ഥന്മാർ ആ ചന്ത സന്ദർശിച്ചിട്ടില്ല.

(സി) ഈ ചോദ്യത്തിനു കാരണമില്ല.

കീരിക്കാട്ട മദ്ധ്യതിരുവിതാംകൂർ വ്യാപാരസംഘം.

൯൬. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) കീരിക്കാട്ട മദ്ധ്യതിരുവിതാംകൂർ വ്യാപാരസംഘം കമ്പനിറഗുലേഷൻപ്രകാരം രജിസ്റ്റർചെയ്തുള്ള ഒരു കമ്പനിയാണോ?

(ബി) ഏതു ഭാഗത്തിന്റെ മരപ്പടി നിശ്ചയത്തിലാണെങ്കിൽ അതിന്റെ ജോലി നിറുത്തി വെച്ചതീയതി.

(സി) ആ കമ്പനിയുടെ ഒടുവിലത്തെ ബാക്കിവിവരപ്പട്ടിക കിട്ടിയതു എന്നായിരുന്നു? അതു ഏതു കൊല്ലത്തെ ബാക്കിവിവരം പട്ടികയുമായിരുന്നു?

(ഡി) കമ്പനി ആഫീസിൽ നിന്നു നിയമപ്രകാരമുള്ള കണക്കുകൾ വളരെ കാലത്തേക്ക കിട്ടിയില്ലെങ്കിൽ രജിസ്ത്രാർ കമ്പനിയുടെ മേൽ വല്ല നടപടിയും നടത്തിയൊ ഇല്ലെങ്കിൽ നടത്താതിരിക്കാൻ കാരണമെന്തു്?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ സെക്രട്ടറി): (എ) മരപ്പടി നിശ്ചയത്തിലാണ.

(ബി) ൧൧൦൩ കർക്കടകം അവസാനത്തിൽ

(സി) കമ്പനിയുടെ ഒടുവിലത്തെ ബാക്കിവിവരം പട്ടിക രജിസ്ത്രാരുടെ ആഫീസിൽകിട്ടിയതു ൧൧൦൧ കർക്കടകം ൩൧-ാനു-യും അതു ൧൧൦൦-ാമാണ്ടത്തേതുമായിരുന്നു.

(ഡി) പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ൧൧൦൧, ൧൧൦൨, ൧൧൦൩ ഈ വർഷങ്ങളിലെ വർഷാന്തകണക്കുകൾ കിട്ടിയിട്ടില്ലെന്നും ആ കണക്കുകൾ അയക്കാത്തതിനു അതിന്റെ ഭാരവാഹികളുടെമേൽ തിരുവിതാംകൂർ കമ്പനിറഗുലേഷൻപ്രകാരം നടപടി നടത്തിയെന്നും രജിസ്ത്രാർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഭാഗം ചോദ്യത്തിന്റെ മറുപടി സംബന്ധിച്ചു കണക്കുകൾ അയക്കാൻ കമ്പനിക്കു കല്പനകൊടുത്തതു എന്നാണെന്നു പറയുമോ?

മി: ടി. കെ. മാധവൻ നായർ (ആ. ഗവണ്മെന്റസെക്രട്ടറി): ൧൧൦൧, ൧൧൦൨, ൧൧൦൩ ഈ കൊല്ലങ്ങളിലെ കണക്കുകൾ കമ്പനിയിൽനിന്നു കിട്ടാത്തതിനാൽ ആ കണക്കുകൾ അയക്കാൻ കമ്പനിയോടാവശ്യപ്പെട്ടു. കമ്പനിലിക്വിഡേറ്റർ ആയി നിയമിക്കപ്പെട്ട കമ്പനിയുടെ മാനേജിങ്ങ് ഏജൻറ ബാക്കി വിവരം പട്ടികകൾ തെയ്യാറാക്കിവരുന്നെന്നും ൧൧൦൫ മിഥുനം ൧൫-ാനു-യോടടുപ്പിച്ചു മാത്രമെ അവയെ അയക്കാൻ കഴികയുള്ളു എന്നും എഴുതിയയച്ചു. മിഥുനം ൧൫-ാനു- ആയിട്ടും കിട്ടായ്കയാൽ നിയമപ്രകാരമുള്ള നടപടി നടത്തി.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതാണ്ടത്തെ ബാക്കിവിവരം പട്ടികയാണ്.

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റ സിക്രട്ടറി): ൧൧൦൧, ൧൧൦൨, ൧൧൦൩ ഈ കൊല്ലങ്ങളിലെയു ഇവയെ മിഥുനം ൧൫-ാനു-ക്കു മുമ്പായി അയയ്ക്കാമെന്നു പറഞ്ഞിരുന്നു. ഈ കണക്കുകൾ അയയ്ക്കാണമെന്നു ജായിൻറസ്റ്റാക്ക് കമ്പനിരജിസ്ത്രാർ മാനേജിങ്ങ് ഏജൻറിനോടു കൂടക്കൂടെ ചോദിച്ചുകൊണ്ടിരുന്നു. ഒടുവിൽ പരിശോധനയിൽ ചില പ്രയാസങ്ങൾ ഉള്ളതുകൊണ്ടു കണക്കെല്ലാം മിഥുനം ൧൫-ാനു-ക്കകം അയയ്ക്കാമെന്ന് അദ്ദേഹം മറുപടിയയച്ചു. അദ്ദേഹത്തിനു കണക്കെല്ലാം നോക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ൧൧൦൫ മിഥുനം ൧൫-ാനു-വരെ സമയം ചോദിച്ചു അതനുവദിക്കയുംചെയ്തു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആർക്കാണ് സമയം വേണ്ടിവരുന്നതു?

മി: ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റസെക്രട്ടറി): ലിക്വിഡേറ്റർ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലിക്വിഡേറ്ററിനെ നിയമിച്ചയോഗത്തിന്റെ റിപ്പോർട്ടു ജായിൻറസ്റ്റാക്ക് കമ്പനിരജിസ്ത്രാർക്ക് അയച്ചിരുന്നുവൊ?

ഗവണ്മെന്റ സെക്രട്ടറി: ഉവ്വ്- ൧൧൦൪ ചിങ്ങം ൭-ാംതീയതി.

തിരുവല്ലത്തു ഒരു വള്ളക്കടവുണ്ടാക്കുന്നതിനെപ്പററി.

൯൮. മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) തിരുവല്ലയിൽ ഒരു വള്ളക്കടവില്ലാത്തതു നിമിത്തം തിരുവല്ലയിൽനിന്നും ചാത്തങ്കടവു വഴിയായി പല സ്ഥലങ്ങളിലേക്കും കൊപ്രാ, തേങ്ങ മുതലായ സാമാനങ്ങൾ കയററി അയയ്ക്കുന്നതിനു കച്ചവടക്കാർക്കുള്ള ബുദ്ധിമുട്ടിനെപ്പററി ഗവൺമെൻറിലേയ്ക്കു നിവേദനങ്ങൾ കിട്ടീട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ കാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

(സി) ഇല്ലെങ്കിൽ കച്ചവടക്കാരുടെ ബുദ്ധിമുട്ടു തീർക്കുന്നതിനു കഴിയുന്ന വേഗത്തിൽ അവിടെ ഒരു വള്ളക്കടവുണ്ടാക്കുന്ന കാര്യത്തെപ്പററി ഗവൺമെൻറു ആലോചിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): (എ)- മറുപടി നിഷേധത്തിലാണ്. തിരുവല്ലായിലെ കച്ചവടക്കാരിൽപ്പെടെയുള്ള ജനങ്ങളിൽ നിന്നു ഒരു നിവേദനം പി. ഡബ്ലിയു. ഡി. ചീഫ് എഞ്ചിനീയർക്കു കിട്ടീട്ടുണ്ട്.

(ബി)-യും (സി) യും— ആ കാര്യം അദ്ദേഹത്തിൻെറ ആലോചനയിൽ ഇരിക്കുന്നു.

തിരുവനന്തപുരം പട്ടണത്തിലെ ഗതാഗതമാർഗ്ഗങ്ങൾ നന്നാക്കുക

ഫൻ ൭. മി: ഏ. താണുപിള്ള (തിരുവനന്തപുരം): താഴെ പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) തിരുവനന്തപുരം പട്ടണത്തിലെ ഗതാഗതമാർഗ്ഗങ്ങൾ നന്നാക്കുന്നതിനു പൊതുവായ വല്ല വ്യവസ്ഥയും ഗവൺമെൻറിനുണ്ടോ?

(ബി) പട്ടണത്തിനുള്ളിൽ റോഡുകളില്ലാത്ത പല വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ ഉണ്ടെന്നു ഗവൺമെൻറിന്നറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) ഉണ്ട്. ചില സ്ഥലങ്ങളിൽ വണ്ടിപ്പാതകൾ ഇല്ല, ഇടവഴികളേയുള്ളു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): തിരുവനന്തപുരം പട്ടണത്തിലെ ഇടവഴികൾ നന്നാക്കി സംരക്ഷിക്കുന്നതിനു ഉത്തരവാദികൾ ആരാണ്. മുനിസിപ്പാലിററിയോ ഗവൺമെൻറാ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഇടവഴികൾ നന്നാക്കി സംരക്ഷിക്കുന്നതിനു പ്രധാന ഉത്തരവാദികൾ മുനിസിപ്പാലിററിയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പ്രധാന ഉത്തരവാദിത്വവും അപ്രധാന ഉത്തരവാദിത്വവും എന്നു തിരിക്കേണ്ടതാവശ്യമില്ല. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ആരാണ് ഉത്തരവാദി എന്നാകുന്നു എനിക്കറിയേണ്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): മുനിസിപ്പാലിററി.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഗവൺമെൻറല്ലേ? പട്ടണത്തിലെ റോഡുകൾ സംരക്ഷിക്കുന്നതു ആരാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ഇപ്പോഴുള്ള റോഡുകൾ നന്നാക്കുന്നതിനും പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനും മുനിസിപ്പാലിററിയുടെ അഭിപ്രായം അനുസരിച്ച് ഗവൺമെൻറിനെ അറിയിക്കാം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പണം ചിലവുചെയ്യുന്നതും ജോലി ചെയ്യിക്കുന്നതും ആരാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ചിലവുചെയ്യേണ്ടതു ഗവൺമെൻറാണോ മുനിസിപ്പാലിററിയാണോ അല്ലെങ്കിൽ ഏതു ശതമാനം ഓരോരുത്തരും ചെയ്യണം എന്നുള്ളതു ഓരോ കാര്യത്തിൻെറയും അവസരോചിതമായി തീർച്ചയാക്കേണ്ടതാണ്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): യഥാർത്ഥത്തിലിപ്പോൾ തിരുവനന്തപുരം പട്ടണത്തിലെ റോഡുകൾ ആരാണ് സംരക്ഷിക്കുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഇപ്പോൾ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറാണു സംരക്ഷിക്കുന്നതു്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ഇടവഴികളെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം ആർക്കാണ്?

പ്രെസിഡൻറു: നിങ്ങൾ ചോദിക്കുന്നതു സംരക്ഷിക്കുന്നതിനെപ്പററിയോ നന്നാക്കുന്നതിനെപ്പററിയോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): സംരക്ഷണവും നന്നാക്കുന്നതും.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ഇപ്പോഴത്തെ നിലയിൽ ആ ജോലി മുനിസിപ്പാലിററി ചെയ്യണം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ എന്തു വ്യവസ്ഥയാണുള്ളത് എന്നാണു ഞാൻ ചോദിച്ചതു്. അതിനു മറുപടി പറഞ്ഞില്ല. എന്തായിരിക്കണമെന്നല്ല, എന്താണെന്നാണു അറിയേണ്ടതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): തിരുവനന്തപുരത്തെ റോഡുകൾ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറു സംരക്ഷിക്കുന്നതെന്നും ഞാൻ പറയുന്നു. ഇടവഴികൾ ആ ഡിപ്പാർട്ടുമെൻറല്ല സംരക്ഷിക്കുന്നതെന്നും ഞാൻ പറയുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇടവഴികൾ നന്നാക്കുന്നതിനു ഉത്തരവാദിയായി ആരെങ്കിലും ഉണ്ടാകണം. നഗരത്തിലെ ഇടവഴികൾ അററകുററം തീർക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉത്തരവാദി അതു മുനിസിപ്പാലിററിയോ ഗവൺമെൻറോ ആയിരിക്കണം. ആരാണെന്നാണ് ഞാൻ അറിവാൻ ആഗ്രഹിക്കുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): ഇടവഴികൾ മുനിസിപ്പാലിററിയുടെ അധികാരത്തിൻകീഴിലാണ്. ഗവൺമെൻറിൻെറ അല്ല. മുനിസിപ്പാലിററി അവയെ ശരിയായി സംരക്ഷിക്കുന്നുണ്ടോ എന്നു സംശയമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു കേവലം അനഭിലഷണീയമാണല്ലോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ആ കാര്യം മുനിസിപ്പാലിറ്റി നോക്കേണ്ടതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടു ഗവൺമെന്റിനു അക്കാര്യത്തിൽ ഉത്തരവാദിത്വം ഒന്നും ഇല്ല, അല്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): മുനിസിപ്പാലിറ്റി ഗവൺമെന്റിനോടു അപേക്ഷയൊന്നും കഴിക്കാത്ത ഇടവഴികളെ നന്നാക്കുന്ന കാര്യത്തെ സംബന്ധിച്ച് ഇല്ല.

തിരുവനന്തപുരം ജലവിതരണഡിവിഷനിലെ ഉദ്യോഗസ്ഥന്മാർ.

൬൪൯. മി: എ. താണുപിള്ള (തിരുവനന്തപുരം): താഴെപ്പറയുന്ന വിവരങ്ങൾ ഗവൺമെന്റു ദയവായി പറയുമോ?

(എ) ജലവിതരണഡിവിഷനിൽ ജോലിചെയ്യുന്ന ൨൦ രൂപയിൽ കുറയാതെ ശമ്പളം ഉള്ള പെൻഷൻ പറ്റിയ ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരുടെ എണ്ണം—

(ബി) അവരുടെ പേരുകൾ, ഗവൺമെന്റുദ്യോഗത്തിൽ അവർക്കു കിട്ടിയിരുന്ന ശമ്പളവും, ഇപ്പോൾ (൧൨-൧൨-൫൭) അവർക്കു കിട്ടുന്ന ശമ്പളവും.

(സി) പെൻഷൻകാരല്ലാത്ത അപേക്ഷകന്മാർ ഉണ്ടായിരുന്നില്ലേ എന്നും ഉണ്ടായിരുന്നെങ്കിൽ അവരെ നിയമിക്കാഞ്ഞതെന്തെന്നും.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): (എ) നാല്.

(ബി)

പേര്	മുമ്പത്തെ ശമ്പളം	ഇപ്പോഴത്തെ ശമ്പളം
	രൂപ	രൂപ
എസ്. ചിദംബരതാണു	൫൫	൫൦
വി. രാമലിംഗംപിള്ള	൭൦	൫൦
സി. കെ. കോര	൭൦	൪൫
സി. ടി. താണുപിള്ള	൪൦	൨൦

(സി) ഉണ്ട്. ൨൦ പേരെ നിയമിച്ചു. പെൻഷൻവാങ്ങിയ നാലു പേരെ നിയമിച്ചതു അവരുടെ പരിചയവും പ്രയോജനവും ആലോചിച്ചാണ്. പ്രവൃത്തിനടത്തുന്നതിനു പ്രവൃത്തിശാലയിൽ അങ്ങനെയുള്ള കുറെ ആളുകൾ ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നു ഡിവിഷൻ ആഫീസർ വിചാരിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം): (സി) ഭാഗം ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചു പെൻഷൻകാർക്കു പകരം പൊതുമരാമത്തിൽ ജോലിയിലിരിക്കുന്ന പരിചയമുള്ള ആളുകളെ നിയമിച്ചിട്ടു അവരുടെ സ്ഥാനത്തു പുതിയ ആളുകളെ നിയമിച്ചാൽ പോരായിരുന്നോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ജലവിതരണ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അങ്ങനെയായിരിക്കും ആളെ ശിപാർശചെയ്തതു. അതു സ്വീകരിക്കയും ചെയ്തു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വിഷയത്തിൽ യോഗ്യത സമ്പാദിച്ചിട്ടുള്ള അനേകമാളുകൾ ഉദ്യോഗത്തിനായി നോക്കിയിരിപ്പുണ്ടെന്നു ഗവൺമെന്റിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): അവരിൽ ചിലരെ ജലവിതരണ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ നിയമിച്ചു കഴിഞ്ഞിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉദ്യോഗത്തിനായി അനേകർ കാത്തിരിക്കുന്നില്ലയോ എന്നും അങ്ങനെയിരിക്കെ പെൻഷൻകാരെ നിയമിക്കുന്നതിനു പകരം അവരെ നിയമിക്കയല്ലായിരുന്നോ ഉത്തമം എന്നുമാണു എനിക്കറിയേണ്ടതു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): കാര്യക്ഷമതയോടുകൂടിയ ജോലിനിർവഹണത്തിനു വേണ്ടിയാണു ജലവിതരണ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അവരെ നിയമിക്കണമെന്നു ശിപാർശചെയ്തതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടുതന്നെയാണ് പ്രത്യേകപരിചയം ആവശ്യമാണെങ്കിൽ പൊതുമരാമത്തിൽ ജോലിയിൽ ഇരിക്കുന്നവരെ നിയമിച്ചിട്ടു അവർക്കുപകരം പുതിയ ആളുകളെ നിയമിക്കരുതായിരുന്നോ എന്നു ഞാൻ ചോദിച്ചതു്? അങ്ങനെ ചെയ്താൽ തൊഴിലില്ലായ്മ കുറച്ചെങ്കിലും കുറയുമല്ലോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ആളെ തിരഞ്ഞെടുക്കുന്ന കാര്യം അവരെ ശിപാർശ ചെയ്ത ഉദ്യോഗസ്ഥനു് വിട്ടുകൊടുത്തിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പുതിയ ആളുകളെ കിട്ടുമെന്നുള്ളപ്പോൾ പെൻഷൻകാരെ നിയമിക്കരുതെന്ന് ഒരു ചട്ടമില്ലയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ഗവൺമെന്റനുവാദത്തോടുകൂടെ പെൻഷൻകാരെ നിയമിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പെൻഷൻകാരെ നിയമിക്കാൻ പാടില്ലെന്നു ഒരുചട്ടമില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): അങ്ങനെയൊരു ചട്ടമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചെറുപ്പക്കാരുള്ളപ്പോൾ ൫൫ വയസ്സു പ്രായം കഴിഞ്ഞവരെ നിയമിക്കരുതെന്നു ചട്ടമില്ലേ?

പ്രസിഡന്റ്: ഇതു സെർവീസല്ല. അവരുടെ നിയമനം പ്രവൃത്തിശാലയിലാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവരെ പ്രവൃത്തിശാലയിലാണു നിയമിച്ചിട്ടുള്ളതെന്നുള്ളതു സത്യംതന്നെ. എങ്കിലും അവർ അവിടെ ജോലിചെയ്യുന്നുണ്ടല്ലോ. ൫൫ വയസ്സിൽ പെൻഷൻ കൊടുത്തു പിരിച്ചു വിടുന്നതു് മതിയായ ജോലി അവർക്കു ചെയ്യാൻ കഴികയില്ലെന്നുള്ള കാരണത്താലാണ്. അങ്ങനെ പി

രിച്ചു വിട്ടവരെ നിയമിച്ച് ഗവണ്മെന്റു നഷ്ടപ്പെടുന്നതു് എന്തിനു? യുവാക്കന്മാരെ നിയമിച്ച് അവർക്കു വേണ്ടി ചെയ്യുന്ന ചെലവിനു മതിയായ പ്രതിഫലം എടുക്കയും കുറെയെങ്കിലും തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യുകയില്ലേ? ഇതാണ് എന്റെ ചോദ്യത്തിന്റെ സാരം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതിനു ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞിരിക്കുന്നു.

അധഃകൃതരുടെ ഗ്രാമ ശുചീകരണം.

൯൭. മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): അധഃകൃതവർഗ്ഗക്കാരുടെ ഗ്രാമങ്ങളിൽ ശുചീകരണപ്രവൃത്തികൾ നടത്തുന്നതിനു വല്ല വ്യവസ്ഥകളും ഉണ്ടാക്കുന്നുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അധഃകൃതവർഗ്ഗക്കാർ അധികമായി പാർപ്പുള്ള പൂന്തുറ, വിഴിഞ്ഞം, പൂവാർ, കോട്ടുകാൽ, പുല്ലുവിള, മുരുക്കുംപുഴ, കഠിനംകുളം, ആറ്റൂർ, പറയൻകുന്ന്, അഴീക്കൽ, ആലപ്പാട്, പുളിമാത്ത്, ഏഴുന്നൂർ, ആയക്കുടി എന്നീ ഗ്രാമങ്ങളിൽ ശുചീകരണത്തിനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. മററു ഗ്രാമങ്ങളിൽ സ്ഥിരമായി ശുചീകരണത്തിനാളുകൾ ആവശ്യമില്ലാത്തതിനാൽ, ചില മാസങ്ങളിൽ താൽക്കാലികമായി ആളുകളെ നിയമിക്കും.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): സർ, അധഃകൃതവർഗ്ഗക്കാർ പാർക്കുന്ന ഗ്രാമങ്ങളുടെ ശുചീകരണത്തെപ്പററി ചോദിച്ചതിനു ഏതാണ്ടു പതിനഞ്ചു ഗ്രാമങ്ങളുടെ പേരു പറഞ്ഞിരിക്കുന്നു. അവയിൽ ഏതെങ്കിലും അധഃകൃതവർഗ്ഗക്കാരുടെ ഗ്രാമമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അവയിൽ അധഃകൃതവർഗ്ഗക്കാരിൽ പെട്ടവർ ഉണ്ടോ ഇല്ലയോ?

മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): ഇല്ല. കഴിഞ്ഞവർഷം വിഷൂചികരോഗം പിടിപെട്ടു കർക്കാട്, കടഗ്രാമം, കുന്നുകൾ, താഴക്കുടി, മരിക്കളം മുതലായ ഗ്രാമങ്ങളിൽ അനേകം പേർ മരിച്ചുപോയി. അതുകൊണ്ടു അവയെ കൺസർവൻസി വ്യവസ്ഥയിൽ ചേർക്കണമെന്നുള്ള അപേക്ഷപ്രകാരം ചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ചില സ്ഥലങ്ങളിൽ കൊടുത്തിട്ടുണ്ട്. പുതിയതായി വേറെ ചില സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനു സാനിട്ടറി കമ്മീഷണർ ഗവണ്മെന്റിലേക്കു ശുപാർശ ചെയ്തിട്ടുണ്ട്.

൧൧൨൭-ാമാണ്ടു തെക്കൻ തിരുവിതാംകൂറിലെ താലൂക്കുകളിൽ
വെട്ടിയ റോഡുകളും കുഴിപ്പിച്ച കിണറുകളും.

൯൮. മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): തോവാള, അഗസ്തീശ്വരം, കല്ക്കുളം — ഈ താലൂക്കുകളിൽ ൧൧൨൭-ാമാണ്ടു വെട്ടിയിട്ടുള്ള റോഡുകളുടെയും കുഴിച്ചിട്ടുള്ള കിണറുകളുടെയും ഒരു പട്ടികയും വിവരണവും ഗവണ്മെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

മുടവപ്പാറത്തോട്.

൯൯. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നെയ്യാററിങ്കര താലൂക്കിൽ തിരുപുറം പകുതിയിൽ മുടവപ്പാറ തോട്ടിനെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ, ഗവണ്മെന്റു ദയവായി പറയുമോ?

(എ) അതിന്റെ സംരക്ഷണത്തിനായി ൧൧൨൬-ഉം ൧൧൨൭-ഉം അനുവദിച്ച സംഖ്യകളും ചെലവായ സംഖ്യകളും,

(ബി) ഈയാണ്ടിൽ ആ തോട്ടിൽ കെട്ടിയ വരമ്പുകൾ അശുദ്ധീകരമാകുന്നതു ഗവണ്മെന്റിനറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ആ തോട്ടിന്റെ സംരക്ഷണത്തിനു അനുവദിക്കുന്ന സംഖ്യ ആണ്ടുതോറും നൂറു രൂപയാണ്. ൧൧൨൬-ൽ നൂറു രൂപയും ൧൧൨൭-ൽ മിച്ചം അവസാനംവരെ നൂറു രൂപയും ആകുന്നു.

(ബി) ഇല്ല.

നെയ്യാററിൻകര താലൂക്കിൽ ചില പാതകൾ നന്നാക്കുന്ന കാര്യം.

൧൦൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): നെയ്യാററിങ്കര താലൂക്കിൽ മുടവപ്പാറനിന്നു നരിമാമൂട്ടിലേക്കും ഇഞ്ചോട്ടുകാന്നത്തുനിന്നു എരുമ്പാമലയ്ക്കും ഉള്ള അടുത്തടുത്തുള്ള രണ്ടു പാതകളും ഇപ്പോൾ (൧൧൨൭) പൊതുമരാമത്തുകാർ ഉപേക്ഷിച്ചിട്ടിരിക്കയാണെന്നും ഈ പാതകൾ നന്നാക്കണമെന്നു പൊതുജനങ്ങളുടെ പരാതിയുണ്ടെന്നും ഗവണ്മെന്റിനറിയാമോ എന്നും പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഈ പാതകൾ പൊതുമരാമത്തിന്റെ സംരക്ഷണത്തിൽ അല്ല.

പള്ളിച്ചലും നെയ്യാററിങ്കരതാലൂക്കിലെ ചില പകുതികളിലും ഉള്ള ജനങ്ങളുടെ ഈ പാതകൾ നന്നാക്കി സംരക്ഷിക്കണമെന്നപേക്ഷിക്കുന്ന ഒരു ഹർജി ഗവണ്മെന്റിൽ കിട്ടി. പാതകൾ മുഴുവനും വേണ്ടതു അടിച്ചു വീതി കിട്ടത്തക്കവണ്ണം ഇരുവശത്തും ഭൂമികൾ അവർ പ്രതിഫലംകൂടാതെ കൊടുക്കയും ആവശ്യമുള്ള റോഡു വെട്ടുവേല ചെയ്കയും ചെയ്താൽ ആ റോഡുകൾ ഡിപ്പാർട്ടുമെന്റിന്റെ സംരക്ഷണത്തിൽ എടുക്കാമെന്നു അവർക്കു മറുപടിയും കൊടുത്തിട്ടുണ്ട്.

പേയാട്ടിൽനിന്നു വെള്ളനാട്ടേക്കുള്ള റോഡ്.

൧൦൧. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റു ദയവായി പറയുമോ?

* അനുബന്ധം ൧൭ നോക്കുക.

(എ) പേയാട്ടനിന്ന വെള്ളനാട്ടേക്കുള്ള റോഡു പൂർത്തിയായോ?

(ബി) ഇല്ലെങ്കിൽ അതു പൂർത്തിയാക്കാനുള്ള താമസത്തിന്റെ കാരണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി). (എ) അതു നന്നാക്കാൻ അനുവാദം കൊടുത്ത ഭാഗത്തെ പണി നടന്നുവരുന്നു. ആ അവസാനത്തോടുകൂടി പണി തീരുന്നതാണ്.

(ബി) ഭൂമികൾ സർക്കാരിലേക്കെടുക്കുന്നതിനുണ്ടായ താമസമാണ് താമസത്തിനു കാരണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (ബി) ഭാഗം ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ച് എത്ര വിസ്തീർണ്ണം ഭൂമി സർക്കാരിലേക്കെടുത്തു എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആ വിവരം ഇപ്പോൾ എന്റെ പക്കൽ ഇല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): എത്രയെങ്കിലും ഭൂമി സർക്കാരിലേക്കെടുത്തോ എന്നു പറയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇല്ല. ആവശ്യമുള്ള ഭൂമി എടുക്കാൻ നടപടി നടത്തിവരുന്നു.

സ്വകാര്യഭൂമികളിലെ തേക്കുവൃക്ഷങ്ങൾക്കുള്ള പൂർണ്ണാവകാശത്തെപ്പററി
യുള്ള പ്രമേയത്തെ സംബന്ധിച്ച നടപടികൾ.

൨൦൨. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): സ്വകാര്യഭൂമികളിൽ നില്ക്കുന്ന തേക്കുവൃക്ഷങ്ങളിന്മേൽ ഭൂമിയുടമസ്ഥന്മാർക്ക് പൂർണ്ണാവകാശം കൊടുക്കുന്നതിനെ സംബന്ധിച്ച് നിയമസഭയിൽ പാസ്സാക്കിയ പ്രമേയം നടപ്പിൽ വരുത്തുന്നതിനു ഗവണ്മെന്റു വല്ല നടപടിയും നടത്തിയോ എന്നു ദയവായി പറയുമോ?

മി: ടി. കെ. മാധവൻ നായർ (ആ. ഗവണ്മെന്റു സെക്രട്ടറി): ഇക്കാര്യത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനു ഒരു കമ്മററിയെ നിയമിച്ചു. അവർ സമർപ്പിച്ച റിപ്പോർട്ടു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മോട്ടാർ വാഹനങ്ങൾക്കുള്ള പെർമിററ്.

൨൦൩. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): (൧) താഴെപറയുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെന്റ് ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(എ) ൧൧൨൪ മിഥുനം ൩൧-ാംനു അവസാനിക്കുന്ന ൧൨ മാസക്കാലത്തു പൊലീസ് കമ്മീഷണരുടെ ആഫീസിൽ കിട്ടിട്ടുള്ള മോട്ടാർവാഹനങ്ങൾക്കുള്ള പെർമിററിനുള്ള അപേക്ഷകളുടെ എണ്ണം.

(ബി) അപേക്ഷ തീയതിമുതൽ ഒരു മാസത്തിനുള്ളിൽ പെർമിററ് കൊടുത്തതിന്റെ എണ്ണം.

(സി) ൧൧൨൪ മിഥുനം ൩൧-ാംനു ഒരു മാസത്തിനുമേൽ പെർമിററ് കൊടുക്കാതെ ബാക്കി കിടക്കുന്ന അപേക്ഷകളുടെ എണ്ണം.

(൨) താഴെപ്പറയുന്ന സംഗതികളെപ്പററി ഗവണ്മെന്റിനറിവുണ്ടോ?

(എ) മോട്ടോർ വാഹനങ്ങൾക്ക് പെർമിററ് കിട്ടുന്നതിനു താമസമുണ്ടെന്ന്,

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി നടത്തുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെന്റുസെക്രട്ടറി):

(൧) (എ) ൧൩൩൨

(ബി) ൮൭൮

(സി) ൧൧൮

(൨) (എ)യും (ബി)യും പെർമിററിനുള്ള അപേക്ഷകളുടെ ആധിക്യവും അതുസംബന്ധിച്ച ജോലി നിർവഹിക്കുന്നതിനു ആഫീസുദ്യോഗസ്ഥന്മാർക്കുള്ള കഴിവില്ലായ്മയും കമ്മീഷണർ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. അങ്ങനെ ൧൧൨൪ എടവം ൨൮-ാംനു മുതൽ ആണ്ടവസാനംവരെ കൂടുതലായി അഞ്ചു ഗുമസ്തന്മാരെ താല്ക്കാലികമായി അനുവദിച്ചു. മേൽപറഞ്ഞ അഞ്ചു ഗുമസ്തന്മാരിൽ രണ്ടുപേരെ ജോലിയിൽ വെച്ചുകൊള്ളുന്നതിനു ൧൧൨൫-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഗുമസ്തന്മാരെ നിയമിച്ചതുകൊണ്ടു പെർമിററുകൊടുക്കുന്നതിനുള്ള താമസം വളരെ കുറഞ്ഞിട്ടുണ്ടെന്നു കമ്മീഷണർ പറഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ ഖാദിൻ കൃസ്ത്യാനികൾ.

൨൦൪. മി: ഡി. ഫ്രാൻസിസ് (ഗവണ്മെന്റു നിയമനം): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ൧൧൨൦ മുതൽ ൧൧൨൪-വരെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ പുതിയതായി ചെയ്തിട്ടുള്ള നിയമനങ്ങളുടെ എണ്ണം.

(ബി) ആ കാലത്തു ആ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള ഖാദിൻ കൃസ്ത്യാനികളുടെ എണ്ണവും അവരുടെ പേരുകളും.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഈ വിവരം ശേഖരിക്കുന്നതിനുള്ള സമയവ്യയവും അദ്ധ്വാനവും അതിനാലുണ്ടാകാവുന്ന പ്രയോജനത്തിന്നനുരൂപമല്ലായ്കയാൽ ആ വിവരം ശേഖരിക്കാൻ ഗവണ്മെന്റു വിചാരിക്കുന്നില്ല.

ഈ സംസ്ഥാനത്തെ ഖാദിൻകൃസ്ത്യാനികളുടെ സംഖ്യ.

൨൦൫. മി: ഡി. ഫ്രാൻസിസ് (ഗവണ്മെന്റുനിയമനം): ഈ സംസ്ഥാനത്തെ ഖാദിൻകൃസ്ത്യാനികളുടെ ആകെ സംഖ്യ എത്രയാണെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റുചീഫ് സെക്രട്ടറി): ഖാദിൻ കൃസ്ത്യാനികളുടെ, അതായതു ഖാദിൻ രീതിയനുസരിക്കുന്ന റോമൻകത്തോലിക്കരുടെ സംഖ്യ കഴിഞ്ഞ ജനസംഖ്യക്കണക്കുപ്രകാരം ൩൯൧,൯൭൫ ആകുന്നു.

മി: ഡി. ഫ്രാൻസിസ് (ഗവണ്മെന്റു നിയമനം); ലത്തീൻ ക്രിസ്ത്യാനികളുടെ സംഖ്യയോടൊത്തു നോക്കുമ്പോൾ അവർക്കുകൊടുക്കുന്ന ഉദ്യോഗങ്ങളുടെ എണ്ണം ഇച്ഛമമാണെന്നു ഗവണ്മെന്റിനറിയാമൊ എന്നു മെമ്പർ പറയുമൊ?

പ്രസിഡെന്റ്: അതിനു ചോദ്യത്തോടു ഒരു സംബന്ധവുമില്ല. ചോദ്യത്തിനു ശരിയായ മറുപടി തന്നിട്ടുണ്ട്.

എം. സി. റോഡിന്റെ ൧൪൭-ാം മൈലിങ്കൽ പെരിയാററിൽ പാലം.

൨൦൬. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): താഴെപറയുന്നസംഗതികൾ ഗവണ്മെന്റു ദയവായി പറയുമൊ?

(എ) എം. സി. റോഡിന്റെ ൧൪൭-ാമത്തെ മൈലിങ്കൽ പെരിയാററിൽ ഒരു പാലംകെട്ടുന്നകാര്യത്തെപ്പററി ഗവണ്മെന്റു ആലോചിച്ചിട്ടുണ്ടൊ?

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി); (എ)യും (ബി)യും ഉണ്ട് എന്നാൽ അതിനെക്കാൾ പ്രധാനമുള്ള കടവുകളിൽ പാലങ്ങൾ ഉണ്ടായതിനുശേഷംമാത്രമെ ആ പാലം പണിവാൻ കഴികയുള്ളു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): എന്റെ ചോദ്യത്തിനു മറുപടിയായി എത്രയും അത്യാവശ്യമുള്ള മററു പാലങ്ങൾ തീൎന്നശേഷമെ ഈ പാലത്തെപ്പററി ആലോചിക്കയുള്ളു എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ പാലം അത്യാവശ്യമുള്ളതാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ അങ്ങനെയാണു തോന്നീട്ടുള്ളതു. ഇതിനെക്കാൾ കൂടുതൽ അത്യാവശ്യമായ പാലങ്ങൾ തീൎക്കാനുണ്ട്. അതു തീൎന്നശേഷമെ ഇതിനെപ്പററി ആലോചിക്കാൻപാടുള്ളു എന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്); ഇതും ഗതാഗതത്തിനു അത്യാവശ്യമായ ഒരു പാലമല്ലെ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): പാലങ്ങൾ എല്ലാംതന്നെ ഗതാഗതത്തിനുള്ളതാണല്ലൊ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്); ഒരു സംസ്ഥാനത്തേക്കു പോകുന്നതിനു ഏററവും പ്രധാനപ്പെട്ട ഒരു പാലമാണിത്. ഈ പാലം കടക്കാതെ കൊച്ചി സംസ്ഥാനത്തേക്കു പോകുവാൻ നിവൃത്തിയില്ല.

പ്രസിഡെന്റ്: ഇതു ഒരു ഉപചോദ്യമല്ല. ഡിസ്കഷനാണ്.

വാട്ടർവർക്സ് എൻജിനീയർ മിസ്റ്റർ സി. ബാലകൃഷ്ണറാവു.

൨൦൭. മി. എ. താണുപിള്ള (തിരുവനന്തപുരം): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമൊ?

(എ) തിരുവനന്തപുരം ജലവിതരണപദ്ധതിയെ സംബന്ധിച്ചുള്ള പരിശീലനത്തിനായി മി. സി. ബാലകൃഷ്ണറാവുവിനെ എത്ര പ്രാവശ്യം ഏതെല്ലാം സ്ഥലങ്ങളിലേക്കയച്ചു?

(ബി) അങ്ങനെ അയച്ചതിനുള്ള ചെലവു.

(സി) ജലവിതരണംസംബന്ധിച്ച മിസ്റ്റർ സി. ബാലകൃഷ്ണറാവുവിനുള്ള യോഗ്യതയുടെ സ്വഭാവം.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) രണ്ടുപ്രാവശ്യം.

(൧) കൽക്കത്താ, ഡല്ലി, ജംഷെഡ്പൂർ, ബെനാറീസ്, അലഹബാദ്, കാൺപൂർ, ഗ്വാളിയർ, ബാംബെ, പൂനാ, ബാംഗ്ളൂർ, മൈസൂർ, മദ്രാസ് മുതലായ പ്രധാന ജലവിതരണപദ്ധതികൾ സന്ദർശിക്കുന്നതിനു ബ്രിട്ടീഷ് ഇൻഡ്യയിലേക്കും,

(൨) മദ്രാസിൽ നടപ്പിലിരിക്കുന്ന പൈപ്പുകൾ നിരത്തുകയും കൂട്ടിചേൎക്കയും ചെയ്യുന്ന പ്രവൃത്തികൾ കണ്ടുപഠിക്കുന്നതിനു അവിടെക്കും അവിടെനിന്നു മേട്ടൂർ അണകെട്ടുന്നിടത്തേക്കും.

(ബി) അക്കാലത്തെ ശമ്പളമുൾപ്പെടെ ഒന്നാമത്തെ യാത്രയ്ക്കു രൂപാ ൨൧൫൦-൧൪-ഉം രണ്ടാമത്തേതിനു രൂപാ ൨൯൧൧-൮-൧൫-൦

(സി) എൻജിനിയറായുള്ള യോഗ്യതയ്ക്കുപുറമെ മേല്പറഞ്ഞ ജലവിതരണ പ്രവൃത്തികൾ സന്ദർശിച്ചതിനാൽ ലഭിച്ചിട്ടുള്ള പരിചയവും. അദ്ദേഹം മദ്രാസ് എൻജിനീയറിംഗ് കാളേജിലെ ബി. ഇ. യും സി. ഇ. യും പരീക്ഷകളും ജയിച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചോദ്യത്തിന്റെ (എ) ഭാഗം രണ്ടിന്റെ മറുപടിയിൽ "മദ്രാസിൽ നടപ്പിലിരിക്കുന്ന പൈപ്പുകൾ നിരത്തുകയും കൂട്ടിചേൎക്കയും ചെയ്യുന്ന പ്രവൃത്തികൾ കണ്ടുപഠിക്കുന്നതിനു അവിടെക്കും അവിടെനിന്നു മേട്ടൂർ അണകെട്ടുന്നിടത്തേക്കും എന്നു പറഞ്ഞിരിക്കുന്നു. ആ സമയം മദ്രാസിൽ പൈപ്പുകൾ നിരത്തുകയും കൂട്ടിചേൎക്കയും ചെയ്യുന്ന ജോലി നടത്തിക്കുന്നില്ലായിരുന്നെങ്കിൽ മി: ബാലകൃഷ്ണറാവു എന്തുചെയ്യുമായിരുന്നു എന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹം അവിടം സന്ദൎശിക്കയാണുചെയ്തായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ അദ്ദേഹം ഈ പ്രവൃത്തികൾ എങ്ങനെയായിരുന്നു പഠിക്കുക.

മി: ടി. പി രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): പഠിക്കുന്നതിനു ആ പ്രവൃത്തികൾ ഏവരെ എവിടെയെങ്കിലും നടക്കുന്നുണ്ടോ എന്നു അന്വേഷിക്കേണ്ടിവരുമായിരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം); ജലവിതരണപ്രവൃത്തിക്കു വിദഗ്ദ്ധനായ ഒരാളെ കിട്ടാൻ പ്രയാസമുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): പ്രയാസമില്ലായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ പദ്ധതിസംബന്ധിച്ചു അരക്കോടിരൂപയിലധികം ചെലവിടേണ്ടതായ അവസ്ഥയ്ക്കും ജലവിതരണ പദ്ധതി എക്സിക്യൂട്ടീവ് എൻജിനീയരായി മി: ബാലകൃഷ്ണറാവുവിനെ നിയമിച്ചപ്പോൾ ജലവിതരണ പ്രവൃത്തിയിൽ വിദഗ്ദ്ധനായ ഒരാളെ നിയമിക്കുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവണ്മെൻറു ആലോചിച്ചുവോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ വ്യവസ്ഥ മതിയാകുമെന്നു ഗവണ്മെൻറു വിചാരിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രവൃത്തിക്കു പൈപ്പു നിരത്തുകയും കൂട്ടിച്ചേർക്കയും ചെയ്യുന്നവേല പഠിക്കാൻ പോയ ഒരു എൻജിനീയർ മതിയാകും എന്നു ഗവണ്മെൻറു വിചാരിച്ചു എന്നാണോ ഞാൻ അനുമാനിക്കേണ്ടതു?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആ ഉദ്യോഗസ്ഥൻ ഡിപ്പാർട്ടുമെൻറിൽ വളരെക്കാലത്തെ പരിചയമുള്ള ഒരു ബി. ഏ., ബി. ഇ. ആകുന്നു. ആ ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പു ആ വകജോലികൾ നടക്കുന്നസ്ഥലത്തുപോയി മനസ്സിലാക്കാനായിട്ടുമാത്രം അദ്ദേഹം പോയതാണു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുമ്പുതന്നെ ജോലി പരിചയമുള്ളവനും പ്രത്യേകമായി പോയി പഠിച്ചുവരാൻ ആവശ്യമില്ലാത്തവനുമായ ഒരു എൻജിനീയരെ നിയമിക്കുന്നതിന്റെ അഭിലഷണീയതയെപ്പററി ഗവണ്മെൻറു ആലോചിച്ചുവോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): അങ്ങനെയുള്ളവരെ കിട്ടുമായിരിക്കാം, നിയമിക്കാൻ കഴികയും ചെയ്യുമായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നിട്ടും അങ്ങനെയുള്ളവരെ നിയമിക്കുന്നതിന്റെ അഭിലഷണീയതയെ പററി ഗവണ്മെൻറു ആലോചിച്ചില്ല അല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി ഞാൻ പറഞ്ഞു കഴിഞ്ഞിരിക്കുന്നു

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഈ ചോദ്യം ചോദിച്ചതു ഈ പദ്ധതി സംബന്ധിച്ചു അരക്കോടിയിലധികം രൂപാ ചെലവുണ്ടെന്നുള്ള സംഗതി ആലോചിച്ചിട്ടുമാത്രമാകുന്നു.

പ്രസിഡൻറു: ഇപ്പോഴത്തെ വ്യവസ്ഥ ഉണ്ടാക്കിയപ്പോൾ ഗവണ്മെൻറിനു അക്കാര്യം അറിയാമായിരുന്നു.

ആയുർവേദഡിപ്പാർട്ടുമെൻറു.

൨ ൦ ൮. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആയുർവേദഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ആയുർവേദഡയറക്ടരുടെ ഉദ്യോഗം താല്ക്കാലികമായും സ്ഥിരമായും ഒഴിവായിട്ടു എത്രകാലമായി,

(ബി) ആ ഒഴിവിൽ ആളെ നിയമിക്കുന്നതിൽ താമസത്തിനുള്ള കാരണം,

(സി) സഭയുടെ ൧൧൦൯ ഏപ്രിൽ ൨൭-ാംനു-ത്തെ യോഗത്തിൽ ചോദിച്ച ൨൩൨-ാം നമ്പർ (സഭാനടപടികൾ ൧൪-ാം വാല്യം ൭൨൩-ാംപുറം) ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചു അതിനനുസാരമായി ഇന്നേവരെ (൨-൧൨-൦൯) ഗവണ്മെൻറു എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു ചെയ്തിട്ടില്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ആയുർവേദഡയറക്ടരുടെ ഉദ്യോഗം താല്ക്കാലികമായി ഒരു വർഷം അഞ്ചുമാസത്തേക്കും സ്ഥിരമായി ൧൧൦൭ കർക്കടകം ൩൦-ാംനു മുതലും ഒഴിവാകുന്നു.

(ബി) ചില താല്ക്കാലിക വ്യവസ്ഥകൾ ചെയ്യുന്നകാര്യം ആലോചനയിലായിരുന്നു.

(സി) ഉവ്വ്. ൧൧൦൯-ലെക്കുള്ള ബഡ്ജററു എസ്റ്റിമേററിന്റെ ൧൩൩-ാം പുറവും അതു ഹാജരാക്കിയപ്പോൾ ഗവണ്മെൻറു ഫൈനാൻഷ്യൽസെക്രട്ടറി ചെയ്ത പ്രസംഗത്തിന്റെ ൧൪-ാം വകുപ്പും മെമ്പർ വായിച്ചുനോക്കണം. വൈദ്യശാലാ ഇൻസ്പെക്ടരുടെയും ആയുർവേദകോളേജ് പ്രിൻസിപ്പാളിന്റെയും ശമ്പളസ്കെയിലുകൾ പുതുക്കുന്നതിനു ആലോചിക്കയും അതിനു വേണ്ടുന്നപണം ൧൧൦൯-ലെ ബഡ്ജററിൽ കൊള്ളിക്കയും ചെയ്തിട്ടുണ്ട്. മുമ്പിലത്തെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള മററു കാര്യങ്ങൾ ആലോചനയിൽ ഇരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ചോദ്യത്തിന്റെ (ബി) ഭാഗം ഒഴിവിൽ ആളെനിയമിക്കുന്ന കാര്യത്തിനുള്ള കാരണം എന്താണെന്നായിരുന്നു. അതിന്റെ മറുപടി ചില താല്ക്കാലിക വ്യവസ്ഥകൾ ചെയ്യു, സ്ഥിരവ്യവസ്ഥകൾ ചെയ്യുന്നകാര്യം ആലോചനയിൽ ആയിരുന്നു എന്നാണ്. അതു ചോദ്യം തന്നെ മറുപടിയാക്കിപറകയാണ്. ഒഴിവിൽ ആളെ നിയമിക്കാത്തതിന്റെ കാരണമാണു എനിക്കറിയേണ്ടതു്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): സ്ഥിര ഉദ്യോഗസ്ഥൻ ആദ്യം അവധി എടുത്തുപോയി. ആ ഒഴിവിൽ താല്ക്കാലിക വ്യവസ്ഥകൾചെയ്തു. പിന്നീടു അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. ഡിപ്പാർട്ടുമെൻറിന്റെ കാര്യക്ഷമമായ മേൽനോട്ടത്തിനു എന്താണു ചെയ്യേണ്ടതെന്നു ആലോചിപ്പാൻ ഗവണ്മെൻറു ആ അവസരം ഉപയോഗിച്ചു. ആ കാര്യം ആലോചനയിൽ ഇരുന്നതാണു താമസത്തിനു കാരണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സ്ഥിരമായി ഒരു ഡയറക്ടരെത്തന്നെ നിയമിക്കാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഫിനാൻഷ്യൽസെക്രട്ടറിയുടെ പ്രസംഗത്തിൽ നിന്നും പ്രാരംഭ ബഡ്ജററിൽനിന്നും ഗവണ്മെൻറിന്റെ ആലോചന എന്താണെന്നുമെമ്പർ ഗ്രഹിച്ചിട്ടുണ്ടായിരിക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഒരു ഡയറക്ടരെ നിയമിക്കുന്നകാര്യം ആലോചനയിൽ ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: ടി പി രാമസുബ്ബയ്യർ (ആ: ഗവണ്മെൻറു ചീഫ് സെക്രട്ടറി): ആലോചനയിൽ ഇരിക്കുന്നതു് എന്താണെന്നു ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗവും ബഡ്ജററിൽ കൊടുത്തിട്ടുള്ള വിവരങ്ങളും കൊണ്ടു് മനസ്സിലാക്കാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഡയറക്ടരുടെ ഉദ്യോഗം നിറുത്തിക്കളയുമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): പറഞ്ഞതുപോലെ തന്നെ വീണ്ടും പറയേണ്ടിയിരിക്കുന്നു. ബഡ്ജറ്റും ഫൈനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗവും കൊണ്ടു ഡിപ്പാർമെൻറിന്റെ ഭരണം സംബന്ധിച്ചു ഗവൺമെൻറു ചെയ്യാൻപോകുന്ന വ്യവസ്ഥ എന്താണെന്നു ശരിയായി ഗ്രഹിക്കാം.

മലയാളം സ്ക്കൂൾ അസിസ്റ്റൻറു ഇൻസ്പെക്ട്രസ്മാരുടെ സ്ഥലംമാററം

൨൦൯ മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മലയാളം സ്ക്കൂൾ അസിസ്റ്റൻറു ഇൻസ്പെക്ട്രസ്സുമാരുടെ കാര്യത്തിൽ ആ ഉദ്യോഗത്തിലിരിക്കുന്നവരിലൊരാളെ അവരുടെ ഇപ്പോഴത്തെ (൨–൧൨–൧൧൦൭) ഉദ്യോഗങ്ങളിൽ നിന്നു മാററംകൊടുക്കാൻ ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ, അങ്ങനെ ചെയ്യുന്നതിനു കാരണമെന്തെന്നും ഗവൺമെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): ഈ സംഗതിയെപ്പററി വിദ്യാഭ്യാസ ഡയറക്ടരുടെ ഒരു റിപ്പോർട്ടു കിട്ടീട്ടുണ്ട്. അതു ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

അമരവിള–കാരക്കോണം റോഡ് രണ്ടാം മൈലിൽ ഒരു മലയാളം പെൺപള്ളിക്കൂടം സ്ഥാപിക്കുന്നകാര്യം.

൨൧൦ മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകര താലൂക്കിൽ അമരവിള–കാരക്കോണം റോഡ് രണ്ടാം മൈലിൽ ഒരു മലയാളം പെൺപള്ളിക്കൂടം അടിയന്തിരമായി സ്ഥാപിക്കണമെന്നു പൊതുജനാപേക്ഷയുണ്ടെന്നു ഗവൺമെൻറിനറിവുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): ആ സ്ഥലത്തു ഒരു പെൺപള്ളിക്കൂടത്തിനു തരം ഉണ്ടെന്നു റിപ്പോർട്ടു കിട്ടീട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മറുപടി "ആ സ്ഥലത്തു ഒരു പെൺപള്ളിക്കൂടത്തിനു തരം ഉണ്ട്" എന്നതായാൽ അവിടെ ഒരു സ്ക്കൂൾ സ്ഥാപിക്കുന്നതിനു ഗവൺമെൻറു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): ഗവൺമെൻറു ഒരു വ്യവസ്ഥയും ചെയ്തിട്ടില്ല. ഡിപ്പാർട്ടുമെൻറുവക സ്ക്കൂളുകളുടെ എണ്ണം വർദ്ധിപ്പിക്കരുതെന്നാണു ഗവൺമെൻറിന്റെ നയം. എന്നാൽ ഏതെങ്കിലും സ്ഥലത്തു സ്ക്കൂൾ ആവശ്യമുണ്ടെന്നു കാണുകയും ഒരു സ്ക്കൂൾ സ്ഥാപിക്കാൻ ആരെങ്കിലും തയ്യാറായിവരികയും ചെയ്താൽ ഗവൺമെൻറു അതിനെ അംഗീകരിക്കയും വേണ്ടസഹായം ചെയ്കയും ചെയ്യും.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആ സ്ഥലത്തു ഒരു സ്ക്കൂൾ സ്ഥാപിക്കാൻ അനുവാദം ചോദിച്ചിട്ടുണ്ടോ എന്നുപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): അങ്ങനെ അപേക്ഷയുള്ളതായി എനിക്കറിവില്ല.

മലയാളം സ്ക്കൂൾ ആക്ടിങ്ങ് അദ്ധ്യാപകന്മാരുടെ സ്ഥിരപ്പെടുത്തൽ.

൨൧൧. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മലയാളം സ്ക്കൂൾ ആക്ടിംഗ് അദ്ധ്യാപകന്മാരുടെ സ്ഥിരപ്പെടുത്തലിനെ സംബന്ധിച്ച് താഴെ പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) ആക്ടിംഗ് ലിസ്റ്റിൽ ൧൧൦൦ ചിങ്ങം ൧-ാംനു-മുതൽ ൧൧൦൫ മീനം ൩൧-ാംനു-വരെ ആക്ടിംഗ് ചെയ്തിട്ടുള്ളവരുടെ എണ്ണം,

(ബി) അവരെ സ്ഥിരമായി നിയമിക്കാൻ ഉള്ള ഉദ്യോഗങ്ങളുടെ എണ്ണം,

(സി) ൧൧൦൦–നു മുമ്പു ആക്ടിംഗ് ചെയ്തിട്ടുള്ളവരുടെ ഒരു ലിസ്റ്റുണ്ടോ? ഉണ്ടെങ്കിൽ അവരുടെ എണ്ണം.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ) മുതൽ (സി) വരെ മലയാളം ആൺപള്ളിക്കൂടങ്ങളിലെ ആക്ടിംഗ് അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നതിനെസംബന്ധിച്ചുള്ള ജോലി അവസാനിച്ചിട്ടില്ല. മേല്പടി ആവശ്യപ്പെട്ടവിവരങ്ങൾ ഇപ്പോൾ തയ്യാറില്ലെന്നും അതിനെ സംബന്ധിച്ചജോലി ചെയ്യുന്നതിനു പ്രത്യേകമായി നിയമിക്കപ്പെട്ടിട്ടുള്ളവർ അവരുടെ ജോലിതീർന്നശേഷമേ ആ വിവരം കിട്ടുകയുള്ളൂ എന്നും വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): എന്റെ ചോദ്യത്തിന്റെ (എ) ഭാഗം ആക്ടിംഗ് ലിസ്റ്റിൽ ൧൧൦൦ ചിങ്ങം ൧-ാംതിയതിമുതൽ ൧൧൦൫ മീനം ൩൧-ാംതീയതിവരെ ആക്ട് ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നാണ്. ആ ചോദ്യത്തിനുമറുപടികിട്ടിയില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): വിവരമായ രജിസ്റ്ററുകൾ തയ്യാറാക്കി വരുന്നു. ആ രജിസ്റ്ററുകൾ തയ്യാറാക്കുമ്പോൾ ശരിയായവിവരം തരാൻ കഴിയും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോൾ റിക്കാർഡുകൾ ഒന്നുമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): റിക്കാർഡുകൾ ഉണ്ട്. ഈ അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നകാര്യം ഡിപ്പാർട്ടുമെൻറു ആലോചനയ്ക്കെടുത്തിട്ടില്ലെന്നു ഡയറക്ടർ പറയുന്നു. ഗ്രാൻറുമുതലായ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി വരുന്നു. ആ രജിസ്റ്റർ പൂർത്തിയായാലുടനെ ശരിയായ വിവരം അതിൽ നിന്നു ശേഖരിക്കാൻ കഴിയും.

ഗ്രാൻറിന്റെ കാര്യം തീർച്ചയാക്കിയാലുടനെ സ്ഥിരപ്പെടുത്തുന്നകാര്യം തീർച്ചയാക്കും. അവരിപ്പോൾ അദ്ധ്യാപകന്മാരുടെ ശമ്പളം തീർച്ചയാക്കുന്നകാര്യത്തിൽ ഏർപ്പെട്ടിരിക്കയാണ്. അതിന്റെ ശേഷം ഗ്രാൻറിന്റെ കാര്യം തീർച്ചയാക്കണം. ഒടുവിലായി അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നകാര്യം തീർച്ചയാക്കും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഈ അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ ചീഫ് ഇൻസ്പെക്ടർ വല്ല ശിപാർശയും ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ്സെക്രട്ടറി): ചീഫ് ഇൻസ്പെക്ടർ ഡയറക്ടർക്കു വല്ല ശിപാർശയുംചെയ്തിട്ടുണ്ടോ എന്ന് എനിക്കറിവില്ല.

അനുബന്ധം ൨൨.

൧൭൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൫-൧൨-൧ തീയതി ൩ വർഷത്തിലധികം ഒരു സ്ഥലത്തു തന്നെയിരിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർ.

നമ്പർ	പേര്	ഉദ്യോഗം	സ്ഥാനത്തിൽ പ്രവേശിച്ചതു്	സ്റ്റേഷൻ	കാരണം
൧	എ. എം. ജേക്കബ്	സർജൻ	൧൧൦൦-൯-൪	ജനറൽ ആസ്പത്രി	ജനറൽ ആസ്പത്രിയാണ് സംസ്ഥാനത്തെ പ്രധാന ആശുപത്രി. ഡോക്ടർ എ. എം. ജേക്കബ് സർജന്മാരിൽ സീനിയർ ആകയാൽ സ്ഥാപനത്തിന്റെ ചാർജ് വഹിക്കുന്നു.
൨	എസ്. രാമസ്വാമി അയ്യർ	ടി	൧൧൦൦-൯-൯	കൊല്ലം ഡിസ്ട്രിക്ട് ആസ്പത്രി	പ്രത്യേകകാരണമില്ല.
൩.	കെ. തോമസ്	ടി	൧൧൦൨-൭-൨൬	ഊളമ്പാറ ആസ്പത്രി	ടി
൪	മിസ്. എ. ടി. മാർട്ടിൻ	ഡിപ്യൂട്ടിസർജൻ	൧൧൦൨-൬-൧൩	കൊല്ലം വിക്ടോറിയാ ആസ്പത്രി	സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സയ്ക്കു കൊല്ലം വിക്ടോറിയാ ആസ്പത്രിയാണ് തിരുവനന്തപുരം സ്ത്രീകളുടെയും കുട്ടികളുടെയും ആസ്പത്രി കഴിഞ്ഞാൽ പ്രധാനം. കൂടാതെ, അവിടെ പ്രസൂതിശാസ്ത്രം പഠിപ്പിക്കുന്ന ഒരു ക്ലാസ്സുംഉണ്ട്. ലേഡിഡോക്ടറന്മാരിൽ മിസ്സ്. എ. ടി. മാർട്ടിൻ രണ്ടാമത്തെ സ്ഥാനംവഹിക്കുന്നു. പ്രസൂതിശാസ്ത്രത്തിൽ പ്രത്യേകയോഗ്യതയും ഉണ്ട്.
൫	എ. ടി. മത്തു	ടി	൧൦൯൯-൧൧-൨൧	കോട്ടയംഡിസ്ട്രിക്ടാസ്പത്രി	പ്രത്യേകകാരണമില്ല.
൬	എൽ. എ. രവിവർമ്മ	ടി	൧൦൯൭-൮-൧൪	കണ്ണാസ്പത്രി	കണ്ണുചികിത്സയിൽ വിദഗ്ദ്ധൻ.
൭	കെ. പി. രാമൻപിള്ള	ടി	൧൧൦൨-൭-൧൪	ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി	പ്രത്യേകകാരണമില്ല
൮	എൻ. കെ. കൃഷ്ണപിള്ള	ടി	൧൧൦൧-൫-൧൮	തിരുവനന്തപുരംകോട്ടയ്ക്കകം ആസ്പത്രി	ടി
൯	ബി. മാസനാചാർ	ടി	൧൧൦൧-൧൦-൨൫	ആലുവാ ഡിസ്ട്രിക്ടാസ്പത്രി	ടി
൧൦	ക്രോമുവൽ ജാൺ	അസിസ്റ്റൻറ്സർജൻ	൧൦൯൫-൧൧-൩൨	തിരുവനന്തപുരം ജനറലാസ്പത്രി	ടി
൧൧	പി. കൃഷ്ണമേനോൻ	ടി	൧൧൦൦-൨-൧൪	പത്രർ ഡിസ്ട്രിക്ട് ആസ്പത്രി	ടി
൧൨	[illegible] ഒ. ജേക്കബ്	ടി	൧൧൦൧-൧-൧൭	തിരുവനന്തപുരം ജനറലാസ്പത്രി	എക്സ്-റേ വിദഗ്ദ്ധൻ
൧൩	ശ്രീമതി ജി. കല്യാണിഅമ്മ	അപ്പോത്തിക്കരി	൧൦൯൭-൧൨-൧൦	സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആസ്പത്രി	പ്രത്യേക കാരണമില്ല
൧൪	എൻ. പി. ഡാനിയൽ	സബ് അസിസ്റ്റൻറ്സർജൻ	൧൧൦൨-൯-൨൫	പാറശ്ശാലഡിസ്ട്രിക്ടാസ്പത്രി	ടി
൧൫	സി. കെ. താണുപിള്ള	ടി	൧൧൦൨-൬-൫	കുലശേഖരം ആസ്പത്രി	ടി
൧൬	ടി. ഐ. ജേക്കബ്	ടി	൧൧൦൨-൯-൬	മല്ലപ്പള്ളി ടി	ടി
൧൭	പി. ജാൺ ജോസഫ്	ടി	൧൧൦൨-൫ ൨൭	അരുമന ടി	ടി
൧൮	ആർ. എം. കുമാരസ്വാമി നായിഡു	ടി	൧൧൦൨-൬-൨൯	ആലപ്പുഴ ഡിസ്ട്രിക്ട് ആസ്പത്രി	ടി
൧൯	ജി. ആർ. സുബ്ബറാവു	ടി	൧൧൦൨-൮-൨൭	ചെങ്ങന്നൂർ ഡിസ്ട്രിക്ട് ആസ്പത്രി	ടി
൨൦	കെ. വി. രാമയ്യർ	ടി	൧൧൦൧-൧൦-൩൨	അമ്പലപ്പുഴ ടി	ടി

അനുബന്ധം ൨൨ (തുടർച്ച).

നമ്പർ	പേര്	ഉദ്യോഗം	സ്ഥാപനത്തിൽ പ്രവേശിച്ചത്	സ്റ്റേഷൻ	കാരണം
൨൧	എസ്. മാനുവൽ	സബ് അസിസ്റ്റൻറ സർജൻ	൧൦൯൪-൯൨-൪	പട്ടാള ഡിസ്ട്രിക്ട് ആസ്പത്രി	പ്രത്യേക കാരണമില്ല
൨൨	കെ. ചാണ്ടി	ടി	൧൦൯൬-൧൧-൮	കൃഷിപരീക്ഷണശാല	കൃഷിശാസ്ത്രവിദഗ്ധൻ
൨൩	കെ. കുപ്പുസ്വാമി അയ്യങ്കാർ	ടി	൧൦൯൩-൯-൨൦	കൊട്ടാരം ആസ്പത്രി	പ്രത്യേക കാരണമില്ല
൨൪	പി. മാധവവല്യത്താൻ	ടി	൧൧൦൦-൨-൭	തിരുവല്ല ഡി. ആസ്പത്രി	ടി
൨൫	എൻ. കൃഷ്ണപിള്ള	ടി	൧൧൦൨-൬-൫	കാഞ്ഞിരപ്പള്ളി ടി	ടി

അനുബന്ധം ൨൩ (എ).

൧൭൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

എക്സൈസ് കമ്മീഷണരാഫീസിൽ ൨൦ രൂപയും അധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി വിവരം പട്ടിക.

നമ്പർ	പേര്	ഉദ്യോഗം	സർവീസിൽപ്രവേശിച്ച തീയതി	൧൧൦൩-൩-൧൭-ാം നു- ശമ്പളം രൂപ	൧൧൦൫-൯-൫-ാം നു- ൧൯൩൦-൪-൧൭-ാം നു- ശമ്പളം രൂപ	ഇപ്പോഴത്തെ ഉദ്യോഗം	റിമാർക്ക്സ്
	൧. ഹിന്ദുക്കൾ						
	(൧) മലയാളബ്രാഹ്മണർ	ഇല്ല					
	(൨) മറുബ്രാഹ്മണർ						
൧	സി. കൃഷ്ണയ്യർ ബി. എ.	ആ. ഹെഡ് ക്ലാർക്ക്	൧൦-൯-൧൦൮൫	൭൫	൯൦	ഹെഡ് ക്ലാർക്ക്	
൨	സി. കൃഷ്ണയ്യർ ബി. എ., ബി. എൽ.	ക്ലാർക്ക്	൧൨-൬-൧൦൯൨	൫൦	൫൫	ക്ലാർക്ക്	
൩	എസ്. പത്മനാഭയ്യർ	ടി	൨൫-൧൧-൧൦൮൬	൪൦	൪൫	ടി	
൪	വി. ഗോപാലകൃഷ്ണയ്യർ	ടി	൧൩-൫-൧൦൮൭	൩൫	൪൦	ആക്ടിങ്ങ് ഹെഡ്ക്ലാർക്ക്	൪൦-൨-൫൦ രൂപസ്കെയിൽ സ്ഥിരപ്പെടുത്തി അവധിയിൽ
൫	എ. ആർ. മഹാദേവയ്യർ ബി. എ., ബി. എൽ.	ആക്ടിങ്ങ് ടി	൨൧-൫-൧൧൦൧	൨൫	൨൫	ക്ലാർക്ക്	
൬	ലക്ഷ്മിനാരായണയ്യർ	൨-ാംഗ്രേഡുകപ്പാറി ആ	൫-൧-൧൦൮൫	൨൪	൨൫	൨-ാംഗ്രേഡു പെററിആഫീ	
൭	വി. നാരായണയ്യർ	൩-ാംഗ്രേഡു ടി [ഫീസർ	൩-൧൦-൧൦൮൬	൨൦	൨൨×൩	ആ: ടി ടി [സർ	
	(൩) ഈഴവർ						
൧	കെ. കുഞ്ഞുകൃഷ്ണൻ	ക്ലാർക്ക്	൧൩-൯-൧൦൯൬	൨൫	൩൦	ക്ലാർക്ക്	
	(൪) കമ്മാളർ	ഇല്ല.					

അനുബന്ധം ൨൩ എ (തുടർച്ച)

നമ്പർ	പേര്	ഉദ്യോഗം	സർവീസിൽ പ്രവേശിച്ച തീയതി	൧൧൦൩-൩-൧൭-ാം ൹ ശമ്പളം രൂപ	൧൧൦൫-൯-൫-ാം ൹യ്ക്കു ൧൯൩൦ -൪-൧൭-ാംനു ശമ്പളം രൂപ	ഇപ്പോഴത്തെ ഉദ്യോഗം	റിമാർക്സ്
	(൫) മലയാളക്ഷത്രിയർ	ഇല്ല					
	(൬) നാടാർ	ഇല്ല					
	(൭) നായർ						
൧	പി. കൊച്ചുകൃഷ്ണപിള്ള	ക്ലാർക്ക്	൭-൪-൧൦൯൧	൫൫	൬൦	൨-ാം ഗ്രേഡ് ഇൻസ്പെക്ടർ	ഇൻസ്പെക്ടർ
൨	പി. കുഞ്ഞുകൃഷ്ണപിള്ള	ടി	൯-൩-൧൦൮൭	൪൫	൫൦	ക്ലാർക്ക്	
൩	എൻ. പരമേശ്വരൻപിള്ള ബി. എ.	ആക്ടിംഗ്	൧-൮-൧൦൯൮	൩൦	൪൫	ടി	
൪	കെ. ആർ. അച്യുതൻപിള്ള	ക്ലാർക്ക്	൨൮-൧൧-൧൦൮൨	൪൦	൪൦	ടി	
൫	ചെ. എം. കേശവപ്പണിക്കർ	ടി	൧൫-൩-൧൦൮൭	൩൫	൪൨	ഹെഡ്ക്ലാർക്ക് ദേവികുളം	
൬	വി. എം. പരമേശ്വരൻപിള്ള	ടി	൨൬-൬ ൧൦൯൦	൩൫	൪൦	ക്ലാർക്ക്	
൭	പി. ഈശ്വരപിള്ള	ടി	൧൮-൯-൧൦൮൭	൩൬	൪൦	അസെസ്സർ ആലപ്പുഴ	൪൦-൫/൨-൧൦ സ്കെയിൽ
൮	എം. കെ. നാരായണപിള്ള	ടി	൨൦-൯-൧൦൮൭	൩൪	൪൦	ക്ലാർക്ക്	൪൦-൫/൨-൧൦ സ്കെയിൽ [illegible]
൯	കെ. എൻ. ഗോവിന്ദപിള്ള	ടി	൧-൫-൧൦൯൫	൩൦	൩൫	ടി	
൧൦	വി. രാമൻപിള്ള	ടി	൧൫-൨-൧൦൯൨	൩൦	൩൫	ടി	
൧൧	എം. എൻ. മാധവൻപിള്ള	ടി	൧൧-൬-൧൦൯൩	൩൦	൩൫	ടി	
൧൨	എൻ. ഗോപാലപിള്ള	ടി	൧൧-൧-൧൧൦൦	൩൦	൩൫	ടി	
൧൩	[illegible]. പി. വേലുപ്പിള്ള ബി. എ.	ആടി	൧൦-൪ ൧൧൦൨	൨൫	൨൫	ടി	
൧൪	കെ. പി. പരമേശ്വരൻപിള്ള	൨-ാം ഗ്രേഡ് ഇൻസ്പെക്ടർ റിസർവ്	൧൬-൪-൧൦൬൯	൯൦	പെൻഷൻ	വാങ്ങിപ്പിരിഞ്ഞു	
	(൮) പുലയർ	ഇല്ല					
	(൯) വെള്ളാളർ						
൧	ആർ. ചെല്ലപ്പാപിള്ള	ക്ലാർക്ക്	൨൬-൯-൧൦൯൨	൩൦	൩൫	ക്ലാർക്ക്	
൨	എ. സി. തമ്പിപ്പിള്ള	ടൈപ്പിസ്റ്റ്	൧൫-൧൨-൧൦൮൨	൩൫	൪൦	ടി	
	(൧൦) മററു അധഃകൃതർ	ഇല്ല					
	(൧൧) മററുഹിന്ദുക്കൾ						
൧	ആർ. കുഞ്ഞുണ്ണിപ്പൊതുവാൾ ബി. എ.	അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ	൨൮-൧൧-൧൦൭൮	൨൨൫	൨൨൫	കൊല്ലം അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ	
൨	എം. നാരായണപിള്ള	ടൈപ്പിസ്റ്റ്	൮-൧൨-൧൦൯൪	൩൫	൪൦	ടൈപ്പിസ്റ്റ്	

അനുബന്ധം എ (തുടർച്ച)

നമ്പർ	പേര്	ഉദ്യോഗം	സർവീസിൽ പ്രവേശിച്ച തീയതി	ഫഫ ൦ ന-ന-ഫ൭ -ാം നം- ശമ്പളം രൂപ	ഫഫ ൦ ൭-ൻ-൭൦ നംയ്ക്ക ഫൻന൦ ശമ്പളം ര-ഫ൭-ാംനം- ശമ്പളം രൂപ	ഇപ്പോഴത്തെ ഉദ്യോഗം	റിമാർക്സ്
ന	എസ്. ചൊക്കലിംഗംപിള്ള	ഫ-ാം ഗ്രേഡ് പെററി ആഫീസർ	വന്ന-൭-ഫ൦ വ്വന്ന	വവ്വ	വവ്വ	ഫ-ാം ഗ്രേഡ് പെററി ആഫീസർ	
	വ മുസ്സൽമാൻ	ഇല്ല					
	ന ക്രിസ്ത്യാനികൾ						
	ഫ പ്രൊട്ടെസ്റ്റാൻറു						
:	എം. ജി. വ ബസഖം ബി. എ.	ഹെഡ് അക്കൌണ്ടൻറ്	വന്ന-ന്ന-ഫ൦ വ്വഫ	൦	ൻ൭	ഹെഡ് അക്കൌണ്ടൻറ്	
വ	എ. മാനുവൽ ബി. എ.	ക്ലാർക്ക്	വ-൭-ഫ൦ൻ൭	ര൦	ര൭	ക്ലാർക്ക്	
ന.	ചാറൽസ് ഡാനിയൽ ബി. ഡ.	ടി	ര-ൻ-ഫ൦൦	വ൭	ന൦ + വ്വ	ടി	
ര	ടി -ദ്രസ് ജീ	ടൈപ്പിസ്റ്റ്	ന്ന-ര-ഫ൦ വ്വര	ര൦	ര൭	ടൈപ്പിസ്റ്റ്	ര൦-൭/വ-൭൦ സ്റ്റേയിഖിൻ ആ:
	വ കത്തോലിക്കർ						
	(എ) സിറിയൻ						
ഫ	കെ. എം. മീഖയേൽ ബി. എ. ബി. എൽ.	ക്ലാർക്ക്	ഫ൨-ഫ൦-ൻന	ന൦	ര൦-ഫന്ന	ആ-വ-ാം ഗ്രേഡ് ഇൻസ്പെക്ടർ	
	(ബി) ലാററിൻ						
ഫ	ഈ. തോമസ്	ടി	൭-ഫ-ഫ൦ൻവ	ന൭	ര൦	ക്ലാർക്ക്	
വ	കി. ജെ. മസ്റ്ററിൻ	ടി	വര-൭-ഫ൦ൻവ്വ	വ൭	ന൦	ടി	
	(ന) സിറിയൻ						
	(എ) യാക്കോബയിററ്						
ഫ	ടി. വി. ചെറിയാൻ ബി. എ.	ആ ടി	വ൭-വ്വ-ഫഫ൦വ	വ൭	വ൭		
	(ബ) മാർത്തോമാ						സ്ഥിരപ്പെടുത്തി
ഫ	പി. ടി. തോമസ് ബി. എ. ബി. എൽ	ആ മാനേജർ	ഫ൭-വ്വ-ഫ൦ വ്വ൭	വ്വ൭ + വ൭	ഫര൦	മാനേജർ	
വ	കെ. എം. ചാത്തൽ	ക്ലാർക്ക്	ഫ൦-ഫ൦-ഫഫ൦൦	വ൭	ര൭	ഫ-ാം ഗ്രേഡ് സബ് ഇൻസ്പെക്ടർ കൊല്ലം	
ന.	ട൦ കെ മാത്യു ബി. ഡ.	ആ ടി	വ൭-ഫ-ഫഫ൦ഫ	വ൭	വ൭	ക്ലാർക്ക്	സ്ഥിരപ്പെടുത്തി
	(ര) ചർച്ച് ആഫ് ഇംഗ്ലണ്ട്	ഇല്ല					

അനുബന്ധം ൨൩ ബി.

൧൭൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ഡിപ്പാർട്ടുമെന്റു ചാർജെടുത്തശേഷം ഉദ്യോഗത്തിനു കിട്ടിയ അപേക്ഷകളുടെ ജാതിവിവരപട്ടിക.

നമ്പർ	ജാതി	അപേക്ഷകന്മാരുടെ എണ്ണം
	൧ ഹിന്ദുക്കൾ	
൧	ബ്രാഹ്മണർ (മലയാള)	൧൦
൨	ടി മററു	൭൦
൩	ഈഴവർ	൧൩൯
൪	കമ്മാളർ	൧൪
൫	നാടാർ	൫൭
൬	നായർ	൫൮൫
൭	പുലയർ	൧൧
൮	വെള്ളാളർ	൬൯
൯	ക്ഷത്രിയർ (മലയാള)	൩
൧൦	മററു അധഃകൃതർ	൬൬
൧൧	മററു ഹിന്ദുക്കൾ	൫൦
	൨ മുസൽമാൻ	൮൧
	൩ ക്രിസ്ത്യാനികൾ	
൧	പ്രൊട്ടസ്റ്റന്റ്	൧൯
൨	ചർച്ച് ആഫ് ഇംഗ്ലണ്ട്	൧൮
൩	സിറിയൻ കത്തോലിക്കർ	൬൭
൪	ലാററിൻ ഡി	൪൩
	സിറിയൻ	
൫	യാക്കോബൈററ്	൪൪
൬	മാർത്തോമ	൪൧

അനുബന്ധം ൨൩ സി.

൧൭൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ചെയ്ത നിയമനങ്ങളുടെ ജാതിവിവരപട്ടിക.

ബ്രാഹ്മണർ (മലയാള)

൧ നീലകണ്ഠൻ കൃഷ്ണൻ നമ്പൂതിരി

ബ്രാഹ്മണർ മററു

൧ ടി. പി. ഹരിഹരയ്യർ
൨ എസ്. വിശ്വനാഥയ്യർ
൩ എം. രാമയ്യർ
൪ താണുഅയ്യർ വൈദ്യനാഥയ്യർ
൫ ഇ. നാരായണയ്യർ
൬ എസ്. ശങ്കരസ്ഥാണുഅയ്യർ
൭ എസ്. രാമകൃഷ്ണയ്യർ
൮ പി. എസ്. വെങ്കിടേശ്വരയ്യർ
൯ ശങ്കരനാരായണയ്യർ
൧൦ പി. എസ്. കൃഷ്ണയ്യർ
൧൧ ആർ. പിച്ചുമണിഅയ്യർ

ഈഴവർ

൧ എം. കൃഷ്ണപണിക്കർ
൨ എ. കരുണാകരൻ
൩ അച്യുതൻ രാമൻ
൪ വി. കെ. അയ്യപ്പൻ
൫ വേലായുധൻ ശങ്കരൻ
൬ ഗോവിന്ദൻ രാമൻകുട്ടി
൭ ജി. നാരായണൻ
൮ രാമൻ കൃഷ്ണൻ
൯ പത്മനാഭൻ കൃഷ്ണൻ
൧൦ ഇട്ടൻകണ്ടു
൧൧ വേലായുധൻ ആണ്ടി
൧൨ കെ. ആർ. നാരായണൻ
൧൩ മാധവൻ കൃഷ്ണൻ
൧൪ ശങ്കരൻകുട്ടി
൧൫ ടി. പി. ഗോവിന്ദൻ
൧൬ കെ. പത്മനാഭൻ
൧൭ പി. സുബ്ബയ്യൻ
൧൮ കെ. നീലകണ്ഠൻ
൧൯ ജി. രാമൻകുട്ടി
൨൦ പി. കൃഷ്ണൻ
൨൧ നാണുക്കുട്ടൻ

കമ്മാളർ

൧ കെ. മാധവൻ ആശാരി
൨ കെ. കനകൻ ആശാരി
൩ വി. കെ. ഗോവിന്ദൻ ആശാരി
൪ വേലായുധൻ ആശാരി
൫ പരമേശ്വരൻ ആശാരി

ക്ഷത്രിയർ (മലയാള)

പൂജ്യം

നാടാർ

൧ എൻ. തങ്കനാടാർ
൨ മുത്തയ്യാനാടർ
൩ തരസ്വാമിനാടർ

നായർ

൧ എൻ. ദാമോദരൻപിള്ള
൨ എ. പി. ഗോവിന്ദപ്പിള്ള
൩ എൻ. മാധവൻനായർ
൪ ജി. കെ. പത്മനാഭപിള്ള
൫ നാരായണൻപിള്ള രാമൻപിള്ള
൬ എം. ശ്രീധരൻ നായർ
൭ കെ. വേലുപ്പിള്ള.
൮ വേലായുധൻനായർ
൯ കെ. ഗോപാലപിള്ള
൧൦ ബി. എൻ. കേശവപിള്ള
൧൧ വി. പരമേശ്വരൻപിള്ള
൧൨ കെ. പരമേശ്വരൻപിള്ള
൧൩ കെ. ആർ. കൃഷ്ണപിള്ള
൧൪ ജി. ചന്ദ്രശേഖരപിള്ള
൧൫ ജി. നാരായണപിള്ള
൧൬ കെ. എം. വേലപ്പൻപിള്ള
൧൭ കുഞ്ഞുരാമൻപിള്ള
൧൮ പത്മനാഭപിള്ള കുട്ടൻപിള്ള
൧൯ പരമേശ്വരൻപിള്ള നാരായണപിള്ള
൨൦ പി. മാധവൻപിള്ള
൨൧ നാരായണപിള്ള നീലകണ്ഠപ്പിള്ള
൨൨ എം. എം. പരമേശ്വരൻപിള്ള
൨൩ ജി. മാധവൻപിള്ള
൨൪ കെ. എൻ. പരമേശ്വരൻപിള്ള
൨൫ പി. മാധവൻപിള്ള
൨൬ ആർ. രാമൻനായർ
൨൭ പി. കെ. പരമേശ്വരൻനായർ
൨൮ പി. എൻ. നാരായണൻനായർ
൨൯ കൃഷ്ണപിള്ള ഗോവിന്ദപ്പിള്ള
൩൦ കൊച്ചുകൃഷ്ണപിള്ള
൩൧ കെ. പത്മനാഭപിള്ള
൩൨ കൃഷ്ണൻനായർ അച്യുതൻ നായർ
൩൩ കെ. പി. മാധവൻപിള്ള
൩൪ കൃഷ്ണപിള്ള കൃഷ്ണപിള്ള
൩൫ കൃഷ്ണൻനായർ നാണുനായർ
൩൬ കെ. ജി. വാസുദേവപ്പണിക്കർ
൩൭ എസ്. കുഞ്ഞുകൃഷ്ണൻ നായർ
൩൮ ശങ്കരൻ കൃഷ്ണമേനോൻ
൩൯ കെ. ജനാർദ്ദനകുറുപ്പ്
൪൦ ടി. ആർ. പരമേശ്വരൻപിള്ള
൪൧ സി. ആർ. കൃഷ്ണപിള്ള
൪൨ പത്മനാഭപിള്ള മാധവൻപിള്ള
൪൩ എൻ. ശേഖരപിള്ള
൪൪ സി. കെ. പരമേശ്വരൻപിള്ള
൪൫ ശങ്കരപ്പിള്ള കുഞ്ഞൻപിള്ള
൪൬ എ. കെ. നാരായണൻതമ്പി
൪൭ കെ. പരമേശ്വരൻപിള്ള
൪൮ ഈശ്വരപിള്ള കൃഷ്ണപിള്ള
൪൯ പി. കെ. രാമൻനായർ
൫൦ രാമൻപിള്ള ഗോപാലപിള്ള
൫൧ എൻ. നീലകണ്ഠൻനായർ
൫൨ എൻ. രാമൻപിള്ള
൫൩ പരമേശ്വരൻപിള്ള നാരായണപിള്ള
൫൪ രാമൻപിള്ള ശങ്കരപ്പിള്ള
൫൫ നാരായണമേനോൻ അച്യുതമേനോൻ
൫൬ പി. പത്മനാഭപിള്ള
൫൭ ശിവരാമപിള്ള സുബ്രഹ്മണ്യപിള്ള
൫൮ കെ. നാരായണപിള്ള
൫൯ എം. ഗോപാലപിള്ള
൬൦ വി. കുട്ടൻപിള്ള
൬൧ ശങ്കരപ്പിള്ള
൬൨ പരമേശ്വരൻപിള്ള അനന്തൻപിള്ള
൬൩ കെ. നീലകണ്ഠപ്പിള്ള
൬൪ വി. കെ. നാരായണപിള്ള
൬൫ എൻ. രാമകൃഷ്ണപിള്ള
൬൬ എ. കുഞ്ഞൻപിള്ള
൬൭ കെ. ആർ. ചെല്ലപ്പൻപിള്ള
൬൮ എൻ. കൃഷ്ണൻനായർ
൬൯ അച്യുതമേനോൻ ശങ്കരമേനോൻ
൭൦ എ. എൻ. ദാമോദരൻപിള്ള
൭൧ കൃഷ്ണൻ വേലായുധൻനായർ
൭൨ നീലകണ്ഠപ്പിള്ള കേശവപിള്ള
൭൩ ഗണപതി കൊച്ചുരാമപ്പണിക്കർ
൭൪ പരമേശ്വരൻനായർ
൭൫ എസ്. പരമേശ്വരൻപിള്ള
൭൬ സി. പി. ബാലകൃഷ്ണപിള്ള
൭൭ കെ. രാമൻപിള്ള
൭൮ ഗോവിന്ദപ്പിള്ള ശ്രീധരൻപിള്ള
൭൯ വേലായുധൻപിള്ള ശങ്കുണ്ണിപ്പിള്ള
൮൦ ഗോവിന്ദപ്പിള്ള നാരായണപിള്ള
൮൧ കെ. വേലായുധൻപിള്ള
൮൨ പി. വാസുദേവൻനായർ
൮൩ അയ്യപ്പൻപിള്ള
൮൪ പി. പത്മനാഭപിള്ള
൮൫ കെ. പരമേശ്വരൻപിള്ള
൮൬ ജി. നാരായണപിള്ള
൮൭ എം. തിണപിള്ള
൮൮ എൻ. പത്മനാഭപിള്ള
൮൯ രാമൻപിള്ള പരമേശ്വരൻപിള്ള
൯൦ എൻ. ഗോവിന്ദപ്പിള്ള
൯൧ എ. ഗോപാലപിള്ള
൯൨ കെ. എൻ. രാഘവൻനായർ
൯൩ എൻ. കൃഷ്ണൻനായർ
൯൪ കെ. ജി. വേലപ്പൻപിള്ള
൯൫ കെ. നാരായണപിള്ള
൯൬ കരുണാകരൻതമ്പി
൯൭ എം. പരമേശ്വരപ്പണിക്കർ
൯൮ രാമൻപിള്ള പരമേശ്വരൻപിള്ള
൯൯ രാമകൃഷ്ണപിള്ള
൧൦൦ കെ. ചെല്ലപ്പൻപിള്ള

൧൦൧ ജി. പുരുഷോത്തമൻപിള്ള
൧൦൨ പി. കെ. കേശവപിള്ള
൧൦൩ നാരായണപിള്ള പരമേശ്വരൻപിള്ള
൧൦൪ കെ. ബാലകൃഷ്ണപിള്ള
൧൦൫ സി. നീലകണ്ഠപ്പിള്ള
൧൦൬ പി. കെ. ശങ്കരപ്പിള്ള
൧൦൭ പി. കെ. പത്മനാഭപിള്ള
൧൦൮ എൻ. രാഘവൻപിള്ള
൧൦൯ ശ്രീധരൻനായർ
൧൧൦ എൻ. രാമൻപിള്ള
൧൧൧ പി. കെ. കൃഷ്ണപിള്ള
൧൧൨ രാമകൃഷ്ണപിള്ള
൧൧൩ പി. ഗംഗാധരൻപിള്ള
൧൧൪ എം. കെ. വാസുപിള്ള
൧൧൫ ചന്ദ്രശേഖരപിള്ള
൧൧൬ എ. എൻ. ശ്രീധരൻപിള്ള
൧൧൭ ഗോവിന്ദസ്വാമിപ്പിള്ള
൧൧൮ ജി. കൃഷ്ണപിള്ള
൧൧൯ പി. എൻ. രാഘവൻപിള്ള
൧൨൦ പി. എൻ. ഗോവിന്ദമേനോൻ
൧൨൧ ഗോപാലപിള്ള
൧൨൨ മാധവൻപിള്ള
൧൨൩ എൻ. ജി. ശങ്കരപ്പിള്ള
൧൨൪ ജി. നാരായണപിള്ള
൧൨൫ സി. കെ. മാധവമേനോൻ
൧൨൬ എം. ജി. ഗോവിന്ദപ്പണിക്കർ
൧൨൭ നാരായണപിള്ള
൧൨൮ ശിവശങ്കരപ്പിള്ള
൧൨൯ എൻ. ഗോപാലൻനായർ
൧൩൦ പരമേശ്വരൻപിള്ള

വെള്ളാളർ

൧ എം. മഹാലിംഗംപിള്ള
൨ എസ്. ശങ്കരനാരായണപിള്ള
൩ ടി. ചിദംബരംപിള്ള
൪ കോലപ്പാപിള്ള പരമാത്മലിംഗംപിള്ള
൫ എം. മുത്തേരളപ്പൻപിള്ള
൬ കെ. വേലായുധൻപിള്ള
൭ സുബ്ബയ്യാപിള്ള പാക്യംപിള്ള
൮ എം. നാഗേന്ദ്രപ്പിള്ള
൯ പഴനിയാപിള്ള ശങ്കരനാരായണപിള്ള
൧൦ എം. വേലായുധപ്പെരുമാൾപിള്ള
൧൧ എൻ. ആറുമുഖംപിള്ള
൧൨ നല്ലപെരുമാൾപിള്ള പെരുമാൾപിള്ള
൧൩ എസ്. പൊന്നയ്യാപിള്ള
൧൪ സി. ശിവരാമപിള്ള
൧൫ താണുപിള്ള ചൊക്കലിംഗംപിള്ള
൧൬ കോലപ്പാപിള്ള രാമയ്യാപിള്ള
൧൭ എസ്. സുബ്രഹ്മണ്യപിള്ള
൧൮ ഉമയൊരുഭാഗംപിള്ള
൧൯ മുത്തുകുമാരസ്വാമിപ്പിള്ള
൨൦ അയ്യമുത്തുപ്പിള്ള സുബ്ബരായപിള്ള
൨൧ എസ്. പൊന്നമ്പലം

പുലയർ

൧ കുഞ്ഞുകൃഷ്ണൻ
൨ നാരായണൻ

മററു അധഃകൃതവർഗ്ഗക്കാർ

൧ സുപ്പയ്യാ പൊന്നയ്യ
൨ ശങ്കൻ നാരായണൻ
൩ കേളൻ കുഞ്ഞൻ
൪ എസ്. ആറുമുഖം
൫ പി. എൻ. കേശവൻ
൬ ബി. കോമപ്പൻ
൭ പി. അഴകിയനമ്പി
൮ കെ. കുട്ടൻ

മററു ഹിന്ദുക്കൾ

൧ മുത്തുസുന്ദരകരയാളർ
൨ സി. ആപത്തുകണ്ഠതേവർ
൩ പി. ശങ്കരദാസ്
൪ എൻ. നാരായണൻ എളയതു
൫ എസ്. ദാമോദരൻപിള്ള
൬ ടി. എൻ. ഗോപാലപൊതുവാൾ
൭ എൻ. കുട്ടൻപിള്ള
൮ കെ. ശ്രീധരപൊതുവാൾ
൯ എ. എം. കുമാരപിള്ള
൧൦ രാജഗോപാലമുതലിയാർ
൧൧ സി. കാളിമുത്തു
൧൨ പലവേശംപിള്ള
൧൩ നാരായണക്കുറുപ്പ് അച്യുതക്കുറുപ്പ്
൧൪ ബി. കോലപ്പൻപണ്ടാരം
൧൫ പൂവപിള്ള
൧൬ ശിവകാമിനാഥപിള്ള

മുഹമ്മദീയർ

൧ അബ്ദുൾഖാദർ അലിമക്കണ്ണു
൨ പിച്ചാരാവുത്തർ സെയ്തുരാവുത്തർ
൩ എം. സർദാർ സാഹിബ്
൪ ഇ. എ. മഹമ്മദ്
൫ ജെ. മസ്തീൻഖാൻ
൬ ബാപ്പുഖാദിർ
൭ ബാബാ ഷേക്ക്ഹുസ്സൈയിൻ
൮ മസ്തീൻഖാൻ അഹമ്മദ്ഖാൻ
൯ അബ്ദുള്ളാഷാ
൧൦ വി. എം. മൈതീൻകുഞ്ഞു

പ്രൊട്ടസ്റ്റൻറുകാർ

൧ എം. ജി. റായി
൨ വിക്ടർ ഫിലിപ്പ്
൩ ജാൺസൻ സോളമൻ
൪ മത്യാ അന്തോനി

ചർച്ച് ഓഫ് ഇംഗ്ലണ്ട്

൧ കെ. വി. തോമസ്
൨ എസ്. ജോസഫ്
൩ കെ. ജെ. ജോൺ
൪ ഇട്ടി എബ്രഹാം
൫ കെ. ഐ. ചാക്കോ

സിറിയൻകത്തോലിക്കർ

൧ വക്കി ചാക്കോ
൨ എം. ടി. തോമസ്
൩ ചാക്കോ അന്തോനി
൪ എൻ. ജെ. തോമസ്
൫ ഇ. ഒ. വർഗ്ഗീസ്
൬ പി. ജെ. സെഖറിയ
൭ പി. സി. ചാക്കോ
൮ സി. എ. ജോൺ
൯ തൊമ്മൻ റോക്കി

ലാററിൻകത്തോലിക്കർ

൧ ഉണ്ണൂപ്പു മത്തായി
൨ സി. അന്തോനി
൩ പി. എ. പോൾ
൪ ആൽബർട്ട് ഡൊമിനിക്ക്
൫ ഉലഹന്നാൻ തോമാ
൬ ബാപ്പൻ വർഗ്ഗീസ്
൭ ദേവസി ചാക്കോ
൮ ചെറിയാൻ മത്തായി
൯ ജോസഫ് ഔത
൧൦ വർക്കി തോമസ്
൧൧ ഔസേപ്പു ഫ്രാൻസിസ്
൧൨ തോമാ വക്കി
൧൩ എ. ജാക്സ് ഫെർണാണ്ടിസ്
൧൪ ജോസഫ്
൧൫ എം. സിൽവെസ്റ്റർ പീറ്റർ
൧൬ വസ്സു ഫ്രാൻസിസ്
൧൭ എഫ്. റൊസേറിയോ

യാക്കോബായക്കാർ

൧ കെ. വി. വർഗ്ഗീസ്
൨ ടി. എം. യോഹന്നാൻ
൩ ടി. എം. ചാക്കോ
൪ സൈമൺകത്തനാർ ഔസേപ്പ് പിള്ള
൫ എം. എബ്രഹാം ഇട്ട്യേര
൬ എം. ഒ. മത്തൻ
൭ കെ. സി. മത്തായി
൮ തോമസ് വർഗ്ഗീസ്
൯ സി. കെ. മത്തായി

മാർത്തോമ്മാക്കാർ.

൧ പി. ജെ. സെഖറിയാ
൨ എം. സി. തോമസ്
൩ ടി. ഇ. മാത്യു
൪ വർഗീസ് കെ. ജോൺ
൫ വർഗീസ് കൊസമൺ
൬ മാത്യു വർഗീസ്
൭ എം. വി. ഡാനിയൽ
൮ ഇ. കെ. വക്കി
൯ ഉമ്മൻ
൧൦ വർഗീസ്
൧൧ പി. ഒ. ഉമ്മൻ
൧൨ സി. വി. എബ്രഹാം

അനുബന്ധം ൨൪.

൧൮൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ദേവികുളത്തു പള്ളിവാസൽ റോഡിന്റെ ഇരുവശത്തും ഭൂമികൾ പതിച്ചുകിട്ടാൻ യൂറോപ്യൻ തോട്ടക്കാരുടെ അപേക്ഷകളുടെ പട്ടിക.

നമ്പർ	അപേക്ഷകന്റെ പേര്	അപേക്ഷ തീയതി	അപേക്ഷിച്ച വിസ്തീർണ്ണം ഏക്കർ	അപേക്ഷയിൽ പറഞ്ഞിട്ടുള്ള തറവില
൧	ആംഗ്ലോ അമേരിക്കൻ ഡയറക്ട് ടീ ട്രേഡിങ് കമ്പനി ലിമിറ്റഡ്, മൂന്നാർ	൧൩-൬-൧൯൨൯	൫൮൧.൯൦	പറഞ്ഞിട്ടില്ല
൨	ടി	൨-൧൦-൧൯൨൮	൩൪൩.൫൮	പറഞ്ഞിട്ടില്ല
൩	കെ. ഡി. എച്ച്. പി. കമ്പനി ലിമിറ്റഡ്, മൂന്നാർ	൬-൯-൧൯൨൮	൫൦൦൦ അല്ലെങ്കിൽ ൬൦൦൦	പറഞ്ഞിട്ടില്ല

അനുബന്ധം ൨൫.

൧൯൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൫-ാമാണ്ട് തോവാള, അഗസ്തീശ്വരം, കൽക്കുളം എന്നീ താലൂക്കുകളിൽ വെട്ടിയ റോഡുകളുടെയും കുഴിച്ച കിണറുകളുടെയും പട്ടിക.

റോഡുകൾ വെട്ടിയത്.

അഗസ്തീശ്വരം താലൂക്ക്.

൧. ഈച്ചൻവിളനിന്നു വള്ളക്കാലി പെരിങ്കുളംകാൽ ഇടവഴിയോട് ചേരുന്നതിന്

൨. തേരൂർകുളത്തിന്റെ വടക്കേകരയിൽകൂടി കൊരണിഗ്രാമത്തിലേക്ക്,
൩. പെരുവിള വഞ്ചിപ്പാത നാടാർഗ്രാമംവരെനീട്ടൽ,
൪. മേലകുളത്തുനിന്നു കണ്ണഞ്ചേരികുളത്തിന്റെ കരകളിൽകൂടി എൻ. പി. തോട്ട പാലംവരെ,

തോവാളത്താലൂക്ക്.

൧. ബാലമോർറോഡിൽനിന്നു മഹേന്ദ്രഗിരിതോട്ടംവരെ.

കൽക്കുളംതാലൂക്ക്.

ഇല്ല.

കിണറുകൾ കുഴിച്ചത്.

അഗസ്തീശ്വരം താലൂക്ക്.

൧. കേപ്പിൽ അഞ്ചുകോട്ടവിളയിൽ കിണറു പുതിയത്,
൨. താണമലയപ്പുത്തൂർ സർവെ നമ്പർ ൭൨൭-ൽ ഉറവ പുതിയത്,
൩. കോട്ടാറു സവരിയാകോവിലിനു സമീപം കുഴൽകിണറു പുതിയത്,
൪. തെരുങ്കൂർ പകുതി സർവേനമ്പർ ൨൧൭-ൽ രാമനാതിച്ചംപുത്തൂർ കിണറു തിരുത്തി,
൫. കോട്ടാർ ധർമ്മപുരംറോഡിൽ വടലിവിളയിൽ കിണറു.
൬. നാഗർകോവിൽ പകുതി സർവെ നമ്പർ ൨൪൬൪-ൽ രാമൻപുത്തൂർ കിണറു.

തോവാള.

൧. ആരുവാമൊഴിയിൽ ഉറവ നന്നാക്കി,
൨. കുളത്തുവിളയിൽ ഉറവ നന്നാക്കി,
൩. ആരുവാമൊഴി എം. എസ്. റോഡ് ൭൪/൧-ൽ കിണറു പുതിയത്.
൪. ആനന്ദപുരം പകുതിയിൽ രത്നപുരംചേരിയിൽ കിണറു നന്നാക്കി.

കൽക്കുളം താലൂക്ക്.

൧. കരിയപട്ടണം പകുതിയിൽ സർവേനമ്പർ ൪൪൬൧-ൽ ഉറവനന്നാക്കി.
൨. മുള്ളൂര് മൂന്നുകിണറുകൾ—അധികം വെള്ളംകിട്ടാൻ ആഴംകൂട്ടി.
൩. ആലൂർ പകുതി വില്ലുകുറിയിൽ കിണറു നന്നാക്കി.
൪. കൊളച്ചൽ പകുതിയിൽ ചെമ്പൽവിള കിണറു പുതിയത്.
൫. എം. എസ്. റോഡ് ൩൬/൨-ൽ നെട്ടവിലാഞ്ചേരി കിണറു പുതിയത്.

അഭ്യർത്ഥനകൾ (തുടർച്ച).

അഭ്യർത്ഥന ൧൨—വിദ്യാഭ്യാസം—(തുടർച്ച).

പ്രസിഡന്റു: മി: കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച ൪൪൨-ാം നമ്പർ പ്രമേയത്തെ സംബന്ധിച്ചുള്ള വാദപ്രതിവാദം ഇനി തുടരാം.

മി: എ. ജി. മേനോൻ (പറവൂർ): സർ, "വിദ്യാഭ്യാസം" എന്ന ഇനത്തിലെ ചെലവിന്റെ തുക ഒരു ന്യായമായ സംഖ്യ ആക്കേണ്ടതിന്റെയും ഇപ്പോഴത്തെ വിദ്യാഭ്യാസ രീതി പരിഷ്കരിക്കേണ്ടതിന്റെയും ആവശ്യം എന്റെ സ്നേഹിതന്മാരിൽ പലരും സഭയുടെ ശ്രദ്ധയിൽപെടുത്തിട്ടുണ്ട്. ആ വിഷയം സംബന്ധിച്ച് ഗണ്യമായ വല്ല ഫലവും ഉണ്ടാകണമെങ്കിൽ മദ്രാസ് സർവ്വകലാശാലയോടുള്ള നമ്മുടെ ബന്ധം വിടുർത്തേണ്ടതാണ്. നാം ആ സർവകലാശാലയുടെ മിത്രമായി ബന്ധിക്കപ്പെട്ടിരിക്കുന്ന കാലത്തോളം ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസവിഷയത്തിൽ വല്ല പരിഷ്കാരവും ഉണ്ടാക്കുന്നതു കേവലം അസാധ്യമാണ്.

ഇതു വമ്പിച്ച ചെലവുള്ള ഒരു വലിയ കാര്യമാണെന്നു പറയുമായിരിക്കും. അതു സത്യംതന്നെയാണ്. എന്നാൽ നമ്മുടെ വിദ്യാഭ്യാസരീതിയെ ഫലപ്രദമായവിധത്തിൽ പരിഷ്കരിക്കയോ വിദ്യാഭ്യാസത്തിനുള്ള ചെലവു ന്യായമായവിധം കുറയ്ക്കയോ ചെയ്യാൻ എപ്പോഴെങ്കിലും വിചാരിക്കുന്നെങ്കിൽ ഈ കാര്യം തീർച്ചയാക്കാതെ കഴികയില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിൽ താഴെ വിവരിക്കുന്ന മാററങ്ങൾ ആവശ്യമാണെന്ന് എനിക്കു തോന്നുന്നു. ഒന്നാമതായി ഡിപ്പാർട്ടുമെന്റിന്റെ ഇപ്പോഴത്തെ ഇംഗ്ലീഷും മലയാളവും വിഭാഗങ്ങൾ ഒരു ആജ്ഞയിൻകീഴിലാക്കണം. ഇതു പണ്ടത്തെ രീതിയിലേക്കു തിരിച്ചുപോകയാണ്. ഇക്കാലത്തു ഞാൻ ഇങ്ങനെയൊരു അഭിപ്രായം പുറപ്പെടുവിക്കുന്നതു ഒരു ദ്രോഹമാകണമെന്ന് വിചാരിക്കുമായിരിക്കാം. എന്നാൽ രണ്ടു ഡിപ്പാർട്ടുമെന്റുകൾ മുഖാന്തിരം നൂറു കണക്കിനു വിദ്യാഭ്യാസമുള്ള അസന്തുഷ്ടരെ സൃഷ്ടിക്കുന്നതിനു പകരം ഒരു വകുപ്പു മുഖാന്തിരം അവരെ സൃഷ്ടിക്കയായിരിക്കും ഉത്തമം. എന്തെന്നാൽ ആ വഴി ചിലവു കുറയുന്നതാണ്. നാട്ടുഭാഷാ വിദ്യാഭ്യാസത്തിനു താല്പര്യമുള്ളവരും അതിനു ഒരു ഉന്നതസ്ഥാനം കൊടുത്തുകാണാൻ ആഗ്രഹിക്കുന്നവരുമായ ആളുകൾക്കു ഹൈസ്കൂളുകളിലെല്ലാം മലയാളം ഒരു നിർബ്ബന്ധവിഷയമാക്കിയാൽ അവരുടെ ഉദ്ദേശം സാധ്യമാകും.

എനിക്കനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഞാൻ മനസ്സിൽ വിചാരിച്ചിരിക്കുന്ന വ്യവസ്ഥ പൂർണ്ണമായി വിവരിക്കാൻ സാധിക്കയില്ല. ഇംഗ്ലീഷും മലയാളവും സ്കൂളുകൾ ഒരു വ്യവസ്ഥയിൻകീഴിലാക്കി ഒരുമിച്ചിംഗ്ലീഷു മലയാളവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതു നന്നായിരിക്കും എന്നാണ് എനിക്കു പറയാ [illegible].

രണ്ടാമതായി എല്ലാ പ്രാഥമികവിദ്യാലയങ്ങളിലും പഠിപ്പിക്കുന്നതു സ്ത്രീകളായിരിക്കണം. ഞാൻ ഉദ്ദേശിക്കുന്നതു ഒരു അപൂർവ്വസംഗതിയല്ല. പരിഷ്കാരമുള്ള രാജ്യങ്ങളിലെല്ലാം ഇങ്ങനെയാണു ചെയ്തുവരുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇപ്പോഴത്തെ അദ്ധ്യാപകന്മാരെ എന്തുചെയ്യണം.

മി: ഏ. ജി. മേനോൻ (പറവൂർ): ഇപ്പോഴത്തെ അദ്ധ്യാപകന്മാരെ മറ്റു സ്കൂളുകളിൽ അയയ്ക്കാം. ഈ സ്കൂളുകൾ യോജിപ്പിക്കുന്നതുകൊണ്ടു വിദ്യാർത്ഥികളുടെ എണ്ണം കുറയുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇൻസ്പെക്ടർമാരെയും മററു ഉദ്യോഗസ്ഥന്മാരെയും കുറയ്ക്കാവുന്നതുകൊണ്ടു ചെലവിൽ കുറവുണ്ടാകും. എല്ലാററിനും മേലധികാരിയായി ഒരാളായിരുന്നാൽ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും ഭരണത്തിൽ ഇപ്പോഴത്തേക്കാൾ കൂടുതൽ കാര്യക്ഷമത ഉണ്ടാകും.

മൂന്നാമതായി ഞാൻ ശിപാർശചെയ്യുന്നതു ചില പ്രധാനകേന്ദ്രസ്ഥാനങ്ങളിൽ ചില മാതൃകാസ്കൂളുകൾ വെച്ചുകൊണ്ടു ഡിപ്പാർട്ടുമെൻറുവക എല്ലാ പ്രാഥമികവും സെക്കണ്ടറിയും മിഡിലും സ്കൂളുകൾ നിറുത്തലാക്കണമെന്നാണ്. ശേഷം സ്കൂളുകൾ എല്ലാം ലോക്കൽബോർഡുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ മുതലായ തദ്ദേശസംഘങ്ങൾക്കു ഏല്പിച്ചുകൊടുക്കണം. ഇതു സാമാന്യമായി സ്ഥലത്തിൻെറയും സ്കൂളിൻെറയും പ്രാധാന്യത്തെ ആശ്രയിച്ചിരിക്കും. സ്വകാര്യപ്രാഥമികസ്കൂളുകളെ ഞാൻ അനുകൂലിക്കുന്നില്ല. പ്രാഥമികവും സെക്കണ്ടറിയും വിദ്യാഭ്യാസം ജനങ്ങൾക്കു സൌജന്യമായി നൽകുന്നതു ഗവമെൻറിൻെറ പ്രധാനധർമ്മമാണ്. കാളേജ് (ഉൽകൃഷ്ട) വിദ്യാഭ്യാസം സ്വകാര്യആളുകൾക്കു വിട്ടുകൊടുക്കാവുന്നതാണ് എന്നാൽ ഇപ്പോഴത്തെ മഹാരാജാസ് കാളേജ് സ്വകാര്യ ആളുകൾക്കു വിട്ടുകൊടുക്കണമെന്നാണ് ഞാൻ പറയുന്നതെന്നു മനസ്സിലാക്കരുത്. എന്തെന്നാൽ കാളേജ് വിദ്യാഭ്യാസം ചെലവധികമുള്ളതും സ്വകാര്യആളുകൾക്കു എളുപ്പത്തിൽ നടത്തിക്കൊണ്ടുപോകാൻ കഴിയുന്നതുമാകുന്നു. എന്നാൽ അനേകമാളുകൾ കൂടിയും ഔദാര്യമുള്ളവരുടെ സഹായം കൊണ്ടും തിരുവനന്തപുരത്തിനു പുറമെ ഒന്നോ രണ്ടോ കാളേജുകൾ നടത്താൻ കഴിയും. ഈ നാട്ടിൽ കാളേജ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു ഞാൻ പ്രതികൂലിയാണെന്നു ഞാൻ പരമാർത്ഥമായി പറഞ്ഞുകൊള്ളുന്നു. നമുക്കതു മതി, മതിയായി. ആവശ്യയധികം ബി.എക്കാരെ നാം നിർമ്മിച്ചിട്ടുണ്ട്. തൊഴിലില്ലാത്ത അഞ്ചുമാരും ബി.എക്കാർ ഗവമെൻറുദ്യോഗം കിട്ടാനായി ഇവിടത്തെ ഓരോ മെമ്പറിൻെറയും പിന്നാലെ നടക്കുന്നുണ്ട്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ആ പ്രസ്ഥാനത്തെ ഞങ്ങൾ പ്രതിഷേധിക്കുന്നു.

മി: ഏ. ജി. മേനോൻ (പറവൂർ): അങ്ങനെയുള്ള ഒരു കാഴ്ച അതൈര്യപ്പെടുത്തുന്നതാണ്, യഥാർത്ഥവിദ്യാഭ്യാസമെന്നു പറയാൻ പാടില്ലാത്ത ഒരു വിദ്യാഭ്യാസപദ്ധതികൊണ്ട് അങ്ങനെയുള്ള അനേകം ബി.എക്കാരെ പല സ്ഥലങ്ങളിൽ നിന്നും നിർമ്മിച്ചു വിടുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പുസ്തകങ്ങൾ മനഃപാഠമാക്കി ബി.എ. പരീക്ഷ ജയിക്കുന്നതു വിദ്യാഭ്യാസമാണെങ്കിൽ നമുക്കതു മതിമതിയായി. അതു ഇക്കാലത്തു ആവശ്യമുള്ള യഥാർത്ഥ വിദ്യാഭ്യാസമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സമ്മിശ്രവിദ്യാഭ്യാസത്തെക്കുറിച്ചു മെമ്പറിനു വല്ലതും പറയാനുണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

മി: ഏ. ജി. മേനോൻ (പറവൂർ): എൻെറ സ്വന്ത അഭിപ്രായം സമ്മിശ്രവിദ്യാഭ്യാസത്തിനനുകൂലമാണ്, എങ്കിലും ഇപ്പോഴത്തെ സ്ഥിതിക്കു സെക്കണ്ടറി ക്ലാസുകൾവരെയും കാളേജുകളിലും ബാലന്മാരെയും ബാലികമാരെയും ഒരുമിച്ചു പഠിപ്പിക്കുന്നതിനു വിരോധമില്ലെന്നാണ് എൻെറ അഭിപ്രായം.

മി: പി. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതു ക്ലാസ്സിലാണ് സമ്മിശ്രവിദ്യാഭ്യാസത്തിനു മെമ്പർക്കു വിരോധമുള്ളത്?

മി: ഏ. ജി. മേനോൻ (പറവൂർ): മൂന്നാംഫാറവും കാളേജും മദ്ധ്യേയുള്ള വർഷങ്ങളിൽ അതൊരു വിരുദ്ധമാണെന്നു പറയുമായിരിക്കാമെങ്കിലും അതാണു ക്ഷേമം എന്നു ഞാൻ വിചാരിക്കുന്നു.

മൂന്നാംഫാറത്തിനും നാലാംഫാറത്തിനും മദ്ധ്യത്തിൽ വെച്ചു ഒരുതരം വിദ്യാഭ്യാസവിഭജനവും ആവശ്യമാണെന്നാണ് എൻെറ അഭിപ്രായം. ചില രാജ്യങ്ങളിൽ മൂന്നാംഫാറംമുതൽ മട്രിക്കുലേഷൻ ക്ലാസുവരെ ഇങ്ങനെയുള്ള വിഭജനം ചെയ്യുപരീക്ഷണങ്ങൾ നടത്തീട്ടുണ്ട്. പള്ളിക്കൂടംവിട്ടാൽ ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിനു ഏതെങ്കിലും വ്യവസായികമോ സാങ്കേതികമോ ആയ വിദ്യാഭ്യാസത്തിലേക്കു വിദ്യാർത്ഥികളെ തിരിച്ചുവിടുന്നു. എന്നാൽ ഞാൻ അറിഞ്ഞിട്ടുള്ളടത്തോളം അതു ഒരു വിജയമാണെന്നു സ്ഥാപിച്ചിട്ടില്ല. അങ്ങനെയുള്ള വിദ്യാഭ്യാസം ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞിട്ടാണു നല്ലതെന്നാകുന്നു ചിലരുടെ അഭിപ്രായം. വ്യവസായികവും സാങ്കേതികവും വിദ്യാഭ്യാസം യഥാർത്ഥത്തിൽ എന്താണെന്നു അപ്പോഴേ ഗ്രഹിക്കാൻ കഴിയു എന്നാണു അവർ പറയുന്നതു. ഇതൊരു വിഷമമുള്ളസംഗതിയാണ്. വിദ്യാഭ്യാസരീതി പരിഷ്കരിക്കാൻ വിചാരിക്കുമ്പോൾ മാത്രമേ അതിനെപ്പററി ആലോചിക്കേണ്ടതുള്ളു.

ചെലവു ഒരു ന്യായമായ നിലയിൽ ആക്കുന്നതിനു മേൽപ്രസ്താവിച്ച വ്യവസ്ഥകളാണു എനിക്കു പറവാനുള്ളതു ഇപ്പോഴത്തെ വിദ്യാഭ്യാസരീതി പരിഷ്കരിക്കുന്നതിനു അദ്ധ്യാപക പരിശീലനാലയങ്ങളുടെ പ്രത്യേകമായി അദ്ധ്യാപകന്മാർക്കുള്ളതിൻെറ എണ്ണം വർദ്ധിപ്പിക്കണമെന്നാണു എൻെറ അഭിപ്രായം. ഇപ്പോൾ സ്ത്രീകൾക്കു രണ്ടോ മൂന്നോ അദ്ധ്യാപകപരിശീലനശാലകൾ ആകുന്നു ഉള്ളതു. എന്നാലിപ്പോൾ പരിശീലനത്തിന പറവൂർ പോലെയുള്ള ദൂരദിക്കുകളിൽ നിന്നുപോലും തിരുവനന്തപുരത്തു വരേണ്ടിയിരിക്കുന്നു. ഗവമെൻറു ആരൊരാളെങ്കിലും നിയമിക്കണമെങ്കിൽ അതു സ്ത്രീ ഗ്രാഡുവേററ് അദ്ധ്യാപകമാരോടാണു കാണിക്കേണ്ടത്. എന്നാൽ അവർക്കു ഒരു പരിശീലനാലയം മാത്രം വെച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണം എനിക്കു മനസ്സിലാകുന്നില്ല. എല്ലാ അദ്ധ്യാപകന്മാരും പരിശീലനം കഴിച്ചവരായിരിക്കണം എന്നു നിർബന്ധമുള്ള ഇക്കാലത്തു അവരവരുടെ വാസസ്ഥലത്തോടടുത്തു പരിശീലനാലയങ്ങൾ ഇല്ലാത്തതു പലർക്കും ഒരു ബുദ്ധിമുട്ടാകുന്നു.

പിന്നെ എനിക്കു പറവാനുള്ളതു ഇപ്പോഴുള്ള കാളേജുകളിൽ ഒന്നു അതിൻെറ യഥാർത്ഥത്തിൽ ഒരു പബ്ലിക്ക് സ്കൂൾ ആക്കണമെന്നുള്ളതാണ്. ഗവമെൻറു അതിന്നായികൂടുതൽ പണം ചെലവു ചെയ്യണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതിന്നായി ചെലവുചെയ്യുന്നപണം അതു കൊടുക്കാൻ കഴിവുള്ളവരോടും

അതിന്റെ ഗുണം അനുഭവിക്കുന്നവരോടും വസൂലാക്കുന്നതിനു ഗവണ്മെന്റിനു പൂർണ്ണസ്വാതന്ത്ര്യമുണ്ട്. അങ്ങനെയൊരു സ്കൂൾ സ്ഥാപിച്ചാൽ ആവശ്യമുള്ള എണ്ണം വിദ്യാർത്ഥികളെ കിട്ടുമെന്നാണു എനിക്കു തോന്നുന്നതു.

ഇനിയൊരു സംഗതി എനിക്കു പ്രസ്താവിപ്പാനുള്ളതു ഇപ്പോഴത്തെ വിദ്യാഭ്യാസം, പ്രത്യേകമായി ഹൈസ്കൂൾ വിദ്യാഭ്യാസം പുസ്തകങ്ങളുടെ പഠിത്തം അല്ല നോട്ടുബുക്കുകളുടെ പഠിത്തം ആണെന്നുള്ള സംഗതിയാണ്. വിദ്യാർത്ഥികളുമായി ഇടപെടുന്നവർക്കു അവർക്കു ഒരാണ്ടിൽ എത്ര നോട്ടുബുക്കുകൾ വാങ്ങിക്കണമെന്നും എത്ര പ്രാവശ്യം വാങ്ങിക്കണമെന്നും അറിയാം. അതിനു പുസ്തകങ്ങൾ വാങ്ങുന്നതിനെക്കാൾ അധികം ചെലവുണ്ട്. ഇപ്പോൾ ചെയ്യുന്നതു നോട്ടുബുക്കുകൾ മുഴുവനും കാണാപ്പാഠം പഠിക്കയാണ്. പുസ്തകങ്ങൾ പഠിക്കാറില്ല. അതാണു രാജ്യത്തിന്റെ യഥാർത്ഥസ്ഥിതി.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): അതു അദ്ധ്യാപകന്മാർ കുട്ടികൾക്കു കൂടുതൽ ജോലികൊടുക്കുന്നില്ലെന്നുള്ളതിന് ഒരു ലക്ഷ്യമല്ലേ?

മി: എ. ജി. മേനോൻ (പറവൂർ): അതു അദ്ധ്യാപകന്മാർ അവരുടെ തലച്ചോറുപയോഗിക്കുന്നില്ലെന്നുള്ളതിന്റെ ഒരു ലക്ഷ്യമാണു. അതിനെ എനിക്കു പറവാനുള്ളതു അതൊരു യന്ത്രവേലയാണു. ചിലപ്പോൾ പുസ്തകങ്ങൾ ആണ്ടുതോറും മാറും. ഒരു പുസ്തകം രണ്ടോ മൂന്നോ വർഷത്തേക്കു നിശ്ചയിച്ചാൽ ഒരു പുസ്തകം മതിയാകും. ഒരദ്ധ്യാപകൻ നല്ല വിദ്യാർത്ഥി ആയിരിക്കണം. എന്നാലെ അദ്ദേഹത്തിനു പഠിപ്പിക്കാൻകഴികയുള്ളൂ. ഇപ്പോൾ നോട്ടുബുക്കു മനഃപാഠം ആക്കുകയും മറ്റും ഉണ്ടായിരുന്നിട്ടും പഴയ മെട്രിക്കുലേറ്റ് ഇപ്പോഴത്തെ ഗ്രാഡ്വേറ്റിനെക്കാൾ പലവിധത്തിലും ശ്രേഷ്ഠനാണെന്നു ഞാൻ വിചാരിക്കുന്നു.

വേറൊരു വിഷയത്തെപ്പറ്റിയും അല്പം പറവാനുണ്ട്. അതു ടെക്സ്റ്റ്ബുക്കുകമ്മിറ്റിയെപ്പറ്റിയാണ്. ഇപ്പോഴത്തെ പതിവു കിട്ടുന്ന പുസ്തകങ്ങളെല്ലാം ടെക്സ്റ്റ് ആക്കാൻ കൊള്ളാമെന്നു പറകയാണു. തങ്ങളെല്ലാമല്ലാ ഒടുവിൽ പുസ്തകങ്ങൾ നിശ്ചയിക്കുന്നതെന്നാണു അവർ വിചാരിക്കുന്നതു. ടെക്സ്റ്റ്ബുക്കുകൾ തിരഞ്ഞെടുക്കുന്ന ജോലി തങ്ങളുടെ ഇഷ്ടംപോലെ ചെയ്യാൻ ഒന്നോ രണ്ടോ ആളുകൾക്കു വിട്ടുകൊടുക്കരുതെന്നാണു ഞാൻ പറയുന്നതു. പുസ്തകങ്ങളെപ്പറ്റിയുള്ള പരാതി തിരുവിതാംകൂറിൽ മാത്രമുള്ളതല്ല. ഈ പ്രസ്താവനകളോടുകൂടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): സർ, ഈ രാജ്യത്തു വിദ്യാഭ്യാസം വകയ്ക്കു നാം എത്രമാത്രം പണം ചെലവുചെയ്തുവരുന്നു എന്നു ഞാൻ പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. എന്നാൽ അതുകൊണ്ടു ഒരു പ്രയോജനവുമില്ലാതെയാണ് തീർന്നിരിക്കുന്നതു. ബി. എ. ആണേഴ്സ് പരീക്ഷ പാസായിട്ടും ജോലി ലഭിക്കുന്നില്ല. അങ്ങനെയിരിക്കെ ചില വിദ്യാലയങ്ങളിൽ ൯-ാം ക്ലാസിൽ ചില വിദ്യാർത്ഥികൾക്കു പ്രമോഷൻ കൊടുക്കാതെ ആണേഴ്സ് പോലെ മൂന്നു കൊല്ലം തള്ളിയിട്ടു നാലാംകൊല്ലം പാസാക്കുന്നതു വളരെ കഷ്ടമാണ്. ചില തമിൾ പള്ളിക്കൂടങ്ങളിൽ ഉയർന്ന ക്ലാസുകളിൽ പഠിപ്പിക്കുന്നതിന് ഡിസ്റ്റിങ്ക്ഷ (Distiuction) ോടുകൂടി പാസായിട്ടുള്ള അദ്ധ്യാപകന്മാരെ നിയമിക്കുന്നില്ല. നേരെ മറിച്ച് താഴ്ന്ന തരത്തിൽ പാസായ ആളുകളേയും വിശേഷാൽ യോഗ്യതയില്ലാത്ത ആളുകളേയുംകൊണ്ടു പഠിപ്പിക്കുന്നതിനാൽ അനേകം വിദ്യാർത്ഥികളും തോറ്റുപോകുന്നതിനു ഇടയാകുന്നുണ്ട്. ഉദാഹരണമായി ഈ കാളേജിൽ തന്നെ ബി. എ. ക്ലാസിൽ തമിഴ് പഠിപ്പിക്കുന്നതിനു ഇന്റർമീഡിയേറ്റ് പാസായ ഒരു ആളിനെയാണ് നിയമിച്ചിട്ടുള്ളതു. അതുപോലെതന്നെയാണ് കോട്ടാർ പള്ളിക്കൂടത്തിലെ സ്ഥിതിയും. അതിന്റെ ഫലമായി നൂറുശതമാനം തമിഴിൽ തോറ്റിട്ടുള്ളതായി കാണുന്നു. വിദ്യാഭ്യാസം വകയ്ക്കു ഗവണ്മെന്റുംപോലെതന്നെ രക്ഷകർത്താക്കളും ധാരാളം പണം ചിലവാക്കിവരുന്ന സ്ഥിതിക്കു ഇങ്ങനെയുള്ള പരാജയങ്ങൾ സംഭവിക്കുന്നതു വളരെ കഷ്ടമാണ്. അതിനാൽ ഇപ്പോഴത്തെ ഈ നയംതന്നെ മേലാൽ തുടരാതിരിക്കുന്നതിനു ഡയറക്ടർ അവർകൾ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): തമിഴ് അഭിവൃദ്ധിപ്പെടുത്തണമെന്നു പറയുന്ന മെമ്പർ മലയാളഭാഷയിൽ സംസാരിക്കുന്നുവല്ലോ താനും തമിഴിൽ സംസാരിക്കാത്തതു എന്തുകൊണ്ട്?

മി: വി. ചെല്ലംപിള്ള (തോവാള): മലയാളത്തിൽ സംസാരിക്കുന്നതുകൊണ്ടു തമിഴിനെ അഭിവൃദ്ധിപ്പെടുത്തണമെന്നു പറയാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ സംസാരിക്കുന്നതു സഭയിലുള്ള മാന്യന്മാർ മനസ്സിലാക്കുന്നതിനാണ്.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): ഈ തമിഴ്ഭാഷ തിരുവിതാംകൂറിൽ എല്ലാവർക്കും നല്ലപോലെ അറിയാമെന്നു മെമ്പർക്കറിയാമോ?

മി: വി. ചെല്ലംപിള്ള (തോവാള): ഇവിടെ തമിഴ് സംസാരിച്ചാൽ മിക്ക ആളുകൾക്കും മനസ്സിലാകയില്ലെന്നാണ് എന്റെ ബോദ്ധ്യം.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമനം): തമിഴ് ഭാഷയെ ഉയർത്തുന്നതിന്നായി സംസാരിക്കുന്നവർ മലയാളത്തിൽ സംസാരിക്കുന്നതിനെക്കാൾ തങ്ങൾതന്നെ തമിഴിൽ സംസാരിച്ചു വഴികാണിക്കുന്നതല്ലേ നല്ലതു?

മി: വി. ചെല്ലംപിള്ള (തോവാള): വേണമെന്നാവശ്യപ്പെടുന്നവർക്കു നന്നായി മനസ്സിലായിക്കൊള്ളും.

ഇപ്പോൾ ഇവിടെ ഏർപ്പെടുത്തിയിരിക്കുന്ന കുറഞ്ഞ പരീക്ഷായോഗ്യത സ്കൂൾഫൈനലോ, ഹയ്യറോ ആണ്. ഏതു പള്ളിക്കൂടം അടുത്തിരിക്കുന്നുവോ അവിടെയാണ് സാധാരണ വിദ്യാഭ്യാസത്തിനു രക്ഷകർത്താക്കൾ വിദ്യാർത്ഥികളെ അയച്ചുവരുന്നതു. ദൂരദിക്കുകളിൽ പോയി വിദ്യാഭ്യാസം നടത്തുന്നതിനു പല ബുദ്ധിമുട്ടുകളും ഉണ്ട്. എങ്കിലും, അടുത്തു ഹൈസ്കൂൾ ഇല്ലാത്തവർ തങ്ങളുടെ കുട്ടികളെ ദൂരദിക്കിൽതന്നെ വിദ്യാഭ്യാസത്തിനായി അയക്കാൻ നിർബന്ധിതരായിതീരുന്നു. ൧൪ വയസ്സിനുമേൽ ൧൮ വയസ്സാകുന്നതുവരെയുള്ള ഒരു ഘട്ടം വല്ലാത്തതാണ്. ഈ പ്രായത്തിലാണ് അവരെ പ്രത്യേകം സൂക്ഷിക്കേണ്ടതു. ഇപ്പോൾ ഹൈസ്കൂൾ ഉള്ള സ്ഥലങ്ങളിൽ അന്യപ്രദേശങ്ങളിലുള്ള വിദ്യാർത്ഥികൾ ധാരാളം വന്നു താമസിക്കുന്നുണ്ട്. അവർക്കു അവിടെ താമസിക്കുന്നതിനു യാതൊരു സൌകര്യവുമില്ല. അവരുടെ നടപടികളെ ശ്രദ്ധിക്കാൻ ആളുമില്ല. വല്ല ഹോട്ടലിലും ചെന്നു താമസിക്കുന്നതുകൊണ്ട് അവരുടെ നടപടിയിൽ പല ദൂഷ്യങ്ങളും കണ്ടുവരുന്നുണ്ട്. ഇതിന്റെ പരിഹാരത്തിന്നായി ഹൈസ്കൂൾ ഉള്ള സ്ഥലങ്ങളിൽ ഹോസ്റ്റലുകൾ സ്ഥാപിച്ചു ദൂരദിക്കിൽനിന്നു വരുന്ന വിദ്യാർത്ഥികൾ അവിടെ താമസിക്കണം എന്നൊരു വ്യവസ്ഥ ചെയ്യേണ്ടതു എത്രയും അത്യാവ

ശ്യമാണ്. എന്നാൽ ഇങ്ങനെ ചെയ്യുന്നപക്ഷം കെട്ടിടത്തിനും മററും വലിയ ചെലവു വേണ്ടിവരികയില്ലേ എന്നു ചോദിക്കുമായിരിക്കാം. വലിയ ചിലവിന്റെ ആവശ്യമില്ല. താമസിക്കുന്നതിനു അവശ്യം വേണ്ടതായ സ്ഥലംമാത്രം മതി. എഞ്ചിനീയർ ഡിപ്പാർട്ടുമെന്റുകാരോടു ആവശ്യപ്പെട്ടാൽ അവർ വലിയ എസ്റ്റിമേററുകളും മററുമൊക്കെ തയ്യാറാക്കി അയക്കുന്നു. അതുകൊണ്ടു അതൊന്നും വേണ്ട, ഒരു ചെറിയ കെട്ടിടം മതിയാകും. ഞാൻ ഇതിനെപ്പററി മുൻ ഡയറക്ടരോടു പറഞ്ഞപ്പോൾ "അനാവശ്യമാണ്; പക്ഷേ പള്ളിക്കൂടങ്ങളിൽ ഹോസ്റ്റലുകൾ ഏർപ്പെടുത്തുന്നതിനേക്കാൾ അത്യാവശ്യമായ പല ജോലികളും ചെയ്യാനുണ്ടു. അതുകൊണ്ടു അതു കഴിഞ്ഞിട്ടല്ലാതെ ഇതു ചെയ്യാൻ നിവൃത്തിയില്ല" എന്നാണ് സമാധാനം പറഞ്ഞതു്. നമ്മുടെ വിദ്യാഭ്യാസത്തിനായി ഗവണ്മെന്റു ഒരു വലിയ സംഖ്യ ചിലവാക്കുന്നു. ഏകദേശം അത്രയും സംഖ്യതന്നെ ജനങ്ങളും ചിലവാക്കുന്നുണ്ടു്. ആ സ്ഥിതിക്കു ഭാവിപൌരന്മാരായി തീരേണ്ട വിദ്യാർത്ഥികളുടെ സ്വഭാവത്തെ സംരക്ഷിക്കുന്നതിനു പണം ചിലവാക്കുന്നതിനേക്കാൾ മററാരത്യാവശ്യം എന്താണുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. കോട്ടാറു സ്കൂളിൽ വെളിയിൽനിന്നും വന്നു താമസിച്ചു പഠിക്കുന്ന ൫൦൦—൬൦൦ ഓളം വിദ്യാർത്ഥികൾ ഉണ്ടു്. അവരെല്ലാം എവിടെയാണ് താമസിക്കുന്നതെന്നു അവരുടെ രക്ഷകർത്താക്കൾക്കു തന്നെ കണ്ടുപിടിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലാണ് അവർ താമസിക്കുന്നതു്. വിദ്യാർത്ഥികളെ എത്രത്തോളം സൂക്ഷിക്കുന്നുവോ അത്രത്തോളം അവരുടെ പഠിത്തവും നന്നാകും. അതുകൊണ്ടു ഈ വിഷയത്തിൽ പുതിയ ഡയറക്ടരുടെ ശ്രദ്ധ പ്രത്യേകം പതിയണമെന്നഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാടു (ജന്മികൾ): ഈ പ്രമേയത്തിന്നനുകൂലമായി ചില വാക്കുകൾ പറവാൻ ഞാനും ആഗ്രഹിക്കുന്നു. ഈ വിഷയത്തിന്റെ പല വശങ്ങളെയും പററി മിക്കവാറും എല്ലാ മെമ്പറന്മാരും സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു. അതുകൊണ്ടു ഞാൻ പറയുന്നതു അവരുടെ പ്രസ്താവനകൾ ആവർത്തിക്കുകയായിരിക്കാം. വിദ്യാഭ്യാസകാര്യത്തിൽ നാം മാമൂലനുസരിച്ചു നടന്നുവരുന്നു. ഈ സംസ്ഥാനത്തെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി അനുകരണീയമാണോ എന്നുള്ളതാണെന്നു പല മെമ്പർമാരും നമ്മുടെ ദൃഷ്ടിയിൽ പെടുത്തി. ഇപ്പോഴത്തെ രീതി മുൻകാലങ്ങളിൽ എത്ര ഗുണകരമായിരുന്നാലും ഇക്കാലത്തു അതുകൊണ്ടു പ്രയോജനമില്ല. അനേകം വിദ്യാർത്ഥികൾ അവരുടെ സമയവും ധനവും വിദ്യാഭ്യാസ സമ്പാദിക്കായി വ്യയം ചെയ്യുന്നു. എന്നാൽ അവർ കാളേജുകളിൽ നിന്നു പുറത്തുവന്നിട്ടു പട്ടിണികിടക്കുന്നതുകാണുന്നതു ധർമ്മസങ്കടമാകുന്നു. ഉദ്യോഗത്തിന്നായി ഗവണ്മെന്റിന്റെ കാല്ക്കൽ വീഴാതെ അവർക്കു ഒരു വഴിയുമില്ല. അപേക്ഷകന്മാരുടെ ഒരു ശതമാനം ആളുകൾക്കുപോലും ഗവണ്മെന്റുദ്യോഗം കിട്ടിവരുന്നില്ല. അതുകൊണ്ടു അവർ യാതൊരു സഹായവുമില്ലാതെ നിരാശയിൽ കിടന്നുഴലുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തിരുവിതാംകൂർ മുന്നണിയിൽ നില്ക്കുന്നു എന്നു വമ്പു പറയാം. എന്നാൽ തന്റെ ഉപജീവനത്തിന്നുതകാത്ത ഒരു വിദ്യാഭ്യാസം വിദ്യാഭ്യാസമാണെന്നു പറയാൻ നിവൃത്തിയില്ല. നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയുടെ ഫലം വിദ്യാഭ്യാസം ഉണ്ടായിട്ടും തൊഴിലില്ലാതെ വലയുന്നവരുടെ എണ്ണം വർദ്ധിപ്പിക്കയാണെന്നു പല മെംബറന്മാരും പറഞ്ഞു. അതിനുള്ള പ്രതിവിധിയും അവർ പറഞ്ഞിട്ടുണ്ടു്. എനിക്കും ഒന്നുരണ്ടു പ്രതിവിധികൾ പറയാനുണ്ടു്. ഇവയിൽ ഏററവും പ്രധാനം പുതിയ വ്യാപാരസംബന്ധമായ സ്കൂളുകളും ടെക്നിക്കൽ സ്കൂളുകളും സ്ഥാപിക്കണമെന്നുള്ളതാണു. ഇപ്പോഴത്തെ പാഠവിവരപ്പട്ടികയിൽ ഒന്നോ രണ്ടോ വ്യാപാരവിഷയങ്ങൾ ചേർത്തതുകൊണ്ടു ഗുണമില്ല, അതു മതിയാകുകയുമില്ല. ഇപ്പോഴുള്ള സ്കൂളുകളിൽ പലതും സാങ്കേതികസ്കൂളുകൾ ആക്കണം. ഇപ്പോൾ ഈ സംസ്ഥാനത്തൊട്ടുക്കു് രണ്ടോ മൂന്നോ സാങ്കേതിക സ്ക്കൂളുകൾ മാത്രമേയുള്ളു. തിരുവിതാംകൂറിലെ എല്ലാ പ്രധാന പട്ടണങ്ങളിലും വ്യവസായിക സ്ക്കൂളുകൾ സ്ഥാപിച്ചു അവിടെ നൂലുനൂല്ക്കൽ മുതലായി, പരാശ്രയം കൂടാതെ ജീവിക്കാൻ കഴിവുണ്ടാക്കുന്ന വിഷയങ്ങൾ പഠിപ്പിക്കണം.

ഇനി ചില ചില്ലറ സംഗതികളെപ്പററിയും ചില പ്രസ്താവനകൾ ചെയ്യാൻ ആശിക്കുന്നു. ഇപ്പോഴത്തെ ടെക്സ്റ്റ്ബുക്കു കമ്മിററി ശരിയായി ജോലി നിർവഹിക്കുന്നില്ലെന്നു പല മെമ്പറന്മാരും പറഞ്ഞു. ടെക്സ്റ്റ്ബുക്കുകൾ നിശ്ചയിക്കുന്നതു യാതൊരു തത്വവും അനുസരിച്ചല്ലെന്നും ഞാനും പറഞ്ഞുകൊള്ളുന്നു. നിശ്ചയിക്കുന്ന പുസ്തകങ്ങൾ അതാതു ക്ലാസ്സുകളുടെ സ്ടാൻഡേർഡിൽ കവിഞ്ഞതോ കുറഞ്ഞതോ ആകുന്നു. കഴിഞ്ഞയാണ്ടിൽ ഒരു ഉയർന്ന ക്ലാസ്സിനു നിശ്ചയിച്ചിരുന്ന ഒരു പുസ്തകം ഈയാണ്ടിൽ താണ ഒരു ക്ലാസ്സിലേക്കു നിശ്ചയിച്ചിട്ടുള്ളതിന്റെ ഉദാഹരണം പറവാൻ എനിക്കു കഴിയും. അങ്ങനെ ചെയ്യുന്നതു ആ പുസ്തകത്തിന്റെ കർത്താവിനു ഗുണം ചെയ്യാൻ മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. അല്ലാതെ വിദ്യാർത്ഥികളുടെ ഗ്രഹണശക്തി ഇങ്ങനെ പെട്ടെന്നു ഭേദപ്പെടാൻ സംഗതിയില്ല.

മെമ്പറന്മാരിൽ പലരും സാധുക്കളായ വിദ്യാർത്ഥികൾക്കു വേണ്ടി പ്രതിവാദം ചെയ്തു. എല്ലാ വിധത്തിലും അവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ നമ്പൂതിരിമാരെയും പിന്നാക്കം കിടക്കുന്നവർഗ്ഗക്കാരായി ഗണിക്കേണ്ടതാണെന്നു ഞാൻ ഗവണ്മെന്റിനെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): സർ, തിരുവിതാംകൂറിലെ ജനങ്ങളിൽ തമിഴ് സംസാരിക്കുന്നവരായ ആദിദ്രാവിഡക്കുട്ടികൾക്കു അവരുടെ മാതൃഭാഷയിൽ പ്രാഥമികവിദ്യാഭ്യാസമെങ്കിലും നൽകുന്നതിനുള്ള സൌകര്യങ്ങൾ ഇല്ലെന്നുള്ള സംഗതി പുതിയ ഡയറക്ടരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ എഴുന്നേററതു്. ഈ വാക്കുകളോടുകൂടി ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: ഇ. ജി. മക്കൈല്പൻ (വിദ്യാഭ്യാസഡയറക്ടർ): ഈ പ്രമേയത്തെ സംബന്ധിച്ചു ഇന്നലെ ലഘുഭക്ഷണത്തിനുമുമ്പു തുടങ്ങിയ വാദപ്രതിവാദം അതിവിശാലവും പല വിഷയങ്ങൾ അടങ്ങിയതും ആയിരുന്നു എന്നതു കേട്ടവർക്കൊക്കെ പ്രത്യക്ഷമായിരുന്നിരിക്കണം. പ്രാസംഗികന്മാർ പറഞ്ഞ ഓരോ സംഗതിയും ഞാൻ കുറിച്ചുവെച്ചിട്ടുണ്ടു്. എനിക്കു ഗ്രഹിക്കാൻ കഴിയാത്ത പ്രസംഗങ്ങളിലെ സംഗതികൾ സഭയുടെ ഒരു ഭാഗത്തുള്ള മെംബർമാർ എനിക്കു ചുരുക്കത്തിൽ പറഞ്ഞുതന്നിട്ടുമുണ്ട്. മെമ്പർമാരുടെ പ്രസംഗങ്ങളിൽ അനേകം പ്രത്യേകപ്രത്യേക വിഷയങ്ങൾ അടങ്ങീട്ടുണ്ടെന്നു മെമ്പർമാരുടെ അറിവിന്നായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ അമ്പതു വിഷയങ്ങളേയും സവിസ്തരം വിമർശനം ചെയ്യാൻ എനിക്കനുവദിച്ചിട്ടുള്ള അല്പസമയത്തിനുള്ളിൽ സാധിക്കയില്ലെന്നു ഞാൻ പറയാതെ നിങ്ങൾക്കു അറിയാമല്ലോ. അവയിൽ ഒന്നൊഴികെ മറ്റേതെങ്കിലുംവിഷയം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ദൃഷ്ടിയിൽപ്പെടാത്തതല്ല. ഞാൻ ഉദ്യോഗത്തിൽ പ്രവേശിച്ചശേഷം ഇവയിൽ ഓരോന്നിനേയും ഇൻസ്പെക്ടർമാരോ പൊതുജനങ്ങളിൽ ആരെങ്കിലുമോ എന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്.

മെമ്പർമാർ പ്രസ്താവിച്ച വിഷയങ്ങളിൽ ചിലതു പ്രാധാന്യമേറിയതും ചിലതു പ്രാധാന്യം കുറഞ്ഞതുമാകുന്നു. ചിലത് അടിയന്തിരവും ഉടനടി നടപടികൾ നടത്തേണ്ടതും ചിലതു അത്ര അടിയന്തിരമല്ലാത്തതുമാകുന്നു.

രണ്ടു വിഷയങ്ങൾ ഉദാഹരണമായി പറയാം. ആക്റ്റിംഗ് അദ്ധ്യാപകന്മാരുടെ സിസ്റ്റവും വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരവും. ഞാൻ വിദ്യാഭ്യാസഡയറക്ടരായി ജോലിയിൽ പ്രവേശിച്ചശേഷം ഈ വിഷയങ്ങളെ സംബന്ധിച്ചുള്ള എന്തെങ്കിലും കടലാസ്സുകൾ എന്റെ മുമ്പിൽവരാത്ത ഒരു ദിവസംപോലുമുണ്ടായിരുന്നിട്ടില്ല. ഈ വിഷയങ്ങളെസംബന്ധിച്ചു ഞാൻ എന്തെങ്കിലും ചെയ്യാത്ത ഒരു ദിവസവും ഞാൻ ഓർക്കുന്നില്ല. വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരേയും പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിനേയും വരുത്തി ഞാൻ ഈ വിഷയത്തെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ചു ഭരണാധികാരിയോടും ഞാൻ സംസാരിച്ചിട്ടുണ്ട്. ഈ സഭയുടെ യോഗത്തിൽ കഴിഞ്ഞാലുടനെ ഗവമ്മേന്റിലേക്ക് ശുപാർശകൾ അയയ്ക്കാൻ ഞാൻ വിചാരിക്കുന്നു. ഈ വിഷയങ്ങളെസംബന്ധിച്ചുള്ള ജോലികൾ ചെയ്യുന്ന എന്റെ ആഫീസിലെ പ്രത്യേകഉദ്യോഗസ്ഥനോടു ഇപ്പോഴത്തെ പ്രവൃത്തി രീതി ഭേദപ്പെടുത്തി ഡിസ്ട്രിക്റ്റുകൾ ഓരോന്നായി എടുത്തു അതാതിലെ ജോലി പൂർത്തിയാക്കുന്നതിനു ഒരു വ്യവസ്ഥ (അതു വിവരമായി ഇവിടെ പ്രസ്താപിച്ചിട്ടാവശ്യമില്ലല്ലോ) ഏർപ്പാടുണ്ടാക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്. സംസ്ഥാനം ഒട്ടുക്കുമുള്ള അദ്ധ്യാപകന്മാരെ വർഗ്ഗങ്ങളായി തിരിച്ചു അവരെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീർക്കുകയായിരുന്നു ഇതുവരെ ചെയ്തുവന്നതു. ഇതുനിമിത്തം അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റത്തിനുള്ള വിഘ്നങ്ങൾ നീങ്ങാതെ കിടക്കും. ഈ രീതി എന്റെ ആഫീസിൽ ഭേദപ്പെടുത്തി ഓരോ ഡിസ്ട്രിക്റ്റിനെ സംബന്ധിച്ചുള്ള ജോലി എടുത്തു പൂർത്തിയാക്കി വരുന്നു. ഒരു ഡിസ്ട്രിക്റ്റുകൾ തീരുമ്പോൾ ആ വിവരം വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്കും ഗേൾസ്സ്കൂൾ ഇൻസ്പെക്ട്രസ്സിനും അറിവുകൊടുക്കും. അപ്പോൾ വിഷയസംബന്ധമായ ജോലികൾ എല്ലാം തീരുന്നതിനുമുമ്പായി അവർക്കാവശ്യമായി തോന്നുന്ന സ്ഥലംമാറ്റങ്ങൾ ചെയ്യാൻ കഴിയും.

മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ പൊതുവേയുള്ള ആക്ഷേപം ഇതാണ്. വിദ്യാഭ്യാസസംബന്ധമായി നാം ഒട്ടുവളരെ പണം ചെലവാക്കുന്നു. അസംഖ്യം സ്കൂളുകൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും ചിലതു സ്ഥാപിച്ചുവരുന്നു. ഇതെല്ലാം ഒന്നു നിറുത്തിവെച്ചു നമ്മുടെ തൽക്കാലസ്ഥിതിയെപ്പറ്റി നാം ആലോചിക്കാൻ സമയമായി എന്നാണു അദ്ദേഹം പറയുന്നതു്. ഇൻഡ്യയിൽ എവിടെനോക്കിയാലും പ്രാഥമികവിദ്യാഭ്യാസത്തിന്റെ കാര്യമാണ് ഏറ്റവും അടിയന്തിരമായിത്തീർന്നിട്ടുള്ള ഒരുവിഷയം എന്നു അനദ്യോഗസ്ഥമെമ്പർമാർ ഗ്രഹിച്ചുകാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. സ്റ്റാട്യൂട്ടറി കമ്മീഷന്റെ അക്സിലിയറി കമ്മറ്റിയുടെ റിപ്പോർട്ടു എന്റെ സ്നേഹിതൻ മി. കൃഷ്ണയ്യർ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാക്കി. വിദ്യാഭ്യാസകാര്യങ്ങളിൽ താല്പര്യമുള്ള എല്ലാ മെമ്പർമാരുടേയും ശ്രദ്ധയ്ക്കു ഹാർട്ടോഗ്‌കമ്മറ്റിയുടെ റിപ്പോർട്ടു ഞാൻ വിഷയമാക്കിക്കൊള്ളുകയും മെമ്പർമാർ ഇതിനുമുമ്പുതന്നെ അതു കാണിച്ചിട്ടില്ലെങ്കിൽ അവർ അതു വായിച്ചു അതിൽപ്രതിപാദിച്ചിട്ടുള്ള സംഗതികളെപ്പറ്റി ചിന്തിക്കണമെന്നു ഉപദേശിക്കയും ചെയ്യുന്നു.

ആ റിപ്പോർട്ടിലെ സംഗതിയെപ്പറ്റി രണ്ടോമൂന്നോ മെമ്പർമാർ ഇവിടെ പ്രസ്താപിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിലുള്ള ദുർവ്യയം ആകുന്നു ആ വിഷയം. ആ വിഷയം കമ്മറ്റിയുടെ റിപ്പോർട്ടിൽ ആദ്യവസാനം സ്ഥലം പിടിച്ചിട്ടുണ്ട്. ബ്രിട്ടീഷിൻഡ്യയിൽ പ്രാഥമികവിദ്യാലയങ്ങളിൽ പ്രഥമക്ലാസിൽ ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികളിൽ ൯൦ ശതമാനം നാലാംക്ലാസ്സിൽ എത്തുന്നില്ലെന്നാണ് കമ്മറ്റി പ്രസ്താവിക്കുന്നതു. പ്രൈമറിവിദ്യാലയത്തിൽ നാലുവർഷം പഠിച്ചാൽ അവരുടെ അക്ഷരജ്ഞാനം ജീവാവസാനം വരെ നിലനിൽക്കുമെന്നാണു സങ്കല്പം. അഞ്ചു വർഷത്തെ പഠിത്തം ആവശ്യമാണെന്നു പറയുന്നവരും ഉണ്ട്. ഏതു വിധം നോക്കിയാലും ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രൈമറി സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ അറുപതു ശതമാനം വിദ്യാവിഹീനരായി തീരുന്നു എന്നാണ് കാണുന്നതു്. തിരുവിതാംകൂർ ഭരണറിപ്പോർട്ടിന്റെ ൧൦-ാം പുറത്തു ഇതിനെപ്പറ്റി പറയുന്നുണ്ട്. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി ബ്രിട്ടീഷ് ഇൻഡ്യയിലേതുപോലെ ചീത്തയല്ലെന്നാണു അവിടെ പ്രസ്താവിച്ചിട്ടുള്ളതു്. തിരുവിതാംകൂറിലെ സ്ഥിതി അത്ര ചീത്തയല്ലെങ്കിലും ൧൦-ാം പുറത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾ നമ്മുടെ ഗൗരവമായ ചിന്തയ്ക്കു വിഷയമാകേണ്ടതാണ്. ൩൦൦൦ പ്രൈമറി വിദ്യാലയങ്ങളുള്ളതിൽ എമ്പതു വിദ്യാലയങ്ങൾ മാത്രമേ പൂർണ്ണപ്രാഥമിക വിദ്യാലയങ്ങളായിട്ടുള്ളു എന്നു അവിടെ പ്രസ്താവിച്ചു കാണാം. ഇതു കണക്കാക്കി നോക്കിയാൽ വിദ്യാർത്ഥികളിൽ ൯൦ ശതമാനം പഠിച്ചതു കൊണ്ടു ഉപകാരമില്ലാതെ വിദ്യാവിഹീനരായി തീരുന്നു എന്നു അനുമാനിക്കാം. ഇതു ചിന്താവിഷയമാക്കേണ്ടുന്ന ഒരു സംഗതി തന്നെയാണ്. ഇതിലേക്കാണു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ഇതിനെ സംബന്ധിച്ചു മദ്രാസ് സംസ്ഥാനത്തിലെ കൺസോളിഡേഷൻ കമ്മിറ്റി ചിലതെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നു മെമ്പർമാർക്കു അറിവുണ്ടായിരിക്കാം. ഞാൻ ആ റിപ്പോർട്ടു കണ്ടിട്ടില്ല. എങ്കിലും സഭയുടെ യോഗങ്ങൾ കഴിഞ്ഞാലുടനേ ഞാൻ അതു വായിച്ചു നോക്കാൻ വിചാരിക്കുന്നു. ആ റിപ്പോർട്ടിൽ ഈ ദുർവ്യയവിഷയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഹാർട്ടോഗ് കമ്മിറ്റിയിൽ പ്രസ്താവിച്ചിട്ടുള്ള രീതികളെപ്പറ്റി വിമർശനവും ചെയ്തിട്ടുണ്ട്. . ഇപ്രകാരം ഉള്ള ഒരു സർവ്വേ തിരുവിതാംകൂറിലും ചെയ്യണം. മദ്രാസിനെപ്പോലെയുള്ള ഒരു വലിയ സംസ്ഥാനത്തിനു പറ്റിയ രീതികൾ തിരുവിതാംകൂറിൽ വിജയകരമായിരിക്കുമെന്നു വിചാരിപ്പാൻ പാടില്ല. എന്നാൽ മദ്രാസ് സംസ്ഥാനത്തിലെ പ്രവർത്തനരീതികളിൽ നിന്നു നാം എന്തു ചെയ്യണമെന്നുള്ളതിനെപ്പറ്റി സൂചനകൾ കിട്ടാതിരിക്കയില്ല.

ഈ രാജ്യത്തിൽ ഞാൻ കാണുന്ന ഏറ്റവും വ്യസനകരമായ ഒരു കാര്യം വർഗ്ഗീയമത്സരം ആകുന്നു. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിനെക്കാൾ അധികം ഗുണകരമായ പ്രവൃത്തികൾ ഈ സഭാമെമ്പർമാർക്കു ചെയ്വാൻ കഴിയും എന്നാണു എന്റെ ബോദ്ധ്യം. അവരവരുടെ നിയോജകമണ്ഡലത്തിന്റെ പ്രതിനിധികളെന്ന നിലയിലും അവിടങ്ങളിലെ പ്രധാനപുരുഷന്മാർ എന്നുള്ള നിലയിലും പ്രാഥമിക വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള മെമ്പർമാർക്കു പല കാര്യങ്ങൾ ചെയ്വാൻ കഴിയും. തങ്ങളുടെ അനുയായികളുടെ അഭിപ്രായത്തോടു യോജിക്കാത്തതുകൊണ്ടു മാത്രം അനേകം അപൂർണ്ണപ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ദോഷത്തെ അവർ ഗ്രഹിക്കണം. മദ്രാസിൽ ഇതിനു കണ്ടിട്ടുള്ള നിവൃത്തിമാർഗ്ഗം ഓരോ മദ്ധ്യസ്ഥാനങ്ങളിൽ വലിയ സ്കൂളുകൾ ഉണ്ടാക്കുകയും ശേഷം സ്കൂളുകൾ അവയുടെ പോഷക സ്കൂളുകൾ ആക്കുകയും ആകുന്നു. ഇതിന്റെ ഫലമായി അനേകം ചെറിയ സ്കൂളുകൾ നിന്നുപോകും. അങ്ങനെ തിരുവിതാംകൂറിലും ഒരു പരിശ്രമം ചെയ്താൽ അനേകം ചെറിയ സ്കൂളുകൾ നിന്നുപോകും. ഈ വിഷയം ആലോചനയ്ക്കു വരുമ്പോൾ മെമ്പർമാരുടെ അഭിപ്രായം അതിനോടു യോജിക്കുന്നതോ എന്നുള്ള സംഗതിയിന്മേൽ അതിന്റെ വിജയം ആശ്രയിച്ചിരിക്കും. ജനങ്ങൾ അന്യോന്യം വൈപരീത്യം ഇല്ലാതെ പ്രവർത്തിച്ചാൽ വിദ്യാഭ്യാസത്തിനു ഇപ്പോൾ ഉള്ള പണം ഇപ്പോഴത്തേക്കാൾ പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കാൻ കഴിയും. ഇപ്പോൾ ഡിപ്പാർട്ടുമെന്റിന്റെ കൈകൾ കെട്ടിയിട്ടിരിക്കയാണ്. ഈ സംഗതി മെമ്പർമാരുടെ ഗാഢമായ ചിന്തയ്ക്കു വിഷയമാക്കേണ്ടതാകുന്നു.

ഞാൻ ആരംഭത്തിൽ പറഞ്ഞ പ്രകാരം വാദവിഷയമായി തീർന്ന അമ്പതു കാര്യങ്ങളെയും പറ്റി ഇപ്പോൾ സംസാരിക്കാൻ സാധിക്കയില്ല. എന്നാൽ ഈ അമ്പതു കാര്യങ്ങളെയും ഞാൻ ഒന്നൊഴിയാതെ കുറിച്ചുവെച്ചിട്ടുണ്ടെന്നും സഭ പിരിഞ്ഞാലുടനെ ഞാൻ അവയിൽ ഓരോന്നിനെപ്പറ്റിയും ഗാഢമായി ആലോചിച്ചു എന്നാൽ എന്തു ചെയ്വാൻ കഴിയുമെന്നു നോക്കുന്നതാണെന്നും ഞാൻ ഇരിക്കുന്നതിനു മുമ്പ് സഭ മുമ്പാകെ പ്രസ്താവിച്ചുകൊള്ളുന്നു. മി: നീലകണ്ഠപ്പിള്ള ഉപക്ഷേപം പിൻവലിക്കണമെന്നു അപേക്ഷിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസനയത്തെ സംബന്ധിച്ചു സഭാമുമ്പാകെ പ്രസ്താവിക്കപ്പെട്ട എല്ലാ സംഗതികളെയും വിദ്യാഭ്യാസ ഡയറക്ടർ കുറിച്ചുവച്ചിട്ടുണ്ടെന്നു കേട്ടതു സന്തോഷകരമാകുന്നു. ഇവിടത്തെ ഇപ്പോഴത്തെ വിദ്യാഭ്യാസക്രമത്തിന്റെ ന്യൂനതകൾ ഗവണ്മെന്റിന്റെയും വിദ്യാഭ്യാസഡയറക്ടരുടെയും ദൃഷ്ടിയിൽപ്പെട്ടുതുടങ്ങിയതു ഇന്നും ഇന്നലെയും അല്ല, അനേകവർഷങ്ങളായിരിക്കുന്നു. ഇങ്ങനെ ഗവണ്മെന്റിനും ഡയറക്ടർക്കും ആ ന്യൂനതകളെപ്പറ്റി ബോദ്ധ്യം വന്നിട്ടുണ്ട്. ഈ ന്യൂനതകൾ തീർക്കുന്നതിനും വിദ്യാഭ്യാസം രാജ്യത്തിനു പ്രയോജനകരമാക്കുന്നതിനും വല്ലതും നിഷ്കർഷയായി ചെയ്യേണ്ട കാലം ഏറ്റവും ആസന്നമായിരിക്കുന്നു എന്നും അവർക്കു ബോദ്ധ്യം വന്നിട്ടുണ്ട്. വിദ്യാഭ്യാസകാര്യങ്ങളെപ്പറ്റി സൂക്ഷ്മമായി ആലോചിച്ചു ഇപ്പോഴത്തെ വിദ്യാഭ്യാസരീതി നന്നാക്കുന്നതിനു വേണ്ടിയ നടപടികൾ നിർദ്ദേശിക്കുവാൻ ഒരു കമ്മിറ്റിയെ ഏർപ്പെടുത്തുന്നതാണെന്നു ഗവണ്മെന്റു പ്രഖ്യാപനം ചെയ്കയും ചെയ്തു. ഡയറക്ടരുടെ പ്രസംഗം ഈ സഭയ്ക്കു തൃപ്തികരമായി തോന്നിയെങ്കിലും അദ്ദേഹം ഒരു കാര്യം വിസ്മരിക്കുന്നു. ഈ വിഷയം അദ്ദേഹത്തിനും ഗവണ്മെന്റിനും അനേകം വൈഷമ്യങ്ങൾ ഉണ്ടാക്കുമെന്നു അദ്ദേഹം അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്താൽ മതിയാകും. ഡയറക്ടർ പ്രസ്താവിച്ച രീതികളിൽ കൂടി പ്രവർത്തിപ്പാൻ അദ്ദേഹത്തിനു ഒരുക്കമുണ്ടായിരുന്നാലും, ഇതിനെപ്പറ്റി ഗാഢമായി ആലോചിക്കുമെന്നു അദ്ദേഹം വാഗ്ദാനം ചെയ്താലും അത്യാവശ്യകാര്യം ഏതാനും നിവൃത്തി ഉണ്ടാക്കുകയാണ്. ഈ വിഷയം മറ്റു ഡയറക്ടരെക്കാൾ ഇതിലധികം ബലമായി ബോദ്ധ്യപ്പെടുത്തീട്ടുള്ളതാണ്. ഇപ്പോഴത്തെ ഡയറക്ടരുടെ ദൃഷ്ടിയിലും അതുകൊണ്ടുവരുന്നതിനാണു ഈ സമയത്തു ഇത്രയും പ്രസ്താവിച്ചതിന്റെ ആവശ്യം. ഡിപ്പാർട്ടുമെന്റിലെ സാധാരണജോലിതന്നെ അദ്ദേഹത്തെ നിർവഹിപ്പാൻ കഴികയില്ലെന്നു വന്നേക്കാം. അതുകൊണ്ടു ഈ കാര്യത്തെപ്പറ്റി ചിന്തിക്കുന്നതിനു അദ്ദേഹത്തിനു സമയം കിട്ടാതെ വന്നേക്കാം. മുമ്പുണ്ടായിരുന്ന ഡയറക്ടരന്മാരുടെ ദൃഷ്ടിയിലും ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്. അവർക്കും ഈ ഡയറക്ടരുടെ അഭിപ്രായംതന്നെയായിരുന്നു, എങ്കിലും അവർക്കു കാര്യമായി വല്ലതും ചെയ്യുന്നതോ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുന്നതോ കഴിഞ്ഞില്ല. ഈ വിഷയത്തിന്റെ വിശാലത്വം ഡയറക്ടർ ഗ്രഹിച്ചിട്ടുണ്ട്. നമുക്കിനി താമസിക്കാൻപാടില്ല. ഇതിനെപ്പറ്റി ചിന്തിച്ചു അടുത്ത ഭാവിയിൽ തന്നെ ഒരു നിവൃത്തിയുണ്ടാക്കേണ്ടതാണ്. ഈ അവസരത്തു ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ന്യൂനതകളെ സവിസ്തരം വർണ്ണിക്കാനോ രാജ്യത്തിന്റെ മേൽ അതിന്റെ ഫലം എന്താണെന്നു വിവരിക്കാനോ ഞാൻ ഉദ്യമിക്കുന്നില്ല. ഈ വാക്കുകളോടുകൂടി ഉപക്ഷേപം പിൻവലിക്കാൻ ഞാൻ സഭയുടെ അനുവാദം ചോദിക്കുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപങ്ങൾ ൪൪൩ മുതൽ ൪൫൦ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടില്ല.

മി: എ. താണുപിള്ള

൪൪൩. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള

൪൪൪. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള

൪൪൫. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള

൪൪൬. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുവേലിൽ പാച്ചുപിള്ള

൪൪൭. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുക്കോത്ത് പാച്ചുപ്പിള്ള

൨൨൮. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൨,൦൯൩ രൂപായിൽ ൧ രൂപാ കുറയ്ക്കണം

മി: ജോസഫ് ഇട്ടീച്ചൻ

൨൨൯. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

മി: മാത്യുമുരിക്കൻ

൨൩൦. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൩൧.

താഴെ പറയുന്ന ഉപക്ഷേപം മെമ്പർ ഹാജരില്ലാത്തതിനാൽ അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: എൻ. കെ. കുഞ്ഞൻപിള്ള

൨൩൧. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൨൩൨-ഉം ൨൩൩-ഉം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: രേവതിനാൾ രാമവർമ്മരാജ

൨൩൨. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൨,൨൯൩ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ

൨൩൩. ൪൦-൧൨൦ രൂപാ ശമ്പളമുള്ള അസിസ്റ്റന്റ് ഇൻസ്പെക്ടർമാക്ക് അനുവദിച്ചിട്ടുള്ള ൨൦,൯൬൦ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൩൪.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെ പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: പി. എസ്. മുഹമ്മദ്

൨൩൪. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൩൩,൮൦൯ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം

ഉപക്ഷേപങ്ങൾ ൨൩൫ മുതൽ ൨൩൭ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ

൨൩൫. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൩,൨൯൫ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

മി: മുരുക്കോത്ത് പാച്ചുപ്പിള്ള

൨൩൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൧൩,൨൯൫ രൂപായിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: മുരുക്കോത്ത് പാച്ചുപ്പിള്ള

൨൩൭. ഇൻസ്പെക്ടർമാക്ക് അനുവദിച്ചിട്ടുള്ള ൮൫,൨൬൧ രൂപായിൽ ൧ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൨൩൮.

മിസ്സിസ് എലിസബത്ത് കുരുവിള (ഗവണ്മെന്റ നിയമനം): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ഇൻസ്പെക്ടർമാക്ക് അനുവദിച്ചിട്ടുള്ള ൮൫,൨൬൧ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

ഈ സംസ്ഥാനത്തെ ഇൻസ്പെക്ടർമാരുടെ ജോലി വിദ്യാലയങ്ങൾക്കും മററുള്ളവക്കും ഇപ്പോഴത്തേതിലധികം പ്രയോജനമുള്ളതാക്കാമെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനായിട്ടുമാത്രമാണ ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഇൻസ്പെക്ടർമാരുടെ ഇപ്പോഴത്തെ ജോലി വിദ്യാലയങ്ങൾ വിദ്യാഭ്യാസകോഡിലെ നിബന്ധനകൾ അനുസരിച്ചാണോ നടത്തിപ്പോരുന്നതു എന്നു നോക്കുകമാത്രമാണ്. പരീക്ഷകൾ നടത്തുക, റിക്കാർഡുകൾ പരിശോധിക്കുക, കണക്കുകൾ നോക്കുക മുതലായ സാധാരണജോലികളാണ അവർ ഇപ്പോൾ ചെയ്യുവരുന്നത്. അവക്ക ഇതിലധികം ഗുണകരമായ ജോലികൾ ചെയ്യാൻ കഴിയും. അവക്ക അദ്ധ്യാപനരീതികളും ഭരണരീതികളും പഠിപ്പിച്ചു അദ്ധ്യാപകന്മാരേയും വിദ്യാലയങ്ങളേയും സഹായിക്കാൻ കഴിയും. ഡിപ്പാർട്ടുമെന്റും വിദ്യാലയങ്ങളും തമ്മിലുള്ള ബന്ധം ദൃഢീകരിക്കുന്നതിന ഇൻസ്പെക്ടർമാർ ഇതിലധികം ജോലിചെയ്യേണ്ടതാണെന്നു ഡിപ്പാർട്ടുമെന്റുവക ഭരണറിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. ഇൻസ്പെക്ടർമാർ വിദ്യാലയങ്ങൾ സന്ദർശിക്കുമ്പോൾ—അവക്ക പിടിപ്പതു ജോലിയുണ്ടെന്നും കുറെക്കാലം അനേകം സ്കൂളുകൾ സന്ദർശിക്കാനുണ്ടെന്നും എനിക്ക അറിയാം————അവർ അദ്ധ്യാപകന്മാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും അദ്ധ്യാപകന്മാരെ പരിഷ്കൃത അദ്ധ്യാപനരീതികൾ പഠിപ്പിക്കുക സ്കൂൾസംബന്ധമായ മററുജോലികൾ ശരിയായി ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ഉപദേശിക്ക, ഇവ ചെയ്താൽ അവക്ക വളരെ സഹായമായിരിക്കും.

ഈ രാജ്യത്തു ട്രെയിനിംഗ് (പരിശീലനം) ലഭിച്ച അദ്ധ്യാപകന്മാർ എത്രയോ ചുരുക്കമാണെന്നുള്ള സംഗതി ആലോചിച്ചാൽ ഇൻസ്പെക്ടർമാരുടേയും ഇൻസ്പെക്ട്രസ്മാരുടേയും നിയന്ത്രണത്തിലും അദ്ധ്യക്ഷതയിലും പല കേന്ദ്രസ്ഥാനങ്ങളിൽ അദ്ധ്യാപകന്മാരുടെ ഈ വക യോഗങ്ങൾ നടത്തുന്നതുകൊണ്ടു ട്രെയിനിംഗിന്റെ ഗുണങ്ങൾ ഉണ്ടാകും. മിഡിൽസ്കൂളുകളുടെ കാര്യത്തിൽ അവയെ സന്ദർശിക്കുന്ന ഇൻസ്പെക്ടർമാർ യഥാർത്ഥത്തിൽ കാര്യക്ഷമതയുള്ളവരും തങ്ങൾ ചെയ്യേണ്ടതെന്താണെന്നു നിശ്ചയമുള്ളവരും ആയിരിക്കണം. ഒന്നാമതായി അവർ തന്നെ നല്ല അദ്ധ്യാപകജോലി അറിയാവുന്ന അദ്ധ്യാപകന്മാരും ഭരണസാമർത്ഥ്യമുള്ളവരും ആയിരിക്കണം. ഇതു അധികം ആശിക്കയായിരിക്കാം. അങ്ങനെയുള്ളവരെ കിട്ടുന്നതു സുസാദ്ധ്യമല്ല. ഇൻസ്പെക്ടർമാരുടെ പരിശോധന വിദ്യാലയങ്ങൾക്കും അദ്ധ്യാപകന്മാക്കും ഇപ്പോഴത്തേക്കാൾ അനുഗ്രഹപ്രദമാക്കണമെന്നുള്ള സംഗതിയിലേക്ക ഗവണ്മെന്റിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും ശ്രദ്ധയെ ആകർഷിക്കണമെന്നുമാത്രമാണ് ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം.

മി. ഇ. ജി. മക്കെല്ലൻ (വിദ്യാഭ്യാസഡയറക്ടർ): മിസ്സസ് കുരുവിളയുടെ പ്രസംഗത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഞാൻ ഈ രാജ്യത്തു ഇതുവരെയും സഞ്ചരിച്ചിട്ടില്ലാത്തതിനാലും ഞാൻ തന്നെ അസിസ്റ്റന്റ് ഇൻസ്പെക്ടർമാരുടെ ജോലി കഴിച്ചിട്ടില്ലാത്തതിനാലും മെമ്പർ പറഞ്ഞപ്രകാരം അവർ അവരുടെ ജോലി ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു പറവാനുള്ള യോഗ്യത എനിക്കില്ലാത്തതാണ് എന്റെ പ്രയാസം. അദ്ധ്യാപകന്മാരെ വഴിനടത്തുകയും വിദേശസമ്പർക്കമില്ലാത്തതിനാൽ നവീനസമ്പ്രദായങ്ങൾ അറിയാത്ത നാട്ടുംപുറത്തെ അദ്ധ്യാപകന്മാരുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഇന്നയിന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വേണമെന്നു ഉപദേശിക്കയും ചെയ്യേണ്ടതു അസിസ്റ്റന്റു ഇൻസ്പെക്ടർമാരുടെ ധർമ്മമാകുന്നു. അങ്ങനെ അവർ ഇപ്പോൾ ചെയ്യുന്നില്ലെങ്കിൽ അവരുടെ ജോലിയുടെ ഭാരവും അവരുടെ അധികാരസീമയുടെ വിശാലതയും ആയിരിക്കണം കാരണം. ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ച സംഗതികൾ ഞാൻ നോട്ടുചെയ്തിരിക്കുന്നു. ഇൻഡ്യയിലെ മററു പ്രദേശങ്ങളിൽ ചെയ്തുവരുന്ന ഏർപ്പാടു ഇവിടെ ചെയ്തുവരുന്നില്ലെങ്കിൽ അങ്ങനെ ചെയ്യാതിരിപ്പാൻ ഞാൻ കാരണമൊന്നും കാണുന്നില്ല.

മിസ്സസ്. എലിസബത്ത് കുരുവിള (ഗവൺമെന്റു നിയമനം): ഈ കാര്യത്തിൽ ഡയറക്ടർ തന്റെ ശ്രദ്ധയെ പതിക്കുമെന്നു കാണുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു. ഉപക്ഷേപം പിൻവലിപ്പാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൨൪൯.

താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: എ. സി. കുര്യാക്കോസ്:

സിൽബന്തിച്ചെലവിന് അനുവദിച്ചിട്ടുള്ള ൯,൭൮൪ രൂപയിൽ ൫ രൂപാ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൨൫൦ മുതൽ ൨൫൩ വരെ.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: പി. എസ്. മഹമ്മദ്:

൨൫൪. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൯,൭൮൪ രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൨൫൫. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൯,൭൮൪ രൂപയിൽ ൫൦ രൂപാ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൨൫൬. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൨,൮൦൦ രൂപയിൽ ൫൦ രൂപകുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൨൫൭ മുതൽ ൨൫൯ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എൻ. കെ. കുഞ്ഞുപിള്ള:

൨൬൦. ഇൻസ്പെക്ട്രസ്സുമാർക്കു അനുവദിച്ചിട്ടുള്ള ൯,൬൩൫ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

൨൬൧. നിയന്ത്രണത്തിന് അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൬ രൂപവിട്ടുകളയണം.

മി: എ. ജി. മേനോൻ:

൨൬൨. നിയന്ത്രണത്തിന് അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൬ രൂപയിൽ ൧,൮൫൫ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൨൬൩.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: പി. എസ്. മഹമ്മദ്:

നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൬ രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൨൬൪ മുതൽ ൨൬൬ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല

മി: വി. ജെ. ഉമ്മൻ:

൨൬൭. നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൬ രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം

മി: കെ. മാധവൻപിള്ള

൨൬൮. നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൬ രൂപയിൽ ൫൦൦ രൂപകുറയ്ക്കണം.

മി: കെ. മാധവൻപിള്ള:

൨൬൯. നിയന്ത്രണത്തിനു അനുവദിച്ചിട്ടുള്ള ൫,൬൬,൯൬൫ രൂപയിൽ ൫൦൦ രൂപകുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൨൭൦. സിൽബന്തിച്ചെലവിന് അനുവദിച്ചിട്ടുള്ള ൫൬,൬൭൮ രൂപയിൽ ൫൦൦ രൂപകുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൨൭൧. മഹാരാജാവു തിരുമനസ്സിലെ സയൻസ് കാളേജിനു അനുവദിച്ചിട്ടുള്ള ൩൭,൦൩൮ രൂപയിൽ ൫൦൦ രൂപകുറയ്ക്കണം.

ഉപക്ഷേപം ൨൭൨.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

സിൽബന്തിച്ചേലവിന് അനുവദിച്ചിട്ടുള്ള സംഖ്യ ൦ രൂപയിൽ ഫ രൂപ കുറയ്ക്കണം.

ഇവിടത്തെ കാളേജിലും മറുസ്ഥാപനങ്ങളിലും ഇൻഡ്യൻഭാഷകൾക്കു കല്പിച്ചിട്ടുള്ള അപ്രാധാന്യത്തെപ്പററി എൻെറ ഇന്നലത്തെ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നു. ആ സംഗതി സ്പഷ്ടമായി കാണിക്കുന്നതിനായിട്ടാണു ഞാൻ ഈ ഉപക്ഷേപത്തെപ്പററി നോട്ടീസു കൊടുത്തത്. ഈ വിഷയത്തെപ്പററി പറയേണ്ടതെല്ലാം ഞാൻ ഇന്നലെ പറഞ്ഞിരിക്കുന്നു എന്നാണു എൻെറ വിശ്വാസം. ഞാൻ പുനഃ പല പറഞ്ഞതിനു മറുപടിയായി ഗവൺമെൻറു എന്താണു പറയുന്നതെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ഇ. ജി. മെക്കല്ലെൻ (വിദ്യാഭ്യാസഡയറക്ടർ): ഇക്കാര്യത്തിൽ ഗവൺമെൻറിനുവേണ്ടി എനിക്കൊരു അഭിപ്രായം പറയാൻ കഴിയുമെന്നു പ്രതീക്ഷിക്കയില്ലെന്നു സ്പഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നു. മെമ്പർ പറഞ്ഞതു ഞാൻ നോട്ടുചെയ്തിരിക്കുന്നു. സാങ്കേതികം ഗൌരവമേറിയ അവയെപ്പററി ഒരഭിപ്രായം ഉണ്ടാവാനോ വേണ്ടുന്നകാലം ഞാൻ ഇവിടെ വന്നിട്ട് കഴിഞ്ഞിട്ടില്ലല്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, മെമ്പറിൻെറ സമാധാനം അശേഷം സ്വീകാര്യമല്ല. ഗവൺമെൻറിൻെറ ഭാഗം സംസാരിക്കാനുള്ള ഒരു മെമ്പർ എഴുന്നേററു നിന്നു ഗവൺമെൻറിനോടു ചോദിക്കുന്ന പ്രസ്താവോചിതമായ ഒരു ചോദ്യത്തിനു മറുപടിപറവാൻ തനിക്കു കഴികയില്ലെന്നു പറയുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. വാദപ്രതിവാദത്തിനിടയിൽ ഉണ്ടാകുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറിൻെറ ഭാഗം മറുപടി പറവാനായി ഇവിടെ വന്നു ഇരിക്കുന്നവർ ആ വക ചോദ്യങ്ങൾക്കു മറുപടിപറവാൻ കഴിയുന്നവർ ആയിരിക്കണമെന്നു നോക്കേണ്ടതു ഗവൺമെൻറിൻെറ ചുമതലയാകുന്നു. മെമ്പർ പറഞ്ഞ മറുപടി അശേഷം സ്വീകാര്യമല്ല.

പ്രെസിഡെൻറു: മിസ്റ്റർ താണുപിള്ള, ഡയറക്ടർ പറഞ്ഞതിൻെറ സാരം ഇതുയെ ഉള്ളൂ എന്നു എനിക്കു തോന്നുന്നു. ഈ സഭയിൽ പല അനൌദ്യോഗസ്ഥമെമ്പർമാർ പ്രസ്താവിച്ച ഈ സംഗതിയെപ്പററി ഒരു തീർച്ചയായ മറുപടിപറയാൻ കഴിയത്തക്കവണ്ണം ആലോചിക്കാൻ സാവകാശം കിട്ടീട്ടില്ലെന്നാണ് മിസ്റ്റർ മെക്കല്ലെൻ പറഞ്ഞതെന്നു ഞാൻ വിചാരിക്കുന്നു. അതിനെപ്പററി ഗവൺമെൻറു ആലോചിച്ചു ഒരു തീർച്ചചെയ്തിട്ടുണ്ടായിരുന്നെങ്കിൽ മി: മെക്കല്ലെൻ അതു സഭയിൽ പ്രസ്താവിക്കാൻ കഴിയുമായിരുന്നു. ഈ സംഗതി വിദ്യാഭ്യാസത്തെപ്പററിയുള്ള വാദത്തിൽ ജനങ്ങളും അവരുടെ പ്രതിനിധികളും ഉൾപ്പെട്ടിട്ടുള്ള ഒരു പ്രധാന വിഷയം ആകുന്നു. അതുകൊണ്ടു അതും ഗവൺമെൻറിൻെറ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കുന്നതാകുന്നു.

മി: ഇ. ജി. മെക്കല്ലെൻ (വിദ്യാഭ്യാസഡയറക്ടർ): ഞാനും, സർ, ഒരുവാക്കു സമാധാനമായി പറഞ്ഞുകൊള്ളട്ടെ. എന്നെപ്പോലെ ഇവിടെ വന്നിട്ടു അല്പകാലംമാത്രം ആയ ഒരാൾക്കു ഈ സഭയിൽ ഹാജരായി മെമ്പർമാരോടു മറുപടിപറയുന്നതു എത്രപ്രയാസമുള്ള ഒരു കാര്യമാണെന്നു മെമ്പർക്കു അറിയാമല്ലോ? ഉപക്ഷേപങ്ങളുടെ പ്രാരംഭലിസ്റ്റ് എനിക്കു കിട്ടീട്ടു അല്പം ചില ദിവസങ്ങളെ ആയിട്ടുള്ളു. അവയെപ്പററി കഴിയുന്നവിവരങ്ങളെല്ലാം പഠിക്കാൻ ഞാൻ തീവ്രശ്രമം ചെയ്തു. നിർഭാഗ്യവശാൽ ഈ ൪൭-ാം നമ്പർ ഉപക്ഷേപം പ്രാരംഭലിസ്റ്റിൽ ഇല്ലായിരുന്ന പത്തെണ്ണത്തിൽ ഒന്നാണ്. അല്ലെങ്കിൽ എനിക്കു അതിനെപ്പററി വല്ലതും പറയാൻ കഴിഞ്ഞേനെ എന്ന് മി. താണുപിള്ളയോടു ഉറപ്പായിപ്പറഞ്ഞുകൊള്ളുന്നു. പ്രാരംഭലിസ്റ്റ് എനിക്കു കിട്ടിയതു മൂന്നോനാലോ ദിവസത്തിനുമുമ്പും അവസാനലിസ്റ്റു എനിക്കു കിട്ടിയതു മിനിഞ്ഞാന്നു വൈകിട്ടുമാത്രവുമായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ സമാധാനത്തെ സംസാരിക്കാൻ മിസ്റ്റർ മെക്കല്ലെനുള്ള സാമർത്ഥ്യത്തെയോ ആ അസാമർത്ഥ്യത്തെയോ പററി ഞാൻ വല്ലതും പറഞ്ഞതായി വിചാരിക്കരുത്. ഗവൺമെൻറു ഭാഗത്തിലിരിക്കുന്ന മെമ്പർമാർ ഇവിടെയുണ്ടാകുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടിപറയാൻ കഴിവുള്ളവരാകുന്നു എന്നാണ് സങ്കല്പം എന്നാണ് എൻെറ വാദം. മി. മെക്കല്ലെനു വിരോധമായി എനിക്കു യാതൊന്നും പറവാനില്ല. വ്യക്തിപരമായി ഡയറക്ടരോടു എനിക്കു യാതൊരു വിരോധവും ഇല്ല. ഇതു സ്പഷ്ടമാണെന്നു വിചാരിക്കുന്നു. മി. മെക്കല്ലെൻ സംസാരിക്കുന്നതിനായി രണ്ടാമതും എഴുന്നേററപ്പോൾ അതു സ്വന്തനിലയിൽ മറുപടിപറയേണ്ടതാണെന്നു അദ്ദേഹം വിചാരിച്ചതായി എനിക്കു തോന്നി. ഈ വിഷയം ഗവൺമെൻറു ഭാഗം ഏതെങ്കിലും മെമ്പർ സ്വന്തനിലയിൽ മറുപടിപറയാനുള്ളതല്ല.

പ്രെസിഡെൻറു: നിങ്ങൾക്കു കൂടുതലായി വല്ലതും പറവാനുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ഉപക്ഷേപത്തെപ്പററി ഞാൻ സെക്രട്ടറിക്കു കാലേക്കൂട്ടിത്തന്നെ നോട്ടീസ് കൊടുത്തിട്ടുണ്ടായിരുന്നു. തക്കസമയം അതിൻെറ വിവരം അതിനോടു ബന്ധപ്പെട്ട ആളെ അറിയിക്കേണ്ടതു അദ്ദേഹത്തിൻെറ ചുമതലയായിരുന്നു. അദ്ദേഹം അതു ചെയ്തിട്ടില്ലെങ്കിൽ ഞാനല്ല ഉത്തരവാദി.

അക്കാര്യംപോകട്ടെ, ഈ ഉപക്ഷേപം കാളേജിൽ ഇൻഡ്യൻഭാഷകളുടെ സ്ഥാനത്തെ സംബന്ധിച്ചതാണ്. ആർട്സ് കാളേജിലേക്കു അനുവദിച്ചിട്ടുള്ള സംഖ്യയെ കുറയ്ക്കുന്നതിനാകുന്നു ഈ ഉപക്ഷേപം. ഞാൻ ഇന്നലെ പറഞ്ഞപ്രകാരം ആ കാളേജിൽ ഇൻഡ്യൻഭാഷകളുടെ ഒരു പ്രൊഫെസർപോലും ഇല്ല. തത്വശാസ്ത്രം ഇംഗ്ലീഷ് മുതലായവിഷയങ്ങൾക്കു പ്രൊഫെസർമാരുണ്ടായിരിക്കെ ഇൻഡ്യൻ ഭാഷകൾക്കു ഒരു പ്രൊഫെസർ ഇല്ലാത്തതിൻെറ രഹസ്യം എനിക്കു മനസ്സിലാകുന്നില്ല. എല്ലാഭാഷകൾക്കുംകൂടിയെങ്കിലും ഒരു പ്രൊഫെസർ വേണ്ടതാണ്. വീണ്ടും ഇൻഡ്യൻ ഭാഷകൾ പഠിപ്പിക്കുന്നവരുടെ സ്ഥാനം മററുഭാഷകൾ പഠിപ്പിക്കുന്നവരുടെതിനേക്കാൾ താണതാണ്. ചരിത്രത്തിൽ ബി. എ. പാസ്സാകുന്ന ഒരാളെ ആദ്യം ട്യൂട്ടറായി നിയമിക്കയും ഒന്നുരണ്ടുവർഷം കഴിഞ്ഞു അസിസ്റ്റൻറു പ്രൊഫസറായി നിയമിച്ചു ൨൦൦ മുതൽ ൩൦൦ വരെ രൂപാ ശമ്പളംകൊടുക്കയും പിന്നെ നാലഞ്ചുവർഷം കഴിഞ്ഞു പ്രൊഫെസ്സറാക്കി ൪൦൦ മുതൽ ൭൦൦ വരെ രൂപാശമ്പളം കൊടുക്കയും ചെയ്തുവരുന്നു. ഇൻഡ്യൻഭാഷകളുടെ ഭാരം വഹിക്കുന്നയാൾ ൨൫൦ രൂപ കൊണ്ടു തൃപ്തിപ്പെട്ടിരിക്കണം. പണത്തിൻെറ കാര്യത്തെ സംബന്ധിച്ചല്ല ഞാൻ സംസാരിക്കുന്നത്. എൻെറ

വാദം അവർക്കുള്ളിച്ചിട്ടുള്ള സ്ഥാനത്തെ സംബന്ധിച്ചാണ്. എന്റെ മാതൃഭാഷയേയും സംസ്കൃതഭാഷയേയും ഇങ്ങനെ ഉപേക്ഷിക്കുന്നതു സങ്കടമാകുന്നു, ഇൻഡ്യൻഭാഷകൾ പഠിപ്പിക്കുന്നവരെ ഇതരവിഷയങ്ങൾ പഠിപ്പിക്കുന്നവർക്ക് തുല്യമായി ഗണിക്കേണ്ടതാണ് ഇതാകുന്നു എന്റെവാദം. ഇതൊരു നിഷ്പ്രയാസകാര്യമാകയാൽ അതിന് തൃപ്തികരമായ ഒരു മറുപടിതരാൻ കഴിയുമെന്നു ഞാൻ വിചാരിച്ചിരുന്നു. അതിൽ സാങ്കേതികമായോ മറ്റോ പ്രയാസങ്ങൾ ഒന്നുമില്ല. ഇക്കാര്യത്തിൽ ഒരു മറുപടി പറയാൻപോലും ഗവൺമെന്റു തെയ്യാറില്ലാത്തതിനാൽ അവർ അതിനെപ്പറ്റി ആലോചിച്ചിട്ടില്ലെന്നു മാത്രമാണല്ലോ പറയുന്നത്—ഈ ഉപക്ഷേപം വോട്ടിനു വെക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പ്രെസിഡെൻറ: നിങ്ങൾ മറുപടിയൊന്നും പറയാനില്ലയൊ, മിസ്റ്റർ മാക്കരെല്ലൻ?

മി. ഇ. ജി. മക്കരെല്ലൻ (വിദ്യാഭ്യാസഡയറക്ടർ: മെമ്പറിന്റെ പ്രസ്താവനകൾ ഞാൻ ഇന്നലെ തന്നെ കുറിച്ചു വെച്ചിട്ടുള്ളതാണ്. അതിനെപ്പറ്റി ആലോചിക്കാമെന്നും ഞാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു മെമ്പർ തൃപ്തിപ്പെടുകയില്ലെങ്കിൽ, കൂടുതലായി എനിക്കൊന്നും പറവാനില്ല.

ഉപക്ഷേപം വോട്ടിട്ടുതള്ളി പാസ്സാക്കി

ഉപക്ഷേപം ൪൭൩.

മി. എം. താണുപിള്ള (തിരുവനന്തപുരം): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു

ട്രെയിനിങ്ങ് കാളേജിനു അനുവദിച്ചിട്ടുള്ള ൧൩,൧൪൪ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

ട്രെയിനിങ്ങ് കാളേജിൽ നിന്നും വേർപെട്ട അണ്ടർഗ്രാഡ്വേററ് അദ്ധ്യാപകന്മാർക്കായി ഒരു പ്രത്യേക ട്രെയിനിങ്ങ് സ്കൂൾ സ്ഥാപിക്കുന്നതിന്റെ അഭിലഷണീയതയെ പ്രസ്താവിക്കുകയാണു ഉദ്ദേശം. എന്റെ ഇന്നലത്തെ പ്രസംഗത്തിൽ ഞാൻ അതിനെപ്പററിയും പ്രസ്താവിച്ചിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നറിവാനായി ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ഇ. ജി. മാക്കരെല്ലൻ (വിദ്യാഭ്യാസ ഡയറക്ടർ): ഇക്കാര്യത്തെപ്പററി ഇതിനുമുമ്പുതന്നെ ഗവൺമെൻറ ആലോചിച്ചിട്ടുള്ളതാണു. അതു നടപ്പിൽകൊണ്ടുവരുന്നതിനു കൂററസ്ഥലം വാങ്ങുന്നതിനുള്ള ആലോചന ഗവൺമെൻറിന്റെ മുമ്പാകെ ഇരിക്കുന്നു. ഈ സഭയുടെ യോഗങ്ങൾ കഴിഞ്ഞാലുടനെ ഞാൻ അതിനെപ്പററിഅന്വേഷിക്കാം.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൪൭൪.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി. പി. എസ്. മഹമ്മദ്

കാളേജ് വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൧,൪൫,൩൧൭ രൂപയിൽ ൧ രൂപകുറയ്ക്കണം.

ഉപക്ഷേപം ൪൭൫

താഴെപ്പറയുന്നഉപക്ഷേപം അവതരിപ്പിച്ചില്ല.

മി. പി. ജെ. ഉമ്മൻ

കാളേജ് വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൧,൪൫,൩൧൭ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൪൭൬

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: പി. എസ്. മഹമ്മദ്

സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൧,൭൭,൨൨൦ രൂപായിൽ ൧ രൂപകുറയ്ക്കണം.

ഉപക്ഷേപം ൪൭൭

വീട്ടുവാടകവകയ്ക്കു അനുവദിച്ചിട്ടുള്ള ൭,൦൦൦ രൂപയിൽ ൧൦൦ രൂപാ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും ദേവികുളവും): സർ, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ കെട്ടിടം വാടകവകയ്ക്കു ചേർത്തിട്ടുള്ള ൭൦൦൦ രൂപയിൽ നിന്നും ൧൦൦ രൂപാ കുറയ്ക്കണമെന്നുള്ള എന്റെ ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ചില ഹൈസ്കൂളുകളിൽ കൂലിക്കു കെട്ടിടം എടുത്തു ക്ലാസ്സുകൾ നടത്തിവരുന്നു. ഈ തുക കൂലിവകയ്ക്കു കൊടുക്കുന്നതിനേക്കാൾ ഇങ്ങനെയുള്ള സ്കൂളുകൾ പ്രൈവററ് മാനേജ്മെൻറിനു വിട്ടുകൊടുക്കുന്നതു അധികം നന്നായിരിക്കും. ഈ സംഗതി പ്രത്യക്ഷപ്പെടുത്താനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

മി: ഇ. ജി. മാക്കരെല്ലൻ (വിദ്യാഭ്യാസ ഡയറക്ടർ): സർ, മെമ്പർ പറഞ്ഞതു ഇനിക്കുകേൾക്കാൻ കഴിയാത്തതുകൊണ്ടുവ്യസനിക്കുന്നു. അദ്ദേഹത്തിനു എന്താണു വേണ്ടതെന്നു ഒരിക്കൽ കൂടി പറഞ്ഞു കേട്ടാൽ കൊള്ളാം.

പ്രെസിഡെൻറ: മി: കയ്യാക്കോസേ, നിങ്ങൾക്കു എന്താണുവേണ്ടതെന്നു ദയവുചെയ്തു ഒരിക്കൽകൂടെ പറയുക.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും ദേവികുളവും): സർ ഹൈസ്കൂൾ നടത്തുന്നവകയ്ക്കു ൭,൦൦൦ രൂപവാടകയിനത്തിൽ കൊടുക്കുന്നതിനായി ബഡ്ജററിൽ ചേർത്തുകാണുന്നു. ഒട്ടുവളരെ ഹൈസ്കൂളുകൾ ഡിപ്പാർട്ടുമെൻറും ബഹുജനങ്ങളും നടത്തുന്നുണ്ട്. അതിനാൽ റെൻറുകൊടുത്തു കെട്ടിടങ്ങൾ എടുത്തു പള്ളിക്കൂടം നടത്തണമെന്നു ആവശ്യം നേരിടുന്നസ്ഥലങ്ങളിൽ പൊതുജനങ്ങൾ അതു ഏറെറടുത്തു നടത്താൻ തയ്യാറുണ്ടെങ്കിൽ അവർക്കു അതു വിട്ടുകൊടുക്കയാണു നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ഈ വകയ്ക്കുള്ള ചെലവു കുറയ്ക്കുന്നതിനു ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധപതിയണമെന്നുള്ളതു ഒരു പ്രധാനകാര്യമാണ്, വാടകയ്ക്കുകെട്ടിടം എടുത്തു ഹൈസ്കൂൾ നടത്തേണ്ട ആവശ്യം ഇല്ലതന്നെ. ഈസംഗതിഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്. എന്റെ ആശയം വിശദമായി ഏറ്റുന്നതാൻകരുതുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവമെൻറു ചീഫ് സെക്രട്ടറി): അച്ചടിയിൽ ഒരു തെറ്റുവന്നുപോയിട്ടുണ്ടെന്നുള്ള സംഗതി പ്രസ്താവിച്ചുകൊള്ളുന്നു, ബഡ്ജറ്റു അച്ചടിച്ചപ്പോൾ അക്ഷരങ്ങൾ തെറ്റിപ്പോയി. ൫,൦൦൦ രൂപാ സാമാനങ്ങൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമാണ്. വാടകയുടെ സംഖ്യ ൧,൧൬൨ രൂപയാണ്.

മി. എ. സി. കയ്യാക്കോസ് (മീനച്ചലും ദേവികുളവും): ഞാൻ ഇതിൽ നിന്നും മനസ്സിലാക്കിയ രീതിയിൽ ഈ ഉപക്ഷേപം അയച്ചു് കാര്യം ചിന്താവിഷയമാക്കി എന്നേയുള്ളു. എനിക്കുഇതിൽ യാതൊരു നിർബന്ധവുമില്ല. ചെലവുചെയ്യുന്നതു് അത്യാവശ്യങ്ങൾ എന്നു ബോദ്ധ്യപ്പെടുത്താവുന്ന വിധത്തിൽ ആയിരിക്കണമെന്നു മാത്രമേ ഞാൻ സിദ്ധാന്തിക്കുന്നുള്ളു.

പ്രെസിഡെൻറ്: ആയിരമായാലും അയ്യായിരമായാലും അദ്ദേഹത്തിൻെറ വാദത്തിനു ന്യൂനതയില്ല.

എന്താണ് നിങ്ങൾ പറയുന്നതു മിസ്റ്റർ മക്കെല്ലെൻ?

മി: ഇ. ജി. മക്കെല്ലെൻ (വിദ്യാഭ്യാസഡയറക്ടർ): തൃപ്തികരമായ സ്വകാര്യ ആളുകൾ മുന്നോട്ടു വരുന്ന സ്ഥലങ്ങളിൽ ഗവമെൻറു വാടകകൊടുത്തു കെട്ടിടങ്ങൾ എടുക്കയില്ലെന്നു പ്രത്യക്ഷമാണ്. അതു സാധാരണ ബുദ്ധികൊണ്ടറിയാം. വാടകകൊടുക്കാൻ അവശ്യമില്ലാത്ത സ്ഥലങ്ങളിൽ വാടകകൊടുക്കുന്നതിൻെറ ദൃഷ്ടാന്തങ്ങൾ മി: കയ്യാക്കോസ് പറയുമെങ്കിൽ അതിനെപ്പററി ഞാൻ തീർച്ചയായും അന്വേഷണം നടത്തും. അനാവശ്യമായി പണം ചെലവാക്കണമെന്നു ഗവമെൻറിനു വിചാരമില്ല: മെമ്പർ വിവരം തരുമെങ്കിൽ അദ്ദേഹം ആവശ്യപ്പെടുന്നതു ചെയ്തുകൊടുക്കാൻ ഞാൻ തയ്യാറാണ്.

മി: എ. സി. കയ്യാക്കോസ് (മീനച്ചലും ദേവികുളവും): ഉപക്ഷേപം പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഈ അദ്ധ്യായത്തിനു് അനുവദിച്ച സമയം കഴിഞ്ഞുപോകയാൽ താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ കാലഹരണപ്പെട്ടുപോയി

ഉപക്ഷേപങ്ങൾ ൪൭൮ മുതൽ ൫൧൨ വരെ

മി: മുരവേലിൽപാച്ചുപിള്ള

൪൭൮ ആൺകുട്ടികളുടെ ഇംഗ്ലീഷ് ഹൈസ്കൂളുകൾക്കു അനുവദിച്ചിട്ടുള്ള ൨,൧൮,൧൦൧ രൂപായിൽ ഒരു രൂപകുറയ്ക്കണം.

മി: താമരപ്പള്ളിൽകൊച്ചുതൊമ്മൻ.

൪൭൯ പെൺകുട്ടികളുടെ ഇംഗ്ലീഷ്മിഡിൽസ്കൂളുകൾക്കു അനുവദിച്ചിട്ടുള്ള ൨൧,൮൭൦ രൂപയിൽ ൨൦ രൂപകുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൪൮൦ ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൫,൨൩,൩൨൯ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൪൮൧ സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൩,൧൦,൪൪൮ രൂപയിൽ ൧൦ രൂപ കുറയ്ക്കണം

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ.

൪൮൨ മാനുവൽട്രെയിനിംഗ് അദ്ധ്യാപകന്മാരുടെ ലോക്കൽ അലവൻസിനു അനുവദിച്ചിട്ടുള്ള ൨,൪൨൪ രൂപ വിട്ടുകളയണം.

മി: പി. എസ്. മഹമ്മദ്.

൪൮൩ ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകന്മാർക്കും അനുവദിച്ചിട്ടുള്ള ൩,൭൨,൭൨൯ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്.

൪൮൪ ആൺകുട്ടികളുടെ നാട്ടുഭാഷാപ്രാഥമിക വിദ്യാലയങ്ങൾക്കു അനുവദിച്ചിട്ടുള്ള ൮,൧൮,൮൧൨ രൂപയിൽ ൧ രൂപകുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്.

൪൮൫ പെൺകുട്ടികളുടെ നാട്ടുഭാഷാപ്രാഥമിക വിദ്യാലയങ്ങൾക്കനുവദിച്ചിട്ടുള്ള ൨,൪൯,൨൬൬ രൂപയിൽ ൧ രൂപകുറയ്ക്കണം.

മി: എസ്. പിറവിപെരുമാൾപിള്ള.

൪൮൬ നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൨൦,൫൧,൫൪൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപിള്ള.

൪൮൭ നാട്ടുഭാഷാ സ്കൂൾവിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൨൦,൫൧,൫൪൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള

൪൮൮ നാട്ടുഭാഷാ സ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൨൦,൫൧,൫൪൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്

൪൮൯ നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൨൦,൫൧,൫൪൬ രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൪൯൦ നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൨൦,൫൧,൫൪൬ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൯൧ നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൭൦,൩൧,൩൮൬ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൨൯൨ നാട്ടുഭാഷാസ്കൂൾ വിദ്യാഭ്യാസത്തിനു അനുവദിച്ചിട്ടുള്ള ൭൦,൩൧,൩൮൬ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്.

൨൯൩ ടെക്സ്റ്റ്ബുക്ക് കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൭൬൮ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ.

൨൯൪ ടെക്സ്റ്റ് ബുക്ക് കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൧൯൬൮ രൂപ വിട്ടുകളയണം.

മി: എ. താണുപിള്ള.

൨൯൫ ടെക്സ്റ്റ് ബുക്ക് കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൧൯൬൮ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

൨൯൬ ടെക്സ്റ്റ്ബുക്ക് കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൧൯൬൮ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്.

൨൯൭ സഹായധനത്തിനു അനുവദിച്ചിട്ടുള്ള ൧൮,൭൬,൭൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മിസ്സസ് എലിശബത്ത് കുരുവിള.

൨൯൮ സഹായധനത്തിനു അനുവദിച്ചിട്ടുള്ള ൧൮,൬൨,൭൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മിസ്സസ് എലിശബത്ത് കുരുവിള.

൩൦൦ സഹായധനത്തിനു അനുവദിച്ചിട്ടുള്ള ൧൮,൭൬,൭൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്.

൩൦൧ അദ്ധ്യാപക പ്രൊവിഡന്റ ഫണ്ടിനു അനുവദിച്ചിട്ടുള്ള ൭,൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൩൦൨ മലയാളം പാഠപുസ്തകങ്ങളും കാപ്പിബുക്കുകളും അച്ചടിക്കുന്നതിനു അനുവദിച്ചിട്ടുള്ള ൫,൦൭൧ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എൻ. കെ. കൃഷ്ണപിള്ള.

൩൦൩ നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളപരിഷ്കാരം സംബന്ധിച്ച് പ്രത്യേക ഉദ്യോഗസ്ഥന്മാർക്ക് അനുവദിച്ചിട്ടുള്ള ൬൫൦ രൂപ വിട്ടുകളയണം.

മി: എ. സി. കുര്യാക്കോസ്.

൩൦൪ ബെനാമിസ് സ്വത്തുകൾ കൊടുക്കാൻ അനുവദിച്ചിട്ടുള്ള ൧൦൧൯൯ രൂപ വിട്ടുകളയണം.

മി: ജി. പി. നീലകണ്ഠപ്പിള്ള.

൩൦൫ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള.

൩൦൬ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മിസ്സസ് എലിശബത്ത് കുരുവിള.

൩൦൭ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: ടി. സി. കേശവപിള്ള.

൩൦൮ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൩൦൯ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൩൧൦ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ.

൩൧൧ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: വി. എസ്. കൃഷ്ണപിള്ള.

൩൧൨ പന്ത്രണ്ടാം അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨൫,൨൬,൨൭൧ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രസിഡന്റ: ഈ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞു. അതുകൊണ്ടു പന്ത്രണ്ടാം നമ്പർ അഭ്യർത്ഥന—വിദ്യാഭ്യാസം—൨൫,൨൬,൨൭൧ രൂപ യ്ക്കുള്ളതു ഒരു രൂപ കുറച്ചു അനുവദിക്കുന്നതിനായി സഭാമുമ്പാകെ വെക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

അഭ്യർത്ഥന ൧൩—കൃഷിയും മത്സ്യവ്യവസായവും.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : കൃഷിയും മത്സ്യവ്യവസായവും എന്ന ൧൩-ാം അഭ്യർത്ഥനയ്ക്കു ൨൦൮,൬൨൦ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഉപക്ഷേപം ൬൧൩.

മി: ആർ. രാമൻപിള്ള (കോട്ടയം) : താലൂക്കുകൾതോറും കൃഷിപാഠശാലകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പററി വാദംനടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ് ഹെഡ്ക്ലാർക്കിന്റെ ശമ്പളത്തിനനുവദിച്ചിട്ടുള്ള ൩,൪൯൭ രൂപയിൽ ഒരു രൂപ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപംകൊണ്ടു വന്നിട്ടുള്ളത്. അതു ക്രമവിരുദ്ധമല്ലെങ്കിൽ ഞാൻ അവതരിപ്പിക്കാം.

പ്രെസിഡണ്ട്: അതു ക്രമവിരുദ്ധമാകുന്നു.

ഉപക്ഷേപം ൬൧൪.

മെമ്പർ ഹാജരില്ലാതിരുന്നതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

ഹെഡ് ക്ലാർക്കുമാരായവർക്ക് അനുവദിച്ചിട്ടുള്ള ൩,൪൯൭ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൬൧൫-ം ൬൧൬-ം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൬൧൫. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൨,൩൯൯ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ആർ. കേശവപിള്ള.

൬൧൬ സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൨,൩൯൯ രൂപയിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൬൧൭.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൨,൩൯൯ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൬൧൮ മുതൽ ൬൨൦ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: വി. ജെ. ഉമ്മൻ:

൬൧൮. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൨,൩൯൯ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൬൧൯. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൨,൩൯൯ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: വി. ചെല്ലംപിള്ള:

൬൨൦. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൨൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൬൨൧-ം ൬൨൨-ം

മെംബർമാർ ഹാജരില്ലാതിരുന്നതിനാൽ താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: കെ. സി. കരുണാകരൻ:

൬൨൧. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൨൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ് മഹമ്മദ്:

൬൨൨. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൨൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപങ്ങൾ ൬൨൩ മുതൽ ൬൨൫ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എ. സി. കുര്യാക്കോസ്:

൬൨൩. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൨൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൬൨൪. തൊഴിലാളികളുടെ സംഘത്തിനു അനുവദിച്ചിട്ടുള്ള ൨൦൯൨ രൂപ വിട്ടുകളയണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൬൨൫. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൩,൧൩൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൬൨൬.

മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൩,൧൩൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: മുരമേലിൽ പാച്ചുപിള്ള (ചേർത്തല): ഡിമാൻഡു ചെയ്തിട്ടുള്ള ൩൩,൧൩൩ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിന്റെ ഉദ്ദേശം പ്രധാനമായി ഡിപ്പാർട്ടുമെന്റിനെ നടത്തിപ്പിനെപ്പററി പ്രതിപാദിക്കുന്നതിനാണ്.

സർ, ഈ ഡിപ്പാർട്ടുമെന്റു ഇവിടെ സ്ഥാപിച്ചിട്ടു ഇപ്പോൾ വളരെ കാലമായിട്ടുണ്ടെങ്കിലും ഇതുകൊണ്ടു സിദ്ധിക്കേണ്ടതായ പ്രയോജനം ഈ രാജ്യവാസികൾക്ക ഇപ്പോഴും വേണ്ടപോലെ സിദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. ഇതു ഒരു കർഷകരാജ്യമാണ്. അങ്ങിനെയുള്ള ഒരു രാജ്യത്തു ജനങ്ങളുടെ നിത്യവൃത്തിക്ക കൂടുതൽ പ്രയോജനകരമാകത്തക്കവണ്ണം കൃഷിയെ അഭിവൃദ്ധിപ്പെടുത്താനുള്ള സകല ശ്രമങ്ങളും ചെയ്യേണ്ടതു് ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാകുന്നു. ഈ ഡിപ്പാർട്ടുമെന്റിലേക്കുവേണ്ടി ആണ്ടുതോറും കുറെ രൂപ ചിലവുചെയ്തുകൊണ്ടിരിക്കുന്നു എന്നിരുന്നാലും അതിനനുസരണമായ പ്രയോജനം ജനങ്ങൾക്ക സിദ്ധിക്കുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഈ ഡിപ്പാർട്ടുമെന്റിൽ പാശ്ചാത്യദേശങ്ങളിൽ പോയി കൃഷിസംബന്ധമായ സകല അറിവുകളും സമ്പാദിച്ചിട്ടുള്ള ഒരു ഡയറക്ടർ നമുക്കുണ്ട്. അതുപോലെതന്നെ പാശ്ചാത്യദേശങ്ങളിൽ പോയി താമസിച്ചു അവിടത്തെ കൃഷിസമ്പ്രദായങ്ങളെല്ലാം അഭ്യസിച്ചു പരീക്ഷ ജയിച്ചുവന്നിട്ടുള്ള ഒരു അസിസ്റ്റന്റും അദ്ദേഹത്തിനുണ്ട്. ഇനിയും ഈ ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടാകുമ്പോൾ നിയമിക്കത്തക്കവണ്ണം പാശ്ചാത്യരാജ്യങ്ങളിൽ പോയി കൃഷിപരിശീലനം നടത്തിയിട്ടുള്ള വേറെ ഒരാൾ സ്ഥിരം ജോലി കിട്ടാതെ അഗ്രിക്കൾച്ചറൽ ചിലർപ്പാടായി ജോലിനോക്കിക്കൊണ്ടും ഇരിക്കുന്നു. ഇങ്ങിനെയിരിക്കുമ്പോൾ ഇനിയും ഒരാളെ വിദേശത്തു അയച്ചു കൃഷിസമ്പ്രദായം പരിശീലിപ്പിച്ചുവരാൻ നിശ്ചയിച്ചു അതിലേക്കു സ്റ്റഡിലീവും അലവൻസും കൊടുക്കാൻ ഒരു വലിയസംഖ്യ ബഡ്ജറ്റിൽ ചേർത്തിരിക്കുന്നതായിട്ടു കാണുന്നു. സർ, ഇപ്പോൾ ഇവിടെ പാശ്ചാത്യ കൃഷിസമ്പ്രദായം അഭ്യസിച്ചിട്ടുള്ള ആളുകളുടെ കുറവുണ്ടെന്നു പറവാൻ നിവൃത്തിയില്ല. ഡിപ്പാർട്ടുമെന്റിൽതന്നെ ഇപ്പോൾ അങ്ങിനെയുള്ള ആളുകളുണ്ട്. ഈ സ്ഥിതിക്കു ഇനിയും ഒരാളെ ഗവർമ്മെന്റുചിലവിൽ അന്യരാജ്യങ്ങളിലയച്ചു പഠിപ്പിച്ചുവരുത്തേണ്ട ആവശ്യമുണ്ടോ എന്നുള്ള സംഗതി ഗവർമ്മെന്റു പ്രത്യേകം ആലോചിക്കേണ്ടതാണ്. അഥവാ അങ്ങിനെയുള്ളവർ ഇനിയും വേണ്ടിയിരുന്നാൽതന്നെയും പഠിച്ചു തിരിച്ചുവന്നാൽ ഉദ്യോഗം നൽകാമെന്നു ഒരു ഉറപ്പു കൊടുക്കുന്നപക്ഷം സ്വന്തചിലവിന്മേൽ പോയി പഠിച്ചുവരുന്നതിനു ആളുകൾ ധാരാളമുണ്ട്. ഏക്സ്‌റേ പരിശോധനസംബന്ധിച്ചു മെഡിക്കൽഡിപ്പാർട്ടുമെന്റിൽ അപ്രകാരമാണു ചെയ്തതു്. വിദേശത്തുപോയി പഠിച്ചു തിരിയെ വരുന്നപക്ഷം ഇന്നശമ്പളം കൊടുത്തുകൊള്ളാമെന്നും മറ്റും ഉറപ്പുകൊടുത്തതിന്റെ ഫലമായി ഒരാൾ പോയി പഠിച്ചുവരികയും അയാളെ ഏക്സ്‌റേവകുപ്പിൽ നിയമിക്കയും ചെയ്തിട്ടുണ്ട്. ഈ കാരണങ്ങളാൽ ഗവർമ്മെന്റുചിലവിന്മേൽ ഒരാളെ വിദേശത്തു അയച്ചു പഠിപ്പിച്ചു വരുത്തേണ്ട ഒരാവശ്യവും ഞാൻ കാണുന്നില്ല. ഈ സംഗതി ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതാകുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, എനിക്കുള്ള ചില നിർദ്ദേശങ്ങളെക്കൂടെ ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു ഞാൻ ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളുന്നു. ഈ കർഷകരാജ്യത്തു ഇപ്പോൾ ഏതാനും കൃഷിപാഠശാലകൾ ഏർപ്പെടുത്തി നടത്തിവരുന്നുണ്ട്. അതുകൊണ്ടു രാജ്യം ഒട്ടുക്കുള്ള ജനങ്ങൾക്കു വേണ്ടത്ര പ്രയോജനം സിദ്ധിക്കുന്നില്ല. വടക്കൻ തിരുവിതാംകൂറിൽ ഒരു കൃഷിപാഠശാല സ്ഥാപിക്കേണ്ടതാണെന്നു ഞാൻ ഇതിനുമുമ്പു ഒരവസരത്തിൽ ഈ കൗൺസിലിൽവച്ചു തന്നെയും പറഞ്ഞിട്ടുണ്ട്. മരിച്ചുപോയ ദിവാൻജിയുടെ അടുക്കലും ആവശ്യപ്പെട്ടതിൽ അങ്ങിനെ ഒന്നു സ്ഥാപിച്ചുതരാമെന്നു മുഖദാവിൽ എന്നോടു വാഗ്ദത്തം ചെയ്യുകയുണ്ടായി. എന്നാൽ ഇതുവരെയായിട്ടും ആ വാഗ്ദത്തം നിറവേറ്റിക്കിട്ടിയിട്ടില്ല. അതുകൊണ്ടു കോട്ടയംഡിവിഷനിലേക്കു ഒരു കൃഷി പാഠശാല സ്ഥാപിച്ചുകിട്ടണമെന്നുള്ള കോട്ടയം ദിക്‌വാസികളുടെ അപേക്ഷയെ ഞാൻ ഈ കൗൺസിൽമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. എന്നാൽ കോട്ടയം ഡിവിഷനിൽ ഒരു സ്കൂൾ ഉണ്ടെന്നു പറയുമായിരിക്കും. അതു കോട്ടയം ഡിവിഷനിൽ തന്നെയാണെങ്കിലും കൊച്ചിരാജ്യത്തിനകത്താണു സ്ഥാപിച്ചിട്ടുള്ളതു്. തിരുവിതാംകൂർ എന്ന പേരേയുള്ളു. അതുകൊണ്ടു പ്രയോജനമില്ല. അതിനെ അവിടെനിന്നും മാറ്റികിട്ടണമെന്നു അഭിപ്രായമെനിക്കില്ല. അതിനാൽ കോട്ടയം, ഏറ്റുമാനൂർ, മീനച്ചൽ ഈ സ്ഥലങ്ങളുടെമദ്ധ്യേ എവിടെയെങ്കിലും ഒരു കൃഷിപാഠശാല ഉണ്ടാക്കിത്തരണമെന്നുള്ള അപേക്ഷയെ ഞാൻ ഇവിടെ അറിയിച്ചുകൊള്ളുന്നു.

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. കൃഷിപാഠശാലയിൽ പ്രത്യേകമായ താല്പര്യം ഉത്തരതിരുവിതാംകൂറിലെ കൃഷിക്കാർക്കുണ്ടെന്നും ഉത്തരതിരുവിതാംകൂറിൽ ആലുവായിൽമാത്രം ഒരു കൃഷിപാഠശാല ഉള്ളതുകൊണ്ടു അവിടെച്ചെന്നു പരിഷ്കൃതകൃഷിസമ്പ്രദായം പരിചയിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭിക്കുന്നില്ലെന്നും, ഉള്ള സംഗതി ഞാനും ഈ സഭയിൽ പ്രസ്താവിച്ചുകൊള്ളുന്നു. ചങ്ങനാശ്ശേരിക്കു വടക്കുവശമുള്ള താലൂക്കുകളിൽ അധികംഭാഗവും ഇപ്പോഴും നന്നായി കൃഷിനടക്കുന്ന പ്രദേശങ്ങളായിട്ടാണ് ഇരിക്കുന്നതു്. ബാക്കിയുള്ള ഭാഗങ്ങൾ കൃഷി ചെയ്യപ്പെടാവുന്നവയായിട്ടും കാണുന്നുണ്ട്. കർഷകവൃത്തികൊണ്ടുതന്നെ കാലംകഴിക്കുന്ന പ്രദേശങ്ങളിൽ തെങ്ങു വൃക്ഷത്തിനു പിടിപെട്ടിരിക്കുന്ന രോഗത്തിനു ഒരു പ്രതിവിധിയില്ലാതെ ആയതു വർദ്ധിച്ചു വളരെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കയാണ്. അതിലേക്കു വേണ്ട പരിഹാരമുണ്ടാക്കാൻ ഡിപ്പാർട്ടുമെന്റിൽനിന്നും മുമ്പുതന്നെ പലതും ചെയ്യുന്നുണ്ടെങ്കിലും അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. ഉണ്ടാകുന്ന ലക്ഷണവുമില്ല. കൃഷിവിഷയകമായ പ്രവൃത്തനങ്ങൾ ശാസ്ത്രരീത്യാ മനസ്സിലായിട്ടുള്ള ആളുകൾക്കു ഈ വ്യവസായത്തെ ഗുണകരമായി നടത്തിച്ചുകൊണ്ടുപോകാൻ കഴിയും. എന്നാൽ ആലുവായിൽമാത്രം ഒരു സ്കൂൾ ഉണ്ടായിരിക്കുന്നതുകൊണ്ടു അതിനു പര്യാപ്തമായ ഗുണം ലഭിക്കുന്നതല്ല. അതുകൊണ്ടു മി. ആർ. രാമൻപിള്ള പ്രസ്താവിച്ചതുപോലെ ഏറ്റുമാനൂരും ആലുവാ താലൂക്കിനും തിരുവല്ലാ താലൂക്കിനു വടക്കുമുള്ള പ്രദേശങ്ങളുടെ മദ്ധ്യഭാഗത്തു് അതായതു കോട്ടയം, മീനച്ചൽ, മൂവാറ്റുപുഴ, തൊടുപുഴ ഈ പ്രദേശങ്ങളുടെ അന്തരാളത്തിൽ എവിടെയെങ്കിലും ഒരു പാഠശാല കൂടിയെങ്കിലും സ്ഥാപിച്ചുതരേണ്ടതു അത്യാവശ്യമായ ഒരു സംഗതിയാകുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): തൊടുപുഴയിൽനിന്നു ആലുവായ്ക്കു എത്ര ദൂരമുണ്ടെന്നറിയാമോ?

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): എനിക്കു നിശ്ചയമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഉദ്ദേശമെങ്കിലും പറയാമോ?

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): ഉദ്ദേശം [illegible] മൈൽ ഉണ്ടെന്നാണ് തോന്നുന്നതു്.

മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയത്തു നിന്നും എത്ര മൈലുണ്ടു്?

മി: ഏ. സി. കയ്യാക്കോസ് (മീനച്ചിലും-ദേവികുളവും): അതു എനിക്കു അത്ര നിശ്ചയമില്ല.

അതുകൊണ്ടു ഈ സംഗതി ഡിപ്പാർട്ടുമെന്റിന്റെയും ഗവർമ്മെന്റിന്റെയും ശ്രദ്ധയിൽ പതിപ്പിക്കുകയും, ഇതിനു ശരിയായ ഒരു തീരുമാനം ഉണ്ടാക്കുകയും ചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും). സർ, ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു കൃഷിസംബന്ധമായ ചില കാര്യങ്ങൾ ഈ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നു. കൃഷിപാഠശാലകൾ രാജ്യത്തിൽ ചില ഭാഗങ്ങളിൽ വളരെ വലുതായ നിലയിൽ സ്ഥാപിക്കുന്നതിനെക്കാൾ വിദ്യാഭ്യാസസംബന്ധമായ ചില പുതിയ നിർദ്ദേശങ്ങൾ ഞാൻ ഇവിടെ വിവരിച്ചപ്പോൾ പറഞ്ഞിട്ടുള്ളതുപോലെ എല്ലാ താലൂക്കുകളിലും ഓരോ പാഠശാലകൾ സ്ഥാപിക്കയാണ് ഉത്തമമായിട്ടുള്ളത്. മററു വിദ്യാലയങ്ങളോടുചേർത്തു കൃഷി പരിശീലനം നൽകുന്നതിനു വേണ്ട വ്യവസ്ഥ ചെയ്താൽ മതി. കൃഷിവിഷയത്തിൽ പ്രായോഗിക ജ്ഞാനം നൽകുന്നതിനാണ് പ്രധാനമായി ശ്രദ്ധിക്കേണ്ടത്. അതില്ലാതെ ശാസ്ത്രീയജ്ഞാനം മാത്രമുള്ളതുകൊണ്ടു വിശേഷമില്ല. ഒന്നാമതായി ബാല്യത്തിൽ കൃഷിയിൽ അഭിരുചിയും വാസനയുമുണ്ടാകണം. അല്ലാതെ അതിൽ വിരക്തിയുണ്ടായിട്ടു പുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന ശാസ്ത്രീയജ്ഞാനം കൃഷിയിൽ തല്പരന്മാരാക്കിത്തീർക്കയില്ല. ബാല്യത്തിൽതന്നെ തോട്ടങ്ങളും വയലുകളുമായടുത്തു അവയിലുണ്ടാകുന്ന പുഷ്പങ്ങളും ഫലങ്ങളും കണ്ടും കൃഷിയിലും കൃഷിവിഷയകമായ കാര്യങ്ങളിൽ ഒരു അഭിനിവേശം ജനിക്കത്തക്കവണ്ണം ഈ കർഷകരാജ്യത്തിലെ വിദ്യാർത്ഥികളെ ശീലിപ്പിക്കണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൃഷിപാഠശാലകളിൽ കിളയ്ക്കുന്നതും മററും പഠിപ്പിക്കുന്നതായിട്ടറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വെറും കായികമായ പരിശ്രമങ്ങളിൽ ഏർപ്പെട്ടാൽ മാത്രം പോരാ. കൃഷി പ്രായോഗികമായി ചെയ്തു ശീലിപ്പിച്ചു ബാലന്മാർക്കു അതിൽ അഭിരുചിയുണ്ടാക്കണം. അതു ഒരിടത്തോ രണ്ടിടത്തോ മാത്രമായാൽ പോരുന്നതുമില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൃഷിപാഠശാലകളിൽ കൃഷി പ്രായോഗികമായി പഠിപ്പിക്കുന്നുണ്ടെന്നറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ആലുവായിൽ എന്തു നടക്കുന്നു എന്നു എനിക്കറിയാം. ചിലതരം കൃഷികളൊക്കെ അവിടെ ചെയ്യുന്നുണ്ടു. അതു മിക്കപ്പോഴും വെള്ളം കയറി ചീഞ്ഞും മററും നഷ്ടത്തിലാണ് കലാശിക്കാറുള്ളത്. ആ സ്ഥലത്തിന്റെ രണ്ടു വശവും ആറാണ്. ആ സ്ഥലമൊന്നുമാററണം. അവിടെയും പുസ്തകത്തിലാണു അധികം പഠനം നടക്കുന്നത്. പ്രായോഗികമായ പരിശീലനം വളരെ കുറവാണ്.

ഒരു രാജ്യത്തെ പ്രധാന തൊഴിൽ എന്താണോ ആ തൊഴിലിൽ തന്നെ ബാലന്മാർക്കു പരിശീലനം നൽകണം. ഇവിടെയാകട്ടെ വിദ്യാഭ്യാസജീവിതം കഴിഞ്ഞു വെളിയിൽ വരുന്നവർ ഇവിടത്തെ തൊഴിലിനെ വെറുക്കുന്നവരായിട്ടാണ് സാധാരണ കാണപ്പെടുന്നത്. അധികം പ്രയാസങ്ങൾ ഉള്ളതും വെയിലും മഴയും മഞ്ഞും ഏററു് ചെളിയും, മുള്ളും, കല്ലും വക വെക്കാതെ നിരന്തരം അദ്ധ്വാനം ആവശ്യമുള്ളതുമായ കൃഷിത്തൊഴിലിനെ വെറുക്കുന്നു. എങ്ങിനെയും ഒരുദ്യോഗം കരസ്ഥമാക്കിയാൽ മതി എന്നാണു അവരുടെ വിചാരം. എന്നാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ അവർ വിദ്യാഭ്യാസ കാലത്തിൽ തന്നെ കൃഷിയിലും ഇടപെട്ടു കൃഷിയിൽനിന്നും മനസ്സിനുണ്ടാകുന്ന ആനന്ദം അനുഭവിച്ചു ശീലിച്ചിരുന്നെങ്കിൽ ആ തൊഴിലിൽ അവർക്കു അഭിരുചിയുണ്ടാകയും അവർ വിദ്യാലയം വിട്ടു പുറത്തിറങ്ങുമ്പോൾ കൃഷിത്തൊഴിലിനെ വെറുക്കാതിരിക്കയും ചെയ്യുമായിരുന്നു. കൃഷി ഈ രാജ്യത്തെ വിദ്യാഭ്യാസമുള്ളവരുടെ തൊഴിലല്ലെന്നു വന്നിരിക്കുന്നു. വിദ്യാഭ്യാസമുള്ളവർ തൊഴിലിൽ പ്രവേശിക്കുമ്പോൾ ആ തൊഴിലിനു അഭിവൃദ്ധിയുണ്ടാകും. അതുകൊണ്ടു ഓരോ താലൂക്കുകളുടെയും തലസ്ഥാനത്തുള്ള സ്കൂളുകളിൽ കൃഷിവിഷയം ഐച്ഛികമായി പഠിപ്പിക്കുകയും നല്ല പരിശീലനം നൽകുകയും ചെയ്യണം. ഐച്ഛികമായി പഠിപ്പിക്കുന്നതിനു വ്യവസ്ഥചെയ്താൽ കൃഷിക്കാരുടെ സന്താനങ്ങൾ അതു പഠിച്ചുകൊള്ളും. മെഡിക്കൽ ലയിനിലൊ ലായിലോ പഠിക്കണമെന്നുള്ളവരെ നിർബന്ധിക്കേണ്ട. കൃഷിക്കാരുടെ സന്താനങ്ങൾക്കു കൃഷി പ്രായോഗികമായി അഭ്യസിക്കുന്നതിനു സൌകര്യം ഉണ്ടാകുമല്ലോ.

ഓരോ വിദ്യാലയങ്ങളോടും പത്തോ പതിനഞ്ചോ ഏക്കർ ഭൂമി ഒഴിച്ചിട്ടു കൃഷി പ്രായോഗികമായി പരിശീലിപ്പിക്കുന്നതിനു ഇവിടെ സ്ഥലദൌർലഭ്യമില്ല. തരിശുഭൂമിയുണ്ടെങ്കിൽ അങ്ങിനെ, അല്ലെങ്കിൽ ജനങ്ങളോടുതന്നെ കുറഞ്ഞ പാട്ടത്തിനെടുക്കാം. ഇതൊന്നുമില്ലാത്തപക്ഷം പൊന്നുംവിലകൊടുത്തു ഭൂമിയെടുത്താലും തരക്കേടില്ല. ഈ നിലയിൽ വേണം കൃഷി പ്രായോഗികമായി പഠിപ്പിക്കാൻ. രാജ്യത്തിന്റെ ഒരററത്തുമാത്രം ഒരു വിദ്യാലയമുണ്ടായിരിക്കുന്നതുകൊണ്ടു വിശേഷമില്ല; പത്തു മയിലായാലും ഒരു മയിലായാലും ദിനംപ്രതിപോയി പഠിക്കാൻ സാധിക്കാതെവന്നാൽ ഒരുപോലെയാണു ഫലം. എല്ലാ വിദ്യാലയങ്ങളോടും ചേർത്തു കൃഷിവിഷയം അഭ്യസിപ്പിക്കാൻ സ്ഥലമെടുക്കുന്നതിനു തൽക്കാലം സാധിക്കുകയില്ലെങ്കിൽ ഏതാനും താലൂക്കുകളിലെങ്കിലും പരീക്ഷിച്ചുനോക്കണം. കുറെ കഴിയുമ്പോൾ അനുഭവം കണ്ടു വർദ്ധിപ്പിക്കാം. ഇപ്പോൾ എല്ലാ താലൂക്കുകളിലും കൃഷി ഇൻസ്പെക്ടർമാരുണ്ട്; അവരുടെ ഉപദേശം കേൾക്കാൻ ആളുകൾ തയ്യാറില്ല; അവരുടെ ഉപദേശങ്ങൾ പ്രായോഗികങ്ങളല്ലെന്ന് ദീർഘകാലം അനുഭവം വെളിപ്പെടുത്തി. ഈ വിദ്യാലയങ്ങളോടു ചേർന്ന കൃഷിസ്ഥലങ്ങളെ ഇവരുടെ അധീനതയിൽ വച്ച് നാട്ടിലെ കൃഷീവലന്മാരുടെ സന്താനങ്ങൾക്കു ഇങ്ങനെ പരിശീലനം നൽകി ജനങ്ങൾക്കു ഫലം ബോദ്ധ്യപ്പെടുത്തി വിശ്വാസം ജനിപ്പിക്കുവാനും ഇതു കൊള്ളാം.

ഈ ഡിപ്പാർട്ടുമെന്റിനെ കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു നടപ്പിൽ വരുത്തണം എന്നുള്ളതാണു ഇനി എനിക്കു പറവാനുള്ളത്. ഇപ്പോൾ ഉൽപന്നങ്ങൾക്കു വലിയ വിലക്കുറവു സംഭവിച്ചിരിക്കയാണ്. കൃഷിസ്ഥലങ്ങൾ പോരാ, നാട്ടിൽ പലഭാഗത്തു ചില സ്ഥലങ്ങൾ ഉപയോഗശൂന്യമായി കിടപ്പുണ്ടു. ഈ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിൽ ആദായകരമായ കൃഷിചെയ്യാമോ എന്നും ചെയ്യാമെങ്കിൽ അതു എന്താണെന്നും കണ്ടുപിടിക്കുന്നതിനു ജനങ്ങളെ അറിയിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. മരച്ചീനി ഇവിടെ വരുന്നതിനു മുമ്പു ആഹാരസാധനമായി ഉപയോഗിക്കാവുന്ന ഇങ്ങനെ ഒന്നുണ്ടെന്നോ ഇവിടെ സമൃദ്ധിയായി ഉണ്ടാകുമെന്നോ ആരും വിചാരിച്ചിരുന്നില്ല. ഇങ്ങനെ എന്തെങ്കിലും ഒന്നു കണ്ടുപിടിച്ചു പ്രച

തിപ്പിച്ചിരുന്നുവെങ്കിൽ ഡിപ്പാർട്ടുമെൻറിനെ അഭിനന്ദിക്കാമായിരുന്നു. ഇവിടത്തെ പ്രകൃതിക്കനുസരണമായ ജാവാ സുമാത്രാ, മുതലായ ദ്വീപുകളിലോ അമേരിക്കയിലോ മരച്ചീനി പോലെ ഇവിടെ നടപ്പാക്കാവുന്ന പല കൃഷിസാധനങ്ങളും കണ്ടേക്കാം. ഓയിൽ പാം ഡച്ച് ഈസ്റ്റ് ഇൻഡീസിൽ കൃഷിചെയ്യുന്നുണ്ട്. അതു അവിടെ ആദായകരമായ ഒരു കൃഷിയാണ്. ഊഷരഭൂമികളിൽ കൂടിയും ഉണ്ടാകുമെന്നു പറയുന്നുണ്ട്. അങ്ങനെയുള്ള പുതിയതെങ്കിലും കണ്ടുപിടിച്ച് ഇവിടെ നടപ്പാക്കണം. വനത്തിൽ എത്രയോ സ്ഥലങ്ങൾ ഏലം കുരുമുളക് തേയില മുതലായ കൃഷികൾക്കും നെല്ലു കൃഷിക്കും കൊള്ളാവുന്നതായി കിടപ്പുണ്ട്. ഇപ്പോൾ അതുകൊണ്ടൊരു ഉപയോഗവുമില്ല. ജനങ്ങൾ ബുദ്ധിമുട്ടുന്ന ഇക്കാലത്തും അവയെ വൃഥാ ഇട്ടിരിക്കുന്നു. അവയെ കൃഷി ഡയറക്ടർ പരിശോധിച്ചു കൃഷിക്കാർക്കു കൊടുത്തു അവിടേക്കു പററിയ കൃഷികൾ നിർദ്ദേശിക്കുവാൻ കൃഷിവകുപ്പിനെ ചുമതലപ്പെടുത്താം.

ഏതായാലും പ്രായോഗികമായ ഫലങ്ങൾ ഈ വകുപ്പിൽ നിന്നു രാജ്യവാസികൾക്കു വരണമെന്നു പറഞ്ഞുനിറുത്തുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, മി: പാച്ചുപിള്ള ഇവിടെ ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം പിൻതാങ്ങിക്കൊള്ളുന്നു, ഞാൻ അധികം സംസാരിച്ചു സമയം നഷ്ടപ്പെടുത്തുമെന്നു എൻെറ സ്നേഹിതന്മാർ ആരും സംശയിക്കേണ്ട ആവശ്യമില്ല. ദൈവഗത്യാ കുന്നത്തുനാടു താലൂക്കിൽ ചെന്ന ആലുവായിൽ ഒരു കൃഷിപാഠശാലയുണ്ട്, ഈ ഒരു സ്ഥാപനമായിട്ടുമാത്രം അവിടെ വേണ്ടാ എന്നുവിചാരിച്ചിട്ടായിരിക്കാം, അതു അവിടെ നിന്നും മാററണമെന്നു എൻെറ ചില സ്നേഹിതന്മാർ ആവശ്യപ്പെട്ടതു.

മി: തയ്യിൽ കുഞ്ഞിത്താമൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ ആലുവാകൃഷിപാഠശാലയിൽ നടത്തുന്ന കൃഷികൾ വെള്ളം കയറി ചീഞ്ഞു പോകുന്നുണ്ടല്ലോ. അതുകൊണ്ട് ആലുവായിൽ തന്നെ കുറച്ചുകൂടി നല്ലതായ ഒരു സ്ഥലത്തു മാററി സ്ഥാപിക്കുന്നതു നന്നായിരിക്കയില്ലയോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): അതിനെപ്പററി അന്വേഷിച്ചു വേണ്ടതരത്തിൽ പ്രവർത്തിക്കേണ്ടതു ആ ഡിപ്പാർട്ടുമെൻറിൻെറ ധർമ്മമാണ്. ആലുവായിൽ വേണ്ടെങ്കിൽ കുന്നത്തുനാട്ടുതാലൂക്കിൽ തന്നെ മററ വിടെ ആയാലും തരക്കേടില്ല.

കൃഷിപാഠശാലയുടെ ഗുണത്തെയും ദോഷത്തെയും പററി ഞാൻ ഇവിടെ ഒന്നും പറയാതിരിക്കയാണ് നല്ലത്. ഈ പാഠശാലയിൽ പഠിപ്പിച്ചതുകൊണ്ടു മാത്രം കൃഷി അഭിവൃദ്ധിപ്പെട്ടുവരികയില്ല. കൃഷി അഭിവൃദ്ധിപ്പെട്ടുവരണമെങ്കിൽ കൃഷിക്കാർക്കു ബുദ്ധിമുട്ടു വരുമ്പോൾ യഥാകാലത്തു അവർക്കു ധനസഹായം ഗവൺമെൻറിൽ നിന്നും ചെയ്തുകൊടുത്താൽ മാത്രമേ സാധിക്കയുള്ളു. പഴയകാലത്തു കൃഷി ഡിപ്പാർട്ടുമെൻറു ഒരു മൈനർ ഡിപ്പാർട്ടുമെൻറായിട്ടാണ് സ്ഥാപിച്ചത്. കൃഷിപോഷണവിഷയത്തിൽ ഗവൺമെൻറ് അശേഷം ശ്രദ്ധപതിപ്പിക്കുന്നില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോൾതന്നെ രണ്ടോ മൂന്നോ കോടി രൂപയ്ക്കു നെല്ലു വിദേശങ്ങളിൽനിന്നും ഈ രാജ്യത്തേക്കു വരുത്തുന്നുണ്ട്. ഏതെങ്കിലും കാരണവശാൽ അതിനു തടസ്സം നേരിടുമ്പോൾ ഇപ്പോഴത്തേക്കാൾ കൂടുതൽ സങ്കടം ജനങ്ങൾ അനുഭവിക്കേണ്ടിവരും. അതുകൊണ്ടു പ്രായോഗികമായവിധത്തിൽ ഇവിടത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുകയും വേണ്ട മുൻകരുതലോടുകൂടി പ്രവർത്തിക്കണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: ഡി. ഫ്രാൻസിസ് (ഗവൺമെൻറുനിയമനം): ഈ ഉപക്ഷേപത്തെസംബന്ധിച്ചു ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തെ കൃഷിക്കാരുടെ ക്ഷേമത്തിൽ ഈ ഡിപ്പാർട്ടുമെൻറിനെപോലെ ശ്രദ്ധയുള്ള വേറൊരു ഡിപ്പാർട്ടുമെൻറില്ല. ഈ സംസ്ഥാനത്തിലെ പ്രധാന തൊഴിൽ കൃഷിയാണെന്നു ഞാൻ പറയണമെന്നില്ല. അതു കൊണ്ടു കൃഷിക്കാരെ പരിഷ്കൃതകൃഷിരീതികൾ പഠിപ്പിക്കുന്നതിനു വേണ്ട സഹായങ്ങൾ എല്ലാം ചെയ്തു കൃഷിഡിപ്പാർട്ടുമെൻറിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈവാക്കുകളോടുകൂടെ ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കെ. മാധവൻ (ഗവൺമെൻറുനിയമനം): സർ, ഈ സമയിൽ കൃഷിഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെപ്പററി ഞാനും ഒന്നു രണ്ടു വാക്കുകൾ പറഞ്ഞുകൊള്ളുന്നു. ഈ കടലോരത്തിൽ നിന്നു എടുത്തെറിയപ്പെടുന്നമത്സ്യം നിമിത്തം സാധുജനങ്ങൾ വളരെസങ്കടം അനുഭവിച്ചുവരുന്നു. ജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളുടെ മദ്ധ്യത്തിൽ വലിയതൊട്ടികെട്ടി അതിൽ മീൻ ശേഖരിച്ചുവയ്ക്കുന്നതിനാൽപലവിധം പകർച്ചവ്യാധികൾ ഉണ്ടായി പരക്കുന്നു. ആ തൊട്ടികളിൽ നിന്നു ദുർഗ്ഗന്ധവുംപുറപ്പെടുന്നു. മീൻ ചീഞ്ഞു അതിൽനിന്നുവരുന്നദുർഗ്ഗന്ധം നിമിത്തം പലരോഗങ്ങൾ ഉണ്ടാകുന്നു. ഈ തൊട്ടികൾ മാററിത്തരണമെന്നു ഞങ്ങൾ പോയിക്കെഞ്ചിയാചിച്ചിട്ടും അതു മാററിത്തരികയില്ലന്നാണ പറയുന്നത്. മത്സ്യം ശേഖരിക്കാൻ കെട്ടിട്ടുള്ള ഈ തൊട്ടി ഗ്രാമത്തിനുവെളിയിൽ എവിടെയെങ്കിലും സ്ഥാപിച്ചുതരണമെന്നാണ ഞാൻ കൃഷിഡിപ്പാർട്ടുമെൻറു ഡയറക്ടരോടു അപേക്ഷിക്കുന്നത്. ഈ തൊട്ടി അവിടെ നിന്നു മാററിത്തരുന്നതിനു ഗവൺമെൻറും വേണ്ടസഹായം ചെയ്തുതരണമെന്നു ഞാൻ അപേക്ഷിക്കുന്നു. സർ, കഴിഞ്ഞവർഷം പകർച്ചവ്യാധിയാൽ അനേകമാളുകൾ മരിച്ചുപോയി. ഇനിയും അതുപോലെ പകർച്ചവ്യാധികൾ ഉണ്ടായി പരക്കാതിരിക്കുന്നതിനു ഈ തൊട്ടി ഗ്രാമത്തിനു വെളിയിൽ ഉടനെ മാററിസ്ഥാപിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

രണ്ടാമതു കൃഷിയെസംബന്ധിച്ചു ചില നല്ലഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ നാഞ്ചിനാടു കൃഷിക്കു പ്രധാനസ്ഥലമാകുന്നു. എന്നാൽ ഇപ്പോൾ നാഞ്ചിനാട്ടിൽ കൃഷി കുറഞ്ഞു കുറഞ്ഞു വരുന്നു. കന്യാകുമാരി പകുതി, ധർമ്മപട്ടി, താമരക്കുളം പകുതിമുതലായസ്ഥലങ്ങളിലെ കൃഷിനോക്കിയാൽ കൃഷിക്കാർക്കു ഗവൺമെൻറിനു കരംകൊടുക്കാൻ എങ്ങനെ കഴിയും എന്നു തോന്നിപ്പോകും. കരംകൊടുക്കുന്നതിനു വേറെസാമാനങ്ങൾ വിൽക്കേണ്ടിവരുന്നു. ആകയാൽ കൃഷിഡയറക്ടർ അങ്ങനെയുള്ള സ്ഥലങ്ങൾ പോയിനോക്കി കർഷകന്മാർക്കു പുതിയ കൃഷിരീതികൾ ഉപദേശിക്കയും കൃഷിനന്നാക്കുന്നതിനുവേണ്ടുന്നഏർപ്പാടുകൾ ചെയ്യുകയും ചെയ്യണ

മെന്നു അപേക്ഷിക്കുന്നു. സർ, ഇക്കാലത്തു് കൃഷികൊണ്ടുള്ള ഫലം വളരെകുറഞ്ഞുപോയിരിക്കുന്നു. നെല്ലിന്റെ വില പത്തുരൂപ ആയിരുന്നതു ഇപ്പോൾ ആറുരൂപ ആയികുറഞ്ഞുപോയിരിക്കുന്നു. ഇങ്ങനെയായിരുന്നാൽ ഞങ്ങൾ എങ്ങനെ കാലക്ഷേപം കഴിക്കുമെന്നാണു കൃഷിക്കാർ ചോദിക്കുന്നതു്. കൃഷിക്കാർക്കു അവരുടെ കൃഷിസ്ഥലങ്ങളിലേക്കു പോകാൻ വഴിയില്ല. അതു കൊണ്ടു അവർക്കു അവരുടെ നിലങ്ങൾ പോയിനോക്കുന്നതിനും കന്നുകാലികളും വണ്ടികളും കൊണ്ടുപോകുന്നതിനും വളം മുതലായവ കൊണ്ടുപോകുന്നതിനും വഴികൾ ഉണ്ടാക്കിക്കൊടുക്കണമെന്നു അപേക്ഷിക്കുന്നു. ചിലസ്ഥലങ്ങളിൽ നെല്ലു കൊയ്താൽ ഒരു മൈൽദൂരം കൊണ്ടുവരണം. വളംകൊണ്ടുപോകണമെങ്കിൽ വണ്ടിയിൽ കൊണ്ടുപോകാൻ സാധിക്കയില്ല. അതിനു റോഡില്ല. സ്ത്രീകളും പുരുഷന്മാരും വളം കുട്ടയിലാക്കി അനേകപ്രാവശ്യമായി കൊണ്ടുപോകേണ്ടിയിരിക്കുന്നു. ഒരു വണ്ടിയിൽ കൊണ്ടുപോകാവുന്ന വളം ആളുകൾ ചുമടായി കൊണ്ടുപോകണമെന്നു വന്നാൽ എത്രചിലവാകും. വണ്ടികൾ പോകാൻ വഴിയില്ലാത്തതിനാൽ ചെലവു വളരെ കൂടിപ്പോകുന്നു. അതുകൊണ്ടു കൃഷിക്കാരുടെ ഗതാഗതത്തിനു റോഡുകളും കൽവർട്ടുകളും കലുങ്കുകൾ മുതലായവയും ഉണ്ടാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. തോവാളപ്പകുതിയിലെ ചില കൃഷിസ്ഥലങ്ങളിൽ പോകുന്നതിനു റോഡുകൾ വെട്ടിത്തരണമെന്നു എൻജിനീയർ മിസ്റ്റർ മാണിയോടു അപേക്ഷിച്ചിട്ടും ഇതുവരെ അതു വെട്ടികിട്ടിട്ടില്ല. സർ, കൃഷിക്കാർ അവരുടെ മാടുകളെ കൃഷിസ്ഥലങ്ങളിൽ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും വളരെ കഷ്ടപ്പെടുന്നു. ഞാൻ മുമ്പുപറഞ്ഞ പ്രകാരം ഒരു ഏക്കർ വയലിലെ നെല്ലുകൊണ്ടുവരുന്നതിനു രണ്ടു കോട്ടനെല്ലു ചെലവാകുന്നു. ഇങ്ങനെയുള്ള ചെലവുകൾ കുറയുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്താൽ കൃഷിക്കാർക്കു വലിയ ഉപകാരമായിരിക്കും.

മി: വി. ചെല്ലംപിള്ള (തോവാള): മേശിരാഷ്ട്രയിലും നല്ല റോഡു വേണമെന്നാണോ പറയുന്നതു? അങ്ങനെ റോഡുകൾ കൊടുക്കുന്നപക്ഷം കൃഷിച്ചിലവിനു ഇപ്പോഴുള്ളതിനേക്കാൾ എത്ര ലാഭം കിട്ടും?

മി: കെ. മാധവൻ (ഗവണ്മെൻറു നിയമനം): ഇപ്പോൾ ഒരേക്കർ കൃഷിചെയ്യുന്നതിനു ൫൦ രൂപ ചെലവാകും. ഞാൻ പറഞ്ഞ സൌകര്യങ്ങൾ ഉണ്ടാക്കിയാൽ ൨൫ രൂപമതിയാകും.

ഇതിനു പുറമെ ചിലസ്ഥലങ്ങളിൽ കൃഷിക്കുവേണ്ടുന്നവളം കിട്ടുന്നില്ല. ഇതിനായിമാടുകളെ വളർത്തുന്നു. ഈ മാടുകളെ കുറെദൂരം കൊണ്ടുപോയിമേയിക്കേണ്ടിയിരിക്കുന്നു. വടശ്ശേരിപ്പകുതിയിൽ ആടുമാടുകൾക്കു മേച്ചിൽ സ്ഥലംകൊടുത്തിട്ടുണ്ട്. എന്നാൽ അവിടെയിപ്പോൾ പുല്ലില്ല. മാടുകളും കുറഞ്ഞുപോയി അതിനാൽ ഈ വർഷം മററുവർഷങ്ങളിലെപ്പോലെ കൃഷിയില്ലാതെപോയി.

കന്യാകുമാരിയോടടുത്തസ്ഥലങ്ങളിൽ ധാരാളം പുൽസ്ഥലങ്ങൾ ഉണ്ടു. അവയെമേച്ചലിനായി വിട്ടുതരണം.

മി: വി. ചെല്ലംപിള്ള (തോവാള): കന്യാപറമ്പു മുതലായ സ്ഥലങ്ങൾക്കടുത്തുള്ള മലകൾ മാട്ടുമേച്ചലിനു ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നതു ഇപ്പോൾ മരച്ചീനി മുതലായ കൃഷിക്കായി വിട്ടുകൊടുത്തിട്ടുണ്ടെന്നു അറിയാമോ?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): അറിയാം. എന്നാൽ അവ മേച്ചലിനു നല്ലതാണ്.

മി: വി. ചെല്ലംപിള്ള (തോവാള): അങ്ങനെ ചെയ്യുന്നതു മാട്ടുമേച്ചലിനു വിരോധമാണെന്നറിയാമോ?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): അറിയാം. സർ, ഈമാടുകൾക്കുമേയുന്നതിനു അവിടവിടെ നല്ല പുല്ലുള്ള സ്ഥലങ്ങൾ കൊടുക്കണം. രണ്ടു മാടുകളെ വാങ്ങുന്നതിനു ൨൦൦ രൂപാകൊടുക്കണം. അടുത്തവർഷം ഈ മാടുകളെ കാണുകയില്ല. അതിനുകാരണം അവയ്ക്കു മേയാൻസ്ഥലമില്ലാത്തതാണ്. അങ്ങനെ അടുത്തവർഷം കൃഷിക്കുവേറെ മാടുകളെവാങ്ങണം. കൃഷിക്കു നല്ല വിളവില്ല. അടുത്തവർഷവും മാടുകളെ വാങ്ങുന്നതിനു കൃഷിക്കാർ വളരെ കഷ്ടപ്പെടുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): പശുക്കൾക്കു നിൽക്കാൻമാത്രം സ്ഥലം മതിയോ, അതല്ലപുല്ലു കൂടിയുള്ളസ്ഥലം വേണമോ?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): പുല്ലുള്ള സ്ഥലം തന്നെയാണുവേണ്ടതു്.

മി: വി. ചെല്ലംപിള്ള (തോവാള): അങ്ങനെയുള്ളസ്ഥലം ധാരാളമുണ്ടോ?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): പുല്ലുള്ളസ്ഥലം ധാരാളമുണ്ടു. ഇനിയും ഒരു സങ്കടം പറയാനുണ്ടു. മാടുകൾക്കുമേയാൻ ഇപ്പോൾ ഒരു സ്ഥലം കൊടുത്തിട്ടുണ്ടു. എന്നാൽ അവിടെ ആടുമാടുകൾ പോകയില്ല, എന്തെന്നാൽ അവിടെ കടുവായും പുലിയും ഉണ്ടു. അവിടെമാടുകൾ പോയാൽ തിരിച്ചു വരികയില്ല. ആടുമാടുകൾക്കു അവിടെപോകാൻതന്നെ ഭയമാണ്. അതു അനന്തപുരം പകുതിയിലാണ്. അവിടെപുലികൾ ഉണ്ടു. മാടുകൾ പോയാൽ തിരിച്ചുവരികയില്ലെന്നു മിസ്റ്റർ ചെല്ലംപിള്ളക്കു തന്നെ അറിയാം

മി: വി. ചെല്ലംപിള്ള (തോവാള): ഈ കാടുകളെ വെട്ടിത്തെളിച്ചു പുല്ലു വച്ചാൽ മേയാൻ സൌകര്യമുണ്ടോ?

മി: കെ. മാധവൻ (ഗവണ്മെൻറുനിയമനം): അതു വേണ്ടാ, വേറൊരു സ്ഥലംകൊടുത്താൽ മതിയാകും.

മി: വി. ചെല്ലംപിള്ള (തോവാള): കാടല്ലാത്തതും പുല്ലുധാരാളമുള്ളതുമായ വേറെ സ്ഥലങ്ങൾ ഉണ്ടോ?

മി: കെ. മാധവൻ (ഗവണ്മെൻറു നിയമനം) വേറെസ്ഥലമുണ്ടു.

മി: വി. ചെല്ലംപിള്ള (തോവാള): എവിടെയാണു.

മി: കെ. മാധവൻ (ഗവൺമെൻറു നിയമനം): അനന്തപുരം പകുതിയിൽ പുല്ലുള്ളസ്ഥലങ്ങൾ ധാരാളം ഉണ്ടു. അവയെ നോക്കി മാടുകളെ മേയ്ക്കുന്നതിനു കൊടുത്താൽ വലിയ ഉപകാരമായിരിക്കും. അതുകൊണ്ടു കൃഷിഡയറക്ടർ മേൽപറഞ്ഞകാര്യങ്ങളിൽ ശ്രദ്ധപതിച്ച് വേണ്ടഏർപ്പാടുകൾ ചെയ്യണമെന്നു അപേക്ഷിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പാച്ചുപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. സർ, തിരുവിതാംകൂറിലെ കൃഷിക്കാർക്കു ഇതൊരു പ്രയാസമേറിയ കാലമാകുന്നു. തിരുവിതാംകൂറിലെ ഉൽപന്നങ്ങളുടെ വില ഇടിഞ്ഞുപോകുന്നെന്നും നിലങ്ങളുടെ സുഭിക്ഷത കുറഞ്ഞുപോകുന്നെന്നും എന്ന് ബഡ്ജററു പ്രസംഗത്തിൽ സഭാമുമ്പാകെ പ്രസ്താവിച്ചു. ഇവിടത്തെ കൃഷിയുടെ സഫലത്വം നിലനിറുത്തുന്നതിനു ഫലപ്രദമായ വല്ലരീതിയും ഡിപ്പാർട്ടുമെൻറു സ്വീകരിക്കേണ്ടതാണ്. ഭക്ഷണസാധനങ്ങൾക്കു ഇറക്കുമതിച്ചുങ്കം ചുമത്തുന്നതുകൊണ്ടു ഇവിടെയുണ്ടാകുന്ന സാധനങ്ങളുടെ വില കൂടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഗവൺമെൻറു അങ്ങനെയൊരു നയം സ്വീകരിക്കുന്നതു ഗുണകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭൂമിയുടെ വിളവു വർദ്ധിപ്പിക്കുകയും കൃഷിച്ചെലവു കുറയ്ക്കുകയും ചെയ്യുന്ന വല്ല മാർഗ്ഗവും കണ്ടുപിടിച്ചാൽമാത്രമേ ഒരു പരിഹാരം ഉണ്ടാകയുള്ളു എന്നാണു എൻെറ അഭിപ്രായം. ആ ഉദ്ദേശസാദ്ധ്യം മുൻനിറുത്തിക്കൊണ്ടു ഡിപ്പാർട്ടുമെൻറു പരിശ്രമങ്ങൾ ചെയ്യണം. ജലസേചനസൌകര്യങ്ങൾ ആവശ്യമുള്ളേടത്തു ഉണ്ടാക്കിക്കൊടുക്കുന്നതിനു കൃഷിഡയറക്ടരെ സഹായിക്കാൻ ഒരു ഇറിഗേഷൻ എൻജിനീയർ ഉണ്ടായിരിക്കണമെന്നു ഞാൻ കഴിഞ്ഞയാണ്ടിൽ അഭിപ്രായം പറഞ്ഞു. ആക്കാര്യം ഇറിഗേഷൻ കമ്മിററിയുടെ ആലോചനയിൽ ഇരിക്കുന്നു എന്ന് ഗവൺമെൻറു പറയുമായിരിക്കും. ഏതായാലും കൃഷിഡയറക്ടരുടെ ആജ്ഞയിൽ കീഴിൽ ജോലിചെയ്യുന്നതിനു ഒരു ഇറിഗേഷൻ എൻജിനീയരെ എങ്കിലും നിയമിക്കണമെന്നു ഇറിഗേഷൻ കമ്മിററി ശിപാർശചെയ്യുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

ഇനിയൊരുകാര്യം ഞാൻ കഴിഞ്ഞയാണ്ടിൽ ഗവൺമെൻറിൻെറ ശ്രദ്ധയ്ക്കു വിഷയമാക്കിയതു കൃഷിവായ്പകൾക്കു അനുവദിക്കുന്ന പണം ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു ബാദ്ധ്യസ്ഥനായ കൃഷിഡയറക്ടരുടെ അധീനത്തിൽ വെക്കണമെന്നുള്ളതാണ്. ആക്കാര്യത്തിൽ ഗവൺമെൻറു എന്തെങ്കിലും നടപടി നടത്തിയോ എന്നു എനിക്കറിവില്ല.

സർ, ഈ സംസ്ഥാനത്തിൽ ഇനിയും ചില കൃഷിപാഠശാലകൾകൂടെ സ്ഥാപിക്കണമെന്നു ചിലമെമ്പർമാർ കഴിഞ്ഞയാണ്ടിൽ പറകയുണ്ടായി. അധികം കൃഷിപാഠശാലകൾ പ്രായോഗികമല്ലെന്നു കൃഷിഡയറക്ടർ അന്നു എതിരഭിപ്രായം പറഞ്ഞു. എന്നാൽ ഈ രാജ്യത്തു കൃഷിശാസ്ത്രവിദ്യാഭ്യാസം കൊടുത്തുതുടങ്ങേണ്ടതാണെന്നു അദ്ദേഹം പിന്നീടു സമ്മതിച്ചു. എന്നാൽ ഡയറക്ടർ രണ്ടുമൂന്നുവർഷത്തിലൊരിക്കൽ മാറിപ്പോകയും പുതിയഡയറക്ടർക്കു നാട്ടിലെ സ്ഥിതികൾ പഠിക്കുന്നതിനുതന്നെ രണ്ടുമൂന്നുവർഷം വേണ്ടിവരികയും അദ്ദേഹം ദേശസ്ഥിതികൾ പഠിച്ച് വിദ്യാഭ്യാസരീതികളിൽ പരിഷ്കാരങ്ങൾ വരുത്താൻ സന്നദ്ധനാകുമ്പോഴേക്കു അദ്ദേഹത്തെ പിരിച്ചുവിട്ടു വേറൊരാളെ നിയമിക്കയും ചെയ്യുന്ന ഈ സംസ്ഥാനത്തു വിദ്യാഭ്യാസപരിഷ്കാരങ്ങൾ പ്രായോഗികങ്ങളല്ല. അതുകൊണ്ടു ഇവിടത്തെ വിദ്യാഭ്യാസപദ്ധതികൾ പരിഷ്കരിച്ചു കൃഷി സാധാരണസ്കൂളുകളിൽ ഒരു പാഠവിഷയം ആക്കുന്നകാലം പ്രതീക്ഷിച്ചിരുന്നിട്ടു പ്രയോജനമില്ല. അതുകൊണ്ടു അധികം കൃഷിപാഠശാലകൾ ഈരാജ്യത്തു സ്ഥാപിക്കാൻ ഗവൺമെൻറിനെ നിർബന്ധിക്കണമെന്നു ഞാൻ കൃഷിഡയറക്ടരോടു അപേക്ഷിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലം കൃഷിയെമാത്രം ആശ്രയിച്ചിരിക്കുന്ന ഒരു പ്രദേശമാണെങ്കിലും അവിടെ ഒരൊററ കൃഷിപാഠശാലപോലും ഇല്ല. ഈക്കാര്യത്തിൽ കൃഷിഡയറക്ടരും ഗവൺമെൻറും വേണ്ടപോലെ ശ്രദ്ധപതിക്കുമെന്നു വിശ്വസിക്കുന്നു. വിദേശങ്ങളിൽ പോയി പഠിച്ചുവരാൻ ആളുകളെ അയയ്ക്കുന്നതിനെപ്പററി എൻെറ സ്നേഹിതൻ മി: പാച്ചുപിള്ള.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): അദ്ദേഹത്തിൻെറ ഡിവിഷനിൽ ഒരു കൃഷിപാഠശാലപോലും ഇല്ലയോ എന്നു പറയുമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതാണ് എൻെറ ഡിവിഷൻ? എനിക്കു ഡിവിഷൻ ഇല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): കൊല്ലം ഡിവിഷനെപ്പററിയാണു ഞാൻ ചോദിച്ചതു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതെൻെറ ഡിവിഷൻ അല്ല. അതൊരു റെവന്യൂഡിവിഷൻ ആകുന്നു. കൊല്ലംഡിവിഷനിൽ രണ്ടുസ്കൂളുകൾ ഉണ്ടെന്നു മെമ്പറിൻെറ അറിവിനായി പറഞ്ഞുകൊള്ളുന്നു. അവയെക്കൊണ്ടു എൻെറ നിയോജകമണ്ഡലത്തിനു പ്രയോജനമില്ല. ഒരുഡിവിഷനിൽ ഒരു കൃഷിപാഠശാല മതിയെന്നാണ് എൻെറ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ അഭിപ്രായമെങ്കിൽ ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): കൃഷിപാഠശാലകൾ ഒന്നുമില്ലാത്ത ഡിവിഷനുകളെപ്പററി മെമ്പർ എന്തുപറയുന്നു?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങനെയുള്ള ഡിവിഷനുകളിൽ താല്പര്യമുള്ള മെമ്പർമാർക്കു അവിടെ കൃഷിപാഠശാലകൾ സ്ഥാപിക്കാൻ ഗവൺമെൻറിനോടു നിർബന്ധമായി അപേക്ഷിക്കാം. ഇങ്ങനെയുള്ളസ്കൂളുകൾ ആവശ്യമുള്ള ഡിവിഷനുകളിൽ എത്ര സ്കൂളുകൾ സ്ഥാപിക്കുന്നതിനും എനിക്കു വിരോധമില്ല. ആ ഡിവിഷനുകളിലെ ആളുകളോടും അവരുടെ പ്രതിനിധികളോടും ഞാൻ പൂർണ്ണമായി സഹതപിക്കുന്നു. അവരുടെ അപേക്ഷകളെ ഞാൻ അനുകൂലിക്കുമെന്നു അവർ വിശ്വസിച്ചുകൊള്ളട്ടെ.

വിദേശങ്ങളിൽ പോയിപഠിച്ച വിദഗ്ദ്ധന്മാരായിവരുന്നതിനു ആളുകളെ അയയ്ക്കുന്നകാര്യത്തെപ്പററി മിസ്റ്റർ പാച്ചുപിള്ള പറഞ്ഞുവല്ലോ. കൃഷിശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചുവരുന്നതിനു ആളുകളെ അയയ്ക്കണമെന്നു ആഗ്രിക്കൾച്ചറൽ കമ്മീഷണർ ശിപാർശചെയ്തിട്ടുണ്ട്. അതുകൊണ്ടു തിരുവിതാംകൂറിലെ കൃഷി അ

ഭിവൃദ്ധിപ്പെടുത്തുന്നതിനു വിദേശങ്ങളിൽ പോയിപഠിച്ചു വൈദഗ്ദ്ധ്യം സമ്പാദിച്ചുവരാൻ ആളുകളെ അയയ്ക്കുന്നതു അഭിലഷണീയമാണത്രേ. വിദഗ്ദ്ധനല്ലാത്ത എനിക്കു ഇതിനെപ്പററി വാദിക്കാൻ അർഹതയില്ലായിരിക്കാം. എങ്കിലും തിരുവിതാംകൂർ ഗവർമ്മെൻറു ഇപ്പോൾ വിദേശങ്ങളിൽപോയി പഠിച്ചു വൈദഗ്ദ്ധ്യം സമ്പാദിച്ചുവന്നിട്ടുള്ളവരെക്കൊണ്ടുള്ള ഗുണങ്ങൾ പൂർണ്ണമായി കരസ്ഥമാക്കുന്നില്ലെന്നു മിസ്റ്റർ പാച്ചുപിള്ള പറഞ്ഞ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ചില വിഷയങ്ങളിൽ ഗവർമ്മെൻറു ചെലവിന്മേൽ വിദേശങ്ങളിൽ പോയിപഠിച്ചു വൈദഗ്ദ്ധ്യം സമ്പാദിച്ചുവരുന്നവരെ രാജ്യത്തിൻെറ ഗുണത്തിനായി പ്രയോജനപ്പെടുത്തുമെന്നു ഉറപ്പില്ലാത്തപക്ഷം ആളുകളെ വിദേശങ്ങളിൽ പഠിക്കാൻ അയയ്ക്കുന്നതിനായി ഇനിയും പണം ചെലവു ചെയ്യുന്നതു അർത്ഥശൂന്യമാകുന്നു. സ്വന്തചിലവിന്മേൽ വിദേശങ്ങളിൽ പോയി വൈദഗ്ദ്ധ്യം സമ്പാദിച്ചുവരാൻ ആളുകൾ ഉള്ളപ്പോൾ ഗവർമ്മെൻറു ചെലവിന്മേൽ മാത്രം പോകുവാൻ ആഗ്രഹിക്കുന്നവരെക്കാൾ അവരെയാണു പ്രോത്സാഹിപ്പിക്കേണ്ടതെന്നു മിസ്റ്റർ പാച്ചുപ്പിള്ള പ്രസ്താവിച്ച അഭിപ്രായത്തോടും ഞാൻ യോജിക്കുന്നു. എന്തെന്നാൽ സാധുവായ കുടിയാൻെറ പണം ചെലവു ചെയ്യുന്നകാര്യത്തിൽ ഗവർമ്മെൻറു അതിസൂക്ഷ്മതയുള്ളവരായിരിക്കണം. ഈ വാക്കുകളോടുകൂടെ ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): സർ, ഞാനും ഈ ഉപക്ഷേപത്തെ പിന്താങ്ങിക്കൊള്ളുന്നു. തിരുവിതാംകൂറിലുള്ള മിക്കജനങ്ങളുടേയും തൊഴിൽ കൃഷിയാകുന്നു. ഇവിടത്തെപ്രധാനകൃഷി നെല്ലും തെങ്ങും ആണ്. ഇപ്പോൾ ഈ കൃഷിയിൽനിന്നും കൃഷിക്കാർക്ക ശരിയായ ആദായം ലഭിക്കുന്നില്ല. തന്നിമിത്തം കൃഷിക്കാരുടെ വക നിലമെല്ലാം കച്ചവടക്കാർ, ഉദ്യോഗസ്ഥന്മാർ, മററു വ്യവസായങ്ങളിൽ പ്രവർത്തിക്കുന്നവർ, ആദിയായവരുടെ കൈവശം ആയിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ കുറച്ചുകാലം കൂടി കഴിയുമ്പോൾ ഇവിടത്തെകൃഷിക്കാർക്ക നെൽകൃഷിചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടം വന്നുകൂടുന്നതാണ് ഉദാഹരണമായിട്ടു പറയാം.

നാഞ്ചിനാട്ടിൽ ൫൦,൦൦൦ ഏക്കർ സ്ഥലത്തോളം നെൽകൃഷിയുണ്ട്. ആണ്ടൊന്നുക്കു ഏക്കറൊന്നിനു ൨൦ കോട്ട നെല്ലു വിളവുണ്ടായിരുന്നകാലത്ത് ൫൦ ലക്ഷം കോട്ട (ഒരു കോട്ട എന്നുള്ളത് ഏഴു പറയാണ് നെല്ല് വരുന്നതാണ്. നാഞ്ചിനാട്ടിൽ ആകപ്പാടെ ൫,൨൦,൦൦൦ ത്തോളം ജനങ്ങൾ കുടിപാർക്കുന്നു ഒരാളിനു ശരാശരി ൪ കോട്ട നെൽ വേണ്ടിവരുമെന്നു വച്ചാൽതന്നെയും ൫ ലക്ഷം കോട്ടനെല്ല് അവിടെതന്നെ ചിലവാകും. ബാക്കി ൫ ലക്ഷം കോട്ട നെല്ല് അവിടെനിന്നും അന്യദേശങ്ങളിലേക്കയച്ചു വിററു വരികയായിരുന്നു പതിവു. ഈവിലയ്ക്കുകൊടുത്തുകൊണ്ടിരുന്ന നെല്ലിനുകോട്ടക്കു ൫൦ രൂപ കിട്ടിക്കൊണ്ടിരുന്നതു ഇപ്പോൾ ൩ രൂപയായിട്ടു കുറഞ്ഞിരിക്കുന്നു. ഈ നിലയ്ക്കു കണക്കു നോക്കുമ്പോൾ ൫൫ ലക്ഷം രൂപയോളം നാഞ്ചിനാട്ടിനു നഷ്ടം സംഭവിച്ചിരിക്കുന്നതായികാണാം. ഈ ഇടയ്ക്കു കൃഷിക്കാർ കടപ്പെടാതെ തരമില്ലല്ലോ. തെങ്ങുകൃഷി നാഞ്ചിനാട്ടിൽ വളരെചുരുക്കമായിട്ടെയൊള്ളു. റബ്ബർ കൃഷിയോ തേയിലകൃഷിയോ ഒന്നും തന്നെ അവിടെയില്ല. അതുകൊണ്ട് നെൽകൃഷിയിൽനിന്നും തന്നെ ആദായമുണ്ടാകേണ്ടിയിരിക്കുന്നു.

മി: വി. ചെല്ലംപിള്ള കൃഷിഡിപ്പാർട്ടുമെൻറു ഇത്രയും കാലമായിട്ടും കൂടുതലായി ആദായം ലഭിക്കുന്നതിനുള്ളവഴികളൊന്നും ചെയ്തിട്ടില്ല. എന്നാൽ കൃഷിഡയറക്ടർ അതിലേക്കു കുറെ ഒക്കെ ശ്രമിക്കുന്നുണ്ടെന്നു പറയാം. അദ്ദേഹം ഏതെട്ടുസ്ഥലത്ത് Demonstration നടത്താനായി ഏർപ്പാടു ചെയ്തിട്ടുണ്ടു. ഞാൻ അതിൽ ഒരു സ്ഥലം സന്ദർശിക്കയുണ്ടായി. ആ ഡെമാൺസ്ട്രേഷൻെറ ഫലമെന്തായി എന്നു എനിക്കറിയാൻ ഇടവന്നിട്ടില്ല.

മി: എസ്. പിരവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും-മെമ്പർ): ഏതിലേക്കുള്ള ഡെമാൺസ്ട്രേഷനാണ് മെമ്പർ പറയുന്നതു?

മി: വി. ചെല്ലംപിള്ള (തോവാള): നെല്ലു കൂടുതൽ വിളയിക്കാനുള്ള ഡെമാൺസ്ട്രേഷൻ.

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കൂടുതൽ നെല്ലു വിളഞ്ഞില്ലാ എന്നാണോ പറയുന്നതു?

മി: ചെല്ലംപിള്ള (തോവാള): ഇല്ലെന്നാണ്, തോന്നുന്നതു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സ്വന്തനിലത്തിൽ ഡെമാൺസ്ട്രേഷൻ നടത്തിയതിൻെറ ഫലമാണോ പറയുന്നതു?

മി: വി. ചെല്ലംപിള്ള (തോവാള): എൻെറ സ്വന്തനിലത്തിൽ ഡെമാൺസ്ട്രേഷൻ നടത്തിയിട്ടില്ല. വേറെ ഒരു നിലത്തിൽ നടത്തിയതിൻെറഫലമാണ് ഞാൻപറയുന്നതു.

ഇതിനുമുമ്പുതന്നെ ഈ സംഗതി ഞാൻ ഡയറക്ടരോടു പറഞ്ഞപ്പോൾ ഭംഗിയായിട്ടു നടത്താമെന്നു പറഞ്ഞു; പക്ഷേ ഫലം ഒന്നും ഉണ്ടായില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെൻറുനിയമനം ഡിപ്യൂട്ടിപ്രസിഡൻറു): വേറെ എക്സ്പെരിമെൻറൽ (പരീക്ഷണത്തോട്ടങ്ങൾ) ഫാറംസ് നടത്തിച്ചിട്ടില്ലേ?

മി: വി. ചെല്ലംപിള്ള (തോവാള): ഒരു സ്ഥലത്തുണ്ട്. അതിൻെറഫലം കാണിച്ചുകൊടുക്കാനാണ് ഒരോദിക്കിലും നടത്തുന്നതു. പക്ഷേ അതു ശരിയായിട്ടു യോജിച്ചുവരുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എക്സ്പെരിമെൻറിൻെറ ഫലവും ഡെമാൺസ്ട്രേഷൻെറ ഫലവും തമ്മിൽ യോജിക്കുന്നില്ലെന്നാണോ പറയുന്നതു?

മി: വി. ചെല്ലംപിള്ള (തോവാള) That is true; thanks please. അതേ രണ്ടും കൂടിയോജിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മററുകാ കൃഷികൾ ഓരോപകുതികളിലും നടത്തുന്നില്ലേ?

മി: വി. ചെല്ലംപിള്ള (തോവാള): ചില സ്ഥലങ്ങളിൽ നടത്തുന്നുണ്ടു. ഒരോപകുതികളിലും നടത്തുന്നില്ല. മെയിൻറോഡിനടുത്തുള്ള സ്ഥലങ്ങളിലാണ് നടത്തുന്നതു. പ്രത്യേകം ഒരു സ്ഥലത്തു നടത്തുകയാണെങ്കിൽ അവിടെ എല്ലാവരുംപോയി നോക്കി എന്നു വരുന്നതല്ല. മെയിൻറോഡിനു സമീപം ആയതുകൊണ്ടു

റോഡിൽ കൂടി പോകുന്നവർക്കെല്ലാം കാണാൻ സൗകര്യമുണ്ട്. ഏതായാലും നെൽകൃഷിയിൽ നിന്നു അധികം ലാഭമില്ലെന്നുള്ളതു തീർച്ചതന്നെ. അതുകൊണ്ടു നെൽകൃഷിയെക്കാൾ ആദായമുള്ള വല്ല കൃഷിയും ഇവിടെ നടപ്പാക്കണമെന്നാണ് എന്റെ അഭിപ്രായം. ആരുവാമൊഴിക്കു സമീപം ൧൦,൦൦൦ ഏക്കർ സ്ഥലം ഉണ്ടു. അവിടെ പുകയിലകൃഷി ചെയ്തുകൂടേ; അല്ലെങ്കിൽ കരിമ്പുകൃഷിയോ ചെയ്തുകൂടേ എന്നു ചിലസ്നേഹിതന്മാർ ചോദിക്കുമായിരിക്കാം. എന്തു കൃഷിയാണ് അവിടെ ചെയ്യേണ്ടതു എന്നുള്ളതു കാണിച്ചുതരേണ്ട ചുമതല കൃഷിഡിപ്പാർട്ടുമെൻറിനാണ് ഉള്ളതു്. ഓരോരുത്തർക്കും കുറച്ചു സ്ഥലം മാത്രമേയുള്ളു. അതുകൊണ്ടു എല്ലാവർക്കും നടത്താൻ സൗകര്യം കാണുകയില്ല. അതുകൊണ്ടു ഡിപ്പാർട്ടുമെൻറിൽനിന്നും തന്നെ ഇതെല്ലാം ചെയ്തു കാണിച്ചുകൊടുക്കണം.

ഒരു കൃഷിപാഠശാല തെക്കൻ തിരുവിതാംകൂറിൽവേണമെന്നു മി: റി. സി. കേശവപിള്ള പറയുകയുണ്ടായി. തെക്കൻതിരുവിതാംകൂർ ഒരു കൃഷിസ്ഥലമാണ്. അതുകൊണ്ടു അവിടെ ഒരുസ്കൂൾ ഉണ്ടായിരുന്നാൽ വളരെ സൗകര്യമുണ്ടു. അതിനാൽ അവിടെ ഒരു കൃഷിപാഠശാലകൂടി സ്ഥാപിച്ചുതരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, അനുദ്യോഗസ്ഥമെമ്പർമാർ പൊതുവായി പറഞ്ഞ സംഗതികളെപ്പറ്റി ഞാൻ ആദ്യമായി ചില വാക്കുകൾ പറഞ്ഞിട്ടു പിന്നീടു അവർ പ്രത്യേകമായി പറഞ്ഞ ഓരോ സംഗതികളെപ്പറ്റി വിമർശനം ചെയ്യാം.

എന്റെ സ്നേഹിതൻ മിസ്റ്റർ പരമുപിള്ള ഡിപ്പാർട്ടുമെൻറിന്റെ ജോലി നിർവഹണത്തെപ്പറ്റി പൊതുവായി സംസാരിച്ച കൂട്ടത്തിൽ ആ ഡിപ്പാർട്ടുമെൻറു കൊണ്ടു പൊതുജനങ്ങൾക്കു ലഭിക്കുന്ന ഗുണം അതു നിമിത്തമുള്ള ചെലവിനു അനുരൂപമല്ലെന്നു പ്രസ്താവിച്ചു. എന്റെ പഴയ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിതൊമ്മൻ കൃഷി ഇൻസ്പെക്ടർമാരെക്കൊണ്ടു പ്രയോജനമില്ലെന്നും നാട്ടുഭാഷാ വിദ്യാലയങ്ങളിൽ കൃഷിശാസ്ത്രം പഠിപ്പിക്കയാണ് വേണ്ടതെന്നും പറഞ്ഞു. നാം ചെലവു ചെയ്യുന്ന പണത്തിനു അനുരൂപമായ ഗുണം ജനങ്ങൾക്കു സിദ്ധിക്കുന്നില്ലെന്നു കൃഷി ഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ള പരാതി തിരുവിതാംകൂറിൽ മാത്രമല്ല മററു രാജ്യങ്ങളിലും സാധാരണമായി കേൾക്കുന്ന ഒന്നാണ്. ഡിപ്പാർട്ടുമെൻറിന്റെ ജോലി ക്ലിഷ്ടമാണ്. വിളവു വർദ്ധിപ്പിക്കാൻ എന്താണ് മാർഗ്ഗമെന്നു കണ്ടു പിടിക്കാൻ അവർ പരീക്ഷണ ശാലയിലും നിലങ്ങളിലും പരീക്ഷണങ്ങൾ നടത്തുന്നു. നിലങ്ങളിൽ എന്താണ് കുറവുള്ളതു്; അതിനു പരിഹാരമെന്തു്; ഓരോ തരം മണ്ണിനു പററിയ വളം എന്താണു; വിത്തുകൾ നന്നാക്കുന്നതു് എങ്ങനെ; പുതിയ എന്തു കൃഷികളാണു ഇവിടെ ആരംഭിക്കേണ്ടതു്; ചില പ്രത്യേക സ്ഥലങ്ങളിൽ എന്തു കൃഷിയാണ് ചെയ്യാവുന്നതു് ഈ വകയെല്ലാം പരീക്ഷണ തോട്ടങ്ങളിൽ പരീക്ഷകൾ നടത്തി പഠിക്കേണ്ടിയവയാണ്. ഇതാകുന്നു കൃഷി ഡിപ്പാർട്ടുമെൻറിന്റെ പ്രാരംഭജോലി. ഈ പരീക്ഷണങ്ങൾ വിജയമായി വന്നാൽ അവയെ വീണ്ടും നടത്തി ജനങ്ങൾക്കു ബോദ്ധ്യം വരുത്തണം. ഇതിനാകുന്നു ഡെമാൺസ്ട്രേഷൻ തോട്ടങ്ങളിലും കുടിയാൻവക ഭൂമികളിലും കൃഷി നടത്തി തെളിയിച്ചു കൊടുക്കുന്നതു്. ഈ പ്രദർശന കൃഷികൾ കുടിയാൻ ഭൂമികളിൽ ആകുന്നു നടത്തേണ്ടതെന്നായിരുന്നു ആരംഭം മുതൽക്കേ എന്റെ അഭിപ്രായം. എന്നാൽ വെറും പരീക്ഷകൾ നടത്തുന്നതു ഗവൺമെൻറുവക തോട്ടങ്ങളിലാകണമെന്നു തരമുള്ളു. ഇതാകുന്നു ഞാൻ ഇതുവരെ തുടർന്നിട്ടുള്ള നയം. വേറെ ഏതെങ്കിലും മാർഗ്ഗം ഇവിടെയാകട്ടെ വേറെ എവിടെയെങ്കിലും ആകട്ടെ ആരും ചൂണ്ടിക്കാണിച്ചിട്ടില്ല.

മിസ്റ്റർ കുഞ്ഞിതൊമ്മൻ പ്രസ്താവിച്ച ഇൻസ്പെക്ടർമാരുടെ ജോലി പ്രധാനമായി എന്നല്ല, മിക്കവാറും മുഴുവനും സ്വകാര്യഭൂമികളിൽ പരീക്ഷകൾ നടത്തി കാണിക്കയാണ്. അവർ ഒരു നിലം നോക്കി തിരഞ്ഞെടുത്തു ഉടമസ്ഥന്മാരുടെ സഹകരണത്തോടുകൂടെ അതു ഉഴുതു വിത്തുംവളവും കൊടുത്തു കൃഷി ചെയ്യിക്കയും അതിന്റെ ഫലം രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ ഫലം അവർ അതിന്റെ സമീപത്തു ചെയ്യുന്ന ചെക്കുപ്ലാട്ടിൽ കൃഷിയുടെ ഫലത്തോടു താരതമ്യപ്പെടുത്തി നോക്കി രണ്ടിന്റെയും വ്യത്യാസം പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തും. ഇതാകുന്നു നമ്മുടെ ഇൻസ്പെക്ടർമാർ ചെയ്യുന്ന ജോലി. ഇതു തന്നെയാകുന്നു അവർ മററു രാജ്യങ്ങളിലും ചെയ്യുന്ന ജോലി.

മി: വി. ചെല്ലംപിള്ള (തോവാള): നാഞ്ചിനാട്ടു ഈ കൊല്ലം ഡെമാൺസ്ട്രേഷൻ ഇൻസ്പെക്ടർ നടത്തിയിട്ടുണ്ടു് ഈ ഡെമാൺസ്ട്രേഷൻ ഫാറത്തിൽ ചെന്നു വിളവെടുക്കുന്ന കാലത്തു ചെക്കുപ്ലാട്ടുമായിട്ടു താരതമ്യപ്പെടുത്തി നോക്കിയിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയുംമത്സ്യവ്യവസായവും ഡയറക്ടർ): മി: ചെല്ലംപിള്ള ഇതിനു വളരെ പ്രാധാന്യം കല്പിക്കുന്നതു കൊണ്ടു ഞാൻ അതിനെപ്പററി സവിസ്തരം പ്രസ്താവിക്കാം. കഴിഞ്ഞ വർഷം ഏകദേശം ഇക്കാലത്തു നാഞ്ചിനാട്ടു ചില പരീക്ഷകൾ നടത്തികാണിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. അതിനാവശ്യമുള്ള വളം നാഞ്ചിനാട്ടു അഗ്രിക്കൾചറൽ ഇംപ്രൂവ്മെൻറു പരസ്പരസംഘത്തിനെ ഏല്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇതു ഞാൻ സമ്മതിച്ചില്ല. എന്നാൽ മിസ്റ്റർ ചെല്ലംപിള്ളയോടു ആലോചിച്ചു കൊണ്ടു പരീക്ഷണത്തിനു നിലങ്ങൾ തിരഞ്ഞെടുക്കാനും അവിടെ അവരുടെ മേൽനോട്ടത്തിൽ കൃഷി നടത്താനും ഞാൻ എന്റെ കീഴുദ്യോഗസ്ഥന്മാരോടു ആജ്ഞാപിച്ചു. ഒരു പ്രാവശ്യം ഞാൻതന്നെ പോയി ആ കൃഷികൾ പരിശോധിച്ചു എന്റെ കൂടെ വരാൻ ഞാൻ മി: ചെല്ലംപിള്ളയോടു പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. നിർഭാഗ്യവശാൽ അദ്ദേഹം വന്നില്ല. അതു കൊണ്ടു പുത്തേരി മുതൽ കൂട്ടുകര വരെ ഈ പരീക്ഷണ കൃഷിയുള്ള ൧൪ സ്ഥലങ്ങളും ഞാൻ തനിച്ചു സന്ദർശിച്ചു അവിടങ്ങളിലെ കൃഷികൾ എനിക്കു തൃപ്തികരമായി തോന്നി. ഈ സ്ഥലങ്ങളിലെ കൊയ്ത്തിന്റെ മേൽനോട്ടത്തിനു ഒരാൾ മാത്രമേ എനിക്കുണ്ടായിരുന്നുള്ളു. അയാൾക്കു എല്ലാ സ്ഥലങ്ങളിലും ഒരേ സമയം തന്നെ ഹാജരുണ്ടായിരിക്കാൻ സാധിക്കയില്ലല്ലോ. അതു കൊണ്ടു അയാൾ ഒന്നോ രണ്ടോ സ്ഥലത്തു മാത്രമേ പോകയൊള്ളു. മി: ചെല്ലംപിള്ളയുടെ സഹകരണം കൊണ്ടു ഞങ്ങൾ ബുദ്ധിയും സ്വാധീനശക്തിയും ഉള്ള കുടിയാന്മാരെയാണ് ഞങ്ങളോടു സഹകരിക്കാൻ ഞങ്ങൾ തിരഞ്ഞെടുത്തതു്. അവർ ശരിയായ റിപ്പോർട്ടുകൾ തരുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. കൊയ്ത്തു നടത്താൻ എന്റെ ഇൻസ്പെക്ടർക്കു പോകാൻ കഴിയാത്ത സ്ഥലങ്ങളിലെ വിളവിനെപ്പററി ഞങ്ങൾ ആ കുടിയാന്മാരെയാണു ആശ്രയിച്ചതു്.

ഈ പരീക്ഷണങ്ങളുടെ ഫലം തൃപ്തികരമല്ലായിരുന്നു എന്നു മി: ചെല്ലംപിള്ള പറകയുണ്ടായി. എന്നാൽ ഒരു സ്ഥലമൊഴികെ മറ്റെല്ലാ സ്ഥലങ്ങളിലും പരീക്ഷണങ്ങൾ വിജയമായിരുന്നു എന്നു കാണിക്കാൻ എന്റെ പക്കൽ കണക്കുണ്ട്. വിജയമാകാത്ത ഒരു സ്ഥലത്തെ സ്ഥിതികൾ പ്രതികൂലമായിരുന്നു. പരീക്ഷണസ്ഥലങ്ങളിലെ കൃഷിഫലം ചെക്ക പ്ലാട്ടുകളിലെ കൃഷിഫലത്തെക്കാൾ ഏക്കറൊന്നിനു [illegible] രൂപ അധികമായിരുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഏതു സ്ഥലത്താണു ഡെമാൺസ്ട്രേഷൻ പരാജയത്തിൽ കലാശിച്ചതു്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ വിവരം എന്റെ പക്കൽ ഇല്ല. പരീക്ഷണങ്ങൾ [illegible] സ്ഥലങ്ങളിലാണ് നടത്തിയതു്. പുത്തേരിയിൽ അതു തീർച്ചയായും വിജയകരമായിരുന്നു. അതു എന്റെ സ്നേഹിതൻ മി: ചെല്ലം പിള്ളയ്ക്കു തന്നെ അറിയാം.

മി: വി. ചെല്ലംപിള്ള (തോവാള): മററു സ്ഥലങ്ങളിലും ഡെമാൺസ്ട്രേഷൻ ശരിയായിട്ടില്ലാ എന്നു ഞാൻ പറയുന്നതു മെമ്പർക്ക വിശ്വസിക്കാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): "ശരിയായിട്ടില്ല" എന്നു അദ്ദേഹം പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ചില സ്ഥലങ്ങളിലെ കൊയ്ത്തു് എന്റെ കീഴുദ്യോഗസ്ഥന്മാർ പരിശോധിച്ചു. മററു സ്ഥലങ്ങളിൽ കുടിയാന്മാർ പറഞ്ഞതു വിശ്വസിച്ചു. ഇവയിൽനിന്നു കാണുന്നതു ഒന്നൊഴികെ എല്ലാ സ്ഥലങ്ങളിലും പരീക്ഷണങ്ങൾ വിജയമായിരുന്നു എന്നാണ്. മിസ്റ്റർ ചെല്ലംപിള്ളയുടെ അഭിപ്രായം മറിച്ചാണെങ്കിൽ—

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം, ഡെപ്യൂട്ടി പ്രസിഡന്റ്): [illegible] രൂപാ ലാഭമുണ്ടായിരുന്നു എന്നു മെമ്പർ പറഞ്ഞതു് ഡിപ്പാർട്ടുമെന്റിൽനിന്നു കൊടുത്ത വളത്തിന്റെ വില കുറച്ചതിന്റെശേഷമാണോ എന്നു പറയുമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): അതെ, സർ. ഡിപ്പാർട്ടുമെന്റുവക വളവും സാധാരണ വളവും ഉപയോഗിച്ചിട്ടു കിട്ടിയ വിളവു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു എന്റെ പക്കൽ ഉണ്ടു്. വളത്തിന്റെ വില കൂട്ടാതെ ഒരേക്കർ കൃഷിചെയ്യുന്നതിനുള്ള ചെലവു [illegible] രൂപ ആകുന്നു. സാധാരണ വളംചേർത്തു ചെക്ക പ്ലാട്ടുകളിൽ കൃഷിക്കുള്ള ചെലവു [illegible] രൂപയും ഡിപ്പാർട്ടുമെന്റുവക വളംചേർത്തു പരീക്ഷണനിലങ്ങളിൽ കൃഷിക്കുള്ള ചെലവു [illegible] രൂപയും ആകുന്നു. ഒരേക്കറിനുള്ള ചെലവിന്റെ വ്യത്യാസം [illegible] രൂപയാണ്. എന്നാൽ ഡിപ്പാർട്ടുമെന്റുവക വളം ഉപയോഗിച്ചിടത്തെ വിളവു [illegible] കോട്ട നെല്ലും സാധാരണ വളം ഉപയോഗിച്ചിടത്തെ വിളവു [illegible] കോട്ട നെല്ലും ആകുന്നു. അതായതു ആദ്യത്തേതിൽ [illegible] കോട്ട അധികം. ഇപ്പോഴത്തെ വിലയ്ക്കു നാലുകോട്ട നെല്ലിന്റെ വില [illegible] രൂപയാണ്. വളത്തിന്റെ വില ഉൾപ്പെടെ കൃഷിച്ചെലവിന്റെ വ്യത്യാസം രണ്ടു രൂപ മാത്രമേയുള്ളതാനും. ഇങ്ങനെയാകുന്നു [illegible] പരീക്ഷണനിലങ്ങളിൽ കൃഷിപരീക്ഷകൾ നടത്തിയതിന്റെ ഫലം.

മി: വി. ചെല്ലംപിള്ള (തോവാള): ഓരോ സെന്ററിലും ഡെമാൺസ്ട്രേഷൻ പ്ലാട്ടിൽനിന്നും കിട്ടീട്ടുള്ളതു എത്രയാണെന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): പറയാം, പക്ഷെ ആ ലിസ്റ്റ് എന്റെ കയ്യിലില്ല. മെമ്പർക്കു വേണമെങ്കിൽ അതു അയച്ചുതരാം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം, ഡിപ്പ്യൂട്ടി പ്രെസിഡന്റ്): ഡയറക്ടർ പറഞ്ഞ വളം സാധാരണ കന്നുകാലിവളവും പച്ചിലവളവുമാണോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): ഞങ്ങൾ ഉപയോഗിക്കുന്ന വളം ഒരംശം കന്നുകാലിവളവും ഒരംശം കെമിക്കൽ വളവുമാകുന്നു. കെമിക്കൽ വളം മാത്രം ഉപയോഗിക്കാൻ ഞങ്ങൾ ഒരിക്കലും ഉപദേശിക്കയില്ല. ജീവോല്പന്നമായ വളംകൂടാതെ കെമിക്കൽവളം മാത്രം തന്നെ എല്ലായ്പ്പോഴും ഉപയോഗിക്കുന്നതു ദോഷകരമാകുന്നു. ഒരു ഏക്കറിനു സാധാരണ ഉപയോഗിച്ചുവരുന്ന [illegible] വണ്ടി സാധാരണ വളത്തിനുപകരം [illegible] വണ്ടി സാധാരണ വളവും കുറെ കെമിക്കൽ വളവും ഉപയോഗിക്കണമെന്നാണ് ഞങ്ങൾ സാധാരണയായി ഉപദേശിക്കുന്നതു്. ജീവോല്പന്നവളം കുറെ കുറച്ചു എന്നാകിലും കെമിക്കൽ വളം കൂട്ടിച്ചേർത്തു ഉപയോഗിച്ചാൽ ഫലം എല്ലായ്പ്പോഴും തൃപ്തികരമായിരിക്കും.

മി: വി. ചെല്ലംപിള്ള (തോവാള): ആർഗാനിക്ക് മന്യൂവർ ഇവിടെ ധാരാളം കിട്ടുമെന്നാണോ പറയുന്നതു്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): കിട്ടിയില്ലെങ്കിൽ ഉണ്ടാക്കണം. സാധാരണ എറിഞ്ഞുകളയുന്ന സാധനങ്ങൾ എല്ലാം എങ്ങനെ ജീവോല്പന്നവളമാക്കാമെന്നു ഞങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉൽകൃഷ്ടപരിശീലനത്തിനു അമേരിക്കയിലേയ്ക്കു പോകുന്ന മാന്യൻ ഇക്കാര്യത്തിൽ പ്രയോജനമുള്ള ജോലിചെയ്തിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം പ്രവർത്തിച്ചാൽ ജീവോല്പന്നവളം കിട്ടുവാൻ ഇപ്പോൾ അവർക്കുള്ള പ്രയാസം കൃഷിക്കാർ നിഷ്പ്രയാസം നിവാരണം ചെയ്യാം[illegible].

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം, ഡിപ്പ്യൂട്ടി പ്രസിഡന്റ്): പരസ്യരസായനസംഘങ്ങൾ ഒട്ടുവളരെ വളം വില്ക്കുന്നുണ്ടെന്നു തോന്നുന്നു.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): അവർ കൊടുക്കുന്നതു കെമിക്കൽ വളമാണ് ജീവോല്പന്നവളമല്ല.

കൃഷിഡിപ്പാർട്ടുമെന്റിനു പ്രതികൂലമായ അഭിപ്രായങ്ങൾ ഇവിടെ മാത്രമല്ല മററു രാജ്യങ്ങളിലും കേൾക്കാറുണ്ട്. സിലോണിലെ കൃഷി ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജററിനെപ്പററിയുള്ള വാദപ്രതിവാദം അവിടത്തെ നിയമസഭയിൽ നടന്നതിന്റെ പ്രൊസീഡിംഗ്സ് ഈയിടെ ഞാനൊരു പത്രത്തിൽ വായിക്കയുണ്ടായി. ആ സമയം അവിടത്തെ കൃഷിഡയറക്ടർ ഇങ്ങനെ പറഞ്ഞു—

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക്): മെമ്പർ വർത്തമാനപ്പത്രത്തിൽനിന്നാണോ വായിക്കുന്നത്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): അതെ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക്): സർ, വർത്തമാനപ്പത്രങ്ങളിൽനിന്നു വായിക്കുന്നതു ക്രമവിരുദ്ധമാകുന്നു. അതു ക്രമവിരുദ്ധമാണെന്നു മുമ്പ് ഈ സഭയിൽ തീർച്ചയാക്കീട്ടുണ്ട്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവമെന്റു നിയമനം, ഡിപ്യൂട്ടിപ്രെസിഡന്റ്): തന്റെയും സ്വന്ത അഭിപ്രായമെന്നുള്ള നിലയിൽ വായിച്ചു കേൾപ്പിക്കുന്നതിനു വിരോധമില്ല.

പ്രെസിഡന്റ്: അതൊരു വിദഗ്ദ്ധാഭിപ്രായമെന്നു വിചാരിക്കാനെ ഉള്ളു.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): കൃഷിഡിപ്പാർട്ടുമെന്റു ഒരു വെള്ളാനയാണെന്നു സാധാരണയായി പറയാറുണ്ട്. എന്നാൽ അതിനെ ഉപയോഗിച്ചു അതിനെക്കൊണ്ടുണ്ടാകാവുന്ന ഗുണം അനുഭവമാകുന്നില്ല എന്നേയുള്ള എന്നാകുന്നു സിലോൺ ഡയറക്ടരുടെ അഭിപ്രായം. അദ്ദേഹം ഇങ്ങനെ പറയുന്നു: —

"ഈ ഡിപ്പാർട്ടുമെന്റ് ഒരു വെള്ളാനയാണെന്നു ചിലർ പറയുന്നു. എന്നാൽ ഒരു വെള്ളാന എന്താണ്? വെള്ളാന വളരെ ശക്തിയുള്ള ഒരു മൃഗമാകുന്നു. എന്നാൽ ചില തെററിദ്ധാരണനിമിത്തം മനുഷ്യർ അതിന്റെ ശക്തിയെ പ്രയോജനപ്പെടുത്തുന്നില്ല."

ഈ അഭിപ്രായം ഇവിടത്തേക്കും യോജിക്കുന്നതാണെന്നു എനിക്കു തോന്നുന്നു.

ഇനി എന്റെ കീഴുദ്യോഗസ്ഥന്മാരിൽ ഒരാളെ അമേരിക്കയിലേക്കയയ്ക്കുന്നതിനു മിസ്റ്റർ പാച്ചുപ്പിള്ളയ്ക്കുള്ള പ്രാതികൂല്യത്തെപ്പററി പറയാം. കാര്യക്ഷമതയുള്ള ആളുകൾ സ്വന്തച്ചെലവിന്മേൽ പോയി അവർ ചെയ്യാനുള്ള പ്രവൃത്തിയിൽ വൈദഗ്ദ്ധ്യം പ്രാപിച്ചു വരാൻ തയ്യാറുള്ളപക്ഷം ഇങ്ങനെയുള്ള ഒരു കാര്യത്തിനു ഗവമെന്റു പണം ചെലവു ചെയ്യുന്നതു ന്യായമല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഇപ്പോൾ അയയ്ക്കുവാൻ വിചാരിക്കുന്നയാൾ കഴിഞ്ഞ ഏഴെട്ടു വർഷമായി ഡിപ്പാർട്ടുമെന്റിൽ ജോലി നോക്കുന്നു. അദ്ദേഹത്തിന്റെ ജോലി നിർവഹണത്തിൽ എനിക്കു വളരെ തൃപ്തിയുണ്ട്.

മി: മുതുവയിൽ പാച്ചുപ്പിള്ള (ചേർത്തല): സ്വന്തം പണം ചെലവു ചെയ്തു പോയി പഠിച്ചുവരാൻ തയ്യാറുണ്ടോ എന്നറിയുന്നതിനു വല്ല പരസ്യവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മി: പാച്ചുപ്പിള്ള അല്പനേരം ക്ഷമയോടിരിക്കുമെങ്കിൽ ഞാൻ ആ സംഗതിയെപ്പററി പറയാം. ഈയാൾ ഡിപ്പാർട്ടുമെന്റിൽ വളരെ പ്രയോജനമുള്ള ജോലി ചെയ്തിട്ടുണ്ട്. അതിനെപ്പററി എനിക്കു വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിനു വിദേശത്തിൽ പോയി മി: ലിപ്മാ തുടങ്ങിയുള്ള ഒരു ശാസ്ത്രജ്ഞന്റെ കീഴിൽ പരിശീലനം കഴിച്ചുവന്നാൽ അദ്ദേഹത്തിനു ഇപ്പോഴത്തേതിലും അധികം പ്രയോജനമുള്ള ജോലി ഇവിടെ ചെയ്യാൻ കഴിയും. അദ്ദേഹം ഒരു രസതന്ത്രഗ്രാഡ്യുവേറും അണുപ്രാണിശാസ്ത്രത്തിൽ പരിശീലനം പ്രാപിച്ചിട്ടുള്ളയാളുമാണ്. മണ്ണിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള സൊയിൽബയോളജി സംബന്ധിച്ച ജോലിയാണ അദ്ദേഹം ഇപ്പോൾ ചെയ്തുവരുന്നത്. മണ്ണിന്റെ ഗുണങ്ങളെപ്പററി ശരിയും സൂക്ഷ്മവുമായ പരിജ്ഞാനം ഉണ്ടെങ്കിൽ മാത്രമേ മണ്ണിന്റെ ഗുണം വർദ്ധിപ്പിക്കാൻ കഴികയുള്ളുവെന്നു ആധുനിക പരീക്ഷണങ്ങൾകൊണ്ടു കണ്ടറിഞ്ഞിരിക്കുന്നു. ഒരു കണ്ണാടിക്കുഴൽ ഉപയോഗിക്കാനും ലവണത്തിന്റെ അംശങ്ങൾ അമ്ലക്ഷാരാംശവും ജലാംശവും ഇന്നിന്നതെന്നു പരീക്ഷകൾ നടത്തികാണിക്കാനും കഴിവുള്ള ഒരു സാധാരണ രസതന്ത്രഗ്രാഡ്യുവേറ്റിനെ കിട്ടുമായിരിക്കും. ഇക്കാലം ഓരോ വിഷയത്തിൽ വൈദഗ്ദ്ധ്യം വേണ്ടകാലമാണ്. അതുകൊണ്ടു സമർത്ഥന്മാരെ തിരഞ്ഞെടുത്തു് ചല ശാസ്ത്രീയവിഷയങ്ങളിൽ പരിശീലിപ്പിക്കേണ്ടതാകുന്നു. താൻ പരിശീലിക്കാൻ പോകുന്ന വിഷയത്തിൽ ഇപ്പോൾ തിരഞ്ഞെടുത്തിട്ടുള്ളയാളിനു പ്രത്യേകവാസനയുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രത്യേക ആൾ ഏതെങ്കിലും പ്രത്യേക വിഷയത്തിലാണോ വൈദഗ്ദ്ധ്യം സമ്പാദിക്കാൻ പോകുന്നതെന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്വന്ത ചെലവിന്മേൽ പോയി ഈ വിഷയത്തിൽ വിദഗ്ദ്ധനായിവരാൻ വേറെ ആരെയും കിട്ടുകയില്ലയോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഒരുസാധാരണ ബി. എ. ക്കാരൻ പോയി ഒരു ബിരുദ് സമ്പാദിച്ചുകൊണ്ടു ഞാൻ വൈദഗ്ദ്ധ്യം സമ്പാദിച്ചുകൊണ്ടു വന്നിരിക്കുന്നുഎന്നു പറഞ്ഞതുകൊണ്ടു മതിയാകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദേശത്തുപോയി പഠിച്ചിട്ടു മടങ്ങിവരുമ്പോൾ അദ്ദേഹം വൈദഗ്ദ്ധ്യം പ്രാപിച്ചിട്ടുണ്ടോ ഇല്ലയോ എന്നു ഡയറക്ടർ പരിശോധിക്കുന്നതു എങ്ങനെയാണെന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അദ്ദേഹം ഇതുവരെയും ചെയ്തിട്ടുള്ള ജോലി വളരെ തൃപ്തികരമാകുന്നു. അദ്ദേഹം മടങ്ങിവരുമ്പോൾ അതിലധികം നല്ല ജോലി ചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇദ്ദേഹം ഡിപ്പാർട്ടുമെന്റിൽ ഇതുവരെയും തൃപ്തികരമായ ജോലി ചെയ്തിട്ടുള്ളതുകൊണ്ട് ലോകത്തിൽ എങ്ങും വേറെ ആളെ കിട്ടുകയില്ലെന്നു ഡയറക്ടർ പറയുന്നതെങ്ങനെയാണ്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): "ലോകത്തിലെങ്ങും" എന്നു ഞാൻ പറഞ്ഞില്ല. (ചിരി). ലോകത്തിൽ സമർത്ഥന്മാരായ അനേകമാളുകൾ ഉണ്ടാകും. എന്നാൽ ൫൦൦൦ രൂപ ശമ്പളം കൊടുക്കാതെ അവരിൽ ഒരാളെ കിട്ടുകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇദ്ദേഹം മടങ്ങിവരുമ്പോൾ ൧൦൦൦ രൂപാശമ്പളം കൊടുക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇല്ല. അതാണ ഞാൻ പറയാൻ ഭാവിച്ചതു. ഒരു സോയിൽ ബയോളജിസ്റ്റിനു വേണമെന്നു പരസ്യപ്പെടുത്തിയാൽ ൧൦൦൦ രൂപാശമ്പളം കൊടുക്കേണ്ടിവരും, ഇദ്ദേഹത്തിനു ഇപ്പോൾ ൧൫൦ രൂപയാണ ശമ്പളം, അതുകൊണ്ട് അദ്ദേഹം തൃപ്തിപ്പെട്ടിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), ഈ പ്രത്യേകവിഷയത്തിൽ വാസനയുള്ളവരായ മറ്റു മാന്യന്മാരുടെ അറിവിനായി അയയ്ക്കാൻ പോകുന്ന ഈ മാന്യന്റെ ഭാവി ഗുണപ്രതീക്ഷകൾ എന്താണെന്നു പ്രസിദ്ധപ്പെടുത്തുമോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു എനിക്കുപറയാൻ സാധിക്കുകയില്ല. ഇദ്ദേഹത്തിനു ഞങ്ങൾ ഒരുവാഗ്ദാനവും ചെയ്തിട്ടില്ല. പഠിത്തത്തിനുള്ള അവധികൊടുക്കുന്നേയുള്ളു. യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്ക പഠിത്താവധി കൊടുക്കാൻ സെർവീസ് റെഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഇപ്പോഴത്തെ പഴയ്യ്ഷണജോലിതന്നെ ചെയ്യുമോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അദ്ദേഹം ഇപ്പോഴുള്ള ചെയ്തുവരുന്നു, മടങ്ങിവന്ന ശേഷവും അദ്ദേഹം അതുതന്നെ ചെയ്യണമെന്നാണ എന്റെ ഉദ്ദേശം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഇപ്പോൾ ചെയ്യുന്ന ജോലി പോരാഞ്ഞിട്ടോ അദ്ദേഹം പോയിവന്നിട്ട ചെയ്യുന്ന ജോലി ഇതിലും മെച്ചമായിരിക്കും എന്നു വിചാരിച്ചിട്ടോ അദ്ദേഹത്തെ അയയ്ക്കുന്നതു്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മി, ചിഫ്മാന്റെ കീഴിൽ പരിശീലനം ചെയ്താൽ അദ്ദേഹത്തിന്റെ ജോലി തീർച്ചയായും ഇപ്പോഴത്തെതിൽ മെച്ചമായിരിക്കും—അത്രവിശ്രുതനായ ഒരുശാസ്ത്രജ്ഞന്റെ കീഴിൽ രണ്ടുവർഷം പരിശീലനം കഴിച്ചുവന്നാൽ അദ്ദേഹം ചെയ്യുന്ന ജോലി ഇപ്പോഴത്തേതിൽ എത്രയോ മെച്ചമായിരിക്കും എന്നു എനിക്കു നിശ്ചയമുണ്ട്.

മി, കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങനെയുള്ള ഒരുവിദഗ്ദ്ധനെ കൂടാതെ ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തികൾ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കയില്ലെന്നാണോ ഡയറക്ടരുടെ അഭിപ്രായം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കൃഷിശാസ്ത്രത്തിന്റെ ഓരോ ശാഖയിലും വിദഗ്ദ്ധന്മാർ ആവശ്യമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളയാൾ ആദ്യം ഒരു രസതന്ത്രജ്ഞൻ ആയിരുന്നിട്ട പിന്നീട അണുപ്രാണിശാസ്ത്രജ്ഞൻ ആയതാണോ എന്നറിവാൻ ആഗ്രഹിക്കുന്നു. അദ്ദേഹം എത്രകാലം രസതന്ത്രജ്ഞൻ ആയിരുന്നു എന്നും പിന്നീട അണുപ്രാണിശാസ്ത്രജ്ഞൻ ആയി രൂപാന്തരപ്പെടുത്തുവാൻ കാരണമെന്തെന്നും കൂടെ അറിവാൻ ആഗ്രഹമുണ്ട്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): അദ്ദേഹം രസതന്ത്രത്തിൽ ഗ്രാഡ്വേറ്റാണെങ്കിലും അണുപ്രാണിശാസ്ത്രവും പഠിക്കാൻ ഇടവന്നു. ഇൻഡ്യൻസയൻസ് ഇൻസ്റ്റിട്ട്യൂട്ടിൽ അദ്ദേഹം അണുപ്രാണിശാസ്ത്രം പഠിച്ചു. അദ്ദേഹം ചെയ്തജോലി നല്ലതാണെന്നുകണ്ടപ്പോൾ ഞാൻ അദ്ദേഹത്തെ പൂനായിലേക്കയച്ചു. അവിടെ അദ്ദേഹം സോയിൽബയോളജിപഠിക്കയും മടങ്ങിവന്നപ്പോൾ കൃഷിസംബന്ധമായ അണുപ്രാണിശാസ്ത്രജ്ഞനായി നിയമിക്കപ്പെടുകയും ചെയ്തു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം എത്രനാൾ രസതന്ത്രജ്ഞൻ ആയിരുന്നു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): രണ്ടോ മൂന്നോ വർഷം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം ശാഖമാറിയതു എന്തിനാണ? രസതന്ത്രത്തിൽ സാമർത്ഥ്യംപോരാഞ്ഞിട്ടാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): വേറൊരു രസതന്ത്രജ്ഞൻ ഉണ്ടായിരുന്നു. അതുകൊണ്ടു ഞാൻ ഇദ്ദേഹത്തെ ആ ശാഖയിൽ നിന്നെടുത്തു് ആളില്ലാത്ത അണുപ്രാണിശാസ്ത്രം സംബന്ധിച്ച ജോലിക്കു നിയമിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പൂസാസ്ഥാപനത്തിൽ അദ്ദേഹത്തിനു പ്രത്യേക പരിശീലനം ലഭിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം അവിടെ എത്രനാൾ ഉണ്ടായിരുന്നു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): രണ്ടു വർഷം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവിടത്തെ പരിശീലനം മുഴുവനും കഴിച്ചോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉവ്വ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രായോഗികാവശ്യങ്ങൾക്കു ആ പരിശീലനം പോരയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതുമതിയോ എന്നു എനിക്കറിഞ്ഞുകൂടാ. ശാസ്ത്രത്തിന്റെ പല ശാഖകളിലും ഇപ്പോൾ പ്രാധാന്യമുള്ള പല കാര്യങ്ങൾ കണ്ടുപിടിച്ചു വരുന്നു. സോയിൽബയോളജിയിൽ പുതിയ രീതികൾ പരിശീലിച്ചിട്ടുള്ള ഒരാൾ ഉണ്ടായിരിക്കുന്നതു നന്നായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒക്കോളജി (കമിറംശാസ്ത്രം) അനാട്ടമി (അംഗവിച്ഛേദനം) മുതലായ ശാസ്ത്രങ്ങളിൽ പരിശീലനം ലഭിച്ചിട്ടുള്ള വേറെ വിദഗ്ധന്മാർ ഉണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്. അവർ പൂസയിൽപോയി പരിശീലനം കഴിച്ചുവരാണ്. അവരിൽ ആരെങ്കിലും വിദേശങ്ങളിൽ പോയി പരിശീലനം കഴിച്ചുവരാൻ യോഗ്യന്മാരായികണ്ടാൽ ഗവണ്മെന്റിലേക്ക അവരെ സന്തോഷത്തോടെ ഞാൻ ശിപാർശ ചെയ്യുന്നുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അമേരിക്കയിലൊ യൂറോപ്പിലൊപോയി പഠിച്ചുവരാൻ വേറെയാരെങ്കിലും പഠിത്തൊദ്ധിക്ക അപേക്ഷിച്ചിട്ടുണ്ടോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോളില്ല. പത്തുവർഷംമുമ്പോ മറ്റൊ അവരിൽ ഒരാൾ അപേക്ഷിക്കയും അയാൾക്ക പഠിത്താവധി അനുവദിക്കയും ചെയ്തു. ഇപ്പോൾ പോകാനുള്ള ആളെ അദ്ദേഹത്തിന്റെ അപേക്ഷകൂടാതെ ആണ് ഞാൻ ശിപാർശ ചെയ്തത്. അദ്ദേഹത്തിന്റെ ജോലികണ്ടിട്ട ഉൽകൃഷ്ടപരിശീലനത്തിന ഒരവസരം കൊടുക്കാൻ അദ്ദേഹം യോഗ്യനാണെന്ന എനിക്കുതോന്നി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡയറക്ടർതന്നെ ഒരു അണുപ്രാണിശാസ്ത്രവിദഗ്ധൻ അല്ലയോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അണുപ്രാണി ശാസ്ത്രം ഞാൻ പഠിച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം ജർമ്മനിയിൽപോയി പ്രത്യേകപരിശീലനം കഴിച്ചിട്ടില്ലയോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്. അതുകൊണ്ടാണ് ഞാൻ ഈ ശാഖയിൽ ഇദ്ദേഹത്തിന്റെ യോഗ്യത ഗ്രഹിച്ചതും ഇദ്ദേഹത്തെ അമേരിക്കയിലേക്കയയ്ക്കാൻ ശിപാർശ ചെയ്തതും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡയറക്ടർതന്നെ ഒരു അണുപ്രാണിശാസ്ത്രവിദഗ്ധൻ ആകയാൽ കാര്യമായ സാങ്കേതിക പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അദ്ദേഹത്തിന വഴികാണിച്ചു കൊടുക്കാൻ കഴികയില്ലയോ എന്നു പറയുമോ? അങ്ങനെയിരിക്കെ അദ്ദേഹത്തെ അമേരിക്കയ്ക്കു അയയ്ക്കാൻ വല്ല ആവശ്യവും ഉണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മററു ജോലികൾ നിമിത്തം എനിക്കതു സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആ വിഷയത്തിൽ ഒരു വിദഗ്ധൻ ഉണ്ടായിരിക്കയാണ് ഉത്തമം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇൻഡ്യയിൽ വേറെ പ്രദേശങ്ങളിലെങ്ങും പൂസയിൽ പരിശീലനം ലഭിച്ചവർ അണുപ്രാണിസംബന്ധമായ ജോലികൾ ചെയ്യുന്നില്ലയോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അമേരിക്കയിലൊ ഇംഗ്ലണ്ടിലൊ പരിശീലനം ലഭിച്ചിട്ടുള്ളവർ അണുപ്രാണിശാസ്ത്രജ്ഞന്മാരായി ജോലിചെയ്യുന്ന അനേകം പ്രദേശങ്ങൾ ഉണ്ട്. ചില പ്രദേശങ്ങളിൽ പൂസയിൽ പരിശീലനം ലഭിച്ചവരും ഉണ്ട്. ഇൻഡ്യയിൽ മററു സ്ഥലങ്ങളിൽ കൃഷിഡിപ്പാർട്ടുമെന്റിൽ സയൻസ്ഗ്രാഡ്യൂവേററുകളെ നിയമിക്കയും അവക്ക കുറെക്കാലത്തെ പരിചയം സിദ്ധിക്കുമ്പോൾ അവരെ പരിശീലനത്തിന പൂസയ്ക്കു അയക്കയും ചെയ്യുന്നു. പയ്യെ ഷണത്തിൽ പ്രത്യേകവാസന കാണിക്കുന്നവരെ ഉൽകൃഷ്ടപരിശീലനത്തിന ഇംഗ്ലണ്ടിലെക്കൊ അമേരിക്കയിലെക്കൊ അയക്കും. ഇതാണു മററുപ്രദേശങ്ങളിലെ നടപ്പും, എല്ലാം പറഞ്ഞാലും മുമ്പു ചെയ്യേണ്ടിയിരുന്നതു ഇപ്പോൾ ചെയ്യുന്നുഎന്നെയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പൂസയിലെ പരിശീലനം താണതരത്തിലുള്ളതാകുന്നുവെന്നാണോ ഡയറക്ടരുടെ അഭിപ്രായം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും പരിശീലനംപോലെ നന്നല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പരിശീലനം കഴിഞ്ഞുവന്നിട്ട അദ്ദേഹത്തെ അണുപ്രാണി പരീക്ഷണ പ്രവൃത്തിയിൽ വേർതിരിച്ചു ഭരമേല്പിക്കാനാണോ വിചാരിക്കുന്നതു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): വേർതിരിക്കയല്ല അണുപ്രാണിശാസ്ത്രത്തിൽ അദ്ദേഹത്തെ വിദഗ്ധനാക്കുകയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതു വല്ലനവീനപ്രവൃത്തികളാരംഭിക്കാനൊ അതൊ ഇതുവരെയുള്ള പരീക്ഷണഫലങ്ങൾ പ്രയോഗത്തിൽ വരുത്താനോ ആണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കണ്ടുപിടിച്ചരീതികൾ പ്രയോഗത്തിൽ വരുത്തുകയും നവീന പരീക്ഷണങ്ങൾ നടത്തുകയും വേണം. സഭ ഭക്ഷണത്തിനായ ൧-൨ മണിക്ക് പിരിയുകയും ൨-൩ മണിക്ക വീണ്ടും കൂടുകയുംചെയ്തു.

പ്രെസിഡെൻറു: നിങ്ങളുടെ പ്രസംഗം അവസാനിപ്പിച്ചോ ഡാക്ടർ കുഞ്ഞൻപിള്ള.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇല്ല, സാർ.

ഭക്ഷണത്തിനു എഴുന്നേല്ക്കുന്നതിനുമുമ്പു എന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെ അമേരിക്കയ്ക്കയക്കുന്നതിനെപ്പറ്റി ആയിരുന്നു ഞാൻ സംസാരിച്ചിരുന്നത്. അദ്ദേഹം പ്രത്യേകപഠിത്തത്തിനയയ്ക്കാൻ യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥൻ ആകുന്നു, അദ്ദേഹം പഠിച്ചിട്ടുള്ള പ്രത്യേകവിഷയത്തിൽ ഉൽകൃഷ്ടപരിശീലനം നല്കുന്നതിന്റെ ഉപയോഗവും ആവശ്യവും എനിക്കബോദ്ധ്യമായിട്ടുള്ളതാണ്. അതുകൊണ്ടു അദ്ദേഹത്തെ അമേരിക്കയ്ക്കു അയയ്ക്കണമെന്നു ഞാൻ ശിപാർശചെയ്കയും ഗവണ്മെന്റു അനുവദിക്കയുംചെയ്തു. ആ ഉദ്ദേശം അനുസരിച്ചുകൊണ്ടു അതിനുവേണ്ടുന്നപണം വരുന്നയാണ്ടത്തെ ബഡ്ജറ്റിൽ ചേർത്തു.

കൃഷിപാഠശാലകളെ സംബന്ധിച്ചു കേവലം കൃഷിശാസ്ത്രം പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ സ്ഥാപിക്കയെന്നും കൃഷിശാസ്ത്രം സാധാരണവിദ്യാലയങ്ങളിൽ ഒരു പാഠവിഷയമാക്കണമെന്നും ചില മെമ്പർമാർ പറഞ്ഞു. കേവലം കൃഷിശാസ്ത്ര പാഠശാലകൾ സ്ഥാപിക്കണമെന്നു മറ്റു ചില മെമ്പർമാരും അഭിപ്രായപ്പെട്ടു. ഇങ്ങനെ കൃഷിശാസ്ത്രം പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു രണ്ടു അഭിപ്രായക്കാർ ഈ സഭയിൽ മാത്രമല്ല, തിരുവിതാംകൂറിൽ മറ്റു സ്ഥലങ്ങളിലും ഇൻഡ്യയിലും ലോകത്തിലെല്ലായിടത്തും ഉണ്ട്. ഒരു കൂട്ടരുടെ അഭിപ്രായം നമ്മുടെ ഉള്ള സമ്പത്തിനു, [illegible] പ്രയോജനമുള്ള കൃഷിക്കാരെ ഉണ്ടാക്കുന്നതിനു നമ്മുടെ ശ്രദ്ധ കേവലം കൃഷിപാഠശാലകളിലേക്കു പതിക്കരുത്, അല്ലാതെ സാധാരണ വിദ്യാഭ്യാസത്തോടു ബന്ധമില്ലാതെ കൂട്ടിക്കലർത്തി സാധാരണ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും കൊടുക്കണമെന്നു എന്നാകുന്നു. മറ്റേക്കൂട്ടരുടെ അഭിപ്രായം സാധാരണ വിദ്യാഭ്യാസവിഷയങ്ങളോടു പ്രകൃതിശാസ്ത്രം [illegible] വല്ലതും പഠിപ്പിച്ചു വിദ്യാർത്ഥികൾ നാട്ടുംപുറങ്ങളിലെ ജീവിത[illegible] ബന്ധപ്പെടുത്തി കൃഷിശാസ്ത്രപഠിത്തത്തിലേക്കു ഒരു പ്രേരണ ജനിപ്പിക്കണമെന്നാകുന്നു. ഇതു സാധിക്കേണ്ടതിനു കരനാട്ടുപ്രദേശങ്ങളിൽ എല്ലാ വിദ്യാലയങ്ങളിലും അതതു [illegible] വിദ്യാലയങ്ങളോടു ചേർന്നു തോട്ടങ്ങളുണ്ടാക്കി അവയിൽ വിദ്യാർത്ഥികളെയും വിദ്യാർത്ഥിനികളെയും വേലചെയ്യിക്കയും വേണം. ഈ രണ്ടു പദ്ധതികളും ചില സ്ഥലങ്ങളിൽ പരീക്ഷിച്ചു വിജയമായി കണ്ടിട്ടുണ്ട്. പഞ്ചാബിൽ ഇതു ഞാൻ എന്റെ [illegible] ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചതാണെന്നു തോന്നുന്നു. അവർ വിദ്യാർത്ഥികളെ കൃഷികാര്യങ്ങളിലേക്കു പ്രേരിപ്പിക്കുന്നതിനായി സാധാരണ വിദ്യാലയങ്ങളിൽ കൃഷിശാസ്ത്രതത്വങ്ങളും പ്രകൃതിശാസ്ത്രവും പാഠ്യവിഷയങ്ങളാക്കി. ഈ വ്യവസ്ഥ അവിടെ തൃപ്തികരമായി നടക്കുന്നു എന്നു റിപ്പോർട്ടുകളിൽ നിന്നു കാണുന്നു. ഇതിനെപ്പറ്റി ഗവർമ്മെന്റിനു അറിവുണ്ടെന്നും ആ പദ്ധതി ഇവിടെ പരീക്ഷിച്ചു നോക്കണമെന്ന അഭിപ്രായമുണ്ടെന്നും ഞാൻ മെമ്പർമാരോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു. സാധാരണ വിദ്യാഭ്യാസത്തോടു തൊഴിൽ വിദ്യാഭ്യാസവും ചേർത്തു പഠിപ്പിക്കുന്ന രാജ്യമായ മൈസൂറിൽനിന്നു വന്നിട്ടുള്ള ഒരു പുതിയ വിദ്യാഭ്യാസഡയറക്ടർ നമുക്കിപ്പോൾ ഉള്ളതുകൊണ്ടു ഈ പദ്ധതി കാലതാമസം കൂടാതെ ഇവിടെ ആരംഭിക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നു. മൈസൂറിൽ ഉള്ള ഈ സ്ഥാപനങ്ങളുടെ അഭിവൃദ്ധിയെപ്പറ്റി വല്ലതും ഡയറക്ടർ ഈ സഭ മുമ്പാകെ പ്രസ്താവിക്കുമെന്നു വിശ്വസിക്കുന്നു.

മി: ഇ. ജി. മക്കെല്ലൻ (വിദ്യാഭ്യാസഡയറക്ടർ): സാധാരണ വിദ്യാഭ്യാസത്തിനു കൃഷിയിലേക്കു ഒരു പ്രേരണ കൊടുക്കാൻ ഉദ്ദേശിക്കുന്ന പല വിദ്യാലയങ്ങൾ ഇപ്പോൾ മൈസൂറിൽ ഉണ്ടെന്നു സഭയുടെ അറിവിനായി പ്രസ്താവിച്ചുകൊള്ളുന്നു. അവയെല്ലാം പരീക്ഷണാവസ്ഥയിൽ ഇരിക്കുന്നതേയുള്ളു. ഈ പദ്ധതി അവിടെ ആരംഭിച്ചതു ഈയിടയാണ്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): ഇതു ഞാൻ പത്രങ്ങളിൽ വായിച്ചതാണ്. ഈ പരീക്ഷ മി: മക്കെല്ലൻ തിരുവിതാംകൂറിലും നടത്തുമെന്നു വിശ്വസിക്കുന്നു.

കേവലം കൃഷിപാഠശാലകൾ വേണമെന്നുള്ള അഭിപ്രായക്കാരെ സംബന്ധിച്ചു പറയുമ്പോൾ ബാലികന്മാരെ പ്രായോഗികമായി പരിശീലിപ്പിക്കുന്നതിനു കേവലം കൃഷിപാഠശാലകളിലാണ് എനിക്കു അധികം വിശ്വാസം. ആലുവായിലും കൊട്ടാരക്കരയും സ്ഥാപിച്ചിട്ടുള്ള രണ്ടു കൃഷിപാഠശാലകളിലും പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസം മിസ്റ്റർ കുഞ്ഞിരാമൻനായരും മറ്റു ചിലരും വിചാരിക്കുന്നപ്രകാരം പുസ്തകപഠനം മാത്രമല്ല. അവിടെ പുസ്തകപഠനമല്ല, പ്രായോഗിക പരിശീലനമാണു അധികം പ്രധാനം. ആലുവാ സ്കൂളിൽ നടക്കുന്നതെന്താണെന്നു തനിക്കറിയാമെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ തയ്യിൽ കുഞ്ഞിരാമൻ പറയുകയുണ്ടായി. ഏതാണ്ടു അഞ്ചു കൊല്ലം മുമ്പു ആ സ്കൂൾ ആരംഭിച്ചപ്പോൾ അദ്ദേഹം ഹാജരുണ്ടായിരുന്നു. അതിൽപിന്നെ എപ്പോഴെങ്കിലും അദ്ദേഹം ആ സ്കൂൾ സന്ദർശിച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഏതായാലും അവിടെ പ്രദാനംചെയ്യുന്ന വിദ്യാഭ്യാസം പുസ്തകപഠനം അല്ലാ പ്രായോഗികമാണെന്നു എനിക്കു പറയാൻ കഴിയും. ആ വിദ്യാലയത്തിൽ ചേരുന്നതിനു നിശ്ചയിച്ചിട്ടുള്ള യോഗ്യത സാധാരണ വിദ്യാഭ്യാസമല്ല. അപേക്ഷകന്മാർക്കു വയലിൽ മൺവെട്ടികൊണ്ടു വേലചെയ്യാനുള്ള മനസ്സാകുന്നു. കൊട്ടാരക്കര കൃഷിപാഠശാലയിൽ ചേരുന്നതിനു ഏകദേശം [illegible] അപേക്ഷകൾ എനിക്കു കിട്ടി. അപേക്ഷകന്മാർ ഇംഗ്ലീഷ്സ്കൂൾലീവിംഗ് പരീക്ഷയോ മലയാളസ്കൂൾ ലീവിംഗ് പരീക്ഷയോ ജയിച്ചിട്ടുള്ളവരായിരുന്നു. ഞാൻ അവർക്കു ഓരോ മൺവെട്ടി കൊടുത്തിട്ടു ഏഴു ദിവസം അവിടെ നന്നായി കുഴിച്ചുകിളയ്ക്കാൻ അവരോടു പറഞ്ഞു. ആ ദിവസങ്ങൾ കഴിഞ്ഞപ്പോൾ—ഒന്നാം ദിവസംതന്നെ ചിലർ പൊയ്ക്കളഞ്ഞു—[illegible] പേർ മാത്രം ശേഷിച്ചു. ഇതാകുന്നു കൊട്ടാരക്കര യഥാർത്ഥത്തിൽ സംഭവിച്ചതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെന്റു നിയമനം—ഡിപ്യൂട്ടിപ്രെസിഡണ്ട്): കൃഷിപാഠശാലകളിൽ നിന്നു ജയിച്ചുപോയ വിദ്യാർത്ഥികൾക്കു കൃഷിചെയ്യാൻ സ്ഥലങ്ങൾ കിട്ടിയോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): അതിനെപ്പറ്റി പിന്നെ പറഞ്ഞുകൊള്ളാം.

ഈ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസം പുസ്തകപഠനം മാത്രമാണെന്നു മെമ്പർമാർക്കുള്ള അഭിപ്രായം ദൂരീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതങ്ങനെയല്ല. അതു പുസ്തകപഠനത്തെക്കാൾ അധികവും പ്രായോഗികമാണ്.

ഈ പാഠശാലകളിൽ പരിശീലിക്കുന്ന വിദ്യാർത്ഥികൾ ജയിച്ചിറങ്ങിപ്പോയാൽ കൃഷിചെയ്യാൻ പോകുന്നുണ്ടോ എന്നിനി ആലോചിക്കാം: ഇതുവരെ ഏകദേശം [illegible] ബാലന്മാർ പരിശീലനം കഴിഞ്ഞുപോയിട്ടുണ്ട്. പാഠശാലയിൽ നിന്നിറങ്ങിയ ഉടനെ അവർ എന്റെ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിനു അപേക്ഷിച്ചു. എന്നാൽ മൂന്നോ നാലോ പേർക്കു ഉദ്യോഗം കിട്ടിയുള്ളു. കൃഷിചെയ്യാൻ സ്വന്ത സ്ഥലമില്ലാത്ത ചിലർക്കു ഗവർമ്മെന്റനുവാദത്തോടുകൂടെ ഞാൻ കോന്നിയിൽ സ്ഥലംകൊടുത്തു. അവർ അവിടെ താമസമാക്കി. ഇങ്ങനെയുള്ള [illegible] ബാല്യക്കാർ ഇപ്പോൾ കോന്നിയിൽ ഉണ്ട്. ഓരോരുത്തനും [illegible] ഏക്കർ ഭൂമിയും കൃഷിവായ്പയായി [illegible] രൂപയും കൊടുത്തിട്ടുണ്ട്. പരിഷ്കൃതരീതിയിൽ അവർ കൃഷിനടത്തി വരുന്നു. ഈ ബാല്യക്കാർ ശരിയായി കൃഷിനടത്തുന്നില്ലെന്നു മിസ്റ്റർ ഇട്ടൂപ്പു ഇട്ടീച്ചൻ പറയുകയുണ്ടായി. കോന്നിയിൽ അവർ ചെയ്യുന്ന വേല കാണുന്നതിനായി അദ്ദേഹത്തെ അവിടെക്കൊണ്ടുപോകണമെന്നു എനിക്കു

ക്ക ആഗ്രഹമുണ്ട്. അവിടെ അവർ അടുത്തുള്ള കുടിയാന്മാരെക്കാൾ ഉത്തമരീതിയിൽ ഏത്തവാഴ, മരച്ചീനി, കുരുമുളകു എന്നിവ കൃഷിചെയ്തുവരുന്നു. പാഠശാല വിട്ടുപോയ മററു വിദ്യാർത്ഥികൾ അവരുടെ സ്വന്തഭൂമികൾ കൃഷിചെയ്യുകയാണെന്നു വിശ്വസിക്കുന്നു. അവർ ഉദ്യോഗത്തിന്നായി എന്നെ ഉപദ്രവിക്കാതിരിക്കുന്നതുകൊണ്ട് അവർ ഇങ്ങനെ കൃഷിചെയ്തുപജീവിക്കുന്നു എന്നാണു ഞാൻ അനുമാനിക്കുന്നതു്. അതുകൊണ്ട് ഈ കൃഷിപാഠശാലകളിൽ പ്രദാനം ചെയ്യുന്നതു പുസ്തകജ്ഞാനമല്ല. പ്രായോഗികവിദ്യാഭ്യാസമാണെന്നു ഞാൻ പറയുന്നു.

മിസ്റ്റർ മാധവൻ പറഞ്ഞതിന്റെ സാരം ഞാൻ പൂർണ്ണമായി ഗ്രഹിച്ചില്ല. ഗ്രാമങ്ങളിൽ മുക്കുവർ മത്സ്യം ഉണക്കുന്നതു അടുത്തു പാർക്കുന്നവർക്കു അസൌകര്യങ്ങൾ ഉണ്ടാകത്തക്കവണ്ണവും ഗ്രാമശുചീകരണത്തിന്നു വിരുദ്ധമായിട്ടും ആണെന്നാകുന്നു അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു. ഈ ന്യൂനതകളെപ്പററി ഗവണ്മെന്റിനും അറിവുണ്ട്. അവയുടെ പരിഹാരത്തിന്നായി അധികം മീനുണക്കുന്ന സ്ഥലങ്ങൾ അവർ ഉണ്ടാക്കിവരുന്നു. മത്സ്യമുണക്കുന്നതിന്നു ഇപ്പോൾതന്നെ പന്ത്രണ്ട് സ്ഥലങ്ങൾ ഉണ്ട്. രണ്ടു സ്ഥലങ്ങൾ പുതിയതായി ഏർപ്പെടുത്താൻ വരുന്നയാണ്ടത്തെ ബഡ്ജററിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതു ഗവണ്മെന്റിൽ സമർപ്പിച്ചു അവർ അനുവദിച്ച ഒരു പദ്ധതിയുടെ അംശം മാത്രമാകുന്നു. കന്യാകുമാരിമുതൽ ശംഖുമുഖംവരെ അനേകം സ്ഥലങ്ങൾ മൽസ്യമുണക്കാൻ ശരിപ്പെടുത്താനാണ് പദ്ധതി. ഗ്രാമങ്ങൾ അടുത്തടുത്തല്ലായ്കയാൽ ഗ്രാമങ്ങളെ യോജിപ്പിക്കുന്ന ഗതാഗതമാർഗ്ഗങ്ങൾ വേണം. ഈ ഗ്രാമങ്ങളെ മൽസ്യമുണക്കുന്ന സ്ഥലങ്ങളോടു യോജിപ്പിക്കുന്ന ഒരു റോഡ് കടൽപ്പുറംവഴി വെട്ടണമെന്നും ഒരാലോചനയുണ്ട്. ഈ പദ്ധതി വളരെ ചെലവുള്ള ഒന്നാണ്. അതുകൊണ്ടു അതു പൂർത്തിയാകണമെങ്കിൽ ദീർഘകാലം വേണം. മത്സ്യം ഉണക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ മുക്കുവർ മത്സ്യം അവിടെ കൊണ്ടുപോയി ഉണക്കും. അതിന്നു ഇപ്പോൾ പ്രത്യേകസ്ഥലങ്ങൾ ഇല്ലാത്തിടത്തു ഇപ്പോൾ പരിതസ്ഥിതികൾ സുഖപ്രദം അല്ലാത്ത വിധത്തിലാണു മത്സ്യം ഉണക്കുന്നതെന്നു ഞാൻ സമ്മതിക്കുന്നു. വിഷൂചിക മുതലായ പകർച്ചരോഗങ്ങൾക്കു അതു കാരണമാകുന്നുണ്ട്. ഞാൻ പറഞ്ഞ പദ്ധതി പൂർണ്ണമായി നടപ്പിൽ വരുമ്പോൾ ഗ്രാമങ്ങളിൽ ക്രമമില്ലാതെ മത്സ്യമുണക്കുന്നതു നിരുത്തലാകയും മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുകയും ശുചിത്വം അധികമാകയും പകർച്ചവ്യാധികൾ ഇല്ലാതാകയും ചെയ്യും.

പിന്നെ മിസ്റ്റർ മാധവൻ മേച്ചൽസ്ഥലങ്ങളേയും വളങ്ങളേയും പററി പറഞ്ഞു. ഇവയെല്ലാം ആവശ്യംതന്നെ. ഈ വിഷയങ്ങൾ ഈ സഭയിൽ തന്നെ പലപ്പോഴും ആലോചനയിൽ വന്നിട്ടുള്ളതുകൊണ്ടു അവയെപ്പററി സവിസ്തരം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ കന്നുകാലികൾ ക്ഷുദ്രമാതിരികളാണ്. അവയ്ക്കു മേച്ചൽസ്ഥലങ്ങളും തീററിയും ആവശ്യമാണ്. ഇക്കാര്യത്തിൽ വേണ്ടതെല്ലാം ഗവണ്മെന്റു ചെയ്യും, ചെയ്തുവരുന്നുമുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമിച്ച ഡിപ്യൂട്ടി പ്രെസിഡെന്റു): സമുദ്രതീരത്തുള്ള താലൂക്കുകളിൽ മേച്ചൽസ്ഥലങ്ങളുണ്ടാക്കാൻ വല്ല മാർഗ്ഗവും കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർക്കു പറയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മണ്ണ് വെളുത്തമണലായിട്ടുള്ള താലൂക്കുകളിൽ പുല്ലുവളർത്താൻ മാർഗ്ഗമില്ല. കുറെ പുല്ലുവളർത്താൻ കഴിയുമായിരിക്കും എന്നാലതു ആദായകരമായിരിക്കുമോ എന്ന് സംശയമാണ്. കിഴക്കൻ താലൂക്കുകളിലെ വനങ്ങളിൽ നിന്നു പുല്ലു ശേഖരിച്ചുണക്കി സൌകര്യമുള്ള കെട്ടുകളാക്കി കൊണ്ടുവരാൻ കുടിയാന്മാർക്കു സാധിക്കയില്ലയോ എന്നു ഞാൻ ചിലപ്പോൾ ആലോചിക്കാറുണ്ട്.

ഉൽപന്നങ്ങളുടെ വില കുറഞ്ഞുപോയതിനാൽ കുടിയാന്മാർക്കുള്ള ബുദ്ധിമുട്ടിനെപ്പററി മി. ദാമോദരനാശാൻ സംസാരിച്ചു. അദ്ദേഹം പറഞ്ഞതു സത്യമാണ. നമുക്കെല്ലാവർക്കും അതറിയാം. അതു ധർമ്മസങ്കടവുമാണ്. തിരുവിതാംകൂർമാത്രമല്ല, ലോകം മുഴുവനും ഈ സങ്കടം അനുഭവിക്കുന്നു എന്നുമാത്രമേ എനിക്കു പറയുവാനുള്ളു. വ്യാപാരത്തിലും വ്യവസായത്തിലും കുഴപ്പങ്ങൾ, തൊഴിലില്ലായ്മ, പണിമുടക്ക്, ബാങ്കുപൊളിവു എന്നിവ ലോകം മുഴുവനും അനുഭവിക്കുന്നു. തിരുവിതാംകൂർ തന്നെവിചാരിച്ചാൽ ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നു എനിക്കു നിശ്ചയമില്ല. ഗവണ്മെന്റു തങ്ങളാൽ കഴിയുന്നതു ചെയ്യാതിരിക്കയില്ല. നെല്ലിന്റെ വിലവർദ്ധിപ്പിക്കുന്നതിനു അതിനു ഇറക്കുമതിച്ചുങ്കം ചുമത്തണമെന്ന് ആരോ പറയുകയുണ്ടായി. ഇതാണോ ശരിയായ മാർഗ്ഗം എന്നു എനിക്കു സംശയമുണ്ട്. ഭക്ഷണസാധനങ്ങൾക്കു ഇറക്കുമതിച്ചുങ്കം ചുമത്തുന്നതു ജനങ്ങൾക്കു ഗുണകരമായിരിക്കുമോ എന്നുള്ളതു ഒരു വാദസംഗതിയാണ്, ഇംഗ്ലണ്ടിൽ പോലും ഇക്കാര്യം തീർച്ചയായിട്ടില്ല. ഇംഗ്ലണ്ടിലെ വലിയ രാജ്യതന്ത്രജ്ഞന്മാർ ഒരു തീരുമാനം ചെയ്യുന്നതിനുമുമ്പായി നമ്മുടെ ഭക്ഷണസാധനങ്ങൾക്കു ചുങ്കം ചുമത്താൻ നാം തീർച്ചയാക്കുന്നതു ബുദ്ധിപൂർവകം ആയിരിക്കയില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): യുദ്ധകാലത്തു വിലകൾ ഒരു നിശ്ചിതനിലയിൽ നിറുത്തുന്നതിനു വിദേശങ്ങളിലേക്കയയ്ക്കുന്ന നെല്ലിന്റെ അളവു ക്ലിപ്തപ്പെടുത്തി അനുഭവക്കാർക്കു സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു എന്നു മെമ്പർക്കറിവുണ്ടോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്, എനിക്കറിയാം.

മി: എസ്. പിറവിപെരുമാൾ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): അപ്രകാരം തന്നെ കൃഷിക്കാരനെ സഹായിക്കാൻ അതു പോലെ വല്ലതും ചെയ്യാൻ കഴികയില്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതിനെക്കുറിച്ചാണ് ഞാൻ പറയുന്നതു്. നെല്ലുവാങ്ങുന്നവന്റെ ഗുണത്തിനു ഹാനികരമാംവണ്ണം കൃഷിക്കാരന്റെ ഗുണം മാത്രം നോക്കി ചുങ്കം ചുമത്തിയോ മററുവല്ല കൃത്രിമഉപായം കൊണ്ടോ നെല്ലിന്റെ വിലകൂട്ടുന്നതു് അഭിലഷണീയമായിരിക്കുമോ എന്നാണ് ആലോചിക്കേണ്ടതു്. ഇതു ഇംഗ്ലണ്ടിൽ പോലും ഇതു വരെ തീർച്ചയാക്കിട്ടില്ലാത്ത ഒരു വാദവിഷയമാണ്. ഭക്ഷണസാധനങ്ങൾക്കു ചുങ്കമുള്ള ചില രാജ്യങ്ങൾ ഉണ്ട്. ചിലരാജ്യങ്ങളിൽ അവയ്ക്കു ചുങ്കമില്ല. ഇംഗ്ലണ്ടിൽ ആവശ്യമുള്ള ഗോതമ്പുകിട്ടുന്നതിനു കാനഡാ, ആസ്ത്രേലിയമുതലായ രാജ്യങ്ങളെ ആശ്രയിക്കണം. ഇംഗ്ലണ്ടിലെ കൃഷിക്കാരെ സഹായിക്കുന്നതിനു ഗോതമ്പുതിന്നുന്നവർക്കു ദോഷ

മയവിധത്തിൽ അതിനു ഇറക്കുമതിച്ചുങ്കം ചുമത്താൻ പോകുന്നോ എന്നു അവിടെ തീർച്ചയാക്കിയിട്ടില്ല. ഇതു പെട്ടെന്നു തീർച്ചചെയ്യാൻ കഴിയുന്ന ഒരു വിഷയമല്ല. ഇവിടെ ആവശ്യമുള്ള നെല്ലിന്റെ മൂന്നിലൊരംശത്തിനു നാം ബർമ്മയെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നഷ്ടംതന്നെ ഇവിടെ ഉണ്ടാകുന്നുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഭക്ഷണസാധനങ്ങൾക്കു ചുങ്കം ചുമത്തിയാൽ സാധുക്കൾക്കു സങ്കടമാകയില്ലയോ എന്നു ഡയറക്ടരോടു ചോദിച്ചുകൊള്ളട്ടെ.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതുതന്നെയാണ എന്റെ വാദം. കൃഷിക്കാരനെ സഹായിക്കുന്നതിനു ഭക്ഷണസാധനങ്ങൾക്കു ചുങ്കം ചുമത്തി ഉണ്ണുന്നവന്റെ ബുദ്ധിമുട്ടു വർദ്ധിപ്പിക്കുന്നതു അഭിലഷണീയമാണോ എന്നാണു എന്റെ ചോദ്യം. അതൊരു വാദസംഗതിയാകുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആഹാരസാധനങ്ങൾ പുറത്തു നിന്നും ഇവിടെ ഇറക്കുമതിചെയ്തുകൊണ്ടിരിക്കുന്നതിനെ കുറക്കുന്നതിനും ഇവിടെ അവയെ വർദ്ധിപ്പിക്കുന്നതിനും വല്ല മാർഗ്ഗവും കണ്ടുപിടിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഉണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എന്താണു മാർഗ്ഗം കണ്ടുപിടിച്ചിട്ടുള്ളതു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോൾ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ നല്ലവളമിട്ടു പരിഷ്കൃതരീതിയിൽ കൃഷിചെയ്താൽ ഇപ്പോൾ കിട്ടുന്നതിനെക്കാൾ കൂടുതൽ വിളവുകിട്ടുമെന്നു കാണിച്ചുകൊടുത്തിട്ടുണ്ട്. അതു് അനുസരിച്ചു അനേകം ആളുകൾ കൃഷിചെയ്യുന്നുണ്ട്. നാട്ടുകാർ പരന്ന കഴിഞ്ഞാൽ ഇപ്പോൾ കിട്ടുന്നതിനെക്കാൾ കൂടുതൽ ആഹാരസാധനങ്ങൾ ഇവിടെ കിട്ടുന്നതാണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ ചെയ്താൽ ഈ നാട്ടിലേക്കാവശ്യമുള്ള ഭക്ഷണസാധനങ്ങൾ മുഴുവനുംവിളയിക്കാൻ സാധിക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു സാധിക്കുമെന്നുതോന്നുന്നില്ല. ആളുകൾ വർദ്ധിച്ചുവരികയാണ്. അടുത്ത സെൻസസിൽ ജനസംഖ്യ കഴിഞ്ഞതിനെക്കാൾ വളരെ കൂടിയിരിക്കും. അങ്ങനെ ആളുകൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഭൂമിവർദ്ധിക്കുന്നില്ല. അതുകൊണ്ടു ഉള്ള ഭൂമിയിൽ നിന്നു തന്നെ കൂടുതൽ ആദായം ഉണ്ടാക്കണം. എന്നാലും അതിനും ഒരു പരിമിതം ഉണ്ടു. ആ പരിമിതത്തിൽ കൂടാൻ പ്രയാസമാണ്.

സാധനങ്ങളുടെ വിലയിൽ വന്നിട്ടുള്ള ഇടിവ് ഈ സംസ്ഥാനത്തു മാത്രമല്ല ലോകമൊട്ടുക്കു ഉണ്ടെന്നാണ് ഞാൻ പറഞ്ഞുവന്നതു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും). ഇപ്പോൾ കൃഷിചെയ്യുന്ന സ്ഥലങ്ങളെക്കാൾ കൂടുതൽ കൃഷിസ്ഥലങ്ങൾ ജനങ്ങൾക്കു കൊടുത്തു് അവയിൽ കൃഷിചെയ്യുന്നതിനു തക്ക സൌകര്യം ഉണ്ടാക്കികൊടുത്താൽ പുറത്തുനിന്നും വരുന്ന ആഹാരസാധനങ്ങളുടെ ഇറക്കുമതി ഇവിടെ കുറയ്ക്കാൻ സാധിക്കുകയില്ലേ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കുറെ കുറെ സാധിച്ചു എന്നുവരാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെ അഭിപ്രായമുണ്ടെങ്കിൽ അതിനെ പ്രായോഗികരീതിയിൽ വരുത്തുന്നതിനു ഗവൺമെന്റിനെ ഉൽബോധിപ്പിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എന്റെ ഉൽബോധനംകൂടാതെതന്നെ ഗവൺമെന്റു റിസർവിൽനിന്നും അനേകം സ്ഥലങ്ങൾ കൃഷിക്കായി പതിച്ചുകൊടുക്കുന്നുണ്ട്. അതുകൂടാതെ ഞാനും ഉൽബോധിപ്പിക്കുന്നുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): റിസർവിൽ കൃഷിക്കുപയോഗമുള്ള അനേകം സ്ഥലങ്ങൾ ഇനിയും കിടപ്പുണ്ട് എന്നറിയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെനിക്കറിയാൻപാടില്ല. വനം മുഴുവനും ഞാൻ നോക്കീട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നാഞ്ചിനാട്ടെ നിലങ്ങൾ വെള്ളം കെട്ടിനിൽക്കുന്നതായിരുന്നുവെന്നു കൃഷിഡയറക്ടർക്കറിയാമോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കൃത്രിമസേചനം നിമിത്തവും വെള്ളം വാർന്നുപോകാൻ മാർഗ്ഗം പോരാത്തതുകൊണ്ടും ചില സ്ഥലങ്ങളിൽ വെള്ളം കെട്ടിനിന്നുപോകുന്നു. ഇങ്ങനെ വെള്ളം കെട്ടിനില്ക്കാതാക്കേണ്ടതു അത്യാവശ്യമാകുന്നു. അല്ലെങ്കിൽ ഇപ്പോൾ നല്ല മേനി വിളവുകിട്ടുന്ന നിലങ്ങൾ അമ്പതു് അറുപതു് വർഷംകൊണ്ടു ഉവർ നിലങ്ങളായി ഒന്നും വിളയാത്തതായിപ്പോകും. ഈ കാര്യം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെടുത്തീട്ടുണ്ടെന്നു തോന്നുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ആറ്റിൽപുറം കൃഷിചെയ്യുന്നതു് ആദായകരമാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതു് പല സ്ഥലങ്ങളിലും കൃഷിചെയ്തിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതു് ആദായകരമാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആദായകരമാണെന്നു പറയാറായിട്ടില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിനെ കൃഷിചെയ്തിട്ടു നല്ലവണ്ണം വളർന്നുവരുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും-മത്സ്യവ്യവസായവും ഡയറക്ടർ): നല്ലവണ്ണം വളർന്നുവരുന്നുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ഡിപ്പാർട്ടുമെൻറിൽനിന്നും ഏതുകൊല്ലത്തിലാണു ഇതിനെ ആദ്യമായി കൃഷിചെയ്തുതുടങ്ങിയതു്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോൾ മൂന്നു നാലു കൊല്ലമായിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ അവ കാച്ചുതുടങ്ങിയിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇല്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എത്രവർഷംകൊണ്ടു് അതു കാച്ചുതുടങ്ങും?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കാച്ചുതുടങ്ങുന്നതിനു ഏഴോ എട്ടോ വർഷം വേണ്ടിവരും.

മി: എ. താണുപിള്ള (തിരുവനന്തപുരം): കുടിയാന്മാർക്കു കുരുമുളകുകൃഷിയെസംബന്ധിച്ച വിദഗ്ദ്ധാഭിപ്രായം കൊടുക്കുന്നതിനു തന്റെ ഡിപ്പാർട്ടുമെൻറിൽ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ എന്നും വിദഗ്ദ്ധാഭിപ്രായത്തിനു ആവശ്യപ്പെടുന്നവർ ഉണ്ടെന്നു തന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ എന്നും കൃഷിഡയറക്ടർ പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മുളകുകൃഷിയെപ്പററിയും മാത്രമല്ല, എല്ലാത്തരം കൃഷിയെപ്പററിയും ഉപദേശം കൊടുക്കുന്നവരുണ്ട്. സാധാരണ കൃഷിയിൽ പരിശീലനമുള്ള ഉദ്യോഗസ്ഥന്മാർ എന്റെ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. പ്രത്യേകവിളവുകളുടെ കൃഷിയും അവർ പഠിച്ചിട്ടുണ്ട്. നമുക്കൊരുതോട്ടം—

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇൻസ്പെക്ടർമാർ മുളകുകൃഷിയിൽ വിദഗ്ദ്ധന്മാരാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കുരുമുളകിന്റെ പരിഷ്കൃതരീതിയിലുള്ള കൃഷി അവർക്കറിയാം. അവർ വിദഗ്ദ്ധന്മാരാണെന്നു പറവാൻപാടില്ല. അവർ സാധാരണ കൃഷികാര്യങ്ങൾ പഠിച്ചതോടുകൂടി നെല്ലു, തെങ്ങു, കരിമ്പു, കുരുമുളകു, മുതലായ പ്രത്യേകവിളവുകളുടെ കൃഷിയും പഠിച്ചിട്ടുണ്ട്. പലതരം കുരുമുളകിന്റെ കൃഷിയെപ്പററി പഠിക്കുന്നതിനു നാം ഒരു പ്രത്യേകതോട്ടവും ആരംഭിച്ചിട്ടുണ്ട്. ആ തോട്ടത്തിന്റെ ഭാരവാഹി വളരെക്കാലത്തെ പരിചയംകൊണ്ടു് ഒരു വിദഗ്ദ്ധൻ ആയിട്ടുണ്ടെന്നു പറയാം. കുരുമുളകുകൃഷിയെപ്പററി വല്ല വിവരവും അറിയേണ്ടവർക്കു അദ്ദേഹം പറഞ്ഞുകൊടുക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ തോട്ടം എവിടെയാണെന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കുരുമുളകുകൃഷിക്കു ഒരു പ്രധാനസ്ഥലമായ കോന്നിയിൽ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവിടെ നിയമിക്കപ്പെട്ടിട്ടുള്ള ആൾ ഒരു വിദഗ്ദ്ധനാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഒരു പ്രത്യേക വിദഗ്ദ്ധനെ അവിടെ നിയമിച്ചിട്ടില്ല. എന്നാൽ അതിന്റെ ഭാരവാഹിയായ ആൾ മുളകുകൃഷിയെപ്പററി ഉപദേശം കൊടുപ്പാൻ കഴിയുന്ന ഒരാളാണ്. രണ്ടു മിണ്ടും സഞ്ചരിച്ചു് ഈ കൃഷിയെപ്പററി ഉപദേശംകൊടുക്കുന്ന ഒരുദ്യോഗസ്ഥനും എന്റെ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അദ്ദേഹം തളിപ്പറമ്പിൽ ഈ കൃഷി പരിശീലിച്ചിട്ടുള്ള ആളാണു. ഈ ഉദ്യോഗസ്ഥൻ ഒരു ഡെമാൺസ്ട്രേട്ടർ ആണ്. അദ്ദേഹത്തിന്റെ സഹായം ആരെങ്കിലും ആവശ്യപ്പെട്ടാൽ വേണ്ട സഹായമെല്ലാം ചെയ്തുകൊടുക്കണമെന്നു ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്. കുരുമുളകുകൃഷിയെപ്പററി ഉപദേശംകൊടുപ്പാൻ ഈ രണ്ടു ഉദ്യോഗസ്ഥന്മാരെ എന്റെ ഡിപ്പാർട്ടുമെൻറിൽ ഉള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു ഡെമാൺസ്ട്രേട്ടർ ഉണ്ടെന്നു ഡയറക്ടർ പറഞ്ഞു. അദ്ദേഹം എന്താണു ഡെമൺസ്ട്രേട്ടു ചെയ്യുന്നതു (കാണിച്ചു തെളിയിച്ചുകൊടുക്കുന്നതു്) എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): പരിഷ്കൃതരീതിയിലുള്ള കൃഷി, പുഴുക്കൾ മുതലായവയെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവയാണ്. അദ്ദേഹം കാണിച്ചുകൊടുക്കുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): കുരുമുളകുകൃഷിയെ സംബന്ധിച്ചു് കുടിയാന്മാർക്കു ഉപദേശം കൊടുക്കുന്നതിനു പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന്റെ ആവശ്യം കൃഷിഡയറക്ടരുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ എന്നു അറിവാൻ ആഗ്രഹിക്കുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കുടിയാന്മാർക്കു ഉപദേശം കൊടുക്കുന്നതിനായി സംസ്ഥാനത്തു പല സ്ഥലങ്ങളിലായി വിദഗ്ദ്ധന്മാരെ നിയമിച്ചാൽ നന്നായിരിക്കും. എന്നാലിപ്പോൾ രാജ്യത്തു സഞ്ചരിച്ചു കുടിയാന്മാർക്കു കുരുമുളകു കൃഷിയെപ്പററി ഉപദേശം കൊടുക്കുന്നതിനു ഒരാളേയുള്ളു. കന്യാകുമാരിമുതൽ പറവൂർവരെ അദ്ദേഹം സഞ്ചരിക്കണം. പല സ്ഥലങ്ങളിലായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ സാധാരണകൃഷി പരിശീലനം കഴിഞ്ഞിട്ടുള്ളവരാണ്. ആവശ്യമുണ്ടെങ്കിൽ അവരും കുരുമുളകുകൃഷിയെപ്പററി ഉപദേശംകൊടുക്കാൻ വേണ്ടുന്ന യോഗ്യത സമ്പാദിക്കുന്നതിനു അവർ കോന്നിയിൽപോയി പരിഷ്കൃതരീതിയിലുള്ള മുളകുകൃഷി പഠിക്കാൻ നിയോഗിക്കും. എന്നാൽ ആരെങ്കിലും കുരുമുളകു കൃഷിയെപ്പററി എന്നോടു ഉപദേശം ചോദിച്ചിട്ടു അതു ലഭിക്കാതെപോയിട്ടില്ലെന്നു ഞാൻ സന്തോഷത്തോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു.

പ്രസിഡൻറ്: ആ തോട്ടം ആരംഭിച്ചിട്ടു് എത്രനാളായി?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആറുവർഷം. ഉപദേശത്തിനു ആരെങ്കിലും അപേക്ഷിച്ചപ്പോഴൊക്കെയും ആരെയെങ്കിലും അയച്ചു അവർക്കു വേണ്ടുന്ന സഹായം ചെയ്തുകൊടുപ്പാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു വിദഗ്ദ്ധൻ ഉണ്ടെന്നും ആരും അദ്ദേഹത്തോടു ഉപദേശം ചോദിച്ചിട്ടില്ലെന്നും ഡയറക്ടർ പറഞ്ഞു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആരെങ്കിലും എന്നോടു ഉപദേശം ചോദിച്ചിട്ട് അതു ലഭിക്കാതെ പോയിട്ടില്ലെന്നാണ ഞാൻ പറഞ്ഞതു്. എന്നോടു അപേക്ഷിച്ചവർക്കെല്ലാം അവർക്കാവശ്യമുണ്ടായിരുന്ന സഹായം ലഭിച്ചു.

പ്രസിഡൻറ്: ചോദിക്കുന്നവർക്കെല്ലാം ഉപദേശംകൊടുപ്പാൻ അദ്ദേഹം തയ്യാറാണ്. അദ്ദേഹം അങ്ങനെയാണ് പറഞ്ഞതു്. കുരുമുളകുകൃഷിയെപ്പററി നിങ്ങൾക്കു വല്ല ഉപദേശവും വേണമെങ്കിൽ നിങ്ങൾക്കു അദ്ദേഹത്തോടു ചോദിക്കാം.

മി: എസ്. പി. പപ്പുകുമാരപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): പുകയിലകൃഷിയെ സംബന്ധിച്ചു അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറു വല്ലതും ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഒന്നും ചെയ്തിട്ടില്ല.

എൻെറ പ്രസംഗത്തിനു വിഘ്നം വരുത്തിയതിനുമുമ്പ് സാമാനങ്ങളുടെ വിലക്കുറവിനെപ്പററി മിസ്റ്റർ ദാമോദരൻ ആശാൻ പറഞ്ഞതു ലോകത്തൊട്ടുക്കുള്ള ഒരു സംഗതിയാണെന്നു നമുക്കുതന്നെ അതിനെ പരിഹാരമുണ്ടാക്കാൻ സാധിക്കയില്ലെന്നുമാണ് ഞാൻ പറഞ്ഞുവന്നതു്. അതൊരു ഗൌരവമേറിയ സംഗതിയാകുന്നു. അതു നമ്മുടെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കയുംചെയ്യുന്നു. ഉല്പന്നങ്ങളുടെ വിലക്കുറവിനെപ്പററി ഷെമിയുടെമസ്ഥ സംഘക്കാർ ചെയ്ത നിവേദനത്തിനു ഗവൺമെൻറായി അവർക്കു പറഞ്ഞ മറുപടി ഈ സന്ദർഭത്തിൽ ഉദ്ധരിക്കുന്നതു ശരിയാകുമോ എന്നു നിശ്ചയമില്ല. ഇൻഡ്യാഗവണ്മെൻറിനു തനിച്ചായി അതിനൊരു പ്രതിവിധി ഉണ്ടാക്കാൻ സാധിക്കയില്ലെന്നാണ് അദ്ദേഹം പറഞ്ഞതു്. ഇൻഡ്യാഗവണ്മെൻറിനു അതു സാധിക്കയില്ലെങ്കിൽ നമ്മുടെ ഗവണ്മെൻറിനു ലോകത്തൊട്ടുക്കുള്ള ഈ കാര്യത്തിൽ വല്ലതും ചെയ്വാൻ എങ്ങനെ കഴിയും?

ഈ വാദപ്രതിവാദത്തിൽ പ്രസ്താവിക്കപ്പെട്ട വേറൊരു സംഗതി കൃഷിവായ്പകൾ കൊടുക്കുന്നതിനെപ്പററി ആയിരുന്നു. ഈ കാര്യം കഴിഞ്ഞയാണ്ടിൽ മിസ്റ്റർ ദാമോദരൻ ആശാൻ പ്രസ്താവിച്ചതും ഗവണ്മെൻറു എന്നോടഭിപ്രായം ചോദിച്ചതും ആകുന്നു. കൃഷിഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു കൃഷിവായ്പകൾകൊടുക്കുന്ന കാര്യത്തിൽ എത്രത്തോളം അധികാരം കൊടുക്കാം എന്നുള്ളകാര്യം ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

അവസാനമായി ഒരു പ്രത്യേക ഇറിഗേഷൻ ഇൻജിനീയരെ നിയമിക്കുന്നകാര്യം ഇപ്പോൾ ഒരു കമ്മിററിയുടെ അന്വേഷണത്തിൽ ഇരിക്കുന്നു. ഗവണ്മെൻറു അവരുടെ റിപ്പോർട്ടിനെ പ്രതീക്ഷിച്ചിരിക്കയാണ്. അതുകൊണ്ടു് അവർ എന്താണ് ചെയ്വാൻപോകുന്നതെന്നു സമാധാനമായി ഇപ്പോൾ പ്രസ്താവിക്കാൻ സാധിക്കയില്ല.

മെമ്പർമാർ പ്രസ്താവിച്ച സംഗതികൾ ഇത്രയേഉള്ളു എന്നു തോന്നുന്നു. ഞാൻ പറഞ്ഞതെല്ലാം ആലോചിച്ചു ഉപക്ഷേപത്തിൻെറ അവതാരകൻ അതു പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി: പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ പിന്താങ്ങിക്കൊണ്ടു് ചില കാര്യങ്ങൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ വിദഗ്ദ്ധന്മാരെക്കൊണ്ടു വലഞ്ഞിരിക്കുന്നു എന്നു ഞാൻ പറയുമ്പോൾ ആരെയെങ്കിലും ദൂഷിച്ചുപറകയാണെന്നു വിചാരിക്കരുതു്. ഡാക്ടർ ലഭിച്ച വാചകത്തിൽ പ്രസ്താവിച്ചപ്രകാരം ഒരു വിദഗ്ദ്ധനെ നിയമിക്കുന്നതു് ജനങ്ങളുടെ മുമ്പാകെ ഒരു വല്ലാതെയ പ്രദർശിപ്പിക്കയാകുന്നു. ജനങ്ങൾ അതിനെ മനസ്സിലാക്കി കാക്കാൻ ശ്രമിക്കുന്നു എന്നാൽ അവർക്കു പാഠമൊട്ടും കിട്ടുന്നില്ല ഇതാണ് കൃഷിഡിപ്പാർട്ടുമെൻറിനെയും വ്യവസായഡിപ്പാർട്ടുമെൻറിനെയും സംബന്ധിച്ചു തിരുവിതാംകൂറിൻെറവിധി, ഇതു പ്രത്യക്ഷമാക്കുന്നതിനു വ്യവസായഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ടിൽനിന്നു ഒരു ഉദാഹരണമെടുത്തു കാണിക്കാം,

പ്രസിഡൻറ്: നാമിപ്പോൾ കൃഷിഡിപ്പാർട്ടുമെൻറിൻെറ കാര്യമാണ ആലോചിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വ്യവസായഡിപ്പാർട്ടുമെൻറിലെ ഒരു സംഗതി ഉദ്ധരിച്ചു എൻെറ വാദം ഉദാഹരിക്കമാത്രമാണ ചെയ്യുന്നതു്. മൂന്നുവർഷക്കാലം വ്യവസായഡിപ്പാർട്ടുമെൻറ് ഇഞ്ചി സിറപ്പിൽ സൂക്ഷിക്കാമോ എന്നും തിരുവിതാംകൂറിൽ അതു ലാഭമുള്ള ഒരു വ്യാപാരസാധനം ആക്കാമോ എന്നും പരീക്ഷകൾ നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ മൂന്നുവർഷക്കാലം പരീക്ഷകൾ നടത്തിയശേഷം വ്യവസായഡയറക്ടർക്കു കാൻറൺ ഇഞ്ചിയാണ തിരുവിതാംകൂർ ഇഞ്ചിയെക്കാൾ നല്ലതെന്നും അതുകൊണ്ടു തിരുവിതാംകൂറിൽ കാൻറൺഇഞ്ചി കൃഷി ചെയ്യേണ്ടതാകുന്നെന്നും പൊതുജനങ്ങളുടെ അറിവിനായി പ്രഖ്യാപനം ചെയ്യുവാൻ കഴിഞ്ഞു. ഇപ്രകാരം തന്നെ കൃഷിഡയറക്ടർക്കു നെല്ലു എങ്ങനെയാണ കൃഷിചെയ്യേണ്ടതെന്നു കാണിക്കാൻ സാധിക്കണമെങ്കിൽ ബ്രസീൽരാജ്യത്തിൻെറ ഒരുഭാഗം തിരുവിതാംകൂറിൽ കൊണ്ടുവരണമെന്നു പറയുമായിരിക്കും, ഇതാകുന്നു തിരുവിതാംകൂറിലെ സ്ഥിതി. അതുകൊണ്ടാകുന്നു ഇങ്ങനെയുള്ള അതിമോഹപദ്ധതികൾ സമാധാനമായി കൊണ്ടുവരുമ്പോൾ ഞങ്ങൾ എതിർക്കുന്നതു്. അതുകൊണ്ടാകുന്നു കൃഷിഡിപ്പാർട്ടുമെൻറുവക ബഡ്ജററിൽ കാണിച്ചപദ്ധതിക്കു ഞങ്ങൾ വിരോധംപറയുന്നതു്.

ഈ ഉപക്ഷേപം സംബന്ധിച്ചു സഭയുടെ ആലോചനാവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരു സംഗതി ഇവിടെയുള്ള പലതരംമണ്ണിൻെറ ഗുണങ്ങൾ അറിയുന്നതിനു പ്രത്യേക പരീക്ഷണങ്ങൾ നടത്താൻ ആവശ്യമുള്ള ഒരു വലിയ ഭൂഖണ്ഡമല്ല തിരുവിതാംകൂർ എന്നുള്ളതാണ്. ഈ രാജ്യത്തിൻെറ വലിപ്പം നോക്കിയാൽ ഇക്കാര്യത്തിനു മൊത്തം അമേരിക്കയ്ക്കു അയക്കുന്നതു നീതീകരിക്കാവുന്നതല്ല. നമുക്കു നാഞ്ചിനാട്ടിലെയും കുട്ടനാട്ടിലെയും മണ്ണിൻെറ സ്ഥിതി അറിഞ്ഞാൽ മതി, തിരുവിതാംകൂറിൻെറ മററുഭാഗങ്ങളിലെ മണ്ണിൻെറയും സ്ഥിതി ഏറെക്കുറെ അതുതന്നെ ആയിരിക്കും. നെല്ലു, തെങ്ങുമുതലായവ കൃഷിചെയ്യുന്ന കാര്യത്തിൽ അവ ശരിയായി വളരുന്നതിനു എന്തെല്ലാം ചെയ്യണം, അവ എവിടെയെല്ലാം വളരും, എന്നു ഏറെക്കു

റയ നമുക്കതന്നെ അറിയാം. ഇതിന്നുലോകത്തിലെ വിവിധ മണ്ണുകളെപ്പററി ഒരു വിദഗ്ദ്ധജ്ഞാനം ആവശ്യമില്ല. ഇപ്പോൾ അമേരിക്കയ്ക്കയയ്ക്കാൻ വിചാരിക്കുന്ന ആൾ ഈ വിഷയത്തിൽ പ്രത്യേക വാസനയുള്ള ഒരാളാണെങ്കിൽ അദ്ദേഹത്തെ ഈ ഡിപ്പാർട്ടുമെൻറിൽ തന്നെ ഇരുത്തിക്കൊണ്ടു ഈ രാജ്യത്തിന്റെ സ്ഥിതികൾ പഠിച്ചു ഇവിടെതന്നെ പരീക്ഷണങ്ങൾ നടത്താൻ ആജ്ഞാപിക്കയും കീഴുദ്യോഗസ്ഥന്മാരുടെ അറിവിന്നായി അദ്ദേഹത്തിന്റെ പരീക്ഷണങ്ങളുടെ ഫലം അറിയിക്കയും ചെയ്താൽ മതിയാകും. കൃഷിയെ സംബന്ധിച്ച് റോയൽ കമ്മിഷന്റെ റിപ്പോർട്ടിൽ കാണുന്ന പ്രധാന അഭിപ്രായം വിദേശവിദഗ്ദ്ധന്മാരുടെ പരിജ്ഞാനത്തിൽനിന്നു ഇൻഡ്യയ്ക്കു അധികമൊരു ഗുണം സിദ്ധിക്കാനില്ലെന്നും ഇൻഡ്യയിലെ കൃഷി പരാശ്രയം വേണ്ടാത്തതായ്ത്തീരേണ്ടതാകുന്നു. പലവിഷയങ്ങളിൽ പരീക്ഷണങ്ങൾ നടത്തുന്നതിനും അവയുടെ ഫലം കാണിച്ചുകൊടുക്കുന്നതിനും അന്വേഷണങ്ങൾ നടത്തുന്നതിനുമായി റോയൽ കമ്മിഷന്റെ ശിപാർശകൾ അനുസരിച്ചു ഇൻഡ്യാഗവണ്മെൻറു ൧൦ ലക്ഷം രൂപാ അനുവദിച്ചിരിക്കുന്നു എന്നു മിനിഞ്ഞാന്നാണു വായിച്ചതു്. ഇൻഡ്യയിൽ ഒരു മത്സ്യസ്ഥാപനം ഉണ്ടാക്കാനും അവർ ആലോചിക്കുന്നുണ്ടെന്നു തോന്നുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവുംഡയറക്ടർ): ഇൻഡ്യക്കു പുറമെ പരിശീലനം ലഭിച്ചിട്ടുള്ള അനേകം വിദഗ്ദ്ധന്മാർ അവിടുണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഡിപ്പാർട്ടുമെൻറുമേലധികാരിയായി നമുക്കൊരു വിദഗ്ദ്ധൻ ഉണ്ടായിരിക്കയും ഡയറക്ടർ പറയുംപ്രകാരം ഈ വിഷയത്തിൽതന്നെ പ്രത്യേകവാസനയുള്ള ഒരു സമർത്ഥൻ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരിക്കയും ചെയ്യുമ്പോൾ ഡയറക്ടരുടെ മേലന്വേഷണത്തിൽ അദ്ദേഹത്തെക്കൊണ്ടു പരീക്ഷകൾ നടത്തിച്ചു രാജ്യത്തിന്നു ഗുണംചെയ്കയാണ് പരിശീലനത്തിന്നു ഒരാളെ അമേരിക്കയ്ക്കു അയയ്ക്കുന്നതിനെക്കാൾ ഉത്തമം എന്നാകുന്നു ഞാൻ പറയുന്നതിന്റെ സാരം. അങ്ങനെ അയയ്ക്കുന്ന ആളിന്റെ പരിശീലനത്തിന്റെഫലം മൂന്നോരഞ്ചോ വർഷം കഴിഞ്ഞിട്ടുമാത്രമെ നമ്മുടെ രാജ്യത്തിന്നു സിദ്ധിക്കയുള്ളുവല്ലോ?

വേറൊരുകാര്യം എനിക്കുപറവാനുള്ളതു് തന്റെ ഡിപ്പാർട്ടുമെൻറിന്റെ ആവശ്യങ്ങളെപ്പററി നിഷ്ഠയുള്ള ഡയറക്ടർ ഈ ശാസ്ത്രശാഖയിൽ വിശേഷിച്ചുമായി ഉൽകൃഷ്ടപരിശീലനം കഴിച്ചുവരാൻ തനിക്കൊരാളെ ആവശ്യമുണ്ടെന്നു പ്രസിദ്ധപ്പെടുത്തിയിരുന്നെങ്കിൽ സ്വന്തചെലവിന്മേൽ അമേരിക്കയ്ക്കു പോകാൻ തയ്യാറുള്ള ആളുകളെ ഡസൻ കണക്കായി കിട്ടുമായിരുന്നു. അങ്ങനെ ഈ ചിലവില്ലാതെ കഴിക്കയും ചെയ്യാമായിരുന്നു.

ഇപ്പോൾ അമേരിക്കയ്ക്കു പോകാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആൾ കൃഷിഡിപ്പാർട്ടുമെൻറിലേയ്ക്കും യോഗ്യനായ ആൾ ആണെന്നു ഡാക്ടർ പറഞ്ഞതു ഞാൻ അംഗീകരിക്കുന്നില്ല.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): വൈദഗ്ദ്ധ്യം സമ്പാദിക്കേണ്ടുന്ന ആ പ്രത്യേക ശാസ്ത്രശാഖയിൽ വിദഗ്ദ്ധനായിവരാൻ എന്റെ ഡിപ്പാർട്ടുമെൻറിൽ ഏററവും യോഗ്യനായ ആൾ അദ്ദേഹം ആണെന്നാകുന്നു ഞാൻ പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ അയയ്ക്കാൻ പോകുന്ന ആളിന്നു സമനായ വേറൊരാളെ കിട്ടുകയില്ലെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അതു സ്കീമിന്റെ ഉദ്ദേശത്തിന്നു വിപരീതമാണ് എങ്കിലും അതൊരു വാദവിഷയമാകയാൽ അതിനെപ്പററി സവിസ്തരം പ്രതിപാദിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ആലോചിക്കാനുള്ള സംഗതികൾ ഇവയാണ്. ഇപ്പോൾ അനുവദിക്കണമെന്നു പറയുന്ന ചെലവു അത്യാവശ്യമാണോ? അതിൽകുറഞ്ഞ ഒരു സംഖ്യ ചെലവു ചെയ്തു നമ്മുടെ ഉദ്ദേശം സാധിക്കാൻ കഴികയില്ലയോ? ആ ഉദ്ദേശസാദ്ധ്യത്തിന്നു വേറെവല്ല മാർഗ്ഗവുമുണ്ടോ വേറെമാർഗ്ഗമുണ്ടെങ്കിൽ ഈ ചെലവു ചെയ്യുന്നതെന്തിനു? ഈ സംഗതികളാണു ഈ സഭ ആലോചിക്കേണ്ടതു്. ഇങ്ങനെയൊരുവാദം പുറപ്പെടുവിച്ചതിന്നു് എന്നെയാരും കുററപ്പെടുത്തുകയില്ലെന്നു വിശ്വസിക്കുന്നു. ഈ വാക്കുകളോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവാങ്ങിക്കൊള്ളുന്നു.

മി: മുവേലിൽ പാച്ചുപിള്ള (ചേർത്തല): ഉപക്ഷേപം പിൻവലിക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രെസിഡൻറു്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ൩൨൭.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മേലന്വേഷണത്തിന്നു അനുവദിച്ചിട്ടുള്ള ൩൬൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

൧൧൦൯-ൽ ദക്ഷിണതിരുവിതാംകൂറിൽ ഒരു കൃഷിപാഠശാല സ്ഥാപിക്കുന്നതിന്നു വ്യവസ്ഥയൊന്നും ചെയ്യാത്തതിന്റെ കാരണമറിവാനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതിന്റെ ഉദ്ദേശം.

സർ, കൃഷിപാഠശാലകളുടെ പ്രാധാന്യത്തെപ്പററിയും അവയെക്കൊണ്ടുള്ള ഗുണങ്ങളെപ്പററിയും ആ ഗുണങ്ങൾ ഏതെല്ലാം ഡിവിഷനുകളാണു അനുഭവിക്കുന്നതെന്നും ഡയറക്ടർ പ്രസംഗിച്ചതുകേട്ടശേഷം ദക്ഷിണതിരുവിതാംകൂറിനും ഒരു കൃഷിപാഠശാലക്ക് അവകാശമുണ്ടെന്ന് ഈ സഭമുമ്പാകെ ബോധിപ്പിപ്പാൻ എനിക്കു ധൈര്യമുണ്ടു്. തന്റെ ഡിവിഷനിൽ അധികം പാഠശാലകൾ ആവശ്യപ്പെട്ട മി. രാമൻപിള്ളയുടെ പ്രസംഗവും തന്റെ നിയോജകമണ്ഡലത്തിൽ ഒരു പാഠശാലയ്ക്കപേക്ഷിച്ച മി. ദാമോദരൻ ആശാന്റെ പ്രസംഗവും ആലുവായിലെ കൃഷിപാഠശാല അവിടെനിന്നു മാററുന്നതിനെ സംബന്ധിച്ചു മി. തൊമ്മൻകുഞ്ഞിത്തൊമ്മനും മി. ഇട്ടൂപ്പ് ഇട്ടിച്ചനും തമ്മിൽ നടന്ന യുദ്ധവും ദക്ഷിണതിരുവിതാംകൂറിൽ ഒരു കൃഷിപാഠശാല സ്ഥാപിക്കണമെന്നുള്ള എന്റെ അപേക്ഷക്കു ബലം കൂട്ടുന്നു. ൧൧൦൯-ൽ ഈ കാര്യം ഫൈനാൻസ്കമ്മററിയുടെ ഒരു യോഗത്തിൽ കൊണ്ടുവന്നു എന്നാൽ പിറെറക്കൊല്ലം എന്റെ കഴിഞ്ഞയാണ്ടത്തെ ബഡ്ജററുപ്രസംഗം അനുസരിച്ചു ഒരു പാഠശാല സ്ഥാപിക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യണമെന്നു കൃഷിഡയറക്ടരോടു ആജ്ഞാപിക്കുമെന്നു അന്നത്തെ പ്രസിഡൻറു പറഞ്ഞു. ഫൈനാൻസ്കമ്മററിയോഗത്തിൽ വെച്ചു പ്രസിഡണ്ടു പറഞ്ഞതും

സ്കൂളിനെപ്പററി ഞാൻ ചോദിച്ചപ്പോൾ താൻ അതിനെപ്പററി കേട്ടിട്ടില്ലെന്നു ഡയറക്ടർ മറുപടി പറഞ്ഞു. അതിനെപ്പററി ഇന്നു ആദ്യമായിട്ടാണ് ഞാൻ കേൾക്കുന്നതു. എനിക്കു അതിനെപ്പററി ഒരറിവും ഇല്ല. എന്നാണ് അദ്ദേഹം പറഞ്ഞതു്.

ഏതായാലും കഴിഞ്ഞയാണ്ടിൽ അദ്ദേഹത്തെ അതിനെപ്പററി വിവരമായി കേൾപ്പിക്കയും വേറെ അറിവു ലഭിക്കയും ചെയ്തിട്ടുണ്ട്. വരുന്നയാണ്ടത്തെ ബഡ്ജററിൽ ഇതിനെസംബന്ധിച്ചു യാതൊരു വ്യവസ്ഥയും ചെയ്യാഞ്ഞതു എന്തുകൊണ്ടാകുന്നു എന്നു ഞാൻ ചോദിക്കുന്നു. ഈ കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്നായിട്ടാകുന്നു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു്.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): മി. പിറവിപ്പെരുമാൾപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ദക്ഷിണതിരുവിതാംകൂറിലേക്ക് ഒരു കൃഷിസ്കൂൾ വേണമെന്നു ഇവിടെ വന്നിട്ടുള്ള പല മെമ്പറന്മാരും ഈ കൌൺസിലിന്റെ മുമ്പാകെ പ്രസ്താവിച്ചിട്ടുണ്ട്. വടക്കൻതിരുവിതാംകൂറിലേയും തെക്കൻതിരുവിതാംകൂറിലേയും മണ്ണിന്റെ രീതിയെപ്പററി ഇപ്പോൾ അമേരിക്കയിലേക്കു അയയ്ക്കാനേല്പിച്ചിരിക്കുന്ന വിദഗ്ദ്ധൻവന്നു ഞങ്ങളെ ഉൽബോധിപ്പിച്ചിട്ടുണ്ട്. ആ അവസരത്തിൽ നടന്ന പ്രദർശനത്തിൽ വച്ചു ദക്ഷിണതിരുവിതാംകൂറിലെ അനേകം ആളുകൾ അവന് അവിടെ ഒരു കൃഷിസ്കൂൾ വേണമെന്നു അദ്ദേഹത്തോടു് അപേക്ഷിച്ചിട്ടുള്ളതായി എനിക്കറിയാം. ഇപ്രകാരം തെക്കൻതിരുവിതാംകൂറിലെ ആവശ്യത്തെ അവഗണിച്ചുവരുന്നു എന്നുവിചാരിക്കുമ്പോൾ മററു സ്ഥലങ്ങളിലേക്കു മാത്രമാണോ ഈ കൃഷിസ്കൂളുകൾ ഏർപ്പെടുത്താൻ പോകുന്നതു് എന്നു തോന്നിപ്പോകുന്നു. അതു എങ്ങനെയിരുന്നാലും നെയ്യാററിങ്കര വിളവംകോട്ടു കല്ക്കുളം ഈ മൂന്നു താലൂക്കുകളിൽ ഏതെങ്കിലും ഒരു പൊതുസ്ഥലം എടുത്തു് ഒരു കൃഷിപാഠശാല ഏർപ്പെടുത്തണമെന്നുള്ള അപേക്ഷയോടും തെക്കൻതിരുവിതാംകൂറിൽ ഫിഷ്ക്യൂറിംഗ്യാർഡ് കൂടുതൽകൊടുക്കണമെന്നുള്ള അപേക്ഷയോടുംകൂടി മി. പിറവിപ്പെരുമാൾപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഈ സംഗതി കഴിഞ്ഞ ബഡ്ജററിന്റെപ്പററിയുള്ള നിരൂപണസമയത്തും എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമാൾപിള്ള വാദവിഷയമാക്കീട്ടുള്ളതാണ്. കോന്നിയിൽ സ്ഥാപിക്കാൻ ഗവമെന്റു അനുവദിച്ചിട്ടുള്ള കൃഷിപാഠശാല ആരംഭിച്ചശേഷം ദക്ഷിണതിരുവിതാംകൂറിനു ഒന്നിന്റെ അവകാശത്തെപ്പററി ഗവമെന്റു ചിന്തിക്കുന്നതാണെന്നു ഞാൻ പറഞ്ഞു. 'ഒന്നാമതായി കോന്നിയിൽ ഇതുവരെ ഒരു പാഠശാല സ്ഥാപിതമായിട്ടില്ലെന്നു ഞാൻ എന്റെ സ്നേഹിതനോടു പറഞ്ഞുകൊള്ളുന്നു. അതിന് ഈയാണ്ടത്തെ ബഡ്ജററിൽ പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ തയ്യാറായിട്ടില്ല. അവ കാലതാമസംകൂടാതെ പൂർത്തിയാകും എന്നുവിശ്വസിക്കുന്നു." വരുന്നയാണ്ടൊടുക്കത്തിൽ സ്കൂൾ ആരംഭിക്കാം. കോന്നിസ്കൂൾ സ്ഥാപിതമായശേഷം തെക്കൻതിരുവിതാംകൂറിലും മററുസ്ഥലങ്ങളിലും കൃഷിപാഠശാലകൾ ആരംഭിക്കുന്ന കാര്യം ആലോചനയ്ക്കെടുക്കുന്നതാകുന്നു.

ഇപ്പോൾ മൂന്നു കൃഷിപാഠശാലകൾ ഉണ്ട്. ഒന്ന് ആലുവായിലും ഒന്ന് കൊട്ടാരക്കരയും മൂന്നാമത്തേതു് കോന്നിയിൽ സ്ഥാപിക്കാൻ പോകുന്നതും. കോന്നി സ്കൂൾസ്ഥാപിച്ചശേഷം സംസ്ഥാനം ഒട്ടുക്കാവശ്യമുള്ള കൃഷിവിദ്യാഭ്യാസകാര്യം ആലോചനയ്ക്കെടുക്കും. കൃഷിഡയറക്ടർ ബഡ്ജററു തയ്യാറാക്കിയസമയം ദക്ഷിണതിരുവിതാംകൂറിലെ കൃഷിപാഠശാലയുടെ കാര്യം അദ്ദേഹം മറന്നുപോയതല്ലെന്നും എന്റെ സ്നേഹിതനോടു പറഞ്ഞുകൊള്ളുന്നു. ഒരു ക്രമമില്ലാതെ അവിടെയൊരു സ്കൂളും ഇവിടെയൊരു സ്കൂളും സ്ഥാപിക്കുന്നതിനുപകരം സംസ്ഥാനം മുഴുവന്റെ ആവശ്യങ്ങളെപ്പററി പര്യാലോചിച്ചു ഒരു നയം തീർച്ചയാക്കിയാൽ ഒരു സ്ഥലത്തു ഒരു സ്കൂൾ സ്ഥാപിച്ചാൽ അതനുസരിച്ചു മററുസ്ഥലങ്ങളിലും സ്കൂളുകൾ സ്ഥാപിക്കയാണ് നല്ലതെന്ന് ഗവമെന്റു വിചാരിച്ചു എന്നേയുള്ളു. ഈ കാര്യത്തിൽ ഗവമെണ്ടിന്റെ ഒരെഴുത്തു എനിക്കു കിട്ടിയതു ഇപ്പോൾ എന്റെ ആലോചനയിൽ ഇരിക്കുന്നു. കോന്നിസ്കൂൾ സ്ഥാപിച്ചശേഷം സംസ്ഥാനം ഒട്ടുക്കുള്ള ആവശ്യങ്ങൾനോക്കി കൃഷിപാഠശാലകളുടെ കാര്യത്തിൽ എന്തു നയമാണു സ്വീകരിക്കേണ്ടതെന്ന് ഞാൻ ഗവമെന്റിലേക്കു റിപ്പോർട്ടുചെയ്യും. അതിന്റെശേഷം ഗവമെണ്ടു് ഈ സംഗതിയിൽ എന്താണു ചെയ്യേണ്ടതെന്ന് തീർച്ചയാക്കും. തെക്കൻതിരുവിതാംകൂറിന്റെ മാത്രമല്ല മുഴുവൻ സംസ്ഥാനത്തിന്റെയും ആവശ്യങ്ങളെപ്പററി ആലോചിച്ചു ഒരു നയം തീർച്ചയാക്കി സ്വീകരിക്കാനാണു വിചാരിക്കുന്നതെന്ന് എന്റെ സ്നേഹിതൻ മി. രാമൻപിള്ളയോടും ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും- തെക്കു): സർ, ദക്ഷിണതിരുവിതാംകൂറിൽ ഇതേവരെ ഒരു കൃഷിപാഠശാല സ്ഥാപിക്കാത്തതു കോന്നിയിലെ കൃഷിപാഠശാല ഇതുവരെ സ്ഥാപിച്ചിട്ടില്ലാത്തതുകൊണ്ടാണെന്നു ഡയറക്ടർ പറഞ്ഞു. അതൊരുകാരണമായി വിചാരിക്കാം എങ്കിൽ "ആ സ്കൂൾ ഇതേവരെ ആരംഭിക്കാത്തതു എന്തുകൊണ്ടാണെന്നു" ഞാൻ ചോദിക്കുന്നു. അതുകൊണ്ടു ദക്ഷിണതിരുവിതാംകൂറിൽ ഒരു സ്കൂൾ സ്ഥാപിക്കാൻ താമസിക്കുന്നതിനു അതൊരുകാരണമാകാൻ പാടില്ല. ഞാൻ കൺഫറൻസ് കമ്മററിമെമ്പറായിരുന്നകാലത്തു കൊല്ലം ഡിവിഷനിൽ രണ്ടാമതൊരു സ്കൂൾസ്ഥാപിക്കുന്നകാര്യം കമ്മററിമുമ്പാകെ ആലോചനക്കു വന്നസമയം മററു ഡിവിഷനുകളിൽ കൂടുതൽ സ്കൂളുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നതിനുമുമ്പു ദക്ഷിണതിരുവിതാംകൂറിൽ ഒരു സ്കൂൾ സ്ഥാപിക്കുന്നകാര്യം ഗവമെന്റു ആലോചിക്കാത്തതെന്താണെന്നു ഞാൻ അക്കാലത്തെ പ്രെസിഡന്റിനോടു ചോദിച്ചു. ദക്ഷിണതിരുവിതാംകൂറിൽ ഒരു സ്കൂൾ സ്ഥാപിക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ കൃഷിഡയറക്ടരോടു ആജ്ഞാപിച്ചിട്ടുണ്ടെന്നു അദ്ദേഹം എന്നോടു വ്യക്തമായി മറുപടിപറഞ്ഞു. എന്നാലിപ്പോൾ കോന്നിയിലെ സ്കൂൾ ആരംഭിച്ചശേഷമേ ആ കാര്യം ആലോചിക്കയുള്ളു എന്നും അതുതന്നെ സംസ്ഥാനംഒട്ടുക്കു സ്കൂളുകൾ സ്ഥാപിക്കുന്നതിനു ഒരു നയം സ്വീകരിക്കുന്നതോടുകൂടിയേ ഉള്ളു എന്നും ഗവമെന്റു തീർച്ചചെയ്തിട്ടുണ്ടായിരിക്കുന്നു എന്നു ഡയറക്ടർ പറഞ്ഞതു കേട്ടു എനിക്കു ആശ്ചര്യം തോന്നുന്നു. എങ്കിലും ദക്ഷിണതിരുവിതാംകൂറിന്റെ അവകാശം ഗവമെന്റു വിസ്മരിച്ചിട്ടില്ലെന്നും അതിനെപ്പററി ആലോചിക്കുന്നുണ്ടെന്നും ഡയറക്ടർ പറഞ്ഞതു കേട്ടിട്ടു എനിക്കു സന്തോഷവും ഉണ്ട്.

യവരെന്റെ അവരുടെ ശ്രദ്ധയെ തിരുവനന്തപുരം ഡിവിഷനിലും പതിക്കയും തെക്കുള്ള കൃഷിക്കാരുടെ ഉപയോഗത്തിന്നു ഒരു കൃഷിപാഠശാല സ്ഥാപിച്ചുകാട്ടുകയും ചെയ്യും എന്നുള്ളവിശ്വാസത്തിൽ ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൨൨ മുതൽ ൧൩൭ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ:

൧൨൨. മേലന്വേഷണത്തിന്നായി അനുവദിച്ചിട്ടുള്ള ൩൩,൧൩൩ രൂപയിൽ ൨ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പൻ ഇട്ടീച്ചൻ:

൧൨൯. മേലന്വേഷണത്തിന്നു അനുവദിച്ചിട്ടുള്ള ൩൩,൧൩൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള:

൧൩൦. സിൽവന്തിച്ചെലവിന്നു അനുവദിച്ചിട്ടുള്ള ൧൪,൯൩൯ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൩൧. സിൽവന്തിച്ചെലവിന്നു അനുവദിച്ചിട്ടുള്ള ൧൪,൯൩൯ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൧൩൨. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൭,൨൨൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എസ്. പിരവിപ്പെരുമാൾപിള്ള:

൧൩൩. (താൽക്കാലിക) കൃഷിപാഠശാലകൾക്കു അനുവദിച്ചിട്ടുള്ള സംഖ്യ വിട്ടുകളയണം.

മി: എ. ജി. മേനോൻ:

൧൩൪. ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨,൦൪,൧൨൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള:

൧൩൫. ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ൨,൦൪,൧൨൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൩൬. ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ൨,൦൪,൧൨൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ:

൧൩൭. ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ൨,൦൪,൧൨൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രെസിഡെന്റ്: ൧൩-ാം നമ്പർ അഭ്യർത്ഥന—കൃഷിയും മത്സ്യവ്യവസായവും—പ്രകാരമുള്ള ൨,൦൪,൧൨൦ രൂപ സഭയുടെ വോട്ടിന്നു വെയ്ക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

അഭ്യർത്ഥന ൧൪; വ്യവസായം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ൧൪-ാം നമ്പർ അഭ്യർത്ഥന—വ്യവസായം—എന്ന ഇനത്തിൽ ൧,൨൩,൪൩൩ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങൾ ൧൩൮ മുതൽ ൧൪൩ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: പി. എസ്. മഹമ്മദ്:

൧൩൮. സാങ്കേതിക സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൧,൭൮൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്:

൧൩൯. സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൮,൦൧൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൧൪൦. സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൮,൦൧൪ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ:

൧൪൧. സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൭൨,൦൧൪ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ:

൧൪൨. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൩൦൦൦ രൂപ വിട്ടുകളയണം.

മി: വി. ചെല്ലംപിള്ള:

൧൪൩. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൩൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൪൪.

മെമ്പർ ഹാജരില്ലാത്തതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: കെ. സി. കരുണാകരൻ:

൧൪൪. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൪൫ മുതൽ ൧൫൭ വരെ.

മി. പി. എസ്. മഹമ്മദ്.

൧൪൫. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപിള്ള.

൧൪൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. മുരുവേലിൽ പാച്ചുപ്പിള്ള.

൧൪൭. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൧൮,൧൮൯ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൧൪൮. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൧൮,൧൮൯ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം.

മി. എൻ. കെ. കൃഷ്ണപിള്ള.

൧൪൯. സഞ്ചാരസംഘങ്ങൾക്ക അനുവദിച്ചിട്ടുള്ള ൭,൫൬൨ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൧൫൦. അപരിഷ്കൃത പദാർത്ഥങ്ങൾക്കും ഔഷധങ്ങൾക്കും അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ.

൧൫൧. വ്യവസായ പരിപോഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൫,൯൯൪ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ.

൧൫൨. വ്യവസായ എൻജിനീയർക്കും ബായിലർ ഇൻസ്പെക്ടർക്കും അനുവദിച്ചിട്ടുള്ള ൫,൩൮൪ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി. എ. ജി. മേനോൻ.

൧൫൩. ൧൪-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൨൬,൪൬൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എം. താണുപിള്ള.

൧൫൪. ൧൪-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൨൬,൪൬൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൧൫൫. ൧൪-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൨൬,൪൬൬ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി. വി. എസ്. കൃഷ്ണയ്യർ.

൧൫൬. ൧൪-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൨൬,൪൬൬ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ.

൧൫൭. ൧൪-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൧,൨൬,൪൬൬ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

പ്രസിഡണ്ട്: ൧,൨൬,൪൬൬ രൂപയ്ക്കുള്ള ൧൪-ാംനമ്പർ അഭ്യർത്ഥന—വ്യവസായം—സഭയുടെ വോട്ടിനു വെക്കുന്നു.

അഭ്യർത്ഥന അനുവദിച്ചു.

അഭ്യർത്ഥന ൧൫—അല്ലോപതിക്ക് സ്ഥാപനങ്ങളുടെ ചെലവും പാശ്ചാത്യവൈദ്യ-
ഹിതത്തിനുള്ള വേതനങ്ങളും ഉൾപ്പെടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറു—൭,൪൮,൮൯൦ രൂപ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ് മെഡിക്കൽ ഉദ്യോഗസ്ഥൻ): സർ, ൧൫-ാംനമ്പർ അഭ്യർത്ഥന—മെഡിക്കൽ ഡിപ്പാർട്ടുമെൻറ—എന്ന ഇനത്തിൽ ൭,൪൮,൮൯൦ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങൾ ൧൫൮ മുതൽ ൧൮൧ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. ആർ. രാമൻപിള്ള.

൧൫൮. ഹെഡ്ക്ലാർക്ക മുതലായവർക്ക അനുവദിച്ചിട്ടുള്ള ൭,൬൯൨ രൂപയിൽ ൧ രൂപകുറയ്ക്കണം.

മി. എ. താണുപിള്ള.

൧൫൯. സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. എസ്. ദാമോദരൻ ആശാൻ.

൧൬൦. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൧൬൧. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൧൬൨. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൧൬൩. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി. വി. ജെ. ഉമ്മൻ.

൧൬൪. സിൽബന്തികൾക്ക അനുവദിച്ചിട്ടുള്ള ൯,൨൬൪ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം.

മി: എൽ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ.

൬ന്ന൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ന,൦൦൦ രൂപവിട്ടുകളയണം.

മി. വി. ചെല്ലംപിള്ള.

൬ന്നന്ന, സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ന,൦൦൦ രൂപയിൽ ൧ രൂപാകുറയ്ക്കണം.

മി. വി. ജെ. ഉമ്മൻ.

൬ന്ന൭, സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ന,൦൦൦ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം,

മി. വി. ജെ. ഉമ്മൻ.

൬ന്നവ്വ. മേലന്വേഷണത്തിന്നനുവദിച്ചിട്ടുള്ള ൧ന,൭൯ൻ രൂപവിട്ടുകളയണം.

മി. എൽ. ആർ. രാജരാജവൎമ്മകോയിൽ തമ്പുരാൻ.

൬ന്നൻ. മേലന്വേഷണത്തിന്നനുവദിച്ചിട്ടുള്ള ൧ന,൭൯ൻ രൂപ വിട്ടുകളയണം.

മി. ഏ. ജി. മേനോൻ.

൬൭൦. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൧ന,൭൯ൻ രൂപ വിട്ടുകളയണം.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൬൭൧. മേലന്വേഷണത്തിന്ന അനുവദിച്ചിട്ടുള്ള ൧ന,൭൯ൻ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്,

൬൭൨. സബ്. അസ്സിസ്റ്റൻറു സൎജന്മാരുടെ ശമ്പളത്തിന്ന അനുവദിച്ചിട്ടുള്ള ൭൧,൧നന രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൬൭ന. സിൽബന്തിച്ചെലവിന്ന അനുവദിച്ചിട്ടുള്ള ൧,൪൯,ന്നന൦ രൂപയിൽ ൧൬ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൬൭൪. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും അനുവദിച്ചിട്ടുള്ള ന്ന,൭വ്വ,൬൪൬ രൂപയിൽ ൧ രൂപ കുറയ്ക്കണം,

മിസ്സസ് എലിശബെത്ത് കുരുവിള.

൬൭൬. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും അനുവദിച്ചിട്ടുള്ള ന്ന,൭വ്വ,൬൪൬ രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൬൭ന്ന, ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും അനുവദിച്ചിട്ടുള്ള ന്ന,൭വ്വ,൬൪൬ രൂപയിൽ ൧ രൂപകുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ,

൬൭൭. ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും അനുവദിച്ചിട്ടുള്ള ൭വ്വ,൬൪൬ രൂപയിൽ ൬ രൂപാ കുറയ്ക്കണം

മി. എ. സി. കുര്യാക്കോസ്.

൬൭വ്വ, പ്രസൂതിയും നഴ്സിങ്ങും ക്ലാസ്സുകൾക്ക അനുവദിച്ചിട്ടുള്ള ൧,ന്നവ്വ൦ രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ,

൬൭ൻ. അഞ്ചൽപ്പതി ആസ്പത്രികൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടുള്ള നന്ന,ന്ന൦൦ രൂപയിൽ ൧൬,൦൦൦ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൬വ്വ൦. ൧൬-ാം നമ്പർ അഭ്യൎത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൪വ്വ,വ്വൻ൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്,

൬വ്വ൧, ൧൬-ാംനമ്പർ അഭ്യൎത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൪വ്വ,വ്വൻ൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൬വ്വ൨.

മി. ജി. സി. കേശവപിള്ള (കൺക്കളവും-ചിറ്റൂവടക്കാട്ടം), ൧൬-ാം നമ്പർ അഭ്യൎത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൪വ്വ,വ്വൻ൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം എന്നൊരു ഉപക്ഷേപം ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

ഈ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നതിന്ന എനിക്കുള്ള അവസരത്തിൽതന്നെ ഇവിടെ ഉണ്ടായ തടസ്സം നോക്കുമ്പോൾ തിരുവിതാംകൂറിലുള്ള മിക്ക ആളുകൾക്കും മെഡിക്കൽ വകുപ്പിന്റെ ആവശ്യം സമ്പൂൎണ്ണമായിട്ടുണ്ട് എന്നു വിചാരക്കേണ്ടിയിരിക്കുന്നു. എന്നാൽ ഞാൻ ഉൾപ്പെട്ട നിയോജകമണ്ഡലത്തിലെ ആളുകൾ അനുഭവിച്ചുവരുന്ന ഈ വിഷയത്തിലുള്ള സങ്കടത്തെ ഈ സഭയിൽ അറിയിക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുമാത്രമാണ് ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്.

സർ. നാട്ടിൽ എല്ലാ സ്ഥലങ്ങളിലും ആശുപത്രികൾ ധാരാളമുള്ളതായ ഈ കാലത്തു വിളവങ്കോട്ടു താലൂക്കിൽ ആശുപത്രിയെന്നു പേരു മാത്രം പറയത്തക്ക ഒരു സ്ഥാപനം മാത്രമേ ഉള്ളു. സർക്കാർ മരുന്നു വിലക്കു വാങ്ങിച്ചു ഉപയോഗിക്കാൻ പാടില്ലാത്തവിധത്തിൽ വിലക്കൂട്ടി അതിന്റെ ഉടമസ്ഥന്മാർ വില്ക്കുകയും വൎഗ്ഗീയമായ ഏതാനും സംഘടികളും അവിടെ നടന്നുവരികയും ചെയ്യുന്നു എന്നു ലൂൎദ്ദ്സ്ക്കിംഗ് ഹെഡ് കമാൻഡന്റെ ദൃഷ്ടിയിൽ പല പ്രാവശ്യവും കൊണ്ടുവന്നിട്ടും അദ്ദേഹം ശ്രദ്ധിക്കാത്തതിൽ സങ്കടപ്പെടുന്നു. അതുതന്നെ ആശുപത്രിയിൽ ചികിത്സിക്കുന്നവരുടെ എണ്ണം വളരെ ക്കുറവാണെന്ന കണക്കുകൊണ്ടു കണ്ടു. ആശുപത്രിക്ക മരുന്നു

കോട്ടക്കൽ ഉള്ള ഒരു ചെറിയ കെട്ടിടം മാത്രമേ ഉള്ളൂ. അതിലേക്ക് ഒരു കെട്ടിടം കെട്ടിത്തരുമോ എന്നു ചോദിച്ചതിനു പൊതുജനങ്ങൾ സ്ഥലം വാങ്ങിച്ചുതന്നാൽ കെട്ടിടം കെട്ടാമെന്നാണു മറുപടി പറഞ്ഞത്. ഇപ്രകാരമൊരു ഡിസ്പെൻസറി ഒഴികെ വേറെ ഒരാശുപത്രിയും ഇല്ല. കുഴിത്തുറ, തക്കല, അരുമന മുതലായ സ്ഥലങ്ങളിൽനിന്നും രോഗികളെല്ലാം ഒരുവിധം മരിക്കാറാകുന്നതിനു മുമ്പു കാറിൽ വച്ചുകൊണ്ടുപോയി അവരുടെ അന്ത്യം നടത്തിവരികയാണു ചെയ്യുന്നത്. അപ്രകാരമുള്ള സങ്കടാവസ്ഥ ഗവൺമെന്റിന്റെ മുമ്പാകെ അറിയിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): മി: കേശവപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. അങ്ങിനെ പിൻതാങ്ങുന്നതിനുള്ള എന്റെ പ്രധാന ഉദ്ദേശം ആലപ്പുഴയിൽ വളവനാട്ടിനു മുമ്പുതന്നെ ഇരുമ്പുപാലത്തിനും കല്ലുപാലത്തിനും മദ്ധ്യേയായി ഒരു ഡിസ്പെൻസറി ഉണ്ടായിരുന്നു. ഇപ്പോൾ കുറേക്കാലമായി ആ ഡിസ്പെൻസറി ഇല്ല. കച്ചവടസംബന്ധമായ പ്രാധാന്യം ദിവസംതോറും ആ ചുങ്കത്തിനു സമീപം കിഴക്കോട്ടു കടന്നുകൊണ്ടിരിക്കുന്നു. അവിടെ വിദേശത്തിൽനിന്നും ധാരാളം ആളുകൾ വരുന്നുണ്ട്. ഇതിനുപുറമെ ടൗണിലുള്ള [illegible] ആളുകളും ഇവിടെ താമസിച്ചുവരുന്നു. അതിനാൽ അവിടെ ഒരു ഡിസ്പെൻസറി ഇല്ലാത്ത നിമിത്തം ജനങ്ങൾ പലവിധത്തിലും ബുദ്ധിമുട്ടുന്നു. ആകയാൽ ചുങ്കത്തിനു സമീപം ഒരു ഡിസ്പെൻസറി—മുമ്പുണ്ടായിരുന്ന ഡിസ്പെൻസറി—വീണ്ടും തുറക്കണമെന്നപേക്ഷിക്കുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ആശുപത്രി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നതു കഴിയുന്ന വേഗത്തിൽ നടപ്പിൽ വരുത്തണം. ഇന്നത്തെ നിലയ്ക്കു [illegible] അല്ലാതെ [illegible] ആളുകൾ ആലപ്പുഴ ആശുപത്രിയിൽ കയറുകയില്ല എന്നുള്ളതു സംശയമാണ്. പ്രത്യേകിച്ചും [illegible] സ്ത്രീകൾ ചികിത്സയ്ക്കായും അവിടെ പോകുകയില്ല. അതുകൊണ്ടും സ്ത്രീകൾക്കു പ്രത്യേകം ഒരു ആശുപത്രി അവിടെ എത്രയും ആവശ്യമാണെന്നു പറയേണ്ട ആവശ്യമില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഡിപ്പാർട്ടുമെന്റിൽ നിയമിക്കുന്നതിനു അസിസ്റ്റന്റു സർജന്മാർക്കു വേണ്ടുന്ന യോഗ്യതയുള്ള ആളുകൾ ഈഴവ സമുദായത്തിൽ ഉണ്ടോ എന്നു മെമ്പറോടു ചോദിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): അതിനു വളരെ നന്ദി പറയുന്നു.

പുരുഷന്മാരെ സംബന്ധിച്ചാണെങ്കിൽ അവർക്ക് എവിടെയും പോകാൻ സാധിക്കുന്നതാണ്. സ്ത്രീകളെ സംബന്ധിച്ചു പ്രത്യേകം ഒരാശുപത്രി ഞങ്ങൾക്കു വേണമെന്നും അതിനെ ഗവർമെന്റ് വച്ചുകൊണ്ടിരിക്കാതെ അതു കഴിയുന്നതും വേഗം കെട്ടണമെന്നും അപേക്ഷിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചെറിയ (കുന്നത്തുനാട്): ചുങ്കത്തിനു സമീപം ഇപ്പോൾ സ്ഥാപിക്കാൻപോകുന്ന ആശുപത്രിയിൽനിന്നു അടുത്ത ആശുപത്രിക്ക് എത്ര മൈൽ ദൂരം വരും?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): രണ്ടു മൈലോളം ദൂരം വരും.

മി: എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ആലപ്പുഴയുള്ള ഇപ്പോഴത്തെ ആശുപത്രിയിൽ സ്ത്രീകൾക്കു സൌകര്യമുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): കുറെ സൌകര്യമെല്ലാം ചെയ്തിട്ടുണ്ട്. അതു സ്ത്രീകൾക്കു വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ല. അതുകൊണ്ടു സ്ത്രീകൾക്കു പ്രത്യേകം ആശുപത്രിതന്നെ വേണം. ഇന്നത്തെ മെഡിക്കൽ ബോർഡിന്റെ നിലയ്ക്കു ആ ബോർഡു മിക്കവാറും ഇല്ലെന്നാകയാൽ അവരെയും ആശുപത്രികളെ സംബന്ധിച്ചുള്ള പരാതികൾ ഗവണ്മെന്റിന്റെയോ ബോർഡിന്റെയോ ശ്രദ്ധയിൽ കൊണ്ടുവരുന്നതുകൊണ്ടു ഒരു ഫലവും ഇല്ലെന്നുതന്നെ വിചാരിക്കുന്നു. അതിനാൽ അതിലേക്ക് ഞാൻ ഒരുമ്പെടുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: തയ്യിൽ കുഞ്ഞിക്കൃഷ്ണൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. എന്റെ മാന്യസ്നേഹിതൻ വിളവങ്കോട്ടു താലൂക്കിൽ ഒരാശുപത്രിയേ ഉള്ളൂ എന്നു പറഞ്ഞു. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെട്ട തൊടുപുഴ താലൂക്കിലും ഒരാശുപത്രി മാത്രമേ ഉള്ളൂ. കൂടുതൽ സ്ഥാപിക്കണം എന്നു ഇടക്കിടെ പറഞ്ഞുവരികയാണ്. പ്രജാസഭയിലും കൌൺസിലിലും അതിനെപ്പറ്റി പലപ്രാവശ്യവും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷമായി [illegible],000 രൂപയിൽനിന്നും [illegible] ലക്ഷം രൂപയായി ഇപ്പോൾ മറ്റു റവന്യൂവരുമാനം മുതലെടുപ്പു വർദ്ധിച്ചിരിക്കുന്നു. ജനസംഖ്യയും കൂടീട്ടുണ്ട്. ഈ താലൂക്കിൽ ജനങ്ങൾ കൂടുതലായി കുടിയേറുന്നു. രാജ്യത്തിലെ മറ്റു താലൂക്കുകളെ അപേക്ഷിച്ചു [illegible] ജനസംഖ്യയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊടുപുഴയിൽ ഉള്ള ഒരു ഡിസ്പെൻസറികൊണ്ടു ജനങ്ങൾ [illegible] വളരെ [illegible]ണ്ട്. തൊടുപുഴ ടൗണിലാണു ഡിസ്പെൻസറി. ടൗണിൽനിന്നു വടക്കുകിഴക്കു [illegible] ചെയ്യുന്ന [illegible] മൈൽ ദൂരം ഉണ്ട്. അവിടെ ഒരു ഡിസ്പെൻസറി അത്യാവശ്യമാണ്. ഇപ്പോഴത്തെ ഡിസ്പെൻസറിയിൽനിന്നും [illegible] സ്ഥലത്തിന്റെ അറ്റത്തിനും [illegible] സ്ഥലം. തൊടുപുഴ ഡിസ്പെൻസറിയിൽനിന്നും [illegible] മൈൽ ദൂരം ജനവാസമുണ്ട്. [illegible] മദ്ധ്യപ്രദേശമായ [illegible] എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ രണ്ടു ഡിസ്പെൻസറികൾ സ്ഥാപിച്ചു തൊടുപുഴ താലൂക്കിലെ ജനങ്ങൾക്കു വൈദ്യസഹായം നൽകേണ്ടതു ആവശ്യമാണ്. ഈ താലൂക്കിൽ [illegible] ഡിസ്പെൻസറികൾ അധികം [illegible] ഇരിക്കുന്നതു വലിയ വിഷമമാണ്. [illegible] തിരുവനന്തപുരത്തും സ്ത്രീകൾക്കു പ്രത്യേകം ആശുപത്രികൾ ഉള്ളതുപോലെ കോട്ടയം ഡിവിഷനിലും സ്ത്രീകൾക്കായിട്ടു ഒരു ആശുപത്രി സ്ഥാപിക്കണം. കോട്ടയം ഡിവിഷനിൽ അങ്ങനെ ഒന്നില്ല. അതുകൊണ്ടു പല അസൌകര്യങ്ങളുമുണ്ടാകുന്നുണ്ട്. [illegible] കേസുകൾ ചികിത്സിക്കുന്നതിനു സ്ത്രീകൾക്കുവേണ്ടിയുള്ള പ്രത്യേകം ആശുപത്രി അവിടെ ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. സ്ത്രീകൾക്കു [illegible] പ്രത്യേകം [illegible] സ്ത്രീകൾക്കായിട്ടുള്ള ആശുപത്രികൾ സ്ഥാപിച്ചു സ്ത്രീ ഡാക്ടറന്മാരെക്കൊണ്ടു പ്രത്യേകം ചികിത്സിക്കുന്നതിനുള്ള സൌകര്യം കോട്ടയം ഡിവിഷനിൽ ഉണ്ടാക്കിട്ടില്ല. കൊല്ലത്തും തിരുവനന്തപുരത്തും

ളും ഉള്ള സ്ത്രീകളുടെ ആശുപത്രികൾകൊണ്ടു വടക്കൻതിരുവിതാംകൂറിലേക്കു പ്രയോജനം കിട്ടുന്നില്ല. അതുകൊണ്ടു കോട്ടയം ഡിവിഷന്റെ മദ്ധ്യഭാഗത്തു സൗകര്യമുള്ള സ്ഥലത്തു സ്ത്രീകൾക്കായുള്ള ഒരാശുപത്രി സ്ഥാപിക്കണം. ഈ രണ്ടു സംഗതികളും അത്യാവശ്യം തൊട്ടുപൂരതാലുകകിൽ രണ്ടു ഡിസ്പെൻസറി സ്ഥാപിക്കുക, കോട്ടയം ഡിവിഷനിൽ കൊല്ലത്തും തിരുവനന്തപുരത്തും ഉള്ളതുപോലെ സ്ത്രീകൾക്കായിട്ടു പ്രത്യേകം ഒരാശുപത്രി സ്ഥാപിക്കുക എന്നിവയെ പ്രത്യേകം ശ്രദ്ധിച്ചു ഉടനെ നടപ്പിൽ വരുത്തണമെന്നു പറഞ്ഞുകൊണ്ടു ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): മിസ്റ്റർ അദ്ധ്യക്ഷ അനുവദിച്ചു എന്റെ നിയോജകമണ്ഡലത്തിന്റെ അഭിപ്രായം പ്രസ്താവിക്കാൻ എനിക്കു സ്വാതന്ത്ര്യം ഉണ്ടെങ്കിൽ —എന്റെ നിയോജകമണ്ഡലം കന്യാകുമാരി മുതൽ ചെങ്കോട്ട വരെ വിശാലമായി കിടക്കുന്നതും എന്റെ നിയോജകമണ്ഡലത്തിൽ പല സ്ഥലങ്ങളിൽ ഉള്ള ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെല്ലാം സഭാ സമക്ഷം പ്രസ്താവിക്കാൻ ഇപ്പോൾ സമയമില്ലെന്നും പറയണമെന്നില്ലല്ലോ—എന്റെ നിയോജകമണ്ഡലത്തിലുള്ള ജനങ്ങളും രോഗചികിത്സാ സൗകര്യങ്ങൾ ഇല്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. കിളിമാനൂർ ഒരു ഡിസ്പെൻസറി ആവശ്യമാണെന്നു ബോധിപ്പിക്കാൻ എന്റെ സ്നേഹിതൻ മിസ്റ്റർ നീലകണ്ഠപിള്ള എന്നോടാവശ്യപ്പെടുന്നു. അതു ശ്രദ്ധതാളം ആവശ്യമാണെന്നു എനിക്കു നിശ്ചയമില്ല. യഥാർത്ഥമായി ഒന്നവിടെ ആവശ്യമാണെങ്കിൽ മിസ്റ്റർ നീലകണ്ഠപിള്ള തന്നെ അതിനെപ്പറ്റി സംസാരിക്കുമെന്ന വിശ്വസിക്കുന്നു. ആറ്റിങ്ങൽ മാമ്പഴി ഒരു ഡിസ്പെൻസറിയുടെ ആവശ്യം പല കൊല്ലം മുമ്പു തന്നെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളതും അതിനു വേണ്ടുന്ന സംഖ്യ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ എങ്ങനെയോ ഒരു ഡിസ്പെൻസറി അവിടെ ഇതുവരെ സ്ഥാപിച്ചിട്ടില്ല.

മി: വി. ചെല്ലപ്പിള്ള (കോവളം): അതു ഏതു വർഷത്തിലാണെന്നു അറിയാമോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): അതു മെമ്പറിനറിയാം. മെമ്പറിനു വേണ്ടി ആ വിഷയത്തെപ്പറ്റി സംസാരിക്കാം.

സർ, ആലപ്പുഴയിലെ ഡിസ്പെൻസറി ഗവണ്മെന്റ അനുവദിക്കയും അതിനു വേണ്ടുന്ന പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കയും ചെയ്തിരുന്നു എങ്കിലും ഒന്നു ഇതുവരെ അവിടെ സ്ഥാപിച്ചിട്ടില്ല.

ഇനി മുതലക്കുഴിയുള്ള ജനങ്ങൾ തങ്ങൾക്കൊരു ഡിസ്പെൻസറി വേണമെന്നു നിർബന്ധിക്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റ മേധാവി അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നു പറഞ്ഞുവെങ്കിലും ഇതുവരെ ഒന്നും നടന്നു കാണുന്നില്ല. രോഗചികിത്സയിൽ മുതലക്കുഴിക്കാർ അനുഭവിക്കുന്ന സങ്കടങ്ങളെ ഞാൻ നിങ്ങളുടെ ദൃഷ്ടിയിൽ പെടുത്തുവാനുള്ള ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളുന്നു.

പിന്നെ എന്റെ സ്നേഹിതൻ മിസ്റ്റർ മാത്യുമുരിക്കൻ ഒരു ഡിസ്പെൻസറിയുടെ ആവശ്യത്തെപ്പറ്റി പറയാൻ പറയുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഇല്ല, സർ, ഞാൻ യാതൊന്നും പറഞ്ഞില്ല (ചിരി).

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): എന്നാൽ ആ ബുദ്ധിമുട്ടൊഴിഞ്ഞു, സർ,

ഏതായാലും ആറുവാമൊഴിയിൽ ഒരു ഡിസ്പെൻസറി അത്യാവശ്യമാണെന്നും അതിന്റെ സ്ഥാപനം ഇനിയും താമസിക്കാൻ പാടില്ലെന്നും സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാൻ എനിക്കു വളരെ ആഗ്രഹമുണ്ട്. ഈ കാര്യം ഗവണ്മെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകുമെന്നു വിശ്വസിക്കുന്നു. ഈ വാക്കുകളോടു കൂടെ ഞാൻ എന്റെ പ്രസംഗം സമർപ്പിച്ചുകൊള്ളുന്നു.

മി: എ. ജി. മേനോൻ (പറവൂർ): യദൃച്ഛയാ തിരുവിതാംകൂറിന്റെ ഒരു ഭാഗമായിത്തീർന്ന ഒരു സ്ഥലത്തിനെ പ്രതിനിധീകരിക്കുന്ന ഞാൻ പ്രതിവാദിക്കാൻ പോകുകയാണ്. ആ സ്ഥലം തിരുവിതാംകൂർ മഹാരാജാവു അവർകളുടെ പണ്ടത്തെ ഒരു മന്ത്രി ദാനം ചെയ്ത പുത്തൻചിറ ആണ്. അതു കൊച്ചി രാജ്യത്താൽ ചുററപ്പെട്ടിരിക്കുന്നു. അവിടെ വർഷമായി അവിടെ ഒരു ആശുപത്രിയോ ഡിസ്പെൻസറിയോ സ്ഥാപിച്ചു കിട്ടണമെന്നു ഞങ്ങൾ അപേക്ഷിച്ചുവരികയാകുന്നു. തിരുവിതാംകൂറിനു മുഴുവനേ പറയുന്ന ഒരു മെഡിക്കൽ ഡെവലപ്പ്മെന്റിന്റെ ആലോചനയിലായി ... പുത്തൻചിറക്കാർക്കു ഒരു ഡിസ്പെൻസറി എത്രയോ മുമ്പു കിട്ടേണ്ടതാണ്. പുത്തൻചിറ നിന്നു പത്തുമൈൽ ദൂരമുണ്ട്. അവിടെ നിന്നു ആലുവായ്ക്കു അത്രയും തന്നെ ദൂരമുണ്ട്. പുത്തൻചിറനിന്നു ഏഴു നാഴിക ദൂരത്തു ഒരു ആശുപത്രി ഉണ്ട്. എന്നാൽ അതു കൊച്ചിയിലാകയാണ്. ... കൊച്ചിക്കാരുടെ ആശുപത്രികളിൽ നിന്നു കിട്ടുന്ന ആനുകൂല്യങ്ങൾ തിരുവിതാംകൂർകാർക്കു കൊച്ചിക്കാർക്കു കിട്ടുന്നതുപോലെ കിട്ടുന്നില്ല. ... കാര്യത്തിൽ നാം തിരുവിതാംകൂർകാരെന്നും ... ഒരു ഭേദം വെച്ചിട്ടില്ല. എന്നാൽ അവരുടെ അങ്ങനെയല്ല. അതുകൊണ്ടു ഞാൻ പറഞ്ഞ കൊച്ചി ആശുപത്രിയിൽ നിന്നു പുത്തൻചിറക്കാർക്കു ശരിയായ ചികിത്സ കിട്ടുന്നില്ല. പറവൂർ ആശുപത്രിയിൽ നിന്നു തിരുവിതാംകൂർകാർക്കു കിട്ടുന്ന ചികിത്സാസഹായം അത്രയും കൊച്ചി സംസ്ഥാനം വഴി പരന്നുകിടക്കുന്ന ... ക്കും കിട്ടുന്നുണ്ട്. എങ്ങനെയോ ഇതിനു ... അതുകൊണ്ടു തിരുവിതാംകൂർ മുഴുവനെയും സംബന്ധിച്ചുള്ള പദ്ധതിയിൽ നിന്നു ഇതു ... പുത്തൻചിറയ്ക്കു ഒഴിവാക്കപ്പെടുന്ന വേഗത്തിൽ അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടതാകുന്നു.

മേലൊരു ... അവകാശം എനിക്കില്ലാതാകുന്നു ... കടപ്പുള്ളി ഒരു ഡിസ്പെൻസറി അത്യാവശ്യമായിട്ടുള്ള ഒരു സ്ഥലമാകുന്നു. എടപ്പള്ളി എറണാകുളത്തിനു അടുത്താണ്. എറണാകുളത്തു ഒരു ആശുപത്രി ഉണ്ടെങ്കിലും അവിടെയും തിരുവിതാംകൂർകാർക്കു പുത്തൻചിറക്കാരുടെ ആശുപത്രിയിലെ പ്രയാസങ്ങളെല്ലാം ഉണ്ട്. ... തീർച്ചയുണ്ടെങ്കിലും അവർക്കു കിട്ടേണ്ടതായ സഹായമൊക്കെ കൊച്ചിയുടെ മനസ്സുപോലെ കിട്ടുകയുള്ളു. എടപ്പള്ളിയുടെ ഒരു ചുറ്റുപാടും കൊച്ചിയിലാണ്. അതു വൈദ്യസഹായം സമ്പാദിക്കുന്നതു എളുപ്പമല്ല. ഈ രണ്ടു സ്ഥലങ്ങളിലും ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്നു അപേക്ഷിക്കുന്നു. ഗവണ്മെന്റ അവരോടു ... അവിടത്തെ ജനങ്ങൾ ... ഡിസ്പെൻസറി ... വേണ്ടുന്ന ... അവിടത്തെ ജനങ്ങൾ ... അതു കണ്ട് ... സ്ഥലവും കെട്ടിടങ്ങളും ... ആണ്. ... ചെലവു മെഡിക്കൽ ഉപകരണങ്ങളുടെ ചെലവും ഔഷധങ്ങളുടെ വിലയും മാത്രമാകുന്നു.

മിസ്സിസ്. ... (ഗവണ്മെന്റ നിയമനം). സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ചില വസ്തുതകളെപ്പറ്റി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉൾപ്രദേശങ്ങളിൽ ഇപ്പോഴത്തേതിൽ കൂടുതൽ വൈദ്യസഹായം ...

ത്തിന്റെ അത്യാവശ്യകതയെ ഞാൻ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. രാജ്യത്തിന്റെ പ്രധാനകേന്ദ്രസ്ഥാനങ്ങളിൽ ജനങ്ങൾക്കു ഗവണ്മെണ്ടു വൈദ്യസഹായം നൽകേണ്ടതു അത്യാവശ്യം തന്നെ. എന്നാൽ ഉൾപ്രദേശങ്ങളിൽ വൈദ്യസഹായം നൽകേണ്ടതിന്റെ പ്രാധാന്യത്തെ ഗവണ്മെന്റ വിസ്മരിച്ചുകളയരുതാത്തതാകുന്നു. തിരുവിതാംകൂറിന്റെ അധികഭാഗവും ഉൾപ്രദേശങ്ങളാകുന്നു. ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുള്ളടത്തോളംപോലെ തന്നെ തിരുവിതാംകൂറിൽ ഗതാഗതസൌകര്യങ്ങൾ ഇല്ലാത്തടങ്ങളിലും വൈദ്യസഹായം ആവശ്യമുണ്ട്. ഉൾനാട്ടുകളിലെ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ചികിത്സാസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതിന്റെ സർവ്വപ്രാധാന്യത്തെ ഞാൻ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. പുരുഷന്മാരുടെ കാര്യം എനിക്കറിഞ്ഞുകൂടാ. എന്നാൽ സ്ത്രീകൾക്കു പെട്ടെന്നു വൈദ്യസഹായം ആവശ്യം വരാറുണ്ട്. സൂതികർമ്മിണികളെ പരിശീലിപ്പിക്കുന്നതിനു ഇപ്പോഴത്തേക്കാൾ കൂടുതൽ സാദ്ധ്യമായ വ്യവസ്ഥകൾ ചെയ്യണം. അവർക്കു ഗവണ്മെന്റിൽനിന്നു ഗ്രാന്റു (സഹായധനം) കൊടുക്കയും അവർ ഉൾപ്രദേശങ്ങളിൽ സഞ്ചരിച്ചു അവിടെയുള്ളവരെ പ്രത്യേകമായി സ്ത്രീകളെ സമയോചിതമായി സഹായിക്കാൻ ശട്ടംകെട്ടുകയും വേണം. ഗ്രാമങ്ങൾതോറും സഞ്ചരിച്ചു ഈ കാര്യത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ അറിയുന്നതിനും അവരുടെ സഞ്ചാരപ്പടിയും ഉൾപ്പെടുത്തിവേണം ഗ്രാന്റുകൊടുക്കുന്നതു്. സൂതികർമ്മിണികൾക്കു ബാലചികിത്സയിലും പരിശീലനം കൊടുക്കേണ്ടതാകുന്നു. ഈ രാജ്യത്തിൽ സ്ത്രീകൾക്കായി അധികം ആസ്പത്രികൾ സ്ഥാപിക്കുന്നതിനെപ്പറ്റി മററു മെമ്പർമാർ പറഞ്ഞതിനേയെല്ലാം ഞാനും പിൻതാങ്ങുന്നു. തിരുവിതാംകൂറിന്റെ തെക്കൻഭാഗത്തു സ്ത്രീകൾക്കായി രണ്ടു ആസ്പത്രികൾ സ്ഥാപിക്കയും മററുഭാഗങ്ങളിലെ സ്ത്രീകൾ പുരുഷന്മാരുടെ ആസ്പത്രികളെ ശരണമാക്കാൻ വിടുകയും ചെയ്യുന്നതുകൊണ്ടു മതിയാകയില്ല. വടക്കൻതിരുവിതാംകൂറിൽ കോട്ടയത്തോ മററെവിടെയെങ്കിലുമോ—എവിടെ വേണമെന്നുള്ളതിനെപ്പററി എനിക്കു ശാഠ്യമില്ല—സ്ത്രീകൾക്കായി ഒരു ആസ്പത്രി സ്ഥാപിക്കണം. ഈ ആസ്പത്രികളിൽ വിദഗ്ദ്ധന്മാരെ കഴിയുമെങ്കിൽ വിദേശങ്ങളിൽ പോയി പരിശീലനം കഴിച്ചുവന്നിട്ടുള്ളവരെ വേണം നിയമിക്കാൻ.

ഇപ്പോഴത്തെ നമുക്കുള്ള വിദഗ്ദ്ധന്മാർക്കു ബാലചികിത്സയിൽ പരിജ്ഞാനമില്ലെന്നു എന്റെ സ്വന്ത അനുഭവംകൊണ്ടും മററുള്ളവരുടെ അനുഭവംകൊണ്ടും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. കുഞ്ഞുങ്ങൾക്കു വല്ല ദീനവും ഉണ്ടായാൽ ഒരു നല്ല ഡാക്ടരെ കിട്ടാൻ പ്രയാസമാണ്. ഇപ്പോൾ നമ്മുടെ ആസ്പത്രികളിൽ ഉള്ള ഡാക്ടർമാരോടും കുഞ്ഞുങ്ങളെ ചികിത്സിക്കുന്നതിനായി അവരെ ചെന്നുവിളിച്ചാൽ കുഞ്ഞുങ്ങളുടെ രോഗങ്ങളെപ്പററി അവർ മെഡിക്കൽകാളേജിൽ വെച്ചു പഠിച്ചതെല്ലാം മറന്നുപോയി എന്നാണ് പറയുന്നതു്. പിന്നെ അവർ സാധുക്കുഞ്ഞുങ്ങളുടെമേൽ പരീക്ഷണങ്ങൾ നടത്തുകയാണു ചെയ്യുന്നതു്. വൈദ്യത്തിന്റെ ഈ ശാഖയിൽ അവർക്കുള്ള പരിജ്ഞാനം ശുഷ്കമാണെന്നു തോന്നുന്നു. അതുകൊണ്ടു രാജ്യത്തിന്റെ പ്രധാനനഗരത്തിൽ കുഞ്ഞുങ്ങൾക്കുള്ള ഒരു ആസ്പത്രി ആവശ്യമാണെന്നു തോന്നുന്നു. അതിനായി ഡാക്ടർമാരെ പ്രത്യേകമായി മെഡിഡക്കൂർമാരെ ബാലചികിത്സ പഠിച്ചു വരേണ്ടതിനായി വിദേശങ്ങളിലൊ ഇൻഡ്യയുടെ മററുഭാഗങ്ങളിലൊ അയക്കണം. ഈ സംസ്ഥാനത്തു കുഞ്ഞുങ്ങൾക്കായുള്ള ഒരു ആസ്പത്രി അത്യാവശ്യമാണെന്നു എനിക്കു തോന്നുന്നു.

മൂന്നു് ലേഡി ഡാക്ടർമാരെ കൂടി നിയമിക്കുന്നതിനു ബഡ്ജററിൽ പണം അനുവദിച്ചു കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. എന്നാൽ അതുകൊണ്ടു മതിയാകയില്ല. ഇപ്പോൾ ചില ഡിസ്ട്രിക്ററ് ആസ്പത്രികളിൽ ലേഡിഡാക്ടർമാർ ഉള്ളതുപോലെ സംസ്ഥാനത്തെ മുന്നു ഡിസ്ട്രിക്ററ് ആസ്പത്രികളിൽ അല്ല എല്ലാ ഡിസ്ട്രിക്ട് ആസ്പത്രികളിലും ലേഡിഡാക്ടർമാർ ആവശ്യമുണ്ടെന്നു് ഗവണ്മെന്റ ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഇക്കാര്യത്തിനു അധികം പണം അനുവദിച്ചുകാണ്മാൻ ആഗ്രഹമുണ്ട്.

ഈ സഭയുടെ ദൃഷ്ടിയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്ന വേറൊരുകാര്യമുണ്ട്. അതു കെമിസ്റ്റ് ഷാപ്പുകൾക്കു ലൈസൻസുകൊടുക്കുന്ന കാര്യമാകുന്നു. വൈദ്യന്മാർക്കു ലൈസൻസു കൊടുക്കുന്നതിനെപ്പററി ഒരു നിയമം ഉണ്ടാക്കണമെന്നു് ബോർഡു് ശുപാർശ ചെയ്തിട്ടുള്ളതായും അക്കാര്യത്തിൽ ഗവണ്മെന്റ തീരുമാനിച്ചിട്ടില്ലെന്നും ഡിപ്പാർട്ടുമെണ്ടുവക റിപ്പോർട്ടിൽ കാണുന്നു. ലൈസൻസില്ലാത്ത വൈദ്യന്മാരെപ്പോലെ കെമിസ്റ്റ് ഷാപ്പുകളും അപൽക്കരമാകുന്നു. ചില ഷാപ്പുകൾ അവരെക്കാൾ അധികം അപൽക്കരമാകുന്നു എന്നു ഞാൻ ബലമായി ബോധിപ്പിച്ചുകൊള്ളുന്നു. വൈദ്യന്മാർ മരുന്നുകൾ കുറിച്ചുകൊടുക്കമാത്രമാണു ചെയ്യുന്നതു. എന്നാൽ രോഗികൾ സേവിക്കുന്നതു കെമിസ്റ്റ് ഷാപ്പുകളിൽ നിന്നു കൊടുക്കുന്നതാകുന്നു. ചില കെമിസ്റ്റ്മാർ ഒരു കുറിപ്പിൻപ്രകാരം തന്നെ ഒരുദിവസം കൊടുക്കുന്ന മരുന്നല്ല പിന്നൊരുദിവസം കൊടുക്കുന്നതെന്നു ഞാൻ കേട്ടിട്ടുണ്ട്. ഇതു സൂക്ഷ്മതയില്ലാഞ്ഞിട്ടോ അജ്ഞതകൊണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. പൊതുജനങ്ങളുടെ രക്ഷക്കു കെമിസ്റ്റ്ഷാപ്പുകൾ നടത്തുന്നതു അതിനു യോഗ്യതയുള്ള ആളുകൾ ആയിരിക്കണമെന്നും യോഗ്യത പരീക്ഷിച്ചിട്ടുമാത്രമെ അവർക്ക് ലൈസൻസ് കൊടുക്കാവൂ എന്നും ചട്ടമുണ്ടാക്കേണ്ടതാകുന്നു.

ഈ വാക്കുകളോടുകൂടി ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): അങ്കമാലിയിൽ ഒരു ഡിസ്പെൻസറി കിട്ടണമെന്നുള്ള വളരെക്കാലത്തെ മുറവിളിയുടെ ഫലമായി മെഡിക്കൽബോർഡു് ഈ കൊല്ലം ഒരു ഡിസ്പെൻസറി അവിടെ കൊടുക്കണമെന്ന് റെക്കമെൻഡു് ചെയ്തു. എന്നാൽ ഗവണ്മെന്റ അതു് തള്ളിക്കളഞ്ഞതായി അറിയുന്നു. കുന്നത്തുനാടു, പറവൂർ, ഈ താലൂക്കുകളിലെ അഞ്ചുപകുതികളെ പെരിയാർ പ്രത്യേകമായി തിരിച്ചിരിക്കുന്നു. വർഷകാലത്തു് അവിടെ നിന്നു ഇതരസ്ഥലങ്ങളിലുള്ള ആസ്പത്രികളിലേക്കു ഗതാഗതം ചെയ്യുന്നതു് വളരെ സങ്കടകരമാണ്. ഈ അഞ്ചുപകുതികളിലും കൂടി ൩൦,൦൦൦ത്തിൽപരം ജനങ്ങൾ വസിക്കുന്നുണ്ട്. പെരുമ്പാവൂർ ഡിസ്പെൻസറിയിൽനിന്നും അങ്കമാലിക്കു ൯ മൈൽ ഉണ്ട്. ചങ്ങനാശ്ശേരി, മാവേലിക്കര, തിരുവല്ല, കോട്ടയം, ഏററുമാനൂർ മുതലായ സ്ഥലങ്ങളിലുള്ള ഡിസ്പെൻസറികൾ തമ്മിൽ അഞ്ചോ ആറോ മൈൽ അകലംമാത്രമേ ഉള്ളു.

മി: ആർ. രാമൻപിള്ള (കൊട്ടയം): ചങ്ങനാശ്ശേരിയിൽനിന്നു എത്ര അകലം ഉണ്ട്?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): പലടത്തും നോക്കിയിരുന്നാലും അഞ്ചോ ആറോ മൈലേയുള്ളു. ഏററുമാനൂർനിന്നു കോട്ടയത്തേക്കു ൭ മൈലേയുള്ളു ൩൦,൦൦൦ ജനങ്ങളുടെ മുറവിളിയുടെ ഫലമായിട്ടാണു ബോർഡു് (മുമ്പു പലപ്രാവശ്യം അപേക്ഷിച്ചിട്ടും സാധിച്ചിട്ടില്ല) ശുപാർശ ചെയ്തതു് അവരുടെ ഐകമത്യാഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. അതിനാൽ ആ വിഷയത്തിൽ ഇനിയെങ്കിലും ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നുള്ള

മി: ആർ. രാമൻപിള്ള (കോട്ടയം): രോഗാതുരന്മാരായ ആളുകൾ കോട്ടയം ആശുപത്രിയെ അഭയം പ്രാപിക്കുകയാണെങ്കിൽ അവർക്ക് പിന്നീട് യാതൊരുവിധത്തിലുള്ള രോഗവും ഉണ്ടാകാതിരിക്കത്തക്ക നിലയിലാണ് അവിടെനിന്ന് പോകുന്നത്. അവിടെ ആശുപത്രിയിട്ടിരിക്കുന്ന കെട്ടിടത്തിന്റെ ദയനീയസ്ഥിതിയേയും ന്യൂനതയേയും പരിഹരിക്കുന്നതിന് ഗവമെണ്ടും മെഡിക്കൽബോർഡും ശ്രമിക്കണമെന്നപേക്ഷിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള) മി. പിറവിപ്പെരുമാൾ പിള്ള ആരുവാമൊഴിയിൽ ഒരു ആശുപത്രി വേണമെന്നാണ് പറഞ്ഞത്. എനിക്കും അതിനെപ്പററിയാണ് പറയാനുള്ളത്. സർക്കാർ ആശുപത്രികൾ വച്ചിരിക്കുന്നത് പാവപ്പെട്ട ജനങ്ങൾക്കു വില കൂടാതെ മരുന്നു കിട്ടുന്നതിനും ചികിത്സാവിഷയത്തിലുള്ള വിദഗ്ദ്ധാഭിപ്രായം സിദ്ധിക്കുന്നതിനുമാണ്. തോവാള, ആരുവാമൊഴി, ചെമ്പകരാമൻപുതൂർ മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകൾക്കു ഒരുനേരത്തെ കഞ്ഞിക്കുപോലും വകയില്ല. അവിടെ ഒരു ആശുപത്രി വേണമെന്ന് ഗവമെണ്ടിനോടു പ്രാർത്ഥിക്കയും അതിനെ ഗവമെണ്ടു അനുവദിക്കയും ചെയ്തു. അതനുസരിച്ചു ആശുപത്രിക്കു വേണ്ട ഏർപ്പാടുകളും ചെയ്തു. എന്നാൽ ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ മൂന്നുവർഷത്തിനുമുൻപു ആശുപത്രി തുറക്കാൻ ചെന്നിട്ട്—എന്തുകാരണത്താലാണെന്നറിഞ്ഞില്ല—ആശുപത്രി തുറക്കാതെ അവിടെ നിന്നും തിരിയെപ്പോവുകയാണുണ്ടായത്. അതിനെപ്പററി ഗവമെണ്ടിനെ അറിയിച്ചു ഇതുവരെ അവിടെ ആശുപത്രി തുറന്നതായി എനിക്കറിവില്ല. മെലാടി, കുലശേഖരം, അഴകിയപാണ്ടിയപുരം മുതലായ ദിക്കുകളിൽനിന്നും വൈദ്യസഹായത്തിനായി ഇപ്പോൾ നാഗരുകോവിലിലോ കന്യാകുമാരിയിലോ പോകേണ്ടിയിരിക്കുന്നു. ആറേഴു മൈൽ ദൂരം ഉണ്ട്. ഇവിടെയുള്ള ആളുകൾ പ്രായേണ വളരെ പാവങ്ങളാണ്. ധനവാന്മാരല്ല വലിയ ജനക്കൂട്ടവും ഉണ്ട്. ഇവിടെ ഒരു ആശുപത്രി വേണമെന്നു പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. എന്നിട്ടും ഗവമെണ്ടു യാതൊരു നടപടിയും നടത്തിക്കാണുന്നില്ല. ഓരോസ്ഥലങ്ങളിലും ഓരോ ആശുപത്രികൊടുക്കുന്നതിനു പ്രയാസമാണെങ്കിൽ തോവാളയിൽ ഒരു ട്രാവലിംഗ് ഡിസ്പെൻസറിയും, മെലാടിയിൽ ഒരു മാസ്റ്ററിംഗ് ഡിസ്പെൻസറിയും തുറന്നാൽ മതി. ഇതിനെ സംബന്ധിച്ച് ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ മറുപടി പറയണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി: മുരുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): ഓരോ സ്ഥലങ്ങളിലും പ്രത്യേകം പ്രത്യേകം ഡിസ്പെൻസറികളും ആശുപത്രികളും വേണ്ടതാണെന്നുള്ള ജനങ്ങളുടെ അപേക്ഷയെ സാധിക്കുന്നതിലേക്കു മെഡിക്കൽബോർഡ് ശുപാർശചെയ്തിട്ടുള്ള റൂറൽ ആശുപത്രി സ്കീം എത്രയുംവേഗത്തിൽ നടപ്പിൽ വരുത്തുന്ന കാര്യം ഗവമെണ്ടിന്റെ ഗാഢമായശ്രദ്ധയ്ക്കു ഉടനടി വിഷയീഭവിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി: കെ. മാധവൻ (ഗവണ്മെൻറു നിയമനം): സർ, ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ള ഈ വിഷയത്തെപ്പററി എനിക്കും ഒന്നുരണ്ടു വാക്കുകൾ പറയാനുണ്ട്. നാഗരുകോവിലിൽ ധാരാളം ആശുപത്രികൾ ഉണ്ട്. അവിടത്തെ നിവാസികൾക്കു വേണ്ടിയ മററു സൗകര്യങ്ങൾ ചെയ്തുകൊടുക്കയും ചെയ്യുന്നുണ്ട്. നാഗരുകോവിൽ പട്ടണത്തിനു ചുററും ചില ഗ്രാമങ്ങൾ ഉണ്ട്. ഈ ചില ഗ്രാമങ്ങളിൽ അധഃകൃതവർഗ്ഗക്കാർ കൃഷിക്കാരായി താമസിക്കുന്നു. പുതിയ തോവാളച്ചാനൽ വെട്ടിയശേഷം അവർക്കവിടെ താമസിക്കാൻ സൗകര്യമല്ല. ഇരവിപുത്തൂർ മുതലായ സ്ഥലങ്ങളിൽ പാർക്കുന്ന സാധുക്കൾക്കു മരുന്നുകൾ വാങ്ങുന്നതിനു വില്ലേജുകളിൽ പോകണം. ഗർഭിണികളെയും അവിടെ കൊണ്ടുപോകണം. സർ, ഈ ഗർഭിണികളെ വിചാരിച്ചെങ്കിലും അവർക്കു വല്ല സഹായവും ചെയ്യണമെന്നു ഞങ്ങൾ ഗവമെണ്ടിനോടപേക്ഷിച്ചു. എന്നാൽ ഇതുവരെ ഒന്നും സാധിച്ചിട്ടില്ല. ഒരു ഗർഭിണിക്കു എന്തെങ്കിലും മരുന്നു കൊടുക്കേണ്ടിവന്നാൽ മററു ഗ്രാമങ്ങളിലേക്കു ഓടിപ്പോകണം. ഒന്നാമതു ഇവർക്കു സമയമില്ല. സമയമുണ്ടായാലും എന്തെങ്കിലും മരുന്നു വാങ്ങിക്കൊണ്ടു വരുന്നതിനോ ഡാക്ടർ, മിഡ്‌വൈഫ് മുതലായവരെ വിളിച്ചുകൊണ്ടുവരുന്നതിനോ പണമില്ല. കാർ മുതലായവ കൊണ്ടുപോയി ഡാക്ടരെ കൂട്ടിക്കൊണ്ടുവരുന്നതിനു അവർക്കു സാധിക്കയില്ല. അതുകൊണ്ടു ഗർഭിണികളെ നോക്കുന്നതിനു അവിടയിടെ സൂതികർമ്മിണികളെ നിയമിച്ചാൽ വലിയ ഉപകാരമായിരിക്കും. സർ, വേറൊരു കാര്യവും പറവാനുണ്ട്. ഉദാഹരണമായി പറഞ്ഞാൽ, ഒരു ഡാക്ടരെ കൂട്ടിക്കൊണ്ടുപോകാൻ ആവശ്യം നേരിട്ടു. നല്ല റോഡില്ല. എല്ലായിടത്തും വെള്ളംതന്നെ. ഡാക്ടർ ഒടുവിലപ്പോൾ ഡാക്ടരുടെ ഉടുപ്പുകൾ ചെളിവെള്ളത്തിൽ നനഞ്ഞുപോയി. പിന്നെ അദ്ദേഹത്തെ എടുത്തുകൊണ്ടു പോകേണ്ടിവന്നു. ഈ സാധുക്കൾക്കു വൈദ്യസഹായം ആവശ്യം. ഞാൻ പറഞ്ഞ സ്ഥലങ്ങൾ സാധുക്കൾ പാർക്കുന്ന സ്ഥലങ്ങളാണ്. അവിടം പകർച്ച രോഗങ്ങൾ ഉണ്ടായി പരക്കാൻ ഇടയുള്ള നിലയിലാണ് ഇരിക്കുന്നത്. പകർച്ചവ്യാധിയുള്ള കാലങ്ങളിൽ ഓരോ ഗ്രാമത്തിലും ദിനംപ്രതി നാലഞ്ചുപേർ മെഡിക്കലും സാനിട്ടറിയും സഹായം കിട്ടാത്തതിനാൽ മരിച്ചുപോകുന്നു. ഇവർ താമസിക്കുന്ന സ്ഥലങ്ങളിൽ അഞ്ചാറടിയും വെള്ളം കെട്ടിനില്ക്കുന്നു. സാനിട്ടറി ഇൻസ്പെക്ടർമാരെയും സാനിട്ടറി സർക്കിൾ ആഫീസരേയും കൊണ്ടുപോയി ഈ സ്ഥലങ്ങൾ കാണിച്ചു. വേണ്ടതൊന്നും ഇതുവരെ ചെയ്തിട്ടില്ല. മേലധികാരത്തിലേക്കു എഴുതിയിട്ടുണ്ടെന്നാണ് അവർ പറയുന്നത്. മെലാടി മുതലായ ഗ്രാമങ്ങളിലും മററു ചില സ്ഥലങ്ങളിലും ആളുകൾ വൈദ്യസഹായത്തിനു ഏഴെട്ടു നാഴിക ദൂരം പോകണം. പാവങ്ങൾക്കു സഹായം ചെയ്യുന്നതു ഗവണ്മെൻറിന്റെ ധർമ്മമാകുന്നു. പെരുങ്കടവിള, കുളക്കട മുതലായ സ്ഥലങ്ങളിൽ പാർക്കുന്ന അധഃകൃതവർഗ്ഗക്കാർക്കു വൈദ്യസഹായം ലഭിക്കുന്ന കാര്യം വളരെ പ്രയാസമാണ്. ഈ സാധുക്കൾ അധികമായി വയൽക്കരകളിലാണ് പാർക്കുന്നത്. ഇങ്ങനെയുള്ളവർക്കു വൈദ്യസഹായം കിട്ടുന്നതു വളരെ പ്രയാസമാണ്. അവർക്കു വൈദ്യസഹായം കിട്ടുന്നതേയില്ല. കഴിഞ്ഞവർഷം അനേകമാളുകൾ പകർച്ചവ്യാധിയാൽ മരിച്ചുപോയി. സാനിട്ടറി സർക്കിൾ ആഫീസർ, ഡാക്ടർ മുതലായവരെ പലയിടങ്ങളിലും കൊണ്ടുപോയി. ഒരു രോഗം കണ്ടാൽ വേണമെങ്കിൽ മെഡിക്കൽ എയിഡ് ആഫീസർ എവിടെയുണ്ടെന്നന്വേഷിച്ചുപോകണം. മെഡിക്കൽ എയിഡ് ഉദ്യോഗസ്ഥൻ ഗ്രാമങ്ങൾ തോറും സഞ്ചരിക്കുമ്പോൾ ചില അടിയന്തിരഘട്ടങ്ങളിൽ മരുന്നുവേണ്ടിവന്നാൽ ഈ മെഡിക്കൽ എയിഡ് ഉദ്യോഗസ്ഥൻ എവിടെയാണെന്നറിയാൻ നിവൃത്തിയില്ല. മരുന്നിനു വേ

ക്കുന്നവൻ മെഡിക്കൽ എയിഡ് ഉദ്യോഗസ്ഥനെ കണ്ടുപിടിച്ചു മരുന്നു വാങ്ങിക്കൊണ്ടുവരുമ്പോഴേക്കു രോഗി മരിച്ചുപോകും. ഇങ്ങനെയുള്ള സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കിത്തരേണ്ടതു ഗവമ്മെന്റിന്റെ ധർമ്മമാകുന്നു. ജീവൻ എല്ലാവക്കും പ്രിയമുള്ളതാണ്. കഴിഞ്ഞവർഷത്തെ പകർച്ചവ്യാധികളും നിമിത്തം അനവധി ആളുകൾ മരിച്ചുപോയി. മാതാപിതാക്കന്മാർ മരിച്ചു അനാഥരായിത്തീർന്ന കുട്ടികൾ ധാരാളമുണ്ട്. ഈ കുട്ടികളെ ഇപ്പോൾ തെക്കൻ തിരുവിതാംകൂറിലുള്ള ഒരു അനാഥശാലയിൽ രക്ഷിച്ചുവരുന്നു. ആ അനാഥശാലയ്ക്കു തിരുവിതാംകൂർ ഗവമ്മെന്റു വല്ല സഹായവും ചെയ്തുകൊടുക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

അതുകൊണ്ടു സർ, ഈ പാവങ്ങൾക്കു ആസ്പത്രികൾ ഏർപ്പെടുത്തിക്കൊടുക്കയും ഗ്രാമശുചീകരണ പ്രവൃത്തികൾ ചെയ്തുകൊടുക്കയും ചെയ്യേണ്ടതു ഗവമ്മെന്റിന്റെ ധർമ്മമാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ൨൦ മിനിട്ടുനേരം സംസാരിച്ചിരിക്കുന്നു.

പ്രസിഡന്റ്. ദയവുചെയ്തു വേഗം അവസാനിപ്പിക്കണം.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): സർ, എനിക്കു മനസ്സിലായേടത്തോളം അനദ്യോഗസ്ഥമെംബർമാർ നാട്ടുപുറങ്ങളിലുള്ള ആളുകൾക്കു വൈദ്യസഹായം ലഭിക്കാനുള്ള അവകാശങ്ങൾ പ്രസ്താവിക്കയാണു ചെയ്തിട്ടുള്ളതു്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്കു്): എല്ലാവരുമല്ല

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): അല്ലെങ്കിൽ അവരിൽ ഭൂരിപക്ഷം. ഈ സംസ്ഥാനത്തു ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഗവമ്മെന്റു കഴിയുന്നതും ശ്രമിക്കുന്നുണ്ട്. ഓരോ വ്യക്തികളുടെ ആവശ്യങ്ങളെപ്പററി ഞാൻ പിന്നീടു പ്രസ്താവിക്കാം. കഴിഞ്ഞ നാലുവർഷങ്ങൾക്കുള്ളിൽ ഗവമ്മെന്റു ഏകദേശം ൨൦ ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ട്. പല സ്ഥലങ്ങളിൽനിന്നും വന്നിട്ടുള്ള മെമ്പർമാർ അവരവരുടെ സ്ഥലത്തു ഡിസ്പെൻസറികൾ വേണമെന്നു പറയുകയും ചെയ്യുന്നു. നാട്ടിൻപുറങ്ങളിൽ വൈദ്യസഹായം നൽകുന്നതിനു ഒരു ശരിയായ വ്യവസ്ഥയുണ്ടാക്കി ഇതിനു ഒരു പരിഹാരം വരുത്താൻ സാധിക്കയില്ലയോ എന്നു ഗവമ്മെന്റു ആലോചിച്ചുവരുന്നു. ഒരു ഗവമ്മെന്റു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു പ്രാരംഭച്ചെലവു ൩൦൦൦ രൂപയാകുന്നു. എന്നാൽ മേപ്പടി വ്യവസ്ഥപ്രകാരം ഓരോ ആസ്പത്രിക്കും പ്രാരംഭച്ചെലവു ഉദ്ദേശം ൧,൦൦൦ രൂപയായിരിക്കും. ഈ വ്യവസ്ഥപ്രകാരം ഡിസ്പെൻസറികൾ സ്ഥാപിച്ചാലും ആ സ്ഥലങ്ങളിൽ സൂതികർമ്മിണികളെ നിയമിക്കണമെന്നു നിർബന്ധമുണ്ട്. ആ പദ്ധതിയും ഗവമ്മെന്റിന്റെ സാദ്ധ്യമായ ആലോചനയിൽ ഇരിക്കുന്നു. കഴിയുന്നേടത്തോളം അനേകം ഡിസ്പെൻസറികൾ സ്ഥാപിക്കുന്നകാര്യം അസാദ്ധ്യമാകണമെന്നു ഗവമ്മെന്റിനു അഭിപ്രായമുള്ളതിനാലാകുന്നു നടപ്പിൽ വരുത്താൻ സാധിക്കുന്നതും നാട്ടു പ്രതിനിധികളെ തൃപ്തിപ്പെടുത്തുന്നതുമായ ഈ വ്യവസ്ഥയെപ്പററി ഗവമ്മെന്റു ആലോചിക്കുന്നതു്.

ഇനി ഓരോ മെമ്പർമാരും പ്രസ്താവിച്ച കാര്യങ്ങളെപ്പററിപ്പറയാം. വിളവങ്കോടു താലൂക്കിൽ ചെയ്യുന്ന വൈദ്യസഹായം മതിയാകുന്നില്ലെന്നു എന്റെ സ്നേഹിതൻ മി. കേശവപിള്ള പറയുകയുണ്ടായി?

മി: ഇട്ടപ്പുഇട്ടീച്ചൻ (കുന്നത്തുനാടു്): ഒരു ചോദ്യം—

പ്രസിഡന്റ്: മി. ഇട്ടീച്ചൻ, ചോദ്യം കുറെ കഴിഞ്ഞിട്ടു ചോദിക്കുക.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): മെംബർമാരുടെ ചോദ്യങ്ങൾ അവസാനത്തിലേക്കു വെക്കണമെന്നു അപേക്ഷിക്കുന്നു. എന്നാൽ മാത്രമേ എല്ലാ മെമ്പർമാരുടേയും ചോദ്യങ്ങൾക്കു ശരിയായ മറുപടിപറയാൻ കഴികയുള്ളു.

പുലിക്കടയിലോ മാർത്താണ്ഡപട്ടണത്തോ ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു മെഡിക്കൽ ബോർഡു ശിപാർശചെയ്തു. എന്നാൽ സ്ഥലനിവാസികൾ ഒരു കെട്ടിടംതരുന്ന കാര്യത്തിൽ അനാസ്ഥയാണു കാണിച്ചതു്. എവിടെയെങ്കിലും ഒരാസ്പത്രി സ്ഥാപിച്ചുകൊടുക്കണമെന്നു ആളുകൾ ആവശ്യപ്പെട്ടാൽ അവിടെ ഒരു കെട്ടിടം ഉണ്ടാക്കിത്തരുന്നകാര്യത്തിൽ അവക്കു വല്ലതും ഉണ്ടെങ്കിൽമാത്രമേ ഗവമ്മെന്റു സഹായിക്കയുള്ളു. എന്നു ഞങ്ങൾക്കിപ്പോൾ നിർബന്ധമായ ഒരു ചട്ടമുണ്ട്. ഒരു കെട്ടിടത്തിനു ഒരു സ്ഥലംതരാൻ പുലിക്കടെ ആരും തെയ്യാറായില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ജനങ്ങൾ ഒരു കെട്ടിടംകെട്ടിത്തന്നാൽ ആസ്പത്രി അനുവദിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): ആലോചിക്കാം. പുലിക്കടെ ജനങ്ങൾ കെട്ടിടംകെട്ടിത്തരാമെന്നു പറഞ്ഞില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഇപ്പോഴത്തെ കെട്ടിടംകൊണ്ടുമതിയാകയില്ല. അതുകൊണ്ടു ഒരു പുതിയകെട്ടിടം കെട്ടുന്നതിനു ബഡ്ജററിൽ ഒരു തുകചേർത്തു പുതിയകെട്ടിടം ഉണ്ടാക്കി അതിൽ ആസ്പത്രി ഇറക്കരുതോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): അതു അത്ര എളുപ്പം സാധിക്കുന്നതല്ല. ഇനിയത്തെ ബഡ്ജററു ൧൧൦൮-ലെ ഉള്ള എന്നു മെമ്പർക്കറിയാമല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): അതുമന്ന ആസ്പത്രി ഒരു വാടകക്കെട്ടിടത്തിലാണു നടത്തിവരുന്നതു്. രോഗികളെ കിടത്താൻ അവിടെ സ്ഥലമില്ല. ഒരു നല്ലസ്ഥലത്തിനു ഞങ്ങൾ അന്വേഷിച്ചു. ഒരു നല്ലസ്ഥലം തരാമെന്നു അവിടെയുള്ള ചിലർ പറഞ്ഞു. ഞാൻ ചെന്നു ആ സ്ഥലം നോക്കി. ഇതെല്ലാം രണ്ടുവർഷംമുമ്പാണു സംഭവിച്ചതു. എങ്കിലും ആ സ്ഥലം ആവശ്യപ്പെട്ടപ്പോൾ അതുതരാൻ ആർക്കും മനസ്സില്ലായിരുന്നു. അതുകൊണ്ടു ഒരുസ്ഥലവും കിട്ടിയില്ല. അതിനാൽ ഒരു സ്ഥലംതരാൻ ആളുകൾ തയ്യാറാണെങ്കിൽ അവിടെ ഒരു കെട്ടിടംകെട്ടാൻ ബോർഡു ശിപാർശചെയ്യാമെന്നേ എനിക്കു പറയാനുള്ളു. നിർഭാഗ്യവശാൽ അവിടെ ഗവമ്മെന്റുവക സ്ഥലങ്ങൾ ഇല്ല. അതുമന്ന ഇലുമ്പനി അധികമു

ള്ളതിനാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു സൗകര്യമുള്ള ഒരാസ്പത്രി അവിടെ സ്ഥാപിക്കേണ്ടതായിരുന്നു. ഈയാണ്ടിൽ മലമ്പനി കുറവായിരുന്നതിനാൽ അവരുടെ ആസ്പത്രിയിൽ വന്ന രോഗികളുടെ എണ്ണവും കുറവായിരുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും—വിളവങ്കോടും): നാഗർകോവിലുള്ള ഡിസ്പെൻസറിയെക്കാൾ രോഗികൾ ഇവിടെ കൂടുതലുണ്ടെന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു മലമ്പനി പിടിച്ച രോഗികളെക്കൊണ്ടു മാത്രമുള്ള കൂടുതലാണ്. മററു രോഗികളുടെ കൂടുതലല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കഴിഞ്ഞയാണ്ടിൽ മററു സ്ഥലങ്ങളിലുള്ള രോഗികളുടെ എണ്ണത്തെക്കാൾ ഇവിടെ രോഗികളുടെ എണ്ണം വളരെ കൂടുതലായിരുന്നു എന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): അറിയാം, അതൊക്കെ മലമ്പനി പിടിച്ചവരുടെ എണ്ണം കൊണ്ടാണ് കൂടുതൽ ഉണ്ടായിട്ടുള്ളത്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): മലമ്പനിനിമിത്തം മരിക്കയില്ലയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): മലമ്പനികൊണ്ടും മരിക്കും—അതില്ലാതെയും മരിക്കും. മരണം എല്ലാവർക്കും ഉള്ളതാണല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): പിന്നെ അദ്ദേഹം കഴിത്തുറ ആസ്പത്രിയെപ്പററി പറഞ്ഞു. അവിടെ മാത്താണ്ഡംഗ്രാൻറാസ്പത്രി ഉണ്ടു. അവിടത്തെ മെഡിക്കൽ ഉദ്യോഗസ്ഥൻ പരീക്ഷായോഗ്യതയില്ലാത്ത ഒരാളാണെന്നു എപ്പോഴും പരാതിയുണ്ട്. അവിടെയുണ്ടായിരുന്നയാൾ മുമ്പു ഡാക്ടർ സോമർവെല്ലിൻെറ കീഴിൽ പഠിച്ചയാളാകയാൽ അവിടെ പൂർണ്ണയോഗ്യതയുള്ള ഒരാളെ വേണമെന്നു ഞാൻ ഡാക്ടർ സോമർവില്ലിനോടു പറകയുണ്ടായി. അവിടെ ഇപ്പോൾ ഉള്ളതു ബോംബേ എൽ. സി. പി. എസ്. ബിരുദം സമ്പാദിച്ചിട്ടുള്ള മി: വില്യംസ് ആകുന്നു. ആ ബിരുദ് റജിസ്റ്റർ ചെയ്യാൻ മതിയായ യോഗ്യതയാണ്. എന്നാൽ നെയ്യൂർ ആസ്പത്രിയിലെ പരിശീലനംകൊണ്ടു് അദ്ദേഹത്തിനു നല്ല പരിചയവും വന്നിട്ടുണ്ടെന്നു എനിക്കു അറിയാം. അദ്ദേഹം നേത്രചികിത്സ പ്രത്യേകമായും പഠിച്ചിട്ടുണ്ട്. ചിലമാസങ്ങൾക്കു മുമ്പു ഞാൻ ആ ആസ്പത്രി സന്ദർശിച്ചു. മിസ്റ്റർ വില്യംസിൻെറ ആസ്പത്രിനടത്തിപ്പ് എല്ലാവർക്കും തൃപ്തികരമായിരിക്കും എന്നു എനിക്കു നിശ്ചയമുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ആ ആസ്പത്രികളിലെ അറെറൻഡൻസ് ഒന്നുകൂടി അന്വേഷിക്കുന്നതിനു ദയവുണ്ടാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): അറെറൻഡൻസ് ഇപ്പോഴും പരിശോധിക്കുന്നുണ്ട്. ഇനിമേലും പരിശോധിക്കാൻ തയ്യാറാണ്.

ഇനി എൻെറ സ്നേഹിതൻ മി: മഹമ്മദിൻെറ നിവേദനത്തെപ്പററി പറയാം. ആലപ്പുഴെ ഒരു സ്ത്രീകളുടെ ആസ്പത്രി ആവശ്യമാണെന്നു ബോർഡ് കുറെക്കാലമായി ഗ്രഹിച്ചിട്ടുള്ള സംഗതിയാണ്. ആലപ്പുഴതന്നെ വേണമെന്നു ഞങ്ങൾ നിശ്ചയിച്ചതു് തിരുവിതാംകൂറിൻെറ ഇതരഭാഗങ്ങളെക്കാൾ അവിടെ അധികം ഘോഷാസ്ത്രീകൾ ഉള്ളതുകൊണ്ടാണ്. ആലപ്പുഴ ഒന്നു സ്ഥാപിച്ചശേഷം കോട്ടയം ഡിവിഷനിൽ എവിടെയെങ്കിലും മറ്റൊരു സ്ത്രീകളുടെ ഒരാസ്പത്രി സ്ഥാപിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നു. മററു ചില സംഗതികൾ കൊണ്ടും ആലപ്പുഴയ്ക്കു പ്രാധാന്യം കൂടുമെന്നു ഞങ്ങൾ വിചാരിച്ചു. ഒരു നല്ല സ്ഥലം കിട്ടുവാൻ ഞങ്ങളിപ്പോൾ ശ്രമിക്കയാണ്. ഗവണ്മെൻറുവക വല്ല ഭൂമിയും ഉണ്ടോ എന്നു ഗവണ്മെൻറിനോടു ചോദിച്ചു. ഗവണ്മെൻറുവക ഒരു സ്ഥലം തിരഞ്ഞെടുക്കാനുണ്ടോ എന്നു ഞാനും പോയിനോക്കി. ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനെപ്പററി ഗവണ്മെൻറ ലാൻറു റെവന്യൂകമ്മീഷണരോടു ആലോചിച്ചുവരുന്നു. ആലപ്പുഴെ ഒരു നല്ല സ്ഥലം കിട്ടിയാൽ അവിടെ തക്കതായ ഒരു കെട്ടിടം പണിയിക്കും.

അഞ്ചാറുമാസംകൊണ്ടു ഇതെല്ലാം സാധിച്ചു എന്നു വരികയില്ല. ആലപ്പുഴെ സ്ത്രീകൾക്കുള്ള ഒരാസ്പത്രി സ്ഥാപിക്കാൻ വേണ്ടുന്ന ശ്രമങ്ങളെല്ലാം ഗവണ്മെൻറു ചെയ്യുമെന്ന് മെമ്പറിനോടു ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ചുങ്കത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ടുന്ന ആവശ്യത്തെപ്പററിയും മിസ്റ്റർ മഹമ്മദ് പ്രസ്താവിച്ചു. പ്രജാസഭയുടെ ഒന്നാമത്തെ യോഗത്തിലും ഇതൊരു നിവേദനവിഷയമായിരുന്നു. അന്നതിനെ ഖണ്ഡിപ്പാൻ ഇങ്ങനെ മറുപടി പറഞ്ഞു—.

"ചുങ്കത്തൊരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പററി രണ്ടഭിപ്രായങ്ങൾ ഉള്ളതായി കാണുന്നു. അതിനു പററിയസ്ഥലം ചുങ്കമാണെന്നു നിങ്ങൾ വിചാരിക്കുന്നു. എന്നാൽ മുമ്പിലത്തെ ഡർബാർ ഫിസിഷ്യനും ആഡ്മിനിസ്ട്രേറിവ് ബോർഡും മുല്ലക്കലാണ് പററിയസ്ഥലം എന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. ആലപ്പുഴയ്ക്കു ഒരു കേന്ദ്രസ്ഥാനം മുല്ലക്കലാണെന്നാകുന്നു എൻെറയും അഭിപ്രായം.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമനം): അതേ; മുല്ലക്കൽ തന്നെയാണ് ആലപ്പുഴയുടെ മദ്ധ്യപ്രദേശം.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ഉദ്യോഗസ്ഥൻ): ആലപ്പുഴെ സ്ത്രീകളുടെ ഒരാസ്പത്രിവരുമ്പോൾ വേറെ ഒരാസ്പത്രിക്കു അവിടെ ആവശ്യം ഉണ്ടാകയില്ലെന്നു ഞങ്ങൾ വിചാരിച്ചു. അതുകൊണ്ടാണു ഇക്കാര്യത്തിൽ താമസം നേരിട്ടതു്.

ഇനി, മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറയുന്നതു് അദ്ദേഹത്തിൻെറ തൊടുപുഴത്താലൂക്കുകാർക്കു വൈദ്യസഹായം കിട്ടുന്നില്ലെന്നാണ്. അവിടെ ഒരാസ്പത്രിയേ ഉള്ളു എന്നെനിക്കറിയാം. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പറഞ്ഞ അറക്കുളം, കരിമണ്ണൂർ, എന്നീ രണ്ടു സ്ഥലങ്ങളും ഞാൻ പോയി നോക്കീട്ടുണ്ട്. കരിമണ്ണൂർ തൊടുപുഴ നിന്നു ആറുമൈൽ ദൂരത്താണ്. അവിടേക്കിപ്പോൾ തൊടുപുഴനിന്നു മോട്ടാർ സെർവീസുണ്ട്. ചികി

ത്ത ആവശ്യമുള്ളവക്ക് ഇപ്പോളവിടെ ക്ഷണത്തിൽ എത്താം. തൊടുപുഴ മെഡിക്കൽ ആഫീസരുടെ നടത്തിപ്പിൽ ഒരു സന്ധ്യാഡിസ്പെൻസറി കരിമണ്ണൂരിൽ സ്ഥാപിക്കണമെന്നു ബോർഡു ശിപാർശ ചെയ്തിട്ടുണ്ട്.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അറക്കുളത്തേക്കു തൊടുപുഴനിന്നും നൂറു മൈൽ ഉണ്ടെന്നു പറഞ്ഞു. അവിടെനിന്നും എത്രമൈൽ ദൂരംവരെ ജനവാസമുണ്ടെന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): ജനവാസമുള്ള സ്ഥലങ്ങളിലെല്ലാം ആസ്പത്രി കൊടുക്കാൻ സാധിക്കയില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പിന്നെ എവിടെയാണു കൊടുക്കുക? അറക്കുളത്തു സ്ഥാപിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കലാഫീസർ): കരിമണ്ണൂർ വേണ്ടെന്നു ഉദ്ദേശിച്ചല്ല ഞാൻ പറഞ്ഞത്. അതിനെപ്പററി ആലോചിക്കുന്നുണ്ട്. ഞാൻ അറക്കുളത്തുപോയിട്ടുണ്ടാകില്ല, അതിന്റെ ചുററുപാടും വളരെ ജനങ്ങൾ അധിവസിക്കുന്നുണ്ട്. എന്നാൽ അവിടത്തെ ജനങ്ങൾകൂടി ആ വിഷയത്തിൽ സഹകരിക്കുകയാണെങ്കിൽ അവിടെ മെഡിക്കൽ സഹായത്തിനു വേണ്ട സൌകര്യം ചെയ്യാം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രാജ്യത്തിന്റെ മററുഭാഗങ്ങളിലുള്ളവക്ക് പ്രത്യേകമായ പല സൌകര്യങ്ങളും ചെയ്തു കൂടുതൽ വേണമെങ്കിൽ അതും ചെയ്തുകൊണ്ടിരിക്കുമ്പോൾ മെഡിക്കൽസഹായം വളരെ കുറവായിട്ടുള്ള ഈ താലൂക്കിൽ ഒരു ഡിസ്പെൻസറി വേണമെങ്കിൽ അതിനുമാത്രം ജനങ്ങളുടെ പ്രത്യേക സഹായം ആവശ്യപ്പെടുന്നത് എന്തുകൊണ്ടാണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പററി ആലോചിക്കാം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കോട്ടയം ഡിവിഷനിൽ സ്ത്രീകളുടെ ആശുപത്രിവേണമെന്നു പറഞ്ഞതിനു മറുപടി പറഞ്ഞില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽആഫീസർ): അതു പറഞ്ഞു. ആദ്യം ആലപ്പുഴയാണ് നിശ്ചയിച്ചിരിക്കുന്നത്. അതു കഴിയുന്നതിനുമുമ്പു ഇതിനെപ്പററി ആലോചിക്കാൻ ഇടയില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): തിരുവനന്തപുരം, കൊല്ലം ഈ ഡിവിഷനിൽ സ്ത്രീകൾക്ക് ഓരോ ആസ്പത്രികൾ ഉണ്ടായിരിക്കെ, കൊല്ലം ഡിവിഷനിൽ ഒന്നുകൂടി സ്ഥാപിക്കുന്നതിനെക്കാൾ അത്യാവശ്യമായതു ഒന്നുമില്ലാത്ത കോട്ടയം ഡിവിഷനിൽ ഒന്നു സ്ഥാപിക്കുന്നതല്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): കോട്ടയത്തു ഇപ്പോൾ ഒരു ലേഡി ഡാക്ടറും കുറെ സിസ്റ്റർമാരും ഉള്ളതുകൊണ്ടു സൌകര്യക്കുറവില്ലല്ലോ.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കൊല്ലത്തും, തിരുവനന്തപുരത്തും മററു ആസ്പത്രികളും ലേഡീഡാക്ടർമാരും ഉണ്ട് എങ്കിലും ആ രണ്ടുസ്ഥലത്തും സ്ത്രീകൾക്കു പ്രത്യേകം ആസ്പത്രി സ്ഥാപിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു സ്ത്രീകൾക്കായ പ്രത്യേകം ആസ്പത്രി സ്ഥാപിച്ചിട്ടില്ലാത്ത കോട്ടയത്തുംകൂടി ഒന്നു സ്ഥാപിച്ചതിന്റെശേഷമല്ലേ ആ ഡിവിഷനിൽ സ്ത്രീകൾക്കു ഒന്നുകൂടി സ്ഥാപിക്കേണ്ടതു്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): ആലപ്പുഴ കൂടുതൽ ജോലിക്കാരായ സ്ത്രീകൾ ഉള്ള സ്ഥലമാണ്.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കൊല്ലം ഡിവിഷന്റെ തലസ്ഥാനത്തുള്ളതു ആലപ്പുഴ മാററിയാൽപോരേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): ഒരു സ്ഥലത്തെ ജനങ്ങൾക്കു ഉപയോഗമുള്ള സ്ഥാപനങ്ങളെ അവിടെനിന്നും മാററി വേറൊരുസ്ഥലത്തു സ്ഥാപിക്കുന്നതു നല്ലതല്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രണ്ടു തരുവാൻ നിവൃത്തിയില്ലെങ്കിൽ ഉള്ളവക്ക്, ഇല്ലാത്തവക്ക് കൊടുത്തതിനുശേഷം കൊടുക്കുന്നതല്ലേ ഉത്തമം?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പററി പിന്നീടേ ആലോചിക്കാൻ നിവൃത്തിയുള്ളു.

മി: പി. എസ്. മഹമ്മദ് (വടക്കേ തിരുവിതാംകൂർ നിയമനം): ആവശ്യമുള്ള സ്ഥലത്തല്ലേ ആസ്പത്രി കൊടുക്കുന്നതു്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): അതേ, ആവശ്യമില്ലാത്തയിടത്തല്ല കൊടുക്കുന്നതു്.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): കോട്ടയത്തേക്കു ആവശ്യമില്ലെന്നും ആലപ്പുഴ ആവശ്യമുണ്ടെന്നും പറഞ്ഞു. കോട്ടയത്തേക്കു ആവശ്യമില്ലാത്തതുകൊണ്ടാണോ ഇപ്പോൾ ആലപ്പുഴെ കൊടുക്കുന്നതു്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): കോട്ടയത്തു ആവശ്യമില്ലെന്നു പറഞ്ഞില്ല.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അതായതു കോട്ടയത്തെ ആവശ്യം പിന്നീടു നോക്കാം, എന്നല്ലേ? സാധാരണ ഗവ. ഡിപ്പാർട്ടുമെന്റുകളും ചെയ്യുന്നതു് അങ്ങനെയാണ്. (ചിരി.)

മി: മുരുവേലിൽ . . പിള്ള (ചേർത്തല): സമുദ്രതീരത്തുള്ള താലൂക്കുകളിലോ അതല്ല മലം പ്രദേശങ്ങളിലോ എവിടെയാണു സ്ത്രീകൾ അധികം താമസിക്കുന്നതു്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): മലംപ്രദേശങ്ങളിലെക്കാൾ സമുദ്രതീരത്തുള്ള സ്ഥലങ്ങളിലാണ് സ്ത്രീകൾ അധികം താമസിച്ചുവരുന്നതു്.

മി. മുരുവേലിൽപാച്ചുപിള്ള (ചേർത്തല; മാവേലിക്കര, കരുനാഗപ്പള്ളി: അമ്പലപ്പുഴ, ചേർത്തല ഈ സ്ഥലങ്ങളുടെ മധ്യപ്രദേശമായ ആലപ്പുഴയല്ലേ സ്ത്രീകൾക്കുള്ള പുതിയ ആസ്പത്രി സ്ഥാപിക്കാൻ ആലോചിക്കുന്നതു്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്റ്റിംഗ് മെഡിക്കൽ ആഫീസർ): അതേ.

പ്രസിഡന്റ: അക്കാര്യത്തിൽ സമാധാനംപറഞ്ഞു കഴിഞ്ഞു. ഇനിയും അതിനെപ്പററി സംസാരിച്ചിട്ട് പ്രയോജനമില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ). ആരുവാമൊഴിയിൽ ഒരു ഡിസ്പെൻസറി വേണമെന്നു മി: പിറവിപ്പെരുമാൾപിള്ള ആവശ്യപ്പെട്ടു. ആരുവാമൊഴിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കാൻ ഞങ്ങൾ വിചാരിച്ചു. എന്നാൽ തോവാളയും ഒരാസ്പത്രി ആവശ്യപ്പെടുന്നുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും, തെക്ക്): ആരുവാമൊഴി ഡിസ്പെൻസറി അനുവദിച്ചതിനു മുമ്പോ പിമ്പോ തോവാളക്കാർ അപേക്ഷിച്ചതെന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കലാഫീസർ): അല്പം മുമ്പ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരു ചോദ്യംകൂടെ. ഡിസ്പെൻസറി അനുവദിക്കുന്നതിനുമുമ്പാണ തോവാളക്കാർ വന്നതെങ്കിൽ ആരുവാമൊഴി തുറക്കാത്തതു എന്തുകൊണ്ടാണെന്നു മെംബർ പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ആരുവാമൊഴിക്കു ഡിസ്പെൻസറി അനുവദിച്ചസമയം അതു തോവാള വേണമെന്നു തോവാളക്കാർ ആവശ്യപ്പെട്ടു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): എന്നാൽ ഗവർമ്മെന്റു അനുവദിച്ചതു ആരുവാമൊഴിക്കായിരുന്നല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽആഫീസർ): അതു തോവാളത്താലൂക്കിനായിരിക്കണമെന്നു അവർ പറഞ്ഞു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ആരുവാമൊഴിക്കല്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽആഫീസർ); അതു തോവാളത്താലൂക്കിനായിരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): എന്നാൽ അതു ആരുവാമൊഴിക്കായിട്ടാണല്ലോ ഫൈനാൻസ് കമ്മിററിയിൽ വന്നതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ മെഡിക്കൽ ആഫീസർ): ആരുവാമൊഴിയിൽ ചുങ്കസ്ഥലത്തിനപ്പുറം ഇവിടെനിന്നു സഹായധനം കൊടുക്കുന്ന ഒരു രക്ഷാസൈന്യം വക ആസ്പത്രി ആരുവാമൊഴിയിലുണ്ട്. ഒരു ആസ്പത്രി ആവശ്യമാണെങ്കിൽ താൻ ഒന്നു സ്ഥാപിക്കാമെന്നു ഡാക്ടർ നോബിൾ പറഞ്ഞു. അവിടെ ഒരാസ്പത്രിക്കു അത്യാവശ്യം ഇല്ലെങ്കിൽ അതിനെപ്പററി പിന്നീടു ചിന്തിക്കാമെന്നു അപ്പോൾ ഞങ്ങൾ വിചാരിച്ചു. തോവാള ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പററി ഇന്നൊരു ആലോചന ഇവിടെയുണ്ടു. ഗവർമ്മെന്റുവക ഒന്നുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ സഹായധനം വാങ്ങുന്ന ഒരു ഡിസ്പെൻസറി കൊടുക്കാം. അതിനെപ്പററി ആലോചിക്കാം.

മുരുക്കുമ്പുഴ ഒരു ഡിസ്പെൻസറി വേണമെന്നും പറകയുണ്ടായി. തിരുവനന്തപുരത്തിനും ചിറയിൻകീഴിനും ഇടയ്ക്കു പുത്തൻതോപ്പിൽ ഒരു ഡിസ്പെൻസറി തുറക്കണമെന്നു ബോർഡു ഇതിനു മുമ്പു തന്നെ ശിപാർശചെയ്തു കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരത്തിനും ചിറയിൻകീഴിനും ഇടയ്ക്കു ഒരു ഡിസ്പെൻസറി ഉണ്ടായിരുന്നാൽ മുരുക്കുമ്പുഴ ഒന്നാവശ്യമില്ലെന്നു ഞങ്ങൾ വിചാരിച്ചു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): മുരുക്കുമ്പുഴയും ചിറയിൻകീഴും തമ്മിൽ ദൂരമെന്താണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംങ്ങ് മെഡിക്കൽ ആഫീസർ): അഞ്ചാറു നാഴികവരും, തീവണ്ടി സെർവീസ് ഉണ്ട്. ഏതായാലും അതൊരു വലിയ ദൂരമല്ല.

പുത്തൻചിറയിലോ എടപ്പള്ളിയിലോ ഒരു ഡിസ്പെൻസറി വേണമെന്നു മിസ്റ്റർ മേനോൻ പറഞ്ഞു. ഞാൻ ആ സ്ഥലങ്ങൾ കണ്ടിട്ടുണ്ട്. അവിടെ ഒരു ഡിസ്പെൻസറി യഥാർത്ഥമായി ആവശ്യമുണ്ട്. പുതിയ ഡിസ്പെൻസറികൾ തുറക്കുമ്പോൾ അവിടെ ഒരു ഡിസ്പെൻസറിക്കുള്ള ആവശ്യത്തെപ്പററിയും ആലോചിക്കുന്നതാണ്.

സ്ത്രീകൾക്കു പ്രത്യേകമായി നാട്ടിൻപുറങ്ങളിലുള്ളവർക്കു, വൈദ്യസഹായം കൊടുക്കുന്ന കാര്യത്തിൽ അധികം ശ്രദ്ധ പതിയണമെന്നു മിസ്സസ്സ് കുരുവിള പറഞ്ഞു. ഈ അഭിപ്രായത്തോടു ഗവർമ്മെന്റു യോജിക്കുന്നു. ഘോഷാ ആസ്പത്രിയിൽ ഒരു അസിസ്റ്റന്റ സർജനെയും രണ്ടു സബ് അസിസ്റ്റന്റ സർജൻമാരെയും നിയമിച്ചും സ്ത്രീകളുടെ മെഡിക്കൽ സെർവീസ് പുഷ്ടിപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുന്നുണ്ടെന്നു മിസ്സസ്സ് കുരുവിളയ്ക്കു തന്നെ അറിയാമല്ലോ. ഗവർമ്മെന്റിനു സാവധാനത്തിലെ മുമ്പോട്ടു പോകാൻ കഴികയുള്ളു. അതുകൊണ്ടാകുന്നു വളരെ പേരെ ഒരേ സമയത്തു നിയമിക്കാത്തതു്.

മിസ്സസ്സ് എലിശബെത്തു കുരുവിള (ഗവർമ്മെന്റു നിയമനം): പുതിയ ഡിസ്പെൻസറികൾ തുറക്കുന്നകാര്യത്തെപ്പററി ഗവർമ്മെന്റു ആലോചിക്കുന്നുണ്ടെന്നു മെമ്പർ പറകയുണ്ടായി. സർജന്മാരെ നിയമിക്കുന്നതിനു മുമ്പു സൂതികർമ്മിണികളെ പരിശീലിപ്പിച്ചയക്കാൻ കഴികയില്ലേഎന്നു ചോദിച്ചുകൊള്ളുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): സൂതികർമ്മിണികളെ പരിശീലിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. എന്നാൽ നാട്ടിൻപുറങ്ങളിൽ വേലചെയ്യാൻ അവർക്കു മനസ്സില്ല. പരിശീലനം കഴിഞ്ഞാലുടനെ അവർ ഗവർമ്മെന്റു ജോലിക്കാണ അപേക്ഷിക്കുന്നതു്. അവർ നാട്ടിൻപുറങ്ങളിൽ വേല ചെയ്യുമെങ്കിൽ അതിനെപ്പററി ഗവർമ്മെന്റു ആലോചിക്കും.

പുതിയ ആരോഗ്യപദ്ധതി പ്രകാരം ആരോഗ്യരക്ഷാവിഭാഗങ്ങൾ ഉണ്ടാക്കാൻ വിചാരിക്കുന്നുണ്ട്. ആ പദ്ധതി നടപ്പിൽവരുത്തുമ്പോൾ ശിശുക്ഷേമം അതിൽ ഉൾപ്പെടും. നാട്ടിൻപുറങ്ങളിൽ ആരോഗ്യസന്ദർശകന്മാർ ഉണ്ടായിരിക്കും. സ്ത്രീകളുടെയും ശിശുക്കളുടെയും സങ്കടങ്ങൾക്കു അതൊരു പരിഹാരമാർഗ്ഗം ആയിരിക്കും.

കുഞ്ഞുങ്ങൾക്കായി ഒരാസ്പത്രി വേണമെന്നു പറഞ്ഞുവല്ലോ. കുഞ്ഞുങ്ങളുടെ ഒരാസ്പത്രി തുറക്കാൻ കഴിയുമോ എന്നു ഗവർമ്മെന്റു ആലോചിക്കും. ഇൻഡ്യയുടെ പല ഭാഗങ്ങളിൽ തന്നെയും ഇപ്പോൾ കുഞ്ഞുങ്ങളുടെ ആസ്പത്രികൾ അധികമില്ലെന്നു പറഞ്ഞുകൊള്ളുന്നു. രാജ്യത്തിന്റെ തലസ്ഥാനത്തു ഒരാസ്പത്രി ആവശ്യമാണെന്നുള്ളതു എനിക്കറിയാം. ഇംഗ്ലണ്ടിൽ തന്നെയും ലണ്ടനിൽ ഒരാസ്പത്രിയും എഡിൻബറോവിൽ ഒരാ

സ്ത്രീയും മാത്രമേയുള്ളൂ. കുഞ്ഞുങ്ങളുടെ ആസ്പത്രിക്കാവശ്യമുള്ള സാമഗ്രികൾ വളരെ ചില ക്ലീനിക്കുവേണ്ടിയാണ്. ഇതൊരു പ്രധാന സംഗതിയാണ്, ഗവണ്മെന്റ് അതിനെപ്പററി സൂക്ഷ്മതയോടെ ആലോചിക്കും.

കെമിസ്റ്റ് (ഔഷധ വ്യാപാരിമാർ) യോഗ്യതയുള്ളവരായിരിക്കണമെന്നും മിസ്സസ്സ് കുരുവിള പറഞ്ഞു. ഈ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. വൈദ്യന്മാരുടെ രജിസ്ട്രേഷൻ ബിൽ ഹൌസിൽ വരുമ്പോൾ ശരിയായ യോഗ്യതയുള്ളവർക്കു കെമിസ്റ്റായി ഔഷധവ്യാപാരം ചെയ്യാൻ പാടുള്ളു എന്ന നിബന്ധന ഉണ്ടാക്കാം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അങ്കമാലിയിൽ ഡിസ്പെൻസറി വേണമെന്നു പറഞ്ഞതിനെപ്പററി ഒന്നും പറഞ്ഞില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു പറയാം.

അങ്കമാലിയുടെ ആവശ്യത്തെപ്പററി മിസ്റ്റർ ഇട്ടീച്ചൻ പ്രസ്താവിച്ചു. അങ്കമാലി ട്രെയിൻ വഴിയായി ആലുവായോടു ബന്ധിക്കപ്പെട്ടിരിക്കുന്നു എങ്കിലും മഴക്കാലത്തു ചിലപ്പോൾ ട്രെയിൻ കിട്ടാതെ വരും, റോഡു വഴി സഞ്ചാരം പ്രയാസവും ആകുന്നു. അതുകൊണ്ടു അങ്കമാലിക്കാരുടെ പ്രയാസം എനിക്കറിയാം. റോഡിന്റെ ചില ഭാഗങ്ങൾ വെള്ളത്തിന്നടിയിൽ ആയിപ്പോകകൊണ്ടു അങ്കമാലിയിൽ നിന്നു ആലുവായിൽ എത്തുന്നതിനു ഞാൻ എട്ടു മൈൽ സഞ്ചരിക്കേണ്ടിവന്നു. അങ്കമാലിയുടെ ആവശ്യത്തെപ്പററിയും ആലോചിക്കും.

പിന്നത്തെ വിഷയം പ്രസ്താവത്തിൽ വന്നതു് കോട്ടയം ഡിസ്ട്രിക്ട് ആസ്പത്രിയും അതു നന്നാക്കി സ്ഥലം കൂട്ടുന്ന കാര്യവും ആയിരുന്നു. കഴിയുന്ന വേഗത്തിൽ അതിന്റെ പറമ്പിനു ചുററും മതിൽ കെട്ടിക്കാം. സ്ഥലം വളരെ വലിയതാണു. എങ്കിലും മതിൽ ഭാഗം ഭാഗമായി കെട്ടിക്കാം. അതു ശരിയായി സംരക്ഷിക്കേണ്ടതു ഞങ്ങളുടെ ധർമ്മമാകുന്നു.

മി: എച്ച്. ബി. റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): പത്തനാപുരത്തു ഡിസ്പെൻസറിയുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പററി അയച്ച റിപ്പോർട്ടു ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി: എച്ച്. ബി. റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): റിപ്പോർട്ടു കിട്ടിയിട്ടില്ല എന്നു ഗവണ്മെന്റു മറുപടി പറഞ്ഞു കാണുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): റിപ്പോർട്ടു അയച്ചിട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): കോട്ടയം ആസ്പത്രി കെട്ടിടത്തിലുള്ള ചില ചുവരുകൾ വളരെ കേടു പററിയിരിക്കുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ആ ചുവരുകളെ കഴിയുന്നതും വേഗം നന്നാക്കാൻ ശ്രമിക്കാം.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): കഴിഞ്ഞ രണ്ടുവർഷങ്ങളായി മൂലം ആസ്പത്രിയിൽ നഴ്സിനെയും ലേഡിഡാക്ടരെയും നിയമിക്കാമെന്നു പറഞ്ഞു് സമ്മതിച്ചിരുന്നു. ഇപ്പോൾ അതു ഏതു നിലയിലിരിക്കുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഇപ്പോൾ നഴ്സെസ് വളരെ കുറവാണ്. നല്ലവണ്ണം പരിശീലനം സിദ്ധിക്കാത്ത നഴ്സുകളെ അയച്ചതുകൊണ്ടു് ഉപയോഗമില്ലല്ലോ.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): നല്ലവണ്ണം പരിശീലനം സിദ്ധിച്ച നഴ്സുകളെ എപ്പോൾ അയക്കാൻ സാധിക്കും?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): തല്ക്കാലം സാധിക്കയില്ല. കൂടുതൽ നഴ്സുകൾ ഉണ്ടാകുമ്പോൾ തരാം.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): ഇപ്പോൾ ആവശ്യത്തിനുതക്ക നഴ്സുകൾ ഇല്ലെങ്കിൽ കൂടുതൽ നഴ്സുമാരെ എങ്ങനെയിരിക്കാം?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): നഴ്സുകളെ നല്ലവണ്ണം പരിശീലിപ്പിച്ചു ശേഷമേ അയക്കാൻ സാധിക്കുകയുള്ളു.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): കൂടുതൽ വാർഡിനെപ്പററി ചോദിച്ചു. ആ കാര്യം എങ്ങനെയിരിക്കുന്നു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതും ആലോചനയിലിരിക്കയാണ്. അവിടെ ഒരു ഔട്ട്പേഷ്യന്റു ബ്ലാക്കു വേണം. ദിനക്കാർ വന്നാൽ ആ ചെറിയ സ്ഥലത്തു വെച്ചുതന്നെ മരുന്നു കൊടുക്കുന്നു. അതിനാൽ അവിടെ ജനക്കൂട്ടമുണ്ടാകുന്നു. അതിനെ പരിഹരിക്കാൻ ഒരു ഔട്ട്പേഷ്യന്റു വാർഡു് കൊടുക്കുന്നതിനെപ്പററി ആലോചിക്കയാണ്.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും ദേവികുളവും): അതിലേക്കു് ഉടൻ വേണ്ട നടപടി നടത്തുമെന്നു വിശ്വസിക്കാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): വിശ്വസിക്കാം.

മി: ഡി. ഫ്രാൻസിസ് (ഗവണ്മെന്റു നിയമനം): കരുനാഗപ്പള്ളിക്കു ക്രിസ്ത്യാനികൾക്കു് ഇത്താമ്പോളിയിൽ ആസ്പത്രി ഉണ്ടാക്കുന്ന കാര്യം എന്തായി?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഞാൻ ആ സ്ഥലം അറിയും നാഗർകോവിലിൽ നിന്നു ആറു നാഴിക ദൂരമേയുള്ളു. ആറു നാഴികയ്ക്കു് ഓരോ ആസ്പത്രി സ്ഥാപിക്കുന്ന കാര്യം അസാദ്ധ്യമാണ്.

പറക്കയിൽ ഒരാസ്പത്രി വേണമെന്നും എന്റെ സ്നേഹിതൻ ആവശ്യപ്പെട്ടു. ആ സ്ഥലം ഞാൻ സന്ദർശിച്ചു. അതു നാഗർകോവിലിനു വളരെ അടുത്താണ്

മി: ഡി. ഫ്രാൻസിസ് (ഗവണ്മെന്റു നിയമനം): ആറു നാഴിക അങ്ങേഹത്തിനു വലിയ ദൂരമല്ലായിരിക്കും. ഈ സാധുക്കൾക്കു അതു വളരെ വലിയ ദൂരമാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): എന്റെ സ്നേഹിതൻ മി: കെ. പി. നീലകണ്ഠപ്പിള്ള കിളിമാനൂരെപ്പറ്റി ചില വിവരങ്ങൾ ചോദിച്ചു. അതിനെക്കുറിച്ച് അദ്ദേഹം എന്തുപറയുന്നു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): എന്റെ സ്നേഹിതൻ ചോദിക്കുമ്പോൾ പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആവശ്യമാണെന്നു തോന്നിട്ടുള്ള സ്ഥലങ്ങളിൽ പിന്നെ വേണമെന്നു തോന്നീട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): കഴിയുന്നടത്തോളം ജനസഹായം നല്കുന്നുണ്ടായിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കാര്യത്തിന്റെ ആവശ്യത്തെപ്പറ്റി ചിന്തിച്ചു ഒരു കാര്യത്തിനാവശ്യമാണെന്നു തൃപ്തിപ്പെട്ടുമോ എന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ഉവ്. എന്നാൽ ഓരോരുത്തരുടെയും ആഗ്രഹം സാധിപ്പിക്കാൻ ഒരു കാലത്തും കഴികയില്ല. എല്ലാവരുടെയും ആഗ്രഹങ്ങൾ സാധിപ്പിക്കാൻ സാധിക്കുന്നതല്ലെന്നു മെമ്പർക്കുതന്നെ അറിയാമല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം-ഡിപ്പ്യൂട്ടിപ്രെസിഡെന്റ): ആസ്പത്രിയിൽ കിടന്നു ചികിത്സിക്കുവാൻ വരുന്ന രോഗികളുടെ ചികിത്സ ഒരു ഡാക്ടർ ആരംഭിക്കുന്നതിനു മുമ്പായി പണം കൊടുക്കാൻ നിർബന്ധിക്കണമെന്നു ചട്ടമുണ്ടോ എന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): നിർബന്ധിക്കാൻ പാടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം-ഡിപ്പ്യൂട്ടിപ്രെസിഡെന്റ): ആസ്പത്രിയിൽ വെച്ചു ചികിത്സിക്കുന്നവർ പണം കൊടുക്കണമെന്നു ചില ഡാക്ടർമാർ ആവശ്യപ്പെടുന്നെന്നു എന്റെ സ്നേഹിതന്നു പല പരാതികളും കിട്ടീട്ടുണ്ട്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ഇല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൊട്ടാരക്കര ഡിസ്പെൻസറി അതിന്റെ ഇപ്പോഴത്തെ സ്ഥാനത്തുനിന്നു മാറ്റാൻ ആലോചനയുണ്ടോ എന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ഇപ്പോഴത്തെ സ്ഥലം നല്ലതാണ്. ആ സ്ഥലം തരാൻ ഉടമസ്ഥന്നു മനസ്സാണെങ്കിൽ അതു വാങ്ങാൻ ബോർഡു ശിപാർശചെയ്യും. അയാൾ ആ സ്ഥലം തരാൻ നിഷേധിക്കയാണെങ്കിൽ വേറൊരു സ്ഥലം സമ്പാദിക്കാൻ കഴിയുമോ എന്നു ബോർഡു ആലോചിക്കേണ്ടിവരും.

മി: പി. ചെല്ലംപിള്ള (തോവാള): മൈലാടിയിൽ ഒരു ആസ്പത്രി വേണമെന്ന് പറഞ്ഞതിനെ സംബന്ധിച്ചു ഒന്നും മറുപടി പറഞ്ഞില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അവിടെ ഒരു ഇരവിനിങ്ങ് ഡിസ്പെൻസറി വേണമെന്ന് പറഞ്ഞ സംഗതി ആലോചിക്കുന്നതാണ്.

മി: പി. ചെല്ലംപിള്ള (തോവാള): അതിലേക്ക് ജനങ്ങൾ സ്ഥലം വിട്ടുതരണം എന്നുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ജനങ്ങളുടെ സഹായം ഒന്നും വന്നിട്ടില്ല.

മി: പി. ചെല്ലംപിള്ള (തോവാള): ജനങ്ങൾ ആസ്പത്രിക്കുവേണ്ടി സ്ഥലം വിട്ടുതരണമൊ എന്നാണു ചോദിച്ചതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): നല്ല മെഡിസ്പെൻസറി വേണമെങ്കിൽ ജനങ്ങൾ സ്ഥലം വിട്ടുതരണം.

മി: പി. ചെല്ലംപിള്ള (തോവാള): വേറെ വല്ലവരും വല്ല തടസ്സവും പറകയാണെങ്കിൽ അതു ആസ്പത്രി തുറക്കാതിരിക്കാൻ കാരണമാകുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ഇല്ല.

മി: പി. ചെല്ലംപിള്ള (തോവാള): തോവാളയിൽ ആസ്പത്രി സ്ഥാപിക്കാമെന്നു നിശ്ചയിക്കുമ്പോൾ ആരുവായ്മൊഴിക്കാർ തടസ്സം പറയുകയാണെങ്കിൽ ആ കാരണംകൊണ്ടു ആസ്പത്രി തുറക്കാതിരിക്കുമോ എന്നാണു ചോദിച്ചതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): മൈലാടിയിൽ അങ്ങനെ തർക്കം വരാൻ ഇടയില്ല.

മി: പി. ചെല്ലംപിള്ള (തോവാള): തർക്കം വരികയാണെങ്കിൽ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): രണ്ടുപേരുടെയും തർക്കം വരികയാണെങ്കിൽ അതിനെപ്പറ്റി ആലോചിച്ചു ചെയ്യാവുന്നതാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): നെടുങ്കണ്ട ഒരു ആസ്പത്രി തുറക്കുന്നതിനെപ്പറ്റി വല്ല ആലോചനയും ഗവണ്മെന്റിന്റെ മുമ്പാകെ ഉണ്ടോ എന്നു പറയുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): ഇല്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): പ്രതിഫലംകൂടാതെ ആസ്പത്രികളിൽ ചികിത്സ നടത്തുന്നില്ല എന്നു വല്ല ഹർജിയും കിട്ടീട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ): കിട്ടീട്ടില്ല.

സർ, ഞാൻ പറഞ്ഞ സംഗതികൾ ആലോചിച്ച് മെമ്പർ തന്റെ ഉപക്ഷേപം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂപ്പാറയും വിളവങ്കോടും): ഗവണ്മെന്റിൽനിന്നു കിട്ടിയ മറുപടിയിൽനിന്നു മേലാലെങ്കിലും ഗുണം കിട്ടുമെന്നു കാണുന്നില്ല. കഴിഞ്ഞ ൨൫ വർഷക്കാലമായി പ്രജാസഭയിലും നിയമസഭയിലും തുടരെത്തുടരെ ധാരാളം വാദങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാധുജനങ്ങളുടെ കഷ്ടതയും സങ്കടവും നിവാരണംചെയ്യുന്നതിന് ദൈവമെങ്കിലും കാണുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ൭൩.

താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

മി: എച്ച്. ബി. മഹമ്മദ് രാവുത്തർ:

൫൭-ാം നമ്പർ അഭ്യർത്ഥനയിൽ അനുവദിച്ചിട്ടുള്ള ആക സംഖ്യ ൭,൪൩,൩൯൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കണം.

പ്രസിഡൻറ്: അലോപതിക് മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ഗ്രാൻറും പാശ്ചാത്യവൈദ്യം പഠിക്കുന്നതിനുള്ള വേതനങ്ങളും ഉൾപ്പെടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറുവക ൫൭-ാം നമ്പർ അഭ്യർത്ഥനപ്രകാരമുള്ള ൭,൪൩,൩൯൦ രൂപ അനുവദിക്കണമോ എന്നാണ് ചോദ്യം.

അഭ്യർത്ഥനപ്രകാരം അനുവദിച്ചു.

അഭ്യർത്ഥന ൫൮—കെമിക്കൽ എക്സാമിനർ, സ്ഥാപനങ്ങൾക്ക ഗ്രാൻറും വൈദ്യന്മാർക്ക പാരിതോഷികവും ഉൾപ്പെടെ ആയുർവേദഡിപ്പാർട്ടുമെൻറ്, സാനിട്ടറിഡിപ്പാർട്ടുമെൻറ്.

മി: ടി. പി. രാമസ്വാമി അയ്യർ (ആക്ടിങ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): സർ, കെമിക്കൽ എക്സാമിനർ, സ്ഥാപനങ്ങൾക്ക ഗ്രാൻറും വൈദ്യന്മാർക്ക പാരിതോഷികവും ഉൾപ്പെടെ ആയുർവേദഡിപ്പാർട്ടുമെൻറ, സാനിട്ടറി ഡിപ്പാർട്ടുമെൻറ എന്നീ ഇനങ്ങളുടങ്ങിയ ൫൮-ാം നമ്പർ അഭ്യർത്ഥനയ്ക്ക് ൨,൫൭,൪൩൭ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ഉപക്ഷേപങ്ങൾ ൭൪-ാം ൭൫-ം.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി: എ. സി. കുഞ്ഞുകൃഷ്ണൻ:

൭൪. സെക്രട്ടറിക്ക് അനുവദിച്ചിട്ടുള്ള അലവൻസ് ൩൦൦ രൂപ വിട്ടുകളയണം.

മി: എ. എസ്. ദാമോദരൻ ആശാൻ:

൭൫. സെക്രട്ടറിക്ക് അനുവദിച്ചിട്ടുള്ള അലവൻസ് ൩൦൦ രൂപയിൽ ൫ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൭൬.

താഴെപ്പറയുന്ന ഉപക്ഷേപം മെമ്പർ ഹാജരില്ലാത്തതിനാൽ അവതരിപ്പിക്കാത്തതായി ഗണിക്കപ്പെട്ടു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ:

൭൬. സഞ്ചാരപ്പടിക്ക അനുവദിച്ചിട്ടുള്ള ൬൦൦ രൂപ വിട്ടുകളയണം.

ഉപക്ഷേപം ൭൭.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ആയുർവേദഡിപ്പാർട്ടുമെൻറ—അഡ്വൈസറിബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

അഡ്വൈസറി ബോർഡിനു നിശ്ചയിച്ചിട്ടുള്ള ൯൦൦ രൂപയും കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു രണ്ടു കാരണങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഈ കൌൺസിലിന്റെ ആരംഭകാലംമുതൽതന്നെ മെഡിക്കൽബോർഡ് തൃപ്തികരമായി വേലചെയ്യുന്നില്ലെന്നും അതിനാൽ അതിനെ ഉടനെ നിർത്തി പ്രത്യേകം ഒരാളിന്റെ ചുമതലയിൽ ആക്കണമെന്നും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതിനെ അവഗണിച്ചാണ് ഗവണ്മെൻറിന്റെ ഇതുവരെയുള്ള പ്രവൃത്തി. ഇതിനുംപുറമെ ഇപ്പോൾ പുതിയതായി ഒരു ആയുർവേദമെഡിക്കൽബോർഡുകൂടി നിശ്ചയിച്ചിരിക്കുന്നു. ഫൈനാൻസ് കമ്മിററിയിൽ ആയുർവേദബോർഡ് വേണ്ടെന്നു അഭിപ്രായപ്പെട്ടതിനെ നിസ്സാരമായി കരുതിയാണ ഇതിലേക്കുള്ള തുക ബഡ്ജററിൽചേർത്തത്. ഈ രണ്ടു കാര്യങ്ങളും ഈ കൌൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക്): ആയുർവേദഡിപ്പാർട്ടുമെൻറിന്റെ ഭരണം ഒരു മേധാവിയിൽനിന്നും മാററി അഞ്ചുപേരുടെ ഭരണത്തിൽ ആക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ൯൦൦ രൂപ അടുത്തകൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു. ൩൫,൦൦൦ രൂപാ മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറിനുള്ള ചിലവ്. ൪൦ ലക്ഷം രൂപായിലധികം പിരിക്കുന്ന ലാൻഡ്റവന്യൂഡിപ്പാർട്ടുമെൻറ ഒരു ഒററ മേധാവിയാൽ ഭരിക്കപ്പെടുന്നു. ൫൦ ലക്ഷം രൂപായിലധികം ചിലവാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് ഒരു ഒററ മേധാവിയാൽ ഭരിക്കപ്പെടുന്നു. ഇങ്ങനെ പല പല പ്രധാന ഡിപ്പാർട്ടുമെൻറുകളും ഓരോ മേധാവികളാൽമാത്രം ഭരിക്കപ്പെടുന്ന അവസരത്തിൽ ൩൫,൦൦൦ രൂപാമാത്രം ചിലവുള്ള ആയുർവേദഡിപ്പാർട്ടുമെൻറിനെമാത്രം അഞ്ചു മേധാവികളെവെച്ചു ഭരിക്കേണ്ടതിന്റെ ആവശ്യമെന്താണ്. ഇങ്ങനെ അഞ്ചുപേർ ഭരിക്കുന്ന ഡിപ്പാർട്ടുമെൻറിന്റെ ഭരണം ശരിയായി നടക്കുകയില്ലെന്നുള്ള ജനപ്രതിനിധികളുടെ അഭിപ്രായത്തെ മെഡിക്കൽബോർഡിന്റെ മൂന്നുപേർ ചേർന്നുള്ള ഇപ്പോഴത്തെ ഭരണദൌർബല്യംമൂലം ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന അവസരത്തിൽ വീണ്ടും ഒരു ബോർഡ് ഏർപ്പെടുത്തി ഒരു ഡിപ്പാർട്ടുമെൻറിനെ ഭരിക്കണമെന്ന് ആവശ്യപ്പെടുന്നത് ഗവണ്മെൻറിനു അഭിമാനകരമായിട്ടുള്ളതല്ല. ഈ വിഷയത്തിൽ ജനപ്രതിനിധികൾ ആലോചിച്ച് പ്രവർത്തിക്കണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സർ, ഞാനും ഉപക്ഷേപത്തെ അനുകൂലിക്കുന്നു. അവതാരകന്റെ നിലയെ പിൻതാങ്ങുന്നതിനു ഒരു പ്രസംഗം ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജററിനെപ്പററിയുള്ള സാമാന്യവിമർശനത്തിൽ അനദ്യോഗസ്ഥമെമ്പർമാരുടെ ഇടയിൽ ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ചു പൂർണ്ണയോജിപ്പുണ്ടെങ്കിൽ അതു ഈ വിഷയത്തെ സംബന്ധിച്ചായിരുന്നു എന്നു ഗ്രഹിച്ചിട്ടുണ്ടായിരിക്കണം. ഈ വിഷയത്തെപ്പററി സംസാരിച്ച മെമ്പർമാരെല്ലാം അതിനെ കഠിനമായി ആക്ഷേപിക്കയാണ് ചെയ്തിട്ടുള്ളത്. ആയുർവേദഡിപ്പാർട്ടുമെന്റു സ്ഥാപിച്ചിട്ടിപ്പോൾ ചില വർഷങ്ങളായിരിക്കുന്നു. ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിനു ഒരു ഡയറക്ടറെ നിയമിച്ചതിന്റെ ശേഷമേ ഡിപ്പാർട്ടുമെന്റു അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളു എന്നു നമുക്കറിയാമല്ലോ? ഭരണത്തിനു സമർത്ഥനായ ഒരു ഡയറക്ടരെ നിയമിച്ചിരുന്നെങ്കിൽ ഗവർണ്മെന്റിനെ നാം അനുമോദിക്കുമായിരുന്നു. എന്നാൽ ഒരു പുതിയ ബോർഡു സൃഷ്ടിക്കാനായിട്ടാണ് ഗവർണ്മെന്റിപ്പോൾ ആലോചനകൾ ചെയ്തിട്ടുള്ളത്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ബോർഡ് നിറുത്തിക്കളയണമെന്നു നാം ഒരു പ്രമേയം പാസ്സാക്കി. എന്നാൽ ഗവർണ്മെന്റു മറ്റു പ്രമേയങ്ങളെ അവഗണിച്ചിട്ടുള്ളതുപോലെ ആ പ്രമേയത്തെയും അവഗണിച്ചു. എന്നിട്ടിതാ ഇപ്പോൾ വേറൊരു മത്സരം തുടങ്ങിയിരിക്കുന്നു. വൈദ്യംസംബന്ധിച്ച ഒരു ചെറിയഡിപ്പാർട്ടുമെന്റിനും ഒരു ബോർഡ് സ്ഥാപിക്കണമെന്നാണു ഇപ്പോഴത്തെ ആലോചന. സർ, ഗവർണ്മെന്റിന്റെ ഈ നടപടിയെ ഞങ്ങൾ ആക്ഷേപകരമായി വിചാരിക്കുന്നു. അതുകൊണ്ടു അനദ്യോഗസ്ഥമെമ്പർമാർക്കു ഒരുനാളും അനുവദിക്കാൻ പാടുള്ളതല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും കൂടെ): സർ, ഈ കാര്യത്തെ സംബന്ധിച്ചു ഒരുവാക്കു പറവാൻ ഞാനും ആഗ്രഹിക്കുന്നു. സമ്മേളനങ്ങളുള്ള കാര്യം ചിലിയവരത്തിന്റെ വിഷയമായിട്ടുള്ളതാണ്. ഈ ബോർഡു ഉപേക്ഷിക്കുന്നതിനു അതിനെപ്പററി സംസാരിച്ച എന്റെ സ്നേഹിതന്മാർ പല കാരണങ്ങളും പറഞ്ഞു. മെഡിക്കൽ ബോർഡിനെപ്പററി തനിക്കുള്ള അനുഭവം ഒരു ആയുർവേദ ബോർഡിന്റെ സ്ഥാപനത്തെ അനുകൂലിക്കാൻ അനുവദിക്കുന്നില്ലെന്നു എന്റെ സ്നേഹിതൻ മി: രാമവർമ്മത്തമ്പാൻ പറഞ്ഞു. ഗവർണ്മെന്റു ഒരു ആയുർവേദബോർഡു സ്ഥാപിക്കുന്നതിന്റെ ഉദ്ദേശങ്ങൾ എന്താണെന്നു എനിക്കറിഞ്ഞുകൂടാ. ഗവർണ്മെന്റിന്റെ നില എന്താണെന്നു ചീഫ് സെക്രട്ടറി വിസ്തരിച്ചു പറയുമെന്നു വിശ്വസിക്കുന്നു. മി: വി. ജെ. ഉമ്മൻ ചില ഉദാഹരണങ്ങൾ പറഞ്ഞു. ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ ... അദ്ദേഹം പറഞ്ഞു. പിന്നെ വിദ്യാഭ്യാസ ഡയറക്ടരുടേയും എക്സൈസ് കമ്മീഷണരുടെയും കാര്യം പ്രസ്താവിച്ചു. ആ ഡിപ്പാർട്ടുമെന്റുകളുടെ പേരുപറഞ്ഞിട്ടും ആയുർവേദഡിപ്പാർട്ടുമെന്റിനു ഒരു ബോർഡു അത്യാവശ്യമാണെന്നും സ്ഥാപിക്കാൻ അദ്ദേഹം ഒരു കാരണവും പറഞ്ഞിട്ടില്ല. ഈ കാര്യം വാദവിഷയമാണെന്നു ഞാൻ ആദ്യമേ പ്രസ്താവിച്ചിട്ടില്ലെങ്കിലും പ്രജാസഭയുടെ പ്രൊസീഡിംഗ്സ് വായിച്ചുനോക്കിയതിൽ ആ സഭയുടെ ഒരു യോഗത്തിൽ ആയുർവേദഡിപ്പാർട്ടുമെന്റിനു ഒരു ബോർഡു സ്ഥാപിക്കണമെന്നു ഒരു മെമ്പർ, കൊല്ലത്തെ ഒരു വിശ്രുത ആയുർവേദ വൈദ്യനായ മിസ്റ്റർ കുഞ്ഞുരാമൻ, പ്രസ്താവിച്ചതായി കാണുന്നു. ബോർഡിൽ നാട്ടുവിദഗ്ദ്ധന്മാർ ഉണ്ടായിരിക്കണം. വൈദ്യന്മാർക്കവശ്യമായ കാര്യങ്ങൾ ചെയ്യുന്നതും ആയുർവേദം സംബന്ധിച്ചുഗ്രന്ഥങ്ങൾ പ്രസിദ്ധീകരണം ചെയ്യുന്നതും ആയുർവേദകാളജിലെയും പാഠശാലകളിലെയും വിദ്യാർത്ഥികൾക്കു വേണ്ടുന്ന പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുന്നതും അവരുടെ ഉത്തരവാദിത്വങ്ങൾ ആയിരിക്കണം. ഇവിടെസംസാരിച്ചഎന്റെ സ്നേഹിതന്മാർ പറഞ്ഞതും കൊല്ലത്തെ പ്രസിദ്ധപ്പെട്ട ആയുർവേദവൈദ്യൻ മിസ്റ്റർ കുഞ്ഞുരാമന്റെ അഭിപ്രായവും കേട്ടിട്ട് ഈ ഉപക്ഷേപത്തെ സംബന്ധിച്ചു എന്തു പറയണമെന്നു എനിക്കറിഞ്ഞുകൂടാ. ഇനിയും പ്രജാസഭയുടെ വേറൊരുയോഗത്തിൽ ചിറയിൻകീഴ് താലൂക്കിന്റെ തിരഞ്ഞെടുക്കപ്പെട്ടപ്രതിനിധി മി: പത്മനാഭൻ വൈദ്യൻ—അദ്ദേഹം അഞ്ചുമിനിട്ടേയുള്ള, സഭയുടെ സമയം കളവാൻ എനിക്കാഗ്രഹമില്ല—ഇങ്ങനെ പറഞ്ഞു.

"ആയുർവേദശാസ്ത്രവിധിപ്രകാരമുള്ള മരുന്നുകൾ നിഷ്പ്രയോജനമാണെന്നു ബഹുജനങ്ങളുടെ ഇടയിൽ ഒരഭിപ്രായം പരന്നിട്ടുണ്ട്. അതിന്റെ ഫലമായി ആയുർവേദചികിത്സയിൽ മനുഷ്യർക്കുള്ള വിശ്വാസം കുറഞ്ഞുകുറഞ്ഞുവരുന്നു. കഷായങ്ങളിൽ കഷായങ്ങൾ ഇട്ടുനല്ല രസം എടുത്തുവെച്ചിട്ടുള്ള മരുന്നുകളാണെന്നു മെമ്പർ വ്യസനസമേതം പറഞ്ഞു. ആയുർവേദകാളേജിൽനിന്നു പഠിച്ചിറങ്ങിയ പല വിദ്യാർത്ഥികൾ ഔഷധങ്ങൾ തയ്യാറാക്കാൻ അറിഞ്ഞുകൂടാത്തവരും ചികിത്സയിൽ അതിലും കുറച്ചു മാത്രമുള്ളവരും ആകുന്നു. ആയുർവേദത്തിന്റെ പുനരുദ്ധാരണത്തിനു ഏകമനസ്സോടെ ശ്രമിക്കുന്ന സമർത്ഥന്മാരും വിദ്വാന്മാരുമായ പണ്ഡിതന്മാരുടെ ഒരു സംഘത്തിന്റെ നേരിട്ടുള്ള മേലന്വേഷണത്തിൻകീഴിൽ ആയുർവേദഡിപ്പാർട്ടുമെന്റിനെ വെയ്ക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു".

ഡിപ്പാർട്ടുമെന്റിന്റെ ന്യൂനതകൾക്കു പരിഹാരം ഉണ്ടാകണമെങ്കിൽ അതിന്റെ ഭരണവും നിയന്ത്രണവും കീർത്തിമാന്മാരായ വയസ്കരമൂസ്സ്, തൈക്കാട്ടുശേരി നമ്പൂതിരി, കുറൂർ അച്യുതമേനോൻ, പന്തളം കൃഷ്ണവാര്യർ, പാണാവള്ളി കൃഷ്ണൻവൈദ്യൻ, കക്കാട്ടു പത്മനാഭൻ മുതലായ വിശ്രുതവൈദ്യന്മാരുടെ ഒരു കമ്മിററിയെ ഏല്പിക്കണമെന്നു ആ യോഗത്തിൽതന്നെ മെമ്പറായിരുന്ന മി. കൃഷ്ണൻ ആശാൻ പ്രസ്താവിച്ചു. ഈ വിഷയം വോട്ടിനു ഇടുകയാണെങ്കിൽ എന്തുചെയ്യണമെന്നു എനിക്കറിഞ്ഞുകൂടാ' ഞാൻ വോട്ടുചെയ്യുന്നതിനു മുമ്പു എന്റെ സ്നേഹിതന്മാർ എന്നെ ബോദ്ധ്യപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി എനിക്കു ഒരു വാക്കുപറയാനുണ്ട്. ദക്ഷിണതിരുവിതാംകൂറിലുള്ള ചിന്താമണികവൈദ്യന്മാരിൽ ഒരാളിനെക്കൂടി ബോർഡിൽ സ്ഥാനം കൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടി—

മി. എച്ച്. ബി. മഹമ്മത് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും). ബോർഡുവേണമെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ബോർഡുവേണമെന്നാണ് എന്റെ അഭിപ്രായം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇക്കാര്യത്തിൽ നയത്തെപ്പററി മെമ്പറിനു സംസാരിക്കാമോ? ഇതൊരു മൊത്തത്തുകയായി അനുവദിച്ചിട്ടുള്ളതാണ്.

പ്രെസിഡൻറ്: ബോർഡ് ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററിയാണു അദ്ദേഹം സംസാരിക്കുന്നതു്.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഏററവും കുറഞ്ഞസംഖ്യയാണു ബഡ്ജററിൽ ചേർത്തിരിക്കുന്നതു്. ഈ നാട്ടിന്റെ രീതിക്കു് ആയുർവേദത്തെ പ്രചാരപ്പെടുത്തി ശരിയായ രീതിയിൽ കൊണ്ടുവരുന്നതിനു് ആയുർവേദം ചിന്താമണി മുതലായ വൈദ്യശാസ്ത്രങ്ങളിൽ പാണ്ഡിത്യം സംഭരിച്ചിട്ടുള്ള ആളുകൾ കൂടിച്ചേർന്നു് ആലോചിച്ചിട്ടു ഒരു പദ്ധതി തയ്യാറാക്കി ഗവൺമെൻറിൽ സമർപ്പിച്ചു് അതനുസരിച്ചു പ്രവർത്തിക്കുന്നതിനു ലക്ഷോപലക്ഷം രൂപ അനുവദിച്ചു നാട്ടുവൈദ്യന്മാരെയും നാട്ടുചികിത്സയെയും പ്രചാരത്തിൽ കൊണ്ടുവരണം. ഇതിലേക്കു് ഇപ്പോൾ അനുവദിച്ചതുക കുറഞ്ഞുപോയെങ്കിൽ മേലാൽ കൂടുതലായി അനുവദിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ബോർഡ് സ്ഥാപിച്ചാൽ അതിന്റെ ഭരണം കണ്ടമാനം നടക്കുമെന്നുള്ളതിനു മെഡിക്കൽ ബോർഡ് ഉദാഹരണമാണ്. ഭരണമേധാവികൾ വളരെ സമർത്ഥന്മാരായിരുന്നാലും അതു നന്നാകയില്ലെന്നു എനിക്കു് അഭിപ്രായമില്ല. എങ്കിലും ബോർഡുഭരണം ഇങ്ങനെയുള്ള വകുപ്പുകളിൽ കഴിഞ്ഞ ഒരു സമ്പ്രദായമാണ്. ചില സ്ഥലങ്ങളിലെ വൈദ്യശാലകളിൽ ശമ്പളം വാങ്ങുന്ന ആയുർവേദവൈദ്യന്മാരെ കാണ്മാനില്ല. ഇപ്പോൾ വൈദ്യന്മാരില്ലാത്തതുകൊണ്ടു ജനങ്ങൾക്കു പറയത്തക്ക ഗുണമില്ല. എന്നാൽ ചുരുക്കം ചിലയിടത്തു വൈദ്യന്മാർ ഇരിക്കുന്നുണ്ടു്. ഈ വകുപ്പിനെ ശരിയായി നയിക്കത്തക്കവണ്ണമുള്ള ഒരാളിനെ ഏല്പിച്ചു ഭരണം നടത്തണം. ബോർഡിലെ അംഗങ്ങൾക്കു പ്രത്യേക ഉത്തരവാദിത്വമില്ലാത്തതിനാൽ ഭരണം മോശമായിത്തീരും. അതുകൊണ്ടു ബോർഡുഭരണം ആവശ്യമില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ബോർഡുഭരണം ഗുണകരമല്ലെന്നു തോന്നുന്നുണ്ടോ?

മി: തയ്യുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എന്നുതന്നെയാണു ഞാൻ പറയുന്നതു്.

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മികൾ): സർ, ഞാനും ഉപക്ഷേപത്തെ പിൻതാങ്ങുന്നു. മെഡിക്കൽബോർഡ് സൃഷ്ടിച്ചതുമുതൽ അതു് ഈ സഭാമെമ്പർമാരുടെയും പുറമേയുള്ള ജനങ്ങളുടേയും ആക്ഷേപത്തിനു വിഷയമാണ്. ചില വ്യക്തികളെ തൃപ്തിപ്പെടുത്താനായിട്ടാണ് ബോർഡ് സ്ഥാപിച്ചതെന്നു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. കാര്യത്തിന്റെ സ്ഥിതി അങ്ങനെയിരിക്കെ ഗവണ്മെണ്ട് ഒരു ആയുർവേദബോർഡ് സ്ഥാപിക്കുന്നതു ദ്രോഹത്തോടു നിന്ദയും കൂട്ടുകയാണ്. ഉത്തരവാദിത്വം വിഭജനം ചെയ്യുന്നതു അശേഷം പ്രശംസായോഗ്യമല്ല. ഞാൻ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): സർ, പല മെമ്പർമാരുടേയും പ്രസംഗങ്ങളിൽ നിന്നു ഞാൻ ഗ്രഹിച്ചതു് ആയുർവേദഡിപ്പാർട്ടുമെണ്ടിന്റെ ജോലി നടത്തിപ്പിനു് ഒരു ബോർഡിനെ സംഘടനം ചെയ്യുന്നതിനെതിരായി ന്യായമായ കാരണങ്ങളൊന്നും പറയാതെ കുറെക്കാലമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന മെഡിക്കൽ സെർവീസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് നിറുത്തലാക്കണമെന്നു ഈ സഭ ഒരു പ്രമേയം പാസ്സാക്കീട്ടുണ്ട്. അതുകൊണ്ട് ആയുർവേദഡിപ്പാർട്ടുമെൻറിന് ഒരു ബോർഡു് സൃഷ്ടിക്കാൻ ഗവണ്മെണ്ടിപ്പോൾ ശ്രമിക്കുന്നു. അതും അനുവദിച്ചുകൂടാ എന്നു അവർ പറയുന്നു എന്നാണ്. ഡിപ്പാർട്ടുമെണ്ടിന്റെ കാര്യങ്ങൾ ഒരു ബോർഡിനെ ഏല്പിക്കുന്നതിനാലുണ്ടാകുന്ന പ്രയാസമെന്താണെന്നു മെമ്പർമാർ ശരിയായി പറഞ്ഞിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡിപ്പാർട്ടുമെണ്ടിന്റെ കാര്യങ്ങൾ ഒരു ബോർഡിനെ ഏല്പിക്കുന്നതിന്റെ ആവശ്യമെന്താണെന്നു ശരിയായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ട് ചീഫ് സെക്രട്ടറി): ആയുർവേദഡിപ്പാർട്ടുമെണ്ടിൽ കാര്യമായ പരിഷ്കാരങ്ങൾ വരുത്താനുണ്ട്. അതിന്റെ മേലന്വേഷണം ഒരാൾക്കുതന്നെ ആയിരുന്നാൽ ഒരു ബോർഡിനെപ്പോലെ അക്കാര്യത്തിൽ ശ്രദ്ധപതിക്കാൻ അദ്ദേഹത്തിനു കഴികയില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): തിരുവിതാംകൂറിൽ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടു തുടങ്ങിയതിൽ പിന്നെ എത്രകാലം ഒരാളായിട്ടുമാത്രം ഭരണം നടത്തീട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ട് ചീഫ് സിക്രട്ടറി). വളരെക്കാലം നടത്തീട്ടുണ്ട്.
അക്കാരണത്താൽ തന്നെയാണ് ഒരു ബോർഡ് ആവശ്യമാണെന്നു മി. പിറവിപ്പെരുമാൾപിള്ള പറഞ്ഞതെന്നു തോന്നുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ ഡിപ്പാർട്ടുമെണ്ടിനെ ഇത്ര അഭിവൃദ്ധിയിൽ കൊണ്ടുവന്നതു ബോർഡ് അല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെണ്ടു ചീഫ് സിക്രട്ടറി). ഇതുവരെയുള്ള അഭിവൃദ്ധിയെല്ലാം ബോർഡിന്റെ പ്രവൃത്തിനിമിത്തം ഉണ്ടായിട്ടുള്ളതുതന്നെയാണ്.

ബോർഡിന്റെ ഘടന ഇപ്രകാരമായിരിക്കും. ബോർഡിന്റെ അംഗങ്ങൾ ആയുർവേദഇൻസ്പെക്ടർ ഗവണ്മെണ്ട് ആയുർവേദകാളേജ് പ്രിൻസിപ്പാൾ ഗവണ്മെണ്ടു തിരഞ്ഞെടുക്കുന്ന എയിഡഡ് വൈദ്യന്മാരുടെ ലിസ്റ്റിൽപ്പെടാത്ത മൂന്ന് ആയുർവേദവൈദ്യന്മാർ, അതായതു ഗവണ്മെണ്ടിൽനിന്നു സഹായധനം വാങ്ങാത്തവർ, ആയിരിക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): വാദപ്രതിവാദം നിറുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരുമേടും): ആയുർവേദബോർഡിന് അഡ്വയിസറിബോർഡെന്നും മെഡിക്കലിന് അഡ്മിനിസ്ട്രേറ്റീവ് ബോർഡെന്നും കാണുന്നു. ഇതിന്റെ ഉദ്ദേശമെന്തെന്നു മനസ്സിലാക്കിത്തന്നാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെന്റ ചീഫ് സിക്രട്ടറി): സമയം കഴിഞ്ഞുപോയി.

ഈ ഉപക്ഷേപവും താഴെവിവരിക്കുന്ന ഉപക്ഷേപങ്ങളും അഭിപ്രായങ്ങളെപ്പറ്റി വോട്ടുചെയ്യുന്നതിനു അനുവദിച്ചിട്ടുള്ള സമയം കഴിഞ്ഞുപോകയാൽ അസാദ്ധ്യമായിപ്പോയി.

ഉപക്ഷേപങ്ങൾ ൩൮൮ മുതൽ ൪൧൨ വരെ.

മി: എൻ. കെ. കൃഷ്ണപിള്ള.

൩൮൮ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി: വി. ജെ. ഉമ്മൻ.

൩൮൯ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി: പി. എസ്. മഹമ്മദ്.

൩൯൦ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി. എ. താണുപിള്ള.

൩൯൧ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി: മാത്യു മുരിക്കൻ.

൩൯൨ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി: എ. എസ്. ദാമോദരൻ ആശാൻ.

൩൯൩ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപ വിട്ടുകളയണം.

മി: പി. എസ്. മഹമ്മദ്.

൩൯൪ ആയുർവേദ അഡ്വൈസറി ബോർഡിനു അനുവദിച്ചിട്ടുള്ള ൯൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൩൯൫ സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൨൨൯൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൩൯൬ സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൩൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൩൯൭ സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൨൪൪൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൩൯൮ സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൧൯൨൧ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൩൯൯ സിൽബന്തികൾക്കനുവദിച്ചിട്ടുള്ള ൧൯൨൧ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. ജെ. മേനോൻ.

൪൦൦ ആയുർവേദ ഡിപ്പാർട്ടുമെന്റിനു അനുവദിച്ചിട്ടുള്ള ൨൨,൧൩൪ രൂപയിൽ ൯൦൦ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള.

൪൦൧ ആയുർവേദ ഡിപ്പാർട്ടുമെന്റിനു അനുവദിച്ചിട്ടുള്ള ൨൨,൧൩൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള.

൪൦൨ സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩,൪൪൯ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ജി. പി. നീലകണ്ഠപ്പിള്ള.

൪൦൩ സിൽബന്തിച്ചിലവിനു അനുവദിച്ചിട്ടുള്ള ൩,൪൪൯ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ.

൪൦൪ കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൧൦,൨൧൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള.

൪൦൫ കമ്മീഷണർക്കു അനുവദിച്ചിട്ടുള്ള ൧൦,൨൧൪ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൪൦൬ സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൪൨,൪൩൮ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: മുരവേലിൽ പാച്ചുപ്പിള്ള.

൪൦൭ പൊതുജനാരോഗ്യ പദ്ധതി സംബന്ധിച്ച ചെലവിനു അനുവദിച്ചിട്ടുള്ള ൭൩,൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽ തമ്പുരാൻ.

൩൦൭ ക്ഷുപീകരണത്തിനും ഗോവസൂരിപ്രയോഗത്തിനും അനുവദിച്ചിട്ടുള്ള ൮,൯൨,൩൭൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ.

൩൦൯ ആയുർവേദ മെഡിക്കൽ സ്ഥാപനങ്ങൾക്കു ഗ്രാന്റു കൊടുക്കാൻ അനുവദിച്ചിട്ടുള്ള ൨൯, ൪൧൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ.

൩൧൦ ആയുർവേദ മെഡിക്കൽ സ്ഥാപനങ്ങൾക്കും വൈദ്യന്മാരുടെ പാരിതോഷികത്തിനും അനുവദിച്ചിട്ടുള്ള ൩൦,൭൯൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ടി. സി. കേശവപിള്ള.

൩൧൧. ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨,൭൭,൪൩൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ടി. സി. കേശവപിള്ള.

൩൧൨ ൧൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൨,൭൭,൪൩൭ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

പ്രസിഡെന്റ: അഭ്യർത്ഥനകളെ സംബന്ധിച്ച് വോട്ടുചെയ്യാൻ അനുവദിച്ചിട്ടുള്ള സമയം മുഴുവനും കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള അഭ്യർത്ഥനകൾ ഇപ്പോൾ സഭാമുമ്പാകെ വയ്ക്കും.

കെമിക്കൽ എക്സാമിനർ ആയുർവേദം എന്നീ ഇനങ്ങളടങ്ങിയ ൧൩-ാം നമ്പർ അഭ്യർത്ഥന ...

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഈ അഭ്യർത്ഥനകളെ സംബന്ധിച്ച് ഞങ്ങൾ വോട്ടുചെയ്യണമോ വേണ്ടയോ എന്നു പറയുമോ?

പ്രസിഡെന്റ: ഈ കാര്യം ഇന്നാളൊരു ദിവസം പ്രസ്താവത്തിൽ വരികയും ഞാൻ അതു തീർച്ചയാക്കുകയും ചെയ്തിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു വേറൊരു കാര്യം ആയിരുന്നു. ഇപ്പോൾ ഞങ്ങൾ വോട്ടുചെയ്യണമോ എന്നാണ് അറിയേണ്ടത്.

പ്രസിഡെന്റ: ഇല്ല. സഭ രണ്ടായി പിരിഞ്ഞു വോട്ടുചെയ്യേണ്ടതില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുൻ ദൃഷ്ടാന്തങ്ങൾ ഉണ്ടെന്നുള്ള സംഗതി പ്രസ്താവിച്ചുകൊള്ളുന്നു.

പ്രസിഡെന്റ: മി. താണുപിള്ളേ, സഭയുടെ ഈ യോഗത്തിൽ തന്നെ ഈ കാര്യം വാദത്തിൽ വന്നു. ഞാൻ അതു തീർച്ചയാക്കിയും ചെയ്തിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഈ സമയിൽ തന്നെ വോട്ടിംഗ് അനുവദിച്ച ദൃഷ്ടാന്തങ്ങൾ ഉണ്ട്.

പ്രസിഡെന്റ: ഈ സ്ഥാനത്തു സഭ രണ്ടായി പിരിഞ്ഞു വോട്ടുചെയ്യാൻ ആവശ്യമില്ലെന്നു ഞാൻ തീർച്ചചെയ്തിട്ടുണ്ട്.

കെമിക്കൽ എക്സാമിനർ; സ്ഥാപനങ്ങൾക്കു ഗ്രാന്റും വൈദ്യന്മാർക്കു പാരിതോഷികവും ഉൾപ്പെടെ ആയുർവേദ ഡിപ്പാർട്ടുമെന്റ, സാനിട്ടറി ഡിപ്പാർട്ടുമെന്റ എന്നീ ഇനങ്ങളിൽ ൨,൭൭,൪൩൭ രൂപയുള്ള ൧൩-ാം നമ്പർ അഭ്യർത്ഥന സഭാമുമ്പാകെ വയ്ക്കുന്നു. സഭ അനുവദിച്ചുകൊള്ളുന്നു.

പ്രമേയം സമ്മതിച്ചു ഗ്രാന്റ അനുവദിച്ചു.

അഭ്യർത്ഥന ൧൭ – സ്റ്റേഷനറിയും അച്ചടിയും.

ഉപക്ഷേപങ്ങൾ ൩൧൩ മുതൽ ൩൧൭ വരെ

താഴെ പറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞു പോയതിനാൽ അസാദ്ധ്യമായിപ്പോയി.

മി: എ. താണുപിള്ള.

൩൧൩ സ്റ്റേഷനറിക്ക് അനുവദിച്ചിട്ടുള്ള ൨,൭൭,൩൨൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള.

൩൧൪ ഗവർമെന്റച്ചുക്കൂടത്തിനു അനുവദിച്ചിട്ടുള്ള ൧,൦൭,൩൪൨ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. ജി. മേനോൻ.

൩൧൭ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൮൭,൩൪൨ രൂപയിൽ ൧ രൂപ കുറയ്ക്കണം.

പ്രസിഡെന്റ: ൩,൮൭,൩൪൨ രൂപയുള്ള ൧൭-ാം നമ്പർ അഭ്യർത്ഥന സ്റ്റേഷനറിയും അച്ചടിയും സഭയുടെ വോട്ടിനു വയ്ക്കുന്നു.

പ്രമേയം സമ്മതിച്ചു ഗ്രാന്റനുവദിച്ചു.

അഭ്യർത്ഥന ൧൮ പരസ്പരസഹായ സംഘം ഡിപ്പാർട്ടുമെന്റ്.

ഉപക്ഷേപങ്ങൾ ൩൧൫ മുതൽ ൩൨൭ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞു പോയതിനാൽ അസാദ്ധ്യമായിപ്പോയി.

മി: മുരിങ്ങവേലിൽ പരമുപിള്ള.

൩൧൫ ഹെഡ്ക്ലാർക്ക് മുതലായവർക്കു അനുവദിച്ചിട്ടുള്ള ൭,൧൩൭ രൂപയിൽ ൧ രൂപ കുറയ്ക്കണം

മി: മാത്യുമുരിക്കൻ.

൩൧൭ ഹെഡ്ക്ലാർക്ക് മുതലായവർക്കു അനുവദിച്ചിട്ടുള്ള ൭,൧൩൭ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കയ്യാക്കോസ്.

൩൧൮. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൨൯,൮൧൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൧൯. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൨൯,൮൧൭ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. വി. ജെ. ഉമ്മൻ.

൩൨൦. സിൽബന്തികൾക്ക് അനുവദിച്ചിട്ടുള്ള ൨൯,൮൧൭ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ.

൩൨൧. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൪,൦൮൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. സി. കയ്യാക്കോസ്.

൩൨൨. സഞ്ചാരപ്പടിക്ക് അനുവദിച്ചിട്ടുള്ള ൧൪,൦൮൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. ടി. സി. കേശവപിള്ള.

൩൨൩. ൧൮-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൫൫,൦൮൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൩൨൪. ൧൮-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൫൫,൦൮൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൩൨൫. ൧൮-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൫൫,൦൮൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൨൬. ൧൮-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൫൫,൦൮൭ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ.

൩൨൭. ൧൮-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൫൫,൦൮൭ രൂപയിൽ ൫൦ രൂപ കുറയ്ക്കണം.

പ്രസിഡെണ്ട്: ൫൫,൦൮൭ രൂപയ്ക്കുള്ള പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറു വക ൧൮-ാംനമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനു വെക്കുന്നു.

പ്രമേയം സമ്മതിച്ച് ഗ്രാൻറ് അനുവദിച്ചു.

അഭ്യർത്ഥന ൧൯—ജനസംഖ്യ കണക്ക്.

ഉപക്ഷേപങ്ങൾ ൩൨൮-ം ൩൨൯-ം

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞുപോയതിനാൽ അസാധുവായിപ്പോയി.

മി. എ. സി. കയ്യാക്കോസ്.

൩൨൮. ജനസംഖ്യ മുതലായതിനു അനുവദിച്ചിട്ടുള്ള മൊത്തം സംഖ്യ ൭൨,൯൧൪ രൂപയിൽ ഒരു രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൨൯. ൧൯-ാംനമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭൬,൩൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

പ്രസിഡെണ്ട്: ജനസംഖ്യക്കണക്ക് എടുക്കുന്നവകയ്ക്കുള്ള ൧൯-ാംനമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനു വെക്കുന്നു.

പ്രമേയം സമ്മതിച്ച് ഗ്രാൻറ് അനുവദിച്ചു.

അഭ്യർത്ഥന ൨൦—പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറും ജനസംഖ്യകണക്കും ഒഴിച്ചുശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകൾ.

ഉപക്ഷേപങ്ങൾ ൩൩൦ മുതൽ ൩൩൫ വരെ.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞു പോയതിനാൽ അസാധുവായി പോയി.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ.

൩൩൦. കാഴ്ചബംഗ്ലാവിനും തോട്ടത്തിനും അനുവദിച്ചിട്ടുള്ള ൪൯,൧൪൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൩൩൧. കാഴ്ചബംഗ്ലാവിനും തോട്ടത്തിനും അനുവദിച്ചിട്ടുള്ള ൪൯,൧൪൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൩൨. കാഴ്ചബംഗ്ലാവിനും തോട്ടത്തിനും അനുവദിച്ചിട്ടുള്ള ൪൯,൧൪൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ.

൩൩൩. ഫോട്ടോഗ്രാഫ് ഡിപ്പാർട്ടുമെൻറിനു അനുവദിച്ചിട്ടുള്ള ൨,൪൨൭ രൂപയിൽ ൧൦൭ രൂപ കുറയ്ക്കണം.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്.

൩൩൪. സാമാജികന്മാർക്കും തൻ ചെലവിനും അനുവദിച്ചിട്ടുള്ള ൩,൩൪൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽ തമ്പുരാൻ.

൩൩൫. പബ്ലിക് ലൈബ്രറിക്ക് അനുവദിച്ചിട്ടുള്ള ൧൧,൧൨൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൩൯൬. പബ്ളിക്ക് ലൈബ്രറിക്ക അനുവദിച്ചിട്ടുള്ള ൧൧,൧൨൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൩൯൭. പബ്ളിക്ക് ലൈബ്രറിക്ക് അനുവദിച്ചിട്ടുള്ള ൧൧,൧൨൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൩൯൮. പബ്ളിക്ക് ലൈബ്രറിക്ക അനുവദിച്ചിട്ടുള്ള ൧൧,൧൨൩ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. മാത്യുമുരിക്കൻ

൩൯൯. പബ്ളിക്ക് ലൈബ്രറിക്ക അനുവദിച്ചിട്ടുള്ള ൧൧,൧൨൩ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൪൦൦. ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെൻറിന്ന അനുവദിച്ചിട്ടുള്ള ൪,൨൩൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്.

൪൦൧. സഞ്ചാരപ്പുരിക്ക അനുവദിച്ചിട്ടുള്ള ൩൫൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എ. താണുപിള്ള.

൪൦൨. താല്ക്കാലിക വൈദ്യ പണ്ഡിതർക്ക അനുവദിച്ചിട്ടുള്ള ൪൨൦ രൂപ വിട്ടുകളയണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൪൦൩. താല്ക്കാലിക വൈദ്യപണ്ഡിതർക്ക അനുവദിച്ചിട്ടുള്ള ൪൨൦ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ.

൪൦൪. ആയുർവേദഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിന്ന അനുവദിച്ചിട്ടുള്ള ൫൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൪൦൫. പൂർവസാഹിത്യ സംരക്ഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൦,൨൦൨ രൂപയിൽ ൧ രൂപ കുറയ്ക്കണം,

മി. പി. എസ്. മഹമ്മദ്.

൪൦൬. പൂർവസാഹിത്യസംരക്ഷണത്തിന്ന അനുവദിച്ചിട്ടുള്ള ൨൦,൨൦൨ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. പി. ജെ. ഉമ്മൻ.

൪൦൭. എക്കൊണാമിക്ക് ഡെവലപ്മെൻറ ബോർഡിന്ന അനുവദിച്ചിട്ടുള്ള ൪,൧൯൦ രൂപ വിട്ടുകളയണം,

മി. എ. താണുപിള്ള.

൪൦൮. എക്കണോമിക്ക് ഡെവലപ്മെൻറ് ബോർഡിന്ന അനുവദിച്ചിട്ടുള്ള ൪,൧൯൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്,

൪൦൯. എക്കണോമിക്ക് ഡെവലപ്മെൻറ ബോർഡിന്ന അനുവദിച്ചിട്ടുള്ള ൪,൧൯൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്.

൪൧൦. റെവന്യൂ, അക്കൌണ്ട് മുതലായ പരീക്ഷകൾക്ക അനുവദിച്ചിട്ടുള്ള ൩,൦൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി. എ. സി. കുര്യാക്കോസ്.

൪൧൧. തൻ ചിലവിന്ന അനുവദിച്ചിട്ടുള്ള ൧൦൦ രൂപവിട്ടുകളയണം.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽ തമ്പുരാൻ,

൪൧൨. തൻചിലവിന്ന അനുവദിച്ചിട്ടുള്ള ൧൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. ജെ. ഉമ്മൻ.

൪൧൩. അധഃകൃത സംരക്ഷകന്ന അനുവദിച്ചിട്ടുള്ള ൧൦൦ രൂപ വിട്ടുകളയണം.

മി. പി. എസ്. മഹമ്മദ്.

൪൧൪. അധഃകൃത സംരക്ഷകന്ന അനുവദിച്ചിട്ടുള്ള ൧൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

പ്രസിഡൻറ: പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറും ജനസംഖ്യകണക്കും ഒഴിച്ച ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകൾവക ൧,൦൧,൩൫൯ രൂപയ്ക്കുള്ള ൨൦-ാംനമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിന്ന വെക്കുന്നു.

പ്രമേയം സമ്മതിച്ച് ഗ്രാൻറ അനുവദിച്ചു.

അഭ്യർത്ഥന ൨൧. പൊതുമരാമത്ത്.

ഉപക്ഷേപങ്ങൾ ൪൧൫ മുതൽ ൪൯൪ വരെ

താഴെ വിവരിക്കുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞു പോയതിനാൽ അസാധുവായിപോയി.

മി: ആർ. കേശവപിള്ള :

൪൧൫. സിൽബന്തിച്ചെലവിന്ന അനുവദിച്ചിട്ടുള്ള ൩൨,൦൨൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ:

൪൧൬. സിൽബന്തിച്ചെലവിന്ന അനുവദിച്ചിട്ടുള്ള ൩൨,൦൨൪ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൱൪൭. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩൨,൦൨൮ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ആർ. രാമൻപിള്ള:

൱൪൮. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩൨,൦൨൮ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൪൯. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩൨,൦൨൮ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൫൦. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩൨,൦൨൮ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ:

൱൫൧. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപ വിട്ടുകളയണം.

മി: വി. ജെ. ഉമ്മൻ:

൱൫൨. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽ ൧൦൦൦ രൂപ കുറയ്ക്കണം.

മി: കെ. സി. കരുണാകരൻ:

൱൫൩. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫൦൦൦ രൂപയിൽ ൧ രൂപയ്ക്കണം.

മി: ആർ. രാമൻപിള്ള:

൱൫൪. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽ ൫ രൂപ കുറയ്ക്കണം.

മി: കെ. പത്മനാഭപ്പണിക്കർ:

൱൫൫. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൫൬. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൫,൦൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൫൭. മേശ കസേരകൾ വാങ്ങുന്നതിനു അനുവദിച്ചിട്ടുള്ള ൩൧൭ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജ വർമ്മ കോയിൽ തമ്പുരാൻ:

൱൫൮. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപ വിട്ടുകളയണം.

മി: എ. താണുപിള്ള:

൱൫൯. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: മുതുവേലിൽ പാച്ചുപിള്ള:

൱൬൦. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: മുതുവേലിൽ പാച്ചുപിള്ള:

൱൬൧. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൱൬൨. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൱൬൩. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: മാത്യു മുരിക്കൻ:

൱൬൪. മേലന്വേഷണത്തിനു അനുവദിച്ചിട്ടുള്ള ൩൭,൭൭൭ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൬൫. മൂന്നാംഗ്രേഡ് സൂപ്പർവൈസർ മുതലായവർക്കു അനുവദിച്ചിട്ടുള്ള ൫൭,൮൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൱൬൬. ഡിവിഷൻ ആഫീസ് സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൫൫,൧൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി. പി. എസ്. മഹമ്മദ്:

൱൬൭. ഡിവിഷൻ ആഫീസ് സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൫൫,൧൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൬൮. സബ്ഡിവിഷൻ ആഫീസ് സിൽബന്തികൾക്കു അനുവദിച്ചിട്ടുള്ള ൩൦,൮൭൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എസ്. പരവിപ്പെരുമാൾപിള്ള:

൱൬൯. പുതിയ പണികൾക്കു അനുവദിച്ചിട്ടുള്ള ൧൭,൦൯,൮൭൫ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൭൦. പുതിയ പണികൾക്കു അനുവദിച്ചിട്ടുള്ള ൧൭,൦൯,൮൭൫ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്:

൱൭൧. സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും അനുവദിച്ചിട്ടുള്ള ൧൦,൨൩,൯൯൧ രൂപയിൽ ൨൫ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൩൮൨. പുതിയ പണികൾക്ക് അനുവദിച്ചിട്ടുള്ള ൪,൧൩,൧൬൬ രൂപയിൽ ൬ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മത്:

൩൮൩. ചീഫ് എൻജിനീയരുടെ ശമ്പളം കരുതൽ മുതലായി അനുവദിച്ചിട്ടുള്ള ൨൭,൦൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മത്:

൩൮൪. ഗവൺമെൻറിൻറെ ശമ്പളം കരുതൽ മുതലായി അനുവദിച്ചിട്ടുള്ള ൬൦,൦൦൦ രൂപയിൽ ൧൦൦ രൂപ കുറയ്ക്കണം.

മി: എ. താണുപിള്ള:

൩൮൫. എക്സിക്യൂട്ടീവ് ജോലിക്ക് അനുവദിച്ചിട്ടുള്ള ൨൬,൦൯,൩൨൩ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൩൮൬. മൈനർ ഇറിഗേഷൻ കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൩,൩൨൮ രൂപ വിട്ടുകളയണം.

മി: വി. ജെ. ഉമ്മൻ:

൩൮൭. റോഡ്ബോർഡുകൾക്ക് അനുവദിച്ചിട്ടുള്ള ൯,൭൦൦ രൂപ വിട്ടുകളയണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ:

൩൮൮. റോഡുബോർഡുകൾക്ക് അനുവദിച്ചിട്ടുള്ള ൯,൭൦൦ രൂപ വിട്ടുകളയണം.

മി: പി. എസ്. മഹമ്മത്:

൩൮൯. റോഡുബോർഡുകൾക്ക് അനുവദിച്ചിട്ടുള്ള ൯,൭൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൩൯൦. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു അനുവദിച്ചിട്ടുള്ള ൩൬,൬൩,൭൯൬ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: പി. എസ്. മഹമ്മത്:

൩൯൧. കെട്ടിടങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ മുതലായവയ്ക്കു അനുവദിച്ചിട്ടുള്ള ൩൬,൬൩,൭൯൬ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൩൯൨. പ്രൊട്ടെക്റ്റീവ് ഇറിഗേഷനു അനുവദിച്ചിട്ടുള്ള ൨,൭൮,൬൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ:

൩൯൩. പ്രൊട്ടെക്റ്റീവ് ഇറിഗേഷനു അനുവദിച്ചിട്ടുള്ള ൨,൭൮,൬൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കയ്യാക്കോസ്:

൩൯൪. വൊർക്കിങ് ചെലവുകൾ അനുവദിച്ചിട്ടുള്ള ൩൩,൩൮൯ രൂപയിൽ ൧൦,൦൦൦ രൂപ കുറയ്ക്കണം.

പ്രസിഡൻറ്: പൊതുമരാമത്തു വകയ്ക്കു ൩൯,൩൬,൪൬൭ രൂപയ്ക്കുള്ള ൨൧-ാം നമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനുവെക്കുന്നു.

പ്രമേയം സമ്മതിച്ചു ഗ്രാൻറു അനുവദിച്ചു.

അഭ്യർത്ഥന ൨൨ പലവകച്ചെലവുകൾ.

ഉപക്ഷേപങ്ങൾ ൩൯൫ മുതൽ ൪൦൧ വരെ.

താഴെ വിവരിക്കുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞുപോയതിനാൽ അസാധുവായിപ്പോയി.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ:

൩൯൫. മ്ലാസ് ഏജൻറിനു പാരിതോഷികമായി അനുവദിച്ചിട്ടുള്ള ൧൫൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ:

൩൯൬. വന്യമൃഗങ്ങളെ കൊല്ലുന്നവർക്കു ഇനാം കൊടുക്കാൻ അനുവദിച്ചിട്ടുള്ള ൨൦ രൂപയിൽ ൧൩ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ.

൩൯൭. മുനിസിപ്പാലിററികൾക്ക് ഗ്രാൻറിനു അനുവദിച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം.

മിസ്സസ് എലിസബത്തു കുരുവിള:

൩൯൮. മുനിസിപ്പാലിററികൾക്ക് ഗ്രാൻറിനു അനുവദിച്ചിട്ടുള്ള ൨൦,൦൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ.

൩൯൯. ടൗൺ കാമുനിസേഷൻ കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൧,൦൦൦ രൂപ വിട്ടുകളയണം.

മി: കെ. പി. നീലകണ്ഠപ്പിള്ള:

൪൦൦. ബാങ്കിംഗ് എൻക്വയറി കമ്മിററിക്ക് അനുവദിച്ചിട്ടുള്ള ൨,൧൨൦ രൂപയിൽ ൧൦ രൂപ കുറ ണം.

മി: എ. സി. കയ്യാക്കോസ്:

൪൦൧. ൨൨-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ൪൪,൮൦൧ രൂപയിൽ ൧ രൂപ കുറ

ം.

പ്രസിഡെന്റ്: പലവകച്ചെലവിനു ൪൪,൮൦൧ രൂപയുള്ള ൨൨-ാം നമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനുവെക്കുന്നു,

പ്രമേയം സമ്മതിച്ച് ഗ്രാൻറ് അനുവദിച്ചു,

അഭ്യർത്ഥന ൨൩. അഞ്ചൽഡിപ്പാർട്ടുമെന്റ്.

ഉപക്ഷേപങ്ങൾ ൧൦൨ മുതൽ ൧൦൭ വരെ

താഴെവിവരിക്കുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞുപോയതിനാൽ അസാധുവായിപ്പോയി.

മി: പി. എസ്. മഹമ്മദ്.

൧൦൨. സിൽബന്തിച്ചിലവിനു അനുവദിച്ചിട്ടുള്ള ൧൧,൨൩൨ രൂപായിൽ ൧൦ രൂപാ കുറയ്ക്കണം.

മി: വി. ജെ. ഉമ്മൻ.

൧൦൩. സിൽബന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൧൧,൨൩൨ രൂപയിൽ ൧൦൦ രൂപകുറയ്ക്കണം.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ.

൧൦൪. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൨,൪൦൦ രൂപാവെട്ടിക്കളയണം

മി: പി. എസ്. മഹമ്മദ്.

൧൦൫. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള ൨,൪൦൦ രൂപയിൽ ൧൦ രൂപ കുറയ്ക്കണം

മിസ്സസ് എലിസബെത്തു് കുരുവിള.

൧൦൬. കാപ്പിറാൻ അക്കൌണ്ടിൽ അനുവദിച്ചിട്ടുള്ള ൧൪,൪൫൫ രൂപയിൽ ൧൦ രൂപാ കുറയ്ക്കണം.

മി: എ. സി. കുരിയാക്കോസ്.

൧൦൭. ൨൩-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൩,൮൧,൩൨൦ രൂപയിൽ ൧ രൂപകുറയ്ക്കണം.

പ്രസിഡെന്റ്: അഞ്ചൽഡിപ്പാർട്ടുമെന്റവകക്കു ൩,൮൧,൩൨൦ രൂപയുള്ള ൨൩-ാം നമ്പർഅഭ്യർത്ഥനസഭയുടെവോട്ടിനുവെക്കുന്നു.

പ്രമേയം സമ്മതിച്ചു ഗ്രാൻറ് അനുവദിച്ചു.

അഭ്യർത്ഥന ൨൪ പ്രതിഫലമുള്ളവേലകൾക്കു മൂലമുതൽമുടക്ക്.

ഉപക്ഷേപങ്ങൾ ൧൦൮ മുതൽ ൧൧൦ വരെ

താഴെപറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞുപോയതിനാൽ അസാധുവായിപ്പോയി

മി: പി. എസ്. മഹമ്മദ്.

൧൦൮. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനു അനുവദിച്ചിട്ടുള്ള ൧൮൦ രൂപയിൽ ൧൦ രൂപകുറയ്ക്കണം.

മി: പി. എസ്. മഹമ്മദ്.

൧൦൯. വേലകൾക്കു അനുവദിച്ചിട്ടുള്ള ൧൬,൩൫,൩൩൪ രൂപയിൽ ൧൦ രൂപ കുറയ്ക്കണം.

മി: എ. സി. കുര്യാക്കോസ്.

൧൧൦. തിരുവനന്തപുരം ജലവിതരണ പദ്ധതിക്കു അനുവദിച്ചിട്ടുള്ള ൧൭,൭൫,൮൨൦ രൂപയിൽ ൧ രൂപാകുറയ്ക്കണം

പ്രസിഡെന്റ്: പ്രതിഫലമുള്ള വേലകൾക്കു മൂലമുതൽ ചെലവിനുള്ള ൧൯,൪൯,൯൨൦ രൂപയുള്ള ൨൪-ാംനമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനു വെക്കുന്നു.

പ്രമേയം സമ്മതിച്ചു ഗ്രാൻറ് അനുവദിച്ചു.

അഭ്യർത്ഥന ൨൫ കൃഷിവ്യവസായം മുതലായ വായ്പകൾ.

ഉപക്ഷേപങ്ങൾ ൧൧൧ മുതൽ ൧൧൪ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ സമയം കഴിഞ്ഞുപോയതിനാൽ, അസാധുവായിപ്പോയി.

മി: എ. സി. കുര്യാക്കോസ്.

൧൧൧. കൃഷിവായ്പകൾക്കു അനുവദിച്ചിട്ടുള്ള ൨,൦൦,൦൦൦ രൂപയിൽ ൧ രൂപകുറയ്ക്കണം

മി: എ. സി. കുര്യാക്കോസ്.

൧൧൨. വ്യവസായവായ്പകൾക്കു അനുവദിച്ചിട്ടുള്ള ൫൦,൦൦൦ രൂപയിൽ ൧ രൂപകുറയ്ക്കണം

മി: എ. സി. കുര്യാക്കോസ്

൧൧൩. മറ്റു വായ്പകൾക്കു അനുവദിച്ചിട്ടുള്ള ൧൫,൦൦൦ രൂപയിൽ ൧ രൂപകുറയ്ക്കണം

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

൧൧൪. ൨൫-ാം നമ്പർ അഭ്യർത്ഥനയ്ക്കു അനുവദിച്ചിട്ടുള്ള ൩,൨൫,൦൦൦ രൂപയിൽ ൧ രൂപ കുറയ്ക്കണം

പ്രസിഡെന്റ്: കൃഷി വ്യവസായം മുതലായവായ്പകൾക്കു ൩,൨൫,൦൦൦ രൂപയുള്ള ൨൫-ാംനമ്പർ അഭ്യർത്ഥന സഭയുടെ വോട്ടിനു വയ്ക്കുന്നു;

പ്രമേയം സമ്മതിച്ച് ഗ്രാൻറ് അനുവദിച്ചു.

൧൯൩൦ ആഗസ്റ്റ് ൧൮-നു-തിങ്കളാഴ്ച പകൽ ൧൧.൩൦ മണിക്കു വീണ്ടും കൂടുന്നതിനു, സഭ വൈകിട്ടു ൫-൫ മണിക്കുപിരിഞ്ഞു.

പി. എൻ. കുഞ്ഞുപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

1	കർക്കടകം 16, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
17	കർക്കടകം 16, 1105-കോശസ്ഥിതി വിവരണം
24	കർക്കടകം 16, 1105-തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷൻ ഭേദഗതി ബിൽ-നിയമനിർമ്മാണം
24	കർക്കടകം 16, 1105-തിരുവിതാംകൂർ ഗ്രാമപഞ്ചായത്തു കോടതി റഗുലേഷൻ ഭേദഗതി ബിൽ
27	അനുബന്ധം-സ്ഥിരം ഫൈനാൻസ് കമ്മിറ്റി
30	കർക്കടകം 16, 1105-സ്റ്റാന്റിംഗ് ഫൈനാൻസ് കമ്മിറ്റി
2-1	കർക്കടകം 20, 1105-ചോദ്യോത്തരങ്ങൾ
2-9	കർക്കടകം 20, 1105-ബഡ്ജറ്റിനെ പൊതുവിലുള്ള വാദപ്രതിവാദം
3-1	കർക്കടകം 21, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
3-10	കർക്കടകം 21, 1105-ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുവിമർശനം
4-1	കർക്കടകം 22, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
4-8	കർക്കടകം 22, 1105-ധനാഭ്യർത്ഥനകൾ
4-9	കർക്കടകം 22, 1105-ലാൻഡ് റവന്യൂ-ധനാഭ്യർത്ഥന
5-1	കർക്കടകം 23, 1105-ചോദ്യോത്തരങ്ങൾ
5-11	കർക്കടകം 23, 1105-ആദായനികുതികൾ-ധനാഭ്യർത്ഥന
5-11	കർക്കടകം 23, 1105-അടിയന്തിര പ്രമേയം
5-23	കർക്കടകം 23, 1105-എക്സൈസ് വകുപ്പ്-ധനാഭ്യർത്ഥന
5-41	കർക്കടകം 23, 1105-അടിയന്തിര പ്രമേയം
6-1	കർക്കടകം 27, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
6-16	കർക്കടകം 27, 1105-വനം-ധനാഭ്യർത്ഥന
6-16	കർക്കടകം 27, 1105-സ്റ്റാമ്പ്-ധനാഭ്യർത്ഥന
6-16	കർക്കടകം 27, 1105-എക്സൈസ് ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
7-1	കർക്കടകം 28, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
7-50	കർക്കടകം 28, 1105-അക്കൗണ്ട് ആഫീസ്-ധനാഭ്യർത്ഥന
7-9	കർക്കടകം 28, 1105-പൊതുഭരണം-ധനാഭ്യർത്ഥന
8-1	കർക്കടകം 29, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
8-11	കർക്കടകം 29, 1105-അക്കൗണ്ട് ആഫീസ്-ധനാഭ്യർത്ഥന
8-44	കർക്കടകം 29, 1105-സെൻട്രൽ ജയിൽ-ധനാഭ്യർത്ഥന
9-1	കർക്കടകം 30, 1105-ചോദ്യോത്തരങ്ങൾ
9-11	കർക്കടകം 30, 1105-പോലീസ്-ധനാഭ്യർത്ഥന
9-21	കർക്കടകം 30, 1105-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
10-1	കർക്കടകം 31, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
10-24	കർക്കടകം 31, 1105-വിദ്യാഭ്യാസം-ധനാഭ്യർത്ഥന
10-36	കർക്കടകം 31, 1105-കൃഷിയും മത്സ്യവ്യവസായവും-ധനാഭ്യർത്ഥന
10-55	കർക്കടകം 31, 1105-വ്യവസായം-ധനാഭ്യർത്ഥന
10-56	കർക്കടകം 31, 1105-മെഡിക്കൽ ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന
10-68	കർക്കടകം 31, 1105-മെഡിക്കൽ എക്സാമിനർ , ആയുർവേദ ഡിപ്പാർട്ടുമെന്റ് സാനിട്ടറി ഡിപ്പാർട്ടുമെന്റ്-ധനാഭ്യർത്ഥന